تفسير القرآن الكريم

വിശുദ്ധ ഖുർആൻ വിവരണം

2

تفسير القرآن الكريم

വിശുദ്ധ ഖുർആൻ വിവരണം

വാല്യം–രണ്ട്

മുഹമ്മദ് അമാനി മൗലവി

പ്രസാധകർ:
കേരള നദ്‌വത്തുൽ മുജാഹിദീൻ

വിശുദ്ധ ഖുർആൻ വിവരണം രണ്ടാം വാല്യം

പ്രധാന വിഷയങ്ങൾ

6. സൂറത്തുൽ അൻആം سورة الأنعام (953–1065)

7. സൂറത്തുൽ 'അഅ്‌റാഫ്' سورة الأعراف (1067–1203)

8. സൂറത്തുൽ അൻഫാൽ سورة الأنفال (1205–1266)

9. സൂറത്തുത്തൗബഃ (1267—1379)

10. സൂറത്തു യൂനുസ് سورة يونس (1381–1442)

11. സൂറത്തു ഹൂദ് سورة هود (1443–1508)

12. സൂറത്തു യൂസുഫ് سورة يوسف (1509–1577)

13 സൂറത്തു റഅ്ദ് سورة الرعد (1579–1613)

14. സൂറത്തു ഇബ്രാഹീം سورة ابراهيم (1611-1648)

15. സൂറത്തുൽ ഹിജ്ർ سورة الحجر (1649–1678)

വ്യാഖ്യാനക്കുറിപ്പുകൾ:—

5. സൂറത്തുൽ മാഇദഃ

മദീനായിൽ അവതരിച്ചതു — വചനങ്ങൾ 123 * വിഭാഗം (റുകൂഉ്) 16

ഒരു ഭക്ഷണത്തളികയെക്കുറിച്ചു 115–ാം വചനത്തിൽ പ്രസ്താവിക്കുന്നുണ്ട്. അതുകൊണ്ടാണ് ഈ സൂറത്തിനു ഭക്ഷണത്തളിക എന്നർത്ഥമായ 'മാഇദഃ' (مائدة) എന്നു പേർ വന്നത്. കൂടാതെ العقود (കരാറുബന്ധങ്ങൾ) എന്നും ഇതിന്നു പേരു പറയപ്പെട്ടിട്ടുണ്ട്. പലതരം കരാറു ബന്ധങ്ങളെക്കുറിച്ചും ഈ സൂറത്തിൽ വിവരിക്കപ്പെട്ടിട്ടുള്ളതിനു പുറമെ ഇതിന്റെ തുടക്കംതന്നെ കരാറു ബന്ധങ്ങളെ നിറവേററണമെന്നു കല്പിച്ചുകൊണ്ടാകുന്നു. ഹുദൈബിയ്യാ സന്ധി കഴിഞ്ഞ് അധികം താമസിയാതെയാണ് ഈ സൂറത്തിന്റെ അവതരണമുണ്ടായത് എന്നത്രെ മനസ്സിലാകുന്നത്. الله اعلم

വിവിധ തുറകളിലുള്ള ഒട്ടധികം മതനിയമങ്ങൾ ഇതിൽ അടങ്ങിയിട്ടുണ്ട്. മററു സൂറത്തുകളിൽ സ്പർശിക്കപ്പെട്ടിട്ടില്ലാത്ത ചില നിയമങ്ങളും ഇതിൽ കാണാം. കഴിഞ്ഞ സൂറത്തിന്റെ ആരംഭം يا ايها الناس (ഹേ, മനുഷ്യരേ,) എന്ന സംബോധനയോടു കൂടിയായിരുന്നു. അതിലധികം സ്ഥലങ്ങളിൽ അതു ആവർത്തിക്കപ്പെട്ടിട്ടുണ്ട്. ഇതിന്റെ തുടക്കം يا ايها الذين امنوا (ഹേ, വിശ്വസിച്ചവരേ) എന്നു വിളിച്ചു കൊണ്ടാകുന്നു. ഈ വിളി പല പ്രാവശ്യം ഇതിൽ ആവർത്തിക്കപ്പെട്ടും കാണാം. ഇസ്ലാമിനു പ്രചാരം വർദ്ധിക്കുകയും, പല പ്രദേശങ്ങളും ഇസ്ലാമിക പ്രദേശങ്ങളായി മാറുകയും ചെയ്ത അവസരത്തിലാണ് ഇതിന്റെ അവതരണം എന്ന് ഇതു സൂചിപ്പിക്കുന്നു. الله اعلم

بِسْمِ اللَّهِ الرَّحْمَٰنِ الرَّحِيمِ

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

يَا أَيُّهَا الَّذِينَ آمَنُوا أَوْفُوا بِالْعُقُودِ

1. ഹേ, വിശ്വസിച്ചവരേ, നിങ്ങൾ കരാറു ബന്ധങ്ങളെ (പാലിച്ചു) നിറവേററുവിൻ.

---

1. يا ايها الذين امنوا ഹേ വിശ്വസിച്ചവരേ اوفوا നിങ്ങൾ നിറവേററുവിൻ, നിർവ്വഹിക്കുവിൻ بالعقود കരാറുബന്ധങ്ങളെ, ഇടപാടുബന്ധങ്ങളെ

---

* വചനങ്ങൾ 120 എന്നും എണ്ണപ്പെട്ടിട്ടുണ്ട്. എണ്ണം കണക്കാക്കുന്നതിൽ അഭിപ്രായ വ്യത്യാസം ഉണ്ടാകുവാനുള്ള കാരണം മുഖവുരയിൽ പ്രസ്താവിച്ചിട്ടുണ്ട്.

വ്യവസ്ഥകള്‍ പാലിക്കപ്പെടുവാന്‍ ബാധ്യസ്ഥമായ എല്ലാ കരാറുബന്ധങ്ങളും യഥാവിധി പാലിക്കണമെന്ന് സത്യവിശ്വാസികളോടു അല്ലാഹു കല്‍പിക്കുകയാണ്. സത്യവിശ്വാസം സ്വീകരിച്ചവരെന്ന നിലക്ക് അല്ലാഹുവിനോടു ബാധ്യതയുള്ള കാര്യങ്ങളും, വിവാഹസംബന്ധമോ മുതലിടപാടു സംബന്ധമോ ആയ നിശ്ചയങ്ങള്‍, സന്ധി, സഖ്യം മുതലായവ സംബന്ധിച്ച വ്യവസ്ഥകള്‍ എന്നിങ്ങനെ മനുഷ്യര്‍ തമ്മതമ്മില്‍ നിര്‍വ്വഹിക്കേണ്ടുന്ന എല്ലാ തരം ഇടപാടുകളും ഇതില്‍ ഉള്‍പ്പെടുന്നു. വിശ്വസിച്ചവരേ എന്നു വിളിച്ചുകൊണ്ടുള്ള ഈ കല്‍പനയില്‍, വിശ്വാസികളായ നിങ്ങള്‍ മറ്റുള്ളവരെക്കാള്‍ അതിനു കടപ്പെട്ടവരാകുന്നുവെന്നുള്ള ഒരു സൂചനകൂടി കാണാവുന്നതാണ്.

2. നിങ്ങള്‍ക്കു (വഴിയെ) ഓതിക്കേള്‍പ്പിക്കപ്പെടുന്നതൊഴിച്ച് (മറ്റുള്ള) കന്നുകാലി ജന്തുക്കള്‍ നിങ്ങള്‍ക്കു അനുവദിക്കപ്പെട്ടിരിക്കുന്നു; നിങ്ങള്‍ 'ഇഹ്റാമി'ല്‍ പ്രവേശിച്ചവരായും കൊണ്ടു വേട്ടയാടല്‍ അനുവദനീയമാക്കുന്നവരല്ലാത്ത നിലയില്‍. [അതനുവദനീയമാക്കിക്കൊണ്ടു പാടില്ല.]

٢- أُحِلَّتْ لَكُم بَهِيمَةُ الْأَنْعَامِ إِلَّا مَا يُتْلَىٰ عَلَيْكُمْ غَيْرَ مُحِلِّي الصَّيْدِ وَأَنتُمْ حُرُمٌ

നിശ്ചയമായും അല്ലാഹു, അവന്‍ ഉദ്ദേശിക്കുന്നതു വിധിക്കുന്നതാണ്.

إِنَّ اللَّهَ يَحْكُمُ مَا يُرِيدُ ۝

---

2. أحلت ഹലാല്‍ (അനുവദനീയം) ആക്കപ്പെട്ടിരിക്കുന്നു لكم നിങ്ങള്‍ക്കു بهيمة കാലിജന്തുക്കള്‍, തീറ്റജീവികള്‍ الأنعام ആടുമാടൊട്ടകങ്ങളിലെ, നാല്‍ക്കാലികളാകുന്ന إلا ما يتلى ഓതിക്കേള്‍പ്പിക്കപ്പെടുന്നതൊഴികെ عليكم നിങ്ങള്‍ക്ക്, നിങ്ങളുടെ മേല്‍ غير محلي അനുവദനീയമാക്കുന്നവരല്ലാത്ത നിലയില്‍ الصيد വേട്ടയാടലിനെ وأنتم നിങ്ങള്‍, നിങ്ങളാകട്ടെ حرم ഇഹ്റാം ചെയ്തവരാകുന്നു (താനും) إن الله നിശ്ചയമായും അല്ലാഹു يحكم അവന്‍ വിധിക്കും ما يريد അവന്‍ ഉദ്ദേശിക്കുന്നതു

ഒട്ടകം, ആട്, മാട് എന്നീ കാലി ജന്തുക്കളില്‍ നിന്ന് താഴെ നിങ്ങള്‍ക്ക് ഓതിക്കേള്‍പ്പിച്ചു വിവരിച്ചു തരുന്നവ ഒഴിച്ചു ബാക്കിയെല്ലാം നിങ്ങള്‍ക്കു ഭക്ഷിക്കല്‍ അനുവദനീയമാക്കിത്തന്നിരിക്കുന്നു. പക്ഷേ, ഹജ്ജിനോ ഉംറക്കോ വേണ്ടി 'ഇഹ്റാമി'ല്‍ പ്രവേശിച്ചിട്ടുള്ള അവസരത്തില്‍ വേട്ടയാടുകയോ, പിടിച്ചു തിന്നുകയോ ചെയ്യുന്നതു അനുവദനീയമാണെന്നു കരുതരുത്. അതു പാടില്ലാത്തതാകുന്നു. ഇഹ്റാമില്‍ പ്രവേശിക്കാത്തവരെക്കുറിച്ചാണു അനുവദനീയമാക്കപ്പെട്ടിരിക്കുന്നത് എന്നു സാരം.

بهيمة (ബഹീമത്ത്) എന്ന വാക്കു തീറ്റജീവികളായ എല്ലാറ്റിനും പറയപ്പെടാമെങ്കിലും കാട്ടുജീവികളും പറവകളുമല്ലാത്ത ജന്തുക്കള്‍, നാല്‍ക്കാലി മൃഗങ്ങള്‍ എന്നീ ഉദ്ദേശത്തിലാണതു സാധാരണ ഉപയോഗിക്കപ്പെടാറുള്ളത്. انعام (അന്‍ആം) എന്ന വാക്കു ആട്, മാട്, ഒട്ടകം എന്നീ മൃഗങ്ങളിലാണു പൊതുവെ ഉപയോഗിക്കുന്നത്. ചിലപ്പോള്‍ ഒട്ടകത്തെ മാത്രം ഉദ്ദേശിച്ചും പറയപ്പെടും. മലയാളക്കാര്‍ കാലികള്‍ എന്നും 'നാല്‍ക്കാലികള്‍' എന്നും പറഞ്ഞു വരാറുള്ളതിന്റെ സ്ഥാനത്തു അറബികള്‍ ആ വാക്കു ഉപയോഗിക്കുന്നു. നമ്മുടെ നാട്ടില്‍ ഒട്ടകമില്ലാത്തതുകൊണ്ടു ആടുമാടുകളെ ഉദ്ദേശിച്ചുകൊണ്ടാണല്ലോ നാം ആ വാക്കു ഉപയോഗിക്കാറുള്ളത്. അറബികളുടെ പ്രധാന കാലിസമ്പത്തു ഒട്ടകമായതുകൊണ്ട് അവിടെ ഒട്ടകത്തിനു പ്രത്യേക സ്ഥാനം കല്‍പിക്കപ്പെടുക സ്വാഭാവികമാണ്. إلا ما يتلى عليكم (നിങ്ങള്‍ക്കു ഓതിക്കേള്‍പ്പിക്കപ്പെടുന്നതു) കൊണ്ടുദ്ദേശ്യം അടുത്ത 4-ാം വചനത്തില്‍ വിവരിക്കപ്പെട്ട വസ്തുക്കളാണെന്നുള്ളതില്‍ ഖുര്‍ആന്‍ വ്യാഖ്യാതാക്കള്‍ മുഴുവനും യോജിച്ചിരിക്കുന്നു. (*) ഹജ്ജിനോ, ഉംറക്കോ, രണ്ടിനും കൂടിയോ ഔപചാരികമായി പ്രവേശിച്ചവര്‍–അഥവാ ഇഹ്റാമില്‍ പ്രവേശിച്ചവര്‍–എന്നത്രെ حرم (ഹുറുമുന്‍) എന്ന വാക്കുകൊണ്ടു വിവക്ഷ. ഈ പ്രവേശനത്തെക്കുറിച്ചു വിസ്താരവും ഉപയോഗിക്കല്‍, വിവാഹസംബന്ധമായ കാര്യങ്ങള്‍, വേട്ടയാടല്‍, വേട്ടയാടിയതു ഭക്ഷിക്കല്‍, പുരുഷന്മാര്‍ തലമറക്കല്‍ മുതലായ പല

● كشاف الرازي وغيره

കാര്യങ്ങളും നിഷിദ്ധമാകുന്നു. അതുകൊണ്ടാണു ഇതിനു إحرام (ഇഹ്റാം –ഹറാമാക്കിത്തീർക്കൽ) എന്നു പറയുന്നതു. ഇഹ്റാമിൽ പ്രവേശിച്ചവർ വേട്ടയാടുന്നതിനെപ്പററി താഴെ 96–ം വചനത്തിൽ വിവരിക്കുന്നുണ്ട്. ഇഹ്റാമിൽ പ്രവേശിച്ചവർ വേട്ടയാടുന്ന പക്ഷം അവൻ അതിനെ അനുവദനീയമാക്കുന്ന ഒരു പ്രതീതി ഉളവാകുമല്ലോ. അതുകൊണ്ടാണു غير محلى الصيد (വേട്ടയാടൽ അനുവദനീയമാക്കിയവരല്ലാതെ) എന്നു പറഞ്ഞത്.

إن الله يحكم ما يريد (അല്ലാഹു അവൻ ഉദ്ദേശിക്കുന്നതു വിധിക്കും.) എന്ന വാക്യം വളരെ അർത്ഥവത്തും ശ്രദ്ധേയവുമാകുന്നു. യുക്തി താൽപര്യങ്ങളെയോ മററോ അടിസ്ഥാനമാക്കിക്കൊണ്ട് അല്ലാഹുവിൻെറ വിധിവിലക്കുകളിലും നിയമനിർദ്ദേശങ്ങളിലും വിമർശനം നടത്തുന്ന ആളുകൾ ഇതുപോലെയുള്ള ഖുർആൻ വാക്യങ്ങൾ പ്രത്യേകം ഓർമ്മ വെക്കേണ്ടതാകുന്നു. ഇന്നിന്ന കാര്യം എന്തുകൊണ്ടു വിരോധിച്ചു, അല്ലെങ്കിൽ കൽപിച്ചു, എന്തു കൊണ്ടു ഇന്നിന്ന പ്രകാരം നിയമിച്ചില്ല എന്നൊന്നും ആർക്കും ചോദ്യം ചെയ്‌വാൻ അവകാശമില്ലെന്നാണതു കുറിക്കുന്നതു. അഖിലാണ്ഡ വസ്തുക്കളും അവൻേറതാണ്. അവയുടെ നിയന്ത്രണാധികാരവും അവനു തന്നെ. ചെറുതും വലുതുമെന്നോ, ഭൂത–വർത്തമാന–ഭാവിയെന്നോ വ്യത്യാസമില്ലാതെ എല്ലാ കാര്യവും അറിയുന്നവനാണവൻ. മനുഷ്യൻ എത്ര തന്നെ പുരോഗമിച്ചാലും അവൻ സർവ്വജ്ഞനോ, ഭാവിയെക്കുറിച്ചു അറിയുന്നവനോ ആകുന്നതല്ല. മനുഷ്യരുടെ പൊതുനൻമ ഏതിലാണെന്നുള്ള സൂക്ഷ്മജ്ഞാനവും അല്ലാഹുവിനു മാത്രമേയുള്ളൂ. എന്നിരിക്കെ, അല്ലാഹുവിൻെറ വിധി നിയമങ്ങളെക്കുറിച്ചു ചോദ്യം ചെയ്‌വാൻ മനുഷ്യനു എന്താണു അർഹതയുള്ളതു?! അല്ലാഹു എന്തു കൽപിച്ചുവോ, എന്തു വിരോധിച്ചുവോ അതിലായിരിക്കും–അതിൽ മാത്രമായിരിക്കും–നീതിയും യുക്തിയും. മനുഷ്യൻെറ നൻമയും അതിൽ തന്നെയായിരിക്കും–നിശ്ചയം. അതിലടങ്ങിയ യുക്തി രഹസ്യങ്ങൾ കഴിവതും ആരാഞ്ഞറിയുവാൻ ശ്രമിക്കുകയാണു മനുഷ്യൻ ചെയ്യേണ്ടതു്.

3. ഹേ, വിശ്വസിച്ചവരേ, അല്ലാഹുവിൻെറ [മത] ചിഹ്നങ്ങളെ നിങ്ങൾ അനുവദനീയമാ (ക്കി അനാദരി)ക്കരുത്; 'ഹറാമാ'യ [അലംഘനീയ] മാസത്തെയും അരുതു, (കഅ്ബയുടെ അടുക്കലേക്കു) ബലിക്കായികൊണ്ടു പോകുന്ന മൃഗങ്ങളെയും അരുതു, (അവയുടെ) കഴുത്തിൽ തൂക്കപ്പെട്ട (അടയാള) വസ്തുക്കളെയും അരുതു; തങ്ങളുടെ റബ്ബിങ്കൽ നിന്നുള്ള അനുഗ്രഹവും പ്രീതിയും തേടിക്കൊണ്ട് 'ബൈത്തുൽ ഹറാമി'നെ [അലംഘനീയ മന്ദിരത്തെ] ഉന്നം വെച്ചു പോകുന്നവരെയും അരുത്. നിങ്ങൾ 'ഹലാലാ'യാൽ [ഇഹ്റാമിൽ നിന്നു ഒഴിവായാൽ] നിങ്ങൾ വേട്ടയാടിക്കൊള്ളുക.

٣- يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لَا تُحِلُّوا۟ شَعَٰٓئِرَ ٱللَّهِ وَلَا ٱلشَّهْرَ ٱلْحَرَامَ وَلَا ٱلْهَدْىَ وَلَا ٱلْقَلَٰٓئِدَ وَلَآ ءَآمِّينَ ٱلْبَيْتَ ٱلْحَرَامَ يَبْتَغُونَ فَضْلًا مِّن رَّبِّهِمْ وَرِضْوَٰنًا ۚ وَإِذَا حَلَلْتُمْ فَٱصْطَادُوا۟ ۚ

---

3. يا أيها الذين آمنوا ഹേ വിശ്വസിച്ചവരേ لا تحلوا നിങ്ങൾ അനുവദനീയമാക്കരുതു (അനാദരിക്കരുതു) شعائر الله അല്ലാഹുവിൻെറ ചിഹ്നങ്ങളെ, അടയാളങ്ങളെ ولا الشهر മാസത്തെയും അരുത് الحرام ഹറാമായ, അലംഘനീയ ولا الهدي ബലി(ക്കു കൊണ്ടു പോകുന്ന) മൃഗത്തെയും അരുതു ولا القلائد കഴുത്തിൽ തൂക്കിയിടുന്നവയെ (കണ്ഠാഭരണങ്ങളെ)യും അരുതു ولا آمين കരുതി(ഉന്നംവെച്ചു)പ്പോകുന്നവരെയും അരുതു البيت الحرام ഹറാമായ വീട്ടിനെ, അലംഘനീയ മന്ദിരത്തെ يبتغون (അവർ) തേടിക്കൊണ്ടു فضلا അനുഗ്രഹം, ദയവു من ربهم തങ്ങളുടെ റബ്ബിങ്കൽ നിന്നു ورضوانا പ്രീതിയും, പൊരുത്തപ്പെടും وإذا حللتم നിങ്ങൾ ഹലാലായാൽ, ഇഹ്റാം അഴിച്ചാൽ فاصطادوا അപ്പോൾ വേട്ടയാടിക്കൊള്ളുവിൻ

وَلَا يَجْرِمَنَّكُمْ شَنَآنُ قَوْمٍ
أَن صَدُّوكُمْ
عَنِ الْمَسْجِدِ الْحَرَامِ
أَن تَعْتَدُوا ۘ
وَتَعَاوَنُوا عَلَى الْبِرِّ وَالتَّقْوَىٰ ۖ
وَلَا تَعَاوَنُوا عَلَى الْإِثْمِ وَالْعُدْوَانِ ۚ
وَاتَّقُوا اللَّهَ ۖ
إِنَّ اللَّهَ شَدِيدُ الْعِقَابِ ○

ഒരു ജനതയോടുള്ള അമർഷം - അവർ 'മസ്ജിദുൽ ഹറാമി'ൽ [അലംഘനീയമായ പള്ളിയിൽ] നിന്ന് നിങ്ങളെ തടഞ്ഞുവെച്ചുവെന്നതിനാൽ - അതിക്രമം പ്രവർത്തിക്കുവാൻ നിശ്ചയമായും നിങ്ങളെ പ്രേരിപ്പിക്കുകയും ചെയ്യരുത്. പുണ്യത്തിലും, ഭയഭക്തിയിലും നിങ്ങൾ പരസ്പരം സഹായിക്കുകയും ചെയ്യുവിൻ; കുറ്റത്തിലും, അതിക്രമത്തിലും നിങ്ങൾ പരസ്പരം സഹായിക്കുകയും അരുത്; അല്ലാഹുവിനെ നിങ്ങൾ സൂക്ഷിക്കുകയും ചെയ്യുവിൻ.

നിശ്ചയമായും, അല്ലാഹു ശിക്ഷാ നടപടി കഠിനമായുള്ളവനാണ്.

وَلَا يَجْرِمَنَّكُمْ നിശ്ചയമായും നിങ്ങളെ പ്രേരിപ്പിക്കയും ചെയ്യരുതു شَنَآنُ ഈർഷ്യത, അമർഷം قَوْمٍ ഒരു ജനതയുടെ (ജനതയോടുള്ള) أَن صَدُّوكُمْ അവർ നിങ്ങളെ തടഞ്ഞതിനാൽ عَنِ الْمَسْجِدِ പള്ളിയിൽ നിന്നു الْحَرَامِ ഹറാമായ, അലംഘനീയ أَن تَعْتَدُوا നിങ്ങൾ അതിക്രമം ചെയ്‌വാൻ, ക്രമം തെറ്റുന്നതിനു وَتَعَاوَنُوا നിങ്ങൾ പരസ്പരം സഹായിക്കയും ചെയ്യുവിൻ عَلَى الْبِرِّ പുണ്യത്തിൽ, നല്ല കാര്യത്തിന്നു وَالتَّقْوَىٰ ഭയഭക്തിയിലും, സൂക്ഷ്മതക്കും وَلَا تَعَاوَنُوا നിങ്ങൾ പരസ്പരം സഹായിക്കുകയും അരുത് عَلَى الْإِثْمِ കുറ്റത്തിൽ, പാപത്തിനു وَالْعُدْوَانِ അതിക്രമത്തിലും, ക്രമം തെറ്റുന്നതിനും وَاتَّقُوا സൂക്ഷിക്കയും ചെയ്യുവിൻ اللَّهَ അല്ലാഹുവിനെ إِنَّ اللَّهَ നിശ്ചയമായും അല്ലാഹു شَدِيدُ കഠിനമായവനാണു الْعِقَابِ ശിക്ഷാനടപടി

حرم (ഹാഉ്, റാഉ്, മീം) എന്നീ അക്ഷരങ്ങൾ ഉൾക്കൊള്ളുന്ന ധാതുവിൽനിന്നു ഉത്ഭവിക്കുന്ന പദങ്ങളിൽ, ഏതെങ്കിലും തരത്തിലുള്ള ഒരു മുടക്കിന്റെ-അഥവാ തടസ്സത്തിന്റെ-അർത്ഥം അടങ്ങിയിരിക്കും. മുടക്കപ്പെട്ട വസ്തുവിന്റെ ദോഷത്തിൽ നിന്നും കൊള്ളരുതായ്മയിൽനിന്നും ഉത്ഭവിക്കുന്നതോ, അല്ലെങ്കിൽ അതിന്റെ പവിത്രതയിൽനിന്നും ആദരണീയതയിൽനിന്നും ഉത്ഭവിക്കുന്നതോ ആയിരിക്കും ആ മുടക്കം. അതുകൊണ്ടാണു കളവു, വ്യഭിചാരം പോലെയുള്ള കാര്യങ്ങളെയും, കളവു മുതൽ, പന്നിമാംസം പോലെയുള്ള വസ്തുക്കളെയും സംബന്ധിച്ചു حرام (ഹറാം) എന്നു പറയുമ്പോൾ അതിനു 'നിഷിദ്ധം, നിരോധം' എന്നിങ്ങിനെയും, ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യപ്പെടേണ്ടുന്ന കാര്യങ്ങളെയോ വസ്തുക്കളെയോ സംബന്ധിച്ചു അതേ വാക്കു പറയുമ്പോൾ 'അലംഘനീയം, പവിത്രം' എന്നിങ്ങിനെയും അർത്ഥം കൽപിക്കപ്പെടുന്നതു. حرمة (ഹുർമത്ത്) എന്ന വാക്കിനും ഇതു പോലെ സന്ദർഭോചിതം 'നിഷിദ്ധത' എന്നും 'അലംഘനീയത' എന്നും അർത്ഥം വരും. حرّم (ഹർ-റമ) എന്ന ക്രിയക്കു 'നിഷിദ്ധമാക്കി' എന്നും, 'അലംഘനീയമാക്കി' എന്നിങ്ങിനെയും അർത്ഥം മാറി വരും.

ഈ ധാതുവിൽ നിന്നുള്ള പദങ്ങളുടെ വിപരീതാർത്ഥങ്ങളിൽ ഉപയോഗിക്കപ്പെടാറുള്ള പദങ്ങളാണ് حلل (ഹാഉ്, ലാം, ലാം) എന്ന ധാതുവിൽനിന്നുള്ള حلال، حل، حلّ (ഹലാൽ, ഹില്ല്, ഹല്ല) മുതലായവ. ആ നിലക്ക് ഇവക്കു 'അനുവദനീയം, അനാദരവു, അനുവദനീയമാക്കി, അനാദരിച്ചു' എന്നിങ്ങിനെയും സന്ദർഭോചിതം അർത്ഥം കൽപിക്കപ്പെടുന്നു. ഇവയുടെ ധാതുപരമായ അർത്ഥമാകട്ടെ 'കെട്ടഴിക്കുക, ഇറങ്ങി വരുക' എന്നൊക്കെയാകുന്നു. (കൂടുതൽ വിശദമായി അറിയുവാനാഗ്രഹിക്കുന്നവർ അറബി നിഘണ്ടുക്കളെ ആശ്രയിക്കേണ്ടതാകുന്നു. ഈ വാക്കുകൾ ഖുർആനിലും ഹദീസിലും ഇസ്‌ലാമിക ഗ്രന്ഥങ്ങളിലും സാധാരണ വരാറുള്ളതാകകൊണ്ടു സന്ദർഭോചിതം മനസ്സിലാക്കി അവയുടെ ആശയം ഗ്രഹിക്കുവാൻ സഹായകമായ ഒരു സൂചന നൽകലാണ് ഇവിടെ ഉദ്ദേശിച്ചിരിക്കുന്നതു.)

സത്യവിശ്വാസികൾ അനാദരിക്കുവാൻ പാടില്ലാത്ത-അഥവാ അവർ പവിത്രമായി കരുതി ആദരിച്ചു പോരേണ്ടുന്ന-അഞ്ചു കാര്യങ്ങളെയാണ് അല്ലാഹു ഈ വചനത്തിൽ എടുത്തു കാട്ടിയിരിക്കുന്നത്. (1) شعائر الله (അല്ലാഹു

വിന്റെ ചിഹ്നങ്ങൾ) ഇസ്‌ലാമിന്റെ പ്രത്യേക അടയാളമായി കരുതപ്പെടുന്ന എല്ലാ കാര്യങ്ങൾക്കും വസ്തുക്കൾക്കും പൊതുവിൽ ഉപയോഗിക്കപ്പെടുന്ന ഒരു വാക്കാണിതു്. ഏതെങ്കിലും ഒരു മതത്തിന്റെയോ, സംഘടനയുടെയോ, സംസ്കാരത്തിന്റെയോ പ്രത്യേക അടയാളമായി കണക്കാക്കപ്പെടുന്നതെല്ലാം അതിന്റെ شعائر (ചിഹ്നങ്ങൾ) ആകുന്നു. ഹജ്ജു-ഉംറ കർമ്മങ്ങളോടും, മക്കാ ഹറമിനോടും ബന്ധപ്പെട്ട ചിഹ്നങ്ങളാണ് ഇവിടെ പ്രധാനമായും ഉദ്ദേശ്യമെന്നു സന്ദർഭംകൊണ്ടു മനസ്സിലാക്കാം. അതാതിൽ പാലിക്കപ്പെടേണ്ടുന്ന മര്യാദകളും ആദരവും ലംഘിക്കാതെ അതിന്റെ പവിത്രത സൂക്ഷിക്കൽ നിർബ്ബന്ധമാണെന്ന ചുരുക്കത്തിൽ പറയാം. അല്ലാഹു പറയുന്നു: ومن يعظم شعائر الله فإنها من تقوى القلوب (ആരെങ്കിലും അല്ലാഹുവിന്റെ ചിഹ്നങ്ങളെ ബഹുമാനിക്കുന്ന പക്ഷം, നിശ്ചയമായും അതു ഹൃദയങ്ങളുടെ ഭയഭക്തിയിൽ നിന്നുള്ളതാകുന്നു. (സൂ: ഹജ്ജ് 32) ചിഹ്നങ്ങളെക്കുറിച്ച് ആ വചനത്തിന്റെ വ്യാഖ്യാനം നോക്കുക. ഏതെങ്കിലും ഒരു മതത്തിന്റെയോ ജനകൂട്ടത്തിന്റെയോ മറ്റോ നിയമങ്ങളെ ലംഘിക്കുന്നതിനെക്കാൾ ഗൗരവപ്പെട്ട ഒരു കുറ്റമായിട്ടാണ് അതിന്റെ ചിഹ്നങ്ങളെ അനാദരിക്കൽ കണക്കാക്കപ്പെടുക. ഇസ്‌ലാമിലും അങ്ങിനെത്തന്നെ. ചിഹ്നത്തെ അനാദരിക്കുന്നതിന്റെ പിന്നിലുള്ളതു ധിക്കാരവും പരിഹാസവുമായിരിക്കും. ഇതാണതിനു കാരണം. നിയമം ലംഘിക്കുന്നതിനു കാരണം പലതും ആയിരിക്കാവുന്നതാണല്ലോ. അല്ലാഹുവിന്റെ ചിഹ്നങ്ങളെപ്പറ്റി മൊത്തത്തിൽ പറഞ്ഞശേഷം അവയിൽ ചിലതിനെ അല്ലാഹു പ്രത്യേകം തുടർന്ന് പറഞ്ഞിരിക്കുകയാണ്:—

(2) الشهر الحرام (ഹറാമായ—അഥവാ അലംഘനീയമായ—മാസം): ദുൽഖഅ്ദഃ, ദുൽഹിജ്ജഃ, മുഹർറം എന്നീ തുടർന്നുള്ള മൂന്നു മാസങ്ങളും റജബു മാസവുമാണ് ഹറാമായ മാസങ്ങൾ എന്നു ഹജ്ജത്തുൽ വിദാഇലെ പ്രസിദ്ധ പ്രസംഗത്തിൽ നബി (സ) പ്രഖ്യാപിച്ചിട്ടുണ്ട്. (ബു; മു) ഈ മാസങ്ങളിൽ യുദ്ധം നിരോധിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ട് അക്കാലത്തു യുദ്ധം നടത്തുന്നത് അതിനെ അനാദരിക്കലായിരിക്കും. പക്ഷേ, അക്കാലത്തു തന്നെ ശത്രുക്കൾ ഇങ്ങോട്ടുവന്ന് ആക്രമണം നടത്തിയാൽ അവരോടു പ്രത്യാക്രമണം നടത്തുന്നതിനു വിരോധമില്ല താനും. ഇതിനെപ്പറ്റി സൂ: അൽബഖറ 194ൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. (3, 4) الهدى والقلائد (ബലി കർമ്മത്തിനായി കഅ്ബയുടെ അടുക്കലേക്കു കൊണ്ടുപോകുന്ന മൃഗങ്ങളും, അവയുടെ പ്രത്യേക അടയാളമായിക്കൊണ്ട് അവയുടെ കഴുത്തിൽ കെട്ടിത്തൂക്കിയ വസ്തുക്കളും): കഅ്ബയുടെ അടുക്കലേക്കു ബലിമൃഗങ്ങളെ കൊണ്ടുപോകുമ്പോൾ അവയുടെ കഴുത്തിൽ ചെരുപ്പോ, മരത്തൊലിയോ അടയാളമായി കെട്ടിത്തൂക്കുന്ന പതിവു മുൻകാലത്തുണ്ടായിരുന്നു. ഹജ്ജിനും ഉംറക്കും പോകുന്ന ആളുകളും അതുപോലെ ചില അടയാളങ്ങൾ സ്വീകരിക്കലും പതിവുണ്ടായിരുന്നു. അന്യരുടെ കയ്യേറ്റത്തിൽ നിന്നും അനാദരവിൽനിന്നും സുരക്ഷിതത്വം ലഭിക്കലായിരിക്കും ഇതിന്റെ ഉദ്ദേശ്യം. ഇങ്ങിനെയുള്ള അടയാളങ്ങൾക്കും ബലിമൃഗങ്ങൾക്കും ഉപദ്രവം വരുത്തുന്നതോ, അവയെ നിസ്സാരപ്പെടുത്തുന്നതോ ആയ പ്രവൃത്തികളൊന്നും ചെയ്യരുതെന്നും, അവയൊക്കെ അല്ലാഹുവിന്റെ ചിഹ്നങ്ങളിൽപെട്ടതാണെന്നും സാരം. നബി (സ) തിരുമേനി ഹജ്ജിനു പോയപ്പോൾ 60ൽപരം ഒട്ടകങ്ങളെ ബലി മൃഗങ്ങളായി കൂടെ കൊണ്ടുപോവുകയും ദുൽഹുലൈഫഃ എന്ന വാദിൽ അവിടെവെച്ച് അവിടുന്ന് ഇഹ്റാമിൽ പ്രവേശിക്കുകയും ബലി മൃഗങ്ങൾക്കു അടയാളം കെട്ടുകയും ചെയ്തത് പ്രസ്താവ്യമാകുന്നു.

(5) آمين البيت الحرام الخ (അല്ലാഹുവിന്റെ അനുഗ്രഹവും പ്രീതിയും തേടിക്കൊണ്ട് അലംഘനീയ മന്ദിരമായ കഅ്ബയെ ഉന്നംവെച്ചു ചെല്ലുന്നവർ): ഇവരെയും ഉപദ്രവിക്കുകയോ, തടയുകയോ, അപമാനിക്കുകയോ ചെയ്യരുതെന്നു താൽപര്യം. കഅ്ബയും അതിന്റെ പരിസര പ്രദേശമായ ഹറമും ഇബ്രാഹീം (അ) നബി മുതൽക്കേ ഒരു അഭയ കേന്ദ്രവും, ഇസ്‌ലാമിന്റെ സങ്കേതവുമായി നിശ്ചയിക്കപ്പെട്ടിട്ടുള്ളതാണു. (2: 125; 3:97 മുതലായ സ്ഥലങ്ങൾ ഓർക്കുക.) അതുകൊണ്ട് ആ സ്ഥാനങ്ങളെ ഉന്നംവെച്ചു പോകുന്നവരോടു മര്യാദകേടായി വല്ലതും പ്രവർത്തിക്കുന്നതു വിരോധിക്കപ്പെട്ടിരിക്കുന്നു. ഹജ്ജിനോ ഉംറക്കോവേണ്ടി പോകുന്നവരെ മാത്രമല്ല, വല്ല ഉപജീവന മാർഗ്ഗവും തേടി അങ്ങോട്ടു പോകുന്നവരെയും ഉപദ്രവിക്കുവാൻ പാടില്ല. അല്ലാഹുവിങ്കൽ നിന്നുള്ള അനുഗ്രഹവും പ്രീതിയും തേടിപ്പോകുക (يبتغون فضلا من الله ورضوانا) എന്ന വാക്കിൽ ഇതും ഉൾപ്പെടുമെന്ന് പല വ്യാഖ്യാതാക്കളും ചൂണ്ടിക്കാട്ടിയിരിക്കുന്നു. അൽബഖറ: 198-ാം വചനവും ഇതിനു പിൻബലം നൽകുന്നതായി കാണാം.

മേൽപറഞ്ഞ അഞ്ചു കാര്യങ്ങളും ഏറെക്കുറെ മുശ്‌രിക്കുകളും അംഗീകരിച്ചു വന്നിരുന്നു. അവർ അംഗീകരിച്ചു വന്നിരുന്ന ആ നല്ല കാര്യങ്ങൾ മുസ്‌ലിംകളും കർശനമായി പാലിക്കേണ്ടതുണ്ട്, ജാഹിലിയ്യാ സമ്പ്രദായങ്ങളെന്നുവെച്ച് അവയെ അവഗണിച്ചുകൂടാ. കഅ്ബാ മന്ദിരത്തെ മാനിച്ചുകൊണ്ട് അങ്ങോട്ടു പോകുന്നവർ ആരായാലും—അക്കാലത്തെ സംബന്ധിച്ചിടത്തോളം അവർ മുശ്‌രിക്കുകളായിരുന്നാലും—അവരെ വിലക്കിക്കൂടാ എന്നൊക്കെ ഈ വചനം മുഖേന അല്ലാഹു അറിയിക്കുന്നു. ഹുദൈബിയ്യാ സന്ധിക്കുശേഷം മുസ്‌ലിംകളും മുശ്‌രിക്കുകളും തമ്മിൽ സമാധാനം നിലവിലുള്ള കാലത്താണ് ഇതെല്ലാം അവതരിച്ചതെന്നു മുമ്പു സൂചിപ്പിച്ചുവല്ലോ. നബി (സ)യും സഹാബികളും ഉംറക്കുവേണ്ടി പുറപ്പെട്ടു ചെന്നപ്പോൾ ഹുദൈബിയ്യയിൽവെച്ചു മുശ്‌രിക്കുകൾ അവരെ തടഞ്ഞു വെ

ച്ചതിനെത്തുടർന്നാണ് ആ സന്ധി ഉണ്ടായതു. അതുകൊണ്ട് അവർ ഇങ്ങോട്ടു ചെയ്തതുപോലെയുള്ള അക്രമങ്ങൾ അങ്ങോട്ടു ചെയ്യരുതെന്ന കൂടി ഇതിൽ അടങ്ങിയിട്ടുണ്ട്. ഇക്കാര്യം തുടർന്നുള്ള വാക്യങ്ങളിൽ അല്ലാഹു വ്യക്തമായി തന്നെ പറയുന്നുമുണ്ടു. എന്നാൽ, പിന്നീട് സ്ഥിതിഗതികൾ മാറിയശേഷം, മുശ്‌രിക്കുകൾ മസ്ജിദുൽ ഹറാമിനെ സമീപിക്കരുതെന്നും, അവർ അല്ലാഹുവിന്റെ പള്ളികളിൽ പെരുമാറിക്കൂടാ എന്നും കൽപനയുണ്ടായി. ഇതു ഹിജ്റ 9–ാം കൊല്ലത്തിലായിരുന്നു. ഇതിനെപ്പറ്റി സൂ: ബറാഅത്തിൽ വെച്ചു കാണാവുന്നതാണു. والله أعلم

ഇഹ്റാമിലായിരിക്കെ വേട്ടയാടുവാൻ പാടില്ലെന്നു കഴിഞ്ഞ വചനത്തിൽ സൂചിപ്പിച്ചുവല്ലോ. ഹലാലായി കഴിഞ്ഞാൽ—ഹജ്ജും ഉംറയും കഴിഞ്ഞു ഇഹ്റാമിൽനിന്നു ഒഴിവായാൽ—പിന്നെ മൃഗങ്ങളെ വേട്ടയാടിപ്പിടിക്കുകയും, പിടിച്ചു തിന്നുകയും ചെയ്യുന്നതിനു വിരോധമില്ല. ഇതാണു وَإِذَا حَلَلْتُمْ فَاصْطَادُوا (നിങ്ങൾ ഹലാലായാൽ വേട്ടയാടിക്കൊള്ളുക) എന്ന വാക്യത്തിൽ പറയുന്നത്. ഇത്രയും കാര്യങ്ങൾ പ്രസ്താവിച്ചശേഷം വളരെ പ്രധാനപ്പെട്ടതും, മനുഷ്യർ സദാ ഓർമ്മയിൽ വെച്ചിരിക്കേണ്ടതുമായ ചില ഉപദേശങ്ങൾ അല്ലാഹു സത്യവിശ്വാസികൾക്കു നൽകുന്നു:—

(1) وَلَا يَجْرِمَنَّكُمْ شَنَآنُ قَوْمٍ അതായതു, നിങ്ങളെ മസ്ജിദുൽ ഹറാമിലേക്കു പ്രവേശിക്കുവാൻ അനുവദിക്കാതെ ഒരു ജനത (ഖുറൈശീ മുശ്‌രിക്കുകൾ) നിങ്ങളെ തടഞ്ഞുവെച്ച കാരണത്താൽ നിങ്ങൾക്കു അവരോടു അമർഷവും വിദ്വേഷവും ഉണ്ടാകും. അതൊന്നും അതിക്രമം പ്രവർത്തിക്കുവാൻ നിങ്ങൾക്കു പ്രേരണയാകുവാൻ പാടില്ല. അവർ ക്രമക്കേടു കാണിച്ചതുകൊണ്ടു നിങ്ങൾ ക്രമവിരുദ്ധമായി പ്രവർത്തിച്ചുകൂടാ എന്നു താൽപര്യം. ഹുദൈബിയ്യയിൽ വെച്ചു മുശ്‌രിക്കുകൾ സത്യവിശ്വാസികളെ തടഞ്ഞുവെച്ച സംഭവമാണ് ഇവിടെ സത്യവിശ്വാസികളുടെ അമർഷത്തിനു കാരണമായി അല്ലാഹു എടുത്തു പറഞ്ഞത്. എന്നുവെച്ച് മറ്റേതെങ്കിലും കാരണവശാൽ ഒരു ജനതയോടു അമർഷമോ വിദ്വേഷമോ നേരിട്ടാൽ അതിക്രമം ചെയ്യുന്നതിനു വിരോധമില്ലെന്നു കരുതിക്കൂടാ. അടുത്ത 9–ാം വചനത്തിൽ ഇക്കാര്യം കൂടുതൽ വിശദമായി പ്രസ്താവിച്ചു കാണാം. (2) وَتَعَاوَنُوا عَلَى الْبِرِّ وَالتَّقْوَى അതായതു, പുണ്യകരങ്ങളായ സൽകാര്യങ്ങളിലും, ദുഷ്കാര്യങ്ങൾ വർജ്ജിച്ച് അല്ലാഹുവിനോടുള്ള ഭയഭക്തി പാലിക്കുന്ന വിഷയങ്ങളിലും സത്യവിശ്വാസികൾ അന്യോന്യം സഹായിച്ചും സഹകരിച്ചും കൊണ്ടിരിക്കേണ്ടതാണു. അതും പോരാ. (3) وَلَا تَعَاوَنُوا عَلَى الْإِثْمِ وَالْعُدْوَانِ അതായതു, കുറ്റകരവും അതിക്രമപരവുമായ കാര്യങ്ങളിലൊന്നും പരസ്പരം സഹായസഹകരണം ചെയ്യാതിരിക്കുകയും വേണം. സൽകാര്യങ്ങളിൽ സഹായ സഹകരണം നൽകുന്നത് ദുഷ്കാര്യങ്ങളിൽ പരസ്പരം സഹായിക്കുന്നതിനെയും, ദുഷ്കാര്യങ്ങളിൽ സഹകരിക്കാതിരിക്കുന്നത് സൽകാര്യങ്ങളിൽ സഹകരിക്കാതിരിക്കുന്നതിനെയും നീതീകരിക്കുകയില്ലെന്നു ഓർക്കേണ്ടതുണ്ട്. നല്ല കാര്യങ്ങളിൽ സഹായസഹകരണം ചെയ്‌വാൻ കൽപിച്ചു മതിയാക്കാതെ, ചീത്ത കാര്യങ്ങളിൽ സഹായസഹകരണം ചെയ്യാതിരിക്കുകയും വേണമെന്നു കൂടി കൽപിച്ചിരിക്കുന്നതു അതാണു ചൂണ്ടിക്കാട്ടുന്നതു.

ഹാ! എത്ര വിലപ്പെട്ട ഉപദേശങ്ങൾ!! അല്ലാഹുവിന്റെ ഈ മൂന്നു ഉപദേശങ്ങൾ മനുഷ്യസമുദായം സ്വീകരിച്ചു വന്നിരുന്നുവെങ്കിൽ, അക്രമവും അസമാധാനവും അതിരുകവിഞ്ഞ ഈ ഭൂലോകം നിശ്ചയമായും ശാന്തസുന്ദരമായ മറ്റൊരു ലോകമായി മാറുമായിരുന്നു! ഒരാൾ ശത്രുവായിരുന്നാലും നല്ല കാര്യങ്ങളിൽ അയാളുമായി സഹകരിക്കുക, ഒരാൾ മിത്രമായിരുന്നാലും ചീത്ത കാര്യങ്ങളിൽ അയാളുമായി സഹകരിക്കാതിരിക്കുക, അന്യരോടുള്ള വെറുപ്പും വിദ്വേഷവും അവരോടു ക്രമവിരുദ്ധമായി പ്രവർത്തിക്കുവാൻ കാരണമാകാതിരിക്കുക, ഇവയെല്ലാം കേവലം പുണ്യകർമ്മങ്ങളും ഉൽകൃഷ്ട സ്വഭാവങ്ങളുമാണെന്നുള്ളതിനു പുറമെ, ശത്രുവെ മിത്രമാക്കുവാനും, മിത്രത്തെ ശത്രുവാക്കാതിരിക്കുവാനും കൂടി അവ സഹായിക്കുന്നു.

ചില നബി വചനങ്ങൾ ഇവിടെ അനുസ്മരിക്കുന്നതു സന്ദർഭോചിതമായിരിക്കും: 1. നബി(സ) പറഞ്ഞു: 'അക്രമിയാകുമ്പോഴും അക്രമിക്കപ്പെട്ടവനാകുമ്പോഴും നീ നിന്റെ സഹോദരനെ സഹായിക്കുക.' അപ്പോൾ ചോദിക്കപ്പെട്ടു: 'അക്രമിക്കപ്പെട്ടവനായിരിക്കുമ്പോൾ എനിക്കവനെ സഹായിക്കാം. എന്നാൽ, അക്രമിയായിരിക്കുമ്പോൾ അവനെ എങ്ങനെ സഹായിക്കും?' തിരുമേനി ഉത്തരം പറഞ്ഞു: 'അവനെ നീ അക്രമത്തിൽനിന്നു തടയുകയും മുടക്കുകയും ചെയ്യണം. അതാണവനുള്ള സഹായം.' (അ:ബു.) (2) നബി (സ) പറഞ്ഞു: 'മനുഷ്യരുമായി സമ്പർക്കം പുലർത്തുകയും, അവരുടെ ഉപദ്രവത്തിൽ ക്ഷമ കൈക്കൊള്ളുകയും ചെയ്യുന്ന സത്യവിശ്വാസി, ജനങ്ങളുമായി സമ്പർക്കമുണ്ടാകുകയും, അവരുടെ ഉപദ്രവത്തിൽ ക്ഷമിക്കുകയും ചെയ്യാത്ത സത്യവിശ്വാസിയെക്കാൾ വമ്പിച്ച പ്രതിഫലം ലഭിക്കുന്നവനാകുന്നു.' (അ: തി) 3. 'ഒരു അക്രമിയെ സഹായിക്കുവാൻവേണ്ടി—അവൻ 'അക്രമിയാണെന്നു അറിഞ്ഞുംകൊണ്ടു അവന്റെകൂടെ വല്ലവനും നടക്കുന്നപക്ഷം അവൻ ഇസ്‌ലാമിൽനിന്നും പുറത്തുപോയി.' (ത്വബ്റാനി) മേൽപറഞ്ഞ ഉപദേശങ്ങൾക്കുശേഷം, അല്ലാഹുവിനെ സൂക്ഷിച്ചുകൊള്ളണമെന്നും, ഇല്ലാത്തപക്ഷം അവൻ കഠിനമായ ശിക്ഷ നടപടി എടുക്കുന്നതാണെന്നും അല്ലാഹു ഓർമ്മിപ്പിക്കുന്നു. (إِنَّ اللَّهَ شَدِيدُ الْعِقَابِ)

٣- حُرِّمَتْ عَلَيْكُمُ الْمَيْتَةُ وَالدَّمُ وَلَحْمُ الْخِنْزِيرِ وَمَا أُهِلَّ لِغَيْرِ اللَّهِ بِهِ وَالْمُنْخَنِقَةُ وَالْمَوْقُوذَةُ وَالْمُتَرَدِّيَةُ وَالنَّطِيحَةُ وَمَا أَكَلَ السَّبُعُ إِلَّا مَا ذَكَّيْتُمْ

4. നിങ്ങളുടെ മേൽ ശവവും രക്തവും, പന്നിമാംസവും, അല്ലാഹു അല്ലാത്തവർക്കുവേണ്ടി ശബ്ദം ഉയർത്തപ്പെട്ട [അറുക്കപ്പെട്ട] തും നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു; കുടുങ്ങിച്ചത്തതും, തല്ലികൊല്ലപ്പെട്ടതും, വീണു ചത്തതും, കുത്തേററു ചത്തതും, ദുഷ്ടജന്തു തിന്നതും (നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു); നിങ്ങൾ അറുത്തതൊഴികെ

وَمَا ذُبِحَ عَلَى النُّصُبِ

ബലിപീഠത്തിങ്കൽ (അഥവാ (പ്രതിഷ്ഠകളുടെ അടുക്കൽ) വെച്ച് അറുക്കപ്പെട്ടതും (നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു)–

وَأَنْ تَسْتَقْسِمُوا بِالْأَزْلَامِ ذَٰلِكُمْ فِسْقٌ

അമ്പുകോലുകൾ കൊണ്ടു നിങ്ങൾ ഓഹരി [ഭാഗ്യം] നോക്കലും (നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു). അതു തോന്നിയവാസമാകുന്നു.

الْيَوْمَ يَئِسَ الَّذِينَ كَفَرُوا مِنْ دِينِكُمْ فَلَا تَخْشَوْهُمْ وَاخْشَوْنِ

ഇന്നത്തെ ദിവസം, നിങ്ങളുടെ മതത്തെപ്പററി അവിശ്വസിച്ചവർ നിരാശപ്പെട്ടിരിക്കുകയാണു. എനി, നിങ്ങൾ അവരെ പേടിക്കരുതു; എന്നെ പേടിക്കുകയും ചെയ്യുവിൻ.

الْيَوْمَ أَكْمَلْتُ لَكُمْ دِينَكُمْ وَأَتْمَمْتُ عَلَيْكُمْ نِعْمَتِي وَرَضِيتُ لَكُمُ الْإِسْلَامَ دِينًا فَمَنِ اضْطُرَّ فِي مَخْمَصَةٍ غَيْرَ مُتَجَانِفٍ لِإِثْمٍ

ഇന്നു നിങ്ങൾക്കു നിങ്ങളുടെ മതം ഞാൻ പൂർത്തിയാക്കിത്തന്നിരിക്കുന്നു. എന്റെ അനുഗ്രഹം നിങ്ങൾക്ക ഞാൻ പൂർണ്ണമാക്കിത്തരുകയും ചെയ്തിരിക്കുന്നു. മതമായി ഇസ്ലാമിനെ ഞാൻ നിങ്ങൾക്കു തൃപ്തിപ്പെട്ടു തരുകയും ചെയ്തിരിക്കുന്നു. എനി, വല്ലവനും കുററത്തിലേക്ക് ചായ്വ് കാണിക്കുന്നവനല്ലാത്ത നിലയിൽ പട്ടിണിയിൽ (പെട്ട്) നിർബന്ധിതനായിത്തീരുന്നപക്ഷം,

فَإِنَّ اللَّهَ غَفُورٌ رَحِيمٌ ○

അപ്പോൾ (അതിനു വിരോധമില്ല) നിശ്ചയമായും, അല്ലാഹു വളരെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

---

4. حرمت ഹറാം (നിഷിദ്ധം) ആക്കപ്പെട്ടിരിക്കുന്നു عليكم നിങ്ങളുടെമേൽ الميتة ശവം, ചത്തതു والدم രക്തവും, ചോരയും ولحم മാംസവും الخنزير പന്നിയുടെ وما أهل ശബ്ദം ഉയർത്തപ്പെട്ടതും لغير الله അല്ലാഹു അല്ലാത്തവർക്കുവേണ്ടി به അതുമൂലം والمنخنقة കുടുങ്ങിച്ചത്തതും والموقوذة തല്ലി (അടിച്ചു)കൊല്ലപ്പെട്ടതും والمتردية (ഉയരത്തുനിന്നു)വീണു ചത്തതും والنطيحة കുത്തേററു ചത്തതും وما أكل തിന്നതും السبع ദുഷ്ടമൃഗം, കാട്ടുജീവി إلا ما യാതൊന്നൊഴികെ ذكيتم നിങ്ങൾ അറുത്ത وما ذبح അറുക്കപ്പെട്ടതും على النصب നാട്ടപ്പെട്ടതിൻമേൽ, ബലിപീഠത്തിങ്കൽ, പ്രതിഷ്ഠകൾവെച്ചു وأن تستقسموا നിങ്ങൾ ഓഹരി (ഭാഗ്യം) നോക്കലും بالأزلام അമ്പു കോലുകൾ കൊണ്ടു ذلكم അതു, അതൊക്കെ فسق തോന്നിയവാസമാകുന്നു اليوم ഇന്നു, ഇന്നേദിവസം يئس നിരാശപ്പെട്ടിരിക്കുന്നു الذين كفروا അവിശ്വസിച്ചവർ من دينكم നിങ്ങളുടെ മതത്തെപ്പററി فلا تخشوهم എനി (അതിനാൽ) അവരെ നിങ്ങൾ പേടിക്കരുതു واخشون എന്നെ പേടിക്കുകയും ചെയ്യുവിൻ اليوم ഇന്ന്, ഈ ദിവസം أكملت لكم നിങ്ങൾക്കു ഞാൻ പൂർത്തിയാക്കിത്തന്നു دينكم നിങ്ങളുടെ മതം وأتممت ഞാൻ പൂർണ്ണമാക്കുകയും ചെയ്തു عليكم നിങ്ങൾക്കു, നിങ്ങളിൽ نعمتي എന്റെ അനുഗ്രഹം ورضيت ഞാൻ തൃപ്തിപ്പെടുകയും ചെയ്തിരിക്കുന്നു لكم നിങ്ങൾക്കു الإسلام ഇസ്ലാമിനെ دينا മതമായിട്ടു فمن എന്നാൽ (എനി) ആരെങ്കിലും, എതൊരുവൻ اضطر അവൻ നിർബ്ബന്ധിതനായി, കഷ്ടപ്പെട്ടു في مخمصة പട്ടിണിയിൽ, വല്ല പട്ടിണിയിലും غير متجانف ചായ്വു കാണിക്കാത്തവനായിക്കൊണ്ടു لإثم കുററത്തിലേക്കു, വല്ല കുററത്തിലേക്കും فإن الله എന്നാൽ നിശ്ചയമായും അല്ലാഹു غفور വളരെ പൊറുക്കുന്നവനാണ് رحيم കരുണാനിധിയാണ്.

...നാൽകാലികളിൽ നിന്നു നിങ്ങൾക്കു അനുവദനീയമാക്കപ്പെട്ടിരിക്കുന്നുവെന്നു പറഞ്ഞപ്പോൾ, നിങ്ങൾക്കു ഓതിക്കേൾപ്പിക്കപ്പെടുന്നതൊഴികെ (إِلَّا مَا يُتْلَىٰ عَلَيْكُمْ) എന്നു പറഞ്ഞിരുന്നുവല്ലോ. ഈ വചനത്തിൽ വിവരിക്കപ്പെട്ടിരിക്കുന്നതാണതു. ഇതിൽ ഒടുവിൽ നിഷിദ്ധമാക്കപ്പെട്ടതായി പ്രസ്താവിക്കപ്പെട്ടിരിക്കുന്നതു. ശവം, രക്തം, പന്നിമാംസം, അല്ലാഹു അല്ലാത്തവർക്കു വേണ്ടി ശബ്ദം ഉയർത്തപ്പെട്ടതു എന്നീ നാലെണ്ണവും സൂറത്തുൽ ബഖറ 173ൽ മുമ്പു പ്രസ്താവിച്ചിട്ടുള്ളതാണു. അവയെക്കുറിച്ചു ആ വചനത്തിന്റെ വ്യാഖ്യാനത്തിൽ നാം നൽകിയിട്ടുണ്ടു. അതുകൊണ്ടു ഇവിടെ വീണ്ടും അതാവർത്തിക്കുന്നില്ല.

അവിടെ പ്രസ്താവിക്കപ്പെട്ടിട്ടില്ലാത്ത ചില വസ്തുക്കൾ കൂടി ഇവിടെ പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. ഇവ: (1) الْمُنْخَنِقَةُ (കുടുങ്ങിച്ചത്തതു്). സ്വയം കുടുങ്ങിയതായാലും അല്ലെങ്കിലും ശരി. വല്ല കുരുക്കിലും പെട്ടു ശ്വാസം മുട്ടിച്ചത്തതെല്ലാം ഇതിൽ ഉൾപ്പെടുന്നു. (2) الْمَوْقُوذَةُ (തല്ലിക്കൊല്ലപ്പെട്ടതു്). വടി മുതലായ മൂർച്ചയില്ലാത്ത വസ്തുക്കൾകൊണ്ടു അടിയേറ്റു ചത്തതു്. (3) الْمُتَرَدِّيَةُ (വീണുചത്തതു്). ഉയരത്തുനിന്നു കീഴ്പ്പോട്ടു വീണോ കിണർ മുതലായ കുണ്ടുകളിൽ വീണോ ചത്തവ. (4) النَّطِيحَةُ (കുത്തേറ്റു ചത്തതു്). മറ്റൊരു മൃഗം കുത്തിയതു കൊണ്ടോ പരസ്പരം കുത്തിയോ ചത്തതു്. (5) مَا أَكَلَ السَّبُعُ (ദുഷ്ടമൃഗം തിന്നതു്). നരി, ചെന്നായ മുതലായ ഹിംസ്ര ജീവികളുടെ ആക്രമണം കൊണ്ടു ജീവൻ പോയതു്. ഈ അഞ്ചും വാസ്തവത്തിൽ ശവത്തിന്റെ ചില ഇനങ്ങളാകുന്നു. സാധാരണ ഗതിയിൽ സ്വയം ചത്തതല്ലാതെ, ഇതിനെയുള്ള പ്രത്യേക കാരണങ്ങളാൽ ജീവനാശം വന്നതു ശവത്തിൽ ഉൾപ്പെടുമോ, എന്നു സംശയിക്കപ്പെടാമല്ലോ. ആ സംശയം അസ്ഥാനത്താണെന്നത്രെ ഈ വിശദീകരണം കാണിക്കുന്നതു.

മേൽപറഞ്ഞ ഏതെങ്കിലും ഒരു അപകടത്തിൽ പെട്ടെങ്കിലും ചത്തുപോകും മുമ്പായി പിടിച്ചു അറുക്കുവാൻ കഴിഞ്ഞാൽ അതു നിഷിദ്ധമല്ല. അതാണു إِلَّا مَا ذَكَّيْتُمْ (നിങ്ങൾ അറുത്തതൊഴികെ) എന്നു പറഞ്ഞതു്. പക്ഷേ, അറുക്കുമ്പോൾ ശരിക്കു ജീവനുണ്ടായിരിക്കണം. അറുത്തശേഷം കൈകാലുകൾ കുടയുക, പിടക്കുക മുതലായ ലക്ഷണങ്ങൾ കണ്ടാൽ അതു മൂലമാണു ജീവൻ പോയതെന്നു മനസ്സിലാക്കാം. ഇല്ലാത്തപക്ഷം കാര്യം ശവത്തിൽ പെട്ടതായിരിക്കും. അറുത്താൽ വിരോധമില്ലെന്നുള്ളതു ആദ്യം പറഞ്ഞ നാലിനും ബാധകമല്ല. രക്തത്തെ സംബന്ധിച്ചിടത്തോളം അതു സ്വയംതന്നെ. അതുകൊണ്ടു ജീവൻപോയതു ശവമായിരിക്കയില്ല. പന്നിമാംസം (لَحْمُ الْخِنزِيرِ) എന്നു പേരെടുത്തു പറഞ്ഞതല്ല, പന്നിയാകട്ടെ, അറുത്താലും ഇല്ലെങ്കിലും നിഷിദ്ധം തന്നെ. കൂടാതെ, അതു മ്ലേച്ഛമായതാണു (رِجْسٌ) എന്നു 6:145ൽ അല്ലാഹു അതിൽനിന്നതന്നെ മനസ്സിലാക്കാം. അല്ലാഹു അല്ലാത്തവരുടെ നാമത്തിൽ അറുക്കപ്പെട്ടതും, അല്ലാഹു അല്ലാത്തവരുടെ തിനെ വിശേഷിപ്പിച്ചിട്ടുമുണ്ടു. അല്ലാഹു അല്ലാത്തവരുടെ പേരിൽ നേർച്ചവഴിപാടാക്കപ്പെട്ടതും അങ്ങിനെതന്നെ. അതു ശിർക്കിൽ പെട്ടതാകകൊണ്ടുതന്നെ നിമിത്തം അതു അനുവദനീയമാകുവാൻ പോകുന്നില്ല. അറുത്താലും ആ ശിർക്കിനെ ദൃഢപ്പെടുത്തലായിരിക്കും ഉണ്ടായിത്തീരുക.

ഇവിടെ 10-ാമതായി സൂറത്തുൽ ബഖറയിലും മറ്റും പ്രസ്താവിക്കപ്പെട്ടിട്ടില്ലാത്ത ഒരു പുതിയ ഇനമാണു وَمَا ذُبِحَ عَلَى النُّصُبِ (ബലി പീഠങ്ങളിൽ അറുക്കപ്പെട്ടതു). ജാഹിലിയ്യാ കാലത്തു കഅ്ബയുടെ ചുറ്റുപാടിലായി കുറെ കല്ലുകൾ പ്രതിഷ്ഠിക്കപ്പെട്ടിരുന്നു. വിഗ്രഹങ്ങൾക്കു വഴിപാടായി അറുക്കപ്പെടുന്ന ബലി മൃഗങ്ങൾ ആ കല്ലുകളുടെ അടുക്കൽ വെച്ചാണു അറുക്കപ്പെട്ടിരുന്നതു. ഇത്തരം 360 കല്ലുകൾ അവിടെ പ്രതിഷ്ഠിക്കപ്പെട്ടിരുന്നുവത്രെ. ഇന്നും ക്ഷേത്രങ്ങളിൽ ബലികർമ്മങ്ങൾ നടത്തുവാനായി സ്ഥാപിക്കപ്പെട്ട ബലി പീഠങ്ങൾ കാണാം. ചില മഹാത്മാക്കളുടെ ഖബ്ർ സ്ഥാനങ്ങളിലേക്കു ആടു, കോഴി മുതലായവയെ നേർച്ചയാക്കുകയും, അവിടെ കൊണ്ടുപോയി അറുക്കുകയും ചെയ്യുന്ന ഒരു പതിവു അന്ധവിശ്വാസത്തിൽ അടിയുറച്ച ചില മുസ്ലിംകൾക്കിടയിലും പതിവുണ്ടു. ഇതെല്ലാം ഈ ഇനത്തിൽ ഉൾപ്പെടുന്നതും തനി നിഷിദ്ധവുമാകുന്നു.

وَمَا أُهِلَّ لِغَيْرِ اللَّهِ بِهِ (അല്ലാഹു അല്ലാത്തവർക്കു വേണ്ടി ശബ്ദം ഉയർത്തപ്പെട്ടതു) എന്നു പറഞ്ഞതു കൊണ്ടുദ്ദേശ്യം അല്ലാഹു അല്ലാത്തവരുടെ പേരിൽ അറുക്കപ്പെട്ടവയും അല്ലാഹു അല്ലാത്തവർക്കു നേർച്ചയാക്കപ്പെട്ടവയുമാണെന്നു സൂറത്തുൽ ബഖറയിൽ വെച്ചു നാം കണ്ടുവല്ലോ. എന്നിരിക്കെ, അതുകൊണ്ടു മതിയാക്കാതെ وَمَا ذُبِحَ عَلَى النُّصُبِ (ബലിപീഠങ്ങളിൽ വെച്ചു അറുക്കപ്പെട്ടവയും) എന്നുകൂടി പറഞ്ഞതിൽ നിന്ന ഒരു കാര്യം വ്യക്തമാകുന്നു. അതായതു: ബലിപീഠത്തിന്റെ സ്ഥാനം കല്പിക്കപ്പെടുന്ന മറ്റു സ്ഥാനങ്ങളിലോ വെച്ചു അറുക്കപ്പെടുന്ന പക്ഷം ആ അറുക്കപ്പെടുന്ന വസ്തു അതേ കാരണം കൊണ്ടുമാത്രം ഹറാമായി (നിഷിദ്ധമായി)ത്തീരുന്നതാണു. അറുക്കുമ്പോൾ അല്ലാഹുവിന്റെ പേരു പറഞ്ഞുവോ ('ബിസ്മി' ചൊല്ലിയോ) ഇല്ലയോ എന്നോ, അല്ലാഹുവിനുള്ള വഴിപാടായി അറുക്കപ്പെട്ടതാണോ അല്ലേ എന്നോ ഉള്ള വ്യത്യാസത്തിനൊന്നും ഇവിടെ പഴുതില്ല.

ഖണ്ഡനമില്ല. ഇമാം ഇബ്നുകഥീർ (റ) മുതലായവർ ഈ സംഗതി ഇവിടെ പ്രത്യേകം ചൂണ്ടിക്കാട്ടിയിട്ടുള്ളതു ശ്രദ്ധേയമാകുന്നു.

അറബികൾക്കിടയിൽ കക്ഷികളുടെ പതിവുണ്ടായിരുന്ന മേൽപ്പറഞ്ഞവയായ ഈ പത്തു വസ്തുക്കളെ നിഷിദ്ധങ്ങളായി പ്രഖ്യാപിച്ചതിനെത്തുടർന്ന അവരിൽ പതിവുണ്ടായിരുന്ന ഒരനാചാരത്തെയും അല്ലാഹു നിഷിദ്ധമാക്കി പ്രഖ്യാപിക്കുന്നു. അതാണു وَأَن تَسْتَقْسِمُوا بِالْأَزْلَامِ (അമ്പുകോലുകൾകൊണ്ടു ഓഹരി നോക്കലും—അഥവാ ഭാഗ്യനിർഭാഗ്യവും ഗുണദോഷവും പരീക്ഷിക്കലും) എന്നു പറഞ്ഞത്. ഇതിന്റെ രൂപത്തെപ്പറ്റി ഒന്നിലധികം പ്രകാരത്തിലുള്ള നിവേദനങ്ങൾ കാണാം. മൊത്തത്തിൽ അതിന്റെ രൂപം ഇങ്ങിനെയാണു: മുൻഭാഗത്തു മുനയും, പിൻഭാഗത്തു തൂവലും പിടിപ്പിക്കാത്ത അമ്പിൻ തണ്ടുപോലെയുള്ള അൽപം കൊള്ളിക്കഷ്ണങ്ങളും ഓരോന്നിലും ചില പ്രത്യേക അടയാളങ്ങളോടും വെച്ചിരിക്കും. അവ കൂട്ടിക്കിലുക്കി അതിൽനിന്നു ഒരു കൊള്ളി എടുക്കുക. അതിന്മേലുള്ള അടയാളത്തെ അടിസ്ഥാനമാക്കി ഭാഗ്യനിർഭാഗ്യങ്ങളും ഉദ്ദിഷ്ട കാര്യങ്ങളുടെ ഗുണദോഷ ഫലങ്ങളും തീരുമാനിക്കുക. അതിനുള്ള അംഗീകൃതവും മതപരവുമായ ഒരു മാർഗ്ഗമായിട്ടാണ് അവർ ഇതിനെ കണക്കാക്കിയിരുന്നതു. അന്ധവിശ്വാസവും പ്രശ്നം നോക്കലുമാണിതെന്നു മാത്രമല്ല, വിഗ്രഹങ്ങളുടെ ആശീർവാദങ്ങളോടു കൂടിയാണിതു നടത്തപ്പെടുന്നതു. ഇതൊക്കെ സൂചിപ്പിച്ചുകൊണ്ടാണു അതിനെപ്പറ്റി فِسْقٌ (അതു തോന്നിയവാസമാണു) എന്നു അല്ലാഹു പ്രസ്താവിച്ചത്. ഈ വാക്കു മേൽ പറഞ്ഞ പത്തു വസ്തുക്കളെയും ചൂണ്ടിക്കൊണ്ടുള്ളതായിരിക്കുവാനും സാധ്യതയുണ്ടു. അപ്പോൾ, അവയിൽ ഓരോന്നും ഉപയോഗിക്കുന്നതു തോന്നിയവാസമാണ് എന്നായിരിക്കും അർത്ഥം.

ഒന്നിലധികം പേർക്കു തുല്യമായ അവകാശമോ അർഹതയോ ഉള്ള ഒരു വിഷയത്തിൽ—ഏതെങ്കിലും ചിലർക്കു മുൻഗണന നൽകുവാൻ പ്രത്യേക കാരണം ഇല്ലാത്തപ്പോൾ—അതിൽ നേരിടുന്ന തർക്കത്തിനൊരു പരിഹാരമായി ചിലപ്പോൾ നറുക്കെടുപ്പു നടത്തുന്നതിനു ഇസ്ലാമിൽ അംഗീകാരം നൽകപ്പെട്ടിട്ടുണ്ടു. ഉദാഹരണമായി, നമസ്കാരത്തിൽ 'ഇമാമത്തി'നു (നേതൃത്വം വഹിക്കുന്നതിനു) ഒരേ തരത്തിൽ അർഹരായ ഒന്നിലധികം ആളുണ്ടായിരിക്കുകയും തർക്കം നേരിടുകയും ചെയ്താൽ നറുക്കുമൂലം അവരിൽ ഒരാളെ തീർച്ചപ്പെടുത്താവുന്നതാണു. എന്നാൽ, ഏതെങ്കിലും കാര്യത്തിന്റെയോ, ആളുടെയോ ഭാഗ്യനിർഭാഗ്യങ്ങളെയോ, ഗുണദോഷങ്ങളെയോ നിർണ്ണയിക്കുവാനുള്ള മാർഗ്ഗമായി അതു അംഗീകരിക്കപ്പെട്ടിട്ടില്ല. അങ്ങിനെയുള്ള എല്ലാതരം നറുക്കെടുപ്പുകളും, ജോത്സ്യം, കുറിതാട്ടം, പ്രശ്നം വെക്കൽ, ശകുനം നോക്കൽ ജോത്സ്യം പറയൽ മുതലായവയും ഇസ്ലാമിൽ വിരോധിക്കപ്പെട്ടവയാകുന്നു. (90, 94 വചനങ്ങളിൽ കൂടുതൽ വിവരം കാണാം) ഒരു കാര്യത്തിൽ പ്രവേശിക്കുന്നതു നന്നായിരിക്കുമോ ഇല്ലേ എന്നു മുൻകൂട്ടി അറിയുവാനുള്ള സാഹചര്യങ്ങളില്ലാത്തപ്പോൾ, വേണ്ടപ്പെട്ടതു തോന്നിപ്പിച്ചു തരുവാനും, അതിൽ സഹായം നൽകുവാനും വേണ്ടി അല്ലാഹുവിനോടു പ്രാർത്ഥിക്കുക. ഇതാണു ഒരു മുസ്ലിമിനു ചെയ്‌വാനുള്ളത്. ഇതിനു ഏറ്റവും നല്ല രൂപം ഇന്നതാണെന്ന നബി(സ) നമുക്കു പഠിപ്പിച്ചു തന്നിട്ടുമുണ്ട്. രണ്ടു റക്അത്തു സുന്നത്തു (നിർബന്ധമായി നിശ്ചയിക്കപ്പെടാത്ത നമസ്കാരം) നമസ്കരിക്കുക; അതിനുശേഷം അവനവൻ ഉദ്ദേശിക്കുന്ന കാര്യം യഥാർത്ഥത്തിൽ നല്ലതാണെങ്കിൽ അതിനു വേണ്ടുന്ന സഹായം നൽകുവാനും, അല്ലാത്തപക്ഷം അതിൽനിന്ന് തന്നെ ഒഴിവാക്കിത്തരുവാനും അല്ലാഹുവിനോടു ഹൃദയംഗമമായി പ്രാർത്ഥിക്കുക. ഇതാണതിന്റെ ചുരുക്കം. ഇമാം അഹ്മദ്, ബുഖാരി (റ) മുതലായ പ്രധാന ഹദീസു പണ്ഡിതന്മാർ രേഖപ്പെടുത്തിയിട്ടുള്ള ആ ഹദീസും, നബി(സ) പഠിപ്പിച്ചു തന്ന ആ പ്രാർത്ഥനയുടെ മൂലവും പൂർണ്ണരൂപവും അടക്കം സൂ: ഖസ്വസ്വ് 68-ാം വചനത്തിന്റെ വ്യാഖ്യാനത്തിൽ ഉദ്ധരിച്ചിട്ടുണ്ടു. അവിടെ നോക്കുക.

സത്യവിശ്വാസികളെ സംബന്ധിച്ച് വളരെയേറെ സന്തോഷകരമായ രണ്ടു കാര്യങ്ങളാണ് പിന്നീടു അല്ലാഹു ഈ വചനത്തിൽ അറിയിക്കുന്നതു. (1) അവിശ്വാസികൾ ഇന്ന് നിങ്ങളുടെ മതത്തെ സംബന്ധിച്ചു നിരാശപ്പെട്ടിരിക്കുന്നു. എനി, നിങ്ങൾ അവരെ പേടിക്കേണ്ട. എന്നെ—അതെ, എന്നെ മാത്രം—പേടിച്ചുകൊള്ളുക. (الْيَوْمَ يَئِسَ الَّذِينَ كَفَرُوا ....) അതായതു, നിങ്ങളുടെ മതത്തെ കുറെ കഴിയുമ്പോൾ നിങ്ങൾ കയ്യൊഴിച്ചേക്കും, അല്ലെങ്കിൽ അതിൽ കുറെയൊക്കെ വിട്ടുവീഴ്ചകൾക്കു നിങ്ങൾ തയ്യാറായേക്കും എന്നിങ്ങിനെ പല പ്രതീക്ഷകളും ആശകളും അവിശ്വാസികൾ വെച്ചു പുലർത്തിയിരുന്നു. അതെല്ലാം ഇപ്പോൾ അവർക്കു നഷ്ടപ്പെട്ടിരിക്കയാണു. നിങ്ങൾ ഒരിക്കലും ഇസ്ലാമിനെ കയ്യൊഴിക്കുകയോ, അവരുടെ മതത്തിലേക്കു മടങ്ങുകയോ ചെയ്കയില്ല; ഇസ്ലാമിനെ നശിപ്പിക്കുവാനോ നിങ്ങളെ ഉന്മൂലനം ചെയ്യുവാനോ അവർക്കു സാധ്യമല്ല! അവർക്കുവേണ്ടി മതത്തിൽ ഒരു വിട്ടുവീഴ്ചക്കും നിങ്ങൾ തയ്യാറാകുകയില്ല എന്നൊക്കെ അവർക്കിപ്പോൾ ബോധ്യമായി കഴിഞ്ഞിട്ടുണ്ടു. അവരുടെ ശൗര്യവും, വീര്യവുമെല്ലാം നശിച്ചു പരാജയബോധം വന്നു കഴിഞ്ഞിരിക്കുന്നു. അതുകൊണ്ടു മേലിൽ അവരെപ്പറ്റി നിങ്ങൾ പേടിക്കേണ്ടതായി ഒന്നുമില്ല. എന്നാൽ, അല്ലാഹുവിനെക്കുറിച്ചുള്ള പേടി കൈവിടുകയും അരുതു. അവൻ നിങ്ങളെ സഹായിക്കുകയും കൂടുതൽ ശക്തിപ്പെടുത്തുകയും ചെയ്യും എന്നു താൽപര്യം. ഈ വചനം അവതരിക്കുമ്പോൾ അറേബ്യ മുഴുവനും ഇസ്ലാമിനു അധീനമായിക്കഴിഞ്ഞിട്ടുണ്ടെന്നു താഴെ ഉദ്ധരിക്കുന്ന ഉമർ (റ) ന്റെ പ്ര

സ്ഥാപനത്തിൽനിന്നു നിരാശരായിരിക്കുന്നു. നബി (സ) ഒരിക്കൽ ഇങ്ങനെ പറയുകയുണ്ടായി: 'നമസ്കരിക്കുന്ന ആളുകൾ (സത്യവിശ്വാസികൾ) അറേബ്യ ഉപദ്വീപിൽ പിശാചിനെ ആരാധിക്കുന്നതിനെക്കുറിച്ച് അവൻ നിരാശപ്പെട്ടിട്ടുണ്ട്. പക്ഷേ, അവർക്കിടയിൽ ഛിദ്രമുണ്ടാക്കുന്നതിൽ (അവന്റെ ആശ നശിച്ചിട്ടില്ല) മുസ്‌ലിം.

(2) ഇന്നു നിങ്ങൾക്ക് നിങ്ങളുടെ മതം ഞാൻ പൂർത്തിയാക്കി തന്നിരിക്കുന്നു. എന്റെ അനുഗ്രഹം ഞാൻ നിങ്ങളിൽ പരിപൂർണ്ണമാക്കുകയും, ഇസ്‌ലാമിനെ ഞാൻ നിങ്ങൾക്കു മതമായി തൃപ്തിപ്പെട്ടു തരുകയും ചെയ്തിരിക്കുന്നു. (... اليوم أكملت لكم دينكم) എത്രയോ മഹത്തായ ഒരു വാക്കത്രെ! നിലനിന്നുവരുന്നതിനിടയിൽ സത്യവിശ്വാസികൾ ചരിത്രത്തിൽ ഇതുവരെ അനുഭവിച്ച കഷ്ടനഷ്ടങ്ങൾ ഇതുപര്യന്തം സഹിച്ചുകൊണ്ടിരുന്നതിന്റെ ആ മതത്തെ—ഇസ്‌ലാമിനെ—അല്ലാഹു അവർക്കു ഇപ്പോൾ പൂർത്തിയാക്കിക്കൊടുത്തിരിക്കുകയാണ്. അതായത് മതത്തിൽ ആവശ്യമായ സർവ്വ നിയമനിർദ്ദേശങ്ങളും പാഠങ്ങളും ഇപ്പോൾ നൽകിക്കഴിഞ്ഞിരിക്കുന്നു. അതിൽ ഇനി ഒന്നും കൂട്ടുകയോ കുറക്കുകയോ ചെയ്യേണ്ടതില്ല. ഒരു നബിയോ വേദഗ്രന്ഥമോ ഇനി വരേണ്ടുന്ന ആവശ്യവുമില്ല. കാലദേശ വ്യത്യാസം കൂടാതെ മനുഷ്യ നന്മക്കാവശ്യമായതെല്ലാം അവതരിപ്പിച്ചു തന്നിരിക്കുന്നു. ലോകത്തു മതങ്ങൾ പലതുണ്ടെങ്കിലും അല്ലാഹു ഇഷ്ടപ്പെടുന്ന മതം ഇസ്‌ലാം ഒന്നു മാത്രമാണു. അതു നൽകുക വഴി അവൻ പരിപൂർണ്ണമായ അനുഗ്രഹം അതിന്റെ അനുയായികളായ നിങ്ങൾക്കു കിട്ടിക്കഴിഞ്ഞിരിക്കുന്നു. അതിലുപരിയായി ഒരനുഗ്രഹവും മനുഷ്യർക്കു ലഭിക്കുവാനില്ല. എല്ലാ നൻമയുടെയും വിജയത്തിന്റെയും ഉറവിടം അതത്രെ. എന്നന്നേക്കുമുള്ള സന്ദേശങ്ങളാണ് ഇതിൽ അടങ്ങിയിരിക്കുന്നതു. ഈ വചനം അവതരിച്ചതിനുശേഷം ഏതാനും ചില ഖുർആൻ സൂക്തങ്ങളൊക്കെ അവതരിച്ചിട്ടുണ്ടെങ്കിലും നിയമപരമായ പുതിയ വിധികളൊന്നും പിന്നീടു അവതരിക്കപ്പെട്ടിട്ടില്ല.

അഹ്മദ്, ബുഖാരി, മുസ്‌ലിം (റ) മുതലായവർ ഇപ്രകാരം നിവേദനം ചെയ്തിരിക്കുന്നു. യഹൂദിയായ ഒരാൾ ഉമർ (റ)ന്റെ അടുക്കൽ വന്നിട്ടു പറഞ്ഞു: 'അമീറുൽ മുഅ്മിനീൻ! നിങ്ങളുടെ ഗ്രന്ഥത്തിൽ നിങ്ങൾ ഒരു ആയത്തു (സൂക്തം) ഓതി വരുന്നു. യഹൂദികളായ ഞങ്ങൾക്കായിരുന്നു അതു അവതരിച്ചതെങ്കിൽ ഞങ്ങൾ ആ ദിവസത്തെ ഒരു ഉത്സവ ദിവസമാക്കുമായിരുന്നു.' ഉമർ (റ) ചോദിച്ചു: 'ഏതു ആയത്താണതു?' അയാൾ മറുപടി പറഞ്ഞു: اليوم أكملت لكم എന്നുള്ളതാണതു.' അപ്പോൾ ഉമർ (റ) പറഞ്ഞു: 'റസൂൽ (സ) തിരുമേനിക്കു ഇത് അവതരിച്ച ദിവസവും, അവതരിച്ച നാഴികയും എനിക്കു തീർച്ചയായും അറിയാം. അറഫാ ദിവസവും ഒരു വെള്ളിയാഴ്ച വൈകുന്നേരവുമാണതു അവതരിച്ചതു.' ഞങ്ങളെ സംബന്ധിച്ചേടത്തോളം അതിനായി ഒരു പുതിയ ഉത്സവ ദിവസം എന്നിനി ഏർപ്പെടുത്തേണ്ടുന്ന ആവശ്യമില്ല. അറഫാ ദിവസവും, വെള്ളിയാഴ്ച ദിവസവും മുസ്‌ലിംകളുടെ മുമ്പെ ആഘോഷ ദിവസങ്ങളാണ് എന്നത്രെ ഉമർ (റ) പറഞ്ഞതിന്റെ സാരം. ഹിജ്റ 9-ാം കൊല്ലത്തിൽ ഉണ്ടായ നബി (സ)യുടെ ഹജ്ജത്തുൽ വിദാഉ് (حجة الوداع) എന്ന വിശ്രുത ഹജ്ജിലായിരുന്നു ഇതിന്റെ അവതരണം. അന്നത്തെ അറഫാദിനം വെള്ളിയാഴ്ചയായിരുന്നതാനും. ഈ വചനം അവതരിച്ചതിനുശേഷം നബി (സ) തിരുമേനി 81 ദിവസമേ ജീവിച്ചിരുന്നിട്ടുള്ളുവെന്ന ഇബ്നു അബ്ബാസും (റ) മറ്റും നിവേദനം ചെയ്തിരിക്കുന്നു.

ഭക്ഷിക്കുവാൻ പാടില്ലാത്ത വസ്തുക്കളെപ്പറ്റി വിവരിച്ചതിനെ തുടർന്നാണല്ലോ ഈ രണ്ടു കാര്യങ്ങളും അല്ലാഹു അറിയിച്ചിരിക്കുന്നതു. അപ്പോൾ അതിനു മുമ്പവതരിച്ച നിയമങ്ങൾ പൊതുവിലും, ഈ നിയമം പ്രത്യേകിച്ചും മാറ്റം വരാത്തതാണെന്നും അലംഘനീയമാണെന്നും വന്നു. എന്നിട്ടും, വല്ല പരിതസ്ഥിതിയിലും ആ നിഷിദ്ധമായ വസ്തുക്കളല്ലാതെ മറ്റൊന്നും ഭക്ഷിക്കുവാൻ കിട്ടാതെ പട്ടിണി കിടന്ന കഷ്ടപ്പെടേണ്ടി വന്നാൽ എന്തു ചെയ്യും? ഇതിനുള്ള മറുപടികൂടി നൽകിക്കൊണ്ടാണു അല്ലാഹു ഈ വചനം അവസാനിപ്പിക്കുന്നതു. ... فمن اضطر في مخمصة غير متجانف (വല്ലവനും കുറ്റത്തിലേക്കു ചായ്‌വു കാണിക്കുന്നവനല്ലാത്ത നിലക്ക് പട്ടിണിയിൽപെട്ടു നിർബ്ബന്ധിതനായിത്തീർന്നാൽ, അപ്പോൾ അല്ലാഹു പൊറുക്കുന്നവനും, കരുണാനിധിയുമാകുന്നു) ഇങ്ങനെ നിർബ്ബന്ധിതാവസ്ഥയിൽപെട്ട് കഷ്ടപ്പെടുന്നപക്ഷം, ഒരു കരുതിക്കൂട്ടലോ താൽപര്യമുള്ളതോ ഇല്ലാതെ അത്യാവശ്യമായ അളവിൽ മാത്രം ആ നിഷിദ്ധ വസ്തുക്കൾ ഏതെങ്കിലും ഉപയോഗിച്ചുകൊള്ളുന്നതിനു വിരോധമില്ല. അതു അല്ലാഹു പൊറുത്തുകൊടുക്കും. അവൻ കരുണയുള്ളവനാണല്ലോ എന്നു സാരം. ഇവിടെ غير متجانف لإثم (കുറ്റത്തിലേക്കു ചായ്‌വു കാണിക്കുന്നവനായിട്ടല്ലാതെ) എന്നു പറഞ്ഞതിന്റെ സ്ഥാനത്തു സൂ: അൽബഖറ 173ൽ ഉള്ളതു غير باغ ولا عاد (നിയമലംഘനം കാംക്ഷിക്കുന്നവനും അതിരുവിട്ടവനുമല്ലാത്ത നിലയിൽ) എന്നാകുന്നു. രണ്ടും ഒരേ സാരത്തിൽ കലാശിക്കുന്നു. കുറ്റകരമായ വല്ല പ്രവർത്തനങ്ങളിലും ഏർപ്പെട്ടതു നിമിത്തം ഉണ്ടായിത്തീരുന്ന നിർബ്ബന്ധിതാവസ്ഥയിൽ ഈ ഇളവു അനുവദിക്കപ്പെടുകയില്ലെന്നു ഈ വാക്കുകളെ ആധാരമാക്കി ഇമാം ശാഫി (റ) മുതലായ ചില മഹാൻമാർ അഭിപ്രായപ്പെട്ടിരിക്കുന്നു. ഈ അഭിപ്രായം പ്രത്യക്ഷത്തിൽ ശരിയാണ്. പക്ഷെ—ഇബ്നുകസീർ (റ) മുതലായവർ ചൂണ്ടിക്കാട്ടിയതുപോലെ—ജീവൻപോലും അപകടത്തിലാകുമെന്ന് കുറ്റകൃത്യം ചെയ്തതു തെറ്റു തന്നെ. എങ്കിലും നിഷിദ്ധമായ വസ്തുക്കളെ ഉപയോഗിച്ചിട്ടെങ്കിലും അതിൽനിന്ന രക്ഷപ്പെടുവാൻ കഴിയുമെന്നിരിക്കെ അതു ഉപയോഗിക്കാതെ ആത്മഹത്യക്കു വിധേയനാകുന്നതു മറ്റൊരു തെറ്റുംകൂടിയായിരിക്കുമല്ലോ.

അനിവാര്യമായ ഘട്ടത്തിൽ ചെയ്തുപോകുന്ന ആ തെററു പൊറുത്തുകൊടുക്കുന്നവനാണ് അല്ലാഹു എന്നു പറഞ്ഞു തീരാതെ, അവൻ കരുണാനിധിയാണ് എന്നുകൂടി പറഞ്ഞിരിക്കുന്നതു നോക്കുക. അവന്റെ കാരുണ്യാധിക്യംകൊണ്ടാണ് ഇങ്ങിനെയുള്ള ഇളവു നൽകുന്നതെന്നും, മനുഷ്യനെ കഷ്ടപ്പെടുത്തി ബുദ്ധിമുട്ടിക്കുവാൻ താനുദ്ദേശിക്കുന്നില്ലെന്നുമാണ് അതു സൂചിപ്പിക്കുന്നത്. ഒരു ഹദീസിൽ നബി (സ) പറയുന്നു: 'നിശ്ചയമായും, അല്ലാഹുവിനോടു അനുസരണക്കേടു കാണിക്കുന്നതിനെ അവൻ വെറുക്കുന്നതുപോലെ, അവന്റെ ഇളവു (വിട്ടുവീഴ്ച)കളെ സ്വീകരിക്കുന്നതിനെ അവൻ ഇഷ്ടപ്പെടുകയും ചെയ്യുന്നു.' (അ: ഇബ്നുഹിബ്ബാൻ)

5. يَسْـَٔلُونَكَ مَاذَآ أُحِلَّ لَهُمْ ۖ قُلْ أُحِلَّ لَكُمُ ٱلطَّيِّبَٰتُ ۙ وَمَا عَلَّمْتُم مِّنَ ٱلْجَوَارِحِ مُكَلِّبِينَ تُعَلِّمُونَهُنَّ مِمَّا عَلَّمَكُمُ ٱللَّهُ ۖ

(നബിയേ) എന്താണ് അവർക്കു അനുവദിക്കപ്പെട്ടിരിക്കുന്നതു എന്ന് അവർ നിന്നോടു ചോദിക്കുന്നു. പറയുക:– (നല്ല) വിശിഷ്ടമായ വസ്തുക്കൾ നിങ്ങൾക്കു അനുവദിക്കപ്പെട്ടിരിക്കുന്നു. അല്ലാഹു നിങ്ങൾക്കു പഠിപ്പിച്ചുതന്നതിൽനിന്നും (ചിലതു) പഠിപ്പിച്ചുകൊണ്ടു നിങ്ങൾ നായാട്ടു പരിശീലിപ്പിക്കുന്ന നിലയിൽ വേട്ട ജന്തുക്കളിൽനിന്നു വല്ലതിനെയും നിങ്ങൾ പഠിപ്പിക്കുന്നതായാൽ,

فَكُلُوا۟ مِمَّآ أَمْسَكْنَ عَلَيْكُمْ وَٱذْكُرُوا۟ ٱسْمَ ٱللَّهِ عَلَيْهِ ۖ وَٱتَّقُوا۟ ٱللَّهَ ۚ

അപ്പോൾ, അവ നിങ്ങൾക്കായി പിടിച്ചു തന്നതിൽനിന്നും നിങ്ങൾ തിന്നുകൊള്ളുവിൻ. അതിൽ അല്ലാഹുവിന്റെ നാമം നിങ്ങൾ പറയുകയും ചെയ്യുവിൻ. നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യണം.

إِنَّ ٱللَّهَ سَرِيعُ ٱلْحِسَابِ ○

നിശ്ചയമായും, അല്ലാഹു വേഗം വിചാരണ നടത്തുന്നവനാകുന്നു.

---

5. يسألونك അവർ നിന്നോടു ചോദിക്കുന്നു, ചോദിക്കും ماذا എന്തൊന്നാണു أحل لهم അവർക്കു അനുവദിക്കപ്പെട്ടിരിക്കുന്ന قل പറയുക أحل لكم നിങ്ങൾക്കു അനുവദിക്കപ്പെട്ടിരിക്കുന്നു الطيبات നല്ല (ശുദ്ധമായ–വിശിഷ്ട) വസ്തുക്കൾ وما علمتم നിങ്ങൾ പഠിപ്പിക്കുന്നതു, വല്ലതിനെയും പഠിപ്പിച്ചാൽ من الجوارح വേട്ട ജന്തുക്കളിൽനിന്നു مكلبين നായാട്ടു പരിശീലിപ്പിക്കുന്നവരായി تعلمونهن അവയെ നിങ്ങൾ പഠിപ്പിച്ചുകൊണ്ടു مما علمكم നിങ്ങളെ പഠിപ്പിച്ചതിൽനിന്നു الله അല്ലാഹു فكلوا എന്നാൽ നിങ്ങൾ തിന്നുകൊള്ളുവിൻ مما أمسكن അവ പിടിച്ച (പിടിച്ചു തന്ന)തിൽ നിന്നു عليكم നിങ്ങൾക്കു, നിങ്ങളുടെ പേരിൽ واذكروا നിങ്ങൾ പറയുക (സ്മരിക്കുക)യും ചെയ്‌വിൻ اسم الله അല്ലാഹുവിന്റെ നാമം عليه അതിൽ, അതിന്റെമേൽ واتقوا സൂക്ഷിക്കുകയും ചെയ്യുക الله അല്ലാഹുവിനെ إن الله നിശ്ചയമായും അല്ലാഹു سريع വേഗമുള്ളവനാണു الحساب വിചാരണ

- കഴിഞ്ഞ വചനത്തിൽ ഭക്ഷിക്കൽ ഹറാമായ (നിഷിദ്ധമായ) ഏതാനും വസ്തുക്കളെപ്പററി വിവരിച്ചപ്പോൾ, ഭക്ഷിക്കൽ ഹലാലായ (അനുവദനീയമായ) വസ്തുക്കൾ ഏതൊക്കെയാണ് എന്നു ഒരു ചോദ്യം സ്വാഭാവികമായും ഉണ്ടാകാമല്ലോ. അതിനു ഈ വചനത്തിൽ അല്ലാഹു മറുപടി നൽകുന്നു. എന്നാൽ, അനുവദനീയമായ വസ്തുക്കളുടെ ഒരു പട്ടിക നിരത്തുകയല്ല ഈ മറുപടിയിൽ അല്ലാഹു ചെയ്തിരിക്കുന്നതു. അനുവദിക്കപ്പെട്ടവയെ എണ്ണിപ്പറയുന്നപക്ഷം ആ പട്ടിക നിഷിദ്ധ വസ്തുക്കളുടേതുപോലെ കേവലം ചെറുതായിരിക്കയില്ല. വളരെ നീണ്ടതു തന്നെയായിരിക്കും. അതുകൊണ്ടു അനുവദനീയമായ വസ്തുക്കളെ മനസ്സിലാക്കുവാൻ ഉതകുന്ന ഒരു പൊതുതത്വം പ്രഖ്യാപിക്കുകയാണ് അല്ലാഹു ചെയ്തിരിക്കുന്നതു. നല്ല വിശിഷ്ടമായ വസ്തുക്കളെല്ലാം അനുവദനീയമാക്കപ്പെട്ടിരിക്കുന്നു. (أحل لكم الطيبات) എന്നത്രെ മറുപടി. 'നല്ലവ, പരിശുദ്ധമായവ, വിശിഷ്ടമായവ, ഹൃദ്യമായവ, എന്നൊക്കെ സന്ദർഭമനുസരിച്ചു വിവർത്തനം നൽകാവുന്ന വാക്കാണു طيبات (ത്വയ്യിബാത്ത്) 'രുചികരമായവ അഥവാ സ്വാദി

ശിഷ്ടമായ (طيب) എന്നതിന്റെ സാക്ഷാൽ അർത്ഥം. (*) ശരീഅത്തിൽ നിന്നും, പാപത്തിൽനിന്നും ഒഴിവായതും അനുവദനീയവുമായത് എന്ന ഉദ്ദേശ്യത്തിലും അതു ഉപയോഗിക്കപ്പെടാറുണ്ട്. ഖുർആനിലും ഈ അർത്ഥങ്ങളിൽ അതു ഉപയോഗിക്കപ്പെട്ടിരിക്കുന്നു.

ആദ്യം പറഞ്ഞ അർത്ഥമാണ് ഇവിടെ കൂടുതൽ യോജിക്കുന്നതും, ഖുർആൻ വ്യാഖ്യാതാക്കൾ പൊതുവെ സ്വീകരിച്ചിട്ടുള്ളതും. എന്നാൽ, അങ്ങിനെയുള്ള വസ്തുക്കൾക്കു ഒരു നിർവ്വചനമോ പരിധിയോ നിശ്ചയിക്കുന്നതിൽ പണ്ഡിതന്മാർക്കിടയിൽ വ്യത്യസ്തമായ വീക്ഷണഗതികൾ കാണാം. അതു കേവലം സ്വാഭാവികമാണു താനും. ഉത്തമമായ പ്രകൃതിയും, സാമാന്യബുദ്ധിയും, സംസ്കാരവും സിദ്ധിച്ചവരുമായ മനുഷ്യർക്കിടയിൽ വെറുപ്പും അറപ്പും തോന്നാത്ത വസ്തുക്കളെല്ലാം 'ത്വയ്യിബാത്തി'ൽ പെടുമെന്നാണു ഭൂരിപക്ഷാഭിപ്രായവും കൂടുതൽ യുക്തമായതും. എന്നാൽ, ഖുർആൻ അവതരിച്ച കാലത്തെ അറബികളുടെ പൊതു നിലയാണു പരിഗണിക്കപ്പെടേണ്ടതെന്നും മറ്റും വേറെയും അഭിപ്രായങ്ങളുണ്ട്. എന്തായിരുന്നാലും ഈ അഭിപ്രായങ്ങൾ ഒന്നും തന്നെ വിമർശനങ്ങളിൽ നിന്ന് ഒഴിവല്ല. ഏതായാലും, അല്ലാഹു നിഷിദ്ധമാക്കിയിട്ടുള്ള വസ്തുക്കളിൽ അടങ്ങിയ വ്യക്തമായ ദോഷവും ഉൾപ്പെടാത്തതും, അവ നിഷിദ്ധമാക്കുവാൻ കാരണമായ തത്വങ്ങൾ ഉൾക്കൊള്ളാത്തവയും ആയിരിക്കുമ്പോൾ അവ 'ത്വയ്യിബാത്ത്' എന്ന പറയാവു. ഇതിൽ ആർക്കും തർക്കത്തിനവകാശമില്ല.

നല്ലതും വിശിഷ്ടവുമായ കാര്യങ്ങൾ അനുവദനീയമായിരിക്കുക, ചീത്തയും അശുദ്ധവുമായ കാര്യങ്ങൾ നിഷിദ്ധങ്ങളായിരിക്കുക എന്നുള്ളതു ഇസ്‌ലാമിലെ മൗലികമായ ഒരു പൊതു തത്വമത്രെ. റസൂൽ(സ) തിരുമേനിയുടെ ഗുണവിശേഷങ്ങൾ വിവരിക്കുന്ന കൂട്ടത്തിൽ അല്ലാഹു പറയുന്നു: ويحل لهم الطيبات ويحرم عليهم الخبائث - الأعراف (അദ്ദേഹം അവർക്കു നല്ല വിശിഷ്ടമായവയെ അനുവദനീയമാക്കിക്കൊടുക്കുകയും, ദുഷിച്ച ചീത്തയായവയെ അവരിൽ നിഷിദ്ധമാക്കുകയും ചെയ്യും. (അഅ്റാഫ് 157) ഒരു വാസ്തവം ഓർക്കേണ്ടതുണ്ടു: അല്ലാഹുവോ അവന്റെ റസൂലോ ഒരു കാര്യം നിഷിദ്ധമാണെന്നു വിധിച്ചതിനു പിന്നെ, അതു നല്ലതാണെന്നോ പരിശുദ്ധമാണെന്നോ വിധിക്കുവാനും ഗണിക്കുവാനും ആർക്കും അവകാശമില്ല. നേരെമറിച്ചു ഒരു കാര്യം അനുവദനീയമെന്നു അല്ലാഹുവും റസൂലും വിധിച്ചതിനു പിന്നെ അതു ചീത്തയോ അശുദ്ധമോ എന്നു പറയുവാനും ആർക്കും നിവൃത്തിയില്ല. അല്ലാഹുവും റസൂലും ഒന്നു നിഷിദ്ധമാക്കിയാൽ അതു ദുഷിച്ചതും, അല്ലാഹുവും റസൂലും അനുവദനീയമാക്കിയാൽ അതു വിശിഷ്ടമായതും തന്നെ. സംശയമില്ല.

അല്ലാഹുവിന്റെയും റസൂലിന്റെയും വചനങ്ങളിൽ—ഖുർആനിലും സുന്നത്തിലും—ഒരു വിധി വ്യക്തമാക്കപ്പെട്ടിട്ടില്ലാത്ത വസ്തുക്കളിൽ എന്തെങ്കിലും ചിലതിനെപ്പറ്റി അവ വിശിഷ്ടമോ നികൃഷ്ടമോ—ശുദ്ധമോ അശുദ്ധമോ—(ത്വയ്യിബോ ഖബീഥോ) എന്നുള്ളതിൽ പണ്ഡിതന്മാർക്കിടയിൽ ഏകാഭിപ്രായമുണ്ടായിരിക്കുവാൻ പ്രയാസമായിരിക്കും. ഇതിൽ നിന്നാണു ചില വസ്തുക്കളെപ്പറ്റി അവ ഭക്ഷിക്കുവാൻ പാടുണ്ടോ ഇല്ലേ എന്ന അഭിപ്രായ വ്യത്യാസം ഉണ്ടായിത്തീരുന്നതു. അതു കേവലം സ്വാഭാവികവുമാണു. അതുകൊണ്ടു സംശയം നേരിടുമ്പോൾ, അല്ലാഹുവിന്റെയും റസൂലിന്റെയും പ്രസ്താവനകളും അവയിലടങ്ങിയ തത്വങ്ങളും ആസ്പദമാക്കി കൂടുതൽ സൂക്ഷ്മവും സുരക്ഷിതവുമായ അഭിപ്രായം സ്വീകരിക്കലാണ് ഈ വിഷയത്തിൽ കരണീയമെന്ന ചുരുക്കത്തിൽ പറയാം.

ഭക്ഷിക്കുവാൻ അനുവദിക്കപ്പെട്ടവയെപ്പറ്റി മൊത്തത്തിൽ പ്രസ്താവിച്ചശേഷം, വേട്ടജന്തുക്കൾ പിടിച്ചു കൊണ്ടുവരുന്ന ജീവികളെപ്പറ്റി അല്ലാഹു പ്രത്യേകം ഉണർത്തിയിരിക്കുന്നു. അവ ശവങ്ങളുടെ കൂട്ടത്തിൽ പെട്ടതോ എന്ന സംശയിക്കപ്പെടുവാൻ ന്യായമുണ്ടല്ലോ. അല്ലാഹു മനുഷ്യർക്കു പലതരം അറിവുകളും നൽകി അനുഗ്രഹിച്ചിട്ടുണ്ടു. നായാട്ടു നടത്തി ഭക്ഷ്യവസ്തുക്കളെ സമ്പാദിക്കുവാനും, അതിനായി ചില മൃഗങ്ങളെയും പക്ഷികളെയും നായാട്ടു പരിശീലിപ്പിക്കുവാനുമുള്ള അറിവും അക്കൂട്ടത്തിൽ ചിലതത്രെ. അങ്ങിനെ പരിശീലിപ്പിച്ച ജന്തുക്കൾ അവയുടെ ഉടമസ്ഥന്മാർക്കുവേണ്ടി—അവയുടെ യജമാനന്മാരുടെ ആവശ്യാർത്ഥം—വല്ല ജീവികളെയും പിടിച്ചുകൊണ്ടുവന്നു കൊടുത്താൽ, അവ ചത്തു പോയിട്ടുണ്ടെങ്കിൽ തന്നെയും അവ ഭക്ഷിക്കാവുന്നതാണു എന്നു അല്ലാഹു അറിയിക്കുന്നു. വേട്ടജന്തുക്കൾ (الجوارح) എന്നു പറഞ്ഞതിൽ വേട്ടക്കു ഉപയോഗപ്പെടുത്തുന്ന നായ, നരി, പ്രാപ്പിടിയൻ മുതലായ മൃഗങ്ങളും പക്ഷികളും ഉൾപ്പെടും. നിങ്ങൾക്കായി പിടിച്ചു കൊണ്ടുവന്നതു (امسكن عليكم) എന്നു പറഞ്ഞതിന്റെ ഉദ്ദേശ്യം, അവയുടെ സ്വന്തം ആവശ്യത്തിനു വേണ്ടി പിടിച്ചതാവരുതു—അവയെ വിട്ടയച്ച യജമാനനു വേണ്ടിയായിരിക്കണം പിടിച്ചതു—എന്നുമാകുന്നു. പരിശീലനം നൽകുന്നതിന്റെ ഉദ്ദേശ്യവും അതാണല്ലോ. പരിശീലിപ്പിക്കപ്പെട്ട നായ മുതലായ ജന്തുക്കൾ വല്ല ജീവിയെയും പിടിച്ചു കൊണ്ടുവന്നാൽ, അവ ചത്തു പോയിട്ടുണ്ടെങ്കിൽ അവ നിഷി

---

* كما في مفردات الإمام الراغب

ഖുർആനിന്റെ ഈ വചനത്തിൽ നിന്ന് വ്യക്തമാണു. ഉരുവിൽനിന്ന് അതിനെ പിടിച്ചു കൊണ്ടുവന്ന വേട്ടജന്തു തീരെ ഭക്ഷിക്കാതിരിക്കലാണ് അതു യജമാനന്റെ കൽപനപ്രകാരം പിടിച്ചതാണെന്നുള്ളതിന് തെളിവു എന്നത്രെ അധികപക്ഷം പണ്ഡിതന്മാരുടെയും അഭിപ്രായം. ഹദീസും ഇതിനെയാണു ബലപ്പെടുത്തുന്നത്.

അദിയ്യുബ്നുഹാതിം (റ) പ്രസ്താവിച്ചതായി ബുഖാരിയും മുസ്‌ലിമും (റ) ഇപ്രകാരം ഉദ്ധരിച്ചിരിക്കുന്നു: ഞാൻ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, പഠിപ്പിക്കപ്പെട്ട (പരിശീലിപ്പിക്കപ്പെട്ട) നായകളെ ഞാൻ (ഉരുക്കളിലേക്കു) വിട്ടയക്കുന്നു. ഞാൻ അല്ലാഹുവിന്റെ നാമം പറയുകയും ചെയ്യുന്നു. (ഇതിന്റെ വിധിയെന്താണ്?)' തിരുമേനി പറഞ്ഞു: 'നിന്റെ പഠിപ്പിക്കപ്പെട്ട നായയെ നീ വിട്ടയക്കുകയും അല്ലാഹുവിന്റെ നാമം പറയുക (ബിസ്മി ചൊല്ലുക)യും ചെയ്താൽ, അതു നിനക്കുവേണ്ടി പിടിച്ചുകൊണ്ടു തന്നതിൽനിന്നും നീ ഭക്ഷിച്ചുകൊള്ളുക.' ഞാൻ ചോദിച്ചു: 'അവ (ഉരുവിനെ) കൊന്നുവെങ്കിലോ?' തിരുമേനി പറഞ്ഞു: 'അവ കൊന്നാലും. (വിരോധമില്ല. പക്ഷേ,) ആ നായകളിൽ പെട്ടതല്ലാത്ത വല്ല നായയും അതിൽ പങ്കു ചേരാതിരുന്നെങ്കിൽ (മാത്രം). കാരണം, നീ നിന്റെ നായയുടെ പേരിൽ മാത്രമാണല്ലോ അല്ലാഹുവിന്റെ നാമം പറഞ്ഞിട്ടുള്ളതു. മറ്റൊന്നിന്റെ പേരിൽ നീ നാമം പറഞ്ഞിട്ടില്ലല്ലോ.' ഞാൻ ചോദിച്ചു: 'ഞാൻ കത്തിയമ്പു (മിഅ്റാള്)കൊണ്ടു * ഉരുവിനെ എയ്യുന്നു. അതിനെ അതേനിലക്കു കിട്ടുന്നു. (ഇതിന്റെ വിധിയെന്ത്?)' തിരുമേനി പറഞ്ഞു: 'നീ മിഅ്റാള് കൊണ്ടു എയ്തിട്ട് അതു (അതിന്റെ മൂർച്ചയുള്ള ഭാഗം തട്ടി) കീറി മുറിപ്പെടുത്തിയാൽ നീ ഭക്ഷിച്ചുകൊള്ളുക. (അതല്ല—അതിന്റെ)ഘനം കൊണ്ടു ആപത്തു ബാധിച്ചതാണെങ്കിൽ അതു തല്ലിക്കൊല്ലപ്പെട്ടതായിരിക്കും. അതു നീ ഭക്ഷിക്കരുതു.' മറ്റൊരു രിവായത്തിൽ വാചകം ഇങ്ങിനെയാകുന്നു: 'നിന്റെ നായയെ അയക്കുമ്പോൾ നീ അല്ലാഹുവിന്റെ നാമം പറയുക. എന്നിട്ട് അതു നിനക്കായി പിടിച്ചു കൊണ്ടുവരുന്ന പക്ഷം, അതു (ആ ഉരു) ജീവനുള്ളതായി കണ്ടാൽ അതിനെ നീ അറുക്കുക. കൊല്ലപ്പെട്ടതായി കാണുകയും, അതിൽനിന്നു അതു (കൊണ്ടുവന്ന വേട്ടജന്തു) തിന്നാതിരിക്കുകയും ചെയ്താൽ നീ അതു തിന്നു കൊള്ളുക. നായ അതിനെ പിടിക്കുന്നതു അതിന്റെ അറവാകുന്നു.' വേറൊരു വാചകത്തിൽ ഇങ്ങിനെയും ഉണ്ടു: 'അതു അതിൽ നിന്നു തിന്നിട്ടുണ്ടെങ്കിൽ നീ അതു തിന്നരുതു. കാരണം, അതു അതിനു വേണ്ടിത്തന്നെ പിടിച്ചതായിരിക്കും എന്നു ഞാൻ ഭയപ്പെടുന്നു.' (ബു; മു)

وَاذْكُرُوا اسْمَ اللَّهِ عَلَيْهِ (അതിന്റെമേൽ അല്ലാഹുവിന്റെ നാമം പറയുകയും ചെയ്യുക.) എന്നതിന്റെ ഉദ്ദേശ്യത്തിൽ പണ്ഡിതന്മാർക്കിടയിൽ മൂന്നഭിപ്രായങ്ങളുണ്ടു. (1) പരിശീലിപ്പിക്കപ്പെട്ട വേട്ടജന്തുവെ ഉരുവിന്റെ നേരെ വിടുമ്പോൾ 'ബിസ്മി' ചൊല്ലുക എന്നും, (2) പിടിച്ചു കൊണ്ടുവരപ്പെട്ട ഉരുവിനു ജീവനുണ്ടെങ്കിൽ അതിനെ അറുക്കുമ്പോൾ ബിസ്മി ചൊല്ലുക എന്നും (3) ഉരുവിന്റെ മാംസം ഭക്ഷിക്കുമ്പോൾ ബിസ്മി ചൊല്ലുക എന്നും. عَلَيْهِ (അതിന്റെമേൽ—അല്ലെങ്കിൽ അതിൽ) എന്നതിലെ സർവ്വനാമം (ه) ഏതിനെ ഉദ്ദേശിച്ചാണെന്നുള്ളതിൽ നിന്നാണ് ഈ അഭിപ്രായങ്ങൾ ഉണ്ടായിരിക്കുന്നതു. ഈ മൂന്നിൽ ഏതാണു നിർബന്ധം എന്നുള്ളതിലാണു ഭിന്നിപ്പുള്ളതു. മൂന്നവസരത്തിലും ബിസ്മി ചൊല്ലുന്നതു വേണ്ടപ്പെട്ട കാര്യമാണെന്നതിൽ തർക്കമില്ല. മേൽ ഉദ്ധരിച്ചതു പോലെയുള്ള ഹദീസുകളിൽനിന്നു ഒന്നാമത്തെ അഭിപ്രായമാണു കൂടുതൽ ശരിയായതെന്നു വ്യക്തമാകുന്നു. വേട്ടമൃഗത്തെ വിടുമ്പോൾ അല്ലാഹുവിന്റെ നാമം (ബിസ്മി) പറയൽ നിർബ്ബന്ധമില്ല—ഉരുവിന്റെ മാംസം ഭക്ഷിക്കുമ്പോൾ പറഞ്ഞാൽമതി— എന്ന അഭിപ്രായക്കാർക്കുള്ള തെളിവു ഇതാണു: ചില ആളുകൾ റസൂൽ (സ) തിരുമേനിയോടു ചോദിച്ചു: 'അടുത്ത കാലത്തു ഇസ്ലാമിൽ വന്ന ആളുകൾ മാംസം കൊണ്ടുവരാറുണ്ടു. അതിൽ (അറുക്കുന്ന സമയത്തു) അല്ലാഹുവിന്റെ നാമം പറയപ്പെട്ടിട്ടുണ്ടോ എന്നു ഞങ്ങൾക്കറിയുകയില്ല. (ഈ മാംസം ഭക്ഷിക്കാമോ?)' തിരുമേനി മറുപടി പറഞ്ഞു: 'നിങ്ങൾ അല്ലാഹുവിന്റെ നാമം പറഞ്ഞ് തിന്നുകൊള്ളുവിൻ.' ആയിശാ (റ) യിൽനിന്നു ബുഖാരി (റ) ഉദ്ധരിച്ചതാണിതു. ഈ ഹദീസു ആ അഭിപ്രായത്തിനു മതിയായ തെളിവാകുന്നില്ലെന്ന് അൽപം ആലോചിച്ചാൽ അറിയാവുന്നതാണു. (വിശദ വിവരം ഹദീസു വ്യാഖ്യാന ഗ്രന്ഥങ്ങളിൽ നിന്നറിയേണ്ടതാകുന്നു.) അവസാനം وَاتَّقُوا اللَّهَ (അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യണം) എന്നും إِنَّ اللَّهَ سَرِيعُ الْحِسَابِ (അല്ലാഹു വിചാരണ വേഗം നടത്തുന്നവനാണു) എന്നുമുള്ള വാക്യങ്ങൾ മുഖേന മേൽപറഞ്ഞ നിയമങ്ങൾ ശരിക്കും സൂക്ഷ്മമായി പാലിക്കേണ്ടതുണ്ടെന്നും, എല്ലായ്പോഴും അല്ലാഹുവിനെക്കുറിച്ചുള്ള ബോധവും ഓർമ്മയും ഉണ്ടായിരിക്കണമെന്നും സത്യവിശ്വാസികളെ അല്ലാഹു ഓർമ്മിപ്പിക്കുന്നു.

(*) 'മിഅ്റാള്' (المعراض) എന്നാൽ പിന്നിൽ തൂവൽ ഘടിപ്പിക്കാത്തതും, മദ്ധ്യഭാഗം കട്ടിയുള്ളതുമായ ഒരു തരം അമ്പാകുന്നു. മിക്കവാറും അവയുടെ മൂർച്ചയുള്ളഭാഗമായിരിക്കയില്ല ഉരുക്കളിൽ ചെന്നു തട്ടുന്നതു. അതിന്റെ സമ്മർദ്ദവും ഘനവും കൊണ്ടായിരിക്കും.

٥- الْيَوْمَ أُحِلَّ لَكُمُ الطَّيِّبَاتُ ۖ وَطَعَامُ الَّذِينَ أُوتُوا الْكِتَابَ حِلٌّ لَّكُمْ وَطَعَامُكُمْ حِلٌّ لَّهُمْ ۖ وَالْمُحْصَنَاتُ مِنَ الْمُؤْمِنَاتِ وَالْمُحْصَنَاتُ مِنَ الَّذِينَ أُوتُوا الْكِتَابَ مِن قَبْلِكُمْ إِذَا آتَيْتُمُوهُنَّ أُجُورَهُنَّ مُحْصِنِينَ غَيْرَ مُسَافِحِينَ وَلَا مُتَّخِذِي أَخْدَانٍ ۗ وَمَن يَكْفُرْ بِالْإِيمَانِ فَقَدْ حَبِطَ عَمَلُهُ وَهُوَ فِي الْآخِرَةِ مِنَ الْخَاسِرِينَ

6. ഇന്നു നിങ്ങൾക്കു (നല്ല) വിശിഷ്ടമായ വസ്തുക്കൾ (പൊതുവെ) അനുവദിക്കപ്പെട്ടിരിക്കുന്നു. വേദഗ്രന്ഥം നൽകപ്പെട്ടവരുടെ ഭക്ഷണവും നിങ്ങൾക്കു അനുവദനീയമാകുന്നു; നിങ്ങളുടെ ഭക്ഷണം അവർക്കും അനുവദനീയമാകുന്നു.

(കൂടാതെ) സത്യവിശ്വാസിനികളിൽനിന്നുള്ള ചാരിത്ര്യശുദ്ധകളായ സ്ത്രീകളും, നിങ്ങളുടെ മുമ്പ് വേദഗ്രന്ഥം നൽകപ്പെട്ടവരിൽനിന്നുള്ള ചാരിത്ര്യശുദ്ധകളായ സ്ത്രീകളും (അനുവദനീയമാകുന്നു); അവരുടെ പ്രതിഫലങ്ങൾ [മഹ്റുകൾ] നിങ്ങൾ അവർക്കു കൊടുത്താൽ;–

(അതെ, നിങ്ങൾ) വിടൻമാരായല്ലാതെയും, (രഹസ്യ) വേഴ്ചക്കാരെ സ്വീകരിക്കുന്നവരായല്ലാതെയും ചാരിത്ര്യശുദ്ധരായിക്കൊണ്ട് (കൊടുത്താൽ)

ആരെങ്കിലും സത്യവിശ്വാസത്തെ അവിശ്വസിക്കുന്ന [നിഷേധിക്കുന്ന] പക്ഷം, അവന്റെ കർമ്മം പൊളിഞ്ഞു (നിഷ്ഫലമായി) പോയി! അവൻ പരലോകത്തിലാകട്ടെ, നഷ്ടക്കാരിൽ പെട്ടവനുമാകുന്നു.

---

6. اليوم ഇന്നു, ഈ ദിവസം أحل നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു الطيبات നല്ല വിശിഷ്ടമായവ وطعام ഭക്ഷണവും الذين أوتوا കൊടുക്കപ്പെട്ടവരുടെ الكتاب (വേദ)ഗ്രന്ഥം حل لكم നിങ്ങൾക്കു അനുവദനീയമാണ് وطعامكم നിങ്ങളുടെ ഭക്ഷണവും حل لهم അവർക്കു അനുവദനീയമാകുന്നു والمحصنات ചാരിത്ര്യശുദ്ധകളും من المؤمنات സത്യവിശ്വാസികളായ സ്ത്രീകളിൽനിന്നു والمحصنات ചാരിത്ര്യശുദ്ധകളും من الذين أوتوا الكتاب ഗ്രന്ഥം നൽകപ്പെട്ടവരിൽനിന്ന് من قبلكم നിങ്ങളുടെ മുമ്പു إذا آتيتموهن അവർക്കു നിങ്ങൾ കൊടുത്താൽ أجورهن അവരുടെ പ്രതിഫലങ്ങൾ محصنين ചാരിത്ര്യശുദ്ധരായിക്കൊണ്ടു غير مسافحين വിടൻമാരല്ലാത്ത നിലയിൽ ولا متخذي സ്വീകരിക്കുന്ന (ഉണ്ടാക്കുന്ന) വരല്ലാതെയും أخدان (സ്വകാര്യ) വേഴ്ചക്കാരെ, രഹസ്യ കൂട്ടുകെട്ടുകാരെ ومن يكفر ആരെങ്കിലും (വല്ലവരും) അവിശ്വസിക്കുന്ന (നിരാകരിക്കുന്ന–നിഷേധിക്കുന്ന) പക്ഷം بالإيمان സത്യവിശ്വാസത്തിൽ, വിശ്വാസത്തെ فقد حبط എന്നാൽ പൊളിഞ്ഞുപോയി, നിഷ്ഫലമായി കഴിഞ്ഞു عمله അവന്റെ പ്രവൃത്തി, കർമ്മം وهو അവനാകട്ടെ في الآخرة പരലോകത്തിൽ من الخاسرين നഷ്ടക്കാരിൽ (പെട്ടവൻ) ആകുന്നു.

'ഇന്നു നിങ്ങൾക്കു [illegible] വസ്തുക്കൾ അനുവദനീയമാക്കപ്പെട്ടിരിക്കുന്നു' എന്നു ആരംഭിച്ചുകൊണ്ട് [illegible] പൊതുനിയമമാണെന്നും, അതിൽ മാറ്റമൊന്നും വരാനില്ലെന്നും സൂചിപ്പിക്കുന്നു. തുടർന്നുകൊണ്ട് വേദക്കാരുടെ–യഹൂദികളുടെയും ക്രിസ്ത്യാനികളുടെയും–ഭക്ഷണവും അനുവദനീയങ്ങളിൽ പെട്ടതാണെന്നറിയിക്കുന്നു. ഭക്ഷണം (طعام) എന്ന വാക്കിൽ എല്ലാ ഭക്ഷ്യവസ്തുക്കളും ഉൾപ്പെടുമെങ്കിലും, ഇവിടെ പ്രധാനമായും ഉദ്ദേശ്യം അവരാൽ അറുക്കപ്പെട്ട വസ്തുക്കളുടെ മാംസമാണെന്നു സന്ദർഭംകൊണ്ടു മനസ്സിലാക്കാം. മാത്രമല്ല, ധാന്യവർഗ്ഗങ്ങൾ, ഫലവർഗ്ഗങ്ങൾ മുതലായ വസ്തുക്കൾ ആരുടേതായാലും ഭക്ഷിക്കുന്നതിനു വിരോധമില്ലെന്നുള്ളതു പരക്കെ സംശയരഹിതമായ കാര്യമാണ്. അതുകൊണ്ട് വേദക്കാരുടെ [illegible] വസ്തുക്കളെപ്പോലെതന്നെ അവർ അറുത്തതിന്റെ മാംസവും ഭക്ഷിക്കാമെന്നാണ് 'വേദം നൽകപ്പെട്ടവരുടെ ഭക്ഷണം നിങ്ങൾക്കു അനുവദനീയമാണ്' (وطعام الذين أوتوا الكتاب حل لكم) എന്ന വചനത്തിന്റെ താൽപര്യമെന്നതിൽ ആർക്കും ഭിന്നാഭിപ്രായമില്ല.

വേട്ടക്കാർ അറുക്കുമ്പോൾ അല്ലാഹുവിന്റെ നാമം പറഞ്ഞിരിക്കേണമെന്നുണ്ടോ, ഇല്ലേ, അല്ലെങ്കിൽ അല്ലാഹു അല്ലാത്ത ആരുടെയെങ്കിലും നാമങ്ങൾ പറഞ്ഞ് അവർ അറുത്താലും ഭക്ഷിക്കാമോ, ഇല്ലേ, എന്നൊന്നും അല്ലാഹു വ്യക്തമാക്കിയിട്ടില്ല. അതുകൊണ്ട് ഈ വിഷയങ്ങളിൽ ഭിന്നാഭിപ്രായമുണ്ടായിരുന്നു. അല്ലാഹുവിന്റെ നാമത്തിലല്ലാതെ ഈസാ (അ), ഉസൈർ (അ) മുതലായവരുടെ നാമത്തിൽ—അവർ അറുത്താൽ അതു ഭക്ഷിക്കുവാൻ പാടില്ലെന്നാണ് ഇബ്നുഉമർ, റബീഅഃ (റ) മുതലായവരുടെ അഭിപ്രായം. വേദക്കാരുടെ ഭക്ഷണം അനുവദനീയമാണെന്നു പറഞ്ഞതിൽ, ശവം, കള്ള്, പന്നിമാംസം എന്നിവയൊന്നും ഉൾപ്പെടുന്നില്ലെന്നു തീർച്ചയാണല്ലോ. അതുപോലെ, അല്ലാഹു അല്ലാത്തവരുടെ പേരുപറഞ്ഞ് അറുത്തതും ഉൾപ്പെടുകയില്ലെന്നത്രെ ഈ അഭിപ്രായത്തിനുള്ള ന്യായം. അതേമാതിരി, ശഅ്ബീ (റ) മുതലായവരുടെ അഭിപ്രായത്തിൽ അതു ഭക്ഷിക്കുന്നതിനു വിരോധമില്ലെന്നാകുന്നു. അവർ അറുത്തതിന്നെന്ന ഭക്ഷണം അല്ലാഹു നമുക്കു അനുവദിച്ചു തന്നിരിക്കുന്നു; അറുക്കുമ്പോൾ അവർ ആരുടെ നാമങ്ങളാണു പറയുക എന്നു അല്ലാഹുവിനു അറിയാമല്ലോ, ഇതാണ് ഈ അഭിപ്രായത്തിനുള്ള ന്യായം. അറുക്കുമ്പോൾ അവർ അല്ലാഹു അല്ലാത്തവരുടെ നാമം ഉച്ചരിക്കുന്നതു കേട്ടാൽ ഭക്ഷിച്ചുകൂടാ, കേൾക്കാത്തപക്ഷം വിരോധമില്ല എന്നത്രെ ഹസൻ (റ) ന്റെ പക്ഷം. ആദ്യത്തെ അഭിപ്രായത്തിലാണു കൂടുതൽ സൂക്ഷ്മത കാണുന്നത്. وَاللهُ أَعْلَمُ

ഖുർആന്റെ വിധി സ്വീകരിക്കുവാൻ തയ്യാറില്ലാത്തവരാണു വേദക്കാർ. എന്നിരിക്കെ, നിങ്ങളുടെ ഭക്ഷണം അവർക്കും അനുവദനീയമാണു (وَطَعَامُكُمْ حِلٌّ لَهُمْ) എന്നുപറഞ്ഞതിന്റെ ഉദ്ദേശ്യമെന്താണ്? നിങ്ങൾ അറുത്തതിനെ അവർക്കു ഭക്ഷിക്കുവാൻ കൊടുക്കുന്നതിൽ നിങ്ങൾക്കു നിരോധമൊന്നുമില്ല എന്നാണ് ആ വാക്യത്തിന്റെ താൽപര്യമെന്നു പലരും പറയുന്നു. നിങ്ങൾക്കും വേദക്കാർക്കും ഒന്നിച്ചു ഭക്ഷണം കഴിക്കുന്നതിനു വിരോധമില്ലെന്നാണു ഉദ്ദേശ്യമെന്നും ചിലർ പറഞ്ഞു കാണുന്നു. നിങ്ങൾക്കു നിങ്ങളുടെ മതനിയമപ്രകാരം അനുവദിക്കപ്പെട്ട വസ്തുക്കൾ ഏതെങ്കിലും അവർ നിങ്ങൾക്കു ഭക്ഷിക്കുവാൻ തന്നാൽ, അതു നിങ്ങൾക്കു ഭക്ഷിക്കാം. അതു അവരുടെ നിയമപ്രകാരം അവർക്കു വിരോധിക്കപ്പെട്ടതായിരുന്നാലും വിരോധമില്ല. അഥവാ നിങ്ങൾക്കു അനുവദിക്കപ്പെട്ടതാണോ അല്ലേ എന്നേ നിങ്ങൾ നോക്കേണ്ടതുള്ളൂ എന്നാണിതിന്റെ താൽപര്യമെന്നും ചിലർ പറയുന്നു. (അല്ലാഹുവിന്നറിയാം) ഏതായാലും മുസ്‌ലിംകൾക്കും വേദക്കാർക്കുമിടയിൽ ഭക്ഷണകാര്യത്തിൽ ഉഭയകക്ഷിക്കും സൗകര്യമുള്ളതുപോലെ, വിവാഹകാര്യത്തിൽ ഇരുഭാഗത്തുനിന്നും ഒരുപോലെ സൗകര്യം അനുവദിക്കപ്പെട്ടിട്ടില്ല. അഥവാ, വേദക്കാരായ സ്ത്രീകളെ മുസ്‌ലിംകൾക്കു ഇങ്ങോട്ടു വിവാഹം ചെയ്യാമെങ്കിലും അങ്ങോട്ടു വിവാഹം ചെയ്തു കൊടുക്കുവാൻ അനുവദിക്കപ്പെട്ടിട്ടില്ല. ഭർത്താവിന്റെ നിയന്ത്രണത്തിൻ കീഴിൽ ജീവിക്കേണ്ടവളാണല്ലോ ഭാര്യ. മുസ്‌ലിമിനു ജനിക്കുന്ന കുട്ടി നിയമപ്രകാരം മുസ്‌ലിമായിരിക്കുകയും ചെയ്യും. ആ സ്ഥിതിക്കു വേദക്കാരിയായ സ്ത്രീയെ മുസ്‌ലിം വിവാഹം ചെയ്യുന്നതുമൂലം മതപരമോ, കുടുംബപരമോ ആയ ദോഷമൊന്നും വരികുവാനില്ല. നേരെമറിച്ച് മുസ്‌ലിം സ്ത്രീകളെ അവർക്കു വിവാഹം കഴിച്ചുകൊടുക്കുന്നതു നിമിത്തം നേരിടുന്ന ഭവിഷ്യത്തു പ്രത്യേകം എടുത്തു പറയേണ്ടതില്ലല്ലോ. അതാണ് ഏകപക്ഷീയമായ ഈ അനുവാദത്തിനു കാരണം.

സത്യവിശ്വാസിനികളായ സ്ത്രീകളും വേദക്കാരായ സ്ത്രീകളും എന്നു പറയാതെ, രണ്ടു കൂട്ടരിൽ നിന്നുമുള്ള مُحْصَنَات (ചാരിത്ര്യശുദ്ധകളായ) സ്ത്രീകൾ എന്നാണ് അല്ലാഹു പറഞ്ഞിരിക്കുന്നത്. ആ വാക്കിനു 'പാതിവ്രത്യകൾ, ചാരിത്ര്യം സംരക്ഷിക്കപ്പെട്ടവർ, ചാരിത്ര്യശുദ്ധകൾ, വിവാഹിതർ, സ്വതന്ത്രകൾ' എന്നൊക്കെ സന്ദർഭോചിതം അർത്ഥം വരാമെന്നും, അതിനുള്ള കാരണം ഇന്നതാണെന്നും സൂ: നിസാഉ് 24ന്റെ വ്യാഖ്യാനത്തിൽ നാം മുമ്പു വിവരിച്ചു കഴിഞ്ഞിട്ടുണ്ട്. ഇവിടെ ആ വാക്കുകൊണ്ടുദ്ദേശ്യം എന്താണെന്നതിൽ രണ്ടുമൂന്നു അഭിപ്രായങ്ങൾ കാണാമെങ്കിലും ദുർനടപടികളിലൊന്നും അകപ്പെടാതെ ചാരിത്ര്യം സൂക്ഷിച്ചുപോരുന്ന സ്ത്രീകൾ എന്നാണെന്നുള്ളതാണ് കൂടുതൽ ശരിയായ അഭിപ്രായം. സത്യവിശ്വാസികളിൽപെട്ടവരായിരുന്നാൽ തന്നെയും ദുർനടപ്പുകാരും, വേശ്യാവൃത്തിക്കാരുമായ സ്ത്രീകളെ വിവാഹം കഴിക്കുന്നതു അനഭിലഷണീയമായ ഏർപ്പാടാണല്ലോ. (ഇതിനെപ്പറ്റി സൂറത്തുന്നൂർ 3ഉം 26ഉം വചനങ്ങളും അവയുടെ വ്യാഖ്യാനവും നോക്കുക.) മുസ്‌ലിം ഭരണത്തിനു കീഴൊതുങ്ങി കഴിയുന്ന (ദിമ്മികളായ) വേദക്കാരിൽനിന്നുള്ള സ്ത്രീകളെ മാത്രമേ വിവാഹം ചെയ്‌വാൻ പാടുള്ളുവെന്നും, മുസ്‌ലിംകളുമായി സമരത്തിലും ശത്രുതയിലും കഴിഞ്ഞുകൂടുന്ന (ഹർബികളായ) വേദക്കാരിൽ നിന്നുള്ള സ്ത്രീകളെ വിവാഹം കഴിച്ചുകൂടാ എന്നുമാണു പണ്ഡിതൻമാരിൽ ഒരു വിഭാഗത്തിന്റെ അഭിപ്രായം. രണ്ടായാലും വിരോധമില്ലെന്നാണു മറ്റൊരഭിപ്രായം. ഖുർആന്റെ വാചകത്തിൽ നിന്ന പ്രത്യക്ഷത്തിൽ മനസ്സിലാകുന്നതും ഇതാണു. ഈ വിഷയകമായി പണ്ഡിതൻമാർക്കിടയിൽ പല അഭിപ്രായങ്ങളും വിശദീകരണങ്ങളും നിലവിലുണ്ട്. അവയെപ്പറ്റി ഇവിടെ പ്രസ്താവിച്ചു തീർപ്പിപ്പിക്കേണ്ടുന്ന ആവശ്യം കാണുന്നില്ല. കൂടുതൽ അറിയേണ്ടുന്നവർ യഥാസ്ഥാനങ്ങളെ ആശ്രയിക്കട്ടെ.

മതവ്യത്യാസം നോക്കാതെയുള്ള മിശ്രവിവാഹം ഉൽബുദ്ധതയുടെയും പുരോഗമനത്തിന്റെയും ലക്ഷണമായി പ്രചാരണം നടത്തപ്പെടുന്ന കാലമാണല്ലോ ഇത്. വേദക്കാരായ സ്ത്രീകളെ മുസ്‌ലിംകൾക്കു വിവാഹം കഴിക്കാമെന്നുള്ള ഈ അനുവാദത്തെ ചൂണ്ടിക്കാട്ടിയിട്ട് ഇസ്‌ലാം മതം മിശ്രവിവാഹത്തെ പ്രോത്സാഹിപ്പിക്കുന്നുവെന്ന സമർ

[illegible] വേദക്കാർ അവരുടെ വിശ്വാസാചാരങ്ങളിൽ [illegible] മാററത്തിരുത്തങ്ങൾ വരുത്തി പിഴച്ചുപോയിട്ടുണ്ടെങ്കിലും ദൈവികമായ ഒരു വേദഗ്രന്ഥത്തിന്റെയും, ഒരു പ്രവാചകന്റെയും അനുയായികളായിട്ടാണവർ നിലകൊള്ളുന്നത് എന്ന നിലക്കാണ് ഈ ആനുകൂല്യം അല്ലാഹു നൽകിയിരിക്കുന്നത്. വേദക്കാരെ ഇസ്‌ലാമിലേക്ക് ആകർഷിക്കുവാനുള്ള ഒരു മാർഗ്ഗവുമാണത് [illegible] ഇത്തരം മിശ്രവിവാഹ [illegible] പ്രധാന ലക്ഷ്യം തന്നെ [illegible] നിർമ്മല നിഷ്കളങ്ക സിദ്ധാന്തങ്ങളെ [illegible] ഈ വചനത്തിലെ അവസാന വാക്യത്തിന്റെ ആശയം മാത്രം ഒന്നു മനസ്സിരുത്തി ആലോചിച്ചാൽ ഇസ്‌ലാമിനു ഈ മിശ്രവിവാഹവുമായുള്ള ബന്ധം എന്താണെന്നു മനസ്സിലാക്കാവുന്നതാണ്.

വിവാഹം സന്ദർഭങ്ങളിൽ പ്രത്യേക മഹ്ർ (വിവാഹമൂല്യം) നൽകേണ്ടതുണ്ടല്ലോ. വേദക്കാരായ സ്ത്രീകളെ വിവാഹം ചെയ്യുമ്പോഴും ഇതു നിർബ്ബന്ധമാണെന്ന إِذَا آتَيْتُمُوهُنَّ أُجُورَهُنَّ (അവർക്ക് അവരുടെ പ്രതിഫലം നിങ്ങൾ കൊടുത്താൽ) എന്ന വാക്കിൽനിന്ന വ്യക്തമാണു. വേദക്കാരികളെ വിവാഹം ചെയ്യുന്ന പുരുഷൻമാരെ സംബന്ധിച്ച് അവർ പാതിവ്രത്യശുദ്ധി പാലിക്കുന്നവരായിരിക്കണം; വ്യഭിചാരത്തിലും ദുർവൃത്തിയിലും താൽപര്യമുള്ളവരാകരുത്; കാമുകികളെയും കൃത്രിമ ഭാര്യമാരെയും സ്വീകരിക്കുന്നവരാകരുതു; അഥവാ അവരെ വിവാഹം ചെയ്യുവാൻ പ്രേരിതരാകുന്നതു ഇത്തരം ദുർവികാരങ്ങൾ മൂലമായിരിക്കരുത് (مُحْصِنِينَ غَيْرَ مُسَافِحِينَ وَلَا مُتَّخِذِي أَخْدَانٍ) എന്നും അല്ലാഹു ഉണർത്തിയിരിക്കുന്നു. ഈ വാക്കുകളും അവയുടെ അർത്ഥോദ്ദേശ്യങ്ങളും സൂ: നിസാഉ് 25ന്റെ വ്യാഖ്യാനത്തിൽ വിവരിച്ചിട്ടുള്ളതു ഇവിടെയും ഓർക്കുക. അടിമസ്ത്രീകളെ വിവാഹം ചെയ്യുമ്പോൾ ആ സ്ത്രീകളെപ്പററി ഇതൊക്കെ ആലോചിക്കേണ്ടതുണ്ട് എന്ന നിലക്കാണ് അവിടെ ആ വാക്കുകൾ അല്ലാഹു പറഞ്ഞതെങ്കിൽ, വേദക്കാരായ സ്ത്രീകളെ വിവാഹം ചെയ്യുന്ന പുരുഷൻമാരെക്കുറിച്ച് ആലോചിക്കേണ്ടുന്ന കാര്യങ്ങളായിട്ടാണ് ഇവിടെ പറഞ്ഞത്. ഈ വ്യത്യാസം പ്രത്യേകം ശ്രദ്ധിക്കേണ്ടതാകുന്നു.

അല്ലാഹു ഈ വചനം അവസാനിപ്പിക്കുന്നതു സത്യവിശ്വാസത്തെ വല്ലവനും നിരാകരിക്കുന്നപക്ഷം അവന്റെ കർമ്മങ്ങൾ മുഴുവൻ നിഷ്ഫലമായിപ്പോകുമെന്നും അവൻ പരലോകത്തു നിരാശ്ശക്കാരനായിത്തീരുമെന്നും (وَمَن يَكْفُرْ بِالْإِيمَانِ...) താക്കീതു ചെയ്തുകൊണ്ടാകുന്നു. ഇതു ഒരു പൊതുതത്വമാണെങ്കിലും വേദക്കാരുടെ ഭക്ഷണം അവർ അനുവദിച്ചതു ഉപയോഗിക്കുന്നതിനോടും അവരുടെ സ്ത്രീകളെ വിവാഹം ചെയ്യുന്നതിനോടും ഈ തത്വത്തിനു പ്രത്യേക ബന്ധം ഉള്ളതുകൊണ്ടാണ് ഇവിടെ അതു ഉണർത്തുവാൻ കാരണം. ഈ അനുവാദങ്ങൾ ദുരുപയോഗപ്പെടുത്തുന്നതും, അതിൽ അതിരുകവിയൽ വന്നുപോകുന്നതും അവിശ്വാസത്തിലേക്ക് നയിച്ചേക്കും; അങ്ങിനെ സത്യവിശ്വാസത്തിനു ഭംഗം നേരിട്ടു സത്യനിഷേധിയാകുവാൻ കാരണമാകും; അവസാനം ഇസ്‌ലാമിൽ ചെയ്ത സൽക്കർമ്മങ്ങളെല്ലാം നിഷ്ഫലമായിത്തീരുകയും പരലോക ഗുണം നിശ്ശേഷം നഷ്ടപ്പെടുകയും ചെയ്യും എന്നൊക്കെയുള്ള താക്കീതാണ് ഇതിൽ അടങ്ങിയിരിക്കുന്നത്.

വിഭാഗം-2

يَا أَيُّهَا الَّذِينَ آمَنُوا إِذَا قُمْتُمْ إِلَى الصَّلَاةِ فَاغْسِلُوا وُجُوهَكُمْ وَأَيْدِيَكُمْ إِلَى الْمَرَافِقِ وَامْسَحُوا بِرُءُوسِكُمْ وَأَرْجُلَكُمْ إِلَى الْكَعْبَيْنِ وَإِن كُنتُمْ جُنُبًا فَاطَّهَّرُوا

7. ഹേ, വിശ്വസിച്ചവരേ, നിങ്ങൾ നമസ്കാരത്തിലേക്ക് നിന്നാൽ [നമസ്കാരത്തിനു ഒരുങ്ങിയാൽ] നിങ്ങളുടെ മുഖങ്ങളും, മുട്ടുകൾവരെ കൈകളും കഴുകുവിൻ; നിങ്ങളുടെ തലകളെ തടവുകയും ചെയ്യുവിൻ; രണ്ടു നെരിയാണികൾവരെ നിങ്ങളുടെ കാലുകളും (കഴുകുവിൻ) നിങ്ങൾ 'ജനാബത്തു'കാർ [വലിയ അശുദ്ധി ബാധിച്ചവർ] ആയിരുന്നാൽ (കുളിച്ച്) ശുദ്ധമാകുകയും ചെയ്യുവിൻ.

---

7. يَا أَيُّهَا الَّذِينَ آمَنُوا ഹേ വിശ്വസിച്ചവരേ إِذَا قُمْتُمْ നിങ്ങൾ നിന്നാൽ إِلَى الصَّلَاةِ നമസ്കാരത്തിലേക്ക് فَاغْسِلُوا നിങ്ങൾ കഴുകുവിൻ وُجُوهَكُمْ നിങ്ങളുടെ മുഖങ്ങൾ وَأَيْدِيَكُمْ നിങ്ങളുടെ കൈകളും إِلَى الْمَرَافِقِ കൈമുട്ടുകൾവരെ وَامْسَحُوا തടവുകയും ചെയ്യുവിൻ بِرُءُوسِكُمْ നിങ്ങളുടെ തലകളെ وَأَرْجُلَكُمْ നിങ്ങളുടെ കാലുകളെയും (കഴുകുവിൻ) إِلَى الْكَعْبَيْنِ രണ്ടു നെരിയാണി (ഞെരിയാണി)കൾ വരെ وَإِن كُنتُمْ നിങ്ങളായിരുന്നാൽ جُنُبًا ജനാബത്തുകാർ فَاطَّهَّرُوا എന്നാൽ നിങ്ങൾ ശുദ്ധമായിക്കൊള്ളുവിൻ

وَإِن كُنتُم مَّرْضَىٰ
أَوْ عَلَىٰ سَفَرٍ
أَوْ جَاءَ أَحَدٌ مِّنكُم مِّنَ الْغَائِطِ
أَوْ لَامَسْتُمُ النِّسَاءَ فَلَمْ تَجِدُوا مَاءً
فَتَيَمَّمُوا صَعِيدًا طَيِّبًا
فَامْسَحُوا بِوُجُوهِكُمْ وَأَيْدِيكُم مِّنْهُ ۚ

നിങ്ങൾ രോഗികളോ, അല്ലെങ്കിൽ ഒരു യാത്രയിലോ ആയിരുന്നാൽ അല്ലെങ്കിൽ, നിങ്ങളിലൊരുവൻ (മലമൂത്ര) വിസർജ്ജന സ്ഥലത്തു നിന്നു വരുകയോ, അല്ലെങ്കിൽ നിങ്ങൾ സ്ത്രീകളുമായി സ്പർശനം നടത്തുകയോ ചെയ്തു, എന്നിട്ടു നിങ്ങൾക്ക വെള്ളം കിട്ടിയില്ല (എങ്കിൽ), അപ്പോൾ, നിങ്ങൾ (നല്ല) ശുദ്ധമായ ഭൂമുഖത്തെ (അഥവാ മണ്ണിനെ) കരുതിക്കൊള്ളുവിൻ. എന്നിട്ട് നിങ്ങളുടെ മുഖങ്ങളും കൈകളും അതിനാൽ തടവിക്കൊള്ളുവിൻ.

مَا يُرِيدُ اللَّهُ لِيَجْعَلَ عَلَيْكُم مِّنْ حَرَجٍ
وَلَٰكِن يُرِيدُ لِيُطَهِّرَكُمْ
وَلِيُتِمَّ نِعْمَتَهُ عَلَيْكُمْ لَعَلَّكُمْ تَشْكُرُونَ ○

നിങ്ങളുടെമേൽ ഒരു വിഷമവും ഏർപ്പെടുത്തുവാൻ അല്ലാഹു ഉദ്ദേശിക്കുന്നില്ല; എങ്കിലും നിങ്ങളെ ശുദ്ധിയാക്കുവാനും, അവന്റെ അനുഗ്രഹം നിങ്ങളിൽ പൂർണ്ണമാക്കുവാനും അവൻ ഉദ്ദേശിക്കുന്നു: നിങ്ങൾ നന്ദി ചെയ്തേക്കാമല്ലോ (അഥവാ നന്ദി ചെയ്‌വാൻവേണ്ടിയാകുന്നു.)

وإن كنتم നിങ്ങൾ ആയിരുന്നാൽ مرضى രോഗികൾ أو على سفر അല്ലെങ്കിൽ ഒരു (വല്ല) യാത്രയിൽ أو جاء അല്ലെങ്കിൽ വന്നു أحد منكم നിങ്ങളിൽ നിന്നു ഒരാൾ من الغائط വിസർജ്ജന (കടവിറങ്ങുന്ന-മറക്കിരിക്കുന്ന) സ്ഥാനത്തുനിന്നു أو لامستم അല്ലെങ്കിൽ നിങ്ങൾ സ്പർശനം നടത്തി النساء സ്ത്രീകളുമായി فلم تجدوا എന്നിട്ടു നിങ്ങൾക്ക കിട്ടിയില്ല ماء വെള്ളം, ജലം فتيمموا എന്നാൽ കരുതി (എടുത്തു) കൊള്ളുവിൻ صعيدا ഭൂമുഖത്തെ, മണ്ണിനെ طيبا ശുദ്ധമായ, നല്ല فامسحوا എന്നിട്ടു തടവുവിൻ بوجوهكم നിങ്ങളുടെ മുഖങ്ങളെ وأيديكم നിങ്ങളുടെ കൈകളെയും منه അതിനാൽ (അതുകൊണ്ടു) ما يريد الله അല്ലാഹു ഉദ്ദേശിക്കുന്നില്ല ليجعل ആക്ക (ഏർപ്പെടുത്തു)വാൻ عليكم നിങ്ങളുടെ മേൽ من حرج വിഷമത്തിൽ നിന്നും (ഒന്നും) ولكن يريد എങ്കിലും അവൻ ഉദ്ദേശിക്കുന്നു ليطهركم നിങ്ങളെ ശുദ്ധമാക്കുവാൻ وليتم അവൻ പൂർണ്ണമാക്കുവാനും نعمته അവന്റെ അനുഗ്രഹം عليكم നിങ്ങളിൽ, നിങ്ങൾക്കു لعلكم നിങ്ങളാകുവാൻവേണ്ടി, ആയേക്കാം تشكرون നിങ്ങൾ നന്ദി ചെയ്യും

നമസ്കാര കർമ്മത്തിന്റെ രൂപത്തെപ്പററിയോ, അതിലെ പ്രധാന ഘടകങ്ങളായ റുകൂഉ്, സുജൂദു മുതലായവ എങ്ങിനെയെല്ലാം ആയിരിക്കണമെന്നോ ഖുർആനിൽ വിശദീകരിക്കപ്പെട്ടിട്ടില്ല. അവയെല്ലാം നബി (സ) തിരുമേനിയുടെ വചനങ്ങളിൽനിന്നും പ്രവൃത്തികളിൽ നിന്നുമാണ് അറിയപ്പെട്ടിരിക്കുന്നത്. കേവലം ശാഖോപശാഖകളായ അൽപം ചില വിശദാംശങ്ങളിലല്ലാതെ അതിന്റെ അനുഷ്ഠാന രൂപങ്ങളിൽ മുസ്ലിംകൾക്കിടയിൽ ഭിന്നാഭിപ്രായങ്ങളില്ലതാനും. [illegible] എന്നാൽ, നമസ്കാരത്തിൽ പ്രവേശിക്കുന്നതിനു മുമ്പായി ചെയ്യേണ്ടുന്ന ശുദ്ധി കർമ്മത്തെ—വുളൂഉവിനെയും തയമ്മുമിനെയും—സംബന്ധിച്ച് അല്ലാഹു വിശദമായിത്തന്നെ വിവരിച്ചു തന്നിരിക്കുന്നു. ഇസ്ലാമിൽ ശുദ്ധീകരണത്തിനു കൽപിക്കപ്പെട്ടിട്ടുള്ള സ്ഥാനവും, നമസ്കാരത്തിൽ വുളൂഉവിനും തയമ്മുമിനുമുള്ള സ്ഥാനവും ഇതിൽനിന്നു മനസ്സിലാക്കാം. നമസ്കാരത്തിനു ശരീരശുദ്ധി വുളൂഉ ചെയ്‌വാൻ കൽപിച്ചിരിക്കകൊണ്ട് ഓരോ നമസ്കാരത്തിനും പ്രത്യേകം പ്രത്യേകം വുളൂഉ എടുക്കണമെന്നോ, നമസ്കാരത്തിനു കുറച്ചുമുമ്പു ചെയ്തിരുന്ന വുളൂഉ കൊണ്ടു മതിയാക്കിക്കൂടാ എന്നോ ഉദ്ദേശ്യമില്ല. ഒരു വുളൂഉ എടുത്തു കഴിഞ്ഞാൽ അതു മുറിഞ്ഞു (നിഷ്ഫലമായി) പോകാത്തപ്പോഴെല്ലാം അതുകൊണ്ടു മതിയാക്കി നമസ്കരിക്കാവുന്നതാണെന്നും, ഒരു വുളൂഉ കൊണ്ടു ഒന്നിലധികം നമസ്കാരം നിർവ്വഹിക്കുന്നതിനു വിരോധമില്ലെന്നും, എന്നാലും അതോടുകൂടി ഓരോ നമസ്കാരത്തിനും പ്രത്യേകം പ്രത്യേകം വുളൂഉ പുതുക്കുന്നതു നല്ലതാണെന്നും നബി ചര്യയിൽനിന്നു അറിയപ്പെട്ടിട്ടുള്ളതാണു.

വുളൂഇന്റെ ഫർളുകളായ (أركان) എന്ന നിലക്ക് മുഖം കഴുകുക, മുട്ടുവരെ കൈകൾ കഴുകുക, തല തടവുക, നെരിയാണിവരെ കാൽ കഴുകുക ഇത്രയും കാര്യങ്ങളാണ് അല്ലാഹു പ്രസ്താവിച്ചതു. തുടക്കത്തിൽ മുൻകൈ രണ്ടും കഴുകുക, വായയും മൂക്കും ശുദ്ധിയാക്കുക, ചെവികൾ തടവുക, എല്ലാം മൂന്നു പ്രാവശ്യമാക്കുക മുതലായവ വുളൂഇൽ അംഗീകരിക്കപ്പെടുന്ന സുന്നത്തുകളും അതിന്റെ പ്രാവർത്തിക രൂപവുമൊക്കെ നബി(സ)യും നമുക്കു കാണിച്ചു തന്നിരിക്കുന്നു. കഴുകപ്പെടേണ്ടുന്ന അവയവങ്ങളായ മുഖത്തെയും കൈകളെയും കുറിച്ചു പറഞ്ഞതോടൊപ്പം കാൽ കഴുകുന്നതിനെപ്പറ്റി പ്രസ്താവിക്കാതെ ഇടക്കുവെച്ചു തല തടവുകയും, വേണമെന്ന് കൽപിച്ചിരിക്കകൊണ്ട് ക്രമമായി അല്ലാഹു വിവരിച്ച അതേ വഴിക്കു വഴി ക്രമത്തിൽതന്നെ നിർവ്വഹിക്കേണ്ടതുണ്ടെന്നു മനസ്സിലാക്കാം. നബി ചെയ്തതും അങ്ങനെയാണ്. തലയുടെ എത്ര ഭാഗം തടവണമെന്ന് ആയത്തിൽ വ്യക്തമായി പ്രസ്താവിക്കപ്പെട്ടിട്ടില്ലാത്തതുകൊണ്ട് മുഴുവൻ ഭാഗവും തടവൽ നിർബ്ബന്ധമാണെന്നും, കുറച്ചുഭാഗം തടവിയാൽ മതിയാകുമെന്നും പണ്ഡിതന്മാർക്കിടയിൽ അഭിപ്രായമുണ്ട്. മുഴുവൻ തടവുകയാണു നല്ലതെന്നതിൽ പക്ഷാന്തരമില്ലതാനും. (വിശദ വിവരങ്ങൾക്കു ഹദീസു ഗ്രന്ഥങ്ങളും കർമ്മ ശാസ്ത്ര ഗ്രന്ഥങ്ങളും ആശ്രയിക്കേണ്ടതാകുന്നു.)

وَإِنْ كُنتُمْ مَرْضَىٰ (നിങ്ങൾ രോഗികളായിരുന്നാൽ) എന്നു തുടങ്ങി 'തയമ്മുമി'നെ സംബന്ധിച്ചു വിവരണം അവസാനിക്കുന്നതു വരെയുള്ള വാക്യങ്ങളും, അവയെക്കുറിച്ചുള്ള അത്യാവശ്യ വിവരണങ്ങളും സൂ: നിസാഉ് 43ൽ മുമ്പു കഴിഞ്ഞു പോയിട്ടുള്ളതുകൊണ്ട് ഇവിടെ പ്രത്യേകം ഒന്നും പ്രസ്താവിക്കുന്നില്ല. കുളിക്കേണ്ടുന്ന കാരണമുണ്ടായിരിക്കുമ്പോൾ അതിനു സാധിക്കാത്തപക്ഷം, കുളിക്കു പകരം നിർവ്വഹിക്കേണ്ടുന്ന കാര്യമെന്ന നിലക്കായിരുന്നു അവിടെ തയമ്മുമിനെപ്പറ്റി വിവരിച്ചതു. വുളൂഇനു സാധ്യമല്ലാത്ത പക്ഷം അതിനു പകരം സ്വീകരിക്കപ്പെടേണ്ടുന്ന പ്രതിവിധി എന്ന നിലക്കാണു തയമ്മുമിനെപ്പറ്റി ഇവിടെ പ്രസ്താവിച്ചിരിക്കുന്നതു. ഇതു മാത്രമേ വ്യത്യാസമുള്ളൂ. കുളിക്കു പകരമുള്ള തയമ്മുമും, വുളൂഇനു പകരമുള്ള തയമ്മുമും സ്വരൂപത്തിൽ വ്യത്യാസമില്ലെന്നുകൂടി ഇതിൽനിന്നു വ്യക്തമായി.

തുടർന്നുകൊണ്ട് അല്ലാഹു സത്യവിശ്വാസികളെ ഉണർത്തുന്നു: നിങ്ങൾക്കു വല്ല വിഷമവും ഉണ്ടാക്കുവാൻ അല്ലാഹു ഉദ്ദേശിക്കുന്നില്ലെന്നും, നിങ്ങളെ ശുദ്ധിയാക്കുവാനും, നിങ്ങൾക്കു അവന്റെ അനുഗ്രഹം പൂർത്തിയാക്കിത്തരുവാനുമാണ് അല്ലാഹു ഉദ്ദേശിക്കുന്നതെന്നും. (وَمَا جَعَلَ عَلَيْكُمْ فِي الدِّينِ مِنْ حَرَجٍ) സൂറത്തുൽ ഹജ്ജ് 78ൽ വ്യക്തമാക്കപ്പെട്ടിട്ടുള്ളതുപോലെ, മതശാസനകളിൽ അല്ലാഹു മനുഷ്യർക്കു യാതൊരു വിഷമവും ഉണ്ടാക്കിയിട്ടില്ല. അവരുടെ കഴിവും സൗകര്യവും കണക്കിലെടുത്തുകൊണ്ടു തന്നെയാണ് എല്ലാ നിയമങ്ങളും നിശ്ചയിച്ചിരിക്കുന്നതു. നമസ്കാരവേളയിൽ വുളൂ ചെയ്യണമെന്നും, അതിനു സാധിക്കാതെ വരുമ്പോൾ തയമ്മും ചെയ്താൽ മതിയെന്നും കൽപിച്ചതിനെക്കുറിച്ചാണ് ഇവിടെ ഈ വിഷയം അല്ലാഹു ഉണർത്തുന്നത്. അപ്പുറം, വുളൂവും തയമ്മുമും നിശ്ചയിച്ചതു കൊണ്ടുദ്ദേശ്യം നിങ്ങളെ വിഷമിപ്പിക്കുകയല്ല—നിങ്ങളെ ശുദ്ധിയുള്ളവരും അനുഗൃഹീതരുമാക്കുകയാകുന്നു—എന്നായിരിക്കും പ്രധാനമായും ഇവിടെ ഉദ്ദേശ്യം. കേവലം ശാരീരികവും ബാഹ്യവുമായ മാലിന്യങ്ങളിൽനിന്നുള്ള ശുദ്ധി മാത്രമല്ല വുളൂവും, തയമ്മുമും കൊണ്ടുദ്ദേശ്യം. ആത്മീയവും മാനസികവുമായ ശുദ്ധിയും കൂടിയാകുന്നു. വുളൂവിൽ ഓരോ അവയവം കഴുകും തോറും ആ അവയവം മുഖേന ചെയ്ത പാപങ്ങൾ നീങ്ങിപ്പോകുന്നതാണെന്നും മറ്റും നബി (സ) അരുളിച്ചെയ്തിട്ടുള്ളതു പ്രസിദ്ധമാണല്ലോ. (മു: മു.) വുളൂ കഴിഞ്ഞശേഷം اللَّهُمَّ اجْعَلْنِي مِنَ التَّوَّابِينَ وَاجْعَلْنِي مِنَ الْمُتَطَهِّرِينَ (അല്ലാഹുവേ, എന്നെ നീ പശ്ചാത്തപിച്ചു മടങ്ങുന്നവരുടെ കൂട്ടത്തിൽ ഉൾപ്പെടുത്തേണമേ, എന്നെ ശുദ്ധിയാവുന്നവരുടെ കൂട്ടത്തിലും ഉൾപ്പെടുത്തേണമേ) എന്നു പ്രാർത്ഥിക്കുവാൻ നബി(സ) പ്രോത്സാഹിപ്പിച്ചിട്ടുള്ളതും (തി) സ്മരണീയമാകുന്നു. ഇടയ്ക്കിടെ വുളൂ ചെയ്യുന്നത് ശരീരത്തിലെ ചില രോഗബീജങ്ങൾ നശിക്കുവാൻ സഹായകമാണെന്നും മറ്റും വൈദ്യശാസ്ത്രജ്ഞന്മാർ പറഞ്ഞു കാണുന്നു. ഇതും ബാഹ്യമായ ഒരു ശുദ്ധീകരണമാണല്ലോ. അതില്ലെങ്കിൽ തന്നെയും അല്ലാഹുവിന്റെ കൽപന അനുസരിക്കുന്നതു പാപങ്ങൾ പൊറുക്കപ്പെടുവാനും, അവന്റെ അനുഗ്രഹം സിദ്ധിക്കുവാനും കാരണമാണെന്ന് പറയേണ്ടതില്ല. ചുരുക്കിപ്പറഞ്ഞാൽ, വുളൂ, കുളി, തയമ്മും എന്നിവയൊക്കെ ബാഹ്യവും, ആന്തരികവുമായ ശുദ്ധീകരണം പ്രദാനം ചെയ്യുന്നു. അവ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്കു കാരണമാകുകയും ചെയ്യുന്നു; അതിനു നാം അല്ലാഹുവിനോടു നന്ദിയുള്ളവരായിരിക്കേണ്ടതുമുണ്ട്. അതാണു لَعَلَّكُمْ تَشْكُرُونَ (നിങ്ങൾ നന്ദി കാണിച്ചേക്കാം) എന്ന വാക്യം ചൂണ്ടിക്കാട്ടുന്നതു. ഈ വാക്യത്തിനു 'നിങ്ങൾ നന്ദികാണിക്കുവാൻ വേണ്ടി' എന്നും അർത്ഥം പറയാം. രണ്ടായാലും ഒരേ സാരത്തിൽ തന്നെ കലാശിക്കുന്നു.

وَاذْكُرُوا نِعْمَةَ اللَّهِ عَلَيْكُمْ وَمِيثَاقَهُ الَّذِي وَاثَقَكُم بِهِ إِذْ قُلْتُمْ سَمِعْنَا وَأَطَعْنَا وَاتَّقُوا اللَّهَ إِنَّ اللَّهَ عَلِيمٌ بِذَاتِ الصُّدُورِ -٨

8. നിങ്ങൾക്കു അല്ലാഹു ചെയ്ത അനുഗ്രഹത്തെയും, അവൻ നിങ്ങളോടു ഉറപ്പുവാങ്ങിയിട്ടുള്ള അവന്റെ [അവനോടു നൽകിയ] ഉറപ്പിനെയും ഓർക്കുവിൻ (അതെ) 'ഞങ്ങൾ കേൾക്കുകയും, അനുസരിക്കുകയും ചെയ്തു' എന്നു നിങ്ങൾ പറഞ്ഞപ്പോൾ (വാങ്ങിയ ഉറപ്പ്).

അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യുവിൻ. നിശ്ചയമായും അല്ലാഹു, നെഞ്ചു [ഹൃദയം] കളിലുള്ളതിനെക്കുറിച്ചു അറിയുന്നവനാകുന്നു.

---

(8) واذكروا ഓർമ്മിക്കുകയും ചെയ്യുവിൻ نعمة الله അല്ലാഹുവിന്റെ (അല്ലാഹു ചെയ്ത) അനുഗ്രഹം عليكم നിങ്ങൾക്കു وميثاقه അവന്റെ (അവനോടുള്ള) ഉറപ്പും, കരാറും الذي واثقكم നിങ്ങളോടു അവൻ ഉറപ്പു (കരാറു) വാങ്ങിയതായ به അതിനെപ്പററി إذ قلتم നിങ്ങൾ പറഞ്ഞപ്പോൾ,പറഞ്ഞ സന്ദർഭം سمعنا ഞങ്ങൾ കേട്ടു وأطعنا ഞങ്ങൾ അനുസരിക്കയും ചെയ്തു واتقوا സൂക്ഷിക്കുകയും ചെയ്‌വിൻ الله അല്ലാഹുവിനെ إن الله നിശ്ചയമായും അല്ലാഹു عليم അറിയുന്നവനാണു بذات الصدور നെഞ്ചു (ഹൃദയം) കളിലുള്ളതിനെപ്പററി

അല്ലാഹുവിന്റെ അനുഗ്രഹം (نعمة الله) എന്ന വാക്കിൽ അല്ലാഹു മനുഷ്യർക്കു ചെയ്ത കണക്കററ അനുഗ്രഹങ്ങൾ ഉൾപെടുമെങ്കിലും സൻമാർഗ്ഗത്തിലേക്കുള്ള മാർഗ്ഗദർശനമാണ് ഇവിടെ മുഖ്യമായും ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതെന്ന സന്ദർഭംകൊണ്ടു മനസ്സിലാക്കാം. നിങ്ങളോടു അവൻ ഉറപ്പു മേടിച്ചിട്ടുള്ള അവന്റെ ഉറപ്പു (ميثاقه الذي واثقكم به) കൊണ്ടുദ്ദേശ്യം, ബുദ്ധിപരമായോ, പ്രവാചകൻമാർ വഴിയോ ലഭിക്കുന്ന തെളിവുകളുടെ അടിസ്ഥാനത്തിൽ, അല്ലാഹുവിന്റെ നിയമനിർദ്ദേശങ്ങൾ അനുസരിക്കുവാൻ മനുഷ്യനുള്ള ബാധ്യതയാണ് എന്നു ചിലരും, സൂ: അഅ്റാഫ് 172ൽ കാണാവുന്ന പ്രകാരം ആദം (അ) ന്റെ സന്താനങ്ങളോട് ആത്മീയ ലോകത്തുവെച്ച് അല്ലാഹു വാങ്ങിയ കരാറാണുദ്ദേശ്യമെന്നു വേറെ ചിലരും പ്രസ്താവിച്ചിരിക്കുന്നു. തങ്ങളോടു കൽപിക്കുന്നതെല്ലാം തങ്ങൾ സ്വീകരിക്കുകയും അനുസരിക്കുകയും ചെയ്തുകൊള്ളാമെന്നു സത്യവിശ്വാസികൾ പല സന്ദർഭങ്ങളിലും നബി (സ) യോടു പ്രതിജ്ഞ ചെയ്യലും വാക്കുകൊടുക്കലും ഉണ്ടായിട്ടുണ്ട്. ഇതാണിവിടെ ഉദ്ദേശ്യമെന്നത്രെ പല വ്യാഖ്യാതാക്കളും പറയുന്നത്. ഖുർആന്റെ വാക്കുകളോടു കൂടുതൽ യോജിച്ചു കാണുന്നതും ഇതാണ്. ഉബാദത്തുബ്നുസ്സാമിത് (عبادة بن الصامت - رض) പ്രസ്താവിച്ചതായി ബുഖാരിയും, മുസ്ലിമും (റ) രേഖപ്പെടുത്തിയ ഒരു പ്രസിദ്ധ ഹദീസിൽ ഇപ്രകാരം വന്നിട്ടുണ്ട്: 'എളുപ്പത്തിലും, ഞെരുക്കത്തിലും സന്തോഷത്തിലും, വെറുപ്പിലും (എല്ലാം തന്നെ) കേൾക്കുവാനും, അനുസരിക്കുവാനും ഞങ്ങൾ റസൂൽ (സ) തിരുമേനിയോടു 'ബൈഅത്തു' (പ്രതിജ്ഞ) ചെയ്തിരിക്കുന്നു.'

يَا أَيُّهَا الَّذِينَ آمَنُوا كُونُوا قَوَّامِينَ لِلَّهِ شُهَدَاءَ بِالْقِسْطِ وَلَا يَجْرِمَنَّكُمْ شَنَآنُ قَوْمٍ عَلَىٰ أَلَّا تَعْدِلُوا اعْدِلُوا هُوَ أَقْرَبُ لِلتَّقْوَىٰ وَاتَّقُوا اللَّهَ -٩

9. ഹേ, വിശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവിനുവേണ്ടി (ഉറച്ച്) നിലകൊള്ളുന്നവരായിരിക്കുവിൻ, നീതിമുറക്കു സാക്ഷ്യം വഹിക്കുന്നവരായിക്കൊണ്ട്. ഒരു ജനതയോടുള്ള അമർഷം, നിങ്ങൾ നീതി പാലിക്കാതിരിക്കുവാൻ നിങ്ങളെ നിശ്ചയമായും പ്രേരിപ്പിക്കരുത്. നിങ്ങൾ നീതി പാലിക്കണം, അതു ഭയഭക്തിയോടു കൂടുതൽ അടുപ്പമുള്ളതത്രെ. അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യുവിൻ.

നിശ്ചയമായും അല്ലാഹു, നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ചു സൂക്ഷ്മമായി അറിയുന്നവനാകുന്നു. ﴿إِنَّ اللَّهَ خَبِيرٌ بِمَا تَعْمَلُونَ﴾

---

9. يَا أَيُّهَا الَّذِينَ آمَنُوا ഹേ, വിശ്വസിച്ചവരേ كُونُوا ആയിരിക്കുവിൻ, ആയിത്തീരുവിൻ قَوَّامِينَ (ശരിക്കു-മുറപ്പിൽ) നിലകൊള്ളുന്നവർ لِلَّهِ അല്ലാഹുവിനുവേണ്ടി, അല്ലാഹുവിന്നായി شُهَدَاءَ സാക്ഷികളായി (ന്യായമായി) സാക്ഷ്യം വഹിക്കുന്നവരായി بِالْقِسْطِ നീതിമുറക്കു وَلَا يَجْرِمَنَّكُمْ നിശ്ചയമായും നിങ്ങളെ പ്രേരിപ്പിക്കരുത് شَنَآنُ അമർഷം, ഈർഷ്യത قَوْمٍ ഒരു ജനതയുടെ (ജനതയോടുള്ള) عَلَىٰ أَلَّا تَعْدِلُوا നിങ്ങൾ നീതിപാലിക്കാതെ(ചെയ്യാതെ)യിരിക്കുന്നതിനു اعْدِلُوا നിങ്ങൾ നീതിപാലിക്കുവിൻ, മര്യാദ കാട്ടുവിൻ هُوَ أَقْرَبُ അതു കൂടുതൽ അടുപ്പമുള്ളതാണു, അധികം അടുത്തതാണു لِلتَّقْوَىٰ ഭയഭക്തി (സൂക്ഷ്മത)യോടു وَاتَّقُوا സൂക്ഷിക്കുകയും ചെയ്യുവിൻ اللَّهَ അല്ലാഹുവിനെ إِنَّ اللَّهَ നിശ്ചയമായും അല്ലാഹു خَبِيرٌ സൂക്ഷ്മമായി അറിയുന്നവനാണു بِمَا تَعْمَلُونَ നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പററി.

നീതിമുറക്കു സാക്ഷ്യം വഹിച്ചുകൊണ്ട് അല്ലാഹുവിനുവേണ്ടി നിലകൊള്ളുക എന്നു പറഞ്ഞതിന്റെ താൽപര്യം സൂ: അന്നിസാഉലെ 135-ാം വചനത്തിന്റെ വ്യാഖ്യാനത്തിൽ വിവരിച്ചിട്ടുണ്ട്. ഒരു ജനതയോടുള്ള അമർഷം നീതിപാലിക്കാതിരിക്കുവാൻ പ്രേരിപ്പിക്കരുത് എന്ന പറഞ്ഞതു പൊതുവായ ഒരു പ്രധാന തത്വമാകുന്നു. ഒരു കൂട്ടരോടു വല്ല കാരണത്താലും ഈർഷ്യതയും വെറുപ്പുമുണ്ടെങ്കിൽ അവരോട് അതിന്റെ പേരിൽ അനീതിയും അക്രമവും പ്രവർത്തിക്കുവാൻ പാടില്ലെന്നും, നീതിയും മര്യാദയും പാലിക്കുന്നതിനു അതൊരിക്കലും തടസ്സമാകരുതെന്നുമാണ് അല്ലാഹു കൽപിക്കുന്നത്. ഈ കൽപന ജനങ്ങൾ ശരിക്കും പാലിക്കുന്നപക്ഷം ലോകത്തു സമാധാനത്തിലും നില നിൽക്കുവാൻപോലും അതു ഉതകുന്നതാണെന്നു കാണാവുന്നതാണ്. മിക്ക കൽപനകളും വിവരിച്ചശേഷം അതിനെ തുടർന്നു അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യുവിൻ (وَاتَّقُوا اللَّهَ) എന്നു അല്ലാഹു ആവർത്തിച്ചുണർത്താറുള്ളതു നാം പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാകുന്നു.

10. വിശ്വസിക്കുകയും, സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരോടു അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. അവർക്കു പാപമോചനവും, മഹത്തായ പ്രതിഫലവും ഉണ്ട് (എന്നു). ﴿١٠- وَعَدَ اللَّهُ الَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ ۙ لَهُم مَّغْفِرَةٌ وَأَجْرٌ عَظِيمٌ﴾

11. അവിശ്വസിക്കുകയും, നമ്മുടെ 'ആയത്തു' [ലക്ഷ്യം]കളെ വ്യാജമാക്കുകയും ചെയ്തവരാകട്ടെ, അക്കൂട്ടർ, ജ്വലിക്കുന്ന അഗ്നിയുടെ [നരകത്തിന്റെ] ആൾക്കാരാകുന്നു. ﴿١١- وَالَّذِينَ كَفَرُوا وَكَذَّبُوا بِآيَاتِنَا أُولَٰئِكَ أَصْحَابُ الْجَحِيمِ﴾

---

10. وَعَدَ അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു اللَّهُ الَّذِينَ آمَنُوا വിശ്വസിച്ചവരോടു وَعَمِلُوا പ്രവർത്തിക്കുകയും ചെയ്ത الصَّالِحَاتِ സൽക്കർമ്മങ്ങൾ لَهُم അവർക്കുണ്ട് مَغْفِرَةٌ പാപമോചനം وَأَجْرٌ പ്രതിഫലവും عَظِيمٌ വമ്പിച്ച, മഹത്തായ 11. وَالَّذِينَ كَفَرُوا അവിശ്വസിച്ചവരാകട്ടെ وَكَذَّبُوا വ്യാജമാക്കുകയും ചെയ്ത بِآيَاتِنَا നമ്മുടെ ആയത്തുകളെ أُولَٰئِكَ അക്കൂട്ടർ أَصْحَابُ ആൾക്കാരാകുന്നു الْجَحِيمِ ജ്വലിക്കുന്ന അഗ്നിയുടെ

12. ഹേ, വിശ്വസിച്ചവരേ, നിങ്ങൾക്ക് അല്ലാഹു ചെയ്ത അനുഗ്രഹത്തെ നിങ്ങൾ ഓർക്കുവിൻ, (അതായതു) ഒരു ജനത നിങ്ങളുടെ നേരെ അവരുടെ കൈകൾ നീട്ടുവാൻ കരുതിയപ്പോൾ, എന്നിട്ട് നിങ്ങളിൽനിന്നു അവരുടെ കൈകളെ അവൻ തട്ടിനീക്കി.

നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യണം. അല്ലാഹുവിൻെറമേൽ ഭരമേൽപിച്ചുകൊള്ളട്ടെ സത്യവിശ്വാസികൾ.

يَا أَيُّهَا الَّذِينَ آمَنُوا اذْكُرُوا ١٢
نِعْمَتَ اللَّهِ عَلَيْكُمْ
إِذْ هَمَّ قَوْمٌ أَن يَبْسُطُوا إِلَيْكُمْ
أَيْدِيَهُمْ فَكَفَّ أَيْدِيَهُمْ عَنكُمْ
وَاتَّقُوا اللَّهَ
وَعَلَى اللَّهِ فَلْيَتَوَكَّلِ الْمُؤْمِنُونَ

---

12 يَا أَيُّهَا الَّذِينَ آمَنُوا ഹേ വിശ്വസിച്ചവരേ اذْكُرُوا ഓർക്കുവിൻ نِعْمَتَ اللَّهِ അല്ലാഹുവിൻെറ അനുഗ്രഹത്തെ عَلَيْكُمْ നിങ്ങൾക്ക്, നിങ്ങളുടെ മേലുള്ള إِذْ هَمَّ കരുതിയപ്പോൾ, ഉദ്ദേശിച്ച സന്ദർഭം قَوْمٌ ഒരു ജനത (ചില ആളുകൾ) أَن يَبْسُطُوا അവർ നീട്ടുവാൻ, വിരുത്തുവാൻ إِلَيْكُمْ നിങ്ങളിലേക്ക്, നിങ്ങളുടെ നേരെ أَيْدِيَهُمْ അവരുടെ കൈകളെ فَكَفَّ എന്നിട്ടു അവൻ തടുത്തു أَيْدِيَهُمْ അവരുടെ കൈകളെ عَنكُمْ നിങ്ങളിൽനിന്നു وَاتَّقُوا اللَّهَ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യുവിൻ وَعَلَى اللَّهِ അല്ലാഹുവിൻെറ മേൽ (തന്നെ) فَلْيَتَوَكَّلِ ഭരമേൽപിച്ചുകൊള്ളട്ടെ الْمُؤْمِنُونَ സത്യവിശ്വാസികൾ

ഈ വചനത്തിൽ അല്ലാഹുവിൻെറ അനുഗ്രഹം (نِعْمَتَ اللَّهِ) എന്നു പറഞ്ഞതു ഒരു പ്രത്യേക സംഭവത്തെ സൂചിപ്പിച്ചതാണെന്നും, അല്ലെന്നും അഭിപ്രായമുണ്ട്. സത്യവിശ്വാസികളെ ഉന്മൂലനം ചെയ്വാൻ പരിപാടിയിട്ട് കഴിവതെല്ലാം ചെയ്തുകൊണ്ടിരിക്കുകയായിരുന്നുവല്ലോ ഇസ്‌ലാമിൻെറ ശത്രുക്കൾ. ഇപ്പോൾ, അവരുടെ അക്രമങ്ങളും പരിപാടികളും പരാജയപ്പെടുത്തിക്കൊണ്ടു മുസ്‌ലിംകൾക്കു അല്ലാഹു വിജയവും പ്രതാപവും നൽകിക്കഴിഞ്ഞിരിക്കുകയാണ്. ഈ മഹത്തായ പൊതു അനുഗ്രഹമാണ് ഇവിടെ ഉദ്ദേശമെന്നത്രെ ഒന്നാമത്തെ അഭിപ്രായക്കാരുടെ പക്ഷം. ഒരു പ്രത്യേക സംഭവത്തെയാണ് സൂചിപ്പിക്കുന്നതെന്ന രണ്ടാമത്തെ അഭിപ്രായക്കാർ ഒന്നിലധികം സംഭവങ്ങൾ ഇവിടെ ഉദ്ധരിച്ചു കാണാം. ചിലർ അവയിൽ ചിലതിനു മുൻഗണനയും നൽകുന്നു. സംഭവങ്ങൾ ഇവയാണ്:—

(1) അസ്ഫാൻ യുദ്ധത്തിൽ നബി (സ) യും സഹാബികളും ളുഹ്ർ നമസ്കാരം ജമാഅത്തായി നമസ്കരിച്ചു. ഇതു കണ്ട ശത്രുക്കൾ, അടുത്ത നമസ്കാരത്തിൽ ആ തക്കംനോക്കി മുസ്‌ലിംകളെ പരാജയപ്പെടുത്തുവാൻ പരിപാടിയിട്ടു. പക്ഷേ, യുദ്ധത്തിൽ ഭയപ്പാടിൻെറ നമസ്കാരം (صلاة الخوف) നടത്തുവാനുള്ള കൽപനമൂലം സത്യവിശ്വാസികളെ അല്ലാഹു രക്ഷിക്കുകയും അവരുടെ കുതന്ത്രം പരാജയപ്പെടുത്തുകയും ചെയ്തു. (2) ഒരു യുദ്ധയാത്രയിൽ നബി (സ) ഒരു മരത്തണലിൽ വിശ്രമിക്കുകയായിരുന്നു. സഹാബികൾ ഓരോ ജോലിയിൽ വ്യാപൃതരുമായിരുന്നു. മുഹാരിബ് (محارب) ഗോത്രക്കാരനായ ഒരാൾ ഈ തക്കംനോക്കിവന്ന് നബി(സ) യുടെ വാളെടുത്തു. അതു ഉയർത്തിപ്പിടിച്ചുകൊണ്ട് 'മുഹമ്മദേ, ഇപ്പോൾ നിന്നെ ആർ രക്ഷിക്കും?' എന്നു ചോദിച്ചു. തിരുമേനി ഉത്തരം പറഞ്ഞു: 'അല്ലാഹു.' അവൻ സ്തംഭിച്ചുപോയി. വാൾ കൈയിൽനിന്നു വീണു. തിരുമേനി വാളെടുത്ത് അതേചോദ്യം അവനോടു ചോദിച്ചു. 'ആരുമില്ല, രക്ഷിക്കണേ!' എന്നായിരുന്നു അവൻെറ മറുപടി. തിരുമേനി അവൻെറ നേരെ നടപടിയൊന്നും എടുക്കാതെ അവനു മാപ്പു നൽകി വിട്ടയച്ചു. (3) ഒരിക്കൽ നബി (സ) യെയും സഹാബികളെയും യഹൂദികൾ ഒരു വിരുന്നിനു ക്ഷണിച്ചു. ഭക്ഷണത്തിൽ വിഷം കലർത്തി അവരെ കൊലപ്പെടുത്തുവാനായിരുന്നു പരിപാടി. അല്ലാഹു നേരത്തെത്തന്നെ നബി (സ) ക്കു അതിനെപ്പറ്റി വഹ്‌യു മുഖേന അറിവു കൊടുത്തു. അങ്ങനെ, തിരുമേനിയും സഹാബികളും അതിൽ പങ്കെടുക്കുകയുണ്ടായില്ല. (4) യഹൂദഗോത്രമായ ബനുന്നളീറിൻെറ അടുക്കൽ കുറച്ചു പണം കടം ചോദിക്കുവാനായി നബി (സ) ചെന്നു. കൊടുക്കാമെന്നു സമ്മതിച്ചശേഷം ഒരു ചുമരിനു താഴെയായി നബി (സ) ക്കു ഇരിക്കുവാൻ അവർ സ്ഥലം ഏർപ്പാടു ചെയ്തു. നബി(സ) അവിടെ ഇരിക്കുമ്പോൾ മാളിക മുകളിൽനിന്നു ഒരു ആട്ടുകല്ലെടുത്തു തിരുമേനിയുടെ തലക്കുമീതെ ഇട്ട് തിരുമേനിയുടെ കഥ കഴിക്കുവാൻ അവർ ഒരാളെ ശട്ടം കെട്ടുകയും ചെയ്തു. ഈ ഗൂഢരഹസ്യം അല്ലാഹു നബി (സ) ക്കു അറിയിച്ചുകൊടുത്തു. അപ്പോൾ, നബി (സ) യും കൂടെയുണ്ടായിരുന്ന സഹാബികളും സ്ഥലം വിട്ടുപോന്നു.

പവിത്ര ഗ്രന്ഥങ്ങളില്‍ രേഖപ്പെടുത്തപ്പെട്ടിട്ടുള്ള ഈ നാലു സംഭവങ്ങളില്‍ ഏതെങ്കിലും ഒന്നോ, അല്ലെങ്കില്‍ ഇതുപോലുള്ള സംഭവങ്ങള്‍ പൊതുവെയോ ആയിരിക്കാം ഇവിടെ ഉദ്ദേശ്യം. അല്ലാഹു സത്യവിശ്വാസികള്‍ക്കു ചെയ്തുകൊടുത്ത വമ്പിച്ച അനുഗ്രഹങ്ങളാണിവയെല്ലാം എന്നു പറയേണ്ടതില്ലല്ലോ.

വിഭാഗം-3

കഴിഞ്ഞ 8-ാം വചനത്തിലും അതിനു ശേഷവുമായി അല്ലാഹു ചെയ്യുന്ന അനുഗ്രഹങ്ങളെയും, അവനോടു ചെയ്ത കരാറുകളെയും ഓര്‍ക്കണമെന്നും, നീതിക്കു സാക്ഷ്യം വഹിച്ചുകൊണ്ട് അല്ലാഹുവിനുവേണ്ടി നിലകൊള്ളുന്നവരായിരിക്കണമെന്നും മറ്റും അല്ലാഹു സത്യവിശ്വാസികളെ ഉപദേശിച്ചുവല്ലോ. തുടര്‍ന്നുള്ള ഏതാനും വചനങ്ങളില്‍ വേദക്കാരും അല്ലാഹുവിനോടു ചില കരാറുകള്‍ ചെയ്തിരുന്നുവെന്നും, അവര്‍ അതൊക്കെ ലംഘിച്ചു ദുര്‍മാര്‍ഗ്ഗത്തില്‍ മുഴുകുകയാണു ചെയ്തതെന്നും, അങ്ങനെ അവര്‍ അല്ലാഹുവിന്റെ ശാപകോപങ്ങള്‍ക്കു പാത്രമായിത്തീര്‍ന്നുവെന്നും ചൂണ്ടിക്കാട്ടുന്നു. അവരുടെ ചരിത്രത്തില്‍നിന്നു പാഠം പഠിച്ചുകൊണ്ടു സത്യവിശ്വാസികള്‍ അവരെപ്പോലെ ആകുവാന്‍ ഇടവരാതെ സൂക്ഷിക്കുവാന്‍ വേണ്ടിയാണിത്. മുസ്‌ലിം സമുദായത്തിനു അല്ലാഹു തൗഫീക്വും സല്‍ബുദ്ധിയും നല്‍കട്ടെ. آمين

١٢- وَلَقَدْ أَخَذَ اللَّهُ مِيثَاقَ بَنِي إِسْرَائِيلَ
وَبَعَثْنَا مِنْهُمُ اثْنَيْ عَشَرَ نَقِيبًا
وَقَالَ اللَّهُ إِنِّي مَعَكُمْ
لَئِنْ أَقَمْتُمُ الصَّلَاةَ
وَآتَيْتُمُ الزَّكَاةَ وَآمَنْتُمْ بِرُسُلِي
وَعَزَّرْتُمُوهُمْ وَأَقْرَضْتُمُ اللَّهَ قَرْضًا حَسَنًا
لَأُكَفِّرَنَّ عَنْكُمْ سَيِّئَاتِكُمْ
وَلَأُدْخِلَنَّكُمْ جَنَّاتٍ تَجْرِي مِنْ تَحْتِهَا
الْأَنْهَارُ ۚ فَمَنْ كَفَرَ بَعْدَ ذَٰلِكَ مِنْكُمْ
فَقَدْ ضَلَّ سَوَاءَ السَّبِيلِ ○

13. ഇസ്രാഈല്‍ സന്തതികളുടെ ഉറപ്പു [കരാര്‍] അല്ലാഹു വാങ്ങുകയുണ്ടായി; അവരില്‍നിന്ന് പന്ത്രണ്ട് നായകന്മാരെ നാം [അല്ലാഹു] നിയോഗിക്കുകയും ചെയ്തു. അല്ലാഹു (അവരോടു) പറയുകയും ചെയ്തു: 'നിശ്ചയമായും, ഞാന്‍ നിങ്ങളുടെ കൂടെയുണ്ട്;

നിങ്ങള്‍ നമസ്കാരം നിലനിറുത്തുകയും, സകാത്തു കൊടുക്കുകയും, എന്റെ റസൂലുകളില്‍ വിശ്വസിക്കുകയും, അവരെ (സഹായിച്ചു) ശക്തിപ്പെടുത്തുകയും, അല്ലാഹുവിനു നല്ലതായ കടം കൊടുക്കുകയും ചെയ്തുവെങ്കില്‍, തീര്‍ച്ചയായും, നിങ്ങളുടെ തിന്മകളെ നിങ്ങള്‍ക്കു ഞാന്‍ മൂടിവെ(ച്ചു മാപ്പാ)ക്കുകയും, അടിഭാഗത്തിലൂടെ അരുവികള്‍ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വര്‍ഗ്ഗങ്ങളില്‍ നിങ്ങളെ ഞാന്‍ പ്രവേശിപ്പിക്കുകയും തന്നെ ചെയ്യും.

എന്നാല്‍, ഇതിനുശേഷം നിങ്ങളില്‍നിന്ന് ആരെങ്കിലും അവിശ്വസിക്കുന്ന പക്ഷം, തീര്‍ച്ചയായും അവന്‍ ശരിയായ മാര്‍ഗ്ഗം പിഴച്ചുപോയി.'

---

13. ولقد أخذ വാങ്ങുക(മേടിക്കുക, എടുക്കുക)യുണ്ടായിട്ടുണ്ട് الله അല്ലാഹു ميثاق ഉറപ്പു, കരാര്‍ بني اسرائيل ഇസ്രാഈല്‍ സന്തതികളുടെ وبعثنا നാം നിയോഗിക്കുക(എഴുന്നേല്‍പിക്കുക)യും ചെയ്തു منهم അവരില്‍നിന്നു اثني عشر പന്ത്രണ്ടു نقيبا നായകന്‍, തലവന്‍, നേതാവു, മേലാള്‍ وقال الله അല്ലാഹു പറയുകയും ചെയ്തു إني معكم നിശ്ചയമായും ഞാന്‍ നിങ്ങളുടെ കൂടെയുണ്ട്, കൂടെയാണ് لئن أقمتم നിങ്ങള്‍ നിലനിറുത്തിയെങ്കില്‍ الصلاة നമസ്കാരം وآتيتم നിങ്ങള്‍ കൊടുക്കുകയും ചെയ്തു الزكاة സകാത്തു وآمنتم നിങ്ങള്‍ വിശ്വസിക്കുകയും ചെയ്തു برسلي എന്റെ റസൂലുകളില്‍ وعزرتموهم അവരെ നിങ്ങള്‍ സഹായിക്കുകയും ചെയ്തു, ശക്തിപ്പെടുത്തുകയും ചെയ്തു وأقرضتم നിങ്ങള്‍ കടം കൊടുക്കുകയും ചെയ്തു الله അല്ലാഹുവിനു قرضا حسنا നല്ലതായ കടം لأكفرن തീര്‍ച്ചയായും ഞാന്‍ മൂടി (മറച്ചു)വെക്കും عنكم നിങ്ങളില്‍നിന്നു, നിങ്ങള്‍ക്കു سيئاتكم നിങ്ങളുടെ തിന്മകളെ ولأدخلنكم നിങ്ങളെ ഞാന്‍ പ്രവേശിപ്പിക്കുകയും തന്നെ ചെയ്യും جنات സ്വര്‍ഗ്ഗങ്ങളില്‍, തോപ്പുകളില്‍ تجري ഒഴുകുന്ന, നടക്കും من تحتها അതിന്റെ അടിയിലൂടെ الأنهار അരുവികള്‍ فمن كفر എന്നാല്‍ (എനി) ആരെങ്കിലും (വല്ലവരും) അവിശ്വസിച്ചാല്‍ بعد ذلك അതിനു (ഇതിനു) ശേഷം منكم നിങ്ങളില്‍ നിന്നു فقد ضل എന്നാലവന്‍ പിഴച്ചു കഴിഞ്ഞു سواء السبيل ശരിയായ മാര്‍ഗ്ഗം, ചൊവ്വായ വഴി

14 എന്നിട്ട് അവർ തങ്ങളുടെ ഉറപ്പ് (കരാർ) ലംഘിച്ചതു നിമിത്തം നാം അവരെ ശപിച്ചു. അവരുടെ ഹൃദയങ്ങളെ നാം കടുത്തതാക്കുകയും ചെയ്തു.

وَجَعَلْنَا قُلُوبَهُمْ قَاسِيَةً فَبِمَا نَقْضِهِم مِّيثَاقَهُمْ لَعَنَّاهُمْ -١٤

يُحَرِّفُونَ الْكَلِمَ عَن مَّوَاضِعِهِ

وَنَسُوا حَظًّا مِّمَّا ذُكِّرُوا بِهِ

وَلَا تَزَالُ تَطَّلِعُ عَلَىٰ خَائِنَةٍ مِّنْهُمْ

إِلَّا قَلِيلًا مِّنْهُمْ

فَاعْفُ عَنْهُمْ وَاصْفَحْ

إِنَّ اللَّهَ يُحِبُّ الْمُحْسِنِينَ ○

വാക്കുകളെ അതിന്റെ സ്ഥാനങ്ങളിൽനിന്നും അവർ മാറ്റം വരുത്തുന്നു; അവർക്ക് ഉൽബോധനം നൽകപ്പെട്ടതിൽ നിന്നും ഒരു (വലിയ) ഭാഗം അവർ മറന്നു കളയുകയും ചെയ്തു. അവരിൽനിന്നു-അവരിൽ അൽപം ആളുകളൊഴികെ-(ഉണ്ടാകുന്ന) ചതിയെ നീ നോക്കി (മനസ്സിലാക്കി)ക്കൊണ്ടേ ഇരിക്കുകയും ചെയ്യുന്നു. എന്നാൽ, അവർക്കു നീ മാപ്പു നൽകുകയും, വിട്ടുകൊടുക്കുകയും ചെയ്തുകൊള്ളുക.

നിശ്ചയമായും അല്ലാഹു, സുകൃതം ചെയ്യുന്നവരെ സ്നേഹിക്കുന്നു.

---

14. فَبِمَا എന്നിട്ടു (എന്നാൽ) نَقْضِهِم അവരുടെ ലംഘനം കൊണ്ടു, ലംഘിച്ചതു നിമിത്തം مِّيثَاقَهُمْ അവരുടെ ഉറപ്പു, കരാർ لَعَنَّاهُمْ നാമവരെ ശപിച്ചു وَجَعَلْنَا നാം ആക്കുകയും ചെയ്തു قُلُوبَهُمْ അവരുടെ ഹൃദയങ്ങളെ قَاسِيَةً കടുത്തതു, കടുപ്പമുള്ളവ يُحَرِّفُونَ അവർ മാറ്റം വരുത്തുന്നു الْكَلِمَ വാക്കു, വാക്കുകളെ عَن مَّوَاضِعِهِ അതിന്റെ സ്ഥാനങ്ങളിൽ നിന്നു وَنَسُوا അവർ മറക്കുക (വിസ്മരിക്കുക)യും ചെയ്തു حَظًّا ഒരുഭാഗം, പങ്കു, ഓഹരി مِّمَّا ذُكِّرُوا അവർക്കു ഉൽബോധനം ചെയ്യപ്പെട്ടതിൽ നിന്നു بِهِ അതിനെപ്പറ്റി وَلَا تَزَالُ നീ ആയിക്കൊണ്ടേയിരിക്കും تَطَّلِعُ നീ നോക്കി(അറിഞ്ഞു മനസ്സിലാക്കി-കണ്ടു) കൊണ്ടു عَلَىٰ خَائِنَةٍ ചതി (പ്രയോഗത്തെപ്പറ്റി (ചതിയെ) مِّنْهُمْ അവരിൽനിന്നു إِلَّا قَلِيلًا അൽപം (ആളു) ഒഴികെ مِّنْهُمْ അവരിൽ നിന്നു فَاعْفُ എന്നാൽ നീ മാപ്പു നൽകുക عَنْهُمْ അവർക്കും, അവരെപ്പറ്റി وَاصْفَحْ വിട്ടുകൊടുക്കുക (തിരിഞ്ഞുകളയുകയുക)യും ചെയ്യുക إِنَّ اللَّهَ നിശ്ചയമായും അല്ലാഹു يُحِبُّ സ്നേഹിക്കുന്നു, ഇഷ്ടപ്പെടും الْمُحْسِنِينَ സുകൃതം (പുണ്യം-നന്മ) ചെയ്യുന്നവരെ.

ഇസ്രാഈല്യരോട് അല്ലാഹു വാങ്ങിയ കരാർ എന്തായിരുന്നുവെന്ന് ഏറെക്കുറെ ഈ വചനത്തിൽ നിന്നുതന്നെ മനസ്സിലാക്കാവുന്നതാണ്. 3: 187; 4: 154 മുതലായ സ്ഥലങ്ങളിലും അതു സംബന്ധിച്ച വിവരങ്ങൾ കഴിഞ്ഞുപോയിട്ടുണ്ട്. സൂ: അഅ്റാഫ് 160ൽ കാണാവുന്നതുപോലെ, ഇസ്രാഈൽ സമുദായം പന്ത്രണ്ടു (*) ഗോത്രങ്ങൾ ഉൾക്കൊണ്ടതായിരുന്നു. ഇസ്രാഈൽ എന്നുകൂടി പേരുണ്ടായിരുന്ന യഅ്ഖൂബ് (അ) നബിയുടെ പന്ത്രണ്ടു മക്കളുടെ പിൻതുടർച്ചക്കാരായിരുന്ന പ്രസ്തുത ഗോത്രങ്ങൾ. ഈ ഓരോ ഗോത്രത്തിന്റെയും നേതാക്കളായി നിശ്ചയിക്കപ്പെട്ടിരുന്ന തലവന്മാരെപ്പറ്റിയാണു പന്ത്രണ്ടു നായകന്മാർ (اثْنَيْ عَشَرَ نَقِيبًا) എന്നു പറഞ്ഞത്. നാം നിയോഗിച്ചു (بَعَثْنَا) എന്നു പറഞ്ഞതിൽനിന്ന ഈ തലവന്മാരുടെ നിയോഗം അല്ലാഹുവിന്റെ കൽപന പ്രകാരമായിരുന്നുവെന്നും, അവരെ നിശ്ചയിച്ചതിനോടു ചേർത്തിക്കൊണ്ട് ഈ കരാറിനെക്കുറിച്ചു പറഞ്ഞതിൽനിന്ന് അവർ മുഖാന്തരമാണ് ഇസ്രാഈല്യരുടെ കരാർ നടന്നതെന്നും മനസ്സിലാകുന്നു. ബൈബ്ളിന്റെ പ്രസ്താവനകളിൽനിന്നും അങ്ങിനെ തന്നെ മനസ്സിലാകുന്നുണ്ട്. والله اعلم

മൂസാ(അ) നബിയും ഇസ്രാഈല്യരും ചെങ്കടൽ കടന്നുപോന്ന ശേഷം സീനാ താഴ്വരയിൽ താമസിച്ചിരുന്ന കാലത്തു അവർക്കു വാഗ്ദാനം ചെയ്യപ്പെട്ടിരുന്ന കൻആൻ (ഫലസ്തീൻ) ദേശത്തെ ശത്രുക്കളെക്കുറിച്ച് ഒരു നിരീക്ഷണം നടത്തി വിവരം സമർപ്പിക്കുവാൻ അല്ലാഹുവിന്റെ കൽപന പ്രകാരം അവരുടെ പന്ത്രണ്ടു ഗോത്രത്തിൽ നിന്ന

(*) പന്ത്രണ്ടു ഗോത്രങ്ങളുടെ പേരുകളും, മൂസാ(അ) നബിക്കുശേഷം ഫലസ്തീനിൽ അവർ കുടിയേറിപ്പാർത്തിരുന്ന സ്ഥലങ്ങളും മറ്റും ഒന്നാം വാല്യത്തിൽ കൊടുത്ത 5-ാം നമ്പ്ര് ഭൂപടത്തിൽ കാണാവുന്നതാണ്.

മാരി പന്ത്രണ്ടു നേതാക്കളെ മൂസാ(അ) അയച്ചിരുന്നു. (ഈ സംഭവത്തെപ്പറ്റി അൽപം ആയത്തുകൾക്കുശേഷം താഴെ വിവരിക്കുന്നുണ്ട്.) ഈ പന്ത്രണ്ടു പേരാണ് ഇവിടെ പ്രസ്താവിച്ച 'പന്ത്രണ്ടു നായകന്മാരെ'ക്കൊണ്ടുദ്ദേശിക്കപ്പെട്ടിരിക്കുന്നതു എന്നത്രെ ഇബ്നുജരീർ(റ) തുടങ്ങിയ പല വ്യാഖ്യാതാക്കളും പറഞ്ഞുകാണുന്നത്. ഈ പന്ത്രണ്ടു നേതാക്കളുടെ പേരുകൾ ഇബ്നു ഇസ്ഹാഖ് (റ)ൽ നിന്ന് ഇബ്നുകഥീർ (റ) അദ്ദേഹത്തിന്റെ തഫ്സീറിൽ ഉദ്ധരിക്കുകയും ചെയ്തിരിക്കുന്നു. പിന്നീടു ഇബ്നുകഥീർ (റ) പറയുകയാണ്: 'തൗറാത്തിലെ നാലാം പുസ്തകത്തിൽ (ബൈബ്ളിലെ സംഖ്യാ പുസ്തകത്തിൽ) ഞാൻ ഇവരുടെ പേരുകൾ കാണുകയുണ്ടായി. അതു ഇബ്നു ഇസ്ഹാഖ് പറഞ്ഞതിൽനിന്നും വ്യത്യസ്തമാണ്.' തുടർന്നുകൊണ്ടു താൻ കണ്ട ആ പേരുകൾ അദ്ദേഹം ബൈബ്ളിൽനിന്ന് ഉദ്ധരിക്കുകയും ചെയ്തിരിക്കുന്നു. എന്നാൽ, പ്രസ്തുത (സംഖ്യാ) പുസ്തകം ഇന്നത്തെ ബൈബ്ളിൽ പരിശോധിച്ചാൽ, ഇബ്നു ഇസ്ഹാഖ് (റ) പറഞ്ഞ പേരുകളും അതിലുള്ളതാണെന്നും, പക്ഷേ, രണ്ടും രണ്ടവസരങ്ങളിൽ നിശ്ചയിക്കപ്പെട്ടിരുന്ന നേതാക്കളായിരുന്നുവെന്നും മനസ്സിലാകുന്നു. ഓരോ സ്ഥലങ്ങളിൽ അവരവർ കണ്ടതു അവരവർ ഉദ്ധരിച്ചതായിരിക്കാം. (അല്ലാഹുവിനറിയാം.) ബൈബ്ളിന്റെ പ്രതികൾ ഇന്നുള്ള പോലെത്തന്നെ ആയിരുന്നു അന്നുള്ളതെന്നും, എല്ലാ ഭാഷകളിലുമുള്ള എല്ലാ പ്രതികളും ഒരുപോലെയായിരുന്നുവെന്നും നിശ്ചയിക്കുവാൻ വയ്യതാനും.

തങ്ങൾ ശരിക്കും പാലിച്ചുകൊള്ളാമെന്ന് ഉറപ്പു നൽകിയിട്ടു പിന്നെയും ആ കരാർ ലംഘിച്ചു തോന്നിയവാസത്തിൽ മുഴുകിയതിന്റെ ഫലമായി അല്ലാഹു അവരെ ശപിച്ചു കളഞ്ഞു. അതെ, അവന്റെ കാരുണ്യം അവർക്കു നഷ്ടപ്പെടുകയും കോപത്തിനു അവർ പാത്രമായിത്തീരുകയും ചെയ്തു. മേലിലെങ്കിലും നന്നായിത്തീരുവാൻ മനസ്സില്ലാത്തവണ്ണം അവരുടെ ഹൃദയങ്ങളെ കടുത്തു ദുഷിക്കുകയുമുണ്ടായി. അങ്ങനെ മതശാസനങ്ങളും വേദവാക്യങ്ങളും ഹിതത്തിനൊത്തു മാററി മറിക്കുകയും, ദുർവ്യാഖ്യാനം ചെയ്യുകയും അവരുടെ പതിവായി. പലതും അനുഷ്ഠാനരംഗത്തുനിന്നും സ്മൃതിപഥത്തിൽനിന്നും നീങ്ങിപ്പോകുകയും ചെയ്തിരിക്കുന്നു. ചുരുക്കത്തിൽ, അവരുടെ മാറിയെപ്പററിയെങ്കിലും ശുഭപ്രതീക്ഷക്കു വകയില്ലാതായിരിക്കുന്നു. ഇത്രയും ചൂണ്ടിക്കാട്ടിയശേഷം അല്ലാഹു പറയുന്നു: وَلَا تَزَالُ تَطَّلِعُ عَلَىٰ خَائِنَةٍ مِّنْهُمْ (അവരിൽ നിന്നുണ്ടാകുന്ന ചതിയെ നീ കണ്ടറി മനസ്സിലാക്കിക്കൊണ്ടേയിരിക്കുന്നു.) വിശ്വാസവഞ്ചനയും ചതിപ്രയോഗങ്ങളും യഹൂദികളുടെ സ്വഭാവമാണല്ലോ. തക്കം കിട്ടുമ്പോഴെല്ലാം ഇസ്ലാമിനും മുസ്ലിംകൾക്കും പിൻകുഴിതോണ്ടുന്നതിൽ അവർ ഒരിക്കലും വീഴ്ച വരുത്താറില്ല. വളരെ ചുരുക്കം വ്യക്തികൾ മാത്രമേ ഇതിൽനിന്നു ഒഴിവുള്ളൂ. അവരെപ്പററിയാണു إِلَّا قَلِيلًا مِّنْهُمْ (അവരിൽനിന്നും അൽപം ആളുകളൊഴികെ) എന്നു പറഞ്ഞത്. യഹൂദികളിൽനിന്നു ഇസ്ലാമിനെ അംഗീകരിക്കുവാൻ മുമ്പോട്ടുവന്ന അബ്ദുല്ലാഹിബ്നു സലാം (റ) പോലെയുള്ളവരായിരിക്കും ഇവർ.

ഇങ്ങിനെയൊക്കെയാണു യഹൂദികളുടെ സ്ഥിതിഗതികൾ. എന്നാലും അവരോടു മാപ്പിന്റെയും വിട്ടുവീഴ്ചയുടെയും നയം സ്വീകരിക്കണമെന്നും, അതു സുകൃതവാന്മാരുടെ സ്വഭാവമാണെന്നും, അല്ലാഹു സുകൃതവാന്മാരുടെ പക്ഷത്തിലാണുള്ളതു—അവർക്കായിരിക്കും അവന്റെ സഹായവും അനുഗ്രഹവും ലഭിക്കുക—എന്നൊക്കെ അവസാനം അല്ലാഹു നബി (സ)ക്കു ഉപദേശം നൽകുന്നു. ഇങ്ങോട്ടു അക്രമങ്ങളും ചതിപ്രയോഗങ്ങളും നടത്തുന്നവരോട് അങ്ങോട്ടും അതേപോലെ ചെയ്‌വാൻ അവകാശമുണ്ടെങ്കിലും, അതിനൊരുമ്പെടാതെ വിട്ടുവീഴ്ച ചെയ്യലും, അവഗണിച്ചു മാപ്പു നൽകലുമാണ് കൂടുതൽ ഉൽകൃഷ്ടമായ സ്വഭാവമെന്നും, അങ്ങിനെയുള്ളവർക്കാണ് അല്ലാഹുവിന്റെ സഹായവും സ്നേഹവും ലഭിക്കുകയെന്നും അല്ലാഹു പലപ്പോഴും ഉപദേശിക്കാറുള്ളതാണല്ലോ. അതാണു നബി (സ) തിരുമേനി സത്യവിശ്വാസികൾക്കു കാണിച്ചു കൊടുത്ത മാതൃകയും.

وَمِنَ الَّذِينَ قَالُوا إِنَّا نَصَارَىٰ أَخَذْنَا مِيثَاقَهُمْ فَنَسُوا حَظًّا مِّمَّا ذُكِّرُوا بِهِ فَأَغْرَيْنَا بَيْنَهُمُ الْعَدَاوَةَ وَالْبَغْضَاءَ إِلَىٰ يَوْمِ الْقِيَامَةِ -١٤

15. 'ഞങ്ങൾ 'നസ്രാനി' കളാണെന്നു പറയുന്നവരിൽ [ക്രിസ്ത്യാനികളിൽ] നിന്നും (തന്നെ) നാം അവരുടെ ഉറപ്പു വാങ്ങിയിരിക്കുന്നു. എന്നിട്ട്, അവർക്കു ഉൽബോധനം നൽകപ്പെട്ടതിൽ നിന്നു ഒരു (വലിയ) ഭാഗം അവർ മറന്നു കളഞ്ഞു. അങ്ങനെ, അവർക്കിടയിൽ ഖിയാമത്തു നാൾവരെക്കും നാം ശത്രുതയും, വിദ്വേഷവും ഇളക്കിവിട്ടു.

അവർ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നതിനെപ്പറ്റി വഴി യെ അല്ലാഹു അവരെ ബോധപ്പെടുത്തുകയും ചെയ്യും.

وَسَوْفَ يُنَبِّئُهُمُ اللَّهُ بِمَا كَانُوا يَصْنَعُونَ ۝

---

(15) ومن الذين യാതൊരുവരിൽ നിന്നും (തന്നെ) قالوا പറഞ്ഞ, അവർപറഞ്ഞു انا نصارى ഞങ്ങൾ നസ്രാണികളാണു എന്ന് اخذنا നാം വാങ്ങി, മേടിച്ചു ميثاقهم അവരുടെ കരാർ, ഉറപ്പു فنسوا എന്നിട്ടവർ മറന്നു حظا ഒരു ഓഹരി, ഭാഗം مما യാതൊന്നിൽ നിന്നു ذكروا به അതിനെപ്പറ്റി അവർക്കു ഉൽബോധിപ്പിക്ക(ഓർമ്മിപ്പിക്ക)പ്പെട്ടു فاغرينا അപ്പോൾ (അതിനാൽ) നാം ഇളക്കി വിട്ടു بينهم അവർക്കിടയിൽ العداوة ശത്രുത, പക والبغضاء വിദ്വേഷവും, ഈർഷ്യതയും الى يوم القيمة ഖിയാമത്തു നാൾവരെ وسوف വഴിയെ, പിറകെ ينبئهم അവരെ ബോധപ്പെടുത്തും الله അല്ലാഹു بما كانوا അവർ ആയിരുന്നതിനെപ്പറ്റി يصنعون പ്രവർത്തിക്കും

യഹൂദികളിൽനിന്നു മാത്രമല്ല, ക്രിസ്ത്യാനികളിൽനിന്നും തന്നെ തങ്ങൾ അല്ലാഹുവിന്റെ കല്പനകൾ പാലിച്ചുകൊള്ളാമെന്ന് അല്ലാഹു കരാർ വാങ്ങുകയുണ്ടായിട്ടുണ്ടെന്നും, അവരും ആ കരാറു വേണ്ടതുപോലെ പാലിച്ചില്ലെന്നും, അതിൻ ഫലമായി അവർക്കിടയിൽ കാലാവസാനംവരെ നിണ്ടു നിൽക്കുന്ന ശത്രുതയും വിദ്വേഷവും ഉണ്ടായിത്തീർന്നുവെന്നും, അവരുടെ പ്രവർത്തനങ്ങളുടെ ശരിയായ പ്രതിഫലം അവർ വഴിയെ അനുഭവിക്കുവാനിരിക്കുന്നുവെന്നുമാണ് ഈ വചനത്തിൽ അല്ലാഹു പറഞ്ഞതിന്റെ ചുരുക്കം. എന്നാൽ, യഹൂദരുടെ അത്ര തന്നെ ധിക്കാരവും അക്രമവും ക്രിസ്ത്യാനികളിൽ നിന്നുണ്ടായിട്ടില്ലെന്നു ഈ വചനത്തിൽനിന്നും മററും മനസ്സിലാക്കാവുന്നതാകുന്നു. യഹൂദികളെക്കുറിച്ച് ആക്ഷേപിക്കാറുള്ള അത്ര ശക്തിയായ ഭാഷയിൽ ക്രിസ്ത്യാനികളെക്കുറിച്ചു ഖുർആനിൽ ആക്ഷേപിച്ചു കാണാനില്ലാത്തതിന്റെ കാരണവും അതു തന്നെയാകുന്നു.

യഹൂദികളുടെ കരാറിനെക്കുറിച്ചു പ്രസ്താവിച്ചപ്പോൾ ഇസ്രാഈൽ സന്തതികളുടെ കരാർ (ميثاق بني اسرائيل) എന്നാണ് അല്ലാഹു പറഞ്ഞതു. യഹൂദികളെ ഉദ്ദേശിച്ച് ഇസ്രാഈല്യർ—അഥവാ ഇസ്രാഈൽ സന്തതികൾ—എന്നു മുമ്പേ പറയപ്പെടാറുള്ളതാണ്. ക്രിസ്ത്യാനികളെപ്പററി സാധാരണമായി نصارى (നസ്രാണികൾ) എന്നാണു പറയപ്പെടാറെങ്കിലും ഇവിടെയും, താഴെ 85-ാം വചനത്തിലും അല്ലാഹു ഉപയോഗിച്ച വാക്ക 'ഞങ്ങൾ നസ്രാണികളാണെന്നു പറയുന്നവർ (الذين قالوا انا نصارى)' എന്നാകുന്നു. ഈ പേർ അവർ സ്വയം സ്വീകരിച്ച പേരാണെന്നും, ആ പേരിൽ അവർ അഭിമാനം കൊള്ളുന്നുണ്ടെന്നുമുള്ള ഒരു സൂചന ഈ പ്രയോഗത്തിലടങ്ങിയിരിക്കുന്നതായി കാണാം. ഈ പേരിന്റെ ഉത്ഭവത്തെപ്പററി രണ്ടഭിപ്രായങ്ങൾ പറയപ്പെടുന്നു. ഈസാ (അ) വളർന്നു വന്ന രാജ്യമായ നസ്വാറത്തി (الناصرة) നോടു (*) ബന്ധപ്പെടുത്തിക്കൊണ്ടുണ്ടായ പേരാണെന്നത്രെ ചില ഖുർആൻ വ്യാഖ്യാതാക്കളും പൊതുവെ ക്രിസ്ത്യാനികളും പറയുന്നത്. ഈ പേർ വാസ്തവത്തിൽ ക്രിസ്ത്യാനികൾ തങ്ങൾക്ക് സ്വയം തൃപ്തിപ്പെട്ട പേരായിരിക്കുവാൻ ന്യായമില്ല. കാരണം, അവരുടെ ശത്രുക്കൾ അവരെ നിന്ദിച്ചുകൊണ്ടു ചിലപ്പോൾ 'ഗലീലക്കാർ' എന്നും ചിലപ്പോൾ 'നസ്രായ മതക്കാർ' എന്നും പറയാറുണ്ടായിരുന്നതായി ബൈബിളിൽ കാണാം. (ലൂക്കോസ് 13:3ഉം അപ്പോ. പ്രവൃത്തികൾ 24:5ഉം നോക്കുക) (**) അതോടുകൂടി, നസ്വറേത്ത് എന്ന ദേശത്തിനു മുൻകാലത്തു ഒരു വിശേഷതയും ഉണ്ടായിരുന്നില്ലെന്നും, പിൽക്കാലത്തുമാത്രം ക്രിസ്ത്യാനികൾ അങ്ങോട്ടു പുണ്യയാത്ര പോകാൻ തുടങ്ങിയതാണെന്നും വേദപുസ്തക നിഘണ്ടുവും പറയുന്നു. എന്നിരിക്കെ, നസ്വറേത്തുമായി ബന്ധപ്പെട്ടവരെന്ന അർത്ഥത്തിൽ ഈ പേർ ക്രിസ്ത്യാനികൾ സ്വയം സ്വീകരിച്ചതോ അവർ തങ്ങൾക്ക തൃപ്തിപ്പെട്ടതോ ആവാൻ തരമില്ല. കവിഞ്ഞപക്ഷം, ക്രമേണ ആ പേരിൽ അവർ അറിയപ്പെട്ടുവെന്നു വെക്കുവാനേ തരമുള്ളു.

(*) ഫലസ്തീനിലെ ഗലീലിയ (الجليل) തടാകത്തിന്റെ ഏതാണ്ടു തെക്കുവശം ഏകദേശം 14 നാഴിക ദൂരെയാണു നസ്വറേത്ത് എന്ന നാസിറിയ്യ (Nazereth) പട്ടണം.

(**) ഈസാ (അ)ന്റെ സ്വദേശമായ നസ്വാറത്തിനോടു ബന്ധപ്പെടുത്തിക്കൊണ്ടാണു നസ്രായ മതക്കാർ എന്നു പറയുന്നതു. ആ ദേശം ഉൾക്കൊള്ളുന്ന ജില്ലയാണു ഗലീലാ (الجليل او جليلة)

[illegible] അഭിപ്രായം ഇതാണു: 'നസ്വാറാ'കള്‍ എന്ന പേരില്‍ അറിയപ്പെടുന്ന ഈസാ (അ) നബിയുടെ ശിഷ്യന്മാരോടു مَنْ أَنصَارِي إِلَى اللَّهِ (അല്ലാഹുവിങ്കലേക്കു എന്റെ സഹായികള്‍ ആരാണു?) എന്നു അദ്ദേഹം ചോദിച്ചതായും, نَحْنُ أَنصَارُ اللَّهِ (ഞങ്ങള്‍ അല്ലാഹുവിന്റെ - അല്ലാഹുവിന്റെ മാര്‍ഗ്ഗത്തിലേക്കുള്ള - സഹായികളാണു) എന്നു അവര്‍ മറുപടി പറഞ്ഞതായും അല്ലാഹു (3: 52ല്‍) പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഇതിനെ അടിസ്ഥാനമാക്കി സഹായം എന്നര്‍ത്ഥത്തിലുള്ള نُصْرَة (നുസ്വ്‌റത്ത്) എന്ന വാക്കില്‍ നിന്നാണു 'നസ്വാറാ'കള്‍ (نصارى) എന്ന പേര്‍ ഉത്ഭവിച്ചതു. ഈ അഭിപ്രായമാണ് പല പണ്ഡിതന്മാര്‍ വ്യാഖ്യാതാക്കളും പറഞ്ഞിട്ടുള്ളതു. ഇതനുസരിച്ചു ഈ പേര്‍ - അല്ലാഹുവിന്റെ വാക്കില്‍ നിന്നു മനസ്സിലാകുന്നതുപോലെ - ക്രിസ്ത്യാനികള്‍ സ്വയം സ്വീകരിച്ചതും തൃപ്തിപ്പെട്ടതും ആയിരിക്കുവാന്‍ ന്യായമുണ്ട്. (*) അപ്പോള്‍ അല്ലാഹുവിന്റെ മതത്തെ സഹായിക്കുന്ന ഒരു സമുദായമെന്നു പറഞ്ഞുകൊണ്ടും, അതേ സമയത്തു അതിനു നിരക്കാത്തതായ മാര്‍ഗ്ഗം സ്വീകരിച്ചുകൊണ്ടിരിക്കയും ചെയ്യുന്നവരാണു ക്രിസ്ത്യാനികള്‍ എന്നൊരു സൂചനകൂടി അല്ലാഹുവിന്റെ ആ പ്രയോഗത്തില്‍ അടങ്ങിയിരിക്കുന്നതായി കാണാം. والله أعلم

ക്രിസ്ത്യാനികള്‍ അവരുടെ മതഗ്രന്ഥമായ ഇഞ്ചീല്‍ [illegible] കാര്യങ്ങളില്‍ പലതും മറന്നുകളഞ്ഞു. അതിനിടയില്‍, പിന്നീടു [illegible] പ്രവചിക്കപ്പെട്ടവയും ഉള്‍പ്പെടും. [illegible] ക്രിസ്ത്യാനികളുടെ [illegible] ഈസാ (അ) നബിയെയും [illegible] ഉണ്ടായി. ഇന്ന് ക്രിസ്ത്യാനികളുടെ [illegible] അടിസ്ഥാനത്തില്‍ [illegible] കാര്യങ്ങളുടെ [illegible] ചിലതു [illegible] കക്ഷികളും [illegible] കലഹങ്ങളും [illegible] ഉണ്ടായിട്ടില്ല. ഇന്നവര്‍ [illegible]. എന്നാല്‍, ക്രിസ്ത്യാനികളും അന്യോന്യം [illegible] ഇന്നത്തെ കഠിനവും [illegible] കക്ഷികളും [illegible] ഉണ്ടാക്കിയും [illegible] മുസ്‌ലിംകളോടുള്ളതിനെക്കാള്‍ [illegible] ക്രിസ്ത്യാനികള്‍ തമ്മിലായിരുന്നു.

യഹൂദികളെയും, ക്രിസ്ത്യാനികളെയും കുറിച്ചു പ്രത്യേകം പ്രത്യേകമായി പ്രസ്താവിച്ചശേഷം, രണ്ടു കൂട്ടരെയും ഒന്നിച്ചഭിസംബോധന ചെയ്തുകൊണ്ട് അല്ലാഹു പറയുന്നു:—

(*) ക്രിസ്ത്യാനികളെപ്പറ്റി نصارى (നസ്വാറാ—നസ്വ്‌റാനികള്‍) എന്നല്ലാതെ, ക്രിസ്ത്യാനികള്‍ എന്ന അര്‍ത്ഥത്തില്‍ مسيحي (മസീഹിയ്യൂന്‍) എന്നോ മറ്റോ ഖുര്‍ആനില്‍ ഉപയോഗിക്കപ്പെട്ടിട്ടില്ല. ഈ പേരും തന്നെ ക്രിസ്ത്യാനികള്‍ [illegible] സ്വീകരിച്ചു വന്നതല്ല. ആദ്യകാല ക്രിസ്ത്യാനികള്‍ തങ്ങളെപ്പറ്റി 'ശിഷ്യന്മാര്‍, സഹോദരന്മാര്‍, വിശ്വാസികള്‍, വിശുദ്ധന്മാര്‍' എന്നൊക്കെയായിരുന്നു പറഞ്ഞുവന്നിരുന്നത്. [illegible] (ക്രിസ്ത്യാനികള്‍) എന്ന പേര്‍ പ്രയോഗിച്ചത്. എന്നിട്ടും, 'മസീഹ്' (مسيح) എന്ന ക്രിസ്തുവിന്റെ (ഈസാ നബിയുടെ) നാമത്തോടു ബന്ധപ്പെട്ട പേരാണ് [illegible] ക്രിസ്താബ്ദം 150നു ശേഷം [illegible] (വേ. പു. [illegible] 314) [illegible] مسيح എന്ന വാക്കിന്റെയും [illegible] ഗ്രീക്ക് ഭാഷയില്‍ ക്രിസ്തു (Christ) എന്നും പറയപ്പെടുന്നു. [illegible] ഈ പേര്‍ [illegible].

16. വേദക്കാരേ, വേദഗ്രന്ഥത്തിൽനിന്നും നിങ്ങൾ മറച്ചുവെച്ചുകൊണ്ടിരുന്നതിൽ പലതും നിങ്ങൾക്ക് വിവരിച്ചു തന്നുകൊണ്ട് നമ്മുടെ റസൂൽ നിങ്ങളിൽ (ഇതാ) വന്നിട്ടുണ്ട്. പലതിനെക്കുറിച്ചും (വിവരിക്കാതെ) അദ്ദേഹം മാപ്പു നൽ(കി വിട്ടു തരു) കയും ചെയ്യുന്നു.

١٦- يَٰٓأَهْلَ ٱلْكِتَٰبِ قَدْ جَآءَكُمْ رَسُولُنَا يُبَيِّنُ لَكُمْ كَثِيرًا مِّمَّا كُنتُمْ تُخْفُونَ مِنَ ٱلْكِتَٰبِ وَيَعْفُوا۟ عَن كَثِيرٍ ۚ

17. അല്ലാഹുവിങ്കൽ നിന്നു നിങ്ങൾക്ക് ഒരു പ്രകാശവും, സ്പഷ്ടമായ ഒരു വേദഗ്രന്ഥവും വന്നിട്ടുണ്ട്;—

١٧- قَدْ جَآءَكُم مِّنَ ٱللَّهِ نُورٌ وَكِتَٰبٌ مُّبِينٌ ۝

18. തന്റെ പ്രീതിയെ പിൻപറ്റിയവരെ അതുമൂലം അല്ലാഹു സമാധാനത്തിന്റെ (അഥവാ രക്ഷയുടെ) മാർഗ്ഗങ്ങളിൽ ചേർക്കുന്നതാണ്; അവന്റെ അനുമതി പ്രകാരം അവരെ അന്ധകാരങ്ങളിൽ നിന്ന് അവൻ പ്രകാശത്തിലേക്കു പുറപ്പെടുവിക്കുകയും ചെയ്യുന്നതാണ്; നേരായ (ചൊവ്വയുള്ള) ഒരു പാതയിലേക്കു അവരെ അവൻ നയിക്കുകയും ചെയ്യും.

١٨- يَهْدِى بِهِ ٱللَّهُ مَنِ ٱتَّبَعَ رِضْوَٰنَهُۥ سُبُلَ ٱلسَّلَٰمِ وَيُخْرِجُهُم مِّنَ ٱلظُّلُمَٰتِ إِلَى ٱلنُّورِ بِإِذْنِهِۦ وَيَهْدِيهِمْ إِلَىٰ صِرَٰطٍ مُّسْتَقِيمٍ ۝

---

16. يا اهل الكتاب വേദക്കാരേ قد جاءكم നിങ്ങൾക്ക് വന്നിട്ടുണ്ടു رسولنا നമ്മുടെ റസൂൽ يبين لكم നിങ്ങൾക്ക് വിവരിച്ചു തന്നുകൊണ്ടു كثيرا വളരെ, പലതും مما كنتم നിങ്ങൾ ആയിരുന്നതിൽ നിന്ന് تخفون നിങ്ങൾ മറച്ചു വെക്കും من الكتاب (വേദ) ഗ്രന്ഥത്തിൽ നിന്നു ويعفو അദ്ദേഹം മാപ്പു നൽകുക (വിട്ടുതരുക)യും ചെയ്യുന്നു عن كثير പലതിനെയും, അധികത്തെക്കുറിച്ചും 17. قد جاءكم നിങ്ങൾക്കു വന്നിട്ടുണ്ടു من الله അല്ലാഹുവിങ്കൽ നിന്നു نور ഒരു പ്രകാശം وكتاب ഒരു ഗ്രന്ഥവും مبين സ്പഷ്ടമായ, വ്യക്തമാക്കുന്ന 18. يهدي به അതുമൂലം (അതുകൊണ്ടു) വഴിചേർക്കുന്നു, നയിക്കും الله അല്ലാഹു من اتبع പിൻപറ്റിയവരെ رضوانه അവന്റെ പ്രീതിയെ سبل മാർഗ്ഗങ്ങളിൽ, വഴികളിൽ السلام സമാധാനത്തിന്റെ ശാന്തിയുടെ, രക്ഷയുടെ ويخرجهم അവരെ പുറത്തു വരുത്തുകയും ചെയ്യും من الظلمات അന്ധകാരങ്ങളിൽ നിന്നു الى النور പ്രകാശത്തിലേക്കു باذنه അവന്റെ അനുമതി (ഉത്തരവു) കൊണ്ടു ويهديهم അവരെ ചേർക്കുക (നയിക്കുക)യും ചെയ്യും الى صراط ഒരു പാതയിലേക്കു مستقيم നേരെയുള്ള, ചൊവ്വായ

ജനങ്ങൾക്കു വിവരിച്ചു കൊടുക്കാതെ വേദഗ്രന്ഥത്തിലെ പല സത്യങ്ങളും വേദക്കാർ ഒളിച്ചുവെച്ചിരുന്നു. പണ്ഡിതൻമാർക്കിടയിലുള്ള രഹസ്യങ്ങളായി മാത്രം അവ അവശേഷിച്ചിരുന്നു. അങ്ങിനെയുള്ള പല രഹസ്യ സത്യങ്ങളും ഖുർആൻ വഴിയും, വഹ്യു മൂലവും നബി (സ) തുറന്നു കാട്ടിയിരുന്നു. ഇതു നബി (സ) യുടെ സത്യതക്കുള്ള തെളിവാണു. വേദഗ്രന്ഥങ്ങളെക്കുറിച്ചു മുൻപരിചയമൊന്നും ഇല്ലാത്ത സ്ഥിതിക്കു അല്ലാഹുവിങ്കൽനിന്നു അറിവു കിട്ടിയല്ലാതെ അവിടുത്തേക്കു അതിനു സാധ്യമല്ലല്ലോ. എന്നാൽ, വേദക്കാർ ഒളിച്ചുവെച്ചു വന്നിരുന്ന കാര്യങ്ങൾ മുഴുവനും നബി (സ) തുറന്നു കാട്ടുകയുണ്ടായില്ല. ആവശ്യവും സന്ദർഭവും അനുസരിച്ചു മാത്രമേ വ്യക്തമാക്കിയിട്ടുള്ളു. മറ്റുള്ളവയെക്കുറിച്ചു മൗനം അവലംബിക്കുകയാണു ചെയ്തിരിക്കുന്നതു. ഇതു അവരെ സംബന്ധിച്ചിടത്തോളം അവർക്കു സിദ്ധിച്ച ഒരു ദാക്ഷിണ്യം കൂടിയാകുന്നു. 'പ്രകാശവും സ്പഷ്ടമായ വേദഗ്രന്ഥവും' എന്നു പറഞ്ഞതു ഖുർആനെയും, അതുമൂലം ലഭിക്കുന്ന വിജ്ഞാന വെളിച്ചത്തെയും ഉദ്ദേശിച്ചാകുന്നു. 'അല്ലാഹുവിന്റെ പ്രീതിയെ പിൻപറ്റുന്നതു' അവന്റെ പ്രീതിയുടെ ഏകമാർഗ്ഗമായ ഇസ്ലാമിക മാർഗ്ഗത്തെ പിൻപറ്റുന്നതു കൊണ്ടുമാകുന്നു.

١٩- لَقَدْ كَفَرَ الَّذِينَ قَالُوا إِنَّ اللَّهَ هُوَ الْمَسِيحُ ابْنُ مَرْيَمَ ۚ قُلْ فَمَن يَمْلِكُ مِنَ اللَّهِ شَيْئًا إِنْ أَرَادَ أَن يُهْلِكَ الْمَسِيحَ ابْنَ مَرْيَمَ وَأُمَّهُ وَمَن فِي الْأَرْضِ جَمِيعًا ۗ وَلِلَّهِ مُلْكُ السَّمَاوَاتِ وَالْأَرْضِ وَمَا بَيْنَهُمَا ۚ يَخْلُقُ مَا يَشَاءُ ۚ وَاللَّهُ عَلَىٰ كُلِّ شَيْءٍ قَدِيرٌ

19. അല്ലാഹു തന്നെയാണു മർയമിന്റെ മകൻ 'മസീഹു' എന്നു പറയുന്നവർ തീർച്ചയായും അവിശ്വസിച്ചിരിക്കുന്നു.

(നബിയേ,) പറയുക: എന്നാൽ, അല്ലാഹുവിങ്കൽ നിന്നു വല്ല കാര്യത്തെയും ആരാണ് സ്വാധീനമാ(ക്കി തടു)ക്കുക? മർയമിന്റെ മകൻ 'മസീഹി'നെയും, അദ്ദേഹത്തിന്റെ ഉമ്മയെയും, ഭൂമിയിലുള്ളവരെ മുഴുവനും നശിപ്പിക്കുവാൻ അവൻ ഉദ്ദേശിച്ചുവെങ്കിൽ!

ആകാശങ്ങളുടെയും, ഭൂമിയുടെയും, അവ രണ്ടിനുമിടയിലുള്ളതിന്റെയും രാജാധിപത്യം അല്ലാഹുവിനത്രെ. അവൻ ഉദ്ദേശിക്കുന്നതു അവൻ സൃഷ്ടിക്കുന്നു.

അല്ലാഹു എല്ലാ കാര്യത്തിനും കഴിവുള്ളവനുമത്രെ.

---

19. لقد كفر തീർച്ചയായും അവിശ്വസിച്ചിട്ടുണ്ടു الذين قالوا പറഞ്ഞവർ ان الله നിശ്ചയമായും അല്ലാഹു هو المسيح അവൻതന്നെ മസീഹു ابن مريم മർയമിന്റെ മകൻ قل പറയുക فمن എന്നാൽ ആർ يملك സ്വാധീനമാക്കും, ഉടമപ്പെടുത്തും من الله അല്ലാഹുവിൽ നിന്നു شيئا വല്ല കാര്യത്തെയും, വല്ല വസ്തുവിനും ان اراد അവൻ ഉദ്ദേശിച്ചാൽ ان يهلك അവൻ നശിപ്പിക്കുവാൻ المسيح മസീഹിനെ ابن مريم മർയമിന്റെ മകൻ وامه അദ്ദേഹത്തിന്റെ ഉമ്മയെ (മാതാവിനെ)യും ومن في الارض ഭൂമിയിലുള്ളവരെയും جميعا മുഴുവൻ ولله അല്ലാഹുവിനാണു ملك السموات ആകാശങ്ങളുടെ രാജാധിപത്യം والارض ഭൂമിയുടെയും وما بينهما രണ്ടിനുമിടയിലുള്ളതിന്റെയും يخلق അവൻ സൃഷ്ടിക്കുന്നു ما يشاء അവൻ ഉദ്ദേശിക്കുന്നതു والله അല്ലാഹു على كل شيء എല്ലാ കാര്യത്തിനും قدير കഴിവുള്ളവനാണു

ഈസാ (അ) ദൈവം തന്നെയാണു—അഥവാ ദൈവം മനുഷ്യരൂപത്തിൽ അവതരിച്ചതാണു—എന്നും, ത്രിയേകദൈവങ്ങളിൽ ഒന്നാണദ്ദേഹം എന്നുമൊക്കെയാണു ക്രിസ്ത്യാനികളുടെ വാദങ്ങൾ. ഇതിൽ ആദ്യത്തെ വാദക്കാരെപ്പറ്റിയാണു ഈ വചനത്തിൽ പ്രസ്താവിക്കുന്നത്. മറ്റവരെപ്പറ്റി 76-ാം വചനത്തിൽ പ്രസ്താവിക്കുന്നുണ്ട്. അദ്ദേഹത്തെയും, അദ്ദേഹത്തിന്റെ മാതാവായ മർയമിനെയും, എന്നു വേണ്ട, ഭൂമിയിലുള്ളവരെ മുഴുവനും തന്നെ നശിപ്പിക്കുവാൻ അല്ലാഹു ഉദ്ദേശിക്കുകയാണെങ്കിൽ അതിൽ നിന്നു ആരെയെങ്കിലും ഏതെങ്കിലും വിധേന തടയുവാനോ, രക്ഷപ്പെടുത്തുവാനോ കഴിവും സ്വാധീനവുമുള്ള ഒരാളും പോലുമില്ല. അഖിലാണ്ഡ വസ്തുക്കളും അവന്റെ ഉടമസ്ഥതയിലും അധികാരത്തിലും പെരുമാറ്റത്തിലും നിലകൊള്ളുന്നവയാണ്. അവൻ ഉദ്ദേശിക്കുന്നതു എന്തും തന്നെ അവൻ സൃഷ്ടിക്കും. ആർക്കും അതിൽ പങ്കൊന്നുമില്ല. ഈസാ (അ)നെ പിതാവില്ലാതെ സൃഷ്ടിച്ചതും അവൻ തന്നെ. അവന്റെ കഴിവിൽ പെടാത്ത ഒരു കാര്യവുമില്ല. ഈ യാഥാർത്ഥ്യങ്ങൾ ഓരോന്നും, തന്നെ, മറ്റുള്ളവരെയും പോലെ ഈസാ (അ) നബിയും അല്ലാഹുവിന്റെ സൃഷ്ടിയും ഉടമയുമാണെന്നും, അദ്ദേഹം ദൈവമായിരിക്കുവാൻ നിവൃത്തിയില്ലെന്നും അല്ലാഹുവിന്റെ രക്ഷയല്ലാതെ അദ്ദേഹത്തിനും രക്ഷയില്ലെന്നും സ്ഥാപിക്കുന്നു.

٢٠- وَقَالَتِ الْيَهُودُ وَالنَّصَارَىٰ نَحْنُ أَبْنَاءُ اللَّهِ وَأَحِبَّاؤُهُ ۚ

20. യഹൂദികളും, നസ്രാണി [ക്രിസ്ത്യാനി] കളും പറയുന്നു: 'ഞങ്ങൾ അല്ലാഹുവിന്റെ മക്കളും അവന്റെ ഇഷ്ടക്കാരുമാകുന്നു' എന്നു!

قُلْ فَلِمَ يُعَذِّبُكُم بِذُنُوبِكُم ۖ بَلْ أَنتُم بَشَرٌ مِّمَّنْ خَلَقَ ۚ

പറയുക: എന്നാൽ (പിന്നെ), എന്തിനാണു നിങ്ങളുടെ പാപങ്ങൾ നിമിത്തം നിങ്ങളെ അവൻ ശിക്ഷിക്കുന്നത്?! പക്ഷേ, അവൻ സൃഷ്ടിച്ചവരിൽ പെട്ട മനുഷ്യരത്രെ നിങ്ങൾ.

يَغْفِرُ لِمَن يَشَاءُ وَيُعَذِّبُ مَن يَشَاءُ ۚ وَلِلَّهِ مُلْكُ السَّمَاوَاتِ وَالْأَرْضِ وَمَا بَيْنَهُمَا ۖ

അവൻ ഉദ്ദേശിക്കുന്നവർക്കു അവൻ പൊറുത്തുകൊടുക്കും; അവൻ ഉദ്ദേശിക്കുന്നവരെ അവൻ ശിക്ഷിക്കുകയും ചെയ്യും. ആകാശങ്ങളുടെയും, ഭൂമിയുടെയും, അവ രണ്ടിനുമിടയിലുള്ളതിന്റെയും രാജാധിപത്യം അല്ലാഹുവിനത്രെ.

وَإِلَيْهِ الْمَصِيرُ

അവനിലേക്കു തന്നെയാണു തിരിച്ചു വരവും.

---

20. وَقَالَتْ പറഞ്ഞു, പറയുന്നു الْيَهُودُ യഹൂദികൾ وَالنَّصَارَىٰ നസ്വാറാ (ക്രിസ്ത്യാനി)കളും نَحْنُ ഞങ്ങൾ,നാം أَبْنَاءُ اللَّهِ അല്ലാഹുവിന്റെ പുത്രന്മാരാണു (മക്കളാണു) وَأَحِبَّاؤُهُ അവന്റെ ഇഷ്ടക്കാരും, സ്നേഹിതരും قُلْ فَلِمَ പറയുക എന്നാൽ എന്തിനാണു يُعَذِّبُكُم അവൻ നിങ്ങളെ ശിക്ഷിക്കുന്നു بِذُنُوبِكُم നിങ്ങളുടെ പാപങ്ങൾ നിമിത്തം بَلْ أَنتُم പക്ഷെ (എങ്കിലും—എന്നാൽ) നിങ്ങൾ بَشَرٌ മനുഷ്യരാണു مِّمَّنْ خَلَقَ അവൻ സൃഷ്ടിച്ചവരിൽപെട്ട يَغْفِرُ അവൻ പൊറുക്കും لِمَن يَشَاءُ അവൻ ഉദ്ദേശിക്കുന്നവർക്കു وَيُعَذِّبُ അവൻ ശിക്ഷിക്കുകയും ചെയ്യും مَن يَشَاءُ അവൻ ഉദ്ദേശിക്കുന്നവരെ وَلِلَّهِ അല്ലാഹുവിനാണു مُلْكُ രാജത്വം, ആധിപത്യം السَّمَاوَاتِ ആകാശങ്ങളുടെ وَالْأَرْضِ ഭൂമിയുടെയും وَمَا بَيْنَهُمَا അവ രണ്ടിനുമിടയിലുള്ളതിന്റെയും وَإِلَيْهِ അവനിലേക്കുതന്നെ الْمَصِيرُ തിരിച്ചെത്തൽ, മടക്കം, കലാശം.

ഞങ്ങൾ അല്ലാഹുവിന്റെ മക്കളും ഇഷ്ടക്കാരുമാണ്, അഥവാ പ്രിയപ്പെട്ടവരും [illegible] ഞങ്ങളുടെ [illegible]. ഞങ്ങൾ പാപം ചെയ്താലും അവൻ ഞങ്ങൾക്കു പൊറുത്തു തരും എന്നിങ്ങിനെയുള്ള വാദക്കാരുടെ [illegible] മറുപടിയാണിത്. നിങ്ങൾ പാപം ചെയ്താൽ നിങ്ങളെ ശിക്ഷിക്കുമെന്നു നിങ്ങളുടെ വേദഗ്രന്ഥത്തിൽ പറയുന്നു, ഏതാനും ദിവസങ്ങളിൽ നിങ്ങൾക്കു നരകശിക്ഷയുണ്ടാകുമെന്നു നിങ്ങളും സമ്മതിക്കുന്നു. (2: 80.) ഈ ലോകത്തുവെച്ചു പല ശിക്ഷകൾക്കും പരീക്ഷണങ്ങൾക്കും നിങ്ങൾ പാത്രമായിട്ടുമുണ്ട്. അങ്ങിനെയാണെങ്കിൽ, ഇതൊന്നും ഉണ്ടാവാൻ പാടില്ലല്ലോ. പക്ഷെ, വാസ്തവം അതൊന്നുമല്ല. എല്ലാവരെയുംപോലെയുള്ള മനുഷ്യ സൃഷ്ടികൾ തന്നെയാണു നിങ്ങളും. എല്ലാവരെയും പോലെ നിങ്ങളും അവന്റെ അടുക്കലേക്കു തന്നെ മടങ്ങിച്ചെല്ലുകയും ചെയ്യും. അപ്പോൾ, മറ്റുള്ളവരെപ്പോലെ നിങ്ങളുടെ പേരിലും അവൻ കർമ്മാനുസൃതമുള്ള നടപടി എടുക്കുക തന്നെ ചെയ്യും. എല്ലാവരും അല്ലാഹുവിന്റെ അടിമകളും ഉടമകളുമാകുന്നു. നിങ്ങൾക്കായി ഒരു പ്രത്യേക സ്ഥാനമോ നടപടിക്രമമോ ഇല്ല എന്നാണു മറുപടിയുടെ സാരം.

ഈസാ (അ) നെപ്പറ്റി ക്രിസ്ത്യാനികൾ അല്ലാഹുവിന്റെ മകൻ എന്നു പറയുന്ന അതേ അർത്ഥത്തിലല്ല തങ്ങൾ അല്ലാഹുവിന്റെ മക്കളാണെന്നു അവർ പറയുന്നത്. ഇസ്രാഈല്യരുടെ [illegible] യഅ്ഖൂബ് (അ) നെക്കുറിച്ച് 'എന്റെ പുത്രൻ' എന്നു തങ്ങളുടെ വേദഗ്രന്ഥത്തിൽ പ്രസ്താവിച്ചിട്ടുണ്ടെന്നും, അതുകൊണ്ടു അദ്ദേഹത്തിന്റെ സന്തതികളായ തങ്ങൾ അല്ലാഹുവിന്റെ പുത്രപൗത്രന്മാരാണെന്നുമാണ് അവർ പറയുന്നത്. ശാരീരികമായ മക്കൾ എന്ന അർത്ഥത്തിലല്ല—ആത്മീയമായ മക്കൾ എന്ന അർത്ഥത്തിലാണ്—തങ്ങൾ ഇതു പറയുന്നതെന്നു അവർ ഇതിനു വ്യാഖ്യാനവും നൽകും. അതോടുകൂടി, ആ സ്ഥാനത്തിൽ തങ്ങൾക്കു അല്ലാഹുവിന്റെ ശിക്ഷയെപ്പറ്റി ഭയപ്പെടേണ്ടതായിട്ടില്ല എന്നും അവർ വാദിക്കും. അതുകൊണ്ടാണ് 'എന്നാൽ പിന്നെ എന്തിനാണു അല്ലാഹു നിങ്ങളുടെ പാപങ്ങൾ നിമിത്തം നിങ്ങളെ ശിക്ഷിക്കുന്നതു? (فَلِمَ يُعَذِّبُكُم) എന്നു അവരോടു ചോദിക്കുന്നത്. യഅ്ഖൂബ് (അ)നെ സംബന്ധിച്ചും, ഈസാ (അ)നെ സംബന്ധിച്ചും [illegible] 'പുത്രൻ' എന്നുള്ള സംബോധനയോ വിശേഷണമോ യഥാർത്ഥത്തിൽ ഉണ്ടെന്നു വന്നാൽ തന്നെയും അതു ഒരു [illegible] അർത്ഥത്തിലല്ലാതെ-സാങ്കേതികമായ അർത്ഥത്തിൽ—ആയിരിക്കുക തീർച്ചയാണ്. നിലവിലുള്ള ബൈബിളിൽ തന്നെയും

ഇതിനു പല ഉദാഹരണങ്ങളും നിലവിലുണ്ട്. (*) ഒന്നു മാത്രം ഇവിടെ ഉദ്ധരിക്കാം: '...ഹൃദയശുദ്ധിയുള്ളവര്‍ ഭാഗ്യവാന്മാര്‍. അവര്‍ ദൈവത്തെ കാണും. സമാധാനം ഉണ്ടാക്കുന്നവര്‍ ഭാഗ്യവാന്മാര്‍. അവര്‍ ദൈവത്തിന്റെ പുത്രന്മാര്‍ എന്നു വിളിക്കപ്പെടും.' (മത്തായി 5: 8, 9.)

٢١- يَا أَهْلَ الْكِتَابِ قَدْ جَاءَكُمْ رَسُولُنَا يُبَيِّنُ لَكُمْ عَلَىٰ فَتْرَةٍ مِّنَ الرُّسُلِ أَن تَقُولُوا مَا جَاءَنَا مِن بَشِيرٍ وَلَا نَذِيرٍ

21. വേദക്കാരേ, റസൂലുകളില്‍ നിന്നുള്ള ഒരു വിടവു ഘട്ടത്തില്‍ നിങ്ങള്‍ക്കു (കാര്യം) വിവരിച്ചു തന്നുകൊണ്ടു നമ്മുടെ റസൂല്‍ (ഇതാ) നിങ്ങള്‍ക്കു വന്നു കഴിഞ്ഞിരിക്കുന്നു; (അതെ) ഒരു സന്തോഷവാര്‍ത്ത അറിയിക്കുന്നവനാകട്ടെ, താക്കീതു നല്‍കുന്നവനാകട്ടെ ഞങ്ങള്‍ക്കു വന്നിട്ടില്ലെന്നു നിങ്ങള്‍ പറയുമെന്നതിനാല്‍. [അങ്ങിനെ പറയാതിരിക്കുവാന്‍ വേണ്ടിയാണതു.]

فَقَدْ جَاءَكُم بَشِيرٌ وَنَذِيرٌ وَاللَّهُ عَلَىٰ كُلِّ شَيْءٍ قَدِيرٌ

എന്നാല്‍, സന്തോഷവാര്‍ത്ത അറിയിക്കുന്നവനും, താക്കീതുകാരനും നിങ്ങള്‍ക്കു (ഇതാ) വന്നു കഴിഞ്ഞു.

അല്ലാഹു എല്ലാ കാര്യത്തിനും കഴിവുള്ളവനുമാകുന്നു.

---

21. يَا أَهْلَ الْكِتَابِ വേദക്കാരേ قَدْ جَاءَكُمْ നിങ്ങള്‍ക്കു വന്നിട്ടുണ്ട്, വന്നു കഴിഞ്ഞു رَسُولُنَا നമ്മുടെ റസൂല്‍ يُبَيِّنُ لَكُمْ നിങ്ങള്‍ക്കു വിവരിച്ചു തന്നുകൊണ്ടു عَلَىٰ فَتْرَةٍ ഒരു വിടവിലായി, ഇടമുറിവില്‍ مِّنَ الرُّسُلِ റസൂലുകളില്‍നിന്നു, റസൂലുകളുടെ أَن تَقُولُوا നിങ്ങള്‍ പറയുമെന്നതിനാല്‍ مَا جَاءَنَا ഞങ്ങള്‍ക്കു വന്നിട്ടില്ല مِن بَشِيرٍ ഒരു സന്തോഷ വാര്‍ത്ത അറിയിക്കുന്നവനും وَلَا نَذِيرٍ ഒരു താക്കീതുകാരനുമില്ല فَقَدْ جَاءَكُم എന്നാല്‍ നിങ്ങള്‍ക്കു വന്നുകഴിഞ്ഞു, വന്നിട്ടുണ്ട് بَشِيرٌ സന്തോഷവാര്‍ത്ത അറിയിക്കുന്നവന്‍ وَنَذِيرٌ താക്കീതുകാരനും وَاللَّهُ അല്ലാഹു عَلَىٰ كُلِّ شَيْءٍ എല്ലാ കാര്യത്തിനും قَدِيرٌ കഴിവുള്ളവനാണു

അടുത്ത വചനത്തില്‍ നിന്നു മനസ്സിലാക്കാവുന്നതുപോലെ, ഈസാ (അ) നബി വരെയുള്ള കാലഘട്ടങ്ങളില്‍ ഇസ്രാഈല്യരില്‍ വളരെയധികം നബിമാരും റസൂലുകളും കഴിഞ്ഞുപോയിട്ടുണ്ട്. ചിലപ്പോഴും ഒരേ കാലത്തുതന്നെ ഒന്നിലധികം പ്രവാചകന്മാര്‍ അവരില്‍ ഉണ്ടായിരുന്നു. ഈസാ (അ)ക്കുശേഷം അന്ത്യപ്രവാചകനായ മുഹമ്മദു (സ) തിരുമേനിയല്ലാതെ മറ്റൊരു റസൂലും ഉണ്ടായിട്ടില്ല. റസൂലുകളില്‍ നിന്നുള്ള ഒരു വിടവുകാലത്തു (فترة) നമ്മുടെ റസൂല്‍ വന്നു എന്നു പറഞ്ഞതു അതുകൊണ്ടാണ്. ഈ കാലയളവു ഏതാണ്ടു 600 കൊല്ലമായിരുന്നു. നിങ്ങളുടെ വേദഗ്രന്ഥവും പ്രവാചകന്മാരുടെ വിജ്ഞാന പാരമ്പര്യവും ഉണ്ടായിരുന്നു. എന്നാലും, ഞങ്ങള്‍ക്കു വേണ്ടുന്ന ഉപദേശങ്ങളും താക്കീതുകളും നല്‍കുവാന്‍ ഒരു റസൂലും വരാത്തതുകൊണ്ടാണ് ഞങ്ങള്‍ പിഴച്ചുപോയതെന്നു നിങ്ങള്‍ പറഞ്ഞേക്കുവാന്‍ ഇടയുണ്ട്. അതിനവസരം ഉണ്ടാകാതിരിക്കുവാന്‍ വേണ്ടി ഇതാ നിങ്ങളിലേക്കു നമ്മുടെ റസൂല്‍ വന്നു കഴിഞ്ഞിരിക്കുന്നു. ഇനി, അദ്ദേഹത്തിന്റെ മാര്‍ഗ്ഗനിര്‍ദ്ദേശങ്ങളെ പിന്‍പറ്റി നടക്കുകയേ നിങ്ങള്‍ക്കു നിവൃത്തിയുള്ളൂ. അതിനെയും ഒഴികഴിവുകളൊന്നും ഇനി ബാക്കിയില്ല എന്നാണ് അല്ലാഹു പറഞ്ഞതിന്റെ താല്‍പര്യം.

റസൂലുകളുടെ പ്രബോധനത്തിന്റെ രണ്ടു പ്രധാന വശങ്ങളാണല്ലോ സന്മാര്‍ഗ്ഗം സ്വീകരിക്കുന്നവര്‍ക്കു അല്ലാഹുവിങ്കല്‍ നിന്നുള്ള പ്രതിഫലത്തെക്കുറിച്ചു സന്തോഷവാര്‍ത്ത അറിയിക്കലും, ദുര്‍മ്മാര്‍ഗ്ഗം സ്വീകരിക്കുന്നവര്‍ക്കു അവന്റെ ശിക്ഷയെക്കുറിച്ചു താക്കീതു നല്‍കലും. അതാണു പ്രവാചകന്മാരെപ്പറ്റി بشير (സന്തോഷവാര്‍ത്ത

(*) ഉദാഹരണങ്ങളും മറ്റും വേദപുസ്തക നിഘണ്ടു ഉദ്ധരിച്ചു കാണാം. 'പുത്രന്‍, മകന്‍' എന്നീ പദങ്ങള്‍ പല അര്‍ത്ഥങ്ങളിലും ഉപയോഗിക്കപ്പെടാറുണ്ടെന്നും കൂട്ടത്തില്‍ 'പ്രിയപ്പെട്ടവന്‍ എളിയവനെ മകന്‍ എന്നു പറയാറുണ്ട്' എന്നും അതില്‍ വ്യക്തമാക്കിയിരിക്കുന്നു. (പേ. 240 നോക്കുക)

അറിയിക്കുന്നവന്) എന്നും. بشير (സന്തോഷവാർത്ത–അഥവാ മുന്നറിയിപ്പു–നൽകുന്നവൻ) എന്നും ഖുർആനിൽ പലപ്പോഴും പറഞ്ഞു കാണുവാൻ കാരണം.

വിഭാഗം-4

٢٢- وَإِذْ قَالَ مُوسَىٰ لِقَوْمِهِ يَٰقَوْمِ ٱذْكُرُوا۟ نِعْمَةَ ٱللَّهِ عَلَيْكُمْ إِذْ جَعَلَ فِيكُمْ أَنۢبِيَآءَ وَجَعَلَكُم مُّلُوكًا وَءَاتَىٰكُم مَّا لَمْ يُؤْتِ أَحَدًا مِّنَ ٱلْعَٰلَمِينَ ○

22. മൂസാ തന്റെ ജനതയോടു പറഞ്ഞ സന്ദർഭം (ഓർക്കുക): 'എന്റെ ജനങ്ങളെ, നിങ്ങൾക്കു അല്ലാഹു ചെയ്ത അനുഗ്രഹത്തെ നിങ്ങൾ ഓർക്കുവിൻ: നിങ്ങളിൽ അവൻ (പല) നബിമാരെ ഏർപ്പെടുത്തുകയും, നിങ്ങളെ അവൻ രാജാക്കളാക്കുകയും ചെയ്തിരിക്കെ; ലോകരിൽ നിന്നു ഒരാൾക്കും നൽകിയിട്ടില്ലാത്തതു നിങ്ങൾക്കു അവൻ നൽകുകയും ചെയ്തിരിക്കുന്നു (എന്നിരിക്കെ).

٢٣- يَٰقَوْمِ ٱدْخُلُوا۟ ٱلْأَرْضَ ٱلْمُقَدَّسَةَ ٱلَّتِى كَتَبَ ٱللَّهُ لَكُمْ وَلَا تَرْتَدُّوا۟ عَلَىٰٓ أَدْبَارِكُمْ فَتَنقَلِبُوا۟ خَٰسِرِينَ ○

23. 'എന്റെ ജനങ്ങളെ, നിങ്ങൾക്കു അല്ലാഹു നിശ്ചയിച്ചു (രേഖപ്പെടുത്തി) തന്നതായ (ആ) പരിശുദ്ധ ഭൂമിയിൽ നിങ്ങൾ പ്രവേശിക്കുവിൻ; നിങ്ങൾ പിന്നോക്കം മടങ്ങിപ്പോരുകയും ചെയ്യരുതു; എന്നാൽ, നിങ്ങൾ നഷ്ടക്കാരായി മാറുന്നതാണ്'

---

22. إذ قال പറഞ്ഞ സന്ദർഭം موسى മൂസാ لقومه തന്റെ ജനതയോടു يقوم എന്റെ ജനങ്ങളെ اذكروا നിങ്ങൾ ഓർക്കുവിൻ نعمة الله അല്ലാഹുവിന്റെ (അല്ലാഹു ചെയ്ത) അനുഗ്രഹം عليكم നിങ്ങളുടെ മേൽ, നിങ്ങൾക്കു إذ جعل അവൻ ഏർപ്പെടുത്തിയിരിക്കെ, ആക്കിയതിനാൽ فيكم നിങ്ങളിൽ انبياء നബിമാരെ وجعلكم നിങ്ങളെ ആക്കുകയും ملوكا രാജാക്കൾ وآتاكم നിങ്ങൾക്കവൻ നൽകുകയും ما لم يؤت അവൻ നൽകിയിട്ടില്ലാത്തതു احدا ഒരാൾക്കും من العالمين ലോകരിൽനിന്നു 23. يقوم എന്റെ ജനങ്ങളെ ادخلوا പ്രവേശിക്കുവിൻ الأرض (ആ) ഭൂമിയിൽ المقدسة പരിശുദ്ധമാക്കപ്പെട്ട, വിശുദ്ധ التي كتب നിശ്ചയിച്ച (രേഖപ്പെടുത്തിയ-നിയമിച്ച)തായ الله അല്ലാഹു لكم നിങ്ങൾക്കു ولا ترتدوا നിങ്ങൾ മടങ്ങുകയും അരുതു على ادباركم നിങ്ങളുടെ പിൻഭാഗങ്ങളിലായി (പിന്നോക്കം) فتنقلبوا എന്നാൽ നിങ്ങൾ മറിയും, മാറും (ആയിത്തീരും) خاسرين നഷ്ടക്കാരായി

ലോകത്തു ഇതരസമുദായങ്ങളെ അപേക്ഷിച്ച് ഏററവും സംസ്കാര സമ്പന്നരും പരിഷ്കൃതരുമായിരുന്നു ഇസ്രാഈൽ ജനത. അതേ സമയത്ത് അനുസരണക്കേടിന്റെയും ധിക്കാരത്തിന്റെയും ഒരു നീണ്ട പാരമ്പര്യവും അവർക്കുണ്ട്. മൂസാ (അ) അവർക്കു നൽകിയ സദുപദേശങ്ങൾ, താക്കീതുകൾ, ശാസനങ്ങൾ, നിർദ്ദേശങ്ങൾ ആദിയായവയെപ്പററി ഖുർആനിൽ വളരെയധികം സ്ഥലങ്ങളിൽ വിവരിച്ചു കാണാം. ബൈബ്ൾ പരിശോധിച്ചാൽ അവയുടെ ആധിക്യം കണ്ടു നാം വിസ്മയിച്ചു പോകും. ആ പ്രവാചക വര്യൻ അവർക്കു നൽകിയ ചില ഉപദേശങ്ങളാണ് ഈ വചനങ്ങളിലുള്ളത്. എത്ര ഹൃദയസ്പൃക്കായ ശൈലിയിലാണു അദ്ദേഹം അവരെ അഭിമുഖീകരിക്കുന്നതെന്നു നോക്കുക! താഴെ കാണാവുന്ന പ്രകാരം, അവർക്കു വാഗ്ദാനം ചെയ്യപ്പെട്ടിരുന്ന ഫലസ്തീൻ ഭൂമിയിലെ ശത്രുക്കളുമായി സമരം നടത്തി മുന്നോട്ടു നീങ്ങുവാൻ അവർ വിസമ്മതിച്ചുകൊണ്ടിരുന്ന അവസരത്തിലാണ് ഈ ഉപദേശങ്ങൾ അദ്ദേഹം നൽകുന്നത്. ആദ്യം അല്ലാഹു അവർക്കു ചെയ്തുകൊടുത്ത അനുഗ്രഹങ്ങളെ മൊത്തത്തിലും, ചിലതിനെപ്പററി പ്രത്യേകവും അനുസ്മരിപ്പിച്ചുകൊണ്ടാണു അദ്ദേഹം അവരെ ഉപദേശിക്കുന്നത്. നിങ്ങൾ നന്ദിയും അനുസരണവും കാണിക്കുന്ന പക്ഷം മേലിലും അല്ലാഹു നിങ്ങളെ അനുഗ്രഹിച്ചുകൊണ്ടിരിക്കുമെന്നും ഇല്ലാത്തപക്ഷം നിങ്ങൾ നന്ദികെട്ടവരായി നാശമടയുകയും ചെയ്യുമെന്നും അദ്ദേഹം അവരെ ഓർമ്മിപ്പിച്ചു.

മൂന്നു കാര്യങ്ങളാണ് മൂസാ (അ) നബി പ്രത്യേകം അവരെ ഓർമ്മിപ്പിക്കുന്നത്. (1) നിങ്ങളിൽ അല്ലാഹു പല നബിമാരെയും നിയോഗിക്കുകയുണ്ടായിട്ടുണ്ടെന്ന്. ഇസ്രാഈല്യരുടെ ഗോത്രപിതാവായ യഅ്ക്കൂബ് (അ) നബി മുതൽ മൂസാ (അ) നബിവരെയും, ഇടക്കിടെ അവർക്കു മാർഗ്ഗദർശികളായ പ്രവാചകൻമാർ അവരിൽ ഉണ്ടായിക്കൊണ്ടിരുന്നിട്ടുണ്ട്. ആ നിലക്ക് അവർ വളരെ അച്ചടക്കവും അനുസരണവും ഉള്ളവരായിരിക്കേണ്ടതുണ്ടല്ലോ. അക്കാര്യമാണ് ഓർമ്മിപ്പിച്ചത്. അദ്ദേഹത്തിന് ശേഷവും ധാരാളക്കണക്കിൽ പ്രവാചകൻമാർ അവരിൽ ഉണ്ടായിട്ടുണ്ട്. (2) നിങ്ങളെ അവൻ രാജാക്കളാക്കിയിരിക്കുന്നുവെന്ന്. നിങ്ങളിൽ രാജാക്കളെ ഏർപ്പെടുത്തി എന്നല്ല—നിങ്ങളെ രാജാക്കളാക്കി എന്നാണു—അല്ലാഹു പറഞ്ഞ വാക്ക്. എല്ലാവരും രാജാക്കളല്ലെന്നുള്ളതിനാൽ ഇവിടെ രാജാക്കൾ (ملوك) എന്ന വാക്കിനു ഒന്നിലധികം വ്യാഖ്യാനം നൽകപ്പെട്ടു കാണാം.

മുമ്പു നിങ്ങൾ ഫിർഔന്റെ കീഴിൽ അടിമകളും പാരതന്ത്ര്യമുള്ളവരുമായിരുന്നു. ഇപ്പോൾ നിങ്ങൾ സ്വതന്ത്രരും പാരതന്ത്ര്യമില്ലാത്തവരുമായിരിക്കുന്നുവെന്നാണ് ഒരു വ്യാഖ്യാനം. അതതു കാലത്തുണ്ടായിരുന്ന നബിമാരുടെയും റസൂലുകളുടെയും കയ്യിലായിരുന്നു അതതു കാലത്തെ സമുദായ നേതൃത്വവും സ്ഥിതി ചെയ്തിരുന്നത്. അതു കൊണ്ടു ആ പ്രവാചകൻമാരെയും റസൂലുകളെയും ഉദ്ദേശിച്ചുതന്നെയാണു രാജാക്കൾ എന്നും പറഞ്ഞിരിക്കുന്നതു എന്നത്രെ മറ്റൊരഭിപ്രായം. മൂസാ (അ) നബിക്ക് മുമ്പ് അവരിൽ ചില രാജാക്കൾ ഉണ്ടായിട്ടുണ്ടെന്നും, അവരെ ഉദ്ദേശിച്ചാണു രാജാക്കളെന്നു പറഞ്ഞതെന്നും വേറെയും അഭിപ്രായമുണ്ട്. പരാശ്രയം കൂടാതെ സ്വയം ജീവിതം നയിക്കുവാൻ ആവശ്യമായ മാർഗ്ഗങ്ങളും, ഉദ്യോഗക്കാർ, ഭൃത്യൻമാർ മുതലായ സൗകര്യങ്ങളും ലഭിച്ചവർ എന്ന അർത്ഥത്തിലാണു രാജാക്കൾ എന്നു പറഞ്ഞിരിക്കുന്നതെന്നു നാലാമതൊരഭിപ്രായവും ഉണ്ട്. ഒരു പക്ഷെ, ഇവയിൽ ചിലതോ, എല്ലാംകൂടിയോ ആയിരിക്കാം ഇവിടെ ഉദ്ദേശ്യമെന്നു പറയുവാനും ന്യായം കാണുന്നുണ്ടു. والله اعلم

(3) ലോകരിൽ മറ്റാർക്കും നൽകിയിട്ടില്ലാത്ത പല നൻമകളും നിങ്ങൾക്കു അല്ലാഹു നൽകിയിട്ടുണ്ടെന്ന്. മത-സംസ്കാര-നാഗരിക തുറകളിലെല്ലാം മറ്റു സമുദായത്തെക്കാളും മികച്ചു നിന്നിരുന്ന സമുദായമായിരുന്നു ഇസ്രാഈൽ സമുദായം. കൻആനിൽ ഇബ്രാഹീം (അ) നബിയുടെ കാലം മുതൽ ഈജിപ്തിൽ യൂസുഫ് (അ) നബിയുടെ കാലം കഴിയുന്നതുവരെ അതു നിലനിന്നു. അദ്ദേഹത്തിനു ശേഷം ക്രമേണ അവരുടെ പഴയ പ്രതാപവും പ്രശസ്തിയും നശിച്ചു കൊണ്ടിരുന്നു. പിന്നീടു മൂസാ (അ) നബിയുടെ കൈക്ക് അവർ തങ്ങളുടെ പഴയ പേരും യശസ്സും വീണ്ടെടുത്തുകൊണ്ടിരിക്കുകയാണ്. മറ്റൊരു സമുദായത്തിനും കണ്ടെത്തുവാൻ കഴിയാത്ത എത്രയോ ദൃഷ്ടാന്തങ്ങളും അത്ഭുതങ്ങളും കണ്ടവരാണവർ. പ്രവാചകത്വ ശൃംഖല മുറിഞ്ഞു പോകാതിരുന്നതു ഇതിനെല്ലാം മകുടം ചാർത്തുകയും ചെയ്യുന്നു. ഇതെല്ലാമായിരിക്കും ഇവിടെ ഉദ്ദേശ്യമെന്ന സാമാന്യമായി പറയാം. എന്നാലും, അക്കാലത്തെ സമുദായങ്ങളെ അപേക്ഷിച്ചു അവർക്കു പ്രത്യേകമായി ലഭിച്ചിട്ടുള്ള അനുഗ്രഹങ്ങളെയും സ്ഥാനമാനങ്ങളെയും ഉദ്ദേശിച്ചു കൊണ്ടാണു മറ്റാർക്കും നൽകാത്തതു നിങ്ങൾക്കു അല്ലാഹു നൽകിയിരിക്കുന്നുവെന്നു പറഞ്ഞത്.

ഇബ്രാഹീം (അ) നബിയുടെ സ്വദേശമായിരുന്ന ഇറാഖിൽ നിന്നു ഹിജ്റ പോന്നു അദ്ദേഹം ഫലസ്തീനിലെ ബൈത്തുൽ മുഖദ്ദസിൽ താമസമാക്കി. അവിടെ വെച്ചാണു അദ്ദേഹം കലേശതി പ്രാപിച്ചതും. അങ്ങിനെ, അദ്ദേഹത്തിന്റെ കുടുംബം ആ ദേശക്കാരായിത്തീർന്നു. കുറെ കഴിഞ്ഞപ്പോൾ, സൂറത്തു യൂസുഫിൽ അല്ലാഹു വിവരിച്ച സുപ്രസിദ്ധ സംഭവങ്ങളെത്തുടർന്ന് യൂസുഫ് (അ) നബി ഈജിപ്തിലെ ഒരു ഭരണാധികാരിയായിത്തീർന്നതോടെ അദ്ദേഹത്തിന്റെ പിതാവും ഇബ്രാഹീം (അ) നബിയുടെ പൗത്രനുമായ യഅ്ക്കൂബ് (അ) നബി കുടുംബസമേതം ഈജിപ്തിലേക്ക് താമസം മാറി. മുമ്പു സൂചിപ്പിച്ചപോലെ, ആ കുടുംബത്തിനുണ്ടായിരുന്ന പേരും പ്രശസ്തിയും ക്രമേണ നാമാവശേഷമായിത്തീർന്നു. ഒടുക്കം അവർ കിബ്ത്തി (قبط) വർഗ്ഗക്കാരായ ഫറോവാ രാജാക്കളുടെ ഭരണത്തിൽ കീഴിൽ ഒരു അടിമ വർഗ്ഗമായിത്തീർന്നു. അങ്ങിനെയിരിക്കെയാണു—ഏതാണ്ടു നാനൂറു കൊല്ലങ്ങൾക്കുശേഷം മൂസാ (അ) നബിയൊന്നിച്ചു ചെങ്കടൽ കടന്ന് ഫിർഔനിൽ നിന്നു അവർ രക്ഷപ്പെട്ടത്. അവരുടെ പിതൃദേശമായ ഫലസ്തീൻ പ്രദേശം അവർക്കു വീണ്ടും വാസസ്ഥലമായി ലഭിക്കുമെന്നു മൂസാ (അ) മുഖാന്തരം അവർക്കു വാഗ്ദാനം ചെയ്യപ്പെട്ടിരുന്നു. യഅ്ക്കൂബ് (അ) നബി മുതൽക്കേ ഈ വാഗ്ദാനം നിലവിലുണ്ടായിരുന്നുവെന്നും പറയപ്പെട്ടിട്ടുണ്ട്.

ഇസ്രാഈല്യർ ഈജിപ്തു വിട്ട് സീനാ മരുഭൂമിയിൽ വന്നു താവളമടിച്ചിരുന്ന കാലത്താണു അവർക്കു അല്ലാഹു നൽകിയ അനുഗ്രഹങ്ങളെ ഓർമ്മിപ്പിച്ചുകൊണ്ടു മൂസാ (അ) അവരോടു: ജനങ്ങളേ, അല്ലാഹു നിങ്ങൾക്കു നിശ്ചയിച്ചു തന്ന ആ പരിശുദ്ധ ഭൂമിയിൽ പ്രവേശിച്ചുകൊള്ളുവിൻ (ادخلوا الأرض المقدسة ...) എന്നു പറയുന്നത്. പക്ഷെ, വേഗത്തിലങ്ങു കടന്നുചെന്നു കുടിയിരിക്കുവാൻ സാധ്യമല്ലാത്ത പരിതഃസ്ഥിതിയായിരുന്നു

ഭൂമിയെയുദ്ദേശിച്ചാണ്. അവിടെ അമാലിഖ വർഗ്ഗക്കാർ (عمالقة–അമലേക്യർ) കുടിയേറിയിരിക്കുകയാണ്. അവരാകട്ടെ, ബഹുമല്ലന്മാരും അതികായന്മാരും ശക്തരുമായിരുന്നു. അവരോടു സമരം നടത്തി വിജയിച്ചിട്ടല്ലാതെ ഇസ്രാഈല്യർക്കവിടെ പ്രവേശം ലഭിക്കുവാൻ [illegible]. ഇസ്രാഈല്യരാകട്ടെ—അവരുടെ ഭീരുത്വവും [illegible] അനുസരണക്കേടും നിമിത്തം—അതിനു തയ്യാറുമില്ല. അതുകൊണ്ടാണ് അദ്ദേഹം നിങ്ങൾ പിന്നാക്കം തിരിഞ്ഞുപോകരുതെന്നും, പിന്നാക്കം വെച്ചാൽ നിങ്ങൾ നഷ്ടക്കാരായിത്തീരുമെന്നും (وَلَا تَرْتَدُّوا عَلَىٰ أَدْبَارِكُمْ...) പറയുന്നത്. അദ്ദേഹത്തിന്റെ ഈ ഉപദേശത്തിനു അവരിൽ നിന്നുണ്ടായ പ്രതികരണം ഇതായിരുന്നു:–

24. അവർ പറഞ്ഞു: 'മൂസാ, നിശ്ചയമായും, സ്വേച്ഛാധികാരികളായ (അഥവാ പരാക്രമശാലികളായ) ഒരു ജനത അവിടത്തിലുണ്ട്; ഞങ്ങളാകട്ടെ, അവിടെനിന്ന് അവർ പുറത്തുപോകുംവരേക്കും അവിടെ ഞങ്ങൾ പ്രവേശിക്കുകയില്ല തന്നെ. എനി, അവർ അവിടെ നിന്ന് പുറത്തു പോകുന്നപക്ഷം, ഞങ്ങൾ (അവിടെ) പ്രവേശിക്കുന്നവരാണ്.'

٢٤- قَالُوا يَا مُوسَىٰ إِنَّ فِيهَا قَوْمًا جَبَّارِينَ
وَإِنَّا لَن نَّدْخُلَهَا
حَتَّىٰ يَخْرُجُوا مِنْهَا
فَإِن يَخْرُجُوا مِنْهَا فَإِنَّا دَاخِلُونَ

---

24. قَالُوا അവർ പറഞ്ഞു يَا مُوسَىٰ മൂസാ إِنَّ فِيهَا നിശ്ചയമായും അതിൽ (അവിടത്തിൽ) ഉണ്ട് قَوْمًا ഒരു ജനത جَبَّارِينَ സ്വേച്ഛാധികാരി (ധിക്കാരി–പരാക്രമശാലി)കളായ وَإِنَّا ഞങ്ങളാകട്ടെ, നിശ്ചയമായും ഞങ്ങൾ لَن نَّدْخُلَهَا അതിൽ (അവിടെ) പ്രവേശിക്കയേ ഇല്ല حَتَّىٰ يَخْرُجُوا അവർ പുറത്തുപോകുന്നതുവരേക്കു مِنْهَا അതിൽ (അവിടെ) നിന്ന് فَإِن يَخْرُجُوا എനി (എന്നാൽ) അവർ പുറത്തുപോകുന്ന പക്ഷം مِنْهَا അതിൽനിന്ന് فَإِنَّا എന്നാൽ ഞങ്ങൾ دَاخِلُونَ പ്രവേശിക്കുന്നവരാണ്

അവിടെയുള്ള ആളുകൾ അതിശക്തൻമാരും ക്രൂരൻമാരുമാണ്. അവരോടു യുദ്ധം ചെയ്തു തോല്പിച്ച് അവിടെ പ്രവേശിക്കുവാൻ ഞങ്ങൾക്കാവുകയില്ല. ഏതെങ്കിലും വിധേന അവർ അവിടെ നിന്നു ഒഴിഞ്ഞു പോയാലല്ലാതെ അങ്ങോട്ടു കടക്കുവാൻ ഒരു കാലത്തും ഞങ്ങൾക്കു സാധ്യമല്ല. അവർ ഒഴിഞ്ഞു പോയാൽ മാത്രം ഞങ്ങൾ അവിടെ പ്രവേശിക്കാം. ഇതായിരുന്നു അവരുടെ മറുപടി.

25. ഭയപ്പെടുന്നവരിൽപെട്ട രണ്ടു പുരുഷൻമാർ—അല്ലാഹു അവരുടെ മേൽ അനുഗ്രഹം ചെയ്തിരിക്കുന്നു–പറഞ്ഞു: 'നിങ്ങൾ അവരുടെ മേൽ (ആ) വാതിൽ കടന്നു ചെല്ലുവിൻ. അങ്ങനെ, നിങ്ങൾ കടന്നു ചെന്നാൽ, നിശ്ചയമായും, നിങ്ങൾ (അവരെ) ജയിക്കുന്നവരായിരിക്കും:–

٢٥- قَالَ رَجُلَانِ مِنَ الَّذِينَ يَخَافُونَ
أَنْعَمَ اللَّهُ
عَلَيْهِمَا ادْخُلُوا عَلَيْهِمُ الْبَابَ
فَإِذَا دَخَلْتُمُوهُ فَإِنَّكُمْ غَالِبُونَ

---

25. قَالَ رَجُلَانِ രണ്ടു പുരുഷൻമാർ പറഞ്ഞു مِنَ الَّذِينَ യാതൊരുവരിൽപെട്ട يَخَافُونَ അവർ ഭയപ്പെടുന്നു أَنْعَمَ اللَّهُ അല്ലാഹു അനുഗ്രഹം ചെയ്തിരിക്കുന്നു عَلَيْهِمَا അവർ രണ്ടാളുടെമേൽ ادْخُلُوا നിങ്ങൾ പ്രവേശിക്കുവിൻ عَلَيْهِمُ അവരുടെമേൽ الْبَابَ (പട്ടണ)വാതിൽ, പടിവാതിൽ, കവാടം فَإِذَا دَخَلْتُمُوهُ എന്നാൽ നിങ്ങളതു കടന്നാൽ فَإِنَّكُمْ എന്നാൽ നിശ്ചയമായും നിങ്ങൾ غَالِبُونَ ജയിക്കുന്നവരായിരിക്കും, വിജയികളാണു

٢٣- وَعَلَى اللَّهِ فَتَوَكَّلُوا إِن كُنتُم مُّؤْمِنِينَ

26. 'അല്ലാഹുവിന്റെ മേൽ (മാത്രം) ഭരമേൽപിക്കുകയും ചെയ്യുവിൻ- നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ!'

٢٤- قَالُوا يَا مُوسَىٰ إِنَّا لَن نَّدْخُلَهَا أَبَدًا مَّا دَامُوا فِيهَا فَاذْهَبْ أَنتَ وَرَبُّكَ فَقَاتِلَا إِنَّا هَاهُنَا قَاعِدُونَ

27. അവർ [ആ ജനത] പറഞ്ഞു: 'മൂസാ, നിശ്ചയമായും, അവരവിടെ നിലവിലുള്ളപ്പോൾ ഒരിക്കലും ഞങ്ങൾ അവിടെ പ്രവേശിക്കുകയില്ല തന്നെ.

ആകയാൽ, നീയും, നിന്റെ റബ്ബും പോയിട്ട് നിങ്ങൾ (അങ്ങു) യുദ്ധം ചെയ്തുകൊള്ളുക; 'ഞങ്ങൾ, ഇവിടെ ഇരിക്കുകയാണ്.'

---

26. وَعَلَى اللَّهِ അല്ലാഹുവിന്റെമേൽ فَتَوَكَّلُوا നിങ്ങൾ ഭരമേൽപിക്കുവിൻ إِن كُنتُم നിങ്ങൾ ആണെങ്കിൽ مُّؤْمِنِينَ സത്യവിശ്വാസികൾ 27. قَالُوا അവർ പറഞ്ഞു يَا مُوسَىٰ മൂസാ إِنَّا لَن نَّدْخُلَهَا ഞങ്ങൾ അതിൽ (അവിടെ) പ്രവേശിക്കയേ ഇല്ല أَبَدًا ഒരിക്കലും, ഒരുകാലവും مَّا دَامُوا അവർ (നിലവിൽ) ഉണ്ടായിരിക്കുമ്പോൾ فِيهَا അതിൽ (അവിടെ) فَاذْهَبْ ആകയാൽ (എന്നാൽ) പോകുക أَنتَ وَرَبُّكَ നീയും നിന്റെ റബ്ബും فَقَاتِلَا എന്നിട്ടു രണ്ടാളും യുദ്ധം ചെയ്യുക إِنَّا هَاهُنَا നിശ്ചയമായും ഞങ്ങൾ ഇവിടെ قَاعِدُونَ ഇരിക്കുന്നവരാണ്(ഇരിക്കുകയാണ്)

അല്ലാഹു അക്ബർ! എത്ര ധിക്കാരം നിറഞ്ഞ ഹൃദയങ്ങൾ!! ശത്രുക്കളുമായി യുദ്ധം ചെയ്വാനും, വാഗ്ദത്തം ചെയ്യപ്പെട്ട ദേശത്തേക്ക് പ്രവേശിക്കുന്നതിൽ നേരിടുന്ന പ്രതിബന്ധങ്ങളെ ചെറുത്തു മുന്നോട്ടു നീങ്ങുവാനും ഇവർ ഒരുക്കമില്ലായിരുന്നു. റബ്ബിനെയും റസൂലിനെയും അനുസരണമില്ലായ്മയും അവരെ ആവേശിച്ചിരിക്കുകയാണ്. ഭീരുത്വവും പിടിവാശിയുമല്ലാതെ മറ്റൊന്നും അവരിൽ കാണാതായി. അപ്പോൾ, ഫലസ്തീനിൽ ചെന്ന് ആ നാട്ടിന്റെയും, അവിടെയുള്ള ജനങ്ങളുടെയും സ്ഥിതിഗതികൾ നിരീക്ഷണം ചെയ്തുവരുവാൻ മൂസാ (അ) അവരിലുള്ള പ്രധാനികളുടെ ഒരു സംഘത്തെ നിയമിച്ചയച്ചു. ഈ സംഭവത്തെക്കുറിച്ച് 13-ാം വചനത്തിന്റെ വിവരണത്തിൽ നാം മുമ്പു സംസാരിച്ചു കഴിഞ്ഞിട്ടുണ്ട്. പ്രസ്തുത സംഘം അന്വേഷണം നടത്തി തിരിച്ചു വന്നു. മിക്കവരുടെയും പ്രസ്താവനകൾ ഇസ്രാഈല്യരെ കൂടുതൽ നിരാശരും ഭീരുക്കളുമാക്കുന്നവയായിരുന്നു. രണ്ടു പേർ മാത്രം വസ്തുതകൾ ശരിയാംവണ്ണം വിവരിക്കുകയും വിജയസാധ്യത ചൂണ്ടിക്കാട്ടുകയും ചെയ്തു. ഇവരെപ്പറ്റിയാണ് قَالَ رَجُلَانِ مِنَ الَّذِينَ يَخَافُونَ (ഭയപ്പെടുന്നവരുടെ കൂട്ടത്തിൽപെട്ട രണ്ടു പുരുഷന്മാർ പറഞ്ഞു) എന്നു അല്ലാഹു പ്രസ്താവിച്ചതു. അല്ലാഹുവിനെ ഭയപ്പെടുന്നവരായ രണ്ടാളുകൾ എന്നും, ശത്രുക്കളെ ഭയപ്പെടുന്നവരും അതോടുകൂടി സത്യാവസ്ഥ തുറന്നു കാട്ടുന്നവരുമായ രണ്ടാളുകൾ എന്നും ഈ വാക്കിനു അർത്ഥം ആകാവുന്നതാകുന്നു. ഈ രണ്ടുപേരിൽ ഒരാൾ നൂനിന്റെ മകൻ യൂശഉം (അ), മറ്റേതു യഫുന്നായുടെ മകൻ കാലബും (يوشع بن نون ، كالب بن يفنا) ആയിരുന്നുവെന്ന ചില ഖുർആൻ വ്യാഖ്യാതാക്കൾ പറഞ്ഞു കാണുന്നു. തൗറാത്തിലും അതിനെ തന്നെയാണുള്ളത്. മൂസാ (അ) നബിയുടെ മരണശേഷം, അദ്ദേഹത്തിനുശേഷം ഇസ്രാഈല്യരുടെ നേതൃത്വം കൈവന്ന പ്രവാചകനുമായിരുന്നു യൂശഉ് (അ). കാലബിനെപ്പറ്റി കൂടുതലൊന്നും അറിയപ്പെടുന്നില്ലെങ്കിലും അദ്ദേഹവും ഒരു സൽപുരുഷനായിരുന്നുവെന്നതിൽ സംശയമില്ല. أَنْعَمَ اللَّهُ عَلَيْهِمَا (അവർ രണ്ടാളുടെ മേലും അല്ലാഹു അനുഗ്രഹം ചെയ്തിരിക്കുന്നു) എന്ന വാക്കിൽ നിന്ന് തന്നെ ഇതു വ്യക്തമാണല്ലോ. (*)

(*) 'കാലബ്' (കാലേബ്) യിസ്രായേല്യരെ യഹോവയിലേക്കു അനുസരണമുള്ളവരാക്കുന്നതിനു അവരെ പ്രേരിപ്പിക്കുന്ന വിഷയത്തിൽ ധീരനായിരുന്നു. മറ്റുകാര്യത്തിൽ ഇവനും യോശുവ (യൂശഉ്)യുമാണ് വിശ്വസ്തന്മാർ.' എന്നു ബൈ. പു. നിഘണ്ടുവിലും കാണുന്നു.

മേൽ ഉദ്ധരിച്ച പ്രകാരം, ആ നാട്ടിലെ ജനങ്ങൾ ശക്തന്മാരും മല്ലന്മാരും പ്രതാപശാലികളുമൊക്കെത്തന്നെയാണെങ്കിലും അവരെ നിങ്ങൾ ഭയപ്പെടേണ്ടതില്ല. സധൈര്യം പട്ടണവാതിൽ വഴിയായി ആക്രമിച്ചു ഉള്ളോട്ടു കടന്നു കഴിഞ്ഞാൽ, അവരുടെ വീര്യം നശിച്ചുപോകും. അവരെ പരാജയപ്പെടുത്തി വിജയം വരിക്കുവാൻ നിങ്ങൾക്കു പിന്നെ പ്രയാസമുണ്ടാകുകയില്ല. നിങ്ങൾ സത്യവിശ്വാസികളല്ലേ? അവർ അവിശ്വാസികളല്ലേ? നിങ്ങൾ കാര്യങ്ങൾ അല്ലാഹുവിൽ അർപ്പിച്ചുകൊണ്ടും അവന്റെ സഹായം ഉറപ്പിച്ചുകൊണ്ടും മുന്നോട്ടു നീങ്ങുക. വിജയം നിങ്ങൾക്കു തന്നെയായിരിക്കും. എന്നൊക്കെയായിരുന്നു ആ രണ്ടു മനുഷ്യർ അവരോടു പറഞ്ഞതിന്റെ സാരം. ഇതൊന്നും ആ നന്ദികെട്ടവരുടെ ഹൃദയം നീങ്ങിയില്ല. ഈജിപ്തിൽ നിന്നു തുടങ്ങി ഇതുവരെയും ആ പ്രവാചക വര്യൻ മൂസാ (അ) നബിയുടെ — കൈക്കു അവർ അനുഭവത്തിൽ കണ്ടുമനസ്സിലാക്കിയ പല ദൃഷ്ടാന്തങ്ങളിൽ നിന്നൊന്നും പാഠം പഠിക്കാത്ത അവർ, കേവലം ബുദ്ധിശൂന്യരായ ചെറുകുട്ടികളെ കണക്കെ മൂസാ (അ) നോടു പറഞ്ഞു: 'മൂസാ! ആ ജനങ്ങൾ അവിടെയുണ്ടാകുന്ന കാലത്തോളം ഞങ്ങൾ ആ നാട്ടിലേക്കു പ്രവേശിക്കുകയേ ഇല്ല. കൂടിയേ കഴിയൂ എങ്കിൽ നീയും നിന്റെ റബ്ബും പോയി യുദ്ധം ചെയ്തു അവരെ അവിടെനിന്നു പുറത്താക്കി വിടുക. അതു വരെ ഞങ്ങൾ ഇവിടെത്തന്നെ ഇരിക്കാം. അതു കണ്ടതിനു ശേഷമേ ഞങ്ങൾ അങ്ങോട്ടു നീങ്ങൂ.......' അല്ലാഹു അക്ബർ! ثم قست قلوبكم من بعد ذلك فهي كالحجارة الخ (അതിനു ശേഷം നിങ്ങളുടെ ഹൃദയങ്ങൾ കടുത്തുപോയി. അവ കല്ലു പോലെയോ അതിനെക്കാൾ കടുപ്പമേറിയതോ ആയിരിക്കുന്നു. (2: 74) എന്നു അല്ലാഹു പറഞ്ഞതു ഈ ജനതയെ ഉദ്ദേശിച്ചാണല്ലോ!

നേരെമറിച്ച് നബി (സ) തിരുമേനിയുടെ സഹാബികൾ ഓർക്കാപ്പുറത്തു നേരിടേണ്ടിവന്ന അവരുടെ ഒന്നാമത്തെ യുദ്ധം അവരെ അഭിമുഖീകരിച്ചപ്പോൾ — അവരുടെ മുന്നിരട്ടിയിലധികം വരുന്നതും, സർവ്വ സന്നാഹങ്ങളോടുകൂടി ഒരുങ്ങി വന്നതുമായ ശത്രുക്കളുമായി ബദ്റിൽ വെച്ചു പെട്ടെന്നു യാതൊരു സന്നാഹവുമില്ലാതെ ഏറ്റുമുട്ടേണ്ട ഘട്ടം വന്നപ്പോൾ — നബി (സ) അവരുടെ അഭിപ്രായം ആരാഞ്ഞതിനു അവർ നൽകിയ മറുപടിയും, ഇസ്രാഈല്യരുടെ ഈ മറുപടിയും തമ്മിലുള്ള അന്തരം ഒന്നാലോചിച്ചു നോക്കുക! അവർ പറഞ്ഞു: 'മൂസാ (അ) നബിയോടു ഇസ്രാഈല്യർ പറഞ്ഞതുപോലെ, താങ്കളും താങ്കളുടെ റബ്ബും പോയി യുദ്ധം ചെയ്തു കൊള്ളുക. ഞങ്ങൾ ഇവിടെ ഇരിക്കുകയാണു എന്നു ഞങ്ങൾ പറയുകയില്ല. അങ്ങുന്നു 'ബർകുൽഗിമാദി'ലേക്കു തന്നെ ഞങ്ങളെ കൊണ്ടുപോയാലും ഞങ്ങൾ അങ്ങയോടൊപ്പം പോരുവാൻ തയ്യാറാണ്.' (അ; ന; ഇബ്നുഹിബ്ബാൻ) വളരെ പ്രയാസപ്പെട്ടു ദൂരം ചെല്ലേണ്ടുന്ന ഒരു പ്രദേശമാണു 'ബർകുൽഗിമാദ്'.

ഇസ്രാഈല്യരുടെ ഈ ചരിത്ര സംഭവം ബൈബ്ളിൽ വളരെ വിസ്തരിച്ചു വിവരിച്ചിട്ടുണ്ട്. ഇസ്രാഈല്യരുടെ മനുഷ്യത്വരഹിത സംഭവങ്ങളിലേക്കു അവരുടെ തന്നെ രേഖകളിൽ അടങ്ങിയിരിക്കുന്ന ചില ഉദാഹരണങ്ങൾ എന്ന നിലക്കു സന്ദർഭോചിതമായി കാണുന്ന അതിലെ പ്രസക്ത ഭാഗം ഇവിടെ ചുരുക്കി ഉദ്ധരിക്കാം. ഇസ്രാഈല്യരുടെ സംഭവബഹുലമായ ആ യാത്രാവിവരണ മദ്ധ്യേ സംഖ്യാപുസ്തകം പറയുന്നു:—

'... അതിനുശേഷം ജനം പുറപ്പെട്ടു പാറാൻ (*) മരുഭൂമിയിൽ പാളയമിറങ്ങി. യിസ്രായേൽ മക്കൾക്കു ഞാൻ കൊടുക്കുന്ന കനാൻ ദേശം (**) ഒറ്റുനോക്കുവാൻ പന്ത്രണ്ടു ഗോത്രത്തിൽ നിന്നും ഓരോ പ്രഭുക്കളെ അയക്കേണമെന്ന യഹോവ മോശെയോടു കല്പിച്ച പ്രകാരം അവൻ അവരെ അയച്ചു.' (യഫുന്നയുടെ മകൻ കാലേബും, നൂന്റെ മകൻ ഹോശെയെന്ന യോശുവയും അടക്കം പന്ത്രണ്ടു പ്രഭുക്കളുടെ പേരും വിവരിച്ച ശേഷം അതു തുടരുന്നു:) 'അവിടെ കുടിയിരിക്കുന്ന ജനങ്ങളെയും ആ നാട്ടിനെയും സംബന്ധിച്ച എല്ലാ വിവരവും ഒറ്റുനോക്കി മടങ്ങിവന്നു. സർവ്വസഭ മുമ്പാകെ വർത്തമാനം അറിയിച്ചു: അതു പാലും തേനും ഒഴുകുന്ന ദേശം തന്നെ. അതിലെ ഫലങ്ങൾ ഇതാ. ജനങ്ങൾ ഏറെവും ബലവാന്മാരും, പട്ടണങ്ങൾ വലുതും ഉറപ്പുള്ളതും തന്നെ. കാലേബ് മുമ്പോട്ടു വന്നു നമുക്ക ജയിക്കുവാൻ കഴിയും എന്നു പറഞ്ഞു. എങ്കിലും കൂടെ പോയിരുന്നവർ പറഞ്ഞു: നമുക്ക അവരുടെ നേരെ ചെല്ലുവാൻ കഴികയില്ല. അവർ അതികായന്മാർ. അവർ ആളെ തിന്നുകളയും. അവിടെ മല്ലന്മാരുടെ സന്തതികളും അനാക്യ മല്ലന്മാരും ഉണ്ട്. (***) അവരുടെ കാഴ്ചക്കു ഞങ്ങളെ വെട്ടുകിളികളെപ്പോലെ തോന്നി. (****)

(*) (**) 4-ാം പടം നോക്കുക. (***) അനാക്യർ = നീണ്ട കഴുത്തുള്ളവർ. യെഹൂദാ ഗോത്രത്തിന്റെ അതിർത്തിയിൽ വസിച്ചിരുന്ന പൂർവ്വ ജനങ്ങളാണു ഇവർ. (വേ. പു. നി)

(****) ഇത്തരം ഇസ്രാഈലീ വൃത്താന്തങ്ങളെ അടിസ്ഥാനമാക്കിക്കൊണ്ടുണ്ടായ എത്രയോ കെട്ടുകഥകളും, അതിശയോക്തി കലർന്ന ചില വാർത്തകളും ചില ഖുർആൻ വ്യാഖ്യാന ഗ്രന്ഥങ്ങളിൽ സ്ഥലം പിടിച്ചിട്ടുണ്ട്. അവയെ ചൂണ്ടിക്കാട്ടിക്കൊണ്ടു ഇബ്നു കഥീർ (റ) പറയുകയാണ്: مما يستحيى من ذكرها (ഇതൊക്കെ പറയുവാൻ ലജ്ജിക്കേണ്ടുന്ന വിഷയമാണ്)

...നിലവിളിച്ചു. എല്ലാവരും മോശെക്കും അഹറോനും വിരോധമായി പിറുപിറുത്തു: അയ്യോ ഈ മരുഭൂമിയിലോ മരിച്ചു പോയിരുന്നെങ്കിൽ വാളാൽ കൊല്ലപ്പെടുകയില്ലായിരുന്നു. ഞങ്ങളെ അവിടെ നിന്നു എന്തിനു കൊണ്ടുവന്നു! ഞങ്ങളുടെ ഭാര്യമാരും കുട്ടികളും കൊള്ളയടിക്കപ്പെടുമല്ലോ....! അപ്പോൾ മോശെയും അഹറോനും സഭയുടെ മുമ്പാകെ കവിണ്ണു വീണു. യോശുവയും കാലേബും വസ്ത്രം കീറി ഇങ്ങിനെ പറഞ്ഞു: ഞങ്ങൾ ഒറ്റു നോക്കിയ ദേശം ഏറ്റം നല്ലതു തന്നെ. യഹോവ നമ്മിൽ പ്രസാദിക്കുന്നുവെങ്കിൽ അവൻ നമുക്കു തരും. നിങ്ങൾ യഹോവയോടു മത്സരിക്കരുത്. ആ ജനത്തെ ഭയപ്പെടരുത്. അവർ നമുക്കു ഇരയാകുന്നു. യഹോവ നമ്മുടെ കൂടെയുള്ളതുകൊണ്ടു നമുക്കു അവരെ ഭയപ്പെടേണ്ടതില്ല. ജനങ്ങളുടെ മറുപടി: അവരെ കല്ലെറിയണം എന്നായിരുന്നു.' (സംഖ്യാ പുസ്തകം, അദ്ധ്യായം 13, 14.)

28. അദ്ദേഹം [മൂസാ] പറഞ്ഞു: 'എന്റെ റബ്ബേ! നിശ്ചയമായും ഞാൻ, എന്റെ സ്വന്തത്തെയും എന്റെ സഹോദരനെയുമല്ലാതെ അധീനമാക്കുന്നില്ല! ആകയാൽ, ഞങ്ങളുടെയും (ഈ) ധിക്കാരികളായ ജനതയുടെയും ഇടയിൽ നീ വേർപെടുത്തിത്തരേണമേ!'

٢٨- قَالَ رَبِّ إِنِّي لَآ أَمْلِكُ
إِلَّا نَفْسِي وَأَخِي
فَافْرُقْ بَيْنَنَا وَبَيْنَ الْقَوْمِ الْفَاسِقِينَ ۝

28. قَالَ അദ്ദേഹം പറഞ്ഞു رَبِّ റബ്ബേ إِنِّي നിശ്ചയമായും ഞാൻ لَا أَمْلِكُ ഞാൻ സ്വാധീനമാക്കുന്നില്ല (എനിക്കു വിധേയമല്ല) إِلَّا نَفْسِي എന്റെ സ്വന്ത(ദേഹ)മല്ലാതെ وَأَخِي എന്റെ സഹോദരനും فَافْرُقْ ആകയാൽ നീ പിരിച്ചു (വേർപെടുത്തി) തരേണമേ بَيْنَنَا ഞങ്ങൾക്കിടയിൽ وَبَيْنَ الْقَوْمِ (ഈ) ജനതക്കിടയിലും الْفَاسِقِينَ തോന്നിയവാസികളായ, ധിക്കാരികളായ

ഹാ! എത്ര വേദനാ നിർഭരമായ പ്രാർത്ഥന! എത്ര തന്നെ ഉപദേശിച്ചിട്ടും, എന്തു തന്നെ കണ്ടനുഭവിച്ചിട്ടും അനുസരണബോധം കാണിക്കാത്ത—ധിക്കൃശീലരായ—ആ ജനതയുടെ മറുപടി കേട്ട് മൂസാ (അ) മനം നൊന്തുകൊണ്ട് അല്ലാഹുവിനോടു അപേക്ഷിക്കുകയാണു: 'എന്റെ റബ്ബേ! എന്റെ സ്വന്തം ദേഹവും, എന്റെ സഹോദരൻ ഹാറൂനുമല്ലാതെ മറ്റാരും എനിക്കു വഴങ്ങാത്തവരായിരിക്കുന്നു! ഞങ്ങളുടെ കാര്യമല്ലാതെ ഈ ജനതയുടെ കാര്യങ്ങളൊന്നും എന്റെ നിയന്ത്രണത്തിന് അധീനമല്ലാതായിത്തീർന്നിരിക്കുന്നു! അതുകൊണ്ടു ഞങ്ങൾ ഇരുകൂട്ടർക്കുമിടയിൽ ഒരു അന്തിമ തീരുമാനമുണ്ടാക്കി കാര്യം കലാശിപ്പിച്ചു തരേണമേ!' അല്ലാഹു അദ്ദേഹത്തിനു ഉത്തരം നൽകി:—

29. അവൻ [റബ്ബു] പറഞ്ഞു: എന്നാൽ, നിശ്ചയമായും അതു [ആ രാജ്യം] അവരുടെ മേൽ നാൽപതുകൊല്ലം നിഷിദ്ധമാക്കപ്പെട്ടതാകുന്നു; (അതെ) അവർ ഭൂമിയിൽ അന്തം വിട്ടു (അലഞ്ഞു) നടക്കും. ആകയാൽ, (ആ) ധിക്കാരികളായ ജനങ്ങളുടെ പേരിൽ നീ വ്യസനപ്പെടരുത്.'

٢٩- قَالَ فَإِنَّهَا مُحَرَّمَةٌ عَلَيْهِمْ أَرْبَعِينَ
سَنَةً يَتِيهُونَ فِي الْأَرْضِ
فَلَا تَأْسَ عَلَى الْقَوْمِ الْفَاسِقِينَ ۝

29. قَالَ അവൻ പറഞ്ഞു فَإِنَّهَا എന്നാൽ നിശ്ചയമായും അതു مُحَرَّمَةٌ നിഷിദ്ധമാക്ക (തടയ)പ്പെട്ടതാണ് عَلَيْهِمْ അവരുടെ മേൽ, അവർക്കു أَرْبَعِينَ നാൽപതു سَنَةً കൊല്ലം يَتِيهُونَ അവർ അന്തം വിട്ടു (അലഞ്ഞു-പരിഭ്രമിച്ചു) തിരിയും فِي الْأَرْضِ ഭൂമിയിൽ فَلَا تَأْسَ അതിനാൽ നീ വ്യസനിക്കേണ്ട, വ്യാകുലപ്പെടരുതു عَلَى الْقَوْمِ ജനതയുടെ പേരിൽ الْفَاسِقِينَ തോന്നിയവാസി (ധിക്കാരി) കളായ

അവരുടെ ധിക്കാരത്തിനും ദർക്കടത്വത്തിനും ഈ ഐഹിക ജീവിതത്തിൽ തന്നെ അല്ലാഹു അവർക്കു നൽകിയ ഒരു ശിക്ഷയാണിതു: നാൽപതുകൊല്ലം അവർ ഈ ഭൂമിയിൽ—സീനാ മരുഭൂമിയിൽ—വട്ടം കറങ്ങിക്കൊണ്ടു കഴി

ആതു കൂടട്ടെ എന്നു. അതെ, അപ്പോഴേക്കും ആ ദുഷിച്ച തലമുറ നാശമടയുകയും, അവരുടെ ഇളം തലമുറ രംഗത്തു വരുകയും ചെയ്യും. അപ്പോൾ അവർക്കു പുതിയൊരു ചൈതന്യവും ആവേശവും ഉണ്ടായിക്കൊള്ളും. അങ്ങനെ, അവർക്കു വാഗ്ദാനം ചെയ്യപ്പെട്ട പുണ്യഭൂമി ജയിച്ചടക്കുവാനും, തങ്ങളുടെ അവകാശം വീണ്ടെടുക്കുവാനും അവർക്ക സാധിച്ചുകൊള്ളും. അതുകൊണ്ടു ഇപ്പോൾ അവരെ അവരുടെ പാട്ടിനു വിട്ടേക്കുക. അവരെപ്പററി വ്യാകുലപ്പെടേണ്ടതില്ല എന്നു സാരം.

അങ്ങനെ, സീനാവനാന്തരങ്ങളിലും മരുഭൂപ്രദേശങ്ങളിലുമായി ലക്ഷ്യമില്ലാതെ അലഞ്ഞു തിരിഞ്ഞു കൊണ്ടു നാല്പതുകൊല്ലം ഇസ്രാഈല്യർ കഴിഞ്ഞുകൂടേണ്ടിവന്നു. ഇതിനിടയിൽ പലതും അവരിൽ സംഭവിച്ചു. നാല്പതുകൊല്ലം കഴിയാറായപ്പോഴേക്കും അവിടവിടെവെച്ചു ശത്രുക്കളുമായി പല ഏററുമുട്ടലുകളും കഴിഞ്ഞ് പതുക്കെ അവർ മുന്നേറിക്കൊണ്ടിരുന്നു. ഇതിനിടെ–ബൈബിളിന്റെ കണക്കുപ്രകാരം മിസ്രിയിൽ (ഈജിപ്തിൽ) നിന്നുപോന്ന 40-ാം കൊല്ലം 5 മാസം കഴിഞ്ഞ്–ഹോർ പർവ്വതത്തി (جبل هور)ൽവെച്ച് (*) ഹാറൂൻ (അ) കാലഗതി പ്രാപിച്ചു. (സംഖ്യ 33 ൽ 38) അധികം താമസിയാതെ–ഏറെക്കുറെ ആറുമാസം കഴിഞ്ഞ്–മോവാബ് (مواب) പ്രദേശത്തു (**) അബാരീം പർവ്വതത്തിൽ (***) നെബോ മലയിൽവെച്ചു വാഗ്ദാനം ചെയ്യപ്പെട്ട ആ രാജ്യം നോക്കിക്കണ്ടശേഷം മൂസാ (അ) നബിയും കാലഗതിയടഞ്ഞു. ആ രാജ്യത്തിൽ പ്രവേശിക്കുവാൻ അദ്ദേഹത്തിനു വിധിയുണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ പിൻഗാമിയായിരുന്ന യൂശഉ് (യോശുവാ) നബിയുടെ കാലത്തു അദ്ദേഹത്തിന്റെ നേതൃത്വത്തിലാണ് പല യുദ്ധങ്ങൾക്കുശേഷം ഇസ്രാഈല്യർ ആ രാജ്യം ജയിച്ചടക്കിയതും, അതിൽ കുടിയേറി താമസിച്ചതും, അവർക്കിടയിൽ രാജ്യം ഭാഗിക്കപ്പെട്ടതും. (****)

വിഭാഗം-5

٣٠- وَاتْلُ عَلَيْهِمْ نَبَأَ ابْنَيْ آدَمَ بِالْحَقِّ إِذْ قَرَّبَا قُرْبَانًا فَتُقُبِّلَ مِنْ أَحَدِهِمَا وَلَمْ يُتَقَبَّلْ مِنَ الْآخَرِ قَالَ لَأَقْتُلَنَّكَ قَالَ إِنَّمَا يَتَقَبَّلُ اللَّهُ مِنَ الْمُتَّقِينَ ○

30. (നബിയേ,) അവർക്കു ആദമിന്റെ രണ്ടു പുത്രൻമാരുടെ വൃത്താന്തവും യഥാർത്ഥ പ്രകാരം ഓതിക്കൊടുക്കുക: അതായത്, അവർ രണ്ടാളും ഒരു 'ഖുർബാൻ' [ബലികർമ്മം] നടത്തിയ സന്ദർഭം; എന്നിട്ട് അവരിൽ ഒരാളിൽനിന്നു അതു സ്വീകരിക്കപ്പെട്ടു; മററവനിൽ നിന്ന സ്വീകരിക്കപ്പെട്ടതുമില്ല.

അവൻ [മററവൻ] പറഞ്ഞു: 'നിശ്ചയമായും ഞാൻ നിന്നെ കൊലപ്പെടുത്തും.' അവൻ [സ്വീകരിക്കപ്പെട്ടവൻ] പറഞ്ഞു: 'സൂക്ഷ്മത പാലിക്കുന്ന [ഭയഭക്തിയുള്ള] വരിൽ നിന്നേ അല്ലാഹു സ്വീകരിക്കൂ.

---

30. اتل ഓതിക്കൊടുക്കുക (പാരായണം ചെയ്യുക)യും ചെയ്യുക عليهم അവർക്കു, അവരിൽ نبأ വൃത്താന്തം, വർത്തമാനം ابني آدم ആദമിന്റെ രണ്ടു പുത്രൻമാരുടെ بالحق യഥാർത്ഥ പ്രകാരം إذ قربا അവർ രണ്ടാളും ഖുർബാൻ (ബലികർമ്മം) നടത്തിയപ്പോൾ قربانا ഒരു ബലികർമ്മം (ഖുർബാന) فتقبل എന്നിട്ടു സ്വീകരിക്കപ്പെട്ടു من أحدهما ആ രണ്ടിലൊരാളിൽ നിന്നു ولم يتقبل സ്വീകരിക്കപ്പെട്ടതുമില്ല من الآخر മററവനിൽനിന്നു قال അവൻ പറഞ്ഞു لأقتلنك നിശ്ചയമായും ഞാൻ നിന്നെ കൊല്ലും قال അവൻ പറഞ്ഞു إنما يتقبل സ്വീകരിക്കയുള്ളൂ الله അല്ലാഹു من المتقين സൂക്ഷ്മത പാലിക്കുന്നവരിൽ (ഭയഭക്തരിൽ) നിന്നു (മാത്രം)

(*) (**) (***) പടം 4 നോക്കുക.

(****) ഫലസ്തീനിൽ ഇസ്രാഈൽ ഗോത്രങ്ങൾക്കു ഭാഗിക്കപ്പെട്ട സ്ഥലങ്ങൾ 5–ാം ഭൂപടത്തിൽ കാണാം.

31. 'എന്നെ കൊലപ്പെടുത്തുവാൻ വേണ്ടി എന്റെ നേരെ നിന്റെ കൈ നീ നീട്ടിയാൽ തന്നെ, നിന്നെ കൊലചെയ്‌വാൻ വേണ്ടി നിന്റെ നേരെ എന്റെ കൈ ഞാൻ നീട്ടുന്നവനേ അല്ല. നിശ്ചയമായും ഞാൻ, ലോക രക്ഷിതാവായ അല്ലാഹുവിനെ ഭയപ്പെടുന്നു.

٣١- لَئِنْ بَسَطتَ إِلَيَّ يَدَكَ لِتَقْتُلَنِي مَا أَنَا بِبَاسِطٍ يَدِيَ إِلَيْكَ لِأَقْتُلَكَ ۖ إِنِّي أَخَافُ اللَّهَ رَبَّ الْعَالَمِينَ ۝

32. നിശ്ചയമായും ഞാൻ, എന്റെ കുറ്റവും നിന്റെ കുറ്റവും കൊണ്ടു നീ മടങ്ങുവാൻ [രണ്ടു കുറ്റവും നീ ഏറ്റെടുക്കുവാൻ] ഉദ്ദേശിക്കുന്നു; അങ്ങനെ, നീ നരകത്തിന്റെ ആൾക്കാരിൽ പെട്ടവനായിരിക്കുവാൻ.

അതാവട്ടെ, അക്രമികളുടെ പ്രതിഫലവുമാകുന്നു.

٣٢- إِنِّي أُرِيدُ أَن تَبُوءَ بِإِثْمِي وَإِثْمِكَ فَتَكُونَ مِنْ أَصْحَابِ النَّارِ ۚ وَذَٰلِكَ جَزَاءُ الظَّالِمِينَ ۝

---

31. لَئِنْ بَسَطْتَ നീ നീട്ടിയാൽ (വിരുത്തിയാൽ) തന്നെ إِلَيَّ എന്റെ നേരെ, എന്നിലേക്കു يَدَكَ നിന്റെ കൈ لِتَقْتُلَنِي നീ എന്നെ കൊല്ലുവാൻ വേണ്ടി مَا أَنَا ഞാനല്ല بِبَاسِطٍ നീട്ടുന്ന (വിരുത്തുന്ന)വൻ (തന്നെ), നീട്ടുന്നവനേ يَدِيَ എന്റെ കൈ إِلَيْكَ നിന്റെ നേരെ لِأَقْتُلَكَ ഞാൻ നിന്നെ കൊല്ലുവാൻ വേണ്ടി إِنِّي നിശ്ചയമായും ഞാൻ أَخَافُ ഞാൻ ഭയപ്പെടുന്നു اللَّهَ അല്ലാഹുവിനെ رَبَّ الْعَالَمِينَ ലോക രക്ഷിതാവായ 32. إِنِّي أُرِيدُ നിശ്ചയമായും ഞാൻ ഉദ്ദേശിക്കുന്നു أَن تَبُوءَ നീ മടങ്ങു (സമ്പാദിച്ചു ഏറ്റെടുക്കു-വഹിക്കു) വാൻ بِإِثْمِي എന്റെ കുറ്റം കൊണ്ടു (കുറ്റവും) وَإِثْمِكَ നിന്റെ കുറ്റവും فَتَكُونَ അങ്ങനെ നീ ആയിരിക്കുക مِنْ أَصْحَابِ ആൾക്കാരിൽ പെട്ട(വൻ) النَّارِ നരകത്തിന്റെ وَذَٰلِكَ അതാകട്ടെ جَزَاءُ പ്രതിഫലമാകുന്നു الظَّالِمِينَ അക്രമികളുടെ

വ്യക്തമായ തെളിവുകളും ദൃഷ്ടാന്തങ്ങളും നിരവധി കണ്ടിട്ടും ഇസ്രാഈല്യർ നബി (സ) യിൽ വിശ്വസിക്കാതെ, ശത്രുതയിൽ ഉറച്ചു നിൽക്കുന്നതിനും, നബി (സ) യെയും സഹാബികളെയും [illegible] ഗൂഢതന്ത്രങ്ങൾ നടത്തിവരുന്നതിനുമൊക്കെ യഥാർത്ഥ കാരണം അസഹ്യതയും അസൂയയുമാകുന്നു. അസൂയ [illegible] കടന്നുകൂടിയാൽ അതു മനുഷ്യനെ എത്ര നികൃഷ്ട കൃത്യങ്ങൾക്കും പ്രേരിപ്പിക്കുമെന്നുള്ളതിനു ഒരു ഉദാഹരണമായി ആദിമ കാലത്തു സംഭവിച്ച ഒരു സംഭവം അല്ലാഹു ഉദ്ധരിക്കുന്നു. ആദം (അ) ന്റെ സന്താനങ്ങളിൽ [illegible] ആ സംഭവത്തെപ്പറ്റി പല വാർത്തകളും കെട്ടുകഥകളും വേദക്കാർക്കിടയിൽ ഉണ്ടായിരുന്നു. സത്യത്തിനു നിരക്കാത്ത പലതും അതിൽ കടന്നു കൂടിയിരിക്കാം. 'യഥാർത്ഥ പ്രകാരം ആ വൃത്താന്തം അവർക്കു ഓതിക്കൊടുക്ക' എന്ന മുഖവുരയോടു കൂടി അതു വിവരിക്കുന്നത്. സംഭവത്തിൽ നിന്നു പഠിക്കേണ്ട പാഠങ്ങൾ ഉൾക്കൊള്ളുന്ന വശത്തിന് അതിൽ അല്ലാഹു മുൻഗണന നൽകുകയും ചെയ്തിരിക്കുന്നു.

ആദം (അ) ന്റെ രണ്ടു പുത്രൻമാർ ഓരോ ബലികർമ്മം നടത്തി. ഒരാളുടേതു സ്വീകരിക്കപ്പെട്ടു. മറ്റേയാളുടേതു സ്വീകരിക്കപ്പെട്ടില്ല. തന്റേതു സ്വീകരിക്കപ്പെടാതെ തന്റെ സഹോദരന്റേതു മാത്രം സ്വീകരിക്കപ്പെട്ടതിൽ അവനു—സ്വീകരിക്കപ്പെടാത്തവനു—അസൂയയായി. അസൂയ നിമിത്തം സഹോദരനെ കൊലപ്പെടുത്തണം എന്നായി. അതവനോടു തുറന്നു പറയുകതന്നെ ചെയ്തു. എന്നാൽ, ആ സഹോദരൻ—ബലി സ്വീകരിക്കപ്പെട്ടവൻ—അവനെപ്പോലെ ദുഷ്ടനായിരുന്നില്ല. അവൻ ഗുണകാംക്ഷയും ശാന്തതയും നിറഞ്ഞ മറുപടിയാണ് അതിനു നൽകിയത്: 'അല്ലാഹുവിനെ സൂക്ഷിക്കുന്ന ഭയഭക്തൻമാരിൽ നിന്നേ അല്ലാഹു കർമ്മങ്ങൾ സ്വീകരിക്കയുള്ളു—നിനക്കു സൂക്ഷ്മതയും ഭയഭക്തിയും ഇല്ലാത്തതുകൊണ്ടായിരിക്കാം നിന്റെ ബലി സ്വീകരിക്കപ്പെടാത്തതു—അതിൽ എന്നോടു അസൂയപ്പെട്ടതെന്തിനു. നിന്റെ നില നന്നാക്കലാണ് അതിനുള്ള പരിഹാര മാർഗ്ഗം. അതിനു പകരം എന്റെ കഥ കഴിക്കുവാൻ തന്നെയാണു നീ ഒരുങ്ങുന്നതെങ്കിൽ അതുപോലെ അങ്ങോട്ടും ഒരുക്കം കൂട്ടുവാൻ ഞാൻ സന്നദ്ധനല്ല. ഞാൻ അല്ലാഹുവിനെ ഭയപ്പെടുന്നു. അവന്റെ ശിക്ഷക്കു പാത്രമാകുന്ന ആ പാപകൃത്യത്തിനു ഞാൻ ആളല്ല. നിനക്കു ചെയ്യാതെ തീരൂ എന്നുണ്ടെങ്കിൽ ആ കുറ്റത്തിന്റെ പങ്കു മുഴുവനും നീ തന്നെ

സമ്പാദിച്ചുകൊള്ളട്ടെ എന്നാണു ഞാൻ കരുതുന്നത്. അതിൽ പങ്കു വഹിക്കുവാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ, ആ കൃത്യം നീ ചെയ്തു കളഞ്ഞാൽ നീ നരക ശിക്ഷക്കു വിധേയനായിത്തീരുമെന്നു നീ ഓർക്കണം. അതാണു അക്രമകാരികൾക്കു കിട്ടുവാനിരിക്കുന്ന ശിക്ഷ.' എന്നൊക്കെ ആ സഹോദരൻ അവനോടു ഉപദേശിച്ചു. ഇത്രയും കാര്യങ്ങളാണ് ഈ വചനങ്ങളിൽനിന്നു നമുക്കു മനസ്സിലാക്കുവാൻ കഴിയുന്നത്.

എനി, ആദമിന്റെ രണ്ടു പുത്രൻമാർ ആരായിരുന്നു? ബലി ചെയ്തതു എന്തായിരുന്നു? എങ്ങിനെയായിരുന്നു? ഒന്നു സ്വീകരിക്കപ്പെട്ടതും സ്വീകരിക്കപ്പെടാത്തതും എങ്ങിനെ അറിഞ്ഞു? ഒരാളുടെ കുറ്റം മറ്റൊരാൾ വഹിക്കുകയില്ല എന്നിരിക്കെ, എന്റെ കുറ്റവും നിന്റെ കുറ്റവുമായി നീ മടങ്ങുക—അഥവാ രണ്ടു കുറ്റവും നീ സമ്പാദിക്കുക—എന്നു പറഞ്ഞതിന്റെ താൽപര്യം എന്തു? എന്നിവയെപ്പറ്റിയാണ് ആലോചിക്കുവാനുള്ളത്.

'ആദമിന്റെ രണ്ടു പുത്രൻമാർ (ابني آدم)' എന്നു പറഞ്ഞതിൽനിന്ന് രണ്ടു പേരും അദ്ദേഹത്തിന്റെ നേരെ മക്കളായിരുന്നുവെന്നാണ് വ്യക്തമാകുന്നത്. മിക്കവാറും എല്ലാ ഖുർആൻ വ്യാഖ്യാതാക്കളും സ്വീകരിച്ചു വരുന്നതും അങ്ങിനെത്തന്നെ. കൊല നടത്തിയ മകന്റെ പേർ ഖാബീൽ (قابيل) എന്നും, കൊല്ലപ്പെട്ടവന്റെ പേർ ഹാബീൽ (هابيل) എന്നുമാണ് അറിയപ്പെടുന്നത്. മനുഷ്യർ എന്ന ഉദ്ദേശ്യത്തിൽ 'ആദമിന്റെ മക്കൾ (بني آدم)' എന്നു പറയുക സാധാരണമാണല്ലോ. അതുപോലെ രണ്ടു മനുഷ്യൻമാർ എന്നേ ഇവിടെ ഉദ്ദേശ്യമുള്ളുവെന്നും, ഇസ്രാഈല്യരിൽ പെട്ട രണ്ടു പേരായിരിക്കണം അവർ എന്നും ചുരുക്കം ചില വ്യാഖ്യാതാക്കൾക്കു അഭിപ്രായമുണ്ട്. ഈ അഭിപ്രായത്തിനുള്ള പ്രധാന കാരണം, അടുത്ത രണ്ടു വചനങ്ങളിൽ ഈ കൊലയെപ്പറ്റി വിവരിച്ചശേഷം 35-ാം വചനത്തിൽ, ഇക്കാരണം നിമിത്തമാണ് ഇസ്രാഈല്യരിൽ കൊലക്കു പകരം കൊല ശിക്ഷ നിശ്ചയിച്ചതു (من أجل ذلك كتبنا ....) എന്നു അല്ലാഹു പറയുന്നതാകുന്നു. ഇതു അതിനു തക്കതായ ഒരു കാരണമാകുന്നില്ലെന്ന് അവിടെവെച്ചു മനസ്സിലാക്കാവുന്നതാണ്. മാത്രമല്ല, മൃതദേഹം മണ്ണിൽ മൂടി മറക്കുവാൻപോലും ഘാതകനു അറിഞ്ഞു കൂടാത്തവിധം മനുഷ്യബുദ്ധിയും പരിചയവും എത്തിക്കഴിഞ്ഞിട്ടില്ലാത്ത ഒരു കാലത്താണതു സംഭവിച്ചതെന്നു അടുത്ത വചനങ്ങളിൽ നിന്ന് സ്പഷ്ടമാകുന്നു. ഇസ്രാഈല്യർക്കിടയിലോ മറ്റോ പിൽക്കാലത്തു നടന്ന ഒരു സംഭവമാണെങ്കിൽ ഒരിക്കലും അങ്ങിനെ വരുവാൻ ന്യായമില്ല. വിവരണത്തിൽ കുറച്ചൊക്കെ വ്യത്യാസത്തോടുകൂടിയാണെങ്കിലും ഈ വധസംഭവം ബൈബ്ളിലും ഉദ്ധരിച്ചിട്ടുണ്ട്. ആദം(അ)ന്റെയും ഹവ്വാ(അ)ന്റെയും ആദ്യ പുത്രൻമാരായ കയീനും (ഖാബീലും) അനുജൻ ഹാബെലും (ഹാബീലും) ആണ് ഇതിലെ കഥാ പുരുഷൻമാരെന്നും കയീൻ ഹാബെലിനെ കൊന്നുവെന്നും അതിലും വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. (ഉൽപത്തി: അ:4) വേണ്ടാ നബി (സ) തിരുമേനിയുടെ ഒരു വചനംതന്നെ അതാണു ശരിയെന്നു കാണിച്ചുതരുന്നു. റസൂൽ (സ) പറഞ്ഞതായി ഇബ്നുമസ്ഊദ് (റ) ഉദ്ധരിക്കുന്നു: 'ഏതൊരാളും അക്രമമായി കൊല്ലപ്പെടുന്ന പക്ഷം ആ രക്തത്തിൽ (രക്തം ചിന്തിയതിന്റെ ശിക്ഷയിൽ) നിന്ന് ഒരു പങ്കു ആദമിന്റെ ഒന്നാമത്തെ പുത്രന്റെ മേൽ ഇല്ലാതിരിക്കുകയില്ല. കാരണം, അവനാണു കൊല നടപ്പിൽ വരുത്തിയവരിൽ ഒന്നാമത്തെ ആൾ' (അ: ബു: തി; ന: ജ.)

അവർ നടത്തിയ ബലികർമ്മം (قربان) സംബന്ധിച്ചു തിട്ടമായി വല്ലതും പറയത്തക്ക തെളിവുകളൊന്നും നമുക്കില്ല. ഒരാൾ കർഷകനും, അയാൾ ബലിക്ക സമർപ്പിച്ചതു ധാന്യവസ്തുവായിരുന്നുവെന്നും, മറ്റെയാൾ കാലികളെ പോറ്റുന്നവനും, അയാൾ സമർപ്പിച്ചതു ആടുമായിരുന്നുവെന്നും ചില ഖുർആൻ വ്യാഖ്യാതാക്കളും ബൈബ്ളും പറഞ്ഞു കാണുന്നുവെന്നുമാത്രം. ബലിക്കു സമർപ്പിക്കപ്പെട്ട വസ്തു അഗ്നിയാൽ കരിക്കപ്പെട്ടുപോകുന്നതാണു ബലികർമ്മം സ്വീകരിക്കപ്പെടുന്നതിന്റെ ലക്ഷണമെന്നും പറഞ്ഞു കാണുന്നു. [*] ഒന്നും ഉറപ്പിച്ചു പറയുവാൻ ഹദീസിലോ മറ്റോ തെളിവു കാണുന്നില്ല. അതു പോലെത്തന്നെ, രണ്ടു പേരും ബലികർമ്മം നടത്തുവാൻ കാരണമെന്തായിരുന്നുവെന്നുള്ളതും നമുക്ക അജ്ഞാതമാകുന്നു. സ്വീകാര്യമായ വല്ല തെളിവും കൂടാതെ കേവലം ചില കഥകളെ മാത്രം ആസ്പദമാക്കി വല്ലതും പറയുന്നതു ശരിയല്ലല്ലോ. അല്ലാഹു മൗനമവലംബിച്ച ആ വിഷയത്തെപ്പറ്റി നമുക്കും മൗനമവലംബിക്കാം. മനുഷ്യരിൽ അസൂയ കടന്നു കൂടുന്നതിന്റെയും, അതു നിമിത്തം സംഭവിക്കുന്ന അനിഷ്ടസംഭവങ്ങളുടെയും പാഠങ്ങൾ മനസ്സിലാക്കുവാൻ അതൊന്നും ഇവിടെ അറിഞ്ഞിരിക്കേണ്ടുന്ന ആവശ്യവും ഇല്ലല്ലോ.

---

[*] പലതരം ബലികർമ്മങ്ങളെയും, യാഗയജ്ഞങ്ങളെയും കുറിച്ചു ബൈബ്ളിൽ വിവരിക്കുന്നുണ്ട്. ചിലതിനെ അഗ്നികൊണ്ടു ചുട്ടുകരിക്കുന്നതായും, ചിലതു മുകളിൽ നിന്നും അഗ്നി ഇറങ്ങി കരിഞ്ഞുപോകുന്നതായും അതിൽ നിന്നു മനസ്സിലാകുന്നു. ഇതു ശരിയായിരുന്നാൽ തന്നെയും തൗറാത്തിനും ഇസ്രാഈല്യർക്കും എത്രയോ മുമ്പു നടന്നതും, മനുഷ്യചരിത്രത്തിൽ ഒന്നാമത്തേതായിരിക്കുവാനിടയുള്ളതുമായ ആ ബലി കർമ്മം എങ്ങിനെ നടന്നുവെന്നു അനുമാനിക്കുവാൻ അതൊരു മാനദണ്ഡമായി സ്വീകരിക്കുവാൻ വഴി കാണുന്നില്ല. والله أعلم

എന്റെ കുററവും നിന്റെ കുററവും കൊണ്ടു നീ മടങ്ങുക (إِنِّي أُرِيدُ أَن تَبُوءَ بِإِثْمِي) എന്ന വാക്യത്തിന്റെ താൽപര്യം മേലുദ്ധരിച്ച പ്രകാരത്തിൽ വിവരിക്കപ്പെടാറുണ്ട്. ഒരാളുടെ കുററം മറെറാരാൾ വഹിക്കുകയില്ലെന്ന തത്വത്തിനു ബാഹ്യത്തിൽ എതിരായി തോന്നുന്നതാണ് ഈ വ്യത്യാസത്തിനു കാരണം. എന്നെ നീ കൊല്ലുന്ന പാപം, എന്നെ കൊല്ലുന്ന കുററവും, നിന്റെ ബലി സ്വീകരിക്കപ്പെടാതിരിക്കുവാൻ നീ ചെയ്ത മററു കുററങ്ങളും നീ വഹി ക്കുമെന്നാണ് അഭിപ്രായം. അക്രമത്തിന്റെ പ്രതികാര നടപടിയെന്ന നിലക്കു പരലോകത്തുവെച്ചു അക്ര മിയുടെ സൽക്കർമ്മങ്ങൾ—അവൻ ചെയ്ത അക്രമത്തിന്റെ തോതനുസരിച്ചു—അക്രമത്തിനു വിധേയനായ ആളുക്കു നൽകപ്പെടുമെന്നും, സൽക്കർമ്മങ്ങൾ പോരാതെ വരുന്നപക്ഷം, ആ കുറവു തീരുന്നതുവരെ ഇവന്റെ പാപങ്ങളിൽ നിന്ന് അവന്റെമേൽ ചുമത്തപ്പെടുമെന്നും ഹദീസിൽ വന്നിട്ടുണ്ട്. അതനുസരിച്ചു നിന്റെ മററു കുററങ്ങൾക്കു പുറമെ, എന്നെ കൊല്ലുന്നതുമൂലം എന്റെ കുററങ്ങളും കൂടി നീ വഹിക്കേണ്ടതായി വരുമെന്നാണ് ആ വാക്യത്തിന്റെ താൽപര്യമെന്നത്രെ മറെറാരഭിപ്രായം. വേറെയും ചില അഭിപ്രായങ്ങൾ ഇല്ലാതില്ല. ആദ്യത്തെ അഭിപ്രായത്തി ലാണു കൂടുതൽ വ്യക്തത കാണുന്നത്. الله ഏതായാലും അവസാനം സംഭവം എങ്ങിനെ കലാശിച്ചുവെന്നു അല്ലാഹു വിവ രിക്കുന്നു:-

33. എന്നിട്ട് അവന്റെ [ബലി സ്വീകരിക്കപ്പെടാത്തവ ന്റെ] സഹോദരനെ കൊല്ലുന്നതിന് അവന്റെ മനസ്സു വഴ ങ്ങിക്കൊടുത്തു; അങ്ങനെ അവൻ അവനെ കൊല ചെയ്തു. ആകയാൽ, അവൻ നഷ്ടക്കാരിൽ പെട്ടവനായിത്തീർന്നു.

٣٣- فَطَوَّعَتْ لَهُۥ نَفْسُهُۥ قَتْلَ أَخِيهِ فَقَتَلَهُۥ فَأَصْبَحَ مِنَ ٱلْخَٰسِرِينَ ○

34. അപ്പോൾ, ഭൂമിയിൽ (മാന്തി) കുഴിച്ചു നോക്കുന്ന ഒരു കാക്കയെ അല്ലാഹു അയച്ചു; തന്റെ സഹോദരന്റെ ന ഗ്നജഡം [മൃതദേഹം] മറവു ചെയ്യുന്നതെങ്ങിനെയെന്നു അ തവനു കാണിച്ചു കൊടുക്കുവാൻ വേണ്ടി.

അവൻ പറഞ്ഞു: 'എന്റെ കഷ്ടമേ! ഞാൻ ഈ കാക്ക യെപ്പോലെ ആയിരിക്കുകയും, അങ്ങനെ എന്റെ സഹോദര ന്റെ നഗ്നജഡം [മൃതദേഹം] മറവു ചെയ്യുകയും ചെയ്‌വാൻ എനിക്കു കഴിയാതായിപ്പോയോ?!'

അങ്ങനെ, അവൻ ഖേദക്കാരിൽ പെട്ടവനായിത്തീർന്നു.

٣٤- فَبَعَثَ ٱللَّهُ غُرَابًا يَبْحَثُ فِى ٱلْأَرْضِ لِيُرِيَهُۥ كَيْفَ يُوَٰرِى سَوْءَةَ أَخِيهِ

قَالَ يَٰوَيْلَتَىٰٓ أَعَجَزْتُ أَنْ أَكُونَ مِثْلَ هَٰذَا ٱلْغُرَابِ فَأُوَٰرِىَ سَوْءَةَ أَخِى ۖ فَأَصْبَحَ مِنَ ٱلنَّٰدِمِينَ ○

---

33. فطوعت എന്നിട്ടു വഴിപ്പെട്ടു, വഴങ്ങി له അവനു نفسه അവന്റെ ആത്മാവ്, സ്വന്തം (മന സ്സു) قتل കൊലക്ക്, കൊല്ലുന്നതിനു أخيه തന്റെ സഹോദരന്റെ, സഹോദരനെ فقتله അങ്ങനെ അ വൻ അവനെ കൊന്നു فأصبح അങ്ങനെ (അതിനാൽ) അവൻ (ആയി) من الخاسرين നഷ്ടക്കാരിൽ പെട്ട (വൻ) 34. فبعث അപ്പോൾ അയച്ചു, നിയോഗിച്ചു الله അല്ലാഹു غرابا ഒരു കാക്കയെ يبحث അതു കുഴിച്ചു നോക്കി (അന്വേഷണം നടത്തി)ക്കൊണ്ടു في الأرض ഭൂമിയിൽ ليريه അവനു കാണിച്ചു കൊ ടുക്കുവാൻവേണ്ടി كيف يواري അവൻ എങ്ങിനെ മറക്കും (മൂടും) എന്നു سوءة നഗ്ന ജഡം أخيه ത ന്റെ സഹോദരന്റെ قال അവൻ പറഞ്ഞു يا ويلتى എന്റെ കഷ്ടമേ,നാശമേ أعجزت ഞാൻ സാധിക്കാ തായോ, എനിക്കു കഴിയാതായോ أن أكون ഞാനായിരിക്കുവാൻ مثل പോലെ, തുല്യം, മാതിരി هذا الغراب ഈ കാക്കയുടെ فأواري എന്നിട്ടു ഞാൻ (മൂടി) മറക്കുവാൻ سوءة أخي എന്റെ സഹോദരന്റെ ന ഗ്ന ജഡം فأصبح അങ്ങനെ അവനായിത്തീർന്നു من النادمين ഖേദക്കാരിൽ (സങ്കട)ക്കാരിൽ പെട്ട(വൻ)

അതെ, കുറെ മനഃപ്രയാസത്തോടു കൂടിയാണെങ്കിലും അവസാനം തന്റെ സഹോദരനെ കൊലപ്പെടുത്തുവാൻ തന്നെ അവൻ തീരുമാനിച്ചു. ആ കടും പാതകം ചെയ്യുകതന്നെ ചെയ്തു. അങ്ങനെ, നിർദ്ദോഷിയും ഗുണകാം

കീഴിലായിരുന്ന അവന്റെ ഏകസഹോദരൻ അവനു നഷ്ടപ്പെട്ടു. പരലോക നഷ്ടമാകട്ടെ, ഏറ്റവും വമ്പിച്ചതും. അവിവേകം പ്രവർത്തിച്ചു കഴിഞ്ഞപ്പോൾ അന്തംവിടുകയായി. സഹോദരന്റെ മൃതദേഹം കൊണ്ടു എന്തു ചെയ്യണമെന്ന് അവന് അറിഞ്ഞുകൂടാ. പ്രഥമ സംഭവം ഇതുപോലെ മനുഷ്യൻ കണ്ടുകഴിഞ്ഞിട്ടില്ലല്ലോ. മൃതദേഹം മറമാടാനുള്ള മാർഗ്ഗം അല്ലാഹു തന്നെ അവനു — അല്ല, മനുഷ്യവർഗ്ഗത്തിനു — കാട്ടിക്കൊടുത്തു. ഒരു കാക്കപ്പക്ഷിയെ നിലത്തു മാന്തി കുഴിയുണ്ടാക്കുവാൻ അവൻ തോന്നിപ്പിച്ചു. അതു കണ്ടപ്പോൾ അതിനെ ഒരു കുഴിയുണ്ടാക്കി സഹോദരന്റെ മൃതദേഹം അതിൽ വെച്ചു മൂടാമെന്ന് അവൻ മനസ്സിലാക്കി. അനുഭവത്തിൽ നിന്നും പരിസരത്തിൽ നിന്നും പാഠം പഠിച്ചുകൊണ്ടാണല്ലോ മനുഷ്യബുദ്ധി വളരുന്നത്. കാക്കയുടെ പ്രവൃത്തി കണ്ടപ്പോൾ 'അയ്യോ! ഞാൻ ഇത്ര വിഡ്ഢിയായിപ്പോയല്ലോ! ഈ കാക്കയുടെ അത്രപോലും ബുദ്ധി എനിക്ക് തോന്നിയില്ലല്ലോ!' എന്നായി. തന്റെ അവിവേകത്തിലും, വിഡ്ഢിത്തത്തിലും അവൻ ഖേദക്കാരനായിത്തീർന്നു.

മനുഷ്യസഹജമായ ഒരു സ്വഭാവമാണിത്. ദീർഘദൃഷ്ടിയും വീണ്ടുവിചാരവുമില്ലാതെ, അപ്പപ്പോൾ ഉണ്ടായിത്തീരുന്ന വികാരങ്ങൾക്ക് അധീനപ്പെട്ടു വല്ല കൊടും കൃത്യങ്ങളും പ്രവർത്തിക്കുക, പ്രവർത്തിച്ചു കഴിയുമ്പോഴേക്കും 'അയ്യോ, പറ്റിപ്പോയല്ലോ. എനിക്കെന്തു വേണം' എന്നൊക്കെ സ്വയം അപലപിക്കുകയും ചെയ്യുക. ഈ ദുസ്സ്വഭാവത്തിനു വശംവദരാകാതിരിക്കുവാൻ സൂക്ഷിക്കണമെന്ന് ഈ സംഭവ വിവരണത്തിൽ നിന്നു നാം പഠിക്കേണ്ടതുണ്ട്. കോപം, അസൂയ മുതലായവയിൽ നിന്ന് ഉടലെടുക്കുന്ന ഇത്തരം വികാരങ്ങളെ നിയന്ത്രിക്കുവാൻ കഴിയുന്നവരത്രെ ധീരന്മാരായ മനുഷ്യന്മാർ. അതാണ് ഒരു ഹദീസിൽ നബി (സ) ചൂണ്ടിക്കാട്ടുന്നത്: 'മൽപിടുത്തത്തിൽ വീഴ്ത്തുന്നതുകൊണ്ടല്ല ഊക്കനാകുന്നത്. കോപിക്കുമ്പോൾ തന്നെത്താൻ അധീനപ്പെടുത്തുന്നവനാണു ഊക്കൻ. [ബു; മു]

ഈ രണ്ടു സഹോദരന്മാർ ഇസ്രാഈൽ ജനതയിൽ പെട്ടവരായിരുന്നുവെന്ന താല്പര്യത്തിനു നിരക്കാത്തതാണല്ലോ കാക്കയെപ്പറ്റിയുള്ള അല്ലാഹുവിന്റെ പ്രസ്താവന. കാരണം, ഇസ്രാഈല്യരുടെ കാലമാകുമ്പോഴേക്കു മൃതദേഹം ഭൂമിയിൽ കുഴിമാന്തി മറമാടുന്നതിനെപ്പറ്റി അറിയുകയില്ലെന്ന് വരുവാൻ ഒട്ടും ന്യായമില്ല. അതുകൊണ്ടു കാക്കയെക്കുറിച്ച് അല്ലാഹു നൽകിയ വിവരണത്തിന്റെ സാരം ചില ആധുനിക തൽപരന്മാർ ഇപ്രകാരം വ്യാഖ്യാനിച്ചു കാണുന്നു: 'ഇത്തരം ഭയങ്കര കൃത്യങ്ങൾ ചെയ്താൽ പരിഭ്രമിച്ചുപോകലും പിന്നീട് എന്തു ചെയ്യണമെന്ന് തോന്നാതെ സ്തംഭിച്ചു നിൽക്കലും സാധാരണമാണ്. അങ്ങനെ സ്തംഭിച്ചു നിൽക്കുമ്പോൾ ഒരു കാക്ക വന്നു നിലത്തു മാന്തുന്നതു ഘാതകൻ കണ്ടു. അപ്പോഴാണ് മറമാടണമെന്ന് തോന്നിയത്. എന്നല്ലാതെ, ഭൂമിയിലെ ഒന്നാമത്തെ കൊല സംഭവമായിരുന്നു ഇതെന്നും, മറവു ചെയ്യുന്ന സമ്പ്രദായം അറിയാമായിരുന്നില്ല എന്നൊന്നും ഇതിനർത്ഥമില്ല.' ഇവർ ഈ പറഞ്ഞതും, അല്ലാഹു അർത്ഥശങ്കക്കിടമില്ലാത്തവിധം പ്രസ്താവിച്ച വാക്കുകളും തമ്മിൽ എത്ര അകലം! അല്ലാഹു ഒരു കാക്കയെ അയച്ചു (بعث الله غرابا) എന്നും, 'അവന്റെ സഹോദരന്റെ മൃതദേഹം എങ്ങിനെ മറവു ചെയ്യണമെന്നു അവനു കാട്ടിക്കൊടുക്കുവാൻ വേണ്ടിയാണു (ليريه كيف يواري....) എന്നും അല്ലാഹു പറയുന്നു. ഈ കാക്കയെപ്പോലെ ആയി എന്റെ സഹോദരന്റെ മൃതദേഹം മറക്കുവാൻ എനിക്കു കഴിയാതായോ? കഷ്ടം!! (يا ويلتى أعجزت..) എന്നു ഘാതകനും പറയുന്നു. അതേ സമയത്തു ഇവർ പറയുന്നതെന്താണ്? 'അതിനെയല്ല, കാക്കയുടെ മാന്തൽ യാദൃശ്ചികമായി ഒത്തുകൂടിയതാണു, അപ്പോഴാ ഘാതകനു മൃതദേഹം മറക്കുന്ന കാര്യം ഓർമ്മവന്നുള്ളൂ' വെന്ന്! ഇതു കേവലം ബാലിശമായ ഒരു ദുർവ്യാഖ്യാനമായിപ്പോയി എന്നേ മനസ്സിലാക്കുവാൻ കഴിയുന്നുള്ളൂ.

٣٥- مِنْ أَجْلِ ذَٰلِكَ كَتَبْنَا عَلَىٰ بَنِي إِسْرَائِيلَ أَنَّهُ مَن قَتَلَ نَفْسًا بِغَيْرِ نَفْسٍ أَوْ فَسَادٍ فِي الْأَرْضِ فَكَأَنَّمَا قَتَلَ النَّاسَ جَمِيعًا

35. അക്കാരണത്താൽ, ഇസ്രാഈൽ സന്തതികളുടെ മേൽ നാം രേഖപ്പെടുത്തി: ഒരു ദേഹത്തി(നെ കൊല ചെയ്‌തി)നോ, അല്ലെങ്കിൽ ഭൂമിയിൽ വല്ല കുഴപ്പ (പ്രവർത്തന)ത്തിനോ (പകരം) അല്ലാതെ ആരെങ്കിലും ഒരു ദേഹത്തെ കൊലപ്പെടുത്തിയാൽ, അവൻ മനുഷ്യരെ മുഴുവൻ കൊല ചെയ്‌തതു പോലെയാകുന്നുവെന്നു;

وَمَنْ أَحْيَاهَا فَكَأَنَّمَا أَحْيَا النَّاسَ جَمِيعًا

ആരെങ്കിലും അതിനെ [ഒരു ദേഹത്തെ] ജീവിപ്പിക്കുന്നതായാൽ അവൻ മനുഷ്യരെ മുഴുവൻ ജീവിപ്പിച്ചതുപോലെയാകുന്നുവെന്നും.

നമ്മുടെ റസൂലുകൾ വ്യക്തമായ തെളിവുകളുമായി അവർക്കു ചെല്ലുകയുമുണ്ടായിട്ടുണ്ട്. പിന്നെ, അതിനു ശേഷവും അവരിൽനിന്നു വളരെ ആളുകൾ ഭൂമിയിൽ അതിരു കവിഞ്ഞവർ തന്നെയാകുന്നു.

وَلَقَدْ جَآءَتْهُمْ رُسُلُنَا بِالْبَيِّنٰتِ ثُمَّ إِنَّ كَثِيرًا مِّنْهُمْ بَعْدَ ذٰلِكَ فِى الْأَرْضِ لَمُسْرِفُونَ ۝

---

35. من اجل ذلك അക്കാരണത്താൽ كتبنا നാം നിയമിച്ചു, രേഖപ്പെടുത്തി على بنى اسرائيل ഇസ്രാഈൽ സന്തതികളുടെ മേൽ انه കാര്യം എന്നു من قتل ആരെങ്കിലും കൊന്നാൽ, ആർ കൊല ചെയ്തുവോ نفسا ഒരു ദേഹത്തെ, ആളെ بغير കൂടാതെ, അല്ലാതെ نفس ഒരു ദേഹം, ആൾ, ദേഹത്തിനു (പകരം) اوفساد അല്ലെങ്കിൽ കുഴപ്പം, കുഴപ്പത്തിനു, നാശത്തിനു فى الارض ഭൂമിയിൽ فكانما എന്നാലവൻ കൊന്നതു പോലെയാകുന്നു الناس മനുഷ്യരെ جميعا മുഴുവൻ ومن احياها ആരെങ്കിലും അതിനെ ജീവിപ്പിച്ചാൽ فكانما احيى എന്നാലവൻ ജീവിപ്പിച്ചതുപോലെയാണു الناس മനുഷ്യരെ جميعا മുഴുവൻ ولقد جاءتهم അവർക്കു വരുകയുമുണ്ടായിട്ടുണ്ട്, തീർച്ചയായും വന്നിരിക്കുന്നു رسلنا നമ്മുടെ റസൂലുകൾ, ദൂതൻമാർ بالبينات വ്യക്തമായ തെളിവുകളുമായി ثم പിന്നെ, അനന്തരം ان كثيرا വളരെ (ആളുകൾ) منهم അവരിൽ നിന്നു بعد ذلك അതിനുശേഷം فى الارض ഭൂമിയിൽ لمسرفون അതിരു കവിഞ്ഞ (വിട്ട)വർതന്നെ

മേൽ കണ്ടതുപോലെ, ഭൂമിയിൽ മനുഷ്യവാസം തുടങ്ങിയ ആരംഭകാലം മുതൽക്കു തന്നെ കൊലപാതകം ഭൂമിയിൽ സംഭവിച്ചു തുടങ്ങിയിട്ടുണ്ട്. അതിനുള്ള കാരണമാണെങ്കിൽ അസൂയയും മുൻവിരോധവുമായിരിക്കും. [illegible] തിന്റെ ഭവിഷ്യത്തുകളെ, അതിഭയങ്കരവും. ആകയാൽ, ന്യായമായ കാരണം കൂടാതെ–ഒരാളെ കൊലപ്പെടുത്തിയതിന്റെ പ്രതികാരമായിട്ടോ, ഭൂമിയിൽ വല്ല കുഴപ്പവും ഉണ്ടാക്കിയതിന്റെ ശിക്ഷയായിട്ടോ അല്ലാതെ–ഒരാളെ ഒരാൾ കൊല്ലുന്നതു മനുഷ്യരെ മുഴുവൻ കൊല്ലുന്നതുപോലെ അത്രയും ഗൗരവപ്പെട്ട ഒരു മഹാപാതകമാണെന്നും, നേരെമറിച്ച് ഒരാളുടെ ജീവൻ രക്ഷിക്കുന്നതു മുഴുവൻ മനുഷ്യരുടെയും ജീവൻ രക്ഷിക്കുന്നതുപോലെ അത്രയും മഹത്തായ ഒരു പുണ്യകർമ്മമാണെന്നും അല്ലാഹു ഇസ്രാഈല്യർക്കു രേഖപ്പെടുത്തിക്കൊടുത്തിരുന്നു. അതിനു പുറമെ, വ്യക്തമായ തെളിവുകൾ സഹിതം അല്ലാഹുവിന്റെ സന്ദേശങ്ങൾ എത്തിച്ചുകൊടുക്കുവാനായി വളരെ റസൂലുകളും അവരിൽ ഉണ്ടായിട്ടുണ്ട്. ഇതെല്ലാമായിട്ടും അവരിൽ പലരും പിന്നെയും തോന്നിയവാസവും നിയമലംഘനവും വഴി [illegible] യാണു ചെയ്തത്. ഇതാണ് ഈ വചനത്തിലടങ്ങിയ ആശയം.

ഒരു മതഗ്രന്ഥത്തിന്റെയും നിയമസംഹിതയുടെയും അനുയായികളായി അറിയപ്പെട്ട സമുദായങ്ങളിൽ ഒന്നാമത്തെ സമുദായം ഇസ്രാഈൽ സമുദായമാണല്ലോ. മറ്റു സമുദായങ്ങളെക്കാളധികം ഖുർആനിൽ പരാമർശിക്കപ്പെടുന്നതും അവരെക്കുറിച്ചു തന്നെ. അവരെക്കുറിച്ചു സംസാരിച്ചു വന്ന മധ്യെയാണ് ഈ സംഭവം ഇവിടെ ഉദ്ധരിച്ചതും. അതുകൊണ്ടാണ്, അക്കാരണത്താൽ–ആദം നബിയുടെ പുത്രൻമാർ മുതൽക്കു തന്നെ മനുഷ്യരിൽ ആരംഭിച്ചുവന്ന കാരണത്താൽ–ഇസ്രാഈല്യർക്കു അതിനെ രേഖപ്പെടുത്തിക്കൊടുത്തിട്ടുണ്ടെന്നു പറഞ്ഞതും. അല്ലാതെ, കൊല നിഷിദ്ധമാക്കിയതെന്നോ, കൊലക്കുറ്റത്തിന്റെ ഗൗരവം അവരെ അറിയിക്കേണ്ടി വന്നതെന്നോ ഇസ്രാഈല്യർക്കു മുമ്പു ലോകത്തു കൊലപാതകം നടന്നിട്ടില്ലെന്നോ, ഇസ്രാഈല്യരുടെ മുമ്പ് മനുഷ്യരിൽ ഒരു വിധി കൂടാതെ നിശ്ചയിക്കപ്പെട്ടിരുന്നില്ലെന്നോ ഒന്നുമല്ല ഇതിനർത്ഥം. ഇസ്രാഈല്യരിൽ കൊലക്കുറ്റത്തിനു വിധിക്കപ്പെട്ട നിയമത്തിലെ നിയമം എന്തായിരുന്നുവെന്നു താഴെ 45-ാം വചനത്തിൽ വരുന്നതുമാണ്. അല്ലാഹു പ്രത്യേകം പ്രസ്താവിക്കുന്നുണ്ട്.

പ്രതികാര നടപടിയെന്ന നിലക്കോ, ഭൂമിയിൽ കുഴപ്പമുണ്ടാക്കിയതിന്റെ പേരിലോ അല്ലാതെയുള്ള മനുഷ്യവധത്തെപ്പറ്റിയാണ് അല്ലാഹു ഈ വചനത്തിൽ പ്രസ്താവിച്ചത്. ആ രണ്ടു തരത്തിലുള്ള വധവും ആക്ഷേപാർഹമല്ലെന്നു ഇതിൽനിന്നു വ്യക്തമാകുന്നു. പ്രതികാരവധത്തെ സംബന്ധിച്ച വിവരങ്ങൾ സൂറത്തുൽ ബക്വറ 178, 179 വചനങ്ങളിൽ മുമ്പ് കഴിഞ്ഞുപോയി. ഭൂമിയിൽ കുഴപ്പമുണ്ടാക്കുന്നതു സംബന്ധിച്ച വിവരം അടുത്ത ആയത്തിൽ വരുന്നുമുണ്ട്. എന്നി, ഒരാളെ കൊന്നാൽ എല്ലാവരെയും കൊന്നതു പോലെയാണെന്നും, ഒരാളെ ജീവിപ്പിച്ചാൽ

എല്ലാവരെയും ജീവിപ്പിച്ചതുപോലെയാണെന്നും പറഞ്ഞതിന്റെ സാരമെന്താണെന്നു നോക്കാം. മേൽ പ്രസ്താവിച്ച രണ്ടു കാര്യങ്ങൾ—പ്രതിക്രിയയും കുഴപ്പമുണ്ടാക്കലും—അല്ലാതെ കൊലപാതകത്തിനു ന്യായീകരണമില്ല. അപ്പോൾ, നിർദ്ദോഷിയായ ഒരു ജീവനെ അന്യായമായി നശിപ്പിക്കുവാൻ മുതിരുന്നവനെ സംബന്ധിച്ചിടത്തോളം—അവനു വേണ്ടിവന്നാൽ—ആരെയും കൊല്ലാമെന്നുള്ള നിലപാടാണല്ലോ ഉള്ളത്. മറിച്ച് ഒരാളെ മരണ ഹേതുക്കളിൽനിന്നു രക്ഷപ്പെടുത്തുകയോ, കൊലപ്പെടുത്തുവാനുള്ള പ്രേരണയും അവസരവും ഉണ്ടായിട്ടുപോലും അതിനു തയ്യാറാകാതെ ഒഴിഞ്ഞു നിൽക്കുകയോ ചെയ്യുന്നവനെ സംബന്ധിച്ചിടത്തോളം എല്ലാ മനുഷ്യരുടെ ജീവനും പരിശുദ്ധമായിരിക്കുന്നതുമാണ്. കഴിവതും എല്ലാവരെയും രക്ഷപ്പെടുത്തുവാനുള്ള മനസ്ഥിതിയും അവനുണ്ടായിരിക്കും. നിർദ്ദോഷിയായ ഒരാളെ കൊലചെയ്ത ഘാതകനെ ജനങ്ങൾ വെറുപ്പോടും സംശയത്തോടും കൂടിയല്ലാതെ വീക്ഷിക്കാതിരിക്കുന്നതും, ഒരാളുടെ ജീവൻ രക്ഷപ്പെടുത്തിയ ആളെ സന്തോഷത്തോടും സൽപ്രതീക്ഷയോടും കൂടി വീക്ഷിച്ചു വരുന്നതും അതുകൊണ്ടാണ്. ഒരു സത്യവിശ്വാസിയെ കരുതിക്കൂട്ടി കൊലപ്പെടുത്തുന്നവന്റെ പ്രതിഫലം ശാശ്വതമായ നരക ശിക്ഷയാണെന്നും, അല്ലാഹു അവന്റെ നേരെ കോപിക്കുകയും അവനെ ശപിക്കുകയും ചെയ്യുമെന്നും, അവനു വമ്പിച്ച ശിക്ഷ ഒരുക്കി വെച്ചിട്ടുണ്ടെന്നുമൊക്കെ (ومن يقتل مؤمنا متعمدا...) സൂ: നിസാഉ് 93ൽ അല്ലാഹു അറിയിച്ചിട്ടുണ്ടല്ലോ. അതുപോലെ കൊലപാതകത്തിന്റെ ഗൗരവം കാണിക്കുന്നതാണ് ഈ പ്രസ്താവനയും. എന്നല്ലാതെ, ഒരാളെ കൊന്നവന്റെമേൽ എല്ലാവരെയും കൊന്നതുപോലെയുള്ള നിയമപരമായ ശിക്ഷാനടപടി എടുക്കേണ്ടതുണ്ടെന്നോ, ഒരാളെ രക്ഷപ്പെടുത്തിയവനു എല്ലാവരെയും രക്ഷപ്പെടുത്തിയതിനുള്ള പാരിതോഷികം നൽകണമെന്നോ അല്ല. والله اعلم

٣٦- إِنَّمَا جَزَٰٓؤُا۟ ٱلَّذِينَ يُحَارِبُونَ ٱللَّهَ وَرَسُولَهُۥ وَيَسْعَوْنَ فِى ٱلْأَرْضِ فَسَادًا أَن يُقَتَّلُوٓا۟ أَوْ يُصَلَّبُوٓا۟ أَوْ تُقَطَّعَ أَيْدِيهِمْ وَأَرْجُلُهُم مِّنْ خِلَـٰفٍ أَوْ يُنفَوْا۟ مِنَ ٱلْأَرْضِ ۚ ذَٰلِكَ لَهُمْ خِزْىٌ فِى ٱلدُّنْيَا ۖ وَلَهُمْ فِى ٱلْـَٔاخِرَةِ عَذَابٌ عَظِيمٌ

٣٧- إِلَّا ٱلَّذِينَ تَابُوا۟ مِن قَبْلِ أَن تَقْدِرُوا۟ عَلَيْهِمْ ۖ فَٱعْلَمُوٓا۟ أَنَّ ٱللَّهَ غَفُورٌ رَّحِيمٌ

36. നിശ്ചയമായും, അല്ലാഹുവിനോടും, അവന്റെ റസൂലിനോടും പോരാടുകയും, ഭൂമിയിൽ കുഴപ്പത്തിനു പരിശ്രമം നടത്തുകയും ചെയ്യുന്നവരുടെ പ്രതിഫലം, അവർ നിർദ്ദയം കൊല്ലപ്പെടുകയോ, ക്രൂശിക്കപ്പെടുകയോ (തന്നെ) ആകുന്നു; അല്ലെങ്കിൽ, (ഒന്നൊന്നിന്) എതിരിൽ നിന്നായി അവരുടെ കൈകളും കാലുകളും മുറിച്ചു കളയപ്പെടുകയോ, (സ്വന്തം) ഭൂമിയിൽനിന്നു അവർ നാടുകടത്തപ്പെടുകയോ, (തന്നെ) ആകുന്നു.

അതവർക്കു ഇഹത്തിൽ ഒരു അപമാനമായിരിക്കും; അവർക്കു പരലോകത്തിലാകട്ടെ, വമ്പിച്ച ശിക്ഷയുമുണ്ടായിരിക്കും;

37. അവരുടെ മേൽ (നടപടി എടുക്കുവാൻ) നിങ്ങൾക്കു കഴിയുന്നതിനു മുമ്പായി പശ്ചാത്തപിച്ചവരൊഴികെ. എന്നാൽ, നിങ്ങൾ അറിഞ്ഞുകൊള്ളുക: അല്ലാഹു വളരെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നുവെന്ന്.

---

36. انما جزاء നിശ്ചയമായും പ്രതിഫലം (തന്നെ-മാത്രം) الذين യാതൊരു കൂട്ടരുടെ يحاربون പോരാടുന്ന, യുദ്ധം നടത്തുന്ന الله ورسوله അല്ലാഹുവിനോടും അവന്റെ റസൂലിനോടും ويسعون പരിശ്രമിക്കുക (അദ്ധ്വാനിക്കുക-പ്രവർത്തിക്കുക)യും ചെയ്യുന്ന في الارض ഭൂമിയിൽ (നാട്ടിൽ) فسادا കുഴപ്പത്തിനു ان يقتلوا അവർ ധാരാളം (നിർദ്ദയമായി) കൊല്ലപ്പെടുകയാണു او يصلبوا അല്ലെങ്കിൽ (ധാരാളം) ക്രൂശിക്കപ്പെടുക او تقطع അല്ലെങ്കിൽ (ധാരാളം) മുറിക്കപ്പെടുക ايديهم അവരുടെ കൈകൾ وارجلهم അവരുടെ കാലുകളും من خلاف എതിരിൽ നിന്നായി, എതിർവശത്തുനിന്നു او ينفوا അല്ലെങ്കിൽ അവർ നിരോധിക്ക(നീക്കം ചെയ്യ)പ്പെടുക (നാടു കടത്തപ്പെടുക) من الارض ഭൂമിയിൽ (നാട്ടിൽ) നിന്നു ذلك അതു لهم അവർക്കു خزي അപമാനമാണു, നിന്ദ്യതയാകുന്നു في الدنيا ഇഹത്തിൽ ولهم അവർക്കു ഉണ്ടുതാനും في الاخرة പരലോകത്തിൽ عذاب عظيم വമ്പിച്ച ശിക്ഷ 37. الا الذين യാതൊരുവരൊഴികെ تابوا പശ്ചാത്തപിച്ച, അവർ ഖേദിച്ചു മടങ്ങി من قبل മുമ്പായി ان تقدروا നിങ്ങൾക്കു കഴിയുന്നതിനു عليهم അവരുടെമേൽ, അവരോടു فاعلموا എന്നാൽ അറിയുവിൻ, അറിയുക ان الله അല്ലാഹു (ആകുന്നു) എന്നു غفور വളരെ പൊറുക്കുന്നവൻ رحيم കരുണാനിധി

[illegible] വിവരിച്ചപ്പോൾ يُقَتَّلُوا (യുഖ്തലൂ) يُصَلَّبُوا (യുസ്വല്ലബൂ) تُقَطَّعَ (തുഖ്ത്വഅ) എന്നി [illegible] ഉപയോഗിക്കാതെ يُقَتَّلُوا ، يُصَلَّبُوا ، تُقَطَّعَ (യുഖത്തലൂ, യുസ്വല്ലബൂ, [illegible]) എന്നിങ്ങനെയാണ് ഈ ക്രിയകൾ അല്ലാഹു ഉപയോഗിച്ചിരിക്കുന്നത്. അവരെ കൊല്ലുകയും, ക്രൂശി [illegible] ചെയ്യുന്നതിൽ യാതൊരു വിട്ടുവീഴ്ചയും ദയയും അവരോട് കാണിക്കേണ്ടതി [illegible] ഈ ക്രിയാരൂപങ്ങൾ കാണിക്കുന്നത്. [illegible] എന്നു പറഞ്ഞതിന്റെ താൽപര്യം ധാർമ്മിക വ്യവസ്ഥകൾക്കെതിരെ [illegible] നടത്തുക എന്നത്രെ. ഇസ്‌ലാമിക ഭരണത്തിനും, മുസ്‌ലിംകൾക്കും എതിരെ നടത്തപ്പെ [illegible] കൊള്ള, കൊല, കവർച്ച മുതലായ ഭീകരപ്രവർത്തനങ്ങളും നടത്തുന്ന എല്ലാവരു [illegible] ശിക്ഷാനടപടികളെക്കുറിച്ചാണു ഈ വചനത്തിൽ പ്രസ്താ [illegible] മുസ്‌ലിമെന്നോ, അമുസ്‌ലിമെന്നോ, വ്യക്തിയെന്നോ, സംഘമെന്നോ, എന്നു കക്ഷിയെന്നോ [illegible] ഇല്ല. [illegible] പ്രവർത്തനങ്ങൾ നടത്തുന്ന കപട വിശ്വാസികളെപ്പറ്റി സൂറത്തുൽ ബഖ [illegible] പറയുന്നു: അവൻ തിരിഞ്ഞു പോയാൽ ഭൂമിയിൽ കുഴപ്പമുണ്ടാക്കുവാനും, വിളയും സന്തതിയും [illegible] നശിപ്പിക്കുവാനും അവൻ ഭൂമിയിൽ പരിശ്രമം നടത്തുകയായി. അല്ലാഹു കുഴപ്പത്തെ ഇഷ്ടപ്പെടുകയില്ലതാനും. (2:205) കൊലപ്പെടുത്തുക, ക്രൂശിക്കുക, ഒരു വശത്തെ കയ്യും മറ്റേ വശത്തെ കാലും എന്ന നിലക്കു കൈകാലുകൾ മുറിക്കുക, നാടുകടത്തി വിടുക എന്നീ നാലിൽ ഏതെങ്കിലും ഒരു ശിക്ഷാനടപടിയാണ് അവരുടെ മേൽ സ്വീക [illegible] എന്നു മാത്രമേ അല്ലാഹു ഇവിടെ വ്യക്തമാക്കിയിട്ടുള്ളു. ഇവയിൽ ഇന്നിന്ന നടപടി ഇന്നിന്ന [illegible] നോക്കണമെന്നു സൂചിപ്പിക്കപ്പെട്ടിട്ടില്ല. കുറ്റത്തിന്റെ സ്വഭാവവും, ഭരണാധികാരിയുടെ അഭിപ്രായവും [illegible] അനുസരിച്ചു ഇവയിൽ കൂടുതൽ യുക്തമായി തോന്നുന്ന നടപടി സ്വീകരിക്കാമെന്നാണ് ഇതിൽ നിന്നു മനസ്സി [illegible] ലാക്കേണ്ടത്.

ഇതു സംബന്ധിച്ചു ഇബ്നു കഥീർ (റ) അദ്ദേഹത്തിന്റെ തഫ്സീറിൽ ചെയ്ത പ്രസ്താവനയുടെ [illegible] ഇപ്രകാരമാകുന്നു:— 'ഈ ആയത്തിനെക്കുറിച്ചു ഇബ്നു അബ്ബാസ് (റ)ൽ നിന്നു ഉദ്ധരിച്ചുകൊണ്ട് [illegible] പറയുന്നു: 'മുസ്‌ലിം സമൂഹത്തിൽ ആരെങ്കിലും വല്ല ആയുധമെടുക്കുകയും, വഴിപോക്കരെ [illegible] ചെയ്യുന്നതായാൽ മുസ്‌ലിംകളുടെ ഭരണനേതാവിനു അവരെ പിടികിട്ടുന്ന പക്ഷം, അവരെ [illegible] സ്വാതന്ത്ര്യമുണ്ടായിരിക്കും. വേണമെങ്കിൽ അവരെ കൊലപ്പെടുത്താം, വേണമെങ്കിൽ ക്രൂശിക്കാം, വേണമെ [illegible] കയ്യും കാലും മുറിക്കാം.' ഇപ്രകാരം തന്നെയാണു സഈദുബ്നുൽ മുസയ്യബ്, മുജാഹിദ്, അത്വാഉ്, [illegible] ഇബ്രാഹീം നഖ്ഈ, ളഹ്ഹാക് (റ) എന്നിവരും പറഞ്ഞിരിക്കുന്നത്. അവരിൽ നിന്നുള്ള [illegible] ഇബ്നു ജരീർ (റ) ഉദ്ധരിച്ചിട്ടുണ്ട്. ഇമാം മാലിക് (റ) ൽ നിന്നും അങ്ങനെ അനുഭവപ്പെ [illegible] ഉദ്ധരിച്ചിരിക്കുന്നു. ഈ വചനത്തിലുള്ള പോലെ أو (അല്ലെങ്കിൽ) എന്ന അവ്യയം ചേർത്തു പറഞ്ഞിട്ടുള്ള (5:95; 2:196; 5:89 മുതലായ) ആയത്തുകളിൽ പ്രസ്താവിക്കപ്പെട്ട കാര്യങ്ങൾ ഇഷ്ടം പോലെ ചെയ്‌വാൻ സ്വാതന്ത്ര്യമുണ്ടല്ലോ. അതുപോലെ, അതേ അവ്യയം ഉപയോഗിച്ചു പറഞ്ഞ ഇക്കാര്യങ്ങളിലും ഇഷ്ടം പോലെ തിരഞ്ഞെടുക്കുവാൻ സ്വാതന്ത്ര്യ [illegible] ഉണ്ടായിരിക്കണം എന്നുള്ളതാണ് ഈ അഭിപ്രായത്തിനുള്ള പിൻബലം. ഭൂരിപക്ഷം പണ്ഡിതന്മാരുടെയും [illegible] ഈ ശിക്ഷാ–നടപടികൾ മാറുന്നു. ഓരോ അവസരത്തിൽ സ്വീകരിക്കപ്പെടേണ്ടതാണ് എന്നത്രെ. അതാ [illegible] ആളുകളെ കൊല്ലുകയും ധനം പിടിച്ചെടുക്കുകയും ചെയ്തിട്ടുള്ളവരെ കൊല്ലുകയും ക്രൂശിക്കുകയും വേണം. [illegible] ധനം പിടിച്ചെടുത്തിട്ടില്ലെങ്കിൽ കുരിശിൽ കയറ്റേണ്ടതില്ല. ധനം എടുത്തു—കൊലചെയ്തിട്ടില്ല—എങ്കിൽ കൈകാ [illegible] ലുകൾ മുറിക്കണം. വഴിപോക്കരെ ഭീതിപ്പെടുത്തി—ധനം എടുത്തിട്ടില്ല—എങ്കിൽ നാടു കടത്തണം എന്നാണത്രെ. [illegible] പ്രസ്താവിച്ച ചില മഹാന്മാരിൽ നിന്നും, മുൻഗാമികളായ വേറെ പലരിൽ നിന്നും ഇങ്ങിനെ വിവരണങ്ങൾ വന്നി [illegible] ട്ടുണ്ട്. കുരിശിലിടുന്നതു ജീവനോടെ ആകാമോ, അതല്ല മൃതദേഹം ജനങ്ങൾ കാണത്തക്കവിധം കുരിശിൽ തൂക്കി [illegible] ഇടേണ്ടതാണോ എന്നതിലും ഭിന്നാഭിപ്രായമുണ്ട്.' (ابن كثير)

വിശദാംശങ്ങളിൽ പണ്ഡിതന്മാർക്കിടയിൽ വളരെ അഭിപ്രായ വ്യത്യാസമുള്ള ഒരു വിഷയമാണിത്. ആയ [illegible] ത്തിന്റെ വാചകരീതിയും, മേൽകണ്ടതു പോലെയുള്ള പണ്ഡിതാഭിപ്രായങ്ങളും, ആ അഭിപ്രായങ്ങൾക്കുള്ള ന്യായ [illegible] ങ്ങളും എല്ലാം കൂടി പരിശോധിക്കുമ്പോൾ മനസ്സിലാകുന്നതു ഇതാണു: കുറ്റകൃത്യങ്ങളുടെ സ്വഭാവം കൂടി പരിഗ [illegible] ണിച്ചുകൊണ്ട് ഭരണാധിപനു കൂടുതൽ അനുയോജ്യമായിക്കാണുന്ന നടപടി ഏതാണോ അതു സ്വീകരിക്കുവാൻ [illegible] സ്വാതന്ത്ര്യമുണ്ടായിരിക്കും. യാഥാർത്ഥ്യം അല്ലാഹുവിനറിയാം.

ഇതെല്ലാം കേവലം ഐഹികമായ ശിക്ഷകൾ മാത്രമാണ്. അത്തരം അക്രമ പ്രവർത്തനങ്ങൾ നടത്തുന്നവരെ [illegible] അപമാനിക്കുകയും നിന്ദിക്കുകയുമാണതിന്റെ ലക്ഷ്യം. അഥവാ, മേലിൽ അതിനെയുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുവാൻ അവർക്കോ മറ്റുള്ളവർക്കോ ധൈര്യം തോന്നാതിരിക്കുവാൻ വേണ്ടിയാണത്. ഇതുകൊണ്ടു പരലോക

ശിക്ഷയിൽ നിന്നു അവർക്കു ഒഴിവു ലഭിക്കുവാൻ പോകുന്നില്ല. അവിടെ വെച്ചു ബാധിച്ച ശിക്ഷ ഇതിനു പുറമെ വേറെയും അവർ അനുഭവിക്കേണ്ടി വരുമെന്നു അല്ലാഹു അറിയിക്കുന്നു. പക്ഷേ–അവർ എത്രതന്നെ അക്രമം നടത്തിയിരുന്നാലും–അവരെ പിടികൂടുവാൻ കഴിയുന്നതിനു മുമ്പായി അവർ സ്വയം ഖേദിച്ചു മടങ്ങി കീഴടങ്ങുന്ന പക്ഷം, അവരുടെ മേൽ ശിക്ഷാനടപടിയെടുക്കേണ്ടതില്ലെന്നും, അല്ലാഹു അവർക്കു പൊറുത്തുകൊടുത്തേക്കുമെന്നും രണ്ടാമത്തെ വചനത്തിൽ അറിയിക്കുന്നു. ആരെയും വൃഥാ ശിക്ഷിക്കേണമെന്ന് അല്ലാഹുവിനു ഉദ്ദേശ്യമില്ലല്ലോ.

ജനായത്തം, അഭിപ്രായ സ്വാതന്ത്ര്യം എന്നൊക്കെ പേരു പറഞ്ഞുകൊണ്ടു നാട്ടിൽ നടമാടിക്കൊണ്ടിരിക്കുന്ന കുഴപ്പങ്ങളെയും, അക്രമ പ്രവർത്തനങ്ങളെയും രാഷ്ട്രീയമെന്നും അല്ലാത്തതെന്നും വേർതിരിക്കുകയും, രാഷ്ട്രീയത്തിന്റെ പേരിൽ നടത്തപ്പെടുന്ന കൊള്ള, കൊല മുതലായവക്കു ശിക്ഷയിൽ ലഘൂകരണം നൽകപ്പെടുകയും ചെയ്യുന്ന ഒരു സമ്പ്രദായം ഇന്നു മിക്ക നാടുകളിലും ഉള്ളതാണ്. ഇതുമൂലം പൊതുജനങ്ങൾ അനുഭവിക്കുന്ന കഷ്ടപ്പാടും നഷ്ടങ്ങളും ഇന്നു ആരെയും പറഞ്ഞറിയിക്കേണ്ടതില്ല. ഇസ്‌ലാമിൽ ഇങ്ങിനെയൊരു വിഭജനമില്ല തന്നെ. ഈ വിഭജനത്തിനു യുക്തിയുടെയോ നീതിയുടെയോ ധാർമ്മികതയുടെയോ പിൻബലമില്ലാത്തതാണ്. കക്ഷികളുടെ അധികാര മോഹത്തിൽനിന്നു മാത്രം ഉടലെടുത്ത ഒരു കിരാതനിയമം മാത്രമാണിത്.

'രാഷ്ട്രീയമായി പുരോഗതിപ്പെട്ട നാടുകൾ' എന്നു വിശേഷിപ്പിക്കപ്പെടുന്ന രാജ്യങ്ങളിലാണ് ഇത്തരം വികൃതനിയമങ്ങൾ അധികം കാണുന്നത്. അതിന്റെ ഫലമോ? ജനങ്ങളുടെ ജീവനും സ്വത്തിനും രക്ഷയില്ലാത്തവിധം അസമാധാനവും, നാട്ടിൽ അരാജകത്വവും! മനുഷ്യ സ്വഭാവങ്ങളെക്കുറിച്ചു മനുഷ്യരെക്കാൾ അറിയുന്ന അല്ലാഹുവിന്റെ നിയമങ്ങൾ മാത്രമേ യഥാർത്ഥത്തിൽ മനുഷ്യവംശത്തിനു ഇഹത്തിലും പരത്തിലും സമാധാനം നൽകുകയുള്ളൂ.

ഈ വചനത്തിൽ പ്രസ്താവിച്ച ശിക്ഷാ നടപടി എടുക്കേണ്ടി വന്ന ഒരു സന്ദർഭം നബി (സ) തിരുമേനിയുടെ കാലത്തുണ്ടായി. ഉക്ൽ, ഉറൈനഃ (عكل وعرينة) എന്നീ ഗോത്രങ്ങളിൽപെട്ട ഒരു സംഘം ആളുകൾ റസൂൽ (സ) തിരുമേനിയുടെ അടുക്കൽ വന്നു ഇസ്‌ലാം സ്വീകരിച്ചു. അവർ ആരോഗ്യമില്ലാത്തവരായിരുന്നു. വയറ് വീർക്കുകയും ശരീരം മഞ്ഞവർണ്ണമായിത്തീരുകയും ചെയ്തിരുന്നു. അവർക്കു മദീനയിലെ പ്രകൃതി പിടിക്കാതായപ്പോൾ, അവരോടു 'ബൈത്തുൽമാൽ' (പൊതുഖജനാവ്) വക ഒട്ടകങ്ങളെ മേക്കുന്ന ഇടയന്റെ ഒന്നിച്ചു വെളിയിൽ പോയി താമസിക്കുവാനും, (ഭക്ഷണത്തിനു) അവയുടെ പാലും, (ചികിത്സക്കു) അവയുടെ മൂത്രവും ഉപയോഗിച്ചു കൊള്ളുവാനും നബി (സ) കൽപിച്ചു. അങ്ങനെ, അവിടെവെച്ച് അവരുടെ ആരോഗ്യനില നന്നായിത്തീർന്നപ്പോൾ, അവർ നബി (സ) യുടെ ഇടയനെ ക്രൂരമായവിധം കൊല്ലുകയും, ഒട്ടകങ്ങളുമായി കടന്നുകളയുകയും ചെയ്തു. വിവരമറിഞ്ഞപ്പോൾ അവരെ തിരഞ്ഞു പിടിക്കുവാൻ നബി (സ) ആളയച്ചു. കണ്ടുകിട്ടിയ ശേഷം അവരുടെ കൈകാലുകൾ മുറിക്കുവാനും കണ്ണുകുത്തുവാനും നബി (സ) കൽപിച്ചു. അങ്ങനെ അവർ വെയിലത്തു കിടന്നു ചാവുകയാണുണ്ടായത്. ഈ സംഭവം പ്രധാനപ്പെട്ട ഹദീസു ഗ്രന്ഥങ്ങളിലെല്ലാം ഉദ്ധരിച്ചിട്ടുള്ളതാണ്. അംഗച്ഛേദം ചെയ്തുകൊല്ലുന്നതും, കൊല്ലപ്പെട്ട ശരീരത്തെ അംഗഭംഗം വരുത്തുന്നതും നബി (സ) വിരോധിച്ചിട്ടുള്ളതു പ്രസിദ്ധമാകുന്നു. എന്നാൽ അവരോടു ഇത്രയും നിഷ്കരുണം പെരുമാറുവാൻ കാരണം, അവർ ചെയ്ത നന്ദികേടോ, വിശ്വാസവഞ്ചനയോ അല്ല. അവർ നബി (സ)യുടെ ഇടയനെ കൈകാലുകൾ മുറിക്കുകയും, കണ്ണുകുത്തുകയും ചെയ്തുകൊണ്ടാണു കൊലപ്പെടുത്തിയിരുന്നത്. ഇതാണതിനു കാരണമെന്നു ഹദീസിന്റെ ചില മാർഗ്ഗങ്ങളിൽ വ്യക്തമാക്കപ്പെട്ടിരിക്കുന്നു.

വിഭാഗം-6

35. ഹേ, വിശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുവിൻ; അവനിലേക്കു സമീപനമാർഗ്ഗം തേടുകയും ചെയ്യുവിൻ; അവന്റെ മാർഗ്ഗത്തിൽ സമരം ചെയ്യുകയും ചെയ്യുവിൻ; നിങ്ങൾ വിജയം പ്രാപിച്ചേക്കാം.

٣٥- يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ ٱتَّقُوا۟ ٱللَّهَ وَٱبْتَغُوٓا۟ إِلَيْهِ ٱلْوَسِيلَةَ وَجَٰهِدُوا۟ فِى سَبِيلِهِۦ لَعَلَّكُمْ تُفْلِحُونَ ○

---

35. يا ايها الذين امنوا വിശ്വസിച്ചവരേ اتقوا الله അല്ലാഹുവിനെ സൂക്ഷിക്കുവിൻ وابتغوا തേടുക (അന്വേഷിക്കുക)യും ചെയ്യുവിൻ اليه അവങ്കലേക്കു الوسيلة സമീപനമാർഗ്ഗം وجاهدوا സമരം ചെയ്കയും ചെയ്യുവിൻ في سبيله അവന്റെ മാർഗ്ഗത്തിൽ لعلكم നിങ്ങളായേക്കാം, ആകുവാൻ വേണ്ടി تفلحون വിജയം പ്രാപിക്കുക

അല്ലാഹുവിനെ സൂക്ഷിക്കുകയും, അവന്റെ മാർഗ്ഗത്തിൽ സമരം നടത്തുകയും ചെയ്യുന്നതിനെ സംബന്ധിച്ച പലപ്പോഴും വിവരിച്ചിട്ടുണ്ട്. അല്ലാഹുവിലേക്കുള്ള സമീപനമാർഗ്ഗം തേടുക (وابتغوا اليه الوسيلة) എന്നതിനെപ്പററിയാണു ഇവിടെ പ്രത്യേകം ഓർമ്മിപ്പിക്കുന്നുള്ളത്. وسيلة (വസീലത്ത്) എന്ന വാക്കിനു ഉദ്ദേശിക്കപ്പെട്ട കാര്യത്തിലേക്കു ചെന്നു ചേരുവാനുള്ള—അഥവാ സമീപിക്കുവാനുള്ള—മാർഗ്ഗം (ما يتوصل اي يتقرب به الى المقصود) എന്നാണർത്ഥം. ഈ സമീപനം ആഗ്രഹപൂർവ്വമായിരിക്കുമെന്നുകൂടി ഇമാം രാഗിബ് ചൂണ്ടിക്കാട്ടുന്നുണ്ട്. നിഘണ്ടുക്കളിലും ഖുർആൻ വ്യാഖ്യാന ഗ്രന്ഥങ്ങളിലുമെല്ലാം കാണാവുന്നതാണിത്. ഉദ്ദേശിക്കപ്പെട്ട വിഷയത്തിലേക്കോ ആളിലേക്കോ സമീപിക്കുവാനുള്ള വല്ല മാർഗ്ഗവും സ്വീകരിച്ചു എന്ന അർത്ഥത്തിൽ توسل (തവസ്സുല) എന്ന ക്രിയാരൂപവും ഉപയോഗിക്കപ്പെടുന്നു. وسيلة എന്ന വാക്കിനു 'ഇടതേടം' എന്നും, توسل എന്ന ക്രിയക്കു 'ഇടതേടി' എന്നുമൊക്കെ ചിലർ താൽപര്യപൂർവ്വം അർത്ഥം പറഞ്ഞു വരാറുണ്ട്. ചിലർ അതോടുകൂടി ഈ അർത്ഥത്തെ ചൂഷണം ചെയ്തുകൊണ്ടു വളരെ വമ്പിച്ച അബദ്ധങ്ങൾ പാമര ജനങ്ങൾക്കിടയിൽ പ്രചരിപ്പിച്ചു വരുകയും ചെയ്യുന്നു. വാക്കർത്ഥമോ, വിവർത്തനമോ എന്തുതന്നെ ആയാലും ശരി, ഈ വചനത്തിൽ അല്ലാഹുവിങ്കലേക്കു 'വസീലത്തു' തേടുവിൻ (وابتغوا اليه الوسيلة) എന്നു പറഞ്ഞതുകൊണ്ടുദ്ദേശ്യം, അല്ലാഹുവിന് വഴിപ്പെട്ടും സൽകർമ്മങ്ങൾ ചെയ്തും കൊണ്ട് അവന്റെ സാമീപ്യവും പ്രീതിയും നേടുവാൻ ശ്രമിക്കുവിൻ എന്നാണെന്നു എല്ലാ ഖുർആൻ വ്യാഖ്യാതാക്കളും വ്യക്തമാക്കിക്കാണാം. ഇതിൽ ഖുർആൻ വ്യാഖ്യാതാക്കൾക്കിടയിൽ അഭിപ്രായവ്യത്യാസമേ ഇല്ല എന്നു ഇബ്നു കഥീർ (റ) മുതലായവർ പ്രസ്താവിച്ചിട്ടുമുണ്ട്.

മരണപ്പെട്ടുപോയവരോ, ജീവിച്ചിരിപ്പുള്ളവരോ ആയ മഹാത്മാക്കളെക്കൊണ്ടോ, പുണ്യസ്ഥലങ്ങൾ പോലെയുള്ള വല്ല വസ്തുക്കളെക്കൊണ്ടോ ഇട തേടുക—അഥവാ എന്തെങ്കിലും ഒന്നിനെ മുൻനിറുത്തി പ്രാർത്ഥിക്കുക—എന്ന അർത്ഥം വ്യാഖ്യാനം ഇസ്ലാമിന്റെ കാവൽക്കാരെന്നോണമായി അഭിനയിക്കുന്ന ചില പണ്ഡിതൻമാർ അടുത്ത കാലത്തു നമ്മുടെ നാടുകളിൽ ഈ വാക്യത്തിനു നൽകിക്കാണുന്നു. ഇതു തികച്ചും വാസ്തവ വിരുദ്ധമാണെന്നു മാത്രമല്ല, ഇസ്ലാമിന്റെ അടിത്തറയെപ്പോലും വിരുദ്ധമായ പല അന്ധവിശ്വാസങ്ങളും, അനാചാരങ്ങളും, ശിർക്കുപരമായ പ്രവർത്തനങ്ങളും ഇതുവഴി അവർ ഇസ്ലാമീകരിക്കുകയും ചെയ്തുവരുന്നു. ഈ മുറയിലുള്ള വാദഗതികളും, തർക്കവിതർക്കങ്ങളും മുസ്ലിംകൾക്കിടയിൽ നടമാടിക്കൊണ്ടിരിക്കുന്ന കാലമായതുകൊണ്ടും, സത്യാന്വേഷികൾക്കു സത്യം ഗ്രഹിക്കുവാൻ അധിക വിവരണമൊന്നും ആവശ്യമില്ലാത്തതുകൊണ്ടും ആ ഭാഗത്തേക്കു നാം ഇവിടെ തിരിയുവാൻ ഉദ്ദേശിക്കുന്നില്ല.

<table>
<tr>
<td>39. നിശ്ചയമായും, അവിശ്വസിച്ചവർ, 'ഖിയാമത്തു' നാളിലെ ശിക്ഷയിൽ നിന്നു തെണ്ടം നൽ(കി മോചിതരാ)കുവാൻ ഭൂമിയിലുള്ളതു മുഴുവനും, അതോടു കൂടി അതിന്റെ അത്രയും ഉണ്ടായിരുന്നാലും, അതവരിൽ നിന്നു സ്വീകരിക്കപ്പെടുന്നതല്ല. അവർക്കു വേദനയേറിയ ശിക്ഷയുമുണ്ടായിരിക്കും.</td>
<td>٣٩- إِنَّ الَّذِينَ كَفَرُوا لَوْ أَنَّ لَهُم مَّا فِي الْأَرْضِ جَمِيعًا وَمِثْلَهُ مَعَهُ لِيَفْتَدُوا بِهِ مِنْ عَذَابِ يَوْمِ الْقِيَامَةِ مَا تُقُبِّلَ مِنْهُمْ وَلَهُمْ عَذَابٌ أَلِيمٌ ○</td>
</tr>
<tr>
<td>40. നരകത്തിൽ നിന്നു പുറത്തു പോകുവാൻ അവർ ഉദ്ദേശിക്കും; അവർ അതിൽ നിന്നു പുറത്തു പോകുന്നവരല്ലതാനും.
അവർക്കു (മുറിയാത്ത) നിലനിൽക്കുന്ന ശിക്ഷയുമുണ്ടായിരിക്കും.</td>
<td>٤٠- يُرِيدُونَ أَن يَخْرُجُوا مِنَ النَّارِ وَمَا هُم بِخَارِجِينَ مِنْهَا وَلَهُمْ عَذَابٌ مُّقِيمٌ ○</td>
</tr>
</table>

---

39. ان الذين كفروا നിശ്ചയമായും അവിശ്വസിച്ചവർ لو ان لهم അവർക്കുണ്ടായിരുന്നാലും ما في الارض ഭൂമിയിലുള്ളതു جميعا മുഴുവൻ ومثله അതുപോലുള്ളതും, അതിന്റെ അത്രയും معه അതോടുകൂടി ليفتدوا അവർ തെണ്ടം നൽകുവാൻ (മോചനം നേടുവാൻ) به അതുകൊണ്ടു, അതിനാൽ من عذاب ശിക്ഷയിൽനിന്നു يوم القيامة ഖിയാമത്തുനാളിലെ ما تقبل അതു സ്വീകരിക്കപ്പെടുകയില്ല منهم അവരിൽനിന്നു ولهم അവർക്കുണ്ടുതാനും عذاب ശിക്ഷ اليم വേദനയേറിയ 40. يريدون അവർ ഉദ്ദേശിക്കും, ഉദ്ദേശിക്കും ان يخرجوا അവർ പുറത്തു പോകുവാൻ من النار നരകത്തിൽ നിന്നു وما هم അവരല്ല താനും بخارجين പുറത്തു പോകുന്നവർ منها അതിൽ നിന്നു ولهم അവർക്കുണ്ടുതാനും عذاب مقيم നിലനിൽക്കുന്ന ശിക്ഷ

നബി (സ) അരുളിച്ചെയ്തതായി അനസ് (റ) പ്രസ്താവിക്കുന്നു: 'നരകക്കാരില്‍പെട്ട ഒരു പുരുഷനെ കൊണ്ടുവരപ്പെടും. നിന്റെ കിടപ്പു സ്ഥാനം നിനക്കു എങ്ങിനെ അനുഭവപ്പെട്ടുവെന്ന് അവനോടു ചോദിക്കപ്പെടും. വളരെ മോശപ്പെട്ട കിടപ്പുസ്ഥാനം എന്നു അവന്‍ പറയും. അപ്പോള്‍ ഭൂമിയോളം സ്വര്‍ണ്ണം (നിനക്കുണ്ടായാല്‍) നിനക്കതു തെണ്ടം നല്‍കുമോ എന്നു അവനോടു ചോദിക്കപ്പെടും. എന്റെ റബ്ബേ! അതെ, എന്ന് അവന്‍ പറയും. അപ്പോള്‍ അല്ലാഹു പറയും: 'നീ കളവു പറയുകയാണ്. ഞാന്‍ നിന്നോടു അതിനെക്കാള്‍ നിസ്സാരമായ കാര്യമാണ് ആവശ്യപ്പെട്ടത്. എന്നിട്ട് നീ അതു ചെയ്തില്ല.' അങ്ങനെ, അവനെ നരകത്തിലേക്കു കൊണ്ടുപോകുവാന്‍ കല്പിക്കും.' (ബു; മു) നരകക്കാരായ അവിശ്വാസികളെപ്പറ്റി മറ്റൊരു സ്ഥലത്തു അല്ലാഹു പറയുന്നു: 'ദുഃഖം നിമിത്തം അതില്‍ നിന്നു പുറത്തുപോകുവാന്‍ അവര്‍ ഉദ്ദേശിക്കുമ്പോഴെല്ലാം അവര്‍ അതിലേക്കു തന്നെ മടക്കപ്പെടും. (സൂ: ഹജ്ജ്: 22)

٤١- وَالسَّارِقُ وَالسَّارِقَةُ فَاقْطَعُوٓا أَيْدِيَهُمَا جَزَآءًۢ بِمَا كَسَبَا نَكَٰلًا مِّنَ ٱللَّهِ ۗ وَٱللَّهُ عَزِيزٌ حَكِيمٌ ○

41 മോഷ്ടിച്ചവനും, മോഷ്ടിച്ചവളും, അവരുടെ കൈകള്‍ നിങ്ങള്‍ മുറിച്ചു കളയുവിന്‍; അവര്‍ പ്രവര്‍ത്തിച്ചതിനു (തക്ക) പ്രതിഫലമായിട്ടു–(അതെ) അല്ലാഹുവില്‍ നിന്നുള്ള (പാഠം നല്‍കുന്ന) ഒരു ശിക്ഷയായിട്ട്.

അല്ലാഹു പ്രതാപശാലിയാണു; അഗാധജ്ഞനാണ്.

٤٢- فَمَن تَابَ مِنۢ بَعْدِ ظُلْمِهِۦ وَأَصْلَحَ فَإِنَّ ٱللَّهَ يَتُوبُ عَلَيْهِ ۗ إِنَّ ٱللَّهَ غَفُورٌ رَّحِيمٌ ○

42. എന്നാല്‍, ആരെങ്കിലും തന്റെ അക്രമത്തിനു ശേഷം പശ്ചാത്തപിക്കുകയും, നന്നായിത്തീരുകയും ചെയ്താല്‍, നിശ്ചയമായും, അല്ലാഹു അവന്റെ മേല്‍ പശ്ചാത്താപം സ്വീകരിക്കുന്നതാണ്.

നിശ്ചയമായും, അല്ലാഹു വളരെ പൊറുക്കുന്നവനാകുന്നു; കരുണാനിധിയാകുന്നു.

٤٣- أَلَمْ تَعْلَمْ أَنَّ ٱللَّهَ لَهُۥ مُلْكُ ٱلسَّمَٰوَٰتِ وَٱلْأَرْضِ يُعَذِّبُ مَن يَشَآءُ وَيَغْفِرُ لِمَن يَشَآءُ ۗ وَٱللَّهُ عَلَىٰ كُلِّ شَىْءٍ قَدِيرٌ ○

43. നിനക്കറിഞ്ഞുകൂടേ? അല്ലാഹുവിനാണ് ആകാശങ്ങളുടെയും, ഭൂമിയുടെയും രാജാധിപത്യമുള്ളതെന്ന്!

അവന്‍ ഉദ്ദേശിക്കുന്നവരെ അവന്‍ ശിക്ഷിക്കും; അവന്‍ ഉദ്ദേശിക്കുന്നവര്‍ക്ക അവന്‍ പൊറുത്തു കൊടുക്കുകയും ചെയ്യും.

അല്ലാഹു എല്ലാ കാര്യത്തിനും കഴിവുള്ളവനുമത്രെ.

---

41. والسارق മോഷ്ടിച്ചവന്‍, കട്ടവന്‍ والسارقة മോഷ്ടിച്ചവളും, കട്ടവളും فاقطعوا നിങ്ങള്‍ മുറിക്കുവിന്‍ ايديهما അവര്‍ രണ്ടാളുടെയും കൈകള്‍ جزاء പ്രതിഫലമായിട്ടു, കൂലിയായിട്ടു بما كسبا അവര്‍ സമ്പാദിച്ച (പ്രവര്‍ത്തിച്ച)തിനു نكالا ഒരു (പാഠമായ) ശിക്ഷയായിട്ടു, തടവായിട്ടു من الله അല്ലാഹുവില്‍നിന്നു والله അല്ലാഹുവാകട്ടെ عزيز പ്രതാപശാലിയാണു حكيم അഗാധജ്ഞനാണു 42. فمن تاب എന്നാല്‍ ആരെങ്കിലും പശ്ചാത്തപിച്ചാല്‍, ആര്‍ മടങ്ങിയോ من بعد ശേഷമായി ظلمه തന്റെ അക്രമത്തിന്റെ واصلح നന്നായിത്തീരുകയും, (കര്‍മ്മം) നന്നാക്കുകയും فان الله എന്നാല്‍ നിശ്ചയമായും അല്ലാഹു يتوب عليه അവന്റെ പശ്ചാത്താപം സ്വീകരിക്കും ان الله നിശ്ചയമായും അല്ലാഹു غفور വളരെ പൊറുക്കുന്നവനാണു رحيم കരുണാനിധിയാണു 43. الم تعلم നീ അറിയുകയില്ലേ, നിനക്കറിഞ്ഞുകൂടേ ان الله നിശ്ചയമായും അല്ലാഹു (എന്നു) له അവന്നാണു, അവന്റേതാണു (എന്നു) ملك രാജത്വം, രാജാധിപത്യം السموات ആകാശങ്ങളുടെ والارض ഭൂമിയുടെയും يعذب അവന്‍ ശിക്ഷിക്കും, ശിക്ഷിക്കുന്നു من يشاء അവന്‍ ഉദ്ദേശിക്കുന്നവരെ ويغفر അവന്‍ പൊറുക്കുകയും ചെയ്യും, ചെയ്യുന്നു لمن يشاء അവന്‍ ഉദ്ദേശിക്കുന്നവര്‍ക്ക والله അല്ലാഹു على كل شيء എല്ലാ കാര്യത്തിനും, വസ്തുവിനും قدير കഴിവുള്ളവനാണു

പുരുഷനാവട്ടെ, സ്ത്രീയാവട്ടെ, മോഷ്ടിച്ചാൽ അതിനുള്ള ശിക്ഷാനിയമം കൈ മുറിക്കലാണ്. മോഷണക്കുറ്റത്തിനുള്ള ശിക്ഷാനടപടി എന്നതിനു പുറമെ ആ മോഷ്ടാവു മേലിൽ മോഷണം നടത്താതിരിക്കുവാനും, മറ്റുള്ളവർക്കു ഒരു പാഠമായിരിക്കുവാനും അതു ഉപകരിക്കും. മോഷണം നടത്തൽ വളരെ നികൃഷ്ടമായ ഒരു പ്രവൃത്തിയാണെങ്കിലും അതു ചെയ്തശേഷം അതിൽ നിന്നു ഖേദിച്ചു മടങ്ങുകയും, മേലിൽ നല്ല നടപടി സ്വീകരിച്ച് നന്നായിത്തീരുകയും ചെയ്താൽ അല്ലാഹു പൊറുത്തു കൊടുക്കും. ആകാശഭൂമികളുടെയെല്ലാം ആധിപത്യവും, കൈകാര്യകർതൃത്വവും അല്ലാഹുവിനു മാത്രമാകകൊണ്ടു ആരെയും രക്ഷിക്കുവാനും, ശിക്ഷിക്കുവാനും അവനു അധികാരവും അവകാശവുമുണ്ട്. എല്ലാറ്റിനും അവനു കഴിവും ഉണ്ട്. ശിക്ഷിക്കേണ്ടതു ആരെയാണെന്നും, പൊറുത്തുകൊടുത്തു രക്ഷിക്കേണ്ടതു ആരെയാണെന്നുമൊക്കെ അവൻ തീർച്ചയാക്കുന്നതാണ്. അതിലൊന്നും ആർക്കും ചോദ്യം ചെയ്‌വാൻ അവകാശമില്ല. അവൻ ഉദ്ദേശിക്കുന്നതു ചെയ്‌വാൻ അവനു ആരുടെയും സമ്മതമോ സഹായമോ ആവശ്യമില്ല എന്നൊക്കെയാണു ഈ വചനങ്ങളിലടങ്ങിയ ആശയങ്ങൾ.

അന്യന്റെ ധനം ഗൂഢമായി എടുത്തുകൊണ്ടു പോകുന്നതിനാണു മോഷണം (سرقة) എന്നു പൊതുവെ പറയപ്പെടുന്നത്. പക്ഷേ, അതതു വസ്തുക്കൾക്കു അനുയോജ്യമായ സൂക്ഷിപ്പു സ്ഥാനങ്ങളിൽ നിന്നു ഗൂഢമായി എടുക്കുമ്പോഴേ അതു നിയമപ്രകാരം മോഷണത്തിൽ പെടുകയുള്ളു. അളവിലും തൂക്കത്തിലും കൃത്രിമം നടത്തി അന്യരുടെ അവകാശം വഞ്ചിച്ചെടുക്കുക, പൊതുസ്ഥലങ്ങളിൽ വീണു കിടക്കുന്ന സാധനം എടുത്തുകൊണ്ടു പോകുക മുതലായവക്കൊന്നും ഈ ശിക്ഷാനിയമം ബാധകമല്ല. വഞ്ചിച്ചോ, ഉപായത്തിലോ, ബലം പ്രയോഗിച്ചോ അന്യന്റെ ധനം കൈക്കലാക്കുന്നവന്റെ കൈമുറിക്കേണ്ടതില്ലെന്നു ഹദീസിൽ വന്നിട്ടുണ്ട്. (അ; തി; ന; ജ) ഒരു നിശ്ചിത ശിക്ഷാനിയമം (حد) വിധിക്കപ്പെട്ടിട്ടില്ലാത്തതും, അതേ സമയത്തു ഗൗരവപ്പെട്ടതുമായ കേസ്സുകളിൽ കുറ്റത്തിന്റെ സ്വഭാവവും ഗൗരവവും അനുസരിച്ച് യുക്തമായ അച്ചടക്ക നടപടി (تعزير) സ്വീകരിക്കുവാൻ ഭരണകർത്താക്കൾക്കു അധികാരം നൽകപ്പെട്ടിട്ടുണ്ട്. ആ അധികാരപരിധിയിൽ ഇത്തരം കേസ്സുകൾ ഉൾപ്പെടുന്നതാണ്.

മോഷ്ടിക്കപ്പെട്ട വസ്തു എത്ര നിസ്സാരമായിരുന്നാലും കൈമുറിക്കേണ്ടതുണ്ടെന്നു ചിലർ അഭിപ്രായപ്പെടുന്നു. മോഷ്ടാവിന്റെ കൈമുറിക്കണമെന്നല്ലാതെ ഈ വചനത്തിൽ അതിനു വേറെ ഉപാധികളൊന്നും പറഞ്ഞിട്ടില്ല എന്നാണവർ ന്യായം പറയുന്നത്. ഒരു നബി വചനത്തിൽ ഇപ്രകാരം വന്നിട്ടുമുണ്ട്: 'മോഷ്ടിക്കുന്നവനെ അല്ലാഹു ശപിക്കട്ടെ! ഒരു മുട്ട മോഷ്ടിച്ചിട്ടു കൈ മുറിക്കപ്പെടുന്നു! ഒരു കയർ മോഷ്ടിച്ചിട്ടു കൈമുറിക്കപ്പെടുന്നു!' (ബു) ഈ ഹദീസും ഇവർ തെളിവായി എടുക്കുന്നു. വാസ്തവത്തിൽ, മറ്റു പല നബി വചനങ്ങളും പരിശോധിച്ചാൽ, ഈ ഹദീസിന്റെ താൽപര്യം മോഷണക്കുറ്റത്തിന്റെ നിയമപരമായ വിശദീകരണം നൽകലല്ലെന്നും, അതിന്റെ ഹീനതയും അപലപനീയതയും വ്യക്തമാക്കലാണെന്നും കാണാവുന്നതാണ്. മോഷ്ടാവിന്റെ കൈ മുറിക്കേണമെങ്കിൽ മോഷ്ടിക്കപ്പെട്ട വസ്തുവിന്റെ വിലകൂടി പരിഗണിക്കപ്പെടേണ്ടതുണ്ടെന്നു വ്യക്തമാക്കുന്ന ഒന്നിലധികം ബലപ്പെട്ട ഹദീസുകൾ നിലവിലുണ്ട്. ഉദാഹരണമായി, നബി (സ) ഇങ്ങിനെ പറഞ്ഞതായി ആയിശ (റ) ഉദ്ധരിക്കുന്നു: 'ഒരു ദീനാറിന്റെ (പൊൻപണത്തിന്റെ) നാലിൽ ഒരംശത്തിലോ, അതിനെക്കാൾ അധികമുള്ളതിലോ അല്ലാതെ കൈ മുറിക്കപ്പെടുകയില്ല.' (ബു; മു) അഹ്മദ് (റ) ന്റെ രിവായത്തിൽ 'അതിൽ താഴെയുള്ളതിൽ മുറിച്ചുകൂടാ' എന്നു കൂടിയുണ്ട്. മൂന്നു ദിർഹം (വെള്ളിപ്പണം) വില പിടിപ്പുള്ള ഒരു പരിച മോഷ്ടിച്ച കേസ്സിൽ ഒരാളുടെ കൈ മുറിക്കുവാൻ നബി (സ) കൽപിച്ചിട്ടുണ്ടെന്നു ഇബ്നു ഉമറും (റ) പ്രസ്താവിച്ചിരിക്കുന്നു. (ബു; മു) ഈ ഹദീസുകളെയും മറ്റും അടിസ്ഥാനമാക്കിക്കൊണ്ടു മോഷ്ടിക്കപ്പെട്ട വസ്തുവിന്റെ വിലപിടിപ്പു കൂടി പരിഗണിക്കപ്പെടേണ്ടതുണ്ട് എന്നത്രെ ബഹുഭൂരിപക്ഷം പണ്ഡിതൻമാരുടെയും അഭിപ്രായം.

എന്നാൽ ചുരുങ്ങിയതു എത്ര വിലയുള്ള സാധനം മോഷ്ടിച്ചാലാണ് കൈ മുറിക്കപ്പെടേണ്ടതു എന്നുള്ളതിൽ പണ്ഡിതൻമാർക്കു വ്യത്യസ്തമായ അഭിപ്രായങ്ങളാണുള്ളത്. ഹദീസുകളെ മനസ്സിലാക്കിയതിലും, പരിചയമുള്ള വില കണക്കാക്കിയതിലും, രിവായത്തുകൾ തമ്മിൽ കൂട്ടിയോജിപ്പിക്കുന്നതിലും സ്വാഭാവികമായും ഉണ്ടാകുന്ന വ്യത്യസ്ത വീക്ഷണങ്ങളാണതിനു കാരണം. അവയിൽ പ്രധാനമായ രണ്ടഭിപ്രായങ്ങൾ (1) ആദ്യത്തെ ഹദീസിൽ കാണുന്ന പ്രകാരം കാൽ ദീനാറിൽ കുറഞ്ഞ വിലക്കുള്ള വസ്തുക്കളിൽ കൈമുറിക്കൽ ഇല്ലെന്നും, (2) രണ്ടാമത്തെ ഹദീസിനെ ആസ്പദമാക്കി മൂന്നു ദിർഹമിന്റെ വിലപിടിപ്പുള്ളതിൽ കൈമുറിക്കണം - അതിനു താഴെയുള്ളതിൽ മുറിച്ചു കൂടാ - എന്നുമാകുന്നു. ചില രിവായത്തുകളുടെ വെളിച്ചത്തിൽ, അക്കാലത്തെ ക്രയവിക്രയ നിലവാരമനുസരിച്ച് കാൽ ദീനാറിന്റെ വിലയും, മൂന്നു ദിർഹമിന്റെ വിലയും, ഏതാണ്ടു സമമായിരുന്നുവെന്നും, അതുകൊണ്ടു പ്രസ്തുത രണ്ടു ഹദീസുകളുടെയും താൽപര്യം ഒന്നു തന്നെയാണെന്നും ചിലർ പ്രസ്താവിച്ചു കാണാം. സൂക്ഷ്മമായി നോക്കുമ്പോൾ കാൽ ദീനാറിന്റെ അഭിപ്രായത്തിനാണു മുൻഗണന കാണുന്നത്. والله اعلم

വലത്തെ കയ്യിന്റെ കൈപ്പത്തിയും മുഴംകയ്യും തമ്മിൽ ബന്ധിക്കുന്ന സന്ധിയിലാണു കൈമുറിക്കേണ്ടതെന്നുള്ളതിൽ ഭിന്നാഭിപ്രായമില്ല. മുറിച്ചശേഷം രക്തം കൂടുതൽ ഒഴുകിപ്പോകാതിരിക്കുവാൻ വേണ്ടുന്ന മാർഗ്ഗം

സ്വീകരിക്കേണ്ടതുണ്ട്. മോഷ്ടാവു പശ്ചാത്തപിച്ചു മടങ്ങിയാൽ അല്ലാഹു പൊറുത്തുകൊടുക്കുമെന്നു പറഞ്ഞതിന്റെ ഉദ്ദേശ്യം, ചെയ്തുപോയവന്റെ കൈ മുറിക്കേണ്ടതില്ല എന്നല്ല. അല്ലാഹുവിങ്കൽ നിന്നുള്ള പരലോക ശിക്ഷ ഒഴിവാകുമെന്നാകുന്നു. കൈ മുറിച്ചാലും മോഷ്ടിക്കപ്പെട്ട വസ്തുവോ, അതില്ലെങ്കിൽ അതിന്റെ വിലയോ ഉടമസ്ഥനു തിരിച്ചു കൊടുക്കുകയും വേണം. ഒരാളുടെ പേരിൽ മോഷണം തെളിഞ്ഞു കഴിഞ്ഞാൽ–ശിക്ഷാനടപടി എടുക്കേണ്ടതിനു മുമ്പായി ഉടമസ്ഥൻ മാപ്പു കൊടുത്താലും–അതിനുശേഷം–ശിക്ഷയിൽ നിന്ന പ്രതിയെ ഒഴിവാക്കി വിടുവാൻ ഭരണകർത്താവിനു അധികാരമില്ല. അതിനായി ശുപാർശ നടത്തുന്നതും തെറ്റാകുന്നു. മക്കാ വിജയകാലത്തു ഖുറൈശി ഗോത്രത്തിലെ 'മഖ്സൂം' (مخزوم) കുടുംബത്തിൽപെട്ട ഒരു സ്ത്രീ മോഷണം നടത്തിയപ്പോൾ അവളുടെ കൈ മുറിക്കുവാൻ നബി (സ) കല്പിക്കുകയുണ്ടായി. ഖുറൈശികൾക്കു ഇതു വലിയ മനോവേദനയായി. ഒടുക്കം അവർ, നബി (സ) യുടെ പൊന്നു പുത്രനും സ്നേഹഭാജനവുമായ ഉസാമ (റ) യെ നബി (സ) യുടെ അടുക്കലേക്കു ശുപാർശക്കയച്ചു. തിരുമേനിയുടെ ഭാവം മാറി. അല്ലാഹുവിന്റെ ശിക്ഷാ നിയമത്തിൽ ശുപാർശക്കു വന്നിരിക്കുകയാണോ നീ? എന്നു പറഞ്ഞുകൊണ്ടു അദ്ദേഹത്തെ ആക്ഷേപിച്ചു. അല്ലാഹുവിന്റെ റസൂലേ, എനിക്കു പാപമോചനം തേടണം എന്നപേക്ഷിച്ചുകൊണ്ടു അദ്ദേഹം മടങ്ങി. അനന്തരം തിരുമേനി ഒരു പ്രസംഗം ചെയ്തു. ആ പ്രസംഗത്തിൽ തിരുമേനി ഇങ്ങിനെ പറഞ്ഞു: 'മുൻസമുദായങ്ങൾ, അവരിലുള്ള പ്രമാണികൾ മോഷ്ടിച്ചാൽ അവരെ വിട്ടുകളയുകയും, അവരിലുള്ള അബലൻമാർ മോഷ്ടിച്ചാൽ ശിക്ഷാനടപടി നടത്തുകയും ചെയ്തിരുന്നതുകൊണ്ടാണു അവർ നാശത്തിൽ പതിച്ചത്. അല്ലാഹുവിനെത്തന്നെയാണ! മുഹമ്മദിന്റെ മകൾ ഫാത്തിമ തന്നെ മോഷ്ടിച്ചാലും ഞാൻ അവളുടെ കൈ മുറിക്കുക തന്നെ ചെയ്യും.' (ബു; മു) അന്യരുടെ വസ്തുക്കൾ വായ്പ വാങ്ങുകയും പിന്നീടതു നിഷേധിക്കുകയും ചെയ്യുന്നവളായിരുന്നു ആ സ്ത്രീ എന്നു വേറെ ചില ഹദീസുകളിൽ വന്നിട്ടുണ്ട്.

ഈ വചനത്തിൽ മോഷണക്കുറ്റത്തിനും, 36-ാം വചനത്തിൽ, കവർച്ച, കൊള്ള, കൊല മുതലായ ഭീകരപ്രവർത്തനങ്ങൾക്കും കടുത്ത ശിക്ഷാ നിയമം നിശ്ചയിച്ചതിനുള്ള കാരണവും അതിലടങ്ങിയ യുക്തിയും–ചുരുങ്ങിയ വാക്കുകളിലാണെങ്കിലും–അല്ലാഹു തന്നെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. മനുഷ്യനെപ്പറ്റിയും, അവന്റെ പ്രകൃതിയെപ്പറ്റിയും, അവന്റെ നൻമയെപ്പറ്റിയുമെല്ലാം മനുഷ്യനെക്കാൾ–അവൻ എത്ര തന്നെ പുരോഗമിച്ചാലും ശരി–അധികം അറിയുക അല്ലാഹുവിനാണല്ലോ. ആകയാൽ, അല്ലാഹു ചൂണ്ടിക്കാട്ടിയ കാര്യങ്ങളിലടങ്ങിയ യുക്തി രഹസ്യങ്ങളെപ്പറ്റി ചിന്തിച്ചു മനസ്സിലാക്കുകയും, മനസ്സിലാക്കുവാൻ കഴിയാത്ത ഭാഗം അല്ലാഹുവിന്റെ അറിവിലേക്കു വിട്ടുകൊടുക്കുകയും ചെയ്‌വാനേ മനുഷ്യന്നു അർഹതയുള്ളു. അതിനപ്പുറം അവകാശപ്പെടുന്നവരിൽനിന്ന മാത്രമേ ഇസ്ലാമിലെ ശിക്ഷാനിയമങ്ങൾ പഴഞ്ചനാണു, കിരാത നിയമങ്ങളാണു എന്നിത്യാദി പരിഹാസവും പുച്ഛവും പുറത്തു വരുകയുള്ളു. ഇസ്ലാമിന്റെ ശത്രുക്കളിൽനിന്ന ഇത്തരം വാദങ്ങൾ കേൾക്കുക സ്വാഭാവികം തന്നെ. എന്നാൽ, യൂറോപ്യൻ ചിന്താഗതികളിലും, ആധുനിക ഭൗതിക താൽപര്യങ്ങളിലും മുഴുകിയ ചില മുസ്ലിം പണ്ഡിത വേഷധാരികളും ആ വാദഗതിയെ ഏറ്റുപറയുന്നതു കാണാം. പക്ഷേ, അത്രത്തോളം തുറന്നു പറയുവാൻ ധൈര്യപ്പെടാതെ അവയെല്ലാം അക്കാലത്തേക്കു മാത്രം ബാധകമായ ശിക്ഷകളായിരുന്നുവെന്നും, ഈ പരിഷ്കൃത യുഗത്തിനു യോജിച്ച ശിക്ഷാനടപടികൾ കൈക്കൊള്ളുകയാണ് ഇപ്പോൾ പ്രായോഗികമെന്നുമൊക്കെ അവർ അതൊന്നു മയപ്പെടുത്തിപ്പറയുന്നുവെന്നു മാത്രം.

എന്തൊക്കെ പറഞ്ഞാലും ചില യാഥാർത്ഥ്യങ്ങൾ ആർക്കും നിഷേധിക്കുക സാധ്യമല്ല. ഇസ്ലാമിലെ ശിക്ഷാനിയമങ്ങൾ യഥാവിധി നടപ്പിലുണ്ടായിരുന്ന ഏതു കാലത്തും ഏതു ദേശത്തും കൊല, കൊള്ള, കളവു, വ്യഭിചാരം തുടങ്ങിയ നീചകൃത്യങ്ങൾ മറ്റേതു കാലത്തെയും ദേശത്തെയും അപേക്ഷിച്ചു നാമമാത്രമേ സംഭവിച്ചിട്ടുള്ളുവെന്നുള്ളതിനു ചരിത്രം സാക്ഷിയാകുന്നു. മുസ്ലിം രാഷ്ട്രങ്ങൾ പലതും ലോകത്തു നിലവിലുണ്ടെങ്കിലും ഇസ്ലാമിക ശിക്ഷാനിയമങ്ങൾ കുറേയൊക്കെ നടപ്പിലുള്ള ഏക രാഷ്ട്രം സ്വഊദി അറേബ്യയത്രെ. ഹിജാസ് അതിന്റെ കീഴിലായിട്ട് അമ്പതിൽപരം കൊല്ലം കഴിഞ്ഞു. അതിനു മുമ്പു മനുഷ്യജീവനും സ്വത്തിനും ഹിജാസിൽ അനുഭവപ്പെട്ടിരുന്ന അരക്ഷിതാവസ്ഥയും, അതിനുശേഷമുള്ള അഭയാവസ്ഥയും ഏറെക്കുറെ എല്ലാവർക്കും അറിയാവുന്നതാണ്. ആ രണ്ടവസ്ഥയും അനുഭവിച്ചറിഞ്ഞവർ ഇന്നും ധാരാളമുണ്ടുതാനും. ശിക്ഷാനിയമങ്ങൾ എത്രത്തോളം ആധുനികീകരിക്കുകയും ലഘൂകരിക്കുകയും ചെയ്യപ്പെടുന്നുവോ അത്രത്തോളം കുറ്റങ്ങളും കുറ്റവാസനയും വർദ്ധിച്ചുവരുന്നുവെന്നുള്ളതു ഇന്നത്തെ 'പരിഷ്കൃത രാഷ്ട്രങ്ങൾ' തെളിയിച്ചു കഴിഞ്ഞ ഒരു പരമാർത്ഥമാണ്. അതേ സമയം ഔദ്യോഗികമായ ലിഖിത നിയമങ്ങൾ (അവരുടെ ഭാഷയിൽ) പരിഷ്കൃതവും കാലോചിതവുമാണെങ്കിലും രാഷ്ട്രീയ എതിരാളികളെപോലെയുള്ള ചിലരുടെ നേരെ അവർ എടുത്തുവരാറുള്ള ശിക്ഷാനടപടികൾ പലതും കാട്ടാളന്മാരെപോലും ലജ്ജിപ്പിക്കുമാറ് പൈശാചികമായിരിക്കുകയും ചെയ്യും. പരിഷ്കൃത രീതിയിലുള്ള കാരാഗൃഹങ്ങളും പിഴകളുമാണല്ലോ ഇന്നത്തെ പ്രധാന ശിക്ഷാമുറകൾ. ഏതെങ്കിലും ഒരു കുറ്റത്തിന് ശിക്ഷ അനുഭവിക്കേണ്ടി വന്നവർ അതിനുശേഷം പിന്നെയും പത്തും ഇരുപതും പ്രാവശ്യം അതേ കുറ്റം തന്നെ അഭിമാനത്തോടെ ആവർത്തിക്കുന്നതും, അതേ ശിക്ഷ വീണ്ടും വീണ്ടും അനുഭവിക്കുവാൻ തയ്യാറാകുന്നതും ഇക്കാലത്തു ദുർലഭമല്ല. ഒരു കളവു കേസ്സിൽ കൈ മുറിക്കപ്പെടുന്ന, ഒരു വ്യഭിചാരക്കേസ്സിൽ നൂറടിക്കോ വിധേയനായ ഒരാൾ പിന്നീട് ആ കുറ്റം ആവർത്തിക്കുവാൻ മുതിരുമോ? അതു കണ്ടറിഞ്ഞവർ അതിനുശേഷം ആ കുറ്റം ചെയ്‌വാൻ ഭയപ്പെടാതിരിക്കുമോ?

33-ാം വചനത്തിലെ ശിക്ഷാനിയമത്തെക്കുറിച്ചു പറഞ്ഞശേഷം ذَٰلِكَ لَهُمْ خِزْيٌ فِي الدُّنْيَا (അതു അവർക്കു ഇഹത്തിൽ അപമാനമായിരിക്കും) എന്നും, ഈ വചനത്തിലെ ശിക്ഷാനിയമത്തെക്കുറിച്ചു പറഞ്ഞശേഷം جَزَاءً بِمَا كَسَبَا نَكَالًا مِّنَ اللَّهِ (അവർ പ്രവർത്തിച്ചതിനുള്ള പ്രതിഫലവും, അല്ലാഹുവിങ്കൽ നിന്നുള്ള പാഠം നൽകുന്ന ഒരു ശിക്ഷയും) എന്നും അല്ലാഹു പറയുന്നതു എത്ര അർത്ഥഗർഭമാണെന്ന് ആലോചിച്ചു നോക്കുക! ഇസ്‌ലാമിലെ ശിക്ഷാ നിയമങ്ങളെ പ്രാകൃതമെന്നും, കിരാതമെന്നും പറഞ്ഞ് ആധിക്ഷേപിക്കുകയും, പരിഹസിക്കുകയും, അതോടുകൂടി, കാലാനുസൃതവും പരിഷ്കൃതവുമെന്നും അവകാശപ്പെടുന്ന ശിക്ഷാനിയമങ്ങൾ സ്വീകരിക്കുകയും, ഇതിലെല്ലാം അഭിമാനം കൊള്ളുകയും ചെയ്യുന്ന നാടുകളിൽ ഓരോ മണിക്കൂറിലും-അല്ല, ഓരോ മിനുട്ടിലും സെക്കന്റിലും തന്നെ-നടക്കുന്ന കുറ്റങ്ങളും അക്രമ പ്രവർത്തനങ്ങളും ഇസ്‌ലാമിന്റെ ശിക്ഷാ നിയമങ്ങൾ അനുഷ്ഠിക്കുന്ന നാടുകളിൽ കൊല്ലങ്ങൾക്കിടയിൽ പോലും സംഭവിക്കാറില്ലെന്നുള്ളതു (*) അനിഷേധ്യമായ ഒരു യാഥാർത്ഥ്യമത്രെ. മനുഷ്യൻ എത്ര പുരോഗമിച്ചാലും അവനെപ്പറ്റി അവനെക്കാൾ അറിയുന്നവൻ അല്ലാഹു തന്നെയാണല്ലോ. സമൂഹം പുരോഗമിച്ച് സംസ്കാര സമ്പന്നമായിത്തീരുന്നതുവരെ മാത്രമേ ശിക്ഷാനിയമങ്ങളുടെ ആവശ്യമുള്ളൂ. അതുകൊണ്ട് സ്ഥിരമായ ഒരു ശിക്ഷാ നിയമത്തിന്റെ ആവശ്യമില്ല എന്നു ചിലർ പറയാറുണ്ട്. കുറ്റകൃത്യങ്ങൾ സംഭവിക്കുമ്പോഴല്ലാതെ ആ നിയമം നടപ്പിൽ വരുത്തേണ്ടുന്ന ആവശ്യമില്ലെന്നുള്ളതു ശരി തന്നെ. എന്നാലും വല്ലപ്പോഴും അതു സംഭവിക്കുന്ന പക്ഷം, അപ്പോൾ എടുക്കേണ്ടുന്ന നടപടി എന്താണെന്നു മുൻകൂട്ടി നിശ്ചയിച്ചു രേഖപ്പെടുത്തിവെക്കാതെ അതിന്നു നിവൃത്തിയില്ലല്ലോ.

(*) അമേരിക്കയിൽ ഓരോ 39 മിനുട്ടിലും ഓരോ വധവും, ഓരോ 17 മിനുട്ടിലും ഓരോ ബലാൽസംഗവും, ഓരോ 41 സെക്കന്റിലും ഓരോ കാർമോഷണവും, ഓരോ 17 സെക്കന്റിലും ഓരോ കവർച്ചയും നടക്കുന്നതായി പ്രസിദ്ധ പത്രമായ ടൈംസിന്റെ ഒരു സ്ഥിതിവിവരക്കണക്ക് ഉദ്ധരിച്ചുകൊണ്ട് 1972 ഡിസംബർ മാസത്തിൽ പ്രസിദ്ധീകരിക്കപ്പെട്ട ഒരു ലഘുലേഖയിൽ ഒരു റിപ്പോർട്ടു കാണുകയുണ്ടായി. അതേ സമയത്ത് കഴിഞ്ഞ ഒരു വർഷം ഞങ്ങളുടെ നാട്ടിൽ ഒരൊറ്റ കൊലപാതകവും ഉണ്ടായിട്ടില്ലെന്ന് സഊദി അറേബ്യയിലെ അന്നത്തെ നീതിന്യായ മന്ത്രി പ്രസ്താവിച്ചതായി അൽമദീന പത്രത്തിൽനിന്ന് ഉദ്ധരിച്ചുകൊണ്ടുള്ള ഒരു ലഘുലേഖയിൽ പ്രസ്താവിച്ചിരിക്കുന്നു. 1979 ഒക്ടോബർ മാസത്തിൽ പുറത്തുവന്ന ഒരു മാസികാ പത്രത്തിൽ, 1979 ജൂലായ് ആഗസ്റ്റ് ലക്കം 'ദി മുസ്‌ലിം ഡൈജസ്റ്റ്' മാസികയിൽ നിന്ന് ഉദ്ധരിച്ചുകൊണ്ടുള്ള ഒരു ലേഖനത്തിൽ, പരിഷ്കൃത നിയമങ്ങൾ നടപ്പിലുള്ള രാഷ്ട്രങ്ങളായി കരുതപ്പെടുന്ന കാനഡ, പശ്ചിമ ജർമ്മനി, ഫ്രാൻസ് എന്നീ രാജ്യങ്ങളിൽ ഓരോ പത്തുലക്ഷം ആളുകളിൽ (ക്രമപ്രകാരം) 75,000വും, 43,000വും, 32,000വും കുറ്റവാളികൾ ഉള്ളപ്പോൾ, സഊദി അറേബ്യയിൽ പത്തു ലക്ഷത്തിൽ 22 പേർ മാത്രം കുറ്റവാളികളുള്ളതായും പ്രസ്താവിച്ചിരിക്കുന്നു.

1979 ഡിസംബർ മാസത്തിൽ പ്രസിദ്ധീകരിക്കപ്പെട്ട 'റാബിത്വത്തുൽ ആലമിൽ ഇസ്‌ലാമി' മാസികയുടെ ഒരു വിശേഷാൽ പതിപ്പിൽ സഊദി ഗവർമ്മെണ്ടിന്റെ ആഭ്യന്തരമന്ത്രി നായിഫുബ്നു അബ്ദിൽ അസീസിന്റെ ഒരു പ്രസംഗം ഉദ്ധരിച്ചതിന്റെ പ്രസക്ത ഭാഗം ഇങ്ങിനെ സംഗ്രഹിക്കാം: ഞങ്ങളുടെ രാജ്യത്തു വ്യഭിചാരം, കളവു, മദ്യപാനം, കൊല മുതലായവ തെളിഞ്ഞാൽ തക്കതായ അടി, കൈമുറിക്കൽ, കൊല്ലൽ മുതലായ ഇസ്‌ലാമിലെ ശിക്ഷ നൽകുന്നുവെന്നു നിങ്ങൾക്കറിയാം. പക്ഷേ, ഞാൻ നിങ്ങളോടു ഉറപ്പിച്ചു പറയുന്നു: ഈ രാഷ്ട്രത്തിൽ കൊല്ലങ്ങളോളം തന്നെ വ്യഭിചാരക്കേസ് ഉണ്ടായതായി അറിയപ്പെട്ടിട്ടില്ല. മറ്റും ഓരോ കൊല്ലം കൂടുമ്പോൾ മാത്രം ഒന്ന് അല്ലെങ്കിൽ രണ്ടു മോഷണം ഉണ്ടായെന്നു വരും. അതേ സമയത്ത് പരിഷ്കൃത രാഷ്ട്രങ്ങളിൽ ധാരാളിത്വവേണി, സമാധാന സംരക്ഷകരായ ആളുകളോടു (പോലീസിനോടും പട്ടാളത്തോടും) എതിരു മുട്ടിയ കാര്യങ്ങളിൽ കൈ മുറിക്കപ്പെടേണ്ടവരും, അക്രമം വന്നവരെയും കണക്കെടുക്കുന്ന പക്ഷം, ഞങ്ങളുടെ നാട്ടിൽ ശിക്ഷാനിയമപ്രകാരം കൈമുറിക്കപ്പെട്ടവരുടെ എത്രയോ ഇരട്ടി ഇരട്ടികളായിരിക്കും ആ സംഖ്യ. അല്ലാഹുവിന്നു സ്തുതി!

ഈ ഭാഗം അച്ചടി നടക്കുമ്പോൾ ഒരു ദിനപത്രത്തിന്റെ (1981 മാർച്ച് 26ലെ) ലക്കത്തിൽ കണ്ട ഒരു റിപ്പോർട്ടിൽ വായിച്ചതിന്റെ ചുരുക്കം കൂടി ഉദ്ധരിക്കാം: അമേരിക്കയിൽ 30 സെക്കന്റിൽ ഓരോ കൊലപാതകവും, 3 സെക്കന്റിൽ ഓരോ കവർച്ചയും കഴിഞ്ഞ ദശകത്തിൽ നടന്നു. അവിടെ പ്രതിവർഷം പത്തു ലക്ഷം ഭവനഭേദനങ്ങൾ നടത്തപ്പെടുന്നു. യു. എസ്. ഫെഡറൽ അന്വേഷണ ബ്യൂറോ വെളിപ്പെടുത്തിയതാണിത്. പ്രസിദ്ധ 'ടൈം' വാരികയുടെ ഒരു സർവ്വേ വിവരം 1-4-81ലെ മലയാള മനോരമ ദിനപ്പത്രം ഉദ്ധരിച്ചതിൽ 24 മിനിട്ടിൽ ഒരു കൊലയും 10 സെക്കന്റിൽ ഒരു കൊള്ളയും, 7 മിനിട്ടിൽ ഒരു സ്ത്രീ ബലാൽക്കാരവും അമേരിക്കയിൽ നടന്നു വരുന്നതായി ഉദ്ധരിച്ചിരിക്കുന്നു. അവസാനം പത്രം പറയുന്നു; 'ഏറ്റവും പരിഷ്കൃത രാജ്യം. പക്ഷേ, കുറ്റകൃത്യങ്ങളുടെ പറുദീസ; അതാണു ഇന്നു അമേരിക്ക.'

44 ഹേ, റസൂലേ, അവിശ്വാസത്തിൽ (പതിക്കുവാൻ) ധൃതികൂട്ടിക്കൊണ്ടിരിക്കുന്നവർ നിന്നെ വ്യസനിപ്പിക്കാതിരുന്നുകൊള്ളട്ടെ. (അതെ) തങ്ങളുടെ വായകൾകൊണ്ട് 'ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു'വെന്നു പറയുകയും, തങ്ങളുടെ ഹൃദയങ്ങൾ വിശ്വസിക്കാതിരിക്കുകയും ചെയ്തവരിൽ നിന്നും; യഹൂദരായിട്ടുള്ളവരിൽ നിന്നും (അവിശ്വാസത്തിൽ പതിക്കുവാൻ ധൃതികൂട്ടുന്നവർ). വ്യാജത്തിലേക്കു ചെവി കൊടുത്തുകൊണ്ടിരിക്കുന്നവർ! നിന്റെ അടുക്കൽ വന്നിട്ടില്ലാത്ത വേറെ ചില ജനങ്ങളിലേക്ക് ചെവികൊടുത്തുകൊണ്ടിരിക്കുന്നവർ!

٤٤- يَا أَيُّهَا الرَّسُولُ لَا يَحْزُنكَ الَّذِينَ يُسَارِعُونَ فِي الْكُفْرِ مِنَ الَّذِينَ قَالُوا آمَنَّا بِأَفْوَاهِهِمْ وَلَمْ تُؤْمِن قُلُوبُهُمْ ۛ وَمِنَ الَّذِينَ هَادُوا ۛ سَمَّاعُونَ لِلْكَذِبِ سَمَّاعُونَ لِقَوْمٍ آخَرِينَ لَمْ يَأْتُوكَ ۖ

വാക്കുകളെ അതിന്റെ സ്ഥാന (നിർണ്ണയ) ങ്ങൾക്കു ശേഷം അവർ മാററം വരുത്തുന്നു. അവർ പറയുന്നു: 'നിങ്ങൾക്കു ഇതു [ഈ മാററം വരുത്തിയതു] നൽകപ്പെട്ടെങ്കിൽ നിങ്ങളതു സ്വീകരിച്ചുകൊള്ളുവിൻ; ഇതു നൽകപ്പെട്ടില്ലെങ്കിൽ നിങ്ങൾ കാത്തുകൊള്ളുകയും ചെയ്യുക.

يُحَرِّفُونَ الْكَلِمَ مِن بَعْدِ مَوَاضِعِهِ ۖ يَقُولُونَ إِنْ أُوتِيتُمْ هَٰذَا فَخُذُوهُ وَإِن لَّمْ تُؤْتَوْهُ فَاحْذَرُوا ۚ

ഏതൊരുവനെ അല്ലാഹു പരീക്ഷണത്തിന് ഉദ്ദേശിക്കുന്നുവോ, അവനുവേണ്ടി അല്ലാഹുവിങ്കൽ നിന്ന് യാതൊന്നും (തന്നെ) നീ സ്വാധീനമാക്കുകയില്ല തന്നെ.

وَمَن يُرِدِ اللَّهُ فِتْنَتَهُ فَلَن تَمْلِكَ لَهُ مِنَ اللَّهِ شَيْئًا ۚ

അക്കൂട്ടർ–അവരുടെ ഹൃദയങ്ങളെ ശുദ്ധീകരിക്കുവാൻ അല്ലാഹു ഉദ്ദേശിച്ചിട്ടില്ലാത്തവരത്രെ. അവർക്കു ഇഹത്തിൽ അപമാനമുണ്ടായിരിക്കും. അവർക്കു പരലോകത്തിൽ വമ്പിച്ച ശിക്ഷയുമുണ്ടായിരിക്കും.

أُولَٰئِكَ الَّذِينَ لَمْ يُرِدِ اللَّهُ أَن يُطَهِّرَ قُلُوبَهُمْ ۚ لَهُمْ فِي الدُّنْيَا خِزْيٌ ۖ وَلَهُمْ فِي الْآخِرَةِ عَذَابٌ عَظِيمٌ

---

44. يا ايها الرسول ഹേ റസൂലേ لا يحزنك നിന്നെ വ്യസനിപ്പിക്കാതിരിക്കട്ടെ, വ്യസനിപ്പിക്കരുത് الذين യാതൊരു കൂട്ടർ يسارعون ധൃതികൂട്ടുന്ന, ബദ്ധപ്പാടു കാണിച്ചു വരുന്ന في الكفر അവിശ്വാസത്തിൽ(പതിക്കുവാൻ) من الذين യാതൊരുത്തരിൽനിന്നു قالوا പറഞ്ഞ امنا ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു بافواههم അവരുടെ വായകൾകൊണ്ടു ولم تؤمن വിശ്വസിച്ചിട്ടുമില്ല قلوبهم അവരുടെ ഹൃദയങ്ങൾ ومن الذين യാതൊരുവരിൽനിന്നും هادوا യഹൂദികളായ سماعون അധികം കേൾക്കുന്നവർ, ചെവി കൊടുത്തു കൊണ്ടിരിക്കുന്നവർ للكذب വ്യാജത്തിനു, കളവിലേക്ക്, വ്യാജത്തിനുവേണ്ടി سماعون കേൾക്കുന്ന (ചെവി കൊടുക്കുന്ന)വർ لقوم ഒരു ജനതയെ, ജനങ്ങളിലേക്ക്, ജനതക്കുവേണ്ടി اخرين വേറെയുള്ള, മററു لم يأتوك അവർ നിന്റെ അടുക്കൽ വന്നിട്ടില്ല يحرفون അവർ മാററം വരുത്തുന്നു الكلم വാക്കുകളെ من بعد ശേഷം مواضعه അതിന്റെ സ്ഥാനങ്ങൾക്ക് يقولون അവർ പറയും ان اوتيتم നിങ്ങൾക്ക് നൽകപ്പെട്ടുവെങ്കിൽ هذا ഇതു فخذوه എന്നാലതു സ്വീകരിക്കുവിൻ, എടുക്കുവിൻ وان لم تؤتوه ഇതു നിങ്ങൾക്ക് നൽകപ്പെട്ടില്ലെങ്കിലോ فاحذروا നിങ്ങൾ കാത്തു (ജാഗ്രതവെച്ചു) കൊള്ളുവിൻ ومن ആർ, ഏതൊരുവൻ يرد الله അല്ലാഹു ഉദ്ദേശിക്കുന്നതായാൽ فتنته അവനെ പരീക്ഷണത്തിനു, കുഴപ്പത്തിനു فلن تملك എന്നാൽ നീ സ്വാധീനമാക്കുക (നിനക്കു കഴിയുക)യേ ഇല്ല له അവന് من الله അല്ലാഹുവിൽനിന്ന് شيئا യാതൊന്നും, ഒരു കാര്യത്തിനും اولئك അക്കൂട്ടർ الذين യാതൊരുവരത്രെ لم يرد الله അല്ലാഹു ഉദ്ദേശിച്ചിട്ടില്ല ان يطهر അവൻ ശുദ്ധിയാക്കുവാൻ قلوبهم അവരുടെ ഹൃദയങ്ങളെ لهم അവർക്കുണ്ടു في الدنيا ഇഹത്തിൽ خزي അപമാനം, എളിമ ولهم അവർക്കുണ്ടുതാനും في الاخرة പരലോകത്തിൽ عذاب ശിക്ഷ عظيم വമ്പിച്ച

٤٢- سَمّٰعُونَ لِلْكَذِبِ أَكّٰلُونَ لِلسُّحْتِ ۚ فَإِن جَآءُوكَ فَٱحْكُم بَيْنَهُمْ أَوْ أَعْرِضْ عَنْهُمْ ۖ وَإِن تُعْرِضْ عَنْهُمْ فَلَن يَضُرُّوكَ شَيْـًٔا ۖ

42. വ്യാജത്തിന്ന് ചെവികൊടുത്തുകൊണ്ടിരിക്കുന്നവർ! നിഷിദ്ധ (ധന) ത്തെ തിന്നുകൊണ്ടിരിക്കുന്നവർ! എന്നാൽ, അവർ നിന്റെ അടുക്കൽ വരുന്ന പക്ഷം, നീ അവർക്കിടയിൽ വിധിച്ചു കൊള്ളുക, അല്ലെങ്കിൽ അവരിൽ നിന്നു തിരിഞ്ഞു കളയുക. നീ അവരിൽ നിന്നു തിരിഞ്ഞു കളയുന്ന പക്ഷം, അവർ നിനക്കു യാതൊന്നും ഉപദ്രവം വരുത്തുന്നതല്ല.

وَإِنْ حَكَمْتَ فَٱحْكُم بَيْنَهُم بِٱلْقِسْطِ ۚ إِنَّ ٱللَّهَ يُحِبُّ ٱلْمُقْسِطِينَ ○

നീ വിധിക്കുകയാണെങ്കിലോ, നീതിമുറയനുസരിച്ചു അവർക്കിടയിൽ നീ വിധിക്കുകയും ചെയ്യുക. നിശ്ചയമായും, നീതിമുറ പാലിക്കുന്നവരെ അല്ലാഹു സ്നേഹിക്കുന്നതാണ്.

٤٣- وَكَيْفَ يُحَكِّمُونَكَ وَعِندَهُمُ ٱلتَّوْرَىٰةُ فِيهَا حُكْمُ ٱللَّهِ ثُمَّ يَتَوَلَّوْنَ مِنۢ بَعْدِ ذَٰلِكَ ۚ وَمَآ أُو۟لَٰٓئِكَ بِٱلْمُؤْمِنِينَ ○

43. നിന്നെ എങ്ങിനെ അവർ വിധികർത്താവാക്കും— അവരുടെ പക്കൽ തൗറാത്തുണ്ടായിരിക്കെ?! (അതെ) അല്ലാഹുവിന്റെ വിധി അതിലുണ്ടു; പിന്നെ (യും) അതിനുശേഷം അവർ തിരിഞ്ഞു പോകുന്നു (എന്നിരിക്കെ)!

അക്കൂട്ടർ, വിശ്വാസികളേ അല്ല.

---

42. سماعون (ധാരാളം) കേൾക്കുന്നവർ, ചെവി കൊടുക്കുന്നവർ للكذب വ്യാജത്തിന്, വ്യാജത്തിന്നു വേണ്ടി اكالون തീറ്റക്കാർ, തിന്നുകൊണ്ടിരിക്കുന്നവർ للسحت ഹറാമിനെ, നിഷിദ്ധത്തെ فان جاءوك എന്നാലവർ നിന്റെ അടുക്കൽ വന്നെങ്കിൽ فاحكم എന്നാൽ നീ വിധിക്കുക بينهم അവർക്കിടയിൽ او اعرض അല്ലെങ്കിൽ തിരിഞ്ഞു കളയുക, അവഗണിക്കുക عنهم അവരിൽ നിന്നു, അവരെപ്പററി وان تعرض നീ തിരിഞ്ഞു കളയുന്ന പക്ഷം عنهم അവരിൽ നിന്നു فلن يضروك അവർ നിനക്കു ഉപദ്രവം വരുത്തുകയേ ഇല്ല, നിന്നെ ഉപദ്രവിക്കയില്ലതന്നെ شيئا യാതൊന്നും وان حكمت നീ വിധിച്ചുവെങ്കിലോ فاحكم بينهم എന്നാലവർക്കിടയിൽ വിധിക്കുക بالقسط നീതിമുറയനുസരിച്ചു, നീതികൊണ്ടു ان الله നിശ്ചയമായും അല്ലാഹു يحب അവൻ സ്നേഹിക്കുന്നു, ഇഷ്ടപ്പെടും المقسطين നീതിമുറ പാലിക്കുന്നവരെ 43 وكيف എങ്ങിനെ يحكمونك നിന്നെ അവർ വിധി കർത്താവാക്കും وعندهم അവരുടെ പക്കലിരിക്കെ, അവരുടെ അടുക്കലുണ്ടല്ലോ التوراة തൗറാത്തു فيها അതിലുണ്ടു حكم الله അല്ലാഹുവിന്റെ വിധി ثم يتولون പിന്നെ അവർ തിരിഞ്ഞു പോകുന്നു من بعد ذلك അതിനുശേഷം وما اولئك അക്കൂട്ടരല്ല بالمؤمنين വിശ്വാസികളേ

തന്നിഷ്ടത്തിനും, കാര്യലാഭത്തിനും വേണ്ടി അല്ലാഹുവിന്റെയും റസൂലിന്റെയും കല്പനകളെ ധിക്കരിച്ചും, മതനിയമങ്ങളെ മാററിമറിച്ചും വരുന്ന യഹൂദികളും, അവരുടെ ചാരൻമാരും അനുയായികളുമായി വർത്തിക്കുന്ന കപട വിശ്വാസികളും അവിശ്വാസത്തിന്റെ അഗാധതയിലേക്കു ദ്രുതഗമനം ചെയ്തു കൊണ്ടിരിക്കുകയാണ്. അതുകണ്ടു നബി (സ) വ്യസനിക്കേണ്ടതില്ല. അവരെക്കൊണ്ടുള്ള ശല്യം അല്ലാഹു തീർത്തു തരുന്നതാണ് എന്ന് അല്ലാഹു നബി (സ) യെ സമാധാനിപ്പിക്കുന്നു. ഈ വചനങ്ങളുടെ അവതരണത്തിനു ആസ്പദമായ ഒരു സംഭവം ബുഖാരി, മുസ്ലിം (റ) മുതലായവർ നിവേധികം മാർഗ്ഗങ്ങളിൽ കൂടി ഉദ്ധരിച്ചിരിക്കുന്നു. ഈ വചനങ്ങളിലെ ഉള്ളടക്കം ഗ്രഹിക്കുവാൻ ഉതകുന്ന ആ സംഭവം ഇതാണ്:—

'യഹൂദികളിൽ ഒരു പുരുഷനും സ്ത്രീയും വ്യഭിചാരം ചെയ്തു. വ്യഭിചാരം ചെയ്തവരെ എറിഞ്ഞു കൊല്ലുവാനാണു തൗറാത്തിലെ വിധി. എങ്കിലും ആ വിധിക്കു പകരം അവർ മറെറാരു വിധി നിർമ്മിച്ചു നടപ്പിൽ വരുത്തുകയാണു ചെയ്തിരുന്നത്. ചമ്മട്ടി കൊണ്ട് അടിക്കുക, മുഖത്തു ചായം പൂശുക (തീ പൊള്ളിക്കുക),

കഴുതപ്പുറത്തു തിരിച്ചിരുത്തി അങ്ങാടി ചുറ്റിച്ച് അപമാനിക്കുക എന്നൊക്കെയാണത്. ഈ രണ്ടാളെപ്പറ്റി എന്തു ശിക്ഷ കൈക്കൊള്ളണമെന്നു തീരുമാനിക്കുവാന്‍ അവര്‍ നബി (സ)യുടെ അടുക്കലേക്ക് ആളയച്ചു. അനുകൂലമായ വിധി കിട്ടിയാല്‍ അതു സ്വീകരിക്കാം. ഒരു പ്രവാചകന്റെ വിധി കിട്ടിയെന്നു തൃപ്തി അടയുകയും ചെയ്യാം. ഇല്ലാത്തപക്ഷം, നബി (സ) യുടെ വിധി തങ്ങള്‍ക്കു ബാധകമല്ലെന്നു പറഞ്ഞു തള്ളിക്കളയുകയും ചെയ്യാം. ഇതായിരുന്നു അവരുടെ ലക്ഷ്യം. തൗറാത്തിന്റെ നിയമമനുസരിച്ച് എറിഞ്ഞു കൊല്ലുവാന്‍ തന്നെയാണു നബി (സ) വിധിച്ചത്. തൗറാത്തില്‍ അങ്ങിനെ വിധിയില്ലെന്ന യഹൂദികള്‍ വാദിച്ചു. ഉടനെ അബ്ദുല്ലാഹിബ്നുസലാം (റ) പറഞ്ഞു. അദ്ദേഹം മുമ്പു ഒരു യഹൂദപണ്ഡിതനായിരുന്നുവല്ലോ. തിരുമേനി അവരോടു തൗറാത്തു കൊണ്ടു വരുവാന്‍ കല്‍പിച്ചു. അവരുടെ കൂട്ടത്തില്‍ ഏറ്റവും വലിയ പണ്ഡിതനായിരുന്ന ഒരാള്‍—ഇബ്നുസൂരിയാ—തൗറാത്തെടുത്തു ആ വിഷയത്തെ സംബന്ധിച്ച ഭാഗം വായിച്ചു. ഇടക്കു ഒരു സ്ഥലത്തെത്തിയപ്പോള്‍ അവന്‍ അവിടെ കൈവെച്ച് അതിനപ്പുറം വായിക്കുകയായി. തിരുമേനി അവനോടു കൈപൊക്കുവാന്‍ ആവശ്യപ്പെട്ടു. നോക്കുമ്പോള്‍ എറിഞ്ഞു കൊല്ലുവാന്‍ കല്‍പിക്കുന്ന സൂക്തമായിരുന്നു അത്. (*) അങ്ങനെ, തൗറാത്തിന്റെ നിയമമനുസരിച്ചു ആ പുരുഷനെയും സ്ത്രീയെയും എറിഞ്ഞുകൊന്നു.' ചില രിവായത്തുകളില്‍ ഇതിനെയും കൂടിയുണ്ട്: 'തൗറാത്തിലെ വിധി തങ്ങള്‍ പറയും പ്രകാരമാണെന്നു പറഞ്ഞപ്പോള്‍, കൂട്ടത്തില്‍ മൗനമവലംബിച്ചു നിന്നിരുന്ന ഒരാളോടു അല്ലാഹുവിനെ മുന്‍നിറുത്തി സത്യം തുറന്നു പറയുവാന്‍ നബി (സ) ആവശ്യപ്പെട്ടു. അങ്ങനെ, അയാള്‍ സത്യം തുറന്നു പറഞ്ഞു. എറിഞ്ഞു കൊല്ലണമെന്നു തൗറാത്തിലുണ്ടെന്നും, കുലീന കുടുംബത്തില്‍ പെട്ട ചിലര്‍ക്കു വേണ്ടി തങ്ങള്‍ അതില്‍ വിട്ടുവീഴ്ച ചെയ്കയും, ക്രമേണ അതൊരു അംഗീകൃത നടപടിയായി സ്വീകരിക്കയുമാണ് ഉണ്ടായിട്ടുള്ളതെന്നും അയാള്‍ വ്യക്തമാക്കി.' ഇതാണാസംഭവം.

ഉന്നത വര്‍ഗ്ഗത്തില്‍ പെട്ടവര്‍ കൊലക്കുറ്റം ചെയ്താല്‍ പ്രതികാര നടപടിയില്‍ ഇളവനുവദിച്ചു കൊണ്ടും, സാധാരണക്കാര്‍ കൊലചെയ്താല്‍ പൂര്‍ണ്ണമായ നടപടി സ്വീകരിച്ചു കൊണ്ടും തീരുമാനമെടുക്കലും യഹൂദികളുടെ പതിവായിരുന്നുവെന്നും, ഒരു സംഭവത്തില്‍ കക്ഷികള്‍ തമ്മിലുണ്ടായ വഴക്കിനെത്തുടര്‍ന്നു അവര്‍ നബി (സ)യുടെ തീരുമാനത്തിനു വെക്കുവാന്‍ നിശ്ചയിച്ചുവെന്നും, ആ സന്ദര്‍ഭത്തിലാണു ഈ വചനങ്ങള്‍ അവതരിച്ചതെന്നും വേറെ ചില ഹദീസുകളിലും വന്നിരിക്കുന്നു. 48-ാം വചനത്തിലെ ഉള്ളടക്കം ഇതിനോടു കൂടുതല്‍ യോജിക്കുന്നതായും ചൂണ്ടിക്കാട്ടപ്പെടുന്നു. ഇബ്നു കഥീര്‍ (റ) പ്രസ്താവിച്ചതുപോലെ, ഒന്നിലധികം സംഭവങ്ങളെ തുടര്‍ന്ന് അവതരിച്ചതാകുന്നതിനും വിരോധമില്ലല്ലോ. والله أعلم

سماعون للكذب എന്ന വാക്കിനു പരിഭാഷയില്‍ കണ്ടതുപോലെ 'വ്യാജത്തിലേക്കു ചെവികൊടുക്കുന്നവര്‍' എന്നും 'വ്യാജത്തിനുവേണ്ടി ചെവി കൊടുക്കുന്നവര്‍' എന്നും അര്‍ത്ഥം വരാം. കള്ളവാര്‍ത്തകള്‍ കേള്‍ക്കുകയും, പ്രചരിപ്പിക്കുകയും ചെയ്യുന്നതില്‍ അവര്‍ക്കു വലിയ താല്‍പര്യമാണെന്നായിരിക്കും ആദ്യത്തെ അര്‍ത്ഥപ്രകാരം അതിന്റെ സാരം. രണ്ടാമത്തെ അര്‍ത്ഥപ്രകാരം എന്തെങ്കിലും ഹേതു കിട്ടി കളവു പറഞ്ഞു പരത്തുവാന്‍ വേണ്ടിയാണവര്‍ നബി (സ)യുടെ അടുക്കല്‍ വന്നു പലതും കേള്‍ക്കുന്നതു എന്നും സാരമായിരിക്കും. سماعون لقوم آخرين എന്ന വാക്കിനും അതുപോലെ, 'മറ്റൊരു ജനതയിലേക്കു ചെവി കൊടുക്കുന്നവര്‍' എന്നും, 'മറ്റൊരു ജനതക്കുവേണ്ടി ചെവികൊടുക്കുന്നവര്‍' എന്നും അര്‍ത്ഥം ആകാവുന്നതാണ്. നബി (സ)യുടെ വാക്കുകളിലേക്കല്ല—മറ്റൊരു കൂട്ടരുടെ വാക്കുകളിലേക്കാണു—അവരുടെ ശ്രദ്ധ എന്നു ഒന്നാമത്തേതിനും, മറ്റൊരു ജനതയുടെ ആവശ്യാര്‍ത്ഥമാണ്—അവര്‍ക്കു ആരോപണങ്ങള്‍ ഉന്നയിക്കുവാന്‍ വല്ല പഴുതും ഉണ്ടാക്കിക്കൊടുക്കുവാന്‍ വേണ്ടിയാണ്—അവര്‍ നബി (സ) യുടെ അടുക്കല്‍ ചെന്നു ചെവിയോര്‍ക്കുന്നതു എന്നു രണ്ടാമത്തേതിനും സാരം നല്‍കപ്പെടുന്നു. ഖുര്‍ആന്‍ വ്യാഖ്യാതാക്കളില്‍ രണ്ടര്‍ത്ഥങ്ങളും സ്വീകരിച്ചവരുണ്ട്. 'മറ്റൊരു ജനത' കൊണ്ടുദ്ദേശ്യം, അഹങ്കാരം നിമിത്തം നബി (സ)യുടെ അടുക്കല്‍ വരാതെ അകലെ നിന്നു കുത്തിത്തിരിപ്പു നടത്തുന്ന യഹൂദികളാകുന്നു. ഇതു സൂചിപ്പിച്ചുകൊണ്ടാണു لم يأتوك (നിന്റെ അടുക്കല്‍ വന്നിട്ടില്ലാത്ത) എന്നു അവരെ വിശേഷിപ്പിച്ചത്. 'ചെവി കൊടുക്കുന്നവര്‍' എന്നു മാത്രമല്ല, 'ചെവി കൊടുക്കല്‍ പതിവാക്കിയവര്‍, താല്‍പര്യപൂര്‍വ്വം കേള്‍ക്കാറുള്ളവര്‍' എന്നിങ്ങനെയുള്ള അര്‍ത്ഥം കൂടി അന്തര്‍ഭവിച്ചിട്ടുള്ളതാണു سماعون (സമ്മാഊന) എന്ന വാക്കിന്റെ രൂപം. അതുപോലെത്തന്നെയാണു أكالون (അക്കാലൂന) എന്ന വാക്കും. തീറ്റക്കാര്‍, അധികമായി തിന്നുന്നവര്‍, തിന്നല്‍ പതിവാക്കിയവര്‍ എന്നിങ്ങിനെയുള്ള അര്‍ത്ഥങ്ങള്‍ അതിലും അടങ്ങിയിരിക്കുന്നു. [*] കള്ളാരോപണങ്ങളും ദുഷ്പ്രചരണങ്ങളും നടത്തുന്ന യഹൂദി

(*) ആവര്‍ത്തന പുസ്തകം അദ്ധ്യായം 22: സൂക്തം 21-26ല്‍ ബൈബ്ളില്‍ ഈ നിയമം ഇന്നും കാണാവുന്നതാണ്

[*] അറബി വ്യാകരണ ശാസ്ത്രത്തി (علم الصرف) ല്‍ ഇതിനെയുള്ള വിശേഷണ നാമങ്ങള്‍ക്കു أبنية المبالغة (ശക്തികൂട്ടിപ്പറയുന്ന നാമങ്ങള്‍) എന്നു സാങ്കേതികമായി പറയപ്പെടുന്നു.

കളും, അവർക്കുവേണ്ടി ചാരവൃത്തി നടത്തുകയും അവരുടെ അഭിപ്രായങ്ങളെ [illegible] വളച്ചുവെച്ചു കൊടുക്കുകയും ചെയ്യുന്ന കപടവിശ്വാസികളുമാണു ഉദ്ദേശ്യം.

يحرفون الكلم .... (വാക്കുകളുടെ സ്ഥാനങ്ങൾക്കു ശേഷം അതു മാററം വരുത്തും) എന്നു പറഞ്ഞതു യഹൂദികളെക്കുറിച്ചാകുന്നു. ഇന്നിന്ന കാര്യങ്ങൾ ഇന്നിന്ന പ്രകാരമെന്നു അല്ലാഹു വേദഗ്രന്ഥത്തിൽ നിശ്ചയിച്ചു കഴിഞ്ഞിട്ടു പിന്നെയും അവയിൽ ചിലതു മൂടിവെക്കുകയും, ചിലതിന്റെ അർത്ഥവും സന്ദർഭവും മാററുകയും, ചിലതു ദുർവ്യാഖ്യാനം നടത്തുകയും ചെയ്യുന്ന അവരുടെ പതിവിനെയാണു ഇതു കുറിക്കുന്നത്. .... إن أوتيتم هذا (നിങ്ങൾക്കു ഇതു നൽകപ്പെട്ടാൽ സ്വീകരിച്ചു കൊള്ളുക; ഇല്ലെങ്കിൽ കരുതിക്കൊള്ളുക) എന്നു പറഞ്ഞതു-മേലിൽ ഉദ്ധരിച്ച സംഭവത്തിൽ കണ്ടതുപോലെ-തങ്ങളുടെ താല്പര്യത്തിന്നു യോജിക്കുന്ന വല്ലതും നബി (സ) പറഞ്ഞാൽ അതു സ്വീകരിക്കാമെന്നും, അല്ലാത്തപക്ഷം അതു തള്ളിക്കളയണമെന്നും അവരുടെ [illegible] ഉദ്ദേശിച്ചുമാകുന്നു. അവർ എത്രമാത്രം ദുഷിച്ചുപോയിട്ടുണ്ടെന്നും, [illegible] കെട്ടതുപോയിട്ടുണ്ടെന്നും ഇതിൽ നിന്നൊക്കെ വ്യക്തമാണല്ലോ. ആകയാൽ, [illegible] ഹൃദയം ശുദ്ധമായിത്തീരുമെന്നു പ്രതീക്ഷിക്കേണ്ടതില്ലെന്നു നബി (സ)യെ [illegible] ഖിലും അല്ലാഹു പരീക്ഷണം നടത്തുവാൻ ഉദ്ദേശിക്കുന്ന പക്ഷം അല്ലാഹുവിങ്കൽ നിന്നു [illegible] ചെയ്‌വാൻ നിനക്കു കഴിയുന്നതല്ല; അവരെ ശുദ്ധീകരിക്കുവാൻ അല്ലാഹു ഉദ്ദേശിച്ചിട്ടില്ല [illegible] എന്ന വാക്യം.

فتنة (ഫിത്നഃ) എന്ന വാക്കിനു [illegible] എന്നൊക്കെ സന്ദർഭോചിതം അർത്ഥം വരും. എന്നാൽ നബി (സ) [illegible] എന്തു കൊണ്ടാലും യഹൂദികളെപ്പററി മേൽ പ്രസ്താവിച്ച ദുർന്നടപ്പുകളിൽ [illegible] അവരെ ഫിത്നയിലാക്കുവാൻ ഉദ്ദേശിച്ചുവെന്നു, അവരുടെ ഹൃദയം [illegible] അല്ലാഹു വ്യക്തമാക്കിയിരിക്കുകയാണ്. ഒരു വ്യക്തിയെയോ, [illegible] ദുർമ്മാർഗ്ഗത്തിലാക്കുമെന്നല്ല ഇതിന്റെ താല്പര്യം. [illegible] പ്രവർത്തനമോ ഒന്നും തന്നെ ഇല്ലാത്തതുകൊണ്ട് അവരെ ശുദ്ധീകരിച്ചു [illegible] യഥേഷ്ടം വിഹരിച്ചുകൊള്ളുവാൻ അവരെ അല്ലാഹു വിട്ടിരിക്കുകയാണു എന്നത്രെ അതിന്റെ സാരം. [illegible] മുതലായ വചനങ്ങൾ നോക്കുക) ഇഹത്തിൽ അവർക്കു അപമാനവും പരത്തിൽ വമ്പിച്ച ശിക്ഷയുമുണ്ട് (لهم في الدنيا خزي .....) എന്നു പറഞ്ഞതിന്റെ സാരം പ്രത്യേകം വിവരിക്കേണ്ടതില്ലല്ലോ. [illegible] പ്രസ്താവിച്ചിട്ടു പിന്നെയും അവർ വ്യാജത്തിനു ചെവി കൊടുക്കുന്ന [illegible]. അവർ നിഷിദ്ധം തിന്നുക പതിവാക്കിയവരാണു (سماعون للكذب أكالون للسحت) എന്നു കൂടി അല്ലാഹു ആക്ഷേപിക്കുന്നു. [illegible] കഠിനമായ വെറുപ്പും അമർഷവുമാണിതു കാണിക്കുന്നത്. അവരുടെ കാര്യങ്ങൾ [illegible] മാണ്, അവരുടെ ഉപജീവന മാർഗ്ഗങ്ങളെല്ലാം തന്നെ വിധികളെ മാററി മറിച്ചു കൊടുക്കുന്നതിന്റെ പേരിൽ [illegible] ലിയും കോഴയും വാങ്ങുക പോലെയുള്ള നിഷിദ്ധ കൃത്യങ്ങളുമാണ്. പിന്നെ അവർ എങ്ങിനെ നന്നായിത്തീരുവാനാണ്?! എന്നിങ്ങിനെ ഒരു സൂചനയും അതിൽ അടങ്ങിയിരിക്കുന്നു.

എന്നിരുന്നാലും വല്ല വിഷയത്തിലും അവർ വിധി തേടിക്കൊണ്ടു വന്നാൽ, അവർക്കു വിധി കൊടുക്കുകയോ കൊടുക്കാതിരിക്കുകയോ ഇഷ്ടം പോലെ ചെയ്യാം; പക്ഷെ, വിധി കൊടുക്കുന്ന പക്ഷം അതു നീതിമുറയനുസരിച്ചു കൊടുക്കാവൂ എന്നു അല്ലാഹു നബി (സ) യെ ഉപദേശിക്കുന്നു. അവരുടെ പക്കൽ തൗറാത്തുണ്ട്, അതിൽ [illegible] മുള്ള കാര്യങ്ങളെക്കുറിച്ചുള്ള വിധികളും അതിലുണ്ട്; എന്നിട്ടും അതവർ അനുസരിക്കാതെ [illegible] ചെയ്യുന്നതു; എന്നിരിക്കെ ചിലപ്പോഴൊക്കെ അവർ നബി (സ) യുടെ അടുക്കൽ വന്ന വിധി തേടുന്നതു [illegible] ഇതു തന്നെയാണ്" എന്നത്രെ 40-ാം വചനത്തിൽ പറഞ്ഞതിന്റെ സാരം. അതെ, [illegible] തിൽ നിന്നുണ്ടാകുന്നതല്ല; തങ്ങളുടെ ആഗ്രഹത്തിനൊത്ത വിധി കിട്ടിയെങ്കിലോ എന്നുള്ള [illegible] പിന്നിലുള്ളതു എന്നു വ്യക്തമാണല്ലോ.

40-ാം വചനത്തെയും അതുപോലെയുള്ള മററു ചില വചനങ്ങളെയും ദുർവ്യാഖ്യാനം ചെയ്തുകൊണ്ട് മുസ്ലിംകളുടെ [illegible] ൽ അംഗീകരിപ്പിക്കുവാൻ ചിലർ ശ്രമിക്കാറുള്ള [illegible] 50-ാം വചനത്തിന്റെ വ്യാഖ്യാനത്തിൽ വിവരിക്കും. [illegible]

വിഭാഗം-7

٤٤- إِنَّا أَنزَلْنَا التَّوْرَاةَ فِيهَا هُدًى وَنُورٌ ۚ يَحْكُمُ بِهَا النَّبِيُّونَ الَّذِينَ أَسْلَمُوا لِلَّذِينَ هَادُوا وَالرَّبَّانِيُّونَ وَالْأَحْبَارُ بِمَا اسْتُحْفِظُوا مِن كِتَابِ اللَّهِ وَكَانُوا عَلَيْهِ شُهَدَاءَ ۚ فَلَا تَخْشَوُا النَّاسَ وَاخْشَوْنِ وَلَا تَشْتَرُوا بِآيَاتِي ثَمَنًا قَلِيلًا ۚ وَمَن لَّمْ يَحْكُم بِمَا أَنزَلَ اللَّهُ فَأُولَٰئِكَ هُمُ الْكَافِرُونَ ○

47. നിശ്ചയമായും, നാം തൗറാത്തു അവതരിപ്പിച്ചിരിക്കുന്നു; അതിൽ മാർഗ്ഗദർശനവും പ്രകാശവുമുണ്ട്.

(ഇസ്‌ലാമിനെ അംഗീകരിച്ചു) കീഴൊതുങ്ങിയവരായ പ്രവാചകൻമാർ യഹൂദരായുള്ളവർക്കു അതുപ്രകാരം വിധിച്ചുകൊടുത്തിരുന്നു; 'റബ്ബാനീ'കളും [പുണ്യ പുരുഷൻമാരും], പണ്ഡിതൻമാരും (വിധിച്ചു കൊടുത്തിരുന്നു); (അതെ) അല്ലാഹുവിന്റെ ഗ്രന്ഥത്തെ സംബന്ധിച്ച് അവരോടു കാത്തു സൂക്ഷിക്കുവാൻ ഏൽപിക്കപ്പെട്ടതും, അതിന് അവർ സാക്ഷ്യം വഹിക്കുന്നവരായിരുന്നതും നിമിത്തം. [അതു കൊണ്ടാണ് അവർ അതു പ്രകാരം വിധിച്ചിരുന്നത്] ആകയാൽ, നിങ്ങൾ മനുഷ്യരെ പേടിക്കരുതു; എന്നെ പേടിക്കുകയും ചെയ്യണം; എന്റെ 'ആയത്തു' [ലക്ഷ്യം] കൾക്കു നിങ്ങൾ തുച്ഛമായ വില വാങ്ങുകയും ചെയ്യരുത്.

ആർ അല്ലാഹു അവതരിപ്പിച്ചതു പ്രകാരം വിധിക്കുന്നില്ലയോ, അക്കൂട്ടർ തന്നെയാണ് അവിശ്വാസികൾ.

---

47. إنا أنزلنا നിശ്ചയമായും നാം അവതരിപ്പിച്ചു التورية തൗറാത്തിനെ فيها هدى അതിലുണ്ടു മാർഗദർശനം ونور പ്രകാശവും يحكم بها അതുകൊണ്ടു (അതു പ്രകാരം) വിധിച്ചിരുന്ന النبيون നബി (പ്രവാചകൻ)മാർ الذين أسلموا ഇസ്‌ലാം അംഗീകരിച്ച (കീഴൊതുങ്ങിയ)വരായ للذين هادوا യഹൂദികളായവർക്ക والربانيون റബ്ബാനികളും (പുണ്യവാൻമാരും, മതനേതാക്കളും) والأحبار പണ്ഡിതൻമാരും بما استحفظوا അവർ സൂക്ഷിക്കു(കാക്കു)വാൻ ഏൽപിക്കപ്പെട്ടിരിക്കകൊണ്ടു من كتاب الله അല്ലാഹുവിന്റെ ഗ്രന്ഥത്തിൽനിന്നും, ഗ്രന്ഥത്തെ സംബന്ധിച്ചു وكانوا അവർ ആയിരിക്കുകയും عليه അതിനും, അതിന്റെ മേൽ شهداء സാക്ഷികൾ فلا تخشوا അതിനാൽ നിങ്ങൾ പേടിക്കേണ്ട الناس മനുഷ്യരെ واخشون എന്നെ പേടിക്കുകയും ചെയ്‌വിൻ ولا تشتروا നിങ്ങൾ വാങ്ങുകയും അരുതു بآياتي എന്റെ ആയത്തുകൾക്ക ثمنا قليلا അൽപ (തുച്ഛ) വില ومن لم يحكم ആർ വിധിച്ചില്ലയോ بما أنزل الله അല്ലാഹു അവതരിപ്പിച്ചതുകൊണ്ടു, അവതരിപ്പിച്ച പ്രകാരം فأولئك هم എന്നാൽ അക്കൂട്ടർ തന്നെ الكافرون അവിശ്വാസികൾ, നന്ദികെട്ടവർ

കഴിഞ്ഞ വചനങ്ങളിലെ പ്രതിപാദ്യ വിഷയങ്ങളുമായി ബന്ധപ്പെട്ടതു തന്നെയാണ് ഈ വചനവും അടുത്ത ചില വചനങ്ങളും. തൗറാത്തിന്റെ അനുയായികളെന്നു വാദിക്കുന്ന ആ ജനതയുടെ–യഹൂദികളുടെ–സ്ഥിതിഗതികൾ മുമ്പു വിവരിച്ചതു പോലെയാണ്. എന്നാൽ, ആ ഗ്രന്ഥം അല്ലാഹു അവതരിപ്പിച്ചതാണ്. ജനങ്ങൾക്കു സൻമാർഗ്ഗം പ്രാപിക്കുവാനാവശ്യമായ മാർഗ്ഗദർശനങ്ങളും, അജ്ഞാനാന്ധകാരങ്ങളിൽ നിന്നു മോചനം നൽകുവാനുള്ള പ്രകാശവും ഉൾക്കൊള്ളുന്നതാണത്. അല്ലാഹുവിങ്കൽ നിന്നുള്ള ഏക മതമായ ഇസ്‌ലാമിന്റെ അനുയായികളെന്ന നിലക്കു അവന്റെ നിയമ നിർദ്ദേശങ്ങൾക്കു കീഴൊതുങ്ങിക്കൊണ്ടിരുന്ന പല പ്രവാചകൻമാരും, അതതു കാലങ്ങളിലെ മതനേതാക്കളും പുണ്യവാൻമാരുമായിരുന്ന 'റബ്ബാനീ'കളും പണ്ഡിതൻമാരുമൊക്കെ അതിലെ നിയമങ്ങളനുസരിച്ചു അവർക്കിടയിൽ വളരെക്കാലം വിധി നടത്തിപ്പോന്നിട്ടുണ്ട്. വേദഗ്രന്ഥത്തിന്റെ സംരക്ഷണവും, അതിന്റെ പ്രബോധന കൃത്യവും ഏൽപിക്കപ്പെട്ടവരായിരുന്നു അവർ. അതിന്റെ സത്യതക്കും പരിശുദ്ധതക്കും അവർ സാക്ഷികളുമായിരുന്നു. അതുകൊണ്ടു അവർ ആ ചുമതല നിർവ്വഹിച്ചുപോന്നു. ഈ പാരമ്പര്യം നിലനിറുത്തേണ്ടുന്നവരാണ് യഹൂദികൾ എന്നൊക്കെയാണ് ഈ വചനത്തിന്റെ ആദ്യഭാഗത്തിന്റെ സാരം.

'ആകയാൽ, നിങ്ങൾ ജനങ്ങളെ പേടിക്കേണ്ട, എന്നെ പേടിക്കുകയും വേണം' (فلا تخشوا الناس ....) എന്ന വാക്യം യഹൂദികളെയും സത്യവിശ്വാസികളെയും അഭിമുഖീകരിച്ചു കൊണ്ടുള്ളതാണ്. ജനങ്ങളെ ഭയന്നുകൊണ്ടു — അഥവാ ജനാനുകൂല്യം നഷ്ടപ്പെടുമെന്നു പേടിച്ചുകൊണ്ടു — അല്ലാഹുവിന്റെ നിയമങ്ങൾ മാററിമറിക്കലും, അതു ഒരു വ്യാമാന മാർഗ്ഗമായി സ്വീകരിക്കലും തിരുത്തൽ ചെയ്യണമെന്ന ഒരു സൂചന, യഹൂദികളെ സംബന്ധിച്ചിടത്തോളം ഈ വാക്യത്തിൽ അടങ്ങിയിരിക്കുന്നു. യഹൂദികളുടെ അത്തരം ദുസ്സ്വഭാവങ്ങൾ നിങ്ങളിൽ ഉണ്ടായിത്തീരുന്നത് സൂക്ഷിക്കേണമെന്നു താക്കീതു അതിൽ സത്യവിശ്വാസികൾക്കും ഉണ്ടായിരിക്കും. 'എന്റെ ആയത്തുകൾക്കു തുച്ഛമായ വില വാങ്ങരുത്' എന്ന അടുത്ത വാക്യത്തിൽനിന്ന ഇതു മനസ്സിലാക്കാവുന്നതാണ്. അല്ലാഹു അവതരിപ്പിച്ചതനുസരിച്ച് ആർ വിധിക്കുന്നില്ലയോ അക്കൂട്ടർ തന്നെയാണു അവിശ്വാസികൾ' (ومن لم يحكم .... الكافرون) എന്നു പറഞ്ഞുകൊണ്ടു ഈ താക്കീതു വീണ്ടും അല്ലാഹു ഒന്നുകൂടി ശക്തിപ്പെടുത്തുന്നു.

അല്ലാഹു അവതരിപ്പിച്ചതനുസരിച്ച് വിധിക്കാത്തവരെപ്പററി അവർ അക്രമികളാകുന്നു (هم الظالمون) എന്നു അടുത്ത വചനത്തിലും, അവർ തോന്നിയവാസികളാണു (هم الفاسقون) എന്നു 50-ാം വചനത്തിലും അല്ലാഹു പറയുന്നുണ്ട്. ഈ വചനത്തിൽ അവർ അവിശ്വാസികളാണു (هم الكافرون) എന്നും പറഞ്ഞിരിക്കുന്നു. 'അവർ അവിശ്വാസികളാണെന്ന്' എന്നുള്ള ഈ വാക്യം അതിന്റെ പ്രത്യക്ഷാർത്ഥത്തിലുള്ള ഒരു പൊതു തത്വമെന്ന നിലക്കല്ല അല്ലാഹു പറഞ്ഞിരിക്കുന്നത് എന്നാണ് മനസ്സിലാകുന്നത്. കാരണം — അങ്ങിനെയാകുമ്പോൾ — സംശയരഹിതമായി അറിയപ്പെടുന്ന മററു ചില തത്വങ്ങളുമായി അതു യോജിക്കാതെ വരുന്നു. ഉദാഹരണമായി: ഖുർആനിൽ പ്രസ്താവിക്കപ്പെട്ടിട്ടില്ലാത്ത വല്ല വിധിയും — അതു യഥാർത്ഥത്തിൽ ശരിയായ വിധി ആയിരുന്നാൽ തന്നെയും — വിധിക്കുന്നവരെല്ലാം അവിശ്വാസികളായിത്തീരുമെന്ന പറയേണ്ടി വരും. അതുപോലെത്തന്നെ, ഖുർആന്റെ വല്ല വിധിയേയും നിഷേധിക്കുകയോ, അതിന്റെ വിധി ഒരു മതവിധിയായി ഗണിക്കുകയോ ചെയ്യാതെ ആണെങ്കിലും ഒരു തെററായ വിധി വിധിച്ചാൽ അവരും അവിശ്വാസികളാണ് — അഥവാ ഇസ്‌ലാമിൽനിന്നു പുറത്തായവരാണു — എന്നും പറയേണ്ടിവരും. അതുകൊണ്ടു هم الكافرون (അവർ അവിശ്വാസികളാണു) എന്നുള്ള ഈ വാക്യത്തിന്റെ ഉദ്ദേശ്യം വിവരിക്കുന്നതിൽ മുൻഗാമികളും പിൻഗാമികളുമായ ഖുർആൻ വ്യാഖ്യാതാക്കൾ ഒന്നിലധികം നിലപാടു സ്വീകരിച്ചു കാണുന്നു. അതിന്റെ രത്ന ചുരുക്കം ഇതാണ്:—

(1) പ്രസ്തുത മൂന്നു വാക്യങ്ങളും — അവിശ്വാസികളാണെന്നും, അക്രമികളാണെന്നും, തോന്നിയവാസികളാണെന്നും പറഞ്ഞതു — യഹൂദികളെ സംബന്ധിച്ചുള്ളതാകുന്നു. (2) യഹൂദികളും ക്രിസ്ത്യാനികളും അടങ്ങുന്ന വേദക്കാരെ സംബന്ധിച്ചു പറഞ്ഞതാണു ആ വാക്യങ്ങൾ. 44 മുതൽ 54 വരെയുള്ള വചനങ്ങളിലെ പരാമർശങ്ങൾ പ്രധാനമായും അവരെക്കുറിച്ചാണെന്നുള്ളതു ഇതിനു തെളിവായും പറയപ്പെടുന്നു. ഈ അഭിപ്രായക്കാരാണു ഇബ്നു ജരീർ (റ) പിൻതാങ്ങിയിരിക്കുന്നത്. (3) അല്ലാഹുവിന്റെ ഏതെങ്കിലും വിധിയെ നിഷേധിക്കുന്നവരെപ്പററിയാണ് ഈ വാക്യം. അതു തനി അവിശ്വാസം തന്നെയാണെന്നു പറയേണ്ടതില്ലല്ലോ. (4) ഇവിടെ كفر (അവിശ്വാസം) കൊണ്ടു വിവക്ഷ സത്യവിശ്വാസത്തിനെതിരായ അവിശ്വാസമല്ല. അല്ലാഹുവിനോടുള്ള നന്ദികേടും, സാക്ഷാൽ അവിശ്വാസത്തിലേക്കു നയിക്കുന്ന കാരണവും എന്ന അർത്ഥത്തിലാണതു പറഞ്ഞിരിക്കുന്നത്. അല്ലാഹുവിന്റെ വിധി നിയമങ്ങൾ സ്വീകരിക്കാതിരിക്കുന്നതിന്റെ ഗൗരവം ചൂണ്ടിക്കാട്ടുവാനാണ് ആ വാക്ക ഉപയോഗിച്ചിരിക്കുന്നത്.

ഈ വാക്യത്തെപ്പററി ഇബ്നു അബ്ബാസ് (റ) പറഞ്ഞതായി ഇബ്നു അബീഹാതിമും, ഹാകിമും (റ) മററു ചിലരും ഉദ്ധരിക്കുന്നു: 'ഇതു നിങ്ങൾ വിചാരിക്കുന്ന ആ അവിശ്വാസമല്ല.' ത്വാഊസ് (റ) പറഞ്ഞതായി വകീഉ് (റ) ഉദ്ധരിക്കുന്നു: 'ഇതു മതത്തിൽ നിന്നു നീക്കം ചെയ്യുന്ന അവിശ്വാസമല്ല. ഇതു സംബന്ധിച്ചു പല അഭിപ്രായങ്ങളും ഇബ്നു ജരീർ (റ) ഉദ്ധരിച്ചു കാണാം. കുറെയെല്ലാം ഇബ്നു കഥീറും (റ) ഉദ്ധരിച്ചിട്ടുണ്ട്. അവ ഉദ്ധരിച്ച ശേഷം ഇബ്നുജരീർ (റ) പറയുകയാണ്: 'ഈ പ്രസ്താവനകളിൽ എന്റെ അടുക്കൽ വാസ്തവത്തോടു കൂടുതൽ യോജിച്ചതു, ഈ ആയത്തുകൾ വേദക്കാരിലുള്ള അവിശ്വാസികളെപ്പററി അവതരിച്ചതാണെന്നാകുന്നു. കാരണം, ഇതിന്റെ മുമ്പും പിമ്പുമുള്ള ആയത്തുകൾ അവരെപ്പററിയും അവരുടെ വിഷയത്തിലും അവതരിച്ചതാണ്. അപ്പോൾ ഇതും (ഈ വാക്യവും) അവരെ ഉദ്ദേശിച്ചായിരിക്കുവാനാണ് കൂടുതൽ ന്യായം. അല്ലാഹു ഒരു പൊതുവായ വിധിയായിട്ടാണല്ലോ ഇതു പ്രസ്താവിച്ചിരിക്കുന്നതു; എന്നിരിക്കെ, എങ്ങിനെയാണ് അതു അവരെപ്പററിയുള്ള പ്രത്യേക വിധിയാകുന്നതു? എന്നു ആരെങ്കിലും ചോദിച്ചാൽ, അതിനു മറുപടി: അല്ലാഹുവിന്റെ വിധിയെ നിഷേധിക്കുന്നവരായിരുന്ന ഒരു ജനതയെക്കുറിച്ചു അല്ലാഹു പ്രസ്താവിച്ച ഒരു പൊതുവിധിയാണിത്. അവരെ വിധി അവർ തള്ളിക്കളഞ്ഞ രൂപത്തിൽ തള്ളിക്കളഞ്ഞതുകൊണ്ടു അവർ അവിശ്വാസികളാണ് എന്നത്രെ അല്ലാഹു പറഞ്ഞത്. അല്ലാഹുവിന്റെ വിധിയെ നിഷേധിച്ചുകൊണ്ട് അവൻ അവതരിപ്പിച്ച പ്രകാരം വിധിക്കാതിരിക്കുന്ന എല്ലാവരെപ്പററിയും പറയുവാനുള്ളതു — ഇബ്നു അബ്ബാസ് പറഞ്ഞതുപോലെ — അവർ അവിശ്വാസികളാണ് എന്ന തന്നെയാകുന്നു....'

മുമ്പും പിമ്പും നോക്കാതെ, സന്ദർഭത്തിൽനിന്നു അടർത്തിയെടുത്തും, വാക്കർത്ഥം മാത്രം കണക്കിലെടുത്തുകൊണ്ട്‌ ഈ വാക്യത്തിനു അർത്ഥം കൽപിക്കുക വഴി, മുസ്‌ലിം സമുദായത്തിനു മുൻകാലത്തു വളരെയധികം ആപത്തു വരുത്തിവെച്ച ഒരു കക്ഷിയാണു 'ഖവാരിജു' (خوارج). ഖുർആനിൽ പറയപ്പെട്ടിട്ടില്ലാത്ത വല്ല വിധിയും ഉണ്ടാക്കുന്നവർ അവിശ്വാസികളാണ്‌-അവർ ഇസ്‌ലാമിൽ നിന്ന്‌ പുറത്താകും-എന്നായിരുന്നു അവരുടെ വാദം. (*) അലിയും, മുആവിയായും (റ) തമ്മിൽ ഖിലാഫത്തു സംബന്ധിച്ചു നടന്ന വഴക്ക്‌ കാലത്തു രണ്ടുകൂട്ടരും ചേർന്ന്‌ ചില മദ്ധ്യസ്ഥന്മാരെ നിയമിക്കുകയും അവരുടെ വിധി സ്വീകരിക്കുവാൻ സമ്മതിക്കുകയും ഉണ്ടായ സംഭവം പ്രസിദ്ധമാണ്‌. രണ്ടുകൂട്ടരും ഖുർആന്റെ വിധിയല്ല സ്വീകരിച്ചതു-മദ്ധ്യസ്ഥന്മാരുടെ വിധിയാണു സ്വീകരിച്ചതു-അതുകൊണ്ടു ഇരു കക്ഷിയും അവിശ്വാസികളായി ഇസ്‌ലാമിൽനിന്നു പുറത്തുപോയിരിക്കുന്നു എന്ന്‌ 'ഖവാരിജു' വാദിച്ചു. ഈ വാക്യമായിരുന്നു അവർക്കതിനുള്ള തെളിവ്‌. ഇതിനെത്തുടർന്നു അവരും മററു ഇരുവരും-പ്രത്യേകിച്ചു അലി (റ) യുടെ കക്ഷിയും അവരും-തമ്മിൽ പല ഏറ്റുമുട്ടലുകളും നടക്കുകയുമുണ്ടായി. അലി (റ) അടക്കം പല സഹാബികളുടെയും, കുട്ടികളും സ്‌ത്രീകളുമടക്കം മുസ്‌ലിംകളായ പലരുടെയും രക്തം അവർ ചിന്തുകയുമുണ്ടായി. لا حكم الا لله (അല്ലാഹുവിനല്ലാതെ വിധിയില്ല. (6:57; 12:40) എന്ന ഖുർആൻ വാക്യമായിരുന്നു ഖവാരിജ്‌ കക്ഷിയുടെ മുദ്രാവാക്യം. ഇതിനെപ്പററി അലി (റ) പറഞ്ഞതു വളരെ ശ്രദ്ധേയമായിരുന്നു. അദ്ദേഹം പറഞ്ഞു: كلمة حق أريد بها باطل (യഥാർത്ഥമായ ഒരു വാക്കു അതുകൊണ്ടു അയഥാർത്ഥമായതു ഉദ്ദേശിക്കപ്പെട്ടിരിക്കുന്നു.)

45. അവരുടെ [യഹൂദന്മാരുടെ] മേൽ അതിൽ [തൗറാത്തിൽ] നാം നിയമമാക്കുകയും ചെയ്‌തിരിക്കുന്നു: ആൾക്കു ആളും, [ജീവനു ജീവനും] കണ്ണിനു കണ്ണും, മൂക്കിനു മൂക്കും, ചെവിക്കു ചെവിയും, പല്ലിനു പല്ലും മുറിവു (കൾക്കു മുറിവു)കളും പ്രതികാര നടപടിയാകുന്നുവെന്ന്‌.

എന്നാൽ, ആരെങ്കിലും അതിനെ [പ്രതികാര നടപടിയെ] ധർമ്മമാക്കി (മാപ്പാക്കി)യാൽ അതവനു പ്രായശ്ചിത്തമായിരിക്കും. ആർ അല്ലാഹു അവതരിപ്പിച്ചതു പ്രകാരം വിധിക്കുന്നില്ലയോ അക്കൂട്ടർ തന്നെയാണ്‌ അക്രമികൾ.

٤٥- وَكَتَبْنَا عَلَيْهِمْ فِيهَا أَنَّ النَّفْسَ بِالنَّفْسِ وَالْعَيْنَ بِالْعَيْنِ وَالْأَنفَ بِالْأَنفِ وَالْأُذُنَ بِالْأُذُنِ وَالسِّنَّ بِالسِّنِّ وَالْجُرُوحَ قِصَاصٌ ۚ فَمَن تَصَدَّقَ بِهِ فَهُوَ كَفَّارَةٌ لَّهُ ۚ وَمَن لَّمْ يَحْكُم بِمَا أَنزَلَ اللَّهُ فَأُولَٰئِكَ هُمُ الظَّالِمُونَ

---

45. وكتبنا നാം രേഖപ്പെടുത്തുക(നിയമമാക്കുക)യും ചെയ്‌തു عليهم അവരുടെമേൽ فيها അതിൽ ان النفس ആൾ (ജീവൻ-ആത്മാവു-ദേഹം) എന്നു بالنفس ആൾ(...)ക്കു പകരം എന്നു) والعين കണ്ണും بالعين കണ്ണിനു (പകരം) والانف മൂക്കും بالانف മൂക്കിനു (പകരം) والاذن ചെവിയും, കാതും بالاذن ചെവിക്കു, കാതിനു(പകരം) والسن പല്ലും بالسن പല്ലിനു (പകരം) والجروح മുറിവുകളും قصاص പ്രതികാര നടപടിയാകുന്നു (എന്നു) فمن എന്നാൽ (എനി) ആർ, ആരെങ്കിലും تصدق ദാനധർമ്മമാക്കി (വിട്ടുകൊടുത്തു) എന്നാൽ به അതിനെ فهو എന്നാലതു كفارة പ്രായശ്ചിത്തമാണു, പൊറുപ്പിക്കുന്നതാണു له അവനു ومن لم يحكم ആർ വിധിച്ചില്ലയോ بما انزل الله അല്ലാഹു അവതരിപ്പിച്ചതുകൊണ്ടു (പ്രകാരം) فاولئك هم എന്നാൽ അക്കൂട്ടർ തന്നെ الظالمون അക്രമികൾ

യഹൂദികൾ മതകാര്യങ്ങളിൽ ചെയ്‌ത മറ്റൊരു തോന്നിയവാസം വെളിപ്പെടുത്തുന്നതാണു ഈ വചനവും. യോഗ്യന്മാരായ ആളുകൾ വല്ല കുററം ചെയ്‌താൽ ശിക്ഷയിൽ ഇളവു നൽകിയിരുന്നത്‌പോലെ, ഉന്നത വിഭാഗക്കാ

(*) ഖവാരിജ്‌ എന്ന പേരിലുള്ള ആ കക്ഷി ഇന്നു നിലവിലില്ല. എങ്കിലും അവരുടേതു പോലെയുള്ള ചില അഭിപ്രായങ്ങൾ സ്വീകരിച്ചുവരുന്ന ചില കക്ഷികളെ ഇക്കാലത്തും കാണപ്പെടുന്നതാണ്‌. ഖവാരിജിന്റെ വാദം അന്ന്‌ പ്രധാനമായും മതപരമായ ലക്ഷ്യം വെച്ചായിരുന്നു. ഇക്കാലത്തുള്ളവർ പ്രധാനമായും ചില രാഷ്‌ട്രീയ താൽപര്യത്തോടുകൂടിയാണതു ഏററു പറയുന്നത്‌.

റായ ആളുകളെ കൊലചെയ്യുകയോ ചെയ്താൽ പ്രതിക്രിയയിൽ നിന്നു ഒഴിവാക്കിക്കൊണ്ടും, ധനം നൽകുന്നതിൽ ഇളവു നൽകിക്കൊണ്ടുമുള്ള ചില നടപടികളും അവർ സ്വീകരിച്ചു വന്നിരുന്നു. തൗറാത്തിലാകട്ടെ, കൊലചെയ്യുക, കണ്ണു, മൂക്കു, ചെവി മുതലായ അവയവങ്ങളെ നഷ്ടപ്പെടുത്തുന്നവരോട് അതുപ്രകാരം തന്നെ പകരം ചെയ്യുക, മുറിവുകളെ വരുത്തുന്നപക്ഷം അതുപ്രകാരം അവരോടും മുറിവു വരുത്തുക എന്നാണു നിയമിച്ചിട്ടുള്ളത്. യോഗ്യരും അയോഗ്യരുമെന്നോ, പ്രമാണി വർഗ്ഗവും അധമ വർഗ്ഗവുമെന്നോ ഉള്ള വ്യത്യാസമൊന്നും അതിലില്ല. പക്ഷേ, അക്രമിയോടു പ്രതികാരം ചെയ്വാനുള്ള അവകാശം ആരെങ്കിലും വിട്ടുകൊടുത്തുകൊണ്ട് അവനെ പ്രതികാരത്തിൽനിന്നു ഒഴിവാക്കുന്നതായാൽ അതു പുണ്യകർമ്മവും, പാപമോചനത്തിനു കാരണമായിത്തീരുന്നതുമാണെന്നും വിധിക്കപ്പെട്ടിട്ടുണ്ട്. തൗറാത്തിലെ വിധി നടപ്പിൽ വരുത്താതെ തൽസ്ഥാനത്തു മറ്റൊരു പുതിയ വിധിയുണ്ടാക്കി നടപ്പിൽ വരുത്തുന്നതു അക്രമവും അനീതിയുമാകുന്നു എന്നു സാരം. പ്രതിക്രിയ നടത്തുന്നതിൽ തൗറാത്തിലെ ഈ നിയമം തന്നെയാണു ഇസ്ലാമിൽ ഇപ്പോഴും നിലവിലുള്ളത്.

കഴിഞ്ഞ വചനത്തിൽ, അല്ലാഹുവിന്റെ നിയമത്തിനെതിരായി മറ്റൊരു നിയമം സ്വീകരിക്കുന്നവർ യഥാർത്ഥത്തിൽ വേദഗ്രന്ഥത്തെ നിഷേധിക്കുകയാണു ചെയ്യുന്നതെന്ന നിലക്ക്—അവർ അവിശ്വാസികളാണു (كافرون) എന്നു പറഞ്ഞു. പ്രതികാര നടപടിയിൽ സ്വീകരിക്കപ്പെട്ട പുതിയ സമ്പ്രദായം അക്രമപരമായതു ആളുകളോടു ചെയ്യുന്ന അനീതിയാണെന്ന നിലക്ക് അവരെപ്പറ്റി ഈ വചനത്തിൽ അവർ അക്രമികളാണു (ظالمون) എന്നു പറഞ്ഞിരിക്കുന്നു.

സാക്ഷാൽ തൗറാത്തിന്റെ ഉള്ളടക്കങ്ങളിൽ പിന്നീടു പല മാറ്റത്തിരുത്തങ്ങൾ നടന്നിട്ടുണ്ടെങ്കിലും, അവയൊന്നും ബാധിക്കാതെ സുരക്ഷിതമായിത്തന്നെ അവശേഷിക്കുന്ന ചില ഭാഗങ്ങളും ഇന്നത്തെ ബൈബിളിൽ ഉണ്ടെന്നുള്ളതു നിഷേധിക്കാവതല്ല. ആ ഭാഗങ്ങൾ ഇന്നിന്നതാണെന്നു തീർത്തു പറയുവാൻ സാധ്യമല്ല എന്നേയുള്ളു. അക്കൂട്ടത്തിൽ ഒന്നായിരിക്കാം പ്രതിക്രിയ സംബന്ധിച്ചു താഴെ കാണുന്ന വാക്യങ്ങളും. (അല്ലാഹുവിനെയല്ലാതെ) വിഗ്രഹം ഉണ്ടാക്കരുത്, പ്രതിമകൾ വെക്കരുതു എന്നിങ്ങിനെ തുടങ്ങി ജീവിതത്തിന്റെ പല വശങ്ങളെയും സംബന്ധിച്ച പലതരം നിയമങ്ങളും വിധികളും വിവരിക്കുന്ന കൂട്ടത്തിൽ പുറപ്പാടു പുസ്തകത്തിൽ ഇങ്ങിനെ കാണാം: '...ജീവനു പകരം ജീവൻ കൊടുക്കണം. കണ്ണിനു പകരം കണ്ണു; പല്ലിനു പകരം പല്ലു; കൈക്കു പകരം കൈ; കാലിനു പകരം കാൽ; പൊള്ളലിനു പകരം പൊള്ളൽ; മുറിവിനു പകരം മുറിവു; തിണർപ്പിനു പകരം തിണർപ്പ്.' (പുറപ്പാടു അ: 21ൽ 23-25.)

46. (മേൽപറഞ്ഞ) അവരുടെ (കാൽ) പാടുകളിലായി നാം മർയമിന്റെ മകൻ ഈസായെ തുടർന്നയക്കുകയും ചെയ്തു; തന്റെ മുമ്പിലിരിക്കുന്ന തൗറാത്തിനെ (ശരിവെച്ച്) സത്യപ്പെടുത്തുന്നവനായിക്കൊണ്ട്,

وَقَفَّيْنَا عَلَىٰٓ ءَاثَٰرِهِم بِعِيسَى ٱبْنِ مَرْيَمَ مُصَدِّقًا لِّمَا بَيْنَ يَدَيْهِ مِنَ ٱلتَّوْرَىٰةِ

അദ്ദേഹത്തിനു നാം 'ഇഞ്ചീലും' നൽകി; അതിൽ മാർഗ്ഗദർശനവും, പ്രകാശവും ഉണ്ടായിക്കൊണ്ടും, അതിന്റെ മുമ്പിലിരിക്കുന്ന തൗറാത്തിനെ (ശരിവെച്ച്) സത്യമാക്കിക്കൊണ്ടും; സൂക്ഷ്മത പാലിക്കുന്നവർക്കു മാർഗ്ഗദർശനവും, സദുപദേശവുമായിക്കൊണ്ടും.

وَءَاتَيْنَٰهُ ٱلْإِنجِيلَ فِيهِ هُدًى وَنُورٌ وَمُصَدِّقًا لِّمَا بَيْنَ يَدَيْهِ مِنَ ٱلتَّوْرَىٰةِ وَهُدًى وَمَوْعِظَةً لِّلْمُتَّقِينَ

---

46. وَقَفَّيْنَا നാം തുടർത്തുക (തുടർന്നയക്കുക)യും ചെയ്തു عَلَى آثَارِهِم അവരുടെ (കാൽ) പാടുകളിലായി, പിറകിൽ بِعِيسَى ഈസായെ, ഈസായെക്കൊണ്ടു ابْنِ مَرْيَمَ മർയമിന്റെ മകൻ مُصَدِّقًا സത്യപ്പെടുത്തിക്കൊണ്ടു لِمَا بَيْنَ يَدَيْهِ തന്റെ മുമ്പിലുള്ളതിനെ مِنَ التَّوْرَاةِ തൗറാത്താകുന്ന തൗറാത്തിൽനിന്നു. وَآتَيْنَاهُ അദ്ദേഹത്തിനു നാം നൽകുകയും ചെയ്തു الْإِنجِيلَ ഇഞ്ചീൽ فِيهِ അതിലുണ്ടായിക്കൊണ്ടു هُدًى മാർഗ്ഗദർശനം, നേർവഴി وَنُورٌ പ്രകാശവും وَمُصَدِّقًا സത്യപ്പെടുത്തുന്നതായും لِمَا بَيْنَ يَدَيْهِ അതിന്റെ മുമ്പിലുള്ളതിനെ مِنَ التَّوْرَاةِ തൗറാത്താകുന്ന وَهُدًى മാർഗ്ഗദർശനമായും മാർഗ്ഗദർശകമായിക്കൊണ്ടും وَمَوْعِظَةً സദുപദേശവും لِلْمُتَّقِينَ സൂക്ഷ്മത പാലിക്കുന്നവർക്കു

50. ഇഞ്ചീലിന്റെ ആൾക്കാർ അതിൽ അല്ലാഹു അവതരിപ്പിച്ച പ്രകാരവും വിധിച്ചുകൊള്ളട്ടെ.

അല്ലാഹു അവതരിപ്പിച്ച പ്രകാരം ആർ വിധിക്കുന്നില്ലയോ അക്കൂട്ടർ തന്നെയാണു തോന്നിയവാസികൾ.

٥٠- وَلْيَحْكُمْ أَهْلُ الْإِنْجِيلِ بِمَا أَنْزَلَ اللَّهُ فِيهِ ۚ
وَمَنْ لَمْ يَحْكُمْ بِمَا أَنْزَلَ اللَّهُ
فَأُولَٰئِكَ هُمُ الْفَاسِقُونَ ۝

---

50. وليحكم വിധിച്ചുകൊള്ളട്ടെ اهل الانجيل ഇഞ്ചീലിന്റെ ആൾക്കാർ بما انزل الله അല്ലാഹു അവതരിപ്പിച്ച പ്രകാരം فيه അതിൽ ومن لم يحكم ആർ വിധിച്ചില്ലയോ, വല്ലവരും വിധിക്കാതിരുന്നാൽ بما انزل الله അല്ലാഹു അവതരിപ്പിച്ച പ്രകാരം, ഇറക്കിയതുകൊണ്ടു فاولئك എന്നാൽ അക്കൂട്ടർ തന്നെ هم الفاسقون തോന്നിയവാസികൾ, ധിക്കാരികൾ

തൗറാത്തു അവതരിപ്പിച്ചതിനെയും പല പ്രവാചകൻമാർ മുഖേനയും അതിന്റെ അദ്ധ്യാപനങ്ങൾ പ്രബോധനം ചെയ്തുവന്നതിനെയും കുറിച്ചു പലതും പ്രസ്താവിച്ചശേഷം, അവരുടെയെല്ലാം പിറകിലായി ഈസാ (അ) നബിയെ നിയോഗിച്ചതിനെയും, അദ്ദേഹം മുഖേന ഇഞ്ചീൽ അവതരിപ്പിച്ചതിനെയും കുറിച്ചു പ്രസ്താവിക്കുന്നു. ഈസാ (അ) നബിയാകട്ടെ, ഇഞ്ചീലാകട്ടെ, തൗറാത്തിനെ പുറംതള്ളുകയോ, റദ്ദു ചെയ്യുകയോ ചെയ്തിട്ടില്ല. ആ അദ്ധ്യാപനങ്ങളെ ശരിവെക്കുകയും, അതിലേക്കു ക്ഷണിക്കുകയുമാണ് ചെയ്തിരുന്നത്. സൂ: ആലുഇംറാൻ 50-ാം വചനത്തിൽ പറഞ്ഞപോലെ, അൽപമാത്രമായ ചില കാര്യങ്ങളൊഴിച്ചു ബാക്കി വിഷയങ്ങളിലെല്ലാം തൗറാത്തിന്റെ നിയമങ്ങൾ—അഥവാ മൂസാ (അ) മുഖേന നടപ്പാക്കപ്പെട്ട ശരീഅത്തു നിയമങ്ങൾ—തന്നെയായിരുന്നു ഈസാ (അ) നബിയും പിൻപറ്റിയിരുന്നത്. ഇഞ്ചീലിനെ സംബന്ധിച്ചു പറയുകയാണെങ്കിൽ, തൗറാത്തിനെപ്പോലെയുള്ള ഒരു നിയമഗ്രന്ഥമായിരുന്നില്ല അത്. പ്രധാനമായും അതു സദുപദേശങ്ങളുടെയും സുവിശേഷങ്ങളുടെയും ഒരു സമാഹാരമായിരുന്നു. 'ഇഞ്ചീൽ' എന്ന വാക്കിന്റെ അർത്ഥം തന്നെ സുവിശേഷം എന്നത്രെ. എല്ലാ പ്രവാചകൻമാരുടെയും പ്രബോധന ലക്ഷ്യവും, എല്ലാവരും പ്രബോധനം ചെയ്യേണ്ടിയിരുന്ന മതവും ഒന്നാകകൊണ്ടു ഓരോ പ്രവാചകനും കഴിയുന്നതും, തന്റെ മുമ്പുള്ള പ്രവാചകൻമാർ സ്വീകരിച്ചു വന്ന അതേ നടപടിമാർഗ്ഗം അനുസരിച്ചും പിൻപറ്റേണ്ടതുണ്ടല്ലോ. മനുഷ്യരുടെ മുറകളുടെ വിശദാംശങ്ങളിൽ കാലികമായ പരിതസ്ഥിതികൾ നിമിത്തം വല്ല മാറ്റവും ആവശ്യമായി വരുമ്പോൾ, അതിൽ മാത്രം അദ്ദേഹം മുഖേന പുതിയ ചില നിയമനിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുകയും, അല്ലാത്തവയിൽ പൂർവ്വമാർഗ്ഗം പിൻതുടരുകയുമാണ് പതിവ്.

ഈസാ (അ) ഇങ്ങിനെ പ്രസ്താവിച്ചതായി ബൈബ്ളിന്റെ പുതിയ നിയമത്തിൽ തന്നെ കാണാവുന്നതാണ്: 'ഞാൻ ന്യായപ്രമാണത്തെ (തൗറാത്തിനെ)യോ, പ്രവാചകൻമാരെയോ നീക്കേണ്ടതിനു വന്നു എന്നു നിരൂപിക്കരുത്. നീക്കുവാനല്ല, നിവൃത്തിപ്പാനത്രെ ഞാൻ വന്നത്.... സകലതും നിവൃത്തിയാകുവോളം ന്യായപ്രമാണത്തിൽ നിന്നു ഒരു വള്ളിയെങ്കിലും പുള്ളിയെങ്കിലും ഒരുനാളും ഒഴിഞ്ഞുപോകയില്ല'. (മത്തായി, 5ൽ 17–19) ആദ്യകാലങ്ങളിൽ ഈസാ (അ) നബിയിൽ വിശ്വസിച്ചവരും തൗറാത്തിന്റെ പഴയ നിയമനടപടികൾ തന്നെയാണ് അംഗീകരിച്ചു വന്നിരുന്നത്. കാലക്രമത്തിൽ യഹൂദികളും ക്രിസ്ത്യാനികളും തമ്മിൽ പകയും ശത്രുതയും മൂത്തതോടുകൂടിയാണു ക്രിസ്ത്യാനികൾ പഴയ നിയമം വർജ്ജിക്കുവാൻ തുടങ്ങിയതും, തൽസ്ഥാനത്തു പുരോഹിതവർഗ്ഗം പുതിയ നിയമനടപടിച്ചട്ടങ്ങൾ സൃഷ്ടിച്ചുകൊണ്ടിരുന്നതുമെന്നു ക്രിസ്തീയ ഗ്രന്ഥങ്ങൾ തന്നെ സമ്മതിക്കുന്ന ഒരു യാഥാർത്ഥ്യമാകുന്നു.

ഇഞ്ചീലിന്റെ ആൾക്കാർ അതിലുള്ള പ്രകാരം വിധിച്ചുകൊള്ളട്ടെ (وليحكم اهل الانجيل...) എന്ന പറഞ്ഞതിൽനിന്ന് ഇഞ്ചീലിൽ സുവിശേഷങ്ങൾക്കും സദുപദേശങ്ങൾക്കും പുറമെ ചില നിയമങ്ങളും അടങ്ങിയിട്ടുണ്ടെന്ന മനസ്സിലാക്കാം. എന്നാൽ, ഇഞ്ചീലിന്റെ അനുയായികൾ തൗറാത്തിനെയോ, ഖുർആനെയോ അംഗീകരിക്കേണ്ടതില്ലെന്നോ, അവർ ഇഞ്ചീലിനെ മാത്രം അവലംബിച്ചാൽ മതിയെന്നോ അല്ല ആ പറഞ്ഞതിന്റെ ഉദ്ദേശ്യം. തൗറാത്തിനെ ശരിവെച്ചും അതിന്റെ സത്യത സ്ഥാപിച്ചുംകൊണ്ടാണു ഈസാ (അ) നബിയും ഇഞ്ചീലും വന്നിട്ടുള്ളത്. എന്നിരിക്കെ അവർ തൗറാത്തിനെ പിൻപറ്റൽ അനിവാര്യമായിത്തീരുന്നു. നബി (സ) തിരുമേനിയുടെ വരവിനെക്കുറിച്ചുള്ള സുവിശേഷങ്ങളും, തിരുമേനിയിൽ വിശ്വസിക്കേണ്ടതുണ്ടെന്നുള്ള മുന്നറിയിപ്പുകളും രണ്ടിലും—തൗറാത്തിലും ഇഞ്ചീലി

വിശ്വസിക്കുന്നു. [*] അപ്പോൾ, ഇഞ്ചീലിലുള്ള കൽപനകൾ യഥാവിധി സ്വീകരിക്കുന്നപക്ഷം അവർ നബി (സ) യിലും ഖുർആനിലും വിശ്വസിക്കലും അനിവാര്യമായിത്തീരുന്നു. ഞങ്ങൾക്കു ഒരു വേദഗ്രന്ഥമുണ്ട്, നബി തിരുമേനിയെ ഞങ്ങൾ പിൻപറ്റുന്നതു എന്തിന് എന്ന അവകാശപ്പെടുന്ന യഹൂദികൾ അവരുടെ ആ വേദഗ്രന്ഥത്തിന്റെ യഥാർത്ഥ അദ്ധ്യാപനങ്ങളിൽനിന്നു വ്യതിചലിച്ചതുപോലെ, അതേ അവകാശവാദം നടത്തുന്ന ക്രിസ്ത്യാനികൾ അവരുടെ വേദഗ്രന്ഥത്തിൽനിന്നും വ്യതിചലിച്ചിരിക്കുകയാണ് ചെയ്തിരിക്കുന്നത്. 'ഇഞ്ചീലിന്റെ ആൾക്കാർ അതിൽ അല്ലാഹു അവതരിപ്പിച്ചതു പ്രകാരം വിധിക്കട്ടെ' എന്നു പറയുവാൻ കാരണം അതാകുന്നു. 'ഇഞ്ചീൽ' അല്ലാഹു ഈസാ (അ) നബിക്ക് നൽകിയ യഥാർത്ഥ ഇഞ്ചീലും അതിൽ അല്ലാഹു അവതരിപ്പിച്ചതുമാണു ഉദ്ദേശ്യമെന്നു വ്യക്തമാണു. അഥവാ, സുവിശേഷങ്ങൾ എന്ന പേരിൽ പലരും എഴുതിയുണ്ടാക്കിയതല്ല.

അങ്ങിനെ വിധിക്കാത്ത പക്ഷം–അഥവാ അല്ലാഹു അതിൽ അവതരിപ്പിച്ച വിധികൾ സ്വീകരിക്കാത്തപക്ഷം– അതു തന്നിഷ്ടവാസവും ധിക്കാരവുമാണെന്നു അല്ലാഹു അവരെ താക്കീതു നൽകുകയും ചെയ്തിരിക്കുന്നു. (ഫാസിഖ്) എന്ന വാക്കിനു 'അനുസരണം കെട്ടവൻ, തോന്നിയവാസി, ധിക്കാരി, തെമ്മാടി, കുറ്റവാളി [illegible]' എന്നൊക്കെ അർത്ഥം പറയാം. 'കുഫ്ർ' (അവിശ്വാസം) അടക്കമുള്ള വൻകുറ്റങ്ങൾ ചെയ്യുന്ന എല്ലാവർക്കും ഖുർആനിൽ ഈ വാക്കു ഉപയോഗിക്കാറുണ്ട്. 'കുഫ്റി'നു താഴെയുള്ള വൻകുറ്റം വല്ലതും ചെയ്തവരെയും, പതിവായി ചെറിയ കുറ്റങ്ങൾ ചെയ്തു വരുന്നവരെയും ഉദ്ദേശിച്ചു മാത്രമാണു സാധാരണയായി പലരും 'ഫാസിഖ്' എന്നു പറഞ്ഞുവരാറുള്ളതെങ്കിലും ഇതു പിൽക്കാലത്തു പ്രചാരത്തിൽ വന്ന ഒരു സാങ്കേതികാർത്ഥമാകുന്നു.

തൗറാത്ത്, ഇഞ്ചീൽ, സബൂർ എന്നിവയെപ്പറ്റി ക്രിസ്തീയ പാതിരിമാരുടെ പ്രചാരണം

عِندَهُمُ التَّوْرَاةُ فِيهَا حُكْمُ اللَّهِ (അവരുടെ അടുക്കൽ തൗറാത്തുണ്ട്–അതിൽ അല്ലാഹുവിന്റെ വിധിയുണ്ട്.) എന്നു 43ലും ഇഞ്ചീലിലുള്ള പ്രകാരം വിധിക്കട്ടെ എന്നു ഈ വചനത്തിലും അല്ലാഹു പറഞ്ഞുവല്ലോ. ഇതുപോലെ മുൻവേദഗ്രന്ഥങ്ങളെ സംബന്ധിച്ച വേറെ ചില ഖുർആൻ വാക്യങ്ങളെയും പൊക്കിക്കാട്ടിക്കൊണ്ട് ഇന്നു ക്രിസ്തീയ സഭകളുടെ കൈവശമുള്ള ബൈബ്ളിലെ പഴയ നിയമ വിഭാഗത്തിലെ ആദ്യത്തെ അഞ്ചു പുസ്തകങ്ങളാണ് തൗറാത്തെന്നു പറയുന്നതെന്നും, പുതിയ നിയമ വിഭാഗത്തിലെ ആദ്യത്തെ നാലു സുവിശേഷങ്ങളാണ് ഇഞ്ചീൽ എന്നും, പഴയനിയമത്തിലെ സങ്കീർത്തന പുസ്തകമാണു സബൂർ എന്നും ക്രിസ്ത്യാനികൾ വാദിച്ചു വരാറുണ്ട്. സത്യാവസ്ഥ അറിയാത്ത ചില പാമരൻമാർ അതു ശരിയാണെന്നു ധരിക്കുകയും ചെയ്തേക്കും. തികച്ചും അബദ്ധമാണ് ഈ വാദം. കാരണം തെളിവു സഹിതം വിശദീകരിക്കുന്നപക്ഷം അതു കുറെ ദീർഘിച്ചുപോകും. ഇത്തരം ക്രിസ്തീയവാദങ്ങളെ ഖണ്ഡിച്ചുകൊണ്ടുള്ള പല ഗ്രന്ഥങ്ങളും നിലവിലുണ്ടുതാനും. അതുകൊണ്ടു ചുരുക്കം ചില സൂചനകൾ മാത്രം ഇവിടെ നൽകുന്നു:–

(1) ഇസ്രാഈല്യർ വാക്കുകളെ അവയുടെ സ്ഥാനം വിട്ടു തെറ്റിക്കുന്നുവെന്നും, അവർക്കു ഉൽബോധനം ചെയ്യപ്പെട്ടതിൽ നിന്നും ഒരു ഭാഗം അവർ വിസ്മരിച്ചിരിക്കുന്നുവെന്നും 14–ാം വചനത്തിൽ അല്ലാഹു പറഞ്ഞു. ക്രിസ്ത്യാനികളോടു ഉൽബോധനം ചെയ്യപ്പെട്ടതിൽ ഒരു ഭാഗം അവർ വിസ്മരിച്ചിരിക്കുന്നുവെന്ന് 15–ാം വചനത്തിലും, വേദക്കാർ പലതും മറച്ചുവെച്ചുകൊണ്ടിരിക്കുന്നതായി 16–ാം വചനത്തിലും പറഞ്ഞു. സ്വന്തം കൈകൊണ്ടു ഗ്രന്ഥം എഴുതിയുണ്ടാക്കിയശേഷം അതു അല്ലാഹുവിന്റെ പക്കൽ നിന്നുള്ളതാണെന്ന് അവർ പറഞ്ഞിരുന്നതായി അൽബഖറ 79ലും, യഥാർത്ഥവും അയഥാർത്ഥവുമായി അവർ കൂട്ടിക്കലർത്തുന്നതായും, അറിഞ്ഞുകൊണ്ടു തന്നെ അവർ യഥാർത്ഥം മറച്ചുവെക്കുന്നതായും ആലുഇംറാൻ 71ലും ആക്ഷേപിച്ചിരിക്കുന്നു. ഇതുപോലെ വേറെയും പല പ്രസ്താവനകളും ഖുർആനിൽ കാണാം. ഇതെല്ലാം പ്രസ്താവിക്കുന്ന ഖുർആൻ അവർ സത്യവേദ ഗ്രന്ഥമായി അവകാശപ്പെടുന്ന ബൈബിളിൽ തൗറാത്തും ഇഞ്ചീലും സബൂറും സുരക്ഷിതമായി നിലവിലുണ്ടെന്നും അവയുടെ പകർപ്പുകളുള്ള ആ ഭാഗങ്ങളെ ഉദ്ദേശിച്ചാണ് ആ പേരുകൾ പറയുന്നതെന്നും എങ്ങിനെ കരുതും?! മാത്രമല്ല, അല്ലാഹുവിനെയും പ്രവാചകൻമാരെയും സംബന്ധിച്ചു നീചവും നിന്ദ്യവുമായ ചില കഥനങ്ങൾ കൂടി ബൈബ്ളിൽ പലയിടത്തും കാണാം. അല്ലാഹു അവതരിപ്പിച്ച ഒരു ഗ്രന്ഥത്തിൽ അങ്ങിനെ വല്ലതും ഉണ്ടാകാമോ?!

(*) സൂ: സ്വഫ്ഫ് 6–ാം വചനത്തിന്റെ വ്യാഖ്യാനം നോക്കുക.

(2) തൗറാത്താണെന്നു വാദിക്കപ്പെടുന്ന പഴയ നിയമത്തിലെ ഉൽപ്പത്തി, പുറപ്പാടു, ലേവ്യർ, സംഖ്യ, ആവർത്തനം എന്നീ അഞ്ചു പുസ്തകങ്ങളും, സബൂറെന്നു വാദിക്കപ്പെടുന്ന സങ്കീർത്തനങ്ങളും എഴുതിയ കർത്താക്കൾ ആരാണെന്നും, അവയുടെ കാലം ഏതാണെന്നുമുള്ളതിൽ ക്രിസ്ത്യാനികൾക്കിടയിൽ ഇതുവരെ തർക്കം തീർന്നിട്ടില്ല. ബൈബ്ളിലെ മിക്ക പുസ്തകങ്ങളുടെ സ്ഥിതിയും ഇതുതന്നെ. മാത്രമല്ല, ആ അഞ്ചു പുസ്തകങ്ങൾ അപ്പടി മോശെ (മൂസാ നബി) എഴുതിയതല്ലെന്നു കാണിക്കുന്ന പല തെളിവുകളും അവയിൽ തന്നെ ഉണ്ടുതാനും. സങ്കീർത്തന പുസ്തകത്തിന്റെ സ്ഥിതിയും ഇതു തന്നെ. ചുരുക്കിപ്പറഞ്ഞാൽ, മോശെ എഴുതിയ ചില കാര്യങ്ങളൊക്കെ ആ അഞ്ചു പുസ്തകങ്ങളിലും, ദാവീദു (ദാവൂദു നബി) എഴുതിയ ഏതാനും ഗാനങ്ങൾ സങ്കീർത്തനങ്ങളിലും ഉണ്ടായിരിക്കാമെന്നും, ആ ഭാഗം ഏതാണെന്നു തിർത്തു പറയുക സാധ്യമല്ലെന്നുമാണ് പണ്ഡിതാഭിപ്രായമെന്നു ക്രിസ്ത്യാനികളുടെ ആധികാരിക ഗ്രന്ഥങ്ങളിൽ തന്നെ പ്രസ്താവിക്കുന്നുമുണ്ട്. അപ്പോൾ, തൗറാത്തും സബൂറും ബൈബ്ളിലുള്ള മേൽപറഞ്ഞ പുസ്തകങ്ങളാണെന്നു എങ്ങിനെ പറയും?! തൗറാത്തിന്റെ മൂല പ്രതിപോലും വളരെക്കാലം നഷ്ടപ്പെട്ടുപോയ ശേഷം എസ്രാ തന്റെ ഓർമ്മയിൽ നിന്ന് എഴുതിയുണ്ടാക്കിയതാണെന്നും, അതിൽ നിന്നു പിന്നീടു പകർത്തപ്പെട്ടതാണു നിലവിലുള്ള തോറാ (തൗറാത്തു) എന്ന ന്യായപ്രമാണമെന്നും അവർ തന്നെ പറയുകയും ചെയ്യുന്നു. എന്നിരിക്കെ, പ്രസ്തുത വാദത്തിന്റെ സ്ഥിതി എന്തായിരിക്കും?! ആലോചിച്ചു നോക്കുക!

(3) ഇഞ്ചീലാണെന്നു വാദിക്കപ്പെടുന്ന നാലു സുവിശേഷങ്ങളാണെങ്കിൽ യേശു (ഈസാ നബി) എഴുതിയതോ, അറിഞ്ഞതോ അല്ല. അദ്ദേഹം ഭൂമിയിൽ നിന്നു ഉയർത്തപ്പെട്ടശേഷം പല കൊല്ലങ്ങൾ കഴിഞ്ഞ് 65 മുതൽ 110വരെയുള്ള കൊല്ലങ്ങളിൽ പലരാലും എഴുതിയുണ്ടാക്കപ്പെട്ടവയാകുന്നു. ക്രിസ്ത്യാനികൾ തന്നെ സമ്മതിക്കുന്നതാണിത്. മാത്രമല്ല, എഴുതിയ ആളെക്കുറിച്ചും, ഉള്ളടക്കങ്ങൾ തമ്മിലുള്ള വൈവിധ്യങ്ങളെക്കുറിച്ചും ഇന്നുവരേക്കും തീരുമാനമാവാത്ത തർക്കങ്ങൾ നിലവിലുണ്ടുതാനും. മാത്രമല്ല, യേശുവിന്റെ ഇഞ്ചീൽ (സുവിശേഷം) എന്നും, ദൈവത്തിന്റെ ഇഞ്ചീൽ എന്നും പറയുന്ന വേറൊരു ഇഞ്ചീൽ തന്നെ ഉണ്ടായിരുന്നതായി പുതിയ നിയമത്തിലെ ചില ലേഖനങ്ങളിൽ കാണാവുന്നതുമാണ്. പ്രസ്തുത നാലു സുവിശേഷങ്ങൾക്കു സുവിശേഷം (ഇഞ്ചീലു)കൾ എന്ന പേർ പറഞ്ഞു വന്നതുപോലും ക്രി. 150 മുതൽക്കുമാകുന്നു. അതേ സമയം വേറെയും പലരാലും എഴുതിയുണ്ടാക്കപ്പെട്ട വളരെ എണ്ണം സുവിശേഷങ്ങൾ ഉണ്ടായിരുന്നതിൽ ഈ നാലെണ്ണം മാത്രം സ്വീകരിച്ച് മറ്റുള്ളവ തള്ളപ്പെടുകയാണ് ചെയ്തിരിക്കുന്നതും. ഇത്രയും സംഗതികളിൽ നിന്ന് ബൈബ്ളിലെ സുവിശേഷങ്ങളൊന്നും ഈസാ (അ) നബിക്കു നൽകപ്പെട്ടതല്ലെന്നും സ്പഷ്ടമായല്ലോ.

(4) ഇന്നു പ്രചാരത്തിലുള്ള ബൈബ്ൾ, പഴയ നിയമവും പുതിയ നിയമവും കൂടി 66 പുസ്തകങ്ങൾ അടങ്ങിയതാണ്. വ്യത്യസ്തരായ ക്രിസ്തീയ സഭക്കാർ സ്വീകരിച്ചുവരുന്ന ബൈബ്ളുകളുടെ ഉള്ളടക്കങ്ങളിൽ പരസ്പരം പല വ്യത്യാസങ്ങൾ കാണാവുന്നതു തൽക്കാലം വിസ്തരിക്കുക. നമ്മുടെ നാട്ടിൽ കൂടുതൽ പ്രചാരമുള്ളതു ക്രിസ്തുമതം 14-ാം നൂറ്റാണ്ടിൽ ക്രിസ്തുമതത്തിന്റെ നവീകരണാർത്ഥം രംഗത്തു വന്ന പ്രൊട്ടസ്റ്റന്റ് വിഭാഗത്തിൽ പെട്ട ലൂഥറൻ സഭക്കാരുടെ ബൈബ്ളുകളാകുന്നു. മുൻകാലത്തുണ്ടായിരുന്ന ബൈബ്ളുകളും ഇക്കാലത്തെ ബൈബ്ളുകളും തമ്മിലും, പല ഭാഷകളിലും തർജ്ജമ ചെയ്യപ്പെട്ടിട്ടുള്ള ബൈബ്ൾ പ്രതികൾ തമ്മിലും, വ്യത്യസ്ത വിഭാഗക്കാരും കാലക്കാരും ദേശക്കാരും ഉപയോഗിച്ചു വരുന്ന ബൈബ്ളുകൾ തമ്മിലും പല വ്യത്യാസങ്ങളും കാണാവുന്നതാണ്. ഉള്ളടക്കത്തിലും ആശയത്തിലും മാത്രമല്ല, വേദപുസ്തകങ്ങളായി അംഗീകരിക്കപ്പെട്ടവയിലും, അംഗീകരിക്കപ്പെടാതെ തള്ളപ്പെട്ടവ (അപ്പോക്രിഫാ)യിലും ക്രിസ്ത്യാനികൾ ഭിന്നാഭിപ്രായക്കാരാകുന്നു. എന്നിരിക്കെ, ക്രിസ്തീയ സമുദായ മദ്ധ്യേ തർക്കത്തിലായിരുന്നതും, ഇപ്പോഴും തർക്കം തീർന്നിട്ടില്ലാത്തതും, ഇപ്പോഴും പരിഷ്കാരവും തിരുത്തവും നടന്നുകൊണ്ടിരിക്കുന്നതുമായ ബൈബ്ളിൽ അല്ലാഹു അവതരിപ്പിച്ചതായി ഖുർആനിൽ പറയുന്ന ആ വേദഗ്രന്ഥങ്ങൾ മൂന്നും ബൈബ്ളിലെ ചില പുസ്തകങ്ങളാണെന്നു പറയുന്നതു ശരിയല്ലെന്നുള്ളതിൽ സംശയലേശമില്ല തന്നെ.

മേൽ ചൂണ്ടിക്കാട്ടിയ ഓരോ വസ്തുതയും ആധികാരിക ക്രിസ്തീയ സാഹിത്യങ്ങളെ ആധാരമാക്കി പ്രസ്താവിച്ചതാണ്. വേണമെന്നു തോന്നുന്നവർ ഓരോ വിഷയത്തെക്കുറിച്ചും വേദപുസ്തക നിഘണ്ടുക്കളിലെ ഉപന്യാസങ്ങളെയും, ക്രൈസ്തവ സഭാചരിത്ര ഗ്രന്ഥങ്ങളെയും പരിശോധിച്ചു നോക്കേണ്ടതാകുന്നു. (*)

ഒരു സംഗതി ഇവിടെ വ്യക്തമാക്കുവാൻ ആഗ്രഹിക്കുന്നു: അല്ലാഹു മൂസാ (അ) നബിക്കും, ഈസാ(അ) നബിക്കും അവതരിപ്പിച്ച ഗ്രന്ഥങ്ങളെ (തൗറാത്തു-ഇഞ്ചീലുകളെ)യും ദാവൂദ് (അ) നബിക്കു നൽകിയ സബൂറിനെയും

(*) കേരള നദ്‌വത്തുൽ മുജാഹിദീൻ പ്രസിദ്ധീകരിച്ച 'ബൈബിളിന്റെ വിശ്വാസ്യത' എന്ന പുസ്തകം ഈ വിഷയത്തിൽ ഒരു അവലംബ ഗ്രന്ഥമാണ്.

സംബന്ധിച്ചാണ് അവ ബൈബ്ളിൽ ഇല്ലെന്നു നാം മുകളിൽ പ്രസ്താവിച്ചത്. എന്തൊക്കെ ഭേദഗതികളും മാററത്തിരുത്തങ്ങളും നടന്നിട്ടും നടക്കുന്നുമുണ്ടെങ്കിലും ശരി, അല്ലാഹു അവതരിപ്പിച്ച ആ യഥാർത്ഥ ഗ്രന്ഥങ്ങളിലെ നിയമങ്ങളും ഉപദേശങ്ങളും—ഇക്കാലത്തും മുൻകാലത്തും—ബൈബ്ളിലെ പുസ്തകങ്ങളിൽ പലതും അടങ്ങിയിരിക്കുമെന്നുള്ളതു ശരിയാണു. ഇതിന് സന്ദർഭോചിതം ചില ഉദാഹരണങ്ങളും നാം ചൂണ്ടിക്കാട്ടാറുമുണ്ട്. പക്ഷെ, അവ ഏതെല്ലാമാണു, എവിടെയൊക്കെയാണ്, എത്രയൊക്കെയാണ് എന്നൊന്നും നിർണ്ണയിക്കുക സാധ്യമല്ല തന്നെ. അല്ലാഹു പറയുന്നു.

51. (നബിയേ) നിനക്കും നാം യഥാർത്ഥ പ്രകാരം വേദഗ്രന്ഥം അവതരിപ്പിച്ചു തന്നിരിക്കുന്നു; അതിന്റെ മുമ്പിലുള്ള വേദഗ്രന്ഥത്തെ (ശരി വെച്ചു) സത്യപ്പെടുത്തുന്നതായിക്കൊണ്ടും, അതിൽ മേൽനോട്ടം ചെയ്യുന്നതായിക്കൊണ്ടും.

٥١- وَأَنزَلْنَا إِلَيْكَ الْكِتَابَ بِالْحَقِّ مُصَدِّقًا لِّمَا بَيْنَ يَدَيْهِ مِنَ الْكِتَابِ وَمُهَيْمِنًا عَلَيْهِ

ആകയാൽ, അല്ലാഹു അവതരിപ്പിച്ചതു പ്രകാരം അവക്കിടയിൽ നീ വിധിച്ചുകൊള്ളുക. നിനക്കു വന്നിട്ടുള്ള യഥാർത്ഥത്തെ വിട്ട് അവരുടെ ഇച്ഛകളെ നീ പിൻപററുകയും ചെയ്യരുത്.

فَاحْكُم بَيْنَهُم بِمَا أَنزَلَ اللَّهُ وَلَا تَتَّبِعْ أَهْوَاءَهُمْ عَمَّا جَاءَكَ مِنَ الْحَقِّ

നിങ്ങളിൽ എല്ലാവർക്കും (തന്നെ) ഓരോ (നിയമ) നടപടി ക്രമവും, ഓരോ തുറന്ന (കർമ്മ) മാർഗ്ഗവും നാം ഏർപ്പെടുത്തിയിരിക്കുന്നു.

لِكُلٍّ جَعَلْنَا مِنكُمْ شِرْعَةً وَمِنْهَاجًا

അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ നിങ്ങളെ(യെല്ലാം) അവൻ ഒരേ സമുദായമാക്കുക തന്നെ ചെയ്യുമായിരുന്നു എങ്കിലും, നിങ്ങൾക്കു അവൻ നൽകിയിട്ടുള്ളതിൽ നിങ്ങളെ പരീക്ഷണം ചെയ്‌വാൻ വേണ്ടിയത്രെ (അങ്ങിനെ ചെയ്യാതിരുന്നത്.) അതിനാൽ, നല്ല കാര്യങ്ങൾക്ക (മത്സര പൂർവ്വം) മുൻ കടന്നു വരുവിൻ!

وَلَوْ شَاءَ اللَّهُ لَجَعَلَكُمْ أُمَّةً وَاحِدَةً وَلَٰكِن لِّيَبْلُوَكُمْ فِي مَا آتَاكُمْ فَاسْتَبِقُوا الْخَيْرَاتِ

---

51. انزلنا നാം അവതരിപ്പിക്കുകയും ചെയ്തിരിക്കുന്നു اليك നിന്നിലേക്കു, നിനക്ക الكتاب (വേദ) ഗ്രന്ഥം بالحق യഥാർത്ഥ പ്രകാരം مصدقا സത്യപ്പെടുത്തിക്കൊണ്ടു لما بين يديه അതിന്റെ മുമ്പിലുള്ളതിനെ من الكتاب (വേദ) ഗ്രന്ഥമാകുന്ന, ഗ്രന്ഥത്തിൽനിന്നും ومهيمنا മേൽനോട്ടം ചെയ്യുന്നതായും, മേലന്വേഷണം വഹിച്ചുകൊണ്ടും, കാവൽക്കാരനായും عليه അതിന്റെ മേൽ അതിൽ فاحكم അതിനാൽ വിധിച്ചുകൊള്ളുക بينهم അവർക്കിടയിൽ بما انزل അവതരിപ്പിച്ചതുകൊണ്ടു (പ്രകാരം) الله അല്ലാഹു ولا تتبع പിൻപററുക(തുടരുക)യും ചെയ്യരുത് اهواءهم അവരുടെ ഇച്ഛകളെ عما جاءك നിനക്കു വന്നതിനെവിട്ട് من الحق യഥാർത്ഥമാകുന്ന, യഥാർത്ഥത്തിൽനിന്ന് لكل എല്ലാവർക്കും (തന്നെ) جعلنا നാം ആക്കി (ഏർപ്പെടുത്തി)യിരിക്കുന്നു منكم നിങ്ങളിൽനിന്നു شرعة ഒരു (ഓരോ) നടപടിക്രമം, നിയമമാർഗ്ഗം ومنهاجا ഒരു (ഓരോ) തുറന്ന മാർഗ്ഗവും, പ്രത്യക്ഷവഴിയും ولو شاء الله അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ لجعلكم നിങ്ങളെ അവൻ ആക്കുക തന്നെ ചെയ്യുമായിരുന്നു امة واحدة ഏക (ഒരേ) സമുദായം ولكن എങ്കിലും ليبلوكم നിങ്ങളെ പരീക്ഷണം ചെയ്‌വാൻ വേണ്ടിയാകുന്നു في ما اتاكم നിങ്ങൾക്കവൻ നൽകിയതിൽ فاستبقوا അതിനാൽ, മുൻകടന്നു വരുവിൻ, മുൻകടക്കുവാൻ ശ്രമിക്കുവിൻ الخيرات നല്ലവക്കു, നല്ല കാര്യങ്ങളിലേക്കു

إِلَى اللَّهِ مَرْجِعُكُمْ جَمِيعًا فَيُنَبِّئُكُم بِمَا كُنتُمْ فِيهِ تَخْتَلِفُونَ

അല്ലാഹുവിങ്കലേക്കാണ് നിങ്ങളുടെയെല്ലാം മടങ്ങിവരവ്. അപ്പോൾ, നിങ്ങൾ (തമ്മിൽ) ഏതൊന്നിൽ ഭിന്നാഭിപ്രായത്തിലായിരുന്നുവോ അതിനെപ്പററി അവൻ നിങ്ങളെ ബോധപ്പെടുത്തുന്നതാണ്.

إِلَى اللَّهِ അല്ലാഹുവിങ്കലേക്കാണ് مَرْجِعُكُمْ നിങ്ങളുടെ മടക്കം, മടങ്ങിവരവ്, മടങ്ങുന്ന സ്ഥാനം جَمِيعًا മുഴുവനും, എല്ലാവരുടെയും فَيُنَبِّئُكُمْ അപ്പോഴവൻ നിങ്ങളെ ബോധപ്പെടുത്തും بِمَا كُنتُمْ നിങ്ങളായിരുന്നതിനെപ്പററി فِيهِ അതിൽ تَخْتَلِفُونَ നിങ്ങൾ ഭിന്നാഭിപ്രായത്തിലായിരിക്കും, വ്യത്യസപ്പെട്ടുകൊണ്ടിരിക്കും.

തൗറാത്തിനെയും ഇഞ്ചീലിനെയും കുറിച്ചു വിവരിച്ചശേഷം, ഖുർആനെയും അതിന്റെ സവിശേഷതകളെയും കുറിച്ചു പ്രസ്താവിക്കുകയാണ്. ആ രണ്ടു വേദഗ്രന്ഥങ്ങളുമെന്നപോലെ, ഖുർആനാകുന്ന വേദഗ്രന്ഥവും അല്ലാഹു തന്നെയാണ് അവതരിപ്പിച്ചിരിക്കുന്നത്. ആശയക്കുഴപ്പത്തിനോ സംശയത്തിനോ അവകാശമില്ലാത്ത വിധം സത്യയാഥാർത്ഥ്യങ്ങളും, ന്യായയുക്തങ്ങളുമായ കാര്യങ്ങളാണ് അതിലുള്ളത്. അതിന്റെ മുമ്പുള്ള വേദഗ്രന്ഥങ്ങളെ അതു നിഷേധിക്കുകയോ ഖണ്ഡിക്കുകയോ ചെയ്യുന്നില്ല. അവയെ ശരിവെക്കുകയും, അവയുടെ സത്യത സ്ഥാപിക്കുകയുമാണതു ചെയ്യുന്നത്. അതിനു പുറമെ, അവയെ സംബന്ധിച്ച മേൽനോട്ടവും അവയുടെ സംരക്ഷണവും കൂടിയാണ് ഖുർആൻ. എന്തെങ്കിലും തരത്തിലുള്ള കൈകടത്തൽ മുഖേനയോ ദുർവ്യാഖ്യാനങ്ങൾ വഴിയോ അവയിൽ ഏർപ്പെട്ടിട്ടുള്ള വൈകല്യങ്ങളെയും, അവയുടെ അനുയായികളാൽ പൂഴ്ത്തിവെക്കപ്പെട്ട ഭാഗങ്ങളെയും അതു വെളിക്കു കൊണ്ടുവരുന്നതാണ്. അങ്ങനെ, അവയുടെ സാക്ഷാൽ രൂപങ്ങളെന്തായിരുന്നുവെന്നു ഖുർആൻ തുറന്നു കാട്ടിക്കൊണ്ടിരിക്കും. എന്നൊക്കെയാണു ഖുർആനെപ്പററി പ്രസ്താവിച്ചതിന്റെ താൽപര്യം.

مُهَيْمِن എന്ന വാക്കിനാണു 'മേൽനോട്ടം നടത്തുന്നതു' എന്നു നാം അർത്ഥം കൽപിച്ചത്. 'കാത്തുസൂക്ഷിക്കുന്നതു, വിശ്വസ്തത പാലിക്കുന്നതു, സാക്ഷ്യം വഹിക്കുന്നതു, വിധി കൽപിക്കുന്നതു' എന്നിങ്ങിനെയും അതിനു അർത്ഥങ്ങൾ കൽപിക്കപ്പെട്ടിരിക്കുന്നു. ഇബ്നുകഥീർ (റ) ചൂണ്ടിക്കാട്ടിയതുപോലെ, എല്ലാം തന്നെ തത്വത്തിൽ യോജിക്കുന്നതും ഖുർആന്റെ ഗുണവിശേഷങ്ങളുമാകുന്നു.

ഇതിനെയുള്ള ഒരു ഗ്രന്ഥം നബി (സ) ക്കു നൽകപ്പെട്ടിട്ടുള്ള സ്ഥിതിക്ക് എല്ലാകാര്യത്തിലും വിധി കൽപിക്കുന്നതും, തീരുമാനം നിശ്ചയിക്കുന്നതും ആ ഗ്രന്ഥം അനുസരിച്ചു മാത്രമായിരിക്കണം, അതിനെ വിട്ടേച്ച് മുൻ ഗ്രന്ഥങ്ങളുടെ അനുയായികളായ വേദക്കാരുടെയോ മറേറാ താന്നിഷ്ടങ്ങൾക്കു വഴങ്ങിക്കൊടുക്കരുത്, അതിലൊന്നും അവരെ അനുസരിക്കുകയും ചെയ്യരുത് എന്നു അല്ലാഹു നബി (സ)യോടു കൽപിക്കുകയും ചെയ്യുന്നു. ഈ കൽപന നബി (സ)യെ അഭിമുഖീകരിച്ചുകൊണ്ടാണു പ്രത്യക്ഷത്തിൽ ഉള്ളതെങ്കിലും മുസ്ലിം സമുദായത്തെ പൊതുവിലും, പണ്ഡിതൻമാരെയും വിധികർത്താക്കളെയും വിശേഷിച്ചും ബാധിക്കുന്നതാണെന്നു പറയേണ്ടതില്ല. യഥാർത്ഥ്യമായ മതവിധികൾക്കെതിരായി—ജനങ്ങളുടെ അഭിലാഷവും, ആവശ്യവും അനുസരിച്ചു—മതവിധികൾ നൽകുന്നവരും, മതപ്രമാണങ്ങളെ അപ്രകാരം വ്യാഖ്യാനിച്ചു കൊടുക്കുന്നവരും അല്ലാഹുവിന്റെ ഈ കൽപ്പന ലംഘിക്കുന്നവരത്രെ. അല്ലാഹു നമ്മെ കാത്തു രക്ഷിക്കട്ടെ. ആമീൻ.

ഖുർആൻ അതിന്റെ മുമ്പുള്ള വേദഗ്രന്ഥങ്ങളെയെല്ലാം ശരിവെക്കുന്നു; എല്ലാ നബിമാരും പ്രബോധനം ചെയ്തിട്ടുള്ളതു ഒരേ മതവുമാണ്. എന്നിരിക്കെ, നിയമ നടപടികളിലും, ആചാരാനുഷ്ഠാന മുറകളിലും എല്ലാ സമുദായവും പൂർണ്ണമായും ഒരേ പ്രകാരത്തിലായിരിക്കേണ്ടതല്ലേ? അനുഭവത്തിൽ അങ്ങിനെയല്ലല്ലോ ഉള്ളതു? എന്നൊരു സംശയത്തിനു അവകാശമുണ്ട്. അതിനുള്ള മറുപടിയെന്നോണം രണ്ടു കാര്യങ്ങൾ അല്ലാഹു ഉണർത്തുന്നു: (1) നിങ്ങളിൽ എല്ലാവർക്കും—ഓരോ സമുദായത്തിനും—തന്നെ ഓരോ നിയമ നടപടി ക്രമവും, ഓരോ തുറന്ന കർമ്മമാർഗ്ഗവും നാം ഏർപ്പെടുത്തിത്തന്നിരിക്കുന്നു. (لِكُلٍّ جَعَلْنَا مِنكُمْ شِرْعَةً وَمِنْهَاجًا) അതായതു; മൗലിക തത്വങ്ങളും മൂലസിദ്ധാന്തങ്ങളും ഒന്നു തന്നെ. പ്രായോഗിക ജീവിതത്തിൽ അവയെ സാക്ഷാൽക്കരിക്കുന്നതിനായി ഓരോ സമുദായത്തിനും—അതാതിന്റെ ബുദ്ധിപരവും മാനസികവും സാമൂഹികവുമായ വളർച്ചക്കും, കാലദേശ പരിതസ്ഥിതികൾക്കും

അനുസരിച്ച്—ഓരോ നിയമ നടപടിക്രമവും (شرعة) ഓരോ വ്യക്തമായ കർമ്മമാർഗ്ഗവും (منهاج) നാം നിശ്ചയിച്ചു വെച്ചതാണ്. എന്നല്ലാതെ, മൂല്യങ്ങളിലോ, അടിസ്ഥാനങ്ങളിലോ ലക്ഷ്യങ്ങളിലോ അവയൊന്നും വിഭിന്നമല്ല എന്ന സാരം. നബി (സ) പറഞ്ഞതായി അബൂഹുറൈറ (റ)യിൽ നിന്നു ബുഖാരിയും മുസ്‌ലിമും (റ) ഉദ്ധരിക്കുന്നു: 'പ്രവാചക സമൂഹങ്ങളാകുന്ന ഞങ്ങൾ പല മാതൃവഴികളുള്ള സഹോദരങ്ങളാകുന്നു. ഞങ്ങളുടെ മതം ഒന്നത്രെ.'

നിങ്ങളെ ഒരേ ഒരു സമുദായം ആക്കുവാൻ അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവൻ അങ്ങനെത്തന്നെ ചെയ്യുമായിരുന്നു. എങ്കിലും അവനതു ചെയ്യാതിരുന്നതു, നിങ്ങൾക്ക—ഓരോ സമുദായത്തിനും—അവൻ നിശ്ചയിച്ചു തന്നിട്ടുള്ളതിൽ നിങ്ങൾ എന്തു നില കൈക്കൊള്ളുന്നുവെന്നു നിങ്ങളെ പരീക്ഷിക്കുവാൻ വേണ്ടിയാകുന്നു. (ولو شاء الله لجعلكم .... فيما آتاكم) എന്നു അല്ലാഹു അറിയിക്കുന്നു. അതെ, എല്ലാവർക്കും ഒരേ തരത്തിലുള്ള നിയമക്രമവും ആചാര മാർഗ്ഗവും നിശ്ചയിച്ചു കൊണ്ടു മനുഷ്യരെ മുഴുവനും ഒരൊറ്റ സമുദായമാക്കിത്തീർക്കുവാൻ അല്ലാഹുവിനു കഴിയാഞ്ഞിട്ടല്ല. പക്ഷേ, അങ്ങിനെയല്ല അവൻ ഉദ്ദേശിച്ചതു. ഒരേ ലക്ഷ്യത്തിലേക്ക എത്തിച്ചേരുവാൻവേണ്ടി ഓരോ കൂട്ടർക്കും ഓരോ ക്രമവും മാർഗ്ഗവും നിർദ്ദേശിച്ചു കൊടുക്കുക. എന്നിട്ട് അവരവർക്കു നിശ്ചയിക്കപ്പെട്ട പരിധിയിൽ ഒതുങ്ങി നിന്നുകൊണ്ട് ആരാണു ലക്ഷ്യത്തിലേക്കു കൂടുതൽ മുന്നേറിവരുന്നതെന്നും, ആരാണു കൂടുതൽ വിജയം വരിക്കുന്നവരെന്നും ഒരു പരീക്ഷണം നടത്തുക. ഇതാണു അവൻ ഉദ്ദേശിച്ചിരിക്കുന്നത്.

മനുഷ്യവർഗ്ഗത്തിന്റെ സാക്ഷാൽ ജീവിത വിജയം നിലകൊള്ളുന്നതു അല്ലാഹുവിന്റെ പ്രീതിയിലും പരലോക നൻമയിലുമാണല്ലോ. അതിനുള്ള ഏക മാർഗ്ഗം അവന്റെ ഏകത്വവും പരമാധികാരവും സമ്മതിച്ചുകൊണ്ടും അവന്റെ ആജ്ഞാ നിർദ്ദേശങ്ങളനുസരിച്ചുകൊണ്ടും ജീവിക്കലുമാകുന്നു. ആ സ്ഥിതിക്ക മനുഷ്യരെല്ലാം എന്തുകൊണ്ടു ഒരേ സമുദായമായില്ല, എന്തുകൊണ്ടു ഒരേ കർമ്മ പദ്ധതിയും നിയമ സംഹിതയും നൽകപ്പെട്ടവരായില്ല എന്നു ചോദ്യം ചെയ്യുകയോ തർക്കിക്കുകയോ അല്ല നിങ്ങൾ വേണ്ടത്. സൽക്കർമ്മങ്ങളും സൻമാർഗ്ഗ നിഷ്ഠയും വഴി—ഓരോ കൂട്ടരും മററുള്ളവരെ മുൻകടക്കേണമെന്ന ഉൽസാഹത്തിൽ—വീറോടുകൂടി മുന്നേറുവാൻ ശ്രമിക്കുകയാണ് ചെയ്യേണ്ടത് എന്നത്രെ നിങ്ങൾ നല്ല കാര്യങ്ങളിലേക്കു വാശിയോടെ മുന്നോട്ടു വരുവിൻ (فاستبقوا الخيرات) എന്നു പറഞ്ഞതിന്റെ താൽപര്യം. ഓരോ കൂട്ടരും ഏതു നില കൈക്കൊണ്ടിരുന്നാലും എല്ലാവരും തിരിച്ചു വരുന്നതു അല്ലാഹുവിങ്കലേക്കാണല്ലോ. അപ്പോൾ, ഓരോ കൂട്ടരും സ്വീകരിച്ച നിലപാടു എന്തായിരുന്നുവെന്നു അവരെ ശരിക്കും ബോധ്യപ്പെടുത്തിക്കൊണ്ടു അവൻ നടപടി എടുത്തുകൊള്ളുന്നതുമാണു (الى الله مرجعكم) എന്നും അവസാനമായി എല്ലാവരെയും അല്ലാഹു താക്കീതു ചെയ്യുന്നു.

ولو شاء الله .... (അല്ലാഹു ഉദ്ദേശിച്ചെങ്കിൽ നിങ്ങളെ അവൻ ഒരേ സമുദായമാക്കുമായിരുന്നു. എങ്കിലും നിങ്ങൾക്കു നൽകിയതിൽ നിങ്ങളെ പരീക്ഷണം ചെയ്‌വാൻ വേണ്ടിയാണു.) എന്ന വാക്യങ്ങളുടെ വ്യാഖ്യാനമെന്ന നിലക്കു ചില ആളുകൾ ഇവിടെ എഴുതിക്കാണുന്ന ഒരു വിവരണം കാണുമ്പോൾ ആശ്ചര്യം തോന്നിപ്പോകുന്നു. അതു വായിക്കുന്ന മാത്രയിൽതന്നെ, നിഷ്പക്ഷ ഹൃദയമുള്ള ഏതൊരാൾക്കും ആ വിവരണത്തിന്റെ പിന്നിലുള്ള മനസ്ഥിതിപ്പു എന്താണെന്നു എളുപ്പം മനസ്സിലാക്കാവുന്നതാണ്. 'ചിന്ത, കഴിവു, വാസന മുതലായവയിൽ മനുഷ്യർ വ്യത്യസ്തരാണ്. സർവ്വജ്ഞനായ അല്ലാഹുവിന്റെ ഒരു തന്ത്രമാണിത്. ഈ വ്യത്യസ്തതയിൽനിന്നേ മനുഷ്യ ജീവിതം അഭിവൃദ്ധിപ്പെടുകയുള്ളൂ. അതുകൊണ്ടു പുരോഗമന വാഞ്ഛയും, പരസ്പരം മുൻകടക്കുവാനുള്ള ഔൽസുക്യവും മനുഷ്യരിൽ ഉണ്ടാക്കിത്തീർക്കേണ്ടതിനു പല തന്ത്രങ്ങളും അല്ലാഹു പ്രയോഗിച്ചിട്ടുണ്ട്. അല്ലെങ്കിൽ മനുഷ്യൻ ഇന്നത്തെ നിലയിൽ എത്തിച്ചേരുകയില്ലായിരുന്നു. മലക്കുകൾ തുടങ്ങി പക്ഷി മൃഗാദികൾ വരെയുള്ളവരെല്ലാം എക്കാലത്തും ഒരേ അവസ്ഥയിൽ നിലകൊള്ളുന്നു. പുരോഗമന വാഞ്ഛയും, അതിനുള്ള കഴിവും അവർക്കില്ല. ഇതു മനുഷ്യനാണുള്ളത്. ഈ അനുഗ്രഹമാണിവിടെ ഓർമ്മിപ്പിക്കുന്നത്. നിങ്ങൾക്കു തന്നിട്ടുള്ള മേൽ ചൂണ്ടിക്കാട്ടിയ ആ കഴിവുകളിൽ നിങ്ങളെ പരീക്ഷിക്കുന്നതിനു വേണ്ടിയാണതു എന്നത്രെ ليبلوكم فيما آتاكم (നിങ്ങൾക്കു നൽകിയതിൽ നിങ്ങളെ പരീക്ഷിക്കുവാൻ വേണ്ടി) എന്ന വാക്യത്തിന്റെ അർത്ഥം....' ഇതാണ് അവരുടെ വാക്കുകളിലൂടെത്തന്നെ ആ വിവരണത്തിന്റെ രീതി. ഈ വിവരണത്തിന്റെ സൗകര്യാർത്ഥം ഖുർആന്റെ വാക്കുകളുടെ അർത്ഥത്തിൽപോലും ഇവർ കൈകടത്തിയിരുന്നു. لجعلكم امة واحدة (നിങ്ങളെ അവൻ ഒരേ സമുദായം ആക്കുമായിരുന്നു.) എന്ന വാക്കിനു 'നിങ്ങളെയെല്ലാം അവൻ (പക്ഷിമൃഗങ്ങളെപ്പോലെ) ഒരേ സമുദായമാക്കി നിറുത്തിപ്പോരുമായിരുന്നു' എന്നും, فيما آتاكم (നിങ്ങൾക്കു നൽകിയതിൽ—അഥവാ തന്നിട്ടുള്ളതിൽ) എന്ന വാക്കിനു 'നിങ്ങൾക്കു തന്നിട്ടുള്ള കഴിവുകളിൽ' എന്നുമാണ് ഇവർ കൊടുത്തു കാണുന്ന അർത്ഥം.

അൽപമെങ്കിലും അറബിയറിയുകയും ഈ വാക്യങ്ങളുടെ മുമ്പും പിമ്പുമായി ഇതേ വചനത്തിൽ തന്നെയുള്ള മററു വാക്യങ്ങൾ ഗൗനിക്കുകയും ചെയ്യുന്ന ഏതൊരാളും നിശ്ചയമായും ഇതു കാണുമ്പോൾ വിസ്മയിച്ചുപോകും.

എന്നോ ചില [illegible] പോലെ വെളിക്കിറക്കുവാൻ കൽപിച്ചുകൂട്ടി [illegible] ഒരു 'കുതന്ത്ര' [illegible] ആരും സംശയിക്കയില്ല. ആ വിവരണത്തിലെ [illegible] സത്യവിശ്വാസികളായ ആളുകളെ വിസ്മരിപ്പിച്ചുകളയുമാറുണ്ട്. [illegible] ആശയത്തെക്കുറിച്ചു നാം ഒന്നും പറയുന്നില്ല. പക്ഷെ, അതും അല്ലാഹു പറഞ്ഞ ആ വാക്യങ്ങളും തമ്മിൽ ആശയപരമായി യാതൊരു ബന്ധവുമില്ലെന്നു മേൽ വിവരിച്ചതിൽ നിന്നും, [illegible] നേരെയുള്ള അർത്ഥത്തിൽനിന്നും ആർക്കും വ്യക്തമാകുന്നതാണ്. അല്ലാഹു നമുക്കെല്ലാം സത്യത്തെ സത്യമായി കാണുവാൻ തൗഫീഖു നൽകട്ടെ. آمين

٤٩- وَأَنِ احْكُم بَيْنَهُم بِمَا أَنزَلَ اللَّهُ وَلَا تَتَّبِعْ أَهْوَاءَهُمْ

52. അല്ലാഹു അവതരിപ്പിച്ചതു പ്രകാരം അവർക്കിടയിൽ നീ വിധിക്കണം, അവരുടെ ഇച്ഛകളെ പിൻപററുകയും ചെയ്യരുത് എന്നും (നാം കൽപിച്ചിരിക്കുന്നു).

وَاحْذَرْهُمْ أَن يَفْتِنُوكَ عَن بَعْضِ مَا أَنزَلَ اللَّهُ إِلَيْكَ ۖ فَإِن تَوَلَّوْا فَاعْلَمْ أَنَّمَا يُرِيدُ اللَّهُ أَن يُصِيبَهُم بِبَعْضِ ذُنُوبِهِمْ ۗ وَإِنَّ كَثِيرًا مِّنَ النَّاسِ لَفَاسِقُونَ ○

അല്ലാഹു നിനക്കു അവതരിപ്പിച്ചിട്ടുള്ള ചിലതിൽനിന്ന് അവർ നിന്നെ കുഴപ്പത്തിലാ(ക്കി തെററി)ക്കുന്നതിനെക്കുറിച്ചു നീ കാത്തുകൊള്ളുകയും ചെയ്യുക. എനി, അവർ തിരിഞ്ഞുകളയുന്ന പക്ഷം നീ അറിഞ്ഞുകൊള്ളുക: അവരുടെ ചില പാപങ്ങൾ നിമിത്തം അവർക്ക (ആപത്തു) ബാധിപ്പിക്കുവാൻ തന്നെ അല്ലാഹു ഉദ്ദേശിക്കുന്നുവെന്ന്.

നിശ്ചയമായും, മനുഷ്യരിൽ നിന്ന വളരെ ആളുകളും തോന്നിയവാസികൾ തന്നെയാണു.

٥٠- أَفَحُكْمَ الْجَاهِلِيَّةِ يَبْغُونَ ۚ وَمَنْ أَحْسَنُ مِنَ اللَّهِ حُكْمًا لِّقَوْمٍ يُوقِنُونَ ○ ع

53. അപ്പോൾ, 'ജാഹിലിയ്യത്തി'ൻെറ [അജ്ഞാന കാലത്തിലെ] വിധിയാണോ അവർ തേടുന്നത്?!

ഉറപ്പി(ച്ചു വിശ്വസി)ക്കുന്ന ജനങ്ങൾക്കു അല്ലാഹുവിനെക്കാൾ വിധി നന്നായുള്ളവൻ (വേറെ) ആരുണ്ട്?!

---

52. وان احكم നീ വിധിക്കണമെന്നും بينهم അവർക്കിടയിൽ بما انزل അവതരിപ്പിച്ചതു പ്രകാരം الله അല്ലാഹു ولا تتبع നീ പിൻപററുകയും ചെയ്യരുതു(എന്നും) اهواءهم അവരുടെ ഇച്ഛകളെ واحذرهم അവരെ കരുതി (കാത്തു-ശ്രദ്ധിച്ചു–ജാഗ്രതയോടെ)യിരിക്കുകയും ചെയ്യുക ان يفتنوك അവർ നിന്നെ കുഴപ്പത്തിലാക്കുന്ന (തെററിച്ചു കളയുന്ന)തിനെക്കുറിച്ചു عن بعض ചിലതിനെ വിട്ടു, ചിലതിൽനിന്ന ما انزل الله അല്ലാഹു അവതരിപ്പിച്ചതിലെ اليك നിനക്കു, നിന്നിലേക്ക فان تولوا എനി അവർ തിരിഞ്ഞുപോകുന്ന പക്ഷം فاعلم അപ്പോൾ അറിയുക انما يريد ഉദ്ദേശിക്കുകതന്നെയാണെന്ന الله അല്ലാഹു ان يصيبهم അവർക്ക (അവരെ) ബാധിപ്പിക്കുവാൻ, വിപത്തു വരുത്തുവാൻ ببعض ചിലതു നിമിത്തം ذنوبهم അവരുടെ പാപങ്ങളിലെ وان كثيرا നിശ്ചയമായും വളരെ (ആളുകൾ) من الناس മനുഷ്യരിൽനിന്ന لفاسقون തോന്നിയവാസികൾ തന്നെ 53. افحكم അപ്പോൾ വിധിയെയോ الجاهلية ജാഹിലിയ്യത്തിൻെറ, അജ്ഞാനകാലത്തെ يبغون അവർ തേടുന്നു, അന്വേഷിക്കുന്നു ومن احسن അധികം നല്ലവൻ ആരുണ്ടു, (ആരാണു) من الله അല്ലാഹുവിനെക്കാൾ حكما വിധിയാൽ, വിധി لقوم ഒരു ജനതക്കു يوقنون ഉറപ്പിക്കുന്ന, ഉറച്ചു വിശ്വസിക്കുന്ന

അല്ലാഹു അവതരിപ്പിച്ച പ്രകാരം തന്നെ വിധിക്കണം, വേദക്കാരുടെയോ മററോ താല്പര്യങ്ങൾക്കു വഴങ്ങിപ്പോകരുത് എന്നു നബി (സ) യോടു അല്ലാഹു വീണ്ടും ഊന്നിപ്പറയുന്നു. ഈ കൽപനക്കെതിരായി നബി (സ)

വല്ലതും ചെയ്തേക്കുവാൻ ഇടയുള്ളതുകൊണ്ടല്ല ഇക്കാര്യം ഇത്ര ശക്തിപ്പെടുത്തിപ്പറയുന്നത്. എന്തെങ്കിലും തന്ത്രത്തിൽ നബി (സ)യെ വശീകരിച്ചോ വഞ്ചിച്ചോ നേർമാർഗ്ഗത്തിൽ നിന്നു വ്യതിചലിപ്പിക്കാമെന്ന വ്യാമോഹം ശത്രുക്കളെ ഉപേക്ഷിക്കുവാൻ വേണ്ടിയാണത്. അവർ അതിനു തരം പാർത്തു കൊണ്ടേ ഇരിക്കുകയാണല്ലോ. ഇബ്നുജരീറും, ഇബ്നു അബീഹാതിമും (റ) ഇബ്നു അബ്ബാസ് (റ)ൽ നിന്നു ഇപ്രകാരം നിവേദനം ചെയ്തിരിക്കുന്നു:– 'നമുക്കു മുഹമ്മദിനെ ഒന്നു കുഴപ്പത്തിലാക്കുവാൻ ശ്രമിക്കാം എന്നു കഅ്ബുബ്നു അസദും വേറെ മൂന്നു യഹൂദി നേതാക്കളും കൂടി തമ്മിൽ പറഞ്ഞുറച്ചു. അവർ നബി (സ)യുടെ അടുക്കൽ ചെന്നു ഇങ്ങിനെ പറഞ്ഞു: മുഹമ്മദേ, ഞങ്ങൾ യഹൂദികളിലുള്ള പണ്ഡിതൻമാരും നേതാക്കളുമാണെന്നു താങ്കൾക്കറിയാമല്ലോ. ഞങ്ങൾ താങ്കളെ പിൻപറ്റിയാൽ അവർ ഞങ്ങളെയും പിൻപറ്റും. അവർ ഞങ്ങൾക്കു എതിരായി പ്രവർത്തിക്കുകയില്ല. ഞങ്ങൾക്കും ഞങ്ങളുടെ ജനങ്ങൾക്കുമിടയിൽ ഒരു വഴക്കുണ്ടെന്നു്. അതിനെക്കുറിച്ചു ഞങ്ങൾ താങ്കളുടെ അടുക്കൽ തീരുമാനത്തിനു വരാം. അപ്പോൾ, അവർക്കെതിരിൽ ഞങ്ങൾക്ക് ഗുണമായി വിധി നൽകണം. എന്നാൽ, ഞങ്ങൾ താങ്കളെ വിശ്വസിക്കുകയും സത്യപ്പെടുത്തുകയും ചെയ്തുകൊള്ളാം. ഈ ആവശ്യം നബി (സ) നിരസിക്കുകയാണ് ചെയ്തത്. ഈ അവസരത്തിൽ ഈ വചനങ്ങൾ (52, 61) അവതരിച്ചു'.

അല്ലാഹുവിന്റെ വിധി സ്വീകരിക്കുവാൻ തയ്യാറില്ലാതെ അവർ തിരിഞ്ഞു പോകുന്നപക്ഷം അവരുടെ ചില പാപങ്ങൾ കാരണം അല്ലാഹു അവർക്കു ആപത്തു ബാധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുവെന്നു പറഞ്ഞുവല്ലോ. അവരുടെ പാപങ്ങളും തെറ്റുകുറ്റങ്ങളും കുറച്ചൊന്നുമല്ല. എല്ലാറ്റിനുമുള്ള ശിക്ഷ [illegible] ലോകത്തുവെച്ചാണു നൽകപ്പെടുക. എന്നാലും ചിലതിന്റെ [illegible] തന്നെ അവർ അനുഭവിക്കേണ്ടി വരുമെന്നാണിതിന്റെ താൽപര്യം. ആ ആപത്തുകൾ യഹൂദികൾ അനുഭവിക്കുകയും ചെയ്തു. മദീനയിലെ യഹൂദികൾ പ്രധാനമായും മൂന്നു ഗോത്രങ്ങൾ ചേർന്നതായിരുന്നു. ഖൈനുഖാഉ്, നളീർ, (ബനൂ ഖുറൈള) എന്നിവ. ചില സംഭവങ്ങളെത്തുടർന്നു ഒന്നും രണ്ടും മദീനയിൽ നിന്നും നാടുകടത്തപ്പെട്ടു[5]. ബനൂഖുറൈളക്കാർ, അവരാൽ തന്നെ നിയമിതനായ മദ്ധ്യസ്ഥന്റെ തീരുമാനമനുസരിച്ചു അവരിൽ വലിയൊരു ഭാഗം കൊല്ലപ്പെടുകയും ചെയ്തു. ഇങ്ങിനെയുള്ള പല അനുഭവങ്ങളും അവർ നേരിടേണ്ടി വന്നതു അവർ അല്ലാഹുവിന്റെ വിധി തള്ളിക്കളഞ്ഞതുകൊണ്ടു മാത്രമായിരുന്നു. യഹൂദികളോ, അല്ലെങ്കിൽ മറ്റുള്ള വല്ലവരുമോ ആകട്ടെ, [illegible] നൽകപ്പെട്ടിട്ടും സത്യം സ്വീകരിക്കുവാൻ തയ്യാറാകാതെ ധിക്കരിച്ചു നിൽക്കുന്നതു കണ്ടു അത്ഭുതപ്പെടേണ്ടതില്ല–അതു മനുഷ്യ സഹജമായ ഒരു സ്വഭാവമാണു–എന്നു നബി (സ)യെ സമാധാനിപ്പിക്കുകയാണ് وان كثيرا من الناس لفسقون (മനുഷ്യരിൽ വളരെ ആളുകളും തോന്നിയവാസികൾ തന്നെ) എന്ന വാക്യം.

അല്ലാഹുവിന്റെ വിധി സ്വീകരിക്കാത്ത യഹൂദികളെക്കുറിച്ചു തന്നെയാണു ചോദ്യരൂപത്തിലുള്ള ഒടുവിലത്തെ വചനവും. ഇസ്ലാമിനു മുമ്പ് ശിർക്കിന്റെ വാഴ്ച നടന്നിരുന്ന [illegible] ഉദ്ദേശിച്ചാണു ജാഹിലിയ്യത്തു (جاهلية) എന്നു പറയുന്നത്. വേദക്കാരെ സംബന്ധിച്ചിടത്തോളം, അവരുടെ കാര്യങ്ങളിൽ അവർക്കു തീരുമാനമെടുക്കുവാൻ അവർക്കു ഒരു വേദഗ്രന്ഥമുണ്ടെന്നു [illegible]. [illegible] പൂർവ്വികാചാരങ്ങളും, അന്ധവിശ്വാസങ്ങളുമല്ലാതെ അതിനു വേറെ അടിസ്ഥാനമൊന്നുമില്ല. അവരുടെ വിധികർത്താക്കൾക്കുള്ള യോഗ്യതയാണെങ്കിൽ, കുലമഹാത്മ്യവും, കയ്യൂക്കും, [illegible]. വേദക്കാർ വേദഗ്രന്ഥത്തിന്റെ വിധി സ്വീകരിക്കാതിരിക്കുന്നപക്ഷം, അവർ ജാഹിലിയ്യാ സമ്പ്രദായത്തെ [illegible] അവലംബിക്കുക എന്നാണതിന്റെ അർത്ഥം. അതുകൊണ്ടാണ് 'ജാഹിലിയ്യത്തിന്റെ വിധിയാണോ അവർ [illegible] ആഗ്രഹിക്കുന്നത്!' എന്നു ആക്ഷേപരൂപത്തിൽ അല്ലാഹു ചോദിക്കുന്നത്. അല്ലാഹുവിലും വേദഗ്രന്ഥത്തിലുമൊക്കെ വിശ്വസിക്കുന്നുവെന്നു അവർ അവകാശപ്പെടുന്നുണ്ടെങ്കിലും ആ വിശ്വാസം [illegible] ഉറപ്പായ വിശ്വാസം–അവർക്കില്ല. ഉറപ്പായി വിശ്വസിക്കുന്നവരാണെങ്കിൽ വേദഗ്രന്ഥത്തിൽ അല്ലാഹു നൽകിയ വിധി വിട്ടു മറ്റൊന്നു അവർ സ്വീകരിക്കുവാൻ ഇടയില്ല. എന്നിങ്ങിനെയുള്ള സൂചനയാണു ഒടുവിലത്തെ വാക്യത്തിൽ അടങ്ങിയിരിക്കുന്നത്.

ഇസ്ലാമിനുമുമ്പുള്ള അജ്ഞത കാലത്ത് നടപ്പിലിരുന്ന വിധികൾ മാത്രമല്ല حكم الجاهلية (ജാഹിലിയ്യത്തിന്റെ വിധി) എന്നു പറയുകയെന്നും, അല്ലാഹുവിന്റെയും വേദഗ്രന്ഥത്തിന്റെയും നിയമങ്ങൾക്കെതിരായ എല്ലാ വിധികളും 'ജാഹിലിയ്യത്തിന്റെ വിധി' തന്നെയാണെന്നും ഈ വചനത്തിൽനിന്നു ഗ്രഹിക്കാം. ഹസൻ(റ) പറഞ്ഞതായി ഇബ്നുഅബീഹാതിം (റ) ഉദ്ധരിക്കുന്നു: 'അല്ലാഹുവിന്റെ വിധിയല്ലാത്ത [illegible] കൊണ്ടു ആരെങ്കിലും വിധിച്ചാൽ അവൻ ജാഹിലിയ്യത്തിന്റെ വിധി വിധിച്ചു.' ഒരു ഹദീസിൽ നബി (സ) പറയുന്നു: 'മനുഷ്യരിൽവെച്ച് അല്ലാഹുവിങ്കൽ ഏററവും വെറുക്കപ്പെട്ടവൻ, ഇസ്ലാമിൽ ജാഹിലിയ്യത്തിന്റെ നടപടി ആഗ്രഹിക്കുന്നവനും, ന്യായം കൂടാതെ വല്ല മനുഷ്യന്റെയും രക്തം ചിന്തുവാൻ ശ്രമിക്കുന്നവനുമാകുന്നു.' [illegible] ഇബ്നു അബ്ബാസ്(റ)ൽനിന്നും, ബുഖാരി(റ) [illegible](റ)ൽനിന്നും ഉദ്ധരിച്ചതാണിത്. (البخاري)

വിഭാഗം-8

54. ഹേ, വിശ്വസിച്ചവരേ, യഹൂദികളെയും നസ്വാനി [ക്രിസ്ത്യാനി]കളെയും നിങ്ങൾ ബന്ധുമിത്രങ്ങളാക്കി (അഥവാ സഹായികളാക്കി) വെക്കരുത്. അവരിൽ ചിലർ ചിലരുടെ [തമ്മതമ്മിൽ] ബന്ധുമിത്രങ്ങളാകുന്നു. നിങ്ങളിൽ നിന്നു ആരെങ്കിലും അവരോടു മൈത്രി സ്ഥാപിക്കുന്ന പക്ഷം, നിശ്ചയമായും അവൻ, അവരിൽ പെട്ടവനായിരിക്കും.

٥٤- يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لَا تَتَّخِذُوا۟ ٱلْيَهُودَ وَٱلنَّصَٰرَىٰٓ أَوْلِيَآءَ ۘ بَعْضُهُمْ أَوْلِيَآءُ بَعْضٍ ۚ وَمَن يَتَوَلَّهُم مِّنكُمْ فَإِنَّهُۥ مِنْهُمْ ۗ

നിശ്ചയമായും അല്ലാഹു, അക്രമികളായ ജനങ്ങളെ സൻമാർഗ്ഗത്തിലാക്കുകയില്ല.

إِنَّ ٱللَّهَ لَا يَهْدِى ٱلْقَوْمَ ٱلظَّٰلِمِينَ ۝

55. എന്നാൽ, ഹൃദയങ്ങളിൽ ഒരു (തരം) രോഗമുള്ളവർ അവരിൽ [അവരുമായി മൈത്രി സ്ഥാപിക്കുന്നതിൽ] ധൃതികൂട്ടിക്കൊണ്ടിരിക്കുന്നതായി നിനക്കു കാണാം.

അവർ പറയുന്നു: 'ഞങ്ങൾക്കു വല്ല അത്യാഹിതവും ബാധിക്കുന്നതിനെ ഞങ്ങൾ ഭയപ്പെടുന്നു.' എന്നാൽ, അല്ലാഹു വിജയത്തെ, അല്ലെങ്കിൽ തന്റെ പക്കൽ നിന്നുള്ള (മററു) വല്ല കാര്യത്തെയും കൊണ്ടു വരുമാറായേക്കാം; അങ്ങനെ, അവർ തങ്ങളുടെ മനസ്സുകളിൽ രഹസ്യമാക്കിവെച്ചതിനെക്കുറിച്ച് അവർ 'ഖേദക്കാരായിത്തീർന്നേക്കും'. [ഇതവർ ഓർത്തിരിക്കട്ടെ.]

٥٥- فَتَرَى ٱلَّذِينَ فِى قُلُوبِهِم مَّرَضٌ يُسَٰرِعُونَ فِيهِمْ يَقُولُونَ نَخْشَىٰٓ أَن تُصِيبَنَا دَآئِرَةٌ ۚ فَعَسَى ٱللَّهُ أَن يَأْتِىَ بِٱلْفَتْحِ أَوْ أَمْرٍ مِّنْ عِندِهِۦ فَيُصْبِحُوا۟ عَلَىٰ مَآ أَسَرُّوا۟ فِىٓ أَنفُسِهِمْ نَٰدِمِينَ ۝

---

54. يا ايها الذين امنوا ഹേ വിശ്വസിച്ചവരേ لا تتخذوا നിങ്ങൾ ആക്കരുത്, സ്വീകരിക്കരുത് اليهود യഹൂദികളെ والنصارى നസ്വാനി (ക്രിസ്ത്യാനി)കളെയും اولياء മിത്രങ്ങൾ, ബന്ധുക്കൾ, ഉടയവർ, സഹായികൾ, കൈകാര്യക്കാർ بعضهم അവരിൽ ചിലർ اولياء മിത്രങ്ങളാകുന്നു, ബന്ധുക്കളാണു بعض ചിലരുടെ ومن ആരെങ്കിലും يتولهم അവരോടു മൈത്രിസ്ഥാപിച്ചാൽ, അവരെ ബന്ധുവാക്കിയാൽ منكم നിങ്ങളിൽനിന്നു فانه എന്നാൽ നിശ്ചയമായും അവൻ منهم അവരിൽ പെട്ടവനാണു ان الله നിശ്ചയമായും അല്ലാഹു لا يهدي സൻമാർഗ്ഗത്തിലാക്കുക (വഴിചേർക്കുക)യില്ല القوم ജനങ്ങളെ الظالمين അക്രമികളായ 55. فترى എന്നാൽ നീ കാണും, നിനക്കു കാണാം الذين യാതൊരുവരെ في قلوبهم അവരുടെ ഹൃദയങ്ങളിലുണ്ടു مرض ഒരു രോഗം, വല്ല രോഗവും يسارعون അവർ ധൃതികൂട്ടുന്നതായി فيهم അവരിൽ يقولون അവർ പറയുന്നു, പറഞ്ഞുകൊണ്ടു نخشى ഞങ്ങൾ ഭയപ്പെടുന്നു ان تصيبنا ഞങ്ങളെ ബാധിക്കുമെന്നു دائرة വല്ല അത്യാഹിതവും فعسى الله എന്നാൽ അല്ലാഹു ആയേക്കാം ان يأتي വരുക, വരുവാൻ بالفتح വിജയം കൊണ്ടു او امر അല്ലെങ്കിൽ വല്ല കാര്യവും من عنده തന്റെ പക്കൽ നിന്നു فيصبحوا അങ്ങനെ അവരായിത്തീരും ആയിരിക്കുക على ما اسروا അവർ രഹസ്യമാക്കി വെച്ചതിനെപ്പററി في انفسهم അവരുടെ സ്വന്തങ്ങളിൽ, മനസ്സുകളിൽ نادمين ഖേദിക്കുന്നവർ, ഖേദക്കാർ

53. വിശ്വസിച്ചവർ (അപ്പോൾ) പറയുകയും ചെയ്യും: 'തങ്ങൾ നിങ്ങളുടെ കൂടെത്തന്നെയാണ്' എന്നു തങ്ങൾക്കു കഴിയും പ്രകാരം അല്ലാഹുവിൽ സത്യം ചെയ്തുറപ്പിച്ചവർ ഇക്കൂട്ടരാണോ?!'

(അതെ) അവരുടെ പ്രവർത്തനങ്ങൾ നിഷ്ഫലമായി; അങ്ങനെ അവർ നഷ്ടക്കാരായിത്തീർന്നിരിക്കുകയാണ്.

٥٣- وَيَقُولُ الَّذِينَ آمَنُوا أَهَٰؤُلَاءِ الَّذِينَ أَقْسَمُوا بِاللَّهِ جَهْدَ أَيْمَانِهِمْ ۙ إِنَّهُمْ لَمَعَكُمْ ۚ حَبِطَتْ أَعْمَالُهُمْ فَأَصْبَحُوا خَاسِرِينَ ○

---

53. وَيَقُولُ പറയുകയും ചെയ്യും الَّذِينَ آمَنُوا വിശ്വസിച്ചവർ أَهَٰؤُلَاءِ ഇക്കൂട്ടരോ الَّذِينَ യാതൊരു കൂട്ടർ أَقْسَمُوا അവർ സത്യം ചെയ്തു (ഉറപ്പിച്ചു) بِاللَّهِ അല്ലാഹുവിനെക്കൊണ്ടു, അല്ലാഹുവിൽ جَهْدَ കഴിവതു (ഞെരുങ്ങിയതു-അദ്ധ്വാനം) أَيْمَانِهِمْ തങ്ങളുടെ സത്യങ്ങളിൽ [جَهْدَ أَيْمَانِهِمْ തങ്ങളുടെ കഴിവു പ്രകാരമുള്ള സത്യം] إِنَّهُمْ നിശ്ചയമായും അവർ لَمَعَكُمْ നിങ്ങളുടെ കൂടെത്തന്നെ (എന്നു) حَبِطَتْ പൊളിഞ്ഞു (നിഷ്ഫലമായി) أَعْمَالُهُمْ അവരുടെ പ്രവൃത്തികൾ فَأَصْبَحُوا അങ്ങനെ അവരായിത്തീർന്നു خَاسِرِينَ നഷ്ടപ്പെട്ടവർ

ഇസ്ലാമിനു ശക്തിയും പ്രതാപവും വർദ്ധിച്ചുകൊണ്ടിരിക്കുകയാണെങ്കിലും ശത്രുക്കളുടെ ശക്തി ക്ഷയിച്ചു കഴിഞ്ഞിട്ടില്ല. മദീനയിലെ പ്രധാന ശത്രുക്കൾ യഹൂദികളും രണ്ടാമതായി ക്രിസ്ത്യാനികളുമാണ്. സത്യവിശ്വാസം ഹൃദയത്തിൽ കടന്നിട്ടില്ലാത്ത കപട വിശ്വാസികളെ സംബന്ധിച്ചിടത്തോളം ഇസ്ലാമിന്റെയും മുസ്ലിംകളുടെയും ഭാവിയെപ്പറ്റി അവർക്കു സംശയമാണ്. യഹൂദികളും ക്രിസ്ത്യാനികളുമാകട്ടെ, മുമ്പേ കെട്ടുറപ്പും ശക്തിയുമുള്ള സമുദായമാകുന്നു. ആ സ്ഥിതിക്ക് അവസാനം മുസ്ലിംകൾ പരാജയത്തിലും ശത്രുക്കൾ വിജയത്തിലും കലാശിക്കുകയാണെങ്കിൽ തങ്ങളുടെ ഭാവി അപകടത്തിലായിരിക്കുമല്ലോ. അതിനാൽ, തങ്ങളുടെ ഭാവി സുരക്ഷിതമായിരിക്കുവാൻ വേണ്ടിയുള്ള മുൻകരുതലായി ശത്രുവിഭാഗത്തോടു – പ്രത്യേകിച്ചും യഹൂദികളോടു – കപടവിശ്വാസികൾ വളരെ അടുത്ത സ്നേഹബന്ധവും മൈത്രിയും പുലർത്തി വന്നിരുന്നു. ഇതിനെപ്പറ്റിയാണ് ഈ വചനങ്ങളിൽ പരാമർശിക്കുന്നത്. അടുത്ത ഭാവിയിൽ അല്ലാഹു മുസ്ലിംകൾക്കു പൂർണ്ണ വിജയം നൽകി ശത്രുക്കളെ നാമാവശേഷമാക്കുകയോ, അല്ലെങ്കിൽ മറ്റു വല്ല നടപടിയും എടുക്കുകയോ ചെയ്തേക്കാം. ആ അവസരത്തിൽ ഹൃദയത്തിനു രോഗം ബാധിച്ചവരായ ഈ കപടന്മാർ ഖേദത്തിലാകും. അവർ മിത്രങ്ങളാക്കിവെച്ച ആ ശത്രുക്കൾ അവരെ സഹായിക്കുവാൻ ഉണ്ടായിരിക്കയില്ല. മുസ്ലിംകൾ അവരെ വിശ്വസിക്കുകയുമില്ല. അപ്പോൾ, അതുവരെ തങ്ങൾ സ്വീകരിച്ച സ്വഭാവ നടപടികളെല്ലാം തങ്ങൾക്കു നഷ്ടം വരുത്തുകയാണുണ്ടായതെന്നു അവർക്കു ബോദ്ധ്യമാകും എന്നൊക്കെ അല്ലാഹു അവർക്കു മുന്നറിയിപ്പു നൽകുന്നു. ഒടുക്കം സംഭവിച്ചതും അതുതന്നെയാണല്ലോ.

'തങ്ങൾ നിങ്ങളുടെ കൂടെത്തന്നെയാണെന്നു സത്യം ചെയ്തു പറഞ്ഞവർ ഇവരാണോ' എന്നു സത്യവിശ്വാസികൾ പറയുന്നതിന്റെ താൽപര്യം രണ്ടു വിധത്തിലാവാം: (1) ഞങ്ങളും നിങ്ങളുടെ ഒപ്പം മുസ്ലിംകളാണെന്നു സത്യം ചെയ്തു പറഞ്ഞുകൊണ്ടു മുസ്ലിം വേഷം അണിഞ്ഞവരാണോ ഇവർ എന്നും, (2) തങ്ങൾ നിങ്ങളുടെ പക്ഷത്താണുള്ളതു – അഥവാ ഇസ്ലാമിന്റെ വേഷം താൽക്കാലികമായ കാര്യലാഭത്തിനുവേണ്ടി സ്വീകരിച്ചതാണു – എന്നു ശത്രുവിഭാഗങ്ങളോടു സത്യം ചെയ്തു പറഞ്ഞവരാണോ ഇവർ എന്നും. രണ്ടായാലും അവരെക്കുറിച്ചുള്ള ഒരു പരിഹാസ വാക്കാണത്. 'അവരുടെ പ്രവൃത്തികൾ നിഷ്ഫലമായി' എന്നും, 'അവർ നഷ്ടക്കാരായി' എന്നും പറഞ്ഞതിൽ, അവരുടെ ഗൂഢപ്രവർത്തനങ്ങളും കൂട്ടുകെട്ടുകളും പൊളിഞ്ഞുപോയതും, മുസ്ലിംകളെന്ന നാട്യത്തിൽ അവർ ചെയ്ത നമസ്കാരം, നോമ്പു പോലെയുള്ള സൽകർമ്മങ്ങൾ വിഫലമായിത്തീരുന്നതും ഉൾപ്പെടുന്നു.

വേദക്കാരായ ശത്രുക്കളുമായി മൈത്രീബന്ധം പുലർത്തിക്കൊണ്ടിരിക്കുന്നതിനെപ്പറ്റിയാണു ഈ വചനങ്ങളിൽ അല്ലാഹു ആക്ഷേപിച്ചത്. മുശ്രിക്കുകളെ ബന്ധുമിത്രങ്ങളാക്കി വെക്കുന്നതിനെപ്പറ്റി താഴെ വചനങ്ങളിലും മറ്റും വേറെത്തന്നെ പ്രത്യേകം പ്രസ്താവിക്കുന്നുണ്ട്. മദീനയിലെ [illegible]വർ – അൻസ്വാരികൾ – പൊതുവിൽ മുസ്ലിംകളുമാണ്. അവരിൽ കുറെ ആളുകൾ കപടവിശ്വാസികളായുണ്ടെന്നു മാത്രം. [illegible]

സികളായ യഹൂദഗോത്രങ്ങൾ. അവിടത്തെ അറബികളെ അപേക്ഷിച്ചു മുമ്പേ ശക്തിയും പ്രതാപവും ആർജ്ജിച്ചവരായിരുന്നതുകൊണ്ടു ചില ഘട്ടങ്ങളിൽ അറബികൾ അവരോടു മിത്രബന്ധം പുലർത്തിപ്പോരുകയും, അവർക്കു വിധേയരായിരിക്കുകയും ചെയ്തിരുന്നു. ഇസ്ലാം വന്നപ്പോൾ സത്യവിശ്വാസികളുടെ ആ ബന്ധത്തിനു വിരാമമിട്ടു. യഹൂദികളുമായി വളരെ അടുത്തു ബന്ധപ്പെട്ടിരുന്ന ആളും, അവരിൽ വളരെ സ്വാധീനമുള്ളയാളുമായിരുന്ന ഒരു നേതാവുമായിരുന്നു ഉബാദത്തുബ്നുസ്സ്വാമിത്ത് (റ). യഹൂദികളോടു എനിക്കുള്ള ബന്ധം ഇതാ ഞാൻ ഉപേക്ഷിക്കുന്നുവെന്നു അദ്ദേഹം നബി (സ)യുടെ മുമ്പിൽ പരസ്യമായി പ്രഖ്യാപിക്കുകതന്നെ ചെയ്തു. അതേ സമയത്ത് അവസരവാദികളായ കപടവിശ്വാസികൾ സ്വഭാവേന ആ പഴയ ബന്ധം നിലനിറുത്തുവാനും പുതുക്കിക്കൊണ്ടിരിക്കുവാനും മുതിർന്നു. അതിൽ മുൻകൈയെടുത്തത് അവരുടെ നേതാവായ അബ്ദുല്ലാഹിബ്നു ഉബയ്യു തന്നെ. ഉബാദത്ത് (റ) പറഞ്ഞതിനു നേരെ വിപരീതമായി - അല്ലാഹു ചൂണ്ടിക്കാട്ടിയതുപോലെ - എനിക്ക് അവരുമായുള്ള ബന്ധം മുറിക്കുവാൻ സാധ്യമല്ലെന്നും മറ്റും പറയുകയാണു അയാൾ ചെയ്തത്. രണ്ടുപേരെയും സംബന്ധിച്ച ഈ വിവരം ഇബ്നു ജരീർ (റ) ഉദ്ധരിച്ചു കാണാം.

എന്നാൽ, ഈ വചനങ്ങൾ അവതരിക്കുന്ന കാലത്തു ക്രിസ്ത്യാനികളുമായി മദീനയിലെ അറബികളോ, കപടവിശ്വാസികളോ വല്ല പ്രത്യേക ബന്ധവും ഉണ്ടായിരുന്നതായി അറിയപ്പെടുന്നില്ല. ഇവിടെയാകട്ടെ, യഹൂദികളോടും ക്രിസ്ത്യാനികളോടും ബന്ധം സ്ഥാപിക്കുന്നതിനെപ്പറ്റി ഒരേ രീതിയിലാണു അല്ലാഹു വിരോധിച്ചിരിക്കുന്നതും. അതിനു കാരണവും അല്ലാഹു തന്നെ ചൂണ്ടിക്കാട്ടുകയും ചെയ്തു: അവരിൽ ചിലർ ചിലരുടെ ബന്ധുമിത്രങ്ങളാണു (بعضهم اولياء بعض) എന്ന്. അതായതു, യഹൂദികളും ക്രിസ്ത്യാനികളും തമ്മിൽ, ആന്തരമായി നോക്കുമ്പോൾ ഇരുകൂട്ടർക്കുമിടയിൽ എത്രയോ അകൽച്ചയും വെറുപ്പും ഉണ്ടെങ്കിൽ പോലും മുസ്ലിംകൾക്കും ഇസ്ലാമിനും എതിരിൽ അവർ മിത്രങ്ങളും പരസ്പര സഹായികളും തന്നെയായിരിക്കും എന്നു സാരം. ഈ യാഥാർത്ഥ്യം ചിലപ്പോഴൊക്കെ പ്രത്യക്ഷത്തിൽ പ്രകടമായി കാണാറില്ലെങ്കിലും അവർ ആവശ്യമായി തോന്നുന്ന സന്ദർഭങ്ങളിൽ ഒരുമിച്ചുകൂടുകയും ഇസ്ലാമിനെതിരിൽ യോജിച്ചുകൊണ്ടിരിക്കുന്നതിനു കഴിഞ്ഞ കാലങ്ങളിൽ പല ഉദാഹരണവുമുണ്ട്.

മർഹൂം സയ്യിദു ഖുത്ത്ബ് ചൂണ്ടിക്കാട്ടിയതു പോലെ, ഇരുനൂറു കൊല്ലക്കാലം നീണ്ടുനിന്ന കുരിശു യുദ്ധങ്ങളിലും, അന്തലൂസ്യയിലും, അബിസീനിയയിലും, സോമാലിയായിലും, എറിത്രിയായിലുമൊക്കെ അതിനവർ മാതൃക കാണിച്ചിട്ടുണ്ട്. ഒന്നാമതു, മുസ്ലിം ലോകത്തിന് ആകമാനം ഒരു തീരാപ്രശ്നമായിത്തീർന്നിട്ടുള്ള ഫലസ്തീനിലെ യഹൂദരാഷ്ട്രത്തിന്റെ സ്ഥാപകൻമാരും, രക്ഷകർത്താക്കളും, സഹായികളുമെല്ലാം ക്രിസ്ത്യാനികളാണെന്നു പറയപ്പെടുന്നവരല്ലാതെ മറ്റാരാണ്?! പോരാ, നിർമ്മതനിരീശ്വരവാദികളോ, ബഹുദൈവ വിശ്വാസികളോ മുസ്ലിംകൾക്കെതിരിൽ യുദ്ധകാഹളം ഊതുമ്പോൾ, അവർക്കു മുമ്പിലും പിമ്പിലും ചൂട്ടുപിടിച്ചു കൊടുക്കുകയല്ലാതെ, ഒരു ദൈവിക മതത്തിന്റെ ആൾക്കാരെന്ന നിലക്ക് അവർക്കെതിരെ മുസ്ലിംകളെ അവർ സഹായിച്ച സംഭവം കാണുവാൻ പ്രയാസം. വല്ലതുമുണ്ടെങ്കിൽ അത്, താൽക്കാലികമോ, രാഷ്ട്രീയമോ ആയ വല്ല ലക്ഷ്യത്തെയും മുൻനിറുത്തിയായിരിക്കും. ചുരുക്കിപ്പറഞ്ഞാൽ, വേദക്കാർക്കു - അവർ വേദഗ്രന്ഥത്തിന്റെ ആൾക്കാരെന്ന നിലക്കു - ചില പ്രത്യേകതകൾ മുസ്ലിംകൾ കൽപിക്കുന്നുണ്ടെങ്കിലും മുസ്ലിംകളെ ആ നിലക്ക് അവർ കണക്കാക്കാറില്ല എന്നത്രെ ചരിത്രം കാണിച്ചു തരുന്നത്.

നിങ്ങളിൽനിന്ന് ആരെങ്കിലും അവരോടു മൈത്രിബന്ധം സ്ഥാപിക്കുന്ന പക്ഷം അവനും അവരുടെ കൂട്ടത്തിൽ പെട്ടവനാണു (ومن يتولهم منكم....) എന്നു പറഞ്ഞ വാക്യം വളരെ ശ്രദ്ധേയമാകുന്നു. ഇസ്ലാമിന്റെ ശത്രുക്കളും അല്ലാഹുവിന്റെ ശത്രുക്കളുമായ അവരോടും, അവരുടെ മതത്തോടുമുള്ള മനസ്സിന്റെ അടുപ്പവും, നേരെമറിച്ച് ഇസ്ലാമിനോടും മുസ്ലിംകളോടുമുള്ള അതിന്റെ അകൽച്ചയുമാണല്ലോ അതു കുറിക്കുന്നത്. അപ്പോൾ, വേദക്കാരുടെ അതേ നില തന്നെയാണു അവരുടേതും എന്നു പറയാം. ഇസ്ലാമിനും, മുസ്ലിംകൾക്കും എതിരെ പകയും വിദ്വേഷവും പുലർത്തിക്കൊണ്ടിരിക്കുന്ന ഏതു കൂട്ടരോടും അങ്ങനെ സ്നേഹബന്ധം പുലർത്തുന്ന എല്ലാ മുസ്ലിംകളുടെയും സ്ഥിതി ഇതുതന്നെ. വേദക്കാരോടെന്നല്ല, അമുസ്ലിംകളായ എല്ലാവരോടും ഒത്തിണക്കത്തിലും മമതയിലും വർത്തിക്കേണ്ടതാണെന്നുള്ള വിധിയും, ഇസ്ലാമിനോടു പകയും ശത്രുതയും വെച്ചുകൊണ്ടിരിക്കുന്നവരെ മിത്രങ്ങളായി സ്വീകരിക്കരുതെന്ന വിധിയും വെവ്വേറെയാണെന്നും, ഒന്നൊന്നിനു എതിരില്ലാത്തതാണെന്നും ഓർമ്മിക്കേണ്ടതുണ്ട്.

57. ഹേ, വിശ്വസിച്ചവരേ, നിങ്ങളിൽ നിന്നു ആരെങ്കിലും തന്റെ മതം വിട്ടു മടങ്ങിക്കളയുന്ന [മതഭ്രംശം സ്വീകരിക്കുന്ന] പക്ഷം, അപ്പോൾ, (അവൻ അറിഞ്ഞിരിക്കട്ടെ:) വഴിയെ അല്ലാഹു ഒരു ജനതയെകൊണ്ടുവരും; അവൻ അവരെ സ്നേഹിക്കും, അവർ അവനെയും സ്നേഹിക്കും; സത്യ വിശ്വാസികളോടു എളിയവരും [വിനയമുള്ളവരും], അവിശ്വാസികളോടു പ്രതാപ ശാലികളും [ഗൗരവമുള്ളവരും] ആയുള്ളവർ; അവർ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സമരം ചെയ്യും; ഒരാക്ഷേപക്കാരന്റെ ആക്ഷേപവും അവർ ഭയപ്പെടുകയുമില്ല. [ഇങ്ങിനെയുള്ള ഒരു ജനതയെകൊണ്ടുവരും.]

يَا أَيُّهَا الَّذِينَ آمَنُوا مَنْ يَرْتَدَّ مِنْكُمْ عَنْ دِينِهِ فَسَوْفَ يَأْتِي اللَّهُ بِقَوْمٍ يُحِبُّهُمْ وَيُحِبُّونَهُ أَذِلَّةٍ عَلَى الْمُؤْمِنِينَ أَعِزَّةٍ عَلَى الْكَافِرِينَ يُجَاهِدُونَ فِي سَبِيلِ اللَّهِ وَلَا يَخَافُونَ لَوْمَةَ لَائِمٍ ۚ ٥٤

അതു അല്ലാഹുവിന്റെ അനുഗ്രഹമത്രെ; അവൻ ഉദ്ദേശിക്കുന്നവർക്കു അതവൻ നൽകുന്നു. അല്ലാഹു വിശാലനും, സർവ്വജ്ഞനുമാകുന്നു.

ذَٰلِكَ فَضْلُ اللَّهِ يُؤْتِيهِ مَنْ يَشَاءُ ۚ وَاللَّهُ وَاسِعٌ عَلِيمٌ

---

57. يا ايها الذين امنوا വിശ്വസിച്ചവരേ من يرتد ആരെങ്കിലും മടങ്ങിക്കളഞ്ഞാൽ, (മതഭ്രഷ്ടായിപ്പോകുന്ന പക്ഷം) منكم നിങ്ങളിൽ നിന്നു عن دينه തന്റെ മതത്തെ വിട്ട് فسوف എന്നാൽ (അപ്പോൾ) വഴിയെ يأتي الله അല്ലാഹു വരും بقوم ഒരു ജനതയെക്കൊണ്ട് يحبهم അവൻ അവരെ സ്നേഹിക്കും ويحبونه അവർ അവനെയും സ്നേഹിക്കും اذلة എളിയവരായ على المؤمنين സത്യവിശ്വാസികളോടു اعزة പ്രതാപവാൻമാരായ, ഗൗരവമുള്ളവർ على الكافرين അവിശ്വാസികളോടു يجاهدون അവർ സമരം ചെയ്യും في سبيل الله അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ولا يخافون അവർ ഭയപ്പെടുകയുമില്ല لومة ആക്ഷേപം, ആക്ഷേപണം لائم ഒരാക്ഷേപക്കാരന്റെയും ذلك അതു فضل الله അല്ലാഹുവിന്റെ അനുഗ്രഹം (ദയവു-ഔദാര്യം) ആകുന്നു يؤتيه അതവൻ നൽകുന്നു, നൽകും من يشاء അവൻ ഉദ്ദേശിക്കുന്നവർക്കു والله واسع അല്ലാഹു വിശാലനാണു عليم (സർവ്വ)ജ്ഞനാണു.

സത്യവിശ്വാസികൾ ഇസ്‌ലാമിന്റെ ശത്രുക്കളെ മിത്രങ്ങളും, ബന്ധുക്കളുമായി സ്നേഹബന്ധവും കൂട്ടുകെട്ടും പുലർത്തിപ്പോരുന്ന കപടവിശ്വാസികൾ അവസാനം ... വെക്കരുതെന്നും, കഴിഞ്ഞ വചനങ്ങളിൽ പ്രസ്താവിച്ചു. എന്നാൽ, വല്ലവരും സത്യവിശ്വാസം സ്വീകരിച്ചു മുസ്‌ലിമായതിനുശേഷം ഇസ്‌ലാമിനെ ഉപേക്ഷിച്ചു കുഫ്റിലേക്കു തന്നെ മടങ്ങിപ്പോകുന്നുവെന്നു വെക്കുക. എന്നാലും, അല്ലാഹുവിനോ, അവന്റെ മതത്തിനോ യാതൊരു ദോഷവും പിണയുവാനില്ലെന്നും, അതുകൊണ്ടു വല്ലതായ മറ്റൊരു കൂട്ടരെ അല്ലാഹു തൽസ്ഥാനത്തു കൊണ്ടുവരുമെന്നും, അവർക്കു പകരം ... ഈ വചനത്തിൽ അല്ലാഹു ഉറപ്പിച്ചു പറയുന്നു. ഈ കാര്യം 47: 38 മുതലായ സ്ഥലങ്ങളിലും അല്ലാഹു പ്രസ്താവിച്ചു കാണാവുന്നതാണ്.

പുതുതായി അല്ലാഹു രംഗത്തു കൊണ്ടുവരുന്നവരുടെ സവിശേഷതകൾ എന്തായിരിക്കുമെന്നു കൂടി അല്ലാഹു ചൂണ്ടിക്കാട്ടുന്നു: (1) അല്ലാഹു അവരെ സ്നേഹിക്കുന്നതാകുന്നു. അവന്റെ സഹായവും അനുഗ്രഹങ്ങളും അവർക്കുണ്ടായിക്കൊണ്ടിരിക്കും. (2) അവർ അല്ലാഹുവിനെ സ്നേഹിക്കുന്നവരായിരിക്കും. അഥവാ അവനെ അവർ പരിപൂർണ്ണമായി അനുസരിക്കുകയും, അവന്റെ പ്രീതിക്കുവേണ്ടി നിഷ്കളങ്കമായി പ്രവർത്തിക്കുകയും ചെയ്യും. (3) സത്യവിശ്വാസികളെ സംബന്ധിച്ചിടത്തോളം അവർ എളിയവരും വിനീതന്മാരുമായിരിക്കും. പരസ്പരം സ്നേഹവാത്സല്യത്തോടും സഹായ സഹകരണത്തോടും, ഗുണകാംക്ഷയോടും കൂടി വർത്തിക്കും. (4) അതേ സമയത്ത് അവിശ്വാസികളെ സംബന്ധിച്ചിടത്തോളം അവർ ഗൗരവമുള്ളവരും പ്രതാപശാലികളുമായിരിക്കുകയും ചെയ്യും. ശത്രുക്കളുടെ മുമ്പിൽ തല കുനിക്കുകയോ, ദൗർബല്യം കാണിക്കുകയോ, സത്യത്തിൽ വിട്ടുവീഴ്ച ചെയ്യുകയോ ചെയ്യാതെ അവർ സധീരം ഉറച്ചു നിൽക്കും. അഥവാ സൂ: ഫത്ഹിൽ പറഞ്ഞതുപോലെ.

അവിശ്വാസികളോടു കാഠിന്യമുള്ളവരും, അഭിമാനികളുമായിരിക്കും (أَعِزَّةٍ عَلَى الْكَافِرِينَ) ആയിരിക്കും. (3) അല്ലാഹുവിന്റെ മാർഗത്തിൽ അവർ സമരം ചെയ്തു കൊണ്ടിരിക്കും. അല്ലാഹുവിന്റെ ദീനിന്റെ നന്മക്കുവേണ്ടി ക്ലേശമോ, പ്രയാസമോ ഒന്നും അവർ വക വെക്കുകയില്ല. (4) ആരുടെ ആക്ഷേപവും അവർക്കു ഭയമില്ല. സത്യത്തിനുവേണ്ടി നിലകൊള്ളുന്നതിൽ, അവിശ്വാസികളുടെ ആക്ഷേപത്തിനോ, ആക്ഷേപത്തിനോ അവർ വില കല്പിക്കുകയില്ല. അല്ലാഹുവിന്റെ ആക്ഷേപം മാത്രമേ അവർ ഭയപ്പെടുകയുള്ളൂ.

ഇസ്‌ലാമിൽ വന്നശേഷം പരസ്യമായി അതിനെ ഉപേക്ഷിച്ച് സത്യവിശ്വാസികളിൽ ഏതെങ്കിലും ഒരു കൂട്ടർ കുഫ്റിലേക്കു തിരിച്ചുപോകുമെന്നോ, ഇല്ലെന്നോ അല്ലാഹു പ്രസ്താവിച്ചിട്ടില്ല. അങ്ങിനെ സംഭവിക്കുകയാണെങ്കിൽ, അവരെക്കാൾ ഉത്തമരായ മറ്റൊരു കൂട്ടരെ പകരം കൊണ്ടുവരുമെന്നത്രെ പറഞ്ഞത്. വാസ്തവത്തിൽ, ഇസ്‌ലാമിന്റെ കഴിഞ്ഞകാല ചരിത്രം പരിശോധിച്ചാൽ അങ്ങിനെ ചിലപ്പോൾ സംഭവിച്ചതായും, ആ വിടവുകൾ അല്ലാഹു മറ്റൊരു പ്രകാരത്തിൽ നികത്തിയിട്ടുള്ളതായും, ഇസ്‌ലാമിനെ പൂർവ്വാധികം ശക്തിപ്പെടുത്തിയതായും കാണുവാൻ കഴിയും. പല മഹാന്മാരും ഒന്നിലധികം ഉദാഹരണങ്ങൾ ഇതിന് എടുത്തു കാണിക്കാറുണ്ട്. അവയിൽ പരമ നിലക്കും പ്രാധാന്യമർഹിക്കുന്ന സംഭവം അബൂബക്കർ സിദ്ദീഖ് (റ) ന്റെ ഖിലാഫത്തുകാലത്തുണ്ടായതു തന്നെയാകുന്നു. റസൂൽ (സ) തിരുമേനി കാലഗതി പ്രാപിക്കുമ്പോൾ നിലവിലുണ്ടായിരുന്ന മുസ്‌ലിം നാടുകളെയും ജനസംഖ്യയുടെയും ഭൂരിഭാഗവും-മദീനാ പരിസരങ്ങളിലുള്ളവരും, മക്കയിൽ ഖുറൈശികളും, ത്വാഇഫിൽ ഥഖീഫ് ഗോത്രവും ഒഴിച്ചു മറ്റുള്ളവരും തന്നെ എന്നു പറയാം-ഇസ്‌ലാമിൽ നിന്നു പിൻമാറിക്കളഞ്ഞ സംഭവം പ്രസിദ്ധമാണല്ലോ. അവരോട് ഏറ്റുമുട്ടുന്ന വിഷയത്തിൽ ധീരപുരുഷനായ ഉമർ (റ) അടക്കം എല്ലാവരും ആദ്യം എതിരഭിപ്രായക്കാരായിരുന്നു. എന്നിട്ടുപോലും പർവ്വതസമാനം അചഞ്ചലനായി ഉറച്ചുനിന്ന സിദ്ദീഖ് (റ) ന്റെ അഭിപ്രായത്തിനു വഴങ്ങിക്കൊണ്ട് സത്യവിശ്വാസികൾ അതിനെ നേരിട്ടു. ചരിത്ര പ്രസിദ്ധമായ പല സംഘട്ടനങ്ങൾക്കുശേഷം, മടങ്ങിപ്പോയവർ ഇസ്‌ലാമിലേക്കു തന്നെ തിരിച്ചു വരുക മാത്രമല്ല, ഇസ്‌ലാമിന്റെ ശക്തി പൂർവ്വാധികം വർദ്ധിക്കുകയും മുസ്‌ലിംകൾ കൂടുതൽ കെട്ടുറപ്പും ബലവും ആർജ്ജിക്കുകയുമുണ്ടായി. അതിനെ തുടർന്നു സിദ്ദീഖിന്റെ ഖിലാഫത്തു കാലത്തും, അനന്തരം ഉമർ (റ) ന്റെ ഖിലാഫത്തു കാലത്തും മുസ്‌ലിംകളിൽ പ്രകടമായിരുന്ന സ്വഭാവ വൈശിഷ്ട്യവും അവരുടെ മനോവീര്യവും പരിശോധിച്ചാൽ, ഇതവതരിച്ചതിന്റെ അടുത്തകാലത്തു തന്നെ സംഭവിക്കാനിരിക്കുന്ന ഒരു യാഥാർത്ഥ്യത്തെക്കുറിച്ചുള്ള പ്രവചനം കൂടിയാണ് ഈ വചനമെന്നു പറയാവുന്നതാണ്. وَاللهُ أَعْلَمُ

55. നിശ്ചയമായും, നിങ്ങളുടെ ബന്ധുമിത്രം അല്ലാഹുവും, അവന്റെ റസൂലും, വിശ്വസിച്ചവരും മാത്രമാകുന്നു; (അതെ) നമസ്കാരം നിലനിറുത്തുകയും, സകാത്തു കൊടുക്കുകയും ചെയ്യുന്നവർ അവരാകട്ടെ, (ഭയഭക്തിയർപ്പിച്ചു) കുമ്പിടുന്നവരുമായിരിക്കെ. [മറ്റാരും നിങ്ങൾക്കു ബന്ധുമിത്രങ്ങളല്ല.]

٥٥- إِنَّمَا وَلِيُّكُمُ اللَّهُ وَرَسُولُهُ وَالَّذِينَ آمَنُوا الَّذِينَ يُقِيمُونَ الصَّلَاةَ وَيُؤْتُونَ الزَّكَاةَ وَهُمْ رَاكِعُونَ ○

56. ആർ അല്ലാഹുവിനോടും, അവന്റെ റസൂലിനോടും, വിശ്വസിച്ചവരോടും മൈത്രി സ്ഥാപിക്കുന്നുവോ, എന്നാൽ, (അറിയുക) നിശ്ചയമായും, അല്ലാഹുവിന്റെ കക്ഷി തന്നെയാണ് വിജയം നേടുന്നവർ.

٥٦- وَمَن يَتَوَلَّ اللَّهَ وَرَسُولَهُ وَالَّذِينَ آمَنُوا فَإِنَّ حِزْبَ اللَّهِ هُمُ الْغَالِبُونَ ○

---

55. إِنَّمَا നിശ്ചയമായും തന്നെ (മാത്രം) وَلِيُّكُمُ നിങ്ങളുടെ ബന്ധുമിത്രം(കൾ), സഹായകൻ (സഹായകർ) اللَّهُ അല്ലാഹുവാകുന്നു وَرَسُولُهُ അവന്റെ റസൂലും وَالَّذِينَ آمَنُوا വിശ്വസിച്ചവരും الَّذِينَ യാതൊരുവരായ يُقِيمُونَ അവർ നിലനിറുത്തും الصَّلَاةَ നമസ്കാരം وَيُؤْتُونَ കൊടുക്കുകയും (ചെയ്യും—ചെയ്യുന്ന) الزَّكَاةَ സകാത്തു وَهُمْ അവരാകട്ടെ, അവരായുംകൊണ്ടു رَاكِعُونَ കുമ്പിടുന്ന(ഭയഭക്തി അർപ്പിക്കുന്ന)വരാണ് 56. وَمَن يَتَوَلَّ ആർ (വല്ലവരും) മൈത്രി സ്ഥാപിച്ചാൽ, ബന്ധുവാക്കിയാൽ اللَّهَ وَرَسُولَهُ അല്ലാഹുവിനെയും അവന്റെ റസൂലിനെയും وَالَّذِينَ آمَنُوا വിശ്വസിച്ചവരെയും فَإِنَّ حِزْبَ اللَّهِ എന്നാൽ നിശ്ചയമായും അല്ലാഹുവിന്റെ കക്ഷി, സംഘം هُمُ അവർ (തന്നെ) الْغَالِبُونَ ജയിച്ചടക്കുന്നവർ, വിജയികൾ

54-ാം വചനത്തിൽ യഹൂദികളെയും ക്രിസ്ത്യാനികളെയും സത്യവിശ്വാസികൾ ബന്ധുമിത്രങ്ങളാക്ക
രുതെന്നു കല്പിച്ചു. വേദക്കാരെയും അവിശ്വാസികളെയും ബന്ധുമിത്രങ്ങളാക്കരുതെന്ന് അടുത്ത വചന
ത്തിൽ വീണ്ടും പറയുന്നുണ്ട്. ഇതുപോലെയുള്ള വാക്യങ്ങൾ ഖുർആനിൽ വേറെയും കാണാം. അപ്പോൾ, പിന്നെ
ആർ ആരെയാണ് ബന്ധുമിത്രങ്ങളാക്കേണ്ടതു എന്ന് ആദ്യത്തെ വചനത്തിൽ പ്രസ്താവിക്കുന്നു. അല്ലാഹുവും,
അവൻെറ റസൂലും, കപടൻമാരല്ലാത്ത വിശ്വാസികളും മാത്രമാണ് സത്യവിശ്വാസികളുടെ 'വലിയ്യു'കൾ (ബന്ധു
മിത്രങ്ങൾ) എന്നത്രെ ആ വചനത്തിലെ ആശയം. രണ്ടാമത്തെ വചനത്തിൽ, അവരെ വലിയ്യുകളായി സ്വീകരിക്കുന്ന
വർ അല്ലാഹുവിൻെറ കക്ഷിക്കാരാണെന്നും, അവരാണു വിജയം വരിക്കുന്നവർ എന്നും പ്രസ്താവിക്കുന്നു.

'ബന്ധുമിത്രം' എന്നു നാം അർത്ഥം കല്പിച്ചതു ولي (വലിയ്യ്) എന്ന വാക്കിനാകുന്നു. അതു ഏകവച
നമാണെങ്കിലും ആ പദരൂപം ഭാഷാനിയമപ്രകാരം ഒന്നിലധികം ആളുകളെക്കുറിച്ചും ഉപയോഗിക്കുന്നതിനു വിരോ
ധമില്ല. അപ്പോൾ അതിനു അതിൻെറ ബഹുവചനമായ أولياء (ഔലിയാഉ്)ൻെറ അർത്ഥവും കല്പിക്കാം. ഇമാം
റാസീ (റ) മുതലായവർ വ്യക്തമാക്കിയതുപോലെ, സ്നേഹസഹായങ്ങളുടെ (المحبة والنصرة) അടിസ്ഥാനത്തിലും,
കൈകാര്യ കർത്തൃത്വത്തിൻെറ (الولاية) അടിസ്ഥാനത്തിലും 'വലിയ്യു'കൾ ഉണ്ടായിരിക്കും. ഉടമസ്ഥ
ൻ, അധികാരി, സ്വന്തബന്ധമുള്ളവൻ, ബന്ധു, സഹായകൻ എന്നിവർക്കൊക്കെ 'വലിയ്യ്' എന്നു പറയപ്പെ
ടുന്നതു ഒന്നാമത്തെ അടിസ്ഥാനത്തിലും, അനാഥയുടെ സ്വത്തു കൈകാര്യം ചെയ്യുന്നവർക്കും, കുട്ടികളുടെ രക്ഷാ
ധികാരികൾക്കും 'വലിയ്യ്' എന്നു പറയപ്പെടുന്നതു രണ്ടാമത്തെ അടിസ്ഥാനത്തിലുമാകുന്നു.

രണ്ടടിസ്ഥാനത്തിൽ നോക്കിയാലും അല്ലാഹു സത്യവിശ്വാസികളുടെ സാക്ഷാൽ വലിയ്യു തന്നെ. സംശയ
മില്ല. ഈ ആശയമാണ് (2: 257; 3: 68; 2: 107 മുതലായ വചനങ്ങളിൽ) 'അല്ലാഹു സത്യവിശ്വാസികളുടെ വലി
യ്യാണ്' എന്നും, 'അവനല്ലാതെ നിങ്ങൾക്ക വലിയ്യില്ല' എന്നും പോലെയുമുള്ള വാക്യങ്ങളിൽ അടങ്ങിയിരിക്കുന്നതു.
56-ാം വചനത്തിൽ തന്നെ ഇക്കാര്യം സൂചിപ്പിക്കപ്പെട്ടിട്ടുണ്ട്. ഭാഷാനിയമപ്രകാരം ബഹുവചനത്തിൻെറ അർത്ഥം
'വലിയ്യ്' എന്ന വാക്കിനു നൽകുവാൻ സാധ്യതയുണ്ടെങ്കിലും സാധാരണമായ ശൈലിയനുസരിച്ച് إنما أولياؤكم എന്നു
പറയാതെ ഏകവചനരൂപത്തിൽ ... إنما وليكم എന്നാണല്ലോ പറഞ്ഞിരിക്കുന്നത്. സാക്ഷാൽ വലിയ്യ് അല്ലാഹു മാ
ത്രമാണെന്നും, അവനെ വലിയ്യാക്കുന്നതിനെത്തുടർന്ന് റസൂലിനെയും, വിശ്വാസികളെയും വലിയ്യുകളാക്കലും ഏർ
പ്പെടുന്നുവെന്നുമാണ് ഇതു സൂചിപ്പിക്കുന്നത്. ഇമാം ബൈളാവീ (റ) മുതലായവർ ഇതു പ്രത്യേകം ചൂണ്ടിക്കാ
ട്ടിയിരിക്കുന്നു. ഖുർആൻെറ പ്രയോഗങ്ങളിൽ ഇത്തരം സൂചനകൾ സുലഭമാണ് താനും. എന്നാൽ, വിശ്വാസി
കളെ സംബന്ധിച്ചിടത്തോളം, അവർ സ്നേഹത്തിൻെറയും സഹായത്തിൻെറയും അടിസ്ഥാനത്തിലുള്ള വലിയ്യുക
ളല്ലാതെ കൈകാര്യകർത്തൃത്വത്തിൻെറ അടിസ്ഥാനത്തിലുള്ള വലിയ്യുകളാകുന്നില്ല. ഈ വാസ്തവം ഇമാം റാസീ(റ)
മുതലായ പല മഹാൻമാരും വ്യക്തമാക്കിയിട്ടുണ്ടെന്നു മാത്രമല്ല, ഖുർആൻെറ പ്രസ്താവനകളിൽ നിന്നു തന്നെ
അതു മനസ്സിലാക്കുകയും ചെയ്യാം. വേദക്കാരായ യഹൂദികളും ക്രിസ്ത്യാനികളും പരസ്പരം വലിയ്യുകളാണെന്നു
54-ാം വചനത്തിലും, അവിശ്വാസികൾ പരസ്പരം വലിയ്യുകളാണെന്ന് അൻഫാൽ 73ലും, മുനാഫിഖുകളും മുനാഫിഖാ
ത്തുകളും പരസ്പരം വലിയ്യുകളാണെന്ന് അൻഫാൽ 72ലും, സത്യവിശ്വാസികളായ പുരുഷൻമാരും സ്ത്രീകളും
പരസ്പരം വലിയ്യുകളാണെന്ന് തൗബഃ 71ലും, അക്രമികളായ ആളുകൾ പരസ്പരം വലിയ്യുകളാണെന്ന് ജാഥിയഃ
19ലും അല്ലാഹു പറയുന്നു. ഇവരെല്ലാവരും പരസ്പരം രക്ഷാധികാരികളോ കൈകാര്യകർത്താക്കളോ അല്ലെന്നും,
സ്നേഹബന്ധത്തിലും പരസ്പര സഹായത്തിലും നിലകൊള്ളുന്ന വലിയ്യുകൾ-അതെ, ബന്ധുമിത്രങ്ങൾ-മാത്ര
മാണെന്നും പറയേണ്ടതില്ലല്ലോ.

അപ്പോൾ, അല്ലാഹുവും റസൂലും വിശ്വസിച്ചവരും മാത്രമാണ് നിങ്ങളുടെ വലിയ്യുകൾ
എന്ന് ഒന്നിച്ചു പറയുമ്പോൾ, സ്നേഹത്തിൻെറയും സഹായത്തിൻെറയും അടിസ്ഥാനത്തിലുള്ള വലിയ്യുകൾ (إنما وليكم ....)
അഥവാ ബന്ധു മിത്രങ്ങൾ-എന്ന അർത്ഥത്തിലാണതെന്നു വ്യക്തമായി. അതേ സമയത്ത് അല്ലാഹുവിനെ
മാത്രം ഉദ്ദേശിച്ച് വലിയ്യ് എന്നു പറയുമ്പോൾ, 'ബന്ധുമിത്രം, രക്ഷാധികാരി, കൈകാര്യം നടത്തുന്നവൻ,
സഹായി' എന്നിങ്ങിനെയുള്ള അർത്ഥങ്ങൾ സന്ദർഭോചിതം അതിനു നൽകാവുന്നതുമാണ്. അടിസ്ഥാനരഹി
തമായ ചില തിവാദങ്ങളെ ആസ്പദമാക്കിയും, 'വലിയ്യ്' എന്ന വാക്കിനു 'കൈകാര്യ കർത്താവ്' എന്ന അർത്ഥം
വരുത്തുന്നതിനെ ചൂഷണം ചെയ്തുംകൊണ്ട് ശീഈ കക്ഷി അലി (റ) ഖലീഫയാകാൻ അർഹതയുള്ള
തെന്ന അവരുടെ തെറ്റായ വാദത്തിന് ഈ വചനങ്ങൾ തെളിവാക്കുവാൻ ശ്രമിക്കാറുണ്ട്. ഇതു സംബന്ധിച്ച് ഇമാം
റാസീ (റ) അദ്ദേഹത്തിൻെറ തഫ്സീറിൽ ഒരു നീണ്ട പ്രസ്താവന തന്നെ ചെയ്തുകാണാം. അതൊന്നും ഇവിടെ
ഉദ്ധരിക്കേണ്ടുന്ന ആവശ്യം കാണുന്നില്ല. 'വലിയ്യ്' എന്ന വാക്കിന് ശീഇകൾ സ്വീകരിച്ച അർത്ഥത്തെയും
അവരുടെ വാദമുഖങ്ങളിൽ ചിലതിനെയും ഖണ്ഡിച്ചുകൊണ്ട് പൊതുജനങ്ങളുടെ ശ്രദ്ധേയമായ അന്ധവിശ്വാ

സങ്ങളെ ന്യായീകരിക്കാനുള്ള ചില പണ്ഡിതൻമാർ ഇക്കാലത്ത് ഈ (58-ാം) വചനം ദുർവ്യാഖ്യാനം ചെയ്തു കുതലെടുക്കുന്നതായി കാണുന്നു. സ്വന്തക്കാരും മററുമായ ചില സത്യവിശ്വാസികൾക്കു ഈ ലോകകാര്യങ്ങളിൽ ചില അത്യാവശ്യമായ കൈകാര്യങ്ങൾ നടത്തുവാനുള്ള വഴിവുണ്ടെന്നും, അതുകൊണ്ട് അവരോടു അതിനായി അപേക്ഷിക്കാമെന്നുമാണ് അവരുടെ വ്യാഖ്യാനത്തിന്റെ തത്വം. ഇതാണ് തൽക്കാലം അവരോടു നമുക്കു പറയുവാനുള്ളത്. ഇബ്നുഅബ്ബാസ് (റ) യുടെ ചില വാക്യങ്ങളെടുത്തും, ശീആക്കളുടെ വാദമുഖങ്ങളെ-നമുക്കളിൽ ചൂണ്ടിക്കാണിച്ചും അല്ലാത്തവരുമായ പല വസ്തുതകളും നിരത്തിവെച്ചു കൊണ്ടു- ഖണ്ഡിച്ചു സംസാരിക്കുന്ന മദ്ധ്യെ അദ്ദേഹം പറഞ്ഞതിന്റെ സാരം ഇതാണ്:-

'...വേദക്കാരെയും അവിശ്വാസികളെയും വലിയ്യുകളാക്കരുതെന്നു പറഞ്ഞതിന്റെ അർത്ഥം അവരെ സഹായികളാക്കരുത് എന്നാണെന്നുള്ളതിൽ സംശയമില്ല. അപ്പോൾ إنما وليكم الله എന്നുള്ള ഈ ആയത്തിലും അതുതന്നെയാണർത്ഥം. നീതിപാലിക്കുകയും, കക്ഷിത്വം ഉപേക്ഷിക്കുകയും, ഈ ആയത്തിന്റെ മുമ്പും പിമ്പും പറഞ്ഞതു ചിന്തിക്കുകയും ചെയ്യുന്ന ഏതൊരാൾക്കും ഖണ്ഡിതമായി അറിയാം: .... إنما وليكم എന്ന ഈ ആയത്തിൽ പറയുന്ന 'വലിയ്യി'ന്റെ അർത്ഥം സഹായകനും സ്നേഹമുള്ളവനും എന്നല്ലാതെ മററൊന്നുമല്ലെന്നും, (കൈകാര്യം നടത്തുന്ന) നേതാവു എന്നു അതിനു അർത്ഥം വരുവാൻ നിവൃത്തിയില്ലെന്നും....'

വിഭാഗം-9

60. ഹേ, വിശ്വസിച്ചവരേ, നിങ്ങളുടെ മുമ്പ് വേദഗ്രന്ഥം നൽകപ്പെട്ടവരിൽ നിന്ന് നിങ്ങളുടെ മതത്തെ പരിഹാസവും കളിയുമാക്കിത്തീർത്തവരെയും, (നിഷേധികളായ) അവിശ്വാസികളെയും നിങ്ങൾ ബന്ധുമിത്രങ്ങളാക്കി വെക്കരുതു.

നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യുവിൻ- നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ.

يَا أَيُّهَا الَّذِينَ آمَنُوا لَا تَتَّخِذُوا الَّذِينَ اتَّخَذُوا دِينَكُمْ هُزُوًا وَلَعِبًا مِّنَ الَّذِينَ أُوتُوا الْكِتَابَ مِن قَبْلِكُمْ وَالْكُفَّارَ أَوْلِيَاءَ ۚ وَاتَّقُوا اللَّهَ إِن كُنتُم مُّؤْمِنِينَ ○

---

60. يا أيها الذين آمنوا ഹേ വിശ്വസിച്ചവരേ لا تتخذوا നിങ്ങൾ ആക്കിവെക്ക(സ്വീകരിക്ക)രുത് الذين اتخذوا ആക്കിത്തീർത്തവരെ دينكم നിങ്ങളുടെ മതത്തെ هزوا പരിഹാസം ولعبا കളിയും, വിളയാട്ടം من الذين യാതൊരുകൂട്ടരിൽനിന്നു أوتوا الكتاب ഗ്രന്ഥം നൽകപ്പെട്ട من قبلكم നിങ്ങളുടെ മുമ്പു والكفار അവിശ്വാസികളെയും, നിഷേധികളെയും أولياء ബന്ധുമിത്രങ്ങൾ واتقوا الله അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യുവിൻ إن كنتم നിങ്ങളാണെങ്കിൽ مؤمنين സത്യവിശ്വാസികൾ

സത്യനിഷേധികളായ എല്ലാ അവിശ്വാസികൾക്കും كفار (കുഫ്ഫാർ) എന്നു പറയപ്പെടുമെങ്കിലും വേദക്കാരെപ്പററി ആദ്യം പ്രത്യേകം എടുത്തു പറഞ്ഞിരിക്കകൊണ്ടു ഇവിടെ അതുകൊണ്ടു ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതു മുശ്‌രിക്കുകളാണെന്ന് മനസ്സിലാക്കാം. ഇസ്‌ലാമിനെപ്പററി പരിഹസിക്കലും, കളിയാക്കലും വേദക്കാരുടെയും മുശ്‌രിക്കുകളുടെയും പതിവുതന്നെ. പക്ഷെ, മുശ്‌രിക്കുകളെ അപേക്ഷിച്ചു പല നിലക്കും അതിൽ നിന്നു ഒഴിഞ്ഞു നിൽക്കേണ്ടവരാണു വേദക്കാർ. അതുകൊണ്ടും, സംസാരവിഷയം പ്രധാനമായും വേദക്കാരെ പരാമർശിച്ചുകൊണ്ടുള്ളതാകകൊണ്ടുമായിരിക്കാം മതത്തെ പരിഹസിക്കുന്നവരും കളിയാക്കുന്നവരുമെന്ന് അവരെ പ്രത്യേകം വിശേഷിപ്പിച്ചതു് അല്ലാഹുവിനറിയാം. والكفار (വൽകുഫ്ഫാറ) എന്നതിന്റെ സ്ഥാനത്തു 'വൽ-കുഫ്ഫാറി' എന്നും വായിക്കപ്പെട്ടിട്ടുണ്ട്. ഇതനുസരിച്ച് 'വേദക്കാരിൽ നിന്നും അവിശ്വാസികളിൽ നിന്നും മതത്തെ പരിഹാസവും കളിയുമാക്കിത്തീർത്തവരെ ബന്ധുമിത്രങ്ങളാക്കരുത്.' എന്നായിരിക്കും അർത്ഥം. വേദക്കാരെക്കുറിച്ചു സംസാരിക്കുന്ന സന്ദർഭമാകകൊണ്ടു അവരെ പ്രത്യേകം എടുത്തു പറഞ്ഞശേഷം, എല്ലാ അവിശ്വാസികളുടെ സ്ഥിതിയും അങ്ങിനെത്തന്നെ എന്നു പൊതുവിൽ പറഞ്ഞതായിരിക്കും അപ്പോൾ അത്. അവരുടെ പരിഹാസത്തിനു ഒരു ഉദാഹരണം അല്ലാഹു ചൂണ്ടിക്കാട്ടുന്നു:-

61. നിങ്ങൾ നമസ്കാരത്തിലേക്കു (ബാങ്കു) വിളിച്ചാൽ, അവരതിനെ പരിഹാസവും, കളിയുമാക്കിത്തീർക്കുന്നു. അതു, അവർ (ബുദ്ധി കൊടുത്തു) ഗ്രഹിക്കാത്ത ഒരു ജനതയാണെന്നുള്ളതു കൊണ്ടത്രെ.

٦١- وَإِذَا نَادَيْتُمْ إِلَى الصَّلَوٰةِ
اتَّخَذُوهَا هُزُوًا وَلَعِبًا
ذَٰلِكَ بِأَنَّهُمْ قَوْمٌ لَّا يَعْقِلُونَ ۝

---

61. وإذا ناديتم നിങ്ങൾ വിളിച്ചാൽ إلى الصلوة നമസ്കാരത്തിലേക്കു اتخذوها അതിനെ അവർ ആക്കും هزوا പരിഹാസം ولعبا കളിയും ذلك അതു بأنهم قوم അവർ ഒരു ജനതയാണെന്നുള്ളതുകൊണ്ടാണു لا يعقلون ബുദ്ധി കൊടുക്കാത്ത, ഗ്രഹിക്കാത്ത

ബാങ്കുവിളി കേൾക്കുമ്പോൾ അതിനെയും, നമസ്കാരത്തെയും ചില യഹൂദികളും ക്രിസ്ത്യാനികളും പരിഹസിച്ചു സംസാരിച്ചിരുന്നതായ ചില സംഭവങ്ങൾ നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്. അവരുടെ ബുദ്ധിശൂന്യതയും വിവരക്കേടുമാണ് ഇതിനു കാരണമെന്ന് അവസാനത്തെ വാക്യം ചൂണ്ടിക്കാട്ടുന്നു.

62. (നബിയേ) പറയുക: 'വേദക്കാരേ, ഞങ്ങളെക്കുറിച്ചു നിങ്ങൾ (വല്ലതും) അധിക്ഷേപിക്കുന്നുവോ? ഞങ്ങൾ അല്ലാഹുവിലും, ഞങ്ങൾക്കു അവതരിപ്പിക്കപ്പെട്ടിട്ടുള്ളതിലും, മുമ്പ് അവതരിപ്പിക്കപ്പെട്ടിട്ടുള്ളതിലും വിശ്വസിച്ചുവെന്നുള്ളതും, നിങ്ങളിൽ അധികമാളും തോന്നിയവാസികളാണെന്നുള്ളതുമല്ലാതെ!'

٦٢- قُلْ يَٰٓأَهْلَ الْكِتَٰبِ
هَلْ تَنقِمُونَ مِنَّآ إِلَّآ أَنْ ءَامَنَّا بِاللَّهِ
وَمَآ أُنزِلَ إِلَيْنَا
وَمَآ أُنزِلَ مِن قَبْلُ
وَأَنَّ أَكْثَرَكُمْ فَٰسِقُونَ ۝

---

62. قل പറയുക يا أهل الكتاب വേദക്കാരേ هل تنقمون നിങ്ങൾ അധിക്ഷേപിക്കുന്നുവോ, കുറ്റപ്പെടുത്തുന്നോ منا ഞങ്ങളെക്കുറിച്ചു إلا أن آمنا ഞങ്ങൾ വിശ്വസിച്ചുവെന്നല്ലാതെ بالله അല്ലാഹുവിൽ وما أنزل إلينا ഞങ്ങൾക്കു അവതരിപ്പിക്കപ്പെട്ടതിലും وما أنزل അവതരിപ്പിക്കപ്പെട്ടതിലും من قبل മുമ്പു وأن أكثركم നിങ്ങളിൽ അധികമാളുകളാണെന്നതും فاسقون തോന്നിയവാസികൾ, ധിക്കാരികൾ

ഞങ്ങൾ അല്ലാഹുവിൽ ശരിക്കും വിശ്വസിച്ചവരാണ്, ഞങ്ങളുടെ വേദഗ്രന്ഥമാകുന്ന ഖുർആനിലും, അതിന്റെ മുമ്പുള്ള എല്ലാ വേദഗ്രന്ഥങ്ങളിലും ഞങ്ങൾ വിശ്വസിക്കുന്നു. ഇതാണല്ലോ നിങ്ങൾക്കു ഞങ്ങളെപ്പറ്റി ആക്ഷേപിക്കുവാനുള്ള കാരണം. ഇതല്ലാതെ, ആക്ഷേപ വിധേയമായ ഒരു തെറ്റും ഞങ്ങൾ ചെയ്തിട്ടില്ല. ഇതു ആക്ഷേപിക്കപ്പെടേണ്ടുന്ന ഒരു വിഷയമാണോ? ഇതിന്റെ പേരിൽ നിങ്ങൾ ഞങ്ങളെ ആക്ഷേപിക്കുവാൻ കാരണം നിങ്ങളിലുള്ള ഭൂരിഭാഗം ആളുകളും തോന്നിയവാസികളും ധിക്കാരികളുമാണെന്നുള്ളതു മാത്രമാകുന്നു. അല്ലാത്തപക്ഷം, ഞങ്ങളിൽ ഒരിക്കലും ഈ ആക്ഷേപത്തിനു കാരണമില്ല എന്നു സാരം.

63. പറയുക: 'അല്ലാഹുവിന്റെ അടുക്കൽ അതിനെക്കാൾ പ്രതിഫലം ദോഷമായവരെപ്പറ്റി ഞാൻ നിങ്ങൾക്ക് വിവരമറിയിക്കട്ടെയോ? യതൊരുവരെ അല്ലാഹു ശപിക്കുകയും, അവരുടെ മേൽ അവൻ കോപിക്കുകയും ചെയ്തിരിക്കുന്നുവോ അവരാണു (അതു);

٦٣- قُلْ هَلْ أُنَبِّئُكُم بِشَرٍّ مِّن ذَٰلِكَ
مَثُوبَةً عِندَ اللَّهِ
مَن لَّعَنَهُ اللَّهُ وَغَضِبَ عَلَيْهِ

(അതെ) അവരിൽ നിന്നും (ചിലരെ) അവൻ കുരങ്ങുകളും പന്നികളുമാക്കുകയും ചെയ്തിരിക്കുന്നു; അവർ 'ത്വാഗൂത്തി'നെ (ദുർമ്മൂർത്തിയെ) ആരാധിക്കുകയും ചെയ്തിരിക്കുന്നു (ഇങ്ങിനെയുള്ളവർ).

وَجَعَلَ مِنْهُمُ الْقِرَدَةَ وَالْخَنَازِيرَ وَعَبَدَ الطَّاغُوتَ

അക്കൂട്ടർ, (ഏററം) സ്ഥാനം മോശമായവരും, ശരിയായ മാർഗ്ഗം വിട്ട് ഏററം പിഴച്ചുപോയവരുമാകുന്നു.'

أُولَٰئِكَ شَرٌّ مَكَانًا وَأَضَلُّ عَنْ سَوَاءِ السَّبِيلِ ۝

---

60. قُلْ പറയുക هَلْ أُنَبِّئُكُمْ ഞാൻ നിങ്ങൾക്കു വിവരമറിയിക്കട്ടെയോ, നിങ്ങളെ ബോധപ്പെടുത്തട്ടെയോ بِشَرٍّ മോശമായവരെപ്പററി مِنْ ذَٰلِكَ അതിനെക്കാൾ مَثُوبَةً പ്രതിഫലം, പ്രതിഫലത്തിൽ عِنْدَ اللَّهِ അല്ലാഹുവിൻെറ അടുക്കൽ مَنْ യാതൊരുവനാണു, ആരോ ആകുന്നു لَعَنَهُ اللَّهُ അവനെ (അവരെ) അല്ലാഹു ശപിച്ചിരിക്കുന്നു وَغَضِبَ عَلَيْهِ അവൻെറ (അവരുടെ)മേൽ അവൻ കോപിക്കുകയും ചെയ്തിരിക്കുന്നു وَجَعَلَ مِنْهُمُ അവരിൽ നിന്നും അവൻ ആക്കുക (ഉണ്ടാക്കുക)യും ചെയ്തു الْقِرَدَةَ കുരങ്ങുകളെ وَالْخَنَازِيرَ പന്നികളെയും وَعَبَدَ അവൻ (അവർ) ആരാധിക്കുകയും ചെയ്തിരിക്കുന്ന الطَّاغُوتَ ദുർമ്മൂർത്തിയെ أُولَٰئِكَ അക്കൂട്ടർ شَرٌّ (കൂടുതൽ-ഏററം) മോശമാണു مَكَانًا സ്ഥാനം, സ്ഥാനത്താൽ وَأَضَلُّ അധികം പിഴച്ചവരാണു عَنْ سَوَاءِ السَّبِيلِ ശരിയായ മാർഗ്ഗം വിട്ടു

വേദക്കാർക്കു-യഹൂദികൾക്കു വിശേഷിച്ചും-ഒരു വായടപ്പൻ മറുപടിയാണിത്. ഏററവും നല്ല നിലയിൽ പ്രശംസിക്കപ്പെടുവാൻ അവകാശപ്പെട്ട ചില ഗുണങ്ങളുടെ പേരിലാണല്ലോ നിങ്ങൾ ഞങ്ങളെപ്പററി അധിക്ഷേപങ്ങൾ പുറപ്പെടുവിച്ചു കൊണ്ടിരിക്കുന്നത്. എന്നാൽ, നിങ്ങൾ നിങ്ങളുടെ സ്ഥിതി ഒന്നാലോചിച്ചു നോക്കുക. പല നിലക്കും ഞങ്ങളെക്കാൾ ഏററവും മോശമായ അവസ്ഥയാണു നിങ്ങളുടേത്. അല്ലാഹുവിൻെറ ശാപകോപങ്ങളുടെ ഒരു നീണ്ട പാരമ്പര്യം നിങ്ങൾക്കുണ്ട്. എത്രത്തോളമെന്നാൽ, നിങ്ങളുടെ സമൂഹത്തിൽ പെട്ട ചിലരെ അല്ലാഹു കുരങ്ങൻമാരും പന്നികളുമാക്കി മാററുക പോലും ചെയ്തിരിക്കുന്നു. അല്ലാഹു അല്ലാത്തവരെ ആരാധിച്ചുകൂടാ എന്നുള്ളതാണല്ലോ മതത്തിൻെറ ഏററവും കാതലായ വശം. എന്നിട്ടും നിങ്ങൾ ചില ദുർമ്മൂർത്തികളെ ആരാധിക്കുകയും ചെയ്തിരിക്കുന്നു. ഇങ്ങിനെയുള്ള നിങ്ങളാണ് ഏററവും മോശപ്പെട്ടവരും വഴിപിഴച്ചവരും. എന്നിരിക്കെ, സത്യവിശ്വാസം സ്വീകരിക്കുകയും, ദിവ്യഗ്രന്ഥങ്ങളെയെല്ലാം ശരിവെക്കുകയും, അല്ലാഹുവിനെമാത്രം ആരാധിക്കുകയും ചെയ്യുന്ന ഞങ്ങളെ ആക്ഷേപിക്കുവാനും കുററപ്പെടുത്തുവാനും നിങ്ങൾക്കെന്തവകാശമാണുള്ളതു? എന്നിങ്ങിനെയാണു ഈ വചനത്തിൻെറ സാരം.

യഹൂദികളുടെമേൽ അല്ലാഹുവിൻെറ കോപശാപങ്ങളുണ്ടെന്നു ഖുർആനിൽ പല സ്ഥലത്തും അല്ലാഹു പ്രസ്താവിച്ചിട്ടുള്ളതാണ്. ശബ്ബത്തു നാളിൽ അവർ ചെയ്ത അക്രമത്തെത്തുടർന്നു അവരിൽ ചിലരെ കുരങ്ങുകളാക്കി കോലം മാറ്റിയതിനെപ്പററി അൽബഖഃ 65ലും, അഅ്റാഫ് 166ലും പ്രസ്താവിച്ചിരിക്കുന്നു. എന്നാൽ, അവരിൽ ചിലരെ പന്നികളാക്കിയ വിവരം അവിടങ്ങളിലൊന്നും പ്രസ്താവിക്കപ്പെട്ടിട്ടില്ല. ശബ്ബത്തു നാളിൻെറ സംഭവത്തിൽ ചിലർ കുരങ്ങുകളായി മാറ്റപ്പെട്ടതുപോലെ, ചിലർ പന്നികളായി മാറ്റപ്പെടുകയും ഉണ്ടായിട്ടുണ്ടെന്നും, ആ സന്ദർഭത്തിലല്ല-വേറെ സന്ദർഭത്തിലാണ്-അതുണ്ടായതെന്നുമൊക്കെ പറയപ്പെടുന്നുണ്ട്. അല്ലാഹുവിനറിയാം. ഒന്നും ഉറപ്പിച്ചു പറയത്തക്ക തെളിവുകളില്ല. ചിലർക്കു കുരങ്ങുകളുടെയും പന്നികളുടെയും സ്വഭാവം നൽകി അധഃപതിപ്പിക്കുകയുണ്ടായെന്നാണ് ഉദ്ദേശ്യമെന്നു ചില ആളുകൾ പറഞ്ഞു കാണുന്നു. ഖുർആൻെറ വാചകവും, ചില ഹദീസുകളും നോക്കുമ്പോൾ ഈ അഭിപ്രായം സ്വീകരിക്കുവാൻ മാർഗ്ഗം കാണുന്നില്ല. കോലം മാറ്റപ്പെട്ടവരുടെ സന്തതികളാണോ കുരങ്ങുകളും പന്നികളും? എന്നു നബി (സ) യോടു ചോദിക്കപ്പെട്ടുവെന്നും, കോലം മാറ്റപ്പെട്ടവർക്കു സന്തതിയും പിൻതുടർച്ചയും ഉണ്ടായിട്ടില്ല, കുരങ്ങുകളും പന്നികളും അതിനു മുമ്പുതന്നെ ഉണ്ടായിരുന്നുവെന്നു നബി (സ) മറുപടി പറഞ്ഞുവെന്നും ഇബ്നുമസ്ഊദ് (റ) പ്രസ്താവിച്ചതായി മുസ്ലിം (റ) ഉദ്ധരിച്ചിരിക്കുന്നു. അബൂഹുറൈറ(റ)യുടെയും ഇമാം അഹ്മദിൻെറയും (റ) രിവായത്തിൽ, കുരങ്ങുകളും പന്നികളും യഹൂദികളുടെ സന്തതികളാണോ എന്നാണ് ആ ചോദ്യത്തിലെ വാചകം. യഹൂദികൾ കുരങ്ങു

[illegible] വിടെ [illegible] ഈ ഹദീസുകളിൽ നിന്നു വ്യക്തമാകുന്നത്. [illegible] നമുക്കു മനസ്സിലാക്കുകയും ചെയ്യാം.

طاغوت (ത്വാഗൂത്ത്) എന്ന വാക്കിന്റെ അർത്ഥം, പ്രയോഗം എന്നിവയെ സംബന്ധിച്ചു അൽബഖറ 256, 257 എന്നീ ആയത്തുകളുടെ വ്യാഖ്യാനത്തിലും മറ്റും നാം കുറച്ചു വിവരിച്ചു കഴിഞ്ഞിട്ടുണ്ട്. അല്ലാഹു അല്ലാത്ത [illegible] എന്നും ആരാധിക്കപ്പെടുന്നതിനെ അവിടെ നാം ചൂണ്ടിക്കാട്ടി [illegible] അല്ലാഹുവിന്റെ ആജ്ഞാ നിർദ്ദേശങ്ങൾക്ക് പകരം [illegible] പുരോഹിതന്മാരുടെ നിയമ നിർദ്ദേശങ്ങളെ [illegible] ആരാധന [illegible] 'അവർ ത്വാഗൂത്തിനെ ആരാധിച്ചു' എന്നു പറഞ്ഞതു. والله اعلم

64. അവർ നിങ്ങളുടെ അടുക്കൽ വരുമ്പോൾ 'ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു' എന്നു അവർ പറയുന്നതാണ്. (വാസ്തവത്തിൽ) അവിശ്വാസത്തോടുകൂടിത്തന്നെ അവർ കടന്നുവന്നിട്ടുള്ളതു; അവർ അതുമായി (തന്നെ) പുറത്തു പോകുകയും ചെയ്തിരിക്കയാണു. അല്ലാഹുവാകട്ടെ, അവർ ഒളിച്ചുവെച്ചുകൊണ്ടിരിക്കുന്നതിനെപ്പറ്റി നല്ലവണ്ണം അറിയുന്നവനാകുന്നു.

٦٤- وَإِذَا جَاءُوكُمْ قَالُوا آمَنَّا وَقَدْ دَخَلُوا بِالْكُفْرِ وَهُمْ قَدْ خَرَجُوا بِهِ ۚ وَاللَّهُ أَعْلَمُ بِمَا كَانُوا يَكْتُمُونَ ○

65. അവരിൽ നിന്നു പലരെയും കുറ്റത്തിലും, അതിക്രമത്തിലും, നിഷിദ്ധ (ധന)ത്തെ തിന്നുന്നതിലും അവർ ധൃതികൂട്ടിക്കൊണ്ടിരിക്കുന്നതായി നിനക്കു കാണാവുന്നതാണു.

അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതു വളരെ ചീത്ത തന്നെ!

٦٥- وَتَرَىٰ كَثِيرًا مِّنْهُمْ يُسَارِعُونَ فِي الْإِثْمِ وَالْعُدْوَانِ وَأَكْلِهِمُ السُّحْتَ ۚ لَبِئْسَ مَا كَانُوا يَعْمَلُونَ ○

66. അവർ കുറ്റമായതു പറയുന്നതിനെയും, അവർ നിഷിദ്ധ (ധന)ത്തെ തിന്നുന്നതിനെയും സംബന്ധിച്ചു റബ്ബാനീകളും [പുണ്യപുരുഷൻമാരും], പണ്ഡിതൻമാരും അവരെ എന്തുകൊണ്ടു വിരോധിക്കുന്നില്ല?!

അവർ പ്രവർത്തിച്ചു (തൊഴിലാക്കി) കൊണ്ടിരിക്കുന്നതു വളരെ ചീത്ത തന്നെ!

٦٦- لَوْلَا يَنْهَاهُمُ الرَّبَّانِيُّونَ وَالْأَحْبَارُ عَن قَوْلِهِمُ الْإِثْمَ وَأَكْلِهِمُ السُّحْتَ ۚ لَبِئْسَ مَا كَانُوا يَصْنَعُونَ ○

---

64. وَإِذَا جَاءُوكُمْ അവർ നിങ്ങളുടെ അടുക്കൽ വന്നാൽ قَالُوا അവർ പറയുന്നതാണ് آمَنَّا ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു وَقَد دَّخَلُوا അവർ കടന്നുവന്നിട്ടുണ്ടു താനും بِالْكُفْرِ അവിശ്വാസത്തോടെ وَهُمْ അവർ قَدْ خَرَجُوا പുറത്തുപോകയും ചെയ്തിരിക്കുന്നു بِهِ അതുകൊണ്ടു, അതുമായി, അതോടെ وَاللَّهُ അല്ലാഹു أَعْلَمُ ഏറ്റം (അധികം-വളരെ) അറിയുന്നവനാണ് بِمَا كَانُوا അവർ ആയിരുന്നതിനെപ്പറ്റി يَكْتُمُونَ ഒളിച്ചു(മറച്ചു-മൂടി)വെക്കു. 65. وَتَرَىٰ നീ കാണും, നിനക്കു കാണാം كَثِيرًا പലരെയും, വളരെ ആളുകളെ مِّنْهُمْ അവരിൽനിന്നു يُسَارِعُونَ അവർ ധൃതി കൂട്ടുന്നതായി فِي الْإِثْمِ കുറ്റത്തിൽ (പാപത്തിൽ) وَالْعُدْوَانِ അതിക്രമത്തിലും وَأَكْلِهِمُ അവർ തിന്നുന്നതിലും السُّحْتَ ഹറാമിനെ, നിഷിദ്ധത്തെ لَبِئْسَ വളരെ മോശം(ചീത്ത)തന്നെ مَا كَانُوا അവരായിരുന്നതു, ആയിക്കൊണ്ടിരിക്കുന്നതു يَعْمَلُونَ അവർ പ്രവർത്തിക്കും. 66. لَوْلَا എന്തുകൊണ്ടില്ല, ആയിക്കൂടേ يَنْهَاهُمُ അവരെ വിരോധിക്കുക الرَّبَّانِيُّونَ റബ്ബാനികൾ, പുണ്യപുരുഷൻമാർ وَالْأَحْبَارُ പണ്ഡിതൻമാരും, വേദശാസ്ത്രിമാരും عَن قَوْلِهِمُ അവർ പറയുന്നതിനെപ്പറ്റി الْإِثْمَ പാപം وَأَكْلِهِمُ അവർ തിന്നുന്നതിനെയും السُّحْتَ ഹറാം, നിഷിദ്ധം لَبِئْسَ വളരെ മോശം മാ كَانُوا അവരായിരുന്നതു, ആയി വരുന്നതു يَصْنَعُونَ തൊഴിലാക്കുക, പ്രവർത്തിച്ചുണ്ടാക്കുക

യഹൂദികളില്‍പെട്ടവരായിരുന്ന ചില കപടന്മാരെക്കുറിച്ചാണു ആദ്യത്തെ പരാമര്‍ശം. നബി (സ)യുടെയും സഹാബികളുടെയും അടുക്കല്‍ വരുമ്പോള്‍ അവര്‍ വിശ്വാസികളായി അഭിനയിക്കും. വാസ്തവമാകട്ടെ, ഹൃദയത്തില്‍ അവിശ്വാസവും നിഷേധവും ഒളിച്ചുവെച്ചും കൊണ്ടായിരിക്കും അവരുടെ വരവ്. ചില അവിശ്വാസികളായ ആളുകള്‍ നബി (സ)യുടെ അടുക്കല്‍ വന്നാല്‍ അവിടുത്തെ ഉപദേശങ്ങള്‍ കേട്ട് അവര്‍ക്ക് മനഃപരിവര്‍ത്തനം ഉണ്ടാകാറുണ്ട്. ഇവര്‍ക്കു അതും സംഭവിക്കാറില്ല. ഇവര്‍ വന്നപ്പോഴുള്ള അതേ അവിശ്വാസത്തോടും നിഷേധത്തോടും കൂടിത്തന്നെയായിരിക്കും ഇവരുടെ മടക്കവും. ഈ ഒളിച്ചുകളിയൊന്നും അല്ലാഹുവിങ്കല്‍ വിലപ്പോകുകയില്ല. യഥാര്‍ത്ഥം അവന്‍ നല്ലപോലെ അറിയും എന്നു സാരം.

യഹൂദികളില്‍ പരക്കെയുള്ള ചില ദുസ്സ്വഭാവങ്ങളാണ് അടുത്ത വചനങ്ങളില്‍ പരാമര്‍ശിക്കപ്പെട്ടിരിക്കുന്നതു. പാപകരവും കുറ്റകരവുമായ കാര്യങ്ങള്‍ പറയുക, പ്രവര്‍ത്തിക്കുക, നിയമാതിര്‍ത്തികളും ധാര്‍മ്മിക വരമ്പുകളും അതിലംഘിക്കുക, കൈക്കൂലി പലിശപോലുള്ള ഹറാമായ ധനം ഉപയോഗിക്കുക എന്നിങ്ങിനെയുള്ള കാര്യങ്ങളില്‍ യാതൊരു മടിയും കൂടാതെ വ്യാപൃതരാവുക അവരുടെ തൊഴിലായിത്തീര്‍ന്നിരിക്കുന്നു. അത്തരം കാര്യങ്ങളെക്കുറിച്ചു അവരെ ഗുണദോഷിക്കുവാനും വിലക്കുവാനും ബാധ്യസ്ഥരായ അവരുടെ പുണ്യപുരുഷന്മാരും പണ്ഡിതപൂജാരികളുമാകട്ടെ, അവരുടെ കടമ നിര്‍വ്വഹിച്ചിരുന്നതുമില്ല. അവര്‍ മൗനാനുവാദം നല്‍കിയും മറ്റും അവര്‍ക്കു പ്രോത്സാഹനം നല്‍കുകയാണു ചെയ്തതു. അങ്ങനെ, ഇരുകൂട്ടരും ഒരേ തരം ചീത്തപ്പെട്ടു കഴിഞ്ഞിരിക്കുന്നുവെന്നാണ് ആ പരാമര്‍ശത്തിന്റെ ചുരുക്കം. അല്ലാഹു തുടരുന്നു:-

٦٤- وَقَالَتِ الْيَهُودُ يَدُ اللَّهِ مَغْلُولَةٌ ۚ غُلَّتْ أَيْدِيهِمْ وَلُعِنُوا بِمَا قَالُوا ۘ

67. യഹൂദികള്‍ പറയുന്നു: 'അല്ലാഹുവിന്റെ കൈ (കുടുക്കി) ബന്ധിക്കപ്പെട്ടതാണ്' എന്ന്!-അവരുടെ കൈകള്‍ (കുടുക്കി) ബന്ധിക്കപ്പെടട്ടെ! അവര്‍ (ആ) പറഞ്ഞതു നിമിത്തം അവര്‍ ശപിക്കപ്പെടുകയും ചെയ്യട്ടെ! (അഥവാ അവ ബന്ധിക്കപ്പെടുകയും അവര്‍ ശപിക്കപ്പെടുകയും ചെയ്തിരിക്കുന്നു.)

بَلْ يَدَاهُ مَبْسُوطَتَانِ يُنفِقُ كَيْفَ يَشَاءُ ۚ

(അങ്ങനെയല്ല-) പക്ഷേ, അവന്റെ രണ്ടു കൈകളും (നീട്ടി) നിവര്‍ത്തപ്പെട്ടവയാകുന്നു; അവന്‍ എങ്ങിനെ ഉദ്ദേശിക്കുന്നുവോ (അതുപ്രകാരം) അവന്‍ ചിലവഴിക്കുന്നു.

وَلَيَزِيدَنَّ كَثِيرًا مِّنْهُم مَّا أُنزِلَ إِلَيْكَ مِن رَّبِّكَ طُغْيَانًا وَكُفْرًا ۚ

നിന്റെ റബ്ബിങ്കല്‍നിന്നു നിനക്കു അവതരിക്കപ്പെട്ടിട്ടുള്ളതു അവരില്‍ വളരെ പേര്‍ക്കും ധിക്കാരവും അവിശ്വാസവും വര്‍ദ്ധിപ്പിക്കുകതന്നെ ചെയ്യുന്നു.

وَأَلْقَيْنَا بَيْنَهُمُ الْعَدَاوَةَ وَالْبَغْضَاءَ إِلَىٰ يَوْمِ الْقِيَامَةِ ۚ

അവര്‍ക്കിടയില്‍ ഖിയാമത്തു നാള്‍വരെക്കും നാം ശത്രുതയും, വിദ്വേഷവും ഇട്ടിരിക്കുകയാണ്.

---

67. وَقَالَتِ الْيَهُودُ യഹൂദികള്‍ പറഞ്ഞു, പറയുന്നു يَدُ اللَّهِ അല്ലാഹുവിന്റെ കൈ مَغْلُولَةٌ ബന്ധിക്കപ്പെട്ടതാണു, കുടുക്കപ്പെട്ടതാണു غُلَّتْ ബന്ധിക്കപ്പെടട്ടെ, ബന്ധിക്കപ്പെട്ടിരിക്കുന്നു أَيْدِيهِمْ അവരുടെ കൈകള്‍ وَلُعِنُوا അവര്‍ ശപിക്കപ്പെടുകയും ചെയ്യട്ടെ, ശപിക്കപ്പെടുകയും ചെയ്തിരിക്കുന്നു بِمَا قَالُوا അവര്‍ പറഞ്ഞതു നിമിത്തം بَلْ പക്ഷെ, എന്നാല്‍ يَدَاهُ അവന്റെ രണ്ടു കൈകള്‍ مَبْسُوطَتَانِ വിരുത്ത(പരത്ത-നിവര്‍ത്ത)പ്പെട്ടതാണു يُنفِقُ അവന്‍ ചിലവഴിക്കും كَيْفَ يَشَاءُ അവനെങ്ങിനെ ഉദ്ദേശിക്കുന്നുവോ (അങ്ങിനെ), ഉദ്ദേശിക്കുന്ന പ്രകാരം وَلَيَزِيدَنَّ വര്‍ദ്ധിപ്പിക്കുകതന്നെ ചെയ്യും كَثِيرًا مِّنْهُم അവരില്‍ വളരെ പേര്‍ക്കും مَّا أُنزِلَ അവതരിക്കപ്പെട്ടതു إِلَيْكَ നിനക്കു, നിന്നിലേക്കു مِن رَّبِّكَ നിന്റെ റബ്ബില്‍നിന്നു طُغْيَانًا അതിരു കവിച്ചല്‍, ധിക്കാരം وَكُفْرًا അവിശ്വാസവും وَأَلْقَيْنَا നാം ഇടുകയും (ഏര്‍പ്പെടുത്തുകയും) ചെയ്തിരിക്കുന്നു بَيْنَهُمُ അവര്‍ക്കിടയില്‍ الْعَدَاوَةَ ശത്രുത وَالْبَغْضَاءَ വിദ്വേഷവും, ഈര്‍ഷ്യതയും إِلَىٰ يَوْمِ الْقِيَامَةِ ഖിയാമത്തുനാള്‍ വരെ

كُلَّمَآ أَوْقَدُوا۟ نَارًا لِّلْحَرْبِ أَطْفَأَهَا ٱللَّهُ ۚ وَيَسْعَوْنَ فِى ٱلْأَرْضِ فَسَادًا ۚ

യുദ്ധത്തിനുവേണ്ടി അവർ വല്ല തീയും കത്തിക്കുമ്പോഴൊക്കെ അല്ലാഹു അതിനെ കെടുത്തിക്കളയുന്നു; ഭൂമിയിൽ കുഴപ്പത്തിനായി അവർ പരിശ്രമം നടത്തുകയും ചെയ്യുന്നു.

وَٱللَّهُ لَا يُحِبُّ ٱلْمُفْسِدِينَ ۝

അല്ലാഹുവാകട്ടെ, കുഴപ്പമുണ്ടാക്കുന്നവരെ ഇഷ്ടപ്പെടുന്നുമില്ല.

كُلَّمَا أَوْقَدُوا അവർ കത്തിക്കുമ്പോഴെല്ലാം نَارًا തീ لِلْحَرْبِ യുദ്ധത്തിനു, പടക്കു أَطْفَأَهَا അതിനെ കെടുക്കുന്നതാണു ٱللَّهُ അല്ലാഹു وَيَسْعَوْنَ അവർ പരിശ്രമിക്കു (ഓടിനടക്കു)കയും ചെയ്യുന്നു فِى ٱلْأَرْضِ ഭൂമിയിൽ فَسَادًا കുഴപ്പത്തിനു, നാശത്തിന് وَٱللَّهُ അല്ലാഹുവാകട്ടെ لَا يُحِبُّ ഇഷ്ടപ്പെടുകയില്ല ٱلْمُفْسِدِينَ കുഴപ്പം (നാശം) ഉണ്ടാക്കുന്നവരെ

വേദക്കാരെ സംബന്ധിച്ചു പൊതുവായും, യഹൂദികളെ സംബന്ധിച്ചു പ്രത്യേകമായും [illegible] കൊണ്ടുള്ള പ്രസ്താവനകളാണല്ലോ കഴിഞ്ഞ ഏതാനും വചനങ്ങൾ മുതൽ തുടർന്നു വരുന്നത്. [illegible] മികൾക്കിടയിൽ തെററായ പല സംസാരങ്ങളും പ്രചരിച്ചിട്ടുണ്ടായിരുന്നുവെന്നു [illegible] കയുണ്ടായി. അതിനൊരു ഉദാഹരണമാണ് ഈ വചനത്തിൽ കാണുന്നതു. [illegible] കഴിവുണ്ടായിരുന്നാൽപോലും—ദാരിദ്ര്യജീവിതം സ്വീകരിച്ചുവരുന്ന ഒരു സമുദായമാണ് യഹൂദികൾ. [illegible] ക്ഷേമൈശ്വര്യങ്ങളിൽ മികച്ചു നിന്നിരുന്ന അവർ അല്ലാഹുവിന്റെ കോപാപാത്രങ്ങളാ[illegible] ദാരിദ്ര്യം അവർക്കൊരു നിത്യശാപമായിത്തീർന്നു. ഇതിൽ നിന്നാണ് അല്ലാഹുവിനെക്കുറിച്ചു [illegible] ഹുവിന്റെ കൈ ബന്ധിക്കപ്പെട്ടതാണു) എന്നതുപോലെയുള്ള ചില വാക്കുകൾ [illegible] ചില പ്രയോഗങ്ങൾ—അവരുടെ നാവിലൂടെ പുറത്തുവന്നുകൊണ്ടിരുന്നത്. [illegible] കല്ല അതുകൊണ്ടുദ്ദേശിക്കപ്പെടുന്നത്. അല്ലാഹു പിശുക്കനാണ്—നമുക്കു വേണ്ടുന്നതു [illegible] യുന്നില്ല—എന്നാണുദ്ദേശ്യം. പിശുക്കിനെ ഉദ്ദേശിച്ചു കൈ ബന്ധിക്കപ്പെടുക—[illegible] വെക്കപ്പെടുക—എന്നും, ഔദാര്യത്തെ ഉദ്ദേശിച്ചു കൈ നീട്ടുക—അഥവാ നിവർത്തിപ്പിടിക്കുക—എന്നുമുള്ള [illegible] അറബി ഭാഷയിൽ പതിവുള്ളതാണ്. ഇതനുസരിച്ചാണു ഈ വചനത്തിലും ആ പ്രയോഗം കാണുന്നതു. [illegible] ശപിക്കപ്പെട്ട സമൂഹം 'അല്ലാഹു ദരിദ്രനും നാം ധനികൻമാരുമാകുന്നു (إِنَّ ٱللَّهَ فَقِيرٌ وَنَحْنُ أَغْنِيَآءُ)' എന്നും [illegible] തായി 3:181ൽ അല്ലാഹു പറഞ്ഞുവല്ലോ. അതുപോലെയുള്ള ഒരു ധിക്കാരവാക്കാണ് ഇതും. [illegible] മൂത്തുകഴിഞ്ഞാൽ അതിന്റെ നാറ്റം വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയുമാണല്ലോ പ്രകടമാവുക.

ആ വാക്കിനു മറുപടി നൽകുന്നതിനു മുമ്പായി, അവരെപ്പറ്റിയുള്ള പ്രതിഷേധമായിട്ടാണ് غُلَّتْ أَيْدِيهِمْ وَلُعِنُوا۟ എന്ന വാക്യം നിലകൊള്ളുന്നത്. 'അവരുടെ കൈകൾ ബന്ധിക്കപ്പെടുകയും അവർ ശപിക്കപ്പെടുകയും ചെയ്യട്ടെ' എന്നു പ്രാർത്ഥനാ രൂപത്തിലുള്ളതും, 'അവരുടെ കൈകൾ ബന്ധിക്കപ്പെടുകയും അവർ ശപിക്കപ്പെടുകയും ചെയ്തിരിക്കുന്നു' എന്നു വർത്തമാന രൂപത്തിലുള്ളതും ആകാവുന്നതാണ് ആ വാക്യം. (*) [illegible] പേർഹമായ വല്ല ചെയ്തികളെക്കുറിച്ചും പറയുമ്പോൾ [illegible] ഒരു വാക്കിൽ [illegible] രൂപത്തിലുള്ള വല്ല വാക്യവും ഉപയോഗിക്കൽ അറബികളിലും, അറബിയല്ലാത്തവരിലും പതിവുള്ളതാണ്. [illegible] അവൻ എന്നെ ചതിച്ചു, അവനെ അല്ലാഹു ചതിക്കട്ടെ) പോലെയുള്ള വാക്കുകൾ ഇതിനു ഉദാഹരണമാകുന്നു. [illegible] ഭാഷയിൽ ഇതുപോലെയുള്ള വാക്യങ്ങളിൽ [illegible] ക്രിയാ രൂപം (ماضي) ആയിരിക്കും ഉപയോഗിക്കപ്പെടുക. അതുകൊണ്ടാണ് അവ പ്രാർത്ഥനാ രൂപത്തിലുള്ളതും വർത്തമാനരൂപത്തിലുള്ളതും (**) ആവാമെന്നു

(*) [illegible] വരാവുന്ന ഈ പ്രയോഗം മനസ്സിരുത്തുന്നതു പലപ്പോഴും ഉപകാരപ്രദമായിരിക്കും.

(**) دعائية وخبرية

വാദിക്കുന്നത് ആക്ഷേപിക്കപ്പെട്ടവർ പറയുന്നതു കള്ളമാണ്; അല്ലാഹുവിന്റെ കൈ ബന്ധിക്കപ്പെട്ടതല്ല; അഥവാ അവൻ പിശുക്കനും ലുബ്ധനുമല്ല. അവന്റെ കൈകൾ നീണ്ടു നിവർന്നിരിക്കുന്നവ തന്നെയാണു; അഥവാ അവൻ അത്യുദാരനും, താൻ ഉദ്ദേശിക്കുന്ന പ്രകാരം ചിലവഴിക്കുന്നവനുമാകുന്നു എന്നൊക്കെയാണു بَلْ يَدَاهُ مَبْسُوطَتَانِ എന്നുള്ള മറുപടിയുടെ താൽപര്യം.

അല്ലാഹുവിന്റെ കൈ (يد) അല്ലാഹുവിന്റെ മുഖം (وجه) എന്നിങ്ങിനെയുള്ള പ്രയോഗങ്ങളെപ്പററി മുൻഗാമികളായ പണ്ഡിതൻമാരും, പിൻഗാമികളായ പണ്ഡിതൻമാരും സ്വീകരിച്ചു വരാറുള്ള രണ്ടു മാർഗ്ഗങ്ങളുണ്ടെന്നും, അല്ലാഹുവിനു സൃഷ്ടികളോടു സാദൃശ്യം തോന്നിക്കുമാറുള്ള അർത്ഥവ്യാഖ്യാനങ്ങൾ അവക്കു നൽകുവാൻ പാടില്ലെന്നും അൽബഖറ 115-ാം വചനത്തിന്റെ വ്യാഖ്യാനത്തിലും മററുമായി നാം ഇതിനു മുമ്പു ഒന്നിലധികം പ്രാവശ്യം വിവരിച്ചു കഴിഞ്ഞിട്ടുള്ളതാണ്.

തുടർന്നുള്ള വാക്യങ്ങളിൽ യഹൂദികളെ സംബന്ധിച്ച ചില കാര്യങ്ങൾ അല്ലാഹു വെളിപ്പെടുത്തിയിരിക്കുന്നു. (1) നബി(സ)ക്കു അവതരിപ്പിക്കപ്പെട്ട ഈ ഖുർആൻ അവരിൽ പലർക്കും അനുഗ്രഹമായിട്ടല്ല—നേരെമറിച്ചു അവിശ്വാസവും ധിക്കാരവും വർദ്ധിപ്പിക്കുന്നതായിട്ടാണ്—ഉള്ളതെന്നു. കാരണം, അതിലേക്കു ശ്രദ്ധകൊടുക്കുവാനോ, അതിന്റെ മാർഗ്ഗദർശനങ്ങൾ സ്വീകരിക്കുവാനോ അവർ തയ്യാറില്ലെന്നതിനു പുറമെ, അതിലെ ഓരോ വിഷയവും അവർ നിഷേധിക്കുകയും പരിഹാസ്യമാക്കുകയും ചെയ്യുന്നുതാനും. അപ്പോൾ, അതിലെ ഓരോ വിഷയവും അവതരിക്കുമ്പോൾ അവരുടെ അവിശ്വാസത്തെയും ധിക്കാരത്തെയും അതു വർദ്ധിപ്പിച്ചു കൊണ്ടിരിക്കുമല്ലോ. (2) അവർക്കിടയിൽ ഖിയാമത്തു നാൾവരെ അല്ലാഹു ശത്രുതയും വിദ്വേഷവും ഏർപ്പെടുത്തിയിരിക്കുന്നുവെന്നു. 'അവർക്കിടയിൽ (بينهم)' എന്നതുകൊണ്ടുദ്ദേശ്യം യഹൂദികൾ തമ്മതമ്മിൽ എന്നും, യഹൂദികളും ക്രിസ്ത്യാനികളും തമ്മിൽ എന്നും ആകാവുന്നതാണ്. രണ്ടായാലും സംഗതി വാസ്തവം തന്നെ. യഹൂദികളും ക്രിസ്ത്യാനികളും തമ്മിലുള്ള ശത്രുതയും വിദ്വേഷവും ചരിത്ര പ്രസിദ്ധമായതും, പണ്ടുമുതൽക്കെ ആരംഭിച്ചതും, ലോകാവസാനംവരെ നിലനിൽക്കുന്നതുമാകുന്നു. അതിൽ വല്ലപ്പോഴും വല്ല മാററവും കാണുന്നുവെങ്കിൽ അതു താൽക്കാലികമായ ചില സ്വാർത്ഥതാൽപര്യങ്ങളെ മുൻനിറുത്തിമാത്രമുണ്ടായതായിരിക്കും. ഇരുപതുകൊല്ലം മുമ്പ് നിലവിൽവന്ന ഇസ്രാഈൽ രാഷ്ട്രത്തിന്റെ സ്ഥാപനത്തിനു ക്രിസ്തീയ രാഷ്ട്രങ്ങൾ മുന്നിട്ടിറങ്ങുവാനുള്ള കാരണവും അതല്ലാതെ മറെറാന്നുമല്ലെന്നു പ്രസിദ്ധമാണ്. എനി, യഹൂദ സമുദായത്തിന്റെ ആഭ്യന്തരസ്ഥിതിയോ? അൽപം ദശാബ്ദങ്ങൾക്കു മുമ്പ് പ്രസ്തുത ഇസ്രാഈൽ രാഷ്ട്രത്തിന്റെ സ്ഥാപനത്തിനുള്ള കരുനീക്കങ്ങൾ തുടങ്ങിയതു മുതൽ അതിനുവേണ്ടി യഹൂദലോകം ഒന്നിച്ചുവന്നതു ഒഴിവാക്കിക്കൊണ്ട് അവരുടെ ചരിത്രത്തിലേക്ക് നോക്കിയാൽ, കക്ഷിവഴക്കം, അന്തഃഛിദ്രവും, അഭിപ്രായ ഭിന്നതയും നീങ്ങിയകാലം അവർക്കിടയിൽ കാണുകയില്ല. മുഴുത്ത നാസ്തികന്മാരും, കടുത്ത യാഥാസ്ഥിതികൻമാരും മുമ്പും ഇക്കാലത്തും അവരിലുണ്ട്. ഇസ്രാഈലീ രക്തത്തിന്റെയും, യഹൂദ നാമത്തിന്റെയും, മുസ്‌ലിം വിരോധത്തിന്റെയും പേരിൽ മാത്രമേ അവർക്കിടയിൽ യഥാർത്ഥത്തിൽ യോജിപ്പുള്ളൂ.

(3) അവർ യുദ്ധാഗ്നി കത്തിക്കുമ്പോഴൊക്കെ അല്ലാഹു അതു കെടുത്തു കളയുന്നുവെന്നു. അതായതു, മദീനായിലെ മുസ്‌ലിംകൾക്കെതിരിൽ യുദ്ധം സംഘടിപ്പിക്കുവാൻ പലതരം ഗൂഢതന്ത്രങ്ങളും, വഞ്ചനാപരമായ കൂട്ടുകെട്ടുകളും നടത്തിക്കൊണ്ടിരിക്കുന്നതിൽ ചരിത്ര പ്രസിദ്ധി നേടിയവരാണല്ലോ യഹൂദികൾ. അപ്പോഴൊക്കെ അല്ലാഹു അവരുടെ ഉദ്ദേശ്യം പരാജയപ്പെടുത്തുകയാണു ചെയ്തതെന്നു സാരം. (4) അവർ ഭൂമിയിൽ കുഴപ്പവും നാശവും ഉണ്ടാക്കുവാൻ ശ്രമിക്കുന്നുവെന്നു. നബി (സ)യുടെ കാലത്തും അതിനുശേഷം ഇന്നോളം ഭൂമിയിൽ കുഴപ്പം സൃഷ്ടിക്കുവാനല്ലാതെ—വല്ല പൊതുനൻമയും വരുത്തുവാൻ വേണ്ടി—എന്തെങ്കിലും പരിശ്രമം നടത്തിയ ഒരു ചരിത്രം യഹൂദികൾക്കുണ്ടോ?!

٦٥- وَلَوْ أَنَّ أَهْلَ الْكِتَابِ آمَنُوا وَاتَّقَوْا لَكَفَّرْنَا عَنْهُمْ سَيِّئَاتِهِمْ وَلَأَدْخَلْنَاهُمْ جَنَّاتِ النَّعِيمِ ۝

65. വേദക്കാർ വിശ്വസിക്കുകയും, സൂക്ഷ്മത പാലിക്കുകയും ചെയ്തിരുന്നുവെങ്കിൽ, അവർക്ക് നാം അവരുടെ തിൻമകളെ മൂടി (മാപ്പാക്കി)ക്കൊടുക്കുകയും, സുഖാനുഗ്രഹത്തിന്റെ സ്വർഗ്ഗങ്ങളിൽ അവരെ നാം പ്രവേശിപ്പിക്കുകയും തന്നെ ചെയ്യുമായിരുന്നു.

وَلَوْ أَنَّهُمْ أَقَامُوا التَّوْرَاةَ وَالْإِنْجِيلَ وَمَا أُنْزِلَ إِلَيْهِمْ مِنْ رَبِّهِمْ لَأَكَلُوا مِنْ فَوْقِهِمْ وَمِنْ تَحْتِ أَرْجُلِهِمْ ۚ مِنْهُمْ أُمَّةٌ مُقْتَصِدَةٌ ۖ وَكَثِيرٌ مِنْهُمْ سَاءَ مَا يَعْمَلُونَ

69. തൗറാത്തും, ഇഞ്ചീലും, അവരുടെ റബ്ബിങ്കൽ നിന്നു അവരിലേക്കു അവതരിപ്പിക്കപ്പെട്ടതും അവർ നിലനിറുത്തിയിരുന്നുവെങ്കിൽ, അവരുടെ മുകൾ ഭാഗത്തു നിന്നും, അവരുടെ കാലുകളുടെ താഴ്ഭാഗത്തു നിന്നും അവർ തിന്നുക [അവർക്കു ആഹാരം ലഭിക്കുക] തന്നെ ചെയ്യുമായിരുന്നു. അവരിൽ മിതത്വം പാലിക്കുന്ന ഒരു സമൂഹം ഉണ്ട്.

അവരിൽ നിന്നു വളരെ പേരാകട്ടെ, അവർ പ്രവർത്തിച്ചു വരുന്നതു വളരെ ചീത്ത!

---

68. ولو ان ആയിരുന്നെങ്കിൽ اهل الكتاب വേദക്കാർ امنوا അവർ വിശ്വസിച്ചു واتقوا അവർ സൂക്ഷിക്കുകയും ചെയ്തു لكفرنا നാം മൂടിക്കളയുക (മറക്കുക)തന്നെ ചെയ്യുമായിരുന്നു عنهم അവരിൽനിന്ന് سيئاتهم അവരുടെ തിന്മകളെ ولادخلناهم അവരെ നാം പ്രവേശിപ്പിക്കുകയും തന്നെ ചെയ്യും جنات സ്വർഗ്ഗങ്ങളിൽ النعيم സുഖാനുഗ്രഹത്തിന്റെ 69. ولو انهم اقاموا അവർ നിലനിറുത്തിയിരുന്നുവെങ്കിൽ التورية തൗറാത്തിനെ والانجيل ഇഞ്ചീലിനെയും وما انزل അവതരിപ്പിക്കപ്പെട്ടതിനെയും اليهم അവരിലേക്കു من ربهم അവരുടെ റബ്ബിങ്കൽ നിന്നു لاكلوا അവർ തിന്നുക തന്നെ ചെയ്യുമായിരുന്നു من فوقهم അവരുടെ മീതെ (മുകൾ ഭാഗത്തു) നിന്നു ومن تحت താഴെ (അടിഭാഗത്തു) നിന്നും ارجلهم അവരുടെ കാലുകളുടെ منهم അവരിൽ ഉണ്ട് امة ഒരു സമുദായം (സമൂഹം) مقتصدة മിതത്വം പാലിക്കുന്ന, മദ്ധ്യാവസ്ഥ സ്വീകരിക്കുന്ന وكثير منهم അവരിൽ വളരെ പേർ ساء വളരെ ചീത്ത ما يعملون അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്.

തൗറാത്തിന്റെയും, ഇഞ്ചീലിന്റെയും യഥാർത്ഥ അദ്ധ്യാപനങ്ങളും, ഖുർആൻ അടക്കം അല്ലാഹു അവതരിപ്പിച്ചിട്ടുള്ള മറ്റു ഗ്രന്ഥങ്ങളുടെ അദ്ധ്യാപനങ്ങളും തമ്മിൽ പൊരുത്തക്കേടോ വൈരുദ്ധ്യമോ ഇല്ല. ഒന്നു മറ്റേതിനെ ശക്തിപ്പെടുത്തുകയും സത്യപ്പെടുത്തുകയുമാണു ചെയ്യുന്നത്. ആ സ്ഥിതിക്കു ഭേദഗതിയോ മാറ്റത്തിരുത്തമോ കൂടാതെ തൗറാത്തും ഇഞ്ചീലും സ്വീകരിക്കുന്ന പക്ഷം, അവർ ഖുർആനിലും നബി (സ) യിലും വിശ്വസിക്കാതിരിക്കുവാൻ നിവൃത്തിയില്ല. അങ്ങനെ അവർ ചെയ്തിരുന്നാൽ, പരലോകത്തു വെച്ചു ലഭിക്കുന്ന അനുഗ്രഹങ്ങൾക്കു പുറമെ ഇഹലോകത്തു വെച്ചും അതിന്റെ ഫലം അവർക്കു അനുഭവപ്പെടുമായിരുന്നുവെന്നു അല്ലാഹു അറിയിക്കുന്നു. പക്ഷെ, അവർ ചെയ്തതു തൗറാത്തിനെയും ഇഞ്ചീലിനെയും മാറ്റിമറിക്കുകയും തോന്നിയതെല്ലാം തിരുകിക്കയറ്റുകയുമാണ്.

മുകൾ ഭാഗത്തു നിന്നും അടിഭാഗത്തു നിന്നും തിന്നും എന്നു പറഞ്ഞതിന്റെ താല്പര്യം, ഉപരിഭാഗത്തു നിന്നുണ്ടാകുന്ന മഴ തുടങ്ങിയ അനുഗ്രഹങ്ങളും, കീഴ്ഭാഗത്തുണ്ടാകുന്ന ഉൽപന്നങ്ങളുടെ ആധിക്യം മുതലായ അനുഗ്രഹങ്ങളും അവർക്കു ധാരാളം ആസ്വദിച്ചുകൊണ്ടിരിക്കാമെന്നും, അവരുടെ ഐഹിക ജീവിതം ക്ഷേമകരവും സന്തുഷ്ടവുമായിരിക്കുമെന്നുമാകുന്നു. (മായം കലരാത്ത സത്യവിശ്വാസവും, സന്മാർഗ്ഗനിഷ്ഠയും പുലർത്തിപ്പോരുന്നവർക്കു പാരത്രിക ജീവിതത്തിലെ സുഖസൗകര്യങ്ങൾ മാത്രമല്ല, ഐഹിക ജീവിതത്തിലും ക്ഷേമൈശ്വര്യങ്ങൾ ലഭിക്കുമാറാകുന്നതാണെന്ന് അല്ലാഹു വേറെ സ്ഥലങ്ങളിലും ഉണർത്തിയിട്ടുള്ളതാണ്. (അഅ്റാഫ് 96; നൂഹ് 10–12 മുതലായവ നോക്കുക.) പക്ഷെ, ഒരു കാലത്തോ, ദേശത്തോ ഉള്ള ജനങ്ങളുടെ ജീവിതം ക്ഷേമകരമായിത്തീർന്നതുകൊണ്ടു ആ കാലത്തെ ദേശത്തെ ഉള്ളവരൊക്കെ സന്മാർഗ്ഗ നിഷ്ഠയുള്ളവരായിരിക്കുമെന്നു കണക്കാക്കുവാൻ നിവൃത്തിയില്ല. കാരണം, തിന്മ മുഖേന മാത്രമല്ല–നന്മ മുഖേനയും അല്ലാഹു ജനങ്ങളെ പരീക്ഷിക്കുമെന്നു നാം അറിയുന്നതാകുന്നു. (ونبلوكم بالشر والخير فتنة)

സത്യവിശ്വാസവും സന്മാർഗ്ഗനിഷ്ഠയും പാലിക്കുന്നവർക്കു അവരുടെ ഐഹികജീവിതത്തിലും അല്ലാഹു അഭിവൃദ്ധി നൽകുമെന്ന തത്വം ബൈബ്ളിലും ഉൽഘോഷിക്കുന്നുണ്ട്. 'ഞാൻ ഇന്നു നിന്നോടു കല്പിക്കുന്ന എന്റെ കല്പന പ്രമാണിച്ചു അനുസരി

പ്പാൽ ഞാൻ തക്ക സമയത്തു മഴ തരും, ഭൂമി വിളവു തരും, വൃക്ഷവും ഫലം തരും.' എന്നിങ്ങിനെ വളരെയധികം വാഗ്ദാനങ്ങൾ ലേവ്യ പുസ്തകം 26-ാം അദ്ധ്യായത്തിലും, 'ഞാൻ ആജ്ഞാപിക്കുന്ന സകല കല്പനകളും അനുസരിച്ചു നടന്നാൽ യഹോവ നിന്നെ സർവ്വ ജാതികൾക്കും മീതെയാക്കും, പട്ടണത്തിൽ നീ അനുഗ്രഹിക്കപ്പെടും, വയലിൽ നീ അനുഗ്രഹിക്കപ്പെടും, ശത്രുക്കളെ നിന്റെ മുമ്പിൽ തോൽക്കുമാറാക്കും.' എന്നിങ്ങിനെ വളരെ വാഗ്ദാനങ്ങൾ ആവർത്തന പുസ്തകം 28-ാം അദ്ധ്യായത്തിലും കാണാം.

വേദക്കാർ മുഴുവനും തൗറാത്തും ഇഞ്ചീലും നിലനിറുത്താതെ—അവയുടെ അദ്ധ്യാപനങ്ങൾ യഥാവിധി പാലിക്കാതെ—വഴിപിഴച്ചുപോയവരാണെന്നു പറഞ്ഞുകൂടാ; അവരിൽ അധികമാളുടെയും സ്ഥിതി അതാണെങ്കിലും. അവരിൽ തന്നെ ചില ആളുകൾ സന്മാർഗ്ഗത്തിൽ നിന്നു വളരെയൊന്നും അകന്നു പോകാത്തവരായി നിലവിലുണ്ട് എന്നത്രെ അവസാനത്തെ രണ്ടു വാക്യങ്ങൾ ചൂണ്ടിക്കാട്ടുന്നത്. ഈ തരക്കാരിൽപെട്ട ആളുകളായിരിക്കും അവരിൽ നിന്നു നബി (സ)യിലും ഖുർആനിലും വിശ്വസിക്കുവാൻ മുമ്പോട്ടു വരുന്നവരെന്നു പറയേണ്ടതില്ല.

വിഭാഗം-10

70. ഹേ, റസൂലേ, നിന്റെ റബ്ബിങ്കൽ നിന്നു നിനക്കു അവതരിപ്പിക്കപ്പെട്ടതു നീ എത്തിച്ചു കൊടുക്കുക [പ്രബോധനം ചെയ്യുക]. നീ (അതു) ചെയ്തില്ലെങ്കിൽ, അവന്റെ ദൗത്യം നീ എത്തിച്ചുകൊടുത്തില്ല.

അല്ലാഹു മനുഷ്യരിൽനിന്നു നിന്നെ കാത്തു രക്ഷിക്കുന്നതാണ്. നിശ്ചയമായും അല്ലാഹു അവിശ്വാസികളായ ജനങ്ങളെ നേർമാർഗ്ഗത്തിലാക്കുകയില്ല.

يَٰٓأَيُّهَا ٱلرَّسُولُ بَلِّغْ مَآ أُنزِلَ إِلَيْكَ
مِن رَّبِّكَ ۖ وَإِن لَّمْ تَفْعَلْ
فَمَا بَلَّغْتَ رِسَالَتَهُۥ ۚ
وَٱللَّهُ يَعْصِمُكَ مِنَ ٱلنَّاسِ ۗ
إِنَّ ٱللَّهَ لَا يَهْدِى ٱلْقَوْمَ ٱلْكَٰفِرِينَ

---

70. يا أيها الرسول ഹേ റസൂലേ بلغ എത്തിക്കുക ما أنزل إليك നിനക്കു അവതരിപ്പിക്കപ്പെട്ടതു من ربك നിന്റെ റബ്ബിങ്കൽ നിന്നു وإن لم تفعل നീ ചെയ്തില്ലെങ്കിൽ فما بلغت എന്നാൽ നീ എത്തിച്ചില്ല رسالته അവന്റെ ദൗത്യത്തെ والله അല്ലാഹു يعصمك നിന്നെ കാക്കും, രക്ഷിക്കും من الناس മനുഷ്യരിൽ നിന്നു إن الله നിശ്ചയമായും അല്ലാഹു لا يهدي നേർമാർഗ്ഗത്തിലാക്കുകയില്ല القوم ജനങ്ങളെ الكافرين അവിശ്വാസികളായ

അല്ലാഹു നൽകിയിട്ടുള്ള സന്ദേശങ്ങളെ മുഴുവനും എതിർപ്പോ, ആക്ഷേപമോ ഭയപ്പെടാതെ, സധീരം ജനങ്ങൾക്കു എത്തിച്ചു കൊടുക്കണമെന്നും, അതിൽ വല്ല വീഴ്ചയും വരുത്തിയാൽ അല്ലാഹു ഏല്പിച്ച ദൗത്യനിർവ്വഹണത്തിന്റെ കടമ നിറവേറുകയില്ലെന്നും അല്ലാഹു നബി (സ)യോടു ആജ്ഞാപിക്കുന്നു. ആരുടെ എതിർപ്പും, ശത്രുതയും ഭയപ്പെടേണ്ടതില്ല—ജനങ്ങളിൽ നിന്നുണ്ടായേക്കുന്ന ആപത്തുകളെല്ലാം ഞാൻ കാത്തുകൊള്ളാം—എന്നു അതോടൊപ്പം അല്ലാഹു ഏററുപറയുകയും ചെയ്യുന്നു.

ഹജ്ജത്തുൽ വദാഇൽ നബി (സ) ചെയ്ത പ്രസിദ്ധമായ പ്രസംഗത്തിൽ അവിടുന്നു ജനങ്ങളോടു ഇപ്രകാരം ചോദിക്കുകയുണ്ടായി: 'ഹേ, മനുഷ്യരേ, എന്നെപ്പററി നിശ്ചയമായും നിങ്ങളോടു ചോദിക്കപ്പെടുന്നതാണ്, അപ്പോൾ നിങ്ങൾ എന്തായിരിക്കും പറയുക?' ജനങ്ങൾ പറഞ്ഞു: 'അവിടുന്നു എത്തിച്ചു തരുകയും, നിർവ്വഹിക്കുകയും ഉപദേശിക്കുകയും ചെയ്തിരിക്കുന്നുവെന്നു ഞങ്ങൾ സാക്ഷ്യം വഹിക്കും.' അപ്പോൾ തിരുമേനി അവിടുത്തെ ചൂണ്ടാണിവിരൽ ആകാശത്തേക്ക ഉയർത്തുകയും, അവരുടെ നേരെ താഴ്ത്തി ആംഗ്യം കാണിക്കുകയും ചെയ്തുകൊണ്ടു മൂന്നു പ്രാവശ്യം ഇങ്ങിനെ പറഞ്ഞു: 'അല്ലാഹുവേ, നീ സാക്ഷ്യം വഹിക്കേണമേ!' (മുസ്‌ലിം) ചില വിഷയങ്ങളിൽ നബി (സ)യുടെ രക്ഷക്കുവേണ്ടി ചിലർ കാവൽ നിൽക്കാറുണ്ടായിരുന്ന പതിവു ഈ വചനം അവതരിച്ചശേഷം അവിടുന്നു നിറുത്തൽ ചെയ്തുവെന്നും, എന്നെ അല്ലാഹു കാത്തുരക്ഷിച്ചുകൊള്ളുമെന്ന് ഏററിട്ടുണ്ട്—എന്നു പറയുക

ത്തുടെ ആവശ്യമില്ല—എന്ന് അവിടുന്ന് പറഞ്ഞുവെന്നും ചില ഹദീസുകളിൽ വന്നിട്ടുണ്ട്. അപകടത്തിന്റെ വക്കോളം എത്തിയ എത്രയോ ആപൽസന്ധികളിൽ അത്യാശ്ചര്യകരമാംവണ്ണം നബി (സ)ക്കു രക്ഷ നൽകപ്പെട്ട സംഭവങ്ങൾ നബി (സ)യുടെ ചരിത്രത്തിൽ ധാരാളം കാണാവുന്നതാണ്. (അവയിൽ ചില ഉദാഹരണങ്ങൾ 12-ാം വചനത്തിന്റെ വിവരണത്തിൽ കഴിഞ്ഞുപോയിട്ടുണ്ടല്ലോ)

٧١- قُلْ يَا أَهْلَ الْكِتَابِ لَسْتُمْ عَلَىٰ شَيْءٍ حَتَّىٰ تُقِيمُوا التَّوْرَاةَ وَالْإِنجِيلَ وَمَا أُنزِلَ إِلَيْكُم مِّن رَّبِّكُمْ ۗ وَلَيَزِيدَنَّ كَثِيرًا مِّنْهُم مَّا أُنزِلَ إِلَيْكَ مِن رَّبِّكَ طُغْيَانًا وَكُفْرًا ۖ فَلَا تَأْسَ عَلَى الْقَوْمِ الْكَافِرِينَ ○

71. (നബിയേ) പറയുക: 'വേദക്കാരേ, നിങ്ങൾ യാതൊന്നിലും (തന്നെ) അല്ല, തൗറാത്തും, ഇഞ്ചീലും, നിങ്ങളുടെ റബ്ബിങ്കൽ നിന്ന് നിങ്ങൾക്ക് അവതരിപ്പിക്കപ്പെട്ടിട്ടുള്ളതും നിങ്ങൾ നിലനിറുത്തുവോളം.'

നിന്റെ റബ്ബിങ്കൽനിന്ന് നിനക്ക് അവതരിപ്പിക്കപ്പെട്ടിട്ടുള്ളതും അവരിൽനിന്നു വളരെ പേർക്കും ധിക്കാരവും അവിശ്വാസവും വർദ്ധിപ്പിക്കുക തന്നെ ചെയ്യുന്നു.

അതിനാൽ, അവിശ്വാസികളായ (ആ) ജനങ്ങളുടെ പേരിൽ നീ വ്യസനപ്പെടേണ്ട.

---

71 قل പറയുക يا أهل الكتاب വേദക്കാരേ لستم നിങ്ങളല്ല على شيء യാതൊന്നിലും, ഒരു കാര്യത്തിലും حتى تقيموا നിങ്ങൾ നിലനിറുത്തുവോളം التوراة തൗറാത്തിനെ والإنجيل ഇഞ്ചീലിനെയും وما أنزل إليكم നിങ്ങൾക്ക് അവതരിപ്പിക്കപ്പെട്ടതും من ربكم നിങ്ങളുടെ റബ്ബിങ്കൽനിന്ന് وليزيدن വർദ്ധിപ്പിക്കുക തന്നെ ചെയ്യും كثيرا منهم അവരിൽ നിന്ന് വളരെ പേർക്ക് ما أنزل إليك നിനക്ക് അവതരിപ്പിക്കപ്പെട്ടതു من ربك നിന്റെ റബ്ബിങ്കൽനിന്ന് طغيانا ധിക്കാരം, അതിക്രമം, അതിരുകവിയൽ وكفرا അവിശ്വാസവും فلا تأس അതിനാൽ നീ വ്യസനപ്പെടേണ്ടാ, സങ്കടപ്പെടരുത് على القوم ജനങ്ങളുടെ മേൽ الكافرين അവിശ്വാസികളായ

തൗറാത്തും ഇഞ്ചീലും നിലനിർത്തുന്നതു സംബന്ധിച്ചു 68,69 വചനങ്ങളുടെയും, ഖുർആൻ അവർക്കു ധിക്കാരവും അവിശ്വാസവും വർദ്ധിപ്പിക്കുമെന്നതിനെപ്പറ്റി 67-ാം വചനത്തിന്റെയും വ്യാഖ്യാനങ്ങളിൽ വിവരിച്ചതു ഓർക്കുക. അവരുടെ കൈവശം തൗറാത്തെന്നും ഇഞ്ചീലെന്നുമുള്ള പേരിൽ അവർ സ്വീകരിച്ചുവരുന്ന കൃതികളല്ല—യഥാർത്ഥ തൗറാത്തും ഇഞ്ചീലുമാണ്—ഉദ്ദേശ്യം. അവ ശരിക്കും നിലനിറുത്തുന്നപക്ഷം അവർ സത്യവിശ്വാസം സ്വീകരിക്കാതിരിക്കയില്ലതാനും. (തൗറാത്തും ഇഞ്ചീലും ബൈബ്ളിലുള്ളതെന്ന വാക്കെപ്പറ്റി 50-ാം വചനത്തിന്റെ വിവരണത്തിൽ പറഞ്ഞതു ഓർക്കുക.) 'നിങ്ങൾക്കവതരിപ്പിക്കപ്പെട്ടത്' എന്നു പറഞ്ഞതുകൊണ്ടു വിവക്ഷ ഖുർആനാകുന്നു.

٧٢- إِنَّ الَّذِينَ آمَنُوا وَالَّذِينَ هَادُوا وَالصَّابِئُونَ وَالنَّصَارَىٰ مَنْ آمَنَ بِاللَّهِ وَالْيَوْمِ الْآخِرِ وَعَمِلَ صَالِحًا فَلَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ ○

72. നിശ്ചയമായും, വിശ്വസിച്ചവരും, യഹൂദരായവരും 'സ്വാബീ'കളും ക്രിസ്ത്യാനികളും, (ആരായാലും, അവരിൽ) ആർ അല്ലാഹുവിലും, അന്ത്യനാളിലും വിശ്വസിക്കുകയും, സൽക്കർമ്മം പ്രവർത്തിക്കുകയും ചെയ്തുവോ, എന്നാൽ അവരുടെ മേൽ യാതൊരു ഭയവുമില്ല. അവർ വ്യസനിക്കുകയുമില്ല.

---

72. إن الذين آمنوا നിശ്ചയമായും വിശ്വസിച്ചവർ والذين هادوا യഹൂദരായവരും والصابئون സ്വാബികളും والنصارى ക്രിസ്ത്യാനികളും من آمن ആർ വിശ്വസിച്ചു بالله അല്ലാഹുവിൽ واليوم الآخر അന്ത്യദിനത്തിലും وعمل പ്രവർത്തിക്കുകയും ചെയ്തു صالحا സൽക്കർമ്മം فلا خوف എന്നാൽ ഭയമില്ല عليهم അവരുടെ മേൽ ولا هم يحزنون അവർ വ്യസനിക്കുന്നതുമല്ല.

സത്യവിശ്വാസികൾ—അഥവാ മുസ്‌ലിംകൾ, യഹൂദികൾ, സാബികൾ, ക്രിസ്ത്യാനികൾ എന്നിങ്ങിനെ ഏതെങ്കിലും പേരിലുള്ള സമുദായത്തിൽ പെട്ടവരായതുകൊണ്ടു വിജയവും രക്ഷയും അവരുടെ കുത്തകാവകാശമാകുന്നതല്ല. അല്ലാഹുവിലും അന്ത്യദിനത്തിലും ശരിക്കു വിശ്വസിക്കുകയും, ആ വിശ്വാസത്തിൽ അധിഷ്ഠിതമായ സൽക്കർമ്മങ്ങൾ ചെയ്യുകയും ചെയ്യുന്നവർ ആരാണോ—അവർ ഏതു സമുദായക്കാരായാലും ശരി—അവർക്കാണു രക്ഷയുള്ളത്. അവർക്കു ഭയമോ വ്യസനമോ ഉണ്ടായിരിക്കയില്ല എന്നു സാരം. ഇതു യഥാർത്ഥ സത്യവിശ്വാസികളിൽ മാത്രമേ സാക്ഷാൽകൃതമാകുകയുള്ളുവെന്നു പറയേണ്ടതില്ലല്ലോ. കാരണം, അല്ലാഹുവിലും അന്ത്യദിനത്തിലുമുള്ള യഥാർത്ഥ വിശ്വാസം അവർക്കു മാത്രമാണുണ്ടാവുക.

ഈ വിഷയം ഇതേമാതിരി സൂറത്തുൽ ബഖറഃ 62ലും അല്ലാഹു പ്രസ്താവിച്ചിട്ടുണ്ട്. ഈ വിഷയകമായി കൂടുതൽ വിശദീകരണങ്ങളും നാം നൽകിയിട്ടുണ്ട്, അവിടെ നോക്കുക. 'മതം ഏതായാലും മനുഷ്യൻ നന്നായാൽ മതി' എന്നൊരു ആകർഷകമായ പുത്തൻ സിദ്ധാന്തം ചില മതമില്ലാ മതക്കാർ പ്രചരിപ്പിക്കാറുണ്ട്. ഈ സിദ്ധാന്തത്തെ അനുകൂലിക്കുമാറുള്ള ചില വ്യാഖ്യാനങ്ങൾ ഈ വചനങ്ങൾക്കു ചില ആളുകൾ—അറിഞ്ഞോ അറിയാതെയോ—നൽകിക്കാണാറുമുണ്ട്. ഇതു നിരർത്ഥകവും വാസ്തവ വിരുദ്ധവുമാണെന്നും, ഒരു മുസ്‌ലിമിനും അതിനോടു യോജിക്കുവാൻ സാദ്ധ്യമല്ലെന്നും അൽബഖറയിൽവെച്ചു നാം കാര്യകാരണ സഹിതം ചൂണ്ടിക്കാട്ടിയിരിക്കുന്നു. അല്ലാഹുവിന്റെ അടുക്കൽ സ്വീകാര്യമായ മതം ഒന്നേയുള്ളു - ഇസ്‌ലാം. (إن الدين عند الله الإسلام) അതല്ലാത്ത മറ്റൊരു മതവും അവങ്കൽ സ്വീകാര്യമല്ലതന്നെ. (ومن يبتغ غير الإسلام دينا فلن يقبل منه ......)

٧٣- لَقَدْ أَخَذْنَا مِيثَاقَ بَنِي إِسْرَائِيلَ
وَأَرْسَلْنَا إِلَيْهِمْ رُسُلًا
كُلَّمَا جَاءَهُمْ رَسُولٌ
بِمَا لَا تَهْوَىٰ أَنفُسُهُمْ فَرِيقًا
كَذَّبُوا وَفَرِيقًا يَقْتُلُونَ ۝

73. ഇസ്രാഈൽ സന്തതികളുടെ ഉറപ്പ് [കരാർ] നാം വാങ്ങുക തന്നെ ചെയ്തിട്ടുണ്ട്. അവരിലേക്കു നാം റസൂലുകളെ അയക്കുകയും ചെയ്തു.

അവരുടെ മനസ്സുകൾ ഇച്ഛിക്കാത്ത കാര്യവുമായി ഓരോ റസൂൽ അവരിൽ ചെല്ലുമ്പോഴൊക്കെയും ഒരു വിഭാഗത്തെ അവർ വ്യാജമാക്കുകയായി, (വേറെ) ഒരു വിഭാഗത്തെ അവർ കൊലപ്പെടുത്തുകയും ചെയ്തിരുന്നു!

٧٤- وَحَسِبُوا أَلَّا تَكُونَ فِتْنَةٌ فَعَمُوا
وَصَمُّوا ثُمَّ تَابَ اللَّهُ عَلَيْهِمْ

74. ഒരു പരീക്ഷണവും (അഥവാ കുഴപ്പവും) ഉണ്ടാകുകയില്ലെന്ന് അവർ കണക്കുകൂട്ടി; അങ്ങനെ, അവർ അന്ധരാവുകയും, ബധിരരാവുകയും ചെയ്തു. പിന്നീടു, അല്ലാഹു അവരുടെ പശ്ചാത്താപം സ്വീകരിച്ചു.

ثُمَّ عَمُوا وَصَمُّوا كَثِيرٌ مِّنْهُمْ
وَاللَّهُ بَصِيرٌ بِمَا يَعْمَلُونَ ۝

പിന്നെ (വീണ്ടും) അവർ—അവരിൽ വളരെ ആളുകൾ—അന്ധരും ബധിരരുമായി. അല്ലാഹു അവർ പ്രവർത്തിച്ചു വരുന്നതിനെപ്പറ്റി കണ്ടറിയുന്നവനത്രെ.

---

73. لقد أخذنا തീർച്ചയായും നാം വാങ്ങി ميثاق ഉറപ്പു, കരാർ بني إسرائيل ഇസ്രാഈൽ സന്തതികളുടെ وأرسلنا നാം അയക്കുകയും ചെയ്തു إليهم അവരിലേക്ക് رسلا റസൂലുകളെ كلما جاءهم അവർക്ക് വരു(ചെല്ലു)മ്പോഴെല്ലാം رسول ഒരു റസൂൽ بما لا تهوى ഇച്ഛിക്കാത്തതുമായി, ഇഷ്ടപ്പെടാത്തതും കൊണ്ടു أنفسهم അവരുടെ സ്വന്തങ്ങൾ (മനസ്സുകൾ) فريقا ഒരു വിഭാഗത്തെ, സംഘത്തെ كذبوا അവർ വ്യാജമാക്കി, കളവാക്കുകയായി وفريقا ഒരു വിഭാഗത്തെ يقتلون അവർ കൊലപ്പെടുത്തുകയും ചെയ്യുന്നു (ചെയ്തിരുന്നു) 74. وحسبوا അവർ കണക്കുകൂട്ടി, ധരിച്ചു, വിചാരിച്ചു ألا تكون ഉണ്ടാകുകയില്ലെന്നു فتنة പരീക്ഷണം, കുഴപ്പം فعموا അങ്ങനെ അവർ അന്ധരായി, അവർക്കു അന്ധതയായി وصموا അവർ ബധിരരുമായി, ബധിരത ബാധിച്ചു ثم تاب പിന്നെ മടങ്ങി (പശ്ചാത്താപം സ്വീകരിച്ചു) الله അല്ലാഹു عليهم അവരുടെ ثم عموا പിന്നീടു അവർ അന്ധരായി وصموا അവർ ബധിരരുമായി كثير منهم അവരിൽനിന്നു വളരെ(ആളുകൾ) والله അല്ലാഹുവാകട്ടെ بصير കണ്ടറിയുന്നവനാണു بما يعملون അവർ പ്രവർത്തിക്കുന്നതിനെപ്പറ്റി

ആദ്യത്തെ ആയത്തിൽ പ്രസ്താവിക്കപ്പെട്ട കാര്യങ്ങളെക്കുറിച്ച് ഇതിനുമുമ്പു പലപ്പോഴും വിവരിക്കപ്പെട്ടു കഴിഞ്ഞിട്ടുള്ളതുകൊണ്ട് ഇവിടെ വിശേഷിച്ചൊന്നും പറയേണ്ടതില്ല. രണ്ടാമത്തെ ആയത്തിന്റെ സാരം ഇങ്ങിനെ വിവരിക്കാം: മോക്ഷവും വിജയവും തങ്ങളുടെ കുത്തകയായി കരുതിയ അവർ തങ്ങൾ എന്തു നിലപാടു സ്വീകരിച്ചാലും അല്ലാഹുവിന്റെ ഭാഗത്തുനിന്നു തങ്ങൾക്കു ഒരു പരീക്ഷണവും കുഴപ്പവും നേരിടേണ്ടി വരികയില്ലെന്നു ധരിച്ചുവശായി. അങ്ങനെ, സത്യവും സന്മാർഗ്ഗവും നോക്കിക്കാണാതെയും, പ്രവാചകൻമാരുടെ സന്ദേശങ്ങൾക്കു ചെവി കൊടുക്കാതെയും തോന്നിയവാസത്തിൽ മുഴുകി. അപ്പോൾ, അല്ലാഹു അവരിൽ ചില പരീക്ഷണങ്ങളും ശിക്ഷാ നടപടികളും ഏർപ്പെടുത്തി. പിന്നീടു അവരിൽ പശ്ചാത്താപം ഉണ്ടായിത്തീരുകയും അല്ലാഹു അതു സ്വീകരിക്കുകയും ചെയ്തു. കുറെ കഴിഞ്ഞപ്പോൾ വീണ്ടും അവരുടെ മട്ടുമാറി. പഴയപടി തന്നെ അന്ധരും ബധിരരുമായിത്തീർന്നു. ചുരുക്കം ആളുകൾ ഇതിൽനിന്നു ഒഴിവാണെങ്കിലും മിക്കവരുടെയും സ്ഥിതി ഇതായിരുന്നു. എല്ലാം അല്ലാഹു വീക്ഷിച്ചുകൊണ്ടിരിക്കുന്നുണ്ട്. അവരോടു തക്ക നടപടി അവൻ എടുക്കുക തന്നെ ചെയ്യും.

ഇസ്രാഈല്യരുടെ ചരിത്രത്തിൽ, അവർ വരുത്തിവെച്ച പരീക്ഷണങ്ങൾക്കു വിധേയരാകുകയും, അവരിൽ തോന്നിയവാസവും ദുർനടപ്പും പടർന്നു പിടിക്കുകയും ചെയ്ത ഘട്ടങ്ങൾ പലതും കഴിഞ്ഞുപോയിട്ടുള്ളതുകൊണ്ട് ഈ വചനത്തിൽ സൂചിപ്പിക്കപ്പെട്ട ആ രണ്ടു ഘട്ടങ്ങൾ അവയിൽ ഏതാണെന്നു തിട്ടപ്പെടുത്തി പറയുക സാധ്യമല്ല. അവരുടെ അക്രമം മുഴുത്തുകൊണ്ടിരുന്ന ഒരു കാലത്തു ബാബിലോണിയായിലെ ബുഖ്ത്നസ്സർ (നെബുക്കദ് നെസർ) രാജാവു ബൈത്തുൽ മുഖദ്ദസിനെ ആക്രമിച്ചു നശിപ്പിക്കുകയും, യഹൂദികളെ കൂട്ടത്തോടെ തടവുകാരാക്കി ബാബിലോണിയായിലേക്കു കൊണ്ടുപോകുകയും ഉണ്ടായി. കുറെ കൊല്ലങ്ങൾക്കു ശേഷം അവരുടെ സ്ഥിതിഗതികളിൽ മാറ്റമുണ്ടായിത്തീരുകയും, അവർക്കു മോചനം ലഭിക്കുകയും ചെയ്തു. പിന്നെയും അവരുടെ നില ദുഷിച്ചു വഷളായിത്തീരുകയാണുണ്ടായത്. ഒരു പക്ഷേ—ചില വ്യാഖ്യാതാക്കൾ പറയുന്നതുപോലെ—ഈ സംഭവങ്ങളായിരിക്കാം ഈ വചനത്തിൽ സൂചിപ്പിക്കപ്പെട്ടിരിക്കുന്നത്. അല്ലാഹുവിന്നറിയാം. ഈ സംഭവങ്ങളെപ്പറ്റി കൂടുതൽ വിവരം സൂറത്തു ബനൂഇസ്രാഈലിൽ വരുന്നതാണ്. إن شاء الله

لَقَدْ كَفَرَ الَّذِينَ قَالُوا إِنَّ اللَّهَ هُوَ الْمَسِيحُ ابْنُ مَرْيَمَ

75. 'നിശ്ചയമായും, അല്ലാഹു തന്നെയാണ് മർയമിന്റെ മകൻ മസീഹു' എന്നു പറഞ്ഞവർ തീർച്ചയായും അവിശ്വസിച്ചിരിക്കുന്നു.

وَقَالَ الْمَسِيحُ يَا بَنِي إِسْرَائِيلَ اعْبُدُوا اللَّهَ رَبِّي وَرَبَّكُمْ إِنَّهُ مَن يُشْرِكْ بِاللَّهِ فَقَدْ حَرَّمَ اللَّهُ عَلَيْهِ الْجَنَّةَ وَمَأْوَاهُ النَّارُ وَمَا لِلظَّالِمِينَ مِنْ أَنصَارٍ

'ഇസ്രാഈൽ സന്തതികളേ, നിങ്ങൾ എന്റെ റബ്ബും നിങ്ങളുടെ റബ്ബുമായ അല്ലാഹുവിനെ ആരാധിക്കണം' എന്നു മസീഹു പറയുകയും ചെയ്തിരിക്കുന്നു. [എന്നിട്ടും അവരതു പറഞ്ഞുണ്ടാക്കി.] നിശ്ചയമായും, കാര്യം: അല്ലാഹുവിനോടു ആരെങ്കിലും പങ്കു ചേർക്കുന്ന പക്ഷം, തീർച്ചയായും അവന്റെ പേരിൽ അല്ലാഹു സ്വർഗ്ഗം നിഷിദ്ധമാക്കിയിരിക്കുന്നു; അവന്റെ സങ്കേതം നരകവുമായിരിക്കും. അക്രമികൾക്കു സഹായികളായി (ആരും) ഇല്ലതാനും.

---

75. لقد كفر തീർച്ചയായും അവിശ്വസിച്ചിരിക്കുന്നു الذين قالوا പറഞ്ഞവർ إن الله നിശ്ചയമായും അല്ലാഹു هو അവൻ തന്നെ المسيح ابن مريم മർയമിന്റെ മകൻ മസീഹു وقال المسيح മസീഹു പറയുകയും ചെയ്തിരിക്കുന്നു, പറഞ്ഞിരിക്കുന്നതാണു يا بني إسرائيل ഇസ്രാഈൽ സന്തതികളേ اعبدوا الله നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുവിൻ ربي وربكم എന്റെ റബ്ബും നിങ്ങളുടെ റബ്ബുമായ إنه നിശ്ചയമായും അതു (കാര്യം) من يشرك ആർ പങ്കു ചേർക്കുന്നുവോ بالله അല്ലാഹുവിൽ فقد حرم എന്നാൽ തീർച്ചയായും നിഷിദ്ധമാക്കിയിരിക്കുന്നു الله അല്ലാഹു عليه അവന്റെ മേൽ الجنة സ്വർഗ്ഗം ومأواه അവന്റെ പ്രാപ്യസ്ഥാനം, സങ്കേതം النار നരക(വു)മാകുന്നു وما للظالمين അക്രമികൾക്കില്ലതാനും من أنصار സഹായികളായിട്ടു (ആരും)

٧٦- لَقَدْ كَفَرَ الَّذِينَ قَالُوا إِنَّ اللَّهَ ثَالِثُ ثَلَاثَةٍ ۘ وَمَا مِنْ إِلَٰهٍ إِلَّا إِلَٰهٌ وَاحِدٌ ۚ وَإِن لَّمْ يَنتَهُوا عَمَّا يَقُولُونَ لَيَمَسَّنَّ الَّذِينَ كَفَرُوا مِنْهُمْ عَذَابٌ أَلِيمٌ ○

76. 'നിശ്ചയമായും, അല്ലാഹു മൂന്നിൽ [മൂന്ന് ദൈവങ്ങളിൽ] ഒരുവനാകുന്നു'വെന്ന് പറഞ്ഞവർ തീർച്ചയായും അവിശ്വസിച്ചിരിക്കുന്നു. ഒരേ ഒരു ആരാധ്യനല്ലാതെ (വേറെ) ഒരാരാധ്യനും ഇല്ല താനും.

അവർ പറഞ്ഞുകൊണ്ടിരിക്കുന്നതിൽ നിന്ന് അവർ വിരമിക്കുന്നില്ലെങ്കിൽ, അവരിൽനിന്ന് അവിശ്വസിച്ചവരെ വേദനയേറിയ ശിക്ഷ ബാധിക്കുക തന്നെ ചെയ്യും.

٧٧- أَفَلَا يَتُوبُونَ إِلَى اللَّهِ وَيَسْتَغْفِرُونَهُ ۚ وَاللَّهُ غَفُورٌ رَّحِيمٌ ○

77. അപ്പോൾ, അവർ അല്ലാഹുവിങ്കലേക്ക് (ഖേദിച്ചു) മടങ്ങുകയും, അവനോടു പാപമോചനം തേടുകയും ചെയ്യുകയില്ലേ?!

അല്ലാഹുവാകട്ടെ, വളരെ പൊറുക്കുന്നവനും, കരുണാനിധിയുമാകുന്നു.

---

76. لقد كفر തീർച്ചയായും അവിശ്വസിച്ചിരിക്കുന്നു الذين قالوا പറഞ്ഞവർ ان الله നിശ്ചയമായും അല്ലാഹു ثالث ثلاثة മൂന്നിൽ മൂന്നാമനാണു (ഒരാളാണു) وما من اله ഒരു ആരാധ്യനും ഇല്ല താനും الا اله واحد ഒരേ ഒരാരാധ്യനല്ലാതെ وان لم ينتهوا അവർ വിരമിക്ക (ഒഴിവാകു)ന്നില്ലെങ്കിൽ عما يقولون അവർ പറയുന്നതിൽ നിന്നു ليمسن നിശ്ചയമായും സ്പർശിക്കും, ബാധിക്കും الذين كفروا അവിശ്വസിച്ചവരെ منهم അവരിൽനിന്നു عذاب اليم വേദനയേറിയ ശിക്ഷ 77. افلا يتوبون അപ്പോൾ അവർ പശ്ചാത്തപിക്കുന്നില്ലേ الى الله അല്ലാഹുവിങ്കലേക്ക് ويستغفرونه അവനോടു പാപമോചനം തേടുകയും والله അല്ലാഹുവാകട്ടെ غفور വളരെ പൊറുക്കുന്നവനാണു رحيم കരുണാനിധിയാണു

എന്റെയും നിങ്ങളുടെയുമെല്ലാം റബ്ബാകുന്നു അല്ലാഹു. അവൻ മാത്രമേ ആരാധ്യനും ദൈവവുമായുള്ളു. അവനെ മാത്രമേ ആരാധിക്കാവു. അവനോടു വല്ലതിനെയും പങ്കു ചേർക്കുന്നവർക്കു സ്വർഗ്ഗം നിഷിദ്ധവും നരകം ആധാരവുമായിരിക്കും എന്നിങ്ങിനെയുള്ള യഥാർത്ഥ തൗഹീദിലേക്കായിരുന്നു മസീഹാകുന്ന ഈസാ (അ) ഇസ്രാഈല്യരെ ക്ഷണിച്ചു കൊണ്ടിരുന്നത്. എന്നിട്ടും അവരിൽ ഒരു കൂട്ടർ, അല്ലാഹുവാകുന്ന ദൈവം തന്നെയാണ് അദ്ദേഹം എന്നു പറഞ്ഞ് അദ്ദേഹത്തെ ദൈവമാക്കുകയാണു ചെയ്തത്. വേറൊരു കൂട്ടർ (പിതാവു, പുത്രൻ, പരിശുദ്ധാത്മാവ് എന്നിങ്ങിനെ) മൂന്നു ആളുകൾ — അഥവാ ത്രിത്വങ്ങൾ — ചേർന്നതാണു സാക്ഷാൽ ദൈവമെന്നും അവയിൽ ഒന്നാണു (പിതാവായ) അല്ലാഹു എന്നും പറഞ്ഞുണ്ടാക്കി. ഈ രണ്ടു കൂട്ടരും തനി അവിശ്വാസികളാകുന്നു. വല്ല ദുർവ്യാഖ്യാനങ്ങളുടെയും മറവു പിടിച്ചു കൊണ്ട് ആ വാദങ്ങളിൽ ഉറച്ചു നിൽക്കാതെ, അത്തരം ദുർവാദങ്ങളിൽ നിന്നു വിരമിച്ചു പശ്ചാത്തപിക്കുന്ന പക്ഷം അല്ലാഹു അവർക്കു പൊറുത്തുകൊടുക്കും. ഇല്ലാത്ത പക്ഷം, അതികഠിനമായ ശിക്ഷയായിരിക്കും അവരുടെ അനുഭവം എന്നിപ്രകാരമാണു ഈ വചനങ്ങളുടെ സാരം.

ഈ വചനത്തിലും അടുത്ത വചനത്തിലുമായി ഈസാ (അ) നബിയെയും, ക്രിസ്ത്യാനികളെയും സംബന്ധിച്ചും അല്ലാഹു പ്രസ്താവിച്ച യാഥാർത്ഥ്യങ്ങൾ അത്രയും ക്രിസ്ത്യാനികൾക്കു പോലും നിഷേധിക്കുവാൻ കഴിയാത്തവിധം അവരുടെ പ്രമാണങ്ങളിൽ തന്നെ ഇന്നും തെളിഞ്ഞു കിടപ്പുണ്ടെന്ന് അടുത്ത വചനത്തിന്റെ വിവരണത്തിൽ കാണാവുന്നതാണ്. ان شاء الله

المسيح (മസീഹു) എന്നു ഈസാ (അ) നബിക്കു പറയപ്പെടുവാനുള്ള കാരണവും, അതിന്റെ അർത്ഥവും സംബന്ധിച്ചു ആലു ഇംറാൻ 45ന്റെ വ്യാഖ്യാനത്തിലും മറ്റും മുമ്പു നാം വിവരിച്ചിരിക്കുന്നു. ثالث ثلاثة എന്ന വാക്കിന്റെ നേരെ അർത്ഥം 'മൂന്നിൽ മൂന്നാമൻ' എന്നത്രെ. മൂന്നിൽ ഒരാൾ എന്നാണ് ഉദ്ദേശ്യം. 'നാലിൽ ഒരാൾ, അഞ്ചിൽ ഒരാൾ' എന്നീ അർത്ഥങ്ങളിൽ رابع اربعة ، خامس خمسة (നാലിൽ നാലാമൻ, അഞ്ചിൽ അഞ്ചാമൻ) എന്നിങ്ങിനെ

സൂറത്തു പോലെയുള്ള അറബി ഭാഷയിലെ ഒരു ശൈലിയാകുന്നു. ഈ വചനങ്ങളിലെ പരാമർശ വിഷയങ്ങളെപ്പററി ക്രിസ്ത്യാനികളുടെ ത്രിയേകത്വവാദം മുതലായവയെപ്പററി–സൂറത്തുന്നിസാഉ് 171-ാം വചനത്തിന്റെ വിവരണത്തിലും മററുമായി സവിസ്തരം സംസാരിച്ചു കഴിഞ്ഞിട്ടുള്ളതുകൊണ്ട് ഇവിടെ ആവർത്തിക്കേണ്ടതില്ല.

78. മർയമിന്റെ മകൻ മസീഹു ഒരു റസൂൽ (ദൈവദൂതൻ) അല്ലാതെ (മറെറാന്നും) അല്ല. അദ്ദേഹത്തിനു മുമ്പു റസൂലുകൾ (പലരും) കഴിഞ്ഞു പോയിട്ടുണ്ട്. അദ്ദേഹത്തിന്റെ ഉമ്മയാകട്ടെ, ഒരു സത്യസന്ധ(യായ സ്ത്രീ)യുമാകുന്നു. രണ്ടുപേരും ഭക്ഷണം കഴിക്കുമായിരുന്നു.

നോക്കുക: ദൃഷ്ടാന്തങ്ങളെ അവർക്കു നാം എപ്രകാരം വിവരിച്ചു കൊടുക്കുന്നുവെന്നു! (എന്നിട്ടു) പിന്നെ നോക്കുക; അവർ (സത്യത്തിൽനിന്നു) എങ്ങിനെ തെററിക്കപ്പെടുന്നുവെന്നു!

٧٥- مَا الْمَسِيحُ ابْنُ مَرْيَمَ إِلَّا رَسُولٌ قَدْ خَلَتْ مِن قَبْلِهِ الرُّسُلُ وَأُمُّهُ صِدِّيقَةٌ كَانَا يَأْكُلَانِ الطَّعَامَ انظُرْ كَيْفَ نُبَيِّنُ لَهُمُ الْآيَاتِ ثُمَّ انظُرْ أَنَّىٰ يُؤْفَكُونَ ○

---

78. ما المسيح മസീഹല്ല ابن مريم മർയമിന്റെ മകൻ الا رسول ഒരു റസൂല (ദൂതന)ല്ലാതെ قد خلت കഴിഞ്ഞുപോയിട്ടുണ്ടു من قبله അദ്ദേഹത്തിന്റെ മുമ്പു الرسل റസൂലുകൾ, ദൂതൻമാർ وامه അദ്ദേഹത്തിന്റെ മാതാവു, ഉമ്മയാകട്ടെ صديقة ഒരു സത്യസന്ധയാകുന്നു كانا അവർ രണ്ടാളുമായിരുന്നു يأكلان തിന്നു(കഴിക്കു)മായിരുന്നു الطعام ഭക്ഷണം انظر നോക്കുക كيف എങ്ങിനെ, എപ്രകാരമാണ് نبين നാം വിവരിച്ചു കൊടുക്കുന്നു, വ്യക്തമാക്കുന്നതു لهم അവർക്കു الايات ദൃഷ്ടാന്തങ്ങളെ ثم انظر പിന്നെ നോക്കുക انى എങ്ങിനെ يؤفكون അവർ തെററിക്കപ്പെടുന്നു എന്നു

ഈസാമസീഹ് (അ) വരുന്നതിനു മുമ്പു ഈ ഭൂമിയിൽ വളരെ റസൂലുകൾ കഴിഞ്ഞു പോയിട്ടുണ്ട്. അവരാരും ദൈവമായിരുന്നില്ല. അങ്ങിനെ അവർ വാദിച്ചിട്ടുമില്ല. അവരെപ്പോലെ ഒരു റസൂൽ മാത്രമാണു ഈസാമസീഹും. എന്നിരിക്കെ, അദ്ദേഹം മാത്രം എങ്ങിനെ ഒരു ദൈവമാകും?! അദ്ദേഹത്തിനു പിതാവില്ലെന്നതു ശരി, എന്നാലും ഒരു മാതാവിൽ നിന്നാണദ്ദേഹം ജനിച്ചത്. ആ മാതാവാകട്ടെ, സത്യസന്ധയായ ഒരു ഉത്തമ വനിതയായിരുന്നു. ദിവ്യത്വമുള്ള ആളായിരുന്നില്ല. രണ്ടാളും മനുഷ്യസൃഷ്ടികളായിരുന്നുവെന്നുള്ളതിനു മതിയായ തെളിവാണല്ലോ അവർ രണ്ടാളും ഭക്ഷണത്തിന്റെ ആവശ്യമുള്ളവരും, അതു കഴിച്ചു ജീവിച്ചിരുന്നവരുമാണെന്നുള്ളത്. ഇത്രയും സ്പഷ്ടമായ ദൃഷ്ടാന്തങ്ങളുണ്ടായിരുന്നിട്ടും, അവ വേണ്ടതുപോലെ വിവരിച്ചു കൊടുത്തിട്ടും ക്രിസ്ത്യാനികൾ സത്യത്തിൽ നിന്നു തെററിപ്പോകുന്നതു നോക്കൂ! ആശ്ചര്യം തന്നെ! എന്നു സാരം.

ഈസാ (അ) ഒരു മനുഷ്യൻ തന്നെയായിരുന്നു; മററു റസൂലുകളെപ്പോലെ അദ്ദേഹവും ജനങ്ങളെ ഉപദേശിച്ചു തൌഹീദുകാരനായിരുന്നു; അദ്ദേഹം ദൈവമാണെന്നോ, മുക്കൂട്ടു ദൈവങ്ങളിൽ ഒന്നാണെന്നോ, ദൈവപുത്രനാണെന്നോ ഉള്ള ശിർക്കുവാദങ്ങളൊക്കെ പിന്നീടുണ്ടായിത്തീർന്നതാണു; അദ്ദേഹവും അദ്ദേഹത്തിന്റെ മാതാവും എല്ലാ മനുഷ്യരെയും പോലെ ഭക്ഷണം, വെള്ളം, വായു, ഉറക്കം പോലെയുള്ള മനുഷ്യ പ്രകൃതങ്ങളായ ആവശ്യങ്ങൾ ഉള്ളവരായിരുന്നു എന്നിങ്ങിനെയുള്ള യാഥാർത്ഥ്യങ്ങൾ ക്രിസ്ത്യാനികളുടെ വേദപ്രമാണങ്ങളിൽ തന്നെ ഇന്നും കാണാവുന്നതാണ്. പക്ഷെ, ഈസാ (അ) നെക്കുറിച്ചു ക്രിസ്തീയ നേതാക്കളും സഭകളും കെട്ടിച്ചമച്ചുണ്ടാക്കിയ പുതിയ സിദ്ധാന്തങ്ങളും, അവയെ ഉപജീവിച്ചുകൊണ്ടുള്ള അവരുടെ ദുർവ്യാഖ്യാനങ്ങളും അവയിൽ കൂടുതൽ സ്ഥലം പിടിച്ചു കഴിഞ്ഞിട്ടുള്ളതുകൊണ്ടും, വേദപ്രമാണങ്ങളിലെ സത്യപ്രസ്താവനകളുടെ നേരെ അവരുടെ പണ്ഡിത വിഭാഗം ഒരു കണ്ണടച്ച നയം സ്വീകരിച്ചു വരുന്നതു കൊണ്ടും ആ യാഥാർത്ഥ്യങ്ങളെപ്പററി ക്രിസ്തീയ ബഹുജനങ്ങൾക്കു മനസ്സിലാക്കുവാൻ കഴിയുന്നില്ല. ഇതാണു പരമാർത്ഥം. ക്രിസ്തീയ വേദ പ്രമാണങ്ങളിൽ ഏററവും പ്രധാനമായവ പുതിയ നിയമത്തിലെ നാലു സുവിശേഷ പുസ്തകങ്ങളാണല്ലോ. അവയിലും, അവരുടെ ആധികാരിക ഗ്രന്ഥങ്ങളായ മററു പലതിലും ഇതിനു പല തെളിവുകളും കാണാം.

പിശാചും യേശുവും തമ്മിൽ നടന്ന ഒരു വാദപ്രതിവാദത്തിൽ യേശു പിശാചിനോട്: 'സാത്താനേ, എന്നെ വിട്ടുപോ, നിന്റെ ദൈവമായ കർത്താവിനെ നമസ്കരിച്ച് അവനെ മാത്രമേ ആരാധിക്കാവു എന്നു എഴുതിയിരിക്കുന്നുവല്ലോ' എന്നു പറഞ്ഞുവെന്നും, അപ്പോൾ പിശാചു അവനെ വിട്ടുപോയി എന്നും, മത്തായി (അ: 4ൽ 10, 11) ഉദ്ധരിക്കുന്നു. എല്ലാററിലും വെച്ചു മുഖ്യ കൽപന ഏതെന്ന് ഒരു ശാസ്ത്രിയുടെ ചോദ്യത്തിനു യേശു പറഞ്ഞ മറുപടി മർക്കോസ് ഇങ്ങിനെ ഉദ്ധരിക്കുന്നു: 'എല്ലാററിലും മുഖ്യ കല്പനയോ? യിസ്രായേലേ, കേൾക്ക: നമ്മുടെ ദൈവമായ കർത്താവു ഏക കർത്താവ്. നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണ ഹൃദയത്തോടും, പൂർണ്ണാത്മാവോടും, പൂർണ്ണ മനസ്സോടുംകൂടെ സ്നേഹിക്കണം എന്നാകുന്നു'. (മർക്കോസു അ:12ൽ 29,30 ഈ വിവരം ഇപ്രകാരം ലൂക്കോസിലു (അ; 10ൽ 26,27) കാണാവുന്നതാണ്.

വേദപുസ്തക നിഘണ്ടു പറയുന്നതു നോക്കുക: 'ആദ്യത്തെ (മത്തായി, മർക്കോസു, ലൂക്കോസ് എന്നീ) മൂന്നു സുവിശേഷങ്ങളിൽ യേശു യഥാർത്ഥ മനുഷ്യത്വമുള്ളവനാണെന്നു കാണുന്നു. അവൻ ശരീരത്തിലും ബുദ്ധിയിലും സ്വാഭാവികമായി വളർച്ച പ്രാപിച്ചു. വിശപ്പും ദാഹവും അനുഭവിച്ചു. ഉപദ്രവങ്ങൾ സഹിച്ചു. സന്തോഷം, ദുഃഖം, സ്നേഹം, കോപം ആദിയായവ എല്ലാ മനുഷ്യരെയുംപോലെ അവനുമുണ്ടായിരുന്നു. സാധാരണ മനുഷ്യരെക്കാളും ജ്ഞാനിയായിരുന്നുവെങ്കിലും സർവ്വജ്ഞത ഉണ്ടായിരുന്നില്ല...അത്തിവൃക്ഷത്തിൽ ഫലമുണ്ടായിരിക്കുമെന്നു വിചാരിച്ച് ചെന്ന് നോക്കുമ്പോൾ ഫലമുണ്ടായിരുന്നില്ല. അവൻ പ്രവർത്തിച്ച അത്ഭുതങ്ങൾ സ്വന്തം ശക്തിയാലല്ല, ദൈവ വിശ്വാസത്താലാണു ചെയ്തതെന്നു വിചാരിപ്പാൻ ന്യായമുണ്ട്. യേശു അവതാര പുരുഷനായി വന്നപ്പോൾ അവനു മനുഷ്യ ചിത്തവും ദൈവ ചിത്തവും എന്നിങ്ങനെ രണ്ടു ചിത്തങ്ങൾ (മനസ്സുകൾ) ഉണ്ടായിരുന്നുവെന്നു ചിലർ അഭിപ്രായപ്പെടുന്നു. അതിനു ഈ (മൂന്നു) സുവിശേഷങ്ങളിൽ യാതൊരു ആധാരവുമില്ല.' (പുറം. 413, 414) (*)

(*) 'യേശുക്രിസ്തുവിനെ തത്വത്തെ സംബന്ധിച്ചു പുതിയ നിയമത്തിലുള്ള സിദ്ധാന്തങ്ങൾ' എന്ന ശീർഷകത്തിൽ വേദപുസ്തക നിഘണ്ടുവിൽ (പുറം 413–420) ഒരു വലിയ ഉപന്യാസമുണ്ട്. അതിൽനിന്നുള്ളതാണ് ഈ ഉദ്ധരണി. യേശു ആര്? അവനും പിതാവും (സാക്ഷാൽ ദൈവവും) തമ്മിലും, അവനും മനുഷ്യരും തമ്മിലും ബന്ധമെന്ത്? എന്നു തുടങ്ങിയ വിഷയങ്ങളെപ്പററി വ്യക്തമായി അറിയുവാൻ അതിങ്ങിനെ വിഭജിക്കേണ്ടതുണ്ടെന്നു പറഞ്ഞുകൊണ്ട് ആദ്യം അവയെ ആദ്യത്തെ മൂന്നു സുവിശേഷങ്ങളിലെയും, അപ്പോസ്തല ഉപദേശത്തിലെയും, പൗലൊസിന്റെ ലേഖനത്തിലെയും, എബ്രായ ലേഖനത്തിലെയും, വെളിപ്പാടു പുസ്തകത്തിലെയും യോഹന്നാന്റെ സുവിശേഷത്തിലെയും സിദ്ധാന്തങ്ങൾ എന്നിങ്ങിനെ ആറുതരം സിദ്ധാന്തങ്ങളായി നിഘണ്ടു വേർതിരിച്ചിരിക്കുന്നു. അനന്തരം ഏഴാമതായി നിഘണ്ടുവിന്റെ സ്വന്തം വകയായി ഒരു 'സമാപന'ത്തോടുകൂടിയാണു ഉപന്യാസം മുഴുമിക്കുന്നത്. ഈ ഉപന്യാസം ശ്രദ്ധവെച്ചു വായിക്കുന്നവർക്കു–ക്രിസ്തീയ പക്ഷപാത രോഗം പിടിപെടാത്തപക്ഷം–പലതും അതിൽനിന്നു മനസ്സിലാക്കുവാൻ സാധിക്കും. ഉദാഹരണമായി:–

(1) നിഘണ്ടു വിവരിച്ച ആറിൽ ഓരോ ഇനം സിദ്ധാന്തങ്ങളും തമ്മിൽ അന്യോന്യം പല തരത്തിലുള്ള വൈരുദ്ധ്യങ്ങൾ കാണാം. (2) ഇന്നു ക്രിസ്ത്യാനികൾക്കിടയിൽ നിലവിലുള്ള പല വിശ്വാസ സിദ്ധാന്തങ്ങൾക്കും കടക വിരുദ്ധമായിട്ടാണു അവയിൽ മിക്കതും ഉള്ളത്. (3) പ്രസ്തുത വൈരുദ്ധ്യങ്ങളെയും പൊരുത്തക്കേടുകളെയും കഴിവതും ഇണക്കി യോജിപ്പിക്കുവാൻ വേണ്ടിയുള്ള നിഘണ്ടുവിന്റെ ഒരു ശ്രമം മാത്രമാണ് അതിന്റെ വകയായി കൊടുത്ത ആ സമാപനം. അതിൽ നിഘണ്ടുവിനു വിജയം അവകാശപ്പെടാൻ കഴിഞ്ഞിട്ടുമില്ല. (4) ക്രിസ്തീയ വേദ പുസ്തകങ്ങളിൽ പല നിലക്കും കൂടുതൽ പ്രാധാന്യമുള്ള ആദ്യത്തെ മൂന്നു സുവിശേഷങ്ങളുടെയും ഏകോപിച്ച അഭിപ്രായമാണ് മുകളിൽ കണ്ട ഉദ്ധരണി. നാലാമത്തെ സുവിശേഷമാകുന്ന യോഹന്നാന്റെ ഗ്രന്ഥത്തിൽ യേശു ക്രിസ്തുവിനു ദൈവത്വവും, ദൈവ പുത്രത്വവും കൽപിക്കപ്പെട്ടിട്ടുണ്ടെങ്കിലും മററു മൂന്നു സുവിശേഷങ്ങളിലെ ഉള്ളടക്കങ്ങൾക്കാണു വില കൽപിക്കേണ്ടതെന്നു ക്രിസ്തീയ ഗ്രന്ഥങ്ങളിൽനിന്നുതന്നെ മനസ്സിലാക്കാം. (5) അതുകൊണ്ടുതന്നെയാണു–ആറുതരം സിദ്ധാന്തങ്ങളിൽ രണ്ടാം സ്ഥാനമോ മൂന്നാം സ്ഥാനമോ നൽകാതെ–പുതിയ നിയമത്തിലെ സുവിശേഷമല്ലാത്ത ചില ലേഖനങ്ങളിലെ സിദ്ധാന്തങ്ങൾക്കു മുൻഗണന നൽകിക്കൊണ്ട് യോഹന്നാന്റെ സുവിശേഷത്തെ ആറാം സ്ഥാനത്താക്കി താഴ്ത്തിയതും. [ഈ സുവിശേഷത്തിന്റെ കർത്താവു ആരെന്നും, ഇതിലുള്ളതു യഥാർത്ഥ സംഭവങ്ങളാണോ എന്നും, ഇതിൽ പറയുന്ന യേശു അപ്രകാരമുള്ളവൻതന്നെയായിരുന്നോ എന്നും മററും പല തർക്കങ്ങൾ മുമ്പും ഇപ്പോഴും ഉണ്ടെന്നും, (പേജ്. 430) ആദ്യത്തെ മൂന്നു സുവിശേഷങ്ങളും യേശുവിന്റെ ചരിത്രം വാമൊഴിയായി അവരവർ കേട്ട് രചിച്ചതാണെന്നും, യേശുക്രിസ്തു ദൈവ പുത്രനാണെന്നു തെളിയിക്കുവാൻവേണ്ടി വേറൊരു സുവിശേഷം എഴുതിയുണ്ടാക്കുകയാണു യോഹന്നാൻ ചെയ്തിരിക്കുന്നതു എന്നും (പേജ്.498) നിഘണ്ടുതന്നെ വ്യക്തമാക്കിയിട്ടുണ്ട്]

79. പറയുക: 'നിങ്ങൾ വല്ല ഉപദ്രവത്തിനാകട്ടെ, ഉപകാരത്തിനാകട്ടെ കഴിയാത്തതിനെ അല്ലാഹുവിന്ന പുറമെ നിങ്ങൾ ആരാധിക്കുന്നുവോ?!

അല്ലാഹുതന്നെയാണ് (എല്ലാം) കേൾക്കുന്നവനും അറിയുന്നവനുമായുള്ളവൻ.'

٧٩- قُلْ أَتَعْبُدُونَ مِن دُونِ اللَّهِ مَا لَا يَمْلِكُ لَكُمْ ضَرًّا وَلَا نَفْعًا ۚ وَاللَّهُ هُوَ السَّمِيعُ الْعَلِيمُ ○

80. പറയുക: 'വേദക്കാരേ, ന്യായമല്ലാത്ത വിധം നിങ്ങൾ നിങ്ങളുടെ മതത്തിൽ അതിരു കവിയരുത്. ചില ജനങ്ങളുടെ തന്നിഷ്ടങ്ങളെ നിങ്ങൾ പിൻപററുകയും ചെയ്യരുതു: അവർ മുമ്പേ വഴിപിഴച്ചിട്ടുണ്ട്; വളരെ ആളുകളെ അവർ വഴിപിഴപ്പിക്കുകയും ചെയ്തിരിക്കുന്നു; ശരിയായ മാർഗ്ഗം വിട്ട് അവർ തെററിപ്പോകുകയും ചെയ്തിരിക്കുന്നു. (ഇങ്ങിനെയുള്ള ഒരു ജനതയുടെ.)'

٨٠- قُلْ يَا أَهْلَ الْكِتَابِ لَا تَغْلُوا فِي دِينِكُمْ غَيْرَ الْحَقِّ وَلَا تَتَّبِعُوا أَهْوَاءَ قَوْمٍ قَدْ ضَلُّوا مِن قَبْلُ وَأَضَلُّوا كَثِيرًا وَضَلُّوا عَن سَوَاءِ السَّبِيلِ ○

---

79. قل പറയുക أتعبدون നിങ്ങൾ ആരാധിക്കുന്നുവോ من دون الله അല്ലാഹുവിനു പുറമെ, അല്ലാഹുവിനെ കൂടാതെ ما لا يملك സ്വാധീനമാക്കുന്നില്ലാത്ത (കഴിയാത്ത) തിനെ لكم നിങ്ങൾക്കു ضرا ഉപദ്രവത്തിനു ولا نفعا ഉപകാരത്തിനും ഇല്ലാത്ത والله അല്ലാഹുതന്നെ السميع (എല്ലാം) കേൾക്കുന്നവൻ العليم അറിയുന്നവൻ, അറിയുന്നവനായ 80. قل يا أهل الكتاب പറയുക വേദക്കാരേ لا تغلوا നിങ്ങൾ അതിരു കവിയരുതു في دينكم നിങ്ങളുടെ മതത്തിൽ غير الحق ന്യായം (യഥാർത്ഥം-വേണ്ടപ്പെട്ടതു) അല്ലാത്ത വിധം ولا تتبعوا നിങ്ങൾ പിൻപററുകയും അരുതു أهواء ഇച്ഛകളെ, തന്നിഷ്ടങ്ങളെ قوم ഒരു ജനതയുടെ, ചില ജനങ്ങളുടെ قد ضلوا അവർ പിഴച്ചുപോയിട്ടുണ്ടു من قبل മുമ്പു وأضلوا അവർ പിഴപ്പിക്കുകയും ചെയ്തു كثيرا വളരെ (ആളുകളെ) وضلوا അവർ വഴിതെററുകയും ചെയ്തു عن سواء السبيل ശരിയായ മാർഗ്ഗം വിട്ടു

ഒന്നാമത്തെ ആയത്തിലെ ആശയം വ്യക്തമാണ്. സ്വന്തം നിലക്കു എന്തെങ്കിലും ഉപദ്രവമോ ഉപകാരമോ ചെയ്‌വാൻ കഴിവില്ലാത്ത വസ്തുക്കളെ-അവ നിർജ്ജീവികളോ ജീവികളോ ഏതായാലും-ശരി-ആരാധിക്കുന്നതിന്റെ അർത്ഥശൂന്യതയാണതു ചൂണ്ടിക്കാട്ടുന്നത്. ഈസാ (അ) നബിയും ഇതിൽനിന്നു ഒഴിവല്ലല്ലോ. മുകളിൽ കണ്ടതുപോലെ, മനുഷ്യപ്രകൃതങ്ങളായ സ്വഭാവങ്ങളെല്ലാം അദ്ദേഹത്തിലും ഉണ്ടായിരുന്നുവെന്നും, അദ്ദേഹം വേദനയും, യാതനയും അനുഭവിക്കേണ്ടി വന്നിട്ടുണ്ടെന്നും അദ്ദേഹത്തിനു ദൈവത്വം കല്പിക്കുന്ന ക്രിസ്ത്യാനികൾ പോലും സമ്മതിക്കുന്നു. സ്വന്തം ദേഹത്തിനുപോലും കഷ്ടതകളിൽനിന്നു മുക്തി നൽകുവാൻ കഴിയാത്ത അദ്ദേഹത്തിനു മററുള്ളവർക്കു മുക്തി നൽകുവാൻ എങ്ങിനെ കഴിയും?!

രണ്ടാമത്തെ വചനത്തിൽ വേദക്കാരെ എന്നു വിളിച്ചുകൊണ്ടു രണ്ടു കാര്യങ്ങൾ അവരോടു് അല്ലാഹു വിരോധിക്കുന്നു (1) മതത്തിൽ ന്യായമല്ലാത്ത അതിരു കവിയൽ പാടില്ല. മതത്തിൽനിന്ന പിഴച്ചുപോകൽ നിഷേധത്തിൽനിന്നും അനാദരവിൽ നിന്നും ഉണ്ടാകുന്നതുപോലെതന്നെ, അതിൽ അതിരു കവിയുന്നതുകൊണ്ടും ഉണ്ടായിത്തീരുന്നു. ഇതിനു ഏററവും നല്ല ഉദാഹരണമത്രെ ക്രിസ്ത്യാനികളുടെ വഴിപിഴവ്. മതത്തിൽ അവർക്കുണ്ടായ [illegible]കുറവിൽനിന്നോ പ്രവാചകനിലുള്ള വിശ്വാസക്കുറവിൽനിന്നോ അല്ല അവർ നേർമാർഗ്ഗം വിട്ടുപോകാൻ കാരണമുണ്ടായത്. മനുഷ്യനും അല്ലാഹുവിന്റെ സൃഷ്ടിയും അടിയനുമായ ഒരു പ്രവാചകന് അവർ ദൈവത്വം നൽകി ഇല്ലാത്ത പദവികൾ കല്പിച്ചു. അദ്ദേഹത്തിന്റെ മാതാവിനുപോലും പലതും വിശുദ്ധം കല്പിച്ചു. അദ്ദേഹത്തിന്റെയും, മാതാവിന്റെയും മററുമല്ല-അദ്ദേഹം ക്രൂശിക്കപ്പെട്ടിട്ടുണ്ടെന്ന നിഗമനത്തിൽ-കുരിശിന്റെപോലും-പ്രതിമകളും രൂപങ്ങളും അവർ ആരാധ്യവസ്തുക്കളാക്കി. ദൈവഭക്തിയിൽ മുഴുകുകയെന്ന പേരിൽ [illegible] പൗരോഹിത്യ സമ്പ്രദായവും അവർ സൃഷ്ടിച്ചുണ്ടാക്കി. പണ്ഡിത പുരോഹിത വർഗ്ഗങ്ങൾക്കു [illegible] ഇഷ്ടംപോലെ നിയമിക്കുവാനുള്ള അധികാരം വരെവെച്ചു കൊടുത്തു. അങ്ങനെ അവരെ റബ്ബുകളാക്കിത്തീർക്കു

ഇങ്ങിനെയുള്ള പലതുമാണ് ഈ അതിരുകവിയൽ കൊണ്ടുദ്ദേശ്യം. യഥാർത്ഥ വിശ്വാസത്തിൽ വന്ന ഈ അതിരു കവിയൽ ശിർക്കിന്റെ അടിത്തട്ടിലേക്കാണ് അവരെ തള്ളിവിട്ടത്. അങ്ങേയററം ലജ്ജയോടും വ്യസനത്തോടും കൂടിയാണെങ്കിലും, ക്രിസ്ത്യാനികളുടെ ഈ അതിരു കവിയൽരോഗം തീരെത്തും മുസ്ലിം സമുദായത്തിലേക്കും ക്രമേണ പകർന്നിട്ടുണ്ടെന്ന വാസ്തവം സമ്മതിക്കാതെ വയ്യ. والله اعلم

(2) മുമ്പേ വഴിപിഴച്ചു പോകുകയും, വളരെ ആളുകളെ വഴിപിഴപ്പിക്കുകയും, നേർമാർഗ്ഗത്തിൽനിന്ന തെററിപ്പോകുകയും ചെയ്തിട്ടുള്ള ജനങ്ങളുടെ തന്നിഷ്ടങ്ങളെ പിൻപററരുത്. ഈ വാക്യം ശ്രദ്ധേയമായ പല യാഥാർത്ഥ്യങ്ങളിലേക്കും വിരൽ ചൂണ്ടുന്നുണ്ട്. ഖുർആൻ അവതരിക്കുന്ന കാലത്തു നിലവിലുള്ള ക്രിസ്തീയ മതതത്വങ്ങൾ മുഴുവനും തന്നെ ഈസാ (അ) നബിയോ, ഇഞ്ചീലോ പഠിപ്പിച്ചതല്ലെന്ന പറയേണ്ടതില്ല. കുറെഭാഗം മുമ്പേ വഴിപിഴച്ചു കഴിഞ്ഞിരുന്ന യഹൂദികളിൽനിന്നും, ആദ്യകാല ക്രൈസ്തവ നേതാക്കളിൽനിന്നും കടന്നുകൂടിയതാണ്. വലിയൊരു ഭാഗം യവന (ഗ്രീക്കു) തത്വശാസ്ത്രത്തിൽനിന്നും, ചില ഭാഗം ഹൈന്ദവ സിദ്ധാന്തങ്ങളിൽനിന്നും, ചിലതു ബാബിലോണ്യൻ ചിന്താഗതിയിൽനിന്നും ഉടലെടുത്തതുമാകുന്നു. ഖുർആൻ അവതരിക്കുന്നതിനു ചില നൂററാണ്ടുകൾക്കു മുമ്പു തന്നെ മതത്തിന്റെ അടിസ്ഥാന തത്വങ്ങളിൽ സുനഹദോസു (ക്രിസ്തീയ മഹാസഭ) കളുടെ ഒന്നിലധികം പൊളിച്ചെഴുത്തു നടന്നു കഴിഞ്ഞിരുന്നു. (ക്രിസ്ത്യാനികളുടെ ആധികാരിക ഗ്രന്ഥങ്ങളിൽ നിന്നു ഇതിനുള്ള തെളിവുകൾ പലതും ഇതിനു മുമ്പു–സൂ: നിസാഇലും ഈ സൂറത്തിലും മററുമായി–നാം ചൂണ്ടികാട്ടിയിട്ടുണ്ട്.) ജനങ്ങളെ വഴിപിഴപ്പിക്കുകയും, സ്വയം തെററിപ്പോകുകയും ചെയ്തതിനെപ്പററി പിന്നെ പ്രത്യേകം പറയേണ്ടതില്ലല്ലോ. ഖുർആൻ അവതരിച്ചതിനുശേഷവും ക്രിസ്തീയ സഭകൾ അവരുടെ മതസിദ്ധാന്തങ്ങളിലും നിയമങ്ങളിലും പുതിയ പുതിയ തിരുത്തങ്ങൾ ഉണ്ടാക്കുകയും, മുൻ തിരുത്തങ്ങളിൽ ഭേദഗതി സ്വീകരിക്കുകയും ചെയ്യുന്ന പതിവു തുടർന്നു കൊണ്ടേയിരിക്കുകയാണ്.

വിഭാഗം-11

81. ഇസ്രാഈൽ സന്തതികളിൽനിന്ന അവിശ്വസിച്ചവർ ദാവൂദിന്റെയും, മർയമിന്റെ മകൻ ഈസായുടെയും നാവിലൂടെ ശപിക്കപ്പെട്ടിരിക്കുന്നു. അത്, അവർ അനുസരണക്കേടു ചെയ്യുകയും, അതിരു വിട്ടുകൊണ്ടിരിക്കുകയും ചെയ്തതു നിമിത്തമത്രെ.

٨١- لُعِنَ الَّذِينَ كَفَرُوا مِن بَنِي إِسْرَائِيلَ عَلَىٰ لِسَانِ دَاوُودَ وَعِيسَى ابْنِ مَرْيَمَ ذَٰلِكَ بِمَا عَصَوا وَّكَانُوا يَعْتَدُونَ ○

82. അവർ ചെയ്ത ദുരാചാരത്തെക്കുറിച്ചു അവർ പരസ്പരം വിരോധിക്കാറില്ലായിരുന്നു. അവർ ചെയ്തുകൊണ്ടിരുന്നതു വളരെ ചീത്ത തന്നെ!

٨٢- كَانُوا لَا يَتَنَاهَوْنَ عَن مُّنكَرٍ فَعَلُوهُ لَبِئْسَ مَا كَانُوا يَفْعَلُونَ ○

---

81. لعن ശപിക്കപ്പെട്ടിരിക്കുന്നു الذين كفروا അവിശ്വസിച്ചവർ من بني اسرائيل ഇസ്രാഈൽ സന്തതികളിൽനിന്ന على لسان നാവിലായി, നാവിലൂടെ داود ദാവൂദിന്റെ وعيسى ഈസായുടെയും ابن مريم മർയമിന്റെ മകൻ ذلك അതു بما عصوا അവർ അനുസരണക്കേടു ചെയ്തതുകൊണ്ടാകുന്നു وكانوا അവർ ആയിരുന്നു يعتدون അതിരു വിടും 82. كانوا അവരായിരുന്നു لا يتناهون അവർ പരസ്പരം വിരോധിക്കയില്ല, ഒഴിഞ്ഞു നിൽക്കാതെ عن منكر ദുരാചാരത്തെക്കുറിച്ചു വെറുക്കപ്പെട്ടതിൽ നിന്നു فعلوه അവർ ചെയ്ത لبئس വളരെ (എത്രയോ) ചീത്ത തന്നെ ما كانوا അവരായിരുന്നതു يفعلون അവർ ചെയ്യും.

83. അവരിൽ നിന്നു പലരെയും അവിശ്വസിച്ചവരോടു മൈത്രീബന്ധം സ്ഥാപിക്കുന്നതായി നിനക്കു കാണാം. അവരുടെ സ്വന്തങ്ങൾ തങ്ങൾക്കുവേണ്ടി മുന്നൊരുക്കി വെച്ചിട്ടുള്ളതു വളരെ ചീത്ത തന്നെ! അതായതു, അല്ലാഹു അവരുടെമേൽ ക്രോധിച്ചിരിക്കുകയാണെന്നുള്ളതു. ശിക്ഷയിലാകട്ടെ, അവർ ശാശ്വതൻമാരുമാകുന്നു. [ഇതാണവർ തങ്ങൾക്കു വേണ്ടി ഒരുക്കിവെച്ചിരിക്കുന്നതു]

٨٣- تَرَىٰ كَثِيرًا مِّنْهُمْ يَتَوَلَّوْنَ الَّذِينَ كَفَرُوا ۚ لَبِئْسَ مَا قَدَّمَتْ لَهُمْ أَنفُسُهُمْ أَن سَخِطَ اللَّهُ عَلَيْهِمْ وَفِي الْعَذَابِ هُمْ خَالِدُونَ ○

84. അവർ അല്ലാഹുവിലും, നബിയിലും, അദ്ദേഹത്തിലേക്കു അവതരിപ്പിക്കപ്പെട്ടതിലും വിശ്വസിച്ചുകൊണ്ടിരുന്നെങ്കിൽ അവർ അവരെ ബന്ധുമിത്രങ്ങളാക്കുമായിരുന്നില്ല. എങ്കിലും, അവരിൽ വളരെ ആളുകളും തോന്നിയവാസികളാകുന്നു.

٨٤- وَلَوْ كَانُوا يُؤْمِنُونَ بِاللَّهِ وَالنَّبِيِّ وَمَا أُنزِلَ إِلَيْهِ مَا اتَّخَذُوهُمْ أَوْلِيَاءَ وَلَٰكِنَّ كَثِيرًا مِّنْهُمْ فَاسِقُونَ ○

---

83 ترى നീ കാണും, നിനക്കു കാണാം كثيرا منهم അവരിൽനിന്നു വളരെ, പലരെയും يتولون അവർ മൈത്രീബന്ധം സ്ഥാപിക്കുന്നതായി (അടുത്തു ബന്ധപ്പെടുന്നതായി) الذين كفروا അവിശ്വസിച്ചവരോടു لبئس വളരെ ചീത്ത (മോശം) തന്നെ ما قدمت മുൻചെയ്തു (മുന്നൊരുക്കി) വെച്ചതു لهم അവർക്കു (തങ്ങൾക്കു) വേണ്ടി انفسهم അവരുടെ സ്വന്തങ്ങൾ (സ്വയം), തങ്ങൾതന്നെ ان سخط ക്രോധിച്ചുവെന്നുള്ളതു الله അല്ലാഹു عليهم അവരുടെ മേൽ وفي العذاب ശിക്ഷയിലാകട്ടെ هم അവർ خالدون ശാശ്വതൻമാരാകുന്നു, നിത്യവാസികളുമാണ്. 84. ولو كانوا അവരായിരുന്നുവെങ്കിൽ يؤمنون വിശ്വസിക്കുന്നു(ണ്ടായിരുന്നെങ്കിൽ) بالله അല്ലാഹുവിൽ والنبي നബിയിലും وما انزل അവതരിപ്പിക്കപ്പെട്ടതിലും اليه അദ്ദേഹത്തിലേക്കു ما اتخذوا അവർ ആക്കു (സ്വീകരിക്കു)മായിരുന്നില്ല هم അവരെ اولياء മിത്രങ്ങൾ, ബന്ധപ്പെട്ടവർ ولكن എങ്കിലും كثيرا വളരെ (ആളുകൾ), പലരും منهم അവരിൽ നിന്ന് فاسقون തോന്നിയവാസി (ധിക്കാരി)കളാണു

ഇസ്രാഈൽ സമുദായത്തിന്റെ—അഥവാ അവരിൽ ബഹുഭൂരിഭാഗം വരുന്ന അവിശ്വാസികളുടെ—ധിക്കാരത്തിന്റെയും അനുസരണക്കേടിന്റെയും ചരിത്രം പുതിയതൊന്നല്ല. അതിനൊരു നീണ്ടകാല പാരമ്പര്യം തന്നെയുണ്ട്. അവരിലേക്കു നിയോഗിക്കപ്പെട്ട പ്രവാചകൻമാരിൽ പ്രമുഖരായ രണ്ടു പ്രവാചകൻമാരാണ് ദാവൂദ് (അ) നബിയും, ഈസാ (അ) നബിയും. രണ്ടുപേർ മുഖാന്തരവും അവർ ശപിക്കപ്പെടുകയാണുണ്ടായത്. അവരുടെ അനുസരണക്കേടും ധിക്കാരവും തന്നെയാണതിനു കാരണം. ദുരാചാരങ്ങളും നിഷിദ്ധങ്ങളും അവർക്കിടയിൽ സർവ്വത്രയായിരുന്നു. ആരെങ്കിലും തോന്നിയവാസം ചെയ്താലും അതു തടയുവാനോ, ഗുണദോഷിക്കുവാനോ ആളുണ്ടായിരുന്നില്ല. അത്രത്തോളം അവർ ദുഷിച്ചിരുന്നു എന്നൊക്കെയാണ് ആ രണ്ടു വചനങ്ങളുടെ താൽപര്യം. ...كانوا لا يتناهون എന്ന വാക്യത്തിനു 'അവർ ചെയ്തുവന്ന ദുരാചാരത്തിൽ നിന്നു അവർ ഒഴിഞ്ഞു മാറുമായിരുന്നില്ല' എന്നും അർത്ഥം വരാം. ഒരിക്കൽ ഒരു തോന്നിയവാസം ചെയ്താൽ അതിൽ നിന്നു സ്വയം പശ്ചാത്തപിച്ചു മടങ്ങുകയോ, മററുള്ളവർ അതു മുടക്കം ചെയ്യുകയോ പതിവില്ല. അങ്ങനെ, അതു പിന്നെയും പിന്നെയും ആവർത്തിച്ചുകൊണ്ടിരിക്കും എന്നായിരിക്കും അപ്പോൾ സാരം. രണ്ടായാലും തത്വത്തിൽ ഒന്നുതന്നെ. ഇങ്ങിനെയുള്ള ഒരു പാരമ്പര്യത്തിന്റെ പിൻഗാമികളാണു ഇപ്പോൾ നിലവിലുള്ളവരും. അതുകൊണ്ട് അവരിൽനിന്നു വളരെയൊന്നും നൻമ പ്രതീക്ഷിക്കേണ്ടതില്ല എന്നാണിതിലെ സൂചന.

വേദക്കാരും പ്രവാചകൻമാരുടെ അനുയായികളെന്ന് അവകാശപ്പെടുന്നവരുമായ സ്ഥിതിക്കു അവരുടെ അടുപ്പവും കൂടുതൽ ബന്ധവും സത്യവിശ്വാസികളുമായിട്ടാണു വേണ്ടത്. പക്ഷേ, അവരിൽ അധികമാളുകളും ബന്ധുമിത്രങ്ങളാക്കിപ്പോരുന്നതു മുശ്‌രിക്കുകളാകുന്ന അവിശ്വാസികളെയാണ്. ഇതിനുള്ള കാരണവും മുകളിൽ

പറഞ്ഞതു തന്നെ. അല്ലാഹുവിന്റെ ക്രോധവും ശാപവും ശാശ്വതമായ ശിക്ഷയുമാണു തങ്ങളുടെ ഭാവിക്കുവേണ്ടി അവർ മുൻകൂട്ടി സമ്പാദിച്ചു വെച്ചിരിക്കുന്നത്. വാസ്തവത്തിൽ ഇവരും ആ അവിശ്വാസികളും തമ്മിൽ വ്യത്യാസമൊന്നുമില്ല. ഇരുകൂട്ടരും സത്യനിഷേധികൾ തന്നെ. അല്ലായിരുന്നുവെങ്കിൽ ഇവർ അല്ലാഹുവിലും അവന്റെ പ്രവാചകനിലും വേദഗ്രന്ഥത്തിലും വിശ്വസിക്കേണ്ടതായിരുന്നു. ഞങ്ങൾ അവരെപ്പോലെ അവിശ്വാസികളല്ല—ഞങ്ങൾ വിശ്വാസികളാണു—എന്നുള്ള ഇവരുടെ വാദം ശരിയാണെങ്കിൽ അവർ ആ അവിശ്വാസികളെ ബന്ധുമിത്രങ്ങളായി സ്വീകരിക്കുകയില്ലല്ലോ എന്നൊക്കെയാണു പിന്നത്തെ രണ്ടു വചനങ്ങളുടെ താൽപര്യം.

സൽകാര്യങ്ങൾ കൊണ്ടു ഉപദേശിക്കലും, ദുഷ്കാര്യങ്ങളെക്കുറിച്ചു വിരോധിക്കലും സത്യവിശ്വാസികളുടെ മേൽ പൊതുവിലും, അറിവും കഴിവുമുള്ളവരുടെ മേൽ വിശേഷിച്ചും കടമയാകുന്നു. ഈ വിഷയകമായി ഖുർആൻ വചനങ്ങളിലും, നബിവചനങ്ങളിലും വളരെ ഊന്നിപ്പറഞ്ഞിട്ടുള്ളതുമാണ്. മാതൃകക്കായി ചില നബി വചനങ്ങൾ ഇവിടെ ഉദ്ധരിക്കാം. 1. നബി (സ) പറഞ്ഞതായി ഇബ്നുമസ്ഊദു (റ) ഉദ്ധരിച്ച ഒരു ഹദീസിന്റെ സാരം ഇങ്ങിനെയാകുന്നു: 'ഇസ്രാഈല്യരിൽ ആദ്യം പോരായ്മ (വീഴ്ച) കടന്നുകൂടിയതിങ്ങിനെയാണ്: ഒരാൾ ഒരു തെററു ചെയ്യുന്നതായി കാണുമ്പോൾ, എടോ, അല്ലാഹുവിനെ സൂക്ഷിക്കണം, ഈ പ്രവൃത്തി ഉപേക്ഷിക്കണം, ഇതു പാടില്ലാത്തതാണ് എന്നിങ്ങിനെ അവനോട് മറെറാരാൾ പറയും. പിന്നീടു പിറേറ ദിവസം അവനെ അതേ മാതിരി കാണുമ്പോൾ അയാൾ അവനൊന്നിച്ചു ഭക്ഷണ പാനീയത്തിലും സഹവാസത്തിലും പങ്കെടുക്കുകയും ചെയ്യും. അതിന് അതു തടസ്സമായിരിക്കയില്ല. അങ്ങനെ ചെയ്‌വാൻ തുടങ്ങിയപ്പോൾ അല്ലാഹു അവരുടെ ഹൃദയങ്ങളെ തമ്മിൽ തല്ലിച്ചു. (അവർക്കിടയിൽ ഭിന്നിപ്പുണ്ടായി.)' പിന്നീടു നബി (സ) ഈ ഖുർആൻ വചനങ്ങൾ ഓതുകയും ചെയ്തു. എന്നിട്ടു പറഞ്ഞു: 'അതു പാടില്ല. അല്ലാഹുവിനെത്തന്നെയാണെ! നിങ്ങൾ സദാചാരം കൊണ്ടു കൽപിക്കുകയും ദുരാചാരത്തെക്കുറിച്ച് വിരോധിക്കുകയും തന്നെ വേണം. നിങ്ങൾ അക്രമിയുടെ കൈക്ക് പിടിക്കുകയും ചെയ്യണം. അവനെ യഥാർത്ഥത്തിലൂടെത്തന്നെ ചരിക്കുമാറാക്കുകയും വേണം.' (അ; തി; ജ.)

2. നബി (സ) പറഞ്ഞതായി ഹുദൈഫത്തുബ്നുൽ യമാൻ (റ) ഉദ്ധരിക്കുന്നു: എന്റെ ആത്മാവു യാതൊരുവന്റെ കയ്യിലാണോ അവൻ തന്നെയാണ്! നിങ്ങൾ സദാചാരം കൊണ്ടു കൽപിക്കുകയും, ദുരാചാരത്തെക്കുറിച്ചു വിരോധിക്കുകയും ചെയ്യുകതന്നെ വേണം. അല്ലാത്തപക്ഷം, അല്ലാഹു അവന്റെ അടുക്കൽനിന്നും നിങ്ങളുടെ മേൽ വല്ല ശിക്ഷാനടപടിയും അയച്ചേക്കാവുന്നതാണ്. പിന്നീടു നിങ്ങൾ അവനോടു പ്രാർത്ഥിക്കുമ്പോൾ അവൻ നിങ്ങൾക്കു ഉത്തരം നൽകുകയില്ല.' (അ; തി.) 3. അബൂഉമാമഃ (റ) ഉദ്ധരിച്ച ഒരു നബിവചനം: 'ജിഹാദിൽ (ധർമ്മസമരത്തിൽ) വെച്ചു ഏററവും ശ്രേഷ്ഠമായതു, ഒരു അക്രമിയായ ഭരണാധികാരിയുടെ അടുക്കൽവെച്ചു പറയപ്പെടുന്ന സത്യത്തിന്റെ ഒരു വാക്യമാകുന്നു.' (ജ.) 4. നബി (സ) പറഞ്ഞതായി അബൂസഈദിൽ ഖുദ്‌രി (റ) ഉദ്ധരിക്കുന്നു: 'നിങ്ങളിൽ ആരെങ്കിലും ഒരു ദുരാചാരം കണ്ടാൽ അവനതു തന്റെ കൈകൊണ്ടു മാററിക്കൊള്ളട്ടെ. അതിനു സാധിക്കാത്തപക്ഷം തന്റെ നാവുകൊണ്ട്. അതിനും സാധിക്കാത്തപക്ഷം തന്റെ ഹൃദയംകൊണ്ട്. സത്യവിശ്വാസത്തിൽ ഏററവും ദുർബ്ബലമായതത്രെ അത്.' (മു.)

٨٥- لَتَجِدَنَّ أَشَدَّ النَّاسِ عَدَاوَةً لِّلَّذِينَ آمَنُوا الْيَهُودَ وَالَّذِينَ أَشْرَكُوا

85. നിശ്ചയമായും, വിശ്വസിച്ചവരോടു മനുഷ്യരിൽ വെച്ച് ഏററവും കഠിന ശത്രുതയുള്ളവർ യഹൂദികളും, ശിർക്കു ചെയ്യുന്നവരുമായി [ബഹുദൈവ വിശ്വാസികളുമായി] നീ കാണുന്നതാണ്.

---

85. لتجدن നിശ്ചയമായും നീ കണ്ടെത്തും (കാണും—നിനക്കനുഭവപ്പെടും) أشد الناس മനുഷ്യരിൽ ഏററം കഠിനമായവരെ عداوة ശത്രുത, ശത്രുതയിൽ للذين آمنوا വിശ്വസിച്ചവരോടു اليهود യഹൂദികളായി, യഹൂദരാണെന്നു والذين أشركوا ശിർക്കു ചെയ്തവരും (ബഹു ദൈവ വിശ്വാസികളും)

وَلَتَجِدَنَّ أَقْرَبَهُم مَّوَدَّةً لِّلَّذِينَ آمَنُوا الَّذِينَ قَالُوا إِنَّا نَصَارَىٰ ۚ ذَٰلِكَ بِأَنَّ مِنْهُمْ قِسِّيسِينَ وَرُهْبَانًا وَأَنَّهُمْ لَا يَسْتَكْبِرُونَ ○

നിശ്ചയമായും, വിശ്വസിച്ചവരോടു അവരിൽവെച്ച് ഏററവും അടുത്ത സ്നേഹബന്ധമുള്ളവർ, ഞങ്ങൾ 'നസ്രാനി'കളാണെന്നു പറയുന്നവരായും [ക്രിസ്ത്യാനികളായും] നീ കാണുന്നതാണ്. അവരിൽ ചില പണ്ഡിതാചാര്യൻമാരും, പുരോഹിതൻമാരും ഉണ്ടെന്നുള്ളതും, അവർ അഹംഭാവം നടിക്കുന്നില്ലെന്നുള്ളതും നിമിത്തമാകുന്നു അത്.

لتجدن നിശ്ചയമായും നീ കണ്ടെത്തുക(കാണുക)യും ചെയ്യും اقربهم അവരിൽ അടുത്തവരെ مودة സ്നേഹ ബന്ധം, താൽപര്യത്തിൽ للذين امنوا വിശ്വസിച്ചവരോടു الذين قالوا പറഞ്ഞവർ, പറയുന്നവർ انا نصرى ഞങ്ങൾ നസ്രാനികൾ ആണെന്നു ذلك അതു بان منهم അവരിലുണ്ടു എന്നതു കൊണ്ടാകുന്നു قسيسين പണ്ഡിതൻമാർ, ആചാര്യൻമാർ, വിദ്വാൻമാർ رهبانا പുരോഹിതൻമാരും, സന്യാസികളും, ഭക്തൻമാരും وانهم അവർ എന്നുള്ളതും لا يستكبرون അഹംഭാവം നടിക്കുകയില്ല (എന്നുള്ളതും)

ജുസ്ഉ്-7

٨٣- وَإِذَا سَمِعُوا مَا أُنزِلَ إِلَى الرَّسُولِ تَرَىٰ أَعْيُنَهُمْ تَفِيضُ مِنَ الدَّمْعِ مِمَّا عَرَفُوا مِنَ الْحَقِّ ۖ يَقُولُونَ رَبَّنَا آمَنَّا فَاكْتُبْنَا مَعَ الشَّاهِدِينَ ○

٨٤- وَمَا لَنَا لَا نُؤْمِنُ بِاللَّهِ وَمَا جَاءَنَا مِنَ الْحَقِّ وَنَطْمَعُ أَن يُدْخِلَنَا رَبُّنَا مَعَ الْقَوْمِ الصَّالِحِينَ ○

86. റസൂലിലേക്ക അവതരിപ്പിക്കപ്പെട്ടതിനെ അവർ കേട്ടാൽ, യഥാർത്ഥത്തിൽനിന്നും അവർ മനസ്സിലാക്കിയതു നിമിത്തം, അവരുടെ കണ്ണുകൾ അശ്രുവിനാൽ ഒഴുകുന്നതായി നിനക്കു കാണാം.

അവർ പറയും: 'ഞങ്ങളുടെ റബ്ബേ, ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു; ആകയാൽ, നീ ഞങ്ങളെ സാക്ഷ്യം വഹിക്കുന്നവരോടൊപ്പം രേഖപ്പെടുത്തണേ!

87. 'അല്ലാഹുവിലും, യഥാർത്ഥത്തിൽ നിന്നും ഞങ്ങൾക്ക വന്നിട്ടുള്ളതിലും വിശ്വസിക്കാതിരിക്കുവാൻ ഞങ്ങൾക്കെന്താണു (തടസ്സം) ഉള്ളത്, സദ്‌വൃത്തരായ ജനങ്ങളോടൊപ്പം ഞങ്ങളുടെ റബ്ബ് ഞങ്ങളെ പ്രവേശിപ്പിക്കുവാൻ ഞങ്ങൾ മോഹിച്ചു കൊണ്ടിരിക്കെ!?'

---

86. واذا سمعوا അവർ കേട്ടാൽ ما انزل അവതരിപ്പിക്കപ്പെട്ടതു الى الرسول റസൂലിലേക്ക ترى നിനക്ക കാണാം اعينهم അവരുടെ കണ്ണുകളെ تفيض അവ ഒഴുകുന്നതായി من الدمع കണ്ണുനീരിനാൽ مما عرفوا അവർ മനസ്സിലാക്കിയ (അറിഞ്ഞ)തിനാൽ من الحق യഥാർത്ഥത്തിൽനിന്നും يقولون അവർ പറയും, പറഞ്ഞുംകൊണ്ടു ربنا ഞങ്ങളുടെ റബ്ബേ (രക്ഷിതാവേ) امنا ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു فاكتبنا ആകയാൽ ഞങ്ങളെ രേഖപ്പെടുത്തണമേ مع الشاهدين സാക്ഷ്യം വഹിക്കുന്നവരുടെ കൂടെ 87. وما لنا ഞങ്ങൾക്കെന്താണു(ഉള്ളതു) لا نؤمن ഞങ്ങൾ വിശ്വസിക്കാതെ (ഇരിക്കുവാൻ) بالله അല്ലാഹുവിൽ وما جاءنا ഞങ്ങൾക്ക വന്നിട്ടുള്ളതിലും من الحق യഥാർത്ഥത്തിൽ നിന്നു ونطمع ഞങ്ങൾ മോഹിച്ചുകൊണ്ടിരിക്കെ, ഞങ്ങൾ ആഗ്രഹിക്കുകയും ചെയ്യുന്നു ان يدخلنا ഞങ്ങളെ പ്രവേശിപ്പിക്കുവാൻ ربنا ഞങ്ങളുടെ റബ്ബു مع القوم ജനങ്ങളോടുകൂടെ الصالحين സദ്‌വൃത്തരായ

88. അങ്ങനെ, അവർ (ആ) പറഞ്ഞതുകൊണ്ട് അടിഭാഗത്തിലൂടെ അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗ്ഗങ്ങളെ അല്ലാഹു അവർക്ക പ്രതിഫലം നൽകി; (അവർ) അതിൽ നിത്യവാസികളായ നിലയിൽ സുകൃതവാൻമാരുടെ പ്രതിഫലമത്രെ അത്.

٨٨- فَأَثَابَهُمُ اللَّهُ بِمَا قَالُوا جَنَّٰتٍ تَجْرِي مِن تَحْتِهَا الْأَنْهَٰرُ خَٰلِدِينَ فِيهَا وَذَٰلِكَ جَزَآءُ الْمُحْسِنِينَ ۝

89. അവിശ്വസിക്കുകയും, നമ്മുടെ 'ആയത്തു' [ലക്ഷ്യം]കളെ വ്യാജമാക്കുകയും ചെയ്തവരാകട്ടെ, അക്കൂട്ടർ, ജ്വലിക്കുന്ന നരകത്തിന്റെ ആൾക്കാരാകുന്നു.

٨٩- وَالَّذِينَ كَفَرُوا وَكَذَّبُوا بِـَٔايَٰتِنَآ أُو۟لَٰٓئِكَ أَصْحَٰبُ الْجَحِيمِ ۝

---

88. فاثابهم അങ്ങനെ (അതിനാൽ) അവർക്ക പ്രതിഫലം കൊടുത്തു الله അല്ലാഹു بما قالوا അവർ പറഞ്ഞതിനാൽ جنات സ്വർഗ്ഗങ്ങളെ تجرى ഒഴുകും من تحتها അതിന്റെ അടിയിലൂടെ الانهار അരുവികൾ خالدين നിത്യവാസികളായിക്കൊണ്ടു فيها അതിൽ, അവയിൽ وذلك അതു جزاء പ്രതിഫലമാകുന്നു المحسنين നൻമ ചെയ്യുന്നവരുടെ, സുകൃതം ചെയ്യുന്നവരുടെ 89. والذين كفروا അവിശ്വസിച്ചവരാകട്ടെ وكذبوا വ്യാജമാക്കുകയും ചെയ്ത بآياتنا നമ്മുടെ ആയത്തു (ലക്ഷ്യം) കളെ اولئك അക്കൂട്ടർ اصحاب ആൾക്കാരാണു الجحيم ജ്വലിക്കുന്ന നരകത്തിന്റെ

ഖുർആൻ അവതരിക്കുന്ന കാലത്തു ഇസ്‌ലാമിന്റെ പ്രത്യക്ഷ ശത്രുക്കളായുള്ളതു യഹൂദികളും, മുശ്‌രിക്കുകളും, ക്രിസ്ത്യാനികളുമാണല്ലോ. ഈ മൂന്നു കൂട്ടരിൽ യഹൂദികളും, മുശ്‌രിക്കുകളുമാണു സത്യവിശ്വാസികളോടു ഏററവുമധികം ശത്രുതവെച്ചു കൊണ്ടിരിക്കുന്നതെന്നും, മൂന്നു കൂട്ടരിൽവെച്ച് അവരോടു കൂടുതൽ സ്നേഹമുള്ളവർ ക്രിസ്ത്യാനികളാണെന്നും അല്ലാഹു സത്യവിശ്വാസികളെ അറിയിക്കുന്നു. ആ നിലക്കായിരിക്കണം മറ്റു കൂട്ടരോടുമുള്ള പെരുമാററമെന്നാണിതിന്റെ സൂചന. യഹൂദികളുടെയും മുശ്‌രിക്കുകളുടെയും ശത്രുത കൂടുതൽ കഠിനമാകുവാനുള്ള കാരണം അല്ലാഹു ഇവിടെ വ്യക്തമാക്കിയിട്ടില്ല. വ്യക്തമാക്കാതെതന്നെ അതു അറിയാവുന്നതുമാണ്. ക്രിസ്ത്യാനികളുടെ ശത്രുത അത്ര കഠിനമല്ലാതിരിക്കുവാനും, മററവരെ അപേക്ഷിച്ചു അവർക്കു സത്യവിശ്വാസികളോടു കൂടുതൽ താൽപര്യം തോന്നുവാനുമുള്ള കാരണം അല്ലാഹു തന്നെ തുടർന്നു വിവരിച്ചിരിക്കുന്നു.

ക്രിസ്ത്യാനികളെപ്പററി ഖുർആനിൽ സാധാരണ ഉപയോഗിക്കാറുള്ള വാക്കു نصارى (നസ്വാറാകൾ) എന്നാണു. ഇവിടെ الذين قالوا انا نصارى (ഞങ്ങൾ നസ്വാറാകളാണെന്നു പറയുന്നവർ) എന്നത്രെ അല്ലാഹു ഉപയോഗിച്ച വാക്ക്. ഈ പ്രയോഗത്തിലടങ്ങിയ സൂചനയെപ്പററി 15-ാം വചനത്തിന്റെ വ്യാഖ്യാനത്തിൽ മുമ്പു വിവരിച്ചിട്ടുണ്ട്. ഗർവ്വും അഹംഭാവവുമില്ലാത്ത ശുദ്ധഹൃദയരായ ചില പണ്ഡിതപോരോഹിതൻമാരും, ഭക്തരായ പുരോഹിതൻമാരും ക്രിസ്ത്യാനികളിൽ ഉണ്ടെന്നുള്ളതാണ് അവർക്കു സത്യവിശ്വാസികളോടു കൂടുതൽ അടുപ്പമുണ്ടാകുവാൻ അല്ലാഹു ചൂണ്ടിക്കാട്ടിയ കാരണം. അവരുടെ എതാനും ഗുണങ്ങളും അതോടൊപ്പം എടുത്തു കാണിച്ചിരിക്കുന്നു. അല്ലാഹുവിന്റെ വചനങ്ങൾ കേട്ടാൽ കണ്ണുനീരൊഴുകിക്കൊണ്ടു അതിനോട് അവർ അനുസരണവും ഭക്തിയും കാണിക്കുകയും അതിൽ വിശ്വസിക്കുകയും ചെയ്യുമെന്നും, തങ്ങളെ സത്യത്തിനു സാക്ഷ്യം വഹിക്കുന്ന സജ്ജനങ്ങളിൽ ഉൾപ്പെടുത്തുവാൻവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരിക്കുമെന്നും, അല്ലാഹുവിങ്കൽനിന്നുള്ള അനുഗ്രഹവും പ്രതിഫലവും മോഹിച്ചുകൊണ്ടിരിക്കുന്നവരാണ് അവരെന്നുമത്രെ.

ഇന്നത്തെ ക്രിസ്ത്യാനികളുടെ നില എന്തുതന്നെയാണെങ്കിലും നബി (സ) തിരുമേനിയുടെ കാലത്തു യഹൂദികളെയും, മുശ്‌രിക്കുകളെയും അപേക്ഷിച്ച് നോക്കുമ്പോൾ, ക്രിസ്ത്യാനികൾ ഇസ്‌ലാമിനോടു അവലംബിച്ച നയം വളരെ ശാന്തമായിരുന്നുവെന്നു കാണാവുന്നതാണ്. മക്കായിൽ നിന്നു മുസ്‌ലിംകൾ ഒന്നാമതായി ഹിജ്റപോയതു ഒരു ക്രിസ്തീയ ഭരണത്തിൻ കീഴിലായിരുന്ന ഹബ്ശ (അബിസീനിയ) യിലേക്കാണല്ലോ. അവിടത്തെ രാ

ഭരണാധിപനായിരുന്ന നജ്ജാശി (*) അവരെ ആദരിക്കുകയും, ഇസ്‌ലാമിനെപ്പറ്റി അന്വേഷിച്ചറിയുകയും ചെയ്തു. ജഅ്ഫറുബ്നു അബീത്വാലിബ് (റ) സൂറത്തു മർയം ഓതിക്കേൾപ്പിച്ചപ്പോൾ, ഈസാ (അ) യെയും മർയം (അ) യെയും സംബന്ധിച്ച യഥാർത്ഥം മനസ്സിലാക്കിയ അദ്ദേഹവും കൂടെയുള്ളവരും കണ്ണുനീരൊഴുക്കി. രാജാവു ഇസ്‌ലാം മതം സ്വീകരിക്കുകയും ചെയ്തു. അദ്ദേഹം മരണപ്പെട്ട വർത്തമാനം വഹ്‌യ് മൂലം അറിഞ്ഞപ്പോൾ നബി (സ) അദ്ദേഹത്തിന്റെ പേരിൽ ജനാസ നമസ്കാരം നടത്തിയ സംഭവം പ്രസിദ്ധമാണ്. റോമാചക്രവർത്തിയായിരുന്ന ഹിറഖ്ലിയൂസിനെ ഇസ്‌ലാമിലേക്കു ക്ഷണിച്ചുകൊണ്ടു നബി (സ) കത്തയച്ചപ്പോൾ, അദ്ദേഹം കത്തു സാദരം സ്വീകരിക്കുകയും, നബി (സ) യുടെ ദൗത്യം സത്യമാണെന്നു മനസ്സിലാക്കി ഇസ്‌ലാമിലേക്കു ചായ്‌വു കാണിക്കുകയും ചെയ്തു. പക്ഷേ, ക്രിസ്തീയ നേതാക്കളുടെ കഠിനമായ പ്രതിഷേധം കാരണം രാജാധികാരം നഷ്ടപ്പെട്ടേക്കുമെന്നു ഭയന്നു പിന്നീടു ഒഴിഞ്ഞു മാറുകയാണുണ്ടായത്. ഹിറഖ്ലിയൂസിന്റെ കീഴിൽ മിസ്റിലെ (ഈജിപ്തിലെ) ഭരണാധികാരിയായിരുന്ന മുഖൗഖിസിന് തിരുമേനി അയച്ച കത്തു അദ്ദേഹവും സസന്തോഷം സ്വീകരിച്ചു. തിരുമേനിക്കു പല സമ്മാനങ്ങളും കാഴ്ചവസ്തുക്കളും അയക്കുകയും ചെയ്തു. തിരുമേനിയുടെ പുത്രൻ ഇബ്‌റാഹീം എന്ന കുട്ടിയുടെ മാതാവായിരുന്ന മാരിയത്തുൽ ഖിബ്ത്വിയ്യ (റ) ആ സമ്മാനങ്ങളിൽപെട്ട ഒരു അടിമസ്ത്രീയായിരുന്നു. പല രാജ്യങ്ങളിലും മുസ്‌ലിംകൾക്കു കപ്പം കൊടുത്തുകൊണ്ട് സമാധാനം പാലിച്ചതല്ലാതെ അവർക്കെതിരെ ഒരു യുദ്ധത്തിനു അവർ മുതിരുകയുണ്ടായില്ല. അദിയ്യുബ്നു ഹാതിം (റ) പോലെയുള്ള പ്രധാനികളടക്കം വളരെ ക്രിസ്ത്യാനികൾ ഇസ്‌ലാമിൽ പ്രവേശിക്കുകയും ചെയ്തു. യഹൂദികളിൽ നിന്നാകട്ടെ, അബ്ദുല്ലാഹിബ്നു സലാമും (റ) വളരെ കുറഞ്ഞ വ്യക്തികളും മാത്രമേ ഇസ്‌ലാം അംഗീകരിച്ചുള്ളൂ.

മേൽ വിവരിച്ചതിൽനിന്നു ഇസ്‌ലാമിനോടുള്ള ക്രിസ്ത്യാനികളുടെ സമീപനം മറ്റുള്ളവരെ അപേക്ഷിച്ചു വളരെ നല്ല നിലയിലായിരുന്നുവെന്നും, മറ്റുള്ളവരെപ്പോലെ അവർ മർക്കട മുഷ്ടിയുള്ളവരായിരുന്നില്ലെന്നും മനസ്സിലാക്കാമല്ലോ. അല്ലാഹുവിന്റെ ഈ പ്രശംസ അവർക്കു ലഭിക്കുവാനുള്ള കാരണവും അതൊക്കെത്തന്നെ. ഇതിനെയുള്ള ചരിത്രത്തിലും ഒരു പെരുമാറ്റമോ സ്വഭാവമോ ഭേദക്കാരായ യഹൂദികളിൽനിന്നു പ്രകടമായ ചരിത്രമില്ല. കഴിഞ്ഞ ഏതാനും കാലങ്ങളിൽ മുസ്‌ലിംകൾക്കെതിരെ അവർ പ്രത്യക്ഷമായ പടയെടുപ്പു നടത്തിയിട്ടില്ലെങ്കിൽ അതവരുടെ ദൗർബ്ബല്യംകൊണ്ടു മാത്രമായിരുന്നു. ഇസ്രാഈൽ രാഷ്ട്രം സ്ഥാപിതമായതോടുകൂടി തങ്ങൾക്കു തിരിച്ചുകിട്ടിയ ശക്തിയും കെട്ടുറപ്പും അവർ മുസ്‌ലിംകൾക്കെതിരെ ഉപയോഗപ്പെടുത്തി വരുന്നതു ഇന്നു ആർക്കും അജ്ഞാതമല്ല. പിൽക്കാല ക്രിസ്ത്യാനികളെ സംബന്ധിച്ചു പറയുകയാണെങ്കിൽ, ഖുർആൻ അവതരിക്കുന്ന കാലത്തെ സ്ഥിതിഗതികളിൽനിന്നു അവരും വ്യത്യാസപ്പെട്ടിരിക്കുന്നു. മുസ്‌ലിംകൾക്കെതിരെ അനേകം രക്തക്കളങ്ങൾ ഒഴുക്കുകയും അക്രമങ്ങളും സംഘട്ടനങ്ങളും നടത്തുകയും ചെയ്ത ചരിത്രമാണവർക്കുള്ളത്. അന്തലുസ്യയിൽ (സ്പെയിനിൽ) നിന്ന മുസ്‌ലിംകളെ നിഷ്കാസനം ചെയ്തതും യുദ്ധങ്ങളുമൊക്കെ അവയിൽ ചിലതാണ്.

മറ്റൊരു വശത്തിലൂടെ നോക്കിയാൽ—ഇബ്നുകഥീർ, ബൈളാവി (റ) മുതലായവർ സൂചിപ്പിച്ചു കാണുന്നതുപോലെ—യഹൂദരെയും, മുശ്‌രിക്കുകളെയും അപേക്ഷിച്ച് എക്കാലത്തും ഇസ്‌ലാമിനോടും മുസ്‌ലിംകളോടും കൂടുതൽ അടുപ്പമുണ്ടായിരിക്കുവാൻ സ്വാഭാവികമായും കാരണമുള്ളതു ക്രിസ്ത്യാനികൾക്കാകുന്നു. കർക്കശമായ ശാസനകളും, നിയമങ്ങളും ക്രിസ്തുമതത്തിൽ കുറവാണ്. കാരുണ്യം, വിനയം, എതിരാളികളോടു സഹിഷ്ണുത, സഹനം മുതലായ സ്വഭാവ ഗുണങ്ങൾക്കു അതിൽ കൂടുതൽ സ്ഥാനവും നൽകപ്പെട്ടിരിക്കുന്നു. മിക്കതിലും അതിരുകവിയലാണുള്ളതെന്നത്രെ വസ്തുത. 'വലത്തെ മുഖത്ത് അടിച്ചവന് ഇടത്തെ മുഖവും തിരിച്ചുകൊടുക്കണമെന്ന'തുംപോലെയുള്ള ക്രിസ്തുമത തത്വങ്ങൾ ഇതിന് ഉദാഹരണമാണ്. ഇത്തരം തത്വങ്ങളെ പൊക്കിക്കാട്ടിക്കൊണ്ട് അന്യരെ ക്രിസ്തുമതത്തിലേക്കു ആകർഷിക്കുവാൻ പാതിരിമാർ ശ്രമം നടത്തുക പതിവുമാണ്. ക്രിസ്ത്യാനികളിൽ നിന്നുണ്ടായ മേൽസൂചിപ്പിച്ചതുപോലെയുള്ള കഠിന സംഘട്ടനങ്ങളുടെ കാരണം സൂക്ഷ്മമായി പരിശോധിച്ചാൽ, പ്രസ്തുത സ്വഭാവ ഗുണങ്ങളിൽ നിന്ന—സ്വാർത്ഥപരമായ പ്രേരണകൾ നിമിത്തം—അവർ അകന്നുപോയതാണെന്ന പറയാം.

ക്രിസ്ത്യാനികൾക്കു സത്യവിശ്വാസികളോടുള്ള ശത്രുതയിൽ ലാഘവം ഉണ്ടാകുവാനുള്ള കാരണം ഇമാം ഇബ്നു തൈമിയ്യ (റ) ഇങ്ങിനെ ചൂണ്ടിക്കാട്ടുന്നു: 'അല്ലാഹുവിന്റെയും മതത്തിന്റെയും ശത്രുക്കളോടു ക്രിസ്ത്യ

(*) ആയിരക്കണക്കിനു വർഷങ്ങളായി അബിസീനിയാ എന്ന എത്യോപ്യ ഭരിച്ചു പോന്നിരുന്ന നജ്ജാശി (നെഗാശി) രാജവംശം അതിന്റെ അവസാന കാലങ്ങളിൽ മുസ്‌ലിംകളുടെ നേരെ ശത്രുതയും പക്ഷപാതവും കാണിക്കുകയാണു ചെയ്തത്. അടുത്തകാലത്തു—ഇതെഴുതുന്നതിന്റെ രണ്ടു മൂന്നു വർഷം മുമ്പ്—അവിടെ ഉണ്ടായ ചില വിപ്ളവങ്ങളെത്തുടർന്ന് അവസാനത്തെ രാജാവായ ഹൈലിസലാസി സ്ഥാനഭ്രഷ്ടനാക്കപ്പെടുകയും, അങ്ങനെ ആ രാജ്യം അസ്തമിക്കയും ചെയ്തിരിക്കുന്നു.

തങ്ങളിൽ ശത്രുതയും വിദ്വേഷവും ഇല്ല. എന്നിരിക്കെ, മര്യാദ പാലിക്കുന്നവരായ സത്യവിശ്വാസികളോട് അവരുടെ ശത്രുതയും വിദ്വേഷവും എങ്ങിനെയായിരിക്കും?! ഇതു അവരെ സംബന്ധിക്കുന്ന ഒരു പ്രശംസയൊന്നുമല്ല. തുടർന്ന് 83-ാം വചനം മുതലായ തങ്ങളുടെ സത്യതക്കു ഖുർആൻ സാക്ഷ്യം വഹിക്കുന്നതായി ക്രിസ്തീയ പണ്ഡിതന്മാർ സമർത്ഥിച്ചു വരാറുള്ളതിന് ഇമാം അവർക്കു ഇങ്ങിനെ മറുപടി നൽകുന്നു: 'ആ വചനത്തിൽനിന്ന് അവർക്കു തെളിവു ലഭിക്കുന്നില്ല. കാരണം, അടുത്ത (83-ാം) വചനത്തിൽ, റസൂലിനു അവതരിക്കപ്പെട്ടത് അവർ കേട്ടാൽ യഥാർത്ഥം മനസ്സിലാകുന്നതു നിമിത്തം അവരുടെ കണ്ണുകൾ അശ്രുക്കളാൽ ഒഴുകുന്നതാണ് (وإذا سمعوا ما أنزل إلى الرسول ...) എന്നുകൂടി അല്ലാഹു പറഞ്ഞിരിക്കുന്നുവല്ലോ' (*) അതായതു, റസൂലിന് അവതരിച്ച ഖുർആൻ കേട്ട് സത്യം മനസ്സിലാക്കുകയും, അങ്ങനെ തങ്ങളുടെ പക്കൽ വന്ന തെറ്റുകൾ മനസ്സിലാക്കുകയും ചെയ്തുകൊണ്ട് അവർ വ്യസനപ്പെട്ടു കണ്ണുനീരൊഴുക്കുന്നുവെങ്കിൽ മാത്രമേ ഈ വചനം അവരുടെ സത്യതക്കു സാക്ഷ്യമായിത്തീരുകയുള്ളു. അങ്ങിനെയുള്ളവർ ക്രിസ്തുമതം വിട്ടു മുസ്‌ലിംകളായിത്തീരുകയും ചെയ്യുമല്ലോ.

قسيسين (ഖിസ്സീസുൻ) എന്ന വാക്കിനു 'പണ്ഡിതാചാര്യന്മാർ' എന്നും, رهبان (റുഹ്ബാൻ) എന്ന വാക്കിനു 'പുരോഹിതന്മാർ' എന്നുമാണു നാമിവിടെ വിവർത്തനം ചെയ്തിരിക്കുന്നത്. 'പാണ്ഡിത്യത്തിനു മികവുള്ളവർ, ശ്രേഷ്ഠരായ പണ്ഡിതന്മാർ, മതോപദേശികൾ, ഗുരുവര്യന്മാർ, ധർമ്മാധ്യക്ഷന്മാർ, ആചാര്യന്മാർ, പാതിരിയച്ചന്മാർ' എന്നൊക്കെയുള്ള അർത്ഥങ്ങളിൽ ഒന്നാമത്തെ വാക്കു ഉപയോഗിക്കപ്പെടുന്നു. 'ആരാധനയിൽ മുഴുകിയവർ, സന്യാസികൾ, തപസ്വികൾ, യോഗികൾ, ഭക്തന്മാർ,' എന്നൊക്കെ രണ്ടാമത്തേതിനും അർത്ഥങ്ങൾ വരും. ക്രൈസ്തവരുടെ ഇടയിലാണ് അധികവും ഈ വാക്കുകളുടെ പ്രയോഗമുള്ളത്.

വിഭാഗം–12

ഭോജ്യങ്ങളെക്കുറിച്ചും അവയെ അനുവദിച്ചതിനും വിരോധിച്ചതിനും ചില കാര്യങ്ങൾ വിവരിച്ചുകൊണ്ട് സത്യവിശ്വാസികളെ അഭിമുഖീകരിച്ചുകൊണ്ട് അല്ലാഹു പറയുന്നു:-

90. ഹേ, വിശ്വസിച്ചവരേ, നിങ്ങൾക്കു അല്ലാഹു അനുവദനീയമാക്കിത്തന്നിട്ടുള്ളതിലെ (നല്ല) വിശിഷ്ട വസ്തുക്കളെ നിങ്ങൾ നിഷിദ്ധമാക്കരുത്; നിങ്ങൾ അതിരുവിടുകയും ചെയ്യരുത്. നിശ്ചയമായും അല്ലാഹു, അതിരു വിടുന്നവരെ ഇഷ്ടപ്പെടുകയില്ല.	٩٠- يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لَا تُحَرِّمُوا۟ طَيِّبَٰتِ مَآ أَحَلَّ ٱللَّهُ لَكُمْ وَلَا تَعْتَدُوٓا۟ ۚ إِنَّ ٱللَّهَ لَا يُحِبُّ ٱلْمُعْتَدِينَ ○
91. അല്ലാഹു നിങ്ങൾക്കു നൽകിയതിൽ നിന്നു അനുവദനീയവും വിശിഷ്ടവുമായതു തിന്നു കൊള്ളുകയും ചെയ്യുവിൻ. നിങ്ങൾ യാതൊരു അല്ലാഹുവിൽ വിശ്വസിക്കുന്നവരാണോ അവനെ സൂക്ഷിക്കുകയും ചെയ്യുവിൻ.	٩١- وَكُلُوا۟ مِمَّا رَزَقَكُمُ ٱللَّهُ حَلَٰلًا طَيِّبًا ۚ وَٱتَّقُوا۟ ٱللَّهَ ٱلَّذِىٓ أَنتُم بِهِۦ مُؤْمِنُونَ ○

---

90. يا أيها الذين آمنوا ഹേ വിശ്വസിച്ചവരേ لا تحرموا നിങ്ങൾ ഹറാമാ (നിഷിദ്ധമാ)ക്കരുതു طيبات നല്ല വസ്തുക്കളെ, വിശിഷ്ടമായവയെ ما أحل അനുവദനീയമാക്കിത്തന്നതിലെ الله അല്ലാഹു لكم നിങ്ങൾക്കു ولا تعتدوا നിങ്ങൾ അതിരു വിടുകയും അരുത് إن الله നിശ്ചയമായും അല്ലാഹു لا يحب ഇഷ്ടപ്പെടുകയില്ല, സ്നേഹിക്കുന്നതല്ല المعتدين അതിരുവിടുന്നവരെ 91. وكلوا തിന്നുകയും ചെയ്യുവിൻ مما رزقكم നിങ്ങൾക്കു നൽകിയതിൽ നിന്നു الله അല്ലാഹു حلالا അനുവദനീയമായതു طيبا നല്ലതു, വിശിഷ്ടമായതു واتقوا الله അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യുവിൻ الذي യാതൊരുവനായ أنتم به നിങ്ങൾ അവനിൽ مؤمنون വിശ്വസിക്കുന്നവരാണു

(*) راجع ص ٥٦ وص١٠٠ ج ٢ من الجواب الصحيح لمن بدل دين المسيح لابن تيمية رح – طبع مطابع المجد التجارية

ക്രിസ്ത്യാനികൾ അവരുടെ വിശ്വാസങ്ങളിലും ആചാരാനുഷ്ഠാനങ്ങളിലും അതിരുകവിയുകയും, അനുവദനീയമായിരുന്ന ചില സുഖസൗകര്യങ്ങളെ പരിത്യജിച്ചു സന്യാസ ജീവിതം അനുഷ്ഠിക്കുകയും ചെയ്തു വന്നതുപോലെ സത്യവിശ്വാസികൾ ചെയ്യരുതെന്നും, അല്ലാഹു തങ്ങൾക്കു അനുവദിച്ചു കൊടുത്ത നല്ല വസ്തുക്കളൊന്നും അവർ സ്വയം നിഷിദ്ധമാക്കിത്തീർക്കരുതെന്നും അല്ലാഹു കല്പിക്കുന്നു. നേരെമറിച്ച് അവ ഉപയോഗപ്പെടുത്തുന്നതിൽ അതിരു വിട്ടു പോകരുതെന്നും കല്പിക്കുന്നു. അല്ലാഹു അനുവദനീയമാക്കിത്തന്നവയെ ഉപയോഗിക്കാതെ സ്വയം നിഷിദ്ധമാക്കിത്തീർക്കുന്നതു അവന്റെ അനുഗ്രഹത്തിനു നേരെയുള്ള നന്ദികേടാകുന്നു. മറിച്ച് അവ അമിതമായി ഉപയോഗപ്പെടുത്തുന്നതു അക്രമവും അനീതിയുമായിരിക്കും. അനുവദിക്കപ്പെട്ട വസ്തുക്കളിൽ—അവ ഭക്ഷ്യവസ്തുക്കളാവട്ടെ, അല്ലാത്തവയാകട്ടെ—മിതത്വം പാലിക്കാതിരിക്കുന്നതും, അനുവദിക്കപ്പെടാത്ത വസ്തുക്കളെ ഉപയോഗിക്കുന്നതും—രണ്ടും തന്നെ—അതിരു കവിയലായിരിക്കുന്നതാണ്. അനുവദനീയമായ നല്ല വസ്തുക്കൾ എന്നു പറഞ്ഞതിന്റെ വിവക്ഷയെപ്പറ്റി അൻആം 145ന്റെ വ്യാഖ്യാനത്തിൽ വിവരിച്ചിട്ടുള്ളതു ഓർക്കുക.

സ്വഹാബികളിൽ പെട്ട ചില ആളുകൾ ഒരുമിച്ചുകൂടി തങ്ങളിൽ ചിലർ മേലിൽ മാംസം ഭക്ഷിക്കുകയില്ലെന്നും, ചിലർ സദാ നോമ്പു പിടിക്കുമെന്നും, വേറെ ചിലർ വിവാഹം കഴിക്കുകയില്ലെന്നും, മററു ചിലർ രാത്രിയിൽ ഉറങ്ങാതെ നമസ്കരിക്കുമെന്നുമൊക്കെ നിശ്ചയിക്കുകയുണ്ടായി. നബി (സ) തിരുമേനി ഈ വിവരം അറിഞ്ഞപ്പോൾ, അവരെപ്പററി ആക്ഷേപിച്ചു. 'ഞാൻ മാംസം കഴിക്കുന്നു, ഞാൻ നോമ്പുപിടിക്കുകയും, പിടിക്കാതിരിക്കുകയും ചെയ്യുന്നു, ഞാൻ രാത്രി ഉറങ്ങുകയും നമസ്കരിക്കുകയും ചെയ്യുന്നു, ഞാൻ സ്ത്രീകളെ വിവാഹം കഴിക്കുന്നു. ഇതാണു എന്റെ ചര്യ. എന്റെ ചര്യയോടു വെറുപ്പുള്ളവർ എന്റെ കൂട്ടത്തിൽപെട്ടവനല്ല' എന്നിങ്ങിനെ തിരുമേനി അവരോടു പറയുകയും ചെയ്തു. ഇതുപോലെയുള്ള ചില സംഭവങ്ങളാണ് ഈ വചനങ്ങളുടെ അവതരണത്തിനു കാരണമെന്നു പല രിവായത്തുകളിലും വന്നിരിക്കുന്നു.

92. നിങ്ങളുടെ സത്യങ്ങളിലെ വ്യർത്ഥ വാക്കുമൂലം അല്ലാഹു നിങ്ങളെ പിടികൂടുകയില്ല. പക്ഷെ, നിങ്ങൾ (മനഃപൂർവ്വം) സത്യങ്ങളെ ഉറപ്പിക്കുന്നതുമൂലം അവൻ നിങ്ങളെ പിടികൂടുന്നതാണ്.

لَا يُؤَاخِذُكُمُ اللَّهُ بِاللَّغْوِ فِي أَيْمَانِكُمْ وَلَٰكِن يُؤَاخِذُكُم بِمَا عَقَّدتُّمُ الْأَيْمَانَ

അപ്പോൾ അതിന്റെ [അതു ലംഘിച്ചതിന്റെ] പ്രായശ്ചിത്തം, നിങ്ങൾ നിങ്ങളുടെ വീട്ടുകാർക്കു ഭക്ഷിക്കുവാൻ കൊടുക്കാറുള്ളതിന്റെ മദ്ധ്യനിലക്കുള്ളതിൽ നിന്നു പത്തു സാധുക്കൾക്കു ഭക്ഷണം കൊടുക്കലാകുന്നു; അല്ലെങ്കിൽ അവർക്കു വസ്ത്രം (കൊടുക്കുക); അല്ലെങ്കിൽ ഒരു അടിമയെ സ്വതന്ത്രമാക്കുക.

فَكَفَّارَتُهُ إِطْعَامُ عَشَرَةِ مَسَاكِينَ مِنْ أَوْسَطِ مَا تُطْعِمُونَ أَهْلِيكُمْ أَوْ كِسْوَتُهُمْ أَوْ تَحْرِيرُ رَقَبَةٍ

എനി വല്ലവർക്കും (അതൊന്നും) കിട്ടിയില്ലെങ്കിൽ, മൂന്നു ദിവസത്തെ നോമ്പു പിടിക്കലാണ് (വേണ്ടത്) അതു, നിങ്ങൾ ശപഥം ചെയ്താൽ നിങ്ങളുടെ സത്യ(ലംഘന)ങ്ങൾക്കുള്ള പ്രായശ്ചിത്തമത്രെ.

فَمَن لَّمْ يَجِدْ فَصِيَامُ ثَلَاثَةِ أَيَّامٍ ذَٰلِكَ كَفَّارَةُ أَيْمَانِكُمْ إِذَا حَلَفْتُمْ

---

92. لَا يُؤَاخِذُكُمُ നിങ്ങളെ പിടികൂടുക(പിടിച്ചു ശിക്ഷിക്കുക)യില്ല اللَّهُ അല്ലാഹു بِاللَّغْوِ വ്യർത്ഥമായതു (പൊയ്‌വാക്കു-നിരർത്ഥമായതു) മൂലം فِي أَيْمَانِكُمْ നിങ്ങളുടെ സത്യങ്ങളിൽ وَلَٰكِن എങ്കിലും يُؤَاخِذُكُم നിങ്ങളെ അവൻ പിടികൂടും بِمَا عَقَّدتُّمُ നിങ്ങൾ ഉറപ്പിക്കുന്നതുമൂലം, സ്ഥാപിച്ചു പറയുന്നതുകൊണ്ടു الْأَيْمَانَ സത്യങ്ങളെ فَكَفَّارَتُهُ എന്നാൽ (അപ്പോൾ) അതിന്റെ പ്രായശ്ചിത്തം إِطْعَامُ ഭക്ഷണം നല്ലലാണു عَشَرَةِ പത്തു مَسَاكِينَ സാധുക്കൾക്കു, പാവങ്ങൾക്കു مِنْ أَوْسَطِ മദ്ധ്യനിലയിലുള്ളതിൽ നിന്നു مَا تُطْعِمُونَ നിങ്ങൾ ഭക്ഷണം നൽകുന്നതിൽ أَهْلِيكُمْ നിങ്ങളുടെ വീട്ടുകാർക്കു, ആൾക്കാർക്കു أَوْ كِسْوَتُهُمْ അല്ലെങ്കിൽ അവരുടെ ഉടുപ്പു, അവർക്കുള്ള വസ്ത്രം (നൽകൽ) أَوْ تَحْرِيرُ അല്ലെങ്കിൽ സ്വതന്ത്രമാക്കൽ رَقَبَةٍ ഒരു അടിമയെ فَمَن لَّمْ يَجِدْ എനി ആർക്കെങ്കിലും കിട്ടാത്തപക്ഷം, വല്ലവനും എത്തപ്പെടാതിരുന്നാൽ فَصِيَامُ എന്നാൽ നോമ്പ് പിടിക്കൽ ثَلَاثَةِ أَيَّامٍ മൂന്നു ദിവസങ്ങൾ ذَٰلِكَ അതു كَفَّارَةُ പ്രായശ്ചിത്തമാകുന്നു أَيْمَانِكُمْ നിങ്ങളുടെ സത്യങ്ങളുടെ إِذَا حَلَفْتُمْ നിങ്ങൾ ശപഥം (സത്യം) ചെയ്താൽ

وَاحْفَظُوا أَيْمَانَكُمْ ۚ كَذَٰلِكَ يُبَيِّنُ اللَّهُ لَكُمْ آيَاتِهِ لَعَلَّكُمْ تَشْكُرُونَ ○

നിങ്ങളുടെ സത്യങ്ങളെ നിങ്ങൾ കാത്തു സൂക്ഷിക്കുകയും ചെയ്യുവിൻ.

അപ്രകാരം അല്ലാഹു അവന്റെ 'ആയത്തു' [ലക്ഷ്യം] കളെ നിങ്ങൾക്കു വിവരിച്ചുതരുന്നു. നിങ്ങൾ നന്ദി കാണിച്ചേക്കാമല്ലോ.

احفظوا സൂക്ഷിക്കുക(കാക്കുക)യും ചെയ്യുവിൻ أيمانكم നിങ്ങളുടെ സത്യങ്ങളെ كذلك അപ്രകാരം يبين الله അല്ലാഹു വിവരിക്കുന്നു لكم നിങ്ങൾക്കു آياته അവന്റെ ആയത്തുകളെ لعلكم നിങ്ങളായേക്കാം, ആകുവാൻവേണ്ടി تشكرون നിങ്ങൾ നന്ദി ചെയ്യും.

മനഃപൂർവ്വമല്ലാതെ നാവിലൂടെ വന്നു പോകുന്ന സത്യവാചകങ്ങളുടെ പേരിൽ—അവ പാലിക്കാത്തപക്ഷം—അല്ലാഹു നടപടി എടുക്കുകയില്ല. ഉദ്ദേശ്യപൂർവ്വം ഉറപ്പിച്ചു പറയുന്ന സത്യങ്ങൾ പാലിക്കൽ നിർബന്ധമാകുന്നു. ഇല്ലാത്തപക്ഷം അതിന്റെ പേരിൽ അല്ലാഹു നടപടിയെടുക്കും. അഥവാ അതു ശിക്ഷാർഹമാകുന്നു എന്നൊക്കെയാണ് ആയത്തിന്റെ ആദ്യ ഭാഗത്തിൽ പ്രസ്താവിക്കുന്നത്. സത്യങ്ങളെ സംബന്ധിച്ച പല വിവരങ്ങളും അൽ ബഖറയിൽ മുമ്പു കഴിഞ്ഞു പോയിട്ടുണ്ട്. അതിലെ 224, 225 എന്നീ വചനങ്ങളും വ്യാഖ്യാനവും നോക്കുക. വ്യർത്ഥമായ വാക്കു (اللغو) കൊണ്ടുള്ള വിവക്ഷ എന്താണെന്നും അവിടെ വിവരിച്ചിട്ടുണ്ട്.

ഇന്നപ്രകാരം ചെയ്തുകൊള്ളാം, അല്ലെങ്കിൽ ചെയ്യുകയില്ല എന്ന് മറ്റോ സത്യം ചെയ്തു പറഞ്ഞാൽ, അതു നിറവേറ്റൽ ആയാളുടെ കടമയായിത്തീരുന്നു. എങ്കിലും ആ സത്യം മൂലം വല്ല സൽക്കാര്യത്തിനും തടസ്സം നേരിടുന്ന പക്ഷം, പ്രായശ്ചിത്തം (كفارة) നൽകിക്കൊണ്ട് അതിൽനിന്നു മടങ്ങേണ്ടതാകുന്നു. ഇതിനെപ്പറ്റി സൂറത്തുൽ ബഖറയിൽ മുമ്പു വിവരിച്ചിട്ടുള്ളതാണ്. ഏതു കാരണത്താലായാലും സത്യം ലംഘിക്കുന്നവർ അതിനു പ്രായശ്ചിത്തം നൽകേണ്ടതുണ്ടെന്നും ആ പ്രായശ്ചിത്തം എപ്രകാരമാണെന്നുമാണ് പിന്നീടുള്ള വാക്യങ്ങളിൽ അല്ലാഹു പ്രസ്താവിക്കുന്നത്. പത്തു സാധുക്കൾക്ക് ഭക്ഷണം കൊടുക്കുക, അല്ലെങ്കിൽ പത്തു സാധുക്കൾക്കു വസ്ത്രം നൽകുക. അല്ലെങ്കിൽ ഒരു അടിമയെ മോചിപ്പിച്ചു വിടുക. ഇതാണു സത്യം പിഴച്ചാലുള്ള പ്രായശ്ചിത്തം. ഇവയിൽ ആദ്യം പറഞ്ഞ ചിലവു പിന്നീടു പറഞ്ഞതിനെക്കാൾ ലാഘവം കൂടിയതാണെങ്കിലും മൂന്നിൽ ഏതെങ്കിലും ഒന്നു മാത്രമേ നിർബ്ബന്ധമുള്ളു. ഒന്നും സാധിക്കാതെ വന്നാൽ മൂന്നു ദിവസം നോമ്പു നോൽക്കൽ നിർബ്ബന്ധമാകുന്നു.

നിങ്ങൾ നിങ്ങളുടെ കുടുംബങ്ങൾക്കു നൽകുന്ന മദ്ധ്യനിലയിലുള്ള ഭക്ഷണത്തിൽ നിന്നായിരിക്കണം സാധുക്കൾക്ക് ഭക്ഷണം നൽകുന്നതു എന്നു അല്ലാഹു വ്യക്തമാക്കിയിരിക്കുന്നു. അതതു സ്ഥലങ്ങളിൽ പൊതുജനമദ്ധ്യെ സാധാരണ ഉപയോഗിക്കപ്പെട്ടു വരുന്ന ഭക്ഷണപദാർത്ഥമാണ് ഇതുകൊണ്ടുദ്ദേശ്യം. എന്നാൽ, ഓരോരുത്തർക്കും നൽകേണ്ടുന്ന ഭക്ഷ്യപദാർത്ഥത്തിന്റെ അളവ് എത്രയെന്നും വസ്ത്രം ഏതൊക്കെ—അല്ലെങ്കിൽ എത്രയൊക്കെ—യെന്നും ഇവിടെ പ്രസ്താവിക്കപ്പെട്ടിട്ടില്ല. അതുകൊണ്ട് ആ വിഷയത്തിൽ പണ്ഡിതൻമാർക്കിടയിൽ അഭിപ്രായവ്യത്യാസം കാണാം. (വിശദവിവരങ്ങൾക്കു യഥാസ്ഥാനങ്ങളെ സമീപിക്കേണ്ടതാകുന്നു.) കഴിയുന്നതും കൂടുതൽ നന്നാക്കിയും പൂർണ്ണമായ തോതിലും ഓരോന്നും നൽകലാണ് ഏറ്റവും ഉത്തമമെന്നു പറയേണ്ടതില്ലല്ലോ. അത്യാവശ്യ സന്ദർഭം നേരിടുമ്പോൾ മാത്രം സത്യം ചെയ്യുക, ഏതെങ്കിലും തിൻമക്കു കാരണമാകുന്ന വിധത്തിലോ, നൻമക്കു തടസ്സം നേരിടാവുന്ന വിധത്തിലോ സത്യം ചെയ്യാതിരിക്കുക, സത്യം ചെയ്തശേഷം അതിനെ അവഗണിക്കാതെ കർശനമായി പാലിക്കുക, ലംഘിച്ചു പോയെങ്കിൽ ഉടനടി പ്രായശ്ചിത്തം നിറവേറ്റുക എന്നിവയെല്ലാം ഉൾപ്പെടുന്ന ഒരു കല്പനയാണു നിങ്ങളുടെ സത്യങ്ങളെ നിങ്ങൾ കാത്തുസൂക്ഷിക്കുവിൻ (واحفظوا أيمانكم) എന്ന വാക്യം.

93. ഹേ, വിശ്വസിച്ചവരേ, നിശ്ചയമായും കള്ളും, 'മൈസിറും' [ചൂതാട്ടവും], ബലിപീഠങ്ങളും (അഥവാ പ്രതിഷ്ഠകളും), അമ്പുകോലുകളും പിശാചിന്റെ പ്രവര്‍ത്തനത്തില്‍ പെട്ട മ്ലേച്ഛം മാത്രമാകുന്നു.

അതിനാല്‍ നിങ്ങളതു വര്‍ജ്ജിക്കുവിന്‍-നിങ്ങള്‍ വിജയം പ്രാപിച്ചേക്കാം.

٩٣- يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓا۟ إِنَّمَا ٱلْخَمْرُ وَٱلْمَيْسِرُ وَٱلْأَنصَابُ وَٱلْأَزْلَٰمُ رِجْسٌ مِّنْ عَمَلِ ٱلشَّيْطَٰنِ فَٱجْتَنِبُوهُ لَعَلَّكُمْ تُفْلِحُونَ ○

94. നിശ്ചയമായും പിശാച് ഉദ്ദേശിക്കുക തന്നെ ചെയ്യുന്നു: കള്ളിലൂടെയും, 'മൈസിറി' [ചൂതാട്ടത്തി]ലൂടെയും നിങ്ങള്‍ക്കിടയില്‍ ശത്രുതയും വിദ്വേഷവും ഉണ്ടാക്കുവാനും; അല്ലാഹുവിനെ ഓര്‍ക്കുന്നതില്‍ നിന്നും, നമസ്കാരത്തില്‍ നിന്നും നിങ്ങളെ തടയുവാനും. ആകയാല്‍, നിങ്ങള്‍ വിരമിക്കുന്നവരാണോ?! [വിരമിക്കുവാന്‍ തയ്യാറുണ്ടോ?!]

٩٤- إِنَّمَا يُرِيدُ ٱلشَّيْطَٰنُ أَن يُوقِعَ بَيْنَكُمُ ٱلْعَدَٰوَةَ وَٱلْبَغْضَآءَ فِى ٱلْخَمْرِ وَٱلْمَيْسِرِ وَيَصُدَّكُمْ عَن ذِكْرِ ٱللَّهِ وَعَنِ ٱلصَّلَوٰةِ ۖ فَهَلْ أَنتُم مُّنتَهُونَ ○

---

93. يا ايها الذين امنوا ഹേ വിശ്വസിച്ചവരേ انما الخمر നിശ്ചയമായും (തന്നെ-മാത്രം) കള്ളു (മദ്യം) والميسر മയ്സിറും (ചൂതാട്ടവും) والانصاب ബലിപീഠങ്ങളും, പ്രതിഷ്ഠകളും والازلام അമ്പുകോലുകളും رجس മ്ലേച്ഛം (തന്നെ-മാത്രം) ആകുന്നു من عمل പ്രവര്‍ത്തനത്തില്‍ പെട്ട الشيطان പിശാചിന്റെ فاجتنبوه അതിനാല്‍ അതിനെ വര്‍ജ്ജിക്കുവിന്‍, വെടിയുവിന്‍ لعلكم നിങ്ങളായേക്കാം تفلحون വിജയം പ്രാപിക്കും. 94. انما يريد നിശ്ചയമായും ഉദ്ദേശിക്കുകതന്നെ (മാത്രം) ചെയ്യുന്നു الشيطان പിശാചു ان يوقع ഉണ്ടാക്കുവാന്‍ (തന്നെ-മാത്രം) بينكم നിങ്ങളുടെ ഇടയില്‍ العداوة ശത്രുത والبغضاء വിദ്വേഷവും في الخمر കള്ളില്‍ (കള്ളിലൂടെ) والميسر മൈസിറിലും ويصدكم നിങ്ങളെ തടയു (തടുക്കു)വാനും عن ذكر الله അല്ലാഹുവിനെ ഓര്‍മ്മിക്കുന്നതില്‍ നിന്നു وعن الصلوة നമസ്കാരത്തില്‍ നിന്നും فهل انتم എന്നാല്‍ (അതിനാല്‍) നിങ്ങള്‍ ആകുന്നുവോ منتهون വിരമിക്കുന്നവര്‍

خمر (കള്ളു) എന്നാല്‍ ലഹരിയുണ്ടാക്കുന്ന എല്ലാ പാനീയങ്ങളുമാണ് ഉദ്ദേശ്യമെന്നും, الميسر (ചൂതാട്ടം) എന്ന വാക്കില്‍, എളുപ്പമാര്‍ഗ്ഗത്തിലൂടെ-വെറും ഭാഗ്യമെന്ന നിലക്ക്-ധനം സമ്പാദിക്കുവാന്‍ ഉതകുന്ന പന്തയങ്ങള്‍, ഭാഗ്യക്കുറികള്‍ മുതലായവയും, എല്ലാതരം ചൂതുകളികളും ഉള്‍പ്പെടുമെന്നും അല്‍ബഖറ 219-ാം വചനത്തിന്റെ വ്യാഖ്യാനത്തില്‍ നാം ചൂണ്ടിക്കാട്ടുകയുണ്ടായിട്ടുണ്ട്. انصاب (ബലിപീഠങ്ങള്‍) എന്ന വാക്കു نصب (നുസ്വുബ്)ന്റെ ബഹുവചനമാണ്. വിഗ്രഹങ്ങള്‍ക്കു ബലിയര്‍പ്പിക്കപ്പെടുന്ന മൃഗങ്ങളെ അറുക്കുവാന്‍ വേണ്ടി പ്രതിഷ്ഠിക്കപ്പെടുന്ന കല്ലുകളാണു അതുകൊണ്ടു വിവക്ഷയെന്നും, ഭാഗ്യനിര്‍ഭാഗ്യങ്ങളും മറ്റും നിശ്ചയിക്കപ്പെടുവാന്‍ വേണ്ടി (പ്രത്യേക) രൂപത്തില്‍ അടയാളപ്പെടുത്തപ്പെട്ടിട്ടുള്ള ഒരുതരം അമ്പുകോലുകളാണു ازلام കൊണ്ടു വിവക്ഷയെന്നും ഈ സൂറത്തിലെ 4-ാം വചനത്തിന്റെ വ്യാഖ്യാനത്തിലും വിവരിച്ചിട്ടുണ്ട്. കൂടുതല്‍ വിവരം അവിടങ്ങളില്‍ നോക്കുക. ആരാധനാകര്‍മ്മങ്ങള്‍ക്കായി പ്രതിഷ്ഠിക്കപ്പെടുന്ന എല്ലാതരം പ്രതിഷ്ഠകള്‍ക്കും انصاب എന്നു പറയപ്പെടുമെന്നു ഖുര്‍ആന്‍ വ്യാഖ്യാതാക്കളില്‍ ഒരു പക്ഷത്തിനു അഭിപ്രായമുണ്ട്.

കള്ളിന്റെ നിരോധം മൂന്നു ഘട്ടങ്ങളായിട്ടാണു നടപ്പാക്കപ്പെട്ടതെന്ന പല ഹദീസുകളില്‍നിന്നും വ്യക്തമാകുന്നു. കക്ഷിഭേദമന്യെ വളരെ ചിരകാലമായി കള്ളുകുടിക്കു അറബികളില്‍ സര്‍വ്വത്ര പ്രചാരം സിദ്ധിച്ചിട്ടുണ്ടായിരുന്നതുകൊണ്ട് ഒറ്റയടിക്ക് അതു നിശ്ശേഷം നിരോധിക്കുന്നപക്ഷം, അതവര്‍ക്കു വളരെ വിഷമമായി അനുഭവപ്പെടുമല്ലോ. അതുകൊണ്ട് ആദ്യം സൂ: അല്‍ബഖറയിലെ .... يسألونك عن الخمر والميسر (കള്ളിനെയും, ചൂതാട്ടത്തെയും സംബന്ധിച്ചു അവര്‍ നിന്നോടു ചോദിക്കും....) എന്ന 219-ാം വചനം അവതരിച്ചു. അ രണ്ടിലും വലിയ കുറ്റമുണ്ടെന്നും, അതേ സമയത്തു ചില പ്രയോജനങ്ങളും അവയില്‍ അടങ്ങിയിട്ടുണ്ടെന്നും, എങ്കിലും കുറ്റത്തിന്റെ

മാണു തികച്ചു നിൽക്കുന്നതെന്നും അറിയിച്ചുകൊണ്ട് ആ വചനം മുഖേന അല്ലാഹു അവരെ അതിൽ നിന്നകറ്റി നിറുത്തി. പിന്നീടു സൂ: നിസാഇലെ لَا تَقْرَبُوا الصَّلَاةَ وَأَنتُمْ سُكَارَىٰ (നിങ്ങൾ ലഹരി ബാധിതരായിക്കൊണ്ടു നമസ്കാരത്തെ സമീപിക്കരുത്.) എന്നു തുടങ്ങുന്ന 43-ാം വചനം അവതരിക്കുകയും, ഒടുവിൽ പൂർണ്ണമായ നിരോധം ഏർപ്പെടുത്തുന്ന ഈ വചനം ... ബലിപീഠങ്ങളിൽ വെച്ചു അറുക്കപ്പെട്ടവയും, അമ്പുകോലുകൾ വഴി ഭാഗ്യം നോക്കലും ഈ സൂറത്തിലെ 4-ാം വചനം മുഖേന നിഷിദ്ധമാക്കുകയും ചെയ്തു. ഇപ്പോൾ, ഈ വചനത്തിൽ പ്രസ്തുത നാലും – കള്ളും, ചൂതാട്ടവും, ബലിപീഠങ്ങളും, അമ്പുകോലുകളും – കർശനമായി വിരോധിക്കപ്പെട്ടിരിക്കുകയാണ്.

ഇവ നാലും പിശാചിന്റെ പ്രവർത്തനങ്ങളാണ് എന്നും, വഷളും, നീചവുമായ ഏർപ്പാടുകളാണെന്നും, കള്ളിനെയും ചൂതാട്ടത്തെയും സംബന്ധിച്ചിടത്തോളം അതിനു പുറമെ, അതു രണ്ടും മനുഷ്യർ തമ്മിൽ ശത്രുതയും വിദ്വേഷവും ഉണ്ടാക്കിത്തീർക്കുവാനുള്ള പൈശാചിക പ്രേരണകളാണെന്നും, അല്ലാഹുവിനെക്കുറിച്ചുള്ള ഓർമ്മയും ബോധവും നശിപ്പിക്കുന്നതാണെന്നും, നമസ്കാരത്തെക്കുറിച്ചു ശ്രദ്ധയില്ലാതാക്കുന്നതാണെന്നും പ്രത്യേകം ചൂണ്ടിക്കാട്ടിയിരിക്കുന്നു. അഥവാ ഇവയെല്ലാം വിരോധിച്ചുകൊണ്ടുള്ള വിധി പുറപ്പെടുവിക്കുന്നതോടൊപ്പം ആ വിധിയിലടങ്ങിയ തത്വങ്ങളുംകൂടി അല്ലാഹു വിവരിച്ചു തന്നിരിക്കുന്നു. എന്നെങ്കിലും പ്രതിഫലം നിശ്ചയിച്ചുകൊണ്ടുള്ള ചൂതാട്ടങ്ങൾ മാത്രമെ നിരോധത്തിനു വിധേയമാകുകയുള്ളുവെന്നു ചിലർ ധരിക്കാറുള്ളതു ശരിയല്ലെന്നു ഈ വിധി ന്യായങ്ങളിൽനിന്നു മനസ്സിലാക്കാം. കള്ളുകൊണ്ടും, ചൂതാട്ടംകൊണ്ടും ജനമദ്ധ്യേ നടമാടിക്കൊണ്ടിരിക്കുന്ന അനർത്ഥങ്ങളും തോന്നിയവാസങ്ങളും എല്ലാവർക്കും അറിയപ്പെടുന്നതാണല്ലോ.

ഇത്രയെല്ലാം പ്രസ്താവിച്ചു കഴിഞ്ഞശേഷം അല്ലാഹു സത്യവിശ്വാസികളോടു ചോദിക്കുന്നു: കാര്യം ഇതൊക്കെയെല്ലാമായിരിക്കെ, നിങ്ങൾ വിരമിക്കുവാൻ തയ്യാറുണ്ടോ? (فَهَلْ أَنتُم مُّنتَهُونَ) എന്ന്! ഈ ചോദ്യത്തിന്റെ ഗൗരവം മനസ്സിലാക്കി നോക്കുക! സത്യവിശ്വാസത്തിന്റെ കണികപോലും ഹൃദയത്തിലുള്ള ഒരാൾക്കു ഞാൻ തയ്യാറില്ല, എന്നു പറയുവാൻ ധൈര്യം വരുമോ?! അതിനു അവന്റെ നാവു അനങ്ങുമോ! നിശ്ചയമായും ഇല്ല. ഈ വചനം അവതരിച്ചപ്പോൾ അതുവരേക്കും കള്ളുകുടി നിറുത്തൽ ചെയ്തിട്ടില്ലാത്ത ചില സഹാബികൾ ഉച്ചൈസ്തരം പ്രഖ്യാപിച്ചു: انْتَهَيْنَا انْتَهَيْنَا (ഞങ്ങൾ വിരമിച്ചു! വിരമിച്ചു!)

പല മാർഗ്ഗങ്ങളിലൂടെയും നിവേദനം ചെയ്യപ്പെട്ട ഒരു ഹദീസിന്റെ സാരം ഇപ്രകാരമാകുന്നു: അനസ് (റ) പറയുകയാണ്: ഞാൻ അബുത്വൽഹ (റ) യുടെ വീട്ടിൽ (*) ആളുകൾക്ക കള്ളു കൊടുക്കുന്നവനായിരുന്നു. അബു ഉബൈദ, ഉബയ്യുബ്നു കഅ്ബ്, സുഹൈലുബ്നു ബൈളാഉ് (റ) മുതലായവർക്കു ഞാൻ കള്ളുകൊടുത്തു കൊണ്ടിരിക്കുകയാണ്. അവർക്കു ലഹരി പിടിപെട്ടു തുടങ്ങിയിരുന്നു. ആ സന്ദർഭത്തിൽ മുസ്ലിംകളിൽപെട്ട ഒരാൾ വന്നിട്ടു പറഞ്ഞു: 'കള്ളു ഹറാമാക്കപ്പെട്ടതു നിങ്ങൾ അറിഞ്ഞിട്ടില്ലേ? മദീനയിലെ തെരുവുകളിൽ കള്ളുകളെല്ലാം ഒഴുകിക്കഴിഞ്ഞിരിക്കുന്നു.' അബുത്വൽഹ (റ) പറഞ്ഞു: 'അനസേ, പാത്രത്തിൽ ശേഷിപ്പുള്ള കള്ളൊക്കെ ചിന്തിക്കളയുക. 'അല്ലാഹുവിനെത്തന്നെയാണെ! പിന്നീട് ആരും കുടിച്ചില്ല. ശേഷിപ്പുള്ളതൊക്കെ തെരുവിൽ ചിന്തിക്കളഞ്ഞു. അക്കാലത്ത് അവിടെ കാരക്കയിൽനിന്നു നിർമ്മിക്കപ്പെടുന്ന കള്ളായിരുന്നു ഉണ്ടായിരുന്നത്. ഈ അവസരത്തിൽ ചില ആളുകൾ പറയുകയുണ്ടായി: 'ഇന്ന ആളും, ഇന്ന ആളും (യുദ്ധത്തിൽ) കൊല്ലപ്പെട്ടിട്ടുണ്ടല്ലോ. അവരുടെ വയറ്റിൽ കള്ളുണ്ടായിരുന്നുവല്ലോ. (അവർക്കു കുറ്റം ഉണ്ടാകുമോയില്ലേ?)' ഇതു സംബന്ധിച്ചു لَيْسَ عَلَى الَّذِينَ آمَنُوا ... എന്നുള്ള (അടുത്ത 96-ാമത്തെ) വചനം അവതരിക്കയുണ്ടായി. (അ; ബു; മു.)

കള്ളു കുടിക്കുന്നവരെയും, കുടിപ്പിക്കുന്നവരെയും, വിൽക്കുന്നവരെയും, വാങ്ങുന്നവരെയും, വാറ്റുന്നവരെയും, വാറ്റിക്കുന്നവരെയും കൊണ്ടു പോകുന്നവരെയും ആർക്കുവേണ്ടി കൊണ്ടുപോകുന്നുവോ അവരെയും, അതിന്റെ വില ഉപയോഗിക്കുന്നവരെയും റസൂൽ (സ) ശപിച്ചിരിക്കുന്നുവെന്ന് ഇബ്നു ഉമർ (റ) പ്രസ്താവിച്ചതായി ഒരു ഹദീസിൽ വന്നിരിക്കുന്നു. (അ.) മറ്റൊരു ഹദീസിൽ നബി (സ) പറഞ്ഞതായി ഇപ്രകാരം ഉദ്ധരിക്കുന്നു: 'എല്ലാ ലഹരിയുണ്ടാക്കുന്നതും കള്ളാണ്; ലഹരിയുണ്ടാക്കുന്നതെല്ലാം ഹറാമാകുന്നു. ഒരാൾ കള്ളു കുടിച്ചിട്ട് അതിൽനിന്നു ഖേദിച്ചു മടങ്ങാതെ മരണപ്പെടുന്നപക്ഷം അവൻ പരലോകത്തു (സ്വർഗ്ഗത്തിൽ) അതു കുടിക്കുകയില്ല.' (ബു; മു.) ഒരിക്കൽ ഉമർ (റ) നബി (സ) യുടെ മിമ്പറിൽ (പ്രസംഗ പീഠത്തിൽ) കയറി ചെയ്ത പ്രസംഗത്തിൽ ഇങ്ങിനെ പറഞ്ഞു: 'കള്ളിനെ നിഷിദ്ധമാക്കിക്കൊണ്ടു ഖുർആൻ അവതരിച്ചിരിക്കുന്നു. അഞ്ചു വസ്തുക്കളിൽനിന്നാണു കള്ളു ഉണ്ടാക്കപ്പെടുന്നത്. മുന്തിരിയും, കാരക്കയും, തേനും, ഗോതമ്പും, യവവും, കള്ള് എന്നാൽ ബുദ്ധിയെ മൂടിക്കളയുന്ന (ലഹരിയുണ്ടാക്കുന്ന)തെല്ലാം തന്നെയാകുന്നു.' (ബു.) ലഹരിയുണ്ടാ

(*) അനസുബ്നുമാലിക് (റ)ന്റെ മാതാവിനെ വിവാഹം കഴിച്ചിരുന്ന ആളും ഒരു കള്ളു വ്യാപാരിയുമായിരുന്നു അബൂത്വൽഹത്തൽ അൻസാരി (റ).

ക്കുന്ന പാനീയം എന്നല്ലാതെ, മുന്തിരിക്കള്ള് എന്നോ മറ്റോ വ്യത്യാസം കള്ളിൽ പരിഗണിക്കപ്പെടുകയില്ലെന്നത്രെ ഉമർ (റ) പറഞ്ഞതിന്റെ താൽപര്യം. ആയത്തിൽ ഉപയോഗിച്ച വാക്കു خمر (ഖംറ്) എന്നാണല്ലോ. ആ വാക്ക് അക്കാലത്തു അധികവും ഉപയോഗിച്ചിരുന്നതു മുന്തിരിക്കള്ളിനായിരുന്നു. മറ്റുള്ള കള്ളുകളെ نبيذ (നബീദ്) എന്നും പറഞ്ഞു വന്നിരുന്നു. അതാണു ഉമർ (റ) അങ്ങിനെ പറയുവാൻ കാരണം.

പല പ്രദേശങ്ങളിൽനിന്നുമുള്ള നിവേദക സംഘങ്ങൾ നബി (സ) യുടെ അടുക്കൽ വന്നു ഇസ്‌ലാമിനെക്കുറിച്ചു പഠിച്ചുപോയിരുന്നുവല്ലോ. അബ്ദുൽ ഖൈസ് ഗോത്രത്തിന്റെ നിവേദക സംഘവും അവയിൽ ഒന്നായിരുന്നു. അവർക്കു നബി (സ) പലതും പഠിപ്പിച്ച കൂട്ടത്തിൽ കള്ളിന്റെ പാത്രങ്ങളെപ്പോലും വർജ്ജിക്കുവാൻ ഉപദേശിക്കുകയുണ്ടായി. അപ്പോൾ, അവരുടെ സംഘത്തിൽ ഏറ്റവും പെരുപ്പമേറിയവനും ബുദ്ധിമാനുമായിരുന്ന അശജ്ജു (أشج عبد القيس رض) അൽപമൊന്നു കൈകൊണ്ട് ആംഗ്യം കാണിച്ചുകൊണ്ട് നബി (സ) യോടു ചോദിച്ചു: 'റസൂലേ, ഞങ്ങളുടെ നാട് ഒരു പരുക്കനും കാലാവസ്ഥ ഗുണമില്ലാത്തതുമാണ്. ഞങ്ങൾക്കു ഈ പാനീയം കുടിക്കാത്തപക്ഷം വയറു തടിക്കുന്നതാണ്. അതുകൊണ്ട് ഞങ്ങൾക്കു ഇത്രകണ്ടു കുടിക്കുവാൻ അനുവദിച്ചുകൂടേ?' അപ്പോൾ തിരുമേനി അവിടുത്തെ രണ്ടു കൈപത്തികളും കാട്ടിക്കൊണ്ട് 'ഞാൻ നിങ്ങൾക്ക് ഇത്രത്തോളം കുടിക്കുവാൻ അനുവദിച്ചാൽ താൻ ഇത്രത്തോളം കുടിച്ചേക്കും' എന്നു പറഞ്ഞ് രണ്ടു കൈകളും നീട്ടി ആംഗ്യം കാണിക്കുകയുണ്ടായി. തിരുമേനി തുടർന്നു: 'അങ്ങനെ, ഒരാൾ കുടിച്ചു ലഹരി പിടിച്ചാൽ അവൻ തന്റെ പിതൃവ്യപുത്രന്റെ (സഹോദരന്റെ) നേരെ എഴുന്നേറ്റ് വാളുകൊണ്ട് വെട്ടുകയും ചെയ്യും.' പല ചരിത്ര ഗ്രന്ഥങ്ങളിലും ഹദീസു ഗ്രന്ഥങ്ങളിലും കാണാവുന്ന ഒരു സംഭവമാണിത്.

കള്ളുണ്ടാക്കുന്ന ഒരാളായിരുന്നു താരിഖുബ്നു സുവൈദിൽ ജുഅ്ഫീ (റ). അദ്ദേഹത്തോടു നബി (സ) അതു വിരോധിച്ചപ്പോൾ, ഞാനതു മരുന്നിനായിട്ടാണ് ഉണ്ടാക്കാറുള്ളതെന്ന് അദ്ദേഹം പറഞ്ഞു. തിരുമേനിയുടെ മറുപടി ഇതായിരുന്നു: 'അതു മരുന്നല്ല; എങ്കിലും രോഗമാണ്.' (അ. മു; ദാ) കള്ളു മനുഷ്യന്റെ ആരോഗ്യത്തിനു ദോഷകരമാണെന്നു പൊതുവെ എല്ലാവർക്കും അറിയാവുന്നതാണല്ലോ.

കള്ളു കുടിക്കുന്നവരുടെ മേൽ നടപ്പാക്കപ്പെടേണ്ടുന്ന ഒരു പ്രത്യേക ശിക്ഷാനിയമം (حد) ഖുർആൻ കൊണ്ടോ മറ്റോ സ്ഥാപിതമായിട്ടില്ല. എങ്കിലും ഭരണകർത്താവിന്റെ യുക്തമനുസരിച്ചു തക്കതായ വല്ല ശിക്ഷയും (تعزير) നൽകേണ്ടതാണ് എന്നത്രെ നബി (സ)യുടെ സുന്നത്തിൽ നിന്നു അറിയപ്പെടുന്നത്. നബി (സ)യുടെ കാലത്തു നാൽപതു അടിയാണു കള്ളു കുടിച്ചവർക്കു നൽകപ്പെട്ടിരുന്ന ശിക്ഷ. (ബു. മു) അബൂബക്ർ (റ)ന്റെ ഖിലാഫത്തു കാലത്തും ഉമർ (റ)ന്റെ ഖിലാഫത്തിന്റെ ആദ്യകാലങ്ങളിലും അതിങ്ങനെത്തന്നെയായിരുന്നു. പിന്നീടു ജനങ്ങളിൽ കുടി അധികമായെന്നു കണ്ടപ്പോൾ, ഉമർ (റ) എൺപതു അടിവീതം ശിക്ഷ നൽകി. (ബു)

٩٥- وَأَطِيعُوا اللَّهَ وَأَطِيعُوا الرَّسُولَ وَاحْذَرُوا ۚ فَإِن تَوَلَّيْتُمْ فَاعْلَمُوا أَنَّمَا عَلَىٰ رَسُولِنَا الْبَلَاغُ الْمُبِينُ ○

95. നിങ്ങൾ അല്ലാഹുവിനെ അനുസരിക്കുവിൻ; റസൂലിനെയും അനുസരിക്കുവിൻ; (അനുസരണക്കേട്) കാത്തുകൊള്ളുകയും ചെയ്യുവിൻ.

എനി, നിങ്ങൾ തിരിഞ്ഞുകളയുകയാണെങ്കിൽ, നിങ്ങൾ അറിഞ്ഞുകൊള്ളണം: നമ്മുടെ റസൂലിന്റെ മേൽ വ്യക്തമായ പ്രബോധനം മാത്രമാണ (ബാധ്യത) ഉള്ളതെന്ന്.

---

95. وأطيعوا الله അല്ലാഹുവിനെ അനുസരിക്കുകയും ചെയ്യുവിൻ وأطيعوا الرسول റസൂലിനെയും അനുസരിക്കുവിൻ واحذروا കാത്തുകൊള്ളുക (ജാഗ്രത വെക്കുക)യും ചെയ്യുക فإن توليتم എനി നിങ്ങൾ തിരിഞ്ഞുകളഞ്ഞെങ്കിൽ فاعلموا നിങ്ങൾ അറിയുവിൻ أنما മാത്രമെന്നു, നിശ്ചയമായും എന്ന على رسولنا നമ്മുടെ റസൂലിന്റെ മേൽ (ഉള്ളതു) البلاغ പ്രബോധനം, എത്തിക്കൽ (മാത്രമെന്നു) المبين പ്രത്യക്ഷമായ, വ്യക്തമായ

٩٦- لَيْسَ عَلَى الَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ جُنَاحٌ فِيمَا طَعِمُوا إِذَا مَا اتَّقَوا وَآمَنُوا وَعَمِلُوا الصَّالِحَاتِ ثُمَّ اتَّقَوا وَآمَنُوا ثُمَّ اتَّقَوا وَأَحْسَنُوا ۗ وَاللَّهُ يُحِبُّ الْمُحْسِنِينَ ۝

96. വിശ്വസിക്കുകയും, സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരുടെ മേൽ അവർ (മുമ്പു) ഭക്ഷിച്ചതിൽ കുറ്റമില്ല; അവർ സൂക്ഷിക്കുകയും, വിശ്വസിക്കുകയും, സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും, പിന്നെയും സൂക്ഷിക്കുകയും, വിശ്വസിക്കുകയും, പിന്നെയും സൂക്ഷിക്കുകയും സുകൃതം ചെയ്യുകയും ചെയ്താൽ.

അല്ലാഹു സുകൃതം ചെയ്യുന്നവരെ ഇഷ്ടപ്പെടുകയും ചെയ്യുന്നു.

---

96. ليس ഇല്ല على الذين യാതൊരുവരുടെമേൽ امنوا വിശ്വസിച്ച وعملوا പ്രവർത്തിക്കുകയും ചെയ്ത الصالحات സൽകർമ്മങ്ങൾ جناح കുറ്റം, തെറ്റ് فيما طعموا അവർ ഭക്ഷിച്ചതിൽ اذا ما اتقوا അവർ സൂക്ഷിച്ചാൽ وامنوا അവർ വിശ്വസിക്കുകയും وعملوا പ്രവർത്തിക്കുകയും الصالحات സൽകർമ്മങ്ങളെ ثم اتقوا പിന്നെയും സൂക്ഷിച്ച وامنوا വിശ്വസിക്കുകയും ചെയ്ത ثم اتقوا പിന്നെയും സൂക്ഷിച്ച واحسنوا നന്മ (സുകൃതം) പ്രവർത്തിക്കുകയും ചെയ്ത والله അല്ലാഹു, അല്ലാഹുവാകട്ടെ يحب സ്നേഹിക്കുന്നു, ഇഷ്ടപ്പെടുന്ന المحسنين നന്മ (സുകൃതം) ചെയ്യുന്നവരെ

കഴിഞ്ഞ വചനത്തിൽ കള്ളു തുടങ്ങിയ വസ്തുക്കളെ കർശനമായി നിരോധിച്ച ശേഷം, അതിനെത്തുടർന്ന് അല്ലാഹുവിന്റെയും റസൂലിന്റെയും കല്പനകൾ അനുസരിക്കണമെന്നും, അനുസരിക്കാതെ തിരിഞ്ഞുകളയുന്ന പക്ഷം തന്നിന്റെ ഭവിഷ്യത്തിനെപ്പറ്റി ജാഗരൂകരായിരുന്നുകൊള്ളണമെന്നും, അല്ലാഹുവിന്റെ സന്ദേശങ്ങൾ ജനങ്ങൾക്കു എത്തിച്ചുകൊടുക്കുകയല്ലാതെ—അവരെ അനുസരിപ്പിക്കുക—റസൂലിനു ചുമതലയില്ലെന്നും ആദ്യത്തെ വചനത്തിൽ അല്ലാഹു ഉണർത്തുന്നു. കള്ളു മുതലായ വസ്തുക്കളെ നിഷിദ്ധമാക്കിക്കൊണ്ടുള്ള കല്പന വരുന്നതിനു മുമ്പ് അവ ഉപയോഗിച്ചവർക്കു അതിന്റെ പേരിൽ കുറ്റമെന്നും ഇല്ലെന്നു രണ്ടാമത്തെ വചനത്തിൽ അറിയിക്കുന്നു. മുമ്പു കള്ളു കുടിച്ചിരുന്ന സത്യവിശ്വാസികളിൽ ചിലർ ഈ കല്പന വരും മുമ്പു മരണമടഞ്ഞുപോയപ്പോൾ അവർ അതു നിമിത്തം കുറ്റക്കാരായിത്തീരുമോ എന്നു ചിലർക്കു സംശയമുണ്ടായെന്നു മേലെ ഉദ്ധരിച്ച അനസ് (റ)ന്റെ ഹദീസിൽ കണ്ടുവല്ലോ. അങ്ങിനെയുള്ള സംശയങ്ങൾക്ക മറുപടി കൂടിയാണിത്. അവർ സൂക്ഷിക്കുകയും വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും (.... اذا ما اتقوا وامنوا وعملوا) എന്നു തുടങ്ങിയ വാക്യങ്ങളുടെ സാരം ഇതാണ്: അവർ ശരിക്കും സത്യവിശ്വാസികളും, സൽകർമ്മങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവരും, അല്ലാഹുവിന്റെ വിധിവിലക്കുകളെ സൂക്ഷിച്ചു പോരുന്നവരും ആയിരിക്കുകയും, വീണ്ടും വീണ്ടും അതേ നിലയിൽ തന്നെ—അവസാനംവരെ—തുടർന്നുപോരുകയും ചെയ്താൽ അവർക്കു ഒരു കുറ്റവും വരാനില്ല. അവർ സുകൃതവാൻമാരായിരിക്കും. അങ്ങിനെയുള്ളവർ അല്ലാഹുവിന്റെ സ്നേഹത്തിനു പാത്രവാൻമാരായിരിക്കുന്നതുമാണ്.

വിഭാഗം-13

٩٧- يَا أَيُّهَا الَّذِينَ آمَنُوا لَيَبْلُوَنَّكُمُ اللَّهُ بِشَيْءٍ مِنَ الصَّيْدِ تَنَالُهُ أَيْدِيكُمْ وَرِمَاحُكُمْ لِيَعْلَمَ اللَّهُ مَنْ يَخَافُهُ بِالْغَيْبِ

97. ഹേ, വിശ്വസിച്ചവരേ, നിങ്ങളുടെ കൈകളും, കുന്തങ്ങളും എത്തത്തക്കവിധം വേട്ട (യാടിപ്പിടിക്കപ്പെടുന്ന) ജന്തുക്കളിൽപെട്ട വല്ലതും മുഖേന നിശ്ചയമായും അല്ലാഹു നിങ്ങളെ പരീക്ഷണം നടത്തുന്നതാണ്; അദൃശ്യമായ നിലയിൽ, അല്ലാഹുവിനെ ഭയപ്പെടുന്നവരെ അവൻ (വേർതിരിഞ്ഞ്) അറിയുവാൻവേണ്ടി.

فَمَنِ اعْتَدَىٰ بَعْدَ ذَٰلِكَ فَلَهُ عَذَابٌ أَلِيمٌ ○

എന്നിട്ട് അതിനുശേഷം ആരെങ്കിലും അതിരുവിട്ടാൽ അവനു വേദനയേറിയ ശിക്ഷയുണ്ടായിരിക്കും.

---

97. يَا أَيُّهَا الَّذِينَ آمَنُوا വിശ്വസിച്ചവരേ لَيَبْلُوَنَّكُمُ നിശ്ചയമായും നിങ്ങളെ പരീക്ഷണം ചെയ്യുകതന്നെ ചെയ്യും اللَّهُ അല്ലാഹു بِشَيْءٍ വല്ല വസ്തുവെയുംകൊണ്ടു, വല്ലതും മുഖേന مِنَ الصَّيْدِ വേട്ടജന്തുവിൽ പെട്ട تَنَالُهُ അതിനോടു എത്തുമാറു, അതിനെ കിട്ടത്തക്കവണ്ണം أَيْدِيكُمْ നിങ്ങളുടെ കൈകൾ, കൈകളും وَرِمَاحُكُمْ നിങ്ങളുടെ കുന്തങ്ങളും, കുന്തങ്ങൾക്കും لِيَعْلَمَ اللَّهُ അല്ലാഹു അറിയുവാൻ വേണ്ടി مَن يَخَافُهُ അവനെ ഭയപ്പെടുന്നവനെ, ആർ ഭയപ്പെടുമെന്നു بِالْغَيْبِ അദൃശ്യത്തിൽ (കാണാതെ) فَمَنِ എന്നിട്ടു വല്ലവരും, ആർ اعْتَدَىٰ അതിരുവിട്ടു (വെങ്കിൽ) بَعْدَ ذَٰلِكَ അതിനുശേഷം فَلَهُ عَذَابٌ എന്നാലവന്നു ശിക്ഷയുണ്ടായിരിക്കും أَلِيمٌ വേദനയേറിയ.

ഹജ്ജിലോ ഉംറയിലോ പ്രവേശിച്ചു കഴിഞ്ഞാൽ അതു അവസാനിക്കുന്നതുവരെ ഒരു ജീവിയെയും വേട്ടയാടിപ്പിടിക്കുവാനോ, വേട്ടയാടുന്നതിൽ പങ്കു വഹിക്കുവാനോ പാടില്ലാത്തതാണ്. ജാഹിലിയ്യത്തിലും ഇസ്‌ലാമിലും അംഗീകരിക്കപ്പെട്ടിട്ടുള്ള ഒരു നിയമമാണത്. സത്യവിശ്വാസികളുടെ കൂട്ടത്തിൽ അല്ലാഹുവിനെ ശരിക്കും ഭയപ്പെടുന്ന നിഷ്കളങ്കന്മാരും, വേണ്ടത്ര ഭയപ്പാടില്ലാത്തവരും ഉണ്ടായിരിക്കുമല്ലോ. രണ്ടു കൂട്ടരും പ്രത്യക്ഷത്തിൽ വേർതിരിഞ്ഞു വെളിപ്പെടുവാൻവേണ്ടി അവരെ ഒരു പരീക്ഷണം നടത്തുമെന്ന് അല്ലാഹു അറിയിക്കുന്നു. അതായതു, അവർ ഇഹ്റാമിൽ പ്രവേശിച്ചശേഷം അവരുടെ കൈകൊണ്ടും കുന്തംകൊണ്ടും വേഗത്തിൽ വേട്ടയാടിപ്പിടിക്കത്തക്കവണ്ണം, സമീപത്തിൽ ചെറുതും വലുതുമായ ജീവികൾ അവരുടെ മുന്നിൽ പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കും. വേണ്ടത്ര ഭയപ്പാടും ഭക്തിയും ഇല്ലാത്തവർ അതു കണ്ടുമ്പോൾ അവയെ പിടിച്ചു ഭക്ഷിക്കുവാൻ ശ്രമിക്കുകയും, യഥാർത്ഥ ഭയഭക്തന്മാരായ ആളുകൾ തങ്ങൾക്കുപാടില്ലാത്ത ആ കൃത്യത്തിൽ നിന്ന മനഃപൂർവ്വം ഒഴിഞ്ഞുനിൽക്കുകയും ചെയ്യുക സ്വാഭാവികമാണ്. അങ്ങനെ, രണ്ടു തരക്കാരും വേർതിരിച്ചറിയപ്പെടുമാറാകുമെന്നർത്ഥം. ഇങ്ങിനെയൊരു പരീക്ഷണം ഉണ്ടാകുമെന്നു അറിയിച്ചിട്ടു പിന്നെയും വല്ലവരും വല്ല ജീവികളെയും വേട്ടയാടിപ്പിടിക്കുന്ന പക്ഷം അതു നിയമലംഘനവും അതിരുകവിയലുമാണെന്നും, അവർക്കു കഠിനശിക്ഷയുണ്ടായിരിക്കുമെന്നും അല്ലാഹു താക്കീതും ചെയ്യുന്നു.

ഹുദൈബിയ്യാ സംഭവമുണ്ടായ കൊല്ലത്തിൽ നബി (സ)യും സഹാബികളും ഉംറക്ക് പോയിരുന്ന അവസരത്തിൽ അവർ ഇങ്ങിനെ ഒരു പരീക്ഷണത്തിനു വിധേയരാകുകയുണ്ടായെന്നും, ആ സന്ദർഭത്തിലാണു ഈ വചനം അവതരിച്ചതെന്നും മുഖാതിൽ (റ) പ്രസ്താവിച്ചതായി നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു. (അല്ലാഹുവിനറിയാം.) ഏതായാലും ഇത്തരം പരീക്ഷണങ്ങളെ സത്യവിശ്വാസികൾക്കു ചിലപ്പോൾ നേരിടേണ്ടി വരുമെന്നും, ആ പരീക്ഷണങ്ങളിൽ വിജയം വരിക്കുന്ന യഥാർത്ഥ ഭയഭക്തരായിരിക്കണം സത്യവിശ്വാസികൾ എന്നുമുള്ള ഒരു ആഹ്വാനമാണു ഇതിൽ അടങ്ങിയിരിക്കുന്നത്.

٩٥- يَا أَيُّهَا الَّذِينَ آمَنُوا لَا تَقْتُلُوا الصَّيْدَ وَأَنتُمْ حُرُمٌ
وَمَن قَتَلَهُ مِنكُم مُّتَعَمِّدًا فَجَزَاءٌ مِّثْلُ مَا قَتَلَ مِنَ النَّعَمِ

98. ഹേ, വിശ്വസിച്ചവരേ, നിങ്ങൾ 'ഇഹ്റാമി'ൽ പ്രവേശിച്ചവരായിരിക്കെ വേട്ട(യാടിപ്പിടിക്കപ്പെടുന്ന)ജന്തുക്കളെ കൊല്ലരുത്.

നിങ്ങളിൽ ആരെങ്കിലും കരുതിച്ചുകൂട്ടി അതിനെ കൊല്ലുന്നപക്ഷം, അവൻ കൊന്നതിന് തുല്യമായി കാലികളിൽനിന്ന് ഒരു പ്രതിഫല [പ്രായശ്ചിത്തം] വേണ്ടതാണ്;

يَحْكُمُ بِهِ ذَوَا عَدْلٍ مِّنكُمْ هَدْيًا بَالِغَ الْكَعْبَةِ أَوْ كَفَّارَةٌ طَعَامُ مَسَاكِينَ أَوْ عَدْلُ ذَٰلِكَ صِيَامًا لِّيَذُوقَ وَبَالَ أَمْرِهِ ۗ عَفَا اللَّهُ عَمَّا سَلَفَ ۚ

നിങ്ങളിൽനിന്നുള്ള നീതിമാൻമാരായ രണ്ടാൾ അതിനെപ്പററി വിധി കൽപിക്കുന്നവിധം (അതുപോലെയുള്ളതു); കഅ്ബത്തിങ്കൽ എത്തിച്ചേരുന്ന ഒരു ബലിമൃഗമായിക്കൊണ്ട്. അല്ലെങ്കിൽ ഒരു പ്രായശ്ചിത്തം—അതായതു സാധുക്കൾക്കു ഭക്ഷണം (നൽകുക)—അല്ലെങ്കിൽ അതിനു സമാനം നോമ്പു [ഇവയിലൊന്ന് വേണം]; അവൻെറ കാര്യത്തിൻെറ [അവൻ ചെയ്തതിൻെറ] ദുഷ്ഫലം അവൻ അനുഭവിക്കുവാൻവേണ്ടി (യാണ് അതു). മുൻകഴിഞ്ഞതിനെപ്പററി അല്ലാഹു മാപ്പു നൽകിയിരിക്കുന്നു.

وَمَنْ عَادَ فَيَنتَقِمُ اللَّهُ مِنْهُ ۗ وَاللَّهُ عَزِيزٌ ذُو انتِقَامٍ

വല്ലവരും (എന്നി) ആവർത്തിക്കുന്നപക്ഷം, അവനോടു അല്ലാഹു ശിക്ഷാ നടപടി എടുക്കുന്നതുമാണ്. അല്ലാഹു പ്രതാപശാലിയും, ശിക്ഷാ നടപടി എടുക്കുന്നവനുമാകുന്നു.

---

95. يَا أَيُّهَا الَّذِينَ آمَنُوا ഹേ വിശ്വസിച്ചവരേ لَا تَقْتُلُوا നിങ്ങൾ കൊലപ്പെടുത്തരുതു الصَّيْدَ വേട്ട (വേട്ടയാടി പിടിക്കപ്പെടുന്ന (ജന്തുവെ) وَأَنتُمْ നിങ്ങൾ ആയിരിക്കെ حُرُمٌ ഇഹ്റാം ചെയ്തവർ (ഇഹ്റാമിൽ (പ്രവേശിച്ചവർ) وَمَن قَتَلَهُ അതിനെ ആരെങ്കിലും കൊല്ലുന്ന പക്ഷം مِنكُم നിങ്ങളിൽനിന്നു مُّتَعَمِّدًا കൽപിച്ചു (കരുതി) കൂട്ടിയവനായിട്ടു فَجَزَاءٌ എന്നാൽ ഒരു പ്രതിഫലമാകുന്ന (വേണ്ടതു) مِّثْلُ مَا യാതൊന്നുപോലെയുള്ള, തുല്യമായി قَتَلَ അവൻ കൊന്ന مِنَ النَّعَمِ കാലി (ആടുമാടൊട്ടകം)കളിൽ നിന്നു يَحْكُمُ بِهِ അതിനെപ്പററി വിധി കൽപിക്കും ذَوَا عَدْلٍ രണ്ടു നീതിമാൻമാർ مِّنكُمْ നിങ്ങളിൽനിന്നു هَدْيًا ബലിമൃഗമായിക്കൊണ്ട് بَالِغَ الْكَعْبَةِ കഅ്ബത്തിങ്കൽ എത്തുന്ന أَوْ كَفَّارَةٌ അല്ലെങ്കിൽ ഒരു പ്രായശ്ചിത്തം طَعَامُ അതായതു ഭക്ഷണം مَسَاكِينَ സാധുക്കളുടെ, പാവങ്ങൾക്കു أَوْ عَدْلُ അല്ലെങ്കിൽ കിടയായതു, സമാനമായതു ذَٰلِكَ അതിൻെറ, അതിനു صِيَامًا നോമ്പു, നോമ്പായിട്ടു لِّيَذُوقَ അവൻ രുചി നോക്കു (ആസ്വദിക്കു—അനുഭവിക്കു)വാൻ വേണ്ടി وَبَالَ ദോഷം, കെടുതി, ദുഷ്ഫലം أَمْرِهِ അവൻെറ കാര്യത്തിൻെറ عَفَا اللَّهُ അല്ലാഹു മാപ്പു നൽകിയിരിക്കുന്നു عَمَّا سَلَفَ മുൻകഴിഞ്ഞതിനെക്കുറിച്ചു وَمَنْ عَادَ വല്ലവരും മടങ്ങിയാൽ, (ആവർത്തിച്ചാൽ—വീണ്ടും ചെയ്താൽ) فَيَنتَقِمُ അപ്പോൾ ശിക്ഷാ (പ്രതികാര) നടപടിയെടുക്കും اللَّهُ അല്ലാഹു مِنْهُ അവനോട്, അവനെക്കുറിച്ചു وَاللَّهُ عَزِيزٌ അല്ലാഹു പ്രതാപശാലിയാകുന്നു ذُو انتِقَامٍ ശിക്ഷാ (പ്രതികാര) നടപടിയെടുക്കുന്നവൻ

ഹജ്ജിനോ ഉംറക്കോ വേണ്ടി ഇഹ്റാമിൽ പ്രവേശിച്ചു കഴിഞ്ഞാൽ പിന്നീടു ജന്തുക്കളെ വേട്ടയാടി പിടിക്കുവാൻ പാടില്ലെന്നു ഈ സൂറത്തിലെ 2ഉം 3ഉം വചനങ്ങളിൽ നിന്നുതന്നെ അറിയാവുന്നതാണ്. ഈ വചനത്തിൽ അതു വ്യക്തമായിത്തന്നെ വിരോധിച്ചിരിക്കുന്നു. ഈ കൽപന വന്നിട്ടു പിന്നെയും ആരെങ്കിലും വല്ല ജന്തുക്കളെയും വേട്ടയാടിപ്പിടിക്കുന്നപക്ഷം അതിൻെറ പ്രായശ്ചിത്തം എന്താണെന്നും വിവരിച്ചിരിക്കുന്നു. കടിക്കുന്ന നായ, പാമ്പു മുതലായ ഉപദ്രവ ജീവികളെ എവിടെ വെച്ചും കൊല്ലാവുന്നതാണെന്നു ബലവത്തായ പല ഹദീസുകളിലും വന്നിട്ടുള്ളതുകൊണ്ട് അവയല്ലാത്ത ഇതര ജീവികളെ വേട്ടയാടുന്നതിനെപ്പററിയാണു ഈ നിരോധം എന്നു സ്പഷ്ടമാകാം. വല്ല ഒരു ജീവിയെ വേട്ടയാടി പിടിക്കുന്നപക്ഷം, ആടു, മാടു, ഒട്ടകം എന്നിവയിൽ അതിനോടു കിടയാകുന്ന ഒരു മൃഗത്തെ ബലികഴിക്കണമെന്നും, കൊല്ലപ്പെട്ട ജീവി അവയിൽ ഏതിനോടാണു തുല്യതയുള്ളതെന്ന കാര്യം സത്യവിശ്വാസികളായ രണ്ടു നീതിമാൻമാരുടെ അഭിപ്രായം അനുസരിച്ചു തീരുമാനിക്കപ്പെടേണ്ടതാണെന്നും അറിയിക്കുന്നു.

കൊല്ലപ്പെട്ട ജീവിയുടെ സ്ഥിതിയും തരവും നോക്കി അതു ആടിനോടു തുല്യമായി കാണുന്നപക്ഷം ഒരു ആടിനെയും, മാടിനോടു തുല്യമായിക്കാണുന്ന പക്ഷം ഒരു മാടിനെയും, ഒട്ടകത്തോടു തുല്യമായിക്കാണുന്നപക്ഷം ഒരു ഒട്ടകത്തെയുമാണു ബലികഴിക്കേണ്ടത്. ഉദാഹരണമായി: ഒട്ടകപ്പക്ഷിയെ വേട്ടയാടുന്നവൻ ഒട്ടകത്തെയും, കാട്ടുപശുപോലെയുള്ളവയെ വേട്ടയാടിയവൻ മാടിനെയും, മാനിനെ വേട്ടയാടിയവൻ ആടിനെയും ബലികൊടുക്കേണ്ടതാണെന്നും സഹാബികളുടെ കാലത്തു കണക്കാക്കപ്പെട്ടിരുന്നതായി ചില രിവായത്തുകളിൽ വന്നിട്ടുണ്ട്. ഓരോ വസ്തുവിന്റെയും തുല്യത നിശ്ചയിക്കുന്നതിൽ വ്യത്യസ്തമായ അഭിപ്രായങ്ങൾ ഉണ്ടാകുവാനിടയുള്ളതുകൊണ്ട് അതു രണ്ടു നീതിമാൻമാരുടെ വിധിക്കു വിട്ടിരിക്കുകയാണ്. പ്രായശ്ചിത്തമായി നിശ്ചയിക്കപ്പെട്ട ബലിമൃഗങ്ങളെ കഅ്ബയുടെ പരിസരങ്ങളിൽ കൊണ്ടുചെന്ന സാധാരണ ബലിമൃഗങ്ങളെപ്പോലെ അവിടെവെച്ചുതന്നെ ബലികഴിക്കണമെന്നും, അല്ലാത്തപക്ഷം അതിന്റെ വില കണക്കാക്കി അതിനുള്ള ഭക്ഷണസാധനം സാധുക്കൾക്കു കൊടുക്കുകയോ, അല്ലെങ്കിൽ അതിന്റെ തോതനുസരിച്ച്—ആ വിലക്കു എത്ര സാധുവിന്റെ ഭക്ഷണം വരുമോ അത്ര എണ്ണം—നോമ്പു നോൽക്കുകയോ ചെയ്യേണ്ടതാണെന്നും അല്ലാഹു വ്യക്തമാക്കിയിരിക്കുന്നു. മേൽപറഞ്ഞ കാര്യങ്ങളിൽ ഓരോന്നിനെയും സംബന്ധിക്കുന്ന കൂടുതൽ വിശദീകരണങ്ങളും, അവയിൽ പണ്ഡിതൻമാർക്കിടയിലുള്ള അഭിപ്രായവ്യത്യാസങ്ങളും കർമ്മശാസ്ത്ര ഗ്രന്ഥങ്ങളിൽ നിന്നും മറ്റും അറിയേണ്ടതാകുന്നു.

പ്രായശ്ചിത്തം ഇത്ര കർശനമാക്കിയിരിക്കുന്നതു, അവൻ ആ തെറ്റു ചെയ്തതിന്റെ അനന്തരഫലം അനുഭവിക്കുവാൻ വേണ്ടിയാണെന്നും, ഈ കൽപന വരുന്നതിനു മുമ്പ് വല്ലവരും ഇഹ്റാമിൽ വേട്ടയാടുകയുണ്ടായിട്ടുണ്ടെങ്കിൽ അതു അല്ലാഹു മാപ്പാക്കിത്തന്നിട്ടുണ്ടെന്നും, മേലിൽ ആവർത്തിക്കുന്നവർക്ക് കഠിന ശിക്ഷ ലഭിക്കുമെന്നും അല്ലാഹു തുടർന്നു അറിയിക്കുന്നു.

ഇഹ്റാമിൽ കൽപിച്ചുകൂട്ടി വേട്ടയാടിയവർ മാത്രമേ പ്രായശ്ചിത്തം ചെയ്യേണ്ടതുള്ളുവെന്നാണ് ആയത്തിൽ നിന്നു ബാഹ്യത്തിൽ മനസ്സിലാകുന്നത്. കൽപിച്ചുകൂട്ടിയല്ലാതെ, അബദ്ധത്തിൽ ചെയ്താലും, മേൽ പറഞ്ഞ വിധം പ്രായശ്ചിത്തം നൽകേണ്ടതുണ്ടായിരുന്നതായിട്ടാണു നബി (സ)യുടെയും, സഹാബികളുടെയും ചര്യകളിൽ നിന്നു അറിയപ്പെടുന്നത്. ഏതായാലും കൽപിച്ചുകൂട്ടി ചെയ്തവർ മാത്രമേ അല്ലാഹുവിങ്കൽ കുറ്റക്കാരാവുകയുള്ളുവെന്നതിൽ സംശയമില്ല.

99. സമുദ്രത്തിലെ വേട്ട (യാടിപ്പിടിക്കപ്പെടുന്ന) ജന്തുക്കളും, അതിലെ ഭക്ഷ്യങ്ങളും നിങ്ങൾക്കു അനുവദനീയമാക്കപ്പെട്ടിരിക്കുന്നു; നിങ്ങൾക്കും, യാത്രാസംഘങ്ങൾക്കും ഉപയോഗത്തിന്നായിക്കൊണ്ടു.	٩٩- أُحِلَّ لَكُمْ صَيْدُ الْبَحْرِ وَطَعَامُهُ مَتَاعًا لَّكُمْ وَلِلسَّيَّارَةِ ۖ
നിങ്ങൾ 'ഇഹ്റാമി'ൽ പ്രവേശിച്ചവരായിരിക്കുമ്പോഴൊക്കെയും നിങ്ങളുടെ മേൽ കരയിലെ വേട്ട(യാടിപ്പിടിക്കപ്പെടുന്ന). ജന്തുക്കൾ നിഷിദ്ധമാക്കപ്പെടുകയും ചെയ്തിരിക്കുന്നു.	وَحُرِّمَ عَلَيْكُمْ صَيْدُ الْبَرِّ مَا دُمْتُمْ حُرُمًا ۗ
യാതൊരു അല്ലാഹുവിങ്കലേക്കു നിങ്ങൾ ഒരുമിച്ചു കൂട്ടപ്പെടുമോ അവനെ നിങ്ങൾ സൂക്ഷിക്കുകയും ചെയ്യുവിൻ.	وَاتَّقُوا اللَّهَ الَّذِي إِلَيْهِ تُحْشَرُونَ ○

---

99. أُحِلَّ لَكُمْ നിങ്ങൾക്കു അനുവദനീയമാക്കപ്പെട്ടിരിക്കുന്നു صَيْدُ الْبَحْرِ സമുദ്രത്തിലെ വേട്ട ജന്തു (ക്കൾ) وَطَعَامُهُ അതിലെ ഭക്ഷണവും (ഭക്ഷ്യവും) مَتَاعًا لَّكُمْ നിങ്ങൾക്കു ഉപയോഗത്തിനായിക്കൊണ്ടു, സുഖഭോഗമായിട്ട് وَلِلسَّيَّارَةِ യാത്രാസംഘത്തിനും وَحُرِّمَ عَلَيْكُمْ നിങ്ങളുടെ മേൽ നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു صَيْدُ الْبَرِّ കരയിലെ വേട്ട ജന്തു (ക്കൾ) مَا دُمْتُمْ നിങ്ങളായിക്കൊണ്ടിരിക്കുമ്പോൾ حُرُمًا ഇഹ്റാമിൽ പ്രവേശിച്ചവർ وَاتَّقُوا اللَّهَ അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യുവിൻ الَّذِي യാതൊരുവനായ إِلَيْهِ അവങ്കലേക്കു تُحْشَرُونَ നിങ്ങൾ ഒരുമിച്ചു കൂട്ടപ്പെടുന്നു.

ഈ വചനത്തിൽ രണ്ടു വിധികൾ അടങ്ങിയിരിക്കുന്നു: (1) സമുദ്രത്തിൽ നിന്നു വേട്ടയാടി പിടിക്കപ്പെടുന്നവയും, അതിൽ നിന്നു ലഭിക്കുന്ന ഭക്ഷ്യവസ്തുക്കളും അനുവദനീയമാണെന്ന്. പൊതുവിൽ എല്ലാവരുടെയും, പ്രത്യേകിച്ചു സമുദ്രത്തിലൂടെ യാത്ര ചെയ്യുന്നവരുടെയും ഉപയോഗത്തെ മുൻനിറുത്തിയാണിത് അനുവദനീയമാക്കപ്പെട്ടിരിക്കുന്നതെന്നും അല്ലാഹു ചൂണ്ടിക്കാട്ടിയിരിക്കുന്നു. വേട്ടയാടി പിടിക്കപ്പെടുന്ന ജന്തു (صيد) കളും, ഭക്ഷ്യവസ്തു (طعام) ക്കളും എന്നു രണ്ടു തരമായി സമുദ്രജീവികളെ തരം തിരിച്ചിരിക്കയാൽ ഓരോന്നുകൊണ്ടും ഉദ്ദേശ്യമെന്താണെന്നു പലരും പല പ്രകാരത്തിൽ വിവരിച്ചു കാണാം. ഏതെങ്കിലും വിധേനയുള്ള പരിശ്രമം മൂലം ലഭ്യമാകുന്നതും, കരക്കണഞ്ഞതുകൊണ്ടോ മററോ അദ്ധ്വാനം കൂടാതെ ലഭ്യമാകുന്നതും എന്നാണു ആ വിവരണങ്ങളുടെ സാരമെന്നു സാമാന്യമായി പറയാം. ഏതായാലും സമുദ്രത്തിൽ നിന്നു വേട്ടയാടി പിടിക്കപ്പെടാറുള്ളതും, ഭക്ഷണാവശ്യാർത്ഥം ഉപയോഗിക്കപ്പെടാറുള്ളതുമായ എല്ലാ വസ്തുക്കളും അനുവദനീയമാണെന്നും, മ്ലേച്ഛമല്ലാത്തതും ഉപദ്രവകരമല്ലാത്തതുമായ എല്ലാ കടൽജീവികളെയും ഭക്ഷിക്കാവുന്നതാണെന്നും ഇതിൽ നിന്നു മൊത്തത്തിൽ മനസ്സിലാക്കാവുന്നതാണ്.

സമുദ്ര ജീവികൾ ചത്താലും ഭക്ഷിക്കുന്നതിനു വിരോധമില്ലെന്നു ഹദീസുകളിൽ വ്യക്തമായി പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്. ഒരു നബി വചനത്തിലെ വാചകം: 'സമുദ്രജലം ശുദ്ധമായതും, അതിലെ ശവം അനുവദനീയവുമാണ്' എന്നാകുന്നു: പ്രധാനപ്പെട്ട പല ഹദീസു പണ്ഡിതൻമാരും രേഖപ്പെടുത്തിയിട്ടുള്ളതാണിത്. നബി (സ) യുടെ കാലത്തുണ്ടായ ഒരു സംഭവവും ഇതിനു തെളിവാകുന്നു: അബൂഉബൈദ (റ) ന്റെ നേതൃത്വത്തിൽ മുന്നൂറു പേരടങ്ങുന്ന ഒരു സൈന്യസംഘത്തെ നബി (സ) ഒരിക്കൽ സമുദ്രതീരപ്രദേശത്തേക്കയക്കുകയുണ്ടായി. വഴിമദ്ധ്യെ അവരുടെ ഭക്ഷ്യപദാർത്ഥങ്ങൾ തീർന്നുപോയി. ചിലരുടെ പക്കൽ ശേഷിച്ചിരുന്ന അൽപാൽപ വസ്തുക്കളെ അദ്ദേഹം ഒരുമിച്ചുകൂട്ടി അതിൽനിന്നു എല്ലാവർക്കും ഓരോ ചെറിയ വിഹിതം—ഓരോ കാരക്ക വീതം—സമമായി ഭാഗിച്ചുകൊടുത്തുകൊണ്ടിരുന്നു. ഇങ്ങിനെയിരിക്കെ കടൽവക്കത്തു ഒരു കുന്നോളം പോന്ന ഒരു വലിയ തിമിംഗല മൽസ്യം ചത്തുകിടക്കുന്നതായി അവർ കണ്ടു. വിശന്നു വലഞ്ഞിരുന്ന അവർ അതിനെ വെട്ടിമുറിച്ചു കഷ്ണങ്ങളാക്കി ഏതാനും ദിവസങ്ങളോളം അതു ഭക്ഷിച്ചുപോന്നു. മൽസ്യത്തിന്റെ രണ്ടു വാരിയെല്ലുകൾ ചേർത്തുവെച്ചു നാട്ടിപ്പിടിപ്പിച്ചപ്പോൾ ഒരു വലിയ ഒട്ടകത്തിനു അതിന്റെ ഉള്ളിൽകൂടി തൊടാതെ കടന്നു പോകാമായിരുന്നുവത്രെ. സൈന്യം മടങ്ങിവന്ന് നബി (സ) യോട് വിവരം പറഞ്ഞപ്പോൾ തിരുമേനി പറഞ്ഞു: 'അതു അല്ലാഹു നിങ്ങൾക്കു നൽകിയ ആഹാരമാണ്. അതിന്റെ മാംസം നിങ്ങളുടെ കൈവശം ബാക്കിയുണ്ടോ? ഉണ്ടെങ്കിൽ നമുക്കും ഭക്ഷിക്കുവാൻ തരുക.' അങ്ങനെ തിരുമേനിയും അതിൽനിന്നു ഭക്ഷിക്കുകയുണ്ടായി. ബുഖാരി, മുസ്ലിം (റ) മുതലായവർ ഉദ്ധരിച്ചതാണ് ഈ സംഭവം.

(2) ഇഹ്റാമിൽ പ്രവേശിച്ചവർക്കു കരജീവികളെ വേട്ടയാടിപ്പിടിക്കുവാനോ, വേട്ടയാടി പിടിക്കപ്പെട്ടതിനെ ഭക്ഷിക്കുവാനോ പാടില്ല. ഇഹ്റാമിൽ പ്രവേശിച്ചവനു വേട്ടയാടുന്നതിൽ വല്ല പങ്കും വഹിക്കുവാനാകട്ടെ, അവനെ ഉദ്ദേശിച്ചു മററാരെങ്കിലും വേട്ടയാടിക്കൊണ്ടു വന്നതിനെ തിന്നുവാനാകട്ടെ പാടില്ലെന്നുകൂടി ഹദീസുകളിൽ നിന്നു മനസ്സിലാക്കുവാൻ കഴിയും. നേർക്കു നേരെ വേട്ടയിൽ പങ്കു വഹിച്ചില്ലെങ്കിലും അതിനു സഹായകമായിത്തീരുന്ന ഭാഗികമായ വല്ല ഇടപെടലുകളെങ്കിലും ഉണ്ടാകുന്നതുപോലും സൂക്ഷിക്കേണ്ടതുണ്ട് എന്നൊരു സൂചനകൂടി അവസാനത്തെ വാക്യത്തിൽ അടങ്ങിയിരിക്കുന്നതായി കാണാവുന്നതാണ്. ഇഹ്റാമിൽ പ്രവേശിക്കുന്നവർക്കു ജന്തുക്കളെ വേട്ടയാടിപ്പിടിക്കുവാൻ പാടില്ലെന്നു നിയമിച്ചതിൽ അന്തർഭവിച്ചിട്ടുള്ള ചില തത്വങ്ങൾ അടുത്ത വചനത്തിൽനിന്നു മനസ്സിലാക്കാവുന്നതാകുന്നു. അല്ലാഹു പറയുന്നു:—

100. (ആ) അലംഘനീയ വീടാകുന്ന കഅ്ബയെ അല്ലാഹു മനുഷ്യർക്കു ഒരു നിലനിൽപ് (കേന്ദ്രം) ആക്കിയിരിക്കുന്നു; അലംഘനീയമായ മാസത്തെയും, ബലി (ക്കു കൊണ്ടുപോകുന്ന) മൃഗത്തെയും, (അവയുടെ) കഴുത്തിൽ തൂക്കപ്പെട്ട (അടയാള) വസ്തുക്കളെയും (അവർക്കു നിലനിൽപാക്കിയിരിക്കുന്നു).

അതു, ആകാശങ്ങളിലുള്ളതും, ഭൂമിയിലുള്ളതും (എല്ലാം) അല്ലാഹു അറിയുന്നുവെന്ന് നിങ്ങൾ അറിയുവാൻവേണ്ടിയത്രെ; അല്ലാഹു എല്ലാ കാര്യത്തെക്കുറിച്ചും അറിയുന്നവനാകുന്നുവെന്നും (അറിയുവാൻ വേണ്ടിയാണ്).

جَعَلَ اللَّهُ الْكَعْبَةَ الْبَيْتَ الْحَرَامَ قِيَامًا لِلنَّاسِ وَالشَّهْرَ الْحَرَامَ وَالْهَدْيَ وَالْقَلَائِدَ ذَٰلِكَ لِتَعْلَمُوا أَنَّ اللَّهَ يَعْلَمُ مَا فِي السَّمَاوَاتِ وَمَا فِي الْأَرْضِ وَأَنَّ اللَّهَ بِكُلِّ شَيْءٍ عَلِيمٌ

101. നിങ്ങൾ അറിഞ്ഞുകൊള്ളുക: അല്ലാഹു ശിക്ഷാ നടപടി കഠിനമായുള്ളവനാണെന്നും, അല്ലാഹു വളരെ പൊറുക്കുന്നവനും, കരുണാനിധിയുമാണെന്നും.

١٠١- اِعْلَمُوٓا اَنَّ اللّٰهَ شَدِيْدُ الْعِقَابِ وَاَنَّ اللّٰهَ غَفُوْرٌ رَّحِيْمٌ ۝

102. റസൂലിന്റെ മേൽ (പ്രബോധനമല്ലാതെ (ബാദ്ധ്യത) ഇല്ല. അല്ലാഹുവാകട്ടെ, നിങ്ങൾ വെളിവാക്കുന്നതും, നിങ്ങൾ മൂടിവെക്കുന്നതും അറിയുന്നു താനും.

١٠٢- مَا عَلَى الرَّسُوْلِ اِلَّا الْبَلٰغُ ۚ وَاللّٰهُ يَعْلَمُ مَا تُبْدُوْنَ وَمَا تَكْتُمُوْنَ ۝

---

100. جعل അല്ലാഹു ആക്കി, ഏർപ്പെടുത്തിയിരിക്കുന്നു الكعبة കഅ്ബയെ البيت الحرام അലംഘനീയ വീടാകുന്ന (വീടായ) قياما ഒരു നിലനിൽപ്പു للناس മനുഷ്യർക്ക് والشهر മാസത്തെയും الحرام അലംഘനീയമായ والهدي ബലിമൃഗത്തെയും والقلائد (ബലിമൃഗങ്ങളുടെ)കഴുത്തിൽ തൂക്കപ്പെട്ടവയും (കണ്ഠാഭരണങ്ങളെയും) ذلك അതു لتعلموا നിങ്ങൾ അറിയുവാൻ വേണ്ടിയാണു أن الله അല്ലാഹു (ആകുന്നു) എന്നു يعلم അറിയുന്നതാണു (എന്നു) ما في السموات ആകാശങ്ങളിലുള്ളതു وما في الأرض ഭൂമിയിലുള്ളതും وأن الله അല്ലാഹു (ആകുന്നു) എന്നും بكل شيء എല്ലാകാര്യത്തെ(വസ്തുവെ)ക്കുറിച്ചും عليم അറിയുന്നവനാണു (എന്നും) 101. اعلموا നിങ്ങൾ അറിയുവിൻ أن الله അല്ലാഹു ആകുന്നു എന്നു شديد കഠിനമായവനാണു (എന്നു) العقاب ശിക്ഷാ നടപടി, പ്രതികാര നടപടി وأن الله അല്ലാഹു (ആകുന്നു) എന്നും غفور വളരെ പൊറുക്കുന്നവൻ رحيم കരുണാനിധി 102. ما على الرسول റസൂലിന്റെ മേൽഇല്ല إلا البلاغ എത്തിക്കൽ (പ്രബോധനം) അല്ലാതെ والله അല്ലാഹുവാകട്ടെ, يعلم അറിയും, അറിയുന്നുതാനും ما تبدون നിങ്ങൾ വെളിവാക്കുന്നതു وما تكتمون നിങ്ങൾ ഒളിച്ചു (മറച്ചു) വെക്കുന്നതും.

ഇബ്രാഹീം (അ) നബി തന്റെ മകൻ ഇസ്മാഈൽ (അ) നെയും, അദ്ദേഹത്തിന്റെ മാതാവിനെയും മക്കയിൽ കൊണ്ടുവന്നാക്കിയ കാലത്തു അവിടെ ജനവാസമോ, ജല സൗകര്യം മുതലായവയോ ഉണ്ടായിരുന്നില്ല. പിന്നീടു 'സംസം' വെള്ളം പ്രത്യക്ഷപ്പെട്ടതോടെ ജനങ്ങൾ ക്രമേണ അവിടെ വന്നു താമസമാക്കുവാൻ തുടങ്ങി. പിന്നീടു അല്ലാഹുവിന്റെ കൽപന പ്രകാരം ഇബ്രാഹീം (അ) നബിയും, ഇസ്മാഈൽ (അ) നബിയും കൂടി കഅ്ബ മന്ദിരം കെട്ടി ഉയർത്തിയശേഷം, ഇബ്രാഹീം (അ) പല പ്രാർത്ഥനകളും ചെയ്തകൂട്ടത്തിൽ, ആ രാജ്യത്തിന്റെ നന്മക്കും അഭിവൃദ്ധിക്കും വേണ്ടിയും പ്രാർത്ഥിച്ചു എന്നൊക്കെ സൂ: അൽബഖറയിൽവെച്ചു നാം കണ്ടുവല്ലോ. കാലക്രമത്തിൽ അറേബ്യാ ഉപഭൂഖണ്ഡത്തിന്റെ ഒരു പൊതു കേന്ദ്രം തന്നെയായിത്തീർന്നു മക്കാ നഗരം. ആരാധനാകേന്ദ്രം മാത്രമല്ല, ഐക്യത്തിന്റെയും, കച്ചവടത്തിന്റെയും സംസ്കാരത്തിന്റെയുമെല്ലാം കേന്ദ്രംതന്നെയായി ആ രാജ്യം പരിലസിച്ചു.

ഇതിനെല്ലാം പുറമെ, നാലു മാസക്കാലം യുദ്ധം നിരോധിക്കപ്പെട്ടിരിക്കകൊണ്ട് ആ കാലഘട്ടത്തിൽ ആർക്കും എവിടെനിന്നും അവിടെ നിർഭയം വന്ന് ആരാധനാ കർമ്മങ്ങൾ നടത്തിപ്പോകുവാനും, കച്ചവടങ്ങളും കച്ചവട യാത്രകളും നടത്തുവാനും സാധിക്കുമായിരുന്നു. ഹറമിൽവെച്ചു കഠിന ശത്രുക്കൾപോലും പരസ്പരം കണ്ടുമുട്ടിയാൽ മുഖത്തോടുമുഖം നോക്കിതിരിഞ്ഞു പോകുകയല്ലാതെ, അവനെതിരെ എന്തെങ്കിലും കയ്യേറ്റം നടത്തുവാൻ നിവൃത്തിയില്ല. ഹറമിന്റെ അതിർത്തിക്കുള്ളിൽപെട്ട മരങ്ങളും ചെടികളും നശിപ്പിക്കുവാനോ, ജന്തുക്കളെ കൊല്ലുവാനോ പാടില്ല. ഹജ്ജിനോ ഉംറക്കോ ഇഹ്റാമിൽ പ്രവേശിച്ചവനു–അവൻ ഹറമിനു പുറത്തായിരുന്നാലും–ജന്തുക്കളെ വേട്ടയാടിക്കൂടാ. കഅ്ബ പരിസരങ്ങളിൽവെച്ചു ബലി കർമ്മത്തിനായിക്കൊണ്ടു വരപ്പെടുന്ന മൃഗങ്ങളെ ആർക്കും ഉപദ്രവിക്കാവതല്ല. ബലി മൃഗങ്ങളെ തിരിച്ചറിയുവാനായി അവയുടെ കഴുത്തിൽ വല്ല ചെരുപ്പോ മറ്റോ കെട്ടിത്തൂക്കിയിരിക്കും. അതു കണ്ടാൽ പിന്നീട് ആരും അവയെ ഉപദ്രവിക്കുകയേ ഇല്ല. മൊത്തത്തിൽ പറഞ്ഞാൽ, ജനങ്ങളുടെ–വിശേഷിച്ചും അറബികളുടെ–സമാധാന ജീവിതത്തിന്റെയും അഭിവൃദ്ധിയുടെയും നിലനിൽപ്പുകേന്ദ്രം തന്നെയായിരുന്നു മക്കാ നഗരം. അതിനൊക്കെ കാരണം പരിശുദ്ധ കഅ്ബയുംതന്നെ. ഈ നിലനിൽപിന്റെ ഉപാധികളിൽ പ്രധാനമായ ചിലതാണ് 100-ാം വചനത്തിൽ ആദ്യം അല്ലാഹു ചൂണ്ടിക്കാട്ടിയത്. മനുഷ്യരടക്കം ആകാശഭൂമികളിൽ എന്തെല്ലാം സ്ഥിതി ചെയ്യുന്നുണ്ട്, അവയുടെ നിലനില്പിനും അഭിവൃദ്ധിക്കും ആവശ്യ

മറ്റു എന്തെല്ലാമാണു എന്നിത്യാദി കാര്യങ്ങളെല്ലാം അല്ലാഹുവിനറിയാം. അതുകൊണ്ടുതന്നെയാണു അവൻ ഇവയിലൊന്നുള്ള ശിക്ഷകൾ ചെയ്തു വരുന്നതും. അവയെപ്പറ്റി ചിന്തിച്ചാൽ വിശ്വാസികൾക്കുതന്നെ അതു മനസ്സിലാക്കുവാൻ കഴിയുന്നതുമാണ് എന്നൊക്കെയാണ് അതിലെ തുടർന്നുള്ള വാക്യങ്ങളുടെ സാരം. 101, 102 വചനങ്ങളിലെ ആശയങ്ങൾ പ്രത്യേകം വിവരിക്കേണ്ടുന്ന ആവശ്യമില്ലല്ലോ.

103. (നബിയേ) പറയുക: 'ചീത്തയും, നല്ലതും (അഥവാ ദുഷിച്ചതും, വിശിഷ്ടമായതും) സമമാകുകയില്ല; ചീത്തയുടെ പെരുപ്പം നിന്നെ ആശ്ചര്യപ്പെടുത്തിയാലും ശരി.

ആകയാൽ, ബുദ്ധിമാൻമാരേ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുവിൻ; നിങ്ങൾ വിജയം പ്രാപിച്ചേക്കാം.

قُلْ لَا يَسْتَوِي الْخَبِيثُ وَالطَّيِّبُ وَلَوْ أَعْجَبَكَ كَثْرَةُ الْخَبِيثِ فَاتَّقُوا اللَّهَ يَا أُولِي الْأَلْبَابِ لَعَلَّكُمْ تُفْلِحُونَ

---

103. قل പറയുക لا يستوي സമമാകുകയില്ല الخبيث ചീത്തയായതു, ദുഷിച്ചതു والطيب നല്ലതും, വിശിഷ്ടമായതും ولو أعجبك നിന്നെ ആശ്ചര്യപ്പെടുത്തിയാലും ശരി كثرة ആധിക്യം الخبيث ചീത്തയുടെ, ദുഷിച്ചതിന്റെ فاتقوا അതിനാൽ സൂക്ഷിക്കുവിൻ الله അല്ലാഹുവിനെ يا أولي الألباب ബുദ്ധിമാൻമാരെ (സൽ) ബുദ്ധിയുള്ളവരേ لعلكم നിങ്ങളായേക്കാം, ആകുവാൻ വേണ്ടി تفلحون നിങ്ങൾ വിജയം പ്രാപിക്കും.

വളരെ ഗൗരവപൂർവ്വം മനസ്സിരുത്തേണ്ടുന്ന ഒരു യാഥാർത്ഥ്യമാണ് ഈ ചെറുവചനത്തിൽ നമ്മെ അറിയിക്കുവാൻ അല്ലാഹു നബി (സ)യോടു കൽപിക്കുന്നത്. മിക്ക ആളുകൾക്കും ആശയക്കുഴപ്പവും തെറ്റിദ്ധാരണയും പിണയുവാൻ കാരണമായിത്തീരുന്ന ഒരു തെറ്റുധാരണ ഇതുമൂലം അല്ലാഹു തിരുത്തിയിരിക്കുന്നു. കാര്യങ്ങളാവട്ടെ, വസ്തുക്കളാകട്ടെ, നല്ലതു എപ്പോഴും നല്ലതു തന്നെ. ചീത്ത എപ്പോഴും ചീത്തയും തന്നെ. ചീത്തയുടെ ആധിക്യം അതിനെ നല്ലതാക്കിത്തീർക്കുകയോ, നല്ലതിന്റെ കുറവു അതിനെ ചീത്തയാക്കിത്തീർക്കുകയോ ചെയ്യുന്നില്ല. ചീത്തയായുള്ളതിനു സർവ്വത്ര പ്രചാരം സിദ്ധിച്ചാലും അതിനെ ചീത്തയായിത്തന്നെ ഗണിക്കുകയും അതിൽ നിന്നു ഒഴിഞ്ഞു മാറിക്കൊണ്ട് അല്ലാഹുവിനെ സൂക്ഷിക്കുകയുമാണു ബുദ്ധിമാൻമാർ ചെയ്യേണ്ടത്. അതാണു വിജയത്തിനുള്ള മാർഗ്ഗം. നേരെമറിച്ച് അതിന്റെ ആധിക്യത്തിൽ വഞ്ചിക്കപ്പെടുകയും, അങ്ങനെ അതിൽ അകപ്പെടുകയും ചെയ്യുന്നതു പരാജയവും പരാജയവും മാത്രമായിരിക്കും എന്നൊക്കെയാണു ഈ വചനത്തിൽ പ്രസ്താവിച്ചതിന്റെ സാരം.

ഏതു രംഗത്തു നോക്കിയാലും നൻമയെ അപേക്ഷിച്ചു തിൻമക്കായിരിക്കും ജനമദ്ധ്യെ മുൻതൂക്കവും പ്രചാരവും കാണുക. സ്വഭാവഗുണങ്ങൾ, പെരുമാററങ്ങൾ, ധാർമ്മിക മര്യാദകൾ, മതപരവും സദാചാരപരവുമായ ആചാരങ്ങൾ, അനുഷ്ഠാന നിയമങ്ങൾ തുടങ്ങിയ എല്ലാ രംഗങ്ങളിലും ഇതുതന്നെയാണ് അനുഭവം. പരിഷ്കാരത്തിലും സംസ്കാരത്തിലും മനുഷ്യൻ അങ്ങേഅററം പുരോഗമിച്ചിട്ടുണ്ടെന്ന് അവകാശപ്പെടുന്ന ഇക്കാലത്തു ഈ യാഥാർത്ഥ്യം പൂർവ്വാധികം സ്പഷ്ടമായിക്കൊണ്ടാണിരിക്കുന്നത്. ഒരു കാര്യം, അല്ലെങ്കിൽ ഒരു ആശയം—അതെത്ര തന്നെ നീചമോ നികൃഷ്ടമോ ആയിക്കൊള്ളട്ടെ—ജനമദ്ധ്യേ പ്രചരിച്ചു കഴിഞ്ഞാൽ, അതിന്റെ നീചതയും നികൃഷ്ടതയും അതോടെ അവഗണിക്കപ്പെടുകയും, ക്രമേണ അതൊരു മാന്യതയും ഉൽകൃഷ്ടതയുമായി രൂപാന്തരപ്പെടുകയും ചെയ്യുന്നതു വിരളമല്ല. ഭരണരംഗത്തും, രാഷ്ട്രീയ രംഗത്തും, സാമൂഹ്യരംഗത്തും, ആദർശരംഗത്തും, നിയമരംഗത്തുമെല്ലാംതന്നെ ഇതാണവസ്ഥ. ജനായത്തം, ജനകീയം എന്നൊക്കെയുള്ള പുരോഗമനാശയങ്ങളുടെ അടിത്തറ പരിശോധിച്ചാൽ ഭൂരിപക്ഷത്തിന്റെ അഭിപ്രായങ്ങളാണു നൻമയുടെയും തിൻമയുടെയും മാനദണ്ഡം എന്നായിരിക്കും അതിന്റെ ആകെത്തുക. ഒരു കള്ളം നൂറുവട്ടം ആവർത്തിക്കപ്പെട്ടാൽ അതൊരു സത്യമായിത്തീരുമെന്ന പ്രതീതിയാണു പരക്കെയുള്ളതെന്നു പറയാം. മദ്യപാനം, വ്യഭിചാരം, അന്യരുടെ അവകാശം കയ്യേറൽ മുതലായ നീചകൃത്യങ്ങൾപോലും ഈ അളവുകോൽ കൊണ്ടാണു ഇന്നു അളക്കപ്പെടുന്നത്. ധാർമ്മികവും, സദാചാരപരവുമായ തുറകളിൽ ഇക്കാലത്തു മനുഷ്യരിൽ പ്രചരിച്ചു വരുന്ന അരാജകത്വത്തിന്റെ പ്രധാന കാരണവും ഇതുതന്നെ. അഥവാ നൻമക്കും തിൻമക്കും സ്ഥിരതയില്ലായ്മ. നല്ലതിനെ നല്ലതായും, ചീത്തയെ ചീത്തയായും അംഗീകരിച്ചുകൊണ്ടുള്ള സുസ്ഥിരമായ

ഒരു അടിസ്ഥാനത്തിൽ കാര്യങ്ങൾ കയ്യാളപ്പെടാത്തപക്ഷം, മനുഷ്യത്വം മൃഗീയതയിലേക്കും പൈശാചികതയിലേക്കും അധഃപതിക്കുകയാണ് ചെയ്യുക. സമാധാനം ലോകത്തുനിന്നു നിശ്ശേഷം നഷ്ടപ്പെടുകയും ചെയ്യും.

മുസ്‌ലിം സമുദായത്തിൽ കടന്നുകൂടി സ്ഥിരപ്രതിഷ്ഠ പ്രാപിച്ചു കഴിഞ്ഞ അനാചാരങ്ങളും, അന്ധവിശ്വാസങ്ങളും, അല്ലാഹുവിന്റെയും റസൂലിന്റെയും അദ്ധ്യാപനങ്ങൾക്കു നിരക്കാത്ത അഭിപ്രായങ്ങളുമെല്ലാം തന്നെ, ഭൂരിപക്ഷത്തിന്റെയും ന്യൂനപക്ഷത്തിന്റെയും പേരിൽ വിലയിരുത്തുന്ന ഒരു സമ്പ്രദായം പലരിലും കാണാം. അല്ലാഹു ചൂണ്ടിക്കാട്ടിയ ഈ യാഥാർത്ഥ്യത്തിനു കടകവിരുദ്ധമത്രെ ഈ വിലയിരുത്തൽ. മിക്കപ്പോഴും സത്യത്തിന്റെ പക്ഷം ന്യൂനപക്ഷവും, അസത്യത്തിന്റെ പക്ഷം ഭൂരിപക്ഷവുമായിരിക്കും. 'മനുഷ്യരിൽ അധികമാളുകളും വിശ്വസിക്കുകയില്ല.' (11:17) മനുഷ്യരിൽ അധികമാളുകളും അറിയുകയില്ല.' (12:21) 'മനുഷ്യരിൽ അധികമാളുകളും നന്ദി കാണിക്കുകയില്ല' (12:38) എന്നിങ്ങിനെയുള്ള അനേകം ഖുർആൻ വചനങ്ങളിൽനിന്നും ഈ വാസ്തവം വ്യക്തമായി മനസ്സിലാക്കാവുന്നതാകുന്നു. യഥാർത്ഥ പണ്ഡിതൻമാരുടെ ലക്ഷണങ്ങൾ പറയുന്ന കൂട്ടത്തിൽ ഇമാം ശാത്വിബീ (റ) അദ്ദേഹത്തിന്റെ 'ഇഅ്തിസ്വാം' എന്ന ഗ്രന്ഥത്തിൽ പറയുകയാണ്: 'പുത്തൻനിർമ്മിതങ്ങളായ കാര്യങ്ങളിൽ (അനാചാരങ്ങളിൽ) ഭൂരിപക്ഷം ആളുകൾ യോജിച്ചാലും അവയെ അവൻ (പണ്ഡിതൻ) കഠിനമായി സൂക്ഷിക്കേണ്ടതാണ്. സഹാബികളുടെ കാലശേഷം പുതുതായി നിർമ്മിക്കപ്പെട്ട കാര്യത്തിൽ സൂക്ഷ്മത കൈകൊള്ളാതെ പിൻപറ്റുന്നതുകൊണ്ട് അവൻ വഞ്ചിതനാവരുത്...' ചുരുക്കിപ്പറഞ്ഞാൽ ഒരു കാര്യം നല്ലതും ശരിയുമാണെന്നു നിശ്ചയിക്കുന്നതിനു അതിന്റെ പ്രചാരമോ ജനസമ്മതിയോ മാനദണ്ഡമല്ല. അല്ലാഹു ഏതൊന്നു നല്ലതാണെന്നു നിശ്ചയിച്ചിട്ടുണ്ടോ അതു എപ്പോഴും നല്ലതുതന്നെ. അതു അനുസരിക്കുവാൻ ആളുണ്ടായാലും ഇല്ലെങ്കിലും ശരി. അവൻ ചീത്തയെന്നു നിശ്ചയിച്ചതു എപ്പോഴും ചീത്തയും തന്നെ. അതിനെ അനുകൂലിക്കുന്നവരുടെ ആധിക്യം കൊണ്ടോ ഭൂരിപക്ഷം കൊണ്ടോ അതു ചീത്തയല്ലാതാകുന്നതല്ല.

വിഭാഗം–14

104. ഹേ, വിശ്വസിച്ചവരേ, ചില കാര്യങ്ങളെക്കുറിച്ചു നിങ്ങൾ ചോദിക്കരുത്: അവ നിങ്ങൾക്കു വെളിവാക്കപ്പെട്ടാൽ അവ നിങ്ങളെ അതൃപ്തിപ്പെടുത്തും; ഖുർആൻ അവതരിക്കപ്പെടുന്ന സമയത്തു അവയെപ്പറ്റി നിങ്ങൾ ചോദിക്കുന്നതായാൽ, നിങ്ങൾക്കു അവ വെളിവാക്കപ്പെടുകയും ചെയ്യും.

അവയെക്കുറിച്ചു അല്ലാഹു മാപ്പു നൽകിയിരിക്കുകയാണ്. അല്ലാഹു വളരെ പൊറുക്കുന്നവനാണ്; സഹനശീലനാണ്.

١٠٤- يَا أَيُّهَا الَّذِينَ آمَنُوا لَا تَسْأَلُوا عَنْ أَشْيَاءَ إِنْ تُبْدَ لَكُمْ تَسُؤْكُمْ وَإِنْ تَسْأَلُوا عَنْهَا حِينَ يُنَزَّلُ الْقُرْآنُ تُبْدَ لَكُمْ عَفَا اللَّهُ عَنْهَا وَاللَّهُ غَفُورٌ حَلِيمٌ

105. നിങ്ങളുടെ മുമ്പ് ഒരു ജനത അവ (സംബന്ധിച്ച്) ചോദിക്കുകയുണ്ടായി; പിന്നീട് അവർ അവയിൽ അവിശ്വാസികളായിത്തീർന്നു.

١٠٥- قَدْ سَأَلَهَا قَوْمٌ مِنْ قَبْلِكُمْ ثُمَّ أَصْبَحُوا بِهَا كَافِرِينَ

---

104. يَا أَيُّهَا الَّذِينَ آمَنُوا ഹേ വിശ്വസിച്ചവരേ لَا تَسْأَلُوا നിങ്ങൾ ചോദിക്കരുത് (അന്വേഷിക്കരുത്) عَنْ أَشْيَاءَ ചില (പല) കാര്യങ്ങളെക്കുറിച്ചു إِنْ تُبْدَ അവ വെളിവാക്ക (വ്യക്തമാക്ക)പ്പെട്ടാൽ لَكُمْ നിങ്ങൾക്ക تَسُؤْكُمْ അവ നിങ്ങളെ അതൃപ്തിപ്പെടുത്തും, നിങ്ങൾക്കു അനിഷ്ടം വരുത്തും. وَإِنْ تَسْأَلُوا നിങ്ങൾ ചോദിക്കുന്ന പക്ഷം عَنْهَا അവയെപ്പറ്റി حِينَ يُنَزَّلُ ഇറക്ക (അവതരിപ്പിക്ക)പ്പെടുന്ന സമയത്തു الْقُرْآنُ ഖുർആൻ تُبْدَ لَكُمْ അവ നിങ്ങൾക്കു വെളിവാക്കപ്പെടും. عَفَا اللَّهُ അല്ലാഹു മാപ്പു ചെയ്തിരിക്കുന്നു عَنْهَا അവയെപ്പറ്റി وَاللَّهُ അല്ലാഹു غَفُورٌ വളരെ പൊറുക്കുന്നവനാണു حَلِيمٌ സഹനശീലനാണു
105. قَدْ سَأَلَهَا അവ ചോദിച്ചിട്ടുണ്ടു قَوْمٌ ഒരു ജനത مِنْ قَبْلِكُمْ നിങ്ങളുടെ മുമ്പു, മുമ്പുള്ള ثُمَّ أَصْبَحُوا പിന്നീടു അവരായിത്തീർന്നു بِهَا അവയിൽ, അവയെപ്പറ്റി كَافِرِينَ അവിശ്വാസികൾ, നിഷേധികൾ.

അനാവശ്യമായ ചോദ്യങ്ങൾ ഉന്നയിക്കുകയും, ഉപകാരപ്രദമല്ലാത്ത അന്വേഷണങ്ങൾ നടത്തുകയും ചെയ്യുന്നതിനെയാണു അല്ലാഹു വിരോധിക്കുന്നത്. അങ്ങിനെയുള്ള ചോദ്യങ്ങൾക്കു ലഭിക്കുന്ന മറുപടി പലപ്പോഴും ചോദ്യകർത്താവിനുപോലും അതൃപ്തിയും വിഷമവും ഉളവാക്കുന്നതായിരിക്കും. എന്നാൽ, ഖുർആൻ അവതരിക്കുമ്പോൾ തന്നെ, വല്ല സംഗതികളും അവ്യക്തമായോ തോന്നുന്നപക്ഷം, അതിനെപ്പറ്റി ചോദിച്ചറിയുകയാണെങ്കിൽ അതിനു പരിഹാരം ലഭിക്കുകയും ചെയ്യും. ഇതിനുമുമ്പ് ഇങ്ങിനെ വല്ല ചോദ്യങ്ങളും ചോദിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അതു അല്ലാഹു മാപ്പാക്കിയിരിക്കുന്നു. മേലിൽ ആരും അങ്ങിനെ ചെയ്യരുത്. മുമ്പുള്ള സമുദായക്കാർ—അത്തരം അനാവശ്യ ചോദ്യങ്ങൾ പലതും ചോദിക്കാറുണ്ടായിട്ടുണ്ട്. എന്നിട്ട് ആ ചോദ്യങ്ങൾക്കു കിട്ടിയ മറുപടിക്കനുസരിച്ചു നിറവേറ്റേണ്ടിയിരുന്ന ബാദ്ധ്യതകൾ അവർ നിറവേറ്റുകയുണ്ടായില്ല. അവയെ ലംഘിക്കുകയും നിഷേധിക്കുകയുമാണവർ ചെയ്തത്. അതുപോലെ സത്യവിശ്വാസികളും ആയിത്തീരാതിരിക്കുവാനാണു ഇങ്ങനെ ഉപദേശിക്കുന്നത് എന്നൊക്കെയാണു അല്ലാഹു പറഞ്ഞതിന്റെ താല്പര്യം.

ഒരു കാര്യം ഇന്നിന്നപ്രകാരമായിരിക്കണമെന്നു വിശദീകരിക്കപ്പെട്ടിട്ടില്ലാത്തപ്പോൾ മനുഷ്യർക്കു അവരുടെ ഹിതവും സൗകര്യവും അനുസരിച്ച് അത് കൈകാര്യം ചെയ്‌വാൻ വിഷമമുണ്ടായിരിക്കയില്ല. വിശദാംശങ്ങളെപ്പറ്റി ചോദ്യം ചെയ്യുമ്പോൾ ലഭിക്കുന്ന വിശദീകരണം അതു ഇന്നിന്നപ്രകാരമായിരിക്കണമെന്നുള്ള ഒരു സുനിശ്ചിതത്വം ഉളവാക്കുന്നു. അതോടെ അതിൽ മുമ്പുണ്ടായിരുന്ന വിശാലതയും സൗകര്യവും നീങ്ങിപ്പോകുകയും, അതിൽ കൃത്യതയും കണിശതയും വർദ്ധിക്കുകയും ചെയ്യുന്നു. അതിന് ഇടവരുത്താതിരിക്കുകയാണ് നല്ലത് എന്നത്രെ ഈ നിരോധത്തിലടങ്ങിയ തത്വം. ഇസ്രാഈല്യർ മൂസാ (അ) നബിയോടും, മറ്റു ചില പ്രവാചകൻമാരോടും അനാവശ്യ ചോദ്യങ്ങൾ നടത്തിക്കൊണ്ടിരുന്നതും, അവസാനം, അവർക്കു ലഭിച്ച വിശദീകരണങ്ങൾ അവർക്കുതന്നെ ദോഷകരമായി കലാശിച്ചതും, അവരുടെ അനുസരണക്കേടിനും നിഷേധത്തിനും അതു വഴിവെക്കുകയുണ്ടായതുമാണു അല്ലാഹു ചൂണ്ടിക്കാണിച്ചത്. അതിന്റെ പല ഉദാഹരണങ്ങളും സൂറത്തുൽ ബഖറ 67–71ലും മറ്റുമായി അല്ലാഹു ഉദ്ധരിച്ചിട്ടുണ്ടുതാനും.

ഈ നിരോധം അവതരിക്കുവാൻ കാരണമാകുമാറുള്ള ചില സംഭവങ്ങൾ ഹദീസുകളിൽ വന്നിരിക്കുന്നു. ഒരിക്കൽ നബി (സ) യോടു പലരും പലതും ചോദിച്ചുകൊണ്ടിരുന്നു. തിരുമേനിക്കു ദേഷ്യം പിടിച്ചു. 'ചോദിച്ചോളൂ! ചോദിച്ചോളൂ!' എന്നു പറഞ്ഞു. സഹാബികൾക്കു ഭയമായി. അവർ തല മൂടിയിട്ട് കരയുവാൻ തുടങ്ങി. ഈ അവസരത്തിൽ കൂട്ടത്തിലൊരാൾ എഴുന്നേറ്റു. അയാളുടെ സാക്ഷാൽ പിതാവിലേക്കു ചേർക്കപ്പെട്ടുകൊണ്ടല്ല അയാൾ വിളിക്കപ്പെട്ടിരുന്നത്. അയാൾ ചോദിച്ചു: 'നബിയേ, എന്റെ പിതാവു ആരാണു?' തിരുമേനി ഉത്തരം പറഞ്ഞു: 'താങ്കളുടെ പിതാവു ഹുദാഫഃ (റ) യാകുന്നു.' അപ്പോൾ, ഉമർ (റ) നബി (സ) യുടെ അടുക്കലേക്കു ചെന്ന് 'ഞങ്ങൾ അല്ലാഹുവിനെ റബ്ബായും, അങ്ങയെ റസൂലായും, ഇസ്‌ലാമിനെ മതമായും തൃപ്തിപ്പെട്ടിരിക്കുന്നു, അങ്ങുന്നു ഞങ്ങൾക്കു മാപ്പു തരണം' എന്നപേക്ഷിച്ചുകൊണ്ടിരുന്നു. അങ്ങനെ തിരുമേനി സമാധാനപ്പെട്ടു. ഈ സംഭവം, ബുഖാരി, മുസ്‌ലിം (റ) മുതലായവർ ഉദ്ധരിച്ചതാണ്.

ഹജ്ജ് കർമ്മം നിർബ്ബന്ധമാക്കിക്കൊണ്ടു ഖുർആൻ അവതരിച്ചപ്പോൾ ചില സഹാബികൾ നബി(സ)യോടു: 'എല്ലാ കൊല്ലവും നിർബ്ബന്ധമാണോ?' എന്നു ചോദിച്ചു. തിരുമേനി മറുപടിയൊന്നും പറഞ്ഞില്ല. ചോദ്യകർത്താവു ചോദ്യം ആവർത്തിച്ചുകൊണ്ടിരുന്നു. തിരുമേനി അപ്പോഴൊക്കെ മിണ്ടാതിരിക്കുകയാണ് ചെയ്തത്. മൂന്നാമത്തെ പ്രാവശ്യത്തിൽ തിരുമേനി പറഞ്ഞു: 'അതെ' എന്നു ഞാൻ പറഞ്ഞാൽ അതു നിർബ്ബന്ധമാകുകതന്നെ ചെയ്യും. നിർബ്ബന്ധമായാൽ നിങ്ങൾക്കതിനു സാധ്യമാകാതെയും വരും. ഞാൻ നിങ്ങളെ ഒഴിവാക്കി വിടുമ്പോൾ നിങ്ങൾ എന്നെ (ചോദ്യം ചെയ്യാതെ) വിട്ടേക്കണം. നിങ്ങളുടെ മുമ്പുള്ളവർ നാശമടഞ്ഞതു അവരുടെ ചോദ്യത്തിന്റെ ആധിക്യവും, അവരുടെ നബിമാരോടു അവർ വിയോജിപ്പു കാണിച്ചതും നിമിത്തംതന്നെയാണു. അതുകൊണ്ടു ഞാൻ നിങ്ങളോടു വല്ലതും കല്പിച്ചാൽ, അതിൽനിന്നും കഴിയുന്നത്ര നിങ്ങൾ ചെയ്തുകൊള്ളുക. ഞാൻ നിങ്ങളോടു വല്ലതും വിരോധിച്ചാൽ, അതു നിങ്ങൾ (പാടെ) വിട്ടേക്കുകയും ചെയ്തുകൊള്ളുക. അഹ്മദ്, മുസ്‌ലിം, ഹാകിം (റ) മുതലായവർ ഉദ്ധരിച്ചതാണിതു.

ഇതുപോലെയുള്ള ചില സംഭവങ്ങൾ വേറെയും ഉദ്ധരിക്കപ്പെട്ടിരിക്കുന്നു. ഇങ്ങിനെയുള്ള ചില കാരണങ്ങളുണ്ടു ഈ വചനത്തിന്റെ അവതരണഹേതു എന്നു ഹദീസുകളിൽനിന്നു മനസ്സിലാകുന്നു. നബി (സ) അരുളിച്ചെയ്തതായി സഅ്ദുബ്നു അബീവഖ്ഖാസ് (റ) പ്രസ്താവിക്കുന്നു: 'മുസ്‌ലിംകളിൽവെച്ചു വമ്പിച്ച തെറ്റുകാരൻ യാതൊരുവനാകുന്നു: നിഷിദ്ധമാക്കപ്പെട്ടിട്ടില്ലാത്ത ഒരു കാര്യം, അവന്റെ ചോദ്യം നിമിത്തം നിഷിദ്ധമാക്കപ്പെട്ടു.' (ബു; മു.) മറ്റൊരു നബി വചനത്തിലെ വാചകം ഇങ്ങിനെയാണു: 'നിങ്ങളോടുള്ള കാരുണ്യം നിമിത്തം—മറന്നുപോയതുകൊണ്ടല്ല—പല കാര്യങ്ങളെക്കുറിച്ചും അല്ലാഹു മൗനം അവലംബിച്ചിട്ടുണ്ട്. അവയെപ്പറ്റി നിങ്ങൾ ചോദ്യം നടത്തരുത്.'

വിവരമില്ലാത്ത കാര്യം ചോദിച്ചറിയരുതെന്നോ, സംശയത്തിനു പരിഹാരം തേടിക്കൂടാ എന്നോ അല്ല, ഇതു പോലെയുള്ള ഖുർആൻ വചനങ്ങളുടെയും, നബി വചനങ്ങളുടെയും പൊരുൾ. അനാവശ്യമായ വിശദീകരണം ആവശ്യപ്പെടുക, സങ്കല്പ ചോദ്യങ്ങൾ ഉന്നയിക്കുക, സംഭവിക്കാത്ത കാര്യങ്ങളെക്കുറിച്ചു ചോദ്യം നടത്തുക, അന്വേഷിക്കുവാനല്ലാതെ—തർക്കത്തിനുവേണ്ടിയോ പരീക്ഷിക്കുവാൻ വേണ്ടിയോ—ചോദിക്കുക മുതലായവയാണു വിരോധിക്കപ്പെട്ടിരിക്കുന്നത്. അറിയാത്ത കാര്യങ്ങൾ അന്വേഷിച്ചു മനസ്സിലാക്കണമെന്നുള്ളതു ഖുർആനിൽനിന്നും ഹദീസിൽനിന്നും അറിയപ്പെട്ടിട്ടുള്ളതാകുന്നു.

١٠٣- مَا جَعَلَ اللَّهُ مِن بَحِيرَةٍ وَلَا سَائِبَةٍ وَلَا وَصِيلَةٍ وَلَا حَامٍ وَلَٰكِنَّ الَّذِينَ كَفَرُوا يَفْتَرُونَ عَلَى اللَّهِ الْكَذِبَ وَأَكْثَرُهُمْ لَا يَعْقِلُونَ ○

106. 'ബഹീറത്താ'കട്ടെ, 'സാഇബത്താ'കട്ടെ, 'വസ്വീലത്താ'കട്ടെ, 'ഹാമാ'കട്ടെ (ഒന്നും തന്നെ) അല്ലാഹു ഏർപ്പെടുത്തിയിട്ടില്ല;

പക്ഷേ, അവിശ്വസിച്ചവർ അല്ലാഹുവിന്റെ പേരിൽ വ്യാജം കെട്ടിച്ചമക്കുകയാണ്.

അവരിൽ അധികമാളും ബുദ്ധികൊടു(ത്തു ഗ്രഹി)ക്കുന്നില്ല.

١٠٤- وَإِذَا قِيلَ لَهُمْ تَعَالَوْا إِلَىٰ مَا أَنزَلَ اللَّهُ وَإِلَى الرَّسُولِ قَالُوا حَسْبُنَا مَا وَجَدْنَا عَلَيْهِ آبَاءَنَا أَوَلَوْ كَانَ آبَاؤُهُمْ لَا يَعْلَمُونَ شَيْئًا وَلَا يَهْتَدُونَ ○

107. അവരോടു: 'അല്ലാഹു ഇറക്കിയതിലേക്കും റസൂലിലേക്കും വരുവിൻ' എന്നു പറയപ്പെട്ടാൽ, അവർ പറയും: 'ഞങ്ങളുടെ പിതാക്കളെ ഏതൊരു പ്രകാരത്തിൽ ഞങ്ങൾ കണ്ടെത്തിയോ അതു മതി ഞങ്ങൾക്ക്' എന്നു.

അവരുടെ പിതാക്കൾക്കു യാതൊന്നും അറിയാതെയും, അവർ സന്മാർഗ്ഗം പ്രാപിക്കാതെയുമായിരുന്നാലുമോ?! [എന്നാലും അവർക്കു അതു തന്നെ മതിയോ?!]

---

106. مَا جَعَلَ അല്ലാഹു ആക്കി (ഏർപ്പെടുത്തി)യിട്ടില്ല مِن بَحِيرَةٍ ഒരു ബഹീറത്തിനെയും وَلَا سَائِبَةٍ സാഇബത്തിനെയുമില്ല وَلَا وَصِيلَةٍ വസ്വീലത്തിനെയുമില്ല وَلَا حَامٍ ഹാമിനെയും ഇല്ല وَلَٰكِنَّ എങ്കിലും الَّذِينَ كَفَرُوا അവിശ്വസിച്ചവർ يَفْتَرُونَ അവർ കെട്ടിച്ചമക്കുന്നു عَلَى اللَّهِ അല്ലാഹുവിന്റെമേൽ الْكَذِبَ കളവു, വ്യാജം وَأَكْثَرُهُمْ അവരിൽ അധികമാളും لَا يَعْقِلُونَ ബുദ്ധി കൊടുക്കുന്നില്ല, ഗ്രഹിക്കുന്നില്ല, ചിന്തിക്കുന്നില്ല. 107. وَإِذَا قِيلَ لَهُمْ അവരോടു പറയപ്പെട്ടാൽ تَعَالَوْا വരുവിൻ إِلَىٰ مَا أَنزَلَ ഇറക്കിയതിലേക്കു اللَّهُ അല്ലാഹു وَإِلَى الرَّسُولِ റസൂലിലേക്കും قَالُوا അവർ പറയും, പറയുകയായി حَسْبُنَا ഞങ്ങൾക്കു മതി مَا وَجَدْنَا عَلَيْهِ ഞങ്ങൾ (യാതൊരു പ്രകാരം) കണ്ടെത്തിയോ അതു آبَاءَنَا ഞങ്ങളുടെ പിതാക്കളെ أَوَلَوْ كَانَ ആയിരുന്നാലുമോ آبَاؤُهُمْ അവരുടെ പിതാക്കൾ لَا يَعْلَمُونَ അവർ അറിയാതെ, അറിയുകയില്ല شَيْئًا യാതൊന്നും وَلَا يَهْتَدُونَ അവർ നേർമാർഗം പ്രാപിക്കാതെയും (പ്രാപിക്കുന്നുമില്ല)

മുശ്‌രിക്കുകൾ അവരുടെ ദൈവങ്ങൾക്കു—വിഗ്രഹങ്ങൾക്കു—നേർച്ച വഴിപാടായി നിശ്ചയിക്കപ്പെട്ടിരുന്ന ചിലതരം മൃഗങ്ങളെപ്പറ്റിയാണു ഈ വചനത്തിൽ പ്രസ്താവിക്കുന്നത്. ഓരോന്നിന്റെയും നിർവ്വചനത്തിൽ പല അഭിപ്രായങ്ങളും ഉള്ളതുകൊണ്ട് ഉദാഹരണാർത്ഥം ഓരോന്നു മാത്രം വിവരിക്കാം: ഒരു ഒട്ടകം നാലു പ്രസവം കഴിഞ്ഞാൽ അതിനെ ദൈവങ്ങൾക്കായി ഒഴിഞ്ഞിടുകയും, അതിന്റെ അടയാളമായി അതിന്റെ കാതു കീറുകയും ചെയ്യുക പതിവായിരുന്നു. പിന്നീടു ആരും അതിന്റെ പാൽ കറക്കുകയില്ല. പാൽ ദൈവങ്ങൾക്കുള്ളതാണെന്നാണു സങ്കല്പം. ഇങ്ങിനെയുള്ള ഒട്ടകമാണ് 'ബഹീറത്ത്' (بحيرة). രോഗശമനം മുതലായ വല്ല കാര്യങ്ങളെയും മുൻനിറുത്തി ദൈവങ്ങൾക്കു നേർച്ചയിടുകയും, അനന്തരം യഥേഷ്ടം മേഞ്ഞു നടക്കുവാൻ വിടുകയും ചെയ്യപ്പെടുന്ന ഒട്ടകത്തിനാണു 'സാഇബത്ത്'

(سائبة) എന്നു പറയുന്നത്. പിന്നീടതിനെ വാഹനമായോ മററോ ഉപയോഗിക്കുകയില്ല. ഒരു ആട് ആദ്യത്തെ പ്രസവത്തിൽ ജനിച്ചതു ആൺകുട്ടിയാണെങ്കിൽ അതു ദൈവങ്ങൾക്കും, പെൺകുട്ടിയായാൽ അവർക്കുമായിരിക്കും. ആണിനെയും പെണ്ണിനെയും പ്രസവിച്ചാൽ അതു 'വസീലത്തു' (وصيلة) ആയിത്തീരുന്നതാണ്. ഒരു നിശ്ചിത എണ്ണം സന്താനങ്ങളുടെ പിതാവായിത്തീർന്ന ഒട്ടകക്കൂററൻ പിന്നീടു ദൈവങ്ങൾക്കായി ഒഴിച്ചു വിടപ്പെടും. അതിനു 'ഹാമി' (حام) എന്നും പറയപ്പെടും. ഇവയുടെ ഓരോന്നിന്റെയും നിർവ്വചനങ്ങൾ വേറെ രൂപങ്ങളിലും വിവരിക്കപ്പെട്ടുകാണാം. മററു ചിലതിനെക്കുറിച്ചും ചില വിവരണങ്ങൾ ഇതുപോലെ പറയപ്പെടുന്നുണ്ട്. ആയത്തിലെ ആശയം മനസ്സിലാക്കുന്നതിന് അവയൊന്നും വിസ്തരിക്കേണ്ടുന്ന ആവശ്യം കാണുന്നില്ല. മൊത്തത്തിൽ പറഞ്ഞാൽ, മൃഗങ്ങളെ വിഗ്രഹങ്ങൾക്കു നേർച്ചയാക്കി വിടുന്ന പല സമ്പ്രദായങ്ങളും മുശ്‌രിക്കുകൾക്കിടയിൽ ഉണ്ടായിരുന്നു. അവ ഒന്നുംതന്നെ അല്ലാഹു നിയമിച്ചതോ അനുവദിച്ചതോ അല്ല. അവയൊക്കെ, എല്ലാം അല്ലാഹു കല്പിച്ച പുണ്യകർമ്മങ്ങളും, ആരാധനാമുറകളുമാണെന്ന നിലക്കാണ് അതൊക്കെ ചെയ്തുവരുന്നതും. ഇതു അല്ലാഹുവിന്റെ പേരിൽ വ്യാജം കെട്ടിച്ചമക്കലുമാണെന്നു പറയേണ്ടതില്ലല്ലോ. അവരുടെ പൂർവ്വികൻമാർ ആചരിച്ചു വന്നതിനെ അനുകരിക്കുകയെന്നല്ലാതെ, എന്തെങ്കിലും തെളിവോ ന്യായമോ അവർക്കില്ല താനും.

അന്നത്തെ മുശ്‌രിക്കുകൾ സ്വീകരിച്ചിരുന്ന അതേ രൂപത്തിലും അതേ നാമത്തിലുമല്ലെങ്കിലും, അവയോടു സാമ്യമുള്ള പലതരം നേർച്ച വഴിപാടുകൾ ഇന്നും വിഗ്രഹാരാധകൻമാർക്കിടയിൽ നടപ്പുണ്ട്. വിഗ്രഹാരാധകൻമാരിൽ മാത്രമല്ല, ഇസ്‌ലാമിനെപ്പററി കാര്യമായൊന്നും അറിഞ്ഞുകൂടാത്ത പാമര മുസ്‌ലിംകൾക്കിടയിൽ തന്നെയും പലതും കാണാവുന്നതാണ്. മൃഗങ്ങളെ മാത്രമല്ല, ചിലർ പ്രാവു, കോഴി മുതലായ പക്ഷികളെയും വഴിപാടാക്കി വിടാറുണ്ട്. പക്ഷേ, ഇവർ വിഗ്രഹങ്ങളുടെ പേരിലല്ല, വല്ല മഹാത്മാക്കളുടെ പേരിലോ, അവരുടെ ഖബ്ർ സ്ഥാനങ്ങളുടെ പേരിലോ ആയിരിക്കും നേർച്ചയാക്കിയിരിക്കുക എന്നു മാത്രം. അല്ലാഹു അല്ലാത്ത ആരുടെ പേരിലായാലും എന്തിന്റെ പേരിലായാലും അതു ശിർക്കിൽ പെട്ടതുതന്നെ. ഇങ്ങിനെ വഴിപാടാക്കപ്പെട്ട ജീവികളെ — അവ നിമിത്തം ഉപദ്രവങ്ങൾ ഉണ്ടായിരുന്നാൽ പോലും—വിരട്ടുവാനോ അടിക്കുവാനോ പാടില്ലെന്നുപോലും പല വിഡ്ഢികളും കരുതി വരുന്നു.

അല്ലാമാ സ്വാവീ (റ) യുടെ ഒരു പ്രസ്താവന ഇവിടെ വളരെ ശ്രദ്ധേയമാകുന്നു. അദ്ദേഹം ഈ വചനത്തിന്റെ വിവരണത്തിൽ പറയുകയാണ്: 'ഹറാമിന്റെ (നിഷിദ്ധത്തിന്റെ) വിഷയത്തിൽ ഇതുപോലെത്തന്നെയാണ് പൊതുജനങ്ങളിലുള്ള ചില മൂഢൻമാർ ചെയ്യാറുള്ളതും. അതായത്: ഏതെങ്കിലും ഒരു വലിയ്യിന്റെ (മഹാത്മാവിന്റെ) പേരിൽ ഒരു മൂരിക്കുട്ടനെയോ ആട്ടിനെയോ ജനങ്ങളുടെ സ്വത്തുക്കളിൽ നിന്നു തിന്നുമാറ് അവർ വിട്ടുകളയും. ആരും അതിനു തടസ്സം വരുത്തുവാൻ തുനിയുകയില്ല. ഇവർക്കു ആരെങ്കിലും ഉപദേശം നൽകുകയും, അതു ഹറാമ (നിഷിദ്ധമാ) ണെന്നു പറയുകയും ചെയ്താൽ, അവനെപ്പററി അവർ തെററായ ധാരണ ധരിക്കുകയും, അവൻ ഔലിയാക്കളെ (മഹാത്മാക്കളെ) സ്നേഹിക്കുന്നില്ലെന്നു പറയുകയും ചെയ്യും. അതു പുണ്യ കർമ്മവും വഴിപാടുമാണെന്നു അവർ വിശ്വസിച്ചാൽ അവർ അവിശ്വാസികളായി. ഇല്ലാത്തപക്ഷം, അതു ഹറാമായ കാര്യങ്ങളിൽ പെട്ടതുമാകുന്നു. ഒരു (നല്ല) കാര്യത്തിലാണ് തങ്ങളെന്ന് അവർ വിചാരിക്കുന്നു. അറിയുക. നിശ്ചയമായും അവർ വ്യാജവാദികളാകുന്നു.' (*)

പ്രമാണങ്ങൾ ഉദ്ധരിച്ചുകൊണ്ട് ഇത്തരം ആളുകളെ ഉപദേശിക്കുന്നവരോടു ഇവർക്കും പറയുവാനുള്ള ന്യായം മുൻകാലത്ത് ആ മുശ്‌രിക്കുകൾ പറഞ്ഞു വന്നിരുന്ന അതേ വാക്കുകൾ തന്നെ. അതെ, തങ്ങളുടെ പൂർവ്വികൻമാർ മുതൽക്കേ ആചരിച്ചു വന്ന ഈ നടപടികൾ ഞങ്ങൾ ഉപേക്ഷിക്കുവാൻ പോകുന്നില്ല എന്ന്. അന്ധവിശ്വാസങ്ങളുടെയും, അനാചാരങ്ങളുടെയും പൊതുവെയുള്ള ന്യായീകരണം എക്കാലത്തും പൂർവ്വികൻമാരെ അന്ധമായി അനുകരിച്ചു പോരുക എന്നുള്ളതാകുന്നു. പൂർവ്വീകൻമാർ ചെയ്തതു തെററോ ശരിയോ എന്നൊന്നും അവർക്കു ആലോചനാ വിഷയമേ അല്ല. അതുകൊണ്ടാണ് അവരുടെ ഈ അനുകരണത്തെ അപലപിച്ചുകൊണ്ടും, അവരുടെ ബുദ്ധിയെ തട്ടി ഉണർത്തികൊണ്ടും അല്ലാഹു ചോദിക്കുന്നത്: ....أَوَلَوْ كَانَ آبَاؤُهُمْ (അവരുടെ പിതാക്കൾക്കു ഒന്നും അറിഞ്ഞുകൂടാതിരുന്നാലും, അവർ നേർമാർഗ്ഗം പ്രാപിച്ചിരുന്നില്ലെങ്കിലും, എന്നാലും അവരെ പിൻപററുകതന്നെയാണോ അവർ ചെയ്യുന്നത്?!) അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും ന്യായീകരണത്തിനു ഉപയോഗപ്പെടുത്താറുള്ള മററൊരു അടവു മുരിപക്ഷ വാദമാണ്. ഇതിനെപ്പററി 103-ാം വചനത്തിലും അതിന്റെ വിവരണത്തിലും പ്രസ്താവിച്ചുവല്ലോ. ഇത്തരം അനുകരണവാദികളും, ഭൂരിപക്ഷവാദികളും പ്രത്യേകം ശ്രദ്ധിക്കേണ്ടുന്ന ഒരു ഉപദേശമാണു അടുത്ത വചനത്തിൽ അല്ലാഹു നൽകുന്നത്:—

---

* حاشية الصاوي على تفسير الجلالين ج ١ ص ٢٤٩

١٠٨- يَا أَيُّهَا الَّذِينَ آمَنُوا عَلَيْكُمْ أَنفُسَكُمْ ۖ لَا يَضُرُّكُم مَّن ضَلَّ إِذَا اهْتَدَيْتُمْ ۚ إِلَى اللَّهِ مَرْجِعُكُمْ جَمِيعًا فَيُنَبِّئُكُم بِمَا كُنتُمْ تَعْمَلُونَ ○

108. ഹേ, വിശ്വസിച്ചവരേ, നിങ്ങൾ നിങ്ങളുടെ സ്വന്ത (ശരീര)ങ്ങളെ കാത്തു (സൂക്ഷിച്ചു) കൊള്ളുവിൻ. നിങ്ങൾ സന്മാർഗ്ഗം പ്രാപിച്ചാൽ, വഴിപിഴച്ചവർ നിങ്ങൾക്ക് ഉപദ്രവം വരുത്തുന്നതല്ല.

അല്ലാഹുവിങ്കലേക്കത്രെ നിങ്ങളെല്ലാവരുടെയും മടങ്ങിവരവ്. അപ്പോൾ നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതിനെപ്പറ്റി അവൻ നിങ്ങളെ ബോധ്യപ്പെടുത്തുന്നതാണ്.

---

108. يا ايها الذين امنوا ഹേ വിശ്വസിച്ചവരേ عليكم നിങ്ങളുടെ ബാദ്ധ്യത, നിങ്ങൾ മുറുകെ പിടിക്കുക, കാത്തുകൊള്ളുക, സൂക്ഷിക്കുക انفسكم നിങ്ങളുടെ സ്വന്തങ്ങൾ, ദേഹങ്ങളെ, ആത്മാക്കളെ, ശരീരങ്ങളെ (സ്വന്തകാര്യങ്ങൾ) لا يضركم നിങ്ങളെ ദ്രോഹിക്കയില്ല, നിങ്ങൾക്കു ഉപദ്രവം ചെയ്കയില്ല من ضل വഴിപിഴച്ചവർ اذا اهتديتم നിങ്ങൾ സന്മാർഗ്ഗം പ്രാപിച്ചാൽ. നേർമാർഗ്ഗത്തിലായാൽ الى الله അല്ലാഹുവിങ്കലേക്കാണു مرجعكم നിങ്ങളുടെ മടക്കം, മടങ്ങിവരവു جميعا മുഴുവനും, എല്ലാവരും فينبئكم അപ്പോൾ അവൻ നിങ്ങളെ ബോധ്യപ്പെടുത്തും, നിങ്ങൾക്കു അറിയിച്ചുതരും بما كنتم നിങ്ങൾ ആയിരുന്നതിനെപ്പറ്റി تعملون നിങ്ങൾ പ്രവർത്തിക്കും.

നിങ്ങൾ ഓരോരുത്തരും അവരവരുടെ സ്വന്തം കാര്യങ്ങൾ—അഥവാ രക്ഷാമാർഗ്ഗങ്ങൾ—ശ്രദ്ധിക്കണം; മറ്റുള്ളവർ പിഴച്ചുപോയതുകൊണ്ടു നിങ്ങൾക്കു ദോഷമൊന്നും വരാനില്ല; നിങ്ങൾ നേരായ മാർഗ്ഗത്തിലാണോ അല്ലേ എന്നാണു നിങ്ങൾ ഗൗനിക്കേണ്ടതു; എല്ലാവരും അവനവന്റെ കർമ്മഫലം തന്നെ അനുഭവിക്കേണ്ടിവരും. മറ്റുള്ളവരുടെ പിഴവുകൊണ്ടു നിങ്ങൾക്കു ഒഴികഴിവു ലഭിക്കുവാൻ പോകുന്നില്ല; നിങ്ങളെല്ലാവരും തന്നെ അല്ലാഹുവിങ്കലേക്കാണു അവസാനം മടങ്ങിയെത്തുക; അപ്പോൾ ഓരോരുത്തരുടെയും ചെയ്തികളെക്കുറിച്ചു-അവ ശരിയോ തെറ്റോ എന്നും മറ്റും-അവൻ നിങ്ങളെ ശരിക്കും ബോധ്യപ്പെടുത്തി വേണ്ട നടപടികൾ എടുത്തുകൊള്ളും. എന്നൊക്കെയാണു ഈ വചനത്തിന്റെ സാരം. മറ്റുള്ളവർക്കു വേണ്ടുന്ന ഉപദേശങ്ങൾ നൽകുക, നല്ല കാര്യങ്ങൾക്കായി ഉപദേശിക്കുക, ചീത്ത കാര്യങ്ങളെക്കുറിച്ചു വിരോധിക്കുക, അനാചാര ദുരാചാരങ്ങളെ നീക്കം ചെയ്‌വാൻ ശ്രമിക്കുക എന്നിവയൊന്നും ആവശ്യമില്ലെന്നല്ല ഇപ്പറഞ്ഞതിന്റെ താൽപര്യം. മറ്റുള്ളവർ ചെയ്യുന്നതു ശരിയോ തെറ്റോ എന്നു നോക്കാതെ അനുകരിക്കുക, മറ്റുള്ളവർ പിഴച്ചു പോയെങ്കിൽ നാമും പിഴച്ചുപോയിക്കൊള്ളട്ടെ എന്ന നിലപാടു സ്വീകരിക്കുക, തെളിവും ന്യായവും നോക്കാതെ-ഭൂരിപക്ഷത്തിന്റെയോ നല്ലവരെന്നു കരുതപ്പെടുന്നവരുടെയോ പ്രവൃത്തികളെ മാത്രം ആധാരമാക്കി—കാര്യങ്ങൾ വിലയിരുത്തുക, സ്വന്തം ഗുണദോഷങ്ങളെപ്പറ്റി ഗൗനിക്കാതെ അന്യരുടെ കാര്യത്തിൽ ശ്രദ്ധ പതിക്കുക എന്നിങ്ങിനെയുള്ള സമ്പ്രദായങ്ങൾ ഉപേക്ഷിച്ച് സ്വന്തം രക്ഷാമാർഗ്ഗങ്ങളിൽ കൂടുതൽ ശ്രദ്ധ ചെലുത്തുകയാണു വേണ്ടതു എന്നത്രെ താൽപര്യം.

അബൂബക്കർ സിദ്ദീഖ് (റ) അദ്ദേഹത്തിന്റെ ഒരു പ്രസംഗത്തിൽ ഇക്കാര്യം പ്രത്യേകം ഉണർത്തുകയുണ്ടായി. അദ്ദേഹം പറഞ്ഞു: ഹേ, മനുഷ്യരേ, നിങ്ങൾ ...عليكم انفسكم എന്നുള്ള (ഈ) വചനം ഓതുന്നു. അതിനെ അതിന്റെ സ്ഥാനത്തല്ലാതെ നിങ്ങൾ വെക്കുകയും ചെയ്യുന്നു. റസൂൽ (സ) ഇങ്ങിനെ പറയുന്നതു ഞാൻ കേട്ടിട്ടുണ്ട്: 'ഒരു നിരോധിക്കപ്പെട്ട കാര്യം കണ്ടിട്ട് ജനങ്ങൾ അതിനു മാറ്റം വരുത്താതിരിക്കുന്നപക്ഷം, അല്ലാഹു അവരിൽ പൊതുവായ വല്ല ശിക്ഷയും ഏർപ്പെടുത്തുവാൻ ഇടയാകുന്നതാണ്.' (അ; ദാ; തി; ജ; ന.) അബൂഥഅ്ലബഃ ഖുശനി (റ)യോടു ഈ ഖുർആൻ വചനത്തെപ്പറ്റി ചോദിക്കപ്പെട്ടപ്പോൾ, അദ്ദേഹം നൽകിയ മറുപടി ഇതായിരുന്നു: 'സൂക്ഷ്മമായി അറിയുന്ന ഒരാളോടു-അതായത്, റസൂൽ (സ) തിരുമേനിയോടു-ഞാൻ അതിനെപ്പറ്റി ചോദിച്ചിരിക്കുന്നു. അപ്പോൾ അവിടുന്നു പറഞ്ഞു: 'എന്നാൽ, നിങ്ങൾ സദാചാരത്തെക്കുറിച്ചു ഉപദേശിക്കണം; ദുരാചാരത്തെക്കുറിച്ചു നിരോധിക്കുകയും ചെയ്യണം. അങ്ങനെ, ലുബ്ധതക്കു വഴിപ്പെടുന്നതായും, തന്നിഷ്ടം പിൻപറ്റപ്പെടുന്നതായും, ഐഹിക കാര്യത്തിനു പ്രാധാന്യം നൽകപ്പെടുന്നതായും, ഓരോരുത്തരും അവരവരുടെ അഭിപ്രായം കൊണ്ടു തൃപ്തി അടയുന്നതായും നീ കണ്ടാൽ, അപ്പോൾ നീ നിന്റെ സ്വന്തം കാര്യം നോക്കുക. പൊതുജനങ്ങളുടെ കാര്യം നീ വിട്ടേക്കുകയും ചെയ്യുക. നിങ്ങളുടെ പിന്നാലെ ചില നാളുകൾ വരാനിരിക്കുന്നു; അന്ന് ക്ഷമ കൈക്കൊള്ളുന്നവൻ തീക്കനലിന്മേൽ പിടിച്ചവനെപ്പോലെയായിരിക്കും. അന്ന് (സൽകർമ്മം) പ്രവർത്തിക്കുന്നവർക്കു നിങ്ങളുടെ പ്രവൃത്തിപോലെ പ്രവർത്തിക്കുന്ന അമ്പതുപേരുടെ അത്ര പ്രതിഫലമുണ്ടായിരിക്കുന്നതാണ്' (തി; ദാ; ജ.)

109. ഹേ, വിശ്വസിച്ചവരേ, നിങ്ങളിൽ ഒരാൾക്ക് മരണം ആസന്നമായാൽ, 'വസ്വിയ്യത്തി'ന്റെ സമയത്തു നിങ്ങൾക്കിടയിലുള്ള സാക്ഷ്യം, നിങ്ങളിൽനിന്നുള്ള നീതിമാൻമാരായ രണ്ടാളുകളാകുന്നു.

അല്ലെങ്കിൽ നിങ്ങളല്ലാത്തവരിൽനിന്ന വേറെ രണ്ടാളുകൾ,-നിങ്ങൾ ഭൂമിയിൽ യാത്ര ചെയ്യുകയും, എന്നിട്ടു നിങ്ങൾക്ക് മരണവിപത്തു ബാധിക്കുകയും ചെയ്തുവെങ്കിൽ.

അവരെ രണ്ടാളെയും നിങ്ങൾ നമസ്കാരത്തിനുശേഷം തടഞ്ഞു നിറുത്തണം; എന്നിട്ടു-നിങ്ങൾക്ക സന്ദേഹം ഏർപ്പെട്ടാൽ-അവർ രണ്ടാളും അല്ലാഹുവിൽ (ഇങ്ങിനെ) സത്യം ചെയ്യണം. 'അടുത്ത (കുടുംബ)ബന്ധമുള്ളവനായിരുന്നാലും ഞങ്ങൾ ഇതിനു (പകരം) ഒരു പ്രതിഫലവും വാങ്ങുന്നതല്ല; അല്ലാഹുവിന്റെ സാക്ഷ്യം ഞങ്ങൾ ഒളിച്ചുവെക്കുന്നതുമല്ല; എന്നാൽ [അങ്ങിനെ ചെയ്താൽ] നിശ്ചയമായും ഞങ്ങൾ, കുറ്റക്കാരിൽ പെട്ടവർ തന്നെയായിരിക്കും.'

110. എനി, അവർ രണ്ടുപേരും കുറ്റത്തിന് അവകാശപ്പെട്ടിരിക്കുന്നുവെന്ന വെളിവാകുന്ന പക്ഷം, അപ്പോൾ, യാതൊരു കൂട്ടർക്കെതിരെ അതു [കുറ്റം] അവകാശപ്പെട്ടുവോ അവരിൽനിന്നു വേറെ രണ്ടാൾ-കൂടുതൽ ബന്ധപ്പെട്ട രണ്ടാൾ-അവരുടെ സ്ഥാനത്തു (സാക്ഷികളായി)നില്ക്കണം; എന്നിട്ട് അവർ രണ്ടുപേരും (ഇങ്ങിനെ) സത്യം ചെയ്യണം:

١٠٩- يَا أَيُّهَا الَّذِينَ آمَنُوا شَهَادَةُ بَيْنِكُمْ
إِذَا حَضَرَ أَحَدَكُمُ الْمَوْتُ
حِينَ الْوَصِيَّةِ اثْنَانِ ذَوَا عَدْلٍ مِنْكُمْ
أَوْ آخَرَانِ مِنْ غَيْرِكُمْ
إِنْ أَنْتُمْ ضَرَبْتُمْ فِي الْأَرْضِ
فَأَصَابَتْكُمْ مُصِيبَةُ الْمَوْتِ
تَحْبِسُونَهُمَا مِنْ بَعْدِ الصَّلَاةِ
فَيُقْسِمَانِ بِاللَّهِ
إِنِ ارْتَبْتُمْ لَا نَشْتَرِي بِهِ ثَمَنًا
وَلَوْ كَانَ ذَا قُرْبَىٰ
وَلَا نَكْتُمُ شَهَادَةَ اللَّهِ
إِنَّا إِذًا لَمِنَ الْآثِمِينَ ○

١١٠- فَإِنْ عُثِرَ عَلَىٰ أَنَّهُمَا اسْتَحَقَّا إِثْمًا
فَآخَرَانِ يَقُومَانِ مَقَامَهُمَا
مِنَ الَّذِينَ اسْتَحَقَّ عَلَيْهِمُ الْأَوْلَيَانِ
فَيُقْسِمَانِ بِاللَّهِ

---

109. يا ايها الذين امنوا ഹേ വിശ്വസിച്ചവരേ شهادة സാക്ഷ്യം بينكم നിങ്ങൾക്കിടയിൽ اذا حضر ആസന്നമായാൽ احدكم നിങ്ങളിലൊരാൾക്ക الموت മരണം حين الوصية വസിയ്യത്തിന്റെ സമയത്തു اثنان രണ്ടാളാകുന്നു ذوا عدل നീതിമാൻമാരായ, മര്യാദയുള്ളവരായ منكم നിങ്ങളിൽനിന്നുള്ള او اخران അല്ലെങ്കിൽ വേറെ (മറ്റു) രണ്ടാൾ من غيركم നിങ്ങളല്ലാത്തവരിൽനിന്ന ان انتم നിങ്ങൾ (ആയി) എങ്കിൽ ضربتم നിങ്ങൾ യാത്ര ചെയ്തു (എങ്കിൽ) في الارض ഭൂമിയിൽ فاصابتكم എന്നിട്ടു നിങ്ങളെ ബാധിച്ചു(എങ്കിൽ) مصيبة വിപത്തു الموت മരണത്തിന്റെ, മരണമാകുന്ന تحبسونهما അവരെ രണ്ടാളെയും നിങ്ങൾ തടഞ്ഞു നിറുത്തണം, തടഞ്ഞുംകൊണ്ടു من بعد الصلوة നമസ്കാരത്തിനുശേഷം فيقسمان എന്നിട്ടവർ രണ്ടാളും സത്യം ചെയ്യണം بالله അല്ലാഹുവിൽ, അല്ലാഹുവിനെക്കൊണ്ടു ان ارتبتم നിങ്ങൾ സന്ദേഹപ്പെട്ടാൽ, സംശയിച്ചുവെങ്കിൽ لا نشتري به അതിനു (പകരം) ഞങ്ങൾ വാങ്ങുകയില്ല (എന്നു) ثمنا ഒരു വില (പ്രതിഫലം) ولو كان ആയിരുന്നാലും ذا قربى അടുത്ത (കുടുംബ) ബന്ധമുള്ളവൻ ولا نكتم ഞങ്ങൾ ഒളിച്ചു (മൂടി) വെക്കുകയുമില്ല شهادة الله അല്ലാഹുവിന്റെ സാക്ഷ്യത്തെ انا നിശ്ചയമായും ഞങ്ങൾ اذا അപ്പോൾ, എന്നാൽ (അങ്ങിനെയെങ്കിൽ), അന്നേരം لمن الاثمين കുറ്റക്കാരിൽ (പാപികളിൽ) പെട്ട(വർ) തന്നെ 110. فان عثر എനി (എന്നിട്ടു)വെളിവായെങ്കിൽ على انهما അവർ രണ്ടാളുമെന്നു استحقا രണ്ടാളും അവകാശപ്പെട്ടിരിക്കുന്നു, അർഹമായിരിക്കുന്നു اثما കുറ്റത്തിനു, പാപത്തിനു فاخران എന്നാൽ വേറെ രണ്ടാൾ يقومان എഴുന്നേൽക്കണം مقامهما അവർ രണ്ടാളുടെ സ്ഥാനത്തു من الذين യാതൊരുവരിൽ നിന്ന استحق അവകാശപ്പെട്ടു عليهم അവരുടെ മേൽ (അവർക്കെതിരെ) الاوليان കൂടുതൽ ബന്ധപ്പെട്ട രണ്ടാൾ فيقسمان എന്നിട്ടു അവർ രണ്ടാളും സത്യം ചെയ്യണം بالله അല്ലാഹുവിൽ

لَشَهَادَتُنَا أَحَقُّ مِن شَهَادَتِهِمَا وَمَا اعْتَدَيْنَا إِنَّا إِذًا لَّمِنَ الظَّالِمِينَ ○

ഞങ്ങളുടെ സാക്ഷ്യം ഈ രണ്ടു പേരുടെ സാക്ഷ്യത്തെക്കാൾ യഥാർത്ഥമായുള്ളതാണ്; ഞങ്ങൾ ക്രമം തെറ്റുകയും ചെയ്തിട്ടില്ല; എന്നാൽ [അങ്ങിനെ ചെയ്താൽ] നിശ്ചയമായും ഞങ്ങൾ, അക്രമികളിൽ പെട്ടവർ തന്നെയായിരിക്കും.'

١١١- ذَٰلِكَ أَدْنَىٰ أَن يَأْتُوا بِالشَّهَادَةِ عَلَىٰ وَجْهِهَا أَوْ يَخَافُوا أَن تُرَدَّ أَيْمَانٌ بَعْدَ أَيْمَانِهِمْ ۗ وَاتَّقُوا اللَّهَ وَاسْمَعُوا ۗ وَاللَّهُ لَا يَهْدِي الْقَوْمَ الْفَاسِقِينَ ○

111. അതു, സാക്ഷ്യം അതിന്റെ (ശരിയായ) വിധത്തിൽ അവർ കൊണ്ടുവരുവാൻ കൂടുതൽ അടുപ്പമുള്ളതാകുന്നു [ഉപകരിക്കുന്നതാണു]; അല്ലെങ്കിൽ, തങ്ങളുടെ സത്യങ്ങൾക്കുശേഷം സത്യങ്ങൾ (മറ്റുള്ളവരിലേക്ക്) തിരിച്ചുവിടപ്പെടുന്നതിനെ അവർ ഭയപ്പെടുവാൻ (ഉപകരിക്കുന്നതാണ്). നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും, കേൾക്കുക [അനുസരിക്കുക]യും ചെയ്യുവിൻ.

അല്ലാഹു, തോന്നിയവാസികളായ ജനങ്ങളെ സൻമാർഗത്തിലാക്കുകയില്ല താനും.

لَشَهَادَتُنَا തീർച്ചയായും ഞങ്ങളുടെ സാക്ഷ്യം أَحَقُّ കൂടുതൽ യഥാർത്ഥ (ന്യായ)മാണു, അധികം അർഹമായതാണു مِن شَهَادَتِهِمَا അവർ രണ്ടാളുടെയും സാക്ഷ്യത്തെക്കാൾ وَمَا اعْتَدَيْنَا ഞങ്ങൾ അതിരു വിട്ടിട്ടുമില്ല, ക്രമം തെറ്റിയിട്ടുമില്ല إِنَّا നിശ്ചയമായും ഞങ്ങൾ إِذًا എന്നാൽ, അന്നേരം അപ്പോൾ لَّمِنَ الظَّالِمِينَ അക്രമികളിൽപെട്ട (വർ) തന്നെ. 111. ذَٰلِكَ أَدْنَىٰ അതു കൂടുതൽ അടുത്ത([illegible]-ഉപകരിക്കുന്ന-സൗകര്യപ്പെടുന്ന)താണു أَن يَأْتُوا അവർ വരുവാൻ بِالشَّهَادَةِ സാക്ഷ്യവും കൊണ്ടു عَلَىٰ وَجْهِهَا അതിന്റെ വിധത്തിൽ (വഴിപ്രകാരം) أَوْ يَخَافُوا അല്ലെങ്കിൽ അവർ ഭയപ്പെടുവാൻ أَن تُرَدَّ തിരിച്ചുവിട(മടക്ക-തള്ള)പ്പെടുന്നതിനെ أَيْمَانٌ സത്യങ്ങൾ, വല്ല സത്യങ്ങളും بَعْدَ أَيْمَانِهِمْ അവരുടെ(തങ്ങളുടെ) സത്യങ്ങൾക്കു ശേഷം وَاتَّقُوا നിങ്ങൾ സൂക്ഷിക്കുകയും ചെയ്യുവിൻ اللَّهَ അല്ലാഹുവിനെ وَاسْمَعُوا കേൾക്കുകയും ചെയ്യുവിൻ وَاللَّهُ അല്ലാഹു ആകട്ടെ لَا يَهْدِي അവൻ സൻമാർഗ്ഗത്തിലാക്കുകയില്ല الْقَوْمَ ജനങ്ങളെ الْفَاسِقِينَ തോന്നിയവാസികളായ, ദുർന്നടപ്പുകാരായ, തെമ്മാടികളായ

ധനം കൈവശമുള്ളവർ മരണാസന്നവേളയിൽ വസ്വിയ്യത്തു ചെയ്യൽ ആവശ്യമാണെന്ന സൂറത്തുൽ ബഖറ 180ൽ പ്രസ്താവിച്ചിരിക്കുന്നു. വസ്വിയ്യത്തു സംബന്ധിച്ച പല വിവരവും അവിടെ കഴിഞ്ഞുപോയിട്ടുമുണ്ട്. വസ്വിയ്യത്തുമായി ബന്ധപ്പെട്ട മറ്റു ചില കാര്യങ്ങളാണ് ഈ വചനങ്ങളിൽ പ്രസ്താവിച്ചിരിക്കുന്നത്. അവ ഇങ്ങിനെ സംഗ്രഹിക്കാം :—

(1) വസ്വിയ്യത്തു ചെയ്യുമ്പോൾ നീതിയും മര്യാദയുമുള്ള രണ്ടാളുകളെ സാക്ഷി നിറുത്തേണ്ടതാണ്. നിങ്ങളിൽ നിന്നുള്ളവർ (مِنكُمْ) എന്നു പറഞ്ഞിരിക്കകൊണ്ടു സാക്ഷികൾ മുസ്‌ലിംകളായിരിക്കണമെന്നു വ്യക്തമാകുന്നു. സത്യവിശ്വാസികളെ സംബോധന ചെയ്തുകൊണ്ടാണല്ലോ അല്ലാഹു ഈ വിഷയം അവതരിപ്പിക്കുന്നത്. (2) വല്ല യാത്രാവേളയിലുമാണ് വസ്വിയ്യത്തു നടക്കുന്നതെങ്കിൽ—അപ്പോൾ മുസ്‌ലിംകളെത്തന്നെ സാക്ഷികളായി കിട്ടുവാൻ പ്രയാസമായേക്കുന്നതുകൊണ്ട്—മുസ്‌ലിംകളല്ലാത്ത രണ്ടു പേരെ സാക്ഷിയാക്കാവുന്നതാണ്. നിങ്ങളല്ലാത്തവരിൽ നിന്നു (مِنْ غَيْرِكُمْ) എന്നു പറഞ്ഞതു അമുസ്‌ലിംകളെ ഉദ്ദേശിച്ചാകുന്നു. എന്നാൽ, മുസ്‌ലിംകളുമായി സമരത്തിലും ശത്രുതയിലും വർത്തിക്കുന്ന രണ്ടു പേരായാൽ പോരാ—മുസ്‌ലിംകളുടെ ഭരണത്തിനു കീഴൊതുങ്ങി കഴിയുന്ന അമുസ്‌ലിംകളായിരിക്കണം—ഇവർ എന്നു ഖുർആൻ വ്യാഖ്യാതാക്കൾ അഭിപ്രായപ്പെട്ടു കാണുന്നു. മുസ്‌ലിംകളുമായി സമരത്തിലും ശത്രുതയിലും വർത്തിക്കുന്നവരെ മുസ്‌ലിംകൾക്കു സാക്ഷ്യം വഹിക്കുന്നതിനും തുടർന്നു പറയുന്ന നടപടികൾക്കും സൗകര്യപ്പെട്ടുകിട്ടുകയില്ലല്ലോ, അവരെ വിശ്വസിച്ചുകൊണ്ടു കാര്യത്തിന്റെ സത്യാസത്യം

തിരുത്തിക്കുവാൻ നിർബ്ബന്ധിതരാകുമെന്നുള്ളതാണ് അവർ ഇതിനു പറയുന്ന കാരണം. (3) സാക്ഷികളുടെ മൊഴികളിൽ മരണപ്പെട്ടവന്റെ അനന്തരാവകാശികൾക്കോ, വസ്വിയ്യത്തു ആർക്കുവേണ്ടി ചെയ്യപ്പെട്ടിരിക്കുന്നുവോ അവർക്കോ—വല്ല സംശയമോ തർക്കമോ നേരിടുന്നപക്ഷം, സാക്ഷികളെക്കൊണ്ടു സത്യം ചെയ്യിപ്പിക്കേണ്ടുന്നതാണ്. ഇതു നമസ്കാരാനന്തരമായിരിക്കണം. അഥവാ ജമാഅത്തു നമസ്കാരം കഴിഞ്ഞ ഉടനെ പൊതുസദസ്സിൽ വെച്ചായിരിക്കണം. നമസ്കാരം കഴിഞ്ഞ ഉടനെയും, പള്ളിയിൽ വെച്ചും, ജനമദ്ധ്യെ വെച്ചും ആയിരിക്കുമ്പോൾ കളവു പറയുവാൻ സത്യവിശ്വാസികൾക്കു ധൈര്യം വരുക വളരെ പ്രയാസമായിരിക്കുന്നതാണ്.

(4) സത്യം ചെയ്യുമ്പോൾ തങ്ങൾ പറയുന്നതു ശരിയാണെന്നും, പക്ഷപാതമോ സ്വാർത്ഥ താൽപര്യമോ ഒന്നും തങ്ങൾക്കില്ലെന്നും, സാക്ഷ്യം മറച്ചുവെക്കുകയില്ലെന്നും മറ്റും അവർ വ്യക്തമാക്കേണ്ടതാകുന്നു. സാക്ഷികൾ ഇതിനെ സത്യം ചെയ്തു പറയുന്നതോടെ അവർ സാക്ഷ്യപ്പെടുത്തിയ പ്രകാരം ആ വസ്വിയ്യത്ത് ബലത്തിൽ വരുന്നതും, അനന്തരാവകാശികൾ അതു നടപ്പിൽ വരുത്തുവാൻ ബാദ്ധ്യസ്ഥരുമായിത്തീരുന്നു. (5) സാക്ഷികൾ ഇതിനെ സത്യം ചെയ്തിട്ടും—എതിരായ തെളിവുകളാൽ—അവർ തെറ്റു ചെയ്തിരിക്കുന്നതായി വെളിപ്പെടുന്നപക്ഷം, വേറെ രണ്ടു സാക്ഷികൾ മൂലം ആ തെറ്റു സ്ഥാപിക്കേണ്ടതാണ്. ആദ്യത്തെ സാക്ഷികളുടെ മൊഴി ആർക്കു ദോഷമായിട്ടാണോ കലാശിക്കുന്നതെങ്കിൽ അവരുടെ ഭാഗത്തു നിന്നായിരിക്കണം ഈ സാക്ഷികളെ കൊണ്ടുവരുന്നത്. ആദ്യത്തവരെക്കാൾ സാക്ഷ്യത്തിനു കൊള്ളാവുന്ന വിധം കൂടുതൽ അർഹതക്കാരും, വസ്വിയ്യത്തു ചെയ്ത ആളുമായി കൂടുതൽ ബന്ധപ്പെട്ടവരുമായിരിക്കണം ഇവർ. (6) ഞങ്ങൾ പറയുന്നതാണു കൂടുതൽ ശരിയായ രൂപം, ഞങ്ങൾ പറയുന്നതിൽ യാതൊരു ക്രമക്കേടും ഇല്ല, ആ വസ്വിയ്യത്തിന്റെ സത്യവും കൃത്യവുമായ രൂപം ഇന്ന പ്രകാരമാണ് എന്നൊക്കെ ഇവർ സത്യം ചെയ്തു പറയണം. ഇതോടുകൂടി ആദ്യത്തവരുടെ സാക്ഷ്യം നിഷ്ഫലമായിത്തീരുന്നു. ഇവരുടെ മൊഴിയനുസരിച്ചു വസ്വിയ്യത്തു നിറവേറ്റപ്പെടുകയും വേണം. വസ്വിയ്യത്തിന്റെ യഥാർത്ഥരൂപം ഇന്നതാണെന്ന് ഓരോ സാക്ഷിയും വ്യക്തമാക്കേണ്ടതുണ്ടെന്നു പ്രത്യേകം പറയേണ്ടതില്ല.

വേണ്ടിവന്നാൽ സാക്ഷികളെകൊണ്ടു സത്യം ചെയ്യിക്കാമെന്നും, ആദ്യത്തെ സാക്ഷികളുടെ മൊഴി ശരിയല്ലെന്നു കണ്ടാൽ അവരുടെ സാക്ഷ്യം തള്ളിക്കളഞ്ഞ് പുതിയ വേറെ സാക്ഷികളുടെ മൊഴി സ്വീകരിക്കാമെന്നും നിശ്ചയിച്ചതിന്റെ കാരണം അല്ലാഹുതന്നെ ചൂണ്ടിക്കാട്ടിയിരിക്കുന്നു. കള്ളവും കൃത്രിമവും കൂടാതെ സാക്ഷ്യം യഥാവിധി നിർവ്വഹിക്കുവാൻ അതു ഉപകരിക്കും; തങ്ങൾ സത്യം ചെയ്തു തെളിയിച്ചാലും അതു ശരിയല്ലെന്നു കണ്ടാൽ തങ്ങളുടെ സാക്ഷ്യം തള്ളപ്പെടുകയും, അങ്ങിനെ തങ്ങൾ വഷളാകുകയും ചെയ്യുമെന്ന് അവർക്കു ഭയം തോന്നുകയും ചെയ്യും. ഇതാണത്. അവസാനം, അല്ലാഹുവിനെ സൂക്ഷിക്കണമെന്നും, അവന്റെ കൽപനാ നിർദ്ദേശങ്ങൾ ശരിക്കും കേട്ടനുസരിക്കണമെന്നും, അങ്ങിനെ ചെയ്യാതിരിക്കുന്നതു തോന്നിയവാസമാണെന്നും, തോന്നിയവാസികൾക്കു സന്മാർഗ്ഗം പ്രാപിക്കുവാൻ കഴിയുകയില്ലെന്നും അല്ലാഹു താക്കീതും ചെയ്തിരിക്കുന്നു. വസ്വിയ്യത്തു ചെയ്യുന്നവർക്കും അതു നടപ്പിൽ വരുത്തുന്നവർക്കും, അതിന്റെ സാക്ഷികൾക്കും വസ്വിയ്യത്തു പ്രകാരം ധനം ലഭിക്കുവാൻ അവകാശപ്പെട്ട ആളുകൾക്കും, അധികാരസ്ഥന്മാർക്കുമെല്ലാംതന്നെ ബാധകമായതത്രെ ഈ താക്കീത്.

വസ്വിയ്യത്തിനും, അതു യഥാവിധി നടപ്പിൽ വരുത്തുന്നതിനും അല്ലാഹു എത്രത്തോളം പ്രാധാന്യം കൽപിച്ചിട്ടുണ്ടെന്ന് ഇതിൽ നിന്നൊക്കെ മനസ്സിലാക്കാവുന്നതാകുന്നു. സാക്ഷികളെ സത്യം ചെയ്യിപ്പിക്കുക, അതു ശരിയല്ലെന്നു കണ്ടാൽ കൂടുതൽ നല്ലവരെ കൊണ്ടുവന്ന് അവരുടെ സത്യം കേൾക്കുക, മുസ്‌ലിംകളെ സാക്ഷിയായി കിട്ടുവാൻ പ്രയാസം നേരിടുമ്പോൾ അമുസ്‌ലിംകളെ സാക്ഷിയായി സ്വീകരിക്കുക എന്നിങ്ങനെയുള്ള വിധികളെല്ലാം വസ്വിയ്യത്തിന്റെ വിഷയത്തിലല്ലാതെ മറ്റൊരു വിഷയത്തിലും ഖുർആനിൽ പ്രസ്താവിക്കപ്പെട്ടു കാണുകയില്ല. ഇതൊക്കെയായിട്ടും വസ്വിയ്യത്തിന്റെയും, അതു പാലിക്കുന്നതിന്റെയും വിഷയത്തിൽ ഇന്നു മുസ്‌ലിം സമുദായം സ്വീകരിച്ചുവരുന്ന നിലപാടു വളരെ പരിതാപകരമായിട്ടാണിരിക്കുന്നതെന്നു പറയേണ്ടിയിരിക്കുന്നു. വസ്വിയ്യത്തിന്റെ കാര്യത്തിൽ മാത്രമല്ല, അനന്തരാവകാശികൾക്കു അവരുടെ നിശ്ചിത ഓഹരികൾ വീതിച്ചു കൊടുക്കുന്നതിലും, സക്കാത്തിന്റെ നിയമങ്ങൾ പാലിക്കുന്നതിലും, കടമിടപാടുകൾ കൊടുത്തു തീർക്കുന്നതിലുമെല്ലാംതന്നെ ഇന്നു മുസ്‌ലിം സമുദായം—മൊത്തമായി പറഞ്ഞാൽ—വളരെ അനാസ്ഥയിലാണുള്ളതു. അല്ലാഹുവിൽ ശരണം! അല്ലാഹു സമുദായത്തിനു സൽബുദ്ധിയും, തന്റേടവും തോന്നിപ്പിക്കട്ടെ!

വിഭാഗം-15

١١٢- يَوْمَ يَجْمَعُ اللَّهُ الرُّسُلَ فَيَقُولُ مَاذَا أُجِبْتُمْ قَالُوا لَا عِلْمَ لَنَا إِنَّكَ أَنتَ عَلَّامُ الْغُيُوبِ ۝

112. അല്ലാഹു റസൂലുകളെ ഒരുമിച്ചു കൂട്ടുന്ന ദിവസം! എന്നിട്ടു അവൻ പറയും: 'എന്താണു നിങ്ങൾക്കു ഉത്തരം നൽകപ്പെട്ടതു?'

അവർ പറയും: 'ഞങ്ങൾക്ക അറിവില്ല! നിശ്ചയമായും, നീതന്നെയാണു അദൃശ്യകാര്യങ്ങളെ നന്നായി അറിയുന്നവൻ'.

---

112. يوم يجمع ഒരുമിച്ചു കൂട്ടുന്ന ദിവസം الله അല്ലാഹു الرسل റസൂലുകളെ فيقول എന്നിട്ടു (അപ്പോൾ) അവൻ പറയും (ചോദിക്കും) ماذا എന്താണു اجبتم നിങ്ങൾക്കു ഉത്തരം (മറുപടി) നൽകപ്പെട്ടതു قالوا അവർ പറയും لا علم അറിവില്ല لنا ഞങ്ങൾക്കു انك നിശ്ചയമായും നീ انت നീ തന്നെ علام നല്ലപോലെ (വളരെ) അറിയുന്നവൻ الغيوب അദൃശ്യ (മറഞ്ഞ) കാര്യങ്ങളെ

ഖിയാമത്തു നാളിൽ അല്ലാഹു എല്ലാ റസൂലുകളെയും അവരുടെ സമുദായങ്ങളെയും ചോദ്യം ചെയ്യുന്നതാണ്. فلنسألن الذين ارسل اليهم ولنسألن المرسلين (എന്നാൽ, ആർക്കടുത്തേക്കു റസൂലിനെ അയക്കപ്പെട്ടിരിക്കുന്നുവോ അവരോടു നിശ്ചയമായും നാം ചോദിക്കും; റസൂലായി അയക്കപ്പെട്ടവരോടും നിശ്ചയമായും നാം ചോദിക്കുന്നതാണ്) (അഅ്റാഫ്-6.) റസൂലുകളോടു ചോദിക്കപ്പെടുന്നതിനെക്കുറിച്ചാണു ഈ വചനത്തിൽ പറയുന്നതു. നിങ്ങൾ നിങ്ങളുടെ സമുദായത്തെ തൗഹീദിലേക്കും, സത്യദീനിലേക്കും ക്ഷണിച്ചിട്ട് അവരിൽ നിന്നുണ്ടായ മറുപടി എന്തായിരുന്നു എന്നത്രെ ചോദ്യത്തിന്റെ താൽപര്യം. ലോകാരംഭം മുതൽ ലോകാവസാനംവരെയുള്ള സൃഷ്ടികൾ ആകമാനം ഒരുമിച്ചു കൂട്ടപ്പെടുന്ന ആ മഹാസമ്മേളനത്തിൽ പ്രവാചകൻമാർ പോലും നടുങ്ങി വിറച്ചുപോകുന്നു. അവരുടെ കാലശേഷം അവരുടെ സമുദായത്തിന്റെ സ്ഥിതി എന്തായിരുന്നുവെന്നു അവർക്കറിയുകയില്ലെന്നു വ്യക്തമാണ്. അവരുടെ ജീവിതകാലത്തു അവരിൽ നിന്നുണ്ടായ പ്രതികരണം കുറെയൊക്കെ അവർ കണ്ടറിഞ്ഞിരിക്കുമെന്നു മാത്രം. എന്നാലും സസൂക്ഷ്മവും സർവ്വവ്യാപകവുമായ അറിവു അല്ലാഹുവിനു മാത്രമാണല്ലോ ഉള്ളതു. എല്ലാം തികച്ചും പരിപൂർണ്ണമായി അറിഞ്ഞുംകൊണ്ടു തന്നെയാണു അല്ലാഹു ചോദിക്കുന്നതും. ഇതെല്ലാം കാരണമായി, ഭക്ത്യാദരപൂർവ്വം റസൂലുകൾ മറുപടി പറയുന്നു: لا علم... (ഞങ്ങൾക്കു അറിവില്ല. നീ തന്നെയാണല്ലോ അദൃശ്യ കാര്യങ്ങളെ നന്നായി അറിയുന്നവൻ) എന്നു.

ഖിയാമത്തു നാളിൽ എല്ലാ റസൂലുകളോടും അവരുടെ സമുദായങ്ങളോടും പ്രത്യേകം പ്രത്യേകം ചോദ്യംചെയ്യൽ നടക്കുമെന്നു ഖുർആനിൽ നിന്നും നബിവചനങ്ങളിൽ നിന്നും അറിയപ്പെട്ടതാണ്. എല്ലാ റസൂലുകളോടും പൊതുവെയുള്ള ചോദ്യവും അവരുടെ മറുപടിയുമാണു മുകളിൽ കണ്ടതു. ഈസാ (അ) നബിയെ അഭിമുഖീകരിച്ചുകൊണ്ടുള്ള ഒരു പ്രസ്താവനയാണ് അടുത്ത വചനങ്ങളിൽ കാണുന്നതു:-

١١٣- إِذْ قَالَ اللَّهُ يَا عِيسَى ابْنَ مَرْيَمَ اذْكُرْ نِعْمَتِي عَلَيْكَ وَعَلَىٰ وَالِدَتِكَ

113. അല്ലാഹു പറയുന്ന സന്ദർഭം: 'മർയമിന്റെ മകൻ ഈസാ, നിനക്കും നിന്റെ മാതാവിനും എന്റെ [ഞാൻ ചെയ്ത] അനുഗ്രഹം ഓർമ്മിക്കുക:

إِذْ أَيَّدتُّكَ بِرُوحِ الْقُدُسِ تُكَلِّمُ النَّاسَ فِي الْمَهْدِ وَكَهْلًا

-(അതെ) പരിശുദ്ധാത്മാവിനെക്കൊണ്ടു ഞാൻ നിന്നെ ബലപ്പെടുത്തിയ സന്ദർഭം, തൊട്ടിലിൽവെച്ചും, മധ്യവയസ്കനായിക്കൊണ്ടും നീ മനുഷ്യരോടു സംസാരിക്കുന്ന നിലക്ക്;

وَإِذْ عَلَّمْتُكَ الْكِتَابَ وَالْحِكْمَةَ وَالتَّوْرَاةَ وَالْإِنجِيلَ

-ഗ്രന്ഥവും, വിജ്ഞാനവും, തൗറാത്തും, ഇഞ്ചീലും നിനക്കു ഞാൻ പഠിപ്പിച്ചു തന്ന സന്ദർഭവും,

وَإِذْ تَخْلُقُ مِنَ الطِّينِ
كَهَيْئَةِ الطَّيْرِ بِإِذْنِي
فَتَنفُخُ فِيهَا
فَتَكُونُ طَيْرًا بِإِذْنِي
وَتُبْرِئُ الْأَكْمَهَ وَالْأَبْرَصَ بِإِذْنِي
وَإِذْ تُخْرِجُ الْمَوْتَىٰ بِإِذْنِي
وَإِذْ كَفَفْتُ بَنِي إِسْرَائِيلَ عَنكَ
إِذْ جِئْتَهُم بِالْبَيِّنَاتِ
فَقَالَ الَّذِينَ كَفَرُوا مِنْهُمْ
إِنْ هَٰذَا إِلَّا سِحْرٌ مُّبِينٌ ○

–കളിമണ്ണിൽനിന്നു് എന്റെ അനുമതി പ്രകാരം പക്ഷിയുടെ ആകൃതിപോലെ നീ രൂപപ്പെടുത്തുകയും, എന്നിട്ടു് അതിൽ നീ ഊതുകയും, അപ്പോൾ അതു എന്റെ അനുവാദംകൊണ്ടു പക്ഷിയായിത്തീരുകയും ചെയ്യുന്ന സന്ദർഭവും;

–ജാത്യാന്ധനെയും, വെള്ളപ്പാണ്ഡുകാരനെയും എന്റെ അനുവാദപ്രകാരം നീ സുഖപ്പെടുത്തുന്ന (സന്ദർഭവും);

–മരണപ്പെട്ടവരെ എന്റെ അനുവാദപ്രകാരം നീ (ജീവിപ്പിച്ചു്) പുറത്തു വരുത്തുന്ന സന്ദർഭവും;

–ഇസ്രാഈൽ സന്തതികളെ നിന്നിൽ നിന്നു ഞാൻ തടുത്തു തന്ന സന്ദർഭവും; (അതെ) അവരുടെ അടുക്കൽ നീ വ്യക്തമായ തെളിവുകളുമായി ചെല്ലുകയും, എന്നിട്ടു് അവരിൽനിന്നു് അവിശ്വസിച്ചവർ 'ഇതു വ്യക്തമായ ആഭിചാരമല്ലാതെ (മറ്റൊന്നും) അല്ല' എന്നു പറയുകയും ചെയ്തപ്പോൾ;–

١١٤- وَإِذْ أَوْحَيْتُ إِلَى الْحَوَارِيِّينَ
أَنْ آمِنُوا بِي وَبِرَسُولِي
قَالُوا آمَنَّا
وَاشْهَدْ بِأَنَّنَا مُسْلِمُونَ ○

114. 'ഹവാരി'കളോടു എന്നിലും, എന്റെ റസൂലിലും നിങ്ങൾ വിശ്വസിക്കണമെന്നു നാം 'വഹ്‌യു' [രഹസ്യ സന്ദേശം] നൽകിയ സന്ദർഭവും; (അതെ) അവർ പറഞ്ഞു: 'ഞങ്ങൾ വിശ്വസിച്ചു, ഞങ്ങൾ 'മുസ്‌ലിം'കളാണെന്നു താൻ സാക്ഷ്യം വഹിച്ചും കൊള്ളുക' എന്നു. [ഇതെല്ലാം ഓർക്കുക]

---

113. اذ قال പറഞ്ഞപ്പോൾ, പറഞ്ഞ (പറയുന്ന) സന്ദർഭം. الله അല്ലാഹു يعيسى ഈസാ ابن مريم മർയമിന്റെ മകൻ اذكر ഓർക്കുക, സ്മരിക്കുക نعمتي എന്റെ അനുഗ്രഹം عليك നിനക്കു وعلى والدتك നിന്റെ മാതാവിനും اذ ايدتك നിന്നെ ഞാൻ ബലപ്പെടുത്തിയ സന്ദർഭം بروح القدس പരിശുദ്ധാത്മാവിനെക്കൊണ്ടു تكلم നീ സംസാരിക്കുന്ന നിലക്കു الناس മനുഷ്യരോടു في المهد തൊട്ടിലിൽവെച്ചു وكهلا മധ്യവയസ്കനായും واذ علمتك നിനക്കു ഞാൻ പഠിപ്പിച്ചു തന്ന സന്ദർഭവും الكتاب ഗ്രന്ഥം, എഴുത്തു والحكمة വിജ്ഞാനവും والتورية തൗറാത്തും والانجيل ഇഞ്ചീലും واذ تخلق നീ സൃഷ്ടിക്കു (രൂപപ്പെടുത്തു)ന്ന സന്ദർഭവും من الطين കളിമണ്ണിനാൽ كهيئة ആകൃതിപോലെ, മാതിരി الطير പക്ഷി(പറവ)യുടെ باذني എന്റെ സമ്മത (അനുമതി-ഉത്തരവു) പ്രകാരം فتنفخ എന്നിട്ടു നീ ഊതും فيها അതിൽ فتكون അപ്പോൾ അതായിത്തീരും طيرا പക്ഷി, പറവ باذني എന്റെ സമ്മതപ്രകാരം അനുമതികൊണ്ടു وتبرئ നീ സുഖപ്പെടുത്തുകയും ചെയ്തിരുന്ന الاكمه ജാത്യാന്ധനെ(ജനനാൽ കാഴ്ചയില്ലാത്തവനെ) والابرص വെള്ളപ്പാണ്ഡുകാരനെയും باذني എന്റെ അനുവാദംകൊണ്ടു, ഉത്തരവുപ്രകാരം واذ تخرج നീ പുറത്തു വരുത്തുന്ന സന്ദർഭവും الموتى മരണപ്പെട്ടവരെ باذني എന്റെ അനുവാദംകൊണ്ടു, അനുമതി പ്രകാരം واذ كففت ഞാൻ തടുത്ത സന്ദർഭവും بني اسرائيل ഇസ്രാഈൽ സന്തതികളെ عنك നിന്നിൽ നിന്നു اذ جئتهم നീ അവരുടെ അടുക്കൽ ചെന്നപ്പോൾ بالبينت വ്യക്തമായ തെളിവുകളുമായി فقال അപ്പോൾ പറഞ്ഞു الذين كفروا അവിശ്വസിച്ചവർ منهم അവരിൽ നിന്നു ان هذا ഇതല്ല الا سحر സിഹ്ർ (ആഭിചാരം-മാരണം) അല്ലാതെ مبين വ്യക്ത (സ്പഷ്ട)മായ 114. واذ اوحيت ഞാൻ വഹ്‌യു (സ്വകാര്യ സന്ദേശം)നൽകിയ സന്ദർഭവും الى الحواريين ഹവാരികൾക്കു ان امنوا നിങ്ങൾ വിശ്വസിക്കുവിൻ എന്നു بي എന്നിൽ, എന്നെക്കൊണ്ടു وبرسولي എന്റെ റസൂലിലും, റസൂലിനെക്കൊണ്ടും قالوا അവർ പറഞ്ഞു امنا ഞങ്ങൾ വിശ്വസിച്ചു (എന്നു) واشهد നീ സാക്ഷ്യം വഹിക്കുക (എന്നും) باننا ഞങ്ങൾ (ആകുന്നു) എന്നു مسلمون മുസ്‌ലിംകൾ, കീഴൊതുങ്ങിയവർ

ഈസാ (അ) നബിക്കും മാതാവിനും ചെയ്തുകൊടുത്ത അനുഗ്രഹങ്ങളെ ആദ്യം പൊതുവിൽ ഓർമ്മിപ്പിച്ചശേഷം, അദ്ദേഹത്തിനു പ്രത്യേകമായി ചെയ്തുകൊടുത്ത അസാധാരണങ്ങളായ പല അനുഗ്രഹങ്ങളെയും അല്ലാഹു ഓർമ്മിപ്പിക്കുകയാണ്. ഈ വചനത്തിൽ പ്രസ്താവിച്ച എല്ലാ വിഷയങ്ങളെക്കുറിച്ചും ആലുഇംറാൻ 42 മുതൽ 51 വരെയുള്ള ഖുർആനു വചനങ്ങളിലും, അവയുടെ വ്യാഖ്യാനത്തിലുമായി മുമ്പു വിസ്തരിച്ചു പറഞ്ഞിട്ടുള്ളതുകൊണ്ടു ഇവിടെ വീണ്ടും ആവർത്തിക്കുന്നില്ല. അദ്ദേഹത്തിന്റെ കൈക്കു സംഭവിച്ചതായി ഈ വചനത്തിൽ ചൂണ്ടിക്കാട്ടിയ അമാനുഷിക ദൃഷ്ടാന്തങ്ങളെല്ലാം സിഹ്ർ (ആഭിചാരം അഥവാ മാരണം) ആണെന്നു പറഞ്ഞ് ഇസ്രാഈല്യർ – യഹൂദികൾ – അദ്ദേഹത്തെ നിഷേധിക്കുകയും, ആക്രമിക്കുകയും, അവസാനം കുരിശിൽ തറച്ചു കൊല്ലുവാൻ ശ്രമം നടത്തുകയും ചെയ്തതും, അദ്ദേഹത്തെ അല്ലാഹു ആകാശത്തേക്കുയർത്തി രക്ഷപ്പെടുത്തിയതും അവിടെ വിവരിച്ചിട്ടുണ്ട്. ഇതിനെപ്പറ്റിയാണു ഇസ്രാഈല്യരെ തടുത്തുതന്ന വേളയിൽ പറഞ്ഞത്. ഈ സംഭവങ്ങൾ നടന്നതു അദ്ദേഹത്തിന്റെ ഐഹിക ജീവിതത്തിൽ വെച്ചല്ലെന്നു വ്യക്തമാണ്. അദ്ദേഹം ആകാശത്തേക്കു ഉയർത്തപ്പെട്ട ശേഷം നടന്നതോ, അല്ലെങ്കിൽ–ഇബ്നു കഥീർ (റ) ചൂണ്ടിക്കാട്ടിയ പോലെ–പരലോകത്തു വെച്ചു ഖിയാമത്തുനാളിൽ നടക്കുന്നതോ ആയിരിക്കാവുന്നതാണ്. ഈ വചനത്തിലെ ക്രിയാരൂപങ്ങൾ ഭൂതകാല (ماضي) രൂപത്തിലായി കാണുന്നത് ഇതിനു തടസ്സമാകുന്നില്ലെന്നും, ഭാവിയിൽ സംഭവിക്കുമെന്നു തിട്ടമായ കാര്യങ്ങളെക്കുറിച്ച് ഇങ്ങിനെ ഭൂതകാല രൂപത്തിൽ പ്രസ്താവിക്കുക ഖുർആന്റെ ഒരു പതിവാണെന്നും ഇബ്നു കഥീർ (റ) പ്രസ്താവിച്ചിരിക്കുന്നു.

അല്ലാഹുവിങ്കലേക്കുള്ള മാർഗ്ഗത്തിൽ എന്നെ സഹായിക്കുന്നവർ ആരാണുള്ളതെന്ന് ഈസാ (അ) ചോദിച്ചപ്പോൾ 'ഹവാരി'കൾ–അദ്ദേഹത്തിന്റെ പ്രബോധന ദൗത്യങ്ങൾ ലോകത്തു പ്രചരിപ്പിച്ചവരും, അപ്പോസ്തലൻമാർ (ദൂതൻമാർ) എന്ന പേരിലറിയപ്പെടുന്ന അദ്ദേഹത്തിന്റെ പന്ത്രണ്ടു ശിഷ്യൻമാർ–ഞങ്ങൾ അതിനു തയ്യാറാണെന്നു പറഞ്ഞു മുന്നോട്ടു വന്ന സംഭവവും ആലുഇംറാനിൽ വിവരിച്ചു കഴിഞ്ഞതാണ്. അതിനെക്കുറിച്ചാണു 114-ാം വചനത്തിൽ ഓർമ്മിപ്പിക്കുന്നതു. ഹവാരികൾക്കു വഹ്‌യ് നൽകി എന്നു പറഞ്ഞതുകൊണ്ട് അവർ പ്രവാചകൻമാരായിരുന്നുവെന്നു കരുതേണ്ടതില്ല. നബിമാരല്ലാത്തവരെക്കുറിച്ചും അവർക്ക് വഹ്‌യ് നൽകി എന്ന പ്രയോഗം ഖുർആനിൽ കാണാവുന്നതാകുന്നു. മൂസാനബിയുടെ മാതാവിനു വഹ്‌യ് നൽകി എന്ന് ഒരു സ്ഥലത്തും (28:7) തേനീച്ചക്കു വഹ്‌യ് നൽകി എന്നു വേറെ ഒരു സ്ഥലത്തും (16:68) പ്രസ്താവിച്ചു കാണാം. 'സ്വകാര്യ സന്ദേശം നൽകി, തോന്നിപ്പിച്ചു, ബോധനം നൽകി' എന്നിങ്ങിനെ ഭാഷാർത്ഥത്തിലുള്ള വഹ്‌യാണു അവിടങ്ങളിൽ ഉദ്ദേശ്യം. അഥവാ നബിമാർക്കു പ്രത്യേകമായി നൽകപ്പെടുന്ന സാങ്കേതികാർത്ഥത്തിലുള്ള വഹ്‌യല്ല. ഈ വഹ്‌യിനെപ്പറ്റി സൂ: ശൂറാ 51ൽ അല്ലാഹു വിവരിച്ചിട്ടുണ്ട്. കൂടുതൽ വിവരം അവിടെ നോക്കുക. ഹവാരികളോടു ബന്ധപ്പെട്ട ഒരു പ്രത്യേക സംഭവം അടുത്ത വചനങ്ങളിൽ അല്ലാഹു വിവരിക്കുന്നു:–

١١٥- إِذْ قَالَ الْحَوَارِيُّونَ يَا عِيسَى ابْنَ مَرْيَمَ هَلْ يَسْتَطِيعُ رَبُّكَ أَنْ يُنَزِّلَ عَلَيْنَا مَائِدَةً مِنَ السَّمَاءِ ۖ قَالَ اتَّقُوا اللَّهَ إِنْ كُنْتُمْ مُؤْمِنِينَ

115. 'ഹവാരി'കൾ പറഞ്ഞ സന്ദർഭം (ഓർക്കുക): 'മർയമിന്റെ മകൻ ഈസാ, ആകാശത്തുനിന്നു ഒരു ഭക്ഷണത്തളിക ഞങ്ങൾക്കു ഇറക്കിത്തരുവാൻ താങ്കളുടെ റബ്ബിനു സാധിക്കുമോ?' അദ്ദേഹം പറഞ്ഞു: 'നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുവിൻ.'

١١٦- قَالُوا نُرِيدُ أَنْ نَأْكُلَ مِنْهَا وَتَطْمَئِنَّ قُلُوبُنَا وَنَعْلَمَ أَنْ قَدْ صَدَقْتَنَا

116. അവർ പറഞ്ഞു: 'ഞങ്ങൾ അതിൽനിന്ന് തിന്നുവാൻ ഉദ്ദേശിക്കുന്നു; ഞങ്ങളുടെ ഹൃദയങ്ങൾ സമാധാനമടയുവാനും, താങ്കൾ ഞങ്ങളോടു സത്യം പറഞ്ഞിരിക്കുന്നുവെന്നു ഞങ്ങൾക്കു അറിയുവാനും.

---

115. اذ قال പറഞ്ഞ സന്ദർഭം الحواريون ഹവാരികൾ يا عيسى ഈസാ ابن مريم മർയമിന്റെ മകനായ هل يستطيع സാധിക്കുമോ, സാധ്യമാണോ ربك നിന്റെ (താങ്കളുടെ) റബ്ബ് (റബ്ബിനു) ان ينزل ഇറക്കുവാൻ علينا ഞങ്ങളുടെമേൽ (ഞങ്ങൾക്കു) مائدة ഒരു ഭക്ഷണത്തളിക من السماء ആകാശത്തുനിന്ന് قال അദ്ദേഹം പറഞ്ഞു اتقوا الله നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുവിൻ ان كنتم നിങ്ങളാണെങ്കിൽ مؤمنين സത്യവിശ്വാസികൾ 116. قالوا അവർ പറഞ്ഞു نريد ഞങ്ങൾ ഉദ്ദേശിക്കുന്നു ان نأكل ഞങ്ങൾ തിന്നുവാൻ منها അതിൽനിന്ന് وتطمئن സമാധാനമടയുവാനും, ശാന്തമാകുവാനും قلوبنا ഞങ്ങളുടെ ഹൃദയങ്ങൾ ونعلم ഞങ്ങൾ അറിയുവാനും ان قد ഉണ്ടെന്നു صدقتنا നീ (താങ്കൾ) ഞങ്ങളോടു സത്യം പറഞ്ഞു (പറഞ്ഞിട്ടുണ്ടെന്നു)

وَنَكُونَ عَلَيْهَا مِنَ الشَّاهِدِينَ ۝

ഞങ്ങൾ അതിന് [ആ ഭക്ഷണത്തളികക്ക്] സാക്ഷ്യം വഹിക്കുന്നവരിൽ പെട്ടവരായിരിക്കുവാനും (ഉദ്ദേശിക്കുന്നു'.)

١١٤ قَالَ عِيسَى ابْنُ مَرْيَمَ اللَّهُمَّ رَبَّنَا أَنْزِلْ عَلَيْنَا مَائِدَةً مِنَ السَّمَاءِ تَكُونُ لَنَا عِيدًا لِأَوَّلِنَا وَآخِرِنَا وَآيَةً مِنْكَ ۖ وَارْزُقْنَا وَأَنْتَ خَيْرُ الرَّازِقِينَ ۝

117. മർയമിന്റെ മകൻ ഈസാ പറഞ്ഞു: 'അല്ലാഹുവേ, ഞങ്ങളുടെ റബ്ബേ, ആകാശത്തു നിന്നു നീ ഞങ്ങൾക്കു ഒരു ഭക്ഷണത്തളിക ഇറക്കിത്തരേണമേ! ഞങ്ങൾക്കും-ഞങ്ങളിൽ ആദ്യമുള്ളവർക്കും, ഞങ്ങളിൽ അവസാനമുള്ളവർക്കും- അതൊരു ഉൽസവവും, നിന്റെ പക്കൽ നിന്നുള്ള ഒരു (മഹത്തായ) ദൃഷ്ടാന്തവുമായിരിക്കുമാറ്. ഞങ്ങൾക്ക നീ ഉപജീവനം നൽകുകയും വേണമേ! നീ ഉപജീവനം നൽകുന്നവരിൽ ഏറ്റം ഉത്തമനാണല്ലോ'.

١١٥ قَالَ اللَّهُ إِنِّي مُنَزِّلُهَا عَلَيْكُمْ ۖ فَمَنْ يَكْفُرْ بَعْدُ مِنْكُمْ فَإِنِّي أُعَذِّبُهُ عَذَابًا لَا أُعَذِّبُهُ أَحَدًا مِنَ الْعَالَمِينَ ۝

118. അല്ലാഹു പറഞ്ഞു: 'ഞാൻ നിങ്ങൾക്കു അതു ഇറക്കിത്തരാം; എന്നാൽ, പിന്നീട് നിങ്ങളിൽ നിന്ന് ആരെങ്കിലും അവിശ്വസിക്കുന്നപക്ഷം, നിശ്ചയമായും ഞാൻ, ലോകരിൽ ഒരാളെയും ശിക്ഷിക്കാത്തതായ ഒരു (വമ്പിച്ച) ശിക്ഷ അവനെ ഞാൻ ശിക്ഷിക്കുന്നതാണ്'.

وَنَكُونَ ഞങ്ങൾ ആയിരിക്കുവാനും عَلَيْهَا അതിന്റെ മേൽ, അതിനു مِنَ الشَّاهِدِينَ സാക്ഷ്യം വഹിക്കുന്നവരിൽ പെട്ട (വർ) 117. قَالَ പറഞ്ഞു عِيسَى ابْنُ مَرْيَمَ മർയമിന്റെ മകൻ ഈസാ اللَّهُمَّ അല്ലാഹുവേ رَبَّنَا ഞങ്ങളുടെ റബ്ബേ, റബ്ബായ أَنْزِلْ عَلَيْنَا ഞങ്ങൾക്കു ഇറക്കിത്തരണേ مَائِدَةً ഒരു ഭക്ഷണത്തളിക مِنَ السَّمَاءِ ആകാശത്തു നിന്നു تَكُونُ അതായിരിക്കുമാറ്, ആകുന്ന لَنَا ഞങ്ങൾക്കു عِيدًا ഒരു ഉൽസവം, പെരുന്നാൾ لِأَوَّلِنَا ഞങ്ങളിൽ ആദ്യത്തേവർക്കു وَآخِرِنَا ഞങ്ങളിൽ അവസാനത്തേവർക്കും وَآيَةً ഒരു ദൃഷ്ടാന്തവും مِنْكَ നിന്റെ പക്കൽ നിന്നുള്ള وَارْزُقْنَا ഞങ്ങൾക്ക നീ ആഹാരം (ഉപജീവനം) നൽകുകയും ചെയ്യേണമേ وَأَنْتَ നീയാകട്ടെ خَيْرُ الرَّازِقِينَ ആഹാരം (ഉപജീവനം) നൽകുന്നവരിൽ ഉത്തമനുമാകുന്നു 118. قَالَ اللَّهُ അല്ലാഹു പറഞ്ഞു إِنِّي مُنَزِّلُهَا നിശ്ചയമായും ഞാൻ അതിനെ ഇറക്കുന്നവനാണു (ഇറക്കിത്തരാം) عَلَيْكُمْ നിങ്ങൾക്ക് فَمَنْ يَكْفُرْ എന്നാൽ ആരെങ്കിലും അവിശ്വസിക്കുന്നപക്ഷം بَعْدُ പിന്നീടു, ശേഷം مِنْكُمْ നിങ്ങളിൽ നിന്നു فَإِنِّي أُعَذِّبُهُ എന്നാൽ നിശ്ചയമായും ഞാൻ അവനെ ശിക്ഷിക്കും عَذَابًا ഒരു ശിക്ഷ لَا أُعَذِّبُهُ ഞാൻ അതു ശിക്ഷിക്കുകയില്ല أَحَدًا ഒരാളെയും مِنَ الْعَالَمِينَ ലോകരിൽ നിന്നു

ഈ സൂറത്തിനു الْمَائِدَة (ഭക്ഷണത്തളിക) എന്നു പേർ പറയപ്പെടുന്നതിന് ആസ്പദമായ സംഭവത്തിന്റെ കഥയാണ് ഈ വചനങ്ങളിലെ ഉള്ളടക്കം. ഭക്ഷണസാധനങ്ങൾ വെക്കുവാൻ വേണ്ടി ഉപയോഗിക്കുന്ന സുപ്ര, തളിക മുതലായവക്കാണു الْمَائِدَة എന്നു പറയുന്നത്. പക്ഷേ, ഭക്ഷണസാധനങ്ങൾ അതിലുണ്ടായിരിക്കുമ്പോൾ മാത്രമേ ആ വാക്ക് അതിനു ഉപയോഗിക്കൂ. ആകാശത്തു നിന്നു ഒരു ഭക്ഷണത്തളിക ഇറക്കിക്കൊടുക്കുവാൻ ആവശ്യപ്പെട്ടതു ഹവാരികളാണ്. അവരാകട്ടെ-114-ാം വചനത്തിൽ നിന്നും, ആലുഇംറാൻ 52ൽ നിന്നും വ്യക്തമാകുന്നതു പോലെ-സത്യവിശ്വാസവും ഇസ്‌ലാമിന്റെ മാർഗ്ഗവും അംഗീകരിച്ചവരും, മതപ്രചാരണത്തിൽ ഈസാ (അ) നെ സഹായിക്കുവാൻ മുന്നോട്ടു വന്നവരുമാകുന്നു. അവരെപ്പോലെ നിങ്ങളും ആയിത്തീരണമെന്ന് സൂറത്തു സ്സ്വഫ്ഫ് 14ൽ അല്ലാഹു നമ്മെ ഉപദേശിച്ചിട്ടുമുണ്ട്. അല്ലാഹുവിലും, അവന്റെ സാർവ്വത്രികമായ കഴിവിലും, ഈസാ (അ) നബിയിലുമൊക്കെ പരിപൂർണ്ണ വിശ്വാസം ഉള്ളവരായിരിക്കും അവരെന്നു ഇതിൽനിന്നെല്ലാം വ്യക്തമാണല്ലോ. അപ്പോൾ, 'താങ്കളുടെ റബ്ബിന് ആകാശത്തു നിന്നു ഒരു ഭക്ഷണത്തളിക ഞങ്ങൾക്കു ഇറക്കിത്തരുവാൻ കഴിയുമോ

(...يَسْتَطِيعُ رَبُّكَ) എന്നുള്ള അവരുടെ ചോദ്യത്തിനു കാരണം എന്തായിരിക്കും? ഇതിനെപ്പററി ഒന്നിലധികം പ്രകാരത്തിൽ വിവരിക്കപ്പെട്ടു കാണാം. കൂട്ടത്തിൽ കൂടുതൽ നന്നായിത്തോന്നുന്നതും അധിക വ്യാഖ്യാതാക്കളും പ്രസ്താവിച്ചു കാണുന്നതും ഇതാണ്:—

അല്ലാഹു ഞങ്ങൾക്കു അങ്ങിനെ ചെയ്തുതരുവാൻ സാധ്യതയുണ്ടോ, അഥവാ ഞങ്ങൾക്കുവേണ്ടി അങ്ങിനെ ചെയ്തുതരുമോ, അല്ലെങ്കിൽ താങ്കൾക്കു അല്ലാഹുവിനോട് അങ്ങിനെ ചോദിക്കാമോ? എന്നിങ്ങിനെയുള്ള അർത്ഥത്തിലാണ് അവരുടെ ചോദ്യം. അതായതു, അല്ലാഹുവിനു അക്കാര്യം ചെയ്‌വാൻ കഴിവുണ്ടോ എന്ന ബാഹ്യമായ അർത്ഥമല്ല അവർ ഉദ്ദേശിക്കുന്നത്. തങ്ങളുടെ ചോദ്യത്തിന്റെ ലക്ഷ്യം അവർ തന്നെ വിവരിച്ചതിൽ നിന്നു മനസ്സിലാക്കാവുന്നതാണിത്. കൂടാതെ, 113-ാം വചനത്തിൽ പ്രസ്താവിച്ചതുപോലെയുള്ള ദൃഷ്ടാന്തങ്ങൾ കണ്ടറിഞ്ഞ അവർക്കു അല്ലാഹുവിന്റെ കഴിവിനെപ്പററി സംശയമുണ്ടാകുവാൻ അവകാശവും ഇല്ലല്ലോ. ഇതനുസരിച്ച് 'നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ അല്ലാഹുവിനെ സൂക്ഷിക്കുവിൻ (...اتَّقُوا)' എന്നു ഈസാ (അ) അവരോടു പറഞ്ഞതിന്റെ താൽപര്യം ഇങ്ങിനെയുമായിരിക്കും: നിങ്ങൾ സത്യവിശ്വാസികളായ സ്ഥിതിക്ക് ഇതുമാതിരി ചോദ്യം ചോദിക്കുന്നതു വളരെ സൂക്ഷിക്കേണ്ടതാണ്. അല്ലാഹുവിനു എല്ലാ കാര്യത്തിനും കഴിവുണ്ടെന്ന് നിങ്ങൾക്കറിയാമല്ലോ. വേണ്ടത്ര ദൃഷ്ടാന്തങ്ങൾ കണ്ടു കഴിഞ്ഞ സ്ഥിതിക്ക് പിന്നെയും ദൃഷ്ടാന്തത്തിന് ആവശ്യപ്പെടുന്നതു സത്യവിശ്വാസികൾക്കു യോജിച്ചതല്ല.

ഭക്ഷണത്തളികക്കു ആവശ്യപ്പെട്ടതിന്റെ ലക്ഷ്യമായി അവർ വിവരിച്ചതു ഇവയാകുന്നു: (1) അതിൽനിന്നു ഞങ്ങൾ ഭക്ഷിക്കുവാൻ ഉദ്ദേശിക്കുന്നു. കേവലം ഒരു [illegible] ഭക്ഷ്യപദാർത്ഥം ആസ്വദിക്കുവാൻ ആഗ്രഹം ആർക്കും തോന്നുക സ്വാഭാവികമാണല്ലോ. (2) ഞങ്ങളുടെ ഹൃദയങ്ങൾ സമാധാനമടയുവാൻ ഉദ്ദേശിക്കുന്നു. ദൃഷ്ടാന്തങ്ങൾ കൂടുതൽ കാണുംതോറും വിശ്വാസം വർദ്ധിക്കുകയും മനസ്സമാധാനം കൂടുതലാകുകയും ചെയ്യുമല്ലോ. ഇബ്രാഹീം (അ) നബിപോലും മനസ്സമാധാനത്തിനുവേണ്ടി ദൃഷ്ടാന്തത്തിനു ആവശ്യപ്പെട്ട വിവരം 2:260ൽ അല്ലാഹു പ്രസ്താവിച്ചതു സ്മർത്തവ്യമാകുന്നു. (3) താങ്കൾ—ഈസാ (അ)—പറയുന്നതു സത്യമാണെന്നു അറിയുവാൻ ഉദ്ദേശിക്കുന്നു. അഥവാ, അദ്ദേഹം സത്യവാനാണെന്ന് അവർ അറിഞ്ഞും വിശ്വസിച്ചും കഴിഞ്ഞവരാണെങ്കിലും ആ അറിവും വിശ്വാസവും കൂടുതൽ ദൃഢമായിത്തീരുവാൻ അതു കാരണമാകുമല്ലോ. അല്ലാതെ, അദ്ദേഹം സത്യവാദിയോ അസത്യവാദിയോ എന്നു പരിശോധിക്കലല്ല അവരുടെ ലക്ഷ്യം. അദ്ദേഹത്തിന്റെ സത്യതയിൽ മതിയായ വിശ്വാസം ഉറപ്പിച്ചു കഴിഞ്ഞവരാണല്ലോ അവർ. (4) അതിനു ഞങ്ങൾ ദൃക്സാക്ഷികളായിത്തീരുവാൻ ഉദ്ദേശിക്കുന്നു. ഈസാ (അ) നബിയുടെ മതപ്രബോധനത്തിൽ അദ്ദേഹത്തെ സഹായിക്കുവാൻ മുമ്പോട്ടു വന്നവരാണ് ഹവാരികൾ. ആ സ്ഥിതിക്കു മററുള്ള ദൃഷ്ടാന്തങ്ങൾക്കു പുറമെ നേരിൽ കണ്ടനുഭവിക്കുന്ന ഇങ്ങൊരു ദൃഷ്ടാന്തം കൂടി ലഭിക്കുന്നതു ആ കൃത്യം കൂടുതൽ ഫലപ്രദമായി നടത്തുവാൻ അവർക്കു ഉപകരിക്കുമല്ലോ

ഹവാരികളുടെ ഈ ചോദ്യം സദുദ്ദേശ്യപരമാണെന്ന് ഈസാ (അ) കണ്ടു. അദ്ദേഹം അല്ലാഹുവിനോടു അതിനുവേണ്ടി പ്രാർത്ഥിച്ചു. അക്കാലത്തുള്ളവർക്കും, ശേഷം വരുന്നവർക്കും അതു ഒരു ഉത്സവമായിത്തീരേണമെന്നും ഒരു ദൃഷ്ടാന്തമായിരിക്കണമെന്നുംകൂടി അദ്ദേഹം അതിനെ വിശേഷിപ്പിക്കുകയും ചെയ്തു. പ്രാർത്ഥനക്കു അല്ലാഹുവിങ്കൽനിന്നു ലഭിച്ച ഉത്തരം: 'ശരി, ഭക്ഷണത്തളിക ഇറക്കിത്തരാം, പക്ഷെ, പിന്നെ നിങ്ങളിൽ നിന്നു അവിശ്വാസവും നിഷേധവും ഉണ്ടാവാൻ പാടില്ല, ഉണ്ടായാൽ, ലോകത്തിൽ ഞാൻ നൽകിയിട്ടില്ലാത്ത കഠിനശിക്ഷ അവർ അനുഭവിക്കേണ്ടിവരും.'

ഈ ഉപാധികൾക്കു ഹവാരികൾ സമ്മതിച്ചുവോ? ഭക്ഷണത്തളിക ഇറക്കുകയുണ്ടായോ? ഒന്നും അല്ലാഹു വ്യക്തമാക്കിയിട്ടില്ല. തീർത്തു പറയത്തക്ക വണ്ണം ഒന്നിലധികം തെളിവുകളുമില്ല. എങ്കിലും ഖുർആൻ വ്യാഖ്യാതാക്കളിൽ അധികമാളുകളും ഭക്ഷണത്തളിക ഇറക്കുകയുണ്ടായിട്ടുണ്ടെന്ന അഭിപ്രായക്കാരാകുന്നു. ഖുർആന്റെ വാക്കുകളിൽനിന്ന തന്നെ ഇതിനു ചില സൂചനകൾ ലഭിക്കാതെയുമില്ല. കൂടാതെ, ഇബ്നുഅബ്ബാസ്, അമ്മാർ (റ) എന്നീ സഹാബികളിൽനിന്നും, താബിഉകളായ ചില മഹാന്മാരിൽനിന്നും വന്നിട്ടുള്ള ഏതാനും രിവായത്തുകളും അവർ അതിനു തെളിവായി ഉദ്ധരിക്കുന്നുമുണ്ട്. ചില രിവായത്തുകളിൽ, തളികയിലുണ്ടായിരുന്ന വിഭവങ്ങൾ അപ്പം, മത്സ്യം, ചില പഴങ്ങൾ എന്നിവയായിരുന്നുവെന്നും കാണാം. ചില രിവായത്തുകൾ അതിശയോക്തി നിറഞ്ഞവയും ദുർബ്ബലങ്ങളുമാണെങ്കിലും മുഴുവൻ രിവായത്തുകളും തള്ളപ്പെടാവുന്നവയുമല്ല. മറെറാരു പ്രകാരമുള്ള താക്കീത് അല്ലാഹു നൽകിയതോടുകൂടി ഹവാരികൾ തങ്ങളുടെ ആവശ്യം പിൻവലിച്ചുവെന്നും, അതുകൊണ്ടു തളിക ഇറക്കപ്പെടുകയുണ്ടായില്ലെന്നുമാണ് ഹസൻ, മുജാഹിദ് (റ) എന്നിവരിൽനിന്നു രിവായത്തു വന്നിട്ടുള്ളത്. ഖുർആൻ വ്യാഖ്യാതാക്കളിൽ ഒരു വിഭാഗം ഈ അഭിപ്രായക്കാരാകുന്നു. അധികപക്ഷത്തിന്റെ അഭിപ്രായമാണ് ഇബ്നുജരീർ (റ) ശരിവെച്ചിരിക്കുന്നത്. ഇബ്നുകഥീർ (റ) ആകട്ടെ, തളിക ഇറക്കപ്പെട്ടിട്ടില്ലെന്ന അഭിപ്രായത്തെയും ശരിവെച്ചു കാണുന്നു. [illegible]

വിഭാഗം-16

119. അല്ലാഹു പറഞ്ഞ (അഥവാ പറയുന്ന) സന്ദർഭവും (ഓർക്കുക): 'മർയമിന്റെ മകൻ ഈസാ, നീയാണോ മനുഷ്യരോടു പറഞ്ഞത്: 'എന്നെയും, എന്റെ ഉമ്മയെയും നിങ്ങൾ അല്ലാഹുവിനു പുറമെ രണ്ടു ആരാധ്യൻമാരാക്കിക്കൊള്ളുവിൻ എന്നു?!'

١١٩- وَإِذْ قَالَ اللَّهُ يَا عِيسَى ابْنَ مَرْيَمَ أَأَنْتَ قُلْتَ لِلنَّاسِ اتَّخِذُونِي وَأُمِّيَ إِلَٰهَيْنِ مِنْ دُونِ اللَّهِ

അദ്ദേഹം പറഞ്ഞു (അഥവാ പറയും): 'നീ മഹാപരിശുദ്ധൻ! [നിന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു] എനിക്കു ഒരു അവകാശവും (അഥവാ ന്യായവും) ഇല്ലാത്തതു പറയുവാൻ എനിക്ക പാടില്ലല്ലോ!

قَالَ سُبْحَانَكَ مَا يَكُونُ لِي أَنْ أَقُولَ مَا لَيْسَ لِي بِحَقٍّ

'ഞാനതു പറഞ്ഞിരുന്നെങ്കിൽ, തീർച്ചയായും നീ അതു അറിഞ്ഞിട്ടുണ്ടാകും. എന്റെ സ്വന്തത്തിൽപെട്ടതു [എന്നെ സംബന്ധിച്ചതു] നീ അറിയുന്നു; നിന്റെ സ്വന്തത്തിൽപെട്ടതു [നിന്നെ സംബന്ധിച്ചതു] എനിക്കറിയുകയുമില്ല. നിശ്ചയമായും, നീ തന്നെയാണു അദൃശ്യ കാര്യങ്ങളെ നന്നായറിയുന്നവൻ.

إِنْ كُنْتُ قُلْتُهُ فَقَدْ عَلِمْتَهُ تَعْلَمُ مَا فِي نَفْسِي وَلَا أَعْلَمُ مَا فِي نَفْسِكَ إِنَّكَ أَنْتَ عَلَّامُ الْغُيُوبِ ○

120. 'നീ എന്നോടു എന്തു കൽപിച്ചുവോ അതല്ലാതെ ഞാൻ അവരോടു പറഞ്ഞിട്ടില്ല; അതായതു എന്റെ റബ്ബും, നിങ്ങളുടെ റബ്ബുമായ അല്ലാഹുവിനെ നിങ്ങൾ ആരാധിക്കണമെന്ന് (അല്ലാതെ).

١٢٠- مَا قُلْتُ لَهُمْ إِلَّا مَا أَمَرْتَنِي بِهِ أَنِ اعْبُدُوا اللَّهَ رَبِّي وَرَبَّكُمْ

---

119. وَإِذْ قَالَ പറഞ്ഞ (പറയുന്ന) സന്ദർഭവും اللَّهُ അല്ലാഹു يَا عِيسَى ഈസാ ابْنَ مَرْيَمَ മർയമിന്റെ മകൻ أَأَنْتَ നീയോ, നീയാണോ قُلْتَ പറഞ്ഞു, പറഞ്ഞതു لِلنَّاسِ മനുഷ്യരോട് اتَّخِذُونِي എന്നെ നിങ്ങൾ ആക്കണമെന്നു, സ്വീകരിക്കുവിൻ എന്നു وَأُمِّيَ എന്റെ ഉമ്മയെ (മാതാവിനെ)യും إِلَٰهَيْنِ രണ്ടു ഇലാഹുകൾ (ദൈവങ്ങൾ-ആരാധ്യന്മാർ) مِنْ دُونِ കൂടാതെ, പുറമെ اللَّهِ അല്ലാഹുവിനെ, അല്ലാഹുവിന قَالَ അദ്ദേഹം പറഞ്ഞു (പറയും) سُبْحَانَكَ നീ മഹാ പരിശുദ്ധൻ, നിന്റെ പരിശുദ്ധി (ഞാൻ വാഴ്ത്തുന്നു) مَا يَكُونُ ആകാവതല്ല (പാടില്ല-നിവൃത്തിയില്ല) لِي എനിക്ക أَنْ أَقُولَ ഞാൻ പറയൽ, പറയുവാൻ مَا لَيْسَ لِي എനിക്കില്ലാത്തതു بِحَقٍّ ഒരവകാശവും, ന്യായവും إِنْ كُنْتُ قُلْتُهُ ഞാൻ അതു പറഞ്ഞിരുന്നുവെങ്കിൽ فَقَدْ عَلِمْتَهُ തീർച്ചയായും നീ അതറിഞ്ഞിരിക്കുന്നു, അറിഞ്ഞിട്ടുണ്ടു تَعْلَمُ നീ അറിയും, നിനക്കറിയാം مَا فِي نَفْسِي എന്റെ സ്വന്തത്തിൽ (മനസ്സിൽ) ഉള്ളതു (എന്നെ സംബന്ധിച്ചതു) وَلَا أَعْلَمُ ഞാൻ അറിയുകയില്ല, എനിക്കറിഞ്ഞുകൂടാ مَا فِي نَفْسِكَ നിന്റെ സ്വന്തത്തിലുള്ളതു إِنَّكَ أَنْتَ നിശ്ചയമായും നീ തന്നെ عَلَّامُ നന്നായി (ശരിക്ക - വളരെ) അറിയുന്നവൻ الْغُيُوبِ അദൃശ്യങ്ങളെ, മറഞ്ഞ കാര്യങ്ങൾ 120. مَا قُلْتُ ഞാൻ പറഞ്ഞിട്ടില്ല لَهُمْ അവരോടു إِلَّا مَا യാതൊന്നല്ലാതെ أَمَرْتَنِي بِهِ അതിനു നീ എന്നോടു കൽപിച്ചിരിക്കുന്നു أَنِ اعْبُدُوا നിങ്ങൾ ആരാധിക്കുവിൻ എന്നു اللَّهَ رَبِّي എന്റെ റബ്ബായ അല്ലാഹുവിനെ وَرَبَّكُمْ നിങ്ങളുടെ റബ്ബുമായ

وَكُنتُ عَلَيْهِمْ شَهِيدًا مَّا دُمْتُ فِيهِمْ ۖ فَلَمَّا تَوَفَّيْتَنِي كُنتَ أَنتَ الرَّقِيبَ عَلَيْهِمْ ۚ وَأَنتَ عَلَىٰ كُلِّ شَيْءٍ شَهِيدٌ ○

ഞാൻ അവരിൽ ഉണ്ടായിരുന്നപ്പോഴൊക്കെ ഞാൻ അവരുടെ മേൽ (നോട്ടം ചെയ്യുന്ന) സാക്ഷിയായിരുന്നു; അങ്ങനെ, നീ എന്നെ പൂർണ്ണമായെടുത്തപ്പോൾ, അവരുടെ മേൽ നോട്ടം വഹിക്കുന്നവൻ നീ തന്നെ ആയിരുന്നു. നീയാകട്ടെ, എല്ലാ കാര്യത്തിനും മേൽ (നോട്ടം ചെയ്യുന്ന) സാക്ഷിയുമാകുന്നു.

١٢١ إِن تُعَذِّبْهُمْ فَإِنَّهُمْ عِبَادُكَ ۖ وَإِن تَغْفِرْ لَهُمْ فَإِنَّكَ أَنتَ الْعَزِيزُ الْحَكِيمُ ○

121. 'നീ അവരെ ശിക്ഷിക്കുന്നപക്ഷം, അവർ നിന്റെ അടിയാൻമാരാകുന്നു. [നിനക്കതിനു അർഹതയുണ്ട്.] നീ അവർക്കു പൊറുത്തു കൊടുക്കുകയാണെങ്കിൽ, നീ തന്നെയാണല്ലോ [പ്രതാപശാലിയും അഗാധജ്ഞനുമായുള്ളവൻ. [നീ ഉദ്ദേശിച്ചപോലെ ചെയ്‌വാൻ നിനക്ക യാതൊരു തടസ്സവും ഇല്ലതാനും.]'

وكنت ഞാനായിരുന്നു عليهم അവരുടെമേൽ, അവരിൽ شهيدا സാക്ഷി (സാക്ഷ്യം വഹിക്കുന്നവൻ) ما دمت ഞാൻ ആയിരുന്നപ്പോൾ ഉണ്ടായപ്പോഴൊക്കെ فيهم അവരിൽ فلما توفيتني അങ്ങനെ നീ എന്നെ പൂർണ്ണമായെടുത്ത (പിടിച്ചെടുത്ത)പ്പോൾ كنت انت നീ തന്നെ ആയിത്തീർന്നു, ആയിരുന്നു الرقيب മേൽനോട്ടം വഹിക്കുന്നവൻ عليهم അവരുടെ മേൽ وانت നീയാകട്ടെ على كل شيء എല്ലാ കാര്യത്തിന്റെ മേലും (കാര്യത്തിനും) شهيد സാക്ഷ്യം (മേൽനോട്ടം) വഹിക്കുന്നവനാണ് 121. ان تعذبهم നീ അവരെ ശിക്ഷിക്കുന്ന പക്ഷം فانهم എന്നാൽ നിശ്ചയമായും അവർ عبادك നിന്റെ അടിയാൻമാരാണു وان تغفر നീ പൊറുക്കുന്നപക്ഷമോ, പൊറുക്കുകയാണെങ്കിൽ لهم അവർക്ക فانك എന്നാൽ നിശ്ചയമായും നീ തന്നെയാണ് العزيز പ്രതാപശാലി الحكيم അഗാധജ്ഞൻ, യുക്തിമാൻ, വിജ്ഞാനി

ഖിയാമത്തു നാളിൽ അല്ലാഹുവും ഈസാ (അ) നബിയും തമ്മിൽ നടക്കുന്ന സംഭാഷണമാണിതെന്നും, ഈസാ (അ) നെ ആകാശത്തേക്കു ഉയർത്തിയശേഷം സംഭവിച്ചു കഴിഞ്ഞ സംഭാഷണമാണിതെന്നും രണ്ടഭിപ്രായം ഖുർആൻ വ്യാഖ്യാതാക്കളിലുണ്ട്. ഇതനുസരിച്ചാണ് قال (ഖാല) എന്ന ഭൂതകാല ക്രിയക്കു ഭൂതകാലത്തെ കുറിക്കുന്ന രൂപത്തിലും ഭാവികാലത്തെകുറിക്കുന്ന രൂപത്തിലും അർത്ഥം വരാമെന്നു പരിഭാഷയിൽ നാം സൂചിപ്പിച്ചത്. ഒന്നാമത്തേതാണു ഭൂരിപക്ഷാഭിപ്രായം. ആ അഭിപ്രായത്തെയാണ് ഇബ്നുകഥീർ (റ) ബലപ്പെടുത്തിയിരിക്കുന്നത്. ഇബ്നുജരീർ (റ) രണ്ടാമത്തെ അഭിപ്രായത്തെ ശരിവെച്ചു കാണുന്നു. വാസ്തവം അല്ലാഹുവിന്നറിയാം.

സംഭാഷണം ഈസാ (അ) ഉയർത്തപ്പെട്ടശേഷം നടന്നു കഴിഞ്ഞതായാലും, ഖിയാമത്തു നാളിൽ നടക്കുവാനിരിക്കുന്നതായാലും ശരി, ഈസാ (അ)നെയും അദ്ദേഹത്തിന്റെ മാതാവായ മർയം (അ)നെയും ക്രിസ്ത്യാനികൾ ഇലാഹുകൾ (ദൈവങ്ങൾ) ആക്കിയെന്നുള്ള ആക്ഷേപമാണ് ഇതിലെ പ്രധാന സംഗതി. ക്രിസ്ത്യാനികളിൽ നിലവിലില്ലാത്ത ഒരു വിശ്വാസം അവരുടെമേൽ വെച്ചുകെട്ടുകയാണ് ഈ വചനം മുഖേന ഖുർആൻ ചെയ്യുന്നതെന്നും, തങ്ങൾ മർയമിനെ ദൈവമായി അംഗീകരിക്കുന്നില്ലെന്നും ചില ക്രിസ്തീയ പാതിരിമാർ പറഞ്ഞും പ്രചരിപ്പിച്ചും വരുന്നുണ്ട്. ഈ ആരോപണത്തിനു അല്ലാമാ സയ്യിദ് മഹ്മൂദു ആലൂസീ (റ) അദ്ദേഹത്തിന്റെ തഫ്സീറിൽ മൂന്നു മറുപടികൾ ഉദ്ധരിച്ചു കാണാം. അവയിൽ മൂന്നാമത്തെ മറുപടി ഉദ്ധരിച്ചുകൊണ്ട് അദ്ദേഹം ഇങ്ങനെ പറയുന്നു: 'ക്രിസ്ത്യാനികളിൽ മർയമിനെ ദൈവമാക്കിയ ഒരു വിഭാഗം മുൻകാലത്ത് ഉണ്ടായിരുന്നുവെന്നും അവർ 'മർയമീ വിഭാഗം' എന്നു അറിയപ്പെട്ടിരുന്നുവെന്നും ചിലർ ചൂണ്ടിക്കാട്ടുന്നു. ഇതാണു കൂടുതൽ നല്ല മറുപടി. ഇക്കാലത്തുള്ള ക്രിസ്ത്യാനികൾ അങ്ങിനെ വിശ്വസിക്കുന്നുണ്ടെന്നു പറയുന്നതു ശരിയല്ല'. (روح المعاني) ഇന്നു ക്രിസ്ത്യാനികളിൽ പലരും മർയം (അ) ദൈവമാണെന്നു പറയുന്നില്ലെങ്കിലും അവരുടെ പൂർവ്വികന്മാരിൽ ആ

വിശ്വാസം ഉണ്ടായിരുന്നുവെന്നും, ഈസാ (അ) നെക്കുറിച്ചുനിലവിലുള്ള ക്രിസ്ത്യാനികളുടെ വിശ്വാസപ്രകാരം തന്നെ മർയമിലും അവർ ദിവ്യത്വം കൽപിക്കുന്നതായി ഏർപ്പെടുന്നുവെന്നും തീർച്ചയാണ്. ക്രിസ്തുമതത്തിന്റെ ഏറ്റവും അടിസ്ഥാനപരമായ തത്വങ്ങൾപോലും മന്നിലധികം പ്രാവശ്യം മാററത്തിരുത്തം ചെയ്യപ്പെടുകയും പൊളിച്ചെഴുത്തു നടത്തപ്പെടുകയും ചെയ്തവയാണല്ലോ. അക്കൂട്ടത്തിൽ, ആ പഴയ വിശ്വാസ സിദ്ധാന്തം നിലവിലുള്ള ചില ക്രിസ്തീയ വിഭാഗങ്ങൾ കയ്യൊഴിച്ചിട്ടുണ്ടെങ്കിൽ അതിൽ അതിശയിക്കാനൊന്നുമില്ല. ക്രിസ്ത്യാനികളിൽ തന്നെ ചില വിഭാഗക്കാർ ഇന്നും മർയം (അ) നു ദിവ്യത്വം കൽപിച്ചു വരുന്നുണ്ടുതാനും. വേദപുസ്തക നിഘണ്ടുവിന്റെ വാക്യങ്ങളിൽ നിന്നു ഈ പരമാർത്ഥം വ്യക്തമാണ്.

'യേശുവിന്റെ അമ്മയായ മറിയ'യെക്കുറിച്ചു നിഘണ്ടു പറയുന്നു: 'അപ്പൊക്രിഫാ സുവിശേഷങ്ങളെ (*) എഴുതിയവരും അവയെ വിശ്വസിച്ചവരും ഇവളെ ആരാധ്യയായി കരുതി. ക്രിസ്താബ്ദം 450നോടുകൂടി ഇവൾക്ക് 'ദൈവത്തെ പ്രസവിച്ചവൾ' എന്ന സ്ഥാനപ്പേർ നൽകി. തൻമൂലം അനേകർ ഇവൾക്കു 'ദൈവ മാതാ' എന്നു സംബോധന നൽകി. ഇവളെ ആരാധിക്കേണ്ടതാണെന്നു നിശ്ചയിക്കയും ചെയ്തു. അതിനു ശേഷം, ഇവൾ പാപരഹിതയാണെന്നും, ശരീരം സ്വർഗ്ഗത്തിൽ പോയി എന്നും വിശ്വസിച്ചു തുടങ്ങി. റോമാ സഭക്കാർ ഇവളെ മഹത്വപ്പെടുത്തുവാൻ നടത്തിയ ആരാധനാമുറകളെ നോക്കിയാൽ ആ സഭയിൽ അനേകർ യേശുക്രിസ്തുവിനൊപ്പം ലെത്തന്നെ അവന്റെ അമ്മയായ മറിയയെയും ബഹുമാനിക്കുന്നുവെന്നു കാണാം. (വേ. പു. നി. ഭാ: 331) നബി(സ) യുടെ കാലത്തു റോമാ ചക്രവർത്തിയായിരുന്ന ഹിറക്ലിയൂസിന്റെ പതാകയിൽ 'ദൈവമാതാവി'ന്റെ ചിത്രം ഉണ്ടായിരുന്നുവെന്നും, അതിന്റെ അനുഗ്രഹം കൊണ്ടു തന്റെ പതാക താണുപോകയില്ലെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നുവെന്നും ചില പണ്ഡിതൻമാർ രേഖപ്പെടുത്തി കാണുന്നുമുണ്ട്. മേൽ ഉദ്ധരിച്ചതിൽ നിന്നു ഇക്കാലത്തെ ക്രിസ്ത്യാനികളിൽ ചിലർ—പ്രൊട്ടസ്റ്റന്റുകാർ വിശേഷിച്ചും—മർയം (അ) നെപ്പററി ദൈവമെന്നു പറയാറില്ലെങ്കിലും, അവരെ ദൈവമായിത്തന്നെ ക്രിസ്ത്യാനികൾ മുൻകാലത്തു കരുതി വന്നിരുന്നുവെന്നും, ഇന്നും ചിലർ കരുതി വരുന്നുണ്ടെന്നും, ഖുർആന്റെ പ്രസ്താവന അക്ഷരാർത്ഥത്തിൽ ശരിയാണെന്നും, ഈ വാസ്തവം മൂടിവെച്ചുകൊണ്ടാണ് പ്രസ്തുത പാതിരിമാർ ഖുർആന്റെ മേൽ ആക്ഷേപം പുറപ്പെടുവിക്കുന്നതെന്നും സ്പഷ്ടമായല്ലോ. [illegible]

അബ്ദുല്ലാഹിബ്നു അംറിബ്നിൽ ആസ്വ് (റ) പറഞ്ഞതായി ഇബ്നു അബീഹാതിം (റ) രിവായത്തു ചെയ്യുന്നു: ഈസാ (അ) പറഞ്ഞ .... إِنْ تُعَذِّبْهُمْ فَإِنَّهُمْ (നീ അവരെ ശിക്ഷിക്കുന്നപക്ഷം അവർ നിന്റെ അടിയാൻമാരാണു....) എന്ന വാക്യം അതിന്റെ അവസാനം വരെ നബി (സ) ഓതുകയുണ്ടായി. എന്നിട്ടു രണ്ടു കൈയ്യും ഉയർത്തിപ്പിടിച്ചുകൊണ്ട് 'അല്ലാഹുവേ! എന്റെ സമുദായം!' എന്നു പറഞ്ഞ് അവിടുന്നു കരയുകയും ചെയ്തു. അപ്പോൾ അല്ലാഹു ജിബ്രീൽ (അ) നോടു പറഞ്ഞു: നിന്റെ റബ്ബിനു നല്ലവണ്ണം അറിയാം, എന്നാലും നീ മുഹമ്മദിന്റെ അടുക്കൽ ചെന്നു കരയുവാൻ കാരണമെന്തെന്നു ചോദിക്കുക' അങ്ങനെ, ജിബ്രീൽ (അ) വന്നു ചോദിച്ചു. തിരുമേനി വിവരം അറിയിച്ചു. അപ്പോൾ അല്ലാഹു ജിബ്രീലിനോടു പറഞ്ഞു: 'നീ മുഹമ്മദിന്റെ അടുക്കൽ ചെന്നു പറയുക: നിന്റെ സമുദായത്തിന്റെ കാര്യത്തിൽ നാം നിന്നെ തൃപ്തിപ്പെടുത്തിത്തരുന്നതാകുന്നു. നിന്നെ നാം അതൃപ്തിപ്പെടുത്തുകയില്ല.' ഇതാണ്ടിപ്രകാരം മുസ്ലിമും (റ) ഉദ്ധരിച്ചിരിക്കുന്നു.

ഇബ്നു അബ്ബാസ് (റ)ൽനിന്നു അബൂദാവൂദു (റ) നിവേദനം ചെയ്യുന്ന ഒരു ഹദീസിൽ നബി (സ) ഇങ്ങിനെ പറഞ്ഞതായി കാണാം: 'ഖിയാമത്തു നാളിൽ ആദ്യമായി വസ്ത്രം ധരിപ്പിക്കപ്പെടുന്നതു ഇബ്രാഹീമിന് (അ) ആയിരിക്കും. അറിയുക: എന്റെ സമുദായത്തിൽനിന്നു ചില മനുഷ്യരെ കൊണ്ടുവന്ന് അവരെ ഇടത്തുവശത്തേക്കു (അവിശ്വാസികളായ കുറ്റവാളികളുടെ പക്ഷത്തേക്ക്) എടുക്കും. അപ്പോൾ, ഞാൻ: 'എന്റെ ആൾക്കാർ!' എന്നു പറയും. അപ്പോൾ എന്നോടു പറയപ്പെടും: 'അവർ താങ്കൾക്കുശേഷം പുതുതായി ഉണ്ടാക്കിത്തീർത്തതിനെക്കുറിച്ച്

(*) തള്ളപ്പെട്ട വേദപുസ്തകങ്ങൾ (الكتب المتروكة) എന്നു വിവക്ഷ. വേദപുസ്തക നിഘണ്ടുവിൽ ഇങ്ങിനെ കാണാം: 'അപ്പൊക്രിഫാ, എന്നാൽ ഒളിക്കപ്പെട്ടത് എന്നർത്ഥം. ആദ്യം മററുള്ളവർ വായിക്കാതിരിക്കുവാനായി പഴയ നിയമത്തിൽ ഉൾപ്പെടാതെ രഹസ്യമായി വെച്ചിരുന്ന ചില പുസ്തകങ്ങൾ ഉണ്ടായിരുന്നു.......ആദ്യ ക്രിസ്ത്യാനികൾ ഇവയെ ഉപയോഗിച്ചു എങ്കിലും ഈ പുസ്തകങ്ങൾക്കും പഴയ നിയമത്തിനുമുള്ള വ്യത്യാസം ഇവർക്കു മനസ്സിലായി, അതു നിമിത്തം ഇവ സ്വീകാര്യങ്ങളല്ല എന്നു അഭിപ്രായമുണ്ടായിരുന്നു. പുതിയ നിയമ പുസ്തകങ്ങൾ എഴുതപ്പെട്ടശേഷം ഇവയുടെ മഹിമ ക്രമേണ കുറഞ്ഞുപോയി. ഇവയെ വിശുദ്ധ വേദത്തിലെ പുസ്തകങ്ങളോട് ചേർക്കാൻ പാടില്ല എന്നുള്ള അഭിപ്രായമുണ്ടായപ്പോൾ ഇവർക്കു 'തള്ളപ്പെട്ട പുസ്തകങ്ങൾ' എന്നു പേരു വന്നു....' (ഭാ: 15).

താങ്കൾക്കു അറിഞ്ഞുകൂടാ.' അപ്പോൾ ആ നല്ല അടിയാൻ (ഈസാ നബി) പറഞ്ഞതുപോലെ ഞാൻ പറയും: وَكُنتُ عَلَيْهِمْ شَهِيدًا.... (ഞാൻ അവരിൽ ഉണ്ടായിരുന്നപ്പോൾ ഞാൻ അവരിൽ സാക്ഷ്യം വഹിക്കുന്നവനായിരുന്നു....) അപ്പോൾ പറയപ്പെടും: 'താങ്കൾ അവരെ പിരിഞ്ഞതു മുതൽ അവർ പിന്നാക്കം മടങ്ങിക്കൊണ്ടിരിക്കുകയായിരുന്നു.' ഈ ഹദീസു ബുഖാരി (റ)യും ഉദ്ധരിച്ചിട്ടുണ്ട്. ഒരു രാത്രി, നേരം പുലരുവോളം ...إِن تُعَذِّبْهُمْ فَإِنَّهُمْ عِبَادُكَ (നീ അവരെ ശിക്ഷിക്കുന്നപക്ഷം അവർ നിന്റെ അടിയാൻമാരാണു) എന്നു തുടങ്ങി ആയത്തിന്റെ അവസാനംവരെ ഓതിക്കൊണ്ടു നബി (സ) നമസ്കരിച്ചതായും ഹദീസിൽ വന്നിരിക്കുന്നു. (അ;ന)

ഒരു സംഗതി ഇവിടെ പ്രത്യേകം ഓർമ്മിച്ചിരിക്കേണ്ടിയിരിക്കുന്നു. അതായതു: تَوَفَّيْتَنِي എന്ന വാക്കിനു 'നീ എന്റെ ആയുസ്സു പൂർത്തിയാക്കിയപ്പോൾ' എന്നും മറ്റും വാക്കർത്ഥം കല്പിച്ചുകൊണ്ട് അദ്ദേഹം കുരിശു സംഭവത്തിൽനിന്നു രക്ഷപ്പെട്ടശേഷം പിന്നീടു മരണപ്പെട്ടുപോയിരിക്കയാണെന്നും, ഉപരിലോകത്തേക്കു ഉയർത്തപ്പെടുകയുണ്ടായിട്ടില്ലെന്നും, കാലാവസാനത്തിൽ അദ്ദേഹം ഭൂമിയിലേക്കു ഇറങ്ങി വരുമെന്ന വിശ്വാസം ശരിയല്ലെന്നും, അതു ക്രിസ്ത്യാനികളിൽനിന്നു മുസ്ലിംകളിലേക്കു നുഴഞ്ഞു കയറിയ വിശ്വാസമാണെന്നും മറ്റും ചില വക്രബുദ്ധികൾ കുറേ വലിച്ചുനീട്ടി പ്രസ്താവിച്ചു കാണുന്നു. تَوَفَّى എന്ന വാക്കിന്റെ അർത്ഥങ്ങളെയും പ്രയോഗങ്ങളെയും കുറിച്ചു സൂ: ആലുഇംറാൻ 55-ാം വചനത്തിൽവെച്ചും മറ്റും നാം വേണ്ടത്ര വിവരിച്ചിട്ടുള്ളതുകൊണ്ടു ഇവിടെ ആ ഭാഗം വിട്ടു കളയുകയാണു. 'മരണപ്പെടുത്തുക' എന്നല്ല ഇവിടെ അതിനു അർത്ഥമെന്നും, ഭൂമിയിലെ ജീവിതം അവസാനിപ്പിക്കുക എന്നാണു ഉദ്ദേശമെന്നും, ഭൂമിയിലെ ജീവിതം അവസാനിപ്പിച്ചു ഉപരിലോകത്തേക്കു ഉയർത്തപ്പെടുക മാത്രമാണുണ്ടായിട്ടുള്ളതെന്നും കാര്യകാരണസഹിതം നാം അവിടെ വിവരിച്ചിട്ടുണ്ട്. അദ്ദേഹം വീണ്ടും ഭൂമിയിലേക്കു ഇറങ്ങി വരുമെന്നു മുസ്ലിംകൾ വിശ്വസിക്കുന്നതു സ്വഹീഹായ പല ഹദീസുകളെയും അടിസ്ഥാനമാക്കിയാണെന്നും—ഇവർ പറയുംപോലെ ക്രിസ്ത്യാനികളെ അനുകരിച്ചുകൊണ്ടല്ലെന്നും— ഒന്നിലധികം സന്ദർഭങ്ങളിൽ നാം ചൂണ്ടിക്കാട്ടുകയും ചെയ്തിരിക്കുന്നു.

122 അല്ലാഹു പറഞ്ഞു (അഥവാ പറയുന്നതാണ്): ഇതു, സത്യവാൻമാർക്കു തങ്ങളുടെ സത്യം ഉപകരിക്കുന്ന ദിവസമാകുന്നു. അവർക്കു അടിഭാഗത്തിലൂടെ അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗ്ഗങ്ങളുണ്ടായിരിക്കും.– (അവർ) അതിൽ എന്നെന്നും നിത്യവാസികളായ നിലയിൽ.

അവരെക്കുറിച്ചു അല്ലാഹു തൃപ്തിപ്പെടുന്നതാണ്: അവനെക്കുറിച്ചു അവരും തൃപ്തിപ്പെടുന്നതാണ്.

അതത്രെ വമ്പിച്ച വിജയം!

قَالَ اللَّهُ هَٰذَا يَوْمُ يَنفَعُ الصَّادِقِينَ صِدْقُهُمْ ۚ لَهُمْ جَنَّاتٌ تَجْرِي مِن تَحْتِهَا الْأَنْهَارُ خَالِدِينَ فِيهَا أَبَدًا ۚ
رَّضِيَ اللَّهُ عَنْهُمْ وَرَضُوا عَنْهُ ۚ
ذَٰلِكَ الْفَوْزُ الْعَظِيمُ ○

---

122. قَالَ അല്ലാഹു പറഞ്ഞു, പറയും هَٰذَا يَوْمُ ഇതു ദിവസമാകുന്നു يَنفَعُ ഉപകരിക്കുന്ന, ഫലംചെയ്യുന്ന الصَّادِقِينَ സത്യവാൻമാർക്കു, സത്യം പറയുന്നവർക്കു صِدْقُهُمْ തങ്ങളുടെ സത്യം لَهُمْ അവർക്കുണ്ടു, ഉണ്ടായിരിക്കും جَنَّاتٌ (ചില) സ്വർഗ്ഗങ്ങൾ تَجْرِي നടക്കും (ഒഴുകും) مِن تَحْتِهَا അവയുടെ അടിയിലൂടെ الْأَنْهَارُ അരുവികൾ, നദികൾ خَالِدِينَ സ്ഥിര (നിത്യ) വാസികളായിക്കൊണ്ടു فِيهَا അതിൽ, അവയിൽ أَبَدًا എന്നെന്നും, സ്ഥിരമായും, എന്നെന്നേക്കും رَضِيَ اللَّهُ അല്ലാഹു തൃപ്തിപ്പെടുന്നതാണ് عَنْهُمْ അവരെപ്പറ്റി وَرَضُوا അവരും തൃപ്തിപ്പെടുന്നതാണ് عَنْهُ അവനെപ്പറ്റി ذَٰلِكَ الْفَوْزُ അതത്രെ വിജയം الْعَظِيمُ വമ്പിച്ച, മഹത്തായ

കഴിഞ്ഞ വചനങ്ങളിൽ പ്രസ്താവിച്ച സംഭാഷണം അധിക വ്യാഖ്യാതാക്കളും പറയുന്നതുപോലെ, ഖിയാമത്തു നാളിൽ നടക്കാനുള്ളതായാലും, ഇബ്നുജരീറും (റ) മറ്റു ചിലരും അഭിപ്രായപ്പെട്ടതുപോലെ ഈസാ (അ) ഉയർത്തപ്പെട്ടശേഷം നടന്നിട്ടുള്ളതായാലും— രണ്ടായാലും— ഈ വചനത്തിൽ പ്രസ്താവിക്കുന്നതു ഖിയാമത്തു നാളിനെക്കുറിച്ചു തന്നെയാകുന്നു. പക്ഷെ—ഇബ്നുജരീർ (റ) ചൂണ്ടിക്കാട്ടിയതുപോലെ— ആദ്യത്തെ അഭിപ്രായ പ്രകാരം

ഈ വചനത്തിലെ വാക്യങ്ങൾ, ഈസാ (അ) നബിയുടെ മറുപടിയെ തുടർന്ന് അല്ലാഹു പറയുന്നതായിരിക്കും. മറ്റെ ഒരഭിപ്രായ പ്രകാരം ആ മറുപടിയും ഈ വചനവുമായി ഒരു പ്രത്യേക ബന്ധം ഉണ്ടായിരിക്കയില്ല.

സത്യവാന്മാർക്കു അവരുടെ സത്യം ഉപകരിക്കുമെന്നു പറഞ്ഞതിന്റെ താൽപര്യം, ഇഹത്തിൽവെച്ചു സത്യം പറയുകയും പ്രവർത്തിക്കുകയും ചെയ്തവർക്കു പരലോകത്ത് അതുമൂലം പ്രയോജനം-അഥവാ മഹത്തായ പ്രതിഫലം-ലഭിക്കുമെന്നത്രെ. അല്ലാതെ, ഇഹത്തിൽവെച്ചു സത്യം പാലിച്ചിട്ടില്ലെങ്കിലും പരലോകത്തു വിചാരണാവേളയിൽ സത്യം തുറന്നു പറഞ്ഞതുകൊണ്ടു രക്ഷപ്പെടാമെന്നല്ലെന്നു പറയേണ്ടതില്ല. ശാശ്വതമായ സ്വർഗ്ഗീയ ജീവിതം സിദ്ധിക്കുകയെന്നതു മഹാഭാഗ്യം തന്നെ. എന്നാൽ അതിനെക്കാൾ മഹത്തായ ഭാഗ്യമത്രെ അല്ലാഹുവിന്റെ പ്രീതി ലഭിക്കൽ. (ورضوان من الله أكبر) അതുകൊണ്ടാണ് അവർക്കു സ്ഥിരമായ സ്വർഗ്ഗീയ ജീവിതമുണ്ടെന്നു പറഞ്ഞശേഷം അല്ലാഹുവിന്റെ തൃപ്തിയും അവർക്കു ലഭിക്കുമെന്നു പ്രത്യേകം പറഞ്ഞിരിക്കുന്നത്. അല്ലാഹു അവരെക്കുറിച്ചു തൃപ്തിപ്പെടുമ്പോൾ അവർക്കവൻ നൽകുന്ന അവർണ്ണനീയങ്ങളായ അനുഗ്രഹങ്ങൾ അവർക്കു മതിവരുവോളം ഉണ്ടായിരിക്കുമല്ലോ. അതുകൊണ്ടു അവർക്കു അല്ലാഹുവിനെക്കുറിച്ചും പരിപൂർണ്ണമായ തൃപ്തിയായിരിക്കും ഉണ്ടായിരിക്കുക. ഇതിൽപരം ഭാഗ്യം മറ്റെന്തുണ്ട്? ഇല്ല. ഒന്നുമില്ല. അതുതന്നെ ഏറ്റവും മഹത്തായ ഭാഗ്യം! (ذلك هو الفوز العظيم)

١٢٣- لِلَّهِ مُلْكُ السَّمَاوَاتِ وَالْأَرْضِ وَمَا فِيهِنَّ ۚ وَهُوَ عَلَىٰ كُلِّ شَيْءٍ قَدِيرٌ ع

123. അല്ലാഹുവിനാണ് ആകാശങ്ങളുടെയും ഭൂമിയുടെയും അവയിലുള്ളതിന്റെയും രാജത്വം.
അവൻ എല്ലാ കാര്യത്തിനും കഴിവുള്ളവനുമാകുന്നു.

---

123. لله അല്ലാഹുവിനാണു ملك രാജത്വം السموات ആകാശങ്ങളുടെ والأرض ഭൂമിയുടെയും وما فيهن അവയിലുള്ളതിന്റെയും وهو അവൻ അവനാകട്ടെ على كل شيء എല്ലാ കാര്യത്തിനും വസ്തുവിന്റെ മേലും قدير കഴിവുള്ളവനാണ്

എല്ലാ സനാതന നിയമങ്ങളുടെയും, എല്ലാ ധാർമ്മിക വ്യവസ്ഥകളുടെയും, ഇസ്ലാമികമായ എല്ലാ വിശ്വാസാചാരാനുഷ്ഠാന മുറകളുടെയും അടിത്തറ പുണിക്കൊട്ടുന്നതാണു ഈ വചനം. അൽപമാത്രം വാക്കുകൾ, അർത്ഥപുഷ്ടിയും വ്യാപ്തിയും നോക്കുമ്പോൾ സർവ്വ വ്യാപകവും! ഈ വചനത്തോടെ അല്ലാഹു ഈ മഹത്തായ സൂറത്തു അവസാനിപ്പിക്കുന്നു.

الله أكبر الله أكبر. لا إله إلا الله والله أكبر. الله أكبر ولله الحمد.

اللهم لك الحمد ولك المنة والفضل

[كان الفراغ من تسويد تفسير هذه السورة المباركة ليلة عيد الأضحى - ليلة الخميس سنة ١٣٩٦ هـ الموافق ١٩٧٦/١٢/١ م
والفراغ من تبييضه يوم الثلاثاء ثامن عشر من رمضان المبارك سنة ١٣٩٨ هـ الموافق ١٩٧٨/٨/٢٢ م – مؤلف]

6. സൂറത്തുൽ അൻആം

മക്കയിൽ അവതരിച്ചതു — വചനങ്ങൾ 165 — വിഭാഗം (റുകൂഅ്) 20

ഈ സൂറത്തു മുഴുവനും ഒരേ പ്രാവശ്യം തന്നെ അവതരിച്ചതാണെന്നും, ഇതവതരിച്ചപ്പോൾ ഇതിന്റെ ബഹുമാനാർത്ഥം വളരെ മലക്കുകളും അതോടൊപ്പം ഇറങ്ങുകയുണ്ടായെന്നും കാണിക്കുന്ന പല രിവായത്തുകളും കാണാം. മക്കീ സൂറത്തുകളിലെ പതിവു പ്രകാരം ഇതിലെ പ്രധാന പരാമർശങ്ങൾ മുശ്‌രിക്കുകളുടെ വിശ്വാസാചാരങ്ങളെയും, തൗഹീദിനെയും സംബന്ധിച്ചാകുന്നു. അക്കൂട്ടത്തിൽ, ആടുമാടൊട്ടകങ്ങളാകുന്ന കാലികളെ അല്ലാഹു അല്ലാത്തവർക്ക് നേർച്ചവഴിപാടാക്കിക്കൊണ്ടുള്ള മുശ്‌രിക്കുകളുടെ ദുരാചാരങ്ങളെ സംബന്ധിച്ച് ഈ സൂറത്തിൽ കൂടുതൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്നതുകൊണ്ട് ഇതിനു سورة الانعام (കാലികളുടെ—അഥവാ ആടുമാടൊട്ടകങ്ങളുടെ—അദ്ധ്യായം) എന്നു പറയപ്പെടുന്നു. ഇതിലെ പ്രസ്താവനകളിൽ പലതും മക്കാ മുശ്‌രിക്കുകളെ പരാമർശിക്കുന്നവയായതുകൊണ്ടു അവരുടെ പല വാദങ്ങളും തർക്കങ്ങളും قالوا (അവർ പറയുന്നു) എന്നും, അവർക്കുള്ള മറുപടികൾ قل (പറയുക) എന്നും പറഞ്ഞു കൊണ്ട് ആരംഭിക്കുന്നതായി കാണാം.

بِسْمِ اللَّهِ الرَّحْمَٰنِ الرَّحِيمِ

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

١- الْحَمْدُ لِلَّهِ الَّذِي خَلَقَ السَّمَاوَاتِ وَالْأَرْضَ وَجَعَلَ الظُّلُمَاتِ وَالنُّورَ ثُمَّ الَّذِينَ كَفَرُوا بِرَبِّهِمْ يَعْدِلُونَ

1. (സർവ്വ) സ്തുതി (യും) അല്ലാഹുവിനാണ്; ആകാശങ്ങളെയും, ഭൂമിയെയും സൃഷ്ടിക്കുകയും, അന്ധകാരങ്ങളും, പ്രകാശവും ഏർപ്പെടുത്തുകയും ചെയ്തവൻ.

എന്നിട്ടും അവിശ്വസിച്ചവർ തങ്ങളുടെ റബ്ബിനോടു സമപ്പെടുത്തുന്നു!

---

1. الحمد സ്തുതി (എല്ലാം) لله അല്ലാഹുവിനാണ് الذي خلق സൃഷ്ടിച്ചവൻ, സൃഷ്ടിച്ചവനായ السموات ആകാശങ്ങളെ والارض ഭൂമിയെയും وجعل അവൻ ആക്കുക(ഉണ്ടാക്കുക)യും ചെയ്തു, ഏർപ്പെടുത്തുകയും ചെയ്തു الظلمات അന്ധകാരങ്ങളെ والنور പ്രകാശത്തെയും ثم പിന്നെ, എന്നിട്ടും الذين كفروا അവിശ്വസിച്ചവർ بربهم തങ്ങളുടെ റബ്ബിനോടു, റബ്ബിന്നു يعدلون അവർ സമപ്പെടുത്തുന്നു, കിടയൊപ്പിക്കുന്നു.

٢- هُوَ الَّذِي خَلَقَكُم مِّن طِينٍ
ثُمَّ قَضَىٰ أَجَلًا
وَأَجَلٌ مُّسَمًّى عِندَهُ
ثُمَّ أَنتُمْ تَمْتَرُونَ ○

2. അവനത്രെ, കളിമണ്ണിൽ നിന്ന് നിങ്ങളെ സൃഷ്ടിച്ചവൻ; പിന്നെ അവൻ ഒരു അവധി നിശ്ചയി(ച്ചു വെ)ച്ചിരിക്കുന്നു. നിർണ്ണയം ചെയ്യപ്പെട്ട ഒരു അവധി അവന്റെ അടുക്കലുണ്ടുതാനും. എന്നിട്ടും, നിങ്ങൾ സന്ദേഹപ്പെട്ടുകൊണ്ടിരിക്കുന്നു!

٣- وَهُوَ اللَّهُ فِي السَّمَاوَاتِ وَفِي الْأَرْضِ
يَعْلَمُ سِرَّكُمْ
وَجَهْرَكُمْ
وَيَعْلَمُ مَا تَكْسِبُونَ ○

3. അവൻ തന്നെയാണ് ആകാശങ്ങളിലും ഭൂമിയിലും അല്ലാഹു. നിങ്ങളുടെ രഹസ്യവും, നിങ്ങളുടെ പരസ്യവും അവൻ അറിയുന്നു. നിങ്ങൾ (പ്രവർത്തിച്ചു) സമ്പാദിക്കുന്നതും അവൻ അറിയുന്നു.

---

2. هو الذي അവനത്രെ യാതൊരുവൻ, അവൻ യാതൊരുവനാണു خلقكم നിങ്ങളെ സൃഷ്ടിച്ച من طين കളിമണ്ണിനാൽ, കളിമണ്ണിൽനിന്നു ثم قضى പിന്നെ അവൻ നിശ്ചയം ചെയ്തു, തീരുമാനിച്ചു أجلا ഒരവധി وأجل مسمى പേരു പറയപ്പെട്ട (നിർണ്ണയം ചെയ്യപ്പെട്ട) അവധി عنده അവന്റെ അടുക്കലുണ്ടു(താനും) ثم പിന്നെ, എന്നിട്ടും أنتم നിങ്ങൾ تمترون നിങ്ങൾ സന്ദേഹ (സംശയ)പ്പെടുന്നു. 3. وهو الله അവൻ അല്ലാഹുവത്രെ في السموات ആകാശങ്ങളിൽ وفي الأرض ഭൂമിയിലും يعلم അവൻ അറിയും, അറിയുന്നു سركم നിങ്ങളുടെ രഹസ്യം وجهركم നിങ്ങളുടെ പരസ്യവും ويعلم അവൻ അറിയുകയും ചെയ്യും ما تكسبون നിങ്ങൾ സമ്പാദിക്കുന്നതു, പ്രവർത്തിച്ചു വെക്കുന്നതു

الحمد لله (അല്ലാഹുവിനാണു സർവ്വസ്തുതിയും) എന്നുള്ള സ്തുതികീർത്തന വാക്യം കൊണ്ടു ആരംഭിക്കുന്ന അഞ്ചു സൂറത്തുകളിൽ രണ്ടാമത്തേതാണിത്. ഒന്നാമത്തേതു ഫാതിഹഃയും, മൂന്നാമത്തേതു അൽകഹ്ഫും, നാലാമത്തേതു സബഉം, അഞ്ചാമത്തേതു ഫാത്വിറുമാകുന്നു. ഓരോന്നിലും ഈ വാക്യത്തെത്തുടർന്നു പ്രസ്താവിക്കപ്പെട്ടിരിക്കുന്ന കാര്യങ്ങൾ പരിശോധിച്ചാൽ, സ്തുതികീർത്തനങ്ങളെല്ലാം യഥാർത്ഥത്തിൽ അർഹനായുള്ളവൻ അല്ലാഹു മാത്രമാണെന്നു തെളിയിക്കുന്ന അവന്റെ ചില സവിശേഷ ഗുണങ്ങളായിരിക്കും അവയെന്നു കാണാവുന്നതാണ്.

حمد (സ്തുതി) എന്ന പദത്തിന്റെ അർത്ഥോദ്ദേശ്യങ്ങളും, എല്ലാ സ്തുതിയും അല്ലാഹുവിനാണെന്നു പറയുന്നതിന്റെ താൽപര്യവും സൂറത്തുൽ ഫാതിഹഃയിൽ വെച്ചു മുമ്പു വിവരിച്ചു കഴിഞ്ഞിട്ടുണ്ട്. ആകാശഭൂമികളെ സൃഷ്ടിച്ചവനും, അന്ധകാരവും പ്രകാശവും ഏർപ്പെടുത്തിയവനും അല്ലാഹു തന്നെയാണെന്നു മുശ്രിക്കുകൾക്കും അറിയാം. അപ്പോൾ, അതിലൊന്നിലും പങ്കില്ലാത്തതും, അവന്റെ സൃഷ്ടികളിൽ പെട്ടതുമായ വസ്തുക്കളെ — അവ ജീവികളോ നിർജ്ജീവികളോ ആവട്ടെ — ആരാധിച്ചും പ്രാർത്ഥിച്ചും കൊണ്ട് അവനോടു സമപ്പെടുത്തുകയും കിടയൊപ്പിക്കുകയും ചെയ്യുന്നതു തികച്ചും വിരോധാഭാസവും, വിഡ്ഢിത്തവുമാണല്ലോ. ഇതാണു ഒന്നാമത്തെ വചനത്തിൽ ചൂണ്ടിക്കാട്ടുന്നത്. എല്ലാതരം അന്ധകാരങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ടു ظلمات (അന്ധകാരങ്ങൾ) എന്നു ബഹുവചന രൂപത്തിലും, ഏതെന്നിനു പ്രകാശമെന്നു പറയാമോ അതിനെയെല്ലാം ഉദ്ദേശിച്ചുകൊണ്ടു نور (പ്രകാശം) എന്നു ഏകവചന രൂപത്തിലുമാണ് ഇവിടെയും മറ്റു പല സ്ഥലങ്ങളിലും ഖുർആനിൽ ഉപയോഗിച്ചിരിക്കുന്നത്. ഇതിനു പല കാരണങ്ങളും വ്യാഖ്യാതാക്കൾ പ്രസ്താവിച്ചു കാണുന്നു. അന്ധകാരങ്ങളുടെ വൈവിധ്യവും, അവ്യവസ്ഥയും, അതിന്റെ ആധിക്യവും സൂചിപ്പിച്ചുകൊണ്ടു അതിനെ ബഹുവചനമായും, അന്ധകാരങ്ങളെ നീക്കം ചെയ്യുവാനുള്ള ഏകമാർഗ്ഗം അതാതിനനുസരിച്ച പ്രകാശം മാത്രമാണെന്നു സൂചിപ്പിച്ചുകൊണ്ടു അതിനെ ഏകവചനരൂപത്തിലും പറഞ്ഞിരിക്കുകയാണെന്നു സാമാന്യമായി പറയാം. ഇരുട്ടും വെളിച്ചവും ഉണ്ടാക്കിയവൻ അല്ലാഹുവാണെന്നു പറഞ്ഞതിൽ, തിൻമകളുടെ പ്രതീകമാകുന്ന അന്ധകാരം എന്ന ഒരു വശത്തിലും,

തിന്മകളുടെ സ്രഷ്ടാവായ പ്രകാശം, എന്ന മറ്റൊരു ദൈവത്തിലും വിശ്വസിക്കുന്ന ദ്വൈതവാദത്തി (*)ന്റെ ഖണ്ഡനം കൂടി ഉൾക്കൊള്ളുന്നു. രണ്ടിന്റെയും സ്രഷ്ടാവ് അല്ലാഹുവാണെന്നും, രണ്ടും അവന്റെ സൃഷ്ടിയാണെന്നുമിരിക്കെ അവയിലൊന്നിനെയും ദൈവമായി സങ്കൽപിക്കുന്നതിനു അർത്ഥമില്ലല്ലോ.

രണ്ടാമത്തെ വചനത്തിൽ മൂന്നു കാര്യങ്ങൾ അല്ലാഹു എടുത്തു കാണിച്ചിരിക്കുന്നു: (1) മനുഷ്യരെ നിങ്ങളെ അവൻ കളിമണ്ണിനാൽ സൃഷ്ടിച്ചിരിക്കുന്നുവെന്നു. മനുഷ്യപിതാവായ ആദം (അ)നെ കളിമണ്ണിനാൽ സൃഷ്ടിച്ചതാണെന്നു ഖുർആനിൽ അനേകം സ്ഥലത്തു പ്രസ്താവിച്ചിട്ടുള്ളതാണ്. ഇതനുസരിച്ച് അദ്ദേഹത്തിന്റെ സന്തതികളുടെയും ഉത്ഭവം കളിമണ്ണിൽ നിന്നാണെന്നായിരിക്കാം അതിന്റെ താൽപര്യം. ചില സ്ഥലങ്ങളിൽ ആദമിനെ മണ്ണിൽനിന്നു സൃഷ്ടിച്ചുവെന്നും, ചില സ്ഥലങ്ങളിൽ മനുഷ്യരെ മണ്ണിൽനിന്നു സൃഷ്ടിച്ചുവെന്നും പറഞ്ഞിരിക്കുന്നു. (ഉദാഹരണം: 3:59ഉം 22:5ഉം മററും.) മറ്റൊരു സ്ഥലത്തു മനുഷ്യന്റെ സൃഷ്ടിയുടെ തുടക്കം കളിമണ്ണിൽ നിന്നാണെന്നും പറഞ്ഞിരിക്കുന്നു. (32:7) അപ്പോൾ, മണ്ണിൽനിന്നു ഉൽപാദിക്കുന്ന സസ്യലതാദികൾ ഭക്ഷിച്ചുണ്ടാകുന്ന മനുഷ്യബീജത്തിൽ—ഇന്ദ്രിയത്തിൽ—നിന്നു മനുഷ്യരെ സൃഷ്ടിച്ചുവെന്നും ഉദ്ദേശ്യമാകാവുന്നതാണ്. والله اعلم (2) സൃഷ്ടിച്ചുവെന്നു മാത്രമല്ല, ഒരു അവധിയും അവൻ നിശ്ചയിച്ചുവെച്ചിരിക്കുന്നുവെന്നും, (3) നിർണ്ണയം ചെയ്യപ്പെട്ട മറ്റൊരവധിയും അവന്റെ അടുക്കൽ ഉണ്ടെന്നും.

ഒന്നാമത്തെ അവധികൊണ്ടു വിവക്ഷ മരണംവരെയുള്ള ജീവിതകാലമോ, വർത്തമാനകാലംവരെയുള്ള കാലമോ ആകാവുന്നതാണ്. രണ്ടാമത്തേതുകൊണ്ടു വിവക്ഷ മരണം മുതൽക്കുള്ള ഭാവി ജീവിതമോ, വർത്തമാനകാലം മുതൽ മരണംവരെയുള്ള കാലമോ ആയിരിക്കാവുന്നതുമാണ്. ഈ രണ്ടു അവധികളെപ്പററിയും പലരും പല പ്രകാരത്തിൽ വിവരിച്ചിട്ടുണ്ടെങ്കിലും അവയുടെ രത്നച്ചുരുക്കം ഇപ്പറഞ്ഞതാകുന്നു. ഏതായാലും രണ്ടാമത്തെ അവധികൊണ്ടു ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതു, അല്ലാഹുവിനല്ലാതെ മററാർക്കും അറിയുവാനോ അനുമാനിക്കുവാനോ കഴിയാത്ത ഒരു കാലാവധിയാണെന്നുള്ളതിൽ സംശയമില്ല. ഐഹിക ജീവിതം എപ്പോൾ അവസാനിക്കും, അഥവാ ഖിയാമത്തു നാൾ എപ്പോഴായിരിക്കും, ഓരോരുത്തന്റെയും ആയുഷ്കാലം ഏതുവരെയാണ്, പരലോക ജീവിതകാലം ഏതുവരെ നീണ്ടുനിൽക്കും എന്നിവയൊന്നും അല്ലാഹുവിനല്ലാതെ ആർക്കും അറിയുകയില്ലല്ലോ. ഇങ്ങിനെ, മനുഷ്യനെ മണ്ണിൽനിന്നു സൃഷ്ടിച്ചുണ്ടാക്കുകയും, ഭൂതവർത്തമാന ഭാവി കാലങ്ങളെല്ലാം നിശ്ചയിച്ചു നിർണ്ണയിക്കുകയും ചെയ്ത അല്ലാഹു മനുഷ്യരെ വീണ്ടും ജീവിപ്പിച്ച് മറ്റൊരു ജീവിതകാലംകൂടി അവനു നൽകുമെന്നതിൽ അവിശ്വാസികൾ സംശയിച്ചുകൊണ്ടിരിക്കുന്നതിന്റെ നിരർത്ഥതയാണു ഈ വചനത്തിൽ ചൂണ്ടിക്കാട്ടുന്നത്.

വസ്തുതകൾ ഇങ്ങിനെയിരിക്കെ, ആകാശഭൂമികളിലെല്ലാം ഏകാരാധ്യനായിരിക്കുവാൻ അർഹൻ അവൻ മാത്രമാണു. അവനാകട്ടെ, മനുഷ്യരുടെ സകല രഹസ്യപരസ്യങ്ങളും, സകല പ്രവർത്തനങ്ങളും അറിയുന്നവനുമാണ്. അതുപ്രകാരമുള്ള ഓരോരുവനും അവനവന്റെ ഭാവിയെക്കുറിച്ചു ബോധപൂർവ്വം കരുതിയിരിക്കേണ്ടതുണ്ട് എന്നത്രെ മൂന്നാമത്തെ വചനത്തിന്റെ താൽപര്യം. ഈ വചനങ്ങളുടെ ആഭിമുഖ്യം മനുഷ്യരോട് പൊതുവിലാണെങ്കിലും അവരിലുള്ള ബഹുദൈവ വിശ്വാസികളെയും, അവിശ്വാസികളെയും പ്രത്യേകം ഉന്നംവെച്ചുകൊണ്ടുള്ളതാണെന്നു വ്യക്തമാകുന്നു. തുടർന്നുള്ള വചനങ്ങളിൽ നിന്നു ഇതു കൂടുതൽ മനസ്സിലാക്കാവുന്നതുമാണു. ഒന്നാമത്തെ വചനത്തിൽ തൗഹീദും രണ്ടാമത്തേതിൽ പരലോക ജീവിതവും, മൂന്നാമത്തേതിൽ പ്രതിഫല നടപടിയും സ്ഥാപിച്ചശേഷം, അടുത്ത വചനങ്ങളിൽ പ്രവാചകത്വത്തിന്റെ സത്യതയെക്കുറിച്ചു ചൂണ്ടിക്കാട്ടുന്നു:—

٤- وَمَا تَأْتِيهِم مِّنْ آيَةٍ مِّنْ آيَاتِ رَبِّهِمْ إِلَّا كَانُوا عَنْهَا مُعْرِضِينَ ○

4 അവരുടെ റബ്ബിന്റെ ദൃഷ്ടാന്തങ്ങളിൽ നിന്നുള്ള ഒരു ദൃഷ്ടാന്തവും (തന്നെ) അവർക്കു വരുന്നില്ല, അവർ അതിനെപ്പററി (അശ്രദ്ധരായി) തിരിഞ്ഞു കളയുന്നവരാകാതെ.

(*) ثنوية (ദ്വൈതവാദം—Dualism) എന്ന പേരിൽ അറിയപ്പെടുന്ന ഒരു സിദ്ധാന്തമാണിതു. പരസ്പര വിരുദ്ധവും നിത്യസംഘട്ടനം നടന്നുകൊണ്ടിരിക്കുന്നതുമായ വെളിച്ചം, ഇരുട്ട് എന്നീ രണ്ടു മൂലശക്തികളിൽ നിന്നാണു എല്ലാ നൻമകളും, എല്ലാ തിൻമകളും ഉണ്ടാകുന്നത് എന്നത്രെ ഇതിന്റെ ചുരുക്കം. പേർഷ്യയിൽ പ്രചാരത്തിലുണ്ടായിരുന്ന ഈ സിദ്ധാന്തത്തിന്റെ ജനയിതാവു ക്രിസ്താബ്ദം 3-ാം നൂററാണ്ടിൽ ജീവിച്ച മാനി (مانى —Manes) ആയിരുന്നു. ഈ വിശ്വാസക്കാർ വെളിച്ചത്തിന്റെ നാമത്തിൽ ദേവപ്രതിഷ്ഠകളും, ഇരുട്ടിന്റെ നാമത്തിൽ ഭൂതപ്രതിഷ്ഠകളും നിർമ്മിച്ചു വന്നിരുന്നു.

5. അങ്ങനെ, അവർക്കു യഥാർത്ഥം വന്നപ്പോൾ അവർ അതിനെ വ്യാജമാക്കിക്കളഞ്ഞു. അതിനാൽ, അവർ ഏതൊന്നിനെക്കുറിച്ചു പരിഹസിച്ചുകൊണ്ടിരിക്കുകയാണോ അതിന്റെ വൃത്താന്തങ്ങൾ വഴിയെ അവർക്കു വന്നെത്തുന്നതാണ്.

٥- فَقَدْ كَذَّبُوا بِالْحَقِّ لَمَّا جَاءَهُمْ فَسَوْفَ يَأْتِيهِمْ أَنْبَاءُ مَا كَانُوا بِهِ يَسْتَهْزِئُونَ ۝

---

4. وما تأتيهم അവർക്കു വരുന്നില്ല من آية ഒരു ദൃഷ്ടാന്തവും (തന്നെ) من آيات ദൃഷ്ടാന്തങ്ങളിൽ നിന്നുള്ള ربهم അവരുടെ രക്ഷിതാവിന്റെ إلا كانوا അവർ ആകാതെ, ആയിരുന്നിട്ടല്ലാതെ عنها അതിനെപ്പററി, അതിൽനിന്നു معرضين തിരിഞ്ഞു കളയുന്നവർ (അവഗണിക്കുന്നവർ) 5. فقد كذبوا അങ്ങനെ (അതിനാൽ) അവർ വ്യാജമാക്കിക്കളഞ്ഞു بالحق യഥാർത്ഥത്തെ, സത്യത്തെ لما جاءهم അതവർക്കു വന്നപ്പോൾ فسوف എന്നാൽ (ആകയാൽ) വഴിയെ, പിന്നീടു يأتيهم അവർക്കു വരും أنباء യാതൊന്നിന്റെ വൃത്താന്തങ്ങൾ ما كانوا به അതിനെക്കുറിച്ചു അവരായിരുന്ന يستهزءون അവർ പരിഹസിക്കും

الحق (യഥാർത്ഥം) കൊണ്ടുദ്ദേശ്യം നബി (സ)യുടെ പ്രവാചകത്വവും, അതുമായി ബന്ധപ്പെട്ട ക്വുർആൻ മുതലായവയുമാകുന്നു. അവർ വ്യാജമാക്കി പരിഹസിച്ചു കൊണ്ടിരിക്കുന്ന ആ യഥാർത്ഥത്തിന്റെ പുലർച്ച താമസിയാതെ അവർക്കറിയാറാകും, അവരുടെ നിഷേധത്തിന്റെ ഫലം അവർ അനുഭവിക്കുകയും ചെയ്യും എന്നു അല്ലാഹു താക്കീതു ചെയ്യുന്നു. അതിന്റെ ഐഹികമായ പുലർച്ചയും ഫലവും ആ മുശ്‌രിക്കുകൾ കണ്ടനുഭവിക്കുകയും ഉണ്ടായി. പാരത്രികമായ ഫലങ്ങൾ അനുഭവിക്കുവാനിരിക്കുകയും ചെയ്യുന്നു.

6. അവർ കണ്ടില്ലേ, അവരുടെ മുമ്പ് എത്രയോ തലമുറകളെ നാം നശിപ്പിച്ചിരിക്കുന്നുവെന്ന്? നിങ്ങൾക്കു നാം ചെയ്തു തന്നിട്ടില്ലാത്ത സൗകര്യം ഭൂമിയിൽ അവർക്കു നാം സൗകര്യപ്പെടുത്തി (കൊടുത്തു); ആകാശത്തെ [മഴയെ] അവരിൽ നാം സമൃദ്ധമായി അയക്കുകയും ചെയ്തു; അവരുടെ അടിഭാഗത്തിലൂടെ ഒഴുകിക്കൊണ്ടു നാം അരുവികളെ ഏർപ്പെടുത്തുകയും ചെയ്തു;

എന്നിട്ട് അവരുടെ പാപങ്ങൾ നിമിത്തം അവരെ നാം നശിപ്പിച്ചു; അവരുടെ ശേഷം, വേറെ തലമുറയെ നാം ഉണ്ടാക്കുകയും ചെയ്തു.

٦- أَلَمْ يَرَوْا كَمْ أَهْلَكْنَا مِنْ قَبْلِهِمْ مِنْ قَرْنٍ مَكَّنَّاهُمْ فِي الْأَرْضِ مَا لَمْ نُمَكِّنْ لَكُمْ وَأَرْسَلْنَا السَّمَاءَ عَلَيْهِمْ مِدْرَارًا وَجَعَلْنَا الْأَنْهَارَ تَجْرِي مِنْ تَحْتِهِمْ فَأَهْلَكْنَاهُمْ بِذُنُوبِهِمْ وَأَنْشَأْنَا مِنْ بَعْدِهِمْ قَرْنًا آخَرِينَ ۝

---

6. ألم يروا അവർ കണ്ടില്ലേ كم എത്ര, എത്രയോ أهلكنا നാം നശിപ്പിച്ചു (എന്നു) من قبلهم അവരുടെ മുമ്പു من قرن തലമുറയിൽനിന്നു, തലമുറയെ مكناهم അവർക്കു നാം സൗകര്യം നൽകി في الأرض ഭൂമിയിൽ ما لم نمكن നാം സൗകര്യം നൽകാത്തതു لكم നിങ്ങൾക്കു وأرسلنا നാം അയക്കുകയും ചെയ്തു السماء ആകാശത്തെ(മഴയെ) عليهم അവരിൽ, അവർക്കു مدرارا തുരുതുരെയായി, സമൃദ്ധമായി وجعلنا നാം ആക്കുക (ഉണ്ടാക്കുക–ഏർപ്പെടുത്തുക)യും ചെയ്തു الأنهار അരുവികളെ تجري ഒഴുകുന്നതായി من تحتهم അവരുടെ അടിയിലൂടെ فأهلكناهم എന്നിട്ടു അവരെ നാം നശിപ്പിച്ചു بذنوبهم അവരുടെ പാപങ്ങൾനിമിത്തം وأنشأنا നാം ഉണ്ടാക്കുകയും ചെയ്തു من بعدهم അവരുടെശേഷം قرنا തലമുറയെ, കാലക്കാരെ آخرين വേറെ

ശക്തി, പ്രതാപം, ക്ഷേമം, ഐശ്വര്യം ആദിയായവയിൽ നിങ്ങളെ കവച്ചു വെച്ചിരുന്ന ആദ്, ഥമൂദ് പോലെയുള്ള പല സമുദായങ്ങളും നന്ദിയില്ലാതെ സത്യനിഷേധത്തിൽ അതിരു കവിഞ്ഞപ്പോൾ, അവരെ നശിപ്പിച്ച് അവരുടെ സ്ഥാനത്തു വേറെ പുതിയ തലമുറകളെ അല്ലാഹു രംഗത്തുകൊണ്ടു വരികയുണ്ടായി, അതുപോലെ നിങ്ങളെയും നശിപ്പിച്ച് പകരം വേറെ കൂട്ടരെ ഈ ഭൂമിയിൽ ഏർപ്പെടുത്തുവാൻ അവനു കഴിയും. ഇതു നിങ്ങൾ ഓർമ്മവെച്ചു കൊള്ളുക എന്നു താൽപര്യം.

٧- وَلَوْ نَزَّلْنَا عَلَيْكَ كِتَابًا فِي قِرْطَاسٍ فَلَمَسُوهُ بِأَيْدِيهِمْ لَقَالَ الَّذِينَ كَفَرُوا إِنْ هَٰذَا إِلَّا سِحْرٌ مُّبِينٌ ○

7. (നബിയേ) ഒരു (എഴുത്തു) താളിൽ ഒരു ഗ്രന്ഥം നാം നിൻെറ മേൽ അവതരിപ്പിച്ച് അവരുടെ കൈകളാൽ അവരതു തൊട്ടിരുന്നാലും, (ആ) അവിശ്വസിച്ചവർ പറയുക തന്നെ ചെയ്യും: 'ഇതൊരു സ്പഷ്ടമായ ആഭിചാരമല്ലാതെ (മറ്റൊന്നും) അല്ല' എന്നു.

٨- وَقَالُوا لَوْلَا أُنزِلَ عَلَيْهِ مَلَكٌ ۖ وَلَوْ أَنزَلْنَا مَلَكًا لَّقُضِيَ الْأَمْرُ ثُمَّ لَا يُنظَرُونَ ○

8. അവർ പറയുന്നു: 'ഇയാളുടെ മേൽ ഒരു മലക്കു ഇറക്കപ്പെടാത്തതെന്ത്?!' നാം വല്ല മലക്കിനെയും ഇറക്കിയിരുന്നെങ്കിൽ, കാര്യം തീരുമാനിക്കപ്പെടുക തന്നെ ചെയ്യുമായിരുന്നു; പിന്നെ, അവർ(ക്കു ഇടകൊടുത്ത്) ഗൗനിക്കപ്പെടുകയില്ല.

٩- وَلَوْ جَعَلْنَاهُ مَلَكًا لَّجَعَلْنَاهُ رَجُلًا وَلَلَبَسْنَا عَلَيْهِم مَّا يَلْبِسُونَ ○

9. അദ്ദേഹത്തെ നാം ഒരു മലക്കാക്കുന്നതായാലും അദ്ദേഹത്തെ നാം ഒരു പുരുഷനാക്കുമായിരുന്നു (അഥവാ ആക്കേണ്ടി വരുമായിരുന്നു). (അങ്ങനെ) അവർ സംശയത്തിലകപ്പെട്ടുകൊണ്ടിരിക്കുന്ന കാര്യം (പിന്നെയും) നാം അവക്ക് സംശയത്തിലാക്കുകയും ചെയ്യുമായിരുന്നു.

١٠- وَلَقَدِ اسْتُهْزِئَ بِرُسُلٍ مِّن قَبْلِكَ فَحَاقَ بِالَّذِينَ سَخِرُوا مِنْهُم مَّا كَانُوا بِهِ يَسْتَهْزِئُونَ ○

10. നിൻെറ മുമ്പ് പല റസൂലുകളെക്കുറിച്ചും പരിഹസിക്കപ്പെടുകയുണ്ടായിട്ടുണ്ട്; എന്നിട്ട്, അവരെ കളിയാക്കിയിരുന്നവരിൽ, അവർ പരിഹസിച്ചുകൊണ്ടിരുന്ന കാര്യം വന്നു ഭവിച്ചു.

---

7. وَلَوْ نَزَّلْنَا നാം ഇറക്കിയിരുന്നെങ്കിൽ عَلَيْكَ നിൻെറമേൽ كِتَابًا ഒരു ഗ്രന്ഥം فِي قِرْطَاسٍ ഒരു താളിൽ, എഴുത്തു പത്രത്തിൽ فَلَمَسُوهُ എന്നിട്ടു അവർ അതിനെ തൊട്ടു بِأَيْدِيهِمْ തങ്ങളുടെ കൈകളാൽ, കൈകൊണ്ടു لَقَالَ പറയുകതന്നെ ചെയ്യും الَّذِينَ كَفَرُوا അവിശ്വസിച്ചവർ إِنْ هَٰذَا ഇതല്ല إِلَّا سِحْرٌ മാരണം (ആഭിചാരം) അല്ലാതെ مُّبِينٌ സ്പഷ്ടമായ 8. وَقَالُوا അവർ പറയുകയും ചെയ്യുന്നു لَوْلَا أُنزِلَ ഇറക്കപ്പെടാത്തതെന്തു, ഇറക്കപ്പെട്ടുകൂടേ عَلَيْهِ അവൻെറമേൽ, അവനു, ഇയാൾക്കു مَلَكٌ ഒരു മലക്ക്, വല്ല മലക്കും وَلَوْ أَنزَلْنَا നാം ഇറക്കിയിരുന്നെങ്കിൽ مَلَكًا ഒരു മലക്കിനെ, വല്ല മലക്കിനെയും لَّقُضِيَ തീരുമാനിക്കപ്പെടുക തന്നെ ചെയ്യും الْأَمْرُ കാര്യം ثُمَّ لَا يُنظَرُونَ പിന്നെ അവർ നോക്ക(ഗൗനിക്ക–ഒഴിവുകൊടുക്ക)പ്പെടുകയില്ല. 9. وَلَوْ جَعَلْنَاهُ അദ്ദേഹത്തെ നാം ആക്കിയിരുന്നെങ്കിൽ مَلَكًا ഒരു മലക്കു لَّجَعَلْنَاهُ അദ്ദേഹത്തെ നാം ആക്കുക തന്നെ ചെയ്യും (ആക്കേണ്ടിവരും) رَجُلًا ഒരു പുരുഷൻ وَلَلَبَسْنَا നാം സംശയത്തിലാക്കുക (ആശങ്കയുണ്ടാക്കുക)യും ചെയ്യും عَلَيْهِم അവർക്കു مَّا يَلْبِسُونَ അവർ സംശയത്തിലായിക്കൊണ്ടിരിക്കുന്നത്. 10. وَلَقَدِ اسْتُهْزِئَ പരിഹസിക്കപ്പെടുകയുണ്ടായിട്ടുണ്ടു بِرُسُلٍ പല റസൂലുകളെക്കുറിച്ചും مِّن قَبْلِكَ നിൻെറ മുമ്പു فَحَاقَ അതിനാൽ ഭവിച്ചു بِالَّذِينَ سَخِرُوا കളിയാക്കിയവരിൽ مِنْهُم അവരെപ്പററി, അവരെ مَّا كَانُوا അവരായിരുന്ന യാതൊന്നു (കാര്യം) بِهِ يَسْتَهْزِئُونَ അതിനെക്കുറിച്ചു അവർ പരിഹസിക്കും

മുശ്‌രിക്കുകളുടെ നിഷേധത്തിന്റെ കാഠിന്യമാണ് അല്ലാഹു ചൂണ്ടിക്കാട്ടുന്നത്. ആകാശത്തു നിന്നു ഒരു ഗ്രന്ഥം ഒരു താളിൽ എഴുതി അവർക്കു നേരിൽ ഇറക്കിക്കൊടുക്കുകയും, അതവർ കണ്ണിൽ കണ്ട് കൈകൊണ്ടു തൊട്ടുകയും ചെയ്താലും അവർ വിശ്വസിക്കുവാൻ പോകുന്നില്ല. ഇതെന്തോ ഒരു ആഭിചാര വിദ്യ മാത്രമാണെന്നു പറഞ്ഞ് ഒഴിഞ്ഞു മാറുകയേ അവർ ചെയ്കയുള്ളൂ എന്നു സാരം. മറ്റൊരു സ്ഥലത്തു ഇപ്രകാരം അല്ലാഹു പറയുന്നു: 'അവർക്കു ആകാശത്തു നിന്നു നാം ഒരു വാതിൽ തുറന്നു കൊടുക്കുകയും, എന്നിട്ട് അതിലൂടെ അവർ കയറിപ്പോകുമാറാകുകയും ചെയ്താലും അവർ പറയും: ഞങ്ങളുടെ കാഴ്ചകൾക്കു മത്തു ബാധിപ്പിക്കപ്പെട്ടിരിക്കുക മാത്രമാണ്; അല്ല, ഞങ്ങൾ മാരണം ചെയ്യപ്പെട്ടവരാണ്'. (ولو فتحنا عليهم بابا من السماء ..... الحجر - ١٤،١٥)

മുഹമ്മദു അല്ലാഹുവിന്റെ ദൂതനാണെങ്കിൽ എന്തുകൊണ്ട് അവനോടൊപ്പം ഒരു മലക്കിനെ അയച്ച് അവൻ പറയുന്നതു സത്യമാണെന്നു സാക്ഷ്യപ്പെടുത്തിക്കൂടാ? എന്നിങ്ങിനെ മുശ്‌രിക്കുകൾ പറയാറുണ്ടായിരുന്നു. ഇതിന്റെ മറുപടിയാണു 8, 9 വചനങ്ങളിൽ കാണുന്നത്. മലക്കിനെ ഇറക്കുന്ന പക്ഷം അതോടെ കാര്യം അവസാനിക്കുന്നതാണ്. പ്രവാചകൻമാരും തെളിവുകളും മുഖാന്തരം സത്യാസത്യങ്ങൾ വിവേചിച്ചു സ്വീകരിക്കുന്ന സമ്പ്രദായം മലക്കുകളുടെ വരവോടെ അവസാനിക്കും. മലക്കുകൾ വന്നു കഴിഞ്ഞാൽ പിന്നെയുണ്ടാകുന്നതു ഈ മുശ്‌രിക്കുകളുടെ നാശമായിരിക്കും. എനി, ഒരു മലക്കിനെത്തന്നെ നിയോഗിച്ചയച്ചുവെന്നു വെക്കുക. അപ്പോഴും സംശയം ബാക്കിയാകുക തന്നെ ചെയ്യും. കാരണം, ആ മലക്ക് മലക്കിന്റെ സ്വാഭാവിക പ്രകൃതിയോടു കൂടിയായിരിക്കുമ്പോൾ ഇവർക്കു മലക്കുമായി ബന്ധപ്പെടുവാനും സമ്പർക്കം പുലർത്തുവാനും സാധ്യമല്ല. മലക്കുകൾ ആത്മീയ ജീവികളാണല്ലോ. അതുകൊണ്ടു മലക്കിനെ അയച്ചാലും അത് മനുഷ്യപ്രകൃതിയിലും മനുഷ്യസാദൃശ്യത്തിലുമാക്കിക്കൊണ്ടുതന്നെ അയക്കേണ്ടിവരും. അപ്പോഴും എന്തുകൊണ്ടു മലക്കിനെ അയക്കുന്നില്ലെന്നു ചോദിക്കുമല്ലോ. അതിനാൽ, ഒരു നിലക്കും മലക്കിനെ അയക്കുന്നതു പ്രയോജനകരമായിരിക്കയില്ല എന്നത്രെയാണു മറുപടിയുടെ താൽപര്യം. ഈ വിഷയകമായി സൂ: ഇസ്രാഉ് 95ൽ കൂടുതൽ വിവരം വരുന്നുണ്ട്. നബിയെ സംബന്ധിച്ചിടത്തോളം ഒരു സാന്ത്വന വാക്യവും, അവിശ്വാസികളെ സംബന്ധിച്ചിടത്തോളം ഒരു കനത്ത താക്കീതുമാണു 10-ാം വചനം. മുമ്പും ഇതുപോലെ പല സമുദായക്കാരും അവരുടെ ദൈവദൂതൻമാരെ പരിഹസിക്കുകയും ധിക്കരിക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ ഫലം അവർ തന്നെ അനുഭവിക്കേണ്ടി വരുകയും ചെയ്തു. അതുകൊണ്ട് ഇവരുടെ ഗതിയും അതായിരിക്കുമെന്നു ഇവർ ഓർത്തുകൊള്ളട്ടെ എന്നാണിതിലടങ്ങിയ സൂചന.

നാം മലക്കിനെ ഇറക്കിയിരുന്നാൽ കാര്യം തീരുമാനിക്കപ്പെടുമായിരുന്നു (ولو انزلنا ملكا لقضي الامر) എന്നു പറഞ്ഞതിന്റെ താൽപര്യം മൂന്നിലധികം പ്രകാരത്തിലാകാവുന്നതാണ്. (1) ദൃഷ്ടാന്തങ്ങൾ നിരവധിയുണ്ടായിട്ടും ഇന്നിന്ന പ്രകാരത്തിലുള്ള ഒരു ദൃഷ്ടാന്തം കണ്ടെങ്കിലേ വിശ്വസിക്കൂ എന്നു സമുദായങ്ങൾ ശഠിച്ചു നിന്നതിനെത്തുടർന്ന് ആ ദൃഷ്ടാന്തം അവർക്കു കാണിച്ചു കൊടുക്കുകയും, അതിനു ശേഷം അവർ വിശ്വസിക്കാതിരിക്കുകയും ചെയ്യുമ്പോൾ അവരെ നശിപ്പിക്കുന്ന വല്ല പൊതു ശിക്ഷയും ഇറക്കുന്നതു അല്ലാഹുവിന്റെ ഒരു നടപടിയാകുന്നു. ഇവരുടെ ആവശ്യപ്രകാരം മലക്കിനെ അയച്ചാലും ഇവർ വിശ്വസിക്കുവാൻ പോകുന്നില്ല. കാരണം, ആത്മാർത്ഥത അവർക്കില്ലല്ലോ. അപ്പോൾ, അതിനെത്തുടർന്നു പൊതുശിക്ഷ വരുവാനിടയാകും. ഈ സമുദായം അന്ത്യസമുദായമായതുകൊണ്ടു ഈ സമുദായത്തെ അടിയോടെ ഉന്മൂലനം ചെയ്യുവാൻ അല്ലാഹു ഉദ്ദേശിക്കുന്നുമില്ല. (2) മലക്കിനെ അതിന്റെ യഥാർത്ഥ രൂപത്തിൽ ഇറക്കിയാൽ, ആ കാഴ്ച കണ്ട ഉടനെ ഭയവിഹ്വലരായി അതോടെ അവർ മരണമടഞ്ഞു പോകും. (3) മലക്കിന്റെ സാക്ഷ്യം മുഖേന സത്യം ബോധ്യപ്പെടുന്നതോടെ, നല്ലതും ചീത്തയും തിരഞ്ഞെടുക്കുവാനുള്ള ഇഷ്ടസ്വാതന്ത്ര്യം നഷ്ടപ്പെടുകയും, സത്യം സ്വീകരിക്കുവാൻ നിർബ്ബന്ധിതരായിത്തീരുകയും ചെയ്യുന്നു. ഇതാകട്ടെ, ദൈവിക ശാസനങ്ങളുടെ അടിസ്ഥാന തത്വത്തിനു നിരക്കാത്തതുമാണ്. (4) സത്യം സ്വീകരിക്കുവാനുള്ള അവസരം ഇപ്പോഴും അവർക്കു ലഭിച്ചുകൊണ്ടിരിക്കുന്നുണ്ട്. അതു നഷ്ടപ്പെടുത്തി ഇങ്ങിനെ ആവശ്യം ഉന്നയിക്കുന്ന സ്ഥിതിക്കു ആ അവസരം പാഴായിപ്പോകുകയും, വിശ്വസിക്കാതിരുന്നാൽ ശിക്ഷാനടപടി അതോടെ സുനിശ്ചിതമായിത്തീരുകയും ചെയ്യും.

വിഭാഗം-2

قُلْ سِيرُوا فِي الْأَرْضِ ثُمَّ انظُرُوا كَيْفَ كَانَ عَاقِبَةُ الْمُكَذِّبِينَ ﴿١١﴾

11. (നബിയേ) പറയുക: 'നിങ്ങൾ ഭൂമിയിലൂടെ സഞ്ചരിക്കുവിൻ, പിന്നെ, വ്യാജമാക്കിയവരുടെ പര്യവസാനം എങ്ങിനെയായിരുന്നുവെന്നു നോക്കുവിൻ'

---

11. قل പറയുക سيروا നിങ്ങൾ നടക്കു(സഞ്ചരിക്ക)വിൻ في الأرض ഭൂമിയിൽ ثم انظروا പിന്നെ നോക്കുവിൻ كيف എങ്ങിനെ كان ആയിരുന്നു عاقبة കലാശം, പര്യവസാനം المكذبين വ്യാജമാക്കിയവരുടെ.

ഭൂമിയിലൂടെ സഞ്ചരിച്ച് മുൻസമുദായങ്ങളുടെ ചരിത്രങ്ങളെപ്പറ്റി അന്വേഷിക്കുന്ന പക്ഷം, അവർ അവരുടെ സത്യനിഷേധത്തിന്റെ ഫലമായി അല്ലാഹുവിന്റെ ശിക്ഷകൾക്കു വിധേയരായതിന്റെ പല ഉദാഹരണങ്ങളും നിങ്ങൾക്കു മനസ്സിലാക്കുവാൻ കഴിയുമെന്നു സാരം.

١٢- قُلْ لِمَنْ مَا فِي السَّمٰوٰتِ وَالْأَرْضِ ۖ قُلْ لِلّٰهِ ۚ كَتَبَ عَلٰى نَفْسِهِ الرَّحْمَةَ ۚ لَيَجْمَعَنَّكُمْ إِلٰى يَوْمِ الْقِيٰمَةِ لَا رَيْبَ فِيهِ ۚ الَّذِينَ خَسِرُوا أَنْفُسَهُمْ فَهُمْ لَا يُؤْمِنُونَ ○

12. പറയുക: ആരുടേതാണ് ആകാശങ്ങളിലും ഭൂമിയിലുമുള്ളത്?' പറയുക: അല്ലാഹുവിന്റേതാണ്. കാരുണ്യത്തെ തന്റെ സ്വന്തം പേരിൽ (ബാധ്യതയായി) അവൻ നിശ്ചയിച്ചിരിക്കുന്നു.

നിശ്ചയമായും, അവൻ ഖിയാമത്തുനാളിലേക്കു നിങ്ങളെ ഒരുമിച്ചു കൂട്ടുക തന്നെ ചെയ്യും — അതിൽ സന്ദേഹമേ ഇല്ല. തങ്ങളുടെ സ്വന്തങ്ങളെ (തന്നെ) നഷ്ടപ്പെടുത്തിയവരത്രെ(അവർ). അതിനാൽ അവർ വിശ്വസിക്കയില്ല.

١٣- وَلَهُ مَا سَكَنَ فِي اللَّيْلِ وَالنَّهَارِ ۚ وَهُوَ السَّمِيعُ الْعَلِيمُ ○

13. 'അവന്റേതു തന്നെയാണു രാത്രിയിലും പകലിലും തങ്ങിയതും (എല്ലാം). അവൻ (എല്ലാം) കേൾക്കുന്നവനും അറിയുന്നവനുമത്രെ.'

---

12. قل പറയുക (ചോദിക്കുക) لمن ആരുടേതാണ് ما في السموات ആകാശങ്ങളിലുള്ളത് والارض ഭൂമിയിലും قل لله പറയുക അല്ലാഹുവിന്റേതാണു كتب അവൻ രേഖപ്പെടുത്തിയിരിക്കുന്നു (നിശ്ചയിച്ചിരിക്കുന്നു) على نفسه അവന്റെ മേൽ, സ്വന്തത്തിന്റെ പേരിൽ الرحمة കാരുണ്യം ليجمعنكم തീർച്ചയായും അവൻ നിങ്ങളെ ഒരുമിച്ചുകൂട്ടും الى يوم القيمة ഖിയാമത്തുനാളിലേക്ക് لاريب فيه അതിൽ സന്ദേഹമേ ഇല്ല الذين خسروا നഷ്ടപ്പെടുത്തിയവരാണു انفسهم തങ്ങളുടെ സ്വന്തങ്ങളെ فهم അതിനാൽ (എന്നി) അവർ لايؤمنون അവർ വിശ്വസിക്കയില്ല. 13. وله അവന്റേതാണ് ما سكن അടങ്ങി(തങ്ങി)യത് في الليل രാത്രിയിൽ والنهار പകലിലും وهو السميع അവൻ കേൾക്കുന്നവനത്രെ العليم അറിയുന്നവൻ.

ആകാശഭൂമികൾ ഉൾക്കൊള്ളുന്ന വസ്തുക്കളും, രാവിലും പകലിലുമായി തങ്ങുന്ന വസ്തുക്കളുമെല്ലാം അല്ലാഹുവിന്റെ ഉടമയിലും നിയന്ത്രണത്തിലും അധികാരത്തിലും ഉള്ളവയാണ്. അവയിൽ നടക്കുന്നതെല്ലാം അവൻ കേട്ടും അറിഞ്ഞും കൊണ്ടിരിക്കുന്നു. യഥാർത്ഥ്യം ഇതായിരുന്നിട്ടും നിങ്ങൾ അവനിൽ അവിശ്വസിക്കുന്നതു നിങ്ങൾ നിങ്ങളുടെ സ്വന്തം ഭാവിയെ നിശ്ശേഷം നഷ്ടപ്പെടുത്തലാകുന്നു. സൃഷ്ടികളോടു കരുണ ചെയ്യൽ അല്ലാഹു അവന്റെ ബാധ്യതയായി നിശ്ചയിച്ചിരിക്കുന്നതുകൊണ്ടു തൽക്കാലം അവൻ നിങ്ങളെ ഒഴിവാക്കി വിട്ടിരിക്കുകയാണ്. ഖിയാമത്തുനാളിൽ നിങ്ങളെ ഒന്നടങ്കം അവൻ ഒരുമിച്ചുകൂട്ടി നടപടി എടുക്കാതിരിക്കുകയില്ല. എന്നൊക്കെ അവിശ്വാസികളെ അല്ലാഹു താക്കീതു ചെയ്യുന്നു. നബി (സ) പറയുന്നു: 'അല്ലാഹു സൃഷ്ടികളെ സൃഷ്ടിച്ചപ്പോൾ, 'നിശ്ചയമായും, എന്റെ കാരുണ്യം എന്റെ കോപത്തെ അതിജയിച്ചിരിക്കുന്നു' വെന്നു ഒരു രേഖ അവന്റെ അടുക്കൽ—അവന്റെ 'അർശി' ന്മേൽ— അവൻ രേഖപ്പെടുത്തിവെച്ചിരിക്കുന്നു.' (ബു; മു.)

١٤- قُلْ أَغَيْرَ اللّٰهِ أَتَّخِذُ وَلِيًّا فَاطِرِ السَّمٰوٰتِ وَالْأَرْضِ وَهُوَ يُطْعِمُ وَلَا يُطْعَمُ

14. പറയുക: 'അല്ലാഹുവിനെ— ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിച്ചുണ്ടാക്കിയവനെ— അല്ലാതെ ഞാൻ രക്ഷാകർത്താവാക്കി വെക്കുകയോ? അവനാകട്ടെ, ഭക്ഷണം നൽകുകയും ചെയ്യുന്നു; അവനു ഭക്ഷണം നൽകപ്പെടുന്നുമില്ല. (– എന്നിട്ടും) !'

പറയുക: നിശ്ചയമായും മുസ്‌ലിമാകുന്ന [കീഴൊതുങ്ങുന്ന] ഒന്നാമത്തെവൻ ഞാനായിരിക്കണമെന്നു എന്നോടു കല്പിക്കപ്പെട്ടിരിക്കുന്നു. നിശ്ചയമായും, നീ മുശ്‌രിക്കുകളിൽ [ബഹുദൈവ വിശ്വാസികളിൽ] ആയിത്തീരരുതെന്നും.'

قُلْ إِنِّيٓ أُمِرْتُ أَنْ أَكُونَ أَوَّلَ مَنْ أَسْلَمَ وَلَا تَكُونَنَّ مِنَ ٱلْمُشْرِكِينَ ○

15. പറയുക: 'എന്റെ രക്ഷിതാവിനോടു ഞാൻ അനുസരണക്കേടു കാണിച്ചുവെങ്കിൽ, വമ്പിച്ച ഒരു ദിവസത്തിലെ ശിക്ഷയെ നിശ്ചയമായും ഞാൻ ഭയപ്പെടുന്നു.

١٥- قُلْ إِنِّيٓ أَخَافُ إِنْ عَصَيْتُ رَبِّي عَذَابَ يَوْمٍ عَظِيمٍ ○

16. അന്നത്തെ ദിവസം ആരിൽനിന്ന് അതു [ആ ശിക്ഷ] ഒഴിവാക്കപ്പെടുന്നുവോ അവനു തീർച്ചയായും അവൻ കരുണ ചെയ്തിരിക്കുന്നു. അതത്രെ സ്പഷ്ടമായ വിജയം!'

١٦- مَّن يُصْرَفْ عَنْهُ يَوْمَئِذٍ فَقَدْ رَحِمَهُۥ ۚ وَذَٰلِكَ ٱلْفَوْزُ ٱلْمُبِينُ ○

---

14. قل പറയുക أغير അല്ലാഹു അല്ലാത്തവരെയോ أتخذ ഞാൻ ആക്കുന്നു, സ്വീകരിക്കുന്നു وليا ബന്ധു, സഹായകൻ, കാര്യകർത്താവു, രക്ഷാധികാരി فاطر സൃഷ്ടിച്ചുണ്ടാക്കിയവൻ (....വനായ) السموات ആകാശങ്ങളെ والارض ഭൂമിയെയും وهو അവനാകട്ടെ يطعم ഭക്ഷണം നൽകുന്നു ولا يطعم അവനു ഭക്ഷണം നൽകപ്പെടുന്നുമില്ല قل പറയുക اني امرت നിശ്ചയമായും ഞാൻ കല്പിക്കപ്പെട്ടിരിക്കുന്നു ان اكون ഞാനായിരിക്കുവാൻ, ആകണമെന്നു اول ആദ്യത്തെ (ഒന്നാമത്തെ) വൻ من اسلم മുസ്‌ലിമായ (കീഴൊതുങ്ങിയ) വരിൽ ولا تكونن നിശ്ചയമായും നീ ആകരുതു (ആയിരിക്കരുതു) എന്നും من المشركين മുശ്‌രിക്കുകളിൽ പെട്ട (വൻ), ബഹുദൈവ വിശ്വാസികളിൽ 15. قل اني പറയുക നിശ്ചയമായും ഞാൻ اخاف ഞാൻ ഭയപ്പെടുന്നു ان عصيت ഞാൻ അനുസരണക്കേടു (എതിരു) കാണിച്ചുവെങ്കിൽ ربي എന്റെ രക്ഷിതാവിനോടു عذاب يوم ഒരു ദിവസത്തിലെ ശിക്ഷ عظيم വമ്പിച്ച, ഗൗരവമായ 16. من ആർ, ഏതൊരുവൻ يصرف അതു തിരിക്ക (ഒഴിവാക്ക)പ്പെടുന്നുവോ عنه അവനിൽനിന്നു, അവനു يومئذ ആ ദിവസം, അന്നു فقد رحمه എന്നാൽ തീർച്ചയായും അവൻ അവനു കരുണ ചെയ്തു وذلك അതു الفوز വിജയമത്രെ المبين സ്പഷ്ട (വ്യക്ത)മായ

സ്രഷ്ടാവും, അന്നദാതാവും അല്ലാഹുവായിരിക്കെ, അവനു മറ്റാരിൽനിന്നു ഭക്ഷണാദി മറ്റൊന്നും ലഭിക്കേണ്ടുന്ന ആവശ്യമില്ലാത്തവനായിരിക്കെ, അവനോടു മറ്റു വല്ലതിനെയും പങ്കുചേർക്കുന്നതും, അവന്റെ വിധിവിലക്കുകൾക്കു കീഴൊതുങ്ങിക്കൊണ്ട് ഇസ്‌ലാമിനെ അംഗീകരിക്കാതിരിക്കുന്നതും ബുദ്ധിശൂന്യതയാണു; യുക്തിവിരുദ്ധമാണു; അവനല്ലാത്ത മറ്റേതു വസ്തുവും തന്നെ സ്രഷ്ടാവുമല്ല, അന്നദാതാവുമല്ല; ഒരു പ്രകാരത്തിലല്ലെങ്കിൽ മറ്റൊരു പ്രകാരത്തിൽ പരാശ്രയം എല്ലാവർക്കും വേണം താനും. എന്നിരിക്കെ, തൗഹീദിന്റെ മാർഗ്ഗത്തിൽ ക്ഷണിച്ചു വരുന്ന അല്ലാഹു അല്ലാത്തവരെ രക്ഷാകർത്താക്കളും സഹായകരുമായി ഞാൻ എങ്ങിനെ സ്വീകരിക്കും? ഞാനാണെങ്കിൽ, എല്ലാതരം ശിർക്കുകളിൽനിന്നും പൂർണ്ണവിമുക്തനായി ഒന്നാമത്തെ മുസ്‌ലിമായിരിക്കണമെന്ന കല്പിക്കപ്പെട്ടവനുമാണു. അവന്റെ കല്പന അനുസരിക്കാത്തപക്ഷം അത്യുനല്ലൂക്കുന്ന ആ മഹാദിനത്തിൽ അവന്റെ ശിക്ഷ അനുഭവിക്കേണ്ടി വരുമെന്ന ഞാൻ ഭയപ്പെടുകയും ചെയ്യുന്നു. അന്നത്തെ ശിക്ഷയിൽനിന്ന ഒഴിവായിക്കിട്ടുന്നവർ മാത്രമാണു ഭാഗ്യവാന്മാർ. അതുകൊണ്ടു നിങ്ങൾ എത്ര തന്നെ ശഠിച്ചാലും, എന്തു നിർബന്ധം സ്വീകരിച്ചാലും എന്റെ മാതൃനിർവ്വഹണത്തിൽനിന്ന ഞാൻ ലവലേശം പിന്മാറുവാൻ തയ്യാറില്ല എന്നിങ്ങിനെ മുശ്‌രിക്കുകളോടു പ്രഖ്യാപിക്കുവാൻ അല്ലാഹു നബി (സ)യോടു കല്പിക്കുകയാണ്.

17. (നബിയേ) നിനക്കു അല്ലാഹു വല്ല ഉപദ്രവത്തെയും ബാധിപ്പിക്കുകയാണെങ്കിൽ, അവനല്ലാതെ അതിനെ നീക്കം ചെയ്യുന്നവൻ (ആരും) ഇല്ല. നിനക്കു അവൻ വല്ല ഗുണത്തെയും ബാധിപ്പിക്കുകയാണെങ്കിൽ, അവൻ എല്ലാ കാര്യത്തിനും കഴിവുള്ളവനുമത്രെ. [അതാർക്കും തടയുകയും സാധ്യമല്ല.]

١٧- وَإِن يَمْسَسْكَ اللَّهُ بِضُرٍّ فَلَا كَاشِفَ لَهُ إِلَّا هُوَ ۖ وَإِن يَمْسَسْكَ بِخَيْرٍ فَهُوَ عَلَىٰ كُلِّ شَيْءٍ قَدِيرٌ

18. അവനത്രെ, അവന്റെ അടിയാൻമാരുടെ മീതെ സർവ്വാധികാരിയായുള്ളവനും; അവനത്രെ, അഗാധജ്ഞനും, സൂക്ഷ്മജ്ഞനുമായുള്ളവനും.

١٨- وَهُوَ الْقَاهِرُ فَوْقَ عِبَادِهِ ۚ وَهُوَ الْحَكِيمُ الْخَبِيرُ

---

17. وإن يمسسك നിന്നെ ബാധിപ്പിക്കുന്ന പക്ഷം, സ്പർശിച്ചുവെങ്കിൽ الله അല്ലാഹു بضر വല്ല ഉപദ്രവത്തെയും, ഉപദ്രവം കൊണ്ടു فلا كاشف എന്നാൽ തുറവിയാക്കുന്ന (നീക്കം ചെയ്യുന്ന)വനില്ല له അതിനെ إلا هو അവനല്ലാതെ وإن يمسسك അവൻ നിന്നെ ബാധിപ്പിക്കുന്നുവെങ്കിൽ بخير വല്ല ഗുണത്തെയും فهو എന്നാൽ അവൻ على كل شيء എല്ലാ കാര്യത്തിനും قدير കഴിവുള്ളവനാണ് 18. وهو القاهر അവനത്രെ സർവ്വാധികാരി فوق عباده തന്റെ അടിയാൻമാരുടെ മീതെ وهو അവൻ (തന്നെ) الحكيم അഗാധജ്ഞൻ الخبير സൂക്ഷ്മജ്ഞാനി

ആർക്കും–എവിടെ എന്ത് അധികാരം ഉണ്ടെങ്കിലും അതൊക്കെ നാമമാത്രവും, താൽക്കാലികവും, ആപേക്ഷികവും മാത്രമാകുന്നു. സൃഷ്ടികളുടെ പരമാധികാരിയും, സർവ്വാധികാരിയും അല്ലാഹു മാത്രമേയുള്ളു. ഏതെങ്കിലും തരത്തിലുള്ള പരിമിതിയോ, ഉപാധിയോ അവന്റെ അധികാരത്തിലില്ല.

19. പറയുക: 'സാക്ഷ്യത്തിൽ വെച്ച് ഏററവും വലിയതു ഏതു വസ്തുവാണു?' പറയുക: 'എന്റെയും നിങ്ങളുടെയും ഇടയിൽ അല്ലാഹു സാക്ഷിയാകുന്നു.

ഈ ഖുർആൻ മുഖേന നിങ്ങളെയും, അതു ആർക്കു എത്തിച്ചേർന്നുവോ അവരെയും ഞാൻ താക്കീതു ചെയ്യുവാൻ വേണ്ടി അതു എനിക്കു 'വഹ്‌യ്' നൽകപ്പെടുകയും ചെയ്തിരിക്കുന്നു. അല്ലാഹുവിനോടൊപ്പം വേറെ ആരാധ്യൻമാരുണ്ടെന്നു നിങ്ങൾ സാക്ഷ്യം വഹിക്കുക തന്നെ ചെയ്യുന്നുവോ?!' പറയുക: 'ഞാൻ (അതിനു) സാക്ഷ്യം വഹിക്കുകയില്ല.'

١٩- قُلْ أَيُّ شَيْءٍ أَكْبَرُ شَهَادَةً ۖ قُلِ اللَّهُ ۖ شَهِيدٌ بَيْنِي وَبَيْنَكُمْ ۚ وَأُوحِيَ إِلَيَّ هَٰذَا الْقُرْآنُ لِأُنذِرَكُم بِهِ وَمَن بَلَغَ ۚ أَئِنَّكُمْ لَتَشْهَدُونَ أَنَّ مَعَ اللَّهِ آلِهَةً أُخْرَىٰ ۚ قُل لَّا أَشْهَدُ

---

19. قل പറയുക أي شيء ഏതൊരു വസ്തുവാണു أكبر ഏററവും വലിയതു شهادة സാക്ഷ്യത്തിൽ, സാക്ഷ്യത്താൽ قل പറയുക الله شهيد അല്ലാഹു സാക്ഷിയാകുന്നു بيني എന്റെ ഇടയിൽ وبينكم നിങ്ങളുടെ ഇടയിലും وأوحي വഹ്‌യു നൽകപ്പെടുകയും ചെയ്തിരിക്കുന്നു إلي എനിക്കു هذا القرآن ഈ ഖുർആൻ لأنذركم ഞാൻ നിങ്ങളെ താക്കീതു ചെയ്‌വാൻ വേണ്ടി به അതുകൊണ്ടു (അതുമുഖേന) ومن بلغ അതു എത്തിച്ചേർന്നവർക്കും أئنكم لتشهدون നിങ്ങൾ സാക്ഷ്യം വഹിക്കുകതന്നെ ചെയ്യുമോ أن مع الله അല്ലാഹുവിനോടൊപ്പം (കൂടെ) ഉണ്ടെന്നു آلهة ഇലാഹുകൾ, ആരാധ്യർ, ദൈവങ്ങൾ أخرى വേറെ قل പറയുക لا أشهد ഞാൻ സാക്ഷ്യം വഹിക്കയില്ല

قُلْ إِنَّمَا هُوَ إِلَٰهٌ وَاحِدٌ وَإِنَّنِي بَرِيءٌ مِّمَّا تُشْرِكُونَ

പറയുക; 'നിശ്ചയമായും, അവന്‍ ഏക ആരാധ്യന്‍ തന്നെയാകുന്നു; നിശ്ചയമായും നിങ്ങള്‍ പങ്കുചേര്‍ക്കുന്നതിനെ സംബന്ധിച്ചു ഞാന്‍ നിരപരാധിയുമാകുന്നു.'

٢٠- الَّذِينَ آتَيْنَاهُمُ الْكِتَابَ يَعْرِفُونَهُ كَمَا يَعْرِفُونَ أَبْنَاءَهُمُ الَّذِينَ خَسِرُوا أَنفُسَهُمْ فَهُمْ لَا يُؤْمِنُونَ

20. നാം വേദഗ്രന്ഥം നല്‍കിയിട്ടുള്ളവര്‍, തങ്ങളുടെ പുത്രന്‍മാരെ അറിയുന്നതുപോലെ അവര്‍ അദ്ദേഹത്തെ അറിയുന്നതാണ്. തങ്ങളുടെ സ്വന്തങ്ങളെ (തന്നെ) നഷ്ടപ്പെടുത്തിയവരത്രെ (അവര്‍); അതിനാല്‍ അവര്‍ വിശ്വസിക്കയില്ല.

قُلْ പറയുക إِنَّمَا നിശ്ചയമായും അവന്‍ (മാത്രം-തന്നെ) إِلَٰهٌ وَاحِدٌ ഏക ഇലാഹാണു وَإِنَّنِي നിശ്ചയമായും ഞാന്‍ بَرِيءٌ ഒഴിവായവനാണു, നിരപരാധിയാകുന്നു مِّمَّا تُشْرِكُونَ നിങ്ങള്‍ ശിര്‍ക്കു ചെയ്യുന്ന (പങ്കുചേര്‍ക്കുന്ന)തിനെ സംബന്ധിച്ചു. 20. الَّذِينَ യാതൊരു കൂട്ടര്‍ آتَيْنَاهُمُ നാം അവര്‍ക്കു നല്‍കിയിരിക്കുന്നു, നാം കൊടുത്ത الْكِتَابَ വേദഗ്രന്ഥം يَعْرِفُونَهُ അവര്‍ അതിനെ (അദ്ദേഹത്തെ) അറിയും كَمَا يَعْرِفُونَ അവര്‍ അറിയുന്നതു പോലെ أَبْنَاءَهُمُ തങ്ങളുടെ പുത്രന്മാരെ (മക്കളെ) الَّذِينَ خَسِرُوا നഷ്ടപ്പെടുത്തിയ(നഷ്ടപ്പെട്ട)വരാണു أَنفُسَهُمْ തങ്ങളുടെ സ്വന്തങ്ങളെ, തങ്ങളെത്തന്നെ فَهُمْ അതിനാലവര്‍ لَا يُؤْمِنُونَ വിശ്വസിക്കുകയില്ല.

സത്യമാണെന്ന് ഉറപ്പുള്ള കാര്യത്തെക്കുറിച്ചു തെളിവു നല്‍കുന്നതിനാണല്ലോ സാക്ഷ്യം എന്നു പറയുന്നത്. ഏറ്റവും പ്രബലവും സ്വീകാര്യവുമായ സാക്ഷ്യം ആരുടേതാണെന്നു ചോദിച്ചാല്‍, അല്ലാഹുവിന്റെ സാക്ഷ്യം എന്നല്ലാതെ മറുപടിയില്ല. എന്നാല്‍, ഞാന്‍ നിങ്ങളെ ഏതൊന്നിലേക്കു ക്ഷണിക്കുന്നുവോ അതാണ് യഥാര്‍ത്ഥ സത്യമെന്നും, നിങ്ങള്‍ സ്വീകരിച്ച മാര്‍ഗ്ഗമാണു തെറ്റായതെന്നുമുള്ളതിനു സാക്ഷിയാണ് അല്ലാഹു. അവനാണു എനിക്കു ഈ ഖുര്‍ആന്‍ നല്‍കിയിരിക്കുന്നതു. നിങ്ങളെയും, ലോകാവസാനംവരെ ആര്‍ക്കെല്ലാം ഇതു എത്തിച്ചേര്‍ന്നിട്ടുണ്ടോ അവരെയൊക്കെയും താക്കീതു ചെയ്‌വാന്‍ വേണ്ടിയാണ് അത് നല്‍കിയിരിക്കുന്നതും. എന്നിരിക്കെ, അവന്റെ സാക്ഷ്യത്തിനും, അവന്റെ സന്ദേശങ്ങള്‍ക്കും വിരുദ്ധമായി അവനു പുറമെ വേറെയും ചില ദൈവങ്ങളുണ്ടെന്നു സാക്ഷ്യപ്പെടുത്തുകയാണോ നിങ്ങള്‍? ഈ കള്ളസാക്ഷ്യത്തിനു ഞാന്‍ തയ്യാറില്ല. നിങ്ങളുടെ ഈ അപരാധത്തിനു നിങ്ങള്‍ തന്നെ ഉത്തരവാദികള്‍. ഞാന്‍ ചെയ്യേണ്ടതു ഞാന്‍ ചെയ്തു കഴിഞ്ഞു. നിങ്ങളുടെ ചെയ്തികളില്‍ എനിക്കു ഒരു ബാദ്ധ്യതയുമില്ല. എന്നൊക്കെ മുശ്‌രിക്കുകളോടു പറയുവാന്‍ അല്ലാഹു നബി (സ) തിരുമേനിയോടു കല്‍പിക്കുന്നതാണു 19-ാം വചനം.

മുശ്‌രിക്കുകളെ സംബന്ധിച്ചിടത്തോളം വേദഗ്രന്ഥങ്ങളെയോ, പ്രവാചകന്‍മാരെയോ സംബന്ധിച്ച് ഒട്ടും പരിചയങ്ങളൊന്നും ഇല്ലാത്തവരാണവര്‍. വേദക്കാരുടെ സ്ഥിതി അതല്ല. എന്നിട്ടും തൗഹീദിന്റെ സത്യം അവരും നിരസിക്കുകയാണ് ചെയ്യുന്നത്. ഇതിനെപ്പറ്റിയാണ് 20-ാം വചനത്തില്‍ പ്രസ്താവിക്കുന്നതു. ഇതു പോലെയുള്ള ഒരു പ്രസ്താവന അല്‍ബഖറഃ 146ല്‍ മുമ്പു കഴിഞ്ഞുപോയിട്ടുണ്ട്. യഥാര്‍ത്ഥം മനസ്സിലാവാത്തതുകൊണ്ടല്ല അവരും വിശ്വസിക്കാതിരിക്കുന്നതു. അവരുടെ സ്വന്തം മക്കളെ അവര്‍ ഏതു പ്രകാരം തിരിച്ചറിയുമോ അത്ര തന്നെ ഈ സംഗതിയുടെ സത്യാവസ്ഥയും അവര്‍ക്കറിയാം. പക്ഷേ, മുശ്‌രിക്കുകളെപ്പോലെത്തന്നെ അവരും സ്വന്തം രക്ഷാമാര്‍ഗ്ഗങ്ങളെല്ലാം നഷ്ടപ്പെടുത്തിയിരിക്കുകയാണു. അതാണവരും വിശ്വസിക്കാതിരിക്കുന്നതു എന്നു സാരം.

يَعْرِفُونَهُ (അവര്‍ അതിനെ അറിയും) എന്ന വാക്കിലെ സര്‍വ്വനാമം (ضمير) കൊണ്ടുദ്ദേശ്യം, മേല്‍വിവരിച്ച തൗഹീദിന്റെ കാര്യമോ, ഖുര്‍ആനോ, നബി (സ)യോ ആകാവുന്നതാണു. ഈ മൂന്നില്‍ ഏതാണെന്നുവെച്ചാലും ഒരേ സാരത്തില്‍ തന്നെയാണ് അതു കലാശിക്കുക. അല്ലാഹുവിനെ മാത്രമേ ആരാധിക്കാവൂ, അവനോടു യാതൊന്നിനെയും പങ്കുചേര്‍ത്തുകൂടാ എന്നൊക്കെ വേദക്കാര്‍ക്കു നന്നായി അറിയാമല്ലോ. അല്ലാഹുവിന്റെ റസൂലാണ് മുഹമ്മദു നബി (സ) എന്നും, ഖുര്‍ആന്‍ അല്ലാഹുവില്‍ നിന്ന് ലഭിച്ച വേദഗ്രന്ഥമാണെന്നും അവര്‍ക്കറിയാം. സ്വന്തം മക്കള്‍

അറിയുംപോലെ അത്ര വ്യക്തമായിത്തന്നെ അറിയാം. പക്ഷെ, അസൂയ, ധിക്കാരം, സ്വാർത്ഥം ആദിയായവക്ക് അധീനപ്പെട്ടതു നിമിത്തം രക്ഷാമാർഗ്ഗം അടിയോടെ നഷ്ടപ്പെടുത്തുകയാണ് മുശ്‌രിക്കുകളെപ്പോലെ അവരും ചെയ്യുന്നത്.

വിഭാഗം-3

٢١- وَمَنْ أَظْلَمُ مِمَّنِ افْتَرَىٰ عَلَى اللَّهِ كَذِبًا أَوْ كَذَّبَ بِآيَاتِهِ ۗ إِنَّهُ لَا يُفْلِحُ الظَّالِمُونَ ○

21. ആരാണ്, അല്ലാഹുവിന്റെ മേൽ വ്യാജം കെട്ടിച്ചമക്കുകയോ, അവന്റെ ദൃഷ്ടാന്തങ്ങളെ വ്യാജമാക്കുകയോ ചെയ്തവനെക്കാൾ അക്രമി?! നിശ്ചയമായും കാര്യം, അക്രമികൾ വിജയിക്കുകയില്ല.

٢٢- وَيَوْمَ نَحْشُرُهُمْ جَمِيعًا ثُمَّ نَقُولُ لِلَّذِينَ أَشْرَكُوا أَيْنَ شُرَكَاؤُكُمُ الَّذِينَ كُنتُمْ تَزْعُمُونَ ○

22. അവരെ മുഴുവനും നാം ഒരുമിച്ചുകൂട്ടുന്ന ദിവസം (ഓർക്കുക)! പിന്നീട് (നമ്മോടു) പങ്കുചേർത്തവരോടു നാം പറയും: 'നിങ്ങൾ ജൽപിച്ചുകൊണ്ടിരുന്നതായ നിങ്ങളുടെ (ആ) പങ്കുകാർ എവിടെ?!'

٢٣- ثُمَّ لَمْ تَكُن فِتْنَتُهُمْ إِلَّا أَن قَالُوا وَاللَّهِ رَبِّنَا مَا كُنَّا مُشْرِكِينَ ○

23. പിന്നെ, അവരുടെ [അവരെക്കൊണ്ടുള്ള] കുഴപ്പം അവർ (ഇങ്ങിനെ) പറയുന്നതല്ലാതെ (മറ്റൊന്നും) ആയിരിക്കയില്ല: 'ഞങ്ങളുടെ റബ്ബായ അല്ലാഹുവിനെ തന്നെയാണ (സത്യം)! ഞങ്ങൾ പങ്കുചേർക്കുന്നവരായിരുന്നില്ല.'[1]

٢٤- انظُرْ كَيْفَ كَذَبُوا عَلَىٰ أَنفُسِهِمْ ۚ وَضَلَّ عَنْهُم مَّا كَانُوا يَفْتَرُونَ ○

24. നോക്കുക: അവർ തങ്ങളുടെ സ്വന്തം പേരിൽ (തന്നെ) വ്യാജം പറഞ്ഞതെങ്ങിനെയെന്നു! അവർ ഏതൊന്നു കെട്ടിച്ചമച്ചിരുന്നുവോ അതു അവരെ വിട്ടു മറഞ്ഞു പോകുന്നതുമാണ്.

---

21. من ആരാണു, ആരുണ്ടു أظلم അധികം അക്രമി ممن افترى കെട്ടിച്ചമച്ച (കെട്ടിപ്പറഞ്ഞ)വനെക്കാൾ على الله അല്ലാഹുവിന്റെമേൽ كذبا വ്യാജം, കളവു او كذب അല്ലെങ്കിൽ വ്യാജമാക്കിയ(വനെക്കാൾ) بآياته അവന്റെ ദൃഷ്ടാന്തങ്ങളെ انه നിശ്ചയമായും അതു(കാര്യം) لا يفلح വിജയം പ്രാപിക്കയില്ല الظالمون അക്രമികൾ 22. يوم ദിവസം نحشرهم അവരെ നാം ശേഖരി (ഒരുമി)ച്ചു കൂട്ടുന്ന جميعا മുഴുവനും, എല്ലാവരെയും ثم نقول പിന്നെ നാം പറയും للذين اشركوا ശിർക്ക് ചെയ്ത(പങ്ക് ചേർത്ത)വരോടു اين എവിടെയാണു شركاؤكم നിങ്ങളുടെ പങ്കുകാർ الذين യാതൊരുവർ كنتم تزعمون നിങ്ങൾ ജൽപിച്ചുകൊണ്ടിരുന്ന 23. ثم لم تكن പിന്നെ ആയിരിക്കയില്ല فتنتهم അവരുടെ കുഴപ്പം (ശല്യം) الا ان قالوا അവർ പറയുന്നതല്ലാതെ والله അല്ലാഹുവിനെ തന്നെയാണ ربنا ഞങ്ങളുടെ റബ്ബായ ما كنا ഞങ്ങളായിരുന്നില്ല مشركين മുശ്‌രിക്കുകൾ, പങ്കുചേർക്കുന്നവർ, ബഹുദൈവ വിശ്വാസികൾ 24. انظر നോക്കുക كيف كذبوا എങ്ങനെയാണവർ വ്യാജം പറഞ്ഞതു على انفسهم അവരുടെ സ്വന്തം പേരിൽ وضل പിഴച്ചു (മറഞ്ഞു) പോകുകയും ചെയ്യും عنهم അവരെ വിട്ടു, അവരിൽ നിന്നു ما كانوا അവരായിരുന്നതു يفترون അവർ കെട്ടിച്ചമക്കും

---

[1] അല്ലാഹുവിന്റെ പങ്കാളികളായി നിങ്ങൾ ജൽപിച്ചാരാധിച്ചു വരുന്ന ദൈവങ്ങളൊക്കെ എവിടെപ്പോയി? അവയൊന്നും നിങ്ങൾക്കു രക്ഷയും സഹായവും നൽകുന്നില്ലല്ലോ! എന്നു മുശ്‌രിക്കുകളോടു മഹ്ശറയിൽ വെച്ച്

[illegible]ിക്കും. ദുന്യാവിൽ വെച്ച് അവർ ഉണ്ടാക്കിയിരുന്ന കുഴപ്പം സത്യനിഷേധവും ശിർക്കുമായിരുന്നു. [illegible] അവരുണ്ടാക്കുന്ന കുഴപ്പം, തങ്ങൾ ശിർക്കുകളൊന്നും പ്രവർത്തിച്ചിട്ടില്ലെന്നു അല്ലാഹു[illegible] കള്ളസത്യം ചെയ്തു പറയുന്നതായിരിക്കും. ദുന്യാവിൽ അവരിൽ പ്രകടമായിരുന്ന ആ ധാർഷ്ട്യം [illegible] അവരിൽ കാണുകയില്ല. അവർ അല്ലാഹുവിനു സമന്മാരായി ദൈവങ്ങളാക്കി വെച്ചിരുന്ന ആ [illegible] അവരെ സഹായിക്കുവാൻ ഉണ്ടായിരിക്കുകയുമില്ല.

[illegible] (ഫിത്നത് — കുഴപ്പം) എന്ന വാക്കിന്റെ രൂപത്തിൽ പറഞ്ഞതല്ലാതെ, അവർമൂലം അവിടെ അല്ലാഹുവിനോ [illegible] വല്ല ദോഷവും ഫലിക്കുമെന്നല്ല ഉദ്ദേശ്യം. രക്ഷാമാർഗ്ഗമൊന്നും ഇല്ലെന്നു കാണുമ്പോൾ അതിനെ ഒരു കളവു പറഞ്ഞുനോക്കുന്നതല്ലാതെ, ആ കളവുകൊണ്ടു അവർക്കു വല്ല നേട്ടവും ലഭിച്ചേക്കുമെന്നു, അതിനർത്ഥമില്ല. വായകൊണ്ടു പറയുന്ന ആ കള്ളവാദത്തെ അവരുടെ സ്വന്തം കൈകാലുകളും മറ്റു അവയവങ്ങളും തന്നെ നിഷേധിച്ച് അവർക്കെതിരിൽ അന്നു സാക്ഷ്യം നൽകുന്നതുമായിരിക്കും. (36: 65; 41: 20.)

٢٥- وَمِنْهُم مَّن يَسْتَمِعُ إِلَيْكَ ۖ وَجَعَلْنَا عَلَىٰ قُلُوبِهِمْ أَكِنَّةً أَن يَفْقَهُوهُ وَفِي آذَانِهِمْ وَقْرًا ۚ

25. അവരിലുണ്ടു ചിലർ: നിന്നിലേക്കു [നീ പറയുന്നതിലേക്കു] അവർ ചെവികൊടുക്കും; (പക്ഷേ) അതു ഗ്രഹിക്കുന്നതിനു (തടസ്സമായി) അവരുടെ ഹൃദയങ്ങളുടെ മേൽ നാം ചില മൂടികളെ ഏർപ്പെടുത്തുകയും ചെയ്തിരിക്കുന്നു. അവരുടെ കാതുകളിൽ ഒരു (തരം) കട്ടിയും (നാം ഏർപ്പെടുത്തിയിരിക്കുന്നു).

وَإِن يَرَوْا كُلَّ آيَةٍ لَّا يُؤْمِنُوا بِهَا ۚ حَتَّىٰ إِذَا جَاءُوكَ يُجَادِلُونَكَ يَقُولُ الَّذِينَ كَفَرُوا إِنْ هَٰذَا إِلَّا أَسَاطِيرُ الْأَوَّلِينَ ○

എല്ലാ ദൃഷ്ടാന്തവും കണ്ടാലും അതിലവർ വിശ്വസിക്കുന്നതുമല്ല. അങ്ങനെ, അവർ നിന്റെ അടുക്കൽ വന്നാൽ നിന്നോടു അവർ തർക്കം നടത്തുന്നതാണ്. (ആ) അവിശ്വസിച്ചവർ പറയും: 'ഇതു പൂർവ്വികന്മാരുടെ പുരാണ കഥകളല്ലാതെ (മറ്റൊന്നും) അല്ല'.

٢٦- وَهُمْ يَنْهَوْنَ عَنْهُ وَيَنْأَوْنَ عَنْهُ ۖ وَإِن يُهْلِكُونَ إِلَّا أَنفُسَهُمْ وَمَا يَشْعُرُونَ ○

26. അവർ അതിനെക്കുറിച്ചു (മറ്റുള്ളവരെ) വിരോധിക്കുകയും, അതിൽ നിന്ന് അവർ അകലുകയും ചെയ്യും. (വാസ്തവത്തിൽ) അവർ തങ്ങളെത്തന്നെയല്ലാതെ നാശത്തിലാക്കുന്നില്ല; അവർക്കു ബോധം വരുന്നില്ലതാനും.

---

25. وَمِنْهُم അവരിൽ പെട്ടതാണു, അവരിലുണ്ടു مَن يَسْتَمِعُ ചെവികൊടുക്കുന്ന (ശ്രദ്ധിച്ചു കേൾക്കുന്ന) വർ (ചിലർ) إِلَيْكَ നിന്നിലേക്കു وَجَعَلْنَا നാം ആക്കുക (ഏർപ്പെടുത്തുക) യും ചെയ്തിരിക്കുന്നു عَلَىٰ قُلُوبِهِمْ അവരുടെ ഹൃദയങ്ങളുടെ മേൽ أَكِنَّةً ചില മൂടികളെ أَن يَفْقَهُوهُ അവരതിനെ ഗ്രഹിക്കുന്നതിനു (തടസ്സമായി) وَفِي آذَانِهِمْ അവരുടെ കാതു (ചെവി)കളിലും وَقْرًا ഒരു (തരം) ഭാരം, കട്ടി وَإِن يَرَوْا അവർ കണ്ടാലും كُلَّ آيَةٍ എല്ലാ ദൃഷ്ടാന്തവും لَّا يُؤْمِنُوا بِهَا അതിൽ അവർ വിശ്വസിക്കയില്ല حَتَّىٰ അങ്ങനെ (ഇതുവരെ) إِذَا جَاءُوكَ അവർ നിന്റെ അടുക്കൽ വന്നാൽ يُجَادِلُونَكَ അവർ നിന്നോടു തർക്കം നടത്തും يَقُولُ പറയും الَّذِينَ كَفَرُوا അവിശ്വസിച്ചവർ إِنْ هَٰذَا ഇതല്ല أَسَاطِيرُ പുരാണകഥകൾ (ഇതിഹാസങ്ങൾ) അല്ലാതെ الْأَوَّلِينَ പൂർവ്വികന്മാരുടെ 26. وَهُمْ അവർ يَنْهَوْنَ വിരോധിക്കുന്നു عَنْهُ അതിനെക്കുറിച്ചു وَيَنْأَوْنَ അവർ അകലുക (ദൂരപ്പെടുക)യും ചെയ്യുന്നു (ചെയ്യും) عَنْهُ അതിനെക്കുറിച്ചു അതിൽ നിന്നു وَإِن يُهْلِكُونَ അവർ നശിപ്പി(നാശത്തിലാ)ക്കുന്നുമില്ല إِلَّا أَنفُسَهُمْ അവരുടെ സ്വന്തങ്ങളെ (അവരെത്തന്നെ) അല്ലാതെ وَمَا يَشْعُرُونَ അവർ അറിയുന്നുമില്ല, അവർക്കു ബോധം വരുന്നുമില്ല.

മുൻ സമുദായങ്ങളുടെ കൂട്ടത്തിലുള്ള ചില ആളുകളെപ്പറ്റിയാണു പ്രസ്താവിക്കുന്നത്. പ്രവാചകന്മാരുടെ സന്ദേശം ഉൾക്കൊള്ളാതെ, നബി (സ) ഖുർആൻ പാരായണം ചെയ്യുമ്പോൾ, ചിലപ്പോൾ സാക്ഷ്യവും സമ്മതവും കൂടാതെ അവർ വന്നു കേൾക്കാൻ ശ്രമിക്കുമെങ്കിലും സത്യം ഗ്രഹിക്കണമെന്നോ, കാര്യം മനസ്സിലാക്കണമെന്നോ അല്ല അവരുടെ ഉദ്ദേശ്യം. കുതർക്കത്തിന് പഴുതുണ്ടാക്കലായിരിക്കും ലക്ഷ്യം. എത്രതന്നെ ദൃഷ്ടാന്തങ്ങൾ കണ്ടാലും, മുൻധാരണകളുടെ മൂടുപടം [illegible] നീക്കം ചെയ്യാതെ അവർ വിശ്വസിക്കുകയില്ല. അവർ നിർബന്ധം പിടിക്കുകയും കുതർക്കത്തിനും മുതിരുകയും ചെയ്യും. മാത്രമല്ല, ഇതൊക്കെ പഴങ്കഥകളും, പൂർവ്വികന്മാരുടെ കെട്ടുകഥകളും മാത്രമാണെന്ന് വിധികൽപിച്ചു സംതൃപ്തരാകുകയും ചെയ്യും. താൻ സത്യം മനസ്സിലാക്കുകയോ അനുസരിക്കുകയോ ചെയ്യാതെ അകന്നു നിൽക്കുന്നുവെന്ന് മാത്രമല്ല, മറ്റുള്ളവരെക്കൂടി തടയുകയാണവർ ചെയ്യുന്നത്. ഇതിന്റെയൊക്കെ ഫലം അവർ അവർക്കുതന്നെ നാശം വരുത്തിവെക്കുന്നു. അവരുടെ സ്വന്തം ദുഷ്പ്രവർത്തനം തടസ്സപ്പെടുത്തലുമല്ലാതെ മറ്റൊന്നുമല്ലെന്നുള്ള ബോധം അവർക്കു ഉണ്ടാകുന്നില്ല.

وجعلنا على قلوبهم أكنة ..... (അവരുടെ ഹൃദയങ്ങൾക്കുമേൽ നാം ചില മൂടികളെയും, അവരുടെ കാതുകളിൽ ഒരുതരം ഭാരവും ഏർപ്പെടുത്തിയിരിക്കുന്നു) എന്നു പറഞ്ഞതിന്റെ താൽപര്യം, അവർ സത്യം ഗ്രഹിക്കുവാനും, കേട്ടു മനസ്സിലാക്കുവാനും ശ്രമിച്ചിട്ടും അതിനനുവദിക്കാതെ അല്ലാഹു തടസ്സമുണ്ടാക്കി എന്നല്ല. വേണ്ടത്ര സാഹചര്യങ്ങളും, ബോധനസാധനങ്ങളും ഉണ്ടായിരുന്നിട്ടും അതൊന്നും ഉപയോഗപ്പെടുത്താതെ, വാശിയും മത്സരബുദ്ധിയും മാത്രം അവർ കൈമുതലാക്കിക്കൊണ്ടിരുന്നതിന്റെ ഫലമായി അവർക്കു സത്യം ഗ്രഹിക്കുവാൻ കഴിയാതെ വന്നുവെന്നത്രെ താൽപര്യം. അല്ലാഹു നിശ്ചയിച്ച പ്രകൃതി നിയമങ്ങളും, കാര്യകാരണ വ്യവസ്ഥകളും അനുസരിച്ചുണ്ടാകുന്ന ഇത്തരം കാര്യങ്ങളെക്കുറിച്ചു പറയുമ്പോൾ, അല്ലാഹുവിന്റെ പ്രവൃത്തിയാണെന്നുള്ള നിലക്കു ഖുർആനിൽ പലപ്പോഴും അവയെ അല്ലാഹുവിനോടു ചേർത്തുകൊണ്ടു പ്രസ്താവിച്ചു കാണാവുന്നതാണ്. സത്യം ഗ്രഹിക്കണമെന്ന ഉദ്ദേശ്യമില്ലാതെയും, നിഷേധ ബുദ്ധിയും ദുർവാശിയും കൈവിടാതെയും സത്യം മനസ്സിലാക്കുവാൻ സാദ്ധ്യമല്ലെന്നുള്ളതു അല്ലാഹു നിശ്ചയിച്ച ഒരു നടപടിച്ചട്ടമാണെന്ന തത്വമാണ് ഇതിൽ അന്തർഭവിച്ചിരിക്കുന്നത്. ഖുർആനിലും ഹദീസിലും ഇത്തരം പ്രയോഗങ്ങൾ കാണുമ്പോൾ ഈ യഥാർത്ഥ്യം ഓർമ്മിച്ചിരിക്കേണ്ടതാകുന്നു. സൂറത്തുൽ ബഖറ 7-ാം വചനത്തിന്റെ വ്യാഖ്യാനത്തിൽ ഇതു സംബന്ധിച്ചു കൂടുതൽ വിശദീകരണം മുമ്പ് കഴിഞ്ഞു പോയിട്ടുണ്ട്. സന്ദർഭോചിതം ചിലപ്പോഴൊക്കെ വേറെ സ്ഥലങ്ങളിലും നാം ഇതിനെപ്പറ്റി സൂചിപ്പിക്കാറുമുണ്ട്. വേണ്ടതു പറയുമ്പോൾ അത് കേൾക്കുവാനും അനുസരിക്കുവാനും തയ്യാറില്ലാതെ ബധിരരും മൂകരുമായി കഴിയുന്നവരെപ്പറ്റി (സൂ: അൻഫാൽ 23ൽ) അല്ലാഹു പറയുന്നതു നോക്കുക: 'അവരിൽ വല്ല നന്മയും ഉള്ളതായി അല്ലാഹു അറിഞ്ഞിരുന്നെങ്കിൽ അവരെ അവൻ കേൾപ്പിക്കുമായിരുന്നു. അവരെ കേൾപ്പിച്ചിരുന്നാലും അവർ അതിൽ നിന്നു അവഗണിച്ചു തിരിഞ്ഞു കളയുക തന്നെ ചെയ്യുമായിരുന്നു.' (ولو علم الله فيهم خيرا لأسمعهم ...) അടുത്ത 28-ാം വചനത്തിലെ അവസാന വാക്യവും കൂടി ശ്രദ്ധിക്കുക.

27. അവർ നരകത്തിങ്കൽ നിറുത്തപ്പെടുന്ന അവസരം നീ കണ്ടിരുന്നുവെങ്കിൽ! അപ്പോൾ അവർ പറയുന്നതാണ്: 'ഹാ ഞങ്ങളുടെ റബ്ബിന്റെ ദൃഷ്ടാന്തങ്ങളെ ഞങ്ങൾ വ്യാജമാക്കാതിരിക്കുകയും, ഞങ്ങൾ സത്യവിശ്വാസികളിൽ പെട്ടവരായിത്തീരുകയും ചെയ്യുമാറ് ഞങ്ങൾ (ഒന്ന്) മടക്കപ്പെട്ടിരുന്നെങ്കിൽ നന്നായേനെ!'

٢٧- وَلَوْ تَرَىٰٓ إِذْ وُقِفُوا۟ عَلَى ٱلنَّارِ
فَقَالُوا۟ يَـٰلَيْتَنَا نُرَدُّ
وَلَا نُكَذِّبَ
بِـَٔايَـٰتِ رَبِّنَا
وَنَكُونَ مِنَ ٱلْمُؤْمِنِينَ ۝

---

27. ولو ترى നീ കണ്ടിരുന്നെങ്കിൽ إذ وقفوا അവർ നിറുത്തപ്പെടുമ്പോൾ, നിറുത്തപ്പെടുന്ന സന്ദർഭം على النار നരകത്തിങ്കൽ فقالوا അപ്പോൾ അവർ പറയും يا ليتنا ഹാ ഞങ്ങളായെങ്കിൽ നന്നായേനെ نرد ഞങ്ങൾ മടക്കപ്പെട്ടിരുന്നു(വെങ്കിൽ) ولا نكذب ഞങ്ങൾ വ്യാജമാക്കാതെയും بآيات ദൃഷ്ടാന്തങ്ങളെ ربنا ഞങ്ങളുടെ റബ്ബിന്റെ ونكون ഞങ്ങളായിത്തീരുകയും من المؤمنين സത്യവിശ്വാസികളിൽപെട്ട(വർ)

٢٨- بَلْ بَدَا لَهُمْ مَا كَانُوا يُخْفُونَ مِنْ قَبْلُ ۖ وَلَوْ رُدُّوا لَعَادُوا لِمَا نُهُوا عَنْهُ وَإِنَّهُمْ لَكَاذِبُونَ ○

28. (അത്രയുമല്ല) പക്ഷെ, അവർ മുമ്പ് മറച്ചുവെച്ചുകൊണ്ടിരുന്നതു അവർക്കു (ഇപ്പോൾ) വെളിവായിരിക്കുകയാണ്. അവർ മടക്കപ്പെട്ടാലും അവരോടു യാതൊന്നിനെക്കുറിച്ചു വിരോധിക്കപ്പെട്ടുവോ അതിലേക്കു അവർ (വീണ്ടും) മടങ്ങുകതന്നെ ചെയ്യുന്നതാണ്. നിശ്ചയമായും അവർ, വ്യാജം പറയുന്നവർതന്നെ.

---

28. بَلْ പക്ഷെ (എങ്കിലും–എന്നാൽ) بَدَا വെളിവായിരിക്കുന്നു, വെളിപ്പെട്ടിരിക്കയാണു لَهُمْ അവർക്കു مَا كَانُوا അവരായിരുന്നതു يُخْفُونَ അവർ മറച്ചു വെക്കുക مِنْ قَبْلُ മുമ്പു وَلَوْ رُدُّوا അവർ മടക്കപ്പെട്ടാലും لَعَادُوا അവർ മടങ്ങുക (ആവർത്തിക്കുക) തന്നെ ചെയ്യും لِمَا യാതൊന്നിലേക്കു, യാതൊന്നിനെ نُهُوا അവർ (അവരോടു) വിരോധിക്കപ്പെട്ടിരിക്കുന്നു عَنْهُ അതിനെപ്പറ്റി وَإِنَّهُمْ നിശ്ചയമായും അവർ لَكَاذِبُونَ വ്യാജം പറയുന്നവർ തന്നെ.

അവരെയും, അവരുടെ സ്ഥിതിഗതികളെയും സംബന്ധിച്ചു [illegible]. നരക ശിക്ഷ കണ്ണിൽ കാണുന്ന അവസരത്തിൽ, ഞങ്ങളെ ഒന്നുകൂടി ഐഹിക ജീവിതത്തിലേക്കു മടക്കിത്തന്നിരുന്നെങ്കിൽ നന്നായിരുന്നു. എന്നാൽ ഞങ്ങൾ സത്യവിശ്വാസം സ്വീകരിച്ചുകൊള്ളുമായിരുന്നു [illegible] വ്യാമോഹിക്കുകയും ചെയ്യും. എങ്കിലും അതിലും അവർക്കു ആത്മാർത്ഥതയില്ല. [illegible] മുമ്പു മൂടിവെച്ചും നിഷേധിച്ചുംകൊണ്ടിരുന്നതിന്റെ ഫലം അനുഭവത്തിൽ വെളിപ്പെട്ടു കണ്ടതുകൊണ്ടുള്ള [illegible] പറയുന്നതു. തങ്ങളെ ഒന്നുകൂടി അവരെ ഇഹത്തിലേക്കു മടക്കിയെന്നുവെക്കുക. എന്നാലും പഴയ സമ്പ്രദായംതന്നെ ആവർത്തിക്കുകയായിരിക്കും അവർ ചെയ്യുക. അത്രയും ദുഷിച്ചുപോയിരിക്കുന്നു അവർ [illegible].

٢٩- وَقَالُوا إِنْ هِيَ إِلَّا حَيَاتُنَا الدُّنْيَا وَمَا نَحْنُ بِمَبْعُوثِينَ ○

29. അവർ പറയുന്നു: 'കാര്യം: നമ്മുടെ (ഈ) ഐഹിക ജീവിതമല്ലാതെ (മറ്റൊരു ജീവിതം) ഇല്ല; നാം (മരണാനന്തരം) എഴുന്നേൽപിക്കപ്പെടുന്നവരുമല്ല.'

٣٠- وَلَوْ تَرَىٰ إِذْ وُقِفُوا عَلَىٰ رَبِّهِمْ ۚ قَالَ أَلَيْسَ هَٰذَا بِالْحَقِّ ۚ قَالُوا بَلَىٰ وَرَبِّنَا ۚ قَالَ فَذُوقُوا الْعَذَابَ بِمَا كُنْتُمْ تَكْفُرُونَ ○ ع

30. അവർ അവരുടെ റബ്ബിങ്കൽ നിറുത്തപ്പെടുന്ന അവസരം നീ കണ്ടിരുന്നെങ്കിൽ! അവൻ (അവരോടു) പറയും: 'ഇതു യഥാർത്ഥം [തന്നെ] അല്ലേ?!'

അവർ പറയും: 'അല്ലാതെ! ഞങ്ങളുടെ റബ്ബിനെത്തന്നെയാണ (സത്യം)!'

അവൻ പറയും: 'എന്നാൽ, നിങ്ങൾ അവിശ്വസിച്ചുകൊണ്ടിരുന്നതു നിമിത്തം നിങ്ങൾ ശിക്ഷ ആസ്വദിച്ചുകൊള്ളുവിൻ.'

---

29. وَقَالُوا അവർ പറയുന്നു إِنْ هِيَ അതു (കാര്യം) അല്ല إِلَّا حَيَاتُنَا നമ്മുടെ ജീവിതമല്ലാതെ الدُّنْيَا ഇഹത്തിലെ, ഐഹിക وَمَا نَحْنُ നാം അല്ലതാനും بِمَبْعُوثِينَ എഴുന്നേൽപിക്കപ്പെടുന്നവർ. 30. وَلَوْ تَرَىٰ നീ കണ്ടിരുന്നുവെങ്കിൽ إِذْ وُقِفُوا അവർ നിറുത്തപ്പെടുമ്പോൾ, നിറുത്തപ്പെടുന്ന സന്ദർഭം عَلَىٰ رَبِّهِمْ തങ്ങളുടെ റബ്ബിങ്കൽ قَالَ അവൻ പറയും أَلَيْسَ هَٰذَا ഇതല്ലയോ بِالْحَقِّ യഥാർത്ഥം (തന്നെ) قَالُوا അവർ പറയും بَلَىٰ അല്ലാതെ (അതെ) وَرَبِّنَا ഞങ്ങളുടെ റബ്ബിനെത്തന്നെയാണ قَالَ അവൻ പറയും فَذُوقُوا എന്നാൽ രുചിനോക്കു (ആസ്വദിക്കു) വിൻ الْعَذَابَ ശിക്ഷയെ بِمَا كُنْتُمْ നിങ്ങളായിരുന്നതുകൊണ്ടു تَكْفُرُونَ നിങ്ങൾ അവിശ്വസിക്കുക.

വിഭാഗം-4

٣١- قَدْ خَسِرَ الَّذِينَ كَذَّبُوا بِلِقَاءِ اللَّهِ حَتَّىٰ إِذَا جَاءَتْهُمُ السَّاعَةُ بَغْتَةً قَالُوا يَا حَسْرَتَنَا عَلَىٰ مَا فَرَّطْنَا فِيهَا وَهُمْ يَحْمِلُونَ أَوْزَارَهُمْ عَلَىٰ ظُهُورِهِمْ أَلَا سَاءَ مَا يَزِرُونَ

31. തീർച്ചയായും, അല്ലാഹുവുമായി കണ്ടുമുട്ടുന്നതിനെ വ്യാജമാക്കിയവർ നഷ്ടമടഞ്ഞിരിക്കുന്നു.

അങ്ങനെ, അന്ത്യസമയം അവർക്കു പെട്ടെന്നു വന്നെത്തുമ്പോൾ, അവർ പറയും: 'ഹാ! ഇതി(ന്റെ കാര്യത്തിൽ) ഞങ്ങൾ വീഴ്ച വരുത്തിയതിനാൽ ഞങ്ങളുടെ സങ്കടമേ!!' അവരാകട്ടെ, തങ്ങളുടെ (പാപ)ഭാരങ്ങളെ അവരുടെ മുതുകുകളിൽ വഹിക്കുന്നുമുണ്ടായിരിക്കും. അല്ലാ! (അറിയുക) അവർ പേറിക്കൊണ്ടിരിക്കുന്നതു എത്രയോ ചീത്ത!

---

31. قد خسر തീർച്ചയായും നഷ്ടപ്പെട്ടിരിക്കുന്നു الذين كذبوا വ്യാജമാക്കിയവർ بلقاء കണ്ടുമുട്ടുന്നതിനെ الله അല്ലാഹുവിനെ حتى അങ്ങനെ (ഇതുവരെ) اذا جاءتهم അവർക്കു വന്നാൽ الساعة അന്ത്യ സമയം بغتة പെട്ടെന്നു, യാദൃശ്ചികമായി قالوا അവർ പറയും يا حسرتنا ഞങ്ങളുടെ സങ്കടമേ على ما فرطنا ഞങ്ങൾ വീഴ്ച വരുത്തിയതിനാൽ فيها അതിൽ, ഇതിനെപ്പറ്റി وهم അവരാകട്ടെ يحملون അവർ വഹിക്കുന്നു اوزارهم അവരുടെ (പാപ) ഭാരങ്ങളെ على ظهورهم അവരുടെ മുതുകു(പുറം)കളിൽ الا അല്ലാ (അറിയുക) ساء വളരെ (എത്രയോ) ചീത്ത (മോശം) ما يزرون അവർ (പാപം) പേറിക്കൊണ്ടിരിക്കുന്നത്.

فرطنا فيها (ഇതിൽ ഞങ്ങൾ വീഴ്ചവരുത്തി) എന്നു പറഞ്ഞതിന്റെ ഉദ്ദേശ്യം, ഇഹലോക ജീവിതത്തിൽ വെച്ചു സത്യവിശ്വാസവും സൽക്കർമ്മവും അനുഷ്ഠിക്കുന്നതിൽ വീഴ്ച വരുത്തിയെന്നും, അന്ത്യനാളിൽ വിശ്വസിക്കാതെ അതിന്റെ കാര്യത്തിൽ വീഴ്ച വരുത്തിയെന്നും ആകാവുന്നതാണ്. രണ്ടായാലും സാരത്തിൽ ഒന്നുതന്നെ.

٣٢- وَمَا الْحَيَاةُ الدُّنْيَا إِلَّا لَعِبٌ وَلَهْوٌ وَلَلدَّارُ الْآخِرَةُ خَيْرٌ لِّلَّذِينَ يَتَّقُونَ أَفَلَا تَعْقِلُونَ

32. ഐഹിക ജീവിതം, കളിയും വിനോദവുമല്ലാതെ (മറ്റൊന്നും) അല്ല. പരലോക ഭവനം തന്നെയാണു സൂക്ഷ്മത പാലിക്കുന്നവർക്കു ഉത്തമം. അപ്പോൾ (മനുഷ്യരെ) നിങ്ങൾ ബുദ്ധി കൊടു(ത്തു ഗ്രഹി)ക്കുന്നില്ലേ?!

---

32. وما الحيوة ജീവിതമല്ല الدنيا ഐഹിക الا لعب കളിയല്ലാതെ ولهو വിനോദവും وللدار തീർച്ചയായും വീട് (ഭവനം) الاخرة പരലോക خير ഉത്തമമാണു, കൂടുതൽ നല്ലതാണു للذين യാതൊരു കൂട്ടർക്ക يتقون സൂക്ഷ്മത പാലിക്കുന്ന افلا അപ്പോൾ ഇല്ലേ تعقلون നിങ്ങൾ ബുദ്ധികൊടുക്കു(ന്നില്ലേ).

ഐഹികജീവിതം കളിയും വിനോദവുമാണു—പരലോക ജീവിതമാണു സാക്ഷാൽ ജീവിതവും കാര്യപ്പെട്ടതും—എന്നു പറയുമ്പോൾ, ഐഹിക ജീവിതത്തിൽവെച്ചു ഒന്നും നേടുവാനില്ലെന്ന് ധരിക്കേണ്ടതില്ല. പരലോകത്ത് വിജയവും മോക്ഷവും ലഭിക്കുവാനുള്ള മാർഗ്ഗങ്ങളെല്ലാം സമ്പാദിക്കേണ്ടതു ഇഹത്തിൽ വെച്ചാണല്ലോ. പക്ഷേ, പാരത്രിക ജീവിത യാഥാർത്ഥ്യങ്ങളെ താരതമ്യപ്പെടുത്തിച്ചു ഐഹിക ജീവിതം വെറും കളിയും വിനോദവും മാത്രമാണ്. അതിനു സ്ഥിരതയോ സാക്ഷാൽക്കാരമോ ഇല്ല. അതുകൊണ്ടു പരലോക ജീവിതത്തിനാണു ഐഹിക ജീവിതത്തെക്കാൾ വിലകൽപിക്കേണ്ടതു എന്നാണുദ്ദേശ്യം. മറ്റൊരിടത്തിൽ അല്ലാഹു പറയുന്നു: بل تؤثرون الحيوة الدنيا والاخرة خير وابقى

(എങ്കിലും നിങ്ങൾ ഐഹിക ജീവിതത്തിനു പ്രാധാന്യം നൽകുന്നു. പരലോകമാകട്ടെ, കൂടുതൽ ഉത്തമവും ശേഷിക്കുന്നതുമാകുന്നു) സൂക്ഷ്മത പാലിക്കുന്ന സജ്ജനങ്ങൾക്ക് പരലോക ഭവനമാണ് ഉത്തമമെന്നു പറഞ്ഞതിൽ, സൂക്ഷ്മത പാലിക്കാത്ത ദുർജ്ജനങ്ങൾക്കു പരലോക ജീവിതം ഉത്തമമായിരിക്കയില്ല—കൂടുതൽ ദോഷകരമായിട്ടാണ് അനുഭവപ്പെടുക—എന്നുള്ള ഒരു വ്യംഗ്യാർത്ഥം കൂടി അടങ്ങിയിരിക്കുന്നു.

33. (നബിയേ) അവർ പറഞ്ഞു വരുന്നതു നിശ്ചയമായും നിന്നെ വ്യസനിപ്പിക്കുന്നുവെന്നു നാം അറിയുന്നുണ്ട്. എന്നാൽ (യഥാർത്ഥത്തിൽ) അവർ നിന്നെ വ്യാജമാക്കുന്നില്ല: എങ്കിലും (ആ) അക്രമികൾ അല്ലാഹുവിന്റെ 'ആയത്തു' (ലക്ഷ്യം) കളെയത്രെ നിഷേധിക്കുന്നത്.

٣٣- قَدْ نَعْلَمُ إِنَّهُۥ لَيَحْزُنُكَ ٱلَّذِى يَقُولُونَ ۖ فَإِنَّهُمْ لَا يُكَذِّبُونَكَ وَلَٰكِنَّ ٱلظَّٰلِمِينَ بِـَٔايَٰتِ ٱللَّهِ يَجْحَدُونَ ۝

34. നിന്റെ മുമ്പു പല റസൂലുകളും വ്യാജമാക്കപ്പെടുകയുണ്ടായിട്ടുണ്ട്. എന്നിട്ട് അവർക്കു നമ്മുടെ സഹായം വന്നെത്തുന്നതു വരെ, തങ്ങൾ വ്യാജമാക്കപ്പെടുകയും, ഉപദ്രവിക്കപ്പെടുകയും ചെയ്തതിൽ അവർ ക്ഷമ സ്വീകരിച്ചു. അല്ലാഹുവിന്റെ വാക്കുകൾക്കു മാറ്റം വരുത്തുന്നവരേ ഇല്ല.

'മുർസലു'കളുടെ വൃത്താന്തത്തിൽ നിന്നും (വേണ്ടതു) നിനക്കു വന്നു കിട്ടിയിട്ടുണ്ടല്ലോ.

٣٤- وَلَقَدْ كُذِّبَتْ رُسُلٌ مِّن قَبْلِكَ فَصَبَرُوا۟ عَلَىٰ مَا كُذِّبُوا۟ وَأُوذُوا۟ حَتَّىٰٓ أَتَىٰهُمْ نَصْرُنَا ۚ وَلَا مُبَدِّلَ لِكَلِمَٰتِ ٱللَّهِ ۚ وَلَقَدْ جَآءَكَ مِن نَّبَإِى۟ ٱلْمُرْسَلِينَ ۝

---

33. قد نعلم നാം അറിയുന്നുണ്ട്, തീർച്ചയായും നമുക്കറിയാം انه നിശ്ചയമായും കാര്യം ليحزنك നിന്നെ വ്യസനിപ്പിക്കുന്നു (എന്നു) الذى يقولون അവർ പറഞ്ഞുകൊണ്ടിരിക്കുന്നതു فانهم എന്നാലവർ لايكذبونك നിന്നെ വ്യാജമാക്കുന്നില്ല ولكن എങ്കിലും الظالمين അക്രമികൾ بايات ആയത്തു (ലക്ഷ്യം-ദൃഷ്ടാന്തം) കളെ الله അല്ലാഹുവിന്റെ يجحدون അവർ നിഷേധിക്കുന്നു. 34. ولقد كذبت വ്യാജമാക്കപ്പെടുകയുണ്ടായിട്ടുണ്ടു رسل (ദൈവ) ദൂതൻമാർ من قبلك നിന്റെ മുമ്പു فصبروا എന്നിട്ടവർ ക്ഷമിച്ചു على ما كذبوا അവർ വ്യാജമാക്കപ്പെട്ടതിൽ واوذوا അവർ ഉപദ്രവിക്കപ്പെടുകയും ചെയ്ത(തിൽ) حتى اتاهم അവർക്കു വന്നെത്തുന്നതുവരെ نصرنا നമ്മുടെ സഹായം ولا مبدل മാററം വരുത്തുന്ന (പകരം കൊണ്ടുവരുന്ന) വരേയില്ല لكلمات വാക്കുകൾക്കു, വാക്യങ്ങൾക്ക الله അല്ലാഹുവിന്റെ ولقد جاءك നിനക്കു വരുകയുണ്ടായിട്ടുണ്ടു من نبإ വൃത്താന്ത (വർത്തമാന)ത്തിൽനിന്നും المرسلين ദൈവദൂതൻമാരുടെ

സ്വജനങ്ങളായ ഖുറൈശികൾ സത്യവിശ്വാസം സ്വീകരിക്കാത്തതിൽ നബി (സ) തിരുമേനി വളരെ വ്യസനത്തിലായിരുന്നു. അതിൽ അത്രയൊന്നും മനോവേദന അനുഭവിക്കേണ്ടതില്ലെന്ന് അല്ലാഹു നബി (സ) യെ സമാശ്വസിപ്പിക്കുന്നു. അതിനു കാരണവും വിവരിച്ചിരിക്കുന്നു. 35: 8, 18:6, 26:3 മുതലായ സ്ഥലങ്ങളിലും ഇതുപോലെയുള്ള ചില പ്രസ്താവനകൾ കാണാവുന്നതാണ്. ഇവിടെ പ്രസ്താവിച്ചതിന്റെ ചുരുക്കം ഇതാണ്:—

അവരുടെ നിഷേധങ്ങൾ, കുതർക്കങ്ങൾ മുതലായവയെല്ലാം അല്ലാഹു അറിയുന്നുണ്ട്. വാസ്തവത്തിൽ അവർ നിഷേധിക്കുന്നതും വ്യാജമാക്കുന്നതും തങ്ങളെയല്ല; നമ്മുടെ ദൃഷ്ടാന്തങ്ങളെയും വചനങ്ങളെയുമാണ്. അഥവാ താങ്കളോട് വ്യക്തിപരമായല്ല—നമ്മുടെ സന്ദേശങ്ങളോടാണ്—അവർക്കു വിരോധമുള്ളത്. ഇതിനെയുള്ള നിഷേധവും ശത്രുതയും ഇതു ആദ്യത്തേതൊന്നല്ല. മുമ്പും പല റസൂലുകൾക്കും ഈ അനുഭവം ഉണ്ടായിട്ടുണ്ട്. അവർ നിഷേധിക്കപ്പെടുകയും, പല അക്രമ മർദ്ദനങ്ങൾക്കു വിധേയരാകുകയും ചെയ്തിരുന്നു. എന്നാൽ, അവരതെല്ലാം സഹിക്കുകയും ക്ഷമിക്കുകയുമാണ് ചെയ്തിരുന്നത്. ക്രമേണ അവർക്കു അല്ലാഹുവിങ്കൽനിന്നുള്ള സഹായവും വിജയവും വന്നുകിട്ടുകയും ചെയ്തു. അവസാനം വിജയം ലഭിക്കുക നമ്മുടെ റസൂലുകൾക്കും അവരുടെ പക്ഷ

ക്കാർക്കുമായിരിക്കുമെന്ന് നാം മുമ്പേ നിശ്ചയിച്ചു വെച്ചതാണു. ആ വാക്കിനു മാറ്റം സംഭവിക്കുകയില്ല. അതു കൊണ്ട് അവരെപ്പോലെ താങ്കളും ക്ഷമ കൈക്കൊള്ളുക. മുർസലുകളുടെ കഴിഞ്ഞ ചരിത്രത്തിൽനിന്ന് ഈ യാഥാർത്ഥ്യം തെളിയിക്കുന്ന പല വർത്തമാനങ്ങളും ഇതിനുമുമ്പ് ഞാൻ താങ്കൾക്കു അറിയിച്ചു തന്നിട്ടുണ്ടല്ലോ.

നബി (സ) യോടു അബൂജഹ്ൽ ഇങ്ങിനെ പറഞ്ഞതായി അലി (റ) പ്രസ്താവിച്ചിരിക്കുന്നു: 'ഞങ്ങൾ നിന്നെ വ്യാജമാക്കുന്നില്ല. എങ്കിലും നീ കൊണ്ടുവന്നതിനെയാണ് ഞങ്ങൾ വ്യാജമാക്കുന്നതു.' (ഹാകിം) സുദ്ദി (റ) യിൽ നിന്നു ഇബ്നുജരീർ (റ) ഉദ്ധരിക്കുന്നു: ഒരിക്കൽ അബൂജഹ്ലിനോടു അഖ്നസുബ്നു ശരീഖ് ഇങ്ങിനെ സ്വകാര്യം പറഞ്ഞു: 'മുഹമ്മദു സത്യവാനോ അസത്യവാനോ എന്നു താങ്കൾ എനിക്കൊന്നു പറഞ്ഞു തരണം. നമ്മുടെ സംസാരം കേൾക്കുവാൻ ഇവിടെ ഞാനും താങ്കളുമല്ലാതെ വേറെ ഖുറൈശികളിൽ ആരും ഇല്ലല്ലോ.' അബൂജഹ്ൽ പറഞ്ഞു: 'അഹോ! അല്ലാഹുവിനെയാണെ (സത്യം)! മുഹമ്മദു സത്യവാൻ തന്നെ. മുഹമ്മദു ഒട്ടും കളവു പറയുകയുണ്ടായിട്ടില്ല. പക്ഷെ, ഖുസ്വയ്യിന്റെ സന്തതികൾ (മുഹമ്മദിന്റെ പിതൃവഴിക്കാർ) പതാകയും (നേതൃത്വവും), സിഖായത്തും (ഹാജിമാർക്കു വെള്ളം നൽകുന്ന സ്ഥാനവും), ഹിജാബത്തും (കഅ്ബയുടെ സംരക്ഷണാധികാരവും), നുബുവ്വത്തും (പ്രവാചകത്വവും) കൊണ്ടുപോയാൽ പിന്നെ മറ്റുള്ള ഖുറൈശികൾക്കു എന്താണുണ്ടായിരിക്കുക?!' അല്ലാഹു നബി (സ)യോടു പറയുന്നു:-

٣٥-وَإِن كَانَ كَبُرَ عَلَيْكَ إِعْرَاضُهُمْ فَإِنِ اسْتَطَعْتَ أَن تَبْتَغِيَ نَفَقًا فِي الْأَرْضِ أَوْ سُلَّمًا فِي السَّمَاءِ فَتَأْتِيَهُم بِآيَةٍ ۚ

35. അവരുടെ തിരിഞ്ഞുകളയൽ [അവഗണന] നിനക്കു വളരെ വലുതായി (തോന്നിയി)തന്നാൽ, എന്നാൽ-ഭൂമിയിൽ ഒരു മാളമോ, ആകാശത്തിൽ ഒരു കോണിയോ തേടിപ്പിടിക്കുവാനും, എന്നിട്ട് വല്ല ദൃഷ്ടാന്തവും അവർക്കു കൊണ്ടുവരുവാനും നിനക്കു സാധ്യമാകുന്നപക്ഷം (അങ്ങിനെ ചെയ്തേക്കുക)!

وَلَوْ شَاءَ اللَّهُ لَجَمَعَهُمْ عَلَى الْهُدَىٰ ۚ فَلَا تَكُونَنَّ مِنَ الْجَاهِلِينَ ○

അല്ലാഹു ഉദ്ദേശിച്ചാൽ, അവരെ (യെല്ലാം) അവൻ സൻമാർഗ്ഗത്തിൽ ഒരുമിച്ചുകൂട്ടിയിരുന്നു. ആകയാൽ, തീർച്ചയായും നീ വിവരമില്ലാത്തവരിൽ (വിഡ്ഢികളിൽ) പെട്ടവനായിത്തീരരുത്.

٣٦-إِنَّمَا يَسْتَجِيبُ الَّذِينَ يَسْمَعُونَ ۘ

36. (പറയുന്നതു) കേൾക്കുന്നവർ മാത്രമേ ഉത്തരം നല്കൂ.

وَالْمَوْتَىٰ يَبْعَثُهُمُ اللَّهُ ثُمَّ إِلَيْهِ يُرْجَعُونَ ○

മരണപ്പെട്ടുപോയവരാകട്ടെ, അവരെ അല്ലാഹു എഴുന്നേൽപ്പിക്കുകയാണു ചെയ്യുക; പിന്നെ, അവങ്കലേക്കു അവർ മടക്കപ്പെടുന്നതാണ്.

---

35. وان ആയിരുന്നാൽ كبر (വളരെ) വലുതായി عليك നിനക്കു اعراضهم അവരുടെതിരിഞ്ഞുകളയൽ, അവഗണന فان استطعت എന്നാൽ നിനക്കു സാധിക്കുമെങ്കിൽ ان تبتغي നീ തേടുവാൻ, തേടിപ്പിടിക്കുവാൻ نفقا ഒരു മാളം (മട) في الارض ഭൂമിയിൽ او سلما അല്ലെങ്കിൽ ഒരു കോണി, ഏണി في السماء ആകാശത്തിൽ فتأتيهم എന്നിട്ടു നീ അവർക്കു വരുകയും باية ഒരു ദൃഷ്ടാന്തം കൊണ്ടു ولو شاء الله അല്ലാഹു ഉദ്ദേശിച്ചിരുന്നാൽ لجمعهم അവരെ ഒരുമിപ്പിക്കുക തന്നെ ചെയ്തിരുന്നു على الهدى നേർമാർഗ്ഗത്തിൽ فلا تكونن അതിനാൽ തീർച്ചയായും നീ ആകരുതു من الجاهلين വിഡ്ഢികളിൽ, വിവരമില്ലാത്തവരിൽ (പെട്ടവൻ) 36. انما يستجيب നിശ്ചയമായും ഉത്തരം നൽകുക الذين യാതൊരുവർ (മാത്രം) ആകുന്നു يسمعون അവർ കേൾക്കും والموتى മരണപ്പെട്ടവരാകട്ടെ يبعثهم الله അവരെ അല്ലാഹു എഴുന്നേൽപിക്കും ثم اليه പിന്നെ അവങ്കലേക്കു يرجعون അവർ മടക്കപ്പെടും

അവർ വിശ്വസിക്കാത്തതിൽ നബി (സ)ക്കു ഉൽക്കണ്ഠ കുറെ അധികമാണു. അതിന്റെ ആവശ്യമില്ല. വിശ്വസിക്കുവാൻ മതിയായ ധാരാളം തെളിവുകൾ അവർക്കു കിട്ടിക്കഴിഞ്ഞിട്ടുണ്ട്. വേണമെങ്കിൽ വിശ്വസിക്കട്ടെ എന്നു വെച്ചു സമാധാനിക്കുകയേ വേണ്ടൂ. അല്ലാത്തപക്ഷം–അവരെ വിശ്വസിപ്പിക്കുക തന്നെ വേണമെന്നു വെക്കുന്നപക്ഷം–അതിനു തക്കതായ വല്ല പുതിയ ദൃഷ്ടാന്തവും കാണിച്ചു കൊടുക്കുക. ഭൂമിയിൽ വല്ല മാളവും തേടിപ്പിടിച്ച് അതിലൂടെ കീഴ്പ്പോട്ടിറങ്ങിയോ, ആകാശത്തേക്കുള്ള വല്ല കോണിയും കണ്ടെത്തി അതിലൂടെ മേൽപോട്ടു കയറിയോ–എങ്ങിനെയാണെന്നു സാധിക്കുന്നതെങ്കിൽ അങ്ങിനെ–ചെയ്തുകൊള്ളുക. എന്നൊക്കെയാണു നബി (സ)യോടു അല്ലാഹു പറയുന്നത്. ആക്ഷേപസ്വരത്തിലുള്ള ഈ വാക്യങ്ങൾ തിരുമേനിക്കു ഈ വിഷയത്തിലുണ്ടായിരുന്ന മനോവേദനയുടെ കാഠിന്യത്തെയാണു ചൂണ്ടിക്കാട്ടുന്നത്. ഇവരെപ്പററി അത്രയൊന്നും സാഹസപ്പെടേണ്ടതില്ലെന്നു നബി (സ)യെ തെര്യപ്പെടുത്തുകയാണുദ്ദേശ്യം. എല്ലാ മനുഷ്യരെയും വിശ്വസിപ്പിച്ചേ തീരൂ എന്നു അല്ലാഹു നിശ്ചയിച്ചിട്ടില്ല. തെളിവുകൾ വേണ്ടത്ര നൽകിക്കൊണ്ട്, വിശ്വസിക്കലും, വിശ്വസിക്കാതിരിക്കലും അവരവരുടെ ഹിതത്തിന് അവൻ വിട്ടുകൊടുത്തിരിക്കുകയാണ്. മുഴുവൻ മനുഷ്യരും സന്മാർഗ്ഗികളായിത്തന്നെ ഇരിക്കണമെന്ന് അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ അതങ്ങിനെത്തന്നെ സംഭവിക്കുമായിരുന്നു. അതുകൊണ്ട് അവർ വിശ്വസിക്കാത്തതിന്റെ പേരിൽ അമിതമായ അക്ഷമയും വ്യസനവും കാണിക്കുന്നതു കേവലം വിഡ്ഢിത്തമാണു. അതു നബി (സ)ക്കു യോജിച്ചതല്ല എന്നു ഉണർത്തുകയും ചെയ്യുന്നു.

അവർ നബി (സ)യുടെ ക്ഷണം സ്വീകരിക്കാതിരിക്കുവാൻ കാരണം, അല്ലാഹുവിന്റെ സന്ദേശങ്ങളും, നബി (സ)യുടെ ഉപദേശങ്ങളും കേട്ടു മനസ്സിലാക്കുവാൻ തയ്യാറില്ലാത്തതാണ്. പറയുന്ന കാര്യം ശ്രദ്ധിച്ചു കേൾക്കുന്നവർ മാത്രമേ ക്ഷണം സ്വീകരിക്കുവാൻ മുമ്പോട്ടു വരുകയുള്ളു. അല്ലാത്തവർ ഹൃദയം ചത്തു നശിച്ചു മൃതപ്രായരായവരാണു; മൃതിയടഞ്ഞു കഴിഞ്ഞവരെ പുനരുത്ഥാന ദിവസം എഴുന്നേൽപിച്ചു വിചാരണ നടത്തി നടപടി എടുക്കുകയാണുണ്ടാവുക. അക്കൂട്ടത്തിൽ ഈ 'ജീവച്ഛവങ്ങളു'മുണ്ടാകും. അല്ലാഹു നടപടി എടുത്തുകൊള്ളും. എന്നൊക്കെയാണു തുടർന്നു പറഞ്ഞതിന്റെ സാരം.

37. അവർ പറയുന്നു: 'ഇവന്റെ മേൽ തന്റെ റബ്ബിങ്കൽനിന്ന് വല്ല ദൃഷ്ടാന്തവും ഇറക്കപ്പെടാത്തതെന്താണ്?!'

പറയുക: 'നിശ്ചയമായും അല്ലാഹു വല്ല ദൃഷ്ടാന്തവും ഇറക്കുവാൻ കഴിവുള്ളവനാണ്. എങ്കിലും, അവരിൽ അധികമാളും അറിയുന്നില്ല.'

وَقَالُوا لَوْلَا نُزِّلَ عَلَيْهِ آيَةٌ مِّن رَّبِّهِ ۚ
قُلْ إِنَّ اللَّهَ قَادِرٌ عَلَىٰ أَن يُنَزِّلَ آيَةً
وَلَٰكِنَّ أَكْثَرَهُمْ لَا يَعْلَمُونَ ○

---

37. وَقَالُوا അവർ പറയുകയാണ് لَوْلَا نُزِّلَ ഇറക്കപ്പെടാത്തതെന്തു عَلَيْهِ ഇവന്റെ (അവന്റെ)മേൽ آيَةٌ ഒരു ദൃഷ്ടാന്തം, വല്ല ദൃഷ്ടാന്തവും مِّن رَّبِّهِ അവന്റെ റബ്ബിങ്കൽനിന്ന് قُلْ പറയുക إِنَّ اللَّهَ നിശ്ചയമായും അല്ലാഹു قَادِرٌ കഴിവുള്ളവനാണ് عَلَىٰ أَن يُنَزِّلَ ഇറക്കുവാൻ آيَةً വല്ല (ഒരു) ദൃഷ്ടാന്തവും وَلَٰكِنَّ എങ്കിലും أَكْثَرَهُمْ മനുഷ്യരിൽ അധികമാളുകൾ لَا يَعْلَمُونَ അറിയുന്നില്ല.

ദൃഷ്ടാന്തങ്ങൾ പലതും അവർക്കു വന്നു കഴിഞ്ഞിട്ടുണ്ട്. ഖുർആനാകുന്ന ഏററവും വലിയ ദൃഷ്ടാന്തവും അവരുടെ മുമ്പിലുണ്ട്. അതിനെതിരിൽ അതുപോലെ ഒരു ഗ്രന്ഥമോ, അതിലെ അദ്ധ്യായംപോലെ ഒരദ്ധ്യായമോ കൊണ്ടുവരുവാൻ സാദ്ധ്യമല്ലെന്ന് അവർ സമ്മതിക്കേണ്ടി വന്നിട്ടുമുണ്ട്. എന്നിട്ടു പിന്നെയും–ദുർബുദ്ധിയും ദുർവാശിയും നിമിത്തം–പുതിയൊരു ദൃഷ്ടാന്തം ആവശ്യപ്പെടുകയാണവർ ചെയ്യുന്നതു. തങ്ങളെ വിശ്വസിക്കുവാൻ നിർബ്ബന്ധിതരാക്കുന്ന ഒരു പ്രത്യേക ദൃഷ്ടാന്തം, അല്ലെങ്കിൽ മൂസാ (അ) നബിയുടെ വടിപോലെയോ, സ്വാലിഹു (അ) നബിയുടെ ഒട്ടകംപോലെയോ ഉള്ള ഒരു പ്രകൃതി ദൃഷ്ടാന്തം, അല്ലെങ്കിൽ–അവർ ആവശ്യപ്പെട്ടതായി സൂ: ഇസ്രാഉ് 90–93ൽ പറയുന്നതുപോലെ–ആകാശത്തുനിന്നൊരു കഷ്ണം വീഴ്ത്തുകയോ, സ്വർണ്ണംകൊണ്ടുള്ള ഒരു വീടുണ്ടാകുകയോ, നബി (സ) ആകാശത്തേക്കു കയറിപ്പോകുകയോ പോലെയുള്ള ഏതെങ്കിലും ഒരു ദൃഷ്ടാന്തം (മുഅ്ജിസത്ത്), അതാണ് അവർ ആവശ്യപ്പെടുന്നത്. അല്ലാഹുവിനു ഏതു തരത്തിലുള്ള ദൃഷ്ടാന്തവും കാണിക്കുവാൻ തീർച്ചയായും കഴിയും. പക്ഷെ, അങ്ങിനെയൊരു ദൃഷ്ടാന്തം കാണിച്ചു കൊടുക്കാത്തതിൽ പല യുക്തി രഹസ്യങ്ങളും അടങ്ങിയിട്ടുണ്ട്. അതുകൊണ്ടു കാണിച്ചു കൊടുക്കാതിരിക്കുകയാണ്. ഈ യാഥാർത്ഥ്യം മിക്കവരും മനസ്സിലാക്കുന്നില്ല. അതാണു അവർ ഇത്തരം ചോദ്യങ്ങൾ ഉന്നയിക്കുവാൻ കാരണം എന്നത്രെ അവർക്കു നൽകിയ മറുപടിയുടെ താൽപര്യം.

അമാനുഷികമായ ഏതെങ്കിലും ഒരു വലിയ പ്രകൃതി ദൃഷ്ടാന്തം മുഖേന എല്ലാവരെയും സത്യവിശ്വാസം സ്വീകരിക്കുവാൻ നിർബ്ബന്ധിതരാക്കണമെന്നല്ല അല്ലാഹു ഉദ്ദേശിക്കുന്നത്. സത്യാസത്യങ്ങൾ വിവേചിച്ചറിയുവാനുള്ള ബുദ്ധിപരമായ ദൃഷ്ടാന്തങ്ങൾ ചൂണ്ടിക്കാണിച്ചുകൊടുക്കുകയും, സത്യയാഥാർത്ഥ്യങ്ങൾ ഇന്നിന്നപ്രകാരമാണെന്നു പ്രവാചകനും വേദഗ്രന്ഥവും മുഖേന വിവരിച്ചു കൊടുക്കുകയും ചെയ്യുക; എന്നിട്ടു നേർമാർഗ്ഗത്തിലേക്കു ക്ഷണിക്കുക; ക്ഷണം സ്വീകരിക്കുവാനും തിരസ്കരിക്കുവാനും അവസരവും നൽകുക; അങ്ങനെ വിശ്വസിക്കുന്നവരുടെ വിശ്വാസവും, നിഷേധിക്കുന്നവരുടെ നിഷേധവും മനഃപൂർവ്വവും ഉദ്ദേശ്യപൂർവ്വവുമായിരിക്കുക. ഇതാണ് അല്ലാഹു ഉദ്ദേശിക്കുന്നത്. പൂർവ്വസമുദായങ്ങളെ സംബന്ധിച്ചിടത്തോളം, അവർ ബുദ്ധിപരമായ പക്വതയിൽ കേവലം ബാലപ്രായത്തിലായിരുന്നതുകൊണ്ട് അതതു കാലത്തിനൊത്ത ചില പ്രകൃതി ദൃഷ്ടാന്തങ്ങൾ സത്യത്തിനു തെളിവായി അവർക്കു കാട്ടിക്കൊടുക്കുകയുണ്ടായി. ബുദ്ധിപരമായ ദൃഷ്ടാന്തങ്ങൾ വഴി സത്യാസത്യം വേർതിരിച്ചെടുക്കുവാൻ അക്കാലത്തുള്ളവരുടെ ബുദ്ധിയുടെ നിലവാരം പാകമാകാതിരുന്നതാണ് അതിനു കാരണം. ഒടുക്കത്തെ സമുദായമായ നബി (സ) തിരുമേനിയുടെ സമുദായം ബുദ്ധിപരമായ വളർച്ച പ്രാപിച്ചു കഴിഞ്ഞിരിക്കകൊണ്ട് അങ്ങിനെയുള്ള ദൃഷ്ടാന്തങ്ങളല്ല അവർക്കു യോജ്യമായിട്ടുള്ളത്. തെളിവിന്റെ സുസ്ഥിരതയും സുവ്യക്തതയും ബുദ്ധിപരമായ ദൃഷ്ടാന്തങ്ങളിലാണുള്ളത്.

മാത്രമല്ല, പൂർവ്വ സമുദായങ്ങൾ—അവരുടെ ബാലിശമായ മത്സര ബുദ്ധിയും മർക്കട മുഷ്ടിയും കാരണമായി—തങ്ങളുടെ പ്രവാചകൻമാരെ അത്തരം ചില ദൃഷ്ടാന്തങ്ങൾ കാട്ടിക്കൊടുക്കുവാൻ വെല്ലുവിളിക്കുകയും, ദൃഷ്ടാന്തങ്ങൾ കണ്ടുകഴിഞ്ഞപ്പോൾ അവ മാരണവും ജാലവിദ്യയുമാണെന്നു പറഞ്ഞു നിഷേധിക്കുകയും ചെയ്തിരുന്നു. ആ നിഷേധം അവരുടെമേൽ പൊതുശിക്ഷ വന്നു ഭവിക്കുവാനും കാരണമായി. അതുപോലെ ഈ സത്യ നിഷേധികളുടെ വെല്ലുവിളിയനുസരിച്ച് ഒരു ദൃഷ്ടാന്തം കാട്ടിക്കൊടുക്കുന്നപക്ഷം അതവരുടെയും നാശത്തിനു ഇടയാക്കുകയാണുണ്ടാകുക. ഇതെല്ലാം കാരണമായി അന്ത്യപ്രവാചകനായ നബി (സ) തിരുമേനിയുടെയും അവിടുന്നു പ്രബോധനം ചെയ്യുന്ന സത്യ സന്ദേശങ്ങളുടെയും സത്യതക്കു തെളിവായി നിലകൊള്ളുന്ന ദൃഷ്ടാന്തങ്ങൾ കാലദേശ വ്യത്യാസം കൂടാതെ നിലനിൽക്കതക്ക ബുദ്ധിപരമായ ദൃഷ്ടാന്തങ്ങളായിരിക്കുവാനാണു അല്ലാഹു ഉദ്ദേശിക്കുന്നത്. ഇവയിൽ പ്രധാനമായതും കാലാവസാനംവരെ നിലനിൽക്കുന്നതും വിശുദ്ധ ഖുർആൻതന്നെ. [ഈ വിഷയകമായി മുഖവുര 3-ാം ഖണ്ഡത്തിൽ (പേജ് 56-59) മുമ്പു വിവരിച്ചിട്ടുണ്ട്.]

٣٨- وَمَا مِن دَآبَّةٍ فِى ٱلْأَرْضِ وَلَا طَٰٓئِرٍ يَطِيرُ بِجَنَاحَيْهِ إِلَّآ أُمَمٌ أَمْثَالُكُم

مَّا فَرَّطْنَا فِى ٱلْكِتَٰبِ مِن شَىْءٍ ثُمَّ إِلَىٰ رَبِّهِمْ يُحْشَرُونَ ○

38. ഭൂമിയിലെ (ചലിക്കുന്ന) ഏതൊരു ജന്തുവാകട്ടെ, രണ്ടു ചിറകുകൾകൊണ്ടു പറക്കുന്ന ഏതൊരു പക്ഷിയാകട്ടെ, നിങ്ങളെപ്പോലെയുള്ള ചില സമുദായങ്ങളല്ലാതെ (മറ്റൊന്നും) അല്ല.

ഗ്രന്ഥത്തിൽ യാതൊന്നും (തന്നെ) നാം വീഴ്ച വരുത്തിയിട്ടില്ല. പിന്നീടു, അവർ തങ്ങളുടെ റബ്ബിങ്കലേക്കു ഒരുമിച്ചു കൂട്ടപ്പെടുന്നതാണ്.

---

38. وما من دابة ഒരു ജന്തു (ജീവി-മൃഗ)വും അല്ല (ഇല്ല) في الارض ഭൂമിയിലെ, ഭൂമിയിൽ ولا طائر ഒരു പക്ഷിയുമില്ല (അല്ല) يطير പറക്കുന്ന بجناحيه അതിന്റെ രണ്ടു ചിറകു (പക്ഷം)കൊണ്ടു الا امم ചില സമുദായങ്ങളല്ലാതെ امثالكم നിങ്ങളെപ്പോലുള്ള ما فرطنا നാം വീഴ്ച (പോരായ്മ) വരുത്തിയിട്ടില്ല في الكتاب ഗ്രന്ഥത്തിൽ, രേഖയിൽ من شيء യാതൊന്നും ثم പിന്നീടു الى ربهم തങ്ങളുടെ റബ്ബിങ്കലേക്ക് يحشرون അവർ ഒരുമിച്ചുകൂട്ടപ്പെടും.

ഭൂമിയിലുള്ള ഓരോ ജീവവർഗ്ഗവും ഓരോ സമുദായമാകുന്നു. ഓരോന്നിനും അതതിന് ആവശ്യവും അനുയോജ്യവുമായ എല്ലാ വ്യവസ്ഥകളും മാർഗ്ഗദർശനങ്ങളും അല്ലാഹു നൽകിയിട്ടുണ്ട്. എല്ലാറ്റിന്റെയും നിലനിൽപിനും, വളർച്ചക്കും, അഭിവൃദ്ധിക്കും വേണ്ടതൊക്കെ അവൻ പ്രത്യേകം പ്രത്യേകം ചെയ്തുവെക്കുകയും ചെയ്തിരിക്കുന്നു. അക്കൂട്ടത്തിൽ ഒരു സമുദായംതന്നെയാണു മനുഷ്യ വർഗ്ഗവും. അവർക്കു വേണ്ടുന്നതൊക്കെ അവർക്കും ചെയ്തുവെച്ചിട്ടുണ്ട്. വിശേഷബുദ്ധി, വിവേചന ശക്തി, ചിന്താശക്തി ആദിയായ പ്രത്യേകത

കടം മനുഷ്യ സമുദായത്തിന്റെ സവിശേഷതയാകുന്നു. സൻമാർഗ്ഗം സ്വീകരിക്കണം, ദുർമാർഗ്ഗത്തിൽ നിന്ന് അകലണം, ദൃഷ്ടാന്തങ്ങളിൽനിന്നും സത്യാസത്യം തിരിച്ചറിയണം പോലെയുള്ള ശാസനകൾ മനുഷ്യ സമുദായത്തിനു നൽകുവാൻ അതാണ് കാരണം. ആകയാൽ, ഇതര സമുദായങ്ങളിൽനിന്നു വ്യത്യസ്തമായി മനുഷ്യൻ അവന്റെ നൻമക്കും വിജയത്തിനുമുള്ള ഉപാധികൾ സ്വീകരിക്കുവാൻ ബാദ്ധ്യസ്ഥനാകുന്നു. ഇതര ജീവികളെപ്പോലെ മനുഷ്യർക്കു ചിന്താശൂന്യരായി കഴിഞ്ഞു കൂടാവതല്ല എന്നൊക്കെയാണ് ഈ വചനത്തിന്റെ ആദ്യഭാഗത്തിലടങ്ങിയ ആശയം.

രണ്ടാമത്തെ വാക്യത്തിൽ 'ഗ്രന്ഥത്തിൽ നാം യാതൊന്നും വീഴ്ച-അഥവാ പോരായ്മ-വരുത്തിയിട്ടില്ല' എന്നു പറഞ്ഞതിലെ 'ഗ്രന്ഥം' കൊണ്ടുദ്ദേശ്യം, ഖുർആൻ ആയിരിക്കുവാനും, സംഭവിച്ചതും സംഭവിക്കാനിരിക്കുന്നതുമായ എല്ലാ ചെറുതും വലുതുമായ കാര്യങ്ങളും രേഖപ്പെടുത്തപ്പെട്ടിട്ടുള്ള അല്ലാഹുവിന്റെ ജ്ഞാനരേഖയായ 'ലൗഹുൽ മഹ്ഫൂള്' اللوح المحفوظ (ലൗഹുൽമഹ്ഫൂള്) ആയിരിക്കുവാനും സാദ്ധ്യതയുണ്ട്. ഒന്നാമത്തേതനുസരിച്ച് ആ വാക്യത്തിന്റെ സാരം, നിങ്ങൾക്കു വേണ്ടുന്ന മാർഗ്ഗ നിർദ്ദേശങ്ങളും തെളിവുകളുമെല്ലാം വേണ്ടതുപോലെ ഖുർആനിൽ നാം അടക്കം ചെയ്തിട്ടുണ്ടെന്നും, രണ്ടാമത്തേതനുസരിച്ച് ഓരോ വസ്തുവിനും സമുദായത്തിനും വേണ്ടതു എന്തെല്ലാമാണ്, അവ എങ്ങിനെയെല്ലാം ആയിരിക്കണം എന്നിങ്ങിനെയുള്ള കാര്യങ്ങളെല്ലാം ആ രേഖയിൽ വ്യവസ്ഥ ചെയ്തുവെച്ചിട്ടുണ്ടെന്നും ആയിരിക്കുന്നതാണ്. والله أعلم

മനുഷ്യൻ മാത്രമല്ല, എല്ലാ ജീവജന്തുക്കളുംതന്നെ മഹ്ശറിൽ ഒരുമിച്ചു കൂട്ടപ്പെടുമെന്ന് അവസാനത്തെ വാക്യത്തിൽനിന്നു മനസ്സിലാക്കാം. ഇമാം മുസ്ലിം (റ) ഉദ്ധരിച്ച ഒരു നബി വചനത്തിൽ ഇങ്ങിനെ വന്നിട്ടുണ്ട്: 'കടപ്പാടുകളെ കൊടുത്തു തീർക്കപ്പെടേണ്ടവർക്കു ഖിയാമത്തു നാളിൽ നിങ്ങൾ അതു കൊടുത്തു തീർക്കേണ്ടിവരും. എത്രത്തോളമെന്നാൽ, മൊട്ടയായ (കൊമ്പില്ലാത്ത) ആടിനു കൊമ്പുള്ള ആടിൽനിന്നുകൂടി പ്രതികാര നടപടി എടുക്കപ്പെടുന്നതാണ്.' ഹാകിം, ഇബ്നു ജരീർ, ഇബ്നു അബീഹാതിം (റ) മുതലായവർ അബൂഹുറൈറ (റ) പറഞ്ഞതായി ഇപ്രകാരം ഉദ്ധരിക്കുന്നു: 'ഏതൊരു ജീവിയും, ഏതൊരു പറവയും ഖിയാമത്തു നാളിൽ ഒരുമിച്ചു കൂട്ടപ്പെടാതിരിക്കയില്ല. പിന്നീട്, അവയിൽ ചിലതിനു ചിലതിൽനിന്നു (തമ്മതമ്മിൽ) പ്രതികാര നടപടി എടുക്കപ്പെടും. അങ്ങനെ, കൊമ്പില്ലാത്തതിന് കൊമ്പുള്ളതിൽ നിന്നുകൂടി നടപടി എടുക്കപ്പെടും. പിന്നീടു, അവയോടു മണ്ണായി കൊള്ളുക' എന്നു പറയപ്പെടും. അന്നേരം അവിശ്വാസികൾ പറയും: 'ഹാ! ഞാൻ മണ്ണായിരുന്നെങ്കിൽ നന്നായേനെ!' നിങ്ങൾക്കു വേണമെങ്കിൽ (ഇതിനു തെളിവെന്നോണം) ...وما من دابة (ഈ) വചനം ഓതിക്കൊള്ളുക.'

39. നമ്മുടെ 'ആയത്തു' [ദൃഷ്ടാന്തം] കളെ വ്യാജമാക്കിയവർ ബധിരൻമാരും ഊമകളുമത്രെ, അന്ധകാരങ്ങളിലാണ് (അവർ).

അല്ലാഹു ആരെ (വഴി പിഴവിലാക്കുവാൻ) ഉദ്ദേശിക്കുന്നുവോ, അവനെ അവൻ വഴിപിഴവിലാക്കുന്നു. അവൻ ആരെ (നേർമാർഗ്ഗത്തിലാക്കുവാൻ) ഉദ്ദേശിക്കുന്നുവോ, അവനെ അവൻ നേരെ (ചൊവ്വാ) യുള്ള പാതയിൽ ആക്കുന്നതുമാണ്.

٣٩- وَٱلَّذِينَ كَذَّبُوا۟ بِـَٔايَٰتِنَا صُمٌّ وَبُكْمٌ فِى ٱلظُّلُمَٰتِ ۗ مَن يَشَإِ ٱللَّهُ يُضْلِلْهُ وَمَن يَشَأْ يَجْعَلْهُ عَلَىٰ صِرَٰطٍ مُّسْتَقِيمٍ ۝

39. والذين كذبوا വ്യാജമാക്കിയവർ بآياتنا നമ്മുടെ ആയത്തുകളെ صم ബധിരൻമാരാണു وبكم ഊമകളു(മൂകരു)മാണു في الظلمات അന്ധകാരങ്ങളിലാണു,ഇരുട്ടിലാണു من ആരെ, ആർ,വല്ലവനും يشإ الله അല്ലാഹു ഉദ്ദേശിക്കുന്നു (വോ) يضلله അവൻ അവനെ വഴിപിഴവിലാക്കുന്നതാണു ومن يشأ ആരെ അവൻ ഉദ്ദേശിക്കുന്നുവോ يجعله അവനെ ആക്കുന്നതാണ് على صراط പാതയിൽ مستقيم നേരായ, ചൊവ്വായ.

ലക്ഷ്യങ്ങളും തെളിവുകളും ശ്രദ്ധിക്കാതെയും, അവയിൽനിന്ന് കാര്യങ്ങൾ ഗ്രഹിക്കാതെയും ഇരിക്കുന്നവരെ ഇരുട്ടിൽപെട്ട ബധിരമൂകൻമാരോടു അല്ലാഹു ഉപമിച്ചിരിക്കുകയാണു. സത്യയാഥാർത്ഥ്യങ്ങൾ കണ്ടറിയുവാനോ കേട്ടു മനസ്സിലാക്കുവാനോ, മറ്റുള്ളവരോടു ചോദിച്ചറിയുവാനോ അവർക്കു കഴിയുകയില്ല. അഥവാ അതിനു മുതി

തികയില്ല—അവർ അപകടത്തിലും പിഴവിലും പതിക്കുകയേ ചെയ്യുകയുള്ളൂ—എന്നു സാരം. ഇങ്ങിനെയുള്ളവരെക്കുറിച്ചാണ് അല്ലാഹു അവരെ വഴിപിഴപ്പിക്കുമെന്നു പറഞ്ഞതും. നേരെമറിച്ചു ലക്ഷ്യങ്ങളിലും തെളിവുകളിലും ശ്രദ്ധപതിച്ചു സത്യാസത്യങ്ങൾ മനസ്സിലാക്കുവാൻ തയ്യാറുള്ളവർ നേർമാർഗ്ഗം കണ്ടെത്തുകയും അതു പിൻപറ്റുകയും ചെയ്യാതെയും ഇരിക്കുകയില്ല. ഇവർക്കു അല്ലാഹുവിങ്കൽനിന്നും കൂടുതൽ പ്രചോദനങ്ങളും സഹായവും ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യും. ഇങ്ങിനെയുള്ളവരെപ്പറ്റിയാണ് അല്ലാഹു അവരെ നേർക്കുനേരെയുള്ള പാതയിൽ ആക്കുമെന്നും പറഞ്ഞത്.

അല്ലാതെ—ഒരു വ്യവസ്ഥയോ മാനദണ്ഡമോ ഒന്നും കൂടാതെ—കുറേ ആളുകളെ അല്ലാഹു സൻമാർഗ്ഗത്തിലും, കുറേ ആളുകളെ ദുർമ്മാർഗ്ഗത്തിലുമാക്കിത്തീർക്കുമെന്നല്ല അല്ലാഹു പറഞ്ഞതിന്റെ ഉദ്ദേശ്യം. പല സ്ഥലങ്ങളിൽ അല്ലാഹു പറയുന്നതു നോക്കുക: يضل به كثيرا ويهدي به كثيرا .... (ഇതുമൂലം വളരെ ആളുകളെ അവൻ പിഴവിലാക്കുകയും, വളരെ ആളുകളെ അവൻ സൻമാർഗ്ഗത്തിലാക്കുകയും ചെയ്യുന്നു. തോന്നിയവാസികളെയല്ലാതെ അവൻ വഴിപിഴപ്പിക്കുകയില്ല. (2:26) يثبت الله الذين آمنوا .... (വിശ്വസിച്ചവരെ ഐഹിക ജീവിതത്തിലും, പരലോക ജീവിതത്തിലും സ്ഥിരമായ വാക്കുകൊണ്ടു അല്ലാഹു സ്ഥിരപ്പെടുത്തുന്നു. അക്രമികളെ അവൻ വഴിപിഴവിലാക്കുകയും ചെയ്യുന്നു (14:27) ان ربك هو اعلم من يضل عن سبيله .... (നിശ്ചയമായും നിന്റെ റബ്ബ് അവന്റെ മാർഗ്ഗം വിട്ടു പിഴച്ചുപോകുന്നവരെ നല്ലവണ്ണം അറിയുന്നവനാണ്; നേർമാർഗ്ഗം പ്രാപിക്കുന്നവരെപ്പറ്റിയും അവൻ നല്ലവണ്ണം അറിയുന്നവനാണ്. (6:117)

40. (നബിയേ) പറയുക: നിങ്ങൾ കണ്ടുവോ? നിങ്ങൾക്കു അല്ലാഹുവിന്റെ ശിക്ഷ വന്നെത്തുകയോ, അല്ലെങ്കിൽ അന്ത്യസമയം വന്നെത്തുകയോ ചെയ്തുവെങ്കിൽ, അല്ലാഹു അല്ലാത്തവരെയോ നിങ്ങൾ വിളി(ച്ചു പ്രാർത്ഥി)ക്കുക? നിങ്ങൾ സത്യം പറയുന്നവരാണെങ്കിൽ! [ഇതൊന്നു പറയുവിൻ, കേൾക്കട്ടെ!]

٤٠- قُلْ أَرَءَيْتَكُمْ إِنْ أَتَىٰكُمْ عَذَابُ ٱللَّهِ أَوْ أَتَتْكُمُ ٱلسَّاعَةُ أَغَيْرَ ٱللَّهِ تَدْعُونَ إِن كُنتُمْ صَٰدِقِينَ ۝

41. (അല്ല) എന്നാൽ നിങ്ങൾ അവനെത്തന്നെ വിളി(ച്ചു പ്രാർത്ഥി)ക്കുന്നതാണ്. അപ്പോൾ, നിങ്ങൾ ഏതൊന്നിലേക്കു (അവനെ) വിളി(ച്ചു പ്രാർത്ഥി)ക്കുന്നുവോ അതിനെ അവൻ തുറവിയാക്കുന്നു—അവൻ ഉദ്ദേശിച്ചെങ്കിൽ. നിങ്ങൾ (അവനോടു) പങ്കു ചേർക്കുന്നവയെ നിങ്ങൾ വിസ്മരിക്കുകയും ചെയ്യുന്നു.

٤١- بَلْ إِيَّاهُ تَدْعُونَ فَيَكْشِفُ مَا تَدْعُونَ إِلَيْهِ إِن شَآءَ وَتَنسَوْنَ مَا تُشْرِكُونَ ۝

---

40. قل പറയുക ارأيتكم നിങ്ങൾ കണ്ടുവോ (പറഞ്ഞു തരുവിൻ) ان اتاكم നിങ്ങൾക്കു വന്നുവെങ്കിൽ عذاب الله അല്ലാഹുവിന്റെ ശിക്ഷ او اتتكم അല്ലെങ്കിൽ നിങ്ങൾക്കു വന്നു (വെങ്കിൽ) الساعة അന്ത്യസമയം اغير الله അല്ലാഹു അല്ലാത്തവരെയോ تدعون നിങ്ങൾ വിളിക്കുക, പ്രാർത്ഥിക്കുക ان كنتم നിങ്ങളാണെങ്കിൽ صادقين സത്യം പറയുന്നവർ. 41. بل എന്നാൽ, പക്ഷേ اياه അവനെ(ത്തന്നെ) تدعون നിങ്ങൾ വിളിക്കും فيكشف അപ്പോൾ അവൻ തുറവിയാക്കും, നീക്കിക്കളയും ما യാതൊരു കാര്യം تدعون നിങ്ങൾ വിളി(പ്രാർത്ഥി)ക്കുന്നു اليه അതിലേക്കു, അതിനായി ان شاء അവൻ ഉദ്ദേശിച്ചാൽ وتنسون നിങ്ങൾ വിസ്മരിക്കുക (മറക്കുക)യും ചെയ്യും ما تشركون നിങ്ങൾ പങ്കു ചേർക്കുന്നതിനെ (ചേർക്കുന്നവയെ)

ബഹുദൈവ വിശ്വാസികളായിരുന്നാൽപോലും അത്യാപത്തു നേരിടുമ്പോൾ, തങ്ങളുടെ ദൈവങ്ങളെയെല്ലാം മറന്ന് അല്ലാഹുവിനെമാത്രം വിളിച്ചു രക്ഷക്കപേക്ഷിക്കുകയായിരിക്കും ചെയ്യുക. വിഗ്രഹാരാധകൻമാരുടെ മാത്രം സ്ഥിതിയല്ല ഇത്. മരണപ്പെട്ടുപോയ മഹാത്മാക്കളായ ആളുകളെയും, ജീവിച്ചിരിപ്പുള്ള ദൈവവാദികളായ ആളു

കളെയും വിളിച്ചുപ്രാർത്ഥിക്കുന്നവരുടെയും — എന്നു വേണ്ട, എല്ലാതരം ബഹുദൈവാരാധകൻമാരുടെയും — സ്ഥിതി ഇതു തന്നെയാണു. അത്രയുമല്ല, നിരീശ്വരവാദികൾപോലും അത്യാപത്തുകൾ നേരിടുമ്പോൾ — അറിയാതെ — 'പടച്ചവനേ, ഈശ്വരാ, ദൈവമേ' എന്നിങ്ങിനെ യഥാർത്ഥ ദൈവമായ അല്ലാഹുവിനെ വിളിച്ചു നിലവിളിക്കുന്നതായി കാണാം. ഈ ലോകാലോകങ്ങളുടെയെല്ലാം സ്രഷ്ടാവും പരമാധികാരിയുമായ ഒരു മഹാശക്തിയുണ്ടെന്നുള്ള അവബോധം മനുഷ്യനിൽ നിക്ഷിപ്തമായിട്ടുള്ളതാണ് ഇതിനു കാരണം. ചില മഹാൻമാർ പ്രസ്താവിക്കുന്നതുപോലെ, പ്രകൃതിവാദത്തിലും, നിരീശ്വരവാദത്തിലും മുൻപന്തിയിൽ നിൽക്കുന്ന മഹാൻമാർക്കുപോലും അവരുടെ വാദത്തിൽ ഉറച്ചുനിൽക്കുവാനുള്ള വിശ്വാസവും, പതറാത്ത മനസ്ഥൈര്യവും ഉണ്ടായിരിക്കയില്ലെന്നുള്ളതാണ് പരമാർത്ഥം.

വിഭാഗം-5

٤٢- وَلَقَدْ أَرْسَلْنَا إِلَىٰ أُمَمٍ مِّن قَبْلِكَ فَأَخَذْنَاهُم بِالْبَأْسَاءِ وَالضَّرَّاءِ لَعَلَّهُمْ يَتَضَرَّعُونَ ۝

42. (നബിയേ) നിനക്കു മുമ്പു പല സമുദായങ്ങളിലേക്കും നാം (ദൂതൻമാരെ) അയക്കുകയുണ്ടായിട്ടുണ്ട്. എന്നിട്ട് കഷ്ടപ്പാടും, ദുരിതവുംകൊണ്ടു നാം അവരെ പിടികൂടി, അവർ വിനയം കാണിക്കുവാൻവേണ്ടി.

٤٣- فَلَوْلَا إِذْ جَاءَهُم بَأْسُنَا تَضَرَّعُوا وَلَٰكِن قَسَتْ قُلُوبُهُمْ وَزَيَّنَ لَهُمُ الشَّيْطَانُ مَا كَانُوا يَعْمَلُونَ ۝

43. എന്നാൽ, അവർക്കു നമ്മുടെ ശിക്ഷ വന്നപ്പോൾ അവർ വിനയം കാണിക്കാതിരുന്നതെന്താണു?! എങ്കിലും, അവരുടെ ഹൃദയങ്ങൾ കടുത്തുപോയി.

അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതിനെ പിശാചു അവർക്ക് അലങ്കാരമാക്കിക്കാണിക്കുകയും ചെയ്തു. [ഇതാണുണ്ടായത്].

٤٤- فَلَمَّا نَسُوا مَا ذُكِّرُوا بِهِ فَتَحْنَا عَلَيْهِمْ أَبْوَابَ كُلِّ شَيْءٍ حَتَّىٰ إِذَا فَرِحُوا بِمَا أُوتُوا أَخَذْنَاهُم بَغْتَةً فَإِذَا هُم مُّبْلِسُونَ ۝

44. അങ്ങനെ, യാതൊന്നിനെക്കുറിച്ചു അവർ ഉൽബോധിപ്പിക്ക [ഉപദേശിക്ക] പ്പെട്ടുവോ അതവർ മറന്നുകളഞ്ഞപ്പോൾ, അവർക്ക എല്ലാ വസ്തുക്കളുടെയും വാതിലുകൾ നാം തുറന്നുകൊടുത്തു.

അങ്ങനെ, (അവസാനം) തങ്ങൾക്കു നൽകപ്പെട്ടതിൽ അവർ ആഹ്ളാദം കൊണ്ടപ്പോൾ, അവരെ നാം പെട്ടെന്നു പിടിച്ചു (ശിക്ഷിച്ചുകളഞ്ഞു). അപ്പോൾ, അവർ (അതാ) നിരാശപ്പെട്ടവർ (ആയിത്തീരുന്നു)!

---

42. وَلَقَدْ أَرْسَلْنَا നാം അയക്കുകയുണ്ടായിട്ടുണ്ട് إِلَىٰ أُمَمٍ പല സമുദായങ്ങളിലേക്കും مِّن قَبْلِكَ നിനക്കു മുമ്പു فَأَخَذْنَاهُم എന്നിട്ടു നാം അവരെ പിടിച്ചു(പിടികൂടി) بِالْبَأْسَاءِ കഷ്ടപ്പാടുകൊണ്ടു وَالضَّرَّاءِ ദുരിതവും, ബുദ്ധിമുട്ടും لَعَلَّهُمْ അവരാകുവാൻവേണ്ടി, ആയേക്കാം يَتَضَرَّعُونَ വിനയം (താഴ്മ) കാണിക്കുന്ന(വർ), വിനയപ്പെടുക. 43. فَلَوْلَا എന്നാൽ ആയിക്കൂടേ, എന്തുകൊണ്ടായില്ല إِذْ جَاءَهُم അവർക്ക് വന്നപ്പോൾ بَأْسُنَا നമ്മുടെ ശിക്ഷ تَضَرَّعُوا അവർ വിനയം(താഴ്മ) കാണിക്കൽ وَلَٰكِن എങ്കിലും قَسَتْ കടുത്തു, കടുപ്പമായി قُلُوبُهُمْ അവരുടെ ഹൃദയങ്ങൾ وَزَيَّنَ അലങ്കാരമാക്കുക(ഭംഗിയാക്കിക്കാണിക്കുക)യും ചെയ്തു لَهُمُ അവർക്കു الشَّيْطَانُ പിശാചു, ശൈത്താൻ مَا كَانُوا അവരായിരുന്നതിനെ يَعْمَلُونَ അവർ പ്രവർത്തിക്കും. 44. فَلَمَّا نَسُوا അങ്ങനെ (എന്നിട്ടു) അവർ മറന്നപ്പോൾ مَا യാതൊരു കാര്യം ذُكِّرُوا അവർ ഉത്ബോധിപ്പിക്ക (ഉപദേശിക്ക)പ്പെട്ടു بِهِ അതിനെപ്പറ്റി فَتَحْنَا നാം തുറന്നുകൊടുത്തു عَلَيْهِمْ അവർക്കു, അവരിൽ أَبْوَابَ വാതിലു (മാർഗ്ഗം) കൾ كُلِّ شَيْءٍ എല്ലാ വസ്തുവിൻെറ(കാര്യത്തിൻെറ)യും حَتَّىٰ അങ്ങനെ (ഇതുവരെ) إِذَا فَرِحُوا അവർ സന്തോഷം കൊണ്ടപ്പോൾ, ആഹ്ളാദിച്ചപ്പോൾ بِمَا أُوتُوا അവർക്ക നൽകപ്പെട്ടതിൽ, നൽകപ്പെട്ടതുകൊണ്ടു أَخَذْنَاهُم അവരെ നാം പിടിച്ചു (ശിക്ഷിച്ചു) بَغْتَةً പെട്ടെന്നു فَإِذَا هُم അപ്പോഴതാ അവരതാ مُّبْلِسُونَ നിരാശപ്പെട്ടവരാകുന്നു.

45. അങ്ങനെ, (ആ) അക്രമം പ്രവർത്തിച്ചവരുടെ മുരട് മുറിക്കപ്പെട്ടു (അവർ നിശ്ശേഷം നശിപ്പിക്കപ്പെട്ടു). ലോകരക്ഷിതാവായ അല്ലാഹുവിനത്രെ സ്തുതി (മുഴുവനും)!

فَقُطِعَ دَابِرُ الْقَوْمِ الَّذِينَ ظَلَمُوا ۚ وَالْحَمْدُ لِلَّهِ رَبِّ الْعَالَمِينَ ○ ٤٥

---

45. فَقُطِعَ അങ്ങനെ മുറിക്ക(ഛേദിക്ക)പ്പെട്ടു دَابِرُ പിൻഭാഗം (മുരട്) الْقَوْمِ ജനങ്ങളുടെ الَّذِينَ ظَلَمُوا അക്രമം പ്രവർത്തിച്ചവരായ وَالْحَمْدُ സ്തുതി (മുഴുവൻ) لِلَّهِ അല്ലാഹുവിനാണു رَبِّ റബ്ബായ, രക്ഷിതാവായ الْعَالَمِينَ ലോകരുടെ

മുൻ സമുദായങ്ങളുടെ ചരിത്രം ഓർമ്മിപ്പിച്ചുകൊണ്ട് അതുപോലെ നിങ്ങളിലും സംഭവിക്കുന്നതു സൂക്ഷിക്കണമെന്ന് അവിശ്വാസികളെ അല്ലാഹു താക്കീതു ചെയ്യുകയാണു. മുമ്പു പല സമുദായങ്ങളിലേക്കും ഇതുപോലെ റസൂലുകളെ അയച്ചിട്ട് അവർ അവരെ നിഷേധിക്കുകയും ധിക്കരിക്കുകയും ചെയ്തു. അപ്പോൾ, അവരുടെ ധിക്കാരം മാറി അവർ വിനയവും താഴ്മയും ഉള്ളവരായിത്തീരുവാൻവേണ്ടി അല്ലാഹു പലതരത്തിലുള്ള പീഡനങ്ങളും ദുരിതങ്ങളും ഏർപ്പെടുത്തി. അപ്പോഴും അവർ നന്നായിത്തീരുകയല്ല ചെയ്തത്. സ്വഭാവം ദുഷിക്കുകയും ഹൃദയം കടുത്തു കടുപ്പമാകുകയുമാണുണ്ടായത്. പിശാചിന്റെ ദുർമ്മന്ത്രങ്ങൾക്കു അവർ വിധേയരായി. തങ്ങൾ ചെയ്യുന്ന തോന്നിവാസങ്ങളെല്ലാം തങ്ങൾക്കു ഗുണമായി അവൻ അവർക്കു തോന്നിപ്പിക്കുകയും ചെയ്തു. അപ്പോൾ, അല്ലാഹു അവർക്കു ഐശ്വര്യങ്ങളുടെയും സുഖസൗകര്യങ്ങളുടെയും മാർഗ്ഗങ്ങൾ വേണ്ടത്ര തുറന്നു കൊടുത്തു. കഷ്ടതകൾ മാറി അനുഗ്രഹങ്ങളിൽ മുഴുകിയപ്പോൾ അവർ അല്ലാഹുവോടു നന്ദി കാണിച്ചുവോ? അതുമില്ല. മതിമറന്നു ആഹ്ലാദം കൊള്ളുകയുമാണു ചെയ്തത്. ചുരുക്കിപ്പറഞ്ഞാൽ, തിന്മ മുഖേനയുള്ള ആദ്യത്തെ പരീക്ഷണംകൊണ്ടും, നന്മ മുഖേനയുള്ള രണ്ടാമത്തെ പരീക്ഷണംകൊണ്ടും അവർ പാഠം പഠിച്ചിട്ടില്ല. അതിനാൽ അല്ലാഹു അവരിൽ പലതരത്തിലുള്ള ശിക്ഷകളെ ഏർപ്പെടുത്തി. അപ്പോഴാണവർ കണ്ണുതുറന്നത്. പക്ഷേ, ഫലമെന്ത്? അല്ലാഹു അവരുടെ അവശിഷ്ടംപോലും ബാക്കിയാകാതെ അവരെ നിശ്ശേഷം ഭൂമുഖത്തുനിന്നു ഛേദിച്ചു കളഞ്ഞു. ഈ ചരിത്ര യാഥാർത്ഥ്യങ്ങൾ ഇവർക്കും പാഠമായിരിക്കട്ടെ എന്നു സാരം.

ധിക്കാരശീലരും തോന്നിയവാസികളുമായ ആളുകളെ ആപത്തുകളും കഷ്ടപ്പാടുകളും വഴി അല്ലാഹു പരീക്ഷണം നടത്താറുള്ളതുപോലെ, സുഖസൗകര്യങ്ങൾ മുഖേനയും പരീക്ഷണം നടത്തി നോക്കുമെന്നും, രണ്ടും അവരിൽ മനഃപരിവർത്തനം വരുത്തുന്നില്ലാത്ത പക്ഷം, അവർ അല്ലാഹുവിന്റെ കോപത്തിനും, കഠിനമായ ശിക്ഷക്കും പാത്രമായിത്തീരുമെന്നും ഇതിൽനിന്നു മനസ്സിലാക്കാം. ലോകചരിത്രം നോക്കുമ്പോൾ—വ്യക്തികളുടെ ചരിത്രത്തിലും സമുദായങ്ങളുടെ ചരിത്രത്തിലും തന്നെ—ഇതിനു ധാരാളം തെളിവുകളും കാണാം. സത്യവിശ്വാസികളെ സംബന്ധിച്ചേടത്തോളം രണ്ടുതരം പരീക്ഷണങ്ങളും അവർ തങ്ങൾക്കു ഗുണകരമായി കലാശിക്കുമാറ് ഉപയോഗപ്പെടുത്തുകയായിരിക്കും ചെയ്യുക. നബി (സ) പറയുന്നു: 'സത്യവിശ്വാസിയുടെ കാര്യം ആശ്ചര്യം തന്നെ! അവന്റെ കാര്യമെല്ലാം അവനു ഗുണകരമായിത്തീരുന്നു. ഇതു സത്യവിശ്വാസിക്കല്ലാതെ മറ്റാർക്കുമില്ല. അതായതു: അവനു വല്ല സന്തോഷാവസ്ഥയും ബാധിച്ചാൽ അവൻ നന്ദി കാണിക്കുന്നു. അങ്ങനെ, അതവനു ഗുണമാകുന്നു. അവനു വല്ല ദുരിതാവസ്ഥയും ബാധിച്ചാൽ അവൻ ക്ഷമ കൈക്കൊള്ളുകയും ചെയ്യുന്നു. അപ്പോൾ അതും അവനു ഗുണമായിത്തീരുന്നു.' (മു.)

മേൽപറഞ്ഞവിധം മുർസലുകളുടെ മുന്നറിയിപ്പുകളും പ്രവചനങ്ങളും സത്യമായി പുലരുകയും, അവരുടെ വിജയവും, നിഷേധികളുടെ പരാജയവും സാക്ഷാൽക്കരിക്കപ്പെടുകയും ചെയ്തതിന്റെ പേരിൽ, അല്ലാഹുവിനെ സ്തുതിക്കേണ്ടതുണ്ടെന്നു സത്യവിശ്വാസികളെ അനുസ്മരിപ്പിച്ചുകൊണ്ട് അല്ലാഹു അവനെത്തന്നെ സ്തുതിക്കുന്നതാണ് അവസാനത്തെ വാക്യം. (الحمد لله رب العالمين)

٤٦- قُلْ أَرَءَيْتُمْ إِنْ أَخَذَ ٱللَّهُ سَمْعَكُمْ وَأَبْصَٰرَكُمْ وَخَتَمَ عَلَىٰ قُلُوبِكُم مَّنْ إِلَٰهٌ غَيْرُ ٱللَّهِ يَأْتِيكُم بِهِ

46. പറയുക: 'നിങ്ങൾ കണ്ടുവോ [പറഞ്ഞു തരുവിൻ]? നിങ്ങളുടെ കേൾവിയും, കാഴ്ചകളും അല്ലാഹു എടുത്തുകളയുകയും, നിങ്ങളുടെ ഹൃദയങ്ങൾക്കു അവൻ മുദ്ര വെക്കുകയും ചെയ്തുവെങ്കിൽ, അല്ലാഹു അല്ലാത്ത ഏതൊരു 'ഇലാഹാ'ണു [ആരാദ്ധ്യനാണ്] നിങ്ങൾക്കതു കൊണ്ടു വന്നു തരുന്നത്?!'

ٱنظُرْ كَيْفَ نُصَرِّفُ ٱلْءَايَٰتِ ثُمَّ هُمْ يَصْدِفُونَ ○

നോക്കൂ: നാം അവർക്കു 'ആയത്തു' [ലക്ഷ്യം]കൾ എങ്ങിനെ വിവിധ രൂപത്തിൽ വിവരിച്ചു കൊടുക്കുന്നുവെന്നു! (എന്നിട്ടും) പിന്നെ, അവർ തിരിഞ്ഞു കളയുന്നു!

٤٧- قُلْ أَرَءَيْتَكُمْ إِنْ أَتَىٰكُمْ عَذَابُ ٱللَّهِ بَغْتَةً أَوْ جَهْرَةً هَلْ يُهْلَكُ إِلَّا ٱلْقَوْمُ ٱلظَّٰلِمُونَ ○

47. പറയുക; 'നിങ്ങൾ കണ്ടുവോ [പറഞ്ഞു തരിൻ]? പെട്ടെന്ന്, അല്ലെങ്കിൽ പ്രത്യക്ഷത്തിൽ [പരസ്യമായിത്തന്നെ] നിങ്ങൾക്കു അല്ലാഹുവിന്റെ ശിക്ഷ വരുന്നപക്ഷം, അക്രമികളായ ജനങ്ങളല്ലാതെ നശിപ്പിക്കപ്പെടുമോ?!'

---

46. قل പറയുക ارأيتم നിങ്ങൾ കണ്ടുവോ (പറയൂ) ان اخذ الله അല്ലാഹു എടുത്തുവെങ്കിൽ سمعكم നിങ്ങളുടെ കേൾവിയെ وابصاركم നിങ്ങളുടെ കാഴ്ചകളെയും وختم അവൻ മുദ്രവെക്കുകയും على قلوبكم നിങ്ങളുടെ ഹൃദയങ്ങൾക്ക് من اله ആരൊരു (ഏതൊരു) ഇലാഹാണു (ആരാദ്ധ്യനാണ്) غير الله അല്ലാഹു അല്ലാത്ത يأتيكم به നിങ്ങൾക്കതുകൊണ്ടു വന്നു തരുന്നതു انظر നോക്കുക كيف എങ്ങിനെയാണു نصرف നാം വിവിധ രൂപത്തിൽ വിവരിക്കുന്നു الايات ആയത്തു (ദൃഷ്ടാന്തം-ലക്ഷ്യം)കളെ ثم പിന്നെ(യും) هم അവർ يصدفون തട്ടിത്തിരിയുന്നു, തിരിഞ്ഞുപോകുന്നു. 47. قل പറയുക ارأيتكم നിങ്ങൾ കണ്ടുവോ ان اتاكم നിങ്ങൾക്കു വന്നുവെങ്കിൽ عذاب الله അല്ലാഹുവിന്റെ ശിക്ഷ بغتة പെട്ടെന്നു او جهرة അല്ലെങ്കിൽ പരസ്യമായി, പ്രത്യക്ഷത്തിൽ هل يهلك നശിപ്പിക്കപ്പെടുമോ الا القوم ജനത (ജനങ്ങൾ) അല്ലാതെ الظالمون അക്രമികളായ.

അല്ലാഹു ചൂണ്ടിക്കാട്ടിയ ഈ രണ്ടു യഥാർത്ഥ്യങ്ങളും ഒരു വിശദീകരണം കൂടാതെ എല്ലാവർക്കും അറിയാവുന്നതാണ്. എന്നിട്ടും പിന്നെയും അതൊന്നും വകവെക്കാതെ, നിശ്ചയം അല്ലാഹു അല്ലാത്ത വസ്തുക്കളെ ആരാധിച്ചും വിളിച്ചു പ്രാർത്ഥിച്ചും വരുന്നതു എത്രമാത്രം അനാശാസ്യവും നിരർത്ഥവുമാണെന്നു ആലോചിച്ചുനോക്കുക. ഇതൊന്നും നിങ്ങൾ മനസ്സിരുത്താത്തതു വലിയ ആശ്ചര്യംതന്നെ. എന്നിങ്ങിനെ മുശ്രിക്കുകളെ ഓർമ്മിപ്പിക്കുവാൻ അല്ലാഹു നബി (സ) യോടു കൽപിക്കുകയാണ്.

٤٨- وَمَا نُرْسِلُ ٱلْمُرْسَلِينَ إِلَّا مُبَشِّرِينَ وَمُنذِرِينَ ۖ فَمَنْ ءَامَنَ وَأَصْلَحَ فَلَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ ○

48. ദൂതൻമാരെ സന്തോഷവാർത്ത അറിയിക്കുന്നവരായും, താക്കീതു (അഥവാ മുന്നറിയിപ്പു) നൽകുന്നവരായുമല്ലാതെ നാം അയക്കാറില്ല. എന്നിട്ട് ആർ വിശ്വസിക്കുകയും (കർമ്മങ്ങൾ) നന്നാക്കിത്തീർക്കുകയും ചെയ്തുവോ, അവരുടെ മേൽ യാതൊരു ഭയവുമില്ല; അവർ വ്യസനിക്കുകയുമില്ല.

---

48. وما نرسل നാം അയക്കില്ല, അയക്കാറില്ല المرسلين മുർസലുകളെ الا مبشرين സന്തോഷവാർത്ത അറിയിക്കുന്നവരായല്ലാതെ ومنذرين താക്കീതു നൽകുന്നവരും, മുന്നറിയിപ്പുകാരും فمن امن എന്നാൽ (എന്നിട്ട്-അപ്പോൾ) ആർ വിശ്വസിച്ചുവോ واصلح നന്നാക്കിത്തീർക്കുകയും, നന്നായിത്തീരുകയും فلا خوف എന്നാൽ ഒരു ഭയവുമില്ല عليهم അവരുടെമേൽ ولا هم يحزنون അവർ വ്യസനിക്കുകയുമില്ല.

49. നമ്മുടെ ദൃഷ്ടാന്തങ്ങളെ വ്യാജമാക്കിയവരാകട്ടെ, അവർ തോന്നിയവാസം പ്രവർത്തിച്ചിരുന്നതുകൊണ്ട് അവരെ ശിക്ഷ ബാധിക്കുന്നതാണ്.

٤٩- وَالَّذِينَ كَذَّبُوا بِآيَاتِنَا يَمَسُّهُمُ الْعَذَابُ بِمَا كَانُوا يَفْسُقُونَ ○

---

49. وَالَّذِينَ كَذَّبُوا വ്യാജമാക്കിയവരാകട്ടെ بِآيَاتِنَا നമ്മുടെ ദൃഷ്ടാന്ത(ലക്ഷ്യ)ങ്ങളെ يَمَسُّهُمْ അവരെ സ്പർശിക്കും, ബാധിക്കും الْعَذَابُ ശിക്ഷ بِمَا كَانُوا അവരായിരുന്നതു കൊണ്ടു (നിമിത്തം) يَفْسُقُونَ അവർ തോന്നിയവാസം പ്രവർത്തിക്കും.

എല്ലാവരെയും സത്യവിശ്വാസം സ്വീകരിപ്പിച്ചു സന്മാർഗ്ഗികളാക്കിത്തീർക്കുക എന്ന ബാധ്യത അല്ലാഹുവിന്റെ റസൂലുകൾക്കില്ല. നല്ല കാര്യങ്ങൾ ഇന്നിന്നതാണെന്നും, അതു സ്വീകരിച്ചാൽ ഇന്നിന്ന ഗുണങ്ങൾ ലഭിക്കുമെന്നുമുള്ള സന്തോഷവാർത്ത അറിയിക്കലും, ചീത്ത കാര്യങ്ങൾ ഇന്നിന്നവയാണെന്നും, അതു ഉപേക്ഷിക്കാത്തപക്ഷം ഇന്നിന്ന ദോഷങ്ങൾ സംഭവിക്കുമെന്നും താക്കീതു നൽകലും എന്നിങ്ങനെ രണ്ടു കാര്യങ്ങളാണ് അവർക്കു നിർവ്വഹിക്കാനുള്ളത്. അതിൽ അവരെ അനുസരിക്കുന്നവർക്കു രക്ഷയുണ്ട്, അല്ലാത്തവർക്കു ശിക്ഷയുമുണ്ടായിരിക്കും എന്നു സാരം.

50. (നബിയേ) പറയുക: 'അല്ലാഹുവിന്റെ ഖജനാവുകൾ എന്റെ പക്കലുണ്ടെന്നു നിങ്ങളോടു ഞാൻ പറയുന്നില്ല; ഞാൻ അദൃശ്യകാര്യം അറിയുകയുമില്ല; ഞാൻ ഒരു 'മലക്കാ'ണ് എന്നും നിങ്ങളോടു ഞാൻ പറയുന്നില്ല. എനിക്ക 'വഹ്‌യ്' [ദിവ്യസന്ദേശം] നൽകപ്പെടുന്നതിനെയല്ലാതെ ഞാൻ പിൻപറ്റുന്നില്ല.'

പറയുക: 'അന്ധനും, കാഴ്ചയുള്ളവനും സമമാകുമോ?! അപ്പോൾ, നിങ്ങൾ ചിന്തിച്ചുനോക്കുന്നില്ലേ?!'

٥٠- قُلْ لَا أَقُولُ لَكُمْ عِندِي خَزَائِنُ اللَّهِ وَلَا أَعْلَمُ الْغَيْبَ وَلَا أَقُولُ لَكُمْ إِنِّي مَلَكٌ إِنْ أَتَّبِعُ إِلَّا مَا يُوحَىٰ إِلَيَّ قُلْ هَلْ يَسْتَوِي الْأَعْمَىٰ وَالْبَصِيرُ أَفَلَا تَتَفَكَّرُونَ ○

---

50. قُلْ പറയുക لَا أَقُولُ ഞാൻ പറയുന്നില്ല لَكُمْ നിങ്ങളോടു عِندِي എന്റെ പക്കലുണ്ട് (എന്നു) خَزَائِنُ ഖജനാവുകൾ, സൂക്ഷിപ്പുകൾ اللَّهِ അല്ലാഹുവിന്റെ وَلَا أَعْلَمُ ഞാൻ അറിയുകയുമില്ല الْغَيْبَ അദൃശ്യം, മറഞ്ഞതു وَلَا أَقُولُ ഞാൻ പറയുന്നുമില്ല لَكُمْ നിങ്ങളോടു إِنِّي مَلَكٌ ഞാനൊരു മലക്കാണു എന്നു إِنْ أَتَّبِعُ ഞാൻ പിൻപറ്റുന്നില്ല إِلَّا مَا يُوحَىٰ വഹ്‌യ് നൽകപ്പെടുന്നതിനെയല്ലാതെ إِلَيَّ എനിക്ക, എന്നിലേക്ക് قُلْ പറയുക هَلْ يَسْتَوِي സമമാകുമോ, ശരിയായിരിക്കുമോ الْأَعْمَىٰ അന്ധൻ وَالْبَصِيرُ കാഴ്ചയുള്ളവനും أَفَلَا تَتَفَكَّرُونَ അപ്പോൾ നിങ്ങൾ ചിന്തിക്കുന്നില്ലേ

നബി (സ) തിരുമേനിയോടു ദൃഷ്ടാന്തങ്ങൾ കാണിച്ചുകൊടുക്കുവാൻ ആവശ്യപ്പെടുക, ഇതര മനുഷ്യരെപ്പോലെ നബി (സ)യും ഭക്ഷണപാനീയങ്ങൾ കഴിക്കുന്നതിനെയും അങ്ങാടിയിലൂടെ നടക്കുന്നതിനെയും സംബന്ധിച്ചും മറ്റും ആശ്ചര്യം പ്രകടിപ്പിക്കുക മുതലായവ അവിശ്വാസികളുടെ പതിവായിരുന്നു. അല്ലാഹുവിന്റെ റസൂലാണെങ്കിൽ അമാനുഷികമായ കഴിവുകളും അദൃശ്യജ്ഞാനവുമൊക്കെ വേണമെന്നാണവരുടെ ധാരണ. ഈ ധാരണ അടിയോടെ തെറ്റാണെന്നു വ്യക്തമാക്കുവാൻ ഈ വചനം മുഖേന അല്ലാഹു നബി (സ)യോടു കൽപിക്കുന്നു. അല്ലാഹുവിന്റെ ഖജനാവുകളൊന്നും എന്റെ അധീനത്തിലില്ല; നിങ്ങൾ ആവശ്യപ്പെടുന്നതൊക്കെ കാണിച്ചു തരത്തക്കവിധം ഒരു കഴിവും എനിക്കില്ല; അദൃശ്യകാര്യങ്ങളെക്കുറിച്ചുള്ള അറിവും എനിക്കില്ല; മനുഷ്യസഹജമായ മാർഗ്ഗങ്ങളിൽകൂടി ലഭിക്കുന്ന അറിവുകൾ മാത്രമേ എനിക്കുള്ളു; അതിനപ്പുറമുള്ള വല്ല കാര്യവും അറിയണമെങ്കിൽ അതു അല്ലാഹുവി

കൽനിന്നു പ്രത്യേകം അറിവു ലഭിക്കുക തന്നെ വേണം; ഞാനൊരു മലക്കല്ല, മനുഷ്യൻ മാത്രമാണു; മനുഷ്യ പ്രകൃതിക്കതീതമായ പ്രകൃതി വിശേഷങ്ങളൊന്നും എനിക്കില്ല; പക്ഷേ, എനിക്കു അല്ലാഹുവിങ്കൽനിന്നു ദിവ്യസന്ദേശം ലഭിച്ചുകൊണ്ടിരിക്കുന്നതു; ഞാനെന്റെ പ്രത്യേകത; അതു ഞാൻ പ്രബോധനം ചെയ്യുകയും ചെയ്യുന്നു; അതു അപ്പടി പിൻപറ്റുകയല്ലാതെ—അതിൽ വല്ല ഭേദഗതിയും വരുത്തുവാൻ—എനിക്കു നിവൃത്തിയില്ല; അങ്ങിനെ ഞാൻ ചെയ്യുകയുമില്ല എന്നൊക്കെയാണ് ഈ പ്രഖ്യാപനത്തിലടങ്ങിയിരിക്കുന്നത്.

അല്ലാഹുവിന്റെ സൃഷ്ടികളിൽവെച്ചു വിശിഷ്ടരാണു പ്രവാചകൻമാർ. പ്രവാചക സമൂഹത്തിൽവെച്ചു ഏറ്റവും വിശിഷ്ടനായ ആളാണു നബി (സ) തിരുമേനി. നബി (സ) തിരുമേനിയെക്കുറിച്ചാണ് ഇതെല്ലാം അല്ലാഹു പറഞ്ഞതു. എന്നിട്ടു പിന്നെയും പ്രവാചകത്വ പദവിയുടെ എത്രയോ താഴെക്കിടയിൽ സ്ഥിതി ചെയ്യുന്ന ചില ആളുകളെക്കുറിച്ചു—അവർ എത്ര തന്നെ പുണ്യവാൻമാരായിരുന്നാലും—അവർക്കു അസാധാരണമായ കഴിവുകളുണ്ടെന്നും, അവർക്കു മറഞ്ഞ കാര്യങ്ങളറിയാമെന്നും, അദൃശ്യമായ സ്വാധീനശക്തികളുണ്ടെന്നുമൊക്കെ പലരും ധരിച്ചും പ്രചരിപ്പിച്ചും വരുന്നു. ഇതു സംബന്ധിച്ചു ഖുർആനിൽ വിശ്വസിക്കുന്ന ഒരു സത്യവിശ്വാസി എന്താണു വിധി കൽപിക്കേണ്ടതെന്നു ആലോചിച്ചുനോക്കുക! യാതൊരു വ്യാഖ്യാനത്തിന്റെയും സഹായം കൂടാതെ തന്നെ വ്യക്തമായ ഈ ഖുർആൻ വചനം മുസ്‌ലിംകൾ മനസ്സിരുത്തിയിരുന്നുവെങ്കിൽ, ഇന്നു സമുദായമധ്യേ പ്രചുരപ്രചാരം സിദ്ധിച്ചു കഴിഞ്ഞ ശിർക്കുപരമായ മിക്ക അന്ധവിശ്വാസങ്ങളും, ആ വിശ്വാസങ്ങളുടെ അടിസ്ഥാനത്തിൽ നിലവിലുള്ള എത്രയോ അനാചാരങ്ങളും സ്വയം ഇല്ലാതാകുമായിരുന്നു. പക്ഷേ, തുറന്ന ഹൃദയത്തോടുകൂടി സത്യം സ്വീകരിക്കുവാനും അല്ലാഹുവിന്റെയും റസൂലിന്റെയും വചനങ്ങളിൽനിന്നു സത്യാസത്യങ്ങൾ ഗ്രഹിക്കുവാനും സന്നദ്ധതയുള്ളവർക്കേ അതിനു ഭാഗ്യം ലഭിക്കുകയുള്ളു. അല്ലാത്തവർക്ക് എത്ര തെളിവുകൾ കേൾപ്പിച്ചിട്ടും ഫലമുണ്ടാകുകയില്ല താനും. ഈ വസ്തുതയെക്കുറിച്ചു ഉണർത്തിക്കൊണ്ടാണ് അല്ലാഹു ഈ വചനത്തിന്റെ അവസാനത്തിൽ പറയുന്നതും ...أَفَلَا تَتَفَكَّرُونَ (പറയുക: അന്ധനും കാഴ്ചയുള്ളവനും സമമാകുമോ? അപ്പോൾ നിങ്ങൾ ചിന്തിച്ചു നോക്കുന്നില്ലേ?!)

വിഭാഗം—6

51. ഇതു [വഹ്‌യ് നൽകപ്പെടുന്നതു] മുഖേന നീ താക്കീത് നൽകുകയും ചെയ്യുക.

തങ്ങളുടെ റബ്ബിങ്കലേക്കു ഒരുമിച്ചുകൂട്ടപ്പെടുമെന്നു ഭയപ്പെടുന്നവരെ; അവർക്കു അവനു പുറമെ ഒരു രക്ഷാധികാരി (അഥവാ കൈകാര്യ കർത്താവു) ആകട്ടെ, ഒരു ശുപാർശകനാകട്ടെ (ഉണ്ടായിരിക്കുക) യില്ല. അവർ സൂക്ഷിച്ചേക്കാം.

٥١- وَأَنذِرْ بِهِ الَّذِينَ يَخَافُونَ أَن يُحْشَرُوا إِلَىٰ رَبِّهِمْ لَيْسَ لَهُم مِّن دُونِهِ وَلِيٌّ وَلَا شَفِيعٌ لَّعَلَّهُمْ يَتَّقُونَ ○

---

51. وَأَنذِرْ നീ താക്കീതു ചെയ്യുക, മുന്നറിയിപ്പു നൽകുകയും ചെയ്യുക بِهِ ഇതു മുഖേന, അതുകൊണ്ട് الَّذِينَ يَخَافُونَ ഭയപ്പെടുന്നവരെ أَن يُحْشَرُوا അവർ ഒരുമിച്ചു കൂട്ടപ്പെടുന്നതിനെ (കൂട്ടപ്പെടുമെന്നു) إِلَىٰ رَبِّهِمْ തങ്ങളുടെ റബ്ബിങ്കലേക്കു لَيْسَ لَهُم അവർക്കു ഇല്ല, ഇല്ലാത്തവിധം مِّن دُونِهِ അവനെ കൂടാതെ, അവനു പുറമെ وَلِيٌّ ഒരു ബന്ധു (രക്ഷാകർത്താ)വും, സഹായിയും وَلَا شَفِيعٌ ഒരു ശുപാർശക്കാരനും ഇല്ല لَعَلَّهُمْ അവരായേക്കാം, ആകുവാൻവേണ്ടി يَتَّقُونَ അവർ സൂക്ഷിക്കും.

അല്ലാഹുവിന്റെ മുമ്പിൽ തങ്ങളുടെ ചെയ്തികളെക്കുറിച്ചു ഉത്തരം പറയേണ്ടിവരുമെന്ന ബോധമില്ലാത്തവരെ താക്കീതു ചെയ്തതുകൊണ്ടു അവർ സൂക്ഷ്മത പാലിക്കുവാൻ തയ്യാറാകുകയില്ലല്ലോ. അതുകൊണ്ടാണു പ്രസ്തുത ഭയപ്പാടുള്ളവരെ താക്കീതു ചെയ്യണമെന്നു പറയുന്നത്.

٥٢- وَلَا تَطْرُدِ الَّذِينَ يَدْعُونَ رَبَّهُم بِالْغَدَاةِ وَالْعَشِيِّ يُرِيدُونَ وَجْهَهُ

52. തങ്ങളുടെ റബ്ബിന്റെ പ്രീതിയെ ഉദ്ദേശിച്ചുകൊണ്ടു രാവിലെയും, വൈകുന്നേരവും [സദാ] അവനെ വിളിച്ചു (പ്രാർത്ഥിച്ചു)കൊണ്ടിരിക്കുന്നവരെ നീ ആട്ടിക്കളയരുത്.

مَا عَلَيْكَ مِنْ حِسَابِهِم مِّن شَيْءٍ وَمَا مِنْ حِسَابِكَ عَلَيْهِم مِّن شَيْءٍ فَتَطْرُدَهُمْ فَتَكُونَ مِنَ الظَّالِمِينَ ○

അവരുടെ വിചാരണയിൽനിന്ന് ഒട്ടുംതന്നെ, നിന്റെ മേൽ (ബാദ്ധ്യത) ഇല്ല; നിന്റെ വിചാരണയിൽ നിന്ന് ഒട്ടുംതന്നെ അവരുടെ മേലും (ബാദ്ധ്യത) ഇല്ല. [എല്ലാവരെയും വിചാരണ നടത്തി തീരുമാനമെടുക്കുവാനുള്ള അധികാരം അല്ലാഹുവിനാണ്.] എന്നാൽ [അങ്ങിനെയുണ്ടെങ്കിൽ] നിനക്കവരെ ആട്ടിക്കളയാമായിരുന്നു; അപ്പോൾ, [ആട്ടിക്കളഞ്ഞാൽ] നീ അക്രമികളിൽ പെട്ടവനായിത്തീരുന്നതുമാണ്.

٥٣- وَكَذَٰلِكَ فَتَنَّا بَعْضَهُم بِبَعْضٍ لِّيَقُولُوا أَهَٰؤُلَاءِ مَنَّ اللَّهُ عَلَيْهِم مِّن بَيْنِنَا ۗ
أَلَيْسَ اللَّهُ بِأَعْلَمَ بِالشَّاكِرِينَ ○

53. അപ്രകാരം, അവരിൽ ചിലരെ ചിലരെക്കൊണ്ടു നാം പരീക്ഷണം ചെയ്തിരിക്കുന്നു; 'ഞങ്ങളുടെ ഇടയിൽ നിന്ന് ഇവർക്കാണോ അല്ലാഹു അനുഗ്രഹം നൽകിയത്?!' എന്നു അവർ പറയുവാൻവേണ്ടി.

നന്ദി കാണിക്കുന്നവരെപ്പറ്റി അല്ലാഹു നല്ലവണ്ണം അറിയുന്നവനല്ലയോ?!

٥٤- وَإِذَا جَاءَكَ الَّذِينَ يُؤْمِنُونَ بِآيَاتِنَا فَقُلْ سَلَامٌ عَلَيْكُمْ ۖ
كَتَبَ رَبُّكُمْ عَلَىٰ نَفْسِهِ الرَّحْمَةَ ۖ

54. നമ്മുടെ 'ആയത്തു' [ലക്ഷ്യം]കളിൽ വിശ്വസിക്കുന്നവർ നിന്റെ അടുക്കൽ വന്നാൽ, നീ (അവരോടു) പറയുക: 'നിങ്ങൾക്കു സമാധാനശാന്തിയുണ്ടാവട്ടെ! നിങ്ങളുടെ റബ്ബു തന്റെ സ്വന്തം പേരിൽ കാരുണ്യം (ഒരു ബാധ്യതയായി) നിശ്ചയിച്ചിരിക്കുന്നു:

---

52. നീ ആട്ടരുത്, ഓട്ടുകയും അരുതു വിളിക്കുന്ന(പ്രാർത്ഥിക്കുന്ന)വരെ തങ്ങളുടെ റബ്ബിനെ രാവിലെ വൈകുന്നേരവും അവർ ഉദ്ദേശിച്ചുകൊണ്ടു അവന്റെ മുഖത്തെ (പ്രീതിയെ) നിന്റെ മേൽ ഇല്ല അവരുടെ വിചാരണയിൽ നിന്നു ഒരു വസ്തുവും (ഒട്ടും) നിന്റെ വിചാരണയിൽ നിന്നുമില്ല അവരുടെ മേൽ (ബാദ്ധ്യത) യാതൊന്നും എന്നാൽ നീ (നിനക്കു) അവരെ ആട്ടിക്കളയാമായിരുന്നു അപ്പോൾ നീ ആയിത്തീരുന്നതുമാണ് അക്രമികളുടെ കൂട്ടത്തിൽ (പെട്ടവൻ). 53. അപ്രകാരം നാം പരീക്ഷണം നടത്തിയിരിക്കുന്നു അവരിൽ ചിലരെ ചിലരെക്കൊണ്ടു അവർ പറയുവാൻവേണ്ടി ഇക്കൂട്ടരോ അല്ലാഹു ഔദാര്യം (അനുഗ്രഹം) ചെയ്തത് അവരുടെ മേൽ നമ്മുടെ ഇടയിൽനിന്നു അല്ലാഹു അല്ലയോ അധികം (നല്ലവണ്ണം) അറിയുന്നവൻ നന്ദി ചെയ്യു (കാണിക്കു)ന്നവരെപ്പറ്റി. 54. നിന്റെ അടുക്കൽ വന്നാൽ വിശ്വസിക്കുന്നവർ നമ്മുടെ ആയത്തുകളിൽ അപ്പോൾ പറയുക സമാധാനം, ശാന്തി, രക്ഷ നിങ്ങളുടെമേൽ (ഉണ്ടു–ഉണ്ടാവട്ടെ) നിങ്ങളുടെ റബ്ബു രേഖപ്പെടുത്തി (നിശ്ചയിച്ചു നിയമിച്ചു)യിരിക്കുന്നു തന്റെ സ്വന്തം പേരിൽ കാരുണ്യത്തെ

أَنَّهُ مَنْ عَمِلَ مِنكُمْ سُوٓءًۢا بِجَهَٰلَةٍ ثُمَّ تَابَ مِنۢ بَعْدِهِۦ وَأَصْلَحَ فَأَنَّهُۥ غَفُورٌ رَّحِيمٌ ○

അതായതു, നിങ്ങളിൽനിന്ന ആരെങ്കിലും വിഡ്ഢിത്തം നിമിത്തം വല്ല തിൻമയും പ്രവർത്തിച്ച് പിന്നീട് അതിന്റെ ശേഷം പശ്ചാത്തപിക്കുകയും, (കർമ്മം) നന്നാക്കിത്തീർക്കുകയും ചെയ്താൽ, അപ്പോൾ, അവൻ വളരെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നുവെന്നു.[1]

٥٥- وَكَذَٰلِكَ نُفَصِّلُ الْآيَٰتِ وَلِتَسْتَبِينَ سَبِيلُ الْمُجْرِمِينَ ○ ع

55. അപ്രകാരം നാം 'ആയത്തു' [ലക്ഷ്യം]കളെ വിശദീകരിച്ചു തരുന്നു; കുറ്റവാളികളുടെ മാർഗ്ഗം വ്യക്തമായിക്കാണുവാൻ വേണ്ടിയും (കൂടി) ആകുന്നു (അതു).

من عمل انه അതായതു ആർ പ്രവർത്തിച്ചുവോ منكم നിങ്ങളിൽനിന്ന سوءا വല്ല തിൻമയും (ചീത്തയും) بجهالة വിഡ്ഢിത്തം നിമിത്തം, അജ്ഞത (അവിവേകം) കൊണ്ടു ثم تاب പിന്നെ പശ്ചാത്തപിച്ചു, മടങ്ങി من بعده അതിനുശേഷം واصلح നന്നാക്കിത്തീർക്കുകയും (നന്നാവുകയും) ചെയ്തു فانه غفور എന്നാലവൻ വളരെ പൊറുക്കുന്നവനാണ് رحيم കരുണാനിധിയാണു 55. وكذلك അപ്രകാരം نفصل നാം വിശദീകരിക്കുന്നു الآيات ആയത്തുകളെ (ലക്ഷ്യങ്ങളെ, ദൃഷ്ടാന്തങ്ങളെ) ولتستبين വ്യക്തമായിക്കാണുവാൻ (സ്പഷ്ടമായിത്തീരുവാൻ)വേണ്ടിയും سبيل മാർഗ്ഗം, വഴി المجرمين കുറ്റവാളികളുടെ

ഖുറൈശീ പ്രമാണികളായ ചിലർ നബി (സ) യുടെ അടുക്കൽ വരികയുണ്ടായി. ആ സന്ദർഭത്തിൽ തിരുമേനിയുടെ അടുക്കൽ സ്വുഹൈബ്, അമ്മാർ, ബിലാൽ, ഖബ്ബാബ് (റ) എന്നിങ്ങിനെ പാവപ്പെട്ടവരും സാധുക്കളുമായ ഏതാനും സഹാബികൾ ഉണ്ടായിരുന്നു. ആ പ്രമാണികൾ നബി (സ)യോടു പറഞ്ഞു: 'മുഹമ്മദേ, നിന്റെ ജനങ്ങളിൽനിന്നു ഈ ആളുകളെക്കൊണ്ടു നീ തൃപ്തിപ്പെട്ടിരിക്കയാണോ? ഞങ്ങളുടെ ഇടയിൽ ഇവർക്കാണോ അല്ലാഹുവിന്റെ അനുഗ്രഹം ലഭിച്ചിരിക്കുന്നത്? (ഇവർ മുമ്പൻമാരായിക്കൊണ്ടു) ഞങ്ങൾ ഇവരുടെ പിന്നാലെയായിത്തീരുകയോ? ഇക്കൂട്ടരെ നിങ്ങളുടെ കൂട്ടത്തിൽനിന്ന ആട്ടിവിടുക. ഇവരെ ആട്ടിക്കളഞ്ഞാൽ ഞങ്ങൾ നിന്നെ പിൻപറ്റാം.' ഇമാം അഹ്മദു, ഇബ്നുജരീർ, ഇബ്നു അബീഹാതിം (റ) മുതലായവർ ഉദ്ധരിച്ച ഈ സംഭവവും, ഏതാണ്ട് ഇതേ പ്രകാരം വേറെ ചില റിവായത്തുകളിൽ ഉദ്ധരിക്കപ്പെട്ടിട്ടുള്ള സംഭവങ്ങളുമാണ് ഈ വചനങ്ങൾ അവതരിച്ച സന്ദർഭമെന്നു മനസ്സിലാകുന്നു.

അല്ലാഹുവിന്റെ ആരാധനയിലും പ്രാർത്ഥനയിലും സമയം ചിലവഴിച്ചു വരുന്ന നിഷ്കളങ്കരായ മനുഷ്യരെ—അവർ എത്ര പാവങ്ങളായിക്കൊള്ളട്ടെ—ഒരിക്കലും മാറ്റി നിറുത്തിക്കൂടാ. അവരോടുള്ള ബന്ധവും സമ്പർക്കവും തുടരുക തന്നെ വേണം. അവരുടെ ഗുണദോഷങ്ങളെപ്പറ്റി ഒരു വിചാരണ നടത്തി തീരുമാനമെടുക്കേണ്ടുന്ന ബാധ്യത അല്ലാഹുവിനു മാത്രമാണുള്ളതു. എന്നിരിക്കെ, അവർ താണവരും സാധുക്കളുമാണെന്നുവെച്ച് ആട്ടിക്കളയുന്നതു തികച്ചും അക്രമവും അനീതിയുമാണു. സത്യം സ്വീകരിക്കുവാൻ ആദ്യമായി മുമ്പോട്ടു വരുക സാധുക്കളും പാവപ്പെട്ടവരുമാകുന്നതും, പ്രമാണി വർഗ്ഗവും ഉന്നതവിഭാഗവും അതിൽ പിന്നോക്കം നിൽക്കുന്നതുമൊക്കെ അല്ലാഹു ചെയ്യുന്ന ചില പരീക്ഷണങ്ങളാകുന്നു. ഈ പരീക്ഷണ വേളയിൽ 'ഇവരാണോ അനുഗൃഹീതരും നല്ലവരും? ഞങ്ങളല്ലേ അതിനു അർഹരായവർ?' എന്നൊക്കെ ഉന്നതവർഗ്ഗം പറയലും പുച്ഛിക്കലും പണ്ടേ പതിവുള്ളതാണ്. അതാണ് ഇവിടെയും കാണുന്നത്. ആ പാവങ്ങളെപ്പോലെ അല്ലാഹുവിന്റെ ലക്ഷ്യങ്ങളിലും സന്ദേശങ്ങളിലും വിശ്വസിക്കുവാൻ മുന്നോട്ടു വരുന്നവർ ആരായാലും വേണ്ടില്ല, അവരെ അഭിവാദ്യം ചെയ്തു സ്വീകരിക്കുക തന്നെ വേണം. അവർക്കു അല്ലാഹുവിന്റെ കാരുണ്യവും രക്ഷാകർത്തൃത്വവും ലഭിക്കുമെന്നും, അറിവില്ലായ്മമൂലം അവർ ചെയ്തുപോയ തിൻമകളെപ്പറ്റി ഖേദിച്ചു മടങ്ങി നന്നായിത്തീർന്നാൽ അല്ലാഹു പൊറുത്തുകൊടുക്കുമെന്നും അവർക്കു സന്തോഷമറിയിക്കുകയും ചെയ്യണം. എന്നൊക്കെയാണ് ഈ വചനങ്ങളിൽ പ്രസ്താവിച്ചതിന്റെ താൽപര്യം.

പ്രവാചകൻമാരുടെ പ്രബോധനങ്ങളിൽ വിശ്വസിക്കുന്നവരുടെ കൂട്ടത്തിൽ മുമ്പൻമാർ എല്ലാ കാലത്തും സാധുക്കളായ ആളുകൾ തന്നെയായിരിക്കും. നൂഹ് (അ) നബിയുടെ സമുദായത്തിലെ പ്രമാണി വർഗ്ഗം അവരെ

തന്നെ: 'ഞങ്ങളിലുള്ള അധമൻമാരല്ലാതെ നിന്നെ പിൻപറ്റിയതായി ഞങ്ങൾ കാണുന്നില്ല. അതും അധികമൊന്നും ആലോചിക്കാതെയാണു താനും.' എന്നു പറഞ്ഞിരുന്നതായി സൂറ: ഹൂദ് 27ൽ കാണാം. നബി (സ) തിരുമേനിയിൽ ആദ്യകാലം വിശ്വസിച്ചവരും ദരിദ്രൻമാർ, സ്ത്രീകൾ, അടിമകൾ മുതലായ ദുർബ്ബല വിഭാഗമായിരുന്നു. റോമാ ചക്രവർത്തിയായ ഹിറഖ്‌ലിയൂസിനെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചുകൊണ്ടു നബി (സ) കത്തയച്ചപ്പോൾ, അന്നു ശത്രുപക്ഷത്തിലായിരുന്ന അബൂസുഫ്‌യാനെ (റ) വിളിപ്പിച്ചു അദ്ദേഹം നബി (സ)യെക്കുറിച്ചു അന്വേഷണം നടത്തിയ കഥ പ്രസിദ്ധമാണ്. സംഭാഷണ മദ്ധ്യേ നബി (സ)യെ പിൻപറ്റിയവർ ദുർബ്ബല വിഭാഗമാണെന്നു ഒരു ചോദ്യത്തിന് ഉത്തരമായി അബൂസുഫ്‌യാൻ (റ) അറിയിച്ചു. അപ്പോൾ ഹിറഖ്‌ലിയൂസു പറഞ്ഞു. 'അങ്ങിനെത്തന്നെയാണുണ്ടാവുക. റസൂലുകളെ പിൻപറ്റുന്നവർ ദുർബ്ബലൻമാരായിരിക്കും.' ഏതൊരു നല്ല സംരംഭത്തിലും ആദ്യം മുമ്പോട്ടു വരുന്നതു കേവലം സാധാരണക്കാരും, താഴെക്കിടക്കാരായി ഗണിക്കപ്പെടുന്നവരുമായിരിക്കുമെന്നുള്ളതു ഒരു ചരിത്ര വസ്തുതയാണ്.

കാരുണ്യം തന്റെ ബാദ്ധ്യതയായി നിങ്ങളുടെ റബ്ബു നിശ്ചയിച്ചുവെച്ചിരിക്കുന്നു (كتب ربكم على نفسه الرحمة) എന്നുള്ള വാക്യം സത്യവിശ്വാസികളെ സംബന്ധിച്ചേടത്തോളം അതിമഹത്തായ ഒരു സന്തോഷവാർത്തയും അത്യധികം ആശാവഹമായ ഒരു വാഗ്ദാനവുമാകുന്നു. കഴിഞ്ഞ 12–ാം വചനത്തിലും ഇക്കാര്യം അല്ലാഹു ഉണർത്തുകയുണ്ടായി. അവന്റെ കാരുണ്യം അവന്റെ കോപത്തെ കവച്ചുവെച്ചിരിക്കുന്നുവെന്നു ഹദീസിൽ വന്നിട്ടുള്ളതു നാം അവിടെ ഉദ്ധരിക്കുകയും ചെയ്തു. മറ്റൊരു ഹദീസിൽ നബി (സ) പറഞ്ഞതിന്റെ സാരം ഇങ്ങിനെയാണു: 'അല്ലാഹുവിന്റെ കാരുണ്യത്തിന്റെ നൂറിൽ ഒരു അംശം മാത്രമാണു മനുഷ്യരടക്കമുള്ള എല്ലാ ജീവികളിലുമായി അവൻ (ഇഹത്തിൽ) നൽകിയിരിക്കുന്നതു. എല്ലാവരും പരസ്പരം കരുണയും ദയയും കാണിക്കുന്നതും, ദുഷ്ടജന്തുക്കൾ അവയുടെ കുട്ടികളോടു ദയ കാണിക്കുന്നതുമെല്ലാം അതു മൂലമാകുന്നു. ബാക്കി തൊണ്ണൂറ്റി ഒമ്പതു അംശവും തന്റെ അടിയാൻമാർക്കിടയിൽ കരുണ ചെയ്‌വാനായി അവൻ ഖിയാമത്തു നാളിലേക്കു വെച്ചിരിക്കുകയാണു.' (ബു; മു.) സൂ: അഅ്‌റാഫ് 156ൽ അല്ലാഹു പറയുന്നു: ورحمتي وسعت كل شيء (എന്റെ കാരുണ്യം എല്ലാ വസ്തുക്കൾക്കും വിശാലമായിരിക്കുന്നു) അവന്റെ കാരുണ്യത്തിനു ഇഹത്തിലും പരത്തിലും പാത്രമാകുന്ന സൽഭാഗ്യവാൻമാരിൽ അവൻ നമ്മെ എല്ലാം ഉൾപ്പെടുത്തട്ടെ. ആമീൻ.

വിഡ്ഢിത്തം നിമിത്തം തിൻമ പ്രവർത്തിക്കുക (عمل سوءا بجهالة) എന്നു പറഞ്ഞതിന്റെ ഉദ്ദേശ്യത്തെക്കുറിച്ചു സൂ: നിസാഉ് 17–ാം വചനത്തിന്റെ വ്യാഖ്യാനത്തിൽ വിവരിച്ചു കഴിഞ്ഞിട്ടുണ്ട്. ഇങ്ങിനെയെല്ലാം കാര്യങ്ങൾ അല്ലാഹു വിസ്തരിച്ചു വിവരിച്ചുതരുന്നതു സത്യയാഥാർത്ഥ്യങ്ങൾ വ്യക്തമായി മനസ്സിലാക്കുവാനും, ദുർമ്മാർഗ്ഗം ഇന്നതാണെന്നു ശരിക്കു ഉരുത്തിരിയുവാനും വേണ്ടിയാണെന്നത്രെ അവസാനത്തെ വചനത്തിൽ ചൂണ്ടിക്കാട്ടുന്നത്.

വിഭാഗം–7

56. പറയുക: 'അല്ലാഹുവിനു പുറമെ നിങ്ങൾ വിളി(ച്ചു (പ്രാർത്ഥി) ക്കുന്നവരെ ഞാൻ ആരാധിക്കുന്നതു നിശ്ചയമായും എന്നോടു വിരോധിക്കപ്പെട്ടിരിക്കുന്നു.'

٥٦- قُلْ إِنِّي نُهِيتُ أَنْ أَعْبُدَ الَّذِينَ تَدْعُونَ مِن دُونِ اللَّهِ ۚ

പറയുക: 'നിങ്ങളുടെ ഇച്ഛകളെ ഞാൻ പിൻപറ്റുകയില്ല; (അങ്ങിനെ ചെയ്താൽ) അന്നേരം, ഞാൻ തീർച്ചയായും വഴിപിഴച്ചു; ഞാൻ സൻമാർഗ്ഗം പ്രാപിച്ചവരിൽ പെട്ടവനല്ലതാനും.'

قُل لَّا أَتَّبِعُ أَهْوَاءَكُمْ ۙ قَدْ ضَلَلْتُ إِذًا وَمَا أَنَا مِنَ الْمُهْتَدِينَ ○

---

56. قل പറയുക إني نهيت നിശ്ചയമായും ഞാൻ വിരോധിക്കപ്പെട്ടിരിക്കുന്നു أن أعبد ഞാൻ ആരാധിക്കുന്നതു الذين تدعون നിങ്ങൾ വിളിക്കുന്ന (പ്രാർത്ഥിക്കുന്ന)വരെ من دون الله അല്ലാഹുവിനു പുറമെ, അല്ലാഹുവിനെ കൂടാതെ قل പറയുക لا أتبع ഞാൻ പിൻപറ്റുകയില്ല أهواءكم നിങ്ങളുടെ ഇച്ഛകളെ قد ضللت തീർച്ചയായും ഞാൻ വഴി പിഴച്ചു إذا അന്നേരം, അപ്പോൾ, എന്നാൽ وما أنا ഞാൻ അല്ലതാനും من المهتدين സൻമാർഗ്ഗം പ്രാപിച്ചവരിൽ (പെട്ടവൻ).

قُلْ إِنِّي عَلَىٰ بَيِّنَةٍ مِّن رَّبِّي وَكَذَّبْتُم بِهِ ۚ مَا عِندِي مَا تَسْتَعْجِلُونَ بِهِ ۚ إِنِ الْحُكْمُ إِلَّا لِلَّهِ ۖ يَقُصُّ الْحَقَّ ۖ وَهُوَ خَيْرُ الْفَاصِلِينَ ○

57. പറയുക: നിശ്ചയമായും ഞാൻ, എന്റെ റബ്ബിങ്കൽ നിന്നുള്ള വ്യക്തമായ തെളിവോടെയാണുള്ളത്; നിങ്ങൾ അതിനെ വ്യാജമാക്കുകയും ചെയ്തിരിക്കയാണ്. നിങ്ങൾ യാതൊന്നിനു ധൃതി കൂട്ടിക്കൊണ്ടിരിക്കുന്നുവോ അത് എന്റെ പക്കൽ ഇല്ല. വിധി(യുടെ അധികാരം) അല്ലാഹുവിനല്ലാതെ (ആർക്കും) ഇല്ല.

അവൻ യഥാർത്ഥത്തെ കഥനം ചെയ്തു (വിവരിച്ചു) തരുന്നു; അവൻ തീർപ്പു കൽപിക്കുന്നവരിൽവെച്ചു ഉത്തമനുമത്രെ.

قُل لَّوْ أَنَّ عِندِي مَا تَسْتَعْجِلُونَ بِهِ لَقُضِيَ الْأَمْرُ بَيْنِي وَبَيْنَكُمْ ۗ وَاللَّهُ أَعْلَمُ بِالظَّالِمِينَ ○

58. പറയുക: നിങ്ങൾ ധൃതികൂട്ടിക്കൊണ്ടിരിക്കുന്ന കാര്യം എന്റെ പക്കൽ ഉണ്ടെന്നു വരികിൽ, എനിക്കും നിങ്ങൾക്കുമിടയിൽ കാര്യം തീരുമാനിക്കപ്പെടുക തന്നെ ചെയ്തിരുന്നു.

അല്ലാഹുവാകട്ടെ, അക്രമികളെപ്പററി നല്ലവണ്ണം അറിയുന്നവനാകുന്നു.

وَعِندَهُ مَفَاتِحُ الْغَيْبِ لَا يَعْلَمُهَا إِلَّا هُوَ ۚ وَيَعْلَمُ مَا فِي الْبَرِّ وَالْبَحْرِ ۚ وَمَا تَسْقُطُ مِن وَرَقَةٍ إِلَّا يَعْلَمُهَا وَلَا حَبَّةٍ فِي ظُلُمَاتِ الْأَرْضِ وَلَا رَطْبٍ وَلَا يَابِسٍ إِلَّا فِي كِتَابٍ مُّبِينٍ ○

59. അവന്റെ [അല്ലാഹുവിന്റെ] പക്കലാണ് അദൃശ്യ കാര്യത്തിന്റെ താക്കോലുകൾ; അവനല്ലാതെ അവയെക്കുറിച്ച് അറിയുകയില്ല.

കരയിലും കടലിലുമുള്ളതു മുഴുവനും അവൻ അറിയുന്നു.

ഒരു ഇലയുംതന്നെ, അതവൻ അറിയാതെ (കൊഴിഞ്ഞു) വീഴുന്നതല്ല;

ഭൂമിയുടെ അന്ധകാരങ്ങളിലുള്ള ഒരു ധാന്യമണിയാകട്ടെ, ഒരു (ഈറമുള്ള) പച്ച വസ്തുവാകട്ടെ, ഉണങ്ങിയതാകട്ടെ, സ്പഷ്ടമായ ഒരു ഗ്രന്ഥത്തിൽ (രേഖപ്പെടുത്തപ്പെട്ടിട്ട്) ഇല്ലാതെയില്ല.

---

57. قُلْ പറയുക إِنِّي നിശ്ചയമായും ഞാൻ بَيِّنَةٍ തെളിവോടെയാണു, തെളിവു പ്രകാരമാണു مِّن رَّبِّي എന്റെ റബ്ബിങ്കൽനിന്നുള്ള وَكَذَّبْتُم നിങ്ങൾ വ്യാജമാക്കുകയും ചെയ്തിരിക്കുന്നു بِهِ അതിനെ, അവനെ مَا عِندِي എന്റെ പക്കലില്ല مَا യാതൊരു കാര്യം تَسْتَعْجِلُونَ നിങ്ങൾ ധൃതികൂട്ടുന്നു بِهِ അതിനു, അതിനെപ്പററി إِنِ الْحُكْمُ വിധി (അധികാരം) ഇല്ല, അല്ല إِلَّا لِلَّهِ അല്ലാഹുവിനല്ലാതെ يَقُصُّ അവൻ കഥനം ചെയ്യുന്നു, വിവരിച്ചുതരുന്നു الْحَقَّ യഥാർത്ഥത്തെ, സത്യത്തെ وَهُوَ അവൻ خَيْرُ الْفَاصِلِينَ തീർപ്പുണ്ടാക്കുന്ന (തീർപ്പു കൽപിക്കുന്ന)വരിൽ ഉത്തമനാണു. 58. قُل പറയുക لَّوْ أَنَّ عِندِي എന്റെ പക്കലുണ്ടായിരുന്നെങ്കിൽ مَا تَسْتَعْجِلُونَ بِهِ നിങ്ങൾ ധൃതികൂട്ടുന്ന കാര്യം لَقُضِيَ തീരുമാനിക്കപ്പെടുകതന്നെ ചെയ്തിരുന്നു الْأَمْرُ കാര്യം بَيْنِي എന്റെ ഇടയിൽ وَبَيْنَكُمْ നിങ്ങളുടെ ഇടയിലും وَاللَّهُ أَعْلَمُ അല്ലാഹു ഏററം (നല്ലവണ്ണം) അറിയുന്നവനാണു بِالظَّالِمِينَ അക്രമികളെപ്പററി 59. وَعِندَهُ അവന്റെ പക്കലാണു مَفَاتِحُ താക്കോലുകൾ الْغَيْبِ അദൃശ്യ (കാര്യ)ത്തിന്റെ لَا يَعْلَمُهَا അവയെ അറിയുകയില്ല إِلَّا هُوَ അവനല്ലാതെ وَيَعْلَمُ അവൻ അറിയുകയും ചെയ്യുന്നു مَا فِي الْبَرِّ കരയിലുള്ളതു وَالْبَحْرِ കടലിലും, സമുദ്രത്തിലും وَمَا تَسْقُطُ വീഴുന്നതുമല്ല مِن وَرَقَةٍ ഒരു ഇലയും, ഇലയായുള്ളതു (ഒന്നും) إِلَّا يَعْلَمُهَا അതിനെ അവൻ അറിയാതെ وَلَا حَبَّةٍ ഒരു ധാന്യവും (മണിയും) ഇല്ല فِي ظُلُمَاتِ അന്ധകാരങ്ങളിലുള്ള (ഇരുട്ടിലുള്ള) الْأَرْضِ ഭൂമിയുടെ وَلَا رَطْبٍ ഒരു പച്ച (ഈറമായതും-നനവുള്ളതു)വും ഇല്ല وَلَا يَابِسٍ ഉണങ്ങിയതുമില്ല إِلَّا فِي كِتَابٍ ഒരു ഗ്രന്ഥത്തിൽ (രേഖയിൽ) ഇല്ലാതെ مُّبِينٍ സ്പഷ്ടമായ, വ്യക്തമായ

'അല്ലാഹുവേ, (മുഹമ്മദു പറയുന്ന) ഇതാണു നിന്റെ പക്കൽനിന്നുള്ള യഥാർത്ഥമെങ്കിൽ നീ ഞങ്ങളുടെ മേൽ ആകാശത്തുനിന്നും ഒരു കല്ലു മഴ പെയ്യിപ്പിച്ചേക്കുക! അല്ലെങ്കിൽ വേദനയേറിയ വല്ല ശിക്ഷയും ഞങ്ങൾക്ക തന്നേക്കുക!' എന്ന് മുശ്രിക്കുകൾ പറഞ്ഞിരുന്നതായി സൂ: അൻഫാൽ 32ൽ അല്ലാഹു ഉദ്ധരിക്കുന്നുണ്ട്. അതുപോലെ, മുഹമ്മദു പറയുന്നതൊക്കെ നേരാണെങ്കിൽ അതിനെ നിഷേധിക്കുന്ന ഞങ്ങൾക്ക എന്തുകൊണ്ടു ശിക്ഷയൊന്നും അനുഭവപ്പെടുന്നില്ല? എന്നും മറ്റും പരിഹാസപൂർവ്വം അവർ പറയാറുണ്ടായിരുന്നു. അതിനെ സൂചിപ്പിച്ചുകൊണ്ടാണു ما تستعجلون (നിങ്ങൾ ധൃതികൂട്ടുന്ന കാര്യം) എന്നു പറഞ്ഞിരിക്കുന്നത്.

അവിശ്വാസികളോടു പറയുവാനായി ഈ വചനങ്ങളിൽ അല്ലാഹു നബി (സ) യോട കല്പിച്ചതിന്റെ ചുരുക്കം ഇതാണ്: നിങ്ങളുടെ ആരാധ്യ ദൈവങ്ങളെ ആരാധിക്കുവാനോ വിളിച്ചു പ്രാർത്ഥിക്കുവാനോ, നിങ്ങളുടെ ഇഷ്ടങ്ങളും തോന്നിയവാസങ്ങളും അനുകരിക്കുവാനോ ഞാൻ തയ്യാറില്ല. അതിനു എനിക്കു നിവൃത്തിയുമില്ല. അങ്ങനെ ചെയ്താൽ, നിങ്ങളെപ്പോലെ ഞാനും പിഴച്ചുപോകും. എനിക്കാണെങ്കിൽ, അല്ലാഹുവിങ്കൽ നിന്നുള്ള വ്യക്തമായ തെളിവുകൾ എന്റെ മുമ്പിലുണ്ട്. അതു നിഷേധിക്കുക എനിക്ക സാദ്ധ്യമല്ല. നിങ്ങൾ അവയെല്ലാം വ്യാജമാക്കിത്തള്ളുകയാണു ചെയ്യുന്നത്. അതാണു നിങ്ങൾക്കു പിണഞ്ഞ ആപത്തും. അങ്ങിനെയാണെങ്കിൽ ഞങ്ങൾക്കു എന്തുകൊണ്ടു ശിക്ഷ വരുന്നില്ല എന്നുള്ള നിങ്ങളുടെ ധൃതികൂട്ടലിനെപ്പറ്റി എനിക്കു പറയുവാനുള്ളത് ഇതാണ്: ആ കാര്യം എന്റെ അധീനത്തിലോ അധികാരത്തിലോ പെട്ടതല്ല. അതിലൊക്കെ തീരുമാനം എടുക്കുവാനുള്ള അവകാശം അല്ലാഹുവിനാണ്. വേണ്ടതുപോലെ അവനതു കൈകാര്യം ചെയ്തുകൊള്ളും. അതു എന്റെ അധീനത്തിലായിരുന്നുവെങ്കിൽ നാം തമ്മിലുള്ള പ്രശ്നം തീർന്നിട്ടു എന്നോ അവസാനിക്കുമായിരുന്നുവല്ലോ. എന്നിരുന്നാലും നമ്മിൽ ആരാണു അക്രമികളെന്നു അല്ലാഹുവിനു ശരിക്കും അറിയാം. അതുകൊണ്ടു പ്രശ്നത്തിനുള്ള പരിഹാരം അവൻ ഉപേക്ഷിക്കുകയില്ല. അതു എപ്പോഴാണ്, എങ്ങിനെയാണു എന്നൊക്കെ അവനേ അറിയൂ. അദൃശ്യജ്ഞാനം അവനു മാത്രമുള്ളതു. ഈ ലോകത്തു നടക്കുന്ന ഏതൊരു നിസ്സാര കാര്യവും—അതെത്ര നിഗൂഢവും രഹസ്യവുമായാലും ശരി—അവൻ അറിഞ്ഞുകൊണ്ടിരിക്കുന്നു. ഏതൊരു കാര്യമാകട്ടെ, ഏതൊരു വസ്തുവാകട്ടെ, അവന്റെ അറിവിൽ പെടാത്തതും, അവൻ രേഖപ്പെടുത്തിവെക്കാത്തതുമില്ലതന്നെ.

60. അവനത്രെ, രാത്രിയിൽ നിങ്ങളെ (ഉറക്കിൽ) പിടിച്ചെടുക്കുന്നവൻ. പകലിൽ നിങ്ങൾ പ്രവർത്തിച്ചതു അവൻ അറിയുകയും ചെയ്യുന്നു. പിന്നെ (ഉറക്കിനു ശേഷം), നിർണ്ണയം ചെയ്യപ്പെട്ട അവധി (പൂർത്തിയാക്കി) നിർവ്വഹിക്കപ്പെടുവാനായി അതിൽ (പകലിൽ) അവൻ നിങ്ങളെ എഴുന്നേല്പിക്കുന്നു.

പിന്നെ അവങ്കലേക്കാണു നിങ്ങളുടെ മടങ്ങി വരവു. പിന്നീട്, നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതിനെക്കുറിച്ചു നിങ്ങളെ അവൻ ബോധപ്പെടുത്തുന്നതാണ്.

٦٠- وَهُوَ الَّذِي يَتَوَفَّاكُم بِاللَّيْلِ وَيَعْلَمُ مَا جَرَحْتُم بِالنَّهَارِ ثُمَّ يَبْعَثُكُمْ فِيهِ لِيُقْضَىٰ أَجَلٌ مُّسَمًّى ثُمَّ إِلَيْهِ مَرْجِعُكُمْ ثُمَّ يُنَبِّئُكُم بِمَا كُنتُمْ تَعْمَلُونَ

---

60. وهو الذي അവനത്രെ യാതൊരുവൻ يتوفاكم നിങ്ങളെ പിടിച്ചെടുക്കുന്ന (ഉറക്കന്നേ) بالليل രാത്രിയിൽ ويعلم അവൻ അറിയുകയും ചെയ്യുന്നു ما جرحتم നിങ്ങൾ പ്രവർത്തിച്ചതു بالنهار പകലിൽ ثم يبعثكم പിന്നെ നിങ്ങളെ അവൻ എഴുന്നേല്പിക്കുന്നു فيه അതിൽ ليقضى നിർവ്വഹിക്ക (തീരുമാനിക്ക)പ്പെടുവാൻവേണ്ടി أجل مسمى നിർണ്ണയിക്കപ്പെട്ട (നിശ്ചിതമായ) അവധി ثم പിന്നെ إليه അവങ്കലേക്കാണു مرجعكم നിങ്ങളുടെ മടക്കം, മടങ്ങി വരവു ثم ينبئكم പിന്നെ നിങ്ങളെ അവൻ ബോധപ്പെടുത്തും, വൃത്താന്തമറിയിക്കും بما كنتم നിങ്ങളായിരുന്നതിനെപ്പറ്റി تعملون നിങ്ങൾ പ്രവർത്തിക്കും.

توفى (തവഫ്ഫാ) എന്ന ധാതുവിൽ നിന്നുള്ള പദരൂപങ്ങൾക്കു 'പൂർണ്ണമായെടുക്കുക, പിടിച്ചെടുക്കുക, നിറവേറ്റിയെടുക്കുക' എന്നൊക്കെയാണു അർത്ഥമെന്നും, മരണം, ഉറക്കം മുതലായവമൂലമുള്ള പിടിച്ചെടുക്കലിനു പ്രത്യേകം അവ ഉപയോഗിക്കപ്പെടുമെന്നും, ഖുർആനിലും അതിനെ ഉപയോഗിച്ചിട്ടുണ്ടെന്നും നാം 3:55; 39:42 മുത

ലായി ... വ്യാഖ്യാനത്തിൽ വിവരിച്ചിട്ടുണ്ട്. ഇവിടെ 'ഉറക്കുക' എന്ന ഉദ്ദേശ്യത്തിലാണു يتوفاكم (നിങ്ങളെ പിടിച്ചെടുക്കുന്നു) എന്നു പറഞ്ഞിരിക്കുന്നത്. 3:55ലും, 5:117ലും ഭൂമിയിൽനിന്നു കൊണ്ടുപോകുക എന്ന ഉദ്ദേശ്യത്തിലും അടുത്ത വചനത്തിലും, 32:11ലും മരണപ്പെടുത്തുക എന്ന ഉദ്ദേശ്യത്തിലും ഉപയോഗിച്ചിരിക്കുന്നു. 39:42 ലാകട്ടെ, മരണത്തെയും ഉറക്കിനെയും രണ്ടും ഉദ്ദേശിച്ചുകൊണ്ടാണുള്ളത്. ഈ ക്രിയാപദത്തിന്റെ അർത്ഥത്തെ അഹ്‌മദിയ്യാ മുതലായവർ (ഖാദിയാനികൾ) പോലെയുള്ള ചില പിഴച്ച കക്ഷികൾ ദുർവ്യാഖ്യാനം ചെയ്തു തങ്ങളുടെ പുതിയ വാദം സ്ഥാപിക്കുവാൻ ശ്രമിക്കാറുള്ളതു മനസ്സിരുത്തുവാൻ വേണ്ടിയാണ് ഇക്കാര്യം വീണ്ടും പ്രത്യേകം ഉണർത്തുന്നത്.

أجل مسمى (നിർണ്ണയിക്കപ്പെട്ട അവധി) കൊണ്ടുദ്ദേശ്യം ഓരോരുത്തനും യഥാർത്ഥത്തിൽ നിശ്ചയിക്കപ്പെട്ടിട്ടുള്ള ആയുഷ്കാലമാകുന്നു. രാത്രിയിൽ മരണ സമാനമായ ഉറക്കു നൽകിയശേഷം ആയുഷ്കാലാവധി തീരുന്നതുവരെ ജീവിക്കുവാൻവേണ്ടി വീണ്ടും നിങ്ങളെ ഉണർത്തിയെഴുന്നേൽപിച്ചുകൊണ്ടിരിക്കുന്നുവെന്നും, അങ്ങനെ അവസാനം സാക്ഷാൽ മരണം നൽകുകയും മരണശേഷം വീണ്ടും എഴുന്നേൽപിച്ച് മുൻ ചെയ്ത കർമ്മങ്ങളെക്കുറിച്ചു നടപടി എടുക്കുകയും ചെയ്യുമെന്നും സാരം.

വിഭാഗം-8

٦١- وَهُوَ الْقَاهِرُ فَوْقَ عِبَادِهِ وَيُرْسِلُ عَلَيْكُمْ حَفَظَةً

61. അവനത്രെ, തന്റെ അടിയാൻമാരുടെ മേലുള്ള സർവ്വാധികാരി. അവൻ നിങ്ങളിൽ കാവൽക്കാരെ അയക്കുകയും ചെയ്യുന്നു.

حَتَّىٰ إِذَا جَاءَ أَحَدَكُمُ الْمَوْتُ تَوَفَّتْهُ رُسُلُنَا وَهُمْ لَا يُفَرِّطُونَ ○

അങ്ങനെ, നിങ്ങളിലൊരാൾക്കു മരണം വന്നെത്തുമ്പോൾ, നമ്മുടെ ദൂതൻമാർ അവനെ പിടിച്ചെടുക്കുന്നു; അവരാകട്ടെ, വീഴ്ചവരുത്തുകയില്ലതാനും.

٦٢- ثُمَّ رُدُّوا إِلَى اللَّهِ مَوْلَاهُمُ الْحَقِّ

62. പിന്നീടു, അവർ [പിടിച്ചെടുക്കപ്പെട്ടവർ] തങ്ങളുടെ യഥാർത്ഥ യജമാനനിലേക്കു മടക്കിക്കൊണ്ടു വരപ്പെടുന്നതാണ്.

أَلَا لَهُ الْحُكْمُ وَهُوَ أَسْرَعُ الْحَاسِبِينَ ○

അല്ലാ! (അറിയുക:) അവനാണു വിധി (യുടെ അധികാരം) ഉള്ളത്, അവൻ കണക്കു നോക്കുന്നവരിൽവെച്ചു ഏറ്റവും വേഗതയുള്ളവനുമാകുന്നു.

---

61. وهو അവൻ, അവനത്രെ القاهر സർവ്വാധികാരി, അടക്കി ഭരിക്കുന്നവൻ فوق عباده തന്റെ അടിയാൻമാരുടെ മീതെ ويرسل അവൻ അയക്കുകയും ചെയ്യുന്നു عليكم നിങ്ങളുടെമേൽ, നിങ്ങളിൽ حفظة കാവൽക്കാരെ, സൂക്ഷിപ്പുകാരെ حتى അങ്ങനെ (വരെ) إذا جاء വന്നാൽ أحدكم നിങ്ങളിലൊരാൾക്കു الموت മരണം توفته അവനെ പിടിച്ചെടുക്കും رسلنا നമ്മുടെ ദൂതൻമാർ وهم അവരാകട്ടെ, അവരോ لا يفرطون വീഴ്ച (പോരായ്മ) വരുത്തുകയില്ല (താനും) 62. ثم ردوا പിന്നെ അവർ മടക്കപ്പെടും, തിരിക്കപ്പെടും إلى الله അല്ലാഹുവിങ്കലേക്കു مولاهم അവരുടെ യജമാനനായ الحق യഥാർത്ഥ ألا له അല്ലാ (അറിയുക) അവനാണു الحكم വിധി, അധികാരം وهو അവൻ, അവനോ أسرع അധികം വേഗതയുള്ളവനുമാണു الحاسبين കണക്കു നോക്കുന്നവരിൽ.

حفظة (കാവൽക്കാർ എന്നു പറഞ്ഞതു കർമ്മങ്ങളെ രേഖപ്പെടുത്തുന്നതിനായി നിയോഗിക്കപ്പെട്ട മലക്കുകളെ ഉദ്ദേശിച്ചാകുന്നു. (സൂ: ഇൻഫിത്വാർ 10-12ലും, സൂ: ഖാഫ് 18ലും നോക്കുക.) رسلنا (നമ്മുടെ ദൂതൻമാർ) എന്നു പറഞ്ഞതു മരണപ്പെടുത്തുന്ന കാര്യം ഏൽപിക്കപ്പെട്ടിട്ടുള്ള മലക്കുകളുമാണ്. (സൂ: സജദഃ 11ഉം മറ്റും നോക്കുക.)

۶۳- قُلْ مَنْ يُنَجِّيكُمْ مِّنْ ظُلُمَٰتِ الْبَرِّ وَالْبَحْرِ تَدْعُونَهُ تَضَرُّعًا وَخُفْيَةً ۚ لَّئِنْ أَنجَىٰنَا مِنْ هَٰذِهِۦ لَنَكُونَنَّ مِنَ الشَّٰكِرِينَ ○

63. പറയുക: 'കരയിലെയും, കടലിലെയും അന്ധകാരങ്ങളിൽനിന്നു നിങ്ങളെ രക്ഷപ്പെടുത്തുന്നതാരാണ്? വിനയം കാണിച്ചും, രഹസ്യമായും അവനെ നിങ്ങൾ വിളിച്ചു (പ്രാർത്ഥിച്ചു) കൊണ്ടിരിക്കെ! 'ഇതിൽനിന്നു ഞങ്ങളെ അവൻ രക്ഷപ്പെടുത്തിയെങ്കിൽ നിശ്ചയമായും ഞങ്ങൾ നന്ദി കാണിക്കുന്നവരുടെ കൂട്ടത്തിൽ ആയിത്തീരുക തന്നെ ചെയ്യും' എന്നു (പറഞ്ഞുകൊണ്ടു).

۶۴- قُلِ اللَّهُ يُنَجِّيكُمْ مِّنْهَا وَمِن كُلِّ كَرْبٍ ثُمَّ أَنتُمْ تُشْرِكُونَ ○

64. പറയുക: 'അതിൽനിന്നും, എല്ലാ ദുഃഖങ്ങളിൽ നിന്നും അല്ലാഹു (തന്നെ) നിങ്ങളെ രക്ഷപ്പെടുത്തുന്നു. (എന്നിട്ടും) പിന്നെ, നിങ്ങൾ (അവനോടു) പങ്കു ചേർക്കുന്നു!'

۶۵- قُلْ هُوَ الْقَادِرُ عَلَىٰٓ أَن يَبْعَثَ عَلَيْكُمْ عَذَابًا مِّن فَوْقِكُمْ أَوْ مِن تَحْتِ أَرْجُلِكُمْ أَوْ يَلْبِسَكُمْ شِيَعًا وَيُذِيقَ بَعْضَكُم بَأْسَ بَعْضٍ ۗ انظُرْ كَيْفَ نُصَرِّفُ الْءَايَٰتِ لَعَلَّهُمْ يَفْقَهُونَ ○

65. പറയുക: 'അവനത്രെ കഴിവുള്ളവൻ, നിങ്ങളുടെ മുകളിൽനിന്നോ, നിങ്ങളുടെ കാലുകളുടെ അടിയിൽനിന്നോ നിങ്ങളിൽ വല്ല ശിക്ഷയും അയക്കുവാനും, അല്ലെങ്കിൽ, നിങ്ങളെ (ഭിന്ന) കക്ഷികളായി കൂട്ടികലർത്തി ആശയക്കുഴപ്പത്തിലാക്കുകയും, നിങ്ങളിൽ ചിലർക്കു ചിലരുടെ ശൗര്യം [കാഠിന്യം] അനുഭവിപ്പിക്കുകയും ചെയ്യുവാനും.' നോക്കുക: അവർ (കാര്യം) ഗ്രഹിക്കുവാൻവേണ്ടി നാം 'ആയത്തു' [ലക്ഷ്യം] കളെ വിവിധ രൂപത്തിൽ വിവരിച്ചു കൊടുക്കുന്നതു എങ്ങിനെയാണെന്നു!

---

63. قُلْ പറയുക مَن يُنَجِّيكُم നിങ്ങളെ രക്ഷപ്പെടുത്തുന്ന مِّن ظُلُمَٰتِ അന്ധകാരങ്ങളിൽനിന്ന് الْبَرِّ കരയുടെ, കരയിലെ وَالْبَحْرِ കടലിന്റെ (കടലിലെ)യും تَدْعُونَهُ നിങ്ങൾ അവനെ വിളിച്ചു (പ്രാർത്ഥിച്ചു)കൊണ്ടിരിക്കെ تَضَرُّعًا വിനയപൂർവ്വം, താഴ്മ കാട്ടിക്കൊണ്ടു وَخُفْيَةً രഹസ്യമായും لَّئِنْ أَنجَىٰنَا ഞങ്ങളെ അവൻ രക്ഷപ്പെടുത്തിയെങ്കിൽ مِنْ هَٰذِهِۦ ഇതിൽനിന്നു لَنَكُونَنَّ നിശ്ചയമായും ഞങ്ങൾ ആയിരിക്കതന്നെ ചെയ്യും مِنَ الشَّٰكِرِينَ നന്ദി ചെയ്യുന്നവരുടെ കൂട്ടത്തിൽ 64 قُلْ പറയുക اللَّهُ അല്ലാഹു يُنَجِّيكُم നിങ്ങളെ രക്ഷപ്പെടുത്തുന്നു مِّنْهَا അതിൽനിന്നു وَمِن كُلِّ كَرْبٍ എല്ലാ ദുഃഖത്തിൽനിന്നും, മനോവേദനയിൽ നിന്നും ثُمَّ പിന്നെ, എന്നിട്ടു أَنتُمْ നിങ്ങൾ تُشْرِكُونَ പങ്കു ചേർക്കുന്നു. 65. قُلْ പറയുക هُوَ الْقَادِرُ അവനത്രെ കഴിവുള്ളവൻ, അവനാണു കഴിവുള്ളവനത്രെ عَلَىٰٓ أَن يَبْعَثَ അവൻ അയക്കുവാൻ നിയോഗിക്കുന്നതിനു عَلَيْكُمْ നിങ്ങളുടെമേൽ, നിങ്ങളിൽ عَذَابًا വല്ല ശിക്ഷയും مِّن فَوْقِكُمْ നിങ്ങളുടെ മീതെനിന്നു أَوْ مِن تَحْتِ അല്ലെങ്കിൽ താഴെനിന്നു أَرْجُلِكُمْ നിങ്ങളുടെ കാലുകളുടെ أَوْ يَلْبِسَكُمْ അല്ലെങ്കിൽ നിങ്ങളെ കൂട്ടികലർത്തുവാൻ (ആശയക്കുഴപ്പം-സംശയം ഉണ്ടാക്കുവാൻ) شِيَعًا പല കക്ഷി(സംഘം)കളായി وَيُذِيقَ രുചി നോക്കി (ആസ്വദിപ്പി)ക്കുവാനും بَعْضَكُم നിങ്ങളിൽ ചിലർക്ക بَأْسَ بَعْضٍ ചിലരുടെ ശൗര്യം, ഊക്ക, ഉപദ്രവം, കാഠിന്യം انظُرْ നോക്കുക كَيْفَ എങ്ങിനെയാണു نُصَرِّفُ നാം തിരിമറി ചെയ്യുന്നതു (വിവിധ രൂപത്തിൽ വിവരിക്കുന്നതു) الْءَايَٰتِ ലക്ഷ്യങ്ങളെ, ദൃഷ്ടാന്തങ്ങളെ لَعَلَّهُمْ അവരായിരിക്കുവാൻവേണ്ടി يَفْقَهُونَ അവർ ഗ്രഹിക്കും.

കരയിലായാലും, കടലിലായാലും ആപത്തു വരുമ്പോൾ, അല്ലാഹു അല്ലാത്തവരെ ആരാധിച്ചു വരുന്ന ബഹുദൈവ വിശ്വാസികളും അല്ലാഹുവിനെ വിളിച്ചു തന്നെയാണു രക്ഷയപേക്ഷിക്കുകയെന്നു മുമ്പ് പറഞ്ഞുവല്ലോ. വിനയപൂർവ്വം ഭക്തിയും താഴ്മയും അർപ്പിച്ചുകൊണ്ടു പരസ്യമായും രഹസ്യമായും അവർ

പ്രാർത്ഥന നടത്തും. ഈ ആപത്തിൽനിന്നു രക്ഷ കിട്ടിയാൽ ഞങ്ങൾ അല്ലാഹുവിനോടു നന്ദികെട്ടവരായി മേലിൽ പ്രവർത്തിക്കുകയില്ലെന്നും, മേലിൽ നന്ദിയുള്ള നല്ല ആളുകളായിക്കൊള്ളാമെന്നും മറ്റും മനസ്സുകൊണ്ടും നാവു കൊണ്ടും അവർ ഉറപ്പിക്കുകയും ചെയ്യും. ഏതു ആപത്തിൽനിന്നും യഥാർത്ഥത്തിൽ രക്ഷ നൽകുന്നവൻ അല്ലാഹു മാത്രമാണല്ലോ. ഈ വാസ്തവത്തെപ്പറ്റി ആ അവസരത്തിൽ അവർക്കും ബോധോദയം വരുന്നു. ഇതാണ് അവനെ മാത്രം വിളിച്ചു പ്രാർത്ഥിക്കാതിരിക്കുവാൻ നിവൃത്തിയില്ലാതാകുവാൻ കാരണം. പക്ഷേ, ആപത്തിൽ നിന്നു അല്ലാഹു രക്ഷ നൽകിയാലോ? അതൊക്കെ മറന്ന് അവർ പഴയപടി ശിർക്കുതന്നെ പ്രവർത്തിക്കുകയും ചെയ്യും. ഈ നന്ദികേടിനെക്കുറിച്ചു അല്ലാഹു താക്കീതു ചെയ്യുന്നു: ആ ആപത്തിൽനിന്നു രക്ഷപ്പെടുത്തിത്തന്ന അല്ലാഹുവിനു വേറെ ഏതെങ്കിലും തരത്തിലുള്ള ആപത്തുകൾ നൽകി നിങ്ങളെ ശിക്ഷിക്കുവാൻ കഴിയുമെന്നു നിങ്ങൾ ഓർക്കണമെന്നു. അതെ, അതിവർഷം, അത്യുഷ്ണം, അതിശൈത്യം, മഹാവ്യാധി, പകർച്ചവ്യാധി, ഇടിമിന്നൽ, കൊടുങ്കാറ്റു, വെള്ളപ്പൊക്കം, ഭൂകമ്പം, പൊട്ടിത്തെറി ആദിയായി മുകളിൽനിന്നും, അടിയിൽനിന്നും ഏതെങ്കിലും ശിക്ഷ നൽകുവാനും, അല്ലെങ്കിൽ നിങ്ങൾ പരസ്പരം ഭിന്നിച്ച് അന്യോന്യം കൂട്ടിമുട്ടി യുദ്ധമോ കലഹമോ നടത്തി നാശം വരുത്തിക്കുവാനുമൊക്കെ അല്ലാഹുവിനു കഴിവുണ്ടെന്നു.

ജാബിറുബ്നു അബ്ദില്ലാഹ് (റ)ൽ നിന്നു ബുഖാരി (റ) യും മറ്റും ഉദ്ധരിച്ച ഒരു ഹദീസിൽ ഇപ്രകാരം വന്നിരിക്കുന്നു: قُلْ هُوَ الْقَادِرُ ..... مِن فَوْقِكُمْ (നിങ്ങളുടെ മുകളിൽ നിന്നു നിങ്ങളിൽ വല്ല ശിക്ഷയും അയക്കുവാൻ അവൻ കഴിവുള്ളവനാണെന്നു പറയുക) എന്നു അവതരിച്ചപ്പോൾ നബി (സ) പറഞ്ഞു: '(അല്ലാഹുവേ) ഞാൻ നിന്നോടു ശരണം തേടുന്നു.' أَوْ مِن تَحْتِ أَرْجُلِكُمْ (അല്ലെങ്കിൽ നിങ്ങളുടെ കാലുകളുടെ താഴെ നിന്നു അയക്കുവാനും കഴിവുള്ളവനാണ്) എന്നു അവതരിപ്പിച്ചപ്പോഴും അവിടുന്ന് '(അല്ലാഹുവേ) ഞാൻ നിന്നോടു ശരണം തേടുന്നു' എന്നു പറഞ്ഞു. .... أَوْ يَلْبِسَكُمْ شِيَعًا (അല്ലെങ്കിൽ നിങ്ങളെ പല കക്ഷികളായി കൂട്ടിക്കലർത്തി പരസ്പരം കാഠിന്യം അനുഭവിപ്പിക്കുവാനും കഴിവുള്ളവനാണു) എന്നു അവതരിച്ചപ്പോൾ അവിടുന്ന് പറഞ്ഞു: 'ഇതു (രണ്ടും) കൂടുതൽ നിസ്സാരമാണു.' ഈ ആശയം ഉൾക്കൊള്ളുന്ന വേറെയും ഹദീസുകൾ കാണപ്പെടുന്നതാണ്. മുൻ സമുദായങ്ങൾക്കു—അവരുടെ ധിക്കാരം അതിരു കവിഞ്ഞപ്പോൾ—അവരെ ഉന്മൂലനം ചെയ്യുന്ന ശിക്ഷകൾ നൽകപ്പെട്ടതുപോലെ, ഈ സമുദായത്തെ അല്ലാഹു പൊതു ശിക്ഷ നൽകി ഉന്മൂലനം ചെയ്കയില്ലെന്നും, കാലാവസാനം വരെ ഈ സമുദായം അവശേഷിക്കുമെന്നും, എന്നാൽ, അവരുടെ കക്ഷി വഴക്കുകളും സംഘട്ടനങ്ങളും അവർക്കിടയിൽ നടമാടിക്കൊണ്ടിരിക്കുമെന്നുമാണു പ്രസ്തുത ഹദീസുകളിലടങ്ങിയ ആശയത്തിന്റെ താൽപര്യം.

66. (നബിയേ)നിന്റെ ജനത ഇതിനെ (ഖുർആനെ)—യഥാർത്ഥം അതായിരിക്കെ—വ്യാജമാക്കിയിരിക്കയാണ്. പറയുക: 'ഞാൻ നിങ്ങളുടെ മേൽ (ഉത്തരവാദിത്വം) ഏൽപിക്കപ്പെട്ടവനൊന്നുമല്ല.

٦٦- وَكَذَّبَ بِهِ قَوْمُكَ وَهُوَ الْحَقُّ ۚ قُل لَّسْتُ عَلَيْكُم بِوَكِيلٍ ۝

67. 'എല്ലാ വർത്തമാനത്തിനുമുണ്ടു (അതു) ഒരു കാലം; വഴിയെ നിങ്ങൾക്കു അറിയാറാകുന്നതുമാണ്.

٦٧- لِّكُلِّ نَبَإٍ مُّسْتَقَرٌّ ۚ وَسَوْفَ تَعْلَمُونَ ۝

---

66 وَكَذَّبَ بِهِ ഇതിനെ വ്യാജമാക്കിയിരിക്കുന്നു قَوْمُكَ നിന്റെ ജനത وَهُوَ الْحَقُّ അതു യഥാർത്ഥമായിരിക്കെ, യഥാർത്ഥമാണുതാനും قُلْ പറയുക لَّسْتُ ഞാനല്ല عَلَيْكُم നിങ്ങളുടെ മേൽ بِوَكِيلٍ ഒരു ഏൽപിക്കപ്പെട്ടവൻ (ബാദ്ധ്യസ്ഥൻ) 67. لِّكُلِّ نَبَإٍ എല്ലാ വർത്തമാന (വൃത്താന്ത)ത്തിനുമുണ്ട് مُّسْتَقَرٌّ ഒരു സ്ഥിരപ്പെടൽ (കാലം-തക്കം-പുലർച്ച) وَسَوْفَ വഴിയെ, പിറകെ تَعْلَمُونَ നിങ്ങൾ അറിയുന്നതാണ്.

സാരം: അല്ലാഹുവിന്റെ സന്ദേശങ്ങൾ നിങ്ങൾക്കു എത്തിച്ചു തരുന്നതിന്റെ ഉത്തരവാദിത്വം മാത്രമേ എന്റെ മേലുള്ളു. അതു ഞാൻ നിർവ്വഹിക്കുന്നുമുണ്ട്. നിങ്ങളിൽ പ്രയോഗം ചെയ്യപ്പെടുന്ന കാര്യങ്ങളെല്ലാം യഥാർത്ഥമായി പുലരുകയും, അതു നിങ്ങളുടെ ശിക്ഷയിൽ കലാശിക്കുകയും ചെയ്യുന്ന ഒരു അവസരമുണ്ടെന്നു നിങ്ങൾ ഓർക്കണം. ഇപ്പോൾ നിങ്ങൾ കണ്ണു തുറന്നില്ലെങ്കിൽ അപ്പോൾ നിങ്ങൾ കണ്ണു തുറക്കും.

68. നമ്മുടെ 'ആയത്തു' [ലക്ഷ്യം]കളിൽ മുഴുകി [കുഴപ്പമുണ്ടാക്കി] കൊണ്ടിരിക്കുന്നവരെ നീ കണ്ടാൽ, അവർ അതല്ലാത്ത (വേറെ) ഒരു വിഷയത്തിൽ മുഴുകുന്നതു [പ്രവേശിക്കുന്നതു]വരെ അവരിൽ നിന്നു നീ തിരിഞ്ഞു കളയുക. (വല്ലപ്പോഴും) പിശാചു നിന്നെ മറപ്പിച്ചുകളയുന്ന പക്ഷം, അപ്പോൾ, ഓർമ്മക്കുശേഷം (ആ) അക്രമികളുടെ കൂടെ നീ ഇരിക്കരുത്.

٦٨- وَإِذَا رَأَيْتَ الَّذِينَ يَخُوضُونَ فِي آيَاتِنَا فَأَعْرِضْ عَنْهُمْ حَتَّىٰ يَخُوضُوا فِي حَدِيثٍ غَيْرِهِ ۚ وَإِمَّا يُنسِيَنَّكَ الشَّيْطَانُ فَلَا تَقْعُدْ بَعْدَ الذِّكْرَىٰ مَعَ الْقَوْمِ الظَّالِمِينَ ○

69. സൂക്ഷ്മത പാലിക്കുന്നവരുടെ മേൽ അവരുടെ വിചാരണയിൽ നിന്നു ഒന്നുംതന്നെ (ബാദ്ധ്യത) ഇല്ല; എങ്കിലും ഓർമ്മിപ്പിക്കൽ [-അതാണു ബാദ്ധ്യത.]; അവർ സൂക്ഷിച്ചേക്കാമല്ലോ.

٦٩- وَمَا عَلَى الَّذِينَ يَتَّقُونَ مِنْ حِسَابِهِم مِّن شَيْءٍ وَلَٰكِن ذِكْرَىٰ لَعَلَّهُمْ يَتَّقُونَ ○

---

68. وَإِذَا رَأَيْتَ നീ കണ്ടാൽ الَّذِينَ يَخُوضُونَ മുഴുകുന്നവരെ, (കുഴപ്പത്തിനായി) (പ്രവേശിക്കുന്നവരെ فِي آيَاتِنَا നമ്മുടെ ആയത്തു (ലക്ഷ്യം-വചനം-ദൃഷ്ടാന്തം)കളിൽ فَأَعْرِضْ അപ്പോൾ നീ തിരിഞ്ഞു കളയുക عَنْهُمْ അവരിൽ നിന്നു അവരെ വിട്ടു حَتَّىٰ يَخُوضُوا അവർ മുഴുകുന്നതുവരെ فِي حَدِيثٍ ഒരു വിഷയത്തിൽ, വർത്തമാനത്തിൽ غَيْرِهِ അതല്ലാത്ത وَإِمَّا يُنسِيَنَّكَ നിന്നെ (വല്ലപ്പോഴും) മറപ്പിക്കുന്ന പക്ഷം الشَّيْطَانُ പിശാചു فَلَا تَقْعُدْ എന്നാൽ ഇരിക്കരുതു بَعْدَ الذِّكْرَىٰ ഓർമ്മക്കുശേഷം مَعَ الْقَوْمِ ജനങ്ങളോടുകൂടെ الظَّالِمِينَ അക്രമികളായ 69. وَمَا ഇല്ല, ഇല്ലതാനും عَلَى الَّذِينَ യാതൊരു കൂട്ടരുടെ മേൽ يَتَّقُونَ സൂക്ഷിക്കുന്ന مِنْ حِسَابِهِم അവരുടെ വിചാരണയിൽനിന്നു مِّن شَيْءٍ ഒരു വസ്തുവും (ഒന്നും-ഒട്ടും) وَلَٰكِن എങ്കിലും ذِكْرَىٰ ഓർമ്മ, ഓർമ്മിപ്പിക്കൽ, ഉപദേശം لَعَلَّهُمْ അവരായേക്കാം يَتَّقُونَ അവർ സൂക്ഷിക്കുക

നബി (സ) തിരുമേനിയെ അഭിമുഖീകരിച്ചുകൊണ്ടും, ഖുർആന്റെ സന്ദേശങ്ങളെ പുച്ഛിച്ചു പരിഹസിക്കുന്ന മുശ്‌രിക്കുകളെ സംബന്ധിച്ചുമാണ് പ്രത്യക്ഷത്തിൽ ആദ്യത്തെ വചനം നിലകൊള്ളുന്നത്. എങ്കിലും മാതാ സത്യവിശ്വാസികൾക്കും ബാധകമാണ് അതിലെ കൽപനയെന്നും, ഖുർആനടക്കമുള്ള അല്ലാഹുവിന്റെ ഏതു ലക്ഷ്യ ദൃഷ്ടാന്തങ്ങളെയും വ്യാജമാക്കുകയോ, പരിഹസിക്കുകയോ, ദുർവ്യാഖ്യാനം ചെയ്യുകയോ ചെയ്യുന്ന എല്ലാ കുഴപ്പക്കാരുടെ വിഷയത്തിലും പൊതുവെയുള്ള ഒരു നിയമമാണതെന്നുമുള്ളതിൽ സംശയമില്ല. അല്ലാഹു ഉപയോഗിച്ച വാക്കുകൾ പരിശോധിച്ചാൽ ഈ വസ്തുത ആർക്കും വ്യക്തമാകുന്നതാണ്. അത്തരം വിഷയങ്ങളിൽ ഏർപ്പെടുന്നവരുടെ വാക്കുകളിലേക്കു ശ്രദ്ധ കൊടുക്കുന്നതും, അവരോടൊപ്പം ഇരുന്നോ മറ്റോ സമ്പർക്കം പുലർത്തുന്നതും അല്ലാഹു വിരോധിക്കുന്ന പ്രസ്തുത അക്രമ പ്രവർത്തനങ്ങൾക്കു പ്രോൽസാഹനവും അനുകൂലവും നൽകലത്രെ ആകുന്നത്. മനസ്സിൽ വെറുപ്പും പ്രതിഷേധവും ഉണ്ടായിരുന്നാൽ തന്നെയും ഈ ദോഷത്തിൽനിന്ന അതു ഒഴിവാകുന്നതല്ല. ഒരു പക്ഷേ, മറവിനിമിത്തം അബദ്ധത്തിൽ അവരുടെകൂടെ ചെന്നിരുന്നാലും ഓർമ്മവന്നാൽ പിന്നെ ആ അക്രമികളുടെ കൂട്ടത്തിൽ ഇരുന്നുപോകരുതെന്ന അല്ലാഹു വിരോധിച്ചതിൽനിന്ന ഇതു മനസ്സിലാക്കാം.

മറവി മനുഷ്യ സ്വഭാവമാണ്. നബി (സ) തിരുമേനിക്കുപോലും മറവി പറ്റാറുണ്ട്. പ്രബോധന വിഷയങ്ങളിൽ പറ്റുകയില്ലെന്നുമാത്രം. മറവി നിമിത്തം ചെയ്തു പോകുന്ന തെറ്റുകളിൽ മനുഷ്യൻ കുറ്റക്കാരനല്ലെങ്കിലും അതു നിമിത്തം ചിലപ്പോൾ ദോഷഫലങ്ങൾ ഉണ്ടായേക്കുമെന്നു പറയേണ്ടതില്ല. അതുകൊണ്ടു മറവികളിൽ പൈശാചികമായ പ്രേരണകൾക്കുകൂടി സ്ഥാനമുണ്ടായിരിക്കും. 'പിശാചു നിന്നെ മറപ്പിക്കുന്ന പക്ഷം' (وَإِمَّا يُنسِيَنَّكَ الشَّيْطَانُ) എന്നു പറഞ്ഞതിലെ സൂചന അതാണ്. രണ്ടാമത്തെ വചനത്തിൽ, സത്യവിശ്വാസികൾ സൂക്ഷ്മത പാലിക്കുന്നപക്ഷം ആ അക്രമികളുടെ അക്രമങ്ങൾക്കു ഉത്തരവാദികളല്ലെന്നും, അവരുടെ വിചാരണ അല്ലാഹു നടത്തിക്കൊള്ളുമെന്നും, സത്യവിശ്വാസികൾ അത്തരം കൃത്യങ്ങളിൽ ഭാഗഭാക്കാകാതെ സൂക്ഷിക്കുകയാണ് വേണ്ടതെന്നും ഉണർത്തിയിരിക്കുന്നു. പക്ഷേ, അവർക്കു ഒരു കടമയുണ്ട് എന്നുകൂടി അവസാനം ഓർമ്മിപ്പിക്കുന്നു.

അതായത് അവരെ ഓർമ്മിപ്പിക്കലും ഉപദേശിക്കലും. ഇതാകട്ടെ, ഓരോ വ്യക്തിയും അവനവന്റെ കഴിവും, സാഹചര്യവും അനുസരിച്ചു ചെയ്യേണ്ടതുമാകുന്നു.

ഈ വിഷയകമായി സൂറത്തുന്നിസാഉ് 140–ാം വചനത്തിൽ അല്ലാഹു പ്രസ്താവിച്ചതു ഇതിനു മുമ്പു നാം കണ്ടുവല്ലോ. അല്ലാഹുവിന്റെ ആയത്തുകൾ നിഷേധിക്കപ്പെടുകയും, പരിഹസിക്കപ്പെടുകയും ചെയ്യുന്നതായി കേട്ടാൽ, അതിനെ ചെയ്യുന്നവർ വേറെ വല്ല വിഷയത്തിലും പ്രവേശിക്കുന്നതുവരെ അവരോടൊന്നിച്ച് നിങ്ങൾ ഇരിക്കരുതെന്നും, അങ്ങനെ ചെയ്താൽ നിങ്ങളും അവരെപ്പോലെയായിരിക്കുമെന്നുമാണ് അവിടെ അല്ലാഹു പറഞ്ഞിരിക്കുന്നത്. ആ വചനവും ഈ വചനവും മുമ്പിൽവെച്ചുകൊണ്ടു പരിശോധിച്ചാൽ, മതത്തിലെ അംഗീകൃത തത്വങ്ങൾക്കു വിരുദ്ധമായ ആദർശങ്ങളും, ആ ആദർശങ്ങളെ ന്യായീകരിക്കുന്ന ദുർവ്യാഖ്യാനങ്ങളും ശ്രദ്ധിക്കുന്നതും, അവയുടെ സ്ഥാപനത്തിനും പ്രചാരണത്തിനുംവേണ്ടി നടത്തപ്പെടുന്ന പ്രസിദ്ധീകരണങ്ങളും പ്രസംഗങ്ങളും ഗൗനിച്ചുകൊണ്ടിരിക്കുന്നതുമെല്ലാം സത്യവിശ്വാസികൾ വർജ്ജിക്കേണ്ടതാണെന്നു മനസ്സിലാക്കാവുന്നതാണ്. മതതത്വങ്ങളെപ്പറ്റി വേണ്ടത്ര അറിവില്ലാത്ത സാധാരണക്കാർ വിശേഷിച്ചും മനസ്സിരുത്തേണ്ടതാണിത്. കൂടുതൽ വിവരം സൂറത്തുന്നിസാഇൽ കഴിഞ്ഞുപോയിട്ടുണ്ട്. അവരോടൊപ്പം നിങ്ങൾ ഇരുന്നാൽ നിങ്ങളും അവരെപ്പോലെയായിരിക്കും. (إنكم إذاً مثلهم) എന്നു അവിടെ അല്ലാഹു പറഞ്ഞ വാക്ക് പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

മുശ്രിക്കുകളുടെ വിഷയത്തിൽ മാത്രമല്ല —തന്നിഷ്ടക്കാരും തൽപരകക്ഷികളുമായ എല്ലാവരുടെ വിഷയത്തിലുമാണ്—ഈ വചനം അവതരിച്ചിരിക്കുന്നതെന്നു വ്യക്തമാക്കിക്കൊണ്ട് ഇബ്നുസീരീൻ, അബൂജഅ്ഫർ, മുഹമ്മദുബ്നു അലീ (റ) പോലെയുള്ള മുൻഗാമികളിൽനിന്നു രിവായത്തുകൾ വന്നിട്ടുള്ളതും പ്രസ്താവ്യമത്രെ. അടുത്ത വചനവും കൂടി ശ്രദ്ധിക്കുമ്പോൾ ഇപ്പറഞ്ഞ വാസ്തവം കൂടുതൽ വ്യക്തമാകുന്നതാണ്. എന്നാൽ മത പ്രമാണങ്ങളിൽ നിന്ന സത്യാവസ്ഥ മനസ്സിലാക്കുവാനും, സത്യവിരുദ്ധമായ വാദഗതികളും, ദുർവ്യാഖ്യാനങ്ങളും തിരിച്ചറിയുവാനും കഴിയുന്ന പണ്ഡിതൻമാരെ സംബന്ധിച്ചിടത്തോളം—അവയെ ഖണ്ഡിക്കുവാൻ വേണ്ടിയും, പൊതുജനങ്ങളിൽ അവ മൂലം ഉണ്ടാകാവുന്ന ആശയക്കുഴപ്പങ്ങളെ നീക്കം ചെയ്‌വാൻ വേണ്ടിയും—അത്തരം പ്രസ്താവനകളിൽ ശ്രദ്ധ പതിക്കുന്നതുകൊണ്ട് ദോഷമൊന്നുമില്ല. അതു അത്യാവശ്യം കൂടിയായിരിക്കും താനും.

അല്ലാമാ ശൗകാനീ (റ) അദ്ദേഹത്തിന്റെ തഫ്സീറിൽ ഈ വചനത്തിന്റെ വ്യാഖ്യാനത്തിൽ ചെയ്തിട്ടുള്ള ഒരു പ്രസ്താവന ഗൗനിക്കുന്നതു സന്ദർഭോചിതമാകുന്നു. അതിന്റെ ചുരുക്കം ഇതാണ്: 'അല്ലാഹുവിന്റെ വചനങ്ങളെ മാററിമറിച്ചും, അവന്റെ കിതാബും അവന്റെ റസൂലിന്റെ സുന്നത്തും കൊണ്ടു കളിയാടിയും, അവയെല്ലാം തങ്ങളുടെ വഴിപിഴപ്പിക്കുന്ന ആശയങ്ങൾക്കും അനാചാരങ്ങൾക്കും അനുസരിച്ചു വ്യാഖ്യാനിച്ചും കൊണ്ടിരിക്കുന്ന പുത്തൻവാദക്കാരുമായി സമ്പർക്കം നടത്തുന്നതിൽ വിട്ടുവീഴ്ച ചെയ്യാറുള്ളവർക്കു ഈ വചനത്തിൽ വലിയൊരു ഉപദേശം അടങ്ങിയിരിക്കുന്നു. അവരോടു പ്രതിഷേധിക്കുകയും, അവരിൽ മാററം വരുത്തുകയും ചെയ്യുന്നില്ലെങ്കിൽ, കുറഞ്ഞപക്ഷം അവരോടു സഹകരിക്കാതിരിക്കുകയെങ്കിലും ചെയ്യേണ്ടതാകുന്നു. അതു പ്രയാസമില്ലാത്ത കാര്യമാണല്ലോ. അവരുടെ കൃത്രിമ വാദങ്ങളിൽനിന്നു ഇവർ ശുദ്ധരായിരുന്നാൽ തന്നെയും അവരുടെ രംഗങ്ങളിൽ ഇവർ ഹാജരുണ്ടാകുന്നതിനെ ചൂഷണം ചെയ്തുകൊണ്ട് അവർ പൊതുജനങ്ങളെ ആശയക്കുഴപ്പത്തിലാക്കുവാൻ ശ്രമിക്കുന്നതാണ്. ഇതാകട്ടെ, അവയെ കേൾക്കുന്നതിനെക്കാൾ നാശകരവുമാണു. ശപിക്കപ്പെട്ട ഇത്തരം സദസ്സുകൾ നാം കണ്ടിട്ടുള്ളതിനു കണക്കില്ല. യഥാർത്ഥത്തെ സഹായിക്കുവാനും അയഥാർത്ഥത്തെ തടയുവാനും നമ്മുടെ കഴിവനുസരിച്ചു നാം ശ്രമിച്ചിട്ടുമുണ്ട്. ഈ പരിശുദ്ധ ശരീഅത്തിനെപ്പററി വേണ്ടതുപോലെ മനസ്സിലാക്കിയിട്ടുള്ളവർക്കെല്ലാം അറിയാം, ഹറാമായ (നിഷിദ്ധമായ) കാര്യങ്ങൾ പ്രവർത്തിച്ച് അല്ലാഹുവിനോടു അനുസരണക്കേട് കാണിക്കുന്ന ആളുകളുമായി സഹകരിക്കുന്നതിനേക്കാൾ എത്രയോ ഇരട്ടി ആപൽക്കരമാണു വഴിപിഴപ്പിക്കുന്ന പുത്തൻ വാദക്കാരുമായി സഹകരിക്കുന്നതെന്ന. ഖുർആനെയും സുന്നത്തിനെയും കുറിച്ചു അടിയുറച്ച അറിവു കരസ്ഥമാക്കിയിട്ടില്ലാത്തവർക്കു പ്രത്യേകിച്ചും അതു ദോഷകരമത്രെ. കാരണം, അവരുടെ വ്യാജ സമർത്ഥനങ്ങളും വാദങ്ങളും—അവയുടെ പൊള്ളത്തരം ശരിക്കു വ്യക്തമായിരുന്നാൽപോലും—പലപ്പോഴും ഇവരിൽ ചിലരുടെയെങ്കിലും മനസ്സിൽ കടന്നുകൂടും. പിന്നീടതു മാററുവാൻ പ്രയാസമായിത്തീരുകയും ചെയ്യും. അങ്ങനെ, അങ്ങേഅററം വ്യാജമായ കാര്യത്തെ വല്ലതും സത്യമായി വിശ്വസിച്ചുകൊണ്ട് അവർ മരണം പ്രാപിക്കുകയും ചെയ്തേക്കും.' (فتح القدير)

70. തങ്ങളുടെ മതത്തെ കളിയും, വിനോദവുമാക്കി ത്തീർക്കുകയും, ഐഹിക ജീവിതം വഞ്ചിക്കുകയും ചെയ്തിട്ടുള്ളവരെ നീ (അവരുടെ പാട്ടിനു) വിട്ടേക്കുകയും ചെയ്യുക.

ഏതൊരു ആത്മാവും (വ്യക്തിയും) അതു (പ്രവർത്തിച്ചു) സമ്പാദിച്ചതു നിമിത്തം ബന്ധിക്കപ്പെടുമെന്ന (നാശത്തിനു വിധേയമാക്കപ്പെടുമെന്ന) തിനാൽ ഇതുമൂലം (ഖുർആൻ മുഖേന) നീ ഉപദേശം നൽകുകയും ചെയ്യുക. അല്ലാഹുവിനെ കൂടാതെ അതിനു ഒരു രക്ഷാകർത്താവാകട്ടെ, ശുപാർശക്കാരനാകട്ടെ (ഉണ്ടായിരിക്കുക) ഇല്ല.

അത് എല്ലാ(വിധ) തെണ്ടവും (അഥവാ പ്രായശ്ചിത്തവും) നൽകിയാലും അതിൽനിന്ന് അതു സ്വീകരിക്കപ്പെടുകയുമില്ല. അക്കൂട്ടരത്രെ അവർ (പ്രവർത്തിച്ചു) സമ്പാദിച്ചതു നിമിത്തം ബന്ധിക്കപ്പെട്ട(നാശത്തിന്നു വിധേയമാക്കപ്പെട്ട)വർ. അവർ അവിശ്വസിച്ചുകൊണ്ടിരുന്നതു നിമിത്തം അവർക്കു ചുട്ടുതിളക്കുന്ന വെള്ളത്തിൽ നിന്നുള്ള പാനീയവും, വേദനയേറിയ ശിക്ഷയുമുണ്ടായിരിക്കും.

٧٠- وَذَرِ الَّذِينَ اتَّخَذُوا دِينَهُمْ لَعِبًا وَلَهْوًا وَغَرَّتْهُمُ الْحَيَوٰةُ الدُّنْيَا وَذَكِّرْ بِهِۦٓ أَن تُبْسَلَ نَفْسٌۢ بِمَا كَسَبَتْ لَيْسَ لَهَا مِن دُونِ اللَّهِ وَلِيٌّ وَلَا شَفِيعٌ وَإِن تَعْدِلْ كُلَّ عَدْلٍ لَّا يُؤْخَذْ مِنْهَآ أُو۟لَٰٓئِكَ الَّذِينَ أُبْسِلُوا بِمَا كَسَبُوا لَهُمْ شَرَابٌ مِّنْ حَمِيمٍ وَعَذَابٌ أَلِيمٌۢ بِمَا كَانُوا يَكْفُرُونَ

70. വിട്ടേക്കുകയും ചെയ്യുക യാതൊരു കൂട്ടരെ അവർ ആക്കിത്തീർത്തു തങ്ങളുടെ മതത്തെ കളി, വിളയാട്ട് വിനോദവും അവരെ വഞ്ചിക്കുകയും ചെയ്തു ഐഹിക ജീവിതം ഓർമ്മപ്പെടുത്തുക (ഉൽബോധിപ്പിക്കുക-ഉപദേശിക്കുക)യും ചെയ്യുക അതുകൊണ്ടു, ഇതു മുഖേന ബന്ധിക്കപ്പെടു (പണയപ്പെടു-നാശത്തിനു വിധേയമാക്കപ്പെടു)ന്നതിനാൽ ഏതാത്മാവും (ആളും-ദേഹവും) അതു സമ്പാദിച്ച(ചെയ്ത-പ്രവർത്തിച്ചുവെച്ച)തു നിമിത്തം അതിന്നില്ല (ഉണ്ടാകുകയില്ല) അല്ലാഹുവിനുപുറമെ, അല്ലാഹുവിനെകൂടാതെ ഒരു രക്ഷാകർത്താവും, ബന്ധു, കൈകാര്യക്കാരൻ ഒരു ശുപാർശകനുമില്ല അതു തെണ്ടം ചെയ്താലും (സമാനമായി ചെയ്താലും) എല്ലാ തെണ്ടവും, സമാനമായതും അതു സ്വീകരിക്കപ്പെടുകയില്ല അതിൽ (അതിന്റെ പക്കൽ)നിന്നു അക്കൂട്ടരത്രെ യാതൊരവർ അവർ ബന്ധിക്കപ്പെട്ട തങ്ങൾ സമ്പാദിച്ചതു (ചെയ്തതു) നിമിത്തം അവർക്കുണ്ടു പാനീയം, കുടിനീർ അത്യുഷ്ണ-(ചുട്ടുതിളക്കുന്ന) ജലത്തിൽ നിന്നും വേദനയേറിയ ശിക്ഷയും അവരായിരുന്നതുകൊണ്ടു അവർ അവിശ്വസിക്കും.

'ബന്ധിപ്പിക്കുക, പണയപ്പെടുത്തുക, നാശത്തിനു വിധേയമാക്കുക, മുടക്കം ചെയ്യുക' എന്നിങ്ങിനെ അർത്ഥങ്ങളുള്ള (ഇബ്സാൽ) എന്ന മൂലത്തിൽ നിന്നുള്ള ക്രിയാരൂപങ്ങളാണു എന്നിവ. ഓരോരുത്തരും, അവരവർ സമ്പാദിച്ചു വെച്ച ദുഷ്കർമ്മങ്ങൾക്കു പണയപ്പെടുകയും, അങ്ങിനെ നാശത്തിനു വിധേയമായിത്തീരുകയും ചെയ്യുക എന്നാണിവിടെ അതുകൊണ്ടു ഉദ്ദേശിക്കപ്പെടുന്നത്.

ഈ വചനത്തിൽ അല്ലാഹു പ്രസ്താവിച്ചതിന്റെ ചുരുക്കം ഇതാണു: (1) ഐഹിക ജീവിതത്തിൽ വഞ്ചിതരായി മതകാര്യങ്ങൾക്കു നിലയും വിലയും കൽപിക്കാതെ, അവയെ കേവലം കളിയും വിനോദവുമാക്കിത്തള്ളിയവരെ അവരുടെ പാട്ടിനു വിട്ടേക്കണം. അവരുടെ ചെയ്തികൾക്കൊന്നും യാതൊരു വിലയും കൽപിക്കരുത്. (2) ഓരോരുത്തരും അവരവരുടെ ദുഷ്കർമ്മം നിമിത്തം നാശത്തിനു—ശിക്ഷക്കു—വിധേയരായിത്തീരുന്നതുകൊണ്ടു—അതിനു ഇടവരാതിരിക്കുവാൻ വേണ്ടി-ഖുർആൻ മുഖേന ഉപദേശം നൽകിക്കൊണ്ടിരിക്കണം. അതു നിറുത്തൽ ചെയ്‌വാൻ പാടില്ല. നാശത്തിനു വിധേയരായിത്തീർന്നാൽ പിന്നീടു ആർക്കും ഒരു രക്ഷയും കിട്ടുവാനില്ല. രക്ഷാകർത്താക്കളായോ ശുപാർശക്കാരായോ ആരും ഉണ്ടായിരിക്കുന്നതുമല്ല. ഏതെങ്കിലും തരത്തിലുള്ള പ്രായശ്ചിത്തമോ,

തെണ്ടമോ നൽകി രക്ഷപ്പെടുവാനും കഴിയുകയില്ല. (3) ഇതകാര്യങ്ങൾക്കു വില കൽപിക്കാതെ അവയെ കളി വിനോദമാക്കുന്നവർ തന്നെയായിരിക്കും തങ്ങളുടെ കർമ്മങ്ങൾ നിമിത്തം നാശത്തിനു വിധേയരാകുന്നവർ. കഠിന കഠോരമായ നരകശിക്ഷ മാത്രമായിരിക്കും അവർക്കാധാരം. അതിലെ ശിക്ഷാവകുപ്പുകളിൽ ഒന്നത്രെ, ദാഹശമനത്തിനു ചുട്ടു തിളച്ച 'ഹമീമാ'കുന്ന വെള്ളമായിരിക്കും അവർക്കു ലഭിക്കുകയെന്നുള്ളത്.

വിഭാഗം–9

٧١- قُلْ أَنَدْعُوا مِن دُونِ اللَّهِ مَا لَا يَنفَعُنَا وَلَا يَضُرُّنَا وَنُرَدُّ عَلَىٰ أَعْقَابِنَا بَعْدَ إِذْ هَدَانَا اللَّهُ كَالَّذِي اسْتَهْوَتْهُ الشَّيَاطِينُ فِي الْأَرْضِ حَيْرَانَ لَهُ أَصْحَابٌ يَدْعُونَهُ إِلَى الْهُدَى ائْتِنَا

71. പറയുക: 'അല്ലാഹുവിനു പുറമെ, ഞങ്ങൾക്കു ഉപകാരം ചെയ്യാത്തതും, ഉപദ്രവം ചെയ്യാത്തതുമായ വസ്തുവിനെ ഞങ്ങൾ വിളി (ച്ചു പ്രാർത്ഥി)ക്കുകയോ?! അല്ലാഹു ഞങ്ങളെ സൻമാർഗ്ഗത്തിലാക്കിയ ശേഷം, ഞങ്ങൾ ഞങ്ങളുടെ പിൻകാലുകളിൽ (തന്നെ പിറകോട്ടു) മടക്കപ്പെടുകയുമോ?! [ഇതൊന്നും ഉണ്ടാവാൻ പോകുന്നില്ല.] (അതെ, വഴി അറിയാതെ) ഭൂമിയിൽ പരിഭ്രമചിത്തനായിക്കൊണ്ട് പിശാചുക്കൾ തെററിച്ചുകൊണ്ടുപോയ ഒരുവനെപ്പോലെ, 'ഞങ്ങളുടെ അടുക്കൽ വാ' (എന്നു പറഞ്ഞുകൊണ്ടു) നേർവഴിയിലേക്കു അവനെ വിളിക്കുന്ന ചില കൂട്ടുകാർ അവനുണ്ടായിരിക്കെ (തന്നെ).'

قُلْ إِنَّ هُدَى اللَّهِ هُوَ الْهُدَىٰ وَأُمِرْنَا لِنُسْلِمَ لِرَبِّ الْعَالَمِينَ ۝

പറയുക: നിശ്ചയമായും, അല്ലാഹുവിന്റെ നേർമ്മാർഗ്ഗം തന്നെയാണു (യഥാർത്ഥ) നേർമ്മാർഗ്ഗം. ലോകരക്ഷിതാവിനു കീഴൊതുങ്ങുവാൻ ഞങ്ങൾ കൽപിക്കപ്പെട്ടിരിക്കുന്നതാനും;–

٧٢- وَأَنْ أَقِيمُوا الصَّلَاةَ وَاتَّقُوهُ وَهُوَ الَّذِي إِلَيْهِ تُحْشَرُونَ ۝

72. 'നിങ്ങൾ നമസ്കാരം നിലനിറുത്തുകയും, അവനെ സൂക്ഷിക്കുകയും ചെയ്യണമെന്നും (കൽപിക്കപ്പെട്ടിരിക്കുന്നു). യാതൊരുവങ്കലേക്കു നിങ്ങൾ ഒരുമിച്ചു കൂട്ടപ്പെടുമോ അങ്ങിനെയുള്ളവൻ അവൻതന്നെയാണു താനും.'

---

71. قُلْ പറയുക أَنَدْعُوا ഞങ്ങൾ വിളിക്കുമോ, പ്രാർത്ഥിക്കുകയോ مِن دُونِ اللَّهِ അല്ലാഹുവിനെ പുറമെ مَا لَا يَنفَعُنَا ഞങ്ങൾക്കു ഉപകാരം ചെയ്യാത്ത വസ്തുവെ وَلَا يَضُرُّنَا ഞങ്ങൾക്കു ഉപദ്രവ (ദ്രോഹ)വും ചെയ്യാത്ത وَنُرَدُّ ഞങ്ങൾ മടക്ക ത(ള്ള)പ്പെടുകയു (മോ) عَلَىٰ أَعْقَابِنَا ഞങ്ങളുടെ പിൻകാല (മടമ്പുകാലു) കളിലായി (വന്നപോലെതന്നെ) بَعْدَ إِذْ هَدَانَا ഞങ്ങളെ നേർമ്മാർഗ്ഗത്തിലാക്കിയതിനുശേഷം اللَّهُ അല്ലാഹു كَالَّذِي യാതൊരുവനെപ്പോലെ اسْتَهْوَتْهُ അവനെ തെററിച്ചു (പിഴപ്പിച്ചു) കൊണ്ടു പോയി الشَّيَاطِينُ പിശാചുക്കൾ فِي الْأَرْضِ ഭൂമിയിൽ حَيْرَانَ പരിഭ്രമചിത്തനായ(അന്തംവിട്ട)നിലയിൽ لَهُ അവനുണ്ടു, ഉണ്ടായിരിക്കെ أَصْحَابٌ ചില കൂട്ടുകാർ, ആൾക്കാർ يَدْعُونَهُ അവർ അവനെ വിളിക്കുന്ന إِلَى الْهُدَى നേർമാർഗ്ഗത്തിലേക്കു ائْتِنَا ഞങ്ങളുടെ അടുക്കൽ വാ (വരുക)എന്നു قُلْ പറയുക إِنَّ നിശ്ചയമായും هُدَى നേർമാർഗം اللَّهِ അല്ലാഹുവിന്റെ هُوَ الْهُدَىٰ അതത്രെ(യഥാർത്ഥ) നേർമാർഗ്ഗം وَأُمِرْنَا ഞങ്ങൾ കൽപിക്കപ്പെടുകയും ചെയ്തിരിക്കുന്നു لِنُسْلِمَ ഞങ്ങൾ കീഴൊതുങ്ങുവാൻ لِرَبِّ രക്ഷിതാവിനു الْعَالَمِينَ ലോകരുടെ. 72. وَأَنْ أَقِيمُوا നിങ്ങൾ നിലനിറുത്തണമെന്നും الصَّلَاةَ നമസ്കാരം وَاتَّقُوهُ അവനെ സൂക്ഷിക്കണമെന്നും وَهُوَ الَّذِي അവൻതന്നെയാണു യാതൊരുവനും إِلَيْهِ അവങ്കലേക്ക(തന്നെ) تُحْشَرُونَ നിങ്ങൾ ഒരുമിച്ചു കൂട്ടപ്പെടുന്നു.

٧٣- وَهُوَ الَّذِي خَلَقَ السَّمَاوَاتِ وَالْأَرْضَ بِالْحَقِّ ۖ وَيَوْمَ يَقُولُ كُن فَيَكُونُ ۚ قَوْلُهُ الْحَقُّ ۚ وَلَهُ الْمُلْكُ يَوْمَ يُنفَخُ فِي الصُّورِ ۚ عَالِمُ الْغَيْبِ وَالشَّهَادَةِ ۚ وَهُوَ الْحَكِيمُ الْخَبِيرُ ○

73. അവൻ തന്നെയാണ് ആകാശങ്ങളെയും, ഭൂമിയെയും യഥാർത്ഥ (മുറ) പ്രകാരം സൃഷ്ടിച്ചവനും. അവൻ (ഏതൊന്നിനെക്കുറിച്ചും) 'ഉണ്ടാകുക' എന്നു പറയുന്ന ദിവസം അതുണ്ടാകുന്നു.

അവന്റെ വാക്കു യഥാർത്ഥമത്രെ. കാഹളത്തിൽ ഊതപ്പെടുന്ന ദിവസം രാജാധിപത്യവും അവനുതന്നെ. അദൃശ്യവും, ദൃശ്യവും അറിയുന്നവനാണ് (അവൻ) അവനത്രെ, അഗാധജ്ഞനും, സൂക്ഷ്മജ്ഞനുമായുള്ളവൻ.

---

73. وهو الذي അവൻ തന്നെയാണു യാതൊരുവനും خلق അവൻ സൃഷ്ടിച്ചു السموات ആകാശങ്ങളെ والأرض ഭൂമിയെയും بالحق യഥാർത്ഥപ്രകാരം, മുറയനുസരിച്ചു ويوم يقول അവൻ പറയുന്ന ദിവസം كن ഉണ്ടാകുക, ഉണ്ടാവണം (എന്നു) فيكون അപ്പോൾ (അതു) ഉണ്ടാകുന്നു قوله അവന്റെ വാക്ക, അവൻ പറയുന്നത് الحق യഥാർത്ഥ (സത്യ-കാര്യമാണു) وله الملك അവനു തന്നെയാണു രാജാധിപത്യവും يوم ينفخ ഊതപ്പെടുന്ന ദിവസം في الصور കാഹളത്തിൽ, കൊമ്പിൽ عالم الغيب അദൃശ്യത്തെ അറിയുന്നവനാണു والشهادة ദൃശ്യത്തെയും وهو الحكيم അവനത്രെ അഗാധജ്ഞനും, യുക്തിമാനും الخبير സൂക്ഷ്മജ്ഞൻ.

സത്യ വിശ്വാസികളെ പഴയ വിഗ്രഹാരാധനയിലേക്കുതന്നെ മടക്കുവാൻ ശ്രമം നടത്തിവരാറുള്ള മുശ്രിക്കുകളോടു പറയേണ്ടുന്ന ചില കാര്യങ്ങളാണ് ആദ്യത്തെ രണ്ടു വചനങ്ങളിൽ അല്ലാഹു നബി (സ) യെ ഓർമ്മിപ്പിക്കുന്നത്. ആ കാര്യങ്ങളുടെ ഒരു വിശദീകരണമാണു മൂന്നാമത്തെ വചനമെന്നു പറയാം. അവരോടു പറയുന്നതിന്റെ സാരം ഇതാണ്: വല്ല മരുഭൂമിയിലൂടെയും യാത്ര ചെയ്യുമ്പോൾ കൂട്ടംവിട്ട് വഴിതെറ്റി പരിഭ്രമത്തിൽപെട്ട ഒരുവനെ അവന്റെ കൂട്ടുകാർ 'ഇതാ, ഇങ്ങോട്ടുവാ' എന്നു വിളിച്ചുകൊണ്ടിരിക്കുന്നു. എന്നിട്ടും അവൻ സ്വന്തം നില തെറ്റി ആകർഷണം സ്വീകരിക്കാതെ പിശാചുക്കളുടെ തട്ടിക്കൊണ്ടു പോകലിനു വിധേയനായിത്തീരുന്നതുപോലെ, ഞങ്ങളും ആയിത്തീരണമെന്നാണോ നിങ്ങൾ പറയുന്നത്?! ശിർക്കാകുന്ന ദുർമാർഗ്ഗത്തിൽനിന്നു രക്ഷപ്പെടുത്തി ഞങ്ങളെ അല്ലാഹു ഇസ്ലാമാകുന്ന നേർമാർഗ്ഗത്തിലേക്കു നയിച്ചിരിക്കെ, ഞങ്ങൾക്കു എന്തെങ്കിലും ഉപകാരമോ ഉപദ്രവമോ ചെയ്‌വാൻ കഴിയാത്ത ആ ദൈവങ്ങളെ വിളിച്ചു പ്രാർത്ഥിക്കുവാനും, ആരാധിക്കുവാനും ഇനി ഞങ്ങൾ മടങ്ങുകയോ?! അതു സംഭവിക്കുന്ന കാര്യമല്ല. ലോക രക്ഷിതാവായ അല്ലാഹുവിനു കീഴ്പ്പെട്ടും, അവനെ സൂക്ഷിച്ചും, അവനെ നമസ്കരിച്ചുകൊണ്ടും ജീവിക്കണമെന്നാണു ഞങ്ങളോടു കൽപിക്കപ്പെട്ടിരിക്കുന്നത്. അതു ഞങ്ങൾ അനുസരിക്കുകതന്നെ ചെയ്യും. അതേ അല്ലാഹുവിന്റെ മുമ്പിൽ നിങ്ങളും ഹാജരാക്കപ്പെടും. അതുകൊണ്ടു നിങ്ങൾ നിങ്ങളെപ്പറ്റിത്തന്നെയാണു പുനരാലോചന ചെയ്യേണ്ടിയിരിക്കുന്നത്. ഞങ്ങൾ പഴയ ശിർക്കിലേക്കു മടങ്ങിയേക്കുമെന്ന പ്രതീക്ഷ നിങ്ങൾ വെച്ചുകൊണ്ടിരിക്കേണ്ട.

ആകാശഭൂമികളെ അല്ലാഹു യഥാർത്ഥ മുറപ്രകാരം സൃഷ്ടിച്ചു (خلق السموات ....) എന്നു ഖുർആനിൽ പലപ്പോഴും പറഞ്ഞു കാണാം. വളരെ വിപുലമായ അർത്ഥം ഉൾക്കൊള്ളുന്ന ഒരു വാക്യമത്രെ അത്. കളിയായോ വിനോദമോ ആയിട്ടല്ല—അതി മഹത്തായ ഉദ്ദേശ്യ ലക്ഷ്യങ്ങളോടുകൂടിയാണു—അവയെ സൃഷ്ടിച്ചത്. വ്യവസ്ഥാപിതവും യുക്തിപൂർണ്ണവുമായ നിലയിൽ ഓരോ കാര്യവും ഇന്നിന്ന പ്രകാരമെന്ന അടുക്കും ചിട്ടയും വെച്ചുകൊണ്ട് അതി സമർത്ഥവും അതിവിദഗ്ദ്ധവുമായ പരിപാടികളോടുകൂടിയാണത്. അവയും, അവയിലുള്ളതുമെല്ലാം ഇല്ലായ്മയിൽനിന്നുണ്ടാക്കി രൂപം നൽകിയതു അവനാണ്. എല്ലാറ്റിന്റെയും ഉടമസ്ഥതയും അധികാരാവകാശവും അവന്റേതാണ്. എന്നിങ്ങിനെയുള്ള പല തത്വസാരങ്ങളും അതിൽ അടങ്ങിയിരിക്കുന്നു. ഏതൊരു കാര്യമോ, ഏതൊരു വസ്തുവോ ഉണ്ടാവണമെന്നു അവൻ ഉദ്ദേശിച്ചാൽ അതു ഉണ്ടാകുവാൻ ഒട്ടും പ്രയാസമില്ല. അതുണ്ടാവണമെന്നു പറയുകയേ വേണ്ടു. അതുണ്ടായിക്കൊള്ളും. (إنما أمره إذا أراد شيئا أن يقول له كن فيكون) മറ്റൊന്നിന്റെ സഹായമോ മാധ്യമമോ അതിനാവശ്യമില്ല. എന്നിരിക്കെ, മനുഷ്യർക്കു രണ്ടാമതൊരു ജീവിതംകൂടി നൽകുക, എല്ലാവരെയും ഒരുമിച്ചുകൂട്ടി വിചാരണ നടത്തി രക്ഷാശിക്ഷകൾ നൽകുക എന്നിവയൊന്നും അവനെ സംബ

[illegible] ഒരു കാര്യമല്ല. അതു ഏതു ദിവസത്തിലാവണമെന്നാണോ അവൻ തീരുമാനിച്ചിരിക്കുന്നത് അന്നു സംഭവിക്കും. ഇതൊക്കെയാണു തുടർന്നുള്ള വാക്യത്തിൽ പറഞ്ഞതിന്റെ സാരം.

കാഹളത്തിൽ ഊതപ്പെടുന്ന ദിവസം (يوم ينفخ في الصور) എന്നു പറഞ്ഞതു ഖിയാമത്തുനാളാകുന്നു. ലോകാവസാനത്തോടനുബന്ധിച്ചും, പിന്നീടു ജീവികളെല്ലാം പുനർജ്ജീവിപ്പിക്കപ്പെടുന്ന അവസരത്തിലുമായി രണ്ടു (പ്രാവശ്യം) കാഹളം ഊതപ്പെടുമെന്നു അല്ലാഹു അറിയിച്ചു തന്നിരിക്കുന്നു. (ഇതു സംബന്ധിച്ചു കൂടുതൽ വിവരം സൂ: നംല് 87ലും, സൂ: സുമർ 68ലും അവയുടെ വ്യാഖ്യാനത്തിലും കാണുക) صور (സ്വൂർ) എന്ന പദത്തിന് 'കൊമ്പു, കാഹളം' എന്നൊക്കെയാണു വാക്കർത്ഥം. ഇസ്രാഫീൽ (അ) എന്ന മലക്കായിരിക്കും കാഹളത്തിൽ ഊതുക എന്നു ഹദീസുകളിൽ വന്നിട്ടുണ്ട്. എന്നാൽ, ആ കാഹളം എങ്ങിനെയുള്ളതാണെന്നോ, അതിന്റെ സ്വഭാവമെന്താണെന്നോ നമുക്കറിഞ്ഞുകൂടാ. കാഹളത്തിന്റെയും ഊത്തിന്റെയും സ്വഭാവം എന്തായിരുന്നാലും ശരി, ഒന്നാമത്തെ ഊത്തോടുകൂടി ലോകത്തുള്ളവരെല്ലാം ആകമാനം നാശമടയുമെന്നും, രണ്ടാമത്തെ ഊത്തോടുകൂടി എല്ലാവരും പുനർജ്ജീവിക്കുകയും ഒരു പുതിയ അഖിലാണ്ഡ വ്യവസ്ഥ നിലവിൽ വരുകയും ചെയ്യുമെന്നു ഖുർആനിൽനിന്നു ഖണ്ഡിതമായി അറിയപ്പെട്ടിട്ടുള്ളതാണ്. അന്നത്തെ ദിവസം അവന്നാണു രാജാധിപത്യം (وله الملك....) എന്നു പറഞ്ഞതിന്റെ താൽപര്യം: നാമമാത്രമെങ്കിലും അധികാരമോ സ്വാധീനമോ അന്നു മറ്റാർക്കും ഉണ്ടായിരിക്കുകയില്ല എന്നത്രെ. എക്കാലത്തും യഥാർത്ഥമായ രാജാധിപത്യം അല്ലാഹുവിനു തന്നെയാണുള്ളത്. എന്നാലും പരിമിതവും നാമമാത്രവുമായ ചില രാജാധികാരികൾ സൃഷ്ടികളിലും നിലവിലുണ്ടല്ലോ. അന്നു അതും ഉണ്ടായിരിക്കയില്ലെന്നർത്ഥം. لمن الملك اليوم لله الواحد القهار (അന്നു ആർക്കാണു രാജാധിപത്യം? ഏകനായ സർവ്വാധികാരിയായ അല്ലാഹുവിനു!)

74. ഇബ്രാഹീം തന്റെ പിതാവ് ആസറിനോട് പറഞ്ഞ സന്ദർഭം (ഓർക്കുക): 'താങ്കൾ ബിംബങ്ങളെ ആരാധ്യ (ദൈവ)ങ്ങളാക്കുകയോ?! നിശ്ചയമായും ഞാൻ, താങ്കളെയും, താങ്കളുടെ ജനതയെയും സ്പഷ്ടമായ വഴിപിഴവിലായി കാണുന്നു.'

٧٤- وَإِذْ قَالَ إِبْرَاهِيمُ لِأَبِيهِ آزَرَ أَتَتَّخِذُ أَصْنَامًا آلِهَةً ۖ إِنِّي أَرَاكَ وَقَوْمَكَ فِي ضَلَالٍ مُّبِينٍ

75. അതുപോലെ, ആകാശങ്ങളുടെയും, ഭൂമിയുടെയും 'മലകൂത്തും' [രാജാധിപത്യ രഹസ്യവും] നാം ഇബ്രാഹീമിന്നു കാണിച്ചു കൊടുത്തിരുന്നു. അദ്ദേഹം ദൃഢവിശ്വാസികളിൽപെട്ടവനായിരിക്കുവാൻ വേണ്ടിയും (കൂടിയാണതു).

٧٥- وَكَذَٰلِكَ نُرِي إِبْرَاهِيمَ مَلَكُوتَ السَّمَاوَاتِ وَالْأَرْضِ وَلِيَكُونَ مِنَ الْمُوقِنِينَ

---

74. وإذ قال പറഞ്ഞ സന്ദർഭം ابراهيم ഇബ്രാഹീം لأبيه തന്റെ ബാപ്പയോടു, പിതാവിനോടു آزر ആസർ (എന്ന) أتتخذ താങ്കൾ ഉണ്ടാക്കുക(ആക്കുക)യാണോ أصنامًا ബിംബ (വിഗ്രഹ)ങ്ങളെ آلهة ആരാധ്യൻമാർ, ദൈവങ്ങൾ إني നിശ്ചയമായും ഞാൻ أراك താങ്കളെ ഞാൻ കാണുന്നു وقومك താങ്കളുടെ ജനങ്ങളെയും في ضلال വഴിപിഴവിൽ, ദുർമ്മാർഗ്ഗത്തിൽ مبين സ്പഷ്ട(വ്യക്ത)മായ 75. وكذلك അപ്രകാരം, അതുപോലെ نري നാം കാണിച്ചു കൊടുത്തിരുന്നു, കാട്ടികൊടുക്കുന്നു ابراهيم ഇബ്രാഹീമിന്നു ملكوت രാജാധിപത്യം, മഹാധിപത്യം السماوات ആകാശങ്ങളുടെ والأرض ഭൂമിയുടെയും وليكون അദ്ദേഹമായിരിക്കുവാനും من الموقنين ദൃഢവിശ്വാസികളിൽ പെട്ട (വൻ)

ഇബ്രാഹീം (അ) നബിയുടെ പിതാവിന്റെ പേർ ആസർ (آزر) എന്നാണെന്നത്രെ ഈ വചനത്തിൽനിന്നു വ്യക്തമാകുന്നതു. പക്ഷെ, ചില ഖുർആൻ വ്യാഖ്യാതാക്കളും, ചരിത്രകാരൻമാരും പറയുന്നതു അദ്ദേഹത്തിന്റെ സ്വന്തം പേർ താറഹ്—അഥവാ തേറഹ് (تارح)—എന്നായിരുന്നുവെന്നത്രെ. ബൈബിളിലും അങ്ങിനെത്തന്നെ. ആസർ എന്നതു അദ്ദേഹത്തിന്റെ ഒരു ഗുണപ്പേരോ, സ്ഥാനപ്പേരോ ആയിരുന്നുവെന്നും പലരും പറയുന്നു. (അല്ലാഹുവിനറിയാം) ഏതായാലും അദ്ദേഹം ഒരു വിഗ്രഹാരാധകനും, ക്ഷേത്രത്തിലെ വലിയ പൂജാരിയുമായിരുന്നു. വിഗ്ര

ഹാരാധകരായ സ്വന്തം പിതാവിനെയും നാട്ടുകാരെയും ഇബ്രാഹീം (അ) വിമർശിച്ചതിനെക്കുറിച്ചാണു അല്ലാഹു ഇവിടെ പ്രസ്താവിക്കുന്നത്. ഇതിനെപ്പറ്റി മർയം, അമ്പിയാഉ് മുതലായ സൂറത്തുകളിൽ കൂടുതൽ വിശദമായി വിവരിച്ചു കാണാവുന്നതാണ്.

'രാജത്വം, രാജാധിപത്യം' എന്നർത്ഥമായ ملك (മുൽക്ക്)ന്റെ അർത്ഥം കൂടുതൽ ശക്തിപ്പെടുത്തിയും മഹത്വപ്പെടുത്തിയും കൊണ്ടുള്ള ഒരു രൂപമാണ് ملكوت (മലക്കൂത്ത്) അപ്രകാരം ഇബ്രാഹീമിനു നാം ആകാശഭൂമികളുടെ മലക്കൂത്ത് കാണിച്ചു കൊടുത്തിരുന്നു. (وكذلك نرى ابراهيم الخ) എന്നു പറഞ്ഞതിന്റെ സാരം ഇതാണു: ബിംബാരാധനക്കു അടിമപ്പെട്ടിരുന്ന നാട്ടിലും വീട്ടിലും ജനിച്ചു വളർന്ന അദ്ദേഹം അതു ശിർക്കാണെന്നും ദുർമ്മാർഗ്ഗമാണെന്നും മനസ്സിലാക്കിയതുപോലെ, ആകാശഭൂമികളുടെ ഭരണാധികാരം, ഉടമസ്ഥത, അവയിൽ ഏകാധിപത്യം നടത്തുവാനുള്ള അർഹത, അവയുടെ രക്ഷാകർത്തൃത്വം ആദിയായവ അല്ലാഹുവിനു മാത്രമാണെന്ന യാഥാർത്ഥ്യം—കാര്യകാരണസഹിതം—അല്ലാഹു അദ്ദേഹത്തിനു വേണ്ടത്ര മനസ്സിലാക്കിക്കൊടുത്തിരുന്നു. പിലർ പ്രസ്താവിച്ചു കാണുന്നതുപോലെ, ആകാശങ്ങളും ഭൂമികളും അവയിലെ വസ്തുക്കളുമെല്ലാം അല്ലാഹു അദ്ദേഹത്തിനു തുറന്നു കാണിച്ചുകൊടുത്തുവെന്നോ, വേറെ ചില പുത്തൻ വ്യാഖ്യാനക്കാർ പറയുന്നതുപോലെ ലോകത്തിന്റെ ആധിപത്യം വഹിക്കേണ്ടതു എങ്ങിനെയാണെന്നു കാണിച്ചുകൊടുത്തുവെന്നോ, അദൃശ്യത്തിന്റെ രഹസ്യങ്ങളെല്ലാം മനസ്സിലാക്കിക്കൊടുത്തുവെന്നോ അല്ല ആ പറഞ്ഞതിന്റെ ഉദ്ദേശ്യം. സൂ: അഅ്റാഫിൽ അല്ലാഹു പറയുന്നു; أولم ينظروا في ملكوت السموات والأرض — الأعراف : ١٨٥ (ആകാശങ്ങളുടെയും ഭൂമിയുടെയും മലക്കൂത്തിൽ അവർ നോക്കുന്നില്ലേ—അഥവാ ചിന്തിക്കുന്നില്ലേ?!) 'മലക്കൂത്തി'നു പ്രസ്തുത വ്യാഖ്യാനങ്ങളൊന്നും യോജിക്കുകയില്ലെന്നു ഇതിൽ നിന്നു മനസ്സിലാക്കാവുന്നതാണ്. മേൽ സൂചിപ്പിച്ച യാഥാർത്ഥ്യങ്ങളെപ്പറ്റി ചിന്തിച്ചു മനസ്സിലാക്കുവാനുള്ള ആഹ്വാനമാണു ഈ വാക്യമെന്നു പറയേണ്ടതില്ല. ഇബ്രാഹീം (അ) നബിക്കു അല്ലാഹു അതെല്ലാം വ്യക്തമായി മനസ്സിലാക്കിക്കൊടുക്കുകയും, അങ്ങനെ, അദ്ദേഹത്തിന്റെ വിശ്വാസം തികച്ചും സുദൃഢമായിത്തീരുകയും ചെയ്തിരുന്നുവെന്നത്രെ അല്ലാഹു ചൂണ്ടിക്കാട്ടുന്നത്. وليكون من الموقنين (അദ്ദേഹം ദൃഢവിശ്വാസികളുടെ കൂട്ടത്തിലാകുവാനും) എന്നു തുടർന്നു പറഞ്ഞിട്ടുള്ളതും പ്രസ്താവ്യമാണ്. സാധാരണപോലെയുള്ള ഒരു വിശ്വാസമായിരുന്നില്ല അദ്ദേഹത്തിന്റേത്. ഒരു കാരണവശാലും പതറിപ്പോകുകയോ ബലക്ഷയം ബാധിക്കുകയോ ചെയ്യാത്ത വിശ്വാസമായിരുന്നു അദ്ദേഹത്തിന്റേത് എന്നു താൽപര്യം. ഇതോടു ബന്ധപ്പെടുത്തിക്കൊണ്ടു അടുത്ത വചനത്തിൽ അല്ലാഹു വിവരിക്കുന്ന സംഭവം നോക്കുക:—

٧٦- فَلَمَّا جَنَّ عَلَيْهِ الَّيْلُ رَاٰ كَوْكَبًا ۚ قَالَ هٰذَا رَبِّيْ ۚ فَلَمَّآ اَفَلَ قَالَ لَآ اُحِبُّ الْاٰفِلِيْنَ ○

76. അങ്ങനെ, അദ്ദേഹത്തിന്റെ മേൽ രാത്രി (വന്നു) മൂടിയപ്പോൾ, അദ്ദേഹം ഒരു നക്ഷത്രം കണ്ടു; അദ്ദേഹം പറഞ്ഞു: 'ഇതു എന്റെ റബ്ബ് (രക്ഷിതാവ്) ആകുന്നു.'

എന്നിട്ട് അതു മറഞ്ഞു പോയപ്പോൾ, അദ്ദേഹം പറഞ്ഞു: 'മറഞ്ഞു പോകുന്നവരെ ഞാൻ ഇഷ്ടപ്പെടുന്നില്ല.'

٧٧- فَلَمَّا رَاَ الْقَمَرَ بَازِغًا قَالَ هٰذَا رَبِّيْ ۚ فَلَمَّآ اَفَلَ قَالَ لَئِنْ لَّمْ يَهْدِنِيْ رَبِّيْ لَاَكُوْنَنَّ مِنَ الْقَوْمِ الضَّآلِّيْنَ ○

77. എന്നിട്ട്, ചന്ദ്രൻ ഉദിച്ചുവരുന്നതായി കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു: 'ഇത് എന്റെ റബ്ബാകുന്നു.' എന്നിട്ട് അതു മറഞ്ഞുപോയപ്പോൾ, അദ്ദേഹം പറഞ്ഞു: 'എന്റെ റബ്ബ് എനിക്കു മാർഗദർശനം നൽകിയില്ലെങ്കിൽ, നിശ്ചയമായും ഞാൻ വഴിപിഴച്ച ജനങ്ങളിൽപെട്ടവൻ തന്നെ ആയിത്തീരുന്നതാണ്.'

٧٨- فَلَمَّا رَاَ الشَّمْسَ بَازِغَةً قَالَ هٰذَا رَبِّيْ هٰذَآ اَكْبَرُ ۚ

78. എന്നിട്ട് (പിന്നെ) സൂര്യൻ ഉദിച്ചു വരുന്നതായി കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു: 'ഇതെന്റെ റബ്ബാണു; ഇതു ഏററവും വലുതാകുന്നു.'

എന്നിട്ട് അതു മറഞ്ഞുപോയപ്പോൾ അദ്ദേഹം പറഞ്ഞു: 'എന്റെ ജനങ്ങളെ, നിശ്ചയമായും ഞാൻ, (അല്ലാഹുവിനോട്) നിങ്ങൾ പങ്കു ചേർക്കുന്നതിൽനിന്നു (ഒക്കെയും) ഒഴിവായവനാകുന്നു.

فَلَمَّآ أَفَلَتْ قَالَ يَٰقَوْمِ إِنِّى بَرِىٓءٌ مِّمَّا تُشْرِكُونَ ○

79. 'ഞാൻ, ആകാശങ്ങളെയും, ഭൂമിയെയും സൃഷ്ടിച്ചുണ്ടാക്കിയവനിലേക്ക് ഋജുമാനസനായിക്കൊണ്ട് എന്റെ മുഖം (ഇതാ) തിരിച്ചിരിക്കുന്നു. ഞാൻ 'മുശ്രിക്കുകളിൽ' [പങ്കു ചേർക്കുന്നവരിൽ] പെട്ടവനല്ല താനും.'

إِنِّى وَجَّهْتُ وَجْهِىَ لِلَّذِى فَطَرَ ٱلسَّمَٰوَٰتِ وَٱلْأَرْضَ حَنِيفًا وَمَآ أَنَا۠ مِنَ ٱلْمُشْرِكِينَ ○

---

76. فَلَمَّا جَنَّ അങ്ങനെ മൂടിയ(മറയിട്ട)പ്പോൾ عَلَيْهِ അദ്ദേഹത്തിന്റെ മേൽ ٱلَّيْلُ രാത്രി رَءَا അദ്ദേഹം കണ്ടു كَوْكَبًا ഒരു നക്ഷത്രം قَالَ അദ്ദേഹം പറഞ്ഞു هَٰذَا رَبِّى ഇതു എന്റെ റബ്ബാണ് فَلَمَّآ أَفَلَ എന്നിട്ടു അതു മറഞ്ഞുപോയപ്പോൾ قَالَ അദ്ദേഹം പറഞ്ഞു لَآ أُحِبُّ ഞാൻ ഇഷ്ടപ്പെടുന്നില്ല ٱلْءَافِلِينَ മറഞ്ഞുപോകുന്നവരെ. 77. فَلَمَّا رَءَا എന്നിട്ടു അദ്ദേഹം കണ്ടപ്പോൾ ٱلْقَمَرَ ചന്ദ്രനെ بَازِغًا ഉദിച്ചു വരുന്ന (ഉദയം ചെയ്യുന്ന)തായി قَالَ അദ്ദേഹം പറഞ്ഞു هَٰذَا ഇതു رَبِّى എന്റെ റബ്ബാണ് فَلَمَّآ أَفَلَ എന്നിട്ടു അതു മറഞ്ഞപ്പോൾ قَالَ അദ്ദേഹം പറഞ്ഞു لَئِن لَّمْ يَهْدِنِى എനിക്കു വഴികാട്ടി(മാർഗ്ഗദർശനം നൽകി)യില്ലെങ്കിൽ رَبِّى എന്റെ റബ്ബ് لَأَكُونَنَّ നിശ്ചയമായും ഞാൻ ആയിത്തീരുക തന്നെ ചെയ്യും مِنَ ٱلْقَوْمِ ജനങ്ങളിൽപെട്ട(വൻ) ٱلضَّآلِّينَ വഴിപിഴച്ചവരായ. 78. فَلَمَّا رَءَا എന്നിട്ടദ്ദേഹം കണ്ടപ്പോൾ ٱلشَّمْسَ സൂര്യനെ بَازِغَةً ഉദിച്ചു വരുന്നതായി قَالَ അദ്ദേഹം പറഞ്ഞു هَٰذَا رَبِّى ഇതെന്റെ റബ്ബാണ് هَٰذَآ أَكْبَرُ ഇതു ഏററവും വലുതാണ് فَلَمَّآ أَفَلَتْ എന്നിട്ടതു മറഞ്ഞപ്പോൾ قَالَ അദ്ദേഹം പറഞ്ഞു يَٰقَوْمِ എന്റെ ജനങ്ങളെ إِنِّى بَرِىٓءٌ നിശ്ചയമായും ഞാൻ ഒഴിവായവനാണ് مِّمَّا تُشْرِكُونَ നിങ്ങൾ പങ്കു ചേർക്കുന്നതിൽ നിന്ന്. 79. إِنِّى وَجَّهْتُ നിശ്ചയമായും ഞാൻ മുഖം തിരിച്ചു وَجْهِىَ എന്റെ മുഖം لِلَّذِى യാതൊരുവന്നു فَطَرَ സൃഷ്ടിച്ചുണ്ടാക്കിയ ٱلسَّمَٰوَٰتِ ആകാശങ്ങളെ وَٱلْأَرْضَ ഭൂമിയെയും حَنِيفًا ഋജുമാനസനായി(ശുദ്ധമനസ്കനായി) وَمَآ أَنَا۠ ഞാനല്ലതാനും مِنَ ٱلْمُشْرِكِينَ മുശ്രിക്കുകളിൽ, പങ്കുചേർക്കുന്നവരിൽപെട്ട(വൻ).

ഒരു പ്രാചീന രാജ്യമായ ബാബിലോണ്യയിലെ ഊർ എന്ന പട്ടണമായിരുന്നു ഇബ്രാഹീം (അ) നബിയുടെ ജന്മസ്ഥലം. തികച്ചും പരിപൂർണ്ണമായ അർത്ഥത്തിൽ തന്നെ വിഗ്രഹങ്ങളുടെ കേന്ദ്രമായിരുന്നു അന്നത്. ഓരോ ഗോത്രങ്ങൾക്കും, ദേശക്കാർക്കും പ്രത്യേകം പ്രത്യേകം കുലദൈവങ്ങളും, ദേവീദേവൻമാരുമുണ്ടായിരിക്കും. കല, വാണിജ്യം, വ്യവസായം, തത്വശാസ്ത്രം ആദിയായവയിലെല്ലാം അതിനിപുണരായിരുന്ന ആ നാട്ടുകാരുടെയും പുരോഹിത വർഗ്ഗത്തിന്റെയും ക്ഷേത്രപൂജാരികളുടെയും പൊതുജനങ്ങളുടെയും വിഷയമായിരുന്ന ദൈവങ്ങൾ. നാടുഭരിക്കുന്ന രാജാക്കൾ വിഗ്രഹദൈവങ്ങളുടെ ആശീർവ്വാദത്തോടുകൂടി ഭരണം നടത്തുന്നവരാകകൊണ്ട് അവരും ആ ദൈവങ്ങളായി ഗണിക്കപ്പെട്ടിരുന്നു. പല നാമങ്ങളിലായി അറിയപ്പെട്ടിരുന്നതും, സൂര്യൻ, ചന്ദ്രൻ, ശുക്രൻ മുതലായ ചില നക്ഷത്രങ്ങളുടെ പേരിൽ സ്ഥാപിക്കപ്പെട്ടിരുന്നതുമായ പല ദൈവങ്ങളും വിഗ്രഹങ്ങളും അവർക്കുണ്ടായിരുന്നു. കാമദേവിയെന്നും മറ്റുമുള്ള ചില പ്രത്യേക പ്രതിഷ്ഠകളും അക്കൂട്ടത്തിലുണ്ടായിരുന്നു. ഓരോന്നിന്റെ പേരും പ്രശസ്തിയും അനുസരിച്ച് ഓരോന്നിനും സ്വത്തുക്കളും, ക്ഷേത്രങ്ങളും, പൂജാരികളും ഉണ്ടായിരിക്കും. ഇബ്രാഹീം (അ) നബിയുടെ പിതാവാകട്ടെ, ഒരു ബിംബശില്പിയും, പൂജാരി വർഗ്ഗത്തിലെ നേതാവും കൂടിയായിരുന്നു. ആദ്യമായി അദ്ദേഹം ബിംബാരാധനയെക്കുറിച്ചു പൊതുവെ സ്വന്തം പിതാവുമായി നടത്തിയ വിമർശനമാണു 74-ാം വചനത്തിൽ കണ്ടത്. അനന്തരം സൂര്യചന്ദ്ര നക്ഷത്ര ഗ്രഹങ്ങളുടെ ആരാധനയെ വിമർശിച്ചുകൊണ്ടു ജനങ്ങളുമായി നടത്തിയ വാദപ്രതിവാദമാണ് ഈ വചനങ്ങളിൽ കാണുന്നത്.

ഇബ്രാഹീം (അ) നബിക്കുണ്ടായ ഒരു ചിന്താഗതിയും, അവസാനം അദ്ദേഹം യഥാർത്ഥ തൗഹീദിലേക്കു എത്തിച്ചേർന്ന കഥയുമാണോ ഈ വചനങ്ങളുടെ ഉള്ളടക്കം? അതല്ല, വിഗ്രഹാരാധകരായ തന്റെ ജനതയുമായി അദ്ദേഹം നടത്തിയ ഒരു വാദപ്രതിവാദ സംഭവത്തിന്റെ ചിത്രീകരണമാണോ ഇതു? ഇതിനെ പററി രണ്ടഭിപ്രായം നിലവിലുണ്ട്

അവരുടെ നേരെ (പ്രയോഗിക്കാനു) കൂടുതൽ ന്യായമായി ത്തീർന്നതും, ഖുർആന്റെ വാക്യങ്ങളോടു കൂടുതൽ യോജിച്ചു കാണുന്നതും. والله اعلم

അടുത്ത വചനത്തിൽ وحاجه قومه (അദ്ദേഹത്തിന്റെ ജനത അദ്ദേഹത്തോടു ന്യായവാദം ചെയ്തു.) എന്നും തഴെ 83-ാം വചനത്തിൽ ...وتلك حجتنا آتيناها (അതു നാം ഇബ്രാഹീമിനു നൽകിയ ന്യായമാണ്) എന്നും പറഞ്ഞിരിക്കുന്നവല്ലോ.

ഇബ്നു കഥീർ (റ) അദ്ദേഹത്തിന്റെ തഫ്സീറിൽ ഇവിടെ ഒരു ദീർഘമായ പ്രസ്താവന തന്നെ ചെയ്തു കാണാം. മേൽ സൂചിപ്പിച്ചതും അല്ലാത്തതുമായ പല കാര്യങ്ങളും വിവരിച്ചശേഷം അദ്ദേഹം തുടർന്നു പറയുന്നു: 'ഇബ്രാഹീം (അ) തന്റെ ജനങ്ങളുമായി നടത്തിയ ഒരു വാദപ്രതിവാദമാണ് ഇതെന്നുള്ളതത്രെ യഥാർത്ഥം. ഒന്നാമത്തെ (74-ാം വചനത്തിൽ വിവരിച്ച) സംഗം, വാനലോകത്തെ മലക്കുകളുടെ പ്രതിമകളായി സ്ഥാപിക്കപ്പെട്ട ഭൗതിക ബിംബങ്ങളെ ആരാധിക്കുന്നതിന്റെ തെറ്റുകൾ അവർക്കു വിവരിച്ചു കൊടുത്തതാണ്. ഈ (വചനങ്ങളിൽ വിവരിച്ച) രംഗം, ആകാശത്തെ പ്രധാന ഗ്രഹങ്ങളായി ഗണിക്കപ്പെടുന്ന ചന്ദ്രൻ, ശുക്രൻ, ചൊവ്വ, ബുധൻ, വ്യാഴം, സൂര്യൻ, ശനി എന്നീ സപ്തഗ്രഹങ്ങളുടെ നാമത്തിൽ നടത്തപ്പെടുന്ന ക്ഷേത്രാരാധനയുടെ തെറ്റുകൾ അവർക്കദ്ദേഹം വിവരിച്ചു കൊടുത്തതാകുന്നു. ഈ ഗ്രഹങ്ങളിൽ അവരുടെ അടുക്കൽ ഏറ്റവും പ്രധാനപ്പെട്ടതു സൂര്യനും, പിന്നെ ചന്ദ്രനും, പിന്നെ ശുക്രനുമാകുന്നു. അതായതു, ആദ്യം ശുക്രൻ ദൈവമായിരിക്കുവാൻ കൊള്ളുകയില്ല–അതിനു ഉദയം വലവും തെറ്റുവാനോ, ദിക്കുമാറി സഞ്ചരിക്കുവാനോ, സമയവ്യത്യാസം സ്വീകരിക്കുവാനോ മറ്റോ സ്വാതന്ത്ര്യമില്ലാതെ ഒരു നിയന്ത്രണത്തിലാണതു സ്ഥിതി ചെയ്യുന്നത്–എന്നു അദ്ദേഹം സ്ഥാപിച്ചു. പിന്നീടു, ചന്ദ്രനിലേക്കും, അനന്തരം സൂര്യനിലേക്കും തിരിഞ്ഞ് അതുപ്രകാരം തന്നെ സ്ഥാപിച്ചു. ഏറ്റവും പ്രധാനപ്പെട്ട ഈ ഗ്രഹങ്ങൾക്കു ദൈവികതക്ക് അർഹതയില്ലാത്ത സ്ഥിതിക്കു മറ്റുള്ളവയുടെ കാര്യം വിശേഷിച്ചു പറയേണ്ടതില്ലല്ലോ. അങ്ങിനെ, ബലിഷ്ഠമായ തെളിവ് സഹിതം സത്യം ബോധ്യപ്പെടുത്തിയപ്പോൾ അദ്ദേഹം പറഞ്ഞു: ... يا قوم اني برئ (എന്റെ ജനങ്ങളേ, നിങ്ങൾ പങ്കു ചേർക്കുന്നതിൽ നിന്നു ഞാൻ ഒഴിവായവനാണു. ഞാൻ ആകാശഭൂമികളെ സൃഷ്ടിച്ചുണ്ടാക്കിയവനിലേക്കു എന്റെ മുഖം തിരിച്ചിരിക്കുന്നു.......)'

ഇബ്നുകഥീർ (റ) തുടർന്നു പറയുന്നു: 'ഇബ്രാഹീം (അ) ഇങ്ങിനെ ഒരു വിചിന്തനം സ്വയം നടത്തിയതാണു (ഒരു വാദപ്രതിവാദം ജനങ്ങളുമായി നടത്തിയതല്ല) എന്നു എങ്ങിനെ പറയും?! അദ്ദേഹത്തെ സംബന്ധിച്ചു അല്ലാഹു ഇങ്ങിനെയൊക്കെ പറയുന്നത്: ولقد آتينا ابراهيم رشده ... الآية (ഇബ്രാഹീമിനു അദ്ദേഹത്തിന്റെ തന്റേതായ സന്മാർഗ്ഗബോധം നൽകിയിട്ടുണ്ട്. അദ്ദേഹത്തെപ്പറ്റി നാം അറിയുന്നവരുമായിരുന്നു. അതായത് അദ്ദേഹം തന്റെ പിതാവിനോടും ജനങ്ങളോടും പറഞ്ഞ സന്ദർഭം: നിങ്ങൾ ഈ ഭജനമിരിക്കുന്ന പ്രതിമകൾ എന്താണ്?.......(21: 51-70) ان ابراهيم كان امة قانتا .... الخ (ഇബ്രാഹീം അല്ലാഹുവിനോട് കീഴ്‌വണക്കം ചെയ്യുന്ന ഋജുമാനസനായ ഒരു സമുദായം–ഒരു പ്രത്യേക സമുദായം–ആയിരുന്നു. അദ്ദേഹം ശിർക്ക ചെയ്യുന്നവരിൽപെട്ടവനായിരുന്നില്ല....(16;120-123) دينا قيما ملة ابراهيم .... الآية (....ചൊവ്വിനു നിലകൊള്ളുന്ന മതം. അതായതു ഋജുമാനസനായിരുന്ന ഇബ്രാഹീമിന്റെ മാർഗം. അദ്ദേഹം ശിർക്കു ചെയ്യുന്നവരിൽപെട്ടവനായിരുന്നില്ല. (6:161).......' (ابن كثير)

80. അദ്ദേഹത്തോട് അദ്ദേഹത്തിന്റെ ജനത ന്യായവാദം (തർക്കം) നടത്തി. അദ്ദേഹം പറഞ്ഞു: 'അല്ലാഹു എന്നെ നേർമാർഗത്തിലാക്കിത്തന്നിരിക്കെ, അല്ലാഹുവിന്റെ കാര്യത്തിൽ നിങ്ങൾ എന്നോടു ന്യായവാദം (തർക്കം) നടത്തുകയോ?!

٨٠- وَحَاجَّهُ قَوْمُهُ ۚ قَالَ أَتُحَاجُّونِّي فِي اللَّهِ وَقَدْ هَدَانِ ۚ

നിങ്ങൾ അവനോടു പങ്കു ചേർക്കുന്നതിനെ (ഒന്നും തന്നെ) ഞാൻ ഭയപ്പെടുന്നില്ലതാനും; (അതെ) എന്റെ റബ്ബു വല്ലതും ഉദ്ദേശിക്കുന്നതായാലല്ലാതെ. എന്റെ റബ്ബ് അറിവുകൊണ്ട് എല്ലാ വസ്തുക്കൾക്കും വിശാലമായിരിക്കുന്നു. [എല്ലാം അവന്റെ അറിവിൽ അടങ്ങുന്നു.] എന്നാൽ, നിങ്ങൾ ഉറ്റാലോചിക്കുന്നില്ലേ?!

وَلَا أَخَافُ مَا تُشْرِكُونَ بِهِ إِلَّا أَن يَشَاءَ رَبِّي شَيْئًا ۗ وَسِعَ رَبِّي كُلَّ شَيْءٍ عِلْمًا ۗ أَفَلَا تَتَذَكَّرُونَ ○

81. 'നിങ്ങൾ പങ്കു ചേർത്തതിനെ ഞാൻ എങ്ങിനെ ഭയപ്പെടും? നിങ്ങൾക്കു അല്ലാഹു യാതൊരു അധികൃത രേഖയും ഇറക്കിത്തന്നിട്ടില്ലാത്തതിനെ നിങ്ങൾ അവനോടു പങ്കുചേർത്തതിനെക്കുറിച്ചു നിങ്ങൾ ഭയപ്പെടുന്നുമില്ല!

അപ്പോൾ, ഈ്യ വിഭാഗക്കാരിൽവെച്ചു നിർഭയത്വത്തിനു കൂടുതൽ അർഹതയുള്ളവർ ആരാണ്? നിങ്ങൾക്കു അറിയാമെങ്കിൽ (ആലോചിച്ചു നോക്കൂ)!'

٨١- وَكَيْفَ أَخَافُ مَا أَشْرَكْتُمْ وَلَا تَخَافُونَ أَنَّكُمْ أَشْرَكْتُم بِاللَّهِ مَا لَمْ يُنَزِّلْ بِهِ عَلَيْكُمْ سُلْطَانًا ۚ فَأَيُّ الْفَرِيقَيْنِ أَحَقُّ بِالْأَمْنِ ۖ إِن كُنتُمْ تَعْلَمُونَ ۝

82. യാതൊരു കൂട്ടർ, വിശ്വസിക്കുകയും, തങ്ങളുടെ വിശ്വാസത്തോടു യാതൊരു അക്രമത്തെയും അവർ (കൂട്ടി) കലർത്താതിരിക്കുകയും ചെയ്തുവോ, അക്കൂട്ടർ - അവർക്കത്രെ നിർഭയത്വമുള്ളതു; അവർ നേർമാർഗം പ്രാപിച്ചവരുമാകുന്നു.

٨٢- الَّذِينَ آمَنُوا وَلَمْ يَلْبِسُوا إِيمَانَهُم بِظُلْمٍ أُولَٰئِكَ لَهُمُ الْأَمْنُ وَهُم مُّهْتَدُونَ ۝

---

80. وَحَاجَّهُ അദ്ദേഹത്തോടു ന്യായവാദം ചെയ്തു (തർക്കം നടത്തി) قَوْمُهُ അദ്ദേഹത്തിന്റെ ജനത, ജനങ്ങൾ قَالَ അദ്ദേഹം പറഞ്ഞു أَتُحَاجُّونِّي നിങ്ങൾ എന്നോടു ന്യായവാദം നടത്തുകയോ فِي اللَّهِ അല്ലാഹുവി(ന്റെ കാര്യത്തി)ൽ وَقَدْ هَدَانِ അവൻ എന്നെ നേർമാർഗത്തിൽ ആക്കിയിട്ടുണ്ടെന്നിരിക്കെ وَلَا أَخَافُ ഞാൻ ഭയപ്പെടുന്നുമില്ല مَا تُشْرِكُونَ നിങ്ങൾ പങ്കു ചേർക്കുന്നതിനെ بِهِ അവനോടു, അവനിൽ إِلَّا أَن يَشَاءَ ഉദ്ദേശിക്കുന്നതായിട്ടല്ലാതെ رَبِّي എന്റെ റബ്ബു شَيْئًا വല്ല കാര്യവും وَسِعَ വിശാലമായിരിക്കുന്നു رَبِّي എന്റെ റബ്ബു كُلَّ شَيْءٍ എല്ലാ വസ്തുവിനും عِلْمًا അറിവാൽ (അറിവുകൊണ്ടു) أَفَلَا تَتَذَكَّرُونَ അപ്പോൾ (എന്നാൽ) നിങ്ങൾ ഉറ്റാലോചിക്കു(ഓർമവെക്കു)ന്നില്ലേ. 81. وَكَيْفَ എങ്ങിനെയാണു, എങ്ങിനെ أَخَافُ ഞാൻ ഭയപ്പെടും, ഭയപ്പെടുന്നതു مَا أَشْرَكْتُمْ നിങ്ങൾ പങ്കുചേർത്തതിനെ وَلَا تَخَافُونَ നിങ്ങൾ ഭയപ്പെടുന്നുമില്ല (എന്നിരിക്കെ) أَنَّكُمْ أَشْرَكْتُم നിങ്ങൾ പങ്കുചേർത്തതിനെക്കുറിച്ചു بِاللَّهِ അല്ലാഹുവിനോടു مَا لَمْ يُنَزِّلْ അവൻ ഇറക്കിയിട്ടില്ലാത്തതിനെ بِهِ അതിനെപ്പറ്റി, അതിനു عَلَيْكُمْ നിങ്ങൾക്കു سُلْطَانًا ഒരു അധികൃത രേഖ, (തെളിവു) فَأَيُّ അപ്പോൾ ഏതാണു (ആരാണു) الْفَرِيقَيْنِ രണ്ടു കൂട്ടരിൽ, വിഭാഗങ്ങളിൽ أَحَقُّ അധികം അവകാശപ്പെട്ടതു, അർഹർ بِالْأَمْنِ നിർഭയതക്ക്, സമാധാനത്തിനു إِن كُنتُمْ നിങ്ങളാണെങ്കിൽ تَعْلَمُونَ നിങ്ങൾ അറിയുന്നു. 82. الَّذِينَ യാതൊരു കൂട്ടർ آمَنُوا അവർ വിശ്വസിച്ചു وَلَمْ يَلْبِسُوا അവർ കലർത്തിയതുമില്ല إِيمَانَهُم അവരുടെ വിശ്വാസത്തോടു, വിശ്വാസത്തെ بِظُلْمٍ വല്ല അക്രമത്തെയും, അനീതിയുമായി أُولَٰئِكَ അക്കൂട്ടർ لَهُمُ الْأَمْنُ അവർക്കാണു നിർഭയത്വം وَهُم അവരാകട്ടെ مُّهْتَدُونَ നേർമാർഗം പ്രാപിച്ചവരുമാണു

ദീർഘകാലത്തെ പഴക്കം സിദ്ധിച്ച അന്ധവിശ്വാസങ്ങൾക്കും, ദുരാചാരങ്ങൾക്കും എതിരിൽ വ്യക്തമായ തെളിവുകൾ സമർപ്പിക്കപ്പെടുമ്പോൾ അവയുടെ അനുയായികൾ താർക്കാലം ഉത്തരം മുട്ടിയെന്നു വരും. എങ്കിലും അതവർക്ക് മനസ്സമാധാനം വരുത്തുക പ്രയാസമായിരിക്കും. എന്നെങ്കിലും മുടന്തൻ ന്യായങ്ങളും തർക്കങ്ങളും നടത്തി തങ്ങളുടെ നിലപാടിനെ ന്യായീകരിക്കുവാൻ ശ്രമിക്കുകയായിരിക്കും ചെയ്യുക. ചിലപ്പോൾ ഭീഷണിയും അക്രമവുമായിരിക്കും ഉപയോഗിക്കുക. എല്ലാകാലത്തും കാണപ്പെടുന്ന പതിവാണിത്. ഇബ്രാഹീം (അ) നബിയുടെ ജനതയും അതുതന്നെയാണു പയറ്റിയത്. അതായത്, പണ്ടുകാലം മുതൽക്കേ പൂർവ്വികർ ചെയ്തുപോന്നതും എല്ലാവരും അംഗീകരിച്ചുവരുന്നതുമായ നടപടിയാണിത്. ഈ ദൈവങ്ങൾക്കു ഇന്നിന്ന പ്രകാരമുള്ള മഹത്വങ്ങളും ശക്തികളുമൊക്കെയുണ്ട്. അവക്കെതിരെ വിരൽ ചൂണ്ടിയാൽ അവയുടെ ശാപകോപവും നാശവുമായിരിക്കും ഫലം. എന്നിങ്ങിനെയുള്ള ന്യായങ്ങളും ഭീഷണികളും! ഇബ്രാഹീം (അ) നബി അവർക്കു നൽകിയ മറുപടിയുടെ താല്പര്യം ഇതാണു: നിങ്ങളുടെ ന്യായവാദങ്ങൾക്കും ഭീഷണികൾക്കും ഞാനൊട്ടും വിലകല്പിക്കുന്നില്ല. അല്ലാഹുമാത്രമാണു രക്ഷിതാവും ആരാധ്യനും എന്നുള്ളതിനു സ്പഷ്ടമായ തെളിവുകൾ നിലവിലുണ്ട്. ആ അറിവിൽ ഉറച്ചു നിൽക്കു

റബ്ബിന്റെ അറിവും അറിവുള്ളതും. അവൻ എനിക്ക് നൽകിയിരിക്കുന്ന്. അവൻ ഉദ്ദേശിച്ചാൽ വല്ലതും സംഭവിക്കുന്നതല്ലാതെ, നിങ്ങളുടെ ഈ ദൈവങ്ങളിൽ നിന്ന് വല്ല ആപത്തും നാശവും സംഭവിച്ചേക്കുമെന്നുള്ള ഭയം എനിക്കില്ല. അവയെ തിരിച്ചറിയാനുള്ള തെളിവും ന്യായവുമില്ലാതെ നിങ്ങൾ അവയെ ദൈവങ്ങളാക്കി വെച്ചതിനാൽ അല്ലാഹുവിങ്കൽ നിന്നുണ്ടാകുന്ന ശിക്ഷയെക്കുറിച്ച് ഭയപ്പെടേണ്ടിയിരിക്കുന്നതു നിങ്ങളാണ്. ആ ഭയം നിങ്ങൾക്കില്ല. അവനാണെങ്കിൽ സർവ്വകാര്യങ്ങളും അറിയുന്നവനുമാണ്. അപ്പോൾ, ഭയം കൂടാതെ സമാധാനപ്പെട്ടുകൊണ്ടിരിക്കുവാൻ അവകാശപ്പെട്ടവർ നിങ്ങളാണോ? അതല്ല ഞാനോ?

82-ാം വചനത്തിലെ വാചകങ്ങൾ ഇബ്രാഹീം (അ) നബിയുടെ പ്രസ്താവനയുടെ തുടർച്ചയായി ഉദ്ധരിച്ചതായിരിക്കുവാനും, അല്ലാഹുവിന്റെ സ്വന്തം പ്രസ്താവനയായിരിക്കുവാനും സാധ്യതയുണ്ട്. ഏതായിരുന്നാലും അതിന്റെ സാരം ഇപ്രകാരമാകുന്നു: സത്യവിശ്വാസം സ്വീകരിച്ച് തൗഹീദിൽ നിലയുറപ്പിക്കുകയും, പിന്നീട് ശിർക്ക് പരമായ വല്ല അക്രമങ്ങളും അതിൽ കൂട്ടിക്കലർത്തി അതിനെ കളങ്കപ്പെടുത്താതിരിക്കുകയും ചെയ്യുന്നവർക്കാണു യഥാർത്ഥവും ശാശ്വതവുമായ സമാധാനം ലഭിക്കുക. അബ്ദുല്ലാഹിബ്നു മസ്ഊദ് (റ) തുടങ്ങിയ പലരും പല സഹാബികളിൽ നിന്നും, അവരിൽ നിന്നുമായി രേഖപ്പെടുത്തിയ ഹദീസുകളിൽ ഇപ്രകാരം വന്നിരിക്കുന്നു: 'ഈ വചനം അവതരിച്ചപ്പോൾ സഹാബികൾക്ക് മനഃപ്രയാസം അനുഭവപ്പെട്ടു. ഒരു അക്രമവും ചെയ്യാത്തവർ, ആരാണു നമ്മുടെ കൂട്ടത്തിലുള്ളതു?! എന്നു അവർ പറഞ്ഞു. അപ്പോൾ നബി (സ) പറഞ്ഞു: 'കാര്യം നിങ്ങൾ ധരിക്കുന്നതു പോലെയല്ല. ആ നല്ല മനുഷ്യൻ (ലുക്മാൻ-അ.) തന്റെ മകനോടു പറഞ്ഞതു നിങ്ങൾ കേട്ടിട്ടില്ലേ. يَا بُنَيَّ لَا تُشْرِكْ بِاللَّهِ إِنَّ الشِّرْكَ لَظُلْمٌ عَظِيمٌ — لقمان (എന്റെ കുഞ്ഞുമോനേ, നീ അല്ലാഹുവിനോടു പങ്കുചേർക്കരുത്. നിശ്ചയമായും പങ്കുചേർക്കൽ-ശിർക്ക്-വമ്പിച്ച അക്രമമാകുന്നു.) എന്നു?! ശിർക്കാണ് അതുകൊണ്ടുദ്ദേശ്യം.' സത്യവിശ്വാസം സ്വീകരിച്ചശേഷം ശിർക്കല്ലാത്ത വല്ല പാപങ്ങളും ചെയ്തവൻ ശിക്ഷക്കു കുറ്റക്കാരനാകുമെങ്കിലും അതു മൂലം അവൻ അവിശ്വാസിയായിത്തീരുമെന്നല്ല ഈ വചനത്തിന്റെ താല്പര്യമെന്നത്രെ നബി (സ) ഈ ഹദീസു മുഖേന വ്യക്തമാക്കുന്നത്.

വിഭാഗം-10

83. അവ (മേൽകണ്ട) നമ്മുടെ ന്യായമാകുന്നു: തന്റെ ജനതക്കെതിരിൽ ഇബ്രാഹീമിന്നു നാം അവ നൽകിയിരിക്കുകയാണു. നാം ഉദ്ദേശിക്കുന്നവരെ നാം പല പദവികളും ഉയർത്തുന്നു. നിശ്ചയമായും നിന്റെ റബ്ബു അഗാധജ്ഞനും, സർവ്വജ്ഞനുമാകുന്നു.

وَتِلْكَ حُجَّتُنَا آتَيْنَاهَا إِبْرَاهِيمَ عَلَىٰ قَوْمِهِ ۚ نَرْفَعُ دَرَجَاتٍ مَّن نَّشَاءُ ۗ إِنَّ رَبَّكَ حَكِيمٌ عَلِيمٌ -٨٣

---

83. وَتِلْكَ അതു, അവ حُجَّتُنَا നമ്മുടെ ന്യായം (തെളിവു) ആകുന്നു آتَيْنَاهَا നാം അതു (അവ) നൽകി إِبْرَاهِيمَ ഇബ്രാഹീമിനു عَلَىٰ قَوْمِهِ അദ്ദേഹത്തിന്റെ ജനതയുടെമേൽ (എതിരിൽ) نَرْفَعُ നാം ഉയർത്തും دَرَجَاتٍ പല പദവികളെ, പടികളെ مَّن نَّشَاءُ നാം ഉദ്ദേശിക്കുന്നവരെ إِنَّ رَبَّكَ നിശ്ചയമായും നിന്റെ റബ്ബു حَكِيمٌ അഗാധജ്ഞനാണു, യുക്തിമാനാണു عَلِيمٌ സർവ്വജ്ഞനാണ്.

---

74 മുതൽക്കുള്ള വചനങ്ങളിൽ, തൗഹീദിനെ സ്ഥാപിച്ചുകൊണ്ടും, ശിർക്കിനെ ഖണ്ഡിച്ചുകൊണ്ടും ഇബ്രാഹീം (അ) നബി ആ ജനതയുടെ മുമ്പിൽ സമർപ്പിച്ച തെളിവുകളെയും ന്യായങ്ങളെയും ചൂണ്ടിക്കാട്ടിക്കൊണ്ട് അല്ലാഹു നബി (സ) യോടു പറയുകയാണു: അതെല്ലാം നമ്മുടെ തൗഹീദിന്റെ തെളിവുകളായി നാം ഇബ്രാഹീമിന്നു പഠിപ്പിച്ചു കൊടുത്തതാണ്. നാം ഉദ്ദേശിക്കുന്നവരെ ഇതുപോലെ അസാധാരണമായ സ്ഥാന പദവികൾ നൽകി ഉയർത്തുന്നതാകുന്നു. ഞാൻ എല്ലാ കാര്യവും യുക്തിപൂർവ്വം പ്രവർത്തിക്കുന്ന അഗാധജ്ഞനും, സകല കാര്യങ്ങളും ശരിക്കറിയുന്ന സർവ്വജ്ഞനുമാണല്ലോ.

തൗഹീദിനെ സ്ഥാപിക്കുന്നതിൽ ആ പ്രവാചക പിതാവു നടത്തിയ പ്രബോധന മാർഗ്ഗങ്ങൾ അദ്ദേഹത്തിന്റെ കാലശേഷം ലോകാവസാനം വരെ തുടർന്നു നടക്കത്തക്കവണ്ണം അദ്ദേഹത്തിന്റെ സന്താനപരമ്പരകളിലും മറ്റുമായി

പ്രവാചകന്മാരുടെ ശൃംഖല അല്ലാഹു നിലനിറുത്തി അനുഗ്രഹിച്ചതിനെക്കുറിച്ചാണു തുടർന്നുള്ള വചനങ്ങളിൽ ചൂണ്ടിക്കാട്ടുന്നത്. കൂട്ടത്തിൽ, അദ്ദേഹത്തിനു വളരെ മുമ്പുതന്നെ പ്രസ്തുത വിഷയത്തിൽ തൊള്ളായിരത്തമ്പതു വർഷക്കാലം അശ്രാന്തപരിശ്രമം നടത്തിക്കൊണ്ടിരുന്ന അദ്ദേഹത്തിന്റെ പൂർവ്വ പിതാവായ നൂഹ് (അ) നബിയെക്കുറിച്ചു പ്രത്യേകം അനുസ്മരിപ്പിച്ചുകൊണ്ടു അല്ലാഹു പറയുന്നു:—

٨٤- وَوَهَبْنَا لَهُ إِسْحَاقَ وَيَعْقُوبَ ۚ كُلًّا هَدَيْنَا ۚ وَنُوحًا هَدَيْنَا مِن قَبْلُ ۖ وَمِن ذُرِّيَّتِهِ دَاوُودَ وَسُلَيْمَانَ وَأَيُّوبَ وَيُوسُفَ وَمُوسَىٰ وَهَارُونَ ۚ وَكَذَٰلِكَ نَجْزِي الْمُحْسِنِينَ

84. അദ്ദേഹത്തിനു നാം ഇസ്ഹാഖിനെയും, യഅ്ഖൂബിനെയും പ്രദാനം ചെയ്കയും ചെയ്തു. എല്ലാവരെയും നാം നേർമാർഗ്ഗത്തിലാക്കിയിരിക്കുന്നു. മുമ്പ് നൂഹിനെയും നാം നേർമാർഗ്ഗത്തിലാക്കിയിരിക്കുന്നു.

അദ്ദേഹത്തിന്റെ സന്തതികളിൽ നിന്ന ദാവൂദിനെയും, സുലൈമാനെയും, അയ്യൂബിനെയും, യൂസുഫിനെയും, മൂസായെയും, ഹാറൂനെയും (നേർമാർഗ്ഗത്തിലാക്കി).

അപ്രകാരം സൽഗുണവാൻമാർക്കു നാം പ്രതിഫലം നൽകുന്നു.

٨٥- وَزَكَرِيَّا وَيَحْيَىٰ وَعِيسَىٰ وَإِلْيَاسَ ۖ كُلٌّ مِّنَ الصَّالِحِينَ

85. സകരിയ്യായെയും, യഹ്‌യായെയും, ഈസായെയും, ഇൽയാസിനെയും (നേർമാർഗ്ഗത്തിലാക്കി). എല്ലാവരും സദ്‌വൃത്തരിൽ പെട്ടവരാകുന്നു.

٨٦- وَإِسْمَاعِيلَ وَالْيَسَعَ وَيُونُسَ وَلُوطًا ۚ وَكُلًّا فَضَّلْنَا عَلَى الْعَالَمِينَ

86. ഇസ്മാഈലിനെയും, അൽയസഅനെയും, യൂനുസിനെയും, ലൂത്വിനെയും (നേർമാർഗ്ഗത്തിലാക്കി). എല്ലാവരെയും ലോകരെക്കാൾ നാം ശ്രേഷ്ഠരാക്കുകയും ചെയ്തിരിക്കുന്നു.

٨٧- وَمِنْ آبَائِهِمْ وَذُرِّيَّاتِهِمْ وَإِخْوَانِهِمْ ۖ وَاجْتَبَيْنَاهُمْ وَهَدَيْنَاهُمْ إِلَىٰ صِرَاطٍ مُّسْتَقِيمٍ

87. അവരുടെ പിതാക്കളിൽ നിന്നും, അവരുടെ സന്തതികളിൽ നിന്നും, അവരുടെ സഹോദരങ്ങളിൽ നിന്നും (പലരെയും ശ്രേഷ്ഠരാക്കിയിരിക്കുന്നു) അവരെ നാം തിരഞ്ഞെടുക്കുകയും, നേരെ (ചൊവ്വാ)യുള്ള പാതയിലേക്ക് അവരെ നാം വഴിചേർക്കുകയും ചെയ്തിരിക്കുന്നു.

---

84. وهبنا നാം പ്രദാനം ചെയ്കയും ചെയ്തു له അദ്ദേഹത്തിനു اسحق ഇസ്ഹാഖിനെ ويعقوب യഅ്ഖൂബിനെയും كلا എല്ലാവരെയും هدينا നാം നേർവഴിയിലാക്കി ونوحا هدينا നൂഹിനെയും നാം നേർവഴിയിലാക്കിയിരിക്കുന്നു من قبل മുമ്പു, മുമ്പേ ومن ذريته അദ്ദേഹത്തിന്റെ സന്തതികളിൽ നിന്നും داود ദാവൂദിനെ(യും) وسليمان സുലൈമാനെയും وايوب അയ്യൂബിനെയും ويوسف യൂസുഫിനെയും وموسى മൂസായെയും وهرون ഹാറൂനെയും وكذلك അപ്രകാരം نجزى നാം പ്രതിഫലം നൽകുന്നു المحسنين സൽഗുണ(പുണ്യ)വാന്മാർക്കു 85. وزكريا സകരിയ്യായെയും ويحيى യഹ്‌യായെയും وعيسى ഈസായെയും والياس ഇൽയാസിനെയും كل എല്ലാം, എല്ലാവരും من الصالحين സദ്‌വൃത്തരിൽ (നല്ലവരിൽ) പെട്ടവരാണ് 86. واسمعيل ഇസ്മാഈലിനെയും واليسع അൽയസഇനെയും ويونس യൂനുസിനെയും ولوطا ലൂത്വിനെയും وكلا എല്ലാവരെയും فضلنا നാം ശ്രേഷ്ഠരാക്കി, ഉൽകൃഷ്ടരാക്കി على العلمين ലോകരെക്കാൾ, 87. ومن ابائهم അവരുടെ പിതാക്കളിൽ നിന്നും وذريتهم അവരുടെ സന്തതികളിൽ നിന്നും واخوانهم അവരുടെ സഹോദരങ്ങളിൽ നിന്നും واجتبيناهم അവരെ നാം തിരഞ്ഞെടുക്കു(തെരഞ്ഞെടുക്കുക)യും ചെയ്തു وهديناهم അവരെ നേർവഴിയിലാക്കുകയും ചെയ്തു, അവർക്ക് മാർഗ്ഗദർശനവും നൽകി الى صراط പാതയിലേക്ക്, വഴിയിലേക്കു مستقيم നേരെയുള്ള, ചൊവ്വായ,

ഇസ്ഹാക്വ് (അ) ഇബ്റാഹീം (അ) ന്റെ പുത്രനും, യഅ്ക്വൂബ് (അ) പൗത്രനുമാകുന്നു. അദ്ദേഹത്തിനും, ഭാര്യ സാറാക്കും വാർദ്ധക്യം പ്രാപിച്ച കാലത്തായിരുന്നു അദ്ദേഹത്തിനു മക്കളുണ്ടാകുവാൻ പോകുന്നുവെന്ന് അല്ലാഹു മലക്കുകൾ മുഖാന്തരം സന്തോഷ വാർത്ത അറിയിച്ചതു. ആ സന്തോഷവാർത്തയിൽ തന്നെ മകൻ ഇസ്ഹാക്വ് (അ) നെപ്പററിയും പൗത്രൻ യഅ്ക്വൂബ് (അ) നെപ്പററിയും സന്തോഷമറിയിച്ചിരുന്നു. (11; 71) നൂഹ് (അ) നബി അദ്ദേഹത്തിന്റെ പൂർവ്വപിതാക്കളിൽ ഒരാളായതുകൊണ്ടാണ് അദ്ദേഹത്തെപ്പററി പറഞ്ഞപ്പോൾ من قبل (മുമ്പ്) എന്ന് പ്രത്യേകം പറഞ്ഞത്. തൗഹീദിന്റെ പ്രബോധന പാരമ്പര്യം ഇബ്രാഹീം (അ) നബിയുടെ സന്തതികളിലും പിൻഗാമികളിലും മാത്രമല്ല, പിതാക്കളിലും ഉണ്ടായിരുന്നുവെന്നത്രെ ഇതിലെ സൂചന.

ومن ذريته (അദ്ദേഹത്തിന്റെ സന്തതികളിൽനിന്നു) എന്ന വാക്കിന്റെ ഉദ്ദേശ്യം രണ്ടു പ്രകാരത്തിലാകാവുന്നതാണ്: (1) ഇബ്രാഹീം (അ) ന്റെ സന്തതികളിൽ നിന്നു എന്നു തന്നെ. അദ്ദേഹത്തെ സംബന്ധിച്ചാണല്ലോ സംസാരം. പക്ഷെ തുടർന്നു പറയപ്പെട്ടവരിൽ, ലൂത്വ് (അ) അദ്ദേഹത്തിന്റെ നേരെ സന്താനമല്ല. അദ്ദേഹത്തിന്റെ പിതൃവ്യപുത്രനായിരുന്നു. അപ്പോൾ, പിതൃവ്യ പുത്രനെ സ്വന്തം പുത്രനെപ്പോലെ ഗണക്കാക്കി 'സന്തതികളിൽ' എന്നു മൊത്തത്തിൽ പറഞ്ഞതായിരിക്കും. യൂനുസ് (അ) നബിയും അദ്ദേഹത്തിന്റെ സന്തതി പരമ്പരകളിൽപെട്ട ആളല്ലെന്നും അഭിപ്രായമുണ്ട്. ഇതു ശരിയാണെങ്കിൽ, തുടർന്നു പേരുപറയപ്പെട്ടവരിൽ അധിക ഭാഗവും സന്തതികളിൽ പെട്ടവരാണെന്നാണ ഉദ്ദേശ്യമുണ്ടായിരിക്കുക. (2) നൂഹ് (അ) ന്റെ സന്തതികളിൽ നിന്ന് എന്നും ഉദ്ദേശ്യമാകാം. ആ വാക്കിന്റെ തൊട്ടുമുമ്പ് അദ്ദേഹത്തെക്കുറിച്ചാണല്ലോ പറഞ്ഞിരിക്കുന്നത്. ഇതനുസരിച്ച് പിന്നീടു പേരു പറയപ്പെട്ട എല്ലാ പ്രവാചകൻമാരും-ഇബ്രാഹീം (അ) പോലും- അദ്ദേഹത്തിന്റെ സന്താന പരമ്പരകളിൽ ഉൾപ്പെട്ടവരാണു താനും. والله أعلم

ഈസാ (അ) പിതാവില്ലാതെ ജനിച്ച ആളായതുകൊണ്ട് അദ്ദേഹം മാതൃവഴിക്കു മാത്രമാണു ഇബ്രാഹീം (അ) നബിയുടെ സന്താനപരമ്പരയിൽ ഉൾപ്പെടുന്നത്. ഇതിനെ അടിസ്ഥാനപ്പെടുത്തി ذرية (സന്തതികൾ) എന്ന വാക്കിൽ പിതൃവഴിക്കും മാതൃവഴിക്കുമുള്ള എല്ലാ മക്കളും ഉൾപ്പെടുമെന്നു ചില മഹാൻമാർ ചൂണ്ടിക്കാട്ടിയിരിക്കുന്നു. വേറൊരു ആയത്തിൽ അല്ലാഹു പറയുന്നു: ولقد ارسلنا نوحا وابراهيم وجعلنا في ذريتهما النبوة والكتاب (നാം നൂഹിനെയും ഇബ്രാഹീമിനെയും അയച്ചിട്ടുണ്ട്. അവർ രണ്ടുപേരുടെയും സന്തതികളിൽ നാം പ്രവാചകത്വവും വേദഗ്രന്ഥവും ഏർപ്പെടുത്തുകയും ചെയ്തിരിക്കുന്നു. (സൂ: ഹദീദ് 26)

ഇബ്രാഹീം (അ) നബി അടക്കം പതിനെട്ടു പ്രവാചകൻമാരുടെ പേരാണ് അല്ലാഹു ഈ വചനങ്ങളിൽ എടുത്തു പറഞ്ഞത്. അവരുടെ ശ്രേഷ്ഠതകളും സവിശേഷതകളും, അവർക്കു ലഭിച്ച അനുഗ്രഹങ്ങളും ചുരുങ്ങിയ വാക്കുകളിലായി അല്ലാഹു ഇവിടെ ചൂണ്ടിക്കാട്ടുകയും ചെയ്തിരിക്കുന്നു. (1) അല്ലാഹു അവരെ നേർമാർഗ്ഗത്തിലാക്കിയിരിക്കുന്നു (هدينا) എന്നു. ഇതിന്റെ മൂല ധാതുവായ هدى يهدي (ഹിദായത്ത്, ഹുദാ) എന്നീ വാക്കുകൾക്ക 'മാർഗ്ഗദർശനം നൽകൽ, വഴികാട്ടൽ, വഴിയിൽ ചേർക്കൽ, സന്മാർഗ്ഗത്തിലാക്കൽ' എന്നൊക്കെ അർത്ഥം വരാമെന്നും, 'മാർഗ്ഗദർശനം നൽകുക' എന്ന അർത്ഥത്തിലുള്ള 'ഹിദായത്തു' പലതരത്തിലുമുണ്ടെന്നും, നേർമാർഗ്ഗത്തിലാക്കുക- വഴിചേർക്കുക- എന്ന അർത്ഥത്തിലുള്ള 'ഹിദായത്തു' അല്ലാഹുവിൽ നിന്നു മാത്രം ലഭിക്കുന്നതാണെന്നും സൂറത്തുൽ ഫാതിഹയിൽ വെച്ച് നാം വിശദമായി വിവരിച്ചിട്ടുണ്ട്. (2) അവർ സൽഗുണവാൻമാരും സദ്‌വൃത്തരുമായിരുന്നുവെന്നു. മനസാ-വാചാ-കർമ്മണാ അവരെല്ലാവരും പരിശുദ്ധരും നിഷ്കളങ്കരുമായിരുന്നുവെന്നും, അല്ലാഹുവിനോടും സൃഷ്ടികളോടും പാലിക്കേണ്ടുന്ന എല്ലാ കടപ്പാടുകളും മര്യാദകളും അവർ പാലിച്ചിരുന്നുവെന്നുമാണ് ഇതിന്റെ സാരം. (3) അവർക്കു ലോകരെക്കാൾ ശ്രേഷ്ഠത നൽകിയിരുന്നുവെന്നു. പ്രവാചകൻമാർ പ്രവാചകൻമാരല്ലാത്ത മററുള്ള എല്ലാവരെക്കാളും ശ്രേഷ്ഠൻമാരും ഉന്നതൻമാരുമായിരുന്നുവെന്നു സാരം. (4) അവരെ അല്ലാഹു തിരഞ്ഞെടുക്കുകയും, വളവും വക്രതയുമില്ലാത്ത നേർക്കു നേരെയുള്ള മാർഗ്ഗത്തിലേക്കു വഴിചേർക്കുകയും ചെയ്തിരിക്കുന്നുവെന്നു. ഈ അനുഗ്രഹങ്ങൾക്കെല്ലാം അനുയോജ്യരായിരിക്കത്തക്കവണ്ണം അവരിലുണ്ടായിരുന്ന ഉൽകൃഷ്ട ഗുണങ്ങൾ എന്തായിരുന്നുവെന്നു തുടർന്നുള്ള വചനങ്ങളിൽ നിന്നു സാമാന്യം മനസ്സിലാക്കാവുന്നതാണ്. അല്ലാഹു പറയുന്നു: —

٨٨- ذٰلِكَ هُدَى اللّٰهِ يَهْدِيْ بِهٖ مَنْ يَّشَاۤءُ مِنْ عِبَادِهٖ ۚ وَلَوْ اَشْرَكُوْا لَحَبِطَ عَنْهُمْ مَّا كَانُوْا يَعْمَلُوْنَ ○

88. അതു അല്ലാഹുവിന്റെ (വക) മാർഗ്ഗദർശനമത്രെ — തന്റെ അടിയാൻമാരിൽ നിന്നു താൻ ഉദ്ദേശിക്കുന്നവരെ അതു മൂലം അവൻ നേർമാർഗ്ഗത്തിലാക്കുന്നു.

അവർ (അല്ലാഹുവിനോടു) പങ്കു ചേർത്തിരുന്നു [ശിർക്കു ചെയ്തിരുന്നു] വെങ്കിൽ, അവർ പ്രവർത്തിച്ചിരുന്നതു അവർക്കു (ഫലപ്പെടാതെ) പൊളിഞ്ഞുപോകുക തന്നെ ചെയ്തിരുന്നു.

٨٩- اُولٰٓئِكَ الَّذِيْنَ اٰتَيْنٰهُمُ الْكِتٰبَ وَالْحُكْمَ وَالنُّبُوَّةَ ۚ فَاِنْ يَّكْفُرْ بِهَا هٰٓؤُلَاۤءِ فَقَدْ وَكَّلْنَا بِهَا قَوْمًا لَّيْسُوْا بِهَا بِكٰفِرِيْنَ ○

89. നാം വേദഗ്രന്ഥവും, വിധികർത്തൃത്വവും (അഥവാ വിജ്ഞാനവും), പ്രവാചകത്വവും നൽകിയിട്ടുള്ളവരത്രെ അക്കൂട്ടർ. എനി, ഇക്കൂട്ടർ അവയിൽ അവിശ്വസിക്കുകയാണെങ്കിൽ, അവയിൽ അവിശ്വസിക്കുന്നവരല്ലാത്ത ഒരു ജനതയെ നാം അവക്കു [അവയിൽ വിശ്വസിക്കുന്നതിനു] ഏൽപിച്ചിട്ടുണ്ട്.

٩٠- اُولٰٓئِكَ الَّذِيْنَ هَدَى اللّٰهُ فَبِهُدٰىهُمُ اقْتَدِهْ ۗ

90. (നബിയേ) അല്ലാഹു നേർമാർഗ്ഗത്തിലാക്കിയിട്ടുള്ളവരത്രെ (മേൽപറഞ്ഞ) അക്കൂട്ടർ; ആകയാൽ, അവരുടെ (ആ) നേർമാർഗ്ഗത്തോട് നീ പിൻതുടർന്നു കൊള്ളുക.

قُلْ لَّآ اَسْـَٔلُكُمْ عَلَيْهِ اَجْرًا ۗ اِنْ هُوَ اِلَّا ذِكْرٰى لِلْعٰلَمِيْنَ ○

പറയുക: 'ഇതിന്റെ പേരിൽ ഞാൻ നിങ്ങളോടു ഒരു പ്രതിഫലവും ചോദിക്കുന്നില്ല. ഇതു ലോകർക്കു (മുഴുവൻ) വേണ്ടിയുള്ള ഒരു ഉൽബോധനമല്ലാതെ (മറ്റൊന്നും) അല്ല.

---

88. ذٰلِكَ അതു هُدَى اللّٰهِ അല്ലാഹുവിന്റെ മാർഗ്ഗദർശനമാണ്, വഴികാട്ടലാണ് يَهْدِيْ بِهٖ അതുമൂലം (അതുവഴി) അവൻ വഴി കാട്ടുന്നു, നേർവഴിയിലാക്കും مَنْ يَّشَاۤءُ അവൻ ഉദ്ദേശിക്കുന്നവരെ مِنْ عِبَادِهٖ അവന്റെ അടിയാൻമാരിൽ നിന്നു وَلَوْ اَشْرَكُوْا അവർ ശിർക്കു ചെയ്തിരുന്നെങ്കിൽ, പങ്കുചേർക്കുന്ന പക്ഷം لَحَبِطَ പൊളിഞ്ഞു (ഫലശൂന്യമായി) പോക തന്നെ ചെയ്യും عَنْهُمْ അവർക്കു, അവരിൽനിന്നു مَا كَانُوْا അവരായിരുന്നതു يَعْمَلُوْنَ അവർ പ്രവർത്തിക്കും. 89. اُولٰٓئِكَ അക്കൂട്ടർ الَّذِيْنَ യാതൊരുവരാണു اٰتَيْنٰهُمُ അവർക്കു നാം കൊടുത്തിരിക്കുന്ന الْكِتٰبَ (വേദ)ഗ്രന്ഥം وَالْحُكْمَ വിധി കർത്തൃത്വവും, വിജ്ഞാനവും وَالنُّبُوَّةَ പ്രവാചകത്വവും فَاِنْ يَّكْفُرْ എനി അവിശ്വസിക്കുകയാണെങ്കിൽ بِهَا അതിൽ, അവയിൽ هٰٓؤُلَاۤءِ ഇക്കൂട്ടർ فَقَدْ وَكَّلْنَا എന്നാൽ നാം ഏൽപിച്ചിട്ടുണ്ട് بِهَا അതിനു, അവയെപ്പററി قَوْمًا ഒരു ജനതയെ لَيْسُوْا അവരല്ല بِهَا അതിൽ, അവയിൽ بِكٰفِرِيْنَ അവിശ്വസിക്കുന്നവർ 90 اُولٰٓئِكَ الَّذِيْنَ അക്കൂട്ടർ യാതൊരുവരാണു هَدَى اللّٰهُ അല്ലാഹു നേർമാർഗ്ഗത്തിലാക്കി فَبِهُدٰىهُمُ അതിനാൽ അവരുടെ നേർമാർഗ്ഗത്തോടു, മാർഗ്ഗദർശനത്തോടു اقْتَدِهْ നീ പിൻതുടരുക قُلْ പറയുക لَآ اَسْـَٔلُكُمْ ഞാൻ നിങ്ങളോടു ചോദിക്കുന്നില്ല عَلَيْهِ ഇതിന്റെ പേരിൽ, അതിനു اَجْرًا ഒരു കൂലി, പ്രതിഫലം اِنْ هُوَ ഇതു(അതു) അല്ല اِلَّا ذِكْرٰى ഒരുൽബോധനം (സ്മരണ– ഉപദേശം) അല്ലാതെ لِلْعٰلَمِيْنَ ലോകർക്കു

മേൽപറയപ്പെട്ട എല്ലാവരും പ്രവാചകത്വം നൽകപ്പെട്ടവരെന്നും, വേദഗ്രന്ഥം പ്രബോധനം ചെയ്തവരെന്നും എല്ലാം നിലക്കും അനുയോജ്യരായിരുന്നുവെന്നും, അവരൊക്കെ സന്മാർഗ്ഗികളായിരുന്നുവെന്നും കഴിഞ്ഞ വചനങ്ങളിൽ ചൂണ്ടിക്കാട്ടി. തുടർന്നുകൊണ്ട് അതൊക്കെ അല്ലാഹുവിങ്കൽ നിന്നു അവർക്കു ലഭിച്ചതാണെന്നും, അവൻ

ഉദ്ദേശിക്കുന്നവരെയാണ് അവൻ നേർമാർഗ്ഗത്തിലാക്കുകയെന്നും അല്ലാഹു അറിയിക്കുന്നു. വളരെ പ്രധാനപ്പെട്ട ഒരു തത്വമാണിതു കാണിക്കുന്നത്. ഏതെങ്കിലും യോഗ്യതകൊണ്ടോ, പരിശ്രമം കൊണ്ടോ ലഭിക്കുന്ന കാര്യങ്ങളല്ല പ്രവാചകത്വ പദവിയും വേദഗ്രന്ഥവും. അല്ലാഹു ഉദ്ദേശിക്കുന്നവർക്കു മാത്രം അവൻ നൽകുന്ന അനുഗ്രഹമാണത്. പക്ഷെ, ഉപരിസൂചിതങ്ങളായ ഗുണങ്ങളുള്ള പരിശുദ്ധന്മാർക്കേ അവനതു നൽകുകയുള്ളുതാനും. തന്റെ ദൗത്യം ഏൽപിക്കേണ്ടവർ ആരാണെന്നു അവനു നല്ലപോലെ അറിയാമല്ലോ. (الله أعلم حيث يجعل رسالته) ഇതാണ് തത്വം. ഖുർആൻ പലപ്പോഴും വ്യക്തമാക്കിയിട്ടുള്ളതാണിത്.

പ്രവാചകന്മാരുടെയും, വേദഗ്രന്ഥങ്ങളുടെയും ദൗത്യത്തിനു കടക വിരുദ്ധമായതാണല്ലോ ശിർക്ക്. അതുകൊണ്ടാണ് അതോടൊപ്പം തന്നെ ....ولو أشركوا لحبط (അവർ ശിർക്കു ചെയ്തിരുന്നെങ്കിൽ അവർ പ്രവർത്തിച്ചിരുന്നതെല്ലാം പൊളിഞ്ഞു ഫലശൂന്യമായിപ്പോകുമായിരുന്നു) എന്നു പറഞ്ഞിരിക്കുന്നത്. നബി (സ) തിരുമേനിക്കും, മുൻപ്രവാചകൻമാർക്കുമെല്ലാം തന്നെ, ശിർക്കു ചെയ്യുന്നപക്ഷം നിശ്ചയമായും നിന്റെ കർമം പൊളിഞ്ഞു നിഷ്ഫലമായിപ്പോകുന്നതാണെന്നും, നീ നഷ്ടക്കാരിൽപെട്ടു പോകുമെന്നും അല്ലാഹു വഹ്‌യു നൽകുകയുണ്ടായിട്ടുണ്ടെന്നു സൂ: സുമർ—65ൽ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. പ്രവാചകൻമാർ ശിർക്കോ, ശിർക്കിലേക്കു കാരണമായിത്തീരുന്നതോ ഒന്നും ചെയ്കയില്ലെന്നു തീർച്ച. അഥവാ വല്ലതും അവർ ചെയ്തുവെന്നു സങ്കൽപിക്കുക: എന്നാലവരുടെ കർമങ്ങളെല്ലാം ഫലശൂന്യമാകുകയും, മറ്റു മുശ്‌രിക്കുകളെപ്പോലെ അവരും നഷ്ടക്കാരായിത്തീരുകയും ചെയ്യുമെന്നാണിതിന്റെ അർത്ഥം. ശിർക്കിന്റെ ഗൗരവവും, അതേ സമയത്തു പ്രവാചകന്മാരുടെ പരിശുദ്ധതയുമാണിതു കാണിക്കുന്നത്.

തൗഹീദിന്റെ പ്രബോധനത്തിനും പ്രചാരണത്തിനും നിയോഗിക്കപ്പെട്ടവരാണ് മേൽപറഞ്ഞവരൊക്കെ. ആ ആവശ്യാർത്ഥം അവർക്കു വേദഗ്രന്ഥങ്ങളും, ജനങ്ങൾക്കിടയിൽ വിധി കൽപിക്കുവാനുള്ള വിജ്ഞാനവും, പ്രവാചക പദവിയും നൽകപ്പെട്ടിരുന്നു. അവരെപ്പോലെ, അതേ ലക്ഷ്യത്തിനുവേണ്ടി, അതുപ്രകാരം വേദഗ്രന്ഥവും വിജ്ഞാനവും പ്രവാചകത്വവും നൽകപ്പെട്ട ആളാണ് മുഹമ്മദ് (സ) നബിയും. അദ്ദേഹത്തെ നിഷേധിക്കുന്നതു അവരെയെല്ലാം നിഷേധിക്കലാണ്. വസ്തുത ഇതായിരുന്നിട്ടും ഈ ജനത അദ്ദേഹത്തിൽ വിശ്വസിക്കുവാൻ തയ്യാറാകുന്നില്ലെങ്കിൽ—വേണ്ടാ—അവർ അവരുടെ പാട്ടിനു പോയിക്കൊള്ളട്ടെ. അവർ വിശ്വസിക്കാത്തതുകൊണ്ട് ഈ ലക്ഷ്യം മുടങ്ങിപ്പോകുമെന്നു അവർ കരുതേണ്ടാ. നിഷേധികളല്ലാത്ത—തികച്ചും വിശ്വാസികളായ—വേറൊരു കൂട്ടരെ നാം അതിനു തയ്യാറാക്കി വെച്ചിട്ടുണ്ട് എന്നിങ്ങിനെ അല്ലാഹു മക്കാ മുശ്‌രിക്കുകളെ താക്കീതു ചെയ്യുന്നു. മക്കീ സൂറത്തുകളിൽ പെട്ടതാണല്ലോ ഈ സൂറത്ത്. ഇതു അവതരിച്ച് അധികം കഴിയുന്നതിനു മുമ്പായി മദീനായിലെ അൻസാരികളും മുഹാജിറുകളും തൗഹീദിന്റെ ധ്വജവാഹകരായ കഥ പ്രസിദ്ധമാണല്ലോ.

അവസാനം നബി (സ) യെ അഭിമുഖീകരിച്ചുകൊണ്ടു രണ്ടു കാര്യങ്ങൾ ഉണർത്തിയിരിക്കുന്നു: (1) ആ പ്രവാചക വര്യന്മാർ സ്വീകരിച്ചും അനുഷ്ഠിച്ചും വന്ന ആ മാർഗ്ഗം പിൻപറ്റണമെന്നു. (2) അതിന്റെ പേരിൽ യാതൊരു പ്രതിഫലവും എനിക്കാവശ്യമില്ല: ലോക ജനതയുടെ നൻമക്കുവേണ്ടിയുള്ള ഒരു പൊതു ഉൽബോധനവും ഉപദേശവും മാത്രമാണിത്; എനിക്കതിൽ യാതൊരു സ്വാർത്ഥവുമില്ല എന്നു പ്രഖ്യാപിക്കണമെന്ന്. നബി (സ) ഒരു പുതിയ പ്രസ്ഥാനത്തിന്റെ വക്താവെന്നുമല്ല. പണ്ടുകാലം മുതൽക്കേ മനുഷ്യലോകത്തിനു വേണ്ടി അല്ലാഹു നിശ്ചയിച്ചവതരിപ്പിച്ചു നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഒരു സൻമാർഗ്ഗിക വ്യവസ്ഥയുടെ പൂർത്തീകരണമാണു നബി (സ) നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത്. അതിൽ അദ്ദേഹത്തിന്റേതായ ഒരു സ്വാർത്ഥമോ ഉദ്ദേശ്യവും ഇല്ല. ഈ യാഥാർത്ഥ്യത്തെ ജനങ്ങളെ ഗ്രഹിപ്പിക്കുകയാണ് ഈ കൽപനയുടെ താൽപര്യം. ജനസേവന പ്രവർത്തനം നടത്തുന്നവരെല്ലാം സദാ ഓർമ്മിച്ചിരിക്കേണ്ടുന്ന രണ്ടു കാര്യങ്ങളാണിവ. അതെ, മുൻഗാമികളായ മാതൃകാപുരുഷന്മാരുടെ സച്ചരിതങ്ങളെ പിൻതുടരലും, പ്രതിഫലേച്ഛയും സ്വാർത്ഥതാല്പര്യവും ഇല്ലാതിരിക്കലും. والله الموفق

വിഭാഗം—11

٩١- وَمَا قَدَرُوا اللَّهَ حَقَّ قَدْرِهِ إِذْ قَالُوا مَا أَنزَلَ اللَّهُ عَلَىٰ بَشَرٍ مِّن شَيْءٍ

91. അല്ലാഹുവിന് അവന്റെ യഥാർത്ഥ നിലപാടു (അഥവാ മഹത്വം) അവർ കൽപിച്ചില്ല: 'അല്ലാഹു ഒരു മനുഷ്യന്റെ മേലും യാതൊന്നും (തന്നെ) അവതരിപ്പിച്ചിട്ടില്ല' എന്നു അവർ പറഞ്ഞപ്പോൾ.

പറയുക: 'പ്രകാശവും, മനുഷ്യർക്ക മാർഗ്ഗദർശനവുമായിക്കൊണ്ടു മൂസാ കൊണ്ടു വന്ന (ആ) ഗ്രന്ഥം അവതരിപ്പിച്ചതാരാണ്?! നിങ്ങൾ അതിനെ (ചിലതൊക്കെ) വെളിവാക്കുകയും, പലതും മറച്ചുവെക്കുകയും ചെയ്തുകൊണ്ടുള്ള തുണ്ടുതാളുകളാക്കിക്കൊണ്ടിരിക്കുന്നു. നിങ്ങൾക്കാകട്ടെ, നിങ്ങളുടെ പിതാക്കൾക്കാകട്ടെ അറിഞ്ഞുകൂടാത്തതു നിങ്ങൾക്കു പഠിപ്പിക്കപ്പെടുകയും ചെയ്തിരിക്കുന്നു.' പറയുക: അല്ലാഹുവാണു (അതവതരിപ്പിച്ചതു).' പിന്നീടു, അവരുടെ അനാവശ്യത്തിൽ വിളയാടിക്കൊണ്ടിരിക്കുമാറു അവരെ നീ വിട്ടേക്കുക.

قُلْ مَنْ أَنزَلَ الْكِتَابَ الَّذِي جَاءَ بِهِ مُوسَىٰ نُورًا وَهُدًى لِّلنَّاسِ ۖ تَجْعَلُونَهُ قَرَاطِيسَ تُبْدُونَهَا وَتُخْفُونَ كَثِيرًا ۖ وَعُلِّمْتُم مَّا لَمْ تَعْلَمُوا أَنتُمْ وَلَا آبَاؤُكُمْ ۖ قُلِ اللَّهُ ۖ ثُمَّ ذَرْهُمْ فِي خَوْضِهِمْ يَلْعَبُونَ

---

91. وَمَا قَدَرُوا അവർ കൽപിച്ചില്ല, കണക്കാക്കിയിട്ടില്ല, വകവെച്ചില്ല اللَّهَ അല്ലാഹുവിനു, അല്ലാഹുവിനെ حَقَّ قَدْرِهِ അവന്റെ യഥാർത്ഥ നിലപാടു, കണക്കാക്കേണ്ട പ്രകാരം, മഹത്വത്തിന്റെ മുറക്കു إِذْ قَالُوا അവർ പറഞ്ഞപ്പോൾ, പറഞ്ഞതിനാൽ مَا أَنزَلَ اللَّهُ അല്ലാഹു അവതരിപ്പിച്ചിട്ടില്ല عَلَىٰ بَشَرٍ ഒരു മനുഷ്യന്റെ മേലും مِّن شَيْءٍ ഒരു വസ്തുവും (യാതൊന്നും) قُلْ പറയുക مَنْ أَنزَلَ ആരാണ്, ആർ അവതരിപ്പിച്ചു الْكِتَابَ الَّذِي യാതൊരു ഗ്രന്ഥം جَاءَ بِهِ അതിനെ കൊണ്ടുവന്ന مُوسَىٰ മൂസാ نُورًا പ്രകാശമായിക്കൊണ്ടു وَهُدًى മാർഗ്ഗദർശനവും لِّلنَّاسِ മനുഷ്യർക്ക تَجْعَلُونَهُ അതിനെ നിങ്ങൾ ആക്കുന്നു قَرَاطِيسَ പലതുണ്ടു താളുകൾ تُبْدُونَهَا അവയെ നിങ്ങൾ വെളിവാക്കിക്കൊണ്ടു وَتُخْفُونَ നിങ്ങൾ മറച്ചുവെച്ചുകൊണ്ടും كَثِيرًا പലതും, വളരെ وَعُلِّمْتُم നിങ്ങൾക്ക പഠിപ്പിക്കപ്പെടുകയും ചെയ്തിരിക്കുന്നു مَّا لَمْ تَعْلَمُوا നിങ്ങൾക്കറിഞ്ഞു കൂടാത്തതു, നിങ്ങൾ അറിഞ്ഞിട്ടില്ലാത്തതു أَنتُمْ നിങ്ങൾ وَلَا آبَاؤُكُمْ നിങ്ങളുടെ പിതാക്കളും ഇല്ലാത്തതു قُلِ പറയുക اللَّهُ അല്ലാഹുവാണു ثُمَّ ذَرْهُمْ പിന്നെ അവരെ വിട്ടേക്കുക فِي خَوْضِهِمْ അവരുടെ മുഴുകലിൽ (അനാവശ്യത്തിൽ) يَلْعَبُونَ അവർ വിളയാടുമാറ്, കളിച്ചുകൊണ്ടു

وَمَا قَدَرُوا اللَّهَ.... (അല്ലാഹുവിന് അവന്റെ യഥാർത്ഥ നിലപാടു അവർ കൽപിച്ചില്ല – അഥവാ അവന്റെ മഹത്വത്തെ അവർ കണക്കാക്കേണ്ട പ്രകാരം കണക്കാക്കിയില്ല.) എന്നുള്ള വാക്യം ഇവിടെ മാത്രമല്ല, ഹജ്ജ് 74ലും, സുമർ 67 ലും കാണാവുന്നതാണ്. അവിശ്വാസത്തെയും, ശിർക്കിനെയും കുറിച്ചു സംസാരിക്കുന്ന സന്ദർഭത്തിലാണു എല്ലാ സ്ഥലത്തും ആ വാക്യമുള്ളത്. അല്ലാഹുവിന്റെ മഹത്വം അവർ വേണ്ടതുപോലെ മനസ്സിലാക്കിയില്ല– അവനെ സംബന്ധിച്ച് അറിഞ്ഞിരിക്കേണ്ടുന്ന പ്രകാരം അറിഞ്ഞില്ല– അതാണ് അതിനൊക്കെ കാരണമെന്ന സാരം. അല്ലാഹു സർവ്വലോക നിയന്താവാണ്, സർവ്വജ്ഞനും യുക്തിമാനുമാണ്, സർവ്വശക്തനും കാരുണ്യവാനുമാണു, മനുഷ്യപ്രകൃതിയെക്കുറിച്ചും അവന്റെ വിജയ പരാജയങ്ങളെക്കുറിച്ചും മനുഷ്യനെക്കാൾ അറിയുന്നവനാണ്, അവർക്കു വേണ്ടുന്ന മാർഗ്ഗദർശനങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകുവാനുള്ള പരിപാടികൾ അവൻ നടപ്പിൽ വരുത്തിയിട്ടുണ്ട്. പ്രവാചകന്മാരും വേദഗ്രന്ഥങ്ങളുമൊക്കെ അതിന്റെ ചില കണ്ണികളാണ് എന്നിത്യാദി യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കാത്തതാണല്ലോ അവിശ്വാസത്തിനും ബഹുദൈവ വിശ്വാസത്തിനും കാരണമായിത്തീരുന്നത്.

'ഒരു മനുഷ്യന്റെ മേലും അല്ലാഹു ഒന്നും തന്നെ അവതരിപ്പിച്ചിട്ടില്ല' എന്നു പറഞ്ഞതു ആരായിരുന്നുവെന്നതിൽ വ്യാഖ്യാതാക്കൾക്കിടയിൽ രണ്ടഭിപ്രായങ്ങൾ കാണുന്നു: (1) മക്കാമുശ്രിക്കുകളായിരിക്കണമെന്നു. വേദഗ്രന്ഥങ്ങളെയും പ്രവാചകന്മാരെയും സംബന്ധിച്ച് പറയത്തക്ക പരിചയമൊന്നും ഇല്ലാത്തവരാണല്ലോ മുശ്രിക്കുകൾ. മലക്കുകളെയല്ലാതെ, മനുഷ്യനെ റസൂലായി അയക്കുന്നതിലും അവർക്കു എതിർപ്പുണ്ട്. യഹൂദികളെ സംബന്ധിച്ചിടത്തോളം അവർ നബി (സ) യെയും, ഖുർആനെയും നിഷേധിക്കുന്നതു ശരി. പക്ഷേ മൂസാ (അ) നബിക്കു തൗറാത്ത് അവതരിച്ചതിനെ അവർ നിഷേധിക്കുകയില്ല. എന്നിരിക്കെ, അല്ലാഹു ആരെയും യാതൊന്നും അവതരിപ്പിച്ചിട്ടില്ലെന്നു അവരെങ്ങിനെ പറയും? ഈ സൂറത്തു അവതരിച്ചതു മക്കാ കാലഘട്ടത്തിലാണ്. അന്നു മദീനയിലെ യഹൂദികളുമായി മുസ്ലിംകൾക്കു ബന്ധമുണ്ടായിട്ടുമില്ല. അതുകൊണ്ട് ഇതു മക്കാമുശ്രിക്കുകളുടെ വകയായിരിക്ക

വാനാണ് ന്യായം എന്നത്രെ ഈ അഭിപ്രായക്കാർ പറയുന്നത്. ഇബ്നു അബ്ബാസ്, മുജാഹിദ്, ഇബ്നുജരീർ, (റ) ഇബ്നു കഥീർ (റ) മുതലായവർ ഈ അഭിപ്രായക്കാരാകുന്നു. ഈ അഭിപ്രായപ്രകാരം, അങ്ങിനെയാണെങ്കിൽ– 'മൂസാ (അ) കൊണ്ടുവന്ന വേദഗ്രന്ഥം ആരാണ് അവതരിപ്പിച്ചതു. (من انزل الكتاب الذى جاء به موسى)' എന്ന് അവരോട് ചോദിക്കുന്നതിൽ എന്താണർത്ഥം? എന്നൊരു സംശയത്തിനവകാശമുണ്ട്. യഹൂദികൾ വേദക്കാരാണെന്നും അവരുടെ കൈവശമുള്ള തൗറാത്തു മൂസാ (അ) നബിക്കു അവതരിച്ചതാണെന്നും യഹൂദികളുമായുള്ള ചിരകാല പരിചയത്തിൽനിന്ന മുശ്രിക്കുകളും വിശ്വസിച്ചുവശായിട്ടുണ്ട്. ആ വിശ്വാസത്തെ അടിസ്ഥാനമാക്കിയാണ് ഈ ചോദ്യം എന്നത്രെ ഈ സംശയത്തിനു നൽകപ്പെടുന്ന മറുപടി.

(2) യഹൂദികളായിരിക്കണം അതിന്റെ വക്താക്കൾ എന്ന്. മൂസാ (അ) കൊണ്ടുവന്ന ആ ഗ്രന്ഥം ആർ അവതരിപ്പിച്ചുവെന്ന ചോദ്യം മുശ്രിക്കുകളോടു ചോദിച്ചതാവാൻ തരമില്ല-യഹൂദികളോടു ചോദിച്ചതാവാനെ തരമുള്ളു–എന്നാണ് ഈ അഭിപ്രായക്കാരുടെ ന്യായം. അല്ലാഹു ആർക്കും ഒന്നും അവതരിപ്പിച്ചുകൊടുത്തിട്ടില്ലെന്ന് യഹൂദികൾ എങ്ങിനെ വാദിക്കും? എന്നൊരു അപവാദം ഈ അഭിപ്രായത്തിന്നെതിരിലും ഉന്നയിക്കപ്പെടാം. ഖുർആന്റെ നേരെയുള്ള അവരുടെ വൈരാഗ്യത്തിന്റെ കാഠിന്യം നിമിത്തം അവരങ്ങിനെ പറഞ്ഞതാണ്. അല്ലാതെ തൗറാത്തിന്റെ അവതരണത്തെ നിഷേധിക്കലല്ല അവരുടെ ഉദ്ദേശ്യം. ഖുർആനോടുള്ള എതിർപ്പുമൂലം യഹൂദികൾ ഇതുപോലെ വേറെയും പലതും പറയുക വിദൂരമൊന്നുമല്ല എന്നൊക്കെയാണ് ഈ അഭിപ്രായക്കാർ അതിനു നൽകുന്ന മറുപടി. ഒരു പക്ഷേ, നബി (സ)ക്കും ഖുർആന്നുമെതിരിൽ മുശ്രിക്കുകളെ ഇളക്കി വിടുവാൻ വേണ്ടി യഹൂദികൾ പടച്ചുണ്ടാക്കിയതും, മുശ്രിക്കുകൾ ഏററുപാടിയതുമായിരിക്കുവാനും സാധ്യത കാണുന്നു. അങ്ങിനെയാണെങ്കിൽ മേൽകണ്ട സംശയങ്ങൾക്ക് പിന്നെ അധികമൊന്നും സ്ഥാനമില്ല താനും. الله أعلم

ഏതായാലും 'നിങ്ങൾ അതിനെ–മൂസാനബി കൊണ്ടുവന്ന ഗ്രന്ഥത്തെ–വെളിവാക്കുകയും പലതും മറച്ചു വെക്കുകയും ചെയ്തുകൊണ്ടുള്ള തുണ്ടുതാളുകളാക്കുന്നു (.... تجعلونه قراطيس)' എന്ന വാക്യം യഹൂദികളെ ഉദ്ദേശിച്ചാണെന്ന് വ്യക്തമാണു. ജനങ്ങൾക്കിടയിൽ വെളിവാക്കപ്പെടുന്ന ഭാഗങ്ങളും, പൊതുജനങ്ങളെ അറിയിക്കാതെ പണ്ഡിതന്മാർക്കും നേതാക്കൾക്കുമിടയിൽ രഹസ്യമാക്കി വെച്ചിരുന്ന ഭാഗങ്ങളും എന്നിങ്ങിനെ തൗറാത്തിനെ അവർ തരംതിരിച്ച് എഴുതിവെച്ചിരുന്നതിനെയാണ് ഇതു ചൂണ്ടിക്കാട്ടുന്നത്. മൂസാ (അ) നബികൊണ്ടു വന്ന തൗറാത്തിന്റെ അദ്ധ്യാപനങ്ങളെ നിങ്ങൾ അലങ്കോലപ്പെടുത്തിക്കൊണ്ടിരിക്കുകയാണെങ്കിലും അതിന്റെ അവതരണത്തെ നിഷേധിക്കുവാൻ നിങ്ങൾക്കു സാധ്യമല്ലെന്ന സാരം. 'നിങ്ങൾക്കും നിങ്ങളുടെ പിതാക്കൾക്കും അറിഞ്ഞുകൂടാതിരുന്ന കാര്യം നിങ്ങൾക്ക് പഠിപ്പിക്കപ്പെട്ടു (علمتم ما لم تعلموا....)' എന്നു പറഞ്ഞതു ഖുർആൻ മുഖേന — അല്ലെങ്കിൽ തൗറാത്തു മുഖേന–ജനങ്ങൾക്കു അല്ലാഹു വിവരിച്ചുകൊടുത്തിട്ടുള്ള അറിവുകളെ സൂചിപ്പിക്കുന്നു.

അവസാനമായി, അവരെപ്പററി നബി (സ)യോടു കൽപിച്ചതിന്റെ താൽപര്യം ഇതാണ്: മൂസാ (അ)ക്ക ലഭിച്ച ഗ്രന്ഥം അല്ലാഹു അവതരിപ്പിച്ചതാണെന്ന സമ്മതിക്കുകയല്ലാതെ അവർക്കു നിവൃത്തിയില്ല. ആകയാൽ, അല്ലാഹു ആർക്കും ഒന്നും അവതരിപ്പിക്കുകയുണ്ടായിട്ടില്ല–അഥവാ ഖുർആൻ അവതരിപ്പിച്ചു തന്നതു അല്ലാഹുവാണെന്നു മുഹമ്മദ് (സ) പറയുന്നതു ശരിയല്ല–എന്ന വാദം തികച്ചും നിരർത്ഥവും ബാലിശവുമാകുന്നു. അതിനെ ഒട്ടും സാരമാക്കേണ്ടതില്ല. അത്തരം അനാവശ്യങ്ങളിൽ മുഴുകി രസിച്ചുംകൊണ്ട് അവരങ്ങു നടക്കട്ടെ. അതിന്റെ ഭവിഷ്യത്തു അവർക്കു അറിയാറാകും!

٩٢- وَهَٰذَا كِتَٰبٌ أَنزَلْنَٰهُ مُبَارَكٌ مُّصَدِّقُ ٱلَّذِى بَيْنَ يَدَيْهِ وَلِتُنذِرَ أُمَّ ٱلْقُرَىٰ وَمَنْ حَوْلَهَا

92. (ഇതാ) ഇതും നാം അവതരിപ്പിച്ച ഒരു ഗ്രന്ഥമത്രെ; അനുഗൃഹീതമായ [വർദ്ധിച്ച നൻമകളുള്ള]തും, അതിന്റെ മുമ്പിലുള്ളതിനെ സത്യപ്പെടുത്തുന്നതുമാണ് (അതു). 'ഉമ്മുൽഖുറാ' യെ [രാജ്യങ്ങളുടെ കേന്ദ്രത്തെ]യും, അതിന്റെ ചുററുപുറമുള്ളവരെയും നീ താക്കീതു ചെയ്‌വാൻ വേണ്ടിയും (കൂടിയാകുന്നു).

---

92. وهذا كتاب ഇതാ ഒരു ഗ്രന്ഥം, ഇതും ഒരു ഗ്രന്ഥമാണു انزلناه നാമതു ഇറക്കി, നാം അവതരിപ്പിച്ച مبارك അനുഗൃഹീതമായ, ആശീർവ്വദിക്കപ്പെട്ട مصدق സത്യപ്പെടുത്തുന്ന الذى യാതൊന്നിനെ بين يديه അതിന്റെ മുമ്പിലുള്ള ولتنذر നീ താക്കീതു (മുന്നറിയിപ്പു) നൽകുവാനും ام القرى ഉമ്മുൽ ഖുറായെ, രാജ്യങ്ങളുടെ മാതാവിനു (കേന്ദ്രത്തിനു) ومن حولها അതിന്റെ ചുററിലുമുള്ളവരെയും,

وَالَّذِينَ يُؤْمِنُونَ بِالْآخِرَةِ يُؤْمِنُونَ بِهِ وَهُمْ عَلَىٰ صَلَاتِهِمْ يُحَافِظُونَ ○

പരലോകത്തിൽ വിശ്വസിക്കുന്നവർ അതിൽ വിശ്വസിക്കുന്നതാണ്; അവർ, തങ്ങളുടെ നമസ്കാരത്തെപ്പററി കാത്തുസൂക്ഷിക്കുകയും ചെയ്യും.

والذين يؤمنون വിശ്വസിക്കുന്നവർ بالآخرة പരലോകത്തിൽ يؤمنون അവർ വിശ്വസിക്കും به ഇതിൽ, അതിൽ وهم അവരാകട്ടെ على صلاتهم തങ്ങളുടെ നമസ്കാരത്തെപ്പററി يحافظون കാത്തുസൂക്ഷിക്കുന്നതുമാണ്.

ഒരു മനുഷ്യനും അല്ലാഹു യാതൊന്നും അവതരിപ്പിച്ചു കൊടുക്കുകയുണ്ടായിട്ടില്ലെന്നു പറയുന്നതു കളവാണെന്നും, മൂസാ (അ) നബിക്കു തൗറാത്തു നൽകിയിട്ടുള്ളതിനെ അവർക്കു നിഷേധിക്കുക സാധ്യമല്ലെന്നും കഴിഞ്ഞ വചനത്തിൽ അല്ലാഹു ചൂണ്ടിക്കാണിച്ചു. അതുപോലെ, അല്ലാഹു അവതരിപ്പിച്ച ഒരു വേദഗ്രന്ഥം തന്നെയാണ് ഖുർആൻ എന്നും, അതു നന്മകൾ നിറഞ്ഞ അനുഗൃഹീത ഗ്രന്ഥവും, മുൻവേദഗ്രന്ഥങ്ങൾക്ക് സത്യസാക്ഷ്യം വഹിക്കുന്നതുമാണെന്നും, മക്കാ നിവാസികളെയും മക്കായുടെയും ചുററു പുറങ്ങളിലായി നിവസിക്കുന്ന എല്ലാ മനുഷ്യരെയും താക്കീത് ചെയ്‌വാൻവേണ്ടി അവതരിപ്പിക്കപ്പെട്ടതാണെന്നും ഈ വചനത്തിൽ പ്രസ്താവിക്കുന്നു. ഈ ഐഹിക ജീവിതത്തിനുശേഷം പാരത്രിക ജീവിതം കൂടിയുണ്ടെന്ന ബോധമുള്ളവർ അതിൽ വിശ്വസിക്കാതിരിക്കുകയില്ലെന്നും, അവർ അല്ലാഹുവിന് നമസ്കാരവും ഭക്തിയും അർപ്പിക്കുന്നവരായിരിക്കുമെന്ന് ചൂണ്ടിക്കാട്ടുന്നു.

أم القرى (ഉമ്മുൽഖുറാ) എന്നാൽ രാജ്യങ്ങളുടെ മാതാവ്—അഥവാ കേന്ദ്രം—എന്നു വാക്കർത്ഥം. മക്കാ രാജ്യമാണുദ്ദേശ്യം. 2:126ന്റെയും, 42:7ന്റെയും വ്യാഖ്യാനത്തിൽ പ്രസ്താവിച്ചതുപോലെ, പലനിലക്കും രാജ്യങ്ങളുടെ കേന്ദ്രസ്ഥാനമായിരുന്നു മക്കാ രാജ്യം. من حولها (അതിന്റെ ചുററുപുറവുമുള്ളവർ) എന്നു പറഞ്ഞതിന്റെ താൽപര്യം അതിന്റെ തൊട്ട പരിസര പ്രദേശത്തുകാർ എന്നുമാത്രമല്ല. അതിന്റെ ചുററുപുറങ്ങളിലുമായി സ്ഥിതി ചെയ്യുന്ന എല്ലാ രാജ്യക്കാരുമെന്നാണുദ്ദേശ്യം. നബി (സ) നിയോഗിക്കപ്പെട്ടിരിക്കുന്നതു ലോക മനുഷ്യർക്കാകമാനമുള്ള റസൂലായിട്ടാണെന്നു അല്ലാഹു ഒന്നിലധികം പ്രാവശ്യം സ്പഷ്ടമാക്കിയിട്ടുള്ളതാണല്ലോ. (7:158; 34:28 മുതലായ സ്ഥലങ്ങൾ നോക്കുക)

٩٣- وَمَنْ أَظْلَمُ مِمَّنِ افْتَرَىٰ عَلَى اللَّهِ كَذِبًا أَوْ قَالَ أُوحِيَ إِلَيَّ وَلَمْ يُوحَ إِلَيْهِ شَيْءٌ وَمَن قَالَ سَأُنزِلُ مِثْلَ مَا أَنزَلَ اللَّهُ

93. ആരാണ് അധികം അക്രമി? അല്ലാഹുവിന്റെ പേരിൽ വ്യാജം കെട്ടിച്ചമച്ചുണ്ടാക്കുകയോ, അല്ലെങ്കിൽ തനിക്കു യാതൊന്നും വഹ്‌യ് [ദിവ്യസന്ദേശം] നൽകപ്പെട്ടിട്ടില്ലാതിരിക്കെ 'എനിക്കു വഹ്‌യു നൽകപ്പെട്ടിരിക്കുന്നു' വെന്നു പറയുകയോ ചെയ്തവനെക്കാൾ! അല്ലാഹു അവതരിപ്പിച്ചതുപോലെ ഞാൻ അവതരിപ്പിച്ചുകൊള്ളാമെന്നു പറഞ്ഞവനെക്കാളും!

---

93. ومن أظلم ആരാണധികം അക്രമി, കൂടുതൽ അക്രമി ആർ ممن افترى കെട്ടിച്ചമച്ചവനെക്കാൾ على الله അല്ലാഹുവിന്റെ മേൽ كذبا വ്യാജം أو قال അല്ലെങ്കിൽ പറഞ്ഞ (വനെക്കാൾ) أوحي إلي എനിക്കു വഹ്‌യു നൽകപ്പെട്ടിരിക്കുന്നു ولم يوح വഹ്‌യ് നൽകപ്പെട്ടിട്ടില്ലാതെ إليه അവനു, അവനിലേക്ക് شيء യാതൊന്നും ومن قال പറഞ്ഞവനെക്കാളും سأنزل ഞാൻ ഇറക്കാം مثل പോലെ, മാതിരി ما أنزل الله അല്ലാഹു അവതരിപ്പിച്ചതു

وَلَوْ تَرَىٰٓ إِذِ ٱلظَّٰلِمُونَ
فِى غَمَرَٰتِ ٱلْمَوْتِ
وَٱلْمَلَٰٓئِكَةُ بَاسِطُوٓا۟ أَيْدِيهِمْ
أَخْرِجُوٓا۟ أَنفُسَكُمُ
ٱلْيَوْمَ تُجْزَوْنَ عَذَابَ ٱلْهُونِ
بِمَا كُنتُمْ تَقُولُونَ عَلَى ٱللَّهِ غَيْرَ ٱلْحَقِّ
وَكُنتُمْ عَنْ ءَايَٰتِهِۦ تَسْتَكْبِرُونَ ۝

(ആ) അക്രമികൾ മരണവെപ്രാളത്തിലായിരിക്കുമ്പോൾ, നീ കണ്ടിരുന്നുവെങ്കിൽ! [ഹാ! അതൊരു ഭയങ്കര കാഴ്ച തന്നെയായിരിക്കും] മലക്കുകൾ (അവരുടെ നേരെ) തങ്ങളുടെ കൈകൾ നീട്ടിക്കൊണ്ടുമിരിക്കും; (അവർ പറയും:) 'നിങ്ങൾ നിങ്ങളുടെ ആത്മാക്കളെ പുറത്താക്കുവിൻ. ഇന്നു നിങ്ങൾക്കു ഹീനത [നിന്ദ്യത] യുടെ ശിക്ഷ പ്രതിഫലം നൽകപ്പെടുന്നതാണ്; നിങ്ങൾ അല്ലാഹുവിന്റെ പേരിൽ യഥാർത്ഥമല്ലാത്തതു പറഞ്ഞുകൊണ്ടിരുന്നതും, അവന്റെ 'ആയത്തു' [ലക്ഷ്യം] കളെ സംബന്ധിച്ചു നിങ്ങൾ അഹംഭാവം നടിച്ചുകൊണ്ടിരുന്നതും നിമിത്തം'.

٩٤- وَلَقَدْ جِئْتُمُونَا فُرَٰدَىٰ
كَمَا خَلَقْنَٰكُمْ أَوَّلَ مَرَّةٍ
وَتَرَكْتُم مَّا خَوَّلْنَٰكُمْ وَرَآءَ ظُهُورِكُمْ

94. (അവരോട് പറയപ്പെടും) നിങ്ങളെ നാം ഒന്നാം പ്രാവശ്യം സൃഷ്ടിച്ചതുപോലെ, നമ്മുടെ അടുക്കൽ ഒററപ്പെട്ടവരായിക്കൊണ്ടു നിങ്ങൾ (ഇതാ) വന്നു കഴിഞ്ഞു; നിങ്ങൾക്കു നാം അധീനപ്പെടുത്തിത്തന്നതു (ഒക്കെ) നിങ്ങൾ നിങ്ങളുടെ പിൻപുറത്ത് വിട്ടേച്ചുപോരുകയും ചെയ്തിരിക്കുന്നു.

وَمَا نَرَىٰ مَعَكُمْ شُفَعَآءَكُمُ ٱلَّذِينَ
زَعَمْتُمْ أَنَّهُمْ فِيكُمْ شُرَكَٰٓؤُا۟
لَقَد تَّقَطَّعَ بَيْنَكُمْ
وَضَلَّ عَنكُم مَّا كُنتُمْ تَزْعُمُونَ ۝

'നിങ്ങളുടെ കാര്യത്തിൽ (അല്ലാഹുവിന്റെ) പങ്കുകാരാണെന്നു നിങ്ങൾ ജൽപിച്ചവരായ നിങ്ങളുടെ (ആ) ശുപാർശകൻമാരെ നിങ്ങളോടൊപ്പം നാം കാണുന്നുമില്ല.

നിങ്ങൾക്കിടയിൽ (ബന്ധം) മുറിഞ്ഞു പോകുക തന്നെ ചെയ്തിട്ടുണ്ട്. നിങ്ങൾ ജൽപിച്ചുകൊണ്ടിരുന്നതു (ഒക്കെയും) നിങ്ങളെ വിട്ടുമറഞ്ഞു പോകയും ചെയ്തിരിക്കുന്നു.'

وَلَوْ تَرَى നീ കണ്ടിരുന്നുവെങ്കിൽ الظَّالِمُونَ അക്രമികൾ ആകുമ്പോൾ فِي غَمَرَاتِ വെപ്രാള(കാഠിന്യ)ങ്ങളിൽ الْمَوْتِ മരണത്തിന്റെ وَالْمَلَائِكَةُ മലക്കുകൾ بَاسِطُوا വിരുത്തിയ(നീട്ടിയ)വരായിരിക്കും أَيْدِيهِمْ അവരുടെ കൈകളെ أَخْرِجُوا പുറത്താക്കുവിൻ, വെളിക്കുവരുത്തുവിൻ أَنْفُسَكُمُ നിങ്ങളുടെ ആത്മാക്കളെ الْيَوْمَ ഇന്നു, ഈ ദിവസം تُجْزَوْنَ നിങ്ങൾക്കു പ്രതിഫലം നൽകപ്പെടും عَذَابَ الْهُونِ നിന്ദ്യത (എളിമ-ഹീനത)യുടെ ശിക്ഷ بِمَا كُنْتُمْ നിങ്ങളായിരുന്നതു നിമിത്തം تَقُولُونَ പറയുക, പറഞ്ഞുണ്ടാക്കുക عَلَى اللَّهِ അല്ലാഹുവിന്റെ പേരിൽ, അല്ലാഹുവിനെപ്പററി غَيْرَ الْحَقِّ യഥാർത്ഥം (ന്യായം-സത്യം) അല്ലാത്തതു وَكُنْتُمْ നിങ്ങൾ ആയിരുന്നതും عَنْ آيَاتِهِ അവന്റെ ആയത്തുകളെപ്പററി تَسْتَكْبِرُونَ നിങ്ങൾ അഹംഭാവം(ഗർവ്വു) കാണിക്കുക. 94. وَلَقَدْ جِئْتُمُونَا നിങ്ങൾ നമ്മുടെ അടുക്കൽ വന്നിട്ടുണ്ട്. (വന്നുകഴിഞ്ഞു) فُرَادَى ഒററപ്പെട്ട(ഓരോരു)വരായി كَمَا خَلَقْنَاكُمْ നിങ്ങളെ നാം സൃഷ്ടിച്ചതുപോലെ أَوَّلَ مَرَّةٍ ഒന്നാം പ്രാവശ്യം وَتَرَكْتُمْ നിങ്ങൾ ഉപേക്ഷിക്കുക (വിടുക)യും ചെയ്തു مَا خَوَّلْنَاكُمْ നാം നിങ്ങൾക്കു അധീനമാക്കി (വിധേയമാക്കി)ത്തന്നതു وَرَاءَ ظُهُورِكُمْ നിങ്ങളുടെ പിൻപുറത്ത് وَمَا نَرَى നാം കാണുന്നുമില്ല مَعَكُمْ നിങ്ങളുടെ കൂടെ شُفَعَاءَكُمُ നിങ്ങളുടെ ശുപാർശക്കാരെ الَّذِينَ യാതൊരുവരായ زَعَمْتُمْ നിങ്ങൾ ജൽപിച്ചു أَنَّهُمْ فِيكُمْ അവർ നിങ്ങളിൽ ആകുന്നുവെന്നു شُرَكَاءُ പങ്കുകാർ لَقَدْ تَقَطَّعَ മുറിഞ്ഞു (ബന്ധമററു) പോക തന്നെ ചെയ്തു بَيْنَكُمْ നിങ്ങൾക്കിടയിൽ وَضَلَّ عَنْكُمْ നിങ്ങളിൽനിന്നു മറഞ്ഞു (അപ്രത്യക്ഷമായി) പോകയും ചെയ്തു مَا كُنْتُمْ تَزْعُمُونَ നിങ്ങൾ ജൽപിച്ചിരുന്നത്

അല്ലാഹുവിനു സമൻമാരും പങ്കുകാരുമുണ്ട്, അവനു സന്താനങ്ങളുണ്ട് എന്നിവപോലെയുള്ള കള്ളവാദങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നവർ, എനിക്കു വഹ്‌യ് ലഭിച്ചിട്ടുണ്ട്—അഥവാ ഞാനും പ്രവാചകനാണു—എന്നു വാദിക്കുന്ന മുസൈലമത്തുൽ കദ്ദാബിനെപ്പോലെയുള്ള കള്ള പ്രവാചകൻമാർ, വേണമെങ്കിൽ ഈ ഖുർആൻ പോലെയുള്ള ഗ്രന്ഥം എനിക്കും അവതരിപ്പിക്കുവാൻ കഴിയുമെന്നു വീമ്പിളക്കുന്ന ധിക്കാരികൾ എന്നിങ്ങിനെയുള്ളവർക്കെല്ലാമുള്ള കനത്ത താക്കീതാണിതു. അക്രമികൾ പലതരക്കാരുണ്ടെങ്കിലും അവരിൽവെച്ചു ഏറ്റവും കടുത്ത അക്രമികളാണിവർ. ഈ ഭൗതിക ജീവിതത്തിൽവെച്ചു അവർക്കു എന്തു അക്രമവും പറയുവാനും പ്രവർത്തിക്കുവാനുമുള്ള സൗകര്യമുണ്ടെങ്കിലും അതെല്ലാം മരണത്തോടുകൂടി അവസാനിക്കും. മരണവേളയിൽ തന്നെ അതിന്റെ ഫലം അവർക്കു അനുഭവപ്പെട്ടു തുടങ്ങും. തുടർന്നുകൊണ്ടുള്ള അനുഭവമാണെങ്കിൽ അതിനെക്കാൾ എത്രയോ ഭയങ്കരവുമായിരിക്കും. അവരുടെ ഈ ധിക്കാരവും ധാർഷ്ട്യവുമൊന്നും അപ്പോൾ കാണപ്പെടുകയില്ല. തങ്ങളെ രക്ഷിക്കുവാനും സഹായിക്കുവാനും പോന്നവരെന്നു നടിച്ചുകൊണ്ട് അവർ അല്ലാഹുവിന്റെ സമൻമാരാക്കിവെക്കുകയും ആരാധിച്ചും പൂജിച്ചും വിളിച്ചു പ്രാർത്ഥിച്ചും വരുകയും ചെയ്തിരുന്നവരാരും അവിടെ അവർക്കു കൂട്ടുണ്ടായിരിക്കയില്ല. ഇതെല്ലാം അവരെ അല്ലാഹു താക്കീതു ചെയ്കയാണ്.

മനുഷ്യരുടെ മരണസംബന്ധമായ കാര്യങ്ങൾ ഏല്പിക്കപ്പെട്ടിട്ടുള്ള മലക്കുകളെപ്പറ്റിയാണു وَالْمَلَائِكَةُ بَاسِطُوا أَيْدِيهِمْ.... (മലക്കുകൾ അവരുടെ കൈകൾ നീട്ടിക്കൊണ്ടിരിക്കും....) എന്നു പറഞ്ഞത്. അവിശ്വാസികളുടെ മരണവേളയിൽ മലക്കുകൾ അവരുടെ മുഖത്തും പിൻവശത്തും അടിക്കുകയും മറ്റും ചെയ്യുന്നതാണെന്നും, അവരോടു വളരെ കഠിനമായ രീതിയിൽ പെരുമാറുമെന്നും (8:50 മുതലായ സ്ഥലങ്ങളിൽ) അല്ലാഹു വ്യക്തമാക്കിയിട്ടുണ്ട്. നേരെ മറിച്ച് സജ്ജനങ്ങളുടെ മരണ സമയത്തു മലക്കുകൾ അവരോടു വളരെ സൗമ്യതയിലും സന്തോഷത്തിലും പെരുമാറുമെന്നും (16:32ലും മറ്റുമായി) ഖുർആനിൽനിന്നും, ഹദീസുകളിൽനിന്നും വ്യക്തമായി അറിയപ്പെട്ടിട്ടുള്ളതുമാണ്.

مَا خَوَّلْنَاكُمْ (നിങ്ങൾക്കു നാം അധീനപ്പെടുത്തിത്തന്നതൊക്കെ നിങ്ങൾ വിട്ടേച്ചു പോന്നു) എന്നു പറഞ്ഞതിന്റെ സാരം ഇതാണ്: ഇഹത്തിൽവെച്ചു നിങ്ങൾക്കു ലഭിച്ചിരുന്ന സുഖസൗകര്യങ്ങൾ, കഴിവുകൾ, സ്വാതന്ത്ര്യങ്ങൾ ഇവയൊന്നും ഇപ്പോൾ നിങ്ങൾക്കില്ല. അതെല്ലാം ഉപയോഗപ്പെടുത്തിക്കൊണ്ടാണല്ലോ നിങ്ങൾ നമ്മുടെ സന്ദേശങ്ങളെ ധിക്കരിച്ചത്. ഇപ്പോൾ അതെല്ലാം നിങ്ങൾക്ക് നഷ്ടപ്പെട്ടുപോയിരിക്കയാണ്. ഒരു ഹദീസിൽ നബി (സ) പറയുന്നു: 'ആദമിന്റെ മകൻ—മനുഷ്യൻ—എന്റെ ധനം! എന്റെ ധനം! എന്നു പറഞ്ഞുകൊണ്ടിരിക്കുന്നു. (മനുഷ്യാ) നിനക്ക് നിന്റെ ധനത്തിൽനിന്ന് നീ തിന്നു നശിപ്പിച്ചതോ, നീ ഉടുത്തു പഴക്കിയതോ, നീ ധർമ്മം കൊടുത്തു സമ്പാദിച്ചു വെച്ചതോ അല്ലാതെ വല്ലതും നിനക്കുണ്ടോ?! ഇതല്ലാത്തതെല്ലാം പോയിപ്പോകുന്നതും, ജനങ്ങൾക്കായി നീ വിട്ടേച്ചുപോകുന്നതുമായിരിക്കും.' (മു.)

വിഭാഗം—12

തൗഹീദിന്റെയും, പരലോകത്തിന്റെയും വിഷയത്തിലാണല്ലോ മുശ്‌രിക്കുകളുടെ നിഷേധം കേന്ദ്രീകരിച്ചിരിക്കുന്നത്. ഈ സൂറത്തിലെ പ്രധാന പ്രതിപാദ്യ വിഷയവും അതു രണ്ടുംതന്നെ. ആ രണ്ടിനും വ്യക്തവും സ്പഷ്ടവുമായ ചില നിത്യസത്യങ്ങളാകുന്ന ദൃഷ്ടാന്തങ്ങളാണ് തുടർന്നുള്ള വചനങ്ങളിൽ കാണുന്നത് —

٩٥- إِنَّ اللَّهَ فَالِقُ الْحَبِّ وَالنَّوَىٰ ۖ

95. നിശ്ചയമായും അല്ലാഹു, ധാന്യവും, കുരുവും പിളർത്തുന്നവനാണ്.

يُخْرِجُ الْحَيَّ مِنَ الْمَيِّتِ وَمُخْرِجُ الْمَيِّتِ مِنَ الْحَيِّ ۚ

നിർജ്ജീവമായതിൽനിന്നു അവൻ ജീവിയെ പുറത്തു വരുത്തുന്നു; ജീവിയിൽ നിന്ന് നിർജ്ജീവമായതിനെ പുറത്തു വരുത്തുന്നവനുമാകുന്നു.

ذَٰلِكُمُ اللَّهُ ۖ فَأَنَّىٰ تُؤْفَكُونَ ○

(അങ്ങിനെയുള്ള) അവനത്രെ അല്ലാഹു; എന്നിരിക്കെ, എങ്ങിനെയാണ് നിങ്ങൾ (അവനെ വിട്ടു) തെററിക്കപ്പെടുന്നത്?!

---

95. إِنَّ നിശ്ചയമായും اللَّهَ അല്ലാഹു فَالِقُ പിളർത്തുന്നവനാണ് الْحَبِّ ധാന്യത്തെ, ധാന്യമണി وَالنَّوَىٰ കുരുവും, അണ്ടിയും, വിത്തും يُخْرِجُ അവൻ പുറത്തു വരുത്തുന്നു (ഉൽപാദിപ്പിക്കും) الْحَيَّ ജീവിയെ, ജീവനുള്ളതു مِنَ الْمَيِّتِ നിർജ്ജീവമായതിൽനിന്ന, ചത്തതിൽനിന്ന وَمُخْرِجُ പുറത്തുവരുത്തുന്നവനു മാണു الْمَيِّتِ നിർജ്ജീവമായതിനെ مِنَ الْحَيِّ ജീവനുള്ളതിൽനിന്ന ذَٰلِكُمُ അത (അവന)ത്രെ اللَّهُ അല്ലാഹു فَأَنَّىٰ എന്നിരിക്കെ എങ്ങിനെയാണു تُؤْفَكُونَ നിങ്ങൾ തെററിക്ക (തിരിച്ചു വിടപ്പെടുക)പ്പെടുന്നതു

٩٦- فَالِقُ الْإِصْبَاحِ وَجَعَلَ الَّيْلَ سَكَنًا وَّالشَّمْسَ وَالْقَمَرَ حُسْبَانًا

96. പ്രഭാതത്തെ പിളർത്തുന്നവനാണ് (അവൻ).

രാത്രിയെ അവൻ ശാന്തമാക്കുകയും ചെയ്തിരിക്കുന്നു;

സൂര്യനെയും, ചന്ദ്രനെയും അവൻ (സമയത്തിന്റെ) കണക്കു (ആക്കിയിരിക്കുന്നു).

ذٰلِكَ تَقْدِيرُ الْعَزِيزِ الْعَلِيمِ ○

അതു (ഒക്കെയും) സർവ്വജ്ഞനായ (ആ) പ്രതാപശാലിയുടെ നിർണ്ണയം [വ്യവസ്ഥ] ആകുന്നു.

٩٧- وَهُوَ الَّذِي جَعَلَ لَكُمُ النُّجُومَ لِتَهْتَدُوا بِهَا فِي ظُلُمٰتِ الْبَرِّ وَالْبَحْرِ

97. അവനത്രെ, നിങ്ങൾക്കു നക്ഷത്രങ്ങളെ–അവ മൂലം കരയിലെയും കടലിലെയും അന്ധകാരങ്ങളിൽ നിങ്ങൾ വഴി കാണുവാൻ വേണ്ടി–ഏർപ്പെടുത്തിയവനും.

قَدْ فَصَّلْنَا الْاٰيٰتِ لِقَوْمٍ يَعْلَمُونَ ○

അറിയുന്ന ജനങ്ങൾക്കു നാം ദൃഷ്ടാന്തങ്ങൾ വിശദീകരിച്ചു കൊടുത്തിട്ടുണ്ട്.

٩٨- وَهُوَ الَّذِي أَنْشَأَكُمْ مِنْ نَفْسٍ وَاحِدَةٍ فَمُسْتَقَرٌّ وَمُسْتَوْدَعٌ

98. അവനത്രെ, ഒരേ ആത്മാവിൽ (അഥവാ വ്യക്തിയിൽ)നിന്നു നിങ്ങളെ സൃഷ്ടിച്ച്) ഉണ്ടാക്കിയവനും. അങ്ങനെ, (നിങ്ങൾക്കു) തങ്ങുന്ന സ്ഥാനവും, സൂക്ഷിപ്പു സ്ഥാനവുമുണ്ട്.

قَدْ فَصَّلْنَا الْاٰيٰتِ لِقَوْمٍ يَفْقَهُونَ ○

ഗ്രഹിക്കുന്ന ജനങ്ങൾക്കു നാം ദൃഷ്ടാന്തങ്ങൾ വിശദീകരിച്ചു കൊടുത്തിട്ടുണ്ട്.

٩٩- وَهُوَ الَّذِي أَنْزَلَ مِنَ السَّمَاءِ مَاءً

99. അവനത്രെ, ആകാശത്തുനിന്നു (മഴ) വെള്ളം ഇറക്കിയവനും..

---

96. فالق പിളർത്തുന്നവനാണു الاصباح പ്രഭാതത്തെ, പുലർച്ചനേരത്തെ وجعل അവൻ ആക്കുകയും ചെയ്തു الليل രാത്രിയെ سكنا ശാന്തം, അടങ്ങിയതു, ഒതുക്കം والشمس സൂര്യനെയും والقمر ചന്ദ്രനെയും حسبانا കണക്കു (ആക്കി) ذلك അതു تقدير നിർണ്ണയമാണു, വ്യവസ്ഥപ്പെടുത്തലാണു العزيز പ്രതാപശാലിയുടെ العليم (സർവ്വ)ജ്ഞനായ 97. وهو അവനത്രെ الذى جعل لكم നിങ്ങൾക്കു ആക്കി (ഉണ്ടാക്കി–ഏർപ്പെടുത്തി)തന്നവൻ النجوم നക്ഷത്രങ്ങളെ لتهتدوا നിങ്ങൾ നേർമാർഗ്ഗം പ്രാപിക്ക(വഴി കാണു)വാൻ വേണ്ടി بها അവമൂലം فى ظلمات അന്ധകാരങ്ങളിൽ البر والبحر കരയിലെയും കടലിലെയും قد فصلنا നാം വിശദീകരിച്ചിട്ടുണ്ടു الايات ദൃഷ്ടാന്തല(ക്ഷ്യ–അടയാള)ങ്ങളെ لقوم ജനങ്ങൾക്കു يعلمون അവർ അറിയുന്നു 98. وهو അവനത്രെ الذى انشأكم നിങ്ങളെ ഉണ്ടാക്കിയവൻ من نفس ആത്മാവി (ആളി–ദേഹത്തി–വ്യക്തിയി)ൽ നിന്നു واحدة ഒരേ فمستقر എന്നിട്ടു തങ്ങുന്ന (താമസിക്കുന്ന–ഉറച്ചു നിൽക്കുന്ന) ഇടമുണ്ടു ومستودع സൂക്ഷിച്ചുവെക്കുന്ന ഇടവും قد فصلنا നാം വിശദീകരിച്ചിട്ടുണ്ടു الايات ദൃഷ്ടാന്തങ്ങളെ لقوم ജനങ്ങൾക്കു, ഒരു ജനതക്കു يفقهون അവർ ഗ്രഹിക്കുന്നു. 99. وهو അവനത്രെ الذى انزل ഇറക്കിയവൻ من السماء ആകാശത്തുനിന്നു ماء വെള്ളം

فَأَخْرَجْنَا بِهِ نَبَاتَ كُلِّ شَيْءٍ فَأَخْرَجْنَا مِنْهُ خَضِرًا نُخْرِجُ مِنْهُ حَبًّا مُتَرَاكِبًا ۚ وَمِنَ النَّخْلِ مِنْ طَلْعِهَا قِنْوَانٌ دَانِيَةٌ وَجَنَّاتٍ مِنْ أَعْنَابٍ وَالزَّيْتُونَ وَالرُّمَّانَ مُشْتَبِهًا وَغَيْرَ مُتَشَابِهٍ ۗ انْظُرُوا إِلَىٰ ثَمَرِهِ إِذَا أَثْمَرَ وَيَنْعِهِ ۚ إِنَّ فِي ذَٰلِكُمْ لَآيَاتٍ لِقَوْمٍ يُؤْمِنُونَ ○

എന്നിട്ട് അതുമൂലം എല്ലാ വസ്തുക്കളുടെയും മുളയെ നാം [അല്ലാഹു] പുറത്തു വരുത്തി; എന്നിട്ട് അതിൽനിന്ന് നാം പച്ച (ച്ചെടി)കളെ പുറത്ത് വരുത്തി അതിൽ നിന്ന് പരസ്പരം (മേൽക്കുമേൽ) തിങ്ങിക്കൊണ്ടിരിക്കുന്ന ധാന്യം നാം പുറപ്പെടുവിക്കുന്നു.

ഈത്തപ്പനയിൽ നിന്നു-അതിന്റെ കുലയിൽ നിന്നു-താണു (തൂങ്ങി) നിൽക്കുന്ന കതിർപ്പുകളും (ഉണ്ടായിത്തീരുന്നു).

മുന്തിരികളുടെ തോട്ടങ്ങളും, ഒലീവു വൃക്ഷവും, മാതളച്ചെടിയും (പുറത്തു വരുത്തുന്നു); സാദൃശ്യപ്പെട്ടതും, പരസ്പര സാദൃശ്യമില്ലാത്തതുമായിക്കൊണ്ട്

അതു കായ്ക്കുമ്പോൾ അതിന്റെ കായയിലേക്കും, അതു മൂപ്പെത്തുന്നതിലേക്കും നിങ്ങൾ നോക്കുക!

നിശ്ചയമായും, വിശ്വസിക്കുന്ന ജനങ്ങൾക്കു അതിലെല്ലാം പല ദൃഷ്ടാന്തങ്ങളുണ്ട്.

فأخرجنا എന്നിട്ടു നാം പുറപ്പെടുവിച്ചു به അതുകൊണ്ടു, അതുമൂലം نبات മുളയെ, സസ്യത്തെ كل شيء എല്ലാ വസ്തുവിന്റെയും فأخرجنا എന്നിട്ടു നാം പുറപ്പെടുവിച്ചു منه അതിൽനിന്നു, അതിനാൽ خضرا പച്ചയായവ نخرج منه അതിൽനിന്നു നാം പുറപ്പെടുവിക്കുന്നു حبا ധാന്യത്തെ متراكبا പരസ്പരം കയറിയ (ഇടതിങ്ങിയ-കൂടിക്കലർന്ന) ومن النخل ഈത്തപ്പനയിൽനിന്നും من طلعها അതിന്റെ കുലയിൽ നിന്നു قنوان കതിർപ്പുകൾ دانية താണു(തൂങ്ങി) നിൽക്കുന്ന وجنات തോട്ടങ്ങളെയും من اعناب മുന്തിരികളിൽനിന്നു (മുന്തിരികളുടെ) والزيتون ഒലീവു മരത്തെയും والرمان മാതളത്തെയും مشتبها സാദൃശ്യമുള്ളതായിക്കൊണ്ടു وغير متشابه പരസ്പര സാദൃശ്യമില്ലാത്തതായും انظروا നിങ്ങൾ നോക്കുക الى ثمره അതിന്റെ കായയിലേക്ക, ഫലത്തിലേക്ക اذا أثمر അതു കായിച്ചാൽ, ഫലമുണ്ടായാൽ وينعه അതിന്റെ മൂപ്പെത്തലിലേക്കും (പാകമാകുന്നതിലേക്കും-പഴുപ്പിലേക്കും) ان في ذلكم നിശ്ചയമായും അതിൽ (എല്ലാം) ഉണ്ട് لآيات പല ദൃഷ്ടാന്തങ്ങൾ لقوم يؤمنون വിശ്വസിക്കുന്ന ജനങ്ങൾക്ക്.

അല്ലാഹുവിന്റെ ഏകത്വം, സൃഷ്ടിവൈഭവം, ശക്തിമാഹാത്മ്യം ആദിയായവക്കു നിത്യദൃഷ്ടാന്തങ്ങളായി നിലകൊള്ളുന്നതും, സാധാരണ ബുദ്ധികൾക്കുപോലും ആലോചിച്ചറിയാവുന്നതുമായ കുറെ യാഥാർത്ഥ്യങ്ങളാണ് ഈ വചനങ്ങളിൽ അല്ലാഹു എടുത്തു കാണിച്ചിരിക്കുന്നത്. അവയെ ഇങ്ങിനെ സംഗ്രഹിക്കാം:-

(1) ധാന്യവർഗ്ഗത്തിന്റെ മണികളെയും, ഫലവർഗ്ഗത്തിന്റെ കുരുക്കളെയും-അഥവാ അണ്ടി, പരിപ്പു മുതലായവയെയും-പിളർത്തി അവയിൽ നിന്നു സസ്യങ്ങളെയും വൃക്ഷങ്ങളെയും ഉൽപാദിപ്പിക്കുന്നത്. വിത്തിറക്കുന്നതിലും, അതു മുളച്ചു വളരുവാനാവശ്യമായ ഒരുക്കങ്ങൾ ചെയ്യുന്നതിലും മനുഷ്യപ്രവർത്തനങ്ങൾക്കു പങ്കുണ്ടെങ്കിലും അതിനെ പിളർത്തി മുളപ്പിക്കുകയും വളർത്തുകയും വിളയിപ്പിക്കുകയും ചെയ്യുന്നതിൽ മനുഷ്യന് ഒരു പങ്കുമില്ലല്ലോ. (2) ജീവനോ വളർച്ചയോ ഇല്ലാത്ത നിർജ്ജീവ വസ്തുക്കളിൽ നിന്നു ജീവനും വളർച്ചയുമുള്ള വസ്തുക്കളെ ഉൽപാദിപ്പിക്കുന്നത്. വിത്തുകളിൽനിന്നു സസ്യലതാദികളെ ഉൽപാദിപ്പിക്കുന്നതും, മനുഷ്യനടക്കമുള്ള ജീവികളുടെ ബീജങ്ങളിൽനിന്നു അവരുടെ വർഗ്ഗ വർദ്ധന നടത്തുന്നതും, ജീവ ചൈതന്യമില്ലാത്ത വസ്തുക്കളിൽനിന്നു ചില പ്രാണി വർഗ്ഗങ്ങളെ ഉൽപാദിപ്പിക്കുന്നതുമെല്ലാം ഇതിൽ ഉൾപ്പെടുന്നു. (3) ജീവനും, ജീവനുമുള്ള വസ്തുക്കളിൽനിന്നു മേൽ സൂചിപ്പിച്ചതുപോലെയുള്ള പലതരം നിർജ്ജീവ വസ്തുക്കളെയും ഉല്പാദിപ്പിക്കുന്നത്. (4) രാത്രിയുടെ ഇരുട്ടിൽനിന്നു പ്രഭാതം പുലരുന്നത്. (5) രാത്രിയെ വിശ്രമത്തിനു ഉപയുക്തമായവിധം ശാന്തമാക്കിയത്. (6) നാഴിക-വിനാഴികകൾ, ദിവസ-മാസ-സംവത്സരങ്ങൾ എന്നിങ്ങിനെ സമയം കണക്കാക്കുവാൻ ഉതകുമാറ് ആസൂത്രിതമായ നിലയിൽ സൂര്യചന്ദ്ര നക്ഷത്രങ്ങളെ നിയന്ത്രിച്ചുപോരുന്നത്.

(7) കരയിലൂടെയും കടലിലൂടെയും യാത്ര ചെയ്യുന്നവർക്ക് ദിക്കുകളും ഉദ്ദിഷ്ട സ്ഥലങ്ങളും തിരിച്ചറിയത്തക്കവണ്ണം നക്ഷത്രങ്ങളെ– അവയുടെ സ്ഥാനങ്ങളും, ഗതിവിഗതികളും, സമയങ്ങളും വ്യവസ്ഥപ്പെടുത്തിയതു. പൂർവ്വകാലത്തെ യാത്രകൾ കരയിലൂടെയും, കടലിലൂടെയുമായിരുന്നതുകൊണ്ട് അക്കാലത്തുള്ളവർക്ക മാത്രമേ നക്ഷത്രങ്ങൾ മാർഗ്ഗദർശനമായിരിക്കുകയുള്ളുവെന്ന ധരിക്കേണ്ടതില്ല. വായു മണ്ഡലത്തിലൂടെയും, ഗോളാന്തരങ്ങളിലൂടെയും നടത്തപ്പെടുന്ന ഇന്നത്തെ പരിഷ്കൃത വാഹന യാത്രകളിലും നക്ഷത്രങ്ങളുടെ മാർഗ്ഗദർശനവും ആവശ്യം തന്നെ. നക്ഷത്രങ്ങളുടെയും, ഗ്രഹങ്ങളുടെയും സ്ഥാനങ്ങളും ഗതിവിഗതികളും അറിയാതെയുള്ള ഗോളാന്തര യാത്ര നടത്തുക സാധ്യമല്ല തന്നെ. (8) ഒരേ ആളിൽനിന്നു കണക്കറ്റ വ്യക്തികളടങ്ങുന്ന മനുഷ്യവർഗ്ഗത്തെ സൃഷ്ടിച്ചതു. ഓരോ വ്യക്തിയെയും സംബന്ധിച്ചിടത്തോളം, അതിന്റെ ബീജം അതിന്റെ മാതാപിതാക്കളുടെ ശരീരാംശമെന്നോണം കുറെ കാലം അവരിൽ തങ്ങിനിൽക്കുകയും, അനന്തരം മാതാവിന്റെ ഗർഭാശയത്തിൽ നിക്ഷേപിക്കപ്പെടുകയും, പിന്നീട് അവിടെവെച്ച് ചില [രൂപാന്തരങ്ങൾ] പ്രാപിച്ച് മനുഷ്യരൂപം പൂണ്ടു പുറത്തുവരുകയുമാണല്ലോ ചെയ്യുന്നത്. ഇതിനെപ്പറ്റിയാണ് തങ്ങുന്ന ഇടവും സൂക്ഷിക്കുന്ന ഇടവും ഉണ്ടു (مُسْتَقَرٌّ وَمُسْتَوْدَعٌ) എന്നു പറഞ്ഞതു. (9) ആകാശത്തു നിന്നു മഴവെള്ളം ഇറക്കി എല്ലാവിധ സസ്യങ്ങളെയും മുളപ്പിച്ച് പച്ചച്ചെടികളാക്കി വളർത്തുകയും, അവയിൽനിന്നു ആഹാര വസ്തുക്കളായ ധാന്യങ്ങൾപോലുള്ളവ ഉൽപാദിപ്പിക്കുകയും ചെയ്യുന്നതു. പ്രത്യേകിച്ചും ഈത്തപ്പനകൾ കുലയിടുന്നു. അവയുടെ കതിർപ്പുകൾ തുടുതുടെ തിങ്ങിത്തൂങ്ങി നിൽക്കുന്നു. മുന്തിരിത്തോട്ടങ്ങൾ, ഒലീവു വൃക്ഷങ്ങൾ, മാതളച്ചെടികൾ ആദിയായവ നട്ടുവളർത്തി ഉൽപാദിതമാകുന്നു. ആകൃതി, സ്വഭാവം, രുചി, ഗുണം, വർണ്ണം ആദിയായവയിൽ ചിലതെല്ലാം പരസ്പരം സാദൃശ്യമുള്ളവയായിരിക്കുമെങ്കിൽ, ചിലതെല്ലാം പരസ്പരം വ്യത്യസ്തങ്ങളുമായിരിക്കും. ഫലം കായ്ക്കുന്ന ആദ്യം പിഞ്ചും ചള്ളുമായിരിക്കും. പിന്നീടതു മൂത്തു പഴുത്തു പാകത്തിലായിത്തീരുന്നു.

മനുഷ്യൻ സദാ കണ്ടും അനുഭവിച്ചും കൊണ്ടിരിക്കുന്ന നിത്യയാഥാർത്ഥ്യങ്ങളാണല്ലോ ഇതെല്ലാം. നിത്യേന കണ്ടുകൊണ്ടിരിക്കുന്ന കാര്യങ്ങളായതുകൊണ്ടു മാത്രം നമുക്കു ഇതൊന്നും അത്ഭുതങ്ങളായി തോന്നുന്നില്ലെന്നു മാത്രം. വാസ്തവത്തിൽ അല്ലാഹുവിന്റെ മഹിമാമഹാത്മ്യങ്ങളെയും ഏകത്വത്തെയും വിളിച്ചോതുന്ന ദൃഷ്ടാന്തങ്ങളത്രെ ഇവ ഓരോന്നും. പക്ഷെ, അന്ധമായ സത്യനിഷേധവും, ബാഹ്യേന്ദ്രിയങ്ങൾക്കതീതമായൊന്നും നിലവിലില്ലെന്ന മൂഢവിശ്വാസവും തീണ്ടാത്ത നിഷ്പക്ഷ ഹൃദയങ്ങൾക്കേ ഇതിലൊക്കെ അടങ്ങിയ ദൃഷ്ടാന്തങ്ങൾ കണ്ടെത്തുവാൻ കഴിയൂ. അറിയുന്ന ആളുകൾക്കും, ഗ്രഹിക്കുന്ന ആളുകൾക്കും, വിശ്വസിക്കുന്ന ആളുകൾക്കുമാണു ഇതിലൊക്കെ ദൃഷ്ടാന്തങ്ങളുള്ളതെന്നു അല്ലാഹു ചൂണ്ടിക്കാണിച്ചതും അതുകൊണ്ടു തന്നെ.

١٠٠- وَجَعَلُوا لِلَّهِ شُرَكَاءَ الْجِنَّ وَخَلَقَهُمْ

100. അവർ ജിന്നുകളെ അല്ലാഹുവിനു പങ്കുകാരാക്കുകയും ചെയ്തിരിക്കുന്നു; അവരെ അവൻ സൃഷ്ടിച്ചിരിക്കയുമാണ് (എന്നിട്ടും)!

وَخَرَقُوا لَهُ بَنِينَ وَبَنَاتٍ بِغَيْرِ عِلْمٍ

ഒരു വിവരവുമില്ലാതെ അവർ അവനു പുത്രൻമാരെയും പുത്രികളെയും കെട്ടിയുണ്ടാക്കുകയും ചെയ്തിരിക്കുന്നു.

سُبْحَانَهُ وَتَعَالَىٰ عَمَّا يَصِفُونَ ۝

അവൻ മഹാ പരിശുദ്ധൻ! അവർ വിശേഷിപ്പിച്ചു പറയുന്നതിൽനിന്നു (ഒക്കെയും) അവൻ വളരെ ഉന്നതി പ്രാപിക്കുകയും ചെയ്തിരിക്കുന്നു.

---

100. وجعلوا അവർ ആക്കുക(ഉണ്ടാക്കുക)യും ചെയ്തു لله അല്ലാഹുവിനു شركاء പങ്കാളികൾ الجن ജിന്നുകളെ وخلقهم അവരെ അവൻ സൃഷ്ടിക്കുകയും ചെയ്തിരിക്കുന്നു, സൃഷ്ടിച്ചിരിക്കെ وخرقوا له അവർ അവനു കെട്ടി (സങ്കൽപിച്ചു) ഉണ്ടാക്കുകയും ചെയ്തു بنين പുത്രൻമാരെ وبنات പുത്രിമാരെയും بغير علم ഒരു അറിവും (വിവരവും) ഇല്ലാതെ سبحانه അവൻ മഹാ പരിശുദ്ധൻ وتعالى അവൻ വളരെ ഉന്നതി പ്രാപിക്കയും ചെയ്തിരിക്കുന്നു عما يصفون അവർ വർണ്ണി(വിവരി–വിശേഷിപ്പി)ച്ചു പറയുന്നതിൽനിന്നു.

ബഹുദൈവ വിശ്വാസികൾ അല്ലാഹുവിനു പുറമെ വിഗ്രഹങ്ങളെ മാത്രമല്ല ദൈവങ്ങളാക്കി ആരാധിച്ചും, പ്രാർത്ഥിച്ചും വരുന്നത്. പല ദേവീദേവൻമാരെയും, ഭൂതപ്പിശാചുക്കളെയും അവർ ദൈവങ്ങളാക്കി സങ്കല്പിക്കുകയും ആരാധിക്കുകയും ചെയ്തുവരുന്നു. വനങ്ങൾ, നദികൾ, മഹാരോഗങ്ങൾ, രാജ്യങ്ങൾ, കുലവർഗ്ഗങ്ങൾ എന്നിങ്ങിനെ പലതിന്റെയും പേരിൽ ദേവൻമാരെയും, ദേവതകളെയും സങ്കല്പിച്ചുണ്ടാക്കി അവക്കു പ്രത്യേകം പൂജാകർമ്മങ്ങൾ നടത്തലും, നേർച്ച വഴിപാടുകൾ അർപ്പിക്കലും എല്ലാ കാലത്തുമുള്ള അവരുടെ പതിവത്രെ. സ്ഥല കാലങ്ങൾക്കനുസരിച്ചു ചില വ്യത്യാസങ്ങളുണ്ടായിരിക്കുമെന്നു മാത്രം. വേണ്ട, മുസ്‌ലിം സമുദായത്തിനുള്ളിൽ തന്നെ, മതത്തിന്റെ പ്രാഥമിക തത്വങ്ങൾപോലും അറിഞ്ഞുകൂടാത്ത വിഡ്ഢികൾക്കിടയിൽ ഇത്തരം ശിർക്കു നിറഞ്ഞ അന്ധവിശ്വാസങ്ങളും ദുരാചാരങ്ങളും പലതും കാണാവുന്നതാണ്. മുശ്‌രിക്കുകൾക്കിടയിൽ നടപ്പിലുള്ള പലതരം ശിർക്കുപരമായ വിശ്വാസാചാരങ്ങൾ—ഒരു പ്രകാരത്തിലല്ലെങ്കിൽ മറ്റൊരു പ്രകാരത്തിൽ—നാമഭേദവ്യത്യാസത്തോടുകൂടി മുസ്‌ലിം സമുദായമദ്ധ്യെയും നിലവിലുണ്ടെന്നുള്ളതു അത്യധികം ദുഃഖകരമാണെങ്കിലും അനിഷേധ്യമായ ഒരു സത്യമത്രെ.

മലക്കുകളെ അല്ലാഹുവിന്റെ പെൺമക്കളായി അറബി മുശ്‌രിക്കുകൾ സങ്കല്പിച്ചിരുന്നു. ഈസാ (അ) നബിയെയും, ഉസൈർ (അ) നെയും അവന്റെ പുത്രൻമാരായി വേദക്കാരും വിശ്വസിച്ചിരുന്നു. ഇതിൽ ഉസൈർ (അ) നെ സംബന്ധിച്ച വാദത്തിനു ഇന്ന് അത്ര പ്രസക്തി കാണപ്പെടുന്നില്ലെങ്കിലും, മറ്റുള്ള വാദങ്ങളും, അക്ഷരത്തിലോ അർത്ഥത്തിലോ അവക്കു തുല്യമായ മറ്റു പല വാദങ്ങളും ഇന്നും ഇന്നാട്ടിലും നിലവിലുണ്ട്. ഇതെല്ലാം അല്ലാഹുവിന്റെ അധികാരാവകാശങ്ങളിലും, അവന്റെ ഗുണവിശേഷങ്ങളിലും അവനു പങ്കുകാരെയും തുല്യൻമാരെയും ഉണ്ടാക്കലാകുന്നു. അവനാകട്ടെ, ഇത്തരത്തിൽപെട്ട എല്ലാ സങ്കല്പങ്ങളിൽനിന്നും, വർണ്ണനകളിൽ നിന്നും എത്രയോ പരിശുദ്ധനും ഉന്നതനുമാണു താനും. (سبحانه وتعالى عما يصفون)

വിഭാഗം—13

١٠١ - بَدِيعُ السَّمَٰوَٰتِ وَالْأَرْضِ ۖ أَنَّىٰ يَكُونُ لَهُۥ وَلَدٌ وَلَمْ تَكُن لَّهُۥ صَٰحِبَةٌ ۖ وَخَلَقَ كُلَّ شَىْءٍ ۖ وَهُوَ بِكُلِّ شَىْءٍ عَلِيمٌ

101. ആകാശങ്ങളെയും, ഭൂമിയെയും മാതൃകയില്ലാതെ ഉണ്ടാക്കിയവനാണ് (അവൻ).

അവന് എങ്ങിനെയാണൊരു സന്താനമുണ്ടാകുക-അവന്ന ഒരു കൂട്ടുകാരി [സഖി]യുമില്ലതാനും (-എന്നിരിക്കെ)?!

എല്ലാ വസ്തുക്കളെയും അവൻ സൃഷ്ടിക്കുകയും ചെയ്തിരിക്കുന്നു; അവൻ എല്ലാ വസ്തുവെക്കുറിച്ചും അറിയുന്നവനുമാകുന്നു.

---

101. بديع മാതൃകയില്ലാതെ ഉണ്ടാക്കിയവൻ السماوات ആകാശങ്ങളെ والأرض ഭൂമിയെയും أنى يكون എങ്ങിനെയുണ്ടാകും, ഉണ്ടാകുന്നതെങ്ങിനെ له അവനു ولد സന്താനം, ഒരു കുട്ടി ولم تكن ഇല്ലതാനും, ഉണ്ടായിട്ടുമില്ല له അവനു صاحبة ഒരു കൂട്ടുകാരി, സഖി (സഹധർമ്മിണി) وخلق അവൻ സൃഷ്ടിക്കുകയും ചെയ്തിരിക്കുന്നു كل شيء എല്ലാ വസ്തുവെയും وهو അവനാകട്ടെ بكل شيء എല്ലാ വസ്തുവെപ്പററിയും عليم അറിയുന്നവനാണ്.

കഴിഞ്ഞ വചനത്തിൽ ബഹുദൈവ വിശ്വാസികൾ ജിന്നുകളെ അല്ലാഹുവിനു പങ്കുകാരാക്കിയതിനെയും, അവനു പുത്രൻമാരും പുത്രികളുമുണ്ടെന്നു വാദിച്ചതിനെയും കുറിച്ചു പ്രസ്താവിച്ചു. അവനു പങ്കുകാരും സമൻമാരും ഉണ്ടാവാൻ നിവൃത്തിയില്ലെന്നുള്ളതിനു അനേകം ദൃഷ്ടാന്തങ്ങൾ ഇതിനു മുമ്പുള്ള വചനങ്ങളിൽ വിവരിച്ചു കഴിഞ്ഞിരിക്കകൊണ്ടു ജിന്നുകളെ പങ്കാളിയാക്കിയതിനെ സംബന്ധിച്ചു വിശേഷിച്ചു ഒന്നുംതന്നെ പ്രത്യേകം പ്രസ്താവിക്കേണ്ടതായിട്ടില്ല. പിന്നെ, സന്താനവാദത്തെ സംബന്ധിച്ചാണു പറയുവാനുള്ളത്. അതാണീ വചനത്തിൽ കാണുന്നത്. അവനു സന്താനമുണ്ടായിരിക്കുവാനും നിവൃത്തിയില്ലെന്നുള്ളതിനു അല്ലാഹു ചില ലക്ഷ്യങ്ങൾ ഈ വചനത്തിൽ ചൂണ്ടിക്കാട്ടിയിരിക്കുന്നു: (1) ആകാശഭൂമികളെ മുഴുവനും ഒരു മുൻ മാതൃകയില്ലാതെ

തവിനമായി നിർമ്മിച്ചുണ്ടാക്കിയവനാണവൻ. എന്നിരിക്കെ, അവയിൽ പെട്ട ഏതെങ്കിലും ഒന്നിനെ അവന്റെ സന്താനമായി സങ്കല്പിക്കുന്നതെങ്ങിനെയാണ്?! സന്താനത്തെ പുത്തനായി നിർമ്മിച്ചുണ്ടാക്കുകയല്ലല്ലോ ചെയ്യുക. (2) അല്ലാഹുവിനു ഒരു സന്താനമുണ്ടാകണമെങ്കിൽ അവന് ഒരു കൂട്ടുകാരി – അഥവാ ഒരു സഹധർമ്മിണി – വേണമല്ലോ. ആ കൂട്ടുകാരിയായിരിക്കണം അതിന്റെ മാതാവ്. അല്ലാഹുവിനു കൂട്ടുകാരിയേ ഇല്ല. ഒരു കൂട്ടുകാരിയുണ്ടായി ഇവർ ശഠിക്കുകയും ജല്പിക്കുന്നില്ല. എന്നിരിക്കെ അവനു സന്താനമുണ്ടെന്നു പറയുന്നതിനു എന്താണർത്ഥം?! (*) (3) വസ്തുക്കളായി എന്തെല്ലാമുണ്ടോ അതെല്ലാം അവന്റെ സൃഷ്ടിയാണ്. സന്താനം സൃഷ്ടിയായിരിക്കുകയില്ലല്ലോ. ആകുന്ന പക്ഷം സൃഷ്ടികളെല്ലാം സന്താനങ്ങളായിരിക്കേണ്ടതായി വരും. (4) സർവ്വ വസ്തുക്കളെക്കുറിച്ചും സസൂക്ഷ്മവും സവിസ്തരവും അറിയുന്നവനാണവൻ. അപ്പോൾ, അവൻ അറിയാതെ അവനു എങ്ങിനെ സന്താനമുണ്ടാകും? അവനു ഉണ്ടായിരിക്കുക, എന്നിട്ട് അവൻ അറിയാതിരിക്കുക, ഇതു ഒരിക്കലും സംഭവ്യമല്ലല്ലോ.

അല്ലാഹുവിന്റെ സമന്മാർ, പങ്കാളികൾ, സന്താനങ്ങൾ എന്നിങ്ങിനെയുള്ള ഏതെങ്കിലും സങ്കല്പത്തിൽ ദിവ്യത്വം കല്പിക്കപ്പെടുവാൻ നാമമാത്ര അർഹതപോലും ആർക്കും ഏതിനും ഇല്ലെന്നു ദൃഷ്ടാന്തങ്ങൾ സഹിതം സ്ഥാപിച്ച ശേഷം അല്ലാഹു പറയുന്നു:–

١٠٢- ذَٰلِكُمُ اللَّهُ رَبُّكُمْ ۖ لَا إِلَٰهَ إِلَّا هُوَ ۖ خَالِقُ كُلِّ شَيْءٍ فَاعْبُدُوهُ ۚ وَهُوَ عَلَىٰ كُلِّ شَيْءٍ وَكِيلٌ

102. (അങ്ങിനെയുള്ള) ആ അവനത്രെ നിങ്ങളുടെ റബ്ബായ അല്ലാഹു.

അവനല്ലാതെ ആരാധ്യനേ ഇല്ല.

എല്ലാ വസ്തുക്കളുടെയും സ്രഷ്ടാവാകുന്നു (അവൻ). ആകയാൽ നിങ്ങൾ അവനെ ആരാധിക്കുവിൻ.

അവൻ എല്ലാ വസ്തുക്കളുടെ മേലും (കൈകാര്യം) ഏറ്റെടുത്തവനുമാകുന്നു.

١٠٣- لَا تُدْرِكُهُ الْأَبْصَارُ وَهُوَ يُدْرِكُ الْأَبْصَارَ ۖ وَهُوَ اللَّطِيفُ الْخَبِيرُ

103. അവനെ ദൃഷ്ടികൾ കണ്ടെത്തുകയില്ല; അവനാകട്ടെ, ദൃഷ്ടികളെ കണ്ടെത്തുകയും ചെയ്യുന്നു.

അവൻ, സസൂക്ഷ്മനായുള്ളവനത്രെ; സൂക്ഷ്മജ്ഞാനിയത്രെ.

---

102 ذَٰلِكُمْ അങ്ങിനെയുള്ളവൻ, അവനത്രെ اللَّهُ അല്ലാഹു رَبُّكُمْ നിങ്ങളുടെ രക്ഷിതാവു لَا إِلَٰهَ ഒരു ആരാധ്യനേയില്ല, ദൈവമില്ല إِلَّا هُوَ അവനല്ലാതെ خَالِقُ സ്രഷ്ടാവാണു, സൃഷ്ടിച്ചവനാണു كُلِّ شَيْءٍ എല്ലാ വസ്തുവെയും فَاعْبُدُوهُ അതിനാൽ അവനെ ആരാധിക്കുവിൻ وَهُوَ അവൻ, അവനാകട്ടെ عَلَىٰ كُلِّ شَيْءٍ എല്ലാ വസ്തുവിൻമേലും, കാര്യത്തിനും وَكِيلٌ (ബാധ്യത) ഏൽപിക്കപ്പെട്ട (ഏറ്റെടുത്ത)വനാണ് 103. لَا تُدْرِكُهُ അവനെ കണ്ടെത്തുക (കണ്ടുപിടിക്കുക)യില്ല الْأَبْصَارُ ദൃഷ്ടികൾ, കണ്ണുകൾ وَهُوَ يُدْرِكُ അവനാകട്ടെ കണ്ടെത്തുന്നു, കാണുകയും ചെയ്യും الْأَبْصَارَ ദൃഷ്ടികളെ وَهُوَ اللَّطِيفُ അവൻ സസൂക്ഷ്മനത്രെ, സൗമ്യനാകുന്നു الْخَبِيرُ സൂക്ഷ്മജ്ഞാനി

(*) ക്രിസ്ത്യാനികൾ യേശുവിനെ (ഈസാ നബിയെ) പ്പറ്റി ദൈവപുത്രനെന്നു പറയുന്നതു സാധാരണ അർത്ഥത്തിലുള്ള പ്രകൃതി ജനനത്തിന്റെ അടിസ്ഥാനത്തിലല്ലെന്നും, അതുകൊണ്ട് ദൈവത്തിനു (അല്ലാഹുവിനു) ഒരു കൂട്ടുകാരി ഇല്ലാത്ത സ്ഥിതിക്കു അവന് എങ്ങിനെ സന്താനമുണ്ടാകുമെന്ന ന്യായം തങ്ങളെ ബാധിക്കുന്നില്ലെന്നും മറ്റും ഇക്കാലത്തു അവർ ഉരുവിടാറുണ്ട്. ഈ വാദം അടിമുടി തെറ്റാണെന്നുള്ളതിരിക്കട്ടെ, അതു ശരിയാണെന്നു സമ്മതിച്ചു കൊടുത്താൽ തന്നെയും ഏതർത്ഥത്തിലും ഏതടിസ്ഥാനത്തിലുമുള്ള പുത്രത്വവും പിതൃത്വവും സ്ഥാപിക്കേണമെങ്കിൽ, അതേ അർത്ഥത്തിലും അതേ അടിസ്ഥാനത്തിലുമുള്ള ഒരു മാതൃത്വവും ഉണ്ടായിരിക്കാതെ അതെങ്ങിനെ ശരിയാകും?! കള്ളവാദത്തിനും വേണ്ടേ പ്രത്യക്ഷത്തിലെങ്കിലും ഒരു ന്യായം?!

സൃഷ്ടികളുടെ കണ്ണുകൊണ്ടു കണ്ടുപിടിക്കുവാനും, അവരുടെ കാഴ്ചക്കു എത്തിച്ചേരുവാനും സാധ്യമല്ലാത്തവിധം അതിസൂക്ഷ്മനും സൗമ്യനുമായുള്ളവനുമത്രെ അല്ലാഹു. അതേ സമയം എല്ലാ സൃഷ്ടികളെയും കാഴ്ചകളെയും കണ്ടറിയുന്ന സൂക്ഷ്മജ്ഞാനിയുമാണവൻ. കേവലം ചെറുതെങ്കിലും അതിവിപുലവും ആഴമേറിയതുമായ ആശയങ്ങൾ ഉൾക്കൊള്ളുന്ന ഒരു വചനമാണിത്. അല്ലാഹുവിന്റെ പരമോന്നതവും പരിശുദ്ധവുമായ ഗുണമഹത്വങ്ങളെ മനസ്സിലാക്കുന്നതിന് അടിസ്ഥാന നിദാനങ്ങളായി കരുതപ്പെടുന്ന രണ്ടു തിരുവചനങ്ങളിൽ ഒന്നാണിത്. മറ്റൊന്നു لَيْسَ كَمِثْلِهِ شَيْءٌ وَهُوَ السَّمِيعُ الْبَصِيرُ (അവനെപ്പോലെ ഒരു വസ്തുവും ഇല്ല; അവൻ എല്ലാം കേട്ടറിയുന്നവനാണ്; കണ്ടറിയുന്നവനാണ്.) എന്ന വചനമാണ്. (ശൂറാ:11) അല്ലാഹുവിന്റെ ഗുണവിശേഷങ്ങളെയും വിശേഷണനാമങ്ങളെയും ഈ രണ്ടു വാക്യങ്ങളുടെ അടിസ്ഥാനത്തിലല്ലാതെ വ്യാഖ്യാനിക്കുവാൻ പാടില്ലെന്നു പല മഹാൻമാരും ചൂണ്ടിക്കാട്ടിയിരിക്കുന്നു.

ചില യുക്തി ന്യായങ്ങളെ മുൻനിറുത്തി പരലോകത്തുവെച്ചും സൃഷ്ടികൾക്ക് അല്ലാഹുവിനെ കാണുവാൻ സാധ്യമല്ലെന്നു വാദിക്കുന്ന മുഅ്തസിലീ കക്ഷിക്കാർ, ഈ വചനം തങ്ങൾക്കു തെളിവായി എടുത്തു പറയാറുണ്ട്. വാസ്തവത്തിൽ, സത്യവിശ്വാസികൾക്കു പരലോകത്തുവെച്ച് അല്ലാഹുവിനെ കാണുവാനുള്ള മഹാഭാഗ്യം സിദ്ധിക്കുമെന്നു ഖുർആനിൽതന്നെ വ്യക്തമായി പ്രസ്താവിക്കപ്പെട്ടിട്ടുള്ളതാണ്. അല്ലാഹു പറയുന്നു: وُجُوهٌ يَوْمَئِذٍ نَاضِرَةٌ إِلَى رَبِّهَا نَاظِرَةٌ - الآية (ചില മുഖങ്ങൾ അന്നത്തെ ദിവസം – ഖിയാമത്തു നാളിൽ – പ്രസന്നങ്ങളായിരിക്കും; അവയുടെ റബ്ബിന്റെ നേരെ നോക്കിക്കാണുന്നവയായിരിക്കും. (75: 22, 23) മറ്റൊരു സ്ഥലത്തു സത്യനിഷേധികളെക്കുറിച്ചു പറയുന്നു: كَلَّا إِنَّهُمْ عَنْ رَبِّهِمْ يَوْمَئِذٍ لَمَحْجُوبُونَ الآية (വേണ്ട, നിശ്ചയമായും അവർ, തങ്ങളുടെ റബ്ബിൽ നിന്നു അന്ന് മറയിടപ്പെട്ടവർ തന്നെയായിരിക്കും.) ഹദീസുകളാകട്ടെ, ഈ വിഷയത്തിൽ നിരവധിയുണ്ടു താനും. കൂടുതൽ വിവരം 75:22–25ന്റെ വ്യാഖ്യാനത്തിലും മറ്റും കാണുക.

104. (പറയുക:)'നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നു നിങ്ങൾക്കു ഉൾക്കാഴ്ച(ക്കുള്ള തെളിവു)കൾ വന്നു കഴിഞ്ഞിരിക്കുന്നു.

١٠٤- قَدْ جَاءَكُمْ بَصَائِرُ مِنْ رَبِّكُمْ ۖ

അതിനാൽ, ആർ (മനോദൃഷ്ടികൊണ്ടു) കണ്ടറിഞ്ഞുവോ (അതിന്റെ ഗുണം) അവന്റെ സ്വന്തത്തിനു തന്നെ.

فَمَنْ أَبْصَرَ فَلِنَفْسِهِ ۖ

ആർ (കണ്ടറിയാതെ) അന്ധനായോ (അതിന്റെദോഷം) അതിന്റെമേൽ തന്നെ.

وَمَنْ عَمِيَ فَعَلَيْهَا ۚ

ഞാൻ നിങ്ങളുടെമേൽ ഒരു കാവൽക്കാരനല്ല.'

وَمَا أَنَا عَلَيْكُمْ بِحَفِيظٍ ۝

---

104. قَدْ جَاءَكُمْ നിങ്ങൾക്കു വന്നു കഴിഞ്ഞു بَصَائِرُ (ഉൾ) കാഴ്ചകൾ (തെളിവുകൾ) مِنْ رَبِّكُمْ നിങ്ങളുടെ റബ്ബിങ്കൽനിന്നു فَمَنْ أَبْصَرَ എന്നാൽ(അതിനാൽ) ആർ കണ്ടറിഞ്ഞുവോ فَلِنَفْسِهِ എന്നാൽ ഗുണം അവന്റെ സ്വന്തത്തിനു (അവനു) തന്നെയാണു وَمَنْ عَمِيَ ആർ അന്ധനായയോ فَعَلَيْهَا എന്നാൽ ദോഷം അതിന്റെമേൽ (തന്നെ) ആയിരിക്കും وَمَا أَنَا ഞാനല്ലതാനും عَلَيْكُمْ നിങ്ങളുടെ മേൽ بِحَفِيظٍ ഒരു സൂക്ഷിപ്പു(കാവൽ) കാരൻ.

ഹൃദയം കൊണ്ട് കണ്ടറിഞ്ഞ് കാര്യങ്ങൾ ഗ്രഹിക്കുവാൻ വേണ്ടത്ര തെളിവുകൾ നിങ്ങൾക്കു കിട്ടിക്കഴിഞ്ഞിട്ടുണ്ട്. തെളിവു കിട്ടിയില്ലെന്ന ഒഴികഴിവുകൾക്ക് ഇനി നിവൃത്തിയില്ല. അതുകൊണ്ടു സത്യം മനസ്സിലാക്കി സ്വീകരിക്കുവാൻ തയ്യാറുള്ളവർ അതിനൊരുങ്ങിക്കൊള്ളട്ടെ. അതിന്റെ ഗുണം അവർക്കു തന്നെയായിരിക്കും. അതല്ല, കണ്ണടച്ച് അന്ധരായിക്കഴിയുവാനാണു വല്ലവരും ഉദ്ദേശിക്കുന്നതെങ്കിൽ അവർ അങ്ങിനെയും ചെയ്തുകൊള്ളട്ടെ; അതിന്റെ ഭവിഷ്യത്തു അവർ തന്നെ അനുഭവിക്കേണ്ടി വരും. എന്നല്ലാതെ, നിങ്ങളുടെ ഉത്തരവാദിത്വമൊന്നും ഞാൻ ഏറ്റെടുത്തിട്ടില്ല. സത്യാവസ്ഥയും, അതിന്റെ തെളിവുകളും വിവരിച്ചുതരുക മാത്രമേ എന്റെ ബാധ്യതയുള്ളു; അതു ഞാൻ നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ടു എന്നിങ്ങിനെ ജനങ്ങളെ അറിയിക്കുവാൻ നബി (സ)യോടു അല്ലാഹു കൽപിക്കുകയാണ്.

بصيرة (ബസ്വീറത്ത്)ന്റെ ബഹുവചനമാണു بصائر (ബസ്വാഇര്‍). ഉള്‍കാഴ്ച, അഥവാ മനോദൃഷ്ടി എന്ന അര്‍ത്ഥത്തിലാണ് അതിന്റെ ഉപയോഗം. പുറംകാഴ്ച, അഥവാ ബാഹ്യദൃഷ്ടി എന്ന അര്‍ത്ഥത്തില്‍ بصر (ബസ്വര്‍) എന്ന വാക്കും ഉപയോഗിക്കുന്നു. ഇതിന്റെ ബഹുവചനം ابصار (അബ്സ്വാര്‍) എന്നത്രെ. അല്ലാഹു പറയുന്നു: فانها لا تعمى الابصار ولكن تعمى القلوب التى فى الصدور (സാരം: ബാഹ്യദൃഷ്ടികള്‍ക്കല്ല അന്ധത ബാധിക്കുന്നത്. പക്ഷേ, നെഞ്ചുകളിലുള്ള ഹൃദയങ്ങള്‍ക്കാണു അന്ധത ബാധിക്കുന്നത്' (ഹജ്ജ്: 46)

105. അപ്രകാരം, ദൃഷ്ടാന്തങ്ങളെ നാം വിവിധ രൂപത്തില്‍ വിവരിക്കുന്നു. 'നീ പഠിച്ചുവെച്ചിരിക്കുന്നു' വെന്ന അവര്‍ പറയുവാന്‍ വേണ്ടിയും, അറിയാവുന്ന ജനങ്ങള്‍ക്ക ഇത്ു നാം വിവരിച്ചു കൊടുക്കുവാന്‍ വേണ്ടിയും (കൂടിയാണത്).

١٠٥- وَكَذَٰلِكَ نُصَرِّفُ ٱلْءَايَٰتِ وَلِيَقُولُوا۟ دَرَسْتَ وَلِنُبَيِّنَهُۥ لِقَوْمٍ يَعْلَمُونَ ○

---

105. كذلك അതുപോലെ, അപ്രകാരം نصرف നാം വിവിധ രൂപത്തില്‍ വിവരിക്കുന്നു الايات ദൃഷ്ടാന്തങ്ങളെ وليقولوا അവര്‍ പറയുവാന്‍ വേണ്ടിയും درست നീ പഠിച്ചുവെച്ചിരിക്കുന്നു ولنبينه അതിനെ നാം വിവരിച്ചു കൊടുക്കുവാനും لقوم ഒരു ജനത (ജനങ്ങള്‍)ക്കു يعلمون അറിയുന്ന

ഇങ്ങിനെ വിവിധ രൂപത്തിലായി ദൃഷ്ടാന്തങ്ങള്‍ വിവരിച്ചു തന്നു കൊണ്ടിരിക്കുന്നതു കാര്യം മനസ്സിലാക്കുന്നവര്‍ക്കു അതു മനസ്സിലാക്കുവാനുള്ള സൗകര്യത്തിനു വേണ്ടിയാകുന്നു. അതിനു പുറമെ, അതിന്റെ അനന്തരഫലമായി മറ്റൊരു സംഗതികൂടി ഉണ്ടായിത്തീരുന്നു. ഇതൊക്കെ നീ മറ്റാരില്‍ നിന്നോ പഠിച്ചു വെച്ചു ഞങ്ങളോടു പറയുകയാണു – ഇതൊന്നും അല്ലാഹുവില്‍ നിന്നുള്ളതല്ല – എന്നിങ്ങിനെ ആ അവിശ്വാസികള്‍ നബി (സ) യോടു പറയുവാനും ഇതു കാരണമാകുന്നു. അഥവാ അങ്ങിനെ കലാശിക്കും എന്നു സാരം. മറ്റേ ഒരു വാഹന അപകടത്തില്‍ പെട്ടെന്നു മരണപ്പെടുമ്പോള്‍ 'അവന്‍ മരിക്കുവാന്‍വേണ്ടി ആ വാഹനത്തില്‍ കയറി' എന്നു പറയാറുള്ളതു പോലെയുള്ള ഒപ്പോപരമായ ഒരു ശൈലിയാണു وليقولوا (അവര്‍ പറയുവാന്‍ വേണ്ടിയും....) എന്ന വാക്യം.

'ഇതു മുഹമ്മദു കെട്ടിയുണ്ടാക്കിയ നുണ മാത്രമാണു. വേറെ ചിലര്‍ അവനെ അതിനു സഹായിക്കുകയും ചെയ്തിരിക്കുന്നു. ഇതു പൂര്‍വ്വികന്‍മാരുടെ പുരാണ കഥകളല്ലാതെ മറ്റൊന്നുമല്ല. അതവന്‍ എഴുതിയെടുത്തിരിക്കുകയാണ്.' (25: 4, 5) എന്നും, 'അവന് ഏതോ ഒരു മനുഷ്യന്‍ പഠിപ്പിക്കുന്നതു തന്നെയാണിത്' (16: 103) എന്നുമൊക്കെ അവിശ്വാസികള്‍ പറയാറുണ്ടായിരുന്നുവല്ലോ. അല്ലാഹു നബി (സ) യോടു പറയുന്നു: —

106. (നബിയേ) നിനക്കു നിന്റെ റബ്ബിങ്കല്‍നിന്നു 'വഹ്‌യു' നല്‍കപ്പെട്ടിട്ടുള്ളതിനെ നീ പിന്‍പറ്റിക്കൊള്ളുക.

അവനല്ലാതെ ആരാധ്യനേയില്ല.

'മുശ്‌രിക്കു' [ബഹുദൈവ വിശ്വാസി] കളില്‍ നിന്നു നീ തിരിഞ്ഞുകളയുകയും ചെയ്യുക.

١٠٦- ٱتَّبِعْ مَآ أُوحِىَ إِلَيْكَ مِن رَّبِّكَ ۖ لَآ إِلَٰهَ إِلَّا هُوَ ۖ وَأَعْرِضْ عَنِ ٱلْمُشْرِكِينَ ○

---

106. اتبع നീ പിന്‍പറ്റുക ما اوحى വഹ്‌യു നല്‍കപ്പെട്ടിട്ടുള്ളതിനെ اليك നിനക്കു من ربك നിന്റെ റബ്ബില്‍നിന്നു لا اله ആരാധ്യനേയില്ല الا هو അവനല്ലാതെ واعرض തിരിഞ്ഞുകളയുകയും (അവഗണിക്കുകയും) ചെയ്യുക عن المشركين മുശ്‌രിക്കുകളില്‍ നിന്നു, ബഹുദൈവ വിശ്വാസികളെപ്പറ്റി

۱۰۷- وَلَوْ شَاءَ اللَّهُ مَا أَشْرَكُوا ۗ

107. അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ അവർ ശിർക്കു ചെയ്യുമായിരുന്നില്ല.

وَمَا جَعَلْنَاكَ عَلَيْهِمْ حَفِيظًا ۖ

നിന്നെ അവരുടെ മേൽ നാം ഒരു കാവൽക്കാരനാക്കിയിട്ടില്ല താനും.

وَمَا أَنتَ عَلَيْهِم بِوَكِيلٍ ○

നീ അവരുടെ മേൽ (ബാധ്യത) ഏറ്റെടുത്ത (അഥവാ ഏൽപിക്കപ്പെട്ട) വനല്ലതാനും.

---

107. وَلَوْ شَاءَ എങ്കിൽ, അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ مَا أَشْرَكُوا അവർ ശിർക്കു (പങ്കുചേർക്കൽ) ചെയ്യുമായിരുന്നില്ല وَمَا جَعَلْنَاكَ നിന്നെ നാം ആക്കിയിട്ടുമില്ല عَلَيْهِمْ അവരുടെമേൽ, അവരിൽ حَفِيظًا സൂക്ഷിപ്പു(കാവൽ)ക്കാരൻ وَمَا أَنتَ നീ അല്ലതാനും عَلَيْهِمْ അവരുടെ മേൽ بِوَكِيلٍ ഏറ്റെടുത്തവൻ, ഏൽപിക്കപ്പെട്ടവൻ

മലക്കുകളെപ്പോലെ എല്ലാവരും പരിശുദ്ധരും സത്യവിശ്വാസികളുമായിരിക്കണം— ആരും ശിർക്കു ചെയ്യുന്നവരായിക്കൂടാ— എന്നു് അല്ലാഹു ഉദ്ദേശിച്ചിട്ടില്ല. അങ്ങിനെ അവൻ ഉദ്ദേശിച്ചിരുന്നുവെങ്കിൽ അങ്ങിനെത്തന്നെ സംഭവിക്കുമായിരുന്നു. പക്ഷെ, സത്യാസത്യങ്ങൾ ഗ്രഹിച്ചു് സത്യം സ്വീകരിക്കുന്നവർ അതു സ്വീകരിച്ചുകൊള്ളട്ടെ. അല്ലാത്തവർ മുശ്‌രിക്കുകളുമായിരുന്നുകൊള്ളട്ടെ, രണ്ടിന്റെയും ഫലം പിന്നീടവർ അനുഭവിച്ചുകൊള്ളും എന്നത്രെ അവൻ നിശ്ചയിച്ചു വെച്ചിരിക്കുന്നത്. അതുകൊണ്ടു ജനങ്ങളെ സത്യവിശ്വാസത്തിലേക്കു നിർബ്ബന്ധിച്ചു വരുത്തുകയോ അവരുടെ ഉത്തരവാദിത്വം നബി (സ) ഏറ്റെടുക്കുകയോ വേണമെന്നില്ല എന്നു സാരം.

۱۰۸- وَلَا تَسُبُّوا الَّذِينَ يَدْعُونَ مِن دُونِ اللَّهِ

108. അല്ലാഹുവിന പുറമെ അവർ വിളി(ച്ചു പ്രാർത്ഥി)ക്കുന്നവരെ നിങ്ങൾ ശകാരിക്കരുതു്.

فَيَسُبُّوا اللَّهَ عَدْوًا بِغَيْرِ عِلْمٍ ۗ

(കാരണം) അപ്പോൾ വിവരമില്ലാതെ അവർ അല്ലാഹുവിനെ അതിരുവിട്ടു് ശകാരിച്ചേക്കും.

كَذَٰلِكَ زَيَّنَّا لِكُلِّ أُمَّةٍ عَمَلَهُمْ

അപ്രകാരം, എല്ലാ സമുദായത്തിനും അവ(രവ)രുടെ പ്രവർത്തനം നാം ഭംഗിയാക്കികൊടുത്തിരിക്കുന്നു.

ثُمَّ إِلَىٰ رَبِّهِم مَّرْجِعُهُمْ

പിന്നീടു, അവരുടെ റബ്ബിങ്കലേക്കാണു് അവരുടെ മടങ്ങിവരവു്.

فَيُنَبِّئُهُم بِمَا كَانُوا يَعْمَلُونَ ○

അപ്പോൾ, അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനെപ്പറ്റി അവരെ അവൻ ബോധപ്പെടുത്തുന്നതാണു്.

---

108 وَلَا تَسُبُّوا നിങ്ങൾ പഴിക്കരുതു്, ശകാരിക്കരുതു് الَّذِينَ يَدْعُونَ അവർ വിളിക്കുന്ന (പ്രാർത്ഥിക്കുന്ന) വരെ مِن دُونِ اللَّهِ അല്ലാഹുവിനു പുറമെ فَيَسُبُّوا അപ്പോൾ അവർ പഴിച്ചേക്കും, ശകാരിക്കും اللَّهَ അല്ലാഹുവിനെ عَدْوًا ക്രമം തെറ്റി(അതിരുവിട്ടു)കൊണ്ടു بِغَيْرِ عِلْمٍ വിവരമില്ലാതെ كَذَٰلِكَ അപ്രകാരം زَيَّنَّا നാം ഭംഗിയാക്കി (അലങ്കാരമാക്കി)യിരിക്കുന്നു لِكُلِّ أُمَّةٍ എല്ലാ സമുദായത്തിനും عَمَلَهُمْ അവരുടെ പ്രവർത്തനം ثُمَّ പിന്നെ, പിന്നീടു إِلَىٰ رَبِّهِم അവരുടെ റബ്ബിങ്കലേക്കാണു مَرْجِعُهُمْ അവരുടെ മടങ്ങി വരവു فَيُنَبِّئُهُم അപ്പോൾ അവൻ അവരെ ബോധപ്പെടുത്തും, അറിയിക്കും بِمَا كَانُوا അവരായിരുന്നതിനെപ്പറ്റി يَعْمَلُونَ അവർ പ്രവർത്തിക്കും.

ബഹുദൈവ വിശ്വാസികൾ വിളിച്ചുപ്രാർത്ഥിച്ചു വരുന്ന വസ്തുക്കളെ മുസ്‌ലിംകൾ പഴിച്ചും ശകാരിച്ചും സംസാരിക്കുന്നപക്ഷം, ആ വിവരം കേട്ടവർക്ക് അതു സഹിക്കുവാൻ കഴിയുകയില്ല. അവർ പകരം അല്ലാഹുവിനെപ്പറ്റി അതിരു കവിഞ്ഞ പഴിവാക്കുകൾ പറയുവാൻ അതു കാരണമായിത്തീരും. അതുകൊണ്ട് അവരുടെ ആരാധ്യ വസ്തുക്കളെ മുസ്‌ലിംകൾ പഴിച്ചു പറയരുതെന്നു അല്ലാഹു വിരോധിക്കുന്നു. ഒരു കാര്യം സ്വതവേ നിർദ്ദോഷകരമായിരുന്നാൽപോലും അതു അനിഷ്ടകരമായ ഒരു ദോഷത്തിനു കാരണമായിത്തീരുന്നപക്ഷം അതിൽനിന്നു ഒഴിഞ്ഞു നിൽക്കേണ്ടതുണ്ട് എന്നത്രെ ഇതിലടങ്ങിയ തത്വം. നബി (സ) ഒരിക്കൽ ഇങ്ങിനെ പറയുകയുണ്ടായി: 'തന്റെ മാതാപിതാക്കളെ പഴിച്ചവൻ ശപിക്കപ്പെട്ടവനാകുന്നു.' ഇതു കേട്ടപ്പോൾ സഹാബികൾ ചോദിച്ചു: 'റസൂലേ, ഒരാൾ എങ്ങിനെ അയാളുടെ മാതാപിതാക്കളെ പഴിക്കും?' തിരുമേനി ഉത്തരം പറഞ്ഞു: 'അവൻ മറ്റൊരുവന്റെ വാപ്പയെ പഴിക്കും. അപ്പോൾ അവൻ, ഇവന്റെ വാപ്പയെയും ഉമ്മയെയും പഴിക്കും ഇങ്ങിനെയാണതു.' (ബു;മു)

ഓരോ സമുദായത്തിനും അവരുടെ പ്രവർത്തനം നാം ഭംഗിയാക്കിയിരിക്കുന്നു. (زينا لكل امة عملهم) എന്ന വാക്യത്തിന്റെ താൽപര്യം: ഓരോ സമുദായക്കാരും ആചരിച്ചുവരുന്ന നടപടിക്രമങ്ങൾ നല്ലതും വേണ്ടപ്പെട്ടതുമാണെന്ന് അവർക്കു തോന്നുക സ്വാഭാവികമാണ്; അങ്ങിനെയുള്ള ഒരു സ്വഭാവ പ്രകൃതിയാണ് മനുഷ്യനു നൽകപ്പെട്ടിരിക്കുന്നതു; അതനുസരിച്ചു അവരുടെ ദൈവങ്ങളെ ബഹുമാനിക്കുന്നതും വന്ദിക്കുന്നതുമൊക്കെ നല്ല കാര്യമാണെന്ന് അവർ കരുതിവെക്കുകയാണ്; അതുകൊണ്ടു അവയെ നിങ്ങൾ പഴിക്കുന്നപക്ഷം അവർ കൂടുതലായി ധിക്കാരത്തിനും അക്രമത്തിനും മുതിരുകയാണുണ്ടാകുക എന്നൊക്കെയാകുന്നു.

١٠٩- وَأَقْسَمُوا بِاللَّهِ جَهْدَ أَيْمَانِهِمْ لَئِن جَاءَتْهُمْ آيَةٌ لَّيُؤْمِنُنَّ بِهَا

109. തങ്ങൾക്കു കഴിയും പ്രകാരം അവർ അല്ലാഹുവിൽ സത്യം ചെയ്ത് (ഉറപ്പിച്ച്) പറയുന്നു:

തങ്ങൾക്കു വല്ല (പ്രത്യേക) ദൃഷ്ടാന്തവും വന്നു കിട്ടിയെങ്കിൽ, തീർച്ചയായും അവർ അതിൽ വിശ്വസിക്കുക തന്നെ ചെയ്യുമെന്ന്.

قُلْ إِنَّمَا الْآيَاتُ عِندَ اللَّهِ وَمَا يُشْعِرُكُمْ أَنَّهَا إِذَا جَاءَتْ لَا يُؤْمِنُونَ ○

പറയുക: 'നിശ്ചയമായും, ദൃഷ്ടാന്തങ്ങൾ അല്ലാഹുവിന്റെ അടുക്കൽ (മാത്രം) ആണുള്ളത്:

നിങ്ങൾക്ക് എന്തറിയാം, അതു വന്നു കിട്ടിയാൽ അവർ വിശ്വസിക്കുന്നതല്ല എന്നുള്ളതു?!'

---

109. واقسموا അവർ സത്യം ചെയ്തു (പറഞ്ഞു), സത്യം ചെയ്യുന്നു, (ചെയ്യുകയാണു) بالله അല്ലാഹുവിൽ, അല്ലാഹുവിനെക്കൊണ്ടു جهد കഴിയും പ്രകാരം (ബുദ്ധിമുട്ടാവുന്ന(ത) ايمانهم തങ്ങളുടെ സത്യ (ശപഥ)ങ്ങളിൽവെച്ചു لئن جاءتهم തീർച്ചയായും തങ്ങൾക്കു വന്നുവെങ്കിൽ آية വല്ല ദൃഷ്ടാന്തവും, ഒരു ദൃഷ്ടാന്തം ليؤمنن അവർ വിശ്വസിക്കുക തന്നെ ചെയ്യും بها അതിൽ قل പറയുക إنما الآيات നിശ്ചയമായും ദൃഷ്ടാന്തങ്ങൾ عند الله അല്ലാഹുവിന്റെ അടുക്കൽ (മാത്രം) ആകുന്നു وما يشعركم നിങ്ങൾക്കു എന്തറിയാം, നിങ്ങളെ ബോധപ്പെടുത്തുന്നതെന്തു انها അതു(ആകുന്നു) എന്നുള്ളതു اذا جاءت അതുവന്നാൽ لا يؤمنون അവർ വിശ്വസിക്കുകയില്ല (എന്നു)

നിങ്ങൾക്ക അതറിയുകയില്ല. എന്നാൽ, അല്ലാഹുവിനറിയാം; ദൃഷ്ടാന്തം കണ്ടാലും അവർ വിശ്വസിക്കുകയില്ലെന്ന്.

110. അവർ ഇതിൽ [ഖുർആനിൽ] ആദ്യ പ്രാവശ്യം (തന്നെ) വിശ്വസിക്കാതിരുന്നപോലെ, അവരുടെ ഹൃദയങ്ങളെയും, ദൃഷ്ടികളെയും നാം മറിച്ചുകൊണ്ടിരിക്കുന്നതാണ്. അവരുടെ അതിരു കവിച്ചലിൽ (അന്ധാളിപ്പ്) അലഞ്ഞുകൊണ്ടിരിക്കുമാറ് അവരെ നാം വിട്ടേക്കുന്നതുമാണ്.

١١٠- وَنُقَلِّبُ أَفْئِدَتَهُمْ وَأَبْصَارَهُمْ كَمَا لَمْ يُؤْمِنُوا بِهِ أَوَّلَ مَرَّةٍ وَنَذَرُهُمْ فِي طُغْيَانِهِمْ يَعْمَهُونَ ۝

---

110. نقلب നാം മറിച്ചുകൊണ്ടിരിക്കുന്നു افئدتهم അവരുടെ ഹൃദയങ്ങളെ وابصارهم അവരുടെ ദൃഷ്ടി(കാഴ്ച)കളെയും كما لم يؤمنوا അവർ വിശ്വസിക്കാത്തപോലെ به ഇതിൽ, അതിൽ اول مرة ഒന്നാം (ആദ്യ) പ്രാവശ്യം ونذرهم അവരെ നാം വിടുകയും ചെയ്യുന്നു في طغيانهم അവരുടെ അതിരു കവിച്ചലിൽ, ധിക്കാരത്തിൽ يعمهون അവർ അന്തം വിട്ടു (പരിഭ്രമിച്ചു - അന്ധാളിച്ചു - അലഞ്ഞു) കൊണ്ടിരിക്കുമാറ്

ആദ്യം മുതൽക്കേ അവർ ഖുർആനെ എതിർക്കുകയും നിഷേധിക്കുകയുമാണു ചെയ്തു വന്നത്. തെളിവുകളിലും ലക്ഷ്യങ്ങളിലും അവർ ശ്രദ്ധ കൊടുത്തതേയില്ല. എനി, പുതിയൊരു ദൃഷ്ടാന്തം കണ്ടാലും അവർ വിശ്വസിക്കുവാൻ പോകുന്നില്ല. അവരുടെ മനസ്സിനും കാഴ്ചകൾക്കുമൊക്കെ തകരാറ് ബാധിച്ചിരിക്കുന്നു. ഹൃദയം കൊണ്ട് ആലോചിച്ചോ, കണ്ണുകൊണ്ട് കണ്ടറിഞ്ഞോ കാര്യം മനസ്സിലാക്കി അവർ സത്യം സ്വീകരിച്ചേക്കുമെന്നുള്ള പ്രതീക്ഷക്കു എനി അവകാശമില്ല. അവർ കൂടുതൽ കൂടുതൽ മുഴുകിക്കൊണ്ടിരിക്കുകയാണ്. അവർ ചെയ്യുന്നതൊക്കെ ചെയ്തുകൊള്ളട്ടെ എന്നുവെച്ച് തൽക്കാലം നാം അവരെ അയച്ചുവിടുകയാണു ചെയ്യുന്നത് എന്ന താൽപര്യം.

'അവരുടെ പ്രവർത്തനത്തെ അവർക്കു നാം ഭംഗിയാക്കി,' 'അവരുടെ ഹൃദയങ്ങളെയും കാഴ്ചകളെയും നാം മറിച്ചുകൊണ്ടിരിക്കുന്നു,' 'അവരുടെ അതിക്രമത്തിൽ അന്ധാളിച്ചു വിഹരിക്കുവാൻ നാം അവരെ വിട്ടുകളയുന്നു' എന്നിത്യാദി പ്രയോഗങ്ങളിൽ അടങ്ങിയ ആശയങ്ങളെപ്പറ്റി പല സന്ദർഭങ്ങളിലും നാം മുമ്പു വിവരിച്ചു കഴിഞ്ഞിട്ടുള്ളതാണ്.

വിഭാഗം–14

ജുസ്ഉ്–8

111. നാം അവരിലേക്ക മലക്കുകളെ ഇറക്കിയെന്നിരുന്നാലും, മരണപ്പെട്ടവർ അവരോടു സംസാരിക്കുകയും ചെയ്തു (വെന്നാലും), അവർക്കു (ദൃഷ്ടാന്തമായി) എല്ലാ വസ്തുക്കളെയും കൂട്ടം കൂട്ടമായി നാം ശേഖരിച്ചു (കൂട്ടി) കൊടുക്കുകയും ചെയ്തു (വെന്നാലും), അവർ വിശ്വസിക്കുവാൻ (തയ്യാർ) ആകുന്നതല്ല–അല്ലാഹു ഉദ്ദേശിക്കുന്നതായാലല്ലാതെ.

പക്ഷേ, അവരിലധികമാളുകളും അറിയാതിരിക്കുകയാണ്.

١١١- وَلَوْ أَنَّنَا نَزَّلْنَا إِلَيْهِمُ الْمَلَائِكَةَ وَكَلَّمَهُمُ الْمَوْتَىٰ وَحَشَرْنَا عَلَيْهِمْ كُلَّ شَيْءٍ قُبُلًا مَا كَانُوا لِيُؤْمِنُوا إِلَّا أَنْ يَشَاءَ اللَّهُ وَلَٰكِنَّ أَكْثَرَهُمْ يَجْهَلُونَ ۝

---

111. ولو انا നാമായിരുന്നെങ്കിൽ نزلنا നാം ഇറക്കി (യിരുന്നു) اليهم അവരിലേക്കു الملئكة മലക്കുകളെ وكلمهم അവരോടു സംസാരിക്കുകയും ചെയ്തു الموتى മരണപ്പെട്ടവർ وحشرنا നാം ശേഖരിക്കുക(ഒരുമിച്ചുകൂട്ടുക)യും ചെയ്തു عليهم അവർക്ക كل شيء എല്ലാ വസ്തുക്കളും قبلا കൂട്ടങ്ങളായി, കൂട്ടം കൂട്ടമായി ما كانوا അവർ ഉണ്ടാകുകയില്ല, ആകുകയില്ല ليؤمنوا അവർ വിശ്വസിക്കുക, വിശ്വസിക്കുവാൻ الا ان يشاء ഉദ്ദേശിക്കുന്നതായാലല്ലാതെ الله അല്ലാഹു ولكن പക്ഷേ اكثرهم അവരിൽ അധികവും يجهلون അറിയാതിരിക്കുന്നു (അജ്ഞരാണ്)

109-ാം വചനത്തിലെ വിഷയവുമായി ബന്ധപ്പെട്ടതാണു ഈ വചനവും. തങ്ങൾക്കു വല്ല പ്രത്യേക ദൃഷ്ടാന്തവും കാണിച്ചു തന്നാൽ തങ്ങൾ വിശ്വസിച്ചുകൊള്ളാമെന്ന് അവർ-മുശ്‌രിക്കുകൾ-സത്യം ചെയ്തു പറയുന്നതിന് അർത്ഥമില്ല. എത്ര വമ്പിച്ച ദൃഷ്ടാന്തം കണ്ടാലും അവർ വിശ്വസിക്കുവാൻ മുമ്പോട്ടു വരുകയില്ല. അത്രയും മുഴുത്തു കടുത്തു പോയിട്ടുണ്ട് അവരുടെ ഹൃദയങ്ങൾ എന്നാണു ചുരുക്കം. അവർക്കു ആകാശത്തു നിന്നു ഒരു വാതിൽ തുറന്നു കൊടുത്തിട്ട് അവർ അതിലൂടെ കയറിപ്പോയാലും തങ്ങളുടെ കാഴ്ചക്കു ലഹരി ബാധിച്ചിരിക്കുകയാണു, തങ്ങൾക്കു മാരണം ബാധിച്ചിരിക്കുകയാണു എന്നൊക്കെ അവർ പറയുമെന്നു സൂറ: ഹിജ്ർ 14, 15 വചനങ്ങളിൽ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. അതുപോലെയുള്ള ഒരു പ്രസ്താവനയാണിതും.

അല്ലാഹുവിന്റെ ഉദ്ദേശ്യം കൂടാതെ ഒരു കാര്യവും-നൻമയാകട്ടെ തിൻമയാകട്ടെ-സംഭവിക്കുകയില്ലെന്നും, ഓരോന്നിനും ഇന്നിന്ന പ്രകാരമെന്നുള്ള ഒരു വ്യവസ്ഥ അവൻ നിശ്ചയിച്ചു വെച്ചിട്ടുണ്ടെന്നും ഖുർആനിൽ നിന്നും നബിവചനങ്ങളിൽ നിന്നും പരക്കെ അറിയപ്പെട്ടതാണ്. ഈ വിഷയത്തിൽ നാനാവശങ്ങളെയും സംബന്ധിച്ചു സൂറത്തുൽ ഹദീദിനു ശേഷമുള്ള 'ഖളാ-ഖദ്ർ' എന്ന ശീർഷകത്തിൽ നൽകിയ വ്യാഖ്യാനക്കുറിപ്പിൽ തെളിവുകൾ സഹിതം വിശദമായി വിവരിച്ചിട്ടുണ്ട്. അല്ലാഹു ഉദ്ദേശിച്ചാലല്ലാതെ അവർ വിശ്വസിക്കുകയില്ല (ما كانوا ليؤمنوا الا ان يشاء الله) അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ അവർ ശിർക്കു ചെയ്യുമായിരുന്നില്ല (ولو شاء الله ما اشركوا) എന്നിങ്ങിനെയുള്ള ഖുർആൻ വാക്യങ്ങളുടെ താൽപര്യവും, അവയ്ക്കു ചില തൽപര കക്ഷികൾ നൽകാറുള്ള ദുർവ്യാഖ്യാനങ്ങൾക്കു മറുപടിയും അതിൽനിന്നു നല്ലപോലെ മനസ്സിലാക്കാവുന്നതാണ്. ان شاء الله

112. അതുപോലെ, എല്ലാ പ്രവാചകൻമാർക്കും നാം ഓരോ ശത്രുവെ ഏർപ്പെടുത്തിയിരിക്കുന്നു, അതായത്, മനുഷ്യരിലെയും ജിന്നുകളിലെയും പിശാചുക്കളെ, അവരിൽ ചിലർ ചിലരോടു [തമ്മതമ്മിൽ] വഞ്ചനയായി മോടിവാക്കു സ്വകാര്യബോധനം നൽകിക്കൊണ്ടിരിക്കുന്നതാണ്.

നിന്റെ രക്ഷിതാവ് ഉദ്ദേശിച്ചിരുന്നെങ്കിൽ അവരതു ചെയ്യുമായിരുന്നില്ല. ആകയാൽ, അവരെയും, അവർ കെട്ടിച്ചമക്കുന്നതിനെയും നീ (അങ്ങു) വിട്ടേക്കുക.

١١٢- وَكَذَٰلِكَ جَعَلْنَا لِكُلِّ نَبِيٍّ عَدُوًّا شَيَاطِينَ الْإِنسِ وَالْجِنِّ يُوحِي بَعْضُهُمْ إِلَىٰ بَعْضٍ زُخْرُفَ الْقَوْلِ غُرُورًا ۚ وَلَوْ شَاءَ رَبُّكَ مَا فَعَلُوهُ ۖ فَذَرْهُمْ وَمَا يَفْتَرُونَ ○

113. പരലോകത്തിൽ വിശ്വസിക്കാത്തവരുടെ ഹൃദയങ്ങൾ അതിലേക്കു ചായുവാൻവേണ്ടിയും, അവരതു തൃപ്തിപ്പെടുവാൻവേണ്ടിയും, അവർ പ്രവർത്തിച്ചുണ്ടാക്കുന്നതു അവർ പ്രവർത്തിച്ചുണ്ടാക്കുവാൻവേണ്ടിയുമാകുന്നു (അതു).

١١٣- وَلِتَصْغَىٰ إِلَيْهِ أَفْئِدَةُ الَّذِينَ لَا يُؤْمِنُونَ بِالْآخِرَةِ وَلِيَرْضَوْهُ وَلِيَقْتَرِفُوا مَا هُم مُّقْتَرِفُونَ ○

---

112. وكذلك അപ്രകാരം, അതുപോലെ جعلنا നാം ആക്കി(ഏർപ്പെടുത്തി)യിരിക്കുന്നു لكل نبي എല്ലാ പ്രവാചകനും عدوا ഒരു (ഓരോ) ശത്രുവെ شياطين അതായതു പിശാചുക്കളെ الانس മനുഷ്യരിലെ والجن ജിന്നിലെയും يوحي വഹ്‌യ് (രഹസ്യ ഭാഷണം) നൽകുന്നതാണു بعضهم അവരിൽ ചിലർ الى بعض ചിലരിലേക്കു, ചിലരോടു زخرف القول മോടി വാക്കു, കൃത്രിമവാക്കു, തങ്കമൊഴി غرورا വഞ്ചന (ചതി) യായിട്ടു, കൃത്രിമമായി ولو شاء ഉദ്ദേശിച്ചിരുന്നെങ്കിൽ ربك നിന്റെ റബ്ബു ما فعلوه അവരതു ചെയ്യുമായിരുന്നില്ല فذرهم അതിനാൽ അവരെ വിട്ടേക്കുക وما يفترون അവർ കെട്ടിച്ചമക്കുന്നതിനെയും.
113. ولتصغى ചായ്‌വാനും, മറിയുവാനും اليه അതിലേക്കു افئدة ഹൃദയങ്ങൾ الذين യാതൊരുവരുടെ لا يؤمنون വിശ്വസിക്കാത്ത بالآخرة പരലോകത്തിൽ وليرضوه അതവർ തൃപ്തിപ്പെടുവാനും وليقترفوا അവർ പ്രവർത്തിച്ചു (സമ്പാദിച്ചു)ണ്ടാക്കുവാനും ما യാതൊന്നു هم അവർ مقترفون പ്രവർത്തിച്ചുണ്ടാക്കുന്നവരാണ്,

നബി (സ) തിരുമേനിക്ക മാത്രമല്ല ശത്രുക്കളെക്കൊണ്ടുള്ള ശല്യവും ബുദ്ധിമുട്ടും ഉണ്ടായിട്ടുള്ളത്. കഴിഞ്ഞുപോയ എല്ലാ നബിമാർക്കും ഇതുപോലെ, മനുഷ്യരായ പിശാചുക്കളും, ജിന്നുകളായ പിശാചുക്കളും ശത്രുക്കളുണ്ടായിരുന്നു. അവർ പരസ്പരം—ഇരുകൂട്ടരും തമ്മിലും, ഓരോ കൂട്ടരും തങ്ങളിലും—വഞ്ചനാപരമായ കൃത്രിമവാക്കുകൾ മോടിപിടിപ്പിച്ചു സ്വകാര്യമായി കൈമാറിക്കൊണ്ടിരിക്കും. അവരുടെ പതിവാണത്. അല്ലാഹു ഉദ്ദേശ്യപൂർവ്വം നടപ്പിലാക്കുന്നതു തന്നെയാണിതൊക്കെ. അഥവാ, അതിൽ പല യുക്തി രഹസ്യങ്ങളും അടങ്ങിയിട്ടുണ്ട്. അതൊക്കെ അതിന്റെ പാട്ടിനു നടന്നു കൊള്ളട്ടെ എന്നത്രെ ആദ്യത്തെ വചനത്തിന്റെ ചുരുക്ക സാരം.

രണ്ടാമത്തെ വചനത്തിന്റെ സാരം ഇപ്രകാരമാകുന്നു:- അനുകൂലങ്ങളുടെയും പ്രതികൂലങ്ങളുടെയും സംഘട്ടനത്തിൽ നിന്നും, നല്ലതും ചീത്തയും തമ്മിലുള്ള മത്സരത്തിൽ നിന്നും ഉരുത്തിരിഞ്ഞുണ്ടാകുന്നതാണ യഥാർത്ഥ നൻമ. തിൻമക്കു സാദ്ധ്യതയും പ്രചോദനവുമില്ലാത്ത—നൻമക്കു മാത്രം സാഹചര്യമുള്ള നിലയിലുള്ള—ഒരു ചുറ്റുപാടിൽ ഉണ്ടാകുന്ന നൻമക്കു വലുതായൊന്നും സ്ഥാനം കൽപിക്കപ്പെടുവാനില്ല. സത്യവിശ്വാസവും സൽകർമ്മവും അവയുടെ പ്രതികൂല ശക്തികളെ തരണം ചെയ്തുകൊണ്ടായിരിക്കണം. കൂടാതെ, നല്ലതും ചീത്തയും തിരഞ്ഞെടുക്കുവാനുള്ള അഭിപ്രായ സ്വാതന്ത്ര്യം മനുഷ്യനു നൽകപ്പെട്ടിട്ടുള്ള സ്ഥിതിക്ക് അല്ലാഹുവെക്കുറിച്ചും പരലോകത്തെക്കുറിച്ചും വിശ്വാസമില്ലാത്ത സത്യനിഷേധികൾക്കു അവരുടെ ഇഷ്ടപ്രകാരം വിഹരിക്കുവാനുള്ള അവസരം ഇവിടെ ഉണ്ടായിരിക്കുകയും വേണമല്ലോ. അതിനെ, പ്രവാചകൻമാർ പ്രബോധനം ചെയ്യുന്ന ദൈവീക സന്ദേശങ്ങളെ എതിർക്കുന്നതിൽ മനുഷ്യരിലും ജിന്നുകളിലുമുള്ള പിശാചുക്കൾ നേതൃത്വം വഹിക്കുകയും, അല്ലാഹുവിലും പരലോകത്തിലും വിശ്വാസമില്ലാത്തവർ അവരുടെ ദുർമ്മന്ത്രങ്ങളിലും ദുഷ്പ്രേരണകളിലും ആകൃഷ്ടരായിത്തീരുകയും ചെയ്യുമെന്നു അല്ലാഹു നിശ്ചയിച്ചിരിക്കുകയാണ്. എല്ലാം അല്ലാഹുവിന്റെ ഉദ്ദേശ്യവും അറിവും അനുസരിച്ചു നടക്കുന്നതു തന്നെ.

ദുഷ്ടരായ മനുഷ്യരെക്കുറിച്ചാണു മനുഷ്യപ്പിശാചുക്കൾ എന്നു പറഞ്ഞതു. ജിന്നുകളിലുള്ള ദുഷ്ടൻമാരാണു ജിന്നു പിശാചുക്കൾ. الشياطين (പിശാചുക്കൾ) എന്ന ഉപാധികൂടാതെ ഉപയോഗിക്കപ്പെടുമ്പോൾ ജിന്ന് പിശാചുക്കളെ ഉദ്ദേശിച്ചായിരിക്കും സാധാരണ അതു പറയപ്പെടാറുള്ളത്. ജിന്നിനെയും പിശാചിനെയും സംബന്ധിച്ചു കൂടുതൽ വിവരം അറിയുവാൻ സൂറത്തുസ്സബഉ്ന്നു ശേഷമുള്ള 'ജിന്നും പിശാചും' എന്ന വ്യാഖ്യാനക്കുറിപ്പ് നോക്കുക.

114. (പറയുക:) 'അപ്പോൾ, അല്ലാഹു അല്ലാത്തവരെയോ ഞാൻ വിധി കർത്താവായി (തേടി) അന്വേഷിക്കുന്നതു? അവനത്രെ, വിശദീകരിക്കപ്പെട്ട നിലയിൽ നിങ്ങൾക്ക വേദഗ്രന്ഥം ഇറക്കിത്തന്നിട്ടുള്ളവൻ (എന്നിരിക്കെ)!'

أَفَغَيْرَ اللَّهِ أَبْتَغِي حَكَمًا وَهُوَ الَّذِي أَنزَلَ إِلَيْكُمُ الْكِتَابَ مُفَصَّلًا

നാം വേദഗ്രന്ഥം നൽകിയിട്ടുള്ളവരാകട്ടെ, അവർക്കറിയാം: അതു നിന്റെ റബ്ബിങ്കൽനിന്നു യഥാർത്ഥ പ്രകാരം ഇറക്കപ്പെട്ടതാണെന്നു.

وَالَّذِينَ آتَيْنَاهُمُ الْكِتَابَ يَعْلَمُونَ أَنَّهُ مُنَزَّلٌ مِّن رَّبِّكَ بِالْحَقِّ

അതിനാൽ, നിശ്ചയമായും, നീ സന്ദേഹപ്പെടുന്നവരുടെ കൂട്ടത്തിലായിത്തീരരുത്.

فَلَا تَكُونَنَّ مِنَ الْمُمْتَرِينَ ○

---

114. أَفَغَيْرَ الله അപ്പോൾ അല്ലാഹു അല്ലാത്തവരെയോ أبتغي ഞാൻ തേടുന്നു, അന്വേഷിക്കുന്നു حكما വിധികർത്താവായിട്ടു وهو الذي അവനത്രെ യാതൊരുവൻ أنزل إليكم നിങ്ങളിലേക്ക അവതരിപ്പിച്ചു, ഇറക്കിയ الكتاب (വേദ) ഗ്രന്ഥത്തെ مفصلا വിശദീകരിക്കപ്പെട്ടതായിക്കൊണ്ടു والذين യാതൊരു കൂട്ടരാവട്ടെ آتيناهم അവർക്ക നാം നൽകിയിരിക്കുന്ന الكتاب (വേദ) ഗ്രന്ഥം يعلمون അവരറിയും, അവർക്കറിയാം أنه منزل അതു ഇറക്കപ്പെട്ടതാണെന്നു من ربك നിന്റെ റബ്ബിങ്കൽനിന്നു بالحق യഥാർത്ഥ (മുറ) പ്രകാരം فلا تكونن അതിനാൽ നിശ്ചയമായും നീ ആയിരിക്കരുതു من الممترين സന്ദേഹപ്പെടുന്നവരിൽ (പെട്ടവൻ)

സംശയമുള്ളതല്ലെന്നു പറഞ്ഞതു പ്രത്യക്ഷത്തിൽ നബി (സ) യോടാണെങ്കിലും യഥാർത്ഥത്തിൽ ജനങ്ങളെ ഉന്നം വെച്ചുകൊണ്ടുള്ളതാകുന്നു. മുശ്‌രിക്കുകൾ വേദഗ്രന്ഥങ്ങളെക്കുറിച്ചു പരിചയമില്ലാത്തവരായതുകൊണ്ട് അവർ ഇതിൽ – ഖുർആനിൽ – സംശയിച്ചേക്കുവാനിടയുണ്ട്. വേദക്കാരെ സംബന്ധിച്ചേടത്തോളം ഇതിലെ ഉള്ളടക്കങ്ങളും തത്വങ്ങളും അവർക്കു സുപരിചിതമാണ്. അതുകൊണ്ട് അവർക്കതിന്റെ സത്യത അറിയാവുന്നതാണ്. എന്നു സാരം. വേദക്കാർ ഖുർആനെ നിഷേധിക്കുന്നതു അവർക്കു അതറിയാത്തതുകൊണ്ടല്ലെന്നും, അവരുടെ അസൂയയും സ്വാർത്ഥവും കാരണമാണെന്നും അല്ലാഹു വ്യക്തമായി പ്രസ്താവിക്കാറുള്ളതാണ്.

115. നിന്റെ റബ്ബിന്റെ വചനം സത്യത്തിലും, നീതിയിലും പരിപൂർണ്ണമായിരിക്കുന്നു. അവന്റെ വചനങ്ങൾക്കു മാറ്റം വരുത്തുന്നവനേ ഇല്ല.

അവൻ (എല്ലാം) കേൾക്കുന്നവനും അറിയുന്നവനുമത്രെ.

١١٥- وَتَمَّتْ كَلِمَتُ رَبِّكَ صِدْقًا وَعَدْلًا ۚ لَا مُبَدِّلَ لِكَلِمَاتِهِ ۚ وَهُوَ السَّمِيعُ الْعَلِيمُ ○

116. ഭൂമിയിലുള്ളവരിൽ അധികമാളുകളെയും നീ അനുസരിക്കുന്നപക്ഷം അവർ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിന്നു നിന്നെ വ്യതിചലിപ്പിക്കുന്നതാണ്.

അവർ ഊഹത്തെയല്ലാതെ പിൻപറ്റുന്നില്ല; അവർ മതിപ്പിട്ടു പറയുകയല്ലാതെ ചെയ്യുന്നുമില്ല.

١١٦- وَإِن تُطِعْ أَكْثَرَ مَن فِي الْأَرْضِ يُضِلُّوكَ عَن سَبِيلِ اللَّهِ ۚ إِن يَتَّبِعُونَ إِلَّا الظَّنَّ وَإِنْ هُمْ إِلَّا يَخْرُصُونَ ○

117. നിശ്ചയമായും, നിന്റെ രക്ഷിതാവ് തന്നെയാണ് അവന്റെ മാർഗ്ഗത്തിൽനിന്ന് വ്യതിചലിക്കുന്നവരെ ഏറ്റവും അറിയുന്നവൻ. അവൻ തന്നെയാണു സന്മാർഗ്ഗം പ്രാപിക്കുന്നവരെപ്പറ്റി ഏറ്റവും അറിയുന്നവനും.

١١٧- إِنَّ رَبَّكَ هُوَ أَعْلَمُ مَن يَضِلُّ عَن سَبِيلِهِ ۖ وَهُوَ أَعْلَمُ بِالْمُهْتَدِينَ ○

---

115. تمت പരിപൂർണ്ണമായിരിക്കുന്നു كلمت വാക്ക, വചനം ربك നിന്റെ റബ്ബിന്റെ صدقا സത്യത്തിൽ (സത്യത്താൽ–സത്യംകൊണ്ടു) وعدلا നീതിയിലും (നീതിയാലും) لا مبدل മാറ്റം വരുത്തുന്ന(പകരമുണ്ടാക്കുന്ന)വരില്ല لكلمته അവന്റെ വചന (വാക്ക–വാക്യ)ങ്ങൾക്ക وهو السميع അവൻ കേൾക്കുന്നവനത്രെ العليم അറിയുന്നവൻ. 116. وان تطع നീ അനുസരിക്കുന്നപക്ഷം اكثر അധികമാളെയും من في الارض ഭൂമിയിലുള്ളവരിൽ يضلوك അവർ നിന്നെ വഴിപിഴപ്പിക്കും, വ്യതിചലിപ്പിക്കും عن سبيل മാർഗ്ഗത്തിൽ (വഴിയിൽ) നിന്നു الله അല്ലാഹുവിന്റെ ان يتبعون അവർ പിൻപറ്റുന്നില്ല الا الظن ഊഹത്തെ (ഭാവനയെ) അല്ലാതെ وان هم അവരല്ലതാനും الا يخرصون അവർ മതിപ്പിടുക(മതിപ്പു പറയു ക)യല്ലാതെ. 117. ان ربك നിശ്ചയമായും നിന്റെ റബ്ബു هو اعلم അവൻ തന്നെ ഏറ്റം അറിയുന്നവൻ من يضل പിഴച്ചു(വ്യതിചലിച്ചു)പോകുന്നവരെ عن سبيله അവന്റെ മാർഗ്ഗത്തിൽനിന്ന് وهو اعلم അവൻ തന്നെ ഏറ്റം അറിയുന്നവനും بالمهتدين നേർവഴി (സന്മാർഗ്ഗം) പ്രാപിക്കുന്നവരെപ്പറ്റി അറിയുന്നവനും,

---

അല്ലാഹുവിന്റെ വചനങ്ങളെല്ലാം സത്യസമ്പൂർണ്ണങ്ങളായിരിക്കും. അവന്റെ കൽപന നിർദ്ദേശങ്ങൾ നീതിയുക്തങ്ങളുമായിരിക്കും. അവയിൽ നീക്കുപോക്കിനു സ്ഥാനമില്ല. അവക്കു പകരം അവയോടു കിടയൊക്കുന്നതോ, അവയേക്കാൾ പ്രായോഗികത്വമോ യുക്തമോ ആയതോ വേറൊന്ന് ആവിഷ്കരിക്കുവാൻ ആർക്കും സാധ്യമല്ല. അവന്റെ സൃഷ്ടികൾക്കു എന്തെല്ലാമാണ് ആവശ്യമായത്, അവരുടെ വിജയം എതിലാണ്, അവരുടെ പ്രകൃതി സ്വഭാവങ്ങൾക്കു അനുയോജ്യവും പ്രായോഗികവുമായതു എന്തൊക്കെയാണ് എന്നിത്യാദി കാര്യങ്ങൾ അറിയുന്നവൻ അവൻ മാത്രമാകുന്നു. എന്നാൽ, ഭൂവാസികളായ മനുഷ്യരിൽ ഭൂരിഭാഗവും ഈ യഥാർത്ഥ്യങ്ങൾ ഗ്രഹിക്കാതെ –അല്ലെങ്കിൽ ഗൗനിക്കാതെ– ഈ ഋജു പന്ഥാവിൽ നിന്ന പിഴച്ചു പോയിരിക്കുകയാണ്. ചില ഊഹങ്ങളെയും അനുമാനങ്ങളെയും അടിസ്ഥാനമാക്കി അവർ തെറ്റായ പല മാർഗ്ഗങ്ങളും നടപടി ക്രമങ്ങളും പിൻ

പറഞ്ഞുണ്ടാക്കുന്നു. സുദൃഢമായ ഏതെങ്കിലും തെളിവുകളെ അടിസ്ഥാനമാക്കിയല്ല അതെന്നും. 'അതാണു ന്യായം, ഇതാണു വേണ്ടത്, ജനഹിതം ഇന്നതാണ്, മുൻപഴക്കം ഇന്നതാണ്, സൗകര്യം ഇന്നിന്നപ്രകാരമാണ്' എന്നിങ്ങിനെ ചില ഊഹങ്ങളും കണക്കുകൂട്ടലുമാണ് അവരുടെ അവലംബം. അതുകൊണ്ടു ഭൂരിപക്ഷത്തിന്റെ അഭിപ്രായമോ, സംഖ്യാബലമോ കൊണ്ട് ഒരു കാര്യം ശരിയെന്നു കരുതി അതിനെ അനുകരിക്കുകയോ, പിൻതുടരുകയോ ചെയ്തുകൂടാ. അല്ലാഹുവിന്റെ വിധിയെന്താണു, അവൻ കാണിച്ചുതന്ന മാർഗ്ഗം ഏതാണ് എന്നുള്ളതായിരിക്കണം പ്രശ്നത്തിന്റെയും മാനദണ്ഡം. അതാണു നേരായ മാർഗ്ഗം. ആരെല്ലാമാണ് — ഏതുതരം ആളുകളാണ് — ആ മാർഗ്ഗം സ്വീകരിക്കുന്നവരെന്നും, ആരെല്ലാമാണ് — ഏതു തരം ആളുകളാണ് — അതിൽനിന്നു പിഴച്ചുപോകുന്നവരെന്നും ഏറ്റവും അറിയുന്നവനും അല്ലാഹുതന്നെ.

ഈ വചനങ്ങളിൽനിന്നു മനസ്സിലാക്കേണ്ടുന്ന ചില പ്രധാന വസ്തുതകൾ ഇവയാണ്: (1) ഖുർആനിലൂടെയോ, നബി (സ) മുഖേനയോ അല്ലാഹു അറിയിച്ചുതന്ന ഒരു തത്വത്തെയോ, വിധിയെയോ — കാലദേശ പരിതസ്ഥിതികളുടെയോ ജനഹിതത്തിന്റെയോ മറ്റോ പേരിൽ — മാററി നിശ്ചയിക്കുവാനോ, ഭേദഗതി ചെയ്‌വാനോ ആർക്കും അവകാശമില്ല. അതു സ്വീകാര്യമോ ഗുണകരമോ ആയിരിക്കയുമില്ല. ഉദാഹരണമായി: ഇന്നത്തെ ലോകഗതിയും അന്താരാഷ്ട്ര സാമ്പത്തിക വ്യവസ്ഥകളും കണക്കിലെടുക്കുമ്പോൾ, ഇസ്‌ലാമിൽ പലിശ ഇടപാടുകളുടെ നിരോധത്തിനു കുറച്ചൊക്കെ അയവു വരുത്തേണ്ടതുണ്ടെന്നു ആധുനിക വാദികളായ ചില പണ്ഡിതന്മാർ അഭിപ്രായപ്പെടാറുള്ളതു അല്ലാഹുവിന്റെ പ്രസ്താവനകൾക്കും, ഇസ്‌ലാമിന്റെ അടിസ്ഥാന തത്വങ്ങൾക്കും വിരുദ്ധമാകുന്നു. (2) ഭൂരിപക്ഷത്തിന്റെ തീരുമാനമോ അഭിപ്രായമോ ഇസ്‌ലാമികമായ ഒരു വിധി നിർണ്ണയിക്കുവാനുള്ള മാനദണ്ഡമാകുന്നതല്ല. അല്ലാഹുവും റസൂലും എന്തു കാണിച്ചു തരുന്നുവെന്നുള്ളതു മാത്രമാണതിന്റെ മാനദണ്ഡം. അല്ലാഹുവിന്റെയും റസൂലിന്റെയും വ്യക്തമായ നിർദ്ദേശങ്ങൾക്കു നിരക്കാത്ത ഭൂരിപക്ഷാഭിപ്രായത്തിനു — അല്ല, സമസ്ത ജനങ്ങളുടെ അഭിപ്രായത്തിനു തന്നെയും — മതത്തിൽ വിലയില്ല.

(3) അല്ലാഹു ചിലരെ നേർവഴിയിലാക്കുമെന്നും, ചിലരെ വഴിപിഴവിലാക്കുമെന്നും പോലെയുള്ള പ്രസ്താവനകളുടെ ഉദ്ദേശ്യം, ഒരു പ്രത്യേക മാനദണ്ഡമോ, യുക്തമായ അടിസ്ഥാനമോ ഇല്ലാതെ, അല്ലാഹു കുറേ ആളുകളെ നല്ലവരും, കുറേ ആളുകളെ ചീത്തപ്പെട്ടവരുമാക്കിത്തീർക്കുമെന്നല്ല. തക്കതായ കാരണങ്ങളുടെയും, യുക്തമായ വ്യവസ്ഥകളുടെയും അടിസ്ഥാനത്തിൽ മാത്രമായിരിക്കും അതു. ഈ വാസ്തവമത്രെ إن ربك هو أعلم من يضل عن سبيله (നിന്റെ റബ്ബിന്റെ മാർഗ്ഗത്തിൽനിന്നു പിഴച്ചു പോകുന്നവർ ആരാണെന്നു അവൻ ഏറ്റവും അറിയുന്നവനാണു. നേർമാർഗ്ഗം പ്രാപിക്കുന്നവരെക്കുറിച്ചും അവൻ ഏറ്റവും അറിയുന്നവനാണ്.) എന്ന വചനത്തിൽ കാണുന്നത്. സൂ: നഹ്ൽ 125; ഖസ്വസ്വ് 56; ഖലം 7 എന്നിവിടങ്ങളിലും ഇതു പോലെയുള്ള വാക്യങ്ങൾ കാണാവുന്നതാണ്.

118. അതിനാൽ, അല്ലാഹുവിന്റെ നാമം ഉച്ചരി (ച്ച് അറു)ക്കപ്പെട്ടതിൽനിന്ന നിങ്ങൾ തിന്നുകൊള്ളുവിൻ; നിങ്ങൾ അവന്റെ 'ആയത്തു' [ലക്ഷ്യം]കളിൽ വിശ്വസിക്കുന്നവരാണെങ്കിൽ.	١١٨- فَكُلُوا مِمَّا ذُكِرَ اسْمُ اللَّهِ عَلَيْهِ إِن كُنتُم بِآيَاتِهِ مُؤْمِنِينَ ○
119. അല്ലാഹുവിന്റെ നാമം ഉച്ചരി (ച്ച് അറു)ക്കപ്പെട്ടതിൽ നിന്നു തിന്നാതിരിക്കുമാറ് നിങ്ങൾക്കു (തടസ്സം) എന്താണ്?	١١٩- وَمَا لَكُمْ أَلَّا تَأْكُلُوا مِمَّا ذُكِرَ اسْمُ اللَّهِ عَلَيْهِ

118. فَكُلُوا അതിനാൽ നിങ്ങൾ തിന്നു (ഭക്ഷിക്ക)വിൻ مِمَّا ذُكِرَ പറയ (ഉച്ചരിക്ക)പ്പെട്ടതിൽ നിന്ന اسْمُ اللَّهِ അല്ലാഹുവിന്റെ നാമം عَلَيْهِ അതിന്റെ മേൽ إِن كُنتُم നിങ്ങളാണെങ്കിൽ بِآيَاتِهِ അവന്റെ ആയത്തു(ദൃഷ്ടാന്തം-ലക്ഷ്യം-വചനം)കളിൽ مُؤْمِنِينَ വിശ്വസിക്കുന്നവർ. 119. وَمَا لَكُمْ നിങ്ങൾക്കു എന്താണു أَلَّا تَأْكُلُوا നിങ്ങൾ തിന്നാതിരിക്കുവാൻ, തിന്നാതിരിക്കുമാറ് مِمَّا ذُكِرَ പറയപ്പെട്ടതിൽ നിന്ന اسْمُ اللَّهِ അല്ലാഹുവിന്റെ നാമം عَلَيْهِ അതിന്റെ മേൽ

وَقَدْ فَصَّلَ لَكُمْ مَّا حَرَّمَ عَلَيْكُمْ إِلَّا مَا اضْطُرِرْتُمْ إِلَيْهِ

നിങ്ങളുടെ മേൽ അവൻ നിഷിദ്ധമാക്കിയത് (എന്തൊക്കെ) അവൻ നിങ്ങൾക്ക് വിശദീകരിച്ചുതന്നിട്ടുമുണ്ട്. (എന്നിരിക്കെ)! (പക്ഷെ) നിങ്ങൾ യാതൊന്നിനു നിർബ്ബന്ധിതരാക്കപ്പെട്ടുവോ അതൊഴികെ. [അതിനു വിരോധമില്ലതാനും.]

وَإِنَّ كَثِيرًا لَّيُضِلُّونَ بِأَهْوَائِهِم بِغَيْرِ عِلْمٍ

ഒരു വിവരവും ഇല്ലാതെ, വളരെ ആളുകളും അവരുടെ ഇച്ഛകൾക്കനുസരിച്ചു (ആളുകളെ) വഴിപിഴപ്പിച്ചുകൊണ്ടിരിക്കുന്നു.

إِنَّ رَبَّكَ هُوَ أَعْلَمُ بِالْمُعْتَدِينَ ۝

നിശ്ചയമായും നിന്റെ റബ്ബ് അതിരു വിടുന്നവരെപ്പറ്റി ഏറ്റം അറിയുന്നവനത്രെ.

وقد فصل അവൻ വിശദീകരിച്ചിട്ടുമുണ്ട്, വിശദീകരിച്ചിരിക്കെ لكم നിങ്ങൾക്ക് ما حرم അവൻ ഹറാമാ(നിഷിദ്ധമാ)ക്കിയതിനെ عليكم നിങ്ങളുടെ മേൽ إلا ما യാതൊന്നൊഴികെ اضطررتم നിങ്ങൾ നിർബ്ബന്ധിതരാക്കപ്പെട്ടു إليه അതിലേക്ക്, അതിനു وإن كثيرا നിശ്ചയമായും പലരും, വളരെ ആളുകൾ ليضلون അവർ വഴിപിഴപ്പിക്കുകതന്നെ ചെയ്യുന്നു بأهوائهم അവരുടെ ഇച്ഛകൾക്കനുസരിച്ചു, തന്നിഷ്ടങ്ങൾ കൊണ്ടു بغير علم ഒരു വിവരവുമില്ലാതെ, അറിവു കൂടാതെ إن ربك നിശ്ചയമായും നിന്റെ റബ്ബ് هو أعلم അവൻ ഏറ്റം (നല്ലവണ്ണം) അറിയുന്നവനാണ് بالمعتدين അതിരു വിടുന്നവരെപ്പറ്റി.

അല്ലാഹുവിന്റെ നിയമനിർദ്ദേശങ്ങൾക്ക് എതിരായ ദുർബോധനങ്ങൾ വഴി ജനങ്ങളെ വഞ്ചിച്ചു വഴിപിഴപ്പിക്കുന്നവരെ അനുസരിക്കരുതെന്നും മറ്റും കഴിഞ്ഞ വചനങ്ങളിൽ പ്രസ്താവിച്ചു. ആ ദുർബോധനങ്ങളുടെ ഫലമായി മുശ്രിക്കുകൾക്കിടയിൽ പ്രചാരത്തിലുണ്ടായിരുന്ന ഒരു സമ്പ്രദായത്തെപ്പറ്റിയാണ് ഈ വചനത്തിൽ പ്രസ്താവിക്കുന്നത്. അതായത്, ജീവികളെ അറുക്കുമ്പോൾ അവർ അവരുടെ ആരാധ്യ വസ്തുക്കളുടെ—വിഗ്രഹങ്ങളുടെ—നാമത്തിൽ മാത്രമേ അറുക്കാറുണ്ടായിരുന്നുള്ളു. താനേ ചത്തുപോയ ശവങ്ങളെ അവർ ഭക്ഷിക്കുകയും ചെയ്തിരുന്നു. അല്ലാഹുവിന്റെ നാമത്തിലല്ലാതെ അറുക്കുവാൻ പാടില്ലെന്നും, ശവം നിഷിദ്ധമാണെന്നും കല്പിക്കപ്പെട്ടപ്പോൾ, മുസ്ലിംകൾക്കെതിരിൽ അവർ കുതർക്കങ്ങൾ പുറപ്പെടുവിച്ചുകൊണ്ടിരുന്നു. 'നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുന്നവരാണെന്നാണല്ലോ പറയുന്നത്. എന്നിട്ടും അല്ലാഹു കൊലപ്പെടുത്തിയതിനെ (ശവത്തെ) ഭക്ഷിക്കുവാൻ പാടില്ലെന്നും, നിങ്ങൾ കൊലപ്പെടുത്തിയതിനെ (അറുത്തതിനെ) ഭക്ഷിക്കാമെന്നും പറയുന്നതിന് എന്താണ് ന്യായമുള്ളത്?]' എന്നും മറ്റും. അതിലൊന്നും അവരെ അനുസരിക്കരുതെന്നും, നിങ്ങൾ സത്യവിശ്വാസികളായിരിക്കെ അല്ലാഹുവിന്റെ നാമത്തിൽ അറുക്കപ്പെട്ടതിനെ ഭക്ഷിക്കുവാൻ നിങ്ങൾ ഒട്ടും മടിക്കേണ്ടതില്ലെന്നും, അല്ലാത്തതു— ശവവും അന്യ നാമങ്ങളിൽ അറുക്കപ്പെട്ടതും— ഭക്ഷിക്കരുതെന്നും സത്യവിശ്വാസികളോട് അല്ലാഹു കല്പിക്കുകയാണ്.

നിങ്ങൾ നിർബ്ബന്ധിതരാകുന്ന അവസരങ്ങളിലൊഴിച്ച് മറ്റെല്ലായ്പ്പോഴും നിങ്ങൾക്കു ഭക്ഷിക്കുവാൻ പാടില്ലാത്തതു എന്തൊക്കെയാണെന്നു അല്ലാഹു വിവരിച്ചു തന്നിട്ടുണ്ട്. അതിൽ അല്ലാഹുവിന്റെ നാമത്തിൽ അറുക്കപ്പെട്ടതു പറഞ്ഞിട്ടില്ലല്ലോ. എന്നിരിക്കെ, അതു ഭക്ഷിക്കുന്നതിനു നിങ്ങൾ എന്തിനു മടിക്കണം? എന്നു ശക്തിയായ സ്വരത്തിൽ അല്ലാഹു സത്യവിശ്വാസികളോടു ചോദിച്ചതിൽ നിന്നു മുശ്രിക്കുകളുടെ തർക്കവും ആക്ഷേപവും വളരെ രൂക്ഷമായിരുന്നുവെന്നു മനസ്സിലാക്കാം. ഒരു വിവരവും കൂടാതെ—അഥവാ ന്യായമോ തെളിവോ കൂടാതെ—പലരും അവരുടെ തന്നിഷ്ടങ്ങൾക്കനുസരിച്ചു ജനങ്ങളെ വഴിപിഴപ്പിച്ചുകൊണ്ടിരിക്കുന്നു (وإن كثيرا ليضلون ....) എന്നു 119-ാം വചനത്തിലും, നിങ്ങളോടു തർക്കം നടത്തുവാൻവേണ്ടി ആ പിശാചുക്കൾ അവരുടെ മിത്രങ്ങൾക്കു സ്വകാര്യ ബോധനം നടത്തിവരുന്നുണ്ട് (وإن الشياطين ليوحون....) എന്നു 121-ാം വചനത്തിലും പ്രസ്താവിച്ചതിൽനിന്നു ഇതു കൂടുതൽ വ്യക്തമാകുന്നു. അതോടുകൂടി, തങ്ങളുടെ കുതർക്കങ്ങൾ കേട്ട് മുസ്ലിംകൾ വഞ്ചിതരായിപ്പോയേക്കുമെന്ന പ്രതീക്ഷ ആ മുശ്രിക്കുകൾ വെച്ചുകൊണ്ടിരിക്കണം എന്നൊരു സൂചനയും അതിൽ കാണാം.

ذكر اسم الله عليه (അല്ലാഹുവിന്റെ നാമം ഉച്ചരിക്കപ്പെട്ടതു–അഥവാ പറയപ്പെട്ടതു) എന്നു പറഞ്ഞതിന്റെ വിവക്ഷ അല്ലാഹുവിന്റെ നാമം ഉച്ചരിച്ചുകൊണ്ട് അറുക്കപ്പെട്ടതു എന്നാകുന്നു. أهل به (ശബ്ദം ഉയർത്തപ്പെട്ടതു) എന്ന വാക്കും ഇതേ ഉദ്ദേശത്തിൽ ഉപയോഗിക്കപ്പെടുമെന്നു സൂറത്തുൽ ബഖറ 173ലും, മാഇദ 4ലും വെച്ചു നാം കണ്ടുവല്ലോ. അതുപോലെയുള്ള ഒരു പ്രയോഗം തന്നെയാണ് ഇതും. നിങ്ങൾക്കു നിഷിദ്ധമാക്കപ്പെട്ടതു എന്താണെന്നു നിങ്ങൾക്കു വിശദീകരിച്ചു തന്നിട്ടുണ്ടു (وقد فصل لكم ...) എന്നു പറഞ്ഞതു താഴെ 145-ാം വചനത്തിലും, സൂറ: നഹ്ൽ 115 ലും നിഷിദ്ധമാക്കപ്പെട്ടിട്ടുള്ള ശവം, രക്തം, പന്നിമാംസം, അല്ലാഹു അല്ലാത്തവരുടെ നാമത്തിൽ അറുക്കപ്പെട്ടതു എന്നിവയെ ഉദ്ദേശിച്ചായിരിക്കാം. സൂറത്തുൽ ബഖറയിലും, മാഇദയിലും അവ നിഷിദ്ധമായി പ്രസ്താവിക്കപ്പെട്ടിട്ടുണ്ടെങ്കിലും ആ രണ്ടു സൂറത്തുകളും മദീനയിൽ അവതരിച്ചതും, ഈ സൂറത്തു മക്കയിൽ അവതരിച്ചതുമാകകൊണ്ടു ഇവിടെ ഉദ്ദേശ്യം അതായിരിക്കുവാൻ തരമില്ല. إلا ما നിർബ്ബന്ധിതാവസ്ഥയിൽ ഇവ തിന്നുന്നതിനു വിരോധമില്ലെന്നു അവിടങ്ങളിലും വ്യക്തമാക്കപ്പെട്ടിട്ടുള്ളതാണ്.

١٢٠- وَذَرُوا ظَاهِرَ الْإِثْمِ وَبَاطِنَهُ ۚ إِنَّ الَّذِينَ يَكْسِبُونَ الْإِثْمَ سَيُجْزَوْنَ بِمَا كَانُوا يَقْتَرِفُونَ ۝

120. കുറ്റത്തിൽ പ്രത്യക്ഷമായതിനെയും പരോക്ഷമായതിനെയും നിങ്ങൾ വിട്ടുകളയുവിൻ.

നിശ്ചയമായും, കുറ്റം സമ്പാദിക്കുന്നവർ, അവർ പ്രവർത്തിച്ചിരുന്നതിന് അവർക്കു പ്രതിഫലം നൽകപ്പെടും.

---

120. وذروا നിങ്ങൾ വിടുക (ഉപേക്ഷിക്കുക) ظاهر പ്രത്യക്ഷ (ബാഹ്യ-വ്യക്ത) മായതിനെ الإثم പാപത്തിൽ, കുറ്റത്തിൽ وباطنه അതിൽ പരോക്ഷ(അവ്യക്ത)മായതും, രഹസ്യവും إن നിശ്ചയമായും الذين يكسبون സമ്പാദിക്കുന്നവർ الإثم കുറ്റം, പാപം سيجزون അവർക്കു പ്രതിഫലം നൽകപ്പെടും بما كانوا അവരായിരുന്നതിന് يقترفون അവർ പ്രവർത്തിക്കും ചെയ്തുണ്ടാക്കും.

പ്രത്യക്ഷമായതോ പരോക്ഷമായതോ–അഥവാ പരസ്യമായതോ രഹസ്യമായതോ–ആയ എല്ലാതരം പാപങ്ങളും വർജ്ജിക്കണം. കാരണം, ഏതു തരത്തിലുള്ള പാപമായാലും അല്ലാഹു അതിനു തക്ക പ്രതിഫലം നൽകുക തന്നെ ചെയ്യുമെന്നു സാരം. നവ്വാസുബ്നുസംആൻ (النواس بن سمعان - رض) പറഞ്ഞതായി ഇമാം മുസ്ലിം (റ) ഇപ്രകാരം ഉദ്ധരിച്ചിരിക്കുന്നു: റസൂൽ (സ) തിരുമേനിയോടു ഞാൻ കുറ്റ (പാപ) ത്തെപ്പറ്റി ചോദിച്ചു. അവിടുന്നു പറഞ്ഞു: 'തന്റെ മനസ്സിൽ കെട്ടിപ്പിണയുന്നതാകുകയും, ജനങ്ങൾ കണ്ടറിയുന്നതിൽ തനിക്കു അനിഷ്ടം തോന്നുകയും ചെയ്യുന്ന കാര്യമാകുന്നു.'

١٢١- وَلَا تَأْكُلُوا مِمَّا لَمْ يُذْكَرِ اسْمُ اللَّهِ عَلَيْهِ وَإِنَّهُ لَفِسْقٌ ۗ وَإِنَّ الشَّيَاطِينَ لَيُوحُونَ إِلَىٰ أَوْلِيَائِهِمْ لِيُجَادِلُوكُمْ ۖ وَإِنْ أَطَعْتُمُوهُمْ إِنَّكُمْ لَمُشْرِكُونَ ۝ ع

121. അല്ലാഹുവിന്റെ നാമം ഉച്ചരി(ച്ച് അറു)ക്കപ്പെടാത്തതിൽനിന്ന് നിങ്ങൾ തിന്നരുത്.

നിശ്ചയമായും അതു, തോന്നിയവാസം തന്നെയാകുന്നു. നിശ്ചയമായും പിശാചുക്കൾ, നിങ്ങളോടു തർക്കം നടത്തുവാൻവേണ്ടി തങ്ങളുടെ മിത്രങ്ങളോടു സ്വകാര്യബോധനം നൽകിക്കൊണ്ടിരിക്കുക തന്നെ ചെയ്യും.

അവരെ നിങ്ങൾ അനുസരിക്കുന്ന പക്ഷം, നിശ്ചയമായും, നിങ്ങൾ 'മുശ്‌രിക്ക്'കൾ തന്നെയായിരിക്കും.

---

121. ولا تأكلوا നിങ്ങൾ തിന്നരുത് مما لم يذكر പറയ (ഉച്ചരിക്ക)പ്പെടാത്തതിൽ നിന്ന് اسم الله അല്ലാഹുവിന്റെ നാമം عليه അതിന്മേൽ وإنه നിശ്ചയമായും അതു لفسق തോന്നിയവാസം തന്നെയാണ് وإن الشياطين നിശ്ചയമായും പിശാചുക്കൾ ليوحون അവർ സ്വകാര്യബോധനം നൽകുന്നു إلى أوليائهم അവരുടെ (ബന്ധു) മിത്രങ്ങൾക്ക് ليجادلوكم അവർ നിങ്ങളോടു തർക്കം നടത്തുവാൻ വേണ്ടി وإن أطعتموهم അവരെ നിങ്ങൾ അനുസരിക്കുന്ന പക്ഷം إنكم നിശ്ചയമായും നിങ്ങൾ لمشركون മുശ്‌രിക്കുകൾ തന്നെയാകുന്നു

ജീവികളെ അറുക്കുന്നതു അല്ലാഹുവിന്റെ നാമത്തിലായിരിക്കേണ്ടതാണു്. അല്ലാഹുവിന്റെ നാമത്തില്ലാതെ അറുക്കുന്നതു തോന്നിയവാസമാകുന്നു. അതുകൊണ്ടു സത്യവിശ്വാസികൾക്കു് അതു ഭക്ഷിക്കുവാൻ പാടില്ല. അതിനെതിരായി ദുഷ്പ്രചരണവും കുതർക്കവും നടത്തിവരുന്ന ശത്രുക്കളാകുന്ന പിശാചുക്കളെ പറയുന്നതാണ്. നിങ്ങൾ അനുസരിക്കരുതു. അനുസരിക്കുന്ന പക്ഷം നിങ്ങൾ ശിർക്കു പ്രവർത്തിക്കലായിരിക്കും എന്ന സാരം. അല്ലാഹു നിഷിദ്ധമാക്കിയതിനെ അനുവദനീയമാക്കലും, അല്ലാഹു അല്ലാത്തവർക്കു ദൈവത്വം കൽപിക്കലുമാണല്ലോ അതു.

അല്ലാഹുവിന്റെ നാമം പറയപ്പെടാത്തതു (مالم يذكر اسم الله عليه) എന്ന വാക്കിൽ, അല്ലാഹു അല്ലാത്തവരുടെ നാമം പറഞ്ഞു അറുക്കപ്പെട്ടതും, സ്വയം ചത്തതും, ആരുടെ നാമവും പറയാതെ അറുക്കപ്പെട്ടതും ഉൾപ്പെടുന്നു. അല്ലാഹു അല്ലാത്തവരുടെ നാമത്തിൽ അറുക്കപ്പെട്ടതും സ്വയം ചത്തതും നിഷിദ്ധമാണെന്നു 2: 173; 5: 4; 6: 145; 16:115 എന്നിവിടങ്ങളിൽ വ്യക്തമാക്കപ്പെട്ടിട്ടുള്ളതാണു. ആരുടെ നാമവും പറയപ്പെടാതെ അറുത്തതിനെ സംബന്ധിച്ചു–അറുത്ത ആൾ മുസ്‌ലിമായിരുന്നാൽ തന്നെയും–പണ്ഡിതൻമാർക്കിടയിൽ ഭിന്നാഭിപ്രായമാണുള്ളതു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, അറുക്കുമ്പോൾ, അല്ലാഹുവിന്റെ നാമം പറയൽ–'ബിസ്മി' ചൊല്ലൽ–നിർബ്ബന്ധമുണ്ടോ ഇല്ലേ എന്നതിൽ അഭിപ്രായ വ്യത്യാസമുണ്ടു. മുൻഗാമികളും പിൻഗാമികളുമായ പല മഹാൻമാരും അറുക്കുമ്പോൾ ബിസ്മി ചൊല്ലൽ നിർബന്ധമാണെന്നും, മറന്നുകൊണ്ടായാലും, കൽപിച്ചുകൂട്ടിക്കൊണ്ടായാലും ബിസ്മി ചൊല്ലാതെ അറുക്കപ്പെട്ടതു ഭക്ഷിച്ചുകൂടാ എന്നുമുള്ള അഭിപ്രായക്കാരാകുന്നു. ഈ വചനത്തിൽ നിന്നും മനസ്സിലാകുന്നതും അതു തന്നെ. وانه لفسق (അതു തോന്നിയവാസം തന്നെയാണ്) എന്നു അല്ലാഹു പറഞ്ഞിരിക്കുന്നതു പ്രത്യേകം ശ്രദ്ധേയമാകുന്നു. ബലവത്തായ പല ഹദീസുകളും അതാണു കാണിച്ചു തരുന്നതും.

എന്നാൽ, ഇമാം ശാഫി ഈ (റ) യുടെയും മറ്റു ചിലരുടെയും അഭിപ്രായം അറുക്കുമ്പോൾ ബിസ്മി ചൊല്ലണമെന്നു നിർബ്ബന്ധമില്ല–അതു വേണ്ടപ്പെട്ട കാര്യവും നല്ലതുമാണെന്നേയുള്ളൂ–എന്നാകുന്നു. അല്ലാഹുവിന്റെ നാമം പറയപ്പെടാതെ അറുത്തതു (مالم يذكر اسم الله عليه)എന്ന വാക്കിന്റെ താൽപര്യം, അല്ലാഹു അല്ലാത്തവരുടെ പേരിൽ അറുക്കപ്പെട്ടതു (ما اهل لغير الله به) എന്നത്രെ അവരുടെ അഭിപ്രായം. താഴെ 145–ാം വചനത്തിൽ, അല്ലാഹു അല്ലാത്തവരുടെ പേരിൽ അറുക്കപ്പെട്ടതിനെപ്പറ്റിയാണു 'തോന്നിയവാസം' (فسق) എന്നു വിശേഷിപ്പിച്ചിരിക്കുന്നതു. അതു പോലെ, ആ വിശേഷണം (وانه لفسق എന്നുള്ളതു) ഇവിടെയും അതിനെ ഉദ്ദേശിച്ചാണു–അല്ലാഹുവിന്റെ പേരു പറയാതെ അറുത്തതിനെ ഉദ്ദേശിച്ചല്ല–എന്നും അവർ പറയുന്നു. കൂടാതെ, ആയിശാ (റ)യുടെ ഒരു ഹദീസും ഇതിനു തെളിവായി ഉദ്ധരിക്കപ്പെടുന്നു. അതിങ്ങിനെയാണു: ചില ആളുകൾ റസൂൽ (സ) തിരുമേനിയോടു പറഞ്ഞു: 'അടുത്ത കാലത്തു ഇസ്‌ലാമിൽവന്ന ചില ജനങ്ങൾ ഞങ്ങളുടെ അടുക്കൽ മാംസവും കൊണ്ടുവരുന്നു. അതിൽ അല്ലാഹുവിന്റെ നാമം പറയപ്പെട്ടിരിക്കുമോ ഇല്ലേ (ബിസ്മി ചൊല്ലിയിരിക്കുമോ ഇല്ലേ) എന്നു ഞങ്ങൾക്കറിയുകയില്ല. (ഇതു ഞങ്ങൾക്കു ഭക്ഷിക്കാമോ?)' തിരുമേനി ഉത്തരം പറഞ്ഞു: 'നിങ്ങൾ അതിൽ അല്ലാഹുവിന്റെ നാമം പറഞ്ഞു (ബിസ്മിചൊല്ലി) ഭക്ഷിച്ചുകൊള്ളുവിൻ.' (ബുഖാരി).

അപ്പോൾ, അറുക്കുമ്പോൾ ബിസ്മിചൊല്ലൽ നിർബ്ബന്ധമുണ്ടെങ്കിൽ, അതിന്റെ സൂക്ഷ്മാവസ്ഥ അന്വേഷിക്കാതെ അതു ഭക്ഷിക്കുവാൻ നബി (സ) അനുവാദം കൊടുക്കുമായിരുന്നില്ല. അവിശ്വാസികൾ അവരുടെ വിഗ്രഹങ്ങളുടെയും മറ്റും പേരുകൾ പറഞ്ഞു കൊണ്ടു മാത്രം അറുക്കുകയും, അതിനെ ന്യായീകരിക്കുകയും ചെയ്യുന്നവരായിരുന്നതുകൊണ്ടാണ് അല്ലാഹുവിന്റെ നാമത്തിൽ അറുക്കുന്നതിനെപ്പറ്റി ഇത്രയും ശക്തിയായ ഭാഷയിൽ പ്രസ്താവിക്കുവാൻ കാരണം. അല്ലാഹുവിൽ വിശ്വസിക്കുന്ന സത്യവിശ്വാസികൾ അറുക്കുമ്പോഴും അല്ലാഹുവിന്റെ നാമം പറഞ്ഞു (ബിസ്മിചൊല്ലി) കൊണ്ടു അറുത്താലേ ഭക്ഷിക്കുവാൻ പാടുള്ളുവെന്ന് അതിൽ നിന്നു മനസ്സിലാക്കിക്കൂടാ. എന്നൊക്കെയാണ് ഈ അഭിപ്രായത്തിനു ന്യായീകരണം. മൂന്നാമതു ഒരഭിപ്രായം ഇതാണു: മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം, അവർ മറന്നുകൊണ്ടു ബിസ്മി വിട്ടുകളഞ്ഞാൽ വിരോധമില്ല. കൽപിച്ചുകൂട്ടി വിട്ടുകളഞ്ഞാൽ അതു നിഷിദ്ധമായിരിക്കും. ഇതു ഇമാം അബൂഹനീഫ (റ)യുടെയും മറ്റു ചില മഹാൻമാരുടെയും അഭിപ്രായമാകുന്നു. ഇതിന്റെ മുമ്പു പറഞ്ഞ അഭിപ്രായങ്ങൾക്കു മദ്ധ്യമായിട്ടുള്ളതാണിതു.

والله اعلم

وان الشياطين ليوحون .... (നിങ്ങളോടു തർക്കം നടത്തുവാൻവേണ്ടി പിശാചുക്കൾ അവരുടെ മിത്രങ്ങളോടു സ്വകാര്യബോധനം നടത്തുന്നു.) എന്ന പറഞ്ഞതു–മുമ്പു സൂചിപ്പിച്ചതുപോലെ–അല്ലാഹു കൊലപ്പെടുത്തിയതു (ശവം) തിന്നുകൂടാ എന്നും, നിങ്ങൾ കൊലപ്പെടുത്തിയതു (അറുക്കപ്പെട്ടതു) തിന്നാമെന്നും പറയുന്നതു ശരിയല്ലെന്നും മറ്റു

[illegible] യുക്തികളും വാദിച്ചും തർക്കിച്ചും കൊണ്ടിരിക്കുന്നതിനെ ഉദ്ദേശിച്ചാകുന്നു. وَإِنْ أَطَعْتُمُوهُمْ (നിങ്ങൾ അവരെ അനുസരിക്കുന്നപക്ഷം നിങ്ങളും മുശ്‌രിക്കുകൾ തന്നെ) എന്നു പറഞ്ഞതിന്റെ താൽപര്യം വ്യക്തമാണു. അവരെ അനുസരിക്കുക എന്നതിന്റെ അർത്ഥം അവരെപ്പോലെ അല്ലാഹു നിഷിദ്ധമാക്കിയതിനെ അനുവദനീയമാക്കുകയും, അല്ലാഹു അനുവദനീയമാക്കിയതിനെ നിഷിദ്ധമാക്കുകയും ചെയ്യുക എന്നാണല്ലോ. ഇതു ശിർക്കാണെന്നുള്ളതിൽ സംശയമില്ല. اتَّخَذُوا أَحْبَارَهُمْ وَرُهْبَانَهُمْ أَرْبَابًا مِنْ دُونِ اللَّهِ — الآية (അവർ–വേദക്കാർ– തങ്ങളുടെ പണ്ഡിതൻമാരെയും പുരോഹിതൻമാരെയും അല്ലാഹുവിനു പുറമെ റബ്ബുകളാക്കിയിരിക്കുന്നു (9:31) എന്ന ഖുർആൻ വചനം കൊണ്ടുദ്ദേശ്യം അവർ നിഷിദ്ധമാക്കിയതിനെയും അനുവദനീയമാക്കിയതിനെയും അതതുപടി അനുസരിക്കലാണെന്നു നബി (സ) പ്രസ്താവിച്ചതു പ്രസിദ്ധമാണല്ലോ. അല്ലാതെ– ചില സ്ഥാപിത താൽപര്യക്കാർ സമർത്ഥിച്ചു കാണാറുള്ളതുപോലെ–അല്ലാഹു അല്ലാത്ത വല്ലവരെയും അനുസരിക്കുന്നതെല്ലാം ശിർക്കായിത്തീരുമെന്ന അർത്ഥത്തിലല്ലതന്നെ.

വിഭാഗം–15

١٢٢- أَوَمَن كَانَ مَيْتًا فَأَحْيَيْنَاهُ وَجَعَلْنَا لَهُ نُورًا يَمْشِي بِهِ فِي النَّاسِ كَمَن مَّثَلُهُ فِي الظُّلُمَاتِ لَيْسَ بِخَارِجٍ مِّنْهَا

122. നിർജ്ജീവനായിരുന്നിട്ട് നാം അവനെ ജീവിപ്പിക്കുകയും, നാം അവന് ഒരു പ്രകാശം–അവൻ അതുമായി മനുഷ്യരിൽ നടക്കുമാറ്– ഉണ്ടാക്കിക്കൊടുക്കുകയും ചെയ്തിട്ടുള്ളവൻ (ഇങ്ങിനെയുള്ള) ഒരുവനെപ്പോലെയാണോ?! അവന്റെ ഉപമ (അവൻ) അന്ധകാരങ്ങളിലാണ്; അതിൽ നിന്നു അവൻ (രക്ഷപ്പെട്ട്) പുറത്ത് കടക്കുന്നവനേയല്ല. [ഇങ്ങിനെയുള്ളവനെപ്പോലെയാണോ അവൻ?]

كَذَٰلِكَ زُيِّنَ لِلْكَافِرِينَ مَا كَانُوا يَعْمَلُونَ

അതുപോലെ, അവിശ്വാസികൾക്കു അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതു ഭംഗിയായി കാണിക്കപ്പെട്ടിരിക്കുന്നു.

---

122. أَوَمَنْ യാതൊരുവനോ كَانَ അവനായിരുന്നു مَيْتًا നിർജ്ജീവൻ (ശവം) فَأَحْيَيْنَاهُ എന്നിട്ടു നാമവനെ ജീവിപ്പിച്ചു وَجَعَلْنَا لَهُ അവനു നാം ആക്കുക (ഏർപ്പെടുത്തുക–ഉണ്ടാക്കുക)യും ചെയ്തു نُورًا ഒരു പ്രകാശം, വെളിച്ചം يَمْشِي بِهِ അതുംകൊണ്ടു (അതുമായി) അവനു നടക്കാം, നടക്കമാറ് فِي النَّاسِ മനുഷ്യരിൽ, ജനങ്ങളിലൂടെ كَمَنْ യാതൊരുവനെപ്പോലെ(യോ) مَثَلُهُ അവന്റെ മാതിരി, ഉപമ فِي الظُّلُمَاتِ അന്ധകാരങ്ങളിലാണു لَيْسَ അവനല്ല بِخَارِجٍ പുറത്തുപോകുന്ന(കടക്കുന്ന)വനേ مِنْهَا അതിൽ (അവയിൽ)നിന്നു كَذَٰلِكَ അതുപോലെ, അപ്രകാരം زُيِّنَ ഭംഗിയായി (അലങ്കാരമായി) കാണിക്കപ്പെട്ടിരിക്കുന്നു لِلْكَافِرِينَ അവിശ്വാസികൾക്കു مَا كَانُوا അവരായിരിക്കുന്നതു يَعْمَلُونَ അവർ പ്രവർത്തിക്കും

അന്ധവിശ്വാസത്തിലും ദുരാചാരങ്ങളിലും മുഴുകി ഹൃദയവികാസവും, ആത്മീയബോധവും നശിച്ച് ജീവച്ഛവമായിത്തീർന്ന ശേഷം, അതിൽനിന്നു വിമുക്തരായി സത്യവിശ്വാസവും, സന്മാർഗ്ഗവും പ്രാപിക്കുമാറ് ഖുർആനാകുന്ന വെളിച്ചം ലഭിക്കുകയും, ആ വെളിച്ചവുംകൊണ്ടു ജനങ്ങൾക്കു ഒരു മാതൃകയാകുമാറ് അവരുടെ ഇടയിലൂടെ ചരിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന സത്യവിശ്വാസികളുടെ ഒരു വിഭാഗം. തന്നിഷ്ടം, അജ്ഞത, ദുർനടപ്പു, അവിശ്വാസം ആദിയായ അന്ധകാരങ്ങളിൽപെട്ട് സത്യവും സന്മാർഗ്ഗവും കാണാതെ നട്ടം തിരിഞ്ഞുകൊണ്ടിരിക്കുന്ന അവിശ്വാസികളായ മറ്റൊരു വിഭാഗം. ഈ രണ്ടു വിഭാഗക്കാരും തമ്മിൽ എങ്ങിനെ സമമാകും? എങ്ങിനെ പൊരുത്തപ്പെടും?! അതു സംഭവ്യമല്ല എന്നു ചൂണ്ടിക്കാട്ടുകയാണ് അല്ലാഹു.

അന്ധവിശ്വാസം, സത്യനിഷേധം, ദുർമ്മാർഗ്ഗം ആദിയായവയെ ഇരുട്ട്, അന്ധത, ബധിരത, നിർജ്ജീവത–അഥവാ മരണം–ആദിയായവയോടും, സത്യവിശ്വാസം, കാര്യബോധം, സന്മാർഗ്ഗം ആദിയായവയെ വെളിച്ചം, കണ്ണ്, ജീവിതം ആദിയായവയോടും ഉപമിച്ചുകൊണ്ടുള്ള പ്രസ്താവനകൾ ഖുർആനിൽ പലേടത്തും കാണാവുന്നതാകുന്നു.

ഹൃദയം ദുഷിച്ചു തോന്നിയവാസങ്ങൾക്കു അടിമപ്പെട്ടവർക്കു തങ്ങൾ ചെയ്യുന്നതും പറയുന്നതുമെല്ലാം – അതെത്ര നീചമോ നികൃഷ്ടമോ ആയിരുന്നാലും – നല്ലതും അലങ്കാരവുമായി തോന്നലും, അതിൽ അഭിമാനം കൊള്ളലും പതിവാണല്ലോ. അതാണു 'അവിശ്വാസികൾക്കു അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതു ഭംഗിയായി കാണിക്കപ്പെട്ടിരിക്കുന്നു.' എന്നു പറഞ്ഞതു.

١٢٣- وَكَذَٰلِكَ جَعَلْنَا فِي كُلِّ قَرْيَةٍ أَكَٰبِرَ مُجْرِمِيهَا لِيَمْكُرُوا۟ فِيهَا ۖ وَمَا يَمْكُرُونَ إِلَّا بِأَنفُسِهِمْ وَمَا يَشْعُرُونَ ۝

123. അപ്രകാരം, എല്ലാ രാജ്യത്തിലും അതിലെ കുററവാളികളിൽ വലിയവൻമാരെ നാം ഏർപ്പെടുത്തിയിരിക്കുന്നു, അവരതിൽ (കു)തന്ത്രം പ്രയോഗിക്കുവാനായിട്ട്.

(വാസ്തവത്തിൽ) അവർ അവരോടു തന്നെയല്ലാതെ (കു)തന്ത്രം പ്രയോഗിക്കുന്നുമില്ല. അവർക്കു ബോധം വരുന്നില്ലതാനും.

---

123. وكذلك അതുപോലെ, അപ്രകാരം جعلنا നാം ആക്കി(ഏർപ്പെടുത്തി)യിരിക്കുന്നു في كل قرية എല്ലാ രാജ്യത്തിലും اكابر വലിയവൻമാരെ (മൂപ്പൻമാരെ) مجرميها അതിലെ കുററവാളികളിലെ ليمكروا അവർ തന്ത്രം പ്രവർത്തിക്കുവാൻ വേണ്ടി, കുതന്ത്രം പ്രയോഗിക്കുവാൻ فيها അതിൽ وما يمكرون അവർ തന്ത്രം പ്രവർത്തിക്കുന്നുമില്ല الا بأنفسهم അവരുടെ സ്വന്തങ്ങളിൽ (തങ്ങളോടുതന്നെ) അല്ലാതെ وما يشعرون അവർ അറിയുന്നില്ലതാനും, അവർക്കു ബോധം വരുന്നുമില്ല

അന്ധകാരത്തിലകപ്പെട്ട് തപ്പിത്തടഞ്ഞും, ചെയ്യുന്നതെല്ലാം ശരിയാണെന്നു കരുതിയും കൊണ്ടിരിക്കുന്നവരെപ്പററി കഴിഞ്ഞ വചനത്തിൽ പ്രസ്താവിച്ചു. അതുപോലെ, സ്വാധീനവും ശക്തിസാമർത്ഥ്യവും ഉപയോഗപ്പെടുത്തിയും, കുതന്ത്രങ്ങൾ പ്രയോഗിച്ചും ജനങ്ങളെ വഴിപിഴപ്പിക്കുന്ന ദുഷ്ട നേതാക്കളുമുണ്ട്. ഈ സമുദായത്തിലും ഈ നാട്ടിലും മാത്രമല്ല, മുൻ പ്രവാചകൻമാർക്കും അവരുടെ സമുദായങ്ങൾക്കും അത്തരക്കാരെക്കൊണ്ടുള്ള ശല്യങ്ങൾ അനുഭവപ്പെട്ടിരുന്നു. പ്രവാചകൻമാരുടെ പ്രബോധനങ്ങൾക്കെതിരിൽ അത്തരക്കാർ നടത്തുന്ന എല്ലാ അടവുകളും അവർ പയററിക്കൊള്ളട്ടെ എന്നുവെച്ച് അല്ലാഹു അവരെ വിട്ടിരിക്കുകയാണ്. അതിന്റെ ദോഷ ഫലം യഥാർത്ഥത്തിൽ അവർ തന്നെയാണ് അനുഭവിക്കുക. പ്രവാചകൻമാർക്കും സത്യവിശ്വാസികൾക്കും അതുമൂലം പരാജയം സംഭവിക്കുവാനില്ല. പക്ഷെ, ആ അറിവും ബോധവും അവർക്കുണ്ടാകുന്നില്ല. എന്നു സാരം.

١٢٤- وَإِذَا جَآءَتْهُمْ ءَايَةٌ قَالُوا۟ لَن نُّؤْمِنَ حَتَّىٰ نُؤْتَىٰ مِثْلَ مَآ أُوتِىَ رُسُلُ ٱللَّهِ ۘ ٱللَّهُ أَعْلَمُ حَيْثُ يَجْعَلُ رِسَالَتَهُۥ

124. അവർക്കു വല്ല ദൃഷ്ടാന്തവും (അഥവാ ലക്ഷ്യവും) വന്നാൽ, അവർ പറയും: 'അല്ലാഹുവിന്റെ റസൂലുകൾ [ദൂതൻമാർ]ക്കു നൽകപ്പെട്ടതു പോലെ ഞങ്ങൾക്കു നൽകപ്പെടുന്നതുവരേക്കും ഞങ്ങൾ വിശ്വസിക്കുകയേ ഇല്ല.'

അല്ലാഹു നല്ലവണ്ണം അറിയുന്നവനാണ്, തന്റെ 'രിസാലത്തു' [ദൗത്യം] ഏർപ്പെടുത്തേണ്ടുന്ന ഇടം (ഏതാണെന്ന്).

---

124. واذا جاءتهم അവർക്കു വന്നാൽ آية വല്ല ആയത്തും (ദൃഷ്ടാന്തം–ലക്ഷ്യം–വചനം) قالوا അവർ പറയും, പറയുകയായി لن نؤمن ഞങ്ങൾ വിശ്വസിക്കുകയില്ല തന്നെ حتى نؤتى ഞങ്ങൾക്കു നൽകപ്പെടുന്നതുവരെക്കും (നൽകപ്പെടാതെ) مثل ما യാതൊന്നുപോലെ اوتي നൽകപ്പെട്ടു رسل الله അല്ലാഹുവിന്റെ റസൂലുകൾ (ദൂതൻമാർ)ക്കു الله അല്ലാഹു اعلم നല്ലവണ്ണം (ഏററം) അറിയുന്നവനാണു حيث يجعل അവൻ ആക്കുന്നേടം, ഏർപ്പെടുത്തുന്ന ഇടം رسالته അവന്റെ ദൗത്യം

سَيُصِيبُ الَّذِينَ أَجْرَمُوا صَغَارٌ عِندَ اللَّهِ وَعَذَابٌ شَدِيدٌ بِمَا كَانُوا يَمْكُرُونَ ۝

കുററം പ്രവർത്തിച്ചവർക്ക അല്ലാഹുവിൻെറ അടുക്കൽ എളിമത്വവും, കഠിനശിക്ഷയും ബാധിക്കുന്നതാണു; അവർ (കു) തന്ത്രം പ്രയോഗിച്ചിരുന്നതു നിമിത്തം.

سيصيب ബാധിക്കും, വഴിയെ എത്തും الذين اجرموا കുററം പ്രവർത്തിച്ചവർക്ക صغار എളിമത്വം, നിന്ദ്യത, താൽപത عند الله അല്ലാഹുവിൻെറ അടുക്കൽ وعذاب ശിക്ഷയും شديد കഠിനമായ بما كانوا അവരായിരുന്നതു നിമിത്തം يمكرون തന്ത്രം പ്രയോഗിക്കും

സത്യം തെളിഞ്ഞു കാണുമാറുള്ള തെളിവുകൾ എത്ര കണ്ടാലും അവർ വിശ്വസിക്കുവാൻ പോകുന്നില്ല. ദുർഗ്ഗാഗ്യവും, മർക്കടമുഷ്ടിയും പിടിപെട്ടു കഴിഞ്ഞാൽ പിന്നെ [illegible] ഉണ്ടാകുക. 'അല്ലാഹുവിൻെറ ദൂതൻമാരെന്ന്' അവകാശപ്പെടുന്ന ഈ റസൂലുകൾക്കു ലഭിച്ചതു പോലെയുള്ളതു ഞങ്ങൾക്കും ലഭിക്കാതെ ഞങ്ങൾ ഒരിക്കലും വിശ്വസിക്കുകയില്ല; എന്തുകൊണ്ടു [illegible] ഞങ്ങൾക്കും ദിവ്യസന്ദേശം ലഭിച്ചുകൂടാ? എന്തുകൊണ്ടു ഞങ്ങളുടെ അടുക്കലേക്കു [illegible] ചെയ്തുകൂടാ? [illegible] നൽകപ്പെട്ടതു പോലെയുള്ള ദൃഷ്ടാന്തങ്ങൾ എന്തുകൊണ്ടു ഞങ്ങൾക്കു നൽകപ്പെട്ടുകൂടാ? എന്നൊക്കെ [illegible] പറഞ്ഞുകൊണ്ടിരിക്കും. അതിന് അല്ലാഹു നൽകുന്ന മറുപടിയാണ് 'തൻെറ ദൗത്യം — 'രിസാലത്തു'—ഏല്പിക്കേണ്ടതു എവിടെയാണെന്നു അല്ലാഹുവിനു നല്ലപോലെ അറിയാം' എന്ന വാക്യം. [illegible] ഏറ്റെടുക്കുവാനും പററിയവർ ആരാണു, എങ്ങിനെയുള്ളവരാണു എന്നൊക്കെ അവന് [illegible] ഇല്ല. അവനു തന്നെയാണു അതിനെപ്പററി നന്നായി അറിയുക. [illegible] കൊള്ളും എന്നു സാരം. പ്രവാചകത്വമെന്നതു ഏതെങ്കിലും യോഗ്യതകൊണ്ടോ [illegible]. അല്ലാഹുവിൻെറ കാരുണ്യം കൊണ്ടു മാത്രം ലഭിക്കുന്ന ഒരു അനുഗ്രഹമാണത്. [illegible] കാരുണ്യം കൊണ്ടു അവൻ ഉദ്ദേശിക്കുന്നവരെ അവൻ പ്രത്യേകപ്പെടുത്തും. (2: 105; 3, 74). [illegible] തായിഫിലെയും—ഏതെങ്കിലും ഒരു മഹാനായ ആൾക്കു [illegible] അവതരിപ്പിക്കപ്പെട്ടില്ല' എന്നു ചോദിച്ച മുശ്‌രിക്കുകൾക്ക അല്ലാഹു നൽകിയ മറുപടി اهم يقسمون رحمت ربك (നിൻെറ റബ്ബിൻെറ കാരുണ്യം ഭാഗിച്ചു കൊടുക്കുന്നതു?) (43; 32) എന്നാകുന്നു.

فَمَن يُرِدِ اللَّهُ أَن يَهْدِيَهُ يَشْرَحْ صَدْرَهُ لِلْإِسْلَامِ ۖ وَمَن يُرِدْ أَن يُضِلَّهُ يَجْعَلْ صَدْرَهُ ضَيِّقًا حَرَجًا كَأَنَّمَا يَصَّعَّدُ فِي السَّمَاءِ ۚ

كَذَٰلِكَ يَجْعَلُ اللَّهُ الرِّجْسَ عَلَى الَّذِينَ لَا يُؤْمِنُونَ ۝

125. എന്നാൽ, ഏതൊരുവനെ സന്മാർഗ്ഗത്തിലാക്കുവാൻ അല്ലാഹു ഉദ്ദേശിക്കുന്നുവോ, അവൻെറ നെഞ്ചിന [ഹൃദയത്തിനു] അവൻ 'ഇസ്‌ലാമി'ലേക്കു വികാസം നൽകുന്നു. ഏതൊരുവനെ വഴി പിഴവിലാക്കുവാൻ അവൻ ഉദ്ദേശിക്കുന്നുവോ, അവൻെറ നെഞ്ചിനെ [ഹൃദയത്തെ] അവൻ ഇടുങ്ങിയതും ഞെരുങ്ങിയതുമാക്കുന്നു; (അതെ) അവൻ ആകാശത്തിലൂടെ കയറിപ്പോകുന്നതുപോലെ.

അതുപോലെ, വിശ്വസിക്കാത്തവരുടെ മേൽ അല്ലാഹു മ്ലേച്ഛത (അഥവാ ശിക്ഷ) ഏർപ്പെടുത്തുന്നതാണ്.

---

125. فمن എന്നാൽ ആർ, ഏതൊരുവൻ يرد الله അല്ലാഹു ഉദ്ദേശിക്കുന്ന(വോ) ان يهديه അവനെ സന്മാർഗ്ഗത്തിലാക്കുവാൻ, വഴി ചേർക്കുവാൻ يشرح അവൻ വികാസം നൽകുന്ന, വിശാലപ്പെടുത്തും صدره അവൻെറ നെഞ്ചിനും, ഹൃദയത്തെ للاسلام ഇസ്‌ലാമിലേക്കു ومن വല്ലവനും, ആരെങ്കിലും يرد അവൻ ഉദ്ദേശിക്കുന്നു (വോ) ان يضله അവനെ വഴിപിഴവിലാക്കുവാൻ, വഴി തെററിക്കുവാൻ يجعل അവൻ ആക്കുന്നു صدره അവൻെറ നെഞ്ചു, ഹൃദയം ضيقا ഇടുങ്ങിയതു, കുടുസ്സായതു حرجا ഞെരുങ്ങിയ, വിഷമകരമായ يصعد كأنما അവൻ കയറിപ്പോകുന്നതു(പ്രയാസപ്പെട്ടു കയറുന്നതു) പോലെ في السماء ആകാശത്തിൽ كذلك അപ്രകാരം, അതുപോലെ يجعل الله അല്ലാഹു ആക്കുന്നു, ഏർപ്പെടുത്തുന്ന الرجس മ്ലേച്ഛത (ശിക്ഷ) على الذين യാതൊരുവരുടെ മേൽ لا يؤمنون വിശ്വസിക്കാത്ത.

'സൻമാർഗ്ഗത്തിലാക്കുക, വഴിചേർക്കുക, മാർഗ്ഗദർശനം നൽകുക, വഴികാട്ടുക' എന്നും മറ്റും സന്ദർഭോചിതം അർത്ഥം നൽകപ്പെടാവുന്ന വാക്കാണ് 'ഹിദായത്തു' (هدى) ഹിദായത്തു പല തരത്തിലുണ്ടെന്നും, അല്ലാഹുവിന്റെ സഹായവും തൗഫീഖും സിദ്ധിക്കുക എന്ന അർത്ഥത്തിലുള്ള ഹിദായത്തു അല്ലാഹുവിൽ നിന്നു മാത്രം ലഭിക്കേണ്ടതാണെന്നും മുമ്പു (സൂ: ഫാതിഹയിൽ വെച്ചു) നാം വിവരിച്ചിട്ടുണ്ട്. ഇവിടെ ഉദ്ദേശ്യം. അല്ലാഹു ഹിദായത്തു നൽകുവാൻ ഉദ്ദേശിക്കുന്നവരുടെ ഹൃദയങ്ങൾക്ക വികാസവും വിശാലതയും ഈ അർത്ഥത്തിലുള്ള ഹിദായത്താണ് നൽകി ഇസ്ലാമിന്റെ വിശ്വാസാചാര മുറകൾ അംഗീകരിക്കുവാനുള്ള സന്നദ്ധതയും പ്രേരണയും അവൻ നൽകും. ഹിദായത്തിലാക്കാതെ വഴിപിഴവിൽ തന്നെ അവശേഷിക്കുവാൻ അവൻ ഉദ്ദേശിക്കുന്നവരുടെ ഹൃദയങ്ങളെ അതൊന്നും സ്വീകരിക്കുവാൻ തയ്യാറില്ലാതിരിക്കുമാറ് ഞെരുക്കി കുടുസ്സാക്കിത്തീർക്കുകയും ചെയ്യുമെന്നു അല്ലാഹു ഉണർത്തുന്നു. അവൻ ഹിദായത്തു നൽകുന്നവരുടെയും, അല്ലാത്തവരുടെയും ലക്ഷണങ്ങൾ എന്തൊക്കെ എന്ന ഈ വചനത്തിൽ നിന്നു മനസ്സിലാക്കാമല്ലോ. അല്ലാഹു ഉദ്ദേശിക്കുന്നവരെ അവൻ നേർമാർഗ്ഗത്തിലാക്കുമെന്നും, അവൻ ഉദ്ദേശിക്കുന്നവരെ അവൻ വഴിപിഴവിലാക്കുമെന്നും പോലെയുള്ള വാക്യങ്ങളുടെ താൽപര്യത്തെക്കുറിച്ചു 117—ാം വചനത്തിന്റെ വ്യാഖ്യാനത്തിലും മറ്റുമായി ഒന്നിലധികം പ്രാവശ്യം മുമ്പു വിവരിക്കുകയുണ്ടായിട്ടുണ്ട്.

كَأَنَّمَا يَصَّعَّدُ فِي السَّمَاءِ (ആകാശത്തിലൂടെ കയറിപ്പോകുന്നതു പോലെ) എന്നു പറഞ്ഞതു, സത്യവിശ്വാസവും സൻമാർഗ്ഗവും സ്വീകരിക്കുന്നതിൽ അവർക്ക അനുഭവപ്പെടുന്ന മനഃപ്രയാസത്തിന്റെ കാഠിന്യം ചൂണ്ടിക്കാട്ടുന്ന ഒരു ഉപമയാകുന്നു. ആകാശത്തേക്കു കയറിപ്പോകൽ, എല്ലാകാലത്തും— അക്ഷരാർത്ഥത്തിൽ തന്നെ—വളരെ പ്രയാസമേറിയതാണെന്നു വ്യക്തമാണ്. മുൻകാലത്തു അന്തരീക്ഷത്തിൽ സഞ്ചരിക്കുക ഒരു അസംഭവ്യ കാര്യമായി ഗണിക്കപ്പെട്ടിരുന്നാലും ഇക്കാലത്തു അതു സംഭവ്യമായിത്തീർന്നിട്ടുണ്ടല്ലോ എന്നു പറയപ്പെട്ടേക്കാം. ശരിയാണ്. എന്നാൽ, അതു ഒരു അസംഭവ്യ കാര്യമായി കരുതപ്പെട്ടിരുന്ന മുൻകാലത്തുള്ളവർക്കു അതിലുള്ള പ്രയാസത്തെയും ഞെരുക്കത്തെയും സംബന്ധിച്ച് ഊഹിച്ചറിയേണ്ടിയിരുന്നു. ആധുനിക കാലത്തിലാകട്ടെ, അതിൽ ഏർപ്പെടുവാനിരിക്കുന്ന പ്രയാസവും ബുദ്ധിമുട്ടും അനുഭവം കൊണ്ടുതന്നെ അറിയാറായിരിക്കുകയാണ്. അന്തരീക്ഷത്തിലൂടെ മേൽപോട്ടു ഉയരും തോറും വായുവിന്റെ സാന്ദ്രത കുറഞ്ഞുകൊണ്ടിരിക്കുകയും, കുറെ നാഴിക ദൂരം ഉയർന്നു കഴിഞ്ഞാൽ വായു നിശ്ശേഷം ഇല്ലാതാകുകയും ചെയ്യുന്നു. അതിനാൽ മേൽപോട്ടു കയറും തോറും ആവശ്യമായ ജീവവായു ലഭിക്കാതെ നെഞ്ചിടുക്കം അനുഭവപ്പെടുകയും അവസാനം ഹൃദയം മരിച്ച് ജീവനാശത്തിനിടയാകുകയും ചെയ്യും. വിമാനങ്ങൾ ഒരു പരിധിവരെ മാത്രമേ ഉയരത്തിൽ പറപ്പിക്കുകയുള്ളുവെന്നുള്ളതും, ഉപരിയാകാശ സഞ്ചാരികൾ തങ്ങളുടെ യാത്ര അവസാനിക്കുന്നതുവരെ ആവശ്യമായ ജീവവായു യന്ത്രങ്ങളുടെ സഹായത്തോടെ കരുതിക്കൊണ്ടു പോകുന്നതും അതു കൊണ്ടാണ്.

അപ്പോൾ يَجْعَلْ صَدْرَهُ ضَيِّقًا حَرَجًا (അവന്റെ നെഞ്ചു ഇടുങ്ങിയതും ഞെരുങ്ങിയതുമാക്കുന്നു.) എന്നു അല്ലാഹു ഉപമിച്ചു പറഞ്ഞതിന്റെ യഥാർത്ഥ്യം ഒന്നാലോചിച്ചു നോക്കുക! ഭൂതം വർത്തമാനം— ഭാവികാല വ്യത്യാസം കൂടാതെ സകലകാര്യങ്ങളും അറിയുന്നവനാണല്ലോ അല്ലാഹു.

ഈ വചനത്തിന്റെ താൽപര്യത്തിലേക്കു കൂടുതൽ വെളിച്ചം നൽകുന്ന ഒരു തിരുവചനമത്രെ സൂ: ഹുജുറാത്തിലെ ...وَلَكِنَّ اللَّهَ حَبَّبَ إِلَيْكُمُ الْإِيمَانَ എന്ന വചനം. അതിന്റെ സാരം: ......എങ്കിലും സത്യവിശ്വാസത്തെ അല്ലാഹു നിങ്ങൾക്കു ഇഷ്ടമാക്കിത്തരുകയും, നിങ്ങളുടെ ഹൃദയങ്ങളിൽ അതിനെ അവൻ ഭംഗിയാക്കിക്കാണിക്കുകയും, അവിശ്വാസവും, തോന്നിയവാസവും അനുസരണക്കേടും നിങ്ങൾക്കു അവൻ വെറുപ്പാക്കിത്തരുകയും ചെയ്തിരിക്കുന്നു: അങ്ങിനെയുള്ളവരാണു തന്റേടമുള്ളവർ—അഥവാ സന്മാർഗ്ഗികൾ. അല്ലാഹുവിങ്കൽ നിന്നുള്ള ദയവും അനുഗ്രഹവുമായിട്ടത്രെ അത്.' (ഹുജുറാത്ത്: 7) ഇബ്നുഅബീഹാതിം, ഇബ്നുജരീർ (റ) മുതലായവർ പല മാർഗ്ഗങ്ങളിലൂടെ ഉദ്ധരിക്കുന്ന ഒരു ഹദീസു ഇപ്രകാരമാകുന്നു: റസൂൽ (സ) തിരുമേനി ഈ വചനം ഓതിയപ്പോൾ, സഹാബികൾ ചോദിച്ചു: 'ഈ വികാസം നൽകൽ എങ്ങിനെയാണ്?' തിരുമേനി പറഞ്ഞു: 'ഹൃദയത്തിൽ അല്ലാഹു ഇട്ടുകൊടുക്കുന്ന ഒരു പ്രകാശമാണത്.' അവർ ചോദിച്ചു: 'അതു മനസ്സിലാക്കാവുന്ന വല്ല അടയാളവും ഉണ്ടോ?' തിരുമേനി പറഞ്ഞു: 'ഉണ്ട്, ശാശ്വത ജീവിതത്തിന്റെ ഭവനത്തിലേക്കു (മനസ്സിനു) വീണ്ടു വിചാരമുണ്ടാകലും, കൃത്രിമ ഭവനത്തിൽ നിന്നു (മനസ്സു) വിട്ടുനിൽക്കലും, മരിക്കുന്നതിനു മുമ്പു മരിക്കുവാൻ തയ്യാറുണ്ടാകലുമാണത്.' (പരലോകത്തെക്കുറിച്ചുള്ള ബോധമുണ്ടായിരിക്കുകയും, ഐഹിക സുഖസൗകര്യങ്ങൾക്കു പ്രാധാന്യം കൽപിക്കാതിരിക്കുകയും, മരിക്കുന്നതിനു മുമ്പായി സ്വന്തം കടമകൾ നിർവ്വഹിക്കുകയും, സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്യുക എന്നു സാരം.)

126. ഇതാ നിന്റെ റബ്ബിന്റെ പാത–നേരെ ചൊവ്വായ നിലയിൽ–(സ്ഥിതി ചെയ്യുന്നു). ഉറ്റാലോചിക്കുന്ന ജനങ്ങൾക്കു വേണ്ടി നാം 'ആയത്തു' [ലക്ഷ്യം] കൾ വിശദീകരിച്ചു കഴിഞ്ഞിട്ടുണ്ട്.

١٢٦- وَهٰذَا صِرَاطُ رَبِّكَ مُسْتَقِيمًا ۗ قَدْ فَصَّلْنَا الْاٰيٰتِ لِقَوْمٍ يَّذَّكَّرُوْنَ ○

127. അവർക്കു അവരുടെ റബ്ബിന്റെ അടുക്കൽ സമാധാനത്തിന്റെ [ശാന്തിയുടെ] ഭവനമുണ്ടായിരിക്കും; അവൻ, അവരുടെ കൈകാര്യ കർത്താവും (അഥവാ രക്ഷാധികാരിയും) ആകുന്നു; (അതെ) അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതു നിമിത്തം.

١٢٧- لَهُمْ دَارُ السَّلٰمِ عِنْدَ رَبِّهِمْ وَهُوَ وَلِيُّهُمْ بِمَا كَانُوْا يَعْمَلُوْنَ ○

---

126. هذا ഇതാ, ഇതു صراط പാത, പാതയാണു ربك നിന്റെ റബ്ബിന്റെ مستقيما നേർക്കു നേരെയുള്ള (ചൊവ്വായ) നിലയിൽ فصلنا നാം വിശദീകരിച്ചിട്ടുണ്ടു الآيات ആയത്തു(ദൃഷ്ടാന്തം–ലക്ഷ്യം)കളെ لقوم ഒരു ജനതക്കു, ജനങ്ങൾക്കുവേണ്ടി يذكرون അവർ ഉറ്റാലോചിക്കും 127. لهم അവർക്കുണ്ടു, ഉണ്ടായിരിക്കും دار السلام സമാധാനത്തിന്റെ (ശാന്തിയുടെ) ഭവനം عند ربهم അവരുടെ റബ്ബിന്റെ അടുക്കൽ وهو അവൻ, അവനാകട്ടെ وليهم അവരുടെ കൈകാര്യക്കാരനാകുന്നു, രക്ഷാധികാരിയാണു بما كانوا അവരായിരുന്നതു നിമിത്തം يعملون അവർ പ്രവർത്തിക്കും

നിന്റെ റബ്ബിന്റെ പാത (صراط ربك) കൊണ്ടു വിവക്ഷ ഖുർആൻ മുഖേന അല്ലാഹു കാണിച്ചുതന്ന മത മാർഗ്ഗമാണെന്നു 153–ാം വചനത്തിന്റെ വ്യാഖ്യാനത്തിൽ നിന്നു മനസ്സിലാക്കാം. دار السلام (സമാധാനത്തിന്റെ – അഥവാ ശാന്തിയുടെ–ഭവനം) എന്നു പറഞ്ഞതു സ്വർഗ്ഗത്തെ ഉദ്ദേശിച്ചാകുന്നു. ഉറ്റാലോചിക്കാത്തവർക്കു തെളിവുകൾ വിവരിക്കുന്നതുകൊണ്ടു ഫലമില്ലല്ലോ. അതുകൊണ്ടാണു 'ഉറ്റാലോചിക്കുന്ന ജനങ്ങൾക്കുവേണ്ടി വിവരിച്ചിരിക്കുന്നു' വെന്നു പറഞ്ഞത്.

128. അവരെ മുഴുവനും അവൻ [റബ്ബ്] ഒരുമിച്ചു കൂട്ടുന്ന ദിവസം! (അന്ന് അല്ലാഹു പറയും:) 'ജിന്നിന്റെ സമൂഹമേ! തീർച്ചയായും നിങ്ങൾ മനുഷ്യരിൽനിന്നു (ആളുകളെ) അധികരി (ച്ചു പിഴ)പ്പിച്ചിരിക്കുന്നു.'

മനുഷ്യരിൽനിന്നുള്ള അവരുടെ (ബന്ധു) മിത്രങ്ങൾ പറയും: 'ഞങ്ങളുടെ റബ്ബേ, ഞങ്ങളിൽ ചിലർ ചിലരെ ഉപയോഗപ്പെടുത്തി; നീ ഞങ്ങൾക്കു നിശ്ചയിച്ചുവെച്ച അവധി ഞങ്ങൾ പ്രാപിക്കുകയും ചെയ്തു.'

١٢٨- وَيَوْمَ يَحْشُرُهُمْ جَمِيعًا ۚ يٰمَعْشَرَ الْجِنِّ قَدِ اسْتَكْثَرْتُمْ مِّنَ الْاِنْسِ ۚ وَقَالَ اَوْلِيٰٓؤُهُمْ مِّنَ الْاِنْسِ رَبَّنَا اسْتَمْتَعَ بَعْضُنَا بِبَعْضٍ وَّبَلَغْنَآ اَجَلَنَا الَّذِيْٓ اَجَّلْتَ لَنَا ۚ

---

128. ويوم يحشرهم അവൻ അവരെ ഒരുമിച്ചു കൂട്ടുന്ന ദിവസം جميعا മുഴുവനും, എല്ലാവരെയും يامعشر സമൂഹമേ الجن ജിന്നിന്റെ قد استكثرتم നിങ്ങൾ അധികരിപ്പിച്ചിട്ടുണ്ട്, തീർച്ചയായും പെരുപ്പിച്ചു من الإنس മനുഷ്യരിൽനിന്നു وقال പറയും أولياؤهم അവരുടെ മിത്രങ്ങൾ (ആൾക്കാർ) من الإنس മനുഷ്യരിൽനിന്നുള്ള ربنا ഞങ്ങളുടെ റബ്ബേ استمتع ഉപയോഗപ്പെടുത്തി, ഉപയോഗമെടുത്തു بعضنا ഞങ്ങളിൽ ചിലർ ببعض ചിലരെ, ചിലരെക്കൊണ്ടു وبلغنا ഞങ്ങൾ പ്രാപിക്കുകയും ചെയ്തു أجلنا ഞങ്ങളുടെ അവധി الذي أجلت നീ അവധിവെച്ച (നിശ്ചയിച്ച) لنا ഞങ്ങൾക്കു

قَالَ النَّارُ مَثْوَاكُمْ خَالِدِينَ فِيهَا إِلَّا مَا شَاءَ اللَّهُ إِنَّ رَبَّكَ حَكِيمٌ عَلِيمٌ ۝

അവൻ പറയും: 'നരകം നിങ്ങളുടെ പാർപ്പിടമാകുന്നു; അതിൽ (നിങ്ങൾ) നിത്യവാസികളായിക്കൊണ്ട് – അല്ലാഹു ഉദ്ദേശിച്ചതൊഴികെ.' നിശ്ചയമായും നിന്റെ റബ്ബ് അഗാധജ്ഞനും, സർവ്വജ്ഞനുമാകുന്നു.

قال അവൻ പറയും النار നരകം مثواكم നിങ്ങളുടെ പാർപ്പിട (വാസസ്ഥല)മാണ് خالدين സ്ഥിരവാസികളായിക്കൊണ്ടു فيها അതിൽ الا ما شاء ഉദ്ദേശിച്ചതൊഴികെ الله അല്ലാഹു ان ربك നിശ്ചയമായും നിന്റെ റബ്ബു حكيم അഗാധജ്ഞനാണ്, യുക്തിമാനാകുന്നു عليم സർവ്വജ്ഞനാണ്.

സൃഷ്ടികളെയെല്ലാം 'മഹ്ശറി'ൽ ഒരുമിച്ചു കൂട്ടിയശേഷം, ദുർമ്മാർഗ്ഗത്തിൽ പരസ്പരം മിത്രബന്ധം പുലർത്തിപ്പോന്ന ജിന്നുകളെയും മനുഷ്യരെയും ആക്ഷേപിച്ച് അല്ലാഹു പറയുന്ന ചില വാക്കുകളും അവരുടെ മറുപടിയും അല്ലാഹു ഉദ്ധരിക്കുകയാണ്. മനുഷ്യരിൽ നിന്നു വളരെ അധികം ആളുകളെ നിങ്ങളുടെ ദുരുപദേശങ്ങൾക്കു വിധേയരാക്കി നിങ്ങൾ വഴിപിഴപ്പിച്ചുവല്ലോ എന്നു അല്ലാഹു ജിന്നുകളോടു പറയുന്നു. അവരുടെ സഹകാരികളും അനുയായികളുമായി വർത്തിച്ചിരുന്ന മനുഷ്യരെ ഇതു വിഭ്രാന്തിയിലാക്കുമല്ലോ. അവർ ദയനീയ സ്വരത്തിൽ കുറ്റം സമ്മതിച്ചുകൊണ്ടു മറുപടി പറയും: റബ്ബേ, ഞങ്ങൾ അന്യോന്യം ഉപയോഗപ്പെടുത്തിയതു ശരിയാണ്, അങ്ങനെ, നീ ഞങ്ങൾക്കു നിശ്ചയിച്ചിരുന്ന ആയുഷ്കാലം ഞങ്ങൾ കഴിച്ചുകൂട്ടി ഇതാ ഇവിടെ എത്തിച്ചേർന്നിരിക്കുന്നു. അഥവാ ഞങ്ങൾ ഇരുകൂട്ടരും അബദ്ധം പ്രവർത്തിച്ചുപോയി. ഞങ്ങൾക്കു പൊറുത്തു തരണേ എന്നു താൽപര്യം. ശരി, എന്നാൽ, നിങ്ങൾ ഇരുകൂട്ടർക്കും താമസിക്കുവാനുള്ള പാർപ്പിടം നരകമാണ്........ഇതായിരിക്കും അല്ലാഹുവിന്റെ മറുപടി.

ജിന്നു വർഗ്ഗക്കാരായ പിശാചുക്കൾ മനുഷ്യഹൃദയങ്ങളിൽ ദുർമ്മന്ത്രവും, ദുഷ്പ്രേരണയും നടത്തുമെന്നും, ദുർമ്മാർഗ്ഗങ്ങളും ദുർന്നടപ്പുകളും അവർക്കു അലങ്കാരമാക്കി കാണിച്ചുകൊണ്ടിരിക്കുമെന്നും, മനുഷ്യരെ വഴി തെറ്റിക്കൽ പിശാചിന്റെ സ്ഥിരം ജോലിയാണെന്നും അല്ലാഹു ആവർത്തിച്ചാവർത്തിച്ചറിയിക്കാറുള്ളതാണല്ലോ. മനുഷ്യരാകട്ടെ, അവരുടെ ദുരുപദേശങ്ങൾക്കും ഇംഗിതങ്ങൾക്കും വഴങ്ങിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. അവരിൽ അദൃശ്യ ശക്തികളും, ദിവ്യത്വവും കൽപിച്ചുകൊണ്ടു അവരെ അനുസരിക്കുകയും, ആരാധിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഇതൊക്കെയാണു ഞങ്ങൾ അന്യോന്യം ഉപയോഗപ്പെടുത്തി എന്നു പറഞ്ഞതിന്റെ സാരം.

അവിശ്വാസികളുടെ നരകജീവിതം ശാശ്വതമായിരിക്കുമെന്നു (4: 169; 33: 65 മുതലായ) ഖുർആൻ വചനങ്ങളിൽ നിന്നും, പല നബി വചനങ്ങളിൽ നിന്നും അറിയപ്പെട്ടതാണ്. അതുകൊണ്ട് അവരുടെ നരകവാസത്തെപ്പറ്റി خالدين فيها الا ما شاء الله (അവരതിൽ ശാശ്വതരായിരിക്കും–അല്ലാഹു ഉദ്ദേശിച്ചതൊഴികെ) എന്ന വാക്കിൽ ഒഴിവാക്കപ്പെട്ട കാലത്തെപ്പറ്റി ഖുർആൻ വ്യാഖ്യാതാക്കൾ ഒന്നിലധികം പ്രകാരത്തിൽ പ്രസ്താവിച്ചു കാണാം. ഖബ്റുകളിൽ നിന്നു എഴുന്നേൽപിക്കപ്പെട്ടതു മുതൽ വിചാരണ കഴിഞ്ഞു നരകത്തിൽ പ്രവേശിക്കുന്നതുവരെയുള്ള കാലമാണു ഒഴിവാക്കപ്പെട്ടിരിക്കുന്നതു എന്നത്രെ ഇബ്നു ജരീർ (റ) മുതലായ പലരും പറയുന്നത്. വേറെയും അഭിപ്രായങ്ങളുണ്ട്. കൂടുതൽ വിവരം സൂറഃ ഹൂദ് 107, 108 വചനങ്ങളുടെ വ്യാഖ്യാനത്തിൽ വിവരിക്കാം. ان شاء الله അല്ലാഹു തുടർന്നു പറയുന്നു:–

وَكَذَٰلِكَ نُوَلِّي بَعْضَ الظَّالِمِينَ بَعْضًا بِمَا كَانُوا يَكْسِبُونَ ۝١٢٩ ع

129. അപ്രകാരം, അക്രമികൾ സമ്പാദിക്കുന്ന [പ്രവർത്തിക്കുന്ന]തു നിമിത്തം അവരിൽ ചിലർക്ക് ചിലരോട് നാം മൈത്രിയുണ്ടാക്കുന്നു.

---

129. وكذلك അതുപോലെ نولي നാം മൈത്രി (മിത്രബന്ധം) ഉണ്ടാക്കുന്നു بعض الظالمين അക്രമികളിൽ ചിലർക്കു بعضا ചിലരോടു بما كانوا അവരായിരുന്നതു നിമിത്തം يكسبون അവർ സമ്പാദിക്കും (ചെയ്തുകൂട്ടുക)

സത്യവിശ്വാസികൾ പരസ്പരം ബന്ധുമിത്രങ്ങളാണ്. (9:71); യഹൂദികളും ക്രിസ്ത്യാനികളും പരസ്പരം ബന്ധുമിത്രങ്ങളാണ് (5: 51); മുഹാജിറുകളും അൻസാരികളും പരസ്പരം ബന്ധുമിത്രങ്ങളാണ് (8: 72); അവിശ്വാസികൾ പരസ്പരം ബന്ധുമിത്രങ്ങളാണ് (8: 73); അക്രമികൾ പരസ്പരം ബന്ധുമിത്രങ്ങളാണ് (45: 19) എന്നൊക്കെ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. അതുപോലെ, തോന്നിയവാസത്തിലും ദുർമാർഗ്ഗത്തിലും പരസ്പരം ഉപയോഗപ്പെടുത്തിക്കൊണ്ടിരുന്ന ആ ജിന്നുകളെയും മനുഷ്യരെയും കുറിച്ച് അവരും ബന്ധുമിത്രങ്ങളാണെന്നും, ശിക്ഷയിൽ പങ്കാളികളാണെന്നും കഴിഞ്ഞവചനത്തിലും പ്രസ്താവിച്ചു. അങ്ങനെ, ഇഹത്തിലെന്നപോലെ പരത്തിലും, പ്രവർത്തനത്തിലെന്നപോലെ ശിക്ഷയിലുമെല്ലാം അവർ പരസ്പരം മിത്രങ്ങളാണെന്നു സാരം.

വിഭാഗം–16

يَٰمَعْشَرَ الْجِنِّ وَالْإِنسِ أَلَمْ يَأْتِكُمْ رُسُلٌ مِّنكُمْ يَقُصُّونَ عَلَيْكُمْ آيَاتِي وَيُنذِرُونَكُمْ لِقَاءَ يَوْمِكُمْ هَٰذَا

130. 'ജിന്നുകളുടെയും മനുഷ്യരുടെയും സമൂഹമേ, നിങ്ങൾക്ക് നിങ്ങളിൽ പെട്ട ദൂതൻമാർ വന്നില്ലേ? നിങ്ങൾക്ക് എന്റെ 'ആയത്തു' [ലക്ഷ്യം]കൾ വിവരിച്ചു കൊണ്ടും, നിങ്ങളുടെ (ഇന്നത്തെ) ഈ ദിവസവുമായി കണ്ടുമുട്ടുന്നതിനെക്കുറിച്ചു നിങ്ങൾക്ക് മുന്നറിയിപ്പു നൽകിക്കൊണ്ടും.' (എന്ന് അവരോടു പറയപ്പെടും)

قَالُوا شَهِدْنَا عَلَىٰ أَنفُسِنَا وَغَرَّتْهُمُ الْحَيَاةُ الدُّنْيَا وَشَهِدُوا عَلَىٰ أَنفُسِهِمْ أَنَّهُمْ كَانُوا كَافِرِينَ ○

അവർ പറയും: 'ഞങ്ങൾ ഞങ്ങളുടെ സ്വന്തങ്ങൾക്കെതിരെ (ഇതാ) സാക്ഷ്യം വഹിച്ചിരിക്കുന്നു.' ഐഹിക ജീവിതം അവരെ വഞ്ചിച്ചിരിക്കുകയാണ്. തങ്ങൾ അവിശ്വാസികളായിരുന്നുവെന്ന് അവർ അവരുടെ സ്വന്തങ്ങൾക്കെതിരെ സാക്ഷ്യപ്പെടുത്തുകയും ചെയ്തു.

---

130. يا معشر സമൂഹമേ, കൂട്ടമേ الجن والانس ജിന്നിന്റെയും മനുഷ്യന്റെയും. ألم يأتكم നിങ്ങൾക്ക് വന്നില്ലേ رسل റസൂലുകൾ, ദൂതൻമാർ منكم നിങ്ങളിൽ നിന്ന്, നിങ്ങളിൽ പെട്ട يقصون വിവരിച്ചു കൊണ്ട് عليكم നിങ്ങൾക്കു آياتي എന്റെ ആയത്തുകളെ وينذرونكم നിങ്ങളെ അവർ താക്കീതു നൽകിക്കൊണ്ടും, മുന്നറിയിപ്പുകൊണ്ടും لقاء കണ്ടുമുട്ടുന്നതിനെ يومكم هذا നിങ്ങളുടെ ഈ ദിവസത്തെ قالوا അവർ പറയും شهدنا ഞങ്ങൾ സാക്ഷ്യം വഹിച്ചു على انفسنا ഞങ്ങളുടെ സ്വന്തങ്ങളുടെ മേൽ (ഞങ്ങൾക്കുതന്നെ എതിരായി) وغرتهم അവരെ വഞ്ചിക്കുകയും ചെയ്തിരിക്കുന്നു الحياة الدنيا ഐഹിക ജീവിതം وشهدوا അവർ സാക്ഷ്യം വഹിക്കുക, (പറയുക)യും ചെയ്തു على انفسهم അവരുടെ സ്വന്തങ്ങൾക്കെതിരിൽ انهم كانوا അവരായിരുന്നുവെന്നു كافرين അവിശ്വാസികൾ

കഴിഞ്ഞവചനങ്ങളിൽ പ്രസ്താവിച്ചതിന്റെ തുടർച്ച തന്നെയാണ് ഈ വചനവും. ആവശ്യമായത്ര തെളിവുകളും താക്കീതുകളും നൽകിക്കൊണ്ടു നിങ്ങൾക്കു നേർമാർഗ്ഗം വിവരിച്ചു തരുവാൻ നിങ്ങളിൽ നിന്ന് റസൂലുകളെ അയച്ചിരുന്നുവല്ലോ, പിന്നെ നിങ്ങൾ എന്തിനു ദുർമ്മാർഗ്ഗം സ്വീകരിച്ചു? എന്നു ജിന്നുകളെയും മനുഷ്യരെയും അഭിമുഖീകരിച്ചുകൊണ്ട് അല്ലാഹു ചോദിക്കും. അതൊക്കെ ശരിയാണു, പക്ഷെ ഞങ്ങൾ [illegible] കൈവിടാതെ പിൻപറ്റിപ്പോകയാണുണ്ടായത്" എന്നു അവർ ഏറ്റു പറയും. [illegible] തങ്ങൾക്കു തന്നെ എതിരായി അവർ സ്വയം തെളിവു നൽകുന്നതാണ്. ഈ ഗതികേടിനു കാരണം ഐഹിക ജീവിതത്തിൽ അവർ വഞ്ചിതരായി പാരത്രിക ജീവിതം മറന്നു കളഞ്ഞതാണ്. ഇപ്രകാരമുള്ളവർക്കു കുറ്റസമ്മതം കൊണ്ട് [illegible] എന്തു പ്രയോജനമൊന്നുമില്ല എന്നു സാരം.

ജിന്നുകളെയും മനുഷ്യരെയും സംബോധന ചെയ്തുകൊണ്ടു 'നിങ്ങളിൽ നിന്നുള്ള ദൂതൻമാർ (റസൂലുകൾ) നിങ്ങൾക്കു വന്നില്ലേ' (الم يأتكم رسل منكم) എന്നു ചോദിച്ചതിൽ നിന്ന് മനുഷ്യരായ റസൂലുകളെപ്പോലെ ജിന്നുകളായ റസൂലുകളും ഉണ്ടായിരുന്നുവെന്നാണു വരുന്നത്. ളഹ്ഹാക് (റ)ന്റെ അഭിപ്രായവും അതാണെന്നു കാണുന്നു. പക്ഷേ, ഭൂരിപക്ഷം പണ്ഡിതൻമാരുടെയും അഭിപ്രായം, പ്രവാചകത്വം സിദ്ധിച്ച ദൈവദൂതൻമാർ എന്ന അർത്ഥത്തിലുള്ള റസൂലുകൾ ജിന്നു വർഗ്ഗത്തിൽ ഇല്ല എന്നാകുന്നു. رسول (റസൂൽ) എന്ന വാക്കിന്റെ സാക്ഷാൽ അർത്ഥം 'ദൂതൻമാർ' എന്നാണല്ലോ. മലക്കുകളെപ്പററിയും 'റസൂൽ' എന്ന വാക്കു ഖുർആൻ (35: 1ലും മററും) ഉപയോഗിച്ചിരിക്കുന്നു. കൂടാതെ, ജിന്നുകളിലും മതോപദേശം നൽകുന്നവരും താക്കീതു നൽകുന്നവരും ഉണ്ടായിരുന്നതായും ഖുർആനിൽ നിന്നു വ്യക്തമാകുന്നുണ്ട്. (46: 29–32) ഇങ്ങിനെയുള്ള ഏതെങ്കിലും അർത്ഥത്തിലുള്ളവരായിരിക്കും ജിന്നുകളിലെ റസൂലുകൾ (ദൂതൻമാർ) കൊണ്ടുദ്ദേശ്യമെന്നു മനസ്സിലാക്കാം. അല്ലെങ്കിൽ, രണ്ടു സമൂഹത്തെയും ഒന്നിച്ചു സംബോധന ചെയ്തുകൊണ്ടുള്ള സംബോധനത്തിൽ, രണ്ടിലൊരു സമൂഹത്തിലെ—അഥവാ മനുഷ്യരിലെ—റസൂലുകളെയും ആ റസൂലുകൾ മുഖാന്തരം മററവർക്കും—അഥവാ ജിന്നുകൾക്കും—സത്യം ഗ്രഹിക്കുവാൻ സന്ധിച്ചിരുന്നതിനെയും ഉദ്ദേശിച്ച് അങ്ങിനെ പറഞ്ഞതായിരിക്കുവാനും സാധ്യതയുണ്ട്. എന്നൊക്കെയാണു ഖുർആൻ വ്യാഖ്യാതാക്കളുടെ വ്യാഖ്യാനം. ജിന്നും ശൈത്താനെയും സംബന്ധിച്ച് സൂറത്തു അഹ്ഖാഫിന് ശേഷം കൊടുത്തിട്ടുള്ള വ്യാഖ്യാനക്കുറിപ്പിൽ കുറെ കൂടി വിശദീകരണം കാണാവുന്നതാണ്.)

131. അതു, വല്ല അക്രമവും നിമിത്തം നിന്റെ റബ്ബ് രാജ്യങ്ങളെ നശിപ്പിക്കുന്നവനല്ലെന്നുള്ളതിനാലാകുന്നു; അവയിലെ ആൾക്കാർ (വിവരമില്ലാതെ) അശ്രദ്ധരായിരിക്കെ.

١٣١- ذَٰلِكَ أَن لَّمْ يَكُن رَّبُّكَ مُهْلِكَ الْقُرَىٰ بِظُلْمٍ وَأَهْلُهَا غَافِلُونَ ○

---

131. ذَٰلِكَ അതു أَن لَّمْ يَكُن അല്ലാത്ത (ആയിരിക്കാത്ത)തിനാലാണു رَبُّكَ നിന്റെ റബ്ബു مُهْلِكَ നശിപ്പിക്കുന്നവൻ الْقُرَىٰ രാജ്യങ്ങളെ بِظُلْمٍ വല്ല അക്രമം കൊണ്ടും, അനീതിയായിട്ടു وَأَهْلُهَا അതിലെ ആൾക്കാർ (ആയിരിക്കെ) غَافِلُونَ അശ്രദ്ധർ (ബോധമില്ലാത്തവർ)

ഓരോ രാജ്യക്കാർക്കും സത്യാസത്യം വിവരിച്ചുകൊടുക്കാതെയും, അവർക്കു അതിനെപ്പററി മനസ്സിലാക്കുവാൻ അവസരം നൽകാതെയും അവരുടെ അക്രമങ്ങൾ നിമിത്തം അവരെ ഒരിക്കലും അല്ലാഹു നശിപ്പിക്കുകയില്ല. അങ്ങിനെ നശിപ്പിക്കുന്ന പക്ഷം അതു അനീതിയാണല്ലോ. അനീതി അല്ലാഹു ചെയ്കയില്ല തന്നെ. അതുകൊണ്ടാണു റസൂലുകളെ അയച്ച് എല്ലാവർക്കും ഉപദേശവും താക്കീതും നൽകിക്കൊണ്ടിരിക്കുന്നതു എന്നു സാരം.

132. എല്ലാവർക്കുമുണ്ടായിരിക്കും അവ(രവ)ർ പ്രവർത്തിച്ചതു മൂലം ചില പദവികൾ. അവർ പ്രവർത്തിച്ചുവരുന്നതിനെപ്പററി നിന്റെ രക്ഷിതാവു അശ്രദ്ധനേ അല്ല.

١٣٢- وَلِكُلٍّ دَرَجَاتٌ مِّمَّا عَمِلُوا ۚ وَمَا رَبُّكَ بِغَافِلٍ عَمَّا يَعْمَلُونَ ○

133. നിന്റെ റബ്ബ് (പരാശ്രയമില്ലാത്ത) ധന്യനും, കാരുണ്യശാലിയുമായുള്ളവനത്രെ.

അവൻ ഉദ്ദേശിക്കുന്നപക്ഷം, നിങ്ങളെ അവൻ പോക്കി (നശിപ്പിച്ചു) കളയുകയും, നിങ്ങളുടെ ശേഷം അവൻ ഉദ്ദേശിക്കുന്നതിനെ അവൻ പിന്നാലെ കൊണ്ടുവരുകയും ചെയ്യും; (അതെ) മററൊരു ജനതയുടെ സന്തതികളിൽ നിന്നായി നിങ്ങളെ അവൻ ഉണ്ടാക്കിയതുപോലെ.

١٣٣- وَرَبُّكَ الْغَنِيُّ ذُو الرَّحْمَةِ ۚ إِن يَشَأْ يُذْهِبْكُمْ وَيَسْتَخْلِفْ مِن بَعْدِكُم مَّا يَشَاءُ كَمَا أَنشَأَكُم مِّن ذُرِّيَّةِ قَوْمٍ آخَرِينَ ○

134. നിശ്ചയമായും, നിങ്ങളോടു വാഗ്ദത്തം ചെയ്യപ്പെടുന്ന കാര്യം വരുന്നതു തന്നെയാണ്. നിങ്ങൾ (അവനെ) അസാധ്യമാക്കി [പരാജയപ്പെടുത്തു]ന്നവരല്ല താനും.

١٣٤- إِنَّ مَا تُوعَدُونَ لَآتٍ ۖ وَمَا أَنتُم بِمُعْجِزِينَ ○

---

132. وَلِكُلٍّ എല്ലാവർക്കുമുണ്ട് دَرَجَاتٌ ചില പദവികൾ مِّمَّا عَمِلُوا അവർ പ്രവർത്തിച്ചതു മൂലം, പ്രവർത്തിച്ചതു സംബന്ധിച്ചു وَمَا رَبُّكَ നിന്റെ റബ്ബു അല്ല بِغَافِلٍ അശ്രദ്ധനേ عَمَّا يَعْمَلُونَ അവർ പ്രവർത്തിക്കുന്നതിനെപ്പറ്റി 133. وَرَبُّكَ നിന്റെ റബ്ബു الْغَنِيُّ ധന്യനത്രെ ذُو الرَّحْمَةِ കാരുണ്യശാലി, കരുണയുള്ളവനായ إِن يَشَأْ അവൻ ഉദ്ദേശിക്കുന്ന പക്ഷം يُذْهِبْكُمْ നിങ്ങളെ അവൻ പോക്കി (നശിപ്പിച്ചു) കളയും وَيَسْتَخْلِفْ അവൻ പിന്നാലെ കൊണ്ടുവരികയും ചെയ്യും, പകരവുമാക്കും مِن بَعْدِكُم നിങ്ങളുടെശേഷം مَّا يَشَاءُ അവൻ ഉദ്ദേശിക്കുന്നതു كَمَا أَنشَأَكُم അവൻ നിങ്ങളെ ഉണ്ടാക്കിയതുപോലെ مِّن ذُرِّيَّةِ സന്തതികളിൽ നിന്നു قَوْمٍ ജനതയുടെ آخَرِينَ വേറെ 134. إِنَّ مَا تُوعَدُونَ നിശ്ചയമായും നിങ്ങളോടു വാഗ്ദത്തം ചെയ്യപ്പെടുന്നതു لَآتٍ വരുന്നതുതന്നെ وَمَا أَنتُم നിങ്ങളല്ലതാനും بِمُعْجِزِينَ അസാധ്യമാക്കുന്ന (പരാജയപ്പെടുത്തുന്ന)വർ

ഓരോരുത്തരുടെയും കർമ്മങ്ങൾക്കനുസരിച്ചു-നല്ലതോ ചീത്തയോ ആയ-സ്ഥാനപദവികൾ ലഭിക്കുന്നതാണ്. ഓരോരുത്തരുടെയും കർമ്മങ്ങളെക്കുറിച്ചു അല്ലാഹു അറിഞ്ഞും വീക്ഷിച്ചും കൊണ്ടിരിക്കുന്നുണ്ട്. അവനു ഒരു കാര്യത്തിലും ആരുടെയും ആശ്രയം വേണ്ടതില്ല. നിങ്ങൾ സൽക്കർമ്മങ്ങൾ ചെയ്യുന്നില്ലെന്നുവെച്ച് അവനു ഒരു ദോഷവും ബാധിക്കുവാനില്ല. അതേ സമയത്ത് അവൻ വളരെ കാരുണ്യശീലനുമാകുന്നു. അതുകൊണ്ടാണു നിങ്ങളുടെമേൽ പെട്ടന്നുള്ള നടപടിയൊന്നും അവൻ എടുക്കാതിരിക്കുന്നത്. വേണമെങ്കിൽ നിങ്ങളെ ഈ ഭൂമുഖത്തുനിന്നു തുടച്ചു നീക്കി മറ്റൊരു കൂട്ടരെ തൽസ്ഥാനത്തു കൊണ്ടുവരുവാനും അവനു കഴിയും. മുൻകഴിഞ്ഞുപോയ ജനങ്ങളുടെശേഷം, അവരുടെ പിൻതലമുറകളായിട്ടാണല്ലോ നിങ്ങളെ അവൻ രംഗത്തുകൊണ്ടുവന്നത്. പക്ഷെ, അവന്റെ കാരുണ്യം നിമിത്തം അവനതു ചെയ്യാതിരിക്കുകയാണ്. പരലോകം, ന്യായവിചാരണ, രക്ഷാശിക്ഷകൾ ആദിയായി പ്രവാചകൻമാർ മുഖേന നിങ്ങളോടു വാഗ്ദത്തം ചെയ്യപ്പെടുന്ന കാര്യങ്ങളെല്ലാം സംഭവിക്കുകതന്നെ ചെയ്യും. അതിൽ സംശയിക്കേണ്ടതില്ല. അതൊക്കെ സംഭവിക്കുമ്പോൾ നിങ്ങൾക്കു അല്ലാഹുവിനെ പരാജയപ്പെടുത്തി രക്ഷപ്പെടാമെന്ന ധാരണ നിങ്ങൾക്കുണ്ടെങ്കിൽ അതങ്ങു വിട്ടേക്കുക.

135. (നബിയേ) പറയുക: 'എന്റെ ജനങ്ങളേ, നിങ്ങൾ നിങ്ങളുടെ സ്ഥാനപ്രകാരം [നിലപാടനുസരിച്ചു] പ്രവർത്തിച്ചു കൊള്ളുവിൻ. നിശ്ചയമായും ഞാൻ (എന്റെ സ്ഥാനമനുസരിച്ചു) പ്രവർത്തിക്കുന്നവനാകുന്നു. എന്നാൽ, പിറകെ നിങ്ങൾക്കറിയാറാകും, ആർക്കാണു (ഈ ഐഹിക) ഭവനത്തിന്റെ (ശുഭ) പര്യവസാനം ആയിരിക്കുകയെന്നു. നിശ്ചയമായും കാര്യം: അക്രമികൾ വിജയിക്കുകയില്ല.'

١٣٥- قُلْ يَا قَوْمِ اعْمَلُوا عَلَىٰ مَكَانَتِكُمْ إِنِّي عَامِلٌ ۖ فَسَوْفَ تَعْلَمُونَ مَن تَكُونُ لَهُ عَاقِبَةُ الدَّارِ ۗ إِنَّهُ لَا يُفْلِحُ الظَّالِمُونَ ○

---

135. قُلْ പറയുക يَا قَوْمِ എന്റെ ജനങ്ങളേ اعْمَلُوا പ്രവർത്തിക്കുവിൻ عَلَىٰ مَكَانَتِكُمْ നിങ്ങളുടെ സ്ഥാനപ്രകാരം (നിലപാടനുസരിച്ചു) إِنِّي നിശ്ചയമായും ഞാൻ عَامِلٌ പ്രവർത്തിക്കുന്നവനാണു فَسَوْفَ എന്നാൽ (അപ്പോൾ), പിറകെ (വഴിയെ) تَعْلَمُونَ നിങ്ങളറിയും, നിങ്ങൾക്കറിയാം مَن ആരാണു تَكُونُ لَهُ അവനായിരിക്കുക, ഉണ്ടാകുക عَاقِبَةُ അന്ത്യം, പര്യവസാനം, അവസാന ഫലം الدَّارِ (ഈ) ഭവനത്തിന്റെ, വീടിന്റെ إِنَّهُ നിശ്ചയമായും അതു (കാര്യം) لَا يُفْلِحُ വിജയിക്കുകയില്ല الظَّالِمُونَ അക്രമികൾ

ഈ വചനത്തിന്റെ സാരം രണ്ടു പ്രകാരത്തിൽ വ്യാഖ്യാനിക്കപ്പെടാവുന്നതാണ്. (1) നിങ്ങൾ നിങ്ങളുടെ യഥാർത്ഥ സ്ഥിതിഗതികൾ മനസ്സിലാക്കി കഴിവതും നല്ലനിലയിൽ വർത്തിച്ചു പോരണം. ഞാനും എന്റെ സ്ഥിതി അനുസരിച്ചു വർത്തിച്ചു വരുന്നു. അപ്പോൾ, ഈ ജീവിതത്തിൽ നിന്നു സമ്പാദിച്ചതിന്റെ ഗുണഫലം വഴിയെ ലഭിക്കും. അക്രമം പ്രവർത്തിക്കുന്നവർക്കു വിജയം ലഭിക്കുവാനില്ല. (2) നിങ്ങൾ നിങ്ങളുടെ നിലപാടും ഹിതവും അനുസരിച്ചു പ്രവർത്തിച്ചുകൊള്ളുക. എന്റെ ഹിതവും നിലപാടും അനുസരിച്ചു ഞാനും പ്രവർത്തിച്ചുകൊള്ളാം. അതിന്റെ ഫലം ഭാവിയിൽ നിങ്ങൾക്കറിയുമാറാകും. അക്രമികൾക്കു രക്ഷയില്ലെന്നു നിങ്ങളോർക്കണം. ആദ്യത്തെ വ്യാഖ്യാനം ഒരു സദുപദേശമെന്ന നിലക്കും, രണ്ടാമത്തേതു ഒരു താക്കീതു എന്നുള്ള നിലക്കുമുള്ളതായിരിക്കും. ഇതാണു വ്യത്യാസം.

١٣٦- وَجَعَلُوا لِلَّهِ مِمَّا ذَرَأَ مِنَ الْحَرْثِ وَالْأَنْعَامِ نَصِيبًا فَقَالُوا هَٰذَا لِلَّهِ بِزَعْمِهِمْ وَهَٰذَا لِشُرَكَائِنَا ۖ فَمَا كَانَ لِشُرَكَائِهِمْ فَلَا يَصِلُ إِلَى اللَّهِ ۖ وَمَا كَانَ لِلَّهِ فَهُوَ يَصِلُ إِلَىٰ شُرَكَائِهِمْ ۗ سَاءَ مَا يَحْكُمُونَ ○

136. വിളയായും, കാലികളായും അല്ലാഹു സൃഷ്ടിച്ചുണ്ടാക്കിയതിൽ നിന്ന് ഒരു ഓഹരി അവർ അവന് ആക്കി വെച്ചിരിക്കുന്നു. എന്നിട്ട് അവർ പറയുകയാണ്: 'ഇതു അല്ലാഹുവിനുള്ളതാണ്'—(അതെ) അവരുടെ ജൽപനമനുസരിച്ച്. 'ഇതു ഞങ്ങളുടെ 'പങ്കാളികൾ'ക്ക [ദൈവങ്ങൾക്ക]ുള്ളതുമാണു.'

എന്നാൽ, അവരുടെ 'പങ്കാളികൾ'ക്കുള്ളതു അല്ലാഹുവിലേക്ക ചേരുകയില്ല; അല്ലാഹുവിനുള്ളതാകട്ടെ, അതവരുടെ 'പങ്കാളികളി'ലേക്ക ചേരുകയും ചെയ്യും.

അവർ വിധി കൽപിക്കുന്നതു വളരെ ചീത്ത!

---

136. وجعلوا അവർ ആക്കി (വെച്ചു), ഏർപ്പെടുത്തി لله അല്ലാഹുവിനു مما ذرأ അവൻ സൃഷ്ടിച്ചുണ്ടാക്കിയതിൽ നിന്നു من الحرث വിള (കൃഷി)യിൽനിന്നു, വിളയായിട്ടു والأنعام കാലികളിലും نصيبا ഒരു പങ്കു, ഓഹരി فقالوا എന്നിട്ടു അവർ പറഞ്ഞു, പറയുകയാണു هذا لله ഇതു അല്ലാഹുവിനാണു بزعمهم അവരുടെ ജൽപനമനുസരിച്ച്, ജൽപനത്തിൽ وهذا ഇതു لشركائنا നമ്മുടെ പങ്കാളികൾക്കാണു فما كان എന്നിട്ടു (എന്നാൽ) ആയിത്തീർന്നതു لشركائهم അവരുടെ പങ്കാളികൾക്ക فلا يصل അതു (എത്തി) ചേരുകയില്ല إلى الله അല്ലാഹുവിലേക്ക وما كان ആയിത്തീർന്നതോ لله അല്ലാഹുവിനു فهو يصل അതു ചേരുന്നു, ചേരും إلى شركائهم അവരുടെ പങ്കാളികളിലേക്ക ساء വളരെ ചീത്ത, മോശം ما يحكمون അവർ വിധിക്കുന്നതു

അറബികൾക്കിടയിൽ ചിരകാലമായി നടപ്പിലുണ്ടായിരുന്ന ചില ദുരാചാരങ്ങളെയും, ശിർക്കപരമായ പ്രവർത്തനങ്ങളെയും കുറിച്ചാണു ഈ വചനത്തിലും, തുടർന്നുള്ള ഏതാനും വചനങ്ങളിലും പ്രതിപാദിക്കപ്പെട്ടിരിക്കുന്നത്. കൃഷിയുൽപന്നങ്ങളുടെയും, ആടുമാടൊട്ടകങ്ങൾ മുതലായവയുടെയും സ്രഷ്ടാവും, നിയന്താവും അല്ലാഹുവാണെന്ന് അവർക്കും അറിയാവുന്നതാണ്. എന്നാലും തങ്ങളുടെ വിഗ്രഹാദി ദൈവങ്ങളുടെ അനുഗ്രഹാശിസ്സുകൊണ്ടാണു അവയെല്ലാം തങ്ങൾക്കു ലഭിക്കുന്നതെന്നും, അവയുടെ പ്രീതിയും 'ബർക്കത്തും' ഇല്ലാത്തപക്ഷം തങ്ങൾക്കു കഷ്ടനഷ്ടങ്ങൾ സംഭവിക്കുമെന്നും ആയിരുന്നു അവരുടെ വിശ്വാസം. ചില മഹാത്മാക്കളെയും നേർച്ചകളെയും സംബന്ധിച്ച് ഇതുപോലെയുള്ള ചില ധാരണകളും, വിശ്വാസങ്ങളും മുസ്ലിം പൊതുജനങ്ങളിലും വേരൂന്നിയിട്ടുള്ളതു ഒരു ദുഃഖസത്യമത്രെ. ചില പുതിയ ന്യായീകരണങ്ങൾ കണ്ടുപിടിച്ച് ആ പഴയ ജാഹിലിയ്യാ സമ്പ്രദായങ്ങളെ ഇസ്ലാമീകരിച്ചു മുതലെടുക്കുവാൻ ഒരു വിഭാഗം പണ്ഡിതന്മാരും രംഗത്തുണ്ടെന്നുള്ളതാണു കൂടുതൽ ശോചനീയം. ആ മുശ്‌രിക്കുകൾ അവരുടെ ദൈവങ്ങൾക്കായി നീക്കിവെക്കുന്ന സ്വത്തുക്കൾ അവസാനം അവരിലുള്ള പുരോഹിത വർഗ്ഗത്തിലേക്കായിരിക്കും എത്തിച്ചേരുക. ഏറെക്കുറെ അതുപോലെയുള്ള കാര്യലാഭങ്ങൾ തന്നെയാണു ഇവരെയും ഇതിനു പ്രേരിപ്പിക്കുന്നത്.

കൃഷിസ്ഥലങ്ങളിലും, തോട്ടങ്ങളിലും ഒരു ഭാഗം അല്ലാഹുവിന്റെയും, മറ്റൊരു ഭാഗം അവരുടെ ദൈവങ്ങളുടെയും പേരിൽ അവർ തിരിച്ചുവെക്കും. അല്ലാഹുവിന്റെ ഓഹരിയിൽനിന്നുള്ള ലഭ്യം സാധുക്കൾക്ക് ധർമ്മ

മായി നൽകും. ദൈവങ്ങളുടെ ഓഹരിയിൽനിന്നുള്ള വരുമാനം അവയുടെ പേരിലുള്ള നേർച്ച, ബലി, പൂജ മുതലായ വഴിപാടുകൾക്കും ചിലവഴിക്കും. ഇതു മുഖേന ആ ദൈവങ്ങളുടെ ക്ഷേത്ര പൂജാരികൾ തുടങ്ങിയ പുരോഹിത വർഗ്ഗത്തിനാണു ലഭിക്കുകയെന്നു പറയേണ്ടതില്ലല്ലോ. ഇങ്ങിനെ, അല്ലാഹു ഉൽപാദിപ്പിച്ചുകൊടുത്ത ഉൽപന്നങ്ങളെ മുഴുവൻ അവന്റെ മാർഗ്ഗത്തിൽ ചിലവഴിക്കുകയോ, അവന്റെ അനുഗ്രഹങ്ങളെന്ന നിലക്കു സ്വന്തം എടുത്തുപയോഗിക്കുകയോ ചെയ്യാതെ, അതിൽ ഒരു ഓഹരി മാത്രം അവന്ന് അവർ നീക്കിവെക്കുന്നു. മാത്രമല്ല, അവന്റെ സമൻമാരും പങ്കാളികളുമായി അവർ സങ്കൽപിച്ചുണ്ടാക്കിയ കൃത്രിമ ദൈവങ്ങൾക്കും ഒരോഹരി അവർ നിശ്ചയിച്ചുവെക്കുന്നു.

കാര്യം അവിടംകൊണ്ടും അവസാനിക്കുന്നില്ല. ദൈവങ്ങളുടെ ഓഹരിയെപ്പറ്റി അവർ പ്രത്യേകം ശ്രദ്ധിക്കുകയും നന്നായി ശുശ്രൂഷ നടത്തുകയും ചെയ്യും. അല്ലാഹുവിന്റേതിനെപ്പറ്റി അത്രയൊന്നും ശ്രദ്ധ പതിക്കുകയില്ല. കാറ്റ് മുതലായ വല്ല കാരണത്താലും അല്ലാഹുവിന്റെ ഓഹരിയിൽനിന്നു ദൈവങ്ങളുടെ ഓഹരിയിലേക്കു വല്ലതും കൊഴിഞ്ഞു ചാടിപ്പോയാൽ അതു ദൈവങ്ങളുടേതായി കണക്കാക്കും. നേരെമറിച്ചു ദൈവങ്ങളുടെ ഓഹരിയിൽനിന്ന് അങ്ങോട്ടു വല്ലതും കലർന്നുപോയാൽ ഈ നിയമം ബാധകമല്ലതാനും. ദൈവങ്ങളുടെ ഓഹരിയിൽ നിന്നുള്ള വെള്ളം ആശ്രയിച്ചാണ് അല്ലാഹുവിന്റെ ഓഹരിയിലെ വിള വളർന്നതെങ്കിൽ [illegible] അവകാശപ്പെടുത്തും. മറിച്ചായാൽ ദൈവങ്ങളുടെ അവകാശത്തിൽ കുറവു വരുത്തുകയില്ല. [illegible] പോലെയുള്ള വല്ല ബുദ്ധിമുട്ടാവസ്ഥകൾ നേരിട്ടാലും അല്ലാഹുവിന്റെ ഓഹരിയിൽ നിന്നല്ലാതെ ദൈവങ്ങളുടെ ഓഹരിയിൽ നിന്ന് — അവയുടെ കോപശാപങ്ങളെക്കുറിച്ചുള്ള ഭയം നിമിത്തം — അവർ എടുത്തു ഉപയോഗിക്കുകയില്ല. ചുരുക്കിപ്പറഞ്ഞാൽ എന്തെങ്കിലും കാരണത്തെച്ചൊല്ലി ദൈവങ്ങളുടെ ഓഹരിക്കു കുറവു വരാതിരിക്കുവാനും, അല്ലാഹുവിന്റെ ഓഹരിക്കു നഷ്ടം വരുത്തുവാനുമായിരിക്കും അവർ ശ്രമിക്കുക. ഇതിനു അവർ പറയുന്ന ന്യായം, അല്ലാഹു ധന്യനും, ദൈവങ്ങൾ ദരിദ്രരുമാണെന്നായിരിക്കും. ഇതെല്ലാം സൂചിപ്പിച്ചു കൊണ്ടാണു അല്ലാഹുവിന്റെ ഓഹരിയെക്കുറിച്ചു പറഞ്ഞപ്പോൾ بِزَعْمِهِمْ (അവരുടെ ജൽപന പ്രകാരം) എന്നു അല്ലാഹു വിശേഷിപ്പിച്ചത്.

കന്നുകാലികളെ സംബന്ധിച്ചാണെങ്കിൽ, അല്ലാഹുവിന്റെ സ്വന്ത [illegible] അവനു നേർച്ചയോ ബലിയോ ആക്കുന്നതിനു പകരം, അവയെ തങ്ങളുടെ ദൈവങ്ങൾക്കു നേർച്ച [illegible] ചെയ്യുക. അറുക്കുമ്പോൾ അവന്റെ നാമത്തിൽ അറുക്കാതെ മറ്റു ദൈവങ്ങളുടെ നാമത്തിൽ [illegible] ചെയ്യും. 'ബഹീറത്തു, സാഇബത്ത്, ഹാമ്, വസ്വീലത്ത്' എന്നിവയെപ്പറ്റി സൂ: മാഇദ 103ൽ [illegible] വിവരിച്ചുവല്ലോ. ഇങ്ങിനെയുള്ള തോന്നിയവാസങ്ങളെയാണു ഈ വചനത്തിൽ അല്ലാഹു ചൂണ്ടിക്കാട്ടുന്നത്. ചുരുക്കത്തിൽ, അല്ലാഹുവിനു പങ്കുകാരെ ഉണ്ടാക്കി ആരാധനകളർപ്പിക്കുകയെന്നതിനു പുറമെ, അല്ലാഹുവിനാണെന്നും [illegible] പറഞ്ഞുകൊണ്ടു നീക്കിവെച്ച ഓഹരികളിൽപോലും പക്ഷപാതവും അനീതിയും കാണിക്കുകയാണവർ ചെയ്യുന്നത്. അതാണു അവസാനം سَاءَ مَا يَحْكُمُونَ (അവർ വിധി കൽപിക്കുന്നതു വളരെ ചീത്ത!) എന്നു പറഞ്ഞത്.

137. അതുപോലെ (തന്നെ) മുശ്‌രിക്കുകളിൽ പെട്ട പലർക്കും അവരുടെ സന്താനങ്ങളെ കൊലപ്പെടുത്തുന്നതു അവരുടെ പങ്കാളികൾ ഭംഗിയാക്കികാണിച്ചു കൊടുത്തിരിക്കുന്നു: (അതെ) അവരെ അവർ നാശത്തിൽ പതിപ്പിക്കുവാനും, അവർക്കു അവരുടെ മതം (തിരിച്ചറിയാതെ) കൂട്ടിക്കലർത്തുവാനും വേണ്ടി. [അതാണിതുകൊണ്ട് ഉണ്ടായിത്തീരുന്നത്.]

അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവരതു ചെയ്യുമായിരുന്നില്ല. ആകയാൽ, അവരെയും, അവർ കെട്ടിച്ചമച്ചുണ്ടാക്കുന്നതിനെയും നീ (അങ്ങു) വിട്ടേക്കുക.

وَكَذَٰلِكَ زَيَّنَ لِكَثِيرٍ مِّنَ الْمُشْرِكِينَ قَتْلَ أَوْلَادِهِمْ شُرَكَاؤُهُمْ لِيُرْدُوهُمْ وَلِيَلْبِسُوا عَلَيْهِمْ دِينَهُمْ ۖ وَلَوْ شَاءَ اللَّهُ مَا فَعَلُوهُ ۖ فَذَرْهُمْ وَمَا يَفْتَرُونَ ○

---

137. وَكَذَٰلِكَ അതുപോലെ زَيَّنَ ഭംഗിയാക്കി (അലങ്കാരമാക്കി) കാട്ടിയിരിക്കുന്നു لِكَثِيرٍ പലർക്കും, വളരെ ആൾക്കു مِّنَ الْمُشْرِكِينَ മുശ്‌രിക്കുകളിൽനിന്നു قَتْلَ കൊലയെ, വധിക്കുന്നതിനെ أَوْلَادِهِمْ തങ്ങളുടെ സന്താനങ്ങളെ شُرَكَاؤُهُمْ അവരുടെ പങ്കാളികൾ لِيُرْدُوهُمْ അവരെ നാശത്തിൽ പതിപ്പിക്കുവാൻ وَلِيَلْبِسُوا അവർ കൂട്ടിക്കലർത്തുവാനും عَلَيْهِمْ അവരുടെ മേൽ, അവർക്കു دِينَهُمْ അവരുടെ മതത്തെ, മതനടപടിയെ وَلَوْ شَاءَ ഉദ്ദേശിച്ചിരുന്നെങ്കിൽ اللَّهُ അല്ലാഹു مَا فَعَلُوهُ അതവർ ചെയ്യുകയില്ലായിരുന്നു فَذَرْهُمْ അതിനാൽ അവരെ വിട്ടേക്കുക وَمَا يَفْتَرُونَ അവർ കെട്ടിയുണ്ടാക്കുന്നതിനെയും.

അറബി മുശ്‌രിക്കുകൾക്കിടയിൽ നടപ്പുണ്ടായിരുന്ന അതിനികൃഷ്ടമായ മറ്റൊരു ദുരാചാരത്തെക്കുറിച്ചാണു പറയുന്നത്. ദാരിദ്ര്യം, അപമാനം, പ്രതാപം, യുദ്ധകാലത്തുണ്ടാകുന്ന ശല്യം ആദിയായവയെ ഭയന്ന് സ്വന്തം പെൺകുഞ്ഞുങ്ങളെ വധിക്കുക; അല്ലെങ്കിൽ ജീവനോടെ കുഴിച്ചുമൂടുക. ഇതാണത്. കൂടാതെ, ദൈവങ്ങളെ പ്രീതിപ്പെടുത്തുവാൻവേണ്ടി— ഇക്കാലത്തു ചില അപരിഷ്കൃത വർഗ്ഗക്കാർ ചെയ്യാറുള്ളതുപോലെ— ആൺകുഞ്ഞുങ്ങളെ വിഗ്രഹങ്ങൾക്കുവേണ്ടി ബലി നൽകുന്ന പതിവുണ്ടായിരുന്നുവെന്നു ചിലർ പറഞ്ഞു കാണുന്നു. അല്ലാഹു വിനറിയാം. പെൺകുഞ്ഞുങ്ങളെ കൊല്ലുന്നതിനെപ്പറ്റി മാത്രമേ ഖുർആനിൽ വ്യക്തമാക്കപ്പെട്ടു കാണുന്നുള്ളൂ. ജീവകാരുണ്യമോ, സ്വന്തം മക്കളോടുള്ള വാത്സല്യമോ, പിതൃപൈതൃകത്തോടുള്ള മയമോ തൊന്നാത്ത ഈ കടുംകൈ പ്രവർത്തിക്കുവാൻ അവർക്കു പ്രേരണ നൽകുന്നതു പിശാചുക്കളുടെ ദുർബോധനങ്ങളും, പുരോഹിത വർഗ്ഗത്തിന്റെ നിയമനിർമാണങ്ങളുമായിരുന്നു. ഇവരാണു ഇവിടെ 'പങ്കാളികൾ' (شركاء)കൊണ്ടു വിവക്ഷ. അല്ലാഹുവിന്റെ നിയമങ്ങൾക്കു വിരുദ്ധമായ നിയമങ്ങൾ നിർമിക്കുന്ന ഇവരെ പങ്കുകാരാക്കുകയാണല്ലോ അവർ ചെയ്യുന്നത്. പ്രസ്തുത നിയമോപദേശങ്ങൾ മൂലം അവർ ഇഹത്തിലും, പരത്തിലും കഷ്ടനഷ്ടങ്ങൾ അനുഭവിക്കേണ്ടിവരുന്നു. അതൊക്കെ മതനിയമങ്ങളായി തെറ്റിദ്ധരിക്കപ്പെടുകയും ചെയ്യുന്നു. അതെല്ലാം സൂചിപ്പിച്ചുകൊണ്ടാണു, അവർ—ആ പങ്കാളികൾ— അവരെ നാശത്തിൽ പതിപ്പിക്കുവാനും, അവരുടെ മതം അവർക്കു തിരിച്ചറിയാതാക്കുവാനും (لِيُرْدُوهُمْ وَلِيَلْبِسُوا عَلَيْهِمْ دِينَهُمْ) എന്നു പറഞ്ഞത്.

അത്തരം ദുർവൃത്തികളൊന്നും അവർ ചെയ്യാതിരിക്കുകതന്നെ വേണമെന്നാണ് അല്ലാഹു നിശ്ചയിച്ചിരുന്നതെങ്കിൽ അവർ അതൊന്നും ചെയ്യുമായിരുന്നില്ല. പക്ഷേ, നല്ലതും ചീത്തയും വിവേചിച്ചറിയുവാനുള്ള സാകര്യവും, സഹചര്യവും നൽകിക്കൊണ്ട് അവരുടെ ഹിതത്തിനു വിട്ടുകൊടുത്തിരിക്കുകയാണ് അല്ലാഹു. അതുകൊണ്ടു അവർ ചെയ്യുന്നത് ചെയ്യട്ടെ എന്നുവെച്ച് അവരെ അവഗണിച്ചു കളയുകയേ വേണ്ടൂ. അവരുടെ മേലുള്ള നടപടി അല്ലാഹു എടുത്തുകൊള്ളും. എന്നിങ്ങിനെ നബി (സ) യെ ഉപദേശിക്കുകയാണു ആയത്തിന്റെ അന്ത്യഭാഗം ചെയ്യുന്നത്.'

138. അവർ പറയുകയാണു: ഇവ വിലക്കപ്പെട്ടതായ ചില കാലികളും വിളകളുമാകുന്നു: അവരുടെ ജൽപനമനുസരിച്ച് നാം ഉദ്ദേശിക്കുന്നവരല്ലാതെ അവ ഭക്ഷിച്ചുകൂടാ— (വേറെ) ചില കാലികളും അവയുടെ പുറങ്ങൾ (സവാരിക്ക) നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു. (കൂടാതെ വേറെ) ചില കാലികളുമുണ്ട്: അവയുടെ മേൽ അല്ലാഹുവിന്റെ നാമം അവർ ഉച്ചരിക്കുകയില്ല; അവന്റെ [അല്ലാഹുവിന്റെ] പേരിൽ കെട്ടിച്ചമച്ചുകൊണ്ട്.

അവർ കെട്ടിച്ചമച്ചുകൊണ്ടിരിക്കുന്നതിനു അവൻ അവർക്കു (വഴിയെ) പ്രതിഫലം നൽകുന്നതാണ്.

وَقَالُوا هَٰذِهِ أَنْعَامٌ وَحَرْثٌ حِجْرٌ
لَا يَطْعَمُهَا إِلَّا مَنْ نَشَاءُ
بِزَعْمِهِمْ وَأَنْعَامٌ حُرِّمَتْ ظُهُورُهَا وَ
أَنْعَامٌ لَا يَذْكُرُونَ اسْمَ اللَّهِ
عَلَيْهَا افْتِرَاءً عَلَيْهِ ۚ

سَيَجْزِيهِمْ بِمَا كَانُوا يَفْتَرُونَ ۝

---

138. قالوا അവർ പറയുകയും ചെയ്തു, പറയുകയാണു هذه انعام ഇവ ചില കാലികളാണു وحرث വിളയും, വിളകളും حجر വിലക്കപ്പെട്ട لا يطعمها അവ ഭക്ഷിക്കുകയില്ല, ഭക്ഷിച്ചുകൂടാ الا മറികെ من نشاء നാം (ഞങ്ങൾ) ഉദ്ദേശിക്കുന്നവർ بزعمهم അവരുടെ ജൽപനമനുസരിച്ചു وانعام ചില കാലികൾ حرمت നിഷിദ്ധ (നിരോധിക്ക)പ്പെട്ടിരിക്കുന്നു ظهورها അവയുടെ പുറങ്ങൾ, മുതുകുകൾ وانعام ചില കാലികൾ لا يذكرون അവർ പറയുക (ഉച്ചരിക്കുക)യില്ല اسم الله അല്ലാഹുവിന്റെ നാമം عليها അതിന്റെ മേൽ افتراء കെട്ടിച്ചമച്ച് عليه അവന്റെ മേൽ (പേരിൽ) سيجزيهم അവർക്കു അവൻ (വഴിയെ) പ്രതിഫലം നൽകും بما كانوا അവരായിരുന്നതിനു يفترون കെട്ടിച്ചമക്കുക

١٣٩- وَقَالُوا مَا فِي بُطُونِ هَٰذِهِ الْأَنْعَامِ خَالِصَةٌ لِّذُكُورِنَا وَمُحَرَّمٌ عَلَىٰ أَزْوَاجِنَا ۖ وَإِن يَكُن مَّيْتَةً فَهُمْ فِيهِ شُرَكَاءُ ۚ سَيَجْزِيهِمْ وَصْفَهُمْ ۚ إِنَّهُ حَكِيمٌ عَلِيمٌ ○

139. അവർ പറയുന്നു: (ഇതാ) ഈ കാലികളുടെ വയറുകളിലുള്ളതു നമ്മുടെ ആണുങ്ങൾക്കു മാത്രമായുള്ളതും, നമ്മുടെ ഭാര്യമാർക്കു നിഷിദ്ധമാക്കപ്പെട്ടതുമാകുന്നു.'

അതു ചത്തതായിരുന്നാൽ അവർ (എല്ലാവരും) അതിൽ പങ്കാളികളുമായിരിക്കും.

അവരുടെ (ഈ) വിവരണത്തിനു അവൻ അവർക്കു (വഴിയെ) പ്രതിഫലം നൽകുന്നതാണ്. നിശ്ചയമായും അവൻ, അഗാധജ്ഞനാകുന്നു; സർവ്വജ്ഞനാകുന്നു.

١٤٠- قَدْ خَسِرَ الَّذِينَ قَتَلُوا أَوْلَادَهُمْ سَفَهًا بِغَيْرِ عِلْمٍ وَحَرَّمُوا مَا رَزَقَهُمُ اللَّهُ افْتِرَاءً عَلَى اللَّهِ ۚ قَدْ ضَلُّوا وَمَا كَانُوا مُهْتَدِينَ ○

140. തീർച്ചയായും, ഒരു വിവരവുമില്ലാതെ-മൗഢ്യത്താലായിട്ടു-തങ്ങളുടെ സന്താനങ്ങളെ കൊല്ലുകയും, തങ്ങൾക്ക് അല്ലാഹു നൽകിയതിനെ നിഷിദ്ധമാക്കുകയും ചെയ്തിട്ടുള്ളവർ നഷ്ടപ്പെട്ടു പോയിരിക്കുന്നു; (അതെ) അല്ലാഹുവിന്റെ പേരിൽ കെട്ടിച്ചമച്ചു കൊണ്ട്.

തീർച്ചയായും, അവർ വഴിപിഴച്ചു പോയി; അവർ സന്മാർഗ്ഗം പ്രാപിച്ചവരായിരുന്നതുമില്ല.

---

139. وقالوا അവർ പറയുന്നു ما في بطون വയറുകളിലുള്ളതു هذه الأنعام ഈ കാലികളുടെ خالصة മാത്രം(തനിച്ചം)യുള്ളതാണു لذكورنا നമ്മുടെ ആണുങ്ങൾക്കു ومحرم നിഷിദ്ധമാക്കപ്പെട്ടതുമാണു على أزواجنا നമ്മുടെ ഭാര്യമാർക്ക وإن يكن അതാണെങ്കിലോ, ആകുന്നപക്ഷം ميتة ചത്തതു, ശവം فهم فيه എന്നാലവർ അതിൽ شركاء പങ്കാളികളാണു سيجزيهم അവർക്കവൻ പ്രതിഫലം നൽകും وصفهم അവരുടെ വിവരണത്തിനു إنه നിശ്ചയമായും അവൻ حكيم അഗാധജ്ഞനാണു عليم സർവ്വജ്ഞനാണു
140. قد خسر നഷ്ടപ്പെട്ടിട്ടുണ്ടു الذين قتلوا കൊന്ന أولادهم തങ്ങളുടെ സന്താനങ്ങളെ سفها വിഡ്ഢിത്തമായി, മൗഢ്യത്താൽ بغير علم ഒരു അറിവും (വിവരവും) ഇല്ലാതെ وحرموا അവർ നിഷിദ്ധമാക്കുകയും ചെയ്തു ما رزقهم അവർക്ക നൽകിയതിനെ الله അല്ലാഹു افتراء കെട്ടിച്ചമച്ചുകൊണ്ടു على الله അല്ലാഹുവിന്റെ മേൽ قد ضلوا തീർച്ചയായും അവർ വഴിപിഴച്ചു وما كانوا അവരായതുമില്ല, ആയിരുന്നുമില്ല مهتدين നേർമാർഗ്ഗം പ്രാപിച്ചവർ

തൃശ്ശ്ടികളുകൾ കെട്ടിയുണ്ടാക്കി ആചരിച്ചു വന്നിരുന്ന പല അന്ധവിശ്വാസങ്ങളും ആദ്യത്തെ രണ്ടു വചനങ്ങളിൽ അല്ലാഹു എടുത്തു കാട്ടുന്നു. (1) പൊതു ഉപയോഗം തടയപ്പെടുകയും, തങ്ങൾ ഉദ്ദേശിക്കുന്ന ചില ആളുകൾക്കല്ലാതെ ഭക്ഷിക്കുവാൻ പാടില്ലെന്നു നിശ്ചയിക്കുകയും ചെയ്തുകൊണ്ടു കൃഷികളിൽനിന്നും കാലികളിൽനിന്നും ഒരു ഭാഗം തങ്ങളുടെ വിഗ്രഹ ദൈവങ്ങൾക്കു വഴിപാടാക്കി വെക്കുക. അവർ ഉദ്ദേശിക്കുന്നവർ എന്നു പറഞ്ഞതു ക്ഷേത്രപൂജാരികളും പുരോഹിതൻമാരും തന്നെ. അവർക്കേ അതു ഭക്ഷിച്ചുകൂടു എന്നർത്ഥം. (2) പുറത്തു കയറി സവാരി ചെയ്യാൻ പാടില്ലെന്നു നിശ്ചയിച്ചുകൊണ്ടു കാലികളെ ദൈവങ്ങൾക്കു വഴിപാടാക്കിവെക്കുക. 'ബഹീറത്തു', 'സാഇബത്തു' മുതലായവ ഇതിൽ ഉൾപെടുന്നു. ദൈവങ്ങളുടെ പേരിൽ ഇങ്ങിനെ ഒരു പ്രത്യേകതരം വഴിപാടുതന്നെ പതിവുണ്ടായിരുന്നുവെന്നും പറയപ്പെടുന്നുണ്ട്. (3) അല്ലാഹുവിന്റെ നാമം ഉച്ചരിക്കപ്പെടാത്ത കാലികളെ ഏർപ്പെടുത്തുക. ഇതിൽ രണ്ടുതരം ഉണ്ട്: അറുക്കുമ്പോൾ അല്ലാഹുവിന്റെ നാമം പറയാതെ, ദൈവങ്ങളുടെ നാമങ്ങളിൽ അറുക്കപ്പെടുന്നവയും, അറുക്കുമ്പോൾ മാത്രമല്ല—പുറത്തു കയറിയോ മറ്റോ ഉപയോഗിക്കുമ്പോഴും—അല്ലാഹുവിന്റെ നാമം ഉച്ചരിച്ചു കൂടാത്തവയും. ഈ രണ്ടും തരത്തിൽപെട്ട മൃഗങ്ങളുടെ പുറത്തു കയറി ഹജ്ജിനും പോയിക്കൂടായിരുന്നു. കാരണം, അവ വിഗ്രഹങ്ങൾക്കുള്ളതാകകൊണ്ടു അവയുടെ നാമം മാത്രമേ അവയെ സംബന്ധിച്ചിടത്തോളം ഉപയോഗിക്കാവൂ എന്നാണു സങ്കൽപം. (4) ചില കാലികളുടെ ഗർഭത്തിലുള്ള കുട്ടി ജനിച്ചാൽ—അതിനു ജീവനുണ്ടെങ്കിൽ—പുരുഷൻമാർക്ക മാത്രമേ ഉപയോഗിച്ചുകൂടൂ—സ്ത്രീകൾക്ക പാടില്ല—എന്നു നിശ്ചയിക്കുക. അവയുടെ

പാലിനും ഈ പന്തി വിശേഷം ഉണ്ടായിരുന്നുവെന്നു പറയപ്പെടുന്നു. ആണിനും പെണ്ണിനും തിന്നാമെന്നുമാണു വയ്പ. ജനിക്കുമ്പോൾ കുട്ടിക്കു ജീവനില്ലാത്തപക്ഷം, ഇതെല്ലാം തന്നെ, അവർ സ്വയം കെട്ടിച്ചമച്ചുണ്ടാക്കി അല്ലാഹുവിന്റെ പേരിൽ വെച്ചുകെട്ടി വന്ന ദുരാചാരങ്ങളാണെന്നും, അല്ലാഹു എല്ലാം കണ്ടറിഞ്ഞുകൊണ്ടിരിക്കുന്നുണ്ടെന്നും, എല്ലാററിനും തക്ക ശിക്ഷാ നടപടി എടുക്കാതെ വിടുകയില്ലെന്നും അല്ലാഹു അവരെ താക്കീതു ചെയ്യുന്നു.

ബുദ്ധിപരമായ ന്യായങ്ങളോ, വേദമൂലമുള്ള തെളിവുകളോ ഒന്നും കൂടാതെ–തനിവിഡ്ഢിത്തമായി–അല്ലാഹു അനുഗ്രഹിച്ചു നല്കിയ സ്വന്തം മക്കളെ വധിച്ചു കളയുകയും സ്വന്തം സ്വത്തുക്കളെ സ്വയം നിഷിദ്ധമാക്കുകയുമാണ് അവർ ചെയ്യുന്നത്, ഇതാകട്ടെ, അല്ലാഹുവിന്റെ പേരിൽവെച്ചു കെട്ടിയുണ്ടാക്കിയ നിയമങ്ങളെ അടിസ്ഥാനമാക്കിയും. ഇതുവഴി, അവർ അവർക്കുതന്നെ തീരാനഷ്ടം വരുത്തുകയാണു ചെയ്യുന്നതെന്നു അവസാനത്തെ വചനത്തിൽ അല്ലാഹു ചൂണ്ടിക്കാട്ടുന്നു. ഇഹത്തിലെ നഷ്ടം വ്യക്തമാണ്. തങ്ങൾക്കു താങ്ങും തണലുമായിരിക്കേണ്ടുന്ന അരുമ മക്കളും അവർക്കു നഷ്ടപ്പെട്ടു. പരലോകത്തിലാകട്ടെ, നന്മക്കുള്ള സകല മാർഗ്ഗങ്ങളും നഷ്ടപ്പെട്ടു. ശാശ്വതമായ നരകശിക്ഷക്കു അർഹരായിത്തീരുകയും ചെയ്തു. അതെ, 'അവർ വഴിപിഴച്ചുപോയി, അവർ നേർമ്മാർഗ്ഗം പ്രാപിക്കുന്നവരായിരുന്നതുമില്ല.' ഇബ്നു അബ്ബാസ് (റ) പറഞ്ഞതായി ബുഖാരി (റ) ഉദ്ധരിക്കുന്നു: 'അറബികളുടെ അജ്ഞത അറിയുവാൻ നിനക്കു താൽപര്യം തോന്നുന്നുവെങ്കിൽ സൂറത്തുൽ–അൻആമിൽ നൂററിമുപ്പതിനു മീതെയുള്ള قد خسر الذين الخ എന്ന ഈ വചനം ഓതിക്കൊള്ളുക.' അദ്ദേഹം പറഞ്ഞതെത്ര വാസ്തവം!

വിഭാഗം-17

141. അവനത്രെ, ഉണ്ടാക്കിയവൻ:

പന്തലിൽ (പടർത്തി) ഉയർത്തപ്പെട്ടതും, പന്തലിൽ (പടർത്തി) ഉയർത്തപ്പെടാത്തതുമായ തോട്ടങ്ങളെയും, തിന്നാനുള്ള വിഭവം വ്യത്യസ്തമായ നിലയിൽ ഈത്തപ്പനയും, കൃഷിയും, പരസ്പരസാദൃശ്യമുള്ളതും പരസ്പര സാദൃശ്യമില്ലാത്തതുമായ നിലയിൽ ഒലിവും, മാതളവും (എല്ലാം തന്നെ).

وَهُوَ الَّذِيٓ اَنْشَاَ جَنّٰتٍ مَّعْرُوْشٰتٍ وَّغَيْرَ مَعْرُوْشٰتٍ وَّالنَّخْلَ وَالزَّرْعَ مُخْتَلِفًا اُكُلُهٗ وَالزَّيْتُوْنَ وَالرُّمَّانَ مُتَشَابِهًا وَّغَيْرَ مُتَشَابِهٍ ۗ

അതു (കായ്ച്ച്) ഫലം നൽകുമ്പോൾ അതിന്റെ ഫലത്തിൽ നിന്നു നിങ്ങൾ തിന്നുകൊള്ളുവിൻ; അതു കൊയ്ത് (വിളവ്) എടുക്കുന്ന ദിവസം അതിന്റെ കടമ കൊടുത്തു (തീർക്കുകയും ചെയ്യുവിൻ; അമിതം പ്രവർത്തിക്കുകയും ചെയ്യരുത്.

كُلُوْا مِنْ ثَمَرِهٖٓ اِذَآ اَثْمَرَ وَاٰتُوْا حَقَّهٗ يَوْمَ حَصَادِهٖ ۖ وَلَا تُسْرِفُوْا ۗ

നിശ്ചയമായും അവൻ, അമിതം പ്രവർത്തിക്കുന്നവരെ ഇഷ്ടപ്പെടുന്നതല്ല.

اِنَّهٗ لَا يُحِبُّ الْمُسْرِفِيْنَ ۙ

---

141. وهو الذي അവനത്രെ യാതൊരുവൻ انشا ഉണ്ടാക്കിയ, നിർമ്മിച്ച جنات തോട്ടങ്ങളെ معروشات ഉയർത്തിയുണ്ടാക്കപ്പെട്ട, പന്തലിൽ പടർത്തപ്പെട്ട وغير معروشات ഉയർത്തപ്പെടാത്തതും والنخل ഈത്തപ്പനയും والزرع കൃഷിയും, വിളയും مختلفا വ്യത്യസ്തമായിക്കൊണ്ടു اكله അതിന്റെ കനി (തിന്നാനുള്ള വിഭവം) والزيتون ഒലിവും والرمان മാതളവും, ഉറുമാനും متشابها പരസ്പര സാദൃശ്യമുള്ളതായി وغير متشابه പരസ്പര സാദൃശ്യമുള്ളതല്ലാതെയും كلوا തിന്നുകൊള്ളുവിൻ من ثمره അതിന്റെ ഫലത്തിൽ നിന്നും اذا اثمر അതു ഫലം നൽകിയാൽ, കായ്ച്ചാൽ واتوا കൊടുക്കുകയും ചെയ്യുക حقه അതിന്റെ കടമ, അവകാശം يوم حصاده അതിന്റെ കൊയ്ത്തിന്റെ (വിളവെടുപ്പു) ദിവസം ولا تسرفوا അമിതം പ്രവർത്തിക്കുകയും ചെയ്യരുതു انه നിശ്ചയമായും അവൻ لا يحب ഇഷ്ടപ്പെടുക (സ്നേഹിക്കുക)യില്ല المسرفين അമിതം പ്രവർത്തിക്കുന്നവരെ.

١٤٢ وَمِنَ الْأَنْعَامِ حَمُولَةً وَفَرْشًا ۚ كُلُوا مِمَّا رَزَقَكُمُ اللَّهُ وَلَا تَتَّبِعُوا خُطُوَاتِ الشَّيْطَانِ ۚ إِنَّهُ لَكُمْ عَدُوٌّ مُبِينٌ

142. കാലികളിൽ നിന്നും (ഭാരം) ചുമക്കുന്നവയും, 'ഫർശും' [ചെറുതരം മൃഗങ്ങളും] (ഉണ്ടാക്കിയിരിക്കുന്നു).

നിങ്ങൾക്കു അല്ലാഹു നൽകിയതിൽ നിന്നും നിങ്ങൾ തിന്നു കൊള്ളുവിൻ; പിശാചിന്റെ കാലടികളെ നിങ്ങൾ പിൻപറ്റുകയും ചെയ്യരുത്.

നിശ്ചയമായും അവൻ, നിങ്ങൾക്ക പ്രത്യക്ഷ ശത്രുവാണ്

---

142. من الانعام കാലികളിൽ നിന്നും حمولة ഭാരം വഹിക്കുന്നവയെയും وفرشا 'ഫർശും'(ചെറുതരം മൃഗങ്ങളെയും) كلوا തിന്നു കൊള്ളുവിൻ مما رزقكم നിങ്ങൾക്കു നൽകിയതിൽ നിന്നു الله അല്ലാഹു ولا تتبعوا നിങ്ങൾ പിൻപറ്റുകയും അരുതു خطوات കാലടികളെ الشيطان പിശാചിന്റെ انه നിശ്ചയമായും അവൻ لكم നിങ്ങൾക്കു عدو ശത്രുവാണു مبين (പ്രത്യക്ഷമായ (തനി)

ചിലതൊക്കെ അനുവദനീയവും (ഹലാലും), ചിലതൊക്കെ നിഷിദ്ധവും (ഹറാമും) ആക്കി വേർതിരിച്ചുകൊണ്ടും, ചിലതു ദൈവങ്ങൾക്കും ചിലതു തങ്ങൾക്കുമായി [illegible] കൊണ്ടിരിക്കുന്ന വിളകൾ, കായ്കനികൾ, മൃഗസമ്പത്തുകൾ [illegible] അല്ലാഹു സൃഷ്ടിച്ചുണ്ടാക്കിയ അനുഗ്രഹങ്ങളാകുന്നു. [illegible] സമയത്തു കൊടുത്തുതീർത്തു ബാക്കിയെല്ലാം [illegible] അവർ പ്രയോജനപ്പെടുത്തേണ്ടതാണു എന്നൊക്കെയാണു അല്ലാഹു ഈ വചനങ്ങളിൽ [illegible]. ആദ്യത്തെ വചനത്തിൽ അറബികളുടെ പ്രധാന ഉൽപന്നങ്ങളെയും, [illegible] അവയിലുള്ള വൈവിധ്യങ്ങളെ സൂചിപ്പിച്ചുകൊണ്ടു–എടുത്തു പറഞ്ഞിരിക്കുന്നു [illegible] –

(1) മുന്തിരിപോലെ പന്തലിൻമേലോ വൃക്ഷത്തിൻമേലോ പടർന്ന ഉയരത്തിൽ വളർന്ന വരുന്നതും, [illegible] ലൂടെയോ, സ്വന്തം തടി മരത്തിലോ ആയി വളർന്നു വരുന്നതുമായ പല ഇനം തോട്ടങ്ങൾ. (2) ഗുണം, [illegible] രൂപം ആദിയായവയിൽ പരസ്പരം വ്യത്യസ്തങ്ങളായ പലതരം ഈത്തപ്പനകളും കൃഷികളും. [illegible] ത്തിൽ ഈത്തപ്പനത്തോട്ടവും അല്ലാത്തതും ഉൾപെടുമെങ്കിലും അറബികളെ സംബന്ധിച്ചിടത്തോളം [illegible] കൽപിക്കപ്പെടുന്നതാണല്ലോ ഈത്തപ്പനത്തോട്ടം. കൂടാതെ, [illegible] യതു എന്നീ വ്യത്യാസം കൂടാതെ എല്ലാ [illegible] ത്തിലും അതിന്റെ ഫലം ആഹാരമായും [illegible] ഈത്തപ്പനയിലെ ജാതി വ്യത്യാസം നോക്കുമ്പോൾ വളരെയധികം [illegible] ളിലെ വൈവിധ്യത്തെപ്പറ്റി വിസ്തരിക്കേണ്ടതുമില്ല. ഗോതമ്പു, നെല്ലു മുതലായ [illegible] ങ്ങളാണുള്ളത്? ആലോചിച്ചു നോക്കുക! (3) കാഴ്ചയിലും ആകൃതിയിലും സാദൃശ്യം [illegible] യിലും നിറത്തിലും മാറ്റമുള്ളതും, പരസ്പരം തീരെ സാദൃശ്യം [illegible] മാതളച്ചെടികളും. മാതളപ്പഴത്തിന്റെ രുചിയും പ്രയോജനവും സ്വാദും [illegible]. '[illegible]' എന്നു പറയപ്പെടാറുള്ള ഒലിവെണ്ണ ഒരു ഔഷധ വസ്തുവെന്നതിൽ [illegible] അറിഞ്ഞുകൂടാ. എങ്കിലും അറബി രാജ്യങ്ങളിൽ–ഫലസ്തീൻ മുതലായ [illegible] ങ്ങളിൽ, പ്രത്യേകിച്ചും–അതിന്റെ പ്രയോജനം വമ്പിച്ചതാകുന്നു. [illegible] വിളക്കെണ്ണയായും അതു ഉപയോഗിക്കപ്പെടുന്നു. (4) [illegible] കാലികളിൽ ഭാരം ചുമക്കുന്ന [illegible] പറ്റിയവയും, ഭക്ഷണം, വാഹനം, ഭാരം മുതലായ ആവശ്യങ്ങൾക്കു [illegible].

فرش (ഫർശ്) എന്ന പദത്തിനു പലരും പല വ്യാഖ്യാനമാണു പറഞ്ഞു കാണുന്നത്. 'വിരിപ്പു [illegible] അഥവാ വാഹനമായി ഉപയോഗിക്കപ്പെടുന്നതു, അറുക്കുവാൻ നിലത്തു കിടത്തപ്പെടുന്നതു–[illegible] വേണ്ടി വളർത്തപ്പെടുന്നതു, രോമമെടുത്തു വിരിപ്പുണ്ടാക്കുന്നതു, ചെറുതരം മൃഗങ്ങൾ' എന്നും മറ്റുമാണവ. [illegible] തരം [illegible], [illegible] പോലെ പരന്നു നിൽക്കുന്ന സസ്യങ്ങൾക്കും, ചുള്ളി വിറകുകൾക്കും, [illegible] വിരിപ്പുപകരണങ്ങൾക്കും ആ വാക്കു ഉപയോഗിക്കപ്പെടുമെന്നു നിഘണ്ടുകളിലും കാണാം. [illegible] അതിന്റെ സാക്ഷാൽ ഭാഷാർത്ഥമായ 'വിരിപ്പു' എന്ന അർത്ഥം പരിഗണിക്കപ്പെട്ടിട്ടുണ്ട്. ഭാരം വഹിക്കുവാൻ [illegible] ഉതകുന്ന മൃഗങ്ങൾ (حمولة) കേവലം വലുതായിരിക്കുമല്ലോ. അതിനെതിരിലാണു ഈ പദം ഇവിടെ ഉപയോഗിച്ചി

പ്പെട്ടിരിക്കുന്നതെന്ന വസ്തുതയും, മേൽകണ്ട അർത്ഥങ്ങളിൽ പൊതുവെ ചെറുപ്പം കൂടി പരിഗണിക്കപ്പെട്ടിട്ടുള്ളതും കണക്കിലെടുത്തുകൊണ്ടാണു നാം അതിനു 'ചെറുതരം മൃഗങ്ങൾ' എന്നു അർത്ഥം നൽകിയിരിക്കുന്നത്. അതിനു തികച്ചും യോജിക്കുന്ന ഒറ്റവാക്കു മലയാളത്തിൽ കാണപ്പെടുന്നില്ല.

തോട്ടങ്ങളെയും കൃഷിയെയും സംബന്ധിച്ചു പറഞ്ഞശേഷം ആദ്യത്തെ വചനത്തിൽ كُلُوا مِن ثَمَرِهِ إِذَا أَثْمَرَ (അതു ഫലം നൽകുമ്പോൾ അതിന്റെ ഫലം തിന്നുകൊള്ളുവിൻ) എന്നും, കാലികളെക്കുറിച്ചു പറഞ്ഞശേഷം രണ്ടാമത്തെ വചനത്തിൽ كُلُوا مِمَّا رَزَقَكُمُ اللَّهُ (നിങ്ങൾക്കു അല്ലാഹു നൽകിയതിൽ നിന്നു തിന്നു കൊള്ളുവിൻ) എന്നും പറഞ്ഞതു ശ്രദ്ധേയമാകുന്നു. ഇതെല്ലാം നിങ്ങൾക്കു ഭക്ഷിക്കുവാൻ വേണ്ടി ഞാൻ സൃഷ്ടിച്ചു തന്നതാണ്; എന്നിട്ട് നിങ്ങൾ അവയിൽ ചിലതു നിഷിദ്ധമാക്കുകയും, കൃത്രിമ ദൈവങ്ങളെ സങ്കൽപിച്ച് അവർക്കായി നീക്കിവെക്കുകയും ചെയ്യുന്നതു അക്രമവും നന്ദികേടുമാണല്ലോ എന്നൊരു സൂചന അതിൽ അടങ്ങിയിരിക്കുന്നു. ആദ്യത്തേതിൽ وَآتُوا حَقَّهُ يَوْمَ حَصَادِهِ (അതു കൊയ്തെടുക്കുന്ന ദിവസം അതിന്റെ കടമ കൊടുത്തു തീർക്കുവിൻ) എന്നു പറഞ്ഞിട്ടുള്ളതും പ്രത്യേകം ശ്രദ്ധേയമാകുന്നു. തോട്ടകൃഷിയാകട്ടെ, ധാന്യ കൃഷിയാകട്ടെ, വിളവെടുപ്പു വേളയിൽ അതിൽ നിന്നു സാധുക്കൾക്കും ദരിദ്രർക്കും അവകാശം കൊടുത്തു തീർക്കേണ്ടുന്ന കടമയുണ്ട് എന്നാണു അതിൽ നിന്നു വ്യക്തമാകുന്നത്.

ഈ വാക്യത്തിന്റെ താൽപര്യത്തിൽ പണ്ഡിതൻമാർക്കിടയിൽ വ്യത്യസ്തമായ അഭിപ്രായങ്ങൾ കാണാം. (1) ഇസ്ലാമിലെ നിയമപ്രകാരമുള്ള സകാത്തിനു പുറമെ നിലവിലുള്ള മറ്റൊരു കടമയാണിതു. ഇബ്നു ഉമർ, അത്വാഉ്, മുജാഹിദു, സഈദുബ്നു ജുബൈർ (റ) മുതലായവർ ഈ അഭിപ്രായക്കാരാകുന്നു. ഇതനുസരിച്ച വിളവെടുക്കുന്ന സമയത്തു വരുന്ന സാധുക്കൾക്കും പാവങ്ങൾക്കും അല്പം വല്ലതും കൊടുക്കൽ ഉടമസ്ഥനു നിർബന്ധമാകുന്നു. മുൻകാലത്തു ഒരു തോട്ടക്കാരൻ തങ്ങളുടെ തോട്ടത്തിൽനിന്നു വിളവെടുക്കുന്നതു സാധുക്കളാരും അറിയാതിരിക്കുവാൻവേണ്ടി രാത്രിയിൽ ഗൂഢമായി വിളവെടുക്കുവാൻ പരിപാടിയിടുകയും, അവർ തോട്ടത്തിൽ ചെന്നപ്പോഴേക്കും ഒരു അത്യാഹിതം വഴി അല്ലാഹു അവരുടെ തോട്ടം നശിപ്പിച്ചുകളയുകയും ചെയ്ത സംഭവം സൂറത്തുൽ ഖലമിൽ അല്ലാഹു വിവരിക്കുന്നുണ്ട്. അനന്തരാവകാശ സ്വത്തുക്കൾ ഓഹരി ചെയ്യുന്ന സമയത്തു കുടുംബങ്ങളും അനാഥകളും സാധുക്കളും സന്നിഹിതരായാൽ അവർക്കു അതിൽ നിന്നു വല്ലതും കൊടുക്കുകയും, നല്ല വാക്കു പറഞ്ഞു വിടുകയും വേണമെന്നു സൂറത്തുന്നിസാഉ് 8ലും അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. (2) സകാത്തു നിർബന്ധമാക്കപ്പെട്ടതോടെ ഈ നിർബന്ധം ദുർബ്ബലപ്പെട്ടുപോയിരിക്കുന്നു. ഈ സൂറത്തു മക്കീ സൂറത്താണല്ലോ. സകാത്തിന്റെ നിയമം അന്നു നിലവിലില്ല. മിക്കവാറും ഹിജ്റ രണ്ടാം കൊല്ലത്തിലാണു സകാത്തിന്റെ നിയമം ഉണ്ടായത്. അതിനുശേഷം ഈ കടമ നിലവിലില്ല. എന്നാലും അതൊരു നല്ല കാര്യമാണെന്നുള്ളതിൽ തർക്കമില്ല. ഇതാണ് ഇബ്നുഅബ്ബാസ്, മുഹമ്മദുബ്നുൽ ഹനഫിയ്യ, ഹസൻ, നഖ്ഈ, ത്വാഊസു, ളഹ്ഹാക് (റ) മുതലായവരുടെ അഭിപ്രായം. പണ്ഡിതൻമാരിൽ അധികവും ഇതാണു സ്വീകരിച്ചിരിക്കുന്നതും. വിളവെടുക്കുമ്പോഴാണല്ലോ വിളവിന്റെ അളവും കൃത്യവും അറിയുന്നതും അതു കൈവശം വരുന്നതും. അതാണു കൊയ്തെടുക്കുന്ന ദിവസം കൊടുക്കണമെന്നു പറഞ്ഞതിന്റെ താൽപര്യമെന്നും ഇവർ പറയുന്നു. (3) ഈ കല്പന ഒരു നിർബന്ധ കൽപനയല്ല. കേവലം ഐച്ഛികമായ ഒരു കടമ മാത്രമാണ് എന്നാണത്രേ വേറെ ഒരു വിഭാഗം പണ്ഡിതന്മാരുടെ അഭിപ്രായം. പല നിലക്കും ഒന്നാമത്തെ അഭിപ്രായത്തിനാണു മുൻതൂക്കം കാണുന്നത്. (അല്ലാഹുവിനറിയാം)

കൊയ്തെടുക്കുമ്പോൾ കടമ കൊടുത്തു തീർക്കണമെന്നു പറഞ്ഞതിനെത്തുടർന്ന وَلَا تُسْرِفُوا (അമിതമാക്കുകയും ചെയ്യരുത്) എന്നുകൂടി അല്ലാഹു ഉണർത്തിയിരിക്കുന്നു. സ്വന്തം ഉപയോഗിക്കുന്നതിലായാലും മറ്റുള്ളവർക്കു കൊടുക്കുന്നതിലായാലും അതു അമിതമാകുവാൻ പാടില്ലാത്തതാകുന്നു. അമിതവ്യയത്തെപ്പററി ഖുർആനിലും ഹദീസിലും വളരെയധികം വിരോധിച്ചിട്ടുള്ളതാണ്. إِنَّهُ لَا يُحِبُّ الْمُسْرِفِينَ (അമിതമാക്കുന്നവരെ അവൻ ഇഷ്ടപ്പെടുകയില്ല) എന്നു പറഞ്ഞുകൊണ്ടു ഇവിടെയും ആ വിരോധത്തെ ഓർമ്മിപ്പിച്ചിരിക്കുകയാണ്. ഉൽപന്നങ്ങളെ അപേക്ഷിച്ച് കാലികളുടെ വിഷയത്തിലാണ് മുശ്രിക്കുകൾ കൂടുതൽ ദുരാചാരങ്ങളും ശിർക്കുകളും സ്വീകരിച്ചു വന്നിരുന്നത്. കൂടാതെ, കൃഷിയിൽ നിന്നുള്ള വരുമാനങ്ങൾ ചില പ്രത്യേക കാലങ്ങളിൽ മാത്രം ലഭിക്കുന്നതും, കാലികളുടെ വരുമാനവും ഉപയോഗവും എല്ലാ കാലത്തും ലഭിക്കുന്നതുമായിരിക്കും. ഇതെല്ലാം കാരണമായിട്ടായിരിക്കാം കാലികളെക്കുറിച്ചു പറഞ്ഞപ്പോൾ, അല്ലാഹു നൽകിയതിൽനിന്ന തിന്നുകൊള്ളുവിൻ (كُلُوا مِمَّا رَزَقَكُمُ اللَّهُ) എന്നു പറഞ്ഞു മതിയാക്കാതെ പിശാചിന്റെ കാലടികളെ പിൻപററരുതെന്നും അവൻ നിങ്ങൾക്ക പ്രത്യക്ഷശത്രുവാണെന്നും (وَلَا تَتَّبِعُوا خُطُوَاتِ الشَّيْطَانِ...) പ്രത്യേകം ഉണർത്തിയത്. (അല്ലാഹുവിനറിയാം) കാലികൾ (أنعام) എന്ന വാക്കിൽ ഏതെല്ലാം ഉൾപെടുമെന്നു അടുത്ത വചനത്തിൽ കാണാവുന്നതാണ്:—

١٤٣- ثَمَٰنِيَةَ أَزْوَٰجٍ مِّنَ ٱلضَّأْنِ ٱثْنَيْنِ وَمِنَ ٱلْمَعْزِ ٱثْنَيْنِ

143. (അതെ)എട്ടു ഇണകളെ (അവൻ ഉണ്ടാക്കിയിരിക്കുന്നു). ചെമ്മരിയാടിൽ നിന്നു രണ്ടും, കോലാടിൽ നിന്ന രണ്ടും (ഇണകൾ).

قُلْ ءَآلذَّكَرَيْنِ حَرَّمَ أَمِ ٱلْأُنثَيَيْنِ

പറയുക: '(ഇവയിലെ) രണ്ടു ആണിനെയാണോ അവൻ [അല്ലാഹു] നിഷിദ്ധമാക്കിയതു, അതല്ല-രണ്ടു പെണ്ണിനെയോ?!

أَمَّا ٱشْتَمَلَتْ عَلَيْهِ أَرْحَامُ ٱلْأُنثَيَيْنِ نَبِّـُٔونِى بِعِلْمٍ إِن كُنتُمْ صَٰدِقِينَ

അതല്ല—(ആ) രണ്ടു പെണ്ണിന്റെ ഗർഭാശയങ്ങൾ ഉൾപെടുത്തിയിട്ടുള്ളതിനെയാണോ?! ഒരു (ന്യായമായ) അറിവോടെ, നിങ്ങൾ എന്നോടു (ഒന്നു)വിവരം അറിയിക്കുവിൻ-നിങ്ങൾ സത്യവാൻമാരാണെങ്കിൽ!'

١٤٤- وَمِنَ ٱلْإِبِلِ ٱثْنَيْنِ وَمِنَ ٱلْبَقَرِ ٱثْنَيْنِ قُلْ ءَآلذَّكَرَيْنِ حَرَّمَ أَمِ ٱلْأُنثَيَيْنِ أَمَّا ٱشْتَمَلَتْ عَلَيْهِ أَرْحَامُ ٱلْأُنثَيَيْنِ

144. ഒട്ടകത്തിൽ നിന്നു രണ്ടും, മാട്ടിൽ നിന്ന രണ്ടും (ഇണകളും).

പറയുക: '(ഇവയിലെ)രണ്ടു ആണിനെയാണോ അവൻ നിഷിദ്ധമാക്കിയതു, അതല്ല-രണ്ടു പെണ്ണിനെയോ?! അതല്ല-(ആ) രണ്ടു പെണ്ണിന്റെ ഗർഭാശയങ്ങൾ ഉൾപെടുത്തിയതിനെയാണോ?!

أَمْ كُنتُمْ شُهَدَآءَ إِذْ وَصَّىٰكُمُ ٱللَّهُ بِهَٰذَا

അതല്ല, ഇതിനെപ്പറ്റി അല്ലാഹു നിങ്ങളോടു 'വസിയ്യത്തു' ചെയ്തപ്പോൾ നിങ്ങൾ (ദൃക്കു) സാക്ഷികളായി (ഹാജരുണ്ടായി)രുന്നുവോ?!'

فَمَنْ أَظْلَمُ مِمَّنِ ٱفْتَرَىٰ عَلَى ٱللَّهِ كَذِبًا لِّيُضِلَّ ٱلنَّاسَ بِغَيْرِ عِلْمٍ

അപ്പോൾ, ഒരറിവുമില്ലാതെ, മനുഷ്യരെ വഴിപിഴപ്പിക്കുവാനായി അല്ലാഹുവിന്റെ പേരിൽ വ്യാജം കെട്ടിച്ചമച്ചവനെക്കാൾ അധികം അക്രമി ആരാണുള്ളതു?!

إِنَّ ٱللَّهَ لَا يَهْدِى ٱلْقَوْمَ ٱلظَّٰلِمِينَ

നിശ്ചയമായും അല്ലാഹു, അക്രമികളായ ജനങ്ങളെ സൻമാർഗ്ഗത്തിലാക്കുകയില്ല.

---

143. ثمانية ازواج എട്ടു ഇണകളെ من الضأن ചെമ്മരിയാട്ടിൽ (നെയ്യാട്ടിൽ)നിന്ന اثنين രണ്ടു (എണ്ണം) ومن المعز കോലാട്ടിൽനിന്നും اثنين രണ്ടു (എണ്ണം) قل പറയുക آلذكرين രണ്ടു ആണിനെയോ حرم അവൻ നിഷിദ്ധമാക്കി أم الأنثيين അതല്ല(അതോ)രണ്ടുപെണ്ണിനെയോ أما അതല്ല യാതൊന്നിനെയോ اشتملت عليه അതിനെ ഉൾപെടുത്തിയിരിക്കുന്ന أرحام ഗർഭാശയങ്ങൾ الأنثيين രണ്ടു പെണ്ണിന്റെ نبئوني നിങ്ങളെനിക്കു വിവരമറിയിക്കുവിൻ بعلم വല്ല അറിവോടെയും, അറിഞ്ഞുകൊണ്ടു إن كنتم നിങ്ങളാണെങ്കിൽ صادقين സത്യവാൻമാർ, സത്യം പറയുന്നവർ. 144. ومن الإبل ഒട്ടകത്തിൽനിന്നും اثنين രണ്ടു (എണ്ണം) ومن البقر മാട്ടിൽ നിന്നും اثنين രണ്ടു (എണ്ണം) قل പറയുക آلذكرين രണ്ടു ആണിനെയോ حرم അവൻ നിഷിദ്ധമാക്കിയതു أم الأنثيين അതല്ല രണ്ടു പെണ്ണിനെയോ أما അതല്ല യാതൊന്നിനെയോ اشتملت عليه അതിനെ ഉൾപെടുത്തിയിരിക്കുന്നു أرحام ഗർഭാശയങ്ങൾ الأنثيين രണ്ടു പെണ്ണിന്റെ أم كنتم അതല്ല (അതോ) നിങ്ങളായിരുന്നോ شهداء ദൃക്കുസാക്ഷികൾ, ഹാജറുള്ളവർ إذ وصاكم നിങ്ങളോടു വസിയ്യത്തു ചെയ്ത (കൽപിച്ച)പ്പോൾ الله അല്ലാഹു بهذا ഇതിനു, ഇതിനെപ്പറ്റി فمن أظلم അപ്പോൾ (എന്നാൽ-എന്നിരിക്കെ) ആരാണു അധികം അക്രമി ممن افترى കെട്ടിച്ചമച്ചവനെക്കാൾ على الله അല്ലാഹുവിന്റെ മേൽ كذبا വ്യാജം ليضل അവൻ വഴിപിഴപ്പിക്കുവാൻ വേണ്ടി الناس മനുഷ്യരെ بغير علم ഒരു അറിവും (വിവരവും)ഇല്ലാതെ إن الله നിശ്ചയമായും അല്ലാഹു لا يهدي അവൻ സൻമാർഗ്ഗത്തിലാക്കുക (വഴിചേർക്കുക)യില്ല القوم ജനങ്ങളെ الظالمين അക്രമികളായ.

വിഷയത്തിലും ഘടനയിലും മുൻ വചനങ്ങളുമായി ബന്ധമുള്ളതാണ് ഈ വചനങ്ങളും. കാലികം (انعام)
അഥവാ ആടുമാടൊട്ടകങ്ങൾ ആകെ എട്ടു ഇനങ്ങളാണുള്ളത്.
വർഗ്ഗത്തിൽ ആണും പെണ്ണുമായി ആകെ എട്ട് ഇനങ്ങൾ. ചെമ്മരിയാടു, കോലാടു, ഒട്ടകം, മാടു എന്നീ നാലു
സവാരി മുതലായ ആവശ്യങ്ങൾക്കും വേണ്ടി അല്ലാഹു സൃഷ്ടിച്ചു തന്നതാണ്. ഇവയെല്ലാം നിങ്ങൾക്കു ഭക്ഷണപാനീയങ്ങൾക്കും.
നെയും, ചില പെണ്ണിനെയും, ചില ഗർഭശിശുക്കളെയും നിങ്ങൾ നിഷിദ്ധമാക്കിത്തള്ളുന്നു. എന്നിട്ട് അവയിൽ ചില ആണി
കൽപിച്ച മതവിധികളെന്ന നിലക്കാണു ചെയ്യുന്നതും. അതൊക്കെ അല്ലാഹു
ളിൽ നിന്നുള്ള ആണിനെയാണോ, അതല്ല പെണ്ണിനെയാണോ, അല്ലാഹു നിഷിദ്ധമാക്കിയിട്ടുണ്ടെങ്കിൽ തന്നെ ഈ ഇനങ്ങ
ങ്ങളിനെയാണെങ്കിൽ എല്ലാം ആണും, അല്ലെങ്കിൽ എല്ലാ പെണ്ണും, അതല്ല പെണ്ണിന്റെ ഗർഭത്തിലുള്ളതിനെയാണോ?!
മായിരിക്കേണ്ടതല്ലേ?! ചിലതിനെ നിഷിദ്ധമെന്നും, അല്ലെങ്കിൽ എല്ലാ ഗർഭസ്ഥശിശുവും നിഷിദ്ധ
മെന്താണ്?! അല്ലാഹു അങ്ങിനെയുള്ള യാതൊരു നിയമവും കൽപിച്ചിട്ടില്ല. ചിലതിനെ അനുവദനീയമെന്നും വേർതിരിക്കുവാനുള്ള ന്യായ
ത്തിനു എന്താണു തെളിവ്?! അവൻ അതു കൽപിച്ചരുളിയപ്പോൾ നിങ്ങളതിനു ദൃക്സാക്ഷികളായി അവിടെ ഉണ്ടെന്നു നിങ്ങൾക്കു വാദമുണ്ടെങ്കിൽ
ഹാജരുണ്ടായിരുന്നുവോ?! എന്നൊക്കെയാണ് അല്ലാഹു പറഞ്ഞതിന്റെ സാരം.

ആക്ഷേപവും, പരിഹാസവും നിറഞ്ഞ ചോദ്യങ്ങൾ ചോദിച്ച് ഉത്തരം മുട്ടിക്കുകയല്ല, ന്യായപൂർവ്വമോ
പ്രമാണപരമോ ആയ വല്ല അടിസ്ഥാനവും അറിവും ഈ വിഷയത്തിൽ നിങ്ങൾക്കുണ്ടെങ്കിൽ, നിങ്ങൾ അതൊന്നു
സമർപ്പിക്കുവിൻ എന്നു അവരെ അല്ലാഹു വെല്ലുവിളിക്കുകയാണ്. തങ്ങളുടെ പൂർവ്വികൻമാർ അങ്ങിനെ ചെയ്തു
വരുന്നതു കണ്ട് തങ്ങളും അനുകരിച്ചുവെന്നല്ലാതെ മറ്റെന്താണ് അവർക്കു പറയുവാനുള്ളത്?! ഇല്ല. ഒന്നുമില്ല.
അപ്പോൾ, നാമമാത്രമെങ്കിലും യാതൊരു ന്യായവും കൂടാതെ അല്ലാഹുവിന്റെ പേരിൽ കള്ളം പറഞ്ഞുണ്ടാക്കി മനു
ഷ്യരെ വഴിപിഴപ്പിക്കുകയാണ് അവരിലുള്ള പുരോഹിത വർഗ്ഗം ചെയ്യുന്നതെന്നു സ്പഷ്ടം. ഇതിൽപരം
അക്രമവും അനീതിയും എന്താണ്?! ഈ അക്രമം കൈവെടിഞ്ഞ് നേർമാർഗ്ഗം സ്വീകരിക്കുവാൻ തയ്യാറാകാത്ത
കാലത്തോളം അവർക്കു രക്ഷയില്ലതന്നെ.

വിഭാഗം–18

قُل لَّآ أَجِدُ فِى مَآ أُوحِىَ إِلَىَّ مُحَرَّمًا عَلَىٰ طَاعِمٍ يَطْعَمُهُۥٓ إِلَّآ أَن يَكُونَ مَيْتَةً أَوْ دَمًا مَّسْفُوحًا أَوْ لَحْمَ خِنزِيرٍ فَإِنَّهُۥ رِجْسٌ أَوْ فِسْقًا أُهِلَّ لِغَيْرِ ٱللَّهِ بِهِۦ ۚ فَمَنِ ٱضْطُرَّ غَيْرَ بَاغٍ وَلَا عَادٍ فَإِنَّ رَبَّكَ غَفُورٌ رَّحِيمٌ ١٤٥

145. (നബിയേ) പറയുക: 'എനിക്ക് 'വഹ്‌യ്'[ദിവ്യ ബോധനം] നൽകപ്പെട്ടിട്ടുള്ളതിൽ, ഭക്ഷിക്ക(വാനുദ്ദേശിക്ക)ന്ന ഒരാളുടെ മേലും നിഷിദ്ധമാക്കപ്പെട്ടതായൊന്നും ഞാൻ കാണുന്നില്ല, അതു [ഭക്ഷണം] ശവം, അല്ലെങ്കിൽ ഒലിപ്പിക്കപ്പെട്ട രക്തം, അല്ലെങ്കിൽ പന്നിമാംസം—കാരണം, അതു മ്ലേച്ഛമാകുന്നു–അല്ലെങ്കിൽ അല്ലാഹു അല്ലാത്തവർക്കു വേണ്ടി ശബ്ദം ഉയർത്തപ്പെട്ട [അറുക്കപ്പെട്ട] തോന്നിയവാസം (എന്നിവ) ആയിരുന്നാലല്ലാതെ.

എന്നാൽ, ആരെങ്കിലും (നിയമ ലംഘനം) കാംക്ഷിക്കുന്നവനല്ലാതെയും, അതിരു വിട്ടവനല്ലാതെയും(അവ ഭക്ഷിക്കുവാൻ) നിർബ്ബന്ധിതനായിത്തീരുന്ന പക്ഷം, അപ്പോൾ, നിശ്ചയമായും നിന്റെ റബ്ബ് വളരെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

---

145. قل പറയുക لا اجد ഞാൻ കാണുന്നില്ല فيما اوحى വഹ്‌യു നൽകപ്പെട്ടതിൽ الى എനിക്ക, എന്നിലേക്ക محرما ഒരു നിഷിദ്ധമാക്കപ്പെട്ടതും, ഹറാമാക്കപ്പെട്ടതു ഒന്നും على طاعم ഒരു ഭക്ഷണം കഴിക്കുന്നവന്റെമേലും يطعمه അതിനെ ഭക്ഷിക്കുന്ന الا ان يكون അതായിരുന്നാലല്ലാതെ ميتة ശവം, ചത്തതു او دما അല്ലെങ്കിൽ രക്തം مسفوحا ഒലിപ്പിക്കപ്പെട്ട (ഒഴുകുന്ന) او لحم അല്ലെങ്കിൽ മാംസം خنزير പന്നിയുടെ فانه എന്നാൽ (കാരണം) അതു رجس മ്ലേച്ഛമാണു او فسقا അല്ലെങ്കിൽ തോന്നിയവാസം اهل ശബ്ദം ഉയർത്തപ്പെട്ട لغير الله അല്ലാഹു അല്ലാത്തവർക്കുവേണ്ടി به അതിനെ, അതിൽ, അതുമൂലം فمن എന്നാൽ (എന്നി–അപ്പോൾ) ആരെങ്കിലും, വല്ലവനും اضطر നിർബ്ബന്ധിതനായി (എങ്കിൽ) غير باغ കാംക്ഷിക്കുന്ന (തേടുന്ന–നിയമലംഘനം നടത്തുന്ന)വനല്ലാതെ ولا عاد അതിരു വിടുന്നവനല്ലാതെയും فان ربك എന്നാൽ നിശ്ചയമായും നിന്റെ റബ്ബു غفور വളരെ പൊറുക്കുന്നവനാണു رحيم കരുണാനിധിയാണു

ഭക്ഷണത്തിനും മററുമായി അല്ലാഹു മനുഷ്യർക്കുവേണ്ടി സൃഷ്ടിച്ചു കൊടുത്ത ഉൽപന്നങ്ങളിൽ നിന്നും കാലികളിൽ നിന്നും ചിലതു ഹലാലും (അനുവദനീയവും), ചിലതു ഹറാമും (നിഷിദ്ധവും) ആക്കിക്കൊണ്ടിരിക്കുന്ന മുശ്‌രിക്കുകളോട് എനിക്കു ലഭിച്ച ദിവ്യസന്ദേശങ്ങളിലൊന്നും തന്നെ ഈ നാലു വസ്തുക്കളല്ലാതെ മറ്റൊന്നും നിഷിദ്ധമാക്കപ്പെട്ടിട്ടുള്ളതായി കാണുന്നില്ലെന്നു പറയുവാൻ നബി (സ) യോടു അല്ലാഹു കൽപിക്കുന്നു. നിയമം നിശ്ചയിക്കുവാനുള്ള അധികാരം അല്ലാഹുവിനു മാത്രമേയുള്ളൂ. അതുകൊണ്ടു ഈ നാലിനു പുറമെ വല്ലതും നിഷിദ്ധമാണെന്നോ, ഈ നാലിൽ ഏതെങ്കിലും അനുവദനീയമാണെന്നോ പറയുവാൻ ആർക്കും അവകാശമില്ലെന്ന സാരം.

ഈ വചനത്തിൽ പ്രസ്താവിക്കപ്പെട്ട വസ്തുക്കൾ—ശവം, രക്തം, പന്നിമാംസം, അല്ലാഹു അല്ലാത്തവർക്കുവേണ്ടി ശബ്ദം ഉയർത്തപ്പെട്ടതു (അഥവാ അല്ലാഹു അല്ലാത്തവരുടെ പേരിൽ അറുക്കപ്പെട്ടതു) എന്നീ നാലു വസ്തുക്കൾ—മാത്രമേ ഭക്ഷിക്കൽ നിഷിദ്ധമാക്കപ്പെട്ടിട്ടുള്ളുവെന്ന സൂ: അൽബഖറ 173ലും, സൂ: മാഇദ: 4ലും ഇതിനു മുമ്പ് അല്ലാഹു പ്രസ്താവിച്ചതു നാം കണ്ടു. താഴെ സൂ: നഹ്‌ൽ 115ൽ വീണ്ടും വരുന്നുമുണ്ട്. മാഇദയിലെ വചനത്തിൽ ഈ നാലിനു പുറമെ, കുടുങ്ങിച്ചത്തതു, വീണുചത്തതു മുതലായ ചില ഇനങ്ങൾകൂടി പറയപ്പെട്ടിട്ടുണ്ടെങ്കിലും അവയെല്ലാം ശവത്തിൽ ഉൾപെട്ടതും, അതിന്റെ വിശദീകരണമായി പറയപ്പെട്ടതുമാണെന്നു അവിടെ നാം ചൂണ്ടിക്കാട്ടുകയുണ്ടായി. ഈ നാലിനെക്കുറിച്ചും അത്യാവശ്യം അറിഞ്ഞിരിക്കേണ്ടുന്ന വിവരങ്ങൾ പലതും സൂറത്തുൽബഖറയിൽ വെച്ചും, ചിലതെല്ലാം മാഇദയിൽവെച്ചും വിവരിക്കുകയും ചെയ്തിരിക്കുന്നു. അതുകൊണ്ട് ഇവിടെ ആവർത്തിക്കേണ്ടുന്ന ആവശ്യമില്ല. എന്നാൽ, മറ്റു സ്ഥലങ്ങളിൽ പ്രസ്താവിക്കപ്പെടാത്ത ചില കാര്യങ്ങൾ ഈ വചനത്തിൽ വ്യക്തമാക്കപ്പെട്ടിട്ടുള്ളതിനെപ്പററിയാണു ഇവിടെ അൽപം വിവരിക്കുവാനുള്ളതു.

അവിടങ്ങളിൽ രക്തം (دم) എന്നു മാത്രമേ പറഞ്ഞിട്ടുള്ളൂ. ഇവിടെ അതിനെ ചിന്തപ്പെട്ടതു (مسفوح) എന്നു വിശേഷിപ്പിച്ചിരിക്കുന്നു. അതായതു, അറവു മൂലമോ, മുറിപ്പെട്ടോ മററോ ഒഴുകി വരുന്ന രക്തം എന്നർത്ഥം. അതുകൊണ്ട് ആ സ്ഥലങ്ങളിലും 'രക്തം' കൊണ്ടുദ്ദേശിക്കപ്പെട്ടിരിക്കുന്നതു ഒഴുകുന്ന രക്തം (دم مسفوح) ആണെന്നും, മാംസത്തിൽ നിന്നും വേറിടാതെ അതോടുപററി നിൽക്കുന്ന രക്തക്കലർപ്പിനു വിരോധമില്ലെന്നും ഇതിൽ നിന്നു മനസ്സിലാക്കാം. മററു സ്ഥലങ്ങളിൽ പന്നിമാംസം വിരോധിച്ചതിനു പ്രത്യേക കാരണമൊന്നും പറഞ്ഞിട്ടില്ല. ഇവിടെ 'അതിനു കാരണം അതു മ്ലേച്ഛമാണു (رجس)' എന്നു പ്രത്യേകം പറഞ്ഞിരിക്കുന്നു. പന്നിമാംസം കഴിക്കുന്നവർക്കു അതു ഒരു ആസ്വാദ്യ വസ്തുവായി തോന്നാമെങ്കിലും അതു രോഗാംശം കലർന്നതാണെന്നു പല വൈദ്യവിശാരദൻമാരും സമ്മതിച്ചതാണ്. ഒരു പക്ഷേ, പ്രസ്തുത രോഗാംശങ്ങളെ പരിശോധിച്ചു നീക്കം ചെയ്‌വാൻ ഏതെങ്കിലും ശാസ്ത്രീയ പരിഹാരം ഉണ്ടെന്നു വന്നാൽ തന്നെയും അതൊരു മ്ലേച്ഛ വസ്തുവാണെന്ന് അതിനെപ്പററി മനുഷ്യരെക്കാൾ അറിയുന്നവനായ സ്രഷ്ടാവു പറയുമ്പോൾ—ആ മ്ലേച്ഛതയെക്കുറിച്ചു നമുക്കു വേണ്ടതുപോലെ മനസ്സിലാക്കുവാൻ കഴിയാതിരുന്നാൽ തന്നെയും—അതിൽ നമുക്കു അജ്ഞാതമായ ചില ദൂഷ്യവശങ്ങളുണ്ടായിരിക്കുമെന്നു തീർച്ചയാണ്. കാഷ്ഠങ്ങൾ തുടങ്ങിയ മ്ലേച്ഛ വസ്തുക്കൾ തിന്നുക പതിവാക്കിയ മറ്റൊരു മൃഗത്തെ പന്നിയെപ്പോലെ വേറെ കാണുവാൻ പ്രയാസം. അതോടുകൂടി മ്ലേച്ഛത ശരീരാരോഗ്യത്തെ ബാധിക്കുന്നതു തന്നെയാവണമെന്നില്ല താനും. സ്വഭാവ വികാരാദികളെ ദുഷിപ്പിക്കുന്ന വല്ല ദോഷങ്ങളും ആയിരിക്കുവാനും സാധ്യതയുണ്ട്. ഇതിനുദാഹരണമായി ചിലപണ്ഡിതൻമാർ ചിലതൊക്കെ ചൂണ്ടിക്കാട്ടാതെയുമില്ല. പന്നിമാംസം വിരോധിച്ചതിനു കാരണം അതു മ്ലേച്ഛമായതാണെന്നു പറഞ്ഞതിൽനിന്നു കാഷ്ഠം, മൂത്രം മുതലായ മ്ലേച്ഛമായ എല്ലാ മലിന വസ്തുക്കളും ഭക്ഷിക്കുവാൻ പാടില്ലെന്നുകൂടി മനസ്സിലാക്കാവുന്നതാണ്. പ്രത്യേക കാരണമോ, തെളിവോ ഇല്ലാത്തപ്പോൾ, ദുഷിച്ച സാധനങ്ങൾ പൊതുവെ നിഷിദ്ധമാണെന്നും, വിശിഷ്ട വസ്തുക്കൾ പൊതുവെ അനുവദനീയമാണെന്നുമുള്ളതു ഒരു പൊതുതത്വമത്രെ. (5;5; 7: 157 മുതലായവയും വ്യാഖ്യാനവും നോക്കുക)

മാഇദയിലെ ആയത്തിൽ, ഈ നാലു നിഷിദ്ധ വസ്തുക്കളെക്കുറിച്ചും പറഞ്ഞശേഷം അവയെ ചൂണ്ടിക്കൊണ്ട് 'അതൊക്കെ തോന്നിയവാസമാകുന്നു (ذلكم فسق)' എന്നു പറഞ്ഞിരിക്കുന്നു. ഇവിടെ, അല്ലാഹു അല്ലാത്തവരുടെ നാമത്തിൽ അറുക്കപ്പെട്ടതിനെപ്പററി മാത്രമാണു 'തോന്നിയവാസം (فسقا)' എന്നു ഉപയോഗിച്ചതു. നിഷിദ്ധ വസ്തുക്കളെല്ലാം ഉപയോഗിക്കുന്നതൊക്കെ തോന്നിയവാസം തന്നെയാണെങ്കിലും അല്ലാഹു അല്ലാത്തവരുടെ നാമത്തിൽ അറുക്കുന്നതു കൂടുതൽ ഗൗരവപ്പെട്ട കുററമാണെന്നു ഇതിൽനിന്നു മനസ്സിലാക്കാവുന്നതാകുന്നു. അൽബഖറയിലും, മാഇദയിലുമെന്നപോലെ ഇവിടെയും നിർബ്ബന്ധിതാവസ്ഥ നേരിടുമ്പോൾ, നിയമലംഘനത്തിന്റെ ഉദ്ദേശ്യമില്ലാതെ അത്യാവശ്യമായ തോതിൽ അവ ഉപയോഗിക്കുന്നതിനു വിരോധമില്ലെന്ന അനുവാദം അല്ലാഹു ചൂണ്ടിക്കാട്ടിയിരിക്കുന്നു. ഇതു സംബന്ധിച്ച വിശദീകരണം മുമ്പു കഴിഞ്ഞു പോയിട്ടുള്ളതു ഇവിടെയും ഓർമ്മിക്കുക.

നാലു സൂറത്തുകളിലാണല്ലോ ഈ നാലു വസ്തുക്കളും നിഷിദ്ധങ്ങളായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നത്. രണ്ടെണ്ണം മക്കീ സൂറത്തുകളും രണ്ടെണ്ണം മദനീ സൂറത്തുകളുമാകുന്നു. മക്കീ സൂറത്തായ നഹ്‌ലിലും, മദനീസൂറത്തായ അൽബഖറയിലും ഈ നാലു വസ്തുക്കൾ മാത്രമേ നിഷിദ്ധമാക്കപ്പെട്ടിട്ടുള്ളു (إنما حرم....) എന്നു പറഞ്ഞപ്പോൾ, മക്കീ സൂറത്തായ ഈ സൂറത്തിൽ, ഈ നാലെണ്ണമല്ലാതെ വേറെ ഒന്നും നിഷിദ്ധമാക്കപ്പെട്ടതായി എനിക്കു വഹ്‌യ് ലഭിച്ചിട്ടില്ലെന്നു പ്രഖ്യാപിക്കണം (قل لا أجد فيما أوحي....) എന്നു നബി (സ)യോടു കൽപിക്കുകയാണു ചെയ്തിരിക്കുന്നതു. മദനീ സൂറത്തായ മാഇദയിലാകട്ടെ, നിങ്ങൾക്കു ഓതിക്കേൾപ്പിക്കപ്പെടുന്നതല്ലാത്ത മറ്റു കാലിജന്തുക്കൾ നിങ്ങൾക്ക അനുവദനീയമാക്കപ്പെട്ടിരിക്കുന്നു (أحلت لكم بهيمة الأنعام....) എന്നു (2–ാം വചനത്തിൽ) ആദ്യമൊന്നു പ്രസ്താവിച്ചശേഷം പിന്നീടാണ് (4–ാം വചനത്തിൽ) ഈ നാലു വസ്തുക്കൾ നിങ്ങൾക്ക നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു (حرمت عليكم....) എന്നു പറഞ്ഞിരിക്കുന്നത്. 2–ാം വചനത്തിൽ ഒഴിവാക്കപ്പെട്ട വസ്തുക്കൾ 4–ാം വചനത്തിൽ പ്രസ്താവിക്കപ്പെട്ട നാലെണ്ണം തന്നെയാണെന്നുള്ളതിൽ ആർക്കും ഭിന്നാഭിപ്രായമില്ല താനും. ചുരുക്കത്തിൽ, ഈ നാലു വസ്തുക്കൾ മാത്രമേ ഭക്ഷിക്കൽ നിഷിദ്ധമാക്കപ്പെട്ടിട്ടുള്ളുവെന്നു ഈ നാലു സൂറത്തുകളിലും വ്യക്തമായി പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ട് ഈ നാലിന്നു പുറമെയുള്ള വസ്തുക്കളൊന്നും തന്നെ നിഷിദ്ധമല്ലെന്നാണ് മുൻഗാമികളിലും പിൻഗാമികളിലുമുള്ള ചില പണ്ഡിതന്മാരുടെ അഭിപ്രായം. സഹാബികളിൽ ഇബ്നു അബ്ബാസും, ഇബ്നു ഉമറും, ആയിശായും (റ) ഈ അഭിപ്രായക്കാരായിട്ടാണ് അറിയപ്പെടുന്നത്. ഇമാം മാലികും (റ) ഈ അഭിപ്രായക്കാരനാണെന്നു കാണുന്നു. ഖുർആൻ വ്യാഖ്യാതാക്കളിൽ ഇമാം റാസി (റ)യും ഇതാണു ബലപ്പെടുത്തിയിരിക്കുന്നത്

എന്നാൽ ഈ നാലു വസ്തുക്കൾക്കു പുറമെ ചില വസ്തുക്കളെക്കുറിച്ച് നബി (സ) വിരോധിച്ചിരിക്കുന്നതായി പ്രബലമായ ഹദീസുകളിൽ വന്നിട്ടുള്ളത് പ്രസിദ്ധമാണ്. ഇതിനെപ്പറ്റി പ്രസ്തുത അഭിപ്രായക്കാരായ പണ്ഡിതന്മാർ പറയുന്നതിന്റെ ചുരുക്കം ഇതാണു: ഇസ്‌ലാമിലെ ഒരു സ്ഥിരമായ നിയമമെന്ന നിലക്കും, കുറ്റകരമായ ഹറാം (നിഷിദ്ധം) എന്ന നിലക്കും ഉള്ള വിരോധമല്ല ആ ഹദീസുകളുടെ താൽപര്യം. കേവലം വൃത്തികെട്ടതും, മതദൃഷ്ട്യാ വെറുക്കപ്പെട്ടതും (مكروه) എന്ന നിലക്കുള്ള വിരോധമാണത്. ആ ഹദീസുകളുടെ ചില രിവായത്തുകളിൽ, നബി (സ) വിരോധിച്ചു (نهى النبي ص) എന്നും, ചിലതിൽ അതിനു പകരം, നബി (സ) ഹറാമാക്കി (حرم النبي ص) എന്നും കാണുന്നു. ഇതിനു കാരണം, നബി (സ) വിരോധിച്ചതിന്റെ അർത്ഥം നബി (സ) നിഷിദ്ധമായി പ്രഖ്യാപിച്ചുവെന്നാണെന്ന് അതിന്റെ നിവേദകന്മാർ ധരിച്ചതായിരിക്കുമെന്നും വ്യാഖ്യാനിക്കപ്പെടുന്നു.

പക്ഷെ സ്വന്തം യുക്തിക്കനുസരിച്ചു മതകാര്യങ്ങളെ വിലയിരുത്തുവാൻ ബദ്ധപ്പാടു കാണിക്കാറുള്ള ചില ആധുനിക പണ്ഡിതന്മാർ പ്രസ്തുത ഹദീസുകളെപ്പറ്റി വിധി കൽപിക്കുന്നതു വേറെ രൂപത്തിലാകുന്നു. ഈ നാലു വസ്തുക്കൾ മാത്രമാണ് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നതെന്ന ഖുർആൻ വ്യക്തമാക്കിയിരിക്കെ, നബി (സ) ആ നാലിനു പുറമെ വേറെ ചിലതുംകൂടി വിരോധിക്കുവാൻ അവകാശമില്ല. അതുകൊണ്ട് അങ്ങിനെയുള്ള ഹദീസുകളൊന്നും സ്വീകാര്യമേ അല്ല. ഇതാണ് അവരുടെ തീരുമാനം. ഇതു വാസ്തവത്തിൽ യാഥാർത്ഥ്യത്തിനു നേരെ താൽപര്യപൂർവ്വം കണ്ണടച്ചു ഇരുട്ടാക്കലാണെന്ന് നിഷ്പക്ഷ ബുദ്ധിയുള്ള എല്ലാവർക്കും അറിയാവുന്നതാകുന്നു. നബി (സ) യുടെ ഹദീസുകൾക്കു ഇവരുടെ അടുക്കൽ വലിയ നിലയും വിലയുമൊന്നും ഇല്ലെന്നുള്ളതിൽ നിന്നാണ് ഈ മറുപടിയുടെ ഉൽഭവമെന്നു അവരുടെ പല പ്രസ്താവനകളിൽനിന്ന മനസ്സിലാക്കാം.

കാട്ടുജീവികളിൽ നിന്നു ദംഷ്ട്രമുള്ളവ, നീണ്ട നഖമുള്ളവ– അഥവാ തേറ്റപ്പല്ലുകൾ വഴി ജന്തുക്കളെ വേട്ടയാടിപ്പിടിക്കുന്ന മൃഗങ്ങളും, കാലിലെ നഖം ഉപയോഗിച്ചു ജന്തുക്കളെ വേട്ടയാടിപ്പിടിക്കുന്ന മാംസഭുക്കുകളായ പക്ഷികളും വീട്ടു കഴുത (വളർത്തു കഴുത) എന്നിങ്ങിനെ ചിലതുകൂടി നബി (സ) വിരോധിച്ചിരിക്കുന്നു വെന്നാണ് പ്രസ്തുത ഹദീസുകളിൽ വന്നിട്ടുള്ളത്. അതുകൊണ്ട് ഈ നാലിനു പുറമെ അവയും ഭക്ഷിക്കുവാൻ പാടില്ലാത്തവയായിട്ടാണു മുൻഗാമികളിലും പിൻഗാമികളിലുമുള്ള ഭൂരിഭാഗം പണ്ഡിതന്മാരും എണ്ണിവരുന്നത്. നിഷിദ്ധതയെ ഖുർആൻ നാലെണ്ണത്തിൽ പരിമിതപ്പെടുത്തിയിരിക്കെ, നബി (സ) അവക്കു പുറമെ [illegible]തുകൂടി എങ്ങിനെ വിരോധിച്ചുവെന്ന സംശയത്തിനു അവർ പല മറുപടിയും നൽകുന്നുണ്ട്. അവയിൽ [illegible]ത്തിന്റെ സാരം ഇവിടെ ചുരുക്കി ഉദ്ധരിക്കാം:—

ഒന്ന്: ഈ നാലു വസ്തുക്കൾ മാത്രമാണു നിഷിദ്ധമായവ—നാലിനു പുറ[illegible] അനുവദനീയമാണു—എന്നു പറയുമ്പോൾ, ആ അനുവദനീയ വസ്തുക്കൾക്കു ഒരു നിർവ്വചനം [illegible] ഉണ്ടായിരിക്കണമല്ലോ. അഥവാ ഈ നാലെണ്ണത്തെ ഒഴിവാക്കിയിരിക്കുന്നതു ഏതിൽ നിന്നായിരിക്കുമെന്നു [illegible]

തുണ്ട്. (*) ഈ നാലുമല്ലാത്ത സകല വസ്തുക്കളും ഭക്ഷിക്കൽ അനുവദനീയമാണെന്നു ആരും വാദിക്കുന്നില്ല. മ്ലേച്ഛവും മലിനവുമായതും വിഷവസ്തുക്കളും ഭക്ഷിച്ചുകൂടാത്തതാണെന്നു എല്ലാവരും സമ്മതിക്കും. അതിനു ഖുർആനിൽ നിന്നും ഹദീസിൽ നിന്നും തെളിവും ലഭിക്കും. അപ്പോൾ, ആ നാലെണ്ണം ഒഴിച്ചുള്ള സർവ്വ വസ്തുക്കളും അനുവദനീയമാണെന്നാണു അല്ലാഹു പറഞ്ഞതിന്റെ താൽപര്യമെന്നു വരുവാൻ നിവൃത്തിയില്ല. അപ്പോൾ, മനുഷ്യരിൽ മുശ്‌രിക്കുകൾ ചിലതു നിഷിദ്ധവും ചിലതു അനുവദനീയവുമാക്കി തരം തിരിച്ചിരുന്ന വസ്തുക്കളിൽ നിന്ന്, അല്ലെങ്കിൽ ആടുമാടൊട്ടകങ്ങളിൽ നിന്ന് ആ നാലെണ്ണം മാത്രം നിഷിദ്ധമാക്കപ്പെടുകയും, ബാക്കിയിൽ ആ നാലെണ്ണമല്ലാത്തതൊക്കെ അനുവദനീയമാക്കപ്പെടുകയും ചെയ്തിരിക്കുന്നുവെന്ന അതിന് അർത്ഥമാകുവാൻ തരമുള്ളു. ഖണ്ഡിതമല്ലെങ്കിൽ, പന്നിമാംസത്തിനു അതിൽ എങ്ങിനെ സ്ഥാനമുണ്ടായി? എന്ന ചോദിക്കപ്പെട്ടേക്കാം. ആടുമാടുകളെപ്പോലെയുള്ള ഒരു ജീവിയായിട്ടാണ് അന്നും ഇന്നും പന്നിയെ ഭക്ഷിക്കാറുള്ളവർ ഗണിച്ചു വരുന്നത്. ആ സ്ഥിതിക്കു മറ്റു മൂന്നിനെക്കുറിച്ചും പറഞ്ഞപ്പോൾ അതോടു ചേർത്തു പന്നിയെക്കൂടി എടുത്തു പറയുന്നതിൽ അസാംഗത്യമില്ല. ആടുമാടൊട്ടകങ്ങളിൽ (أنعام) ൽ പെടാത്ത ഒരു പ്രത്യേക ഇനമായതുകൊണ്ടു തന്നെയാണ് അതിനെപ്പറ്റി പ്രത്യേകം (ഈ വചനത്തിൽ) فانه رجس (കാരണം, അതു മ്ലേച്ഛമാണു) എന്ന എടുത്തു പറഞ്ഞിരിക്കുന്നതും.

രണ്ട്: നബി(സ) തിരുമേനിയുടെ കർത്തവ്യങ്ങളെപ്പറ്റി പറയുന്ന കൂട്ടത്തിൽ ويحل لهم الطيبات ويحرم عليهم الخبائث — الأعراف (അവർക്കു അദ്ദേഹം വിശിഷ്ട വസ്തുക്കളെ അനുവദനീയമാക്കിക്കൊടുക്കുകയും, ദുഷിച്ച വസ്തുക്കളെ അവരുടെമേൽ നിഷിദ്ധമാക്കുകയും ചെയ്യും (7. 157) എന്നു അല്ലാഹു പറയുന്നു. അപ്പോൾ, മ്ലേച്ഛവും ദുഷിച്ചതുമായ വസ്തുക്കളെന്നു നബി (സ) കാണുകയോ അറിയുകയോ ചെയ്യുമ്പോൾ മറ്റും ചെയ്യുന്ന വസ്തുക്കളെ നബി (സ)ക്കു നിഷിദ്ധമായി പ്രഖ്യാപിക്കാമെന്ന് ഇതിൽ നിന്നു മനസ്സിലാക്കാം. മറ്റൊരു സ്ഥലത്തു يسألونك ماذا أحل لهم قل أحل لكم الطيبات — المائدة തങ്ങൾക്കു എന്താണു അനുവദനീയമാക്കപ്പെട്ടിരിക്കുന്നതെന്നു അവർ നിന്നോടു ചോദിക്കുന്നു. പറയുക: നിങ്ങൾക്കു വിശിഷ്ട വസ്തുക്കൾ അനുവദനീയമാക്കപ്പെട്ടിരിക്കുന്നു (5; 5) എന്നും പറയുന്നു. ഖുർആനിൽ എടുത്തു പറയപ്പെട്ട ഈ നാലുമല്ലാത്തതെല്ലാം അനുവദനീയമാക്കപ്പെട്ടിരിക്കുന്നുവെന്നോ മറ്റോ പറയാതെ പൊതുവിൽ വിശിഷ്ട വസ്തുക്കളെല്ലാം അനുവദനീയമാക്കപ്പെട്ടിരിക്കുന്നുവെന്നാണ് ഈ വചനം കാണിച്ചു തരുന്നത്. ചുരുക്കത്തിൽ, വിശിഷ്ടമല്ലാത്തതും, ദുഷിച്ചതുമായ ചില വസ്തുക്കളെയാണ് പ്രസ്തുത ഹദീസുകളിൽ നബി (സ) വിരോധിച്ചതെന്നത്രെ ഇതിൽ നിന്നെല്ലാം വ്യക്തമാകുന്നത്. വാസ്തവം അല്ലാഹുവിന്നറിയാം. 'അല്ലാഹുവിന്റെ റസൂൽ നിഷിദ്ധമാക്കിയതു അല്ലാഹു നിഷിദ്ധമാക്കിയതു പോലെത്തന്നെയാണു' എന്നു നബി (സ) പ്രസ്താവിച്ചിട്ടുണ്ട്. (ദാ; ജ; ദാരിമി)

മൂന്ന്: ഈ നാലു വസ്തുക്കൾ മാത്രമേ നിഷിദ്ധമുള്ളുവെന്ന പ്രസ്താവിക്കുന്ന ഈ വചനങ്ങളുടെയും തൊട്ടു മുമ്പും പിമ്പും പറയപ്പെട്ടിട്ടുള്ള കാര്യങ്ങൾ കൂടി പരിശോധിക്കുന്നതു സന്ദർഭോചിതമായിരിക്കും. അല്ലാഹു നൽകിയിട്ടുള്ള വിശിഷ്ട വസ്തുക്കളെ ഭക്ഷിച്ചുകൊള്ളുവാനും, അവനോടു നന്ദികാണിക്കുവാനും തൊട്ടു മുമ്പുള്ള വചനത്തിൽ ആഹ്വാനം ചെയ്തുകൊണ്ടാണു ബഖറഃയിലും, നഹ്‌ലിലും ഈ നാലു വസ്തുക്കൾ മാത്രമേ നിഷിദ്ധമാക്കപ്പെട്ടിട്ടുള്ളുവെന്നു പ്രസ്താവിച്ചിരിക്കുന്നത്. സൂ: നഹ്‌ലിൽ അതിനെത്തുടർന്നു മുശ്‌രിക്കുകൾ ചില വസ്തുക്കളെ ഹറാമും ഹലാലുമായി ചിത്രീകരിക്കുന്നതിനെക്കുറിച്ചു ആക്ഷേപിക്കുകയും ചെയ്യുന്നു. (ആടുമാടൊട്ടകങ്ങളാകുന്ന) കാലികളിൽ, നിങ്ങൾക്കു [illegible] ഒഴിച്ചു ബാക്കിയെല്ലാം നിങ്ങൾക്കു അനുവദനീയമാക്കപ്പെട്ടിരിക്കുന്നുവെന്നു ആദ്യം പറഞ്ഞശേഷമാണ് പിന്നീടു ഈ നാലു വസ്തുക്കളും നിങ്ങൾക്കു നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നുവെന്നു സൂ: മാഇദഃയിൽ പറഞ്ഞിരിക്കുന്നത്. കൂടാതെ, കാലികളിൽ നിന്നു നിങ്ങൾക്ക് ഓതി കേൾപ്പിക്കപ്പെടുന്നതൊഴിച്ചു ബാക്കിയുള്ളതു നിങ്ങൾക്കു അനുവദനീയമാക്കപ്പെട്ടിരിക്കുന്നുവെന്നു സൂ: ഹജ്ജ് 30-ാം വചനത്തിലും കാണാം. ഈ സൂറത്തിലാകട്ടെ, ഈ വചനത്തിന്റെ മുമ്പും പിമ്പുമുള്ള പല വചനങ്ങളിലും പ്രധാന പ്രതിപാദ്യ വിഷയം തന്നെ, മുശ്‌രിക്കുകൾ ചില കാലികളെ നിഷിദ്ധമാക്കിയതിനെപ്പറ്റിയാണുതാനും. ഇതെല്ലാം കണക്കിലെടുക്കുമ്പോൾ, ആടുമാടൊട്ടകങ്ങളാകുന്ന കാലികളിൽ നിന്നും–അല്ലെങ്കിൽ മുശ്‌രിക്കുകൾ ഹറാമും ഹലാലുമാക്കി തരംതിരിക്കാറുണ്ടായിരുന്ന വസ്തുക്കളിൽ നിന്ന്–ഈ നാലെണ്ണത്തെ മാത്രമേ അല്ലാഹു നിഷിദ്ധമാക്കിയിട്ടുള്ളുവെന്നായിരിക്കും ഉദ്ദേശ്യമെന്നു വെക്കുവാൻ ന്യായമുണ്ട്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ഈ നാലു വസ്തുക്കളും ഖുർആൻ മുഖേന ഖണ്ഡിതവും സ്പഷ്ടവുമായി നിരോധിക്കപ്പെട്ടിരിക്കുന്നു. മ്ലേച്ഛവും ഉപദ്രവകരവുമായ വസ്തുക്കൾ നിരോധിക്കപ്പെട്ടവയാണെന്നുള്ളതു ഒരു പൊതു തത്വവുമാണ്. അതു വിവരിക്കൽ നബി (സ) യുടെ കർത്തവ്യങ്ങളിൽ പെട്ടതാണെന്ന നിലക്കു നാലിനു പുറമെ മറ്റു ചില വസ്തുക്കൾ കൂടി നിരോധിക്ക

* بل ما هو المستثنى منه بالا ربما هو المصرح باباحة؟

പ്പെട്ടവയാണെന്നു് നബി (സ) നമുക്കു വ്യക്തമാക്കിത്തരുകയും ചെയ്തു. അപ്പോൾ, നാലിനു പുറമെ, ഹദീസുകളിൽ വല്ലതും വിരോധിക്കപ്പെട്ടു കാണുന്നതിനെപ്പറ്റി ആശയക്കുഴപ്പത്തിനവകാശമില്ല.

ചുരുക്കിപ്പറഞ്ഞാൽ, ഒന്നുകിൽ നല്ല വിശിഷ്ട വസ്തുക്കൾ (طيبات) അനുവദനീയങ്ങളാണെന്നും, ദുഷിച്ചതും മ്ലേച്ഛമായതുമായ വസ്തുക്കൾ (الرجس والخبائث) നിഷിദ്ധങ്ങളാണെന്നുമുള്ള പൊതുതത്വത്തിന്റെ വിശദീകരണമെന്നോണം, നബി (സ) വിരോധിച്ചതായി ബലപ്പെട്ട ഹദീസുകളിൽ വന്നിട്ടുള്ള വസ്തുക്കളും—ഖുർആനിൽനിന്നും വ്യക്തമായി അറിയപ്പെട്ട ഈ നാലു വസ്തുക്കൾക്കു പുറമെ— നിഷിദ്ധങ്ങളായുണ്ടെന്നു വെക്കുക. അല്ലെങ്കിൽ—മേൽ ചൂണ്ടിക്കാട്ടിയതുപോലെ—ഈ നാലു വസ്തുക്കൾ മാത്രമേ പരിപൂർണ്ണമായ അർത്ഥത്തിൽ നിരോധിക്കപ്പെട്ടവയായുള്ളുവെന്നും, ചില വസ്തുക്കളെക്കൂടി നബി (സ) വിരോധിച്ചിരിക്കുന്നതു ഈ നാലു വസ്തുക്കളെപ്പോലെ തന്നെ അവയും നിഷിദ്ധങ്ങളാണെന്ന അർത്ഥത്തിലല്ലെന്നും, കേവലം നന്നല്ലാത്തതും വെറുക്കപ്പെട്ടതും (مكروه) ആണവ എന്ന അർത്ഥത്തിലാണെന്നും വെക്കുക. എന്നല്ലാതെ—പ്രത്യേകമായ താൽപര്യം പുലർത്തുന്ന ആളുകൾ പറയുന്നതുപോലെ—ഖുർആനിൽ നിഷിദ്ധമാക്കിയ ഈ നാലു വസ്തുക്കൾക്കു പുറമെ നബി (സ) വല്ലതും വിരോധിച്ചതായി കാണുന്ന ഹദീസുകളെല്ലാം അടിസ്ഥാന രഹിതങ്ങളാണെന്നു വാദിക്കുന്നതിനു യാതൊരു ന്യായീകരണവും ഇല്ല.

ഈ രണ്ടു നിഗമനങ്ങളിൽ നാം ആദ്യം ചൂണ്ടിക്കാട്ടിയതാണു ഭൂരിപക്ഷം പണ്ഡിതൻമാരുടെയും അഭിപ്രായം. എങ്കിലും ഖുർആൻ വചനങ്ങളോടും, കർമ്മശാസ്ത്ര നിദാന (علم الاصول) തത്വങ്ങളോടും കൂടുതൽ യോജിച്ചു കാണുന്നതു രണ്ടാമത്തേതു പറഞ്ഞതാകുന്നു. രണ്ടിൽ ഏതെങ്കിലും ഒന്നാണു് ശരിയെന്നു തോന്നുന്നവർ മറ്റേ അഭിപ്രായക്കാരെ തെറ്റുകാരും പിഴച്ചവരുമായി ഗണിച്ചു കൂടാത്തതാണ്. ഹറാമല്ലെന്നു വന്നാൽ തന്നെയും ഈ നാലിനു പുറമെ, ബലപ്പെട്ട ഹദീസുകളിൽ വിരോധിക്കപ്പെട്ടു കാണുന്ന എല്ലാ വസ്തുക്കളെയും വർജ്ജിക്കുന്നതാണു മുസ്ലിംകൾക്കു ഉത്തമമെന്നുള്ളതിൽ പണ്ഡിതൻമാരിൽ ആർക്കും സംശയമില്ല. ഒരു കൂട്ടർക്കു വിശിഷ്ടമെന്നു തോന്നുന്ന വസ്തു മറ്റൊരു കൂട്ടർക്കു മ്ലേച്ഛമായി തോന്നിയേക്കാം. അതുകൊണ്ടു വിശിഷ്ടമായതും, മ്ലേച്ഛമായതും കണിശമായി വേർതിരിക്കത്തക്ക മാനദണ്ഡം ഇല്ലതാനും. അതേ സമയത്തു നമ്മുടെ ചില ഫുഖഹാക്കൾ (കർമ്മശാസ്ത്ര പണ്ഡിതൻമാർ) നിഷിദ്ധവസ്തുക്കളുടെയും, അനുവദനീയ വസ്തുക്കളുടെയും നീണ്ട പട്ടികകൾ വിവരിച്ചു കാണുന്നതിനു മതിയായ ഒരു അടിസ്ഥാനവുമില്ലെന്നും, അതവരുടെ സ്വന്തം അഭിപ്രായം മാത്രമാണെന്നും മനസ്സിലാക്കേണ്ടതുമാകുന്നു. والله الهادي الى الصواب

١٤٦- وَعَلَى الَّذِينَ هَادُوا حَرَّمْنَا كُلَّ ذِي ظُفُرٍ ۖ وَمِنَ الْبَقَرِ وَالْغَنَمِ حَرَّمْنَا عَلَيْهِمْ شُحُومَهُمَا إِلَّا مَا حَمَلَتْ ظُهُورُهُمَا أَوِ الْحَوَايَا أَوْ مَا اخْتَلَطَ بِعَظْمٍ ۚ ذَٰلِكَ جَزَيْنَاهُم بِبَغْيِهِمْ ۖ وَإِنَّا لَصَادِقُونَ ○

146. യഹൂദികളായവരുടെ മേലാകട്ടെ, നഖമുള്ള എല്ലാറ്റിനെയും നാം നിഷിദ്ധമാക്കി; മാട്ടിൽ നിന്നും ആട്ടിൽ നിന്നും അവയുടെ കൊഴുപ്പുകളെയും അവരുടെമേൽ നാം നിഷിദ്ധമാക്കി; അവയുടെ മുതുകുകളോ, കുടലുകളോ വഹിച്ച [ഉൾക്കൊണ്ട]തോ, അല്ലെങ്കിൽ എല്ലുമായി (പറ്റി) കലർന്നതോ ഒഴികെ.

അതു, അവരുടെ ധിക്കാരം മൂലം അവർക്കു നാം പ്രതിഫലം നൽകിയതാണ്. നിശ്ചയമായും നാം സത്യം പറയുന്നവർ തന്നെ.

---

146. وعلى الذين യാതൊരുത്തരുടെ മേലാകട്ടെ هادوا യഹൂദികളായ (യഹൂദ നാമം സ്വീകരിച്ച) حرمنا നാം നിഷിദ്ധമാക്കി كل ذي ظفر നഖമുള്ള എല്ലാറ്റിനെയും من البقر മാട്ടിൽനിന്നും والغنم ആട്ടിൽ നിന്നും حرمنا عليهم അവരുടെമേൽനാം നിഷിദ്ധമാക്കി شحومهما അവ രണ്ടിന്റെയും കൊഴുപ്പുകൾ الا ما حملت വഹിച്ച (ഉൾക്കൊണ്ട)തൊഴികെ ظهورهما അവയുടെ (രണ്ടിന്റെയും) മുതുകുകൾ او الحوايا അല്ലെങ്കിൽ കുടലുകൾ او ما اختلط അല്ലെങ്കിൽ കലർന്നതു بعظم എല്ലിനോടു ذلك അതു جزيناهم അവർക്കു നാം പ്രതിഫലം നൽകി (നൽകിയതാണു) ببغيهم അവരുടെ ധിക്കാരം (അതിക്രമം-നിയമലംഘനം)കൊണ്ടു وانا നിശ്ചയമായും നാം لصادقون സത്യം പറയുന്നവർതന്നെ

147. (നബിയേ) എനി, നിന്നെ അവർ വ്യാജമാക്കുകയാണെങ്കിൽ പറയുക: 'നിങ്ങളുടെ രക്ഷിതാവ് വിശാലമായ കാരുണ്യമുള്ളവനാകുന്നു; കുറ്റവാളികളായ ജനങ്ങളിൽ നിന്ന് അവന്റെ ശൗര്യം (അഥവാ ശിക്ഷ) തട്ടി നീക്കപ്പെടുന്നതുമല്ല.'

١٤٧- فَإِنْ كَذَّبُوكَ فَقُلْ رَبُّكُمْ ذُو رَحْمَةٍ وَاسِعَةٍ ۚ وَلَا يُرَدُّ بَأْسُهُ عَنِ الْقَوْمِ الْمُجْرِمِينَ ○

---

147. فَإِنْ كَذَّبُوكَ എനി (എന്നാൽ) അവർ നിന്നെ വ്യാജമാക്കിയെങ്കിൽ فَقُلْ എന്നാൽ പറയുക رَبُّكُمْ നിങ്ങളുടെ റബ്ബ് ذُو رَحْمَةٍ കാരുണ്യമുള്ളവനാകുന്നു وَاسِعَةٍ വിശാലമായ وَلَا يُرَدُّ തട്ടിക്കളയ (തടുക്ക)പ്പെടുകയുമില്ല بَأْسُهُ അവന്റെ ശൗര്യം (ശക്തി_ശിക്ഷ) عَنِ الْقَوْمِ ജനങ്ങളിൽ നിന്ന് الْمُجْرِمِينَ കുറ്റവാളികളായ.

നഖമുള്ള വസ്തുക്കൾ (ذِي ظُفُرٍ) കൊണ്ടുദ്ദേശ്യം, ഒട്ടകം, ഒട്ടകപക്ഷി, വാത്ത്, താറാവ് മുതലായവയെപ്പോലെ വിരലുകൾ_അല്ലെങ്കിൽ കുളമ്പുകൾ_പിളർന്നതല്ലാത്ത ജീവികളാണെന്നാണ് ഖുർആൻ വ്യാഖ്യാതാക്കൾ പറഞ്ഞു കാണുന്നത്. ജീവികളെ വേട്ടയാടിപ്പിടിക്കുന്നതും അല്ലാത്തതുമായ എല്ലാതരം നഖമുള്ള വസ്തുക്കളും ഉൾപ്പെടുമെന്നും, ഇല്ലെന്നും അഭിപ്രായങ്ങൾ വേറെയും കാണാം. നഖമുള്ള എല്ലാ ജീവികളും, ആടുമാടുകളുടെ മുതുകുകളിലോ, കുടലുകളിലോ എല്ലുകളിലോ ചേർന്നു നിൽക്കുന്നതല്ലാത്ത കൊഴുപ്പുകളും യഹൂദികൾക്കു അല്ലാഹു നിഷിദ്ധമാക്കിയിരുന്നു. അവരുടെ നിയമലംഘനവും ധിക്കാരവും നിമിത്തം അവർക്കു നൽകിയ ഒരു ശിക്ഷയായിരുന്നു അത്. അഥവാ മുൻപ്രവാചകൻമാർ മുതൽക്കേ ഇസ്‌ലാമിൽ അംഗീകരിക്കപ്പെട്ടുവന്ന സുസ്ഥിരമായ ഒരു മതവിധിയായിരുന്നില്ല അത്. ഇതാണു സത്യാവസ്ഥ. ഇതവർ സമ്മതിക്കുവാൻ തയ്യാറാകുന്നില്ലെങ്കിൽ അവരെ അറിയിക്കണം: അല്ലാഹുവിന്റെ കാരുണ്യത്തിന്റെ വിശാലത കൊണ്ടാണ് അവൻ നിങ്ങളുടെ മേൽ ശിക്ഷനടപടി എടുക്കാതെ അയച്ചു വിട്ടിരിക്കുന്നത്. ഇപ്പോൾ നിങ്ങളെ അവൻ ഒഴിവാക്കിയിട്ടുണ്ടെങ്കിലും ഭാവിയിൽ കുറ്റവാളികളെ അവൻ ശിക്ഷിക്കാതിരിക്കുകയില്ല, എന്നൊക്കെയാണ് മേൽപറഞ്ഞതിന്റെ സാരം. 'യഹൂദികളായവരുടെ അക്രമം നിമിത്തം അവർക്കു അനുവദനീയമാക്കപ്പെട്ടിരുന്ന ചില വിശിഷ്ട വസ്തുക്കളെ അവരുടെമേൽ നാം നിഷിദ്ധമാക്കി' എന്നു സൂ: നിസാഉ് 160ൽ അല്ലാഹു പറഞ്ഞിട്ടുള്ളതിന്റെ ഒരു വിശദീകരണമാണ് 146-ാം വചനം എന്നു പറയാം.

ഈ നിഷിദ്ധങ്ങളെപ്പറ്റി പറഞ്ഞപ്പോൾ_ഇവിടെയും സൂറത്തുന്നിസാഇലും_'യഹൂദരായവരുടെ (الَّذِينَ هَادُوا) മേൽ' എന്നാണ് അല്ലാഹു ഉപയോഗിച്ചിരിക്കുന്നത്. അഥവാ മറ്റു പല സന്ദർഭങ്ങളിലും കാണാവുന്നതുപോലെ 'വേദക്കാരുടെ മേൽ' എന്നോ, 'ഇസ്രാഈല്യരുടെ മേൽ' എന്നോ പറഞ്ഞില്ല. മൂസാ (അ) നബിയുടെ കാലത്തോ അടുത്ത കാലങ്ങളിലോ യഹൂദികൾ എന്ന പേർ ഇസ്രാഈല്യർക്കുണ്ടായിരുന്നില്ല. പിൽക്കാലങ്ങളിൽ മാത്രമാണ് അവർ ആ പേരിൽ അറിയപ്പെട്ടതും, അവരുടെ റിബ്ബീമാരാൽ (മതനേതാക്കളാൽ) ക്രോഡീകരിക്കപ്പെട്ട യഹൂദ നിയമസംഹിത അവർ സ്വീകരിച്ചു വന്നതും. എന്നിരിക്കെ, ഇവയെ നിഷിദ്ധമാക്കിയ വിവരം മൂസാ (അ) കൊണ്ടുവന്ന തൗറാത്തിൽ ഉണ്ടായിരിക്കുവാൻ അവകാശമില്ല. പക്ഷെ, തൗറാത്താണെന്നു വാദിക്കപ്പെടാറുള്ള ബൈബിളിലെ പുസ്തകങ്ങളിൽ ഒട്ടകം, മുയൽ, കുഴിമുയൽ മുതലായവയും, ആടിന്റെയും മാടിന്റെയും കൊഴുപ്പും (മേദസ്സും) ഭക്ഷിക്കുവാൻ പാടില്ലാത്തതാണെന്നു കാണുന്നുമുണ്ട്. (ലേവ്യർ: 11ൽ 4-8; ആവർത്തനം: 14ൽ 7, 8; ലേവ്യർ: 7ൽ 23-25 നോക്കുക) പിൽക്കാലത്ത് അവരുടെ പണ്ഡിത പുരോഹിതൻമാരാൽ ആവിഷ്കരിക്കപ്പെട്ട നിയമങ്ങളും, വേദഗ്രന്ഥത്തിലെ ചില ഭാഗങ്ങൾക്കു അവർ നൽകി വന്ന വ്യാഖ്യാനങ്ങളും വേദഗ്രന്ഥത്തിൽ അതിന്റെ മൂലത്തോടു ചേർത്തു വേദഗ്രന്ഥമെന്നോണം അവർ സ്വീകരിച്ചു പോന്നിട്ടുണ്ട്; നിലവിലുള്ള ബൈബിളിലെ പല ഭാഗങ്ങളും അത്തരത്തിലുള്ളവയാകുന്നു. അക്കൂട്ടത്തിൽ ഇതു പിന്നീടു എഴുതിച്ചേർക്കപ്പെട്ടതായിരിക്കണം. വേദക്കാർ ഈ വാസ്തവം സമ്മതിക്കുവാൻ മടിച്ചേക്കുക സ്വാഭാവികമാണ്. പക്ഷേ, ചില ഭക്ഷ്യവസ്തുക്കൾ തങ്ങൾക്കു നിഷിദ്ധമാണെന്ന് വേദക്കാർ വാദിച്ചപ്പോൾ, നിങ്ങൾ പറയുന്നതു സത്യമാണെങ്കിൽ നിങ്ങൾ തൗറാത്തു കൊണ്ടുവന്ന് അതൊന്നു വായിക്കുവിൻ (فَأْتُوا بِالتَّوْرَاةِ فَاتْلُوهَا...) എന്നു അവരെ വെല്ലുവിളിക്കുവാൻ അല്ലാഹു നബി(സ)യോടു കൽപിച്ചതും അവർക്കതിനു കഴിയാതെ ചില ഉപായങ്ങൾ പ്രവർത്തിച്ചതും സൂ: ആലു ഇംറാൻ 93ന്റെ വ്യാഖ്യാനത്തിലും നാം മുമ്പു കണ്ടുവല്ലോ.

١٤٨- سَيَقُولُ الَّذِينَ أَشْرَكُوا لَوْ شَاءَ اللَّهُ مَا أَشْرَكْنَا وَلَا آبَاؤُنَا وَلَا حَرَّمْنَا مِن شَيْءٍ

148. 'ശിർക്ക' ചെയ്യുന്നവർ [അല്ലാഹുവിനോട് പങ്കു ചേർക്കുന്നവർ] പറഞ്ഞേക്കും: 'അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ, ഞങ്ങളാകട്ടെ, ഞങ്ങളുടെ പിതാക്കളാകട്ടെ, 'ശിർക്കു' ചെയ്യുമായിരുന്നില്ല; ഞങ്ങൾ യാതൊരു വസ്തുവെയും നിഷിദ്ധമാക്കുകയും ചെയ്യുമായിരുന്നില്ല.'

كَذَٰلِكَ كَذَّبَ الَّذِينَ مِن قَبْلِهِمْ حَتَّىٰ ذَاقُوا بَأْسَنَا

അപ്രകാരം, അവരുടെ മുമ്പുള്ളവരും വ്യാജമാക്കിയിരിക്കുന്നു–(അതെ) നമ്മുടെ ശൗര്യം [ശിക്ഷ] അവർ രുചിനോക്കുന്നതുവരെ.

قُلْ هَلْ عِندَكُم مِّنْ عِلْمٍ فَتُخْرِجُوهُ لَنَا إِن تَتَّبِعُونَ إِلَّا الظَّنَّ وَإِنْ أَنتُمْ إِلَّا تَخْرُصُونَ ○

പറയുക: 'നിങ്ങളുടെ പക്കൽ വല്ല അറിവുമുണ്ടോ– ഞങ്ങൾക്കു നിങ്ങൾ അതു വെളിപ്പെടുത്തിത്തരുവാൻ?! നിങ്ങൾ ഊഹത്തെയല്ലാതെ പിൻപറ്റുന്നില്ല; നിങ്ങൾ മതിപ്പിട്ടു പറയുകയല്ലാതെ ചെയ്യുന്നുമില്ല.'

١٤٩- قُلْ فَلِلَّهِ الْحُجَّةُ الْبَالِغَةُ فَلَوْ شَاءَ لَهَدَاكُمْ أَجْمَعِينَ ○

149. പറയുക: 'അപ്പോൾ, അല്ലാഹുവിനാണു തികഞ്ഞ [പ്രബലമായ] ന്യായമുള്ളതു. എന്നാൽ, അവൻ ഉദ്ദേശിച്ചിരുന്നെങ്കിൽ, നിങ്ങളെ മുഴുവനും അവൻ സൻമാർഗ്ഗത്തിലാക്കുക തന്നെ ചെയ്യുമായിരുന്നു.'

---

148. سيقول പറയും, പറഞ്ഞേക്കും الذين اشركوا ശിർക്കു ചെയ്തവർ, പങ്കു ചേർത്തവർ (ബഹുദൈവ വിശ്വാസികൾ) لو شاء الله അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ ما اشركنا ഞങ്ങൾ ശിർക്കു ചെയ്യുമായിരുന്നില്ല ولا اباؤنا ഞങ്ങളുടെ പിതാക്കളും (ചെയ്ക) ഇല്ല ولا حرمنا ഞങ്ങൾ നിഷിദ്ധമാക്കുകയുമില്ല من شيء ഒരു വസ്തുവിനെയും كذلك അപ്രകാരം كذب വ്യാജമാക്കി, കളവാക്കി الذين യാതൊരുവർ (യാതൊരു കൂട്ടരും) من قبلهم അവരുടെ മുമ്പുള്ള حتى ذاقوا അവർ രുചി നോക്കുന്ന (അനുഭവിച്ച)തുവരെ بأسنا നമ്മുടെ ശൗര്യം, ശിക്ഷ قل പറയുക هل عندكم നിങ്ങളുടെ പക്കലുണ്ടോ من علم വല്ല അറിവും, വിവരവും فتخرجوه എന്നിട്ടതു നിങ്ങൾ വെളിവാക്കി (പുറത്തു)കൊണ്ടുവരുവാൻ, വെളിപ്പെടുത്തുമാറ് لنا ഞങ്ങൾക്കു ان تتبعون നിങ്ങൾ പിൻപറ്റുന്നില്ല الا الظن ഊഹത്തെയല്ലാതെ وان انتم നിങ്ങളല്ല താനും الا تخرصون നിങ്ങൾ മതിപ്പിടുക(മട്ടം പറയുക)യല്ലാതെ. 149. قل പറയുക فلله അപ്പോൾ അല്ലാഹുവിനാണു (ഉള്ളതു) الحجة ന്യായം, തെളിവു البالغة തികഞ്ഞതായ فلو شاء എന്നാൽ (അപ്പോൾ അവൻ ഉദ്ദേശിച്ചിരുന്നെങ്കിൽ لهداكم അവൻ നിങ്ങളെ നേർമാർഗ്ഗത്തിലാക്കുകതന്നെ ചെയ്തിരുന്ന اجمعين മുഴുവൻ, എല്ലാവരെയും

മുശ്‌രിക്കുകളുടെ പല വിശ്വാസാചാരങ്ങളെക്കുറിച്ചും പ്രസ്താവിച്ചശേഷം, അവർ അവയെ ന്യായീകരിക്കുവാൻ കൊണ്ടു വരാവുന്ന ഒരു വാദം ഉദ്ധരിച്ചുകൊണ്ട് അല്ലാഹു അതിനെ ശക്തിയായി ഖണ്ഡിക്കുന്നു. 'മുശ്‌രിക്കുകൾ പറഞ്ഞു'വെന്നോ 'പറയുന്നു'വെന്നോ പറയാതെ, അവർ പറഞ്ഞേക്കും അഥവാ വഴിയെ പറയും (سيقول) എന്നാണ് അല്ലാഹു പറയുന്നത്. ഈ വചനം അവതരിക്കുമ്പോൾ അവർ ആ വാദം പുറത്തു പറഞ്ഞു കഴിഞ്ഞിട്ടില്ലെന്നാണു ഇതിൽനിന്നു മനസ്സിലാകുന്നത്. അവരുടെ ഈ വാദം സൂ: നഹ്‌ൽ 35ലും, അതിന്റെ ചുരുക്കം സുഖ്റുഫ് 20ലും അല്ലാഹു ഉദ്ധരിച്ചിട്ടുണ്ട്. ആ രണ്ടിടത്തും മുശ്‌രിക്കുകൾ പറഞ്ഞു–അവർ പറയുന്ന (وقال الذين اشركوا ,وقالوا) എന്നാണു പ്രയോഗം. അപ്പോൾ, അതവർ ചിലപ്പോൾ തുറന്നു പറയുകതന്നെ ചെയ്തിട്ടുണ്ടെന്നു വ്യക്തമാകുന്നു. അല്ലാഹു പറഞ്ഞ കാര്യം സംഭവിക്കാതിരിക്കുകയില്ലല്ലോ.

അല്ലാഹു ഉദ്ദേശിച്ച പ്രകാരമല്ലാതെ ഒന്നും സംഭവിക്കുകയില്ല. അപ്പോൾ, ഞങ്ങളും ഞങ്ങളുടെ പൂർവ്വികൻമാരും പല ആരാധ്യൻമാരെ സ്വീകരിച്ചു വരുന്നതും, അവർക്കു വേണ്ടി നേർച്ചയും വഴിപാടുകളും നടത്തുന്നതും, അതുപോലെ ചില വസ്തുക്കളെ ഞങ്ങൾ നിഷിദ്ധമാക്കിത്തീർക്കുന്നതുമെല്ലാം അവന്റെ ഉദ്ദേശ്യപ്രകാരം ഉണ്ടാകുന്നതാണ്. അതിൽ നിന്നു ഒഴിഞ്ഞു നിൽക്കുവാൻ ഞങ്ങൾക്കു കഴിയുകയില്ല. എന്നിരിക്കെ അതിലൊന്നും ഞങ്ങൾ തെറ്റുകാരല്ല. ഞങ്ങളെ ആക്ഷേപിക്കുന്നതും ശരിയല്ല എന്നൊക്കെയാണു മുശ്‌രിക്കുകളുടെ വാദം. ആത്മാർത്ഥത തൊട്ടുതീണ്ടാത്ത ഒരു വാദമാണത്. മുശ്‌രിക്കുകളെ സംബന്ധിച്ചിടത്തോളം, അവരുടെ അന്ധവിശ്വാസങ്ങൾക്കും ദുരാചാരങ്ങൾക്കും ന്യായം പറഞ്ഞൊപ്പിക്കുക മാത്രമല്ല—നബി (സ) യെയും സത്യവിശ്വാസികളെയും പരിഹസിക്കൽ കൂടിയാണ്—അവരുടെ ഉദ്ദേശ്യം. കാരണം, മുശ്‌രിക്കുകൾ അല്ലാഹുവിന്റെ വിധി നിർണ്ണയത്തിലും ഉദ്ദേശ്യത്തിലും വിശ്വസിക്കുന്നവരല്ല. അഥവാ വിശ്വസിച്ചിരുന്നുവെന്നു സങ്കല്പിച്ചാൽ തന്നെയും ഈ പറയുന്നതിൽ അവർക്കു ആത്മാർത്ഥതയുമില്ല. ഞങ്ങൾ ചെയ്യുന്നതൊക്കെ അല്ലാഹുവിന്റെ ഉദ്ദേശ്യപ്രകാരം ഉണ്ടായിട്ടുള്ളതാകകൊണ്ട് അതെല്ലാം അവൻ തൃപ്തിപ്പെട്ടതുമായിരിക്കും; പിന്നെ എന്തിനാണ് പ്രവാചകൻമാരും വേദഗ്രന്ഥങ്ങളുമൊക്കെ അവയെപ്പറ്റി ഞങ്ങളെ ആക്ഷേപിക്കുന്നത്? ഞങ്ങൾ കുറ്റക്കാരല്ലല്ലോ! എന്നൊക്കെയാണവർ ഇതുമൂലം സമർത്ഥിക്കുന്നത്.

അല്ലാഹുവിന്റെ ഉദ്ദേശ്യത്തിന്റെ പേരിലുള്ള ഈ കള്ളവാദം ഇവരിൽനിന്ന് മാത്രമല്ല, മുമ്പ് ഇവരുടെ പൂർവ്വികൻമാരിൽനിന്നും ഉണ്ടായിട്ടുണ്ടായിരുന്നുവെന്നു كذلك كذب الذين (അപ്രകാരം അവരുടെ മുമ്പുള്ളവരും വ്യാജമാക്കി) എന്നു പറഞ്ഞുകൊണ്ട് അല്ലാഹു ചൂണ്ടിക്കാട്ടുന്നു. അതെ, അക്രമികളും തോന്നിയവാസികളും ന്യായീകരിക്കുവാൻ മുമ്പു മുതൽക്കേ അതിന്റെ ആളുകൾ ഉപയോഗപ്പെടുത്താറുള്ള ഒരു ഒഴിവുകഴിവാണ് ഈ ന്യായവാദം. ഇന്നും ഇതുപോലെ പലരും പറയുന്നതു കേൾക്കാം. 'അപ്രകാരം അവരുടെ മുമ്പുള്ളവർ വ്യാജം പറഞ്ഞു' വെന്നു പറയാതെ, 'അവരുടെ മുമ്പുള്ളവരും വ്യാജമാക്കി' (كذب) എന്നാണു അല്ലാഹു പറഞ്ഞത്. അപ്പോൾ, അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ ഞങ്ങളതു ചെയ്യുമായിരുന്നില്ല എന്നു അവർ പറഞ്ഞതു വ്യാജമല്ല—അതു സത്യം തന്നെയാണ്. പക്ഷേ, അതുമൂലം അവർ ഉദ്ദേശിക്കുന്നതു അവരുടെ സത്യനിഷേധത്തെ ന്യായീകരിക്കലാണ് എന്ന് ഈ വാക്കു സൂചിപ്പിക്കുന്നു. അവർ പറഞ്ഞ വാക്കു കള്ളമാണെങ്കിൽ അപ്രകാരം അവരുടെ മുമ്പുള്ളവരും കളവു പറഞ്ഞു (كذب) എന്നായിരുന്നല്ലോ പറയേണ്ടിയിരുന്നത്.

മുശ്‌രിക്കുകളുടെ ഈ വാദത്തെ മൂന്നു പ്രകാരത്തിലാണു എതിർക്കുവാൻ നബി (സ) യോടു കല്പിക്കുന്നത്
(1) നിങ്ങളുടെ ഈ ന്യായവാദം ശരിവെക്കുന്ന വല്ല വിവരവും—ബുദ്ധിപരമോ, പ്രമാണപരമോ ആയ വല്ല തെളിവും—നിങ്ങൾക്കു കാണിക്കുവാനുണ്ടെങ്കിൽ അതൊന്നു കാണിക്കുവിൻ എന്നു. ഒന്നുമില്ലെന്നു തീർച്ചതന്നെ.
(2) നിങ്ങൾ ഊഹത്തെ മാത്രം പിൻപറ്റുകയാണു ചെയ്യുന്നതെന്നു. നിങ്ങൾ പറയുന്നതും ചെയ്യുന്നതും ശരിയാണെന്നു നിങ്ങൾക്കു തന്നെ ഉറപ്പില്ല. ഉണ്ടെങ്കിൽ അതു സ്ഥാപിക്കുവാൻ ന്യായവും ഉണ്ടാകേണ്ടതല്ലേ?! എന്നു സാരം. (3) നിങ്ങൾ ഈ പറയുന്നതു നിങ്ങൾ സൂക്ഷ്മമായി പറയുന്നതല്ല—വെറുതെ മതിപ്പിട്ടു പറയുകതന്നെ ന്നു. അല്ലാഹു അങ്ങിനെ ഉദ്ദേശിച്ചുവെന്നു അറിഞ്ഞശേഷമോ, അറിഞ്ഞതുകൊണ്ടോ അല്ല, നിങ്ങൾ അതൊക്കെ ചെയ്തത്. ചെയ്തു കഴിഞ്ഞശേഷം അതൊരു കാരണമാക്കി എടുത്തു പറയുക മാത്രമാണു ചെയ്യുന്നത് എന്നു താൽപര്യം. ഇങ്ങിനെ, ആ വാദത്തിന്റെ പൊള്ളത്തരം സ്ഥാപിച്ചശേഷം അല്ലാഹു പറയുന്നു: قل فلله الحجة (പറയുക: അപ്പോൾ, അല്ലാഹുവിനാണു തികച്ചും ന്യായമുള്ളത്.) അപ്പോൾ, പ്രവാചകൻമാർ മുഖേന നിങ്ങളുടെ ദുർമ്മാർഗ്ഗങ്ങളെയും ദുരാചാരങ്ങളെയും നിർമ്മാർജ്ജനം ചെയ്യുന്നതിലും, അവയുടെ പേരിൽ നിങ്ങളെ ആക്ഷേപിക്കുന്നതിലുമെല്ലാം അല്ലാഹുവിനു തികച്ചും ന്യായമുണ്ടെന്നു സാരം.

തുടർന്നുകൊണ്ട് അല്ലാഹു പറയുന്നു: فلو شاء لهداكم أجمعين (എന്നാൽ, അവൻ ഉദ്ദേശിച്ചിരുന്നുവെങ്കിൽ നിങ്ങളെ മുഴുവനും അവൻ നേർമാർഗ്ഗത്തിലാക്കുമായിരുന്നു.) അതായതു, നിങ്ങൾ മുഴുവനും (മലക്കുകളെപ്പോലെ) ശുദ്ധപ്രകൃതിക്കാരായ സൻമാർഗ്ഗികളായിത്തന്നെ ഇരിക്കണമെന്നാണ് അല്ലാഹു ഉദ്ദേശിച്ചിരുന്നതെങ്കിൽ, അതങ്ങിനെത്തന്നെ ആകുമായിരുന്നു. പക്ഷേ, അവൻ ഉദ്ദേശിച്ചതു അങ്ങിനെയല്ല. സത്യാസത്യങ്ങളും, നൻമതിൻമകളും വേണ്ടതുപോലെ തെളിവുസഹിതം മനസ്സിലാക്കിക്കൊടുക്കുകയും, അതോടൊപ്പം സൻമാർഗ്ഗത്തിലേക്കു ക്ഷണിക്കുകയും ചെയ്യുക, എന്നിട്ട് ഇഷ്ടമുള്ളവർ സ്വീകരിക്കട്ടെ, ഇഷ്ടമുള്ളവർ നിരസിക്കട്ടെ (فمن شاء فليؤمن ومن شاء فليكفر) എന്നുവെച്ച് അവർക്ക് ഇഷ്ടസ്വാതന്ത്ര്യം നൽകുകയും ചെയ്യുക. ഇതാണവൻ തീരുമാനിച്ചിരിക്കുന്നത് എന്നു താൽപര്യം.

ഈ യാഥാർത്ഥ്യം വളരെ സ്ഥലങ്ങളിൽ ഖുർആൻ—വ്യക്തമായ രൂപത്തിലും സൂചനാരൂപത്തിലുമായി—പ്രസ്താവിച്ചു കാണാം. സൂ: ഹൂദിൽ പറയുന്നു: ولو شاء ربك لجعل الناس أمة واحدة — الآية (സാരം: നിന്റെ റബ്ബ്

ഉദ്ദേശിച്ചിരുന്നുവെങ്കിൽ മനുഷ്യരെ അവൻ ഒരേ ഒരു സമുദായമാക്കുമായിരുന്നു. അവൻ കരുണ ചെയ്തവരൊഴികെ (മറ്റെല്ലാവരും) ഭിന്നാഭിപ്രായക്കാരായിക്കൊണ്ടേ ഇരിക്കുന്നതാണ്. അതിനായിട്ടാണ് അവൻ അവരെ സൃഷ്ടിച്ചിരിക്കുന്നതും. ജിന്നുകളിൽ നിന്നും, മനുഷ്യരിൽ നിന്നുമെല്ലാം ഞാൻ നരകത്തെ നിറക്കുക തന്നെ ചെയ്യുമെന്നുള്ള നിന്റെ റബ്ബിന്റെ വാക്യം പരിപൂർണ്ണമായിരിക്കുന്നു. (ഹൂദ്: 118, 119.) സൂ: യൂനുസിൽ പറയുന്നു: ولو شاء ربك لآمن — الآية (സാരം: നിന്റെ റബ്ബ് ഉദ്ദേശിച്ചിരുന്നുവെങ്കിൽ ഭൂമിയിലുള്ളവർ മുഴുവനും വിശ്വസിക്കുമായിരുന്നു. അപ്പോൾ, മനുഷ്യരെ അവർ സത്യവിശ്വാസികളായിത്തീരുവാൻ നീ നിർബ്ബന്ധിക്കുന്നുവോ?! (യൂനുസ്: 99) സത്യവിശ്വാസികളും, സത്യനിഷേധികളും തമ്മിൽ നടമാടുന്ന ശണ്ഠകളെ ചൂണ്ടിക്കാട്ടിക്കൊണ്ട് അൽബഖറയിൽ പറയുന്നു: ولو شاء الله ما اقتتلوا — الآية (അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവർ ശണ്ഠ കൂടുകയില്ലായിരുന്നു. പക്ഷെ, അല്ലാഹു അവൻ ഉദ്ദേശിക്കുന്നതു ചെയ്യുന്നു. (അൽബഖറ: 253) ഇതുപോലെ പല വചനങ്ങളും കാണാം.

അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ ഞങ്ങൾ ശിർക്കും മറ്റും ചെയ്യുമായിരുന്നില്ല. لو شاء الله ما اشركنا എന്നു തങ്ങളുടെ പ്രവൃത്തികളെ ന്യായീകരിക്കുവാൻവേണ്ടി മുശ്‌രിക്കുകൾ പറഞ്ഞ ആ വാക്കു സത്യവിരുദ്ധമാണെന്നല്ല–അതുവഴി അവർ ഉദ്ദേശിക്കുന്ന ആശയവും ലക്ഷ്യവും തെറ്റാണെന്നാണ്–അവർക്ക് നൽകിയ മറുപടിയുടെ സാരമെന്നു ഇതിൽ നിന്നൊക്കെ വ്യക്തമാണല്ലോ. അവരുടെ ആ വാക്കു വാസ്തവത്തിൽ ശരിതന്നെയാണെന്ന് ഈ സൂറത്തിൽ ഇതിനു മുമ്പും നാം വായിച്ചു കഴിഞ്ഞ ചില വചനങ്ങളിൽ നിന്നുതന്നെ തെളിഞ്ഞതുമാണ്. 106, 107 വചനങ്ങളിൽ അല്ലാഹു പറഞ്ഞു: ...واعرض عن المشركين (മുശ്‌രിക്കുകളിൽ നിന്നു തിരിഞ്ഞു കളയുക. അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവർ ശിർക്ക് പ്രവർത്തിക്കുമായിരുന്നില്ല.) 137-ാം വചനത്തിൽ പറഞ്ഞു: ولو شاء الله ما فعلوه .... (അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ അവരതു ചെയ്യുമായിരുന്നില്ല. അതുകൊണ്ടു അവരെയും അവർ കെട്ടിച്ചമയുന്നതും വിട്ടേക്കുക.)

മേൽവിവരിച്ചതിൽനിന്ന് ഈ (148-ാം) വചനമാകട്ടെ, ഇതുപോലെ സൂ: നഹ്‌ൽ 35; സുഖ്‌റുഫ്: 20 എന്നിവിടങ്ങളിലെ മേൽ സൂചിപ്പിച്ച വചനങ്ങളാകട്ടെ, എല്ലാ കാര്യവും അല്ലാഹുവിന്റെ ഉദ്ദേശ്യവും വിധി നിശ്ചയവും അനുസരിച്ചു മാത്രമേ നടക്കുന്നുള്ളുവെന്നും, അവൻ ഉദ്ദേശിക്കാത്തതോ അവന്റെ ഉദ്ദേശത്തിനു വിരുദ്ധമായതോ ഒരു കാര്യവും സംഭവിക്കുകയില്ലെന്നുമുള്ള യാഥാർത്ഥ്യത്തെ നിഷേധിക്കുന്നില്ല; നേരെമറിച്ച് അതിനെ സ്ഥാപിക്കുകയാണ് ചെയ്യുന്നതു എന്ന് സ്പഷ്ടമാണ്. എന്നാൽ, യുക്തിവാദികളും വക്രതാൽപര്യക്കാരുമായ ചില ആളുകൾ മുശ്‌രിക്കുകളുടെ ഈ വാക്കിനെ അടിസ്ഥാനപ്പെടുത്തി–മറ്റൊരു വിധത്തിൽ പറഞ്ഞാൽ, അല്ലാഹുവിന്റെ സ്വന്തം വാക്കുകളായി അവൻ തന്നെ പറഞ്ഞ പല വാക്യങ്ങളെയും മൂടിവെച്ചുകൊണ്ടു–ആ യാഥാർത്ഥ്യങ്ങളെ നിഷേധിക്കാറുണ്ട്. അതിന്റെ നാനാവശങ്ങളെക്കുറിച്ചും, അതിൽ ഈ തൽപര കക്ഷികളുടെ വാദമുഖങ്ങളെക്കുറിച്ചും സൂറത്തുൽ ഹദീദിനുശേഷം കൊടുത്തിട്ടുള്ള വ്യാഖ്യാനക്കുറിപ്പിൽ വേണ്ടത്ര വിശദമായി നാം വിവരിച്ചിട്ടുണ്ട്. കൂടുതൽ അറിയുവാനാഗ്രഹിക്കുന്നവർ അവിടെ നോക്കിക്കൊള്ളട്ടെ. والله الموفق للصواب

150. (നബിയേ) പറയുക: ('നിങ്ങൾ നിഷിദ്ധമാക്കിയ) ഇതു അല്ലാഹു നിഷിദ്ധമാക്കിയിരിക്കുന്നുവെന്നു സാക്ഷ്യപ്പെടുത്തുന്ന നിങ്ങളുടെ (വക) സാക്ഷികളെ കൊണ്ടുവരുവിൻ!'

എന്നിട്ട് അവർ സാക്ഷ്യം വഹിച്ചുവെങ്കിൽ, അവരോടൊപ്പം നീ സാക്ഷ്യം വഹിക്കരുത്. നമ്മുടെ 'ആയത്തു' [ലക്ഷ്യം]കളെ വ്യാജമാക്കുന്നവരുടെ ഇച്ഛകളെ നീ പിൻപറ്റുകയും ചെയ്യരുത്; യാതൊരു കൂട്ടരുടെയും (ഇച്ഛകളെ പിൻപറ്റരുത്): അവർ പരലോകത്തിൽ വിശ്വസിക്കുന്നില്ല, അവരാകട്ടെ, തങ്ങളുടെ റബ്ബിനോടു (മറ്റുള്ളവരെ) സമപ്പെടുത്തുകയും ചെയ്യുന്നു.

١٥٠- قُلْ هَلُمَّ شُهَدَآءَكُمُ الَّذِينَ يَشْهَدُونَ أَنَّ اللَّهَ حَرَّمَ هَٰذَا ۖ فَإِن شَهِدُوا فَلَا تَشْهَدْ مَعَهُمْ ۚ وَلَا تَتَّبِعْ أَهْوَآءَ الَّذِينَ كَذَّبُوا بِـَٔايَٰتِنَا وَالَّذِينَ لَا يُؤْمِنُونَ بِالْـَٔاخِرَةِ وَهُم بِرَبِّهِمْ يَعْدِلُونَ ۝

---

150 قل പറയുക هلم കൊണ്ടുവരുവിൻ شهداءكم നിങ്ങളുടെ സാക്ഷികളെ الذين يشهدون സാക്ഷ്യം വഹിക്കുന്നവരായ ان الله അല്ലാഹു എന്നു حرم هذا ഇതു നിഷിദ്ധമാക്കിയിരിക്കുന്നു (എന്ന) فان شهدوا എന്നിട്ടു (എന്നാൽ) അവർ സാക്ഷ്യം വഹിച്ചെങ്കിൽ فلا تشهد നീ സാക്ഷ്യം വഹിക്കരുതു معهم അവരോടൊപ്പം ولا تتبع പിൻപറ്റുകയും ചെയ്യരുത് اهواء ഇച്ഛ(തന്നിഷ്ടം)കളെ الذين كذبوا വ്യാജമാക്കിയവരുടെ باياتنا നമ്മുടെ ലക്ഷ്യ(ദൃഷ്ടാന്ത)ങ്ങളെ والذين യാതൊരുവരുടെയും لا يؤمنون അവർ വിശ്വസിക്കുന്നില്ല بالآخرة പരലോകത്തിൽ وهم അവരാകട്ടെ بربهم തങ്ങളുടെ റബ്ബിനോടു يعدلون സമപ്പെടുത്തുന്നു

നിങ്ങൾ നിഷിദ്ധമാക്കിയ ഈ വസ്തുക്കളെ നിങ്ങൾ നിഷിദ്ധമാക്കിയതല്ല-അല്ലാഹു നിഷിദ്ധമാക്കി നിശ്ചയിച്ചതാണു-എന്നു തക്കതായ തെളിവു സഹിതം സ്ഥാപിക്കുന്ന വല്ല സാക്ഷികളെയും നിങ്ങൾക്കു സമർപ്പിക്കുവാനുണ്ടെങ്കിൽ അവരെയൊന്നു ഹാജരാക്കുക എന്നു മുശ്രിക്കുകളെ വെല്ലുവിളിക്കുകയാണ്. അതവർക്കു സാധ്യമല്ലല്ലോ. ഒരു പക്ഷേ, വല്ല വിഡ്ഢികളും അതിനു മുമ്പോട്ടു വന്നാൽ, അവർ സത്യബോധമില്ലാത്ത കള്ളസാക്ഷികളായിരിക്കുമെന്നു തീർച്ചയാണ്. ലക്ഷ്യങ്ങളും ദൃഷ്ടാന്തങ്ങളും വ്യാജമാക്കിത്തള്ളുകയും, പരലോകത്തിൽ വിശ്വസിക്കാതിരിക്കുകയും, അതോടുകൂടി അല്ലാഹുവിനു സമൻമാരെ ഉണ്ടാക്കുകയും ചെയ്യുന്നവർ മാത്രമേ അതിനു മുമ്പോട്ടു വരൂ. അതുകൊണ്ട് അവരുടെ സാക്ഷ്യത്തിന് ഒട്ടും വില കൽപിക്കാതെ തള്ളിക്കളയുകയും, അവരുടെ ഇംഗിതത്തിനു വഴങ്ങാതിരിക്കുകയും വേണം എന്നു നബി (സ)യെ ഉണർത്തുകയും ചെയ്യുന്നു.

വിഭാഗം-19

١٥١- قُلْ تَعَالَوْا أَتْلُ مَا حَرَّمَ رَبُّكُمْ عَلَيْكُمْ أَلَّا تُشْرِكُوا بِهِ شَيْئًا

151. പറയുക (നബിയേ): 'വരുവിൻ! നിങ്ങളുടെ റബ്ബ് നിങ്ങളുടെമേൽ നിഷിദ്ധമാക്കിയതു (എന്തെല്ലാമാണെന്നു) ഞാൻ നിങ്ങൾക്ക് ഓതിക്കേൾപ്പിക്കാം: അതായതു: നിങ്ങൾ അവനോടു ഒരു വസ്തുവെയും പങ്കുചേർക്കരുത്;

وَبِالْوَالِدَيْنِ إِحْسَانًا

മാതാപിതാക്കളോടാകട്ടെ, നൻമ പ്രവർത്തിക്കുകയും (വേണം);

وَلَا تَقْتُلُوا أَوْلَادَكُمْ مِنْ إِمْلَاقٍ نَحْنُ نَرْزُقُكُمْ وَإِيَّاهُمْ وَلَا تَقْرَبُوا الْفَوَاحِشَ مَا ظَهَرَ مِنْهَا وَمَا بَطَنَ

ദാരിദ്ര്യം നിമിത്തം നിങ്ങൾ നിങ്ങളുടെ സന്താനങ്ങളെ കൊലപ്പെടുത്തുകയും ചെയ്യരുത്; നാമത്രെ, നിങ്ങൾക്കും അവർക്കും ആഹാരം നൽകുന്നത്. നീചവൃത്തികളെ-അവയിൽ നിന്നു പ്രത്യക്ഷമായതിനെയും, പരോക്ഷമായതിനെയും-നിങ്ങൾ സമീപിക്കുകയും ചെയ്യരുത്.

وَلَا تَقْتُلُوا النَّفْسَ الَّتِي حَرَّمَ اللَّهُ إِلَّا بِالْحَقِّ

അല്ലാഹു നിഷിദ്ധമാക്കി(അഥവാ പരിപാവനമാക്കി) വെച്ച ദേഹത്തെ [ആളെ] ന്യായപ്രകാരമല്ലാതെ കൊലപ്പെടുത്തുകയും അരുത്.

ذَٰلِكُمْ وَصَّاكُمْ بِهِ لَعَلَّكُمْ تَعْقِلُونَ ○

അതൊക്കെ, നിങ്ങൾ ബുദ്ധി കൊടു(ത്തു ഗ്രഹി)ക്കുവാൻവേണ്ടി അല്ലാഹു നിങ്ങളോടു 'വസ്വിയ്യത്ത്' ചെയ്തിരിക്കയാണ്.

---

151. تَعَالَوْا قُلْ പറയുക വരുവിൻ أَتْلُ ഞാൻ ഓതിത്തരാം, പാരായണം ചെയ്യാം مَا حَرَّمَ നിഷിദ്ധമാക്കിയതു رَبُّكُمْ നിങ്ങളുടെ റബ്ബു عَلَيْكُمْ-നിങ്ങളുടെ മേൽ, നിങ്ങൾക്കു أَلَّا تُشْرِكُوا അതായതു നിങ്ങൾ ശിർക്കു(പങ്കു ചേർക്കൽ) ചെയ്യരുതു (എന്നു) بِهِ അവനോടു, അവനിൽ شَيْئًا ഒരു വസ്തുവെയും وَبِالْوَالِدَيْنِ മാതാപിതാക്കളോടാകട്ടെ إِحْسَانًا നൻമ ചെയ്യലും (വേണമെന്നു) وَلَا تَقْتُلُوا നിങ്ങൾ കൊലപ്പെടുത്തുക (വധിക്കുക)യും ചെയ്യരുത് أَوْلَادَكُمْ നിങ്ങളുടെ സന്താനങ്ങളെ, കുട്ടികളെ مِنْ إِمْلَاقٍ ദാരിദ്ര്യം നിമിത്തം نَحْنُ നാമത്രെ, നാം (തന്നെ) نَرْزُقُكُمْ നിങ്ങൾക്കു ആഹാരം (ഉപജീവനം) നൽകുന്ന وَإِيَّاهُمْ അവർക്കും وَلَا تَقْرَبُوا നിങ്ങൾ സമീപിക്കുകയും അരുത് الْفَوَاحِشَ നീചവൃത്തികളെ مَا ظَهَرَ പ്രത്യക്ഷമായ مِنْهَا അവയിൽനിന്നു وَمَا بَطَنَ പരോക്ഷമായതു وَلَا تَقْتُلُوا നിങ്ങൾ കൊലപ്പെടുത്തുകയും അരുത് النَّفْسَ ദേഹത്തെ(ആളെ-ആത്മാവിനെ) الَّتِي حَرَّمَ اللَّهُ അല്ലാഹു ഹറാമാക്കിയ (നിഷിദ്ധമാക്കിയ-പരിപാവനമാക്കിയ) إِلَّا بِالْحَقِّ ന്യായ (മുറ-അവകാശ)പ്രകാരമല്ലാതെ ذَٰلِكُمْ അതു (ഒക്കെ) وَصَّاكُمْ بِهِ അതിനെപ്പറ്റി അവൻ നിങ്ങളോടു വസ്വിയ്യത്തു ചെയ്തിരിക്കുന്നു لَعَلَّكُمْ നിങ്ങളാകുവാൻ, ആയേക്കാം تَعْقِلُونَ നിങ്ങൾ ബുദ്ധികൊടുക്കും.

152. 'ഏററവും നന്നായുള്ളതേതോ അതനുസരിച്ചല്ലാതെ, അനാഥയുടെ ധനത്തെ നിങ്ങൾ സമീപിക്കുകയും ചെയ്യരുതു; അവൻ അവൻെറ ശക്തി [പ്രായപൂർത്തി] പ്രാപിക്കുന്നതുവരെ.

١٥٢- وَلَا تَقْرَبُوا مَالَ الْيَتِيمِ إِلَّا بِالَّتِي هِيَ أَحْسَنُ حَتَّىٰ يَبْلُغَ أَشُدَّهُ ۚ

അളവും, തൂക്കവും നീതിമുറ പ്രകാരം നിറവേററിക്കൊടുക്കുകയും ചെയ്യുവിൻ; [illegible] ആത്മാവിനോടും [ആളോടും] [illegible] ല്ലാതെ ശാസിക്കുകയില്ല.

وَأَوْفُوا الْكَيْلَ وَالْمِيزَانَ بِالْقِسْطِ ۖ لَا نُكَلِّفُ نَفْسًا إِلَّا وُسْعَهَا ۖ

നിങ്ങൾ (വല്ലതും) [illegible], നിങ്ങൾ നീതിപാലിക്കുകയും ചെയ്യുവിൻ [illegible] (ബാധ്യപ്പെടുന്നവൻ) അവൻ അടുത്ത ബന്ധമുള്ള [illegible]. അല്ലാഹുവിൻെറ (വക) കരാറിനെ നിറവേററുകയും ചെയ്യുവിൻ.

وَإِذَا قُلْتُمْ فَاعْدِلُوا وَلَوْ كَانَ ذَا قُرْبَىٰ ۖ وَبِعَهْدِ اللَّهِ أَوْفُوا ۚ

അതൊക്കെ, നിങ്ങൾ ഉററാലോചിക്കുവാൻ വേണ്ടി അവൻ നിങ്ങളോടു 'വസ്വിയ്യത്ത്' ചെയ്തിരിക്കുന്നു.

ذَٰلِكُمْ وَصَّاكُمْ بِهِ لَعَلَّكُمْ تَذَكَّرُونَ

153. 'ഇതാ, എൻെറ പാത (നേരെ) ചൊവ്വായ നിലയിൽ (സ്ഥിതി ചെയ്യുന്നു) അതിനാൽ, അതിനെ നിങ്ങൾ പിൻപററിക്കൊള്ളുവിൻ.

١٥٣- وَأَنَّ هَٰذَا صِرَاطِي مُسْتَقِيمًا فَاتَّبِعُوهُ ۖ

നിങ്ങൾ (മററു) മാർഗ്ഗങ്ങളെ പിൻപററുകയും ചെയ്യരുതു; എന്നാൽ അവ നിങ്ങളെ അവൻെറ മാർഗ്ഗം വിട്ടു ഭിന്നിപ്പിച്ചു കളയും.

وَلَا تَتَّبِعُوا السُّبُلَ فَتَفَرَّقَ بِكُمْ عَنْ سَبِيلِهِ ۚ

അതൊക്കെ, നിങ്ങൾ സൂക്ഷ്മത പാലിക്കുവാൻവേണ്ടി അവൻ നിങ്ങളോട് 'വസ്വിയ്യത്ത്' ചെയ്തിരിക്കുകയാണ്.

ذَٰلِكُمْ وَصَّاكُمْ بِهِ لَعَلَّكُمْ تَتَّقُونَ

---

152. ولا تقربوا നിങ്ങൾ സമീപിക്കുക (അടുക്കുക)യും ചെയ്യരുതു مال اليتيم അനാഥയുടെ ധനത്തെ إلا بالتي അതൊന്നനുസരിച്ചല്ലാതെ هي احسن അതു ഏററം നല്ലതാണു حتى يبلغ അവൻ പ്രാപിക്കുന്നതുവരെ اشده അവൻെറ ശക്തി (പ്രായപൂർത്തി) واوفوا നിറവേററുകയും ചെയ്യുവിൻ الكيل അളവ് والميزان, തൂക്കവും بالقسط നീതി മുറപ്രകാരം لا نكلف നാം ശാസിക്കുകയില്ല (നിർബ്ബന്ധപ്പെടുത്തുന്നതല്ല) نفسا ഒരു ദേഹത്തെ ആത്മാവിനോ-ആളോ)ടും الا وسعها അതിൻെറ സൗകര്യം (കഴിവു) അല്ലാതെ واذا قلتم നിങ്ങൾ പറഞ്ഞാൽ فاعدلوا അപ്പോൾ നീതി ചെയ്യുവിൻ ولو كان അവനായിരുന്നാലും (ശരി) ذا قربى അടുത്ത ബന്ധമുള്ളവൻ وبعهد الله അല്ലാഹുവിൻെറ (വക) കരാറിനെ, അല്ലാഹുവിൻെറതായ പ്രതിജ്ഞ اوفوا നിറവേററുകയും ചെയ്യുവിൻ ذلكم അതു (ഒക്കെ) وصاكم به അതിനെപ്പററി അവൻ വസിയ്യത്തു ചെയ്തിരിക്കുന്നു لعلكم നിങ്ങളാകുവാൻവേണ്ടി,ആയേക്കാം. تذكرون നിങ്ങൾ ഉററാലോചിക്കും, ഓർമ്മവെക്കും. 153. وان, ഇതാകുന്നു, ഇതായതിനാൽ صراطي എൻെറ പാത (വഴി) مستقيما ചൊവ്വായ (ചൊവ്വായ) നിലയിൽ فاتبعوه അതിനാൽ അതിനെ പിൻപററുവിൻ ولا تتبعوا നിങ്ങൾ പിൻപററുകയും അരുത് السبل (മററു) മാർഗ്ഗങ്ങളെ فتفرق بكم അപ്പോൾ (എന്നാൽ) അവ നിങ്ങളെ [illegible] ഭിന്നിക്കും (നിങ്ങളെ ഭിന്നിപ്പിക്കും) عن سبيله അവൻെറ മാർഗ്ഗത്തിൽനിന്ന് ذلكم അതു (ഒക്കെ) وصاكم به അതിനെപ്പററി അവൻ നിങ്ങളോട് വസ്വിയ്യത്ത് ചെയ്തിരിക്കുന്നു لعلكم നിങ്ങളാകുവാൻ വേണ്ടി, ആയേക്കാം تتقون നിങ്ങൾ സൂക്ഷ്മത പാലിക്കുക.

കഴിഞ്ഞ ഏതാനും വചനങ്ങളിൽ, മുശ്‌രിക്കുകളുടെ പല ദുരാചാരങ്ങളെയും വാദങ്ങളെയും കുറിച്ചു വിവരിച്ചു. അല്ലാഹു നിഷിദ്ധമായി നിശ്ചയിക്കാത്ത പലതും നിഷിദ്ധമാക്കിക്കൊണ്ടുള്ള അവരുടെ നടപടികളെ അവർ മതത്തിന്റെ പേരിൽ വെച്ചു കെട്ടിയതിനെക്കുറിച്ചും സംസാരിച്ചു. അതിനുശേഷം, കാലദേശ വ്യത്യാസമില്ലാതെ വേദഗ്രന്ഥങ്ങൾ മുഖേന മനുഷ്യസമുദായത്തിന്റെമേൽ അല്ലാഹു നിഷിദ്ധവും നിർബ്ബന്ധവുമാക്കി കല്പിച്ചു വന്നിട്ടുള്ള മൂലപ്രധാനങ്ങളായ ശാസനങ്ങൾ ഏതൊക്കെയാണെന്നു അവർക്കു ഓതികേൾപ്പിച്ചു കൊടുക്കുവാൻ അല്ലാഹു നബി (സ)യോടു കല്പിക്കുന്നു. വാസ്തവത്തിൽ, ഈ വചനങ്ങളിലടങ്ങിയ ശാസനങ്ങളെല്ലാം മനുഷ്യന്റെ നൈസർഗ്ഗികമായ ബോധം കൊണ്ടു തന്നെ മനുഷ്യൻ അംഗീകരിക്കുവാൻ ബാദ്ധ്യസ്ഥനാകുന്നു. എന്നിരിക്കിലും, താഴെ 156, 157 വചനങ്ങളിൽ കാണാവുന്നതുപോലെ–വേദഗ്രന്ഥങ്ങളുമായും പ്രവാചകന്മാരുമായും പരിചയബന്ധം സിദ്ധിച്ചിട്ടില്ലാത്ത അവർ, അവയെക്കുറിച്ചു തങ്ങൾക്കു അറിവു കിട്ടിയിട്ടില്ലെന്ന് ഒഴികഴിവ് പറയാതിരിക്കുവാൻ വേണ്ടി അല്ലാഹു അവ വിവരിച്ചു കൊടുക്കുകയാണ്.

ഖുർആൻ മുഖേന മാത്രമല്ല, തൗറാത്തു മുഖേനയും ഈ സനാതന തത്വങ്ങൾ അല്ലാഹു ജനങ്ങൾക്കു വിവരിച്ചു കൊടുത്തിട്ടുണ്ടെന്നു അടുത്ത വചനത്തിൽ സൂചനയുണ്ട്. ബൈബിളിന്റെ പഴയ നിയമത്തിൽ ഈ മൂന്നു വചനങ്ങളിലടങ്ങിയ വിധിവിലക്കുകൾ മിക്കവയും ഇന്നും കാണാവുന്നതാണ്. (പുറപ്പാടു പുസ്തകം 20-ാം അദ്ധ്യായവും, ആവർത്തനം 5-ാം അദ്ധ്യായവും നോക്കുക.) അതിലെ ചില വാക്യങ്ങൾ പ്രത്യേകം ശ്രദ്ധേയമാകുന്നു. ശിർക്കിനെപ്പറ്റി പറയുന്നു: 'യഹോവ (അല്ലാഹു)ആയ ഞാനാണു നിന്റെ ദൈവം. അന്യദൈവങ്ങൾ നിനക്കുണ്ടാകരുത്. സ്വർഗ്ഗത്തിലോ, ഭൂമിയിലോ, വെള്ളത്തിലോ ഉള്ള ഒന്നിന്റെയും പ്രതിമ ഉണ്ടാക്കരുത്. അവയെ നമസ്കരിക്കുകയോ സേവിക്കുകയോ അരുത്....' മാതാപിതാക്കളെപ്പറ്റി പറയുന്നു. 'നിനക്കു ദീർഘായുസ്സുണ്ടാകുവാനും, നിനക്കു ദേശത്തു നന്മയിരിക്കുവാനും യഹോവ നിന്നോടു കല്പിച്ചപോലെ നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്കുക'.

قل تعالوا اتل ما حرم ربكم عليكم (പറയുക: നിങ്ങളുടെ റബ്ബു നിങ്ങളുടെ മേൽ നിഷിദ്ധമാക്കിയിട്ടുള്ളതിനെ ഞാൻ നിങ്ങൾക്കു ഓതിത്തരാം) എന്നു പറഞ്ഞുകൊണ്ടാണല്ലോ ഈ പ്രഖ്യാപനം തുടങ്ങുന്നത്. നിഷിദ്ധമാക്കപ്പെട്ട കാര്യങ്ങളോടൊപ്പം ചില നിർബ്ബന്ധകടമകളും അതിൽ അടങ്ങിയിട്ടുണ്ടുതാനും. നിഷിദ്ധങ്ങളെ വർജ്ജിക്കൽ നിർബ്ബന്ധവും നിർബ്ബന്ധങ്ങളെ വർജ്ജിക്കൽ നിഷിദ്ധവുമാണെന്ന സ്ഥിതിക്കു രണ്ടും കൂടി അന്യോന്യബന്ധിതമായ ഒരേ പട്ടികയിൽ ഇടകലർത്തിയും പരസ്പരം ബന്ധപ്പെടുത്തിയുംകൊണ്ട് വിവരിക്കുകയാണ് ചെയ്തിരിക്കുന്നത്. ഈ വചനങ്ങളിലടങ്ങിയ ശാസനങ്ങൾ ഇവയാകുന്നു:–

(1) ശിർക്കു ചെയ്യരുത്. പാപങ്ങളിൽവെച്ചു ഏററവും വമ്പിച്ചതും, അല്ലാഹുവിന്റെ കോപത്തിനു ഏററവും വിധേയമായ കുററവും, പൊറുത്തു കൊടുക്കുകയില്ലെന്ന് അല്ലാഹു വ്യക്തമായി പ്രസ്താവിച്ച ഒരേ പാപവുമാണ് ശിർക്ക്. അതുകൊണ്ടു ഒന്നാമതായി ഇവിടെയെന്നപോലെ, മററു പലേടത്തും പാപങ്ങളിൽ ആദ്യം ശിർക്കിനെക്കുറിച്ചു കാണാം. അല്ലാഹുവിന്റെ സത്തയിലോ, പ്രവൃത്തിയിലോ, ഗുണവിശേഷങ്ങളിലോ, സവിശേഷണങ്ങളിലോ, അധികാരാവകാശങ്ങളിലോ അവനു സമൻമാരെയോ, പങ്കുകാരെയോ ഏർപ്പെടുത്തുന്നതുമായുള്ള എല്ലാ വിശ്വാസാചാരനുഷ്ഠാനങ്ങളും ശിർക്കിൽപെടുന്നു.

(2) മാതാപിതാക്കൾക്കു നൻമ ചെയ്യണം. മനുഷ്യന്റെ സ്വഭാവവും, കർത്തവ്യവുമായ അല്ലാഹുവിലുള്ള പരമപ്രധാനമായ കടമയെക്കുറിച്ചു പറഞ്ഞ ഉടനെ, അതോടു ചേർത്തുകൊണ്ടു പറഞ്ഞ കാര്യം മാതാപിതാക്കൾക്കു നൻമ ചെയ്യണമെന്നാണ്. അപ്പോൾ, അല്ലാഹുവിനോടുള്ള ആ കടമ കഴിച്ചാൽ–സൃഷ്ടികളോടുള്ള കടമകളിൽ–ഏററവും മുന്നിട്ടു നിൽക്കുന്നതു മാതാപിതാക്കളോടുള്ള കടമയാണെന്നത്രെ ഇതു കാണിച്ചു തരുന്നത്. ലോകത്തിൽ മനുഷ്യന്റെ ഉൽഭവത്തിനു കാരണക്കാരും, അവനെ തീററിപ്പോററി വളർത്തുകയും, അവന്റെ കൈകാര്യങ്ങൾ നടത്തിപ്പോരുകയും ചെയ്തവരും അവരാണല്ലോ. ശിർക്കു ചെയ്യരുതെന്നു വിരോധിക്കുന്നതോടൊപ്പം മാതാപിതാക്കളോടു നൻമ പ്രവർത്തിക്കണമെന്നു കല്പിക്കുന്നതു ഖുർആനിൽ പലപ്പോഴും കാണാവുന്നതാണ്. മാതാപിതാക്കളോടുള്ള കടമക്ക് അല്ലാഹു എത്രമാത്രം സ്ഥാനം കല്പിച്ചിട്ടുണ്ടെന്നു ഇതിൽനിന്നു വ്യക്തമാണ്. 'ശിർക്കു ചെയ്യരുത്' എന്നു പറഞ്ഞപോലെ 'മാതാപിതാക്കളെ ഉപദ്രവിക്കരുത്' എന്നോ മറേറാ പറയാതെ 'അവർക്കു നൻമ ചെയ്യണം' എന്നാണു അല്ലാഹു അവിടങ്ങളിലൊക്കെ ഉപയോഗിക്കാറുള്ള വാക്ക്. അവരോടുള്ള കടപ്പാടിന്റെ ഗൗരവം കൂടി ഉൾക്കൊള്ളുന്നതാണ് ഈ പ്രയോഗം.

അത്രയുമല്ല, അല്ലാഹുവിന്റെ അടുക്കൽ ഏററവും വെറുക്കപ്പെട്ട–അവൻ ഒരിക്കലും പൊറുക്കാത്ത–പാപമാണല്ലോ ശിർക്ക്. എന്നിട്ടുപോലും സൂ: ലുഖ്മാനിൽ പറയുന്നത് നോക്കുക! وان جاهداك على ان تشرك بي .... فلا

(സാരം: നിനക്കു വിവരമില്ലാത്ത വല്ലതിനെയും നീ എന്നോടു പങ്കുചേർക്കുവാൻ അവർ – മാതാപിതാക്കൾ – രണ്ടു പേരും നിന്നെ ബുദ്ധിമുട്ടിക്കുന്ന പക്ഷം, നീ അവരെ അനുസരിക്കരുത്. ഇഹത്തിൽ വെച്ചു നീ അവരോടു സദാചാരമനുസരിച്ചു സഹവസിക്കുകയും ചെയ്യണം.) അപ്പോൾ, മാതാപിതാക്കളെപ്പറ്റി മക്കൾക്കു എന്തുതന്നെ വിമർശനങ്ങളുണ്ടായാലും— അവ എത്ര ഗൗരവപ്പെട്ടതായിരുന്നാലും—അവരോടുള്ള പെരുമാറ്റം മാന്യവും സ്നേഹപൂർവ്വമായിരിക്കുവാനേ പാടുള്ളുവെന്നാണ് ഇതിലടങ്ങിയ തത്വം. ഇബ്നുമസ്ഊദ് പറയുന്നു: കർമ്മങ്ങളിൽ വെച്ചു ഏറ്റവും ശ്രേഷ്ഠമായതു ഏതാണെന്നു ഞാൻ റസൂൽ (സ) തിരുമേനിയോടു ചോദിച്ചു. അവിടുന്ന് പറഞ്ഞു: 'നമസ്കാരം അതിന്റെ സമയത്തിനു നമസ്കരിക്കലാകുന്നു'. പിന്നെ ഏതാണെന്നു ഞാൻ ചോദിച്ചു. അവിടുന്നു പറഞ്ഞു: 'മാതാപിതാക്കൾക്കു നന്മ ചെയ്യുക'. പിന്നെ ഏതാണെന്നു ഞാൻ ചോദിച്ചു. അവിടുന്നു പറഞ്ഞു: 'അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സമരം ചെയ്യുക'. (ബു; മു.) മാതാപിതാക്കളുടെ വിഷയത്തിൽ വന്ന ഖുർആൻ വാക്യങ്ങളും നബിവാക്യങ്ങളും ഇവിടെ ഉദ്ധരിക്കുന്ന പക്ഷം അതു വളരെ നീണ്ടുപോകുന്നതാണ്.

(3) ദാരിദ്ര്യം നിമിത്തം സന്താനങ്ങളെ കൊല്ലരുത്. മാതാപിതാക്കളെപ്പറ്റി പ്രസ്താവിച്ചതിനെത്തുടർന്ന മക്കളുടെ കാര്യവും ഉണർത്തിയിരിക്കുകയാണ്. മനുഷ്യവധം തന്നെ ഒരു മഹാപാപം. അതു സ്വന്തം മക്കളെയാകുമ്പോൾ അതിന്റെ ക്രൂരത കൂടുതലാകുന്നു. അതു ദാരിദ്ര്യഭയം നിമിത്തം കൂടിയാകുമ്പോഴോ?! സകല ജീവികൾക്കും ആഹാരം നൽകുന്നതാണെന്നു അല്ലാഹു ഏറ്റിട്ടുള്ള ബാധ്യത അവൻ നിർവ്വഹിക്കുമെന്നതിലുള്ള വിശ്വാസക്കുറവ്, ആഹാര കാര്യങ്ങളുടെ നിയന്ത്രണമെല്ലാം തന്റെ കൈക്ക മാത്രമാണ നടക്കുന്നതെന്ന മിഥ്യാബോധം, അല്ലാഹു നൽകുന്ന പരീക്ഷണങ്ങളിൽ ക്ഷമ കൈക്കൊള്ളുവാൻ തയ്യാറില്ലായ്മ, സ്വന്തം മക്കളെ കൊലപ്പെടുത്തിയിട്ടെങ്കിലും സ്വന്തം ജീവിതം സുഖകരമായിരിക്കണമെന്നുള്ള ദുർമ്മോഹം ഇതൊക്കെയാണതിന്റെ പിന്നിലുള്ള പ്രേരണകൾ. വാസ്തവത്തിൽ, ആ വധിക്കപ്പെടുന്ന മക്കൾക്കു മാത്രമല്ല, ആ ക്രൂരകൃത്യത്തിനു മുതിരുന്ന മാതാപിതാക്കൾക്കു തന്നെയും ആഹാരം നൽകുന്നതു അല്ലാഹുവാകുന്നു. ഒരു പക്ഷേ, ആ വധിക്കപ്പെട്ട കുട്ടി ജീവിച്ചിരുന്നെങ്കിലായിരിക്കാം അവരുടെ ജീവിതം ക[illegible]ൽ ധന്യമായിത്തീരുക. നേരെമറിച്ച് ആ കുട്ടിയെ വധിച്ചതിനുശേഷം ദാരിദ്ര്യം കൂടുതൽ അനുഭവപ്പെട്ടുവെന്നും വന്നുകൂടായ്കയില്ല. ഇതൊക്കെയാണു نَحْنُ نَرْزُقُكُمْ وَإِيَّاهُمْ (നാമത്രെ നിങ്ങൾക്കും അവർക്കും ആഹാരം നൽകുന്നതു) എന്ന വാക്യത്തിലെ സൂചനകൾ. നിലവിലുള്ള ദാരിദ്ര്യത്തെ മുൻനിറുത്തി സന്താനഹത്യ ചെയ്യുന്നതിനെപ്പറ്റിയാണ് ഇവിടെ അല്ലാഹു പറഞ്ഞത്. ഭാവിയിൽ ദാരിദ്ര്യം അനുഭവപ്പെട്ടേക്കുമെന്ന ഭയം നിമിത്തം സന്താനഹത്യ ചെയ്യുന്നതിനെപ്പറ്റി സൂറത്തുൽ ഇസ്രാഉ് 31ൽ പ്രസ്താവിക്കുന്നുണ്ട്. അതിനെത്തുടർന്ന് نَحْنُ نَرْزُقُهُمْ وَإِيَّاكُمْ (നാമത്രെ അവർക്കും നിങ്ങൾക്കും ആഹാരം നൽകുന്നതു) എന്നാണു അല്ലാഹു പറഞ്ഞ വാക്ക്. അതായതു നിങ്ങൾക്കു മാത്രമല്ല, അവർക്കു കൂടി ആഹാരം കൊടുക്കുന്ന അന്നദാതാവു നാമാണ്, അതു നാം ചെയ്തുകൊള്ളും എന്നു സാരം.

ഇബ്നുമസ്ഊദ് (റ) വീണ്ടും പറയുന്നു: പാപങ്ങളിൽ വെച്ചു ഏറ്റവും വമ്പിച്ചതു ഏതാണെന്നു ഞാൻ റസൂൽ (സ) തിരുമേനിയോടു ചോദിച്ചു. അവിടുന്നു പറഞ്ഞു: 'നിന്നെ സൃഷ്ടിച്ചതു അല്ലാഹുവായിരിക്കെ, നീ അവന്നു സമൻമാരെ ഏർപ്പെടുത്തലാണ്.' പിന്നെ ഏതാണെന്നു ഞാൻ ചോദിച്ചു. അവിടുന്നു പറഞ്ഞു: 'നിന്റെ കുട്ടി നിന്നോടൊപ്പം ഭക്ഷണം കഴിക്കുന്നതിനെ ഭയന്ന് നീ അതിനെ കൊല ചെയ്യലാണ്.' പിന്നെ ഏതാണെന്നു ഞാൻ ചോദിച്ചു. അവിടുന്ന് പറഞ്ഞു: 'നിന്റെ അയൽക്കാരന്റെ സഹധർമ്മിണിയുമായി നീ വ്യഭിചാരത്തിൽ ഏർപ്പെടലാകുന്നു'. പിന്നീടു തിരുമേനി (തെളിവായി) സൂ: ഫുർഖാനിലെ 68-ാം വചനം ഓതുകയും ചെയ്തു. (ബു;മു)

ഇന്നു നമ്മുടെ നാട്ടിലും മററു ചില രാഷ്ട്രങ്ങളിലും ചില ആകർഷകമായ പേരുകൾ നൽകിക്കൊണ്ട് സ്വീകരിച്ചു വരുന്ന സന്താന നിയന്ത്രണ സമ്പ്രദായത്തെക്കുറിച്ചല്ല ഈ രണ്ടു ഖുർആൻ വചനങ്ങളിലും പ്രസ്താവിക്കപ്പെട്ടിരിക്കുന്നത്. ജനിച്ച സന്താനങ്ങളെ കൊല ചെയ്യാമെന്നോ, ചെയ്യണമെന്നോ എവിടെയും നിയമവുമില്ല. പക്ഷേ, നിലവിലുള്ളതോ, അല്ലെങ്കിൽ തൊട്ടടുത്ത കാലത്തു ഭാവിയിലുണ്ടാകുമെന്നു തീർത്തു പറയാവുന്നതോ അല്ലാത്തതും, ചില കണക്കു കൂട്ടലുകൾ പ്രകാരം ഭാവിയിൽ ഉണ്ടായേക്കുമെന്നു ഊഹിക്കപ്പെടുന്നതുമായ ദാരിദ്ര്യത്തെയും ജനസാന്ദ്രതയെയും ഭയന്നുകൊണ്ടും, സന്താനങ്ങൾമൂലം സുഖാഡംബരങ്ങൾക്കു ഭംഗം സംഭവിച്ചേക്കുമെന്ന ഭയം നിമിത്തവും ആസൂത്രണം ചെയ്യപ്പെടുന്ന ഒരു പ്രസ്ഥാനമാണത്. എന്നിരിക്കെ, സത്യവിശ്വാസികളെ സംബന്ധിച്ചിടത്തോളം അതിനു മതത്തിലുള്ള സ്ഥാനം എന്തായിരിക്കുമെന്നു ആർക്കും ഊഹിച്ചറിയാവുന്നതാണ്. ആ പ്രസ്ഥാ

നം നടപ്പിൽ വരുത്തിക്കൊണ്ടിരുന്ന ചില രാഷ്ട്രങ്ങളും—അനുഭവം പ്രതികൂലമായതു നിമിത്തം—അതിൽനിന്നു പിൻമടങ്ങേണ്ടി വന്നിട്ടുള്ളതും പ്രസ്താവ്യമത്രെ. (*)

(4) പ്രത്യക്ഷത്തിലുള്ളതും, പരോക്ഷത്തിലുള്ളതുമായ നീചവൃത്തികളെ സമീപിച്ചുകൂടാ. നീചവൃത്തികളുടെ മുൻപന്തിയിൽ നിൽക്കുന്നതത്രെ വ്യഭിചാരം. നിയമവിരുദ്ധവും, പ്രകൃതിവിരുദ്ധവുമായ ലൈംഗിക പ്രക്രിയകളും, അശ്ലീലമായ നഗ്നപ്രകടനങ്ങളും, ഭാഷണം, കല്പനം മുതലായവയെല്ലാം ഇതിൽ ഉൾപെടുന്നു. പരസ്യമായോ, രഹസ്യമായോ, തെളിഞ്ഞതോ ഒളിഞ്ഞതോ എന്ന വ്യത്യാസമില്ലാതെ എല്ലാതരം ദുർവൃത്തികളും ഉപേക്ഷിക്കണമെന്നു മാത്രമല്ല, അവയെ സമീപിക്കുകപോലും ചെയ്യരുതെന്നാണ് അല്ലാഹു കല്പിക്കുന്നത്. അതായത്, ദുർവൃത്തികളിൽ ചെന്നുപെടുവാനോ, അതിലേക്കു ആകർഷിക്കപ്പെടുവാനോ ഇടയാകുന്ന കാര്യങ്ങളും കൂടി വർജ്ജിക്കേണ്ടതുണ്ട് എന്നത്രെ ഇതു കാണിക്കുന്നത്. (5) അല്ലാഹു നിഷിദ്ധമാക്കിയ ദേഹത്തെ കൊലപ്പെടുത്തരുത്. അഥവാ അവൻ പാവനത കല്പിച്ചിട്ടുള്ള ജീവനെ ഹനിക്കരുത്. മനുഷ്യവധം നീചവൃത്തികളുടെ മുൻനിരയിൽ സ്ഥിതി ചെയ്യുന്നതാണെങ്കിലും, അതിന്റെ ഗൗരവം നിമിത്തം അതു പ്രത്യേകം തന്നെ എടുത്തു പറഞ്ഞിരിക്കുകയാണ്.

ഇബ്നുമസ്ഊദ് (റ) ൽ നിന്നു നിവേദനം ചെയ്യപ്പെട്ട ഒരു നബിവചനത്തിന്റെ സാരം ഇപ്രകാരമാകുന്നു: 'അല്ലാഹുവല്ലാതെ ഇലാഹില്ലെന്നും, ഞാൻ അല്ലാഹുവിന്റെ റസൂലാണെന്നും സാക്ഷ്യം വഹിക്കുന്ന ആളുടെ രക്തം മൂന്നിലൊരു കാര്യം കൊണ്ടല്ലാതെ അനുവദനീയമാകുകയില്ല: വിവാഹിതൻ വ്യഭിചാരം ചെയ്യുക, ഒരാളെ കൊലപ്പെടുത്തിയതിനു പകരം കൊലപ്പെടുത്തുക. മതം ഉപേക്ഷിച്ച് സംഘം (മുസ്ലിം സമുദായം) വിട്ടുപോകുക.' (ബു; മു.) മുസ്ലിം (റ) ന്റെ ഒരു നിവേദനത്തിലെ വാചകം 'മുസ്ലിമായ മനുഷ്യന്റെ രക്തം....' എന്നാകുന്നു. ആയിശാ (റ)യിൽ നിന്നുള്ള ഒരു ഹദീസിലെ വാചകം ഇങ്ങിനെയാണ്. 'മൂന്നിലൊരു കാര്യം കൊണ്ടല്ലാതെ ഒരു മുസ്ലിമായ മനുഷ്യന്റെ രക്തം അനുവദനീയമാകുകയില്ല: വിവാഹിതനായ വ്യഭിചാരി. അവൻ എറിഞ്ഞു കൊല്ലപ്പെടും. കരുതിക്കൂട്ടി കൊല ചെയ്തവനും. അവൻ കൊല്ലപ്പെടും. ഇസ്ലാമിൽനിന്നു പുറത്തുപോകുകയും, അല്ലാഹുവിനോടും അവന്റെ റസൂലിനോടും പോരാടുകയും ചെയ്ത മനുഷ്യനും. അവൻ ക്രൂശിക്കപ്പെടുകയോ, നാടു കടത്തപ്പെടുകയോ ചെയ്യപ്പെടും.' (മു; ന.) ഈ ഹദീസുകളിൽ ഒന്നാമതായി പറയപ്പെട്ടവനെ സംബന്ധിച്ചു സൂറത്തുന്നൂർ 2-ാം വചനത്തിന്റെയും, രണ്ടാമതായി പറയപ്പെട്ടവനെ സംബന്ധിച്ച സൂ: നിസാഉ് 93-ാം വചനത്തിന്റെയും, മൂന്നാമതായി പറയപ്പെട്ടവനെ സംബന്ധിച്ചു സൂ: മാഇദ: 33-ാം വചനത്തിന്റെയും വ്യാഖ്യാനങ്ങളിൽ വിവരിച്ചതു നോക്കുക. മുസ്ലിംകളുമായി സഖ്യത്തിലും, സമാധാനത്തിലും കഴിഞ്ഞുകൂടുന്ന അമുസ്ലിംകളെ കൊലപ്പെടുത്തുന്നതു അല്ലാഹുവിന്റെ ഉത്തരവാദിത്വത്തെ വഞ്ചിക്കലാണെന്നും, സ്വർഗ്ഗത്തിന്റെ വാസനപോലും നഷ്ടപ്പെടുത്തുന്നതാണ് അതെന്നും അബൂഹുറൈറ (റ) ഉദ്ധരിച്ച ഒരു നബിവചനത്തിലും വന്നിരിക്കുന്നു. (ജ;തി.)

(6) പ്രായപൂർത്തി എത്തുന്നതുവരെ അനാഥക്കുട്ടിയുടെ ധനത്തെ ഏറ്റവും നല്ല വഴിക്കല്ലാതെ സമീപിക്കരുത്. അനാഥയുടെ ധനം തിന്നരുതെന്നോ, അക്രമിക്കരുതെന്നോ പറയാതെ, ഏറ്റവും നല്ല മാർഗ്ഗത്തിലൂടെ മാത്രമേ സമീപിക്കാവൂ എന്നത്രെ അല്ലാഹു പറഞ്ഞത്. അപ്പോൾ, അനാഥയുടെ സ്വത്തിനു എന്തുമാത്രം വിലയാണ് അല്ലാഹു കല്പിച്ചിരിക്കുന്നതെന്നു ആലോചിച്ചു നോക്കുക! അവന്റെ സ്വത്തു കൈകാര്യം ചെയ്യുമ്പോൾ അതിൽ അവനു വല്ല ഗുണവും ഉണ്ടോ എന്നു നോക്കിയാലും പോരാ, ഏറ്റവും ഗുണം എന്താണെന്നുതന്നെ നോക്കേണ്ടതുണ്ടെന്നും, അതിനു ഹാനികരമായതൊന്നും ചെയ്യരുതെന്നുമത്രെ ഇതു സൂചിപ്പിക്കുന്നത്. അനാഥകളുടെ ധനത്തെ സംബന്ധിച്ചും സൂറത്തുന്നിസാഇൽവെച്ചു പലതും നാം കാണുകയുണ്ടായി. അതുകൊണ്ട് ഇവിടെ കൂടുതലൊന്നും പ്രസ്താവിക്കുന്നില്ല. (7) അളവും തൂക്കവും പൂർത്തിയാക്കിക്കൊടുക്കണം. അഥവാ അതിൽ കൃത്രിമവും കുറവും വരുത്തരുത്. ഇതിനെപ്പറ്റിയും ഖുർആനിലും ഹദീസിലും ധാരാളം പ്രസ്താവനകൾ കാണാവുന്നതാണ്. അളത്തത്തിലും തൂക്കത്തിലും വഞ്ചിക്കുന്നവരെപ്പറ്റി ഗൗരവസ്വരത്തിൽ സൂ: മുതഫ്ഫിഫീനിൽ അല്ലാഹു ചോദിക്കുന്നു ...أَلَا يَظُنُّ (അക്കൂട്ടർ വിചാരിക്കുന്നില്ലേ, ഒരു വമ്പിച്ച ദിവസത്തേക്കു—അതായതു ലോകരക്ഷിതാവിങ്കലേക്കു മനുഷ്യർ എഴുന്നേറ്റു വരുന്ന ദിവസം—തങ്ങൾ എഴുന്നേൽപിക്കപ്പെടുന്നവരാകുന്നുവെന്ന്?!) അളത്തവും തൂക്കവും ശരിക്കു നിർവ്വഹിക്കണമെന്ന് ശുഐബ് (അ) നബി തന്റെ ജനതയോട് ഉപദേശിക്കുകയും, അതു അനുസരിക്കാതിരുന്ന ആ ജനത മുഴുവനും ഒരു പൊതു ശിക്ഷക്കു പാത്രമാകുകയും ചെയ്ത

---

[*] 'ശിശുക്കളെ ആവശ്യമുണ്ട്' എന്ന തലക്കെട്ടിൽ 'മലയാള മനോരമ' ദിനപത്രം 6–6–1981ൽ കൊടുത്ത ഒരു റിപ്പോർട്ടിൽ ഇങ്ങനെ കാണാം: 'റഷ്യയിലെ നവ വധൂവരൻമാരുടെ മുമ്പിൽ പുതിയൊരു വെല്ലുവിളി—കുറഞ്ഞതു രണ്ടു കുട്ടികളെങ്കിലും ഉണ്ടാവാൻ യത്നിക്കുക....ജനസംഖ്യാ ദാരിദ്ര്യം സോവിയറ്റു യൂനിയനിലെ പ്രധാന പ്രശ്നങ്ങളിൽ ഒന്നാണിന്ന്. പല മേഖലകൾക്കും ആളെ കിട്ടുന്നില്ല.......'

സംഗതം സൂ: ബഖറയിൽ കാണാവുന്നതാണ്. ഈ കല്പനയോട് ചേർന്നുകൊണ്ട് അല്ലാഹു ഒരു പൊതുതത്വം ഇവിടെ ഓർമിപ്പിച്ചിരിക്കുന്നതു ശ്രദ്ധിക്കുക: لا نكلف نفسا إلا وسعها (ഒരാളോടും ആ ആളുടെ കഴിവനുസരിച്ചല്ലാതെ നാം ശാസിക്കുകയില്ല.) എത്ര സൂക്ഷിച്ചാലും ഇടപാടുകളിൽ മനുഷ്യനു ചിലപ്പോൾ പരിപൂർണ്ണമായും കൃത്യം പാലിക്കുവാൻ കഴിയാതെ വന്നേക്കുമെന്നു പരമ കാരുണികനായ അല്ലാഹുവിന്നു അറിയാമല്ലോ. അതുകൊണ്ടാണിതു ഇവിടെ ഉണർത്തുന്നത്. കഴിയുന്നത്ര സൂക്ഷിച്ചിട്ടു പിന്നെയും വല്ല ക്രമക്കേടും വന്നുപോയാൽ, അവൻ പൊറുത്തു കൊടുക്കുമെന്നാണ് ഇതിലടങ്ങിയ സൂചന.

(8) വല്ല കാര്യവും പറയുമ്പോൾ അതിൽ നീതി പാലിക്കണം. അടുത്ത ബന്ധുക്കളും അല്ലാത്തവരുമെന്ന വ്യത്യാസം പാടില്ല. അഥവാ അടുത്ത ബന്ധമുള്ളവരുടെ ഗുണത്തിനുവേണ്ടിയോ, അവർക്കു വല്ല ദോഷവും ബാധിക്കാതിരിക്കുവാൻ വേണ്ടിയോ സത്യത്തിനും നീതിക്കും നിരക്കാത്ത വാക്കുകൾ പറയരുത്. സൂ: നിസാഉ് 135, ഖണ്ഡം: 9 മുതലായ വചനങ്ങളിലും, അവയുടെ വ്യാഖ്യാനത്തിലും വിവരിച്ച കാര്യങ്ങൾ ഇവിടെയും ഓർക്കുക.
(9) അല്ലാഹുവിന്റെ വക കരാറുകൾ നിറവേറ്റണം. عهد الله എന്ന വാക്കിനാണു ഇവിടെ അല്ലാഹുവിന്റെ കരാർ എന്നു അർത്ഥം നൽകപ്പെട്ടിരിക്കുന്നത്. عهد എന്ന പദത്തിന്റെ അർത്ഥോദ്ദേശ്യങ്ങളെക്കുറിച്ചു പല പ്രാവശ്യം മുമ്പു വിവരിച്ചിട്ടുണ്ട്. മനുഷ്യൻ അല്ലാഹുവിനോടും, അവനെ മുൻനിറുത്തിയും ചെയ്യുന്ന പ്രതിജ്ഞകളും, മനുഷ്യന്റെ നൈസർഗ്ഗികമായ ബോധത്തിന്റെയും തെളിവുകളുടെയും അടിസ്ഥാനത്തിൽ അല്ലാഹുവിനോടു അവൻ പാലിക്കേണ്ടുന്ന ബാദ്ധ്യതകളും അതിൽ ഉൾപ്പെടുന്നു. മനുഷ്യൻ മനുഷ്യനോടു ചെയ്യുന്ന കരാറുകളും അതിൽ ഉൾപ്പെടുന്നതാണ്. അല്ലാഹു പറയുന്നു: وأوفوا بعهد الله إذا عاهدتم (നിങ്ങൾ പരസ്പരം കരാർ–അഥവാ ഉടമ്പടി–നടത്തിയാൽ നിങ്ങൾ അല്ലാഹുവിന്റെ വക കരാറു നിറവേറ്റുവിൻ (16:91) മനുഷ്യനിൽ നാലു കാര്യങ്ങൾ ഉണ്ടായാൽ അവൻ തനി കപടവിശ്വാസിയാകുമെന്നും, അവയിൽ ഒന്നുണ്ടായാൽ കാപട്യത്തിന്റെ ഒരു കാര്യം അവനിൽ ഉണ്ടാകുന്നതാണെന്നും പറഞ്ഞുകൊണ്ടു നബി (സ) എണ്ണിപ്പറഞ്ഞ കാര്യങ്ങൾ ഇവയാണ്: വർത്തമാനത്തിൽ കളവു പറയുക, വാഗ്ദത്തം പാലിക്കാതിരിക്കുക, കരാറു വഞ്ചിക്കുക, തമ്മിൽ പിണങ്ങിയാൽ തോന്നിയവാസം പ്രവർത്തിക്കുക. (ബു; മു.)

ഈ കാര്യങ്ങളൊക്കെ അല്ലാഹു നിങ്ങളോടു ചെയ്യുന്ന വസിയ്യത്താണ് (ذلكم وصاكم به) എന്നു ആവർത്തിച്ചു പറഞ്ഞുകൊണ്ടു അവയുടെ പരിപാവനത്വവും ഗൗരവവും അല്ലാഹു ചൂണ്ടിക്കാട്ടിയിരിക്കുന്നു. ആദ്യത്തെ അഞ്ചു കാര്യങ്ങൾക്കു ശേഷം നിങ്ങൾബുദ്ധികൊടുത്തു മനസ്സിലാക്കുവാൻ വേണ്ടിയാണ് ഇതു വിവരിക്കുന്നത് (لعلكم تعقلون) എന്നും, പിന്നത്തെ നാലു കാര്യങ്ങൾക്കു ശേഷം നിങ്ങൾ ഉറ്റാലോചിക്കുവാൻ വേണ്ടിയാണു അതു (لعلكم تذكرون) എന്നും പറഞ്ഞിരിക്കുന്നു. അവസാനം മേൽപറഞ്ഞ കാര്യങ്ങളെല്ലാം ചൂണ്ടിക്കാട്ടിക്കൊണ്ട് അല്ലാഹു പറയുന്നു:–ഇതാ, ഇതാണു ഞാൻ നിങ്ങൾക്കു നിർദ്ദേശിച്ചു തന്നിട്ടുള്ള–വക്രതയും കോട്ടവുമില്ലാതെ നേർക്കു നേരെ നിലകൊള്ളുന്ന–എന്റേതായ പാത (وأن هذا صراطي مستقيما). ഇതിലേക്കാണു ഞാൻ നിങ്ങളെ ക്ഷണിക്കുന്നത്. ഇതു നിങ്ങൾ പിൻപറ്റിക്കൊള്ളുവിൻ (فاتبعوه). ഇതാണ് നിങ്ങൾക്കുള്ള രക്ഷാമാർഗ്ഗം. ഇതല്ലാത്ത മാർഗ്ഗങ്ങൾ വേറെയും പലതുണ്ട്. അവയിൽ ഏതു നിങ്ങൾ സ്വീകരിച്ചാലും നിങ്ങൾ ആ നേർമാർഗ്ഗത്തിൽനിന്നു തെറ്റി വഴിപിഴച്ചുപോകും. അതുകൊണ്ട് ആ മാർഗ്ഗങ്ങളെയൊന്നും നിങ്ങൾ പിൻപറ്റിപ്പോകരുത്. (ولا تتبعوا السبل فتفرق بكم عن سبيله) ഇതെല്ലാം–ഇങ്ങിനെയൊക്കെ–ഇത്രയൊക്കെ–വിവരിച്ചു തരുന്നതു അല്ലാഹു നിങ്ങളോട് ചെയ്യുന്ന വസിയ്യത്തായിക്കൊണ്ടാണു (ذلكم وصاكم به). നിങ്ങളെ വിഷമിപ്പിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടോ, ഇതു മൂലം അവനു വല്ല നേട്ടവും ഉള്ളതുകൊണ്ടോ ചെയ്യുന്ന വസിയ്യത്തല്ല. നിങ്ങളുടെ ഗുണത്തിനു വേണ്ടിത്തന്നെയുള്ള വസിയ്യത്താകുന്നു. അതെ, നിങ്ങൾ സൂക്ഷ്മത പാലിച്ചു ഭയഭക്തരായിത്തീരുവാൻ വേണ്ടിയാണ് (لعلكم تتقون).

അല്ലാഹു അക്ബർ! മനുഷ്യൻ ചിന്തിച്ചു മനസ്സിലാക്കുവാൻ വേണ്ടി അല്ലാഹു കാര്യങ്ങൾ വിവിധ രൂപത്തിൽ വിവരിച്ചു മനസ്സിലാക്കിക്കൊടുക്കുന്നത് എങ്ങിനെയൊക്കെയാണെന്ന് ആലോചിച്ചുനോക്കൂ! (انظر كيف نصرف الآيات لعلهم يفقهون.٦٥) അല്ലാഹുവേ! ഞങ്ങളെയെല്ലാം കാര്യങ്ങൾ ചിന്തിച്ചു ഗ്രഹിക്കുന്ന സജ്ജനങ്ങളുടെ കൂട്ടത്തിൽ നീ ഉൾപ്പെടുത്തേണമേ! ആമീൻ.

ഇബ്നുമസ്ഊദ് (റ)ൽ നിന്നും, ജാബിർ (റ)ൽനിന്നും–വാക്കുകളിൽ അൽപാൽപം വ്യത്യാസത്തോടുകൂടിയാണെങ്കിലും–പല മാർഗ്ഗങ്ങളിൽ കൂടി നിവേദനം ചെയ്യപ്പെട്ടിട്ടുള്ള ഒരു ഹദീസിന്റെ സാരം ഇപ്രകാരമാകുന്നു: നബി (സ) നിലത്തു ഒരു നേർരേഖ വരച്ചു. പിന്നീടു അതിന്റെ വലത്തോട്ടും ഇടത്തോട്ടുമായി ചില രേഖകൾ വര

ച്ചു. എന്നിട്ടു മദ്ധ്യത്തിലെ നേർരേഖയിൽ കൈവെച്ചുകൊണ്ടു وَأَنَّ هَٰذَا صِرَاطِي مُسْتَقِيمًا فَاتَّبِعُوهُ الخ (ഇതാ, നേരെ ചൊവ്വെയുള്ള എന്റെ പാത....) എന്ന വചനം ഓതി! എന്നിട്ടു പറഞ്ഞു: 'ഇതാണ് അല്ലാഹുവിന്റേതായ ചൊവ്വായ മാർഗ്ഗം. മറ്റുള്ളവയും ചില മാർഗ്ഗങ്ങളാകുന്നു. ഓരോ മാർഗ്ഗത്തിലും തന്നെ അതിലേക്കു ക്ഷണിച്ചുകൊണ്ടിരിക്കുന്ന പിശാച് ഉണ്ടായിരിക്കും'. (അ; ഹാ; ന; ജ.)

154. പിന്നെ [മറ്റൊരു കാര്യം]: നന്മ പ്രവർത്തിച്ചവരുടെ മേൽ (അനുഗ്രഹത്തിന്റെ) ഒരു പൂർത്തീകരണമായിക്കൊണ്ടു മൂസാക്കു നാം (വേദ) ഗ്രന്ഥം നൽകി. എല്ലാ കാര്യത്തിനും വിശദീകരണവും, മാർഗ്ഗദർശനവും, കാരുണ്യവുമായിക്കൊണ്ടും; അവർ തങ്ങളുടെ റബ്ബുമായി കണ്ടുമുട്ടുന്നതിൽ വിശ്വസിക്കുവാൻവേണ്ടി (അഥവാ, വിശ്വസിച്ചേക്കാം).

١٥٤- ثُمَّ آتَيْنَا مُوسَى الْكِتَابَ تَمَامًا عَلَى الَّذِي أَحْسَنَ وَتَفْصِيلًا لِكُلِّ شَيْءٍ وَهُدًى وَرَحْمَةً لَعَلَّهُمْ بِلِقَاءِ رَبِّهِمْ يُؤْمِنُونَ ۚ

വിഭാഗം–20

155. (ഇതാ) ഇതും നാം അവതരിപ്പിച്ചതായ ഒരു അനുഗൃഹീത [വർദ്ധിച്ച നന്മകളുള്ള] ഗ്രന്ഥമാകുന്നു. അതിനാൽ, അതിനെ പിൻപറ്റുകയും, സൂക്ഷ്മത പാലിക്കുകയും ചെയ്യുവിൻ; നിങ്ങൾക്കു കരുണ ചെയ്യപ്പെട്ടേക്കാം.

١٥٥- وَهَٰذَا كِتَابٌ أَنْزَلْنَاهُ مُبَارَكٌ فَاتَّبِعُوهُ وَاتَّقُوا لَعَلَّكُمْ تُرْحَمُونَ ۚ

---

154. ثُمَّ പിന്നെ آتَيْنَا നാം നൽകി, കൊടുത്തു مُوسَى മൂസാക്കു الْكِتَابَ ഗ്രന്ഥം تَمَامًا ഒരു പൂർത്തീകരണമാ(പൂർണ്ണതയാ)യിട്ടു عَلَى الَّذِي യാതൊരാൾക്കു (യാതൊന്നിൽ) أَحْسَنَ നന്മചെയ്ത وَتَفْصِيلًا വിശദീകരണമായും لِكُلِّ شَيْءٍ എല്ലാ കാര്യത്തിനും وَهُدًى മാർഗ്ഗദർശനമായും وَرَحْمَةً കാരുണ്യമായും لَعَلَّهُمْ അവർ ആയേക്കാം, ആകുവാൻ വേണ്ടി بِلِقَاءِ കണ്ടുമുട്ടുന്നതിൽ (കാഴ്ചയെപ്പറ്റി) رَبِّهِمْ തങ്ങളുടെ റബ്ബിനെ يُؤْمِنُونَ അവർ വിശ്വസിക്കും 155. وَهَٰذَا ഇതാ, ഇതും كِتَابٌ ഒരു ഗ്രന്ഥമാകുന്നു أَنْزَلْنَاهُ നാമതു അവതരിപ്പിച്ചിരിക്കുന്നു مُبَارَكٌ അനുഗൃഹീത فَاتَّبِعُوهُ അതിനാൽ അതു പിൻപറ്റുവിൻ وَاتَّقُوا സൂക്ഷിക്കുകയും ചെയ്യുവിൻ لَعَلَّكُمْ നിങ്ങളായേക്കാം, ആകുവാൻ വേണ്ടി تُرْحَمُونَ നിങ്ങളോടു കരുണ ചെയ്യപ്പെടും

ثُمَّ (പിന്നെ) എന്ന അവ്യയം ഇവിടെ സാധാരണപോലെ കാലക്രമം കുറിക്കുന്നതല്ല. ഒരു വിഷയത്തിൽ നിന്നു മറ്റൊന്നിലേക്കുള്ള നീക്കത്തെ കുറിക്കുന്നതാകുന്നു. 'പിന്നെ' എന്ന പദം മലയാളത്തിലും ഇങ്ങിനെ ഉപയോഗിക്കാറുണ്ടല്ലോ. അല്ലാഹു മനുഷ്യരെ ക്ഷണിച്ചുകൊണ്ടിരിക്കുന്ന നേരായ മാർഗ്ഗം വിവരിച്ചതിനുശേഷം അല്ലാഹു പറയുകയാണു: പിന്നെ, മറ്റൊരു വിഷയം നിങ്ങളെ ഓർമ്മിപ്പിക്കുന്നു. മൂസാ നബിക്കു നാം തൗറാത്തു നൽകുകയുണ്ടായ വിവരം നിങ്ങൾക്കറിയാമല്ലോ. സൽപ്രവർത്തികൾ ചെയ്യുന്ന നല്ല ആളുകളെ സംബന്ധിച്ചിടത്തോളം അതു അവർക്കു ലഭിച്ച അനുഗ്രഹങ്ങളുടെ ഒരു പൂർത്തീകരണം തന്നെയായിരുന്നു. ആവശ്യമായ എല്ലാ കാര്യങ്ങളുടെയും വിശദീകരണവും, സന്മാർഗ്ഗത്തിലേക്കുള്ള വഴികാട്ടിയും, അല്ലാഹുവിൽനിന്നും ജനങ്ങൾക്കു ലഭിച്ച വമ്പിച്ച കാരുണ്യവുമായിരുന്നു ആ ഗ്രന്ഥം. അതുപോലെത്തന്നെ നാം അവതരിപ്പിച്ച ഒരു അനുഗൃഹീത ഗ്രന്ഥമാണ് ഈ ഖുർആനും. നടാടെ പുത്തനായി അവതരിച്ച ഒന്നല്ല അത്. ആകയാൽ അതിന്റെ അദ്ധ്യാപനങ്ങളെ പിൻപറ്റി ധർമ്മബോധങ്ങളെ സൂക്ഷിച്ചുകൊണ്ട് അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്കു പാത്രമായിത്തീരുവാൻ ശ്രമിക്കുവിൻ.

എന്നാൽ പിന്നെ, മൂസാ (അ) നബിക്കു നൽകപ്പെട്ട ആ ഗ്രന്ഥത്തിനു പുറമെ മറ്റൊരു ഗ്രന്ഥം കൂടി എന്തിനു അവതരിപ്പിക്കണം? എന്നു ആരും ശങ്കിക്കുവാൻ പാടില്ലല്ലോ. ഇതിനു അല്ലാഹു മറുപടി നൽകുന്നു:-

١٥٦- أَنْ تَقُولُوا إِنَّمَا أُنْزِلَ الْكِتَابُ عَلَىٰ
طَائِفَتَيْنِ مِنْ قَبْلِنَا وَإِنْ كُنَّا عَنْ
دِرَاسَتِهِمْ لَغَافِلِينَ

156. (അതെ) നിങ്ങൾ പറയുമെന്നതിനാൽ: 'ഞങ്ങളുടെ മുമ്പുള്ള രണ്ടു വിഭാഗക്കാർക്കു മാത്രമാണു (വേദ) ഗ്രന്ഥം അവതരിപ്പിക്കപ്പെട്ടിരിക്കുന്നതു; നിശ്ചയമായും, അവരുടെ പഠനത്തെക്കുറിച്ചു ഞങ്ങൾ അശ്രദ്ധർ [അപരിചിതർ] ആയിരുന്നു താനും.'

١٥٧- أَوْ تَقُولُوا لَوْ أَنَّا أُنْزِلَ عَلَيْنَا الْكِتَابُ
لَكُنَّا أَهْدَىٰ مِنْهُمْ ۚ

157. അല്ലെങ്കിൽ, നിങ്ങൾ പറയുമെന്നതിനാൽ: 'ഞങ്ങൾക്കു (വേദ) ഗ്രന്ഥം അവതരിപ്പിക്കപ്പെട്ടിരുന്നെങ്കിൽ, ഞങ്ങൾ അവരെക്കാൾ സന്മാർഗ്ഗം പ്രാപിച്ചവർ തന്നെ ആകുമായിരുന്നു.'

فَقَدْ جَاءَكُمْ بَيِّنَةٌ مِنْ رَبِّكُمْ
وَهُدًى وَرَحْمَةٌ ۚ
فَمَنْ أَظْلَمُ مِمَّنْ كَذَّبَ بِآيَاتِ اللَّهِ
وَصَدَفَ عَنْهَا ۗ
سَنَجْزِي الَّذِينَ يَصْدِفُونَ عَنْ آيَاتِنَا
سُوءَ الْعَذَابِ بِمَا كَانُوا يَصْدِفُونَ

എന്നാൽ, നിങ്ങളുടെ റബ്ബിങ്കൽ നിന്നും നിങ്ങൾക്കു വ്യക്തമായ തെളിവും, മാർഗ്ഗദർശനവും, കാരുണ്യവും (ഇതാ) വന്നു കഴിഞ്ഞിരിക്കുന്നു.

അപ്പോൾ, അല്ലാഹുവിൻെറ ആയത്തു [ലക്ഷ്യം]കളെ വ്യാജമാക്കുകയും, അവയെ വിട്ടുതിരിഞ്ഞു പോകുകയും ചെയ്തവനെക്കാൾ അക്രമി ആരാണു?! നമ്മുടെ 'ആയത്തു' [ലക്ഷ്യം]കളെ വിട്ടുതിരിഞ്ഞു പോകുന്നവർക്ക നാം കടുത്ത ശിക്ഷ പ്രതിഫലം നൽകിക്കൊള്ളാം; അവർ തിരിഞ്ഞു പോയിക്കൊണ്ടിരിക്കുന്നതു നിമിത്തം!

---

156. أن تقولوا നിങ്ങൾ പറയുമെന്നതിനാൽ, പറയുന്നതു കാരണം إنما أنزل നിശ്ചയമായും ഇറക്കപ്പെട്ടിരിക്കുന്നു (എന്നുമാത്രം) الكتاب വേദ ഗ്രന്ഥം على طائفتين രണ്ടു വിഭാഗക്കാർക്കു (മാത്രം من قبلنا ഞങ്ങളുടെ മുമ്പു وإن كنا നിശ്ചയമായും ഞങ്ങളായിരുന്നു عن دراستهم അവരുടെ പഠനത്തെ (പഠിപ്പിനെ)പ്പറ്റി لغافلين അശ്രദ്ധർ (തന്നെ) 157. أو تقولوا അല്ലെങ്കിൽ നിങ്ങൾ പറയുമെന്നതിനാൽ لو أنا ഞങ്ങളായിരുന്നെങ്കിൽ أنزل علينا ഞങ്ങൾക്കു (ഞങ്ങളുടെ മേൽ) അവതരിപ്പിക്കപ്പെട്ടിരുന്നു(വെങ്കിൽ) الكتاب ഗ്രന്ഥം لكنا ഞങ്ങളായിരിക്കുക തന്നെ ചെയ്യും أهدى منهم അവരെക്കാൾ സന്മാർഗ്ഗം പ്രാപിച്ചവർ فقد جاءكم എന്നാൽ നിങ്ങൾക്കു വന്നിട്ടുണ്ട്, വന്നു കഴിഞ്ഞു بينة (വ്യക്തമായ)തെളിവു من ربكم നിങ്ങളുടെ റബ്ബിങ്കൽ നിന്ന وهدى മാർഗ്ഗദർശനവും ورحمة കാരുണ്യവും فمن അപ്പോൾ ആരാണു أظلم അധികം അക്രമി ممن كذب വ്യാജമാക്കിയവനെക്കാൾ بآيات الله അല്ലാഹുവിൻെറ ആയത്തുകളെ وصدف അവൻ തിരിഞ്ഞുപോകുക (തിരിച്ചുവിടുക)യും ചെയ്തു عنها അതിൽ നിന്നു سنجزي നാം പ്രതിഫലം കൊടുത്തുകൊള്ളും, (കൊള്ളാം) الذين يصدفون തിരിഞ്ഞു പോകുന്നവർക്കു عن آياتنا നമ്മുടെ ആയത്തുകളിൽനിന്നു, ലക്ഷ്യങ്ങൾ വിട്ട് سوء العذاب ശിക്ഷയിൽ മോശമായതു (കടുത്ത ശിക്ഷ) بما كانوا അവരായിരുന്നതു നിമിത്തം يصدفون തിരിഞ്ഞുപോകും.

'മുമ്പുള്ള രണ്ടു വിഭാഗക്കാർ' എന്നു പറഞ്ഞതു യഹൂദികളും ക്രിസ്ത്യാനികളും ആകുന്നു. അവർക്കല്ലേ വേദഗ്രന്ഥം അവതരിച്ചിട്ടുള്ളൂ, അറബികളാകുന്ന ഞങ്ങൾക്കു അവതരിച്ചിട്ടില്ലല്ലോ....എന്നിങ്ങനെ ആ മുശ്രിക്കുകൾ പറയാതിരിക്കുവാൻ എന്നു സാരം. ആ നിഷേധികളുടെ നിഷേധം എത്രമാത്രം കടുത്തതാണെന്നു അല്ലാഹു ചൂണ്ടിക്കാട്ടുന്നു:—

هَلْ يَنظُرُونَ إِلَّا أَن تَأْتِيَهُمُ الْمَلَائِكَةُ أَوْ يَأْتِيَ رَبُّكَ أَوْ يَأْتِيَ بَعْضُ آيَاتِ رَبِّكَ ۗ -١٥٨

يَوْمَ يَأْتِي بَعْضُ آيَاتِ رَبِّكَ لَا يَنفَعُ نَفْسًا إِيمَانُهَا لَمْ تَكُنْ آمَنَتْ مِن قَبْلُ أَوْ كَسَبَتْ فِي إِيمَانِهَا خَيْرًا ۗ قُلِ انتَظِرُوا إِنَّا مُنتَظِرُونَ ○

158. അവർ [ആ മുശ്‌രിക്കുകൾ] നോക്കി (കാത്തു) കൊണ്ടിരിക്കുന്നുവോ? മലക്കുകൾ അവരുടെ അടുക്കൽ വരുകയോ, അല്ലെങ്കിൽ നിന്റെ റബ്ബ് (തന്നെ) വരുകയോ, അല്ലെങ്കിൽ നിന്റെ റബ്ബിന്റെ ചില ദൃഷ്ടാന്തങ്ങൾ വരുകയോ ചെയ്യുന്നതല്ലാതെ!

നിന്റെ റബ്ബിന്റെ ചില ദൃഷ്ടാന്തങ്ങൾ വരുന്ന ദിവസം, മുമ്പ് വിശ്വസിക്കുകയോ, തന്റെ വിശ്വാസത്തിൽ വല്ല നന്മയും (ചെയ്തു) സമ്പാദിക്കുകയോ ചെയ്തിരുന്നിട്ടില്ലാത്ത ഒരു ആത്മാവിനും [ആൾക്കും] അതിന്റെ (അപ്പോഴത്തെ) വിശ്വാസം ഉപകരിക്കുകയില്ല.

പറയുക: 'നിങ്ങൾ (നോക്കി) കാത്തിരിക്കുവിൻ; ഞങ്ങൾ (നോക്കി) കാത്തുകൊണ്ടിരിക്കുന്നവരാണ്'.

---

158. هَلْ يَنظُرُونَ അവർ നോക്കുന്നു (കാത്തിരിക്കുന്നു) വോ إِلَّا أَن تَأْتِيَهُمُ അവർക്ക് വരുന്നതിനെയല്ലാതെ الْمَلَائِكَةُ മലക്കുകൾ أَوْ يَأْتِيَ അല്ലെങ്കിൽ വരുന്നതിനെ رَبُّكَ നിന്റെ റബ്ബ് أَوْ يَأْتِيَ അല്ലെങ്കിൽ വരുന്നതിനെ بَعْضُ آيَاتِ ചില ദൃഷ്ടാന്തങ്ങൾ رَبِّكَ നിന്റെ റബ്ബിന്റെ يَوْمَ يَأْتِي വരുന്ന ദിവസം بَعْضُ آيَاتِ ദൃഷ്ടാന്തങ്ങളിൽ ചിലത്, ചില ദൃഷ്ടാന്തങ്ങൾ رَبِّكَ നിന്റെ റബ്ബിന്റെ لَا يَنفَعُ ഉപകരിക്കുക (ഫലം) ചെയ്കയില്ല نَفْسًا ഒരു ആത്മാവിനും (ആൾക്കും) إِيمَانُهَا അതിന്റെ വിശ്വാസം لَمْ تَكُنْ آمَنَتْ അതു വിശ്വസിച്ചിരുന്നില്ല مِن قَبْلُ മുമ്പ്, മുമ്പേ أَوْ كَسَبَتْ അല്ലെങ്കിൽ സമ്പാദിക്കുകയുണ്ടായി(രുന്നില്ല) فِي إِيمَانِهَا അതിന്റെ വിശ്വാസത്തിൽ خَيْرًا നന്മ, ഗുണം قُلِ പറയുക انتَظِرُوا നിങ്ങൾ (നോക്കി) കാത്തിരിക്കുവിൻ إِنَّا مُنتَظِرُونَ ഞങ്ങൾ നോക്കിക്കാത്തിരിക്കുന്നവരാണ്

ധാരാളം തെളിവുകളും ദൃഷ്ടാന്തങ്ങളും ലഭിച്ചു കഴിഞ്ഞിട്ടു പിന്നെയും അവർ വിശ്വസിക്കുവാൻ തയ്യാറില്ലെങ്കിൽ, ഇനി എന്തുവരുവാനാണ് അവർക്കു കാത്തിരിക്കുവാനുള്ളത്? മലക്കുകളോ, അല്ലെങ്കിൽ അല്ലാഹു തന്നെയോ വന്നു കാണണമെന്നാണോ? അതു രണ്ടും ഈ ലോകത്തുവെച്ചു അവർക്കു കാണുവാൻ സാധിക്കുന്ന കാര്യമല്ല. അതല്ലെങ്കിൽ പുതുതായി ചില പ്രത്യേക ദൃഷ്ടാന്തങ്ങൾ കാണണമെന്നാണോ? അതിനെയാണെങ്കിൽ ഇനി ചില പ്രത്യേക ദൃഷ്ടാന്തങ്ങൾ വരുവാനുണ്ട്. അവ വരുമ്പോൾ അവർ വിശ്വസിക്കുവാൻ നിർബ്ബന്ധിതരാകുകയും ചെയ്യും. പക്ഷേ, ആ വിശ്വാസം കൊണ്ടു ഒരു ഫലവും സിദ്ധിക്കുവാനില്ല. വിശ്വസിക്കുവാനും നിഷേധിക്കുവാനും സ്വാതന്ത്ര്യമുള്ളപ്പോൾ സ്വേഷ്ടമനുസരിച്ചുള്ള വിശ്വാസം കൊണ്ടേ പ്രയോജനമുള്ളു. അതുകൊണ്ട് അത്തരം ദൃഷ്ടാന്തങ്ങൾ വല്ലതും വരുമ്പോൾ, അതിന്റെ മുമ്പു വിശ്വസിച്ചിരിക്കുകയും, ആ വിശ്വാസമനുസരിച്ചു നല്ല കർമ്മങ്ങൾ ചെയ്തു സമ്പാദിച്ചിരിക്കുകയും ചെയ്തിട്ടില്ലാത്തവർ അപ്പോൾ വിശ്വസിക്കുന്ന ആ വിശ്വാസംകൊണ്ടു ഒരു പ്രയോജനവും ഉണ്ടാകുകയില്ല. അതിനാൽ, നേരത്തെതന്നെ വിശ്വസിക്കുകയാണു അവർക്കു നല്ലത്. അതിനു അവർ തയ്യാറില്ലെങ്കിൽ, നിങ്ങളുടെ വഴി നിങ്ങൾ കാത്തിരുന്നു കണ്ടുകൊള്ളുക—ഞങ്ങളുടെ വഴി ഞങ്ങളും കാത്തിരിക്കട്ടെ—എന്നു പറഞ്ഞു അവരിൽ നിന്നു ഒഴിഞ്ഞുമാറിക്കൊള്ളുക എന്നു സാരം.

لَوْلَا أُنزِلَ عَلَيْنَا الْمَلَائِكَةُ أَوْ نَرَىٰ رَبَّنَا (ഞങ്ങളുടെ മേൽ മലക്കുകളെ ഇറക്കപ്പെടുകയോ, ഞങ്ങൾ ഞങ്ങളുടെ റബ്ബിനെ കാണുകയോ ചെയ്തുകൂടേ! (25: 21) എന്നു മുശ്‌രിക്കുകൾ ചോദിക്കുകയുണ്ടായിട്ടുണ്ട്. പലതരം ദൃഷ്ടാന്തങ്ങളെ നിരത്തിയുണ്ടാക്കി അവയിൽ ഏതെങ്കിലും ഒന്നു കാണാതെ ഞങ്ങൾ വിശ്വസിക്കുകയില്ല എന്നു പറഞ്ഞ കൂട്ടത്തിൽ أَوْ تَأْتِيَ بِاللَّهِ وَالْمَلَائِكَةِ قَبِيلًا (അല്ലെങ്കിൽ നീ അല്ലാഹുവിനെയും, കൂട്ടം കൂട്ടമായി മലക്കുകളെയും കൊണ്ടുവരണം (17: 92) എന്നും അവർ പറഞ്ഞിരുന്നു. അവരുടെ ഇത്തരം വാദങ്ങളെ സൂചിപ്പിച്ചു കൊണ്ടായിരിക്കാം അല്ലാഹുവിനെയോ, മലക്കുകളെയോ, ചില പ്രത്യേക ദൃഷ്ടാന്തങ്ങളെയോ കാണുവാൻ കാത്തിരിക്കുകയാണോ നിങ്ങൾ എന്നു അല്ലാഹു അവരോടു ചോദിക്കുന്നത്. അല്ലാഹുവിനെയും, മലക്കുകളെയും ഈ ജീവിതത്തിൽവെച്ചു അവർക്കു കാണുവാൻ സാ

...യിക്കുന്ന കാര്യമില്ലാത്തതുകൊണ്ട് അതിനെപ്പറ്റി ഒരുപടി പറയേണ്ടുന്ന ആവശ്യമില്ല. ദൃഷ്ടാന്തങ്ങളാണെങ്കിൽ, ചിലതെല്ലാം ഈ ലോകത്തു തന്നെ അവർ കാണുകയും ചെയ്തിരിക്കുന്നു. ഇനിയും ചിലതു അനുഭവപ്പെടുവാനിരിക്കുന്നുണ്ടു താനും. ആ സ്ഥിതിക്ക് അവ വന്നു കഴിഞ്ഞാലുണ്ടാകുന്ന അവസ്ഥ എന്തായിരിക്കുമെന്നു മാത്രം അല്ലാഹു വിവരിച്ചു. വരാനിരിക്കുന്ന പ്രസ്തുത ദൃഷ്ടാന്തങ്ങൾ എന്തെല്ലാമാണ്? എപ്പോഴാണു സംഭവിക്കുക? എന്നൊന്നും അല്ലാഹു വ്യക്തമാക്കിയിട്ടില്ല. ഈ ഭൗതിക പ്രകൃതി നടപടികൾക്കതീതമായതും, യഥാർത്ഥ്യങ്ങളുടെ നഗ്നമായ രൂപം അനുഭവത്തിൽ വ്യക്തമാകുന്നതുമായ എന്തെങ്കിലും ദൃഷ്ടാന്തങ്ങളായിരിക്കാം അവ. അഥവാ, ഖിയാമത്തു നാളിന്റെ അടയാളങ്ങളായി ഹദീസുകളിൽ വന്നിട്ടുള്ള വല്ല ദൃഷ്ടാന്തങ്ങളോ, ശിക്ഷാനടപടികളോ, മരണാസന്ന വേളയിൽ ഭൗതിക ദൃഷ്ടിക്കപ്പുറമുള്ള കാഴ്ചകളോ അനുഭവപ്പെടുന്നതോ ആകാവുന്നതാണ്. ഏതായിരുന്നാലും ശരി, അതു വന്നു കഴിഞ്ഞാൽ പിന്നീടുണ്ടാകുന്ന വിശ്വാസം സ്വീകാര്യമല്ലെന്നു അല്ലാഹു സ്പഷ്ടമാക്കുന്നു.

ഖിയാമത്തുനാളിന്റെ മുന്നോടിയായി പല അടയാളങ്ങളും ദൃഷ്ടാന്തങ്ങളും സംഭവിക്കുന്നതാണെന്നു ഹദീസുകളിൽനിന്നു അറിയപ്പെട്ടതാകുന്നു. ഈ വിഷയത്തിൽ വന്നിട്ടുള്ള ഹദീസുകളിൽ ചിലതെല്ലാം ദുർബ്ബലമാണെങ്കിലും പലതും ബലവത്തായതും സ്വീകരിക്കാതിരിക്കുവാൻ നിർവ്വാഹമില്ലാത്തതുമാകുന്നു. ഉദാഹരണമായി: നബി (സ) പറഞ്ഞതായി അബൂഹുറൈറ (റ) ഉദ്ധരിക്കുന്നു: 'സൂര്യൻ അതിന്റെ അസ്തമന സ്ഥാനത്തു (പടിഞ്ഞാറു) നിന്നു ഉദയം ചെയ്യുന്നതുവരെ അന്ത്യസമയം നിലനിൽക്കുകയില്ല. (സംഭവിക്കയില്ല.) അതു മനുഷ്യൻ കാണുമ്പോൾ, ഭൂമിയിലുള്ളവരെല്ലാം വിശ്വസിക്കും. അതാണ് لا ينفع نفسا إيمانها ... (ഒരാത്മാവിനും അതിന്റെ വിശ്വാസം ഉപകരിക്കുകയില്ല....) എന്നു അല്ലാഹു പറഞ്ഞ അവസരം.' (ബു; മു; അ; ദ; ന.)

159. നിശ്ചയമായും, തങ്ങളുടെ മതത്തെ ഭിന്നിപ്പിക്കുകയും, പല കക്ഷികളായിത്തീരുകയും ചെയ്തിട്ടുള്ളവർ, അവരെ സംബന്ധിച്ചു നീ ഒന്നിലുമല്ല. [ഒരു ബാധ്യതയും നിനക്കില്ല.]

إِنَّ الَّذِينَ فَرَّقُوا دِينَهُمْ وَكَانُوا شِيَعًا لَّسْتَ مِنْهُمْ فِي شَيْءٍ ۚ

അവരുടെ കാര്യം അല്ലാഹുവിങ്കലേക്കു മാത്രമാകുന്നു. [അവൻ തീരുമാനമെടുത്തുകൊള്ളും.] പിന്നീട്, അവർ ചെയ്തുകൊണ്ടിരിക്കുന്നതിനെപ്പറ്റി അവൻ അവരെ ബോധപ്പെടുത്തും.

إِنَّمَا أَمْرُهُمْ إِلَى اللَّهِ ثُمَّ يُنَبِّئُهُم بِمَا كَانُوا يَفْعَلُونَ ○

---

159. إن നിശ്ചയമായും الذين فرقوا ഭിന്നിപ്പിച്ചവർ دينهم തങ്ങളുടെ മതത്തെ وكانوا അവരായിരിക്കുകയും ചെയ്തു شيعا (പല) കക്ഷികൾ لست നീ അല്ല منهم അവരെ സംബന്ധിച്ചു في شيء യാതൊന്നിലും إنما أمرهم നിശ്ചയമായും അവരുടെ കാര്യം إلى الله അല്ലാഹുവിങ്കലേക്കു (മാത്രം) ആകുന്നു ثم പിന്നീടു ينبئهم അവൻ അവരെ ബോധപ്പെടുത്തും بما كانوا അവർ ആയിരുന്നതിനെപ്പറ്റി يفعلون അവർ ചെയ്യും

മതത്തിൽ ഭിന്നിപ്പുണ്ടാക്കിയവർ ആരെല്ലാമെന്നു സംബന്ധിച്ചിടത്തോളം, വേദക്കാരാണെന്നു പറയാമെങ്കിലും ഖുർആന്റെ വാക്കുകളിൽ നിന്നു വ്യക്തമാകുന്നത് അത് ഒരു പൊതുവായ പ്രസ്താവനയാണെന്നത്രെ. അതെ, ഇബ്നു കഥീർ (റ) ചൂണ്ടിക്കാട്ടിയതുപോലെ, ഇസ്ലാമിലും അതിന്റെ നടപടികളിലും ഛിദ്രതയും, കക്ഷിത്വവും, ആശയക്കുഴപ്പവുമുണ്ടാക്കുന്ന എല്ലാവരും അതിൽ ഉൾപ്പെടുന്നതാണ്. വ്യക്തികളോ സമൂഹമോ എന്ന വ്യത്യാസവും അതിലില്ല. അങ്ങിനെയുള്ള ആരോടും നബി (സ)ക്കു ബന്ധമോ ബാദ്ധ്യതയോ ഇല്ലെന്നും, അവരുടെ കാര്യം അല്ലാഹു ഏറ്റുകൊള്ളാമെന്നും, അവരുടെ മേലുള്ള നടപടി അവൻ എടുത്തുകൊള്ളുമെന്നും അല്ലാഹു നബി (സ)യെ അറിയിക്കുകയാണ്. നബി (സ)യെ അഭിമുഖീകരിച്ചുകൊണ്ടാണ് അല്ലാഹു പ്രസ്താവിച്ചതെന്നുവെച്ച് നബി (സ) യുടെ കാലത്തുള്ളവരെ മാത്രം ബാധിക്കുന്നതാണു ഇതെന്നു ധരിച്ചുകൂടാ.

ഉപവസത്തിൽ, ആരാധനകർമം ചെയ്യുന്നതിലും, വിവാഹം കഴിക്കുന്നതിലുമൊക്കെ നബി (സ)യെ മാതൃകയാക്കാതിരിക്കുന്നവരെപ്പറ്റി നബി (സ) പറയുകയുണ്ടായി: فمن رغب عن سنتي فليس مني (സാരം: എന്റെ ചര്യ വിട്ട് മറ്റൊന്നിനെ ആഗ്രഹിക്കുന്നവർ എന്നിൽ പെട്ടവരല്ല. (ബു; മു.) ഖിയാമത്തു നാളിൽ നബി (സ)യുടെ അടുക്കൽ 'ഹൗളുൽ കൌഥർ' (الحوض الكوثر) എന്ന ജലാശയത്തിൽ നിന്നു പാനം ചെയ്‌വാൻ ചെല്ലുന്നവരിൽ, നബി (സ)ക്കു പരിചയമുണ്ടായിരുന്ന ചിലർക്കു അതു തടയപ്പെടുമെന്നും, അവർ എന്റെ കൂട്ടത്തിൽ പെട്ടവരാണല്ലോ എന്ന് അവിടുന്നു പറയുമ്പോൾ, താങ്കളുടെ ശേഷം അവർ എന്തൊക്കെയാണു പുതുതായി ഉണ്ടാക്കിത്തീർത്തിരിക്കുന്നതെന്നു താങ്കൾക്കറിയുകയില്ലെന്നു മറുപടി പറയപ്പെടുമെന്നും, അപ്പോൾ തിരുമേനി ഇപ്രകാരം പറയുന്നതാണെന്നും ഹദീസിൽ വന്നിരിക്കുന്നു. سحقا سحقا لمن غير بعدي (സാരം: എന്റെ കാലശേഷം ഭേദഗതി വരുത്തിയവർക്ക് വിദൂരനാശം! വിദൂരനാശം! (ബു; മു.) ഈ ഹദീസുകളിൽ നിന്നു ഏതു കാലത്തും മതത്തിൽ ഭിന്നിപ്പുണ്ടാക്കിയവരോടു നബി (സ)ക്കു ബന്ധമില്ലെന്നു പറഞ്ഞതിന്റെ സാരം സാമാന്യമായി മനസ്സിലാക്കാമല്ലോ.

160. ആർ നൻമ കൊണ്ടുവന്നുവോ അവനു അതിന്റെ പത്തിരട്ടി [പത്തിരട്ടി ഗുണം] ഉണ്ടായിരിക്കും; مَنْ جَآءَ بِٱلْحَسَنَةِ فَلَهُۥ عَشْرُ أَمْثَالِهَا

ആർ തിൻമ കൊണ്ടുവന്നുവോ അവനു അതിന്റെ അത്രക്കല്ലാതെ പ്രതിഫലം നൽകപ്പെടുകയുമില്ല; അവരാകട്ടെ, അവരോട് അനീതി ചെയ്യപ്പെടുകയുമില്ല. وَمَن جَآءَ بِٱلسَّيِّئَةِ فَلَا يُجْزَىٰٓ إِلَّا مِثْلَهَا وَهُمْ لَا يُظْلَمُونَ ○

---

160. من جاء ആർ വന്നുവോ, ആരെങ്കിലും വന്നാൽ بالحسنة നൻമയുമായി, നൻമ കൊണ്ടു فله എന്നാലവനുണ്ടു عشر പത്തു أمثالها അതിന്റെ അത്രകൾ, മാതിരികൾ ومن جاء ആരെങ്കിലും വന്നാൽ, ആർ വന്നുവോ بالسيئة തിൻമയുമായി, തിൻമകൊണ്ടു فلا يجزى എന്നാൽ അവനു പ്രതിഫലം നൽകപ്പെടുകയില്ല إلا مثلها അതിന്റെ അത്ര (മാതിരി) അല്ലാതെ وهم അവരാകട്ടെ, അവരോ لا يظلمون അവരോടു അക്രമം (അനീതി) ചെയ്യപ്പെടുകയുമില്ല

ഒരാൾ ഒരു നൻമ ചെയ്താൽ ചുരുങ്ങിയപക്ഷം, അതിന്റെ പത്തിരട്ടിക്കുള്ള പ്രതിഫലം നൽകുമെന്നും, ഒരു തിൻമ ചെയ്താൽ അതിനു അത്രമാത്രം പ്രതിഫലമേ നൽകുകയുള്ളുവെന്നും പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹു നമ്മെ അറിയിക്കുന്നു. തിൻമ ചെയ്തവനു ഒരു തിൻമയുടെ പ്രതിഫലമേ നൽകുകയുള്ളുവെന്നതിനു പുറമെ, അവനോടു ഏതെങ്കിലും തരത്തിലുള്ള യാതൊരു 'അനീതിയും' ചെയ്യപ്പെടുകയില്ലെന്നുകൂടി എടുത്തു പറയുന്നു. ചില സ്ഥലങ്ങളിൽ من جاء بالحسنة فله خير منها (ആരെങ്കിലും നൻമയുമായി വന്നാൽ അവനു അതിനെക്കാൾ ഉത്തമമായതുണ്ടായിരിക്കും. (നംല് : 89; ഖസ്വസ്വ് : 84) എന്നു പറഞ്ഞിട്ടുള്ളതിന്റെ ഒരു വിശദീകരണംകൂടിയാണു ഈ വചനം. ചില സൽക്കർമ്മങ്ങൾക്കു പത്തിരട്ടിക്കുമേൽ എഴുന്നൂറിരട്ടിവരെയും കൂടുതലും പ്രതിഫലം നൽകപ്പെടുന്നതാണെന്നു അൽബഖറ 261ലും അല്ലാഹു അറിയിച്ചിരിക്കുന്നു.

ഈ വിഷയത്തിൽ 'ഖുദ്സീ'യായ (അല്ലാഹു അരുളിച്ചെയ്തതായി നബി (സ) ഉദ്ധരിക്കുന്ന) ഒരു ഹദീസു ഇബ്നു അബ്ബാസ് (റ) വഴി പല ഹദീസു പണ്ഡിതൻമാരും രേഖപ്പെടുത്തിയിട്ടുള്ളതു പ്രസിദ്ധമത്രെ. അതിൽ അല്ലാഹു അരുളിച്ചെയ്തതായി നബി (സ) ഇപ്രകാരം പറയുന്നു: 'നിങ്ങളുടെ റബ്ബ് വളരെ കരുണയുള്ളവനാണ്. ഒരാൾ ഒരു നൻമ ചെയ്‌വാൻ ഉദ്ദേശിച്ചു, എന്നിട്ടതു ചെയ്തില്ല. എന്നാലും അതവനു ഒരു നൻമയായി രേഖപ്പെടുത്തും. അതവൻ ചെയ്താൽ പത്തു നൻമയായും, എഴുന്നൂറുവരെയും, വളരെയധികം ഇരട്ടിവരെയും രേഖപ്പെടുത്തും. ഒരാൾ ഒരു തിൻമ ചെയ്‌വാൻ ഉദ്ദേശിച്ചു, എന്നിട്ടതു ചെയ്തില്ല, എന്നാൽ അതവനു ഒരു നൻമയായി രേഖപ്പെടുത്തും. അവനതു ചെയ്താൽ ഒരു ഒന്നായി അതു രേഖപ്പെടുത്തും. അല്ലെങ്കിൽ, അവൻ അതു മായിച്ചു (മാപ്പാക്കി) കൊടുക്കുകയും ചെയ്യും. നാശമടഞ്ഞവനല്ലാതെ. (നിർഭാഗ്യവാനല്ലാതെ) അല്ലാഹുവിങ്കൽവെച്ചു നാശമടയുകയില്ല' (അ; ബു; മു; ന.)

തിൻമ ചെയ്‌വാൻ ഉദ്ദേശിച്ചിട്ട് അതു ചെയ്യാതിരുന്നാൽ അതൊരു നൻമയായി രേഖപ്പെടുത്തുമെന്നതിനു ഇബ്നു കഥീർ (റ) നൽകിയ വിശദീകരണം ശ്രദ്ധേയമാകുന്നു. അദ്ദേഹം പറയുന്നു: 'അറിയുക: തിൻമ

(പ്രവര്‍ത്തിക്കാതെ) വിട്ടുകളയുന്നവര്‍ മൂന്നുതരത്തിലായിരിക്കും: ചിലപ്പോള്‍ അവര്‍ അല്ലാഹുവിനു (അല്ലാഹുവിന്റെ പ്രീതിക്കു) വേണ്ടി ഉപേക്ഷിച്ചതായിരിക്കും. ഇവര്‍ അല്ലാഹുവിനെ ഉദ്ദേശിച്ച് ഒഴിഞ്ഞു നിന്നതിനാല്‍ അതൊരു നന്മയായി രേഖപ്പെടുത്തുന്നു. അവരുടെ ഉദ്ദേശ്യവും കര്‍മ്മവുമാണല്ലോ. ബലപ്പെട്ട ചില രിവായത്തുകളില്‍ 'എന്റെ ഹേതുവായിട്ടാണ് അതവന്‍ ഉപേക്ഷിച്ചത്' എന്നു (ഹദീസില്‍) അതിനു കാരണം പറഞ്ഞിരിക്കുന്നതു അതുകൊണ്ടാകുന്നു. ചിലപ്പോള്‍, മറവികൊണ്ടോ അശ്രദ്ധകൊണ്ടോ ആയിരിക്കും അതവന്‍ ഉപേക്ഷിക്കുന്നത്. ഇതു അവനു ഗുണവുമല്ല, ദോഷവുമല്ല. കാരണം, അവന്‍ നന്മ ഒന്നും ചെയ്തിട്ടില്ല. ചിലപ്പോള്‍, സാധിക്കായ്കകൊണ്ടോ, അതിനുവേണ്ട മാര്‍ഗ്ഗങ്ങളും പരിശ്രമങ്ങളും നടത്തി കുഴങ്ങിയതുകൊണ്ടോ ആയിരിക്കും ഉപേക്ഷിക്കുന്നത്. ഇങ്ങിനെയുള്ളവന്‍ ആ തിന്മ പ്രവര്‍ത്തിച്ചവനെ സമമായിരിക്കും. അതുകൊണ്ടാണു പ്രബലമായ ഹദീസില്‍ 'രണ്ടു മുസ്‌ലിംകള്‍ വാളുമായി പരസ്പരം ഏറ്റുമുട്ടിയാല്‍ കൊന്നവനും, കൊല്ലപ്പെട്ടവനും നരകത്തിലാണു' എന്നു നബി (സ) പറഞ്ഞത്. കൊന്നവന്റെ കാര്യം ശരി, കൊല്ലപ്പെട്ടവന്റെ സ്ഥിതിയെന്താണ്? എന്നു സഹാബികള്‍ ചോദിച്ചപ്പോള്‍ 'അവന്‍ അവന്റെ ചങ്ങാതിയെ കൊലപ്പെടുത്തുവാന്‍ മോഹിക്കുന്നവനായിരുന്നുവല്ലോ' എന്നാണു നബി (സ) ഉത്തരം പറഞ്ഞത്.'

'ആരെങ്കിലും എല്ലാ മാസവും മൂന്ന് നോമ്പു (വീതം) നോറ്റാല്‍, അവന്‍ മുഴുവന്‍ കാലവും നോമ്പു പിടിച്ചതിരിയായി.' (അ;ജ;ന;തി.) എന്നും, 'ഒരു ജുമുഅ: ആ ജുമുഅയുടെയും അടുത്ത ജുമുഅയുടെയും ഇടക്കുള്ള പാപവും, കൂടുതലായി മൂന്നു ദിവസത്തെ പാപവും പൊറുക്കപ്പെടുന്നതാണ്.' (ത്വബ്റാനി) എന്നും മറ്റും നന്മയെ പറ്റി പ്രതിഫലം കാണിച്ചുകൊണ്ടുള്ള ഹദീസുകള്‍ ഈ വചനത്തിനു നബി (സ) നല്‍കിയ വിശദീകരണവും, ഉദാഹരണവുമാകുന്നു. കഥ അറിയാതെ, ഒറ്റ നോട്ടത്തില്‍ സ്വന്തം യുക്തിയുടെ തീരുമാനത്തിനു മുതിരുന്ന ആളുകള്‍ ഇതൊന്നും മനസ്സിലാക്കുകയോ ചിന്തിക്കുകയോ ചെയ്യാറില്ല. അതുകൊണ്ടാണ് ചിലര്‍ ഇങ്ങിനെയുള്ള ഹദീസുകളുടെ നേരെ അവഗണനാ നയം സ്വീകരിച്ചുവരുന്നതും.

١٦١- قُلْ إِنَّنِي هَدَانِي رَبِّي إِلَىٰ صِرَاطٍ مُسْتَقِيمٍ دِينًا قِيَمًا مِلَّةَ إِبْرَاهِيمَ حَنِيفًا ۚ وَمَا كَانَ مِنَ الْمُشْرِكِينَ ○

161. പറയുക: നിശ്ചയമായും ഞാന്‍, എന്റെ റബ്ബ്, (നേരെ) ചൊവ്വായുള്ള പാതയിലേക്ക് എന്നെ നയിച്ചുതന്നിരിക്കുന്നു; (അതെ) നേരെ (ഉറച്ച്) നിലകൊള്ളുന്നതായ മതം—ഋജുമാനസനായിക്കൊണ്ടുള്ള ഇബ്രാഹീമിന്റെ മാര്‍ഗ്ഗം! അദ്ദേഹം 'മുശ്‌രിക്കു' [ബഹുദൈവ വിശ്വാസി] കളില്‍ പെട്ടവനായിരുന്നിട്ടുമില്ല.'

١٦٢- قُلْ إِنَّ صَلَاتِي وَنُسُكِي وَمَحْيَايَ وَمَمَاتِي لِلَّهِ رَبِّ الْعَالَمِينَ ○

162. പറയുക: 'നിശ്ചയമായും, എന്റെ നമസ്കാരവും, എന്റെ (ബലി മുതലായ) ആരാധനാ കര്‍മ്മങ്ങളും, എന്റെ ജീവിതവും, എന്റെ മരണവും (എല്ലാം) ലോകരുടെ രക്ഷിതാവായ അല്ലാഹുവിനുള്ളതാകുന്നു.;-

١٦٣- لَا شَرِيكَ لَهُ ۖ وَبِذَٰلِكَ أُمِرْتُ وَأَنَا أَوَّلُ الْمُسْلِمِينَ ○

163. 'അവനു പങ്കുകാരേ ഇല്ല. അപ്രകാരമത്രെ' എന്നോടു കല്‍പിക്കപ്പെട്ടിരിക്കുന്നത്; ഞാന്‍ 'മുസ്‌ലിം' കളില്‍ [അവനു കീഴൊതുങ്ങിയവരില്‍] ഒന്നാമനുമത്രെ.

---

161. قُلْ إِنَّنِي പറയുക നിശ്ചയമായും ഞാന്‍ هَدَانِي എന്നെ നയിച്ചിരിക്കുന്നു, എനിക്കു വഴി കാട്ടിത്തന്നിരിക്കുന്നു رَبِّي എന്റെ റബ്ബു إِلَىٰ صِرَاطٍ പാതയിലേക്കു مُسْتَقِيمٍ നേരെയുള്ള, ചൊവ്വെയുള്ള دِينًا മതം قِيَمًا നേരെ നിലകൊള്ളുന്നതായ, ഉറച്ചു നില്‍ക്കുന്ന مِلَّةَ അതായതു മാര്‍ഗ്ഗം إِبْرَاهِيمَ ഇബ്രാഹിമിന്റെ حَنِيفًا ഋജുമാനസനായിക്കൊണ്ടുള്ള وَمَا كَانَ അദ്ദേഹം ആയിരുന്നില്ല مِنَ الْمُشْرِكِينَ മുശ്‌രിക്കുകളില്‍പെട്ട(വന്‍) 162. قُلْ പറയുക إِنَّ صَلَاتِي നിശ്ചയമായും എന്റെ നമസ്കാരം وَنُسُكِي എന്റെ ആരാധനാകര്‍മ്മങ്ങളും, ബലികര്‍മ്മങ്ങളും وَمَحْيَايَ എന്റെ ജീവിതവും وَمَمَاتِي എന്റെ മരണവും لِلَّهِ അല്ലാഹുവിനാണ്, അല്ലാഹുവിനുവേണ്ടിയത്രെ رَبِّ الْعَالَمِينَ ലോകരുടെ റബ്ബായ, ലോകരക്ഷിതാവായ 163. لَا شَرِيكَ പങ്കുകാരേ ഇല്ല لَهُ അവനു وَبِذَٰلِكَ അതുകൊണ്ടത്രെ أُمِرْتُ ഞാന്‍ കല്‍പിക്കപ്പെട്ടിരിക്കുന്നത് وَأَنَا ഞാനാകട്ടെ أَوَّلُ ഒന്നാമനാണ് الْمُسْلِمِينَ മുസ്‌ലിംകളിലെ.

[illegible] സംബന്ധിച്ച പല ദൃഷ്ടാന്തങ്ങളും, ഇബ്രാഹീം (അ) നബിയുടെ പിൻതുടർച്ചക്കാരെന്ന് [illegible] സംബന്ധിച്ച പല പരാമർശങ്ങളും മറ്റും [illegible] കാര്യങ്ങളും വിവരിച്ചു കഴിഞ്ഞു. അതിനുശേഷം, നബി (സ) [illegible] അവർ നിലയത്തിൽ മുഴുകിക്കൊണ്ടിരിക്കുന്നതുമായ ആ മാർഗ്ഗം [illegible] വിവരിച്ചതിന്റെ ആകെത്തുക ചുരുക്കത്തിൽ എന്താണെന്നു - അവരെ അറിയിക്കുവാൻ നബി (സ) യോടു അല്ലാഹു കല്പിക്കുന്നു.

[illegible] യാതൊരു ചാഞ്ചല്യവും കൂടാതെ നേർക്കുനേരെ ഉറച്ചു നിൽക്കുന്ന ഒരു മതം—അതെ, ശിർക്കിന്റെ മാലിന്യ [illegible] നിഷ്കളങ്കനായിരുന്ന ഇബ്രാഹീം (അ) ആചരിച്ചു വന്നിരുന്ന മാർഗ്ഗമത്രെ അതു—അതെ [illegible] അല്ലാഹു അനുഗ്രഹിച്ചു തന്ന മതം, അതിലേക്കാണു ഞാൻ നിങ്ങളെ ക്ഷണിക്കുന്നത്. ശിർക്കിന്റെ [illegible] നിന്നും സംശുദ്ധമായിരിക്കുക, നമസ്കാരം, പ്രാർത്ഥന, ബലികർമ്മങ്ങൾ ആദിയായ [illegible] അല്ലാഹുവിനുമാത്രം അർപ്പിക്കുക, ജീവിക്കുന്നതും മരിക്കുന്നതുമെല്ലാം അവന്റെ പ്രീതിയെ ലക്ഷ്യം വെച്ചും, അവന്റെ ആജ്ഞാ നിർദ്ദേശങ്ങൾക്കനുസരിച്ചും ആയിരിക്കുക. ഇതാണ് എന്നോടു ആജ്ഞാപിക്കപ്പെട്ട മതത്തിന്റെ സത്ത. ഇതിന്റെ പ്രബോധനമാണ് എന്റെ കൃത്യം. ഇതംഗീകരിക്കുന്നവരാണു മുസ്‌ലിംകൾ. അവരിൽ ഒന്നാമൻ ഞാൻ തന്നെ ആണു താനും എന്നിങ്ങിനെയാണു പ്രസ്തുത അറിയിപ്പിന്റെ താല്പര്യം.

نسك (നുസുക്) എന്ന വാക്കിനു 'ആരാധനകൾ' എന്നാണു വാക്കർത്ഥം. ഹജ്ജു-ഉംറഃ സംബന്ധമായ കർമ്മങ്ങളിലും, ബലികർമ്മങ്ങളിലും പ്രത്യേകം ഉദ്ദേശിച്ചുകൊണ്ടു ആ വാക്ക് ഉപയോഗിക്കപ്പെടാറുണ്ട്. ബലി കർമ്മങ്ങളെപ്പറ്റി [illegible] കഴിഞ്ഞ പരാമർശങ്ങളെയും, ഈ വചനങ്ങൾ മക്കാ മുശ്‌രിക്കുകളെയാണു മുഖ്യമായി അഭിമുഖീകരിക്കുന്നതെന്നുള്ളതിനെയും കണക്കിലെടുത്തുകൊണ്ടു ഈ അർത്ഥങ്ങളാണു പലരും ഇവിടെ അതിനു നൽകിയിരിക്കുന്നത്. انا اول المسلمين (ഞാൻ ഒന്നാമത്തെ മുസ്‌ലിമാണു) എന്ന പറഞ്ഞതിന്റെ ഉദ്ദേശ്യം, ഈ സമുദായത്തിലെ ഒന്നാമനും, ഞാൻ നിങ്ങളോടു പ്രബോധനം ചെയ്യുന്ന തത്വങ്ങളെ ആദ്യമായി സ്വീകരിക്കുന്നവനും ഞാനാണു എന്നത്രെ. മനുഷ്യോല്പത്തി മുതൽക്കേ മനുഷ്യവർഗ്ഗത്തിനു അല്ലാഹു നിശ്ചയിച്ച മതം ഇസ്‌ലാമാണല്ലോ. (ان الدين عند الله الاسلام) ആ മതം അംഗീകരിച്ചവരെല്ലാം മുസ്‌ലിംകളുമാകുന്നു. (وامرت ان اكون من المسلمين) നൂഹ് (അ) നബി തന്റെ ജനങ്ങളോടു മുസ്‌ലിമായിരിക്കുവാൻ എന്നോടു കല്പിക്കപ്പെട്ടിരിക്കുന്നുവെന്ന് പറഞ്ഞു. (10: 72) ഇബ്രാഹീം (അ) നബിയും, യഅ്ഖൂബ് (അ) നബിയും മക്കളോടു ചെയ്ത വസിയ്യത്തിൽ നിങ്ങൾ മുസ്‌ലിംകളായിട്ടല്ലാതെ മരിക്കരുതെന്നു പറഞ്ഞിരുന്നു. (2: 132) യൂസുഫ് (അ) നബി എന്നെ മുസ്‌ലിമായി മരിപ്പിക്കേണമേ എന്നും പ്രാർത്ഥിച്ചു. (12: 101) നിങ്ങൾ മുസ്‌ലിംകളാണെങ്കിൽ അല്ലാഹുവിൽ ഭരമേൽപ്പിക്കണമെന്നു മൂസാ (അ) നബി തന്റെ ജനതയോടു പറഞ്ഞു. (10:84) ഈസാ (അ) നബിയുടെ ശിഷ്യൻമാരായ 'ഹവാരി'കളും പറഞ്ഞു: ഞങ്ങൾ മുസ്‌ലിംകളാണെന്നു. (5:111) ചുരുക്കിപ്പറഞ്ഞാൽ, ആദം (അ) നബി മുതൽ ലോകാവസാനം വരെയുള്ള മനുഷ്യർക്കു അല്ലാഹു നിശ്ചയിച്ചു തൃപ്തിപ്പെട്ട ഏകമതം ഇസ്‌ലാമും, അതു സ്വീകരിച്ചവരെല്ലാം മുസ്‌ലിംകളുമാകുന്നു.

ഒരു ഹദീസിൽ നബി (സ) പറഞ്ഞിരിക്കുന്നു: 'ഒരു പിതൃകുടുംബത്തിൽപെട്ട സഹോദരങ്ങളാണു പ്രവാചകൻമാർ. അവരുടെ മാതാക്കൾ പലതായിരിക്കും. അവരുടെ മതം ഒന്നാകുന്നു.' (ബു; മു.) അതായതു—ഇബ്നുകഥീർ(റ) ചൂണ്ടിക്കാട്ടിയതുപോലെ—അല്ലാഹുവിനെ മാത്രം ആരാധിക്കുകയും, അവനോടു മറ്റൊന്നിനെയും പങ്കുചേർക്കാതിരിക്കുകയും ചെയ്യുകയെന്ന മൗലികാടിസ്ഥാനത്തിൽ അവരെല്ലാം ഒന്നാകുന്നു. ശരീഅത്തിൽ (മതപരമായ നിയമനടപടി ക്രമത്തിൽ) അവർ വ്യത്യസ്ത മാർഗ്ഗമുള്ളവരായിരിക്കും എന്നർത്ഥം.

قُلْ أَغَيْرَ ٱللَّهِ أَبْغِى رَبًّا وَهُوَ رَبُّ كُلِّ شَىْءٍ ۝١٦٤

164. പറയുക: 'എല്ലാം വസ്തുക്കളുടെയും റബ്ബ് [രക്ഷിതാവു]അല്ലാഹുവായിരിക്കെ, അവനല്ലാത്തവരെ ഞാൻ റബ്ബായി (തേടി) തിരയുകയോ?!

---

164. قل പറയുക اغير الله അല്ലാഹു അല്ലാത്തവരെയോ ابغي ഞാൻ തേടുന്നു, തിരയുന്നു ربا റബ്ബായിട്ട്, രക്ഷിതാവായി وهو رب അവനാകട്ടെ റബ്ബാകുന്നു كل شيء എല്ലാം വസ്തുവിന്റെയും

എല്ലാ (ഓരോ) ആത്മാവും [ആളും] അതിന്റെമേൽ (ബാധ്യത) ആയിക്കൊണ്ടല്ലാതെ (ഒന്നും) സമ്പാദിച്ചു വെക്കയുമില്ല; — وَلَا تَكْسِبُ كُلُّ نَفْسٍ إِلَّا عَلَيْهَا

കുറ്റം വഹിക്കുന്ന ഒരാത്മാവും [ആളും] മറ്റൊന്നിന്റെ കുറ്റം വഹിക്കുകയുമില്ല. — وَلَا تَزِرُ وَازِرَةٌ وِزْرَ أُخْرَىٰ

പിന്നെ, നിങ്ങളുടെ റബ്ബിങ്കലേക്കായിരിക്കും നിങ്ങളുടെ മടങ്ങി വരവു. അപ്പോൾ, യാതൊന്നിൽ നിങ്ങൾ ഭിന്നാഭിപ്രായപ്പെട്ടുകൊണ്ടിരിക്കുന്നുവോ അതിനെപ്പറ്റി അവൻ നിങ്ങളെ ബോധപ്പെടുത്തുന്നതാണ്. — ثُمَّ إِلَىٰ رَبِّكُم مَّرْجِعُكُمْ فَيُنَبِّئُكُم بِمَا كُنتُمْ فِيهِ تَخْتَلِفُونَ

ولا تكسب, സമ്പാദിക്കുകയുമില്ല, ചെയ്തുവെക്കുകയുമില്ല كل نفس എല്ലാ ആത്മാവും, ആളും, ദേഹവും, വ്യക്തിയും الا عليها അതിന്റെമേൽ (ബാധ്യത) ആയിക്കൊണ്ടല്ലാതെ ولا تزر കുറ്റം വഹിക്കുക (പേറുക)യുമില്ല وازرة ഒരു കുറ്റക്കാരിയും, കുറ്റം പേറുന്നതും وزر കുറ്റത്തെ, ഭാരത്തെ اخرى മറ്റൊന്നിന്റെ ثم പിന്നെ الى ربكم നിങ്ങളുടെ റബ്ബിങ്കലേക്കാണു مرجعكم നിങ്ങളുടെ മടക്കം, മടങ്ങിപ്പോക്കു فينبئكم അപ്പോൾ അവൻ നിങ്ങളെ ബോധപ്പെടുത്തും بما كنتم നിങ്ങളായിരുന്നതിനെപ്പറ്റി فيه അതിൽ, അതിന്റെ കാര്യത്തിൽ تختلفون നിങ്ങൾ വ്യത്യാസപ്പെട്ടു (ഭിന്നാഭിപ്രായത്തിലായി) കൊണ്ടു

ഓരോ ആളും അവരവരുടെ കർമ്മങ്ങൾക്കു ഉത്തരവാദിയായിരിക്കും. كل امرئ بما كسب رهين (എല്ലാ ഓരോരുത്തനും അവൻ സമ്പാദിച്ചുവെച്ചതിനു പണയമാകുന്നു. (52:21). ഒരാളുടെ കുറ്റം മറ്റൊരാൾ വഹിക്കുകയില്ല. وان تدع مثقلة الى حملها لا يحمل منه شئ الخ.... (ഭാരം പിടിപെട്ട ഒരു ദേഹം അതിന്റെ ചുമടെടുക്കുവാൻ—മറ്റൊരാളെ—വിളിച്ചാൽ, അടുത്ത ബന്ധമുള്ളവനായാലും ശരി, അതിൽനിന്നു ഒന്നും തന്നെ വഹിക്കപ്പെടുകയില്ല. (35:18) ഇതു അല്ലാഹുവിന്റെ ഖണ്ഡിതമായ ഒരു നിയമതത്വമാകുന്നു. ആരാധ്യവസ്തുക്കളുടെയോ, ശുപാർശകൻമാരുടെയോ ഇടപെടലുകളൊന്നും അവിടെ നടക്കുകയില്ല. നൻമയെങ്കിൽ നൻമ, തിൻമയെങ്കിൽ തിൻമ, അതതിന്റെ കർത്താവു തന്നെ അതതിന്റെ ഫലം തികച്ചും അനുഭവിക്കും.

എന്നാൽ, ഒരാൾ ഒരു നല്ല കാര്യം നടപ്പിൽ വരുത്തിയാൽ അതിന്റെയും, അതു പ്രവർത്തിച്ചവരുടെയും, പ്രതിഫലം—അവരുടെ പ്രതിഫലത്തിൽ ഒരു കുറവും വരാതെ അവനു ലഭിക്കുമെന്നും, ഒരാൾ ഒരു ചീത്ത കാര്യം നടപ്പിൽ വരുത്തിയാൽ അതിന്റെയും, അതു പ്രവർത്തിച്ചവരുടെയും കുറ്റം—അവരുടെ കുറ്റത്തിൽ ഒരു കുറവും വരാതെ—അവനുണ്ടാകുമെന്നും നബി (സ) അരുളിച്ചെയ്തിട്ടുണ്ട്. (മു.) ഇതു ആ തത്വത്തിനു എതിരോ വിരുദ്ധമോ ആകുന്നില്ല. ആ പ്രതിഫലവും, ആ കുറ്റവും അവൻ നടപ്പാക്കിയതിന്റെ ഫലമാണല്ലോ. അതുകൊണ്ടാണ് 'അവരുടെ പ്രതിഫലത്തിലും കുറ്റത്തിലും ഒരു കുറവും വരാതെ' എന്നു നബി (സ) പ്രത്യേകം എടുത്തു പറഞ്ഞിരിക്കുന്നതും. അവർ ചെയ്തതിന്റെ പ്രതിഫലവും, കുറ്റവും അവർക്കു തന്നെ. അവൻ നടപ്പാക്കിയതിന്റെയും അതു നടന്നുകൊണ്ടിരിക്കുന്നതിന്റെയും പ്രതിഫലവും കുറ്റവുമാണു അവനു ലഭിക്കുന്നതു എന്നർത്ഥം.

165. അവനത്രെ, നിങ്ങളെ ഭൂമിയിലെ (മാറിമാറിവരുന്ന) പിൻഗാമികൾ ആക്കിയവൻ. — ١٦٥- وَهُوَ الَّذِي جَعَلَكُمْ خَلَائِفَ الْأَرْضِ

നിങ്ങളിൽ ചിലരെ ചിലർക്കു മീതെ അവൻ ചില പദവികൾ ഉയർത്തുകയും ചെയ്തിരിക്കുന്നു; നിങ്ങൾക്കു അവൻ നൽകിയതിൽ നിങ്ങളെ അവൻ പരീക്ഷണം ചെയ്‌വാൻ വേണ്ടി. — وَرَفَعَ بَعْضَكُمْ فَوْقَ بَعْضٍ دَرَجَاتٍ لِّيَبْلُوَكُمْ فِي مَا آتَاكُمْ

إِنَّ رَبَّكَ سَرِيعُ الْعِقَابِ وَإِنَّهُ لَغَفُورٌ رَّحِيمٌ

നിശ്ചയമായും, നിന്റെ രക്ഷിതാവ് വേഗം ശിക്ഷാ നടപടി എടുക്കുന്നവനാകുന്നു; നിശ്ചയമായും, അവൻ വളരെ പൊറുക്കുന്നവനും, കരുണാനിധിയും തന്നെയാണുതാനും.

---

165. وهو അവനത്രെ الذي جعلكم നിങ്ങളെ ആക്കിയവൻ خلائف പിൻഗാമികൾ, പിന്നിലുള്ളവർ മാറി മാറി വരുന്നവർ الأرض ഭൂമിയിലെ ورفع അവൻ ഉയർത്തുകയും ചെയ്തിരിക്കുന്നു بعضكم നിങ്ങളിൽ ചിലരെ فوق بعض ചിലർക്കു മീതെ درجات ചില പദവികൾ ليبلوكم നിങ്ങളെ അവൻ പരീക്ഷണം ചെയ്‌വാൻ വേണ്ടി في ما آتاكم നിങ്ങൾക്കു അവൻ നൽകിയതിൽ إن ربك നിശ്ചയമായും നിന്റെ റബ്ബ് سريع വേഗമുള്ളവനാണു العقاب ശിക്ഷാനടപടി وإنه നിശ്ചയമായും അവൻ لغفور വളരെ പൊറുക്കുന്നവൻ തന്നെ رحيم കരുണാനിധി (യും)

خليفة (ഖലീഫഃ) എന്ന പദത്തിന്റെ ബഹുവചനമാണ് خلائف (ഖലാഇഫ്). ഒരാളുടെ പിന്നിൽ അയാളുടെ സ്ഥാനത്തു വരുന്ന ആൾ എന്നാണു ആ പദത്തിനർത്ഥം. മലയാളത്തിൽ 'പിൻഗാമി' എന്നോ 'പ്രതിനിധി' എന്നോ സന്ദർഭം പോലെ അതിനു വിവർത്തനം നൽകാം. ഒരു തലമുറക്കുശേഷം മറ്റൊരു തലമുറയെയും, ഒരു സമുദായത്തിനു ശേഷം മറ്റൊരു സമുദായത്തെയും നിങ്ങളെ ഭൂമിയിൽ മാറി മാറി വന്നുകൊണ്ടിരിക്കുന്നവരാക്കിയതു അല്ലാഹുവാണ്. എല്ലാവരെയും അവൻ ഒരേ നിലവാരത്തിലുള്ളവരായിട്ടല്ല ആക്കിയിട്ടുള്ളതു. ഉപജീവനമാർഗ്ഗം, ബുദ്ധി, അറിവു, സ്വഭാവഗുണം, കഴിവു, പ്രാപ്തി, രൂപം ആദിയായവയിലും, സ്ഥാനമാനങ്ങളിലുമെല്ലാം ചിലരെ ചിലരെക്കാൾ ഉയർന്നവരും, ചിലരെ താണവരുമാക്കി വെച്ചിരിക്കുകയാണ്. തനിക്കു ലഭിച്ചതിൽ അവരവർ എങ്ങിനെ വർത്തിക്കുന്നുവെന്നും, അതതിനെ ഉപയോഗപ്പെടുത്തുന്നുവെന്നും പരീക്ഷണാർത്ഥം എന്ന സാരം.

خلائف എന്ന വാക്കിനും ഇതേ അർത്ഥത്തിലുള്ള മറ്റൊരു രൂപമായ خلفاء (ഖുലഫാഉ്) എന്ന വാക്കിനും 'പ്രതിനിധികൾ' എന്നർത്ഥം കല്പിച്ചുകൊണ്ടു ഭൂമിയിൽ അല്ലാഹുവിന്റെ ചില അധികാരങ്ങൾ നടപ്പിൽ വരുത്തുവാനായി മനുഷ്യനെ അതിൽ അവന്റെ പ്രതിനിധിയാക്കി വെച്ചിരിക്കയാണെന്നും, ആ അധികാരത്തിൽ ഓരോരുത്തരുടെയും കഴിവും പ്രാപ്തിയും അനുസരിച്ചു ചിലർക്കു ചിലരെക്കാൾ ഉയർച്ചയും ഉണ്ടായിരിക്കുമെന്നുമാണ് ഈ വചനത്തിന്റെ ആശയമെന്ന വരുത്തുന്ന ചില വ്യാഖ്യാനങ്ങൾ ഇവിടെയും, ഇതുപോലെയുള്ള വേറെ ചില സ്ഥലങ്ങളിലും ചിലർ നൽകിക്കാണാം. ഈ അർത്ഥവ്യാഖ്യാനം ശരിയല്ലെന്നും, ഇതു അടിസ്ഥാനരഹിതമായ ഒരു വ്യാഖ്യാനമാണെന്നും അൽബഖറഃ 30-ാം വചനത്തിന്റെ വ്യാഖ്യാനത്തിൽ നാം വിവരിച്ചിട്ടുണ്ട്. ഈ വ്യാഖ്യാനം ശരിയല്ലെന്നു ഇതേ വചനംതന്നെ ശരിക്ക് മനസ്സിരുത്തിയാൽ മനസ്സിലാക്കാം. കൂടാതെ, താഴെ ഉദ്ധരിക്കുന്നതുപോലെയുള്ള വചനങ്ങളിൽ നിന്ന കൂടുതൽ വ്യക്തമാകുകയും ചെയ്യും:—

നിങ്ങളുടെ മുമ്പു പല തലമുറകളെയും അവരുടെ അക്രമം നിമിത്തം നാം നശിപ്പിച്ചു കളഞ്ഞിട്ടുണ്ടെന്ന പറഞ്ഞുകൊണ്ടു സൂ: യൂനുസിൽ അല്ലാഹു പറയുന്നു: ثم جعلناكم خلائف في الأرض من بعدهم (പിന്നീടു അവരുടെശേഷം ഭൂമിയിൽ നിങ്ങളെ നാം 'ഖലാഇഫു'കളാക്കി (യൂനുസ് 14) അതേ സൂറത്തിൽ, നൂഹ് (അ) നബിയോടൊപ്പം കപ്പലിൽ നിന്ന രക്ഷപ്പെട്ടവരെക്കുറിച്ചു പറയുന്നു: ...وجعلناهم خلائف (അവരെ നാം 'ഖലാഇഫു'കളാക്കി. നമ്മുടെ ദൃഷ്ടാന്തങ്ങളെ വ്യാജമാക്കിയവരെ നാം മുക്കി നശിപ്പിക്കയും ചെയ്തു. (യൂനുസ് 73) ഹൂദ് (അ) നബി തന്റെ ജനതയോടു പറഞ്ഞു: .... واذكروا إذ جعلكم خلفاء (നൂഹിന്റെ ജനതക്കു ശേഷം അവൻ നിങ്ങളെ 'ഖുലഫാഉ്' ആക്കിയതു നിങ്ങൾ ഓർക്കുവിൻ (അഅ്റാഫ് 69) ഇതുപോലെ വേറെയും കാണാം. ഇവിടെയൊന്നും അധികാരത്തിലുള്ള പ്രാതിനിധ്യമല്ല ഉദ്ദേശ്യമെന്നും, മുമ്പുള്ളവരുടെ പിൻഗാമിത്വമാണു ഉദ്ദേശ്യമെന്നും പറയേണ്ടതില്ലല്ലോ.

മനുഷ്യൻ സദാ അല്ലാഹുവിന്റെ ശിക്ഷാ നടപടിയെക്കുറിച്ചു ഭയപ്പെട്ടുകൊണ്ടിരിക്കയും, അതോടൊപ്പം അവന്റെ കാരുണ്യത്തിലും അനുഗ്രഹത്തിലും സൽപ്രതീക്ഷയോടു കൂടി [illegible] കയും വേണമെന്ന ഓർമ്മിപ്പിക്കു

കൊണ്ടാണു ഈ സൂറത്തു അല്ലാഹു സമാപിക്കുന്നത്. കാരുണ്യത്തെയും, പാപമോചനത്തെയും സംബന്ധിച്ചു സന്തോഷവാർത്ത അറിയിക്കുന്നതോടൊപ്പം ശിക്ഷയെക്കുറിച്ചു ഭയവാർത്ത അറിയിക്കലും ഖുർആന്റെ ഒരു പതിവാകുന്നു. സൂ: ഹിജ്ർ 49, 50ൽ അല്ലാഹു പറയുന്നു: 'എന്റെ അടിയാന്മാർക്കു വൃത്താന്തമറിയിക്കുക: ഞാൻ തന്നെയാണു വളരെ പൊറുക്കുന്നവനും, കരുണാനിധിയുമെന്നും, എന്റെ ശിക്ഷ തന്നെയാണു വേദനയേറിയ ശിക്ഷയെന്നും.'

നബി (സ) തിരുമേനി അരുളിച്ചെയ്തിരിക്കുന്നു: 'അല്ലാഹുവിന്റെ പക്കലുള്ള ശിക്ഷയെന്താണെന്നു സത്യവിശ്വാസി അറിയുമായിരുന്നെങ്കിൽ, (അവനിൽ) ഒരാളും അവന്റെ സ്വർഗ്ഗത്തിൽ പ്രതീക്ഷവെക്കുമായിരുന്നില്ല. അല്ലാഹുവിന്റെ പക്കലുള്ള കാരുണ്യത്തെപ്പറ്റി അവിശ്വാസി അറിയുമായിരുന്നെങ്കിൽ, (അവനിൽ) ഒരാളും സ്വർഗ്ഗത്തെക്കുറിച്ചു നിരാശപ്പെടുമായിരുന്നില്ല. കാരുണ്യത്തെ അല്ലാഹു നൂറു ഭാഗമാക്കി ഒരു ഭാഗമാണു സൃഷ്ടികളിൽ വെച്ചിരിക്കുന്നത്. അതു മൂലമാണവർ പരസ്പരം കരുണ കാണിച്ചു വരുന്നത്. തൊണ്ണൂറ്റൊമ്പതും അവൻ (പരലോകത്തേക്കായി) സൂക്ഷിച്ചു വെച്ചിരിക്കുകയാണ്.' (അ; തി)

നമ്മെയെല്ലാം അല്ലാഹു അവന്റെ കാരുണ്യത്തിനു പാത്രമാക്കുകയും, അവന്റെ ശിക്ഷയിൽനിന്നു രക്ഷ ലഭിക്കുകയും ചെയ്യുന്ന സൽഭാഗ്യവാന്മാരായ ജനങ്ങളിൽ ഉൾപ്പെടുത്തി അനുഗ്രഹിക്കട്ടെ. ആമീൻ.

[illegible]

(كان الفراغ من تسويد تفسير هذه السورة الشريفة ضحى يوم الجمعة ١٧ محرم الحرام سنة ١٣٩٧ هجرية الموافق ٧٧/١/٧ م،
وكان الفراغ من تبييضه [illegible] من شوال سنة ١٣٩٨ ، الموافق ٧٨/٩/٢١ م) م.ف.

7. സൂറത്തുൽ അഅ്റാഫ്

മക്കായിൽ അവതരിച്ചത് — വചനങ്ങൾ 206 — വിഭാഗം (റുകൂഉ്) 24

ഈ സൂറത്തിലെ 46, 48 വചനങ്ങളിൽ 'അഅ്റാഫു' എന്ന പേരിലുള്ള ഒരു സ്ഥലത്തെക്കുറിച്ചു പ്രസ്താവിക്കുന്നുണ്ട്. അതു നിമിത്തമാണു ഇതിനു 'സൂറത്തുൽ അഅ്റാഫു' എന്നു പേർ വന്നത്. 'ഉന്നത സ്ഥലങ്ങൾ' എന്നാണ് പദാർത്ഥം.

بِسْمِ اللَّهِ الرَّحْمَٰنِ الرَّحِيمِ

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

١- الٓمٓصٓ

1. 'അലിഫ്' - ലാം - മീം - സ്വാദ്'

٢- كِتَابٌ أُنزِلَ إِلَيْكَ فَلَا يَكُن فِي صَدْرِكَ حَرَجٌ مِّنْهُ لِتُنذِرَ بِهِ وَذِكْرَىٰ لِلْمُؤْمِنِينَ

2. (നബിയേ) നിനക്കു അവതരിപ്പിക്കപ്പെട്ടിട്ടുള്ള ഒരു ഗ്രന്ഥമാണ് (ഇതു); അതിനാൽ, നിന്റെ നെഞ്ചിൽ [മനസ്സിൽ] അതിനെക്കുറിച്ചു ഒരു വിഷമവും ഉണ്ടായിരിക്കരുത്; നീ അതു മൂലം (ജനങ്ങളെ) താക്കീതു ചെയ്‌വാൻ വേണ്ടിയും, സത്യവിശ്വാസികൾക്കു ഉപദേശമായിട്ടും.

---

1. المص അലിഫ്- ലാം- മീം- സ്വാദ് 2. كتاب ഒരു ഗ്രന്ഥമാകുന്നു انزل اليك അത് നിന്നിലേക്കു (നിനക്ക) അവതരിപ്പിക്കപ്പെട്ടു فلا يكن അതിനാൽ ഉണ്ടായിരിക്കരുതു في صدرك നിന്റെ നെഞ്ചിൽ (മനസ്സിൽ) حرج ഒരു വിഷമം, പ്രയാസം منه അതു നിമിത്തം, അതു സംബന്ധിച്ചു لتنذر നീ താക്കീതു (മുന്നറിയിപ്പു) നൽകുവാൻ വേണ്ടി به അതുമൂലം, അതുകൊണ്ടു ذكرى ഉപദേശം (സ്മരണ) ആയും للمؤمنين വിശ്വസിക്കുന്നവർക്കു (സത്യവിശ്വാസികൾക്കു)

പ്രാരംഭ വചനത്തിലെ കേവലാക്ഷരങ്ങളെപ്പറ്റി സൂറത്തുൽ ബഖറയുടെ ആരംഭത്തിൽ വിവരിച്ചു കഴിഞ്ഞ കാര്യങ്ങളും ഇവിടെയും ഓർക്കുക. ഈ വേദഗ്രന്ഥവും, അതിലെ സിദ്ധാന്തങ്ങളും പ്രബോധനം ചെയ്യുന്നതിൽ പല

വിഷമങ്ങളും എതിർപ്പുകളും നേരിടേണ്ടി വന്നേക്കാം. അവയെപ്പററി മനസ്സു ഞെരുങ്ങാതെ, ക്ഷമയും, സഹനവും കൈക്കൊണ്ടു കൊണ്ടു പ്രബോധനം തുടർന്നുകൊണ്ടിരിക്കുവാൻ അല്ലാഹു നബി (സ) യോടു ഉപദേശിക്കുകയാണ്. فاصبر كما صبر اولوا العزم من الرسل (റസൂലുകളിലുള്ള ദൃഢമനസ്കരായ ആളുകൾ ക്ഷമിച്ചതുപോലെ ക്ഷമിച്ചു കൊള്ളുക. (46: 35) എന്നു പറഞ്ഞതുപോലെയുള്ള ഒരു ഉപദേശമാവാം ഇതും. അല്ലെങ്കിൽ, ധാരാളം ഉപദേശിക്കുകയും, തെളിവുകൾ നൽകുകയും ചെയ്തിട്ടും നിഷേധത്തിൽതന്നെ ജനങ്ങൾ ശഠിച്ചു നിൽക്കുന്നതിനെപ്പററി കുണ്ഠിതപ്പെടേണ്ടതില്ലെന്നും, ദിവ്യസന്ദേശങ്ങൾ എത്തിച്ചുകൊടുക്കൽ മാത്രമേ തനിക്കു ബാധ്യതയുള്ളുവെന്നും നബി (സ) യെ സമാധാനിപ്പിക്കലുമാവാം ഉദ്ദേശ്യം. ജനങ്ങൾ സത്യം സ്വീകരിക്കാതെ നിഷേധത്തിൽ ശഠിച്ചു നിൽക്കുന്നതിനെപ്പററി നബി (സ) വളരെ വ്യസനത്തിലും മനഃക്ലേശത്തിലുമായിരുന്നുവെന്നും, അത്രയൊന്നും മനോവേദന അനുഭവിക്കേണ്ടുന്ന കാര്യമില്ലെന്നും അല്ലാഹു പലപ്പോഴും നബി (സ) യെ ഉപദേശിക്കാറുള്ളതാകുന്നു. (11: 12; 27: 70 മുതലായവ നോക്കുക.) ഉദ്ദേശ്യം രണ്ടിൽ ഏതായിരുന്നാലും ശരി, വിശ്വസിക്കാത്തവർക്കു ഖുർആൻ മുഖേന താക്കീതു നൽകലും, വിശ്വസിക്കുന്നവർക്കു ഉപദേശം നൽകലുമാണു നബി (സ) ചെയ്യേണ്ടതെന്നുകൂടി ഉണർത്തിയിരിക്കുന്നു. ജനങ്ങളോടായി അല്ലാഹു പറയുന്നു:-

٣- اتَّبِعُوا مَا أُنزِلَ إِلَيْكُم مِّن رَّبِّكُمْ وَلَا تَتَّبِعُوا مِن دُونِهِ أَوْلِيَاءَ ۗ قَلِيلًا مَّا تَذَكَّرُونَ ○

3. നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നു നിങ്ങൾക്കു അവതരിപ്പിക്കപ്പെട്ടിട്ടുള്ളതിനെ നിങ്ങൾ പിൻപററുവിൻ. അവനു പുറമെ നിങ്ങൾ (വേറെ) കാര്യകർത്താക്കളെ പിൻപററുകയും ചെയ്യരുത്.

വളരെ കുറച്ചു (മാത്രം) നിങ്ങൾ ഓർമ്മവെക്കുന്നു!

٤- وَكَم مِّن قَرْيَةٍ أَهْلَكْنَاهَا فَجَاءَهَا بَأْسُنَا بَيَاتًا أَوْ هُمْ قَائِلُونَ ○

4. എത്ര രാജ്യങ്ങളെ (രാജ്യക്കാരെ) യാണു നാം നശിപ്പിച്ചിരിക്കുന്നത്?! അങ്ങനെ, ഒരു നിശാക്രമണമായോ, അല്ലെങ്കിൽ അവർ (രാജ്യക്കാർ) മദ്ധ്യാഹ്നവിശ്രമം കൊള്ളുന്നവരായിരിക്കെയോ നമ്മുടെ ശൗര്യം [ശിക്ഷ] അവർക്കു [ആ രാജ്യക്കാർക്കു] വന്നു.

٥- فَمَا كَانَ دَعْوَاهُمْ إِذْ جَاءَهُم بَأْسُنَا إِلَّا أَن قَالُوا إِنَّا كُنَّا ظَالِمِينَ ○

5. എന്നിട്ടു നമ്മുടെ ശൗര്യം [ശിക്ഷ] അവർക്കു വന്നപ്പോൾ, അവരുടെ (മുറ) വിളിയായിരുന്നില്ല, 'നിശ്ചയമായും, ഞങ്ങൾ അക്രമികളായിരുന്നു' വെന്നു അവർ പറഞ്ഞതല്ലാതെ.

---

3. اتبعوا നിങ്ങൾ പിൻപററുവിൻ ما أنزل അവതരിപ്പിക്കപ്പെട്ടതു إليكم നിങ്ങൾക്കു من ربكم നിങ്ങളുടെ റബ്ബിൽ നിന്നു ولا تتبعوا നിങ്ങൾ പിൻപററുകയും അരുതു من دونه അവനു പുറമെ, അവനെ കൂടാതെ أولياء കാര്യകർത്താക്കളെ قليلا ما ഏതോ (വളരെ) കുറച്ചു (മാത്രം) تذكرون നിങ്ങൾ ഓർമ്മവെക്കുന്നു 4. وكم എത്രയാണു, എത്രയോ من قرية രാജ്യത്തിൽ നിന്നു, രാജ്യമായി أهلكناها നാം അവയെ നശിപ്പിച്ചിരിക്കുന്നു فجاءها എന്നിട്ടു [അങ്ങനെ] അവക്കു ചെന്നു, വന്നു بأسنا നമ്മുടെ ശൗര്യം, ഊക്ക, ശക്തി [ശിക്ഷ] بياتا രാത്രിയിലെ [നിശാ സമയത്തെ] ആക്രമണമായി أو هم അല്ലെങ്കിൽ അവർ ആയിരിക്കെ قائلون മദ്ധ്യാഹ്ന (ഉച്ച) വിശ്രമം കൊള്ളുന്നവർ 5. فما كان എന്നിട്ടു (അപ്പോൾ) ആയിരുന്നില്ല دعواهم അവരുടെ വിളിച്ചുപറയൽ, വാദം إذ جاءهم അവർക്കു വന്നപ്പോൾ بأسنا നമ്മുടെ ശൗര്യം [ശിക്ഷ] إلا أن قالوا അവർ പറഞ്ഞതല്ലാതെ, പറയുകയല്ലാതെ إنا كنا നിശ്ചയമായും നാം (ഞങ്ങൾ) ആയിരുന്നു ظالمين അക്രമികൾ

മുമ്പു എത്രയോ രാജ്യക്കാരെ അവരുടെ അക്രമം നിമിത്തം രാത്രിയിൽ പെട്ടന്നോ, പകലത്തെ ... വിശ്രമവേളയിലോ-അഥവാ ഓർക്കാപ്പുറത്തു-നാം പൊതുശിക്ഷ നൽകി നശിപ്പിക്കുകയുണ്ടായിട്ടുണ്ട്. ശിക്ഷ വരുമ്പോൾ അവരുടെ മുമ്പത്തെ ധിക്കാരമൊന്നും അവർ കാണിച്ചിരുന്നില്ല. ഞങ്ങൾ അക്രമം പ്രവർത്തിച്ചുവല്ലോ എന്നു മുറവിളി കൂട്ടുകയും വിളിച്ചു പ്രാർത്ഥിക്കുകയുമാണവർ ചെയ്തത്. സ്വയം സമ്മതിച്ചു കൊള്ളേണ്ടതായ താൽപര്യം.

6. എന്നാൽ, യാതൊരു കൂട്ടരിലേക്കു (റസൂലുകൾ) അയക്കപ്പെട്ടുവോ അവരോടു നിശ്ചയമായും നാം ചോദ്യം ചെയ്യുന്നതാണ്; (അയക്കപ്പെട്ട) 'മുർസലു'കളോടും നിശ്ചയമായും നാം ചോദ്യം ചെയ്യും.

٦- فَلَنَسْأَلَنَّ الَّذِينَ أُرْسِلَ إِلَيْهِمْ وَلَنَسْأَلَنَّ الْمُرْسَلِينَ ○

7. എന്നിട്ട് അറിഞ്ഞുകൊണ്ടു (തന്നെ) നിശ്ചയമായും, നാം അവർക്കു കഥ വിവരിച്ചുകൊടുക്കുന്നതാണ്. (കാണാതെ) നാം മറഞ്ഞു പോയവരായിരുന്നതുമില്ല.

٧- فَلَنَقُصَّنَّ عَلَيْهِم بِعِلْمٍ وَمَا كُنَّا غَائِبِينَ ○

---

6. فلنسألن എന്നാൽ നിശ്ചയമായും നാം ചോദിക്കും الذين യാതൊരുവരോടു أرسل അയക്കപ്പെട്ടിരിക്കുന്നു إليهم അവരിലേക്കു, അവർക്കു ولنسألن നിശ്ചയമായും നാം ചോദിക്കുകയും ചെയ്യും المرسلين അയക്കപ്പെട്ടവരോടു, മുർസലുകളോട്. 7. فلنقصن എന്നിട്ടു നാം നിശ്ചയമായും വിവരിച്ചു കൊടുക്കും, കഥ പറഞ്ഞുകൊടുക്കുകതന്നെ ചെയ്യും عليهم അവർക്കു بعلم അറിവോടെ, അറിഞ്ഞുകൊണ്ടു وما كنا നാം ആയിരുന്നതുമില്ല غائبين മറഞ്ഞ (കാണാത്ത) വർ.

ഏതെല്ലാം സമുദായങ്ങളിലേക്കു ദിവ്യസന്ദേശങ്ങളുമായി റസൂലുകൾ നിയോഗിക്കപ്പെട്ടിട്ടുണ്ടോ ആ സമുദായങ്ങളെയെല്ലാം തന്നെ അല്ലാഹു ചോദ്യം ചെയ്യാതെ വിടുകയില്ല. മാത്രമല്ല, അവരിലേക്കു അയക്കപ്പെട്ടിരുന്ന റസൂലുകളോടും അവൻ ചോദ്യം ചെയ്യും. ഇഹത്തിൽ അവർ കൈക്കൊണ്ടിരുന്ന നയങ്ങളും നിലപാടുകളും ഇന്നിന്നപ്രകാരമായിരുന്നില്ലേ എന്നു സവിശദം അവൻ അവരെ വിവരിച്ചുകേൾപ്പിക്കും. അവൻ എല്ലാം കണ്ടറിഞ്ഞു കൊണ്ടിരിക്കുകയായിരുന്നു. ഒന്നും അവൻ അറിയാതെയോ, കാണാതെയോ വിട്ടുപോയിട്ടില്ല. എന്നു സാരം. നിങ്ങൾക്കു റസൂലുകൾ വന്നില്ലേ? നിങ്ങൾ അവരെ അനുസരിച്ചുവോ? എന്തുകൊണ്ടു സത്യം സ്വീകരിച്ചില്ല? എന്നൊക്കെ, ജിന്നുകളും മനുഷ്യരുമടക്കം എല്ലാവരോടും അല്ലാഹു ചോദ്യം ചെയ്യുന്നതാണ്. (6:130; 28:65; 16:93 മുതലായവ നോക്കുക) എന്റെ സന്ദേശങ്ങൾ നിങ്ങൾ അവർക്കു എത്തിച്ചും വിവരിച്ചും കൊടുത്തപ്പോൾ അവരിൽനിന്നു എന്തു പ്രതികരണമാണുണ്ടായതു? അവരെന്തുചെയ്തു? എന്നൊക്കെ റസൂലുകളോടും ചോദിക്കപ്പെടും. (5:112) ചോദ്യം ചെയ്യൽ മാത്രമല്ല, ഓരോരുത്തരുടെയും കർമ്മങ്ങൾ കൃത്യവും കണിശവുമായി പരിശോധിച്ചു വിലയിരുത്തുകയും ചെയ്യുമെന്നുകൂടി അല്ലാഹു അറിയിക്കുന്നു:

8. അന്നത്തെ ദിവസം, (കർമ്മങ്ങൾ) തൂക്കൽ യഥാർത്ഥമായുള്ളതത്രെ. അപ്പോൾ, ആരുടെ (നന്മയുടെ) തൂക്കങ്ങൾ ഘനം തൂങ്ങിയോ അക്കൂട്ടർതന്നെയാണ് വിജയികൾ.

٨- وَالْوَزْنُ يَوْمَئِذٍ الْحَقُّ فَمَن ثَقُلَتْ مَوَازِينُهُ فَأُولَٰئِكَ هُمُ الْمُفْلِحُونَ ○

---

8. والوزن തൂക്കം തൂക്കൽ يومئذ ആ ദിവസം الحق യഥാർത്ഥമാകുന്നു فمن അപ്പോൾ ആർ, യാതൊരുവൻ ثقلت ഘനപ്പെട്ടു, ഭാരം തൂങ്ങി موازينه അവന്റെ തൂക്കങ്ങൾ, തുലാസ്സുകൾ فأولئك എന്നാൽ അക്കൂട്ടർ هم المفلحون അവരത്രെ വിജയികൾ

9. ആരുടെ തൂക്കങ്ങള്‍ ലഘുവായോ അക്കൂട്ടര്‍തന്നെയാണു തങ്ങളെത്തന്നെ നഷ്ടപ്പെടുത്തിയവര്‍; (അതെ) നമ്മുടെ ദൃഷ്ടാന്തങ്ങളോടു അവര്‍ അക്രമം പ്രവര്‍ത്തിച്ചുകൊണ്ടിരുന്നതു നിമിത്തം.

وَمَنْ خَفَّتْ مَوَازِينُهُ فَأُولَٰئِكَ الَّذِينَ خَسِرُوا أَنفُسَهُم بِمَا كَانُوا بِآيَاتِنَا يَظْلِمُونَ ○

---

9. من ആര്‍, ഏതൊരുവന്‍ خفت ലഘുവായി موازينه അവന്റെ തൂക്കങ്ങള്‍ فأولئك എന്നാല്‍ അക്കൂട്ടര്‍ الذين خسروا നഷ്ടപ്പെടുത്തിയവരാണു, നഷ്ടപ്പെട്ടവരാണു انفسهم തങ്ങളുടെ സ്വന്തങ്ങളെ, തങ്ങളെത്തന്നെ بما كانوا അവരായിരുന്നതു നിമിത്തം بآياتنا നമ്മുടെ ദൃഷ്ടാന്തങ്ങളെക്കൊണ്ടു, ദൃഷ്ടാന്തങ്ങളോടു يظلمون അക്രമം പ്രവര്‍ത്തിക്കും.

ഖിയാമത്തു നാളില്‍ എല്ലാവരുടെയും കര്‍മ്മങ്ങള്‍ തൂക്കികണക്കാക്കപ്പെടുമെന്നും, നന്മക്ക് മുന്‍തൂക്കമുള്ളവര്‍ വിജയികളും, പിന്‍തൂക്കമുള്ളവര്‍ നഷ്ടക്കാരുമായിരിക്കുമെന്നും ഖുര്‍ആനില്‍ അനേകം സ്ഥലത്തു പ്രസ്താവിച്ചു കാണാം. ഒരു സ്ഥലത്തു പറയുന്നു: ونضع الموازين القسط ليوم القيمة ... (സാരം: ഖിയാമത്തു നാളില്‍ നീതിയുള്ള തുലാസ്സുകളെ നാം സ്ഥാപിക്കും. അതിനാല്‍, ഒരാളോടും യാതൊന്നും അനീതിയും ചെയ്യപ്പെടുകയില്ല. ഒരു കടുകുമണിത്തൂക്കമായിരുന്നാലും നാമതുകൊണ്ടു വരുന്നതാണ്. (സൂ: അമ്പിയാഉ്: 47)

എന്നാല്‍, കര്‍മ്മങ്ങളെ തൂക്കുന്ന ഈ തുലാസ്സിനെയും, അതിന്റെ തൂക്കത്തെയും സംബന്ധിച്ചു–പരലോകത്തെ മറ്റെല്ലാ വസ്തുക്കളെയും പോലെത്തന്നെ–അതു ഏതുപ്രകാരത്തിലുള്ളതായിരിക്കുമെന്നു നമുക്കു തിട്ടപ്പെടുത്തുവാന്‍ സാദ്ധ്യമല്ല. ഭൗതിക പ്രകൃതിയില്‍നിന്നു തികച്ചും വ്യത്യസ്തമായ പ്രകൃതി ചട്ടങ്ങളാണ് പരലോകത്തിലുള്ളതെന്നും, അല്ലാഹു സര്‍വ്വശക്തനും സര്‍വ്വജ്ഞനുമാണെന്നും, അല്ലാഹുവും അവന്റെ റസൂലും പറയുന്നതെല്ലാം സത്യമായിരിക്കുമെന്നും വിശ്വാസമുള്ളവരെ സംബന്ധിച്ചിടത്തോളം അതില്‍ വല്ല സംശയത്തിനോ അത്ഭുതത്തിനോ അവകാശമില്ല. മനുഷ്യബുദ്ധിക്കോ, ഭൗതിക ശാസ്ത്രങ്ങള്‍ക്കോ രൂപപ്പെടുത്തുവാന്‍ കഴിയാത്തതാണത്. പദാര്‍ത്ഥങ്ങളല്ലാത്ത കര്‍മ്മങ്ങള്‍–എങ്ങിനെ തൂക്കികണക്കാക്കുമെന്നു മനസ്സില്‍ രൂപപ്പെടുത്തുവാന്‍ കഴിയായ്ക നിമിത്തം ചില ആളുകള്‍ ഇതിനു അവരുടെ വകയായ ചില വ്യാഖ്യാനങ്ങള്‍ നല്‍കി തൃപ്തി അടയുകയുണ്ടായിട്ടുണ്ട്. തുലാസ്സുകൊണ്ടുദ്ദേശ്യം അല്ലാഹുവിന്റെ നീതിയാണെന്നും, തൂക്കല്‍കൊണ്ടുദ്ദേശ്യം നീതി പാലിക്കലാണെന്നും ചിലര്‍ പറയുമ്പോള്‍, വേറെ ചിലര്‍ പറയുന്നത് മലക്കുകളാല്‍ എഴുതി രേഖപ്പെടുത്തപ്പെട്ട കര്‍മ്മരേഖകളായിരിക്കും തൂക്കപ്പെടുക എന്നാകുന്നു. മറ്റു ചിലര്‍ക്കു അവരുടേതായ വേറെ ചില വ്യാഖ്യാനങ്ങളും പറയുവാനുണ്ട്.

ഇന്നത്തെ ശാസ്ത്രീയ നേട്ടങ്ങളും, അളവും, തൂക്കവും കണക്കാക്കുവാന്‍ നിലവിലുള്ള ശാസ്ത്രീയമായ പലതരം മാപിനി യന്ത്രങ്ങളും നോക്കുമ്പോള്‍, അത്തരം വ്യാഖ്യാനങ്ങള്‍ക്കൊന്നും യാതൊരാവശ്യവുമില്ലപോലും. ചൂട്, തണുപ്പ്, കാറ്റിന്റെ ഗതിവിഗതി, വൈദ്യുതി, യന്ത്രങ്ങളുടെ പ്രവര്‍ത്തന ശക്തി, ഇന്ധനത്തിന്റെ ഊര്‍ജ്ജം, ശബ്ദം ആദിയായ മുന്‍കാലത്തു ഊഹിക്കുവാന്‍പോലും കഴിയാതിരുന്ന പലതിന്റെയും അളവു കണക്കാക്കുവാന്‍ ഇന്നു യന്ത്രങ്ങളുണ്ട്. ഇനിയും എന്തെല്ലാം കണ്ടുപിടിക്കപ്പെടുവാനിരിക്കുന്നുവെന്നു ആര്‍ക്കറിയാം?! എന്നിരിക്കെ, ഇതെല്ലാം കണ്ടുപിടിക്കുന്ന മനുഷ്യരെയും, ആ കണ്ടുപിടുത്തങ്ങള്‍ക്കുള്ള അവരുടെ കഴിവിനെയും സാഹചര്യങ്ങളെയും സൃഷ്ടിച്ച സര്‍വ്വശക്തനു മനുഷ്യന്റെ നന്മതിന്മകളാകുന്ന കര്‍മ്മങ്ങളെ തൂക്കികണക്കാക്കുവാനുണ്ടോ വല്ല പ്രയാസവും?! ആലോചിച്ചു നോക്കുക! അപ്പോള്‍– മുന്‍ഗാമികളായ മഹാന്മാര്‍ ചെയ്തിരുന്നതുപോലെ– ഖിയാമത്തുനാളില്‍ നന്മതിന്മകളെ തൂക്കുന്ന ഒരു തുലാസ്സു യഥാര്‍ത്ഥത്തില്‍ ഉണ്ടെന്നും, അതിനെപ്പറ്റി അല്ലാഹുവും അവന്റെ റസൂലും പറഞ്ഞു തന്നതെല്ലാം സത്യമാണെന്നും, നമുക്കു സുദൃഢമായി വിശ്വസിക്കാം. അതിന്റെ രൂപ–വലുപ്പം മുതലായ വിശദവിവരങ്ങള്‍ നമ്മുടെ അറിവിനും അനുഭവത്തിനും അതീതമാകകൊണ്ട് അവയെപ്പറ്റി നമുക്കു മൗനമവലംബിക്കുകയും ചെയ്യാം. والله اعلم

10. തീർച്ചയായും, നാം നിങ്ങൾക്കു ഭൂമിയിൽ സൗകര്യപ്പെടുത്തിയിട്ടുണ്ട്; നിങ്ങൾക്കു അതിൽ നാം (പല) ജീവിത മാർഗ്ഗങ്ങളെ ഏർപ്പെടുത്തുകയും ചെയ്തിരിക്കുന്നു. വളരെ കുറച്ചു (മാത്രം) നിങ്ങൾ നന്ദി ചെയ്യുന്നു!

١٠- وَلَقَدْ مَكَّنَّاكُمْ فِي الْأَرْضِ وَجَعَلْنَا لَكُمْ فِيهَا مَعَايِشَ ۗ قَلِيلًا مَا تَشْكُرُونَ ○ ع

---

10. وَلَقَدْ തീർച്ചയായും مَكَّنَّاكُمْ നിങ്ങൾക്കു നാം സൗകര്യപ്പെടുത്തിയിട്ടുണ്ടു فِي الْأَرْضِ ഭൂമിയിൽ وَجَعَلْنَا നാം ആക്കുക (ഏർപ്പെടുത്തുക)യും ചെയ്തിരിക്കുന്നു لَكُمْ നിങ്ങൾക്കു فِيهَا അതിൽ مَعَايِشَ ജീവിത മാർഗ്ഗങ്ങളെ قَلِيلًا مَا എന്തോ (വളരെ) കുറച്ചു تَشْكُرُونَ നിങ്ങൾ നന്ദി കാണിക്കുന്നു

യഥേഷ്ടം വിഹരിക്കുവാനും, ഇഷ്ടപ്പെട്ട ജീവിത മാർഗ്ഗങ്ങൾ അന്വേഷിച്ചു കണ്ടെത്തുവാനുമുള്ള സൗകര്യങ്ങൾ അല്ലാഹു മനുഷ്യർക്കു ഈ ഭൂമിയിൽ നൽകിയിട്ടുണ്ട്. എന്നിട്ടും അവർ വേണ്ടതുപോലെയില്ലെങ്കിൽ കഴിവനുസരിച്ചെങ്കിലും നന്ദി കാണിക്കുന്നില്ലെന്നാണു അല്ലാഹു പറയുന്നത്. അതെ, وَإِن تَعُدُّوا نِعْمَتَ اللَّهِ لَا تُحْصُوهَا إِنَّ الْإِنسَانَ لَظَلُومٌ كَفَّارٌ (അല്ലാഹുവിന്റെ അനുഗ്രഹം നിങ്ങൾ എണ്ണിയാൽ അതു നിങ്ങൾ കണക്കാക്കുകയില്ല. നിശ്ചയമായും, മനുഷ്യൻ അക്രമിയും നന്ദികെട്ടവനും തന്നെ. (14:34) മനുഷ്യരുടെ പൊതുനിലയാണ് ഈ വാക്യത്തിൽ അല്ലാഹു ചൂണ്ടിക്കാട്ടുന്നത്.

വിഭാഗം-2

11. തീർച്ചയായും, നാം നിങ്ങളെ സൃഷ്ടിക്കുകയുണ്ടായി; പിന്നീടു നിങ്ങളെ നാം രൂപപ്പെടുത്തി; പിന്നെ, മലക്കുകളോടു നാം പറഞ്ഞു: 'നിങ്ങൾ ആദമിനു 'സുജൂദു' ചെയ്യുവിൻ.' എന്നിട്ട് അവർ 'സുജൂദു' ചെയ്തു–ഇബ്‌ലീസ് ഒഴികെ. അവൻ 'സുജൂദു' ചെയ്തവരുടെ കൂട്ടത്തിൽ ആയില്ല. [സുജൂദു ചെയ്തില്ല]

١١- وَلَقَدْ خَلَقْنَاكُمْ ثُمَّ صَوَّرْنَاكُمْ ثُمَّ قُلْنَا لِلْمَلَائِكَةِ اسْجُدُوا لِآدَمَ فَسَجَدُوا إِلَّا إِبْلِيسَ لَمْ يَكُن مِّنَ السَّاجِدِينَ ○

---

11. وَلَقَدْ തീർച്ചയായും ഉണ്ടു خَلَقْنَاكُمْ നിങ്ങളെ നാം സൃഷ്ടിച്ചു ثُمَّ صَوَّرْنَاكُمْ പിന്നെ നിങ്ങളെ നാം രൂപപ്പെടുത്തി ثُمَّ قُلْنَا പിന്നെ നാം പറഞ്ഞു لِلْمَلَائِكَةِ മലക്കുകളോടു اسْجُدُوا നിങ്ങൾ സുജൂദു ചെയ്യുവിൻ لِآدَمَ ആദമിനു فَسَجَدُوا എന്നിട്ടു അവർ സുജൂദു ചെയ്തു إِلَّا إِبْلِيسَ ഇബ്‌ലീസു ഒഴികെ لَمْ يَكُن അവൻ ആയില്ല, ആയിരുന്നില്ല مِنَ السَّاجِدِينَ സുജൂദു ചെയ്ത (ചെയ്യുന്ന)വരിൽ (പെട്ടവൻ)

മനുഷ്യവർഗ്ഗത്തിനു ഭൂമിയിൽ അല്ലാഹു പല സൗകര്യങ്ങളും ഏർപ്പെടുത്തിക്കൊടുത്ത് അനുഗ്രഹിച്ചതിനെ ഓർമ്മിപ്പിച്ചശേഷം, ഉത്ഭവം മുതൽക്കേ ആ വർഗ്ഗത്തെ അവൻ ഉൽകൃഷ്ടമാക്കി വെച്ചിട്ടുണ്ടെന്നും, അതോടൊപ്പം തന്നെ, അവന്റെ ഉൽകൃഷ്ടതയിലുള്ള അസൂയ കാരണം അവനൊരു ആജീവനാന്ത ശത്രുകൂടി ഉണ്ടെന്നും അല്ലാഹു ഓർമ്മിപ്പിക്കുന്നു.

മനുഷ്യ പിതാവായ ആദം (അ) നബിക്കു മലക്കുകളോടു സുജൂദു ചെയ്‌വാൻ കല്പിച്ച സംഭവം അൽബഖറ, ഹിജ്ർ, ഇസ്റാഉ്, അൽകഹ്ഫ്, ത്വാഹാ, സ്വാദു എന്നീ സൂറത്തുകളിലും ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. താരതമ്യേന സ്വാദിലും, ഹിജ്റിലും കൂടുതൽ വിശദീകരണം കാണാമെങ്കിലും അധിക വിശദീകരണം ഈ സൂറത്തിലാണുള്ളത്. ആദ്യം നിങ്ങളെ–അഥവാ മനുഷ്യരെ–സൃഷ്ടിക്കുകയും രൂപപ്പെടുത്തുകയും ചെയ്തുവെന്ന് പ്രസ്താവിച്ച ശേഷമാണു 'പിന്നെ

നാം മലക്കുകളോടു പറഞ്ഞു (ثُمَّ قُلْنَا) എന്നു പറഞ്ഞതുകൊണ്ടാണ് ആ സംഭവം അല്ലാഹു ഇവിടെ വിവരിക്കുന്നത്. അതുകൊണ്ടു മനുഷ്യരെ സൃഷ്ടിച്ച ശേഷമാണ് ആദം (അ) നബിക്കു സുജൂദു ചെയ്വാനുള്ള കല്പനയുണ്ടായതെന്നു ധരിക്കേണ്ടതില്ല. മനുഷ്യവർഗ്ഗത്തിന്റെ ആദ്യപിതാവായ ആദം (അ) നബിയെ സൃഷ്ടിച്ചു രൂപപ്പെടുത്തിയ ഉടനെ—മറ്റു മനുഷ്യരൊന്നും സൃഷ്ടിക്കപ്പെടുന്നതിനു മുമ്പായി—തന്നെ നടന്നതാണ് ആ സംഭവമെന്നു മറ്റു സൂറത്തുകളിൽ നിന്നു സ്പഷ്ടമാണ്. പൂർവ്വപിതാക്കളിൽ കഴിഞ്ഞുപോയ സംഭവങ്ങളെക്കുറിച്ചു നിലവിലുള്ള ജനങ്ങളോടു പറയുമ്പോൾ, അവരെ അഭിമുഖീകരിച്ചു കൊണ്ടു, അവരിൽ കഴിഞ്ഞതാണെന്നു പ്രത്യക്ഷത്തിൽ തോന്നിയേക്കാവുന്ന രൂപത്തിലുള്ള ശൈലി ഉപയോഗിച്ചുകൊണ്ടു വിവരിക്കുക ഭാഷാസാഹിത്യങ്ങളിലെ പതിവാകുന്നു. ഈ പതിവു ഖുർആനിലും കാണാം. ഉദാഹരണമായി: ഖുർആൻ അവതരിക്കുന്ന കാലത്തുള്ള ഇസ്രാഈല്യരെ അഭിമുഖീകരിച്ചുകൊണ്ട് وَرَفَعْنَا فَوْقَكُمُ الطُّورَ (നിങ്ങളുടെ മീതെ നാം പർവ്വതത്തെ ഉയർത്തി) എന്നും نَجَّيْنَاكُم مِّنْ آلِ فِرْعَوْنَ (നിങ്ങളെ ഫിർഔന്റെ കൂട്ടരിൽനിന്നു നാം രക്ഷപ്പെടുത്തി) എന്നും മറ്റും ഖുർആനിൽ സാധാരണ കാണാറുള്ളതാണ്. വാസ്തവത്തിൽ പർവ്വതം ഉയർത്തലും, ഫിർഔനിൽനിന്നുള്ള രക്ഷപ്പെടുത്തലും വളരെ കാലം മുമ്പ് അവരുടെ പൂർവ്വികൻമാരിൽ കഴിഞ്ഞുപോയ സംഭവങ്ങളാണല്ലോ.

ഈ സുജൂദു കൊണ്ടുള്ള വിവക്ഷ, അതിന്റെ താല്പര്യം, ആദിയായ വിഷയങ്ങളെപ്പറ്റി അൽബഖറഃ 34ന്റെയും, സ്വാദ് 71—74ന്റെയും വ്യാഖ്യാനത്തിലും മറ്റുമായി നിലയിൽ അവിടെ വിവരിച്ചിരിക്കകൊണ്ട് ഇവിടെ ആവർത്തിക്കുന്നില്ല. ഒരു സംഗതി ഇവിടെ പ്രത്യേകം ഓർമ്മിപ്പിക്കുന്നു: ആദം (അ) നബിക്കു മലക്കുകൾ സുജൂദു ചെയ്തതു, ഇബ്ലീസ് അതിനു വിസമ്മതിച്ചതു, അവൻ അതിനെത്തുടർന്നു മനുഷ്യവർഗ്ഗത്തിന്റെ ശത്രുവായിത്തീർന്നത്, അവന്റെ ദുർമ്മന്ത്രം കാരണം ആദം (അ) [illegible] നിന്നും പുറത്തുപോകേണ്ടി വന്നതും, ഭൂവാസം തുടങ്ങിയതു എന്നിവയൊക്കെ യഥാർത്ഥത്തിൽ [illegible] സംഭവിച്ചിട്ടുള്ള സംഭവങ്ങളാണെന്നു അവയെ സംബന്ധിച്ച ഖുർആന്റെ പ്രസ്താവനകളിൽനിന്നു [illegible] ഈ സൂറത്തിലെ തുടർന്നുള്ള പ്രസ്താവനകളിൽനിന്നു വിശേഷിച്ചും ആർക്കും നിസ്സംശയം [illegible] ആണ്. പക്ഷേ, ഹൃദയത്തിൽ ചില ദുരുദ്ദേശങ്ങളും താൽപര്യങ്ങളും ഒളിച്ചുവെക്കുകയും, അതനുസരിച്ചു [illegible] കൊപ്പിച്ചു ഖുർആനെ വ്യാഖ്യാനിക്കുവാൻ ധാർഷ്ട്യം കാണിക്കുകയും ചെയ്യുന്ന ചിലർ, അവ [illegible] രൂപത്തിലുള്ള ചില സങ്കല്പ കഥകളാണെന്നു വരുത്തിത്തീർക്കുവാൻ ശ്രമിച്ചു കാണാം. അതിനെപ്പറ്റി സൂറത്തുൽ ബഖറഃ 39-ാം ആയത്തിന്റെ ശേഷം കൊടുത്തിട്ടുള്ള വ്യാഖ്യാനക്കുറിപ്പിൽ ഒരു നിരൂപണം മുമ്പു നൽകിയിട്ടുണ്ട്.

12. അവൻ [അല്ലാഹു] പറഞ്ഞു: 'നിന്നോടു ഞാൻ കല്പിച്ചപ്പോൾ നീ 'സുജൂദു' ചെയ്യാതിരിക്കുവാൻ (ഏതൊരു വസ്തു) നിന്നെ തടസ്സപ്പെടുത്തിയതെന്താണു?'

അവൻ പറഞ്ഞു: 'ഞാൻ അവനെ [ആദമിനെ]ക്കാൾ ഉത്തമനാകുന്നു; എന്നെ നീ അഗ്നിയിൽ നിന്നു സൃഷ്ടിച്ചിരിക്കുന്നു; അവനെ നീ കളിമണ്ണിൽനിന്നും സൃഷ്ടിച്ചിരിക്കുന്നു. [ഇതാണു തടസ്സം]'[1]

قَالَ مَا مَنَعَكَ أَلَّا تَسْجُدَ إِذْ أَمَرْتُكَ ۖ قَالَ أَنَا خَيْرٌ مِّنْهُ خَلَقْتَنِي مِن نَّارٍ وَخَلَقْتَهُ مِن طِينٍ ○

---

12. قَالَ അവൻ പറഞ്ഞു مَا مَنَعَكَ നിന്നെ തടസ്സപ്പെടുത്തിയതെന്തു, എന്താണു നിന്നെ മുടക്കിയതു أَلَّا تَسْجُدَ നീ സുജൂദു ചെയ്യാതിരിക്കുവാൻ إِذْ أَمَرْتُكَ നിന്നോടു ഞാൻ കല്പിച്ചപ്പോൾ, കല്പിച്ച സന്ദർഭത്തിൽ قَالَ അവൻ പറഞ്ഞു أَنَا خَيْرٌ ഞാൻ ഉത്തമനാകുന്നു مِّنْهُ അവനെക്കാൾ خَلَقْتَنِي എന്നെ നീ സൃഷ്ടിച്ചിരിക്കുന്നു مِن نَّارٍ അഗ്നിയിൽനിന്നു وَخَلَقْتَهُ അവനെ നീ സൃഷ്ടിച്ചിരിക്കുന്നു مِن طِينٍ കളിമണ്ണിൽനിന്നു

---

1 ഇബ്ലീസു ജിന്നു വർഗ്ഗത്തിൽ പെട്ടവനാണ്. (18 : 50) എന്നാലും ആ കല്പന അവനും ബാധകമായിരുന്നു. അവന്റെ അസൂയയും, അഹന്തയും, ധിക്കാരവും അവനെ സുജൂദു ചെയ്വാൻ അനുവദിച്ചില്ല. അവൻ പറഞ്ഞ ന്യായം—താൻ തീയിൽ നിന്നും ആദമിനെ മണ്ണിൽ നിന്നും സൃഷ്ടിച്ചതായിരിക്കെ, താൻ ആദമിനെക്കാൾ ഉത്തമനാണെന്നും, അതുകൊണ്ടു താൻ ആദമിനു സുജൂദ് ചെയ്യേണ്ടതില്ലെന്നുമുള്ള വാദം—ശരിയായിരുന്നാൽ തന്നെയും

അല്ലാഹുവിന്റെ കല്പന അവൻ അനുസരിക്കേണ്ടതായിരുന്നു. എന്തു മൂല വസ്തുവിൽ നിന്നാണ് സൃഷ്ടിക്കപ്പെട്ടത് എന്നുള്ളതിനെക്കാൾ വസ്തുക്കളുടെ ഗുണവും, സവിശേഷതയുമാണ് പരിഗണിക്കപ്പെടേണ്ടതെന്ന് അവൻ ആലോചിച്ചില്ല. അവൻ പറഞ്ഞ ന്യായമനുസരിച്ച് സുജൂദ് ചെയ്യാതിരിക്കുവാൻ അവനെക്കാൾ അർഹത മലക്കുകൾക്കായിരുന്നുവെന്നും അവൻ ആലോചിച്ചില്ല. അവർ പ്രകാശത്താൽ സൃഷ്ടിക്കപ്പെട്ടവരാണല്ലോ.

മനുഷ്യവർഗ്ഗം മണ്ണിനാലും, ജിന്നു വർഗ്ഗം തീയിനാലുമാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെന്നു ഖുർആനിൽ നിന്നു വ്യക്തമാണ്. മലക്കുകൾ പ്രകാശത്തിൽ നിന്നാണു സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെന്നു ആയിശ (റ) യിൽ നിന്നു ഇമാം മുസ്‌ലിം (റ) ഉദ്ധരിച്ച ഒരു ഹദീസിൽ നബി (സ) യും വ്യക്തമാക്കിയിരിക്കുന്നു.

13. അവൻ [അല്ലാഹു] പറഞ്ഞു: 'എന്നാൽ ഇതിൽ നിന്നു നീ ഇറങ്ങിപ്പോകുക! കാരണം, ഇതിൽ വെച്ച് അഹംഭാവം നടിക്കുവാൻ നിനക്കു പാടില്ല. ആകയാൽ, പുറത്തു പോകുക! നിശ്ചയമായും, നീ നിസ്സാരൻമാരിൽ പെട്ടവനാകുന്നു'.

١٣- قَالَ فَاهْبِطْ مِنْهَا فَمَا يَكُونُ لَكَ أَن تَتَكَبَّرَ فِيهَا فَاخْرُجْ إِنَّكَ مِنَ الصَّاغِرِينَ ۝

14. അവൻ പറഞ്ഞു: 'അവർ [മനുഷ്യർ] എഴുന്നേൽപിക്കപ്പെടുന്ന [പുനരുത്ഥാന] ദിവസം വരെ എനിക്ക നീ (അവധി തന്നു) ഒഴിവു നൽകേണമേ!'

١٤- قَالَ أَنظِرْنِي إِلَىٰ يَوْمِ يُبْعَثُونَ ۝

15. അവൻ [അല്ലാഹു] പറഞ്ഞു 'നിശ്ചയമായും, നീ ഒഴിവു നൽകപ്പെട്ടവരിൽ പെട്ടവനാണ്'.

١٥- قَالَ إِنَّكَ مِنَ الْمُنظَرِينَ ۝

---

13. قال അവൻ പറഞ്ഞു فاهبط എന്നാൽ നീ ഇറങ്ങിപ്പോകുക منها ഇതിൽ (ഇവിടത്തിൽ) നിന്നു فما يكون എന്നാൽ (കാരണം) ആകുകയില്ല (പാടില്ല) لك നിനക്ക أن تتكبر നീ അഹംഭാവം നടിക്കൽ فيها ഇതിൽ, ഇവിടത്തിൽ فاخرج അതിനാൽ പുറത്തു പോകുക إنك നിശ്ചയമായും നീ من الصاغرين ചെറിയവരി (നിസ്സാരൻമാരി) ൽ പെട്ടവനാണ് 14. قال അവൻ പറഞ്ഞു أنظرني എന്നെ നീ കാത്തുവെച്ചു (ഒഴിവാക്കി)തരേണം, അവധി നൽകണേ إلى يوم ദിവസംവരെ يبعثون അവർ എഴുന്നേൽപിക്കപ്പെടുന്ന 15. قال അവൻ പറഞ്ഞു إنك നിശ്ചയമായും നീ من المنظرين കാത്തുവെക്ക (ഒഴിവാക്ക)പ്പെട്ടവരിൽ പെട്ട (വനാണ്)

ഇബ്‌ലീസിന്റെ അഹന്ത നിമിത്തം അവനോടു സ്വർഗ്ഗത്തിൽ നിന്നു പുറത്തു പോകുവാൻ അല്ലാഹു കല്പിച്ചു. ഇപ്പോഴെങ്കിലും അവനു ഖേദം തോന്നുകയുണ്ടായില്ല. മനുഷ്യരുടെ ജീവിതം അവസാനിച്ച് ഖിയാമത്തുനാളിൽ അവർ രണ്ടാമതു ജീവിപ്പിക്കപ്പെടുന്നതുവരെ തനിക്കു ആയുഷ്കാലം നീട്ടിത്തരണമെന്ന് അപേക്ഷിക്കുകയാണു ചെയ്തത്. ഇതിന്റെ ആശയം സ്പഷ്ടമാണ്; മനുഷ്യവർഗ്ഗം നിലനിൽക്കുന്ന കാലത്തോളം അവരെ വഞ്ചിക്കുവാനും, വഴിപിഴപ്പിക്കുവാനും തനിക്ക അവസരം ഉണ്ടാവണം. അതോടുകൂടി, രണ്ടാമത്തെ ജീവിതത്തിനുശേഷം പിന്നീടു ആർക്കും മരണമില്ലാത്ത സ്ഥിതിക്കു മരണത്തിൽ നിന്നു തനിക്കു രക്ഷപ്രാപിക്കുകയും ചെയ്യാമെന്നു അവൻ കരുതിയിരിക്കാം. اهبط منها (ഇതിൽ നിന്നു ഇറങ്ങിപ്പോകുക) എന്നു പറഞ്ഞതിന്റെ ഉദ്ദേശ്യം സ്വർഗ്ഗത്തിൽനിന്ന് എന്നോ, ആകാശത്തിൽനിന്ന് എന്നോ, മലക്കുകളുടെ കൂട്ടത്തിൽ നിന്ന് എന്നോ ആയിരിക്കാവുന്നതാകുന്നു. الله أعلم

ഒഴിവ് കൊടുക്കുവാനുള്ള ഇബ്‌ലീസിന്റെ അപേക്ഷ അല്ലാഹു സ്വീകരിച്ചു. ഏത് കാലം വരെയാണ് ഒഴിവു കൊടുത്തതെന്നു ഇവിടെ അല്ലാഹു വ്യക്തമാക്കിയിട്ടില്ല. എന്നാൽ, സൂ: ഹിജ്‌റിലും, സൂ: സ്വാദിലും فإنك من المنظرين إلى يوم الوقت المعلوم (അറിയപ്പെട്ട സമയത്തിന്റെ ദിവസംവരെ നീ ഒഴിവു നൽകപ്പെട്ടവനാകുന്നു)

എന്നാണു പറഞ്ഞിരിക്കുന്നത്. ഒന്നാമത്തെ കാഹളമൂത്തിനെത്തുടർന്നു സൃഷ്ടികളെല്ലാം നശിക്കുന്ന ദിവസം വരെ എന്നത്രെ. അവൻ ചോദിച്ചതാകട്ടെ, –ചില വ്യാഖ്യാതാക്കൾ പറയുന്നതുപോലെ– രണ്ടാമത്തെ കാഹളം ഊതിയതിനെത്തുടർന്നു പുനരുത്ഥാനം ചെയ്യുന്ന ദിവസംവരെ എന്നായിരുന്നു. അവൻെറ മുഖ്യലക്ഷ്യം സാധിക്കപ്പെട്ടില്ലെങ്കിലും ഒന്നാമത്തെ അവസരം – മനുഷ്യനുള്ള കാലംവരെ അവനെ വഞ്ചിക്കുവാനുള്ള അവസരം – അവനു സാധിച്ചു കിട്ടി. അല്ലാഹു കണക്കാക്കിവെച്ച അതിമഹത്തായ ഒരു യുക്തി രഹസ്യമത്രെ അതു. മനുഷ്യനെ സംബന്ധിച്ചിടത്തോളം, അവൻെറ വിജയത്തിനും പുരോഗതിക്കും അനുകൂലമായ സാഹചര്യങ്ങൾ മാത്രമുള്ള നിലയിലാണെങ്കിൽ, മനുഷ്യജീവിതം കേവലം യാന്ത്രികമായിരിക്കും. നേരെമറിച്ച് കനത്ത പ്രതികൂല ശക്തി ഉണ്ടായിരിക്കുകയും, അതിനോട് മല്ലിട്ടുകൊണ്ട് മുന്നേറുകയും ചെയ്യുമ്പോഴായിരിക്കും അതു മനുഷ്യൻെറ യഥാർത്ഥ പുരോഗതിയും സാക്ഷാൽ വിജയവുമായിത്തീരുന്നത്. അല്ലാഹു ഇബ്‌ലീസിനു ആയുഷ്കാലം നീട്ടിക്കൊടുത്തപ്പോൾ അവൻ പറഞ്ഞത് നോക്കുക:

١٦- قَالَ فَبِمَآ أَغْوَيْتَنِى لَأَقْعُدَنَّ لَهُمْ صِرَٰطَكَ ٱلْمُسْتَقِيمَ ○

16. അവൻ [ഇബ്‌ലീസ്] പറഞ്ഞു: 'എന്നാൽ, നീ എന്നെ വഴിപിഴവിലാക്കിയിരിക്കകൊണ്ടു തീർച്ചയായും, നിൻെറ ചൊവ്വായ പാതയിൽ അവർക്കായി ഞാൻ (കാത്ത്) ഇരിക്കുക തന്നെ ചെയ്യും;

١٧- ثُمَّ لَءَاتِيَنَّهُم مِّنۢ بَيْنِ أَيْدِيهِمْ وَمِنْ خَلْفِهِمْ وَعَنْ أَيْمَٰنِهِمْ وَعَن شَمَآئِلِهِمْ ۖ وَلَا تَجِدُ أَكْثَرَهُمْ شَٰكِرِينَ ○

17. പിന്നെ, അവരുടെ മുമ്പിലൂടെയും, അവരുടെ പിമ്പിലൂടെയും, അവരുടെ വലഭാഗത്തു നിന്നും അവരുടെ ഇടഭാഗത്തു നിന്നും ഞാൻ അവരുടെ അടുക്കൽ ചെല്ലുകതന്നെ ചെയ്യും; അവരിൽ അധികമാളെയും നന്ദി കാണിക്കുന്നവരായി നീ കണ്ടെത്തുന്നതുമല്ല.

---

16. قال അവൻ പറഞ്ഞു فبما أغويتني എന്നാൽ നീ എന്നെ വഴിപിഴവിലാക്കിയ (വഴി തെറ്റിയവനാക്കിയ)തു കൊണ്ടു لأقعدن തീർച്ചയായും ഞാൻ ഇരിക്കുക തന്നെ ചെയ്യും لهم അവർക്കുവേണ്ടി, അവർക്കായി صراطك നിൻെറ പാതയിൽ المستقيم ചൊവ്വായ 17. ثم പിന്നെ لآتينهم ഞാൻ അവരുടെ അടുക്കൽ ചെല്ലുക തന്നെ ചെയ്യും من بين أيديهم അവരുടെ കൈകൾക്കിടയിലൂടെ (മുമ്പിലൂടെ) ومن خلفهم അവരുടെ പിമ്പിലൂടെയും وعن أيمانهم അവരുടെ വലതുകളിലായും, വലവശത്തും وعن شمائلهم അവരുടെ ഇടതുകളിലായും, ഇടവശത്തും ولا تجد നീ കണ്ടെത്തുകയുമില്ല (കാണുകയുമില്ല) أكثرهم അവരിൽ അധികമാളുകളെ شاكرين നന്ദി കാണിക്കുന്നവരായിട്ടു

ഈ മനുഷ്യ വർഗ്ഗത്തിൻെറ കാരണം കൊണ്ടാണല്ലോ എന്നെ നീ വഴി തെറ്റിയവനാക്കി നിശ്ചയിച്ചത്. അതിനാൽ, നിൻെറ നേരായ മാർഗ്ഗത്തിൽ ചരിക്കുവാൻ അവരെ അനുവദിക്കാതെ, അവരെ വഴിപിഴപ്പിക്കുവാൻ ഞാൻ തക്കം പാർത്തുകൊണ്ടു ഇരിക്കും. നാനാ പ്രകാരേണയും, വിവിധ മാർഗ്ഗങ്ങൾ ഉപയോഗിച്ചും അവരെ ഞാൻ വഞ്ചിച്ചുകൊണ്ടിരിക്കും. അങ്ങനെ, ഭൂരിഭാഗം മനുഷ്യരെയും നിന്നോട് നന്ദിയും കൂറുമില്ലാത്തവരായിട്ടേ കാണുകയുള്ളു എന്നൊക്കെയാണ് ആ ശപിക്കപ്പെട്ടവൻ പറയുന്നത്. അല്ലാഹുവിനോടുള്ള നന്ദികേടിൽ നിന്നാണല്ലോ എല്ലാ അവിശ്വാസവും ദുർമ്മാർഗ്ഗവും ഉടലെടുക്കുന്നത്.

മുമ്പിലൂടെയും, പിമ്പിലൂടെയും, വലതും ഇടതും ഭാഗങ്ങളിലൂടെയും ചെല്ലുമെന്നു പറഞ്ഞതിൻെറ താൽപര്യം, അവരെ വഞ്ചിക്കുവാൻ സാദ്ധ്യമാകുന്ന എല്ലാ മാർഗ്ഗങ്ങളിലൂടെയും അവരെ ഞാൻ സമീപിക്കും എന്നത്രെ. വ്യാമോഹം ജനിപ്പിക്കുക, വാഗ്ദാനങ്ങളും ഭീഷണികളും നൽകുക, ചീത്ത കാര്യങ്ങളെ ഭംഗിയാക്കിത്തോന്നിക്കുക, നല്ലതിനെ ചീത്തയായി ചിത്രീകരിച്ചു കൊടുക്കുക, ഭൗതിക സുഖസൗകര്യങ്ങളിൽ അമിതമായ താൽപര്യമുളവാക്കുക ആദിയായ പലതുമാണ് അതിനവൻ ഉപയോഗപ്പെടുത്തുന്ന മാർഗ്ഗങ്ങൾ. (നിസാഉ് 118–120; ഹിജ്ർ 39 മുതലായവ നോക്കുക) ഇബ്‌ലീസിൻെറ ഈ ഭീഷണിയെ അല്ലാഹു നിഷേധിക്കുകയോ ഖണ്ഡിക്കുകയോ ചെയ്തില്ല. പക്ഷെ, എൻെറ നിഷ്കളങ്കരായ അടിയാൻമാരെ വഴിപിഴപ്പിക്കുവാൻ നിനക്കു സാധിക്കുകയില്ല. നിന്നെ പിൻപറ്റുന്ന ദുർമ്മാർഗ്ഗികളെ മാത്രമേ നിനക്കു പിഴപ്പിക്കുവാൻ കഴിയുകയുള്ളുവെന്നു തീർത്തു പറയുകയാണു അല്ലാഹു ചെയ്തത്. (ഹിജ്ർ–42)

18. അവൻ [അല്ലാഹു] പറഞ്ഞു: 'അപമാനിക്കപ്പെട്ടവനും, ആട്ടപ്പെട്ടവനുമായിക്കൊണ്ട് ഇവിടത്തിൽ നിന്ന് നീ പുറത്തു പോകുക!

١٨- قَالَ اخْرُجْ مِنْهَا مَذْءُومًا مَّدْحُورًا

തീർച്ചയായും, അവരിൽ [മനുഷ്യരിൽ] നിന്നു നിന്നെ ആർ പിൻപറ്റിയോ നിങ്ങളെ [നിന്നെയും അവരെയും] എല്ലാവരെയും കൊണ്ടു ഞാൻ 'ജഹന്നം' [നരകം] നിറക്കുക തന്നെ ചെയ്യും'.

لَّمَن تَبِعَكَ مِنْهُمْ لَأَمْلَأَنَّ جَهَنَّمَ مِنكُمْ أَجْمَعِينَ ○

19. 'ആദമേ നീയും, നിന്റെ ഇണ [ഭാര്യ]യും സ്വർഗ്ഗത്തിൽ താമസിച്ചു കൊള്ളുവിൻ; എന്നിട്ട്, നിങ്ങൾ രണ്ടുപേരും നിങ്ങൾ ഉദ്ദേശിക്കുന്നേടത്തു നിന്ന് തിന്നുകൊള്ളുക; ഈ (ഒരു) വൃക്ഷത്തെ നിങ്ങൾ സമീപിക്കുകയും ചെയ്യരുത്; എന്നാൽ, നിങ്ങൾ രണ്ടുപേരും അക്രമികളിൽപെട്ടവരായിത്തീരും.'

١٩- وَيَا آدَمُ اسْكُنْ أَنتَ وَزَوْجُكَ الْجَنَّةَ فَكُلَا مِنْ حَيْثُ شِئْتُمَا وَلَا تَقْرَبَا هَٰذِهِ الشَّجَرَةَ فَتَكُونَا مِنَ الظَّالِمِينَ ○

---

18. قال അവൻ പറഞ്ഞു اخرج നീ പുറത്തു പോകുക منها ഇതിൽ (ഇവിടത്തിൽ)നിന്ന് مذءوما അപമാനിക്കപ്പെട്ടവനായി, ആക്ഷേപിക്കപ്പെട്ടവനായിട്ടു مدحورا ആട്ടപ്പെട്ടവനായി لمن തീർച്ചയായും ആർ تبعك നിന്നെ തുടർന്നു منهم അവരിൽ നിന്ന് لأملأن നിശ്ചയമായും നാം നിറക്കുക തന്നെ ചെയ്യും جهنم ജഹന്നമിനെ, നരകത്തെ منكم നിങ്ങളാൽ (നിങ്ങളെക്കൊണ്ടു) أجمعين എല്ലാവരെയും 19. ويا آدم ആദമേ اسكن താമസിക്കുക, പാർക്കുക أنت നീ(യും) وزوجك നിന്റെ ഇണ(ഭാര്യ)യും الجنة സ്വർഗ്ഗത്തിൽ فكلا എന്നിട്ടു നിങ്ങൾ തിന്നുകൊള്ളുക من حيث ഇടത്തിൽനിന്ന്, വിധേന شئتما നിങ്ങൾ ഉദ്ദേശിച്ച ولا تقربا നിങ്ങൾ സമീപിക്കയും ചെയ്യരുത് هذه الشجرة ഈ വൃക്ഷത്തെ فتكونا എന്നാൽ നിങ്ങൾ ആയിത്തീരും من الظالمين അക്രമികളിൽ പെട്ട (വർ)

ഇബ്ലീസിനെ അല്ലാഹു സ്വർഗ്ഗത്തിൽനിന്നു പുറത്താക്കി. ആദം (അ) നബിയോടും, ഭാര്യ ഹവ്വാഉ് (അ) നോടും സ്വർഗ്ഗത്തിൽ യഥേഷ്ടം ഭക്ഷിച്ചും സുഖിച്ചും താമസിച്ചു കൊള്ളുവാൻ കല്പിക്കുകയും ചെയ്തു. ഈ സ്വർഗ്ഗം (الجنة) കൊണ്ടുദ്ദേശ്യം, സജ്ജനങ്ങൾക്കു പരലോകത്തു വെച്ചു പ്രതിഫലമായി നൽകപ്പെടുന്ന അതേ സ്വർഗ്ഗം തന്നെയാണോ, മറ്റു വല്ല സ്വർഗ്ഗവുമായിരുന്നുവോ? നമുക്കറിഞ്ഞുകൂടാ. അതു ഖുർആനിലും ഹദീസിലും വ്യക്തമാക്കപ്പെട്ടു കാണുന്നില്ല. അതറിഞ്ഞതുകൊണ്ടു പ്രത്യേകം പ്രയോജനവുമില്ല. جنة (ജന്നത്ത്) എന്ന വാക്കിന്റെ ഭാഷാർത്ഥം 'തോട്ടം' അല്ലെങ്കിൽ 'തോപ്പു' എന്നാണെന്നുവെച്ച്—ചില ആളുകൾ പറയുന്നതുപോലെ—അതു ഭൂമിയിലെവിടെയോ ഉള്ള ഒരു തോട്ടമായിരുന്നുവെന്നുവെക്കുവാൻ നിവൃത്തിയില്ല. കാരണം, അവിടെ വിശപ്പുണ്ടാകുകയില്ല; നഗ്നത വെളിപ്പെടുകയില്ല; ദാഹമുണ്ടാവുകയില്ല; വെയിൽ കൊള്ളുകയില്ല എന്നൊക്കെ ആദം (അ) നോടു അല്ലാഹു പറഞ്ഞതായി സൂ: ത്വാഹാ 118, 119ൽ വന്നിരിക്കുന്നു. കൂടാതെ, അവരോടു സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങിപ്പോകുവാൻ കല്പിച്ചപ്പോൾ, നിങ്ങൾക്കു ഭൂമിയിൽ താമസിക്കുകയും ഉപയോഗമെടുക്കുകയും ചെയ്യാമെന്നു അല്ലാഹു അറിയിച്ചതായി താഴെ 24-ാം വചനത്തിൽ വരുന്നുമുണ്ട്. അപ്പോൾ, ഈ 'സ്വർഗ്ഗം' ഭൂമിയിൽ തന്നെയുള്ള 'സ്വർഗ്ഗതുല്യമായ ഒരു തോട്ട'മായിരിക്കുവാൻ തരമില്ലല്ലോ.

ആദം (അ) നബിക്കു മലക്കുകൾ ചെയ്ത ഈ സുജൂദിന്റെ സംഭവം ബൈബ്ളിൽ പ്രസ്താവിക്കപ്പെട്ടിട്ടില്ല. പക്ഷേ, ഏറെക്കുറെ വ്യത്യസ്തമായ രൂപത്തിലാണെങ്കിലും പിശാചിന്റെ ദുർമന്ത്രത്തിനു വഴങ്ങി ആദമും ഹവ്വാഉം (അ) വിലക്കപ്പെട്ട വൃക്ഷത്തിന്റെ ഫലം ഭുജിച്ച സംഭവം അതിൽ വിവരിച്ചിട്ടുണ്ട്. 'ദൈവം കിഴക്കു ഏദെനിൽ ഒരു തോട്ടം ഉണ്ടാക്കി അതിലാണു ആദമിനെ താമസിപ്പിച്ചത്' എന്നു അതിൽ പറയുന്നു. (ഉൽപത്തി: 2ൽ9) ഈ വാക്കിനെ ആസ്പദമാക്കിയായിരിക്കാം ചിലർ, അറബിക്കടലും ചെങ്കടലും കൂടിച്ചേരുന്ന സ്ഥലത്തു

സ്ഥിതി ചെയ്യുന്ന അദ്ൻ (عدن - ഏദൻ) ആയിരുന്നു അതെന്നു അഭിപ്രായപ്പെട്ടത്. ബൈബ്ൾ പറഞ്ഞ ഏദേൻ തോട്ടത്തെപ്പറ്റി 'വേദപുസ്തക നിഘണ്ടു' പറഞ്ഞതിന്റെ ചുരുക്കം: 'അതു എവിടെയായിരുന്നുവെന്നു ഇതുവരെയും, ഒരു എത്തും പിടിയും കിട്ടിയിട്ടില്ല; പലരും അവരുടെ ഇഷ്ടം പോലെ ഇതിനെ വിവരിച്ചിട്ടുണ്ടു; പുതിയ നിയമത്തിൽ ആ വാക്കില്ലെങ്കിലും പറുദീസാ (فردوس-ഫിർദൗസു) എന്ന വാക്ക് ഏദേനെ സംബന്ധിച്ച ആശയത്തിൽ നിന്നാണു അതിൽ വന്നിരിക്കുന്നത്' (പേ: 71) എന്നൊക്കെയാകുന്നു. അതേ സമയത്ത് സ്വർഗ്ഗത്തെപ്പറ്റി 'അദ്ൻ' എന്നും, 'ഫിർദൗസു' എന്നും (جنات الفردوس ، جنات عدن) ഖുർആനിൽ ഒന്നിലധികം സ്ഥലത്തു പ്രസ്താവിക്കപ്പെട്ടിട്ടുണ്ടു എന്നുള്ളതും പ്രസ്താവ്യമാണ്. ചുരുക്കിപ്പറഞ്ഞാൽ, അതു ഭൂമിയിലുള്ള ഒരു തോട്ടമായിരുന്നില്ലെന്നു പറയുവാനേ നിവൃത്തിയുള്ളു. الله أعلم.

ഏതായാലും സ്വർഗ്ഗത്തിൽ താമസിച്ചുകൊള്ളുവാനും, യഥേഷ്ടം എവിടെനിന്നും ഭുജിച്ചുകൊള്ളുവാനും ആദം (അ) നബിക്കു അനുവദിച്ചുകൊടുത്തപ്പോൾ അല്ലാഹു ഒരു നിബന്ധന വെച്ചു. ഒരു നിശ്ചിത വൃക്ഷത്തെ സമീപിക്കരുതു—അഥവാ അതിന്റെ ഫലം ഭുജിക്കരുതു—എന്നായിരുന്നു ആ നിബന്ധന. മനുഷ്യവർഗ്ഗത്തെക്കൊണ്ടു അല്ലാഹു ഉദ്ദേശിച്ചുവെച്ച മഹത്തായ ഒരു ലക്ഷ്യത്തിന്റെ നാന്ദി കുറിക്കുന്നതായിരുന്നു ആ കല്പനയെന്നു തുടർന്നുള്ള നടപടികളിൽ നിന്നു മനസ്സിലാകുന്നു. ഇബ്‌ലീസാകട്ടെ, താൻ പ്രതിജ്ഞ ചെയ്ത കൃത്യങ്ങളുടെ ഉദ്ഘാടനം നിർവ്വഹിക്കുവാൻ ഈ അവസരം ഉപയോഗപ്പെടുത്തി.

فَوَسْوَسَ لَهُمَا الشَّيْطَانُ لِيُبْدِيَ لَهُمَا مَا وُورِيَ عَنْهُمَا مِن سَوْآتِهِمَا

20. എന്നിട്ട്, അവർ രണ്ടുപേർക്കും മറക്കപ്പെട്ടിരുന്നതായ അവരുടെ നഗ്നത അവർക്ക് വെളിവാക്കുവാനായി പിശാചു അവരോടു ദുർമ്മന്ത്രം നടത്തി;

وَقَالَ مَا نَهَاكُمَا رَبُّكُمَا عَنْ هَٰذِهِ الشَّجَرَةِ إِلَّا أَن تَكُونَا مَلَكَيْنِ أَوْ تَكُونَا مِنَ الْخَالِدِينَ ○

അവൻ പറയുകയും ചെയ്തു: 'നിങ്ങളുടെ രണ്ടാളുടെയും റബ്ബ് നിങ്ങളോടു ഈ വൃക്ഷത്തെക്കുറിച്ചു വിരോധിച്ചിട്ടില്ല, നിങ്ങൾ രണ്ടുപേരും മലക്കുകൾ ആയിത്തീരുകയോ, അല്ലെങ്കിൽ നിങ്ങൾ ശാശ്വതവാസികളിൽപെട്ടവരായിത്തീരുകയോ ചെയ്യുമെന്നതിനാൽ അല്ലാതെ.'

وَقَاسَمَهُمَا إِنِّي لَكُمَا لَمِنَ النَّاصِحِينَ ○ -٢١

21. അവൻ അവരോടു സത്യം ചെയ്തു പറയുകയും ചെയ്തു: നിശ്ചയമായും, ഞാൻ നിങ്ങൾ രണ്ടാൾക്കും ഗുണകാംക്ഷികളിൽ പെട്ടവൻ തന്നെയാണെന്നു.

---

20. فَوَسْوَسَ എന്നിട്ടു ദുർമ്മന്ത്രം നടത്തി لَهُمَا അവർ രണ്ടാളോടും الشَّيْطَانُ പിശാചു لِيُبْدِيَ അവൻ വെളിവാക്കുവാൻവേണ്ടി لَهُمَا അവർക്കു രണ്ടാൾക്കും مَا وُورِيَ മറക്ക(മൂടിവെക്ക)പ്പെട്ടതു عَنْهُمَا അവരിൽ നിന്ന്, അവർക്ക് مِن سَوْآتِهِمَا അവരുടെ നഗ്നതയിൽ നിന്നു وَقَالَ അവൻ പറയുകയും ചെയ്തു مَا نَهَاكُمَا നിങ്ങളെ രണ്ടാളെയും വിരോധിച്ചിട്ടില്ല رَبُّكُمَا നിങ്ങളുടെ റബ്ബു عَنْ هَٰذِهِ الشَّجَرَةِ ഈ വൃക്ഷത്തിൽ നിന്നു, മരത്തെപ്പറ്റി إِلَّا أَن تَكُونَا നിങ്ങൾ ആകുന്നതിനാലല്ലാതെ, ആയിത്തീരുമെന്നതുകൊണ്ടല്ലാതെ مَلَكَيْنِ രണ്ടു മലക്കുകൾ أَوْ تَكُونَا അല്ലെങ്കിൽ നിങ്ങൾ ആയിത്തീരുമെന്നതിനാൽ مِنَ الْخَالِدِينَ ശാശ്വതന്മാരിൽ നിത്യവാസികളിൽ പെട്ട (വർ) 21. وَقَاسَمَهُمَا അവൻ അവരോടു സത്യം ചെയ്തു കാട്ടുക(പറയുക)യും ചെയ്തു إِنِّي നിശ്ചയമായും ഞാൻ لَكُمَا നിങ്ങൾ രണ്ടാൾക്കും لَمِنَ النَّاصِحِينَ ഗുണകാംക്ഷികളിൽ പെട്ട(വൻ)തന്നെ

വിരോധിക്കപ്പെട്ട വൃക്ഷം ഏതായിരുന്നു? അതിൽനിന്നു ഭുജിച്ചതു നിമിത്തം അവരുടെ നഗ്നത എങ്ങിനെ വെളിവായി? അതുവരെ അതു മറക്കുവാൻ അവർക്കു വല്ല വസ്ത്രവും ഉണ്ടായിരുന്നുവോ? ഇതൊന്നും ഖണ്ഡിതമായി പറയത്തക്ക തെളിവുകളില്ല. എങ്കിലും ആദമിനും, ഹവ്വാക്കും (അ) പ്രകാശംകൊണ്ടുള്ള ഒരുതരം സ്വർഗ്ഗീയ

വസ്ത്രമുണ്ടായിരുന്നുവെന്നും, വൃക്ഷത്തിൽനിന്നു ഭുജിച്ചതോടെ അതു നീങ്ങിപ്പോയെന്നും വഹബുബ്നു മുനബ്ബഹ് (റ) പറഞ്ഞതായി ഇബ്നു ജരീർ, തിർമദീ (റ) മുതലായവർ ഉദ്ധരിച്ചിരിക്കുന്നു. മററുള്ളവർ കാണുന്നതു ലജ്ജയും അനിഷ്ടവുമായി കരുതപ്പെടുന്നതിനെല്ലാം سوأة എന്നു പറയപ്പെടും. ആദം (അ) ന്റെ ഒരു പുത്രൻ തന്റെ സഹോദരനെ കൊലപ്പെടുത്തിയ സംഭവം വിവരിച്ചപ്പോൾ, കൊല്ലപ്പെട്ട മൃതദേഹത്തെ ഉദ്ദേശിച്ച് അവന്റെ സഹോദരന്റെ سوأة എന്നു സൂ: മാഇദ: 34ൽ പറഞ്ഞതു ഈ അർത്ഥത്തിലാണ്. ഇവിടെ سوآتهما എന്നു പറഞ്ഞതു അവരുടെ ഗുഹ്യസ്ഥാനത്തെ—അഥവാ നഗ്നതയെ—ഉദ്ദേശിച്ചാണെന്നാണു പ്രസിദ്ധ വ്യാഖ്യാതാക്കൾ പറയുന്നത്.

അവരുടെ നഗ്നത വെളിപ്പെടുത്തുവാൻവേണ്ടി പിശാചു ദുർമന്ത്രണം നടത്തി (فوسوس لهما الشيطان الخ) എന്നു പറഞ്ഞതിന്റെ താൽപര്യം, അവന്റെ ദുർമന്ത്രണത്തിന്റെ ഫലമായി അതു വെളിപ്പെട്ടു എന്നായിരിക്കും. അല്ലെങ്കിൽ, അല്ലാഹുവിന്റെ കല്പനക്കെതിരായി ആ വൃക്ഷത്തിൽനിന്നു ഭുജിച്ചാൽ ഗുഹ്യസ്ഥാനം വെളിപ്പെടുമെന്ന പിശാചിനു അറിയാമായിരുന്നുവെന്നും, അങ്ങിനെ വെളിപ്പെടുവാൻവേണ്ടി അവനതു ചെയ്തുവെന്നമായിരിക്കാം. (അല്ലാഹുവിനറിയാം.) ഈ വൃക്ഷത്തിൽനിന്നു ഭക്ഷിച്ചാൽ നിങ്ങൾ മലക്കുകളോ ശാശ്വത ജീവികളോ ആയിത്തീരുമെന്നു (تكونا ملكين او.....) പറഞ്ഞുകൊണ്ടാണു ഇബ്‌ലീസു അവരെ വഞ്ചിച്ചതു്.

മലക്കുകളാണ് മനുഷ്യരെക്കാൾ ശ്രേഷ്ഠതയുള്ളവരെന്ന അഭിപ്രായക്കാർ—ഇവരിൽ അധികവും മുഅ്തസിലഃ കക്ഷിക്കാരാണുള്ളതു—ഈ വാക്യത്തെ അവരുടെ വാദത്തിനു തെളിവായി എടുക്കാറുണ്ട്. നേരെമറിച്ച് മലക്കുകളോടു ആദം (അ) നബിയെ സുജൂദു ചെയ്‌വാൻ കല്പിച്ചതും, വസ്തുക്കളെപ്പററി പഠിപ്പിച്ചപ്പോൾ മലക്കുകൾ അവരുടെ [illegible] സമ്മതിച്ചതും [illegible] തെളിവാക്കാറുണ്ട്. രണ്ടഭിപ്രായത്തിനും വ്യക്തമായ തെളിവുകളില്ലെന്നതു [illegible] ഈ വിഷയത്തിൽ ഏകോപിച്ച ഒരഭിപ്രായമില്ല. [illegible] മുഴുവൻ പക്ഷം പണ്ഡിതന്മാരും യോജിക്കുന്നുവെന്നു മാത്രം. [illegible] പല പ്രസ്താവനകളുണ്ടെങ്കിലും മലക്കുകളെക്കാൾ മനുഷ്യർക്കു [illegible] സൃഷ്ടികളെക്കാളും അവർ ശ്രേഷ്ഠരാണെന്നോ എവിടെയും വ്യക്തമായി പ്രസ്താവിക്കുന്നില്ല. [illegible] മനുഷ്യന്റെ ശ്രേഷ്ഠത വിവരിക്കുന്ന മദ്ധ്യേ ...وفضلناهم على كثير ممن (നാം സൃഷ്ടിച്ചിട്ടുള്ളവരിൽ പലരെക്കാളും അവരെ—നന്നായി—നാം ശ്രേഷ്ഠരാക്കുകയും ചെയ്തിരിക്കുന്നു) (17:70) എന്നും പറഞ്ഞിരിക്കുന്നു. അപ്പോൾ, മനുഷ്യരെക്കാളോ, അല്ലെങ്കിൽ മനുഷ്യരുടെ അത്ര തന്നെയോ ശ്രേഷ്ഠതയുള്ള വേറെ ചില സൃഷ്ടികളും ഉണ്ടായിരിക്കുവാൻ സാധ്യതയുണ്ടെന്നു വരുന്നു. ആ സ്ഥിതിക്കു ഭൂമിയിലുള്ള ജീവികളിൽവെച്ചു ഉൽകൃഷ്ട ജീവി മനുഷ്യനാണ് എന്നല്ലാതെ, പലരും പറയാറുള്ളതുപോലെ ലോകത്തിലുണ്ടായ ജീവികളിൽവെച്ചു ഉൽകൃഷ്ടനാണ് മനുഷ്യൻ എന്നു പറയുവാൻ ന്യായം കാണുന്നില്ല. والله اعلم

22. എന്നിട്ട്, അവൻ രണ്ടുപേരെയും അവൻ വഞ്ചനമൂലം (തരം)താഴ്ത്തി. അങ്ങനെ, അവർ (ആ) വൃക്ഷ (ഫല) ത്തെ രുചി നോക്കിയപ്പോൾ, അവർക്കു അവരുടെ നഗ്നത വെളിവായി, സ്വർഗ്ഗത്തിലെ ഇലയിൽനിന്നും (എടുത്ത്) അവർ തങ്ങളുടെമേൽ പററിക്കുവാൻ തുടങ്ങുകയും ചെയ്തു. അവർ രണ്ടാളുടെയും റബ്ബ് അവരെ വിളിച്ചു (പറഞ്ഞു): 'ആ വൃക്ഷത്തെപ്പററി ഞാൻ നിങ്ങളോടു വിരോധിച്ചിട്ടില്ലേ? പിശാച് നിങ്ങൾക്കു രണ്ടാൾക്കും സ്പഷ്ടമായ ശത്രുവാണെന്ന ഞാൻ നിങ്ങളോടു പറയുകയും (ചെയ്തിട്ടില്ലേ)?'

فَدَلَّىٰهُمَا بِغُرُورٍ فَلَمَّا ذَاقَا ٱلشَّجَرَةَ بَدَتْ لَهُمَا سَوْءَٰتُهُمَا وَطَفِقَا يَخْصِفَانِ عَلَيْهِمَا مِن وَرَقِ ٱلْجَنَّةِ وَنَادَىٰهُمَا رَبُّهُمَآ أَلَمْ أَنْهَكُمَا عَن تِلْكُمَا ٱلشَّجَرَةِ وَأَقُل لَّكُمَآ إِنَّ ٱلشَّيْطَٰنَ لَكُمَا عَدُوٌّ مُّبِينٌ ۝

---

22. فدلاهما എന്നിട്ടു അവൻ അവരെ താഴ്ത്തി, അധഃപതിപ്പിച്ചു, താഴെ ഇറക്കി بغرور വഞ്ചനയാൽ, വഞ്ചനമൂലം, കൃത്രിമമായി فلما ذاقا അങ്ങനെ അവർ രുചി നോക്കിയപ്പോൾ, ആസ്വദിച്ചപ്പോൾ الشجرة വൃക്ഷത്തെ بدت വെളിവായി لهما അവർക്കു രണ്ടാൾക്കും سوآتهما അവരുടെ നഗ്നത وطفقا അവർ രണ്ടാളും തുടങ്ങി يخصفان പററിക്കുവാൻ, വെച്ചുചേർക്കുവാൻ عليهما രണ്ടാളുടെയുംമേൽ من ورق ഇലയിൽനിന്നു الجنة സ്വർഗ്ഗത്തിലെ وناداهما അവരെ രണ്ടാളെയും വിളിക്കുകയും ചെയ്തു ربهما അവരുടെ റബ്ബു ألم أنهكما ഞാൻ നിങ്ങളെ വിരോധിച്ചില്ലേ عن تلكما الشجرة ആ വൃക്ഷത്തെപ്പററി وأقل لكما നിങ്ങളോടു ഞാൻ പറയുകയും (ചെയ്തില്ലേ?) ان الشيطان നിശ്ചയമായും പിശാചു لكما നിങ്ങൾ രണ്ടാൾക്കും عدو ശത്രുവാണു مبين പ്രത്യക്ഷ, സ്പഷ്ടമായ

മനുഷ്യനെ വഴിപിഴപ്പിക്കുവാൻ പ്രതിജ്ഞയെടുത്ത പിശാചു അവന്റെ പ്രവർത്തനം ഒന്നാമത്തെ മനുഷ്യനായ ആദമിലും അദ്ദേഹത്തിന്റെ ഇണയായ ഹവ്വാഇലും തന്നെ ആരംഭിച്ചു. ആദം (അ) അന്നു പ്രവാചകനായിട്ടില്ലെന്നു മാത്രമല്ല, മനുഷ്യ പ്രകൃതിയുടെ ശൈശവാവസ്ഥയുടെ പ്രാരംഭഘട്ടത്തിലുമാണല്ലോ ഉള്ളത്. അതുതന്നെ 20:115ൽ പറഞ്ഞതുപോലെ അദ്ദേഹത്തിന്റെ ദൃഢനിശ്ചയക്കുറവു കാരണം അവർ അല്ലാഹുവിന്റെ കൽപന വിസ്മരിക്കുകയും, പിശാചിന്റെ മന്ത്രത്തിൽ വഞ്ചിതരാവുകയും ചെയ്തു. അതിന്റെ ഫലമായി അനുഭവപ്പെട്ട ഒന്നാമത്തെ അനുഭവം അതുവരെ അവർക്കുണ്ടായിരുന്ന സ്വർഗ്ഗീയ വസ്ത്രം നഷ്ടപ്പെട്ടതായിരുന്നു. മാനം മറക്കുവാൻ ഇലകളെ ആശ്രയിക്കേണ്ടുന്ന ഗതികേടു നേരിട്ടു. അവസാനം തെറ്റു ബോധ്യമായി ഖേദിക്കുകയായി.

മലക്കുകൾ കുറ്റവാസന ഇല്ലാത്തവരും പാപത്തിൽനിന്നു പരിശുദ്ധരുമാണ്. പിശാചുക്കളോ, നേരെമറിച്ചുമാണ്. രണ്ടിനും സാധ്യതയുള്ള ഒരു പ്രകൃതി വിശേഷമാണു മനുഷ്യന് അല്ലാഹു നൽകിയിരിക്കുന്നത്. സന്മാർഗ്ഗനിഷ്ഠനായി പുരോഗമിച്ചു മലക്കുകളെക്കാൾ ഉന്നതമായ നിലപാടിലേക്കു ഉയരുവാനും, ദുർമ്മാർഗ്ഗനിരതനായി തനി പൈശാചികതയിലേക്കു അധഃപതിക്കുവാനും ഉതകുന്ന പ്രകൃതിയാണു മനുഷ്യനുള്ളത്. ആ പ്രകൃതിയുടെ സന്തതിയാണിത്. ആദം (അ) തെറ്റു ചെയ്തുവെങ്കിലും അതിൽ ഇബ്ലീസിനെപ്പോലെ അദ്ദേഹം ഉറച്ചുനിന്നില്ല.

23. അവർ രണ്ടാളും പറഞ്ഞു: 'ഞങ്ങളുടെ റബ്ബേ, ഞങ്ങൾ ഞങ്ങളോടു തന്നെ അക്രമം പ്രവർത്തിച്ചു; നീ ഞങ്ങൾക്ക് പൊറുത്തു തരുകയും, ഞങ്ങളോടു കരുണ ചെയ്യുകയും ചെയ്തില്ലെങ്കിൽ, നിശ്ചയമായും ഞങ്ങൾ നഷ്ടപ്പെട്ടവരുടെ കൂട്ടത്തിൽപ്പെട്ടവരായിത്തീരുക തന്നെ ചെയ്യും.!'

قَالَا رَبَّنَا ظَلَمْنَا أَنفُسَنَا وَإِن لَّمْ تَغْفِرْ لَنَا وَتَرْحَمْنَا لَنَكُونَنَّ مِنَ الْخَاسِرِينَ ○

---

23. قَالَا അവർ രണ്ടാളും പറഞ്ഞു رَبَّنَا ഞങ്ങളുടെ റബ്ബേ ظَلَمْنَا ഞങ്ങൾ അക്രമം (അനീതി) ചെയ്തു أَنفُسَنَا ഞങ്ങളോടു തന്നെ, ഞങ്ങളുടെ സ്വന്തങ്ങളെ وَإِن لَّمْ تَغْفِرْ നീ പൊറുത്തില്ലെങ്കിൽ لَنَا ഞങ്ങൾക്ക് وَتَرْحَمْنَا ഞങ്ങളോടു കരുണ ചെയ്യുകയും (ചെയ്തില്ലെങ്കിൽ) لَنَكُونَنَّ നിശ്ചയമായും ഞങ്ങൾ ആയിത്തീരുക തന്നെ ചെയ്യും مِنَ الْخَاسِرِينَ നഷ്ടപ്പെട്ടവരുടെ കൂട്ടത്തിൽ

സൂ: അൽബഖറ 37ൽ പ്രസ്താവിച്ചതുപോലെ, പശ്ചാത്താപം പ്രകടിപ്പിക്കുവാനുള്ള വാക്കുകൾ അല്ലാഹുവിൽ നിന്നുതന്നെ അവർക്കു സിദ്ധിക്കുകയുണ്ടായി. അവരുടെ പശ്ചാത്താപം അവൻ സ്വീകരിക്കുകയും ചെയ്തു. 23-ാം വചനത്തിൽ അവർ പറഞ്ഞതായി അല്ലാഹു ഉദ്ധരിച്ച അതേ വാക്കുകളാണ് അൽബഖറ 37ൽ അല്ലാഹുവിൽ നിന്നും അവർ ഏറ്റെടുത്തു പഠിച്ചുവെന്നു പറഞ്ഞ വാക്കുകൾ എന്നു ഇബ്നു-അബ്ബാസ് (റ) പ്രസ്താവിച്ചതായി ഇബ്നു ജരീർ (റ) നിവേദനം ചെയ്തിട്ടുള്ള പ്രസ്താവ്യമാണ്. അപ്പോൾ, നബി മുഹമ്മദ് (സ) തിരുമേനിയെക്കൊണ്ടു 'തവസ്സുൽ' (ഇടതേട്ടം) ചെയ്തുകൊണ്ടാണ് അവരുടെ പശ്ചാത്താപം സ്വീകരിക്കപ്പെട്ടതെന്നും മറ്റുമുള്ള അടിസ്ഥാനരഹിതങ്ങളായ വാർത്തകൾക്കു ഇവിടെ നിലനിൽപില്ല തന്നെ. അല്ലാഹു അവർക്കു പാപം പൊറുത്തുകൊടുക്കുകയും കരുണ ചെയ്യുകയും ചെയ്തുവെങ്കിലും സ്വർഗ്ഗത്തിൽ വസിക്കുവാനുള്ള നിബന്ധന അവർ തെറ്റിച്ചതിനെ തുടർന്ന് അവർക്കു ഭൂമിയിലേക്കു താമസം മാറേണ്ടി വന്നു. മനുഷ്യവാസത്തിനു അല്ലാഹു നിശ്ചയിച്ചു വെച്ചതാണല്ലോ ഭൂമി. അതെ,—

24. അവൻ [അല്ലാഹു] പറഞ്ഞു: 'നിങ്ങൾ (എല്ലാവരും) ഇറങ്ങിക്കൊള്ളുവിൻ; നിങ്ങളിൽ ചിലർ ചിലർക്കു ശത്രുവാകുന്നു. [ഇതു ഓർമ്മവെക്കണം.]

'ഭൂമിയിൽ നിങ്ങൾക്കു ഒരു (നിശ്ചിത) സമയംവരെ താമസ (സൗകര്യ) വും, ഉപയോഗവുമുണ്ടായിരിക്കും.'

قَالَ اهْبِطُوا بَعْضُكُمْ لِبَعْضٍ عَدُوٌّ ۖ وَلَكُمْ فِي الْأَرْضِ مُسْتَقَرٌّ وَمَتَاعٌ إِلَىٰ حِينٍ ○

25. അവന്‍ [അല്ലാഹു] പറഞ്ഞു: 'അതില്‍ തന്നെ നിങ്ങള്‍ ജീവിക്കും, അതില്‍ തന്നെ നിങ്ങള്‍ മരിക്കും, അതില്‍ നിന്ന് തന്നെ നിങ്ങള്‍ (വീണ്ടും) പുറത്തു വരുത്തപ്പെടുകയും ചെയ്യും.'

٢٥- قَالَ فِيهَا تَحْيَوْنَ وَفِيهَا تَمُوتُونَ وَمِنْهَا تُخْرَجُونَ ع

---

24. قال അവന്‍ പറഞ്ഞു اهبطوا നിങ്ങള്‍ ഇറങ്ങുവിന്‍ بعضكم നിങ്ങളില്‍ ചിലര്‍ لبعض ചിലര്‍ക്ക عدو ശത്രുവാകുന്ന ولكم നിങ്ങള്‍ക്കുണ്ടു في الأرض ഭൂമിയില്‍ مستقر താമസം, തങ്ങുന്ന സ്ഥാനം, വാസസ്ഥലം ومتاع ഉപയോഗവും, ഉപകരണവും إلى حين ഒരു സമയംവരെ 25. قال അവന്‍ പറഞ്ഞു فيها അതില്‍ (തന്നെ) تحيون നിങ്ങള്‍ ജീവിക്കും وفيها അതില്‍ (തന്നെ) تموتون നിങ്ങള്‍ മരിക്കുന്നു ومنها അതില്‍ നിന്നു (തന്നെ) تخرجون നിങ്ങള്‍ പുറപ്പെടുവിക്ക(പുറത്തുകൊണ്ടുവര)പ്പെടുകയും ചെയ്യുന്നു

സ്വര്‍ഗ്ഗത്തില്‍ നിന്നു ഭൂമിയിലേക്കു അയച്ചപ്പോള്‍, ആവശ്യമായ ഉപദേശങ്ങളും മാര്‍ഗ്ഗനിര്‍ദ്ദേശങ്ങളും അല്ലാഹു അവര്‍ക്കു നല്‍കി. നിങ്ങള്‍ക്കവിടെ യഥേഷ്ടം താമസിക്കാം. അതിലെ വിഭവങ്ങള്‍ ഉപയോഗപ്പെടുത്തുകയും ചെയ്യാം. നിങ്ങള്‍ക്കു വേണ്ടതെല്ലാം ഒരുക്കിവെച്ചു കൊണ്ടാണു നിങ്ങളെ അങ്ങോട്ടയക്കുന്നത്. നിങ്ങളുടെ ജീവിതവും മരണവും അവിടെ വെച്ചുതന്നെയായിരിക്കും. എന്നാല്‍, നിങ്ങള്‍ക്കവിടെ ഒരു കാലാവധി വരെയുള്ള ജീവിതമേയുള്ളൂ. അതു കഴിഞ്ഞാല്‍ നിങ്ങള്‍ രണ്ടാമതും അല്ലാഹുവിങ്കലേക്ക തിരിച്ചു കൊണ്ടുവരപ്പെടും. എന്നൊക്കെ. അവരെ അഭിമുഖീകരിച്ചുകൊണ്ടു നിങ്ങള്‍ ഇറങ്ങുവിന്‍ (اهبطوا) എന്ന ബഹുവചന രൂപത്തില്‍ പറഞ്ഞിരിക്കകൊണ്ടു, ആദം, ഹവ്വാഉ് (അ), ഇബ്‌ലീസ് എന്നീ മൂന്നു പേരോടുമായിരുന്നു ഈ കല്പനയെന്നു മനസ്സിലാക്കാം. എന്നാല്‍ ഭൂമിയില്‍ എവിടെയാണവര്‍ ആദ്യം വന്നത്? അല്ലാഹുവിനറിയാം. സിലോണിലാണെന്നും മറ്റുമുള്ള പ്രസ്താവനകളെല്ലാം കേവലം ചില ഐതിഹ്യങ്ങള്‍ മാത്രമാകുന്നു.

മനുഷ്യലോകത്തില്‍ ആദ്യത്തെ മനുഷ്യരായ ആദമിലും, ഹവ്വാഇലും (അ) നടന്ന ഈ സംഭവങ്ങളില്‍ നിന്നു മനുഷ്യന്റെ ഉയര്‍ച്ചയെയും, താഴ്ചയെയും കുറിക്കുന്നതും, അവന്‍ അറിഞ്ഞിരിക്കേണ്ടതുമായ പല പാഠങ്ങളും നമുക്ക പഠിക്കുവാനുണ്ട്. പലരും—അവരവരുടെ ചിന്താഗതിയും വീക്ഷണഗതിയും അനുസരിച്ച്—പലതും ചൂണ്ടിക്കാട്ടുകയും ചെയ്യാറുണ്ട്. എന്നാല്‍, ഈ സംഭവങ്ങള്‍ വിവരിച്ചുകൊണ്ടു അല്ലാഹു തുടര്‍ന്ന ചൂണ്ടിക്കാട്ടിയ കാര്യങ്ങള്‍ പ്രത്യേകം ശ്രദ്ധാര്‍ഹമത്രെ. ആദമിന്റെ സന്തതികളേ (يا بني آدم) എന്നു വിളിച്ചുകൊണ്ട് അടുത്ത രണ്ടു വചനങ്ങളില്‍ അല്ലാഹു പറയുന്നതു നോക്കുക:—

വിഭാഗം-3

26. ആദമിന്റെ സന്തതികളേ, നിങ്ങളുടെ നഗ്നത മറക്കുന്ന വസ്ത്രവും, അലങ്കാര വസ്ത്രവും നാം നിങ്ങള്‍ക്ക് ഇറക്കിത്തന്നിട്ടുണ്ട്.

٢٦- يَا بَنِي آدَمَ قَدْ أَنْزَلْنَا عَلَيْكُمْ لِبَاسًا يُوَارِي سَوْآتِكُمْ وَرِيشًا

സൂക്ഷ്മത [ഭയഭക്തി]യാകുന്ന വസ്ത്രമാകട്ടെ, അതത്രെ (കൂടുതല്‍) ഉത്തമം.

وَلِبَاسُ التَّقْوَىٰ ذَٰلِكَ خَيْرٌ

---

26. يا بني സന്തതികളേ, മക്കളേ آدم ആദമിന്റെ قد أنزلنا നാം ഇറക്കിയിട്ടുണ്ട് عليكم നിങ്ങള്‍ക്ക لباسا വസ്ത്രം يواري മറക്കുന്ന, മൂടുന്ന سوآتكم നിങ്ങളുടെ നഗ്നത وريشا അലങ്കാര വസ്ത്രവും ولباس التقوى സൂക്ഷ്മത (ഭയഭക്തി)യാകുന്ന വസ്ത്രം ذلك അതു خير ഉത്തമമാണ്, കൂടുതല്‍ നല്ലതാണ്

ذَٰلِكَ مِنْ آيَاتِ اللَّهِ لَعَلَّهُمْ يَذَّكَّرُونَ ○

അതു അല്ലാഹുവിന്റെ 'ആയത്തു' [ദൃഷ്ടാന്തം]കളിൽ പെട്ടതാകുന്നു. അവർ [മനുഷ്യർ] ഉറ്റാലോചിച്ചേക്കാം.

يَا بَنِي آدَمَ لَا يَفْتِنَنَّكُمُ الشَّيْطَانُ كَمَا أَخْرَجَ أَبَوَيْكُم مِّنَ الْجَنَّةِ يَنزِعُ عَنْهُمَا لِبَاسَهُمَا لِيُرِيَهُمَا سَوْآتِهِمَا

27. ആദമിന്റെ സന്തതികളേ,

പിശാചു നിങ്ങളുടെ മാതാപിതാക്കളെ സ്വർഗ്ഗത്തിൽ നിന്നു പുറത്താക്കിയതുപോലെ, നിങ്ങളെ അവൻ കുഴപ്പത്തിലാക്കാതിരുന്നുകൊള്ളട്ടെ; (അതെ) അവർക്കു രണ്ടാൾക്കും അവരുടെ നഗ്നത കാണിക്കുവാൻവേണ്ടി അവരുടെ വസ്ത്രം അവരിൽ നിന്നും നീക്കം ചെയ്തുകൊണ്ട് (പുറത്താക്കിയതു പോലെ).

إِنَّهُ يَرَاكُمْ هُوَ وَقَبِيلُهُ مِنْ حَيْثُ لَا تَرَوْنَهُمْ إِنَّا جَعَلْنَا الشَّيَاطِينَ أَوْلِيَاءَ لِلَّذِينَ لَا يُؤْمِنُونَ ○

നിശ്ചയമായും, അവനും അവന്റെ കൂട്ടരും നിങ്ങൾ അവരെ (അങ്ങോട്ട്)കാണാത്ത വിധത്തിൽ നിങ്ങളെ (ഇങ്ങോട്ട്) കാണുന്നതാണ്. വിശ്വസിക്കാത്തവർക്കു നാം പിശാചുക്കളെ ബന്ധുമിത്രങ്ങളാക്കിയിരിക്കുന്നു.

ذَٰلِكَ അത് مِنْ آيَاتِ ആയത്തു(ദൃഷ്ടാന്തം-ലക്ഷ്യം)കളിൽ പെട്ടതാണ് اللَّهِ അല്ലാഹുവിന്റെ لَعَلَّهُمْ അവരായേക്കാം, അവരാകുവാൻവേണ്ടി يَذَّكَّرُونَ അവർ ഉറ്റാലോചിക്കും 27. يَا بَنِي آدَمَ ആദമിന്റെ സന്തതികളേ لَا يَفْتِنَنَّكُمُ നിങ്ങളെ കുഴപ്പത്തിലാക്കരുതു, കുഴപ്പപ്പെടുത്താതിരിക്കട്ടെ الشَّيْطَانُ പിശാചു كَمَا أَخْرَجَ അവൻ പുറത്താക്കിയതുപോലെ أَبَوَيْكُم നിങ്ങളുടെ മാതാപിതാക്കളെ مِنَ الْجَنَّةِ സ്വർഗ്ഗത്തിൽ നിന്നു يَنزِعُ നീക്കം ചെയ്തു (ഊരിഞ്ഞു-അഴിച്ചു)കൊണ്ടു عَنْهُمَا അവർ രണ്ടാളിൽ നിന്നു لِبَاسَهُمَا അവരുടെ വസ്ത്രം لِيُرِيَهُمَا അവൻ അവർക്കു കാണിക്കു(കാട്ടിക്കൊടുക്കു)വാൻ سَوْآتِهِمَا അവരുടെ നഗ്നത إِنَّهُ നിശ്ചയമായും അവൻ يَرَاكُمْ هُوَ അവൻ നിങ്ങളെ കാണും وَقَبِيلُهُ അവന്റെ കൂട്ടവും, കൂട്ടരും مِنْ حَيْثُ വിധേന لَا تَرَوْنَهُمْ നിങ്ങളവരെ കാണാത്ത إِنَّا നിശ്ചയമായും നാം جَعَلْنَا ആക്കിയിരിക്കുന്നു الشَّيَاطِينَ പിശാചുക്കളെ أَوْلِيَاءَ ബന്ധുമിത്രങ്ങൾ, കാര്യകർത്താക്കൾ لِلَّذِينَ لَا يُؤْمِنُونَ വിശ്വസിക്കാത്തവർക്ക്

ആദം (അ) നബിയുടെയും ഇബ്‌ലീസിന്റെയും സംഭവത്തിൽ നിന്നു ആദം (അ) നബിയുടെ സന്തതികളായ മനുഷ്യവർഗ്ഗം ഓർമ്മിച്ചിരിക്കേണ്ടുന്ന ചില കാര്യങ്ങളാണ് 'ആദമിന്റെ സന്തതികളേ' (يا بني آدم) എന്നു വിളിച്ചുകൊണ്ടു ഈ വചനങ്ങളിൽ അല്ലാഹു നമ്മെ ഓർമ്മപ്പെടുത്തുന്നത്.

ആദ്യത്തെ വചനത്തിൽ നഗ്നത മറക്കുവാനും, അലങ്കാരത്തിനും ആവശ്യമായ വസ്ത്രങ്ങൾ നൽകി അനുഗ്രഹിച്ചതിനെ ഓർമ്മിപ്പിക്കുന്നു. ഭക്ഷണപാനീയങ്ങളെപ്പോലെത്തന്നെ മനുഷ്യന്റെ ജീവിതാവശ്യങ്ങളിൽ അനിവാര്യമായ ഒന്നത്രെ നഗ്നത മറക്കുവാനാവശ്യമായ വസ്ത്ര സാമഗ്രിയും. അതറിയാത്തവരായി ആരുമുണ്ടായിരിക്കയില്ല. നാഗരിക ജീവിതം അറിഞ്ഞുകൂടാത്ത കാട്ടാള വർഗ്ഗങ്ങൾപോലും വല്ല ഇലകളോ മരത്തോലുകളോകൊണ്ട് ഗുഹ്യസ്ഥാനം മറക്കാറുണ്ട്. ജീവിതത്തിൽ നിന്നു ഇതിന്റെ പ്രാധാന്യം മനസ്സിലാക്കാവുന്നതാണ്. ജീവിതത്തിൽ പരിഷ്കാരം സിദ്ധിക്കുന്തോറും വസ്ത്രത്തിന്റെ ആവശ്യകതയും, അതിൽ വൈവിധ്യത്തിന്റെ ആഗ്രഹവും വർദ്ധിക്കുകയാണ് ചെയ്യുന്നത്. ഇതരജീവി വർഗ്ഗങ്ങളിൽ നിന്നു മനുഷ്യവർഗ്ഗത്തെ വേർതിരിക്കുന്ന ജീവിതാവശ്യങ്ങളിൽ ഒന്നത്രെ ഇത്. ഖുർആൻ വ്യാഖ്യാതാക്കൾ പ്രസ്താവിച്ചതുപോലെ, സ്വർഗ്ഗത്തിലായിരുന്നപ്പോൾ മനുഷ്യവർഗ്ഗത്തിന്റെ ആദ്യ മാതാപിതാക്കളായ ആദം (അ) നും ഹവ്വാഹ് (അ) നും നഗ്നത മറക്കുവാനുള്ള ഏതോ ഒരു തരം വസ്ത്രം ഉണ്ടായിരുന്നുവെന്നും, പിശാചിന്റെ ദുഷ്പ്രേരണത്തിൽ വഞ്ചിതരായതിന്റെ ഫലമായി അവരുടെ ആ വസ്ത്രം നഷ്ടപ്പെട്ട് നഗ്നത പ്രത്യക്ഷപ്പെടുകയുണ്ടായെന്നും, ഉടനെ അവർ സ്വർഗ്ഗത്തിലെ ഇലകൾ എടുത്തു ദേഹത്തിൽ പൊതിയുവാൻ തുടങ്ങിയെന്നും

കൂടി ആലോചിക്കേണ്ടതാണ്. വസ്ത്ര വിഭവം വഴി അല്ലാഹു മനുഷ്യവർഗ്ഗത്തിനു നൽകിയ അനുഗ്രഹത്തിന്റെ മഹത്വം മനസ്സിലാക്കാവുന്നതാകുന്നു. അതിന്റെ പേരിൽ മനുഷ്യൻ സദാ അല്ലാഹുവിനു നന്ദിയുള്ളവരായിരിക്കേണ്ടതുമാകുന്നു [1]

رِيشٌ (രീശ്) എന്ന വാക്കിനു 'അലങ്കാര വസ്ത്രം' എന്നാണു മിക്ക ഖുർആൻ വ്യാഖ്യാതാക്കളും അർത്ഥം കൽപിച്ചിരിക്കുന്നത്. അലങ്കാരത്തിനും, ഭംഗിക്കും വേണ്ടി ഉപയോഗിക്കപ്പെടുന്ന എല്ലാ വസ്തുക്കൾക്കും ആ വാക്കു ഉപയോഗിക്കാമെന്നും മറ്റും വേറെയും അഭിപ്രായങ്ങളുണ്ട്. പക്ഷിയുടെ തൂവൽ എന്നാണു رِيش ന്റെ പ്രസിദ്ധമായ അർത്ഥമെന്നും, ചിലപ്പോൾ അതു ചിറകിലെ തൂവലിനെ മാത്രം ഉദ്ദേശിച്ചു പറയാറുണ്ടെന്നും പറഞ്ഞശേഷം ഇമാം റാഗിബ് (റ) പറയുന്നു: 'പക്ഷിയുടെ തൂവൽ മനുഷ്യന്റെ വസ്ത്രം പോലെയായതുകൊണ്ടു വസ്ത്രങ്ങൾക്കും അതു ഉപയോഗിക്കപ്പെട്ടിരിക്കുന്നു.' എന്തായാലും, വസ്ത്രത്തെ സംബന്ധിച്ചു പറയുന്ന സന്ദർഭമായതുകൊണ്ട് പ്രധാനമായും അലങ്കാരത്തിനുള്ള വസ്ത്രമാണ് ഉദ്ദേശ്യമെന്നു വെക്കുവാൻ ഇവിടെ ന്യായമുണ്ട്. ബാഹ്യവും ശാരീരികവുമായ വസ്ത്രത്തെപ്പറ്റി പ്രസ്താവിച്ചപ്പോൾ അതിനെത്തുടർന്നു ആന്തരികവും ആത്മീയവുമായ മറ്റൊരു വസ്ത്രം കൂടിയുണ്ടെന്നും അതിനാണു ഇതിനെക്കാൾ പ്രാധാന്യം കൽപിക്കപ്പെടേണ്ടതെന്നും ഓർമ്മിപ്പിച്ചുകൊണ്ടു അല്ലാഹു പറയുന്നു: وَلِبَاسُ التَّقْوَىٰ ذَٰلِكَ خَيْرٌ (സൂക്ഷ്മത-അഥവാ ഭയഭക്തി-യാകുന്ന വസ്ത്രമത്രെ കൂടുതൽ ഉത്തമമായത്) ശാരീരികമായ അപമാനം വസ്ത്രംകൊണ്ടു മറക്കുന്നതുപോലെ, ആന്തരികമായ അപമാനം അല്ലാഹുവിന്റെ വിധിവിലക്കുകൾ അനുസരിക്കുക വഴിയുണ്ടാകുന്ന ഭയഭക്തികൊണ്ടാണു മറക്കേണ്ടത്; ഈ വസ്ത്രത്തിനാണു മറ്റേ വസ്ത്രത്തെക്കാൾ മുൻഗണന നൽകപ്പെടേണ്ടത് എന്നു സാരം. ഹജ്ജു യാത്രയിൽ യാത്രാ സാമാനങ്ങൾ ഒരുക്കിക്കൊണ്ടു പോകുവാൻ ഉപദേശിച്ചപ്പോൾ, സൂ: അൽബഖറ 197ൽ 'യാത്രാ സാമാനങ്ങളിൽവെച്ച് ഉത്തമമായത് സൂക്ഷ്മതയാകുന്നു (فَإِنَّ خَيْرَ الزَّادِ التَّقْوَىٰ)' എന്നു അല്ലാഹു ഉപദേശിക്കുകയുണ്ടായല്ലോ. അതുപോലെയുള്ള ഒരു ഉപദേശം തന്നെയാണ് ഇതും.

27-ാം വചനത്തിൽ, പിശാചിന്റെ കുതന്ത്രത്തിൽ അകപ്പെട്ട് കുഴപ്പത്തിൽ പതിക്കാതിരിക്കുവാൻ മനുഷ്യൻ സദാ സൂക്ഷിക്കേണമെന്നു താക്കീതു ചെയ്തിരിക്കുന്നു. നിങ്ങളുടെ മാതാപിതാക്കളെ സ്വർഗ്ഗത്തിൽ നിന്നു അവനാണ് പുറത്തിറക്കിയത്. അവൻ നിങ്ങളുടെ ബദ്ധശത്രുവും, നിങ്ങളെ വഴിപിഴപ്പിക്കുവാൻ തന്നാൽ കഴിയുന്നതെല്ലാം ചെയ്യുമെന്നു പ്രതിജ്ഞയെടുത്തവനുമാകുന്നു. അതുകൊണ്ട് അവനെപ്പറ്റി നിങ്ങൾ വളരെ ജാഗരൂകരായിരിക്കേണ്ടതുണ്ട് എന്നത്രെ താക്കീതിന്റെ ചുരുക്കം. كَمَا أَخْرَجَ أَبَوَيْكُم مِّنَ الْجَنَّةِ (നിങ്ങളുടെ മാതാപിതാക്കളെ അവൻ സ്വർഗ്ഗത്തിൽനിന്ന് പുറത്താക്കിയതുപോലെ) എന്നു പറഞ്ഞു മതിയാക്കാതെ يَنزِعُ عَنْهُمَا لِبَاسَهُمَا (അവരുടെ വസ്ത്രം അവരിൽ നിന്ന് നീക്കം ചെയ്തുകൊണ്ടു പുറത്താക്കിയതുപോലെ) എന്നുകൂടി അല്ലാഹു പറഞ്ഞതു ശ്രദ്ധിക്കുക. നഗ്നത മറക്കുന്നതിന്റെ പ്രാധാന്യവും, അതു വെളിവാക്കുന്നതിന്റെ ഗൗരവവുമാണിതു ചൂണ്ടിക്കാട്ടുന്നത്. ചിലർ അഭിപ്രായപ്പെട്ടു കാണുന്ന പ്രകാരം ഭൂവാസം തുടങ്ങുമ്പോൾ അവരുടെ സ്വർഗ്ഗീയ വസ്ത്രം അവർക്കു നഷ്ടപ്പെട്ടിരിക്കാമെന്നും, ഭൂമിയിൽ വെച്ചു നഗ്നത മറക്കുവാനുള്ള മാർഗ്ഗം വല്ലതും സ്വീകരിക്കുന്നതുവരെ അവർ നഗ്നരായി കഴിഞ്ഞിരിക്കാമെന്നും സങ്കൽപിച്ചാൽ തന്നെയും നഗ്നത മറക്കുന്നതിന്റെ ആവശ്യകതയും അതിന്റെ പ്രാധാന്യവുമാണിതു കുറിക്കുന്നത്. സംശയമില്ല.

പിശാചിന്റെ കെണിയിൽ പെട്ടുപോകുന്നതിനെപ്പറ്റി ഇത്ര ശക്തിയായി താക്കീതു ചെയ്‌വാനുള്ള കാരണവും അല്ലാഹു നമുക്കു പറഞ്ഞു തരുന്നു. അവനും അവന്റെ കൂട്ടക്കാരും നിങ്ങളെ ഇങ്ങോട്ടു കാണും, എന്നാൽ നിങ്ങൾക്കു അവരെ അങ്ങോട്ടു കാണുവാൻ കഴിയുകയില്ല (إِنَّهُ يَرَاكُمْ هُوَ ....) എന്നത്രെ അത്. നിങ്ങൾക്കു അവരെ കാണുവാൻ കഴിയുമായിരുന്നുവെങ്കിൽ അവരുടെ കുതന്ത്രങ്ങളും ഗൂഢപ്രയോഗങ്ങളും കുറെയൊക്കെ നിങ്ങൾക്കു കണ്ടു മനസ്സിലാക്കി അതിൽനിന്നു നിങ്ങൾക്കു ഒഴിഞ്ഞു മാറുവാൻ കഴിയുമായിരുന്നു. എന്നാൽ, നിങ്ങൾക്കവരെ കാണുവാൻ സാധ്യമല്ല. അവർ ഒരു തരം അദൃശ്യ ജീവികളാകുന്നു. അതുകൊണ്ടു നിങ്ങൾ വളരെ കരുതലോടിരിക്കണം എന്നുദ്ദേശ്യം. പിശാചിന്റെ കൂട്ടക്കാർ (قَبِيلُهُ) എന്നു പറഞ്ഞതു ഇബ്‌ലീസിന്റെ സന്തതികളെയും സൈന്യ

---

[1] മാനുഷികവും ധാർമ്മികവുമായ മൂല്യങ്ങളിൽനിന്നു മനുഷ്യർ അകന്നകന്നു പൊയ്ക്കൊണ്ടിരിക്കുകയും, മൃഗീയതയിലേക്കും പൈശാചിക സ്വഭാവങ്ങളിലേക്കും അണഞ്ഞണഞ്ഞു കൊണ്ടിരിക്കുകയും ചെയ്യുന്ന ഒരു കാലഘട്ടമാണല്ലോ ഇത്. അക്കൂട്ടത്തിൽ, ഇന്നു സർവ്വത്ര പ്രചാരത്തിലുള്ള പലതരം അർദ്ധനഗ്ന പ്രസ്ഥാനങ്ങളിലും, പൂർണ്ണ നഗ്നസംഘങ്ങളിലും അറപ്പും വെറുപ്പും തോന്നാത്തവരെ സംബന്ധിച്ചിടത്തോളം അല്ലാഹുവിന്റെ ഈ മഹത്തായ അനുഗ്രഹത്തെ വിലയിരുത്തുവാൻ അവർക്കു കഴിയാതിരിക്കുക സ്വാഭാവികമത്രെ. എന്നാലും പ്രകൃതി പരമായ ഒരനുഗ്രഹമെന്ന നിലക്കെങ്കിലും അതൊരു അനുഗ്രഹമായി കണക്കാക്കാതിരിക്കുക അവർക്കു സാധ്യമല്ല.

[illegible] മനുഷ്യപ്പിശാചുക്കളെ ഉദ്ദേശിച്ചല്ല. മനുഷ്യപ്പിശാചുക്കൾ ഇങ്ങോട്ടു കാണു [illegible] കാണാമല്ലോ. ഇബ്ലീസു ആദം (അ) നബിക്കു സുജൂദു ചെയ്യാത്തതിനെപ്പററി [illegible] കഹ്ഫിൽ പറയുന്നു: ...أَفَتَتَّخِذُونَهُ وَذُرِّيَّتَهُ (എന്നിരിക്കെ, അവനും—ഇബ്ലീസും— [illegible] നിങ്ങൾക്കു ശത്രുവായിരുന്നിട്ടും നിങ്ങൾ അവരെ എനിക്കു പുറമെ കാര്യകർത്താക്കളാക്കു [illegible] (അൽകഹ്ഫ് 50.) വഴിപിഴച്ചു ദുർമ്മാർഗ്ഗികളായവർ നരകത്തിലേക്ക് മറിച്ചിടപ്പെടുമെന്നു പറഞ്ഞശേഷം, [illegible] وَجُنُودُ إِبْلِيسَ أَجْمَعُونَ (ഇബ്ലീസിന്റെ സൈന്യങ്ങളും മുഴുവൻ മറിച്ചിടപ്പെടും. (ശുഅറാഉ്:95)

[illegible] (അ) നബിയുടെയും ഇബ്ലീസിന്റെയും ഈ സംഭവം കേവലം ഒരു ഉപമാലങ്കാരമാണു—സംഭവിച്ചതല്ല— എന്നു വ്യാഖ്യാനിക്കുകയും, ജിന്നുവർഗ്ഗം എന്ന ഒരു പ്രത്യേക വർഗ്ഗത്തെയും ആ വർഗ്ഗത്തിൽ [illegible] പിശാചുക്കളെയും നിഷേധിക്കുകയും ചെയ്യുന്ന ചില ആളുകൾ ഇവിടെ ചില ദുർവ്യാ [illegible]. പിശാചും അവന്റെ കൂട്ടരും നിങ്ങളെ ഇങ്ങോട്ടു കാണും, നിങ്ങൾ അവരെ അങ്ങോട്ടു കാണു കയില്ല (...إِنَّهُ يَرَاكُمْ هُوَ وَقَبِيلُهُ) എന്നു അല്ലാഹു പറഞ്ഞതിന് അവർ നൽകിക്കാണുന്ന വ്യാഖ്യാനം ഇതാണ്: 'പിശാചി [illegible] കണ്ടു മനസ്സിലാക്കുവാൻ വളരെ പ്രയാസമുണ്ട്' അല്ലാഹു പറഞ്ഞ വാക്കും [illegible] നമ്മിൽ വല്ല പൊരുത്തവും ഉണ്ടോ എന്നു നിഷ്പക്ഷ ബുദ്ധിയുള്ളവർ ആലോചിച്ചു നോക്കു [illegible] വിശ്വസിക്കാത്ത ആളുകൾക്കു നാം പിശാചുക്കളെ ബന്ധുമിത്രങ്ങളാക്കിയിരിക്കുന്നു (إِنَّا جَعَلْنَا...) എന്ന് അല്ലാഹു പറഞ്ഞതിനു അവർ കൽപിക്കുന്ന അർത്ഥം ഇങ്ങിനെയാണു: 'വിശ്വസിക്കാത്തവർ [illegible] നാം രക്ഷാധികാരികളാക്കി വെച്ചിരിക്കുന്നത്.' അതിനുശേഷം ഇപ്പറഞ്ഞതിന്റെ താല്പര്യം [illegible] ഇങ്ങിനെയാക്കുന്നു: 'സത്യത്തിൽ വിശ്വസിക്കാത്തവരുടെ രക്ഷാധികാരികളാണ് [illegible] പിശാച് എന്നു നാമകരണം ചെയ്തിരിക്കുന്നത്'. ഇതു പ്രത്യേകം ഗൗനിക്കേണ്ടതാണു' أَوْلِيَاءَ [illegible] രക്ഷാധികാരികൾ' എന്നും അർത്ഥം വരാം. പക്ഷേ, 'വിശ്വസിക്കാത്തവർക്കാണു പിശാചു [illegible] രക്ഷാധികാരികളാക്കി വെച്ചിരിക്കുന്നതു' എന്നല്ല അല്ലാഹു പറഞ്ഞ വാക്യത്തിന്റെ അർത്ഥമെന്നു അറബി [illegible] എങ്കിലും ഉള്ള ഏവർക്കും അറിയാവുന്നതാണ്. അതുപോലെത്തന്നെ, 'വിശ്വസിക്കാത്ത [illegible] രക്ഷാധികാരികളെക്കൊണ്ടു ഇവിടെ പിശാചു എന്ന നാമകരണം ചെയ്തിരിക്കുന്നത്.' എന്നു പറഞ്ഞതും [illegible]. ആദം (അ) നബിയെ സ്വർഗ്ഗത്തിൽനിന്നു പുറത്താക്കിയ ഇബ്ലീസിനെയും, അവന്റെ കൂട്ടരെയും ഉദ്ദേശിച്ചുകൊണ്ടു ഖുർആൻ ഇവിടെ 'പിശാചുക്കൾ' എന്ന നാമകരണം ചെയ്തിരിക്കുന്നതെന്നു പ്രാഥമിക [illegible] ആർക്കും മനസ്സിലാക്കാവുന്നതാണ്.

ഈ വിഷയകമായി കൂടുതൽ മനസ്സിലാക്കാൻ അൽബഖറ 30-ാം ആയത്തിന് ശേഷമുള്ള വ്യാഖ്യാനക്കുറിപ്പും, സൂ: [illegible] ത്തിന് ശേഷമുള്ള വ്യാഖ്യാനക്കുറിപ്പും ഉപകരിക്കും.

28. അവർ വല്ല നീചവൃത്തിയും ചെയ്താൽ അവർ പറയും: 'ഞങ്ങളുടെ പിതാക്കളെ ഞങ്ങൾ അപ്രകാരം കണ്ടെത്തിയിരിക്കുന്നു; അല്ലാഹു ഞങ്ങളോട് അതിനു കൽപിക്കുകയും ചെയ്തിരിക്കുന്നു.' പറയുക: നിശ്ചയമായും, അല്ലാഹു നീചവൃത്തിക്കു കൽപിക്കുകയില്ല.

അല്ലാഹുവിന്റെ പേരിൽ നിങ്ങൾക്കു അറിഞ്ഞുകൂടാത്തതു നിങ്ങൾ പറയുകയോ?!'

٢٨- وَإِذَا فَعَلُوا فَاحِشَةً قَالُوا وَجَدْنَا عَلَيْهَا آبَاءَنَا وَاللَّهُ أَمَرَنَا بِهَا ۗ قُلْ إِنَّ اللَّهَ لَا يَأْمُرُ بِالْفَحْشَاءِ ۖ أَتَقُولُونَ عَلَى اللَّهِ مَا لَا تَعْلَمُونَ ○

---

28. وَإِذَا فَعَلُوا അവർ ചെയ്താൽ فَاحِشَةً ഒരു നീചവൃത്തി, വല്ല നീചകൃത്യവും قَالُوا അവർ പറയും وَجَدْنَا ഞങ്ങൾ കണ്ടെത്തിയിരിക്കുന്നു عَلَيْهَا അതിൻമേൽ (അപ്രകാരം) آبَاءَنَا ഞങ്ങളുടെ പിതാക്കളെ (പൂർവ്വികൻമാരെ) وَاللَّهُ അല്ലാഹു, അല്ലാഹുവാകട്ടെ أَمَرَنَا ഞങ്ങളോടു കൽപിക്കയും ചെയ്തിരിക്കുന്നു بِهَا അതിനു, അതുകൊണ്ടു, അതിനെപ്പററി قُلْ പറയുക إِنَّ اللَّهَ നിശ്ചയമായും അല്ലാഹു لَا يَأْمُرُ അവൻ കൽപിക്കയില്ല بِالْفَحْشَاءِ നീചവൃത്തിക്കു أَتَقُولُونَ നിങ്ങൾ പറയുന്നുവോ, പറയുകയോ عَلَى اللَّهِ അല്ലാഹുവിന്റെ പേരിൽ مَا لَا تَعْلَمُونَ നിങ്ങൾക്കറിയാത്തത്.

٢٩- قُلْ أَمَرَ رَبِّي بِالْقِسْطِ ۖ وَأَقِيمُوا وُجُوهَكُمْ عِنْدَ كُلِّ مَسْجِدٍ وَادْعُوهُ مُخْلِصِينَ لَهُ الدِّينَ ۚ كَمَا بَدَأَكُمْ تَعُودُونَ ۝

29. പറയുക: 'എന്റെ റബ്ബ് നീതി മുറക്ക് [അതു പാലിക്കുവാൻ] കല്പിച്ചിരിക്കുന്നു.

'എല്ലാ നമസ്കാര സ്ഥാനത്തിങ്കലും നിങ്ങൾ നിങ്ങളുടെ മുഖങ്ങളെ നേരെ നിറുത്തുവിൻ എന്നും; മതം (അഥവാ കീഴ്‌വണക്കം) അവന്നു നിഷ്കളങ്കമാക്കിക്കൊണ്ടു അവനെ വിളി(ച്ചു പ്രാർത്ഥി)ക്കുകയും ചെയ്യുവിൻ എന്നും (കല്പിച്ചിരിക്കുന്നു).

നിങ്ങളെ അവൻ ആദ്യമാ(യി ഉണ്ടാ)ക്കിയതു പോലെ തന്നെ, നിങ്ങൾ മടങ്ങുന്നതാണ്.

٣٠- فَرِيقًا هَدَىٰ وَفَرِيقًا حَقَّ عَلَيْهِمُ الضَّلَالَةُ ۗ إِنَّهُمُ اتَّخَذُوا الشَّيَاطِينَ أَوْلِيَاءَ مِنْ دُونِ اللَّهِ وَيَحْسَبُونَ أَنَّهُمْ مُهْتَدُونَ ۝

30. ഒരു വിഭാഗത്തെ അവൻ നേർമാർഗ്ഗത്തിലാക്കിയിരിക്കുന്നു; ഒരു വിഭാഗത്തെയാകട്ടെ,- അവരുടെമേൽ വഴിപിഴവു അവകാശപ്പെട്ടിരിക്കുന്നു. (അവരെ വഴിപിഴവിലാക്കിയിരിക്കുന്നു). (കാരണം) നിശ്ചയമായും, ഇവർ അല്ലാഹുവിനു പുറമെ പിശാചുക്കളെ ബന്ധുമിത്രങ്ങളാക്കിവെച്ചിരിക്കുന്നു. തങ്ങൾ നേർമാർഗ്ഗം പ്രാപിച്ചവരാണെന്നു അവർ കണക്കാക്കുകയും ചെയ്യുന്നു.

---

29. قُلْ പറയുക أَمَرَ رَبِّي എന്റെ റബ്ബു കല്പിച്ചിരിക്കുന്നു بِالْقِسْطِ നീതിമുറക്ക്, നീതിയെപ്പറ്റി وَأَقِيمُوا നിങ്ങൾ നിലനിറുത്തുക(ശരിക്കു നിറുത്തുക)യും ചെയ്യുവിൻ وُجُوهَكُمْ നിങ്ങളുടെ മുഖങ്ങളെ عِنْدَ كُلِّ എല്ലാററിങ്കലും, എല്ലാററിന്റെ അടുത്തും مَسْجِدٍ സുജൂദു (നമസ്കാര)സ്ഥാനം, പള്ളി وَادْعُوهُ അവനെ വിളിക്കുക (പ്രാർത്ഥിക്കുക)യും ചെയ്യുവിൻ مُخْلِصِينَ നിഷ്കളങ്കമാക്കിക്കൊണ്ടു, തനിച്ചാക്കിയവരായി لَهُ അവന്നു الدِّينَ മതം, കീഴ്‌വണക്കം, വഴിപ്പാടു كَمَا بَدَأَكُمْ നിങ്ങളെ അവൻ തുടങ്ങിയ (ആദ്യമുണ്ടാക്കിയ)തുപോലെ تَعُودُونَ നിങ്ങൾ മടങ്ങും (വീണ്ടും ആകും) 30. فَرِيقًا ഒരു വിഭാഗത്തെ, കൂട്ടരെ هَدَى അവൻ നേർമാർഗ്ഗത്തിലാക്കിയിരിക്കുന്നു وَفَرِيقًا ഒരു വിഭാഗത്തെയാകട്ടെ حَقَّ عَلَيْهِمُ അവരിൽ അവകാശപ്പെട്ടിരിക്കുന്നു الضَّلَالَةُ ദുർമാർഗ്ഗം, വഴിപിഴവു إِنَّهُمُ നിശ്ചയമായും അവർ اتَّخَذُوا ആക്കിവെച്ചു, സ്വീകരിച്ചു الشَّيَاطِينَ പിശാചുക്കളെ أَوْلِيَاءَ ബന്ധുമിത്രങ്ങൾ, കാര്യകർത്താക്കൾ مِنْ دُونِ اللَّهِ അല്ലാഹുവിനെ കൂടാതെ, പുറമെ وَيَحْسَبُونَ അവർ കണക്കാക്കുകയും (വിചാരിക്കുകയും) ചെയ്യുന്നു, ഗണിക്കുകയും ചെയ്തിരുന്നു أَنَّهُمْ അവർ(തങ്ങൾ) എന്നു مُهْتَدُونَ നേർമാർഗ്ഗം പ്രാപിച്ചവരാണു (എന്നു)

فَاحِشَة (നീചവൃത്തി) കൊണ്ടുദ്ദേശ്യം ശിർക്കും മറ്റും പോലെയുള്ള എല്ലാ നീചപ്രവൃത്തികളും ആകാവുന്നതാണ്. വസ്ത്രം ധരിക്കാതെ പൂർണ്ണ നഗ്നരായിക്കൊണ്ടു മുശ്രിക്കുകൾ ത്വവാഫു (കഅ്ബ പ്രദക്ഷിണം) ചെയ്തിരുന്നതിനെയാണ് ഇവിടെ പ്രധാനമായും ഉദ്ദേശിച്ചിരിക്കുന്നത് എന്നത്രെ അധിക വ്യാഖ്യാതാക്കളുടെയും അഭിപ്രായം. തുടർന്നുള്ള വാക്യങ്ങൾ പരിശോധിക്കുമ്പോഴും, ചില രിവായത്തുകൾ പരിഗണിക്കുമ്പോഴും ആ അഭിപ്രായം ശരിയാകുവാൻ ന്യായമുണ്ട് താനും. പാപം ചെയ്‌വാൻ ഉപയോഗിച്ച വസ്ത്രം ഉടുത്തുകൊണ്ടു ത്വവാഫു ചെയ്യുന്നതു നന്നല്ലെന്നായിരുന്നു അതിനു അവർ പറയുന്ന കാരണം. നമ്മുടെ മാതാക്കൾ നമ്മെ പ്രസവിച്ചപ്പോഴുള്ള അതേ രൂപത്തിൽ നമുക്കു ത്വവാഫു ചെയ്യണമെന്നും അവർ പറഞ്ഞിരുന്നുവത്രെ. സ്ത്രീ പുരുഷ വ്യത്യാസം അതിലില്ലായിരുന്നു. എങ്കിലും സ്ത്രീകൾ രാത്രിയും, പുരുഷന്മാർ പകലും ആയിരുന്നു അങ്ങിനെ ചെയ്തിരുന്നതെന്നു ഇബ്നു അബ്ബാസ് (റ) ൽ നിന്നും മുസ്‌ലിം (റ) നിവേദനം ചെയ്തിട്ടുള്ള ഒരു ഹദീസിൽ വന്നിരിക്കുന്നു.

ഇങ്ങിനെയുള്ള ദുർവൃത്തികൾക്കു തങ്ങടെ ന്യായീകരണം, പൂർവ്വപിതാക്കളുടെ അനുകരണമായിരിക്കും. പാരമ്പര്യമായ അന്ധവിശ്വാസങ്ങളിലും, അനാചാരങ്ങളിലും മുഴുകിയവർക്കു എല്ലാ കാലത്തും പറയുവാനുള്ള [illegible] ന്യായമാണല്ലോ അത്. പൂർവ്വികന്മാർ ചെയ്തുകൊണ്ടു വരുന്നതാകകൊണ്ട് ഇതെല്ലാം അല്ലാഹു കല്പിച്ച [illegible] തന്നെയാണെന്നും അവർ വാദിക്കും. ഇതൊക്കെ ബുദ്ധിഹീനമായ നീചകൃത്യങ്ങളാണു; ഇത്തരം നീചകൃത്യങ്ങൾക്ക് ഒരിക്കലും അല്ലാഹു കല്പിക്കുകയില്ല; യുക്തിപരമോ പ്രമാണപരമോ ആയ തെളിവുകളും കൂടാതെ അല്ലാഹുവിന്റെ പേരിൽ കളവു പറയുന്നവരാകയാണ്; നമസ്കാരം, പ്രാർത്ഥന മുതലായ ആരാധനാ കർമ്മങ്ങൾ അവനു മാത്രം അർപ്പിച്ചുകൊണ്ടു മുഖവും മനസ്സും അവനിലേക്കു തിരിക്കണം എന്നിങ്ങനെയുള്ള തിരി യുക്തമായ കാര്യങ്ങൾക്കു മാത്രമേ അവൻ കല്പിക്കൂ എന്നൊക്കെയാണ് അവർക്കു മറുപടി നൽകുവാൻ നബി(സ) യോടു കല്പിച്ചതിന്റെ സാരം.

مسجد (മസ്ജിദ്) എന്ന വാക്കിന്റെ അർത്ഥം 'സുജൂദു ചെയ്യുന്ന സ്ഥലം' എന്നാകുന്നു. 'നമസ്കാര വേള, പള്ളി, പ്രാർത്ഥനാ സ്ഥലം' എന്നിങ്ങിനെയുള്ള ഉദ്ദേശ്യങ്ങളിലാണതു സാധാരണ ഉപയോഗിക്കപ്പെടാറുള്ളത്. دين (ദീൻ) എന്ന വാക്കിനു 'മതം, നടപടി, അനുസരണം, കീഴ്വണക്കം, ആചാരം, വഴിപ്പാടു, പതിവു, പ്രതിഫലം' എന്നിങ്ങിനെ സന്ദർഭമനുസരിച്ചു പല അർത്ഥങ്ങളുമുണ്ട്. നിങ്ങളെ ആദ്യമായി ഉണ്ടാക്കിയതു പോലെ നിങ്ങൾ വീണ്ടും മടങ്ങും (كما بدأكم تعودون) എന്ന വാക്യത്തിനു പലരും പലതരം വ്യാഖ്യാനം നൽകിക്കാണുന്നു. ഇഹത്തിൽ ജീവിച്ചതുപോലെ മരണശേഷം വീണ്ടും ജീവിക്കും; മണ്ണിൽ നിന്നു സൃഷ്ടിക്കപ്പെട്ടതുപോലെ വീണ്ടും മണ്ണോടു ചേരും; ജനിക്കുമ്പോൾ നഗ്നരും ചേലാകർമ്മം ചെയ്യപ്പെടാത്തവരുമായിരുന്നതുപോലെ തന്നെ മടങ്ങി ജീവിക്കുമ്പോഴും ആയിരിക്കും; മുസ്ലിമായിരുന്നവർ മുസ്ലിമായും, അവിശ്വാസിയായിരുന്നവർ അവിശ്വാസിയായും മടങ്ങിവരും; ശൂന്യതയിൽ നിന്നു സൃഷ്ടിച്ചതുപോലെ വീണ്ടും ജീവിപ്പിക്കപ്പെടും എന്നൊക്കെയാണു ആ വ്യാഖ്യാനങ്ങളുടെ ചുരുക്കം. അല്ലാഹു ഉപയോഗിച്ച വാക്ക് ഈ വ്യാഖ്യാനങ്ങളെല്ലാം ഉൾക്കൊള്ളുമാറു വിശാലാർത്ഥമുള്ളതാണു താനും.

രണ്ടാമത്തെ വചനത്തിൽ പറഞ്ഞതിന്റെ സാരം ഇതാണ്: മരണശേഷം മടങ്ങിവരുമ്പോൾ നിങ്ങൾ രണ്ടു തരക്കാരായിരിക്കും. ഒരു കൂട്ടർ അല്ലാഹു സന്മാർഗ്ഗത്തിലാക്കിയ ഭാഗ്യവാന്മാർ. മറ്റേ കൂട്ടർ ദുർമ്മാർഗ്ഗികളായിരിക്കുവാൻ അവകാശപ്പെട്ടവരാകകൊണ്ടു ദുർമ്മാർഗ്ഗികളായി വിധിക്കപ്പെട്ട ദുർഭാഗ്യവാന്മാർ. ഇവർ ദുർമ്മാർഗ്ഗികളാകുവാൻ കാരണം അവർ തന്നെയാണ്. അല്ലാഹുവെ വിട്ടു പിശാചുക്കളെയാണവർ തങ്ങളുടെ ബന്ധുമിത്രങ്ങളും കാര്യകർത്താക്കളുമാക്കി വെച്ചത്. അവരുടെ ദുഷ്പ്രേരണകളെ അവർ അനുസരിക്കുകയും, അതൊക്കെ നേരായ മാർഗ്ഗം തന്നെയെന്നു ധരിച്ചുവശാകുകയും ചെയ്തിരിക്കുന്നു.

അങ്ങനെ സന്മാർഗ്ഗം പ്രാപിച്ചവരെയെന്നു [illegible] [illegible] ([illegible]) എന്നു ദുർമ്മാർഗ്ഗികളെപ്പറ്റി പറഞ്ഞതിൽനിന്നു ഒരാൾ താൻ സ്വീകരിച്ച മാർഗ്ഗം നല്ലതും ശരിയുമാണെന്നു വിചാരിച്ചതുകൊണ്ടു മതിയാകുന്നതല്ല, അതു യഥാർത്ഥത്തിൽ നല്ലതും ശരിയും ആയിരിക്കുക തന്നെ വേണ്ടതാണ്. എന്നാൽ മാത്രമേ അല്ലാഹുവിങ്കൽ അതു സ്വീകാര്യമായിരിക്കുകയുള്ളുവെന്നും, അതുകൊണ്ടു നല്ലതും ചീത്തയും ഏതെന്നു അന്വേഷിച്ചറിയൽ മനുഷ്യന്റെ കടമയാണെന്നും മനസ്സിലാക്കാവുന്നതാകുന്നു. ഒരു തഫ്സീർ ഗ്രന്ഥത്തിൽ ഇപ്രകാരം വന്നിട്ടുണ്ട്: 'ഒരു മനുഷ്യൻ, മനുഷ്യരുടെ ദൃഷ്ടിയിൽ സന്മാർഗ്ഗക്കാരുടെ പ്രവൃത്തികൾ ചെയ്തുകൊണ്ടിരിക്കും; അവൻ യഥാർത്ഥത്തിൽ നരകത്തിലേക്കുള്ളവനുമായിരിക്കും. മറ്റൊരുവൻ മനുഷ്യരുടെ ദൃഷ്ടിയിൽ നരകക്കാരുടെ പ്രവൃത്തികൾ ചെയ്തുകൊണ്ടിരിക്കും; അവൻ യഥാർത്ഥത്തിൽ സ്വർഗ്ഗക്കാരിൽപ്പെട്ടവനുമായിരിക്കും. കർമ്മങ്ങൾ (വിലയിരുത്തപ്പെടുന്നതു) അവയുടെ സമാപ്തികളനുസരിച്ചായിരിക്കും.' (ബുഖാരി) മനുഷ്യരെ വിളിച്ചുകൊണ്ടു വീണ്ടും അല്ലാഹു പറയുന്നു:—

31. ആദമിന്റെ സന്തതികളേ, എല്ലാ നമസ്കാര സ്ഥാനത്തിങ്കലും നിങ്ങൾ നിങ്ങളുടെ ഭംഗി [വസ്ത്രങ്ങൾ] എടുത്തു (പ്രയോഗിച്ചു) കൊള്ളുവിൻ; നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തു കൊള്ളുവിൻ. അമിതമാക്കുകയും അരുത്.

يَا بَنِي آدَمَ خُذُوا زِينَتَكُمْ عِنْدَ كُلِّ مَسْجِدٍ وَكُلُوا وَاشْرَبُوا وَلَا تُسْرِفُوا

നിശ്ചയമായും, അമിതമാക്കുന്നവരെ അവൻ [അല്ലാഹു] ഇഷ്ടപ്പെടുകയില്ല. — إِنَّهُۥ لَا يُحِبُّ ٱلْمُسْرِفِينَ ۝ ع

---

31. يا بني آدم ആദമിന്റെ സന്തതികളേ (മക്കളേ) خذوا നിങ്ങൾ എടുത്തു (ഉപയോഗിച്ചു – സ്വീകരിച്ചു) കൊള്ളുവിൻ زينتكم നിങ്ങളുടെ ഭംഗി, അലങ്കാരം, അഴക് عند كل مسجد എല്ലാ സുജൂദു (നമസ്കാര) വേളയിലും, നമസ്കാര സ്ഥലത്തിങ്കലും وكلوا തിന്നുകയും ചെയ്യുവിൻ واشربوا കുടിക്കുകയും ചെയ്യുവിൻ ولا تسرفوا നിങ്ങൾ അമിതമാക്കുക (അതിരു കടക്കുക)യും ചെയ്യരുതു إنه നിശ്ചയമായും അവൻ لا يحب ഇഷ്ടപ്പെടുകയില്ല المسرفين അതിരു വിടുന്നവരെ, അമിതമാക്കുന്നവരെ

...തുകളിൽ പ്രസ്താവിച്ചപോലെ, നഗ്നരായ നിലയിൽ ത്വവാഫും നമസ്കാരം പോലെയുള്ള ആരാധനാ കർമ്മങ്ങളും നടത്തുന്ന സമ്പ്രദായം ഉപേക്ഷിക്കണം; ആരാധനാ കർമ്മങ്ങളിൽ പങ്കെടുക്കുമ്പോൾ നഗ്നത മറക്കുക മാത്രമല്ല, ഭംഗിക്കും അലങ്കാരത്തിനുമുള്ള വസ്ത്രങ്ങൾ ധരിക്കുക കൂടി വേണ്ടതാണ് എന്നു അല്ലാഹു ഉപദേശിക്കുന്നു. അതിനോടനുബന്ധിച്ചുകൊണ്ടു ഭക്ഷണപാനീയങ്ങൾ ഉപയോഗിക്കുന്നതിനെക്കുറിച്ചും ഉപദേശിച്ചിരിക്കുന്നു. ഭക്ഷണപാനീയങ്ങൾ മുതലായ അല്ലാഹു നൽകിയ അനുഗ്രഹങ്ങൾ ഉപേക്ഷിച്ച് ബുദ്ധിമുട്ടും ഞെരുക്കവും അനുഭവിക്കുന്നതു ഒരു പുണ്യകർമ്മമാണെന്നും, മോക്ഷമാർഗ്ഗമാണെന്നും ചില ആളുകൾ മുൻകാലത്തും ഇക്കാലത്തും കരുതാറുണ്ട്. ആ സമ്പ്രദായം ഉപേക്ഷിക്കണമെന്നും, അല്ലാഹു നൽകിയ ആ അനുഗ്രഹങ്ങൾ ആവശ്യവും സന്ദർഭവും അനുസരിച്ചു ഉപയോഗപ്പെടുത്തണമെന്നും, അതിൽ മടികാണിക്കരുതെന്നും, ഒരേ സമയം അതിലൊന്നും അമിതത്വം ഉണ്ടാവാൻ പാടില്ലെന്നും കല്പിക്കുന്നു. അല്ലാഹുവിന്റെ ഈ കല്പനകളുടെ അടിസ്ഥാനത്തിലാണു നമസ്കാര വേളകളിൽ—ജുമുഅഃ, ജമാഅത്ത്, പെരുന്നാൾ നമസ്കാരം എന്നിവയിൽ വിശേഷിച്ചും— നല്ല വസ്ത്രങ്ങൾ ധരിക്കുക, വാസനദ്രവ്യം ഉപയോഗിക്കുക, വായ വൃത്തിയാക്കുക, കുളിച്ചു ശുദ്ധിയാകുക മുതലായ കാര്യങ്ങൾക്കു ഹദീസുകളിൽ പ്രോത്സാഹനം നൽകപ്പെട്ടു കാണുന്നത്.

നബി (സ) പറഞ്ഞിരിക്കുന്നു: 'അമിതത്വവും, അഹങ്കാരവുമില്ലാത്ത വിധം തിന്നുകയും, കുടിക്കുകയും, ഉടുക്കുകയും, ധർമ്മം കൊടുക്കുകയും ചെയ്യുവിൻ. നിശ്ചയമായും, അല്ലാഹുവിന്റെ അനുഗ്രഹത്തിന്റെ അടയാളം അവന്റെ അടിയാനിൽ കാണപ്പെടുന്നതു അവൻ ഇഷ്ടപ്പെടുന്നതാണ്.' (അ; ന; ജ.) ഇബ്നു അബ്ബാസ് (റ) പറഞ്ഞതായി ബുഖാരി (റ) പറയുന്നു: 'രണ്ടു കാര്യങ്ങൾ നിന്നിൽനിന്നു ഒഴിവായാൽ നിനക്കു വേണ്ടതു നീ തിന്നുകയും, നിനക്കു വേണ്ടതു നീ കുടിക്കുകയും ചെയ്തു കൊള്ളുക: അമിതത്വവും, അഹംഭാവവും.' മുൻഗാമികളായ ചില മഹാന്മാർ ഇപ്രകാരം പറഞ്ഞതായി ഇബ്നുകഥീർ (റ) ഉദ്ധരിക്കുന്നു: അല്ലാഹു വൈദ്യം മുഴുവനും ഒരു ആയത്തിന്റെ പകുതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. അതായതു: كلوا واشربوا ولا تسرفوا (തിന്നുകയും കുടിക്കുകയും ചെയ്തുകൊള്ളുക-അമിതമാക്കുകയും അരുത്.) ആവശ്യത്തിലധികം ഉപയോഗിക്കുക, കഴിവിലധികവും സന്ദർഭം നോക്കാതെയും ഉപയോഗിക്കുക, പത്രാസിനും അന്തസ്സിനും വേണ്ടി ഉപയോഗിക്കുക, മുന്തിയതും തന്നെ വേണമെന്നു ശഠിക്കുക, ഹറാമും ഹലാലും നോക്കാതിരിക്കുക മുതലായവയെല്ലാം അമിതത്വത്തിൽ ഉൾപ്പെടുന്നതാണ്.

വിഭാഗം-4

32. (നബിയേ) പറയുക: 'അല്ലാഹു അവന്റെ അടിയാന്മാർക്കുവേണ്ടി പുറപ്പെടുവിച്ചിട്ടുള്ളതായ അവന്റെ (വക) ഭംഗി (വസ്തുക്കളെ)യും, ആഹാരത്തിൽ നിന്നുള്ള നല്ല(വിശിഷ്ട) വസ്തുക്കളെയും നിഷിദ്ധമാക്കിയതാരാണ്?!'

٣٢- قُلْ مَنْ حَرَّمَ زِينَةَ ٱللَّهِ ٱلَّتِىٓ أَخْرَجَ لِعِبَادِهِۦ وَٱلطَّيِّبَٰتِ مِنَ ٱلرِّزْقِ ۚ

قُلْ هِيَ لِلَّذِينَ آمَنُوا فِي الْحَيَاةِ الدُّنْيَا خَالِصَةً يَوْمَ الْقِيَامَةِ ۗ

പറയുക: 'അവ ഐഹിക ജീവിതത്തിൽ വിശ്വസിച്ച വർക്കുള്ളതാകുന്നു; ഖിയാമത്തുനാളിൽ അവർക്കു പ്രത്യേകമായിക്കൊണ്ടു.'

كَذَٰلِكَ نُفَصِّلُ الْآيَاتِ لِقَوْمٍ يَعْلَمُونَ ۝

അപ്രകാരം, അറിയാവുന്ന ജനങ്ങൾക്കുവേണ്ടി 'ആയത്തു' [ലക്ഷ്യം]കളെ നാം വിശദീകരിക്കുന്നു.

---

32. قُلْ പറയുക مَنْ حَرَّمَ നിഷിദ്ധ (ഹറാം) മാക്കിയതാരാണ് زِينَةَ اللَّهِ അല്ലാഹുവിന്റെ ഭംഗിയെ (അലങ്കാരത്തെ) الَّتِي أَخْرَجَ അവൻ പുറപ്പെടുവിച്ച(ഉല്പാദിപ്പിച്ച)തായ لِعِبَادِهِ തന്റെ (അവന്റെ) അടിയാൻമാർക്കുവേണ്ടി وَالطَّيِّبَاتِ നല്ല (വിശിഷ്ട) വസ്തുക്കളെയും مِنَ الرِّزْقِ ആഹാര(ഉപജീവന)ത്തിൽ നിന്നു قُلْ هِيَ പറയുക അവ لِلَّذِينَ آمَنُوا വിശ്വസിച്ചവർക്കുള്ളതാണു (വേണ്ടിയാണു) فِي الْحَيَاةِ ജീവിതത്തിൽ الدُّنْيَا ഇഹലോക, ഐഹിക خَالِصَةً മാത്രമായിക്കൊണ്ടു, തനിച്ചായിട്ടു يَوْمَ الْقِيَامَةِ ഖിയാമത്തു നാളിൽ كَذَٰلِكَ അ (ഇ) പ്രകാരം نُفَصِّلُ നാം വിശദീകരിക്കുന്നു الْآيَاتِ ലക്ഷ്യങ്ങളെ, ദൃഷ്ടാന്തങ്ങളെ لِقَوْمٍ ജനങ്ങൾക്കുവേണ്ടി يَعْلَمُونَ അറിയുന്ന

ഭംഗിക്കും അഴകിനും വേണ്ടി മനുഷ്യർ ഉപയോഗിക്കാറുള്ള വസ്ത്രം മുതലായ ഉപകരണങ്ങളെയും, വിശിഷ്ടങ്ങളായ ഭക്ഷണപാനീയങ്ങളെയും ഈ ഭൂമിയിൽ സൃഷ്ടിച്ചുണ്ടാക്കിത്തന്നതു അല്ലാഹുവാണ്. അതവന്റെ അടിയാൻമാർക്കുവേണ്ടി ഉണ്ടാക്കിയതുമാകുന്നു. എന്നിരിക്കെ, അവയിൽ ചിലതു നിഷിദ്ധമായതാണ്—ഉപയോഗിച്ചുകൂടാ—എന്നു വിധി കൽപിക്കുവാൻ ആർക്കാണു അധികാരവും അവകാശവുമുള്ളത്?! എന്നു അല്ലാഹു ചോദിക്കുന്നു. ഇല്ല; അല്ലാഹുവിനല്ലാതെ ആർക്കും അതിനവകാശമില്ല; വല്ലവരും അങ്ങിനെ ചെയ്താൽ അതു സ്വീകാര്യവുമല്ല എന്നർത്ഥം. നല്ല വസ്ത്രം ധരിക്കുക, നല്ല ആഹാരം കഴിക്കുക മുതലായവ തെറ്റാണെന്നും, അതു ആത്മീയ പുരോഗതിക്കു ഹാനികരമാണെന്നും ധരിക്കുന്ന എല്ലാവരുടെയും—അവർ മുസ്ലിംകളോ അമുസ്ലിംകളോ ആവട്ടെ—നേരെയുള്ള ശക്തിയായ ഒരു പ്രതിഷേധമാണ് അല്ലാഹുവിന്റെ ഈ ചോദ്യം. അല്ലാഹു നിഷിദ്ധമാക്കാത്തതിനെ നിഷിദ്ധമാക്കുന്നതു അക്രമവും ധിക്കാരവുമാകുന്നു. മാത്രമല്ല, അവൻ നൽകിയ അനുഗ്രഹങ്ങൾ ഉപയോഗപ്പെടുത്തുവാൻ സൗകര്യമുണ്ടായിട്ടും കൽപിച്ചുകൂട്ടി അതു ഉപേക്ഷിക്കുന്നതു നന്ദികേടുമാണ്. അതുകൊണ്ടാണ് ഇത്രയും ശക്തിയായ സ്വരത്തിൽ ഇതിനെപ്പറ്റി പ്രസ്താവിക്കുന്നത്. പിന്നീടു പറഞ്ഞതിന്റെ താൽപര്യം ഇതാണ്: മേൽ സൂചിപ്പിച്ചതുപോലെയുള്ള വസ്തുക്കളെല്ലാം അല്ലാഹു ഈ ലോകത്തു ഉൽപാദിപ്പിച്ചിരിക്കുന്നതു യഥാർത്ഥത്തിൽ സത്യവിശ്വാസികൾക്കു വേണ്ടിയാകുന്നു. എങ്കിലും അവിശ്വാസികളും അവയുടെ ഉപയോഗത്തിൽ പങ്കുകൊണ്ടു വരുന്നുവെന്നു മാത്രം. അല്ലാഹു അതു തടയുന്നുമില്ല. എന്നാൽ, ഖിയാമത്തുനാൾ കഴിഞ്ഞാൽ പിന്നെ, ഇങ്ങിനെയുള്ള അനുഗ്രഹങ്ങൾ സത്യവിശ്വാസികൾക്കു മാത്രമേ ലഭിക്കുകയുള്ളു. അവസാനത്തെ വാക്യത്തിൽ ഇതുപോലെ ഇങ്ങിനെ വിശദീകരിച്ചു വിവരിച്ചു തരുന്നതു കാര്യങ്ങൾ ഗ്രഹിച്ചു മനസ്സിലാക്കുന്നവർക്കു അറിയുവാൻ വേണ്ടിയാണെന്നും ചൂണ്ടിക്കാട്ടുന്നു.

ഭക്ഷണപാനീയങ്ങളിൽ പോലും അമിതത്വവും അതിരു കവിച്ചലും പാടില്ലെന്നും, പത്രാസും പൊങ്ങച്ചവും ഉണ്ടായിക്കൂടാ എന്നും കഴിഞ്ഞ വചനത്തിൽ നിന്നും മേലുദ്ധരിച്ചതുപോലെയുള്ള ഹദീസുകളിൽ നിന്നും വ്യക്തമായിരിക്കെ, അലങ്കാര വസ്തുക്കൾ ഉപയോഗിക്കുന്നതിൽ പ്രത്യേകിച്ചും മിതത്വം പാലിക്കേണ്ടതുണ്ടെന്നു പറയേണ്ടതില്ലല്ലോ. നമ്മുടെ കാലത്തെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ, അല്ലാഹു നൽകിയ സുഖസൗകര്യങ്ങളും അലങ്കാര വിഭവങ്ങളും ഉപയോഗപ്പെടുത്താത്തവരായി അധികമാരെയും കാണപ്പെടുകയില്ല. അവ ഉപയോഗിക്കുന്നതിലും വർദ്ധിപ്പിക്കുന്നതിലുമുള്ള വാശിയും കിടമത്സരവുമാണു പരക്കെയുള്ളത്. മാത്രമല്ല, അലങ്കാരത്തിന്റെയും ഭംഗിയുടെയും പേരിൽ ഏതു വികൃത മാർഗ്ഗവും സ്വീകരിക്കാമെന്നും, ഐഹിക ജീവിതത്തിന്റെ പ്രധാന ലക്ഷ്യം തന്നെ അതാണെന്നുമുള്ളിടത്തോളം പൊതുജന മനസ്ഥിതി എത്തിച്ചേർന്നിരിക്കുകയാണ്. അല്ലാഹുവിൽ ശരണം!

٣٣- قُلْ إِنَّمَا حَرَّمَ رَبِّيَ الْفَوَاحِشَ مَا ظَهَرَ مِنْهَا وَمَا بَطَنَ وَالْإِثْمَ وَالْبَغْيَ بِغَيْرِ الْحَقِّ وَأَنْ تُشْرِكُوا بِاللَّهِ مَا لَمْ يُنَزِّلْ بِهِ سُلْطَانًا وَأَنْ تَقُولُوا عَلَى اللَّهِ مَا لَا تَعْلَمُونَ ○

33. പറയുക: 'നിശ്ചയമായും, എന്റെ റബ്ബ് നിഷിദ്ധമാക്കിയിരിക്കുന്നതു: നീചവൃത്തികളും അവയിൽ പ്രത്യക്ഷമായതും പരോക്ഷമായതും, പാപവും, ന്യായമല്ലാതെയുള്ള അതിക്രമ (അഥവാ കയ്യേററ)വും, യാതൊരു (അധികൃത) രേഖയും അല്ലാഹു അവതരിപ്പിച്ചിട്ടില്ലാത്തതിനെ നിങ്ങൾ അവനോടു പങ്കുചേർക്കുന്നതും, നിങ്ങൾക്കു അറിഞ്ഞുകൂടാത്തതു നിങ്ങൾ അല്ലാഹുവിന്റെ പേരിൽ പറഞ്ഞുണ്ടാക്കുന്നതും (മാത്രം) ആകുന്നു.

---

33. قُلْ പറയുക إِنَّمَا حَرَّمَ നിഷിദ്ധമാക്കിയതു (ഇവ മാത്രം), നിശ്ചയമായും ഹറാമാക്കി رَبِّيَ എന്റെ റബ്ബ് الْفَوَاحِشَ നീചവൃത്തികളെ (മാത്രം) مَا ظَهَرَ പ്രത്യക്ഷമായതു (വെളിവായതു) مِنْهَا അവയിൽ നിന്നു وَمَا بَطَنَ പരോക്ഷമായതും (മറഞ്ഞതും) وَالْإِثْمَ കുററവും, പാപവും وَالْبَغْيَ അതിക്രമവും, കയ്യേററവും, ധിക്കാരവും, അക്രമവും بِغَيْرِ الْحَقِّ ന്യായമില്ലാതെ, അവകാശമില്ലാതെ وَأَنْ تُشْرِكُوا നിങ്ങൾ പങ്കു ചേർക്കലും بِاللَّهِ അല്ലാഹുവിനോടു, അല്ലാഹുവിൽ مَا لَمْ يُنَزِّلْ അവൻ അവതരിപ്പിക്കാത്തതിനെ بِهِ അതിനു, അതിനെപററി سُلْطَانًا ഒരു (അധികൃത) രേഖ (ശക്തി–അധികാരം) وَأَنْ تَقُولُوا നിങ്ങൾ പറയലും (പറഞ്ഞുണ്ടാക്കലും) عَلَى اللَّهِ അല്ലാഹുവിന്റെ പേരിൽ مَا لَا تَعْلَمُونَ നിങ്ങൾക്കറിഞ്ഞുകൂടാത്തതു

നല്ല വസ്തുക്കളെയൊന്നും അല്ലാഹു നിഷിദ്ധമാക്കിയിട്ടില്ലെന്നു പറയുമ്പോൾ, എന്നാൽ പിന്നെ ഏതുതരം കാര്യങ്ങളാണ് അവൻ നിഷിദ്ധമാക്കിയിരിക്കുന്നതെന്ന് ചോദിക്കപ്പെടാമല്ലോ. അതിനൊരു മറുപടിയാണ് ഈ വചനം. അടിസ്ഥാനപരമായി അഞ്ച് തരത്തിലുള്ള കാര്യങ്ങൾ മാത്രമേ അവൻ നിഷിദ്ധമാക്കിയിട്ടുള്ളു–അവയിൽപെടാത്ത കാര്യങ്ങളൊന്നും അവൻ നിഷിദ്ധമാക്കിയിട്ടില്ല–എന്ന് ഈ വചനത്തിൽ വ്യക്തമാക്കപ്പെട്ടിരിക്കുന്നു. അതായത്: –

(1) പ്രത്യക്ഷമോ പരോക്ഷമോ ആയ എല്ലാ നീചവൃത്തികളും. ഇവയെപ്പററി കഴിഞ്ഞ സൂറത്തിലെ 151–ാം വചനത്തിന്റെ വ്യാഖ്യാനത്തിലും മററും മുമ്പ് വിവരിച്ചിട്ടുണ്ട്. നബി (സ) അരുളിച്ചെയ്തതായി ഇബ്നുമസ്ഊദ് (റ) ഉദ്ധരിക്കുന്നു: 'അല്ലാഹുവിനെക്കാൾ രോഷമുള്ളവരായി ആരും തന്നെയില്ല. അത്കൊണ്ടാണ് പ്രത്യക്ഷവും പരോക്ഷവുമായ നീചവൃത്തികളെ അവൻ നിഷിദ്ധമാക്കിയിരിക്കുന്നത്. അവനെക്കാൾ പ്രശംസയെ ഇഷ്ടപ്പെടുന്നവരും വേറെയില്ല.' (ബു.മു) മനുഷ്യരുടെ ശുദ്ധതക്കും അഭിമാനത്തിനും ക്ഷതമേൽപ്പിക്കുന്ന കാര്യങ്ങളോട് അല്ലാഹുവിനുള്ള വെറുപ്പിന്റെ കാഠിന്യംകൊണ്ടാണ് അവൻ എല്ലാവിധ നീചവൃത്തികളെയും നിരോധിച്ചതു. നേരെമറിച്ച് മനുഷ്യരുടെ, സൽപേരിനും കാരണമാകുന്ന കാര്യങ്ങളെല്ലാം അവന് വളരെ ഇഷ്ടവുമാണു എന്ന് താൽപര്യം. (2) കുററകരമായതു. അഥവാ ശാരീരികമോ, ആത്മീയമോ ആയ ദോഷം നിമിത്തം പാപങ്ങളായി നിശ്ചയിക്കപ്പെട്ട കാര്യങ്ങൾ. (3) ന്യായമില്ലാത്ത അതിക്രമം. അഥവാ മററുള്ളവരുടെമേൽ അക്രമവും, കയ്യേററവും ആയിത്തീരുന്ന കാര്യങ്ങൾ. (4) അല്ലാഹുവിനോട്–അവന്റെ സത്തയിലോ അധികാരാവകാശങ്ങളിലോ ഗുണഗണങ്ങളിലോ–ഏതെങ്കിലും വസ്തുവെ പങ്കു ചേർക്കൽ, എല്ലാ നിഷിദ്ധങ്ങളിലുംവെച്ച് ഏററവും ഗൗരവപ്പെട്ടതും ഇത് തന്നെ. അല്ലാഹുവിങ്കൽ നിന്നുള്ള അധികൃതമായ രേഖയില്ലാത്തതിനെ പങ്കു ചേർക്കുക എന്ന് പറഞ്ഞത് ശ്രദ്ധേയമാകുന്നു. വിശ്വാസപരമായ മൗലിക സിദ്ധാന്തങ്ങൾ അല്ലാഹുവിങ്കൽനിന്നുള്ള വഹ്‌യ്മൂലം ലഭിക്കുന്ന തെളിവുകളുടെ അടിസ്ഥാനത്തിലേ അംഗീകരിക്കപ്പെടുകയുള്ളു, അതിൽ അഭിപ്രായത്തിനും അനുമാനത്തിനും സ്ഥാനമില്ല എന്നാണിത് സൂചിപ്പിക്കുന്നതു. (5) വിവരമില്ലാതെ–അഥവാ മതിയായ തെളിവും രേഖയും കൂടാതെ–അല്ലാഹുവിന്റെ പേരിൽ വല്ലതും വെച്ചുകെട്ടിപ്പറയുക. മതത്തിലില്ലാത്തത് കൂട്ടിച്ചേർക്കൽ, അല്ലാഹു നിയമിക്കാത്ത ആചാരാനുഷ്ഠാനങ്ങൾ നിർമ്മിക്കൽ, സ്വാഭിപ്രായത്തിനും സ്ഥാപിത താൽപര്യത്തിനും യോജിച്ച ഫത്‌വ (മതവിധി) പുറപ്പെടുവിക്കൽ, അല്ലാഹു അനുവദനീയമാക്കിയതിനെ നിഷിദ്ധവും നിഷിദ്ധമാക്കിയതിനെ അനുവദനീയവുമാക്കൽ തുടങ്ങിയതെല്ലാം ഇതിൽ ഉൾപെട്ടതാകുന്നു. ഈ അഞ്ചിൽ ഏതെങ്കിലും ഒരു തരത്തിൽപെട്ട കാര്യങ്ങളെ അല്ലാഹു നിഷിദ്ധമാക്കിയിട്ടുള്ളുവെന്നാണ് അല്ലാഹു പറയുന്നത്.

34. എല്ലാ (ഓരോ) സമുദായത്തിനുമുണ്ട് ഒരു അവധി. അങ്ങനെ, അവരുടെ അവധി വന്നാല്‍ അവര്‍ ഒരു നാഴിക നേരവും പിന്നോട്ടു പോകുകയാകട്ടെ, മുന്നോട്ടു പോകുകയാകട്ടെ ചെയ്കയില്ല.

وَلِكُلِّ أُمَّةٍ أَجَلٌ فَإِذَا جَآءَ أَجَلُهُمْ لَا يَسْتَأْخِرُونَ سَاعَةً وَلَا يَسْتَقْدِمُونَ ۝

---

34. وَلِكُلِّ എല്ലാ സമുദായത്തിനുമുണ്ട് أَجَلٌ ഒരു അവധി فَإِذَا جَاءَ അങ്ങനെ (അതിനാല്‍) വന്നാല്‍ أَجَلُهُمْ അവരുടെ അവധി لَا يَسْتَأْخِرُونَ അവര്‍ പിന്തി (പിന്നോട്ടു) പോകുകയില്ല سَاعَةً ഒരു നാഴികനേരം, وَلَا يَسْتَقْدِمُونَ അവര്‍ മുന്തി (മുന്നോട്ടു) പോകുകയുമില്ല

നൂഹ് (അ) നബിയുടെ സമുദായവും, അതിനുശേഷം മററു ചില സമുദായങ്ങളും അവരവരുടെ അക്രമഫലമായി ഉന്മൂലനാശത്തിന് ഇരയായ കഥ വിവരിച്ചശേഷം, സൂറത്തുല്‍ മുഅ്മിനൂനില്‍ പറയുന്നു: مَا تَسْبِقُ مِنْ أُمَّةٍ أَجَلَهَا وَمَا يَسْتَأْخِرُونَ (المؤمنون - ٤٣) (ഒരു സമുദായവും തന്നെ അതിന്റെ അവധിയെ മുന്‍കടക്കുകയില്ല; അവര്‍ പിന്നോട്ടു പോവുകയുമില്ല.) നശിപ്പിക്കപ്പെട്ട ഓരോ രാജ്യവും—അഥവാ രാജ്യക്കാരും—അതതിനു നിശ്ചയിക്കപ്പെട്ട അവധി അനുസരിച്ചു തന്നെയാണു നശിച്ചതെന്നു സൂചിപ്പിച്ചുകൊണ്ടു സൂ: ഹിജ്ര്‍ 5ലും ഇതേ വാക്യം കാണാം. ഈ ആശയം തന്നെയാണു ഈ വചനത്തിലും കാണുന്നത്. അല്ലാഹുവിനെക്കുറിച്ചുള്ള ഭയവും, സത്യവിശ്വാസവും അവശേഷിക്കുന്ന കാലത്തോളം സമുദായങ്ങള്‍ നിലനില്‍ക്കും. നിലനില്‍ക്കുകയും ചെയ്യും. നേരെമറിച്ച് ധിക്കാരത്തിലും ദുര്‍മ്മാര്‍ഗ്ഗത്തിലും അതിരു കവിയുമ്പോള്‍ അവര്‍ക്കു നാശം സംഭവിക്കുകയും ചെയ്യും. എപ്പോഴാണത് സംഭവിക്കുകയെന്നും, സംഭവിക്കേണ്ടതെന്നും അല്ലാഹുവിനു മാത്രമേ അറിയുകയുള്ളു. അതിനു നിശ്ചയിക്കപ്പെട്ട സമയത്തല്ലാതെ അതിന്റെ അല്‍പമെങ്കിലും മുമ്പോ പിമ്പോ അതൊട്ടു സംഭവിക്കുകയില്ല.

നാശം എന്നു പറഞ്ഞതില്‍, മുന്‍സമുദായങ്ങളില്‍ കഴിഞ്ഞതുപോലെയുള്ള ഉന്മൂലനാശം മാത്രമല്ല, സമുദായത്തെ പൊതുവായി ബാധിക്കുന്ന തരത്തിലുള്ള അധഃപതനം, നിന്ദ്യത, പരാജയം, ദുരന്തങ്ങള്‍, പ്രകൃതിക്ഷോഭം മുതലായവയും ഉള്‍പ്പെടുന്നു. മുന്‍ സമുദായങ്ങളെപ്പോലെ ഈ സമുദായത്തിനും ബാധകമാണ് ഈ താക്കീത്.

35. ആദമിന്റെ സന്തതികളെ,

എന്റെ 'ആയത്തു' [ലക്ഷ്യം]കള്‍ നിങ്ങള്‍ക്കു വിവരിച്ചുതന്നുകൊണ്ട് നിങ്ങളില്‍നിന്നുള്ള 'റസൂലു'കള്‍ നിങ്ങള്‍ക്കു (വല്ലപ്പോഴും) വന്നെത്തുന്നപക്ഷം, അപ്പോള്‍— ആര്‍ സൂക്ഷ്മത പാലിക്കുകയും, (പ്രവൃത്തി) നന്നാക്കിത്തീര്‍ക്കുകയും ചെയ്തുവോ, അവരുടെ മേല്‍ യാതൊരു ഭയവുമില്ല; അവര്‍ വ്യസനിക്കുകയുമില്ല.

يَٰبَنِيٓ ءَادَمَ إِمَّا يَأْتِيَنَّكُمْ رُسُلٌ مِّنكُمْ يَقُصُّونَ عَلَيْكُمْ ءَايَٰتِي فَمَنِ ٱتَّقَىٰ وَأَصْلَحَ فَلَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ ۝

---

35. يَا بَنِي آدَمَ ആദമിന്റെ സന്തതികളെ إِمَّا يَأْتِيَنَّكُمْ നിങ്ങള്‍ക്കു (വല്ലപ്പോഴും) വരുന്നപക്ഷം رُسُلٌ റസൂലുകള്‍, ദൂതന്മാര്‍ مِنْكُمْ നിങ്ങളില്‍നിന്നുള്ള يَقُصُّونَ വിവരിച്ചുതന്നുകൊണ്ടു عَلَيْكُمْ നിങ്ങള്‍ക്ക് آيَاتِي എന്റെ ലക്ഷ്യങ്ങള്‍, ദൃഷ്ടാന്തങ്ങള്‍ فَمَنِ اتَّقَى അപ്പോള്‍ ആര്‍ സൂക്ഷിച്ചുവോ وَأَصْلَحَ (കര്‍മ്മം) നന്നാക്കുകയും ചെയ്തു, നന്നായിത്തീരുകയും ചെയ്തു فَلَا خَوْفٌ എന്നാല്‍ ഒരു ഭയവുമില്ല عَلَيْهِمْ അവരുടെമേല്‍ وَلَا هُمْ അവര്‍ ഇല്ലതാനും يَحْزَنُونَ അവര്‍ വ്യസനിക്കും.

36. നമ്മുടെ 'ആയത്തു' [ലക്ഷ്യം] കളെ വ്യാജമാക്കുകയും, അവയെക്കുറിച്ച് അഹംഭാവം നടിക്കുകയും ചെയ്തവരാകട്ടെ, അക്കൂട്ടര്‍ നരകത്തിന്റെ ആള്‍ക്കാരാകുന്നു; അവര്‍ അതില്‍ നിത്യവാസികളായിരിക്കും.

٣٦- وَالَّذِينَ كَذَّبُوا بِآيَاتِنَا وَاسْتَكْبَرُوا عَنْهَا أُولَٰئِكَ أَصْحَابُ النَّارِ ۖ هُمْ فِيهَا خَالِدُونَ ○

---

36. والذين كذبوا വ്യാജമാക്കിയവര്‍ بآياتنا നമ്മുടെ ആയത്തുകളെ واستكبروا അഹംഭാവം (വലുപ്പം-ഗര്‍വ്വു) നടിക്കുകയും ചെയ്തു عنها അവയെപ്പറ്റി أولئك അക്കൂട്ടര്‍ أصحاب النار നരകത്തിന്റെ ആള്‍ക്കാരാകുന്നു هم فيها അവര്‍ അതില്‍ خالدون സ്ഥിര (നിത്യ) വാസികളാണു, ശാശ്വതമായിരിക്കും

ആദം (അ) ന്റെ സന്തതികളോടു—അതെ, മനുഷ്യാരംഭം മുതല്‍ കാലാവസാനംവരെയുള്ള മനുഷ്യരോടു—അല്ലാഹുവിങ്കല്‍നിന്നുള്ള ഒരു പൊതു അറിയിപ്പാണിത്. അദ്ദേഹത്തെ സ്വര്‍ഗ്ഗത്തില്‍ നിന്നു ഭൂമിയിലേക്കു ഇറക്കിയപ്പോള്‍ തന്നെ ഈ അറിയിപ്പു നല്‍കിക്കൊണ്ടായിരുന്നു അയച്ചതെന്നു അല്‍ബഖറ 38, 39 വചനങ്ങളില്‍ കാണാവുന്നതാണ്. ആ വചനങ്ങളിലെ ആശയം തന്നെയാണു ഈ വചനങ്ങളിലുമുള്ളതു. അല്ലാഹുവിന്റെ സന്ദേശങ്ങളും ലക്ഷ്യങ്ങളും പ്രബോധനം ചെയ്യുന്ന റസൂലുകള്‍ വരുമ്പോള്‍ അവരുടെ മാര്‍ഗ്ഗദര്‍ശനം എല്ലാവരും സ്വീകരിക്കണമെന്നും, അതനുസരിക്കുന്നവര്‍ക്കേ രക്ഷയുള്ളുവെന്നും, അല്ലാത്തവര്‍ക്കു നരകശിക്ഷയായിരിക്കും ആധാരമെന്നുമാണല്ലോ ഈ അറിയിപ്പിന്റെ സാരം. അങ്ങിനെയുള്ള ഒരു റസൂലാണു നിങ്ങളില്‍ ഇപ്പോള്‍ വന്നിരിക്കുന്നതു; അതുകൊണ്ടു അദ്ദേഹത്തെ പിന്‍പറ്റല്‍ നിങ്ങളുടെ ഒഴിച്ചുകൂടാത്ത കടമയാകുന്നുവെന്നു താല്‍പര്യം.

37. അപ്പോള്‍, അല്ലാഹുവിന്റെ പേരില്‍ വ്യാജം കെട്ടിച്ചമക്കുകയോ, അല്ലെങ്കില്‍ അവന്റെ 'ആയത്തു' [ലക്ഷ്യം] കളെ വ്യാജമാക്കുകയോ ചെയ്യുന്നവനെക്കാള്‍ അക്രമി ആരാണ്?! അവര്‍ക്കു (രേഖാ) ഗ്രന്ഥത്തില്‍നിന്നുള്ള അവരുടെ ഓഹരി (വൃത്തി) കിട്ടുന്നതാണ്.

٣٧- فَمَنْ أَظْلَمُ مِمَّنِ افْتَرَىٰ عَلَى اللَّهِ كَذِبًا أَوْ كَذَّبَ بِآيَاتِهِ ۚ أُولَٰئِكَ يَنَالُهُمْ نَصِيبُهُمْ مِنَ الْكِتَابِ ۖ

അങ്ങനെ, (അവസാനം) അവരെ പിടിച്ചെടുക്കുവാനായി നമ്മുടെ ദൂതന്‍മാര്‍ അവരുടെ അടുക്കല്‍ വരുമ്പോള്‍ അവര്‍ [ദൂതന്‍മാര്‍] പറയും: 'നിങ്ങള്‍ അല്ലാഹുവിനു പുറമെ വിളിച്ചു (പ്രാര്‍ത്ഥിച്ചു) കൊണ്ടിരുന്നവ എവിടെ (പ്പോയി)?!'

حَتَّىٰ إِذَا جَاءَتْهُمْ رُسُلُنَا يَتَوَفَّوْنَهُمْ قَالُوا أَيْنَ مَا كُنْتُمْ تَدْعُونَ مِنْ دُونِ اللَّهِ ۖ

അവര്‍ (മറുപടി) പറയും: 'അവര്‍ ഞങ്ങളെ വിട്ടു മറഞ്ഞുപോയി!' തങ്ങള്‍ അവിശ്വാസികളായിരുന്നുവെന്ന് തങ്ങള്‍ക്കു തന്നെ എതിരില്‍ അവര്‍ സാക്ഷ്യം വഹിക്കുകയും ചെയ്യുന്നതാണ്.

قَالُوا ضَلُّوا عَنَّا وَشَهِدُوا عَلَىٰ أَنْفُسِهِمْ أَنَّهُمْ كَانُوا كَافِرِينَ ○

---

37. فمن അപ്പോള്‍ ആരാണ് أظلم ഏററം (കൂടുതല്‍) അക്രമി ممن افترى കെട്ടിച്ചമച്ച (കെട്ടിപ്പറഞ്ഞ) വനെക്കാള്‍ على الله അല്ലാഹുവിന്റെ മേല്‍ (പേരില്‍) كذبا വ്യാജം, കളവു أو كذب അല്ലെങ്കില്‍ വ്യാജമാക്കിയ بآياته അവന്റെ ആയത്തുകളെ أولئك അക്കൂട്ടര്‍ ينالهم അവര്‍ക്കു എത്തും, കിട്ടും نصيبهم അവരുടെ ഓഹരി, പങ്കു من الكتاب ഗ്രന്ഥത്തില്‍ (രേഖയില്‍) നിന്നുള്ള حتى അങ്ങനെ (ഇതുവരെ) إذا جاءتهم അവര്‍ക്കു വന്നാല്‍ رسلنا നമ്മുടെ ദൂതന്‍മാര്‍ يتوفونهم അവരെ പിടിച്ചെടുത്തുകൊണ്ടു (പിടിച്ചെടുക്കുവാനായി) قالوا അവര്‍ പറയും أين എവിടെ ما كنتم നിങ്ങളായിരുന്നതു, ആയിരുന്നവ تدعون നിങ്ങള്‍ വിളിക്കും, പ്രാര്‍ത്ഥിക്കും من دون الله അല്ലാഹുവിനു പുറമെ, കൂടാതെ قالوا അവര്‍ പറയും ضلوا അവര്‍ പിഴച്ചു (മറഞ്ഞു)പോയി عنا ഞങ്ങളെ വിട്ടു, ഞങ്ങളില്‍നിന്നു وشهدوا അവര്‍ സാക്ഷ്യപ്പെടുത്തുകയും ചെയ്യും على أنفسهم തങ്ങളുടെ സ്വന്തങ്ങളുടെമേല്‍, തങ്ങള്‍ക്കു തന്നെ എതിരെ أنهم كانوا അവരായിരുന്നുവെന്നു كافرين അവിശ്വാസികള്‍

[illegible] പറഞ്ഞ പ്രകാരമായിരിക്കെ, അല്ലാഹുവിനു സമന്മാ[illegible] [illegible] അവൻെറ ലക്ഷ്യലക്ഷണങ്ങളെ നിഷേധിക്കുകയും [illegible] എന്നിരുന്നാലും പെട്ടെന്നു അല്ലാഹു അവരുടെ മേൽ നടപടി എടു[illegible] [illegible] കണക്കാക്കിവെച്ചിട്ടുള്ള അവരുടെ വിഹിതങ്ങളെല്ലാം-ആഹാരം, [illegible] ചെയ്യും. അവസാനം ആയുഷ്കാലം തീരുമ്പോൾ [illegible] -മരണപ്പെടുത്തുവാൻവേണ്ടി- മലക്കുകളാകുന്ന ദൈവദൂതന്മാർ അവരുടെ അടുക്കൽ ചെല്ലും. നിങ്ങൾ വിളിച്ചും ആരാധിച്ചും വന്നിരുന്ന ആ ദൈവങ്ങളൊക്കെ എവിടെപ്പോയി? അവർ നിങ്ങളെ സഹായിക്കുന്നില്ലേ?! എന്നിങ്ങിനെ ആ മലക്കുകൾ അവരോടു പരിഹാസപൂർവ്വം ചോദിക്കും. അയ്യോ! അവരൊക്കെ ഞങ്ങളെ വിട്ടുപോയിക്കഴിഞ്ഞു! അവരെക്കൊണ്ടു ഒരു ഉപകാരവും ഞങ്ങൾക്കുണ്ടായില്ല! എന്നായിരിക്കും അവരുടെ മറുപടി. അങ്ങനെ, തങ്ങളുടെ മരണംവരെ തങ്ങൾ സത്യനിഷേധികളായിരുന്നുവെന്നു അവർ ആ അവസരത്തിൽ തങ്ങൾക്കെതിരായി സാക്ഷ്യപ്പെടുത്തുക തന്നെ ചെയ്യും.

38. അവൻ [അല്ലാഹു] പറയും: 'ജിന്നുകളിൽ നിന്നും, മനുഷ്യരിൽനിന്നുമായി നിങ്ങളുടെ മുമ്പ് കഴിഞ്ഞുപോയിട്ടുള്ള സമുദായങ്ങളുടെ കൂട്ടത്തിൽ നരകത്തിൽ പ്രവേശിച്ചു കൊള്ളുവിൻ!'

٣٨- قَالَ ادْخُلُوا فِي أُمَمٍ قَدْ خَلَتْ مِن قَبْلِكُم مِّنَ الْجِنِّ وَالْإِنسِ فِي النَّارِ

ഓരോ സമുദായവും (അതിൽ) പ്രവേശിക്കുമ്പോഴൊക്കെ അതിൻെറ സഹോദരിയെ [സഹോദര സമുദായത്തെ] അതു ശപിക്കുന്നതാണ്.

كُلَّمَا دَخَلَتْ أُمَّةٌ لَّعَنَتْ أُخْتَهَا

അങ്ങനെ, അവർ മുഴുവനും അതിൽവെച്ച് പരസ്പരം കണ്ടുമുട്ടി (ഒരുമിച്ചു കൂടി)യാൽ, അവരിൽ അവസാനത്തേവർ ആദ്യത്തേവരെക്കുറിച്ചു പറയും: 'ഞങ്ങളുടെ റബ്ബേ! ഇക്കൂട്ടർ ഞങ്ങളെ വഴിപിഴപ്പിച്ചിരിക്കുന്നു; അതിനാൽ, അവർക്കു നരകത്തിൽ നിന്നും ഇരട്ടി ശിക്ഷ നീ കൊടുക്കേണമേ!'

حَتَّىٰ إِذَا ادَّارَكُوا فِيهَا جَمِيعًا قَالَتْ أُخْرَاهُمْ لِأُولَاهُمْ رَبَّنَا هَٰؤُلَاءِ أَضَلُّونَا فَآتِهِمْ عَذَابًا ضِعْفًا مِّنَ النَّارِ

അവൻ പറയും: 'എല്ലാവർക്കുമുണ്ട് ഇരട്ടി. പക്ഷെ, നിങ്ങൾ അറിയുന്നില്ല'.

قَالَ لِكُلٍّ ضِعْفٌ وَلَٰكِن لَّا تَعْلَمُونَ

---

38. قَالَ അവൻ പറയും ادْخُلُوا നിങ്ങൾ പ്രവേശിക്കുവിൻ فِي أُمَمٍ സമുദായങ്ങളിലായി (സമുദായങ്ങളുടെ കൂട്ടത്തിൽ) قَدْ خَلَتْ കഴിഞ്ഞു പോയിട്ടുള്ള مِن قَبْلِكُم നിങ്ങൾക്കു മുമ്പു مِنَ الْجِنِّ ജിന്നുകളിൽ നിന്നു وَالْإِنسِ മനുഷ്യരിൽ നിന്നും فِي النَّارِ നരകത്തിൽ كُلَّمَا دَخَلَتْ പ്രവേശിക്കുമ്പോഴെല്ലാം أُمَّةٌ ഒരു സമുദായം لَعَنَتْ അതു ശപിക്കും أُخْتَهَا അതിൻെറ സഹോദരിയെ (സഹോദരസമുദായത്തെ) حَتَّىٰ അങ്ങനെ إِذَا ادَّارَكُوا അവർ പരസ്പരം കണ്ടുമുട്ടിയാൽ, വന്നു ചേർന്നാൽ (ഒരുമിച്ചു കൂടിയാൽ) فِيهَا അതിൽ جَمِيعًا മുഴുവനും, എല്ലാവരും قَالَتْ പറയും أُخْرَاهُمْ അവരിൽ അവസാനത്തേവർ لِأُولَاهُمْ അവരിൽ ആദ്യത്തേവരെപ്പററി رَبَّنَا ഞങ്ങളുടെ റബ്ബേ هَٰؤُلَاءِ ഇക്കൂട്ടർ أَضَلُّونَا അവർ ഞങ്ങളെ വഴിപിഴപ്പിച്ചിരിക്കുന്നു فَآتِهِمْ അതിനാൽ അവർക്കു നീ കൊടുക്കണം عَذَابًا ശിക്ഷ ضِعْفًا ഇരട്ടി, ഇരട്ടിയായ مِّنَ النَّارِ നരകത്തിൽനിന്നു قَالَ അവൻ പറയും لِكُلٍّ എല്ലാവർക്കുമുണ്ടു ضِعْفٌ ഇരട്ടി وَلَٰكِن എങ്കിലും لَا تَعْلَمُونَ നിങ്ങൾ അറിയുന്നില്ല, അറിയുകയില്ല

39. അവരിൽ ആദ്യത്തേവർ, അവസാനത്തേവരോടു പറയും: 'അപ്പോൾ, നിങ്ങൾക്ക ഞങ്ങളെക്കാൾ ഒരു ശ്രേഷ്ഠതയുമില്ല; ആകയാൽ, നിങ്ങൾ (പ്രവർത്തിച്ചു) സമ്പാദിച്ചിരുന്നതു നിമിത്തം നിങ്ങൾ ശിക്ഷ ആസ്വദിച്ചു കൊള്ളുവിൻ.'

٣٩- وَقَالَتْ أُولَاهُمْ لِأُخْرَاهُمْ فَمَا كَانَ لَكُمْ عَلَيْنَا مِنْ فَضْلٍ فَذُوقُوا الْعَذَابَ بِمَا كُنتُمْ تَكْسِبُونَ ○ ع

---

39. وقالت പറയുകയും ചെയ്യും اولهم അവരിൽ ആദ്യത്തേവർ لأخرٰهم അവരിൽ അവസാനത്തേവരോടു, അവസാനത്തേവരെക്കുറിച്ചു فما كان അപ്പോൾ ഉണ്ടായില്ല, ഇല്ല لكم നിങ്ങൾക്ക علينا ഞങ്ങളെക്കാൾ من فضل ഒരു ശ്രേഷ്ഠതയും, മെച്ചവും فذوقوا ആകയാൽ (എന്നി–അപ്പോൾ) ആസ്വദിക്കുവിൻ (അനുഭവിക്കുക) العذاب ശിക്ഷ بما كنتم നിങ്ങളായിരുന്നതുനിമിത്തം تكسبون നിങ്ങൾ സമ്പാദിക്കും

കഴിഞ്ഞ വചനത്തിൽ നിന്നു വ്യക്തമായതുപോലെ, അവിശ്വാസികൾ അവരുടെ കർമ്മഫലം മരണവേളയിൽ തന്നെ കണ്ടു തുടങ്ങും. പിന്നീടു ഖിയാമത്തുനാളിൽ വരാനിരിക്കുന്ന സ്ഥിതിഗതികളാണ് ഈ വചനത്തിൽ അല്ലാഹു വിവരിക്കുന്നതു. ഓരോ സമുദായത്തിൽപെട്ടവരും മറ്റേവരെ പഴിക്കുന്നു. അവർ പരസ്പരം സഹകരിച്ചും അനുകരിച്ചും കൊണ്ടാണല്ലോ ഈ ഗതിയിലെത്തിച്ചേർന്നത്. എല്ലാ സമുദായക്കാരും ഒരുമിച്ചു ചേരുമ്പോൾ പിൻകാലക്കാർ മുൻകാലക്കാരെ കുററപ്പെടുത്തുകയായി. ഇവരാണു ഞങ്ങളെ പിഴപ്പിച്ചതു-ഇവരുടെ മാതൃകയും പാരമ്പര്യവും ഉപദേശ നിർദ്ദേശങ്ങളുമാണു ഞങ്ങളെ നേർവഴി തെററിച്ചത്– അതുകൊണ്ടു അവർക്ക ശിക്ഷ ഇരട്ടിപ്പിക്കേണമെന്ന് അവർ അല്ലാഹുവിനോടു അപേക്ഷിക്കും. തങ്ങൾക്ക ഏതായാലും ശിക്ഷയിൽനിന്നു ഒഴിവില്ലെന്നു അവർക്കറിയാം. എന്നാലും മററവരോടുള്ള അമർഷം നിമിത്തം അവർക്ക കൂടുതൽ ശിക്ഷ ലഭിക്കുവാൻ അവർ ആഗ്രഹിക്കയാണു. അല്ലാഹുവിന്റെ മറുപടി ഇതാകട്ടെ, ആർക്കും ശിക്ഷ കുറവൊന്നുമില്ല, എല്ലാവർക്കുമുണ്ട് ഇരട്ടി ശിക്ഷ എന്നായിരിക്കും. നേതാക്കളെ സംബന്ധിച്ചിടത്തോളം, അവരുടെ നിഷേധത്തിനും, മററുള്ളവരെ പിഴപ്പിച്ചതിനും അവർ ശിക്ഷ അനുഭവിക്കണം. മററവരെ സംബന്ധിച്ചിടത്തോളം, അവരുടെ നിഷേധത്തിനും, ദൃഷ്ടാന്തങ്ങളും തെളിവുകളും നോക്കാതെ നേതാക്കളെ അനുകരിച്ചും അനുസരിച്ചും കൊണ്ടിരുന്നതിനും ശിക്ഷ അനുഭവിക്കേണ്ടതുണ്ടല്ലോ. ആർക്കും ഒഴിവില്ലെന്നും, ലഘുത്വമില്ലെന്നും കാണുമ്പോൾ, ആദ്യത്തേവർ തങ്ങളോടു കാണിച്ച അമർഷത്തിനു അവർ തിരിച്ചടി നൽകുന്നു: എല്ലാവരും ഒരുപോലെതന്നെ; ഞങ്ങളുടെമേൽ പഴിചാരിയതുകൊണ്ടു നിങ്ങൾക്ക ഒരു മെച്ചവും കിട്ടിയില്ലല്ലോ. നിങ്ങൾ ചെയ്തതിന്റെ ഫലം നിങ്ങൾ തന്നെ അനുഭവിച്ചുകൊള്ളുക; ഞങ്ങളുടെ മേൽ കുററം ചുമത്തി ഒഴിവാകാമെന്ന വ്യാമോഹം വെച്ചുകൊണ്ടിരിക്കേണ്ട എന്നൊക്കെ. അല്ലാഹു നമ്മെ കാത്തുരക്ഷിക്കട്ടെ, آمين

വിഭാഗം-6

40. നിശ്ചയമായും, നമ്മുടെ 'ആയത്തു' [ലക്ഷ്യം]കളെ വ്യാജമാക്കുകയും, അവയെപ്പററി അഹംഭാവം നടിക്കുകയും ചെയ്തവർ, അവർക്കു ആകാശത്തിന്റെ വാതിലുകൾ തുറന്നു കൊടുക്കപ്പെടുകയില്ല; സൂചിയുടെ ദ്വാരത്തിലൂടെ ഒട്ടകം കടന്നു പോകുന്നതു വരേക്കും അവർ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയുമില്ല.

അപ്രകാരമത്രെ, കുററവാളികൾക്കു നാം പ്രതിഫലം നൽകുന്നത്.

٤٠- إِنَّ الَّذِينَ كَذَّبُوا بِآيَاتِنَا وَاسْتَكْبَرُوا عَنْهَا لَا تُفَتَّحُ لَهُمْ أَبْوَابُ السَّمَاءِ وَلَا يَدْخُلُونَ الْجَنَّةَ حَتَّىٰ يَلِجَ الْجَمَلُ فِي سَمِّ الْخِيَاطِ ۚ وَكَذَٰلِكَ نَجْزِي الْمُجْرِمِينَ ○

41. അവർക്കു 'ജഹന്നമി'ൽ [നരകത്തിൽ] നിന്നും (അതിൽ) വിരിപ്പുണ്ടായിരിക്കും; അവരുടെ മീതെക്കൂടി പുതപ്പുകളുമുണ്ടായിരിക്കും.

അപ്രകാരമത്രെ, അക്രമികൾക്കു നാം പ്രതിഫലം കൊടുക്കുന്നത്.

٤١- لَهُم مِّن جَهَنَّمَ مِهَادٌ وَمِن فَوْقِهِمْ غَوَاشٍ ۚ وَكَذَٰلِكَ نَجْزِي الظَّالِمِينَ ○

---

40. إِنَّ നിശ്ചയമായും യാതൊരുകൂട്ടർ الَّذِينَ كَذَّبُوا അവർ കളവാക്കി بِآيَاتِنَا നമ്മുടെ ആയത്തു (ലക്ഷ്യ-ദൃഷ്ടാന്തം)കളെ وَاسْتَكْبَرُوا അഹംഭാവം നടിക്കുകയും ചെയ്തു عَنْهَا അവയെക്കുറിച്ചു لَا تُفَتَّحُ തുറന്നുകൊടുക്കപ്പെടുകയില്ല لَهُمْ അവർക്ക്, അവർക്കുവേണ്ടി أَبْوَابُ വാതിലു(കവാടം)കൾ السَّمَاءِ ആകാശത്തിന്റെ وَلَا يَدْخُلُونَ അവർ പ്രവേശിക്കുകയുമില്ല الْجَنَّةَ സ്വർഗ്ഗത്തിൽ حَتَّىٰ يَلِجَ കടക്കുന്നതുവരെ الْجَمَلُ ഒട്ടകം فِي سَمِّ ദ്വാരത്തിലൂടെ الْخِيَاطِ സൂചിയുടെ وَكَذَٰلِكَ അപ്രകാരമത്രെ نَجْزِي നാം പ്രതിഫലം നൽകുന്നതു الْمُجْرِمِينَ കുറ്റവാളികൾക്ക്. 41. لَهُم അവർക്കുണ്ട്, ഉണ്ടായിരിക്കും مِّن جَهَنَّمَ ജഹന്നമിൽ നിന്നും مِهَادٌ വിരിപ്പു وَمِن فَوْقِهِمْ അവരുടെ മീതെയും غَوَاشٍ മൂടികൾ (പുതപ്പുകൾ) وَكَذَٰلِكَ അപ്രകാരമാണ് نَجْزِي നാം പ്രതിഫലം കൊടുക്കുന്നതു الظَّالِمِينَ അക്രമികൾക്ക്.

'അവർക്കു ആകാശത്തിന്റെ വാതിലുകൾ തുറന്നു കൊടുക്കപ്പെടുകയില്ല' എന്നു പറഞ്ഞതിന്റെ താൽപര്യം, അവരുടെ കർമ്മങ്ങൾക്കും, ആത്മാക്കൾക്കും മേൽപോട്ടു പ്രവേശനം നൽകപ്പെടുകയില്ല എന്നാകുന്നു. അവരുടെ പ്രാർത്ഥന സ്വീകരിക്കപ്പെടുകയില്ല എന്നും ആകാവുന്നതാണ്. സൂ: ഫാത്വിറിൽ അല്ലാഹു പറയുന്നു: إِلَيْهِ يَصْعَدُ الْكَلِمُ الطَّيِّبُ وَالْعَمَلُ الصَّالِحُ يَرْفَعُهُ (അവങ്കലേക്കത്രെ നല്ലതായ വാക്കുകൾ കയറിപ്പോകുന്നതു; സൽക്കർമ്മമാകട്ടെ അതിനെ അവൻ ഉയർത്തുകയും ചെയ്യുന്നു. (ഫാത്വിർ:10.) സത്യവിശ്വാസികൾ മരണപ്പെടുമ്പോൾ അവരുടെ ആത്മാക്കൾക്കു ആകാശത്തെ മലക്കുകളിൽനിന്നു വളരെ സ്വാഗതവും, സ്വീകരണവും ലഭിക്കുമെന്നും, അവിശ്വാസികൾ മരണപ്പെടുമ്പോൾ അവരുടെ ആത്മാക്കൾക്കു അവിടെ സ്വീകരണം ലഭിക്കാതെ മേൽപോട്ടുള്ള പ്രവേശനം തടയപ്പെടുമെന്നും പല ഹദീസുകളിലും വന്നിട്ടുള്ളതാകുന്നു. (അ;ദാ;ന;ജ.) 'ഒട്ടകം സൂചിയുടെ ദ്വാരത്തിലൂടെ കടക്കുന്നതുവരെ' എന്നു പറഞ്ഞതിന്റെ ഉദ്ദേശ്യം, ഒരു കാലത്തും അവർ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല എന്നത്രെ. അസംഭവ്യമെന്ന അർത്ഥത്തിൽ ഉപയോഗിക്കാറുള്ള ഒരു ഉപമ വാക്യമാണത്. നരകത്തിൽനിന്നും അവർക്കു വിരിപ്പും പുതപ്പുമുണ്ടെന്നു പറഞ്ഞതു അവരുടെ അടിയിലും മുകളിലുമെല്ലാംതന്നെ നരകാഗ്നിയാൽ മൂടപ്പെട്ടുകൊണ്ടിരിക്കുന്നതിനെ പരിഹാസപൂർവ്വം വിരിപ്പിനോടും, പുതപ്പിനോടും ഉപമിച്ചു പറഞ്ഞതാകുന്നു. أَعَاذَنَا اللَّهُ مِنْ عَذَابِ جَهَنَّمَ (നരക ശിക്ഷയിൽനിന്നും അല്ലാഹു നമ്മെ കാത്തു രക്ഷിക്കട്ടെ!

42. വിശ്വസിക്കുകയും, സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാകട്ടെ, ഒരു വ്യക്തിയോടും [ആളോടും] അതിന്റെ കഴിവ (നുസരിച്ച)ല്ലാതെ നാം ശാസിക്കന്നില്ല- അക്കൂട്ടർ, സ്വർഗ്ഗത്തിന്റെ ആൾക്കാരാകുന്നു; അവർ അതിൽ സ്ഥിരവാസികളായിരിക്കും.

٤٢- وَالَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ لَا نُكَلِّفُ نَفْسًا إِلَّا وُسْعَهَا أُولَٰئِكَ أَصْحَابُ الْجَنَّةِ ۖ هُمْ فِيهَا خَالِدُونَ ○

---

42. وَالَّذِينَ آمَنُوا വിശ്വസിച്ചവരാകട്ടെ وَعَمِلُوا പ്രവർത്തിക്കുകയും ചെയ്ത الصَّالِحَاتِ നല്ല കാര്യങ്ങൾ لَا نُكَلِّفُ നാം ശാസിക്കുക (നിർബ്ബന്ധിക്കുക) യില്ല نَفْسًا ഒരു ആത്മാവിനോടും, ദേഹത്തോടും (വ്യക്തിയോടും, ആളോടും) إِلَّا وُسْعَهَا അതിനു കഴിവതല്ലാതെ أُولَٰئِكَ അക്കൂട്ടർ أَصْحَابُ الْجَنَّةِ സ്വർഗ്ഗത്തിന്റെ ആൾക്കാരാകുന്നു هُمْ فِيهَا അവരതിൽ خَالِدُونَ ശാശ്വതന്മാരായിരിക്കും.

അവിശ്വാസികളുടെ പര്യവസാനം മുകളിൽ വിവരിച്ച പ്രകാരമാണെങ്കിൽ സത്യവിശ്വാസികളുടെ പര്യവസാനം എങ്ങിനെയായിരിക്കുമെന്ന് ഈ വചനത്തിൽ വിവരിക്കുന്നു. വിശ്വാസംകൊണ്ട് മാത്രം മതിയാകുവാൻ പാടില്ലെന്നും, അതോടുകൂടി സൽക്കർമ്മങ്ങൾ പ്രവൃത്തിക്കലും അനിവാര്യമാണെന്നും മററു പലേടത്തുമെന്നപോലെ ഇവിടെയും അല്ലാഹു ഉണർത്തിയിരിക്കുന്നു. സൽക്കർമ്മങ്ങളെപ്പററി പറഞ്ഞപ്പോൾ ഓരോരുത്തരുടെയും കഴിവനുസരിച്ചല്ലാതെ ആരോടും ശാസിക്കുകയില്ലെന്ന് ഇടക്ക് വെച്ച് പ്രത്യേകം ഉണർത്തിയത് ശ്രദ്ധേയമാകുന്നു. പ്രവർത്തിക്കുവാനുള്ള കഴിവ് എല്ലാവർക്കും ഒരുപോലെയുണ്ടായിരിക്കുകയില്ലല്ലോ. അത്കൊണ്ട് ഓരോ വ്യക്തിയുടെയും കഴിവും സാധ്യതയും അനുസരിച്ച് സൽക്കർമ്മങ്ങൾ ചെയ്യണമെന്ന നിർബ്ബന്ധമുള്ളുവെന്ന് താൽപര്യം. സത്യവിശ്വാസികളെപ്പററി തുടർന്ന് പറയുന്നു:—

43. ഉൾപ്പകയായി (അഥവാ വിദ്വേഷമായി) അവരുടെ നെഞ്ചു [ഹൃദയം] കളിലുള്ളതു (എല്ലാം) നാം നീക്കികളയുന്നതുമാണ്. അവരുടെ അടിഭാഗത്തിലൂടെ അരുവികൾ ഒഴുകിക്കൊണ്ടിരിക്കും.

٤٣- وَنَزَعْنَا مَا فِي صُدُورِهِم مِّنْ غِلٍّ تَجْرِي مِن تَحْتِهِمُ الْأَنْهَارُ

അവർ പറയുകയും ചെയ്യും: 'ഞങ്ങളെ ഇതിലേക്ക് വഴി ചേർത്തു തന്നവനായ അല്ലാഹുവിനു (സർവ്വ) സ്തുതി?– അല്ലാഹു ഞങ്ങളെ വഴിചേർത്തു തന്നിട്ടില്ലായിരുന്നെങ്കിൽ, ഞങ്ങൾ നേർമാർഗ്ഗം പ്രാപിക്കുമായിരുന്നില്ല. തീർച്ചയായും, ഞങ്ങളുടെ റബ്ബിൻെറ 'റസൂലു'കൾ യഥാർത്ഥവുമായി (തന്നെ) വരുകയുണ്ടായി.'

وَقَالُوا الْحَمْدُ لِلَّهِ الَّذِي هَدَانَا لِهَٰذَا وَمَا كُنَّا لِنَهْتَدِيَ لَوْلَا أَنْ هَدَانَا اللَّهُ لَقَدْ جَاءَتْ رُسُلُ رَبِّنَا بِالْحَقِّ

അവരോടു വിളിച്ചു പറയപ്പെടുകയും ചെയ്യും: 'അതാ സ്വർഗ്ഗം! നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതു നിമിത്തം നിങ്ങൾക്ക് അതു അവകാശമായി നൽകപ്പെട്ടിരിക്കുന്നു' എന്നു!

وَنُودُوا أَن تِلْكُمُ الْجَنَّةُ أُورِثْتُمُوهَا بِمَا كُنتُمْ تَعْمَلُونَ ○

---

43. وَنَزَعْنَا നാം നീക്കികളയുകയും ചെയ്യും مَا فِي صُدُورِهِم അവരുടെ നെഞ്ചു(ഹൃദയം)കളിലുള്ളതു مِنْ غِلٍّ ഉൾപ്പക (അസൂയ–വിദ്വേഷം–ഈർഷ്യത)യായിട്ടു تَجْرِي ഒഴുകും مِن تَحْتِهِمُ അവരുടെ അടിയിലൂടെ الْأَنْهَارُ അരുവികൾ وَقَالُوا അവർ പറയുകയും ചെയ്യും الْحَمْدُ (സർവ്വ) സ്തുതി لِلَّهِ അല്ലാഹുവിനാകുന്നു الَّذِي هَدَانَا നമ്മെ വഴി ചേർത്ത, സന്മാർഗ്ഗത്തിലാക്കിയ لِهَٰذَا ഇതിലേക്കു وَمَا كُنَّا നാം ആകുമായിരുന്നില്ല لِنَهْتَدِيَ നാം നേർമാർഗ്ഗം പ്രാപിക്കുവാൻ لَوْلَا ഇല്ലായിരുന്നെങ്കിൽ أَنْ هَدَانَا നമ്മെ വഴി ചേർക്കൽ, സന്മാർഗ്ഗത്തിലാക്കിയതു اللَّهُ അല്ലാഹു لَقَدْ جَاءَتْ തീർച്ചയായും വന്നിട്ടുണ്ടു رُسُلُ رَبِّنَا നമ്മുടെ റബ്ബിൻെറ റസൂലുകൾ بِالْحَقِّ യഥാർത്ഥവുമായി وَنُودُوا അവർ വിളിക്കപ്പെടുക (അവരോടു വിളിച്ചു പറയപ്പെടുക)യും ചെയ്യും أَن تِلْكُمُ അതു (ആണു) എന്നു الْجَنَّةُ സ്വർഗ്ഗമാണു (എന്നു) أُورِثْتُمُوهَا നിങ്ങൾക്കതു അവകാശമായി നൽകപ്പെട്ടിരിക്കുന്നു بِمَا كُنتُمْ നിങ്ങളായിരുന്നതു കൊണ്ടു تَعْمَلُونَ നിങ്ങൾ പ്രവർത്തിക്കും

ഇഹത്തിൽവെച്ച് തമ്മതമ്മിൽ വല്ല പകയോ, അസൂയയോ, വെറുപ്പു വിദ്വേഷങ്ങളോ ഉണ്ടായിരുന്നുവെങ്കിൽ പോലും അതൊന്നും സ്വർഗ്ഗത്തിൽ അവരിൽ അവശേഷിക്കുകയില്ല. ചിലർക്ക് ചിലരെക്കാൾ ഉന്നതസ്ഥാനവും ബഹുമതിയും ഉണ്ടായിരുന്നാലും ആർക്കും അതിൽ വെറുപ്പും അസൂയയും തോന്നുകയില്ല. അത്തരം മാലിന്യങ്ങളിൽ നിന്നെല്ലാം അവരുടെ ഹൃദയങ്ങളെ അല്ലാഹു ശുദ്ധമാക്കുമെന്നാണ് 'അവരുടെ ഹൃദയങ്ങളിലുള്ള ഉൾപ്പക നാം നീക്കികളയും' എന്നു പറഞ്ഞതിൻെറ താൽപര്യം. 'അവരോട് വിളിച്ച് പറയപ്പെടും' എന്ന് തുടങ്ങിയ വാക്യത്തിന് ഒരു വിശദീകരണമെന്നോണം നബി (സ) ഇപ്രകാരം അരുളിച്ചെയ്തതായി അബൂഹുറൈറ (റ)യിൽ

ന്നെ' നിദാനം ചെയ്യപ്പെട്ടിരിക്കുന്നു: 'അതായത്, നിങ്ങൾ ആരോഗ്യത്തോടു കൂടിയിരിക്കുവിൻ, ഇനി നിങ്ങൾ ഒരിക്കലും രോഗം ബാധിക്കുകയില്ല; നിങ്ങൾ സുഖജീവിതം ആസ്വദിക്കുവിൻ, ഇനി നിങ്ങൾക്ക് നിരാശ ബാധിക്കുകയില്ല; നിങ്ങൾ യുവാക്കളായിരിക്കുവിൻ, ഇനി നിങ്ങൾക്ക് വാർദ്ധക്യം ബാധിക്കുകയില്ല; നിങ്ങൾ ജീവിച്ചിരിക്കുവിൻ, ഇനി നിങ്ങൾ മരണമടയുകയില്ല എന്നു അവരോട് വിളിച്ച് പറയപ്പെടും.' (അ; മു; മുസ്ലിം; ...)

നിങ്ങൾ സൽകർമ്മങ്ങൾ ചെയ്തത് നിമിത്തം നിങ്ങൾ അല്ലാഹുവിന്റെ കാരുണ്യത്തിനും അനുഗ്രഹത്തിനും പാത്രമായി, അങ്ങിനെ നിങ്ങളെ അവൻ സ്വർഗ്ഗത്തിന് അവകാശികളാക്കിയിരിക്കുന്നു എന്നത്രെ بِمَا كُنتُمْ تَعْمَلُونَ أُورِثْتُمُوهَا (നിങ്ങൾ പ്രവർത്തിച്ചിരുന്നത് നിമിത്തം നിങ്ങൾക്ക് അത്–സ്വർഗ്ഗം–അവകാശമാക്കപ്പെട്ടിരിക്കുന്നു) എന്നു വാക്യത്തിന്റെ ഉദ്ദേശ്യം. അല്ലാതെ, അവരുടെ പ്രവർത്തനത്തിന്റെ പേരിൽ അതവർക്ക് അവകാശപ്പെട്ടു വന്നുവെന്നും, അത് നൽകൽ അല്ലാഹുവിന്റെ ബാധ്യതയാണെന്നുമുള്ള അർത്ഥത്തിലല്ല അത്. സൽകർമ്മങ്ങൾ സ്വർഗ്ഗലബ്ധിക്കു കാരണമാകുന്നത് അല്ലാഹു അവയെ സ്വീകരിക്കുന്നത് കൊണ്ടും, ആ സ്വീകരണം അവന്റെ അനുഗ്രഹം കൊണ്ടുമാകുന്നത്. കൂടാതെ, മനുഷ്യകർമ്മം എത്രമേൽ വമ്പിച്ചതായിരുന്നാലും അല്ലാഹു നൽകുന്ന അനുഗ്രഹങ്ങളെ അപേക്ഷിച്ച് അത് എത്രയോ നിസ്സാരമായിരിക്കും. അത് കൊണ്ടാണ് നബി (സ) ഇങ്ങിനെ പറഞ്ഞത്: 'ഒരുവന്റെ കർമ്മം സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുകയില്ല' ഇത് കേട്ടപ്പോൾ സഹാബികൾ ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ, അങ്ങുന്നും പ്രവേശിക്കുകയില്ലേ?' തിരുമേനി പറഞ്ഞു: 'അല്ലാഹു അവന്റെ കാരുണ്യവും അനുഗ്രഹവുംകൊണ്ട് എന്നെ മൂടിയാലല്ലാതെ എന്റെ കർമ്മം എന്നെയും സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുകയില്ല.' (ബു; മു)

44. സ്വർഗ്ഗത്തിലെ ആൾക്കാർ നരകത്തിലെ ആൾക്കാരെ വിളിച്ചു പറയും: 'ഞങ്ങളുടെ റബ്ബ് ഞങ്ങളോട് വാഗ്ദത്തം ചെയ്തതു യഥാർത്ഥമായി ഞങ്ങൾ (അനുഭവത്തിൽ) കണ്ടെത്തിക്കഴിഞ്ഞു; എന്നാൽ, നിങ്ങളുടെ റബ്ബ് വാഗ്ദത്തം ചെയ്തതു നിങ്ങൾ യഥാർത്ഥമായി കണ്ടെത്തിയോ?'

٤٤- وَنَادَىٰٓ أَصْحَـٰبُ ٱلْجَنَّةِ أَصْحَـٰبَ ٱلنَّارِ أَن قَدْ وَجَدْنَا مَا وَعَدَنَا رَبُّنَا حَقًّا فَهَلْ وَجَدتُّم مَّا وَعَدَ رَبُّكُمْ حَقًّا ۖ

അവർ പറയും: 'അതെ.'

അപ്പോൾ, അവരുടെ ഇടയിൽ ഒരാൾ (ഉറക്കെ) വിളിച്ചു പറയും: 'അല്ലാഹുവിന്റെ ശാപം അക്രമികളുടെ മേലുണ്ടായിരിക്കുമെന്ന്;–

قَالُوا۟ نَعَمْ ۚ فَأَذَّنَ مُؤَذِّنٌۢ بَيْنَهُمْ أَن لَّعْنَةُ ٱللَّهِ عَلَى ٱلظَّـٰلِمِينَ ۝

45. അതായതു, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിന്നു (ആളുകളെ) തിരിച്ചു വിടുകയും, അതിനു വളവു (ണ്ടാകണമെന്നു) ആഗ്രഹിക്കുകയും ചെയ്യുന്നവർ; അവരാകട്ടെ, പരലോകത്തിൽ അവിശ്വാസികളുമാണ്. [ഇങ്ങിനെയുള്ളവരുടെ മേൽ അല്ലാഹുവിന്റെ ശാപമുണ്ടായിരിക്കുമെന്ന്.]

٤٥- ٱلَّذِينَ يَصُدُّونَ عَن سَبِيلِ ٱللَّهِ وَيَبْغُونَهَا عِوَجًا وَهُم بِٱلْـَٔاخِرَةِ كَـٰفِرُونَ ۝

---

44. نَادَىٰ വിളിക്കുന്നതാണു (വിളിച്ചു പറയും) أَصْحَابُ الْجَنَّةِ സ്വർഗത്തിന്റെ ആൾക്കാർ أَصْحَابَ النَّارِ നരകത്തിന്റെ ആൾക്കാരെ أَن قَدْ ഉണ്ടായിട്ടുണ്ടെന്നു وَجَدْنَا ഞങ്ങൾ കണ്ടെത്തി(യിട്ടുണ്ടു) مَا وَعَدَنَا ഞങ്ങളോടു വാഗ്ദത്തം ചെയ്തതു رَبُّنَا ഞങ്ങളുടെ റബ്ബ് حَقًّا യഥാർത്ഥമായി فَهَلْ وَجَدتُّم എന്നാൽ നിങ്ങൾ കണ്ടെത്തിയോ مَا وَعَدَ വാഗ്ദത്തം ചെയ്തതു رَبُّكُمْ നിങ്ങളുടെ റബ്ബു حَقًّا യഥാർത്ഥമായി قَالُوا അവർ പറയും نَعَمْ അതെ فَأَذَّنَ അപ്പോൾ ഉച്ചത്തിൽ അറിയിക്കും (വിളിച്ചു പറയും), പ്രഖ്യാപനം ചെയ്യും مُؤَذِّنٌ ഒരു ഉച്ചത്തിൽ (ഉറക്കെ) അറിയിക്കുന്നവൻ بَيْنَهُمْ അവരുടെ ഇടയിൽ أَن لَّعْنَةُ ശാപം എന്നു اللَّهِ അല്ലാഹുവിന്റെ عَلَى الظَّالِمِينَ അക്രമികളുടെ മേലുണ്ടായിരിക്കും (എന്നു) 45. الَّذِينَ يَصُدُّونَ തടഞ്ഞു കളയുന്ന (തിരിച്ചു വിടുന്ന)വർ عَن سَبِيلِ اللَّهِ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിന്നു وَيَبْغُونَهَا അവർ അതിനെ ആഗ്രഹിക്കുകയും (അതിനെ തേടുകയും) ചെയ്യുന്ന عِوَجًا വളവിനെ, വളഞ്ഞതായി وَهُم അവരാകട്ടെ, അവരോ بِالْآخِرَةِ പരലോകത്തിൽ كَافِرُونَ അവിശ്വാസികളാണു

സജ്ജനങ്ങൾക്കു പ്രവാചകന്മാർ മുഖേന അല്ലാഹു വാഗ്ദാനം ചെയ്തിട്ടുള്ള സൽഫലങ്ങൾ ഞങ്ങൾ അനുഭവത്തിൽ കണ്ടുകഴിഞ്ഞു. ദുർജ്ജനങ്ങൾക്കു അവൻ നൽകുമെന്നു താക്കീതു ചെയ്തിരുന്ന ശിക്ഷകൾ നിങ്ങൾക്കു അനുഭവപ്പെട്ടുവോ? എന്നു സ്വർഗ്ഗവാസികളായ ആളുകൾ നരകത്തിലുള്ളവരോടു വിളിച്ചു ചോദിക്കുന്നു. ഇതു അന്വേഷണ രൂപത്തിലുള്ള ഒരു ചോദ്യമല്ലെന്നും, ആക്ഷേപ രൂപത്തിലും പരിഹാസ രൂപത്തിലുമുള്ള ചോദ്യമാണെന്നും പറയേണ്ടതില്ല. അതൊക്കെ പരിഹസിച്ചു തള്ളിയിരുന്നവരാണല്ലോ അവിശ്വാസികൾ. അതിയായ വ്യസനത്തോടും നിരാശയോടും കൂടിയാണെങ്കിലും 'അതെ' എന്നുതന്നെ അവർ ഉത്തരം പറയും. ഈ അവസരത്തിൽ മൂന്നാമതൊരു വക്താവു – ഇതു വല്ല മലക്കുകളുമായിരിക്കാം – വിളിച്ചു പറയും: അക്രമികളുടെ മേലാണു അല്ലാഹുവിന്റെ ശാപമുള്ളതെന്ന്. ഇതവർക്കു നിരാശക്കു മേൽ നിരാശ വർദ്ധിപ്പിക്കുന്നതാണ്. 'അക്രമികൾ' എന്നു പറഞ്ഞതു ആരെപ്പറ്റിയാണെന്നു തുടർന്നുള്ള വിശേഷണങ്ങളിൽ നിന്നു വ്യക്തമാകുന്നു: (1) അവർ അല്ലാഹുവിന്റെ മാർഗ്ഗത്തിൽനിന്നു ആളുകളെ തിരിച്ചു കളയുന്നു. ആക്ഷേപം, പരിഹാസം, അക്രമം, അധികാരശക്തി, സ്വാധീനം, ആശയക്കുഴപ്പം സൃഷ്ടിക്കൽ ആദിയായവ വഴി സത്യവും സന്മാർഗ്ഗവും സ്വീകരിക്കുന്നതിൽനിന്നു ജനങ്ങളെ തടയുന്നവർ എന്നർത്ഥം. (2) അല്ലാഹുവിന്റെ മാർഗ്ഗം വക്രമായിക്കാണുവാൻ അവർ ആഗ്രഹിക്കുന്നു. മതസിദ്ധാന്തങ്ങളിലും, മതത്തിന്റെ നിയമ നിർദ്ദേശങ്ങളിലും സംശയവും ആശയക്കുഴപ്പവും ഉണ്ടാക്കിത്തീർക്കുക, ദുർവ്യാഖ്യാനങ്ങൾ വഴി മത നിയമങ്ങളെ മാററി മറിക്കുക പോലെയുള്ളതെല്ലാം ഇതിൽ ഉൾപെടുന്നു. (3) പരലോകത്തിൽ വിശ്വാസമില്ലാത്തവരുമായിരിക്കും അവർ. ബഹുദൈവ വിശ്വാസം, ദൈവനിഷേധം, നിരീശ്വരവാദം, ഭൗതികവാദം തുടങ്ങിയ എല്ലാതരം അവിശ്വാസങ്ങളും ഇതിൽ ഉൾപെടുന്നു. ചുരുക്കിപ്പറഞ്ഞാൽ അവിശ്വാസികളെ ഉദ്ദേശിച്ചാണ് 'അക്രമികൾ' എന്നു പറഞ്ഞിരിക്കുന്നതു.

46. അതു രണ്ടിനുമിടയിൽ ഒരു മറയുണ്ട്: 'അഅ്റാഫി'ന്മേൽ ചില പുരുഷന്മാരുമുണ്ട്. എല്ലാവരെയും അവരുടെ അടയാളങ്ങൾ കൊണ്ട് അവർ അറിയുന്നതാണ്.

അവർ സ്വർഗ്ഗത്തിലെ ആൾക്കാരെ വിളിച്ചു പറയും: നിങ്ങൾക്കു സലാം [സമാധാനശാന്തി] ഉണ്ടാവട്ടെ' എന്നു. അവർ അതിൽ പ്രവേശിച്ചിട്ടില്ല—അവരാകട്ടെ (അതിനു) മോഹിച്ചുകൊണ്ടിരിക്കുന്നു.

٤٦- وَبَيْنَهُمَا حِجَابٌ ۚ وَعَلَى الْأَعْرَافِ رِجَالٌ يَعْرِفُونَ كُلًّا بِسِيمَاهُمْ ۚ وَنَادَوْا أَصْحَابَ الْجَنَّةِ أَن سَلَامٌ عَلَيْكُمْ ۚ لَمْ يَدْخُلُوهَا وَهُمْ يَطْمَعُونَ ○

47. അവരുടെ ദൃഷ്ടികൾ നരകത്തിലെ ആൾക്കാരുടെ നേരെ തിരിക്കപ്പെട്ടാൽ, അവർ പറയും: ഞങ്ങളുടെ റബ്ബേ ഞങ്ങളെ(ഈ) അക്രമികളായ ജനങ്ങളുടെകൂടെ ആക്കരുതേ!'.

٤٧- وَإِذَا صُرِفَتْ أَبْصَارُهُمْ تِلْقَاءَ أَصْحَابِ النَّارِ قَالُوا رَبَّنَا لَا تَجْعَلْنَا مَعَ الْقَوْمِ الظَّالِمِينَ ○

---

46. بينهما അതു രണ്ടിനുമിടയിലുണ്ട് حجاب ഒരു മറ وعلى الأعراف അഅ്റാഫിലുണ്ട്, അഅ്റാഫിൻമേലുണ്ട് رجال ചില പുരുഷന്മാർ يعرفون അവർ അറിയും كلا എല്ലാവരെയും بسيماهم അവരുടെ അടയാളം കൊണ്ടു, ലക്ഷണം മുഖേന ونادوا അവർ വിളിക്കും (വിളിച്ചു പറയും) أصحاب الجنة സ്വർഗ്ഗത്തിലെ ആൾക്കാരെ أن سلام സലാം (സമാധാന ശാന്തി) എന്നു عليكم നിങ്ങളുടെ മേൽ (ഉണ്ടാവട്ടെ – ഉണ്ടായിരിക്കും) لم يدخلوها അതിലവർ പ്രവേശിച്ചിട്ടില്ല وهم അവരാകട്ടെ, അവർ يطمعون മോഹിക്കുന്നു, ആശിക്കയും ചെയ്യുന്നു 47. وإذا صرفت തിരിക്കപ്പെട്ടാൽ أبصارهم അവരുടെ ദൃഷ്ടികൾ, കണ്ണുകൾ تلقاء നേരെ, ഭാഗത്തേക്ക് أصحاب النار നരകക്കാരുടെ, നരകത്തിന്റെ ആളുകളുടെ قالوا അവർ പറയും ربنا ഞങ്ങളുടെ റബ്ബേ لا تجعلنا ഞങ്ങളെ നീ ആക്കരുതേ مع القوم ജനങ്ങളുടെകൂടെ الظالمين അക്രമികളായ

ആ രണ്ടിനുമിടയിൽ (بينهما) എന്നു പറഞ്ഞതു, സ്വർഗ്ഗക്കാരുടെയും നരകക്കാരുടെയും ഇടയിൽ എന്ന അർത്ഥത്തിലും, സ്വർഗ്ഗത്തിനും നരകത്തിനുമിടയിൽ എന്ന അർത്ഥത്തിലുമാവാം. രണ്ടായാലും സാരത്തിൽ ഒന്നുതന്നെ.

ര് (سور) കൊണ്ടുദ്ദേശ്യം സ്വർഗ്ഗത്തിനും നരകത്തിനുമിടയിലുള്ള അതിർത്തി മറയത്രെ. ഖിയാമത്തുനാളിലെ ന്യായവിചാരണ പ്രകാരം ലഭിച്ചിരിക്കുന്നതു കണ്ടുമ്പോൾ, കപട വിശ്വാസികൾ ഞങ്ങളെയും ഗണിക്കണമെന്നു ആവശ്യപ്പെട്ടുകൊണ്ടു അൽപം പ്രകാശം നൽകുവാൻ ആവശ്യപ്പെടുമെന്നും, സത്യവിശ്വാസികൾ അവരോടു നിങ്ങൾ പിറകോട്ടു മടങ്ങി പ്രകാശവും ലഭിക്കുമോ എന്നു നോക്കിക്കൊള്ളണമെന്നു മറുപടി പറയുമെന്നും പ്രസ്താവിച്ചുകൊണ്ടു സൂറത്തുൽ ഹദീദിൽ അല്ലാഹു പറയുന്നു: 'അപ്പോൾ, അവർക്കിടയിൽ ഒരു വാതിലുള്ളതായ അതിർത്തി മറ സ്ഥാപിക്കപ്പെടുത്തപ്പെടുന്നതാണ്. അതിന്റെ ഉൾഭാഗമാകട്ടെ, കാരുണ്യം–സ്വർഗ്ഗം–ആകുന്നു. അതിന്റെ പുറംഭാഗമാകട്ടെ, അതിന്റെ ഭാഗത്തിലൂടെയാണു ശിക്ഷ.' (فضرب بينهم بسور الخ - الحديد : ١٣)

മുൻകാലത്തു പട്ടണങ്ങളുടെയും, രാജ്യങ്ങളുടെയും അതിർത്തികളിൽ ചുറ്റുപുറവും വമ്പിച്ച മതിലുകൾ കെട്ടി സുരക്ഷിതമാക്കുക പതിവുണ്ടായിരുന്നു. അതിനുള്ള പേരാണ് سور (അതിർത്തിമറ–അതിർത്തിമതിൽ). ഇതുപോലെയുള്ള ഒരു അതിർത്തിമറ സ്വർഗ്ഗത്തിനും നരകത്തിനുമിടക്കും ഉണ്ടെന്നു സാരം. ഈ അതിർത്തിമറയെ ഉദ്ദേശിച്ചാണു 'അഅ്റാഫ്' എന്നു പറഞ്ഞതെന്നു സാമാന്യമായി പറയാം. അകലെനിന്നു തെളിഞ്ഞുകാണത്തക്കവിധം പൊന്തിനിൽക്കുന്ന മേടും കുന്നുംപോലെയുള്ളതിനെല്ലാം പറയപ്പെടുന്ന വാക്കാണു عرف (ഉർഫ്). പൂവൻകോഴിയുടെ തലയിൽ പൊന്തിനിൽക്കുന്ന പൂവിനും (കോഴിപ്പൂവിനും) ഈ വാക്കു ഉപയോഗിക്കുന്നു. അതിന്റെ ബഹുവചനമാണു أعراف (അഅ്റാഫ്). എന്നാൽ, ഇഹത്തിലെയും പരത്തിലെയും മതിലുകളെയാകട്ടെ, മേടുകളെയാകട്ടെ പരസ്പരം താരതമ്യം ചെയ്തുകൊണ്ടു അവക്കു രൂപസങ്കൽപം ചെയ്‌വാൻ നിവൃത്തിയില്ല.

وعلى الأعراف رجال ('അഅ്റാഫിൽ ചില പുരുഷന്മാരുണ്ട്') എന്നു പറഞ്ഞുവല്ലോ. ഇവർ ആരായിരിക്കും, എങ്ങിനെയുള്ളവരായിരിക്കും? ഖുർആൻ വ്യാഖ്യാതാക്കൾക്കിടയിൽ ഇതിനെപ്പറ്റി പല അഭിപ്രായങ്ങളും കാണാം. ഇമാം റാസീ (റ) ചൂണ്ടിക്കാട്ടിയതുപോലെ, അവയെല്ലാം കൂടി പരിശോധിച്ചാൽ (1) പ്രവാചകന്മാർ, രക്തസാക്ഷികൾ, പണ്ഡിതന്മാർ മുതലായ ഉന്നത നിലവാരക്കാരായ ആളുകളായിരിക്കും അവരെന്നും (2) അതല്ല, കേവലം താണപടിക്കാരായ ചില ആളുകളായിരിക്കും അവരെന്നുമാണ് ആ അഭിപ്രായങ്ങളുടെ രത്നച്ചുരുക്കം. ചില വ്യാഖ്യാതാക്കൾ ഒന്നാമത്തെ അഭിപ്രായത്തിനാണു മുൻഗണന നൽകിയിരിക്കുന്നതെങ്കിലും തുടർന്നുള്ള വാക്യങ്ങളിൽ നിന്നു രണ്ടാമത്തെ അഭിപ്രായമാണ് കൂടുതൽ ശരിയായിരിക്കുവാൻ ന്യായമുള്ളതെന്നു മനസ്സിലാകുന്നു. ഈ ആളുകളെപ്പറ്റിയാണല്ലോ لم يدخلوها وهم يطمعون (അവർ സ്വർഗ്ഗത്തിൽ പ്രവേശിച്ചിട്ടില്ല, അവർ അതിനു മോഹിക്കുന്നു) എന്നു പറഞ്ഞത്. അപ്പോൾ, അതുവരെ അവർക്കു സ്വർഗ്ഗത്തിൽ പ്രവേശനം ലഭിച്ചിട്ടില്ലെന്നും അവക്കു സ്വർഗ്ഗം ലഭിച്ചേക്കാമെന്ന പ്രതീക്ഷയിലും മോഹത്തിലുമാണവർ ഉള്ളതെന്നും ഇതിൽ നിന്നു വ്യക്തമാകുന്നു. അതോടു കൂടി നരകത്തിലെ ആൾക്കാരോടൊപ്പം ആയിത്തീരുന്നതിനെപ്പറ്റി അവർക്കു ഭയപ്പാടുമുണ്ട് എന്നാണ് ربنا لا تجعلنا مع القوم الظالمين (ഞങ്ങളെ അക്രമികളോടു കൂടി ആക്കരുതേ) എന്ന അവരുടെ പ്രാർത്ഥന കാണിക്കുന്നത്. വ്യാഖ്യാതാക്കളിൽ അധിക ഭാഗവും ഈ രണ്ടാമത്തെ അഭിപ്രായക്കാരാണുതാനും. സഹാബികളിൽ നിന്നും, താബിഉകളിൽ നിന്നുമുള്ള ചില രിവായത്തുകൾ ഇതിനു പിൻബലവും നൽകുന്നുണ്ട്:–

ഇബ്നു മസ്ഊദ് (റ)വിൽനിന്നു സഈദുബ്നു മുസയ്യബ് (റ) ഉദ്ധരിച്ച ഒരു രിവായത്തു ഈ വിഷയത്തിൽ കൂടുതൽ സ്പഷ്ടമാകുന്നു. അതിന്റെ സാരം ഇപ്രകാരം പറയാം: 'ഖിയാമത്തുനാളിലെ വിചാരണയിൽ ആരുടെ നന്മകൾ അവന്റെ തിന്മകളെക്കാൾ അൽപമെങ്കിലും അധികമായോ അവൻ സ്വർഗ്ഗത്തിലും, ആരുടെ തിന്മകൾ അവന്റെ നന്മകളെക്കാൾ അൽപമെങ്കിലും അധികമായോ അവൻ നരകത്തിലും പ്രവേശിക്കും'. എന്നു പറഞ്ഞു കൊണ്ടദ്ദേഹം ...فمن ثقلت موازينه (ആരുടെ തൂക്കങ്ങൾ ഭാരം തൂങ്ങിയോ...) എന്നു തുടങ്ങിയ ഈ സൂറത്തിലെ 8ഉം 9ഉം വചനങ്ങൾ ഓതി. എന്നിട്ടു പറഞ്ഞു: 'അപ്പോൾ, ആരുടെ നന്മകളും തിന്മകളും സമമായോ അവരത്രെ 'അഅ്റാഫി'ന്റെ ആൾക്കാർ. അവർ സ്വർഗ്ഗക്കാരെയും നരകക്കാരെയും നോക്കി അറിയും. സ്വർഗ്ഗക്കാരെ നോക്കുമ്പോൾ അവരോടു സലാം (سلام عليكم) പറയും. നരകക്കാരിലേക്കു നോക്കുമ്പോൾ, റബ്ബേ, ഞങ്ങളെ അക്രമികളുടെ കൂടെ ആക്കരുതേ എന്നു പ്രാർത്ഥിക്കുകയും ചെയ്യും'. പിന്നീടു സത്യവിശ്വാസികൾക്ക് പ്രകാശം നൽകപ്പെട്ടതിനെയും, കപടവിശ്വാസികളുടെ പ്രകാശം നഷ്ടപ്പെടുന്നതിനെയും കുറിച്ചു പറഞ്ഞശേഷം അദ്ദേഹം (ഇബ്നു മസ്ഊദ് റ) പറഞ്ഞു: 'അഅ്റാഫിലെ ആൾക്കാരുടെ പ്രകാശം നഷ്ടപ്പെട്ടിട്ടുണ്ടായിരിക്കയില്ല. ഈ സന്ദർഭത്തെപ്പറ്റിയാണു അവരതിൽ പ്രവേശിച്ചിട്ടില്ല, അവർ അതിനു മോഹിക്കുന്നു (لم يدخلوها وهم يطمعون) എന്നു പറഞ്ഞതിലെ മോഹം. അതെ, അവരുടെ മോഹം (അവസാനം സ്വർഗ്ഗത്തിലേക്കുള്ള) പ്രവേശനം തന്നെ ആയിത്തീരും'. പിന്നീടു അദ്ദേഹം പറഞ്ഞു: 'ഒരാൾ ഒരു നന്മ ചെയ്താൽ അവനു പത്തു നന്മ രേഖപ്പെടുത്തപ്പെടുന്നു, ഒരു തിന്മ ചെയ്താൽ ഒരു തിന്മ മാത്രമേ രേഖപ്പെടുത്തുകയുള്ളൂ. എന്നിട്ടും ആരുടെ ആ 'ഒന്നു'കൾ അവന്റെ 'പത്തു'കളെ കവച്ചുവെക്കുന്നുവോ അവൻ നശമടഞ്ഞതു തന്നെ'. (ഇബ്നു ജരീർ).

ഈ തിവായത്തിൽ നിന്നും മററും അറിയപ്പെടുന്നതുപോലെ, മററുള്ളവരോടൊപ്പം ആദ്യം സ്വർഗ്ഗത്തിൽ പ്രവേശിച്ചിട്ടില്ലെങ്കിലും പിന്നീടു അല്ലാഹുവിന്റെ കാരുണ്യം കൊണ്ടും ഔദാര്യം കൊണ്ടും സ്വർഗ്ഗത്തിൽ പ്രവേശനം നൽകപ്പെടുന്നവരാണു 'അഅ്റാഫിലെ ആളുകൾ' എന്നു മനസ്സിലാക്കാം. ഇബ്നു കഥീർ (റ) പ്രസ്താവിക്കുന്നതിങ്ങിനെയാണ്: 'അഅ്റാഫി'ലെ ആളുകളെപ്പററി വ്യാഖ്യാതാക്കളുടെ പ്രസ്താവനകൾ വ്യത്യസ്ത രൂപത്തിലാണുള്ളത്. അവയെല്ലാം ഒരേ സാരത്തിൽ കലാശിക്കുന്നു. അതായതു, നൻമകളും തിൻമകളും സമമായ ആളുകളാണ് അവർ എന്നത്രെ അത്. ഹുദൈഫഃ (റ), ഇബ്നു അബ്ബാസ് (റ), ഇബ്നു മസ്ഊദ് (റ) എന്നീ സഹാബികളും, മുൻഗാമികളിലും പിൻഗാമികളിലുമുള്ള അനേകം ആളുകളും വ്യക്തമായി പ്രസ്താവിച്ചിട്ടുള്ളതും അതാണ്'.

എല്ലാവരെയും അവരുടെ അടയാളം കൊണ്ടു അവർ അറിയും (يعرفون كلا بسيماهم) എന്നു പറഞ്ഞതിന്റെ താൽപര്യം, സ്വർഗ്ഗക്കാരുടേതായ ലക്ഷണം മുഖേന അവരെയും, നരകക്കാരുടേതായ അടയാളം കൊണ്ടു അവരെയും അവർ തിരിച്ചറിയും എന്നായിരിക്കും. സത്യവിശ്വാസികളുടെ മുഖങ്ങൾ തെളിഞ്ഞവയും, ചിരിക്കുന്നവയും, സന്തോഷം കൊള്ളുന്നവയും ആയിരിക്കുമെന്നും, അവിശ്വാസികളുടെ മുഖങ്ങൾ പൊടിമൂടിയവയും ഇരുണ്ടവയുമായിരിക്കുമെന്നും (80: 38–42) മററും അല്ലാഹു പ്രസ്താവിച്ചിട്ടുണ്ടല്ലോ. കൂടാതെ, ചില വ്യക്തികളെ അവർക്കു നേരിട്ടറിയുന്നവരും ഉണ്ടാകുമല്ലോ. والله أعلم

വിഭാഗം-6

٤٨- وَنَادَىٰٓ أَصْحَٰبُ ٱلْأَعْرَافِ رِجَالًا يَعْرِفُونَهُم بِسِيمَىٰهُمْ قَالُوا۟ مَآ أَغْنَىٰ عَنكُمْ جَمْعُكُمْ وَمَا كُنتُمْ تَسْتَكْبِرُونَ ○

48. 'അഅ്റാഫി'ലെ ആളുകൾ ചില പുരുഷൻമാരെ വിളിക്കും, അവരുടെ അടയാളം കൊണ്ട് അവരെ അവർ അറിയുന്നതാണു അവർ പറയും: 'നിങ്ങളുടെ ശേഖരണവും, നിങ്ങൾ അഹംഭാവം നടിച്ചുകൊണ്ടിരുന്നതും നിങ്ങൾക്കു എന്താണു ഉപകരിച്ചത്?!

٤٩- أَهَٰٓؤُلَآءِ ٱلَّذِينَ أَقْسَمْتُمْ لَا يَنَالُهُمُ ٱللَّهُ بِرَحْمَةٍ ٱدْخُلُوا۟ ٱلْجَنَّةَ لَا خَوْفٌ عَلَيْكُمْ وَلَآ أَنتُمْ تَحْزَنُونَ ○

49. '(ഇതാ) ഇക്കൂട്ടരാണോ അല്ലാഹു അവർക്കു ഒരു കാരുണ്യവും കൊടുക്കുകയില്ലെന്നു (പറഞ്ഞ്) നിങ്ങൾ സത്യം ചെയ്തവർ?!

'നിങ്ങൾ സ്വർഗ്ഗത്തിൽ പ്രവേശിക്കുവിൻ, നിങ്ങളുടെമേൽ യാതൊരു ഭയവുമില്ല, നിങ്ങൾ വ്യസനപ്പെടുകയും ചെയ്കയില്ല' (എന്നാണല്ലോ അവരോടു പറയപ്പെട്ടതു).'

---

48. വിളിച്ചു പറയും ആളുകൾ അഅ്റാഫിന്റെ ചില പുരുഷൻമാരെ അവരെ അവർ അറിയുന്നതാണു അവരുടെ അടയാളം (ലക്ഷണം) കൊണ്ടു അവർ പറയും എന്തു ധന്യമാക്കി (എന്താണു ഉപകരിച്ചത്) നിങ്ങൾക്കു നിങ്ങളുടെ ഒരുമിച്ചുകൂട്ടൽ, ശേഖരണം നിങ്ങൾ ആയിരുന്നതും നിങ്ങൾ വലുപ്പം (അഹംഭാവം) നടിക്കും 49. ഇക്കൂട്ടരോ യാതൊരുവർ നിങ്ങൾ സത്യം ചെയ്തു പറഞ്ഞു അവർക്കു എത്തുക(കൊടുക്കുക)യില്ല അല്ലാഹു ഒരു കാരുണ്യവും കൊണ്ടു, കാരുണ്യത്തെയും നിങ്ങൾ പ്രവേശിക്കുവിൻ സ്വർഗ്ഗത്തിൽ ഒരു ഭയവുമില്ല നിങ്ങളുടെമേൽ നിങ്ങൾ ഇല്ലതാനും നിങ്ങൾ വ്യസനപ്പെടും.

ജനസ്വാധീനം, കക്ഷിബലം, ധനപ്പെരുപ്പം ആദിയായവയിൽ അഹങ്കരിച്ചിരുന്നവരും, ഇപ്പോൾ നരകശിക്ഷ അനുഭവിച്ചു കൊണ്ടിരിക്കുന്നവരുമായ നേതാക്കളോടു അഅ്റാഫിലെ ആളുകൾ ആക്ഷേപിച്ചും പരിഹസിച്ചും

[illegible] എന്ന് അല്ലാഹു ഉദ്ധരിച്ചത്. സത്യനിഷേധികളായ നേതാക്കൾ തങ്ങളുടെ മനസ്ഥിതി, [illegible] അഹങ്കാരികളും, അതവരുടെ ധിക്കാരത്തെ വർദ്ധിപ്പിക്കലും [illegible] അല്ലാഹു പറയുന്നു: وَمَا أَرْسَلْنَا فِي قَرْيَةٍ مِّن نَّذِيرٍ إِلَّا قَالَ مُتْرَفُوهَا (സാരം: ഒരു രാജ്യത്തുംതന്നെ, വല്ല താക്കീ[illegible]-യും നാം അയച്ചിട്ട് അതിലെ സുഖലോലുപൻമാർ പറയാതിരുന്നിട്ടില്ല: നിങ്ങൾ എന്തൊന്നു [illegible] അതിൽ, നിശ്ചയമായും ഞങ്ങൾ അവിശ്വാസികളാണെന്നും. ഞങ്ങൾ സ്വത്തുക്ക[illegible] അധികമുള്ളവരത്രെ; ഞങ്ങൾ ശിക്ഷിക്കപ്പെടുന്നവരുമല്ല എന്നും അവർ പറയും. (34: 34, 35) ഇങ്ങിനെ [illegible] നേതാക്കളെ [illegible] അടയാളങ്ങൾ മുഖേന അഅ്റാഫിലുള്ളവർ മനസ്സിലാക്കി, [illegible] അവർ വിളിച്ചു പറയും:–നിങ്ങളുടെ അന്നത്തെ സംഘബലവും, ധനപ്പെരുപ്പവും, ഗർവ്വും, അഹങ്കാരവു[illegible] ഇപ്പോൾ എവിടെപ്പോയി?! അതുകൊണ്ടു എന്താണു നിങ്ങൾക്കു ലഭിച്ച പ്രയോജനം?! മുമ്പു സത്യവിശ്വാ[illegible]സവും സൻമാർഗ്ഗവും സ്വീകരിച്ചുവന്നവരും ഇപ്പോൾ സ്വർഗ്ഗീയ ജീവിതം ലഭിച്ചവരുമായ ഈ ആളുകളെയാണ് നിങ്ങൾ പരിഹസിച്ചിരുന്നുവല്ലോ. അവർക്കു ഒരു നൻമയും സിദ്ധിക്കുവാനില്ലെന്നും, നിങ്ങളാണ് വലിയ [illegible] എന്നു നിങ്ങൾ സത്യം ചെയ്തു പറഞ്ഞിരുന്നു. ഇപ്പോൾ, അവരോടു സന്തോഷം നിരുപാധികം സ്വർഗ്ഗത്തിൽ പ്രവേശിക്കുവാനാണല്ലോ കൽപനയുണ്ടായത്. നിങ്ങളുടെ സ്ഥിതിയോ.......?!

50. നരകത്തിലെ ആൾക്കാർ സ്വർഗ്ഗത്തിലെ ആൾക്കാരെ വിളിച്ചു പറയും: 'വെള്ളത്തിൽ നിന്ന്, അല്ലെങ്കിൽ അല്ലാഹു നിങ്ങൾക്കു (ആഹാരമായി) നൽകിയതിൽ നിന്നു (അൽപം) നിങ്ങൾ ഞങ്ങൾക്കു ഒഴുക്കിത്തരണേ' എന്ന്! അവർ പറയും: 'നിശ്ചയമായും അല്ലാഹു, അതു രണ്ടും അവിശ്വാസികൾക്കു നിഷിദ്ധമാക്കിയിരിക്കുന്നു;–

وَنَادَىٰٓ أَصْحَٰبُ ٱلنَّارِ أَصْحَٰبَ ٱلْجَنَّةِ أَنْ أَفِيضُوا۟ عَلَيْنَا مِنَ ٱلْمَآءِ أَوْ مِمَّا رَزَقَكُمُ ٱللَّهُ ۚ قَالُوٓا۟ إِنَّ ٱللَّهَ حَرَّمَهُمَا عَلَى ٱلْكَٰفِرِينَ ۝

51. അതായതു, തങ്ങളുടെ മതത്തെ വിനോദവും കളിയുമാക്കിത്തീർക്കുകയും, ഐഹിക ജീവിതം തങ്ങളെ വഞ്ചിക്കുകയും ചെയ്തവർക്ക്.'

(അതെ) അതിനാൽ, അവരുടെ ഈ ദിവസത്തെ കണ്ടുമുട്ടുന്നതിനെ അവർ മറന്നുകളഞ്ഞതും, നമ്മുടെ 'ആയത്തു' [ദൃഷ്ടാന്തം] കളെ അവർ നിഷേധിച്ചു കൊണ്ടിരുന്നതും പോലെ, അവരെ നാം ഇന്ന് മറന്നുകളയുന്നു.

ٱلَّذِينَ ٱتَّخَذُوا۟ دِينَهُمْ لَهْوًا وَلَعِبًا وَغَرَّتْهُمُ ٱلْحَيَوٰةُ ٱلدُّنْيَا ۚ فَٱلْيَوْمَ نَنسَىٰهُمْ كَمَا نَسُوا۟ لِقَآءَ يَوْمِهِمْ هَٰذَا وَمَا كَانُوا۟ بِـَٔايَٰتِنَا يَجْحَدُونَ ۝

---

50. وَنَادَى വിളിച്ചു പറയും أَصْحَابُ النَّارِ നരകത്തിലെ ആൾക്കാർ أَصْحَابَ الْجَنَّةِ സ്വർഗ്ഗത്തിലെ ആൾക്കാരെ أَنْ أَفِيضُوا നിങ്ങൾ ഒഴുക്കിത്തരണമെന്ന് عَلَيْنَا ഞങ്ങളുടെ മേൽ, ഞങ്ങളിൽ مِنَ الْمَاءِ വെള്ളത്തിൽ നിന്നു أَوْ مِمَّا അല്ലെങ്കിൽ യാതൊന്നിൽ നിന്നു رَزَقَكُمُ اللَّهُ അല്ലാഹു നിങ്ങൾക്കു നൽകിയ قَالُوا അവർ പറയും إِنَّ اللَّهَ നിശ്ചയമായും അല്ലാഹു حَرَّمَهُمَا അതു രണ്ടും നിഷിദ്ധമാക്കിയിരിക്കുന്നു عَلَى الْكَافِرِينَ അവിശ്വാസികളുടെ മേൽ. 51 الَّذِينَ اتَّخَذُوا അതായതു ആക്കിത്തീർത്തവർ دِينَهُمْ തങ്ങളുടെ മതത്തെ لَهْوًا വിനോദം, തമാശ وَلَعِبًا കളിയും, വിളയാട്ടവും وَغَرَّتْهُمُ അവരെ വഞ്ചിക്കുകയും ചെയ്തു الْحَيَاةُ الدُّنْيَا ഐഹിക ജീവിതം فَالْيَوْمَ എന്നാൽ (അതിനാൽ) ഇന്നു نَنسَاهُمْ നാം അവരെ വിസ്മരിക്കുന്നു كَمَا نَسُوا അവർ മറന്നതുപോലെ لِقَاءَ കണ്ടുമുട്ടുന്നതിനു يَوْمِهِمْ അവരുടെ ദിവസത്തെ هَٰذَا ഈ وَمَا كَانُوا അവരായിരുന്നതും بِآيَاتِنَا നമ്മുടെ ദൃഷ്ടാന്തങ്ങളെ, ലക്ഷ്യങ്ങളെ يَجْحَدُونَ അവർ നിഷേധിക്കും.

വിശപ്പും, ദാഹവും സഹിക്കവയ്യാതെ കഷ്ടപ്പെടുമ്പോൾ നരകക്കാർ സ്വർഗ്ഗക്കാരെ വിളിച്ചപേക്ഷിക്കു[illegible] അൽപം വെള്ളമോ നിങ്ങൾക്കു ലഭിച്ചിട്ടുള്ള പദാർത്ഥങ്ങളിൽ നിന്ന് വല്ലതുമോ ഞങ്ങൾക്ക് [illegible]ച്ചുതന്നു ഞങ്ങളെ രക്ഷിക്കണേ എന്നു! നരകവാസികൾക്ക് 'സഖ്–ൂം', ഗിസ്ലീൻ, ഹമീം, [illegible]

(لَا يَمُوتُ فِيهَا وَلَا يَحْيَى) മുതലായ ഭക്ഷണ പാനീയങ്ങളല്ലാതെ നൽകപ്പെടുകയില്ലെന്നും, അവയും നരകത്തിലെ ശിക്ഷാവകുപ്പുകളിൽ പെട്ടവമാത്രമാണെന്നും, വിശപ്പിനോ ദാഹത്തിനോ അവ ഉതകുന്നതല്ലെന്നും (44: 43; 69: 36; 88: 6 മുതലായ സ്ഥലങ്ങളിൽ) അല്ലാഹു വ്യക്തമാക്കിയിട്ടുള്ളതാണ്. അവർ എത്ര തന്നെ അപേക്ഷിച്ചാലും ആ അപേക്ഷമൂലം അവർക്ക് കൂടുതൽ നിരാശയല്ലാതെ ഒന്നും ലഭിക്കുവാൻ പോകുന്നില്ല. അങ്ങിനെയുള്ള അനുഗ്രഹങ്ങളെല്ലാം അവിശ്വാസികളായ നിങ്ങൾക്കു അല്ലാഹു നിഷിദ്ധമാക്കിയിരിക്കുകയാണ്—ഭാവിയിലെങ്കിലും അവ ലഭിച്ചേക്കുമെന്ന് കരുതേണ്ടാ—എന്നായിരിക്കും അവർക്ക് സ്വർഗ്ഗവാസികൾ നൽകുന്ന മറുപടി. ഭക്ഷണം മുതലായ ഉപജീവന സൗകര്യങ്ങൾ പരലോകത്ത് സത്യവിശ്വാസികൾക്കു മാത്രമുള്ളതാണെന്ന് 32–ാം വചനത്തിൽ അല്ലാഹു പറഞ്ഞുവല്ലോ. അവിശ്വാസികൾക്ക് അവയെല്ലാം നിഷിദ്ധമാക്കുവാനുള്ള കാരണം, അവർ അല്ലാഹുവിന്റെ ശാസനാ നിയമങ്ങളെ കാര്യമാക്കാതെ, കളി വിനോദമാക്കിത്തള്ളിയതും, ഐഹിക ജീവിതത്തിൽ മാത്രം ശ്രദ്ധ പതിച്ച് പരലോക ജീവിതത്തെ ഓർമ്മിക്കാതിരുന്നതും, ദൃഷ്ടാന്തങ്ങളെ നിഷേധിച്ച് കൊണ്ടിരുന്നതുമാണ്. അല്ലാതെ അവരോട് പക്ഷപാതമോ അനീതിയോ കാണിച്ചതല്ല. എന്നത്രെ 51–ാം വചനം ചൂണ്ടിക്കാട്ടുന്നത്.

ഒരു വസ്തുത ഇവിടെ പ്രത്യേകം ഓർമ്മിപ്പിക്കട്ടെ: സ്വർഗ്ഗത്തിനും നരകത്തിനുമിടക്കുള്ള ഒരു അതിർത്തിമതിലാണ് അഅ്റാഫ്, അവിടെയുള്ളവരും സ്വർഗ്ഗനരകങ്ങളിലുള്ളവരും തമ്മിൽ സംഭാഷണം നടക്കുകയും നോക്കിക്കാണുകയും ചെയ്യും എന്നൊക്കെ പറഞ്ഞുവല്ലോ. അപ്പോൾ, സ്വർഗ്ഗവും നരകവും കേവലം വമ്പിച്ച രണ്ട് കെട്ടിടങ്ങളോ പട്ടണങ്ങളോ പോലെയായിരിക്കുമെന്ന ഒരു പ്രതീതി അൽപജ്ഞരായ ആളുകളുടെ മനസ്സിൽ ഉളവായേക്കാം. വാസ്തവത്തിൽ സ്വർഗ്ഗവും നരകവുമാകട്ടെ, നമ്മുടെ ഊഹത്തിലോ അനുമാനത്തിലോ ഒതുങ്ങാത്ത വിധം അതിവിശാലമായ രണ്ട് ലോകങ്ങളാണെന്ന് ഖുർആനിൽ നിന്നും ഹദീസിൽനിന്നും സ്പഷ്ടമാകുന്നു. സ്വർഗ്ഗത്തിന്റെ വിസ്താരം ആകാശ ഭൂമികളോളമാണെന്ന് (3: 133; 57: 21 എന്നിവിടങ്ങളിൽ) അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. സ്വർഗ്ഗത്തിലെ ഒരു വൃക്ഷത്തിന്റെ തണലിലൂടെ ഒരു വാഹനക്കാരൻ നൂറ് കൊല്ലം സഞ്ചരിച്ചാലും അത് തീരുകയില്ല എന്ന് നബി (സ)യും പ്രസ്താവിച്ചിരിക്കുന്നു. (ബു; മു.) നരകത്തിന്റെ വക്കിൽ നിന്ന് ഒരു കല്ല് കീഴ്പോട്ടിട്ടാൽ, എഴുപത് സംവത്സരക്കാലം അത് കീഴ്പോട്ട് പോയാലും അത് അതിന്റെ അടിയിൽ എത്തുകയില്ലെന്നും നബി (സ) പറയുന്നു. (മു.) എന്നിരിക്കെ, ഈ രണ്ട് മഹാലോകങ്ങൾക്കിടയിൽ സ്ഥിതി ചെയ്യുന്ന ഒരു വിശാലമായ അതിർത്തി സ്ഥലമായിരിക്കും അഅ്റാഫ് എന്ന് സാമാന്യമായി പറയാം. എന്നല്ലാതെ വസ്തുനിഷ്ഠമായ ഒരു നിർണ്ണയമോ ഏകദേശ സങ്കൽപ്പമോ നമുക്ക് അതിനെപ്പറ്റി കരുതുവാൻ നിവൃത്തിയില്ല.

അങ്ങനെയാകുമ്പോൾ, സ്വർഗ്ഗനരകങ്ങളിലും അഅ്റാഫിലും സ്ഥിതിചെയ്യുന്നവർ തമ്മിൽ അന്യോന്യം കാണുവാനും സംസാരിക്കുവാനും എങ്ങിനെ കഴിയും? എന്നു സംശയിക്കാം. വാസ്തവത്തിൽ, നമ്മുടെ ഭൗതികമായ അറിവിനെയും പരിചയത്തെയും മുമ്പിൽ വെച്ചു കൊണ്ടുമാത്രം ഉണ്ടാകുന്ന ഒരു സംശയമാണിത്. ഭൗതിക പ്രകൃതിനിയമങ്ങളിൽ നിന്നെല്ലാം എത്രയോ ഭിന്നമായ പ്രകൃതി സ്വഭാവങ്ങളോട് കൂടിയതാണ് പരലോകമെന്നിരിക്കെ ഈ സംശയത്തിന് അവകാശമില്ല. ഇന്നു നിലവിലുള്ള ഗതാഗത സൗകര്യങ്ങളെയും, വർത്താവിതരണ സാദ്ധ്യതകളെയും അപേക്ഷിച്ച് നോക്കിയാൽ, മുൻകാലത്തുള്ളവരെക്കാൾ ഇക്കാലത്തുള്ളവർക്കു അതിന്റെ സാദ്ധ്യത കൂടുതൽ മനസ്സിലാക്കുവാൻ കഴിയുന്നതാണ്. ലോകത്തിന്റെ ഏതു മൂലയിലുള്ളവർ തമ്മിലും—അല്ല, ഭൂമിയിലും ശൂന്യാകാശത്തിൽ അതി വിദൂരത്ത് സ്ഥിതിചെയ്യുന്നവർ തമ്മിൽപോലും—റേഡിയോ, ടെലിഫോൺ, ടെലിവിഷ്യൻ മുതലായവയുടെ സഹായത്തോടെ സംസാരിക്കുകയും കാണുകയും ചെയ്‌വാൻ ഇന്നു മനുഷ്യർക്ക് സാധിക്കുന്നു. ആ സ്ഥിതിക്ക് ഈ ലോകത്ത് അസംഭവ്യമായ പലതും നിത്യസംഭവങ്ങളായിരിക്കുന്ന പരലോകകാര്യങ്ങളിൽ അത്ഭുതത്തിനോ സംശയത്തിനോ അവകാശമില്ലതന്നെ.

٥٢- وَلَقَدْ جِئْنَاهُم بِكِتَابٍ فَصَّلْنَاهُ عَلَىٰ عِلْمٍ هُدًى وَرَحْمَةً لِّقَوْمٍ يُؤْمِنُونَ ○

52. തീർച്ചയായും, അറിഞ്ഞും കൊണ്ടു (തന്നെ) നാം വിശദീകരി(ച്ചു വിവരി)ച്ചിട്ടുള്ള ഒരു ഗ്രന്ഥം ഇവർക്കു നാം കൊണ്ടുചെന്നിട്ടുണ്ടു; വിശ്വസിക്കുന്ന ജനങ്ങൾക്കു മാർഗ്ഗദർശനവും, കാരുണ്യവുമായിട്ട്.

---

52. وَلَقَدْ جِئْنَا തീർച്ചയായും നാം ചെന്നിട്ടുണ്ട് هُم അവരെ, അവരുടെ അടുക്കൽ بِكِتَابٍ ഗ്രന്ഥവും കൊണ്ടു فَصَّلْنَاهُ നാം അതു വിശദീകരി(വിവരി)ച്ചിരിക്കുന്നു عَلَىٰ عِلْمٍ അറിവോടെ (അറിഞ്ഞുംകൊണ്ടു) هُدًى മാർഗ്ഗദർശനമായിട്ടു وَرَحْمَةً കാരുണ്യമായും لِّقَوْمٍ ഒരു ജനങ്ങൾക്കു يُؤْمِنُونَ അവർ വിശ്വസിക്കുന്ന,

53. അതിന്റെ പുലർച്ചയല്ലാതെ (വല്ലതും) അവർ നോക്കി (കാത്തു)കൊണ്ടിരിക്കുന്നുവോ?!

٥٣- هَلْ يَنظُرُونَ إِلَّا تَأْوِيلَهُ

അതിന്റെ പുലർച്ച വന്നെത്തുന്ന ദിവസം, മുമ്പ് അതിനെ മറന്നുകളഞ്ഞവർ പറയും: 'ഞങ്ങളുടെ റബ്ബിന്റെ 'റസൂലു'കൾ യഥാർത്ഥവുംകൊണ്ടു ഞങ്ങൾക്ക വരുകയുണ്ടായി. [അന്നു ഞങ്ങളതു വിശ്വസിച്ചില്ല] എന്നു, ഞങ്ങൾക്ക വല്ല ശുപാർശക്കാരും ഉണ്ടോ-എന്നാലവർ ഞങ്ങൾക്കു വേണ്ടി ശുപാർശ ചെയ്യുമായിരുന്നു!-അല്ലെങ്കിൽ, ഞങ്ങൾ മടക്കപ്പെടുമോ? എന്നാൽ ഞങ്ങൾ (മുമ്പു) പ്രവർത്തിച്ചിരുന്നതല്ലാത്തതു [സൽക്കർമ്മങ്ങൾ] ഞങ്ങൾ പ്രവർത്തിക്കുമായിരുന്നു!'

يَوْمَ يَأْتِي تَأْوِيلُهُ يَقُولُ الَّذِينَ نَسُوهُ مِن قَبْلُ قَدْ جَاءَتْ رُسُلُ رَبِّنَا بِالْحَقِّ فَهَل لَّنَا مِن شُفَعَاءَ فَيَشْفَعُوا لَنَا أَوْ نُرَدُّ فَنَعْمَلَ غَيْرَ الَّذِي كُنَّا نَعْمَلُ

(അതെ) അവർ തങ്ങളെത്തന്നെ നഷ്ടപ്പെടുത്തിക്കളഞ്ഞു. അവർ കെട്ടിച്ചമച്ചിരുന്നതു (കൈയും) അവരെ വിട്ടു മറഞ്ഞുപോകയും ചെയ്തു.

قَدْ خَسِرُوا أَنفُسَهُمْ وَضَلَّ عَنْهُم مَّا كَانُوا يَفْتَرُونَ

---

53. هَلْ يَنظُرُونَ അവർ നോക്കുന്നു (കാത്തിരിക്കുന്നു)വോ إِلَّا تَأْوِيلَهُ അതിന്റെ പുലർച്ച (വ്യാഖ്യാനം-പൊരുൾ-പര്യവസാനം) അല്ലാതെ يَوْمَ يَأْتِي വരുന്ന ദിവസം تَأْوِيلُهُ അതിന്റെ പുലർച്ച يَقُولُ പറയും الَّذِينَ نَسُوهُ അതിനെ മറന്ന (വിസ്മരിച്ച)വർ مِن قَبْلُ മുമ്പു قَدْ جَاءَتْ വരുകയുണ്ടായി رَبِّنَا നമ്മുടെ റബ്ബിന്റെ റസൂലുകൾ بِالْحَقِّ യഥാർത്ഥംകൊണ്ടു فَهَل എന്നാൽ (അപ്പോൾ) ഉണ്ടോ لَّنَا (നമുക്കു) ഞങ്ങൾക്കു مِن شُفَعَاءَ ശുപാർശക്കാരിൽ നിന്ന (വല്ലവരും) فَيَشْفَعُوا എന്നിട്ടു അവർ ശുപാർശ ചെയ്യുമാറ്, എന്നാൽ ശുപാർശ ചെയ്യുമായിരുന്ന لَنَا ഞങ്ങൾക്ക, നമുക്ക أَوْ نُرَدُّ അല്ലെങ്കിൽ നാം മടക്കപ്പെടുമോ فَنَعْمَلَ എന്നിട്ടു നാം പ്രവർത്തിക്കുമാറ്, എന്നാൽ നമുക്ക (ഞങ്ങൾക്ക) പ്രവർത്തിക്കാം, غَيْرَ الَّذِي അല്ലാത്തതു كُنَّا نَعْمَلُ നാം (ഞങ്ങൾ)പ്രവർത്തിച്ചിരുന്ന قَدْ خَسِرُوا അവർ നഷ്ടപ്പെടുത്തിക്കഴിഞ്ഞു أَنفُسَهُمْ തങ്ങളെത്തന്നെ, അവരുടെ സ്വന്തങ്ങളെ وَضَلَّ പിഴച്ചു (മറഞ്ഞു) പോകയും ചെയ്തു عَنْهُم അവരെ വിട്ട് مَّا كَانُوا അവരായിരുന്നതു يَفْتَرُونَ അവർ കെട്ടിച്ചമക്കും

സ്വർഗ്ഗക്കാരെയും നരകക്കാരെയും പല സ്ഥിതിഗതികളും വിവരിച്ചശേഷം, [illegible] നിഷേധിക്കുന്നവരിലേക്കു തിരിഞ്ഞിരിക്കുകയാണ്. ഈ വചനങ്ങളിൽ പ്രസ്താവിച്ചതിന്റെ സാരം ഇതാണ്: സത്യം സ്വീകരിക്കുന്നവർക്കു [illegible] മാർഗ്ഗദർശനങ്ങളും [illegible] ആണ്, എല്ലാറ്റിനെയും [illegible] വിവരിക്കുന്നതെന്നു [illegible] [illegible] ഒരു മഹത്തായ ഗ്രന്ഥം (ഖുർആൻ) മുഖേന നാം അവർക്ക് [illegible]. എന്നിട്ടും അതിൽ വിശ്വസിക്കാതെ എന്തു വരാനാണു അവർക്കു കാത്തിരിക്കുവാനുള്ളത്?! [illegible] ഗ്രന്ഥത്തിൽ വിവരിച്ചിട്ടുള്ള യാഥാർത്ഥ്യങ്ങൾ അനുഭവത്തിൽ പുലർന്നു കാണുക [illegible]. അതാണവർ കാത്തിരിക്കുന്നതെങ്കിൽ, അതവർക്കു നല്ലതല്ല. ആ അവസരം വന്നു, കഴിഞ്ഞാൽ അവർ [illegible] റസൂലുകളും വേദഗ്രന്ഥങ്ങളും പ്രബോധനം ചെയ്തിരുന്നതു [illegible] യാഥാർത്ഥ്യമാണെന്നു അവർ തുറന്നു സമ്മതിക്കും. അയ്യോ! പിഴച്ചുപോയല്ലോ! എന്നു [illegible]. എന്ന് അവർ വിലപിക്കും. വല്ല ശുപാർശക്കാരെയും കിട്ടിയിരുന്നുവെങ്കിൽ ശുപാർശകൊണ്ടു [illegible] അല്ലെങ്കിൽ ഐഹിക ജീവിതത്തിലേക്കു മടങ്ങിയെങ്കിൽ [illegible] സൽക്കർമ്മങ്ങൾ ചെയ്യാമായിരുന്നു! എന്നൊക്കെ അവർ കൊതിച്ചു പോകും. പക്ഷെ, ഫലമെന്ത്?! [illegible] അതെല്ലാം നേരത്തെത്തന്നെ അവർ സ്വയം നഷ്ടപ്പെടുത്തിക്കഴിഞ്ഞു. അവരെ രക്ഷിക്കുമെന്നും, സഹായിക്കുമെന്നും സങ്കല്പിച്ചുകൊണ്ട് അവർ കെട്ടിയുണ്ടാക്കിയിരുന്ന കൃത്രിമ ദൈവങ്ങളും ശുപാർശക്കാരുമൊക്കെ [illegible] മറഞ്ഞു പോകയും ചെയ്തു. എന്നി, അവർ എങ്ങിനെ രക്ഷപ്പെടുവാനാണ്?!

വിഭാഗം-7

54 നിശ്ചയമായും നിങ്ങളുടെ റബ്ബ് ആകാശങ്ങളെയും, ഭൂമിയെയും ആറു ദിവസങ്ങളിലായി സൃഷ്ടിച്ചവനായ അല്ലാഹുവാകുന്നു. പിന്നെ, അവൻ 'അർശി'ൽ [സിംഹാസനത്തിൽ] ആരോഹണം ചെയ്തു.

രാത്രിയെ അവൻ പകലിനു മൂടിയിടുന്നു-അത് അതിനെ ധൃതഗതിയിൽ തേടിക്കൊണ്ടു. അവന്റെ കല്പനക്കു വിധേയങ്ങളാക്കപ്പെട്ടുകൊണ്ട് സൂര്യനെയും, ചന്ദ്രനെയും, നക്ഷത്രങ്ങളെയും (അവൻ സൃഷ്ടിച്ചു.)

അല്ലാ (അറിയുക)! അവന്റേതാണ് സൃഷ്ടിപ്പും, കല്പനയും. [സൃഷ്ടിക്കലും, കല്പനാധികാരവും അവന്റെ വക തന്നെ.]

ലോകരുടെ രക്ഷിതാവായ അല്ലാഹു നന്മ (അഥവാ മഹത്വം) ഏറിയവനാകുന്നു.

٥٤- إِنَّ رَبَّكُمُ اللَّهُ الَّذِي خَلَقَ السَّمَاوَاتِ وَالْأَرْضَ فِي سِتَّةِ أَيَّامٍ ثُمَّ اسْتَوَىٰ عَلَى الْعَرْشِ يُغْشِي اللَّيْلَ النَّهَارَ يَطْلُبُهُ حَثِيثًا وَالشَّمْسَ وَالْقَمَرَ وَالنُّجُومَ مُسَخَّرَاتٍ بِأَمْرِهِ ۗ أَلَا لَهُ الْخَلْقُ وَالْأَمْرُ ۗ تَبَارَكَ اللَّهُ رَبُّ الْعَالَمِينَ ○

---

54. إِنَّ رَبَّكُمُ നിശ്ചയമായും നിങ്ങളുടെ റബ്ബു اللَّهُ അല്ലാഹു الَّذِي خَلَقَ സൃഷ്ടിച്ച السَّمَاوَاتِ ആകാശങ്ങളെ وَالْأَرْضَ ഭൂമിയെയും فِي سِتَّةِ ആറിലായി أَيَّامٍ ദിവസങ്ങളം ثُمَّ പിന്നെ اسْتَوَىٰ അവൻ ആരോഹണം ചെയ്തു, ആസനസ്ഥനായി عَلَى الْعَرْشِ അർശിൽ, സിംഹാസനത്തിന്മേൽ يُغْشِي അവൻ മൂടുന്നു, മൂടിയിടുന്നു اللَّيْلَ രാത്രിയെ (രാവിനെക്കൊണ്ടു) النَّهَارَ പകലിനു, പകലിനെ يَطْلُبُهُ അതതിനെ തേടിക്കൊണ്ടു حَثِيثًا ധൃതഗതിയിൽ, ബദ്ധപ്പെട്ടുകൊണ്ടു, വേഗമായി وَالشَّمْسَ സൂര്യനെയും وَالْقَمَرَ ചന്ദ്രനെയും وَالنُّجُومَ നക്ഷത്രങ്ങളെയും مُسَخَّرَاتٍ വിധേയമാക്ക (നിയന്ത്രിക്ക)പ്പെട്ടതായിക്കൊണ്ടു بِأَمْرِهِ അവന്റെ കല്പനയ്, ആജ്ഞപ്രകാരം أَلَا അല്ലാ-അറിയുക لَهُ അവന്നാണു, അവന്റേതാണു الْخَلْقُ സൃഷ്ടിപ്പു, സൃഷ്ടി وَالْأَمْرُ കല്പനയും تَبَارَكَ നന്മ (മഹത്വം-മേന്മ-ഗുണം) ഏറിയിരിക്കുന്നു (അധികരിച്ചവനാണു) اللَّهُ അല്ലാഹു رَبُّ الْعَالَمِينَ ലോകരുടെ (ലോക) രക്ഷിതാവായ

അല്ലാഹു ആകാശഭൂമികളെ ആറു ദിവസങ്ങളിലായി സൃഷ്ടിച്ചുവെന്നും, പിന്നീട് അവൻ അർശിന്മേൽ ആരോഹണം ചെയ്തുവെന്നും ഖുർആനിൽ പലേടത്തും പ്രസ്താവിച്ചിരിക്കുന്നു. ആറു ദിവസങ്ങളിലായി സൃഷ്ടിച്ചതിനെപ്പറ്റി യൂനുസ് 3; സജദഃ 4; ഫുർഖാൻ: 59; ഹദീദ് 4; ഖാഫ് 38; ഹൂദ് 7 എന്നീ സ്ഥലങ്ങളിലും, അർശിൽ ആരോഹണം ചെയ്തതിനെപ്പറ്റി ആദ്യം പറഞ്ഞ നാലു സൂറത്തുകളിലും, ത്വാഹാ 5ലും, റഅ്ദ് 2ലും പ്രസ്താവിച്ചു കാണാം. ഇവിടെ ആ രണ്ടു വിഷയത്തെക്കുറിച്ചും സംക്ഷിപ്തമായി വിവരിക്കുന്നു. കൂടുതൽ വിശദീകരണം മേൽ സൂചിപ്പിച്ച സ്ഥലങ്ങളിലും കാണാം.

(1) സൂര്യന്റെ ഉദയാസ്തമനങ്ങളാൽ ഉണ്ടായിത്തീരുന്ന ഒരു രാവും പകലും ചേർന്ന സമയത്തിനാണു നാം സാധാരണ ദിവസം എന്ന പറയുന്നതു. ആറു ദിവസങ്ങൾ എന്ന പറഞ്ഞതു ഈ അർത്ഥത്തിലുള്ള ദിവസങ്ങളായിരിക്കുവാൻ തരമില്ല. കാരണം: ആകാശഭൂമികളുടെ സൃഷ്ടിയും, അവയുടെ നിലവിലുള്ള വ്യവസ്ഥയും, പൂർത്തിയാകും മുമ്പ് രാപ്പകലുകളോ, ഈ അർത്ഥത്തിലുള്ള ദിവസങ്ങളോ ഉണ്ടാകുകയില്ലല്ലോ. ഖിയാമത്തു നാളിനെക്കുറിച്ചു അമ്പതിനായിരം കൊല്ലം വലുപ്പമുള്ള ഒരു ദിവസം (70 : 4) എന്നും, നിന്റെ റബ്ബിന്റെ അടുക്കൽ ഒരു ദിവസം നിങ്ങൾ എണ്ണി വരുന്ന ആയിരം കൊല്ലം പോലെയാണു (22:47) എന്നും അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. അപ്പോൾ, ഈ ആറു ദിവസം കൊണ്ടു വിവക്ഷ, ദീർഘകാലം വരുന്ന ഏതോ ഒരു ആറു ദിവസങ്ങളായിരിക്കാം. അവ എന്തിനെയുള്ളതാണെന്നോ, ഓരോ ദിവസത്തിന്റെയും ദൈർഘ്യം എത്രയാണെന്നോ നമുക്കു തിട്ടപ്പെടുത്തുക സാദ്ധ്യമല്ല.

ഈ വചനത്തിനോടു സാദൃശ്യമുള്ള വചനമാകുന്നു. ഭൂമിയെ സൃഷ്ടിച്ചതും, അതിലെ പർവ്വതങ്ങളും, ആഹാര വസ്തുക്കളും മറ്റും വ്യവസ്ഥപ്പെടുത്തിയതും നാലു ദിവസം കൊണ്ടാണെന്നും, ആകാശങ്ങളെ പൂർത്തിയാക്കിയതു രണ്ടു ദിവസം കൊണ്ടാണെന്നും 41: 9-12ൽ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. നിലവിലുള്ള അഖിലാണ്ഡ വ്യവസ്ഥ ഈ നിലയിൽ എത്തിച്ചേരുന്നതിനു മുമ്പ് കോടിക്കണക്കിനു കൊല്ലങ്ങളും, പല വ്യത്യസ്ത ഘട്ടങ്ങളും കഴിഞ്ഞു പോയിട്ടുണ്ടെന്ന് —ശാസ്ത്രജ്ഞന്മാരിൽ നിക്കുപോലും അഭിപ്രായ വ്യത്യാസവും പലതുണ്ടെങ്കിലും—പൊതുവെ അംഗീകരിക്കപ്പെട്ടുവരുന്ന ശാസ്ത്രീയ സിദ്ധാന്തമാണെന്നുള്ളതും സ്മരണീയമത്രെ. ഞായർ മുതൽ ശനി വരെയുള്ള ദിവസങ്ങളിൽ ഓരോന്നിലും ഇന്നിന്ന വസ്തുക്കളെ അല്ലാഹു സൃഷ്ടിച്ചുവെന്നു വിവരിക്കുന്ന ചില രിവായത്തുകൾ കാണാമെങ്കിലും—ഇബ്നുകഥീർ (റ) മുതലായവർ സൂചിപ്പിച്ചതുപോലെ —അവ യഥാർത്ഥത്തിൽ, ഇസ്രാഈലീ വാർത്തകളിൽ നിന്നു ഉടലെടുത്തവയാകുന്നു.

(2) 'അർശു' (عرش) എന്ന വാക്ക് രാജകീയ സിംഹാസനം എന്ന അർത്ഥത്തിൽ സാധാരണ ഉപയോഗിക്കപ്പെടുന്നു. വീടുകളുടെ മേൽപുര, മുന്തിരിത്തോട്ടത്തിന്റെ പന്തൽ എന്നിവ പോലെ ഉയരത്തിൽ സ്ഥാപിക്കപ്പെടുന്ന ചില വസ്തുക്കൾക്കും ആ വാക്കു ഉപയോഗിക്കപ്പെടും. എന്നാൽ, മഹാൻമാരായ പലരും പ്രസ്താവിച്ചതുപോലെ, അല്ലാഹുവിന്റെ അർശു ഏതു പ്രകാരത്തിലുള്ളതായിരിക്കുമെന്നു കണക്കാക്കുവാൻ നമുക്കു സാധിക്കുകയില്ല. ഇമാം റാഗിബ് (റ) അദ്ദേഹത്തിന്റെ 'അൽമുഫ്റദാത്ത്' എന്ന നിഘണ്ടുവിൽ പറയുന്നു: 'അല്ലാഹുവിന്റെ അർശിനെക്കുറിച്ച് അതിന്റെ പേരല്ലാതെ അതിന്റെ യഥാർത്ഥ്യത്തെപ്പറ്റി മനുഷ്യർക്ക് അറിയാവതല്ല. പൊതുജനങ്ങൾ ഊഹിക്കുന്നതുപോലെയുള്ളതല്ല അത്. അങ്ങിനെയാണെങ്കിൽ, അതു അവനെ (അല്ലാഹുവിനെ) വഹിച്ചുകൊണ്ടിരിക്കുന്നതായിരിക്കണമല്ലോ. അല്ലാഹുവാകട്ടെ, അതിൽനിന്നും എത്രയോ ഉന്നതനുമാകുന്നു.......'

അല്ലാഹു സൃഷ്ടികളിൽ നിന്നെല്ലാം വ്യത്യസ്തനും, അവരുടെ ഭാവനകൾക്കെല്ലാം അതീതനുമാകുന്നു. അതെ, لَيْسَ كَمِثْلِهِ شَيْءٌ (അവനെപ്പോലെ ഒരു വസ്തുവും ഇല്ല.) وَلَمْ يَكُن لَّهُ كُفُوًا أَحَدٌ (അവനു തുല്യനായി ഒരാളും ഇല്ല.) അതുകൊണ്ട്, അല്ലാഹു അർശിൽ ആരോഹണം ചെയ്തു (اسْتَوَى عَلَى الْعَرْشِ) എന്ന വാക്യത്തെപ്പറ്റി മുൻഗാമികളായ മഹാൻമാർക്കു പൊതുവിലും, പിൻഗാമികളിൽ അവരുടെ മാതൃക പിൻപറ്റിയവർക്കും പറയുവാനുള്ളതു ഇതാകുന്നു: 'സിംഹാസനാരോഹണമെന്നതു നമുക്കറിയാം. പക്ഷെ, അല്ലാഹുവിനെ സംബന്ധിച്ചിടത്തോളം അതിന്റെ രീതി എങ്ങിനെയാണെന്നുള്ളതു നമുക്കു അജ്ഞാതമാകുന്നു.' (الإستواء معلوم والكيفية مجهولة) അതേ സൂചിപ്പിക്കുന്നതുപോലെയുള്ള ചില വ്യാഖ്യാനങ്ങൾ കൊണ്ടു തൃപ്തി അടയുന്നതു, കൂടുതൽ അന്വേഷണത്തിനും വിമർശനത്തിനും മുതിരുന്നതും അബദ്ധത്തിനു കാരണമായിരിക്കുന്നതാണ്. ആകയാൽ, പ്രസ്തുത മഹാൻമാർ സ്വീകരിച്ച അതേ മാർഗ്ഗം തന്നെയാണു നമുക്കു സ്വീകരിക്കുവാനുള്ളത്. അതാണു കൂടുതൽ സുരക്ഷിതമായ മാർഗ്ഗവും.

(3) 'അർശിൽ അവൻ ആരോഹണം ചെയ്തു' (اسْتَوَى عَلَى الْعَرْشِ) എന്ന വാക്യത്തിന്റെ യഥാർത്ഥം തന്നെ മാത്രം അടിസ്ഥാനമാക്കി അല്ലാഹു അർശിൻമേൽ ഇരിക്കുകയാണെന്നും മറ്റും ചില ആളുകൾ പറഞ്ഞിട്ടുള്ളതു സ്വീകാര്യമല്ലതന്നെ. അല്ലാഹുവിനെ സൃഷ്ടികളോടു ഉപമപ്പെടുത്തലും, അവന്റെ ഗുണവിശേഷങ്ങളുടെ പരിശുദ്ധിയെ നിരാകരിക്കലുമത്രെ അത്. അവൻ അർശിന്റെ മേലുള്ള അധികാരം ഏറ്റെടുത്തു, അല്ലെങ്കിൽ ആകാശഭൂമികളുടെ നിയന്ത്രണം ഔപചാരികമായി സ്വീകരിച്ചു എന്നിങ്ങിനെയുള്ള അർത്ഥങ്ങളിലും ചില പണ്ഡിതൻമാർ അതിനെ വ്യാഖ്യാനിക്കാറുണ്ട്. വേറെ ചിലർ, 'അർശു' എന്നൊരു പ്രത്യേക വസ്തു യഥാർത്ഥത്തിൽ ഇല്ലെന്നും, 'അധികാരം' എന്നതുകൊണ്ടു വിവക്ഷയെന്നും മറ്റുമുള്ള ചില വ്യാഖ്യാനങ്ങളും നൽകിക്കാണുന്നു. ഇതു തികച്ചും വസ്തുതാ വിരുദ്ധമാകുന്നു. അർശിന്റെ യഥാർത്ഥ്യത്തെക്കുറിച്ചു നമുക്ക് അറിഞ്ഞുകൂടാ എങ്കിലും, അർശു എന്ന മഹത്തായ ഒരു സൃഷ്ടി യഥാർത്ഥത്തിൽ ഉണ്ടെന്നുള്ളതു ഖുർആൻ വചനങ്ങളിൽ നിന്നും, നബി വചനങ്ങളിൽ നിന്നും അനിഷേധ്യമായി അറിയപ്പെട്ടിട്ടുള്ളതാണ്. ഒരു കാര്യം ഇവിടെ വിസ്മരിക്കാവതല്ല. اسْتَوَى عَلَى الْعَرْشِ എന്ന വാക്യത്തിന്റെ അർത്ഥം, അവൻ അധികാരം ഏറ്റെടുത്തുവെന്നല്ലെങ്കിലും, ആകാശഭൂമികളുടെ ആജ്ഞാധികാരവും, കൈകാര്യ നിയന്ത്രണവും അവന്റെ പക്കലാണെന്നു ആ വാക്യം സൂചിപ്പിക്കുന്നുവെന്നുള്ളതിൽ സംശയമില്ല. ആ വാക്യത്തെത്തുടർന്നു—സൂ: യൂനുസിലും, സജദയിലും കാണാവുന്നതുപോലെ—അവൻ കാര്യം നിയന്ത്രിച്ചു കൊണ്ടിരിക്കുന്നു (يُدَبِّرُ الْأَمْرَ) എന്നോ, ആ അർത്ഥത്തിലുള്ളതോ ആയ വാചകങ്ങൾ പല സ്ഥലത്തു കളിലും കാണുന്നതു അതുകൊണ്ടാകുന്നു. ഈ വചനത്തിലും തന്നെ തുടർന്നുകൊണ്ട് രാപ്പകലുകളുടെയും, സൂര്യ ചന്ദ്ര നക്ഷത്രങ്ങളുടെയും നിയന്ത്രണങ്ങളും, എല്ലാറ്റിന്റെയും, സൃഷ്ടിപ്പും ആജ്ഞാധികാരവും അവനാണെന്നും പറഞ്ഞിരിക്കുന്നു. والله أعلم

ഇബ്നുകഥീർ (റ) ഈ വിഷയത്തിൽ ഇവിടെ ചെയ്ത പ്രസ്താവന ശ്രദ്ധേയമാണ്. അദ്ദേഹം പറയുന്നു: 'ജനങ്ങൾക്കു ഈ രംഗത്തു വളരെയധികം സംസാരങ്ങളുണ്ട്. അതിവിടെ വിസ്തരിക്കേണ്ടുന്ന സന്ദർഭമല്ല. ശ്രേ

പ്രത്യരും പൗരാണികരുമായ മാലിക്ക്, ഔസാഈ, ഥൗരി, ലൈഥ്, ശാഫിഈ, അഹ്മദു, ഇസ്ഹാഖ് (റ) മുതലായവരും മറ്റുമായി മുൻകാലത്തും പിൻകാലത്തുമുള്ള മുസ്ലിം നേതാക്കൾ സ്വീകരിച്ച അതേ മാർഗ്ഗമാണു നാം ഇതിൽ സ്വീകരിക്കുന്നത്. രൂപനിർണ്ണയമോ, സൃഷ്ടികളോടു സാമ്യപ്പെടുത്തലോ, അല്ലാഹുവിന്റെ മഹത് ഗുണങ്ങൾക്കു കോട്ടം തട്ടിക്കലോ കൂടാതെ (ഖുർആനിലും ഹദീസിലും) എങ്ങിനെ വന്നുവോ അതുപോലെ സ്വീകരിക്കുന്നുള്ളതാണു ആ മാർഗ്ഗം. അല്ലാഹുവിനെ സൃഷ്ടികളുമായി സാമ്യപ്പെടുത്തുന്നവരുടെ മനസ്സിൽ [illegible] പ്പെടുന്നതൊന്നും തന്നെ അതിൽ ഉണ്ടാവാൻ പാടില്ല. ليس كمثله شيء وهو السميع البصير (അവനെപ്പോലെ ഒരു വസ്തുവും ഇല്ല. അവൻ കേൾക്കുന്നവനത്രെ, കാണുന്നവനാണ്) എന്നു അല്ലാഹു പറഞ്ഞിരിക്കുന്നുവല്ലോ. ഇമാം ബുഖാരിയുടെ ഗുരുവായ നുഐമുബ്നുഹമ്മാദ് (റ) പറഞ്ഞതുപോലെ, അല്ലാഹുവിനെ സൃഷ്ടികളോടു സാദൃശ്യപ്പെടുത്തുന്നവനും, അവന്റെ ഗുണവിശേഷങ്ങളെ [illegible] നിഷേധിക്കുന്നവനും അവിശ്വാസിയാകുന്നു. അല്ലാഹുവിന്റെ ഗുണവിശേഷങ്ങളിൽ [illegible] തന്നെ സാദൃശ്യപ്പെടുത്താൻ ഇല്ല. [illegible] അല്ലാഹുവിനോടു [illegible] കയും ചെയ്യുന്നു [illegible].

[illegible] ഇല്ലാതാക്കുന്നു—എന്നു പറഞ്ഞു [illegible] പറഞ്ഞതു, [illegible] കുറിക്കുന്നു. [illegible] ച്ചാണു നടമാടുന്നതു എന്നു [illegible] ലുകളുള്ള ആജ്ഞാധികാരം അവനുമാത്രമാണെന്നും [illegible] മഹത്വവും നൻമയും മേൻമയും ഉള്ള റബ്ബ് [illegible] അല്ലാഹു പറയുന്നു:—

55. (മനുഷ്യരെ) നിങ്ങളുടെ റബ്ബിനെ താഴ്മ കാണിച്ചുകൊണ്ടും, സ്വകാര്യമായികൊണ്ടും നിങ്ങൾ വിളി (ച്ചു പ്രാർത്ഥി)ക്കുവിൻ. നിശ്ചയമായും, അവൻ അതിരു വിടുന്നവരെ ഇഷ്ടപ്പെടുകയില്ല.

٥٥- ادْعُوا رَبَّكُمْ تَضَرُّعًا وَخُفْيَةً ۚ إِنَّهُ لَا يُحِبُّ الْمُعْتَدِينَ

56. ഭൂമിയെ നന്നാക്കിയതിനു ശേഷം നിങ്ങൾ അതിൽ നാശമുണ്ടാക്കുകയും ചെയ്യരുത്. ഭയപ്പെട്ടുകൊണ്ടും, മോഹിച്ചുകൊണ്ടും അവനെ വിളി(ച്ചു പ്രാർത്ഥി)ക്കുകയും ചെയ്യുവിൻ. നിശ്ചയമായും, അല്ലാഹുവിന്റെ കാരുണ്യം സൽകർമ്മികളോട് അടുത്തതാകുന്നു.

٥٦- وَلَا تُفْسِدُوا فِي الْأَرْضِ بَعْدَ إِصْلَاحِهَا وَادْعُوهُ خَوْفًا وَطَمَعًا ۚ إِنَّ رَحْمَتَ اللَّهِ قَرِيبٌ مِّنَ الْمُحْسِنِينَ

---

55. ادعوا വിളിക്കുവിൻ, പ്രാർത്ഥിക്കുവിൻ [illegible] നിങ്ങളുടെ റബ്ബിനെ [illegible] കാട്ടികൊണ്ടു [illegible] മറഞ്ഞുകൊണ്ടും, സ്വകാര്യ (രഹസ്യ) മായും [illegible] لا يحب അവൻ ഇഷ്ടപ്പെടുകയില്ല [illegible] 56. [illegible] [illegible] കൊണ്ടു [illegible] അല്ലാഹുവിന്റെ [illegible] ടുത്തതാണ, [illegible]

[illegible]

57. അവനത്രെ, തന്റെ കാരുണ്യത്തിന്റെ [മഴയുടെ] മുമ്പിലായി ഒരു സന്തോഷവാർത്തയായിക്കൊണ്ട് കാറ്റുകളെ അയക്കുന്നവൻ.

അങ്ങനെ, അവ ഘനമുള്ള മേഘങ്ങളെ (പൊക്കി) വഹിച്ചാൽ, വല്ല നിർജ്ജീവമായ നാട്ടിലേക്കും നാം അതിനെ നയിച്ചുകൊണ്ടുപോകുന്നു: എന്നിട്ട്, നാം[അല്ലാഹു] അതിൽ വെള്ളം ഇറക്കുകയും, എന്നിട്ട് അതുമൂലം എല്ലാ ഫലവർഗ്ഗങ്ങളെയും നാം പുറപ്പെടുവിക്കുകയും ചെയ്യുന്നു.

അതുപോലെ, നാം മരണപ്പെട്ടവരെ (വീണ്ടും ജീവിപ്പിച്ചു) പുറപ്പെടുവിക്കുന്നു. നിങ്ങൾ ഉറ്റാലോചിച്ചു നോക്കിയേക്കാമല്ലോ.

٥٧- وَهُوَ الَّذِي يُرْسِلُ الرِّيَاحَ بُشْرًا بَيْنَ يَدَيْ رَحْمَتِهِ ۖ حَتَّىٰ إِذَا أَقَلَّتْ سَحَابًا ثِقَالًا سُقْنَاهُ لِبَلَدٍ مَّيِّتٍ فَأَنزَلْنَا بِهِ الْمَاءَ فَأَخْرَجْنَا بِهِ مِن كُلِّ الثَّمَرَاتِ ۚ كَذَٰلِكَ نُخْرِجُ الْمَوْتَىٰ لَعَلَّكُمْ تَذَكَّرُونَ ○

---

57. وهو അവനത്രെ الذي يرسل അയക്കുന്നവൻ الرياح കാറ്റുകളെ بشرا സന്തോഷവാർത്തയായിട്ടു بين يدي മുമ്പിൽ رحمته അവന്റെ കാരുണ്യത്തിന്റെ حتى വരെ, (അങ്ങനെ-ഇതുവരെ) إذا أقلت അതു പൊന്തിച്ചാൽ, വഹിച്ചാൽ سحابا മേഘത്തെ ثقالا ഘനപ്പെട്ട, ഭാരമുള്ള سقناه അതിനെ നാം തെളിക്കുന്നു, നയിക്കുകയായി لبلد രാജ്യത്തേക്കു, നാട്ടിലേക്കു ميت ചത്ത (നിർജീവമായ) فأنزلنا به എന്നിട്ടു അതിൽ നാം ഇറക്കും ഇറക്കുകയായി الماء വെള്ളം, ജലം فأخرجنا എന്നിട്ടു നാം പുറപ്പെടുവിക്കും (ഉൽപാദിപ്പിക്കും) به അതുമൂലം, അതുകൊണ്ടു من كل എല്ലാറ്റിൽ നിന്നും الثمرات ഫലവർഗ്ഗങ്ങൾ, കായ്കനികൾ كذلك അതുപോലെ, അപ്രകാരം نخرج നാം പുറപ്പെടുവിക്കുന്നു, വെളിക്കു വരുത്തും الموتى മരണപ്പെട്ടവരെ, നിർജ്ജീവമായവരെ لعلكم تذكرون നിങ്ങൾ ഉറ്റാലോചിച്ചേക്കാം.

കഴിഞ്ഞ വചനങ്ങളിൽ അല്ലാഹുവിന്റെ 'റുബൂബിയത്തും', 'ഉലൂഹിയ്യത്തും' (രക്ഷാകർതൃത്വവും, ആരാധ്യതയും) സ്ഥാപിച്ച ശേഷം, അവന്റെ മഹത്തായ അനുഗ്രഹങ്ങളും, വ്യക്തമായ ദൃഷ്ടാന്തങ്ങളുമായ, ചില നിത്യസംഭവങ്ങളെ ഓർമ്മിപ്പിച്ച്കൊണ്ട് മരണാനന്തര ജീവിതത്തിന്റെ സാധ്യത തെളിയിക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹമാകുന്ന മഴയുടെ മുന്നോടിയായി കാറ്റുകൾ വീശുന്നു. അവ കാർമേഘങ്ങളെ ഇളക്കിവിടുന്നു. വെള്ളം വറ്റി നിർജ്ജീവമായി വരണ്ടു കിടക്കുന്ന നാട്ടിലേക്ക് അവ നീങ്ങുന്നു. അവിടെ മഴ വർഷിക്കുന്നു. അങ്ങനെ ആ നാട് പുനർജ്ജീവിച്ചു പച്ച പിടിക്കുന്നു. കായ്കനികളും വിളകളും ഉൽപാദിതമാകുന്നു. ഇതിന്റെയെല്ലാം കർത്താവ് അല്ലാഹുവാകുന്നു. അപ്പോൾ, ഇതുപോലെ മനുഷ്യൻ നിർജ്ജീവനായിപ്പോയശേഷം അവനെ വീണ്ടും ജീവിപ്പിക്കുവാൻ അല്ലാഹുവിന് ഒട്ടും പ്രയാസമില്ല എന്ന് നിങ്ങൾക്ക് ആലോചിച്ചാൽ അറിയാമല്ലോ എന്ന് ഉണർത്തുകയാണ്.

മഴവെള്ളം ഇറക്കി നിർജ്ജീവമായിക്കിടക്കുന്ന ഭൂമിയെ വീണ്ടും ഉൽപാദന യോഗ്യമാക്കി ജീവിപ്പിക്കുന്നതിനെപ്പറ്റി ഓർമ്മിപ്പിച്ച് കൊണ്ട് അതുപോലെ മനുഷ്യന്റെ മരണശേഷമുള്ള പുനർജ്ജീവിതവും ഉണ്ടാകുമെന്ന് ചൂണ്ടിക്കാട്ടുക ഖുർആനിൽ പലപ്പോഴും കാണാവുന്ന ഒരു പതിവാകുന്നു. നിഷ്പക്ഷമായി ചിന്തിക്കുന്ന ഏതു സാധാരണക്കാരന്റെ മനസ്സിലും പതിയുന്ന ഒരു ദൃഷ്ടാന്തവുമാണത്. അത് പോലെത്തന്നെ, മഴ പെയ്യുന്നതിനെയും, മഴമൂലം സസ്യലതാദികൾ ഉൽപാദിക്കുന്നതിനെയും സംബന്ധിച്ചു പറയുമ്പോൾ-അത് വരെയുള്ള സംസാര ശൈലിയനുസരിച്ചു 'അവൻ ഇറക്കി' എന്നും, 'അവൻ ഉൽപാദിപ്പിച്ചു' എന്നും (أنزل ، أخرج) പറയാതെ-ശൈലിയിൽ മാറ്റം വരുത്തിക്കൊണ്ട് 'നാം ഇറക്കി' എന്നും 'നാം ഉൽപാദിപ്പിച്ചു' (أنزلنا ، أخرجنا) എന്നുമൊക്കെയുള്ള പ്രയോഗങ്ങളും സാധാരണ കാണാവുന്നതാണ്. അല്ലാഹുവിന്റെ അതിമഹത്തായ അനുഗ്രഹങ്ങളും, അവന്റെ ശക്തിമാഹാത്മ്യം കുറിക്കുന്ന ദൃഷ്ടാന്തങ്ങളുമാണവ എന്ന് ഓർമ്മിപ്പിക്കുവാൻ വേണ്ടിയാണത്. والله أعلم

58. നല്ല (മെച്ചപ്പെട്ട) തായ രാജ്യം, അതിലെ സസ്യങ്ങൾ [വിളകൾ] അതിന്റെ റബ്ബിന്റെ അനുമതി പ്രകാരം [ധാരാളമായി] പുറത്തു വരുന്നു. ചീത്തയായതാകട്ടെ, അത് [അതിലെ സസ്യങ്ങൾ] മോശമായിട്ടല്ലാതെ പുറത്തുവരുന്നതല്ല.

അപ്രകാരം, നന്ദി കാണിക്കുന്ന ജനങ്ങൾക്കു വേണ്ടി നാം 'ആയത്തു' [ദൃഷ്ടാന്തം] കളെ വിവിധ രൂപത്തിൽ വിവരിക്കുന്നു.

وَالْبَلَدُ الطَّيِّبُ يَخْرُجُ نَبَاتُهُ بِإِذْنِ رَبِّهِ ۖ وَالَّذِي خَبُثَ لَا يَخْرُجُ إِلَّا نَكِدًا ۚ كَذَٰلِكَ نُصَرِّفُ الْآيَاتِ لِقَوْمٍ يَشْكُرُونَ ۝٥٨

---

58. البلد രാജ്യം, നാടു الطيب നല്ല, വിശിഷ്ടമായ, പരിശുദ്ധമായ, മെച്ചപ്പെട്ട يخرج പുറപ്പെടും, വെളിക്കു വരുന്നു نباته അതിലെ സസ്യം, ചെടികൾ (വിള-കൃഷി) بإذن ഉത്തരവു (അനുമതി) കൊണ്ടു ربه അതിന്റെ റബ്ബിന്റെ والذي خبث ചീത്തയായ (ദുഷിച്ച) താകട്ടെ لا يخرج പുറത്തു വരുകയില്ല إلا نكدا അൽപമായി (മോശമായി-ഞെരുങ്ങിയതായി) ട്ടല്ലാതെ كذلك അപ്രകാരം, ഇതു പോലെ نصرف നാം വിവിധ രൂപത്തിൽ വിവരിക്കുന്നു الآيات ദൃഷ്ടാന്ത(ലക്ഷ്യ)ങ്ങളെ لقوم ജനങ്ങൾക്കു വേണ്ടി يشكرون നന്ദി കാണിക്കുന്ന

സൽബുദ്ധിയും സദ്വിചാരവും ഉള്ളവരുടെയും, ദുർബുദ്ധിയും ദുർവിചാരവും ഉള്ളവരുടെയും ഒരു ഉപമയാണിത്. നല്ല മണ്ണും, നല്ല വളക്കൂറുമുള്ള നാട്ടിൽ മഴയും മറ്റു സൗകര്യങ്ങളും ലഭിക്കുമ്പോൾ, അധികരിച്ച അദ്ധ്വാനം കൂടാതെത്തന്നെ, ധാരാളം വിളവുകളും ഫലങ്ങളും ഉൽപാദിതമാകുന്നു. നേരെ മറിച്ചു ചീത്ത മണ്ണുള്ളതും വളപ്പറിവില്ലാത്തതുമായ പാഴ് പ്രദേശങ്ങളിൽ മഴയും മറ്റും വേണ്ടത്ര ലഭിച്ചാൽ പോലും നാമമാത്ര ഫലങ്ങളെ അവയിൽ നിന്നു പ്രതീക്ഷിക്കുവാനുള്ളു. അതുപോലെയാണ് മനുഷ്യന്റെയും സ്ഥിതി. നല്ല മനുഷ്യർക്ക് ഉപദേശങ്ങളും ദൃഷ്ടാന്തങ്ങളും ലഭിക്കേണ്ട താമസം, അവരിൽ അതിന്റെ ഫലം വർദ്ധിച്ച് കണ്ടുകൊണ്ടിരിക്കും. ദുഷിച്ച മനുഷ്യർ എന്തു തന്നെ കണ്ടാലും, കേട്ടാലും അതവർക്ക് ഫലപ്രദമാകുകയില്ല. അതവരുടെ ഉള്ളിലേക്ക് കടക്കുകയുമില്ല.

വിഭാഗം-8

അല്ലാഹുവിലും പരലോകത്തിലും വിശ്വസിക്കേണ്ടതിന്റെ ആവശ്യകത വിവരിച്ച് കൊണ്ട് പലതും പ്രസ്താവിച്ചശേഷം, മുൻ സമുദായങ്ങളുടെയും, അവരുടെ പ്രവാചകൻമാരുടെയും ചരിത്ര പാഠങ്ങളാണ് തുടർന്നുള്ള ഒട്ടനേകം വചനങ്ങളിൽ വിവരിക്കുന്നത്.

59. നൂഹിനെ നാം അദ്ദേഹത്തിന്റെ ജനതയിലേക്ക് അയക്കുകയുണ്ടായി. എന്നിട്ട് അദ്ദേഹം പറഞ്ഞു: 'എന്റെ ജനങ്ങളേ, നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുവിൻ; അവനല്ലാതെ ഒരു ആരാധ്യനും നിങ്ങൾക്കില്ല. നിശ്ചയമായും, ഒരു വമ്പിച്ച ദിവസത്തെ ശിക്ഷ നിങ്ങളുടെ മേൽ (വരിക ന്നതു) ഞാൻ ഭയപ്പെടുന്നു.

لَقَدْ أَرْسَلْنَا نُوحًا إِلَىٰ قَوْمِهِ فَقَالَ يَا قَوْمِ اعْبُدُوا اللَّهَ مَا لَكُم مِّنْ إِلَٰهٍ غَيْرُهُ إِنِّي أَخَافُ عَلَيْكُمْ عَذَابَ يَوْمٍ عَظِيمٍ ۝٥٩

---

59. لقد أرسلنا നാം അയക്കുകയുണ്ടായി نوحا നൂഹിനെ إلى قومه അദ്ദേഹത്തിന്റെ ജനതയിലേക്കു فقال എന്നിട്ടദ്ദേഹം പറഞ്ഞു يا قوم എന്റെ ജനങ്ങളേ اعبدوا الله നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുവിൻ ما لكم നിങ്ങൾക്കില്ല من إله ഒരാരാധ്യനും غيره അവനൊഴികെ إني أخاف നിശ്ചയമായും ഞാൻ ഭയപ്പെടുന്നു عليكم നിങ്ങളുടെ മേൽ, നിങ്ങൾക്ക عذاب يوم ഒരു ദിവസത്തിലെ ശിക്ഷ عظيم വമ്പിച്ച

ആദം (അ) നബിയുടെ കഥ മുമ്പ് വിവരിച്ചുവല്ലോ. അറിയപ്പെട്ടിടത്തോളം അദ്ദേഹത്തിനുശേഷം അയക്കപ്പെട്ട റസൂലുകളിൽ ഒന്നാമത്തെ ആള് നൂഹ് (അ) നബിയാകുന്നു. ബാബിലോണ്യ [*] യിലായിരുന്നു അദ്ദേഹം നിയോഗിക്കപ്പെട്ടത്. മരണപ്പെട്ട മഹാത്മാക്കളുടെ സ്മരണക്ക് വേണ്ടി ആദ്യം അവരുടെ പ്രതിമകൾ ഉണ്ടാക്കുകയും, പിന്നീട് അവയെ ആരാധിച്ചു വരുകയും, അങ്ങിനെ വിഗ്രഹാരാധന നടപ്പിലാക്കിത്തീർക്കുകയും ചെയ്ത ഒന്നാമത്തെ സമുദായം അദ്ദേഹത്തിന്റെ സമുദായമായിരുന്നു. (കൂടുതൽ വിവരങ്ങൾക്കു സൂറത്ത് നൂഹും, അതിനുശേഷമുള്ള 'വിഗ്രഹാരാധനയുടെ തുടക്കം' എന്ന വ്യാഖ്യാനക്കുറിപ്പും നോക്കുക) തൊള്ളായിരത്തമ്പത് കൊല്ലക്കാലം ഒരു സമുദായത്തെ തൗഹീദിലേക്കു ക്ഷണിച്ചുകൊണ്ടിരുന്ന ചരിത്രമാണ് ആ പ്രവാചകവര്യനുള്ളത്. (29:14) അതുകൊണ്ടെല്ലാം തന്നെയാണു അദ്ദേഹത്തെപ്പറ്റി നബിമാരുടെ കാരണവർ—അഥവാ ഗുരുവര്യൻ (شيخ الأنبياء) എന്നു പറയപ്പെടുന്നതും. ആ നീണ്ട ചരിത്രത്തിന്റെ സംക്ഷിപ്ത രൂപമാണു അല്ലാഹു ഇവിടെ ഉദ്ധരിക്കുന്നത്.

٦٠- قَالَ الْمَلَأُ مِن قَوْمِهِ إِنَّا لَنَرَاكَ فِي ضَلَالٍ مُّبِينٍ ○

60. അദ്ദേഹത്തിന്റെ ജനങ്ങളിൽ നിന്നുള്ള പ്രധാനികൾ പറഞ്ഞു: 'നിശ്ചയമായും ഞങ്ങൾ നിന്നെ പ്രത്യക്ഷമായ വഴിപിഴവിലായി കാണുന്നു.'

٦١- قَالَ يَا قَوْمِ لَيْسَ بِي ضَلَالَةٌ وَلَٰكِنِّي رَسُولٌ مِّن رَّبِّ الْعَالَمِينَ ○

61. അദ്ദേഹം പറഞ്ഞു: എന്റെ ജനങ്ങളെ, എനിക്കു ഒരു വഴിപിഴവും (തന്നെ) ഇല്ല; എങ്കിലും, ഞാൻ ലോകരുടെ രക്ഷിതാവിങ്കൽനിന്നുള്ള ഒരു റസൂൽ [ദൂതൻ] ആകുന്നു.

٦٢- أُبَلِّغُكُمْ رِسَالَاتِ رَبِّي وَأَنصَحُ لَكُمْ وَأَعْلَمُ مِنَ اللَّهِ مَا لَا تَعْلَمُونَ ○

62. 'എന്റെ റബ്ബിന്റെ 'രിസാലത്തു' [ദൗത്യം] കളെ ഞാൻ നിങ്ങൾക്കു എത്തിച്ചു തരുകയാണ്; ഞാൻ നിങ്ങൾക്കു ഗുണം കാംക്ഷിക്കുക (അഥവാ ഉപദേശം നൽകുക) യും ചെയ്യുന്നു; നിങ്ങൾക്കറിഞ്ഞു കൂടാത്തതു (പലതും), അല്ലാഹുവിൽ നിന്നും ഞാൻ അറിയുകയും ചെയ്യുന്നു.

٦٣- أَوَعَجِبْتُمْ أَن جَاءَكُمْ ذِكْرٌ مِّن رَّبِّكُمْ عَلَىٰ رَجُلٍ مِّنكُمْ لِيُنذِرَكُمْ وَلِتَتَّقُوا وَلَعَلَّكُمْ تُرْحَمُونَ ○

63. 'നിങ്ങൾക്കു നിങ്ങളിൽ പെട്ട ഒരു പുരുഷൻ മുഖേന നിങ്ങളുടെ റബ്ബിങ്കൽ നിന്ന് ഒരു ഉൽബോധനം വന്നതിനാൽ നിങ്ങൾ അത്ഭുതപ്പെടുകയും ചെയ്തുവോ? ! (അതെ), അവൻ [ആ പുരുഷൻ] നിങ്ങളെ താക്കീതു ചെയ്‌വാൻ വേണ്ടിയും, നിങ്ങൾ സൂക്ഷിക്കുവാൻ വേണ്ടിയും. നിങ്ങൾ കരുണ ചെയ്യപ്പെടുകയും ചെയ്യാമല്ലോ.'

---

60. قال الملأ പ്രധാനി (പ്രമാണി) കൾ (പ്രമുഖ സംഘം) പറഞ്ഞു من قومه അദ്ദേഹത്തിന്റെ ജനങ്ങളിൽനിന്നു إنا നിശ്ചയമായും നാം, ഞങ്ങൾ لنراك നിന്നെ നാം (ഞങ്ങൾ) കാണുക തന്നെ ചെയ്യുന്നു في ضلال വഴിപിഴവിൽ, ദുർമാർഗ്ഗത്തിൽ مبين വ്യക്തമായ. 61. قال അദ്ദേഹം പറഞ്ഞു يا قوم എന്റെ ജനങ്ങളേ ليس بي എനിക്കില്ല, എന്നിലില്ല ضلالة ഒരു വഴിപിഴവും (ദുർമാർഗ്ഗവും) ولكني എങ്കിലും ഞാൻ رسول ഒരു റസൂലാണു, ദൂതനാണു من رب രക്ഷിതാവി(റബ്ബി)ങ്കൽനിന്നു العالمين ലോകരുടെ. 62. أبلغكم ഞാൻ നിങ്ങൾക്കു എത്തിക്കുന്നു, പ്രബോധനം നൽകുന്നു رسالات ദൗത്യങ്ങളെ ربي എന്റെ റബ്ബിന്റെ وأنصح ഞാൻ ഗുണം കാംക്ഷിക്കുക (ഉപദേശിക്കുക)യും ചെയ്യുന്നു لكم നിങ്ങൾക്കു, നിങ്ങളോടു وأعلم ഞാനറിയുകയും (എനിക്കറിയുകയും) ചെയ്യും من الله അല്ലാഹുവിൽനിന്നു ما لا تعلمون നിങ്ങൾ(ക്കു) അറിയാത്തതു. 63. أوعجبتم നിങ്ങൾ അത്ഭുത (ആശ്ചര്യ)പ്പെടുകയും ചെയ്തുവോ أن جاءكم നിങ്ങൾക്കുവന്നതിനാൽ, വന്നതിനു ذكر ഉൽബോധനം,

---

* ഒന്നാം വാള്യത്തിൽ കൊടുത്ത പടം 6 നോക്കുക.

٦٤- فَكَذَّبُوهُ فَأَنجَيْنَٰهُ وَٱلَّذِينَ مَعَهُۥ فِى ٱلْفُلْكِ وَأَغْرَقْنَا ٱلَّذِينَ كَذَّبُوا۟ بِـَٔايَٰتِنَآ ۚ إِنَّهُمْ كَانُوا۟ قَوْمًا عَمِينَ ۝

64. എന്നാൽ, അവർ അദ്ദേഹത്തെ വ്യാജമാക്കി. അപ്പോൾ, അദ്ദേഹത്തെയും, അദ്ദേഹത്തിന്റെ കൂടെയുള്ളവരെയും കപ്പലിൽ നാം രക്ഷപ്പെടുത്തി; നമ്മുടെ ദൃഷ്ടാന്തങ്ങളെ വ്യാജമാക്കിയവരെ നാം മുക്കി (നശിപ്പി)ക്കുകയും ചെയ്തു.

നിശ്ചയമായും, അവർ അന്ധരായ ഒരു ജനതയായിരുന്നു.

പ്രസ്താവന, സ്മരണ, ഉപദേശം من ربكم നിങ്ങളുടെ റബ്ബിൽ നിന്നു على رجل ഒരു പുരുഷനിലായി (പുരുഷൻ മുഖേന) منكم നിങ്ങളിൽനിന്നു لينذركم അവൻ നിങ്ങളെ താക്കീതു (മുന്നറിയിപ്പു) ചെയ്‌വാൻ ولتتقوا നിങ്ങൾ സൂക്ഷിക്കുവാനും ولعلكم നിങ്ങളാകുകയും ചെയ്യാമല്ലോ, ആകുവാനും ترحمون നിങ്ങൾ കരുണ ചെയ്യപ്പെടും. 64. فكذبوه എന്നാൽ (എന്നിട്ടു) അവർ അദ്ദേഹത്തെ വ്യാജമാക്കി فأنجيناه അപ്പോൾ അദ്ദേഹത്തെ നാം രക്ഷപ്പെടുത്തി والذين معه അദ്ദേഹത്തിന്റെ കൂടെയുള്ളവരെയും في الفلك കപ്പലിൽ وأغرقنا നാം മുക്കുക (മുക്കി നശിപ്പിക്കുക)യും ചെയ്തു الذين كذبوا വ്യാജമാക്കിയവരെ بآياتنا നമ്മുടെ ദൃഷ്ടാന്ത (ലക്ഷ്യ)ങ്ങളെ إنهم كانوا നിശ്ചയമായും അവരായിരുന്നു قوما ഒരു ജനത عمين അന്ധരായ

വ്യക്തമായ ദൃഷ്ടാന്തങ്ങൾ മുമ്പിലുണ്ടായിരുന്നിട്ടും പരമാർത്ഥം മനസ്സിലാക്കാതിരിക്കത്തക്കവണ്ണം ഉൾക്കാഴ്ച നശിച്ചവരായിരുന്നു അവർ. അതാണവർ മുക്കി നശിപ്പിക്കപ്പെടുവാൻ കാരണമായിത്തീർന്നതെന്നു സാരം. അവരുടെ ബാഹ്യമായ കാഴ്ച നശിച്ചിരുന്നുവെന്നല്ല, ഹൃദയങ്ങളുടെ ഉൾക്കാഴ്ച നശിച്ചിരുന്നുവെന്നാണു ഉദ്ദേശ്യം. (فإنها لا تعمى الأبصار ولكن تعمى القلوب .. الخ)

വിഭാഗം-9

٦٥- وَإِلَىٰ عَادٍ أَخَاهُمْ هُودًا ۗ قَالَ يَٰقَوْمِ ٱعْبُدُوا۟ ٱللَّهَ مَا لَكُم مِّنْ إِلَٰهٍ غَيْرُهُۥٓ ۚ أَفَلَا تَتَّقُونَ ۝

65. 'ആദു' (ഗോത്രത്തി) ലേക്കു അവരുടെ സഹോദരൻ ഹൂദിനെയും (നാം അയച്ചു). അദ്ദേഹം പറഞ്ഞു: 'എന്റെ ജനങ്ങളെ, നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുവിൻ; അവനല്ലാതെ ഒരാരാധ്യനും നിങ്ങൾക്കില്ല. എന്നിരിക്കെ, നിങ്ങൾ സൂക്ഷിക്കുന്നില്ലേ? !'

٦٦- قَالَ ٱلْمَلَأُ ٱلَّذِينَ كَفَرُوا۟ مِن قَوْمِهِۦٓ إِنَّا لَنَرَىٰكَ فِى سَفَاهَةٍ وَإِنَّا لَنَظُنُّكَ مِنَ ٱلْكَٰذِبِينَ ۝

66. അദ്ദേഹത്തിന്റെ ജനങ്ങളിൽ നിന്നു അവിശ്വസിച്ചവരായ പ്രധാനികൾ പറഞ്ഞു: 'നിശ്ചയമായും, നിന്നെ ഞങ്ങൾ ഒരു (വമ്പിച്ച) മൗഢ്യത്തിലായി കാണുന്നു; നിശ്ചയമായും, നിന്നെ ഞങ്ങൾ വ്യാജം പറയുന്നവരിൽ പെട്ടവനാണെന്നു വിചാരിക്കുകയും ചെയ്യുന്നു.'

65. وإلى عاد ആദിലേക്കും أخاهم അവരുടെ സഹോദരനെ هودا ഹൂദിനെ قال يا قوم അദ്ദേഹം പറഞ്ഞു എന്റെ ജനങ്ങളേ اعبدوا الله അല്ലാഹുവിനെ ആരാധിക്കുവിൻ ما لكم നിങ്ങൾക്കില്ല من إله ഒരു ആരാധ്യനും غيره അവനല്ലാതെ أفلا അപ്പോൾ (അതിനാൽ) ഇല്ലേ, ആയിക്കൂടേ تتقون നിങ്ങൾ സൂക്ഷിക്കുക 66. قال الملأ പ്രധാനികൾ (പ്രമുഖ സംഘം) പറഞ്ഞു الذين كفروا അവിശ്വസിച്ചവരായ من قومه അദ്ദേഹത്തിന്റെ ജനങ്ങളിൽ നിന്നു إنا لنراك നിശ്ചയമായും ഞങ്ങൾ നിന്നെ കാണുന്നു في سفاهة ഒരു (തരം) വിഡ്ഢിത്തത്തിൽ وإنا لنظنك നിശ്ചയമായും ഞങ്ങൾ നിന്നെ വിചാരിക്കുകയും ചെയ്യുന്നു من الكاذبين വ്യാജം (കളവു-കള്ളം) പറയുന്നവരിൽ പെട്ട (വനായി)

സത്യനിഷേധികളിൽ സംശയാലുക്കളും ഉണ്ടായിരിക്കുമെങ്കിലും നിഷേധത്തിലും, എതിർപ്പിലും പ്രധാന പങ്കു വഹിക്കുന്നവർ അവരിലുള്ള പ്രമാണികളും നേതാക്കളുമായിരിക്കുമല്ലോ. ജനങ്ങളുടെ സ്ഥിതിയും അതായിരിക്കും. അതുകൊണ്ടാണു പ്രവാചകൻമാരെ ധിക്കരിച്ചുകൊണ്ടുള്ള അവരുടെ മറുപടികൾ ഉദ്ധരിക്കുമ്പോൾ മിക്കപ്പോഴും قَالَ الْمَلَأُ مِن قَوْمِهِ (അദ്ദേഹത്തിന്റെ ജനങ്ങളിൽ നിന്നുള്ള പ്രധാനികൾ പറഞ്ഞു) എന്നു അല്ലാഹു പറയുന്നത്. 'പ്രധാനികൾ, നേതാക്കൾ, പ്രമാണികൾ, പ്രധാനസംഘം, കൂട്ടം' എന്നൊക്കെയാണു مَلَأ (മലഉ്) എന്ന വാക്കിന്റെ അർത്ഥം. ഇവിടെ ഹൂദ്(അ) നബിയെ 'അവരുടെ സഹോദരൻ' (أَخَاهُمْ) എന്ന് വിശേഷിപ്പിച്ചിരിക്കുന്നതുകൊണ്ടു അദ്ദേഹം 'ആദു ഗോത്രത്തിൽപെട്ട' ഒരു അംഗമായിരുന്നുവെന്നു മനസ്സിലാകുന്നു. വേറെ സ്ഥലങ്ങളിൽ വേറെയും ചില നബിമാരെപ്പറ്റി ഇങ്ങിനെ 'അവരുടെ സഹോദരൻ' എന്നു വിശേഷിപ്പിച്ചിരിക്കുന്നതു കാണാം. അവരും അതതു ജനതയിലെ പ്രധാന ഗോത്രങ്ങളിൽ പെട്ട അംഗങ്ങളായിരുന്നു വെന്നുകരുതാം. والله اعلم

٦٧- قَالَ يَٰقَوْمِ لَيْسَ بِي سَفَاهَةٌ وَلَٰكِنِّي رَسُولٌ مِّن رَّبِّ الْعَٰلَمِينَ ○

67. അദ്ദേഹം പറഞ്ഞു: 'എന്റെ ജനങ്ങളേ, എനിക്ക ഒരു ഭോഷത്തവുമില്ല. എങ്കിലും ഞാൻ, ലോകരുടെ രക്ഷിതാവിങ്കൽ നിന്നുള്ള ഒരു റസൂൽ [ദൂതൻ] ആകുന്നു.

٦٨- أُبَلِّغُكُمْ رِسَٰلَٰتِ رَبِّي وَأَنَا۠ لَكُمْ نَاصِحٌ أَمِينٌ ○

68. 'എന്റെ റബ്ബിന്റെ 'രിസാലത്തു' [ദൗത്യം] കളെ ഞാൻ നിങ്ങൾക്കു എത്തിച്ചു തരുകയാണു. ഞാൻ, നിങ്ങൾക്കു വിശ്വസ്തനായ ഒരു ഗുണകാംക്ഷി (അഥവാ ഉപദേശി)യുമാകുന്നു.

٦٩- أَوَعَجِبْتُمْ أَن جَآءَكُمْ ذِكْرٌ مِّن رَّبِّكُمْ عَلَىٰ رَجُلٍ مِّنكُمْ لِيُنذِرَكُمْ ۚ وَاذْكُرُوٓا۟ إِذْ جَعَلَكُمْ خُلَفَآءَ مِنۢ بَعْدِ قَوْمِ نُوحٍ وَزَادَكُمْ فِي الْخَلْقِ بَصْۜطَةً ۖ فَاذْكُرُوٓا۟ ءَالَآءَ اللَّهِ لَعَلَّكُمْ تُفْلِحُونَ ○

69. 'നിങ്ങൾക്കു നിങ്ങളിൽ നിന്നുള്ള ഒരു പുരുഷൻ മുഖേന-അവൻ നിങ്ങളെ താക്കീതു ചെയ്‌വാൻ വേണ്ടി-നിങ്ങളുടെ റബ്ബിങ്കൽ നിന്നു ഒരു ഉൽബോധനം നിങ്ങൾക്കു വന്നതിനാൽ നിങ്ങൾ അത്ഭുതപ്പെടുകയും ചെയ്തുവോ?! നൂഹിന്റെ ജനതക്കു ശേഷം, നിങ്ങളെ അവൻ പിൻഗാമികളാക്കിയിട്ടുള്ളതു നിങ്ങൾ ഓർ(ത്തു നോ)ക്കുവിൻ. സൃഷ്ടികളിൽ അവൻ നിങ്ങൾക്കു വികാസം [പൊക്കവും ശക്തിയും] വർദ്ധിപ്പിക്കുകയും ചെയ്തിരിക്കുന്നു. ആകയാൽ, അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ നിങ്ങൾ ഓർക്കുവിൻ-നിങ്ങൾ വിജയം പ്രാപിച്ചേക്കാം.'

---

67. قَالَ يَاقَوْمِ അദ്ദേഹം പറഞ്ഞു എന്റെ ജനങ്ങളേ لَيْسَ بِي എനിക്കു (എന്നിൽ) ഇല്ല سَفَاهَةٌ ഒരു ഭോഷത്തവും, വിഡ്ഢിത്തം وَلَكِنِّي എങ്കിലും ഞാൻ رَسُولٌ ഒരു ദൂതനാണു مِنْ رَبِّ രക്ഷിതാവിൽനിന്നു الْعَالَمِينَ ലോകരുടെ 68. أُبَلِّغُكُمْ നിങ്ങൾക്കു ഞാൻ എത്തിച്ചു തരുന്നു رِسَالَاتِ ദൗത്യങ്ങളെ رَبِّي എന്റെ റബ്ബിന്റെ وَأَنَا ഞാൻ, ഞാനാകട്ടെ لَكُمْ നിങ്ങൾക്കു نَاصِحٌ ഗുണകാംക്ഷിയാണു, ഉപദേശകനാകുന്നു أَمِينٌ വിശ്വസ്തനായ 69. أَوَعَجِبْتُمْ നിങ്ങൾ ആശ്ചര്യ (അത്ഭുത)പ്പെടുകയും ചെയ്തുവോ أَنْ جَاءَكُمْ നിങ്ങൾക്കു വന്നതിനാൽ ذِكْرٌ ഉൽബോധനം, ഒരു സ്മരണ مِنْ رَبِّكُمْ നിങ്ങളുടെ റബ്ബിൽനിന്നും عَلَى رَجُلٍ ഒരു പുരുഷനിലായി (പുരുഷൻ മുഖേന) مِنْكُمْ നിങ്ങളിൽപെട്ട لِيُنْذِرَكُمْ നിങ്ങളെ അവൻ (അദ്ദേഹം) താക്കീതു ചെയ്‌വാൻവേണ്ടി وَاذْكُرُوا ഓർക്കുകയും ചെയ്യുവിൻ إِذْ جَعَلَكُمْ അവൻ നിങ്ങളെ ആക്കിയതിനെ خُلَفَاءَ പിൻഗാമികൾ مِنْ بَعْدِ ശേഷം, ശേഷമായി قَوْمِ نُوحٍ നൂഹിന്റെ ജനതയുടെ وَزَادَكُمْ അവൻ നിങ്ങൾക്കു വർദ്ധിപ്പിക്കുകയും ചെയ്തു فِي الْخَلْقِ സൃഷ്ടിപ്പിൽ, സൃഷ്ടികളിൽ بَسْطَةً വികാസം, വലുപ്പം, പൊക്കം, വിരിവു, ശക്തി فَاذْكُرُوا അപ്പോൾ (അതിനാൽ) ഓർക്കുവിൻ آلَاءَ اللَّهِ അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ لَعَلَّكُمْ നിങ്ങളായേക്കാം, ആകുവാൻ تُفْلِحُونَ നിങ്ങൾ വിജയം പ്രാപിക്കും.

നൂഹ്‌ (അ) നബിയുടെ ജനതക്കുശേഷം, ഒരു സമുദായമെന്ന നിലക്കു അഭിവൃദ്ധി പ്രാപിച്ച ഒരു ജനതയായിരുന്നു ആദ്‌വര്‍ഗ്ഗം. നൂഹ്‌ (അ) നെറിച്ചു കപ്പലില്‍ രക്ഷപ്പെട്ടവരുടെ പിന്‍തലമുറകളായി വര്‍ദ്ധിച്ചുവന്നവരാണവര്‍. അതുകൊണ്ടാണവരുടെ ശേഷമുള്ള പിന്‍ഗാമികള്‍ എന്ന്‌ പറഞ്ഞത്‌. അറേബ്യ ഉപദ്വീപിന്റെ തെക്കെ കടലോര പ്രദേശങ്ങളിലായി യമനിനും, ഹള്‌റമൗത്തിനും ഇടയില്‍ 'അഹ്‌ഖാഫ്‌' പ്രദേശമായിരുന്നു അവരുടെ വാസസ്ഥലം. [*] ആരോഗ്യം, കയ്യൂക്ക്‌, മെയ്യൂക്ക്‌ ആദിയായവയില്‍ മികച്ചവരും, അതികായന്മാരുമായിരുന്നു ആദുവര്‍ഗ്ഗം. (26: 128-130; 41: 15 മുതലായവ). ഇതൊക്കെ സൂചിപ്പിച്ചു കൊണ്ടാണ്‌ അവന്‍ നിങ്ങള്‍ക്കു വികാസം - അഥവാ പൊക്കവും ശക്തിയും - വര്‍ദ്ധിപ്പിച്ചു തന്നുവെന്ന്‌ പറഞ്ഞത്‌.

70. അവര്‍ പറഞ്ഞു: '(ഹൂദേ,) ഞങ്ങള്‍ അല്ലാഹുവിനെ മാത്രമായി ആരാധിക്കുവാന്‍ വേണ്ടി ഞങ്ങളുടെ അടുക്കല്‍ നീ വന്നിരിക്കുകയാണോ?! ഞങ്ങളുടെ പിതാക്കള്‍ ആരാധിച്ചുവന്നിരുന്നതിനെ ഞങ്ങള്‍ വിട്ടുകളയുവാനും?! എന്നാല്‍ [അങ്ങിനെയാണെങ്കില്‍] നീ ഞങ്ങളെ ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുന്നതു [ആ ശിക്ഷ] ഞങ്ങള്‍ക്കു നീ കൊണ്ടുവാ - നീ സത്യവാന്മാരില്‍ പെട്ടവനാണെങ്കില്‍!'

قَالُوٓا۟ أَجِئْتَنَا لِنَعْبُدَ ٱللَّهَ وَحْدَهُۥ وَنَذَرَ مَا كَانَ يَعْبُدُ ءَابَآؤُنَا ۖ فَأْتِنَا بِمَا تَعِدُنَآ إِن كُنتَ مِنَ ٱلصَّٰدِقِينَ ○

70. قَالُوا അവര്‍ പറഞ്ഞു أَجِئْتَنَا നീ ഞങ്ങളുടെ അടുക്കല്‍ വന്നിരിക്കുകയാണോ لِنَعْبُدَ ഞങ്ങള്‍ ആരാധിക്കുവാന്‍ വേണ്ടി اللَّهَ അല്ലാഹുവിനെ وَحْدَهُ അവനെ ഒറ്റക്ക്‌ (മാത്രം) وَنَذَرَ ഞങ്ങള്‍ വിട്ടുകളയുവാനും مَا كَانَ يَعْبُدُ ആരാധിച്ചു വരുന്നതിനെ آبَاؤُنَا ഞങ്ങളുടെ (നമ്മുടെ) പിതാക്കള്‍ فَأْتِنَا എന്നാല്‍നീ ഞങ്ങള്‍ക്കു വാ بِمَا تَعِدُنَا നീ ഞങ്ങളോടു വാഗ്‌ദത്തം (താക്കീതു-ഭീഷണി) ചെയ്യുന്നതും കൊണ്ടു إِنْ كُنْتَ നീ ആകുന്നുവെങ്കില്‍ مِنَ الصَّادِقِينَ സത്യവാന്മാരില്‍ (സത്യം പറയുന്നവരില്‍) പെട്ട(വന്‍)

ഞങ്ങളുടെ ഈ ബിംബാരാധന ഞങ്ങള്‍ പുതുതായി നിര്‍മ്മിച്ചുണ്ടാക്കിയതൊന്നുമല്ല. പൂര്‍വ്വികന്മാര്‍ മുതല്‍ നടന്നു വരുന്നതാണ്‌. അതുവിട്ട്‌ അല്ലാഹുവിനെ മാത്രമേ ആരാധിക്കാവൂ എന്നാണു നീ പറയുന്നതെങ്കില്‍ അതിനു ഞങ്ങള്‍ തയ്യാറില്ല. അങ്ങിനെ ചെയ്‌തില്ലെങ്കില്‍ ഞങ്ങള്‍ക്കു ശിക്ഷ ബാധിക്കുമെന്നല്ലേ നീ ഭീഷണിപ്പെടുത്തുന്നത്‌. എന്നാല്‍, ആ ശിക്ഷ ഇങ്ങു വരട്ടെ. നീ പറയുന്നതു സത്യമാണെങ്കില്‍ അതൊന്നു കാണാമല്ലോ. എന്നു അവര്‍ അദ്ദേഹത്തെ വെല്ലുവിളിച്ചു.

71. അദ്ദേഹം പറഞ്ഞു: 'തീര്‍ച്ചയായും, നിങ്ങളുടെ റബ്ബിങ്കല്‍ നിന്നു നിങ്ങളുടെ മേല്‍ ശിക്ഷയും, കോപവും (ഇതാ) സംഭവിക്കുകയായി! നിങ്ങളും നിങ്ങളുടെ പിതാക്കളും നിര്‍ണ്ണയിച്ചു വെച്ചിട്ടുള്ള ചില പേരുകളുടെ കാര്യത്തില്‍ എന്നോടു നിങ്ങള്‍ തര്‍ക്കം നടത്തുന്നുവോ?! യാതൊരു അധികൃത രേഖയും അവയെപ്പററി അല്ലാഹു അവതരിപ്പിച്ചിട്ടില്ല. എന്നാല്‍, നിങ്ങള്‍ (നോക്കി) കാത്തുകൊണ്ടിരിക്കുവിന്‍! ഞാന്‍ നിങ്ങളോടൊപ്പം കാത്തിരിക്കുന്നവരില്‍ പെട്ടവന്‍ തന്നെ.'

قَالَ قَدْ وَقَعَ عَلَيْكُم مِّن رَّبِّكُمْ رِجْسٌ وَغَضَبٌ ۖ أَتُجَٰدِلُونَنِى فِىٓ أَسْمَآءٍ سَمَّيْتُمُوهَآ أَنتُمْ وَءَابَآؤُكُم مَّا نَزَّلَ ٱللَّهُ بِهَا مِن سُلْطَٰنٍ ۚ فَٱنتَظِرُوٓا۟ إِنِّى مَعَكُم مِّنَ ٱلْمُنتَظِرِينَ ○

71. قَالَ അദ്ദേഹം പറഞ്ഞു قَدْ وَقَعَ സംഭവിച്ചു കഴിഞ്ഞു (സംഭവിക്കുകയായി) عَلَيْكُمْ നിങ്ങളുടെമേല്‍ مِنْ رَبِّكُمْ നിങ്ങളുടെ റബ്ബിങ്കല്‍നിന്നു رِجْسٌ മ്ലേച്ഛമായ (ശിക്ഷ) وَغَضَبٌ കോപവും أَتُجَادِلُونَنِي നിങ്ങള്‍ എന്നോടു തര്‍ക്കം നടത്തുകയാണോ فِي أَسْمَاءٍ ചില പേരുകളുടെ കാര്യത്തില്‍ سَمَّيْتُمُوهَا അവയെ നിങ്ങള്‍ പേരുവെച്ചിരിക്കുന്നു, അവക്കു നിങ്ങള്‍ നാമനിര്‍ണ്ണയം ചെയ്‌തു أَنْتُمْ وَآبَاؤُكُمْ നിങ്ങളും നിങ്ങളുടെ പിതാക്കളും مَا نَزَّلَ اللَّهُ അല്ലാഹു അവതരിപ്പിച്ചിട്ടില്ല بِهَا അവക്കു, അവയെപ്പററി مِنْ سُلْطَانٍ യാതൊരു അധികൃതരേഖയും فَانْتَظِرُوا എന്നാല്‍ (അതിനാല്‍) നിങ്ങള്‍ (നോക്കി) കാത്തിരിക്കുവിന്‍ إِنِّي നിശ്ചയമായും ഞാന്‍ مَعَكُمْ നിങ്ങളോടൊപ്പം مِنَ الْمُنْتَظِرِينَ (നോക്കി) കാത്തിരിക്കുന്നവരില്‍ പെട്ടവനാണ്‌

[*] ഒന്നാം വാല്യത്തില്‍ കൊടുത്ത പടം 9, 10 നോക്കുക.

നിങ്ങൾ ശഠിച്ചുതന്നെ നിൽക്കുവാനാണു ഭാവമെങ്കിൽ ഞാൻ താക്കീതു ചെയ്യുന്ന ശിക്ഷ ഇതാ എത്തിക്കഴിഞ്ഞു. അതു വരുവാൻ ഏറെ താമസമൊന്നുമില്ല. ഇന്നിന്നവ ദൈവങ്ങളെന്നും, ആരാധ്യൻമാരെന്നുമൊക്കെ നിങ്ങളും നിങ്ങളുടെ പൂർവ്വീകൻമാരും ചില വസ്തുക്കളെ വിളിച്ചു വന്നുവെന്നതല്ലാതെ, അല്ലാഹുവിന്റെ ഭാഗത്തു നിന്നു യാതൊരു ആധികാരികമായ തെളിവും ഇല്ലാത്ത ആ പേരുകളെപ്പററിയാണല്ലോ നിങ്ങൾ എന്നോടു തർക്കിച്ചും, എന്റെ നേരെ തട്ടിക്കയറിയും കൊണ്ടിരിക്കുന്നത്. ശരി, അതിന്റെ ഭവിഷ്യത്തു എന്തായിരിക്കുമെന്നു നാം ഇരുകൂട്ടരും കാത്തിരുന്നു കാണുക.

٧٢- فَأَنجَيْنَاهُ وَالَّذِينَ مَعَهُ بِرَحْمَةٍ مِّنَّا وَقَطَعْنَا دَابِرَ الَّذِينَ كَذَّبُوا بِآيَاتِنَا وَمَا كَانُوا مُؤْمِنِينَ ○

72. അങ്ങനെ, അദ്ദേഹത്തെയും, അദ്ദേഹത്തിന്റെ കൂടെയുള്ളവരെയും നമ്മുടെ വക കാരുണ്യം കൊണ്ടു നാം രക്ഷപ്പെടുത്തി. നമ്മുടെ ദൃഷ്ടാന്തങ്ങളെ വ്യാജമാക്കിയവരുടെ മുരടു നാം മുറിച്ചു കളയുകയും ചെയ്തു. അവർ സത്യവിശ്വാസികളായിരുന്നുമില്ല.

---

72. فأنجيناه അങ്ങനെ അദ്ദേഹത്തെ നാം രക്ഷപ്പെടുത്തി والذين معه അദ്ദേഹത്തിന്റെ കൂടെയുള്ളവരെയും برحمة കാരുണ്യം കൊണ്ടു منا നമ്മിൽ നിന്നുള്ള, നമ്മുടെ വക وقطعنا നാം മുറിക്കുകയും ചെയ്തു دابر മൂടു (മുരടു) الذين كذبوا വ്യാജമാക്കിയവരുടെ بآياتنا നമ്മുടെ ദൃഷ്ടാന്തങ്ങളെ وما كانوا അവരായിരുന്നതുമില്ല مؤمنين വിശ്വാസികൾ

ഹൂദ് (അ) അവരെ താക്കീതു ചെയ്തിരുന്ന ശിക്ഷ സംഭവിച്ചു. അദ്ദേഹത്തെയും സത്യവിശ്വാസികളെയും അതിൽ അകപ്പെടാതെ രക്ഷപ്പെടുത്തിക്കൊണ്ട് ആ ജനതയെയാകമാനം അതിൽ നശിപ്പിച്ചു കളഞ്ഞു. ഈ ശിക്ഷ എന്തായിരുന്നുവെന്നു ഇവിടെ വ്യക്തമാക്കപ്പെട്ടിട്ടില്ല. ഏഴു രാത്രിയും എട്ടു പകലും നീണ്ടുനിന്ന അത്യുഗ്രമായ ഒരു കൊടുങ്കാററായിരുന്നു അതെന്നും, കട പുഴങ്ങി വീണ ഈന്തത്തടികളെപ്പോലെ അവരെല്ലാം വീണടിഞ്ഞുവെന്നും സൂ: അൽഹാക്ക്വഃ (6, 7) യിൽ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്.

വിഭാഗം–10

٧٣- وَإِلَىٰ ثَمُودَ أَخَاهُمْ صَالِحًا ۗ قَالَ يَا قَوْمِ اعْبُدُوا اللَّهَ مَا لَكُم مِّنْ إِلَٰهٍ غَيْرُهُ ۖ قَدْ جَاءَتْكُم بَيِّنَةٌ مِّن رَّبِّكُمْ ۖ هَٰذِهِ نَاقَةُ اللَّهِ لَكُمْ آيَةً ۖ فَذَرُوهَا تَأْكُلْ فِي أَرْضِ اللَّهِ ۖ وَلَا تَمَسُّوهَا بِسُوءٍ فَيَأْخُذَكُمْ عَذَابٌ أَلِيمٌ ○

73. ഥമൂദ് (ഗോത്രത്തി) ലേക്കു അവരുടെ സഹോദരൻ സ്വാലിഹിനെയും (നാം അയച്ചു). അദ്ദേഹം (അവരോടു) പറഞ്ഞു: 'എന്റെ ജനങ്ങളേ, നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുവിൻ, അവനല്ലാതെ ഒരു ആരാധ്യനും നിങ്ങൾക്കു ഇല്ല.

നിങ്ങളുടെ റബ്ബിങ്കൽ നിന്നു നിങ്ങൾക്കു വ്യക്തമായ തെളിവു വന്നിട്ടുണ്ട്. ഇതാ, അല്ലാഹുവിന്റെ (വക) ഒട്ടകം നിങ്ങൾക്കൊരു ദൃഷ്ടാന്തമായിക്കൊണ്ട്! – ആകയാൽ, അതിനെ നിങ്ങൾ വിട്ടേക്കുവിൻ—അല്ലാഹുവിന്റെ ഭൂമിയിൽ അതു (മേഞ്ഞു) തിന്നു കൊള്ളട്ടെ; അതിനു ഒരു തിൻമയും ഉപദ്രവവും] നിങ്ങൾ ബാധിപ്പിക്കുകയും ചെയ്യരുത്. എന്നാൽ, (അപ്പോൾ) വേദനയേറിയ ശിക്ഷ നിങ്ങളെ പിടികൂടും.

وَاذْكُرُوٓا إِذْ جَعَلَكُمْ خُلَفَآءَ مِنۢ بَعْدِ عَادٍ وَبَوَّأَكُمْ فِى ٱلْأَرْضِ تَتَّخِذُونَ مِن سُهُولِهَا قُصُورًا وَتَنْحِتُونَ ٱلْجِبَالَ بُيُوتًا ۖ فَٱذْكُرُوٓا ءَالَآءَ ٱللَّهِ وَلَا تَعْثَوْا فِى ٱلْأَرْضِ مُفْسِدِينَ ۝

71. 'ആദിനു ശേഷം നിങ്ങളെ അവൻ പിൻഗാമികളാക്കിയതും, ഭൂമിയിൽ നിങ്ങൾക്കവൻ (താമസ)സൗകര്യം നൽകിയതും നിങ്ങൾ ഓർക്കുകയും ചെയ്യുവിൻ. അതിലെ സമതലങ്ങളിലൂടെ നിങ്ങൾ കൊട്ടാരങ്ങളുണ്ടാക്കുന്നു; മലകളെ നിങ്ങൾ വീടുകളായി വെട്ടിയുണ്ടാക്കുകയും ചെയ്യുന്നു.

അപ്പോൾ, അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ നിങ്ങൾ ഓർ(ത്തു നോ)ക്കുവിൻ. നാശകാരികളായിക്കൊണ്ട് ഭൂമിയിൽ തെമ്മാടിത്തം പ്രവർത്തിക്കുകയും അരുത്.'

73. والى ثمود ഥമൂദിലേക്കും اخاهم صالحا അവരുടെ സഹോദരൻ സ്വാലിഹിനെ قال يا قوم അദ്ദേഹം പറഞ്ഞു എന്റെ ജനങ്ങളെ اعبدوا الله അല്ലാഹുവിനെ ആരാധിക്കുവിൻ ما لكم നിങ്ങൾക്കില്ല من اله ഒരു ആരാധ്യനും غيره അവനല്ലാതെ قد جاءتكم നിങ്ങൾക്കു വന്നിട്ടുണ്ട് بينة (വ്യക്തമായ) തെളിവു من ربكم നിങ്ങളുടെ റബ്ബിൽ നിന്നു هذه ഇതാ (ഇതു) ناقة الله അല്ലാഹുവിന്റെ ഒട്ടകം (ആകുന്നു) لكم നിങ്ങൾക്കു آية ദൃഷ്ടാന്തമായിട്ടു فذروها അതിനാൽ അതിനെ വിട്ടേക്കുവിൻ تأكل അതു തിന്നുകൊള്ളട്ടെ, തിന്നുകൊള്ളും في ارض ഭൂമിയിൽ الله അല്ലാഹുവിന്റെ ولا تمسوها അതിനെ തൊടുകയും (ബാധിപ്പിക്കുകയും) അരുത് بسوء ഒരു തിന്മകൊണ്ടും (തിന്മയെ) فيأخذكم എന്നാൽ നിങ്ങളെ പിടികൂടും عذاب ശിക്ഷ أليم വേദനയേറിയ. 74. واذكروا ഓർക്കുകയും ചെയ്യുവിൻ اذ جعلكم നിങ്ങളെ അവൻ ആക്കിയ സന്ദർഭം (ആക്കിയതു) خلفاء പിൻഗാമികൾ (പിൻതലമുറകൾ) من بعد عاد ആദിനു ശേഷം وبوأكم നിങ്ങൾക്കവൻ താമസം നൽകി(സൗകര്യപ്പെടുത്തി)യതും في الارض ഭൂമിയിൽ تتخذون നിങ്ങൾ ഉണ്ടാക്കുന്നു من سهولها അതിലെ സമതലങ്ങളിലൂടെ, നിരന്ന സ്ഥലങ്ങളിൽ നിന്നു قصورا മാളിക (കൊട്ടാരം–വൻ കെട്ടിടം)കളെ وتنحتون നിങ്ങൾ തുരന്നു (വെട്ടിക്കീറി–ശിൽപവേല ചെയ്തു) ണ്ടാക്കുകയും ചെയ്യുന്നു الجبال മലകളെ, പർവ്വതങ്ങളെ بيوتا വീടുകളായി, മുറികളായി فاذكروا അപ്പോൾ ഓർക്കുവിൻ آلاء الله അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ ولا تعثوا തെമ്മാടിത്തം (കുഴപ്പം) പ്രവർത്തിക്കയും അരുത് في الارض ഭൂമിയിൽ مفسدين നാശകാരികളായി, കുഴപ്പമുണ്ടാക്കുന്നവരായി

ആദ് സമുദായത്തിനുശേഷം വലിയ അഭിവൃദ്ധിയും പരിഷ്കാരവും പ്രാപിച്ച ഒരു സമൂഹമാണു ഥമൂദു ജനത. മദീനായിൽ നിന്നു സിറിയായിലേക്കുള്ള യാത്രാമാർഗ്ഗത്തിൽ സ്ഥിതി ചെയ്യുന്ന 'ഹിജ്ർ' ആയിരുന്നു അവരുടെ വാസസ്ഥലം. (*) 'മദാഇനു സ്വാലിഹ്' (സ്വാലിഹിന്റെ പട്ടണങ്ങൾ) എന്നും അതിനു പേരുണ്ട്. നിരപ്പായ സമതല പ്രദേശങ്ങളിൽ വമ്പിച്ച കെട്ടിടങ്ങൾ നിർമ്മിക്കുന്നതിലും, മലമ്പാറകൾ വെട്ടിത്തുരന്ന് അവയിൽ വീടുകളുണ്ടാക്കുന്നതിലും വളരെ വിദഗ്ധരും തൽപരരുമായിരുന്നു അവർ. അരോഗദൃഢഗാത്രന്മാരും, ശക്തന്മാരുമായിരുന്നു. മുൻ സമുദായങ്ങളെപ്പോലെ വിഗ്രഹാരാധനകളിൽ അവരും മുഴുകിപ്പോന്നു. അതുകൊണ്ട് എല്ലാ പ്രവാചകന്മാരെയുംപോലെ, സ്വാലിഹു (അ) നബി അവരെയും തൗഹീദിലേക്കു ക്ഷണിച്ചുകൊണ്ടിരുന്നു. അവർക്കു അല്ലാഹു നൽകിയ വമ്പിച്ച അനുഗ്രഹങ്ങൾക്കു നന്ദി ചെയ്‌വാൻ അദ്ദേഹം ഉപദേശിക്കുകയും ചെയ്തു. അവർ അദ്ദേഹത്തെ വ്യാജമാക്കി. തങ്ങൾക്കു ഒരു പ്രത്യക്ഷ ദൃഷ്ടാന്തം കാട്ടിക്കൊടുക്കുവാൻ അദ്ദേഹത്തെ അവർ വെല്ലുവിളിച്ചു. (26; 154) അല്ലാഹു ഒരു ഒട്ടകത്തെ അവർക്കു ദൃഷ്ടാന്തമായി അയച്ചു. അതൊരു അസാധാരണ ഒട്ടകമായിരുന്നു. അതിനു സാധാരണയിൽ കവിഞ്ഞ തീറ്റയും വെള്ളവും വേണ്ടിയിരുന്നു. അതവർക്കൊരു ശല്യമായി. അവർക്കതിനോടു അമർഷം തോന്നി. അതിനെ ഉപദ്രവിക്കരുതെന്നും, ഉപദ്രവിച്ചാൽ ശിക്ഷ ഇറങ്ങുമെന്നും അദ്ദേഹം താക്കീതു ചെയ്തു.

* ഒന്നാം വാല്യത്തിൽ കൊടുത്ത പടം 8 നോക്കുക.

75. അദ്ദേഹത്തിന്റെ ജനതയിൽ നിന്ന് അഹംഭാവം നടിച്ച പ്രധാനികൾ, ദുർബ്ബലരായി ഗണിക്കപ്പെട്ടവരോടു– അതായതു അവരിൽ നിന്നും വിശ്വസിച്ചവരോടു–പറഞ്ഞു: 'സ്വാലിഹ് അവന്റെ റബ്ബിൽ നിന്നും (റസൂലായി) അയക്കപ്പെട്ട ഒരാളാണെന്ന് നിങ്ങൾക്ക് (ശരിക്കും) അറിയാമോ?'

അവർ പറഞ്ഞു: '(അതെ) നിശ്ചയമായും, അദ്ദേഹം ഏതൊന്നുമായി അയക്കപ്പെട്ടിരിക്കുന്നുവോ അതിൽ ഞങ്ങൾ വിശ്വസിക്കുന്നവരാകുന്നു.'

٧٥- قَالَ الْمَلَأُ الَّذِينَ اسْتَكْبَرُوا مِن قَوْمِهِ لِلَّذِينَ اسْتُضْعِفُوا لِمَنْ آمَنَ مِنْهُمْ أَتَعْلَمُونَ أَنَّ صَالِحًا مُّرْسَلٌ مِّن رَّبِّهِ ۚ قَالُوا إِنَّا بِمَا أُرْسِلَ بِهِ مُؤْمِنُونَ ○

76. അഹംഭാവം നടിച്ചവർ പറഞ്ഞു: 'നിശ്ചയമായും ഏതൊന്നിൽ നിങ്ങൾ വിശ്വസിച്ചിരിക്കുന്നുവോ അതിൽ ഞങ്ങൾ അവിശ്വാസികളാകുന്നു.'

٧٦- قَالَ الَّذِينَ اسْتَكْبَرُوا إِنَّا بِالَّذِي آمَنتُم بِهِ كَافِرُونَ ○

---

75. الملأ പ്രധാനികൾ (സംഘക്കാർ) പറഞ്ഞു الذين استكبروا അഹംഭാവം (വലുപ്പം) നടിച്ചവരായ للذين യാതൊരുവരോടു استضعفوا അവർ ദുർബ്ബലരായി ഗണിക്കപ്പെട്ടിരിക്കുന്ന لمن آمن അതായതു വിശ്വസിച്ചവരോടു منهم അവരിൽനിന്ന أتعلمون നിങ്ങൾക്കറിയാമോ أن صالحا സ്വാലിഹു ആണെന്ന مرسل അയക്കപ്പെട്ടവൻ من ربه അവന്റെ റബ്ബിങ്കൽനിന്നു قالوا അവർ പറഞ്ഞു إنا നിശ്ചയമായും ഞങ്ങൾ بما أرسل به അദ്ദേഹം ഏതൊന്നുമായി അയക്കപ്പെട്ടിരിക്കുന്നുവോ അതിൽ, അദ്ദേഹം അയക്കപ്പെട്ടതിൽ مؤمنون വിശ്വസിക്കുന്നവരാകുന്നു. 76. قال പറഞ്ഞു الذين استكبروا അഹംഭാവം (വലുപ്പം നടിച്ചവർ) إنا നിശ്ചയമായും ഞങ്ങൾ بالذي യാതൊന്നിൽ, യാതൊന്നിനെപ്പററി آمنتم به നിങ്ങളിൽ വിശ്വസിച്ചിരിക്കുന്നു, നിങ്ങൾ വിശ്വസിച്ച كافرون അവിശ്വാസികളാകുന്നു.

പ്രവാചകൻമാർ പ്രബോധനം ചെയ്യുന്ന സത്യ സന്ദേശങ്ങളിൽ വിശ്വസിക്കുവാൻ മുമ്പോട്ട് വരുന്നത് സ്വാഭാവികമായും സാധുക്കളും ദുർബ്ബല വിഭാഗക്കാരുമായിരിക്കും. പ്രമാണി വർഗ്ഗത്തിന്റെ അഹന്തയും ഗർവ്വും കാരണം അവർ നിഷേധത്തിനും ധിക്കാരത്തിനും മുതിരുകയായിരിക്കും പതിവ്. നൂഹ് (അ) നബിയുടെ ജനതമുതൽക്കേ കാണപ്പെടുന്ന ഒരു പതിവാണത്. ഥമൂദ് ഗോത്രത്തിലും അതാണ് സംഭവിച്ചത്. സ്വാലിഹു (അ) നബിയിൽ വിശ്വസിച്ച ആ സാധുക്കളെ പരിഹസിച്ചുകൊണ്ട് നിഷേധികളായ ആ അഹങ്കാരികൾ ചോദിക്കുകയാണ്: താൻ അല്ലാഹുവിന്റെ റസൂലാണെന്നു സ്വാലിഹ് പറയുന്നത് ശരിയാണെന്ന് നിങ്ങൾക്ക് യഥാർത്ഥത്തിൽ ബോധ്യമാണോ? അവർ അവരുടെ നില വ്യക്തമാക്കി. അദ്ദേഹം റസൂലാണെന്ന് മാത്രമല്ല, അദ്ദേഹം പ്രബോധനം ചെയ്യുന്നതെല്ലാം സത്യമാണെന്നും, തങ്ങളതിൽ വിശ്വസിക്കുന്നവരാണെന്നും അവർ തുറന്നു പറഞ്ഞു. വിനയവും സത്യാന്വേഷണവും ഗർവിഷ്ഠൻമാരുടെ സ്വഭാവമല്ലല്ലോ. കുറേ കൂടി ധിക്കാരസ്വരത്തിൽ അവർ അവരുടെ നിലപാട് വ്യക്തമാക്കി: നിങ്ങൾ വിശ്വസിക്കുന്ന ആ വിഷയങ്ങളത്രയും ഞങ്ങൾ നിഷേധിക്കുന്നു–അതിൽ സത്യമുണ്ടോ ഇല്ലേ എന്ന് പരിശോധിക്കുവാൻ പോലും ഞങ്ങൾ തയ്യാറില്ല–എന്ന്.

77. അങ്ങനെ, (ആ) ഒട്ടകത്തെ അവർ അറുകൊല ചെയ്തു; തങ്ങളുടെ റബ്ബിന്റെ കല്പനയെ അവർ ധിക്കരിക്കുകയും ചെയ്തു.

٧٧- فَعَقَرُوا النَّاقَةَ وَعَتَوْا عَنْ أَمْرِ رَبِّهِمْ

അവർ പറയുകയും ചെയ്തു: 'സ്വാലിഹേ, നീ ഞങ്ങളെ ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുന്നതിനെ [ആ ശിക്ഷയെ] ഞങ്ങൾക്കു നീ കൊണ്ടു വാ; നീ (റസൂലായി) അയക്കപ്പെട്ടവരിൽ പെട്ടവനാണെങ്കിൽ! [അതൊന്നു കാണാമല്ലോ!]'

وَقَالُوا يَا صَالِحُ ائْتِنَا بِمَا تَعِدُنَا إِن كُنتَ مِنَ الْمُرْسَلِينَ ○

فَأَخَذَتْهُمُ الرَّجْفَةُ فَأَصْبَحُوا فِي دَارِهِمْ جَاثِمِينَ ۝

78. അപ്പോൾ അവരെ കഠിന കമ്പനം പിടികൂടി. അങ്ങനെ, അവർ അവരുടെ വാസ സ്ഥലത്തിൽ (കാലത്തു) കമിഴ്ന്നു വീണവരായിത്തീർന്നു.

فَتَوَلَّىٰ عَنْهُمْ وَقَالَ يَا قَوْمِ لَقَدْ أَبْلَغْتُكُمْ رِسَالَةَ رَبِّي وَنَصَحْتُ لَكُمْ وَلَٰكِن لَّا تُحِبُّونَ النَّاصِحِينَ ۝

79. എന്നിട്ട് അദ്ദേഹം അവരിൽ നിന്നു വിട്ടുമാറി; അദ്ദേഹം പറയുകയും ചെയ്തു: 'എന്റെ ജനങ്ങളേ, തീർച്ചയായും, ഞാൻ എന്റെ റബ്ബിന്റെ ദൗത്യം നിങ്ങൾക്കു എത്തിച്ചു തരുകയും, നിങ്ങൾക്കു ഗുണം കാംക്ഷി(ച്ചു ഉപദേശി)ക്കുകയും ചെയ്യുകയുണ്ടായി. പക്ഷേ, നിങ്ങൾ ഗുണകാംക്ഷികളെ [ഉപദേഷ്ടാക്കളെ] ഇഷ്ടപ്പെടുന്നില്ല!'

---

77. فَعَقَرُوا അങ്ങനെ അവർ അറുകൊല ചെയ്തു, വെട്ടിക്കൊന്നു, കുത്തി അറുത്തു النَّاقَةَ (ആ) ഒട്ടകത്തെ وَعَتَوْا അവർ ധിക്കരിക്കുകയും ചെയ്തു عَنْ أَمْرِ കല്പനയെ رَبِّهِمْ തങ്ങളുടെ റബ്ബിന്റെ وَقَالُوا അവർ പറയുകയും ചെയ്തു يَا صَالِحُ സ്വാലിഹേ ائْتِنَا നീ ഞങ്ങൾക്കു വാ بِمَا تَعِدُنَا നീ ഞങ്ങളെ ഭീഷണിപ്പെടുത്തുന്നതുമായി إِن كُنتَ നീ ആണെങ്കിൽ مِنَ الْمُرْسَلِينَ റസൂലുകളിൽ (അയക്കപ്പെട്ടവരിൽ)പെട്ട(വൻ) 78. فَأَخَذَتْهُمُ അപ്പോൾ (അതിനാൽ) അവരെ പിടികൂടി, അവരെ പിടിച്ചു الرَّجْفَةُ (കഠിന) കമ്പനം, പൊട്ടിത്തെറി فَأَصْبَحُوا അങ്ങനെ അവർ (രാവിലെ) ആയി فِي دَارِهِمْ അവരുടെ പാർപ്പിടത്തിൽ, വാസസ്ഥലത്തു جَاثِمِينَ കമിഴ്ന്നു (അടഞ്ഞു) വീണവർ 79. فَتَوَلَّىٰ അപ്പോൾ അദ്ദേഹം തിരിഞ്ഞു (മാറി) عَنْهُمْ അവരിൽ നിന്ന وَقَالَ പറയുകയും ചെയ്തു لَقَدْ أَبْلَغْتُكُمْ ഞാൻ തീർച്ചയായും നിങ്ങൾക്കെത്തിച്ചു തന്നിട്ടുണ്ടു رِسَالَةَ رَبِّي എന്റെ റബ്ബിന്റെ ദൗത്യം وَنَصَحْتُ لَكُمْ ഞാൻ നിങ്ങൾക്കു ഗുണം കാംക്ഷിക്കുക (ഉപദേശം നൽകുക)യും ചെയ്തു وَلَٰكِن എങ്കിലും, പക്ഷെ لَّا تُحِبُّونَ നിങ്ങൾ ഇഷ്ടപ്പെടുന്നില്ല النَّاصِحِينَ ഗുണം കാംക്ഷിക്കുന്നവരെ, ഉപദേശികളെ

അവരിലുള്ള കഠിന ധിക്കാരികളായ ഒമ്പത് പേർ ഗൂഢാലോചന നടത്തി. (27:48) ഒട്ടകത്തെ ചിലർ അറുകൊല ചെയ്തു. നീ ഭീഷണിപ്പെടുത്തുന്ന ആ ശിക്ഷ ഇങ്ങോട്ട് കൊണ്ട് വാ എന്ന് സ്വാലിഹ് (അ) നെ അവർ വെല്ലുവിളിക്കുകയും ചെയ്തു. മൂന്ന് ദിവസം വരെ മാത്രമേ ഇനി നിങ്ങൾക്ക് ജീവിതസുഖമുള്ളുവെന്നും, അപ്പോഴേക്കും ശിക്ഷ ഇറങ്ങുമെന്നും അദ്ദേഹം അറിയിച്ചു. (11:65) അദ്ദേഹം പറഞ്ഞത് പോലെ സംഭവിക്കുകയും ചെയ്തു. കാലത്ത് പെട്ടന്ന് അതിഭയങ്കരമായ ഘോരശബ്ദവും പൊട്ടിത്തെറിയും ഉണ്ടായി. എല്ലാവരും അവരവരുടെ വാസസ്ഥലങ്ങളിൽ തന്നെ മരിഞ്ഞു വീണു ചത്തൊടുങ്ങി. സ്വാലിഹ് (അ) നെയും, സത്യവിശ്വാസികളെയും അല്ലാഹു രക്ഷപ്പെടുത്തി എന്ന് പറയേണ്ടതില്ലല്ലോ. ചത്തൊടുങ്ങിയ ആ ജനതയെ നോക്കി മനോവേദനയോടു കൂടി അദ്ദേഹം പറഞ്ഞ വാക്കുകളാണ് 79-ം വചനത്തിൽ കാണുന്നത്. ഞാൻ നിങ്ങളെ വേണ്ടതുപോലെ ഉപദേശിച്ചു. നിങ്ങളത് ചെവികൊണ്ടില്ല. അത് കൊണ്ടാണ് ഈ ഗതി നിങ്ങൾക്ക് പറ്റിയതെന്ന് സാരം. എത്ര മനോവേദനയോടെയായിരിക്കും ആ പ്രവാചകവര്യൻ അതു പറഞ്ഞിരിക്കുക? ഓർത്തു നോക്കുക! തബൂക്ക് യുദ്ധ യാത്രയിൽ, നബി (സ) യും സഹാബികളും ഥമൂദിന്റെ വാസസ്ഥലമായ ഹിജ്റിന്റെ അടുത്തെത്തിയപ്പോൾ കരഞ്ഞു കൊണ്ടല്ലാതെ നിങ്ങളതിൽ പ്രവേശിക്കരുതെന്ന് നബി (സ) സഹാബികളോടു പറയുകയുണ്ടായി (അ; ബു; മു.)

പുത്തൻ അഭിപ്രായങ്ങൾ അവതരിപ്പിക്കുന്നതിൽ പ്രത്യേക താൽപര്യം കാണിക്കാറുള്ള ഒരു പണ്ഡിതൻ പറയുന്നതു ശിക്ഷയിൽ അകപ്പെട്ട് മരണപ്പെടാതെ ബാക്കിയായ ആളുകളെ അഭിമുഖീകരിച്ചുകൊണ്ടാണു–മരണപ്പെട്ടു കിടക്കുന്നവരെ അഭിമുഖീകരിച്ചുകൊണ്ടല്ല–സ്വാലിഹു (അ) ആ വാക്കുകൾ പറഞ്ഞതെന്നാണു. ഒരു സമുദായത്തെ നശിപ്പിച്ചു എന്നു പറഞ്ഞാൽ അതിലെ എല്ലാ വ്യക്തികളും മരിച്ചുപോയി എന്നർത്ഥമില്ലെന്നും, ചിലരൊക്കെ മരണപ്പെടാതെ അവശേഷിക്കാമെന്നും, അങ്ങനെ അവശേഷിച്ച ജനങ്ങളെ അഭിമുഖീകരിച്ചുകൊണ്ടാണു സ്വാലിഹു (അ) ആ വാക്കുകൾ പറഞ്ഞതെന്നും, ആ സംഭവത്തിനുശേഷം അവരെ ഉപദേശിക്കുന്ന മേഖലയിൽ നിന്നു അദ്ദേഹം വിരമിച്ചുവെന്നുമാണദ്ദേഹം പറയുന്നത്. ഒരു സമുദായത്തിലെ ഏതാനും ആളുകൾ നശിച്ചാൽ തന്നെ ആ സമുദായം നശി

ച്ചുവെന്ന് പറയാമെന്നുള്ളതിൽ നമുക്കും തർക്കമില്ല. പക്ഷേ, അല്ലാഹു ഈ സൂറത്തിൽ ഉദ്ധരിച്ച സംഭവങ്ങളിൽ– നൂഹ്, ഹൂദ്, സ്വാലിഹ്, ലൂത്ത്, ശുഐബ് (അ) എന്നീ നബിമാരുടെ സമുദായങ്ങൾക്കു ബാധിച്ച ശിക്ഷകളിൽ– അങ്ങിനെ മരിക്കാതെ അവശേഷിച്ചവരുണ്ടായിരുന്നുവോ എന്നാണു നോക്കുവാനുള്ളത്. അതു ഖുർആനെയോ, ഖുർആന്റെ വാക്യങ്ങൾക്കു എതിരാവാത്ത ചരിത്ര രേഖകളെയോ ആസ്പദമാക്കി ആയിരിക്കുകയും വേണം. എന്നാൽ, ഇതു സംബന്ധിച്ച് ഖുർആനിലെ ചില വാക്യങ്ങൾ നോക്കുക:–

1. അവിശ്വാസികളിൽ ഒരാളെയും ബാക്കിയാക്കരുതെന്ന് നൂഹ് (അ) പ്രാർത്ഥിച്ചു. (71: 26) അതിനെ തുടർന്നാണു അദ്ദേഹത്തിന്റെ സമുദായത്തെ ജലപ്രളയം കൊണ്ടു നശിപ്പിച്ചത്. അദ്ദേഹത്തെയും കൂടെയുള്ളവരെ– സത്യവിശ്വാസികളെ–യും കപ്പലിൽ രക്ഷപ്പെടുത്തിയെന്നും, ബാക്കിയുള്ളവരെ മുക്കി നശിപ്പിച്ചുവെന്നും പറയുന്നു. (26: 119, 120) അപ്പോൾ, ആ അവിശ്വാസികളിൽ ആരെങ്കിലും നശിക്കാതെ ബാക്കിയായിരിക്കുമെന്നു വിചാരിക്കാമോ?! 2. ആദ് വർഗ്ഗം ഉഗ്രമായ കൊടുങ്കാറ്റിനാൽ ഈത്തപ്പനത്തടികൾ കണക്കെ മറിഞ്ഞു വീണുവെന്നു പറഞ്ഞ ശേഷം 'അവരുടെ വല്ല അവശിഷ്ടവും നീ കാണുന്നുണ്ടോ?!' എന്ന് അല്ലാഹു ചോദിക്കുന്നു. (69:8) ആ കാറ്റ് ഏതൊന്നിൽ ചെന്നുവോ അതിനെയൊന്നും തുരുമ്പുപോലെ ആക്കാതെ വിട്ടിട്ടില്ല എന്നും പറയുന്നു. (51: 42) അപ്പോൾ, ചിലർ അതിൽ നിന്നു രക്ഷപ്പെട്ടിരിക്കാമെന്നു എങ്ങിനെ പറയും?! 3. ഥമൂദിനെപ്പറ്റി, അവരെയും അവരുടെ ജനതയെയും മുഴുവൻ നാം തകർത്തുകളഞ്ഞു എന്നും (27: 51) അവർ നോക്കിക്കൊണ്ടിരിക്കെ അവരെ ഇടിത്തീ പിടികൂടി; എന്നിട്ടവർക്കു നിൽക്കുവാൻ പോലും കഴിഞ്ഞില്ല എന്നും (51; 45) പറയുന്നു. 4. ലൂത്ത് (അ) നബിയുടെ ജനതയെപ്പറ്റി പറഞ്ഞപ്പോൾ, അദ്ദേഹവും അദ്ദേഹത്തിന്റെ ആൾക്കാരും രാത്രി കടന്നുപോകണമെന്നും, രാവിലേക്ക് ആ ജനതയുടെ മുരടു മുറിച്ചു കളയുമെന്നും, (15: 65, 66) അദ്ദേഹത്തെയും, ഒരു കിഴവി ഒഴിച്ചുള്ള അദ്ദേഹത്തിന്റെ കുടുംബത്തെയും രക്ഷപ്പെടുത്തിയശേഷം ബാക്കിയുള്ളവരെ തകർത്തുകളഞ്ഞു എന്നും (26:170–173) അവരുടെ രാജ്യത്തെ അടിമേലായി മറിച്ചു എന്നും (15: 74; 11:82) പറയുന്നു. താഴെ 83, 84 വചനങ്ങളും നോക്കുക. 5. ശുഐബ് (അ) നബിയുടെ ജനതയെപ്പറ്റി അവർക്കു കഠിന കമ്പനം പിടിപെട്ടു, അവർ അവരുടെ വാസസ്ഥലത്തു കമിഴ്ന്നു വീണു–അവിടെ അവർ നിവസിച്ചിട്ടില്ലാത്തമാതിരിയായി എന്നിങ്ങിനെ താഴെ 91, 92 വചനങ്ങളിലും കാണാം.

ഇതെല്ലാം മുമ്പിൽവെച്ചുകൊണ്ടു ആ സമുദായങ്ങളിൽ ചിലരെല്ലാം ശിക്ഷയിൽ മരണമടയാതെ ബാക്കിയായിരുന്നുവെന്നും, അക്കൂട്ടത്തിൽ സ്വാലിഹ് (അ) നബിയുടെ ജനതക്കു ബാധിച്ച ശിക്ഷയിൽ നിന്നു രക്ഷപ്പെട്ടിരുന്ന ചില അവിശ്വാസികളോടാണ് അദ്ദേഹം ആ വാക്കുകൾ പറഞ്ഞതെന്നും പറയുവാൻ സാധിക്കുമോ? കൂടാതെ, ഇങ്ങിനെയുള്ള പൊതുശിക്ഷകളെക്കുറിച്ചു പറയുമ്പോൾ അതതു സമുദായത്തിലുണ്ടായിരുന്ന പ്രവാചകനെയും അദ്ദേഹത്തിൽ വിശ്വസിച്ചവരെയും നാം രക്ഷപ്പെടുത്തി എന്നും അല്ലാഹു പലപ്പോഴും എടുത്തു പറയാറുണ്ട്. അവരെപ്പോലെ ചില അവിശ്വാസികളും കൂടി ശിക്ഷയിൽ അകപ്പെടാതെ രക്ഷപ്പെട്ടിട്ടുണ്ടെങ്കിൽ ആ പ്രസ്താവനയുടെ ആവശ്യമെന്താണ്? ആലോചിച്ചു നോക്കുക! എന്നാൽ, ഥമൂദ് ഗോത്രത്തിലെ അബൂ റുഗാൽ (أبو رغال) എന്ന പേരായ ഒരാൾ അവർക്കു ശിക്ഷ ബാധിച്ച അന്ന് മക്കാ ഹറമിലായിരുന്നതുകൊണ്ടു ശിക്ഷയിൽ അകപ്പെട്ടിരുന്നില്ല എന്നു അഹ്മദ് (റ) മുതലായവർ ഉദ്ധരിച്ച ഒരു ഹദീസിൽ വന്നിട്ടുണ്ട്. പക്ഷേ, അതേ ഹദീസിൽതന്നെ, അയാൾ ഹറമിൽനിന്നു പുറത്തു പോയതോടെ അയാൾക്കും ശിക്ഷ ബാധിച്ചു മരണമടഞ്ഞുവെന്നും പ്രസ്താവിക്കപ്പെട്ടിട്ടുണ്ട് താനും. പൊതുശിക്ഷ നിമിത്തം ഒരു സമുദായത്തിലെ അവിശ്വാസികൾ നശിപ്പിക്കപ്പെടുമ്പോൾ അവരിൽ ആരും അതിൽ ബാക്കിയാകാറില്ലെന്നാണു ഈ ഹദീസും മനസ്സിലാക്കിത്തരുന്നത്. ചുരുക്കിപ്പറഞ്ഞാൽ, ഇത്തരം പൊതുശിക്ഷകളിൽ പ്രവാചകന്മാരും സത്യവിശ്വാസികളുമല്ലാതെ–അവിശ്വാസികളിൽപെട്ടവർ–രക്ഷപ്പെട്ടേക്കാമെന്നു പറയുന്നതു പ്രമാണത്തിനു മാത്രമല്ല, യുക്തിക്കും നിരക്കാത്തതാകുന്നു.

വാസ്തവത്തിൽ, ബദർ യുദ്ധത്തിൽ വധിക്കപ്പെട്ട ശത്രുത്തലവൻമാരെ അഭിമുഖീകരിച്ചുകൊണ്ടു നബി(സ) പറയുകയുണ്ടായതു പോലെയുള്ള ചില വാക്കുകളാണ് സ്വാലിഹ് (അ) നബിയും മരണമടഞ്ഞു കിടക്കുന്ന തന്റെ സമുദായത്തെ അഭിമുഖീകരിച്ചു പറഞ്ഞ ഈ വാക്കുകൾ. ബദ്റിൽ കൊല്ലപ്പെട്ടവരുടെ ശവങ്ങൾ ഇട്ടുമൂടപ്പെട്ട പൊട്ടക്കിണററിനടുത്തു ചെന്ന് അബൂജഹൽ മുതലായ ഖുറൈശി തലവന്മാരുടെ പേരെടുത്തു വിളിച്ചുകൊണ്ടു നബി(സ) ചോദിച്ചു: 'ഞങ്ങളുടെ റബ്ബ് ഞങ്ങളോടു ചെയ്ത വാഗ്ദത്തം ഞങ്ങൾ യഥാർത്ഥമായി കണ്ടെത്തിക്കഴിഞ്ഞു. നിങ്ങളുടെ റബ്ബ് നിങ്ങളോട് ചെയ്ത വാഗ്ദത്തം നിങ്ങൾ യഥാർത്ഥമായി കണ്ടുവോ?' (قد وجدنا ما وعدنا ربنا حقا فهل وجدتم...) ഈ അവസരത്തിൽ ഉമർ (റ) ചോദിച്ചു: 'ഈ ജീവനില്ലാത്ത ശരീരങ്ങളോടു എന്തിനാണു സംസാരിക്കുന്നത്?' നബി(സ)യുടെ മറുപടി ഇതായിരുന്നു: 'ഞാൻ ഈ പറയുന്നതു അവരെക്കാൾ കേൾക്കുന്നവരല്ല നിങ്ങൾ' (ബു;മു.) അല്ലാഹു പറഞ്ഞതെല്ലാം സത്യമാണെന്ന് അവർ ഇപ്പോൾ അനുഭവത്തിൽ കണ്ടറിഞ്ഞിരിക്കുന്നു; അതുകൊണ്ടു അതിന്റെ സത്യത ഇപ്പോൾ നിങ്ങളെക്കാൾ അവർക്കറിയാം എന്നാണു നബി(സ) പറഞ്ഞതിന്റെ സാരം.

...സമുദായത്തിനു ബാധിച്ച ശിക്ഷയെപ്പററി ഇവിടെ رجفة (കഠിന കമ്പനം) എന്നും, 11:67ൽ صيحة (ഘോര ശബ്ദം) എന്നും, 51:44ൽ صاعقة (ഇടിത്തീ) എന്നും പറഞ്ഞിരിക്കുന്നു. അപ്പോൾ, ഇതെല്ലാം ചേർന്നുള്ള ഭയങ്കരമായ ഒരു മഹാ സംഭവമായിരുന്നു അതെന്നു മൊത്തത്തിൽ മനസ്സിലാക്കാം. والله اعلم

80. ലൂത്വിനെയും (നാം അയച്ചു): അദ്ദേഹം തന്റെ ജനതയോടു പറഞ്ഞ സന്ദർഭം (ഓർക്കുക): നിങ്ങൾ (ഈ) നീചവൃത്തിക്കു ചെല്ലുകയോ? ലോകരിൽ ഒരാളും തന്നെ നിങ്ങൾക്കു മുമ്പു ഇതു ചെയ്തിട്ടില്ല!

وَلُوطًا إِذْ قَالَ لِقَوْمِهِۦٓ أَتَأْتُونَ ٱلْفَٰحِشَةَ مَا سَبَقَكُم بِهَا مِنْ أَحَدٍ مِّنَ ٱلْعَٰلَمِينَ ۝٨٠

81. നിങ്ങൾ സ്ത്രീകളെ കൂടാതെ [സ്ത്രീകളെ വിട്ടേച്ച്] കാമവികാരത്താൽ പുരുഷൻമാരുടെ അടുക്കൽ ചെല്ലുന്നല്ലോ! പക്ഷേ, (അത്രയുമല്ല) നിങ്ങൾ അതിരു കവിഞ്ഞ ഒരു ജനതയാകുന്നു.[1]

إِنَّكُمْ لَتَأْتُونَ ٱلرِّجَالَ شَهْوَةً مِّن دُونِ ٱلنِّسَآءِ ۚ بَلْ أَنتُمْ قَوْمٌ مُّسْرِفُونَ ۝٨١

---

80. ولوطا ലൂത്വിനെയും اذ قال അദ്ദേഹം പറഞ്ഞ സന്ദർഭം لقومه തന്റെ ജനതയോടു أتأتون നിങ്ങൾ ചെല്ലുന്നുവോ, ചെല്ലുകയോ الفاحشة നീചവൃത്തിക്ക് ما سبقكم നിങ്ങളെ മുൻകടന്നിട്ടില്ല, നിങ്ങളുടെ മുമ്പ് ചെയ്തിട്ടില്ല بها അതുകൊണ്ടു, അതിനെ من أحد ഒരാളും തന്നെ من العالمين ലോകരിൽനിന്നു 81. إنكم لتأتون നിശ്ചയമായും നിങ്ങൾ ചെല്ലുകതന്നെ ചെയ്യുന്നു الرجال പുരുഷൻമാരുടെ അടുക്കൽ شهوة കാമവികാരത്താൽ, ഇച്ഛയായി من دون النساء സ്ത്രീകളെ കൂടാതെ, സ്ത്രീകളെ വിട്ട് بل انتم പക്ഷെ (എന്നാൽ, എങ്കിലും) നിങ്ങൾ قوم ഒരു ജനതയാണു مسرفون അതിരുകവിഞ്ഞവരായ

ഇബ്രാഹീം (അ) നബിയുടെ സഹോദരപുത്രനും, അദ്ദേഹത്തിൽ വിശ്വസിച്ച് അദ്ദേഹത്തോടൊപ്പം ഹിജ്റ പോന്ന ആളുമാണ് ലൂത്വ് (അ) നബി. പിന്നീടു ഫലസ്തീന്റെ അടുത്തുള്ള ബഹ്ർലൂത്ത് (بحر لوط) എന്നും മററും പറയപ്പെടുന്ന ചാവു കടലിനടുത്തുള്ള സദൂം (സോദോം) പ്രദേശത്തേക്കു അദ്ദേഹം റസൂലായി നിയോഗിക്കപ്പെട്ടു. [*] ഇബ്രാഹീം (അ) നബിയുടെ ചരിത്രവുമായി ബന്ധപ്പെട്ടതാണു അദ്ദേഹത്തിന്റെ ചരിത്രം. അതുകൊണ്ട് ഇബ്രാഹീം (അ) നബിയുടെ സംഭവങ്ങളെ തുടർന്നാണു ക്വുർആനിൽ സാധാരണ ലൂത്വ് (അ) ന്റെ സംഭവം വിവരിക്കാറുള്ളത്. ഇവിടെ അങ്ങിനെയല്ല. ഒരു സ്വതന്ത്ര സംഭവമെന്നോണം വിവരിക്കപ്പെട്ടിരിക്കുകയാണ്. അല്ലാഹുവിന്റെ സന്ദേശങ്ങളെ ധിക്കരിച്ചതു മൂലം പല രാജ്യങ്ങളും നശിപ്പിക്കപ്പെട്ടിട്ടുണ്ടെന്നു 4-ാം വചനത്തിൽ പ്രസ്താവിച്ചതിന്റെ ഒരു വിശദീകരണമെന്നോണമാണു ഇവിടെ ഈ സംഭവങ്ങളൊക്കെ വിവരിക്കപ്പെടുന്നത്. ഇബ്രാഹീം (അ) നബിയെ സംബന്ധിച്ചടത്തോളം, അദ്ദേഹത്തെ എതിർത്ത നിഷേധികളായ നാട്ടുകാരെ വിട്ടേച്ച് അവരിൽ നിന്നും അദ്ദേഹം ഹിജ്റ പോരുകയാണുണ്ടായത്. ആ നാട്ടുകാർ ഒരു പൊതുശിക്ഷക്കു വിധേയരാകുകയുണ്ടായില്ല. അതുകൊണ്ടായിരിക്കാം–സയ്യിദ് ക്വുത്വ്ബ് (റ) ചൂണ്ടിക്കാട്ടിയതുപോലെ–ഇബ്രാഹീം (അ) നബിയുടെ സംഭവങ്ങളുമായി ബന്ധപ്പെടുത്താതെ ഈ സംഭവം ഇവിടെ വിവരിച്ചത്. والله اعلم

മുൻ സമുദായങ്ങൾക്കിടയിൽ പതിവില്ലാത്തതും മനുഷ്യ പ്രകൃതിക്കു നിരക്കാത്തതുമായ ഒരു ദുർവൃത്തി ലൂത്വ്(അ)ന്റെ ജനങ്ങൾക്കിടയിൽ സർവ്വത്ര പടർന്നു പിടിച്ചിരുന്നു. കാമ നിവാരണാർത്ഥം അവർ സ്ത്രീകൾക്കു പകരം പുരുഷൻമാരെയാണു സമീപിച്ചിരുന്നത്. നിന്ദ്യവും നികൃഷ്ടവുമായ ഈ നീച സമ്പ്രദായത്തെക്കുറിച്ചാണു ലൂത്വ് (അ) അവരെ ആക്ഷേപിച്ചത്. കൂടാതെ, വേറെയും പല ദുരാചാരങ്ങളിലും അവർ

---

[*] ഈ പ്രദേശങ്ങളെയും ചാവുകടലിനെയും സംബന്ധിച്ച് സൂ: ശുഅറാഇന് ശേഷമുള്ള വ്യാഖ്യാനക്കുറിപ്പുനോക്കുക.

ങ്ങളിലും ആ ജനത മുഴുകിയിട്ടുണ്ടായിരുന്നു. അതെല്ലാം സൂചിപ്പിച്ചുകൊണ്ടാണു അദ്ദേഹം: 'അത്രയുമല്ല, നിങ്ങൾ അതിരു കവിഞ്ഞ ഒരു ജനതയാണു' എന്നു പറഞ്ഞതു. ആ ജനത എത്രമാത്രം ദുഷിച്ചു പോയിരുന്നുവെന്നു അവർ അദ്ദേഹത്തിനു നൽകിയ മറുപടിയിൽ നിന്നു തന്നെ എത്രണ്ടു മനസ്സിലാക്കാവുന്നതാണ്. അല്ലാഹു പറയുന്നു:—

82. അദ്ദേഹത്തിന്റെ ജനങ്ങളുടെ മറുപടി, അവർ (ഇങ്ങിനെ) പറഞ്ഞതല്ലാതെ (മറ്റൊന്നും) ആയിരുന്നില്ല: ഇവരെ നിങ്ങളുടെ രാജ്യത്ത് നിന്നും പുറത്താക്കുവിൻ; (കാരണം) നിശ്ചയമായും അവർ, ശുദ്ധത പാലിച്ചു വരുന്ന ഒരു (തരം) മനുഷ്യരാകുന്നു'.

٨٢- وَمَا كَانَ جَوَابَ قَوْمِهِۦٓ إِلَّآ أَن قَالُوٓا۟ أَخْرِجُوهُم مِّن قَرْيَتِكُمْ ۖ إِنَّهُمْ أُنَاسٌ يَتَطَهَّرُونَ ۝

82. وَمَا كَانَ ആയിരുന്നില്ല جَوَابَ മറുപടി, ഉത്തരം قَوْمِهِ അദ്ദേഹത്തിന്റെ ജനങ്ങളുടെ إِلَّا أَن قَالُوا അവർ പറഞ്ഞതല്ലാതെ أَخْرِجُوهُم അവരെ (ഇവരെ) പുറത്താക്കുവിൻ إِنَّهُمْ നിശ്ചയമായും അവർ (ഇവർ) أُنَاسٌ ചില മനുഷ്യരാകുന്നു يَتَطَهَّرُونَ ശുദ്ധത പാലിക്കുന്ന (ശുദ്ധമായ)

ലൂത്ത് (അ) നബിയുടെ ഉപദേശത്തിനു അവരിൽ ഉണ്ടായ പ്രതികരണം ഇതായിരുന്നു. നേർക്കുനേരെയുള്ള മറുപടിയൊന്നും അവർക്കു പറയുവാനില്ല. ഇവരൊക്കെ വലിയ ശുദ്ധന്മാരായ ആളുകളാണ്. നാം നമ്മുടെ നിലപാടു കൈവിടുവാനും പോകുന്നില്ല. ആ സ്ഥിതിക്കു ഇരുകൂട്ടരും ഈ നാട്ടിൽ ഒത്തു പോകുവാൻ മാർഗ്ഗമില്ല. അതുകൊണ്ടു ഇവരെ—ലൂത്ത് (അ)നെയും അദ്ദേഹത്തിന്റെ ആൾക്കാരെയും—ഈ നാട്ടിൽ നിന്നു പുറത്താക്കുക. എന്നാൽ നമുക്കിവിടെ സ്വൈരമായി കഴിഞ്ഞു കൂടാമല്ലോ. എന്നിങ്ങിനെ അവർ തമ്മതമ്മിൽ പറയുകയാണ് ചെയ്തതു. പരിഹാസവും ധിക്കാരവും അല്ലാതെ മറ്റൊന്നും അവരിൽ നിന്നു പ്രകടമായില്ല.

83. അപ്പോൾ, അദ്ദേഹത്തെയും, അദ്ദേഹത്തിന്റെ സ്ത്രീ [ഭാര്യ] ഒഴികെയുള്ള അദ്ദേഹത്തിന്റെ ആൾക്കാരെയും നാം രക്ഷപ്പെടുത്തി; അവൾ (രക്ഷപ്പെടാതെ) കഴിഞ്ഞുപോയവരിൽ പെട്ടവളായിത്തീർന്നു.

٨٣- فَأَنجَيْنَٰهُ وَأَهْلَهُۥٓ إِلَّا ٱمْرَأَتَهُۥ كَانَتْ مِنَ ٱلْغَٰبِرِينَ ۝

84. അവരുടെ മേൽ നാം ഒരു (തരം) മഴ വർഷിപ്പിക്കുകയും ചെയ്തു. അപ്പോൾ നോക്കൂ, (ആ) കുറ്റവാളികളുടെ പര്യവസാനം എങ്ങിനെയായിരുന്നുവെന്ന്.

٨٤- وَأَمْطَرْنَا عَلَيْهِم مَّطَرًا ۖ فَٱنظُرْ كَيْفَ كَانَ عَٰقِبَةُ ٱلْمُجْرِمِينَ ۝ ع

83. فَأَنجَيْنَاهُ എന്നിട്ടു (അങ്ങിനെ, അപ്പോൾ) അദ്ദേഹത്തെ നാം രക്ഷപ്പെടുത്തി وَأَهْلَهُ അദ്ദേഹത്തിന്റെ ആൾക്കാരെയും, കുടുംബത്തെയും, വീട്ടുകാരെയും إِلَّا امْرَأَتَهُ അദ്ദേഹത്തിന്റെ സ്ത്രീ (ഭാര്യ) ഒഴികെ كَانَتْ അവളായിത്തീർന്നു مِنَ الْغَابِرِينَ ശേഷിച്ചവരിൽ—കഴിഞ്ഞുപോയവരിൽ—പെട്ട(വരിൽ)
84. وَأَمْطَرْنَا നാം വർഷിപ്പിക്കുകയും ചെയ്തു عَلَيْهِم അവരുടെ മേൽ مَطَرًا ഒരു മഴ فَانظُرْ അപ്പോൾ നോക്കൂ كَيْفَ كَانَ എങ്ങിനെ ആയിരുന്നു (ഉണ്ടായി) എന്നു عَاقِبَةُ കലാശം, പര്യവസാനം الْمُجْرِمِينَ കുറ്റവാളികളുടെ.

ആ ജനത അവരുടെ തോന്നിയവാസവും ധിക്കാരവും കൈവിടുവാൻ ഭാവമില്ലെന്നു സ്പഷ്ടമായി. ആ അവസരത്തിൽ, ലൂത്ത് (അ) നബിയോടും, അദ്ദേഹത്തിന്റെ ആൾക്കാരോടും ഒരു രാത്രി ആ നാട്ടു വിട്ടു പോയിക്കൊള്ളുവാൻ അല്ലാഹു കൽപിച്ചു. ആരും വഴിയിൽവെച്ചു തിരിഞ്ഞുനോക്കരുതെന്നും, അദ്ദേഹത്തിന്റെ, ഭാര്യ

ഇതിൽനിന്ന് ഒഴിവാണെന്നും, അവർക്ക് ശിക്ഷ ബാധിക്കുന്നതാണെന്നും, പ്രഭാതവേളയിൽ ആ ജനത ശിക്ഷക്കു വിധേയമാകുമെന്നും അറിയിച്ചു. (11:81) അങ്ങിനെ, ലൂത്വ് (അ) നബിയും കൂട്ടരും രക്ഷപ്പെട്ടു. അദ്ദേഹത്തിന്റെ ഭാര്യയായിരുന്ന ഒരു കിഴവി മാത്രം അവരൊന്നിച്ചുപോയി രക്ഷപ്പെട്ടില്ല. അവൾ ആ ജനതയുടെ പക്ഷക്കാരിയായിരുന്നു. അവൾ അവരുടെ കൂട്ടത്തിൽ അവശേഷിച്ചു ശിക്ഷയിൽ അകപ്പെടുകയാണുണ്ടായത്. ഈ ജനതയ്ക്കു ബാധിച്ച ശിക്ഷയെപ്പറ്റി 'ഒരു തരം മഴ' എന്നു മാത്രമേ ഇവിടെ അല്ലാഹു പറഞ്ഞിട്ടുള്ളു. എങ്കിലും, അതു ഒരു തരം കല്ലുമഴയായിരുന്നുവെന്നും, അതിനെത്തുടർന്നു ആ രാജ്യം മുഴുവനും അടിമേലായി മറിക്കപ്പെട്ടുവെന്നും (11:82ലും മറ്റും) വേറെ സ്ഥലങ്ങളിൽ പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്. സംഭവത്തിന്റെ ചുരുക്കം മാത്രമാണു ഇവിടെ ചൂണ്ടിക്കാട്ടിയിരിക്കുന്നത്. നംല്, ശുഅറാഉ്, ദാരിയാത്ത്, ഹൂദ്, ഹിജ്ർ എന്നീ സൂറത്തുകളിൽ കൂടുതൽ വിവരം കാണാവുന്നതാണ്.

വിഭാഗം–11

٨٥- وَإِلَىٰ مَدْيَنَ أَخَاهُمْ شُعَيْبًا ۗ قَالَ يَٰقَوْمِ ٱعْبُدُوا۟ ٱللَّهَ مَا لَكُم مِّنْ إِلَٰهٍ غَيْرُهُۥ ۖ قَدْ جَآءَتْكُم بَيِّنَةٌ مِّن رَّبِّكُمْ ۖ فَأَوْفُوا۟ ٱلْكَيْلَ وَٱلْمِيزَانَ وَلَا تَبْخَسُوا۟ ٱلنَّاسَ أَشْيَآءَهُمْ وَلَا تُفْسِدُوا۟ فِى ٱلْأَرْضِ بَعْدَ إِصْلَٰحِهَا ۚ ذَٰلِكُمْ خَيْرٌ لَّكُمْ إِن كُنتُم مُّؤْمِنِينَ ۝

85. മദ്‌യനിലേക്ക അവരുടെ[മദ്‌യൻകാരുടെ] സഹോദരൻ ശുഐബിനെയും (നാം അയച്ചു). അദ്ദേഹം പറഞ്ഞു: 'എന്റെ ജനങ്ങളേ, നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുവിൻ: അവനല്ലാതെ ഒരു ആരാധ്യനും നിങ്ങൾക്കില്ല.

നിങ്ങളുടെ റബ്ബിങ്കൽ നിന്നു നിങ്ങൾക്കു വ്യക്തമായ തെളിവ് വന്നിട്ടുണ്ട്. അതിനാൽ, നിങ്ങൾ അളത്തവും, തൂക്കവും (ജനങ്ങൾക്കു) പൂർത്തിയാക്കികൊടുക്കുവിൻ, മനുഷ്യർക്കു അവരുടെ സാധനങ്ങൾ നിങ്ങൾ നഷ്ടപ്പെടുത്തുകയും ചെയ്യരുത്. ഭൂമിയെ നന്നാക്കിത്തീർത്തതിനു ശേഷം, നിങ്ങളതിൽ കുഴപ്പമുണ്ടാക്കുകയും ചെയ്യരുത്.

അതു നിങ്ങൾക്കു ഉത്തമമത്രെ—നിങ്ങൾ സത്യ വിശ്വാസികളാണെങ്കിൽ!

٨٦- وَلَا تَقْعُدُوا۟ بِكُلِّ صِرَٰطٍ تُوعِدُونَ وَتَصُدُّونَ عَن سَبِيلِ ٱللَّهِ مَنْ ءَامَنَ بِهِۦ وَتَبْغُونَهَا عِوَجًا ۚ

86. '(ജനങ്ങളെ) ഭീഷണിപ്പെടുത്തിക്കൊണ്ട് നിങ്ങൾ എല്ലാ പാതകളിലും ഇരിക്കുകയും ചെയ്യരുത്; അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിന്നു അവനിൽ വിശ്വസിച്ചവരെ തിരിച്ചു വിട്ടുകൊണ്ടും, അതിനു വളവ് (ഉണ്ടായിരിക്കുവാൻ) ആഗ്രഹിച്ചുകൊണ്ടും (ഇരിക്കരുത്).

---

85. وإلى مدين മദ്‌യനിലേക്കും أخاهم അവരുടെ സഹോദരനെ شعيبا ശുഐബിനെ قال അദ്ദേഹം പറഞ്ഞു يا قوم എന്റെ ജനങ്ങളെ اعبدوا الله അല്ലാഹുവിനെ ആരാധിക്കുവിൻ ما لكم നിങ്ങൾക്കില്ല من إله ഒരു ഇലാഹും, ആരാധ്യനുംതന്നെ غيره അവനല്ലാതെ قد جاءتكم നിങ്ങൾക്കു വന്നിട്ടുണ്ടു, തീർച്ചയായും വന്നിരിക്കുന്നു بينة (വ്യക്തമായ)തെളിവു من ربكم നിങ്ങളുടെ റബ്ബിങ്കൽനിന്നു فأوفوا അതിനാൽ നിറവേററിക്കൊടുക്കുവിൻ الكيل അളവു, അളത്തം والميزان തൂക്കവും, തുലാസ്സും ولا تبخسوا നിങ്ങൾ നഷ്ടപ്പെടുത്തുക (കുറക്കുക)യും ചെയ്യരുതു الناس മനുഷ്യർക്കു أشياءهم അവരുടെ വസ്തു(സാധനം)ക്കളെ ولا تفسدوا നിങ്ങൾ നാശം (കുഴപ്പം) ഉണ്ടാക്കരുതു في الأرض ഭൂമിയിൽ بعد إصلاحها അതിനെ നന്നാക്കിയതിനുശേഷം ذلكم അതു (മുകളിൽ പറഞ്ഞതു) خير لكم നിങ്ങൾക്കു ഉത്തമമാകുന്നു إن كنتم നിങ്ങളാണെങ്കിൽ مؤمنين വിശ്വസിക്കുന്നവർ (സത്യവിശ്വാസികൾ). 86. ولا تقعدوا നിങ്ങൾ ഇരിക്കുകയും ചെയ്യരുത് بكل صراط എല്ലാ പാത(വഴി)യിലും توعدون ഭീഷണിപ്പെടുത്തികൊണ്ടു وتصدون തിരിച്ചു വിട്ടു(തട്ടി വിട്ടു)കൊണ്ടും عن سبيل മാർഗ്ഗത്തിൽനിന്ന് الله അല്ലാഹുവിന്റെ من آمن به അവനിൽ വിശ്വസിച്ചവരെ وتبغونها അതിനെതേടി (അതിനെ ആഗ്രഹിച്ചു)കൊണ്ടും عوجا വളഞ്ഞതായി(ത്തീ

وَاذْكُرُوٓا إِذْ كُنتُمْ قَلِيلًا فَكَثَّرَكُمْ ۖ وَانظُرُوا كَيْفَ كَانَ عَاقِبَةُ الْمُفْسِدِينَ ○

നിങ്ങൾ അൽപം ആളുകളായിരുന്നിട്ട് നിങ്ങളെ അവൻ വർദ്ധിപ്പിച്ചു തന്നതു നിങ്ങൾ ഓർക്കുവിൻ. കുഴപ്പമു ണ്ടാക്കുന്നവരുടെ പര്യവസാനം എങ്ങിനെയായിരുന്നുവെന്ന നോക്കുകയും ചെയ്യുവിൻ.

٨٧- وَإِن كَانَ طَآئِفَةٌ مِّنكُمْ ءَامَنُوا بِالَّذِىٓ أُرْسِلْتُ بِهِۦ وَطَآئِفَةٌ لَّمْ يُؤْمِنُوا فَاصْبِرُوا حَتَّىٰ يَحْكُمَ اللَّهُ بَيْنَنَا ۚ وَهُوَ خَيْرُ الْحَٰكِمِينَ ○

87. 'ഞാൻ യാതൊന്നുമായി അയക്കപ്പെട്ടിരിക്കുന്നു വോ അതിൽ, നിങ്ങളിൽ നിന്ന് ഒരു വിഭാഗം വിശ്വസിച്ചി രിക്കുകയും, ഒരു വിഭാഗം വിശ്വസിച്ചിട്ടില്ലാതിരിക്കുകയു മാണെങ്കിൽ, എന്നാൽ — നമുക്കിടയിൽ അല്ലാഹു വിധി കൽപിക്കുന്നതുവരെ ക്ഷമിക്കുവിൻ.

അവൻ വിധി കർത്താക്കളിൽ ഏററവും ഉത്തമനായുള്ള വനത്രെ.'

ക്കുവിൻ), വളവു (ഉണ്ടാകുവാൻ) وَاذْكُرُوا ഓർക്കുകയും ചെയ്യുവിൻ إِذْ كُنتُمْ നിങ്ങൾ ആയിരുന്നതി നെ قَلِيلًا അൽപം (ആളുകൾ) فَكَثَّرَكُمْ എന്നിട്ട അവൻ നിങ്ങളെ പെരുപ്പിച്ചു വർദ്ധിപ്പിച്ചു وَانظُرُوا നോക്കുകയും ചെയ്യുവിൻ كَيْفَ كَانَ എങ്ങനെ ആയിരുന്നുവെന്ന عَاقِبَةُ പര്യവസാനം, കലാശം الْمُفْسِدِينَ കുഴപ്പക്കാരുടെ, നാശകാരുടെ. 87. وَإِن كَانَ ആകുന്നുവെങ്കിൽ طَآئِفَةٌ مِّنكُمْ നിങ്ങളിൽ നിന്നു ഒരു വിഭാഗം ءَامَنُوا അവർ വിശ്വസിച്ചു بِالَّذِىٓ യാതൊന്നിൽ أُرْسِلْتُ بِهِۦ ഞാൻ അതുമായി അയക്കപ്പെട്ടു وَطَآئِفَةٌ ഒരു വിഭാഗം لَّمْ يُؤْمِنُوا വിശ്വസിക്കുന്നുമില്ല. (വിശ്വസിച്ചുമില്ല) فَاصْبِرُوا എന്നാൽ ക്ഷമിക്കുക حَتَّىٰ يَحْكُمَ വിധിക്കുന്നതുവരെ اللَّهُ അല്ലാഹു بَيْنَنَا നമുക്കിടയിൽ وَهُوَ അവനാകട്ടെ خَيْرُ الْحَٰكِمِينَ വിധി കർത്താക്കളിൽ ഉത്തമനാകുന്നു

അൽഅഖബ ഉൾക്കടലി [*]നും, ലൂത്വ് കടൽ എന്ന ചാവുകടലിനും ഇടയിൽ കിഴക്കുഭാഗത്തു മആനി (معان)നും, പടിഞ്ഞാറു ഭാഗത്തു സീനാ മരുഭൂമിക്കും ഇടയിൽ സ്ഥിതി ചെയ്യുന്ന പ്രദേശമായിരുന്ന മദ്‌യൻ [**] ഇബ്രാഹീം (അ) നബിയുടെ ഒരു ഭാര്യയായിരുന്ന ഖെതൂറ (قطورة)യിൽ ജനിച്ച മദ്‌യൻ (മിദ്യാൻ) എന്ന പുത്രന്റെ സന്തതികളായിരുന്നു മദ്‌യൻ നിവാസികളെന്നും, ഗോത്രപിതാവിന്റെ നാമത്തിൽ ആ സ്ഥലം അറിയപ്പെട്ടുവന്ന വെന്നും പറയപ്പെടുന്നു. أهل مدين മദ്‌യൻ കാരിലേക്ക് അവരിൽ ഒരാളായ ശുഐബു (അ) നബി റസൂലായി നിയോ ഗിക്കപ്പെട്ടു. സൂ: ഖസ്വസ്വിൽ പ്രസ്താവിച്ച പ്രകാരം, മൂസാ (അ) ഈജിപ്തിൽ നിന്നു മദ്‌യനിൽ അഭയാർ ത്ഥിയായി ചെന്നപ്പോൾ അദ്ദേഹത്തിനു അഭയം നൽകിയതും, മകളെ വിവാഹം കഴിച്ചുകൊടുത്തതുമായ വൃദ്ധൻ ശുഐബു (അ) നബി ആയിരുന്നുവെന്നാണു പല ഖുർആൻ വ്യാഖ്യാതാക്കളും അഭിപ്രായപ്പെടുന്നത്. ബൈബി ളിൽ ഈ വൃദ്ധന്റെ പേർ യിത്രോ (يثرو) എന്നാണു കാണുന്നത്. ഇദ്ദേഹത്തിനു രെയുവേൽ (رعويل) എന്ന് മറ്റൊരു പേരും ഉണ്ടായിരുന്നുവത്രെ. വാസ്തവം അല്ലാഹുവിനറിയാം.

എല്ലാ റസൂലുകളുടെയും പ്രബോധന വിഷയത്തിൽ പ്രഥമ പ്രധാനമായതു തൗഹീദു തന്നെ. അതോടു കൂടി, ഓരോ റസൂലിനും അവരവരുടെ സമുദായത്തിൽ പടർന്നു പിടിച്ചിട്ടുള്ള തെററായ വിശ്വാസാചാരങ്ങളെയും, ദുർന്നടപ്പുകളെയും കുറിച്ചു പ്രത്യേകം ഉപദേശിക്കയും, ആക്ഷേപിക്കയും ചെയ്യേണ്ടതുമുണ്ടായിരിക്കും. ലൂത്വ് (അ) നബിയുടെ ജനതയിൽ പ്രചാരത്തിലുണ്ടായിരുന്ന ആ മ്ലേഛമായ ദുർവൃത്തിയെപ്പററി അദ്ദേഹം അവരെ ഉപ ദേശിച്ചതു നാം കണ്ടു. അതുപോലെ, ശുഐബു (അ) നബി അദ്ദേഹത്തിന്റെ ജനതയെ തൗഹീദിലേക്ക ക്ഷണിച്ച

---

[*] മുൻകാലത്തു ايلة (ഐലാത്ത്) എന്നായിരുന്നു ഇതിനു പേരു പറയപ്പെട്ടിരുന്നത്

[**] ഒന്നാം വാല്യത്തിൽ കൊടുത്ത പടം 4 നോക്കുക. ബൈബിളിൽ പറയുന്ന മിദ്യാനും മദ്‌യനും ഒന്നുതന്നെ.

ദിനെത്തുടർന്ന ജനതയിൽ നിലവിലുണ്ടായിരുന്ന ചില ദുഷിച്ചതികളെപ്പറ്റി അവരെ ഗുണദോഷിക്കുന്നു. അല്ലാഹുവിനെ മാത്രം ആരാധിക്കണം, അവനല്ലാതെ വേറെ ആരാധ്യനില്ല എന്നു പറഞ്ഞശേഷം 'നിങ്ങൾക്കു നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്ന് വ്യക്തമായ തെളിവു വന്നിട്ടുണ്ട്' (قد جاءتكم بينة من ربكم) എന്നു പറഞ്ഞുകൊണ്ടാണു അദ്ദേഹം ഉദ്ബോധനം ആരംഭിക്കുന്നത്. സ്വാലിഹു (അ) നബി അദ്ദേഹത്തിന്റെ ജനതക്കു നൽകിയ ഉപദേശത്തിലും ഈ വാക്യം കാണപ്പെട്ടിട്ടുണ്ട്. പക്ഷേ, അവിടെ അതിനെത്തുടർന്ന് 'ഇതാ നിങ്ങൾക്കു ദൃഷ്ടാന്തമായി അല്ലാഹുവിന്റെ ഒട്ടകം (هذه ناقة الله لكم آية) എന്നുകൂടി പറഞ്ഞിരിക്കുന്നു. ഇവിടെ ശുഐബു (അ) നബിയുടെ സത്യതക്കു ദൃഷ്ടാന്തമായി ഒരു പ്രത്യേക ദൃഷ്ടാന്തമൊന്നും പറയപ്പെട്ടിട്ടില്ല. അതുകൊണ്ടു തൗഹീദിന്റെ അനിവാര്യതക്കും, പ്രവാചകന്റെ സത്യതക്കും സാക്ഷ്യം വഹിക്കുന്ന—ബുദ്ധിപരമോ, പ്രകൃതിപരമോ ആയ—തെളിവുകളെ പൊതുവിൽ ഉദ്ദേശിച്ചുകൊണ്ടായിരിക്കാം ഇവിടെ 'നിങ്ങൾക്കു തെളിവു വന്നിരിക്കുന്നു'വെന്നു പറഞ്ഞത്.

പക്ഷേ, നബി (സ) ഒരു ഹദീസിൽ ഇപ്രകാരം അരുളിച്ചെയ്തിരിക്കുന്നു: 'ജനങ്ങൾക്കു വിശ്വസിക്കത്തക്ക ദൃഷ്ടാന്തങ്ങൾ വല്ലതും നൽകപ്പെട്ടിട്ടില്ലാത്ത ഒരു പ്രവാചകനുമില്ല. എനിക്ക് നൽകപ്പെട്ടിരിക്കുന്നതു അല്ലാഹു എനിക്കു നൽകിയ വഹ്‌യു (ഖുർആൻ) തന്നെയാകുന്നു. അതുകൊണ്ട് ഖിയാമത്തുനാളിൽ അവരെക്കാളെല്ലാം അധികം അനുയായികൾ ഉള്ളവൻ ഞാനായിരിക്കുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു.' (ബു; മു.) ഓരോ നബിമാർക്കും സ്വന്തം ചുറ്റുപാടിനും പരിതസ്ഥിതിക്കും അനുസരിച്ചു ചില പ്രത്യേക ദൃഷ്ടാന്തങ്ങൾ നൽകപ്പെട്ടിരിക്കുമെന്നു ഈ ഹദീസിൽ നിന്നു മനസ്സിലാകുന്നത്. അതനുസരിച്ച് ശുഐബു (അ) നബിക്കും വല്ല പ്രത്യേക ദൃഷ്ടാന്തവും നൽകപ്പെട്ടിരിക്കുന്നുവെന്നും, അതിനെ ഉദ്ദേശിച്ചാണു അതു പറഞ്ഞതെന്നും വരാം. വാസ്തവം അല്ലാഹുവിന്നറിയാം.

അനന്തരം, മദ്‌യൻ നിവാസികളിൽ പ്രചാരത്തിലുണ്ടായിരുന്ന അക്രമ പ്രവർത്തനങ്ങളിൽ നിന്നു വിരമിക്കുവാൻ അദ്ദേഹം അവരെ ഉപദേശിക്കുന്നു. 1-ാമത്തെ ഉപദേശം, ജനങ്ങൾക്കു അളവും തൂക്കവും പൂർത്തിയാക്കി കൊടുക്കണമെന്നും, ജനങ്ങൾക്കു അവരുടെ സാധനങ്ങൾ നഷ്ടപ്പെടുത്തരുതെന്നുമാകുന്നു. അളവിലും തൂക്കത്തിലും കൃത്രിമം നടത്തൽ അവരിൽ സർവ്വസാധാരണമായിരുന്നതുകൊണ്ടാണു അദ്ദേഹം ഈ ഉപദേശം നൽകുന്നതെന്നു വ്യക്തമാണ്. ശുഐബു (അ) നബിയുടെ ഈ ഉപദേശത്തെ ധിക്കരിച്ചുകൊണ്ടു ആ സമുദായം അദ്ദേഹത്തോടു നടത്തിയ തർക്കങ്ങളും, വാക്കേറ്റങ്ങളും സൂറത്തു ഹൂദിൽ അല്ലാഹു ഉദ്ധരിച്ചു കാണാം. അവ പരിശോധിച്ചാൽ, ഈ വിഷയത്തിൽ ആ ജനത എത്രമാത്രം അതിരു കവിഞ്ഞു പോയിരുന്നുവെന്നു മനസ്സിലാക്കാവുന്നതാണ്. 'ഞങ്ങളുടെ ധനത്തിൽ ഞങ്ങളുടെ ഇഷ്ടംപോലെ പ്രവർത്തിക്കുന്നതു തടയുവാൻ നിന്റെ നമസ്കാരമാണോ നിന്നോടു കല്പിക്കുന്നത്?!' എന്നുവരെ അവർ പറയുകയുണ്ടായി. (ഹൂദു 87 നോക്കുക.) മുസ്‌ലിമെന്നോ അമുസ്‌ലിമെന്നോ വ്യത്യാസം കൂടാതെ ഇന്നു നമ്മുടെ നാടുകളിലെ അവസ്ഥയും ഏറെക്കുറെ ഇതു തന്നെ. ഖുർആനിലും ഹദീസിലും അതികർശനമായി വിരോധിക്കപ്പെട്ടിട്ടുള്ള സ്ഥിതിക്കു മറ്റാരെക്കാളും ഈ പാതകത്തിൽ നിന്നു ഒഴിഞ്ഞു നിൽക്കുവാൻ ബാധ്യസ്ഥരാണു മുസ്‌ലിംകൾ. എന്നിട്ടും അനുഭവം വെച്ചു നോക്കുമ്പോൾ, മുസ്‌ലിം സമുദായത്തിൽപെട്ടവരും മറ്റുള്ളവരെപ്പോലെ അതിൽ മുൻപന്തിയിലുണ്ടെന്ന പറയേണ്ടിയിരിക്കുന്നു. വ്യസനം!

2-ാമത്തെ ഉപദേശം, ഭൂമിയെ നന്നാക്കിത്തീർത്തശേഷം അതിൽ കുഴപ്പവും നാശവും ഉണ്ടാക്കരുതു എന്നത്രെ. പ്രകൃതി വ്യവസ്ഥകളും, നീതിന്യായ വ്യവസ്ഥകളും, പ്രമാണങ്ങൾ മുഖേനയുള്ള വിധിവിലക്കുകളും ആദിയായവ വഴി അല്ലാഹു ഭൂമിയിൽ നടപ്പാക്കിയിട്ടുള്ള സന്മാർഗ്ഗിക പരിധികളെ ലംഘിക്കുമാറുള്ള എല്ലാതരം നടപടികളും ഭൂമിയിൽ കുഴപ്പമുണ്ടാക്കൽ തന്നെ. മദ്‌യൻകാരെ സംബന്ധിച്ചു പറയുകയാണെങ്കിൽ, വഴിപോക്കരെ അക്രമിക്കുക, പിടിച്ചുപറി, ചുങ്കം വാങ്ങൽ തുടങ്ങിയ പല അക്രമങ്ങളും അവരിലുണ്ടായിരുന്നു. പരിഷ്കൃത യുഗമെന്നു ഘോഷിക്കപ്പെടുന്ന ഇക്കാലത്തെ സ്ഥിതിയും അതിൽ നിന്നു വ്യത്യസ്തമല്ല. അത്തരം കുഴപ്പങ്ങളും അക്രമങ്ങളും എണ്ണത്തിലും വണ്ണത്തിലും അധികരിച്ചുകൊണ്ടേ ഇരിക്കുകയാണ്. ശരിയായ അർത്ഥത്തിലുള്ള സമാധാന ജീവിതം പോലും മനുഷ്യനു അസാദ്ധ്യമായിക്കൊണ്ടിരിക്കുകയാണു. അപ്പോൾ, ഈ ഉപദേശത്തെത്തുടർന്നുകൊണ്ട് 'നിങ്ങൾ വിശ്വാസികളാണെങ്കിൽ അതാണു നിങ്ങൾക്കു ഉത്തമം.' (ذلكم خير لكم ان كنتم مؤمنين) എന്നു ശുഐബ് (അ) പറഞ്ഞതു എത്രമാത്രം അർത്ഥഗർഭമാണെന്നു ആലോചിച്ചു നോക്കുക!

3-ാമതായി, വഴികളിലിരുന്നു ആളുകളെ ഭീഷണിപ്പെടുത്തരുതെന്നും, അല്ലാഹുവിൽ വിശ്വസിച്ച സത്യവിശ്വാസികളെ വഴി തെറ്റിക്കുവാൻ ശ്രമിക്കരുതെന്നും, അല്ലാഹുവിന്റെ നേരായ മാർഗ്ഗം വളവും വക്രതയുമുള്ളതായിരിക്കുവാൻ ആഗ്രഹിക്കരുതെന്നും അദ്ദേഹം ഉപദേശിക്കുന്നു. വഴിപോക്കരെ ഭീഷണിപ്പെടുത്തി അവരുടെ വസ്തുക്കൾ കൈക്കലാക്കുക, ചരക്കുകളുമായി പോകുന്നവരിൽനിന്ന ചുങ്കം വസൂലാക്കുക, ശുഐബു (അ) നബി

യുമായി ബന്ധപ്പെടുന്നവരെ മുടക്കം ചെയ്യുക, അദ്ദേഹത്തിന്റെ പേരിൽ കള്ളം പറയുക, അദ്ദേഹത്തിന്റെ അധ്യാപനങ്ങളിൽ ആശയക്കുഴപ്പങ്ങളുണ്ടാക്കുക എന്നിങ്ങിനെ പലതും അവർ ചെയ്തിരുന്നതായി ചില രിവായത്തുകളിൽനിന്നു മനസ്സിലാകുന്നു. ഏറെക്കുറെ അവയെല്ലാം നബി (സ)യുടെ കാലത്തുള്ള മുശ്‌രിക്കുകളുടെയും പതിവായിരുന്നു. അന്നത്തെ മുശ്‌രിക്കുകളുടെ കാലം ഇരിക്കട്ടെ, ഇന്നത്തെ ജനങ്ങളുടെ അവസ്ഥതന്നെ ആലോചിച്ചു നോക്കുക! ഇതുപോലെയുള്ള അക്രമങ്ങളും അഴിമതികളും എണ്ണത്തിലും വണ്ണത്തിലും അധികരിച്ചുകൊണ്ടിരിക്കുകയാണ്. കാലത്തിനൊത്തവിധം അവയുടെ സ്വഭാവത്തിൽ മാറ്റം കാണുമെന്നു മാത്രം. മറ്റൊരു വ്യത്യാസം കൂടി കാണാം. നബിമാരുടെ കാലത്ത് അവരിൽ വിശ്വസിച്ച സത്യവിശ്വാസികൾക്കു അതിലൊന്നും പങ്കുണ്ടായിരിക്കുകയില്ല. ഇന്നാകട്ടെ, മുഹമ്മദു (സ) തിരുമേനിയിൽ വിശ്വസിക്കുകയും, മുസ്‌ലിംകളെന്നു അവകാശപ്പെടുകയും ചെയ്യുന്നവരിൽപോലും പലരും ഇത്തരം തോന്നിയവാസങ്ങളിലും അഴിമതികളിലും പങ്കുവഹിക്കുന്നവരുണ്ട്. അപ്പോൾ, ആയിരക്കണക്കിനു കൊല്ലങ്ങൾക്കുമുമ്പ് ശുഐബ് (അ) മദ്‌യൻ നിവാസികളായ ഒരു ചെറിയ സമുദായത്തിനു നൽകിയ ഉപദേശങ്ങൾ ലോകാവസാനംവരെ നിലനിൽക്കുന്ന വിശുദ്ധ ഖുർആനിൽ ഇത്ര വിസ്തരിച്ചു പറഞ്ഞുതന്നതിന്റെ യുക്തി ഇതിൽനിന്നൊക്കെ വ്യക്തമാണ്. മുൻ കഴിഞ്ഞ പ്രവാചകന്മാരുടെയും, അവരുടെ സമുദായങ്ങളുടെയും ചരിത്രം അല്ലാഹു ഖുർആനിൽ വിവരിച്ചുതരുന്നതിന്റെ ഉദ്ദേശ്യം, ഖുർആൻ നിലവിലുള്ള കാലത്തോളം അതിന്റെ ആവശ്യകതയും നിലവിലുള്ളതു കൊണ്ടാണല്ലോ. അതെ, അവരുടെ കഥകളിൽ സൽബുദ്ധിയുള്ള ആളുകൾക്കു ചിന്തിച്ചു മനസ്സിലാക്കുവാനുണ്ട്. (لقد كان في قصصهم عبرة لأولي الألباب)

മുമ്പ് നിങ്ങൾ വളരെ കുറഞ്ഞ ആളുകളേ ഉണ്ടായിരുന്നുള്ളൂ, ഇപ്പോൾ നിങ്ങളെ അല്ലാഹു പെരുപ്പിച്ചുതന്നു ഒരു ജനതയാക്കി അനുഗ്രഹിച്ചിരിക്കുന്നു. അതിൽ നിങ്ങൾ അവനോട് നന്ദിയുള്ളവരായിരിക്കേണ്ടതുണ്ട്. നന്ദികേടു പകരം മേൽ പറഞ്ഞത് പോലെയുള്ള കുഴപ്പപ്രവർത്തനങ്ങളിൽ മുഴുകിക്കൊണ്ടിരിക്കുവാനാണു നിങ്ങൾ മുതിരുന്നതെങ്കിൽ മുമ്പ് അങ്ങിനെയുള്ളവർക്കുണ്ടായ അതേ അനുഭവങ്ങൾ തന്നെയായിരിക്കും നിങ്ങൾക്കും അനുഭവപ്പെടുക. ഇത്രയൊക്കെ ഉപദേശിച്ചിട്ടും–മുമ്പ് വിശ്വസിച്ചു കഴിഞ്ഞ ചുരുക്കം ചിലരല്ലാതെ–നിങ്ങൾ സത്യം സ്വീകരിക്കുവാൻ തയ്യാറാകുന്നില്ലെങ്കിൽ അതിന്റെ ഭവിഷ്യത്ത് നിങ്ങൾ കണ്ടറിയുകതന്നെ ചെയ്യും. എന്നൊക്കെയാണ് പിന്നീട് ശുഐബ് (അ) അവരോട് പറഞ്ഞതിന്റെ സാരം. ഇതെല്ലാം അദ്ദേഹം ഒരിക്കലോ, ഒരു രംഗത്ത്‌വെച്ചോ മാത്രം ഉപദേശിച്ചതല്ലെന്നും, പലപ്പോഴും ഉപദേശിച്ചു കൊണ്ടിരുന്നതിന്റെ ചുരുക്കമാണെന്നും പറയേണ്ടതില്ല. എന്നാൽ, ആ സമുദായത്തിന്റെ കടിഞ്ഞാൺപിടിക്കുന്ന നേതാക്കൾ അതിനു നൽകിയ മറുപടി നോക്കുക! അല്ലാഹു പറയുന്നു:—

ജുസ്ഉ്: 9

الجزء التاسع

٨٨- قَالَ الْمَلَأُ الَّذِينَ اسْتَكْبَرُوا مِن قَوْمِهِ لَنُخْرِجَنَّكَ يَا شُعَيْبُ وَالَّذِينَ آمَنُوا مَعَكَ مِن قَرْيَتِنَا أَوْ لَتَعُودُنَّ فِي مِلَّتِنَا ۚ قَالَ أَوَلَوْ كُنَّا كَارِهِينَ ۝

88. അദ്ദേഹത്തിന്റെ ജനങ്ങളിൽ നിന്നും അഹംഭാവം നടിച്ചവരായ പ്രധാനികൾ പറഞ്ഞു: 'നിശ്ചയമായും–ശുഐബേ–നിന്നെയും, നിന്നോടൊപ്പം വിശ്വസിച്ചിട്ടുള്ളവരെയും ഞങ്ങളുടെ രാജ്യത്തിൽ നിന്നു ഞങ്ങൾ പുറത്താക്കുക തന്നെ ചെയ്യും; അല്ലെങ്കിൽ, നിങ്ങൾ ഞങ്ങളുടെ മാർഗ്ഗത്തിൽ മടങ്ങി വരുക തന്നെ വേണം.

അദ്ദേഹം പറഞ്ഞു: 'ഞങ്ങൾ (അതു) വെറുക്കുന്നവരായിരുന്നാലുമോ?!

---

88. قَالَ الْمَلَأُ പ്രധാനികൾ പറഞ്ഞു الَّذِينَ اسْتَكْبَرُوا അഹംഭാവം നടിച്ചവരായ مِن قَوْمِهِ അദ്ദേഹത്തിന്റെ ജനങ്ങളിൽ നിന്നു لَنُخْرِجَنَّكَ നിശ്ചയമായും ഞങ്ങൾ നിന്നെ പുറത്താക്കും يَا شُعَيْبُ ശുഐബേ وَالَّذِينَ آمَنُوا വിശ്വസിച്ചവരെയും مَعَكَ നിന്റെകൂടെ مِن قَرْيَتِنَا ഞങ്ങളുടെ രാജ്യത്തു നിന്നു أَوْ لَتَعُودُنَّ അല്ലെങ്കിൽ നിങ്ങൾ മടങ്ങുക (തിരിച്ചുവരുക)തന്നെ ചെയ്യണം فِي مِلَّتِنَا ഞങ്ങളുടെ മാർഗ്ഗത്തിൽ (മത നടപടിയിലേക്കു) قَالَ അദ്ദേഹം പറഞ്ഞു أَوَلَوْ كُنَّا ഞങ്ങളായിരുന്നാലുമോ كَارِهِينَ വെറുക്കുന്നവർ, തൃപ്തിപ്പെടാത്തവർ

89. قَدِ افْتَرَيْنَا عَلَى اللَّهِ كَذِبًا إِنْ عُدْنَا فِي مِلَّتِكُم بَعْدَ إِذْ نَجَّانَا اللَّهُ مِنْهَا ۚ وَمَا يَكُونُ لَنَا أَن نَّعُودَ فِيهَا إِلَّا أَن يَشَاءَ اللَّهُ رَبُّنَا ۚ وَسِعَ رَبُّنَا كُلَّ شَيْءٍ عِلْمًا ۚ عَلَى اللَّهِ تَوَكَّلْنَا ۚ رَبَّنَا افْتَحْ بَيْنَنَا وَبَيْنَ قَوْمِنَا بِالْحَقِّ وَأَنتَ خَيْرُ الْفَاتِحِينَ

89. 'നിങ്ങളുടെ മാര്‍ഗത്തില്‍, നിന്നു അല്ലാഹു ഞങ്ങളെ രക്ഷപ്പെടുത്തിയതിനു ശേഷം, ഞങ്ങള്‍ മടങ്ങി വരുന്ന പക്ഷം തീര്‍ച്ചയായും ഞങ്ങള്‍ അല്ലാഹുവിന്റെ പേരില്‍ വ്യാജം കെട്ടിച്ചമക്കുകയായിരിക്കും ചെയ്യുന്നത്.

'അതില്‍ മടങ്ങിവരുകയെന്നതു ഞങ്ങള്‍ക്ക (ഒരിക്കലും) പാടില്ലാത്തതാകുന്നു; ഞങ്ങളുടെ റബ്ബായ അല്ലാഹു (അങ്ങിനെ) ഉദ്ദേശിക്കുന്നതായാലല്ലാതെ. ഞങ്ങളുടെ റബ്ബ് അറിവു കൊണ്ടു എല്ലാ വസ്തുവിനും വിശാലമായിരിക്കുന്നു. [എല്ലാം അവന്റെ അറിവില്‍ ഉള്‍പ്പെടുന്നു.] അല്ലാഹുവിന്റെ മേല്‍ ഞങ്ങള്‍ (എല്ലാം) ഭരമേല്‍പിച്ചിരിക്കുന്നു.

'ഞങ്ങളുടെ റബ്ബേ! ഞങ്ങള്‍ക്കും, ഞങ്ങളുടെ ജനങ്ങള്‍ക്കുമിടയില്‍ യഥാര്‍ത്ഥപ്രകാരം നീ (തീരുമാനം വരുത്തി) തുറവി നല്‍കണേ! നീ തുറവി നല്‍കുന്നവരില്‍ ഏറ്റവും ഉത്തമനാകുന്നു'.

---

89. قَدِ افْتَرَيْنَا തീര്‍ച്ചയായും, ഞങ്ങള്‍ കെട്ടിച്ചമച്ചു عَلَى اللَّهِ അല്ലാഹുവിന്റെ മേല്‍ كَذِبًا വ്യാജം إِنْ عُدْنَا ഞങ്ങള്‍ മടങ്ങിയാല്‍ فِي مِلَّتِكُم നിങ്ങളുടെ മാര്‍ഗത്തില്‍, മതത്തിലേക്ക بَعْدَ ശേഷം إِذْ نَجَّانَا ഞങ്ങളെ അല്ലാഹു രക്ഷപ്പെടുത്തിയതിനു مِنْهَا അതില്‍ നിന്നു وَمَا يَكُونُ ആകുകയില്ല (പാടില്ല) لَنَا ഞങ്ങള്‍ക്കു أَن نَّعُودَ ഞങ്ങള്‍ മടങ്ങിവരല്‍ فِيهَا അതില്‍ إِلَّا أَن يَشَاءَ ഉദ്ദേശിക്കുന്നതായാലല്ലാതെ اللَّهُ رَبُّنَا ഞങ്ങളുടെ റബ്ബായ അല്ലാഹു وَسِعَ വിശാലമായിരിക്കുന്നു رَبُّنَا ഞങ്ങളുടെ (നമ്മുടെ) റബ്ബു كُلَّ شَيْءٍ എല്ലാ വസ്തുവിനും عِلْمًا അറിവാല്‍, അറിവുകൊണ്ടു عَلَى اللَّهِ അല്ലാഹുവിന്റെമേല്‍ تَوَكَّلْنَا ഞങ്ങള്‍ ഭരമേല്‍പ്പിച്ചിരിക്കുന്നു رَبَّنَا ഞങ്ങളുടെ റബ്ബേ افْتَحْ തുറന്നു (തുറവിയാക്കി) തരേണമേ بَيْنَنَا ഞങ്ങള്‍ക്കിടയില്‍ وَبَيْنَ قَوْمِنَا ഞങ്ങളുടെ ജനങ്ങള്‍ക്കിടയിലും بِالْحَقِّ യഥാര്‍ത്ഥപ്രകാരം, ന്യായമനുസരിച്ചു وَأَنتَ നീയാകട്ടെ خَيْرُ الْفَاتِحِينَ തുറന്നു (തുറവിയാക്കി) തരുന്നവരില്‍ ഉത്തമനാകുന്നു

ശുഐബ് (അ) നബി അവരെ ഉപദേശിക്കുകയും സത്യത്തിലേക്ക് ക്ഷണിക്കുകയും ചെയ്തപ്പോള്‍ ആ നാട്ടിലെ പ്രമാണിവര്‍ഗം—അവരാണല്ലോ പൊതു ജനങ്ങളുടെ നേതൃത്വം വഹിക്കുന്നവര്‍—നല്‍കിയ മറുപടിയുടെ ആകെത്തുകയാണ് അല്ലാഹു ഉദ്ധരിക്കുന്നത്: ശുഐബേ, നിന്നെയും നിന്റെ അനുയായികളെയുമൊക്കെ ഈ നാട്ടില്‍നിന്ന് ഞങ്ങള്‍ പുറത്താക്കും, അല്ലാത്തപക്ഷം നിങ്ങള്‍ ഞങ്ങളുടെ മത മാര്‍ഗത്തിലേക്ക് തിരിച്ചു വരണം. ഈ രണ്ടിലൊന്ന് കൂടിയേ കഴിയൂ. അഥവാ നിങ്ങളുടെ മതം ഉപേക്ഷിച്ചു ഞങ്ങളുടെ മതം നിങ്ങള്‍ സ്വീകരിക്കാത്തപക്ഷം നിങ്ങളെ ഞങ്ങള്‍ നാട്ടില്‍ നിന്ന് പുറത്താക്കാതിരിക്കുകയില്ല എന്നര്‍ത്ഥം. സത്യവും, ന്യായവും കൈവശമില്ലാത്ത ഗര്‍വ്വിഷ്ടരായ പ്രമാണിവര്‍ഗത്തിനു ഇതുപോലെയുള്ള ധിക്കാര വാക്കുകളും ഭീഷണികളുമല്ലാതെ മറ്റെന്താണ് പറയുവാനുള്ളത്?! ഈ ഭീഷണിക്ക് മുമ്പില്‍ പ്രവാചകനും സത്യവിശ്വാസികളും കുലുങ്ങുമെന്നായിരിക്കും ആ വിഡ്ഢികളുടെ വിചാരം.

അതേ സ്വരത്തിലല്ലെങ്കിലും ആ കണക്കുകൂട്ടലിനെ അടിയോടെ പിഴുതെറിയുന്ന മറുപടിയായിരുന്നു ശുഐബ് (അ) അവരോട് നല്‍കിയത്. ഞങ്ങള്‍ ഞങ്ങളുടെ മാര്‍ഗം കൈവെടിഞ്ഞു നിങ്ങളുടെ മാര്‍ഗം സ്വീകരിക്കുകയാണല്ലോ നിങ്ങളുടെ ആവശ്യം. അതിന് ഞങ്ങള്‍ തയ്യാറില്ല. നിര്‍ബന്ധം കൊണ്ടോ ഭീഷണികൊണ്ടോ അതൊരിക്കലും സംഭവിക്കാനും പോകുന്നില്ല. നിങ്ങളുടെ മാര്‍ഗം സ്വീകരിക്കുക എന്നതിന്റെ അര്‍ത്ഥം, ഞങ്ങള്‍ ഇതുവരെ സ്വീകരിച്ച് വന്നത് അല്ലാഹുവിന്റെ പേരില്‍ കെട്ടിച്ചമച്ചുണ്ടാക്കിയ ഒരു കൃത്രിമമാര്‍ഗമായിരുന്നുവെന്നാണല്ലോ. നിങ്ങളുടേതുപോലെ കെട്ടിച്ചമക്കപ്പെട്ട മാര്‍ഗമല്ല ഞങ്ങളുടേത്. അല്ലാഹു ഉദ്ദേശിച്ചാല്‍ എന്തും സംഭവിക്കുന്നത് ശരി. പക്ഷെ, തല്‍ക്കാലം ഞങ്ങള്‍ ഞങ്ങളുടെ മതം കൈവിടുമെന്ന് നിങ്ങള്‍ കരുതിയിരിക്കേണ്ട. പിന്നെ,

ഞങ്ങളെ നാട്ടിൽ നിന്ന് നിങ്ങൾ പുറത്താക്കുമെന്നുള്ള ഭീഷണിയാണ് ബാക്കിയുള്ളത്. അതിനെപ്പറ്റി ഞങ്ങൾക്ക
ഭയമില്ല. കാരണം, അല്ലാഹു സർവ്വജ്ഞനാണ്. അതിൽ വേണ്ടുന്ന നടപടി അവൻ എടുത്തു കൊള്ളും. ഞങ്ങളുടെ സർവ്വകാര്യങ്ങളും ഞങ്ങൾ അവനിൽ അർപ്പിച്ചിരിക്കു
കയാണ്. അതിൽ വേണ്ടുന്ന നടപടി അവൻ എടുത്തു കൊള്ളും.
ലടങ്ങിയ ആശയം. അവർ ഭീഷണിക്കും അക്രമത്തിനും മുതിരുകയല്ലാതെ, സത്യാന്വേഷണത്തിനോ, വീണ്ടു വിചാ
രത്തിനോ തയ്യാറാകുമെന്ന പ്രതീക്ഷക്ക് വകയില്ലെന്ന് ശുഐബു (അ) കണ്ടു. അദ്ദേഹം അല്ലാഹുവിനോട്
പ്രാർത്ഥിച്ചു: ഞങ്ങളുടെ റബ്ബേ! ഞങ്ങൾ ഇരുകൂട്ടർക്കുമിടയിൽ ഒരു തീരുമാനമുണ്ടാക്കി തരേണമേ.......!

ശുഐബ് (അ) നബിയിൽ വിശ്വസിച്ചിരുന്ന ആളുകൾ സ്വാഭാവികമായും ശിർക്കിന്റെ മാർഗ്ഗം സ്വീക
രിച്ചു വന്നവരായിരുന്നു. പ്രവാചകൻമാരെ സംബന്ധിച്ചിടത്തോളം പ്രവാചകത്വം ലഭിക്കുന്നതിനു മുമ്പും
അവർ ശിർക്കിന്റെ പ്രവർത്തനങ്ങളിൽ ഏർപ്പെടാറില്ലെന്നു പൊതുവെ അറിയപ്പെട്ടതാണ്. എന്നിരിക്കെ, അദ്ദേഹ
ത്തെയും സത്യവിശ്വാസികളെയും അഭിമുഖീകരിച്ചുകൊണ്ടു നിങ്ങൾ ഞങ്ങളുടെ മാർഗ്ഗത്തിലേക്കു മടങ്ങിവരണ
മെന്നു അവിശ്വാസികളും, ഞങ്ങൾക്ക അതിലേക്കു മടങ്ങി വരുവാൻ നിവൃത്തിയില്ലെന്നു ശുഐബു (അ) നബിയും
പറയുമ്പോൾ, അദ്ദേഹവും മറ്റും അവരുടെ ശിർക്കിന്റെ മാർഗ്ഗം സ്വീകരിച്ചിരുന്നുവെന്ന് വരുന്നില്ലേ? എന്ന
ചിലർക്കും തോന്നിയേക്കാം. പ്രവാചകത്വം ലഭിക്കും മുമ്പ് പ്രവാചകൻമാർ ശിർക്കിൽ അകപ്പെടാതെ അല്ലാഹു
അവരെ കാത്തുരക്ഷിക്കുമെങ്കിലും അക്കാലത്തു അവർ തങ്ങളിൽ നിന്നും ഭിന്നമായ ഒരു മാർഗ്ഗക്കാരാണെന്നു അവരെ
പ്പറ്റി ജനങ്ങൾ കരുതി വരാറില്ല. പ്രവാചകത്വം ലഭിച്ച് തൗഹീദിന്റെ പ്രബോധനം ആരംഭിക്കുന്നതോടെയായി
രിക്കും പ്രവാചകൻമാരുടെ മാർഗ്ഗവും ജനങ്ങളുടെ മാർഗ്ഗവും രണ്ടായി വേർതിരിയുന്നത്. അപ്പോഴേ എതിർപ്പും ശത്രുതയും ആരംഭിക്കുന്നതും. അപ്പോൾ മുതൽ
ഗണിക്കാറില്ല. അവർക്കു പ്രത്യേകമായ ഒരു മാർഗ്ഗം ഉണ്ടായി ആരംഭിക്കുന്നതു പ്രവാചകത്വം മുതൽക്കായിരിക്കു
മല്ലോ. നബി (സ) തിരുമേനിയുടെ സ്ഥിതിയും അങ്ങിനെത്തന്നെയായിരുന്നു. ശിർക്കിന്റെ പ്രവർത്തനങ്ങളിലോ,
ജാഹിലിയ്യാ ദുരാചാരങ്ങളിലോ ഒന്നും തന്നെ പ്രവാചകത്വത്തിനു മുമ്പും തിരുമേനി പങ്കെടുക്കുകയുണ്ടായിട്ടില്ല.
എന്നിരുന്നാലും, ആരും തിരുമേനിയെ ഒരു പുതിയ മാർഗ്ഗക്കാരനായി ആക്ഷേപിച്ചിരുന്നില്ല. പ്രവാചകത്വം
സിദ്ധിച്ച് തൗഹീദിന്റെ പ്രബോധനം ആരംഭിച്ചതോടെയാണ് എതിർപ്പുകളും ഉപദ്രവങ്ങളും, മതത്തിൽ നിന്നി
ളകിപ്പോയി എന്നുള്ള ആരോപണം തുടങ്ങിയതുമെല്ലാം.

90. അദ്ദേഹത്തിന്റെ ജനങ്ങളിൽ നിന്ന അവിശ്വസി ച്ചവരായ പ്രധാനികൾ പറയുകയും ചെയ്തു: 'നിശ്ചയമായും, നിങ്ങൾ ശുഐബിനെ പിൻപറ്റുന്ന പക്ഷം, അപ്പോൾ നിങ്ങൾ നഷ്ടപ്പെട്ടവർ തന്നെയായിരിക്കും.'	٩٠- وَقَالَ الْمَلَأُ الَّذِينَ كَفَرُوا مِن قَوْمِهِ لَئِنِ اتَّبَعْتُمْ شُعَيْبًا إِنَّكُمْ إِذًا لَّخَاسِرُونَ

---

90. وَقَالَ പറയുകയും ചെയ്തു الْمَلَأُ പ്രധാനികൾ الَّذِينَ كَفَرُوا അവിശ്വസിച്ച مِن قَوْمِهِ അദ്ദേഹത്തിന്റെ ജനങ്ങളിൽനിന്നു لَئِنِ اتَّبَعْتُمْ നിങ്ങൾ പിൻപറ്റിയെങ്കിൽ شُعَيْبًا ശുഐബിനെ إِنَّكُمْ إِذًا എന്നാൽ (അപ്പോൾ) നിശ്ചയമായും നിങ്ങൾ لَّخَاسِرُونَ നഷ്ടപ്പെട്ടവർ തന്നെ

സത്യത്തിനെതിരിൽ പ്രചാരണം നടത്തുന്നവരുടെ എല്ലാ കാലത്തുമുള്ള ഒരു പ്രചാരണ മാർഗ്ഗമാണിതും.
സത്യം സ്വീകരിച്ചവരെ ഭീഷണികൊണ്ടും, നിർബ്ബന്ധം കൊണ്ടും പിൻമടക്കുവാൻ കഴിയുന്നില്ലെങ്കിൽ, പൊതുജന
ങ്ങളെ അതിൽനിന്നു തടഞ്ഞു നിറുത്തുവാൻവേണ്ടി 'അതു സ്വീകരിച്ചു പോകരുത്, സ്വീകരിച്ചാൽ പിഴച്ചുപോകും,
പുരോഗതിയും ഭാവിയും നഷ്ടപ്പെടും.' എന്നിങ്ങിനെ പറഞ്ഞുപരത്തുക. 'നിങ്ങൾ ഞങ്ങളുടെ മാർഗ്ഗ
ത്തിലേക്കു മടങ്ങാത്തപക്ഷം ഞങ്ങൾ നിങ്ങളെ നാട്ടിൽനിന്നു പുറത്താക്കു'മെന്ന ഭീഷണി മുഴക്കിയ വക്താക്കൾ
ആ സമുദായത്തിലെ ഏററവും കടുത്ത ധിക്കാരികളായിരുന്നുവെന്നും, ശുഐബിനെ പിൻപറ്റിയവർ നഷ്ടക്കാരാ
യിത്തീരുമെന്നു പ്രചാരണം നടത്തുന്നതിൽ അവരല്ലാത്തവർക്കും പങ്കുണ്ടായിരുന്നുവെന്നുമാണു മനസ്സിലാകുന്നത്.
കാരണം, ഭീഷണി മുഴക്കിയ പ്രധാനികളെപ്പററി പറഞ്ഞപ്പോൾ, അവരെ الَّذِينَ اسْتَكْبَرُوا (അഹംഭാവം നടിച്ചവർ) എന്നും,
ശുഐബിനെ പിൻപറ്റിയവർ നഷ്ടക്കാരാകുമെന്നു പറഞ്ഞ പ്രധാനികളെപ്പററി പറഞ്ഞപ്പോൾ الَّذِينَ كَفَرُوا (അവി
ശ്വസിച്ചവർ) എന്നുമാണ് അല്ലാഹു വിശേഷിപ്പിച്ചിരിക്കുന്നത്.

٩١- فَأَخَذَتْهُمُ الرَّجْفَةُ فَأَصْبَحُوا فِي دَارِهِمْ جَاثِمِينَ ۝

91. അപ്പോൾ, അവർക്കു കഠിന കമ്പനം പിടിപെട്ടു. അങ്ങനെ, അവരുടെ വാസസ്ഥലത്തിൽ അവർ (കാലത്തു) കമിഴ്ന്നു വീണവരായി!

٩٢- الَّذِينَ كَذَّبُوا شُعَيْبًا كَأَنْ لَمْ يَغْنَوْا فِيهَا ۚ الَّذِينَ كَذَّبُوا شُعَيْبًا كَانُوا هُمُ الْخَاسِرِينَ ۝

92. ശുഐബിനെ വ്യാജമാക്കിയവർ– അവർ അവിടത്തിൽ നിവസിച്ചിട്ടില്ലാത്തതു പോലെ (യായി)!

(അതെ) ശുഐബിനെ വ്യാജമാക്കിയവർ–അവർ തന്നെയായിരുന്നു നഷ്ടക്കാർ!

---

91. فأخذتهم അപ്പോൾ അവരെ പിടികൂടി, അവർക്കു പിടിപെട്ടു الرجفة കഠിന കമ്പനം, കിടുക്കം, പ്രകമ്പനം فأصبحوا അങ്ങനെ അവർ (കാലത്തു) ആയി في دارهم അവരുടെ വസതിയിൽ, ഭവനത്തിൽ جاثمين കമിഴ്ന്നു (മറിഞ്ഞു) വീണവർ 92. الذين كذبوا വ്യാജമാക്കിയവർ شعيبا ശുഐബിനെ كأن لم يغنوا അവർ താമസിച്ചിട്ടില്ലാത്തപോലെ, ധന്യമായിരുന്നില്ലാത്തമാതിരി فيها അതിൽ, അവിടത്തിൽ الذين كذبوا شعيبا ശുഐബിനെ വ്യാജമാക്കിയവർ كانوا هم അവർ തന്നെയായിരുന്നു الخاسرين നഷ്ടപ്പെട്ടവർ

ഞങ്ങൾക്കിടയിൽ ഒരു തീരുമാനമുണ്ടാക്കിത്തരണേ എന്നു ശുഐബു (അ) പ്രാർത്ഥിച്ചിരുന്നുവല്ലോ. ആ പ്രാർത്ഥന സ്വീകരിച്ചുകൊണ്ട് അല്ലാഹു ഉണ്ടാക്കിയ തീരുമാനമായി ഒരു രാത്രി പെട്ടെന്നു അതിഭയങ്കരമായ ഒരു പ്രകമ്പനം! രാത്രി സുഖമായി കിടന്നുറങ്ങിയ അവർ പ്രഭാതം പുലർന്നപ്പോഴേക്കും തങ്ങളുടെ വസതികളിൽ മറിഞ്ഞു വീണു ചത്തൊടുങ്ങി. മുമ്പ് ആ നാട്ടിൽ അവരാരും താമസിച്ചിട്ടേയില്ലെന്നു തോന്നുമാറ് മൊത്തം അവർ നശിച്ചു. ശുഐബിനെ പിൻപറ്റുന്നവർ നഷ്ടക്കാരായിരിക്കുമെന്നാണ് അവർ പ്രചരിപ്പിച്ചിരുന്നത്. പക്ഷെ, നഷ്ടക്കാരായതു യഥാർത്ഥത്തിൽ അവർ തന്നെ. ശുഐബ് (അ) നബിയും സത്യവിശ്വാസികളും ഒന്നടങ്കം തന്നെ രക്ഷപ്പെട്ടുവെന്നു പറയേണ്ടതില്ല. പൊതു ശിക്ഷ വരുമ്പോൾ അതിനു മുമ്പായി പ്രവാചകനെയും അനുയായികളെയും രക്ഷപ്പെടുത്തുക അല്ലാഹുവിന്റെ പതിവാണല്ലോ.

മദ്‌യൻകാർക്കു ബാധിച്ച ശിക്ഷയെപ്പറ്റി കഠിനമായ കമ്പനം (الرجفة) എന്നാണു ഇവിടെ പറഞ്ഞതു. സൂറത്തു ഹൂദിൽ അതിനെപ്പറ്റി ഘോരശബ്ദം (الصيحة) എന്നും പറഞ്ഞിരിക്കുന്നു. അപ്പോൾ അതിശക്തമായ ഒരു തരം ഘോരശബ്ദത്തോടു കൂടിയ ഭൂകമ്പമോ ആയിരിക്കാം അതെന്നു കരുതാം. والله أعلم

٩٣- فَتَوَلَّىٰ عَنْهُمْ وَقَالَ يَا قَوْمِ لَقَدْ أَبْلَغْتُكُمْ رِسَالَاتِ رَبِّي وَنَصَحْتُ لَكُمْ ۖ فَكَيْفَ آسَىٰ عَلَىٰ قَوْمٍ كَافِرِينَ ۝

93. അപ്പോൾ, അദ്ദേഹം അവരിൽനിന്നു വിട്ടുമാറി; അദ്ദേഹം പറയുകയും ചെയ്തു: 'എന്റെ ജനങ്ങളേ, തീർച്ചയായും, എന്റെ റബ്ബിന്റെ ദൗത്യങ്ങളെ ഞാൻ നിങ്ങൾക്ക് എത്തിച്ചു തന്നിട്ടുണ്ട്; നിങ്ങൾക്ക് ഞാൻ ഗുണം കാംക്ഷിക്കുക [ഉപദേശം നൽകുക]യും ചെയ്തു. എന്നിരിക്കെ, അവിശ്വാസികളായ ഒരു ജനതയുടെ പേരിൽ ഞാൻ എങ്ങിനെ സങ്കടപ്പെടും?! [അതിനവകാശമില്ലല്ലോ.]'

---

93. فتولى അങ്ങനെ അദ്ദേഹം മാറി, തിരിഞ്ഞു عنهم അവരെ വിട്ടു, അവരിൽ നിന്ന وقال പറയുകയും ചെയ്തു يا قوم എന്റെ ജനങ്ങളേ لقد أبلغتكم തീർച്ചയായും ഞാൻ നിങ്ങൾക്ക് എത്തിച്ചിട്ടുണ്ട് رسالات ദൗത്യങ്ങളെ ربي എന്റെ റബ്ബിന്റെ ونصحت لكم ഞാൻ നിങ്ങൾക്ക് ഗുണം കാംക്ഷിക്കുകയും (ഉപദേശിക്കുകയും) ചെയ്തു فكيف അപ്പോൾ എങ്ങിനെ آسى ഞാൻ സങ്കടപ്പെടും വ്യസനപ്പെടും على قوم ഒരു ജനതയുടെ മേൽ كافرين അവിശ്വാസികളായ

മദ്‌യൻ ഗോത്രം ഒന്നടങ്കം ശിക്ഷയിൽപെട്ട് നശിച്ചപ്പോൾ സ്വാലിഹു (അ) നബി അവരെ നോക്കി പറഞ്ഞതായി 79 ാം വചനത്തിൽ പ്രസ്താവിച്ചതുപോലെയുള്ള വാക്കുകൾ തന്നെയാണു ശുഐബ് (അ) അദ്ദേഹത്തിന്റെ നശിച്ചുകഴിഞ്ഞ ജനതയെ നോക്കിയും പറഞ്ഞത്.

സന്ദർഭവശാൽ, രസകരമായ ഒരു വസ്തുത ഇവിടെ ചൂണ്ടിക്കാട്ടുവാൻ ആഗ്രഹിക്കുന്നു. സ്വാലിഹു (അ) നബി പറഞ്ഞതായി 79–ാം വചനത്തിൽ കണ്ട വാക്യങ്ങൾ അദ്ദേഹം തന്റെ മരണമടഞ്ഞ ജനങ്ങളെ നോക്കിപ്പറഞ്ഞതല്ലെന്നും, പൊതുശിക്ഷ ബാധിക്കുമ്പോൾ സ്വാഭാവികമായും ചിലരൊക്കെ അതിൽനിന്നു രക്ഷപ്പെടാറുണ്ടെന്നും, അതിനെ രക്ഷപ്പെട്ടിരുന്ന ചിലരോടായിരുന്നു അദ്ദേഹം അതു പറഞ്ഞതെന്നുമൊക്കെ ചില ആളുകൾ പ്രസ്താവിച്ചതായി മുമ്പു പറഞ്ഞുവല്ലോ. അതു ശരിയല്ലെന്നും നാം അവിടെ ചൂണ്ടിക്കാട്ടി. എന്നാൽ, അതേ കൂട്ടർ–ആ പറഞ്ഞതു മറന്നുപോയതുകൊണ്ടോ എന്തോ എന്നറിഞ്ഞുകൂടാ–ഈ വചനത്തിന്റെ അർത്ഥം വിവരിക്കുന്ന കൂട്ടത്തിൽ ഇങ്ങിനെ എഴുതുന്നു: '.... അവരുടെ അന്ത്യം മാത്രമല്ല, സ്മാരകങ്ങൾകൂടി നശിച്ചുപോയി. ചുരുക്കത്തിൽ, അവിടെ അവർ തീരെ നിവസിക്കുക തന്നെ ചെയ്തിട്ടില്ലാത്തതുപോലെയായിത്തീർന്നു.' അപ്പോൾ പിന്നെ, നശിക്കാതെ ബാക്കിയാകുകയും സ്വന്തം നില നിറുത്തുകയും ചെയ്ത ചില ആളുകളോടാണു ശുഐബു (അ) ഇതു പറഞ്ഞതെന്നുവെക്കുവാൻ തരമില്ലല്ലോ. സ്വാലിഹു (അ) നബിയുടെ ജനതയെക്കുറിച്ചു മാത്രം അങ്ങിനെ പറയുവാൻ ഇവരെ പ്രേരിപ്പിച്ചതെന്താണെന്നു മനസ്സിലാകുന്നില്ല.

വിഭാഗം-12

94. ഒരു രാജ്യത്തിലും (തന്നെ) ഒരു നബിയെയും നാം അയച്ചിട്ടില്ല, അതിലെ ആൾക്കാരെ ദുരിതവും, കഷ്ടപ്പാടുംകൊണ്ട് നാം പിടികൂടാതെ; അവർ താഴ്മ കാണിക്കുവാൻ വേണ്ടി.

وَمَا أَرْسَلْنَا فِي قَرْيَةٍ مِّن نَّبِيٍّ إِلَّا أَخَذْنَا أَهْلَهَا بِالْبَأْسَاءِ وَالضَّرَّاءِ لَعَلَّهُمْ يَضَّرَّعُونَ ○-٩٤

95. പിന്നീടു, തിൻമയുടെ സ്ഥാനത്തു നാം നൻമയെ പകരമാക്കി. അങ്ങനെ, അവർ അഭിവൃദ്ധിപ്പെട്ടു; അവർ പറയുകയും ചെയ്തു; 'നമ്മുടെ പിതാക്കളെ കഷ്ടാവസ്ഥയും, സന്തോഷാവസ്ഥയും ബാധിക്കുകയുണ്ടായിട്ടുണ്ട്. [അതുപോലെ നമുക്കും ബാധിച്ചുവെന്നു മാത്രം.]' അപ്പോൾ, അവർ അറിയാത്ത വിധത്തിൽ പെട്ടന്നു അവരെ നാം പിടി (ച്ചു ശിക്ഷി)ച്ചു.

٩٥- ثُمَّ بَدَّلْنَا مَكَانَ السَّيِّئَةِ الْحَسَنَةَ حَتَّىٰ عَفَوا وَّقَالُوا قَدْ مَسَّ آبَاءَنَا الضَّرَّاءُ وَالسَّرَّاءُ فَأَخَذْنَاهُم بَغْتَةً وَهُمْ لَا يَشْعُرُونَ ○

---

94. ما أرسلنا നാം അയച്ചിട്ടില്ല في قرية ഒരു രാജ്യത്തിലും من نبي ഒരു നബിയെയും إلا أخذنا നാം പിടിക്കാതെ أهلها അതിന്റെ ആൾക്കാരെ بالبأساء ദുരിതംകൊണ്ടു والضراء കഷ്ടപ്പാടും لعلهم അവരാകുവാൻ വേണ്ടി, ആയേക്കാം يضرعون അവർ താഴ്മ കാണിക്കം, വിനയപ്പെടും 95. ثم بدلنا പിന്നെ നാം പകരമാക്കി مكان സ്ഥാനത്തു السيئة തിൻമയുടെ الحسنة നൻമയെ حتى عفوا അങ്ങനെ അവർ അഭിവൃദ്ധിപ്പെട്ടു, അവർ വളർച്ച പ്രാപിക്കുന്നതുവരെ وقالوا അവർ പറയുകയും ചെയ്തു قد مس ബാധിച്ചിട്ടുണ്ടു آباءنا നമ്മുടെ (ഞങ്ങളുടെ) പിതാക്കളെ الضراء കഷ്ടപ്പാടു (കഷ്ടാവസ്ഥ) والسراء സന്തോഷവും (സന്തോഷാവസ്ഥയും) فأخذناهم അപ്പോൾ നാമവരെ പിടിച്ചു (ശിക്ഷിച്ചു) بغتة പെട്ടന്നു وهم അവരാകട്ടെ, അവരായിരിക്കെ لا يشعرون അവർ അറിയുന്നില്ല

പ്രവാചകൻമാരെ ധിക്കരിച്ച ചില സമുദായങ്ങളുടെ ചരിത്രം പ്രത്യേകം പ്രത്യേകം എടുത്തു വിവരിച്ച ശേഷം, കഴിഞ്ഞുപോയ പല സമുദായങ്ങളെപ്പററി പൊതുവെയുള്ള ഒരു പ്രസ്താവനയാണിത്. പ്രവാചകൻമാർ

സത്യത്തിലേക്കു ക്ഷണിക്കുമ്പോൾ എതിർപ്പും നിഷേധവും കൂടാതെ ഒരു സമുദായവും അതു സ്വീകരിക്കുവാൻ തയ്യാറാകാറില്ല. പക്ഷേ, അക്കാരണത്താൽ അല്ലാഹു ഒരു സമുദായത്തെയും ശിക്ഷിച്ചു നശിപ്പിക്കുക പതിവില്ല. ആദ്യം അവനിൽ വിനയവും താഴ്മയും ഉണ്ടാക്കിത്തീർക്കുവാൻ വേണ്ടി അല്ലാഹു അവരുടെ ദേഹങ്ങളിലോ ധനത്തിലോ വല്ല കഷ്ടപ്പാടുകളും വഴി പരീക്ഷണം നടത്തും. അതിൽ നിന്നു അവർ പാഠം പഠിക്കാതെ വരുമ്പോൾ തൽസ്ഥാനത്തു അഭിവൃദ്ധിയും ക്ഷേമൈശ്വര്യങ്ങളും നൽകി പരീക്ഷണം നടത്തും. ഈ അവസരത്തിൽ നന്ദികേടും ധിക്കാരവുമായിരിക്കും അവരിൽ നിന്നു പ്രകടമാകുക. സുഖദുഃഖങ്ങൾ നമുക്കു മാത്രമല്ല, മുമ്പുള്ളവർക്കും ഉണ്ടായിട്ടുള്ളതാണ്, അതു ലോകപ്രകൃതിയാണ്, അല്ലാതെ നമുക്കു പ്രത്യേകമായുള്ളതൊന്നുമല്ല എന്നൊക്കെയായിരിക്കും അവർ പറയുക. ചുരുക്കത്തിൽ തിന്മ ബാധിച്ചാലും നന്മ ബാധിച്ചാലും അതിൽനിന്ന് പാഠം പഠിക്കുകയില്ല. അങ്ങനെ, അഭിവൃദ്ധിയിലും സന്തോഷത്തിലും വിഹരിച്ചുകൊണ്ടിരിക്കെയായിരിക്കും പെട്ടെന്നുള്ള അവർക്കു പെട്ടെന്നു ശിക്ഷ വന്നു പെടുന്നത്. അപ്പോൾ, ഖേദിക്കും. പക്ഷേ, ഫലമുണ്ടാകയില്ല എന്നൊക്കെയാണു അല്ലാഹു പറഞ്ഞതിന്റെ സാരം. അല്ലാഹു തുടരുന്നു:—

96. (ആ) രാജ്യക്കാർ വിശ്വസിക്കുകയും, സൂക്ഷ്മത പാലിക്കുകയും ചെയ്തിരുന്നെങ്കിൽ, നാം അവർക്ക് ആകാശത്തു നിന്നും, ഭൂമിയിൽ നിന്നും 'ബർക്കത്തുകൾ' [അനുഗ്രഹാഭിവൃദ്ധികൾ] തുറന്നു കൊടുക്കുക തന്നെ ചെയ്യുമായിരുന്നു. എങ്കിലും, അവർ വ്യാജമാക്കുകയാണു ചെയ്തതു; അതിനാൽ, അവർ (പ്രവർത്തിച്ചു) സമ്പാദിച്ചിരുന്നതു നിമിത്തം അവരെ നാം പിടിച്ചു (ശിക്ഷിച്ചു).

وَلَوْ أَنَّ أَهْلَ الْقُرَىٰ آمَنُوا وَاتَّقَوْا لَفَتَحْنَا عَلَيْهِم بَرَكَاتٍ مِّنَ السَّمَاءِ وَالْأَرْضِ وَلَٰكِن كَذَّبُوا فَأَخَذْنَاهُم بِمَا كَانُوا يَكْسِبُونَ ○

96. ولو أن ആയിരുന്നെങ്കിൽ أهل القرى (ആ) രാജ്യക്കാർ آمنوا അവർ വിശ്വസിച്ചു واتقوا അവർ സൂക്ഷിക്കുകയും ചെയ്തു (വെങ്കിൽ) لفتحنا നാം തുറക്കുക തന്നെ ചെയ്യും. عليهم അവർക്കു, അവരിൽ بركات അനുഗ്രഹങ്ങളെ, അഭിവൃദ്ധികളെ, വളർച്ചകളെ من السماء ആകാശത്തു നിന്നു والأرض ഭൂമിയിൽനിന്നും ولكن كذبوا എങ്കിലും അവർ വ്യാജമാക്കി فأخذناهم അപ്പോൾ നാമവരെ പിടിച്ചു بما كانوا അവർ ആയിരുന്നതുകൊണ്ടു يكسبون അവർ സമ്പാദിക്കും, പ്രവർത്തിച്ചുവെക്കും.

സത്യവിശ്വാസം സ്വീകരിച്ചും അല്ലാഹുവിന്റെ വിധി വിലക്കുകൾ സൂക്ഷിച്ചും ജീവിക്കാത്തതു കൊണ്ടാണ് അവർ ശിക്ഷ അനുഭവിക്കേണ്ടി വന്നത്. അല്ലായിരുന്നുവെങ്കിൽ, ആകാശത്തു നിന്നുള്ള മഴയാകുന്ന അനുഗ്രഹങ്ങളും, ഭൂമിയിൽ നിന്നു ഉൽപന്നങ്ങളുടെ വർദ്ധനവു മുതലായ അനുഗ്രഹങ്ങളും അവർക്കു സുഭിക്ഷം ലഭിച്ചുകൊണ്ടു സുഖമായി കഴിയുമായിരുന്നുവെന്നു സാരം. അല്ലാഹു ചോദിക്കുന്നു:—

97. അപ്പോൾ, തങ്ങൾ ഉറങ്ങുന്നവരായിരിക്കെ രാത്രി വേളയിൽ നമ്മുടെ ശിക്ഷ തങ്ങൾക്കു വരുന്നതിനെക്കുറിച്ചു (ഭയപ്പെടാതെ) രാജ്യക്കാർ സമാധാനപ്പെട്ടിരിക്കുകയോ?!

أَفَأَمِنَ أَهْلُ الْقُرَىٰ أَن يَأْتِيَهُم بَأْسُنَا بَيَاتًا وَهُمْ نَائِمُونَ ○

97. أفأمن അപ്പോൾ സമാധാനപ്പെട്ടിരിക്കയോ, നിർഭയമായോ أهل القرى രാജ്യക്കാർ أن يأتيهم അവർക്കു വരുന്നതിനെക്കുറിച്ചു, വന്നെത്തുന്നതു بأسنا നമ്മുടെ ശിക്ഷ, ശിക്ഷ بياتا രാത്രി വേളയിൽ, രാത്രിയിലെ ആക്രമണമായിട്ടു وهم അവരായിരിക്കെ نائمون ഉറങ്ങുന്നവർ

98. തങ്ങൾ കളിച്ചുകൊണ്ടിരിക്കെ പൂർവ്വാഹ്ന [ഇള യുച്ച] വേളയിൽ തങ്ങൾക്കു നമ്മുടെ ശിക്ഷ വരുന്നതി നെയും (ഭയപ്പെടാതെ) രാജ്യക്കാർ സമാധാനപ്പെട്ടിരിക്കുക യാണോ? !

٩٨- أَوَأَمِنَ أَهْلُ الْقُرَىٰ أَن يَأْتِيَهُم بَأْسُنَا ضُحًى وَهُمْ يَلْعَبُونَ ○

99. (അതെ) അപ്പോൾ, അല്ലാഹുവിന്റെ തന്ത്രത്തെ ക്കുറിച്ചു (ഭയപ്പെടാതെ) അവർ സമാധാനപ്പെട്ടിരിക്കുകയാണോ? !

എന്നാൽ, അല്ലാഹുവിന്റെ തന്ത്രത്തെക്കുറിച്ച് (ഭയപ്പെ ടാതെ) നഷ്ടപ്പെട്ട ജനങ്ങളല്ലാതെ സമാധാനപ്പെട്ടിരിക്കുക യില്ല.

٩٩- أَفَأَمِنُوا مَكْرَ اللَّهِ ۚ فَلَا يَأْمَنُ مَكْرَ اللَّهِ إِلَّا الْقَوْمُ الْخَاسِرُونَ ○ ع

---

98. او امن സമാധാനപ്പെടുകയും ചെയ്തുവോ (ചെയ്യുകയാണോ) اهل القرى രാജ്യക്കാർ ان يأتيهم അവർക്കു വരുന്നതിനെ بأسنا നമ്മുടെ ശിക്ഷ ضحى പൂർവ്വാഹ്നത്തിൽ, ഇളയുച്ചക്ക وهم അവരാ യിരിക്കെ يلعبون അവർ കളിച്ചുകൊണ്ടിരിക്കും. 99. أفأمنوا അപ്പോൾ അവർ സമാധാനപ്പെട്ടുവോ, നിർഭയരായിരിക്കയോ مكر الله അല്ലാഹുവിന്റെ തന്ത്രത്തെ (ക്കുറിച്ചു) فلا يأمن എന്നാൽ സമാധാന പ്പെടുക(ഭയപ്പെടാതിരിക്ക)യില്ല مكر الله അല്ലാഹുവിന്റെ തന്ത്രത്തെ إلا القوم ജനങ്ങളല്ലാതെ الخاسرون നഷ്ടപ്പെട്ട, നഷ്ടക്കാരായ

അവിശ്വാസികളും ദുർമ്മാർഗ്ഗികളുമായിരുന്ന പല രാജ്യക്കാരുടെയും സമുദായങ്ങളുടെയും അനുഭവങ്ങൾ മുമ്പു വിവരിച്ചല്ലോ. അതുപോലെയുള്ള ചില ശിക്ഷാ നടപടികൾ ഇവരിലും എപ്പോൾ വേണമെങ്കിലും സംഭവിച്ചു കൂടായ്കയില്ലെന്ന് ഈ ജനങ്ങളും ഓർമ്മിച്ചു കൊള്ളട്ടെ. ആ ചരിത്ര സംഭവങ്ങളിൽ നിന്നു പാഠം പഠിക്കാതെ തങ്ങൾക്കൊന്നും ബാധിക്കുകയില്ലെന്നു സമാധാനിച്ചു കൊണ്ടിരിക്കുന്നപക്ഷം, അതു വമ്പിച്ച നഷ്ടത്തിനു ഇട വരുത്തിവെക്കുമെന്ന് അല്ലാഹു അവിശ്വാസികളെ താക്കീതു ചെയ്യുകയാണ്.

തങ്ങൾ ചെയ്യുന്നതെല്ലാം ശരിയാണെന്നും, തങ്ങൾക്കു ആപത്തും ഉപദ്രവം പറ്റാനില്ലെന്നും കരുതുന്നവർ മാത്രമേ അല്ലാഹുവിന്റെ ശിക്ഷയെക്കുറിച്ചു ഭയപ്പെടാതെ നിർഭയരായിരിക്കുകയുള്ളൂ. ഹസൻ ബസ്വരീ (റ) പറ ഞ്ഞതായി നിവേദനം ചെയ്യപ്പെട്ട ഒരു വാക്യം വളരെ അർത്ഥവത്താകുന്നു: 'സത്യവിശ്വാസി സൽപ്രവൃത്തികൾ ചെയ്യുന്നതു ഭയപ്പാടോടും പേടിയോടും കൂടിയായിരിക്കും. ദുർന്നടപ്പുകാരൻ പാപങ്ങൾ ചെയ്യുന്നതു ഭയപ്പാടി ല്ലാതെ നിർഭയനായും കൊണ്ടായിരിക്കും.'

വിഭാഗം–13

100. ഭൂമിയെ, അതിലെ (പൂർവ്വിക) ആൾക്കാരുടെ ശേഷം, അനന്തരാവകാശമെടുക്കുന്നവർക്കു മാർഗ്ഗദർശക മായി [വ്യക്തമായി] ഭവിച്ചില്ലേ? നാം ഉദ്ദേശിക്കുന്ന പക്ഷം, അവരുടെ പാപങ്ങൾ നിമിത്തം നാം അവർക്കു (ആപത്തു) ബാധിപ്പിക്കുമെന്നു! നാം അവരുടെ ഹൃദയങ്ങൾക്കു മുദ്ര വെക്കുകയും ചെയ്യുന്നു; അങ്ങനെ അവർ കേൾക്കുന്നില്ല.

١٠٠- أَوَلَمْ يَهْدِ لِلَّذِينَ يَرِثُونَ الْأَرْضَ مِن بَعْدِ أَهْلِهَا أَن لَّوْ نَشَاءُ أَصَبْنَاهُم بِذُنُوبِهِمْ ۚ وَنَطْبَعُ عَلَىٰ قُلُوبِهِمْ فَهُمْ لَا يَسْمَعُونَ ○

---

100. أولم يهد മാർഗ്ഗദർശകമാകുന്നില്ലേ, വ്യക്തമാകുന്നുമില്ലേ للذين يرثون അനന്തരമെടുക്കു ന്നവർക്ക്, അനന്തരാവകാശികളായി വരുന്ന(കൈകാര്യം ചെയ്യുന്ന)വർക്ക് الأرض ഭൂമിയെ من بعد ശേഷം, ശേഷമായി أهلها അതിന്റെ ആൾക്കാരുടെ أن لو نشاء നാം ഉദ്ദേശിക്കുന്നപക്ഷം എന്നു أصبناهم അവർക്കു നാം (ആപത്തു) ബാധിപ്പിക്കും (എന്നു) بذنوبهم അവരുടെ പാപങ്ങൾ നിമിത്തം ونطبع നാം മുദ്രവെക്കുകയും ചെയ്യും (ചെയ്യുന്നു) على قلوبهم അവരുടെ ഹൃദയങ്ങൾക്ക്, ഹൃദയങ്ങളുടെ മേൽ فهم എന്നിട്ടവർ, അങ്ങനെ അവർ لا يسمعون കേൾക്കുകയില്ല (കേൾക്കുന്നില്ല).

[illegible] പിൻഗാമികളുമായി ഈ ഭൂമിയിൽ സംഗതു വന്നിട്ടുള്ളവരാ[illegible] അവരുടെ പാപങ്ങൾ നിമിത്തം അവരെ ശിക്ഷിച്ചതുപോലെ ഇവരെയും വേണ്ട[illegible] എന്ന് അവരുടെ ചരിത്രങ്ങളിൽ നിന്ന ഇവർക്ക വ്യക്തമായി മനസ്സിലായിട്ടില്ലേ? [illegible] ആണു ഇവർ ചെയ്യുന്നത്. ഇവരുടെ ഹൃദയങ്ങൾക്കു നാം മുദ്ര വെക്കുകയാണു [illegible] അവർ കേൾക്കുകയും ഗ്രഹിക്കുകയും ചെയ്യാതായിരിക്കുകയാണ് [illegible] ഹൃദയങ്ങൾക്കു മുദ്രവെക്കുക എന്നു പറയുന്നതിന്റെ ഉദ്ദേശ്യമെന്താണെന്നു [illegible] നാം വിവരിച്ചു കഴിഞ്ഞിട്ടുള്ളതാണ്. അടുത്ത വചനത്തിൽ നിന്നു തന്നെ അതു മന[illegible]

101. ആ രാജ്യങ്ങൾ അവയുടെ വൃത്താന്തങ്ങളിൽ നിന്ന (ചിലതെല്ലാം) നാം നിനക്കു തരുകയാണ്.

തീർച്ചയായും, അവർക്കു [ആ രാജ്യക്കാർക്കു] അവരുടെ റസൂലുകൾ വ്യക്തമായ തെളിവുകളുമായി ചെല്ലുകയുണ്ടായി. എന്നാൽ, മുമ്പു അവർ യാതൊന്നിനെ വ്യാജമാക്കിയോ അതിൽ അവർ വിശ്വസിക്കു (വാൻ തയ്യാറാകു)കയുണ്ടായില്ല. അപ്രകാരം, അവിശ്വാസികളുടെ ഹൃദയങ്ങളെ അല്ലാഹു മുദ്ര കുത്തുന്നു.

١٠١- تِلْكَ الْقُرَىٰ نَقُصُّ عَلَيْكَ مِنْ أَنبَائِهَا ۚ وَلَقَدْ جَاءَتْهُمْ رُسُلُهُم بِالْبَيِّنَاتِ فَمَا كَانُوا لِيُؤْمِنُوا بِمَا كَذَّبُوا مِن قَبْلُ ۚ كَذَٰلِكَ يَطْبَعُ اللَّهُ عَلَىٰ قُلُوبِ الْكَافِرِينَ ○

---

101. تلك القرى ആ രാജ്യങ്ങൾ نقص عليك നിനക്കു നാം (കഥ) വിവരിച്ചു തരുന്നു من أنبائها അതിന്റെ വൃത്താന്ത (വർത്തമാന)ങ്ങളിൽ നിന്നു ولقد جاءتهم തീർച്ചയായും അവർക്കു വന്നിട്ടുണ്ട്, ചെല്ലുകയുണ്ടായി رسلهم അവരുടെ റസൂലുകൾ بالبينات തെളിവുകളുമായി فما كانوا എന്നിട്ടു അവർ (തയ്യാർ) ആയില്ല ليؤمنوا അവർ വിശ്വസിക്കുവാൻ بما كذبوا അവർ വ്യാജമാക്കിയതിൽ, വ്യാജമാക്കിയതുകൊണ്ട് من قبل മുമ്പു, മുമ്പെ كذلك അപ്രകാരം يطبع الله അല്ലാഹു മുദ്രവെക്കുന്നു (വെക്കും) على قلوب ഹൃദയങ്ങൾക്കു الكافرين അവിശ്വാസികളുടെ

തെളിവുകളും ദൃഷ്ടാന്തങ്ങളും ധാരാളം ലഭിച്ചിട്ടു പിന്നെയും മുൻ സ്ഥിതിയിൽ മാറ്റം വരാതെ, സത്യനിഷേധത്തിലും, വ്യാജവാദത്തിലും ശഠിച്ചു നിന്നുകൊണ്ടേ ഇരിക്കുമ്പോഴാണു വേണ്ടതെന്നും [illegible] ഹൃദയങ്ങൾക്ക മുദ്ര വെക്കുന്നതെന്ന ഈ വചനത്തിൽ അല്ലാഹു വ്യക്തമാക്കുന്നു. بما كذبوا من قبل എന്ന വാക്കിന് 'അവർ മുമ്പു വ്യാജമാക്കിയതു നിമിത്തം' എന്നും അർത്ഥം കല്പിക്കപ്പെട്ടിട്ടുണ്ട്. അതായ[illegible] അതുകൊണ്ടവർ വിശ്വസിക്കുവാൻ തയ്യാറാകാത്തതു എന്നു താല്പര്യം.

102. അവരിൽ അധികമാൾക്കും യാതൊരു കരാറും [കരാറു പാലിക്കേണ്ട ബോധവും] നാം കണ്ടെത്തിയില്ല; അവരിൽ അധികമാളുകളെയും തോന്നിയവാസികളായിത്തന്നെ നാം കണ്ടെത്തുകയും ചെയ്തു.

١٠٢- وَمَا وَجَدْنَا لِأَكْثَرِهِم مِّنْ عَهْدٍ ۖ وَإِن وَجَدْنَا أَكْثَرَهُمْ لَفَاسِقِينَ ○

---

102. وما وجدنا നാം കണ്ടെത്തിയില്ല لأكثرهم അവരിൽ അധികമാൾക്കും من عهد ഒരു കരാറും, പ്രതിജ്ഞയും وإن وجدنا നിശ്ചയമായും നാം കണ്ടെത്തുകയും ചെയ്തു أكثرهم അവരിൽ അധികത്തെയും لفاسقين തോന്നിയവാസികളായി തന്നെ

അതുകൊണ്ടാണു മേൽ വിവരിച്ച രാജ്യങ്ങളിലെ ആളുകൾക്കു ആ അനുഭവം നേരിട്ടതെന്നു താൽപര്യം. മനുഷ്യൻ പ്രകൃത്യാതന്നെ തന്റെ സ്രഷ്ടാവിനെക്കുറിച്ചു ബോധവാനായിരിക്കുവാൻ കടപ്പെട്ടവനാകുന്നു. പ്രവാചകൻമാരും, വേദഗ്രന്ഥങ്ങളും മുഖേന തെളിവുകളും ദൃഷ്ടാന്തങ്ങളും ലഭിക്കുന്നതോടെ ആ ബാദ്ധ്യത കൂടുതൽ ദൃഢപ്പെടുന്നു. പരീക്ഷണ ഘട്ടങ്ങൾ വരുമ്പോൾ അതു പിന്നെയും ഒന്നുകൂടി ശക്തിപ്പെടുന്നു. എന്നിട്ടും ആ ബാദ്ധ്യത നിറവേറ്റുവാനുള്ള ബോധവും തയ്യാറും അവർക്കുണ്ടായില്ല എന്നത്രെ 'അവർക്ക യാതൊരു കരാറും നാം കണ്ടെത്തിയില്ല' എന്നു പറഞ്ഞതിന്റെ സാരം.

ഈ സത്യനിഷേധികൾ അവരുടെ മർക്കട മുഷ്ടിയും ധിക്കാരവും തുടർന്നുകൊണ്ടിരിക്കുന്നതിൽ അത്ഭുതത്തിനോ വ്യസനത്തിനോ ആവശ്യമില്ലെന്നും, ഇങ്ങിനെ എത്രയോ ഉദാഹരണങ്ങൾ ഇതിനു മുമ്പു കഴിഞ്ഞുപോയിട്ടുണ്ടെന്നും ചരിത്ര സംഭവങ്ങൾ നിരത്തി ചൂണ്ടിക്കാട്ടിയശേഷം, നിലവിലുള്ള ലോകരിൽ റസൂലായി അയക്കപ്പെട്ട മൂസാ (അ) നബി സത്യപ്രബോധനം നടത്തിയപ്പോൾ അദ്ദേഹത്തിനു നേരിട്ട അനുഭവങ്ങൾ അല്ലാഹു നബി (സ)ക്കു വിവരിച്ചു കൊടുക്കുന്നു:–

103. പിന്നീടു, അവരുടെ [മേൽ പറയപ്പെട്ടവരുടെ] ശേഷം, ഫിർഔന്റെയും, അവന്റെ പ്രധാനികളുടെയും അടുക്കലേക്കു നമ്മുടെ ദൃഷ്ടാന്തങ്ങളുമായി നാം മൂസായെ നിയോഗിച്ചയച്ചു. എന്നിട്ടു, അവർ അവയിൽ (വിശ്വസിക്കാതെ) അക്രമം പ്രവർത്തിച്ചു.

١٠٣- ثُمَّ بَعَثْنَا مِنۢ بَعْدِهِم مُّوسَىٰ بِـَٔايَٰتِنَآ إِلَىٰ فِرْعَوْنَ وَمَلَإِي۟هِۦ فَظَلَمُوا۟ بِهَا ۖ

അപ്പോൾ, (ആ) കുഴപ്പം പ്രവർത്തിച്ചവരുടെ പര്യവസാനം എങ്ങനെ ആയെന്നു നോക്കുക!

فَٱنظُرْ كَيْفَ كَانَ عَٰقِبَةُ ٱلْمُفْسِدِينَ ۝

104. മൂസാ പറയുകയും ചെയ്തു: 'ഫിർഔനേ, നിശ്ചയമായും ഞാൻ, ലോകരുടെ രക്ഷിതാവിങ്കൽ നിന്നുള്ള ഒരു റസൂലാകുന്നു.

١٠٤- وَقَالَ مُوسَىٰ يَٰفِرْعَوْنُ إِنِّى رَسُولٌ مِّن رَّبِّ ٱلْعَٰلَمِينَ ۝

105. 'അല്ലാഹുവിന്റെ പേരിൽ യഥാർത്ഥമല്ലാതെ (ഒന്നും) പറയാതിരിക്കുവാൻ അവകാശപ്പെട്ടവനാണു (ഞാൻ). നിങ്ങളുടെ റബ്ബിങ്കൽനിന്നും ഞാൻ നിങ്ങൾക്ക വ്യക്തമായ തെളിവും കൊണ്ടു വന്നിട്ടുണ്ട്; ആകയാൽ, എന്റെ കൂടെ നീ ഇസ്രാഈൽ സന്തതികളെ അയച്ചു [വിട്ടു] തരുക.'

١٠٥- حَقِيقٌ عَلَىٰٓ أَن لَّآ أَقُولَ عَلَى ٱللَّهِ إِلَّا ٱلْحَقَّ ۚ قَدْ جِئْتُكُم بِبَيِّنَةٍ مِّن رَّبِّكُمْ فَأَرْسِلْ مَعِىَ بَنِىٓ إِسْرَٰٓءِيلَ ۝

---

103. ثم പിന്നെ നാം അയച്ചു, എഴുന്നെല്പിച്ചു (നിയോഗിച്ചു) من بعدهم അവരുടെ ശേഷം موسى മൂസായെ بآياتنا നമ്മുടെ ദൃഷ്ടാന്തങ്ങളുമായി الى فرعون ഫിർഔന്റെ അടുക്കലേക്ക وملائه അവന്റെ സംഘക്കാരിലേക്കും, പ്രധാനികളിലേക്കും فظلموا എന്നിട്ടു അവർ അക്രമം പ്രവർത്തിച്ചു بها അവയിൽ, അവകൊണ്ടു فانظر അപ്പോൾ നോക്കുക كيف كان എങ്ങിനെ ആയി (ഉണ്ടായി) عاقبة പര്യവസാനം, കലാശം المفسدين നാശം (കുഴപ്പം) പ്രവർത്തിക്കുന്നവരുടെ 104. وقال موسى മൂസാ പറയുകയും ചെയ്തു يا فرعون ഫിർഔനേ انى رسول ഞാൻ ഒരു ദൂതനാണു من رب രക്ഷിതാവിങ്കൽ നിന്ന العالمين ലോകരുടെ 105. حقيق അവകാശപ്പെട്ട (കടമപ്പെട്ട)വനാണു على ان لا اقول ഞാൻ പറയാതിരിക്കുവാൻ على الله അല്ലാഹുവിന്റെ പേരിൽ الا الحق യഥാർത്ഥമല്ലാതെ, സത്യമൊഴികെ قد جئتكم ഞാൻ നിങ്ങൾക്ക വന്നിട്ടുണ്ട് ببينة തെളിവുംകൊണ്ടു من ربكم നിങ്ങളുടെ റബ്ബിങ്കൽനിന്ന فارسل അതിനാൽ അയച്ചു തരുക معى എന്റെ കൂടെ بنى اسرائيل ഇസ്രാഈൽ സന്തതികളെ

സത്യവിശ്വാസത്തിലേക്കും തൗഹീദിലേക്കും ക്ഷണിക്കുകയെന്ന ദൗത്യത്തിനു പുറമെ, മൂസാ (അ) നബി നിർവ്വഹിക്കേണ്ടിയിരുന്ന ഒരു പ്രത്യേക ദൗത്യമായിരുന്നു ഇസ്രാഈല്യരെ ഫിർഔന്റെ അടിമത്തത്തിൽ നിന്ന് മോചിപ്പിക്കൽ. ഇസ്രാഈൽ സന്തതികളെ എന്റെ കൂടെ അയച്ചു തരണമെന്ന് അദ്ദേഹം പറഞ്ഞതു അതിനെക്കുറിച്ചാകുന്നു. ഇബ്റാഹീം (അ) നബിയുടെ പൗത്രനും, ഇസ്രാഈൽ എന്ന യഅ്ഖൂബ് (അ) നബിയുടെ മകനുമായ യൂസുഫ് (അ) നബിയുടെ ചരിത്രം സൂറത്തു യൂസുഫിൽ വരുന്നുണ്ട്. അതിൽ കാണപ്പെടുന്ന പ്രകാരം, അദ്ദേഹവും അദ്ദേഹത്തിന്റെ മാതാപിതാക്കളും സഹോദരങ്ങളും അവസാനം ഈജിപ്തിൽ താമസമായി. കാലക്രമത്തിൽ ആ കുടുംബം ഒരു വമ്പിച്ച ജനതയായി വർദ്ധിച്ചു. ഈജിപ്തിലെ ഭരണാധിപത്യം ഖിബ്ത്വീ (കോപ്തി)കളായ ഫിർഔൻ (ഫറോവ) രാജവംശത്തിന്റെ കയ്യിലായിരുന്നു. ആദ്യകാലത്തു ഇസ്രാഈല്യർക്ക് അവിടെ ഉണ്ടായിരുന്ന പദവും പ്രശസ്തിയുമെല്ലാം കാലാന്തരങ്ങളിൽ നഷ്ടപ്പെടുകയും, അവർ കോപ്തി വർഗ്ഗത്തിന് അടിമപ്പെട്ടും അവരുടെ അക്രമ മർദ്ദനങ്ങൾ സഹിച്ചും കഴിഞ്ഞുകൂടേണ്ടി വരികയും ചെയ്തു. ഈ അവസരത്തിലായിരുന്നു മൂസാ (അ) നബിയെ അല്ലാഹു റസൂലായി നിയോഗിച്ചത്.

ഖുർആനിൽ വളരെയേറെ ആവർത്തിച്ചും വിസ്തരിച്ചും വിവരിക്കപ്പെട്ടിട്ടുള്ള ഒരു ചരിത്രമാണ് മൂസാ (അ) നബിയുടെയും ഇസ്രാഈല്യരുടെയും ചരിത്രം. ആ ചരിത്രത്തിന്റെ ചില വശങ്ങൾ ചില സൂറത്തുകളിൽ പ്രത്യേകം വിശദീകരിക്കപ്പെട്ടു കാണാം. ആ കൂട്ടത്തിൽ പെട്ടതാണ് ഈ സൂറത്തും, ഖസ്വസ്വും, ത്വാഹായും. മക്കീ സൂറത്തുകളിലാണ് ഇത് കൂടുതൽ കാണപ്പെടുക. നൂറ്റിമുപ്പതിൽ പരം സ്ഥലത്ത് മൂസാ (അ) നബിയുടെ പേർ ഖുർആനിൽ പറയപ്പെട്ടിരിക്കുന്നു. കഴിഞ്ഞുപോയ സമുദായങ്ങളിൽ വെച്ച് ഏറ്റവും വലിയ ഒരു സമുദായത്തിലേക്ക് നിയോഗിക്കപ്പെട്ട റസൂലും, ആദ്യന്തം സംഭവബഹുലമായ ഒരു നീണ്ട ചരിത്രത്തിന്റെ നായകനുമായിരുന്നു ആ പ്രവാചകൻ. ആ നിലക്ക് നബി (സ) തിരുമേനിക്കും, അവിടുത്തെ സമുദായത്തിനും ആ ചരിത്രത്തിൽ നിന്നും വളരെയധികം മാതൃകകളും പാഠങ്ങളും ഗ്രഹിക്കുവാനുണ്ട്. അതുകൊണ്ടാണ് ആ പ്രവാചകവര്യന്റെ ചരിത്രത്തിന് അല്ലാഹു ഇത്രയധികം പ്രാധാന്യം കല്പിച്ചിരിക്കുന്നത്.

106. അവൻ [ഫിർഔൻ] പറഞ്ഞു: 'നീ വല്ല ദൃഷ്ടാന്തവും കൊണ്ടു വന്നിട്ടുണ്ടെങ്കിൽ, അതു (ഇങ്ങു) കൊണ്ടുവാ, നീ സത്യവാൻമാരിൽപെട്ടവനാണെങ്കിൽ!'

١٠٦. قَالَ إِن كُنتَ جِئْتَ بِآيَةٍ فَأْتِ بِهَا إِن كُنتَ مِنَ الصَّادِقِينَ ۝

107. അപ്പോൾ അദ്ദേഹം തന്റെ വടിയിട്ടു; അപ്പോഴതാ അതു പ്രത്യക്ഷമായ ഒരു സർപ്പം!

١٠٧. فَأَلْقَىٰ عَصَاهُ فَإِذَا هِيَ ثُعْبَانٌ مُّبِينٌ ۝

108. അദ്ദേഹം തന്റെ കൈ പുറത്തെടുത്തു (കാട്ടി); അപ്പോഴതാ നോക്കുന്നവർക്കു (അതു) വെള്ള നിറമുള്ളത്!

١٠٨. وَنَزَعَ يَدَهُ فَإِذَا هِيَ بَيْضَاءُ لِلنَّاظِرِينَ ۝ ع

---

106. قَالَ അവൻ പറഞ്ഞു إِن كُنتَ നീ ആണെങ്കിൽ جِئْتَ നീ വന്നിരിക്കുന്നു (എങ്കിൽ) بِآيَةٍ വല്ല ദൃഷ്ടാന്തവുംകൊണ്ടു فَأْتِ بِهَا എന്നാലതു കൊണ്ടുവാ إِن كُنتَ നീ ആണെങ്കിൽ مِنَ الصَّادِقِينَ സത്യം പറയുന്നവരിൽ 107. فَأَلْقَىٰ അപ്പോൾ അദ്ദേഹം ഇട്ടു عَصَاهُ അദ്ദേഹത്തിന്റെ വടി فَإِذَا هِيَ അപ്പോൾ (അതാ) അതു ثُعْبَانٌ ഒരു സർപ്പം, പെരുമ്പാമ്പു مُّبِينٌ പ്രത്യക്ഷമായ, തനി. 108. وَنَزَعَ അദ്ദേഹം നീക്കി (പുറത്തു) എടുക്കുകയും ചെയ്തു يَدَهُ തന്റെ കൈ فَإِذَا هِيَ അപ്പോൾ (അതാ) അതു بَيْضَاءُ വെളുത്തതു لِلنَّاظِرِينَ നോക്കുന്നവർക്കു.

സീനാ താഴ്‌വരയിൽ വെച്ച് അല്ലാഹു മൂസാ(അ) നബിയെ ഫിർഔന്റെ അടുക്കലേക്കും മറ്റും റസൂലായി നിയോഗിച്ചയച്ച അവസരത്തിൽതന്നെ, അദ്ദേഹത്തിനു രണ്ടു മഹാദൃഷ്ടാന്തങ്ങളായി നിശ്ചയിച്ചു കൊടുത്തിരുന്നതാണ് അദ്ദേഹത്തിന്റെ വടിയും കയ്യും. കൂടുതൽ വിവരത്തിനു സൂ: ഖസ്വസ്വും, ത്വാഹായും നോക്കുക.

109. ഫിർഔന്റെ ജനങ്ങളിൽ നിന്നുള്ള പ്രധാനികൾ പറഞ്ഞു: 'നിശ്ചയമായും ഇവൻ, (വളരെ) അറിവുള്ളതായ ഒരു ജാലവിദ്യക്കാരൻ തന്നെ;

١٠٩- قَالَ الْمَلَأُ مِنْ قَوْمِ فِرْعَوْنَ إِنَّ هَٰذَا لَسَاحِرٌ عَلِيمٌ ۝

110. 'നിങ്ങളെ നിങ്ങളുടെ നാട്ടിൽ നിന്നു പുറത്താക്കുവാൻ അവൻ ഉദ്ദേശിക്കുന്നു. അതിനാൽ, (ഇവനെപ്പറ്റി) നിങ്ങൾ എന്തു കൽപിക്കുന്നു [എന്താണു നിങ്ങൾക്കു നിർദ്ദേശിക്കുവാനുള്ളത്]? !

١١٠- يُرِيدُ أَنْ يُخْرِجَكُمْ مِنْ أَرْضِكُمْ فَمَاذَا تَأْمُرُونَ ۝

---

109. قَالَ الْمَلَأُ സംഘം (പ്രധാനി)കൾ പറഞ്ഞു مِنْ قَوْمِ ജനങ്ങളിൽ നിന്നു فِرْعَوْنَ ഫിർഔന്റെ إِنَّ هَٰذَا നിശ്ചയമായും ഇതു, ഇവൻ لَسَاحِرٌ ഒരു സിഹ്റുകാരൻ (ജാലവിദ്യക്കാരൻ) തന്നെ عَلِيمٌ അറിവുള്ള 110. يُرِيدُ അവൻ ഉദ്ദേശിക്കുന്നു أَنْ يُخْرِجَكُمْ നിങ്ങളെ പുറത്താക്കു (ബഹിഷ്കരിക്കു) വാൻ مِنْ أَرْضِكُمْ നിങ്ങളുടെ ഭൂമിയിൽ (നാട്ടിൽ)നിന്നു فَمَاذَا അപ്പോൾ (അതിനാൽ) എന്താണു تَأْمُرُونَ നിങ്ങൾ കൽപിക്കുന്നു (നിർദ്ദേശിക്കുന്നു).

മൂസാ (അ) ദൃഷ്ടാന്തങ്ങൾ കാട്ടിക്കൊടുത്തപ്പോൾ അവരിലുള്ള പ്രധാനികൾ തമ്മതമ്മിൽ പറയുന്നതാണിത്. ഫിർഔനും ഇപ്രകാരം പറഞ്ഞതായും, പ്രധാനികളോടു നിർദ്ദേശം ആവശ്യപ്പെട്ടതായും സൂ: ശുഅറാഉൽ (34:35) കാണാം. അപ്പോൾ, എല്ലാവരും അന്യോന്യം കൂടിയാലോചിച്ചായിരുന്നു മൂസാ (അ) നബിക്കെതിരെയുള്ള നയം അവർ തീരുമാനിച്ചതെന്നു മനസ്സിലാക്കാം. വളരെ നിപുണനായ ഒരു ജാലവിദ്യക്കാരനാണിവൻ. അതു വഴി നിങ്ങളെ മയക്കി വഞ്ചിച്ച് നിങ്ങളെ ഇവിടെനിന്നു ബഹിഷ്കൃതരാക്കുവാനുള്ള ഒരു സൂത്രമാണിത്. അതുകൊണ്ടു ഇവനെ വെറുതെ വിട്ടുകൂടാ. അതെങ്ങിനെ വേണം? ഇതാണവരുടെ ആലോചന.

ജാലവിദ്യ, ആഭിചാരം, ഇന്ദ്രജാലം, ചെപ്പിടിവിദ്യ മുതലായവക്കെല്ലാം പറയപ്പെടുന്ന വാക്കാണ് سحر (സിഹ്ർ) എന്നും, അതിന്റെ കർത്തൃനാമമാണു ساحر (സാഹിർ) എന്നും, മായാകർമം മനസ്സിലാക്കാൻ പ്രയാസമായ എല്ലാ പകിട്ടുവേലകൾക്കും ഈ വാക്കു ഉപയോഗിക്കപ്പെടുമെന്നും സൂ: അൽബഖറഃ 102ലെ വ്യാഖ്യാനത്തിലും മറ്റും മുമ്പു വിവരിച്ചിട്ടുള്ളതു ഓർക്കുക.

111. അവർ (ഫിർഔനോടു) പറഞ്ഞു: 'അവന്നും, അവന്റെ സഹോദരന്നും ഇടകൊടുക്കുക; നഗരങ്ങളിൽ ശേഖരിക്കുന്ന ആളുകളെ നിയോഗിച്ചയക്കുകയും ചെയ്യുക;—

١١١- قَالُوا أَرْجِهْ وَأَخَاهُ وَأَرْسِلْ فِي الْمَدَائِنِ حَاشِرِينَ ۝

112. (നല്ലപോലെ) അറിയുന്നവരായ എല്ലാ ജാലവിദ്യക്കാരെയും (ശേഖരിച്ച്) അവർ അങ്ങയുടെ അടുക്കൽ കൊണ്ടുവരട്ടെ.'

١١٢- يَأْتُوكَ بِكُلِّ سَاحِرٍ عَلِيمٍ ۝

---

111. قَالُوا അവർ പറഞ്ഞു أَرْجِهْ അവനെ പിന്തിച്ചു വെക്കുക, അവന്നു ഒഴിവു (ഇട) നൽകുക وَأَخَاهُ അവന്റെ സഹോദരനെയും وَأَرْسِلْ അയക്കുക (നിയോഗിക്കുക)യും ചെയ്യുക فِي الْمَدَائِنِ പട്ടണങ്ങളിൽ حَاشِرِينَ ശേഖരിക്കുന്ന(ഒരുമിച്ചു കൂട്ടുന്ന)വരെ. 112. يَأْتُوكَ അവർ നിനക്കു (അങ്ങേക്കു)വരും (വരട്ടെ) بِكُلِّ سَاحِرٍ എല്ലാ ജാലവിദ്യക്കാരെയും കൊണ്ടു عَلِيمٍ അറിവുള്ള.

മൂസാ (അ) നബിയെ റസൂലായി നിശ്ചയിച്ചപ്പോൾ, അദ്ദേഹത്തിനു വാചാലതയായി സംസാരിക്കുവാൻ വിഷമമുണ്ടായിരുന്നു നിമിത്തം, അദ്ദേഹത്തിന്റെ അപേക്ഷയനുസരിച്ചു സഹോദരൻ ഹാറൂൻ (അ) നബിയെ ഒരു സഹായകനായി അദ്ദേഹത്തിനു അല്ലാഹു നിശ്ചയിച്ചു കൊടുത്തിരുന്നു. രണ്ടുപേരും കൂടിയായിരുന്നു ഫിർഔനെ സമീപിച്ചതു. അതുകൊണ്ടാണ് 'അവനെയും അവന്റെ സഹോദരനെയും തൽക്കാലം ഇടകൊടുത്തു വിടുക' എന്നു അവർ പറഞ്ഞതു. ഫിർഔന്റെ നിർദ്ദേശപ്രകാരം വളരെ ജാലവിദ്യക്കാർ ശേഖരിക്കപ്പെട്ടു.

113. ജാലവിദ്യക്കാർ ഫിർഔന്റെ അടുക്കൽ വരുകയും ചെയ്തു. അവർ പറഞ്ഞു: 'വിജയിക്കുന്നവർ ഞങ്ങളാണെങ്കിൽ, നിശ്ചയമായും ഞങ്ങൾക്കു ഒരു (വമ്പിച്ച) പ്രതിഫലം ഉണ്ടായിരിക്കുമല്ലോ!'

١١٣- وَجَاءَ السَّحَرَةُ فِرْعَوْنَ قَالُوا إِنَّ لَنَا لَأَجْرًا إِن كُنَّا نَحْنُ الْغَالِبِينَ ۝

114. അവൻ പറഞ്ഞു: 'അതെ, (മാത്രമല്ല) നിശ്ചയമായും നിങ്ങൾ, (നമ്മുടെ അടുക്കൽ) സാമീപ്യം സിദ്ധിച്ചവരിൽ പെട്ടവരുമായിരിക്കും.'

١١٤- قَالَ نَعَمْ وَإِنَّكُمْ لَمِنَ الْمُقَرَّبِينَ ۝

113. وجاء السحرة ജാലവിദ്യക്കാർ വരുകയും ചെയ്തു فرعون ഫിർഔന്റെ അടുക്കൽ قالوا അവർ പറഞ്ഞു إن لنا നിശ്ചയമായും ഞങ്ങൾക്കുണ്ടു (അല്ലേ) لأجرا ഒരു (വമ്പിച്ച) പ്രതിഫലം തന്നെ إن كنا ഞങ്ങൾ ആയെങ്കിൽ نحن ഞങ്ങൾ(തന്നെ) الغالبين വിജയികൾ, കവച്ചുവെക്കുന്നവർ 114. قال نعم അവൻ പറഞ്ഞു അതെ وإنكم നിശ്ചയമായും നിങ്ങൾ (ആകുന്നു താനും) لمن المقربين സാമീപ്യം നൽകപ്പെട്ട (സിദ്ധിച്ച)വരിൽ പെട്ട(വർ) തന്നെ

മൂസാ (അ) നബിയോടു മത്സരിക്കുവാൻ വേണ്ടി ജാലവിദ്യക്കാർ വമ്പിച്ച ഒരുക്കങ്ങൾ ചെയ്തിരുന്നു. അതിനായി അവരുടെ വടികളും, കയറുകളും മുതലായ സാമഗ്രികളും കൊണ്ടു വന്നിരുന്നു. (20: 66) നിശ്ചയ പ്രകാരം ഒരു ഉത്സവദിവസം ഉയർന്ന സമയത്തായിരുന്നു അതു. (20: 59) എല്ലാവരും രംഗത്തു ഒരുമിച്ചു കൂടി.

115. അവർ [ജാലവിദ്യക്കാർ] പറഞ്ഞു: 'മൂസാ, ഒന്നുകിൽ നീ (ആദ്യം വടി) ഇടുക, ഒന്നുകിൽ (ആദ്യം) ഇടുന്നവർ ഞങ്ങളായിരിക്കുക (-ഏതാണു വേണ്ടതു)?'

١١٥- قَالُوا يَا مُوسَىٰ إِمَّا أَن تُلْقِيَ وَإِمَّا أَن نَّكُونَ نَحْنُ الْمُلْقِينَ ۝

116. അദ്ദേഹം [മൂസാ] പറഞ്ഞു: 'നിങ്ങൾ ഇട്ടുകൊള്ളുവിൻ.

١١٦- قَالَ أَلْقُوا ۖ

അങ്ങനെ, അവർ (വടി) ഇട്ടപ്പോൾ, അവർ മനുഷ്യരുടെ കണ്ണുകളെ പകിട്ടാക്കുകയും, അവർ അവരെ പേടിപ്പെടുത്തുകയും ചെയ്തു. അവർ ഒരു വമ്പിച്ച ജാലവിദ്യ (തന്നെ) കൊണ്ടുവരുകയും ചെയ്തു.

فَلَمَّا أَلْقَوْا سَحَرُوا أَعْيُنَ النَّاسِ وَاسْتَرْهَبُوهُمْ وَجَاءُوا بِسِحْرٍ عَظِيمٍ ۝

115. قالوا അവർ പറഞ്ഞു يا موسى മൂസാ إما أن تلقي ഒന്നുകിൽ നീ ഇടുക وإما أن نكون ഒന്നുകിൽ ഞങ്ങളായിരിക്കുക نحن ഞങ്ങൾ (തന്നെ) الملقين ഇടുന്നവർ 116. قال അദ്ദേഹം പറഞ്ഞു ألقوا നിങ്ങൾ ഇട്ടുകൊള്ളുവിൻ فلما ألقوا അങ്ങനെ അവർ ഇട്ടപ്പോൾ سحروا അവർ പകിട്ടാക്കി, മായത്തിലാക്കി أعين الناس മനുഷ്യരുടെ കണ്ണുകളെ واسترهبوهم അവരെ അവർ പേടിപ്പെടുത്തുകയും ചെയ്തു وجاءوا അവർ വരുകയും ചെയ്തു بسحر ഒരു ജാലവിദ്യയുമായി عظيم വമ്പിച്ചതായ

ചില മായാതന്ത്രങ്ങൾ വഴി ജാലവിദ്യക്കാരുടെ വടികളും കയറുകളും കാണികളുടെ ദൃഷ്ടിയിൽ പാമ്പുകളായി തോന്നി. അവർ അതു കണ്ട് ഭയപ്പെടുകയും ചെയ്തു. ജാലവിദ്യയുടെ ഇനത്തിൽ വളരെ വമ്പിച്ച വിദ്യ തന്നെയായിരുന്നു അവർ പ്രകടിപ്പിച്ചത്. അല്ലാഹു പറയുന്നു:—

117. മൂസാക്കു നാം 'വഹ്‌യു' [സന്ദേശം] നൽകുകയും ചെയ്തു: 'നിന്റെ വടി നീ ഇട്ടേക്കുക' എന്നു. അപ്പോൾ അതാ, അവർ കൃത്രിമമാ(യുണ്ടാ)ക്കിയിരുന്നതിനെ അതു വിഴുങ്ങുന്നു!

١١٧- وَأَوْحَيْنَا إِلَىٰ مُوسَىٰ أَنْ أَلْقِ عَصَاكَ ۖ فَإِذَا هِيَ تَلْقَفُ مَا يَأْفِكُونَ ۝

118. അങ്ങനെ, യഥാർത്ഥം സംഭവിച്ചു. [സത്യം പുലർന്നു]; അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതു വിഫലമാകുകയും ചെയ്തു.

١١٨- فَوَقَعَ الْحَقُّ وَبَطَلَ مَا كَانُوا يَعْمَلُونَ ۝

119. അപ്പോൾ, അവിടംവെച്ച് അവർ പരാജയപ്പെട്ടു; അവർ നിസ്സാരൻമാരായി മാറുകയും ചെയ്തു.

١١٩- فَغُلِبُوا هُنَالِكَ وَانْقَلَبُوا صَاغِرِينَ ۝

---

117. وَأَوْحَيْنَا നാം സന്ദേശം നൽകുകയും ചെയ്തു إِلَىٰ مُوسَىٰ മൂസാക്കു أَنْ أَلْقِ നീ ഇടുക (ഇടണം) എന്നു عَصَاكَ നിന്റെ വടി فَإِذَا هِيَ അപ്പോൾ (അതാ) അതു تَلْقَفُ അതു വിഴുങ്ങുന്നു مَا يَأْفِكُونَ അവർ കൃത്രിമം (കള്ളം) പ്രവർത്തിച്ചിരുന്നത്. 118. فَوَقَعَ അങ്ങനെ സംഭവിച്ചു, സ്ഥാപിതമായി الْحَقُّ യഥാർത്ഥം, സത്യം, കാര്യം وَبَطَلَ വിഫലമാകുക (നിരർത്ഥമാകുക)യും ചെയ്തു مَا كَانُوا അവർ ആയിരുന്നതു يَعْمَلُونَ അവർ പ്രവർത്തിക്കും. 119. فَغُلِبُوا അപ്പോൾ (അങ്ങനെ) അവർ ജയിക്കപ്പെട്ടു, പരാജയപ്പെട്ടു هُنَالِكَ അവിടത്തിൽ وَانْقَلَبُوا അവർ മറിയുക (മാറുക)യും ചെയ്തു صَاغِرِينَ ചെറിയവരായി (നിസ്സാരൻമാരായി).

മൂസാ (അ) വടി നിലത്തിട്ടതു അല്ലാഹുവിൽ നിന്നുള്ള വഹ്‌യനുസരിച്ചാണെന്നു പറഞ്ഞതു പ്രത്യേകം ശ്രദ്ധേയമാണ്. ദൃഷ്ടാന്തങ്ങൾ വെളിപ്പെടുത്തുന്നതു അല്ലാഹുവാണെന്നും, അതിൽ നബിമാർക്കോ മററാർക്കോ തങ്ങളുടെ കഴിവെന്നും പ്രയോഗിക്കുവാനില്ലെന്നുമാണതു സൂചിപ്പിക്കുന്നത്. ജാലവിദ്യക്കാരുടെ സാമഗ്രികൾ പാമ്പുകളാണെന്നു ജനങ്ങൾക്കു തോന്നിയതല്ലാതെ യഥാർത്ഥത്തിൽ അവക്കു മററൊന്നും സംഭവിച്ചിട്ടില്ല. മൂസാ (അ) ന്റെ വടിയാകട്ടെ, യഥാർത്ഥ സർപ്പം തന്നെയായി തീർന്നു. ആ കൃത്രിമപ്പാമ്പുകളെയെല്ലാം ആ സർപ്പം വിഴുങ്ങുകയായി. അതു കണ്ടപ്പോൾ ജാലവിദ്യക്കാർക്കു കാര്യം മനസ്സിലായി. അതെ, മൂസാ (അ) നബിയുടേതു ജാലവിദ്യയല്ലെന്നും, ദിവ്യദൃഷ്ടാന്തം തന്നെയാണെന്നും, അവർ പരാജയം സമ്മതിച്ചു. മാത്രമല്ല:—

120. ജാലവിദ്യക്കാർ സാഷ്ടാംഗം നമസ്കരിക്കുന്നവരായി വീഴ്ത്തപ്പെടുക [നിലംപതിക്കുക]യും ചെയ്തു.

١٢٠- وَأُلْقِيَ السَّحَرَةُ سَاجِدِينَ ۝

121. അവർ പറഞ്ഞു: 'ഞങ്ങൾ (സർവ്വ)ലോക രക്ഷിതാവിൽ വിശ്വസിച്ചു;—

١٢١- قَالُوا آمَنَّا بِرَبِّ الْعَالَمِينَ ۝

122. (അതെ) മൂസായുടെയും, ഹാറൂന്റെയും റബ്ബിൽ'.

١٢٢- رَبِّ مُوسَىٰ وَهَارُونَ ۝

---

120. وَأُلْقِيَ ഇടപ്പെടുക (വീഴ്ത്തപ്പെടുക)യും ചെയ്തു (നിലംപതിച്ചു) السَّحَرَةُ ജാലവിദ്യക്കാർ سَاجِدِينَ സുജൂദു (സാഷ്ടാംഗ നമസ്കാരം) ചെയ്യുന്നവരായി. 121. قَالُوا آمَنَّا അവർ പറഞ്ഞു ഞങ്ങൾ വിശ്വസിച്ചു بِرَبِّ രക്ഷിതാവിൽ الْعَالَمِينَ ലോകരുടെ (സർവ്വ ലോകത്തിന്റെ) 122. رَبِّ مُوسَىٰ അതായതു മൂസായുടെ റബ്ബു وَهَارُونَ ഹാറൂന്റെയും.

പക്ഷേ, ഫിർഔന്നും സിൽബന്ധികളും പരാജയം സമ്മതിച്ചില്ല. അവരുടെ അഹന്ത അതിനു അനുവദിക്കുകയില്ലല്ലോ. മൂസാ (അ) കാണിച്ചതു സിഹ്‌റിന്റെ ഇനത്തിൽപെട്ടതല്ലെന്നു അവർക്കു് മനസ്സിലായാൽ തന്നെയും അവരുടെ സ്ഥാപിതതാൽപര്യത്തിനും മാത്സര്യത്തിനും അതെങ്ങിനെ യോജിക്കും?! ഞാനല്ലാതെ നിങ്ങൾക്കു വേറെ ദൈവമില്ലെന്നും, നിങ്ങളുടെ ഏററവും വലിയ റബ്ബു ഞാൻ തന്നെയാണെന്നും വിളംബരം ചെയ്തവനാണു ഫിർഔൻ (28:38; 79:24) എന്നിരിക്കെ, ജാലവിദ്യക്കാരെ വെറുതെ വിടുവാനോ, അവർ പരാജയപ്പെട്ടതിന്റെ രഹസ്യം തുറന്നു കാട്ടുവാനോ അവനു എങ്ങിനെ സന്മനസ്സുണ്ടാകും?! അങ്ങനെ, അധികാര ശക്തിയും, കർത്തൃത്വവും തന്നെ ഉപയോഗിക്കുവാൻ അവൻ തീർച്ചയാക്കി. അതിനായി അവരുടെ മേൽ സൂത്രപരമായ ഒരു ആരോപണവും.

١٢٣- قَالَ فِرْعَوْنُ آمَنتُم بِهِ قَبْلَ أَنْ آذَنَ لَكُمْ إِنَّ هَٰذَا لَمَكْرٌ مَّكَرْتُمُوهُ فِي الْمَدِينَةِ لِتُخْرِجُوا مِنْهَا أَهْلَهَا فَسَوْفَ تَعْلَمُونَ

123. ഫിർഔൻ പറഞ്ഞു; 'നിങ്ങൾക്ക് ഞാൻ സമ്മതം നൽകുന്നതിനു മുമ്പ് നിങ്ങൾ അവനിൽ വിശ്വസിച്ചുവോ?! നിശ്ചയമായും, ഇതു നിങ്ങൾ നഗരത്തിൽ വെച്ചു നടത്തിയ ഒരു (ഗൂഢ) തന്ത്രമാണ്; അതിലെ ആൾക്കാരെ അതിൽ നിന്നു ബഹിഷ്കരിക്കുവാനായി. അതിനാൽ, വഴിയെ നിങ്ങൾക്കറിയാം!

١٢٤- لَأُقَطِّعَنَّ أَيْدِيَكُمْ وَأَرْجُلَكُم مِّنْ خِلَافٍ ثُمَّ لَأُصَلِّبَنَّكُمْ أَجْمَعِينَ

124. 'നിങ്ങളുടെ കൈകളും കാലുകളും (ഒന്നൊന്നിന്റെ) എതിരിൽ ഞാൻ മുറിച്ചു കളയുക തന്നെ ചെയ്യും. പിന്നെ, നിങ്ങളെ മുഴുവനും ഞാൻ ക്രൂശിക്കുകയും തന്നെ ചെയ്യും.'

---

123. قال فرعون ഫിർഔൻ പറഞ്ഞു آمنتم നിങ്ങൾ വിശ്വസിച്ചു(വോ) به അവനിൽ قبل മുമ്പു أن آذن ഞാൻ സമ്മതം തരുന്നതിനു لكم നിങ്ങൾക്കു إن هذا നിശ്ചയമായും ഇതു لمكر ഒരു തന്ത്രംതന്നെ مكرتموه നിങ്ങളതു തന്ത്രം ചെയ്തു (നടത്തിയിരിക്കുന്നു) في المدينة നഗരത്തിൽ لتخرجوا നിങ്ങൾ പുറത്താക്കുവാൻവേണ്ടി منها അതിൽനിന്നു أهلها അതിലെ ആൾക്കാരെ فسوف അതിനാൽ വഴിയെ تعلمون നിങ്ങൾ അറിയും, നിങ്ങൾക്കറിയാം. 124. لأقطعن തീർച്ചയായും ഞാൻ മുറിച്ചുകളയും. أيديكم നിങ്ങളുടെ കൈകളെ وأرجلكم നിങ്ങളുടെ കാലുകളെയും من خلاف എതിരിൽ ثم പിന്നെ, പിന്നീടു لأصلبنكم നിങ്ങളെ ഞാൻ ക്രൂശിക്കുകതന്നെ ചെയ്യും أجمعين മുഴുവനും.

ജാലവിദ്യക്കാർ പരാജയപ്പെട്ടതിലല്ല—സമ്മതം കൂടാതെ അവർ മൂസാ (അ) നബിയിൽ വിശ്വസിച്ചതിലാണു—ഫിർഔനു കൂടുതൽ അമർഷമുള്ളതു്. നിങ്ങളുടെയെല്ലാം ദൈവവും സർവ്വാധികാരിയുമായ ഞാൻ, എന്റെ പക്ഷം വിജയിപ്പിക്കുവാൻ വേണ്ടി വരുത്തിച്ച പ്രതിഫലവും സ്ഥാനമാനവും വാഗ്ദാനം ചെയ്തുകൊണ്ടു രംഗത്തിറക്കിയവരാണു നിങ്ങൾ. എന്നിരിക്കെ, എന്റെ ഉത്തരവു കിട്ടാതെ നിങ്ങൾ അവനിൽ വിശ്വസിക്കുകയോ! ഇതായിരുന്നു അവരുടെ മേലുള്ള കുററാരോപണം. അതോടു കൂടി മറെറാരു അപവാദവും. ഒപ്പം തന്നെ വിധിയും. | മൂസായും നിങ്ങളും ചേർന്നു ഈ നഗരത്തിൽ വെച്ചു നടത്തിയ ഒരു ഗൂഢാലോചനയുടെ ഫലമാണിതു്. മൂസായുടെ ആവശ്യം— ഈ നാട്ടുകാരെ ഇവിടെ നിന്നു ബഹിഷ്കരിച്ചു ഇവിടെ ഭരണം നടത്തൽ സാധ്യമാകുവാൻ വേണ്ടി ആസൂത്രണം ചെയ്യപ്പെട്ടതാണിതു്. അതുകൊണ്ടു ഞാൻ നിങ്ങളെ ഒന്നു പഠിപ്പിക്കാം. നിങ്ങളുടെ മുഴുവനും കയ്യും കാലും— ഒന്നു വലത്തേതാണെങ്കിൽ മറേറതു ഇടത്തേതായി—ഞാൻ ഛേദിക്കുകയും അവസാനം നിങ്ങളെ കുരിശിൽ തറക്കുകയും ചെയ്യും എന്നു ഫിർഔൻ ആക്രോശിച്ചു. കൂട്ടത്തിൽ, നിങ്ങൾക്കു സിഹ്ർ പഠിപ്പിച്ചുതന്ന നിങ്ങളുടെ നേതാവാണ് മൂസാ എന്നു കൂടി ഫിർഔൻ പറഞ്ഞിരുന്നതായി മറെറാരു സ്ഥലത്തു (20: 71ൽ) അല്ലാഹു ഉദ്ധരിച്ചിരിക്കുന്നു. ആ സത്യവിശ്വാസികൾ കുലുങ്ങിയില്ല. സത്യം ബോധ്യപ്പെടുകയും വിശ്വാസം ദൃഢപ്പെടുകയും ചെയ്താൽ പിന്നെ ഭീഷണിക്കും ശിക്ഷക്കും വിലയില്ലല്ലോ.

125. അവർ പറഞ്ഞു: 'ഞങ്ങൾ ഞങ്ങളുടെ റബ്ബിങ്കലേക്കു തിരിച്ചെത്തുന്നവരാണ്.

١٢٥- قَالُوا إِنَّا إِلَىٰ رَبِّنَا مُنقَلِبُونَ ۝

126. 'ഞങ്ങളുടെ റബ്ബിൻെറ ദൃഷ്ടാന്തങ്ങൾ ഞങ്ങൾക്ക വന്നപ്പോൾ ഞങ്ങൾ അതിൽ വിശ്വസിച്ചതിനല്ലാതെ (മറെറാന്നിനും) ഞങ്ങളെ നീ കുററപ്പെടുത്തുന്നില്ല താനും.'

(അവർ പ്രാർത്ഥിച്ചു:) ഞങ്ങളുടെ റബ്ബേ, ഞങ്ങളുടെ മേൽ നീ ക്ഷമ ചൊരിച്ചു തരേണമേ! ഞങ്ങളെ 'മുസ്‌ലിം'കളായിക്കൊണ്ടു മരിപ്പിക്കുകയും ചെയ്യേണമേ!'

١٢٦- وَمَا تَنقِمُ مِنَّا إِلَّا أَنْ آمَنَّا بِآيَاتِ رَبِّنَا لَمَّا جَاءَتْنَا ۚ رَبَّنَا أَفْرِغْ عَلَيْنَا صَبْرًا وَتَوَفَّنَا مُسْلِمِينَ ۝ ع

---

125. قَالُوا അവർ പറഞ്ഞു إِنَّا നിശ്ചയമായും ഞങ്ങൾ إِلَىٰ رَبِّنَا ഞങ്ങളുടെ റബ്ബിങ്കലേക്കു مُنقَلِبُونَ തിരിഞ്ഞു (മടങ്ങി) എത്തുന്നവരാണു. 126. وَمَا تَنقِمُ നീ കുററപ്പെടുത്തുന്നുമില്ല(ല്ലാ) مِنَّا ഞങ്ങളെപ്പററി إِلَّا أَنْ آمَنَّا ഞങ്ങൾ വിശ്വസിച്ചതല്ലാതെ, വിശ്വസിച്ചതിനല്ലാതെ بِآيَاتِ ദൃഷ്ടാന്തങ്ങളിൽ رَبِّنَا ഞങ്ങളുടെ റബ്ബിൻെറ لَمَّا جَاءَتْنَا അതു ഞങ്ങൾക്കു വന്നപ്പോൾ رَبَّنَا ഞങ്ങളുടെ റബ്ബേ أَفْرِغْ നീ ഒഴിക്ക(വർഷിപ്പിക്ക)ണേ عَلَيْنَا ഞങ്ങളിൽ, ഞങ്ങൾക്കു صَبْرًا ക്ഷമ وَتَوَفَّنَا ഞങ്ങളെ പൂർത്തിയാക്കിയെടുക്കുക(മരിപ്പിക്കുക)യും വേണമേ مُسْلِمِينَ മുസ്‌ലിംകളായി, കീഴൊതുങ്ങിയവരായിക്കൊണ്ടു.

ഞങ്ങൾ ഏതായാലും ഞങ്ങളുടെ റബ്ബിങ്കലേക്കു തിരിച്ചു ചെല്ലേണ്ടുന്നവരാണ്. ഞങ്ങളുടെ മേൽ നീ ആരോപിച്ച കുററം യഥാർത്ഥത്തിൽ ഒരു കുററമല്ല. ഞങ്ങൾ ഞങ്ങളുടെ കടമ നിർവ്വഹിച്ചുവെന്നേയുള്ളു. അതുകൊണ്ടു നിൻെറ ഭീഷണിയും ശിക്ഷയും ഞങ്ങൾ ഭയപ്പെടുന്നില്ല. എന്നു ആ ധീരന്മാർ ഫിർഔന്നു മറുപടി കൊടുത്തു. തങ്ങൾക്കു് ദൃഢതയും ക്ഷമയും നൽകുവാനും, തങ്ങളെ കീഴൊതുക്കവും അനുസരണവുമുള്ള സത്യവിശ്വാസികളായി തന്നെ അവസാനിപ്പിക്കുവാനും അവർ അല്ലാഹുവിനോടു പ്രാർത്ഥിക്കുകയും ചെയ്തു. ഫിർഔൻ ഭീഷണിപ്പെടുത്തിയ ആ ശിക്ഷ അവൻ നടപ്പിൽ വരുത്തിയോ ഇല്ലേ എന്നു അല്ലാഹു വ്യക്തമാക്കിയിട്ടില്ല. നടപ്പിൽ വരുത്താതിരിക്കുവാനുള്ള കാരണങ്ങളൊന്നും കാണപ്പെടാത്ത സ്ഥിതിക്കും, ഫിർഔൻെറ മർക്കടമുഷ്ടിയും, ധിക്കാരവും ആലോചിക്കുമ്പോഴും അതവൻ ശരിക്കും നടപ്പിൽ വരുത്തിയിരിക്കാമെന്നു കരുതുവാനേ വഴി കാണുന്നുള്ളു. അല്ലാഹുവിനറിയാം. അങ്ങനെ—ഇബ്നു അബ്ബാസ്, ഉബൈദുബ്നു ഉമൈർ (റ) മുതലായവരിൽ നിന്നു നിവേദനം ചെയ്യപ്പെട്ടതുപോലെ—രാവിലെ ജാലവിദ്യക്കാരായി രംഗപ്രവേശം ചെയ്ത അവർ വൈകുന്നേരം രക്തസാക്ഷികളായിത്തീർന്നു.

വിഭാഗം-15

ജാലവിദ്യക്കാരെ ശിക്ഷിച്ചതുകൊണ്ടൊന്നും ഫിർഔൻെറ അരിശം തീരുകയില്ലല്ലോ. മൂസാ (അ) നബിയുടെ ദൗത്യം പരാജയപ്പെടുത്തുവാനുള്ള മാർഗ്ഗങ്ങളെപ്പററിയായി അവൻെറയും അവൻെറ ആളുകളുടെയും ആലോചന.

127. ഫിർഔൻെറ ജനങ്ങളിൽ നിന്നുള്ള പ്രധാനികൾ പറയുകയും ചെയ്തു: 'മൂസായെയും, അവൻെറ ജനങ്ങളെയും ഭൂമിയിൽ കുഴപ്പമുണ്ടാക്കുവാനും, അങ്ങയെയും അങ്ങയുടെ ദൈവങ്ങളെയും അവൻ വിട്ടുകളയുവാനും അങ്ങുന്നു (ഒഴിച്ചു) വിടുകയോ? [അതിനൊരു പരിഹാരമുണ്ടാക്കുക തന്നെ വേണം.]'

١٢٧- وَقَالَ الْمَلَأُ مِن قَوْمِ فِرْعَوْنَ أَتَذَرُ مُوسَىٰ وَقَوْمَهُ لِيُفْسِدُوا فِي الْأَرْضِ وَيَذَرَكَ وَآلِهَتَكَ ۚ

قَالَ سَنُقَتِّلُ أَبْنَاءَهُمْ وَنَسْتَحْيِي نِسَاءَهُمْ وَإِنَّا فَوْقَهُمْ قَاهِرُونَ ۝

അവൻ പറഞ്ഞു: 'അവരുടെ ആൺമക്കളെ നാം (നിർദ്ദയം) കൊന്നൊടുക്കുകയും, അവരുടെ സ്ത്രീകളെ (ബാക്കിയാക്കി) ജീവിക്കുവാൻ വിടുകയും ചെയ്തുകൊള്ളാം. നാം അവരുടെ മേൽ സർവ്വാധിപത്യം നടത്തുന്നവരുമാകുന്നു.'

---

127. وَقَالَ الْمَلَأُ പ്രധാനികൾ പറയുകയും ചെയ്തു, (പ്രധാനികളും പറഞ്ഞു) مِنْ قَوْمِ ജനതയിൽ നിന്നു فِرْعَوْنَ ഫിർഔന്റെ أَتَذَرُ നീ (അങ്ങുന്നു) വിടുകയോ مُوسَى മൂസായെ وَقَوْمَهُ അവന്റെ ജനങ്ങളെയും لِيُفْسِدُوا അവർ കുഴപ്പം (നാശം) ഉണ്ടാക്കുവാൻ فِي الْأَرْضِ ഭൂമിയിൽ (നാട്ടിൽ) وَيَذَرَكَ അവൻ നിന്നെ (അങ്ങയെ) വിടുവാനും, ഉപേക്ഷിക്കുവാനും وَآلِهَتَكَ നിന്റെ (അങ്ങയുടെ) ഇലാഹു (ദൈവം)കളെയും قَالَ അവൻ പറഞ്ഞു سَنُقَتِّلُ നാം കൊന്നൊടുക്കാം (ധാരാളം കൊല്ലാം) أَبْنَاءَهُمْ അവരുടെ ആൺമക്കളെ, പുത്രൻമാരെ وَنَسْتَحْيِي നാം ജീവിക്കുവാൻ വിടുക(ബാക്കിയാക്കുക)യും ചെയ്യും نِسَاءَهُمْ അവരുടെ സ്ത്രീകളെ وَإِنَّا നിശ്ചയമായും നാം فَوْقَهُمْ അവരുടെ മീതെ قَاهِرُونَ സർവ്വാധിപത്യം നടത്തുന്നവരുമാണ്.

മൂസായെയും അവന്റെ ആൾക്കാരെയും നിലക്ക് നിറുത്താത്തപക്ഷം അവർ നാട്ടിൽ [illegible] കുഴപ്പങ്ങളുണ്ടാക്കും, അതിനൊരു നിവാരണം ഉണ്ടാക്കുക തന്നെ വേണമെന്ന് ആ പ്രധാനികൾ ഫിർഔനോടു ആവശ്യപ്പെട്ടു. ഫിർഔനു തന്നെയും അങ്ങിനെ അഭിപ്രായമുണ്ടായിരുന്നു. അല്ലാഹു പറയുന്നു: وَقَالَ فِرْعَوْنُ ذَرُونِي أَقْتُلْ مُوسَى... (സാരം: ഫിർഔൻ പറഞ്ഞു: എന്നെ വിട്ടേക്കുവിൻ, ഞാൻ മൂസായെ കൊന്നുകളയട്ടെ. അവൻ അവന്റെ റബ്ബിനെ വിളിക്കുകയും ചെയ്യട്ടെ. അവൻ നിങ്ങളുടെ മതത്തെ മാറ്റിമറിക്കുകയോ, ഭൂമിയിൽ കുഴപ്പം പുറപ്പെടുവിക്കുകയോ ചെയ്യുമെന്നു ഞാൻ ഭയപ്പെടുന്നു. (40: 26) വാസ്തവത്തിൽ [illegible] ഇസ്രാഈല്യരിൽ ജനിക്കുന്ന ആൺകുട്ടികളെ കൊലപ്പെടുത്തുവാനായിരുന്നു. പെൺകുട്ടികളെ ബാക്കിവെക്കും. ഇതുകൊണ്ട് [illegible] അവരുടെ വീര്യം നശിപ്പിക്കുന്നതുമാണെന്നതിനുപുറമെ, ഇസ്രാഈല്യരുടെ സംഖ്യാബലം ഇല്ലാതാക്കുവാനും കൂടിയായിരുന്നു. അതോടുകൂടി സ്ത്രീകളെ തങ്ങളുടെ ദാസ്യവേലക്കും മറ്റും ഉപയോഗപ്പെടുത്തുകയും ചെയ്യാമല്ലോ.

ഈ ക്രൂര ശിക്ഷക്കു പുറമെ, ഇസ്രാഈല്യരുടെ മേലുള്ള അധികാരം നടപടികൾ കൂടി [illegible] മെന്നും, അവക്കു മേലിൽ അവരുടെ ഇഷ്ടംപോലെ ഇവിടെ വിഹരിക്കുവാൻ സാധ്യമാകുകയില്ലെന്നും ഫിർഔൻ വ്യക്തമാക്കി. ഇസ്രാഈല്യരുടെ ആൺകുട്ടികളെ വധിക്കുവാൻ ഫിർഔൻ കൽപനയിടുന്നത് ഇത് ആദ്യമായിട്ടല്ല. മുമ്പും ആ കടും കൃത്യത്തിനു ഇസ്രാഈല്യർ വിധേയരായിട്ടുണ്ട്. [illegible] ആപത്തായിത്തീർന്നേക്കുമെന്നു ഭയപ്പെട്ടു തന്നെയായിരുന്നു അതും. [illegible] വാൻ കാരണഭൂതനായ മൂസാ (അ) നബി ജനിച്ചതും, [illegible] (സൂറത്തുൽ ഖസസു നോക്കുക.)

താൻ ഇലാഹും റബ്ബുമാണെന്നു വാദിച്ചിരുന്നവനാണല്ലോ ഫിർഔൻ. [illegible] അങ്ങയുടെ ഇലാഹുകളെയും വിട്ടേക്കുക' (وَيَذَرَكَ وَآلِهَتَكَ) എന്നു പറഞ്ഞതിന്റെ [illegible] പ്രകാരത്തിലായിരിക്കാവുന്നതാണ്. അതായതു: ഫിർഔൻ ദൈവമായി ഗണിക്കപ്പെട്ടിരുന്നുവെങ്കിലും [illegible] ദൈവങ്ങൾ അവർക്കുണ്ടായിരുന്നു. സൂര്യചന്ദ്രൻ തുടങ്ങിയ [illegible] ഇൗജിപ്തിലെ ആരാധ്യ വസ്തുക്കളായിരുന്നുവെന്നു ചരിത്രകാരൻമാർ പറയുന്നു. ഈജിപ്തിലെ പശു [illegible] ണല്ലോ പിന്നീടു സാമിരി സ്വർണ്ണപ്പശുക്കുട്ടിയെ ഉണ്ടാക്കുവാനും, ഇസ്രാഈല്യർ അതിനെ ആരാധിക്കുവാനും പ്രചോദനം ഉണ്ടായത്. ഫറോവാ രാജാക്കൾ സൂര്യ പുത്രൻമാരായി ഗണിക്കപ്പെട്ടിരുന്നതായും പറയപ്പെടുന്നു. ജീവിച്ചിരിപ്പുള്ള ചില വ്യക്തികൾ ദൈവങ്ങളായോ, ദൈവാവതാരങ്ങളായോ ഗണിക്കപ്പെടുന്നതോടൊപ്പം, അവരും അനുയായികളും ക്ഷേത്രങ്ങളിൽ പ്രതിഷ്ഠിക്കപ്പെട്ട വിഗ്രഹ ദൈവങ്ങളെ ആരാധിച്ചു വരുന്ന സമ്പ്രദായം ഇന്നും ഇന്ത്യയിൽ നിലവിലുള്ളതാണ്. അടുത്ത കാലംവരെ ജപ്പാൻ, സയാം തുടങ്ങിയ ചില രാജ്യങ്ങളിലെ സിംഹാസനാധിപതികളായ രാജാക്കളെ അവരുടെ പ്രജകൾ ദൈവങ്ങളായി കരുതി ആരാധിക്കുക പതിവുണ്ടായിരുന്നു. [illegible]

അവർക്ക് വേറെയും ദൈവങ്ങൾ ഉണ്ടായിരിക്കുകയും ചെയ്യും. വിഗ്രഹാരാധകൻമാർക്കു ശതക്കണക്കിനും ശതലക്ഷക്കണക്കിനുമൊക്കെ ദൈവങ്ങളുണ്ടാകാറുണ്ടെന്നതും, അവയിൽ ചിലതു ചിലതിനെക്കാൾ ഉന്നതസ്ഥാനം കല്പിക്കപ്പെടുന്നവയായിരിക്കുമെന്നതും പ്രസ്താവ്യമാകുന്നു. ഫിർഔൻ മറ്റുള്ളവരെപ്പോലെ വിഗ്രഹങ്ങളെ ആരാധിച്ചിരുന്നില്ലെന്നു വന്നാൽ തന്നെയും പ്രജകൾക്കു വേറെ ദൈവങ്ങൾ ഉണ്ടായിരിക്കുമല്ലോ. വലിയ ദൈവമായ അങ്ങയെയും, അങ്ങുന്നു ഞങ്ങൾക്കു അംഗീകരിച്ചുതന്ന മറ്റു ദൈവങ്ങളെയും എന്ന അർത്ഥത്തിലും ആയിരിക്കാമല്ലോ ആ പ്രയോഗം. ഇവിടെ آلهتك (ആലിഹതക) എന്നതിന്റെ സ്ഥാനത്തു إلاهتك (ഇലാഹതക) എന്നും വായിക്കപ്പെട്ടിട്ടുണ്ട്. അപ്പോൾ 'അങ്ങയെയും, അങ്ങയുടെ ദിവ്യത്വത്തെയും (അങ്ങയെ ആരാധിക്കുന്നതിനെയും) വിട്ടു കളയുക' എന്നായിരിക്കും അതിന്റെ അർത്ഥം. ഈ വായനപ്രകാരം മുകളിൽ പറഞ്ഞ സംശയം ഉദിക്കുന്നില്ലതാനും.

ഖിബ്ത്തികളിൽ മാത്രമല്ല, അവരുമായുള്ള സമ്പർക്കം നിമിത്തം പ്രവാചകൻമാരുടെ സന്തതികളായ ഇസ്രാഈല്യരിൽ പോലും വിഗ്രഹാരാധന പ്രചരിച്ചിരുന്നു. മൂസാ (അ) വന്നതോടു കൂടി ക്രമേണ അവർ പൊതുവെ ഏകദൈവ വിശ്വാസികളായിത്തീർന്നു. ഇസ്രാഈല്യർ ചെങ്കടൽ കടന്നു രക്ഷപ്പെട്ട ശേഷം വഴിമദ്ധ്യേ ചിലർ വിഗ്രഹങ്ങളെ ആരാധിക്കുന്നതു കണ്ടപ്പോൾ ഞങ്ങൾക്കും അതുപോലെ ചില ദൈവങ്ങളെ സ്വീകരിക്കുവാൻ അവർ മൂസാ (അ) നബിയോടു ആവശ്യപ്പെട്ടതായി 138-ാം വചനത്തിൽ കാണാം. ഇതും, സീനാ താഴ്‌വരയിൽ വെച്ചു സാമിരീ നിർമ്മിച്ച പശുക്കുട്ടിയെ അവർ ആരാധിക്കുവാൻ തയ്യാറായതും അവരുടെ ആ പഴയ വാസന നിമിത്തമായിരുന്നു. മൂസാ (അ) നബിയുടെ വടി പാമ്പായിത്തീർന്ന സംഭവം വിവരിച്ച ശേഷം സൂ: യൂനുസിൽ പറയുന്നു: فما آمن لموسى إلا ذرية من قومه على خوف من فرعون.... (സാരം: ഫിർഔനെയും അവരിലെ പ്രധാനികളെയും കുറിച്ചു – അവൻ അവരെ കുഴപ്പത്തിലാക്കുമെന്നു–ഭയത്തോടു കൂടി മൂസായുടെ ജനങ്ങളിൽ നിന്നുള്ള ചില സന്തതികളല്ലാതെ അദ്ദേഹത്തിൽ വിശ്വസിച്ചില്ല. (യൂനുസ് 83) അതായതു, മൂസാ (അ)ന്റെ ജനതയായ ഇസ്രാഈല്യരിൽ നിന്നുള്ള ചില ചെറുപ്പക്കാർ മാത്രം വിശ്വസിച്ചു. അതു തന്നെയും ഫിർഔനെയും അവരിലുള്ള പ്രധാനികളെയും ഭയന്നുകൊണ്ടായിരുന്നുവെന്നു സാരം. കൂടുതൽ വിവരം യഥാസ്ഥാനത്തു വെച്ചു കാണാം. إن شاء الله

ആൺകുട്ടികളെ കൊലപ്പെടുത്തുവാനുള്ള ഫിർഔന്റെ തീരുമാനം അവരെ അധികം അലട്ടിയിരിക്കുമെന്നു പറയേണ്ടതില്ലല്ലോ. മൂസാ (അ) അവരെ സമാധാനിപ്പിക്കുകയും ധൈര്യപ്പെടുത്തുകയും ചെയ്തു. അതെ,—

١٢٨- قَالَ مُوسَىٰ لِقَوْمِهِ اسْتَعِينُوا بِاللَّهِ وَاصْبِرُوا ۖ إِنَّ الْأَرْضَ لِلَّهِ يُورِثُهَا مَن يَشَاءُ مِنْ عِبَادِهِ ۖ وَالْعَاقِبَةُ لِلْمُتَّقِينَ ○

128. മൂസാ തന്റെ ജനങ്ങളോടു പറഞ്ഞു: 'നിങ്ങൾ അല്ലാഹുവിനോടു സഹായമർത്ഥിക്കുകയും, ക്ഷമിക്കുകയും ചെയ്യുവിൻ. നിശ്ചയമായും, ഭൂമി അല്ലാഹുവിന്റേതാകുന്നു; അവന്റെ അടിയാൻമാരിൽ നിന്നു അവൻ ഉദ്ദേശിക്കുന്നവർക്കു അവൻ അതിനെ അവകാശപ്പെടുത്തിക്കൊടുക്കുന്നു.

പര്യവസാനമാകട്ടെ, സൂക്ഷ്മത പാലിക്കുന്നവർക്കു (ഗുണകരം) ആയിരിക്കും.

---

128. قال موسى മൂസാ പറഞ്ഞു لقومه തന്റെ ജനങ്ങളോടു استعينوا നിങ്ങൾ സഹായമർത്ഥിക്കുവിൻ, സഹായം തേടുവിൻ بالله അല്ലാഹുവിനോടു, അല്ലാഹുവിനെക്കൊണ്ടു واصبروا ക്ഷമിക്കുകയും ചെയ്യുവിൻ إن الأرض നിശ്ചയമായും ഭൂമി لله അല്ലാഹുവിന്റേതാണു يورثها അതിനെ അവൻ അവകാശ(അനന്തര)പ്പെടുത്തുന്നു من يشاء അവൻ ഉദ്ദേശിക്കുന്നവർക്കു من عباده അവന്റെ അടിയാൻമാരിൽ നിന്നു والعاقبة പര്യവസാനം, അന്ത്യം, കലാശം للمتقين സൂക്ഷ്മതയുള്ളവർ (ഭയഭക്തന്മാർ)ക്കാകുന്നു.

ക്ഷമിക്കുകയും, അല്ലാഹുവിന്റെ സഹായം തേടിക്കൊണ്ടിരിക്കുകയും ചെയ്യുന്നപക്ഷം, ഫിർഔന്റെ ആധിപത്യത്തിൽ നിന്നും മർദ്ദനത്തിൽ നിന്നും നിങ്ങൾക്കു രക്ഷകിട്ടുകയും, നിങ്ങൾക്കു വാഗ്ദാനം ചെയ്യപ്പെട്ട

നാട്ടിൽ—ഫലസ്തീനിൽ—നിങ്ങൾക്കു സ്വാധീനം ലഭിക്കുകയും ചെയ്യുമെന്നു നിങ്ങൾക്കു പ്രതീക്ഷിക്കാം. ഭൂമിയിലെ അധികാരവും സ്വാധീനവും ആരുടെയും കുത്തകയല്ല. അതിൻെറ നിയന്ത്രണം അല്ലാഹുവിങ്കലാണ്. ചിലർക്കു ചിലപ്പോൾ അതവൻ നൽകുന്നുവെന്നു മാത്രം. അന്തിമ വിജയം അവനെ സൂക്ഷിച്ചു ജീവിക്കുന്നവർക്കായിരിക്കുമെന്ന കാര്യം തീർച്ചയാണ്. എന്നു താൽപര്യം.

١٢٩- قَالُوٓا۟ أُوذِينَا مِن قَبْلِ أَن تَأْتِيَنَا وَمِنۢ بَعْدِ مَا جِئْتَنَا ۚ قَالَ عَسَىٰ رَبُّكُمْ أَن يُهْلِكَ عَدُوَّكُمْ وَيَسْتَخْلِفَكُمْ فِى ٱلْأَرْضِ فَيَنظُرَ كَيْفَ تَعْمَلُونَ ۝ ع

129. അവർ പറഞ്ഞു: 'താങ്കൾ ഞങ്ങളിൽ (റസൂലായി) വരുന്നതിന്ന് മുമ്പും, താങ്കൾ ഞങ്ങളിൽ വന്നതിനുശേഷവും ഞങ്ങൾ ഉപദ്രവിക്കപ്പെട്ടിരിക്കുന്നു! [താങ്കളുടെ വരവുകൊണ്ടും ഞങ്ങൾക്കു രക്ഷയില്ലല്ലോ!]

അദ്ദേഹം പറഞ്ഞു: 'നിങ്ങളുടെ റബ്ബ് നിങ്ങളുടെ ശത്രുവിനെ നശിപ്പിക്കുകയും, (തൽസ്ഥാനത്തു) ഭൂമിയിൽ നിങ്ങളെ പകരമാക്കുകയും ചെയ്തേക്കാം; എന്നിട്ടു, നിങ്ങൾ എങ്ങിനെ പ്രവർത്തിക്കുന്നുവെന്നു അവൻ നോക്കുകയും (ചെയ്തേക്കാം).'

---

129. قالوا അവർ പറഞ്ഞു أوذينا ഞങ്ങൾ ഉപദ്രവിക്കപ്പെട്ടു (മർദ്ദിക്കപ്പെട്ടു—ശല്യം കെടുത്തപ്പെട്ടു) من قبل മുമ്പു أن تأتينا നീ ഞങ്ങളിൽ വരുന്നതിനുമുമ്പു ومن بعد ശേഷവും ما جئتنا നീ ഞങ്ങളിൽ വന്നതിനു قال അദ്ദേഹം പറഞ്ഞു عسى ربكم നിങ്ങളുടെ റബ്ബു ആയേക്കാം أن يهلك അവൻ നശിപ്പിക്കുക عدوكم നിങ്ങളുടെ ശത്രുവെ ويستخلفكم നിങ്ങളെ പകരമാക്കുക (പിൻഗാമികളാക്കുക—പ്രതിനിധികളാക്കുക)യും في الأرض ഭൂമിയിൽ فينظر എന്നിട്ടവൻനോക്കുകയും كيف എങ്ങിനെ تعملون നിങ്ങൾ പ്രവർത്തിക്കുന്നു (എന്നു).

മൂസാ (അ) നബിയുടെ ഈ മറുപടി അവർക്കു കുറെക്കൂടി പ്രതീക്ഷക്കു വക നൽകുന്നതും, അവർ കൂടുതൽ ബോധവാൻമാരായിരിക്കേണ്ടതിൻെറ ആവശ്യകത ഓർമ്മിപ്പിക്കുന്നതുമാകുന്നു.

വിഭാഗം-16

١٣٠- وَلَقَدْ أَخَذْنَآ ءَالَ فِرْعَوْنَ بِٱلسِّنِينَ وَنَقْصٍ مِّنَ ٱلثَّمَرَٰتِ لَعَلَّهُمْ يَذَّكَّرُونَ ۝

130. ഫിർഔൻെറ കൂട്ടരെ (വറുതി പിടിച്ച) കൊല്ലങ്ങളും, ഫലവർഗ്ഗങ്ങളുടെ കുറവും കൊണ്ടു നാം പിടികൂടുകയുണ്ടായി; അവർ ഓർമ്മവെക്കുവാൻ വേണ്ടി.

---

130. ولقد أخذنا നാം പിടിക്കുക (പിടികൂടുക-ശിക്ഷിക്കുക) യുണ്ടായിട്ടുണ്ടു آل فرعون ഫിർഔൻെറ കൂട്ടരെ, ആൾക്കാരെ بالسنين കൊല്ലങ്ങൾ (ക്ഷാമകാലങ്ങൾ) കൊണ്ടു ونقص കുറവുകൊണ്ടും من الثمرات ഫലവർഗ്ഗങ്ങളിൽ നിന്നുള്ള (കായ്ഫലങ്ങളുടെ) لعلهم അവരാകുവാൻവേണ്ടി يذكرون ഓർമ്മിക്കും, ഉറ്റാലോചിക്കും.

131. എന്നാൽ, അവർക്ക നൻമ വന്നാൽ അവർ പറയും: 'നമുക്കു (കിട്ടേണ്ടതു) ഉള്ളതു തന്നെയാണിത്'.[1] അവർക്കു വല്ല തിൻമയും ബാധിച്ചുവെങ്കിലോ, മൂസായെയും, അദ്ദേഹത്തിന്റെ കൂടെയുള്ളവരെയും അവർ ദുശ്ശകുനമാക്കുകയും ചെയ്യും.

١٣١- فَإِذَا جَآءَتْهُمُ ٱلْحَسَنَةُ قَالُوا۟ لَنَا هَٰذِهِۦ ۖ وَإِن تُصِبْهُمْ سَيِّئَةٌ يَطَّيَّرُوا۟ بِمُوسَىٰ وَمَن مَّعَهُۥٓ ۗ

അല്ലാ! (അറിഞ്ഞേക്കുക:) നിശ്ചയമായും അവരുടെ ശകുനപ്പിഴ അല്ലാഹുവിന്റെ പക്കൽ തന്നെയാകുന്നു. എങ്കിലും അവരിൽ അധികമാളും അറിയുന്നില്ല.

أَلَآ إِنَّمَا طَٰٓئِرُهُمْ عِندَ ٱللَّهِ وَلَٰكِنَّ أَكْثَرَهُمْ لَا يَعْلَمُونَ ○

---

131. فَإِذَا جَاءَتْهُمُ എന്നാൽ അവർക്കു വന്നാൽ الْحَسَنَةُ നൻമ, നല്ല കാര്യം قَالُوا അവർ പറയും لَنَا നമുക്കുള്ളതാണു (നമുക്കു വേണ്ടതാണു) هَٰذِهِ ഇതു, ഇവ وَإِن تُصِبْهُمْ അവർക്കു ബാധിക്കുന്നുവെങ്കിൽ سَيِّئَةٌ വല്ല തിൻമയും, തീയതും يَطَّيَّرُوا അവർ ദുശ്ശകുനമാക്കും, ദുർലക്ഷണം പറയും بِمُوسَىٰ മൂസായെക്കൊണ്ടു وَمَن مَّعَهُ അദ്ദേഹത്തിന്റെ കൂടെയുള്ളവരെയും أَلَا അല്ലാ, അറിയുക إِنَّمَا طَائِرُهُمْ നിശ്ചയമായും അവരുടെ പക്ഷി (ശകുനപ്പിഴ — ദുർലക്ഷണം) عِندَ اللَّهِ അല്ലാഹുവിന്റെ പക്കൽ (തന്നെ) ആകുന്നു وَلَٰكِنَّ أَكْثَرَهُمْ എങ്കിലും അവരിൽ അധികമാളും لَا يَعْلَمُونَ അറിയുന്നില്ല.

سِنِين (സിനീൻ) എന്ന പദത്തിനു 'കൊല്ലങ്ങൾ' എന്നാണ് വാക്കർത്ഥം. ക്ഷാമം പിടിപെട്ട കൊല്ലങ്ങൾ എന്ന അർത്ഥത്തിൽ അതും, അതിന്റെ ഏകവചനമായ سَنَة (സനത്ത്) എന്ന പദവും ഉപയോഗിക്കപ്പെടുന്നു. അത്പോലെതന്നെ طَائِر (ത്വാഇർ) എന്ന പദത്തിന് 'പക്ഷി' എന്നാണ് വാക്കർത്ഥം. പക്ഷികളുടെ ചലനത്തെ ആസ്പദമാക്കി പല ശകുനങ്ങളും ലക്ഷണങ്ങളും കണക്കാക്കപ്പെടാറുള്ളതുകൊണ്ട് ശകുനം എന്ന ഉദ്ദേശ്യത്തിൽ അത് സാധാരണ ഉപയോഗിക്കപ്പെടുന്നു. ഇവിടെ ദുശ്ശകുനമാണുദ്ദേശ്യം.

മൂസാ (അ) നബിയുടെ ദൗത്യത്തിനു ദൃഷ്ടാന്തങ്ങളായി ഫിർഔനും അവന്റെ ജനങ്ങൾക്കും ബാധിച്ച രണ്ട് പരീക്ഷണങ്ങളെപ്പറ്റിയാണ് ഒന്നാമത്തെ വചനത്തിൽ പ്രസ്താവിച്ചത്. മററു പല പരീക്ഷണങ്ങളെക്കുറിച്ചും തുടർന്ന് പ്രസ്താവിക്കുന്നുമുണ്ട്. നല്ലതു വരുമ്പോൾ, അത് തങ്ങൾക്കു കിട്ടേണ്ടതും അർഹതപ്പെട്ടതുമാണെന്ന നാട്യമായിരിക്കും അവർക്കുണ്ടാകുക. അല്ലാഹു നൽകിയ അനുഗ്രഹമാണെന്ന വിചാരമോ അതിന്റെ പേരിൽ നന്ദിയോ ഉണ്ടായിരിക്കയില്ല. നേരെമറിച്ച് തീയത് വരുമ്പോൾ, അത് തങ്ങളിലുള്ള കൊള്ളരുതായ്മമൂലം സംഭവിച്ചതാണെന്ന ബോധവും അവർക്കില്ല. മൂസാ (അ) ന്റെയും അദ്ദേഹത്തിൽ വിശ്വസിച്ചവരുടെയും കൊള്ളരുതായ്മയിൽ നിന്നുണ്ടായ ദുശ്ശകുനമാണെന്നേ കണക്കാക്കൂ. വാസ്തവത്തിൽ, അവർക്കു വരുന്ന ദുശ്ശകുനങ്ങളൊക്കെ അല്ലാഹു കണക്കാക്കുന്നതാകുന്നു. അതിനു കാരണക്കാർ അവർതന്നെയാണുതാനും. എന്നിങ്ങനെയാണ് രണ്ടാമത്തെ വചനത്തിന്റെ താൽപര്യം.

132. അവർ (ഇങ്ങിനെ) പറയുകയും ചെയ്തു: '(മൂസാ) നീ ഞങ്ങളെ പകിട്ടാ(ക്കി വശീകരി)ക്കവാൻവേണ്ടി ദൃഷ്ടാന്തമായിക്കൊണ്ട് എന്തുതന്നെ ഞങ്ങൾക്കു കൊണ്ടുവന്നാലും, ഞങ്ങൾ നിന്നെ വിശ്വസിക്കുന്നവരല്ല (തന്നെ).'

١٣٢- وَقَالُوا۟ مَهْمَا تَأْتِنَا بِهِۦ مِنْ ءَايَةٍ لِّتَسْحَرَنَا بِهَا فَمَا نَحْنُ لَكَ بِمُؤْمِنِينَ ○

---

132. وَقَالُوا അവർ പറയുകയും ചെയ്തു مَهْمَا എന്തു തന്നെ تَأْتِنَا بِهِ നീ അതു കൊണ്ടുവന്നാലും مِنْ آيَةٍ വല്ല ദൃഷ്ടാന്തവുമായിട്ടു لِّتَسْحَرَنَا ഞങ്ങളെ നീ പകിട്ടാക്കുവാൻ, വശീകരിക്കുവാൻ بِهَا അതു കൊണ്ടു فَمَا نَحْنُ എന്നാൽ ഞങ്ങളല്ല لَكَ നിന്നെ بِمُؤْمِنِينَ വിശ്വസിക്കുന്നവർ.

ഏതു ദൃഷ്ടാന്തം കണ്ടാലും വിശ്വസിക്കുകയില്ലെന്ന ധിക്കാരത്തിനു പുറമെ, മൂസാ നബി മുഖേന കാണുന്ന ദൃഷ്ടാന്തങ്ങൾ മുഴുവനും ജാലവിദ്യയാണെന്ന ഒരു ആരോപണവും കൂടി ഇതിൽ അടങ്ങിയിരിക്കുന്നു. അല്ലാഹു പറയുന്നു.

١٣٣- فَأَرْسَلْنَا عَلَيْهِمُ الطُّوفَانَ وَالْجَرَادَ وَالْقُمَّلَ وَالضَّفَادِعَ وَالدَّمَ آيَاتٍ مُّفَصَّلَاتٍ فَاسْتَكْبَرُوا وَكَانُوا قَوْمًا مُّجْرِمِينَ

133. അപ്പോൾ, അവരിൽ നാം ജലപ്രളയവും, വെട്ടുകിളിയും, പേനും (അഥവാ ചെള്ളും), തവളകളും, രക്തവും അയച്ചു; വിശദമാ(യി വ്യക്തമാ)ക്കപ്പെട്ട ദൃഷ്ടാന്തങ്ങളായിക്കൊണ്ടു.

എന്നാൽ, അവർ അഹംഭാവം നടിക്കയാണു ചെയ്തതു, അവർ കുറ്റവാളികളായ ഒരു ജനതയായിരുന്നു താനും.

---

133. فَأَرْسَلْنَا അപ്പോൾ (എന്നിട്ടു) നാം അയച്ചു عَلَيْهِمْ അവരിൽ الطُّوفَانَ ജലപ്രളയം, വെള്ളപ്പൊക്കം, വമ്പിച്ച ആപത്തും وَالْجَرَادَ വെട്ടുകിളിയും وَالْقُمَّلَ പേനും, ചെള്ളും وَالضَّفَادِعَ തവളകളും وَالدَّمَ രക്തവും آيَاتٍ ദൃഷ്ടാന്തങ്ങളായിട്ടു مُفَصَّلَاتٍ വിസ്തരിക്ക(വിശദീകരിക്ക)പ്പെട്ട فَاسْتَكْبَرُوا എന്നിട്ടവർ അഹംഭാവം നടിച്ചു وَكَانُوا അവരായിരുന്നുതാനും, ആയിത്തീരുകയും ചെയ്തു قَوْمًا ഒരു ജനത مُجْرِمِينَ കുറ്റവാളികളായ.

الطُّوفَان (ത്വൂഫാൻ) എന്ന പദം എല്ലാവിധ പൊതു ആപത്തുകൾക്കും പറയപ്പെടുമെങ്കിലും വെള്ളപ്പൊക്കം കൊണ്ടുള്ള ആപത്തിലാണ് അധികവും പ്രയോഗം. അതാണു ഇവിടെ ഉദ്ദേശ്യമെന്നത്രെ അധിക മുഫസ്സിറുകളുടെയും അഭിപ്രായം. മഹാവ്യാധികൾ മൂലമുള്ള വമ്പിച്ച മരണമാണ് ഉദ്ദേശ്യമെന്നും അഭിപ്രായമുണ്ട്. القُمَّل (ക്വുമ്മൽ) കൊണ്ടുദ്ദേശ്യം പേനാണെന്നും, ഒരുതരം ചെള്ളോ ഈച്ചയോ ആണെന്നും അഭിപ്രായമുണ്ട്. മേൽപറഞ്ഞ ഓരോ ദൃഷ്ടാന്തങ്ങളെക്കുറിച്ചും അവ അല്ലാഹുവിങ്കൽനിന്നുള്ള ദൃഷ്ടാന്തമാണെന്നും, ജാലവിദ്യയോ മറ്റോ അല്ലെന്നുമൊക്കെ അവർക്ക് നേരത്തെക്കൂട്ടി പ്രത്യേകം വിവരിച്ചു കൊടുക്കപ്പെട്ടിരുന്നുവെന്നത്രെ آيَاتٍ مُّفَصَّلَاتٍ (വിശദീകരിച്ചു കൊടുക്കപ്പെട്ട ദൃഷ്ടാന്തങ്ങളായിക്കൊണ്ട്) എന്ന് പറഞ്ഞതിന്റെ സാരം.

ഫിർഔനും കൂട്ടർക്കും കാട്ടിക്കൊടുക്കപ്പെട്ട ദൃഷ്ടാന്തങ്ങളെപ്പറ്റി ബൈബിളിൽ (പുറപ്പാട്, പുസ്തകം അദ്ധ്യായം 7–10) വളരെ വിസ്തരിച്ചു വിവരിച്ചുകാണാം. എന്നാൽ, മൂസാ (അ) നബിയുടെ കൈ വെള്ള നിറമായ സംഭവം അതിൽ കാണപ്പെടുന്നില്ല. വടി സർപ്പമായി മാറിയതും, ജാലവിദ്യക്കാർ പരാജയപ്പെട്ടതും പറയപ്പെട്ടിട്ടുണ്ടെങ്കിലും അവർ വിശ്വസിച്ചതും, ഫിർഔൻ അവരെ ശിക്ഷിച്ചതും പ്രസ്താവിക്കപ്പെട്ടിട്ടില്ല. ചില പരാമർശങ്ങൾ ഖുർആനോട് യോജിച്ച് കാണാമെങ്കിലും ചിലതൊന്നും യോജിക്കാത്തതും, ചിലത് ഒന്നും കൽപിക്കുവാൻ സാധിക്കാത്തതുമാകുന്നു. ഈ ദൃഷ്ടാന്തങ്ങളെപ്പറ്റി കൂടുതൽ വിശദീകരണം നൽകുന്ന പ്രബലങ്ങളായ ഹദീസുകളോ രിവായത്തുകളോ കാണപ്പെടുന്നില്ല. മുൻഗാമികളിൽനിന്നുള്ള ചില നിവേദനങ്ങൾ ഉദ്ധരിക്കപ്പെടുന്നുണ്ടെങ്കിലും മിക്കതും വേദക്കാരിൽനിന്നു കേട്ടതും അറിയപ്പെട്ടതുമാണുതാനും. ഓരോ ദൃഷ്ടാന്തത്തെപ്പറ്റിയും വിശദമായി അറിയാത്തതുകൊണ്ട് ആശയം മനസ്സിലാകാതിരിക്കുകയില്ലല്ലോ.

ഒരു കാര്യം ഇവിടെ പ്രസ്താവ്യമാകുന്നു. നബി (സ) തിരുമേനി എഴുത്തും വായനയുമില്ലാത്ത ആളാണ്. മുൻവേദഗ്രന്ഥങ്ങളുമായി അവിടുത്തേക്കു പരിചയവുമില്ല. മതിയായ നാഗരികത്വമുള്ള പട്ടണങ്ങളുമായി സമ്പർക്കം ഉണ്ടായിട്ടുമില്ല. മക്കയിലും പരിസരങ്ങളിലുമുള്ള അറബികളുടെ പൊതുനിലയും ഇതിൽനിന്ന് വ്യത്യസ്തമല്ല. നന്നെച്ചുരുക്കം വ്യക്തികൾക്കേ എഴുത്തും വായനയും അറിഞ്ഞുകൂടൂ. അവർക്കുപോലും വേദത്തിന്റെ പകർപ്പുകളുമായി പരിചയപ്പെടാനവസരം അതിന്റെ പകർപ്പുകളും മറ്റും അന്ന് നിലവിലില്ലായിരുന്നു. വേദക്കാരിൽതന്നെ ചുരുക്കം പേരേ അവരുടെ വേദഗ്രന്ഥം കണ്ടിട്ടുള്ളവരാണ്. ഇതിനെല്ലാം പുറമെ, ഖുർആനിൽ—അതും മക്കീ സൂറത്തുകളിൽ—മുൻകാല സംഭവങ്ങൾ ഇത്രയും വ്യക്തവും സ്പഷ്ടവുമായ വിധത്തിൽ നബി (സ) തിരുമേനി പ്രസ്താവിക്കുമ്പോൾ, ഖുർആൻ അല്ലാഹുവിങ്കൽനിന്നുള്ളതാണെന്നുള്ളതിനു അതും വ്യക്തമായ ഒരു തെളിവാകുന്നു.

134. അവരുടെ മേൽ ശിക്ഷ ഭവിച്ചപ്പോൾ, അവർ പറഞ്ഞു: 'മൂസാ, നിന്റെ റബ്ബ് നിന്റെ അടുക്കൽ കരാറു നൽകിയ (നിശ്ചയ) പ്രകാരം, അവനോടു ഞങ്ങൾക്കുവേണ്ടി നീ പ്രാർത്ഥിക്കുക. ഞങ്ങളിൽ നിന്നു (ഈ) ശിക്ഷ നീ (നീക്കി) തുറവിയാക്കിത്തന്നുവെങ്കിൽ, നിശ്ചയമായും ഞങ്ങൾ നിന്നെ വിശ്വസിക്കുകതന്നെ ചെയ്യും. നിന്നോടൊപ്പം ഇസ്രാഈൽ സന്തതികളെ ഞങ്ങൾ അയച്ചുതരുകയും തന്നെ ചെയ്യുന്നതാണ്'.

١٣٤- وَلَمَّا وَقَعَ عَلَيْهِمُ الرِّجْزُ قَالُوا
يَٰمُوسَى ادْعُ لَنَا رَبَّكَ
بِمَا عَهِدَ عِندَكَ
لَئِن كَشَفْتَ عَنَّا الرِّجْزَ لَنُؤْمِنَنَّ لَكَ
وَلَنُرْسِلَنَّ مَعَكَ بَنِي إِسْرَٰٓءِيلَ ۝

135. എന്നാൽ, ഒരു അവധി-അതവർ പ്രാപിക്കും-വരെ നാം അവരിൽ നിന്നു ശിക്ഷയെ (നീക്കി) തുറവിയാക്കിയപ്പോൾ, അപ്പോൾ, (അതാ) അവർ (വാക്കു) ലംഘിക്കുന്നു!

١٣٥- فَلَمَّا كَشَفْنَا عَنْهُمُ الرِّجْزَ
إِلَىٰٓ أَجَلٍ
هُم بَٰلِغُوهُ إِذَا هُمْ يَنكُثُونَ ۝

---

134. لما وقع സംഭവിച്ച (ഉണ്ടായ)പ്പോൾ عليهم അവരുടെമേൽ, അവരിൽ الرجز കുലുക്കം, മ്ളേച്ഛത (ശിക്ഷ) قالوا അവർ പറഞ്ഞു يا موسى മൂസാ ادع لنا ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കുക ربك നിന്റെ റബ്ബിനോടു بما عهد അവൻ കരാറു (ഉത്തരവു) നൽകിയ പ്രകാരം (നൽകിയതുകൊണ്ടു) عندك നിന്റെ അടുക്കൽ لئن كشفت നീ നീക്കി (തുറവിയാക്കി) തന്നെങ്കിൽ عنا ഞങ്ങളിൽ നിന്നു الرجز ശിക്ഷയെ لنؤمنن لك നിശ്ചയമായും ഞങ്ങൾ നിന്നെ വിശ്വസിക്കുക തന്നെ ചെയ്യും ولنرسلن ഞങ്ങൾ അയക്കുകയും തന്നെ ചെയ്യും معك നിന്റെ കൂടെ بني إسرائيل ഇസ്രാഈൽ സന്തതികളെ.
135. فلما كشفنا എന്നിട്ടും നാം തുറവിയാക്കി (നീക്കി)യപ്പോൾ عنهم അവരിൽ നിന്ന الرجز ശിക്ഷയെ إلى أجل ഒരവധിവരെ هم അവർ بالغوه അതിങ്കൽ എത്തുന്നവരാണു إذا هم അപ്പോൾ അവർ (അതാ) ينكثون ലംഘിക്കുന്നു.

മേൽ വിവരിച്ച തരത്തിലുള്ള ശിക്ഷകൾ അനുഭവപ്പെടുമ്പോൾ, മൂസാ (അ) നബിയെ സമീപിച്ച് ഞങ്ങൾ വിശ്വസിച്ചുകൊള്ളാമെന്നും, ഇസ്രാഈല്യരെ വിട്ടുതരാമെന്നും അവർ വാക്കു കൊടുക്കുകയും, ആപത്തിൽ നിന്നു രക്ഷക്കായി അല്ലാഹുവിനോടു പ്രാർത്ഥിക്കുവാൻ അപേക്ഷിക്കുകയും ചെയ്യും. അദ്ദേഹം പ്രാർത്ഥിക്കുകയും ആപത്തു നീങ്ങുകയും ചെയ്തുകഴിഞ്ഞാൽ, പിന്നെയും സ്ഥിതി മുമ്പത്തേപ്പോലെതന്നെ. അങ്ങിനെ, അവർക്കു എത്താവുന്നേടത്തോളം കാലം അവർക്ക് അല്ലാഹു ഒഴിവു നൽകി. എന്നിട്ടൊന്നും അവർ വാക്കു പാലിച്ചില്ല എന്നു സാരം.

136. അപ്പോൾ നാം അവരോടു പ്രതികാര (ശിക്ഷാ) നടപടിയെടുത്തു; അങ്ങനെ, അവരെ നാം സമുദ്രത്തിൽ മുക്കി (നശിപ്പിച്ചു); (അതെ) നമ്മുടെ ദൃഷ്ടാന്തങ്ങളെ അവർ വ്യാജമാക്കുകയും, അവയെപ്പറ്റി അവർ അശ്രദ്ധരായിരിക്കുകയും ചെയ്ത കാരണത്താൽ,

١٣٦- فَٱنتَقَمْنَا مِنْهُمْ فَأَغْرَقْنَٰهُمْ فِى ٱلْيَمِّ
بِأَنَّهُمْ كَذَّبُوا۟ بِـَٔايَٰتِنَا
وَكَانُوا۟ عَنْهَا غَٰفِلِينَ ۝

---

136. فانتقمنا منهم അപ്പോൾ അവരോടു നാം പ്രതികാര (ശിക്ഷാ) നടപടിയെടുത്തു فأغرقناهم അങ്ങനെ നാം അവരെ മുക്കി في اليم സമുദ്രത്തിൽ بأنهم അവരാണെന്നതുകൊണ്ടു, അവർ (ആയ) കാരണത്താൽ كذبوا വ്യാജമാക്കി (എന്ന) بآياتنا നമ്മുടെ ദൃഷ്ടാന്തങ്ങളെ وكانوا അവർ ആയിരിക്കുക (ആയിത്തീരുക)യും ചെയ്തു (എന്ന) عنها അവയെപ്പറ്റി غافلين അശ്രദ്ധർ.

അല്ലാഹുവിന്റെ കല്പന പ്രകാരം മൂസാ (അ) ഇസ്രാഈല്യരെയും കൂട്ടി ഒരു രാത്രി ഈജിപ്തിൽ നിന്നു പുറപ്പെട്ടു. വഴിമദ്ധ്യേ ചെങ്കടലിനടുത്തെത്തി. കല്പനപ്രകാരം മൂസാ (അ) നബി തന്റെ വടികൊണ്ടു സമുദ്രത്തിൽ അടിച്ചു. ജലം ഇരുവശത്തേക്കും ഒഴിഞ്ഞു നിൽക്കുകയും മദ്ധ്യത്തിലൂടെ തുറന്നു വിശാലമായ ഒരു വഴിയുണ്ടായിത്തീരുകയും ചെയ്തു. ആ വഴിയിലൂടെ ഇസ്രാഈല്യർ സുരക്ഷിതരായി കടന്നുപോയി അക്കരെ പറ്റി. അവരെ പിൻതുടർന്നു വന്നിരുന്ന ഫിർഔനും സൈന്യവും ആ വഴിയിൽ ഇറങ്ങിയതോടെ വെള്ളം കൂട്ടിമുട്ടി, അവർ അതിൽ പെട്ടു മുങ്ങി നശിക്കുകയും ചെയ്തു. സൂ: ത്വാഹായിലും, ശുഅറാഇലും, ദുഖാനിലും ഈ സംഭവം വിവരിക്കപ്പെട്ടിട്ടുണ്ട്. കൂടുതൽ വിശദമായി അറിയേണ്ടുന്നവർ സൂ: ത്വാഹാക്കുശേഷം കൊടുത്തിട്ടുള്ള വ്യാഖ്യാനക്കുറിപ്പും കാണുക.

١٣٧- وَأَوْرَثْنَا الْقَوْمَ الَّذِينَ كَانُوا يُسْتَضْعَفُونَ مَشَارِقَ الْأَرْضِ وَمَغَارِبَهَا الَّتِي بَارَكْنَا فِيهَا ۖ وَتَمَّتْ كَلِمَتُ رَبِّكَ الْحُسْنَىٰ عَلَىٰ بَنِي إِسْرَائِيلَ بِمَا صَبَرُوا ۖ وَدَمَّرْنَا مَا كَانَ يَصْنَعُ فِرْعَوْنُ وَقَوْمُهُ وَمَا كَانُوا يَعْرِشُونَ ○

137. ബലഹീനരായി ഗണിക്കപ്പെട്ടിരുന്നതായ (ആ) ജനതക്കു നാം അവകാശപ്പെടുത്തിക്കൊടുക്കുകയും ചെയ്തു, നാം അനുഗ്രഹം നൽകിയിട്ടുള്ള ഭൂമിയുടെ കിഴക്കും പടിഞ്ഞാറും ഭാഗങ്ങളെ.

നിന്റെ റബ്ബിന്റെ വളരെ നല്ലതായ വാക്ക ഇസ്രാഈൽ സന്തതികളിൽ പൂർത്തിയാകുകയും ചെയ്തു. അവർ ക്ഷമിച്ചതു നിമിത്തം.

ഫിർഔനും, അവന്റെ ജനങ്ങളും നിർമ്മിച്ചുകൊണ്ടിരുന്നതും, അവർ കെട്ടി ഉയർത്തിക്കൊണ്ടിരുന്നതും നാം തകർത്തുകയും ചെയ്തു.

---

137. وأورثنا നാം അവകാശപ്പെടുത്തി (അനന്തരമാക്കി) കൊടുക്കുകയും ചെയ്തു القوم ജനതക്കു الذين كانوا ആയിരുന്നതായ يستضعفون അവർ ബലഹീനരാക്കപ്പെടും, അവർക്കു ദുർബ്ബലത കല്പിക്കപ്പെടും مشارق ഉദയ (കിഴക്ക) സ്ഥല (ഭാഗ)ങ്ങളെ الأرض (ആ) ഭൂമിയുടെ ومغاربها അതിന്റെ അസ്തമന (പടിഞ്ഞാറു) സ്ഥല(ഭാഗ)ങ്ങളെയും التي باركنا നാം അനുഗ്രഹം–അഭിവൃദ്ധി–ആശീർവാദം നൽകിയതായ فيها അതിൽ وتمت പൂർത്തിയാകുകയും ചെയ്തു كلمت ربك നിന്റെ റബ്ബിന്റെ വാക്കു, വാക്യം الحسنى വളരെ നല്ല, അതിസുന്ദരമായ, ഏററം നല്ല على بني إسرائيل ഇസ്രാഈൽ സന്തതികളിൽ, ഇസ്രാഈല്യർക്ക بما صبروا അവർ ക്ഷമിച്ച (സഹിച്ച)തു നിമിത്തം ودمرنا നാം തകർത്തു(ക (ത)റുമാററുക)യും ചെയ്തു ما كان ആയിരുന്നതു يصنع പ്രവർത്തിക്ക, ഉണ്ടാക്കിത്തീർക്ക فرعون ഫിർഔൻ وقومه അവന്റെ ജനതയും وما كانوا അവരായിരുന്നതും يعرشون അവർ ഉയർത്തിയുണ്ടാക്ക, കെട്ടിപ്പൊക്കും

ബലഹീനരായി ഗണിക്കപ്പെട്ട ജനത ഇസ്രാഈല്യർ തന്നെ. അവർക്ക അവകാശപ്പെടുത്തിക്കൊടുക്കപ്പെട്ട അനുഗൃഹീത ഭൂമി ഫലസ്തീൻ ഉൾക്കൊള്ളുന്ന ശാം പ്രദേശവുമാകുന്നു. الأرض التي باركنا فيها (നാം ബറക്കത്ത് നൽകിയ– അഥവാ അനുഗ്രഹിച്ച ഭൂമി) എന്നു ശാം പ്രദേശങ്ങളെ ഖുർആനിൽ വേറെ സ്ഥലത്തും വിശേഷിപ്പിച്ചിട്ടുണ്ട് (17:1). കൃഷി വ്യവസായങ്ങളുടെ ആധിക്യത്തിലും ഫലപുഷ്ടിയിലും ശാം പ്രദേശം അന്നും ഇന്നും പ്രസിദ്ധമത്രെ. ഇബ്രാഹീം (അ) നബിയുടെ കാലം മുതൽ ഈസാ (അ) നബിയുടെ കാലംവരെയായി വളരെയധികം പ്രവാചകൻമാരുണ്ടായതും ആ പുണ്യഭൂമിയിൽ തന്നെ. അതിന്റെ കിഴക്ക ഭാഗത്തും പടിഞ്ഞാറുഭാഗത്തുമുള്ള എല്ലാ സ്ഥലങ്ങളും അവർക്ക അധീനപ്പെടുത്തിക്കൊടുത്തുവെന്നർത്ഥം. മുമ്പ് ഭൂമിയിൽ എവിടെയും അധികാരമോ സ്വാതന്ത്ര്യമോ ഇല്ലാതെ, മർദ്ദിതരും അടിമകളുമായി കഴിയുകയായിരുന്നുവല്ലോ അവർ. അതേ സമയത്തു ഫിർഔന്റെയും കൂട്ടരുടെയും കഥ നേരെ മറിച്ചും. ഫിർഔനും സൈന്യവും കടലിൽ മുങ്ങി നശിച്ചുവെന്നു മാത്രമല്ല, അവർ നേടിവെച്ചിരുന്ന കണക്കററ സമ്പാദ്യങ്ങളും, കോട്ടകളും, കൊട്ടാരങ്ങളും, അണക്കെട്ടുകളും, കൂററൻ കെട്ടിടങ്ങളും, തോട്ടങ്ങളും, കൃഷികളും മുതലായവയെല്ലാം തകർന്നു പോകുകയും ചെയ്തു.

ഇസ്രാഈല്യർ സമുദ്രം കടന്നു രക്ഷപ്പെട്ടശേഷം ശാം രാജ്യങ്ങൾ അവരുടെ അധീനത്തിൽ വന്നുവെന്നും, ഫിർഔനും സൈന്യവും മുങ്ങിനശിച്ചശേഷം ഈജിപ്തിൽ അവരുടെ വകയായുള്ളതെല്ലാം തകർന്നു നശിച്ചുവെന്നുമത്രെ അല്ലാഹു പറഞ്ഞതിന്റെ ഉദ്ദേശ്യം. ആ സംഭവത്തെത്തുടർന്നു ക്രമേണ ആ രണ്ടു കാര്യങ്ങളും അനുഭവപ്പെട്ടുവന്നുവത്രെ. ചെങ്കടൽ കടന്നതിനുശേഷം സംഭവബഹുലമായ നാൽപതു വർഷത്തിനുശേഷമാണ് ഇസ്രാഈല്യർ ശാം പ്രദേശങ്ങളിൽ കുടിയേറിപ്പാർക്കുവാനും ആ രാജ്യങ്ങൾ അധീനപ്പെടുത്തി സുഖജീവിതം അനുഭവിക്കുവാനും കഴിഞ്ഞത്. അതുപോലെ, ഫിർഔനും കൂട്ടരും മുങ്ങിനശിക്കുന്നതിനു മുമ്പുതന്നെ കഴിഞ്ഞ വചനങ്ങളിൽ പ്രസ്താവിക്കപ്പെട്ട പലതരം ശിക്ഷകളാൽ നാശോന്മുഖമായിക്കഴിഞ്ഞിരുന്ന ഈജിപ്ത് അതോടുകൂടി ഇടയനില്ലാത്ത ആട്ടിൻകൂട്ടത്തെപ്പോലെ അനാഥമായിത്തീരുകയും ചെയ്തു. രാജ്യത്തിന്റെ അഭിവൃദ്ധിക്കാവശ്യമായി നടത്തപ്പെട്ടിരുന്ന ഭാരപ്പെട്ട ജോലികൾക്കെല്ലാം യന്ത്രം കണക്കെ ഖിബ്ത്തികൾ ഉപയോഗപ്പെടുത്തിയിരുന്നതു ഇസ്രാഈല്യരെയായിരുന്നു. അവർ കടൽ താണ്ടി രക്ഷപ്പെട്ടതോടുകൂടി ആ വാതിലും അടഞ്ഞുപോയി. അങ്ങനെ, ഫിർഔനും അവന്റെ ജനതയും ഈജിപ്തിൽ നിർമ്മിച്ചതും കെട്ടിപ്പൊക്കിയിരുന്നതുമെല്ലാം ക്രമേണ തകർന്നു ശൂന്യമാകുകയും ചെയ്തു.

129-ാം വചനത്തിൽ, നിങ്ങളുടെ റബ്ബു നിങ്ങളുടെ ശത്രുവെ നശിപ്പിച്ചു തരുകയും, ഭൂമിയിൽ നിങ്ങളെ പകരമാക്കിത്തരുകയും ചെയ്തേക്കാമെന്ന് മൂസാ (അ) ഇസ്രാഈല്യരോടു പറഞ്ഞു സമാധാനിപ്പിച്ചതായി അല്ലാഹു ഉദ്ധരിച്ചുവല്ലോ. മൂസാ (അ)ന്റെ ജനന സംഭവവും സന്ദർഭവും വിവരിക്കുന്ന മദ്ധ്യേ സൂറത്തുൽ ഖസ്വസ്വിൽ അല്ലാഹു ഇപ്രകാരം പറയുന്നു: 'ഭൂമിയിൽ ബലഹീനരായി ഗണിക്കപ്പെട്ടവർക്കു ദാക്ഷിണ്യം ചെയ്യണമെന്നും, അവരെ നേതാക്കളാക്കണമെന്നും, അവരെ അനന്തരാവകാശികളാക്കണമെന്നും, അവർക്കു ഭൂമിയിൽ സ്വാധീനം നൽകണമെന്നും, ഫിർഔനും ഹാമാനും അവരുടെ സൈന്യങ്ങളും അവരിൽ നിന്നു എന്തൊന്നിനെക്കുറിച്ചു ജാഗരൂകരായിക്കൊണ്ടിരുന്നുവോ അതു അവർക്കു കാട്ടിക്കൊടുക്കണമെന്നും നാം ഉദ്ദേശിക്കുകയും ചെയ്യുന്നു.' (ഖസ്വസ്വ് 5, 6.) ആ ഫിർഔന്റെയും അവന്റെ സൈന്യത്തിന്റെയും നാശത്തോടുകൂടി ഇതെല്ലാം പൂർത്തിയാകുകയും ചെയ്തു. ആ തത്വത്തെ സൂചിപ്പിച്ചുകൊണ്ടാണ് ... وَتَمَّتْ كَلِمَتُ رَبِّكَ (ഇസ്രാഈല്യർ ക്ഷമിച്ചതു നിമിത്തം, നിന്റെ റബ്ബിന്റെ വളരെ നല്ലതായ വാക്കു അവരിൽ പൂർത്തിയാകുകയും ചെയ്തു) എന്നു പറഞ്ഞിരിക്കുന്നത്.

മൂസാ (അ) നബിയുടെ മതപ്രബോധനത്തെത്തുടർന്നു ഫിർഔനുമായി ബന്ധപ്പെട്ടുകൊണ്ടുള്ള സംഭവങ്ങൾ ഇവിടംവെച്ചു അവസാനിച്ചു. അടുത്തവചനം മുതൽ അദ്ദേഹത്തിന്റെ ജനതയായ ഇസ്രാഈല്യരുമായി ബന്ധപ്പെട്ടുകൊണ്ടുള്ള സംഭവങ്ങൾ വിവരിക്കുന്നു:—

١٣٨- وَجَاوَزْنَا بِبَنِيٓ إِسْرَٰٓءِيلَ ٱلْبَحْرَ فَأَتَوْا۟ عَلَىٰ قَوْمٍ يَعْكُفُونَ عَلَىٰٓ أَصْنَامٍ لَّهُمْ ۚ قَالُوا۟ يَٰمُوسَى ٱجْعَل لَّنَآ إِلَٰهًا كَمَا لَهُمْ ءَالِهَةٌ ۚ قَالَ إِنَّكُمْ قَوْمٌ تَجْهَلُونَ ○

138. ഇസ്രാഈൽ സന്തതികളെ നാം സമുദ്രം വിട്ടു കടത്തി (രക്ഷപ്പെടുത്തി); എന്നിട്ടു, തങ്ങളുടെ ചില ബിംബങ്ങളുടെ അരികിൽ ഭജനമിരിക്കുന്ന ഒരു ജനതയുടെ അടുക്കൽ അവർ വന്നു (ചേർന്നു). അവർ പറഞ്ഞു: 'മൂസാ, ഇവർക്കു ചില ദൈവങ്ങളുള്ളതുപോലെ, ഞങ്ങൾക്കു ഒരു ദൈവത്തെ നീ ഏർപ്പെടുത്തിത്തരണം.' അദ്ദേഹം പറഞ്ഞു: 'നിശ്ചയമായും നിങ്ങൾ, അറിവില്ലാത്ത ഒരു (മൂഢ) ജനതയാകുന്നു.

---

138. وَجَاوَزْنَا നാം വിട്ടു കടക്കുകയും ചെയ്തു (നാം കടത്തി) بِبَنِي إِسْرَائِيلَ ഇസ്രാഈൽ സന്തതികളെ) الْبَحْرَ സമുദ്രം (ആ) കടൽ فَأَتَوْا എന്നിട്ടവർ വന്നു, അങ്ങനെ അവർ ചെന്നു عَلَى قَوْمٍ ഒരു ജനതയിൽ, ജനതയിലൂടെ يَعْكُفُونَ അവർ ഭജനമിരിക്കുന്നു عَلَى أَصْنَامٍ ചില ബിംബങ്ങളുടെ അടുക്കൽ لَهُمْ തങ്ങളുടെ قَالُوا അവർ പറഞ്ഞു يَا مُوسَى മൂസാ اجْعَل لَّنَا ഞങ്ങൾക്ക നീ (താ ഞങ്ങൾക്കു) ഏർപ്പെടുത്തിത്തരുക, ആക്കിത്തരണം إِلَٰهًا ഒരാരാധ്യ വസ്തുവെ (ദൈവത്തെ) كَمَا لَهُمْ അവർക്കു (ഇവർക്കു)ള്ളതു പോലെ آلِهَةٌ ആരാധ്യ വസ്തുക്കൾ (ദൈവങ്ങൾ) قَالَ إِنَّكُمْ അദ്ദേഹം പറഞ്ഞു നിശ്ചയമായും നിങ്ങൾ قَوْمٌ ഒരു ജനതയാണ് تَجْهَلُونَ വിവരമില്ലാത്ത (അജ്ഞരായ–വിഡ്ഢികളായ മൂഢൻമാരായ).

إِنَّ هَٰٓؤُلَآءِ مُتَبَّرٌ مَّا هُمْ فِيهِ وَبَٰطِلٌ مَّا كَانُوا۟ يَعْمَلُونَ ۝١٣٩ قَالَ أَغَيْرَ ٱللَّهِ أَبْغِيكُمْ إِلَٰهًا وَهُوَ فَضَّلَكُمْ عَلَى ٱلْعَٰلَمِينَ ۝١٤٠

139. 'നിശ്ചയമായും ഇക്കൂട്ടർ–അവർ ഏതൊന്നിൽ സ്ഥിതി ചെയ്യുന്നുവോ അതു [ആ മാർഗ്ഗം]– തുറിച്ചു (നശിപ്പിച്ചു) കളയപ്പെടുന്നതാകുന്നു: അവർ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നതു ഫലശൂന്യവുമാകുന്നു.'

140. അദ്ദേഹം പറഞ്ഞു: 'അല്ലാഹു അല്ലാത്തതിനെയോ ഞാൻ നിങ്ങൾക്കു ദൈവമായി (തേടി) അന്വേഷിക്കുന്നത്?' അവൻ നിങ്ങളെ ലോകരെക്കാൾ ശ്രേഷ്ഠരാക്കുകയും ചെയ്തിരിക്കുന്നു(എന്നിരിക്കെ)!

---

139. إِنَّ هَٰٓؤُلَآءِ നിശ്ചയമായും ഇക്കൂട്ടർ مُتَبَّرٌ തുറിച്ചു കളയപ്പെടുന്ന (നശിപ്പിക്കപ്പെടുന്ന)താണു مَا യാതൊന്നു, എന്തോ (അതു) هُمْ അവർ فِيهِ അതിലൊണ്ട وَبَٰطِلٌ ഫലശൂന്യ (അർത്ഥശൂന്യ–നിരർത്ഥ)വുമാകുന്നു مَّا كَانُوا۟ അവരായിരുന്നതു, ആയിക്കൊണ്ടിരിക്കുന്നതു يَعْمَلُونَ അവർ പ്രവർത്തിക്കുക. 140. قَالَ أَغَيْرَ ٱللَّهِ അല്ലാഹു അല്ലാത്തവരെയോ أَبْغِيكُمْ ഞാൻ നിങ്ങൾക്കു തേടുന്നു (അന്വേഷിക്കുന്നു) إِلَٰهًا ആരാധ്യനായി, ദൈവമായിട്ടു وَهُوَ അവനാകട്ടെ, അവൻ ആയിരിക്കെ فَضَّلَكُمْ നിങ്ങളെ ശ്രേഷ്ഠരാക്കിയിരിക്കുന്നു (എന്നിരിക്കെ) عَلَى ٱلْعَٰلَمِينَ ലോകരെക്കാൾ.

കഴിഞ്ഞ 136–ാം വചനത്തിൽ ഫിർഔന്റെ കൂട്ടരെ നാം സമുദ്രത്തിൽ മുക്കി നശിപ്പിച്ചുവെന്നും, ഈ വചനത്തിൽ ഇസ്രാഈല്യരെ നാം സമുദ്രം കടത്തി എന്നും പറഞ്ഞതു ഒരേ സംഭവം തന്നെ. ഫിർഔന്റെയും അവന്റെ ആൾക്കാരുടെയും ധിക്കാരത്തിന്റെയും നിഷേധത്തിന്റെയും ഫലം അവർക്കു അനുഭവത്തിൽ കാണിച്ചുകൊടുത്തു വെന്ന നിലക്കാണ് 'അവരെ നാം മുക്കി നശിപ്പിച്ചു' എന്നു അവിടെ പറഞ്ഞത്. ആ സംഭവം കഴിഞ്ഞ് അതിന്റെ ഓർമ്മയും പുതുമയും നശിക്കുന്നതിന്റെ മുമ്പു തന്നെ ഇസ്രാഈല്യരിൽ നിന്നുണ്ടായതും, അവരുടെ നന്ദികേടിന്റെയും ബുദ്ധിഹീനതക്കും ഉദാഹരണവുമായ ഒരു സംഭവത്തിന്റെ തുടക്കം എന്ന നിലക്കാണ് 'അവരെ നാം സമുദ്രം വിട്ടു കടത്തി' എന്നു ഇവിടെ പറഞ്ഞിരിക്കുന്നത്. ഫിർഔനും സൈന്യവും നശിപ്പിക്കപ്പെടുകയും, മൂസാ (അ) നബിയും ഇസ്രാഈല്യരും ചെങ്കടൽ കടന്നു രക്ഷപ്പെടുകയും ചെയ്തതിനു ശേഷം വഴി മദ്ധ്യേ ഇസ്രാഈല്യർ ബിംബാരാധകരായ ഒരു ജനതയുടെ വാസസ്ഥലങ്ങളിൽ എത്തിച്ചേർന്നു. അവർ ബിംബങ്ങളെ ആരാധിക്കുന്നതും, അവയുടെ ചുറ്റും ഭജനത്തിലും ധ്യാനത്തിലുമിരിക്കുന്നതും കണ്ടപ്പോൾ, ഇസ്രാഈല്യർക്കു അവരുടെ പഴയ ബിംബാരാധനയുടെയും പശു പൂജയുടെയും ഓർമ്മ വന്നു. ഇവരെപ്പോലെ ഞങ്ങൾക്കും വല്ല ദൈവങ്ങളെയും ഉണ്ടാക്കി കിട്ടിയാൽ കൊള്ളാമെന്നായി. അതിനു വേണ്ടി അവർ മൂസാ (അ) നബിയോടു ആവശ്യപ്പെട്ടു. ഇതാണു സംഭവം.

മൂസാ (അ) അവർക്കു നൽകിയ മറുപടിയിൽ, ഒന്നാമതായി അവരുടെ വിഡ്ഢിത്തം അദ്ദേഹം അവരെ ഓർമ്മപ്പെടുത്തി. രണ്ടാമതു, അല്ലാഹുവിനെ മാത്രം ആരാധിക്കുവാൻ വിസമ്മതിച്ചതിന്റെ ഫലമായി, അധികാര ശക്തിയിലും പ്രതാപത്തിലും ഉച്ചകോടിയിലെത്തിയിരുന്ന ഫിർഔന്റെയും സൈന്യത്തിന്റെയും പരിതാപകരമായ കലാശവും, അല്ലാഹുവിന്റെ ഏകത്വത്തിൽ വിശ്വസിച്ചതിന്റെ ഫലമായി നിങ്ങൾക്കു ലഭിച്ച രക്ഷയും അനേകം ദൃഷ്ടാന്തങ്ങളും നിങ്ങൾ കണ്ടറിഞ്ഞു. എന്നിട്ടും ഇത്ര വേഗം അതെല്ലാം വിസ്മരിച്ചുകൊണ്ടു ഈ ബിംബാരാധകൻമാരെപ്പോലെ നിങ്ങൾക്കും ചില ദൈവങ്ങൾ വേണമെന്നു നിങ്ങൾ ആവശ്യപ്പെടുമ്പോൾ, നിങ്ങളുടെ അജ്ഞതയും വിഡ്ഢിത്തം തന്നെയാണു എന്നുണർത്തി. പിന്നീടു ബിംബാരാധകരായ ഈ ജനങ്ങളുടെ മാർഗ്ഗം പിഴച്ചതും ഫലമില്ലാത്തതുമാണെന്നും ചൂണ്ടിക്കാട്ടി. അവസാനം അദ്ദേഹം ചോദിച്ചു: അല്ലാഹുവിന്റെ ഏകത്വം അംഗീകരിച്ചവരെന്ന നിലക്കു ലോകത്തു മറ്റാർക്കും ലഭിക്കാത്ത അനുഗ്രഹങ്ങളും സ്ഥാനവും നൽകി നിങ്ങളെ അവൻ ഉൽകൃഷ്ട സമുദായമാക്കിത്തന്നിരിക്കുന്നു; എന്നിട്ടും നിങ്ങൾക്കു അവനല്ലാത്ത ദൈവങ്ങളെത്തന്നെ വേണമെന്നാണോ എന്നോടു നിങ്ങൾ ആവശ്യപ്പെടുന്നതു? അതിനു സമ്മതിക്കണമെന്നുള്ള ഒരു വിഡ്ഢിയാണു ഞാനെന്നാണോ നിങ്ങൾ കരുതുന്നത്.......? ഇസ്രാഈല്യർ കണ്ട ബിംബാരാധകരായിരുന്ന ആ ജനത ചില പൗരാണിക അറബി ഗോത്രങ്ങളായിരുന്നുവെന്നും, അതല്ല–പിന്നീടു ഇസ്രാഈല്യർക്കു എതിരു

ട്ടങ്ങളിവന്ന—അമാലിഖ (*) വർഗ്ഗത്തിൽപെട്ടവരായിരുന്നുവെന്നും പറയപ്പെട്ടു കാണുന്നു. ഏതായാലും ശരി, ചെങ്കടലിന്റെ കിഴക്കെ കര തൊട്ടു ഫലസ്തീൻവരെയുള്ള പ്രദേശങ്ങൾ അധികം താമസിയാതെ ഇസ്രാഈല്യരുടെ പ്രതാപത്തിൻ കീഴിലായിത്തീരുകയും, ഏകദൈവ വിശ്വാസത്തിനു പ്രചാരം സിദ്ധിക്കുകയും ഉണ്ടായിട്ടുണ്ടെന്നുള്ളതു പ്രസ്താവ്യമാകുന്നു.

ഇമാം അഹ്മദു, നസാഈ, ഇബ്നുജരീർ (റ) എന്നിവർ അബൂവാഖിദില്ലൈഥീ (റ) യിൽ നിന്നു ഇപ്രകാരം നിവേദനം ചെയ്തിരിക്കുന്നു. 'ഞങ്ങൾ റസൂൽ (സ) തിരുമേനിയൊന്നിച്ചു ഹുനൈനിന്റെ ഭാഗത്തേക്ക പോകുകയായിരുന്നു. അവിടെ (വഴിയിൽ) ഒരു ഇലന്തമരം ഉണ്ടായിരുന്നു. അവിശ്വാസികൾ അതിന്റെ അടുത്തു ഭജനമിരിക്കുകയും, അവരുടെ ആയുധങ്ങൾ അതിൻമേൽ (പുണ്യം കരുതി) കെട്ടിത്തൂക്കുകയും ചെയ്യാറുണ്ടായിരുന്നു. അതിനു 'ദാത്തു അൻവാത്വ്' (ذات أنواط = കെട്ടിത്തൂക്കുന്നതു) എന്നും പറഞ്ഞു വന്നിരുന്നു. അങ്ങനെ, ഒരു വലിയ ഇലന്തമരത്തിന്നടുത്തുകൂടി പോകുമ്പോൾ ഞങ്ങൾ പറഞ്ഞു: 'റസൂലെ അവർക്കു 'ദാത്തുഅൻവാത്വു'ള്ളതു പോലെ ഞങ്ങൾക്കും ഒരു മരം നിശ്ചയിച്ചുതന്നാലും!' അപ്പോൾ തിരുമേനി പറഞ്ഞു: 'അല്ലാഹു അക്ബർ! സത്യമായും, ഇതു മൂസാ (അ) നോടു ഇസ്രാഈല്യർ ചോദിച്ചതു പോലെയാണല്ലോ!' പിന്നീടു തിരുമേനി ഈ ഖുർആൻ വചനങ്ങൾ (138, 139 വചനങ്ങൾ) ഓതുകയും ചെയ്തു. ഈ മാതിരിയിലുള്ള ചില ആരാധ്യ വൃക്ഷങ്ങളും, മതിലുകളും, കെട്ടിടങ്ങളുമൊക്കെ ഇന്നും മുസ്ലിം സമുദായ മദ്ധ്യെ നിലവിലുണ്ടെന്നുള്ളതു അനിഷേധ്യമായ ഒരു വസ്തുതയാകുന്നു. അത്തരം വസ്തുക്കളിൽ വല്ല സാധനങ്ങളും കെട്ടിത്തൂക്കുകയോ തടവിത്തൊടുകയോ ചെയ്യുന്നതു ഒരു പുണ്യമായി കരുതപ്പെടുകയും പതിവുണ്ട്. അല്ലാഹുവിന്റെ ഏകത്വത്തിൽ വിശ്വസിക്കുന്ന ഏതൊരു സത്യവിശ്വാസിയും അത്തരം കൃത്യങ്ങൾ കാണുമ്പോൾ മൂക്കിൻമേൽ കൈവിരൽ വെച്ചുകൊണ്ട് പറഞ്ഞു പോകും: 'അല്ലാഹു അക്ബർ' എന്നു! മൂസാ (അ) ഇസ്രാഈല്യരോട് പറഞ്ഞ അതേവാക്യം إنكم قوم تجهلون (നിശ്ചയമായും നിങ്ങൾ വിവരമില്ലാത്ത ജനങ്ങളാണ്) എന്നു തന്നെയാണ് അങ്ങിനെയുള്ളവരെപ്പററിയും പറയുവാനുള്ളത്. അല്ലാഹു മുസ്ലിം സമുദായത്തിനു നേർമാർഗ്ഗവും തൗഫീഖും നൽകട്ടെ. ആമീൻ

141. (ഇസ്രാഈൽ സന്തതികളേ) ഫിർഔന്റെ കൂട്ടർ നിങ്ങൾക്കു കടുത്ത ശിക്ഷ അനുഭവിപ്പിച്ചുകൊണ്ടിരിക്കെ അവരിൽ നിന്നു നിങ്ങളെ നാം രക്ഷപ്പെടുത്തിയ സന്ദർഭം (ഓർക്കുക.) നിങ്ങളുടെ ആൺമക്കളെ അവർ അറുകൊലെ നടത്തുകയും, നിങ്ങളുടെ സ്ത്രീക(ളായ മക്ക)ളെ ജീവിക്കുവാൻ വിടുകയും ചെയ്തിരുന്നു.

وَإِذْ أَنجَيْنَاكُم مِّنْ آلِ فِرْعَوْنَ يَسُومُونَكُمْ سُوءَ الْعَذَابِ ۖ يُقَتِّلُونَ أَبْنَاءَكُمْ وَيَسْتَحْيُونَ نِسَاءَكُمْ ١٤١-

അതിൽ (നിങ്ങൾക്കു) നിങ്ങളുടെ റബ്ബിങ്കൽ നിന്നുള്ള വമ്പിച്ച ഒരു പരീക്ഷണം ഉണ്ടായിരുന്നു.

وَفِي ذَٰلِكُم بَلَاءٌ مِّن رَّبِّكُمْ عَظِيمٌ ۚ

141. وإذ أنجيناكم നിങ്ങളെ നാം രക്ഷപ്പെടുത്തിയ സന്ദർഭം من آل فرعون ഫിർഔന്റെ കൂട്ടരിൽ നിന്നു يسومونكم അവർ നിങ്ങൾക്കു അനുഭവിപ്പിച്ചുകൊണ്ടിരിക്കെ سوء العذاب മുഷിച്ച (കടുത്ത-ഭയങ്കരമായ) ശിക്ഷ يقتلون അവർ അറുകൊലെ ചെയ്തുകൊണ്ടിരുന്ന (കൊണ്ടിരിക്കെ) أبناءكم നിങ്ങളുടെ ആൺമക്കളെ ويستحيون അവർ ജീവിക്കുമാറാക്കുക (ബാക്കിയാക്കുക)യും نساءكم നിങ്ങളുടെ സ്ത്രീകളെ وفي ذلكم അതിലുണ്ടു بلاء ഒരു പരീക്ഷണം من ربكم നിങ്ങളുടെ റബ്ബിൽ നിന്നും عظيم വമ്പിച്ച

[*] അമാലിഖ (عمالقة = അമാലേക്യർ) എന്നു പറയുന്നതു ഈജിപ്തിന്റെ കിഴക്കും ഫലസ്തീന്റെ തെക്കുമായി സ്ഥിതിചെയ്യുന്ന മരുപ്രദേശങ്ങളിൽ അവിടവിടെയായി നിവസിച്ചിരുന്ന ഒരു പ്രാചീന വർഗ്ഗമാകുന്നു. ഇവരോടു ഏറ്റുമുട്ടി പരാജയപ്പെടുത്തിയ ശേഷമാണു ഇസ്രാഈല്യർ അവർക്കു വാഗ്ദാനം ചെയ്യപ്പെട്ട ഫലസ്തീൻ രാജ്യങ്ങളിൽ പിന്നീടു കുടിയേറിപ്പാർത്തതു.

മേൽ വിവരിച്ചതും, തങ്ങളുടെ പൂർവ്വികൻമാർ കണ്ടനുഭവിച്ചതുമായ ചരിത്രസംഭവങ്ങളെ ഇപ്പോഴും നിലവിലുള്ള ഇസ്രാഈല്യരെ അല്ലാഹു ഓർമ്മിപ്പിക്കുകയാണ്. നിങ്ങളിൽ കഴിഞ്ഞുപോയ ആ മഹത്തായ അനുഗ്രഹങ്ങളിൽ അഭിമാനം കൊള്ളുന്ന നിങ്ങൾ അതിന്റെ പേരിൽ നന്ദിയുള്ളവരായിരിക്കുകയും, അവന്റെ കല്പനകൾ അനുസരിച്ചുകൊണ്ടിരിക്കുകയും വേണ്ടതാണെന്നു താൽപര്യം. തുടർന്നുകൊണ്ട് അതിനുശേഷമുണ്ടായ ചില പ്രധാന സംഭവങ്ങൾ വിവരിക്കുന്നു:—

വിഭാഗം-17

١٤٢- وَوَٰعَدْنَا مُوسَىٰ ثَلَٰثِينَ لَيْلَةً وَأَتْمَمْنَٰهَا بِعَشْرٍ فَتَمَّ مِيقَٰتُ رَبِّهِۦٓ أَرْبَعِينَ لَيْلَةً ۚ وَقَالَ مُوسَىٰ لِأَخِيهِ هَٰرُونَ ٱخْلُفْنِى فِى قَوْمِى وَأَصْلِحْ وَلَا تَتَّبِعْ سَبِيلَ ٱلْمُفْسِدِينَ ○

142. മൂസായോടു (ഒരു) മുപ്പതു രാത്രിക്കു നാം വാഗ്ദാനം നടത്തുകയുണ്ടായി; അതിനെ (വീണ്ടും) ഒരു പത്തു (രാത്രി)കൊണ്ടു നാം പൂർത്തിയാക്കുകയും ചെയ്തു.

അങ്ങനെ, അദ്ദേഹത്തിന്റെ റബ്ബിന്റെ നിശ്ചിത സമയം നാൽപതു രാത്രിയായി തികഞ്ഞു.

മൂസാ തന്റെ സഹോദരൻ ഹാറൂനോടു പറയുകയും ചെയ്തു: '(എന്റെ അഭാവത്തിൽ) നീ എന്നെ പ്രതിനിധീകരിക്കുക; നീ നല്ലതു പ്രവർത്തിക്കുകയും ചെയ്യുക; കുഴപ്പമുണ്ടാക്കുന്നവരുടെ മാർഗ്ഗത്തെ നീ പിൻപറ്റുകയും ചെയ്യരുത്'.

---

142. وَوَاعَدْنَا നാം വാഗ്ദാനം (കരാർ) നടത്തി (നിശ്ചയം ചെയ്തു) مُوسَى മൂസായോടു, മൂസയുമായി ثَلَاثِينَ لَيْلَةً മുപ്പതു രാത്രിക്ക് (ദിവസത്തേക്ക്) وَأَتْمَمْنَاهَا അവയെ (അതിനെ) നാം പൂർത്തിയാക്കുകയും ചെയ്തു بِعَشْرٍ ഒരു പത്തു കൊണ്ടു فَتَمَّ അങ്ങനെ പൂർത്തിയായി, തികഞ്ഞു مِيقَاتُ നിശ്ചിതസമയം, സമയനിശ്ചയം رَبِّهِ തന്റെ റബ്ബിന്റെ أَرْبَعِينَ നാല്പതു لَيْلَةً രാത്രി (ദിവസം) وَقَالَ مُوسَى മൂസാ പറയുകയും ചെയ്തു لِأَخِيهِ هَارُونَ തന്റെ സഹോദരൻ ഹാറൂനോടു اخْلُفْنِي നീ എനിക്കു പിൻഗാമിയാകുക (പ്രതിനിധീകരിക്കുക) فِي قَوْمِي എന്റെ ജനതയിൽ وَأَصْلِحْ നന്നാക്കുക (നല്ലതു പ്രവർത്തിക്കുക)യും ചെയ്യുക وَلَا تَتَّبِعْ പിൻപറ്റുകയും ചെയ്യരുതു سَبِيلَ മാർഗ്ഗം, വഴി الْمُفْسِدِينَ നാശം (കുഴപ്പം) ഉണ്ടാക്കുന്നവരുടെ.

ഇതുവരെയും മൂസാ (അ) നബിക്കു വേദഗ്രന്ഥം ലഭിച്ചിട്ടുണ്ടായിരുന്നില്ല. ആദ്യം മുപ്പതു ദിവസവും, പിന്നീടു അതിനുശേഷം പത്തു ദിവസവും കൂടി ആകെ നാൽപതു ദിവസം നോമ്പും ധ്യാനവുമായി സീനാമലയിൽ കഴിച്ചു കൂട്ടണമെന്നും, അതിനുശേഷം തൗറാത്തു നൽകാമെന്നും അല്ലാഹു മൂസാ (അ) നബിയോടു നിശ്ചയം ചെയ്തു. ആ കാലത്തു അദ്ദേഹത്തിന്റെ അഭാവത്തിൽ തനിക്കുപകരം ജനങ്ങളുടെ നേതൃത്വം വഹിക്കുവാനും അവരെ നയിക്കുവാനും സഹോദരൻ ഹാറൂൻ (അ) നബിയെ അദ്ദേഹം ഏൽപിക്കുകയും ചെയ്തു. അവരിൽ ആവശ്യമായികാണുന്ന നല്ല കാര്യങ്ങൾ നടപ്പിൽ വരുത്തുവാനും, കുഴപ്പമുണ്ടാക്കുന്നവരുടെ പ്രവർത്തനങ്ങളിലൊന്നും അകപ്പെടാതിരിക്കുവാനും പ്രത്യേകം ഉപദേശിക്കുകയും ചെയ്തു. ഹാറൂൻ (അ) അദ്ദേഹത്തിന്റെ ജ്യേഷ്ഠ സഹോദരനും (*) അദ്ദേഹത്തിന്റെ അപേക്ഷപ്രകാരം തനിക്കു ഒരു സഹായകനായി അല്ലാഹു നിശ്ചയിച്ചു കൊടുത്ത പ്രവാചകനുമായിരുന്നു. സൂ: ത്വാഹായിൽ ഇതിനെപ്പറ്റി പ്രസ്താവിക്കുന്നുണ്ട്. ആ ജനങ്ങളുടെ

(*) ഹാറൂൻ (അ) നബിക്ക് മൂസാ (അ) നബിയെക്കാൾ അൽപം വയസ്സു കൂടുതൽ ഉണ്ടായിരുന്നുവെന്നാണ് ചില ഖുർആൻ വ്യാഖ്യാതാക്കളും പറഞ്ഞു കാണുന്നത്. 'ഫറവോനോട് സംസാരിച്ച കാലത്തു മോശെക്ക് എൺപതു വയസ്സും, അഹരോന്നു എൺപത്തിമൂന്ന് വയസ്സുമായിരുന്നു' എന്ന് ബൈബിളും പറയുന്നു. (പുറപ്പാട്: 7:7)

സ്വഭാവ പ്രകൃതി വേണ്ടത്പോലെ മനസ്സിലാക്കിയ ആളാണല്ലോ മൂസാ നബി (അ). അതാണ് സഹോദരനോടു ഇങ്ങിനെ പ്രത്യേകം വസിയ്യത്ത് ചെയ്യുവാൻ കാരണം.

ദിവസം (يوم) എന്ന അർത്ഥത്തിൽ ليل (രാത്രി) എന്ന പദം ഉപയോഗിക്കുക അറബി ഭാഷയിൽ പതിവുണ്ട്. അതാണിവിടെയും ഉദ്ദേശ്യം. ഇതുപോലെത്തന്നെ يوم (യൗമ്) എന്ന വാക്ക് ദിവസം എന്ന അർത്ഥത്തിനുപുറമെ 'പകൽ' (نهار) എന്ന അർത്ഥത്തിലും ഉപയോഗിക്കപ്പെടാറുണ്ട്. നാൽപതു രാത്രി നിശ്ചയിച്ചുവെന്ന പറയാതെ, ആദ്യം മുപ്പതും, പിന്നീട് പത്തുംകൂടി നാൽപതു പൂർത്തിയായി എന്ന് പറഞ്ഞിരിക്കകൊണ്ട് ആദ്യത്തെ നിശ്ചയം മുപ്പത് ദിവസമായിരുന്നുവെന്നും, പിന്നീട് എന്തോ കാരണത്താൽ പത്തുംകൂടി വർദ്ധിപ്പിച്ചതാണെന്നും മനസ്സിലാക്കാം. (*) ഇതിന്റെ കാരണമെന്തായിരുന്നുവെന്നതിനു പറയത്തക്ക തെളിവുകളൊന്നുമില്ല.

ആദ്യത്തെ മുപ്പതു ദിവസം ദുൽഖഅ്ദ് മാസവും, പിന്നത്തെ പത്തുദിവസം ദുൽഹജ്ജ് മാസത്തിലെ ആദ്യത്തെ പത്ത് ദിവസവും ആയിരുന്നുവെന്ന് മുജാഹിദ്, മസ്റൂഖ്, ഇബ്നു ജുറൈജ് (റ) എന്നിവരും, ഇബ്നു അബ്ബാസും (റ) പറഞ്ഞതായി നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു. والله اعلم

143. നമ്മുടെ നിശ്ചിത സമയത്തേക്ക് മൂസാ വരുകയും, അദ്ദേഹത്തിന്റെ റബ്ബു അദ്ദേഹത്തോടു സംസാരിക്കുകയും ചെയ്തപ്പോൾ അദ്ദേഹം പറഞ്ഞു: 'എന്റെ റബ്ബേ! എനിക്ക് (നിന്നെ) കാട്ടിത്തരേണമേ-ഞാൻ നിന്നിലേക്ക് (ഒന്ന്) നോക്കിക്കൊള്ളട്ടെ!' അവൻ പറഞ്ഞു: 'നീ എന്നെ കാണുകയില്ല തന്നെ; എങ്കിലും നീ (ആ) മലയിലേക്ക് നോക്കുക; (അതായതു:) എന്നിട്ട് അതു അതിന്റെ സ്ഥാനത്തു ഉറച്ചു നിന്നുവെങ്കിൽ വഴിയെ നീ എന്നെ കണ്ടുകൊള്ളും.'

١٤٣- وَلَمَّا جَآءَ مُوسَىٰ لِمِيقَٰتِنَا وَكَلَّمَهُۥ رَبُّهُۥ قَالَ رَبِّ أَرِنِىٓ أَنظُرْ إِلَيْكَ ۚ قَالَ لَن تَرَىٰنِى وَلَٰكِنِ ٱنظُرْ إِلَى ٱلْجَبَلِ فَإِنِ ٱسْتَقَرَّ مَكَانَهُۥ فَسَوْفَ تَرَىٰنِى ۚ

അങ്ങനെ, അദ്ദേഹത്തിന്റെ റബ്ബ് മലയിലേക്ക് വെളിപ്പെട്ടപ്പോൾ, അതു അതിനെ പൊടിയാക്കി (തകർത്തു); മൂസാ ബോധമററവനായി വീഴുകയും ചെയ്തു. എന്നിട്ടു അദ്ദേഹത്തിനു ബോധം വന്നപ്പോൾ, അദ്ദേഹം പറഞ്ഞു: 'നീ മഹാ പരിശുദ്ധൻ [-നിനക്ക് സ്തോത്രം]! ഞാൻ നിന്നിലേക്ക് പശ്ചാത്തപിച്ചു മടങ്ങി; ഞാൻ സത്യവിശ്വാസികളിൽ ഒന്നാമത്തേവനുമാകുന്നു.*

فَلَمَّا تَجَلَّىٰ رَبُّهُۥ لِلْجَبَلِ جَعَلَهُۥ دَكًّا وَخَرَّ مُوسَىٰ صَعِقًا ۚ فَلَمَّآ أَفَاقَ قَالَ سُبْحَٰنَكَ تُبْتُ إِلَيْكَ وَأَنَا۠ أَوَّلُ ٱلْمُؤْمِنِينَ ○

---

143. ولما جاء വന്നപ്പോൾ, വന്നപ്പോഴോ موسى മൂസാ لميقاتنا നമ്മുടെ നിശ്ചയ സമയത്തേക്കു وكلمه അദ്ദേഹത്തോടു സംസാരിക്കുകയും ചെയ്തു ربه അദ്ദേഹത്തിന്റെ റബ്ബു قال رب അദ്ദേഹം പറഞ്ഞു എന്റെ റബ്ബേ ارنى എനിക്കു കാണിച്ചു തരണം انظر اليك നിന്നിലേക്കു ഞാൻ നോക്കട്ടെ (കാണട്ടെ) قال അവൻ പറഞ്ഞു لن ترانى നിശ്ചയമായും നീ എന്നെ കാണുന്നതല്ല, കാണുകയില്ലതന്നെ ولكن എങ്കിലും, എന്നാൽ انظر നീ നോക്കുക الى الجبل മലയിലേക്കു فان استقر എന്നിട്ടു (അതായതു) അതു ഉറച്ചു (സ്ഥിരപ്പെട്ടു) നിന്നെങ്കിൽ مكانه അതിന്റെ സ്ഥാനത്തു فسوف എന്നാൽ വഴിയെ ترانى നീ എന്നെ കാണും فلما تجلى എന്നിട്ടു (അങ്ങനെ) വെളിപ്പെട്ടപ്പോൾ ربه അദ്ദേഹത്തിന്റെ റബ്ബു للجبل മലയിലേക്ക്, മലക്ക് جعله അതു (അവൻ) അതിനെ ആക്കി دكا പൊടി, തുരുമ്പൽ وخر (അടഞ്ഞ്) വീഴുകയും ചെയ്തു موسى മൂസാ صعقا ബോധമററവനായി, നിശ്ചേഷ്ടനായി فلما افاق എന്നിട്ട് അദ്ദേഹത്തിനു ബോധം വന്നപ്പോൾ قال അദ്ദേഹം പറഞ്ഞു سبحانك നീ മഹാ പരിശുദ്ധൻ, നിനക്ക് സ്തോത്രം تبت ഞാൻ പശ്ചാത്തപിച്ചു, മടങ്ങി اليك നിന്നിലേക്കു وانا ഞാനാകട്ടെ اول ഒന്നാമത്തേവനാണു المؤمنين സത്യവിശ്വാസികളിൽ

(*) മോശെ അവിടെ ഭക്ഷണം കഴിക്കാതെയും വെള്ളം കുടിക്കാതെയും നാൽപത് പകലും നാൽപത് രാവും യഹോവയോടു കൂടെയായിരുന്നുവെന്നത്രെ ബൈബിൾ പറയുന്നത്. (പുറ: 34ൽ28).

144. അവൻ [റബ്ബ്] പറഞ്ഞു: 'മൂസാ, നിശ്ചയമായും, എന്റെ ദൗത്യങ്ങൾ കൊണ്ടും, എന്റെ സംസാരം കൊണ്ടും നിന്നെ ഞാൻ (മററു) മനുഷ്യരെക്കാൾ (പ്രത്യേകമാക്കി) തിരഞ്ഞെടുത്തിരിക്കുന്നു. അതിനാൽ, ഞാൻ നിനക്കു നൽകിയതു നീ എടുത്തു [സ്വീകരിച്ചു] കൊള്ളുക. നീ നന്ദി കാണിക്കുന്നവരുടെ കൂട്ടത്തിലായിരിക്കുകയും ചെയ്യുക.'

١٤٤- قَالَ يَٰمُوسَىٰٓ إِنِّي ٱصْطَفَيْتُكَ عَلَى ٱلنَّاسِ بِرِسَٰلَٰتِي وَبِكَلَٰمِي فَخُذْ مَآ ءَاتَيْتُكَ وَكُن مِّنَ ٱلشَّٰكِرِينَ ○

---

144 قال അവൻ പറഞ്ഞു يا موسى മൂസാ إني നിശ്ചയമായും ഞാൻ اصطفيتك നിന്നെ തിരഞ്ഞു (തെളിയിച്ചു) എടുത്തിരിക്കുന്നു على الناس മനുഷ്യരെക്കാൾ برسالاتي എന്റെ ദൗത്യങ്ങൾകൊണ്ടു وبكلامي എന്റെ സംസാരം കൊണ്ടും فخذ അതിനാൽ എടുത്തു (പിടിച്ചു-സ്വീകരിച്ചു)കൊള്ളുക ما آتيتك നിനക്കു ഞാൻ നൽകിയതു وكن ആയിരിക്കയും ചെയ്യുക من الشاكرين നന്ദി കാണിക്കുന്നവരുടെ കൂട്ടത്തിൽ

നിശ്ചയം പൂർത്തിയാക്കി മൂസാനബി (അ) വന്നപ്പോൾ അല്ലാഹു അദ്ദേഹത്തോട് സംസാരിച്ചു. സ്വപ്നം വഴിയോ, മനസ്സിൽ തോന്നിപ്പിച്ചോ നൽകുന്ന വഹ്‌യു, അല്ലെങ്കിൽ ഒരു മറയുടെ അപ്പുറത്തു നിന്നുള്ള സംസാരം, അല്ലെങ്കിൽ ഒരു ദൂതനെ-അഥവാ മലക്കിനെ-അയച്ചുകൊണ്ടു നൽകുന്ന വഹ്‌യു എന്നിങ്ങിനെ മൂന്നു പ്രകാരത്തിലല്ലാതെ അല്ലാഹു ഒരു മനുഷ്യനോടു സംസാരിക്കുന്നതല്ല എന്നു അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. (സൂ: ശൂറായിലെ 51-ാം വചനവും വ്യാഖ്യാനവും നോക്കുക.) ഇവയിൽ രണ്ടാമതു പറഞ്ഞ തരത്തിലുള്ള സംസാരമാണു മൂസാ (അ) നബിയുമായി നടന്നത്. ഈ മഹത്തായ അനുഗ്രഹം മൂസാ (അ) നബിക്കല്ലാതെ മററാർക്കും ഉണ്ടായതായി അറിയപ്പെട്ടിട്ടില്ല. ഈ വചനത്തിൽ നിന്നു തന്നെ അതു വ്യക്തമാവുന്നു. മൂസാ (അ) ഈജിപ്തിൽ നിന്നു അഭയാർത്ഥിയായി മദ്‌യനിൽ ചെന്നു പത്തു കൊല്ലം താമസിച്ച ശേഷം അവിടെ നിന്നു കുടുംബസമേതം ഈജിപ്തിലേക്കു മടങ്ങിപ്പോരുമ്പോഴായിരുന്നു സീനാ താഴ്‌വരയിൽ വെച്ചു ആദ്യമായി അല്ലാഹുവിന്റെ സംസാരം അദ്ദേഹം കേട്ടതു. ആ അവസരത്തിൽ തന്നെയായിരുന്നു അദ്ദേഹത്തെ ഫിർഔന്റെ അടുക്കലേക്കു റസൂലായി അയച്ചതും. ഈ വചനത്തിൽ പറയുന്നതു അദ്ദേഹം തൗറാത്ത് ഏററുവാങ്ങുവാൻവേണ്ടി നിശ്ചയപ്രകാരം സീനാപർവ്വതത്തിൽ ചെന്നപ്പോഴുണ്ടായ സംസാരത്തെക്കുറിച്ചുമാകുന്നു.

അല്ലാഹുവിന്റെ സംസാരം എങ്ങിനെയായിരിക്കും? അതിനു അക്ഷരവും ശബ്ദവുമുണ്ടോ? ഏതു ഭാഷയിലായിരിക്കും? ഇതൊന്നും നമുക്കു അറിയുവാനോ സങ്കൽപിക്കുവാനോ സാധ്യമല്ല. സൃഷ്ടികളുടെ സംസാരങ്ങളുമായി അതിനു യാതൊരു വിധ സാമ്യവും ഉണ്ടായിരിക്കുകയില്ലെന്നു നമുക്കുതീർത്തും പറയാം. ഈ മഹത്തായ അനുഗ്രഹം-മററാർക്കും ലഭിച്ചിട്ടില്ലാത്ത ഈ മഹാഭാഗ്യം-ആസ്വദിച്ചപ്പോൾ മൂസാ (അ) നബിക്കുണ്ടായ മധുരമേറിയ അനുഭവം നിമിത്തം, അല്ലാഹുവിനെ നേരിൽ ഒന്നു കാണുവാനുള്ള മഹാഭാഗ്യംകൂടി സിദ്ധിച്ചെങ്കിൽകൊള്ളാമെന്നു അദ്ദേഹത്തിനു അത്യാഗ്രഹം ജനിച്ചു. അദ്ദേഹം അപേക്ഷിച്ചു: 'റബ്ബേ! ഈയുള്ളവനു നിന്നെ ഒന്നു കാണുവാനുള്ള മഹാഭാഗ്യം കൂടി നൽകണേ! എനിക്കു നിന്നെ കാണുമാറാക്കിത്തരണേ! ഞാനൊന്നു നോക്കിക്കാണട്ടെ. (رب أرني أنظر إليك) മൂസാ (അ) നബിയുടെ വിശ്വാസക്കുറവുകൊണ്ടല്ല, വിഡ്ഢിത്തംകൊണ്ടുമല്ല, രാജാധിരാജനായ പരമോൽകൃഷ്ടനായ അല്ലാഹുവിന്റെ മഹിത മഹത്വങ്ങളെക്കുറിച്ചു ബോധമില്ലാത്തതുകൊണ്ടുമല്ല ആ അപേക്ഷ. ആ തിരു സംസാരങ്ങൾ കേട്ടപ്പോൾ, ആ തിരുസന്നിധിയെ ഒന്നുകൂടെ ആസ്വദിക്കുവാനുണ്ടായ അടങ്ങാത്ത മോഹം കൊണ്ടു മാത്രം.

എല്ലാമെല്ലാം അറിയുന്ന അല്ലാഹു അദ്ദേഹത്തെ ആക്ഷേപിച്ചില്ല. ആ അപേക്ഷയിൽ പ്രതിഷേധിച്ചുമില്ല. എങ്കിലും ഈ ഐഹിക ജീവിതത്തിൽ ആർക്കും സാധ്യമല്ലാത്തതും, ഈ ലോക പ്രകൃതിക്കതീതമായതുമായ ഒരു കാര്യമെന്ന യാഥാർത്ഥ്യം അദ്ദേഹത്തെ ബോദ്ധ്യപ്പെടുത്തുകയാണ് അല്ലാഹു ചെയ്തത്. അല്ലാഹു പറഞ്ഞു: 'നിനക്കെന്നെ കാണുവാൻ കഴിയുകയില്ല (لن تراني)' അതോടൊപ്പം, ആ കാഴ്ച താങ്ങുവാനുള്ള ശക്തി അദ്ദേഹത്തെക്കാൾ എത്രയോ ഉറപ്പും കെൽപുമുള്ള ആ പർവ്വതത്തിനുപോലുമില്ലെന്നു അനുഭവത്തിലൂടെ കാട്ടിക്കൊടുക്കുകയും ചെയ്തു. അല്ലാഹു പറഞ്ഞു: 'എങ്കിലും ആ മലയിലേക്ക് നോക്കൂ! അതു അതിന്റെ സ്ഥാനത്തു

ഉറച്ചു നിൽക്കുന്നുണ്ടെങ്കിൽ നിനക്കെന്നെ കണ്ടേക്കാവുന്നതാണ്. (فلما تجلى ربه للجبل ....) എന്നിട്ട് റബ്ബ് മലയിലേക്കു വെളിപ്പെട്ടു. ഉടനെ അതു പൊടിപൊടിയായി. അല്ലാഹുവിന്റെ ഈ വെളിപ്പാടു ഏതിനെയായിരുന്നുവെന്നു അല്ലാഹുവിനു മാത്രം അറിയാം. അവന്റെ മഹത്വത്തിനും പരിശുദ്ധതക്കും അനുയോജ്യമായ ഒരു വെളിപ്പാടായിരിക്കും അതെന്നുമാത്രം നമുക്കു പറയാം. അബൂമൂസൽ അശ്അരി (റ) ഉദ്ധരിച്ച ഒരു നബി വചനം മുസ്‌ലിം (റ) രേഖപ്പെടുത്തിയതിന്റെ സാരം ഇപ്രകാരമാകുന്നു: 'അല്ലാഹുവിന്റെ മറ, പ്രകാശമാകുന്നു. ആ പ്രകാശം അവൻ തുറന്നുവിട്ടാൽ അവന്റെ തിരുമുഖത്തിന്റെ ജ്യോതിസ്സു സൃഷ്ടികളെയെല്ലാം കരിച്ചുകളഞ്ഞേക്കും.' ഇമാം അഹ്മദു, തിർമുദി, ബൈഹഖി, ഇബ്നു ജരീർ (റ) മുതലായവർ അനസ് (റ) ൽനിന്നു ഉദ്ധരിക്കുകയും, ഹാകിം (റ) ബലപ്പെട്ടതെന്നു സ്ഥിരപ്പെടുത്തുകയും ചെയ്തിട്ടുള്ള ഒരു ഹദീസിൽ ...فلما تجلى ربه (റബ്ബു വെളിപ്പെട്ടപ്പോൾ.......) എന്നുള്ള ഈ വചനം ഓതിക്കൊണ്ടു നബി (സ) തിരുമേനി തവിടുത്തെ പെരുവിരൽ ചെറു വിരലിന്റെ തലപ്പത്തുവെച്ചു വളരെ തുച്ഛം മാത്രമെന്നു സൂചിപ്പിക്കുകയുണ്ടായെന്നും വന്നിരിക്കുന്നു. ഇതല്ലാതെ ഇതിനപ്പുറം ഒരു വിശദീകരണം നമുക്കിവിടെ സാദ്ധ്യമല്ല.

മല തകർന്നു തരിപ്പണമായ കാഴ്ച കണ്ടു മൂസാ (അ) ബോധം കെട്ടു നിലംപതിച്ചു. ബോധം വീണ്ടു കിട്ടിയപ്പോൾ അദ്ദേഹത്തിനു ബോദ്ധ്യമായി. അല്ലാഹുവിനെ കാണുവാനുള്ള കഴിവ് തനിക്കില്ലെന്നും, തന്റെ അപേക്ഷ കുറേ കടന്ന അപേക്ഷയായിട്ടുണ്ടെന്നും, അദ്ദേഹം പറഞ്ഞു: 'റബ്ബേ! നീ മഹാപരിശുദ്ധൻ! ഞാനിതാ നിന്നിലേക്കു പശ്ചാത്തപിച്ചു മടങ്ങുന്നു!' (...سبحانك تبت إليك) അപേക്ഷിച്ചതു ഒരു മര്യാദകേടാണെങ്കിലും അല്ലാഹുവിലുള്ള വിശ്വാസത്തിന്റെ കുറവുകൊണ്ടോ, വിശ്വാസത്തിലുള്ള വക്രതകൊണ്ടോ അല്ല അതു സംഭവിച്ചതെന്നും നിലവിലുള്ള സത്യവിശ്വാസികളിൽ താൻ ഒന്നാമത്തെവനും മുമ്പനുമാകുന്നു (وأنا أول المؤمنين) എന്നും അദ്ദേഹം വ്യക്തമാക്കുകയും ചെയ്തു.

മൂസാ (അ) നബിയുടെ ഈ അപേക്ഷ കേവലം ഒരു ധിക്കാരമോ, കുറ്റകരമായ ഒരു പാപമോ ആയി അല്ലാഹു കണക്കാക്കിയിട്ടില്ലെന്നു മേൽ വിവരിച്ചതിൽനിന്നു മനസ്സിലായല്ലോ. 144-ാം വചനത്തിൽ നിന്നു തന്നെ ഈ വസ്തുത കൂടുതൽ സ്പഷ്ടമാകുകയും ചെയ്യുന്നു. അദ്ദേഹത്തിന്റെ നേരെ ആക്ഷേപത്തിന്റെ യാതൊരു സൂചനപോലും കൂടാതെ, എന്റെ ദൗത്യങ്ങൾ നൽകിയും, ഞാൻ നേരിൽ സംസാരിച്ചുംകൊണ്ടു മറ്റെല്ലാ മനുഷ്യരെക്കാളും നിനക്കു ശ്രേഷ്ഠത നൽകിയിട്ടുണ്ടെന്നും, അതുകൊണ്ടു ഞാൻ നൽകുന്നതു—വേദഗ്രന്ഥം, ഉപദേശനിർദ്ദേശങ്ങൾ മുതലായവ—വേണ്ടവിധം സ്വീകരിച്ചു നന്ദിയുള്ളവനായിരിക്കണം എന്നുമൊക്കെയാണല്ലോ അതിൽ പറയുന്നത്. ആ അപേക്ഷ സ്വീകരിക്കുവാൻ നിവൃത്തിയില്ലെങ്കിലും ഞാൻ നിനക്ക് പല പ്രത്യേക പദവികളും നൽകി അനുഗ്രഹിച്ചിട്ടുണ്ടെന്നാണ് അതിന്റെ രത്നച്ചുരുക്കം.

സന്ദർഭവശാൽ ഇവിടെ ചില സംഗതികൾ ചൂണ്ടിക്കാട്ടുന്നതു നന്നായിരിക്കുമെന്നു തോന്നുന്നു. (1) അല്ലാഹുവിനെ കാണുവാനോ, പാരത്രികമായ കാഴ്ചകൾ കാണുവാനോ കഴിയുമാറുള്ള ഒരു പ്രകൃതി ഈ ലോകത്തു അല്ലാഹു ആർക്കും നൽകിയിട്ടില്ല. അതിനാൽ, മനുഷ്യന്റെ ബാഹ്യേന്ദ്രിയങ്ങൾക്കോ, ആന്തരേന്ദ്രിയങ്ങൾക്കോ അവയൊന്നും താങ്ങുവാനുള്ള കെൽപുമില്ല. മരണത്തോടുകൂടി ഈ ഭൗതിക കാഴ്ചപ്പാടു അവസാനിക്കുന്നതോടൊപ്പം തന്നെ മുമ്പില്ലാത്ത പല അനുഭവങ്ങളും കാഴ്ചകളും അവനു വെളിപ്പെട്ടുകൊണ്ടിരിക്കും. പരലോകത്താകട്ടെ, കൂടുതൽ വ്യത്യസ്തമായ അനുഭവങ്ങളും കാഴ്ചപ്പാടുകളുമായിരിക്കും ഉണ്ടായിരിക്കുക. ഇവിടെ വെച്ചു അസംഭവ്യമായതും, ഊഹിക്കുവാൻ പോലും കഴിയാത്തതുമായ പലതും അവിടെ വെച്ചു സാദ്ധ്യമായിരിക്കും. കുററവാളികളായ ആളുകളോടു ഖിയാമത്തു നാളിൽ പറയപ്പെടുന്ന സൂ: ഖാഫിലെ ഒരു വാക്യം ഈ വസ്തുത ചൂണ്ടിക്കാട്ടുന്നു. ...لقد كنت في غفلة من هذا (തീർച്ചയായും ഇതിനെക്കുറിച്ചു നീ അശ്രദ്ധയിലായിരുന്നു. ഇപ്പോൾ, നിനക്കു നിന്റെ മൂടിയെ നാം തുറന്നു നീക്കിത്തന്നിരിക്കുന്നു. ആകയാൽ, നിന്റെ കാഴ്ച ഇന്നു മൂർച്ചയുള്ളതാകുന്നു. (ഖാഫ്: 22) ഖിയാമത്തുനാളിൽ അക്രമികൾക്കു നേരിടുന്ന ചില അനുഭവങ്ങളെപ്പററി പറയുന്ന കൂട്ടത്തിൽ മറെറാരു സ്ഥലത്തു അല്ലാഹു പറയുന്നു: وبدا لهم من الله ما لم يكونوا يحتسبون (അവർ കണക്കു കൂട്ടിയിരുന്നില്ലാത്ത കാര്യങ്ങൾ അവർക്കു അല്ലാഹുവിൽ നിന്നും വെളിവാകുകയും ചെയ്യും. (സുമർ: 47.)

(2) സത്യവിശ്വാസികൾ പരലോകത്തുവെച്ചു അല്ലാഹുവിനെ കാണുമെന്നും, അതു അവർക്കു ലഭിക്കുന്ന ഏററവും വലിയ ഭാഗ്യമായിരിക്കുമെന്നും ചില ഖുർആൻ വചനങ്ങൾ വഴിയും, അനേകം ഹദീസുകൾ വഴിയും സംശയരഹിതമായി അറിയപ്പെട്ടിട്ടുള്ളതാണ്. ഒരു സ്ഥലത്തു അല്ലാഹു പറയുന്നു: وجوه يومئذ ناضرة إلى ربها ناظرة (ചില മുഖങ്ങൾ അന്നു-ഖിയാമത്തുനാളിൽ--പ്രസന്നങ്ങളായിരിക്കും; അവയുടെ റബ്ബിങ്കലേക്കു നോക്കിക്കൊണ്ടുന്നവയായി

വിശേഷം. (75: 22, 23.) സത്യനിഷേധികളെക്കുറിച്ചു പറയുന്നു: كلا إنهم عن ربهم يومئذ لمحجوبون (വേണ്ട, നിശ്ചയമായും അവർ, അന്നത്തെ ദിവസം തങ്ങളുടെ റബ്ബിൽനിന്നും മറയിടപ്പെട്ടവർ തന്നെയായിരിക്കും.) (83: 15) ഇതുപോലെ, സഹാബികളിൽ നിന്നായി അനേകം മാർഗ്ഗങ്ങളിൽകൂടി രേഖപ്പെടുത്തപ്പെട്ടിട്ടുള്ള പല ഹദീസുകളിലും സത്യവിശ്വാസികൾ പരലോകത്തു വെച്ചു അല്ലാഹുവിനെ കാണുന്നതാണെന്നു സ്പഷ്ടമായ വാക്കുകളിൽ നബി (സ) അറിയിച്ചു തന്നിട്ടുമുണ്ട്. അപ്പോൾ, മൂസാ (അ) നബിയോടു അല്ലാഹു لن تراني (നീ എന്നെ കാണുകയില്ല തന്നെ) എന്നു പറഞ്ഞ വാക്കു ആധാരമാക്കിക്കൊണ്ട് അല്ലാഹുവിനെ പരലോകത്തുവെച്ചും ആർക്കും കാണുവാൻ സാധ്യമല്ലെന്നു മുഅ്തസിലികളെപ്പോലെയുള്ള യുക്തിവാദികൾ പറയാറുള്ളതു തെറ്റാണെന്നു തീർത്തു പറയുന്നതാണ്. ഈ വിഷയത്തിൽ വളരെയേറെ തർക്കവിതർക്കങ്ങളും, ആരോപണ പ്രത്യാരോപണങ്ങളും മുൻകാലത്തു കഴിഞ്ഞുപോയിട്ടുണ്ട്. ഇന്നും ചില യുക്തിവാദക്കാർ ആ പഴയ അഭിപ്രായം പുറപ്പെടുവിക്കാറുണ്ട്. കാണാം. യുക്തി ന്യായങ്ങൾ എന്തുതന്നെ സമർപ്പിക്കപ്പെട്ടാലും, അല്ലാഹുവും റസൂലും വ്യക്തമാക്കിയ കാര്യങ്ങളിൽ, അവയെല്ലാം കേവലം നിരർത്ഥവാദങ്ങൾ മാത്രമായേ ഗണിക്കപ്പെടുവാനുള്ളു. മൂസാ (അ) നബിയോടു അല്ലാഹു പറഞ്ഞതിന്റെ ഉദ്ദേശ്യം, ഈ ലോകത്തുവെച്ചു നിനക്കു എന്നെ കാണുവാൻ കഴിയുന്നതല്ല എന്നുമാത്രമാണെന്നും, ഇഹത്തിലോ പരത്തിലോ വെച്ചു എന്നെ ആർക്കും കാണുവാൻ കഴിയുകയില്ല എന്നല്ല എന്നും മേൽ ചൂണ്ടിക്കാട്ടിയ തെളിവുകളിൽനിന്നു വ്യക്തമാണ്.

(3) ഇസ്രാഈല്യരെ അഭിമുഖീകരിച്ചുകൊണ്ടു അവരുടെ ധിക്കാരങ്ങളെക്കുറിച്ചുപറയുന്ന കൂട്ടത്തിൽ, അല്ലാഹുവിനെ പരസ്യമായി കാണാതെ ഞങ്ങൾ താങ്കളെ വിശ്വസിക്കുന്നതല്ലെന്ന് നിങ്ങൾ മൂസായോടു പറഞ്ഞുവെന്നും, അപ്പോൾ നിങ്ങൾക്കു ഇടിത്തീ ബാധിച്ചുവെന്നും സൂറത്തുൽ ബഖറ 55ൽ അല്ലാഹു പറഞ്ഞിരിക്കുന്നു. (وإذ قلتم يا موسى لن نؤمن لك حتى نرى الله جهرة...) താഴെ ഈ സൂറത്തിലെ 155–ാം വചനത്തിൽ, മൂസാ തന്റെ ജനങ്ങളിൽനിന്ന് എഴുപതു പേരെ നമ്മുടെ നിശ്ചിത സമയത്തേക്കു തിരഞ്ഞെടുത്തുവെന്നും, അവർക്കു കമ്പനം (الرجفة) പിടിപെട്ടപ്പോൾ ഞങ്ങളിലുള്ള മൂഢന്മാർ പ്രവർത്തിച്ചതിനു ഞങ്ങളെ നീ നശിപ്പിക്കുന്നുവോ എന്നും മറ്റും മൂസാ (അ) ചോദിച്ചുവെന്നും പ്രസ്താവിക്കുന്നുമുണ്ട്. ഈ രണ്ടു വചനങ്ങളിലും പ്രസ്താവിക്കപ്പെട്ട സംഭവങ്ങൾ ഒന്നുതന്നെയാണോ, അതല്ല രണ്ടും വെവ്വേറെ സംഭവങ്ങളാണോ എന്നുള്ളതിൽ വ്യാഖ്യാതാക്കൾക്കിടയിൽ അഭിപ്രായവ്യത്യാസം കാണാം. എന്നാൽ, നമ്മുടെ മുമ്പിലുള്ള ഈ വചനത്തിൽ മൂസാ നബി (അ) رب أرني أنظر إليك (റബ്ബേ എനിക്കു നിന്നെ കാട്ടിത്തരണേ, ഞാൻ നിന്നെ നോക്കിക്കാണട്ടെ) എന്നു ചോദിച്ചതും, لن تراني (നീ എന്നെ കാണുകയില്ലതന്നെ) എന്ന അല്ലാഹു മറുപടി പറഞ്ഞതും, മേൽ പ്രസ്താവിച്ച ആ രണ്ടു വചനങ്ങളിൽ പറഞ്ഞതും എല്ലാം ചേർന്നു ഒരേ സംഭവമാണെന്നു മുഅ്തസിലികളും, അവരെ അനുകരിച്ച ചിലരും പറയുന്നു. മൂന്നു വചനങ്ങളിലെയും സംഭവം ഒന്നാണെന്നു വ്യക്തമാക്കാതെതന്നെ ചില ആളുകൾ, മൂസാ (അ) അദ്ദേഹത്തിന്റെ സ്വന്തം നിലക്കല്ല—ജനങ്ങളുടെ ആവശ്യപ്രകാരമാണു—അല്ലാഹുവിനെ കാണുവാൻ ആവശ്യപ്പെട്ടതെന്നും പറഞ്ഞു കാണുന്നു. ഇഹത്തിലും പരത്തിലും വെച്ചു അല്ലാഹുവിനെ കാണുക അസംഭവ്യമാണെന്ന അവരുടെ വാദത്തിൽനിന്നും, അതിനു لن تراني (നീ എന്നെ കാണുകയില്ലതന്നെ) എന്ന വാക്യത്തെ തെളിവാക്കുന്നതിൽനിന്നും ഉടലെടുത്തതാണു യഥാർത്ഥത്തിൽ ഈ വാദം.

മൂന്നു വചനങ്ങളിലും പറയുന്നതു ഒരേ സംഭവത്തെപ്പറ്റിയാണെന്ന വാദക്കാരിൽ ചിലരുടെ പ്രസ്താവനകൾ നോക്കുമ്പോൾ സംഭവത്തിന്റെ രൂപം ഇങ്ങിനെയാകുന്നു: എഴുപതു പേരെ തിരഞ്ഞെടുത്തുകൊണ്ടു മൂസാ (അ) അല്ലാഹു നിശ്ചയിച്ച സമയത്തു പർവ്വതത്തിൽ ചെന്നു. അവർ മലയുടെ അടിയിലും മൂസാ (അ) മുകളിലുമായിരുന്നു. മൂസാ (അ) മടങ്ങി വന്നപ്പോൾ, തന്നോടു അല്ലാഹു സംസാരിച്ചുവെന്നും, തനിക്കു വേദഗ്രന്ഥം നൽകിയെന്നുമൊക്കെ പറയുന്നതു ഞങ്ങൾ വിശ്വസിക്കണമെങ്കിൽ ഞങ്ങൾക്കു താൻ അല്ലാഹുവിനെ പ്രത്യക്ഷത്തിൽ കാണിച്ചു തരുകതന്നെ വേണം എന്നു അവർ മൂസാ (അ)നോടു ശഠിച്ചു. അദ്ദേഹം അവർക്കുവേണ്ടി തനിയായി അല്ലാഹുവിനോടു ആവശ്യപ്പെടുകയും ചെയ്തു. ധിക്കാരപരമായ ഈ ചോദ്യം നിമിത്തം ഒരു ഭൂകമ്പം മുഖേന അല്ലാഹു അവരെ ശിക്ഷിച്ചു. സൂറത്തുൽ ബഖറയിൽ പറഞ്ഞ ഇടിത്തീ (صاعقة)യും, 155–ാം വചനത്തിൽ കണ്ട കമ്പന (رجفة) വും, ഈ വചനത്തിൽ മല പൊടി പൊടിയാക്കി (دكا) എന്നു പറഞ്ഞതും—എല്ലാം തന്നെ—ആ ഭൂകമ്പത്തെ ഉദ്ദേശിച്ചാകുന്നു. അങ്ങനെ, കേവലം അസംഭവ്യമായ ഒരു കാര്യം മൂസാ നബി (അ) ജനങ്ങൾക്കുവേണ്ടി അല്ലാഹുവിനോടു ആവശ്യപ്പെട്ടു. ഈ ചോദ്യം കുറ്റകരമായ ഒരു പാപമായതുകൊണ്ടാണു മൂസാ (അ) താൻ പശ്ചാത്തപിച്ചു മടങ്ങി (تبت إليك) എന്നു പറഞ്ഞത്. ഇതാണു മൂന്നു വചനങ്ങളും കൂട്ടി യോജിപ്പിച്ചുകൊണ്ടു അവർ പറഞ്ഞതിന്റെ ചുരുക്കം.

മനസ്സിൽ ഒരു മുൻവിധി നേരത്തെത്തന്നെ ഒളിച്ചുവെക്കാതെ–തുറന്ന മനസ്സോടെ–ഈ മൂന്നു ഖുർആൻ വചനങ്ങളും, അവയിലെ വാക്കുകളും, പ്രതിപാദന രീതിയും കണക്കിലെടുത്തുകൊണ്ടു പരിശോധിക്കുന്ന ഏതൊരു നിഷ്പക്ഷ ബുദ്ധിക്കും വ്യക്തമായി മനസ്സിലാക്കുവാൻ കഴിയും: മൂസാ (അ) അല്ലാഹുവിനെ കാണുവാൻ അപേക്ഷിച്ച സംഭവവും, ജനങ്ങൾ അല്ലാഹുവിനെ കാണണമെന്നു ശഠിച്ച സംഭവവും വെവ്വേറെയാണെന്നും, എല്ലാം ഒരേ സംഭവമാക്കിക്കൂട്ടിയിണക്കുവാൻ ശ്രമിക്കുന്നതു സദുദ്ദേശപൂർവ്വമല്ലെന്നും. ഇമാം റാസീ (റ) മുതലായ പല ഖുർആൻ വ്യാഖ്യാതാക്കളും ഇവരുടെ ഈ വാദത്തെ ഖണ്ഡിച്ചുകൊണ്ടും, അതിലെ കൊള്ളരുതായ്മകളെ എടുത്തു കാട്ടിക്കൊണ്ടും വളരെയേറെ സംസാരിച്ചിരിക്കുന്നതു കാണാം. ദൈർഘ്യം ഭയന്നു അവ ഉദ്ധരിക്കുവാൻ ഇവിടെ ഉദ്ദേശിക്കുന്നില്ല. അവർ ചൂണ്ടിക്കാട്ടിയ ചുരുക്കം ചില സംഗതികളുടെ സാരം മാത്രം ഉദ്ധരിക്കാം.

1. അല്ലാഹുവിനെ കാണണമെന്നു ശഠിക്കുന്നതു ഒരു തെറ്റായ കാര്യമായിരുന്നിട്ടും അതിനെപ്പറ്റി അവരെ ആക്ഷേപിക്കുകയോ, അവർക്കു കാര്യം പറഞ്ഞു മനസ്സിലാക്കുകയോ ചെയ്യാതെ, അതിനുവേണ്ടി അല്ലാഹുവിനോടു നേരിൽ ആവശ്യപ്പെടുവാൻ മാത്രം ബുദ്ധിഭ്രംശം മൂസാ (അ) നബിക്കില്ലെന്നു തീർച്ചയാണ്. 'ഈ ജനങ്ങൾക്കുള്ളതുപോലെ ഞങ്ങൾക്കും ഒരു ദൈവത്തെ ഏർപ്പെടുത്തിത്തരണം' എന്നു അവർ ആവശ്യപ്പെട്ടപ്പോൾ, മൂസാ (അ) ചെയ്തതെന്താണെന്നു (138, 139 വചനങ്ങളിൽ) നാം കണ്ടുവല്ലോ. 2. ജനങ്ങളുടെ ആവശ്യ പ്രകാരമാണു മൂസാ (അ) അപേക്ഷിച്ചതെങ്കിൽ 'നിന്നെ എനിക്കു കാണിച്ചുതരണം' എന്നും, 'ഞാൻ നിന്നെ നോക്കിക്കാണട്ടെ' എന്നും (أرني ، انظر) അല്ല അദ്ദേഹം പറയേണ്ടിയിരുന്നത്. 'അവർക്കു കാണിച്ചു കൊടുക്കണം' എന്നും 'അവർ നോക്കിക്കാണട്ടെ' എന്നും (أرهم ، ينظروا) ആയിരുന്നു പറയേണ്ടിയിരുന്നത്. ചുരുങ്ങിയപക്ഷം, 'ഞങ്ങൾക്കു കാണിച്ചുതരണം', 'ഞങ്ങൾ നോക്കട്ടെ' (أرنا ، ننظر) എന്നെങ്കിലുമായിരുന്നു പറയേണ്ടത്. അല്ലാഹുവിന്റെ മറുപടിയിലും തന്നെ 'നീ എന്നെ കാണുകയില്ല' (لن تروني) എന്നായിരുന്നില്ല പറയേണ്ടത്.

3. അല്ലാഹുവിനെ കാണൽ ഈ ലോകത്തുവെച്ചും അസംഭവ്യമാണെങ്കിൽ, ആ വാദക്കാരായ ഇവർക്കെല്ലാം മനസ്സിലാക്കുവാൻ കഴിഞ്ഞ അക്കാര്യം മൂസാ (അ) നബിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞില്ലെന്നും, അങ്ങനെ, ഒരു അസംഭവ്യ കാര്യത്തിനുവേണ്ടി ആവശ്യപ്പെടുമാറ് അറിവില്ലാത്ത ആളായിരുന്നു ആ പ്രവാചകവര്യനെന്നുമാണ് അതിന്റെ അർത്ഥം. ഹാശാ. 4. മൂസാ (അ) ബോധം കെട്ടു വീണുവെന്നും, ബോധം വന്നപ്പോൾ പശ്ചാത്തപിച്ചുവെന്നും ഇവിടെ പറയുന്നു. ജനങ്ങളെപ്പറ്റി അതൊന്നും പറയുന്നില്ല. അൽബഖറ: 55ലും, താഴെ 155 ലുമാകട്ടെ, ജനങ്ങൾക്കു ഇടിത്തീയും, കമ്പനവും ബാധിച്ചുവെന്നല്ലാതെ, മൂസാ (അ) നബിക്കു അതു ബാധിച്ചതായും പറയുന്നില്ല. കൂടാതെ 155-ം വചനത്തിൽ ജനങ്ങൾക്കു കമ്പനം പിടിപെട്ടപ്പോൾ, അദ്ദേഹം അവരെപ്പറ്റി അല്ലാഹുവിനോടു പ്രാർത്ഥിച്ചതായും പറയുന്നു. അപ്പോൾ, കമ്പനം അദ്ദേഹത്തിനു ബാധിച്ചില്ലെന്നാണു അതിൽനിന്നു വരുന്നത്. ഇത്രയും പറഞ്ഞതിൽനിന്നു തന്നെ ഇവരുടെ ഈ വാദം ശരിയല്ലെന്നും, ഒരു മുൻവിധിയോടുകൂടി നടത്തപ്പെടുന്ന ഒരു ദുർവ്യാഖ്യാനംമാത്രമാണ് അവരുടേതെന്നും ആർക്കും മനസ്സിലാക്കാവുന്നതാണ്.

സന്ദർഭത്തോടു ബന്ധപ്പെട്ട മറ്റൊരു കാര്യംകൂടി ഇവിടെ ഉണർത്തേണ്ടതായി തോന്നുന്നു. സാധാരണ ഗതിയിൽ 'മുഅ്തസിലി'കളെ പലപ്പോഴും അനുകരിക്കാറുള്ള ഒരു പണ്ഡിതൻ, ഇവിടെ സംസാരിക്കുന്ന മദ്ധ്യേ പരലോകത്തുവെച്ചു അല്ലാഹുവിനെ കാണുന്നതിനെ അനുകൂലിച്ചു കാണുന്നു. പക്ഷെ, അതിനു അദ്ദേഹത്തിന്റെ വക ഒരു വിചിത്രമായ ന്യായമാണു തെളിവാക്കിയിരിക്കുന്നത്. മനുഷ്യൻ പുരോഗമിച്ചുകൊണ്ടിരിക്കുകയാണെന്നും, ഇന്നില്ലാത്ത പല കഴിവുകളും അങ്ങിനെ ഉണ്ടാകുമെന്നും, മരണശേഷവും ആ പുരോഗമനം തുടർന്നുകൊണ്ടിരിക്കുമെന്നും, അങ്ങനെ പ്രപഞ്ച കർത്താവിനെ അവൻ കാണുമെന്നുമാണതിന്റെ ചുരുക്കം. പുരോഗമിച്ച് പ്രപഞ്ചകർത്താവിനെ–അല്ലാഹുവിനെ കാണുവാനുള്ള കഴിവു മനുഷ്യനു ഭാവിയിലുണ്ടാകുമെന്നർത്ഥം. എന്നാൽ, അല്ലാഹുവിനെ കാണുന്ന കാര്യം സത്യവിശ്വാസികൾക്കു അല്ലാഹു നൽകുന്ന ഒരു വമ്പിച്ച അനുഗ്രഹം മാത്രമാണെന്നും, അതു ശാസ്ത്രീയമോ ബുദ്ധിപരമോ ആയ പുരോഗമനംകൊണ്ടു സിദ്ധിക്കുന്ന കഴിവല്ലെന്നും, ഖുർആനും ഹദീസുമായി അൽപമാത്ര ബന്ധമെങ്കിലും ഉള്ളവർക്കറിയാം. അതിൽ വിശ്വാസമില്ലാത്തവർക്കു ... ആലോചിക്കുമ്പോൾ ... ഈ തരത്തിലുള്ള പ്രസ്താവനകൾക്കു ധൈര്യം വരുവാൻ കാരണം ആലോചിക്കുകയും ചെയ്യുന്നു. 'وما قدروا الله حق قدره' (അല്ലാഹുവിനെ കണക്കാക്കേണ്ട പ്രകാരം അവർ കണക്കാക്കിയിട്ടില്ല.) എന്ന ഖുർആൻ വചനമാണു ഓർമ്മവരുന്നത്.

145. അദ്ദേഹത്തിനു [മൂസാക്കു] എല്ലാ കാര്യങ്ങളെക്കുറിച്ചും പലകകളിൽ നാം എഴുതിക്കൊടുക്കുകയും ചെയ്തു. അതായതു, സദുപദേശവും, എല്ലാ കാര്യത്തിനുമുള്ള വിശദീകരണവും. (നാം പറയുകയും ചെയ്തു:) 'അതിനാൽ നീ അവയെ ബലത്തോടെ എടുത്തു [സ്വീകരിച്ചു]കൊള്ളുക; നിന്റെ ജനങ്ങളോട് അവയിലെ വളരെ നല്ല കാര്യങ്ങളെ അവർ സ്വീകരിക്കുവാൻ കൽപിക്കുകയും ചെയ്യുക.

തോന്നിയവാസികളുടെ പാർപ്പിടം ഞാൻ നിങ്ങൾക്കു വഴിയെ കാണിച്ചു തരാം.'

١٤٥ وَكَتَبْنَا لَهُ فِي الْأَلْوَاحِ مِن كُلِّ شَيْءٍ مَّوْعِظَةً وَتَفْصِيلًا لِّكُلِّ شَيْءٍ فَخُذْهَا بِقُوَّةٍ وَأْمُرْ قَوْمَكَ يَأْخُذُوا بِأَحْسَنِهَا سَأُرِيكُمْ دَارَ الْفَاسِقِينَ ○

---

145. كَتَبْنَا നാം എഴുതുക (എഴുതിക്കൊടുക്കുക)യും ചെയ്തു لَهُ അദ്ദേഹത്തിനു فِي الْأَلْوَاحِ പലകകളിൽ مِن كُلِّ شَيْءٍ എല്ലാ കാര്യത്തെക്കുറിച്ചും, എല്ലാ കാര്യത്തിൽനിന്നും مَوْعِظَةً അതായതു സദുപദേശം وَتَفْصِيلًا വിശദീകരണവും لِكُلِّ شَيْءٍ എല്ലാ കാര്യത്തിനും فَخُذْهَا അതിനാൽ അതു (അവ) എടുത്തു (പിടിച്ചു–സ്വീകരിച്ചു) കൊള്ളുക بِقُوَّةٍ ശക്തിയോടെ, ബലത്തിൽ وَأْمُرْ കൽപിക്കുകയും ചെയ്യുക قَوْمَكَ നിന്റെ ജനങ്ങളോടു يَأْخُذُوا അവർ എടുക്കട്ടെ, (സ്വീകരിക്കുവാൻ) بِأَحْسَنِهَا അവയിലെ (അതിലെ) വളരെ നല്ലതിനെ (നല്ല കാര്യങ്ങളെ) سَأُرِيكُمْ നിങ്ങൾക്കു ഞാൻ വഴിയെ കാട്ടിത്തരും دَارَ പാർപ്പിടം, ഭവനം, വസതി الْفَاسِقِينَ തോന്നിയവാസി (ധിക്കാരി)കളുടെ.

അല്ലാഹുവിനെ കാണുവാനുള്ള അപേക്ഷ സ്വീകരിക്കുവാൻ നിവൃത്തിയില്ലെന്നു ബോധ്യപ്പെടുത്തിക്കൊണ്ടുള്ളശേഷം, മൂസാ (അ) നബിക്കു ചെയ്തുകൊടുത്ത ചില അനുഗ്രഹങ്ങളെ അല്ലാഹു ഓർമിപ്പിച്ച കൂട്ടത്തിൽ فَخُذْ مَا آتَيْتُكَ (നിനക്കു ഞാൻ നൽകിയത് എടുത്തു കൊള്ളുക) എന്നും പറഞ്ഞിരുന്നുവല്ലോ. അതിന്റെ ഒരു വിശദീകരണമാണ് ഈ വചനത്തിൽ കാണുന്നത്. അതായതു, ആവശ്യമായ എല്ലാ കാര്യങ്ങളെക്കുറിച്ചും ആവശ്യമായ ഉപദേശ നിർദ്ദേശങ്ങൾ അടങ്ങുകയും ചെയ്യുന്ന തൗറാത്താകുന്ന വേദഗ്രന്ഥം ചില പലകകളിലായി അല്ലാഹു അദ്ദേഹത്തിനു എഴുതിക്കൊടുത്തു. അതിനെ ശരിക്കും മുറുകെപിടിച്ചു കൊണ്ടിരിക്കണമെന്നും, അതിൽ കാണുന്ന നല്ല കാര്യങ്ങളെ അനുഷ്ഠിക്കുവാൻ ജനങ്ങളെ ഉപദേശിക്കണമെന്നും കൽപിക്കുകയും ചെയ്തുവെന്ന സാരം.

തൗറാത്തിന്റെ പലകകൾ എന്തു കൊണ്ടുള്ളതായിരുന്നു? എത്ര എണ്ണം ഉണ്ടായിരുന്നു? എങ്ങിനെയാണതു എഴുതപ്പെട്ടതു? എന്നൊന്നും നമുക്കറിഞ്ഞുകൂടാ. അതറിയാത്തതുകൊണ്ടു ഒരു ദോഷവും ബാധിക്കുവാനുമില്ല. പലരും പലതും പറഞ്ഞു കാണുന്നുണ്ടെങ്കിലും അവയെല്ലാം പരസ്പരം പൊരുത്തപ്പെടാത്ത ചില ഊഹങ്ങൾ മാത്രമാകുന്നു. എന്റെ കൽപനാനിർദ്ദേശങ്ങൾ അനുസരിക്കാതിരിക്കുന്ന ധിക്കാരികൾക്കു അതിന്റെ ഫലം വഴിയെ അനുഭവത്തിൽ കാണാം. അവരെ വെറുതെ വിട്ടേക്കുമെന്നു അവർ ധരിക്കേണ്ട എന്നുള്ള ഒരു താക്കീതാണു അവസാനത്തെ വാക്യം.

146. ന്യായമില്ലാതെ ഭൂമിയിൽ അഹംഭാവം നടിച്ചുകൊണ്ടിരിക്കുന്നവരെ എന്റെ ദൃഷ്ടാന്തങ്ങളിൽ നിന്നു ഞാൻ തിരിച്ചുവിടുന്നതാണ്.

എല്ലാ ദൃഷ്ടാന്തവും കണ്ടാലും അവർ അവയിൽ വിശ്വസിക്കുകയില്ല.

തന്റേടത്തിന്റെ (നേർ) മാർഗ്ഗം കണ്ടാൽ അതിനെ അവർ ഒരു മാർഗ്ഗമായി സ്വീകരിക്കുകയുമില്ല.

١٤٦ سَأَصْرِفُ عَنْ آيَاتِيَ الَّذِينَ يَتَكَبَّرُونَ فِي الْأَرْضِ بِغَيْرِ الْحَقِّ وَإِن يَرَوْا كُلَّ آيَةٍ لَّا يُؤْمِنُوا بِهَا وَإِن يَرَوْا سَبِيلَ الرُّشْدِ لَا يَتَّخِذُوهُ سَبِيلًا

وَإِن يَرَوْا سَبِيلَ الْغَيِّ يَتَّخِذُوهُ سَبِيلًا

പിഴവിന്റെ (ദുർ) മാർഗ്ഗം കണ്ടാൽ അതിനെ അവർ ഒരു മാർഗ്ഗമായി സ്വീകരിക്കുകയും ചെയ്യും.

ذَٰلِكَ بِأَنَّهُمْ كَذَّبُوا بِآيَاتِنَا وَكَانُوا عَنْهَا غَافِلِينَ ○

അതു, നമ്മുടെ ദൃഷ്ടാന്തങ്ങളെ അവർ വ്യാജമാക്കുകയും, അവയെക്കുറിച്ചു അശ്രദ്ധരായിരിക്കുകയും ചെയ്തതുകൊണ്ടത്രെ.

١٤٧- وَالَّذِينَ كَذَّبُوا بِآيَاتِنَا وَلِقَاءِ الْآخِرَةِ حَبِطَتْ أَعْمَالُهُمْ هَلْ يُجْزَوْنَ إِلَّا مَا كَانُوا يَعْمَلُونَ ○

147. നമ്മുടെ ദൃഷ്ടാന്തങ്ങളെയും, പരലോകത്തെ കണ്ടുമുട്ടുന്നതിനെയും വ്യാജമാക്കിയവരാകട്ടെ, അവരുടെ പ്രവൃത്തികൾ (പൊളിഞ്ഞ്) വിഫലമായി. അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതിന്നല്ലാതെ അവർക്കു പ്രതിഫലം കൊടുക്കപ്പെടുമോ? ! [ഇല്ല തന്നെ.]

---

146. سأصرف ഞാൻ തിരിച്ചു വിടും, തിരിച്ചു വിട്ടേക്കും عن آياتي എന്റെ ദൃഷ്ടാന്തങ്ങളിൽ നിന്നു الذين യാതൊരുകൂട്ടരെ يتكبرون അഹംഭാവം നടിക്കുന്ന, വലുപ്പം കാണിക്കുന്ന في الأرض ഭൂമിയിൽ بغير الحق ന്യായം (കാര്യം-അവകാശം) ഇല്ലാതെ وإن يروا അവർ കാണുന്നപക്ഷം, കണ്ടാലും كل آية എല്ലാ ദൃഷ്ടാന്തവും لا يؤمنوا بها അതിൽ അവർ വിശ്വസിക്കുകയില്ല وإن يروا അവർ കാണുന്ന പക്ഷം, കണ്ടാലാകട്ടെ سبيل الرشد തന്റേടത്തിന്റെ മാർഗ്ഗം നേർവഴി لا يتخذوه അതവർ ആക്കുക (സ്വീകരിക്കുക)യില്ല سبيلا മാർഗ്ഗമായിട്ടു, വഴിയായിട്ടു وإن يروا അവർ കണ്ടുവെങ്കിലോ سبيل الغي പിഴവിന്റെ മാർഗ്ഗം يتخذوه അതവർ ആക്കും, സ്വീകരിക്കും سبيلا മാർഗ്ഗമായി ذلك അതു بأنهم كذبوا അവർ വ്യാജമാക്കിയിരിക്കുന്നതുകൊണ്ടാണ് بآياتنا നമ്മുടെ ദൃഷ്ടാന്തങ്ങളെ. وكانوا അവർ ആയിരിക്കുകയും عنها അവയെപ്പറ്റി غافلين അശ്രദ്ധർ. 147. والذين كذبوا വ്യാജമാക്കിയവർ بآياتنا നമ്മുടെ ദൃഷ്ടാന്തങ്ങളെ ولقاء കാണുന്ന (കണ്ടുമുട്ടുന്ന)തിനെയും الآخرة പരലോകത്തെ حبطت വിഫലമായി, പൊളിഞ്ഞു أعمالهم അവരുടെ പ്രവൃത്തി(കർമ്മം)കൾ هل يجزون അവർക്കു പ്രതിഫലം കൊടുക്കപ്പെടുമോ إلا ما كانوا അവർ ആയിരുന്നതിന്നല്ലാതെ يعملون (അവർ) പ്രവർത്തിക്കും.

ഫിർഔന്റെയും ആൾക്കാരുടെയും അഹന്തയും ഗർവ്വും നിമിത്തം അവർ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ നിഷേധിച്ചു കൊണ്ടിരുന്നതിന്റെ ഫലമായി അവർ അനുഭവിച്ച ദാരുണമായ പര്യവസാനത്തെയും, അതിനെത്തുടർന്നുണ്ടായ സംഭവങ്ങളെയും സംബന്ധിച്ചായിരുന്നു കഴിഞ്ഞ വചനങ്ങളിൽ സംസാരം. ഫിർഔന്റെ കൂട്ടർക്ക് അത്രയും ശോചനീയമായ ദുരവസ്ഥ വന്നു ചേരുവാനുള്ള സാക്ഷാൽ കാരണം അവരുടെ അഹംഭാവവും ഗർവ്വുമാണെന്നും, അഹംഭാവത്തിന്റെയും ഗർവ്വിന്റെയും അനന്തരഫലം അതിഭയങ്കരമായിരിക്കുമെന്നും, ഈക്കുവെച്ചു അല്ലാഹു ഓർമ്മിപ്പിക്കുകയാണ്. ഒരു വ്യാഖ്യാനത്തിന്റെയും സഹായംകൂടാതെതന്നെ ഈ വചനങ്ങളിലെ ആശയം വ്യക്തമാണ്.

ഇബ്നുമസ്ഊദ് (റ) പറയുന്നു: 'ഹൃദയത്തിൽ ഒരു കടുകു മണിയോളം അഹംഭാവമുള്ളവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല' എന്നു റസൂൽ (സ) പറഞ്ഞു. അപ്പോൾ ഒരാൾ ചോദിച്ചു: 'ഒരാൾക്കു അവന്റെ വസ്ത്രം നല്ലതായിരിക്കുവാനും, ചെരുപ്പു നല്ലതായിരിക്കുവാനും ഇഷ്ടമുണ്ടായിരിക്കും (ഇതു അഹംഭാവമാണോ)?' തിരുമേനി പറഞ്ഞു: 'നിശ്ചയമായും അല്ലാഹു സൗന്ദര്യവാനാണ്. അവൻ സൗന്ദര്യം ഇഷ്ടപ്പെടുന്നു. അഹംഭാവമെന്നാൽ, യഥാർത്ഥത്തെ ധിക്കരിക്കലും, ജനങ്ങളെ നിസ്സാരരാക്കലുമാകുന്നു' (മു). അടുത്ത വചനങ്ങളിൽ സംസാര വിഷയം തുടരുന്നു:—

വിഭാഗം-18

١٤٨- وَاتَّخَذَ قَوْمُ مُوسَىٰ مِن بَعْدِهِ مِنْ حُلِيِّهِمْ عِجْلًا جَسَدًا لَّهُ خُوَارٌ ۚ أَلَمْ يَرَوْا أَنَّهُ لَا يُكَلِّمُهُمْ وَلَا يَهْدِيهِمْ سَبِيلًا ۘ اتَّخَذُوهُ وَكَانُوا ظَالِمِينَ ○

١٤٩- وَلَمَّا سُقِطَ فِي أَيْدِيهِمْ وَرَأَوْا أَنَّهُمْ قَدْ ضَلُّوا قَالُوا لَئِن لَّمْ يَرْحَمْنَا رَبُّنَا وَيَغْفِرْ لَنَا لَنَكُونَنَّ مِنَ الْخَاسِرِينَ ○

148. മൂസാ (പോയതി)ന്റെ ശേഷം അദ്ദേഹത്തിന്റെ ജനത അവരുടെ ആഭരണംകൊണ്ടു ഒരു പശുക്കുട്ടിയെ—മുക്കറ (ശബ്ദം) ഉള്ളതായ ഒരു ശരീരം [സ്വരൂപം]—ഉണ്ടാക്കിത്തീർത്തു. [അതിനെ ആരാധിച്ചു വന്നു.]

അവർക്കു കണ്ടുകൂടേ, അതവരോടു സംസാരിക്കുന്നുമില്ല, ഒരു മാർഗ്ഗവും അവർക്കു കാട്ടിക്കൊടുക്കുന്നുമില്ല എന്നു?! (അതെ) അതവർ ഉണ്ടാക്കി! അവർ അക്രമികളുമായിരുന്നു.

149. അവർ കൈകളിൽ വീഴുക [ഖേദിച്ചു തലതാഴ്ത്തുക]യും, തങ്ങൾ വഴിപിഴച്ചിട്ടുണ്ടെന്നു കാണുകയും ചെയ്തപ്പോൾ, അവർ പറഞ്ഞു: 'തീർച്ചയായും, നമ്മുടെ റബ്ബ് നമ്മോട് കരുണ കാണിക്കുകയും, നമുക്കു പൊറുത്തു തരുകയും ചെയ്തില്ലെങ്കിൽ, നാം നഷ്ടക്കാരിൽപെട്ടവരായിത്തീരുക തന്നെ ചെയ്യും!'

---

148. وَاتَّخَذَ ഉണ്ടാക്കിത്തീർത്തു قَوْمُ مُوسَىٰ മൂസായുടെ ജനത مِن بَعْدِهِ അദ്ദേഹത്തിനു ശേഷം مِنْ حُلِيِّهِمْ അവരുടെ ആഭരണംകൊണ്ടു عِجْلًا ഒരു പശുക്കുട്ടി, മൂരിക്കുട്ടി جَسَدًا ഒരു ശരീരം, ജഡം لَّهُ خُوَارٌ അതിനു മുക്കുറ (ശബ്ദം) ഉണ്ട് (ഉള്ളതായ) أَلَمْ يَرَوْا അവർ കണ്ടില്ലേ, അവർക്കു കണ്ടുകൂടേ أَنَّهُ അതു (ആണ്) എന്നു لَا يُكَلِّمُهُمْ അവരോടു സംസാരിക്കുന്നില്ല (എന്നു) وَلَا يَهْدِيهِمْ അവർക്കു കാട്ടിക്കൊടുക്കു (അവരെ നയിക്കു)ന്നുമില്ല سَبِيلًا ഒരു മാർഗ്ഗവും, ഒരു വഴിക്കും اتَّخَذُوهُ അതിനെ അവരുണ്ടാക്കി وَكَانُوا അവരായിരുന്നുതാനും ظَالِمِينَ അക്രമികൾ. 149. وَلَمَّا سُقِطَ വീഴുകയുണ്ടായപ്പോൾ فِي أَيْدِيهِمْ അവരുടെ കൈകളിൽ وَرَأَوْا അവർ കാണുകയും أَنَّهُمْ അവർ (ആകുന്നു) എന്നു قَدْ ضَلُّوا തങ്ങൾ വഴിപിഴച്ചിട്ടുണ്ടു (എന്നു) قَالُوا അവർ പറഞ്ഞു لَئِن لَّمْ തീർച്ചയായും ഇല്ലെങ്കിൽ يَرْحَمْنَا നമ്മോടു (നമുക്കു) കരുണ ചെയ്തി(ല്ലെങ്കിൽ) رَبُّنَا നമ്മുടെ റബ്ബു وَيَغْفِرْ لَنَا അവൻ നമുക്കു പൊറുക്കുകയും لَنَكُونَنَّ നിശ്ചയമായും നാം ആയിരിക്കുക തന്നെ ചെയ്യും مِنَ الْخَاسِرِينَ നഷ്ടക്കാരിൽപെട്ട(വർ).

ഇസ്രാഈല്യർ പശുക്കുട്ടിയെ ഉണ്ടാക്കി ആരാധിച്ച വിവരം സൂറത്തു ത്വാഹായിൽ വിശദമായി വിവരിക്കപ്പെട്ടിട്ടുണ്ട്. അതിന്റെ ചുരുക്കം ഇതാണ്: 142-ാം വചനത്തിൽ കണ്ടതുപോലെ, ഇസ്രാഈല്യരുടെ നേതൃത്വം സഹോദരൻ ഹാറൂൻ (അ) നബിയെ ഏൽപിച്ചുകൊണ്ടു മൂസാ (അ) അല്ലാഹുവിന്റെ കല്പന പ്രകാരം തൗറാത്തു ഏറ്റു വാങ്ങുവാൻ വേണ്ടി സീനാ മലയിലേക്കു പോയി. അദ്ദേഹത്തിന്റെ അഭാവത്തിൽ അവർ ഒരു പശുക്കുട്ടിയുടെ രൂപമുണ്ടാക്കി അതിനെ ആരാധിച്ചു. അവരുടെ കൈവശമുണ്ടായിരുന്ന ആഭരണങ്ങൾ ഉരുക്കി അതു [illegible] സാമിരി എന്നു പേരായ ഒരാളാണതു നിർമ്മിച്ചത്. ഏതോ ചില കൗശലപ്രയോഗങ്ങൾ വഴി അതിനു പശുക്കളെപ്പോലെയുള്ള മുക്കുറയിടുന്ന ശബ്ദമുണ്ടാകുമായിരുന്നു. ജാലവിദ്യക്കു പ്രചാരമുള്ള കാലമായിരുന്നുവല്ലോ അത്. ഇസ്രാഈല്യരാകട്ടെ, ഈജിപ്തിലെ ചിരകാല വാസത്തിൽനിന്ന് പശു പൂജയും വിഗ്രഹാരാധനയും പരിചയിച്ചവരും. പശുവാരാധന അവരുടെ ഹൃദയങ്ങളിൽ പ്രത്യേകം സ്വാധീനം ചെലുത്തുകയും ചെയ്തിരുന്നു. കൂടാതെ, ഇതാണു നിങ്ങളുടെയും മൂസായുടെയും റബ്ബു—മൂസാ മറന്നു പോയതാണു—എന്നു അവരിൽ ചിലർ പറഞ്ഞുണ്ടാക്കുകയും ചെയ്തു. മൂസാ (അ) മടങ്ങി വരാൻ താമസിച്ചതും ഇവരുടെ ദുഷ്പ്രചരണത്തിനു ആക്കം കൂട്ടി. മൂസാക്കു എന്തുപറ്റി എന്നറിഞ്ഞുകൂടാ എന്നും മറ്റും അവർ പറഞ്ഞു. ഹാറൂൻ (അ) നബിയുടെ വിലക്കു

ഉപദേശവും അവർ വിലവെച്ചതുമില്ല. മൂസാ (അ) തൗറാത്തുമായി വന്നപ്പോൾ കണ്ട കാഴ്ച, അവർ ആ പശുക്കുട്ടിയുടെ ചുറ്റും കൂടി അവർ അതിനെ ആരാധിക്കുന്നതും അതിനടുത്തു ഭജനമിരിക്കുന്നതുമാണ്. അദ്ദേഹം ആകെ വല്ലാത്ത ക്ഷോഭത്തിലായി. സാമിരിയെയും ജനങ്ങളെയും ചോദ്യം ചെയ്തശേഷം പശുക്കുട്ടിയെ ചുട്ടു ഭസ്മമാക്കി കടലിൽ പാറ്റിക്കളഞ്ഞു. സാമിരിയുമായുള്ള സമ്പർക്കം തടയുകയും ചെയ്തു. (ത്വാഹാ:85-97ഉം വ്യാഖ്യാനവും നോക്കുക)

പശുക്കുട്ടിയെ നിർമ്മിച്ചതു സാമിരിയാണെങ്കിലും, മറ്റുള്ളവരുടെയും താൽപര്യവും സഹകരണവും ഉണ്ടായിരുന്നതുകൊണ്ടും, ആരാധനയിൽ മറ്റുള്ളവരും പങ്കുകൊണ്ടിരുന്നതുകൊണ്ടുമാണ് 'മൂസായുടെ ജനത പശുക്കുട്ടിയെ ഉണ്ടാക്കി' എന്നു പറഞ്ഞത്. ലോഹനിർമ്മിതമായ ആ പ്രതിമയിൽ എന്തെങ്കിലും വിശേഷതയോ, പുതുമയോ ഉണ്ടായിരുന്നാലും അതൊരു ദൈവമായിരിക്കുവാൻ നിവൃത്തിയില്ലെന്നു പ്രാഥമിക ബുദ്ധികൊണ്ടുപോലും മനസ്സിലാക്കാവുന്നതാണ്. ചുരുങ്ങിയപക്ഷം, സംസാരിക്കുവാനും, ആരാധകൻമാർക്കു വല്ല മാർഗ്ഗദർശനവും നൽകുവാനുമെങ്കിലും അതിനു കഴിയേണ്ടതാണല്ലോ. ഇതൊന്നും അവർ ആലോചിച്ചില്ല. പശുക്കുട്ടിയെ ആരാധിക്കുന്നതിലുള്ള ആവേശം അവരെ അന്ധരാക്കിത്തീർത്തു. 'ഒരു വസ്തുവിനോടുള്ള സ്നേഹം നിന്നെ അന്ധനും ബധിരനുമാക്കും' എന്നു ഒരു ഹദീസിൽ വന്നിട്ടുള്ളതു പ്രസ്താവ്യമാകുന്നു. (അ.ദാ.) അവസാനം അവർ ബോധത്തിലായി. തങ്ങളുടെ പക്കൽ വന്ന അപരാധം അവർക്കു ബോധ്യപ്പെട്ടു. അവർ ഖേദിച്ചു വിലപിക്കുകയായി.

വന്നുപോയ ഒരു കാര്യത്തെക്കുറിച്ചു വല്ലവരും ഖേദിക്കുകയോ ലജ്ജിക്കുകയോ ചെയ്യുമ്പോൾ, 'അവർ കൈകടിച്ചു, നാക്കടിച്ചു, തലതാഴ്ത്തി' എന്നൊക്കെ മലയാളത്തിൽ പറയാറുള്ളതുപോലെ അറബിയിലുള്ള ചില പ്രയോഗങ്ങളാണു: سقط في أيديهم (കൈകളിൽവീണു) عضوا الأنامل (വിരൽ കടിച്ചു) نكسوا على رؤسهم (തലകുത്തനെയായി) മുതലായവ.

150. കുപിതനായും, ദുഃഖിതനായും കൊണ്ടു മൂസാ തന്റെ ജനതയിലേക്കു മടങ്ങി വന്നപ്പോൾ, അദ്ദേഹം പറഞ്ഞു: 'എന്റെ (പോക്കിനു) ശേഷം നിങ്ങൾ എന്റെ പിന്നിൽ പ്രവർത്തിച്ചതു എത്രയോ ചീത്ത! നിങ്ങളുടെ റബ്ബിന്റെ കല്പനകൾ (കാത്തിരിക്കാതെ)നിങ്ങൾ ധൃതികൂട്ടിയോ?!'

وَلَمَّا رَجَعَ مُوسَىٰ إِلَىٰ قَوْمِهِ غَضْبَانَ أَسِفًا قَالَ بِئْسَمَا خَلَفْتُمُونِي مِن بَعْدِي ۖ أَعَجِلْتُمْ أَمْرَ رَبِّكُمْ ۖ

അദ്ദേഹം പലകകൾ ഇടുകയും ചെയ്തു; തന്റെ സഹോദരന്റെ തല (മുടി) പിടിച്ചു തന്നിലേക്കു വലിക്കുകയും ചെയ്തു.

وَأَلْقَى الْأَلْوَاحَ وَأَخَذَ بِرَأْسِ أَخِيهِ يَجُرُّهُ إِلَيْهِ ۚ

അദ്ദേഹം [സഹോദരൻ] പറഞ്ഞു: 'എന്റെ മാതൃപുത്രാ [ഏകോദര സഹോദരാ]! നിശ്ചയമായും, (ഈ) ജനങ്ങൾ എന്നെ ബലഹീനനാക്കിത്തീർക്കുകയും, എന്നെ അവർ കൊലപ്പെടുത്തുമാറാകുകയും ചെയ്തു. ആകയാൽ, എന്നെ (നിന്ദിച്ചു) കൊണ്ട് നീ ശത്രുക്കളെ സന്തോഷപ്പെടുത്തരുതേ! എന്നെ നീ (ഈ) അക്രമികളോടു കൂടെ [അക്രമികളുടെ പക്ഷക്കാരൻ] ആക്കുകയും ചെയ്യരുത്.'

قَالَ ابْنَ أُمَّ إِنَّ الْقَوْمَ اسْتَضْعَفُونِي وَكَادُوا يَقْتُلُونَنِي فَلَا تُشْمِتْ بِيَ الْأَعْدَاءَ وَلَا تَجْعَلْنِي مَعَ الْقَوْمِ الظَّالِمِينَ ○

---

150. ولما رجع മടങ്ങിയപ്പോൾ موسى മൂസാ إلى قومه അദ്ദേഹത്തിന്റെ ജനതയിലേക്ക غضبان കുപിതനായി, രോഷപ്പെട്ടവനായിട്ടു أسفا ഖേദക്കാരനായി, ദുഃഖിതനായിട്ടു قال അദ്ദേഹം പറഞ്ഞു بئسما യാതൊന്നു എത്രയോ (വളരെ) ചീത്ത,ദുഷിച്ചതു خلفتموني നിങ്ങൾ എനിക്കു (എന്റെ) പിന്നിൽ ചെയ്ത من بعدي എന്റെ ശേഷം أعجلتم നിങ്ങൾ ധൃതിപ്പെട്ടോ, ബദ്ധപ്പാടു കാട്ടിയോ أمر കൽപനക്കു, കൽപനയെ(ക്കാൾ) ربكم നിങ്ങളുടെ റബ്ബിന്റെ وألقى അദ്ദേഹം ഇടുകയും ചെയ്തു الألواح പലകകളെ وأخذ പിടിക്കുകയും ചെയ്തു برأس തലക്കു,തലയെ أخيه തന്റെ സഹോദരന്റെ يجره അതു വലിച്ചുകൊണ്ടു إليه തന്നിലേക്കു قال അദ്ദേഹം പറഞ്ഞു ابن أم എന്റെ ഉമ്മയുടെ മകനേ, മാതൃപുത്രാ إن القوم നിശ്ചയമായും (ഈ) ജനത استضعفوني എന്നെ ബലഹീനനാക്കി (ദുർബ്ബലനാക്കി) وكادوا يقتلونني അവർ എന്നെ കൊല്ലുമാറാവുകയും ചെയ്തു فلا تشمت അതിനാൽ നീ സന്തോഷപ്പെടുത്തരുതു بي എന്നെക്കൊണ്ടു, ഞാൻ മൂലം الأعداء ശത്രുക്കളെ ولا تجعلني എന്നെ നീ ആക്കുകയും ചെയ്യരുതു مع القوم ജനങ്ങളോടു കൂടെ (കൂട്ടത്തിൽ) الظالمين അക്രമികളായ.

قَالَ رَبِّ اغْفِرْ لِي وَلِأَخِي وَأَدْخِلْنَا فِي رَحْمَتِكَ ۖ وَأَنتَ أَرْحَمُ الرَّاحِمِينَ

151. അദ്ദേഹം [മൂസാ] പറഞ്ഞു: 'റബ്ബേ! എനിക്കും, എന്റെ സഹോദരനും നീ പൊറുത്തു തരുകയും, നിന്റെ കാരുണ്യത്തിൽ ഞങ്ങളെ നീ പ്രവേശിപ്പിക്കുകയും ചെയ്യേണമേ! നീയാകട്ടെ, കരുണ ചെയ്യുന്നവരിൽ ഏറ്റവും കരുണയുള്ളവനുമാകുന്നു.'

---

151. قَالَ അദ്ദേഹം പറഞ്ഞു رَبِّ റബ്ബേ اغْفِرْ لِي എനിക്കു പൊറുത്തു തരണേ وَلِأَخِي എന്റെ സഹോദരനും وَأَدْخِلْنَا ഞങ്ങളെ പ്രവേശിപ്പിക്കുകയും വേണമേ فِي رَحْمَتِكَ നിന്റെ കാരുണ്യത്തിൽ, وَأَنتَ നീയാകട്ടെ, നീയോ أَرْحَمُ ഏറ്റവും കരുണയുള്ളവനാകുന്നു الرَّاحِمِينَ കരുണ ചെയ്യുന്നവരിൽ,

---

സാമിരീ പശുക്കുട്ടിയെയുണ്ടാക്കി ഇസ്രാഈല്യരെ പിഴപ്പിച്ച വിവരം നേരത്തെത്തന്നെ അല്ലാഹു മൂസാ (അ) നബിയെ അറിയിച്ചിരുന്നു. (20: 85) അദ്ദേഹത്തിനു അതിയായ കോപവും വ്യസനവും ഉണ്ടാകുക സ്വാഭാവികമാണല്ലോ. തിരിച്ചു വന്നപ്പോൾ കണ്ട കാഴ്ച അദ്ദേഹത്തെ കൂടുതൽ ക്ഷുഭിതനാക്കുകയും ചെയ്തു. അല്പ ദിവസങ്ങളോളം ഞാൻ നിങ്ങളെ വിട്ടു പോയപ്പോഴേക്കും നിങ്ങൾ ഇങ്ങിനെയെല്ലാം ചെയ്തുവല്ലോ! നിങ്ങൾക്കു ഉപകരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ ഏറ്റു വാങ്ങുവാനായി അല്ലാഹുവിന്റെ കല്പനപ്രകാരമാണു ഞാൻ വിട്ടു പോയിരുന്നതും. എന്റെ വരവു കാത്തിരിക്കുവാനുള്ള ക്ഷമപോലുമില്ലാതെ നിങ്ങൾ ഇത്ര വേഗം ഈ മഹാപാതകം ചെയ്തുവല്ലോ എന്നൊക്കെ അദ്ദേഹം ആക്ഷേപിച്ചു. വികാരാധിക്യം നിമിത്തം കൈവശമുണ്ടായിരുന്ന തൗറാത്തിന്റെ പലകകൾ നിലത്തിടുകയും, സഹോദരൻ ഹാറൂൻ (അ)ന്റെ തലമുടി പിടിച്ചു വലിക്കുകയും ചെയ്തു. ജനങ്ങളെ വേണ്ടപ്രകാരം നയിക്കുവാൻ അദ്ദേഹത്തെ ഏൽപിച്ചുകൊണ്ടാണല്ലോ മൂസാ (അ) സ്ഥലം വിട്ടിരുന്നത്. സഹോദരൻ തന്റെ ഉത്തരവാദിത്വം ശരിക്കു പാലിച്ചില്ലെന്നും, അതിൽ കൃത്യവിലോപം വരുത്തിയിരിക്കുമെന്നും മൂസാ (അ) കരുതി. വാസ്തവത്തിൽ സഹോദരൻ തികച്ചും നിർദ്ദോഷിയായിരുന്നു. അദ്ദേഹം കഴിവതെല്ലാം ചെയ്തുനോക്കിയിരുന്നു. അതൊന്നും വകവെക്കാതെ അവർ അദ്ദേഹത്തിനു നേരെ കയർക്കുകയും, കൊലപ്പെടുത്തുവാൻ പോലും ശ്രമം നടത്തുകയുമാണുണ്ടായത്. മൂസാ (അ) നബിയുടെ വികാരാധിക്യം മനസ്സിലാക്കിയ ആ ജ്യേഷ്ഠൻ അനുകമ്പയോടു കൂടി 'എന്റെ മാതൃപുത്രാ (പ്രിയപ്പെട്ട സഹോദരാ)' എന്നു വിളിച്ചുകൊണ്ട് സംഗതികൾ ശാന്തമായി വിവരിച്ചു കൊടുത്തു. യഥാർത്ഥം ഇങ്ങിനെയിരിക്കെ എന്നോടു കയർക്കുന്നതു നമ്മുടെ എതിരാളികളെ സന്തോഷിപ്പിക്കുവാനായിരിക്കും ഉതകുകയെന്നും, അതിനു ഇടവരുത്തരുതെന്നും, എന്നെ അക്രമികളുടെ പക്ഷക്കാരനായി കരുതരുതെന്നും അദ്ദേഹം അപേക്ഷിക്കുകയും ചെയ്തു. മൂസാ (അ) നബിക്കു കാര്യം മനസ്സിലായി. അദ്ദേഹം തനിക്കും, സഹോദരനും വേണ്ടി അല്ലാഹുവിനോട് പ്രാർത്ഥിക്കുകയും ചെയ്തു.

മൂസാ (അ) സഹോദരനോടു കോപിച്ചു സംസാരിച്ച കൂട്ടത്തിൽ, 'ഹാറൂനേ, ഇവർ വഴി പിഴച്ചു കണ്ടപ്പോൾ എന്നെ പിൻതുടർന്നു വരാതിരിക്കുവാൻ നിനക്കെന്താണു തടസ്സം നേരിട്ടതു? നീ എന്റെ കല്പനക്കു എതിരു പ്രവർത്തിച്ചുവോ?' എന്നു ചോദിച്ചതായും, 'എന്റെ മാതൃപുത്രാ, എന്റെ തലയും താടിയും പിടിക്കേണ്ട, ഇസ്രാഈല്യർക്കിടയിൽ നീ ഭിന്നിപ്പുണ്ടാക്കിയെന്നും, എന്റെ വാക്കു ഗൗനിച്ചില്ലെന്നും നീ പറയുമെന്നു ഞാൻ ഭയപ്പെട്ടു.' എന്നു ഹാറൂൻ (അ) മറുപടി പറഞ്ഞതായും ത്വാഹാ സൂറത്തിൽ (92–94) അല്ലാഹു ഉദ്ധരിച്ചിരിക്കുന്നു. അപ്പോൾ പശുക്കുട്ടിയുടെ സംരംഭം തടയുവാൻ ഹാറൂൻ (അ) നബി അദ്ദേഹത്തിന്റെ കഴിവു മുഴുവനും ഉപയോഗിച്ചു നോക്കിയിട്ടുണ്ടെന്നും, അതു വിലവെക്കാതെ, അദ്ദേഹത്തെ കൊലപ്പെടുത്തുവാനുള്ള ആലോചന കൂടി നടത്തുകയാണവർ ചെയ്തതെന്നും ഇതിൽ നിന്നൊക്കെ സ്പഷ്ടമാകുന്നു. ഈ പ്രസ്താവനകളൊന്നും അദ്ദേഹത്തെക്കുറിച്ചു ഖുർആനിൽ വന്നിട്ടില്ലെങ്കിൽപോലും അദ്ദേഹത്തെപ്പറ്റി അങ്ങിനെ ധരിക്കുവാനേ നിവൃത്തിയുള്ളു താനും. കാരണം, അദ്ദേഹവും ഒരു പ്രവാചകനും റസൂലുമാണ്. മൂസാ (അ) നബിയുടെ മതപ്രബോധനത്തിൽ അദ്ദേഹത്തിന്റെ സഹായിയായി അല്ലാഹു നിശ്ചയിച്ചയച്ച ആളുമാണ്. എന്നിരിക്കെ, അതിനെല്ലാം കടക വിരുദ്ധമായ ആ സംരംഭത്തിൽ അദ്ദേഹം എങ്ങിനെ മൗനം ദീക്ഷിക്കും?!

എന്നാൽ, ഇതിനു നേരെ വിപരീതമായിട്ടാണു ബൈബ്ളിൽ പറയുന്നതു: മോശെ പർവ്വതത്തിൽനിന്നു ഇറങ്ങി വരുവാൻ താമസിച്ചു കണ്ടപ്പോൾ ജനങ്ങൾ അഹരോന്റെ അടുക്കൽ ചെന്നു ഞങ്ങളുടെ മുമ്പിൽ നടക്കേണ്ടതിനു

ങ്ങൾക്കു ഒരു ദൈവമുണ്ടാക്കിത്തരണമെന്ന ആവശ്യപ്പെട്ടു. അവൻ അവരുടെ കാതുകളിലുള്ള പൊന്നാഭരണങ്ങൾ കൊണ്ടുവരുവാൻ കൽപിക്കുകയും, അവയെല്ലാം ചേർത്തു കൊത്തുളികൊണ്ടു രൂപ വരുത്തി ഒരു കാളക്കുട്ടി വാർത്തുണ്ടാക്കുകയും ചെയ്തു. പിറേറന്ന അവൻ പറഞ്ഞ പ്രകാരം ഒരു ഉത്സവദിവസമായി കൊണ്ടാടി അതിന്റെ മുമ്പിൽ ആരാധനകർമം നടത്തുകയും ചെയ്തു എന്നൊക്കെയാണതിൽ പറയുന്നതു. (പുറപ്പാടു പുസ്തകം: 32ൽ1–6 നോക്കുക) തൗറാത്തിൽ പിൽക്കാലത്ത് കൂട്ടിച്ചേർക്കപ്പെടുകയോ, മാററി മറിക്കപ്പെടുകയോ ചെയ്തിട്ടുള്ള പല കള്ള പ്രസ്താവനകളിൽ ഒന്നാണു ഇതും എന്നുള്ളതിൽ നമുക്കു സംശയമില്ല. ഇതുപോലെ, ചില നബിമാരെപ്പററിയും മററും-അല്ലാഹുവിനെക്കുറിച്ചു പോലും–പല അസംബന്ധങ്ങളും വ്യാജങ്ങളും ബൈബ്ളിൽ കാണാവുന്നതാണ്. ബൈബ്ൾ വേദപുസ്തകമായി അംഗീകരിച്ചു വരുന്ന വേദക്കാർക്കിടയിൽ പോലും സ്വീകാര്യമല്ലാത്ത പലതും ബൈബ്ളിൽ നിലവിലുണ്ടെന്നുള്ളത് ഒരു വാസ്തവമത്രെ.

വിഭാഗം-19

١٥٢- إِنَّ الَّذِينَ اتَّخَذُوا الْعِجْلَ سَيَنَالُهُمْ غَضَبٌ مِّن رَّبِّهِمْ وَذِلَّةٌ فِي الْحَيَاةِ الدُّنْيَا ۚ وَكَذَٰلِكَ نَجْزِي الْمُفْتَرِينَ ○

152. നിശ്ചയമായും പശുക്കുട്ടിയെ ഉണ്ടാക്കി (ആരാധന നടത്തി)യവർ, അവർക്കു തങ്ങളുടെ റബ്ബിങ്കൽ നിന്നു കോപവും, ഐഹിക ജീവിതത്തിൽ നിന്ദ്യതയും ബാധിക്കുന്നതാണ്.

അപ്രകാരമത്രെ, (വ്യാജം) കെട്ടിച്ചമക്കുന്നവർക്കു നാം പ്രതിഫലം നൽകുന്നത്.

١٥٣- وَالَّذِينَ عَمِلُوا السَّيِّئَاتِ ثُمَّ تَابُوا مِن بَعْدِهَا وَآمَنُوا إِنَّ رَبَّكَ مِن بَعْدِهَا لَغَفُورٌ رَّحِيمٌ ○

153. തിൻമകൾ പ്രവർത്തിക്കുകയും, പിന്നീടു അതിനു ശേഷം പശ്ചാത്തപിക്കുകയും, വിശ്വസിക്കുകയും ചെയ്തവരാകട്ടെ, നിശ്ചയമായും, അതിനുശേഷം നിന്റെ റബ്ബു (അവർക്കു) പൊറുത്തുകൊടുക്കുന്നവനും, കരുണാനിധിയും തന്നെ.

---

152. ان നിശ്ചയമായും الذين اتخذوا ഉണ്ടാക്കിയവർ العجل പശു(മൂരി)ക്കുട്ടിയെ سينالهم അവർക്കു എത്തും, ബാധിക്കും غضب കോപം, രോഷം من ربهم അവരുടെ റബ്ബിങ്കൽ നിന്ന് وذلة നിന്ദ്യതയും في الحيوة الدنيا ഐഹിക ജീവിതത്തിൽ وكذلك അപ്രകാരം نجزي നാം പ്രതിഫലം നൽകുന്നു المفترين കെട്ടിച്ചമക്കുന്നവർക്കു. 153. والذين عملوا പ്രവർത്തിച്ചവരാകട്ടെ السيئات തിൻമകളെ ثم تابوا പിന്നെ അവർ പശ്ചാത്തപിച്ചു, മടങ്ങി من بعدها അതിനു (അവകളുടെ) ശേഷം وآمنوا വിശ്വസിക്കുകയും ചെയ്തു ان ربك നിശ്ചയമായും നിന്റെ റബ്ബു من بعدها അതിനുശേഷം لغفور (വളരെ) പൊറുക്കുന്നവൻ തന്നെ رحيم കരുണാനിധി

പശുക്കുട്ടിയെയുണ്ടാക്കി ആരാധിച്ചവർക്കു അല്ലാഹുവിന്റെ കോപവും, നിന്ദ്യതയും ഈ ലോകത്തു വെച്ചു തന്നെ സംഭവിക്കുകയും ചെയ്തു. അവരുടെ പശ്ചാത്താപം സ്വീകരിക്കുന്നതിനു ഉപാധിയായി അവരിൽ വലിയ കുററക്കാർ പരസ്പരം കൊലപ്പെടുത്തണമെന്ന് നിശ്ചയിക്കപ്പെട്ടു. (2:54) പശുക്കുട്ടിയെ ചുട്ടെരിച്ചു കടലിൽ വിതറുകയും ചെയ്തു. (20:97) ഇതു ഇഹത്തിൽ വെച്ചു തന്നെ അവർക്കുണ്ടായ അനുഭവമാണല്ലോ. എന്നാൽ, ആ മഹാപാപത്തിൽ പങ്കു വഹിച്ചെങ്കിലും പിന്നീടു ശരിക്കും മനസ്സിലാക്കി മടങ്ങി സത്യവിശ്വാസം ഉറപ്പിച്ചവർക്കു അല്ലാഹു പൊറുത്തു മാപ്പാക്കുകയും ചെയ്തു. പശുക്കുട്ടിയുടെ സംഭവത്തോടു ബന്ധപ്പെടുത്തിക്കൊണ്ടുള്ളതാണു ഈ വചനമെങ്കിലും وكذلك نجزي المفترين (അപ്രകാരമാണു നാം കെട്ടിച്ചമക്കുന്നവർക്കു [illegible]) അല്ലാഹുവിന്റെ പേരിൽ കളവു കെട്ടിച്ചമയുന്ന എല്ലാവരും അവന്റെ കോപത്തിനും നിന്ദ്യതക്കും പാത്രമായിരിക്കുമെന്നാണു

(പരലോകത്തിൽ) എന്ന വാക്യം കുറിക്കുന്നതു. ഹസൻ ബസ്വരി (റ) പറഞ്ഞതായി നിവേദനം ചെയ്യപ്പെടുന്നു: 'ഖിയാമത്തു നാൾവരെ-നിന്ദ്യത അതിന്റെ ആളുകളുടെ പിരടികളിലുണ്ടായിരിക്കും. അവരെയും [illegible] ശരി, തുള്ളിക്കുതിക്കുംകുളമ്പടിച്ചു ഓടിയാലും ശരി. [illegible] 'ഈ വചനം തെളിവാക്കിക്കൊണ്ടു 'ഇതു എല്ലാ കെട്ടിച്ചമക്കുന്നവർക്കുമുള്ളതു തന്നെയാണു' എന്നു സുഫ്‌യാനുബ്നു ഉയൈനാ (റ) പറഞ്ഞതായും നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു.

അൽബഖറ: 54-ൽ മൂസാ (അ) തന്റെ ജനങ്ങളോടു ഇപ്രകാരം പറഞ്ഞതായി അല്ലാഹു ഉദ്ധരിക്കുന്നു: 'എന്റെ ജനങ്ങളേ, നിങ്ങൾ പശുക്കുട്ടിയെ ഉണ്ടാക്കിയതു നിമിത്തം നിങ്ങൾ നിങ്ങളോടു തന്നെ അക്രമം പ്രവർത്തിച്ചിരിക്കുന്നു. അതിനാൽ, നിങ്ങൾ നിങ്ങളുടെ സ്രഷ്ടാവിങ്കലേക്കു പശ്ചാത്തപിച്ചു മടങ്ങണം. അങ്ങനെ, നിങ്ങൾ നിങ്ങളെ തന്നെ (പരസ്പരം) കൊലപ്പെടുത്തണം. അതു നിങ്ങൾക്കു നിങ്ങളുടെ റബ്ബിന്റെ അടുക്കൽ ഉത്തമമായതാണ്.' തുടർന്നുകൊണ്ടു 'അങ്ങനെ, അവൻ നിങ്ങളിൽ പശ്ചാത്താപം സ്വീകരിച്ചു തന്നു.' എന്നും അല്ലാഹു പറഞ്ഞിരിക്കുന്നു. പശുക്കുട്ടിയെ ഉണ്ടാക്കിയതിനെക്കുറിച്ചുള്ള അവരുടെ പശ്ചാത്താപം സ്വീകരിക്കുന്നതിനു ഒരു ഉപാധി വെച്ചിട്ടുണ്ടായിരുന്നു; അവർ പരസ്പരം കൊലചെയ്യുവാൻ കൽപിച്ചതെന്നും, ആ ഉപാധി അവർ പൂർത്തിയാക്കിയ ശേഷമാണ് അവരുടെ പശ്ചാത്താപം സ്വീകരിക്കപ്പെട്ടതെന്നും ഇതിൽനിന്നു വ്യക്തമാകുന്നു. ഈ വചനങ്ങളിലും അതു സൂചിപ്പിക്കപ്പെട്ടിരിക്കുന്നു. എന്നാൽ, സൂറത്തുൽ ബഖറയിലെ ആ വചനത്തിൽ പ്രസ്താവിച്ച കൊലയുടെ ആവശ്യമില്ലെന്നും, അവർ പശ്ചാത്തപിച്ചു മടങ്ങിയാൽ മാത്രം മതി-പരസ്പരം കൊല നടത്തണമെന്നില്ല-എന്നുമാണു ഈ വചനങ്ങളുടെ താൽപര്യമെന്നും, അതുകൊണ്ടു ആ കൊല നടന്നിട്ടില്ലെന്നാണു വിചാരിക്കേണ്ടതെന്നും ഇവിടെ ചിലർ പ്രസ്താവിച്ചു കാണുന്നു. ഇതു കേവലം ഏതോ താൽപര്യപൂർവ്വം അവതരിപ്പിച്ച ഒരു അഭിപ്രായം മാത്രമാണെന്നുള്ളതിൽ സംശയമില്ല. പ്രസ്തുത കൊലയെപ്പറ്റി തൽസ്ഥാനത്തു വിവരിച്ചു കഴിഞ്ഞിട്ടുള്ളതുകൊണ്ടു ഇവിടെ ആവർത്തിക്കേണ്ടതില്ല.

154. മൂസായിൽ നിന്നു കോപം അടങ്ങിയപ്പോൾ, അദ്ദേഹം പലകകൾ എടുത്തു. അവയിലെ എഴുത്തിൽ, തങ്ങളുടെ റബ്ബിനെക്കുറിച്ചു യാതൊരുകൂട്ടർ ഭയപ്പെടുന്നുവോ അവർക്കു മാർഗ്ഗദർശനവും, കാരുണ്യവും ഉണ്ടായിരുന്നു.

١٥٤- وَلَمَّا سَكَتَ عَن مُّوسَى الْغَضَبُ أَخَذَ الْأَلْوَاحَ ۖ وَفِي نُسْخَتِهَا هُدًى وَرَحْمَةٌ لِّلَّذِينَ هُمْ لِرَبِّهِمْ يَرْهَبُونَ ○

---

154. ولما سكت അടങ്ങിയപ്പോൾ عن موسى മൂസായിൽനിന്നു, മൂസാക്ക الغضب കോപം أخذ അദ്ദേഹം എടുത്തു الألواح പലകകളെ وفي نسختها അവയുടെ പകർപ്പിൽ (എഴുത്തിൽ) ഉണ്ടായിരുന്നു هدى മാർഗ്ഗദർശനം ورحمة കാരുണ്യവും للذين യാതൊരുവർക്ക هم അവർ لربهم തങ്ങളുടെ റബ്ബിനെക്കുറിച്ചു يرهبون അവർ ഭയപ്പെടുന്ന, പേടിക്കുന്ന.

മൂസാ (അ) കുപിതനായിക്കൊണ്ടു പലകകൾ നിലത്തിട്ടപ്പോൾ അവ പൊട്ടിപ്പോയെന്നും, അദ്ദേഹം അവ പെറുക്കിയെടുത്തുവെന്നും മറ്റും ഇവിടെ പല വ്യാഖ്യാതാക്കളും പറഞ്ഞു കാണാം. വല്ലവും അല്ലാഹുവിന്നറിയാം. അനന്തരം ഉണ്ടായ സംഭവമാണു തുടർന്നു പറയുന്നത്.

155. മൂസാ തന്റെ ജനങ്ങളിൽനിന്ന നമ്മുടെ നിശ്ചിത സമയത്തേക്കു എഴുപതു പുരുഷൻമാരെ തിരഞ്ഞെടുത്തു. എന്നിട്ട് അവർക്കു കഠിന കമ്പനം പിടിപെട്ടപ്പോൾ, അദ്ദേഹം പറഞ്ഞു: 'എന്റെ റബ്ബേ! നീ (വേണമെന്നു) ഉദ്ദേശിച്ചിരുന്നെങ്കിൽ മുമ്പു (തന്നെ) അവരെയും, എന്നെയും നിനക്കു നശിപ്പിക്കാമായിരുന്നു. ഞങ്ങളിൽ നിന്നുള്ള മൂഢൻമാർ ചെയ്തതിനു ഞങ്ങളെ നീ നശിപ്പിക്കുന്നുവോ?! അതു നിന്റെ പരീക്ഷണമല്ലാതെ (മറ്റൊന്നും) അല്ല(ല്ലോ);

١٥٥- وَاخْتَارَ مُوسَىٰ قَوْمَهُ سَبْعِينَ رَجُلًا لِّمِيقَاتِنَا ۖ فَلَمَّا أَخَذَتْهُمُ الرَّجْفَةُ قَالَ رَبِّ لَوْ شِئْتَ أَهْلَكْتَهُم مِّن قَبْلُ وَإِيَّايَ ۖ أَتُهْلِكُنَا بِمَا فَعَلَ السُّفَهَاءُ مِنَّا ۖ إِنْ هِيَ إِلَّا فِتْنَتُكَ

تُضِلُّ بِهَا مَنْ تَشَاءُ وَتَهْدِي مَنْ تَشَاءُ

അതുമൂലം, നീ ഉദ്ദേശിക്കുന്നവരെ നീ വഴിപിഴവിലാക്കുന്നു; നീ ഉദ്ദേശിക്കുന്നവരെ നീ നേർമാർഗ്ഗത്തിലാക്കുകയും ചെയ്യുന്നു.

أَنْتَ وَلِيُّنَا فَاغْفِرْ لَنَا وَارْحَمْنَا وَأَنْتَ خَيْرُ الْغَافِرِينَ ۝

നീ ഞങ്ങളുടെ കൈകാര്യകർത്താവത്രെ. അതിനാൽ ഞങ്ങൾക്കു നീ പൊറുത്തുതരുകയും, ഞങ്ങളോടു കരുണ ചെയ്യുകയും വേണമേ! നീയാകട്ടെ, പൊറുക്കുന്നവരിൽ വെച്ചു ഉത്തമനുമാകുന്നു.

١٥٦- وَاكْتُبْ لَنَا فِي هَٰذِهِ الدُّنْيَا حَسَنَةً وَفِي الْآخِرَةِ إِنَّا هُدْنَا إِلَيْكَ قَالَ عَذَابِي أُصِيبُ بِهِ مَنْ أَشَاءُ وَرَحْمَتِي وَسِعَتْ كُلَّ شَيْءٍ فَسَأَكْتُبُهَا لِلَّذِينَ يَتَّقُونَ وَيُؤْتُونَ الزَّكَاةَ وَالَّذِينَ هُمْ بِآيَاتِنَا يُؤْمِنُونَ ۝

156. 'ഈ ഐഹികലോകത്തു ഞങ്ങൾക്ക നീ നന്മ (നിശ്ചയിച്ച്) രേഖപ്പെടുത്തേണമേ- പരലോകത്തിലും (രേഖപ്പെടുത്തേണമേ)! (നിശ്ചയമായും, ഞങ്ങൾ നിന്നിലേക്ക(ഖേദിച്ചു) മടങ്ങിയിരിക്കുന്നു.' അവൻ[റബ്ബ്] പറഞ്ഞു: 'എന്റെ ശിക്ഷ- ഞാൻ ഉദ്ദേശിക്കുന്നവർക്കു അതിനെ ഞാൻ ബാധിപ്പിക്കുന്നതാണ്. എന്റെ കാരുണ്യമാകട്ടെ, അതു എല്ലാ വസ്തുവിനും വിശാലമായിരിക്കുന്നു. എന്നാൽ, സൂക്ഷ്മത പാലിക്കുകയും, സകാത്തു കൊടുക്കുകയും ചെയ്യുന്നവർക്കു ഞാൻ അതു രേഖപ്പെടുത്തിവെക്കുന്നതാണ്. യാതൊരുകൂട്ടർക്കും - അവർ നമ്മുടെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുന്നു (അങ്ങിനെയുള്ളവർക്കും രേഖപ്പെടുത്തും).

---

155. واختار തിരഞ്ഞെടുത്തു موسى മൂസാ قومه തന്റെ ജനതയെ (ജനതയിൽനിന്നു) سبعين എഴുപതു رجلا പുരുഷനെ لميقاتنا നമ്മുടെ (നാമുമായുള്ള) നിശ്ചിത സമയത്തേക്കു فلما أخذتهم എന്നിട്ടു അവരെ പിടിച്ച (അവർക്കു പിടപെട്ട)പ്പോൾ الرجفة (കഠിന) കമ്പനം قال അദ്ദേഹം പറഞ്ഞു رب റബ്ബേ لو شئت നീ ഉദ്ദേശിച്ചിരുന്നെങ്കിൽ أهلكتهم അവരെ നീ (നിനക്കു) നശിപ്പിക്കാമായിരുന്നു من قبل മുമ്പേ وإياي എന്നെയും أتهلكنا നീ ഞങ്ങളെ നശിപ്പിക്കുകയാണോ بما فعل ചെയ്തതു നിമിത്തം السفهاء മൂഢന്മാർ, വിഡ്ഢികൾ منا ഞങ്ങളിൽ നിന്നുള്ള إن هي അതല്ല إلا فتنتك നിന്റെ പരീക്ഷണമല്ലാതെ تضل بها അതു മൂലം നീ വഴിപിഴവിലാക്കുന്നു من تشاء നീ ഉദ്ദേശിക്കുന്നവരെ وتهدي നീ വഴി ചേർക്കുക (നേർമാർഗ്ഗത്തിലാക്കുക)യും ചെയ്യുന്നു من تشاء നീ ഉദ്ദേശിക്കുന്നവരെ أنت നീ ولينا ഞങ്ങളുടെ കൈകാര്യകർത്താവാണു, രക്ഷാധികാരിയാണു فاغفر لنا അതിനാൽ ഞങ്ങൾക്കു പൊറുത്തുതരണേ وارحمنا ഞങ്ങൾക്ക (ഞങ്ങളോടു) കരുണ ചെയ്യുകയും വേണമേ وأنت നീയാകട്ടെ خير الغافرين പൊറുക്കുന്നവരിൽ ഉത്തമനാകുന്നു 156. واكتب എഴുതുക (രേഖപ്പെടുത്തുക)യും ചെയ്യേണമേ لنا ഞങ്ങൾക്ക في هذه الدنيا ഈ ഇഹത്തിൽ حسنة നൻമയെ وفي الآخرة പരത്തിലും إنا هدنا നിശ്ചയമായും ഞങ്ങൾ മടങ്ങി(ഖേദിച്ചു)രിക്കുന്നു إليك നിന്നിലേക്കു قال അവൻ പറഞ്ഞു عذابي എന്റെ ശിക്ഷ أصيب به അതിനെ ഞാൻ ബാധിപ്പിക്കും, എത്തിക്കുന്നു من أشاء ഞാൻ ഉദ്ദേശിക്കുന്നവർക്ക ورحمتي എന്റെ കാരുണ്യമാകട്ടെ وسعت അതു വിശാലമായിരിക്കുന്നു, വിശാലപ്പെട്ടതാണു كل شيء എല്ലാ വസ്തുവിനും فسأكتبها എന്നാൽ അതിനെ ഞാൻ എഴുതും (രേഖപ്പെടുത്തിവെക്കും) للذين യാതൊരു കൂട്ടർക്ക يتقون സൂക്ഷ്മത പാലിക്കുന്ന ويؤتون കൊടുക്കുകയും ചെയ്യുന്ന الزكاة സകാത്തു والذين യാതൊരു കൂട്ടർക്കും هم അവർ بآياتنا നമ്മുടെ ദൃഷ്ടാന്തങ്ങളിൽ يؤمنون വിശ്വസിക്കുന്നു

[illegible] കല്പന പ്രകാരം നാല്പതു ദിവസത്തെ സമയ നിശ്ചയം (ميقات) കഴിഞ്ഞപ്പോൾ മൂസാ [illegible] തൗറാത്തും കൊണ്ടു വന്നപ്പോഴേക്കാണു ജനങ്ങൾ പശുക്കുട്ടിയെ ഉണ്ടാക്കി ആരാ[illegible] കോപിക്കുകയും വ്യസനിക്കുകയും ചെയ്തുവെന്നും. മറ്റും മുമ്പു [illegible] ഇസ്രാഈല്യരെ പ്രതിനിധീകരിച്ചുകൊണ്ടു—അവരുടെ ആ അപരാധത്തെപ്പറ്റി [illegible] പറയുവാനും, പശ്ചാത്താപം സ്വീകരിക്കുന്നതിനു ശുപാർശ ചെയ്‌വാനും വേണ്ടി— [illegible] എഴുപതു പേരെ തിരഞ്ഞെടുത്തുകൊണ്ട് അല്ലാഹുവിന്റെ കല്പനപ്രകാരം [illegible] (അ) [illegible] സീനാ പർവ്വതത്തിലേക്കു പോയി. ഇതാണു ഈ വചനത്തിൽ പറയുന്ന നിശ്ചിത സമയം (ميقات) [illegible] മിക്ക ഖുർആൻ വ്യാഖ്യാതാക്കളുടെയും അഭിപ്രായവും ഇതാണ്. ഒന്നാമത്തെ പ്രാവശ്യ [illegible] കൊണ്ടുപോയതെന്നും, അല്ലാഹുവിനെ പ്രത്യക്ഷത്തിൽ കാണാതെ ഞങ്ങൾ [illegible]യില്ലെന്നു (2:55ൽ പ്രസ്താവിച്ച പ്രകാരം) മൂസാ (അ)നോടു പറഞ്ഞതു അവരാണെന്നും, [illegible] അവർക്കു കഠിനകമ്പനം (الرجفة) ബാധിച്ചതെന്നുമാണു ചില വ്യാഖ്യാതാക്കളുടെ അഭിപ്രായം. [illegible]ങ്കിൽ, അവർക്കു കമ്പനം ബാധിച്ചപ്പോൾ മൂസാ (അ) അല്ലാഹുവിനോടു സങ്കടപ്പെട്ടു പറഞ്ഞ കൂട്ടത്തിൽ أتهلكنا بما فعل السفهاء منا (ഞങ്ങളിലുള്ള ഭോഷന്മാർ ചെയ്തതിനു ഞങ്ങളെ നീ നശിപ്പിക്കുകയാണോ?) എന്നു [illegible]തിനുപകരം ... بما قال (ഞങ്ങളിലുള്ള ഭോഷന്മാർ പറഞ്ഞതിനു ഞങ്ങളെ നീ ശിക്ഷിക്കുകയാണോ?) എന്നല്ലേ പറയേണ്ടത്?! കൂടാതെ, ആ ശിക്ഷ അവർക്കു ബാധിക്കുവാൻ കാരണമായതു അവർ പശുക്കുട്ടിയെ ഉണ്ടാക്കിയതാണെന്നു إن هي إلا فتنتك (അതു നിന്റെ പരീക്ഷണമല്ലാതെ മറ്റൊന്നുമല്ല) എന്ന വാക്കും സൂചിപ്പിക്കുന്നു. പശുക്കുട്ടിയെ ഉണ്ടാക്കിയതിനെപ്പറ്റി സൂറ: ത്വാഹാ 85ൽ فإنا قد فتنا (നിന്റെ ജനങ്ങളെ നാം പരീക്ഷണം ചെയ്തിട്ടുണ്ടു) എന്നു അല്ലാഹു തന്നെ പറഞ്ഞിരിക്കുന്നു താനും. ഇങ്ങിനെയല്ലാം ഒന്നാമത്തെ അഭിപ്രായക്കാർ തങ്ങളുടെ അഭിപ്രായത്തിനു ന്യായങ്ങൾ ചൂണ്ടിക്കാട്ടുകയും ചെയ്യുന്നു. ഈ ന്യായം കേവലം യുക്തമായി തോന്നുന്നു താനും. والله أعلم

ചുരുക്കിപ്പറഞ്ഞാൽ, എഴുപതു പേരെ തിരഞ്ഞെടുത്തു 'മീഖാത്തിനു' (നിശ്ചിത സമയത്തേക്കു) കൊണ്ടുപോയതു മൂസാ (അ) തൗറാത്തു ഏറ്റുവാങ്ങുവാൻ പോയ അതേ പ്രാവശ്യത്തിൽ തന്നെയാണെന്നും, പശുക്കുട്ടിയുടെ സംഭവത്തിനു ശേഷം അതിനെക്കുറിച്ചു അവർക്കുണ്ടായ പശ്ചാത്താപത്തെത്തുടർന്നു രണ്ടാമതൊരു പ്രാവശ്യത്തിലാണെന്നും—രണ്ടാമത്തെ അഭിപ്രായമാണു കൂടുതൽ ശരിയായി തോന്നുന്നതെങ്കിലും—ഇങ്ങിനെ രണ്ടു അഭിപ്രായം വ്യാഖ്യാതാക്കൾക്കിടയിലുണ്ട്. പക്ഷേ, മൂസാ (അ) അല്ലാഹുവിനോടു എനിക്കു നിന്നെ ഒന്നു കാണിച്ചു തരണമെന്നാവശ്യപ്പെട്ടതും, അല്ലാഹുവിനെ പ്രത്യക്ഷത്തിൽ കാണാതെ നിന്നെ ഞങ്ങൾ വിശ്വസിക്കുകയില്ലെന്ന ജനം പറഞ്ഞതും രണ്ടു സംഭവങ്ങളാണെന്നതിൽ സംശയമില്ല. ഇതു സംബന്ധിച്ചു 143-ാം വചനത്തിൽ നാം സംസാരിക്കുകയുണ്ടായി. ഈ സംഭവങ്ങളെക്കുറിച്ചെല്ലാം കൂടുതൽ വിശദീകരിക്കത്തക്ക സ്വീകാര്യമായ തെളിവുകളൊന്നുമില്ലാത്തതുകൊണ്ടു ഖുർആന്റെ വാക്കുകളിൽ നിന്നു കൂടുതൽ വ്യക്തമായിക്കാണുന്നതെന്തോ അതു സ്വീകരിക്കുകയും വിശ്വസിക്കുകയും ചെയ്യുകയേ നമുക്കു നിവൃത്തിയുള്ളു. والله الموفق

فلما أخذتهم الرجفة قال ... (അവർക്കു കഠിന കമ്പനം പിടിപെട്ടപ്പോൾ അദ്ദേഹം—മൂസാ—പറഞ്ഞു) എന്ന ഇടക്കു മൂസാ (അ) നബി അല്ലാഹുവിനെ അഭിമുഖീകരിച്ചു പറഞ്ഞതായി അല്ലാഹു ഉദ്ധരിച്ച വാക്കുകൾ പരിശോധിച്ചു നോക്കുക. അതായതു: 'വേണമെങ്കിൽ അവരെയും, എന്നെത്തന്നെയും നിനക്കു നശിപ്പിക്കാമായിരുന്നു. ഞങ്ങളിലുള്ള ഭോഷന്മാർ ചെയ്തതിനു ഞങ്ങളെ നശിപ്പിക്കുകയാണോ, അതു നിന്റെ പരീക്ഷണം മാത്രമാണല്ലോ' എന്നൊക്കെ മൂസാ (അ) പറഞ്ഞ വാക്കുകൾ ശാന്തമായി ചിന്തിച്ചു നോക്കുക. അപ്പോൾ—അധിക ഖുർആൻ വ്യാഖ്യാതാക്കളും പറയുന്നതുപോലെ—പശുക്കുട്ടിയെ ആരാധിച്ച സംഭവത്തിനു പിന്നിലുള്ളതെന്നും, ആ എഴുപതു പേർ—അല്ലെങ്കിൽ അവരിൽപെട്ട ചിലർ—ചെയ്തുപോയ ഏതോ ഒരു ദുഷ്കൃത്യം മൂലമായിരുന്നു അവർക്കു ആ കഠിന കമ്പനം ബാധിച്ചതെന്നും, അതേ സമയത്ത് മൂസാ (അ) നബിക്കു ആ കമ്പനം നിമിത്തം ആപത്തൊന്നും പിണഞ്ഞിരുന്നില്ലെന്നും മനസ്സിലാക്കുവാൻ കഴിയുന്നതാണ്. ബൈബ്ളിൽ ഈ വിഷയം സംബന്ധിച്ചു പലതും പറഞ്ഞു കാണാമെങ്കിലും തികച്ചും പരസ്പര വിരുദ്ധവും അവിശ്വസനീയവുമാകുന്നു. അവയിൽ ചിലതെല്ലാം 2:55ന്റെ വിവരണത്തിൽ നാം ഉദ്ധരിച്ചിട്ടുമുണ്ട്.

അവർക്കു കഠിന കമ്പനം പിടിപെട്ടപ്പോൾ, മൂസാ(അ) അല്ലാഹുവിനോടു ചെയ്ത ആ പ്രാർത്ഥനക്കു അല്ലാഹു നൽകിയ ഉത്തരമാണു ഈ വചനത്തിന്റെ അവസാന ഭാഗം:—

ശിക്ഷ എല്ലാവർക്കും ബാധിക്കുകയില്ല. അത് ആർക്ക്, എപ്പോൾ, എങ്ങിനെ വേണമെന്നൊക്കെ ചില നിശ്ചയവും വ്യവസ്ഥയുമുണ്ട്. അതനുസരിച്ചു അല്ലാഹു ഉദ്ദേശിക്കുന്നവർക്കു അതവൻ നൽകുന്നു. എന്നാൽ, കാരുണ്യമാകട്ടെ, അതു എല്ലാവർക്കും—എല്ലാ വസ്തുവിനും—ലഭിക്കുന്നതും, അതിവിശാലമായതുമാകുന്നു എന്നാണു ആദ്യത്തെ വാക്യങ്ങളിൽ ഉണർത്തുന്നത്. അല്ലാഹുവിന്റെ കാരുണ്യം അവന്റെ കോപത്തെ കവച്ചുവെക്കുന്നതാണെന്നും, അവന്റെ കാരുണ്യത്തിന്റെ നൂറിലൊരു ഭാഗം മാത്രമാണു ഈ ഭൂമിയിൽ അവൻ അവതരിപ്പിച്ചിരിക്കുന്നതെന്നും, അതു മൂലമാണു കാട്ടുമൃഗങ്ങൾപോലും അവയുടെ കുഞ്ഞുങ്ങളോടു ദയ കാണിക്കുന്നതെന്നും, അതിന്റെ തൊണ്ണൂറ്റൊമ്പതു ഭാഗവും അവൻ പരലോകത്തേക്കു വെച്ചിരിക്കുകയാണെന്നും നബി(സ) അരുളിച്ചെയ്തിട്ടുള്ളതു സ്മരണീയമാകുന്നു. ഹദീസുകളുടെ പൂർണ്ണരൂപം സൂ: അൻആം 54ം-വചനത്തിന്റെ വ്യാഖ്യാനത്തിൽ നാം ഉദ്ധരിച്ചിട്ടുണ്ട്. തുടർന്നുള്ള വാക്യങ്ങളിൽ അല്ലാഹുവിനെ സൂക്ഷിച്ചുകൊണ്ടു ജീവിക്കുകയും, സകാത്തു കൊടുക്കുകയും ചെയ്യുന്നവരും, ദൃഷ്ടാന്തങ്ങളിൽ ശരിക്കു വിശ്വസിക്കുന്നവരുമായ ആളുകൾക്കു കാരുണ്യം നൽകുവാൻ അവൻ പ്രത്യേകം നിശ്ചയിച്ചുവെച്ചിട്ടുണ്ടെന്നു മൂസാ (അ) നബിയെ ഉണർത്തുന്നു. ഈ പ്രത്യേക കാരുണ്യത്തിനു പാത്രമാകുന്നവർ ആരായിരിക്കുമെന്നു അല്ലാഹു തന്നെ തുടർന്നു വിവരിക്കുകയും ചെയ്യുന്നു:—

157. അതായത് 'ഉമ്മിയ്യാ'യ [അക്ഷരജ്ഞാനമില്ലാത്ത] പ്രവാചകനായ (ആ) റസൂലിനെ പിൻപറ്റുന്നവർക്ക് [അവർക്കാണ് കാരുണ്യം രേഖപ്പെടുത്തിവെക്കുന്നത്.] (അതെ) അവരുടെ അടുക്കൽ തൗറാത്തിലും, ഇഞ്ചീലിലും രേഖപ്പെടുത്തപ്പെട്ടതായി അവർ കണ്ടുവരുന്നആളെ (പിൻപറ്റുന്നവർക്ക്). അവരോടു അദ്ദേഹം സദാചാരംകൊണ്ടു കൽപിക്കുകയും, ദുരാചാരത്തെക്കുറിച്ചു വിരോധിക്കുകയും ചെയ്യും. അവർക്കു അദ്ദേഹം നല്ല (വിശിഷ്ട) വസ്തുക്കളെ അനുവദനീയമാക്കിക്കൊടുക്കുകയും, ദുഷിച്ച (ചീത്ത) വസ്തുക്കളെ അവരുടെ മേൽ നിഷിദ്ധമാക്കുകയും ചെയ്യും. അവരുടെ ഭാരത്തെയും, അവരുടെ മേലുണ്ടായിരുന്ന ബന്ധങ്ങളെയും അവരിൽനിന്നു അദ്ദേഹം (ഇറക്കി) വെക്കുക [ഒഴിവാക്കിക്കൊടുക്കുക]യും ചെയ്യും.

١٥٧- الَّذِينَ يَتَّبِعُونَ الرَّسُولَ النَّبِيَّ الْأُمِّيَّ الَّذِي يَجِدُونَهُ مَكْتُوبًا عِنْدَهُمْ فِي التَّوْرَاةِ وَالْإِنْجِيلِ يَأْمُرُهُمْ بِالْمَعْرُوفِ وَيَنْهَاهُمْ عَنِ الْمُنْكَرِ وَيُحِلُّ لَهُمُ الطَّيِّبَاتِ وَيُحَرِّمُ عَلَيْهِمُ الْخَبَائِثَ وَيَضَعُ عَنْهُمْ إِصْرَهُمْ وَالْأَغْلَالَ الَّتِي كَانَتْ عَلَيْهِمْ ۚ

അപ്പോൾ, യാതൊരുകൂട്ടർ അദ്ദേഹത്തിൽ വിശ്വസിക്കുകയും, അദ്ദേഹത്തെ ബഹുമാനിക്കുകയു, സഹായിക്കുകയും, അദ്ദേഹത്തോടൊപ്പം അവതരിപ്പിക്കപ്പെട്ടിട്ടുള്ള (ആ) പ്രകാശത്തെ പിൻപറ്റുകയും ചെയ്തുവോ, അക്കൂട്ടർതന്നെയാണു വിജയികൾ.

فَالَّذِينَ آمَنُوا بِهِ وَعَزَّرُوهُ وَنَصَرُوهُ وَاتَّبَعُوا النُّورَ الَّذِي أُنْزِلَ مَعَهُ ۙ أُولَٰئِكَ هُمُ الْمُفْلِحُونَ ۝

---

157. الذين يتبعون പിൻപറ്റുന്നവർക്കു الرسول റസൂലിനെ, ദൂതനെ النبي നബിയായ, പ്രവാചകനായ الأمي അക്ഷരജ്ഞാനമില്ലാത്ത, എഴുത്തും വായനയും അറിയാത്തവനായ الذي അതായതു യാതൊരാളെ يجدونه അദ്ദേഹത്തെ അവർ കണ്ടുവരുന്നു مكتوبا എഴുതപ്പെട്ടവനായിട്ടു عندهم തങ്ങളുടെ അടുക്കൽ في التوراة തൗറാത്തിൽ والإنجيل ഇഞ്ചീലിലും يأمرهم അവരോടു അദ്ദേഹം കൽപിക്കും بالمعروف സദാചാരം (മര്യാദ-നല്ലതു)കൊണ്ടു وينهاهم അവരെ അദ്ദേഹം വിരോധിക്കുകയും ചെയ്യും عن المنكر ദുരാചാര(ദുഷ്കാര്യ-വെറുക്കപ്പെട്ട കാര്യ)ത്തെപ്പറ്റി ويحل لهم അവർക്കു അനുവദനീയമാക്കിക്കൊടുക്കുകയും ചെയ്യും الطيبات നല്ല (വിശിഷ്ട-ശുദ്ധമായ) വസ്തുക്കളെ ويحرم നിഷിദ്ധമാക്കുകയും عليهم അവരുടെ മേൽ الخبائث ദുഷിച്ച (ചീത്ത) വസ്തുക്കളെ ويضع വെക്കുകയും ചെയ്യും (ഇറക്കി-താഴ്ത്തി- എടുത്തു) عنهم അവരിൽനിന്നു إصرهم അവരുടെ ഭാരം والأغلال കുടുക്കുകളും, ബന്ധനങ്ങളും التي كانت ഉണ്ടായിരുന്നതായ عليهم അവരുടെമേൽ, അവരിൽ فالذين എന്നാൽ യാതൊരുവർ آمنوا به അദ്ദേഹത്തിൽ വിശ്വസിച്ചു وعزروه അദ്ദേഹത്തെ ബഹുമാനിക്കുകയും ചെയ്തു, ബലപ്പെടുത്തുകയും ചെയ്തു ونصروه അദ്ദേഹത്തെ സഹായിക്കുകയും ചെയ്തു واتبعوا പിൻപറ്റുകയും ചെയ്തു النور പ്രകാശത്തെ الذي أنزل معه അദ്ദേഹത്തോടൊപ്പം അവതരിപ്പിക്കപ്പെട്ട أولئك هم അക്കൂട്ടർതന്നെ المفلحون വിജയികൾ.

സൂക്ഷ്മത പാലിക്കുകയും, സകാത്തു കൊടുക്കുകയും, ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുകയും ചെയ്യുന്ന കൂട്ടർക്കു പ്രത്യേകം കാരുണ്യം നൽകുവാൻ അല്ലാഹു നിശ്ചയിച്ചിട്ടുണ്ടെന്നു കഴിഞ്ഞ വചനത്തിന്റെ അവസാനത്തിൽ പറഞ്ഞു. ആ പ്രസ്താവന നബി (സ) തിരുമേനിയിൽ വിശ്വസിച്ച സത്യവിശ്വാസികളെ ഉദ്ദേശിച്ചാണെന്നു ഈ വചനത്തിൽ സ്പഷ്ടമാക്കിയിരിക്കുന്നു. കഴിഞ്ഞ വചനത്തിൽ കാരുണ്യത്തിന് അർഹരാകുന്നവരുടെ ഗുണങ്ങളായി സൂക്ഷ്മത പാലിക്കുകയും, ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുകയും ചെയ്യുന്നവർ എന്ന കൂട്ടത്തിൽ പറഞ്ഞതിനു പുറമെ സകാത്തു കൊടുക്കുന്നവർ എന്നു കൂടി പ്രത്യേകം എടുത്തു പറഞ്ഞതിൽ ഒരു സൂചന അന്തർഭവിച്ചിരിക്കുന്നതായി കാണാം. ധനം ചിലവഴിക്കുന്ന വിഷയത്തിൽ അങ്ങേയറ്റം ലുബ്ധത കാണിക്കുന്നവരാണല്ലോ യഹൂദികൾ. സത്യവിശ്വാസികളായ മുസ്‌ലിംകൾ അവരെപ്പോലെ ആയിരിക്കയില്ല-അവർ തങ്ങളുടെ ധനപരമായ കടമകൾ നിർവ്വഹിക്കുന്നതിൽ ലുബ്ധത കാണിക്കുകയില്ല-എന്നത്രെ ആ സൂചന. والله أعلم

നബി(സ) തിരുമേനിയുടെ പേരു പറഞ്ഞിട്ടില്ലെങ്കിലും അക്ഷരജ്ഞാനമില്ലാത്ത പ്രവാചകൻ (النبي الأمي) എന്നും, തൗറാത്തിലും ഇഞ്ചീലിലും എഴുതപ്പെട്ടു കാണുന്ന ആൾ (الذي يجدونه مكتوبا عندهم ...) എന്നുമുള്ള വിശേഷണങ്ങൾ നബി (സ)യെ ഉദ്ദേശിച്ചാണെന്നുള്ളതിൽ സംശയമില്ല. അക്ഷരജ്ഞാനമില്ലാത്ത—അഥവാ അക്ഷരജ്ഞാനത്തിൽ വേദഗ്രന്ഥങ്ങളുമായി പരിചയം സിദ്ധിച്ചിട്ടില്ലാത്ത—പ്രവാചകനാണു നബി(സ) തിരുമേനി. അതാകട്ടെ, അവിടുത്തെ പ്രവാചകത്വത്തിനു ബുദ്ധിപരവും സ്പഷ്ടവുമായ ഒരു തെളിവുമാകുന്നു. തൗറാത്തിലും ഇഞ്ചീലിലും നബി(സ)യെക്കുറിച്ചു പരാമർശങ്ങളും പ്രവചനങ്ങളും പലതും അടങ്ങിയിട്ടുണ്ടെന്നും, ഖുർആൻ അവതരിക്കുന്ന കാലത്തു വേദക്കാർക്കിടയിൽ അവ അറിയപ്പെട്ടിരുന്നുവെന്നും ഈ വചനത്തിൽനിന്നു വ്യക്തമാണു. നബി(സ)യുടെ ആഗമന കാലം അടുത്തപ്പോൾ, വേദക്കാർ മുഴുവനും അറേബ്യയിൽ പ്രത്യക്ഷപ്പെടുവാനിരിക്കുന്ന ഒരു പ്രവാചകനെ ആകാംക്ഷയോടെ പ്രതീക്ഷിച്ചു കൊണ്ടിരുന്നതും അതു കൊണ്ടാണല്ലോ. പക്ഷേ, പിന്നീടു തങ്ങളുടെ അനാചാര ദുരാചാരങ്ങളോടു ആ പ്രവാചകൻ യോജിക്കാത്തതിന്റെ പേരിലും അദ്ദേഹം തങ്ങളുടെ സമുദായത്തിൽപെട്ട ആളായിരിക്കാത്തതിന്റെ പേരിലും അവർ പാടെ മറിയുകയാണുണ്ടായത്.

ഖുർആൻ അവതരിക്കും മുമ്പു തന്നെ തൗറാത്തു-ഇഞ്ചീലുകൾ പല മാറ്റത്തിരുത്തങ്ങൾക്കു വിധേയമായിക്കഴിഞ്ഞിരുന്നു. നബി(സ)യുടെ വെളിപ്പാടിനുശേഷം പിന്നെയും പലതും നടന്നിട്ടുണ്ടു. ഈ യാഥാർത്ഥ്യം വേദക്കാർ സമ്മതിക്കുകയില്ലെങ്കിലും മൂസാ(അ) നബിക്കു ലഭിച്ച തൗറാത്തിന്റെയും, ഈസാ (അ) നബിക്കു ലഭിച്ച ഇഞ്ചീലിന്റെയും യഥാർത്ഥമായ പകർപ്പു-യാതൊന്നും കൂട്ടുകയോ കുറക്കുകയോ ചെയ്യപ്പെട്ടിട്ടില്ലാത്ത അവർക്കിടയിൽ തന്നെ അഭിപ്രായ വ്യത്യാസമില്ലാത്ത വിധം അതിന്റെ സാക്ഷാൽ രൂപത്തിൽ-നിലവിലുണ്ടെന്ന അവർക്കുപോലും വാദമില്ലാത്തതാണു. എന്നിരുന്നാലും വേദക്കാർ തങ്ങളുടെ വേദഗ്രന്ഥമായി സ്വീകരിച്ചു വരുന്നതും തൗറാത്തും ഇഞ്ചീലും അടങ്ങുന്നതെന്നു അവർ അവകാശപ്പെടുന്നതുമായ നിലവിലുള്ള ബൈബ്ളിൽ പോലും നബി (സ)യെ സംബന്ധിച്ചു ഇന്നും പലതും കാണാവുന്നതാണ്. ചില ഉദാഹരണങ്ങൾ മാത്രം കാണുക:—

ബൈബ്ളിന്റെ പഴയ നിയമത്തിലെ ചില ഉദാഹരണങ്ങൾ:— (1) മോശെ തന്റെ മരണത്തിനു മുമ്പു യിസ്രായേൽ മക്കളെ അനുഗ്രഹിച്ച അനുഗ്രഹമാവിതു: അവൻ പറഞ്ഞതെന്തെന്നാൽ: യഹോവ സീനായിൽ നിന്നു വന്നു. അവർക്കു സേയീറിൽ നിന്നു ഉദിച്ചു. പാറാൻ പർവ്വതത്തിൽ നിന്നു വിളങ്ങി.... (ആവർത്തന പുസ്തകം: 33ൽ 1,2) സീനാ (سيناء) യിൽ നിന്നു വന്നതു മൂസാ (അ) നബിയെയും, സേയീറ് (ساعير) ൽ നിന്നു ഉദിച്ചതു ഈസാ (അ) നബിയെയും, പാറാനി (فاران)ൽ നിന്നു വിളങ്ങിയതു നബി (സ) തിരുമേനിയെയും കുറിക്കുന്നു. സേയീർ ഫലസ്തീനിലും, പാറാൻ ഹിജാസിലുമുള്ള മലകളാകുന്നു. (2) യിസ്രായേലിനെ നോക്കി മോശെ പറയുന്നു: നിന്റെ ദൈവമായ യഹോവ നിനക്കു എന്നെപ്പോലെ ഒരു പ്രവാചകനെ നിന്റെ മദ്ധ്യേ നിന്റെ സഹോദരന്മാരുടെ ഇടയിൽ നിന്ന് എഴുന്നേൽപിച്ചു തരും. അവന്റെ വചനം നിങ്ങൾ കേൾക്കണം....യഹോവ എന്നോടു (മോശെയോടു) അരുളിച്ചെയ്തതു എന്തെന്നാൽ .... നിന്നെപ്പോലെ ഒരു പ്രവാചകനെ ഞാൻ അവർക്കു അവരുടെ സഹോദരന്മാരുടെ ഇടയിൽ നിന്നു-എഴുന്നേൽപിച്ചു എന്റെ വചനങ്ങളെ അവന്റെ നാവിൻമേൽ ആക്കും.... (ആവർത്തനം: 18ൽ 15-18) ഇബ്രാഹീം (അ) നബിയുടെ മകൻ ഇസ്ഹാഖ് (അ)ന്റെ സന്തതികളാണു ഇസ്രാഈല്യർ. അദ്ദേഹത്തിന്റെ മറ്റൊരു മകനായ ഇസ്മായീൽ (അ)ന്റെ സന്തതികളാണ് അറബികൾ. അതുകൊണ്ടാണു നബി (സ)യെക്കുറിച്ചു നിങ്ങളുടെ സഹോദരന്മാരിൽ നിന്നു എഴുന്നേൽപിക്കുമെന്നു പറഞ്ഞത്. (3) ഇസ്മായീൽ (അ) കുട്ടിയായിരുന്നപ്പോൾ അദ്ദേഹത്തെയും മാതാവായ ഹാജറിനെയും മരുഭൂമിയിലേക്കു (അറേബ്യയിലേക്കു) കൊണ്ടാക്കിയ വിവരവും, വെള്ളം കിട്ടാതെ അവർ വിഷമിച്ചതും വിവരിച്ചുകൊണ്ട് ഇസ്മായീൽ (അ)നെപ്പററി പറയുന്നു:— ദൈവം ബാലനോടു കൂടെയുണ്ടായിരുന്നു. അവൻ മരുഭൂമിയിൽ പാർത്തു. മുതിർന്നപ്പോൾ ഒരു വില്ലാളിയായി അവൻ പാറാൻ മരുഭൂമിയിൽ പാർത്തു. (ഉൽപത്തി: 21ൽ 20, 21) അപ്പോൾ, പാറാൻ മരുഭൂമിയിൽ പാർത്ത ഇസ്മായീലിന്റെ സന്തതികളായ അറബികൾ ഇസ്രാഈല്യരുടെ സഹോദരന്മാരാണെന്നു പറയേണ്ടതില്ലല്ലോ.

പുതിയ നിയമത്തിലെ ചില പരാമർശങ്ങൾ:– (1) യേശു പറയുന്നു: എന്നാൽ, ഞാൻ നിങ്ങളോടു സത്യം ചെയ്തു പറയുന്നു: ഞാൻ പോകുന്നതു നിങ്ങൾക്കു പ്രയോജനം. ഞാൻ പോകാഞ്ഞാൽ കാര്യസ്ഥൻ നിങ്ങളുടെ അടുക്കൽ വരികയില്ല. ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കൽ അയക്കും. അവൻ വന്നു പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തിനു ബോധം വരുത്തും.... ഇനിയും വളരെ പറവാനുണ്ടു. എന്നാൽ, നിങ്ങൾക്കു ഇപ്പോൾ വഹിപ്പാൻ കഴിവില്ല. സത്യത്തിന്റെ ആത്മാവു വരുമ്പോഴോ അവൻ നിങ്ങളെ സകല സത്യത്തിലും വഴിനടത്തും. അവൻ സ്വയമായി സംസാരിക്കാതെ കേൾക്കുന്നതു സംസാരിക്കയും, വരുവാനുള്ളതു നിങ്ങൾക്കു അറിയിച്ചു തരികയും ചെയ്യും.... (യോഹന്നാൻ: 16ൽ 7–14) പരിശുദ്ധാത്മാവു എന്ന കാര്യസ്ഥൻ നിങ്ങൾക്കു സകലവും ഉപദേശിച്ചു തരികയും, ഞാൻ നിങ്ങളോടു പറയുന്നതൊക്കെയും നിങ്ങളെ ഓർമ്മപ്പെടുത്തുകയും ചെയ്യും. (യോഹന്നാൻ: 14ൽ 26) സത്യത്തിന്റെ കാര്യസ്ഥൻ എന്നും, സത്യത്തിന്റെ ആത്മാവു എന്നും പറഞ്ഞതു നബി(സ)യുടെ പേർ സൂചിപ്പിക്കുന്ന 'ഫാറഖലീത്ത' (فارقليط) എന്ന വാക്കിൽ കാലക്രമേണയുണ്ടായിത്തീർന്ന ഭാഷാന്തര വ്യത്യാസമാകുന്നു. ഇതു സംബന്ധിച്ചു സൂ: സ്വഫ്ഫ് 6-ാം വചനത്തിന്റെ വ്യാഖ്യാനത്തിൽ കൂടുതൽ വിവരിച്ചിട്ടുണ്ട്. അവിടെ നോക്കുക. വേറെയും പല ഉദ്ധരണികൾ അവിടെ കൊടുത്തിട്ടുള്ളതും ശ്രദ്ധിക്കുക. (2) യോഹന്നാന്റെ (യഹ്‌യാ–അ–ന്റെ) അടുക്കലേക്ക് യഹൂദികൾ പുരോഹിതൻമാരെയും ലേവ്യരെയും അയച്ച് നീ ആരാണെന്നു ചോദിച്ചപ്പോൾ, അദ്ദേഹം: ഞാൻ ക്രിസ്തുവല്ല എന്നും, ഞാൻ ഏലിയാവല്ല എന്നും, ആ പ്രവാചകൻ അല്ല എന്നും മറുപടി പറഞ്ഞു. എന്നാൽ പിന്നെ നീ ആരാണെന്നു ചോദിച്ചപ്പോൾ, ഞാൻ യശയ്യാ പ്രവാചകൻ പറഞ്ഞതുപോലെ കർത്താവിന്റെ വഴി നേരെ ആക്കുവിൻ എന്നു വിളിച്ചു പറയുന്നവന്റെ ശബ്ദം ആകുന്നുവെന്നു അവൻ ഉത്തരം പറഞ്ഞു. (യോഹന്നാൻ: 1ൽ 20–24) അപ്പോൾ, യഹ്‌യാ (അ) നബിയുടെ കാലത്തു അവർ ഒരു ക്രിസ്തുവിനെയും ഒരു ഏലിയാവിനെയും കൂടാതെ, ഒരു പ്രത്യേകപ്രവാചകനെയും കാത്തിരുന്നുവെന്നു വ്യക്തമാണ്. ആ പ്രവാചകനത്രെ മുഹമ്മദു (സ) നബി. (*)

നബി (സ) തിരുമേനിയുടെ സവിശേഷതകളായി ഈ വചനത്തിൽ പറയപ്പെട്ട കാര്യങ്ങൾ ഇവയാകുന്നു: (1, 2) അദ്ദേഹം സദാചാരപരമായ നല്ല കാര്യങ്ങൾ കൊണ്ടു കൽപിക്കുകയും, ദുരാചാരപരമായ ചീത്ത കാര്യങ്ങളെ വിരോധിക്കുകയും ചെയ്യുന്നു. ഈ രണ്ടു കാര്യങ്ങളെക്കുറിച്ചും ഒരു വിശദീകരണത്തിന്റെ ആവശ്യമില്ല. സദാചാര വിഷയങ്ങളിൽവെച്ച് ഏറ്റവും പ്രധാനമായതു ഏകദൈവ സിദ്ധാന്തവും (തൗഹീദും), ദുരാചാര വിഷയങ്ങളിൽവെച്ചു ഏറ്റവും വഷളായതു ബഹുദൈവ സിദ്ധാന്തവും (ശിർക്കും) തന്നെ. അവ രണ്ടും തൊട്ട് ഭക്ഷണം കഴിക്കുന്നതു വലതു കൈകൊണ്ടായിരിക്കണമെന്നും, ശൗചം ചെയ്യുന്നതു ഇടതു കൈകൊണ്ടായിരിക്കണമെന്നും, വെള്ളം കുടിക്കുന്ന പാത്രത്തിലേക്ക് ശ്വാസം വിടരുതെന്നും പോലെയുള്ള ചെറുതും വലുതുമായ എല്ലാ കാര്യങ്ങളെക്കുറിച്ചും നബി (സ) ജനങ്ങളെ ഉപദേശിച്ചിട്ടുണ്ടെന്നുള്ളതു ചരിത്ര പ്രസിദ്ധമത്രെ. (3, 4) അദ്ദേഹം നല്ലതായ വസ്തുക്കളെ അനുവദനീയമാക്കുകയും, ദുഷിച്ച വസ്തുക്കളെ നിഷിദ്ധമാക്കുകയും ചെയ്യുന്നു. വേദക്കാർ നിഷിദ്ധമായി സ്വീകരിച്ചു വന്നിരുന്ന ഒട്ടക മാംസം, കൊഴുപ്പു മുതലായവ അനുവദനീയങ്ങളാണെന്നും, ശവം, പന്നിമാംസം, രക്തം, അല്ലാഹു അല്ലാത്തവർക്കു വഴിപാടാക്കപ്പെട്ടവ മുതലായ വസ്തുക്കൾ നിഷിദ്ധങ്ങളാണെന്നുമുള്ള ഇസ്‌ലാമിലെ നിയമങ്ങൾ പോലെയുള്ള പലതും ഇതിനു ഉദാഹരണങ്ങളാകുന്നു. (5) അവരുടെ ഭാരവും, അവരിലുള്ള കുടുക്കുകളും ബന്ധനങ്ങളും ഇറക്കിവെച്ചു ഒഴിവാക്കിക്കൊടുക്കുന്നു. വേദക്കാർക്കിടയിൽ സ്വീകരിക്കപ്പെട്ടിരുന്ന നിയമങ്ങൾ വഴിയോ, പിന്നീടു അവരുടെ പണ്ഡിത പുരോഹിതൻമാരുടെ കൈക്കു നടപ്പിൽ വരുത്തപ്പെട്ട നടപടിക്രമങ്ങൾ വഴിയോ അവരിൽ ഉണ്ടായിരുന്ന പല കർശന നിയമങ്ങളും നബി (സ) തിരുമേനിയുടെ 'ശരീഅത്തി'ൽ ലഘൂകരിക്കപ്പെട്ടിട്ടുണ്ടെന്നാണു ഇതിന്റെ താൽപര്യം. പശുക്കുട്ടിയെ ആരാധിച്ചതിൽനിന്നുള്ള പശ്ചാത്താപത്തിന്റെ ഉപാധിയായി കുറ്റവാളികളെ കൊലപ്പെടുത്തണമെന്നു

(*) വേറെയും പല ഉദ്ധരണികളും ബൈബിളിൽനിന്നു ഉദ്ധരിക്കുവാൻ കഴിയും. എല്ലാറ്റിനും വേദക്കാരുടെ അതതു കാലത്തെ മഹാൻമാർ അവരുടേതായ ചില വ്യാഖ്യാനങ്ങൾ നൽകി തങ്ങളുടെ ഹിതത്തിനൊപ്പിച്ചു തൃപ്തി അടഞ്ഞു കൊണ്ടിരിക്കുകയാണ്. എന്നിട്ടും അവ പരസ്പര വൈരുദ്ധ്യങ്ങളിൽനിന്നു രക്ഷപ്പെടുന്നില്ല. ഇത്തരം കാര്യങ്ങൾ സവിശദം എടുത്തു കാട്ടിയും, വേദക്കാരുടെ കൈകടത്തലുകൾ സ്ഥാപിച്ചുംകൊണ്ടു പല മഹാൻമാരും പ്രത്യേകം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. അവയിൽ പല നിലക്കും പ്രധാനപ്പെട്ട ഒരു ഗ്രന്ഥമത്രെ ഇബ്നു തൈമിയ്യ: (റ) രചിച്ച الجواب الصحيح لمن بدل دين المسيح (മസീഹിന്റെ മതത്തെ മാറ്റി മറിച്ചവർക്കു ശരിയായ മറുപടി) എന്ന ഗ്രന്ഥം. കഴിഞ്ഞ നൂറ്റാണ്ടിൽ ജീവിച്ച അല്ലാമാ റഹ്മത്തുല്ലാഹിൽ ഹിന്ദി (റ) യുടെ اظهار الحق (സത്യം വെളിപ്പെടുത്തൽ) എന്ന ഗ്രന്ഥവും കൂട്ടത്തിൽ പ്രത്യേകം പ്രസിദ്ധമാകുന്നു. ഡോക്ടർ മുഹമ്മദു തൗഫീഖ് അഫൻദിയുടെ دين الله في كتب انبيائه (പ്രവാചകൻമാരുടെ വേദഗ്രന്ഥങ്ങളിൽ അല്ലാഹുവിന്റെ മതം) മുതലായവയും പ്രസ്താവ്യങ്ങളത്രെ. അതേ കാലത്തു ഈ രംഗത്തു വളരെ സേവനം ചെയ്ത കേരളത്തിലെ ഒരു ഗ്രന്ഥകാരനാണു സയ്യിദു സനാഉല്ലാഹി മക്തി തങ്ങളും. (റ) ഇതിനു മുമ്പു രചിക്കപ്പെട്ട മർഹൂം

[illegible] ശരീഅത്തു നടപടിയിൽ [illegible] നിശ്ചയിക്കപ്പെട്ടി[illegible] ഉപയോഗിച്ചു [illegible] പാടില്ലെന്നുള്ളതു, [illegible] നബി (സ) [illegible]ട്ടുണ്ട്.

ചുരുക്കിപ്പറയുകയാണെങ്കിൽ, വേദക്കാർക്കിടയിൽ നടപ്പുണ്ടായിരുന്ന നിയമ നടപടി (കാർക്കശ്യങ്ങളെ) ലഘൂകരിക്കലും സൗകര്യപ്പെടുത്തലുമാണു നബി (സ) തിരുമേനി മുഖാന്തരം നിലവിലുള്ള നിയമ നടപടികൾ. പണ്ഡിതവർഗ്ഗങ്ങളുടെ നിയമ നിർമ്മാണ ചട്ടങ്ങളാൽ ബന്ധിക്കപ്പെട്ടിരുന്ന അവർക്കു ഇസ്‌ലാം അതിൽ നിന്നു മോചനം നൽകി. ഇസ്‌ലാമിലെ അടിസ്ഥാനപരമായ ഒരു പൊതുതത്വമായി അല്ലാഹു അറിയിക്കുന്നു: يريد الله بكم اليسر ولا يريد بكم العسر (അല്ലാഹു നിങ്ങളിൽ എളുപ്പത്തെ ഉദ്ദേശിക്കുന്നു. നിങ്ങളിൽ അവൻ ഞെരുക്കത്തെ ഉദ്ദേശിക്കുന്നില്ല (2: 185) നബി (സ) പറയുന്നു: بشروا ولا تنفروا يسروا ولا تعسروا (നിങ്ങൾ സന്തോഷപ്പെടുത്തുവിൻ, വെറുപ്പിക്കരുതു. എളുപ്പമുണ്ടാക്കുകയും ചെയ്യുവിൻ. ഞെരുക്കമുണ്ടാക്കരുതു. (ബു; മു.)

നബി (സ) തിരുമേനിയുടെ പ്രത്യേകതകളും സവിശേഷതകളും ചൂണ്ടിക്കാട്ടുകയും, തൗറാത്തിലും ഇഞ്ചീലിലും പ്രവചിക്കപ്പെട്ട ആ പ്രവാചകൻ തന്നെയാണു തിരുമേനിയെന്നു പരിചയപ്പെടുത്തുകയും ചെയ്തശേഷം അല്ലാഹു പറയുന്നു: അദ്ദേഹത്തിൽ വിശ്വസിക്കുകയും, അദ്ദേഹത്തെ ബഹുമാനിക്കുകയും—അഥവാ സഹായിച്ചും ശക്തിപ്പെടുത്തിയും വരുകയും—അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളിൽ അദ്ദേഹത്തെ സഹായിച്ചുകൊണ്ടിരിക്കുകയും, അദ്ദേഹത്തോടൊപ്പം അവതരിപ്പിക്കപ്പെട്ട പ്രകാശത്തെ—അഥവാ വിശുദ്ധ ഖുർആനെ—പിൻപറ്റി നടക്കുകയും ചെയ്യുന്നവർ മാത്രമാണു വിജയികളെന്നു. അതെ, ഇങ്ങിനെ ചെയ്യുന്നവർ ആരായാലും ശരി—അവർ വേദക്കാരായാലും അല്ലാതിരിക്കട്ടെ — അവർക്കേ വിജയമുള്ളുവെന്നു. عزر (അസ്സ്—റ) എന്ന വാക്കിനു 'ബഹുമാനിച്ചു, ശക്തിപ്പെടുത്തി, സഹായിച്ചു' എന്നും മറ്റും അർത്ഥങ്ങളുണ്ട്. 'ബഹുമാനിക്കുന്നതോടൊപ്പം സഹായം നൽകുക (النصر مع التعظيم) എന്നാണു ഇമാം റാഗിബ് (റ) മുതലായവർ അതിനു അർത്ഥം കല്പിച്ചിരിക്കുന്നത്.

വിഭാഗം-20

158. قُلْ يَا أَيُّهَا النَّاسُ إِنِّي رَسُولُ اللَّهِ إِلَيْكُمْ جَمِيعًا الَّذِي لَهُ مُلْكُ السَّمَاوَاتِ وَالْأَرْضِ لَا إِلَٰهَ إِلَّا هُوَ يُحْيِي وَيُمِيتُ فَآمِنُوا بِاللَّهِ وَرَسُولِهِ النَّبِيِّ الْأُمِّيِّ الَّذِي يُؤْمِنُ بِاللَّهِ وَكَلِمَاتِهِ وَاتَّبِعُوهُ لَعَلَّكُمْ تَهْتَدُونَ ○

158. (നബിയേ) പറയുക: 'ഹേ, മനുഷ്യരേ, നിശ്ചയമായും ഞാൻ, നിങ്ങൾ എല്ലാവരിലേക്കും ഉള്ള അല്ലാഹുവിന്റെ റസൂൽ [ദൂതൻ] ആകുന്നു; അതായതു, ആകാശങ്ങളുടെയും, ഭൂമിയുടെയും രാജാധികാരം യാതൊരുവന്നാണോ അവന്റെ (റസൂലാകുന്നു). അവനല്ലാതെ ആരാധ്യനില്ല; അവൻ ജീവിപ്പിക്കുകയും മരണപ്പെടുത്തുകയും ചെയ്യുന്നു.

ആകയാൽ, അല്ലാഹുവിലും അവന്റെ റസൂലിലും നിങ്ങൾ വിശ്വസിക്കുവിൻ; (അതെ) അല്ലാഹുവിലും, അവന്റെ വാക്യങ്ങളിലും വിശ്വസിക്കുന്ന 'ഉമ്മിയ്യാ'യ [അക്ഷരജ്ഞാനമില്ലാത്ത] പ്രവാചകൻ, അദ്ദേഹത്തെ പിൻപറ്റുകയും ചെയ്യുവിൻ; നിങ്ങൾ നേർമാർഗ്ഗം പ്രാപിച്ചേക്കാം'.

---

158. قل പറയുക يا أيها الناس ഹേ മനുഷ്യരേ إني നിശ്ചയമായും ഞാൻ رسول الله അല്ലാഹുവിന്റെ റസൂലാണു, ദൂതനാകുന്നു إليكم നിങ്ങളിലേക്കു جميعا മുഴുവനും, എല്ലാം الذي യാതൊരുവൻ, യാതൊരുത്തന്റെ له അവന്നാണു, അവന്റേതാണു ملك രാജത്വം, രാജാധികാരം السماوات ആകാശങ്ങളുടെ والأرض ഭൂമിയുടെയും لا إله ഒരു ഇലാഹും (ആരാധ്യനും ദൈവവും) ഇല്ല إلا هو അവനല്ലാതെ يحيي അവൻ ജീവിപ്പിക്കുന്നു ويميت മരണപ്പെടുത്തുകയും ചെയ്യുന്നു فآمنوا അതിനാൽ വിശ്വസിക്കുവിൻ بالله അല്ലാഹുവിൽ ورسوله അവന്റെ റസൂലിലും النبي الأمي അക്ഷരജ്ഞാനമില്ലാത്ത പ്രവാചകനായ الذي يؤمن വിശ്വസിക്കുന്നവനായ بالله അല്ലാഹുവിൽ وكلماته അവന്റെ വാക്ക(വാക്യം)കളിലും واتبعوه അദ്ദേഹത്തെ പിൻപറ്റുകയും ചെയ്യുവിൻ لعلكم നിങ്ങളായേക്കാം, ആകുവാൻവേണ്ടി تهتدون നിങ്ങൾ നേർമാർഗ്ഗം പ്രാപിക്കും

മൂസാ (അ) നബിയെയും, ഇസ്രാഈല്യരെയും, തൗറാത്തിനെയും സംബന്ധിച്ചു വിവരിക്കുന്ന മദ്ധ്യെ തൗറാത്തിലും ഇഞ്ചീലിലും നബി (സ)യെക്കുറിച്ചു വന്ന ചില പരാമർശങ്ങളെപ്പറ്റി 157-ാം വചനത്തിൽ അതിനെപ്പറ്റി ഒന്നുകൂടി വിശദമാക്കി. 156-ാം വചനത്തിൽ സൂചിപ്പിച്ചു. 157-ാം വചനത്തിൽ സൂചിപ്പിച്ചതിനെപ്പറ്റി ഒന്നുകൂടി വിശദമാക്കി. അതിനുശേഷം, ആ പരാമർശങ്ങളും പ്രവചനങ്ങളും ഇതാ സാക്ഷാൽകൃതമായിരിക്കുന്നുവെന്നുള്ള ഒരു വിളംബരമാണ് ഈ വചനമെന്നു പറയാം. ആകാശഭൂമികളുടെയെല്ലാം ആധിപത്യം കൈകാര്യകർത്തൃത്വവുമായ അല്ലാഹുവിങ്കൽ നിന്നു വർഗ-കുല-കാല-ദേശ-ഭാഷാ വ്യത്യാസമന്യ സകല മനുഷ്യർക്കുമായി അയക്കപ്പെട്ട ദൈവദൂതനാണു ഈ അക്ഷരജ്ഞാനമില്ലാത്ത പ്രവാചകനായ ഞാൻ; അല്ലാഹുവിലും, എല്ലാ പ്രവാചകൻമാർക്കും അവനാൽ നൽകപ്പെട്ട അവന്റെ എല്ലാ വചനങ്ങളിലും വിശ്വസിക്കുന്ന ആളാണു ഞാൻ; അതുകൊണ്ട് നിങ്ങൾ സന്മാർഗ്ഗികളായിത്തീരേണ്ടതിനു അല്ലാഹുവിലും എന്നിലും നിങ്ങൾ വിശ്വസിക്കുകയും, ഞാൻ കൊണ്ടുവന്ന മാർഗ്ഗം നിങ്ങൾ പിൻതുടരുകയും ചെയ്യേണ്ടതുണ്ടു എന്നൊക്കെ മനുഷ്യലോകത്തോടു പ്രഖ്യാപനം ചെയ്യണമെന്നു അല്ലാഹു നബി (സ) തിരുമേനിയോടു കൽപിക്കുകയാണ്.

നബി (സ) തിരുമേനിയുടെ പ്രവാചകത്വത്തെ അടിയോടെ നിഷേധിക്കാതെ-മുസ്‌ലിം പാമര ജനങ്ങളെ വഴിപിഴപ്പിക്കുവാൻ വേണ്ടി-അവിടുന്നു അറബി കളിലേക്കു മാത്രം നിയോഗിക്കപ്പെട്ട റസൂലാണെന്നും, വേദക്കാരിലേക്കു തിരുമേനി റസൂലായി നിയോഗിക്കപ്പെട്ടിട്ടില്ലെന്നും ചില ആയത്തു വാക്യങ്ങൾ ഏറ്റുപിടിച്ചുകൊണ്ട് ചില ക്രിസ്ത്യൻ പാതിരിമാർ സമർത്ഥിക്കാറുണ്ട്. അതുപോലെ, നബി (സ) തിരുമേനിയുടെ 'ശരീഅത്തു' നിയമങ്ങളിൽ ചിലതൊക്കെ അക്കാലത്തെയും, അന്നത്തെ ജനങ്ങളെയും മാത്രം ഉദ്ദേശിച്ചുകൊണ്ടുള്ളതാണു- ഈ പരിഷ്കൃത കാലത്തെയും, ഇക്കാലത്തെ ജനങ്ങളെയും ഉദ്ദേശിച്ചുകൊണ്ടുള്ളതല്ല- എന്നു മുസ്‌ലിം നാമധാരികളായ ചില ആധുനിക തൽപരൻമാരും (അഥവാ മോഡേണിസ്റ്റുകളും) ജൽപിക്കുന്നതു കാണാം. അക്ഷരാർത്ഥത്തിൽ തന്നെ ഇതെല്ലാം അവരുടെ സ്വയം സൃഷ്ടിയാണെന്നും, അല്ലാഹുവിന്റെയും, റസൂലിന്റെയും പേരിൽ തൽപര്യപൂർവ്വം നടത്തപ്പെടുന്ന കള്ള പ്രചരണമാണെന്നും ഈ വചനത്തിൽനിന്നും, ഇതുപോലെയുള്ള മറ്റു പല വചനങ്ങളിൽ നിന്നും സ്പഷ്ടമത്രെ.

റസൂൽ (സ) തിരുമേനി അരുളിച്ചെയ്തതായി ജാബിർ (റ) ഉദ്ധരിക്കുന്നു: 'മുമ്പ് ഒരു പ്രവാചകനും നൽകപ്പെട്ടിട്ടില്ലാത്ത അഞ്ചു കാര്യങ്ങൾ എനിക്ക് നൽകപ്പെട്ടിരിക്കുന്നു. ഒരു മാസത്തെ വഴി ദൂരത്തിൽ (എന്നെപ്പറ്റി ശത്രു ജനങ്ങൾക്കു) ഭീതി നൽകിക്കൊണ്ടു എനിക്കു സഹായം നൽകപ്പെട്ടിരിക്കുന്നു. ഭൂമി എനിക്കു നമസ്കാരസ്ഥലവും ശുദ്ധീകരണ വസ്തുവും ആക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ടു എന്റെ സമുദായത്തിൽ ആർക്കെങ്കിലും നമസ്കാര സമയം വന്നാൽ അവൻ നമസ്കരിച്ചുകൊള്ളട്ടെ. എനിക്കു 'ഗനീമത്തു' (യുദ്ധ മുതലുകളിൽ നിന്നു ലഭിക്കുന്ന) സ്വത്തുക്കൾ അനുവദനീയമാക്കപ്പെട്ടിരിക്കുന്നു. എന്റെ മുമ്പ് ആർക്കും അതു അനുവദനീയമാക്കപ്പെട്ടിരുന്നില്ല. എനിക്കു 'ശഫാഅത്തു' (ഖിയാമത്തുനാളിൽ ജനങ്ങളെ വിചാരണനടത്തുവാൻ വേണ്ടി അല്ലാഹുവിനോടു ചെയ്യുന്ന ശുപാർശ) നൽകപ്പെട്ടിരിക്കുന്നു. പ്രവാചകൻമാർ അവരുടെ ജനതയിലേക്കു പ്രത്യേകമായിരുന്നു നിയോഗിക്കപ്പെട്ടിരുന്നത്. ഞാൻ മനുഷ്യരിലേക്കു മുഴുവനുമായി നിയോഗിക്കപ്പെട്ടിരിക്കുന്നു'. (ബു; മു.) ഇതുപോലെ വേറെയും പല ഹദീസുകൾ കാണാം.

159. മൂസായുടെ ജനങ്ങളിൽ(തന്നെ) യഥാർത്ഥമനുസരിച്ചു മാർഗ്ഗദർശനം നൽകുകയും, അതനുസരിച്ചു തന്നെ നീതി പ്രവർത്തിക്കുകയും ചെയ്യുന്ന ഒരു സമൂഹം ഉണ്ടുതാനും.

١٥٩- وَمِن قَوْمِ مُوسَىٰٓ أُمَّةٌ يَهْدُونَ بِٱلْحَقِّ وَبِهِۦ يَعْدِلُونَ

---

159. وَمِن قَوْمِ ജനതയിലുമുണ്ട്, ജനതയിൽപെട്ടതാണ് مُوسَىٰ മൂസായുടെ أُمَّةٌ ഒരു സമൂഹം يَهْدُونَ അവർ മാർഗ്ഗദർശനം നൽകുന്ന, സന്മാർഗ്ഗത്തിൽ ചലിക്കുന്ന بِٱلْحَقِّ യഥാർത്ഥമനുസരിച്ചു وَبِهِۦ അതനുസരിച്ചു തന്നെ يَعْدِلُونَ അവർ നീതി (മര്യാദ) പാലിക്കുന്ന (താനും)

മുൻവചനങ്ങളിൽ കഴിഞ്ഞുപോയ പൊതുവായ ചില പരാമർശങ്ങളിൽ നിന്ന് മൂസാ (അ) നബിയുടെ ജനതയെല്ലാം ഒരുപോലെ ദുഷിച്ചുപോയിട്ടുണ്ടെന്നും, അവരിൽ സന്മാർഗ്ഗത്തിൽ അവശേഷിക്കുന്നവർ ആരുമില്ലെന്നും ഒരു തെറ്റിദ്ധാരണയുണ്ടാകുവാനിടയുണ്ട്. ആ ധാരണ ശരിയല്ലെന്ന് ഇടക്കുവെച്ച് ഈ വചനം മുഖേന അല്ലാഹു ചൂണ്ടിക്കാട്ടുകയാണ്.

യനുസരിച്ചു പ്രകാരം ജനങ്ങൾക്കു മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയും, ന്യായം തെറ്റാതെ യഥാർത്ഥമനുസരിച്ചു തന്നെ പ്രവർത്തിച്ചും വരുന്ന ചില ആളുകൾ ആ സമുദായത്തിൽ ഉണ്ടെന്നു അല്ലാഹു അറിയിക്കുന്നു. അതുകൊണ്ടാണു യഹൂദികളിൽ നിന്നും ചില വ്യക്തികൾ നബി(സ)യിൽ വിശ്വസിക്കുവാൻ മുന്നോട്ടു വന്നതും. നബി(സ)യുടെ ആഗമനത്തിനുശേഷം, നബി (സ)യെക്കുറിച്ചു അറിവായിട്ടു പിന്നെയും വിശ്വസിക്കുവാൻ തയ്യാറാകാത്തവർ ഇതിൽ ഉൾപ്പെടുകയില്ലെന്നു പ്രത്യേകം പറയേണ്ടതില്ല. ('സമുദായം' എന്നു ഇവിടെ അർത്ഥം കല്പിക്കപ്പെട്ട أمة എന്ന വാക്കിന്റെ അർത്ഥങ്ങളെപ്പറ്റി 164-ാം വചനത്തിന്റെ വ്യാഖ്യാനത്തിൽ വിവരിക്കാം. ان شاء الله)

160. അവരെ നാം പന്ത്രണ്ടു ഗോത്രങ്ങളായി – അതായതു സമൂഹങ്ങളായി– മുറി(ച്ചു ഭാഗി)ച്ചു. മൂസായുടെ ജനങ്ങൾ അദ്ദേഹത്തോടു (വെള്ളം) കുടിപ്പാൻ കൊടുക്കുവാനാവശ്യപ്പെട്ടപ്പോൾ അദ്ദേഹത്തിനു നാം 'വഹ്‌യു' [സന്ദേശം] നൽകി: 'നിന്റെ വടികൊണ്ട് പാറക്കല്ലിനു് അടിച്ചു കൊള്ളുക' എന്നു. അപ്പോൾ, അതിൽനിന്നു പന്ത്രണ്ടു നീരുറവുകൾ പൊട്ടി ഒഴുകി. (അവരിൽ) എല്ലാ മനുഷ്യരും അവ(രവ)ർക്ക കുടിക്കാനുള്ള സ്ഥലം അറിയുകയുമുണ്ടായി.

وَقَطَّعْنَاهُمُ اثْنَتَيْ عَشْرَةَ أَسْبَاطًا أُمَمًا ۚ وَأَوْحَيْنَا إِلَىٰ مُوسَىٰ إِذِ اسْتَسْقَاهُ قَوْمُهُ أَنِ اضْرِب بِّعَصَاكَ الْحَجَرَ ۖ فَانبَجَسَتْ مِنْهُ اثْنَتَا عَشْرَةَ عَيْنًا ۖ قَدْ عَلِمَ كُلُّ أُنَاسٍ مَّشْرَبَهُمْ ۚ ١٦٠

അവർക്കു നാം മേഘത്തെ തണലാക്കികൊടുക്കുകയും ചെയ്തു. അവർക്കു നാം 'മന്നാ' യും, 'സൽവാ' യും ഇറക്കികൊടുക്കുകയും ചെയ്തു. 'നിങ്ങൾക്കു നാം നൽകിയിട്ടുള്ള നല്ല (വിശിഷ്ട) വസ്തുക്കളിൽ നിന്നു തിന്നുകൊള്ളുവിൻ' (എന്നു നാം പറഞ്ഞു). (എന്നാൽ,) അവർ നമ്മോട് (ഒന്നും) അക്രമം ചെയ്തില്ല; എങ്കിലും, അവർ അവരോടു തന്നെയായിരുന്നു അക്രമം ചെയ്തിരുന്നതു.

وَظَلَّلْنَا عَلَيْهِمُ الْغَمَامَ وَأَنزَلْنَا عَلَيْهِمُ الْمَنَّ وَالسَّلْوَىٰ ۖ كُلُوا مِن طَيِّبَاتِ مَا رَزَقْنَاكُمْ ۚ وَمَا ظَلَمُونَا وَلَٰكِن كَانُوا أَنفُسَهُمْ يَظْلِمُونَ ○

---

160. وقطعنٰهم അവരെ നാം മുറിക്കുക (കഷ്ണിക്കുക–ഭാഗിക്കുക–പിരിക്കുക) യും ചെയ്തു اثنتي عشرة പന്ത്രണ്ടു اسباطا ഗോത്രങ്ങളായി امما സമൂഹങ്ങളായി, കൂട്ടങ്ങളായി واوحينا നാം വഹ്‌യ് (സന്ദേശം) നൽകുകയും ചെയ്തു الى موسى മൂസാക്ക اذ استسقٰه അദ്ദേഹത്തോട് കുടിക്കാനാവശ്യപ്പെട്ട (വെള്ളം തേടിയ)പ്പോൾ قومه അദ്ദേഹത്തിന്റെ ജനത ان اضرب നീ അടിക്കുക എന്നു بعصاك നിന്റെ വടികൊണ്ടു الحجر പാറക്ക്, പാറക്കല്ലിനെ فانبجست അപ്പോൾ പൊട്ടി ഒഴുകി منه അതിൽനിന്നു, അതിലൂടെ اثنتا عشرة പന്ത്രണ്ടു عينا നീരുറവു, അരുവി قد علم അറിഞ്ഞിട്ടുണ്ട്, അറിയുകയുണ്ടായി كل اناس എല്ലാ മനുഷ്യരും (മനുഷ്യക്കൂട്ടങ്ങളും) مشربهم അവരുടെ കുടിക്കുന്ന സ്ഥലം وظللنا നാം തണലാക്കുകയും ചെയ്തു, നിഴലിട്ടു കൊടുത്തു عليهم അവരുടെമേൽ, അവർക്ക الغمام മേഘത്തെ وانزلنا നാം ഇറക്കുകയും ചെയ്തു عليهم അവരിൽ, അവർക്ക المن മന്നാ (മധുരപദാർത്ഥം) والسلوى സൽവായും (കാടപ്പക്ഷിയും) كلوا തിന്നുകൊള്ളുവിൻ من طيبات നല്ല (ശുദ്ധ – വിശിഷ്ട) വസ്തുക്കളിൽ നിന്നു ما رزقنٰكم നിങ്ങൾക്ക നാം നൽകിയതിലെ وما ظلمونا അവർ നമ്മോടു അക്രമം ചെയ്തതുമില്ല ولكن كانوا എങ്കിലും അവരായിരുന്നു انفسهم അവരോടു തന്നെ يظلمون അക്രമം ചെയ്യുക

ഇബ്രാഹീം (അ) നബിയുടെ മകനായ ഇസ്ഹാഖ് (അ) നബിയുടെ മകൻ യഅ്ഖൂബ് (അ) നബിക്കു ഇസ്രാഈൽ എന്നും ഒരു പേരുണ്ടായിരുന്നു. അദ്ദേഹത്തിന്റെ പന്ത്രണ്ടു പുത്രന്മാരിൽനിന്നു ഉത്ഭവിച്ച സന്താനപരമ്പരകളാണു പന്ത്രണ്ടു ഇസ്രാഈൽ ഗോത്രങ്ങൾ എന്നു പറയുന്നത്. ഓരോ ഗോത്രവും അതതു ഗോത്രത്തിന്റെ ആദ്യ പിതാവിന്റെ നാമത്തിൽ അറിയപ്പെടുന്നു. ആശീർ, ദാൻ, ഗാദു(ഗാദ്), യിസ്സാഖർ, യഹൂദാ, നഫ്താലി, റൂബീൻ (റൂബേൻ), ശംഊൻ (ശിമെയോൻ), സബൂലൂൻ, (സെബുലൂൻ), ലാവീ (ലേവി), യൂസുഫ് ബിൻയാമീൻ ഇവയാണ് ആ നാമങ്ങൾ. ഇതിൽ യൂസുഫ് (അ)ന്റെ സന്തതികൾ പിന്നീടു അദ്ദേഹത്തിന്റെ രണ്ടു

കൊണ്ടുള്ള അഫ്രായീം, മനശ്ശാ (എഫ്രയിം, മനശ്ശ) എന്നിങ്ങിനെ രണ്ടു പേരിൽ അറിയപ്പെടുകയുണ്ടായെങ്കിലും മൊത്തത്തിൽ ഇസ്രാഈല്യർ പന്ത്രണ്ടു ഗോത്രങ്ങളായിത്തന്നെ ഗണിക്കപ്പെടുന്നു. സീനാ അർദ്ധ ദ്വീപിലെ മരുഭൂമിയിൽ അവിടവിടെയായി നാൽപതുകൊല്ലം കഴിഞ്ഞുകൂടിയ അവർ മൂസാ (അ) നബിയുടെ ശേഷം യൂശഉ് (അ) നബിയുടെ നേതൃത്വത്തിൽ ശാമിലെ ഫലസ്തീൻ പ്രദേശങ്ങളിൽ ക്രമേണ കുടിയേറിപ്പാർത്തു. (*)

ഇസ്രാഈല്യർ വെള്ളമില്ലാതെ ബുദ്ധിമുട്ടിയപ്പോൾ, അല്ലാഹുവിന്റെ കൽപനപ്രകാരം മൂസാ(അ) പാറക്കല്ലിനു അടിക്കുകയും, അതിൽനിന്നു പന്ത്രണ്ടു ഉറവുകൾ പൊട്ടി ഒഴുകുകയും ചെയ്ത സംഭവത്തെപ്പററി സൂ: അൽബഖറ 60ലും, അവർക്കു മരുഭൂമിയിൽവെച്ചു മേഘത്തണൽ നൽകിയതിനെക്കുറിച്ചും, 'മന്നാ'യും 'സൽവാ'യും (ഒരുതരം കട്ടിത്തേനും, കാടപ്പക്ഷി പോലുള്ള ഒരുതരം പക്ഷിയും) ആഹാരം നൽകിയതിനെക്കുറിച്ചു 57ലും മുമ്പു വിവരിച്ചു കഴിഞ്ഞിട്ടുണ്ട്. അവിടെ നോക്കുക.

١٦١- وَإِذْ قِيلَ لَهُمُ اسْكُنُوا هَٰذِهِ الْقَرْيَةَ وَكُلُوا مِنْهَا حَيْثُ شِئْتُمْ وَقُولُوا حِطَّةٌ وَادْخُلُوا الْبَابَ سُجَّدًا نَغْفِرْ لَكُمْ خَطِيئَاتِكُمْ ۚ سَنَزِيدُ الْمُحْسِنِينَ ○

161. അവരോടു പറയപ്പെട്ട സന്ദർഭവും (ഓർക്കുക): 'നിങ്ങൾ ഈ രാജ്യത്ത് താമസിക്കുകയും, അതിൽ നിന്നു നിങ്ങൾ ഉദ്ദേശിച്ചേടത്തു നിന്നു തിന്നുകയും ചെയ്തു കൊള്ളുവിൻ; നിങ്ങൾ 'ഹിത്ത്വത്തുൻ' [പാപമോചനം] എന്നു പറയുകയും, 'സുജൂദു' ചെയ്തു [തലകുനിച്ചു] കൊണ്ട് (അതിന്റെ) പടിവാതിൽ കടക്കുകയും ചെയ്യുവിൻ. (എന്നാൽ) നിങ്ങൾക്കു നിങ്ങളുടെ തെറ്റുകളെ നാം പൊറുത്തു തരുന്നതാണ്. സുകൃതവാൻമാർക്ക നാം (വഴിയെ) വർദ്ധിപ്പിച്ചു കൊടുക്കുന്നതാണ്.

١٦٢- فَبَدَّلَ الَّذِينَ ظَلَمُوا مِنْهُمْ قَوْلًا غَيْرَ الَّذِي قِيلَ لَهُمْ فَأَرْسَلْنَا عَلَيْهِمْ رِجْزًا مِنَ السَّمَاءِ بِمَا كَانُوا يَظْلِمُونَ ○ ع

162. എന്നിട്ട്, അവരിൽ നിന്നു അക്രമം പ്രവർത്തിച്ചവർ, തങ്ങളോടു പറയപ്പെട്ടതല്ലാത്ത ഒരു വാക്ക (അതിനു) പകരമാക്കി (മാററി). അതിനാൽ, അവരുടെ മേൽ നാം ആകാശത്തു നിന്ന് ഒരു (കഠിന) ശിക്ഷ അയച്ചു; അവർ അക്രമം പ്രവർത്തിച്ചു കൊണ്ടിരുന്നതു നിമിത്തം.

---

161. وإذ قيل പറയപ്പെട്ട സന്ദർഭവും لهم അവരോടു اسكنوا താമസിക്കു(പാർക്കു)വിൻ هذه القرية ഈ രാജ്യത്ത് وكلوا തിന്നുകയും ചെയ്യുവിൻ منها അതിൽനിന്നു حيث شئتم നിങ്ങൾ ഉദ്ദേശിച്ചേടത്തു (നിന്നു), ഉദ്ദേശിച്ച പ്രകാരം وقولوا പറയുകയും ചെയ്യുവിൻ حطة താഴ്ത്തൽ (പാപമോചനം), ഇറക്കിവെക്കുക وادخلوا പ്രവേശിക്കുക(കടക്കുക)യും ചെയ്യുവിൻ الباب വാതിൽ, പടിവാതിൽ, കവാടം سجدا സുജൂദു ചെയ്യുന്നവരായി, തലകുനിച്ചവരായി نغفر لكم നിങ്ങൾക്കു നാം പൊറുത്തു തരും خطيئاتكم നിങ്ങളുടെ തെറ്റുകൾ, പിഴവു(പാപം)കൾ سنزيد നാം (വഴിയെ) വർദ്ധിപ്പിക്കും المحسنين നന്മ ചെയ്യുന്നവർക്കു, സുകൃതവാൻമാർക്കു. 162. فبدل എന്നിട്ടു പകരമാക്കി, മാററി മറിച്ചു الذين ظلموا അക്രമം പ്രവർത്തിച്ചവർ منهم അവരിൽനിന്നു قولا ഒരുവാക്കു غير ഒഴികെ الذي قيل لهم അവരോടു പറയപ്പെട്ട فأرسلنا അപ്പോൾ നാം അയച്ചു عليهم അവരിൽ رجزا ഒരു (കഠിന)ശിക്ഷ من السماء ആകാശത്തുനിന്ന بما كانوا അവർ ആയിരുന്നതു നിമിത്തം (കൊണ്ടു) يظلمون അവർ അക്രമം ചെയ്യും

ഈ വിവരവും അൽബഖറ 58, 59 വചനങ്ങളിൽ കഴിഞ്ഞുപോയിട്ടുണ്ടു. വിശദ വിവരങ്ങൾക്കു അവയുടെ വ്യാഖ്യാനം നോക്കുക.

(*) അതതു ഗോത്രങ്ങൾ കുടിയേറിപ്പാർത്ത പ്രദേശങ്ങൾ 5-ാം നമ്പർ ഭൂപടത്തിൽ അടയാളപ്പെടുത്തി കാണാം. പന്ത്രണ്ടു ഗോത്ര നാമങ്ങളുടെ അറബി രൂപം ക്രമപ്രകാരം ഇങ്ങിനെ ഉപയോഗിച്ചുവരുന്നു:—

اشير ، دان ، جاد ، يساكر ، يهوذا ، نفتالي ، روبين ، شمعون ، زبولون ، لاوي ، يوسف (افرايم ، منشا) بنيامين

വിഭാഗം-21

163. സമുദ്രത്തിനടുത്തു സ്ഥിതി ചെയ്തിരുന്നതായ (ആ) രാജ്യത്തെക്കുറിച്ചു- (അതെ) അവർ 'സബ്ത്തി'ൽ [ശബ്ബത്ത് ആചരണത്തിൽ] അതിക്രമം നടത്തിയിരുന്ന സന്ദർഭത്തെ (ക്കുറിച്ചു)-അവരോടു ചോദി(ച്ചു നോ)ക്കുക! അതായതു, അവരുടെ 'സബ്ത്തി'ന്റെ ദിവസം അവരുടെ മത്സ്യങ്ങൾ (വെള്ളത്തിനു മീതെ തല) പൊങ്ങിക്കൊണ്ട് അവർക്കു വന്നിരുന്ന സന്ദർഭം. അവർ 'സബ്ത്തു' [ശബ്ബത്ത്] ആചരിക്കാത്ത ദിവസമാകട്ടെ, അവ അവർക്ക വന്നിരുന്നതുമില്ല.

وَسْـَٔلْهُمْ عَنِ ٱلْقَرْيَةِ ٱلَّتِى كَانَتْ حَاضِرَةَ ٱلْبَحْرِ إِذْ يَعْدُونَ فِى ٱلسَّبْتِ إِذْ تَأْتِيهِمْ حِيتَانُهُمْ يَوْمَ سَبْتِهِمْ شُرَّعًا وَيَوْمَ لَا يَسْبِتُونَ ۙ لَا تَأْتِيهِمْ ۚ

അപ്രകാരം, അവർ തോന്നിയവാസം പ്രവർത്തിച്ചു കൊണ്ടിരുന്നതു നിമിത്തം അവരെ നാം പരീക്ഷണം ചെയ്തിരുന്നു.

كَذَٰلِكَ نَبْلُوهُم بِمَا كَانُوا۟ يَفْسُقُونَ ○

---

163. وَاسْأَلْهُمْ അവരോടു ചോദിക്കുക عَنِ الْقَرْيَةِ രാജ്യത്തെക്കുറിച്ചു الَّتِي كَانَتْ ആയിരുന്നതായ حَاضِرَةَ അരികെ സ്ഥിതി ചെയ്യുന്നതു الْبَحْرِ സമുദ്രത്തിങ്കൽ (കടലിന്റെ) إِذْ يَعْدُونَ അവർ അതിക്രമം ചെയ്യുന്ന (അതിരു വിട്ടിരുന്ന) സന്ദർഭം فِي السَّبْتِ ശബ്ബത്തിൽ (ശബ്ബത്ത് ആചരണത്തിൽ) إِذْ تَأْتِيهِمْ അതായതു അവർക്കു വരുന്ന സന്ദർഭം حِيتَانُهُمْ അവരുടെ മത്സ്യങ്ങൾ يَوْمَ سَبْتِهِمْ അവരുടെ ശബ്ബത്തിന്റെ ദിവസം (നാളിൽ) شُرَّعًا പൊങ്ങിക്കൊണ്ടു (മുഖെടുത്തുകൊണ്ട്) وَيَوْمَ لَا يَسْبِتُونَ അവർ ശബ്ബത്ത് ആചരിക്കാത്ത ദിവസമാകട്ടെ لَا تَأْتِيهِمْ അവ അവർക്കു വരുകയുമില്ല كَذَٰلِكَ അപ്രകാരം نَبْلُوهُم അവരെ നാം പരീക്ഷിച്ചിരുന്നു بِمَا كَانُوا അവർ ആയിരുന്നതുകൊണ്ടു يَفْسُقُونَ അവർ തോന്നിയവാസം (ധിക്കാരം) പ്രവർത്തിക്കും.

അൽബഖറ 65, 66 വചനങ്ങളിൽ പ്രസ്താവിക്കപ്പെട്ട സംഭവത്തിന്റെ വിശദ രൂപമാണു ഇവിടെ അല്ലാഹു വിവരിക്കുന്നതു. ചെങ്കടലിന്റെ വടക്കേ ഭാഗത്തു സമുദ്രം ഇടത്തും വലത്തുമായി രണ്ടു ശാഖകളായി പിരിഞ്ഞു നിൽക്കുന്നു. ഒന്നിനു സൂയസ് ഉൾക്കടൽ എന്നും മറ്റേതിനു അൽഅഖബ ഉൾക്കടൽ എന്നും പറയപ്പെടുന്നു. മുൻകാലത്തു ഐലത്ത് (ഏലാത്ത്-ഐലാ) എന്നു പറയപ്പെട്ടിരുന്ന അൽഅഖബയാണ് ഈ ഉൾക്കടലിന്റെ തുറമുഖ പട്ടണം. അവിടെയാണു ഈ സംഭവം നടന്നതെന്നത്രെ പലരും പറഞ്ഞു കാണുന്നതു. വേറെയും അഭിപ്രായം ഇല്ലാതില്ല. അവിടത്തെ നിവാസികളായ ഇസ്രാഈല്യർ മീൻ പിടുത്തക്കാരായിരുന്നു. ശനിയാഴ്ച ദിവസം തൗറാത്തിന്റെ നിയമ പ്രകാരം ശബ്ബത്ത് ആചരിക്കേണ്ടുന്ന ദിവസമാണു. അന്നു ജോലിക്കു പോകാതെ പ്രത്യേകം ചില ആരാധനാ കർമ്മങ്ങൾ നടത്തേണ്ടതുണ്ടു. അതനുസരിച്ചാണു- ക്രിസ്ത്യാനികൾ ഞായറാഴ്ചയെന്നപോലെ-യഹൂദികൾ ഇന്നും ശനിയാഴ്ച ഒഴിവു ദിവസമായി ആചരിച്ചു വരുന്നതു. ഈ ശാസനകളിൽ നിന്നു ഒഴിഞ്ഞു മാറുവാനുള്ള കൗശലങ്ങൾ കണ്ടുപിടിക്കൽ യഹൂദികളുടെ ഒരു പതിവാകുന്നു. അതുകൊണ്ട് അല്ലാഹു അവരിൽ ഒരു പരീക്ഷണം നടത്തി. ശനിയാഴ്ച ദിവസം മത്സ്യങ്ങൾ കൂട്ടം കൂട്ടമായി വന്നു വെള്ളത്തിനു മീതെ തലപൊക്കിക്കൊണ്ടിരിക്കും. മറ്റു ദിവസങ്ങളിൽ അങ്ങനെ സംഭവിക്കാറുമില്ല. ഇതു കണ്ടപ്പോൾ അവർക്കു സഹിക്കുവാൻ കഴിയാതായി. അവർ ഒരു സൂത്രം പ്രയോഗിച്ചു. അൽപം അകലെ ചില കുളങ്ങൾ സ്ഥാപിക്കുക. സമുദ്രത്തിൽ നിന്നു അതിലേക്കു വെള്ളച്ചാലുകളും നിർമ്മിക്കുക. മത്സ്യങ്ങൾ ചാലുകളിലൂടെ കുതിച്ചു വന്നു കുളത്തിൽ കയറിയാൽ ഉടനെ കുളത്തിന്റെ മുഖം അടച്ചു കെട്ടുകയും, പിറ്റേന്നു മത്സ്യങ്ങളെ പിടിക്കുകയും ചെയ്യുക. ഇതുവഴി, ശനിയാഴ്ച മത്സ്യം പിടിക്കുന്ന ജോലിക്കുപോയി എന്ന ആരോപണത്തിൽനിന്നു അവർ ഒഴിവാകുകയും, മത്സ്യം ശേഖരിക്കുവാൻ അവർക്കു സാധിക്കുകയും ചെയ്യുന്നു. ഇതു കുതന്ത്രവും, വക്രതയും, നിയമത്തിന്റെ യുക്തിയെത്തന്നെ മറികടക്കലുമാണല്ലോ. അതു കൊണ്ടാണു അവർ അതിക്രമം പ്രവർത്തിച്ചിരുന്നുവെന്നു അല്ലാഹു പറഞ്ഞതു.

ഇതുപോലെ, സകാത്തിന്റെ വിഷയത്തിലും, പലിശ ഇടപാടുകളിലും മറ്റും മതനിയമങ്ങൾ പാലിച്ചുവെന്ന വരുത്തിത്തീർക്കുകയും, അതോടൊപ്പം അവയിൽ നിന്നു മോചനം നേടുവാൻ ചില കൗശല മാർഗ്ഗങ്ങൾ സ്വീകരിക്കുകയും ചെയ്യുന്ന പലരെയും മുസ്‌ലിംകളിലും കാണാം. കേവലം ചില 'ഫിഖ്ഹുസ്തക' കളെ മാത്രം ആധാരമാക്കുകയും, മതനിയമങ്ങളുടെ ആന്തരാർത്ഥങ്ങളും ഉദ്ദേശ്യലക്ഷ്യങ്ങളും കണക്കിലെടുക്കാതിരിക്കുകയും ചെയ്യുന്ന പണ്ഡിത വർഗ്ഗത്തിലായിരിക്കും ഈ ദുസ്സമ്പ്രദായം വിശേഷിച്ചും കാണപ്പെടുക. ഈ സമ്പ്രദായം എത്രമാത്രം ദുഷിച്ചതാണെന്നുള്ളതിനു ഇസ്രാഈല്യരിൽ പണ്ടു കഴിഞ്ഞ ഈ സംഭവം അല്ലാഹു ഖുർആനിൽ വിവരിച്ചതിൽനിന്നു മനസ്സിലാക്കാവുന്നതാണ്. അതിനു വേണ്ടിത്തന്നെയാണു ഇത്തരം സംഭവങ്ങൾ അല്ലാഹു നമുക്കു വിവരിച്ചു തരുന്നതും. അബൂഹുറൈറ(റ)യിൽ നിന്നു നിവേദനം ചെയ്യപ്പെട്ട ഒരു നബി വചനത്തിൽ ഇപ്രകാരം വന്നിരിക്കുന്നു: 'യഹൂദികൾ പ്രവർത്തിച്ചതുപോലെ നിങ്ങൾ പ്രവർത്തിക്കരുത്. അതായതു, അല്ലാഹു ഹറാമാക്കിയ കാര്യങ്ങളെ തന്ത്രപരമായ ഉപായങ്ങൾ വഴി നിങ്ങൾ ഹലാലാക്കരുത്.' (حكاه ابن كثير عن ابن بطة باسناد جيد)

മത്സ്യം ശനിയാഴ്ച ദിവസങ്ങളിൽ ധാരാളം പൊങ്ങിവന്നിരുന്നുവെന്നും, മറ്റു ദിവസങ്ങളിൽ അങ്ങിനെ വന്നിരുന്നില്ലെന്നുമുള്ളതിനു കാരണം كَذَٰلِكَ نَبْلُوهُم (അപ്രകാരം അവരെ നാം പരീക്ഷണം ചെയ്തിരുന്നു) എന്നു പറഞ്ഞുകൊണ്ടു അല്ലാഹു തന്നെ അറിയിച്ചു തന്നിരിക്കുന്നു. ഏതു സംഭവത്തിലും വല്ല അസാധാരണത്വവും കാണുന്നതു സഹിക്കുവാൻ വയ്യാത്ത ചിലർ അതിനു ഇങ്ങിനെ കാരണം പറഞ്ഞു കാണുന്നു: 'ശനിയാഴ്ച അവർ മത്സ്യം പിടിക്കുകയില്ലെന്ന നിത്യാനുഭവത്തിൽനിന്ന മത്സ്യങ്ങൾ മനസ്സിലാക്കിയിരുന്നതു കൊണ്ടാണു അവ അന്നു വെള്ളത്തിനു മീതെ ധാരാളമായി പൊങ്ങിയിരുന്നത്.' അല്ലാഹു പറഞ്ഞ കാരണം ഇവർക്കു തൃപ്തിപ്പെട്ടില്ലെന്നു തോന്നുന്നു: അതിരിക്കട്ടെ എത്രയോ കൊല്ലങ്ങളായി വെള്ളിയാഴ്ച ദിവസം മത്സ്യം പിടിക്കുന്നവർ ജോലിക്കിറങ്ങാത്ത കടപ്പുറങ്ങൾ നമ്മുടെ നാടുകളിൽ ഉണ്ടായിരുന്നിട്ടും, വെള്ളിയാഴ്ച ദിവസം പ്രത്യേകമായി മത്സ്യങ്ങൾ പൊന്തിവരാറുള്ള വാർത്ത ഇതുവരെ കേൾക്കുകയുണ്ടായിട്ടില്ല. അപ്പോൾ ഇക്കാലത്തു മത്സ്യങ്ങൾക്കില്ലാത്ത വല്ല ബുദ്ധിശക്തിയും അന്നത്തെ മത്സ്യങ്ങൾക്കുണ്ടായിരിക്കുമെന്നായിരിക്കാം ഇവരുടെ ധാരണ. മർഹൂം തന്നെ! അല്ലാമ സയ്യിദു ഖുത്വ്ബ് (റ) ഇവിടെ പ്രസ്താവിച്ച ഒരു പ്രസ്താവന ശ്രദ്ധേയമാകുന്നു. അതിന്റെ സാരം ഇങ്ങിനെ ഉദ്ധരിക്കാം: 'പ്രകൃതി നിയമങ്ങളെന്നു ഇക്കൂട്ടർ സങ്കൽപിച്ചുവെച്ചതിനപ്പുറം അല്ലാഹു ഒന്നും ഉദ്ദേശിക്കുവാൻ പാടില്ലെന്നാണു ഇവരുടെ വിചാരം. ഇസ്‌ലാമിക വീക്ഷണത്തിൽ–സംഭവങ്ങളും അങ്ങിനെത്തന്നെ വരുവാൻ പോകുന്നില്ലെന്നാണു ഇവരുടെ വിചാരം. ഇസ്‌ലാമിക വീക്ഷണത്തിൽ–സംഭവങ്ങളും അങ്ങിനെത്തന്നെ. ശരിയാണ്. പക്ഷെ, അല്ലാഹു ഈ ലോകത്തിനു സാധാരണമായ ഒരു നടപടിക്രമം അല്ലാഹു നിശ്ചയിച്ചിട്ടുള്ളതു ശരിയാണ്. പക്ഷെ, അല്ലാഹുവിന്റെ ഉദ്ദേശ്യം ആ നടപടി ക്രമത്തിന്റെ പട്ടക്കൂട്ടിൽ ഒതുങ്ങി നിൽക്കുന്ന ഒന്നല്ല. ആണെന്നു ധരിക്കുന്നവർ– അവർ എത്ര കേമൻമാരായാലും ശരി–ലോകപ്രകൃതിയെക്കുറിച്ചു പോലും അജ്ഞൻമാരാകുന്നു. അല്ലാഹുവിന്റെ ഉദ്ദേശ്യത്തെ സംബന്ധിച്ചിടത്തോളം, അവൻ ഉദ്ദേശിക്കുന്നതു എന്തു എന്നല്ലാതെ വേറെ പ്രകൃതി നിയമമൊന്നും അതിനു ബാധകമല്ല.'

ഈ സംഭവം മദനീ സൂറത്തായ അൽബക്വറയിൽ ചുരുക്കിയും, മക്കീ സൂറത്തായ ഈ സൂറത്തിൽ വിസ്തരിച്ചും, മുൻകാല ചരിത്ര സംഭവങ്ങൾ സത്യസന്ധമായും, വസ്തുനിഷ്ഠമായും അല്ലാഹു ഉദ്ധരിച്ചിരിക്കുന്നത്. മുൻകാല ചരിത്ര സംഭവങ്ങൾ നബി (സ) ക്കു മദീനയിൽ വെച്ചു വേദഗ്രന്ഥങ്ങൾ വായിച്ചറിഞ്ഞിട്ടില്ലാത്ത നബി (സ) ക്കു സാധിച്ചതു മദീനയിൽ വെച്ചു ഇസ്‌ലാം ശേഷം വേ . . . ി നബി (സ) ഇപ്രകാരം വിവരിക്കുവാൻ വേദഗ്രന്ഥങ്ങൾ വായിച്ചറിഞ്ഞിട്ടില്ലാത്ത നബി (സ) ക്കു സാധിച്ചതു മദീനയിൽ വെച്ചു ഇസ്‌ലാം ശേഷം വേ . . . ി നബി (സ) ഇപ്രകാരം അവരിൽ നിന്നു കിട്ടിയ വിവരമനുസരിച്ചാണെന്ന ഇസ്‌ലാം ശത്രുക്കൾ പറയാറുണ്ട്. ഇതു ശുദ്ധ നുണയാണെന്നുള്ളതിനു ഒരു തെളിവാണിത്. ഖുർആനിന്റെ ശത്രുക്കൾ . . . ിലർ പറയാറുണ്ട്. ഇതു ശുദ്ധ നുണയാണെന്നുള്ളതിനു ഒരു തെളിവാണിത്. മദനീ സൂറത്തുകളിൽ സംഭവങ്ങളെ വിശദീകരിച്ചു പറഞ്ഞിരിക്കയാണെങ്കിൽ–വാദത്തുകളിൽ ചുരുക്കിപ്പറഞ്ഞശേഷം മദനീ സൂറത്തുകളിൽ സംഭവങ്ങളെ വിശദീകരിച്ചു പറഞ്ഞിരിക്കയാണെങ്കിൽ അങ്ങിനെ വാദിക്കുന്നതിനു വല്ല ന്യായവും ഉണ്ടാകുമായിരുന്നു. നേരെമറിച്ച് മുൻകാല ചരിത്രങ്ങളധികവും മക്കീ സൂറത്തുകളിലാണു കൂടുതൽ വിവരിക്കപ്പെട്ടിരിക്കുന്നത്. ചില സംഭവങ്ങൾ മക്കീ സൂറത്തുകളിൽ മാത്രമേ വിവരിക്കപ്പെട്ടിട്ടുള്ളു താനും. സൂറത്തു യൂസുഫിലെ മറ്റൊരു കഥാ വിവരണത്തിൽനിന്നും സംഭവങ്ങൾ അധികവും മക്കീ സൂറത്തുകളിലാണു കൂടുതൽ വിവരിക്കപ്പെട്ടിട്ടുള്ളു താനും. ഖുർആൻ അല്ലാഹുവിങ്കൽ നിന്നുള്ളതാണെന്നുള്ളതിനു സൂറത്തുകളിൽ മാത്രമേ വിവരിക്കപ്പെട്ടിട്ടുള്ളു എന്നുള്ളതിനു തന്നെ ഈ യഥാർത്ഥ്യം വേണ്ടത്ര മനസ്സിലാക്കാവുന്നതാണ്. ഖുർആൻ അല്ലാഹുവിങ്കൽ നിന്നുള്ളതാണെന്നുള്ളതിനു ഒരു നിഷ്പക്ഷ ബുദ്ധിക്കു വേറെ തെളിവിന്റെ ആവശ്യമേ ഇല്ല. ഇതു സൂചിപ്പിച്ചുകൊണ്ടു അനന്തരം എഴുത്തും വായനയും അറിയാത്ത (الأمي) എന്ന അല്ലാഹു വിശേഷിപ്പിക്കുന്ന നബി (സ) യെ പലപ്പോഴും അക്ഷരജ്ഞാനമില്ലാത്ത ആൾ (أمي) എന്നു അല്ലാഹു വിശേഷിപ്പിക്കുന്നു.

ثُمَّ إِلَىٰ ٱللَّهِ ... അല്ലാഹു തുടരുന്നു:–

164. അവരിൽ നിന്നുള്ള ഒരു സമൂഹം (ആളുകൾ) പറഞ്ഞ സന്ദർഭവും (ഓർക്കുക): 'അല്ലാഹു നശിപ്പിക്കുകയോ, അല്ലെങ്കിൽ കഠിനമായ വല്ല ശിക്ഷയും ശിക്ഷിക്കുകയോ ചെയ്യുന്ന ഒരു ജനതക്ക് എന്തിനാണു നിങ്ങൾ സദുപദേശം നൽകുന്നത്?!'

١٦٤- وَإِذْ قَالَتْ أُمَّةٌ مِّنْهُمْ لِمَ تَعِظُونَ قَوْمًا ۙ اللَّهُ مُهْلِكُهُمْ أَوْ مُعَذِّبُهُمْ عَذَابًا شَدِيدًا ۖ

അവർ (മറുപടി) പറഞ്ഞു: 'നിങ്ങളുടെ റബ്ബിങ്കലേക്ക് ഒരു ഒഴികഴിവായിട്ടു (മാത്രം); അവർ [ആ ജനങ്ങൾ] സൂക്ഷിക്കുകയും ചെയ്യാമല്ലോ'.

قَالُوا مَعْذِرَةً إِلَىٰ رَبِّكُمْ وَلَعَلَّهُمْ يَتَّقُونَ ○

165. എന്നാൽ, അവരോടു ഉപദേശിക്കപ്പെട്ടതു അവർ (വക വെക്കാതെ) മറന്നുകളഞ്ഞപ്പോൾ, (ആ) ദുഷ്പ്രവർത്തിയെക്കുറിച്ചു വിരോധിച്ചിരുന്നവരെ നാം രക്ഷപ്പെടുത്തി; അക്രമം പ്രവർത്തിച്ചവരെ അവർ തോന്നിയവാസം പ്രവർത്തിച്ചിരുന്നതു നിമിത്തം ഗൗരവപ്പെട്ട ഒരു ശിക്ഷ മുഖേന നാം പിടിക്കുകയും ചെയ്തു.

١٦٥- فَلَمَّا نَسُوا مَا ذُكِّرُوا بِهِ أَنجَيْنَا الَّذِينَ يَنْهَوْنَ عَنِ السُّوءِ وَأَخَذْنَا الَّذِينَ ظَلَمُوا بِعَذَابٍ بَئِيسٍ بِمَا كَانُوا يَفْسُقُونَ ○

166. എന്നുവെച്ചാൽ, അവരോടു വിരോധിക്കപ്പെട്ടതിനെ (ലംഘിച്ച്) അവർ ധിക്കാരം പ്രവർത്തിച്ചപ്പോൾ, അവരോടു നാം പറഞ്ഞു: 'നിങ്ങൾ നിന്ദ്യന്മാരായ കുരങ്ങുകളായിക്കൊള്ളുവിൻ!'

١٦٦- فَلَمَّا عَتَوْا عَن مَّا نُهُوا عَنْهُ قُلْنَا لَهُمْ كُونُوا قِرَدَةً خَاسِئِينَ ○

---

164. وَإِذْ قَالَتْ പറഞ്ഞ സന്ദർഭവും أُمَّةٌ مِّنْهُمْ അവരിൽ നിന്നു ഒരു സമൂഹം لِمَ تَعِظُونَ നിങ്ങൾ എന്തിനു സദുപദേശം നൽകുന്നു قَوْمًا ഒരു ജനതക്കു, ജനങ്ങളോടു اللَّهُ അല്ലാഹു مُهْلِكُهُمْ അവരെ നശിപ്പിക്കുന്നവനാണു (നശിപ്പിച്ചേക്കും) أَوْ مُعَذِّبُهُمْ അല്ലെങ്കിൽ അവരെ ശിക്ഷിക്കുന്നവനാണു (ശിക്ഷിച്ചേക്കും) عَذَابًا ഒരു ശിക്ഷ, വല്ല ശിക്ഷയും شَدِيدًا കഠിനമായ قَالُوا അവർ പറഞ്ഞു مَعْذِرَةً ഒഴികഴിവിനായിട്ടു, ഒരൊഴികഴിവു إِلَىٰ رَبِّكُمْ നിങ്ങളുടെ റബ്ബിങ്കലേക്ക് وَلَعَلَّهُمْ അവരായേക്കുകയും ചെയ്യാമല്ലോ يَتَّقُونَ അവർ സൂക്ഷിക്കും **165.** فَلَمَّا نَسُوا എന്നാൽ അവർ വിസ്മരിച്ചപ്പോൾ مَا ذُكِّرُوا بِهِ അവരോടു യാതൊന്നുകൊണ്ടു ഉപദേശിക്കപ്പെട്ടുവോ അതു, അവർ ഓർമ്മിപ്പിക്കപ്പെട്ടതു أَنجَيْنَا നാം രക്ഷപ്പെടുത്തി الَّذِينَ يَنْهَوْنَ വിരോധിക്കുന്നവരെ عَنِ السُّوءِ തിന്മ (ദുഷ്പ്രവൃത്തി)യെപ്പറ്റി وَأَخَذْنَا നാം പിടിക്കുക(പിടികൂടുക)യും ചെയ്തു الَّذِينَ ظَلَمُوا അക്രമം ചെയ്തവരെ بِعَذَابٍ ഒരു ശിക്ഷകൊണ്ടു بَئِيسٍ ഗൗരവപ്പെട്ട, വിഷമകരമായ بِمَا كَانُوا അവർ ആയിരുന്നതു നിമിത്തം يَفْسُقُونَ അവർ തോന്നിയവാസം പ്രവർത്തിക്കും **166.** فَلَمَّا عَتَوْا അതായതു (അങ്ങിനെ എന്നാൽ) അവർ ധിക്കരിച്ച (അതിലംഘിച്ച)പ്പോൾ عَن مَّا نُهُوا عَنْهُ അവരോടു വിരോധിക്കപ്പെട്ടതിനെ قُلْنَا നാം പറഞ്ഞു لَهُمْ അവരോടു, അവരെക്കുറിച്ചു كُونُوا നിങ്ങൾ ആകുവിൻ, ആയിത്തീരുവിൻ قِرَدَةً കുരങ്ങുകൾ خَاسِئِينَ നിന്ദ്യന്മാരായ

أُمَّة (ഉമ്മത്ത്) എന്ന വാക്കിനാണു ഇവിടെയും 160-ാം വചനത്തിലും 'സമൂഹം' എന്നു നാം അർത്ഥം നൽകിയതു. 'സമുദായം' എന്നാണു സാധാരണ അതിനു നൽകപ്പെട്ടു വരാറുള്ള വിവർത്തനം. എങ്കിലും സന്ദർഭമനുസരിച്ച് 'കൂട്ടം, വിഭാഗം, സംഘം, സമൂഹം' എന്നിങ്ങിനെയുള്ള അർത്ഥങ്ങളിലും അതു ഉപയോഗിക്കപ്പെടാറുണ്ട്. മതം, സംസ്കാരം, സ്ഥലം, കാലം ആദിയായ ഏതെങ്കിലും ഒരു കാര്യത്തിൽ ഐക്യതയുള്ള ഏതു വിഭാഗത്തിനും — ഈ ഐക്യത സ്വയമേവ ഉണ്ടായതായാലും മറ്റൊരു ശക്തിക്കു വിധേയമായതു നിമിത്തം ഉണ്ടായിത്തീർന്നതായാലും

ശരി–'ഉമ്മത്തു്' (സമുദായം) എന്നു പറയാവുന്നതാണെന്നു ഇമാം റാഗിബ് (റ) അദ്ദേഹത്തിന്റെ നിഘണ്ടുവിൽ പ്രസ്താവിച്ചിരിക്കുന്നു. ഇബ്രാഹീം (അ) നബി അല്ലാഹുവിനോടു ഭക്തിയുള്ള ഒരു സമുദായമായിരുന്നു (إن إبراهيم كان أمة قانتا لله) എന്നും, മനുഷ്യർ ഒരു സമുദായമായിരുന്നു (كان الناس أمة واحدة) എന്നുമുള്ള ഖുർആൻ വാക്യങ്ങളും, ഖിയാമത്തുനാളിൽ സൃഷ്ടികൾ സമ്മേളിക്കുമ്പോൾ ചില നബിമാരുടെ സമുദായം (أمة) മൂന്നാളോ രണ്ടാളോ മാത്രമായിരിക്കും ഉണ്ടായിരിക്കുകയെന്ന ഒരു ഹദീസിൽ നബി(സ) പറഞ്ഞതും ഇതുകൊണ്ടാകുന്നു.

ആ നാട്ടുകാർ മൂന്നു വിഭാഗക്കാരായിരുന്നുവെന്നു ഈ വചനങ്ങളിൽനിന്നു മനസ്സിലാക്കാം. (1) നിയമം ലംഘിച്ചുകൊണ്ടു മത്സ്യം പിടിച്ചിരുന്നവർ. ഇതവരുടെ പതിവായിരുന്നുവെന്നാണു് അല്ലാഹുവിന്റെ വാക്കുകൾ കാണിക്കുന്നതു. (2) അവരുടെ ഈ ദുഷ്പ്രവൃത്തിയെക്കുറിച്ചു ആക്ഷേപിക്കുകയും, അവരെ അതിൽനിന്നു പിന്തിരിപ്പിക്കുവാൻവേണ്ടി ഉപദേശിക്കുകയും ചെയ്തുവന്നിരുന്ന ഗുണകാംക്ഷികൾ. (3) ആ പ്രവൃത്തിയെപ്പറ്റി മനസ്സുകൊണ്ടു വെറുക്കുകയും, അതോടുകൂടി അവരെ ഉപദേശിച്ചിട്ടു ഫലമില്ലെന്നും, അവർ അല്ലാഹുവിങ്കൽനിന്നുള്ള നാശത്തിലും ശിക്ഷക്കു വിധേയരായിത്തീരുക തന്നെ ചെയ്യുമെന്നും, കരുതി മൗനമവലംബിച്ചവർ. രണ്ടാമത്തെ വിഭാഗക്കാരായ ആ നല്ല മനുഷ്യർ ഒന്നാമത്തെ വിഭാഗക്കാരായ അക്രമികളെ ഉപദേശിച്ചതുകൊണ്ടു അവർക്കു മാനസാന്തരം വരുന്നില്ലെന്നു കണ്ടപ്പോഴാണു് മൂന്നാമത്തെ വിഭാഗക്കാർ അവരോടു ചോദിക്കുന്നതു: 'നിങ്ങളെന്തിനാണു ഇവരെ ഉപദേശിക്കുവാൻ മിനക്കെടുന്നതു? നിങ്ങളുടെ ഉപദേശം കൊണ്ടു അവർക്കു ഫലമൊന്നും കാണുന്നില്ലല്ലോ? അവരെ അല്ലാഹു നശിപ്പിക്കുകയോ, വല്ല കഠിന ശിക്ഷയും മുഖേന പാഠം പഠിപ്പിക്കുകയോ ചെയ്യാതിരിക്കയില്ല. വ്യർത്ഥം അവരെ ഉപദേശിച്ചിട്ടു എന്താണു കാര്യം?' എന്നൊക്കെ. അതിനു ആ നല്ല മനുഷ്യർ മറുപടി നൽകുന്നു: 'ഉപദേശം അവരിൽ ഫലം ചെയ്യുന്നില്ലെങ്കിലും സൽക്കാര്യംകൊണ്ടു ഉപദേശിക്കുകയെന്ന ഞങ്ങളുടെ കടമ ഞങ്ങൾ നിർവ്വഹിച്ചില്ലെന്ന കുറ്റത്തിൽനിന്നു ഞങ്ങൾക്കു ഒഴിവു കിട്ടുമല്ലോ. നിങ്ങൾ എന്തുകൊണ്ടു ഉപദേശിച്ചില്ലെന്നു ഞങ്ങളോടു അല്ലാഹു ചോദിക്കുവാൻ ഇടവരാതിരിക്കട്ടെ എന്നാണു ഞങ്ങളുടെ ഉദ്ദേശ്യം. ഒരു പക്ഷേ, ഉപദേശം കേട്ടു് അവർ പിൻമടങ്ങുവാനും സാധ്യതയുണ്ടല്ലോ.'

പക്ഷെ, അക്രമികൾ ഉപദേശം ചെവിക്കൊണ്ടതേയില്ല. വിശ്വാസ ദൗർബ്ബല്യത്തിൽ നിന്നും, സ്വാർത്ഥതാൽപര്യത്തിൽനിന്നും ഉത്ഭവിച്ച അവരുടെ സ്വഭാവം ധിക്കാര ശീലമായി മാറി. ധിക്കാരം മൂർഛിച്ചപ്പോൾ അല്ലാഹു അവരെ കഠിനമായ ശിക്ഷ–ചരിത്രത്തിൽ ഇണയില്ലാത്ത ഒരു ശിക്ഷ–ശിക്ഷിച്ചു. ആ ധിക്കാരത്തിൽനിന്നു അവരെ തടയുവാൻ ശ്രമിച്ചിരുന്ന ഉപദേഷ്ടാക്കളെ അല്ലാഹു ശിക്ഷയിൽ പെടാതെ രക്ഷിക്കുകയും ചെയ്തു. മേൽപറഞ്ഞ മൂന്നാമത്തെ വിഭാഗക്കാരെപ്പറ്റി അല്ലാഹു ഒന്നും പ്രസ്താവിച്ചിട്ടില്ല. അവരെ പ്രശംസിക്കുകയോ ആക്ഷേപിക്കുകയോ ചെയ്തിട്ടുമില്ല. അവരുടെ പക്കൽ കുറെ വീഴ്ച വന്നിട്ടുണ്ടെങ്കിലും–ചില മഹാന്മാരുടെ പ്രസ്താവനകളിൽ കാണപ്പെടുന്നതുപോലെ–അവർ ശിക്ഷക്കു വിധേയരായ അക്രമികളിൽ പെട്ടവരല്ലാത്ത സ്ഥിതിക്കു അല്ലാഹു അവരെയും രക്ഷപ്പെടുത്തിയിരിക്കുമെന്നാണു് കരുതേണ്ടതു്. അക്രമികൾക്കു നൽകിയ ശിക്ഷ നിന്ദ്യൻമാരായ കുരങ്ങുകളായിത്തീരുവിൻ (كونوا قردة خاسئين) എന്നു പറഞ്ഞതായിരുന്നു. അല്ലാഹു അവരോടു നിന്ദ്യൻമാരായ കുരങ്ങുകളായിത്തീരുവിൻ എന്നു പറഞ്ഞതോടെ അതു സംഭവിച്ചതു തന്നെ എന്നു പറയേണ്ടതില്ല. ഏതൊരു കാര്യവും ഉണ്ടാവണമെന്നു അല്ലാഹു പറഞ്ഞാൽ പിന്നെ അതു ഉണ്ടാകുക തന്നെ ചെയ്യും. (36; 82; 3; 59)
അവൻ പറഞ്ഞാൽ അതു ഉണ്ടാകുക തന്നെ ചെയ്യും.

അവർ യഥാർത്ഥ കുരങ്ങൻമാരായി മാറി എന്നാണു ഈ പറഞ്ഞ വാക്കിന്റെ അർത്ഥമെന്നു വ്യക്തമാണ്. 'കുരങ്ങുകളെപ്പോലെ ആയിത്തീരുവിൻ' എന്നോ, 'നിന്ദ്യൻമാരായി ജീവിച്ചുകൊള്ളുവിൻ' എന്നോ മറ്റോ വ്യാഖ്യാനം പറയുവാൻ നമുക്കു ന്യായമില്ല തന്നെ. ചിലർ പറഞ്ഞു കാണുന്നപോലെ 'അവരുടെ സ്വഭാവവും മനസ്സും കുരങ്ങുകളെപ്പോലെ ആയി' എന്നാണിതിന്റെ ഉദ്ദേശ്യം എന്നു പറയുവാൻ ധൈര്യം കാണിക്കുന്നതു ധിക്കാരവുമായിരിക്കും. അവരുടെ സ്വഭാവവും മനസ്സും കുരങ്ങുകളെപ്പോലെ ആയി എന്നാണെന്നു മുജാഹിദു (റ) പ്രസ്താവിച്ചതായി നിവേദനം ചെയ്യപ്പെട്ടതു ഒഴിച്ചാൽ, കാര്യപ്പെട്ട ഒരു ഖുർആൻ വ്യാഖ്യാതാവും അങ്ങിനെ പറഞ്ഞിട്ടില്ല. മുജാഹിദ് (റ) ന്റെ ഈ അഭിപ്രായം ശരിയല്ലെന്നു ഇബ്നുകഥീർ (റ) മുതലായവർ പ്രസ്താവിച്ചതു സൂറത്തുൽ ബഖറയിൽ നാം ഉദ്ധരിച്ചിട്ടുണ്ട്. ചിലതെല്ലാം മാതൃകയിലും ചൂണ്ടിക്കാട്ടിയിട്ടുണ്ട്. മുജാഹിദ് (റ) ന്റെ അഭിപ്രായം തങ്ങൾക്കൊരു ഊന്നുവടിയാക്കുവാൻ ചിലർ ശ്രമിക്കാറുള്ളതു ശരിയല്ലെന്നു പിന്നെ പ്രത്യേകം പറയേണ്ടതില്ലല്ലോ.

كونوا قردة (നിങ്ങൾ കുരങ്ങൻമാരാകുവിൻ) എന്നു പറഞ്ഞു മതിയാക്കാതെ خاسئين (നിന്ദ്യൻമാരായ) എന്നുകൂടി ഇവിടെയും, അൽബഖറയിലെ ആയത്തിലും അല്ലാഹു വിശേഷിപ്പിച്ചിരിക്കുന്നു. അതിനു മുമ്പ് ആ ശിക്ഷയെ عذاب بئيس (ഗൗരവപ്പെട്ട ശിക്ഷ) എന്നും ഇവിടെ വിശേഷിപ്പിച്ചു. അൽബഖറയിലാകട്ടെ, ആ ശിക്ഷയെ فجعلناها نكالا لما بين يديها... (അതിനെ അതിന്റെ മുന്നിലുള്ളവർക്കും പിന്നിലുള്ളവർക്കും ഒരു മാതൃകാപാഠമാക്കി

കൂ (ഖാസിഈൻ) ഭയഭക്തിയുള്ളവർക്കു ഒരു സദുപദേശവും ആക്കിയിരിക്കുന്നു) എന്നും പറഞ്ഞിരിക്കുന്നു. نكالا (മാതൃകാ ശിക്ഷ) എന്ന ഈ വാക്ക മൂന്നു സ്ഥലത്താണു അല്ലാഹു ഖുർആനിൽ ഉപയോഗിച്ചു കാണുന്നത്. ഒന്ന് 5:41ൽ മോഷ്ടാവിന്റെ കൈമുറിക്കലിനെക്കുറിച്ചും, മറ്റൊന്ന് 79:25ൽ ഫിർഔനെയും കൂട്ടരെയും മുക്കി നശിപ്പിച്ചതിനെക്കുറിച്ചും, മൂന്നാമത്തേതു ഇതേ സംഭവത്തെക്കുറിച്ചു 2:66ലുമാകുന്നു. അതതു ശിക്ഷകളുടെ ഗൗരവത്തെയും പ്രാധാന്യമാണതു കാണിക്കുന്നത്. ഇതെല്ലാം കണക്കിലെടുത്തുകൊണ്ടും, പൗരാണിക സമുദായങ്ങളിലും ഈ സമുദായത്തിലുമുള്ള നടപടി ക്രമങ്ങളിൽ അന്തർഭവിച്ചിട്ടുള്ള വ്യത്യാസ രഹസ്യങ്ങളെപ്പറ്റി ചിന്തിച്ചുകൊണ്ടുമാണിവിടെ ഈ സംഭവത്തെ വിലയിരുത്തുന്നത്. അല്ലാത്തപക്ഷം, അല്ലാഹുവിന്റെയും, റസൂലിന്റെയും പ്രസ്താവനകളിൽ ചിലതൊക്കെ ദഹിക്കാത്തവയായി തോന്നിയേക്കുക സ്വാഭാവികമായിരിക്കും.

١٦٧- وَإِذْ تَأَذَّنَ رَبُّكَ لَيَبْعَثَنَّ عَلَيْهِمْ إِلَىٰ يَوْمِ الْقِيَامَةِ مَن يَسُومُهُمْ سُوءَ الْعَذَابِ ۗ

167. (നബിയേ,) നിന്റെ രക്ഷിതാവ് പ്രഖ്യാപനം ചെയ്ത (അഥവാ അറിയിപ്പു നൽകിയ) സന്ദർഭവും (ഓർക്കുക): അവരുടെ [യഹൂദികളുടെ] മേൽ ഖിയാമത്തുനാൾ വരെ അവർക്കു കടുത്തശിക്ഷ [മർദ്ദനം] അനുഭവിപ്പിക്കുന്നവരെ താൻ നിയോഗിക്കുക തന്നെ ചെയ്യുമെന്ന.

إِنَّ رَبَّكَ لَسَرِيعُ الْعِقَابِ ۖ وَإِنَّهُ لَغَفُورٌ رَّحِيمٌ ○

നിശ്ചയമായും നിന്റെ റബ്ബ്, വേഗം ശിക്ഷാനടപടി എടുക്കുന്നവൻ തന്നെ; നിശ്ചയമായും അവൻ, വളരെ പൊറുക്കുന്നവനും, കരുണാനിധിയും തന്നെ.

١٦٨- وَقَطَّعْنَاهُمْ فِي الْأَرْضِ أُمَمًا ۖ مِّنْهُمُ الصَّالِحُونَ وَمِنْهُمْ دُونَ ذَٰلِكَ ۖ

168. അവരെ ഭൂമിയിൽ നാം പല സമൂഹങ്ങളായി കഷ്ണിക്കുകയും ചെയ്തിരിക്കുന്നു. അവരിൽ സദ്വൃത്തന്മാരുണ്ടു; അവരിൽ അതല്ലാത്ത (അഥവാ അതിനു താഴെയുള്ള)വരും ഉണ്ടു.

وَبَلَوْنَاهُم بِالْحَسَنَاتِ وَالسَّيِّئَاتِ لَعَلَّهُمْ يَرْجِعُونَ ○

നൻമകൾകൊണ്ടും, തിൻമകൾകൊണ്ടും അവരെ നാം പരീക്ഷിക്കുകയും ചെയ്തിരിക്കുന്നു; അവർ മടങ്ങുവാൻവേണ്ടി.

---

167. وإذ تأذن അറിയിപ്പു (പ്രഖ്യാപനം) നൽകിയ സന്ദർഭവും ربك നിന്റെ റബ്ബു ليبعثن നിശ്ചയമായും താൻ അയക്കും, നിയോഗിക്കുക തന്നെ ചെയ്യും عليهم അവരുടെ മേൽ إلى يوم القيامة ഖിയാമത്തു നാൾവരെ من يسومهم അവരെ അനുഭവിപ്പിക്കുന്നവരെ سوء العذاب ദോഷകരമായ (കടുത്ത) ശിക്ഷ إن ربك നിശ്ചയമായും നിന്റെ റബ്ബു لسريع വേഗതയുള്ള (വേഗം ചെയ്യുന്ന)വൻ തന്നെ العقاب ശിക്ഷാനടപടി وإنه നിശ്ചയമായും അവൻ لغفور വളരെ പൊറുക്കുന്നവനും തന്നെ رحيم കരുണാനിധി(യും) 168. وقطعناهم അവരെ നാം പിരിക്കുക (കഷ്ണിക്കുക–ഭാഗിക്കുക)യും ചെയ്തു في الأرض ഭൂമിയിൽ أمما പല സമൂഹങ്ങളായി منهم അവരിലുണ്ടു, അവരിൽ പെട്ടതാണു الصالحون നല്ലവർ, സദ്വൃത്തർ ومنهم അവരിലുണ്ടു دون ذلك അതല്ലാത്ത അതിനു താഴെയുള്ള—(വരും) وبلوناهم അവരെ നാം പരീക്ഷിക്കുകയും ചെയ്തു بالحسنات നൻമകൾകൊണ്ടു والسيئات തിൻമകൾകൊണ്ടും لعلهم അവരായേക്കാം, ആകുവാൻ വേണ്ടി يرجعون അവർ മടങ്ങും

ഇസ്രാഈല്യരുടെ അനുസരണക്കേടും, ധിക്കാരശീലവും പ്രസിദ്ധമാകുന്നു. മൂസാ (അ) നബിയെ അവർ ബുദ്ധിമുട്ടിച്ച സന്ദർഭങ്ങൾ അല്ലാഹു പലേടത്തും വിവരിച്ചിട്ടുള്ളതാണ്. ബൈബ്ൾ നോക്കിയാലും ഇതിനു ധാരാളം ഉദാഹരണങ്ങൾ കാണാം. ചുരുക്കിപ്പറഞ്ഞാൽ വളരെ കാലമായി ശാപകോപങ്ങളുടെ പാരമ്പര്യം പേറിപ്പോന്ന ഒരു സമുദായമത്രെ ഇസ്രാഈല്യർ, അഥവാ യഹൂദികൾ. ഈ ശാപഫലം പരലോകത്തുവെച്ചു മാത്രമല്ല, ഇഹലോകത്തുവെച്ചും അവർ അനുഭവിച്ചുകൊണ്ടിരിക്കുമെന്നു ഒന്നിലധികം സ്ഥലത്തു അല്ലാഹു വ്യക്തമാക്കിയിട്ടുണ്ട്. അതിനു പുറമെ ഖിയാമത്തുനാൾ വരെയും മറ്റോ കൂട്ടരിൽ നിന്നായി ആ സമുദായം മർദ്ദനങ്ങൾ അനു

വിച്ചുകൊണ്ടിരിക്കുമെന്നുള്ള ഒരു അറിയിപ്പും അവർക്കു നൽകിയിട്ടുണ്ടെന്നാണു ഇവിടെ അല്ലാഹു ചൂണ്ടിക്കാട്ടുന്നത്. ഈ അറിയിപ്പു ഇപ്പോൾ പുതുതായി അറിയിക്കുന്നതല്ല–മുമ്പുതന്നെ കഴിഞ്ഞുപോയിട്ടുള്ളതാണ്–എന്നത്രെ تَأَذَّنَ (അറിയിപ്പു നൽകിയ സന്ദർഭം ഓർക്കുക) എന്ന വാക്കിൽ നിന്നു മനസ്സിലാകുന്നത്. അവരുടെ ഇന്നു വരെയുള്ള ചരിത്രം അതിനു സാക്ഷ്യം വഹിക്കുന്നുമുണ്ട്.

5: 22ൽ കണ്ടതുപോലെ, വളരെയധികം പ്രവാചകൻമാരുടെയും, രാജാക്കളുടെയും പാരമ്പര്യം സിദ്ധിച്ച ഒരു സമുദായമാണ് യഹൂദികൾ. എന്നിട്ടും സ്വതന്ത്രമായ ഒരു നിലനിൽപ്പു ആ സമുദായത്തിനുണ്ടായിട്ടില്ല. ഇത്രയധികം അന്യാധീനപ്പെട്ടും, അടിമപ്പെട്ടും, മർദ്ദനം സഹിച്ചും കൊണ്ടിരിക്കേണ്ടുന്ന ഗതികേടും മറ്റു സമുദായങ്ങളുടെ ചരിത്രത്തിൽ ഉണ്ടായിട്ടില്ല. ആദ്യകാലങ്ങളിൽ വിഗ്രഹാരാധകരുടെയും, പിന്നീടു ക്രിസ്ത്യാനികളുടെയും, അനന്തരം മുസ്ലിംകളുടെയും ഭരണത്തിൻ കീഴിൽ അവർ നിന്ദ്യരായി കഴിയേണ്ടിവന്നു. ഖുർആൻ അവതരിക്കുന്ന കാലത്തു അവർ അറേബ്യയിൽ പലേടങ്ങളിലായി കുടിയേറിപ്പാർത്തു വരുകയായിരുന്നു. അധികം താമസിയാതെ പല സ്ഥലങ്ങളിൽ നിന്നും ഓരോ കാരണത്താൽ പിന്നീടു അവർ കുടിയൊഴിച്ചു പോകുവാൻ നിർബ്ബന്ധിതരായി. ചില യൂറോപ്യൻ രാഷ്ട്രങ്ങളിൽ വെച്ചു കൂട്ടക്കൊലക്കും ബഹിഷ്കരണത്തിനും വിധേയരായി. അങ്ങനെ, وَقَطَّعْنَاهُمْ فِي الْأَرْضِ أُمَمًا (ഭൂമിയിൽ നാം അവരെ പല സമൂഹങ്ങളായി കഷ്ണിച്ചു) എന്നു അല്ലാഹു പറഞ്ഞതുപോലെ, ഭൂമിയുടെ നാനാഭാഗങ്ങളിലുമായി അവർ ചിന്നിച്ചിതറി. അവസാനം ആയിരക്കണക്കിനു കൊല്ലത്തെ ശേഷം–ക്രിസ്താബ്ദം 1948ൽ–ഫലസ്തീന്റെ ഏതാനും ഭാഗം കയ്യേറിക്കൊണ്ടു ഒരു ഇസ്രാഈൽ രാഷ്ട്രം സ്ഥാപിക്കപ്പെടുകയും, തങ്ങൾക്കൊരു സങ്കേതം അവർ കണ്ടെത്തുകയും ചെയ്തതു ശരിയാണ്. പക്ഷെ, അതു യഹൂദികളുടെ സ്വന്തം പ്രതാപം കൊണ്ടോ നൻമകൊണ്ടോ അല്ല. അവരെക്കൊണ്ടു പൊറുതിമുട്ടിയ ചില വൻകിട ലോകരാഷ്ട്രങ്ങളുടെ ഇടപെടൽ കൊണ്ടും പരിശ്രമം കൊണ്ടും മാത്രം സ്ഥാപിതമായതും, നിലനിന്നു പോരുന്നതുമാകുന്നു. (*) ആ വൻശക്തികളുടെ താങ്ങും തണലും എപ്പോൾ ഇല്ലാതാകുന്നുവോ, അതോടെ അതിന്റെ നില മദ്ധ്യപൗരസ്ത്യയിലെ സമാധാനത്തിനു എക്കാലത്തും ഒരു ഭീഷണിയായിക്കൊണ്ടും, ലോക രാഷ്ട്ര സംഘടനക്കു എന്നും ഒരു തീരാപ്രശ്നമായിക്കൊണ്ടുമാണു ഇസ്രാഈൽ രാഷ്ട്രം അതിന്റെ സ്ഥാപനംതൊട്ട് ഇന്നോളം സ്ഥിതി ചെയ്യുന്നതെന്നും, ചില വൻശക്തികളാണിതിന്റെ പിന്നിലുള്ളതെന്നും എല്ലാവർക്കും അറിയാം.

(*) കൃഷ്ണചൈതന്യ എഴുതിയതും, കോട്ടയം നാഷണൽ ബുക്ക്സ്റ്റാൾ ക്രി. 1963ൽ പ്രസിദ്ധീകരിച്ചതുമായ 'യഹൂദ സാഹിത്യ ചരിത്രം' എന്ന ഗ്രന്ഥത്തിലെ ഏതാനും വരികൾ ഇവിടെ ഉദ്ധരിക്കുന്നതു സന്ദർഭോചിതമായി തോന്നുന്നു. ക്രിസ്താബ്ദം നാലാം നൂറ്റാണ്ടുവരെ യഹൂദികൾ അനുഭവിച്ച മർദ്ദനങ്ങളും, കഷ്ടപ്പാടുകളും, അവരുടെ ദേശാടനങ്ങളും സവിസ്തരം വിവരിച്ചശേഷം ഗ്രന്ഥകർത്താവു പറയുന്നു: 'ഇവരുടെ ഈ ദേശാടനം പരിതാപകരമായ ഒരു കഥയാണ്. ലോകം മുഴുവൻ അവരെ കഷ്ടത്തിലാക്കുവാൻ ഗൂഢാലോചന ചെയ്തപോലെ തോന്നും. നാലാം നൂറ്റാണ്ടിൽ റോമൻ ചക്രവർത്തിയായ കോൺസ്റ്റാൻറിയാസ് ജൂതമത പുരോഹിതരെ സംഭ്രമിപ്പിക്കുന്ന വിധത്തിലെന്നും പ്രഖ്യാപിച്ചു. ഒരു ജൂതൻ ഒരു ക്രൈസ്തവ സ്ത്രീയെ വിവാഹം ചെയ്താൽ മരണശിക്ഷക്കു വിധേയനായിത്തീർന്നു. മദ്ധ്യകാലങ്ങളിൽ യൂറോപ്യൻ രാജ്യങ്ങളൊത്തു ചേർന്നു സാരസൻമാരിൽ നിന്നു പുണ്യസ്ഥലമായ ഫലസ്തീൻ വീണ്ടെടുക്കുവാൻ സേനകളെ അയച്ചപ്പോൾ, രാജാക്കൻമാർ കുരിശു യുദ്ധത്തിനുള്ള ചിലവിനുവേണ്ടി ജൂതൻമാരെ ഊററി വാർത്തു; പട്ടാളങ്ങൾ വഴിനീളെ ജൂതൻമാരെ പിടിച്ചു പറിച്ചു. ചക്രവർത്തി ഭരണകാലത്തെ റഷ്യയിലും, ജൂതൻമാർ ക്രൈസ്തവരായ കുട്ടികളെ മതാരാധനകളിൽ ബലികഴിച്ചിരുന്നുവെന്ന അസംബന്ധമായ കെട്ടുകഥകൾ വിശ്വസിച്ച് മാരോ രാജ്യത്തും, പ്രത്യേകിച്ചു പോളണ്ടിലും, ക്രുദ്ധരായ ജനക്കൂട്ടം പലപ്പോഴും അവരെ കൂട്ടക്കൊല ചെയ്തു. ഈ തുടർന്ന ഉപദ്രവം പത്തൊമ്പതാം നൂറ്റാണ്ടിൽ ജൂതൻമാരുടെ ഇടയിൽ രണ്ടു വിപരീതാഭിപ്രായങ്ങൾ ഉണ്ടാക്കി. ഒരു വിഭാഗം തങ്ങളുടെ പ്രത്യേക സംസ്കാരം കൈവിട്ട് തങ്ങൾ വന്ന നാട്ടിലെ ആചാരങ്ങൾ അതേപടി സ്വീകരിച്ച് ജീവിച്ചെങ്കിൽ മാത്രമേ രക്ഷയുള്ളുവെന്നു വിശ്വസിച്ചു. മറേറ പ്രസ്ഥാനം സയോണിസം ആയിരുന്നു.' (ഗ്രന്ഥകർത്താവ് തുടരുന്നു:) 'സയോൺ എന്നതു ജറൂശലത്തിൽ പുരാണിക ക്ഷേത്രവും, ഡേവിഡിന്റെ കൊട്ടാരവും സ്ഥിതിചെയ്യുന്ന കുന്നിന്റെ പേരാണ്. ഈ പ്രസ്ഥാനത്തിന്റെ ലക്ഷ്യം ഒരു ജൂതരാഷ്ട്രം ഉണ്ടാക്കുകയെന്നതായിരുന്നു. ഒന്നാം ലോക മഹായുദ്ധ കാലത്തു ജൂതൻമാരുടെ സഹകരണം നേടിയിരുന്നു. സഖ്യ ശക്തികൾ ഈ അഭിലാഷം സാധിക്കാൻ സഹായിക്കാമെന്ന് വാഗ്ദാനം ചെയ്ത് 1917ലെ ബാൽഫർ പ്രഖ്യാപനത്തിൽ ഈ കരാറുൾപ്പെട്ടിരുന്നു. അതനുസരിച്ചു ജൂതൻമാർ ഫലസ്തീനിലേക്കു മാറിത്താമസിക്കുവാൻ തുടങ്ങുകയും ചെയ്തു. ഹിബ്രു സർവ്വകലാശാല സ്ഥാപിച്ചതു 1925ലാണ്. ജർമൻ നിവാസികൾ നടത്തിയ നിഷ്ഠൂര കൂട്ടക്കൊല ജൂതൻമാരുടെ സയോണിസ്റ്റ് പ്രസ്ഥാനത്തെ കൂടുതൽ ശക്തമാക്കിത്തീർത്തു. അങ്ങനെ, 1948ൽ ഇസ്രായേൽ രാഷ്ട്രം സ്ഥാപിക്കപ്പെടുകയും ചെയ്തു. ഇസ്രായേലും ചുററുമുള്ള അറബി രാഷ്ട്രങ്ങളുമായി ഇപ്പോൾ അസുഖകരമായ വടംവലികളുണ്ട്. യുദ്ധം കഴിഞ്ഞയുടൻ ഈ ജനതയുടെ ശോകജനകമായ കഥയറിയുന്നവരാരും, ഇസ്രായേലും അയൽരാജ്യങ്ങളുമായി കഴിയുന്ന വേഗം ശാന്തിയും സമാധാനവും സ്ഥാപിക്കണമെന്നു പ്രാർത്ഥിക്കാതിരിക്കയില്ല.' (പേ: 22, 23.)

നിൽപും അസാദ്ധ്യമായിത്തീരും. ഇത്രയധികം ശത്രുക്കളാൽ പൊതിയപ്പെട്ടും, അന്യനിന്ദ്യരും ചുറ്റുപുറവും നിന്നും ശത്രുക്കളെ ഭയപ്പെട്ടുകൊണ്ടിരിക്കുന്നതുമായ ഒരു രാഷ്ട്രം ലോകത്തില്ല.

യഹൂദ സമുദായത്തെ ഇത്രയൊക്കെ ആക്ഷേപിക്കുകയും ശപിച്ചു പറയുകയും ചെയ്യുന്നതിനിടക്കുതന്നെ അല്ലാഹു പറയുന്നതു നോക്കുക: مِنْهُمُ الصَّالِحُونَ وَمِنْهُمْ دُونَ ذَٰلِكَ (അവരിൽ നല്ല സദ്‌വൃത്തരുണ്ടു; അവരിൽ അതല്ലാത്ത–അഥവാ അതിന്റെ താഴെ പടിയിലുള്ള–വരും ഉണ്ട്) യഹൂദികളെക്കുറിച്ചു മൊത്തത്തിൽ ഇങ്ങിനെയൊക്കെയാണു പറയുവാനുള്ളതെങ്കിലും ആ സമുദായത്തിൽ തന്നെ വളരെ നല്ലവരായ ചില വ്യക്തികളും, പൂർണ്ണമല്ലെങ്കിലും കുറെയൊക്കെ നല്ലവരായ വ്യക്തികളും, ഉണ്ടെന്നു സാരം. ഖുർആന്റെ നിഷ്പക്ഷതയും, സത്യസന്ധതയും ഇതു കാണിക്കുന്നതെന്നു പറയേണ്ടതില്ല. അതതു കാലങ്ങളിൽ വന്ന പ്രവാചകൻമാരിൽ വിശ്വസിക്കുകയും, അവരുടെ പ്രബോധനങ്ങളെ പിൻതുടരുകയും ചെയ്തിരുന്നവരും, ശബ്ബത്തുനാളിൽ മൽസ്യം പിടിച്ചുകൊണ്ടിരുന്നവരെ ഉപദേശിച്ചു വന്നിരുന്നവരും, നബി (സ) തിരുമേനി വന്നതിനുശേഷം തിരുമേനിയിലും അവിടുത്തെ പ്രബോധനങ്ങളിലും വിശ്വസിക്കുവാൻ മുമ്പോട്ടു വന്നവരുമെല്ലാം ഈ നല്ലവരിൽ ഉൾപ്പെടുന്നു.

١٦٩- فَخَلَفَ مِنْ بَعْدِهِمْ خَلْفٌ وَرِثُوا الْكِتٰبَ يَأْخُذُونَ عَرَضَ هٰذَا الْأَدْنٰى وَيَقُولُونَ سَيُغْفَرُ لَنَا ۚ وَإِنْ يَأْتِهِمْ عَرَضٌ مِّثْلُهُ يَأْخُذُوهُ ۚ أَلَمْ يُؤْخَذْ عَلَيْهِمْ مِّيثٰقُ الْكِتٰبِ أَنْ لَّا يَقُولُوا عَلَى اللّٰهِ إِلَّا الْحَقَّ وَدَرَسُوا مَا فِيهِ ۗ وَالدَّارُ الْآخِرَةُ خَيْرٌ لِّلَّذِينَ يَتَّقُونَ ۗ أَفَلَا تَعْقِلُونَ ○

169. അനന്തരം, വേദഗ്രന്ഥത്തെ പാരമ്പര്യമെടുത്തിട്ടുള്ള ഒരു (തരം) പിൻഗാമികൾ അവർക്കുശേഷം (രംഗത്തു) വന്നു. അവർ ഈ അധമമായ (ലോക) വിഭവത്തെ സ്വീകരിച്ചു വരുന്നു; 'ഞങ്ങൾക്കു വഴിയെ പൊറുക്കപ്പെടും' എന്നു അവർ പറയുകയും ചെയ്യുന്നു.

അവർക്കു അതുപോലെയുള്ള (വേറെ) വല്ല വിഭവവും വന്നു കിട്ടിയാൽ അവർ അതും സ്വീകരിക്കുന്നതാണ്.

അവരോടു (വേദ) ഗ്രന്ഥത്തിന്റെ [വേദഗ്രന്ഥം മുഖേന] ഉറപ്പു മേടിക്കപ്പെട്ടിട്ടില്ലേ? അവർ അല്ലാഹുവിന്റെ പേരിൽ യഥാർത്ഥമല്ലാതെ പറയുകയില്ലെന്ന്! അതിലുള്ളതു അവർ പഠിക്കുകയും (ചെയ്തിട്ടില്ലേ)?!

പരലോക ഭവനമാകട്ടെ, സൂക്ഷ്മതപാലിക്കുന്നവർക്കു ഉത്തമവുമാകുന്നു. അപ്പോൾ, നിങ്ങൾ ബുദ്ധി കൊടു(ത്ത് ആലോചി)ക്കുന്നില്ലേ?!

---

169. فخلف എന്നിട്ടു (അനന്തരം) പിന്നിൽ വന്നു, പിന്നാലെയുണ്ടായി من بعدهم അവരുടെ ശേഷം خلف ഒരു പിൻതലമുറ, പിൻഗാമികൾ ورثوا അവർ അവകാശമെടുത്തു, പാരമ്പര്യമെടുത്തു الكتاب വേദഗ്രന്ഥത്തെ يأخذون അവർ എടുക്കു(സ്വീകരിക്കു)ന്നു عرض വിഭവത്തെ, സാധനം (ചരക്കു)കളെ (കാര്യലാഭം) هذا الأدنى ഈ താണതിന്റെ, അധമമായതിന്റെ ويقولون അവർ പറയുകയും ചെയ്യും سيغفر لنا നമുക്ക (വഴിയെ) പൊറുത്തുതരപ്പെടും وإن يأتهم അവർക്കു വരുന്ന (കിട്ടുന്ന) പക്ഷം عرض വല്ല വിഭവവും مثله അതുപോലുള്ള يأخذوه അവർ അതെടുക്കും ألم يؤخذ എടുക്ക (വാങ്ങ-മേടിക്ക)പ്പെട്ടിട്ടില്ലേ عليهم അവരോടു ميثاق ഉറപ്പു, കരാർ الكتاب (വേദ) ഗ്രന്ഥത്തിന്റെ ان لا يقولوا അവർ പറയുകയില്ല (പറയരുതു) എന്നു على الله അല്ലാഹുവിന്റെ പേരിൽ إلا الحق യഥാർത്ഥമല്ലാതെ ودرسوا അവർ പഠിക്കുകയും (ചെയ്തിട്ടില്ലേ), പഠിക്കുകയും ചെയ്തിരിക്കുന്നു ما فيه അതിലുള്ളതു والدار الآخرة പരലോകഭവനം, അവസാന വീടു خير ഉത്തമമാണു للذين يتقون സൂക്ഷ്മത പാലിക്കുന്നവർക്ക് أفلا تعقلون അപ്പോൾ നിങ്ങൾ ബുദ്ധികൊടുക്കുന്നില്ലേ, ചിന്തിക്കുന്നില്ലേ

170 (വേദ) ഗ്രന്ഥത്തെ (കൈവിടാതെ പിടിച്ചു നിൽക്കുകയും നമസ്കാരം നിലനിറുത്തുകയും ചെയ്യുന്നവരാകട്ടെ, നിശ്ചയമായും, (ആ) നല്ലതു പ്രവർത്തിക്കുന്നവരുടെ പ്രതിഫലം നാം പാഴാക്കിക്കളയുകയില്ല

١٧٠- وَالَّذِينَ يُمَسِّكُونَ بِالْكِتَٰبِ وَأَقَامُوا الصَّلَوٰةَ إِنَّا لَا نُضِيعُ أَجْرَ الْمُصْلِحِينَ ○

---

170. والذين يمسكون പിടിച്ചു നിൽക്കുന്നവർ بالكتاب ഗ്രന്ഥത്തെ واقاموا الصلوة നമസ്കാരം നിലനിറുത്തുകയും ചെയ്തു انا നിശ്ചയമായും നാം لا نضيع നാം പാഴാക്കുക (വൃഥാവിലാക്കുക)യില്ല اجر പ്രതിഫലം, കൂലി المصلحين നല്ലതു പ്രവർത്തി (നന്നാ)ക്കുന്നവരുടെ

خلف (ഖൽഫ്) خلف (ഖലഫ്) എന്നീ രണ്ടു വാക്കുകൾക്കും 'പിൻഗാമികൾ, പിൻതലമുറ, പിൻതുടർച്ചക്കാർ' എന്നൊക്കെയാണു വാക്കർത്ഥം. പക്ഷേ, ആദ്യത്തേതു ദുഷിച്ച പിൻഗാമികളിലും, രണ്ടാമത്തേതു നല്ല പിൻഗാമികളിലും ഉപയോഗിക്കപ്പെട്ടു വരുന്നു. ഈ അധമ ലോകത്തിന്റെ വിഭവം (عرض هذا الأدنى) എന്നു പറഞ്ഞതു ഐഹികമായ കാര്യ ലാഭങ്ങളും നേട്ടങ്ങളുമാകുന്നു.

കഴിഞ്ഞ വചനത്തിൽ പറഞ്ഞതുപോലെ, ഇസ്രാഈല്യരിൽ ചുരുക്കം ചില നല്ല ആളുകളും അധികം ദോഷവൃത്തരും ഉണ്ടായിരുന്നു. പിന്നീടു അവരിൽനിന്നു ഒരു പിൻതലമുറ രംഗത്തു വന്നു. അവർ തങ്ങളുടെ വേദഗ്രന്ഥത്തിന്റെ—തൗറാത്തിന്റെ— പാരമ്പര്യം കൈവിട്ടിട്ടില്ല. അതിന്റെ അനുയായികളായിത്തന്നെ അഭിമാനം കൊള്ളുന്നു. പക്ഷേ, അതിന്റെ അദ്ധ്യാപനങ്ങളും ശിക്ഷണങ്ങളും കൈവെടിയുകയും, ഐഹികമായ കാര്യലാഭങ്ങൾക്കു പ്രാധാന്യം നൽകുകയും ചെയ്തിരിക്കുകയാണു. എന്തു തോന്നിയവാസം പ്രവർത്തിച്ചാലും തങ്ങൾക്കു അതൊക്കെ അല്ലാഹു പൊറുത്തു തരുമെന്നാണു അവരുടെ ജൽപനം. അഥവാ മോക്ഷം തങ്ങളുടെ കുത്തകയാണെന്നു അവർ കരുതുന്നു. ഒരിക്കൽ ഒരു കാര്യലാഭത്തിനുവേണ്ടി സത്യത്തെ ധിക്കരിച്ചശേഷം, മറ്റൊരു കാര്യലാഭം കണ്ടാൽ അതിനുവേണ്ടിയും സത്യത്തെ ധിക്കരിക്കുക അവരുടെ പതിവാകുന്നു. അല്ലാഹുവിന്റെ കൽപനകൾക്കും, നിയമനിർദ്ദേശങ്ങൾക്കും എതിരായി ഒന്നും സ്വീകരിക്കുവാനോ, കെട്ടിക്കൂട്ടിയുണ്ടാക്കുവാനോ പാടില്ലെന്നുള്ളതു വേദഗ്രന്ഥത്തിന്റെ വിട്ടുവീഴ്ചയില്ലാത്ത ഒരു ശാസനയാണ്. അതു പാലിക്കുവാൻ പ്രതിജ്ഞാബദ്ധരുമാണവർ. വേണ്ടതെല്ലാം അവർ വേദഗ്രന്ഥത്തിൽ നിന്നു പഠിച്ചറിഞ്ഞിട്ടുമുണ്ടു. എന്നിട്ടും ഇതാണവരുടെ അവസ്ഥ. ക്ഷണികമായ ഈ ലൗകിക കാര്യലാഭങ്ങളെക്കാൾ എത്രയോ ഉത്തമം പരലോകത്തെ അനശ്വരമായ നേട്ടങ്ങളാണു. ഇതവർ ബുദ്ധികൊടുത്തു ചിന്തിക്കാത്തതു അത്ഭുതംതന്നെ. വേദഗ്രന്ഥത്തിന്റെ പാരമ്പര്യവാദം ശരിയാണെങ്കിൽ ഈ ദുരവസ്ഥ ഒരിക്കലും അവരിൽ ഉണ്ടാവാൻ പാടില്ല. വേദഗ്രന്ഥം മുറുകെ പിടിക്കുന്നവർ അതിന്റെ ശാസനങ്ങൾ അനുസരിക്കുക തന്നെ ചെയ്യും. അതിന്റെ പുണ്യഫലം അവർക്കു ലഭിക്കാതിരിക്കുകയുമില്ല എന്നൊക്കെയാണു ഈ വചനങ്ങളുടെ സാരം.

വേദഗ്രന്ഥത്തിന്റെ അദ്ധ്യാപനവും, തദടിസ്ഥാനത്തിലുള്ള പ്രതിജ്ഞയും നില നിറുത്തിപ്പോന്ന ചുരുക്കം ആളുകളിൽ പെട്ടവരത്രെ അബ്ദുല്ലാഹിബ്നു സലാം (റ) പോലെ യഹൂദികളിൽനിന്നും സത്യവിശ്വാസം സ്വീകരിച്ചവർ.

171. അവരുടെ മീതെ നാം ഒരു തണൽ (അഥവാ കുട) എന്ന പോലെ മലയെ പുഴക്കി (ഉയർത്തി)യ സന്ദർഭവും (ഓർക്കുക); അതു അവരിൽ വീണുപോകുന്നതാണെന്നു അവർ ധരിക്കുകയും ചെയ്തു.

١٧١- وَإِذْ نَتَقْنَا الْجَبَلَ فَوْقَهُمْ كَأَنَّهُۥ ظُلَّةٌ وَظَنُّوٓا أَنَّهُۥ وَاقِعٌۢ بِهِمْ

'നിങ്ങൾക്കു നാം നൽകിയതു നിങ്ങൾ ബലത്തോടെ എടുത്തു (സ്വീകരിച്ചു) കൊള്ളുവിൻ; അതിലുള്ളതു നിങ്ങൾ ഓർമ്മിക്കുകയും ചെയ്യുവിൻ; നിങ്ങൾ സൂക്ഷ്മത പാലിച്ചേക്കാം' (എന്നു നാം പറയുകയും ചെയ്തു).

خُذُوا مَا آتَيْنَاكُم بِقُوَّةٍ وَاذْكُرُوا مَا فِيهِ لَعَلَّكُمْ تَتَّقُونَ ۝

---

171 وَإِذْ نَتَقْنَا നാം പറിച്ചെടുത്ത (പുഴക്കിയെടുത്ത) സന്ദർഭം الْجَبَلَ മലയെ, പർവ്വതത്തെ فَوْقَهُمْ അവരുടെ മീതെ كَأَنَّهُ അതായെന്നപോലെ ظُلَّةٌ ഒരു തണൽ (മേലാപ്പ്), കുട وَظَنُّوا അവർ ധരിക്കുക)യും ചെയ്തു أَنَّهُ وَاقِعٌ അതു വീഴുന്നതാണെന്ന بِهِمْ അവരിൽ خُذُوا എടുത്തു (സ്വീകരിച്ചു) കൊള്ളുവിൻ مَا آتَيْنَاكُم നിങ്ങൾക്കു നാം നൽകിയതു بِقُوَّةٍ ശക്തിയോടെ, ബലത്തിൽ وَاذْكُرُوا ഓർക്കുകയും ചെയ്യുവിൻ مَا فِيهِ അതിലുള്ളതു لَعَلَّكُمْ നിങ്ങളായേക്കാം تَتَّقُونَ നിങ്ങൾ സൂക്ഷ്മത പാലിക്കും

യഹൂദികൾ തൗറാത്തിന്റെ അനുയായികളാണെന്നു വാദിക്കുകയും, അതോടുകൂടി അതിന്റെ അദ്ധ്യാപനങ്ങളെ ഐഹികമായ സ്വാർത്ഥലാഭങ്ങൾക്കുവേണ്ടി ബലികഴിക്കുകയും ചെയ്യുന്നുവെന്നു കഴിഞ്ഞ വചനങ്ങളിൽ പ്രസ്താവിച്ചു. ഈ തോന്നിയവാസം അവരിൽ ഇപ്പോൾ മാത്രം ഉത്ഭവിച്ചതല്ല—തൗറാത്തു ലഭിച്ച ആദ്യകാലത്തുള്ള അവരുടെ പൂർവ്വികൻമാരിൽ നിന്നു തന്നെ ഈ തോന്നിയവാസം ആരംഭിച്ചിട്ടുണ്ട്—എന്നും, തൗറാത്തിനെ വേണ്ടതുപോലെ അനുസരിക്കായ്ക നിമിത്തം അവരുടെ മീതെ പർവ്വതം പുഴക്കി ഉയർത്തി ഭയപ്പെടുത്തിക്കൊണ്ടു അതിനെ മുറുകെ പിടിക്കുവാൻ കൽപിക്കുക ഉണ്ടായിട്ടുണ്ടെന്നും അല്ലാഹു ചൂണ്ടിക്കാട്ടുന്നു.

ഇസ്രാഈല്യരുടെ മീതെ മല ഉയർത്തിപ്പിടിച്ചുകൊണ്ടു നിങ്ങൾക്കു നൽകിയിട്ടുള്ള ഈ വേദഗ്രന്ഥം ബലമായി എടുത്തുകൊള്ളണം എന്നു കൽപിച്ച സംഭവം ഈ വചനത്തിലുള്ളതിനു പുറമെ, അൽബഖറഃ: 63ലും 93ലും അല്ലാഹു ഉദ്ധരിച്ചിട്ടുണ്ട്. ചുരുങ്ങിയ രൂപത്തിൽ സൂറത്തുന്നിസാഉ് 154ലും ആവർത്തിച്ചിരിക്കുന്നു. അൽബഖറയിലെ രണ്ടു വചനങ്ങളിലും وَإِذْ أَخَذْنَا مِيثَاقَكُمْ وَرَفَعْنَا فَوْقَكُمُ الطُّورَ (നിങ്ങളോടു നാം ഉറപ്പു വാങ്ങുകയും, നിങ്ങളുടെ മീതെ നാം പർവ്വതത്തെ ഉയർത്തുകയും ചെയ്ത സന്ദർഭം ഓർക്കുക) എന്നു പ്രസ്താവിച്ചു കൊണ്ടാണ് خُذُوا مَا آتَيْنَاكُم بِقُوَّةٍ..... (നിങ്ങൾക്കു നാം നൽകിയതിനെ നിങ്ങൾ ബലമായി സ്വീകരിച്ചു കൊള്ളണം........)എന്നു കൽപിച്ച വിവരം അവിടെ പറഞ്ഞിരിക്കുന്നത്. ഉറപ്പു—അഥവാ കരാർ—വാങ്ങിയ വിവരം ഇവിടെ പ്രസ്താവിച്ചിട്ടില്ല. എങ്കിലും മല ഉയർത്തിയതിന്റെ രൂപം ഇവിടെ കൂടുതൽ വിശദമാക്കിയിട്ടുണ്ട്.

ഖുർആന്റെ ഒരു ഭാഗം മറ്റേ ഭാഗത്തെ വ്യാഖ്യാനിക്കുന്നു (القرآن يفسر بعضه بعضا) എന്ന സർവ്വാംഗീകൃത തത്വമനുസരിച്ച് രണ്ടു സംഗതികൾ ഇതിൽനിന്നു മനസ്സിലാക്കാം: (1) അൽബഖറ: 63ന്റെ വ്യാഖ്യാനത്തിൽ കണ്ടതുപോലെ, തൗറാത്തു അവതരിച്ചതിനു ശേഷം ഇസ്രാഈല്യർ അതിനെ വേണ്ടതുപോലെ ശരിക്കും പിൻപറ്റണമെന്നു അവരോടു കൽപിച്ചുവെന്നുതന്നെയാണ് ഇവിടെയും ഉദ്ദേശ്യം. അഥവാ, തൗറാത്തു അവതരിച്ചപ്പോൾ തന്നെ മല ഉയർത്തിക്കാട്ടി അതിൽ വിശ്വസിക്കണമെന്നും, അതിനെ സ്വീകരിക്കണമെന്നും നിർബ്ബന്ധിച്ചുവെന്നല്ല ഉദ്ദേശ്യം. (2) മല ഉയർത്തി എന്നു അവിടെ പറഞ്ഞതിന്റെ ഉദ്ദേശ്യം—ഇവിടെ വിശദീകരിച്ചതുപോലെ—മല അവരുടെ മീതെ ഒരു കുട—അല്ലെങ്കിൽ തണൽ—എന്നോണം ആയിത്തീരുമാറ് കട പുഴക്കി പൊക്കിക്കാട്ടുകയും, അതു തങ്ങളുടെ മേൽ വീണുപോയേക്കുമെന്നു അവർ ഭയപ്പെടുകയും ചെയ്തു എന്നാകുന്നു. ഈ അവസരത്തിലാണു തൗറാത്തു മുറുകെ പിടിക്കണമെന്നും അതിലുള്ളതൊക്കെ ശരിക്കു ഓർമ്മവെക്കണമെന്നും അവരോടു കൽപിക്കുന്നത്. അഥവാ മല അതിന്റെ സ്ഥാനത്തു തന്നെ നിന്നുകൊണ്ട് ഒന്നു കുലുങ്ങുകയും, ആ കുലുക്കം നിമിത്തമോ, അല്ലെങ്കിൽ ഒരു കുടയെന്നോണം വളരെ പൊക്കത്തിൽ കുത്തനെ ഉയർന്നു നിൽക്കുന്ന കാഴ്ച നിമിത്തമോ മല തങ്ങളുടെ മേൽ വീണേക്കുമെന്ന് അതിന്റെ അടിവാരത്തിൽ നിൽക്കുന്ന ഇസ്രാഈല്യർക്കു തോന്നിപ്പോകുകയുമല്ല ഉണ്ടായത്.

അസാധാരണ സംഭവങ്ങളെല്ലാം ദുർവ്യാഖ്യാനം ചെയ്യുന്നതിൽ പ്രത്യേകം താൽപര്യമെടുക്കാറുള്ള യുക്തിവാദക്കാരായ ചില ആളുകൾ ഈ സംഭവത്തിന്റെ അസാധാരണത്വം ഇല്ലാതാക്കുവാൻ ഇവിടെ നടത്തിക്കാണുന്ന ന്യായങ്ങൾ ഇവയാണ്: (1) മല ഉയർത്തിയ ഈ സംഭവവും, അല്ലാഹുവിനെ പ്രത്യക്ഷത്തിൽ കാണണമെന്നു ഇസ്രാ

ഇസ്രാഈല്യർ ആവശ്യപ്പെട്ടപ്പോഴുണ്ടായ കമ്പന സംഭവം തന്നെ തന്നെയാണെന്നു അവർ ജൽപിക്കുന്നു. (2) മല അവരുടെ തലക്കു മീതെ ഉയർത്തി എന്നു പറഞ്ഞതിന്റെ താൽപര്യം, മല അവരുടെ മീതെ വളരെ ഉയരത്തിൽ കുത്തനെ ഉയർന്നു നിന്നിരുന്നുവെന്നാണെന്നും അവർ സമർത്ഥിക്കുന്നു. (3) അതുകൊണ്ടു മലയുടെ അടിവാരത്തിൽ നിന്നിരുന്ന അവർക്കു മലയെ ഒരു കുടപോലെ തോന്നിയിരുന്നുവെന്നാണു 'അതു അവരിൽ വീഴുമെന്ന് അവർ ധരിച്ചു (وَظَنُّوا أَنَّهُ وَاقِعٌ بِهِمْ)' വെന്നു പറഞ്ഞതിനു അവർ അർത്ഥമാക്കുന്നതു. (4) മല ഉയർത്തിപ്പിടിച്ചുകൊണ്ടു തൗറാത്തിൽ വിശ്വസിക്കണമെന്നു കൽപിക്കുന്നതു അവരെ നിർബ്ബന്ധിച്ചു വിശ്വസിപ്പിക്കലാണു. നിർബ്ബന്ധിപ്പിച്ചു വിശ്വസിപ്പിക്കുന്ന സമ്പ്രദായം ഇസ്‌ലാമിലില്ല താനും. എന്നൊക്കെ മറ്റൊന്നു. വാസ്തവത്തിൽ, മല ഉയർത്തിപ്പിടിച്ചു കൊണ്ടു തൗറാത്തിലോ, മൂസാ (അ) നബിയിലോ വിശ്വസിക്കുവാനാണ് അവരോടു കൽപിച്ചതെന്നു അല്ലാഹുവാകട്ടെ, റസൂലാകട്ടെ പറഞ്ഞിട്ടില്ല. ഖുർആൻ വ്യാഖ്യാതാക്കളും പറയുന്നില്ല. എന്നിരിക്കെ, ഇവർ സ്വയം ഒരു ആരോപണം കെട്ടിച്ചമച്ച് അതിനെ എതിർക്കുക മാത്രമാണിതു. ഇതിനൊന്നും ഇവിടെ മറുപടി പറഞ്ഞു ദീർഘിപ്പിക്കുവാൻ ഉദ്ദേശിക്കുന്നില്ല.

വിഭാഗം-22

١٧٢- وَإِذْ أَخَذَ رَبُّكَ مِنْ بَنِي آدَمَ مِنْ ظُهُورِهِمْ ذُرِّيَّتَهُمْ وَأَشْهَدَهُمْ عَلَىٰ أَنْفُسِهِمْ أَلَسْتُ بِرَبِّكُمْ

172. ആദമിന്റെ മക്കളിൽനിന്ന—അവരുടെ മുതുകുകളിൽനിന്ന—നിന്റെ റബ്ബ് അവ(രവ)രുടെ സന്തതികളെ (പുറത്ത്) എടുക്കുകയും, അവരെ അവരുടെ സ്വന്തം പേരിൽ (തന്നെ) സാക്ഷ്യപ്പെടുത്തുകയും ചെയ്ത സന്ദർഭം (ഓർക്കുക); 'ഞാൻ നിങ്ങളുടെ റബ്ബ് അല്ലയോ?' (എന്ന പറഞ്ഞും കൊണ്ടു)

قَالُوا بَلَىٰ ۛ شَهِدْنَا ۛ

അവർ പറഞ്ഞു: 'അല്ലാതേ! [അങ്ങിനെത്തന്നെ]ഞങ്ങൾ (ഇതാ) സാക്ഷ്യം വഹിച്ചിരിക്കുന്നു.'

أَنْ تَقُولُوا يَوْمَ الْقِيَامَةِ إِنَّا كُنَّا عَنْ هَٰذَا غَافِلِينَ ۝

'നിശ്ചയമായും ഞങ്ങൾ ഇതിനെപ്പറ്റി അശ്രദ്ധരായിരുന്നു' വെന്ന ഖിയാമത്തുനാളിൽ നിങ്ങൾ പറഞ്ഞേക്കുന്നതിനാലത്രെ (ഇങ്ങിനെ ചെയ്തതു).

١٧٣- أَوْ تَقُولُوا إِنَّمَا أَشْرَكَ آبَاؤُنَا مِنْ قَبْلُ وَكُنَّا ذُرِّيَّةً مِنْ بَعْدِهِمْ ۖ

173. അല്ലെങ്കിൽ 'മുമ്പ് ഞങ്ങളുടെ പിതാക്കൾ 'ശിർക്കു' ചെയ്തു [അല്ലാഹുവിനു പങ്കുകാരെയുണ്ടാക്കി]; ഞങ്ങൾ അവരുടെ ശേഷം (അവരുടെ) സന്തതികളായിരിക്കയും ചെയ്തുവെന്നേയുള്ളു' എന്ന നിങ്ങൾ പറഞ്ഞേക്കുന്നതിനാൽ.

---

172. وَإِذْ أَخَذَ എടുത്ത (പിടിച്ച) സന്ദർഭം رَبُّكَ നിന്റെ റബ്ബു مِنْ بَنِي آدَمَ ആദമിന്റെ മക്കളിൽ(സന്തതികളിൽ) നിന്ന مِنْ ظُهُورِهِمْ അവരുടെ മുതുകുകളിൽനിന്ന ذُرِّيَّتَهُمْ അവരുടെ സന്തതികളെ وَأَشْهَدَهُمْ അവരെ സാക്ഷ്യപ്പെടുത്തുകയും (ചെയ്ത—ചെയ്തു) عَلَىٰ أَنْفُسِهِمْ അവരുടെ സ്വന്തങ്ങളുടെ മേൽ أَلَسْتُ ഞാനല്ലയോ بِرَبِّكُمْ നിങ്ങളുടെ റബ്ബു قَالُوا അവർ പറഞ്ഞു بَلَىٰ അല്ലാതെ (അതെ) شَهِدْنَا ഞങ്ങൾ സാക്ഷ്യം വഹിച്ചു أَنْ تَقُولُوا നിങ്ങൾ പറഞ്ഞേക്കുന്നതിനാൽ, പറയുമെന്നതിനു يَوْمَ الْقِيَامَةِ ഖിയാമത്തുനാളിൽ إِنَّا كُنَّا നിശ്ചയമായും ഞങ്ങളായിരുന്നു عَنْ هَٰذَا ഇതിനെപ്പറ്റി غَافِلِينَ അശ്രദ്ധർ, ബോധരഹിതർ

173. أَوْ تَقُولُوا അല്ലെങ്കിൽ നിങ്ങൾ പറഞ്ഞേക്ക (പറയു)മെന്നതിനാൽ إِنَّمَا أَشْرَكَ ശിർക്ക ചെയ്യുക (മാത്രം) ചെയ്തു, പങ്കു ചേർത്തതേയുള്ളു آبَاؤُنَا ഞങ്ങളുടെ പിതാക്കൾ مِنْ قَبْلُ മുമ്പു وَكُنَّا ഞങ്ങളായിരിക്കയും ചെയ്തു, ذُرِّيَّةً സന്തതികൾ (മക്കൾ) مِنْ بَعْدِهِمْ അവരുടെ ശേഷം

എന്നിരിക്കെ, (ആ) വ്യർത്ഥകാരികൾ ചെയ്തതിനു ഞങ്ങളെ നീ (ശിക്ഷിച്ച്) നശിപ്പിക്കുകയാണോ?!' (എന്നു നിങ്ങൾ പറഞ്ഞേക്കുന്നതിനാൽ)

أَفَتُهْلِكُنَا بِمَا فَعَلَ الْمُبْطِلُونَ ○

174. അപ്രകാരം നാം 'ആയത്തു' [ലക്ഷ്യം] കളെ വിശദീകരിച്ചു തരുന്നു; അവർ മടങ്ങുകയും ചെയ്തേക്കാമല്ലോ.

وَكَذَٰلِكَ نُفَصِّلُ الْآيَاتِ وَلَعَلَّهُمْ يَرْجِعُونَ ○

أَفَتُهْلِكُنَا അപ്പോൾ (എന്നിരിക്കെ) ഞങ്ങളെ നീ നശിപ്പിക്കുന്നുവോ بِمَا فَعَلَ ചെയ്തതുകൊണ്ടു الْمُبْطِلُونَ വ്യർത്ഥകാരികൾ, നിരർത്ഥം പ്രവർത്തിച്ചവർ 174. وَكَذَٰلِكَ അപ്രകാരം نُفَصِّلُ നാം വിശദീകരിക്കുന്നു الْآيَاتِ ആയത്തുകൾ, ലക്ഷ്യങ്ങളെ وَلَعَلَّهُمْ അവരാകുകയും ചെയ്യാമല്ലോ, ആയേക്കുവാനും يَرْجِعُونَ അവർ മടങ്ങും

ആദമിന്റെ മക്കളുടെ–മനുഷ്യരുടെ–മുതുകുകളിൽനിന്നു അവരുടെ സന്തതികളെ പുറത്തു കൊണ്ടുവരുകയും, 'ഞാൻ നിങ്ങളുടെ റബ്ബല്ലേ' എന്നു അല്ലാഹു അവരോടു ചോദിക്കയും, 'അതെ' എന്നു അവർ അതിനു മറുപടി പറഞ്ഞ് സാക്ഷ്യം വഹിക്കുകയും ചെയ്തുവെന്നു ഈ വചനത്തിൽ അല്ലാഹു അറിയിക്കുന്നു. ഈ പറഞ്ഞതിന്റെ താൽപര്യം വിവരിക്കുന്നതിൽ മുൻഗാമികളും പിൻഗാമികളുമായ വ്യാഖ്യാതാക്കൾക്കിടയിൽ വ്യത്യസ്തമായ അഭിപ്രായങ്ങൾ കാണാം. അവയിൽ പ്രധാനമായതു താഴെ കാണുന്ന രണ്ടഭിപ്രായങ്ങളാകുന്നു:–

(1) അല്ലാഹുവിന്റെ ഏകത്വത്തെക്കുറിച്ചുള്ള ബോധം മനുഷ്യനിൽ പ്രകൃത്യാതന്നെ അല്ലാഹു നിക്ഷേപിച്ചു വെച്ചിട്ടുണ്ട്. ആ ശുദ്ധ പ്രകൃതിയോടു കൂടിയാണ് ഓരോരുത്തരും ജനിച്ചു പുറത്തു വരുന്നതും. മനുഷ്യന്റെ ഈ ബോധം നിമിത്തം തൗഹീദിനു വിരുദ്ധമായ നിലപാടുകളൊന്നും സ്വീകരിക്കാതിരിക്കുവാൻ ഓരോ മനുഷ്യനും ബാധ്യസ്ഥനാണ്. പരപ്രേരണ നിമിത്തമോ, ദുരാചാരങ്ങളുടെ സ്വാധീനം മൂലമോ അവൻ അതിൽ നിന്ന് വ്യതിചലിപ്പോകുന്ന പക്ഷം, അവൻ അതിനു ഉത്തരവാദിയുമായിരിക്കും. ഈ നൈസർഗ്ഗിക ബോധത്തെയാണു ഈ വചനത്തിൽ സൂചിപ്പിക്കുന്നതു എന്നത്രെ പല മഹാൻമാരും സ്വീകരിച്ച അഭിപ്രായം. താഴെ കാണുന്നതുപോലുള്ള ഹദീസുകളാണു ഈ അഭിപ്രായത്തിനു അവർ തെളിവാക്കുന്നത്. നബി (സ) പറഞ്ഞതായി അബൂഹുറൈറാ (റ) ഉദ്ധരിച്ച ഒരു ഹദീസിന്റെ സാരം ഇതാകുന്നു: 'എല്ലാ കുട്ടികളും ജനിക്കുന്നതു ശുദ്ധ പ്രകൃതിയോടെയാണ്. എന്നിട്ട് അവന്റെ മാതാപിതാക്കൾ അവനെ യഹൂദിയും, ക്രിസ്ത്യാനിയും, മജൂസിയും ആക്കുകയാണു ചെയ്യുന്നതു.' (ബു; മു.) ഇയാളുബ്നുഹിമാർ (عياض بن حمار -) ഉദ്ധരിച്ച ഒരു നബിവചനം ഇങ്ങിനെയാണു: 'അല്ലാഹു പറയുന്നു: എന്റെ അടിയാൻമാരെ ഞാൻ ശുദ്ധമാനസരായി സൃഷ്ടിച്ചിരിക്കുന്നു. എന്നിട്ട് പിശാചുക്കൾ വന്നു അവരുടെ മതത്തിൽനിന്നു അവരെ പിഴപ്പിച്ചുകൊണ്ടു പോകുകയും, ഞാൻ അവർക്കു അനുവദനീയമാക്കിയതു അവർക്കു നിഷിദ്ധമാക്കുകയും ചെയ്യുന്നു.' (മു.) ഈ ആശയം വ്യക്തമാക്കുന്ന വേറെയും കാണാം.

(2) ആദം (അ) നബിയുടെ മുതുകിൽനിന്നു അദ്ദേഹത്തിൽനിന്നു ഉണ്ടാകുവാൻ പോകുന്ന സന്തതികളുടെ അണുരൂപികളെ അല്ലെങ്കിൽ ആത്മാക്കളെ–അല്ലാഹു പുറത്തെടുക്കുകയും, അവർ വലതു പക്ഷക്കാരെയും (സ്വർഗ്ഗവാസികളെയും) ഇടതു പക്ഷക്കാരെയും (നരകവാസികളെയും) വേർതിരിക്കുകയും ചെയ്തുവെന്ന് കാണിക്കുന്ന പല ഹദീസുകളും വന്നിട്ടുണ്ടു. ചിലതിൽ, അല്ലാഹുവാണു തങ്ങളുടെ റബ്ബ് എന്നു അവർ സമ്മതിച്ചു സാക്ഷ്യപ്പെടുത്തിയതായും വന്നിരിക്കുന്നു. ഈ സംഭവത്തെപ്പറ്റിയാണു ഈ വചനത്തിൽ പ്രസ്താവിച്ചിരിക്കുന്നതു എന്നാണു രണ്ടാമത്തെ അഭിപ്രായം. അല്ലാഹുവാണ് തങ്ങളുടെ റബ്ബ് എന്ന തൗഹീദു അവർ സമ്മതിച്ചു സാക്ഷ്യപ്പെടുത്തിയ വിവരം– ഇബ്നുകഥീർ (റ) ചൂണ്ടിക്കാട്ടിയതുപോലെ–നബി(സ)യുടെ പ്രസ്താവനയായി ('മർഫൂഅ്'ആയി) ഉദ്ധരിച്ചു നിവേദനം ചെയ്യപ്പെട്ടിരിക്കുന്നതു. ഇബ്നു അബ്ബാസ് (റ) ന്റെയും, ഇബ്നു ഉമർ (റ) ന്റെയും പ്രസ്താവനകളായി ('മൗഖൂഫ്' കളായി)ട്ടാണുള്ളതു. ഇതു സംബന്ധിച്ചു വന്ന ഹദീസുകളിൽ ചിലതു ദുർബ്ബലങ്ങളാണ്. ചിലതു സംഭവത്തെ അതിർത്തയറ്റ നിഷേധിക്കുവാൻ വയ്യാത്ത വിധം ബലമുള്ളതാണു ചിലതു. പക്ഷേ, ഈ വചനത്തിൽ

ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതു ആ സംഭവം തന്നെയാണോ എന്നുള്ളതാണു തർക്ക വിഷയം. ചില നിവേദനങ്ങളിൽ ഈ വചനത്തിന്റെ ഉദ്ദേശ്യമെന്ന നിലക്കുതന്നെ പ്രസ്തുത സംഭവം ഉദ്ധരിക്കപ്പെട്ടിരിക്കുന്നതു കാണാവുന്നതാണ്. എന്നാലും, ഇമാം ഇബ്നുകഥീർ (റ) മേൽ പ്രസ്താവനയിൽ ചൂണ്ടിക്കാട്ടിയതു പോലെയുള്ള കാരണങ്ങളാൽ പണ്ഡിതന്മാരുടെ രണ്ടാമത്തെ അഭിപ്രായമാണു കൂടുതൽ ശരിയായതെന്നു കാണാം. والله أعلم

മേൽകണ്ട രണ്ടു അഭിപ്രായങ്ങൾക്കും ആസ്പദമായ പല ഹദീസുകളും നിവേദനങ്ങളും ഉദ്ധരിക്കുകയും, ഒന്നാമത്തെ വിഭാഗത്തിൽ പെട്ട ഹദീസുകളുടെ ചില അവ്യക്തതകളും, മേൽ സൂചിപ്പിച്ചതു പോലെയുള്ള ന്യൂനതകളും ചൂണ്ടിക്കാട്ടുകയും ചെയ്തശേഷം ഇബ്നുകഥീർ (റ) അദ്ദേഹത്തിന്റെ തഫ്സീറിൽ ഒരു പ്രസ്താവന ചെയ്തിരിക്കുന്നു. അതിന്റെ ചുരുക്കം ഇപ്രകാരമാകുന്നു: 'ഇതുകൊണ്ടാണ് അബൂഹുറൈറ (റ) യുടെയും ഇയാള് (റ)ന്റെയും ഹദീസുകളിൽ വന്ന പ്രകാരം, മനുഷ്യരെ തൗഹീദിന്റെ പ്രകൃതിയോടെ സൃഷ്ടിച്ചിരിക്കുന്നുവെന്നാണ് ഈ വചനത്തിലെ സാക്ഷ്യപ്പെടുത്തൽ കൊണ്ട് ഉദ്ദേശ്യമെന്നു മുൻഗാമികളിലും പിൻഗാമികളിലുമുള്ള പല ആളുകളും പറയുന്നതു. ഹസൻ ബസ്വരി (റ)യും ഈ ആയത്തിനു ഈ വ്യാഖ്യാനം തന്നെയാണു നൽകിയിരിക്കുന്നതു. ആദമിന്റെ മക്കളുടെ മുതുകുകളിൽ നിന്നു നിന്റെ റബ്ബു പുറത്തെടുത്തു (وإذ أخذ ربك من بني آدم من ظهورهم) എന്നാണു അല്ലാഹു പറഞ്ഞിരിക്കുന്നതു, ആദമിൽ നിന്നു പുറത്തെടുത്തുവെന്നോ, ആദമിന്റെ മുതുകിൽ നിന്നു പുറത്തെടുത്തുവെന്നോ (من آدم او من ظهر آدم) പറഞ്ഞിട്ടില്ല. അവരുടെ സന്തതികളെ (ذريتهم) എന്നു പറഞ്ഞതു തലമുറകളായും സമുദായങ്ങളായും വരുന്ന എല്ലാവരെയും ഉദ്ദേശിച്ചാകുന്നു. അവരെ തങ്ങളുടെ സ്വന്തങ്ങളുടെ പേരിൽ സാക്ഷ്യപ്പെടുത്തി; ഞാൻ നിങ്ങളുടെ റബ്ബല്ലയോ എന്നു ചോദിച്ചു; അവർ 'അതെ' എന്നു ഉത്തരം പറഞ്ഞു (وأشهدهم على أنفسهم ألست بربكم قالوا بلى) എന്നൊക്കെ പറഞ്ഞതിന്റെ ഉദ്ദേശ്യം, വാക്കുകൊണ്ടോ സ്ഥിതിഗതികൾ കൊണ്ടോ അതിനെ സാക്ഷ്യപ്പെടുത്തുന്നവരായിട്ടാണു അവരെ സൃഷ്ടിച്ചിരിക്കുന്നതു എന്നുമാകുന്നു. സാക്ഷ്യപ്പെടുത്തലും ചോദ്യവും ചിലപ്പോൾ വാക്കുകൊണ്ടല്ലാതെ സ്ഥിതിഗതികൾ വഴിയും ഉണ്ടാകാറുണ്ട്. ഉദാഹരണമായി: 'തങ്ങളുടെ മേൽ അവിശ്വാസത്തിനു സാക്ഷ്യം വഹിക്കുന്നവരായിക്കൊണ്ടു മുശ്‌രിക്കുകൾക്കു അല്ലാഹുവിന്റെ പള്ളികൾ പരിപാലിക്കുവാൻ പാടില്ല' (ما كان للمشركين ان يعمروا...) എന്നു (9:17ൽ) പറഞ്ഞതിന്റെ അർത്ഥം, അവർ വാക്കുമൂലം തന്നെ സാക്ഷ്യപ്പെടുത്തുന്നവരാണെന്നല്ല. വാക്കുമൂലമോ സ്ഥിതിഗതികൾ മൂലമോ സാക്ഷ്യപ്പെടുത്തുന്നവരാകുന്നുവെന്നത്രെ. അതുപോലെത്തന്നെ 'നിങ്ങൾ ചോദിക്കുന്നതിൽ നിന്നെല്ലാം നിങ്ങൾക്കു അവൻ നൽകിയിരിക്കുന്നു (وآتاكم من كل ما سألتموه) എന്ന (14:34) വാക്യവും, (ഇവിടെയും വാക്കുമൂലം മാത്രം ചോദിക്കുന്നതു എന്നല്ല ഉദ്ദേശ്യം.)

ഇബ്നു കഥീർ (റ) തുടർന്നു പറയുന്നു: 'ശിർക്കു പ്രവർത്തിക്കുന്നവർക്കു എതിരെയുള്ള ഒരു ന്യായമായി കൊണ്ടാണു ഈ സാക്ഷ്യപ്പെടുത്തൽ നിലകൊള്ളുന്നതെന്ന വസ്തുതയും ഈ വ്യാഖ്യാനമാണു ഇവിടെ ഉദ്ദേശ്യമെന്നുള്ളതിനു തെളിവാകുന്നു. മറ്റെ അഭിപ്രായക്കാർ പറഞ്ഞതു പോലെയുള്ള ഒരു സംഭവം ഉണ്ടായിട്ടുണ്ടെന്നുവെക്കുന്ന പക്ഷം, അതു എല്ലാവർക്കും എതിരെയുള്ള ന്യായമായിരിക്കേണമെങ്കിൽ, ഓരോരുത്തർക്കും ആ സംഭവം ഓർമ്മയുണ്ടായിരിക്കേണ്ടതുമാണു. എന്നി, (അതു ഓർമ്മയില്ലെങ്കിൽ തന്നെയും) റസൂൽ (സ) ആ സംഭവം വിവരിച്ചു തരുന്നുണ്ടല്ലോ—അതു മതിയല്ലോ— എന്നു പറയപ്പെടുന്ന പക്ഷം, അതിനുള്ള മറുപടി ഇതാണു: ഇതു മാത്രമല്ല, റസൂലു കൊണ്ടു വരുന്ന എല്ലാ വാർത്തകളും വ്യാജമാക്കുന്നവരാണു മുശ്‌രിക്കുകൾ. (പിന്നെ, ഇതെങ്ങിനെയാണു അവർക്കെതിരിൽ ഒരു ന്യായമായിത്തീരുക? !) ഈ സാക്ഷ്യപ്പെടുത്തലാകട്ടെ, അവർക്കെതിരിൽ ഒരു പ്രത്യേക ന്യായമായിട്ടാണു പറയപ്പെട്ടിരിക്കുന്നതും. ഇത്രയും പറഞ്ഞതിൽ നിന്നു മനസ്സിലായി, ആ സാക്ഷ്യപ്പെടുത്തൽ കൊണ്ടു തൗഹീദിനെ സമ്മതിക്കുന്ന ശുദ്ധ പ്രകൃതിയാണെന്നു. അതുകൊണ്ടാണു അതിനു ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതു (أن تقولوا إنا كنا عن هذا غافلين ....) (ഞങ്ങൾ ഇതിനെപ്പറ്റി നിശ്ചയമായും അശ്രദ്ധരായിരുന്നുവെന്നു നിങ്ങൾ പറയാതിരിക്കുവാൻ വേണ്ടിയാണു—ഇങ്ങിനെ ചെയ്തത് ....) എന്നു തുടർന്ന് പറഞ്ഞിരിക്കുന്നതുകൊണ്ടാണ്—അഥവാ പറയാതിരിക്കുവാൻ വേണ്ടിയാണു—ഇങ്ങിനെ ചെയ്തത് എന്നു പറഞ്ഞിരിക്കുന്നതും.' (ابن كثير)

അല്ലാഹുവിന്റെ ഏകത്വത്തെക്കുറിച്ചുള്ള നൈസർഗ്ഗിക ബോധത്തോടെ മനുഷ്യരെ സൃഷ്ടിച്ചിട്ടുള്ളതിനെയാണു ഈ വചനത്തിൽ ഉദ്ദേശിച്ചിരിക്കുന്നതു എന്ന അഭിപ്രായം സ്വീകരിക്കുന്നവരെല്ലാം ആദം (അ) ന്റെ മുതുകിൽ നിന്നു അദ്ദേഹത്തിന്റെ സന്തതികളെ അല്ലാഹു പുറത്തെടുക്കുകയും, അവർ സൗഭാഗ്യവാന്മാരും ദുർഭാഗ്യവാന്മാരുമായി വേർതിരിയുകയും ചെയ്തുവെന്നു ഹദീസുകളിൽ വന്നിട്ടുള്ളതിനെ നിഷേധിക്കുന്നവരാണെന്നു ധരിക്കരുതു. സ്വഹീഹ് അതിന്റെ സാദ്ധ്യതയെപ്പറ്റി ഇമാം റാസി (റ) മുതലായവർ പ്രത്യേകം വിവരിച്ചിരിക്കുന്നതു കാണാം.

...(6) ഇതു സംബന്ധിച്ചു പറഞ്ഞ ചില വാക്യങ്ങൾ ശ്രദ്ധാർഹമാകുന്നു. അദ്ദേഹം പ്രസ്തുത സംഭവത്തെ പറ്റി ഇപ്രകാരം പറയുകയാണു: 'എങ്ങിനെയാണു ഈ കരാർ വാങ്ങിയതും, സാക്ഷ്യപ്പെടുത്തിയതും? അതെ എന്ന അവർ ഉത്തരം പറഞ്ഞതും എങ്ങിനെയാണു? ഇതിനുള്ള മറുപടി: അല്ലാഹുവിന്റെ സത്തയെപ്പോലെത്തന്നെ അവന്റെ പ്രവൃത്തിയും അദൃശ്യ കാര്യമാണു. അവന്റെ സത്തയെപ്പറ്റി മനസ്സിലാക്കുവാൻ കഴിയാത്ത കാലത്തോളം അവന്റെ പ്രവൃത്തി എങ്ങിനെയാണെന്നും മനസ്സിലാക്കുവാൻ കഴിയുകയില്ല. 'പിന്നെ അവൻ ആകാശത്തേക്കു തിരിഞ്ഞു—അതൊരു പുകയായിരുന്നു.' (41:11) 'പിന്നെ അവൻ 'അർശി'ന്മേൽ ആരോഹണം ചെയ്തു.' (7:54) 'ആകാശങ്ങൾ അവന്റെ വലങ്കയ്യിൽ ചുരുട്ടിപിടിക്കപ്പെട്ടതാണ്.' (39:67) എന്നിങ്ങനെ അല്ലാഹുവിന്റെ പ്രവൃത്തികളായി സ്പഷ്ടമായ ഭാഷയിൽ(ഖുർആനിൽ) അവൻ പറഞ്ഞതെല്ലാം തന്നെ– അതെങ്ങിനെയാണ് എന്നു—കണ്ടു പിടിക്കുവാൻ ശ്രമം നടത്താതെ, അതു സമ്മതിക്കുവാനേ നമുക്കു നിവൃത്തിയുള്ളു. കാരണം ليس كمثله شىء (അവനെപ്പോലെ മറ്റൊരു വസ്തുവും ഇല്ല. (42.11)......' (في ظلال القرآن)

175. (നബിയേ) നമ്മുടെ ദൃഷ്ടാന്തങ്ങളെ നാം നൽകുകയും, എന്നിട്ട് അവയിൽനിന്നു ഊരി ഒഴിയുകയും ചെയ്തയൊരുവന്റെ വൃത്താന്തം അവർക്കു ഓതിക്കേൾപ്പിക്കുക; അങ്ങനെ, പിശാചു അവന്റെ പിന്നാലെ കൂടി; എന്നിട്ട് അവൻ ദുർമ്മാർഗ്ഗികളിൽ പെട്ടവനായിത്തീർന്നു.

١٧٥- وَاتْلُ عَلَيْهِمْ نَبَأَ الَّذِيٓ اٰتَيْنٰهُ اٰيٰتِنَا فَانْسَلَخَ مِنْهَا فَاَتْبَعَهُ الشَّيْطٰنُ فَكَانَ مِنَ الْغٰوِيْنَ ○

176. നാം ഉദ്ദേശിച്ചിരുന്നുവെങ്കിൽ, അവനെ അവ [ആ ദൃഷ്ടാന്തങ്ങൾ] മൂലം നാം ഉയർത്തുകതന്നെ ചെയ്യുമായിരുന്നു. എങ്കിലും അവൻ ഭൂമിയിലേക്കു ശാശ്വതത്വം നടിച്ചു [അതിലേക്കു ചാഞ്ഞു]; തന്റെ ഇച്ഛയെ അവൻ പിൻപറ്റുകയും ചെയ്തു.

അപ്പോൾ, അവന്റെ ഉപമ നായയുടെ മാതിരിയാകുന്നു. (അതായതു) നീ അതിനോടു എതിർത്താൽ അതു (കിതച്ചുകൊണ്ടു വാ പിളർന്നു) നാവു തൂക്കിയിടും; അല്ലെങ്കിൽ നീ അതിനെ (എതിർക്കാതെ) വിട്ടു കളഞ്ഞാലും അതു (കിതച്ചുകൊണ്ടു വാ പിളർന്നു) നാവു തൂക്കിയിടും. അതു നമ്മുടെ ദൃഷ്ടാന്തങ്ങളെ വ്യാജമാക്കിയ ജനങ്ങളുടെ ഉപമയാകുന്നു.

١٧٦- وَلَوْ شِئْنَا لَرَفَعْنٰهُ بِهَا وَلٰكِنَّهٗٓ اَخْلَدَ اِلَى الْاَرْضِ وَاتَّبَعَ هَوٰىهُ ۚ فَمَثَلُهٗ كَمَثَلِ الْكَلْبِ ۚ اِنْ تَحْمِلْ عَلَيْهِ يَلْهَثْ اَوْ تَتْرُكْهُ يَلْهَثْ ۗ ذٰلِكَ مَثَلُ الْقَوْمِ الَّذِيْنَ كَذَّبُوْا بِاٰيٰتِنَا ۚ

---

175. واتل عليهم അവർക്കു ഓതിക്കൊടുക്കുക (ഓതിക്കേൾപ്പിക്കുക) نبأ الذى യാതൊരുവന്റെ വൃത്താന്തം (വർത്തമാനം) آتيناه അവനു നാം നൽകി آياتنا നമ്മുടെ ദൃഷ്ടാന്തങ്ങളെ فانسلخ എന്നിട്ട അവൻ ഊരിപ്പോയി, കഴിച്ചലായി منها അവയിൽ നിന്നു فأتبعه അപ്പോൾ അവനു പിന്നാലെകൂടി الشيطان പിശാചു فكان അങ്ങനെ അവനായി من الغاوين ദുർമാർഗ്ഗികളിൽപെട്ട (വൻ). 176. ولو شئنا നാം ഉദ്ദേശിച്ചിരുന്നെങ്കിൽ لرفعناه അങ്ങനെ നാം ഉയർത്തുകതന്നെ ചെയ്തിരുന്നു بها അവ മൂലം ولكنه എങ്കിലും അവൻ أخلد ശാശ്വതത്വം നടിച്ചു (ശാശ്വതനെന്നപോലെയാണു) الى الارض ഭൂമിയിലേക്ക് واتبع പിൻപറ്റുകയും ചെയ്തു هواه തന്റെ ഇച്ഛയെ فمثله അപ്പോൾ അവന്റെ ഉപമ, മാതൃക, ഉദാഹരണം كمثل ഉപമപോലെ(മാതിരി)യാണ് الكلب നായയുടെ ان تحمل നീ തിരക്കിയാൽ(എതിർത്താൽ) عليه അതിനോടു, അതിനെതിരെ يلهث അതു (കിതച്ചു) നാവുതൂക്കിയിടും (വാ പിളർന്ന നാക്കുനീട്ടും) أو تتركه അല്ലെങ്കിൽ നീ അതിനെ വിട്ടുകളഞ്ഞാലും يلهث അതു നാവു തൂക്കിയിടും ذلك مثل അതു ഉപമ (മാതൃക)യാണു القوم الذين യാതൊരു ജനങ്ങളുടെ كذبوا അവർ വ്യാജമാക്കി بآياتنا നമ്മുടെ ദൃഷ്ടാന്തങ്ങളെ

അതിനാൽ, (ഈ) കഥ അവർക്കു നീ വിവരിച്ചുകൊടുക്കുക. അവർ ചിന്തിക്കുവാൻവേണ്ടി. فَاقْصُصِ الْقَصَصَ لَعَلَّهُمْ يَتَفَكَّرُونَ ○

177. ഉപമയിൽ വളരെ ചീത്തയത്രെ, നമ്മുടെ ദൃഷ്ടാന്തങ്ങളെ വ്യാജമാക്കുകയും, തങ്ങളുടെ സ്വന്തങ്ങളോടു തന്നെ അക്രമം പ്രവർത്തിച്ചുകൊണ്ടിരിക്കുകയും ചെയ്ത ജനത(യുടെ ഉപമ)! سَاءَ مَثَلًا الْقَوْمُ الَّذِينَ كَذَّبُوا بِآيَاتِنَا وَأَنْفُسَهُمْ كَانُوا يَظْلِمُونَ ○

فَاقْصُصْ അതിനാൽ കഥ പറയുക (വിവരിച്ചു കൊടുക്കുക) الْقَصَصَ (ഈ) കഥ, കഥനം لَعَلَّهُمْ അവരാകുവാൻ, ആയേക്കാം يَتَفَكَّرُونَ അവർ ചിന്തിക്കും. 177. سَاءَ വളരെ (എത്രയോ) ചീത്ത, മോശമായിരിക്കുന്നു مَثَلًا ഉപമയിൽ, മാതൃകയാൽ, ഉദാഹരണം الْقَوْمُ ജനത, ജനങ്ങൾ الَّذِينَ كَذَّبُوا വ്യാജമാക്കിയവരായ بِآيَاتِنَا നമ്മുടെ ദൃഷ്ടാന്തങ്ങളെ أَنْفُسَهُمْ അവരുടെ സ്വന്തങ്ങളെത്തന്നെ كَانُوا അവരായിരുന്നു, ആയിക്കൊണ്ടിരുന്നു يَظْلِمُونَ അക്രമം ചെയ്യുക.

ദൃഷ്ടാന്തങ്ങൾ വഴി നേർമാർഗ്ഗവും സത്യവും മനസ്സിലാക്കുവാനുള്ള പാണ്ഡിത്യം ലഭിച്ചിട്ടു പിന്നെയും ഭൂമിയിൽ നിത്യവാസിയാണെന്ന മട്ടിൽ ഐഹികമായ കാര്യലാഭങ്ങളെ മോഹിച്ചുകൊണ്ട് അതെല്ലാം അവഗണിച്ചു തള്ളുകയും, പിശാചിന്റെ ദുരുപദേശങ്ങൾക്ക് വഴങ്ങി ദുർമ്മാർഗ്ഗിയായി അധഃപതിക്കുകയും ചെയ്ത പണ്ഡിതന്റെ ഉപമയാണു ഈ വചനങ്ങളിൽ വിവരിക്കുന്നത്. ഈ വ്യക്തി ആരായിരുന്നുവെന്നു നിർണ്ണയിച്ചു പറയത്തക്ക തെളിവുകളൊന്നുമില്ല. ഇസ്രാഈല്യരിൽ ഉണ്ടായിരുന്ന ബൽഅമുബ്നു ബാഊറാ (بلعم بن باعوراء) യാണെന്നു പല വ്യാഖ്യാതാക്കളും പറഞ്ഞു കാണുന്നു. വേറെ ചിലർ ഉമയ്യത്തുബ്നു അബിസ്സൽത്ത് (أمية بن أبي الصلت) ആണെന്നും മറ്റും പറഞ്ഞു കാണാം. ആരായിരുന്നാലും—ഒരു പ്രത്യേക വ്യക്തിയെ ഉദ്ദേശിച്ചു പറഞ്ഞതല്ലെന്നിരുന്നാൽ പോലും—അല്ലാഹു വിവരിച്ച ദുർഗ്ഗുണങ്ങളോടു കൂടിയ എല്ലാ പണ്ഡിതന്റെയും ബാധകമായ ഉപമയാണിതു എന്നുള്ളതിൽ സംശയമില്ല.

ബൽഅമിനെപ്പറ്റി പറയപ്പെടുന്നതു ഇങ്ങിനെയാണു: അവൻ നന്നായി പഠിച്ചറിഞ്ഞ പണ്ഡിതനും സ്വീകാര്യനുമായിരുന്നു, പ്രാർത്ഥനകൾക്കു വേഗം ഉത്തരം കിട്ടാറുള്ളവനുമായിരുന്നു. പിന്നീടു ശത്രുക്കളിൽനിന്നു കൈക്കൂലി വാങ്ങി മൂസാ (അ) നബിക്കെതിരിൽ പ്രാർത്ഥന നടത്തുവാൻ ശ്രമിച്ചു. [illegible] അങ്ങനെ, അവനു ഇഹവും പരവും നഷ്ടപ്പെട്ടു. പിന്നീടു [illegible] നാവിൽ വന്നതു മറിച്ചായിരുന്നു. [illegible] ബൈബ്ളിൽ കൂടുതൽ [illegible] ജനങ്ങളെ ദുർമ്മാർഗ്ഗത്തിലേക്കു പ്രേരിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു. (*) [illegible] ഇവനെപ്പറ്റി പല പ്രസ്താവനകളും കാണാം. [illegible] ളുടെ പേരു പറഞ്ഞിരിക്കുന്നത്. [illegible]

(*) ബൈബ്ളിന്റെ പഴയ നിയമത്തിൽ, സംഖ്യാപുസ്തകം: 22–24 എന്നീ [illegible] പുതിയ നിയമത്തിൽ, 2. പത്രോസു: 2ൽ 15; വെളിപ്പാടു: 2ൽ 14; യൂദാ: 1ൽ 11 എന്നിവിടങ്ങളിലും [illegible] കാണാം. ബൈബ്ളിലെ പ്രസ്താവനകളെ അടിസ്ഥാനമാക്കി [illegible] തിന്റെ ചുരുക്കം ഇതാണു: "അവൻ (ബൽഅം) [illegible] നുമായിരുന്നു. ഇസ്രാഈല്യർ [illegible] അവനെ വിളിപ്പിച്ച് ഇസ്രാഈല്യരെ [illegible] തിനു പകരം അനുഗ്രഹിക്കുകയാണു ചെയ്തത്. [illegible] ങ്ങളും നിവേദനങ്ങളും [illegible] ഇവൻ ഇസ്രാഈല്യരെ [illegible] യിട്ടും അതിനെതിരായി [illegible] പല കുറ്റങ്ങളിലും [illegible]
(ബൈ. പു. നി. പുറം: 297.)

അല്ലാഹുവിനറിയാം. ഉമയ്യത്തുബ്നു അബിസ്വൽത്ത് നബിയുടെ കാലത്തു ജീവിച്ച ഒരു കവിയായിരുന്നു. ഇയാളും വളരെ പഠിച്ചറിഞ്ഞ ബുദ്ധിമാനായിരുന്നു. അടുത്ത കാലത്തു ഒരു പ്രവാചകൻ വരാനുണ്ടെന്നു ഇയാളു പറഞ്ഞിരുന്നു. പക്ഷേ, അതു താനായിരിക്കുമെന്നായിരുന്നു തന്റെ പ്രതീക്ഷ. എന്നാൽ, സംഭവിച്ചതു മറ്റൊന്നായപ്പോൾ ഉമയ്യത്ത് പാടേ മാറി. മുശ്രിക്കുകളുടെ പക്ഷത്തു ചേരുകയും, കവിതകൾ വഴി അവർക്കു പിൻബലം നൽകുകയും ചെയ്തുകൊണ്ടിരുന്നു. അവന്റെ വിജ്ഞാനപരമായ ചില കവിതകളെപ്പറ്റി 'അവന്റെ കവിത വിശ്വസിച്ചു; അവന്റെ ഹൃദയം വിശ്വസിച്ചില്ല' എന്നു നബി (സ) പറഞ്ഞതായി നിവേദനം വന്നിരിക്കുന്നു.

സത്യവും നേർവഴിയും ഇന്നതാണെന്ന ശരിക്ക് അറിവുണ്ടായിരുന്നിട്ടും ഐഹിക കാര്യലാഭങ്ങൾക്കും സ്ഥാനങ്ങൾക്കുംവേണ്ടി കൃത്രിമ 'ഫത്ത്‌വാ'കൾ കൊടുക്കുക, സത്യത്തിനും സദാചാരത്തിനും വിരുദ്ധമായ സംരംഭങ്ങളിൽ മനഃപൂർവ്വം ഏർപ്പെടുക, സ്വാർത്ഥങ്ങൾക്കും കക്ഷി താൽപര്യത്തിനും വേണ്ടി മതവിധികൾ ദുർവ്യാഖ്യാനം ചെയ്യുക മുതലായ കൃത്യങ്ങൾ നടത്തുന്ന പണ്ഡിതൻമാരെ എല്ലാകാലത്തും കാണാം. ഇക്കാലത്തു കൂടുതലും കാണും. ഇങ്ങിനെയുള്ള എല്ലാ പണ്ഡിതൻമാർക്കുമുള്ള ഉപമ തന്നെയാണു അല്ലാഹു ഇവിടെ എടുത്തു കാണിച്ച നായയുടെ ഉപമയും. നായയോടാണു അവരെ അല്ലാഹു ഉപമിച്ചിരിക്കുന്നതെന്ന വസ്തുത തന്നെ മതി, അവരുടെ ദുഷ്ചെയ്തികളുടെ നികൃഷ്ടത മനസ്സിലാക്കുവാൻ. നായയെക്കുറിച്ചുള്ള വർണ്ണന കൂടി കണക്കിലെടുക്കുമ്പോൾ അല്ലാഹുവിനു അവരോടുള്ള അറപ്പും വെറുപ്പും എത്ര കടുത്തതാണെന്നും ഗ്രഹിക്കാവുന്നതാണ്. വായ പിളർന്നു നാവു പുറത്തേക്കു തൂക്കിയിട്ട് കിതച്ചുംകൊണ്ടിരിക്കും നായ സദാസമയവും. ആട്ടിയാലും ഉപേക്ഷിക്കുമ്പോഴും അല്ലാത്തപ്പോഴും അങ്ങിനെത്തന്നെ. അതിന്റെ തീറ്റയിലും വിസർജ്ജനങ്ങളിലും മാത്രമേ അതിനു ശ്രദ്ധയുണ്ടായിരിക്കുകയുമുള്ളു. അതുപോലെയാണു ഇവരുടെ സ്ഥിതിയെന്നു അല്ലാഹു പറയുന്നു. അതെ, ഇവരുടെ ദുഷ്ചെയ്തികളെപ്പറ്റി ആരെങ്കിലും ഗുണദോഷിച്ചാലും, എതിർക്കാതെ ചെയ്യുന്നതായാലും ഒന്നും അവരുടെ നിലയിൽ മാറ്റം വരുന്നതല്ല. കാരണം, അവരുടെ ലക്ഷ്യം ഐഹികനേട്ടമാണ്. അതിനുള്ള വളഞ്ഞ മാർഗ്ഗങ്ങൾ ആരായുന്നതിൽ നിരതരായിരിക്കും അവർ. അതിനു ഭംഗം വരുത്തുന്ന യാതൊന്നും അവർ ഗൗനിക്കുകയുമില്ല. തങ്ങളുടെ അറിവിനു എതിരായി പ്രവർത്തിക്കുക മാത്രമല്ല അവർ ചെയ്യുന്ന കുറ്റം. അങ്ങനെ അല്ലാഹുവിങ്കൽ ലഭിക്കുമായിരുന്ന ഉന്നത പദവികളെ നഷ്ടപ്പെടുത്തി പകരം ദുനിയാവിന്റെ നിസ്സാര നേട്ടങ്ങൾക്കു പ്രാധാന്യം നൽകുകയും, അതിനുവേണ്ടി തന്നിഷ്ടം പ്രവർത്തിക്കുകയും ചെയ്യുന്നത്. ഇതുകൊണ്ടൊക്കെത്തന്നെയാണു അല്ലാഹു അവരോടു ഇത്രയും കടുത്ത വെറുപ്പു പ്രകടിപ്പിക്കുന്നതു. അല്ലാഹു നമ്മെ കാത്തുരക്ഷിക്കട്ടെ. ആമീൻ. അല്ലാഹു പറയുന്നു:—

178. ഏതൊരുവനെ അല്ലാഹു നേർമാർഗ്ഗത്തിലാക്കുന്നുവോ അവനത്രെ നേർമാർഗ്ഗം പ്രാപിക്കുന്നവൻ. ഏതൊരുവരെ അല്ലാഹു വഴിപിഴവിലാക്കുന്നുവോ അക്കൂട്ടരത്രെ നഷ്ടപ്പെട്ടവരും.

مَن يَهْدِ ٱللَّهُ فَهُوَ ٱلْمُهْتَدِى ۖ وَمَن يُضْلِلْ فَأُو۟لَٰٓئِكَ هُمُ ٱلْخَٰسِرُونَ

---

178. مَن ആർ, ഏതൊരുവൻ يَهْدِ നേർമാർഗ്ഗത്തിലാക്കുന്നുവോ اللَّهُ അല്ലാഹു فَهُوَ എന്നാൽ അവനത്രെ الْمُهْتَدِي നേർമാർഗ്ഗം പ്രാപിക്കുന്നവൻ وَمَن ആർ, ഏതൊരാൾ يُضْلِلْ അവൻ വഴിപിഴവിലാക്കുന്നുവോ فَأُولَٰئِكَ എന്നാൽ അക്കൂട്ടർ هُمُ അവരത്രെ الْخَاسِرُونَ നഷ്ടപ്പെട്ടവർ.

സൂ: ഖസ്വസ്വിൽ നബി (സ)യെ അഭിമുഖീകരിച്ചുകൊണ്ടു അല്ലാഹു പറയുന്നു: إِنَّكَ لَا تَهْدِي مَنْ أَحْبَبْتَ .... (നിശ്ചയമായും, നീ ഇഷ്ടപ്പെട്ടവരെ നീ നേർമാർഗ്ഗത്തിലാക്കുകയില്ല. എങ്കിലും അല്ലാഹു ഉദ്ദേശിക്കുന്നവരെ അവൻ നേർമാർഗ്ഗത്തിലാക്കുന്നു. നേർമാർഗ്ഗം പ്രാപിക്കുന്നവരെപ്പറ്റി അവൻ നല്ലവണ്ണം അറിയുന്നവനുമത്രെ. (ഖസ്വസ്വ് 56) നേർമാർഗ്ഗം ഇന്നതാണെന്നു അറിഞ്ഞതുകൊണ്ടോ, മറ്റൊരാൾ ഉപദേശിച്ചതുകൊണ്ടോ ആരും നേർമാർഗ്ഗത്തിലായിക്കൊള്ളണമെന്നില്ല. അതിനു അല്ലാഹുവിങ്കൽ നിന്നുള്ള സഹായവും തൗഫീഖും ലഭിക്കേണ്ടിയിരിക്കുന്നു. അതു ലഭിക്കാത്തവർ വഴിപിഴച്ചവർ തന്നെ. അതുകൊണ്ടാണല്ലോ കഴിഞ്ഞ വചനത്തിൽ പ്രസ്താവിക്കപ്പെട്ടതുപോലെയുള്ള ആളുകൾ അവർക്കു വിവരമുണ്ടായിട്ടും—വഴിപിഴച്ചു പോകുന്നത്. അല്ലാഹു നമ്മെ എല്ലാവരെയും നേർമാർഗ്ഗം നൽകി അനുഗ്രഹിക്കുന്ന സൗഭാഗ്യവാൻമാരിൽ ഉൾപ്പെടുത്തട്ടെ. ആമീൻ. അടുത്ത വചനം നോക്കുക:—

179. ജിന്നുകളിൽ നിന്നും, മനുഷ്യരിൽനിന്നും വളരെ ആളുകളെ 'ജഹന്നമി' [നരകത്തി]നുവേണ്ടി നാം സൃഷ്ടിച്ചുണ്ടാക്കിയിട്ടുണ്ടു്: അവർക്കു ഹൃദയങ്ങളുണ്ടു്, അവകൊണ്ടു് അവർ ഗ്രഹി(ച്ചു മനസ്സിലാ)ക്കുകയില്ല; അവർക്കു കണ്ണുകളുമുണ്ടു്, അവകൊണ്ടു് അവർ കണ്ടറിയുകയില്ല. അവർക്കു കാതുകളുമുണ്ടു്, അവകൊണ്ടു് അവർ കേട്ടറിയുകയില്ല: അക്കൂട്ടർ കാലികളെപ്പോലെയാകുന്നു എന്നല്ല, (അവയെക്കാൾ) അധികം വഴി പിഴച്ചവരാകുന്നു. അക്കൂട്ടർ തന്നെയാണ് അശ്രദ്ധന്മാർ.

١٧٩. وَلَقَدْ ذَرَأْنَا لِجَهَنَّمَ كَثِيرًا مِّنَ الْجِنِّ وَالْإِنسِ ۖ لَهُمْ قُلُوبٌ لَّا يَفْقَهُونَ بِهَا وَلَهُمْ أَعْيُنٌ لَّا يُبْصِرُونَ بِهَا وَلَهُمْ آذَانٌ لَّا يَسْمَعُونَ بِهَا ۚ أُولَٰئِكَ كَالْأَنْعَامِ بَلْ هُمْ أَضَلُّ ۚ أُولَٰئِكَ هُمُ الْغَافِلُونَ

---

179. ولقد തീർച്ചയായും ഉണ്ടു് ذرأنا നാം സൃഷ്ടിച്ചുണ്ടാക്കി لجهنم ജഹന്നമിനുവേണ്ടി كثيرا വളരെ (ആളുകളെ) من الجن ജിന്നിൽനിന്നു والإنس മനുഷ്യരിൽനിന്നും لهم അവർക്കുണ്ടു്, ഉണ്ടായിരിക്കും قلوب ഹൃദയങ്ങൾ, മനസ്സുകൾ لا يفقهون അവർ ഗ്രഹിക്കുകയില്ല بها അവകൊണ്ടു്, അവയാൽ ولهم അവർക്കുണ്ടു് أعين കണ്ണുകൾ(ഉം) لا يبصرون بها അതുകൊണ്ടു് അവർ കാണുകയില്ല ولهم آذان അവർക്കു കാതുകളുമുണ്ടു് لا يسمعون بها അതുകൊണ്ടു് അവർ കേൾക്കുകയില്ല أولئك അക്കൂട്ടർ كالأنعام കാലികളെ (ആടുമാടു ഒട്ടകങ്ങളെ)പ്പോലെയാണു് بل എങ്കിലും, പക്ഷേ, എന്നല്ല هم അവർ أضل കൂടുതൽ വഴിപിഴച്ചവരാണു أولئك هم അക്കൂട്ടർ തന്നെ الغافلون അശ്രദ്ധർ, ബോധരഹിതർ,

---

ചിന്തിച്ചു മനസ്സിലാക്കുവാനുള്ള ഹൃദയവും, കണ്ടു മനസ്സിലാക്കുവാനുള്ള കണ്ണും, കേട്ടു മനസ്സിലാക്കുവാനുള്ള കാതും ഇവയാണല്ലോ കാര്യങ്ങൾ വിവേചിച്ചറിയുവാനും സത്യാസത്യങ്ങൾ മനസ്സിലാക്കുവാനുമുള്ള മാർഗ്ഗങ്ങൾ. അവയെല്ലാം ഉണ്ടായിരുന്നിട്ടും അവ ഉപയോഗപ്പെടുത്താതെ–അല്ലെങ്കിൽ ദുരുപയോഗപ്പെടുത്തിക്കൊണ്ടു–സത്യയാഥാർത്ഥ്യങ്ങൾ ഗ്രഹിക്കുകയും അതനുസരിച്ചു ചരിക്കുകയും ചെയ്യാതിരിക്കുന്നവർ നരകത്തിലേക്കു വിറകായി സൃഷ്ടിക്കപ്പെട്ടവരാകുന്നു. അഥവാ അവരുടെ പര്യവസാനം നരകശിക്ഷയായിരിക്കും. അവർ നാൽക്കാലി മൃഗങ്ങളെക്കാൾ മോശപ്പെട്ടവരാണു് എന്നു അല്ലാഹു അറിയിക്കുന്നു. ഇവർ നരകത്തിനു അവകാശപ്പെട്ടവരായിരിക്കുവാനുള്ള കാരണം ഇതിൽ നിന്നു വ്യക്തമാണ്. നാൽക്കാലികളെ സംബന്ധിച്ചിടത്തോളം ബാഹ്യത്തിൽ അവർക്കു പ്രസ്തുത ഗ്രഹണേന്ദ്രിയങ്ങൾ നൽകപ്പെട്ടിട്ടുണ്ടെങ്കിലും വിവേചിച്ചറിയുവാനുള്ള ബുദ്ധിശക്തി നൽകപ്പെട്ടിട്ടില്ല. അവ സൻമാർഗ്ഗത്തിൽ ചരിക്കണമെന്നോ ദുർമ്മാർഗ്ഗത്തിൽ ചരിക്കരുതെന്നോ ശാസിക്കപ്പെട്ടിട്ടുമില്ല. ആ സ്ഥിതിക്കു ഇങ്ങിനെയുള്ള അശ്രദ്ധരായ ആളുകൾ നാൽക്കാലികളെക്കാൾ മോശപ്പെട്ടവരാണെന്നു വ്യക്തം തന്നെ. ആദ് സമുദായത്തിന്റെ അക്രമങ്ങളെയും, അവർക്കു നൽകപ്പെട്ട ശിക്ഷയെയും കുറിച്ചു പറഞ്ഞശേഷം, അവർക്കു ആ ഗതി വന്നു ചേരുവാനുള്ള കാരണം പറഞ്ഞ കൂട്ടത്തിൽ അല്ലാഹു പറയുന്നു: 'അവർക്കു നാം കേൾവിയും, കാഴ്ചയും, ഹൃദയവും നൽകിയിരുന്നു എന്നാൽ, അവരുടെ കേൾവിയാകട്ടെ, കാഴ്ചയാകട്ടെ, ഹൃദയമാകട്ടെ, ഒട്ടും തന്നെ അവർക്കു ഉപകരിച്ചില്ല. (കാരണം) അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ അവർ നിഷേധിച്ചുകൊണ്ടിരുന്നതിനാൽ ' (46:26)

ആരെല്ലാമാണു തങ്ങളുടെ ഗ്രഹണേന്ദ്രിയങ്ങൾ ഉപയോഗപ്പെടുത്തി സൻമാർഗ്ഗം സ്വീകരിക്കുക, ആരൊക്കെയാണു അങ്ങിനെ ചെയ്യാതിരിക്കുക എന്നു അല്ലാഹുവിനു നേരത്തെതന്നെ അറിയാമല്ലോ. അത്രയുമല്ല, ഭൂത–വർത്തമാന–ഭാവികാലങ്ങളിലെ ചെറുതും വലുതുമായ സകല കാര്യങ്ങളും സസൂക്ഷ്മം അവൻ അറിയുന്നു. അവന്റെ അറിവിനെതിരായി ഒന്നും സംഭവിക്കുകയുമില്ല ജിന്നുകളിൽ നിന്നും മനുഷ്യരിൽ നിന്നും വളരെ ആളുകളെ നാം നരകത്തിനു വേണ്ടി സൃഷ്ടിച്ചിരിക്കുന്നു. (ولقد ذرأنا لجهنم كثيرا....) എന്നു പറഞ്ഞതു ഈ യാഥാർത്ഥ്യത്തിലേക്ക വിരൽ ചൂണ്ടുന്നു. രണ്ടു വർഗ്ഗങ്ങൾക്കും സത്യാസത്യങ്ങൾ വിവേചിച്ചറിയുവാനുള്ള മാർഗ്ഗങ്ങൾ അല്ലാഹു നൽകിയിട്ടുണ്ട്; അവരിൽ പലരും അതു യഥാവിധി ഉപയോഗപ്പെടുത്തുകയില്ല; അങ്ങനെ അവർക്കു നരകം ആയതാ

പോലുമുള്ളവരാണു നാം. എന്നല്ലാതെ—ഒരു ലക്ഷ്യം ലഭിച്ചു കൂടാതെ—കുറേ അധികം ആളുകളെ നരകത്തിലും സ്വർഗ്ഗത്തിലും ആക്കണമെന്നല്ല ഉദ്ദേശ്യം. മനുഷ്യവർഗ്ഗത്തിലും ജിന്നുവർഗ്ഗത്തിലും നല്ലവരും ചീത്തപ്പെട്ടവരും ഉണ്ടാകാവുന്ന പ്രകൃതിസ്വഭാവത്തോടുകൂടിയാണു അവർ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. അതുകൊണ്ടുതന്നെയാണു സ്വർഗ്ഗവും നരകവും സ്ഥാപിക്കപ്പെട്ടിരിക്കുന്നതും. സ്വർഗ്ഗത്തെപ്പറ്റി അതു സൂക്ഷ്മത പാലിക്കുന്നവർക്കു—അഥവാ ഭയഭക്തന്മാർക്കു—വേണ്ടി ഒരുക്കിവെക്കപ്പെട്ടിരിക്കുന്നുവെന്നും (3: 133), അതു അല്ലാഹുവിലും അവന്റെ റസൂലുകളിലും വിശ്വസിക്കുന്നവർക്കുവേണ്ടി ഒരുക്കിവെക്കപ്പെട്ടിരിക്കുന്നുവെന്നും (57: 21). നരകത്തെപ്പറ്റി അതു അവിശ്വാസികൾക്കുവേണ്ടി ഒരുക്കിവെക്കപ്പെട്ടിരിക്കുന്നുവെന്നും (2: 24; 3: 131) അല്ലാഹു പ്രസ്താവിച്ചിട്ടുണ്ടല്ലോ.

180. وَلِلَّهِ الْأَسْمَاءُ الْحُسْنَىٰ فَادْعُوهُ بِهَا ۖ وَذَرُوا الَّذِينَ يُلْحِدُونَ فِي أَسْمَائِهِ ۚ سَيُجْزَوْنَ مَا كَانُوا يَعْمَلُونَ ○

180. അല്ലാഹുവിനു ഏറ്റവും നല്ലതായ [അത്യുൽകൃഷ്ടമായ] നാമങ്ങളുണ്ടു; ആകയാൽ, അവ [ആ നാമങ്ങൾ] കൊണ്ടു നിങ്ങൾ അവനെ വിളി(ച്ചു പ്രാർത്ഥി)ച്ചു കൊള്ളുവിൻ; അവന്റെ നാമങ്ങളിൽ ക്രമക്കേടു കാണിക്കുന്നവരെ നിങ്ങൾ വിട്ടുകളയുകയും ചെയ്യുവിൻ.

അവർ പ്രവർത്തിച്ചു വരുന്നതിന് അവർക്കു വഴിയെ പ്രതിഫലം നൽകപ്പെടും.

181. وَمِمَّنْ خَلَقْنَا أُمَّةٌ يَهْدُونَ بِالْحَقِّ وَبِهِ يَعْدِلُونَ ○

181. നാം സൃഷ്ടിച്ചുള്ളവരിൽ ഒരു സമൂഹം (ആളുകൾ) ഉണ്ട്: അവർ യഥാർത്ഥം അനുസരിച്ചു (മറ്റുള്ളവർക്കു മാർഗ്ഗദർശനം നൽകുന്നു; അതനുസരിച്ചു തന്നെ നീതി പ്രവർത്തിക്കുകയും ചെയ്യുന്നു.

---

180. وَلِلَّهِ അല്ലാഹുവിനുണ്ടു الْأَسْمَاءُ നാമങ്ങൾ, പേരുകൾ الْحُسْنَىٰ ഏറ്റവും നല്ല, അത്യുൽകൃഷ്ടമായ فَادْعُوهُ അതിനാൽ അവനെ വിളിക്ക (പ്രാർത്ഥിക്ക)വിൻ بِهَا അവകൊണ്ടു, അവയാൽ وَذَرُوا വിട്ടു കളയുകയും ചെയ്യുവിൻ الَّذِينَ യാതൊരു കൂട്ടരെ يُلْحِدُونَ അവർ ക്രമക്കേടു കാണിക്കുന്നു, തെറ്റിപ്പോകുന്നു, വക്രത കാണിക്കുന്നു فِي أَسْمَائِهِ അവന്റെ നാമങ്ങളിൽ سَيُجْزَوْنَ അവർക്കു വഴിയെ പ്രതിഫലം നൽകപ്പെടും مَا كَانُوا അവരായിരുന്നതിനു يَعْمَلُونَ അവർ പ്രവർത്തിക്കും 181. وَمِمَّنْ خَلَقْنَا നാം സൃഷ്ടിച്ചവരിലുണ്ടു, സൃഷ്ടിച്ചവരിൽപെട്ടതാണു أُمَّةٌ ഒരു സമൂഹം, ഒരു കൂട്ടക്കാർ يَهْدُونَ അവർ മാർഗ്ഗദർശനം നൽകുന്നു, വഴി കാട്ടുന്നു بِالْحَقِّ യഥാർത്ഥമനുസരിച്ചു, യഥാർത്ഥവുമായി وَبِهِ അതുകൊണ്ടു തന്നെ يَعْدِلُونَ അവർ നീതി പാലി (പ്രവർത്തി)ക്കുന്നു

ഒരു വസ്തുവെ മറ്റുള്ളവയിൽ നിന്നു വേർതിരിച്ചറിയുവാൻ വേണ്ടി ഉപയോഗിക്കുന്ന സംജ്ഞകൾക്കാണു നാമങ്ങൾ അഥവാ പേരുകൾ എന്നു പറയുന്നതു. ചിലപ്പോൾ അവയിൽ ആ വസ്തുവിന്റെ ഏതെങ്കിലും ഗുണവിശേഷങ്ങളും ഉൾക്കൊണ്ടിരിക്കും. അല്ലാഹുവിന്റെ നാമങ്ങളെ സംബന്ധിച്ചിടത്തോളം അവ കേവലം ചില സംജ്ഞാ നാമങ്ങളോ സാധാരണ വിശേഷണനാമങ്ങളെപ്പോലെയുള്ളവയോ അല്ല. ഓരോ നാമവും വളരെ ഉന്നതവും, ഉൽകൃഷ്ടവുമായ ആശയങ്ങൾ ഉൾക്കൊള്ളുന്നതും, അതിവിപുലമായ അർത്ഥസാരങ്ങൾ അടങ്ങിയതുമായ വിശേഷണങ്ങളായിരിക്കും. അതുകൊണ്ടാണു അവന്റെ നാമങ്ങളെക്കുറിച്ചു الأسماء الحسنى (ഏറ്റവും നല്ലതായ—അത്യുൽകൃഷ്ടമായ—നാമങ്ങൾ) എന്നു പറയപ്പെടുന്നത്. അവന്റെ ആ നാമങ്ങളിൽ തന്നെ അവനെ വിളിക്കുകയും, പ്രാർത്ഥിക്കുകയും വേണമെന്നും, അവയിൽ ക്രമക്കേടു കാണിക്കുന്നവരെ അനുകരിക്കാതെ വിട്ടുകളയണമെന്നും അല്ലാഹു കല്പിക്കുന്നു. അവന്റെ മഹത്വത്തിനും പരിശുദ്ധതക്കും യോജിക്കുന്ന നാമങ്ങൾ ഏതെല്ലാമാണെന്നു ശരിക്ക് അറിയണമെങ്കിൽ അവനിൽ നിന്നോ, അവന്റെ റസൂലിൽ നിന്നോ തന്നെ അതു അറിയേണ്ടിയിരിക്കുന്നു. അതുകൊണ്ടാണു ഖുർആനിലോ ഹദീസിലോ വന്നതല്ലാത്ത നാമങ്ങളെ അല്ലാഹുവിന്റെ നാമങ്ങളായി ഉപയോഗിച്ചുകൂടാത്തതെന്നു മിക്ക പണ്ഡിതന്മാരും അഭിപ്രായപ്പെട്ടിരിക്കുന്നതും.

അവന്റെ പാവനത്തിക്കും പരിശുദ്ധതക്കും അനുയോജ്യമല്ലാത്ത പേരുകളിൽ അവനെ സംബോധന ചെയ്യുക, അങ്ങിനെയുള്ള വാക്കുകളാൽ അവനെ വിശേഷിപ്പിക്കുക, അവനു മാത്രം യോജിക്കുന്നതോ അവന്റെ നാമവിശേഷണമായി അറിയപ്പെട്ടതോ ആയ വാക്കുകളിൽ മറ്റുള്ളവരെ വിശേഷിപ്പിക്കുക മുതലായതെല്ലാം അവന്റെ നാമങ്ങളിൽ വക്രതയും ക്രമക്കേടും കാണിക്കൽ (إلحاد) തന്നെ. അല്ലാഹുവിനു മാത്രം ഉപയോഗിക്കപ്പെടാവുന്ന 'റഹ്മാൻ' 'ജഗദീശ്വരൻ' 'ശഹിൻശാഹ്' (രാജാധി രാജൻ) പോലെയുള്ള പേരുകൾ മനുഷ്യർക്കു നൽകുന്നതും ഇക്കൂട്ടത്തിൽ ഉൾപെടുന്നു. എല്ലാററിലും പ്രത്യക്ഷത്തിൽ ശിർക്കിന്റെ കലർപ്പു കാണുന്നില്ലെങ്കിൽ തന്നെയും അല്ലാഹുവിന്റെ മഹത്വത്തെ തരം താഴ്ത്തിക്കാണിക്കുകയെന്ന ദോഷത്തിൽ നിന്നു അതൊന്നും ഒഴിവാകുന്നില്ല. അതുകൊണ്ടാണു അങ്ങിനെ ചെയ്യുന്നവർക്കു അതിനു വഴിയെ പ്രതിഫലം നൽകപ്പെടുന്നതാണെന്നു അല്ലാഹു താക്കീതു നൽകുന്നത്. സൂക്ഷ്മമായി പരിശോധിച്ചാൽ, ശിർക്കുപരമായ അന്ധവിശ്വാസങ്ങളിൽ അധികവും അല്ലാഹുവിന്റെ നാമങ്ങളെ മനസ്സിലാക്കിയതിലോ, ഉപയോഗപ്പെടുത്തുന്നതിലോ വന്ന പാകപ്പിഴവുകളിൽ നിന്നായിരിക്കും അവയുടെ ഉൽഭവമെന്നു കാണാവുന്നതാണ്.

അല്ലാഹുവിനു തൊണ്ണൂററൊമ്പതു നാമങ്ങൾ ഉണ്ടെന്നും, അവ സൂക്ഷ്മമായി പഠിച്ചവർ സ്വർഗ്ഗത്തിൽ പ്രവേശിക്കുമെന്നും നബി (സ) അരുളിച്ചെയ്തതായി അബൂഹുറൈറാ (റ)യിൽ നിന്നു ബുഖാരിയും, മുസ്‌ലിമും(റ) രേഖപ്പെടുത്തിയിട്ടുണ്ട്. ആ നാമങ്ങൾ ഉൾക്കൊള്ളുന്ന ആശയങ്ങൾ ഗ്രഹിക്കുകയും, അവയെക്കുറിച്ചു ബോധവാനായിരിക്കുകയും ചെയ്യുക എന്നത്രെ, അവയെ സൂക്ഷിച്ചു പഠിക്കുക എന്നതിന്റെ താൽപര്യം. അല്ലാതെ–ചിലർ ധരിച്ചുവശായതുപോലെ–ആ പേരുകൾ മനഃപാഠമാക്കിവെച്ചു ഉരുവിടുക എന്നല്ല. ചില രിവായത്തുകളിൽ ഈ തൊണ്ണൂററൊമ്പതു നാമങ്ങൾ ഇന്നിന്നവയാണെന്നു വിവരിക്കപ്പെട്ടു കാണാമെങ്കിലും–ഇബ്നു കഥീർ (റ) മുതലായവർ വ്യക്തമാക്കിയതുപോലെ–ഖുർആനിൽ നിന്നു ചിലർ മനസ്സിലാക്കി എടുത്തതു മാത്രമാണവ. മേൽകണ്ട നബിവചനത്തിൽ തൊണ്ണൂററൊമ്പതു നാമങ്ങൾ ഉണ്ടെന്നല്ലാതെ, തൊണ്ണൂററൊമ്പതെണ്ണം മാത്രമേയുള്ളുവെന്നു പ്രസ്താവിച്ചിട്ടില്ലാത്തതുകൊണ്ടു അതിലധികം പേരുകൾ ഉണ്ടാകാമെന്നുള്ളതിനു തടസ്സമില്ലെന്നു പല മഹാൻമാരും ചൂണ്ടിക്കാട്ടിയിരിക്കുന്നു. അല്ലാഹുവിന്റെ നാമങ്ങളുടെ ആധിക്യം അവന്റെ ഉൽകൃഷ്ട ഗുണങ്ങളുടെ ആധിക്യത്തെയാണു കുറിക്കുന്നത്.

ജിന്നുകളിലും മനുഷ്യരിലുമുള്ള വളരെ ആളുകൾ നരകത്തിലേക്കുള്ളവരാണെന്നും, അതിനുള്ള കാരണം ഇന്നതാണെന്നും മുമ്പു പ്രസ്താവിച്ചുവല്ലോ. എന്നാൽ, മറെറാരു വിഭാഗം ആളുകളുമുണ്ട്. അവർ സത്യവും യഥാർത്ഥവും മനസ്സിലാക്കി അതനുസരിച്ചു ചരിക്കുകയും, മററുള്ളവരെ അതിലേക്കു നയിക്കുകയും ചെയ്തുകൊണ്ടിരിക്കും; അവർ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ അവഗണിക്കുകയോ, അവന്റെ നാമങ്ങളിൽ ക്രമക്കേടു കാണിക്കുകയോ ചെയ്യില്ല എന്നൊക്കെയാണു താഴെ കാണുന്ന വചനത്തിൽ ചൂണ്ടിക്കാട്ടുന്നത്. ഒരു ഹദീസിൽ നബി (സ) പറഞ്ഞതിന്റെ സാരം ഇപ്രകാരമാകുന്നു: 'ഈ സമുദായത്തിൽ ഒരു വിഭാഗം ആളുകൾ ഖിയാമത്തു നാൾവരേക്കും സത്യത്തിൽ ഉറച്ചു നിലകൊള്ളുന്നവരായി ഉണ്ടായിക്കൊണ്ടിരിക്കും. മറ്റുള്ളവർ അവരെ കൈവെടിയുകയോ, അവരോടു പിണങ്ങി നിൽക്കുകയോ ചെയ്തതുകൊണ്ടു അവർക്കു കേടു പററുകയില്ല.' (ബു; മു.) ഇങ്ങിനെയുള്ള സത്യസന്ധൻമാരിൽ അല്ലാഹു നമ്മെ ഉൾപ്പെടുത്തി അനുഗ്രഹിക്കട്ടെ. آمين

വിഭാഗം–23

182. നമ്മുടെ ദൃഷ്ടാന്തങ്ങളെ വ്യാജമാക്കിയവരാകട്ടെ, അവർ അറിയാത്ത വിധത്തിലൂടെ അവരെ നാം പടിപടിയായി കൊണ്ടുവന്നു (ശിക്ഷിച്ചു) കൊള്ളാം.

وَالَّذِينَ كَذَّبُوا بِآيَاتِنَا سَنَسْتَدْرِجُهُم مِّنْ حَيْثُ لَا يَعْلَمُونَ ﴿١٨٢﴾

183. അവർക്കു നാം താമസം ചെയ്തു കൊടുക്കുകയും ചെയ്യും. നിശ്ചയമായും, എന്റെ തന്ത്രം ശക്തിമത്തായതാകുന്നു.

وَأُمْلِي لَهُمْ ۚ إِنَّ كَيْدِي مَتِينٌ ﴿١٨٣﴾

---

182. وَالَّذِينَ كَذَّبُوا വ്യാജമാക്കിയവരാകട്ടെ بِآيَاتِنَا നമ്മുടെ ദൃഷ്ടാന്തങ്ങളെ سَنَسْتَدْرِجُهُم നാം അവരെ പടിപടിയായി കൊണ്ടുവരും, പതുക്കെ കൊണ്ടുവരും مِّنْ حَيْثُ വിധത്തിലൂടെ لَا يَعْلَمُونَ അവർ അറിയാത്ത 183. وَأُمْلِي നാം താമസം (അവധി) നൽകും, നീട്ടിയിട്ടുകൊടുക്കും لَهُمْ അവർക്ക് إِنَّ كَيْدِي നിശ്ചയമായും എന്റെ തന്ത്രം, ഉപായം مَتِينٌ ശക്തിമത്താണ്, ബലവത്താണ്.

സൂ: ഖാഫ് 44-ാം വചനത്തിലെ ആശയം തന്നെയാണു ഈ വചനങ്ങളിലും ഉള്ളതു. അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ വകവെക്കാതെ നിഷേധിച്ചു തള്ളിക്കളയുന്നവരുടെ മേൽ ഉടനടി നടപടിയെടുക്കാതെ, സുഖസൗകര്യങ്ങൾ നൽകിക്കൊണ്ടു ആദ്യം അല്ലാഹു അവരെ അയച്ചുവിടും. പിന്നീടു ഓർക്കാപ്പുറത്തു അവരെ പിടിച്ചു ശിക്ഷിക്കുകയും ചെയ്യും. അല്ലാഹുവിന്റെ തന്ത്രം ഒരു കാലത്തും പരാജയപ്പെടാത്തവിധം ശക്തിമത്താകുന്നു എന്നു സാരം.

184. അവർ ചിന്തിച്ചു നോക്കുന്നില്ലേ?! അവരുടെ ചങ്ങാതിക്കു (നബിക്കു) ഒരു ഭ്രാന്തുമില്ല; അദ്ദേഹം പ്രത്യക്ഷമായ ഒരു താക്കീതുകാരനല്ലാതെ (മറ്റൊന്നും) അല്ല.

أَوَلَمْ يَتَفَكَّرُوا ۗ مَا بِصَاحِبِهِم مِّن جِنَّةٍ ۚ إِنْ هُوَ إِلَّا نَذِيرٌ مُّبِينٌ ○

---

184. അവർ ചിന്തിക്കുന്നില്ലേ അവരുടെ ചങ്ങാതിയിൽ (ആളെക്കുറിച്ചു—കൂട്ടുകാരനു) ഇല്ല ഒരു ഭ്രാന്തും, ഭ്രാന്തായിട്ടു (ഒന്നും) അദ്ദേഹമല്ല ഒരു താക്കീതുകാരൻ (മുന്നറിയിപ്പുകാരൻ) അല്ലാതെ സ്പഷ്ടമായ (തനി), വ്യക്തമായ

അല്ലാഹുവിന്റെ റസൂലുകളെ ജനങ്ങൾ ഭ്രാന്തിലേക്കു ചേർത്തു പറയലും അവരെ പരിഹസിക്കലും, സത്യനിഷേധികൾ അവരെപ്പറ്റി പലതും പറഞ്ഞുവരാറുള്ള കൂട്ടത്തിൽ, അവർ ജാലവിദ്യക്കാരനാണു; അല്ലെങ്കിൽ ഭ്രാന്തനാണു എന്നു പറയുക പണ്ടേയുള്ള ഒരു പതിവത്രെ. (51:52). നൂഹ് (അ)ന്റെ ജനത അദ്ദേഹത്തെപ്പറ്റി അവർ ഭ്രാന്തു പിടിച്ചവനാണെന്നു പറഞ്ഞു. (23:25). മൂസാ (അ)നെപ്പറ്റി ഫിർഔനും അങ്ങിനെ പറഞ്ഞു. (26: 27). അതുപോലെ, അവിശ്വാസികൾ നബി(സ)യെപ്പറ്റിയും പറഞ്ഞു വന്നിരുന്നു (68 51). ഖത്താദഃ (റ) പറഞ്ഞതായി ഇബ്നുജരീറും, ഇബ്നുൽ മുൻദിറും (റ) ഉദ്ധരിക്കുന്നു: 'സ്വഫാ കുന്നിൽവെച്ച് ഒരു ദിവസം നബി(സ) ഖുറൈശി, ഓരോ തറവാട്ടുകാരെയും പ്രത്യേകം പ്രത്യേകം വിളിച്ചു വരുത്തി അവരോടു അല്ലാഹുവിന്റെ ശിക്ഷയെക്കുറിച്ചു താക്കീതു നൽകുകയുണ്ടായി. അപ്പോൾ, അവരിൽ ഒരാൾ പറഞ്ഞു: 'നിങ്ങളുടെ ഈ ചങ്ങാതി ഒരു ഭ്രാന്തനാണു; ഇവൻ നേരം പുലരുന്നതുവരെ ഇങ്ങിനെ അട്ടഹസിച്ചു കൊണ്ടിരിക്കുന്നുവല്ലോ' അപ്പോഴാണ് ഈ വചനം അവതരിച്ചതെന്നു എനിക്കു വിവരം ലഭിച്ചിരിക്കുന്നു.'

ജനനം മുതൽക്കേ നബി(സ)യുമായി ഇടപഴകി പരിചയിച്ചവരാണു ആ ജനത. അദ്ദേഹത്തിനു ഭ്രാന്തോ ബുദ്ധിഭ്രമമോ ഇല്ലെന്നു അവർക്കു നന്നായി അറിയാം. ഇപ്പോൾ, അവർ ഈ നിലപാടു സ്വീകരിക്കുവാൻ കാരണം, അല്ലാഹുവിങ്കൽനിന്നു വരാനിരിക്കുന്ന ശിക്ഷയെക്കുറിച്ചു അദ്ദേഹം താക്കീതു ചെയ്‌വാൻ തുടങ്ങിയതുകൊണ്ടാണല്ലോ. അദ്ദേഹം എങ്ങിനെ ഒരു ഭ്രാന്തനായിത്തീരുന്നു?! ഇതവർ ചിന്തിക്കുന്നില്ലേ?! എന്നാണു അല്ലാഹു ചോദിക്കുന്നതു.

185. ആകാശങ്ങളുടെയും, ഭൂമിയുടെയും രാജാധിപത്യത്തിലും അല്ലാഹു സൃഷ്ടിച്ചിട്ടുള്ള ഏതൊരു വസ്തുവിലും, അവരുടെ അവധി അടുത്തു കൂടിയിട്ടുണ്ടായിരിക്കാമെന്നുള്ളതിലും അവർ (മനസ്സിരുത്തി) നോക്കുന്നില്ലേ?!

എന്നി, ഇതിനുശേഷം (വേറെ) ഏതൊരു വിഷയത്തിലാണ് അവർ വിശ്വസിക്കു (വാൻ പോകു)ന്നത്?!

أَوَلَمْ يَنظُرُوا فِي مَلَكُوتِ السَّمَاوَاتِ وَالْأَرْضِ وَمَا خَلَقَ اللَّهُ مِن شَيْءٍ وَأَنْ عَسَىٰ أَن يَكُونَ قَدِ اقْتَرَبَ أَجَلُهُمْ ۖ فَبِأَيِّ حَدِيثٍ بَعْدَهُ يُؤْمِنُونَ ○

---

186. അവർ നോക്കുന്നില്ലേ (ആലോചി—ചിന്തി)ക്കുന്നില്ലേ രാജാധിപത്യത്തിൽ ആകാശങ്ങളുടെ ഭൂമിയുടെയും അല്ലാഹു സൃഷ്ടിച്ചതിലും യാതൊന്നു സൃഷ്ടിച്ചുവോ അതിലും ഒരു വസ്തുവായിട്ടു, ഏതൊരു വസ്തുവും ആയേക്കാമെന്നതിലും ഉണ്ടായിരിക്കുക, ആയിരിക്കുക അടുത്തു കൂടിയിട്ടു അവരുടെ അവധി എന്നി ഏതൊരു വിഷയത്തിലാണു, വർത്തമാനംകൊണ്ടാണു ഇതിനു (അതിനു) ശേഷം അവർ വിശ്വസിക്കുന്നു

നബി(സ)ക്കു ഭ്രാന്തൊന്നുമില്ല-ബോധപൂർവ്വം കാര്യം തന്നെയാണു പറയുന്നതു. എന്ന കഴിഞ്ഞ വചനത്തിൽ സൂചിപ്പിച്ചു. എന്നി, അതല്ലെങ്കിൽ ആകാശഭൂമികളുടെ ഭരണ-കൈകാര്യ-നിയന്ത്രണ വിഷയങ്ങളെപ്പററി അവരൊന്ന ആലോചിച്ചു നോക്കട്ടെ. വേണ്ടാ, അല്ലാഹു സൃഷ്ടിച്ച ഏതൊരു വസ്തുവെപ്പററിയും അവരൊന്നു ചിന്തിച്ചു നോക്കട്ടെ. എന്നാലും അവർക്കു മനസ്സിലാക്കുവാൻ കഴിയും, അല്ലാഹു ഏകനാണു, അവനല്ലാതെ റബ്ബും ഇലാഹുമില്ല. മരണാനന്തരം ഒരു ജീവിതമുണ്ടു എന്നിങ്ങിനെ ഈ ഖുർആനും മുഹമ്മദു (സ) പറയുന്നതു ശരിയാണെന്ന്. അതുമല്ലെങ്കിൽ അവർ എനി അധികകാലമൊന്നും ജീവിക്കുകയില്ല-ഒരു പക്ഷേ, വളരെ അടുത്തുതന്നെ മരണപ്പെട്ടേക്കാം-എന്ന വസ്തുതയും അവർക്കറിയാമല്ലോ. അതിനുമുമ്പായി സത്യാവസ്ഥ ഒന്നു മനസ്സിലാക്കുവാൻ എന്തുകൊണ്ടു അവർ മുതിരുന്നില്ല ?! മുഹമ്മദു (സ) പറയും പോലെയാണു കാര്യമെങ്കിൽ അവരുടെ കാര്യം വളരെ അപകടത്തിലായിരിക്കും എന്നെങ്കിലും അവർ ചിന്തിക്കാത്തതു എന്താണു?! തികച്ചും വ്യക്തമായ സത്യയാഥാർത്ഥ്യങ്ങളാണു ഈ ഖുർആൻ മുഖേന മുഹമ്മദു (സ) പ്രബോധനം ചെയ്യുന്നത്. എന്നിട്ടും അതിൽ വിശ്വസിക്കുവാൻ തയ്യാറില്ലെങ്കിൽ പിന്നെ എനി എന്താണു ഇവർക്കു വിശ്വസിക്കുവാൻ പററിയതായി വേറെയുള്ളതു?! എന്നൊക്കെയാണു അല്ലാഹു പറഞ്ഞതിന്റെ താൽപര്യം.

186. ഏതൊരുവനെ അല്ലാഹു വഴിപിഴവിലാക്കുന്നുവോ അവനു (പിന്നെ) നേർമ്മാർഗ്ഗം നൽകുന്നവനില്ല. അ (ങ്ങിനെയുള്ള) വരെ അവരുടെ അതിക്രമത്തിൽ(അന്തംവിട്ട്) അലയുന്നവരായി അവൻ വിട്ടുകളയുന്നതുമാണു.

١٨٦- مَن يُضْلِلِ اللَّهُ فَلَا هَادِيَ لَهُۥ ۚ وَيَذَرُهُمْ فِي طُغْيَانِهِمْ يَعْمَهُونَ ○

186. مَن يُضْلِل ഏതൊരുവനെ (ആരെ) വഴിപിഴവിലാക്കുന്നുവോ اللَّهُ അല്ലാഹു فَلَا هَادِيَ എന്നാൽ നേർമ്മാർഗ്ഗത്തിലാക്കുന്ന(വഴി കാട്ടുന്ന)വനില്ല لَهُ അവനു وَيَذَرُهُمْ അവരെ അവൻ വിടുകയും ചെയ്യും فِي طُغْيَانِهِمْ അവരുടെ അതിരു കവിച്ചലിൽ, ധിക്കാരത്തിൽ يَعْمَهُونَ അവർ അലയുന്നതായി, (അന്തംവിട്ടു—അന്ധാളിച്ചു—പരിഭ്രമിച്ചു) നടക്കുമാറു

ശാഠ്യത്തിലും ദുർബ്ബുദ്ധിയിലും ഉറച്ചു നിൽക്കുന്നവരെ അല്ലാഹു സന്മാർഗ്ഗത്തിലാക്കുകയില്ല. അവൻ സന്മാർഗ്ഗത്തിലാക്കാത്തവരെല്ലാം വഴിപിഴച്ചവർ തന്നെ. അവർക്ക നേർവഴി കാട്ടി സന്മാർഗ്ഗത്തിലേക്ക നയിക്കുവാൻ ആർക്കും സാധ്യമല്ല. വഴി തെററി മരുഭൂമിയിൽ അലഞ്ഞു നടക്കുന്നവരെപ്പോലെ, ലക്ഷ്യബോധമില്ലാതെ മതിമറന്നും അന്തം വിട്ടും അലഞ്ഞു നടക്കുവാൻ തൽക്കാലം അല്ലാഹു അവരെ വിട്ടേക്കും. അവസാനം പിടിച്ചു ശിക്ഷിക്കുകയും ചെയ്യും.

187. (നബിയേ,) അന്ത്യസമയത്തെപ്പററി അവർ നിന്നോടു ചോദിക്കുന്നു: അതിന്റെ സ്ഥാപനം [അതു സംഭവിക്കൽ] ഏതു സമയത്താണെന്നു. പറയുക: 'നിശ്ചയമായും അതിന്റെ അറിവു എന്റെ റബ്ബിന്റെ പക്കൽ മാത്രമാണു. അതിന്റെ സമയത്തു അവനല്ലാതെ (ആരും) അതിനെ വെളിപ്പെടുത്തുകയില്ല. ആകാശങ്ങളിലും, ഭൂമിയിലും അതു (വളരെ) ഭാരിച്ചതായിരിക്കുന്നതാണു. പെട്ടന്നല്ലാതെ അതു നിങ്ങൾക്കു വരുകയില്ല.'

١٨٧- يَسْـَٔلُونَكَ عَنِ السَّاعَةِ أَيَّانَ مُرْسَىٰهَا ۖ قُلْ إِنَّمَا عِلْمُهَا عِندَ رَبِّي ۖ لَا يُجَلِّيهَا لِوَقْتِهَا إِلَّا هُوَ ۚ ثَقُلَتْ فِي السَّمَاوَاتِ وَالْأَرْضِ ۚ لَا تَأْتِيكُمْ إِلَّا بَغْتَةً ۗ

187. يَسْأَلُونَكَ അവർ നിന്നോടു ചോദിക്കുന്നു عَنِ السَّاعَةِ അന്ത്യസമയത്തെപ്പററി أَيَّانَ ഏതു സമയത്താണു, എന്നേരമാണു مُرْسَاهَا അതിന്റെ സ്ഥാപനം (സംഭവിക്കൽ), നങ്കൂരമിടൽ قُلْ പറയുക إِنَّمَا عِلْمُهَا നിശ്ചയമായും അതിന്റെ (അതു സംബന്ധിച്ച) അറിവു عِندَ رَبِّي എന്റെ റബ്ബിന്റെ അടുക്കൽ (മാത്രം) ആകുന്നു لَا يُجَلِّيهَا അതിനെ വെളിപ്പെടുത്തുകയില്ല لِوَقْتِهَا അതിന്റെ സമയത്തേക്കു (സമയത്തു) إِلَّا هُوَ അവനല്ലാതെ ثَقُلَتْ അതു ഭാരിച്ചതാണു, ഭാരമായിരിക്കുന്നു فِي السَّمَاوَاتِ ആകാശങ്ങളിൽ وَالْأَرْضِ ഭൂമിയിലും لَا تَأْتِيكُمْ അതു നിങ്ങൾക്കു വരുകയില്ല إِلَّا بَغْتَةً പെട്ടന്നല്ലാതെ

(നബിയേ) നീ അതിനെക്കുറിച്ച് കിണഞ്ഞന്വേഷിച്ച (റിഞ്ഞ)വനാണെന്നവിധം അവർ നിന്നോടു ചോദിക്കുന്നു. പറയുക: 'നിശ്ചയമായും, അതിന്റെ അറിവു അല്ലാഹുവിങ്കൽ മാത്രമാകുന്നു; എങ്കിലും, മനുഷ്യരിൽ അധികമാളുകളും (അതു) അറിയുന്നില്ല.'

يَسْـَٔلُونَكَ كَأَنَّكَ حَفِيٌّ عَنْهَا قُلْ إِنَّمَا عِلْمُهَا عِندَ ٱللَّهِ وَلَٰكِنَّ أَكْثَرَ ٱلنَّاسِ لَا يَعْلَمُونَ ۝

يَسْأَلُونَكَ നിന്നോടവർ ചോദിക്കുന്നു كَأَنَّكَ നീ ആണെന്നപോലെ, ആകുന്നുവെന്നോണം حَفِيٌّ കിണഞ്ഞന്വേഷിക്കുന്ന (അറിയുന്ന)വൻ عَنْهَا അതിനെപ്പറ്റി قُلْ പറയുക إِنَّمَا عِلْمُهَا നിശ്ചയമായും അതിന്റെ അറിവു عِندَ اللَّهِ അല്ലാഹുവിങ്കൽ (മാത്രം) ആകുന്നു وَلَٰكِنَّ എങ്കിലും, എന്നാൽ, പക്ഷേ أَكْثَرَ النَّاسِ മനുഷ്യരിൽ അധികവും لَا يَعْلَمُونَ അറിയുന്നില്ല, അറിയുകയില്ല

السَّاعَة (സാഅത്ത്) എന്നാൽ അൽപം സമയം എന്നത്രെ വാക്കർത്ഥം. നാഴിക, വിനാഴിക, മണിക്കൂർ (ഒരു ദിവസത്തിന്റെ ഇരുപത്തിനാലിൽ ഒരംശം) എന്നീ അർത്ഥങ്ങളിൽ അതു ഉപയോഗിച്ചു വരുന്നു. ال (അൽ) എന്ന അവ്യയം കൂടി ചേർത്തു السَّاعَة എന്നു പറയുമ്പോൾ അതു ഒരു പ്രത്യേക സമയത്തെ കുറിക്കുന്നു. ലോകാവസാന ദിവസമാകുന്ന അന്ത്യസമയത്തെ ഉദ്ദേശിച്ചാണ് ഖുർആനിൽ ആ വാക്കു ഉപയോഗിക്കാറുള്ളത്. നാൽപത് സ്ഥലത്തു ഖുർആനിൽ അതു വന്നിട്ടുണ്ട്. അവിടെയെല്ലാം ഈ അർത്ഥത്തിലാണു അതുള്ളത്. രണ്ടു പ്രാവശ്യം കാഹളം ഊതപ്പെടുമെന്നും, ഒന്നാമത്തെ ഊത്തോടുകൂടി ലോകാവസാനവും ജീവികളുടെ നാശവും സംഭവിക്കയും, രണ്ടാമത്തെ ഊത്തോടുകൂടി പുനർജീവിതവും വിചാരണ മുതലായ അനന്തര സംഭവങ്ങളും ഉണ്ടാകുകയും ചെയ്യുമെന്നും ഖുർആനിൽ നിന്നും നബിവചനങ്ങളിൽ നിന്നും അറിയപ്പെട്ടതാണ്. ഇതെല്ലാം ഉൾക്കൊള്ളുന്ന വാക്കുകളാണ് 'ഖിയാമത്തുനാളും', 'അന്ത്യനാളും' (يوم القيمة واليوم الآخر). ഖിയാമത്തുനാളിന്റെ ആദ്യഘട്ടത്തെ — അഥവാ ലോകനാശം സംഭവിക്കുന്ന സമയത്തെ—ഉദ്ദേശിച്ചാണു السَّاعَة എന്ന വാക്ക അധികം പറയപ്പെടാറുള്ളത്. ഒരു മിടിയിടക്കൊണ്ടു എല്ലാം കഴിഞ്ഞുപോകുമാറ് അത്ര പെട്ടെന്നായിരിക്കും അതു സംഭവിക്കുക. അതുകൊണ്ടായിരിക്കാം അതിനു ഈ വാക്കു ഉപയോഗിക്കുന്നത്. അല്ലാഹുവിനറിയാം. 'അന്ത്യസമയം, അന്ത്യഘട്ടം' എന്നൊക്കെ അതു തർജ്ജമ ചെയ്യപ്പെട്ടുവരുന്നു.

حَفِيٌّ (ഹഫിയ്യ്) എന്നതു ഏതെങ്കിലും വിഷയത്തിലുള്ള താൽപര്യം നിമിത്തം അതിനെപ്പറ്റി കിണഞ്ഞു അന്വേഷണം നടത്തിക്കൊണ്ടിരിക്കുന്നവൻ എന്ന അർത്ഥത്തിലും, കൃപയും സ്നേഹവുമുള്ള മിത്രം—അല്ലെങ്കിൽ സ്നേഹിതൻ—എന്ന അർത്ഥത്തിലും വരാവുന്ന വാക്കാകുന്നു. രണ്ടു പ്രകാരത്തിലും ഇവിടെ അർത്ഥം കല്പിക്കപ്പെട്ടിട്ടുമുണ്ട്. ആദ്യത്തെ അർത്ഥപ്രകാരം, كَأَنَّكَ حَفِيٌّ عَنْهَا എന്നു പറഞ്ഞതിന്റെ സാരം ഇങ്ങിനെയായിരിക്കും: ആ സമയത്തെപ്പറ്റി അവർ നിന്നോടു ചോദിക്കുന്നതു കണ്ടാൽ നീ അതിനെപ്പറ്റി വേണ്ടത്ര അന്വേഷിച്ചറിഞ്ഞുവെച്ച ആളാണെന്നു തോന്നിപ്പോകും. രണ്ടാമത്തെ അർത്ഥപ്രകാരം, ആ സമയത്തെപ്പറ്റി അവർ നിന്നോടു ചോദിക്കുന്നതു കണ്ടാൽ നീ അവരുടെ ഒരു ഉറ്റ സ്നേഹിതനാണെന്ന തോന്നിപ്പോകും—അഥവാ അതുകൊണ്ടു നീ അവർക്കതു പറഞ്ഞുകൊടുക്കാതിരിക്കുകയില്ല—എന്നായിരിക്കും സാരം.

അല്ലാഹുവിന്റെ ഏകത്വത്തെ സംബന്ധിക്കുന്ന തൗഹീദിലും, പരലോക ജീവിതത്തോടു ബന്ധപ്പെട്ട അന്ത്യനാളിലുമാണല്ലോ അവിശ്വാസികൾക്കു ഏററവുമധികം നിഷേധമുള്ളതു. അതുകൊണ്ടു അങ്ങനെ ഒരു അന്ത്യസമയമുണ്ടെങ്കിൽ അതെപ്പോഴാണു സംഭവിക്കുക എന്നു പരിഹാസ രൂപത്തിലും, നിഷേധ രൂപത്തിലും നബി (സ)യോടു അവർ ചോദിച്ചുകൊണ്ടിരിക്കും. ഇതിനുള്ള മറുപടിയാണു ഈ വചനത്തിൽ ആവർത്തിച്ചു പറഞ്ഞിരിക്കുന്നത്. ഈ ചോദ്യവും മറുപടിയും ഖുർആനിൽ പത്തിലധികം സ്ഥലത്തു കാണാവുന്നതാകുന്നു. എല്ലാ സ്ഥലത്തും പറഞ്ഞ മറുപടിയുടെ ചുരുക്കം ഇതാണു: അതെപ്പോഴാണെന്നു അല്ലാഹുവിനു മാത്രമേ അറിയുകയുള്ളു. മറ്റാർക്കും അറിയുകയില്ല. ആർക്കും അവൻ അറിയിച്ചുകൊടുക്കുകയുമില്ല. അവനുമാത്രം അറിയാവുന്ന ഒരു പരമ രഹസ്യമാണതു.' ഈ ആശയം വളരെ വ്യക്തമായും ആവർത്തിച്ചും പറയപ്പെട്ടിട്ടുണ്ടു താനും. അപ്പുറം ഭൂലോകത്തുള്ള എല്ലാ ശാസ്ത്രജ്ഞൻമാരും, ഗണിതക്കാരും, ജോത്സ്യന്മാരും—എന്നു വേണ്ട, എല്ലാ തരം ആളുകളും—ഒത്തു

ചേർന്നുകൊണ്ടു ലോകാവസാന സംഭവം ഇന്ന കാലത്തു നടക്കുമെന്നു പ്രവചിച്ചാലും അല്ലാഹുവിന്റെ ഈ ക്ളിപ്തപ്പടിയെപ്പറ്റി അറിയാവുന്ന ഒരു സത്യവിശ്വാസിക്ക അതു തനി വിഡ്ഢിത്തമായിട്ടല്ലാതെ കണക്കാക്കുവാൻ സാധിക്കുകയില്ല. ചില ജ്യോൽസ്യൻമാർ ചേർന്നു ലോകാവസാനം ഇന്ന കാലത്തു സംഭവിക്കുമെന്നു പ്രവചിക്കുകയും, അതു കേട്ടു പാശ്ചാത്യരും പൗരസ്ത്യരുമടക്കം എത്രയോ ജനങ്ങൾ ഭയവിഹ്വലരായിക്കൊണ്ടു അതു പ്രതീക്ഷിക്കുകയും, അവസാനം അതൊരു ദുസ്വപ്നമായി കലാശിക്കുകയും ചെയ്തിട്ടുള്ളതു ഒന്നിലധികം പ്രാവശ്യം നാമൊക്കെ കണ്ടു കഴിഞ്ഞതാണ്. ആ കാത്തിരിപ്പിൽ കുറെ മുസ്ലിം സാമാന്യ ജനങ്ങളും അകപ്പെടാതിരുന്നിട്ടില്ല. അറിവില്ലായ്മയോ, വിശ്വാസക്കുറവോ മാത്രമാണതിനു കാരണമെന്നു തീർച്ചതന്നെ. ഖുർആനിൽ വിശ്വസിക്കുകയും, അതിലെ പ്രാഥമിക പാഠങ്ങൾ ഗ്രഹിക്കുകയും ചെയ്തിട്ടുള്ള ഒരാളും അത്തരം പ്രവചനങ്ങൾക്കു ചെവി കൊടുക്കുകയില്ല തന്നെ.

അന്ത്യസമയം എപ്പോഴാണെന്നു അല്ലാഹുവിനല്ലാതെ മറ്റാർക്കും അറിയുകയില്ല. എന്നാൽ, അതിനു അവൻ ഒരു നിശ്ചിത സമയം നിശ്ചയിച്ചുവെച്ചിട്ടുണ്ട്: ആ സമയം വരുമ്പോഴായിരിക്കും അതു സംഭവിക്കുക; അതു വെളിപ്പെടുത്തുന്നതിൽ മറ്റാർക്കും ഒരു പങ്കും ഉണ്ടായിരിക്കുകയില്ല എന്നൊക്കെ لَا يُجَلِّيهَا لِوَقْتِهَا إِلَّا هُوَ (അതിന്റെ സമയത്തു അവനല്ലാതെ അതിനെ വെളിപ്പെടുത്തുകയില്ല) എന്ന വാക്യത്തിൽ നിന്നു മനസ്സിലാക്കാം. അന്നത്തെ ദിവസം സകല ജീവികളും നാശമടയും, ആകാശഭൂമികളുടെ നിലയെല്ലാം താറുമാറായിപ്പോകും, സൂര്യചന്ദ്ര നക്ഷത്രങ്ങളെല്ലാം സ്ഥാനം തെറ്റി ഉതിർന്നു പോകും എന്നിങ്ങിനെ അതിഭയങ്കരങ്ങളായ അനേകം സംഭവവികാസങ്ങൾ ഉണ്ടായിത്തീരുമെന്ന പല സ്ഥലങ്ങളിലും—താഴെ സൂറത്തുകളിൽ വിശേഷിച്ചും—അല്ലാഹു വ്യക്തമാക്കിയിരിക്കുന്നു. സൂറത്തുൽ ഹജ്ജിന്റെ ആദ്യവചനത്തിൽ അല്ലാഹു പറയുന്നു: 'നിശ്ചയമായും അന്ത്യസമയത്തിന്റെ പ്രകമ്പനം വമ്പിച്ച ഒരു കാര്യമാണ്: അതു നിങ്ങൾ കാണുന്ന ദിവസം, മുലകൊടുക്കുന്ന സ്ത്രീകളെല്ലാം അവർ മുലകൊടുക്കുന്നവരെപ്പററി ശ്രദ്ധവിട്ടു പോകും; ഗർഭിണികളെല്ലാം അവരുടെ ഗർഭം പ്രസവിച്ചുപോകും; മനുഷ്യരെ മത്തുപിടിച്ചവരായും നിനക്കു കാണാം'. ثَقُلَتْ فِي السَّمَاوَاتِ وَالْأَرْضِ (ആകാശങ്ങളിലും ഭൂമിയിലും അതു വളരെ ഭാരിച്ചതാണു) എന്നു പറഞ്ഞതു അതൊക്കെയാണു സൂചിപ്പിക്കുന്നത്. യാതൊരു മുന്നറിയിപ്പും കൂടാതെ തികച്ചും യാദൃശ്ചികമായിട്ടായിരിക്കും അതു സംഭവിക്കുകയെന്നും അല്ലാഹു അറിയിച്ചു തരുന്നു. لَا تَأْتِيكُمْ إِلَّا بَغْتَةً (പെട്ടന്നല്ലാതെ അതു നിങ്ങൾക്ക വരുകയില്ല) എന്നാണു ഇവിടെ അല്ലാഹു പറഞ്ഞ വാക്ക്. മറ്റൊരു സ്ഥലത്ത് പറയുന്നതു ഇങ്ങിനെയാണു. وَمَا أَمْرُ السَّاعَةِ إِلَّا كَلَمْحِ الْبَصَرِ أَوْ هُوَ أَقْرَبُ (സാരം: അന്ത്യ സമയത്തിന്റെ കാര്യം കണ്ണിമവെട്ടുന്നതുപോലെയല്ലാതെ ഇല്ല. അല്ലെങ്കിൽ അതു കൂടുതൽ അടുപ്പം—വേഗത—യുള്ളതാകുന്നു. (നഹ്ൽ 77) 'അന്ത്യസമയം നിലവിൽ വരുമ്പോൾ, കൊള്ളക്കൊടുക്കൽ നടത്തുന്ന രണ്ടാളുകൾ അവർക്കിടയിൽ നിവർത്തിപ്പിടിച്ച വസ്ത്രം മടക്കുവാൻ അവർക്കു കഴിയുകയില്ല. വെള്ളത്തൊട്ടി ശരിപ്പെടുത്തിക്കൊണ്ടിരിക്കുന്നവനു അതിൽ നിന്നു വെള്ളം കുടിക്കുവാൻ കഴിയുകയില്ല, പാൽ കറക്കുന്നവനു അതു കുടിക്കുവാൻ കഴിയുകയില്ല. ഭക്ഷണം വായിലേക്ക പൊക്കിയവനു അതു തിന്നുവാൻ കഴിയുകയില്ല'. എന്നൊക്കെ നബി (സ) തിരുമേനിയും അരുളിച്ചെയ്തിരിക്കുന്നു. (ബു; മു.)

നബി (സ) തിരുമേനിയടക്കമുള്ള പ്രവാചകൻമാർക്കോ, ജിബ്രീൽ(അ) അടക്കമുള്ള മലക്കുകൾക്കോ ആർക്കും തന്നെ അന്ത്യസമയം എപ്പോഴായിരിക്കും എന്നറിയുകയില്ലെന്നുള്ളതിൽ സംശയമില്ല. അതുകൊണ്ടാണ് സഹാബികൾക്കു മതകാര്യങ്ങൾ ചോദിച്ചറിയുന്നതു പഠിക്കുവാൻ വേണ്ടി മനുഷ്യ രൂപത്തിൽ ജിബ്രീൽ(അ)വന്നു നടത്തിയ ചോദ്യോത്തരങ്ങളിൽ, അന്ത്യസമയം എപ്പോഴാണെന്ന് ജിബ്രീൽ (അ) ചോദിച്ചപ്പോൾ, مَا الْمَسْئُولُ عَنْهَا بِأَعْلَمَ مِنَ السَّائِلِ (ചോദിക്കപ്പെട്ടവൻ ചോദ്യകർത്താവിനേക്കാൾ അതിനെപ്പററി അറിയുന്നവനല്ല) എന്നു നബി(സ)ഉത്തരം പറഞ്ഞത്. (മു) എന്നിരിക്കെ, ലോകാവസാനം ഇന്നപ്പോഴായിരിക്കുമെന്നു സൂചിപ്പിച്ചുകൊണ്ട് ചില ഗ്രന്ഥങ്ങളിൽ കാണുന്ന രിവായത്തുകൾ പ്രാമാണികങ്ങളല്ലെന്നു പറയേണ്ടതില്ലല്ലോ. എന്നാൽ, അതിനു മുമ്പായി ചില അടയാളങ്ങൾ ഉണ്ടാവാനുണ്ടെന്നും, ചില അടയാളങ്ങൾ ഉണ്ടായിക്കഴിഞ്ഞിട്ടുണ്ടെന്നും ഖുർആനിൽനിന്നും ഹദീസുകളിൽനിന്നുമായി മനസ്സിലാക്കാവുന്നതുമാകുന്നു. സൂ: മുഹമ്മദിൽ 'അന്ത്യസമയം അവർക്കു—അവിശ്വാസികൾക്കു—പെട്ടെന്നു വന്നെത്തുന്നതല്ലാതെ അവർ നോക്കിക്കൊണ്ടിരിക്കുന്നുവോ?!' എന്നു ചോദിച്ചുകൊണ്ടു അല്ലാഹു പറയുന്നു: فَقَدْ جَاءَ أَشْرَاطُهَا (എന്നാൽ അതിന്റെ അടയാളങ്ങൾ വന്നു കഴിഞ്ഞു). (മുഹമ്മദു: 18) ഈ അടയാളത്തിൽ പ്രധാനപ്പെട്ട ഒന്നാണു നബി (സ) യുടെ വെളിപ്പാടു്. നബി (സ) തിരുമേനി ചൂണ്ടുവിരലും നടുവിരലും ചേർത്തു പിടിച്ചുകൊണ്ടു بُعِثْتُ أَنَا وَالسَّاعَةُ كَهَاتَيْنِ (ഞാനും അന്ത്യസമയവും ഈ രണ്ടും പോലെ - അടുത്തതായി — നിയോഗിക്കപ്പെട്ടിരിക്കുന്നു.) എന്നു പറഞ്ഞിരിക്കുന്നു. (ബു; മു.)

കുഴപ്പങ്ങളുടെയും കലഹങ്ങളുടെയും ആധിക്യം, വ്യഭിചാരത്തിന്റെയും സദാചാര വിരുദ്ധമായ പ്രസ്ഥാനങ്ങളുടെയും മററും പ്രചാരം, ധാർമ്മികാരാജകത്വം, കള്ളവാദികളുടെ വെളിപ്പാടു, ദൈവനിഷേധത്തിന്റെയും ശിർക്കിന്റെയും വളർച്ച, സ്ത്രീകളുടെ പെരുപ്പം, സ്ത്രീകൾ പുരുഷവേഷം അണിയൽ എന്നിങ്ങനെ പലതും കാലാവ

[illegible] ഹദീസുകളിൽ വന്നിരിക്കുന്നു. പ്രസ്തുത ഹദീസുകളുടെ യഥാർത്ഥ [illegible] ചില സാമാന്യ ബുദ്ധികൾ ധരിക്കാറുള്ളതും, വക്രതാൽപര്യക്കാരായ ചില ദുർബുദ്ധി [illegible] പ്രചരിപ്പിക്കാറുള്ളതും പോലെ, അന്ത്യസമയത്തെക്കുറിച്ചു നബി (സ) ക്കു വല്ല മുന്നറിവും ഉണ്ടെ [illegible] കാലാവസാനത്തിനു മുമ്പു ഇങ്ങിനെ ചിലതെല്ലാം സംഭവിച്ചേക്കുമെന്നും, അതു അ [illegible] കാണിക്കുന്ന ചില ലക്ഷണങ്ങളുണ്ടു അവയെന്നുമത്രെ താൽപര്യം. [illegible] നിന്നു അറിവു ലഭിക്കാതെ നബി (സ) മറഞ്ഞ കാര്യങ്ങളൊന്നും പറയുകയില്ല തന്നെ.

188 (നബിയേ) പറയുക: 'എന്റെ സ്വന്തത്തിനു (തന്നെ) ഒരു ഉപകാരമാകട്ടെ, ഉപദ്രവമാകട്ടെ ഞാൻ അധീനമാക്കുന്നില്ല [എനിക്കതിനു കഴിവില്ല]; അല്ലാഹു ഉദ്ദേശിച്ചതൊഴികെ. ഞാൻ അദൃശ്യ കാര്യം അറിയുമായിരുന്നുവെങ്കിൽ, ഞാൻ ഗുണത്തിൽ നിന്നു (ധാരാളം) വർദ്ധിപ്പിച്ചു വെക്കുക തന്നെ ചെയ്യുമായിരുന്നു; തിൻമ എന്നെ സ്പർശിക്കുകയുമില്ലായിരുന്നു. ഞാൻ വിശ്വസിക്കുന്ന ജനങ്ങൾക്കു ഒരു താക്കീതുകാരനും, സന്തോഷമറിയിക്കുന്നവനുമല്ലാതെ (മറ്റാരും) അല്ല.'

188- قُل لَّا أَمْلِكُ لِنَفْسِي نَفْعًا وَلَا ضَرًّا إِلَّا مَا شَاءَ اللَّهُ ۚ وَلَوْ كُنتُ أَعْلَمُ الْغَيْبَ لَاسْتَكْثَرْتُ مِنَ الْخَيْرِ وَمَا مَسَّنِيَ السُّوءُ ۚ إِنْ أَنَا إِلَّا نَذِيرٌ وَبَشِيرٌ لِّقَوْمٍ يُؤْمِنُونَ

---

188. قل പറയുക لا أملك ഞാൻ ഉടമ (സ്വാധീന) പ്പെടുത്തുന്നില്ല (എനിക്കുകഴിയുകയില്ല) لنفسي എന്റെ സ്വന്തത്തിനു, എനിക്കുതന്നെ نفعا ഒരു ഉപകാരത്തെയും ولا ضرا ഉപദ്രവത്തെയുമില്ല إلا ما ഉദ്ദേശിച്ചതല്ലാതെ الله അല്ലാഹു ولو كنت ഞാനായിരുന്നെങ്കിൽ أعلم ഞാൻ അറിയും الغيب അദൃശ്യത്തെ, മറഞ്ഞ കാര്യം لاستكثرت ഞാൻ പെരുപ്പി (അധികരിപ്പി-വർദ്ധിപ്പി) ക്കുക തന്നെ ചെയ്യുമായിരുന്നു من الخير ഗുണത്തിൽ (നല്ലതിൽ) നിന്നു وما مسني എന്നെ സ്പർശിക്കുക (തൊടുക—ബാധിക്കുക)യുമില്ല السوء തിൻമ, ദോഷം إن أنا ഞാനല്ല إلا نذير ഒരു താക്കീതു (മുന്നറിയിപ്പു)കാരൻ അല്ലാതെ وبشير ഒരു സന്തോഷമറിയിക്കുന്നവനും لقوم يؤمنون വിശ്വസിക്കുന്ന ജനങ്ങൾക്ക്

അന്ത്യസമയം എപ്പോൾ സംഭവിക്കുമെന്നു എനിക്കറിഞ്ഞുകൂടാ എന്നു പ്രഖ്യാപിക്കുവാൻ കഴിഞ്ഞ വചനംമുഖേന നബി (സ) യോടു അല്ലാഹു കൽപിച്ചു. ഈ വചനത്തിൽ, അതുപോലെയുള്ള പല കാര്യങ്ങളും ഉൾപ്പെടുന്ന ഒരു പൊതു തത്വം ജനങ്ങളോടു പ്രഖ്യാപിക്കുവാൻ കൽപിക്കുന്നു. അദൃശ്യമായ-അഥവാ മനുഷ്യന്റെ ഗ്രാഹ്യേന്ദ്രിയങ്ങൾക്കതീതമായ—കാര്യങ്ങളൊന്നും എനിക്കറിഞ്ഞുകൂടാ, എന്റെ സ്വന്തം കാര്യത്തിനു പോലും വല്ല ഗുണമോ ദോഷമോ ചെയ്‌വാൻ എനിക്കു സ്വന്തം നിലക്കു കഴിവില്ല. അല്ലാഹു വല്ലതും അറിയിച്ചു തന്നാൽ അതറിയും, ഏതെങ്കിലും ഗുണമോ, ദോഷമോ എനിക്കുണ്ടാകണമെന്നു അവൻ ഉദ്ദേശിച്ചാൽ അതുണ്ടാകുകയും ചെയ്യും. അതിനപ്പുറം ഒരു കഴിവും എനിക്കില്ല, അദൃശ്യങ്ങളെപ്പറ്റി എനിക്കറിയാമായിരുന്നുവെങ്കിൽ എനിക്കു എത്രയോ നൻമകൾ നേടിവെക്കാമായിരുന്നു. തിൻമകളായി ഒന്നുംതന്നെ എന്നെ ബാധിക്കുകയും ചെയ്യുമായിരുന്നില്ല, മനുഷ്യാതീതമായ കഴിവുകളൊന്നും എനിക്കില്ല, പക്ഷെ, ഞാൻ അല്ലാഹു നിയോഗിച്ചയച്ച അവന്റെ റസൂലാണ്, സജ്ജനങ്ങൾക്കു പുണ്യഫലങ്ങളെക്കുറിച്ചു സന്തോഷവാർത്തയും, ദുർജ്ജനങ്ങൾക്കു ശിക്ഷകളെക്കുറിച്ചു താക്കീതും നൽകലാണു എന്റെ ചുമതല, സത്യവിശ്വാസം സ്വീകരിക്കുവാൻ തയ്യാറുള്ളവർക്കേ അതു പ്രയോജനപ്പെടുകയുള്ളൂ. എന്നൊക്കെയാണ്ഈ പ്രഖ്യാപനത്തിന്റെ സാരം.

അന്ത്യപ്രവാചകനും, പ്രവാചക ശ്രേഷ്ഠനുമായ നബി (സ) തിരുമേനിയുടെ അവസ്ഥ തന്നെ ഇതാണെങ്കിൽ, മറ്റെതെങ്കിലും ഒരു മഹാത്മാവിനോ, പുണ്യവാളനോ മറഞ്ഞ കാര്യം അറിയും—അല്ലെങ്കിൽ മനുഷ്യാതീതമായ വല്ല കാര്യവും ചെയ്‌വാൻ കഴിയും—എന്നു ഊഹിക്കുവാൻ സാധ്യമാണോ? ആലോചിച്ചുനോക്കുക! മുമ്പ് മരണപ്പെട്ടവരോ, ഇപ്പോൾ ജീവിച്ചിരിക്കുന്നവരോ ആയ ചില വ്യക്തികൾക്കു— അവർ എത്രതന്നെ ഉന്നതൻമാരായിരുന്നാലും—അങ്ങിനെയുള്ള കഴിവുകൾ വല്ലതും നൽകപ്പെട്ടിട്ടുണ്ടെന്നു വിശ്വസിക്കുന്ന പാമരൻമാരെപ്പറ്റി അവർക്കറിഞ്ഞുകൂടായ്കയാണെന്നു സമാധാനിച്ചേക്കാം. അത്തരം അന്ധവിശ്വാസങ്ങളെയും, അജ്ഞതകളെയും ഊട്ടിയുറപ്പിച്ചു നിലനിറുത്തുന്ന പണ്ഡിതൻമാരെപ്പറ്റി എന്താണു വിധി കൽപിക്കേണ്ടതെന്നു നിഷ്പക്ഷ ബുദ്ധിയുള്ളവർ ചിന്തിക്കട്ടെ!

അദൃശ്യജ്ഞാനം ഉള്ളവർക്കു ഇന്നകാര്യം ഇന്നപ്പോൾ ഇന്നതുപോലെ സംഭവിക്കുമെന്നറിയാവുന്നതുകൊണ്ടു ഇന്നിന്ന പ്രകാരമുള്ള നടപടികൾ മുൻകൂട്ടി സ്വീകരിക്കേണ്ടതുണ്ടെന്നും, സ്വീകരിച്ചു കൂടാ എന്നും മനസ്സിലാക്കുവാനും, അങ്ങിനെ, ഇടപാടുകൾ ലാഭകരമായിരിക്കുവാനും, യുദ്ധത്തിലും വ്യവഹാരത്തിലും വിജയം മാത്രം വരിക്കുവാനും, എന്നുവേണ്ട, ഉദ്ദേശിച്ച കാര്യങ്ങളത്രയും പ്രയാസം കൂടാതെ സാധിക്കുവാനും അവർക്കു കഴിയുന്നതാണ്. അപായങ്ങളും ബുദ്ധിമുട്ടുകളും നേരിടാതെ മുൻ കരുതലെടുക്കുവാനും കഴിയും. എനിക്കു അതിനൊന്നും കഴിയുന്നില്ലല്ലോ, എന്നത്രെ ...... وَلَوْ كُنتُ أَعْلَمُ الْغَيْبَ (ഞാൻ അദൃശ്യ കാര്യം അറിയുമായിരുന്നെങ്കിൽ........) എന്നു തുടങ്ങിയ വാക്യത്തിന്റെ താൽപര്യം.

വിഭാഗം - 24

189. അവനത്രെ, ഒരേ വ്യക്തിയിൽ [ആളിൽ] നിന്നു നിങ്ങളെ സൃഷ്ടിച്ചവൻ. അതിൽ നിന്ന (തന്നെ) അതിന്റെ ഇണയെ [ഭാര്യയെ] യും അവൻ ഉണ്ടാക്കി— അവൻ അവളുടെ അടുക്കൽ (ചെന്ന്) സമാധാനിക്കുവാൻ വേണ്ടി.

هُوَ الَّذِي خَلَقَكُم مِّن نَّفْسٍ وَاحِدَةٍ وَجَعَلَ مِنْهَا زَوْجَهَا لِيَسْكُنَ إِلَيْهَا ۖ

അങ്ങനെ, അവൻ [പുരുഷൻ] അവളിൽ [സ്ത്രീയിൽ] പ്രവേശനമുണ്ടായപ്പോൾ, അവൾ ഒരു ലഘുവായ ഗർഭം ധരിച്ചു; എന്നിട്ട് അതുമായി അവൾ നടക്കുകയായി.

فَلَمَّا تَغَشَّاهَا حَمَلَتْ حَمْلًا خَفِيفًا فَمَرَّتْ بِهِ ۖ

അങ്ങനെ, അവൾക്കു (ഗർഭം) ഭാരം കൂടി വന്നപ്പോൾ, അവർ രണ്ടാളും തങ്ങളുടെ റബ്ബായ അല്ലാഹുവിനെ വിളിച്ചു (പ്രാർത്ഥിച്ചു): 'നീ ഞങ്ങൾക്കു ഒരു നല്ലവനെ [നല്ലതായ കുട്ടിയെ] നൽകുന്ന പക്ഷം, നിശ്ചയമായും, ഞങ്ങൾ നന്ദി കാണിക്കുന്നവരിൽ പെട്ടവരായിരിക്കുന്നതാണ്.'

فَلَمَّا أَثْقَلَت دَّعَوَا اللَّهَ رَبَّهُمَا لَئِنْ آتَيْتَنَا صَالِحًا لَّنَكُونَنَّ مِنَ الشَّاكِرِينَ ○

190. എന്നിട്ട്, അവൻ [റബ്ബ്] അവർക്കു രണ്ടാൾക്കും [പുരുഷനും അവന്റെ ഇണക്കും] ഒരു നല്ലവനെ [നല്ല കുട്ടിയെ] നൽകിയപ്പോൾ, തങ്ങൾക്ക് അവൻ നൽകിയതിൽ, അവനു ചില പങ്കാളികളെ അവർ ഉണ്ടാക്കി (ത്തീർത്തു).

എന്നാൽ, അവർ [മനുഷ്യർ] പങ്കു ചേർത്തു വരുന്നതിൽ നിന്നും അല്ലാഹു വളരെ ഉന്നതനായിരിക്കുന്നു.

فَلَمَّا آتَاهُمَا صَالِحًا جَعَلَا لَهُ شُرَكَاءَ فِيمَا آتَاهُمَا ۚ فَتَعَالَى اللَّهُ عَمَّا يُشْرِكُونَ ○

189. هُوَ الَّذِي خَلَقَكُم അവനത്രെ നിങ്ങളെ സൃഷ്ടിച്ചവൻ مِّن نَّفْسٍ ഒരു ആത്മാവിൽ (ആളിൽ— വ്യക്തിയിൽ— ദേഹത്തിൽ) നിന്നു وَاحِدَةٍ ഒരേ, ഏക وَجَعَلَ مِنْهَا അതിൽനിന്നു ആക്കുക (ഉണ്ടാക്കുക) യും ചെയ്തു زَوْجَهَا അതിന്റെ ഇണ (ഭാര്യ)യെ لِيَسْكُنَ അവൻ സമാധാനിക്കു (ഇണങ്ങു) വാൻവേണ്ടി إِلَيْهَا അവളിലേക്കു, അവളുടെ അടുക്കൽ (ചെന്ന്) فَلَمَّا تَغَشَّاهَا അങ്ങനെ അവൻ അവളിൽ പ്രവേശനമുണ്ടായപ്പോൾ حَمَلَتْ അവൾ വഹിച്ചു (ധരിച്ചു) حَمْلًا ഒരു വഹിക്കൽ (ഗർഭം) خَفِيفًا ലഘുവായ, നേരിയ فَمَرَّتْ എന്നിട്ടവൾ നടന്നു بِهِ അതുംകൊണ്ടു, അതുമായി فَلَمَّا أَثْقَلَت അങ്ങനെ അവൾ (ഗർഭം മൂലം) ഭാരപ്പെട്ട (ഭാരം കൂടിയ) പ്പോൾ دَّعَوَا അവർ രണ്ടാളും വിളിച്ചു, പ്രാർത്ഥിച്ചു رَبَّهُمَا അവരുടെ റബ്ബായ അല്ലാഹുവിനെ لَئِنْ آتَيْتَنَا നീ ഞങ്ങൾക്കു നൽകിയെങ്കിൽ صَالِحًا ഒരു നല്ലവനെ (നല്ല കുട്ടിയെ) لَّنَكُونَنَّ നിശ്ചയമായും ഞങ്ങൾ ആയിത്തീരും مِنَ الشَّاكِرِينَ നന്ദി കാണിക്കുന്നവരിൽ പെട്ട (വർ)

190. فَلَمَّا آتَاهُمَا അങ്ങനെ (എന്നിട്ടു) അവൻ അവർക്കു നൽകിയപ്പോൾ صَالِحًا ഒരു നല്ലവനെ جَعَلَا അവർ (രണ്ടാളും) ആക്കി, ഉണ്ടാക്കി لَهُ അവനു شُرَكَاءَ ചില പങ്കാളികളെ, പങ്കുകാരെ فِيمَا آتَاهُمَا അവൻ അവർക്കു നൽകിയതിൽ فَتَعَالَى എന്നാൽ വളരെ ഉന്നതനായി (ഉന്നതിപ്പെട്ടി)രിക്കുന്നു اللَّهُ അല്ലാഹു عَمَّا يُشْرِكُونَ അവർ പങ്കു ചേർക്കുന്നതിൽ നിന്നു

ഒരേ ആളിൽനിന്നു നിങ്ങളെ സൃഷ്ടിച്ചുവെന്നും, ആ ആളിൽനിന്നു അതിന്റെ ഇണയെ ഉണ്ടാക്കി എന്നും പറഞ്ഞതു, മനുഷ്യ പിതാവായ ആദം(അ)നെയും, അദ്ദേഹത്തിന്റെ ഇണയായ ഹവ്വാഉ് (അ)നെയും കുറിച്ചാണെന്നു സൂ: നിസാഉിലെ ഒന്നാമത്തെ വചനത്തിന്റെ വ്യാഖ്യാനത്തിൽ മുമ്പു വിവരിച്ചു കഴിഞ്ഞിട്ടുണ്ടു. 'ഒരേ ആളിൽ നിന്നു' എന്നു നാം അർത്ഥം കല്പിച്ച (من نفس واحدة) എന്ന വാക്കിന് ഒരേ വർഗ്ഗത്തിൽനിന്നു (من جنس واحد) എന്നു ചിലർ അർത്ഥം കല്പിച്ചിട്ടുണ്ടെന്നും, പല കാരണങ്ങളാൽ ആ അർത്ഥം അതിനു കല്പിക്കുവാൻ മാർഗ്ഗമില്ലെന്നും നാം അവിടെ കാര്യകാരണ സഹിതം വിവരിച്ചിരിക്കുന്നു. ആ ഒരേ ആളിൽനിന്നു തന്നെ അതിന്റെ ഇണയെയും ഉണ്ടാക്കി (وَخَلَقَ مِنْهَا زَوْجَهَا) എന്നു പറഞ്ഞതിന്റെ താൽപര്യവും അവിടെ വിവരിച്ചു കഴിഞ്ഞിട്ടുണ്ടു. അതുകൊണ്ട് വീണ്ടും അതൊന്നും ആവർത്തിക്കേണ്ടതായിട്ടില്ല.

نفس എന്ന വാക്കിന് 'വ്യക്തി, ആൾ, സ്വന്തം, ആത്മാവ്, ദേഹം' എന്നിങ്ങിനെയുള്ള ഏതു അർത്ഥം കല്പിച്ചാലും— അല്ലെങ്കിൽ ചിലർ പറഞ്ഞതുപോലെ 'വർഗ്ഗം' എന്നു അർത്ഥം കല്പിച്ചാലും—ശരി, അതിൽനിന്ന് അതിന്റെ ഇണയാകുന്ന പെണ്ണിനെ സൃഷ്ടിച്ചതു അവനു അവളുമായി ഇണക്കവും സ്നേഹവും ഉണ്ടാകുവാനും, അവളെ സമീപിക്കുന്നതിൽ അവനു മനസ്സമാധാനം ഉണ്ടായിത്തീരുവാനും വേണ്ടിയാണ് എന്നത്രെ لِيَسْكُنَ إِلَيْهَا (അവൾ അവളുടെ അടുക്കൽ സമാധാനമടയുവാൻ വേണ്ടി) എന്ന വാക്കിൽ അല്ലാഹു ചൂണ്ടിക്കാട്ടുന്നതു. സൂ: റൂമിൽ അല്ലാഹു പറയുന്നു: وَمِنْ آيَاتِهِ أَنْ خَلَقَ لَكُم مِّنْ أَنفُسِكُمْ أَزْوَاجًا لِّتَسْكُنُوا إِلَيْهَا وَجَعَلَ بَيْنَكُم مَّوَدَّةً وَرَحْمَةً (അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതാണ് നിങ്ങളിൽ നിന്നു തന്നെ നിങ്ങൾക്കു ഇണകളെ അവൻ ഉണ്ടാക്കിത്തന്നതു—നിങ്ങൾ അവരുടെ അടുക്കൽ സമാധാനമടയുവാൻ വേണ്ടി. നിങ്ങൾക്കിടയിൽ അവൻ സ്നേഹബന്ധവും, കാരുണ്യവും ഏർപ്പെടുത്തുകയും ചെയ്തിരിക്കുന്നു. (30:21) അല്ലാഹു ചെയ്ത വമ്പിച്ച ഒരു അനുഗ്രഹമത്രെ ഇതു. ദമ്പതികൾക്കിടയിലുള്ള ഈ ഇണക്കവും സ്നേഹബന്ധവും ഇല്ലായിരുന്നുവെങ്കിൽ, പല നിലക്കും മനുഷ്യവർഗ്ഗത്തിന്റെ അഭിവൃദ്ധിക്കും വളർച്ചക്കും വളരെ ഹാനികരമാകുമായിരുന്നു. തുടർന്നു പറഞ്ഞ വാക്യങ്ങളുടെ സാരം ഇങ്ങിനെ വിവരിക്കാം:—

അങ്ങനെ, പുരുഷനും അവന്റെ ഇണയും തമ്മിലുള്ള ഇണക്കവും സ്നേഹബന്ധവും കാരണമായി അവൻ അവളിൽ പ്രവേശിച്ചു. ആ സമ്പർക്കത്തെത്തുടർന്ന് സ്ത്രീ ഗർഭം ധരിച്ചു. ആദ്യം അതു ലഘുവായ ഒരു ഭാരമായിരുന്നു അനുഭവപ്പെട്ടതു. ഗർഭത്തിന്റെ അടയാളം പ്രത്യക്ഷത്തിൽ കാണുകയോ, ശാരീരികമായി പറയത്തക്ക വല്ല മാറ്റവും അനുഭവപ്പെടുകയോ ചെയ്തിരുന്നില്ല. ക്രമേണ അതു പ്രത്യക്ഷത്തിൽ തന്നെ കാണാറാവുകയും, ഭാരിച്ച സ്ഥിതിയിൽ മാറ്റങ്ങൾ സംഭവിക്കുകയും ചെയ്തു. ഗർഭധാരണത്തെക്കുറിച്ചും മറ്റും മുമ്പു പരിചയം സിദ്ധിച്ചിട്ടില്ലാത്തവരാണല്ലോ അവർ രണ്ടാളും. സന്താനത്തെക്കുറിച്ചുള്ള ഒരു പിടിപാടും അവർക്കു മുമ്പുണ്ടായിട്ടില്ല. ജനിക്കുവാൻ പോകുന്ന കുട്ടി എന്തായിരിക്കും, എങ്ങിനെയിരിക്കും എന്നും അറിഞ്ഞുകൂടാ. അങ്ങനെ ഉണ്ടാകുന്ന കുന്ന സന്താനം ആകൃതിയിലും പ്രകൃതിയിലുമൊക്കെ നന്നായിരിക്കുവാൻ അവർ ആഗ്രഹിച്ചു. അവർ അല്ലാഹുവിനോടു പ്രാർത്ഥിക്കുകയും ചെയ്തു. അതിനു അനുഗ്രഹിക്കുന്നപക്ഷം, തങ്ങൾ നന്ദിയുള്ളവരായിരിക്കുമെന്നുകൂടി പ്രാർത്ഥനയിൽ വ്യക്തമാക്കി.

മനുഷ്യവർഗ്ഗത്തിലെ ഒന്നാമത്തെ ഇണകളും മാതാപിതാക്കളുമായ ആ രണ്ടു വ്യക്തികളുടെ—ആദം, ഹവ്വാ(അ) എന്നിവരുടെ—സ്ഥിതി അതായിരുന്നു. അതെ, അവർക്കു സന്താനം ഉണ്ടായപ്പോൾ, അവർ അതിന്റെ നന്ദിയുള്ളവരായി അല്ലാഹുവിനോടു പ്രാർത്ഥിക്കുകയും സന്താനം ലഭിച്ചതിന്റെ പേരിൽ അവനോടു നന്ദിയുള്ളവരാകുകയും ചെയ്തു. എന്നാൽ, പിന്നീട് അവരുടെ ആ നല്ല മാതൃക പുലർത്തിപ്പോരുവാൻ ബാധ്യസ്ഥരായ അവരുടെ സന്താനപരമ്പരകളിൽ ഉണ്ടായ മാതാപിതാക്കൾ പലരും തങ്ങൾക്ക് സന്താനം ജനിച്ചപ്പോൾ അല്ലാഹുവിനോടു നന്ദികേടു കാണിക്കുകയാണുണ്ടായത്. എന്നിപ്രകാരമാണ് രണ്ടാമത്തെ വചനത്തിലടങ്ങിയ ആശയം. ഈ വചനത്തിന്റെ വാക്യം വേണ്ടതുപോലെ മനസ്സിലാക്കുവാൻ താഴെ ചൂണ്ടിക്കാട്ടുന്ന ചില സംഗതികൾ അറിഞ്ഞിരിക്കേണ്ടതു ആവശ്യമാണ്:—

189-ാം വചനത്തിലെ പരാമർശങ്ങൾ ആദമിനെയും, ഹവ്വാഇനെയും (അ) കുറിച്ചാകുന്നു. വിഷയം അവരോടു ബന്ധപ്പെട്ടതാണെങ്കിലും 190-ാം വചനത്തിലെ പരാമർശങ്ങൾ യഥാർത്ഥത്തിൽ അവർ രണ്ടു പേരെയും കുറിച്ചുള്ളതല്ല. അവരുടെ സന്തതികളിൽ പിന്നീടുണ്ടായിത്തീർന്ന എന്നതാനും ഇണകളെ—ദമ്പതികളെ—സംബന്ധിക്കുന്നതാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, രണ്ടാമത്തെ വചനത്തിൽ 'അവർക്കു നല്ലതായ സന്തതിയെ നൽകിയപ്പോൾ (فَلَمَّا آتَاهُمَا) എന്നും, 'അവർ രണ്ടു പേരും അല്ലാഹുവിന് പങ്കാളികളെ ഏർപ്പെടുത്തി (جَعَلَا لَهُ شُرَكَاءَ) എന്നും പറഞ്ഞതിലെ സർവ്വനാമങ്ങൾ (هُمَا) ആദമിനെയും, ഹവ്വാഇനെയും (അ) ഉദ്ദേശിച്ചാണെന്ന് പ്രത്യക്ഷത്തിൽ തോന്നാമെങ്കിലും യഥാർത്ഥത്തിൽ അവ അവരുടെ മക്കൾ സന്താനങ്ങളിൽ ഉണ്ടാകുന്ന ഇണകളെ

[illegible] വചനത്തിലെ [illegible] شُرَكَاءَ [illegible] (എന്നാൽ, അവർ പങ്കു ചേർക്കുന്ന [illegible]) എന്നതിൽ അവർ എന്ന് ബഹുവചന രൂപത്തിൽ പറഞ്ഞതിൽ [illegible] ഇവിടെ ഉദ്ദേശ്യമെന്നു [illegible] ഈ വചനത്തിന്റെയും പദങ്ങൾ [illegible] (ﷺ) ഉദ്ധരിച്ചിരിക്കുന്ന [illegible] عَمَّا يُشْرِكُونَ ([illegible] പങ്കു ചേർക്കുന്നതിൽ നിന്നു) എന്ന് ബഹുവചന രൂപത്തിലായിരുന്നു പറയേണ്ടിയിരുന്നത്. [illegible] വചനങ്ങളുടെ തുടർച്ചയും, വിഷയപരമായി പരസ്പരം ബന്ധപ്പെട്ടതുമായ അടുത്ത (191-ം) വചനത്തിലെ أَيُشْرِكُونَ (അവർ പങ്കു ചേർക്കുന്നുവോ) എന്നും وَهُمْ يُخْلَقُونَ (അവരാകട്ടെ, സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു) [illegible] വാക്യങ്ങളിലെ സർവ്വനാമങ്ങളും ബഹുവചന രൂപത്തിൽ തന്നെയാണുള്ളത്.

'രാജ്യക്കാരോടു ചോദിക്കുക' എന്ന ഉദ്ദേശ്യത്തിൽ 'രാജ്യത്തോടു ചോദിക്കുക' (وَاسْأَلِ الْقَرْيَةَ) എന്നും, 'നിങ്ങളുടെ പൂർവ്വികന്മാരെ ഫിർഔന്റെ ആൾക്കാരിൽ നിന്നു രക്ഷപ്പെടുത്തി' എന്ന ഉദ്ദേശ്യത്തിൽ 'നിങ്ങളെ ഫിർഔന്റെ ആൾക്കാരിൽ നിന്നു രക്ഷപ്പെടുത്തി (نَجَّيْنَاكُم مِّنْ آلِ فِرْعَوْنَ)' എന്നും പോലെയുള്ള പ്രയോഗങ്ങൾ ഖുർആനിൽ പലേടത്തും കാണാം. ഭാഷാസാഹിത്യങ്ങളിലും പതിവാണത്. ഇതുപോലെയുള്ള ഒരു പ്രയോഗം തന്നെയാണ് ഇവിടെയുമുള്ളത്. 189-ം വചനത്തിൽ മനുഷ്യവർഗ്ഗത്തിലെ ഒന്നാമത്തെ ദമ്പതികളെപ്പറ്റി പ്രസ്താവിച്ചു [illegible] അവരുടെ ശേഷം അവരുടെ സന്താന പരമ്പരകളിലെ ഇണകളിൽ നിന്നു പിന്നീട് [illegible] നിലപാടിനു വിരുദ്ധമായ മറ്റൊരു നിലപാട് ഉണ്ടായിത്തീർന്നു എന്നത്രെ (190-ം) വചനത്തിൽ അല്ലാഹു ചൂണ്ടിക്കാട്ടിയത്. ചുരുക്കിപ്പറഞ്ഞാൽ, രണ്ടാമത്തെ (190-ം) വചനത്തിലെ ആശയം ഇങ്ങിനെ മനസ്സിലാക്കാം:—

മനുഷ്യവർഗ്ഗത്തിന്റെ ആദ്യത്തെ മാതാപിതാക്കളും മാര്യാഭർത്താക്കളും അവർക്കു ഒരു സന്താനം ജനിച്ചപ്പോൾ സ്വീകരിച്ച നിലപാടു 189-ം വചനത്തിൽ കണ്ട പ്രകാരമായിരുന്നു. പിന്നീടു വംശത്തിൽ വന്ന പല മാതാപിതാക്കളും ഭാര്യാഭർത്താക്കളും അവരുടെ ആ മാതൃകക്കു വിപരീതമായി പ്രവർത്തിച്ചു. അവർ അല്ലാഹുവിനോടു നന്ദിക്കു [illegible] നന്ദികേടാണു ചെയ്തത്. ചിലർ തങ്ങളുടെ സന്താനങ്ങൾക്കു 'ഉസ്സാ' എന്ന വിഗ്രഹത്തിന്റെ അടിമ (عَبْدُ الْعُزَّى) എന്നും, സൂര്യന്റെ അടിമ (عَبْدُ شَمْسٍ) എന്നും, വേറെ ചിലർ ഹുസൈന്റെ അടിമ (عَبْدُ الْحُسَيْنِ) എന്നും [illegible] അടിമ ([illegible]) എന്നും വേറെ ചിലർ യേശുദാസ്, സൂര്യദാസ്, ചന്ദ്രദാസ് എന്നിങ്ങിനെയും സന്താനങ്ങൾക്കു പേരു നൽകി. മറ്റു ചിലർ, തങ്ങൾക്കു സന്താനം ജനിച്ചതു ചില മഹാത്മാക്കളുടെയോ, [illegible] ദേവന്മാരുടെയോ ശുപാർശയും ആശീർവ്വാദവും കൊണ്ടാണെന്നു ധരിക്കുകയും, അവർക്കു നേർച്ചകളും വഴിപാടുകളും നടത്തുകയും ചെയ്തുകൊണ്ടിരുന്നു. ഇനിയും ചിലർ തങ്ങളുടെ മക്കളെ ചില പ്രതിഷ്ഠകൾക്കും, വിഗ്രഹങ്ങൾക്കും മഠങ്ങൾക്കും സേവകന്മാരുമായി ഉഴിഞ്ഞുവെച്ചു. എന്നുവെച്ചാൽ, അല്ലാഹുവിന്റെ അനുഗ്രഹവും, അവന്റെ സൃഷ്ടി വ്യവസ്ഥയും അനുസരിച്ചു ജനിച്ച സന്താനങ്ങളുടെ വിഷയത്തിൽ അവനല്ലാത്തവർക്കും അവർ പങ്കും അവകാശവും നൽകുകയാണു ചെയ്തത്. ഇതിനെയുള്ള എല്ലാതരം ശിർക്കുകളിൽനിന്നും പരമപരിശുദ്ധനത്രെ അല്ലാഹു.

സൂക്ഷ്മാന്വേഷികളും, മഹാന്മാരുമായ പല ഖുർആൻ വ്യാഖ്യാതാക്കളും ഈ (190-ം) വചനത്തിനു നൽകിയ വ്യാഖ്യാനത്തെ ആധാരമാക്കിയാണു മുകളിൽ നാം വിവരിച്ചത്. എന്നാൽ, ചില വ്യാഖ്യാതാക്കൾ ഈ രണ്ടാമത്തെ വചനത്തിനു നൽകിക്കാണുന്ന വ്യാഖ്യാനം മറ്റൊരു താത്തിലാകുന്നു. അതിന്റെ ചുരുക്കം ഇപ്രകാരമാകുന്നു: ആദമിനും, ഹവ്വാഉന്നും (അ) ആദ്യം ജനിച്ച മക്കൾ ജീവിച്ചില്ല. അവർ വ്യസനത്തിലായി. ഇബ്‌ലീസു ചെന്ന് അടുത്ത പ്രസവത്തിലെ കുട്ടിക്കു 'ഹാരിഥിന്റെ അടിമ (عَبْدُ الْحَارِثِ)' എന്നു പേരുവെച്ചാൽ കുട്ടി ജീവിക്കുമെന്നു ഉപദേശിച്ചു. 'ഹാരിഥ്' എന്നുള്ളതു ഇബ്‌ലീസിന്റെ ഒരു പേരാകുന്നു. ഉപദേശപ്രകാരം അടുത്ത് ജനിച്ച കുട്ടിക്കു അവർ പ്രസ്തുത പേരു നൽകി. ഈ പേരു സ്വീകരിച്ചതിനെ ഉദ്ദേശിച്ചാണ് 'അവർ രണ്ടാളും അല്ലാഹുവിനു പങ്കാളികളെ ഉണ്ടാക്കി (جَعَلَا لَهُ شُرَكَاءَ)' എന്നു പറഞ്ഞിരിക്കുന്നത്. ഇവിടെ അവർ രണ്ടാളും ശിർക്കു പ്രവർത്തിച്ചു എന്നു പറഞ്ഞതു സാധാരണ അർത്ഥത്തിൽ ആരാധനയിലുള്ള ശിർക്കു എന്ന ഉദ്ദേശ്യത്തിലല്ലെന്നും, ശിർക്കിന്റെ അർത്ഥവ്യാപ്തിയിൽ ഉൾപ്പെടുന്ന ഒരു നാമമാത്ര ശിർക്കു എന്ന നിലക്കാണെന്നും ഈ അഭിപ്രായക്കാർ പറയുന്നു. പല കാരണങ്ങളാലും ഈ വ്യാഖ്യാനം സ്വീകാര്യമല്ലെന്നു ഇമാം റാസീ (റ) മുതലായ പ്രധാനപ്പെട്ട പല വ്യാഖ്യാതാക്കളും പ്രസ്താവിച്ചുകാണാം.

189ഉം 190ഉം വചനങ്ങളിലെ സർവ്വനാമങ്ങളുടെ (ضَمِيرുകളുടെ) വ്യത്യാസങ്ങൾ മുകളിൽ നാം ചൂണ്ടിക്കാട്ടിയതുപോലെ [illegible] റാസീ (റ) ഈ വ്യാഖ്യാനത്തെ ഖണ്ഡിച്ചിരിക്കുന്നത്. അതിനു പുറമെ വേറെയും കാരണങ്ങൾ നിരത്തിക്കൊണ്ടാണ്

[illegible] ഉണ്ടാക്കുകയും അനുഭവത്തിൽനിന്നു മനസ്സിലാക്കിയ ആദം (അ) നബി [illegible] സ്വീകരിച്ചുവെന്നും, എത്രയോ ലഘുവായിരുന്നാലും ശിർക്കിന്റെ ഇനത്തിൽപെട്ട [illegible] പ്രവർത്തിച്ചുവെന്നും സമ്മതിക്കുവാൻ നിവൃത്തിയില്ലെന്നുകൂടി ഹസൻ (റ) ചൂണ്ടിക്കാട്ടി [illegible] ഇബ്നു കഥീറും (റ) ഈ വ്യാഖ്യാനം ശരിയല്ലെന്നു വ്യക്തമാക്കിയിട്ടുണ്ട്. ഈ വ്യാഖ്യാന [illegible] ഉദ്ധരിക്കപ്പെടുന്ന രിവായത്തുകളിൽ ഒന്നുപോലും നബി (സ) പ്രസ്താവിച്ചതായി സ്ഥിര [illegible] ചൂണ്ടിക്കാട്ടിക്കൊണ്ടു ഇബ്നുകഥീർ (റ) ഒരു പ്രസ്താവന ചെയ്തിരിക്കുന്നു. അതിന്റെ [illegible]:—

'ഇബ്നുഅബ്ബാസ് (റ) ൽ നിന്നു ചില പ്രധാനികളടക്കം പലരും ഈ വിവരം നിവേദനം ചെയ്തിട്ടുണ്ട്. [illegible] അല്ലാഹുവിനറിയാം—വേദക്കാരിൽനിന്നു കിട്ടിയതായിരിക്കുമെന്നാണു തോന്നുന്നത്. [illegible] വാർത്തകളുടെ, ഖുർആൻകൊണ്ടും സുന്നത്തുകൊണ്ടും ശരിയാണെന്നു തെളിഞ്ഞതും, കളവാണെന്നു തെളിഞ്ഞതും, രണ്ടും നിശ്ചയിക്കുവാൻ നിവൃത്തിയില്ലാത്തതും എന്നിങ്ങിനെ മൂന്നു വിധത്തിലുണ്ടായിരിക്കും. [illegible] ഇനത്തെപ്പറ്റിയാണ് 'അവരെ നിങ്ങൾ ശരിവെക്കുകയും കളവാക്കുകയും ചെയ്യരുത്' എന്ന നബി (സ) പറഞ്ഞിരിക്കുന്നത്. സഹാബികളിൽ നിന്നോ താബിഉകളിൽ നിന്നോ വല്ലവരും ഇത്തരം വാർത്ത നിവേദനം ചെയ്യുന്നതായാൽ, അതു ഈ മൂന്നാമത്തെ ഇനത്തിൽ പെട്ടതാണെന്നു അവർ കരുതുന്നതുകൊണ്ടായിരിക്കും. [illegible] സംബന്ധിച്ചിടത്തോളം, നാം ഹസൻ ബസ്വരീ (റ) യുടെ അഭിപ്രായമാണു സ്വീകരിക്കുന്നത്. അതായത്, 'അവർ രണ്ടുപേരും അവന്നു പങ്കാളികളെ ഏർപ്പെടുത്തി (جعلا له شركاء) എന്നു പറഞ്ഞതു ആദമിനെയും, ഹവ്വാഉനെയും [illegible] അവരുടെ സന്തതികളിലുള്ള മുശ്രിക്കുകളെ മാത്രം ഉദ്ദേശിച്ചാകുന്നു—എന്ന്. അതുകൊണ്ടാണു [illegible] പങ്കു ചേർക്കുന്നതിൽ നിന്നു അല്ലാഹു വളരെ ഉന്നതനാകുന്നു (تعالى عما يشركون) എന്നു (ബഹുവചന [illegible]) പറഞ്ഞതു. ആദ്യം ആദമിനെയും ഹവ്വാഉനെയും കുറിച്ചു പ്രസ്താവിച്ചതു പിന്നീടുള്ള മാതാപിതാക്കളെ കുറിച്ചു പ്രസ്താവിച്ചതിനു ഒരു ചവിട്ടുപടി എന്നോണമാകുന്നു........'അല്ലാഹുവിനു പങ്കാളികളെ ഏർപ്പെടുത്തിയ മാതാപിതാക്കളെപ്പറ്റി അല്ലാഹു ചോദിക്കുന്നു:—

191. യാതൊരു വസ്തുവെയും സൃഷ്ടിക്കാത്തവരെ (അല്ലാഹുവിനോട്) അവർ പങ്കു ചേർക്കുന്നുവോ? അവരാകട്ടെ, സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു!

١٩١- أَيُشْرِكُونَ مَا لَا يَخْلُقُ شَيْئًا وَهُمْ يُخْلَقُونَ ۝

192. (മാത്രമല്ല,) അവർക്കു വല്ല സഹായവും ചെയ്‌വാൻ (അവർ പങ്കാളികളാക്കുന്ന) അവർക്കു സാധ്യമാകുന്നതുമല്ല; തങ്ങളുടെ സ്വന്തങ്ങളെത്തന്നെയും അവർ സഹായി(ച്ചു രക്ഷി)ക്കുന്നതുമല്ല.

١٩٢- وَلَا يَسْتَطِيعُونَ لَهُمْ نَصْرًا وَلَا أَنفُسَهُمْ يَنصُرُونَ ۝

193. അവരെ നിങ്ങൾ നേർമാർഗ്ഗത്തിലേക്കു ക്ഷണിക്കുന്ന പക്ഷം, അവർ നിങ്ങളെ പിൻപറ്റുന്നതുമല്ല. നിങ്ങൾ അവരെ ക്ഷണിച്ചുവോ, അല്ലെങ്കിൽ നിങ്ങൾ മൗനമവലംബിക്കുന്നവരാണോ (രണ്ടായാലും) നിങ്ങൾക്കു സമമത്രെ.

١٩٣- وَإِن تَدْعُوهُمْ إِلَى الْهُدَىٰ لَا يَتَّبِعُوكُمْ سَوَاءٌ عَلَيْكُمْ أَدَعَوْتُمُوهُمْ أَمْ أَنتُمْ صَامِتُونَ ۝

---

191. أيشركون അവർ പങ്കു ചേർക്കുന്നുവോ ما لا يخلق സൃഷ്ടിക്കാത്തതിനെ, സൃഷ്ടിക്കാത്തവരെ, പടക്കാത്തവരെ شيئا യാതൊന്നും, ഒരു വസ്തുവും وهم അവരാകട്ടെ يخلقون സൃഷ്ടിക്കപ്പെടുന്നു (താനും) 192. ولا يستطيعون അവർക്കു സാധ്യമാകുകയുമില്ല لهم അവർക്കു نصرا ഒരു സഹായത്തിനും, വല്ല സഹായം ചെയ്‌വാനും ولا أنفسهم തങ്ങളെത്തന്നെയും (അവരുടെ സ്വന്തങ്ങളെയും) ഇല്ല ينصرون അവർ സഹായിക്കും 193 وإن تدعوهم അവരെ നിങ്ങൾ ക്ഷണി(വിളി)ക്കുന്നപക്ഷം إلى الهدى നേർമാർഗ്ഗ (സന്മാർഗ്ഗ)ത്തിലേക്കു لا يتبعوكم അവർ നിങ്ങളെ പിൻപറ്റുകയില്ല, പിൻതുടരുന്നതുമല്ല سواء സമമത്രെ, ഒരുപോലെയാണു عليكم നിങ്ങൾക്കു أدعوتموهم അവരെ നിങ്ങൾ വിളിച്ചു (ക്ഷണിച്ചു—പ്രാർത്ഥിച്ചു) വോ أم അതല്ല (അല്ലെങ്കിൽ) أنتم നിങ്ങൾ صامتون മൗനമവലംബിക്കുന്ന (മിണ്ടാതിരിക്കുന്ന) വരാണു

194. നിശ്ചയമായും, അല്ലാഹുവിനു പുറമെ നിങ്ങൾ വിളി(ച്ചു [പ്രാർത്ഥി)ക്കുന്നവർ നിങ്ങളെപ്പോലെയുള്ള അടിയാൻമാരാകുന്നു. [എല്ലാവരും അവന്റെ ഉടമകൾതന്നെ] എന്നാൽ, നിങ്ങൾ അവരെ വിളി(ച്ചു [പ്രാർത്ഥി)ക്കുക; എന്നിട്ട് അവർ നിങ്ങൾക്കു ഉത്തരം നൽകട്ടെ, നിങ്ങൾ സത്യവാൻമാരാണെങ്കിൽ! [എന്നാലതൊന്നു കാണാമല്ലോ].

١٩٤- إِنَّ الَّذِينَ تَدْعُونَ مِن دُونِ اللَّهِ عِبَادٌ أَمْثَالُكُمْ فَادْعُوهُمْ فَلْيَسْتَجِيبُوا لَكُمْ إِن كُنتُمْ صَادِقِينَ ○

---

194. إِنَّ നിശ്ചയമായും الَّذِينَ تَدْعُونَ നിങ്ങൾ പ്രാർത്ഥിക്കുന്ന (വിളിക്കുന്ന)വർ مِن دُونِ اللَّهِ അല്ലാഹുവിനെ കൂടാതെ (പുറമെ) عِبَادٌ അടിയാൻമാരാണു, അടിമകളാണു أَمْثَالُكُمْ നിങ്ങളെപ്പോലുള്ളവരായ فَادْعُوهُمْ എന്നാൽ നിങ്ങളവരെ വിളിക്കുക, [പ്രാർത്ഥിച്ചുകൊള്ളുവിൻ فَلْيَسْتَجِيبُوا എന്നിട്ടവർ ഉത്തരം നൽകട്ടെ لَكُمْ നിങ്ങൾക്കു إِن كُنتُمْ നിങ്ങളാണെങ്കിൽ صَادِقِينَ സത്യം പറയുന്നവർ, സത്യവാൻമാർ

അല്ലാഹുവിന്റെ അധികാരാവകാശങ്ങളിലോ, പ്രവൃത്തികളിലോ അവന്റെ പങ്കുകാരായി ഗണിക്കപ്പെടുകയും, വിളിച്ചാരാധിക്കപ്പെടുകയും ചെയ്യുന്ന ഏതൊരു വസ്തുവിന്റെയും സ്ഥിതിഗതികൾ ഇപ്രകാരമാകുന്നു. ജീവനില്ലാത്തതും ജീവനുള്ളതുമെന്ന വ്യത്യാസമില്ല. എന്നിരിക്കെ, അവരെ പങ്കുകാരാക്കുന്നതിനു എന്തു ന്യായമാണുള്ളത്?! അവരെ വിളിച്ചു പ്രാർത്ഥിക്കുകയും ആരാധിക്കുകയും ചെയ്യുന്നതിൽ എന്താണു പ്രയോജനമുള്ളതു?! എന്നു സാരം. ഈ വചനങ്ങളിലെ പരാമർശങ്ങൾ വിഗ്രഹങ്ങളും വിഗ്രഹങ്ങളല്ലാത്തതുമായ എല്ലാ ആരാധ്യ വസ്തുക്കളെയും ബാധിക്കുന്നവയാണെങ്കിലും മുഖ്യമായും വിഗ്രഹങ്ങളെ ഉദ്ദേശിച്ചാണുള്ളതെന്നു അടുത്ത വചനങ്ങളിൽ നിന്നു മനസ്സിലാക്കാം. ഖുർആൻ അവതരിക്കുമ്പോൾ മുശ്‌രിക്കുകൾ തങ്ങളുടെ ദൈവങ്ങളായി കൽപിച്ചു വന്നിരുന്നതു വിഗ്രഹങ്ങളെയാണല്ലോ.

നിങ്ങളെപ്പോലെയുള്ള അടിയാൻമാർ (عِبَادٌ أَمْثَالُكُمْ) എന്ന പ്രയോഗം ആരാധ്യ വസ്തുക്കളായി ഗണിക്കപ്പെട്ടിരുന്ന മലക്കുകൾ, പ്രവാചകൻമാർ, പുണ്യാത്മാക്കൾ മുതലായവരെ സംബന്ധിച്ചിടത്തോളം വ്യക്തം തന്നെ. എന്നാൽ, അടുത്ത വചനത്തിൽ നിന്നും ഖുർആൻ വ്യാഖ്യാതാക്കളുടെ പ്രസ്താവനകളിൽ നിന്നും മനസ്സിലാകുന്നതു പോലെ, ഇവിടെ പ്രധാനമായും പരാമർശിക്കപ്പെടുന്നതു വിഗ്രഹ ദൈവങ്ങളെപ്പറ്റിയാണ് എന്നിരിക്കെ, ആ വാക്ക (عِبَادٌ أَمْثَالُكُمْ) നിർജ്ജീവങ്ങളും ബുദ്ധിയില്ലാത്തവയുമായ വിഗ്രഹങ്ങളെപ്പറ്റി പ്രസ്താവിച്ചതിന്റെ അർത്ഥമെന്താണെന്നു സംശയിക്കപ്പെട്ടേക്കാം. വാസ്തവത്തിൽ, നിങ്ങളെപ്പോലെ അവയും അല്ലാഹുവിന്റെ സൃഷ്ടികളും അടിമകളുമാണെന്നത്രെ അതിന്റെ അർത്ഥം. ജീവികളും, നിർജ്ജീവികളും, വിഗ്രഹങ്ങളും അല്ലാത്തവരുമെന്ന വ്യത്യാസമില്ലാതെ എല്ലാം അവന്റെ ഉടമയും സൃഷ്ടിയും തന്നെയാണല്ലോ. മാത്രമല്ല, വിഗ്രഹങ്ങൾ പ്രതിഷ്ഠിക്കപ്പെടുന്നതു ഏതെങ്കിലും പുണ്യവാൻമാരുടെ നാമങ്ങളിലായിരിക്കും. അപ്പോൾ, കവിഞ്ഞപക്ഷം അവ ആരുടെ പേരിൽ പ്രതിഷ്ഠിക്കപ്പെടുന്നുവോ അവരെപ്പോലെ ആ വിഗ്രഹങ്ങൾക്ക സ്ഥാനം കൽപിക്കണമെന്നു സങ്കൽപിച്ചാൽ തന്നെയും അപ്പോഴും അവ അല്ലാഹുവിന്റെ ഉടമകൾ തന്നെയായിരിക്കും. യഥാർത്ഥമാകട്ടെ, വിഗ്രഹങ്ങളെല്ലാം അവയുടെ ആരാധകൻമാരുടെ കൈകളാ നിർമ്മിച്ചുണ്ടാക്കപ്പെടുന്നവയും, ബുദ്ധിയോ ജീവനോ ഗ്രഹണശക്തിയോ ഇല്ലാത്തവയുമാകുന്നു. അപ്പോൾ, നിങ്ങളെപ്പോലെയുള്ള സ്ഥാനം പോലും വാസ്തവത്തിൽ അവർക്കില്ല—നിങ്ങളെക്കാൾ നിസ്സാരങ്ങളാണവ—എന്നുകൂടി അവയുടെ ആരാധകരെ മനസ്സിലാക്കുന്നതാണു അടുത്ത വചനത്തിലെ ചോദ്യങ്ങൾ:—

195. അവർക്കു നടക്കുവാനുള്ള കാലുകൾ ഉണ്ടോ?! അതല്ല, അവർക്കു പിടിക്കുവാനുള്ള കൈകൾ ഉണ്ടോ?!

١٩٥- أَلَهُمْ أَرْجُلٌ يَمْشُونَ بِهَا أَمْ لَهُمْ أَيْدٍ يَبْطِشُونَ بِهَا

---

195. أَلَهُمْ അവർക്കുണ്ടോ أَرْجُلٌ കാലുകൾ يَمْشُونَ അവർ നടക്കും بِهَا അവകൊണ്ടു أَمْ അതല്ല(അതോ-അല്ലെങ്കിൽ) لَهُمْ അവർക്കുണ്ടോ أَيْدٍ കൈകൾ يَبْطِشُونَ അവർ പിടിക്കും-എതിർക്കുന്ന بِهَا അവകൊണ്ടു

أَمْ لَهُمْ أَعْيُنٌ يُبْصِرُونَ بِهَا أَمْ لَهُمْ آذَانٌ يَسْمَعُونَ بِهَا قُلِ ادْعُوا شُرَكَاءَكُمْ ثُمَّ كِيدُونِ فَلَا تُنظِرُونِ ○

അതല്ല, അവർക്കു കാണുവാനുള്ള കണ്ണുകൾ ഉണ്ടോ?! അതല്ല, അവർക്കു കേൾക്കുവാനുള്ള കാതുകൾ ഉണ്ടോ?! (നബിയേ) പറയുക: 'നിങ്ങൾ നിങ്ങളുടെ പങ്കാളികളെ വിളി(ച്ചു [പാർത്ഥി)ച്ചു കൊള്ളുവിൻ; പിന്നെ (വേണമെങ്കിൽ) എന്നോട് നിങ്ങൾ തന്ത്രം പ്രയോഗിച്ചു കൊള്ളുവിൻ—എന്നിട്ട് നിങ്ങൾ എനിക്കു ഒഴിവു നൽകേണ്ട.

أَمْ لَهُمْ അതല്ല അവർക്കുണ്ടോ أَعْيُنٌ കണ്ണുകൾ يُبْصِرُونَ بِهَا അതു കൊണ്ടവർ കാണും أَمْ لَهُمْ അതല്ല അവർക്കുണ്ടോ آذَانٌ കാതു(ചെവി)കൾ يَسْمَعُونَ بِهَا അതുകൊണ്ടവർ കേൾക്കും, കേൾക്കുന്ന قُلْ പറയുക ادْعُوا നിങ്ങൾ വിളിക്കുവിൻ شُرَكَاءَكُمْ നിങ്ങളുടെ പങ്കാളികളെ ثُمَّ كِيدُونِ പിന്നെ (എന്നിട്ടു) നിങ്ങൾ എന്നോടു തന്ത്രം പ്രയോഗിക്കുക فَلَا تُنظِرُونِ എന്നിട്ടു നിങ്ങൾ എനിക്കു ഒഴിവു നൽകേണ്ട, താമസം നൽകേണ്ട.

നിങ്ങളും നിങ്ങളുടെ ദൈവങ്ങളും കൂടി ഒത്തൊരുമിച്ചുകൊണ്ട് യാതൊരു വിട്ടുവീഴ്ചയും എനിക്ക് നൽകാതെ വിധം എനിക്കെതിരായി എന്തു തന്ത്രങ്ങൾ തന്നെ പ്രയോഗിച്ചാലും ഞാനതിനു ഒരു നിലയും വിലയും കല്പിക്കയില്ല എന്നു സാരം.

196. 'നിശ്ചയമായും, എന്റെ രക്ഷാധികാരി (ഈ) വേദഗ്രന്ഥം ഇറക്കിയ അല്ലാഹുവാകുന്നു. അവൻ സജ്ജനങ്ങളെ ഏറ്റെടു(ത്തു രക്ഷി)ക്കുകയും ചെയ്യും.

إِنَّ وَلِيِّيَ اللَّهُ الَّذِي نَزَّلَ الْكِتَابَ وَهُوَ يَتَوَلَّى الصَّالِحِينَ ○ -١٩٦

197. 'നിങ്ങൾ അവനു പുറമെ വിളി(ച്ചു [പാർത്ഥി)ക്കുന്നവരാകട്ടെ, നിങ്ങളെ സഹായിക്കുവാൻ അവർക്കു സാധിക്കുകയില്ല; അവരുടെ സ്വന്തങ്ങളെത്തന്നെയും അവർ സഹായിക്കുകയില്ല'.

وَالَّذِينَ تَدْعُونَ مِن دُونِهِ لَا يَسْتَطِيعُونَ نَصْرَكُمْ وَلَا أَنفُسَهُمْ يَنصُرُونَ ○ -١٩٧

198. അവരെ നിങ്ങൾ നേർമാർഗ്ഗത്തിലേക്കു വിളിക്കുന്നപക്ഷം, അവർ (അതു) കേൾക്കുകയില്ല. (മനുഷ്യാ) നിന്നിലേക്കു നോക്കുന്നതായി നിനക്കു അവരെ കാണാവുന്നതാണു; അവരാകട്ടെ, (ഒന്നും) കാണുന്നില്ല താനും.

وَإِن تَدْعُوهُمْ إِلَى الْهُدَىٰ لَا يَسْمَعُوا وَتَرَاهُمْ يَنظُرُونَ إِلَيْكَ وَهُمْ لَا يُبْصِرُونَ ○ -١٩٨

---

196. إِنَّ وَلِيِّيَ നിശ്ചയമായും എന്റെ രക്ഷാധികാരി, കൈകാര്യക്കാരൻ, ബന്ധു اللَّهُ അല്ലാഹുവാകുന്നു الَّذِي نَزَّلَ ഇറക്കിയവനായ الْكِتَابَ (വേദ)ഗ്രന്ഥം وَهُوَ അവനാകട്ടെ, അവൻ يَتَوَلَّى ഏറ്റെടുക്കുന്നു, ഏറ്റെടുക്കുക (രക്ഷ നൽകുക)യും ചെയ്യും الصَّالِحِينَ സദ്‌വൃത്തരെ, സജ്ജനങ്ങളെ 197. وَالَّذِينَ تَدْعُونَ നിങ്ങൾ വിളിക്കു(പ്രാർത്ഥിക്കു)ന്നവർ مِن دُونِهِ അവനു പുറമെ لَا يَسْتَطِيعُونَ അവർക്കു സാധ്യമാകയില്ല نَصْرَكُمْ നിങ്ങളെ സഹായിക്കുവാൻ, നിങ്ങളുടെ സഹായത്തിനു وَلَا أَنفُسَهُمْ അവരെത്തന്നെയും ഇല്ല يَنصُرُونَ അവർ സഹായിക്കും 198. وَإِن تَدْعُوهُمْ അവരെ നിങ്ങൾ വിളിച്ചാലോ, വിളിക്കുന്ന പക്ഷം إِلَى الْهُدَىٰ നേർ(സൻ)മാർഗ്ഗത്തിലേക്കു لَا يَسْمَعُوا അവർ കേൾക്കുകയില്ല وَتَرَاهُمْ അവരെ നീ കാണും, നിനക്കു കാണാം يَنظُرُونَ അവർ നോക്കുന്നതായി إِلَيْكَ നിന്നിലേക്കു وَهُمْ അവരാകട്ടെ لَا يُبْصِرُونَ കാണുകയില്ല, കാണുന്നുമില്ല.

വിഗ്രഹങ്ങള്‍ക്കു കണ്ണു, മൂക്കു, ചെവി തുടങ്ങിയ അവയവങ്ങള്‍ കൊത്തിയുണ്ടാക്കപ്പെട്ടിരിക്കുമെങ്കിലും യഥാര്‍ത്ഥത്തില്‍ അവക്കു കാഴ്ചയോ, കേള്‍വിയോ, മറ്റേതെങ്കിലും ഗ്രഹണശക്തിയോ ഇല്ലെന്നു തീര്‍ച്ചയാണല്ലോ.

١٩٩- خُذِ الْعَفْوَ وَأْمُرْ بِالْعُرْفِ وَأَعْرِضْ عَنِ الْجَاهِلِينَ ۝

199. (നബിയേ) നീ മാപ്പ് (അഥവാ വിട്ടുവീഴ്ച എന്ന തത്വം) സ്വീകരിക്കുക; സദാചാരം (അഥവാ സല്‍കാര്യം) കൊണ്ടു ഉപദേശിക്കുകയും ചെയ്യുക; വിവരമില്ലാത്തവരില്‍ നിന്നു തിരിഞ്ഞുകളയുകയും ചെയ്യുക.

٢٠٠- وَإِمَّا يَنزَغَنَّكَ مِنَ الشَّيْطَانِ نَزْغٌ فَاسْتَعِذْ بِاللَّهِ ۚ إِنَّهُ سَمِيعٌ عَلِيمٌ ۝

200. പിശാചില്‍ നിന്നു വല്ല ദുഷ്പ്രേരണയും നിന്നെ (വല്ലപ്പോഴും) ഇളക്കി വിടുന്നപക്ഷം, നീ അല്ലാഹുവിനോടു ശരണം തേടിക്കൊള്ളുക.

നിശ്ചയമായും, അവന്‍ (എല്ലാം) കേള്‍ക്കുന്നവനും, അറിയുന്നവനുമാകുന്നു.

---

199. خُذ എടുക്കുക (സ്വീകരിക്കുക) الْعَفْو മാപ്പ് وَأْمُر കല്പിക്കുക (ഉപദേശിക്കുക)യും ചെയ്യുക بِالْعُرْف സദാചാരം (സല്‍കാര്യം) കൊണ്ടു وَأَعْرِض തിരിഞ്ഞും കളയുക, അവഗണിക്കുകയും ചെയ്യുക عَنِ الْجَاهِلِين അജ്ഞാനികളെപ്പറ്റി, വിഡ്ഢികളില്‍ നിന്നു 200. وَإِمَّا يَنزَغَنَّكَ നിന്നെ ഇളക്കി (തോണ്ടി) വിടുന്ന പക്ഷം مِنَ الشَّيْطَان പിശാചില്‍ നിന്ന് نَزْغ വല്ല ഇളക്കിവിടലും, ഒരു തോണ്ടല്‍ (ദുഷ്പ്രേരണ) فَاسْتَعِذ എന്നാല്‍ ശരണം (കാവല്‍) തേടുക بِاللَّه അല്ലാഹുവിനോടു إِنَّهُ നിശ്ചയമായും അവന്‍ سَمِيع കേള്‍ക്കുന്നവനാണു عَلِيم അറിയുന്നവനാണു

മുശ്‌രിക്കുകളെയും, അവരുടെ ശിര്‍ക്കുകളെയും സംബന്ധിച്ചു പലതും പ്രസ്താവിച്ചശേഷം, അവരടക്കം എല്ലാവരോടും പെരുമാറുന്നതു എങ്ങിനെയായിരിക്കണമെന്നു ഈ വചനം മുഖേന അല്ലാഹു നബി (സ) യെ ഉപദേശിക്കുന്നു. അന്യരോടുള്ള പെരുമാറ്റത്തില്‍ അനുവര്‍ത്തിക്കേണ്ടുന്ന സല്‍സ്വഭാവ മൂല്യങ്ങളെല്ലാം ഈ മൂന്നു ചെറു വാക്യങ്ങളില്‍ അല്ലാഹു അടക്കിയിരിക്കുന്നതു കാണാം.

1) خُذِ الْعَفْوَ (മാപ്പ്–അഥവാ വിട്ടുവീഴ്ച–സ്വീകരിക്കുക.) വളരെ അര്‍ത്ഥ വിശാലതയുള്ള ഒരു വാക്യമാണിത്. സ്വഭാവം, പ്രവൃത്തി, ഇടപാടു, സംസാരം ആദിയായവയിലെല്ലാം തന്നെ മറ്റുള്ളവര്‍ക്കു വിഷമവും ബുദ്ധിമുട്ടും അനുഭവപ്പെടാതെ–നീതിയുക്തവും സൗകര്യപ്രദവുമായ രീതിയില്‍–പെരുമാറുക, അവരില്‍ നിന്നു അനുഭവപ്പെടുന്ന വിഷമങ്ങളുടെയും, ബുദ്ധിമുട്ടുകളുടെയും നേരെ കണ്ണടക്കുക എന്നൊക്കെയാണു അതിന്റെ ചുരുക്കം. നബി (സ) പറയുന്നു: يسروا ولا تعسروا وسكنوا ولا تنفروا – متفق (നിങ്ങള്‍ എളുപ്പമുണ്ടാക്കുവിന്‍, ഞെരുക്കമുണ്ടാക്കരുത്. നിങ്ങള്‍ സമാധാനമുണ്ടാക്കുവിന്‍, വെറുപ്പിക്കരുത്. (ബു; മു.) ഇബ്നുജരീര്‍, ഇബ്നു അബീഹാതിം (റ) എന്നിവര്‍ ഉദ്ധരിച്ച ഒരു ഹദീസില്‍, ഈ വചനം അവതരിച്ചപ്പോള്‍ ഇതിന്റെ താല്‍പര്യം എന്താണെന്നു നബി (സ) ജിബ്‌രീല്‍ (അ) നോടു ചോദിച്ചുവെന്നും, അദ്ദേഹം ഇങ്ങിനെ മറുപടി പറഞ്ഞുവെന്നും വന്നിരിക്കുന്നു: 'താങ്കളോട് അക്രമം പ്രവര്‍ത്തിച്ചവര്‍ക്കു താങ്കള്‍ മാപ്പു നല്‍കുവാനും, താങ്കള്‍ക്കു (വേണ്ടതു തരാതെ) മുടക്കം ചെയ്തവര്‍ക്കു താങ്കള്‍ (അങ്ങോട്ടു) കൊടുക്കുവാനും, താങ്കളോടു ബന്ധം മുറിച്ചവരോടു താങ്കള്‍ ബന്ധം ചേര്‍ക്കുവാനും അല്ലാഹു കല്‍പിച്ചിരിക്കുകയാണ്.'

2) وَأْمُرْ بِالْعُرْفِ (സദാചാരം–അഥവാ സല്‍കാര്യം–കൊണ്ടു ഉപദേശിക്കുക.) നല്ലതും വേണ്ടപ്പെട്ടതുമായ എല്ലാ കാര്യങ്ങളും–മറ്റൊരു രൂപത്തില്‍ പറയുന്ന പക്ഷം, അല്ലാഹുവിങ്കല്‍ പുണ്യകരവും ജനങ്ങളില്‍ ഉപകാരപ്രദവുമായ എല്ലാ കാര്യങ്ങളും – ഉള്‍ക്കൊള്ളുന്നതാണ് عُرْف എന്ന വാക്ക്. സദാചാരത്തെക്കുറിച്ചു ഉപദേശിക്കലും, ദുരാചാരത്തെക്കുറിച്ചു വിരോധിക്കലും സത്യവിശ്വാസികളുടെ കടമയാണെന്നും, എല്ലാ നിലവാരത്തിലുമുള്ള ആളുകളും അവരവരുടെ കഴിവുപോലെ അതിനു ബാധ്യസ്ഥരാണെന്നും അനേകം ഖുര്‍ആന്‍ വചനങ്ങളില്‍ നിന്നും

നബി വചനങ്ങളിൽ നിന്നും അറിയപ്പെട്ടതാകുന്നു. ഇമാം റാസീ (റ) ചൂണ്ടിക്കാട്ടിയതുപോലെ, എല്ലാ സന്ദർഭങ്ങളിലും മാപ്പും വിട്ടുവീഴ്ചയും മാത്രം സ്വീകരിക്കപ്പെടുന്ന പക്ഷം, അതു ചിലപ്പോൾ മതപരവും അല്ലാത്തതുമായ അനാശാസ്യതക്കു കാരണമായെന്നു വരും. അതിനൊരു പരിഹാരംകൂടിയാണു രണ്ടാമത്തെ ഈ ഉപദേശം. അതായതു, സദാചാരത്തിനും, സത്കർമ്മങ്ങൾക്കും ഹാനികരമാകത്തക്ക വിട്ടുവീഴ്ചകൾ ഉണ്ടായിക്കൂടാ എന്നു ഇതിൽ നിന്നു മനസ്സിലാക്കാം. അതു പോലെത്തന്നെ, സത്കാര്യങ്ങളെക്കുറിച്ചു ഉപദേശിക്കുകയും, ദുഷ്കൃത്യങ്ങളെക്കുറിച്ചു വിരോധിക്കുകയും ചെയ്യുമ്പോൾ, അജ്ഞാനികളായ മൂഢജനങ്ങളിൽ നിന്നു അനേകം പ്രതികരണങ്ങളും നേരിടേണ്ടിയും വന്നേക്കും. അടുത്ത ഉപദേശത്തിൽ അതിനുള്ള പരിഹാരവും കാണാവുന്നതാകുന്നു.

3) وَأَعْرِضْ عَنِ الْجَاهِلِينَ (വിവരമില്ലാത്ത ആളുകളിൽ നിന്നു തിരിഞ്ഞു കളയുക.) അതെ, അജ്ഞാനികളും മൂഢന്മാരുമായ ആളുകളുടെ നേരെ അവഗണനാ നയം സ്വീകരിക്കണം എന്നു താൽപര്യം. അവരിൽ നിന്നുണ്ടാകുന്ന എതിർപ്പുകളെയും ഉപദ്രവങ്ങളെയും സഹിക്കുക, മര്യാദയില്ലാത്ത വാക്കുകൾക്കു പ്രത്യുത്തരം പറയാതെ പ്രതികാരത്തിന്നു മുതിരാതിരിക്കുക, അനാവശ്യങ്ങളിൽ അവരോടു സഹകരിക്കാതെ അവയിൽ നിന്നു അകന്നു നിൽക്കുക, അനിഷ്ടകരമായ പെരുമാറ്റം കണ്ടാൽ കണ്ണടക്കുക മുതലായതെല്ലാം ഇതിൽ ഉൾപ്പെടുന്നു. പല മഹാന്മാരും ചൂണ്ടിക്കാട്ടിയതുപോലെ, സത്യവിശ്വാസികളിൽ ഉണ്ടായിരിക്കേണ്ടുന്ന ഉൽകൃഷ്ട സ്വഭാവങ്ങൾ ഈ മൂന്നു വാക്യങ്ങളിൽ സമാഹരിക്കപ്പെട്ടിരിക്കുന്നു. ഈ ഉപദേശങ്ങൾ മൂന്നും പ്രത്യക്ഷത്തിൽ നബി (സ) യെ അഭിമുഖീകരിച്ചുകൊണ്ടുള്ളതാണെങ്കിലും, എല്ലാ ഓരോ സത്യവിശ്വാസിയോടുമുള്ള കല്പനയാണെന്നുള്ളതിൽ സംശയമില്ല.

ഈ വചനത്തിന്റെ ശീർഷകത്തിലും, 'ഖുർആനും സുന്നത്തും മുറുകെ പിടിക്കുക' എന്ന അദ്ധ്യായത്തിലും ഇബ്നു അബ്ബാസ് (റ)ൽനിന്നു ബുഖാരി(റ) ഉദ്ധരിച്ച ഒരു സംഭവം അറിയുന്നതു ഇവിടെ സന്ദർഭോചിതമാകുന്നു. സംഭവം ഇതാണു: ഉയൈനത്തു (*) ബ്നുഹിസ്വ്ൻ (റ) അദ്ദേഹത്തിന്റെ സഹോദര പുത്രനായ ഹുർ-ബ്നു ഖൈസ് (റ)ന്റെ അടുക്കൽവന്നു ഖലീഫാ ഉമർ (റ) നോടു ഒരു സംഭാഷണത്തിനു അനുമതി വാങ്ങിക്കൊടുക്കുവാൻ ആവശ്യപ്പെട്ടു. ഉമർ (റ) ന്റെ സദസ്സിലും, കൂടിയാലോചനകളിലും അംഗങ്ങളായിരുന്നവർ ഖുർആൻ അധികം പഠിച്ചവരായിരുന്നു. അവർ യുവാക്കളോ വയസ്സു ചെന്നവരോ എന്ന വ്യത്യാസമില്ലായിരുന്നു. ആ കൂട്ടത്തിൽ ഒരാളായിരുന്നു ഹുർ-റും (റ). അങ്ങനെ, സമ്മതം ലഭിച്ച് ഉയൈനത്ത് ചെന്നപ്പോൾ അദ്ദേഹം (ഖലീഫയോടു) ഇങ്ങനെ പറഞ്ഞു: 'ഖത്താബിന്റെ മകനേ, അല്ലാഹുവിനെത്തന്നെയാണ! താങ്കൾ ഞങ്ങൾക്ക് അധികമൊന്നും തരുന്നില്ല; ഞങ്ങളിൽ നീതിയനുസരിച്ചു വിധിക്കാറുമില്ല.' ഇതു കേട്ടപ്പോൾ ഉമർ (റ)ന്നു കോപം വന്നു. അദ്ദേഹത്തെ വല്ലതും ചെയ്‌വാനുള്ള ഭാവമായി. അപ്പോൾ, ഈ (199-ാം) വചനം ഓതിക്കേൾപ്പിച്ചുകൊണ്ടു ഹുർ-റു (റ) പറഞ്ഞു: 'അമീറുൽ മുഅ്മിനീൻ! അല്ലാഹു നബി (സ)യോടു ഇങ്ങിനെയാണു പറഞ്ഞിരിക്കുന്നത്. ഇയാൾ (ഉയൈനത്ത്) വിഡ്ഢികളിൽ പെട്ടവനുമാകുന്നു.' 'ഇബ്നു അബ്ബാസ് (റ) പറയുകയാണു: 'അല്ലാഹുവാണ! ഈ വചനം ഓതിക്കേട്ടപ്പോൾ അതിനപ്പുറം പിന്നെ ഉമർ ഒന്നും ചെയ്തില്ല. അദ്ദേഹം ഖുർആൻ കേട്ടാൽ നിൽക്കുന്ന ആളായിരുന്നു.' (ബു.) ഖുർആനിൽ വ്യക്തമാക്കപ്പെട്ട അതിർത്തിക്കപ്പുറം കടന്നു വല്ലതും പറയുകയോ ചെയ്യുകയോ ചെയ്യാത്ത ആളായിരുന്നു ഉമർ (റ) എന്നത്രെ ഇബ്നു അബ്ബാസ് (റ) പറഞ്ഞതിന്റെ താൽപര്യം.

കോപംകൊണ്ടോ, മറ്റു വല്ല വികാരവും നിമിത്തമോ മനുഷ്യന്റെ പക്കൽ അവിവേകവും പാകപ്പിഴവും വരിക സ്വാഭാവികമാണ്. മനുഷ്യന്റെ വർഗ്ഗശത്രുവായ പിശാചിന്റെ ദുഷ്പ്രേരണകളായിരിക്കും ഇതിനു പിന്നിലുള്ളത്. അങ്ങിനെ വല്ലതും അനുഭവപ്പെടുന്ന പക്ഷം, അതിനുള്ള നിവാരണ മാർഗ്ഗമാണു അടുത്ത വചനത്തിൽ അല്ലാഹു നിർദ്ദേശിക്കുന്നതു. وَإِمَّا يَنزَغَنَّكَ مِنَ الشَّيْطَانِ نَزْغٌ ... (പിശാചിൽനിന്നു വല്ല ദുഷ്പ്രേരണയും നിന്നെ ഇളക്കി വിടുന്നപക്ഷം നീ അല്ലാഹുവിനോടു ശരണം തേടിക്കൊള്ളുക) അതായതു. മേൽപറഞ്ഞ നിർദ്ദേശങ്ങൾക്കു നിരക്കാത്ത വല്ലതും വന്നുപോയാൽ, അതു പൈശാചിക പ്രേരണയിൽ നിന്നുണ്ടായതാണെന്നും മനസ്സിലാക്കിക്കൊണ്ട് അതിൽനിന്നു പിന്മാറുകയും, പിശാചിന്റെ അത്തരം ദുഷ്പ്രേരണകളിൽനിന്നു രക്ഷിക്കുവാൻ അല്ലാഹുവിനോടു പ്രാർത്ഥിക്കുകയുമാണു ചെയ്യേണ്ടതു എന്നു സാരം. ഇതിനു മുമ്പു നിർദ്ദേശിച്ച മൂന്നു നിർ

(*) عُيَيْنَة بن حِصْن الفزاري - رض ഇദ്ദേഹം സഹാബികളിൽ എണ്ണപ്പെടുന്ന ഒരു വ്യക്തിയും ഫസാർ (فزارة) ഗോത്രത്തിലെ ഒരു നേതാവുമായിരുന്നു. എങ്കിലും, കുറച്ചു പരുക്കൻ സ്വഭാവവും അല്പം വിഡ്ഢിത്തവും അദ്ദേഹത്തിനുണ്ടായിരുന്നു. മക്കാ വിജയ കാലത്തു അദ്ദേഹം മുസ്‌ലിമായി. ഹുനൈൻ യുദ്ധത്തിൽ സംബന്ധിക്കുകയും ചെയ്തു. തുലൈഹത്തുൽ അസദീ എന്ന കള്ളപ്രവാചകൻ പ്രത്യക്ഷപ്പെട്ടപ്പോൾ, അവനെ അനുഗമിക്കുകയുണ്ടായെങ്കിലും പിന്നീടു അതിൽ നിന്നു മടങ്ങി വരികയും നന്നായിത്തീരുകയും ചെയ്തു. (ഇസ്വാബഃ)

ദേശങ്ങളും പിശാചിനെ സംബന്ധിച്ചിടത്തോളം പ്രയോഗികമല്ല. കാരണം, പിശാചിനെ മനുഷ്യനു കാണുവാൻ കഴിയുന്നതല്ല. അവന്റെ പ്രവൃത്തികളും ചെയ്തികളും അദൃശ്യവുമാണു. അതുകൊണ്ടു അവനോടു വിട്ടുവീഴ്ചക്കോ, സദുപദേശത്തിനോ സ്ഥാനമില്ല. അവനെക്കുറിച്ചു അവഗണിക്കുന്നതാകട്ടെ, അവനിൽ നിന്നുള്ള കൂടുതൽ ഉപദ്രവത്തിനേ വഴിവെക്കുകയുമുള്ളു. കിട്ടുന്ന അവസരമെല്ലാം ഉപയോഗപ്പെടുത്തി മനുഷ്യനെ വഞ്ചിച്ചു വഴിപിഴപ്പിക്കുവാൻ പ്രതിജ്ഞയെടുത്തവനാണു പിശാചു. മനുഷ്യരെ സംബന്ധിച്ചിടത്തോളം, അവർ എത്ര തന്നെ ദുസ്വഭാവികളോ, ശത്രുക്കളോ ആയാലും പ്രസ്തുത മാർഗ്ഗങ്ങളിലൂടെ അവരെ നന്നാക്കിത്തീർക്കുവാനും, മയപ്പെടുത്തുവാനും സാധിച്ചേക്കാവുന്നതാണു. ചുരുക്കത്തിൽ, പിശാചിൽ നിന്നുള്ള ഏകരക്ഷാമാർഗ്ഗം അല്ലാഹുവിൽ ശരണം പ്രാപിക്കലത്രെ.

അതുകൊണ്ടാണ് മനുഷ്യരുടെ ഇണക്കവും സ്നേഹവും സമ്പാദിക്കുന്നതിനും, അവരുടെ ഉപദ്രവങ്ങളിൽ നിന്നു രക്ഷ നേടുന്നതിനുമുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിച്ചുകൊണ്ടു ഈ വചനത്തിലെന്നപോലെ, 23:96—98ലും, 41:34, 36ലും ഇതുപോലെ, പിശാചിൽനിന്നുള്ള രക്ഷക്ക് അല്ലാഹുവിനോടു തേടണമെന്നു കല്പിച്ചിരിക്കുന്നതു. ഇതു സംബന്ധിച്ചു കൂടുതൽ വിവരം സൂറത്തുൽ ഫാതിഹ:യുടെ ആരംഭത്തിൽ കഴിഞ്ഞുപോയിട്ടുണ്ടു. അവിടെ നോക്കുക. പിശാചിന്റെ പ്രവൃത്തികളും ചെയ്തികളും വളരെ ഗൂഢമായതും, മനുഷ്യർക്കു കണ്ടെത്തുവാൻ കഴിയാത്തതുമാണെങ്കിലും അവയെപ്പറ്റി അല്ലാഹുവിന്നു നല്ലപോലെ അറിയാം. അതിൽനിന്നുള്ള രക്ഷാമാർഗ്ഗവും അവന്നറിയാം. അതുകൊണ്ടു അവനോടു ശരണം തേടുകയാണു നിങ്ങൾ ചെയ്യേണ്ടതു എന്നത്രെ അവസാനത്തെ വാക്യം ചൂണ്ടിക്കാട്ടുന്നതു. അതെ, إِنَّهُ سَمِيعٌ عَلِيمٌ (നിശ്ചയമായും, അവൻ കേൾക്കുന്നവനും അറിയുന്നവനുമാകുന്നു) അടുത്ത വചനവും കൂടി ശ്രദ്ധിക്കുക:—

٢٠١- إِنَّ الَّذِينَ اتَّقَوْا إِذَا مَسَّهُمْ طَائِفٌ مِّنَ الشَّيْطَانِ تَذَكَّرُوا فَإِذَا هُم مُّبْصِرُونَ ۝

201. നിശ്ചയമായും, സൂക്ഷ്മത പാലിക്കുന്നവർ, അവരെ പിശാചിൽ നിന്നുണ്ടാകുന്ന വല്ല തോന്നലും ബാധിച്ചാൽ അവർക്കു ഓർമ്മ വരുന്നതാണ്; അപ്പോഴം, അവർ (ഉൾ) കാഴ്ചയുള്ളവരായിരിക്കും!

٢٠٢- وَإِخْوَانُهُمْ يَمُدُّونَهُمْ فِي الْغَيِّ ثُمَّ لَا يُقْصِرُونَ ۝

202. അവരുടെ [പിശാചുക്കളുടെ] സഹോദരങ്ങളാകട്ടെ, അവർ അവരെ ദുർമ്മാർഗ്ഗത്തിൽ അയച്ചു വിട്ടുകൊണ്ടിരിക്കയും ചെയ്യും; പിന്നെ, അവർ കുറവു വരുത്തുകയില്ല.

---

201. إِنَّ നിശ്ചയമായും الَّذِينَ اتَّقَوْا സൂക്ഷ്മത പാലിച്ചവർ إِذَا مَسَّهُمْ അവരെ സ്പർശിച്ചാൽ, ബാധിച്ചാൽ طَائِفٌ വല്ല (ഒരു) നിഴലും, ബാധ, ബിംബം, നിഴലാട്ടം (തോന്നൽ) مِّنَ الشَّيْطَانِ പിശാചിൽ നിന്നു تَذَكَّرُوا അവർ ഓർമ്മവെക്കും, അവർക്കു ഓർമ്മവരും فَإِذَا هُم എന്നിട്ടു (അപ്പോഴം) അവർ مُّبْصِرُونَ കാണുന്ന (ഉൾകാഴ്ചയുള്ള) വരായിരിക്കും 202. وَإِخْوَانُهُمْ അവരുടെ സഹോദരങ്ങളാകട്ടെ يَمُدُّونَهُمْ അവരെ അയച്ചുവിടും, അവർക്കു സഹായം നൽകിക്കൊണ്ടിരിക്കും فِي الْغَيِّ ദുർമ്മാർഗ്ഗത്തിൽ ثُمَّ പിന്നെ (അതിനു പുറമെ) لَا يُقْصِرُونَ അവർ കുറവു (വീഴ്ച) വരുത്തുകയില്ല

സാരം:—അല്ലാഹുവിന്റെ വിധി വിലക്കുകൾ അനുഷ്ഠിച്ചുകൊണ്ട് അവനെ സൂക്ഷിച്ചു പോരുന്ന ഭയഭക്തന്മാർ വല്ലപ്പോഴും പിശാചിന്റെ ദുഷ്പ്രേരണകൾക്കു വിധേയരായിത്തീരുന്ന പക്ഷം, ഉടനെത്തന്നെ തങ്ങളുടെ പക്കൽ വന്നുപോയ അബദ്ധത്തെപ്പറ്റി അവർക്കു ബോധം വരുന്നതായിരിക്കും. അങ്ങനെ, അതിൽനിന്ന പിൻമാറുകയും, മേലിൽ അത്തരം വഞ്ചനകളിൽ അകപ്പെടാതെ സൂക്ഷിക്കുവാനുള്ള മുൻകരുതലും ദീർഘദൃഷ്ടിയും അവർക്കുണ്ടായിത്തീരുകയും ചെയ്യും. സൂക്ഷ്മതയും ഭയഭക്തിയുമില്ലാതെ പിശാചിന്റെ സഹോദരങ്ങളും മിത്രങ്ങളുമായികഴിയുന്നവരുടെ സ്ഥിതിയാകട്ടെ, മറിച്ചുമായിരിക്കും. പിശാചിന്റെ ദുഷ്പ്രേരണവഴി വല്ല വലയത്തിലും അകപ്പെട്ടു കഴിഞ്ഞാൽ, അതിൽനിന്നു പിൻമടങ്ങുവാനുള്ള ബോധവും, സന്നദ്ധതയും അവർക്കു വരികയില്ല. തങ്ങളാൽ കഴിയുന്ന മാർഗ്ഗങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് പിശാചിനു പ്രോൽസാഹനവും സഹായവും നൽകുകയായിരിക്കും അവർ ചെയ്യുക. ചുരുക്കിപ്പറഞ്ഞാൽ, പിശാചിന്റെ ദുഷ്പ്രേരണകൾക്കു വിധേയ

നായി തെററു കുററങ്ങൾ ചെയ്തു പോകുക മനുഷ്യ സഹജമായ പതിവാണു. എന്നാൽ, ഭയഭക്തരായ ആളുകൾ തങ്ങൾക്കു പിണഞ്ഞ അബദ്ധം വേഗം മനസ്സിലാക്കുകയും, അല്ലാഹുവിൽ ശരണം തേടി മേലിൽ ശ്രദ്ധാലുക്കളായിരിക്കുകയും ചെയ്യും. വന്നു പോയതിനെപ്പററി വീണ്ടുവിചാരം തോന്നാത്തവരാകട്ടെ, അവർ പിന്നെപ്പിന്നെ പിശാചിനു അടിമയായിത്തീരുകയും, ദുഷ്കർമ്മമാർഗ്ഗം തുടർന്നുപോകുകയുമായിരിക്കും ഉണ്ടാകുക.

ചില പരമാർത്ഥങ്ങൾ ഇവിടെ ഓർമ്മിക്കുന്നതു നന്ന്. ഒന്നാമത് അല്ലാഹുവിനെക്കുറിച്ചുള്ള ഭയഭക്തിയും എത്ര കണ്ടുണ്ടോ അത്രകണ്ടു അവൻ പിശാചിന്റെ ചതിയെക്കുറിച്ചു ഭയപ്പെടുന്നവനും, പിശാചിൽ നിന്നുള്ള രക്ഷക്കുവേണ്ടി അല്ലാഹുവിനോടു പ്രാർത്ഥിക്കുന്നവനുമായിരിക്കും. രണ്ടാമത് പിശാചിന്റെ കെണിയിൽ അകപ്പെടുന്നതിനെക്കുറിച്ചു ഭയമില്ലെങ്കിൽ, അതിനുള്ള കാരണം അവന്റെ വിശ്വാസദാർഢ്യമോ, മറേറതെങ്കിലും ഉൽകൃഷ്ടഗുണമോ അല്ല. പ്രത്യുത, അല്ലാഹുവിന്റെയും റസൂലിന്റെയും വചനങ്ങളിൽ വേണ്ടത്ര വിശ്വാസമില്ലായ്മ, അഥവാ അദൃശ്യ സൃഷ്ടികളായ ജിന്നുവർഗ്ഗത്തെയും, അതിൽ പെട്ട പിശാചുക്കളെയും നിഷേധിക്കുന്നവരായിരിക്കുക. അല്ലെങ്കിൽ, പിശാചിന്റെ ദുർമ്മന്ത്രങ്ങൾക്കു തനിക്കു വിധേയനാകാത്തവണ്ണം—പ്രവാചകൻമാരെപ്പോലെയോ, അതിലും ഉപരിയായോ—ഉന്നത നിലവാരത്തിലുള്ള ആളാണു താനെന്ന ഒരു അഹങ്കാരം. രണ്ടിലൊന്നായിരിക്കും അതിനു കാരണം. കാരണം ഏതായാലും ശരി, അത്തരക്കാരുടെ ഹൃദയമാണ് നിഷ്പ്രയാസം പിശാചിനു സ്വൈരവിഹാരം നടത്തുവാൻ ഏററവും ഉതകുന്ന രംഗം. അവനെക്കൊണ്ടു എന്തു ചെയ്യിക്കുവാനും, എന്തു പറയിക്കുവാനും പിശാചിനു നിരുപാധികം സാധ്യമാണല്ലോ. പിശാചിന്റെ വഞ്ചനയിൽ അകപ്പെടുന്നതിനെപ്പററി ഭയവും ശ്രദ്ധയും ഉള്ളവനാകട്ടെ, അല്ലാഹു ചൂണ്ടിക്കാട്ടിയതുപോലെ, സദാ അതിനെക്കുറിച്ചു ജാഗരൂകനായിരിക്കുന്നതുകൊണ്ടു യഥേഷ്ടം അവനെ വഴിപിഴപ്പിക്കുവാൻ പിശാചിനു സാധ്യമാകുന്നതുമല്ല.

നബി (സ) അരുളിച്ചെയ്തതായി അനസ് (റ) ഉദ്ധരിച്ചിരിക്കുന്നു: 'നിശ്ചയമായും, പിശാചു മനുഷ്യനിൽ നിന്നും അവന്റെ രക്തം സഞ്ചരിക്കുന്നേടത്തൊക്കെ സഞ്ചരിക്കുന്നതാണ്'. (ബു; മു.) ഇബ്നുമസ്ഊദു (റ) പറയുന്നു: റസൂൽ (സ) പറഞ്ഞു: 'നിങ്ങളിൽ ഒരാളും തന്നെ, ജിന്നിൽ നിന്നുള്ള അവന്റെ കൂട്ടുകാരനും, മലക്കുകളിൽ നിന്നുള്ള അവന്റെ കൂട്ടുകാരനും അവനിൽ ഏല്പിക്കപ്പെടാത്തവരായിട്ടില്ല'. അവർ (സഹാബികൾ) ചോദിച്ചു: 'അങ്ങുന്നും (അങ്ങിനെ) തന്നെയോ?' തിരുമേനി പറഞ്ഞു: '(അതെ) ഞാനും തന്നെ. പക്ഷേ, എനിക്ക് അല്ലാഹു അവനെതിരിൽ സഹായം നൽകിയിരിക്കുന്നു. അതിനാൽ, അവൻ കീഴൊതുങ്ങിയിരിക്കുകയാണ്. ആകയാൽ, അവൻ എന്നോടു നല്ലതിനെയല്ലാതെ കല്പിക്കുകയില്ല'. (മു.) നബി (സ) പറഞ്ഞതായി ഇബ്നുമസ്ഊദ് (റ)ൽ നിന്ന് ഇപ്രകാരവും നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു: 'നിശ്ചയമായും മനുഷ്യനിൽ പിശാചിനു ഒരു (തരം) പ്രവേശനമുണ്ട്. മലക്കിനും ഒരു (തരം) പ്രവേശനമുണ്ട്. പിശാചിന്റെ പ്രവേശനം, തിൻമയെക്കുറിച്ചുള്ള വാഗ്ദത്തവും, യഥാർത്ഥത്തെ വ്യാജമാക്കലുമായിരിക്കും. മലക്കിന്റെ പ്രവേശനമാകട്ടെ, നൻമയെക്കുറിച്ചുള്ള വാഗ്ദത്തവും, യഥാർത്ഥത്തെ സത്യമാക്കലുമായിരിക്കും. ഇതു ആർക്കെങ്കിലും അനുഭവപ്പെട്ടാൽ, അതു അല്ലാഹുവിങ്കൽ നിന്നുള്ളതാണെന്ന് അവൻ അറിഞ്ഞുകൊള്ളട്ടെ. അവൻ അല്ലാഹുവിനെ സ്തുതിക്കുകയും ചെയ്യട്ടെ. മറേറതു (പിശാചിന്റേതു) ആർക്കെങ്കിലും അനുഭവപ്പെട്ടാൽ, ആട്ടപ്പെട്ട പിശാചിൽ നിന്നു അവൻ അല്ലാഹുവിനോടു ശരണം തേടുകയും ചെയ്യട്ടെ'. പിന്നീടു തിരുമേനി الشَّيْطَانُ يَعِدُكُمُ الْفَقْرَ وَيَأْمُرُكُم بِالْفَحْشَاءِ (പിശാചു നിങ്ങളോടു ദാരിദ്ര്യത്തെക്കുറിച്ചു താക്കീതു ചെയ്യുകയും, നിങ്ങളോടു നീചവൃത്തികൊണ്ടു കല്പിക്കുകയും ചെയ്യുന്നു) എന്ന ഖുർആൻ വചനം ഓതുകയും ചെയ്തു. (തി.)

203. (നബിയേ) നീ അവർക്കു വല്ല (പ്രത്യേക) ആയത്തും [ദൃഷ്ടാന്തവും അഥവാ സൂക്തവും] കൊണ്ടു ചെല്ലുന്നില്ലെങ്കിൽ അവർ പറയും: 'അതു തനിക്കു (സ്വയം) തിരഞ്ഞെടുത്തു (നിർമ്മിച്ചു) കൂടേ?!'

وَإِذَا لَمْ تَأْتِهِم بِآيَةٍ قَالُوا لَوْلَا اجْتَبَيْتَهَا ۚ -٢٠٣

---

203. وَإِذَا لَمْ تَأْتِهِم നീ അവർക്കു ചെല്ലുന്നില്ലെങ്കിൽ, ചെല്ലാതിരുന്നാൽ بِآيَةٍ വല്ല ദൃഷ്ടാന്തവും (ലക്ഷ്യവും—സൂക്തവും) കൊണ്ടു قَالُوا അവർ പറയും لَوْلَا ആയിക്കൂടേ, എന്തുകൊണ്ടായിക്കൂടാ اجْتَبَيْتَهَا നീ (താൻ) അതു തിരഞ്ഞെടുക്കുക

പറയുക: 'എന്റെ റബ്ബിങ്കൽ നിന്ന് എനിക്ക് 'വഹ്‌യ്' [സന്ദേശം] നൽകപ്പെടുന്നതിനെ പിൻപറ്റുക മാത്രമാണ് ഞാൻ ചെയ്യുന്നത്. ഇതു [ഈ ഖുർആൻ] നിങ്ങളുടെ റബ്ബിങ്കൽനിന്ന് (ഉൾക്കാഴ്ച നൽകുമാറു)ള്ള തെളിവുകളാകുന്നു. വിശ്വസിക്കുന്ന ജനങ്ങൾക്കു മാർഗ്ഗദർശനവും, കാരുണ്യവുമാകുന്നു.'

قُلْ إِنَّمَآ أَتَّبِعُ مَا يُوحَىٰٓ إِلَيَّ مِن رَّبِّي ۚ هَٰذَا بَصَآئِرُ مِن رَّبِّكُمْ وَهُدًى وَرَحْمَةٌ لِّقَوْمٍ يُؤْمِنُونَ ○

قل പറയുക إنما أتبع ഞാൻ പിൻപറ്റുക മാത്രമേ ചെയ്യുന്നുള്ളു ما يوحى വഹ്‌യ് (സന്ദേശം) നൽകപ്പെടുന്നതിനെ إلي എനിക്ക്, എന്നിലേക്ക് من ربي എന്റെ റബ്ബിങ്കൽനിന്നു هذا ഇതു بصائر ചില ഉൾക്കാഴ്ചകളാകുന്നു, തെളിവുകളാകുന്നു من ربكم നിങ്ങളുടെ റബ്ബിങ്കൽനിന്നു وهدى മാർഗ്ഗദർശനവും ورحمة കാരുണ്യവും لقوم ഒരു ജനങ്ങൾക്കു يؤمنون അവർ വിശ്വസിക്കുന്നു

آية (ആയത്ത്) എന്ന വാക്കു പ്രകൃതിപരമായ ദൃഷ്ടാന്തങ്ങൾക്കും, വേദഗ്രന്ഥത്തിലെ സൂക്തങ്ങൾക്കും ഉപയോഗിക്കപ്പെടാവുന്നതു കൊണ്ട് മുശ്‌രിക്കുകളുടെ ഈ ചോദ്യത്തിനു രണ്ടു പ്രകാരത്തിൽ വിവക്ഷ നൽകപ്പെടാറുണ്ട്. (1) എന്തുകൊണ്ടു തനിക്കു തന്റെ സ്വന്തം വകയായി ചില ഖുർആൻ സൂക്തങ്ങൾ രചിച്ചുണ്ടാക്കിക്കൂടാ? എന്നും. (2) ഞങ്ങൾ ആവശ്യപ്പെടുന്ന തരത്തിലുള്ള വല്ല പ്രത്യേക ദൃഷ്ടാന്തവും എന്തുകൊണ്ടു തന്റെ വകയായി ഞങ്ങൾക്കു കാണിച്ചു തന്നുകൂടാ? എന്നും. വ്യക്തമായ ഭാഷയിൽതന്നെ, ഈ രണ്ടു തരത്തിലുള്ള ചോദ്യങ്ങളും അവർ ചോദിക്കുകയുണ്ടായിട്ടുണ്ടു താനും. ائت بقرآن غير هذا أو بدله (ഇതല്ലാത്ത ഒരു ഖുർആൻ കൊണ്ടു വരുക, അല്ലെങ്കിൽ അതു മാറ്റി മറിക്കുക) എന്നു അവർ ആവശ്യപ്പെടുകയുണ്ടായി (10:15). ഭൂമിയിൽ നിന്നു ഒരു നീരുറവ പുറപ്പെടുവിച്ചു തരുക, ആകാശത്തു നിന്നൊരു കഷ്ണം വീഴ്ത്തിത്തരുക, സ്വർണ്ണംകൊണ്ടൊരു വീടു നിനക്കുണ്ടായിരിക്കുക മുതലായ പല കാര്യങ്ങൾ എടുത്തു പറഞ്ഞുകൊണ്ട് ഇവ ഏതെങ്കിലും കാണിച്ചു തന്നല്ലാതെ ഞങ്ങൾ നിന്നെ വിശ്വസിക്കുകയില്ല എന്നും അവർ പറഞ്ഞിട്ടുണ്ട്. (17:90–93). ആ ആവശ്യങ്ങൾ ഉന്നയിച്ചപ്പോൾ, അവർക്കു നൽകുവാൻ നബി (സ) യോടു കല്പിച്ച മറുപടിയുടെയും, ഈ ചോദ്യത്തിനു നൽകുവാൻ കല്പിച്ച മറുപടിയുടെയും ആശയം ഒന്നുതന്നെ. അതായതു, എനിക്കു സ്വന്തമായി ഒന്നും കൊണ്ടുവരുവാനോ, നിർമ്മിക്കുവാനോ നിവൃത്തിയില്ല. അല്ലാഹുവിങ്കൽനിന്നു ലഭിക്കുന്നതു പ്രബോധനം ചെയ്‌വാനും, കാണിച്ചു തരുവാനും മാത്രമേ എനിക്കു നിവൃത്തിയുള്ളു. അതിനപ്പുറം എനിക്കൊന്നും സാധ്യമല്ല. കാര്യം മനസ്സിലാക്കുവാൻ വേണ്ടുവോളം തെളിവുകളും ന്യായങ്ങളും ഖുർആനിലുണ്ട്. അതിൽ വിശ്വസിച്ചാൽ നിങ്ങൾക്കു മാർഗ്ഗദർശനവും വിജയവും ലഭിക്കും.

204. ഖുർആൻ വായി(ച്ചു കേൾപ്പി)ക്കപ്പെട്ടാൽ, നിങ്ങൾ അതിലേക്കു ചെവി കൊടുക്കുകയും, അടങ്ങിയിരിക്കുകയും ചെയ്യുവിൻ; നിങ്ങൾക്ക് കരുണ ചെയ്യപ്പെട്ടേക്കാം.

٢٠٤- وَإِذَا قُرِئَ ٱلْقُرْءَانُ فَٱسْتَمِعُوا۟ لَهُۥ وَأَنصِتُوا۟ لَعَلَّكُمْ تُرْحَمُونَ ○

---

204. وإذا قرئ ഓതപ്പെട്ടാൽ القرآن ഖുർആൻ فاستمعوا നിങ്ങൾ കേൾവി (ചെവി) കൊടുക്കുവിൻ, (ശ്രദ്ധിച്ചു കേൾക്കുവിൻ له അതിലേക്കു, അതിനെ وأنصتوا അടങ്ങുകയും (മൗനമായിരിക്കയും) ചെയ്‌വിൻ لعلكم നിങ്ങളായേക്കാം, ആകുവാൻവേണ്ടി ترحمون നിങ്ങൾക്ക് കരുണ ചെയ്യപ്പെടും

സത്യം ഗ്രഹിക്കുവാനുള്ള തെളിവുകളാണു ഖുർആൻ; വിശ്വസിക്കുന്നവർക്കു അതു മാർഗ്ഗദർശനവും, കാരുണ്യവുമാണ് എന്നു പറഞ്ഞുവല്ലോ. ഇതെങ്ങിനെ ഫലവത്താക്കാമെന്നു ഈ വചനത്തിൽ ചൂണ്ടിക്കാട്ടുന്നു. ശബ്ദകോലാഹലങ്ങളോ കുതർക്കങ്ങളോ കൂടാതെ ഖുർആൻ ഓതിക്കേൾക്കുമ്പോൾ അതിലേക്കു നല്ലപോലെ ശ്രദ്ധ കൊടുക്കുകയും,

ശബ്ദങ്ങളൊന്നും ഉണ്ടാക്കാതെ അടങ്ങിയിരുന്നു കേൾക്കുകയും ചെയ്യുക, എന്നാണത്. ഇങ്ങിനെ ചെയ്താൽ, അതിലെ ആശയങ്ങൾ മനസ്സിൽ പതിയുകയും, അങ്ങനെ സത്യം ഗ്രഹിക്കുവാനും ആസ്വദിക്കുവാനും സാധിക്കുകയും ചെയ്യുമെന്നു തീർച്ചയാണ്. ഇതിനു പല ഉദാഹരണങ്ങളും കടുത്ത മുശ്‌രിക്കുകളുടെ ചരിത്രത്തിൽ തന്നെയുണ്ട്. മുന്നുദ്ദേശ്യപൂർവ്വം അൽപനേരം സാവധാനമായിരുന്നു ഖുർആൻ കേൾക്കുവാൻ ഇടയായവർപോലും അതിൽ ആകൃഷ്ടരാകുകയും വിശ്വസിക്കുകയും ചെയ്ത സംഭവങ്ങളും പലതുണ്ടായിട്ടുണ്ട്. അതുകൊണ്ടു തന്നെയാണ് لا تسمعوا لهذا القرآن والغوا فيه.... (നിങ്ങൾ ഈ ഖുർആനിലേക്ക് ചെവികൊടുക്കരുത്; അതിൽ ബഹളംകൂട്ടി ലഘുപ്പെടുത്തുകയും ചെയ്യുവിൻ. നിങ്ങൾ വിജയം നേടിയേക്കാം. (41:26) എന്നും മറ്റും അവർ പറഞ്ഞിരുന്നതും.

ഖുർആൻ ഓതിക്കേൾക്കുമ്പോൾ മൗനമവലംബിക്കുകയും, ശ്രദ്ധ കൊടുക്കുകയും വേണമെന്ന കൽപന അവിശ്വാസികൾക്കു മാത്രം ബാധകമല്ല. എല്ലാവർക്കും, എല്ലായ്പ്പോഴും ബാധകംതന്നെയാകുന്നു. ജമാഅത്തായി നമസ്കരിക്കുമ്പോൾ, ഇമാമിന്റെ ഖുർആൻ പാരായണം കേൾക്കുന്ന മഅ്മൂമുകൾ (പിന്നിൽ തുടർന്നു നമസ്കരിക്കുന്നവർ) ഖുർആനും മറ്റും ഓതരുതെന്നും, ഒരു പക്ഷം അതു വളരെ പതുക്കെയായിരിക്കണമെന്നും മറ്റുമുള്ള വിശദീകരണങ്ങളും, മഅ്മൂമുകൾ സൂറത്തുൽ ഫാതിഹ മാത്രം ഓതേണ്ടതുണ്ടോ, ഇല്ലേ എന്നും മറ്റുമുള്ള അഭിപ്രായ വ്യത്യാസങ്ങളും ഫിഖ്ഹു (കർമ്മശാസ്ത്ര) ഗ്രന്ഥങ്ങളിൽ സാധാരണ പറഞ്ഞിരിക്കാറുള്ളതു ഈ വചനത്തിന്റെ വ്യാഖ്യാനത്തിൽനിന്നാണെന്നറിയുമ്പോൾ, ഇതിന്റെ അർത്ഥവ്യാപ്തി എത്രയെന്ന് ഊഹിക്കാവുന്നതാകുന്നു. ഈ കൽപനയുടെ ലക്ഷ്യം പൂർണ്ണമായി ഫലത്തിൽ വരണമെങ്കിൽ, കേൾക്കുന്നവർക്ക് ഖുർആന്റെ അർത്ഥവും, ആശയവും സാമാന്യമായെങ്കിലും അറിഞ്ഞിരിക്കേണ്ടതുണ്ടെന്നു പറയേണ്ടതില്ല. എന്നാൽ, അർത്ഥം അറിയാത്തവർക്കും ഈ കൽപന ഒട്ടും ബാധകമല്ലെന്നു കരുതുവാനും പാടില്ലാത്തതാകുന്നു. അർത്ഥം അറിയാത്തവരായിരുന്നാൽപോലും അല്ലാഹുവിന്റെ വചനമായ ഖുർആൻ കേൾക്കുമ്പോൾ അതിനു ചെവികൊടുക്കാതെ അശ്രദ്ധരാകുകയും, മറ്റു കോലാഹലങ്ങളിൽ മുഴുകിയിരിക്കുകയും ചെയ്യുന്നതു അതിനോടു കാണിക്കുന്ന ഒരു ധിക്കാരം തന്നെ. അതിനോടു അനാദരവും അവഗണനയും കാണിക്കുന്നതു ധിക്കാരമാകുന്നു. ഇത്തരം കാര്യങ്ങളെക്കുറിച്ച് മുഖവുരയിൽ വിവരിച്ചതു ഓർക്കുക.

205. വിനയപ്പെട്ടും, ഭയപ്പെട്ടും കൊണ്ട് നിന്റെ റബ്ബിനെ നീ സ്വയം ഓർക്കുക (അഥവാ കീർത്തനം ചെയ്യുക), വാക്കിൽ നിന്നും ഉച്ചത്തിലല്ലാതെയും (ഓർക്കുക); രാവിലെയും, വൈകുന്നേരങ്ങളിലും. നീ അശ്രദ്ധൻമാരുടെ കൂട്ടത്തിൽ ആയിരിക്കയും ചെയ്യരുത്.

وَاذْكُر رَّبَّكَ فِي نَفْسِكَ تَضَرُّعًا وَخِيفَةً وَدُونَ الْجَهْرِ مِنَ الْقَوْلِ بِالْغُدُوِّ وَالْآصَالِ وَلَا تَكُن مِّنَ الْغَافِلِينَ ﴿٢٠٥﴾

206. നിശ്ചയമായും, നിന്റെ റബ്ബിന്റെ അടുക്കലുള്ളവർ, അവനെ ആരാധിക്കുന്നതിനെക്കുറിച്ച് അവർ അഹംഭാവം നടിക്കുകയില്ല; അവർ അവന് 'തസ്ബീഹ്' [സ്തോത്രകീർത്തനം] നടത്തുകയും, അവനു 'സുജൂദ്' [സാഷ്ടാംഗ നമസ്കാരം] ചെയ്യുകയും ചെയ്യുന്നു.

إِنَّ الَّذِينَ عِندَ رَبِّكَ لَا يَسْتَكْبِرُونَ عَنْ عِبَادَتِهِ وَيُسَبِّحُونَهُ وَلَهُ يَسْجُدُونَ ۩ ﴿٢٠٦﴾

واذكر ഓർക്കുക, സ്മരിക്കുക, കീർത്തനം ചെയ്യുക, പ്രസ്താവിക്കുക ربك നിന്റെ റബ്ബിനെ في نفسك നിന്റെ സ്വന്തത്തിൽ (മനസ്സിൽ—സ്വയം) تضرعا വിനയപ്പെട്ടു (ഭക്തി താഴ്മകാട്ടി) കൊണ്ടു وخيفة ഭയപ്പെട്ടുകൊണ്ടും, പേടിച്ചും ودون الجهر ഉച്ചത്തിലല്ലാതെയും من القول വാക്കിൽ നിന്നും بالغدو രാവിലെ والآصال വൈകുന്നേരങ്ങളിലും ولا تكن നീ ആയിരിക്കയും ചെയ്യരുതു من الغافلين അശ്രദ്ധൻമാരുടെ കൂട്ടത്തിൽ 206. إن നിശ്ചയമായും الذين عند ربك നിന്റെ റബ്ബിന്റെ അടുക്കലുള്ളവർ لا يستكبرون അവർ അഹംഭാവം (ഗർവ്വു) നടിക്കുകയില്ല عن عبادته അവനെ ആരാധിക്കുന്നതിനെക്കുറിച്ചു ويسبحونه അവർ അവനു തസ്ബീഹും ചെയ്യും, സ്തോത്രകീർത്തനം നടത്തുകയും ചെയ്യും وله അവനു يسجدون അവർസുജൂദും (സാഷ്ടാംഗം നമസ്കരിക്കയും) ചെയ്യും.

ഈ വചനം ഓതിയ ഉടനെ ഒരു സുജൂദു ചെയ്യേണ്ടതാകുന്നു. ഖുർആനിൻെറ സുജൂദു (سجود) നിയമിക്കപ്പെട്ടിട്ടുള്ള സ്ഥലങ്ങളിൽ ഒന്നാമത്തേതാണിതു്. ഇതിൽ പണ്ഡിതൻമാർക്കിടയിൽ ഭിന്നാഭിപ്രായമില്ല. സുജൂദിനു പ്രേരിപ്പിച്ചുകൊണ്ടുള്ള ചില വചനങ്ങളിലാണു് പാരായണ വേളയിൽ സുജൂദു നിയമിക്കപ്പെട്ടിരിക്കുന്നത്. അവ അതതിൻെറ സ്ഥാനങ്ങളിൽ 'മുസ്വ്ഹഫി'ൽ അടയാളപ്പെടുത്തിയിരിക്കും. അൽപം ചില സ്ഥലങ്ങളിൽ സുജൂദു വേണ്ടതുണ്ടോ, ഇല്ലേ എന്നതിൽ പണ്ഡിതൻമാർക്കിടയിൽ അഭിപ്രായ വ്യത്യാസം കാണാമെങ്കിലും മിക്ക സ്ഥലവും അഭിപ്രായ വ്യത്യാസമില്ലാത്തതാകുന്നു. സുജൂദിൻെറ ആയത്തുകളിൽ ഈ വചനവും നബി (സ) എണ്ണിയതായി ഹദീസിൽ വന്നിരിക്കുന്നു. (ജ.)

ذكر (ദിക്ർ) എന്ന വാക്കിനു 'ഓർക്കുക, സ്മരിക്കുക, പറയുക, പ്രഖ്യാപിക്കുക, കീർത്തനം ചെയ്യുക, പ്രസ്താവിക്കുക' എന്നൊക്കെ സന്ദർഭോചിതം അർത്ഥങ്ങൾ വരും. മനസ്സുകൊണ്ടും, വാക്കുകൊണ്ടുമുള്ള ധ്യാനങ്ങൾ അതിൽ ഉൾപെടുന്നുവെന്നു ആദ്യത്തെ വചനത്തിൽനിന്നും മററും വ്യക്തമാകുന്നു. തസ്ബീഹു്, ഹംദു്, തക്ബീർ, ദുആ (സ്തോത്രകീർത്തനം, സ്തുതി കീർത്തനം, മഹത്വകീർത്തനം, പ്രാർത്ഥന) മുതലായവയെക്കുറിച്ചാണു് സാധാരണ 'ദിക്ർ' എന്നു പറഞ്ഞു വരുന്നതു്. ഇവയെല്ലാം വിനയത്തോടും, ഭയഭക്തിയോടു കൂടിയും മിതമായ ശബ്ദത്തോടുകൂടിയും ആയിരിക്കേണ്ടതുണ്ടെന്നും, രാവിലെയും വൈകുന്നേരവും പ്രത്യേകം അല്ലാഹുവിനെ സ്മരിക്കേണ്ടതുണ്ടെന്നും അല്ലാഹു അറിയിച്ചു തരുന്നു. ഉച്ചത്തിൽ ശബ്ദമിട്ടുകൊണ്ടും, ഹൃദയം സ്പർശിക്കാതെ നാവിലൂടെ ഉരുവിട്ടുകൊണ്ടുമുള്ള ധ്യാനങ്ങളും പ്രാർത്ഥനകളും നന്നല്ലെന്നു ഇതിൽനിന്നു സ്പഷ്ടമാണു്. കഴിഞ്ഞ 55, 56 വചനങ്ങളുടെ വ്യാഖ്യാനത്തിൽ വിവരിച്ച സംഗതികളും ഇവിടെ ഓർക്കേണ്ടവയാണ്.

സമയ വ്യത്യാസം കൂടാതെ എല്ലായ്പ്പോഴും അല്ലാഹുവിനെക്കുറിച്ചുള്ള സ്മരണ ഉണ്ടായിരിക്കേണ്ടതു തന്നെ. എങ്കിലും രാവും പകലും മാറിക്കൊണ്ടിരിക്കുന്ന അവസരങ്ങളാണല്ലോ രാവിലെയും വൈകുന്നേരവും. പലതരം പ്രകൃതി മാററങ്ങളും സംഭവിക്കുന്ന ആ സമയങ്ങൾ അല്ലാഹുവിൻെറ ദൃഷ്ടാന്തങ്ങളെയും അനുഗ്രഹങ്ങളെയും കുറിച്ചു ഓർമിക്കുവാൻ പററിയ പ്രത്യേക അവസരമത്രെ. മനുഷ്യൻെറ ജീവിത വ്യവഹാരങ്ങളിൽ അവൻ വ്യാപൃതനാകുന്നതു പകലിലാണു്. രാത്രി അവൻ വിശ്രമത്തിനു ഉപയോഗിക്കയും ചെയ്യുന്നു. ഈ രണ്ടവസ്ഥയുടെയും ആരംഭത്തിൽ അൽപസമയം അല്ലാഹുവിൻെറ സ്മരണക്കുവേണ്ടി വിനിയോഗിക്കുന്നതു ഏതു നിലക്കും ഉപയുക്തമാണല്ലോ. ചില പ്രത്യേക സമയങ്ങളിൽ നമസ്കാരം, ദിക്ർ മുതലായവ നിശ്ചയിക്കപ്പെട്ടതിനെക്കുറിച്ച് സൂ: റൂം 17, 18 വചനങ്ങളുടെ വ്യാഖ്യാനത്തിൽ വിവരിച്ചിട്ടുള്ളതു നോക്കുക.

ഭയഭക്തിയോടും അച്ചടക്കത്തോടുംകൂടി അല്ലാഹുവിനെ സ്മരിക്കുവാൻ കൽപിച്ചതിനെത്തുടർന്നു ആ വിഷയത്തിൽ മലക്കുകളുടെ സ്ഥിതി എന്താണെന്നു അല്ലാഹു ചൂണ്ടിക്കാട്ടുന്നു. അതായതു, അഹംഭാവം തീണ്ടാതെ—ഭക്തി വിനയത്തോടുകൂടി അവർ അവനു സദാ തസ്ബീഹു്, സുജൂദു മുതലായ ആരാധനകൾ നടത്തിക്കൊണ്ടിരിക്കുന്നുവെന്നു. മനുഷ്യരും അവരെപ്പോലെ, അല്ലാഹുവിനെപ്പററി അശ്രദ്ധരാകാതെ ഭക്തി വിനയമുള്ളവരായിക്കൊണ്ടിരിക്കേണ്ടതുണ്ട് എന്നു നമ്മെ ഉണർത്തുകയാണ് മലക്കുകളെ സംബന്ധിച്ച ഈ പ്രശംസയുടെ താൽപര്യം. മലക്കുകളെപ്പററി അല്ലാഹു പറയുന്നു: 'അല്ലാഹുവിൻെറ അടുക്കലുള്ളവർ അവനെ ആരാധിക്കുന്നതിനെപ്പററി അഹംഭാവം നടിക്കുകയില്ല; അവർ ക്ഷീണിച്ചു കുഴങ്ങുകയുമില്ല. അവർ രാവും പകലും സ്തോത്രകീർത്തനം ചെയ്തുകൊണ്ടിരിക്കുന്നു. അവർ തളരുന്നില്ല.' (അമ്പിയാഉ് 19, 20) ഇവിടങ്ങളിലൊക്കെ عند ربك (അല്ലാഹുവിൻെറ അടുക്കലുള്ളവർ) എന്നു പറഞ്ഞതു മലക്കുകളെ ഉദ്ദേശിച്ചാണെന്നു ഏതു നിഷ്പക്ഷ ബുദ്ധിക്കും തുടർന്നു പറഞ്ഞ വാക്കുകളിൽനിന്നു തന്നെ മനസ്സിലാക്കാവുന്നതാണ്. എങ്കിലും ചില സ്ഥാപിത താൽപര്യക്കാരായ പുത്തൻ വ്യാഖ്യാനക്കാർ 'ദൈവ സാമീപ്യം സിദ്ധിച്ച മഹാപുരുഷൻമാരാണ് അതുകൊണ്ടുദ്ദേശ്യം' എന്നു പറഞ്ഞു കാണുന്നു. അദൃശ്യസൃഷ്ടികളിലുള്ള വിശ്വാസക്കുറവിൽനിന്നു ഉടലെടുത്ത ഏതോ ഒരു താൽപര്യമായിരിക്കാം ഇവരെ ഈ വ്യാഖ്യാനത്തിലെത്തിച്ചതു (അല്ലാഹുവിനറിയാം.) ഖുർആൻ വ്യാഖ്യാതാക്കൾ ആരും അങ്ങിനെ അഭിപ്രായപ്പെട്ടിട്ടില്ലെന്നതുംപോകട്ടെ, അറബിഭാഷാ പരിജ്ഞാനമുള്ള ഒരു സത്യവിശ്വാസിയും അങ്ങിനെ പറയുവാൻ മുതിരുമെന്നു തോന്നുന്നില്ല.

ഈ വചനങ്ങളിലടങ്ങിയ ആശയം പരിഗണിക്കുമ്പോൾ, ഇവിടെ ഓത്തിൻെറ സുജൂദു ചെയ്‌വാൻ നിശ്ചയിക്കപ്പെട്ടതു വളരെ യുക്തവും അർത്ഥവത്തുമാണെന്നു വ്യക്തമാകുന്നു.

الحمد لله اولا وآخرا – اللهم لك الحمد ولك المنة والفضل

[كان الفراغ من تسويد تفسير هذه السورة ليلة الاحد غرة ربيع الاول سنة ١٣٩٧ هـ — الموافق : ١٩ - ٢ - ١٩٧٧ م
ومن تبيضه ضحوة يوم الاثنين - اليوم الثاني من ايام التشريق سنة ١٣٩٨ هـ — الموافق : ١٣ — ١١ — ١٩٧٨ م — م ق]

8. സൂറത്തുൽ അൻഫാൽ

മദീനയിൽ അവതരിച്ചത് — വചനങ്ങൾ 75 — വിഭാഗം (റുകൂഉ്) 10

[വചനങ്ങൾ 76 ആയും എണ്ണപ്പെട്ടിരിക്കുന്നു. 30 മുതൽ 36 കൂടിയ ഏഴു വചനങ്ങൾ മക്കയിൽ അവതരിച്ചവയാണെന്നും അഭിപ്രായമുണ്ട്]

الأنفال (അൻഫാൽ) എന്ന വാക്കു نفل (നഫൽ)ന്റെ ബഹുവചനമാകുന്നു. നിർബ്ബന്ധമായതിനെക്കാൾ അധികമുള്ളതു എന്നത്രെ അതിന്റെ ധാതുപരമായ സാക്ഷാൽ അർത്ഥം. ഐച്ഛികമായ സുന്നത്തു നമസ്കാരങ്ങൾക്കു نفل എന്നും نوافل എന്നുമൊക്കെ പറയുന്നതു അതുകൊണ്ടാകുന്നു. യുദ്ധത്തിൽ ശത്രുപക്ഷത്തു നിന്നു ലഭിക്കുന്ന 'ഗനീമത്തു' (غنيمة) സ്വത്തുക്കൾക്കാണു സാധാരണ الأنفال എന്നു പറയപ്പെടുന്നത്. അതാണു ഇവിടെ അതുകൊണ്ടു വിവക്ഷ. മുൻ പ്രവാചകൻമാർക്കു സിദ്ധിച്ചിട്ടില്ലാത്ത അഞ്ചു കാര്യങ്ങൾ എനിക്ക നൽകപ്പെട്ടിരിക്കുന്നുവെന്നു പറഞ്ഞുകൊണ്ട് ആ അഞ്ചു കാര്യങ്ങൾ എണ്ണിപ്പറഞ്ഞ കൂട്ടത്തിൽ നബി (സ) പറഞ്ഞു 'ഗനീമത്തു' സ്വത്തുക്കൾ എനിക്ക അനുവദിക്കപ്പെട്ടിരിക്കുന്നു. മുമ്പ് അതു ആർക്കും അനുവദിക്കപ്പെട്ടിട്ടില്ല.' (ബു;മു.) പക്ഷെ, വിശദീകരണങ്ങളിൽ ഈ രണ്ടു പേരുകളും—'നഫലും ഗനീമത്തും'—തമ്മിൽ അൽപ സ്വൽപ വ്യത്യാസം കാണപ്പെടുമെങ്കിലും മൊത്തത്തിൽ രണ്ടും ഒരേ അർത്ഥത്തിലാണു ഉപയോഗിക്കപ്പെട്ടുവരുന്നത്.

ബദ്ർ യുദ്ധത്തിലെ ഗനീമത്തു സ്വത്തുക്കൾ ഭാഗിക്കുന്ന അവസരത്തിൽ, യുദ്ധത്തിൽ സംബന്ധിച്ചിരുന്ന യുവാക്കളും, പുറമെ നിന്നു അവർക്ക സംരക്ഷണം ചെയ്തുകൊടുത്തിരുന്ന വയസ്സു ചെന്നവരും തമ്മിലുണ്ടായ അഭിപ്രായ ഭിന്നതകളെത്തുടർന്നാണു ഈ സൂറത്തിന്റെ അവതരണമുണ്ടായത്. അബൂദാവൂദ്, നസാഈ (റ) മുതലായവർ ഇബ്നുഅബ്ബാസ് (റ)ൽ നിന്നു നിവേദനം ചെയ്യുന്നു: '(യുദ്ധത്തിൽ) ഇന്നിന്ന പ്രവൃത്തികൾ ചെയ്യുന്നവർക്ക ഇന്നിന്നതു ലഭിക്കും.' എന്നു നബി (സ) പറയുകയുണ്ടായി. പ്രായം ചെന്നവർ കൊടികളുടെ ചുവട്ടിൽ നിലയുറപ്പിച്ചു. യുവാക്കൾ ശത്രുക്കളെ വധിക്കുവാനും, ഗനീമത്തുകൾ എടുക്കുവാനും തിടുക്കംകൂട്ടി. അപ്പോൾ, വയസ്സു ചെന്നവർ പറഞ്ഞു: ഞങ്ങൾ നിങ്ങൾക്കൊരു താങ്ങായി—രക്ഷയായി—നിലകൊള്ളുകയായിരുന്നു. നിങ്ങൾക്ക വല്ലതും സംഭവിക്കുമ്പോൾ നിങ്ങൾ ഞങ്ങളിലേക്കാണല്ലോ അഭയം തേടിവരുക. (അതുകൊണ്ടു ആ സ്വത്തുക്കളിൽ ഞങ്ങൾക്കും പങ്കുവേണം.) ഇങ്ങനെ, നബി (സ)യുടെ അടുക്കൽ അവർ കേസ്സു പറഞ്ഞു. ഈ അവസരത്തിൽ يسألونك عن الأنفال... എന്നു തുടങ്ങിയ വചനങ്ങൾ അവതരിച്ചു.' സഅ്ദുബ്നുഅബീവഖ്ഖാസ് (റ) ൽ നിന്ന് ഇപ്രകാരം നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു: അദ്ദേഹം സഈദുബ്നുൽ ആസ്വിയെ കൊലപ്പെടുത്തുകയും അവന്റെ വാൾ എടുക്കുകയും ചെയ്തു. ആ വാൾ തനിക്കു തരുവാൻ അദ്ദേഹം നബി (സ) യോടു ആവശ്യപ്പെട്ടു. നബി (സ) അതിനു വിസമ്മതിച്ചു. അപ്പോൾ ഈ ആയത്തു അവതരിച്ചു. അങ്ങനെ, തിരുമേനി വാൾ അദ്ദേഹത്തിനു കൊടുക്കുകയും ചെയ്തു. കാരണം, ഈ ആയത്തിൽ അതിന്റെ അധികാരം നബി (സ) ക്കാണെന്നു നിശ്ചയിച്ചിരിക്കുന്നു. (അ; മു; തി; ന.) 'അതു എനിക്കും തനിക്കും അവകാശപ്പെട്ടതായിരുന്നില്ല. ഇപ്പോൾ അതിന്റെ നിയന്ത്രണം എനിക്ക ലഭിച്ചിരിക്കയാൽ ഞാൻ അതു തനിക്ക നൽകുകയാണ്.' എന്നു നബി (സ) പറഞ്ഞതായും ചില രിവായത്തുകളിൽ വന്നിട്ടുണ്ട്.

بِسْمِ اللَّهِ الرَّحْمَٰنِ الرَّحِيمِ

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

يَسْأَلُونَكَ عَنِ الْأَنفَالِ ۖ قُلِ الْأَنفَالُ لِلَّهِ وَالرَّسُولِ ۖ

1. (നബിയേ) അവർ നിന്നോട് 'അൻഫാലി'നെ [യുദ്ധ മുതലുകളെ]പ്പറ്റി ചോദിക്കുന്നു. പറയുക: 'അൻഫാൽ' [യുദ്ധ മുതലുകൾ] അല്ലാഹുവിനും, റസൂലിനുമുള്ളതാണ്.

فَاتَّقُوا اللَّهَ وَأَصْلِحُوا ذَاتَ بَيْنِكُمْ ۖ وَأَطِيعُوا اللَّهَ وَرَسُولَهُ إِن كُنتُم مُّؤْمِنِينَ

അതിനാൽ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും, നിങ്ങളുടെ ഇടയിലുള്ളതു [സ്ഥിതിഗതി] നന്നാക്കുകയും ചെയ്യുവിൻ. നിങ്ങൾ അല്ലാഹുവിനെയും, അവന്റെ റസൂലിനെയും അനുസരിക്കുകയും ചെയ്യുവിൻ—നിങ്ങൾ സത്യവിശ്വാസികളാകുന്നുവെങ്കിൽ.'

---

1. يَسْأَلُونَكَ അവർ നിന്നോടു ചോദിക്കുന്നു عَنِ الْأَنفَالِ അൻഫാലിനെ(യുദ്ധ മുതലുകളെ)പ്പറ്റി قُلْ പറയുക الْأَنفَالُ അൻഫാൽ, യുദ്ധ മുതലുകൾ لِلَّهِ അല്ലാഹുവിനാകുന്നു وَالرَّسُولِ റസൂലിനുമാകുന്നു فَاتَّقُوا اللَّهَ അതിനാൽ അല്ലാഹുവിനെ സൂക്ഷിക്കുവിൻ وَأَصْلِحُوا നന്നാക്കുകയും ചെയ്യുവിൻ, നന്നായിത്തീരുകയും ചെയ്യണം ذَاتَ بَيْنِكُمْ നിങ്ങൾക്കിടയിലുള്ളതു, നിങ്ങൾ തമ്മിൽ وَأَطِيعُوا اللَّهَ അല്ലാഹുവിനെ അനുസരിക്കുകയും ചെയ്യുവിൻ وَرَسُولَهُ അവന്റെ റസൂലിനെയും إِن كُنتُم നിങ്ങളാണെങ്കിൽ مُّؤْمِنِينَ സത്യവിശ്വാസികൾ.

ശത്രുപക്ഷത്തുനിന്നു യുദ്ധത്തിൽ പിടിച്ചെടുക്കപ്പെട്ട സ്വത്തുക്കളിൽ ആർക്കു മാർക്കും പ്രത്യേക അവകാശമൊന്നുമില്ല. അവയുടെ അവകാശവും കൈകാര്യവും അല്ലാഹുവിനും റസൂലിനുമാകുന്നു. അതെങ്ങിനെ വിനിയോഗിക്കണമെന്നു അല്ലാഹു കൽപിക്കുന്നുവോ അതുപോലെ റസൂൽ അതു വിനിയോഗിക്കുകയും വിതരണം ചെയ്യുകയും ചെയ്യും. ആ വിഷയത്തിൽ നിങ്ങൾ തമ്മിൽ വഴക്കും ഭിന്നിപ്പും ഉണ്ടാവാൻ പാടില്ല. റസൂൽ അതു എങ്ങിനെ വിഹിതിച്ചു തരുന്നുവോ അപ്രകാരം നിങ്ങൾ അതു സ്വീകരിച്ചുകൊള്ളണം. നിങ്ങൾ തമ്മിലുണ്ടായിട്ടുള്ള വഴക്കും ഭിന്നിപ്പും അവസാനിപ്പിച്ചു പരസ്പരം നന്നായിത്തീരുകയും വേണം. നിങ്ങൾ സത്യവിശ്വാസികളാണെന്നിരിക്കെ, അല്ലാഹുവിന്റെയും റസൂലിന്റെയും കൽപന നിരുപാധികം സ്വീകരിക്കുവാൻ നിങ്ങൾ ബാധ്യസ്ഥരാണ് എന്നൊക്കെയാണു ഈ വചനം മുഖേന അല്ലാഹു അറിയിക്കുന്നത്.

ഈ വചനം അവതരിച്ചശേഷം ബദ്‌റിലെ ഗനീമത്തുകൾ യുദ്ധത്തിൽ പങ്കുവഹിച്ചവർക്കെല്ലാം നബി(സ) സമമായി ഭാഗിച്ചു കൊടുത്തു. ചില പ്രത്യേക ചുമതലകൾ ഏൽപിക്കപ്പെട്ടിരുന്നതു നിമിത്തം യുദ്ധത്തിൽ പങ്കുവഹിക്കുവാൻ കഴിയാതിരുന്ന വ്യക്തികൾക്കും നബി(സ) ഓഹരി നൽകുകയുണ്ടായി. അല്ലാഹുവിന്റെയും റസൂലിന്റെയും കൽപന അനുസരിക്കണമെന്നു മൊത്തത്തിൽ പറഞ്ഞതല്ലാതെ, ഇന്നിന്ന പ്രകാരമാണു ഗനീമത്തു ഭാഗിക്കേണ്ടതെന്നു ഈ വചനത്തിൽ വിശദീകരിക്കപ്പെട്ടിട്ടില്ല. വിശദീകരണം താഴെ 41-ാം വചനത്തിൽ വെച്ചുകാണാം. [إن شاء الله]

അബൂഉമാമഃ (റ) പറഞ്ഞതായി നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു: 'അൻഫാലി'നെക്കുറിച്ചു ഞാൻ ഉബാദത്തുബ്നുസ്സ്വാമിത്ത് (റ) നോടു ചോദിച്ചു. അദ്ദേഹം പറഞ്ഞു: ബദ്ർ യുദ്ധത്തിന്റെ ആൾക്കാരായ ഞങ്ങളുടെ വിഷയത്തിലാണു അതു അവതരിച്ചതു. അതായതു, ഞങ്ങൾ ഗനീമത്തിനെപ്പറ്റി ഭിന്നിച്ചപ്പോൾ, അതു സംബന്ധിച്ചു ഞങ്ങളുടെ സ്വഭാവം വളരെ ചീത്തയായിപ്പോയി. അപ്പോൾ, അല്ലാഹു അതു ഞങ്ങളുടെ കൈകളിൽ നിന്നു പിടിച്ചെടുത്തു റസൂൽ (സ) തിരുമേനിയെ ഏൽപിച്ചു. അങ്ങനെ, തിരുമേനി അതു മുസ്‌ലിംകൾക്കിടയിൽ സമത്തിൽ ഭാഗിച്ചു. (അ; ബ; ഹാ; ഇബ്നുജരീർ)

۲- إِنَّمَا الْمُؤْمِنُونَ الَّذِينَ إِذَا ذُكِرَ اللَّهُ وَجِلَتْ قُلُوبُهُمْ وَإِذَا تُلِيَتْ عَلَيْهِمْ آيَاتُهُ زَادَتْهُمْ إِيمَانًا وَعَلَىٰ رَبِّهِمْ يَتَوَكَّلُونَ

2. നിശ്ചയമായും സത്യവിശ്വാസികൾ യാതൊരു കൂട്ടർ മാത്രമാകുന്നു: അല്ലാഹുവിനെക്കുറിച്ചു പ്രസ്താവിക്കപ്പെട്ടാൽ (അഥവാ ഓർമ്മവന്നാൽ) അവരുടെ ഹൃദയങ്ങൾ പേടിച്ചു (നടുങ്ങി) പോകുന്നതാണു; അവരിൽ അവന്റെ ആയത്തു് [ലക്ഷ്യം]കൾ ഓതിക്കേൾപ്പിക്കപ്പെട്ടാൽ അതവർക്കു വിശ്വാസം വർദ്ധിപ്പിക്കുകയും ചെയ്യും; തങ്ങളുടെ റബ്ബിന്റെ മേൽ അവർ ഭരമേൽപ്പിക്കുകയും ചെയ്യും.—

۳- الَّذِينَ يُقِيمُونَ الصَّلَاةَ وَمِمَّا رَزَقْنَاهُمْ يُنفِقُونَ

3. അതായതു, നമസ്കാരം നിലനിറുത്തുകയും, നാം തങ്ങൾക്കു നൽകിയതിൽ നിന്നു ചിലവഴിക്കുകയും ചെയ്യുന്നവർ.

۴- أُولَٰئِكَ هُمُ الْمُؤْمِنُونَ حَقًّا لَّهُمْ دَرَجَاتٌ عِندَ رَبِّهِمْ وَمَغْفِرَةٌ وَرِزْقٌ كَرِيمٌ

4. അക്കൂട്ടർ തന്നെയാണ്, യഥാർത്ഥത്തിൽ സത്യവിശ്വാസികൾ. അവർക്കു തങ്ങളുടെ രക്ഷിതാവിന്റെ അടുക്കൽ പല പദവികളും പാപമോചനവും, മാന്യമായ ഉപജീവനവുമുണ്ടായിരിക്കും.

---

2. إنما المؤمنون നിശ്ചയമായും സത്യവിശ്വാസികൾ الذين യാതൊരുകൂട്ടർ (തന്നെ—മാത്രം) ആകുന്നു إذا ذكر പറയ(പ്രസ്താവിക്ക—ഓർക്ക)പ്പെട്ടാൽ الله അല്ലാഹു(വിനെക്കുറിച്ചു) وجلت നടുങ്ങും, പേടിക്കുന്നതാണു قلوبهم അവരുടെ ഹൃദയങ്ങൾ وإذا تليت പാരായണം ചെയ്യ(ഓതിക്കേൾപ്പിക്ക)പ്പെട്ടാൽ عليهم അവർക്കു, അവരുടെ മേൽ آياته അവന്റെ ആയത്തു (ലക്ഷ്യം—ദൃഷ്ടാന്തം—സൂക്തം)കൾ زادتهم അതു (അവ) അവർക്കു വർദ്ധിപ്പിക്കും إيمانا വിശ്വാസത്തെ وعلى ربهم തങ്ങളുടെ റബ്ബിന്റെ മേൽ يتوكلون അവർ തവക്കുലാക്കുന്നതാണ്, ഭരമേൽപിക്കുകയും ചെയ്യും. 3. الذين يقيمون നിലനിറുത്തിപ്പോരുന്നവർ الصلاة നമസ്കാരത്തെ ومما رزقناهم അവർക്കു നാം നൽകിയതിൽനിന്നും ينفقون അവർ ചിലവഴിക്കും. 4. أولئك هم അക്കൂട്ടർ (അവർ) തന്നെ المؤمنون സത്യവിശ്വാസികൾ حقا യഥാർത്ഥം, സത്യമായും لهم അവർക്കുണ്ടു, ഉണ്ടായിരിക്കും درجات പല പദവികൾ عند ربهم തങ്ങളുടെ റബ്ബിന്റെ അടുക്കൽ ومغفرة പാപമോചനവും ورزق ഉപജീവനവും, ആഹാരവും كريم മാന്യമായ.

നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ അല്ലാഹുവിനെയും റസൂലിനെയും അനുസരിക്കണമെന്നും മററും കഴിഞ്ഞ വചനത്തിൽ പ്രസ്താവിച്ചുവല്ലോ. ആരാണു യഥാർത്ഥ സത്യവിശ്വാസികൾ? അവരുടെ പ്രധാന ലക്ഷണങ്ങളെന്തു? അതാണു ഈ വചനങ്ങളിൽ വിവരിക്കുന്നതു്. സത്യവിശ്വാസികളുടെ അഞ്ചു ഗുണങ്ങളാണു അല്ലാഹു ഇവിടെ എടുത്തു പറഞ്ഞിരിക്കുന്നതു്. അതായതു്:—

1. അല്ലാഹുവിനെക്കുറിച്ചു ഓർമ്മ വന്നാൽ അവരുടെ ഹൃദയം പേടിച്ചു നടുങ്ങും. എന്നുവെച്ചാൽ, ഹിതകരമല്ലാത്ത വല്ല കാര്യത്തിലും പ്രവേശിക്കുമ്പോൾ—സ്വയം തന്നെയോ, മററുള്ളവരുടെ വഴിയോ—അല്ലാഹുവിനെ സംബന്ധിച്ച ഓർമ്മവരേണ്ട താമസമേയുള്ളൂ. ഉടനെ അവരുടെ ഹൃദയങ്ങൾക്കു നടുക്കവും ഭയവും അനുഭവപ്പെടും. അങ്ങനെ, അതിൽ നിന്നു പിൻമാറുകയും ചെയ്യും. അല്ലാഹുവിനെക്കുറിച്ചു ഭയപ്പാടു തോന്നിയാൽ പിന്നെ പാപത്തിൽനിന്ന് വിരമിക്കുകയും, പുണ്യം വർദ്ധിപ്പിക്കുകയും ചെയ്യുക സ്വാഭാവികമാണല്ലോ. സ്വർഗ്ഗവകാശികളായ ഭയഭക്തൻമാരെപ്പററി വിവരിക്കുന്നകൂട്ടത്തിൽ ആലുഇംറാൻ 135ൽ അല്ലാഹു പറയുന്നു. والذين اذا فعلوا فاحشة او ظلموا... (വല്ല നീചവൃത്തിയും ചെയ്യുകയോ, തങ്ങളോടു തന്നെ അക്രമം പ്രവർത്തിക്കുകയോ ചെയ്താൽ അല്ലാഹുവിനെ ഓർമ്മിക്കുകയും, അങ്ങനെ, തങ്ങളുടെ പാപങ്ങൾക്കുവേണ്ടി പാപമോചനം തേടുകയും ചെയ്യുന്നവരും.)

2. അല്ലാഹുവിന്റെ ആയത്തുകൾ—ദൃഷ്ടാന്തങ്ങളും വചനങ്ങളുമാകുന്ന ലക്ഷ്യങ്ങൾ—ഓതിക്കേട്ടാൽ അത് അവർക്കു വിശ്വാസം വർദ്ധിപ്പിക്കും. അടുത്ത സൂറത്തിൽ അല്ലാഹു പറയുന്നു: ...وَإِذَا مَا أُنزِلَتْ سُورَةٌ (സാരം: വല്ല സൂറത്തും അവതരിപ്പിക്കപ്പെട്ടാൽ അവരിൽ ചിലർ—കപടവിശ്വാസികൾ—പറയും: നിങ്ങളിൽ ആർക്കാണിത് വിശ്വാസം വർദ്ധിപ്പിച്ചുതന്നത്? എന്നാൽ, വിശ്വസിച്ചവർക്കു അതു വിശ്വാസം വർദ്ധിപ്പിക്കുന്നു. അവർ സന്തോഷം കൊള്ളുകയും ചെയ്യും. ഹൃദയത്തിൽ രോഗമുള്ളവരാകട്ടെ, അവർക്കു അതു മ്ലേച്ഛതയിലൂടെ മ്ലേച്ഛത വർദ്ധിപ്പിക്കുകയാണു ചെയ്യുക. (തൗബ: 124, 125) ഇതുപോലെയുള്ള വചനങ്ങളെ അടിസ്ഥാനമാക്കിയാണു സത്യവിശ്വാസം ഏറ്റക്കുറവു സ്വീകരിക്കുന്നതാണെന്നും, സൽക്കർമ്മങ്ങളും ദൃഷ്ടാന്തങ്ങളും വഴി അതിൽ വർദ്ധനവുണ്ടാകുമെന്നും, പാപങ്ങൾ മൂലം സത്യവിശ്വാസത്തിൽ കുറവു നേരിടുമെന്നുമൊക്കെ ഇമാം ബുഖാരി (റ) പോലുള്ള മഹാന്മാർ പലരും അഭിപ്രായപ്പെട്ടിരിക്കുന്നത്. വാസ്തവവും അങ്ങിനെത്തന്നെ. യഥാർത്ഥ സത്യവിശ്വാസികൾ തന്നെയും പല പദവിക്കാരായിരിക്കുമെന്നു 4-ാം വചനത്തിൽ പറഞ്ഞതും ഇതിനു തെളിവാകുന്നു.

3. തങ്ങളുടെ കാര്യങ്ങൾ അവർ അല്ലാഹുവിൽ ഭരമേല്പിക്കുന്നു. അല്ലാഹുവിന്റെ പ്രീതിയും സ്നേഹവുമല്ലാതെ മറ്റാരുടെ പ്രീതിയും പൊരുത്തവും അവർക്കു ലക്ഷ്യമില്ല. അവരുടെ ആവശ്യങ്ങൾ സാധിക്കുന്നതിനു അവർ അല്ലാഹുവിനെ മാത്രമേ ആശ്രയിക്കുകയുള്ളു. അവനോടല്ലാതെ അതിനുവേണ്ടി അവർ പ്രാർത്ഥിക്കുകയോ അപേക്ഷിക്കുകയോ ചെയ്കയില്ല. അവൻ ഉദ്ദേശിക്കുന്നതേ ഉണ്ടാകൂ എന്നും, അവൻ ഉദ്ദേശിക്കാത്തതൊന്നും ഉണ്ടാകുകയില്ലെന്നും അവർക്കു ദൃഢവിശ്വാസവുമുണ്ടായിരിക്കും. അവൻ എന്തു നൽകുന്നുവോ അതിൽ അവർ സംതൃപ്തരുമായിരിക്കും. ഈ മൂന്നു ലക്ഷണങ്ങളും അവരുടെ വിശ്വാസശക്തിയെ സാക്ഷീകരിക്കുന്നവയാകുന്നു. വിശ്വാസം ദൃഢതരത്തിലുള്ളതായിരിക്കുമ്പോൾ അവരിൽ കർമ്മരംഗത്തുണ്ടാകുന്ന രണ്ടു ഗുണങ്ങളാണു 4-ാമത്തേതും, 5-ാമത്തേതും. അതായതു, അവർ നമസ്കാരം നിലനിറുത്തിപ്പോരുകയും, അല്ലാഹു തങ്ങൾക്കു നൽകിയ കഴിവിൽ നിന്നു ചിലവഴിച്ചുകൊണ്ടിരിക്കുകയും ചെയ്യുമെന്നു പറഞ്ഞത്.

അല്ലാഹുവിനോടു നിർവ്വഹിക്കേണ്ടുന്ന കർമ്മപരമായ കടമകളിൽ പ്രധാനമായതു നമസ്കാരവും, മനുഷ്യരോടു നിർവ്വഹിക്കേണ്ടുന്ന കടമകളിൽ പ്രധാനമായതു ദാനധർമ്മങ്ങളുമാണല്ലോ. അതുകൊണ്ടാണു അവ രണ്ടും പ്രത്യേകം എടുത്തുപറഞ്ഞിരിക്കുന്നത്. കൃത്യനിഷ്ഠയോടുകൂടി നിർബ്ബന്ധങ്ങളും നിബന്ധനകളും മര്യാദകളും പൂർത്തിയാക്കിക്കൊണ്ടും, മനസ്സാന്നിദ്ധ്യത്തോടും ഭയഭക്തിയോടുകൂടിയും നമസ്കരിച്ചുപോരുക എന്നത്രെ നമസ്കാരം നിലനിറുത്തുന്നതിന്റെ ശരിയായ വിവക്ഷ. ധനം ചിലവഴിക്കുക എന്നു പറഞ്ഞതിൽ, നിർബ്ബന്ധമായതും ഐച്ഛികമായതുമായ എല്ലാതരം ദാനധർമ്മങ്ങളും ഉൾപ്പെടുന്നു. ഈ പറഞ്ഞ ലക്ഷണങ്ങളെല്ലാം ആരിലുണ്ടോ അവർ യഥാർത്ഥത്തിലുള്ള സത്യവിശ്വാസികളാകുന്നു. എന്നാൽ, യഥാർത്ഥ സത്യവിശ്വാസികൾ എല്ലാവരും ഒരേ പദവിയിലുള്ളവരായിരിക്കയില്ല. പ്രസ്തുത ഗുണങ്ങളിൽ മാത്രമല്ല, ഉദ്ദേശശുദ്ധി, ഭക്തി, പ്രതികൂലസാഹചര്യങ്ങൾ മുതലായ പലതിലും വ്യക്തികൾ തമ്മിൽ ഏറ്റക്കുറവുണ്ടായിരിക്കുമല്ലോ. അതനുസരിച്ചു അല്ലാഹുവിങ്കൽ നിന്നു അവർക്കു ലഭിക്കുന്ന സ്ഥാനപദവികളിലും വ്യത്യാസമുണ്ടായിരിക്കും. പാപമോചനവും, മാന്യമായ ഉപജീവനവും—അഥവാ സ്വർഗ്ഗീയ ജീവിതവും—എല്ലാവർക്കും ലഭിക്കുകയും ചെയ്യും. അതെ, ...لَّهُمْ دَرَجَاتٌ عِندَ رَبِّهِمْ (അവർക്കു അവരുടെ റബ്ബിന്റെ അടുക്കൽ പല പദവികളും, പാപമോചനവും മാന്യമായ ഉപജീവനവും ഉണ്ടായിരിക്കുന്നതാണ്.)

ഹാരിഥുബ്നു മാലികിൽ അൻസാരി(റ)യിൽ നിന്നു—മാർഗ്ഗം വളരെ പ്രബലമല്ലെങ്കിലും—ഇമാം ത്വബ്റാനി (റ) ഇപ്രകാരം നിവേദനം ചെയ്യുന്നു: ഒരിക്കൽ അദ്ദേഹത്തിന്റെ അടുക്കൽകൂടി റസൂൽ (സ) നടന്നുപോകുമ്പോൾ, അദ്ദേഹത്തിന്റെ വർത്തമാനം അന്വേഷിച്ചു. അതിനു അദ്ദേഹം ഇങ്ങിനെ ഉത്തരം പറഞ്ഞു: 'ഞാൻ യഥാർത്ഥ സത്യവിശ്വാസിയായിത്തന്നെയിരിക്കുന്നു'. തിരുമേനി പറഞ്ഞു: 'താൻ പറയുന്നതെന്താണെന്നു ആലോചിക്കുക. കാരണം, ഓരോ കാര്യത്തിനുമുണ്ട് ഒരു യാഥാർത്ഥ്യം. അപ്പോൾ, തന്റെ വിശ്വാസത്തിന്റെ യാഥാർത്ഥ്യമെന്താണ്?' അദ്ദേഹം പറഞ്ഞു: 'എന്റെ മനസ്സിനു ഇഹത്തിൽ (ഇഹലോക സുഖത്തിൽ) താൽപര്യമില്ലാതായിരിക്കുന്നു. അങ്ങനെ, ഞാൻ രാത്രി ഉറക്കൊഴിക്കുന്നു. (നമസ്കരിക്കുന്നു.) പകലിൽ ഞാൻ ദാഹിക്കുന്നു. (നോമ്പുപിടിക്കുന്നു) എന്റെ റബ്ബിന്റെ സിംഹാസനത്തെ ഞാൻ പ്രത്യക്ഷത്തിൽ കാണുന്നതുപോലെ തോന്നുന്നു. സ്വർഗ്ഗക്കാർ പരസ്പരം സന്ദർശിക്കുന്നതും ഞാൻ നോക്കിക്കാണുന്നപോലെ തോന്നുന്നു. നരകക്കാർ അതിൽ വെച്ചു നിലവിളിച്ചു കരയുന്നതും ഞാൻ നോക്കിക്കാണുന്നതുപോലെ തോന്നുന്നു'. അപ്പോൾ തിരുമേനി പറഞ്ഞു: يَا حَارِثُ عَرَفْتَ فَالْزَمْ (ഹാരിഥേ, താൻ മനസ്സിലാക്കിയിരിക്കുന്നു. ഇനി, അതു കൈവിടാതിരിക്കുക)' അബൂസഈദിൽ ഖുദ്രി (റ) പറയുകയാണ്: 'ആകാശമണ്ഡലത്തിൽ ദൂരെ സ്ഥിതി ചെയ്യുന്ന പ്രകാശിതങ്ങളായ നക്ഷത്രങ്ങളെ കിഴക്കുനിന്നും പടിഞ്ഞാറുനിന്നും നിങ്ങൾ നോക്കിക്കാണുന്നതുപോലെ, ഉന്നതസ്ഥാനങ്ങളിൽ സ്ഥിതി ചെയ്യുന്നവരെ സ്വർഗ്ഗത്തിലുള്ളവർ തങ്ങളുടെ ഉപരിഭാഗത്തുവെച്ച് നോക്കിക്കാണുന്നതാണ്. അവർ തമ്മിലുള്ള സ്ഥാനവ്യത്യാസമാണി

തിനു കാരണം'. അപ്പോൾ സഹാബികൾ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, അതു പ്രവാചകൻമാരുടെ പദവികളായിരിക്കും. മറ്റുള്ളവർക്ക അതു പ്രാപിക്കുവാൻ കഴിയുകയില്ലല്ലോ.' അപ്പോൾ തിരുമേനി പറഞ്ഞു: ഇല്ലാതേ, എന്റെ ആത്മാവു യാതൊരുവന്റെ കയ്യിലാണോ അവൻ തന്നെയാണ! അതൊക്കെ, അല്ലാഹുവിൽ വിശ്വസിക്കുകയും റസൂലുകളെ സത്യപ്പെടുത്തുകയും ചെയ്തിട്ടുള്ള ആളുകളായിരിക്കും.' (ബു; മു.)

5. (അതെ) നിന്റെ റബ്ബ് നിന്റെ വീട്ടിൽ [വാസസ്ഥലത്തിൽ] നിന്നു ന്യായ (മായ കാര്യ) ത്തോടെ നിന്നെ പുറപ്പെടുവിച്ചതുപോലെ(തന്നെയാണു അതും സംഭവിച്ചത്); സത്യവിശ്വാസികളിൽനിന്നു ഒരു സംഘം ആളുകൾ, നിശ്ചയമായും വെറുക്കുന്നവർ തന്നെയായിരുന്നു. [എന്നിട്ടും നിന്നെ പുറപ്പെടുവിച്ചതുപോലെ.]

٥- كَمَآ أَخْرَجَكَ رَبُّكَ مِنۢ بَيْتِكَ بِٱلْحَقِّ وَإِنَّ فَرِيقًا مِّنَ ٱلْمُؤْمِنِينَ لَكَٰرِهُونَ ۝

6. ന്യായ(മായകാര്യ)ത്തിൽ–അതു വ്യക്തമായിത്തീർന്ന ശേഷം—അവർ നിന്നോട് തർക്കം നടത്തിയിരുന്നു; അവരെ മരണത്തിലേക്കു, അവർ (അതു) നോക്കി (കണ്ടു) കൊണ്ടിരിക്കെ, തെളിക്കപ്പെടുന്നുവെന്നതുപോലെ!

٦- يُجَٰدِلُونَكَ فِى ٱلْحَقِّ بَعْدَمَا تَبَيَّنَ كَأَنَّمَا يُسَاقُونَ إِلَى ٱلْمَوْتِ وَهُمْ يَنظُرُونَ ۝

---

5. كَمَا أَخْرَجَكَ നിന്നെ പുറപ്പെടുവിച്ചതുപോലെ رَبُّكَ നിന്റെ റബ്ബ് مِن بَيْتِكَ നിന്റെ വീട്ടിൽ നിന്നു بِالْحَقِّ ന്യായത്തോടെ, ന്യായപ്രകാരം,കാര്യസമേതം وَإِنَّ فَرِيقًا നിശ്ചയമായും ഒരു കൂട്ടം(സംഘം) ആകട്ടെ (ആയിരിക്കെ) مِّنَ الْمُؤْمِنِينَ സത്യവിശ്വാസികളിൽനിന്നു لَكَارِهُونَ അതൃപ്തർ (വെറുക്കുന്നവർ) തന്നെ (യായിരുന്നു) 6. يُجَادِلُونَكَ അവർ നിന്നോടു തർക്കം നടത്തിയിരുന്നു, തർക്കിച്ചുകൊണ്ടു, തർക്കിക്കുന്നു فِي الْحَقِّ കാര്യ (ന്യായമായ)ത്തിൽ بَعْدَ ശേഷം مَا تَبَيَّنَ അതു വ്യക്തമായി (വെളിവായി) ത്തീർന്നതിന്റെ كَأَنَّمَا يُسَاقُونَ അവർ തെളിക്കപ്പെടുന്നുവെന്നപോലെ إِلَى الْمَوْتِ മരണത്തിലേക്കു وَهُمْ അവർ, അവരായിരിക്കെ يَنظُرُونَ നോക്കുന്നു (കാണുന്നു)

ബദ്ർ യുദ്ധത്തിലെ ഗനീമത്തു സ്വത്തുക്കളെ സംബന്ധിച്ചു സത്യവിശ്വാസികളിൽ ഉണ്ടായ ഭിന്നാഭിപ്രായവും, അതിൽ അല്ലാഹു വിധികൽപിച്ചതും മുമ്പു പ്രസ്താവിച്ചുവല്ലോ. അല്ലാഹുവിന്റെ വിധി എല്ലാവരും സ്വീകരിക്കുക തന്നെ ചെയ്തുവെങ്കിലും പലരുടെയും ആഗ്രഹത്തിനും ഇഷ്ടത്തിനും എതിരായിരുന്നു ആ വിധി. അതു പോലെയുള്ള അവസ്ഥ തന്നെയാണു ബദ്ർ യുദ്ധത്തിലേക്കുള്ള നബി(സ)യുടെ പുറപ്പാടിന്റെ സമയത്തും ഉണ്ടായതെന്നു അല്ലാഹു ചൂണ്ടിക്കാട്ടുന്നു. ന്യായയുക്തവും കാര്യപ്പെട്ടതുമായ ഒരു വിഷയമായിരുന്നിട്ടും സത്യവിശ്വാസികളിൽ ഒരു വിഭാഗം ആളുകൾക്കു ആ പുറപ്പാടു ഒട്ടും തൃപ്തികരമല്ലാതിരുന്ന അവസ്ഥയിലാണു അല്ലാഹു അതിനു കളമൊരുക്കിയതു. യുദ്ധം അനിവാര്യവും, അതിൽ വിജയം സുനിശ്ചിതവുമാണെന്നു വ്യക്തമായി മനസ്സിലായിട്ടും ഓരോ കാരണങ്ങൾ പറഞ്ഞു ചിലർ നബി(സ)യുമായി തർക്കം നടത്തി. മരണം ഒരു കൺമുമ്പിൽ കണ്ടുകൊണ്ടിരിക്കെ, അതിലേക്കു പിടിച്ചുവലിച്ചു കൊണ്ടുപോകുന്നതു പോലെയുള്ള ഭയമായിരുന്നു അതിനു കാരണം എന്നാണു അല്ലാഹു പറഞ്ഞതിന്റെ സാരം. അല്ലാഹു നടപ്പിൽ വരുത്തുന്ന ഓരോ കാര്യങ്ങളിലും അവൻ പല ലക്ഷ്യങ്ങളും രഹസ്യങ്ങളും കണ്ടുവെച്ചിട്ടുണ്ടാകും. അവയെപ്പറ്റി മനുഷ്യർക്ക് നേരത്തെ ഒന്നും മനസ്സിലാക്കുവാൻ കഴിയാതെ വരും. അതുകൊണ്ടു അല്ലാഹു അവന്റെ റസൂൽ മുഖാന്തരം കൽപിക്കുന്ന കാര്യങ്ങൾ ചോദ്യം ചെയ്യാതെയും മടികൂടാതെയും അതേപടി അനുസരിക്കുന്നതിലായിരിക്കും അവരുടെ നൻമ. അതവരുടെ കടമയുമാണു എന്നു താൽപര്യം.

ഈ വചനങ്ങളുടെയും, ഈ സൂറത്തിലെ മറ്റു ചില വചനങ്ങളുടെയും ആശയങ്ങൾ മനസ്സിലാക്കുവാൻ ബദ്ർ യുദ്ധത്തിന്റെ പശ്ചാത്തലത്തെപ്പറ്റി സാമാന്യം അറിയുന്നതു നന്നായിരിക്കും.

മക്കാ ഖുറൈശികളുടെ ഉപജീവന മാർഗ്ഗം പ്രധാനമായും ശാമിലേക്കും യമനിലേക്കും അവർ നടത്താറുള്ള കച്ചവടയാത്രകളെ ആശ്രയിച്ചായിരുന്നു. (ഇതു സംബന്ധിച്ചു സൂറത്തു ഖുറൈശിൽ വിവരിച്ചിട്ടുണ്ട്.) ഹിജ്റ രണ്ടാം കൊല്ലത്തിൽ അബൂസുഫ്‌യാന്റെ നേതൃത്വത്തിൽ (*) ഒരു കച്ചവട സംഘം ശാമിലേക്കു പോയി. ഖുറൈശികളായ ഓരോ ആണും പെണ്ണും തങ്ങളാൽ കഴിയുന്നത്ര സംഖ്യ മുതൽ മുടക്കിക്കൊണ്ടുള്ള ഒരു വമ്പിച്ച കച്ചവട യാത്രയായിരുന്നു അത്. ഈ യാത്രമൂലം ലഭിക്കുന്ന നേട്ടം അവർ മുസ്‌ലിംകൾക്കെതിരെ വിനിയോഗിക്കുവാൻ ഉപയോഗപ്പെടുത്തുകയും ചെയ്തേക്കും. കച്ചവടസംഘം ശാമിലേക്കു പോകുന്ന വിവരമറിഞ്ഞപ്പോൾ, അവരെ വഴിമധ്യേ തടയുവാൻ നബി (സ)യും കുറെ ആളുകളും കൂടി പുറപ്പെട്ടുപോയി. പക്ഷേ, അപ്പോഴേക്കും കച്ചവട സംഘം കടന്നുപോയിരുന്നു. അവരുടെ മടക്കം നബി (സ) കാത്തിരുന്നു. മടക്കവിവരം അറിഞ്ഞപ്പോൾ, അവരെ നേരിടുവാൻ നബി (സ) സഹാബികളെ പ്രോത്സാഹിപ്പിച്ചു. വാഹനവും മറ്റും തയ്യാറുള്ളവർ പോന്നുകൊള്ളട്ടെ എന്നു പറഞ്ഞതല്ലാതെ, അധിക സമ്മർദ്ദമൊന്നും നബി (സ) ചെലുത്തിയിരുന്നില്ല. അതിനാൽ, ഒരു യുദ്ധത്തിന്റെ ഉദ്ദേശ്യമില്ലെന്നു ധരിച്ച് പലരും മുന്നോട്ടു വന്നില്ല. തയ്യാറെടുത്തവരെയും കൊണ്ടു നബി (സ) പുറപ്പെട്ടു. മുന്നൂറ്റി പതിമൂന്നു പേരായിരുന്നു അവർ. അവരിൽ 240-ൽപരം ആളുകൾ അൻസ്വാരികളും ബാക്കി മുഹാജിറുകളുമായിരുന്നു. വാഹനങ്ങൾ രണ്ടു കുതിരകളും എഴുപതു ഒട്ടകങ്ങളും മാത്രം. അവയെ അവർ മാറിമാറി ഉപയോഗിച്ചിരുന്നു.

വർത്തക സംഘം നബി (സ) യുടെയും സഹാബികളുടെയും പുറപ്പാടിന്റെ വിവരം മണത്തറിഞ്ഞു. അബൂസുഫ്‌യാൻ സഹായാർത്ഥന ചെയ്തുകൊണ്ടു മക്കായിലേക്ക് ആളയച്ചു. അതിനെത്തുടർന്ന ഖുറൈശികൾ വളരെ വീറോടു കൂടി ഒരു വമ്പിച്ച സൈന്യസന്നാഹം നടത്തി. അബൂജഹ്‌ലിന്റെ നായകത്വത്തിൻ കീഴിൽ ആയിരത്തോളം വരുന്ന ഒരു പട്ടാള സംഘം തയ്യാറായി പുറപ്പെട്ടു. മിക്ക ഖുറൈശിനേതാക്കളും സംബന്ധിച്ചിരുന്ന ആ സൈന്യത്തിൽ നൂറു കുതിരകളും എഴുന്നൂറു ഒട്ടകങ്ങളും ഉണ്ടായിരുന്നു. നബി (സ) റൗഹാഉ് (**) എന്ന സ്ഥലത്തെത്തിയപ്പോഴാണ് പട്ടാള സംഘത്തിന്റെ പുറപ്പാടിനെപ്പറ്റി അറിയുന്നത്. അടുത്ത ദിവസം കച്ചവട സംഘം ബദ്റി (***) ൽ എത്തുമെന്നും കേട്ടു. നബി (സ) തന്റെ കൂടെയുള്ള സൈന്യത്തിലെ പ്രമുഖന്മാരെ വിളിച്ചുകൂട്ടി അവരോടു കച്ചവട സംഘമോ, പട്ടാള സംഘമോ രണ്ടിലൊന്നു നിങ്ങൾക്കു നൽകാമെന്നു അല്ലാഹു വാഗ്ദാനം ചെയ്തിട്ടുണ്ടെന്നു അറിയിക്കുകയും, അവരുടെ അഭിപ്രായം ആരായുകയും ചെയ്തു. ഏതിനെ നേരിട്ടാലും അതിൽ വിജയം മുസ്‌ലിംകൾക്കായിരിക്കുമെന്നാണ് ഇതിന്റെ താൽപര്യമെന്നു വ്യക്തമാണല്ലോ. അബൂബക്കർ, ഉമർ (റ) മുതലായവർ തൃപ്തികരമായ മറുപടി നൽകി. എങ്കിലും പലരുടെയും മറുപടി തൃപ്തികരമായിരുന്നില്ല. ശക്തി കുറവായ കച്ചവടസംഘത്തെ നേരിടാം, അതു നമ്മുടെ ശക്തി വർദ്ധിപ്പിക്കുവാൻ ഉപകരിച്ചേക്കും. പട്ടാള സംഘത്തെ നേരിടുവാനുള്ള ഒരുക്കമോ കഴിവോ നമുക്കില്ല. അങ്ങനെയൊന്നു വിചാരിച്ചിരുന്നുവെങ്കിൽ നമുക്കതിനു ഒരുക്കം ചെയ്തു വരാമായിരുന്നു എന്നിങ്ങിനെ പലരും പറഞ്ഞു. ഇതു നബി (സ) യുടെ മനസ്സിനെ വേദനിപ്പിച്ചുവെന്നു പറയേണ്ടതില്ലല്ലോ.

ഈ അവസരത്തിൽ മിഖ്ദാദുബ്നുൽ അസ്‌വദ് (റ) എഴുന്നേറ്റ് ഇപ്രകാരം പറഞ്ഞു: 'അങ്ങയോടു അല്ലാഹു എന്തു കൽപിച്ചുവോ അതിലേക്കു അങ്ങു പോയിക്കൊള്ളുക. ഇസ്രാഈല്യർ മൂസാ(അ)നബിയോടു: فاذهب انت وربك فقاتلا انا ههنا قاعدون (താനും തന്റെ റബ്ബും പോയി യുദ്ധം ചെയ്തുകൊള്ളുക, ഞങ്ങളിവിടെ ഇരിക്കുകയാണ്) എന്നു പറഞ്ഞതുപോലെ ഞങ്ങൾ ഒരിക്കലും പറയുകയില്ല. ബർക്കുൽ ഗിമാദിലേക്കു (****) തന്നെ ഞങ്ങളെ വിളിച്ചാലും ഞങ്ങൾ അങ്ങയുടെ ഒന്നിച്ചു വരുവാൻ തയ്യാറാകുന്നു.' എന്നാൽ, അൻസ്വാരികളുടെ നിലപാടു എന്താണെന്നു വ്യക്തമാകാതിരുന്നതുകൊണ്ടും, 'ബൈഅത്തുൽ അഖബ' (*****) യിലെ നിശ്ചയപ്രകാരം

(*) അബൂസുഫ്‌യാൻ (റ) ഒരു വലിയ ഖുറൈശി നേതാവും, നബി (സ)യുടെ പത്നി ഉമ്മുഹബീബ (റ)യുടെ പിതാവുമായിരുന്നു. അന്ന സമയത്തു മുസ്‌ലിംകളുടെ കഠിന ശത്രുവും, പല യുദ്ധങ്ങളിലും മുസ്‌ലിംകൾക്കെതിരെ ഖുറൈശി സൈന്യത്തിന്റെ നേതൃത്വം വഹിച്ച ആളും ആയിരുന്നു. പിന്നീടു മക്കാ വിജയത്തോടൊപ്പം പലരെയും പോലെ അദ്ദേഹവും മുസ്‌ലിമായിത്തീർന്നു.

(**) മദീനായിൽ നിന്നു 30—40 നാഴിക തെക്കു പടിഞ്ഞാറുള്ള സ്ഥലം (روحاء).

(***) മക്കായുടെയും മദീനായുടെയും ഇടയിൽ കൊല്ലംതോറും വമ്പിച്ച കച്ചവട മേളകൾ നടക്കുന്ന സ്ഥലമായിരുന്നു ബദ്ർ. ഇപ്പോഴും പല ഹാജിമാരും മദീന യാത്രാ വേളയിൽ ആ സ്ഥലം സന്ദർശിക്കാറുണ്ടല്ലോ.

(****) യമനിന്റെ അറ്റത്തോളമുള്ള ഒരു രാജ്യമാണത്. വേറെയും ചില അഭിപ്രായങ്ങളുണ്ട്.

(*****) മദീന ഹിജ്റക്കു മുമ്പായി മദീനായിൽ നിന്നു ഹജ്ജിനു വന്നിരുന്ന ചിലർ നബി (സ)യിൽ വിശ്വസിക്കുകയും, മദീനായിൽ വന്നാൽ നബി (സ)യെയും മുസ്‌ലിംകളെയും സഹായിച്ചുകൊള്ളാമെന്നു അവർ നബി(സ)ക്കു ബൈഅത്ത് (പ്രതിജ്ഞ) നൽകുകയും ചെയ്തു. ഇതിനാണ് ബൈഅത്തുൽ അഖബ എന്നു പറയുന്നത്. മക്കായിലെ അഖബയിൽ വെച്ചാണിത് നടന്നത്.

മദീനായിൽനിന്നു പുറത്തുവെച്ചു ശത്രുക്കളെതിരെ നബി (സ) യെ സഹായിക്കുവാനുള്ള ബാദ്ധ്യത അവർക്കില്ലാത്തതു കൊണ്ടും അവരുടെ അഭിപ്രായം കൂടി അറിയണമെന്നു നബി (സ) ആഗ്രഹിച്ചു. അൻസാരികളുടെ നേതാവായ സഅ്ദുബ്നു മുആദ് (റ) എഴുന്നേററു ഇങ്ങിനെ പറഞ്ഞു: 'ഞങ്ങൾ അങ്ങയിൽ വിശ്വസിക്കുകയും, അങ്ങു കൊണ്ടുവന്നതിനെയെല്ലാം ശരിവെക്കുകയും, അങ്ങേക്കു പ്രതിജ്ഞ നൽകുകയും ചെയ്തവരാണ്. അങ്ങയോടു അല്ലാഹു കല്പിച്ചപ്രകാരം ചെയ്തുകൊള്ളുക. ഈ സമുദ്രം വിലങ്ങിൽ കടന്നു പോകുവാൻ അങ്ങു കല്പിച്ചാലും ഞങ്ങൾ സമുദ്രത്തിൽ ഇറങ്ങുവാൻ തയ്യാറാണ്.' തിരുമേനി വളരെ സന്തോഷിച്ചു. അവിടുന്നു പറഞ്ഞു: 'അല്ലാഹുവിന്റെ അനുഗ്രഹത്തോടെ നടക്കുവിൻ, സന്തോഷിക്കുകയും ചെയ്യുവിൻ. ആ ജനങ്ങൾ വീണു കിടക്കുന്ന സ്ഥാനങ്ങൾ ഞാൻ (കൺമുമ്പിൽ) കാണുന്നപോലെ തോന്നുന്നു!'

ഇതെല്ലാമായപ്പോഴേക്കും അബൂസുഫ്‌യാനും വർത്തക സംഘവും തങ്ങളുടെ യാത്രാമാർഗ്ഗം മാററി ചെങ്കടൽ തീരമാർഗ്ഗം രക്ഷപ്പെട്ടുപോയി. തങ്ങൾ രക്ഷപ്പെട്ടിട്ടുണ്ടെന്നും, അതുകൊണ്ടു മടങ്ങിപ്പോകാമെന്നും, അറിയിച്ചുകൊണ്ടു അബൂസുഫ്‌യാൻ പട്ടാള സംഘത്തിലേക്കു ദൂതനെ അയക്കുകയും ചെയ്തു. ഖുറൈശികളിൽ ചിലർ അങ്ങിനെ മടങ്ങിപ്പോയെങ്കിലും അബൂജഹ്‌ൽ മടങ്ങുവാൻ കൂട്ടാക്കിയില്ല. ബദ്റിൽ ചെന്നിറങ്ങി തിന്നും കുടിച്ചും, മതിച്ചും, പുളച്ചും മൂന്നു ദിവസം കഴിച്ചു കൂട്ടി ജയഭേരി മുഴക്കിയേ മടങ്ങൂ എന്ന നിശ്ചയിച്ചുകൊണ്ടു സൈന്യം ബദ്റിൽ വന്നിറങ്ങി. ഇതോടെ, പട്ടാളസംഘത്തോടുള്ള ഏററുമുട്ടൽ സുനിശ്ചിതമായിത്തീർന്നു.

വിശദാംശങ്ങളിൽ ചിലപ്പോഴൊക്കെ വ്യത്യാസം കാണപ്പെടുമെങ്കിലും ചുരുക്കത്തിൽ വ്യാഖ്യാതാക്കളും, ഇസ്ലാം ചരിത്രകാരൻമാരും ബദ്ർ യുദ്ധത്തിന്റെ പശ്ചാത്തലം വിവരിച്ചിട്ടുള്ളതിന്റെ ചുരുക്കമാണു മുകളിൽ കണ്ടത്. ഹദീസു ഗ്രന്ഥങ്ങൾ പരിശോധിച്ചാലും സംഭവഗതി അപ്രകാരം തന്നെയാണെന്നു മനസ്സിലാകും. എന്നാൽ, ഇപ്പോൾ ചില പുതിയ കണ്ടുപിടുത്തക്കാർ ഇതെല്ലാം നിഷേധിച്ചുകൊണ്ട് ഒരു പുതിയ പശ്ചാത്തലം അവരുടെ വകയായി പടച്ചുണ്ടാക്കിക്കാണുന്നു. നബി (സ) യും സഹാബികളും ആദ്യം പുറപ്പെട്ടതു വർത്തക സംഘത്തെ ഉദ്ദേശിച്ചാണെന്നും, പിന്നീട് മുൻകരുതൽ കൂടാതെ പട്ടാളസംഘത്തോടു ഏററുമുട്ടേണ്ടി വന്നുവെന്നും പറയുന്നതു ശരിയല്ലെന്നു അവർ വാദിക്കുന്നു. അബൂജഹ്‌ലിന്റെ നേതൃത്വത്തിൽ പടയൊരുക്കം നടക്കുന്നതും, അവർ മുസ്ലിംകളെ ആക്രമിക്കുവാൻ ഉദ്ദേശിക്കുന്നതും അറിഞ്ഞപ്പോഴാണു നബി (സ) യും സഹാബികളും യുദ്ധത്തിനു പുറപ്പെട്ടു പോയതു; മക്കയിൽ നിന്നു പട്ടാളം ബദ്റിൽ എത്തുമ്പോഴേക്കും ശാമിൽ നിന്നു മടങ്ങിവരുന്ന ആ കച്ചവട സംഘം രക്ഷാ സ്ഥാനങ്ങളുമായി അവിടെ എത്തിച്ചേരുവാൻ മുൻകൂട്ടി ഏർപ്പാടുകൾ പരിപാടിയിട്ടിരുന്നു എന്നൊക്കെയാണു ഇവർ അതിനു നൽകുന്ന രൂപം. കച്ചവടസംഘത്തെ നേരിടുവാൻ നബി (സ) യും സൈന്യവും പുറപ്പെട്ടുവെന്നു പറയുന്നതിന്റെ അർത്ഥം, നബി (സ) യെയും സഹാബികളെയും കൊള്ളക്കാരും ധനമോഹികളുമാക്കൽ ആണെന്നും മററുമുള്ള ചില ന്യായവാദങ്ങളാണു ഈ പുതിയ ചിത്രീകരണത്തിനു ഇവരെ പ്രേരിപ്പിച്ചിരിക്കുന്നത്. കാര്യത്തിന്റെ ഉള്ളോട്ടിറങ്ങി പരിശോധിക്കുവാനും സംഭവങ്ങളെ നിഷ്പക്ഷമായി വിലയിരുത്തുവാനും കഴിയാത്തവരുടെ ദൃഷ്ടിയിൽ ഈ ചിത്രീകരണം ഒരു ആകർഷകമായിത്തോന്നിയേക്കാം. പക്ഷേ, സംഭവങ്ങൾ യഥാർത്ഥത്തിൽ ഉണ്ടായതു എങ്ങിനെയാണെന്നറിയുവാൻ ചരിത്രരേഖകളെ അവഗണിച്ചുകൊണ്ടു ബുദ്ധിശക്തിയെയോ, യുക്തി ചിന്തയെയോ ശരണം പ്രാപിക്കുന്നതു ബുദ്ധിക്കും യുക്തിക്കും നിരക്കാത്തതാകുന്നു.

മുമ്പു ആരും പ്രസ്താവിച്ചിട്ടില്ലാത്ത ഒരു പശ്ചാത്തലം [illegible] കെട്ടിച്ചമച്ചുവെന്നുള്ള ദുരാരോപണം ഒഴിച്ചു കാണാവുന്ന ആ ചിത്രീകരണത്തിനുവേണ്ടി [illegible] (റ) യെപ്പോലുള്ള [illegible] ട്ടുണ്ട്. അവരുടെ ഈ അഭിപ്രായത്തെ [illegible] ചിലരുടെ വാക്കുകൾ സന്ദർഭത്തിൽനിന്നു അടർത്തിയെടുത്ത് [illegible] ചെയ്തിരിക്കുന്നു. എല്ലാം വിശദമായും [illegible] കുറെ ദീർഘിച്ചു പോയേക്കുന്നതു കൊണ്ടു അതിനു മുതിരുന്നില്ല. [illegible] 42-ാം വചനത്തിലെ ചില വാക്കുകളും [illegible] അവരുടെ ഈ പുതിയ അഭിപ്രായം ശരിയല്ലെന്നു മനസ്സിലാക്കാവുന്നതാണ്.

وَإِذْ يَعِدُكُمُ اللَّهُ إِحْدَى الطَّائِفَتَيْنِ أَنَّهَا لَكُمْ وَتَوَدُّونَ أَنَّ غَيْرَ ذَاتِ الشَّوْكَةِ تَكُونُ لَكُمْ

7. (ആ) രണ്ടിലൊരു സംഘത്തെ അതു നിങ്ങൾക്കായിരിക്കും [നിങ്ങൾക്കു അധീനമാകും] എന്നു- അല്ലാഹു നിങ്ങളോടു വാഗ്ദാനം ചെയ്തിരുന്ന സന്ദർഭം (ഓർക്കുക); ശക്തി (ബലം) ഉള്ളതല്ലാത്തതു നിങ്ങൾക്കു ആയിരിക്കണമെന്നു നിങ്ങൾ മോഹിക്കുകയും ചെയ്തിരുന്നു.

وَيُرِيدُ اللَّهُ أَن يُحِقَّ الْحَقَّ بِكَلِمَاتِهِ وَيَقْطَعَ دَابِرَ الْكَافِرِينَ ۝

തന്റെ (കൽപനാ) വാക്യങ്ങൾ മൂലം യഥാർത്ഥത്തെ യഥാർത്ഥവൽകരിക്കുകയും, അവിശ്വാസികളുടെ മുരടു (മുറിച്ചു നശിപ്പി)ക്കുകയും ചെയ്‌വാൻ അല്ലാഹുവും ഉദ്ദേശിച്ചിരുന്നു.

لِيُحِقَّ الْحَقَّ وَيُبْطِلَ الْبَاطِلَ وَلَوْ كَرِهَ الْمُجْرِمُونَ ۝

8. (അതെ) യഥാർത്ഥത്തെ യഥാർത്ഥമാ(ക്കിസ്ഥാപി)ക്കുകയും, അയഥാർത്ഥ്യത്തെ അയഥാർത്ഥീകരി(ച്ചു നശിപ്പി)ക്കുകയും ചെയ്‌വാൻ വേണ്ടിയത്രെ (അവൻ അങ്ങിനെ ചെയ്തതു); കുറ്റവാളികൾ വെറുത്താലും ശരി.

---

7. وَإِذْ يَعِدُكُمُ നിങ്ങളോടു വാഗ്ദാനം (വാഗ്ദത്തം) ചെയ്യുമ്പോൾ, ചെയ്തിരുന്ന സന്ദർഭം اللَّهُ അല്ലാഹു إِحْدَى ഒന്നു الطَّائِفَتَيْنِ രണ്ടു സംഘ (കൂട്ടവിഭാഗ)ത്തിൽ أَنَّهَا അതാകുന്ന (ആയിരിക്കും) എന്ന لَكُمْ നിങ്ങൾക്കു وَتَوَدُّونَ നിങ്ങൾ മോഹിക്കുക (ഇഷ്ടപ്പെടുക–ആഗ്രഹിക്കുക)യും ചെയ്തിരുന്നു (ചെയ്യുന്നു) أَنَّ غَيْرَ അല്ലാത്തതു എന്നു ذَاتِ الشَّوْكَةِ (ശക്തി (ബലം) ഉള്ളതു تَكُونُ ആയിരിക്കണം (എന്നു) لَكُمْ നിങ്ങൾക്കു وَيُرِيدُ اللَّهُ അല്ലാഹു ഉദ്ദേശിക്കുകയും ചെയ്തിരുന്നു (ചെയ്യുന്നു) أَن يُحِقَّ യഥാർത്ഥമാക്കു(യഥാർത്ഥവൽക്കരിക്കു)വാൻ الْحَقَّ യഥാർത്ഥത്തെ بِكَلِمَاتِهِ അവന്റെ വാക്ക (വാക്യം—കല്പന)കൾ മൂലം وَيَقْطَعَ മുറിക്കു(അറുക്കു)വാനും دَابِرَ മുരടു, പിൻപുറം الْكَافِرِينَ അവിശ്വാസികളുടെ. 8. لِيُحِقَّ യഥാർത്ഥമാക്കുവാൻ (യഥാർത്ഥമായി പുലർത്തുവാൻ) വേണ്ടിയാണു الْحَقَّ യഥാർത്ഥ(കാര്യ—സത്യ)ത്തെ وَيُبْطِلَ അയഥാർത്ഥീകരിക്കുവാനും, വിഫലമാക്കുവാനും الْبَاطِلَ നിരർത്ഥമായതിനെ, അയഥാർത്ഥ്യം وَلَوْ كَرِهَ വെറുത്താലും (അനിഷ്ടപ്പെട്ടാലും) ശരി الْمُجْرِمُونَ കുറ്റവാളികൾ

വർത്തക സംഘം, പട്ടാളസംഘം എന്നീ രണ്ടിൽ ഏതൊരു സംഘത്തെ നിങ്ങൾ നേരിട്ടാലും ആ സംഘത്തെ പരാജയപ്പെടുത്തി നിങ്ങൾക്കു അവരോടു വിജയം നേടാം, അതിനു അല്ലാഹു നിങ്ങളെ സഹായിക്കും എന്നു നബി (സ) മുഖേന അവൻ നിങ്ങളോടു വാഗ്ദാനം ചെയ്തു. ആൾബലവും, ആയുധശക്തിയും ഇല്ലാത്ത വർത്തക സംഘത്തെ നേരിടുവാനായിരുന്നു നിങ്ങളുടെ മോഹം. വളരെ ക്ലേശമൊന്നും അനുഭവിക്കേണ്ടി വരാതെ അതിലുള്ള സമ്പത്തുകളെ നിങ്ങൾക്ക അധീനമാക്കാമെന്നു നിങ്ങൾ കരുതി. എന്നാൽ, അല്ലാഹു അവന്റെ കൽപനാ നിർദ്ദേശങ്ങൾ വഴി ഉദ്ദേശിച്ചതു അതിനെക്കാൾ ഉപരിയായ മറ്റൊന്നായിരുന്നു. സത്യമതത്തിനു ഇവിടെ സ്ഥിരീകരണവും, പ്രചാരണ സ്വാതന്ത്ര്യവും ഉണ്ടാവണം. അതിന്റെ നിഷേധികളുടെ ശക്തിയും സ്വാധീനവും നാമാവശേഷമാക്കുകയും വേണം. അതായിരുന്നു അവൻ ഉദ്ദേശിച്ചതു. അതാണവൻ നടപ്പിൽ വരുത്തിയതു. അതെ, നിങ്ങളെ നശിപ്പിക്കുവാൻ ഉദ്ദേശിച്ചുവന്ന ആ മഹാപാപികളുടെ അനിഷ്ടങ്ങൾക്കെതിരായി ഇസ്ലാമാകുന്ന യഥാർത്ഥ്യത്തെ വിജയിപ്പിക്കുകയും, ശിർക്കാകുന്ന അയഥാർത്ഥ്യത്തെ പരാജയപ്പെടുത്തുകയും ചെയ്‌വാൻ വേണ്ടിയാണു അവൻ അതൊക്കെ ചെയ്തത്.

അബൂജഹ്ലിന്റെ പട്ടാള സംഘത്തോടോ, അബൂസുഫ്‌യാന്റെ വർത്തക സംഘത്തോടോ ഏതിനോടു ഏറ്റുമുട്ടിയാലും ആ സംഘത്തെ നിങ്ങൾക്കു അധീനമാക്കി—അഥവാ അതിനെ പരാജയപ്പെടുത്തി—തരാം എന്നു അല്ലാഹു സത്യവിശ്വാസികളോടു വാഗ്ദാനം നൽകിയിരുന്നുവെന്നും, ശക്തിയും ബലവും കുറഞ്ഞ സംഘമായ വർത്തക സംഘത്തോടു ഏറ്റുമുട്ടുവാനായിരുന്നു അവർക്കു മോഹമെന്നും, പക്ഷേ, ശക്തിമത്തായ പട്ടാളസംഘത്തെ പരാജയപ്പെടുത്തി സത്യമതത്തെ വിജയിപ്പിക്കുവാനായിരുന്നു അല്ലാഹുവിന്റെ ഉദ്ദേശ്യമെന്നും, അതാണു ഒടുവിൽ സംഭവിച്ചതെന്നും ഈ വചനങ്ങളിൽനിന്നു സ്പഷ്ടമാണു. എന്നിരിക്കെ—മേൽ സൂചിപ്പിച്ചതുപോലെ—വർത്തക സംഘത്തോടു ഏറ്റുമുട്ടണമെന്നുദ്ദേശിച്ചുകൊണ്ടു നബി(സ)യും സഹാബികളും പുറപ്പെട്ടിട്ടില്ലെന്നും പട്ടാള സംഘം യുദ്ധത്തിന് ഒരുങ്ങിവരുന്ന വിവരം അറിഞ്ഞപ്പോൾ അവരെ നേരിടുവാനായിരുന്നു അവർ ഒരുങ്ങി പുറപ്പെട്ടതെന്നും മറ്റുമുള്ള വാദങ്ങൾ ആ വാദക്കാരുടെ പുതിയ സൃഷ്ടിയാണെന്നു പറയേണ്ടതില്ലല്ലോ.

എല്ലാവിധ സജ്ജീകരണങ്ങളും സഹിതം മുന്നൊരുക്കത്തോടുകൂടി തയ്യാറെടുത്തുവന്ന വമ്പിച്ച ഒരു പട്ടാള വ്യൂഹവും, കേവലം നിരായുധരും മുൻകരുതലില്ലാത്തവരും എണ്ണം കൊണ്ടു അവരുടെ ഏതാണ്ടു മൂന്നിലൊരു അംശം മാത്രം വരുന്നവരുമായ ഒരു സംഘം ആളുകളും തമ്മിലാണു ബദ്റിൽ ഏറ്റുമുട്ടിയതു. എന്നിട്ടും, അതിശക്തമായ ആ സംഘത്തിലെ നേതാക്കളായ എഴുപതു പേർ കൊല്ലപ്പെടുകയും, അത്രതന്നെ ശത്രുക്കൾ ബന്ധനത്തിലാക്കപ്പെടുകയും ചെയ്തു. ഇതു അല്ലാഹു ചെയ്ത വാഗ്ദാനം അവൻ സാക്ഷാൽക്കരിച്ചതല്ലാതെ മറെറന്താണു? മനുഷ്യന്റെ കണക്കു കൂട്ടലിനോ, ഇഷ്ടത്തിനോ, ആസൂത്രണത്തിനോ അനുസരിച്ചല്ല കാര്യങ്ങൾ നടക്കുന്നതു. എല്ലാം അല്ലാഹുവിന്റെ ഉദ്ദേശ്യവും പരിപാടിയും അനുസരിച്ചാകുന്നു. ആകയാൽ, അവന്റെ കൽപനകളും നിർദ്ദേശങ്ങളും മടികൂടാതെയും, ചോദ്യം ചെയ്യാതെയും അനുസരിക്കുകയാണു സത്യവിശ്വാസികൾ ചെയ്യേണ്ടതു എന്നത്രെ ഇതിലടങ്ങിയ പാഠം. അല്ലാഹു പറയുന്നു: كُتِبَ عَلَيْكُمُ الْقِتَالُ وَهُوَ كُرْهٌ لَكُمْ - الآية (സാരം: യുദ്ധം നിങ്ങൾക്കു വെറുപ്പായിരുന്നിട്ടും, അതു നിങ്ങളുടെ മേൽ നിയമിക്കപ്പെട്ടിരിക്കുന്നു. ഒരു കാര്യം നിങ്ങൾക്കു വെറുപ്പായിരിക്കുകയും, അതു നിങ്ങൾക്കു ഗുണകരമായിരിക്കുകയും ചെയ്തേക്കാം. ഒരു കാര്യം നിങ്ങൾക്ക് ഇഷ്ടമായിരിക്കുകയും, അതു നിങ്ങൾക്കു ദോഷകരമായിരിക്കുകയും ചെയ്തേക്കാം (2:216)

ഇബ്നുകഥീർ (റ)ന്റെ ഒരു പ്രസ്താവന ഇവിടെ ശ്രദ്ധേയമാകുന്നു. അതിന്റെ ചുരുക്കം ഇതാണു: 'മുൻ പ്രവാചകൻമാരുടെ കാലത്തു അവരെ വ്യാജമാക്കിയിരുന്ന സമുദായങ്ങളെ ചില പൊതുശിക്ഷകൾ മുഖേന അല്ലാഹു നശിപ്പിച്ചു നാമാവശേഷമാക്കിയിരുന്നു. നൂഹ് (അ)ന്റെ ജനതയെ ജലപ്രളയംകൊണ്ടും, ആദ് ഗോത്രത്തെ കൊടുങ്കാറ്റുകൊണ്ടും, ഥമൂദിനെ ഭയങ്കര ശബ്ദംകൊണ്ടും നശിപ്പിച്ചതുപോലെയുള്ള സംഭവങ്ങൾ ഇതിനു ഉദാഹരണങ്ങളാകുന്നു. മൂസാ (അ) നബിയുടെ ആദ്യകാലത്തു ഫിർഔനും കൂട്ടരും സമുദ്രത്തിൽ മുക്കിനശിപ്പിക്കപ്പെടുകയും ചെയ്തു. പിന്നീടാണു അദ്ദേഹത്തിനു തൗറാത്തു നൽകപ്പെട്ടതും, അതിൽ നിഷേധികളോടു സമരം നടത്തുവാൻ നിയമിക്കപ്പെട്ടതും. ഈ നിയമം പിന്നീടുള്ള പ്രവാചക മാർഗ്ഗങ്ങളിലും തുടർന്നുപോന്നു. അല്ലാഹു പറയുന്നു: وَلَقَدْ آتَيْنَا مُوسَى الْكِتَابَ مِن بَعْدِ مَا أَهْلَكْنَا الْقُرُونَ الْأُولَىٰ بَصَائِرَ لِلنَّاسِ... (പൂർവ്വ തലമുറകളെ നശിപ്പിച്ചതിനുശേഷം, ജനങ്ങൾക്കു ഉൾക്കാഴ്ചകളായും, മാർഗ്ഗദർശനമായും, കാരുണ്യമായും കൊണ്ടു നാം മൂസാക്കു വേദഗ്രന്ഥം നൽകുകയുണ്ടായി—അവർ ഉറ്റാലോചിക്കുവാൻ വേണ്ടി. (ഖസസ്:43) സത്യവിശ്വാസികൾ അവിശ്വാസികളെ കൊലപ്പെടുത്തുന്നതുമൂലം അവർക്കു കൂടുതൽ നിന്ദ്യതയും, സത്യവിശ്വാസികൾക്കു കൂടുതൽ മനഃസമാധാനവും ഉളവാകുന്നതാണ്. അല്ലാഹു പറയുന്നു: قَاتِلُوهُمْ يُعَذِّبْهُمُ اللَّهُ بِأَيْدِيكُمْ - الآية (സാരം: നിങ്ങൾ അവരോടു യുദ്ധം ചെയ്യുവിൻ. നിങ്ങളുടെ കൈകളാൽ അല്ലാഹു അവരെ ശിക്ഷിക്കുകയും, അവരെ അപമാനിക്കുകയും, നിങ്ങളെ അവർക്കെതിരെ സഹായിക്കുകയും, സത്യവിശ്വാസികളായ ജനങ്ങളുടെ മനസ്സിനു അവൻ ആശ്വാസം നൽകുകയും ചെയ്യുന്നതാണ്. (തൗബ: 14) ഇതനുസരിച്ചാണു ഖുറൈശീ പ്രമാണികളായ യോഗ്യൻമാരെ അവർ നിസ്സാരൻമാരായി ഗണിച്ചു വന്നിരുന്നവരുടെ കൈകൊണ്ടു വധിച്ച് മനഃസ്സമാധാനമടയുവാൻ സത്യവിശ്വാസികൾക്കും, അതു കണ്ട് അപമാനിതരാകുവാൻ അവിശ്വാസികൾക്കും അവസരമുണ്ടായത്'.

٩- إِذْ تَسْتَغِيثُونَ رَبَّكُمْ فَاسْتَجَابَ لَكُمْ أَنِّي مُمِدُّكُم بِأَلْفٍ مِّنَ الْمَلَائِكَةِ مُرْدِفِينَ ○

9. നിങ്ങൾ നിങ്ങളുടെ റബ്ബിനോടു സഹായം തേടിയിരുന്ന സന്ദർഭം (ഓർക്കുക): എന്നിട്ട് അവൻ നിങ്ങൾക്ക ഉത്തരം നൽകി. 'മലക്കുകളിൽനിന്നും തുടരെ വന്നുകൊണ്ടിരിക്കുന്ന ആയിരം പേരെക്കൊണ്ടു ഞാൻ നിങ്ങൾക്കു സഹായം നൽകുന്നവനാണു' എന്നു.

---

9. إذ تستغيثون നിങ്ങൾ സഹായം (ഉതവി) തേടിയിരുന്ന സന്ദർഭം ربكم നിങ്ങളുടെ റബ്ബിനോടു فاستجاب എന്നിട്ടു (അപ്പോൾ) അവൻ ഉത്തരം നൽകി لكم നിങ്ങൾക്കു أني ഞാൻ എന്നു ممدكم നിങ്ങൾക്കു സഹായം നൽകുന്ന (നിങ്ങളെ പോഷിപ്പിക്കുന്ന)വനാണു بألف ആയിരംകൊണ്ടു من الملائكة മലക്കുകളിൽനിന്നു مردفين തുടരെ (ഒന്നിനു പിന്നാലെ ഒന്നായി) വരുന്നതായ.

10. അതിനെ അല്ലാഹു ഒരു സന്തോഷ വാർത്തയല്ലാതെ ആക്കിയിട്ടില്ല; അതു മൂലം നിങ്ങളുടെ ഹൃദയങ്ങൾ സമാധാന മടയുവാൻ വേണ്ടിയുമാകുന്നു. സഹായം അല്ലാഹുവിങ്കൽ നിന്നല്ലാതെ ഇല്ല താനും. നിശ്ചയമായും അല്ലാഹു പ്രതാപശാലിയും അഗാധജ്ഞനുമാകുന്നു.

وَمَا جَعَلَهُ اللَّهُ إِلَّا بُشْرَىٰ وَلِتَطْمَئِنَّ بِهِ قُلُوبُكُمْ ۚ وَمَا النَّصْرُ إِلَّا مِنْ عِندِ اللَّهِ ۚ إِنَّ اللَّهَ عَزِيزٌ حَكِيمٌ

---

10. وما جعله അതിനെ ആക്കിയിട്ടില്ല الله അല്ലാഹു الا بشرى സന്തോഷവാർത്തയല്ലാതെ ولتطمئن സമാധാനമടയുവാൻവേണ്ടിയുമാണു به അതുമൂലം, അതിനാൽ قلوبكم നിങ്ങളുടെ ഹൃദയങ്ങൾ وما النصر സഹായം അല്ല (ഇല്ല) താനും الا من عند പക്കൽ നിന്നല്ലാതെ الله അല്ലാഹുവിന്റെ ان الله നിശ്ചയമായും അല്ലാഹു عزيز പ്രതാപശാലിയാകുന്നു حكيم അഗാധജ്ഞനാണു, യുക്തിമാനായ.

ബദ്ർ യുദ്ധത്തിൽ സത്യവിശ്വാസികൾക്കു അല്ലാഹു നൽകിയ മറ്റൊരു അനുഗ്രഹമാണു ഈ വചനങ്ങളിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്നത്. ഉമർ (റ) പ്രസ്താവിച്ചതായി ഇബ്നു അബ്ബാസ് (റ) വഴി ഉദ്ധരിക്കപ്പെട്ടിട്ടുള്ള അൽപം ദീർഘമേറിയതുമായ ഒരു ഹദീസിന്റെ ആദ്യഭാഗം ഇതിനെയാകുന്നു: ബദ്ർ യുദ്ധത്തിൽ നബി (സ) തന്റെ സഹാബികളെ നോക്കുമ്പോൾ അവർ മുന്നൂറിൽ ചില്വാനമാണെന്നും, മുശ്രിക്കുകളെ നോക്കുമ്പോൾ അവർ ആയിരമോ അധികമോ ആണെന്നും കണ്ടു. അപ്പോൾ അവിടുന്നു ഖിബ്ലയുടെ നേരെ തിരിഞ്ഞുനിന്നു. തിരുമേനി തുണിയും തട്ടവും ധരിച്ചിട്ടുണ്ടായിരുന്നു. എന്നിട്ടു ഇങ്ങിനെ പറഞ്ഞു: 'അല്ലാഹുവേ! എന്നോടു ചെയ്ത വാഗ്ദാനം നിറവേറ്റിത്തരേണമേ! അല്ലാഹുവേ! ഇസ്ലാമിന്റെ ആൾക്കാരായ ഈ സംഘത്തെ നീ നശിപ്പിക്കുന്നപക്ഷം, ഭൂമിയിൽ ഒരിക്കലും നിനക്ക് ആരാധന ചെയ്യപ്പെടുകയുണ്ടാകുകയില്ല'. അങ്ങനെ, തിരുമേനി റബ്ബിനോടു സഹായമർത്ഥിച്ചും പ്രാർത്ഥിച്ചും കൊണ്ടിരുന്നു. തിരുമേനിയുടെ തട്ടം തോളിൽ നിന്നു നിലത്തു വീണു. അപ്പോൾ, അബൂബക്കർ (റ) ചെന്നു തട്ടമെടുത്ത് തോളിലിട്ടുകൊടുത്ത് പിന്നിലൂടെ കൂട്ടിപ്പിടിച്ചുകൊണ്ടു ഇങ്ങിനെ പറഞ്ഞു: 'അല്ലാഹുവിന്റെ പ്രവാചകരേ! അങ്ങയുടെ റബ്ബിനോടു അങ്ങുന്നു പ്രാർത്ഥിച്ചതു മതി! തീർച്ചയായും, അവൻ അവന്റെ വാഗ്ദാനം അങ്ങേക്കു നിറവേറ്റിത്തരും'. ഇതിനെപ്പറ്റിയാണു ... اذ تستغيثون എന്നുള്ള (ഈ) വചനം അവതരിച്ചത്. അങ്ങനെ, അന്ന് അവർ മുശ്രിക്കുകളുമായി കൂട്ടിമുട്ടിയപ്പോൾ അല്ലാഹു മുശ്രിക്കുകളെ പരാജയപ്പെടുത്തി. അവരിൽ എഴുപതു പേർ കൊല്ലപ്പെടുകയും, എഴുപതു പേർ പിടിക്കപ്പെടുകയും ചെയ്തു....... (അ; മു; ദാ; തി.) ഇബ്നു അബ്ബാസ് (റ) പറഞ്ഞതായി ഇപ്രകാരവും നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു: ബദ്റിന്റെ ദിവസം നബി (സ) പറഞ്ഞു: 'അല്ലാഹുവേ! നിന്റെ കരാറിനും വാഗ്ദാനത്തിനും വേണ്ടി ഞാൻ നിന്നോടപേക്ഷിക്കുന്നു. നീ ഉദ്ദേശിക്കുകയാണെങ്കിൽ നിനക്കു ആരാധന ചെയ്യപ്പെടുന്നതല്ല.' അപ്പോൾ, അബൂബക്കർ (റ) നബി (സ)യുടെ കൈക്കു പിടിച്ചു 'മതി' എന്നു പറഞ്ഞു. അപ്പോൾ, തിരുമേനി: 'ആ സംഘം പരാജയപ്പെടും, അവർ പിൻതിരിഞ്ഞു പോകും.' എന്നു പറഞ്ഞുകൊണ്ടു പുറത്തു വന്നു. (ബു, ന) ചില രിവായത്തുകളിൽ കാണാവുന്നതുപോലെ, പൊതുവിൽ സത്യവിശ്വാസികൾ എല്ലാവരും തന്നെ അല്ലാഹുവിന്റെ സഹായത്തിനുവേണ്ടി ആ അവസരത്തിൽ അപേക്ഷിച്ചിരിക്കുമെന്നു പറയേണ്ടതില്ലല്ലോ.

ഈ പ്രാർത്ഥനകൾക്കു ഉത്തരമായി, തുടരെ വന്നുകൊണ്ടിരിക്കുന്ന ആയിരം മലക്കുകൾ വഴി താൻ നിങ്ങൾക്കു സഹായം നൽകി നിങ്ങളെ പോഷിപ്പിക്കാമെന്നു സത്യവിശ്വാസികളെ അല്ലാഹു അറിയിച്ചു. ഇവിടെ ആയിരം മലക്കുകൾ എന്നാണു പറഞ്ഞിരിക്കുന്നത്. സൂ: ആലുഇംറാനിൽ (124, 125) മൂവായിരം ഇറക്കാമെന്നും, അയ്യായിരം ഇറക്കാമെന്നും പറഞ്ഞതു ബദ്റിനെ സംബന്ധിച്ചു തന്നെയാണെന്നും, അല്ലെന്നുമുള്ള രണ്ടഭിപ്രായങ്ങൾ നമ്മളവിടെ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ബദ്റിൽ വെച്ചു തന്നെ ആണെന്ന അഭിപ്രായ പ്രകാരം, ആയിരം എന്നു ഇവിടെ പറഞ്ഞതിന്റെ ഉദ്ദേശ്യം—ഖത്താദഃ (റ)യിൽ നിന്നു നിവേദനം ചെയ്യപ്പെട്ടതുപോലെ—ആദ്യം ആയിരം ഇറക്കുകയും, പിന്നീടു മൂവായിരമാക്കുകയും, അവസാനം അയ്യായിരം തികക്കുകയും ചെയ്തുവെന്നും ആയിരിക്കാം. الله اعلم എന്തായാലും മലക്കുകളെ ഇറക്കി സഹായിച്ചതിന്റെയും, അതിനെക്കുറിച്ചു അവരെ അറിയിച്ചതിന്റെയും ആവശ്യം സത്യവിശ്വാസികൾക്കു സന്തോഷം നൽകലും അവർക്കു മനസ്സമാധാനം വരുത്തലുമാണെന്നും, യഥാർത്ഥത്തിലുള്ള സഹായവും വിജയവും ലഭിക്കുന്നതു അല്ലാഹുവിങ്കൽ നിന്നു മാത്രമാണു—മലക്കുകളുടെയോ മറ്റോ ആൾബലം കൊണ്ടോ ആയുധശക്തികൊണ്ടോ മറ്റോ അല്ല—എന്നും അല്ലാഹു പ്രത്യേകം വ്യക്തമാക്കിയിരിക്കുന്നു. അല്ലാഹുവിങ്കൽ നിന്ന

ല്ലാതെ രക്ഷയും സഹായവും ലഭിക്കുവാൻ മാർഗ്ഗമില്ലെന്നും, അവന്റെ സഹായവും രക്ഷയുമില്ലെങ്കിൽ മറ്റു ശക്തികൊണ്ടും സ്വാധീനം കൊണ്ടും അതു സാധ്യമാകുന്നതല്ലെന്നും, അതുകൊണ്ടു ഏതു സന്നിഗ്ദ്ധഘട്ടത്തിലും അവനോടു മാത്രമാണു സഹായത്തിനപേക്ഷിക്കേണ്ടതെന്നുമാണു ഇതിലടങ്ങിയ പാഠങ്ങൾ.

യുദ്ധത്തിൽ മലക്കുകളെ ഇറക്കുന്നതിന്റെ ആവശ്യം ഇന്നതാണെന്നു ഇവിടെ പ്രസ്താവിച്ചതുപോലെ ആലു ഇംറാൻ 126ലും അല്ലാഹു പ്രസ്താവിച്ചതു നാം കണ്ടു. ഈ പ്രസ്താവനകളുടെ ബാഹ്യമായ ചില വശങ്ങളെയും, ചില യുക്തിന്യായങ്ങളെയും അടിസ്ഥാനമാക്കിക്കൊണ്ടു മലക്കുകൾ ഒരു യുദ്ധത്തിലും പങ്കെടുത്തിട്ടില്ലെന്നും, സത്യവിശ്വാസികൾക്കു മനഃസ്സമാധാനവും ധൈര്യവും ഉണ്ടാക്കുക മാത്രമേ ചെയ്തിട്ടുള്ളുവെന്നും ചില വ്യാഖ്യാതാക്കൾ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഭൂരിപക്ഷം വ്യാഖ്യാതാക്കളുടെയും അഭിപ്രായം മലക്കുകൾ യുദ്ധത്തിൽ പങ്കെടുത്തിട്ടുണ്ടെന്നുമാകുന്നു. ഈ വിഷയത്തെ സംബന്ധിച്ചു ആവശ്യമായ വിശദീകരണം ആലുഇംറാന്റെ വ്യാഖ്യാനത്തിൽ നമുക്കു കഴിഞ്ഞുപോയിട്ടുള്ളതു കൊണ്ടു ഇവിടെ ആവർത്തിക്കേണ്ടതില്ല. മലക്കുകൾ യുദ്ധത്തിൽ പങ്കെടുക്കുകയെന്നു പറയുന്നതിന്റെ അർത്ഥം, മനുഷ്യരെപ്പോലെ അവരും പ്രവർത്തിക്കുകയെന്നല്ലെന്നും മറ്റും നാം അവിടെ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

ചില സംഗതികൾ ഓർമ്മിക്കുന്നതു സന്ദർഭോചിതമായിരിക്കും: (1) മലക്കുകളെ ഒരു യുദ്ധത്തിലും ഇറക്കുകയുണ്ടായിട്ടില്ലെന്നും, ഇറക്കാമെന്നുള്ള ഒരു സന്തോഷവാർത്ത നൽകൽ മാത്രമേ ഉണ്ടായിട്ടുള്ളുവെന്നും ചില യുക്തിവാദികളായ വ്യാഖ്യാതാക്കൾ ഇപ്പോൾ പറഞ്ഞു വരുന്നുണ്ട്. ഇതു ഖുർആൻ അടക്കമുള്ള പല തെളിവുകളാലും പുറം തള്ളപ്പെട്ട ഒരഭിപ്രായം മാത്രമാകുന്നു. (2) ബദ്റല്ലാത്ത മറ്റു യുദ്ധങ്ങളിൽ മലക്കുകൾ പങ്കെടുത്തുവെന്നതിൽ അഭിപ്രായ വ്യത്യാസങ്ങളുണ്ട്. ഭിന്നിപ്പിനുള്ള സാധ്യതയും ഇല്ലാതില്ല. പക്ഷേ, ബദ്ർ യുദ്ധത്തിൽ അവർ പങ്കെടുത്തിട്ടുണ്ടെന്നു ഹദീസുകളിൽ നിന്നു ശരിക്കും വ്യക്തമാണ്. ബദ്റിൽ മലക്കുകൾ ഹാജരായതു സംബന്ധിച്ചു ഒരു പ്രത്യേക അദ്ധ്യായം തന്നെ ബുഖാരിയിലുണ്ട്. അവർ യുദ്ധത്തിൽ പങ്കു വഹിച്ചിരുന്നതായി കാണിക്കുന്ന രണ്ടു ഹദീസുകൾ അതിൽ ബുഖാരി (റ) ഉദ്ധരിക്കുകയും ചെയ്തിരിക്കുന്നു. മാത്രമല്ല, അടുത്ത 12-ാം വചനം നേർക്കുനേരെ പരിശോധിച്ചാൽ അതുതന്നെയാണു അതിൽനിന്നും മനസ്സിലാകുന്നതും. والله اعلم (3) മലക്കുകളുടെ വരവും, അവർ യുദ്ധത്തിൽ പങ്കെടുക്കലുമൊക്കെ മനുഷ്യരുടെ വരവും പങ്കെടുക്കലും പോലെയായി സങ്കൽപിച്ചതിൽ നിന്നാണ് മേൽ സൂചിപ്പിച്ച ആശയക്കുഴപ്പങ്ങൾ ഉണ്ടായിത്തീരുന്നത്.

(4) മലക്കുകൾ യുദ്ധത്തിൽ പങ്കെടുത്തിട്ടുണ്ടെന്നുള്ള അഭിപ്രായക്കാരോ, ആ അഭിപ്രായത്തിനു മുൻഗണന നൽകുന്നവരോ ആയ വ്യാഖ്യാതാക്കളും ചിലപ്പോൾ എതിരഭിപ്രായക്കാരുടെ വാക്കുകൾ സംസാരമദ്ധ്യെ ഉദ്ധരിച്ചിരിക്കുമല്ലോ. ആ ഉദ്ധരണികളെ സന്ദർഭത്തിൽ നിന്നു അടർത്തിയെടുത്തുകൊണ്ടു ആ വ്യാഖ്യാതാക്കളും തങ്ങളുടെ അഭിപ്രായത്തോടു യോജിച്ചവരാണെന്നു വരുത്തുവാൻ ചില വക്രതാൽപര്യക്കാർ അവരുടെ ഗ്രന്ഥങ്ങളിൽ ശ്രമിക്കാറുണ്ട്. ഇമാം റാസി (റ) യുടെ തഫ്സീറിൽ നിന്നും, ആലൂസി (റ) യുടെ തഫ്സീറിൽ (روح المعاني) നിന്നും മറ്റുമുള്ള ചില വാചകങ്ങളിൽ ഇത്തരം വഞ്ചനാപരമായ കൃത്രിമങ്ങൾ മലക്കുകൾ ഇറങ്ങിയിട്ടില്ലെന്നു വാദിക്കുന്ന ചിലർ നടത്തിയിരിക്കുന്നു. അതേ തഫ്സീർ ഗ്രന്ഥങ്ങളിൽ തന്നെ അതിന്റെ മുമ്പും പിമ്പും അവയുടെ കർത്താക്കൾ പ്രസ്താവിച്ച വാക്കുകളും, ആലുഇംറാനിൽ അവർ തന്നെ നൽകിയ വിശദീകരണങ്ങളും നോക്കിയാൽ ഈ പരമാർത്ഥം ആർക്കും മനസ്സിലാകും. സന്ദർഭത്തിൽ നിന്നു അടർത്തിയെടുത്ത മുറിവാക്കുകളെ തെളിവായി എടുത്തു ഉദ്ധരിക്കലും, ഒരു വക്താവിന്റെ വാക്കിനു ആ വക്താവു ഉദ്ദേശിക്കാത്ത അർത്ഥോദ്ദേശ്യം നൽകി മുതലെടുക്കലും സ്ഥാപിത താൽപര്യക്കാരും വക്രബുദ്ധികളുമായ ആളുകൾക്കു യോജിക്കുന്ന—നിന്ദ്യവും—നീചവുമായ—പതിവുകളിൽ പെട്ടതാണല്ലോ. അല്ലാഹു നമുക്കു സൽബുദ്ധിയും സത്യാന്വേഷണ ബുദ്ധിയും പ്രദാനം ചെയ്യട്ടെ. ആമീൻ.

വിഭാഗം-2

إِذْ يُغَشِّيكُمُ النُّعَاسَ أَمَنَةً مِّنْهُ وَيُنَزِّلُ عَلَيْكُم مِّنَ السَّمَاءِ مَاءً

11. അവൻ [അല്ലാഹു] തന്റെ പക്കൽ നിന്നുള്ള നിർഭയത (അഥവാ മനഃശാന്തി)ക്കായി നിങ്ങളെ നിദ്രാമയക്കം ആവരണം ചെയ്യിച്ചിരുന്ന സന്ദർഭം (ഓർക്കുക); ആകാശത്തുനിന്നു നിങ്ങൾക്കു അവൻ (മഴ) വെള്ളം ഇറക്കിത്തരുകയും ചെയ്തിരുന്ന (സന്ദർഭവും);

لِيُطَهِّرَكُم بِهِ
وَيُذْهِبَ عَنكُمْ رِجْزَ الشَّيْطَانِ
وَلِيَرْبِطَ عَلَىٰ قُلُوبِكُمْ
وَيُثَبِّتَ بِهِ الْأَقْدَامَ

അതുമൂലം നിങ്ങളെ ശുദ്ധീകരിക്കുകയും, നിങ്ങളിൽ നിന്ന പിശാചിന്റെ മലിനത നീക്കിക്കളയുകയും ചെയ്‌വാൻ വേണ്ടി, നിങ്ങളുടെ ഹൃദയങ്ങൾക്കു കെട്ടുറപ്പുണ്ടാക്കുകയും, അതുമൂലം കാലടികളെ ഉറപ്പിക്കുകയും ചെയ്‌വാൻ വേണ്ടിയും.

---

11. إِذْ يُغَشِّيكُمُ അവൻ നിങ്ങളെ മൂടിയിരുന്ന (ആവരണം ചെയ്യിച്ചിരുന്ന) സന്ദർഭം النُّعَاسَ മയക്കത്തെ, നിദ്രാമയക്കം, തൂക്കം أَمَنَةً ഒരു നിർഭയതയായി, നിർഭയതക്കുവേണ്ടി, സമാധാനമായി مِّنْهُ അവന്റെ പക്കൽനിന്നുള്ള وَيُنَزِّلُ അവൻ ഇറക്കുകയും عَلَيْكُم നിങ്ങളുടെ മേൽ, നിങ്ങൾക്കു مِّنَ السَّمَاءِ ആകാശത്തുനിന്നു مَاءً വെള്ളം لِّيُطَهِّرَكُم നിങ്ങളെ അവൻ ശുദ്ധമാക്കു (ശുദ്ധീകരിക്കു)വാൻവേണ്ടി بِهِ അതുമൂലം (കൊണ്ടു) وَيُذْهِبَ പോക്കി (നീക്കി)ക്കളയുവാനും عَنكُمْ നിങ്ങളിൽ നിന്നു رِجْزَ മാലിന്യം الشَّيْطَانِ പിശാചിന്റെ وَلِيَرْبِطَ അവൻ കെട്ടുറപ്പുണ്ടാക്കുവാനും عَلَىٰ قُلُوبِكُمْ നിങ്ങളുടെ ഹൃദയങ്ങൾക്കു وَيُثَبِّتَ بِهِ അതുമൂലം സ്ഥിരപ്പെടുത്തു (ഉറപ്പിക്കു)വാനും الْأَقْدَامَ പാദങ്ങളെ, കാലടികളെ,

---

ബദ്ർ യുദ്ധ വേളയിൽ സത്യവിശ്വാസികൾക്കു അല്ലാഹു നൽകിയ വേറെ രണ്ടു അനുഗ്രഹങ്ങളെക്കുറിച്ചാണു ഈ വചനത്തിൽ പ്രസ്താവിക്കുന്നത്. (1) ഒരു നിദ്രാമയക്കം—അഥവാ ലഘുവായ ഒരു ഉറക്കു–നൽകിക്കൊണ്ടു അല്ലാഹു അവർക്കു മനശ്ശാന്തിയും സമാധാനവും നൽകി. അതിയായ ഭീതിയും ഭയപ്പാടും പിടിപെട്ടിരിക്കുന്ന അവസരത്തിൽ ഇതുതന്നെ ഒരു അസാധാരണംതന്നെയാണ്. അതേസമയം അതുമൂലം മനസ്സിലുള്ള അലട്ടും ഭയപ്പാടും നീങ്ങി പുതിയൊരു ഉണർവ്വും ചൈതന്യവും ലഭിക്കുവാൻ അതു സഹായകവുമായിരിക്കും. തങ്ങളെക്കാൾ പല മടങ്ങു സുശക്തരായ ഒരു ശത്രുവുമായി നേരിടുവാൻ കളം പകുത്തു നിൽക്കുന്ന മദ്ധ്യേ ഇങ്ങിനെ ഒരു നിദ്രാമയക്കം ലഭിച്ചതു അല്ലാഹുവിന്റെ വമ്പിച്ച ഒരനുഗ്രഹമാണെന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ. ഉഹ്ദു യുദ്ധത്തിലും ഇതുപോലെ ഒരു മയക്കം മുസ്ലിംകളിൽ പലർക്കും സംഭവിച്ചതിനെപ്പറ്റി മുമ്പു ആലുഇംറാൻ 154ലും അല്ലാഹു പ്രസ്താവിച്ചിട്ടുണ്ട്. ആ മയക്കം നിമിത്തം പലരുടെ കയ്യിൽനിന്നും അവരറിയാതെ ആയുധം നിലത്തു വീണുവെന്നും മറ്റും നാം അവിടെ കണ്ടു. അതുപോലെയുള്ള മയക്കംതന്നെയാണിതും. അലി (റ) പ്രസ്താവിച്ചതായി അബൂയഅ്ലായും (റ) വേറെ ചിലരും ഇങ്ങിനെ ഉദ്ധരിച്ചിരിക്കുന്നു: 'ബദ്റിന്റെ ദിവസം മിഖ്ദാദ് (റ) അല്ലാതെ ഞങ്ങളുടെ കൂട്ടത്തിൽ ഒരു കുതിരപ്പടയാളി ഉണ്ടായിരുന്നില്ല. റസൂൽ (സ) തിരുമേനി ഒഴിച്ചു മറ്റുള്ളവരിൽ ആരും തന്നെ ഉറങ്ങാതിരിക്കുന്നവരില്ലാത്ത തരത്തിലാണ് ഞാൻ കണ്ടതുകയുണ്ടായിട്ടുണ്ട്. തിരുമേനി ഒരു വൃക്ഷത്തിന്റെ ചുവട്ടിൽ നേരം പുലരുവോളം നമസ്കരിച്ചുകൊണ്ടിരിക്കുകയായിരുന്നു.'

(2) ആകാശത്തു നിന്നു അല്ലാഹു മഴ ഇറക്കി അവർക്കു വെള്ളം നൽകി. യുദ്ധ മൈതാനത്തിൽ മുസ്ലിംകളുടെ അടുത്തുണ്ടായിരുന്ന വെള്ളത്താവളം മുശ്രിക്കുകൾ നേരത്തെ പിടിച്ചടക്കിയിരുന്നു. അങ്ങനെ, അവർക്കു ദാഹശമനത്തിനോ, ശുദ്ധീകരണത്തിനോ വെള്ളം കിട്ടാതെ അവർ വളരെ വിഷമിച്ചു. 'വുളൂ' ചെയ്‌വാനും, കുളിക്കുവാനും കഴിയാതെ ശുദ്ധിയില്ലാത്തവരായിപ്പോലും പലരും നമസ്കരിക്കേണ്ടതായും നേരിട്ടു. (വെള്ളം കിട്ടാത്തപ്പോൾ 'തയമ്മും' ചെയ്യാമെന്ന നിയമം അക്കാലത്തു അവതരിച്ചിരുന്നില്ല. ഹിജ്റ 6-ാം കൊല്ലത്തിൽ ബനൂൽ മുസ്തലഖിൽ വെച്ചാണു അതു അവതരിച്ചത്.) ഇതു മുസ്ലിംകളുടെ മനസ്സിനു പലനിലക്കുമുള്ള അലട്ടൽ ഉളവാക്കുമെന്നു പറയേണ്ടതില്ല. പിശാചുകളെ, പലരുടെയും മനസ്സിൽ വിവിധ ആശയക്കുഴപ്പങ്ങൾ ഇളക്കി വിടുകയും ചെയ്യും. എല്ലാ വ്യക്തികളും ഒരേ തരക്കാരായിരിക്കുകയില്ലല്ലോ. 'നിങ്ങളൊക്കെ സത്യവിശ്വാസികളാണ്, നിങ്ങളുടെ പ്രവാചകൻ നിങ്ങളൊന്നിച്ചുണ്ട്. എന്നിട്ടും നമസ്കരിക്കുവാൻ പോലും വെള്ളം കിട്ടാതെ നിങ്ങൾ വിഷമിച്ചു വരുന്നു. നിങ്ങളുടെ ശത്രുക്കൾക്കു വെള്ളത്തിനു ഒട്ടും ക്ഷാമമില്ലതാനും. ഇതെന്തൊരു കഥയാണു?' എന്നിങ്ങിനെ പിശാചു പലരുടെയും ഹൃദയത്തിൽ ദുർമന്ത്രം നടത്തിക്കൊണ്ടിരുന്നു. ഈ അവസരത്തിലാണു നല്ലൊരു മഴ വർഷിപ്പിച്ച് അല്ലാഹു അവരെ അനുഗ്രഹിച്ചത്. അവരുടെ വിഷമങ്ങൾ അതോടെ അവസാനിച്ചു. പാത്രങ്ങളിലും തളങ്ങളിലുമായി അവർ വെള്ളം ശേഖരിച്ചു വെക്കുകയും ചെയ്തു. അതോടൊപ്പം പിശാചിന്റെ ദുർമന്ത്രങ്ങൾമൂലം തോന്നിയിരുന്ന ദുർവിചാരങ്ങളും ആശങ്കകളുമൊക്കെ നീങ്ങുകയും, മനോധൈര്യവും ആത്മവീര്യവും വർദ്ധിക്കുകയും ചെയ്തു. (*)

(*) حباب بن المنذر (ഹുബാബ് ബ്നുൽ മുൻദിർ) എന്ന സഹാബിയുടെ അഭിപ്രായം സ്വീകരിച്ച നബി (സ) നേരത്തെതന്നെ ജലാശയം പിടിച്ചതായും ചരിത്രത്തിലുണ്ട്.

മറ്റൊരു കാര്യം കൂടി മഴ മൂലം സാധിച്ചു. മുസ്‌ലിംകൾ തങ്ങിനിന്നിരുന്ന സ്ഥലം മണൽ നിറഞ്ഞതായിരുന്നതുകൊണ്ടു കാലടി ഉറക്കാതെ, മണലിൽ ആണ്ടു പോയിരുന്നതു മാറി. മഴ വർഷിച്ചപ്പോൾ നിലം ഉറച്ചു കട്ടിയായിത്തീർന്നു. ഇഷ്ടംപോലെ ഓടുവാനും ചാടുവാനും സൗകര്യപ്രദമായി. നേരെമറിച്ചു ശത്രുക്കൾ ആദ്യമെ താവളമുറപ്പിച്ചുവെച്ച സ്ഥലം മഴ നിമിത്തം ചളിയാവുകയും, കാലുറക്കാതെയും ആയിത്തീരുകയും ചെയ്തു. ഇതെല്ലാമാണു ഈ വചനത്തിൽ അല്ലാഹു ചൂണ്ടിക്കാട്ടിയത്. സത്യവിശ്വാസികൾക്കു അന്നു ചെയ്തുകൊടുത്ത വേറെ ഒരനുഗ്രഹം അല്ലാഹു ഓർമ്മിപ്പിക്കുന്നു:—

12. നിന്റെ രക്ഷിതാവ് മലക്കുകൾക്കു ബോധനം നൽകിയിരുന്ന സന്ദർഭം (ഓർക്കുക): (അതായതു) 'ഞാൻ നിങ്ങളുടെ കൂടെയുണ്ട്; ആകയാൽ, വിശ്വസിച്ചവരെ നിങ്ങൾ (പതറാതെ) ഉറപ്പിക്കുവിൻ എന്നു;— അവിശ്വസിച്ചവരുടെ ഹൃദയങ്ങളിൽ ഞാൻ ഭീതി ഇട്ടുകൊടുത്തേക്കും;— ആകയാൽ, നിങ്ങൾ പിരടികൾക്കു മീതെ വെട്ടുകയും, അവരിൽ നിന്നും (അവരുടെ) വിരൽ തലപ്പുകളൊക്കെ വെട്ടുകയും ചെയ്തുകൊള്ളുക' (എന്നും).

١٢- إِذْ يُوحِي رَبُّكَ إِلَى الْمَلَائِكَةِ أَنِّي مَعَكُمْ فَثَبِّتُوا الَّذِينَ آمَنُوا سَأُلْقِي فِي قُلُوبِ الَّذِينَ كَفَرُوا الرُّعْبَ فَاضْرِبُوا فَوْقَ الْأَعْنَاقِ وَاضْرِبُوا مِنْهُمْ كُلَّ بَنَانٍ ۝

---

12. إِذْ يُوحِي വഹ്‌യു (ബോധനം) നൽകിയിരുന്ന സന്ദർഭം رَبُّكَ നിന്റെ റബ്ബു إِلَى الْمَلَائِكَةِ മലക്കുകളിലേക്കു أَنِّي مَعَكُمْ ഞാൻ നിങ്ങളുടെ കൂടെയുണ്ടെന്നു فَثَبِّتُوا അതിനാൽ നിങ്ങൾ ഉറപ്പിക്ക (സ്ഥിരത നൽകു)വിൻ الَّذِينَ آمَنُوا വിശ്വസിച്ചവരെ,വിശ്വസിച്ചവർക്ക سَأُلْقِي ഞാൻ ഇട്ടുകൊടുക്കും, ഇട്ടേക്കും فِي قُلُوبِ ഹൃദയങ്ങളിൽ الَّذِينَ كَفَرُوا അവിശ്വസിച്ചവരുടെ الرُّعْبَ ഭീതി, നടുക്കം فَاضْرِبُوا അതിനാൽ വെട്ടുവിൻ فَوْقَ മീതെ, മുകളിൽ الْأَعْنَاقِ പിരടികളുടെ, കഴുത്തുകൾക്കു وَاضْرِبُوا വെട്ടുകയും (ഛേദിക്കുകയും) ചെയ്യുവിൻ مِنْهُمْ അവരിൽനിന്നു كُلَّ എല്ലാം, എല്ലാ بَنَانٍ വിരൽതലപ്പു, വിരൽക്കൊടി, വിരൽ

ബദ്‌റിൽ സത്യവിശ്വാസികൾക്കു നൽകപ്പെട്ടതായി മുൻവചനത്തിൽ പ്രസ്താവിച്ച അനുഗ്രഹങ്ങളെല്ലാം അവർക്കു പ്രത്യക്ഷത്തിൽ കണ്ടറിയാവുന്നതായിരുന്നു. ഈ വചനത്തിൽ പ്രസ്താവിച്ച അനുഗ്രഹം അല്ലാഹു അറിയിച്ചതുകൊണ്ടുമാത്രം അറിയുവാൻ കഴിയുന്നതാണ്. കാരണം, മലക്കുകൾക്കു ബോധനം നൽകിയതും, അവർ അപ്രകാരം പ്രവർത്തിക്കുന്നതും മനുഷ്യനു കണ്ണുകൊണ്ടു കണ്ടറിയാവുന്നതല്ല. അല്ലാഹുവിന്റെ മതത്തെയും, പ്രവാചകനെയും, സത്യവിശ്വാസികളെയും സഹായിക്കുവാൻവേണ്ടി അവൻ സ്വീകരിച്ചിട്ടുള്ള പ്രത്യക്ഷവും പരോക്ഷവുമായ ചില നടപടികളെ നമുക്കു അറിയിച്ചു തരുകയും, അതിന്റെ പേരിൽ നാം അവനു നന്ദി ചെയ്യേണ്ടുന്നതിന്റെ ആവശ്യകത ഉണർത്തുകയുമാണിതിന്റെ ഉദ്ദേശ്യം. ബദ്‌റിലേക്കു ഇറക്കപ്പെട്ട മലക്കുകൾക്കു അല്ലാഹു നൽകിയ ബോധനത്തിലടങ്ങിയ കാര്യങ്ങൾ ഇവയാണ്:—

(1) ഞാൻ നിങ്ങളുടെ കൂടെയുണ്ട്. അതായതു, ഞാൻ നിങ്ങളുടെ ഭാഗത്താണു, നിങ്ങളെ ഞാൻ സഹായിക്കും, നിങ്ങൾക്കു പരാജയം പിണയുകയില്ല. (2) അതിനാൽ, നിങ്ങൾ സത്യവിശ്വാസികളെ പതറാതെ ഉറപ്പിച്ചു നിറുത്തണം. അതായതു, അവർക്കു മനസ്സമാധാനവും ശാന്തതയും, ധീരതയും ഉണ്ടാക്കിത്തീർക്കണം. ഇതെങ്ങിനെയാണവർ ചെയ്യുക— അല്ലെങ്കിൽ ചെയ്തതു— എന്നു നമുക്കു തിട്ടപ്പെടുത്തിപ്പറയുക സാധ്യമല്ല. ചില മഹാന്മാർ പറയുന്നതുപോലെ, മനസ്സിൽ സൽപ്രേരണ നൽകിയും, ധൈര്യം തോന്നിപ്പിച്ചും കൊണ്ടായിരിക്കാം. മലക്കുകൾക്കും, പിശാചിനും മനുഷ്യരിൽ പ്രവേശനമുണ്ടെന്നും, മലക്കുകളുടെ പ്രവേശനം നല്ല കാര്യങ്ങൾക്കു പ്രേരണ നൽകലാണെന്നും, പിശാചിന്റെ പ്രവേശനം ദുഷ്കാര്യങ്ങൾക്കു പ്രേരണ നൽകലാണെന്നും നബി (സ) അരുളിച്ചെയ്തതു കഴിഞ്ഞ അദ്ധ്യായം 201, 202 എന്നിവയുടെ വ്യാഖ്യാനത്തിൽ മുമ്പു നാം ഉദ്ധരിച്ചുവല്ലോ. അല്ലെങ്കിൽ, വേറെ ചില മഹാന്മാർ പറയുന്നതുപോലെ, മലക്കുകൾ മനുഷ്യ രൂപത്തിൽ പ്രത്യക്ഷപ്പെട്ടുകൊണ്ടു അവർക്കു ധൈര്യവും ഉപദേശവും നൽകിയിരുന്നുവെന്നുമാവാം. മലക്കുകൾ ചിലപ്പോൾ മനുഷ്യരൂപത്തിൽ പ്രത്യക്ഷപ്പെടാറുണ്ടെന്നുള്ളതു ഖുർആൻകൊണ്ടും ഹദീസുകൊണ്ടും അറിയപ്പെട്ടതുമാണ്. ബദ്‌റിൽ മലക്കുകൾ ഹാജരായതിനെ സംബന്ധിച്ച അദ്ധ്യായത്തിൽ ബുഖാരി (റ) ഉദ്ധരിച്ചിട്ടുള്ള ഒരു ഹദീസിൽ 'ഇതാ, ജിബ്രീൽ യുദ്ധ

യുദ്ധങ്ങളുമായി കുതിരയുടെ കടിഞ്ഞാണും പിടിച്ചുകൊണ്ടിരിക്കുന്നു.' എന്നു നബി (സ) പറഞ്ഞതായി ബലപ്പെടുത്തിയിട്ടുള്ളതും പ്രസ്താവ്യമത്രെ. (3) അവിശ്വാസികളുടെ ഹൃദയങ്ങളിൽ ഞാൻ ഭീതിയിട്ടു കൊടുക്കുമെന്ന വാഗ്ദാനം. അവർ നിങ്ങളെ പരാജയപ്പെടുത്തുമെന്നു നിങ്ങൾ ശങ്കിക്കേണ്ടതില്ല. അവരുടെ ശക്തിയും പ്രതാപവുമൊന്നും അവർക്കു ഉപകരിക്കുകയില്ല എന്നു സാരം. (4) അതിനാൽ, നിങ്ങൾ അവരുടെ പിരടികൾക്കു മീതെ വെട്ടുകയും, അവരുടെ വിരൽ തലപ്പുകളെ ഛേദിക്കുകയും വേണമെന്ന കല്പന. അതായത് അവരുടെ തല കൊയ്യുകയും വിരലുകൾ ഉൾക്കൊള്ളുന്ന കൈകാലുകൾ വെട്ടിമുറിക്കുകയും വേണം എന്നു സാരം.

മലക്കുകൾക്കു അല്ലാഹു സന്ദേശം നൽകിയെന്നു പറഞ്ഞതിനുശേഷം അതിന്റെ വിവരണമായിട്ടാണു أني معكم (ഞാൻ നിങ്ങളുടെ കൂടെയുണ്ട്) എന്നു തുടങ്ങി ആയത്തിന്റെ അവസാനം വരെയുള്ള വാക്കുകൾ നില കൊള്ളുന്നതെന്നത്രെ ആയത്തിന്റെ വാചക ഘടനയിൽ നിന്നും മറ്റും വ്യക്തമാകുന്നത്. അപ്പോൾ, അതിലടങ്ങിയ ഓരോ കാര്യവും—മലക്കുകളോടായിരിക്കുവാനേ തരമുള്ളു. മലക്കുകളാകുന്ന നിങ്ങൾ—അല്ലെങ്കിൽ നിങ്ങളും സത്യവിശ്വാസികളും ചേർന്നു—ശത്രുക്കളെ ആക്രമിക്കണമെന്നുമായിരിക്കും അവസാനം പറഞ്ഞതിന്റെ സാരം. മലക്കുകൾ യുദ്ധത്തിൽ പങ്കു വഹിച്ചിട്ടുണ്ടെന്നു പറയുന്നവർക്ക ഈ വചനം നല്ലൊരു തെളിവാണെന്നുള്ളതിൽ സംശയമില്ല. അവർ യുദ്ധത്തിൽ പങ്കെടുക്കുകയുണ്ടായിട്ടില്ല-സത്യവിശ്വാസികൾക്കു മനസ്സമാധാനവും ധൈര്യവും നൽകലെ ഉണ്ടായിട്ടുള്ളു—എന്നു പറയുന്നവർ فاضربوا.... (നിങ്ങൾ വെട്ടിക്കൊള്ളുവിൻ...)എന്നു തുടങ്ങിയ അവസാന ഭാഗം, സത്യവിശ്വാസികളെ അഭിമുഖീകരിച്ചുള്ളതാണെന്നും, അതിനു മുമ്പുള്ള വാക്യങ്ങൾ മാത്രമേ മലക്കുകളോടുള്ള ബോധനത്തിൽ ഉൾപ്പെടുന്നുള്ളുവെന്നും വ്യാഖ്യാനിക്കുന്നു. ഇതു വാദത്തിനൊപ്പിച്ചുള്ള ഒരു വ്യാഖ്യാനമെന്നല്ലാതെ, വാചക ഘടനക്കു യോജിക്കുന്ന വ്യാഖ്യാനമാണെന്നു തോന്നുന്നില്ല. എന്നാൽ, മലക്കുകൾ ശത്രുക്കളെ വെട്ടിയതു എങ്ങിനെ? എത്ര പേരെ വെട്ടി? ആ ആയുധം എങ്ങിനെയുള്ളതായിരുന്നു? മുശ്രിക്കുകളെ മുഴുവനും നശിപ്പിക്കുവാൻ ഒരേ ഒരു മലക്കുപോരെ? പിന്നെ എന്തിനാണു ആയിരക്കണക്കിൽ മലക്കുകൾ പങ്കെടുത്തത്...? എന്നൊക്കെ ഇവിടെ സംശയങ്ങളും തർക്കങ്ങളും വരാം, ശരിയാണു. ഇതിനൊക്കെ ഉത്തരം കാണുവാനുള്ള മറുപടി നിലധികം പ്രാവശ്യം നമുക്ക കഴിഞ്ഞു പോയിട്ടുണ്ട്. അല്ലാമാ സയ്യിദുറശീദ് രിദാ (റ) ഈ വക ചോദ്യങ്ങൾക്കു നൽകിയ മറുപടി ശ്രദ്ധേയമാകുന്നു. മലക്കുകളും അവരുടെ പ്രവർത്തനങ്ങളും നമ്മെ സംബന്ധിച്ചിടത്തോളം അദൃശ്യ(غيب)ങ്ങളാണെന്നത്രെ അതിന്റെ രത്നച്ചുരുക്കം.

ഭൗതിക വീക്ഷണത്തിലൂടെ മാത്രം ഇത്തരം സംഭവങ്ങളെ വിലയിരുത്തുന്നവരെ സംബന്ധിച്ചിടത്തോളം ഇത്തരം മറുപടികളൊന്നും അവരെ തൃപ്തിപ്പെടുത്തുകയില്ലെന്നു നമുക്കറിയാം. ഇങ്ങിനെയുള്ളവരെപ്പറ്റി സൂറത്തുൽ മുഅ്മിനിൽ അല്ലാഹു പറയുന്നതു ഇങ്ങിനെയാണ്: ....إن الذين يجادلون في آيات الله بغير سلطان أتاهم (സാരം: നിശ്ചയമായും, തങ്ങൾക്കു വന്നുകിട്ടിയിട്ടുള്ള വല്ല അധികൃത തെളിവും കൂടാതെ അല്ലാഹുവിന്റെ ആയത്തുകളിൽ തർക്കം നടത്തുന്നവരുടെ ഹൃദയങ്ങളിൽ അവർ എത്തിച്ചേർന്നിട്ടില്ലാത്ത—അഥവാ അവർ അർഹിക്കാത്ത—അഹംഭാവമല്ലാതെ മറ്റൊന്നുമില്ല........ (40:56).

ശത്രുക്കൾ നബി (സ) യെ കൊലപ്പെടുത്തുവാൻ ഗൂഢാലോചന നടത്തിയ അവസരത്തിൽ തിരുമേനിയും അബൂബക്കർ സിദ്ദീഖും (റ) ഥൗർ ഗുഹയിൽ പോയി ഒളിച്ചിരിക്കുകയും, അവരെ തേടിനടന്നിരുന്ന ശത്രുക്കളുടെ ദൃഷ്ടിയിൽ പെടാതെ അവരെ രക്ഷപ്പെടുത്തുകയും ചെയ്ത സംഭവം വിവരിച്ചപ്പോൾ അല്ലാഹു പറയുന്നു: وأيده بجنود لم تروها (നിങ്ങൾ കണ്ടിട്ടില്ലാത്ത ചില സൈന്യങ്ങളെക്കൊണ്ടു അദ്ദേഹത്തെ അവൻ – അല്ലാഹു – ശക്തിപ്പെടുത്തുകയും ചെയ്തു (9:40) ഖൻദഖ് യുദ്ധത്തിൽ ശത്രുസൈന്യത്തെ പരാജയപ്പെടുത്തിയതിനെ വിവരിക്കുന്ന മദ്ധ്യെ പറയുന്നു: فأرسلنا عليهم ريحا وجنودا لم تروها (അവരുടെ മേൽ നാം ഒരു കാറ്റും, നിങ്ങൾ കണ്ടിട്ടില്ലാത്ത ചില സൈന്യങ്ങളെയും അയച്ചു. (33:9) മക്കാ വിജയത്തെക്കുറിച്ചു പ്രസ്താവിക്കുന്ന സന്ദർഭത്തിൽ പറയുന്നു: ولله جنود السموات والأرض (അല്ലാഹുവിനു ആകാശങ്ങളിലെയും ഭൂമിയിലെയും സൈന്യങ്ങളുണ്ട്, 48: 4; 7) പക്ഷേ, ഈ സൈന്യങ്ങൾ ഏതെല്ലാമാണ്? ഏങ്ങിനെയുള്ളവരാണ്? അവരുടെ പ്രവർത്തനങ്ങൾ എങ്ങിനെയൊക്കെയായിരിക്കും? ഇതൊക്കെ അല്ലാഹുവിനേ അറിയുകയുള്ളു. وما يعلم جنود ربك إلا هو - المدثر (നിന്റെ റബ്ബിന്റെ സൈന്യങ്ങളെ അവനല്ലാതെ അറിയുകയില്ല. 74: 31)

١٣- ذَٰلِكَ بِأَنَّهُمْ شَاقُّوا اللَّهَ وَرَسُولَهُ

13. അതു, അവർ [അവിശ്വാസികൾ] അല്ലാഹുവിനോടും, അവന്റെ റസൂലിനോടും (മത്സരിച്ച്) ചേരിപിരിഞ്ഞതുകൊണ്ടത്രെ (സംഭവിച്ചതു).

وَمَن يُشَاقِقِ اللَّهَ وَرَسُولَهُ فَإِنَّ اللَّهَ شَدِيدُ الْعِقَابِ ○

അല്ലാഹുവിനോടും, അവന്റെ റസൂലിനോടും ആരെങ്കിലും (മത്സരിച്ച്) ചേരിപിരിയുന്നപക്ഷം, നിശ്ചയമായും, അല്ലാഹു കഠിനമായി ശിക്ഷാ നടപടിയെടുക്കുന്നവനാകുന്നു.

١٤- ذَٰلِكُمْ فَذُوقُوهُ وَأَنَّ لِلْكَافِرِينَ عَذَابَ النَّارِ

14. (ഹേ, അവിശ്വാസികളേ) അതാണു (കാര്യം). ആകയാൽ, അതു നിങ്ങൾ ആസ്വദിച്ചു കൊള്ളുവിൻ!

(കൂടാതെ) അവിശ്വാസികൾക്കു നരകശിക്ഷയുണ്ടെന്നും (നിങ്ങൾ അറിഞ്ഞുകൊള്ളുക)

---

13 ذلك അതു بأنهم അവരാണെന്നതുകൊണ്ടാണു شاقوا അവർ ചേരിപിരിഞ്ഞു (മത്സരിച്ചു-കക്ഷി പിളർന്നു)എന്നുള്ളതു الله അല്ലാഹുവിനോടു ورسوله അവന്റെ റസൂലിനോടും ومن يشاقق ആരെങ്കിലും (വല്ലവനും) കക്ഷിപിരിയുന്ന (മത്സരിക്കുന്ന) പക്ഷം الله അല്ലാഹുവിനോടു ورسوله അവന്റെ റസൂലിനോടും فإن الله എന്നാൽ നിശ്ചയമായും അല്ലാഹു شديد കഠിനമായവനാണു العقاب ശിക്ഷാനടപടി. 14. ذلكم അതാണു, അതത്രെ (കാര്യം) فذوقوه അതിനാൽ അതു ആസ്വദിക്കുവിൻ وأن للكافرين അവിശ്വാസികൾക്കുണ്ടെന്നും عذاب النار നരകശിക്ഷ.

സാരം: ഭീതിയും പരാജയവും നൽകി അവിശ്വാസികളെ നിസ്സഹായരാക്കുവാനും, മനസ്സമാധാനവും വിജയവും നൽകി സത്യവിശ്വാസികളെ സഹായിക്കുവാനും കാരണം, അവിശ്വാസികൾ അല്ലാഹുവിനോടും റസൂലിനോടും മത്സരിച്ചു കൊണ്ടിരുന്നതാണ്. അവനോടും, അവന്റെ റസൂലിനോടും മത്സരിക്കുന്നവരെ ഇഹത്തിലും പരത്തിലും കഠിനമായി ശിക്ഷിക്കുകതന്നെ ചെയ്യും; ഇഹത്തിലുള്ള ശിക്ഷ അങ്ങിനെയൊക്കെയാണെങ്കിൽ, പരത്തിലെ ശിക്ഷ നരകമായിരിക്കും.

١٥- يَا أَيُّهَا الَّذِينَ آمَنُوا إِذَا لَقِيتُمُ الَّذِينَ كَفَرُوا زَحْفًا فَلَا تُوَلُّوهُمُ الْأَدْبَارَ ○

15. ഹേ, വിശ്വസിച്ചവരേ, അവിശ്വസിച്ചവർ (പടയൊരുക്കം ചെയ്ത്) തിരക്കി വരുന്നതായി നിങ്ങൾ കണ്ടെത്തിയാൽ, നിങ്ങൾ അവർക്കു പിൻപുറം തിരിക്കരുതു[അവരിൽനിന്നു പിൻതിരിഞ്ഞു പോകരുതു].

---

15. يا أيها الذين آمنوا വിശ്വസിച്ചവരേ إذا لقيتم നിങ്ങൾ കണ്ടുമുട്ടിയാൽ الذين كفروا അവിശ്വസിച്ചവരെ زحفا തിരക്കി(പടയൊരുക്കി) വരുന്നതായി فلا تولوا അപ്പോൾ നിങ്ങൾ തിരിക്കരുതു هم അവരോടു, അവർക്കു الأدبار പിൻപുറങ്ങൾ.

16. (അങ്ങിനെ സംഭവിക്കുന്ന) ആ ദിവസം ആരെങ്കിലും അവര്‍ക്കു തന്റെ പിന്‍പുറം തിരിക്കുന്ന [പിന്‍തിരിഞ്ഞു പോകുന്ന] പക്ഷം, വല്ല യുദ്ധ (തന്ത്ര) ത്തിലേക്കും തിരിഞ്ഞുപോകുന്നവനായിക്കൊണ്ടോ, (സ്വപക്ഷിയിലെ) വല്ല കൂട്ടത്തിലേക്കും ചെന്നു ചേരുന്നവനായിക്കൊണ്ടോ അല്ലാതെ- തീര്‍ച്ചയായും, അവന്‍ അല്ലാഹുവില്‍ നിന്നുള്ള കോപം (നേടി)ക്കൊണ്ടു മടങ്ങുന്നതാണ്. അവന്റെ സങ്കേതമാകട്ടെ, 'ജഹന്നമും' [നരകവും] ആകുന്നു.

(ആ) തിരിച്ചെത്തുന്ന സ്ഥാനം വളരെ ചീത്ത!

١٦- وَمَن يُوَلِّهِمْ يَوْمَئِذٍ دُبُرَهُ إِلَّا مُتَحَرِّفًا لِّقِتَالٍ أَوْ مُتَحَيِّزًا إِلَىٰ فِئَةٍ فَقَدْ بَاءَ بِغَضَبٍ مِّنَ اللَّهِ وَمَأْوَاهُ جَهَنَّمُ ۖ وَبِئْسَ الْمَصِيرُ ۝

---

16. وَمَن വല്ലവരും, ആര്‍ يُوَلِّهِمْ അവരോടു (അവര്‍ക്കു) തിരിക്കുന്ന (പക്ഷം) يَوْمَئِذٍ അന്നത്തെ ദിവസം ആ ദിവസം دُبُرَهُ തന്റെ പിന്‍പുറം إِلَّا مُتَحَرِّفًا തിരിഞ്ഞു (മാറി) പോകുന്നവനായിട്ടല്ലാതെ لِقِتَالٍ വല്ല യുദ്ധ(തന്ത്ര)ത്തിലേക്കും أَوْ مُتَحَيِّزًا അല്ലെങ്കില്‍ ചെന്നു ചേരുന്ന (സ്ഥലം പിടിക്കുന്ന)വനായിട്ടു إِلَىٰ فِئَةٍ വല്ല(ഒരു) കൂട്ടത്തിലേക്കും فَقَدْ എന്നാല്‍ തീര്‍ച്ചയായും بَاءَ അവന്‍ മടങ്ങി (നേടി) بِغَضَبٍ കോപവുമായി (കോപത്തെ) مِّنَ اللَّهِ അല്ലാഹുവില്‍നിന്നു وَمَأْوَاهُ അവന്റെ സങ്കേത(പ്രാപ്യ-മടക്ക) സ്ഥാനമാകട്ടെ جَهَنَّمُ ജഹന്നമാകുന്നു وَبِئْسَ വളരെ ചീത്ത (മോശം) الْمَصِيرُ (ആ) തിരിച്ചെത്തുന്ന (മടക്ക) സ്ഥാനം

മുസ്‌ലിംകള്‍ക്കെതിരെ അവിശ്വാസികള്‍ യുദ്ധത്തിനൊരുങ്ങി വരുമ്പോള്‍, അവരോടു നേരിടുവാന്‍ ധൈര്യപ്പെടാതെ ഒഴിഞ്ഞു മാറുന്നതും, യുദ്ധം നടന്നുകൊണ്ടിരിക്കുമ്പോള്‍ യുദ്ധക്കളത്തില്‍ നിന്ന് പിന്‍തിരിഞ്ഞു പോകുന്നതും മുസ്‌ലിംകളുടെ മേല്‍ അല്ലാഹു കര്‍ശനമായി വിരോധിക്കുന്നു. പക്ഷേ, തന്ത്രപരമായ വല്ല അടവുമെന്ന നിലക്കു യുദ്ധക്കളത്തില്‍നിന്നു തല്‍ക്കാലം വിട്ടുപോയി വീണ്ടും രംഗപ്രവേശം ചെയ്യുക, കൂട്ടംവിട്ടു ഒറ്റപ്പെട്ടതുകൊണ്ടോ കൂട്ടത്തില്‍ ചേര്‍ന്നു എതിര്‍പ്പു ശക്തിപ്പെടുത്തുവാന്‍ ഉദ്ദേശിച്ചുകൊണ്ടോ മാറിപ്പോകുക മുതലായ നയോപായങ്ങള്‍ സ്വീകരിക്കുന്നതിനു വിരോധമില്ല. ഇതൊന്നും കൂടാതെ യുദ്ധത്തില്‍ നിന്നു പിന്തിരിഞ്ഞോടുന്നതു അല്ലാഹുവിന്റെ കഠിനമായ കോപത്തിനും ശിക്ഷക്കും കാരണമാണെന്നുകൂടി അല്ലാഹു താക്കീതു ചെയ്യുന്നു. വിനാശകരങ്ങളായ ഏഴു മഹാപാപങ്ങളുടെ കൂട്ടത്തില്‍ ഒന്നായി നബി (സ) തിരുമേനിയും ഇതിനെ എണ്ണിയിരിക്കുന്നു. നബി (സ) എണ്ണിയ ഏഴു മഹാപാപങ്ങള്‍ ഇവയാകുന്നു: 'അല്ലാഹുവിനോടു പങ്കു ചേര്‍ക്കല്‍ (ശിര്‍ക്ക് പ്രവര്‍ത്തിക്കുക). സിഹ്ര്‍ (ആഭിചാരം) ചെയ്യുക, അല്ലാഹു നിഷിദ്ധമാക്കിയ ദേഹത്തെ ന്യായമില്ലാതെ കൊലപ്പെടുത്തുക, പലിശ തിന്നുക (ഉപയോഗിക്കുക), അനാഥകളുടെ സ്വത്തു തിന്നുക, യുദ്ധത്തിന്റെ ദിവസം പിന്‍തിരിഞ്ഞു പോകുക, സത്യവിശ്വാസിനികളും പാതിവ്രത്യശുദ്ധരും (ദുര്‍വൃത്തിയെപ്പറ്റി) അശ്രദ്ധരുമായ സ്ത്രീകളെപ്പറ്റി വ്യഭിചാരാരോപണം നടത്തുക'. (ബു; മു.)

എല്ലാ അവസരങ്ങളിലും ബാധകമാകുന്ന ഒരു പൊതു നിയമമെന്ന നിലക്കാണു ഈ നിരോധം ഇവിടെ പറയപ്പെട്ടിരിക്കുന്നത്. എങ്കിലും ശത്രുസൈന്യം വളരെ അധികമുള്ളപ്പോള്‍ ഈ നിയമത്തില്‍ ഇളവുണ്ടെന്നു താഴെ 66-ാം വചനത്തില്‍ നിന്നു മനസ്സിലാക്കപ്പെടുന്നതാണ്. കൂടുതല്‍ വിവരം അവിടെ വെച്ചു കാണാം.

17. എന്നാല്‍, അവരെ [ആ കൊല്ലപ്പെട്ടവരെ] നിങ്ങള്‍ കൊലപ്പെടുത്തിയിട്ടില്ല; എങ്കിലും, അല്ലാഹുവത്രെ അവരെ കൊലപ്പെടുത്തിയത്. നീ (അവരെ) എറിഞ്ഞപ്പോള്‍, നീ എറിഞ്ഞിട്ടുമില്ല; എങ്കിലും, അല്ലാഹുവത്രെ എറിഞ്ഞത്

١٧- فَلَمْ تَقْتُلُوهُمْ وَلَٰكِنَّ اللَّهَ قَتَلَهُمْ ۚ وَمَا رَمَيْتَ إِذْ رَمَيْتَ وَلَٰكِنَّ اللَّهَ رَمَىٰ ۚ

സത്യവിശ്വാസികളെ അവങ്കൽനിന്നും നല്ലതായ [അനുഗൃഹീതമായ] ഒരു പരീക്ഷണം അവൻ പരീക്ഷിക്കുവാൻ വേണ്ടിയുമാകുന്നു (അത്). നിശ്ചയമായും, അല്ലാഹു കേൾക്കുന്നവനും, അറിയുന്നവനുമാകുന്നു.

وَلِيُبْلِيَ الْمُؤْمِنِينَ مِنْهُ بَلَاءً حَسَنًا ۚ إِنَّ اللَّهَ سَمِيعٌ عَلِيمٌ ○

18. അതാണു (കാര്യം); അവിശ്വാസികളുടെ തന്ത്രത്തെ ബലഹീനമാക്കുന്നവനാണ് അല്ലാഹു എന്നുള്ളതും.

١٨- ذَٰلِكُمْ وَأَنَّ اللَّهَ مُوهِنُ كَيْدِ الْكَافِرِينَ ○

---

17. فلم تقتلوهم എന്നാൽ (അപ്പോൾ) നിങ്ങൾ അവരെ കൊലപ്പെടുത്തിയിട്ടില്ല ولكن الله എങ്കിലും അല്ലാഹു (അല്ലാഹുവത്രെ) قتلهم അവരെ കൊലപ്പെടുത്തി, (കൊന്നതു) وما رميت നീ എറിഞ്ഞിട്ടുമില്ല إذ رميت നീ എറിഞ്ഞപ്പോൾ ولكن الله എങ്കിലും അല്ലാഹു(വത്രെ) رمى എറിഞ്ഞു (എറിഞ്ഞതു) وليبلي അവൻ പരീക്ഷണം ചെയ്‌വാനും, പരിശീലിപ്പിക്കുവാനും, പരിചയിപ്പിക്കുവാനും المؤمنين സത്യ വിശ്വാസികളെ منه അവനിൽനിന്ന (അവന്റെ വക) بلاء حسنا നല്ല പരീക്ഷണം, പരിശീലനം إن الله നിശ്ചയമായും അല്ലാഹു سميع കേൾക്കുന്നവനാണ് عليم അറിയുന്നവനാണ് 18. ذلكم അതാണു, അതത്രെ وأن الله അല്ലാഹുവാണെന്നുള്ളതും موهن ബലഹീനമാക്കുന്നവൻ كيد തന്ത്രത്തെ, ഉപായം الكافرين അവിശ്വാസികളുടെ

ണ്ണത്തിലും സജ്ജീകരണങ്ങളിലും വളരെ ഇടിവുണ്ടായിരുന്നിട്ടും ശത്രുസൈന്യത്തെ ദയനീയമായി പരാജയപ്പെടുത്തുവാൻ മുസ്‌ലിംകൾക്കു കഴിഞ്ഞതു അല്ലാഹുവിന്റെ സഹായം ഒന്നുകൊണ്ടു മാത്രമാണെന്നു മുമ്പു വിവരിച്ചു. പിന്നീട് ശത്രുക്കളെ യുദ്ധത്തിനു അഭിമുഖപ്പെട്ടാൽ അവരിൽ നിന്നു പിന്തിരിഞ്ഞു പോകരുതെന്നും കൽപിച്ചു. അതിനുശേഷം സത്യവിശ്വാസികളെ അഭിമുഖീകരിച്ചുകൊണ്ട് അല്ലാഹു പറയുകയാണ്: കാര്യങ്ങൾ മേൽ പ്രസ്താവിച്ച പോലെയായിരിക്കെ, അത്രയും പേരെ യുദ്ധത്തിൽ കൊന്നൊടുക്കിയതു ബാഹ്യത്തിൽ നിങ്ങളാണെങ്കിലും യഥാർത്ഥത്തിൽ അതു അല്ലാഹുവിന്റെ പ്രവൃത്തിയാണ്. അഥവാ നിങ്ങളുടെ കൈക്കാണത് സംഭവിച്ചതെങ്കിലും അതിനു നിങ്ങളെ സഹായിച്ചതും നിങ്ങൾക്കതു സാധിപ്പിച്ചുതന്നതും അല്ലാഹുവാകുന്നു. നിങ്ങളുടെ കൈക്കാണു അതവൻ നടപ്പിൽ വരുത്തിയതെന്നേയുള്ളു എന്നു സാരം. സൂ: തൗബയിൽ അല്ലാഹു പറയുന്നു: 'നിങ്ങൾ അവരോടു യുദ്ധം ചെയ്യുവിൻ. നിങ്ങളുടെ കൈകളാൽ അല്ലാഹു അവരെ ശിക്ഷിക്കുകയും, അവരെ അപമാനപ്പെടുത്തുകയും, അവർക്കെതിരിൽ അവൻ നിങ്ങളെ സഹായിക്കുകയും, സത്യവിശ്വാസികളായ ജനങ്ങളുടെ മനസ്സുകൾക്കു ശമനം നൽകുകയും ചെയ്യും.' (قاتلوهم يعذبهم الله بأيديكم الخ - توبة : ١٤) ഈ വചനത്തിൽ നിന്നു മേൽപറഞ്ഞ ആശയം കൂടുതൽ വ്യക്തമായി മനസ്സിലാക്കാം.

അനന്തരം നബി (സ) യെ അഭിമുഖീകരിച്ചുകൊണ്ടു നബി (സ) യിൽ നിന്നുണ്ടായ മറ്റൊരു സംഭവത്തിന്റെ സ്ഥിതിയും ഇതുപോലെത്തന്നെ എന്നു ചൂണ്ടിക്കാട്ടുന്നു. അതത്രെ 'നീ എറിഞ്ഞപ്പോൾ നീ എറിഞ്ഞതല്ല, എങ്കിലും അല്ലാഹുവാണു എറിഞ്ഞതു' (وما رميت...) എന്ന വാക്യം. ആ സംഭവം ഇബ്നുഅബ്ബാസ് (റ) ഇപ്രകാരം വിവരിച്ചതായി അലിയ്യുബ്നു ത്വൽഹത്ത് (റ) ഉദ്ധരിക്കുന്നു:- ബദ്റിന്റെ ദിവസം റസൂൽ (സ) കൈ ഉയർത്തിപ്പിടിച്ചു ഇങ്ങിനെ പറഞ്ഞു: 'എന്റെ റബ്ബേ! ഈ സംഘത്തെ നീ നശിപ്പിക്കുന്ന പക്ഷം, ഭൂമിയിൽ ഒരിക്കലും നിനക്കു ആരാധന ചെയ്യപ്പെടുകയില്ല.' അപ്പോൾ, ജിബ്‌രീൽ (അ) പറഞ്ഞു: 'ഒരു പിടി മണ്ണെടുത്ത് അതുകൊണ്ടു അവരുടെ മുഖങ്ങളിലേക്കു എറിയുക.' തിരുമേനി ഒരു പിടി മണ്ണെടുത്ത് എറിഞ്ഞു. മുശ്‌രിക്കുകളിൽ ഒരാളുടെയും കണ്ണിലും മൂക്കിലും വായിലും അതിൽ നിന്നു ആകാതിരുന്നില്ല. അനന്തരം പിന്നോക്കം തിരിയുകയുണ്ടായി. ഇതു സംബന്ധിച്ചു മറ്റിലധികം രിവായത്തുകൾ വേറെയും കാണാം. ചിലതിൽ شاهت الوجوه (ആ മുഖങ്ങൾ ചീത്തപ്പെട്ടു) എന്നു പറഞ്ഞുകൊണ്ടാണു നബി (സ) എറിഞ്ഞതെന്നും വന്നിരിക്കുന്നു. ഈ സംഭവത്തെയാണു ഈ വചനത്തിൽ ഉദ്ദേശിച്ചിരിക്കുന്നതെന്നത്രെ ഉർവത്ത്, മുജാഹിദ്, ഇക്രിമ, ഖത്താദഃ മുതലായ പല മഹാന്മാരും പറയുന്നത്. ഖുർആൻ വ്യാഖ്യാതാക്കൾ പൊതുവെ അംഗീകരിച്ചു വരുന്നതും അതുതന്നെ. ഹുനൈൻ യുദ്ധത്തിലും

എന്നാൽ ബദ്റിൽ വെച്ചു സംഭവിച്ചതായിട്ടുള്ളതിനെക്കുറിച്ചാണ് ഈ പറഞ്ഞതെന്നു ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ടെങ്കിലും ഇവിടെ സംസാരം ബദ്റിനെക്കുറിച്ചാകകൊണ്ടു ആ അഭിപ്രായം ശരിയല്ലെന്നു ഇബ്നുകഥീർ (റ) മുതലായവർ ചൂണ്ടിക്കാട്ടിയിരിക്കുന്നു. അപ്പോൾ 'നീ എറിഞ്ഞപ്പോൾ നീ എറിഞ്ഞിട്ടില്ല....' എന്നു പറഞ്ഞതിന്റെ സാരം ഇപ്രകാരമായിരിക്കും: നബിയേ ഒരു പിടി മണ്ണെടുത്ത് എറിഞ്ഞതു തന്റെ കൈകൊണ്ടാണെങ്കിലും അതിനെത്തുടർന്നു അത്രയും വമ്പിച്ചതും അസാധാരണവുമായ ഒരു പ്രതികരണം ശത്രുക്കളിൽ വരുത്തിത്തീർത്തതു അല്ലാഹു മാത്രമാകുന്നു. അപ്പോൾ, എറിഞ്ഞതു പ്രത്യക്ഷത്തിൽ താനാണെങ്കിലും യഥാർത്ഥത്തിൽ അതു അല്ലാഹുവിന്റെ വകയാകുന്നു.

ഒരുപിടി മണ്ണു എറിഞ്ഞതിനെത്തുടർന്ന ആ വമ്പിച്ച ശത്രുക്കളിൽ പരാജയ മനസ്ഥിതിയും, വിറുക്കയും, ബാധിച്ചുവെന്ന വെക്കുന്നത് ദഹിക്കാത്ത ചിലർ ഈ വാക്യത്തിന 'നീ അമ്പെയ്തപ്പോൾ നീയല്ല-അല്ലാഹുവാണ്-യഥാർത്ഥത്തിൽ അമ്പെയ്തതു' എന്നു അർത്ഥമാക്കിക്കാണുന്നു. ഇതിനു അവരെ പ്രേരിപ്പിച്ച കാരണമെന്തായാലും ശരി, ബദ്റിൽ നബി (സ) അമ്പെയ്തുവെന്നോ, അതിനെക്കുറിച്ചാണ് ഈ പറഞ്ഞതെന്നോ ഉള്ളതിനു തെളിവുകളൊന്നുമില്ല. കഴിപ്പെട്ട ഒരാളും മുമ്പു അങ്ങിനെ പറഞ്ഞതായും കാണുന്നില്ല.

ഇതിനെല്ലാമൊക്കെ അല്ലാഹു ചെയ്യുന്നതു മുകളിൽ സൂചിപ്പിച്ചതുപോലുള്ള പല ലക്ഷ്യങ്ങളും വെച്ചുകൊണ്ടാണ്. മാത്രമല്ല, സത്യവിശ്വാസികൾക്കു അല്ലാഹുവിങ്കൽ നിന്നുള്ള വമ്പിച്ച അനുഗ്രഹങ്ങൾ സിദ്ധിക്കുമാറുള്ള ചില പരീക്ഷണങ്ങൾ നൽകി അവരെ പരിശീലിപ്പിക്കുവാനും കൂടിയാണത്. എല്ലാവരുടെയും നിലപാടും ആവശ്യവുമൊക്കെ ശരിക്കും കേട്ടും കണ്ടും അറിഞ്ഞുകൊണ്ടിരിക്കുന്നവനാണല്ലോ അല്ലാഹു. അപ്പോൾ, സത്യവിശ്വാസികളെ സംബന്ധിച്ചിടത്തോളം വേണ്ടതു അവർക്ക അവൻ ചെയ്തുകൊടുക്കാതിരിക്കുകയില്ല. അവിശ്വാസികളെ സംബന്ധിച്ചേടത്തോളം അവരുടെ എല്ലാ കുതന്ത്രങ്ങളെയും അവൻ ദുർബ്ബലമാക്കി പരാജയപ്പെടുത്തുകയും ചെയ്യും എന്നൊക്കെയാണു തുടർന്നുള്ള വാക്യങ്ങളുടെ താൽപര്യം.

19. (അവിശ്വാസികളേ) നിങ്ങൾ തുറവി [തീരുമാനം] തേടുന്നുവെങ്കിൽ, നിങ്ങൾക്ക(ഇതാ) തുറവി വന്നു കഴിഞ്ഞിരിക്കുന്നു. നിങ്ങൾ വിരമിക്കുന്നുവെങ്കിൽ, അതു നിങ്ങൾക്കു ഉത്തമവുമാകുന്നു. നിങ്ങൾ ആവർത്തിക്കുന്നുവെങ്കിലോ, നാമും ആവർത്തിക്കുന്നതാണ്.

നിങ്ങളുടെ (ആൾ) കൂട്ടം-അതു അധികമായിരുന്നാലും ശരി-നിങ്ങൾക്കു ഒട്ടും ഉപകരിക്കുകയേ ഇല്ല; അല്ലാഹു സത്യവിശ്വാസികളുടെ കൂടെയാണെന്നുള്ളതുമാണു(കാര്യം).

١٩- إِن تَسْتَفْتِحُوا فَقَدْ جَاءَكُمُ الْفَتْحُ ۖ
وَإِن تَنتَهُوا فَهُوَ خَيْرٌ لَّكُمْ ۖ
وَإِن تَعُودُوا نَعُدْ
وَلَن تُغْنِيَ عَنكُمْ فِئَتُكُمْ شَيْئًا
وَلَوْ كَثُرَتْ
وَأَنَّ اللَّهَ مَعَ الْمُؤْمِنِينَ ۝

---

19. إِن تَسْتَفْتِحُوا നിങ്ങൾ തുറവി (വിജയം-തീരുമാനം) തേടുന്നുവെങ്കിൽ فَقَدْ جَاءَكُمُ എന്നാൽ നിങ്ങൾക്കു വന്നിട്ടുണ്ടു الْفَتْحُ തുറവി(തീരുമാനം-വിജയം) وَإِن تَنتَهُوا നിങ്ങൾ വിരമിക്കുന്നുവെങ്കിലോ فَهُوَ എന്നാലതു خَيْرٌ ഉത്തമമാണു, ഗുണമായിരിക്കും لَّكُمْ നിങ്ങൾക്കു وَإِن تَعُودُوا നിങ്ങൾ മടങ്ങുന്നു (ആവർത്തിക്കുന്നു)വെങ്കിലോ نَعُدْ നാം മടങ്ങും, ആവർത്തിക്കും وَلَن تُغْنِيَ ധന്യമാക്കുക (ഉപകരിക്കുക)യേ ഇല്ലതാനും عَنكُمْ നിങ്ങൾക്കു فِئَتُكُمْ നിങ്ങളുടെ കൂട്ടം شَيْئًا യാതൊന്നും (ഒട്ടും) وَلَوْ كَثُرَتْ അതു അധികമായിരുന്നാലും وَأَنَّ اللَّهَ അല്ലാഹു ആകുന്നുവെന്നുള്ളതും مَعَ الْمُؤْمِنِينَ സത്യവിശ്വാസികളുടെ കൂടെ.

ഖുറൈശികൾ യുദ്ധത്തിനൊരുങ്ങി പുറപ്പെടുമ്പോൾ കഅ്ബയുടെ കില്ല പിടിച്ചുകൊണ്ട്: 'അല്ലാഹുവേ, ഈ രണ്ടു സൈന്യങ്ങളിൽ കൂടുതൽ ഉന്നതവും മാന്യവും നേർവഴിക്കുള്ളതും ഏതാണോ അതിനെ സഹായിക്കേണമേ!' എന്നു പ്രാർത്ഥിച്ചതായും, 'ഞങ്ങളിൽ കൂടുതൽ കുടുംബബന്ധം മുറിക്കുന്നതും പുതിയ മതം അംഗീകരിക്കുന്നതുമായ കൂട്ടരെ പരാജയപ്പെടുത്തേണമേ!' എന്നു അബൂജഹ്ൽ പ്രാർത്ഥിച്ചതായും ഒന്നിലധികം രിവായത്തുകളിൽ

ഞ്ഞിരിക്കുന്നു. തങ്ങൾക്കും മുസ്‌ലിംകൾക്കുമിടയിൽ ഒരു തീരുമാനമുണ്ടാക്കി ഈ അനിശ്ചിതാവസ്ഥക്കു പരിഹാരം നൽകുവാൻ അവർ പ്രാർത്ഥിച്ചിരുന്നുവെന്നാണു ഇതിന്റെ അർത്ഥം. ഇതിനെ സൂചിപ്പിച്ചുകൊണ്ടു പരിഹാസരൂപത്തിൽ അല്ലാഹു അവരോടു പറയുകയാണ്:—നിങ്ങൾക്കിടയിൽ ഒരു തീരുമാനമുണ്ടാകുകയും, നിങ്ങൾക്കു തുറവിയും സമാധാനവും ലഭിക്കുകയും ചെയ്‌വാൻവേണ്ടി നിങ്ങൾ പ്രാർത്ഥിക്കാറുണ്ടല്ലോ. എന്നാൽ, ഇതാ ബദ്ർ യുദ്ധം വഴി അതു കിട്ടിക്കഴിഞ്ഞിരിക്കുന്നു. എന്നിരിക്കിലും നിങ്ങളുടെ ധിക്കാരത്തിൽനിന്നും ശത്രുതയിൽനിന്നും വിരമിക്കുകയാണു നിങ്ങൾക്കു ഉത്തമം. അതല്ല, വീണ്ടും മുൻ പതിവു തന്നെ ആവർത്തിക്കുവാനാണു ഭാവമെങ്കിൽ, വീണ്ടും ഇതുപോലെയുള്ള അനുഭവങ്ങൾ നിങ്ങൾ നേരിടേണ്ടിവരും. അല്ലാഹു എല്ലായ്പോഴും സത്യവിശ്വാസികളുടെ ഭാഗത്തായിരിക്കും. അതിനാൽ, നിങ്ങളുടെ വർദ്ധിച്ച സംഘബലമോ പ്രതാപമോ ഒന്നും നിങ്ങൾക്കു ഉപകരിക്കുകയില്ലെന്നു ഓർത്തുകൊള്ളുവിൻ.

അവിശ്വാസികൾ തുറവിക്കും തീരുമാനത്തിനും വേണ്ടി അപേക്ഷിച്ചതുകൊണ്ടുദ്ദേശ്യം 32-ാം വചനത്തിൽ കാണുന്ന അവരുടെ പ്രാർത്ഥനയാണെന്നു ചില ആളുകൾ പറഞ്ഞുകാണുന്നു. ഇതു ശരിയല്ലെന്നും, രണ്ടിന്റെയും സന്ദർഭവും താൽപര്യവും വെവ്വേറെയാണെന്നും പ്രഥമ ദൃഷ്ട്യാതന്നെ ആർക്കും മനസ്സിലാക്കാവുന്നതാണ്'. മുഹമ്മദു പ്രബോധനം ചെയ്യുന്ന ഇതുതന്നെയാണു നിന്റെ പക്കൽനിന്നുള്ള യഥാർത്ഥമെങ്കിൽ ഞങ്ങളിൽ നീ കൽമഴ പെയ്യിപ്പിക്കുകയോ, അല്ലെങ്കിൽ വേദനയേറിയ ശിക്ഷ ഞങ്ങൾക്കു നൽകുകയോ ചെയ്യുക'. എന്നാണു അവിടെ അവർ പ്രാർത്ഥിച്ചതായി പറഞ്ഞിരിക്കുന്നത്. ഇവിടെ അതല്ല ഉദ്ദേശ്യമെന്നു സ്പഷ്ടമാണല്ലോ.

വിഭാഗം-3

٢٠- يَا أَيُّهَا الَّذِينَ آمَنُوا أَطِيعُوا اللَّهَ وَرَسُولَهُ وَلَا تَوَلَّوْا عَنْهُ وَأَنْتُمْ تَسْمَعُونَ ○

20. ഹേ, വിശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവിനെയും, അവന്റെ റസൂലിനെയും അനുസരിക്കുവിൻ; നിങ്ങൾ (ദിവ്യസന്ദേശങ്ങൾ) കേട്ടു (മനസ്സിലാക്കി) കൊണ്ടിരിക്കെ, അദ്ദേഹത്തെ വിട്ടു തിരിഞ്ഞുകളയുകയും ചെയ്യരുത്.

٢١- وَلَا تَكُونُوا كَالَّذِينَ قَالُوا سَمِعْنَا وَهُمْ لَا يَسْمَعُونَ ○

21. 'ഞങ്ങൾ കേട്ടു' എന്നു പറയുകയും, (യഥാർത്ഥത്തിൽ) തങ്ങൾ കേൾക്കാതിരിക്കുകയും ചെയ്തവരെപ്പോലെ നിങ്ങൾ ആയിത്തീരുകയും ചെയ്യരുത്.

---

20. يا ايها الذين امنوا വിശ്വസിച്ചവരേ اطيعوا അനുസരിക്കുവിൻ الله അല്ലാഹുവിനെ ورسوله അവന്റെ റസൂലിനെയും ولا تولوا തിരിഞ്ഞുകളയുകയും ചെയ്യരുതു عنه അദ്ദേഹത്തെ വിട്ടു, അദ്ദേഹത്തിൽനിന്നു وانتم നിങ്ങൾ ആയിരിക്കെ تسمعون നിങ്ങൾ കേൾക്കുന്നു. 21. ولا تكونوا നിങ്ങളായിരിക്കയും അരുതു كالذين قالوا പറഞ്ഞവരെപ്പോലെ سمعنا ഞങ്ങൾ കേട്ടു وهم അവരാകട്ടെ, അവരോ لا يسمعون കേൾക്കുന്നില്ല (കേൾക്കാതെ).

അവിശ്വാസികളെയും കപടവിശ്വാസികളെയും പോലെ, കാതുകൊണ്ടു കേൾക്കുകയും, നാവുകൊണ്ടു കേട്ടുവെന്നു പറയുകയും ചെയ്യുക; അതേ സമയം കേൾപ്പിക്കപ്പെടുന്ന സന്ദേശങ്ങളെ വേണ്ടതുപോലെ ഗ്രഹിക്കുകയോ, അവയെപ്പറ്റി ചിന്തിക്കുകയോ, അവ അനുസരിക്കുകയോ ചെയ്യാതെയും ഇരിക്കുക. ഈ സ്വഭാവം സത്യവിശ്വാസികളായ നിങ്ങളിൽ ഉണ്ടാവരുതു എന്നു സാരം. അല്ലാഹു തുടരുന്നു:—

٢٢- إِنَّ شَرَّ الدَّوَابِّ عِنْدَ اللَّهِ الصُّمُّ الْبُكْمُ الَّذِينَ لَا يَعْقِلُونَ ○

22. നിശ്ചയമായും, അല്ലാഹുവിന്റെ അടുക്കൽ ജന്തുക്കളിൽ വെച്ചു മോശപ്പെട്ടവർ, ബുദ്ധി കൊടു(ത്തു മനസ്സിലാ)ക്കാത്തവരായ, ഊമകളായ, ബധിരൻമാരാകുന്നു.

23. അവരിൽ വല്ല നന്മയും (ഉള്ളതായി) അല്ലാഹു അറിഞ്ഞിരുന്നുവെങ്കിൽ, അവൻ അവരെ കേൾപ്പിക്കുക തന്നെ ചെയ്യുമായിരുന്നു. (ഇനി) അവൻ അവരെ കേൾപ്പിച്ചിരുന്നാൽ തന്നെയും, അവർ അവഗണിക്കുന്നവരായും കൊണ്ടു തിരിഞ്ഞുകളയുന്നതാണ്.

٢٣- وَلَوْ عَلِمَ اللَّهُ فِيهِمْ خَيْرًا لَّأَسْمَعَهُمْ ۖ وَلَوْ أَسْمَعَهُمْ لَتَوَلَّوا وَّهُم مُّعْرِضُونَ ○

---

22. إِنَّ നിശ്ചയമായും شَرَّ ഏറ്റം (മോശപ്പെട്ടവർ) الدَّوَابِّ ജന്തുക്കളിൽ, ജീവികളിൽ عِندَ അല്ലാഹുവിന്റെ അടുക്കൽ الصُّمُّ ബധിരന്മാരാകുന്നു الْبُكْمُ ഊമകളായ الَّذِينَ لَا يَعْقِلُونَ ബുദ്ധി കൊടുക്കാത്തവർ. 23. وَلَوْ عَلِمَ അറിഞ്ഞിരുന്നെങ്കിൽ اللَّهُ അല്ലാഹു فِيهِمْ അവരിൽ خَيْرًا വല്ല നന്മയും, ഒരു ഗുണം لَأَسْمَعَهُمْ അവൻ അവരെ കേൾപ്പിക്ക തന്നെ ചെയ്തിരുന്നു وَلَوْ أَسْمَعَهُمْ അവരെ അവൻ കേൾപ്പിച്ചാലും لَتَوَلَّوا അവർ തിരിഞ്ഞുകളയുക തന്നെ ചെയ്യും وَّهُم അവരായും കൊണ്ടു مُّعْرِضُونَ അവഗണിക്കുന്നവർ, തിരിഞ്ഞുപോകുന്നവർ.

തങ്ങൾ സ്വീകരിച്ചുവരുന്ന ധാർന്നടപ്പുകളൊന്നും ഉപേക്ഷിക്കുകയില്ലെന്നും, അതിനനുകൂലമല്ലാത്ത ന്യായവാദങ്ങളോ ഉപദേശങ്ങളോ കേട്ടു മനസ്സിലാക്കുകയും സ്വീകരിക്കുകയുമില്ലെന്നും മനസ്സുകൊണ്ടു ഉറപ്പിച്ച് ശഠിച്ചു നില്ക്കുന്ന ആളുകൾക്കു സദുപദേശങ്ങളോ തെളിവുകളോ ഫലം ചെയ്യുകയില്ലല്ലോ. അവർ കേൾക്കുകയുമില്ല, ഗ്രഹിക്കുകയുമില്ല. ചെവികൊണ്ടു കേട്ടാൽപോലും മനസ്സിലേക്കു പ്രവേശിക്കുകയില്ല. ബുദ്ധികൊടുത്ത് കാര്യം മനസ്സിലാക്കുവാൻ തയ്യാറില്ലാതെ ഹൃദയത്തിലേക്കു എങ്ങിനെ പ്രവേശിക്കുവാനാണു? അപ്പോൾ, മനുഷ്യരേ ജീവികൾക്ക് സമമാണവർ, അത്രയുമല്ല, അവരെക്കാൾ മോശപ്പെട്ടവരത്രെ. കാരണം, ഇവർക്കു ബുദ്ധിശക്തിയും ചിന്താശക്തിയും നൽകപ്പെട്ടിട്ടുണ്ട്. അവക്കു അതില്ലല്ലോ.

24. ഹേ, വിശ്വസിച്ചവരേ, അല്ലാഹുവിനും, റസൂലിനും നിങ്ങൾ ഉത്തരം നൽകുവിൻ, നിങ്ങളെ ജീവിപ്പിക്കുന്ന [നിങ്ങൾക്കു ജീവസ്സുണ്ടാക്കുന്ന] കാര്യത്തിലേക്കു അദ്ദേഹം നിങ്ങളെ ക്ഷണിക്കുമ്പോൾ.

മനുഷ്യന്റെയും, അവന്റെ ഹൃദയത്തിന്റെയും ഇടയിൽ അല്ലാഹു മറയിടുമെന്നു [തടസ്സപ്പെടുത്തുമെന്നു] നിങ്ങൾ (അറിഞ്ഞുകൊള്ളുവിൻ); അവങ്കലേക്കു നിങ്ങൾ ഒരുമിച്ചു കൂട്ടപ്പെടുമെന്നും (അറിഞ്ഞുകൊള്ളുവിൻ).

٢٤- يَا أَيُّهَا الَّذِينَ آمَنُوا اسْتَجِيبُوا لِلَّهِ وَلِلرَّسُولِ إِذَا دَعَاكُمْ لِمَا يُحْيِيكُمْ ۖ وَاعْلَمُوا أَنَّ اللَّهَ يَحُولُ بَيْنَ الْمَرْءِ وَقَلْبِهِ وَأَنَّهُ إِلَيْهِ تُحْشَرُونَ ○

---

24. يَا أَيُّهَا الَّذِينَ آمَنُوا ഹേ വിശ്വസിച്ചവരേ اسْتَجِيبُوا നിങ്ങൾ ഉത്തരം ചെയ്യുവിൻ لِلَّهِ അല്ലാഹുവിനു وَلِلرَّسُولِ റസൂലിനും إِذَا دَعَاكُمْ അദ്ദേഹം നിങ്ങളെ ക്ഷണി(വിളി)ച്ചാൽ لِمَا يُحْيِيكُمْ നിങ്ങളെ ജീവിപ്പിക്കുന്ന കാര്യത്തിലേക്കു وَاعْلَمُوا അറിയുകയും ചെയ്യുവിൻ أَنَّ اللَّهَ അല്ലാഹു (ആണ്) എന്നു يَحُولُ മറയിടുന്നതാണു (എന്നു) بَيْنَ الْمَرْءِ മനുഷ്യന്റെ ഇടയിൽ وَقَلْبِهِ അവന്റെ ഹൃദയത്തിന്റെയും وَأَنَّهُ അവൻ (ആണ്) എന്നും, കാര്യമാണെന്നും إِلَيْهِ അവങ്കലേക്കു تُحْشَرُونَ നിങ്ങൾ ഒരുമിച്ചു കൂട്ടപ്പെടുന്നതാണ് (എന്നും).

സത്യവിശ്വാസികളെ വിളിച്ചുകൊണ്ടു ഗൗരവപ്പെട്ട ചില കാര്യങ്ങൾ അല്ലാഹു ഓർമ്മിപ്പിക്കുന്നു. സത്യവിശ്വാസികളായ നിങ്ങൾ പ്രത്യേകം മനസ്സിരുത്തേണ്ടവയാണു ആ കാര്യങ്ങൾ എന്നത്രെ ആ സംബോധന സൂചിപ്പിക്കുന്നതു. മൂന്നു കാര്യങ്ങളാണു ഈ വചനത്തിൽ ഉപദേശിച്ചിരിക്കുന്നത്:—

(1) നിങ്ങളെ ജീവിപ്പിക്കുന്ന–അഥവാ നിങ്ങള്‍ക്കു ജീവനും ആത്മീയ ചൈതന്യവും നല്‍കുന്ന–കാര്യത്തിലേക്കു നിങ്ങളെ റസൂല്‍ ക്ഷണിക്കുമ്പോള്‍, ആ കാര്യം അനുഷ്ഠാനത്തില്‍ വരുത്തിക്കൊണ്ടു നിങ്ങള്‍ അല്ലാഹുവിന്റെയും റസൂലിന്റെയും ക്ഷണം സ്വീകരിക്കണം. അല്ലാഹുവിന്റെ നിര്‍ദ്ദേശപ്രകാരമാണല്ലോ റസൂലിന്റെ ക്ഷണമുണ്ടാകുന്നത്. ആകയാല്‍, ആ ക്ഷണം സ്വീകരിക്കല്‍ അല്ലാഹുവിനും റസൂലിനും ഉത്തരം നല്‍കലായിത്തീരുന്നു. من يطع الرسول فقد اطاع الله (റസൂലിനെ ആര്‍ അനുസരിക്കുന്നുവോ അവന്‍ അല്ലാഹുവിനെ അനുസരിച്ചു (4:80) 'ജീവനു നല്‍കുക' എന്നു പറഞ്ഞതുകൊണ്ടുദ്ദേശ്യം, ഐഹികമായ ജീവിതപുരോഗതിയോ, ഭൗതികമായ അഭിവൃദ്ധിയോ നല്‍കുക എന്നല്ല. പരലോക നന്മക്കുവേണ്ടിയുള്ള ആത്മീയ പുരോഗതിയും മാനസികാഭിവൃദ്ധിയും നല്‍കുക എന്നത്രെ. تريدون عرض الدنيا والله يريد الآخرة (നിങ്ങള്‍ ഐഹിക വിഭവത്തെ ഉദ്ദേശിക്കുന്നു–അല്ലാഹുവാകട്ടെ, പരലോകത്തെയും ഉദ്ദേശിക്കുന്നു. (8:67). وان الدار الآخرة لهي الحيوان لو كانوا يعلمون (പരലോക ഭവനം തന്നെയാണു ജീവനുള്ളതു–അവര്‍ അറിയുമായിരുന്നെങ്കില്‍! (29:64) വിശ്വാസപരമോ, അനുഷ്ഠാനപരമോ എന്ന വ്യത്യാസമില്ലാതെ മനുഷ്യന്റെ നന്മക്കുവേണ്ടിയുള്ള ഏതു കാര്യത്തിലേക്കും റസൂല്‍ (സ) ക്ഷണിച്ചാല്‍ അതു സ്വീകരിക്കല്‍ സത്യവിശ്വാസികളുടെ കടമയാണെന്നത്രെ ഈ കല്‍പനയുടെ താല്‍പര്യം. ഇതു തിരുമേനിയുടെ കാലത്തുള്ളവര്‍ക്കും, പിന്നീടുള്ളവര്‍ക്കും ബാധകമാകുന്നു. തിരുമേനിയുടെ കാലത്തുള്ളവര്‍ അവിടുത്തെ ക്ഷണങ്ങള്‍ നേരില്‍ തന്നെ കേട്ടു മനസ്സിലാക്കാമായിരുന്നു. പിന്നീടുള്ളവര്‍ക്കു ഖുര്‍ആനും സുന്നത്തും മുഖേനയാണ് അതറിയുവാന്‍ കഴിയുന്നതു എന്നു മാത്രം.

(2) മനുഷ്യന്റെയും അവന്റെ ഹൃദയത്തിന്റെയും ഇടയില്‍ അല്ലാഹു മറയിടും–അഥവാ ഏര്‍പ്പെടുത്തും–എന്നു നിങ്ങള്‍ അറിഞ്ഞിരിക്കണം. സത്യവിശ്വാസികള്‍ സദാ സ്മരിക്കേണ്ടതും, വളരെ ഗൗരവപൂര്‍വ്വം ഓര്‍മ്മവെക്കേണ്ടതുമായ ഒരു വിഷയമാണിത്. മനുഷ്യമനസ്സിനു സ്ഥിരതയില്ല. പരസ്പര വിരുദ്ധങ്ങളായ മാറ്റങ്ങള്‍ക്കും ആശയക്കുഴപ്പങ്ങള്‍ക്കും അതു വിധേയമാകും. ചിലപ്പോള്‍ അതു പെട്ടെന്നാകും. ചിലപ്പോള്‍ സാവധാനത്തിലായിരിക്കും. കാരണം ചിലപ്പോള്‍ വ്യക്തമായിരിക്കുമെങ്കില്‍, വേറെ ചിലപ്പോള്‍ തികച്ചും അജ്ഞാതമായിരിക്കും. അങ്ങിനെ, നല്ലവന്‍ ചീത്തയാകുന്നു. ചീത്തപ്പെട്ടവന്‍ നല്ലവനായി മാറുന്നു. ജന്മം മുഴുവനും സന്മാര്‍ഗ്ഗനിഷ്ഠയുള്ളവനായി അറിയപ്പെട്ടിരുന്നവന്‍ ദുഷ്ടനും നിരീശ്വരവാദിയുമായി മാറുന്നു. പലപ്പോഴും മറിച്ചും സംഭവിക്കുന്നു. ദീര്‍ഘകാലത്തോളം വളരെ വാശിയോടും വീറോടുംകൂടി ഒരഭിപ്രായത്തില്‍ ഉറച്ചു നിന്ന ഒരാള്‍ പെട്ടെന്നായിരിക്കും ആ അഭിപ്രായം വലിച്ചെറിഞ്ഞ് അതിനെതിരായ മറ്റൊരഭിപ്രായക്കാരനായി മാറുന്നത്. ബുദ്ധിയിലോ, സ്വന്തം തീരുമാനമോ കൂടാതെതന്നെ ഇതെല്ലാം സംഭവിക്കുന്നു. പലപ്പോഴും താനറിയാതെ വന്ന മാറ്റം, അവനു തന്നെ അറിയുവാന്‍ കഴിയാതെ വരുന്നു. അതെ–ചുരുക്കത്തില്‍–മനുഷ്യഹൃദയം അല്ലാഹുവിന്റെ നിയന്ത്രണത്തിലാണുള്ളത്. അതില്‍ എന്തു മാറ്റം വരണം, എന്തു വരണം, എപ്പോള്‍ വേണം, എങ്ങിനെ വേണം എന്നൊക്കെ അറിയുന്നവനും, നിശ്ചയിക്കുന്നവനും അവന്‍ തന്നെ. മനുഷ്യന്‍ അതില്‍ സ്വതന്ത്രനല്ല.

അതുകൊണ്ടു ഒരാളും തന്‍ സന്മാര്‍ഗ്ഗവും സത്യനിഷ്ഠയും ഇനി നടക്കേണ്ടവനാണെന്നുവെച്ച് സ്വയം വഞ്ചിതനാകുകയും, താന്‍ വഴിപിഴച്ചുപോകുകയില്ലെന്നു ധരിച്ചുപോകുകയും ചെയ്തുകൂടാ. പിഴച്ചുപോകാതിരിക്കുവാന്‍ സദാ സൂക്ഷിക്കുകയും, അതിനായി അല്ലാഹുവിനോടു പ്രാര്‍ത്ഥിച്ചുകൊണ്ടിരിക്കുകയും ചെയ്യേണ്ടതുണ്ട്. നേരെമറിച്ച് ഒരാള്‍, താന്‍ പാപിയും ദുര്‍മ്മാര്‍ഗ്ഗിയുമാണെന്നുവെച്ചു ഇനിക്ക് ഏതായാലും മോചനമില്ലെന്നു കരുതി നിരാശനാകുകയും ചെയ്തുകൂടാ. അവന്റെ സ്ഥിതിഗതികളില്‍ ആമൂലാഗ്രം മാറ്റം വരുത്തുവാന്‍ ശ്രമിക്കുന്നതോടൊപ്പം തനിക്കു സന്മനസ്സു നല്‍കുവാന്‍ അവന്‍ അല്ലാഹുവിനോടു പ്രാര്‍ത്ഥിക്കുകയും വേണം.

അനസ് (റ) പറയുകയാണു: നബി (സ) ധാരാളമായി ഇപ്രകാരം പ്രാര്‍ത്ഥിക്കാറുണ്ടായിരുന്നു: 'ഹൃദയങ്ങളെ മാറ്റം വരുത്തുന്നവനേ! എന്റെ ഹൃദയത്തെ നിന്റെ മതത്തില്‍ നീ ഉറപ്പിച്ചു നിറുത്തേണമേ!' അങ്ങനെ, ഞങ്ങള്‍ പറഞ്ഞു: (*) അല്ലാഹുവിന്റെ റസൂലേ, ഞങ്ങള്‍ അങ്ങയിലും, അങ്ങു കൊണ്ടുവന്നതിലും വിശ്വസിക്കുന്നു. ഞങ്ങളെക്കുറിച്ചും അങ്ങു (ഹൃദയമാറ്റം സംഭവിക്കുന്നതിനെ) ഭയപ്പെടുന്നുണ്ടോ?' തിരുമേനി പറഞ്ഞു: 'അതെ, ഹൃദയങ്ങള്‍ അല്ലാഹുവിന്റെ വിരലുകളില്‍ രണ്ടെണ്ണത്തിന്റെ ഇടയിലാണ്, അവന്‍ അവയെ തിരിച്ചുമറിക്കുന്നു.' (അ:തി) ഈ അര്‍ത്ഥത്തിലുള്ള വേറെയും നിരവധി ഹദീസുകള്‍ കാണാം. ഒരു രിവായത്തില്‍ 'അവന്‍ ഉദ്ദേശിച്ചാല്‍ അവന്‍ അതിനെ ചൊവ്വിനു നിറുത്തുകയും, അവന്‍ ഉദ്ദേശിച്ചാല്‍ അവന്‍ അതിനെ തെറ്റിക്കുകയും ചെയ്യുന്നു.' എന്നുകൂടി നബി (സ) പറഞ്ഞതായുണ്ട്. (ജ). അബ്ദുല്ലാഹിബ്നു അംറ് (റ) നിവേദനം ചെയ്യുന്ന ഒരു ഹദീസില്‍ റസൂല്‍ (സ) ഇങ്ങിനെ പറഞ്ഞതായി ഉദ്ധരിക്കുന്നു: (**) 'ഹൃദയങ്ങളെ കൈകാര്യം ചെയ്യുന്നവനായ അല്ലാഹുവേ!

(*) يا مقلب القلوب ثبت قلبي على دينك

(**) اللهم مصرف القلوب صرف قلوبنا الى طاعتك

ഞങ്ങളുടെ ഹൃദയങ്ങളെ നിന്റെ വഴിപ്പാടിലേക്കു നീ തിരിച്ചു വിടേണമേ! (അ; മു; ന.) നബി (സ) സത്യം ചെയ്തു പറയുമ്പോൾ لَا وَمُقَلِّبِ الْقُلُوبِ (ഇല്ല-ഹൃദയങ്ങളെ തിരിച്ചു മറിക്കുന്നവൻ തന്നെയാണ!) എന്നിങ്ങനെ പറയാറുണ്ടായിരുന്നതായി ബുഖാരി (റ) യും മറ്റും രേഖപ്പെടുത്തിയിട്ടുണ്ട്.

സൂ: ആലു ഇംറാൻ 8-ാം വചനത്തിൽ അല്ലാഹു പഠിപ്പിച്ചു തന്ന പ്രാർത്ഥന ഈ സന്ദർഭത്തിൽ പ്രത്യേകം ശ്രദ്ധേയമാകുന്നു. അതായതു, رَبَّنَا لَا تُزِغْ قُلُوبَنَا بَعْدَ إِذْ هَدَيْتَنَا - الآية (ഞങ്ങളുടെ റബ്ബേ! ഞങ്ങളെ നീ സന്മാർഗ്ഗത്തിലാക്കിത്തന്നശേഷം ഞങ്ങളുടെ ഹൃദയങ്ങളെ നീ തെറ്റിക്കരുതേ! നിന്റെ പക്കൽനിന്നും നീ ഞങ്ങൾക്കു കാരുണ്യം പ്രദാനം ചെയ്യേണമേ! നിശ്ചയമായും, നീയത്രെ വളരെ പ്രദാനം ചെയ്യുന്നവൻ)

(3) നിങ്ങൾ അല്ലാഹുവിങ്കലേക്കു ഒരുമിച്ചു കൂട്ടപ്പെടുന്നതാണെന്നും നിങ്ങൾ അറിഞ്ഞിരിക്കണം. അതായതു, എല്ലായ്പ്പോഴും നിങ്ങൾക്ക് ഈ ബോധം ഉണ്ടായിരിക്കണമെന്നു താൽപര്യം. അല്ലാഹുവിന്റെ മുമ്പിൽ ഹാജരാക്കപ്പെടുമെന്നും, അവന്റെ മുമ്പിൽ എല്ലാ ചെയ്തികൾക്കും ഉത്തരം പറയേണ്ടി വരുമെന്നുമുള്ള ബോധം ആർക്കുണ്ടോ അവരുടെ വിചാരവികാരങ്ങളും വിശ്വാസാചാരങ്ങളുമെല്ലാം നന്നായിരിക്കണമെന്നു അവർക്കു നിർബന്ധമായും നിഷ്കർഷയുണ്ടായിരിക്കും. ആ ബോധമുള്ളവർ അല്ലാഹുവിന്റെയും റസൂലിന്റെയും നിയമ നിർദ്ദേശങ്ങൾ അനുസരിക്കാതെയും ഇരിക്കുകയില്ല. ബാഹ്യത്തിൽ ഒരാളുടെ ജീവിതചര്യകൾ എത്ര തന്നെ പരിശുദ്ധമായി കാണപ്പെട്ടാലും പ്രസ്തുത ബോധമില്ലാത്ത പക്ഷം, അവന്റെ അന്തരംഗം നന്നായിരിക്കുകയോ, അവന്റെ സച്ചരിതം നിഷ്കളങ്കമായിരിക്കുകയോ ചെയ്കയില്ല തന്നെ. അല്ലാഹു നമ്മെ കാത്തു രക്ഷിക്കട്ടെ, ആമീൻ.

25. നിങ്ങളിൽനിന്നു അക്രമം പ്രവർത്തിച്ചവരെ മാത്രമായി ബാധിക്കാത്ത ഒരു (തരം) പരീക്ഷണത്തെ (അഥവാ കുഴപ്പത്തെ) നിങ്ങൾ സൂക്ഷിക്കുകയും ചെയ്യുവിൻ.
അല്ലാഹു ശിക്ഷാ നടപടി കഠിനമായുള്ളവനാണെന്ന അറിയുകയും ചെയ്യുവിൻ.

٢٥- وَاتَّقُوا فِتْنَةً لَّا تُصِيبَنَّ الَّذِينَ ظَلَمُوا مِنكُمْ خَاصَّةً ۖ وَاعْلَمُوا أَنَّ اللَّهَ شَدِيدُ الْعِقَابِ ۝

---

25. وَاتَّقُوا സൂക്ഷിക്കുക(കാത്തുകൊള്ളുക)യും ചെയ്‌വിൻ فِتْنَةً ഒരു പരീക്ഷണം, കുഴപ്പം لَا تُصِيبَنَّ ബാധിക്കാത്ത, അതു ബാധിക്കയില്ലതന്നെ الَّذِينَ ظَلَمُوا അക്രമം പ്രവർത്തിച്ചവരെ مِنكُمْ നിങ്ങളിൽനിന്നു خَاصَّةً പ്രത്യേകമായി, മാത്രം وَاعْلَمُوا അറിയുകയും ചെയ്യുക أَنَّ اللَّهَ അല്ലാഹു (ആകുന്നു) എന്നു شَدِيدُ കഠിനമായവനാകുന്നു (എന്നു) الْعِقَابِ ശിക്ഷാ നടപടി.

ഒരു വ്യക്തിയുടെയോ, വിഭാഗത്തിന്റെയോ വാക്കിലോ പ്രവൃത്തിയിലോ വന്നുപോകുന്ന പാകപ്പിഴവു നിമിത്തം ഒരു കുടുംബമോ, സമൂഹമോ, ഒരു രാഷ്ട്രം തന്നെയോ ആപത്തിലും കുഴപ്പത്തിലും അകപ്പെട്ടേക്കും. അതുപോലെത്തന്നെ, ഒരു ജനതയിലെ പ്രധാനികൾ തോന്നിയവാസത്തിലും ദുർമ്മാർഗ്ഗത്തിലും മുഴുകുമ്പോൾ ആ ജനത അല്ലാഹുവിങ്കൽ നിന്നുള്ള ചില പരീക്ഷണങ്ങൾക്കു വിധേയരാകുന്നു. ഈ അവസരത്തിൽ ആ സമൂഹത്തിലെ നിരപരാധികളായ ആളുകളെ ഒഴിവാക്കിക്കൊണ്ട് അപരാധികൾ മാത്രം ആ ശിക്ഷ പരീക്ഷണങ്ങൾക്ക് വിധേയരായിരിക്കയില്ല. അതുകൊണ്ടു അത്തരം പൊതുവായ ബാധ്യതകൾക്കു കാരണമാകുന്ന അക്രമങ്ങളെ എല്ലാവരും സൂക്ഷിക്കണമെന്നും, അത്തരം അക്രമകാരികളെ കഴിവതും തടയുവാൻ ശ്രമിക്കേണ്ടതുണ്ടെന്നും, ഇല്ലാത്ത പക്ഷം, ആപത്തു വരുമ്പോൾ അതു കൂട്ടത്തോടെ ബാധിച്ചേക്കുമെന്നും അല്ലാഹു സത്യവിശ്വാസികളെ താക്കീതു ചെയ്യുന്നു. ഈ വചനത്തിലടങ്ങിയ ആശയത്തിലേക്ക് വെളിച്ചം നൽകുന്ന പല ഹദീസുകളുമുണ്ട്. ചുരുക്കം ചിലതു മാത്രം ഇവിടെ ഓർമ്മിക്കാം.

(1) റസൂൽ (സ) അരുളിച്ചെയ്തതായി ഹുദൈഫത്തുബ്നുൽ യമാൻ (റ) ഉദ്ധരിക്കുന്നു: 'എന്റെ ആത്മാവു യാതൊരുവന്റെ കയ്യിലാണോ അവൻതന്നെ സത്യം! നിങ്ങൾ സദാചാരംകൊണ്ടു കല്പിക്കുകയും, ദുരാചാരത്തെക്കുറിച്ചു വിരോധിക്കുകയും ചെയ്യണം. അല്ലാത്തപക്ഷം, അവന്റെ പക്കൽനിന്നുള്ള വല്ല ശിക്ഷയും നിങ്ങളിൽ നിയോഗിക്കുന്നതാണ്. പിന്നെ, നിങ്ങൾ അവനോടു പ്രാർത്ഥിച്ചുകൊണ്ടിരിക്കും. അപ്പോൾ നിങ്ങൾക്കവൻ ഉത്തരം നൽകുന്നതല്ല.' (തി) ഇതുപോലെയുള്ള ഹദീസുകൾ വേറെയും കാണാവുന്നതാണ്. (2) നുഅ്മാനുബ്നു

ബശീർ (റ) ഒരു പ്രസംഗത്തിൽ പറഞ്ഞുകേട്ടതായി ആമിർ (റ) ഉദ്ധരിച്ച ചില വാക്യങ്ങളുടെ സാരം ഇങ്ങിനെയാകുന്നു: 'അല്ലാഹുവിന്റെ നിയമാതിർത്തികൾ പാലിക്കുന്നവരുടെയും, പാലിക്കാത്തവരുടെയും, അവയിൽ [illegible] നയം സ്വീകരിക്കുന്നവരുടെയും ഉപമ, ഒരു കപ്പലിലെ യാത്രക്കാരുടേതുപോലെയാകുന്നു. സൗകര്യങ്ങൾ കുറവായ അതിലെ അടിത്തട്ടാണു ചിലർക്കു ലഭിച്ചത്. ചിലർക്കു മുകളിലെ തട്ടും. അങ്ങനെ, താഴെ തട്ടിലുള്ളവർ വെള്ളമെടുക്കുവാൻ മുകളിലുള്ളവരുടെ ഇടയിലൂടെ വന്നുപോകുന്നതു അവർക്കു ശല്യമായി. അപ്പോൾ ഇവർ പറഞ്ഞു: നാം നമ്മുടെ ഓഹരിയിൽ (അടിത്തട്ടിൽ) ഒരു ഓട്ടയുണ്ടാക്കി അതിലൂടെ വെള്ളമെടുക്കുക. അങ്ങനെ നമുക്കു മുകളിലുള്ളവരെ ഉപദ്രവിക്കാതിരിക്കാം. ഈ അവസരത്തിൽ അവരെ അവരുടെ പാട്ടിനു വിട്ടാൽ കപ്പലിലുള്ളവരെല്ലാംതന്നെ നശിക്കും. അവരുടെ കൈക്കു പിടിച്ചാൽ എല്ലാവരും രക്ഷപ്പെടുകയും ചെയ്യും.' (അ; ബു; തി)

(3) പല മാർഗ്ഗങ്ങളിലൂടെയും നിവേദനം ചെയ്യപ്പെട്ടിട്ടുള്ള ഒരു നബി വചനത്തിന്റെ സാരമാണിതു: 'ജനങ്ങൾ അനുസരണക്കേടു പ്രവർത്തിച്ചു (പാപം ചെയ്തു) കൊണ്ടിരിക്കുമ്പോൾ, അവരെക്കാൾ പ്രതാപവും ബലവുമുള്ള ആളുകൾ അവരിൽ ഉണ്ടായിരുന്നിട്ടും അവരെ അതിൽനിന്നു മാറ്റിക്കളയാത്തപക്ഷം, അല്ലാഹു അവരിൽ പൊതുവായ വല്ല ശിക്ഷയും ഇറക്കാതിരിക്കുകയില്ല. (അ; ദാ; ജ) (4) നബി(സ)യുടെ പത്നി ഉമ്മുസൽമ: (റ) പറയുന്നു' നബി (സ) ഇങ്ങിനെ പറയുന്നതു ഞാൻ കേട്ടു: എന്റെ സമുദായത്തിന്റെ അനുസരണക്കേടു പ്രത്യക്ഷ (പരസ്യ) മായിത്തീർന്നാൽ അല്ലാഹു അവന്റെ പക്കൽനിന്നുള്ള വല്ല ശിക്ഷയും അവരിൽ പൊതുവായി ആക്കും'. അപ്പോൾ, ഞാൻ ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ, അവരിൽ സജ്ജനങ്ങളായ ആളുകളുണ്ടായിരിക്കുകയില്ലേ?!' തിരുമേനി പറഞ്ഞു: ഇല്ലാതെ! 'ഞാൻ ചോദിച്ചു: 'അവർ എന്തു ചെയ്യപ്പെടും?' തിരുമേനി പറഞ്ഞു: 'ജനങ്ങൾക്കു ബാധിക്കുന്നതു അവർക്കും ബാധിക്കും. പിന്നീടു, അവർ അല്ലാഹുവിന്റെ പാപമോചനത്തിലേക്കും, പ്രീതിയിലേക്കും ചെന്നുചേരുന്നതാണ്'. (അ) ഈ ആശയത്തിലുള്ള ഹദീസുകൾ വേറെ പലതും കാണാം.

ഇബ്നു അബ്ബാസ് (റ) പറഞ്ഞതായി നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു: 'ഒരു ജനതയിൽ വഞ്ചന പ്രത്യക്ഷമായിക്കഴിഞ്ഞാൽ, അവരുടെ ഹൃദയങ്ങളിൽ അല്ലാഹു ഭീതി ഏർപ്പെടുത്താതിരിക്കയില്ല. ഒരു ജനതയിൽ വ്യഭിചാരം പ്രചാരപ്പെട്ടു കഴിഞ്ഞാൽ, അവരിൽ മരണം അധികരിക്കാതിരിക്കയില്ല. ഒരു ജനത അളത്തവും തൂക്കവും കുറക്കുന്നതായാൽ അവർക്കു ഉപജീവനത്തിനു ഭംഗം നേരിടാതിരിക്കയില്ല. ഒരു ജനത അന്യായമായി വിധി നടത്തിക്കൊണ്ടിരുന്നാൽ അവരിൽ രക്തം (ചിന്തൽ) പ്രചരിക്കാതിരിക്കയില്ല. ഒരു ജനത കരാറു ലംഘനം നടത്തിക്കൊണ്ടിരുന്നാൽ അവരിൽ ശത്രുവെ നിയോഗിക്കപ്പെടാതിരിക്കയില്ല.' (മാലിക്) ഇബ്നുഅബ്ബാസ് (റ)ന്റെ ഈ പ്രസ്താവന അക്ഷരാർത്ഥത്തിൽ തന്നെ പുലർന്നു കൊണ്ടിരിക്കുന്നതു ദീർഘദൃഷ്ടിയും സൽബുദ്ധിയുമുള്ള ഏവർക്കും കാണാവുന്ന ഒരു പരമാർത്ഥമത്രെ. والله المستعان

26. നിങ്ങൾ ഭൂമിയിൽ ബലഹീനരായി ഗണിക്കപ്പെട്ട തുച്ഛം ആളുകളായിരുന്ന സന്ദർഭം നിങ്ങൾ ഓർക്കുകയും ചെയ്യുക. മനുഷ്യർ നിങ്ങളെ റാഞ്ചിക്കൊണ്ടുപോകുമെന്നു നിങ്ങൾ ഭയപ്പെട്ടിരുന്നു; എന്നിട്ട് അവൻ നിങ്ങൾക്കു ആശ്രയം നൽകുകയും, തന്റെ സഹായംകൊണ്ടു നിങ്ങളെ ബലപ്പെടുത്തുകയും ചെയ്തു; നല്ല (വിശിഷ്ട) വസ്തുക്കളിൽനിന്നു നിങ്ങൾക്കു അവൻ ഉപജീവനം നൽകുകയും ചെയ്തു; നിങ്ങൾ നന്ദി കാണിക്കുവാൻവേണ്ടി.

٢٦- وَاذْكُرُوٓا إِذْ أَنتُمْ قَلِيلٌ مُّسْتَضْعَفُونَ فِى الْأَرْضِ تَخَافُونَ أَن يَتَخَطَّفَكُمُ النَّاسُ فَـَٔاوَىٰكُمْ وَأَيَّدَكُم بِنَصْرِهِۦ وَرَزَقَكُم مِّنَ الطَّيِّبَـٰتِ لَعَلَّكُمْ تَشْكُرُونَ

---

26. واذكروا ഓർക്കുകയും ചെയ്യുക إذ أنتم നിങ്ങൾ ആയിരുന്ന സന്ദർഭം قليل അൽപം (കുറച്ചാളുകൾ) مستضعفون ബലഹീനരായി (ദുർബ്ബലരായി) ഗണിക്കപ്പെട്ടവർ في الأرض ഭൂമിയിൽ تخافون നിങ്ങൾ ഭയക്കുന്നു, ഭയപ്പെട്ടുകൊണ്ടു أن يتخطفكم നിങ്ങളെ റാഞ്ചിക്കൊണ്ടുപോകുമെന്നു, പിടിച്ചെടുക്കുമെന്നു الناس മനുഷ്യർ فآواكم എന്നിട്ടു അവൻ നിങ്ങൾക്കു ആശ്രയം (അഭയം-സങ്കേതം) നൽകി وأيدكم നിങ്ങളെ അവൻ ബലപ്പെടുത്തുകയും ചെയ്തു بنصره അവന്റെ സഹായംകൊണ്ടു ورزقكم നിങ്ങൾക്കവൻ (ഉപജീവനം) നൽകുകയും ചെയ്തു من الطيبات നല്ല (വിശിഷ്ട) വസ്തുക്കളിൽനിന്നു لعلكم നിങ്ങളാകുവാൻ, ആയേക്കാം تشكرون നിങ്ങൾ നന്ദി കാണിക്കും.

ആദ്യം, മക്കായിൽ ശത്രുക്കൾക്കിടയിൽ നിന്ദ്യരും ദുർബ്ബലരുമായ ഒരു ചെറിയ ന്യൂനപക്ഷമായി കുറെ കാലം കഴിഞ്ഞുകൂടിയ ശേഷം, മദീനായിൽ സത്യവിശ്വാസികൾക്കു അഭയം നൽകുകയും, സ്വാതന്ത്ര്യ സമാധാനപൂർണ്ണവുമായ ജീവിതം നയിക്കുവാൻ സാധ്യമാക്കുകയും ചെയ്ത അനുഗ്രഹത്തെ ഓർമ്മിപ്പിക്കുകയാണ്. 'സത്യവിശ്വാസികളേ' എന്നു വിളിച്ചുകൊണ്ടു വീണ്ടും അല്ലാഹു ഉപദേശിക്കുന്നു:

يَا أَيُّهَا الَّذِينَ آمَنُوا لَا تَخُونُوا اللَّهَ وَالرَّسُولَ وَتَخُونُوا أَمَانَاتِكُمْ وَأَنتُمْ تَعْلَمُونَ ۝٢٧

27. ഹേ, വിശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവിനെയും, റസൂലിനെയും വഞ്ചിക്കരുത്; നിങ്ങളുടെ 'അമാനത്തു' [നിങ്ങളിൽ വിശ്വസിച്ചേൽപിക്കപ്പെട്ട കാര്യം] കളെ വഞ്ചിക്കുകയും (അരുത്); നിങ്ങൾ അറിഞ്ഞുകൊണ്ടിരിക്കെ.

وَاعْلَمُوا أَنَّمَا أَمْوَالُكُمْ وَأَوْلَادُكُمْ فِتْنَةٌ وَأَنَّ اللَّهَ عِندَهُ أَجْرٌ عَظِيمٌ ۝٢٨

28. നിങ്ങൾ അറിയുകയും ചെയ്യുവിൻ: നിങ്ങളുടെ സ്വത്തുക്കളും, നിങ്ങളുടെ സന്താനങ്ങളും ഒരു പരീക്ഷണം തന്നെയാണെന്ന്; അല്ലാഹുവിന്റെ അടുക്കൽ വമ്പിച്ചതായ പ്രതിഫലമുണ്ടെന്നും.

---

27. يا أيها الذين آمنوا ഹേ വിശ്വസിച്ചവരേ لا تخونوا നിങ്ങൾ വഞ്ചി(ചതി)ക്കരുത് الله അല്ലാഹുവിനെ والرسول റസൂലിനെയും وتخونوا വഞ്ചിക്കുകയും (അരുതു) أماناتكم നിങ്ങളുടെ അമാനത്തുകളെ, വിശ്വസ്ഥതകളെ وأنتم നിങ്ങൾ (ആയിരിക്കെ) تعلمون നിങ്ങൾ അറിയു(മായിരിക്കെ), അറിഞ്ഞുംകൊണ്ടു 28. واعلموا അറിയുകയും ചെയ്യുവിൻ أنما أموالكم നിങ്ങളുടെ സ്വത്തുക്കളാണെന്ന് وأولادكم നിങ്ങളുടെ സന്താനങ്ങളും, മക്കളും فتنة ഒരു പരീക്ഷണം (മാത്രം തന്നെ) وأن الله അല്ലാഹുവാണെന്നും عنده അവന്റെ അടുക്കലുണ്ടു (എന്നും) أجر പ്രതിഫലം, കൂലി عظيم വമ്പിച്ച, മഹത്തായ

അബുലുബാബത്തുൽ അൻസാരീ (റ)യുടെ ഒരു സംഭവത്തെത്തുടർന്നാണു ഈ വചനം അവതരിച്ചതെന്നു ഇമാം സുഹ്‌രീ (റ)യും വേറെ ചിലരും പ്രസ്താവിച്ചതായി ചില രിവായത്തുകളിൽ വന്നിരിക്കുന്നു. സംഭവം ഇപ്രകാരമാണു: ബനൂഖുറൈള്വ: യുദ്ധത്തിൽ യഹൂദികൾ ഉപരോധം ചെയ്യപ്പെട്ടിരുന്ന അവസരത്തിൽ ഒരു മദ്ധ്യസ്ഥ തീരുമാനത്തിനു കീഴടങ്ങുന്നതിനെ സംബന്ധിച്ചു അവരുമായി സംഭാഷണം നടത്തുവാൻ അബൂലുബാബ (റ)യെ തിരുമേനി അവരുടെ അടുക്കലേക്കയച്ചു. അദ്ദേഹം ബനൂഖുറൈള്വയുമായി സഖ്യബന്ധം ഉണ്ടായിരുന്ന ആളായിരുന്നു. തങ്ങൾ എന്തു ചെയ്യണമെന്നു അവർ അദ്ദേഹത്തോടു ആലോചിക്കയുണ്ടായി. അദ്ദേഹം വ്യക്തമായി ഒന്നും പറഞ്ഞില്ലെങ്കിലും കൈകൊണ്ടു കഴുത്തിലേക്കു ആംഗ്യം കാണിച്ചുകൊണ്ടു കൊലയായിരിക്കും അതിന്റെ പര്യവസാനമെന്നു സൂചന നൽകി. അനന്തരം, അല്ലാഹുവിനെയും റസൂലിനെയും വഞ്ചിക്കുകയാണു താൻ ചെയ്തതെന്നു അദ്ദേഹത്തിനു ബോധം വന്നു, താൻ മരണപ്പെടുകയോ, തന്റെ പശ്ചാത്താപം അല്ലാഹു സ്വീകരിക്കുകയോ ചെയ്യുന്നതുവരെ താൻ ഒന്നും കഴിക്കുകയില്ലെന്നു ശപഥം ചെയ്തുകൊണ്ടു പള്ളിയിൽ പോയി ഒരു തൂണിൻമേൽ തന്നെ സ്വയം കെട്ടി ബന്ധിച്ചു. ഏഴു ദിവസം അങ്ങിനെ കഴിഞ്ഞു. അന്നപാനങ്ങൾ ഉപേക്ഷിച്ചതു നിമിത്തം പരവശനായി ബോധം കെട്ടുവീഴുകയായി. പിന്നീടു അല്ലാഹു അദ്ദേഹത്തിന്റെ പശ്ചാത്താപം സ്വീകരിച്ചു. നബി(സ) ആ വിവരം അറിയിച്ചപ്പോൾ, ജനങ്ങൾ അദ്ദേഹത്തെ അനുമോദിക്കുകയും, അദ്ദേഹത്തെ അഴിച്ചുവിടുവാൻ ശ്രമിക്കുകയും ചെയ്തു. പക്ഷേ, അദ്ദേഹം വിസമ്മതിച്ചു. റസൂൽ (സ) തിരുമേനിയല്ലാതെ മറ്റാരും തന്നെ അഴിച്ചുവിടേണ്ടതില്ലെന്നു പറഞ്ഞു. അവസാനം തിരുമേനി തന്നെ അഴിച്ചുവിട്ടു. ഇതാണു സംഭവത്തിന്റെ ചുരുക്കം. വേറെ ചില സംഭവങ്ങളും ഈ വചനങ്ങളുടെ അവതരണ ഹേതുവായി ഉദ്ധരിക്കപ്പെടാറുണ്ട്. അവതരണഹേതു ഏതായിരുന്നാലും ശരി, ഈ വചനങ്ങളിലെ കൽപന എല്ലാവർക്കും ബാധകമാണെന്നുള്ളതിൽ സംശയമോ, അഭിപ്രായ വ്യത്യാസമോ ഇല്ല.

അല്ലാഹുവിന്റെയും, റസൂലിന്റെയും കൽപനാനിർദ്ദേശങ്ങളെ ലംഘിക്കുന്ന എല്ലാ പ്രവൃത്തികളും അവരെ വഞ്ചിക്കലാണെന്നു പറയാമെങ്കിലും, അതു രഹസ്യമായോ, ഉപായരൂപത്തിലോ ആകുമ്പോഴാണു ശരിക്കും വഞ്ചന

ഏല്പിച്ചിരുന്നത്, അല്ലാഹുവിന്റെയും റസൂലിന്റെയും ഭാഗത്തുനിന്നോ, മനുഷ്യരുടെ ഭാഗത്തുനിന്നോ വിശ്വാസപൂർവ്വം ബാധ്യത ഏൽപിക്കപ്പെട്ട എല്ലാതരം കാര്യങ്ങളിലും നടത്തപ്പെടുന്ന കൃത്രിമങ്ങൾ 'അമാനത്തു'കളെ വഞ്ചിക്കലുമാകുന്നു. അല്ലാഹുവിന്റെയും, റസൂലിന്റെയും വചനങ്ങളെ ദുർവ്യാഖ്യാനം ചെയ്യുക, തെളിവു നൽകേണ്ടുന്ന സന്ദർഭങ്ങളിൽ മൗനമവലംബിക്കുക, ആവശ്യം നേരിടുമ്പോൾ യഥാർത്ഥം മറച്ചുവെച്ച് വ്യക്തമാക്കാതെ മൂടിവെക്കുക, അവസരത്തിനൊപ്പിച്ചു ഫത്ഁവ കൊടുക്കുക, സകാത്തിന്റെ കടമകളിൽനിന്നും മറ്റും ഒഴിവാകുവാൻവേണ്ടി ധനം കൃത്രിമക്കൈമാറ്റം നടത്തുക, മറ്റുള്ളവരുടെ ദൃഷ്ടിയിൽപെടാത്തപ്പോൾ നിർബ്ബന്ധാനുഷ്ഠാനങ്ങൾ ഒഴിവാക്കുക. അന്യരുടെ സ്വത്തുക്കളുടെ കൈകാര്യം നടത്തുമ്പോൾ അവർക്കു നഷ്ടം വരുത്തുമാറ് ഇടപാടുകൾ നടത്തുക, സൂക്ഷിക്കുവാൻ ഏറ്റുവാങ്ങിയ വസ്തുക്കളെ മൂടിവെക്കുക, മറ്റുള്ളവരുടെ രഹസ്യ വിവരങ്ങൾ പുറത്തറിയിക്കുക, മുസ്‌ലിംകളുടെ രഹസ്യം അവരുടെ ശത്രുക്കളെ മനസ്സിലാക്കുക എന്നിങ്ങിനെയുള്ള അനേകം കാര്യങ്ങൾ ഈ ഇനത്തിൽ ഉൾപ്പെടുന്നു.

ഒരാൾ ഒരു വർത്തമാനം പറയുമ്പോൾ, അതു പുറമെ ആരെങ്കിലും കേൾക്കുന്നുണ്ടോ എന്നുള്ള ശങ്ക നിമിത്തം അയാൾ തിരിഞ്ഞു നോക്കുന്നപക്ഷം ആ വർത്തമാനം ഒരു 'അമാനത്താ'യിരിക്കും—അഥവാ അതു പിന്നെ പരസ്യമാക്കിക്കൂടാ—എന്നുപോലും ചില ഹദീസുകളിൽ വന്നിട്ടുള്ളതു പ്രസ്താവ്യമാകുന്നു. കപടവിശ്വാസിയുടെ ലക്ഷണം മൂന്നാണെന്നും, വർത്തമാനത്തിൽ കളവു പറയലും, വാഗ്ദത്തം ലംഘിക്കലും, വിശ്വസിച്ചാൽ ചതിക്കലുമാണു ആ മൂന്നു ലക്ഷണങ്ങളെന്നും, അവൻ നോമ്പും നമസ്കാരവും അനുഷ്ഠിക്കുകയും താൻ മുസ്‌ലിമാണെന്നു വാദിക്കുകയും ചെയ്താലും അവൻ കപടവിശ്വാസി തന്നെയാണെന്നും ഹദീസിൽ വന്നിട്ടുള്ളതും പ്രസിദ്ധമത്രെ.

അല്ലാഹു മനുഷ്യനു നൽകിയ വമ്പിച്ച രണ്ടു അനുഗ്രഹങ്ങളാണു സ്വത്തും മക്കളും. രണ്ടിനെയും പാലിക്കുകയും ശാസിക്കുകയും ചെയ്യേണ്ടുന്ന കാര്യങ്ങൾ യഥാവിധി നിർവ്വഹിക്കുന്നപക്ഷം ഇഹത്തിൽ മാത്രമല്ല, പരത്തിലും അവ രണ്ടും വളരെയധികം പ്രയോജനകരമായിരിക്കും. അതേ സമയത്തു മനുഷ്യൻ ചെയ്യുന്ന അക്രമങ്ങളിലും പാപങ്ങളിലും വലിയൊരു ഭാഗവും, സ്വന്തം കടമകൾ നിറവേറ്റാതിരിക്കുന്നതിൽ ഒരു പ്രധാന പങ്കും സ്വന്തം മക്കൾ കാരണമായോ, സ്വത്തു കാരണമായോ ആയിരിക്കുമെന്നതു ഒരു നിത്യസത്യമാണുതാനും. ശ്രദ്ധാപൂർവ്വം രണ്ടും കൈകാര്യം ചെയ്യാത്തപക്ഷം, നേട്ടത്തെക്കാൾ കോട്ടം ലഭിക്കുവാനാണു കൂടുതൽ സാധ്യത. രണ്ടിനോടും മനുഷ്യനുള്ള പ്രേമമാകട്ടെ, ജൻമസിദ്ധവുമാകുന്നു. ആകയാൽ, രണ്ടിന്റെയും ബാഹ്യമായ നൻമയിലും അഭിവൃദ്ധിയിലും അവൻ ഉത്സുകനായിരിക്കുകയും, സ[illegible]നൻമയെക്കുറിച്ചും അവയിൽ അനുവർത്തിക്കപ്പെടേണ്ടുന്ന കടമകളെക്കുറിച്ചു, അശ്രദ്ധനായിത്തീരുകയും ചെയ്യു[illegible] അങ്ങനെ, ആ രണ്ടും നിമിത്തം അവൻ അല്ലാഹുവിങ്കൽ ശിക്ഷക്കു അർഹനായിത്തീരുകയും ചെയ്യും. അതുകൊണ്ടു സ്വത്തും മക്കളും വേണ്ടതുപോലെ കൈകാര്യം ചെയ്തു രണ്ടിന്റെയും നൻമകളുള്ള ഫലം ഉണ്ടായിരിക്കുവാൻ ശ്രമിക്കണമെന്നും, നേരെ മറിച്ചു ദുരുപയോഗപ്പെടുത്തി തിൻമക്കു കാരണമാക്കരുതെന്നും അല്ലാഹു സത്യവിശ്വാസികളെ ഓർമ്മിപ്പിക്കുന്നു. 'നിങ്ങളുടെ സ്വത്തുക്കളും സന്താനങ്ങളും ഒരു പരീക്ഷണം തന്നെയാണെന്നു നിങ്ങൾ അറിഞ്ഞിരിക്കണം' (واعلموا انما اموالكم واولادكم فتنة) എന്നു പറഞ്ഞതിന്റെ താൽപര്യം അതത്രെ. അവ രണ്ടിന്റെയും നന്മയെക്കാൾ നിങ്ങളുടെ പാരത്രികമായ നൻമക്കാണു നിങ്ങൾ പ്രാധാന്യം കൽപിക്കേണ്ടതെന്നും ചൂണ്ടിക്കാട്ടിയിരിക്കുന്നു. (وان الله عنده اجر عظيم)

സൂറത്തുൽ മുനാഫിഖൂനിൽ പറയുന്നു: يا ايها الذين آمنوا لا تلهكم اموالكم - الآية (സാരം: വിശ്വസിച്ചവരേ, നിങ്ങളുടെ സ്വത്തുക്കളാകട്ടെ, മക്കളാകട്ടെ അല്ലാഹുവിന്റെ സ്മരണയിൽ നിന്ന് നിങ്ങളെ അശ്രദ്ധയിലാക്കരുത്. അങ്ങിനെ ആരെങ്കിലും ചെയ്യുന്നപക്ഷം അവരത്രെ നഷ്ടക്കാർ) നബി (സ) പറയുന്നു: 'എന്റെ ദേഹം യാതൊരുവന്റെ കയ്യിലാണോ അവൻ തന്നെ സത്യം! നിങ്ങളിൽ ഒരാൾക്കു അവന്റെ സ്വന്തം ദേഹത്തെയും, അവന്റെ വീട്ടുകാരെയും, അവന്റെ ധനത്തെയും, എല്ലാ മനുഷ്യരെയുംകാൾ അധികം ഇഷ്ടപ്പെട്ടവൻ ഞാനായിത്തീരുന്നതുവരെ അവൻ സത്യവിശ്വാസിയാകുകയില്ല. (ബു: മു)

വിഭാഗം - 4

٢٩- يَا أَيُّهَا الَّذِينَ آمَنُوا إِن تَتَّقُوا اللَّهَ يَجْعَل لَّكُمْ فُرْقَانًا وَيُكَفِّرْ عَنكُمْ سَيِّئَاتِكُمْ وَيَغْفِرْ لَكُمْ

29. ഹേ, വിശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുന്നപക്ഷം, അവൻ നിങ്ങൾക്കു (സത്യാസത്യ) വിവേചനം ഏർപ്പെടുത്തിത്തരുന്നതാണ്; നിങ്ങളുടെ തിന്മകളെ അവൻ മൂടിവെ(ച്ചു മാപ്പാ)ക്കുകയും, നിങ്ങൾക്കു പൊറുത്തു തരുകയും ചെയ്യും.

وَاللَّهُ ذُو الْفَضْلِ الْعَظِيمِ

അല്ലാഹുവാകട്ടെ, മഹത്തായ അനുഗ്രഹം (അഥവാ ഔദാര്യം) ഉള്ളവനാകുന്നു.

---

29. يا أيها الذين آمنوا ഹേ വിശ്വസിച്ചവരേ ان تتقوا നിങ്ങൾ സൂക്ഷിക്കുന്ന പക്ഷം الله അല്ലാഹുവിനെ يجعل അവൻ ആക്കി (ഏർപ്പെടുത്തി)ത്തരും لكم നിങ്ങൾക്കു فرقانا വിവേചനം ويكفر മൂടി (മറച്ചു) വെക്കുകയുംചെയ്യും عنكم നിങ്ങൾക്കു, നിങ്ങളിൽ നിന്നു سيئاتكم നിങ്ങളുടെ തിന്മകളെ ويغفر لكم നിങ്ങൾക്കു പൊറുത്തു തരുകയും ചെയ്യും والله അല്ലാഹുവാകട്ടെ ذو الفضل അനുഗ്രഹം (ഔദാര്യം-ദയവു) ഉള്ളവനാണു العظيم മഹത്തായ, വമ്പിച്ച

സാരം: അല്ലാഹുവിൻെറ വിധിവിലക്കുകൾ പാലിച്ചുകൊണ്ടു അവനെ സൂക്ഷിക്കുന്നപക്ഷം, സത്യാസത്യങ്ങൾ ഇന്നതാണെന്നും, നല്ലതും തീയതും ഏതൊക്കെയാണെന്നും തിരിച്ചറിയുവാനുള്ള മാർഗ്ഗദർശനവും വെളിച്ചവും നൽകി നിങ്ങളെ അവൻ അനുഗ്രഹിക്കുന്നതാണ്. പിന്നെ, സന്ദേഹങ്ങളോ, കുഴപ്പങ്ങളോ തിരിച്ചറിയാതെയോ നിങ്ങൾ നട്ടം തിരിയേണ്ടി വരികയില്ല. നിങ്ങളുടെ പക്കൽ വന്നു പോകുന്ന തെറ്റുകുറ്റങ്ങളെ അവൻ വിട്ടു പൊറുത്തു തരുകയും ചെയ്യും.

وَإِذْ يَمْكُرُ بِكَ الَّذِينَ كَفَرُوا لِيُثْبِتُوكَ أَوْ يَقْتُلُوكَ أَوْ يُخْرِجُوكَ

30. (നബിയേ) അവിശ്വസിച്ചവർ നിന്നെപ്പറ്റി (ഗൂഢ) തന്ത്രം പ്രയോഗിച്ചിരുന്ന (ഗൂഢാലോചന നടത്തിയിരുന്ന) സന്ദർഭം (ഓർക്കുക!) അവർ നിന്നെ (പിടിച്ച്) ബന്ധിക്കുകയോ, അല്ലെങ്കിൽ കൊലപ്പെടുത്തുകയോ, അല്ലെങ്കിൽ നാട്ടിൽ നിന്നു) പുറത്താക്കുകയോ ചെയ്‌വാൻവേണ്ടി

وَيَمْكُرُونَ وَيَمْكُرُ اللَّهُ وَاللَّهُ خَيْرُ الْمَاكِرِينَ

അവർ (ഗൂഢ) തന്ത്രം നടത്തുന്നു; അല്ലാഹുവും (ഗൂഢ) തന്ത്രം നടത്തുന്നു. അല്ലാഹുവാകട്ടെ, (ഗൂഢ) തന്ത്രം നടത്തുന്നവരിൽവെച്ച് ഉത്തമനാകുന്നു.

---

30. واذ يمكر (ഗൂഢ) തന്ത്രം പ്രയോഗിച്ചിരുന്ന സന്ദർഭം بك നിന്നെപ്പറ്റി, നിന്നെക്കൊണ്ടു الذين كفروا അവിശ്വസിച്ചവർ ليثبتوك അവർ നിന്നെ ബന്ധിക്കുവാൻ വേണ്ടി او يقتلوك അല്ലെങ്കിൽ നിന്നെ കൊല്ലു (വധിക്കു)വാൻ او يخرجوك അല്ലെങ്കിൽ നിന്നെ പുറത്താക്കുവാൻ ويمكرون അവർ (ഗൂഢ) തന്ത്രം പ്രയോഗിക്കുന്നു ويمكر الله അല്ലാഹുവും തന്ത്രം പ്രയോഗിക്കുന്നു والله അല്ലാഹുവാകട്ടെ خير الماكرين തന്ത്രം പ്രയോഗിക്കുന്നവരിൽ ഉത്തമനാണ്

നബി (സ) തിരുമേനിക്കു അല്ലാഹു നൽകിയ മഹത്തായ ഒരു അനുഗ്രഹം അനുസ്മരിപ്പിക്കുകയാണ്. ഖുറൈശികളുടെ ഒരു ഗൂഢാലോചനയെത്തുടർന്നാണു നബി (സ)യുടെ മദീന ഹിജ്റയുണ്ടായത്. ആ സംഭവമാണു ഈ വചനത്തിൽ പരാമർശിക്കപ്പെട്ടിരിക്കുന്നത്. പല രിവായത്തുകളിലൂടെയും വന്നിട്ടുള്ള ആ സംഭവത്തിൻെറ രൂപം ചുരുക്കത്തിൽ ഇപ്രകാരമാകുന്നു:—

തിരുമേനിയുടെ പിതൃവ്യൻ അബൂത്വാലിബ് സത്യവിശ്വാസം സ്വീകരിച്ചില്ലെങ്കിലും ഖുറൈശികളിൽ അദ്ദേഹത്തിനുണ്ടായിരുന്ന സ്ഥാനമാനവും, തൻെറ സഹോദര പുത്രനും പോറ്റു മകനുമായിരുന്ന നബി (സ)യോടു

അബൂത്വാലിബുണ്ടായിരുന്ന കാലത്തോളം വാത്സല്യം നിമിത്തം അദ്ദേഹം തിരുമേനിക്ക സഹായം ചെയ്തു വന്നിരുന്നു. അദ്ദേഹത്തിന്റെ മരണശേഷം ശത്രുക്കളുടെ ശത്രുതയും, വീറും വർദ്ധിച്ചു. അതോടുകൂടി മദീനായിൽ നിന്നു ഹജ്ജിനു മക്കയിൽ വന്നിരുന്ന കുറേ ആളുകൾ നബി (സ)യിൽ വിശ്വസിച്ചു തിരിച്ചു പോകുകയും ഉണ്ടായി. മദീനായിൽ ഇസ്‌ലാം പ്രചരിപ്പിക്കുവാനും, അവിടെ ചെല്ലുന്ന മുസ്‌ലിംകളെ സഹായിക്കുവാനും അവർ ബൈഅത്ത് (പ്രതിജ്ഞ) ചെയ്കയും ചെയ്തിരുന്നു. അങ്ങനെ മദീനായിൽ ഇസ്‌ലാം പ്രചരിച്ചു കൊണ്ടിരിക്കുകയും, മുസ്‌ലിംകൾ ക്രമേണ അവിടെ ചെന്നു താമസം പ്രാപിച്ചുകൊണ്ടിരിക്കുകയും ചെയ്തു. ഇതു ഖുറൈശികളെ കൂടുതൽ ക്ഷുഭിതരാക്കി. മേലിൽ മുഹമ്മദിനെ ഇങ്ങിനെ വിട്ടാൽ, തങ്ങളുടെ ഭാവി അപകടത്തിലാണെന്നു അവർ കണ്ടു. ഒരു അവസാന തീരുമാനമെടുക്കുവാൻ തങ്ങളുടെ കാര്യാലോചനാ മന്ദിരമായ ദാറുന്നദ്‌വയിൽ ഖുറൈശീ നേതാക്കൾ ഒരു യോഗം ചേർന്നു. യോഗം തുടങ്ങവെ, താൻ നജ്ദുകാരനാണെന്നും, യോഗത്തിന്റെ ചർച്ചാവിഷയത്തിൽ തനിക്കും ചില അഭിപ്രായങ്ങൾ പറയുവാനുണ്ടെന്നും സ്വയം പരിചയപ്പെടുത്തിക്കൊണ്ടു ഒരു വന്ദ്യവയോധികന്റെ വേഷത്തിൽ ഇബ്‌ലീസും അതിൽ സംബന്ധിക്കയുണ്ടായെന്നും ചില രിവായത്തുകളിൽ കാണുന്നു. ഇതു ശരിയാണെങ്കിൽ, അതിൽ അസാംഗത്യമൊന്നുമില്ലതാനും. വാസ്തവം അല്ലാഹുവിനറിയാം.

മുഹമ്മദിനെ എന്തു ചെയ്യണമെന്നാണു യോഗത്തിന്റെ ആലോചനാ വിഷയം. മരണംവരെ അവനെ ബന്ധനത്തിലാക്കുക എന്നായിരുന്നു ഒരഭിപ്രായം. അങ്ങിനെ ചെയ്താൽ, അവന്റെ ആൾക്കാർ ക്രമേണ സംഘടിച്ചുകൊണ്ടു അവനെ രക്ഷപ്പെടുത്തിയേക്കാമെന്നു പറഞ്ഞു ഈ അഭിപ്രായം തള്ളപ്പെട്ടു. അവനെ രാജ്യത്തുനിന്നു ബഹിഷ്കരിക്കുന്നപക്ഷം, നമുക്ക അവനെക്കൊണ്ടുള്ള ശല്യത്തിൽനിന്നു മോചനം ലഭിക്കുമെന്നായിരുന്നു മറ്റൊരഭിപ്രായം. അങ്ങിനെ ചെയ്താൽ, തന്റെ സംസാരമാധുര്യവും, ജനങ്ങളെ വശീകരിക്കുവാനുള്ള സാമർത്ഥ്യവും കാരണം വിദേശങ്ങളിൽ അവന്റെ മതം പ്രചരിക്കുവാൻ ഇടവരും. അങ്ങനെ കൂടുതൽ ജനസ്വാധീനം നേടി അവൻ നമ്മെ ആക്രമിക്കും എന്നിങ്ങിനെയുള്ള ന്യായത്തിൽ ആ അഭിപ്രായവും തള്ളപ്പെട്ടു. അവസാനത്തെ അഭിപ്രായം—ഇതിന്റെ അവതാരകൻ അബൂജഹ്‌ലായിരുന്നു—ഇതായിരുന്നു: എല്ലാ ഗോത്രത്തിൽനിന്നും കരുത്തനായ ഓരോ യുവാവിനെ തിരഞ്ഞെടുത്ത് അവരെല്ലാവരുംകൂടി ഒപ്പം മുഹമ്മദിനെ വെട്ടിക്കൊല്ലുക. ഇങ്ങിനെ ചെയ്താൽ, അവനെക്കൊണ്ടുള്ള ശല്യം തീരുന്നതിനു പുറമെ, എല്ലാ ഗോത്രക്കാരോടും ഒന്നിച്ച് പ്രതികാര നടപടിക്കൊരുങ്ങുവാൻ അവന്റെ കുടുംബത്തിനു കഴിയാതെ വരുകയും ചെയ്യും. [illegible] പ്രതിക്രിയ ചെയ്യാതെ അവർ തൃപ്തിപ്പെടുകയാണെങ്കിൽ അതു നമ്മുടെ എല്ലാവർക്കും ചേർന്നു [illegible] തീർക്കുകയും ചെയ്യാമല്ലോ. ഈ അഭിപ്രായം സർവ്വസമ്മതമായി അംഗീകരിക്കപ്പെട്ടു. ഒരു രാത്രി തിരുമേനിയുടെ വീടു വളഞ്ഞ് തിരുമേനി പുറത്തിറങ്ങുന്ന അവസരം നോക്കി ഒറ്റയടിക്കു ആ കൃത്യം നടപ്പിൽ വരുത്തുവാനായിരുന്നു പരിപാടി.

ജിബ്‌രീൽ (അ) മുഖേന അല്ലാഹു നബി (സ)ക്ക ഈ വിവരം അറിയിക്കുകയും, ഹിജ്റ പോയിക്കൊള്ളുവാൻ അനുവാദം നൽകുകയും ചെയ്തു. അന്നു രാത്രി, തിരുമേനി സാധാരണ കിടക്കാറുള്ള സ്ഥാനത്ത് അവിടുന്ന് ഉപയോഗിക്കാറുള്ള പുതപ്പും ധരിച്ച് അലി (റ) കിടക്കുവാൻ ഏർപ്പാടു ചെയ്തുകൊണ്ടു നബി (സ) പുറത്തിറങ്ങി. സൂ: യാസീനിലെ 9-ാം വചനം (*) ഓതിക്കൊണ്ടു സശാന്തം അവിടുന്നു വീടുവളഞ്ഞ ശത്രുക്കളുടെ ഇടയിൽകൂടി അവരറിയാതെ സ്ഥലം വിട്ടു നേരെ അബൂബക്കർ (റ) ന്റെ വീട്ടിൽ ചെന്നു. മുൻകൂട്ടി ഒരുക്കി നിറുത്തിയിരുന്ന വാഹനത്തിൽ ഏറിക്കൊണ്ടു രണ്ടുപേരും ഥൗർമല ഗുഹയിൽ പോയി ഒളിച്ചിരുന്നു. നേരം പുലർന്നപ്പോഴാണു ശത്രുക്കൾക്കു തങ്ങളുടെ അമളി മനസ്സിലായത്. അവർ നാലുപാടും ഓടി. വഴിയും തെളിവുമായി. കൂട്ടത്തിൽ ആ ഗുഹാമുഖത്തും എത്തി. പക്ഷേ, ഗുഹാമുഖത്തു എട്ടുകാലി വലകെട്ടിയിരുന്നതു കണ്ടപ്പോൾ, അതിൽ ആരുമില്ലെന്നു സമാധാനിച്ച് അവർ വിട്ടുപോകുകയാണു ചെയ്തത്. മൂന്നാം ദിവസം ഒരു വഴികാട്ടിയോടൊപ്പം തിരുമേനിയും, അബൂബക്കറും (റ) മദീനായിലേക്കു യാത്രതുടരുകയും ചെയ്തു.

അവിശ്വാസികളുടെ ഗൂഢതന്ത്രം കൊണ്ടുദ്ദേശ്യം എന്താണെന്നു ഇതിൽ നിന്നു വ്യക്തമാണല്ലോ. അതിനെതിരെ അല്ലാഹു സ്വീകരിച്ചതും, അവരുടെ ഗൂഢാലോചനയെ പരാജയപ്പെടുത്തിയതുമായ ആ നടപടിയാണു അല്ലാഹുവിന്റെ ഗൂഢതന്ത്രം കൊണ്ടു ഇവിടെ വിവക്ഷ. അന്യർക്കെതിരെ ഗൂഢമായി നടത്തപ്പെടുന്ന സംരംഭങ്ങൾക്കാണു مكر مكر (മക്ർ) എന്ന പറയപ്പെടുന്നത്. അതിനെതിരെ അല്ലാഹു നടപ്പിൽ വരുത്തുന്ന രഹസ്യ നടപടിക്കാണു (അല്ലാഹുവിന്റെ തന്ത്രം) എന്നു പറഞ്ഞത്. അല്ലാഹുവിന്റെ തന്ത്രം ന്യായയുക്തവും, അതിസമർത്ഥവും ആയിരിക്കുമെന്നു പറയേണ്ടതില്ലല്ലോ. അതുകൊണ്ടാണു ഏറ്റവും ഉത്തമനായ തന്ത്രക്കാരൻ (خير الماكرين) എന്ന അല്ലാഹു വിശേഷിപ്പിച്ചു പറഞ്ഞതും.

(*) وجعلنا من بين أيديهم سدا ومن خلفهم سدا എന്നു തുടങ്ങിയ വചനമാണിത്. സാരം ഇതാണ്: അവരുടെ മുമ്പിലും അവരുടെ പിമ്പിലും നാം ഓരോ തടവു ഏർപ്പെടുത്തിയിരിക്കുന്നു. അങ്ങനെ നാം അവരെ മൂടിക്കളഞ്ഞിരിക്കുന്നു; അതിനാൽ അവർ കാണുന്നതല്ല.

31. അവർക്കു [അവിശ്വാസികൾക്കു] നമ്മുടെ ആയത്തു് [ലക്ഷ്യം]കൾ ഓതിക്കൊടുക്കപ്പെടുന്നതായാൽ അവർ പറയും: 'ഞങ്ങൾ കേട്ടു കഴിഞ്ഞു; ഞങ്ങൾ (വേണമെന്നു) ഉദ്ദേശിക്കുന്നതായാൽ ഇതുപോലെ ഞങ്ങളും പറയുക തന്നെ ചെയ്യും. ഇതു പൂർവ്വികൻമാരുടെ പുരാണ കഥകളല്ലാതെ (മറ്റൊന്നും) അല്ല.'

وَإِذَا تُتْلَىٰ عَلَيْهِمْ آيَاتُنَا قَالُوا قَدْ سَمِعْنَا لَوْ نَشَاءُ لَقُلْنَا مِثْلَ هَٰذَا إِنْ هَٰذَا إِلَّا أَسَاطِيرُ الْأَوَّلِينَ ○ -٣١

---

31. وَإِذَا تُتْلَىٰ ഓതിക്കൊടുക്കപ്പെടുന്നതായാൽ عَلَيْهِمْ അവരുടെ മേൽ, അവർക്കു آيَاتُنَا നമ്മുടെ ആയത്തുകൾ قَالُوا അവർ പറയും, പറയുകയായി قَدْ سَمِعْنَا ഞങ്ങൾ കേട്ടിട്ടുണ്ടു, കേട്ടുകഴിഞ്ഞു لَوْ نَشَاءُ ഞങ്ങൾ ഉദ്ദേശിക്കുന്നതായാൽ لَقُلْنَا ഞങ്ങൾ പറയുകതന്നെ ചെയ്തിരുന്നു مِثْلَ هَٰذَا ഇതുപോലെ إِنْ هَٰذَا ഇതല്ല إِلَّا أَسَاطِيرُ പുരാണകഥകൾ (ഐതിഹ്യങ്ങൾ) അല്ലാതെ الْأَوَّلِينَ പൂർവ്വികൻമാരുടെ

നിരക്ഷരത്തിൽ നിന്നും ദുർക്കടമുഷ്ടിയിൽ നിന്നും ബഹിർഗമിക്കുന്ന പരിഹാസവും ധിക്കാരവുമെന്നതിൽ കവിഞ്ഞു അവരുടെ ഈ വാക്കുകൾക്കു അർത്ഥവുമില്ല. അവരുടെ ഹൃദയം എത്രമേൽ കടുത്തു ദുഷിച്ചുപോയിരുന്നെന്നു അല്ലാഹു ചൂണ്ടിക്കാട്ടുന്നതു നോക്കുക:

32. അവർ പറഞ്ഞ സന്ദർഭവും (ഓർക്കുക): 'അല്ലാഹുവേ, ഇതു തന്നെയാണു നിന്റെ പക്കൽ നിന്നുള്ള യഥാർത്ഥ (സത്യ)മെങ്കിൽ, ഞങ്ങളുടെ മേൽ നീ ഒരു കല്ലു (മഴ) വർഷിപ്പിച്ചേക്കുക! അല്ലെങ്കിൽ ഞങ്ങൾക്കു വല്ല വേദനയേറിയ ശിക്ഷയും കൊണ്ടു വരുക!'

وَإِذْ قَالُوا اللَّهُمَّ إِنْ كَانَ هَٰذَا هُوَ الْحَقَّ مِنْ عِنْدِكَ فَأَمْطِرْ عَلَيْنَا حِجَارَةً مِنَ السَّمَاءِ أَوِ ائْتِنَا بِعَذَابٍ أَلِيمٍ ○ -٣٢

---

32. وَإِذْ قَالُوا അവർ പറഞ്ഞ സന്ദർഭവും اللَّهُمَّ അല്ലാഹുവേ إِنْ كَانَ هَٰذَا ഇതാണെങ്കിൽ هُوَ الْحَقَّ ഇതുതന്നെ യഥാർത്ഥം (എങ്കിൽ) مِنْ عِنْدِكَ നിന്റെ പക്കൽനിന്നുള്ള فَأَمْطِرْ എന്നാൽ (മഴ) വർഷിപ്പിക്കുക عَلَيْنَا ഞങ്ങളിൽ, ഞങ്ങൾക്കു حِجَارَةً ഒരു കല്ലു (മഴ) مِنَ السَّمَاءِ ആകാശത്തു നിന്നു أَوِ ائْتِنَا അല്ലെങ്കിൽ ഞങ്ങൾക്കുവാ, തരുക بِعَذَابٍ വല്ല ശിക്ഷയും കൊണ്ടു, ശിക്ഷയെ أَلِيمٍ വേദനയേറിയ

മുഹമ്മദ് പ്രബോധനം ചെയ്യുന്ന ഇതൊക്കെത്തന്നെയാണു നിന്റെ പക്കൽ സത്യ യഥാർത്ഥ്യമെങ്കിൽ, അതിലൊന്നും വിശ്വസിക്കുവാൻ ഞങ്ങൾ തയ്യാറില്ല. കൽമഴ വർഷിപ്പിച്ചോ, മറ്റു വല്ല കഠിന ശിക്ഷയും നൽകിയോ ഞങ്ങളെ ശിക്ഷിച്ചാലും ശരി, ഞങ്ങൾ അതിനു വഴങ്ങുവാൻ പോകുന്നില്ല. എന്നാണല്ലോ ആ മുശ്രിക്കുകൾ പറയുന്നതിന്റെ താൽപര്യം. ധിക്കാരത്തിന്റെ കാഠിന്യവും അവർ സമയം വിധ്വംസിതത്തിന്റെ പാരമ്യവും നോക്കുക! ദുർവാശിയും ധിക്കാരബുദ്ധിയും ഉണ്ടായിച്ചേർന്നാൽ മനുഷ്യൻ എന്തും പ്രവർത്തിക്കുവാൻ മടിക്കയില്ല. 'അവർ പറഞ്ഞു' എന്നതുകൊണ്ടുദ്ദേശ്യം എല്ലാ മുശ്രിക്കുകളും അങ്ങിനെ പറഞ്ഞിരുന്നുവെന്നല്ല. നേതാക്കളും അതിദുഷ്ടൻമാരായ ചിലർ പറയുകയും, മറ്റുള്ളവർ അതേററു പറഞ്ഞുകൊണ്ടിരിക്കുകയും ചെയ്തിരുന്നുവെന്നത്രെ ഉദ്ദേശ്യം.

മുശ്രിക്കുകളെ സംബന്ധിച്ചിടത്തോളം അവർ അല്ലാഹുവിനെ പാടെ നിഷേധിക്കുന്നവരല്ല. അവനോടു മറ്റു ദൈവങ്ങളെ പങ്കുചേർക്കുകയും, ആ അടിസ്ഥാനത്തിലുള്ള പല ദുർന്നടപ്പുകളെയും ആചാരങ്ങളാക്കുകയുമാണവർ ചെയ്യുന്നത്. അതിനെപ്പററി ആക്ഷേപിക്കുന്നതാണു നബി (സ) യുടെയും ഖുർആന്റെയും നേരെയുള്ള അവരുടെ നിഷേധത്തിനും ശത്രുതക്കും കാരണം. എന്നാൽ, നിരീശ്വരനിർമ്മത വാദികളായ ചിലരിൽ നിന്നും ഇത്തരം ധിക്കാര വാക്കുകൾ കേൾക്കപ്പെടാറുണ്ട്. പക്ഷേ, അല്ലാഹു എല്ലാ കാര്യത്തിനും കാലേ അവധിയും നിശ്ച

 തവും വെച്ചിട്ടുണ്ടല്ലോ. (لكل اجل كتاب - الرعد) മനുഷ്യർ പ്രവർത്തിക്കുന്നതിനെല്ലാം അപ്പപ്പോൾ അല്ലാഹു നടപടി എടുക്കുന്നപക്ഷം, ഈ ലോകത്തു ഒരു ജീവിയും ബാക്കിയാകുമായിരുന്നില്ല. എങ്കിലും ഒരു നിർണ്ണയിക്കപ്പെട്ട അവധിവരെ അവൻ അവർക്കു ഒഴിവു കൊടുക്കുകയാണ് ചെയ്യുന്നത്. (35: 45) മുശ്‌രിക്കുകളുടെ ഈ വെല്ലുവിളിക്കു അല്ലാഹു ഇങ്ങിനെ മറുപടി പറയുന്നു:—

33. (നബിയേ) നീ അവരിൽ ഉണ്ടായിരിക്കെ, അവരെ ശിക്ഷിക്കുവാൻ അല്ലാഹു (ഒരുക്കം) ഇല്ല; അവർ പാപമോചനം തേടിക്കൊണ്ടിരിക്കുമ്പോഴും അല്ലാഹു അവരെ ശിക്ഷിക്കുന്നവനല്ല.

٣٣- وَمَا كَانَ اللَّهُ لِيُعَذِّبَهُمْ وَأَنتَ فِيهِمْ وَمَا كَانَ اللَّهُ مُعَذِّبَهُمْ وَهُمْ يَسْتَغْفِرُونَ ○

---

33. وَمَا كَانَ اللَّهُ അല്ലാഹു (ഒരുക്കം-തയ്യാർ) ഇല്ല لِيُعَذِّبَهُمْ അവരെ ശിക്ഷിക്കുവാൻ وَأَنتَ നീ فِيهِمْ അവരിൽ (ഉണ്ടായിരിക്കെ) وَمَا كَانَ اللَّهُ അല്ലാഹു അല്ലതാനും, ആയിരിക്കുകയുമില്ല, ആകുന്നതല്ല مُعَذِّبَهُمْ അവരെ ശിക്ഷിക്കുന്നവൻ وَهُمْ അവർ (ആയിരിക്കെ) يَسْتَغْفِرُونَ അവർ പാപമോചനം (പൊറുതി) തേടിക്കൊണ്ടിരിക്കുന്നു

അവരുടെ ആ പ്രാർത്ഥന—അല്ല, വെല്ലുവിളി—അനുസരിച്ച് അവരെ ഒരു പൊതുശിക്ഷ നൽകി നശിപ്പിക്കുവാൻ അല്ലാഹുവിനു ഒരു പ്രയാസവുമില്ല. പക്ഷേ, രണ്ടു കാര്യങ്ങൾ നിലവിലുള്ളതുകൊണ്ടു അല്ലാഹു അങ്ങിനെ ചെയ്യാതിരിക്കുകയാണ്. ഒന്ന്: നബി (സ) അവർക്കിടയിൽ ജീവിച്ചിരിക്കുന്നുവെന്നുള്ളതും, മറ്റൊന്ന്: അവർ അല്ലാഹുവിനോടു പാപമോചനം തേടാറുണ്ടെന്നുള്ളതും. ഈ രണ്ടു കാര്യങ്ങളും നിലവിലിരിക്കെ പൊതുശിക്ഷ നൽകി അവരെ ശിക്ഷിക്കുന്നതു അല്ലാഹുവിന്റെ നടപടിച്ചട്ടങ്ങൾക്കു നിരക്കാത്തതാണ് എന്നു സാരം.

നിഷേധികളായ ഒരു സമുദായത്തെ പൊതുവെ ബാധിക്കുന്ന വല്ല ശിക്ഷയും സംഭവിക്കുമ്പോൾ, ആ സമുദായത്തിലെ പ്രവാചകനെയും, അദ്ദേഹത്തിൽ വിശ്വസിച്ച വ്യക്തികളെയും മുൻകൂട്ടി രക്ഷപ്പെടുത്തിക്കൊണ്ടേ അല്ലാഹു ശിക്ഷ ഇറക്കാറുള്ളു. ആദ്, ഥമൂദ് മുതലായവരെപ്പോലെ അങ്ങിനെയുള്ള ശിക്ഷക്കു പാത്രമായിത്തീർന്ന സമുദായങ്ങളെല്ലാം തന്നെ ഒരു പ്രത്യേക ജനതയോ സമൂഹമോ ആയിരുന്നു. അതിലെ പ്രവാചകൻ അവരിലേക്കു മാത്രം നിയോഗിക്കപ്പെട്ട ആളുമായിരിക്കും. നബി (സ) തിരുമേനിയാകട്ടെ, കാലാവസാനം വരെയുള്ള ലോകർക്കെല്ലാം അനുഗ്രഹമായി (رحمة للعالمين) അയക്കപ്പെട്ട പ്രവാചകനത്രെ. അവിടുത്തെ പ്രബോധന ദൗത്യങ്ങൾ പൂർണ്ണമായി നിർവ്വഹിക്കപ്പെട്ടു കഴിഞ്ഞിട്ടില്ലതാനും. അഥവാ അതു തുടർന്നുകൊണ്ടിരിക്കുന്നേയുള്ളു. അതുകൊണ്ടു ഈ അവസരത്തിൽ ഒരു പൊതു ശിക്ഷ വഴി അവർ നശിപ്പിക്കപ്പെടുന്നതു അപ്രായോഗികമായിരിക്കുമല്ലോ. നബി (സ) അവരുടെ ഇടയിൽ മക്കായിലായിരുന്നപ്പോൾ അല്ലാഹു അവരെ ശിക്ഷിക്കുമായിരുന്നില്ല. ഇപ്പോൾ നബി (സ)യെ അവർ പുറത്താക്കിയിരിക്കകൊണ്ടു അവരെ ശിക്ഷിച്ചുകൂടായ്കയില്ല എന്ന അർത്ഥത്തിലും ഇവിടെ വ്യാഖ്യാനം നൽകപ്പെട്ടിട്ടുണ്ട്.

അവർ പാപമോചനം തേടിയിരുന്നുവെന്നു പറഞ്ഞതു രണ്ടുമൂന്നു പ്രകാരത്തിൽ വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു. (1) നബി (സ)യും സഹാബികളും മദീനായിലേക്കു ഹിജ്റ പോയിട്ടു പിന്നെയും മക്കായിൽ അങ്ങിങ്ങായി ചില സത്യവിശ്വാസികൾ ബാക്കിയുണ്ടായിരുന്നു. അവരുടെ ദൗർബ്ബല്യം കാരണം ഹിജ്റ പോകുവാൻ കഴിയാതെ ഞെരുങ്ങിക്കൊണ്ടിരിക്കുകയായിരുന്നവർ. 'അവർ പാപമോചനം തേടുന്നു'വെന്നു പറഞ്ഞതു ഇവരെപ്പറ്റിയാണ്. മുശ്‌രിക്കുകളുടെ ഇടയിൽ കഴിഞ്ഞുകൂടുന്ന അവർ അല്ലാഹുവിനോടു പാപമോചനം തേടിക്കൊണ്ടിരിക്കുന്ന സ്ഥിതിക്ക് മക്കാ മുശ്‌രിക്കുകളിൽ അല്ലാഹു പൊതുശിക്ഷ ഇറക്കുകയില്ല എന്നുദ്ദേശ്യം. (2) മുശ്‌രിക്കുകൾ തന്നെയും ചില അവസരങ്ങളിൽ അല്ലാഹുവിനോടു പ്രാർത്ഥിക്കാറുണ്ടായിരുന്നു. അതിനെ ഉദ്ദേശിച്ചാണ്. (3) അവർ പാപമോചനം തേടിക്കൊണ്ടിരിക്കുമ്പോൾ അവരെ ശിക്ഷിക്കുകയില്ല. എന്നാൽ, അവർ പാപമോചനം തേടുന്നില്ലാത്ത സ്ഥിതിക്കു അവരെ ശിക്ഷിച്ചുകൂടാ എന്നില്ല. അടുത്ത വചനത്തിൽ കാണുന്നതുപോലെ, ശിക്ഷക്കു അർഹരാണു അവരെങ്കിലും, അല്ലാഹു അവരെ പെട്ടെന്നു ശിക്ഷിക്കുവാൻ ഉദ്ദേശിക്കുന്നില്ലെന്നേയുള്ളു. വേറെ രൂപത്തിലും ഇതിനു ചില വ്യാഖ്യാനങ്ങൾ നൽകപ്പെട്ടിട്ടുണ്ട്. والله أعلم

34. അല്ലാഹു അവരെ ശിക്ഷിക്കാതിരിക്കുവാൻ എന്താണവർക്കു (ന്യായം) ഉള്ളത്? അവർ 'മസ്ജിദുൽ ഹറാമി' [പരിപാവനമായ പള്ളിയി]ൽ നിന്നു (ആളുകളെ) തടഞ്ഞു കൊണ്ടിരിക്കുന്നുവെന്നിരിക്കെ! (വാസ്തവത്തിൽ) അവർ അതിന്റെ കൈകാര്യകർത്താക്കളല്ലതാനും. അതിന്റെ കൈകാര്യകർത്താക്കൾ (അല്ലാഹുവിനെ) സൂക്ഷിക്കുന്നവരല്ലാതെ (ആരും) അല്ല.

എങ്കിലും, അവരിൽ അധികമാളും അറിയുന്നില്ല.

وَمَا لَهُمْ أَلَّا يُعَذِّبَهُمُ اللَّهُ وَهُمْ يَصُدُّونَ عَنِ الْمَسْجِدِ الْحَرَامِ وَمَا كَانُوا أَوْلِيَاءَهُ ۚ إِنْ أَوْلِيَاؤُهُ إِلَّا الْمُتَّقُونَ -٣٤

وَلَٰكِنَّ أَكْثَرَهُمْ لَا يَعْلَمُونَ ۝

35. (ആ) വീട്ടിലെ [കഅ്ബയുടെ] അടുക്കൽ വെച്ചുള്ള അവരുടെ നമസ്കാരം (അഥവാ പ്രാർത്ഥന) ചൂളംവിളിയും, കൈകൊട്ടുമല്ലാതെ (മറ്റൊന്നും) അല്ല. 'ആകയാൽ (ഹേ, അവിശ്വാസികളേ) നിങ്ങൾ അവിശ്വസിച്ചുകൊണ്ടിരുന്നതു നിമിത്തം, നിങ്ങൾ ശിക്ഷ ആസ്വദിച്ചു കൊള്ളുവിൻ!' [ഇതാണവരോടു പറയുവാനുള്ളത്]

وَمَا كَانَ صَلَاتُهُمْ عِندَ الْبَيْتِ إِلَّا مُكَاءً وَتَصْدِيَةً ۚ فَذُوقُوا الْعَذَابَ بِمَا كُنتُمْ تَكْفُرُونَ ۝ -٣٥

---

34. وَمَا لَهُمْ അവർക്കെന്താണു أَلَّا يُعَذِّبَهُمُ അവരെ ശിക്ഷിക്കുകയില്ലെന്നു, ശിക്ഷിക്കാതിരിക്കുവാൻ اللَّهُ അല്ലാഹു وَهُمْ അവരാകട്ടെ يَصُدُّونَ തടയുന്നു, തടുക്കുന്ന عَنِ الْمَسْجِدِ പള്ളിയിൽനിന്നു الْحَرَامِ അലംഘനീയമായ, പരിപാവനമായ وَمَا كَانُوا അവരായിട്ടുമില്ല, അല്ലതാനും أَوْلِيَاءَهُ അതിന്റെ കാര്യകർത്താക്കൾ, രക്ഷാധികാരികൾ, ബന്ധുക്കൾ إِنْ أَوْلِيَاؤُهُ അതിന്റെ കൈകാര്യകർത്താക്കളല്ല إِلَّا الْمُتَّقُونَ സൂക്ഷിക്കുന്ന (സൂക്ഷ്മത പാലിക്കുന്ന)വരൊഴികെ وَلَٰكِنَّ എങ്കിലും, പക്ഷേ أَكْثَرَهُمْ അവരിലധികവും لَا يَعْلَمُونَ അറിയുന്നില്ല, അവർക്കറിഞ്ഞുകൂടാ 35. وَمَا كَانَ ആയിട്ടുമില്ല, അല്ലതാനും صَلَاتُهُمْ അവരുടെ നമസ്കാരം, പ്രാർത്ഥന عِندَ الْبَيْتِ ആ വീട്ടിനടുക്കൽ إِلَّا مُكَاءً ചൂളംവിളിയല്ലാതെ وَتَصْدِيَةً കൈകൊട്ടും, കൈതട്ടും فَذُوقُوا ആകയാൽ ആസ്വദി(അനുഭവി)ക്കുവിൻ الْعَذَابَ ശിക്ഷയെ بِمَا كُنتُمْ നിങ്ങളായിരിക്കുന്നതുകൊണ്ടു تَكْفُرُونَ നിങ്ങൾ അവിശ്വസിക്കും

الْمَسْجِدِ الْحَرَامِ (മസ്ജിദുൽ ഹറാം) കൊണ്ടുദ്ദേശ്യം കഅ്ബയാകുന്നു. الْبَيْت (ആ വീടു) എന്നു പറഞ്ഞതും അതിനെക്കുറിച്ചു തന്നെ. ഒന്നാമത്തേതിനെപ്പറ്റി 2:144ന്റെയും, രണ്ടാമത്തേതിനെപ്പറ്റി 3:96ന്റെയും വ്യാഖ്യാനത്തിൽ വിവരിച്ചതു ഓർക്കുക.

ഈ വചനങ്ങളുടെ സാരം ഇങ്ങിനെ മനസ്സിലാക്കാം: ആ മുശ്രിക്കുകളെ ശിക്ഷിക്കാതിരിക്കുവാൻ തക്ക ന്യായമൊന്നും അവരുടെ ഭാഗത്തില്ല. ആ സ്ഥിതിക്കു അവരെ ശിക്ഷിക്കുന്നതിനു യാതൊരു പ്രതിബന്ധവും ഇല്ല. അത്രയുമല്ല, ശിക്ഷിക്കത്തക്ക കാരണങ്ങൾ അവരിലുണ്ടു താനും. അല്ലാഹുവിനെ ആരാധിക്കുവാൻവേണ്ടി സ്ഥാപിക്കപ്പെട്ട കഅ്ബയുടെ അടുക്കൽ ചെന്നു അവനെ ആരാധിക്കുവാനും, പ്രാർത്ഥിക്കുവാനും അവർ സത്യവിശ്വാസികളെ അനുവദിക്കുന്നില്ല. നാട്ടിൽ വസിക്കുവാൻപോലും അനുവദിക്കാതെ അവരെ അവർ ബഹിഷ്കരിക്കുകയാണു ചെയ്യുന്നത്. കഅ്ബയുടെ കൈകാര്യവും മേൽനോട്ടവും നടത്തുവാനുള്ള അവകാശം അവർക്കുള്ളതായിരുന്നെങ്കിൽ അതിനൊരു ന്യായമുണ്ടായിരുന്നു. അതും യഥാർത്ഥത്തിൽ അവർക്കില്ല. അല്ലാഹുവിന്റെ ആജ്ഞാനിർദ്ദേശങ്ങൾ പാലിക്കുന്ന സത്യവിശ്വാസികൾക്കേ അതിനവകാശമുള്ളു. (ഇതു സംബന്ധിച്ചു കൂടുതൽ വിവരം അടുത്ത സൂറത്തു 17, 18 വചനങ്ങളിൽ വരുന്നുണ്ട്) പിന്നെ, കഅ്ബയുടെ അടുക്കൽവെച്ച് അവർ ചില ആരാധനകളും പ്രാർത്ഥനകളും നടത്താറുണ്ടെന്നുള്ളതു ശരിയാണ്. പക്ഷേ, പ്രാർത്ഥന അല്ലെങ്കിൽ നമസ്കാരം എന്ന പേരിൽ അവരവിടെ കാട്ടിക്കൂട്ടുന്നതു കേവലം ചൂളംവിളി, കൈകൊട്ടൽ മുതലായ തോന്നിയവാസങ്ങളല്ലാതെ മറ്റൊന്നുമല്ല. അങ്ങനെ, ഏതു നിലക്കും യഥാർത്ഥത്തിൽ അവർ ശിക്ഷക്കു അർഹർ തന്നെ. അതുകൊണ്ടു അവരോടു പറയുവാനുള്ളതു: നിങ്ങളുടെ ഈ അവിശ്വാസം നിമിത്തം നിങ്ങൾ ശിക്ഷക്കു അർഹരാണ്. അതു നിങ്ങൾ അനുഭവിച്ചു കൊള്ളുവിൻ എന്നത്രെ.

ഈ ശിക്ഷകൊണ്ടുദ്ദേശ്യം, ഐഹികമായ ശിക്ഷകളും, പാരത്രികമായ ശിക്ഷകളും ആയിരിക്കാവുന്നതാണ്. ബദ്റിൽ പിണഞ്ഞതു പോലെയുള്ള പരാജയങ്ങളും, മക്കാവിജയത്തോടുകൂടി ശിർക്കിന്റെ മരണവും പ്രതാപവും അവസാനിച്ചതും ഐഹികമായ ശിക്ഷകളാകുന്നു. മരണാനന്തരം അനുഭവിക്കുവാനുള്ള ശിക്ഷകൾ ഇതിനു പുറമെയും. വസ്ത്രങ്ങളഴിച്ചുവെച്ചു നഗ്നരായി, സ്ത്രീയും പുരുഷനും കൂടിക്കലർന്നു കഅ്ബയെ പ്രദക്ഷിണം ('ത്വവാഫു') ചെയ്യൽ അവരുടെ പതിവായിരുന്നു. ആ കൂട്ടത്തിൽ ചൂളംവിളിയും കൈകൊട്ടും കൂടിച്ചേർന്നാലത്തെ പ്രാർത്ഥനാ കർമ്മങ്ങളുടെ സ്ഥിതി എന്തായിരിക്കുമെന്നു ഊഹിക്കാവുന്നതേയുള്ളു. ചില ദേവീ ദേവ വിഗ്രഹങ്ങളുടെ അടുക്കൽവെച്ചു അവയുടെ ആരാധകർക്കിടയിൽ ഇതുപോലെയുള്ള കൂത്താട്ടങ്ങളാം—ആരാധനയുടെയും, പൂജാകർമ്മങ്ങളുടെയും നാമത്തിൽ തന്നെ—പരിഷ്കാരത്തിന്റെയും ഉൽബുദ്ധതയുടെയും കാലമെന്നു വിശേഷിപ്പിക്കപ്പെടുന്ന ഇക്കാലത്തും ബഹുദൈവ വിശ്വാസികളിൽ പതിവുള്ളതാണ്. എന്നിരിക്കെ, ആ പഴയ കാലത്തെ മുശ്രിക്കുകൾ അങ്ങിനെ ചെയ്തിരുന്നതിൽ ആശ്ചര്യത്തിനു അവകാശമെന്തുള്ളു?!

മനുഷ്യനു ചെയ്‌വാനുള്ള പുണ്യകർമ്മങ്ങളിൽ ശാരീരികമായി ഏററവും പ്രധാനപ്പെട്ടതു നമസ്കാരവും പ്രാർത്ഥനയുമാകുന്നു. ധനപരമായി ഏററവും പ്രധാനപ്പെട്ടതു സൽക്കാര്യത്തിൽ അതു ചിലവഴിക്കലുമാണു. മുശ്രിക്കുകളെ സംബന്ധിച്ചിടത്തോളം ആദ്യത്തേതിൽ അവരുടെ നിലയാണു മേൽ കണ്ടതു. രണ്ടാമത്തേതിൽ അവരുടെ നിലയെന്തായിരുന്നുവെന്നു അടുത്ത വചനത്തിൽ അല്ലാഹു ചൂണ്ടിക്കാട്ടുന്നു:—

٣٦- إِنَّ الَّذِينَ كَفَرُوا يُنفِقُونَ أَمْوَالَهُمْ لِيَصُدُّوا عَن سَبِيلِ اللَّهِ ۚ فَسَيُنفِقُونَهَا ثُمَّ تَكُونُ عَلَيْهِمْ حَسْرَةً ثُمَّ يُغْلَبُونَ ۗ وَالَّذِينَ كَفَرُوا إِلَىٰ جَهَنَّمَ يُحْشَرُونَ

36. നിശ്ചയമായും അവിശ്വസിച്ചവർ, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിന്നു (ആളുകളെ) തടയുവാൻ വേണ്ടി തങ്ങളുടെ സ്വത്തുക്കളെ അവർ ചിലവഴിക്കുന്നു. എന്നാൽ, അവരതു ചിലവഴിച്ചുകൊണ്ടിരിക്കും; പിന്നെ, അതവർക്കു ഖേദമായിത്തീരുകയും ചെയ്യും; പിന്നെ (അവസാനം), അവർ ജയിച്ചടക്കപ്പെടുകയും ചെയ്യും. [ഇതാണുണ്ടാകുക] അവിശ്വസിച്ചവരാകട്ടെ, 'ജഹന്നമി' [നരകത്തി]ലേക്കു അവർ ഒരുമിച്ചുകൂട്ടപ്പെടുകയും ചെയ്യുന്നു.

٣٧- لِيَمِيزَ اللَّهُ الْخَبِيثَ مِنَ الطَّيِّبِ وَيَجْعَلَ الْخَبِيثَ بَعْضَهُ عَلَىٰ بَعْضٍ فَيَرْكُمَهُ جَمِيعًا فَيَجْعَلَهُ فِي جَهَنَّمَ ۚ أُولَٰئِكَ هُمُ الْخَاسِرُونَ

37. (നല്ല) ശുദ്ധമായതിൽനിന്ന് (ദുഷിച്ച്) ചീത്തയായതിനെ അല്ലാഹു വേർതിരിക്കുവാൻ വേണ്ടി; (ദുഷിച്ചു) ചീത്തയായതിൽ ചിലതിനെ ചിലതിന്റെ മീതെയാക്കി അതിനെ മുഴുവനും (ഒന്നിച്ച്) അട്ടിയാക്കുവാനും, എന്നിട്ട് 'ജഹന്നമി' [നരകത്തി]ൽ ആക്കുവാനും (വേണ്ടിയാണു അതു). അക്കൂട്ടർ തന്നെയാണു നഷ്ടക്കാർ.

---

36. إِنَّ നിശ്ചയമായും الَّذِينَ كَفَرُوا അവിശ്വസിച്ചവർ يُنفِقُونَ അവർ ചിലവഴിക്കുന്നു أَمْوَالَهُمْ അവരുടെ സ്വത്തുക്കളെ, ധനത്തെ لِيَصُدُّوا അവർ തടയുവാൻവേണ്ടി, തട്ടിക്കളയുവാൻ عَن سَبِيلِ മാർഗ്ഗത്തിൽ നിന്നു اللَّهِ അല്ലാഹുവിന്റെ فَسَيُنفِقُونَهَا എന്നാൽ അവർ അതിനെ ചിലവഴിക്കും ثُمَّ تَكُونُ പിന്നെ അതായിരിക്കും, ആയിത്തീരും عَلَيْهِمْ അവരുടെ മേൽ حَسْرَةً ഖേദം, സങ്കടം ثُمَّ يُغْلَبُونَ പിന്നെ അവർ ജയിച്ചടക്കപ്പെടും, പരാജയപ്പെടും وَالَّذِينَ كَفَرُوا അവിശ്വസിച്ചവരാകട്ടെ إِلَىٰ جَهَنَّمَ ജഹന്നമി(നരകത്തി)ലേക്കു يُحْشَرُونَ അവർ ഒരുമിച്ചു (ശേഖരിച്ചു) കൂട്ടപ്പെടും 37. لِيَمِيزَ വേർതിരിക്കുവാൻ വേണ്ടി اللَّهُ അല്ലാഹു الْخَبِيثَ ചീത്തയെ, ദുഷിച്ചതിനെ مِنَ الطَّيِّبِ നല്ലതിൽ നിന്നു, പരിശുദ്ധമായതിൽനിന്നു وَيَجْعَلَ അവൻ ആക്കുവാനും الْخَبِيثَ ചീത്തയെ بَعْضَهُ അതിൽ ചിലതിനെ عَلَىٰ بَعْضٍ ചിലതിന്റെ മേൽ فَيَرْكُمَهُ എന്നിട്ടതിനെ അട്ടിയാക്കുവാൻ, മേൽക്കുമേൽ ഇടുവാൻ جَمِيعًا മുഴുവൻ, എല്ലാവരെയും فَيَجْعَلَهُ എന്നിട്ടതിനെ ആക്കുവാനും فِي جَهَنَّمَ ജഹന്നമിൽ, നരകത്തിൽ أُولَٰئِكَ هُمُ അക്കൂട്ടർ തന്നെ الْخَاسِرُونَ നഷ്ടപ്പെട്ടവർ

മുശ്‌രിക്കുകളുടെ ആരാധനാ നമസ്കാരം കഴിഞ്ഞ വചനത്തിൽ പ്രസ്താവിച്ചപോലെയായിരുന്നെങ്കിൽ, അവരുടെ ധനം അവർ ചിലവഴിച്ചിരുന്നതിന്റെ സ്ഥിതിയെന്തായിരുന്നുവെന്ന് അല്ലാഹു ചൂണ്ടിക്കാട്ടുന്നു. അല്ലാഹുവിന്റെ മാർഗ്ഗത്തിനെതിരായും, അതിൽ നിന്നു ആളുകളെ തടയുവാനുള്ള സംരംഭങ്ങളിലായുമാണു അവർ വിനിയോഗിച്ചുവന്നത്. മേലിലും അതേ നില അവർ തുടരുകയും ചെയ്യും. ഇതു അവർക്കു ഖേദവും നഷ്ടവുമായിത്തന്നെ കലാശിക്കും. സത്യദീനിനെ പരാജയപ്പെടുത്തി ശിർക്കിന്റെ വാഴ്ച നിലനിറുത്തലാണല്ലോ അവരുടെ ലക്ഷ്യം. ആ ലക്ഷ്യം ഒരിക്കലും സാധിക്കുവാൻ പോകുന്നില്ല. അവസാനം, സത്യവിശ്വാസികൾ അവരെ ജയിച്ചടക്കുകയും, അതോടെ അവരും, അവരുടെ മതവും നാമാവശേഷമാകുകയും ചെയ്യും. അവരുടെ ധനവ്യയംകൊണ്ടു ഈ ലോകത്തു അവർക്കു കൈവരുവാൻ പോകുന്നതും അതാണ്. പരലോകത്താകട്ടെ, നരകശിക്ഷയും.

നല്ലതും പരിശുദ്ധമായതും ഏതാണെന്നും, ചീത്തയും ദുഷിച്ചതും ഏതാണെന്നും പ്രത്യക്ഷത്തിൽ വേർതിരിഞ്ഞു കാണാവതല്ലാത്ത ഈ അവസ്ഥക്കു വിരാമമിട്ടുകൊണ്ടു രണ്ടും വെവ്വേറെ ഉരുത്തിരിഞ്ഞു കാട്ടുവാനാണു അല്ലാഹു ഉദ്ദേശിക്കുന്നത്. രണ്ടും ഒന്നിച്ചു യോജിച്ചു പോകുന്നതല്ല. ഇഹത്തിലും പരത്തിലും അവ വേറിട്ടു നിൽക്കേണ്ടതുണ്ട്. സത്യവിശ്വാസവും അവിശ്വാസവും തമ്മിലും, സത്യവിശ്വാസികളും അവിശ്വാസികളും തമ്മിലും, സത്യമാർഗ്ഗത്തിൽ ധനം ചിലവഴിക്കുന്നതിന്റെ ഫലവും ദുർമ്മാർഗ്ഗത്തിൽ ധനം ചിലവഴിക്കുന്നതിന്റെ ഫലവുമെല്ലാം തന്നെ ഇഹത്തിലും പരത്തിലും വേർതിരിഞ്ഞു കാണേണ്ടതാണ്. അതിനായി അസത്യത്തിന്റെ കക്ഷികളെ തമ്മതമ്മിൽ കൂട്ടിച്ചേർത്തു ഒറ്റക്കെട്ടാക്കി സംഘടിപ്പിച്ച് കൂട്ടത്തോടെ പരാജയപ്പെടുത്തണം. അങ്ങനെ, ഇഹത്തിൽ വെച്ചു രണ്ടു ശക്തികളും വേർതിരിയണം. അതേമാതിരി, കൂട്ടത്തോടെ കുമ്പാരം കൂട്ടിക്കൊണ്ടു അവരെ നരകത്തിൽ ഇട്ടേക്കുകയും ചെയ്യണം. അങ്ങിനെ, പരലോകത്തും വേർതിരിയണം: ഇങ്ങിനെയൊക്കെയാണു അല്ലാഹു ഉദ്ദേശിക്കുന്നത്. അപ്പോൾ, നഷ്ടക്കാരായിത്തീരുന്നതു ദുഷിച്ച കക്ഷി ഏതാണോ അതു തന്നെ.

നല്ലതും ചീത്തയും വേർതിരിയുവാനും, സത്യത്തിന്റെ കക്ഷിയും അസത്യത്തിന്റെ കക്ഷിയും പ്രത്യക്ഷത്തിൽ വകതിരിയുവാനുമാണു ഇരു വിഭാഗവും തമ്മിൽ നടക്കുന്ന സംഘട്ടനങ്ങൾകൊണ്ടു അല്ലാഹു ഉദ്ദേശിക്കുന്നതെന്ന തത്വം ഖുർആന്റെ പല പ്രസ്താവനകളിലും കാണപ്പെടുന്നതാണ്. (3: 141, 8: 166, 167; 3: 179; മുതലായവ നോക്കുക) മരണാനന്തരം ഖിയാമത്തുനാളിലും എല്ലാ രംഗത്തും അവർ വേർതിരിഞ്ഞുകൊണ്ടായിരിക്കും നില കൊള്ളുക എന്നും അല്ലാഹു പലപ്പോഴും പ്രസ്താവിച്ചു കാണാം. (10: 28:30: 14; 36: 59 മുതലായവ നോക്കുക)

ബദ്ർ യുദ്ധത്തിൽ ഖുറൈശികൾക്കു നേരിട്ട വമ്പിച്ച പരാജയത്തെത്തുടർന്നു അവരിലെ ചില പ്രധാനികൾ അബൂസുഫ്‌യാനെ സമീപിച്ചു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ശാമിൽനിന്നു ലാഭം നേടിക്കൊണ്ടു തിരിച്ചു വന്ന വർത്തകസംഘം സുരക്ഷിതമായി മക്കായിൽ എത്തിച്ചേർന്നിരിക്കുകയാണല്ലോ. അതിൽ സംഖ്യ മുടക്കിയിരുന്നവരുടെ ഓഹരികൾ കൊടുത്തു തീർക്കുവാൻ തുടങ്ങിയിരുന്നതുമില്ല. അതിലെ സമ്പത്തു വിനിയോഗിച്ചുകൊണ്ടു മുസ്‌ലിംകളുടെ നേരെ ഒരു തിരിച്ചടി നടത്തി പ്രതികാരം ചെയ്യണമെന്നു അവർ അദ്ദേഹത്തോടപേക്ഷിച്ചു. അബൂസുഫ്‌യാൻ സമ്മതിക്കുകയും ചെയ്തു. അങ്ങിനെ ഉഹ്ദു യുദ്ധമുണ്ടായി. അതിന്റെ നേതൃത്വവും അദ്ദേഹം തന്നെ ഏറ്റെടുത്തു. സ്വയം സന്നദ്ധരല്ലായിരുന്ന പലർക്കും വൻതുകകൾ നൽകിക്കൊണ്ടായിരുന്നു അദ്ദേഹം അതിലേക്കു സൈന്യശേഖരം ചെയ്തതു. ഇതു കാരണമായി പല കുടുംബങ്ങളിൽനിന്നുംകൂടി രണ്ടായിരത്തോളം കൂലിപ്പട്ടാളത്തെയും സൈന്യത്തിൽ ഉൾപ്പെടുത്തുവാൻ അബൂസുഫ്‌യാന്നു കഴിഞ്ഞു. ഇതു സംബന്ധിച്ചാണു ഈ വചനങ്ങൾ അവതരിച്ചതെന്നു മുജാഹിദു, സഈദുബ്നു ജുബൈർ, ഹകം, സുദ്ദീ, ഇബ്നുഇസ്ഹാഖ് (റ) മുതലായവർ പ്രസ്താവിച്ചിരിക്കുന്നു. ബദ്ർ യുദ്ധത്തിൽ സംബന്ധിച്ച സൈന്യങ്ങളുടെ ഭക്ഷണച്ചിലവു വഹിച്ചിരുന്നതു ഖുറൈശികളിലുള്ള പത്തോ പന്ത്രണ്ടോ പ്രമാണികളായിരുന്നു. അവരുടെ വിഷയത്തിലാണിതു അവതരിച്ചതെന്നു കൽബീ, ളഹ്ഹാക്ക്, മുഖാത്തിൽ (റ) എന്നിവരിൽ നിന്നും നിവേദനം ചെയ്യപ്പെടുന്നു. അവതരണഹേതു ഏതായിരുന്നാലും, അതുപോലെ, അല്ലാഹുവിന്റെ മാർഗ്ഗത്തിനെതിരിൽ വിനിയോഗിക്കുന്ന ധനവ്യയങ്ങളുടെയും, അവയുടെ കർത്താക്കളുടെയും സ്ഥിതി വിവരണമാണു ഈ വചനങ്ങളിൽ അടങ്ങിയിരിക്കുന്നതെന്നും. ബദ്റിലും, ഉഹ്ദിലും മുശ്‌രിക്കുകൾ ധനവ്യയം ചെയ്തതു അതിനു മകുടോദാഹരണങ്ങളാണെന്നും വ്യക്തമാകുന്നു. അവതരണ സന്ദർഭം ഏതായിരുന്നാലും ആയത്തുകളിലെ വിധി അതുപോലെയുള്ള എല്ലാ സന്ദർഭത്തിനും ബാധകം തന്നെ.

വിഭാഗം-5

38. അവിശ്വസിച്ചവരോടു നീ പറയുക: 'അവർ വിരമിക്കുന്ന പക്ഷം, മുൻകഴിഞ്ഞുപോയിട്ടുള്ളതു അവർക്കു പൊറുക്കപ്പെടും; അവർ ആവർത്തിക്കുകയാണെങ്കിലോ, പൂർവ്വീകൻമാരുടെ (മേലുണ്ടായ) നടപടിച്ചട്ടം കഴിഞ്ഞുപോയിട്ടുമുണ്ട്. [അതിന്നു ഇവരും വിധേയരാകും]'

٣٨- قُلْ لِلَّذِينَ كَفَرُوا إِنْ يَنْتَهُوا يُغْفَرْ لَهُمْ مَا قَدْ سَلَفَ وَإِنْ يَعُودُوا فَقَدْ مَضَتْ سُنَّتُ الْأَوَّلِينَ ○

---

38. قُلْ പറയുക لِلَّذِينَ كَفَرُوا അവിശ്വസിച്ചവരോടു إِنْ يَنْتَهُوا അവർ വിരമിക്കുന്നപക്ഷം يُغْفَرْ പൊറുക്കപ്പെടും لَهُمْ അവർക്കു مَا قَدْ سَلَفَ മുൻകഴിഞ്ഞുപോയിട്ടുള്ളതു وَإِنْ يَعُودُوا അവർ മടങ്ങി (ആവർത്തിച്ചു) എങ്കിലോ فَقَدْ مَضَتْ എന്നാൽ കഴിഞ്ഞു പോയിട്ടുണ്ട് سُنَّتُ നടപടി, ചട്ടം, പതിവു, മാർഗ്ഗം الْأَوَّلِينَ മുൻഗാമികളുടെ, പൂർവ്വീകൻമാരുടെ

സത്യനിഷേധവും, ദുർവ്വാശിയും ഉപേക്ഷിച്ചു സത്യവിശ്വാസം സ്വീകരിക്കുവാൻ അവർ തയ്യാറാകുന്നപക്ഷം, മുമ്പ് അവർ ചെയ്തുകൂട്ടിയ അക്രമങ്ങളുടെയും പാപങ്ങളുടെയും പേരിൽ അവരോടു നടപടി എടുക്കപ്പെടുകയില്ല. എല്ലാം അവർക്കു പൊറുത്തു കൊടുക്കപ്പെടും. അല്ല, വീണ്ടും ഇതേ നില തുടരുവാനാണു ഉദ്ദേശമെങ്കിൽ, ഇവരെപ്പോലെ മുൻകഴിഞ്ഞ ധിക്കാരികളുടെമേൽ എടുത്ത നടപടി ഇവരുടെമേലും എടുക്കുക തന്നെ ചെയ്യും എന്നു സാരം. അതായതു, സത്യവിശ്വാസികൾക്കു ഇഹത്തിലും പരത്തിലും രക്ഷയും വിജയവും നൽകപ്പെടും. അവിശ്വാസികൾക്കു ഇഹത്തിലും പരത്തിലും ശിക്ഷയും പരാജയവും നൽകപ്പെടുകയും ചെയ്യും.

നബി (സ) പറഞ്ഞതായി ഇബ്നുമസ്ഊദ് (റ) ഉദ്ധരിക്കുന്നു: 'ഇസ്‌ലാം അതിന്റെ മുമ്പുള്ളതിനെ (പാപങ്ങളെ) മുറിച്ചു നീക്കുന്നതാണ്. തൗബ: (പശ്ചാത്താപം) അതിന്റെ മുമ്പുള്ളതിനെയും മുറിച്ചുനീക്കും.' (ബു.) അംറുബ്നുൽ ആസ്വ് (റ) പറയുന്നു: എന്റെ ഹൃദയത്തിൽ അല്ലാഹു ഇസ്‌ലാമിനെ (കുറിച്ചുള്ള വിശ്വാസം) ഏർപ്പെടുത്തിയപ്പോൾ ഞാൻ നബി (സ)യുടെ അടുക്കൽ ചെന്നു. 'അവിടുന്നു കൈനീട്ടുക, ഞാൻ അങ്ങേക്ക് ബൈഅത്തു (പ്രതിജ്ഞ) നൽകാം.' എന്നു ഞാൻ പറഞ്ഞു. തിരുമേനി കൈനീട്ടി. അപ്പോൾ ഞാൻ എന്റെ കൈവലിച്ചു. 'നിനക്കെന്തുപറ്റി?' എന്നു തിരുമേനി ചോദിച്ചു. 'ഞാൻ (ഒരു) നിബന്ധന വെക്കുവാൻ ഉദ്ദേശിക്കുന്നു' എന്നു ഞാൻ പറഞ്ഞു. അപ്പോൾ തിരുമേനി: 'എന്താണു നിബന്ധന?' ഞാൻ പറഞ്ഞു: 'അവിടുന്നു എനിക്കുവേണ്ടി പാപമോചനം തേടുമെന്നു.' അപ്പോൾ തിരുമേനി ഇപ്രകാരം പറഞ്ഞു: 'നിനക്കറിയുകയില്ലേ, ഇസ്‌ലാം അതിന്റെ മുമ്പുള്ളതിനെ പൊളിച്ചു നീക്കുമെന്നും, ഹിജ്റ അതിന്റെ മുമ്പുണ്ടായതിനെ പൊളിച്ചുനീക്കുമെന്നും, ഹജ്ജ് അതിന്റെ മുമ്പുണ്ടായതിനെ പൊളിച്ചുനീക്കുമെന്നും.' (അ: മു)

39. (സത്യവിശ്വാസികളെ) 'ഫിത്ന:' [കുഴപ്പം] ഉണ്ടാകാതിരിക്കുകയും, 'ദീൻ' [മതം] മുഴുവനും അല്ലാഹുവിന് ആയിത്തീരുകയും ചെയ്യുന്നതുവരെ നിങ്ങൾ അവരോടു യുദ്ധം ചെയ്യുവിൻ.

ഇനി, അവർ വിരമിച്ചുവെങ്കിൽ, അവർ പ്രവർത്തിക്കുന്നതിനെപ്പറ്റി നിശ്ചയമായും, അല്ലാഹു കണ്ടറിയുന്നവനാണ്. [പിന്നീട് വേണ്ടതു അവൻ ചെയ്തുകൊള്ളും]

٣٩- وَقَاتِلُوهُمْ حَتَّىٰ لَا تَكُونَ فِتْنَةٌ وَيَكُونَ الدِّينُ كُلُّهُ لِلَّهِ ۚ

فَإِنِ انْتَهَوْا فَإِنَّ اللَّهَ بِمَا يَعْمَلُونَ بَصِيرٌ ○

---

39. وَقَاتِلُوهُمْ അവരോടു യുദ്ധം ചെയ്തുകൊള്ളുവിൻ حَتَّىٰ لَا تَكُونَ ഉണ്ടാകാതിരിക്കുന്നതുവരെ, ഇല്ലാതാകുവോളം فِتْنَةٌ കുഴപ്പം, ഒരു കുഴപ്പവും وَيَكُونَ ആകുന്നതും (വരെ) الدِّينُ മതം كُلُّهُ അതു എല്ലാം (മുഴുവനും) لِلَّهِ അല്ലാഹുവിനു فَإِنِ انْتَهَوْا അവർ വിരമിച്ചെങ്കിൽ, വിട്ടുമാറിയാൽ فَإِنَّ എന്നാൽ നിശ്ചയമായും اللَّهَ അല്ലാഹു بِمَا يَعْمَلُونَ നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി بَصِيرٌ കാണുന്നവനാണു

ഇവ ഇതിനിടക്കുള്ള ഒരു വചനം സൂറത്തുൽ ബഖറഃ 193ൽ മുമ്പു കഴിഞ്ഞുപോയിട്ടുണ്ട്. 'ഫിത്'ന' (കുഴപ്പം) എന്ന വാക്കിന്റെ അർത്ഥങ്ങളെക്കുറിച്ചും, കുഴപ്പം ഇല്ലാതാകുന്നതുവരെ യുദ്ധം ചെയ്യുക എന്നു പറഞ്ഞതിന്റെ ഉദ്ദേശ്യത്തെപ്പററിയും ആ വചനത്തിന്റെ വ്യാഖ്യാനത്തിലും, അതിലെ 191-ാം വചനത്തിന്റെ വ്യാഖ്യാനത്തിലുമായി വേണ്ടത്ര വിവരിച്ചിട്ടുള്ളതുകൊണ്ട് ഇവിടെ കൂടുതൽ വിവരിക്കുന്നില്ല. ശത്രുക്കളുടെ ഭാഗത്തു നിന്നു ഇസ്‌ലാമിനെതിരെ അക്രമ മർദ്ദനങ്ങൾ ഉണ്ടാകാതിരിക്കുകയും, അല്ലാഹുവിന്റെ മതത്തിനു ഭൂമിയിൽ സ്വാതന്ത്ര്യത്തോടെ നിലയിൽ സ്വൈര വിഹാരം കൊള്ളുവാൻ അവസരം ലഭിക്കുകയും ചെയ്യുന്നതുവരെ യുദ്ധത്തിന്റെ ആവശ്യം നിലവിലുണ്ട്. സന്ദർഭം നേരിടുമ്പോൾ അതു നിർവ്വഹിക്കുകതന്നെവേണം എന്നത്രെ അല്ലാഹു പറഞ്ഞതിന്റെ രത്നച്ചുരുക്കം. എന്നല്ലാതെ, ലോകത്തു യാതൊരു തരത്തിലുള്ള കുഴപ്പമോ, അവിശ്വാസമോ ഇല്ലാതെയാകുന്നതുവരെ യുദ്ധം ചെയ്തുകൊണ്ടേ ഇരിക്കണമെന്നല്ല ഉദ്ദേശ്യം. അൽബഖറയിലെ ആയത്തിന്റെ അവസാനം فَإِنِ انتَهَوْا فَلَا عُدْوَانَ إِلَّا عَلَى الظَّالِمِينَ (അവർ വിരമിച്ചാൽ അക്രമികൾക്കെതിരിലല്ലാതെ അതിക്രമം പാടില്ല) എന്നും, ഈ വചനത്തിന്റെ അവസാനം فَإِنِ انتَهَوْا فَإِنَّ اللَّهَ بِمَا يَعْمَلُونَ بَصِيرٌ (അവർ വിരമിച്ചാൽ, അവർ പ്രവർത്തിക്കുന്നതിനെപ്പററി അല്ലാഹു കണ്ടറിയുന്നവനാണ്) എന്നും പറഞ്ഞിരിക്കുന്നതു ശ്രദ്ധേയമാകുന്നു. രണ്ടും തത്വത്തിൽ ഒന്നുതന്നെ. അതായതു അവർ വിരമിക്കുകയും പിന്നീടു അക്രമത്തിനു മുതിരാതിരിക്കുകയും ചെയ്യുന്നപക്ഷം, അവരോടു യുദ്ധമോ, പ്രതികാരമോ പാടില്ല. പിന്നീടു അവരുടെ പ്രവർത്തനങ്ങൾ അല്ലാഹു വീക്ഷിക്കുകയും, വേണ്ടുന്ന നടപടികൾ എടുത്തുകൊള്ളുകയും ചെയ്യുമെന്നു സാരം.

40. അവർ തിരിഞ്ഞുകളഞ്ഞുവെങ്കിലോ, നിങ്ങൾ അറിഞ്ഞുകൊള്ളുക: അല്ലാഹു നിങ്ങളുടെ യജമാനനാണെന്നു. വളരെ നല്ല യജമാനൻ! വളരെ നല്ല സഹായിയും!

٤٠- وَإِن تَوَلَّوْا فَاعْلَمُوا أَنَّ اللَّهَ مَوْلَاكُمْ ۚ نِعْمَ الْمَوْلَىٰ وَنِعْمَ النَّصِيرُ

---

40. وَإِن تَوَلَّوْا അവർ തിരിഞ്ഞുകളഞ്ഞു (ഒഴിഞ്ഞുമാറി) എങ്കിലോ فَاعْلَمُوا എന്നാൽ അറിയുവിൻ أَنَّ اللَّهَ അല്ലാഹു (ആണ്) എന്നു مَوْلَاكُمْ നിങ്ങളുടെ യജമാനൻ (ആണ് എന്നു) نِعْمَ വളരെ (എത്രയോ) നല്ല (വൻ) الْمَوْلَىٰ യജമാനൻ وَنِعْمَ എത്രയോ (വളരെ) നല്ല (വനും) النَّصِيرُ സഹായകൻ.

വിരമിക്കുവാൻ തയ്യാറാകാതെ, അവർ മത്സരത്തിലും കുഴപ്പങ്ങളിലുംതന്നെ നിരതരാകുകയാണെങ്കിൽ, നിങ്ങളെ സഹായിക്കുവാനും നിങ്ങളെ രക്ഷിക്കുവാനും നിങ്ങൾക്കു നിങ്ങളുടെ യജമാനനായ അല്ലാഹു ഉണ്ട്. അതിലപ്പുറം നല്ല ഒരു യജമാനനും സഹായിയും വേറെയില്ലല്ലോ എന്നു സാരം. ഇസ്‌ലാമിന്റെ ശത്രുക്കളുടെ മുമ്പിൽ പിൽക്കാലങ്ങളിൽ മുസ്‌ലിംകൾ മുട്ടുകുത്തേണ്ടി വന്നിട്ടുണ്ടെങ്കിൽ അവരുടെ യജമാനനായ അല്ലാഹുവിനോടുള്ള കടമകൾ പാലിക്കുന്നതിൽ അവർ വരുത്തിയ വീഴ്ചകൊണ്ടു മാത്രമായിരിക്കും അതു എന്നു പറയേണ്ടതില്ല.

ജുസ്ഉ് – 10

41. അറിയുകയും ചെയ്യുവിൻ: നിങ്ങൾ വല്ല വസ്തുവും 'ഗനീമത്തായി' [യുദ്ധ മുതലായി] എടുക്കുന്നതു, അതിനെ അഞ്ചിലൊന്നു അല്ലാഹുവിനും, റസൂലിനും, (റസൂലിന്റെ) അടുത്ത കുടുംബക്കാർക്കും, അനാഥകൾക്കും, സാധുക്കൾ (അഥവാ പാവങ്ങൾ)ക്കും, വഴിപോക്കർക്കുമുള്ളതാണെന്ന്;

٤١- وَاعْلَمُوا أَنَّمَا غَنِمْتُم مِّن شَيْءٍ فَأَنَّ لِلَّهِ خُمُسَهُ وَلِلرَّسُولِ وَلِذِي الْقُرْبَىٰ وَالْيَتَامَىٰ وَالْمَسَاكِينِ وَابْنِ السَّبِيلِ

നിങ്ങൾ അല്ലാഹുവിലും, വിവേചനത്തിന്റെ ദിവസം-(ആ) രണ്ടു കൂട്ടങ്ങൾ പരസ്പരം കണ്ടു (ഏറ്റു) മുട്ടിയ ദിവസം- നമ്മുടെ അടിയാന്റെ മേൽ നാം അവതരിപ്പിച്ചതിലും വിശ്വസിച്ചിരിക്കുന്നുവെങ്കിൽ.

إِن كُنتُمْ آمَنتُم بِاللَّهِ وَمَا أَنزَلْنَا عَلَىٰ عَبْدِنَا يَوْمَ الْفُرْقَانِ يَوْمَ الْتَقَى الْجَمْعَانِ

അല്ലാഹു എല്ലാ കാര്യത്തിനും കഴിവുള്ളവനാകുന്നു.

وَاللَّهُ عَلَىٰ كُلِّ شَيْءٍ قَدِيرٌ ○

---

41. واعلموا അറിയുകയും ചെയ്യുവിൻ أنما യാതൊന്നു (ആണ്) എന്നു غنمتم നിങ്ങൾ ഗനീമത്തു എടുത്ത, യുദ്ധ മുതലായെടുത്ത من شيء വല്ല വസ്തുവെയും فأن لله എന്നാൽ അല്ലാഹുവിനാണെന്ന, അല്ലാഹുവിനുള്ളതെന്നു خمسه അതിന്റെ അഞ്ചിലൊന്നു وللرسول റസൂലിനും ولذي القربى അടുത്ത കുടുംബങ്ങൾക്കും واليتامى അനാഥകൾക്കും والمساكين സാധുക്കൾക്കും, പാവങ്ങൾക്കും وابن السبيل വഴിപോക്കർക്കും إن كنتم നിങ്ങൾ ആകുന്നവെങ്കിൽ آمنتم നിങ്ങൾ വിശ്വസിച്ചിരിക്കുന്ന بالله അല്ലാഹുവിൽ وما انزلنا നാം ഇറക്കിയതിലും على عبدنا നമ്മുടെ അടിയാന്റെ (അടിമയുടെ) മേൽ يوم ദിവസം الفرقان വിവേചനത്തിന്റെ يوم التقى അതായതു കണ്ടുമുട്ടിയ ദിവസം الجمعان രണ്ടു സംഘങ്ങൾ, കൂട്ടങ്ങൾ والله അല്ലാഹു على كل شيء എല്ലാ കാര്യത്തിനും قدير കഴിവുള്ളവനാകുന്നു.

യുദ്ധവേളയിൽ ശത്രുക്കളിൽ നിന്നു പിടിച്ചെടുക്കുന്ന സ്വത്തുക്കൾക്കാണു 'ഗനീമത്തു' (غنيمة) എന്നു പറയുന്നതെന്നും അതിനു 'നഫൽ' (نفل) എന്നും പറയപ്പെടുമെന്നും സൂറത്തിന്റെ ആരംഭത്തിൽവെച്ചു പ്രസ്താവിച്ചുവല്ലോ. 1-ാം:ത്തെ വചനത്തിൽ, ഗനീമത്തിന്റെ ഉടമസ്ഥതയും അവകാശവും അല്ലാഹുവിനും റസൂലിനുമാണെന്നും പറഞ്ഞു. അതിന്റെ വിശദീകരണവും, ഗനീമത്തു ഭാഗിക്കേണ്ടുന്ന വിധവുമാണു ഈ വചനത്തിലുള്ളത്. ആകെയുള്ള സ്വത്തു അഞ്ചായി ഭാഗിച്ച് അതിലൊരു പങ്കു വീണ്ടും അഞ്ചായി ഭാഗിക്കുക. ഈ അഞ്ചിൽ ഒരു ഭാഗം അല്ലാഹുവിനും റസൂലിനുമുള്ളതാണ്. അതായതു, പൊതു ആവശ്യങ്ങളിൽ ചിലവഴിക്കുവാനും, നബി (സ) യുടെ അത്യാവശ്യങ്ങൾക്കു വിനിയോഗിക്കുവാനും വേണ്ടി നബി (സ)ക്ക് പ്രത്യേകം നീക്കിവെക്കേണ്ട താകുന്നു. നബി (സ) യുടെ ശേഷം, അവിടുന്നു ജീവിച്ചിരുന്നപ്പോൾ വിനിയോഗിച്ചിരുന്ന പോലെയുള്ള പൊതു വിഷയങ്ങളിൽ അതു വിനിയോഗിക്കപ്പെടേണ്ടതാകുന്നു. ബാക്കിയുള്ള നാലു പങ്കുകളിൽ ഒന്നു നബി (സ) യുടെ അടുത്ത കുടുംബങ്ങൾക്കുള്ളതാണ്. ബനൂഹാശിം ശാഖയിലും, ബനുമുത്തലിബു ശാഖയിലും പെട്ട കുടുംബങ്ങൾക്കായിരുന്നു തിരുമേനി അതുകൊടുത്തു വന്നിരുന്നത്. കുടുംബബന്ധം നോക്കുമ്പോൾ അബ്ദുശ്ശംസു ശാഖയും, നൗഫൽ ശാഖയും അവരെപ്പോലെയാണെങ്കിലും ഇസ്ലാമിലും ജാഹിലിയ്യത്തിലുമെല്ലാം മേൽ കുടുംബ മായി കഴിഞ്ഞു പോന്നതു ആദ്യഭാഗക്കാരായിരുന്നുവെന്നു നബി (സ) അതിനു കാരണവും വ്യക്തമാക്കിയിരി ക്കുന്നു. (ബു-) ഒരു പങ്കു അനാഥകൾക്കും, ഒന്നു സാധുക്കളും പാവങ്ങളുമായ ആളുകൾക്കും, ഒന്നു സ്വദേശം വിട്ട് പോന്ന് വഴിയാത്രക്കാരായി കഴിയുന്നവർക്കുമാണ്. അനാഥകൾ (اليتامى) എന്നു പറയുന്നതു ആർക്കാണെന്നു മുമ്പു മതിയായി പ്രവേശം വിവരിക്കപ്പെട്ടിട്ടുള്ളതാണ്. സാധുക്കളും വഴിപോക്കരും (المساكين وابن السبيل) കൊണ്ടുള്ള വിവക്ഷ ആരാണെന്ന അടുത്ത സൂറത്തിലെ 60-ാം വചനത്തിന്റെ വിവരണത്തിൽ വരുന്നതുണ്ട്. فأن لله

ഈ അഞ്ചു പങ്കുകളും കഴിച്ച് ബാക്കിയുള്ളത്—അഥവാ ആകെ സ്വത്തിന്റെ അഞ്ചിൽ നാലംശം—യുദ്ധത്തിൽ പങ്കു വഹിച്ചവർക്കു നൽകപ്പെടുന്നതാകുന്നു. എന്നാൽ, ചില പ്രത്യേക പരിതസ്ഥിതികളിൽ, ഈ നാലംശത്തിന്റെ ഏതാനും ഭാഗമോ, മുഴുവൻ ഭാഗവും തന്നെയോ യുദ്ധത്തിൽ നേരിട്ടു പങ്കെടുന്നും വഹിച്ചിട്ടില്ലാത്തവർക്കും, പൊതു ആവശ്യങ്ങൾക്കും നബി (സ) തിരുമേനി വിനിയോഗിക്കുകയുണ്ടായിട്ടുണ്ട്. അതിനാൽ, ഇമാമിന്റെ (ഭരണാധികാരിയുടെ) യുക്തമനുസരിച്ചു ആവശ്യാനുസരണം അതിൽ ഭേദഗതി സ്വീകരിക്കാമെന്നാണു പൊതുവെയുള്ള പണ്ഡിതാഭിപ്രായം. ഗനീമത്തിന്റെ വിതരണത്തെ സംബന്ധിച്ചു ഈ വചനത്തിൽ പ്രസ്താവിച്ചതിന്റെ ഒരു സാമാന്യ വിവരണമാണിത്. വിശദീകരണത്തിന്റെ സ്ഥാനം ഫിഖ്ഹു ഗ്രന്ഥങ്ങളാകകൊണ്ടും, വിശദമായ വിവരണത്തിനു മുതിരുന്ന പക്ഷം അതു അൽപം ദീർഘിച്ചു പോകുന്നതുകൊണ്ടും ഇവിടെ കൂടുതൽ സംസാരിക്കുന്നില്ല.

മേൽകണ്ട പ്രകാരം രോഗികൾ വളരെ കർശനമായ ഒരു നിർബ്ബന്ധ നിയമമാണെന്നും, അങ്ങിനെ രോഗികളെ അതിൽ നിന്നും വല്ലതും എടുത്തു ഉപയോഗിക്കുന്നതു കർശനമായും തടയപ്പെട്ടിട്ടുണ്ടെന്നുമാണ് ...إن كنتم آمنتم بالله (അല്ലാഹുവിലും, നമ്മുടെ അടിയാനു നാം ഇറക്കിയതിലും നിങ്ങൾ വിശ്വസിച്ചിരിക്കുന്നുവെങ്കിൽ) എന്ന വാക്യം കാണിക്കുന്നത്. സഹീഹുൽ ബുഖാരിയിൽ 'അഞ്ചിലൊന്നു കൊടുത്തുതീർക്കൽ സത്യവിശ്വാസത്തിൽ പെട്ടതാണ്', (اداء الخمس من الايمان) എന്ന തലക്കെട്ടിൽ ഒരു അദ്ധ്യായം തന്നെയുണ്ട്. അതിൽ, അബ്ദുൽഖൈസു ഗോത്രത്തിലെ നിവേദക സംഘത്തിനു നബി (സ) നൽകിയ ഉപദേശ നിർദ്ദേശങ്ങളടങ്ങിയ പ്രസിദ്ധ ഹദീസാണു ബുഖാരി (റ) ഉദ്ധരിച്ചിരിക്കുന്നത്. അതിന്റെ ചുരുക്കം ഇപ്രകാരമാകുന്നു: നാലു കാര്യം നബി (സ) അവരോടു കൽപിക്കുകയും, നാലു കാര്യം വിരോധിക്കുകയും ചെയ്തു. പിന്നീടു, സത്യവിശ്വാസം എന്താണെന്നു നിങ്ങൾക്കറിയാമോ എന്നു ചോദിച്ചുകൊണ്ടു അതു വിവരിച്ചു കൊടുന്നു. ആ കൂട്ടത്തിൽ രണ്ടു ശഹാദത്തു കലിമകം, നമസ്കാരം, സകാത്തു എന്നിവയെപ്പറ്റി പറഞ്ഞശേഷം, ഗനീമത്തിന്റെ അഞ്ചിലൊന്നു കൊടുത്തുതീർക്കലും എന്നു തിരുമേനി എണ്ണുകയുണ്ടായി. ഈ ഹദീസും ഇതിന്റെ പ്രാധാന്യം വ്യക്തമാക്കുന്നു. വിവേചനത്തിന്റെ ദിവസം (يوم الفرقان) എന്നും, രണ്ടു കൂട്ടങ്ങൾ കണ്ടുമുട്ടിയ ദിവസം (يوم التقى الجمعان) എന്നും പറഞ്ഞതു ബദ്ർ യുദ്ധ ദിവസത്തെ ഉദ്ദേശിച്ചാകുന്നു. ഈമാന്റെ ചേരിയും, കുഫ്റിന്റെ ചേരിയും ഏറ്റുമുട്ടിയതും, രണ്ടും തമ്മിൽ സ്പഷ്ടമായ വിവേചനം ഉണ്ടായി വന്നതും അന്നാണല്ലോ. അന്നത്തെ ദിവസം നമ്മുടെ അടിയാന്റെ മേൽ നാം ഇറക്കിയതു (...ما انزلنا على عبدنا) എന്നു പറഞ്ഞതിൽ, ഗനീമത്തു സംബന്ധിച്ചും മറ്റും ബദ്ർ യുദ്ധകാലത്തു അവതരിച്ച ഖുർആൻ വചനങ്ങളും, മറ്റുള്ള ദിവ്യസന്ദേശങ്ങളും ഉൾപ്പെടുന്നു. والله أعلم

إِذْ أَنتُم بِالْعُدْوَةِ الدُّنْيَا وَهُم بِالْعُدْوَةِ الْقُصْوَىٰ وَالرَّكْبُ أَسْفَلَ مِنكُمْ ۚ وَلَوْ تَوَاعَدتُّمْ لَاخْتَلَفْتُمْ فِي الْمِيعَادِ ۙ وَلَٰكِن لِّيَقْضِيَ اللَّهُ أَمْرًا كَانَ مَفْعُولًا لِّيَهْلِكَ مَنْ هَلَكَ عَن بَيِّنَةٍ وَيَحْيَىٰ مَنْ حَيَّ عَن بَيِّنَةٍ ۗ وَإِنَّ اللَّهَ لَسَمِيعٌ عَلِيمٌ

42. അതായതു, നിങ്ങൾ താഴ്വരയുടെ അടുത്തതായ പാർശ്വത്തിലും, അവർ അകന്നതായ പാർശ്വത്തിലും ആയിരുന്ന സന്ദർഭം; വാഹന സംഘമാകട്ടെ, നിങ്ങളിൽ നിന്നു കൂടുതൽ താഴെയും.

നിങ്ങൾ അന്യോന്യം നിശ്ചയം ചെയ്തിരുന്നുവെങ്കിൽ (ആ) നിശ്ചയത്തിൽ നിങ്ങൾ ഭിന്നിച്ചു പോകുക തന്നെ ചെയ്യുമായിരുന്നു. എങ്കിലും പ്രാവർത്തികമാക്കേണ്ടിയിരുന്ന ഒരു കാര്യം അല്ലാഹു നിർവ്വഹിക്കുവാൻ വേണ്ടിയാണ് (അങ്ങിനെ ചെയ്തത്).

(അതെ) നശിച്ചവർ വ്യക്തമായ തെളിവോടെ നശിക്കുവാനും, ജീവിച്ചവർ വ്യക്തമായ തെളിവോടെ ജീവിക്കുവാനും വേണ്ടി. നിശ്ചയമായും, അല്ലാഹു (എല്ലാം) കേൾക്കുന്നവനും, അറിയുന്നവനും തന്നെ.

---

42. إذ أنتم നിങ്ങൾ ആയിരുന്ന സന്ദർഭം بالعدوة താഴ്വരയുടെ ഭാഗത്തു (പാർശ്വത്തിൽ–ഓരത്തിൽ) الدنيا അധികം അടുത്തതായ, അണഞ്ഞതായ وهم അവരോ, അവരാകട്ടെ بالعدوة താഴ്വരയുടെ പാർശ്വത്തിലും (ഭാഗത്തിലും) القصوى അകന്നതായ, ദൂരെയുള്ള والركب വാഹനസംഘമാകട്ടെ أسفل منكم നിങ്ങളിൽ നിന്നു അധികം (വളരെ–കൂടുതൽ) താഴെയും ولو تواعدتم നിങ്ങൾ അന്യോന്യം വാഗ്ദത്തം നടത്തി (പറഞ്ഞുറച്ചു–നിശ്ചയിച്ചു വെച്ചു–നിശ്ചയം ചെയ്തു) ഇരുന്നെങ്കിൽ لاختلفتم നിങ്ങൾ ഭിന്നിക്കുക (വ്യത്യാസം ചെയ്യുക) തന്നെ ചെയ്യുമായിരുന്നു في الميعاد നിശ്ചിത സമയത്തിൽ, നിശ്ചിത സ്ഥലത്തിൽ, നിശ്ചയത്തിൽ, കരാറിൽ ولكن എങ്കിലും, പക്ഷെ ليقضي തീരുമാനിക്കുവാൻ, നിർവ്വഹിക്കുവാൻ الله അല്ലാഹു أمرا ഒരു കാര്യം كان ആയിരിക്കുന്ന مفعولا പ്രാവർത്തികമാക്കേണ്ടത് ليهلك നശിക്കുവാൻവേണ്ടി من هلك നശിച്ച(നശിക്കുന്ന)വർ عن بينة (വ്യക്തമായ) തെളിവോടുകൂടി ويحيى ജീവിക്കുവാനും من حي ജീവിച്ച(ജീവിക്കുന്ന)വർ عن بينة തെളിവോടെ وإن الله നിശ്ചയമായും അല്ലാഹു لسميع കേൾക്കുന്നവൻ തന്നെ عليم അറിയുന്നവൻ (നും)

മുസ്‌ലിംകളും, മുശ്‌രിക്കുകളും ബദ്‌റിൽ താവളമടിച്ച സ്ഥാനങ്ങളാണു അല്ലാഹു ചൂണ്ടിക്കാട്ടുന്നത്. ബദ്‌റിലെ വിശാലമായ താഴ്‌വരയുടെ അടുത്ത ഒരു ഭാഗത്തു (പാർശ്വത്തിൽ) മുസ്‌ലിംകളും, അകലെയുള്ള മറേറ ഭാഗത്തിൽ മുശ്‌രിക്കുകളുമായിരുന്നു ഇറങ്ങിയത്. മദീനായിൽ നിന്നുവരുന്നവരെ അപേക്ഷിച്ചാണു അടുത്ത ഭാഗമെന്നും അകന്നതെന്നും അതിനെ വിശേഷിപ്പിച്ചിരിക്കുന്നത്. മക്കായിൽ നിന്ന് വരുന്നവരെ അപേക്ഷിക്കുമ്പോൾ നേരെ മറിച്ചുമായിരിക്കും. നബി (സ) യും സഹാബികളും തങ്ങളുടെ നേരെ പുറപ്പെടുന്നുണ്ടെന്നു അബൂസുഫ്‌യാൻ മനസ്സിലാക്കിയപ്പോൾ, നേരെയുള്ള തങ്ങളുടെ യാത്രാ മാർഗ്ഗം മാറ്റി മുമ്പു പറഞ്ഞതുപോലെ, ചെങ്കടൽ തീരപ്രദേശങ്ങളിലൂടെ നീങ്ങി രക്ഷപ്പെടുകയാണുണ്ടായത്. അവരെക്കുറിച്ചാണു വാഹന സംഘം നിങ്ങളിൽ നിന്നു അധികം താഴെയുമായിരുന്നു. (وَالرَّكْبُ أَسْفَلَ مِنكُمْ) എന്നു പറഞ്ഞതു. കടലോരം എപ്പോഴും താണപ്രദേശമായിരിക്കുമല്ലോ. ഈ മൂന്നു സ്ഥാനങ്ങളും ഇവിടെ എടുത്തു പറഞ്ഞതിലടങ്ങിയ സൂചനകളും ഇവയാണ്:

മുസ്‌ലിംകൾ ഇറങ്ങിയ സ്ഥലത്തു വെള്ള സൗകര്യം ഇല്ല. നിലമാണെങ്കിൽ മണ്ണാകട്ടെ, അതിൽ കാലടികൾ ഉറക്കാത്ത വിധം പൂന്തിപ്പോകുന്ന മണൽ പൂഴിയും. ശത്രുക്കളുടെ നിലയാകട്ടെ ഇതിനു നേരെ മറിച്ച്. അവർ ഇറങ്ങിയ സ്ഥലത്തു നീരുറവുകളുണ്ട്. മണ്ണു ഉറപ്പുള്ളതുമായിരുന്നു. (പിന്നീടു 11-ാം വചനത്തിൽ കണ്ടതുപോലെ മഴ വർഷിച്ചപ്പോൾ സ്ഥിതിഗതികൾ നേരെ മറിച്ചായെങ്കിലും.) കൂടാതെ, രാസീ (റ) ചൂണ്ടിക്കാട്ടിയതുപോലെ അബൂസുഫ്‌യാന്റെ വർത്തക സംഘത്തിൽ നിന്നും സഹായങ്ങൾ തങ്ങൾക്കു വന്നു കിട്ടിയേക്കുമെന്നുള്ള പ്രതീക്ഷയും അവർക്കുണ്ടായിരുന്നു. ആ പ്രതീക്ഷയും, യഥാർത്ഥത്തിൽ ശത്രുക്കൾക്കു മനോധൈര്യം നൽകുന്നതാണല്ലോ. എല്ലാറ്റിനും പുറമെ, ഇരുകൂട്ടരുടെയും എണ്ണക്കൂടുതലും ആയുധക്കൂടുതലും തമ്മിൽ അജഗജാന്തരവും. ഈ പരിതസ്ഥിതിയിൽ മുസ്‌ലിംകൾക്കു വമ്പിച്ച വിജയമായി യുദ്ധം കലാശിപ്പിച്ചതു അല്ലാഹുവിന്റെ പ്രത്യേക അനുഗ്രഹം കൊണ്ടാണെന്നു പറയേണ്ടതില്ലല്ലോ.

നിങ്ങളും അവരും തമ്മിൽ മുൻകൂട്ടി [illegible] നിശ്ചയിച്ചു വെച്ച ഒരു യുദ്ധമായിരുന്നു ഇതെങ്കിൽ [illegible] ആ നിശ്ചയത്തിൽ നിന്നു പിൻമാറി [illegible] തന്നെ ചെയ്യുമായിരുന്നു. പക്ഷേ, അല്ലാഹു പ്രവർത്തനത്തിൽ വരുത്തുവാൻ ഉദ്ദേശിച്ച ഒരു കാര്യം—ഇസ്‌ലാമിനു വിജയവും കുഫ്‌റിനു പരാജയവും [illegible] കാര്യം—നടപ്പിൽ വരുത്തുവാൻ [illegible] നിലയിൽ [illegible] അല്ലാഹു ഏർപ്പാടു ചെയ്തത്. അതെ, [illegible] അവിശ്വാസികൾക്കു [illegible] സത്യവിശ്വാസത്തിന്റെ ചൈതന്യത്തിൽ ജീവിക്കുന്ന സത്യവിശ്വാസികൾക്കു അല്ലാഹുവിന്റെ സഹായമുണ്ടെന്നുള്ളതിനു ഇതിൽ വ്യക്തമായ തെളിവുണ്ടല്ലോ. എന്നൊക്കെയാണു പിന്നീടു പറഞ്ഞതിലെ ആശയങ്ങളുടെ ചുരുക്കം.

الرَّكْبُ (വാഹനസംഘം) കൊണ്ടുദ്ദേശ്യം അബൂസുഫ്‌യാന്റെ വർത്തക സംഘമത്രെ. أَسْفَلَ مِنكُمْ (നിങ്ങളിൽ നിന്നു അധികം താഴെയായിരുന്നു) എന്നു പറഞ്ഞതിന്റെ ഉദ്ദേശ്യം അവർ കടലോര പ്രദേശത്തായിരുന്നുവെന്നാകുന്നു. അക്ഷരങ്ങളിലും വാക്കുകളിലും വ്യത്യാസം കാണാമെങ്കിലും മുഫസ്സിറുകൾ വ്യാഖ്യാതാക്കൾക്കിടയിൽ ഈ വിഷയത്തിൽ അഭിപ്രായവ്യത്യാസമില്ല. വർത്തക സംഘം അബൂജഹ്‌ലിന്റെ പട്ടാള സംഘവുമായി ബന്ധപ്പെടാതെ കടലോര പ്രദേശങ്ങളിൽ കൂടി യാത്ര ചെയ്യുകയാണെങ്കിലും—[illegible] സ്ഥിതികൾ പരസ്പരം അറിയാതെ—വർത്തക സംഘത്തിൽ നിന്നു തങ്ങൾക്കു സഹായം എത്തിച്ചേക്കുമെന്നുള്ള സൽപ്രതീക്ഷ പട്ടാള സംഘത്തിനുണ്ടായിരുന്നു.

وَالرَّكْبُ أَسْفَلَ مِنكُمْ (വാഹനസംഘം നിങ്ങളിൽ നിന്നു അധികം താഴെയുമാണ്) എന്ന വാക്യത്തിന്റെ വ്യാഖ്യാനത്തിൽ മുജാഹിദു (റ) പ്രസ്താവിച്ചതായി ഇബ്‌നു ജരീർ (റ) ഇതിനെ ഉദ്ധരിക്കുന്നു: അവർ മക്കായിൽ നിന്നു വരുകയായിരുന്നു. അതു (വാഹനസംഘം) അബൂസുഫ്‌യാനും കൂട്ടരുമാകുന്നു. [illegible] മുഹമ്മദു (സ) ഖുറൈശീ കാഫിറുകളെ (പട്ടാള സംഘത്തെ)പ്പറ്റിയോ, ബദ്‌റിലുള്ളവരെപ്പറ്റി അറിഞ്ഞിരുന്നില്ല. ഖുറൈശീ കാഫിറുകൾ മുഹമ്മദു (സ)യെയും ആളുകളെയും കുറിച്ചും അറിഞ്ഞിരുന്നില്ല. [illegible] നബി (സ)യും, അങ്ങനെ, രണ്ടു കൂട്ടരും [illegible] വെള്ളത്തിൽ നിന്നു വെള്ളം ശേഖരിക്കുവാൻ ചെന്നപ്പോഴാണു [illegible] കൂട്ടരും, അബൂജഹ്‌ലിന്റെ കൂട്ടരും [illegible] ഇബ്‌നു അബ്ബാസ് (റ) പറഞ്ഞതായും ഇബ്‌നു ജരീർ (റ) [illegible] വിശദവും മററ വിവരങ്ങൾ [illegible] രിച്ചിരിക്കുന്നു.

[illegible] ചൂണ്ടിക്കാട്ടിയതുപോലെ—നബി (സ)യും സഹാബികളും വർത്തക സംഘത്തെ [illegible] ഉദ്ദേശിച്ചുകൊണ്ടായിരുന്നു. മദീനയിൽ [illegible] ഉദ്ദേശിച്ചുകൊണ്ടാണെന്നും. യുദ്ധത്തിൽ [illegible]

[illegible] അവിടെ ആവശ്യത്തിനു തയ്യാറുണ്ടായിരുന്ന [illegible] ചിത്രവുമുണ്ടാക്കുവാൻ (ത്രമിക്കാറുള്ള ചിലർ [illegible] ചെയ്തുകാണാം. ഇത്‌ഹേം ഇതു [illegible] ولأن العير كانوا خلف ظهورهم وكانوا يرتقبون مجيء المدد من العير اليهم ساعة وساعة (കള്ള [illegible] അവരിൽ നിന്നു തങ്ങൾക്കു സഹായം വന്നെത്തുമെന്നു അവരാ [illegible] (പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയായിരുന്നു) അങ്ങിനെ അവർക്കൊരു (പ്രതീക്ഷയുണ്ടായി [illegible]—[illegible] അവർക്കു സഹായം എത്തിച്ചുകൊടുത്തിരുന്നുവെന്നോ, അതിനു തക്കവിധം [illegible] അവരുടെ പിന്നിൽ [illegible] സ്ഥിതിചെയ്തിരുന്നുവെന്നോ അല്ല—റാസി (റ) ഇതുകൊണ്ടു ഉദ്ദേശിക്കുന്നതെന്നു വ്യക്തമാണ്. കാരണം, والركب أسفل منكم (വാഹനസംഘം നിങ്ങളിൽ നിന്നു അധികം താഴെയാണു) എന്ന വാക്യത്തിനു മറ്റുള്ള മുഫസ്സിറുകൾ വ്യാഖ്യാനക്കളെപ്പോലെത്തന്നെ റാസി (റ)യും നൽകിയ വ്യാഖ്യാനം. ഇതാണ്: في موضع اسفل منكم الى ساحل البحر (നിങ്ങളിൽ നിന്നും കടൽതീരത്തിലേക്കു കൂടുതൽ താണു കിടക്കുന്ന സ്ഥലത്താണവർ) ചുരുക്കിപ്പറഞ്ഞാൽ, അങ്ങിനെ ഒരു പ്രതീക്ഷ പട്ടാള സംഘത്തിനുണ്ടായിരുന്നു—പ്രതീക്ഷപോലെ അതു യഥാർത്ഥത്തിൽ സംഭവിച്ചതുമില്ല—എന്നല്ലാതെ അതിൽ കവിഞ്ഞൊന്നും റാസി (റ)യുടെ ആ വാചകത്തിനു അർത്ഥം നൽകുവാൻ സാദ്ധ്യമല്ല. അല്ലാഹു വീണ്ടും പറയുന്നു:—

٤٣- إِذْ يُرِيكَهُمُ اللَّهُ فِي مَنَامِكَ قَلِيلًا

43. (നബിയേ) നിന്റെ ഉറക്കിൽ [സ്വപ്നത്തിൽ] അവരെ കുറച്ചായി അല്ലാഹു നിനക്കു കാണിച്ചുതന്നിരുന്ന സന്ദർഭം (ഓർക്കുക.)

وَلَوْ أَرَاكَهُمْ كَثِيرًا لَفَشِلْتُمْ وَلَتَنَازَعْتُمْ فِي الْأَمْرِ وَلَٰكِنَّ اللَّهَ سَلَّمَ إِنَّهُ عَلِيمٌ بِذَاتِ الصُّدُورِ

അവരെ അധികമായി നിനക്കു അവൻ കാണിച്ചു തന്നിരുന്നെങ്കിൽ, നിങ്ങൾ ഭീരുത്വം കാണിക്കുകയും, കാര്യത്തിൽ പരസ്പരം ഭിന്നിക്കുകയുംതന്നെ ചെയ്യുമായിരുന്നു. എങ്കിലും അല്ലാഹു (അതിൽ നിന്നും) രക്ഷിച്ചു.

നിശ്ചയമായും, അവൻ നെഞ്ചു [ഹൃദയം] കളിലുള്ളതിനെപ്പററി അറിയുന്നവനാകുന്നു.

٤٤- وَإِذْ يُرِيكُمُوهُمْ إِذِ الْتَقَيْتُمْ فِي أَعْيُنِكُمْ قَلِيلًا وَيُقَلِّلُكُمْ فِي أَعْيُنِهِمْ لِيَقْضِيَ اللَّهُ أَمْرًا كَانَ مَفْعُولًا وَإِلَى اللَّهِ تُرْجَعُ الْأُمُورُ

44. നിങ്ങൾ (പരസ്പരം) കണ്ടുമുട്ടിയപ്പോൾ, നിങ്ങളുടെ കണ്ണുകളിൽ [കാഴ്ചയിൽ] അവരെ കുറച്ച് അവൻ നിങ്ങൾക്കു കാണിച്ചു തന്ന സന്ദർഭവും (ഓർക്കുക): അവരുടെ കണ്ണുകളിൽ [കാഴ്ചയിൽ] നിങ്ങളെയും അവൻ കുറച്ചു (കാട്ടി) യിരുന്നു; (അതെ) പ്രാവർത്തികമാക്കേണ്ടിയിരുന്ന ഒരു കാര്യം അല്ലാഹു നിർവ്വഹിക്കുവാൻ വേണ്ടി(യാണത്).

അല്ലാഹുവിങ്കലേക്കത്രെ കാര്യങ്ങൾ മടക്കപ്പെടുന്നത്.

---

43. إذ يريكهم അവരെ നിനക്ക കാട്ടി(കാണിച്ചു)തന്നിരുന്ന സന്ദർഭം الله അല്ലാഹു في منامك നിന്റെ ഉറക്കുവേളയിൽ, ഉറക്കിൽ (സ്വപ്നത്തിൽ) قليلا കുറച്ചായി, അൽപമായി ولو أراكهم നിനക്കവൻ കാണിച്ചു തന്നിരുന്നെങ്കിൽ هم അവരെ كثيرا അധികമായി, വളരെയായി لفشلتم നിങ്ങൾ ഭീരുത്വം കാണിക്കുക തന്നെ ചെയ്തിരുന്നു ولتنازعتم നിങ്ങൾ ഭിന്നിക്കുക (പിണങ്ങുക)യും ചെയ്തിരുന്നു في الأمر കാര്യത്തിൽ ولكن الله എങ്കിലും (പക്ഷേ) അല്ലാഹു سلم രക്ഷപ്പെടുത്തി إنه عليم നിശ്ചയമായും അവൻ അറിയുന്നവനാണു بذات الصدور നെഞ്ചുകളിലുള്ളതിനെ (മനസ്സിലുള്ളതിനെ) പ്പററി

44. وإذ يريكموهم നിങ്ങൾക്കു അവരെ അവൻകാട്ടിത്തന്നിരുന്ന സന്ദർഭവും إذ التقيتم നിങ്ങൾ കണ്ടുമുട്ടിയപ്പോൾ (പരസ്പരം കണ്ടപ്പോൾ) في أعينكم നിങ്ങളുടെ കണ്ണുകളിൽ قليلا കുറച്ചായി, അൽപമായി ويقللكم നിങ്ങളെകുറച്ചു കാട്ടുകയും ചെയ്തിരുന്നു في أعينهم അവരുടെ കണ്ണുകളിൽ ليقضي നിർവ്വഹിക്കുവാൻ വേണ്ടി الله അല്ലാഹു أمرا ഒരു കാര്യത്തെ كان അതായിരുന്ന مفعولا ചെയ്യപ്പെട്ടതു, പ്രാവർത്തികമാക്കേണ്ടത് وإلى الله അല്ലാഹുവിങ്കലേക്കത്രെ ترجع മടക്കപ്പെടുക الأمور കാര്യങ്ങൾ.

അങ്ങിനെയാണ് എത്രയോ ശക്തമായ ആ പട്ടാള സംഘത്തോടു ഏറ്റുമുട്ടുവാൻ ധൈര്യവും വീര്യവും നൽകി മുസ്‌ലിംകളെക്കൊണ്ടു വിജയപതാക പറപ്പിക്കുവാൻ അല്ലാഹു എടുത്ത ചില നടപടികളാണു ഈ വചനങ്ങളിൽ കാണുന്നത്. ശത്രുക്കൾ വളരെ കുറച്ചു പേർ മാത്രമേയുള്ളുവെന്നു അവൻ നബി (സ)ക്കു സ്വപ്നത്തിൽ കാണിച്ചു. നബി(സ) അതു സഹാബികളോടു പറയുകയും ചെയ്തു. അതവർക്കു യുദ്ധാവേശവും ധൈര്യവും ഉളവാക്കുമല്ലോ. നേരെമറിച്ച് ശത്രുക്കളുടെ എണ്ണം അധികമുണ്ടെന്നായിരുന്നു സ്വപ്നമെങ്കിൽ, അതു ഭീതിയും ധൈര്യക്ഷയവും ഉണ്ടാക്കുകയും ചെയ്യുമെന്നു വ്യക്തമാണ്. അതോടൊപ്പം, യുദ്ധം വേണമെന്നും വേണ്ടെന്നും മറ്റുമുള്ള കക്ഷി വഴക്കിനും കാരണമാകും. അതൊന്നും കൂടാതെ, അവരെ [illegible] രക്ഷിക്കുവാനാണു അല്ലാഹു അങ്ങിനെ ചെയ്തത്. രണ്ടു കൂട്ടരും യുദ്ധക്കളത്തിൽ കൂട്ടിമുട്ടിയപ്പോഴും ശത്രുക്കൾ കാഴ്ചയിൽ അധികമൊന്നുമില്ല- കുറച്ചാളുകളേയുള്ളു-എന്നു മുസ്‌ലിംകൾക്കു തോന്നിപ്പിച്ചു. ഇതിന്റെയും ഫലം മേൽ പറഞ്ഞതു തന്നെ. മനുഷ്യ മനസ്സുകളെപ്പറ്റി മനുഷ്യരെക്കാൾ അറിയുന്ന സർവ്വജ്ഞനാണല്ലോ അല്ലാഹു. അതേ പ്രകാരം, മുസ്‌ലിംകൾ വളരെ കുറഞ്ഞ ആളുകളേയുള്ളുവെന്നായിരുന്നു കാഴ്ചയിൽ ശത്രുക്കൾക്കും തോന്നിയത്. കൂസൽ കൂടാതെ, മുസ്‌ലിംകളുടെനേരെ ആഞ്ഞടുക്കുവാൻ അവരെ പ്രേരിപ്പിക്കലാണു ഇതിന്റെ ഉദ്ദേശ്യം. അപ്പോഴാണല്ലോ ഇരു ചേരികളും ചെറുത്തു നിൽക്കുവാൻ മടിക്കാതെ ആക്രമണത്തിനും, പ്രത്യാക്രമണത്തിനും മുതിരുക. അതോടെ ശത്രുക്കളുടെ തോൽവി ത്വരിതപ്പെടുകയും ചെയ്യും. അല്ലാഹു പ്രയോഗത്തിൽ വരുത്തുവാൻ പോകുന്ന കാര്യം—സത്യവിശ്വാസികളുടെ വിജയവും അവിശ്വാസികളുടെ പരാജയവും—വേഗം നടപ്പിൽ വരുത്തുവാൻ വേണ്ടി അല്ലാഹു എടുത്ത ചില നടപടികളാണിതൊക്കെ. എല്ലാ കാര്യത്തിന്റെയും പര്യവസാനം അവങ്കലേക്കും, അവന്റെ തീരുമാനമനുസരിച്ചുമാണല്ലോ എന്നു സാരം.

ശത്രുക്കളുടെ ദൃഷ്ടിയിൽ സത്യവിശ്വാസികളുടെ എണ്ണവും കുറവായിത്തോന്നിയിരുന്നുവെന്നു പറഞ്ഞതു യുദ്ധത്തിന്റെ ആദ്യഘട്ടത്തിലുണ്ടായ അവസ്ഥയായിരുന്നു. യുദ്ധം ആരംഭിച്ചു ഇരു കൂട്ടരും ഏറ്റുമുട്ടിക്കഴിഞ്ഞപ്പോൾ ശത്രുക്കളുടെ ദൃഷ്ടിയിൽ മുസ്‌ലിംകളുടെ എണ്ണം അധികമുള്ളതായി തോന്നുകയുണ്ടായി. അതിനെപ്പറ്റിയാണു ആലുഇംറാൻ 13ൽ يَرَوْنَهُم مِّثْلَيْهِمْ رَأْيَ الْعَيْنِ (അവർ അവരെ—അവിശ്വാസികൾ സത്യവിശ്വാസികളെ—തങ്ങളുടെ ഇരട്ടിയുള്ളതായി കൺകാഴ്ചയിൽ കണ്ടിരുന്നു) എന്നു പറഞ്ഞത്. ഈ രണ്ടു പ്രസ്താവനകളും രണ്ടു സന്ദർഭങ്ങളെയാണു കുറിക്കുന്നത്. കൂടുതൽ വിവരം അവിടെ നോക്കുക.

വിഭാഗം-6

45. ഹേ, വിശ്വസിച്ചവരേ, നിങ്ങൾ വല്ല (സൈന്യ) സംഘത്തെയും കണ്ടുമുട്ടിയാൽ, നിങ്ങൾ ഉറച്ചു നിൽക്കുകയും, അല്ലാഹുവിനെ ധാരാളം ഓർമ്മിക്കുകയും ചെയ്യുവിൻ;- നിങ്ങൾ വിജയം പ്രാപിച്ചേക്കാം.

٤٥- يَا أَيُّهَا الَّذِينَ آمَنُوا إِذَا لَقِيتُمْ فِئَةً فَاثْبُتُوا وَاذْكُرُوا اللَّهَ كَثِيرًا لَّعَلَّكُمْ تُفْلِحُونَ ۝

---

45. يَا أَيُّهَا الَّذِينَ آمَنُوا വിശ്വസിച്ചവരേ إِذَا لَقِيتُمْ നിങ്ങൾ കണ്ടുമുട്ടിയാൽ فِئَةً വല്ല സംഘത്തെയും, ഒരു കൂട്ടത്തെ فَاثْبُتُوا നിങ്ങൾ ഉറച്ചു (സ്ഥിരപ്പെട്ടു) നിൽക്കുവിൻ وَاذْكُرُوا ഓർമ്മിക്കുകയും ചെയ്യുവിൻ اللَّهَ അല്ലാഹുവിനെ كَثِيرًا വളരെ, അധികം, ധാരാളം لَعَلَّكُمْ നിങ്ങളായേക്കാം, ആകുവാൻ വേണ്ടി تُفْلِحُونَ നിങ്ങൾ വിജയം പ്രാപിക്കും

٤٦- وَأَطِيعُوا اللَّهَ وَرَسُولَهُ وَلَا تَنَازَعُوا فَتَفْشَلُوا وَتَذْهَبَ رِيحُكُمْ ۖ وَاصْبِرُوا ۚ إِنَّ اللَّهَ مَعَ الصَّابِرِينَ

46. നിങ്ങൾ അല്ലാഹുവിനെയും അവന്റെ റസൂലിനെയും അനുസരിക്കുകയും ചെയ്യുവിൻ; നിങ്ങൾ പരസ്പരം ഭിന്നിക്കുകയും ചെയ്യരുത്, എന്നാൽ നിങ്ങൾക്കു ഭീരുത്വം പിണയുകയും, നിങ്ങളുടെ കാറ്റ് [വീര്യം] പോയിപ്പോകുകയും ചെയ്യും. നിങ്ങൾ ക്ഷമിക്കുകയും ചെയ്യണം. നിശ്ചയമായും അല്ലാഹു, ക്ഷമിക്കുന്നവരുടെ കൂടെയാകുന്നു.

---

46. وَأَطِيعُوا അനുസരിക്കുകയും ചെയ്യുവിൻ اللَّهَ അല്ലാഹുവിനെ وَرَسُولَهُ അവന്റെ റസൂലിനെയും وَلَا تَنَازَعُوا പരസ്പരം ഭിന്നിക്കുക (പിണങ്ങുക—വഴക്കടിക്കുക)യും ചെയ്യരുത് فَتَفْشَلُوا എന്നാൽ നിങ്ങൾക്കു ഭീരുത്വം പിണയും, നിങ്ങൾ ഭീരുത്വം കാണിക്കും وَتَذْهَبَ പോകുകയും ചെയ്യും رِيحُكُمْ നിങ്ങളുടെ കാറ്റ് (വീര്യം) وَاصْبِرُوا ക്ഷമിക്കുകയും ചെയ്യുവിൻ إِنَّ اللَّهَ നിശ്ചയമായും അല്ലാഹു مَعَ الصَّابِرِينَ ക്ഷമിക്കുന്നവരുടെ കൂടെയായിരിക്കും.

ശത്രുസൈന്യങ്ങളുമായി ഏറ്റുമുട്ടേണ്ടി വരുമ്പോൾ സത്യവിശ്വാസികൾക്കു വിജയം കൈവരുവാനുള്ള ഉപാധികൾ എന്തെല്ലാമാണെന്നു അല്ലാഹു ചൂണ്ടിക്കാട്ടുന്നു: (1) ഉറച്ചു നിൽക്കുക. കാൽപതറാതെ, ഭീരുത്വം പ്രകടിപ്പിക്കാതെ, ധൈര്യപൂർവ്വം നിലകൊള്ളുക. (2) അല്ലാഹുവിനെ ധാരാളം ഓർമിക്കുക. അല്ലാഹുവിനോടു പ്രാർത്ഥിച്ചും, സഹായമർത്ഥിച്ചും, 'തസ്ബീഹു-തക്ബീർ' മുതലായവ ഉച്ചരിച്ചും എല്ലാം അവനിൽ അർപ്പിച്ചും, അവന്റെ കാരുണ്യം പ്രതീക്ഷിച്ചുംകൊണ്ടിരിക്കുക (3) അല്ലാഹുവിനെയും റസൂലിനെയും അനുസരിക്കുക. അവരുടെ വിധിവിലക്കുകളെയും, ഉപദേശ നിർദ്ദേശങ്ങളെയും പാലിക്കുകയും, അതിനെതിരായി പ്രവർത്തിക്കാതിരിക്കുകയും ചെയ്യുക. (4) അന്യോന്യം ഭിന്നിക്കാതെയും, തമ്മിൽ പിണക്കമില്ലാതെയും ഇരിക്കുക. അഭിപ്രായ ഭിന്നിപ്പോ, തർക്കമോ, കക്ഷിവഴക്കോ, ചേരിപിരിവോ കൂടാതെ ഒത്തൊരുമിച്ച് ഒറ്റക്കെട്ടായി നിലകൊള്ളുക. (5) ക്ഷമിക്കുക. ഞെരുക്കവും ബുദ്ധിമുട്ടും സഹിക്കുകയും, വന്നുപോയ നഷ്ടങ്ങളെച്ചൊല്ലി അക്ഷമ കാണിക്കാതിരിക്കുകയും ചെയ്യുക. ഇത്രയും കാര്യങ്ങൾ ശരിക്കു നിന്നാൽ, സത്യവിശ്വാസികൾക്കു വിജയം കൈവരുന്നതും, അല്ലാഹുവിന്റെ സഹായം ലഭിക്കുന്നതുമാകുന്നു എന്നറിയിക്കുന്നു.

ഭിന്നിപ്പിന്റെ ഫലം ഭീരുത്വവും, ഉത്സാഹം കെട്ടു-ശക്തിക്ഷയിക്കലും ആണെന്നും എടുത്തുകാണിച്ചിരിക്കുന്നു. ക്ഷമിക്കുന്നവർക്ക് അല്ലാഹുവിന്റെ സഹായം പ്രതീക്ഷിക്കാമെന്നും അല്ലാഹു പ്രത്യേകം ഉണർത്തിയിരിക്കുന്നു. ഒരു യുദ്ധയാത്രയിൽ നബി (സ) ചെയ്ത പ്രസംഗത്തിൽ ഇങ്ങിനെ പറഞ്ഞതായി അബ്ദുല്ലാഹിബ്നു അബീഔഫാ (റ) ഉദ്ധരിക്കുന്നു: 'ജനങ്ങളേ, നിങ്ങൾ ശത്രുവെ കണ്ടുമുട്ടുവാൻ കൊതിക്കരുത്. അല്ലാഹുവിനോടു (അതിൽ നിന്നു) രക്ഷ കിട്ടുവാൻ അപേക്ഷിക്കുകയും ചെയ്യുവിൻ. എന്നാൽ, നിങ്ങൾ അവരെ കണ്ടുമുട്ടിയാൽ, അപ്പോൾ നിങ്ങൾ ക്ഷമ കൈക്കൊള്ളണം. സ്വർഗ്ഗം വാളുകളുടെ തണലുകളിലാണെന്നു നിങ്ങൾ അറിയുകയും ചെയ്യുക.' (ബു.മു.) അബ്ദുല്ലാഹിബ്നു അംറ് (റ) വഴി വന്നിട്ടുള്ള ഒരു ഹദീസിൽ നബി(സ) ഇപ്രകാരം പറഞ്ഞതായി വന്നിരിക്കുന്നു: 'നിങ്ങൾ ശത്രുവെ കണ്ടുമുട്ടുവാൻ കൊതിക്കരുത്. രക്ഷക്കുവാൻ അല്ലാഹുവിനോട് ചോദിക്കുകയും ചെയ്യുക. എന്നാൽ, അവരുമായി കണ്ടുമുട്ടിയാൽ, നിങ്ങൾ ഉറച്ചു നിൽക്കണം. അവർ ബഹളം കൂട്ടുകയും, (ശബ്ദം ഉയർത്തി) ഭയപ്പെടുത്തുകയും ചെയ്താൽ, നിങ്ങൾ മൗനമായിരിക്കണം.' (അബ്ദു-റസ്സാക്ക്)

മേൽ കണ്ട ഉപാധികളില്ലാതെ എണ്ണം കൊണ്ടോ ശക്തി കൊണ്ടോ മാത്രമായി സത്യവിശ്വാസികൾക്കു പരാജയം നേരിടുവാൻ കാരണമാകുന്നതെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. സംഖ്യാബലവും, ആയുധബലവും ആവശ്യം തന്നെ. അതിനെപ്പറ്റി മേൽ വചനങ്ങളിൽ അല്ലാഹു ഉണർത്തുകയുമുണ്ട്. പക്ഷെ, ആൾബലവും, ആയുധശക്തിയും കൊണ്ടുമാത്രം വിജയം കരസ്ഥമാകുകയില്ലെന്നും, അവ രണ്ടിലും കുറവുള്ളവരായിരുന്നിട്ടും സത്യവിശ്വാസികൾക്കു വിജയം കരസ്ഥമാകുമെന്നുമാണല്ലോ. നബി(സ)യുടെ കാലത്തു നടന്ന സംഭവങ്ങൾ തന്നെ തെളിയിച്ചിട്ടുള്ളതാണ്. പിന്നീട്, ഖുലഫാഉർറാശിദുകളുടെ കാലത്തും അതിനു ഉദാഹരണങ്ങളുണ്ട്, മുസ്‌ലിംകളുടെ ചരിത്രത്തിൽ മറ്റു പലപ്പോഴായി അവർ ഏറ്റുമുട്ടേണ്ടി വന്ന സംഭവങ്ങൾ മൊത്തത്തിൽ പരിശോധിച്ചാലും ഈ വാസ്തവം തെളിഞ്ഞു കാണാവുന്നതാണ്. ഇന്നത്തെ മുസ്‌ലിം സമുദായത്തെ അപേക്ഷിച്ചു സമുദായമായി എല്ലാ നിലക്കു നോക്കിയാലും

...ക്കു നാശകരമാംകൊണ്ടു മുട്ടു കുത്തിക്കുവാൻ മാത്രമുള്ള ഒരു ചെറു രാഷ്ട്രമത്രെ ഇപ്പോഴും നിലവിലുള്ള ഇസ്രാഈൽ രാഷ്ട്രം. മുസ്‌ലിംകളോടു പരമ ശത്രുതയിൽ വർത്തിക്കുന്ന ആ രാഷ്ട്രത്തെ അടക്കി നിറുത്തുവാൻ തക്കതായ വമ്പിച്ച ശ്രമങ്ങളെല്ലാം പരിശ്രമം നടത്തിയിട്ടും ലോക മുസ്‌ലിം രാഷ്ട്രങ്ങൾക്കു കഴിഞ്ഞിട്ടില്ല. ഇതിന്റെ കാരണവും ഈ വചനത്തിൽ പ്രസ്താവിക്കപ്പെട്ട ഉപാധികളിൽ സമുദായം കൈകൊണ്ടിട്ടുള്ള അനാസ്ഥയല്ലാതെ മറ്റൊന്നുമല്ല. വീണ്ടും അല്ലാഹു ഉപദേശിക്കുന്നു:-

وَلَا تَكُونُوا كَالَّذِينَ خَرَجُوا مِن دِيَارِهِم بَطَرًا وَرِئَاءَ النَّاسِ وَيَصُدُّونَ عَن سَبِيلِ اللَّهِ ۚ وَاللَّهُ بِمَا يَعْمَلُونَ مُحِيطٌ ○ -٤٧

47. തങ്ങളുടെ വീടുകളിൽനിന്ന് ഗർവ്വോടെയും, മനുഷ്യരെ കാണിക്കുവാനായും (പുകഴ്ത്തി കീർത്തിസമ്പാദിക്കുവാനായും) പുറപ്പെട്ടവരെപ്പോലെ നിങ്ങൾ ആവുകയുമരുത്. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിന്നു (ജനങ്ങളെ) അവർ തടയുകയും ചെയ്യുന്നു. [ഇവരെപ്പോലെ നിങ്ങൾ ആയിരിക്കരുത്]

അല്ലാഹു, അവർ പ്രവർത്തിക്കുന്നതിനെ വലയം ചെയ്തു [സൂക്ഷ്മമായറിഞ്ഞു] കൊണ്ടിരിക്കുന്നവനാകുന്നു.

---

47. وَلَا تَكُونُوا നിങ്ങളാവുകയുമരുത് كَالَّذِينَ خَرَجُوا പുറപ്പെട്ടവരെപ്പോലെ مِن دِيَارِهِم അവരുടെ വീടു (വസതി) കളിൽ നിന്നു بَطَرًا ഗർവ്വായിട്ടു, മതിമറന്നുകൊണ്ടു, അഹങ്കാരമായി وَرِئَاءَ കാണിക്കുവാനും النَّاسِ മനുഷ്യരെ وَيَصُدُّونَ അവർ തടയുകയും ചെയ്തിരുന്നു, തടഞ്ഞുകൊണ്ടും عَن سَبِيلِ മാർഗ്ഗത്തിൽനിന്നു اللَّهِ അല്ലാഹുവിന്റെ وَاللَّهُ അല്ലാഹുവാകട്ടെ بِمَا يَعْمَلُونَ അവർ പ്രവർത്തിക്കുന്നതിനെ مُحِيطٌ വലയം ചെയ്യുന്ന (സൂക്ഷ്മമായറിയുന്ന) വനാണ്.

അബൂജഹ്‌ലിന്റെ നേതൃത്വത്തിൽ ബദ്റിൽ വന്ന സൈന്യത്തെപ്പോലെ, ഗർവ്വും, അഹങ്കാരവും, ദുരഭിമാനവും സത്യവിശ്വാസികൾക്കു ഉണ്ടായിക്കൂടാ; അവർ അടക്കവും, ഒതുക്കവും, നിഷ്കളങ്കതയും, ഭക്തിയും ഉള്ളവരായിരിക്കണം എന്നു അല്ലാഹു അവരെ ഉപദേശിക്കുകയാണ്. അബൂസുഫ്‌യാന്റെ വർത്തകസംഘത്തെ രക്ഷപ്പെടുത്തുവാൻ വേണ്ടി മുന്നോട്ടു വന്ന ആ മുശ്‌രിക്കുകൾ വഴിക്കുവെച്ച് അവർ രക്ഷപ്പെട്ടവിവരം അറിഞ്ഞിട്ടും മടങ്ങിപ്പോകാതെ, ബദ്റിലെ മൈതാനത്തു ചെന്നു മൂന്നു ദിവസം ഒട്ടകത്തെ അറുത്തും, കള്ളു കുടിച്ചും, നൃത്തംചെയ്തും ആഘോഷം നടത്തിയും കൊണ്ടു അറബികൾക്കിടയിൽ കീർത്തിനേടിക്കൊണ്ടല്ലാതെ മടങ്ങുകയില്ലെന്നു പറഞ്ഞാണല്ലോ അവർ ബദ്റിൽ വന്നിറങ്ങിയത്. പക്ഷേ, അല്ലാഹു ഉദ്ദേശിച്ചതു മറ്റൊന്നായിരുന്നതു കൊണ്ടു അതു നടന്നില്ല.

وَإِذْ زَيَّنَ لَهُمُ الشَّيْطَانُ أَعْمَالَهُمْ وَقَالَ لَا غَالِبَ لَكُمُ الْيَوْمَ مِنَ النَّاسِ وَإِنِّي جَارٌ لَّكُمْ ۖ فَلَمَّا تَرَاءَتِ الْفِئَتَانِ نَكَصَ عَلَىٰ عَقِبَيْهِ وَقَالَ إِنِّي بَرِيءٌ مِّنكُمْ إِنِّي أَرَىٰ مَا لَا تَرَوْنَ إِنِّي أَخَافُ اللَّهَ ۚ -٤٨

48. പിശാച് അവർക്കു [അവിശ്വാസികൾക്കു] തങ്ങളുടെ പ്രവൃത്തികളെ ഭംഗിയാക്കി കാട്ടിയ സന്ദർഭവും (ഓർക്കുക): അവൻ പറയുകയും ചെയ്തു: 'ഇന്നു മനുഷ്യരിൽനിന്നു (ആരും) നിങ്ങളെ ജയിച്ചടക്കുന്നവരില്ല; നിശ്ചയമായും, ഞാൻ നിങ്ങൾക്കു ഒരു അയൽക്കാരനും [സഹായിയും] ആകുന്നു.' എന്നിട്ട് രണ്ടു സംഘങ്ങൾ പരസ്പരം കണ്ടപ്പോൾ, അവൻ മടമ്പുകാലുകളിൽ [വന്നപാടെ] പിന്നാക്കം വെച്ചു; അവൻ പറയുകയും ചെയ്തു: 'നിശ്ചയമായും ഞാൻ, നിങ്ങളിൽ നിന്നും (ഉത്തരവാദിത്വം) ഒഴിവായവനാണ്; നിങ്ങൾ കാണാത്തതു ഞാൻ കാണുന്നു; ഞാൻ അല്ലാഹുവിനെ ഭയപ്പെടുന്നു.

അല്ലാഹുവാകട്ടെ, ശിക്ഷാനടപടി കഠിനമായവനാ കുന്നു.' وَٱللَّهُ شَدِيدُ ٱلْعِقَابِ ۝ ٤٨

---

48. وَإِذْ زَيَّنَ ഭംഗിയാക്കിക്കൊടുത്ത (അലങ്കാരമായി കാണിച്ച) സന്ദർഭവും لَهُمُ അവർക്കു ٱلشَّيْطَٰنُ പിശാചു, ശൈത്താൻ أَعْمَٰلَهُمْ അവരുടെ പ്രവൃത്തികളെ وَقَالَ അവൻ പറയുകയും (ചെയ്ത- ചെയ്ത) لَا غَالِبَ ജയിച്ചടക്കുന്നവനേ ഇല്ല لَكُمُ നിങ്ങളെ, നിങ്ങളോടു ٱلْيَوْمَ ഇന്ന, ഈ ദിവസം مِنَ ٱلنَّاسِ മനുഷ്യരിൽനിന്നു وَإِنِّى നിശ്ചയമായും ഞാൻ جَارٌ لَّكُمْ നിങ്ങൾക്കു അയൽക്കാരനാണ്, (അഭയം നൽകുന്ന) സഹായിയാണു فَلَمَّا تَرَآءَتِ എന്നിട്ടു അന്യോന്യം കണ്ടപ്പോൾ ٱلْفِئَتَانِ രണ്ടു സംഘങ്ങൾ نَكَصَ അവൻ പിന്നോക്കം വെച്ചു, പിന്നോട്ടു മാറി عَلَىٰ عَقِبَيْهِ തന്റെ മടമ്പുകാലുകളിൽ وَقَالَ അവൻ പറയുകയും ചെയ്തു إِنِّى بَرِىٓءٌ ഞാൻ ഒഴിവായ (ബന്ധമററ) വനാണു مِّنكُمْ നിങ്ങളിൽനിന്നു, നിങ്ങളോടു إِنِّىٓ أَرَىٰ നിശ്ചയമായും ഞാൻ കാണുന്നു مَا لَا تَرَوْنَ നിങ്ങൾ കാണാത്തതു إِنِّىٓ أَخَافُ നിശ്ചയമായും ഞാൻ ഭയപ്പെടുന്നു, പേടിക്കുന്നു ٱللَّهَ അല്ലാഹുവിനെ وَٱللَّهُ അല്ലാഹുവാകട്ടെ شَدِيدُ കഠിനമായവനാണു ٱلْعِقَابِ ശിക്ഷാനടപടി.

ഈ സംഭവത്തെപ്പററി ഖുർആൻ വ്യാഖ്യാതാക്കൾ രണ്ടു പ്രകാരത്തിൽ വിവരിച്ചു കാണാം: (1) മുശ്‌രിക്കുകളുടെ മനസ്സിൽ പിശാചു നടത്തിയ ദുർബ്ബോധനങ്ങളുടെയും, ദുർമന്ത്രങ്ങളുടെയും ഒരു ചിത്രീകരണമാണിത്. തങ്ങൾ ചെയ്യുന്നതെല്ലാം നല്ലതാണെന്നു ആദ്യം അവൻ അവർക്കു തോന്നിപ്പിച്ചു. വിജയം അവർക്കു സുനിശ്ചിതമാണെന്നു അവരെ വ്യാമോഹിപ്പിക്കുകയും ചെയ്തു. അവസാനം അവരെ നാശത്തിൽ ചാടിച്ചുകൊണ്ടു അവൻ ഒഴിഞ്ഞുമാറുകയാണുണ്ടായത്. ഒരാൾ ആദ്യം സഹായ വാഗ്ദാനങ്ങളോടുകൂടി പ്രോൽസാഹനം നൽകുകയും, പിന്നീടു സന്നിഗ്ദ്ധഘട്ടം നേരിട്ടപ്പോൾ ഭവിഷ്യത്തിനെ ഭയപ്പെട്ട് ഞാൻ എന്റെ രക്ഷാമാർഗ്ഗം നോക്കുകയാണെന്നു പറഞ്ഞ് അവനെ കൈവിടുകയും ചെയ്യുന്നതുപോലെയാണു പിശാചു അവരോടു ചെയ്തതു എന്ന ചുരുക്കം. ഇതാണു ചില വ്യാഖ്യാതാക്കളുടെ അഭിപ്രായം. (2) പിശാചു മനുഷ്യരൂപത്തിൽ വെളിപ്പെട്ട് മുശ്‌രിക്കുകളോടു ഇങ്ങിനെയെല്ലാം പറയുകയും പ്രവർത്തിക്കുകയും ചെയ്തുവെന്നത്രെ ഭൂരിപക്ഷം വ്യാഖ്യാതാക്കളും പ്രസ്താവിക്കുന്നത്. ഇബ്നു അബ്ബാസ്, ഉർവത്തുബ്നു സുബൈർ, ളഹ്-ഹാക്ക്, ഖതാദഃ ഹസൻ ബസ്വരി, മുഹമ്മദുബ്നുകഅ്ബ് (റ) മുതലായവരിൽനിന്നു പല മാർഗ്ഗങ്ങളിലൂടെയും നിവേദനം ചെയ്യപ്പെട്ടിട്ടുള്ള രിവായത്തുകളാണു ഈ അഭിപ്രായത്തിനാധാരം. ഈ അഭിപ്രായവും, പ്രസ്തുത രിവായത്തുകളും ഉദ്ധരിക്കുക മാത്രമേ ഇമാം ഇബ്നുജരീറും, ഇമാം ഇബ്നുകഥീറും (റ) അവരുടെ തഫ്സീറുകളിൽ ഇവിടെ ചെയ്തിട്ടുള്ളു. വേറെ അഭിപ്രായങ്ങളൊന്നും ഉദ്ധരിച്ചിട്ടുമില്ല. ഖുർആന്റെ തുറന്ന ഭാഷയിലുള്ള ചിത്രീകരണവും, പ്രസ്തുത രിവായത്തുകളും മുമ്പിൽ വെച്ചു നോക്കുമ്പോൾ, രണ്ടാമത്തെ അഭിപ്രായത്തിനാണു മുൻഗണന കാണുന്നത്. എങ്കിലും, റസൂൽ (സ) തിരുമേനിയിൽനിന്നു ഒന്നും രേഖപ്പെട്ടു വന്നിട്ടില്ലാത്ത സ്ഥിതിക്കു ഒന്നും ഉറപ്പിച്ചു പറയുവാൻ നിവൃത്തിയില്ല താനും.

മേൽ സൂചിപ്പിച്ച രിവായത്തുകളുടെ സാരം മൊത്തത്തിൽ ഇതാണു: ഖുറൈശികൾ ബദ്റിലേക്കു പുറപ്പെട്ടപ്പോൾ, കിനാനഃഗോത്രത്തിൽപെട്ട ബനൂബകർ ശാഖയിൽനിന്നു തങ്ങൾക്കു വല്ല അനിഷ്ടസംഭവങ്ങളും നേരിട്ടേക്കുമോ എന്നൊരു ഭയം അവർക്കുണ്ടായിരുന്നു. അവർ തമ്മിൽ മുമ്പു കഴിഞ്ഞിരുന്ന ഒരു യുദ്ധ വഴക്കായിരുന്നു അതിനു കാരണം. ഈ അവസരം ഉപയോഗപ്പെടുത്തിക്കൊണ്ട് ആ ശാഖയിലെ ഒരു നേതാവായിരുന്ന സുറാഖത്തുബ്നു മാലികിന്റെ വേഷത്തിൽ ഇബ്ലീസു അവരെ സമീപിച്ചു. അവരുടെ സംരംഭങ്ങളെ പ്രശംസിക്കുകയും, ഞാൻ നിങ്ങളുടെ ഒന്നിച്ചുണ്ടു—നിങ്ങൾക്കു ആരെയും ഭയപ്പെടേണ്ടതില്ല—വിജയം നിങ്ങൾക്കു തീർച്ചയാണു എന്നൊക്കെപ്പറഞ്ഞു അവരെ ധൈര്യപ്പെടുത്തി അവരുടെ കൂട്ടം കൂടുകയും ചെയ്തു. അവർ മുസ്‌ലിംകളുമായി സമീപിച്ചപ്പോൾ, മലക്കുകളുടെ വരവു ഇബ്ലീസു കണ്ടു. അതോടെ, 'ഞാൻ നിങ്ങളിൽനിന്നു ഇതാ ഒഴിഞ്ഞുമാറുന്നു. നിങ്ങൾക്കു കണ്ടുകൂടാത്തതു ഞാൻ കാണുന്നു, എനിക്കു വല്ല ആപത്തും ബാധിച്ചേക്കുമെന്നു ഞാൻ ഭയപ്പെടുന്നു.' എന്നൊക്കെ പറഞ്ഞുകൊണ്ടു അവൻ പിൻവാങ്ങിക്കളഞ്ഞു. ഇതാണു ചുരുക്കം.

ഇബ്ലീസു മനുഷ്യരൂപത്തിൽ പ്രത്യക്ഷപ്പെടുകയെന്നതു അസാധാരണമാണ്. ഇതിലടങ്ങിയിട്ടുണ്ടെങ്കിലും അതൊരു അസംഭവ്യ കാര്യമല്ലെന്നു തീർച്ച തന്നെ. ബദ്ർ യുദ്ധത്തിൽ മലക്കുകൾ മുസ്‌ലിംകളുടെ പക്ഷത്തു നട

അറിയ പ്രവർത്തനം എത്ര തന്നെ ആയിരുന്നാലും ശരി, അതു ബദ്ർ യുദ്ധത്തിന്റെ ഒരു പ്രത്യേകതയാണെന്നുള്ളതിൽ സംശയമില്ല. ആ സ്ഥിതിക്ക് മറ്റു സന്ദർഭങ്ങളിലൊന്നും പതിവില്ലാത്തവിധം അതിൽ മുശ്‌രിക്കുകളുടെ പക്ഷത്തു ഒരു പക്ഷേ ഇബ്‌ലീസും അണിനിരന്നിരിക്കുവെങ്കിൽ അതിൽ അസാംഗത്യമില്ല. സുറാഖത്തിന്റെയോ മറ്റോ രൂപത്തിൽ പ്രത്യക്ഷപ്പെട്ടതു ശരിയായാലും, അല്ലെങ്കിലും ഈ യുദ്ധത്തിൽ അവൻ തന്നാൽ കഴിയുന്ന പ്രത്യേക പങ്കു വഹിച്ചിരിക്കുവാനാണു ന്യായവും. ബദ്ർ യുദ്ധ സംബന്ധമായ പരാമർശങ്ങൾക്കിടയിൽ ഈ സംഭവം അല്ലാഹു വിവരിച്ചതിൽനിന്നും അതാണു മനസ്സിലാക്കേണ്ടതും. കേവലം ഒരു ഉപമാ രൂപത്തിൽ മാത്രമുള്ള ഒരു ചിത്രീകരണമാണെന്നു വെക്കാവതല്ലാത്തവിധം തുറന്ന ഭാഷയിലാണു ഈ വചനമെന്നും ഓർക്കേണ്ടതുണ്ട്. ا لم

വിഭാഗം-7

٤٩- إِذْ يَقُولُ الْمُنَافِقُونَ وَالَّذِينَ فِي قُلُوبِهِم مَّرَضٌ غَرَّ هَٰؤُلَاءِ دِينُهُمْ ۗ وَمَن يَتَوَكَّلْ عَلَى اللَّهِ فَإِنَّ اللَّهَ عَزِيزٌ حَكِيمٌ ○

49. കപടവിശ്വാസികളും, തങ്ങളുടെ ഹൃദയങ്ങളിൽ ഒരു (തരം) രോഗമുള്ളവരും പറഞ്ഞിരുന്ന സന്ദർഭം (ഓർക്കുക): 'ഇക്കൂട്ടരെ അവരുടെ മതം വഞ്ചിച്ചു' വെന്നു. ആരെങ്കിലും അല്ലാഹുവിന്റെ മേൽ ഭരമേൽപിക്കുന്നപക്ഷം, നിശ്ചയമായും അല്ലാഹു, പ്രതാപശാലിയും, അഗാധജ്ഞനുമാണ് (എന്ന് അറിഞ്ഞുകൊള്ളട്ടെ).

---

49. إِذْ يَقُولُ പറയുന്ന (പറഞ്ഞിരുന്ന) സന്ദർഭം الْمُنَافِقُونَ കപടവിശ്വാസികൾ وَالَّذِينَ യാതൊരു കൂട്ടരും فِي قُلُوبِهِمْ അവരുടെ ഹൃദയങ്ങളിലുണ്ടു مَرَضٌ ഒരു (തരം) രോഗം غَرَّ വഞ്ചിച്ചു, ചതിപ്പെടുത്തിയിരിക്കുന്നു هَٰؤُلَاءِ ഈ കൂട്ടരെ دِينُهُمْ അവരുടെ മതം وَمَن ആരെങ്കിലും, വല്ലവരും, ആർ يَتَوَكَّلْ ഭരമേൽപിക്കുന്നു(പക്ഷം) عَلَى اللَّهِ അല്ലാഹുവിന്റെമേൽ فَإِنَّ اللَّهَ എന്നാൽ നിശ്ചയമായും അല്ലാഹു عَزِيزٌ പ്രതാപശാലിയാണു حَكِيمٌ അഗാധജ്ഞനാണു, യുക്തിമാനാണു

എണ്ണത്തിലും ശക്തിയിലും എതിർപക്ഷത്തെ അപേക്ഷിച്ച് എത്രയോ കുറഞ്ഞ മുസ്‌ലിംകൾ, അവരെക്കാൾ എല്ലാ നിലക്കും വമ്പിച്ച ഒരു സൈന്യത്തോടു യുദ്ധത്തിനു തയ്യാറായതു കണ്ടപ്പോൾ, കപടവിശ്വാസികൾ മുസ്‌ലിംകളെപ്പറ്റി പറഞ്ഞ വാക്കാണിത്. 'ഇവർ വലിയ മോഹൻമാർതന്നെ; ഇവക്ക് ഇവരുടെ മതത്തിലുള്ള വിശ്വാസം അതിരുകവിഞ്ഞുപോയി വഞ്ചിതരായിരിക്കുകയാണവർ' എന്നു സാരം. 'ഹൃദയത്തിൽ ഒരുതരം രോഗമുള്ളവർ' എന്നു പറഞ്ഞതു കപടവിശ്വാസികളെക്കുറിച്ചു തന്നെയോ, ദുർബ്ബലവിശ്വാസികളെക്കുറിച്ചോ ആവാം. അല്ലെങ്കിൽ, മുശ്‌രിക്കുകളുടെ ഇടയിൽ ഇസ്‌ലാമിനെ സംബന്ധിച്ച ചായ്‌വു ഉണ്ടായിത്തീരുകയും, വിശ്വാസം ഉറച്ചു കഴിയാതിരിക്കുകയും ചെയ്ത ചിലരെ ഉദ്ദേശിച്ചുമാവാം. അല്ലാഹുവിനറിയാം. ഏതായാലും അവർക്കുള്ള മറുപടിയാണ് അവസാനത്തെ വാക്യം. അല്ലാഹുവിൽ വിശ്വാസമർപ്പിച്ചും, അവനിൽ ഭരമേൽപിച്ചും വരുന്നവർക്ക്–അവർ എത്ര ദുർബ്ബലരായാലും–അവൻ സഹായം നൽകാതിരിക്കുകയില്ല. പ്രതാപവും യുക്തിജ്ഞാനവും തികഞ്ഞവനാണല്ലോ അവൻ എന്നു താൽപര്യം.

٥٠- وَلَوْ تَرَىٰ إِذْ يَتَوَفَّى الَّذِينَ كَفَرُوا ۙ الْمَلَائِكَةُ يَضْرِبُونَ وُجُوهَهُمْ وَأَدْبَارَهُمْ وَذُوقُوا عَذَابَ الْحَرِيقِ ○

50. അവിശ്വസിച്ചവരെ മലക്കുകൾ പിടിച്ചെടുക്കുന്ന [മരണപ്പെടുത്തുന്ന] സന്ദർഭം നീ കണ്ടിരുന്നുവെങ്കിൽ! അവരുടെ മുഖങ്ങളെയും, അവരുടെ പിൻഭാഗങ്ങളെയും അടിച്ചുംകൊണ്ട്.

[ഹാ! അതു വല്ലാത്തൊരു കാഴ്ചയായിരിക്കും!]

'വെന്തു കരിച്ചലിന്റെ ശിക്ഷ ആസ്വദിച്ചുകൊള്ളുവിൻ' (എന്നു പറയുകയും ചെയ്യും).

51. (അവിശ്വാസികളേ) അതു, നിങ്ങളുടെ കരങ്ങൾ മുൻ ചെയ്തു വെച്ചതു നിമിത്തമാകുന്നു. അല്ലാഹു അടിയാൻമാരോടു അക്രമം പ്രവർത്തിക്കുന്നവനൊന്നുമല്ല എന്നുള്ളതും (നിമിത്തമാണ്)

٥١- ذَٰلِكَ بِمَا قَدَّمَتْ أَيْدِيكُمْ وَأَنَّ اللَّهَ لَيْسَ بِظَلَّامٍ لِّلْعَبِيدِ ۝

---

50. وَلَوْ تَرَىٰ നീ കണ്ടിരുന്നുവെങ്കിൽ, കാണുമായിരുന്നെങ്കിൽ إِذْ يَتَوَفَّى പിടിച്ചെടുക്കുമ്പോൾ الَّذِينَ كَفَرُوا അവിശ്വസിച്ചവരെ الْمَلَائِكَةُ മലക്കുകൾ يَضْرِبُونَ അവർ അടിച്ചുംകൊണ്ടു وُجُوهَهُمْ അവരുടെ മുഖങ്ങളെ وَأَدْبَارَهُمْ അവരുടെ പിൻപുറങ്ങളെയും وَذُوقُوا ആസ്വദിക്കുക (രുചി നോക്കുക—അനുഭവിക്കുക)യും ചെയ്യുവിൻ عَذَابَ ശിക്ഷയെ الْحَرِيقِ വെന്തു കരിച്ചലിന്റെ 51. ذَٰلِكَ അതു بِمَا قَدَّمَتْ മുൻ ചെയ്തുവെച്ചതു നിമിത്തമാണു أَيْدِيكُمْ നിങ്ങളുടെ കൈകൾ وَأَنَّ اللَّهَ അല്ലാഹു എന്നുള്ളതും لَيْسَ അവനല്ല (എന്നുള്ളതും) بِظَلَّامٍ അക്രമം ചെയ്യുന്നവനേ لِلْعَبِيدِ അടിമകളോടു

മരണവേളയിൽ ആത്മാവിനെ പിടിച്ചെടുക്കുവാൻ നിയോഗിക്കപ്പെട്ട മലക്കുകൾ, അവിശ്വാസികളോടു വളരെ പരുഷമായും, കഠിനമായും പെരുമാറുമെന്നും, സത്യവിശ്വാസികളോടു വളരെ സൗമ്യമായിട്ടും, സന്തോഷമായിട്ടും പെരുമാറുമെന്നും ഖുർആനിലും, ഹദീസിലും പലപ്പോഴും വ്യക്തമാക്കപ്പെട്ടിട്ടുള്ളതാകുന്നു. സൂ: അൻആം 93ൽ ചിലതെല്ലാം മുമ്പു കണ്ടുവല്ലോ. ബദ്റിൽ വെച്ചു മുസ്ലിംകളാൽ കൊല്ലപ്പെട്ടവർ ശത്രുക്കളായി ഇഹലോകവാസം വെടിയേണ്ടി വന്നുവെന്നു മാത്രമല്ല, മരണവേളയിൽ മലക്കുകളുടെ കൈക്കും അവർ പലവിധ ശിക്ഷകൾ അനുഭവിക്കേണ്ടി വന്നിട്ടുണ്ടെന്നാണു ഇതിവിടെ പ്രസ്താവിച്ചതിലുള്ള സൂചന. അവിശ്വാസികളെ ആ മലക്കുകൾ അടിക്കുകയും, മർദ്ദിക്കുകയും ചെയ്യുന്ന ആ കാഴ്ച ഭയങ്കരമായിരിക്കും. അല്ലാഹു അവരോടു അക്രമം പ്രവർത്തിച്ചതുകൊണ്ടല്ല—അവരുടെ പ്രവർത്തനം കൊണ്ടു തന്നെയാണ്—ആ അനുഭവം അവർക്കു വന്നത്. ആരോടും യാതൊരു അനീതിയും ചെയ്യുന്നവനല്ല അല്ലാഹു എന്നൊക്കെയാണു ഈ വചനത്തിൽ പറഞ്ഞതിന്റെ സാരം.

നബി (സ) അരുളിച്ചെയ്തതായി അബൂദർറിൽ ഗിഫാരി (റ) ഉദ്ധരിക്കുന്നു: 'അല്ലാഹു പറയുകയാണ്: എന്റെ അടിയാൻമാരേ, എന്റെ സ്വന്തം പേരിൽ ഞാൻ അക്രമത്തെ നിഷിദ്ധമാക്കിയിരിക്കുന്നു; നിങ്ങൾക്കിടയിലും ഞാൻ അതിനെ നിഷിദ്ധമാക്കിയിരിക്കുന്നു. അതുകൊണ്ട് നിങ്ങളന്യോന്യം അക്രമം ചെയ്യരുത്. എന്റെ അടിയാൻമാരേ, നിങ്ങളുടെ പ്രവർത്തനങ്ങളാണു കാര്യം. അതു നിങ്ങൾക്കു ഞാൻ സൂക്ഷ്മമാക്കി കണക്കാക്കിവെക്കുന്നു. എന്നാൽ, ആരെങ്കിലും (അതിൽ) വല്ല നന്മയും കണ്ടാൽ, അവൻ അല്ലാഹുവിനെ സ്തുതിച്ചുകൊള്ളട്ടെ. ആരെങ്കിലും മറ്റുവല്ലതും കണ്ടാൽ, അവൻ അവനെത്തന്നെയല്ലാതെ (മറ്റാരെയും) കുറ്റപ്പെടുത്താതിരുന്നുകൊള്ളട്ടെ' (മു;)

സത്യത്തെ എതിർത്ത് നശിപ്പിക്കുവാൻ തുനിഞ്ഞ ധിക്കാരികളെ ഭീകരമായി പരാജയപ്പെടുത്തുകയെന്നതു ബദ്റിലെ മുശ്രിക്കുകളെ സംബന്ധിച്ചുണ്ടായ ഒരു പുതിയ സംഭവമൊന്നുമല്ല. അല്ലാഹുവിന്റെ ഒരു നടപടിക്രമമാണതു എന്നു ചൂണ്ടിക്കാട്ടിക്കൊണ്ടു അല്ലാഹു പറയുന്നു:—

52. ഫിർഔന്റെ ആളുകളുടെയും, അവരുടെ മുമ്പുള്ളവരുടെയും സമ്പ്രദായംപോലെ (തന്നെ). അതായതു: അവർ അല്ലാഹുവിന്റെ 'ആയത്തു' [ലക്ഷ്യം] കളിൽ അവിശ്വസിച്ചു; അപ്പോൾ, അവരുടെ പാപങ്ങൾ നിമിത്തം അല്ലാഹു അവരെ പിടിച്ചു (ശിക്ഷിച്ചു).

നിശ്ചയമായും അല്ലാഹു, ശക്തനാകുന്നു; ശിക്ഷാ നടപടി കഠിനമായവനാകുന്നു.

٥٢- كَدَأْبِ آلِ فِرْعَوْنَ وَالَّذِينَ مِن قَبْلِهِمْ كَفَرُوا بِآيَاتِ اللَّهِ فَأَخَذَهُمُ اللَّهُ بِذُنُوبِهِمْ إِنَّ اللَّهَ قَوِيٌّ شَدِيدُ الْعِقَابِ ۝

٥٣- ذَٰلِكَ بِأَنَّ اللَّهَ لَمْ يَكُ مُغَيِّرًا نِّعْمَةً أَنْعَمَهَا عَلَىٰ قَوْمٍ حَتَّىٰ يُغَيِّرُوا مَا بِأَنفُسِهِمْ ۙ وَأَنَّ اللَّهَ سَمِيعٌ عَلِيمٌ

53. അതു, ഒരു ജനതക്ക് അല്ലാഹു ചെയ്തുകൊടുത്ത അനുഗ്രഹം അവൻ മാററം വരുത്തുന്നവനല്ലെന്നുള്ളതു കൊണ്ടാണ്; അവർ തങ്ങളുടെ സ്വന്തങ്ങളിലുള്ളതിനെ [സ്വന്തം സ്ഥിതിഗതികളെ] മാററം വരുത്തുന്നതുവരേക്കും. അല്ലാഹു (എല്ലാം) കേൾക്കുന്നവനും, അറിയുന്നവനുമാണെന്നുള്ളതും (കൊണ്ടാണ്).

٥٤- كَدَأْبِ آلِ فِرْعَوْنَ ۙ وَالَّذِينَ مِن قَبْلِهِمْ ۚ كَذَّبُوا بِآيَاتِ رَبِّهِمْ فَأَهْلَكْنَاهُم بِذُنُوبِهِمْ وَأَغْرَقْنَا آلَ فِرْعَوْنَ ۚ وَكُلٌّ كَانُوا ظَالِمِينَ

54. (അതെ) ഫിർഔന്റെ ആൾക്കാരുടെയും, അവരുടെ മുമ്പുള്ളവരുടെയും സമ്പ്രദായംപോലെ (തന്നെ)

അതായതു: അവർ തങ്ങളുടെ രക്ഷിതാവിന്റെ 'ആയത്തു' [ലക്ഷ്യം] കളെ വ്യാജമാക്കി; അപ്പോൾ, അവരുടെ പാപങ്ങൾ നിമിത്തം നാം അവരെ നശിപ്പിച്ചു; ഫിർഔന്റെ ആൾക്കാരെ നാം മുക്കി നശിപ്പിക്കുകയും ചെയ്തു. എല്ലാവരും അക്രമികളുമായിരുന്നു.

---

52. كدأب പതിവു (സമ്പ്രദായം) പോലെ آل فرعون ഫിർഔന്റെ കൂട്ടരുടെ والذين من قبلهم അവരുടെ മുമ്പുള്ളവരുടെയും كفروا അവർ അവിശ്വസിച്ചു بآيات الله അല്ലാഹുവിന്റെ ആയത്തു(ലക്ഷ്യം-ദൃഷ്ടാന്തം) കളിൽ فأخذهم അപ്പോൾ അവരെ പിടിച്ചു, പിടികൂടി الله അല്ലാഹു بذنوبهم അവരുടെ പാപങ്ങൾ നിമിത്തം إن الله നിശ്ചയമായും അല്ലാഹു قوي ശക്തനാകുന്നു شديد കഠിനമായവനാണു العقاب ശിക്ഷാ നടപടി. 53. ذلك അതു بأن الله അല്ലാഹു എന്നുള്ളതുകൊണ്ടാണു لم يك അവനായിട്ടില്ല, അവനല്ല (എന്നുള്ളതു) مغيرا മാററം വരുത്തുന്നവൻ نعمة അനുഗ്രഹത്തെ, അനുഗ്രഹവും أنعمها അവൻ അതു (അനുഗ്രഹം) ചെയ്തുകൊടുത്തു على قوم ഒരു ജനതക്ക് حتى يغيروا അവർ മാററം വരുത്തുന്നതുവരെ ما بأنفسهم അവരുടെ സ്വന്തങ്ങളിലുള്ളതു وأن الله അല്ലാഹു (ആകുന്നു) എന്നുള്ളതും سميع കേൾക്കുന്നവനാകുന്നു عليم അറിയുന്നവൻ. 54. كدأب സമ്പ്രദായം (പതിവു)പോലെ آل فرعون ഫിർഔന്റെ കൂട്ടരുടെ والذين من قبلهم അവരുടെ മുമ്പുള്ളവരുടെയും كذبوا അവർ വ്യാജമാക്കി, കളവാക്കി بآيات ആയത്തുകളെ ربهم അവരുടെ റബ്ബിന്റെ فأهلكناهم അപ്പോൾ നാമവരെ നശിപ്പിച്ചു بذنوبهم അവരുടെ പാപങ്ങൾ നിമിത്തം وأغرقنا നാം മുക്കിക്കളയുകയും ചെയ്തു آل فرعون ഫിർഔന്റെ കൂട്ടരെ وكل എല്ലാവരും (തന്നെ) كانوا ആയിരുന്നു ظالمين അക്രമികൾ.

അവർക്ക് അല്ലാഹു പല അനുഗ്രഹങ്ങളും ചെയ്തുകൊടുത്തു. അതിനു നന്ദി കാണിക്കാതെ അവരുടെ സ്ഥിതിഗതികൾ അവർ മാററിക്കളഞ്ഞു. നന്ദികേടും ധിക്കാരവുമാണ് അവർ കൈക്കൊണ്ടത്. അതെല്ലാം അല്ലാഹു ശരിക്കും കേട്ടും കണ്ടുംകൊണ്ടിരിക്കുന്നുണ്ടായിരുന്നു. അപ്പോൾ, ആ അനുഗ്രഹങ്ങളെ അല്ലാഹു എടുത്തുകളയുകയും, അവരുടെ ദുഷ്ചെയ്തികൾ കാരണം അവരെ ശിക്ഷിക്കുകയും ചെയ്തു. സൂറത്തു റഅ്ദിൽ അല്ലാഹു പറയുന്നു: إن الله لا يغير ما بقوم .... فلا مرد له (സാരം: ഒരു ജനതയുടെ സ്ഥിതിയെ, അവർ തങ്ങളിലുള്ള അവസ്ഥയെ സ്വയം മാററുന്നതുവരെ, അല്ലാഹു മാററം വരുത്തുകയില്ല. അല്ലാഹു ഒരു ജനതയിൽ വല്ല തിൻമയും ഉദ്ദേശിച്ചാൽ അതിനെ തട്ടിക്കളയുന്നതൊന്നും തന്നെയില്ല. (റഅ്ദു:11)

٥٥- إِنَّ شَرَّ الدَّوَابِّ عِندَ اللَّهِ الَّذِينَ كَفَرُوا فَهُمْ لَا يُؤْمِنُونَ ۝

55. നിശ്ചയമായും അല്ലാഹുവിന്റെ അടുക്കൽ (ഭൂമിയിൽ) ജന്തുക്കളിൽ വെച്ചു മോശപ്പെട്ടവർ യാതൊരു കൂട്ടരാണ്, അവർ അവിശ്വസിച്ചു; അതിനാൽ, അവർ വിശ്വസിക്കുകയില്ല. (ഇങ്ങിനെയുള്ളവരാകുന്നു)

٥٦- الَّذِينَ عَاهَدتَّ مِنْهُمْ ثُمَّ يَنقُضُونَ عَهْدَهُمْ فِي كُلِّ مَرَّةٍ وَهُمْ لَا يَتَّقُونَ ۝

56. അതായതു യാതൊരുകൂട്ടർ: അവരോടു നീ കരാറു ചെയ്തു. (എന്നിട്ടു) പിന്നെ, എല്ലാ പ്രാവശ്യത്തിലും തങ്ങളുടെ കരാർ അവർ ലംഘിച്ചുകൊണ്ടിരിക്കുന്നു; അവരാകട്ടെ (അല്ലാഹുവിനെ) സൂക്ഷിക്കുന്നുമില്ല.

٥٧- فَإِمَّا تَثْقَفَنَّهُمْ فِي الْحَرْبِ فَشَرِّدْ بِهِم مَّنْ خَلْفَهُمْ لَعَلَّهُمْ يَذَّكَّرُونَ ۝

57. അതിനാൽ, യുദ്ധത്തിൽവെച്ച് (വല്ലപ്പോഴും) നീ അവരെ കണ്ടെത്തുന്ന പക്ഷം, അവരെക്കൊണ്ടു അവരുടെ പിമ്പിലുള്ളവരെ (പാഠം പഠിപ്പിച്ച്) തുരത്തിക്കളയുക; അവർ ഉറ്റാലോചിച്ചേക്കാം.

٥٨- وَإِمَّا تَخَافَنَّ مِن قَوْمٍ خِيَانَةً فَانبِذْ إِلَيْهِمْ عَلَىٰ سَوَاءٍ إِنَّ اللَّهَ لَا يُحِبُّ الْخَائِنِينَ ۝

58. വല്ല ജനതയിൽ നിന്നും നീ (വല്ലപ്പോഴും) ചതിയെ ഭയപ്പെടുന്ന പക്ഷം, സമത്തിലായിക്കൊണ്ട് അവർക്ക് (അവരുടെ കരാറ് അങ്ങോട്ട്) ഇട്ടുകൊടുത്തേക്കുക.

നിശ്ചയമായും, ചതിയൻമാരെ അല്ലാഹു ഇഷ്ടപ്പെടുകയില്ല.

---

55. إِنَّ നിശ്ചയമായും شَرَّ മോശം, മോശപ്പെട്ടവർ الدَّوَابِّ ജന്തുക്കളിൽ, ജീവികളിലെ عِندَ اللَّهِ അല്ലാഹുവിന്റെ അടുക്കൽ الَّذِينَ യാതൊരുവരാണ് كَفَرُوا അവർ അവിശ്വസിച്ചു فَهُمْ എന്നിട്ടു (അതിനാൽ) അവർ لَا يُؤْمِنُونَ വിശ്വസിക്കുകയില്ല. 56. الَّذِينَ അതായതു യാതൊരു കൂട്ടർ عَاهَدتَّ നീ കരാറു ചെയ്തു (വാങ്ങി) مِنْهُمْ അവരോടു, അവരിൽ നിന്നു ثُمَّ يَنقُضُونَ പിന്നെ അവർ ലംഘിക്കുന്നു عَهْدَهُمْ തങ്ങളുടെ കരാറിനെ فِي كُلِّ مَرَّةٍ എല്ലാ പ്രാവശ്യത്തിലും وَهُمْ അവരാകട്ടെ لَا يَتَّقُونَ സൂക്ഷിക്കുന്നുമില്ല. 57. فَإِمَّا അപ്പോൾ,വല്ലപ്പോഴുമെങ്കിൽ تَثْقَفَنَّهُمْ അവരെ നീ കണ്ടെത്തുന്നു (വെങ്കിൽ) فِي الْحَرْبِ യുദ്ധത്തിൽ വെച്ചു فَشَرِّدْ എന്നാൽ നീ തുരത്തിക്കളയുക بِهِم അവർ മൂലം, അവരെക്കൊണ്ടു مَّنْ خَلْفَهُمْ അവരുടെ പിമ്പിലുള്ളവരെ لَعَلَّهُمْ അവരായേക്കാം يَذَّكَّرُونَ അവർ ഉറ്റാലോചിക്കും. 58. وَإِمَّا تَخَافَنَّ നീ വല്ലപ്പോഴും ഭയപ്പെടുന്ന പക്ഷം مِن قَوْمٍ വല്ല ജനതയിൽ നിന്നും خِيَانَةً ചതി, വല്ല വഞ്ചനയും فَانبِذْ എന്നാൽ ഇട്ടുകളയുക, എറിയുക إِلَيْهِمْ അവരിലേക്കു عَلَىٰ سَوَاءٍ സമത്തിലായി إِنَّ اللَّهَ നിശ്ചയമായും അല്ലാഹു لَا يُحِبُّ ഇഷ്ടപ്പെടുകയില്ല الْخَائِنِينَ ചതിയൻമാരെ.

സത്യവിശ്വാസം സ്വീകരിക്കാതെ, അവിശ്വാസത്തിലും നിഷേധത്തിലും ശഠിച്ചുനിൽക്കുകയും, അന്യോന്യം ഉടമ്പടിയും കരാറും ചെയ്താൽ സൂക്ഷ്മത പാലിക്കാതെ ലംഘിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ആളുകളാണ് ഭൂമുഖത്തുള്ള ജീവജന്തുക്കളിൽ വെച്ച് അല്ലാഹുവിന്റെ അടുക്കൽ ഏറ്റവും ദുഷ്ടൻമാർ. ഇങ്ങിനെയുള്ളവരെ യുദ്ധത്തിൽ വെച്ച് പിടിയിൽ കിട്ടിയാൽ, അവരുടെ നേരെ ഒട്ടും ദയ കാണിക്കാതെ കൊല ചെയ്യുകയോ ബന്ധനത്തിലാക്കുകയോ വേണം. അങ്ങനെ, അവരുടെമേൽ സ്വീകരിക്കപ്പെടുന്ന ആ നിർദ്ദയ നടപടി അവരുടെ പിൻഗാമികൾക്കു ഒരു പാഠമായിത്തീരുകയും, അവരുടെ മുന്നോട്ടുള്ള ഗതി പിന്നോട്ടു തിരിക്കുകയും വേണം. ഇതിനെ ചെയ്താലേ അവർക്ക് തന്റേടം വരൂ. ഏതെങ്കിലും ജനങ്ങളുമായി വല്ല കരാറുവ്യവസ്ഥയും നിലവിലുള്ളപ്പോൾ, അവർ അതിലെ നിശ്ചയം പാലിക്കാതെ ചതിയും വഞ്ചനയും നടത്തുവാൻ ശ്രമിക്കുന്നതായി കണ്ടാൽ, അവരോടു

പെട്ടെന്ന് യുദ്ധത്തിനൊരുങ്ങാതെ, അവരുമായുള്ള കരാര്‍ അങ്ങോട്ടു തിരിച്ചുകൊടുക്കണം. അഥവാ അതു ദുര്‍ബ്ബലപ്പെടുത്തിയിരിക്കുന്നുവെന്നു അവരെ അറിയിക്കണം. അങ്ങിനെ ചെയ്യാതിരിക്കുന്ന പക്ഷം–ആ കരാര്‍ നിലവിലുള്ള സ്ഥിതിക്കു–ആദ്യമേ അവരോടു യുദ്ധത്തിനൊരുങ്ങുന്നതു ചതിയായിരിക്കും. ആരോടും ചതി നടത്തുന്നതു അല്ലാഹുവിനു ഇഷ്ടമില്ലാത്ത കാര്യമാണ് എന്നൊക്കെയാണ് ഈ വചനങ്ങളില്‍ പറഞ്ഞതിന്റെ സാരം.

കരാറുലംഘനം പതിവാക്കിയ എല്ലാ അവിശ്വാസികളെ സംബന്ധിച്ചും പൊതുവിലാണു ഈ വചനങ്ങളില്‍ പ്രസ്താവിക്കപ്പെട്ടിട്ടുള്ളതെങ്കിലും യഹൂദികളാണു ഈ ആക്ഷേപത്തിനു പ്രധാനമായും പാത്രമായിരിക്കുന്നതെന്നു വ്യക്തമാകുന്നു. കരാറുലംഘനവും, വഞ്ചനകളും അവരുടെ ഒരു നിത്യപതിവായിരുന്നു. നബി (സ) മദീനായില്‍ ചെന്ന ഉടനെത്തന്നെ, മുസ്ലിംകളോടു യുദ്ധം ചെയ്കയില്ലെന്നും, മുസ്ലിംകള്‍ക്കെതിരായി ആരെയും സഹായിക്കുകയില്ലെന്നും അവരുമായി ഉടമ്പടി നടന്നിട്ടുണ്ടായിരുന്നു. ഒന്നിലധികം പ്രാവശ്യം അവരതു ലംഘിക്കുകയും, മുശ്‌രിക്കുകള്‍ക്കു ആയുധം നല്‍കിയും, മറ്റും അവരെ സഹായിക്കുകയുമുണ്ടായി. അതു നിമിത്തമാണ് അവസാനം അവര്‍ മദീനായില്‍ നിന്നു കൂട്ടത്തോടെ നാടു കടത്തപ്പെട്ടതും.

മുആവിയാ (റ) ഖലീഫയായിരുന്ന കാലത്തു അദ്ദേഹവും റോമക്കാരുമായി ഉണ്ടായിരുന്ന ഒരു സന്ധിവ്യവസ്ഥയുടെ കാലം കഴിഞ്ഞാല്‍ ഉടനെ അവരുടെ നേരെ പടയെടുക്കുവാന്‍ അദ്ദേഹം ഉദ്ദേശിച്ചിരുന്നു. ഇതറിഞ്ഞപ്പോള്‍, അംറുബ്നു അന്‍ബസത്ത് (عمرو بن عبسة رض) അദ്ദേഹത്തോടു പറഞ്ഞു: 'അല്ലാഹു അക്ബര്‍! (കാര്‍) നിറവേറണം. വഞ്ചന പാടില്ല. റസൂല്‍ (സ) ഇപ്രകാരം പറഞ്ഞിരിക്കുന്നു: 'വല്ലവര്‍ക്കും വല്ല ജനതയുമായി എന്തെങ്കിലും കരാറുണ്ടായിരുന്നാല്‍, [illegible] കെട്ടുവാനോ (അതില്‍ വല്ലതും കുറക്കുവാനോ കൂട്ടുവാനോ) പാടില്ല. അല്ലെങ്കില്‍ സമത്വത്തില്‍ (ഇങ്ങോട്ടു ചെയ്യുന്ന അതേ മാതിരി) കരാര്‍ അങ്ങോട്ടു ഇട്ടു കൊടുക്കണം. (മു. [illegible]). ഇതു കേട്ടപ്പോള്‍ മുആവിയാ (റ) തന്റെ തീരുമാനത്തില്‍ നിന്നു മടങ്ങുകയുണ്ടായി. (അ. ദാ. തി. ന.)

വിഭാഗം–8

59. നിശ്ചയമായും അവിശ്വസിച്ചവര്‍ ഗണിക്കേണ്ടാ, തങ്ങള്‍ (പിടികിട്ടാതെ) മറികടന്നു [illegible]. നിശ്ചയമായും, അവര്‍ (അല്ലാഹുവിനെ) [illegible] കയില്ല.

وَلَا يَحْسَبَنَّ الَّذِينَ كَفَرُوا سَبَقُوا ۚ إِنَّهُمْ لَا يُعْجِزُونَ

---

59. وَلَا يَحْسَبَنَّ നിശ്ചയമായും ഗണിക്കേണ്ടാ, കണക്കു കൂട്ടേണ്ടാ, വിചാരിക്കരുത് الَّذِينَ كَفَرُوا അവിശ്വസിച്ചവര്‍ سَبَقُوا അവര്‍ മറികടന്നുവെന്നു إِنَّهُمْ നിശ്ചയമായും അവര്‍ لَا يُعْجِزُونَ അവര്‍ അശക്തരാക്കുക (കിട്ടാതാക്കുക) യില്ല, പരാജയപ്പെടുത്തുന്നതല്ല

لَا يَحْسَبَنَّ എന്നതിന്റെ സ്ഥാനത്തു لَا تَحْسَبَنَّ എന്നും വായനയുണ്ട്. 'അവിശ്വസിച്ചവരെ അവര്‍ മുന്‍കടന്നു പോയിരിക്കുന്നതായി നീ ഗണിക്കേണ്ട' എന്നായിരിക്കും അപ്പോള്‍ അര്‍ത്ഥം. ഏതായാലും സാരം ഒന്നു തന്നെ. അതായതു, അല്ലാഹുവിനു പിടികിട്ടാത്ത വിധം അവരെ പരാജയപ്പെടുത്തിക്കൊണ്ടു അവര്‍ മുമ്പില്‍ കടന്നു വിജയിച്ചു പോയിട്ടുണ്ടെന്നു കരുതേണ്ട. അവനെ പരാജയപ്പെടുത്തുവാന്‍ അവര്‍ക്കസാധ്യമല്ല. എന്നു സാരം. ഈ ലോകത്തില്‍ വെച്ചു ഒന്നും സംഭവിച്ചില്ലെങ്കില്‍ തന്നെ പരത്തില്‍ അവര്‍ക്കു രക്ഷയില്ലല്ലോ. അല്ലാഹു പറയുന്നു: 'അവിശ്വസിച്ചവര്‍ രാജ്യങ്ങളിലൂടെ ഭൌസവിഹാരം ചെയ്യുന്നതു നിന്നെ വഞ്ചിച്ചു കളയരുത്. നിസ്സാരമായ ഒരു സുഖാനുഭവമാണത്. പിന്നീടു അവരുടെ സങ്കേത സ്ഥാനം നരകമാകുന്നു.' (3: 196, 197)

وَأَعِدُّوا لَهُم مَّا اسْتَطَعْتُم مِّن قُوَّةٍ وَمِن رِّبَاطِ الْخَيْلِ تُرْهِبُونَ بِهِ عَدُوَّ اللَّهِ وَعَدُوَّكُمْ وَآخَرِينَ مِن دُونِهِمْ لَا تَعْلَمُونَهُمُ اللَّهُ يَعْلَمُهُمْ ۚ ٦٠

60. (സത്യവിശ്വാസികളേ) അവർക്കു വേണ്ടി നിങ്ങൾക്കു സാധിക്കുന്നത്ര ശക്തിയും, കെട്ടിനിറുത്തിയ (പോർ) കുതിരകളെയും നിങ്ങൾ ഒരുക്കുകയും ചെയ്യുവിൻ; അല്ലാഹുവിന്റെ ശത്രുവെയും, നിങ്ങളുടെ ശത്രുവെയും, അവർക്കു പുറമെ വേറെ ചിലരെയും അതുമൂലം നിങ്ങൾ പേടിപ്പെടുത്തുമാറ്; അവരെ (കുറിച്ച്) നിങ്ങൾ അറിയുകയില്ല; അല്ലാഹു അവരെ (കുറിച്ച്) അറിയുന്നതാണ്.

وَمَا تُنفِقُوا مِن شَيْءٍ فِي سَبِيلِ اللَّهِ يُوَفَّ إِلَيْكُمْ وَأَنتُمْ لَا تُظْلَمُونَ ○

അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിങ്ങൾ ഏതൊരു വസ്തു ചിലവഴിക്കുന്നുവോ, അതു നിങ്ങൾക്കു നിറവേറ്റിത്തരപ്പെടുന്നതാണ്; നിങ്ങളാകട്ടെ നിങ്ങളോടു അനീതി ചെയ്യപ്പെടുകയില്ല താനും.

---

60. وَأَعِدُّوا നിങ്ങൾ ഒരുക്കുക (സജ്ജീകരിക്കുക)യും ചെയ്‌വിൻ لَهُم അവർക്കുവേണ്ടി, അവരോടു مَّا اسْتَطَعْتُم നിങ്ങൾക്കു കഴിയുന്നതു, സാദ്ധ്യമാകുന്നത്ര مِّن قُوَّةٍ ശക്തിയിൽനിന്നു, ശക്തിയായിട്ടു وَمِن رِّبَاطِ കെട്ടിനിറുത്തപ്പെട്ടതിൽനിന്നും, കെട്ടിനിറുത്തലായും الْخَيْلِ കുതിര (യിലെ), കുതിരയെ تُرْهِبُونَ നിങ്ങൾ പേടിപ്പെടുത്തുമാറ് بِهِ അതുമൂലം عَدُوَّ اللَّهِ അല്ലാഹുവിന്റെ ശത്രുവെ وَعَدُوَّكُمْ നിങ്ങളുടെ ശത്രുവെയും وَآخَرِينَ വേറെ ചിലരെയും, മറ്റുള്ളവരെയും مِن دُونِهِمْ അവർക്കു പുറമെ, അവരെ കൂടാതെ لَا تَعْلَمُونَهُمُ അവരെ നിങ്ങൾ അറിയുന്നതല്ല اللَّهُ يَعْلَمُهُمْ അല്ലാഹു അവരെ അറിയുന്നതാണ് وَمَا تُنفِقُوا നിങ്ങൾ എന്തു ചിലവഴിക്കുന്നുവോ, എന്തു ചിലവഴിക്കുന്നതായാലും مِن شَيْءٍ ഒരു വസ്തുവായിട്ടു, ഏതൊരു വസ്തുവെയും فِي سَبِيلِ മാർഗ്ഗത്തിൽ اللَّهِ അല്ലാഹുവിന്റെ يُوَفَّ അതു നിറവേറ്റി (പൂർത്തിയാക്കി) തരപ്പെടും إِلَيْكُمْ നിങ്ങൾക്ക, നിങ്ങളിലേക്ക وَأَنتُمْ നിങ്ങളാകട്ടെ لَا تُظْلَمُونَ നിങ്ങൾ അനീതി ചെയ്യപ്പെടുന്നതുമല്ല.

സത്യം തങ്ങളുടെ ഭാഗത്താണു, സത്യത്തിന്റെ കക്ഷിയായ തങ്ങളെ അല്ലാഹു സഹായിച്ചുകൊള്ളും, അസത്യത്തിന്റെ കക്ഷിയെ അവൻ പരാജയപ്പെടുത്തുകയും ചെയ്യും എന്നുവെച്ച് സത്യവിശ്വാസികൾ അടങ്ങിയിരിക്കുവാൻ പാടില്ല. വേണ്ടിവരുമ്പോൾ ശത്രുക്കളെ നേരിടുവാനും, ഇങ്ങോട്ടു വന്നു ആക്രമണം നടത്തുവാൻ അവർക്കു ഭയം തോന്നുവാനും വേണ്ടി സത്യവിശ്വാസികൾ കഴിയുന്നത്ര ശക്തി സംഭരിച്ചുകൊണ്ടിരിക്കേണ്ടതുണ്ട് എന്നു അല്ലാഹു ഉൽബോധിപ്പിക്കുന്നു. ശക്തി (قوة) എന്ന വാക്ക ഒരു വ്യാപകാർത്ഥത്തിലുള്ളതാണ്. കാലത്തിനും, പരിതസ്ഥിതികൾക്കും അനുസരിച്ചു ശത്രുക്കളോടു നേരിടുവാൻ ഏതെല്ലാം തരത്തിലുള്ള ശക്തി വേണമോ അതെല്ലാം അതിൽ ഉൾപ്പെടുന്നു. ആയുധശക്തി, സാമ്പത്തിക ശക്തി, ബുദ്ധിപരവും നയപരവും സംഘടനാപരവുമായ ശക്തി എന്നിവയെല്ലാം അതിൽ അടങ്ങുന്നു. യുദ്ധമുഹൂർത്തം വരുമ്പോൾ മാത്രം അവയെക്കുറിച്ചു ചിന്തിച്ചാൽ പോരാ, നേരത്തെത്തന്നെ ഇങ്ങിനെയുള്ള മുന്നൊരുക്കങ്ങൾ കരുതിവെക്കണം എന്നുകൂടി അല്ലാഹു ഓർമ്മിപ്പിക്കുന്നു. മുൻകാലത്തുള്ള യുദ്ധ സജ്ജീകരണങ്ങളിൽ പ്രഥമസ്ഥാനം പടക്കുതിരകൾക്കായിരുന്നു. യുദ്ധപ്പയറ്റുകൾ പരിശീലിപ്പിച്ചും പോഷണം നൽകിയുംകൊണ്ടു ലക്ഷണമൊത്ത കുതിരകളെ അതിനായി ഒരുക്കിനിറുത്തലും അക്കാലത്തു പതിവായിരുന്നു. ഈ യന്ത്ര യുഗത്തിൽപോലും കുതിരപ്പട്ടാളത്തിന്റെ സ്ഥാനം തീരെ നഷ്ടപ്പെട്ടിട്ടില്ല. അതുകൊണ്ടാണു പടക്കുതിരകളെ കെട്ടിനിറുത്തുന്നതിനെ(رباط الخيل)പ്പറ്റി പ്രത്യേകം എടുത്തു പറയുവാൻ കാരണം. വാൾ, കുന്തം മുതലായ അന്നത്തെ യുദ്ധായുധങ്ങളെ അപേക്ഷിച്ച്, ശത്രുക്കളെ അകറ്റുവാൻ കൂടുതൽ ഉപയോഗപ്പെട്ടിരുന്ന ആയുധം അമ്പുകളായിരുന്നു. ഇന്നു തോക്കിന്റെ സ്ഥാനം അന്നു അമ്പിനായിരുന്നു. അതുകൊണ്ടാണ് ഈ വചനം ഓതിക്കൊണ്ട് ഒരു പ്രസംഗത്തിൽ നബി(സ) ഇങ്ങിനെ ആവർത്തിച്ചു പറഞ്ഞതു: ألا إن القوة الرمي (അറിഞ്ഞേക്കുക: നിശ്ചയമായും, ശക്തിയെന്നാൽ എയ്ത്താകുന്നു). (മു)

ശക്തി സംഭരിച്ചുവെക്കണമെന്നു പറഞ്ഞതിന്റെ ഉദ്ദേശ്യം. അല്ലാഹുവിന്റെയും, നിങ്ങളുടെയും ശത്രുക്കളായി ഇപ്പോൾ നിലവിലുള്ളവരെ ഭീതിപ്പെടുത്തുക മാത്രമല്ലെന്നും, ഭാവിയിലുണ്ടാകുന്ന ശത്രുക്കളെ കൂടി ഭീതിപ്പെടുത്തുക കൂടിയാണെന്നും അല്ലാഹു ചൂണ്ടിക്കാട്ടിയിരിക്കുന്നു. പ്രത്യക്ഷത്തിൽ വരുംകാലത്തുള്ളതായ വേറെയും ശത്രുക്കൾ വരാനിരിക്കുന്നുണ്ട്, അവരെപ്പറ്റി ഇപ്പോൾ നിങ്ങൾക്കൊന്നും അറിയുകയില്ല. അല്ലാഹുവിന്നേ അ റിയൂ എന്നൊക്കെയാണു وَآخَرِينَ مِن دُونِهِمْ (അവർക്ക പുറമെ മറ്റു ചിലരെയും) എന്നു തുടങ്ങിയ വാക്യത്തിന്റെ താൽപര്യം. ബദ്ർ യുദ്ധത്തിനുശേഷം, മുസ്‌ലിംകളുമായി യുദ്ധം നടത്തിയ എല്ലാ അറബിശത്രുക്കളെയും, അ ധികം താമസിയാതെ അവർക്ക് ഏറ്റുമുട്ടേണ്ടി വന്ന വിദേശ ശത്രുക്കളെയും, ഭാവിയിൽ മുസ്‌ലിംകളുടെ നേരെ ആ ക്രമണത്തിനൊരുങ്ങിയേക്കാവുന്ന എല്ലാ ശത്രുക്കളെയും ഉദ്ദേശിച്ചാണിതെന്നു പറയേണ്ടതില്ല. ശക്തി സംഭരിക്കു ന്നതിനു പ്രയത്നവും ധനവ്യയവുമാണല്ലോ ആവശ്യം. അതുകൊണ്ടു അക്കാര്യവും അല്ലാഹു ഉണർത്താതിരുന്നിട്ടില്ല. അതെ, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിങ്ങൾ എന്തു തന്നെ ചിലവഴിച്ചാലും യാതൊരു കമ്മിയും കുറവും കൂ ടാതെ അതിന്റെ ഫലം നിങ്ങൾക്ക പൂർത്തിയായി നൽകപ്പെടുന്നതാണ് (وَمَا تُنفِقُوا مِن شَيْءٍ ....) എന്നു വാഗ്ദാനവും ചെയ്തിരിക്കുന്നു. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചിലവഴിക്കുന്നതിനു എഴുനൂറിരട്ടിയും, അതിലധികവും പ്ര തിഫലം നൽകുമെന്ന (2:261ൽ) വാഗ്ദാനം ചെയ്തിട്ടുള്ളതും സ്മരണീയമാകുന്നു. ധർമ്മയുദ്ധത്തിനുവേണ്ടി ചെയ്യുന്ന ത്യാഗങ്ങളുടെയും, ധനവ്യയങ്ങളുടെയും പുണ്യഫലത്തെ സംബന്ധിച്ചു പ്രത്യേകമായി സൂ: തൗബ 120, 121 വചനങ്ങളിൽ പ്രസ്താവിക്കുന്നുണ്ട്.

٦١- وَإِن جَنَحُوا لِلسَّلْمِ فَاجْنَحْ لَهَا وَتَوَكَّلْ عَلَى اللَّهِ ۚ إِنَّهُ هُوَ السَّمِيعُ الْعَلِيمُ ○

61. (നബിയേ) അവർ സമാധാനത്തിനു [സന്ധിക്ക] തുനിയുന്നപക്ഷം, നീയും അതിനു തുനിയുക; അല്ലാഹുവിന്റെ മേൽ ഭരമേൽപിക്കുകയും ചെയ്യുക.

നിശ്ചയമായും, അവൻ തന്നെയാണു (എല്ലാം) കേൾക്കുന്നവനും, അറിയുന്നവനും.

٦٢- وَإِن يُرِيدُوا أَن يَخْدَعُوكَ فَإِنَّ حَسْبَكَ اللَّهُ ۚ هُوَ الَّذِي أَيَّدَكَ بِنَصْرِهِ وَبِالْمُؤْمِنِينَ ○

62. അവർ നിന്നെ വഞ്ചിക്കുവാൻ ഉദ്ദേശിക്കുന്നവെങ്കിലോ, അപ്പോൾ, നിശ്ചയമായും, നിനക്ക അല്ലാഹു (തന്നെ) മതി. അവനത്രെ, തന്റെ സഹായംകൊണ്ടും, സത്യവിശ്വാസികളെക്കൊണ്ടും നിന്നെ ബലപ്പെടുത്തിത്തന്നവൻ.

٦٣- وَأَلَّفَ بَيْنَ قُلُوبِهِمْ ۚ لَوْ أَنفَقْتَ مَا فِي الْأَرْضِ جَمِيعًا مَّا أَلَّفْتَ بَيْنَ قُلُوبِهِمْ وَلَٰكِنَّ اللَّهَ أَلَّفَ بَيْنَهُمْ ۚ إِنَّهُ عَزِيزٌ حَكِيمٌ ○

63. അവരുടെ ഹൃദയങ്ങൾക്കിടയിൽ അവൻ ഇണക്കിച്ചേർക്കുകയും ചെയ്തിരിക്കുന്നു. ഭൂമിയിലുള്ളതു മുഴുവനും നീ ചിലവഴിച്ചിരുന്നാലും, അവരുടെ ഹൃദയങ്ങൾക്കിടയിൽ നീ ഇണക്കിച്ചേർക്കമായിരുന്നില്ല. [നിനക്കതിന്നു സാധിക്കുമായിരുന്നില്ല] എങ്കിലും, അവർക്കിടയിൽ അല്ലാഹു ഇണക്കിച്ചേർത്തിരിക്കുകയാണ്. നിശ്ചയമായും അവൻ, പ്രതാപശാലിയും, അഗാധജ്ഞനുമാകുന്നു.

---

61. وَإِن جَنَحُوا അവർ തുനിഞ്ഞാൽ, ചാഞ്ഞുവെങ്കിൽ لِلسَّلْمِ സമാധാനത്തിനു (സമാധാന സന്ധിയിലേക്ക) فَاجْنَحْ നീയും തുനിയുക, ചായുക لَهَا അതിനു, അതിലേക്ക وَتَوَكَّلْ നീ ഭരമേൽപിക്കുകയും ചെയ്യുക عَلَى اللَّهِ അല്ലാഹുവിന്റെ മേൽ إِنَّهُ هُوَ നിശ്ചയമായും അവൻ തന്നെ السَّمِيعُ കേൾക്കുന്നവൻ الْعَلِيمُ അറിയുന്നവൻ 62. وَإِن يُرِيدُوا അവർ ഉദ്ദേശിക്കുന്നവെങ്കിലോ أَن يَخْدَعُوكَ അവർ നിന്നെ വഞ്ചിക്കുവാൻ فَإِنَّ حَسْبَكَ എന്നാൽ നിശ്ചയമായും നിനക്കമതി, മതിയായവൻ اللَّهُ അല്ലാഹു, അല്ലാഹുവാകുന്ന هُوَ الَّذِي അവനത്രെ യാതൊരുവൻ أَيَّدَكَ നിന്നെ അവൻ ബലപ്പെടുത്തി بِنَصْرِهِ തന്റെ സഹായംകൊണ്ടു وَبِالْمُؤْمِنِينَ സത്യവിശ്വാസികളെക്കൊണ്ടും 63. وَأَلَّفَ അവൻ ഇണക്കുകയും ചെയ്തിരിക്കുന്നു بَيْنَ قُلُوبِهِمْ അവരുടെ ഹൃദയങ്ങൾക്കിടയിൽ لَوْ أَنفَقْتَ നീ ചിലവഴിച്ചിരുന്നെങ്കിൽ, ചിലവാക്കിയാലും مَا فِي الْأَرْضِ ഭൂമിയിലുള്ളത് جَمِيعًا മുഴുവനും مَّا أَلَّفْتَ നീ ഇണക്കിച്ചേർക്കുകയില്ല بَيْنَ قُلُوبِهِمْ അവരുടെ ഹൃദയങ്ങൾക്കിടയിൽ وَلَٰكِنَّ اللَّهَ എങ്കിലും അല്ലാഹു أَلَّفَ ഇണക്കിയിരിക്കുന്നു بَيْنَهُمْ അവർക്കിടയിൽ إِنَّهُ നിശ്ചയമായും അവൻ عَزِيزٌ പ്രതാപശാലിയാണു حَكِيمٌ അഗാധജ്ഞനാണു, യുക്തിമാനാണ്

[illegible] ഉപയോഗപ്പെടുത്തുവാനും, ശത്രുക്കളുടെ ആക്രമണവാസന തടയുവാനും വേണ്ടി [illegible] പറഞ്ഞശേഷം, സമാധാനസന്ധിക്കുള്ള വല്ല ചായ്‌വും ശത്രുക്കളിൽ [illegible] അവരോടു സന്ധി നടത്തി യുദ്ധം കൂടാതെ കഴിക്കണമെന്നു നബി (സ) യോടു കല്പി[illegible] ആകുന്നുണ്ടെങ്കിലും ഉള്ളിൽ വല്ല വഞ്ചനയും അവർ ഉദ്ദേശിക്കുന്നുണ്ടോ എന്ന [illegible]. അല്ലാഹു എല്ലാം കണ്ടും കേട്ടും അറിഞ്ഞുംകൊണ്ടിരിക്കുന്നവനാണ്, വല്ല [illegible]ന്നുണ്ടെങ്കിൽ അതിനു പരിഹാരം അല്ലാഹു ഉണ്ടാക്കിക്കൊള്ളും, അതിനു അവൻതന്നെ [illegible] നബി (സ) യെ സമാധാനിപ്പിക്കുകയും ചെയ്യുന്നു. തുടർന്നുകൊണ്ടു നബി (സ) ക്കു ലഭിച്ച [illegible] അനുസ്മരിപ്പിക്കുന്നു. ഇതിനു മുമ്പും പല സഹായങ്ങളും നൽകിയിട്ടുള്ളതും, അപ്പടക്കവും [illegible] തിരിഞ്ഞിയ ഒരു അനുയായിവൃന്ദത്തെ സജ്ജമാക്കിക്കൊടുത്തതും ഒരു [illegible] വർത്തിച്ചു വന്നിരുന്ന ആ ഹൃദയങ്ങളെ തമ്മതമ്മിൽ ഇണക്കിച്ചേർത്തു [illegible] അവയവങ്ങൾ കണക്കെ ഒറ്റക്കെട്ടായി മാറ്റിക്കൊടുത്തതുമൊക്കെ അല്ലാഹു തന്നെയാണല്ലോ. [illegible] അവന്റെ സഹായവും അനുഗ്രഹവും ലഭിച്ചുകൊണ്ടിരിക്കുമെന്നുള്ള ഒരു സൂചന [illegible].

[illegible] അൻസാരികളും ചേർന്നതാണ് ഇന്ന് സത്യവിശ്വാസികളുടെ സമൂഹം. അൻസാരികളാ[illegible] ഔസ്, ഖസ്‌റജ് എന്നു രണ്ടു ഗോത്രക്കാരാണ്. ഇസ്‌ലാമിന്റെ ആവിർഭാവത്തിനു മുമ്പ് രണ്ടു ഗോത്രങ്ങളും തമ്മിൽ [illegible] ശത്രുതയിലായിരുന്നു. യുദ്ധങ്ങളുടെയും, കക്ഷിവഴക്കുകളുടെയും ഒരു നീണ്ടകാലത്തെ [illegible]. ഓരോ ഗോത്രവും മറ്റേ ഗോത്രത്തിനെതിരിൽ ആരെയും കൂട്ടുപിടിക്കുകയും, [illegible] ചെയ്യും. സന്ധിസംഭാഷണങ്ങൾക്കോ സഖ്യസംരംഭങ്ങൾക്കോ പഴുതില്ലാത്ത [illegible] അവർ. അവർ ഇസ്‌ലാമിൽ പ്രവേശിച്ചതോടുകൂടി അതെല്ലാം തുടച്ചുനീക്ക[illegible]. സത്യവിശ്വാസമാകുന്ന ചരടിൽ എല്ലാവരും കോർത്തിണക്കപ്പെട്ടു. ഏകോദര സഹോദരങ്ങളെപ്പോലെ— [illegible] അവയവങ്ങളെപ്പോലെ—ആയിത്തീർന്നു. ഇത്ര തന്നെ ശക്തമായിരുന്നില്ലെങ്കിലും മുഹാജിറുകളു[illegible] സ്ഥിതി ഇതുപോലെത്തന്നെയായിരുന്നു. ഭൂമിയിലെ വിഭവങ്ങൾ മുഴുവനും ചിലവഴിച്ചാലും അവരെ ഇണക്കിച്ചേർക്കുവാൻ നിനക്കു കഴിയുമായിരുന്നില്ല എന്നും, അല്ലാഹുവാണ് അവരെ ഇണക്കി യോജിപ്പിച്ചതു എന്നും (لَوْ أَنفَقْتَ مَا فِي الْأَرْضِ ...) പറഞ്ഞതു മൊത്തത്തിൽ രണ്ടുകൂട്ടരെ സംബന്ധിച്ചാണെങ്കിലും അൻസാരികളെ സംബന്ധിച്ചിടത്തോളം അതു കൂടുതൽ അർത്ഥവത്താകുന്നു.

ഇബ്നു അബ്ബാസ് (റ) പറഞ്ഞതായി ഇപ്രകാരം നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു: കുടുംബബന്ധം മുറിക്കപ്പെടാറുണ്ട്. അനുഗ്രഹത്തോടു നന്ദികേടു കാണിക്കപ്പെടാറുമുണ്ട്. എന്നാൽ, ഹൃദയങ്ങൾക്കിടയിൽ അല്ലാഹു അടുപ്പം നൽകിയാൽ (പിന്നെ) അതിനെ ഒന്നും തന്നെ നീക്കിക്കളയുന്നതല്ല. 'തുടർന്നുകൊണ്ടു അദ്ദേഹം لَوْ أَنفَقْتَ مَا فِي الْأَرْضِ ... എന്നുള്ള ഈ വചനം ഓതുകയും ചെയ്തു. (ഹാകിം) ത്വബ്റാനി (റ)യും മറ്റും ഉദ്ധരിച്ച ഒരു ഹദീസിന്റെ സാരം ഇപ്രകാരമാകുന്നു: 'ഒരു മുസ്‌ലിം അവന്റെ മുസ്‌ലിമായ സഹോദരനെ കണ്ടുമുട്ടി സന്തോഷപൂർവ്വം, അവനു കൈകൊടുത്താൽ, ഉണങ്ങിയ മരത്തിന്റെ ഇല കാറ്റിൽ കൊഴിഞ്ഞു വീഴുന്നതുപോലെ അവരുടെ പാപങ്ങൾ കൊഴിഞ്ഞുപോകും.' ഇമാം ബൈഹഖീ–അദ്ദേഹത്തിന്റെ ശഅബുൽ ഈമാൻ എന്ന ഗ്രന്ഥത്തിൽ–ഉദ്ധരിച്ച ഒരു ഹദീസിൽ നബി (സ) ഇങ്ങിനെ പറഞ്ഞതായും വന്നിട്ടുണ്ട്: 'സത്യവിശ്വാസത്തിന്റെ പിടിക്കയറുകളിൽ വെച്ച് അധികം ഉറപ്പുള്ളതു, അല്ലാഹുവിന്റെ കാര്യത്തിൽ അന്യോന്യം മൈത്രി സ്ഥാപിക്കലും, അല്ലാഹുവിന്റെ കാര്യത്തിൽ സ്നേഹിക്കലും, അല്ലാഹുവിന്റെ കാര്യത്തിൽ വെറുക്കലുമാകുന്നു.'

64. ഹേ, നബിയേ, നിനക്കും, സത്യവിശ്വാസികളിൽ നിന്ന് നിന്നെ പിൻപറ്റിയിട്ടുള്ളവർക്കും അല്ലാഹു (തന്നെ) മതി.

يَا أَيُّهَا النَّبِيُّ حَسْبُكَ اللَّهُ وَمَنِ اتَّبَعَكَ مِنَ الْمُؤْمِنِينَ ﴿٦٤﴾

---

64. يَا أَيُّهَا النَّبِيُّ ഹേ നബിയേ حَسْبُكَ നിനക്കുമതി, മതിയായവനാണു اللَّهُ അല്ലാഹു وَمَنِ اتَّبَعَكَ നിന്നെ പിൻപറ്റിയവർക്കും, പിൻപറ്റിയവരും مِنَ الْمُؤْمِنِينَ സത്യവിശ്വാസികളിൽ നിന്നു, വിശ്വാസികളായി

വാചക ഘടന നോക്കുമ്പോൾ ഈ വചനത്തിനു രണ്ടു പ്രകാരത്തിൽ അർത്ഥം വരുവാൻ സാധ്യതയുണ്ട്: (1) പരിഭാഷയിൽ കണ്ടതുപോലെ, 'നിനക്കും സത്യവിശ്വാസികളിൽ നിന്ന് നിന്നെ പിൻപറ്റിയവർക്കും അല്ലാഹു മതി' എന്നും, (2) 'നിനക്കു അല്ലാഹുവും, സത്യവിശ്വാസികളിൽ നിന്നു നിന്നെ പിൻപറ്റിയവരും മതി' എന്നും. ഒന്നാമത്തെ അർത്ഥമാണു പല വ്യാഖ്യാതാക്കളും സ്വീകരിച്ചിരുന്നത്. അതാണു ശരിയായതു എന്നത്രെ ഇ: ഇബ്നുതൈമിയ്യഃ (റ) മുതലായവരുടെ അഭിപ്രായം. [*] രണ്ടാമത്തെ അർത്ഥവും തെറ്റല്ലെന്നും പലരും പ്രസ്താവിച്ചു കാണാം. 62-ാം വചനത്തിൽ هو الذي أيدك بنصره وبالمؤمنين (അവനത്രെ തന്റെ സഹായം കൊണ്ടും സത്യവിശ്വാസികളെക്കൊണ്ടും നിന്നെ ബലപ്പെടുത്തിയവൻ) എന്നു പറഞ്ഞിരിക്കുന്നുവല്ലോ. വ്യാകരണപരമായി മുൻഗണന അർഹിക്കുന്നതു ഈ അർത്ഥമാണെന്നും ചൂണ്ടിക്കാട്ടപ്പെട്ടിരിക്കുന്നു. (**) സഹായവും ശക്തിയും ലഭിക്കുന്നതു യഥാർത്ഥത്തിൽ അല്ലാഹുവിൽ നിന്നാണെങ്കിലും സത്യവിശ്വാസികളായ അനുയായികളും നബി(സ)ക്കു ശക്തി നൽകുന്നതാണല്ലോ. രണ്ടിൽ ഏതർത്ഥം സ്വീകരിക്കപ്പെട്ടാലും ശരി, സത്യവിശ്വാസികളായ അനുയായികളുടെ എണ്ണം കുറവായാലും അധികമായാലും അല്ലാഹുവിന്റെ സഹായം നിങ്ങൾക്കുണ്ടായിരിക്കുമെന്നും, അവന്റെ സഹായം മാത്രം ഉണ്ടായാൽ മതി നിങ്ങൾക്ക് എന്നുമായിരിക്കും ആയത്തിന്റെ താൽപര്യം.

വിഭാഗം-9

65. ഹേ, നബിയേ, സത്യവിശ്വാസികളെ യുദ്ധത്തിന് പ്രോത്സാഹിപ്പിക്കുക. നിങ്ങളുടെ കൂട്ടത്തിൽ ക്ഷമാശീലരായ ഇരുപതു പേരുണ്ടായിരുന്നാൽ, അവർ ഇരുനൂറ് പേരെ ജയിച്ചടക്കുന്നതാണ്; നിങ്ങളുടെ കൂട്ടത്തിൽ നൂറു പേരുണ്ടായിരുന്നാൽ, അവിശ്വസിച്ചവരിൽ നിന്നു ആയിരം പേരെയും അവർ ജയിച്ചടക്കുന്നതാണ്; അവർ (കാര്യം) ഗ്രഹിക്കാത്ത ഒരു ജനതയാണെന്നുള്ളതുകൊണ്ടാണ് (അത്).

٦٥- يَا أَيُّهَا النَّبِيُّ حَرِّضِ الْمُؤْمِنِينَ عَلَى الْقِتَالِ ۚ إِن يَكُن مِّنكُمْ عِشْرُونَ صَابِرُونَ يَغْلِبُوا مِائَتَيْنِ ۚ وَإِن يَكُن مِّنكُم مِّائَةٌ يَغْلِبُوا أَلْفًا مِّنَ الَّذِينَ كَفَرُوا بِأَنَّهُمْ قَوْمٌ لَّا يَفْقَهُونَ ○

66. ഇപ്പോൾ, അല്ലാഹു നിങ്ങൾക്ക ലഘുവാക്കി [ഇളവു ചെയ്തു] തന്നിരിക്കുന്നു; നിങ്ങളിൽ ഒരു (തരം) ദൗർബ്ബല്യം ഉണ്ടെന്നുള്ളതു അവൻ അറിയുകയും ചെയ്തിരിക്കുന്നു.

٦٦- الْآنَ خَفَّفَ اللَّهُ عَنكُمْ وَعَلِمَ أَنَّ فِيكُمْ ضَعْفًا ۚ

---

65. يا أيها النبي ഹേ നബിയേ حرض പ്രോത്സാഹിപ്പിക്കുക المؤمنين സത്യവിശ്വാസികളെ على القتال യുദ്ധത്തിനു إن يكن ഉണ്ടായിരുന്നാൽ منكم നിങ്ങളിൽ നിന്നു, നിങ്ങളുടെ കൂട്ടത്തിൽ عشرون ഇരുപതു (പേർ) صابرون ക്ഷമയുള്ളവരായ يغلبوا അവർ ജയിച്ചടക്കും مائتين ഇരുനൂറു (പേരെ) وإن يكن ഉണ്ടായിരുന്നാലോ منكم നിങ്ങളുടെ കൂട്ടത്തിൽ مائة നൂറു (ആളുകൾ) يغلبوا അവർ ജയിച്ചടക്കും ألفا ആയിരം (പേരെ) من الذين كفروا അവിശ്വസിച്ചവരിൽ നിന്ന് بأنهم അവർ (ആകുന്നു) എന്നതുകൊണ്ടാണു قوم ഒരു ജനത(യാകുന്നു) لا يفقهون ഗ്രഹിക്കാത്ത, കാര്യം മനസ്സിലാക്കാത്ത. 66. الآن ഇപ്പോൾ, ഇസ്സമയം خفف الله അല്ലാഹു ലഘുവാക്കിയിരിക്കുന്നു عنكم നിങ്ങൾക്ക وعلم അവൻ അറിയുകയും ചെയ്തിരിക്കുന്നു أن فيكم നിങ്ങളിലുണ്ടെന്നു ضعفا ഒരു ദൗർബ്ബല്യം, ബലഹീനത

(*) كما صرح به في اقتضاء الصراط المستقيم

(**) يعني أن عطف الظاهر على المضمر في هذه السورة ممتنع اه فتح القدير وغيره

فَإِن يَكُن مِّنكُم مِّائَةٌ صَابِرَةٌ يَغْلِبُوا مِائَتَيْنِ ۚ وَإِن يَكُن مِّنكُمْ أَلْفٌ يَغْلِبُوا أَلْفَيْنِ بِإِذْنِ اللَّهِ ۗ

ആകയാൽ, നിങ്ങളുടെ കൂട്ടത്തിൽ ക്ഷമാശീലരായ നൂറു പേരുണ്ടായിരുന്നാൽ, അവർ ഇരുനൂറു പേരെ ജയിച്ചടക്കുന്നതാണ്. നിങ്ങളുടെ കൂട്ടത്തിൽ ആയിരം പേരുണ്ടായിരുന്നാൽ, അവർ രണ്ടായിരം പേരെയും ജയിച്ചടക്കും.- അല്ലാഹുവിന്റെ അനുവാദം [ഉത്തരവു] കൊണ്ട്.

وَاللَّهُ مَعَ الصَّابِرِينَ ○

അല്ലാഹുവാകട്ടെ, ക്ഷമാശീലരോടുകൂടെയായിരിക്കും.

فَإِن يَكُن എന്നാൽ (അതിനാൽ) ഉണ്ടായിരുന്നാൽ مِّنكُم നിങ്ങളിൽ നിന്നു مِّائَةٌ നൂറു (പേർ) صَابِرَةٌ ക്ഷമിക്കുന്ന, ക്ഷമയുള്ളവരായ يَغْلِبُوا അവർ ജയിക്കും مِائَتَيْنِ ഇരുനൂറു (പേരെ) وَإِن يَكُن مِّنكُمْ നിങ്ങളിൽ (നിങ്ങളുടെ കൂട്ടത്തിൽ) നിന്നുണ്ടായിരുന്നാൽ أَلْفٌ ആയിരം (പേർ) يَغْلِبُوا അവർ ജയിക്കും أَلْفَيْنِ രണ്ടായിരം (ആളുകളെ) بِإِذْنِ اللَّهِ അല്ലാഹുവിന്റെ അനുമതി (സമ്മതം - ഉത്തരവു)കൊണ്ടു وَاللَّهُ അല്ലാഹു مَعَ الصَّابِرِينَ ക്ഷമിക്കുന്നവരുടെ കൂടെയായിരിക്കും.

നബി (സ) ക്കും സത്യവിശ്വാസികൾക്കും അല്ലാഹുവിന്റെ സഹായം മതിയെന്നു സന്തോഷവാർത്ത അറിയിച്ചതിനെത്തുടർന്നു സത്യവിശ്വാസികളെ യുദ്ധത്തിനു പ്രേരിപ്പിക്കുവാൻ കൽപിക്കുകയും, അവർ ക്ഷമയും സഹനവും കൈക്കൊള്ളുന്നപക്ഷം അവരെക്കാൾ വർദ്ധിച്ച ശത്രുക്കളെ ജയിച്ചടക്കുവാൻ അവർക്കു കഴിയുമെന്നു വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു. ശത്രുക്കളുമായി ധർമ്മ യുദ്ധം നടത്തേണ്ടതിന്റെ ആവശ്യകതയും, അതിൽ ധനവും ശരീരവും വിനിയോഗിക്കുന്നതിനു അല്ലാഹുവിങ്കൽ നിന്നു ലഭിക്കുന്ന പുണ്യഫലങ്ങളും മററും വിവരിച്ചുകൊണ്ടു സഹാബികളെ നബി (സ) യുദ്ധത്തിനു പ്രോത്സാഹിപ്പിക്കുക പതിവായിരുന്നുവെന്നും, സഹാബികളിൽ അതു വളരെയധികം ആവേശം ഉളവാക്കിയിരുന്നുവെന്നുമുള്ളതു ചരിത്ര പ്രസിദ്ധമാണ്. ബദ്ർ യുദ്ധവേളയിൽ സൈന്യത്തെ പ്രോത്സാഹിപ്പിച്ചു കൊണ്ടിരിക്കുന്ന കൂട്ടത്തിൽ നബി (സ) പറയുകയുണ്ടായി: 'മുഹമ്മദിന്റെ ആത്മാവു യാതൊരുവന്റെ കയ്യിലാണോ അവൻ തന്നെ സത്യം! ഇന്ന് അവരോടു ഏതെങ്കിലും ഒരാൾ യുദ്ധം ചെയ്യുകയും, എന്നിട്ട് ക്ഷമിച്ചു പാരത്രിക പ്രതിഫലം മോഹിച്ചു പിൻവാങ്ങാതെ മുന്നോട്ടു ഗമിച്ചുകൊണ്ട് കൊല്ലപ്പെടുകയും ചെയ്യുന്ന പക്ഷം, അല്ലാഹു അവനെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കാതിരിക്കുകയില്ല.' ഇതു കേട്ടപ്പോൾ, കാരക്ക തിന്നുകൊണ്ടിരിക്കുകയായിരുന്ന ഉമൈറുബ്നു ഹുമാം (റ): 'ഹാ! ഹാ! എനിക്കു സ്വർഗ്ഗത്തിൽ പ്രവേശിക്കുവാൻ ഇക്കൂട്ടർ എന്നെ കൊലപ്പെടുത്തുകയേവേണ്ടൂ!' എന്നു പറഞ്ഞുകൊണ്ട് കയ്യിലുണ്ടായിരുന്ന കാരക്ക എറിഞ്ഞുകളഞ്ഞു. വാളെടുത്തു ശത്രുക്കൾക്കിടയിൽ തിരക്കിക്കടന്നു പടവെട്ടുകയായി. അദ്ദേഹം അതിൽ രക്തസാക്ഷിയാകുകയും ചെയ്തു. رضي الله عنه ഇതുപോലെ പല ഉദാഹരണങ്ങളും ചരിത്രത്തിൽ കാണാം.

ആദ്യത്തെ വചനത്തിൽ, ക്ഷമാശീലരായ ഇരുപതു സത്യവിശ്വാസികൾ ഇരുനൂറു അവിശ്വാസികളെയും, ക്ഷമാശീലരായ നൂറു സത്യവിശ്വാസികൾ ആയിരം അവിശ്വാസികളെയും ജയിക്കുമെന്ന—അഥവാ, പത്തിരട്ടി വരുന്ന ശത്രുക്കളെ ജയിച്ചടക്കുവാൻ സത്യവിശ്വാസികൾക്കു സാധിക്കുമെന്നു—അല്ലാഹു അറിയിക്കുന്നു. ബാഹ്യത്തിൽ ഇതൊരു വാഗ്ദാനരൂപത്തിലുള്ള വാർത്തയായിട്ടാണുള്ളതെങ്കിലും ആശയം നോക്കുമ്പോൾ, അതൊരു കൽപനാരൂപത്തിലുള്ളതാണെന്നു കാണാവുന്നതാണ്. ശത്രുക്കൾ പത്തിരട്ടിയായാലും അവരോടു ക്ഷമാപൂർവ്വം നേരിടണമെന്നും, ക്ഷമിച്ചു നിന്നാൽ അവരെ ജയിക്കാമെന്നുമാണല്ലോ അതിന്റെ സാരം. ഇതിനു കാരണവും അല്ലാഹു തന്നെ ചൂണ്ടിക്കാട്ടിയിരിക്കുന്നു. بِأَنَّهُمْ قَوْمٌ لَّا يَفْقَهُونَ (അവർ കാര്യം ഗ്രഹിക്കാത്ത ജനങ്ങളാണെന്നുള്ളതുകൊണ്ടു) എന്ന്. അതായതു, അല്ലാഹുവിന്റെ വാക്യം ഉയർത്തുവാൻ വേണ്ടിയും, അവന്റെ കൽപന അനുസരിച്ചുകൊണ്ടും, അവന്റെ പക്കൽനിന്നുള്ള പുണ്യഫലം ലക്ഷ്യമാക്കിക്കൊണ്ടും യുദ്ധത്തിൽ പങ്കെടുക്കുന്നവരും, പേരിനും പെരുമക്കും ഭൗതികലാഭം വേണ്ടി യുദ്ധത്തിൽ പങ്കെടുക്കുന്നവരും തമ്മിലുള്ള വ്യത്യാസവും, അതതിന്റെ അനന്തര നേട്ടങ്ങളും മനസ്സിലാക്കാത്തവരാണവർ. അതുകൊണ്ടു ജീവനോടെ രക്ഷപ്പെട്ട് ജയിക്കണം. അതു സാധ്യമാകാത്ത പക്ഷം പരാജയം വരിച്ചു പിൻമാറണം എന്നേ അവർക്കു ഉദ്ദേശ്യമുള്ളു. സത്യവിശ്വാസികളുടെ നില അതല്ല. രക്ഷപ്പെട്ടാൽ അതു തങ്ങൾക്കും തങ്ങളുടെ മതത്തിനും ലഭിക്കുന്ന വിജയം. മരണപ്പെട്ടാലും തങ്ങൾക്കു വിജയം തന്നെ.

അതെ, ശാശ്വത സ്വർഗ്ഗം.] തങ്ങളുടെ ശേഷവും മതത്തെ അല്ലാഹു വിജയിപ്പിക്കാതിരിക്കുകയുമില്ല. അതുകൊണ്ടു പിൻവാങ്ങുകയോ, മടിരക്ഷപ്പെടുകയോ ചെയ്യേണ്ടുന്ന ആവശ്യം അവർക്കില്ല എന്നു സാരം. രണ്ടാമത്തെ വചനത്തിൽ, നിങ്ങളിൽ ഒരു തരം ദൗർബ്ബല്യം ബാധിച്ചിട്ടുണ്ടെന്നു അറിയാവുന്നതുകൊണ്ടു ആദ്യത്തെ കൽപന അല്ലാഹു നിങ്ങൾക്കു ലഘൂകരിച്ചു തന്നിരിക്കുന്നുവെന്നും, അതുകൊണ്ടു മേലിൽ ശത്രുക്കൾ രണ്ടിരട്ടിവരെയാണെങ്കിൽ അവരോടു നിങ്ങൾ ക്ഷമിച്ചു നിന്നാൽ മതിയാകുമെന്നും സത്യവിശ്വാസികളെ അറിയിക്കുന്നു. ക്ഷമ കൈക്കൊള്ളുന്ന പക്ഷം അവരെ തോൽപിക്കാമെന്നും, ക്ഷമിക്കുന്നവരുടെ ഭാഗത്താണു അല്ലാഹുവിന്റെ സഹായം ഉണ്ടാകുകയെന്നും ഉണർത്തിയിരിക്കുന്നു.

الآن خفف الله عنكم (ഇപ്പോൾ അല്ലാഹു നിങ്ങൾക്കു ലഘുത്വം നൽകിയിരിക്കുന്നു) എന്ന വാക്കിൽ നിന്നു ചില സംഗതികൾ മനസ്സിലാക്കാം. (1) ആദ്യത്തെ വചനം അവതരിച്ചു കുറച്ചെങ്കിലും കഴിഞ്ഞ ശേഷമായിരിക്കും, അതിൽ ലഘുത്വം നൽകിക്കൊണ്ടുള്ള ഈ വചനം അവതരിച്ചതു. الآن (ഇപ്പോൾ) എന്ന വാക്കു അതാണല്ലോ കാണിക്കുന്നത്. (2) ഈ രണ്ടു വചനങ്ങളും വാഗ്ദാന രൂപത്തിലുള്ളതാണെങ്കിലും രണ്ടിലെയും ആശയം കൽപനാരൂപത്തിലുള്ളതാണ്. خفف (ലഘുത്വം നൽകി) എന്ന വാക്കിൽ നിന്നു ഇതു സ്പഷ്ടമാകുന്നു. ഈ രണ്ടു വചനങ്ങൾക്കും ഇമാം ബുഖാരി (റ) അദ്ദേഹത്തിന്റെ 'സ്വഹീഹിൽ' ഓരോ പ്രത്യേക അദ്ധ്യായം കൊടുത്തിട്ടുണ്ട്. രണ്ടിലും-രണ്ടു മാർഗ്ഗത്തിലൂടെ നിവേദനം ചെയ്യപ്പെട്ടതാണെങ്കിലും-ഇബ്നു അബ്ബാസ് (റ) ൽ നിന്നുള്ള ഒരു ഹദീസാണു അദ്ദേഹം രേഖപ്പെടുത്തിയിട്ടുള്ളത്. അതിങ്ങിനെയാണ്:- ഇബ്നു അബ്ബാസ് (റ) പറഞ്ഞു: ان يكن منكم عشرون എന്ന (ആദ്യത്തെ) വചനം അവതരിച്ചപ്പോൾ, പത്താളുകളുള്ളതിൽ നിന്നു ഒരാൾ പിന്മാറിപ്പോകരുതെന്നു സത്യവിശ്വാസികളുടെമേൽ നിർബ്ബന്ധ നിയമമാക്കപ്പെട്ടതു അവർക്കു വിഷമകരമായിത്തീർന്നു. അപ്പോൾ, ലഘുവാക്കിക്കൊണ്ടുള്ള കൽപന വന്നു. അതായതു, ...الآن خفف الله എന്നു (രണ്ടാമത്തെ വചനം) അല്ലാഹു പറഞ്ഞു. അങ്ങനെ, അവർക്കു എണ്ണത്തിൽ ലഘുത്വം നൽകിയപ്പോൾ അതനുസരിച്ചു അവരുടെ സഹനവും ചുരുങ്ങി.' (ബു) മേൽ ചൂണ്ടിക്കാട്ടിയ രണ്ടു സംഗതികളും ഈ ഹദീസിൽ നിന്നു കൂടുതൽ വ്യക്തമാകുന്നു.

ഈ വസ്തുതകളെ അടിസ്ഥാനമാക്കി ഭൂരിപക്ഷം പണ്ഡിതൻമാരും അഭിപ്രായപ്പെടുന്നതു, ശത്രുക്കൾ പത്തിരട്ടി ഉണ്ടായാലും മുസ്ലിംകൾ അവരോടു നേരിടണമെന്നുള്ള ആദ്യത്തെ കൽപന രണ്ടാമത്തെ വചനംകൊണ്ടു ദുർബ്ബലപ്പെടുത്തപ്പെട്ടിരിക്കുന്നുവെന്നാകുന്നു. ശത്രുക്കൾ രണ്ടിരട്ടിയിലധികമുള്ളപ്പോൾ, അവരോടു പോർക്കളത്തിൽ ക്ഷമിച്ചു നിൽക്കൽ നിർബ്ബന്ധമില്ലെന്നും, വേണ്ടിവന്നാൽ പിൻമാറിപ്പോരാമെന്നും സാരം. ചില പണ്ഡിതൻമാർ പറയുന്നതു, ഈ രണ്ടു വചനങ്ങളും രണ്ടു അവസരങ്ങളെ ഉദ്ദേശിച്ചുള്ളതാണെന്നാകുന്നു. സത്യവിശ്വാസികൾ കുറച്ചാളുകളായിരിക്കുമ്പോഴാണു പത്തിരട്ടിയോടു പൊരുതു നിൽക്കണമെന്നു കൽപിച്ചത്; പിന്നീടവർ അധികമായപ്പോൾ രണ്ടിരട്ടിയോടു പൊരുതു നിന്നാൽ മതിയെന്നും കൽപിച്ചു എന്നർത്ഥം. ഈ വിഷയത്തെ സംബന്ധിക്കുന്ന നിയമപരമായ വിശദീകരണങ്ങളിൽ പണ്ഡിതൻമാർക്കിടയിൽ പല അഭിപ്രായ വ്യത്യാസവും കാണാം. അതിനെപ്പററി ഇവിടെ വിശദീകരിക്കുവാൻ ഉദ്ദേശിക്കുന്നില്ല.

രണ്ടു വചനങ്ങളിലും അടങ്ങിയ ഒരു തത്വം പ്രത്യേകം നാം മനസ്സിരുത്തേണ്ടതുണ്ട്. ക്ഷമയും സഹനവുമാണു അല്ലാഹുവിന്റെ സഹായത്തിനുള്ള മാർഗ്ഗമായി അല്ലാഹു ചൂണ്ടിക്കാട്ടിയിരിക്കുന്നത്. ക്ഷമയുടെ പോരായ്മയാണു എണ്ണത്തിന്റെ കുറവിനെക്കാൾ ദൗർബ്ബല്യത്തിനു കാരണമാകുന്നതു. ധീരമനസ്കതയും, ഉറച്ച വിശ്വാസവും, നിഷ്കളങ്കതയും ഉണ്ടാകുമ്പോഴാണല്ലോ ക്ഷമയും, സഹനവും കൈവരുക. എണ്ണത്തിലും വണ്ണത്തിലും മുസ്ലിംകൾ ശത്രുക്കളെ അപേക്ഷിച്ച് എത്രയോ കുറവായിരുന്നിട്ടും അവർ ശത്രുക്കളെ ജയിച്ചടക്കിയതിനും, നേരെമറിച്ച് മുസ്ലിംകൾ എല്ലാ നിലക്കും ശത്രുക്കളെക്കാൾ വളരെ കവിഞ്ഞിരുന്നിട്ടും അവർ പരാജയപ്പെട്ടതിനും ഉദാഹരണങ്ങൾ—നബി (സ) യുടെ കാലത്തു തന്നെയും, അതിനു ശേഷവും—ഇസ്ലാമിന്റെ ചരിത്രത്തിൽ കാണാവുന്നതാണ്. 'നാം ആളെണ്ണക്കുറവുകൊണ്ടു ജയിച്ചടക്കപ്പെടുകയില്ല; പാപങ്ങൾ നിമിത്തമാണു നാം തോൽപിക്കപ്പെടുക'. എന്നു ഉമർ (റ) ഒരിക്കൽ പറഞ്ഞതു ഇവിടെ സ്മർത്തവ്യമാകുന്നു.

67. ഒരു നബിക്കും (തന്നെ), അദ്ദേഹം ഭൂമിയിൽ (ശത്രുവെ കീഴടക്കി) ശക്തിയാർജ്ജിക്കുന്നതുവരെ, അദ്ദേഹത്തിനു ബന്ധനസ്ഥർ ഉണ്ടായിരിക്കുവാൻ പാടുള്ളതല്ല.

നിങ്ങൾ ഇഹലോക വിഭവത്തെ ഉദ്ദേശിക്കുന്നു; അല്ലാഹുവാകട്ടെ, പരലോകത്തെയും ഉദ്ദേശിക്കുന്നു. അല്ലാഹു പ്രതാപശാലിയും, അഗാധജ്ഞനുമാകുന്നു.

٦٧- مَا كَانَ لِنَبِيٍّ أَن يَكُونَ لَهُ أَسْرَىٰ حَتَّىٰ يُثْخِنَ فِي الْأَرْضِ ۚ تُرِيدُونَ عَرَضَ الدُّنْيَا وَاللَّهُ يُرِيدُ الْآخِرَةَ ۗ وَاللَّهُ عَزِيزٌ حَكِيمٌ

٦٨- لَوْلَا كِتَٰبٌ مِّنَ ٱللَّهِ سَبَقَ لَمَسَّكُمْ فِيمَآ أَخَذْتُمْ عَذَابٌ عَظِيمٌ

68. അല്ലാഹുവിങ്കൽ നിന്നും ഒരു നിശ്ചയം മുമ്പു കഴിഞ്ഞിട്ടില്ലായിരുന്നെങ്കിൽ, നിങ്ങൾ വാങ്ങിയതിൽ നിങ്ങൾക്കു വമ്പിച്ച ശിക്ഷ ബാധിക്കുക തന്നെ ചെയ്യുമായിരുന്നു.

٦٩- فَكُلُوا۟ مِمَّا غَنِمْتُمْ حَلَٰلًا طَيِّبًا ۚ وَٱتَّقُوا۟ ٱللَّهَ ۚ إِنَّ ٱللَّهَ غَفُورٌ رَّحِيمٌ

69. എന്നാൽ, (എനി) നിങ്ങൾ 'ഗനീമത്തായി' [യുദ്ധമുതലായി] എടുത്തതിൽ നിന്ന് അനുവദനീയമായും, വിശിഷ്ടമായും നിങ്ങൾ തിന്നുകൊള്ളുവിൻ; അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യുവിൻ. നിശ്ചയമായും, അല്ലാഹു വളരെ പൊറുക്കുന്നവനും, കരുണാനിധിയുമാകുന്നു:

---

67. ما كان ആയിക്കൂടാ (പാടില്ല) لنبي ഒരു നബിക്കും, പ്രവാചകനും أن يكون ഉണ്ടായിരിക്കൽ له അദ്ദേഹത്തിനു أسرى ബന്ധനസ്ഥർ, പിടിയിലകപ്പെട്ടവർ حتى يثخن അദ്ദേഹം ശക്തിപ്പെടുത്തുന്ന(കനപ്പിക്കുന്ന-ജയിച്ചടക്കുന്ന-കഠിനമാക്കുന്ന-ശക്തിയാർജ്ജിക്കുന്ന)തുവരെ في الأرض ഭൂമിയിൽ تريدون നിങ്ങൾ ഉദ്ദേശിക്കുന്നു عرض വിഭവത്തെ الدنيا ഇഹലോകത്തിന്റെ والله അല്ലാഹുവാകട്ടെ يريد ഉദ്ദേശിക്കുന്നു الآخرة പരലോകത്തെ والله അല്ലാഹു عزيز പ്രതാപശാലിയാണ് حكيم അഗാധജ്ഞനാണ്, യുക്തിമാനാണ്. 68. لولا ഇല്ലായിരുന്നെങ്കിൽ كتاب ഒരു (നിയമ) നിശ്ചയം من الله അല്ലാഹുവിൽനിന്നുള്ള سبق മുൻകഴിഞ്ഞ (തായ) لمسكم നിങ്ങളെ സ്പർശിക്കുക (ബാധിക്കുക) തന്നെ ചെയ്യുമായിരുന്നു فيما أخذتم നിങ്ങൾ വാങ്ങിയതിൽ عذاب ശിക്ഷ عظيم വമ്പിച്ചതായ. 69. فكلوا എന്നാൽ (എനി) തിന്നുകൊള്ളുവിൻ مما غنمتم നിങ്ങൾ ഗനീമത്തെടുത്തതിൽ നിന്നു حلالا അനുവദനീയമായിക്കൊണ്ടു طيبا നല്ലതായി (വിശിഷ്ടമായി—പരിശുദ്ധമായി)ക്കൊണ്ടു واتقوا സൂക്ഷിക്കുകയും ചെയ്യുവിൻ الله അല്ലാഹുവിനെ إن الله നിശ്ചയമായും അല്ലാഹു غفور വളരെ പൊറുക്കുന്നവനാണു رحيم കരുണാനിധിയാണ്.

ഇമാം അഹ്മദ്, മുസ്ലിം, അബൂദാവൂദ്, തിർമദി, ഇബ്നുജരീർ(റ) എന്നിവർ വ്യത്യസ്ത മാർഗ്ഗങ്ങളിലൂടെ ഉദ്ധരിച്ച താഴെ കാണുന്ന സംഭവത്തോടനുബന്ധിച്ചാണു ഈ വചനങ്ങളുടെ അവതരണമുണ്ടായത്. സംഭവത്തിന്റെ ചുരുക്കം ഇങ്ങിനെയാകുന്നു:—ബദ്ർ യുദ്ധത്തിൽ മുസ്ലിംകൾ എഴുപതു മുശ്രിക്കുകളെ കൊലപ്പെടുത്തുകയും, എഴുപതു പേരെ ബന്ധനസ്ഥരാക്കുകയും ചെയ്തപ്പോൾ, ബന്ധനസ്ഥരുടെ വിഷയത്തിൽ അബൂബക്കർ, ഉമർ (റ) മുതലായവരുമായി നബി (സ) ആലോചന നടത്തി. അബൂബക്കർ (റ) പറഞ്ഞു: റസൂലേ, ഇവരൊക്കെ (നമ്മുടെ) പിതൃവ്യ പുത്രൻമാരും കുടുംബബന്ധമുള്ളവരുമാണല്ലോ. ഇവരിൽ നിന്നും മോചനം (മോചനമൂല്യം) വാങ്ങി വിട്ടയക്കണമെന്നാണു എന്റെ അഭിപ്രായം. അതു അവിശ്വാസികൾക്കെതിരെ നമുക്കു ശക്തി നൽകുന്നതുമായിരിക്കും. ഉമർ (റ)ന്റെ അഭിപ്രായം അതായിരുന്നില്ല. അവരെ കൊലപ്പെടുത്തുവാൻ ഞങ്ങളെ അനുവദിക്കണം, ഓരോരുത്തർ അവരുമായി അധികം ബന്ധപ്പെട്ടവരെ വധിക്കട്ടെ, ഇവരെല്ലാം അവിശ്വാസികളുടെ നേതാക്കളും പ്രമാണികളുമാണു എന്നായിരുന്നു അദ്ദേഹം പറഞ്ഞതു. അബൂബക്കർ (റ)ന്റെ അഭിപ്രായമായിരുന്നു നബി (സ) ഇഷ്ടപ്പെട്ടതു. പിറ്റേ ദിവസം ഉമർ (റ) ചെന്നപ്പോൾ, റസൂൽ (സ) തിരുമേനിയും, അബൂബക്കറും (റ) കരയുകയായിരുന്നു. കാരണം അറിഞ്ഞാൽ തനിക്കും അതിൽ പങ്കുകൊള്ളാമായിരുന്നുവെന്നു ഉമർ (റ) പറഞ്ഞു. അപ്പോൾ തിരുമേനി പറഞ്ഞു: 'താങ്കളുടെ സ്നേഹിതൻമാർ (ബന്ധനസ്ഥരിൽ നിന്നു) മോചനം വാങ്ങിവിട്ടതു നിമിത്തമാണു. അവരുടെ ശിക്ഷ ഇതാ ഈ വൃക്ഷത്തെക്കാൾ അടുത്തു നിൽക്കുന്നതായി ഞാൻ കാണുന്നു.' അങ്ങനെ, ما كان لنبي أن يكون له أسرى... എന്നു അവതരിച്ചു.

ഇബ്നു അബീശൈബഃ, തിർമദി, ത്വബ്റാനി, ഹാകിം, ഇബ്നു അബീഹാതിം (റ) മുതലായവർ ഇബ്നു മസ്ഊദിൽ നിന്നു ഉദ്ധരിച്ച ഹദീസിൽ നിന്നു മേൽ കണ്ടതിനു പുറമെ താഴെ കാണുന്ന വിവരങ്ങൾ കൂടി ലഭിക്കു

ണതാണു: ബന്ധനസ്ഥരെ മുഴുവനും തീ കൂട്ടി ചുട്ടുകളയണമെന്നായിരുന്നു അബ്ദുല്ലാഹിബ്നു റവാഹത്ത് (റ)ന്റെ അഭിപ്രായം. ഒരു വിഭാഗം ആളുകൾ അബൂബക്കർ (റ)ന്റെയും, ഒരു വിഭാഗം ഉമർ (റ)ന്റെയും, മറ്റൊരു വിഭാഗം ഇബ്നു റവാഹത്ത് (റ)ന്റെയും അഭിപ്രായത്തെ അനുകൂലിച്ചു. ഉമർ (റ) നബി (സ)യോടു ഇങ്ങിനെയും പറയുകയുണ്ടായി; ഇവരൊക്കെ അങ്ങയെ നാട്ടിൽനിന്നു ബഹിഷ്കരിച്ചവരും, അങ്ങയോടു യുദ്ധം ചെയ്തവരുമാണു. ഇവരോടു യാതൊരു ദയയും നമ്മുടെ മനസ്സിൽ ഇല്ലെന്നു ആ ജനങ്ങൾ അറിയണം. അഭിപ്രായങ്ങൾ കേട്ടപ്പോൾ, 'ചില ആളുകളുടെ ഹൃദയങ്ങളെ അല്ലാഹു പാലിനെക്കാൾ മയപ്പെടുത്തുകയും, ചിലരുടെ ഹൃദയങ്ങളെ അവൻ കല്ലിനെക്കാൾ ഉറച്ചതാക്കുകയും ചെയ്യുന്നു' വെന്നു നബി (സ) പറഞ്ഞു. അബൂബക്കർ (റ)നെ ഇബ്രാഹീം (അ) നബിയോടും, ഈസാ (അ) നബിയോടും ഉപമിച്ചുകൊണ്ട് അവർ രണ്ടുപേരും തങ്ങളുടെ സമുദായത്തെ ശിക്ഷിക്കുവാനോ, അവർക്കു പൊറുത്തുകൊടുക്കുവാനോ ആവശ്യപ്പെടാതെ, കാര്യം അല്ലാഹുവിങ്കലേക്ക് വിട്ടുകൊണ്ടു പറഞ്ഞ വാക്കുകൾ (14: 36; 5: 121) ഉദ്ധരിക്കുകയും ചെയ്തു. ഉമർ (റ)നെ മൂസാ (അ) നബിയോടും, നൂഹ് (അ) നബിയോടും, ഉപമിച്ചുകൊണ്ട് അവർ രണ്ടുപേരും തങ്ങളുടെ ജനതയുടെ ധിക്കാരത്തിനു ശിക്ഷ നൽകുവാൻ പ്രാർത്ഥിച്ച വാക്കുകൾ (10: 88; 71: 26) ഉദ്ധരിക്കുകയും ചെയ്തു. ഈ ഹദീസുകൾക്കു പുറമെ, വേറെ ചില രിവായത്തുകളും ഇതു സംബന്ധിച്ചു കാണാവുന്നതാണു. എനി, നമുക്കു ആയത്തുകളിലേക്കു പ്രവേശിക്കാം.

ഒന്നാമത്തെ ആയത്തിൽ രണ്ടു കാര്യങ്ങൾ ആക്ഷേപ രൂപത്തിൽ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. (1) ശത്രുക്കളെ ജയിച്ചടക്കി ഭൂമിയിൽ ശക്തിയാർജ്ജിക്കുന്നതുവരെ ഒരു പ്രവാചകനു, ശത്രുക്കളെ ബന്ധനസ്ഥരാക്കി വെച്ചുകൂടാ. (ما كان لنبي ان يكون له اسرى حتى يثخن في الأرض) അതായതു, യുദ്ധം മുഖേനയും, വധം മുഖേനയും ശത്രുക്കളുടെ ശക്തി ക്ഷയിപ്പിച്ച് വിജയം വരിക്കുക വഴി നാട്ടിൽ ശക്തിയും, സ്വാധീനവും കൈവരാതെ അവരിൽ നിന്നു ചിലരെ പിടിച്ചു ബന്ധനസ്ഥരാക്കി വെക്കുന്നതു പ്രവാചകന്മാർക്കു യോജിച്ചതല്ല. കാരണം, പതിവു പ്രകാരം അവരെ വെറുതെ വിട്ടാലും, മോചനമൂല്യം വാങ്ങി വിട്ടാലും അവർ വീണ്ടും പൂർവ്വാധികം മത്സരബുദ്ധിയോടെ ശത്രുത തുടരുകയാണുണ്ടാകുക. അതുകൊണ്ടു അങ്ങിനെയുള്ള ഒരു സ്ഥിതിവിശേഷം കൈവരുന്നതിനു മുമ്പ് ബന്ധനത്തിൽ കിട്ടിയ ശത്രുക്കളെ നിഷ്കരുണം വധിക്കുകയാണു വേണ്ടതു എന്നു താൽപര്യം.

يثخن (യുഥ്ഖിനു) എന്ന ക്രിയാരൂപത്തിന്റെ ധാത്വർത്ഥം 'ശക്തി, പാരുഷ്യം, കാഠിന്യം, അമിതത്വം, ഉറപ്പ്, കട്ടി, നിർദ്ദയത്വം' എന്നൊക്കെയാകുന്നു. രോഗം മൂർച്ഛിച്ചു എന്ന അർത്ഥത്തിൽ اثخنه المرض എന്നും ഒരു കാര്യത്തിൽ അമിതമായി പ്രവർത്തിച്ചു എന്ന അർത്ഥത്തിൽ اثخن في الامر എന്നും, ശത്രുക്കളെ നിർദ്ദയം വധിച്ചു എന്ന അർത്ഥത്തിൽ اثخن في العدو എന്നുമൊക്കെ പറയാറുണ്ട്. ഈ അർത്ഥങ്ങളെ ചൂണ്ടിക്കാട്ടിക്കൊണ്ടു ഇമാം റാസീ (റ) പറയുന്നു: 'അപ്പോൾ حتى يثخن في الأرض എന്നു അല്ലാഹു പറഞ്ഞതിന്റെ ഉദ്ദേശ്യം, പ്രവാചകനു ഉണ്ടാകേണ്ടതായ ശക്തിയും കൈവരുകയും, അദ്ദേഹം (ശത്രുക്കളെ) ജയിച്ചടക്കുകയും, കീഴടക്കുകയും ചെയ്യുന്നതുവരെ എന്നാകുന്നു. ശത്രുക്കളെ അമിതമായി കൊലപ്പെടുത്തുന്നതു വരെ എന്നാണു പല വ്യാഖ്യാതാക്കളും അതിനു അർത്ഥം പറയുന്നതു. മരണവും, വീഴ്ചയും ശക്തിപ്പെടുന്നതു അതുകൊണ്ടാണല്ലോ എന്നാണവർ അതിനു കാരണം പറയുന്നത്'. ഇമാം ബുഖാരീ (റ) ഈ സൂറത്തിലെ ചില വാക്കുകളുടെ അർത്ഥം പറയുന്ന കൂട്ടത്തിൽ, يثخن എന്ന വാക്കിനു يغلب (ജയിച്ചടക്കുക) എന്ന അർത്ഥം പറഞ്ഞതും, പല വ്യാഖ്യാതാക്കളും يكثر القتل (അധികമായി കൊല നടത്തുക) എന്നു അർത്ഥം നൽകുന്നുള്ളതെല്ലാം ഒരേ സാരത്തിലാണു കലാശിക്കുന്നതെന്നു റാസീ (റ)യുടെ ഈ വിവരണത്തിൽ നിന്നു മനസ്സിലാക്കാം. അവിശ്വാസികളെ യുദ്ധത്തിൽവെച്ചു കണ്ടുമുട്ടിയാൽ അവരുടെ പിരടികൾ വെട്ടണമെന്നു പറഞ്ഞശേഷം, നിർദ്ദയം അവരെ ജയിച്ചടക്കിക്കഴിഞ്ഞാൽ ബന്ധനം ശക്തിപ്പെടുത്തണമെന്നും, പിന്നീടു ദാക്ഷിണ്യം നൽകി വിട്ടയക്കുകയോ, മോചനമൂല്യം വാങ്ങി വിട്ടയക്കുകയോ ചെയ്യണമെന്നും സൂ: മുഹമ്മദ് 4-ാം വചനത്തിൽ കാണാവുന്നതാണ്. (കൂടുതൽ വിവരം അവിടെ നോക്കുക.)

(2) നിങ്ങൾ ഐഹിക വിഭവത്തെ ഉദ്ദേശിക്കുന്നു. അല്ലാഹു പരലോകവും ഉദ്ദേശിക്കുന്നു. (تريدون عرض الدنيا والله يريد الآخرة) ബന്ധനസ്ഥരിൽ നിന്നു നബി (സ) തിരുമേനിയുടെ അനുമതിയോടു കൂടി മുസ്ലിംകൾ മോചനമൂല്യം വാങ്ങിയതിനെ ഉദ്ദേശിച്ചാണു ഐഹിക വിഭവം എന്നു ഇവിടെ പറഞ്ഞത്. ഇതുമൂലം നിങ്ങൾ നിങ്ങളുടെ താൽക്കാലിക നേട്ടം മാത്രമേ ഉദ്ദേശിച്ചുള്ളു. നിങ്ങൾക്കു പരലോകത്തു ഗുണകരമായിരിക്കേണമെന്നതത്രെ അല്ലാഹുവിന്റെ ഉദ്ദേശ്യം, അതിനുള്ള മാർഗ്ഗമായിരുന്നു നിങ്ങൾ സ്വീകരിക്കേണ്ടിയിരുന്നതു എന്നു സാരം. ബന്ധനസ്ഥരോടു മോചനമൂല്യം വാങ്ങിയവരെ അഭിമുഖീകരിച്ചുകൊണ്ടാണു ഈ വാക്യമുള്ളതെങ്കിലും അതു നബി (സ) തിരുമേനിയുടെ അനുമതിയോടു കൂടിയായതിനാൽ തിരുമേനിയും ഈ ആക്ഷേപത്തിനു വിധേയനായിരിക്കുകയാണ്. അതുകൊണ്ടാണു-മേലുദ്ധരിച്ച ഹദീസിൽ കണ്ടതുപോലെ—തിരുമേനിയും, അബൂബക്കറും (റ) കരഞ്ഞുകൊണ്ടിരുന്നതും. വഹ്യുമൂലം വ്യക്തമായി വിധി അറിയപ്പെട്ടിട്ടില്ലാത്ത വിഷയത്തിൽ

നബി (സ) സ്വന്തം അഭിപ്രായമനുസരിച്ച് യുക്തമായി തോന്നിയ തീരുമാനം എടുത്തതാണെന്നും, അതിൽ വല്ലപ്പോഴും അബദ്ധം പിണഞ്ഞു കൂടായ്കയില്ലെന്നും, അബദ്ധം പിണയുന്നപക്ഷം, അല്ലാഹു അതു തിരുത്താതിരിക്കുകയില്ലെന്നും പല മഹാന്മാരും അഭിപ്രായപ്പെട്ടിരിക്കുന്നത് ഇങ്ങിനെ ചില സംഭവങ്ങളെ മുൻനിറുത്തിയാകുന്നു. ബന്ധനസ്ഥരിൽനിന്നു മോചനമൂല്യം വാങ്ങി വിട്ടുകൂടാ എന്നറിയിച്ചുകൊണ്ടുള്ള ഒരു വഹ്‌യു ഇതിനു മുമ്പുണ്ടായിട്ടില്ലെന്നും, ഉണ്ടായിരുന്നെങ്കിൽ നബി (സ) ഒരിക്കലും അതിനു അനുവദിക്കുകയില്ലായിരുന്നുവെന്നും തീർച്ചതന്നെ. ആ സ്ഥിതിക്കു അവർ അങ്ങിനെ ചെയ്തതു കേവലം കുറ്റകരമായ ഒരു പാപകൃത്യമല്ലെങ്കിലും യഥാർത്ഥത്തിൽ അതു നന്നല്ലാത്തതായിരുന്നു. അവർ ചെയ്യേണ്ടിയിരുന്നതു അതായിരുന്നില്ല എന്നത്രെ ആക്ഷേപത്തിന്റെ മർമ്മവശം. 68, 69 എന്നീ വചനങ്ങളിലെ തുടർന്നുള്ള പ്രസ്താവനകളിൽനിന്നുതന്നെ ഈ സംഗതി മനസ്സിലാക്കാവുന്നതാണ്. ഖുർആൻ അല്ലാഹുവിന്റെ വചനമാണെന്നും, നബി (സ) തിരുമേനി യാതൊന്നും മൂടിവെച്ചിട്ടില്ലെന്നുമുള്ളതിനു ഈ വചനവും, നബി (സ) യെക്കുറിച്ചു ആക്ഷേപ സ്വരത്തിൽ വന്നിട്ടുള്ള മറ്റു ചില ആയത്തുകളും തെളിവാണു.

രണ്ടാമത്തെ വചനത്തിൽ അല്ലാഹുവിൽനിന്ന് ഒരു മുൻ നിശ്ചയം കഴിഞ്ഞിട്ടില്ലായിരുന്നുവെങ്കിൽ നിങ്ങൾ വാങ്ങിയതിൽ നിങ്ങൾക്കു വമ്പിച്ച ശിക്ഷ ബാധിക്കുകതന്നെ ചെയ്യുമായിരുന്നു (لولا كتاب من ...) എന്നു പറഞ്ഞുവല്ലോ. ഈ മുൻ നിശ്ചയംകൊണ്ടുള്ള വിവക്ഷ പല പ്രകാരത്തിലും വിവരിക്കപ്പെട്ടുകാണാം. (1) കഴിഞ്ഞ 33-ാം വചനത്തിൽ പ്രസ്താവിച്ചതുപോലെ, സമുദായ മദ്ധ്യേ റസൂൽ നിവിലുള്ളപ്പോഴും, അവർ പാപമോചനം തേടിക്കൊണ്ടിരിക്കുമ്പോഴും അവരെ ശിക്ഷിക്കുകയില്ലെന്ന നിശ്ചയം. (2) ബദ്റിൽ സംബന്ധിച്ചവരുടെ പാപങ്ങൾ പൊറുക്കപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് ഈ വിഷയത്തിൽ അവരെ ശിക്ഷിക്കുകയില്ലെന്ന നിശ്ചയം. അഅ്മശ് (أعمش), ഇബ്നു ജുബൈർ, അത്വാഉ് (റ) മുതലായവരുടെ അഭിപ്രായമാണിത്. (3) വിരോധിച്ചുകൊണ്ടുള്ള കൽപന മുമ്പു വന്നിട്ടില്ലാത്തതുകൊണ്ട് അവരെ ശിക്ഷിക്കുകയില്ലെന്ന നിശ്ചയം. ഇബ്നു അബ്ബാസ് (റ)ൽ നിന്നും മറ്റും ഇതു നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു. (4) ഗനീമത്തു സ്വത്തുക്കൾ ഈ സമുദായത്തിനു അനുവദനീയമാണെന്നുള്ള മുൻ നിശ്ചയം. ഇതും മേൽപറഞ്ഞ ചിലരിൽനിന്നും, ഹസൻ ബസ്വരീ, ഖത്താദഃ (റ) മുതലായവരിൽനിന്നും നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു. ഇബ്നുജരീർ (റ) ഇതിനാണു മുൻഗണന നൽകുന്നത്. തുടർന്നുള്ള 69-ാം വചനത്തിൽതന്നെ ഇക്കാര്യം അല്ലാഹു അറിയിച്ചിട്ടുമുണ്ടല്ലോ. (5) അബദ്ധത്തിൽ വന്നുപോയ തെറ്റിനു മാപ്പു നൽകുന്നതാണെന്ന നിശ്ചയം. ഇതാണു റാസീ (റ)സ്വീകരിച്ചു കാണുന്നത്. യഥാർത്ഥത്തിൽ ഇവയിൽ ഏതെങ്കിലും ചിലതോ, എല്ലാംകൂടിയോ ആയിരിക്കാം ഉദ്ദേശ്യമെന്ന കരുതുവാനേ തരമുള്ളു. ഏതായാലും ബദർ യുദ്ധത്തിൽ ശത്രുക്കളെ ബന്ധനത്തിൽവെച്ചതിനെയും, അവരിൽനിന്ന മോചനമൂല്യം മേടിച്ചതിനെയും സംബന്ധിച്ചല്ലാതെ, മേലിൽ അങ്ങിനെ ചെയ്യുന്നതിനെപ്പറ്റി ഇതിൽ ആക്ഷേപിക്കപ്പെട്ടിട്ടില്ല.

മോചനമൂല്യം വാങ്ങിവിട്ടതു അബദ്ധമായിപ്പോയെങ്കിലും അതിന്റെ പേരിൽ നിങ്ങളെ ശിക്ഷിക്കുവാൻ ഉദ്ദേശിക്കുന്നില്ലെന്നു അറിയിച്ചതിനെത്തുടർന്നു നിങ്ങൾക്കു ഗനീമത്തായി ലഭിച്ച സ്വത്തുക്കളെ അനുവദനീയവും, വിശിഷ്ടവുമായ വിധത്തിൽ നിങ്ങൾ ഉപയോഗിച്ചുകൊള്ളുക. (فكلوا مما غنمتم حلالا طيبا) എന്നും അല്ലാഹു അറിയിക്കുന്നു. വാങ്ങിയതു തിരിച്ചുകൊടുക്കേണ്ടതില്ലെന്നും, അതു ഉപയോഗിക്കാമെന്നും, അതിനു വിരോധമില്ലെന്നും ഇതിൽ നിന്നു വ്യക്തമായി. ബന്ധനസ്ഥരോടു വാങ്ങുന്ന മോചനമൂല്യം ഗനീമത്തിൽ ഉൾപ്പെട്ടതാണെന്നുകൂടി ഈ വചനത്തിൽ നിന്നു വ്യക്തമാകുന്നു. ഗനീമത്തു സ്വത്തുക്കൾ ഉപയോഗിക്കുന്നതു അനുവദനീയമാണെന്നു വേറെ ആയത്തുകളിൽ വ്യക്തമാക്കിയിട്ടുണ്ടെന്നുവെച്ചു ഇവിടെ അതിനെപ്പറ്റി ഒന്നും പ്രസ്താവിക്കാതെ, ആദ്യത്തെ രണ്ടു വചനങ്ങൾ (67ഉം 68ഉം) മാത്രമായിരുന്നു ഈ വിഷയത്തിൽ അവതരിച്ചിരുന്നതെങ്കിൽ, വാങ്ങിക്കഴിഞ്ഞതുപോലും അവർ ഉപയോഗിക്കുന്നതും ആക്ഷേപകരമാണെന്നു വരുമല്ലോ. മഹാകാരുണികനായ റബ്ബ് അവന്റെ അടിയാന്മാരായ സത്യവിശ്വാസികൾക്കു അവർ അനുഷ്ഠിക്കേണ്ടുന്ന നിയമനിർദ്ദേശങ്ങൾ എത്ര യുക്തവും, വസ്തുനിഷ്ഠവുമായ രൂപത്തിലാണു വിവരിച്ചുകൊടുക്കുന്നതെന്നു ആലോചിച്ചു നോക്കുക! അവസാനമായി എല്ലായ്പ്പോഴും—എല്ലാ വിഷയത്തിലും—അബദ്ധം പിണയുന്നതും, അഹിതം വന്നുപോകുന്നതും സൂക്ഷിക്കേണ്ടതിന്റെ താക്കീതുചെയ്തുകൊണ്ടും, ഒപ്പംതന്നെ, അല്ലാഹുവിന്റെ കാരുണ്യത്തിലും, മാപ്പിലും സുപ്രതീക്ഷ നൽകിക്കൊണ്ടും അല്ലാഹു വിഷയം സമാപിക്കുന്നതും നോക്കുക! واتقوا الله إن الله غفور رحيم (അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യുവിൻ. നിശ്ചയമായും അല്ലാഹു വളരെപൊറുക്കുന്നവനാണ്; കരുണാനിധിയാണ്)

വിഭാഗം- 10

70. ഹേ, നബിയേ, നിങ്ങളുടെ കൈവശങ്ങളിലുള്ള ബന്ധനസ്ഥരോടു പറയുക:

'നിങ്ങളുടെ ഹൃദയങ്ങളിൽ വല്ല നൻമയും (ഉള്ളതായി) അല്ലാഹു അറിയുന്നപക്ഷം, നിങ്ങളിൽനിന്ന വാങ്ങിയതിനെക്കാൾ ഉത്തമമായതു അവൻ നിങ്ങൾക്ക നൽകുകയും, നിങ്ങൾക്ക പൊറുത്തു തരുകയും ചെയ്യുന്നതാണ്. അല്ലാഹു വളരെ പൊറുക്കുന്നവനും, കരുണാനിധിയുമാകുന്നു.'

٧٠- يَا أَيُّهَا النَّبِيُّ قُلْ لِمَنْ فِي أَيْدِيكُمْ مِنَ الْأَسْرَى إِنْ يَعْلَمِ اللَّهُ فِي قُلُوبِكُمْ خَيْرًا يُؤْتِكُمْ خَيْرًا مِمَّا أُخِذَ مِنْكُمْ وَيَغْفِرْ لَكُمْ وَاللَّهُ غَفُورٌ رَحِيمٌ ○

71. നിന്നെ ചതിക്കുവാൻ അവർ ഉദ്ദേശിക്കുന്നുവെങ്കിൽ, (അതിൽ പുതുമയില്ല;) അവർ മുമ്പ് അല്ലാഹുവിനോടു ചതി [പ്രവർത്തിക്കുകയും, എന്നിട്ട് അവൻ അവരെ (കീഴടക്കി) അധീനപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. [അതുപോലെ എനിയും സംഭവിക്കും] അല്ലാഹു (എല്ലാം) അറിയുന്നവനും, അഗാധജ്ഞനുമാകുന്നു.

٧١- وَإِنْ يُرِيدُوا خِيَانَتَكَ فَقَدْ خَانُوا اللَّهَ مِنْ قَبْلُ فَأَمْكَنَ مِنْهُمْ وَاللَّهُ عَلِيمٌ حَكِيمٌ ○

---

70. يا أيها النبي ഹേ നബിയേ قل പറയുക لمن في أيديكم നിങ്ങളുടെ കൈ (വശം)കളിലുള്ളവരോടു من الأسرى ബന്ധനസ്ഥരിൽ നിന്ന إن يعلم അറിയുന്നപക്ഷം الله അല്ലാഹു في قلوبكم നിങ്ങളുടെ ഹൃദയങ്ങളിൽ خيرا വല്ല നൻമയും, ഗുണവും يؤتكم അവൻ നിങ്ങൾക്ക നൽകും خيرا നല്ലതു, ഉത്തമമായതു مما أخذ മേടിക്ക (എടുക്കം-വാങ്ങ)പ്പെട്ടതിനെക്കാൾ ويغفر അവൻ പൊറുക്കുകയും ചെയ്യും لكم നിങ്ങൾക്ക والله അല്ലാഹു (വോ) غفور വളരെ പൊറുക്കുന്നവനാണു رحيم കരുണാനിധിയാണു 71. وإن يريدوا അവർ ഉദ്ദേശിക്കുന്നപക്ഷം خيانتك നിന്നെ ചതിക്കുന്നതിനു فقد خانوا എന്നാലവർ ചതിച്ചിട്ടുണ്ട്, ചതി ചെയ്തിട്ടുണ്ട് الله അല്ലാഹുവിനെ, അല്ലാഹുവിനോടു من قبل മുമ്പു, മുമ്പേ فأمكن എന്നിട്ടവൻ സാധ്യമാക്കി, സൗകര്യപ്പെടുത്തി (അധീനപ്പെടുത്തി) منهم അവരെ, അവരെക്കുറിച്ചു والله عليم അല്ലാഹു അറിയുന്നവനാണു حكيم അഗാധജ്ഞനാണു, യുക്തിമാനാണു

ബദ്‌റിൽ തടവുകാരായി പിടിക്കപ്പെട്ടവരിൽ നിന്നു മോചനമൂല്യം വാങ്ങിയതു അവർക്കു മനഃപ്രയാസമുളവാക്കി. അവരിൽ ചിലർ, തങ്ങളുടെ സ്വന്ത ഇഷ്ടപ്രകാരമല്ലാതെ, മറ്റുള്ളവരുടെ നിർബ്ബന്ധത്തിനു വഴങ്ങിക്കൊണ്ടു പോന്നതാണെന്നു പറയുകയുണ്ടായി. അതിനെത്തുടർന്നാണു ഈ വചനങ്ങൾ അവതരിച്ചതെന്നു എല്ലാ ഖുർആൻ വ്യാഖ്യാതാക്കളും പറയുന്നു. നിങ്ങളിൽ നിന്നു വസൂലാക്കപ്പെട്ട ധനത്തെപ്പറ്റി നിങ്ങൾ പരിഭവിക്കേണ്ടതില്ല. (നിങ്ങൾ പറയുന്നതുപോലെ) നിങ്ങളുടെ മനസ്സിൽ നല്ല വിചാരമുണ്ടെങ്കിൽ അല്ലാഹു നിങ്ങളെ ഇസ്‌ലാമിലേക്കു നയിക്കുകയും, നിങ്ങളുടെ പാപങ്ങൾ പൊറുത്തു തരുകയും ചെയ്യും. നിങ്ങൾ നൽകേണ്ടി വന്ന ധനത്തെക്കാൾ ഉത്തമമായ നൻമകൾ നിങ്ങൾക്കു അവൻ കൈവരുത്തിത്തരുകയും ചെയ്യും. എന്നൊക്കെ പറഞ്ഞ് അവരെ സമാധാനിപ്പിക്കുവാൻ നബി (സ) യോടു കൽപിക്കുന്നു. പുറമെ അവർ എന്തു തന്നെ പറഞ്ഞാലും അവരുടെ മനസ്സിൽ ചതിയാണുള്ളതെങ്കിൽ, അതിൽ പരിഭവിക്കുവാനൊന്നുമില്ല. അല്ലാഹുവിനെതിരെ ചതിപ്രയോഗങ്ങൾ നടത്തൽ അവിശ്വാസികളുടെ മുമ്പെയുള്ള പതിവാണല്ലോ. അങ്ങനെയാണവർ ഇപ്പോൾ ബന്ധനത്തിലായിത്തീർന്നതും. അതുപോലെ എനിയും അവരെ അധീനപ്പെടുത്തുവാൻ അല്ലാഹുവിനു കഴിയും. അവൻ സർവ്വജ്ഞനും അഗാധജ്ഞനുമാണല്ലോ എന്നൊക്കെ നബി (സ) യെ സമാധാനിപ്പിക്കുകയും ചെയ്യുന്നു.

പല മഹാൻമാരിൽ നിന്നുമായി ഇമാം സുഹ്‌രി (റ) ഇപ്രകാരം ഉദ്ധരിച്ചിരിക്കുന്നു:- 'ഖുറൈശികളിൽ നിന്നു (ബദ്‌റിൽ) ബന്ധനസ്ഥരായവർക്കുള്ള മോചനമൂല്യങ്ങൾ അവർ അയച്ചുകൊടുത്തു, എല്ലാവരും അവര

വരുടെ ആളുകൾക്കുള്ള മൂല്യം നൽകി. (തിരുമേനിയുടെ പിതൃവ്യനായ) അബ്ബാസ്‌ (റ) നബി (സ) യോടു പറഞ്ഞു, 'അല്ലാഹുവിന്റെ റസൂലേ, ഞാൻ മുസ്‌ലിമായിരുന്നു.' തിരുമേനി പറഞ്ഞു: 'താങ്കളുടെ ഇസ്‌ലാമിനെപ്പററി അല്ലാഹുവിനു അറിയാം. താങ്കൾ പറയുന്ന മാതിരിയാണു കാര്യമെങ്കിൽ അല്ലാഹു താങ്കൾക്കു പ്രതിഫലം നൽകും. എന്നാൽ, പ്രത്യക്ഷത്തിൽ താങ്കൾ ഞങ്ങൾക്കെതിരായിരുന്നുവല്ലോ. അതുകൊണ്ടു താങ്കൾക്കും, താങ്കളുടെ പിതൃവ്യപുത്രൻമാരായ നൗഫലുബ്‌നു ഹാരിഥിനും, അഖീലുബ്‌നു അബീത്വാലിബിനും, താങ്കളുടെ കൂട്ടുകാരൻ ഉത്‌ബത്തുബ്‌നു അംറിനുമുള്ള മോചന മൂല്യം താങ്കൾ നൽകണം.' അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ; അതു എന്റെ പക്കൽ ഇല്ലല്ലോ.' അപ്പോൾ തിരുമേനി ചോദിച്ചു: 'താങ്കളും, (താങ്കളുടെ ഭാര്യ) ഉമ്മുൽ ഫള്‌ലും കൂടി കുഴിച്ചിട്ട (ഒളിച്ചുവെച്ച) ആ ധനം എവിടെ? ഈ യാത്രയിൽ എനിക്കു ആപത്തു പിണഞ്ഞാൽ, ഈ ധനം എന്റെ മക്കൾ ഫള്‌ലിനും, അബ്‌ദുല്ലാക്കും, ഖുഥമി (قُثَم)ക്കുമുള്ളതാണെന്നു താങ്കൾ പറഞ്ഞിരുന്നുവല്ലോ.' അബ്ബാസ്‌(റ) പറഞ്ഞു: 'അല്ലാഹു തന്നെയാണ! അല്ലാഹുവിന്റെ റസൂലേ, താങ്കൾ അവന്റെ റസൂലാണെന്നു നിശ്‌ചയമായും ഞാൻ മനസ്സിലാക്കുന്നു. (*) ഇതു ഞാനും ഉമ്മുൽഫള്‌ലുമല്ലാതെ ഒരാളും അറിയാത്ത കാര്യമാണ്‌. എന്നാൽ-റസൂലേ,-എന്റെ പക്കലുണ്ടായിരുന്ന- (യുദ്ധത്തിൽ) എന്റെ പക്കൽ നിന്നു നിങ്ങൾ പിടിച്ചെടുത്ത ആ ഇരുപതു 'ഊഖിയ' (**) എനിക്കു (മോചന മൂല്യത്തിലേക്കു) കണക്കു വെച്ചു തരണം.' തിരുമേനി പറഞ്ഞു: 'ഇല്ല. അതു താങ്കളിൽനിന്നു അല്ലാഹു ഞങ്ങൾക്കു തന്നതാണു. (ഗനീമത്താണു)' അങ്ങനെ, അദ്ദേഹം തനിക്കും, രണ്ടു സഹോദര പുത്രൻമാർക്കും, കൂട്ടുകാരനും മോചനമൂല്യം കൊടുത്തു. ഈ വിഷയത്തിൽ يَا أَيُّهَا النَّبِيُّ قُل لِّمَن فِي أَيْدِيكُم ... എന്നു അവതരിച്ചു. അബ്ബാസ്‌ (റ) പറയുകയാണു: 'അനന്തരം ആ ഇരുപതു 'ഊഖിയ'യുടെ സ്ഥാനത്തു ഇസ്‌ലാമിൽ (ഞാൻ മുസ്‌ലിമായ ശേഷം) അല്ലാഹു എനിക്കു ഇരുപതു അടിമകളെ നൽകി. ഓരോരുത്തരുടെ കയ്യിലും (ഇഷ്‌ടംപോലെ) ക്രയവിക്രയം നടത്തുവാനുള്ള ധനവും ഉണ്ടായിരുന്നു. അതോടുകൂടി അല്ലാഹുവിങ്കൽ നിന്നുള്ള പാപമോചനം ഞാൻ പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.'

ഈ വിഷയത്തിൽ ഏതാണ്ടു ഇതുപോലെയുള്ള വേറെയും ചില രിവായത്തുകൾ കാണാം. ബദ്‌റിൽ വന്ന മുശ്‌രിക് പട്ടാളത്തിന്റെ ചിലവുകൾ ഏററിരുന്ന പത്തു പ്രമാണിമാരിൽ ഒരാളായിരുന്നു അബ്ബാസ്‌(റ) എന്നും, അതിൽ വിനിയോഗിക്കുവാൻവേണ്ടി അദ്ദേഹം കയ്യിൽകൊണ്ടു വന്നതായിരുന്നു പ്രസ്‌തുത ഇരുപതു ഊഖിയ സ്വർണ്ണമെന്നും, അദ്ദേഹത്തിന്റെ ഊഴം എത്തും മുമ്പ്‌ അദ്ദേഹം തടവിൽപെട്ടുപോയെന്നും പ്രസ്‌തുത രിവായത്തുകളിൽ വന്നിരിക്കുന്നു. ഈ വചനം അവതരിച്ചതു അബ്ബാസ്‌ (റ)ന്റെ വിഷയത്തിലായിരുന്നാൽ തന്നെയും ആയത്തിലെ വാക്കുകൾ, അദ്ദേഹത്തെപ്പോലെ ഇസ്‌ലാമിലേക്കു ചായ്‌വ്‌ പ്രദർശിപ്പിക്കുകയും, മോചനമൂല്യം കൊടുക്കേണ്ടി വന്നതിൽ പരിഭവം കാണിക്കുകയും ചെയ്‌ത എല്ലാവരെയും ഉൾപെടുത്തിക്കൊണ്ടാണുള്ളത്‌.

إِنَّ الَّذِينَ آمَنُوا وَهَاجَرُوا وَجَاهَدُوا بِأَمْوَالِهِمْ وَأَنفُسِهِمْ فِي سَبِيلِ اللَّهِ وَالَّذِينَ آوَوا وَّنَصَرُوا أُولَٰئِكَ بَعْضُهُمْ أَوْلِيَاءُ بَعْضٍ ۚ وَالَّذِينَ آمَنُوا وَلَمْ يُهَاجِرُوا مَا لَكُم مِّن وَلَايَتِهِم مِّن شَيْءٍ حَتَّىٰ يُهَاجِرُوا ۚ ٧٢

72. നിശ്‌ചയമായും, വിശ്വസിക്കുകയും, 'ഹിജ്ര' പോകുകയും, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ തങ്ങളുടെ ധനംകൊണ്ടും, ദേഹംകൊണ്ടും സമരം നടത്തുകയും ചെയ്‌തവരും, ആശ്രയം നൽകുകയും സഹായം നൽകുകയും ചെയ്‌തവരും (അതെ) അക്കൂട്ടർ-അവരിൽ ചിലർ ചിലരുടെ [തമ്മതമ്മിൽ] ബന്ധുമിത്രങ്ങളാകുന്നു.

വിശ്വസിക്കുകയും, 'ഹിജ്ര' പോരാതിരിക്കുകയും ചെയ്‌തവരാകട്ടെ, അവർ 'ഹിജ്ര' പോരുന്നതുവരെ അവരോടുള്ള മൈത്രീബന്ധത്തിൽ യാതൊന്നും (തന്നെ) നിങ്ങൾക്കില്ല.

(*) ആരും അറിയാത്ത ഈ രഹസ്യം അല്ലാഹു താങ്കൾക്കു അറിയിച്ചു തന്നതു താങ്കൾ അവന്റെ റസൂലാണെന്നുള്ളതിന്റെ തെളിവാണു എന്നർത്ഥം.

(**) ഒരു ഊഖിയ (أوقية) = ഏതാണ്ടു ഒരു ഔൺസു-അതല്ലെങ്കിൽ റാത്തലിന്റെ $\frac{1}{12}$ ഭാഗം-വരുന്ന തൂക്കം. ഇരുപതു ഊഖിയത്തൂക്കം സ്വർണ്ണമാണുദ്ദേശ്യം.

മത (വിഷയ)ത്തിൽ അവർ നിങ്ങളോടു സഹായം തേടിയെങ്കിൽ, സഹായിക്കൽ നിങ്ങളുടെ മേൽ (ബാധ്യത) ഉണ്ടു്; നിങ്ങളുടെയും, തങ്ങളുടെയും ഇടയിൽ വല്ല കരാർ ബന്ധവും (നിലവിൽ) ഉള്ളതായ ജനതക്കെതിരായിട്ടൊഴികെ. [എന്നാലവരെ സഹായിക്കേണ്ട ബാധ്യതയില്ല] അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി കണ്ടറിയുന്നവനാകുന്നു.

وَإِنِ اسْتَنْصَرُوكُمْ فِي الدِّينِ
فَعَلَيْكُمُ النَّصْرُ
إِلَّا عَلَىٰ قَوْمٍ بَيْنَكُمْ
وَبَيْنَهُمْ مِيثَاقٌ
وَاللَّهُ بِمَا تَعْمَلُونَ بَصِيرٌ ۝

73. അവിശ്വസിച്ചവരാകട്ടെ, അവരിൽ ചിലർ ചിലരുടെ [തമ്മതമ്മിൽ] ബന്ധുമിത്രങ്ങളാകുന്നു. ഇതു (പ്രകാരം) നിങ്ങൾ ചെയ്യുന്നില്ലെങ്കിൽ, ഭൂമിയിൽ കുഴപ്പവും, വലുതായ നാശവും ഉണ്ടായിത്തീരും.

٧٣ وَالَّذِينَ كَفَرُوا بَعْضُهُمْ أَوْلِيَاءُ
بَعْضٍ ۚ إِلَّا تَفْعَلُوهُ
تَكُنْ فِتْنَةٌ فِي الْأَرْضِ وَفَسَادٌ كَبِيرٌ ۝

---

72. إن الذين آمنوا നിശ്ചയമായും വിശ്വസിച്ചവർ وهاجروا ഹിജ്റ പോകുകയും وجاهدوا സമരം ചെയ്യുകയും بأموالهم തങ്ങളുടെ സ്വത്തുക്കൾ (ധനം) കൊണ്ടു് وأنفسهم തങ്ങളുടെ ദേഹങ്ങൾ കൊണ്ടും في سبيل الله അല്ലാഹുവിന്റെ മാർഗ്ഗത്തിൽ والذين آووا ആശ്രയം (സങ്കേതം–അഭയം–സൗകര്യം) നൽകിയവരും ونصروا അവർ സഹായിക്കയും ചെയ്തു أولئك ആ കൂട്ടർ بعضهم അവരിൽ ചിലർ أولياء ബന്ധുമിത്രങ്ങളാണു് بعض ചിലരുടെ والذين آمنوا വിശ്വസിച്ചവരാകട്ടെ ولم يهاجروا അവർ ഹിജ്റ പോയിട്ടുമില്ല (പോകുകയും ചെയ്യാത്ത) ما لكم നിങ്ങൾക്കില്ല من ولايتهم അവരുടെ മൈത്രി ബന്ധത്തിൽ നിന്നു من شيء യാതൊന്നും حتى يهاجروا അവർ ഹിജ്റ പോകുന്നതുവരെ وإن استنصروكم നിങ്ങളോടവർ സഹായം തേടിയെങ്കിൽ في الدين മതത്തിൽ (മത കാര്യത്തിൽ) فعليكم എന്നാൽ നിങ്ങളുടെ മേലുണ്ടു് (ബാധ്യത) النصر സഹായം, സഹായിക്കൽ إلا على قوم ഒരു ജനതയുടെമേൽ (എതിരിൽ ഒഴികെ) بينكم നിങ്ങൾക്കിടയിലുണ്ട് وبينهم അവർക്കിടയിലും ميثاق വല്ല കരാറും (ഉടമ്പടിയും) والله അല്ലാഹു بما تعملون നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി بصير കാണുന്നവനാണു് 73. والذين كفروا അവിശ്വസിച്ചവരാകട്ടെ بعضهم അവരിൽ ചിലർ أولياء ബന്ധുമിത്രങ്ങളാണു് بعض ചിലരുടെ إلا تفعلوه അതു (ഇതു) നിങ്ങൾ ചെയ്യുന്നില്ലെങ്കിൽ تكن ഉണ്ടായിത്തീരും فتنة കുഴപ്പം في الأرض ഭൂമിയിൽ وفساد നാശവും كبير വലുതായ.

റസൂൽ (സ) തിരുമേനിയുടെ കാലത്തുള്ള സത്യവിശ്വാസികളെ അല്ലാഹു നാലായി തരം തിരിക്കുന്നു. (1) ആദ്യകാലത്തു തന്നെ നബി (സ) യിൽ വിശ്വസിക്കുകയും സ്വദേശം വിട്ടു മദീനായിലേക്കു ഹിജ്റ പോയി അവിടെ അഭയം പ്രാപിക്കുകയും ചെയ്ത മുഹാജിറുകൾ. ദീനിനുവേണ്ടി വളരെയധികം മർദ്ദനങ്ങളും കഷ്ടപ്പാടുകളും അനുഭവിച്ചശേഷം, നാടും വീടും സ്വത്തും കുടുംബവുമെല്ലാം ത്യജിച്ചും, എത്രയോ ക്ലേശങ്ങൾ സഹിച്ചുംകൊണ്ടു മദീനായിൽ വന്നു താമസമാക്കിയവരാണവർ. ഹിജ്റക്കു മുമ്പും പിമ്പും തന്നെ അവരുടെ ദേഹവും, ധനവും അവർ ദീനിനുവേണ്ടി വിനിയോഗിച്ചു. ഇവരെക്കുറിച്ചാണു ആദ്യം ....الذين آمنوا وهاجروا (വിശ്വസിക്കുകയും, ഹിജ്റ പോരുകയും, ധനംകൊണ്ടും ദേഹംകൊണ്ടും സമരം ചെയ്യുകയും ചെയ്തവർ) എന്നു പറഞ്ഞതു്. സ്വഹാബികളെക്കുറിച്ചു പറയുമ്പോൾ, ഇവിടെയെന്നപോലെ വേറെ സ്ഥലങ്ങളിലും മുഹാജിറുകൾക്കു അല്ലാഹു ഒന്നാം സ്ഥാനം നൽകിയിരിക്കുന്നതായി കാണാവുന്നതാണ്.

(2) നബി (സ) തിരുമേനിക്കും സ്വദേശം ത്യജിച്ചു ചെല്ലുന്ന മുഹാജിറുകൾക്കും ആശ്രയവും അഭയവും നൽകി എല്ലാ വിധ സഹായ സഹകരണങ്ങളും ചെയ്തുകൊടുത്ത മദീനക്കാരായ അൻസ്വാരികൾ. ഇവരെപ്പറ്റിയാണ (والذين آووا ونصروا) (ആശ്രയം നൽകുകയും സഹായിക്കുകയും ചെയ്തവർ), എന്നു പറഞ്ഞതു. ഈ രണ്ടുകൂട്ടരും പരസ്പരം ബന്ധുമിത്രങ്ങളാണു (أولئك بعضهم أولياء بعض) എന്നും പറഞ്ഞിരിക്കുന്നു. അതെ

സഹായസഹകരണം, സ്നേഹം, സ്വന്താംഗത്വം, സാഹോദര്യം, സുഖദുഃഖങ്ങളിൽ കൂട്ടുത്തരവാദിത്വം ആദിയായവയിൽ ഒരു സുദൃഢ ബന്ധത്തിൽ ബന്ധപ്പെട്ടു കഴിയേണ്ടവരുമാണ്. ഈ തത്വം രണ്ടു കൂട്ടരും തികച്ചും പ്രായോഗികമായിത്തന്നെ പാലിച്ചുപോന്നിട്ടുണ്ടെന്നുള്ളതു ചരിത്ര പ്രസിദ്ധമത്രെ. അൻസാരികൾ തങ്ങളുടെ നാട്ടും, വീടും, സ്വത്തും, എന്നുവേണ്ട എല്ലാം തന്നെ മുഹാജിറുകൾക്കു ഭാഗിച്ചു കൊടുത്തു ഒരേ വീട്ടിലെ അംഗങ്ങളെപ്പോലെ സ്നേഹസൗഹാർദ്ദത്തിൽ കഴിഞ്ഞുകൂടി. ആദ്യം സ്വത്തവകാശം പോലും അവർക്കിടയിൽ സ്ഥാപിതമായിരുന്നു. ക്രമേണ മുഹാജിറുകൾ ആ നാട്ടുകാരായി മാറുകയും, സ്വന്തം കാലിൽ നിൽക്കുമാറാകുകയും ചെയ്തതോടെ—പിന്നീടു ബദ്ർ യുദ്ധം കഴിഞ്ഞതിനുശേഷം—താഴെ പറയുന്നതുപോലെ പ്രസ്തുത സ്വത്തവകാശ സമ്പ്രദായം ഇല്ലാതാക്കപ്പെട്ടു.

(3) അങ്ങനെത്തന്നെ സത്യവിശ്വാസം സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ടെങ്കിലും ശിർക്കിന്റെ നാട്ടിൽ നിന്ന് ഹിജ്റ ചെയ്തു മുസ്‌ലിംകളോടൊപ്പം താമസമാക്കിക്കഴിഞ്ഞിട്ടില്ലാത്തവർ ഇവരെക്കുറിച്ചാണു وَالَّذِينَ آمَنُوا وَلَمْ يُهَاجِرُوا (വിശ്വസിക്കുകയും, ഹിജ്റ പോകാതിരിക്കുകയും ചെയ്തവർ) എന്നു പറഞ്ഞത്. ഇവർ സത്യവിശ്വാസികളാണെങ്കിലും ഹിജ്റ പോന്നിട്ടില്ലാത്ത സ്ഥിതിക്ക് മക്കയിലെ അന്നത്തെ പരിതസ്ഥിതിയിൽ അവരുമായി കൂട്ടുബന്ധം പാലിക്കൽ സാദ്ധ്യമല്ലല്ലോ. അതുകൊണ്ടു അവർ ഹിജ്റ വരുന്നതുവരെ അവരോടു മേൽപ്രകാരം മിത്രബന്ധം പാലിക്കേണ്ടുന്ന ചുമതല മുഹാജിറുകൾക്കും അൻസാരികൾക്കും ഇല്ല. (مَا لَكُم مِّن وَلَايَتِهِم مِّن شَيْءٍ حَتَّىٰ يُهَاجِرُوا) എന്നു അല്ലാഹു അറിയിക്കുന്നു. എങ്കിലും സത്യവിശ്വാസികളെന്ന നിലക്ക് അവരുടെ മതം കാരണത്തു ശത്രുക്കളുടെ ഭാഗത്തു നിന്നു വല്ല അനിഷ്ട സംഭവങ്ങളും നേരിടുമ്പോൾ അവർ സഹായത്തിനപേക്ഷിച്ചാൽ അവരെ സഹായിക്കൽ നിർബ്ബന്ധമാകുന്നു. (وَإِنِ اسْتَنصَرُوكُمْ فِي الدِّينِ فَعَلَيْكُمُ النَّصْرُ) എന്നാൽ, ആ സഹായം മുസ്‌ലിംകളുമായി വല്ല കരാറിലും സന്ധി നിശ്ചയത്തിലോ ഇരിക്കുന്ന അവിശ്വാസികൾക്കെതിരായിരിക്കുവാൻ പാടില്ല. (إِلَّا عَلَىٰ قَوْمٍ بَيْنَكُمْ وَبَيْنَهُم مِّيثَاقٌ) അഥവാ, അങ്ങിനെയാണെങ്കിൽ ആ സഹായം ആ നിശ്ചയങ്ങൾക്കു എതിരായിത്തീരുവാൻ പാടില്ല. ഇങ്ങിനെയുള്ള കാര്യങ്ങളെല്ലാം നിങ്ങൾ ശരിക്കു ഗൗനിക്കുകയും സൂക്ഷിക്കുകയും ചെയ്യുന്നുണ്ടോ, ഇല്ലേ എന്നു അല്ലാഹു കണ്ടും വീക്ഷിച്ചുംകൊണ്ടിരിക്കുന്നുണ്ടെന്നു (وَاللَّهُ بِمَا تَعْمَلُونَ بَصِيرٌ) ഉണർത്തിക്കൊണ്ടു അവയുടെ പ്രാധാന്യം ഒന്നു കൂടി ഓർമ്മിപ്പിച്ചിരിക്കുന്നു.

നാലാമത്തെ വിഭാഗം സത്യവിശ്വാസികളെപ്പറ്റി സൂറത്തിന്റെ അവസാനത്തിലെ വചനത്തിലാണു പ്രസ്താവിച്ചിരിക്കുന്നത്. അതിനുമുമ്പായി, അവിശ്വാസികളുടെ നിലയെപ്പറ്റി പ്രസ്താവിച്ചിരിക്കുകയാണ്. അതെ, وَالَّذِينَ كَفَرُوا بَعْضُهُمْ أَوْلِيَاءُ بَعْضٍ (അവിശ്വസിച്ചവർ—അവരിൽ ചിലർ ചിലരുടെ ബന്ധുമിത്രങ്ങളാകുന്നു) മുശ്‌രിക്കുകളെന്നോ, വേദക്കാരെന്നോ വ്യത്യാസമില്ലാതെ അവർ പരസ്പരം സംഘടിച്ചും കൂട്ടുകെട്ടിലും കഴിയുന്നവരാണ്. അവർ തമ്മിൽ പല നിലക്കുമുള്ള വിയോജിപ്പും ശത്രുതയും ഉണ്ടായിരിക്കുമെങ്കിലും ഇസ്‌ലാമിനും മുസ്‌ലിംകൾക്കും എതിരെയുള്ള രംഗങ്ങളിൽ അവരെല്ലാം ഒരുപോലെത്തന്നെ. യഹൂദികളും മുശ്‌രിക്കുകളുമാണല്ലോ അന്നു പ്രധാന ശത്രുക്കളായി രംഗത്തുള്ളവർ. നബി (സ) തിരുമേനിയിൽ വിശ്വസിച്ചില്ലെങ്കിൽപോലും അവിടത്തോടു മുശ്‌രിക്കുകളെക്കാൾ ഒരുമയിലും രഞ്ജിപ്പിലും കഴിയേണ്ടിയിരുന്നവരാണു യഹൂദികൾ. എന്നിട്ടും, മുശ്‌രിക്കുകളോടു കൂട്ടുചേർന്നു ഗൂഢമായും, പരസ്യമായും മുസ്‌ലിംകളെ എതിർക്കുകയാണവർ ചെയ്തത്. അവിശ്വാസികൾ ഏതു വിഭാഗത്തിൽ പെട്ടവരായിരുന്നാലും ഇസ്‌ലാമിനെതിരിൽ അവരെല്ലാം പരസ്പരം മൈത്രീഭാവമുള്ളവരായിരിക്കുമെന്നുള്ളതിനു ഇതുതന്നെ തെളിവാണല്ലോ. പിൽക്കാല ചരിത്രങ്ങളിൽ ഇതിനു ധാരാളം തെളിവുകൾ കാണാവുന്നതുമാകുന്നു.

അവസാനം അല്ലാഹു സത്യവിശ്വാസികളെ ഗൗരവപൂർവ്വം താക്കീതു ചെയ്യുന്നു: إِلَّا تَفْعَلُوهُ تَكُن فِتْنَةٌ فِي الْأَرْضِ وَفَسَادٌ كَبِيرٌ (ഇപ്രകാരം നിങ്ങൾ ചെയ്യുന്നില്ലെങ്കിൽ ഭൂമിയിൽ കുഴപ്പവും വലിയ നാശവും ഉണ്ടായിത്തീരും) നിങ്ങൾ പരസ്പരം ബന്ധുമിത്രങ്ങളായി വർത്തിക്കുക, തമ്മതമ്മിൽ സഹായ സഹകരണം ചെയ്യുക, അവിശ്വാസികളെ മിത്രങ്ങളാക്കാതിരിക്കുക, കരാറു വ്യവസ്ഥകൾക്കു ലംഘനം വരുത്താതിരിക്കുക മുതലായി മേൽ പ്രസ്താവിച്ച തത്വങ്ങൾ ശരിക്കും നിങ്ങൾ പ്രാവർത്തികമാക്കാത്ത പക്ഷം, അതു ഇസ്‌ലാമിനും നിങ്ങൾക്കും വമ്പിച്ച അനർത്ഥവും ആപത്തും വരുത്തിത്തീർക്കുമെന്നു നിങ്ങൾ സദാ ഓർമ്മവെക്കണമെന്നു സാരം. അവിശ്വാസികൾ പരസ്പരം ബന്ധുമിത്രങ്ങളാണെന്നും, സത്യവിശ്വാസികളും അവരും തമ്മിൽ ബന്ധുമിത്രങ്ങളല്ലെന്നുമുള്ള തത്വത്തിന്റെ അടിസ്ഥാനത്തിലാണു 'മുസ്‌ലിം കാഫിറിനെയും, കാഫിർ മുസ്‌ലിമിനെയും അനന്തരമെടുക്കുകയില്ല' എന്നു നബി (സ) അരുളിച്ചെയ്തിരിക്കുന്നതും. മുഹാജിറുകളെയും, അൻസാരികളെയും പ്രശംസിച്ചുകൊണ്ടു അല്ലാഹു പറയുന്നു :—

74. വിശ്വസിക്കുകയും, ഹിജ്റപോകുകയും, അല്ലാഹുവിൻെറ മാർഗ്ഗത്തിൽ സമരം ചെയ്യുകയും ചെയ്തവരും, ആശ്രയം നൽകുകയും സഹായിക്കുകയും ചെയ്തവരും, (അതെ) അക്കൂട്ടർതന്നെയാണ് യഥാർത്ഥത്തിൽ സത്യവിശ്വാസികൾ. അവർക്കു പാപമോചനവും, മാന്യമായ ഉപജീവനവുമുണ്ടായിരിക്കും.

٧٤ وَالَّذِينَ آمَنُوا وَهَاجَرُوا وَجَاهَدُوا فِي سَبِيلِ اللَّهِ وَالَّذِينَ آوَوا وَّنَصَرُوا أُولَٰئِكَ هُمُ الْمُؤْمِنُونَ حَقًّا ۚ لَّهُم مَّغْفِرَةٌ وَرِزْقٌ كَرِيمٌ ۝

---

74. والذين امنوا വിശ്വസിച്ചവരാകട്ടെ وهاجروا ഹിജ്റ പോകുകയും ചെയ്ത وجاهدوا സമരം ചെയ്കയും ചെയ്ത في سبيل الله അല്ലാഹുവിൻെറ മാർഗ്ഗത്തിൽ والذين اووا ആശ്രയം (അഭയം) നൽകിയവരും ونصروا സഹായിക്കുകയും ചെയ്ത اولئك അക്കൂട്ടർതന്നെ المؤمنون സത്യവിശ്വാസികൾ حقا യഥാർത്ഥത്തിൽ لهم അവർക്കുണ്ടു مغفرة പാപമോചനം ورزق ഉപജീവനവും, ആഹാരവും كريم മാന്യമായ

ഇവരാണു പരിപൂർണ്ണമായ അർത്ഥത്തിലുള്ള യഥാർത്ഥ സത്യവിശ്വാസികൾ, ഇവരിൽ ഉൾപെടാത്ത സത്യവിശ്വാസികൾക്കു ഇവരുടെ അത്ര ഉന്നത നിലവാരവും പദവികളുമില്ല എന്നു സാരം. തുടർന്നു പറയുന്നതു നോക്കുക:

75. പിന്നീടു വിശ്വസിക്കുകയും, 'ഹിജ്റ' പോകുകയും, നിങ്ങളോടൊപ്പം സമരം ചെയ്യുകയും ചെയ്തവർ, അക്കൂട്ടർ—നിങ്ങളിൽ പെട്ടവർ (തന്നെ) ആകുന്നു. രക്തബന്ധങ്ങളുള്ളവരാകട്ടെ, അല്ലാഹുവിൻെറ ഗ്രന്ഥത്തിൽ (അഥവാ നിയമ നിശ്ചയത്തിൽ) അവരിൽ ചിലർ ചിലരോടു [തമ്മതമ്മിൽ] കൂടുതൽ ബന്ധപ്പെട്ടവരാകുന്നു. നിശ്ചയമായും അല്ലാഹു, എല്ലാ കാര്യത്തെക്കുറിച്ചും അറിയുന്നവനാകുന്നു.

٧٥ وَالَّذِينَ آمَنُوا مِن بَعْدُ وَهَاجَرُوا وَجَاهَدُوا مَعَكُمْ فَأُولَٰئِكَ مِنكُمْ ۚ وَأُولُو الْأَرْحَامِ بَعْضُهُمْ أَوْلَىٰ بِبَعْضٍ فِي كِتَابِ اللَّهِ ۗ إِنَّ اللَّهَ بِكُلِّ شَيْءٍ عَلِيمٌ ۝ ع

---

75. والذين امنوا വിശ്വസിച്ചവരാകട്ടെ من بعد ശേഷമായി, പിന്നീടു وهاجروا ഹിജ്റ പോകകയും وجاهدوا സമരം ചെയ്യുകയും ചെയ്ത معكم നിങ്ങളുടെകൂടെ فاولئك അക്കൂട്ടർ منكم നിങ്ങളിൽ പെട്ടവരാണു واولوا ഉള്ളവർ, ഉടയവർ الارحام രക്തബന്ധങ്ങൾ بعضهم അവരിൽ ചിലർ اولى അധികം ബന്ധപ്പെട്ട (അണഞ്ഞ)വരാണു ببعض ചിലരോടു, ചിലരുമായി في كتاب ഗ്രന്ഥ (നിയമ-നിശ്ചയ)ത്തിൽ الله അല്ലാഹുവിൻെറ ان الله നിശ്ചയമായും അല്ലാഹു بكل شيء എല്ലാ കാര്യത്തെപ്പററിയും عليم അറിയുന്നവനാണ്.

നബി (സ)യുടെ കാലത്തെ സത്യവിശ്വാസികൾ നാലു തരക്കാരാണെന്നും, അവരിൽ ആദ്യത്തെ മൂന്നു തരക്കാർ ഏതെല്ലാമാണെന്നും മുമ്പു പറഞ്ഞുവല്ലോ. അവരിൽ 4-ാമത്തെ തരക്കാരെപ്പററിയാണു ഈ വചനത്തിൻെറ ആദ്യഭാഗത്തിൽ പ്രസ്താവിക്കുന്നതു. അതായതു, ആദ്യത്തെ മുഹാജിറുകളോടൊപ്പം സത്യവിശ്വാസം സ്വീകരിച്ചു ഹിജ്റ പോകുകയുണ്ടായിട്ടില്ലെങ്കിലും, പിന്നീടു വിശ്വസിക്കുകയും മദീനായിലേക്ക് ഹിജ്റ പോകുകയും, ഇസ്ലാമിനു വേണ്ടിയുള്ള സമരങ്ങളിൽ തങ്ങളുടെ മുൻഗാമികളായ നിങ്ങളോടൊപ്പം പങ്കെടുക്കുകയും ചെയ്തിട്ടുള്ളവർ. അവരും നിങ്ങളിൽപെട്ടവർ തന്നെയാണു. അവരെ അന്യരായി ഗണിച്ചുകൂടാ. അവരോടും നിങ്ങൾ മൈത്രിയോടെ വർത്തിക്കണമെന്നു സാരം.

മുഹാജിറുകളും, അൻസാരികളും തമ്മിൽ ബന്ധുമിത്രങ്ങളാണെന്നും, അവർ പരസ്പരം ബന്ധപ്പെട്ടു കഴിയേണ്ടവരാണെന്നും വിവരിച്ചശേഷം, ആ ബന്ധത്തെക്കാൾ ശക്തിപ്പെട്ടതും തീരെ മുറിഞ്ഞു പോകാത്തതുമായ ഒരു ബന്ധമാണു രക്തച്ചാർച്ചയുടെ ബന്ധമെന്നും, അതുകൊണ്ടു രക്തബന്ധമുള്ളവർ തമ്മിൽ കൂടുതൽ ചില ബന്ധങ്ങളുണ്ടെന്നും അല്ലാഹു അറിയിക്കുന്നു. ഈ വചനത്തോടുകൂടി, മുഹാജിറുകളും അൻസാരികളും തമ്മിൽ, തൽക്കാല സാഹചര്യങ്ങൾക്കനുസരിച്ചു ഏർപ്പെടുത്തപ്പെട്ടിരുന്ന സ്വത്തവകാശ സമ്പ്രദായം നിറുത്തൽ ചെയ്യപ്പെടുകയുണ്ടായി. സ്വത്തവകാശം കുടുംബബന്ധമുള്ളവർ തമ്മിൽ മാത്രമായി നിലനിറുത്തപ്പെടുകയും ചെയ്തു. ഇതാണ് ഖുർആൻ മുഖേന ഇസ്ലാമിലെ സ്ഥിരമായ സ്വത്തവകാശ നിയമമെന്നത്രെ فِي كِتَابِ اللَّهِ (അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ) എന്ന വാക്കിന്റെ താൽപര്യം. കുടുംബബന്ധമാണു കൂടുതൽ ശക്തമായ ബന്ധമെന്നുള്ള തത്വത്തിന്റെ അടിസ്ഥാനത്തിൽ, സ്വത്തവകാശമല്ലാത്ത വേറെയും ചില അവകാശങ്ങൾ നിലവിലുണ്ട്. വിവാഹകാര്യം, സ്വത്തിന്റെ ക്രയവിക്രയം, ജനാസ ശുശ്രൂഷണം തുടങ്ങിയ വിഷയങ്ങളിൽ ചിലർക്കുവേണ്ടി കൈകാര്യം നടത്തുവാൻ ചിലർക്കു നിയമപരമായി നൽകപ്പെട്ടിട്ടുള്ള അവകാശങ്ങളും, അധികാരങ്ങളും ആ അടിസ്ഥാനത്തിലാകുന്നു.

അബൂദാവൂദ് ത്വയാലസിയും, ത്വബ്റാനീയും (റ) മററും ഇബ്നുഅബ്ബാസ് (റ) പറഞ്ഞതായി ഇങ്ങിനെ റിവായത്തു ചെയ്യുന്നു: 'റസൂൽ (സ) അവിടുത്തെ സഹാബികൾക്കിടയിൽ സാഹോദര്യബന്ധം സ്ഥാപിക്കുകയും, അവർക്കിടയിൽ അനന്തരാവകാശം സ്ഥാപിക്കുകയും ചെയ്തു. ...وَأُولُو الْأَرْحَامِ (രക്തബന്ധമുള്ളവർ തമ്മിൽ അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ കൂടുതൽ ബന്ധപ്പെട്ടവരാണു) എന്ന വചനം അവതരിക്കുന്നതുവരെ. അതു അവതരിച്ചപ്പോൾ അതു ഉപേക്ഷിക്കുകയും, കുടുംബബന്ധം മുഖേനയുള്ള അനന്തരാവകാശം ഏർപ്പെടുത്തുകയും ചെയ്തു.' والله اعلم

اللهم لك الحمد ولك الفضل والمنة

[كمل الانتهاء من تسويد تفسير هذه السورة حينما انتصف ليلة السبت الثانية والعشرين من ربيع الأول سنة ١٣٩٧
الموافق ١٢/٣/٧٧ م — ومن تبييضه ضحى يوم الجمعة الثلاثين من ذى الحجة الحرام سنة ١٣٩٨ﻫ
الموافق ١/١٢/٧٨م ﻫ م ق] . والحمد لله اولا وآخرا

9. സൂറത്തു-ത്തൗബഃ

മദീനായിൽ അവതരിച്ചത് — വചനങ്ങൾ 129 — വിഭാഗം (റുകൂഅ്) 16

ഈ സൂറത്തിൽ പലരുടെയും തൗബയെ (പശ്ചാത്താപത്തെ) കുറിച്ചു പ്രസ്താവിക്കുന്നതിൽ നിന്നാണു ഇതിനു സൂറത്തുത്തൗബഃ എന്നു പേർ വന്നത്. സൂറത്തുൽ 'ബറാഅത്ത്' എന്നും പേരുണ്ട്. ആരംഭ വചനത്തിന്റെ തുടക്കം 'ബറാഅത്തു' (براءة) എന്ന വാക്കാണല്ലോ. ഉള്ളടക്കത്തിന്റെ ചില പ്രത്യേക വശങ്ങളെ സൂചിപ്പിച്ചുകൊണ്ടു വേറെയും പേരുകൾ ഇതിനു പറയപ്പെട്ടിട്ടുണ്ട്. സൂറത്തു മുഴുവനും അല്ലെങ്കിൽ മിക്കഭാഗവും ഹിജ്റ ഒമ്പതാം കൊല്ലത്തിൽ തബൂക്കു യുദ്ധകാലത്തും അതിനുശേഷവുമായി അവതരിച്ചതാകുന്നു. ആദ്യത്തിലെ ഏതാനും വചനങ്ങൾ തിരുമേനി യുദ്ധം കഴിഞ്ഞു മടങ്ങുമ്പോഴാണു അവതരിച്ചതെന്നു പലരും പറയുന്നു. താഴെ വിവരിക്കുന്ന പ്രകാരം, ആ വചനങ്ങളിലടങ്ങിയ കല്പനകൾ വിളംബരപ്പെടുത്തുവാൻ മക്കായിലേക്കു തിരുമേനി ആളെ അയക്കുകയും ചെയ്തിരുന്നു.

എല്ലാ സൂറത്തുകളുടെയും ആരംഭത്തിലുള്ളതുപോലെ ഈ സൂറത്തിന്റെ ആരംഭത്തിൽ, സഹാബികളോ ശേഷമുള്ളവരോ ആരും തന്നെ അവരുടെ മുസ്വ്ഹഫുകളിൽ 'ബിസ്മി' (بسم) എഴുതി വന്നിട്ടില്ല. ഇതിനു ചില കാരണങ്ങൾ പറയപ്പെടുന്നു. മറ്റുള്ളവയെപ്പോലെ ഈ സൂറത്തിൽ ബിസ്മി അവതരിച്ചിട്ടില്ല എന്നതാണ് കൂടുതൽ ശരിയായ അഭിപ്രായം. അല്ലാഹുവിന്റെ കാരുണ്യത്തെക്കുറിക്കുന്നതാണു ബിസ്മി. ഈ സൂറത്തിലെ പ്രതിപാദ്യവിഷയങ്ങൾ പ്രധാനമായും മുശ്‌രിക്കുകളുമായുള്ള കർശന നടപടികളെ സംബന്ധിക്കുന്നവയുമാകുന്നു. അതുകൊണ്ടാണ് ഇതിൽ ബിസ്മി അവതരിക്കാതിരിക്കുവാൻ കാരണമെന്നു ചിലർ പറയുന്നു. വേറെയും അഭിപ്രായങ്ങൾ കാണാവുന്നതാണ്. والله اعلم

١- بَرَآءَةٌ مِّنَ اللَّهِ وَرَسُولِهِۦٓ إِلَى الَّذِينَ عَاهَدتُّم مِّنَ الْمُشْرِكِينَ ۝

1. (ഇതു) അല്ലാഹുവിൽ നിന്നും, അവന്റെ റസൂലിൽ നിന്നുമുള്ള ഒരു (ബാധ്യത) ഒഴിവാകലാണ് [ഒഴിവായിക്കൊണ്ടുള്ള പ്രഖ്യാപനമാണ്]; മുശ്‌രിക്കു [ബഹുദൈവ വിശ്വാസി]കളിൽ നിന്ന് നിങ്ങൾ കരാറു നടത്തിയിട്ടുള്ളവരോട്,

2. ആകയാൽ, (ഹേ, മുശ്‌രിക്കുകളേ,) നിങ്ങൾ നാലു മാസം ഭൂമിയിൽ (യഥേഷ്ടം) സഞ്ചരിച്ചുകൊള്ളുവിൻ. നിങ്ങൾ അറിയുകയും ചെയ്യുവിൻ: നിങ്ങൾ അല്ലാഹുവിനെ (തോൽപിച്ച്) അശക്തമാക്കുന്നവരല്ലെന്നും, അല്ലാഹു അവിശ്വാസികളെ അപമാനപ്പെടുത്തുന്നവനാണെന്നും.

فَسِيحُوا فِي الْأَرْضِ أَرْبَعَةَ أَشْهُرٍ وَاعْلَمُوا أَنَّكُمْ غَيْرُ مُعْجِزِي اللَّهِ ۙ وَأَنَّ اللَّهَ مُخْزِي الْكَافِرِينَ ○

---

1. براءة ഒരു ഒഴിവാണ്, ഒഴിവു പ്രഖ്യാപനമാകുന്നു من الله അല്ലാഹുവിൽനിന്നു ورسوله അവന്റെ റസൂലിൽനിന്നും الى الذين عاهدتم യാതൊരുവരിലേക്കു, യാതൊരു കൂട്ടരോടു നിങ്ങൾ കരാർ (ഉടമ്പടി) ചെയ്തവരോടു من المشركين മുശ്‌രിക്കുകളിൽനിന്നു. 2. فسيحوا അതിനാൽ (എന്നി) നിങ്ങൾ സഞ്ചരിക്കുവിൻ في الارض ഭൂമിയിൽ اربعة നാലു اشهر മാസങ്ങൾ واعلموا അറിയുകയും ചെയ്യുവിൻ انكم നിങ്ങൾ (ആകുന്നു) എന്നു غير അല്ലാത്ത(വർ) معجزي കഴിയാതാക്കുന്നവർ അശക്തരാക്കുന്നവർ (ആകുന്ന) الله അല്ലാഹുവിനെ وان الله അല്ലാഹു (ആകുന്ന) എന്നും مخزي അപമാനിക്കുന്നവൻ, നിന്ദിക്കുന്നവൻ الكافرين അവിശ്വാസികളെ.

നബി (സ)യും സത്യവിശ്വാസികളും മക്കാ മുശ്‌രിക്കുകളുടെ മർദ്ദനംകൊണ്ട് വളരെക്കാലം പൊറുതിമുട്ടി അവസാനം മദീനയിലേക്കു ഹിജ്റ പോയി. എന്നിട്ടും അവരുടെ അക്രമങ്ങളും ആക്രമണങ്ങളും നിലച്ചില്ല. അക്രമം മുറയ്ക്കു അവരതു നടത്തിക്കൊണ്ടു തന്നെയിരുന്നു. അങ്ങനെ ബദ്ർ, ഉഹ്ദ്, ഖൻദക്ക് മുതലായ യുദ്ധങ്ങളുണ്ടായി. മദീനായിലെ യഹൂദികളെക്കൊണ്ടുള്ള ശല്യം ഇതിനു പുറമെയും, അവരുമായി നബി (സ) സന്ധികൾ നടത്തിയെങ്കിലും അതെല്ലാം ലംഘിക്കുകയും, മുശ്‌രിക്കുകൾക്കു പിന്തുണ നൽകിക്കൊണ്ടു മുസ്‌ലിംകളെ കൂടുതൽ അപകടപ്പെടുത്തുകയാണവർ ചെയ്തതു്. ഹിജ്റ 6-ാം കൊല്ലത്തിൽ മുശ്‌രിക്കുകളുമായി പ്രസിദ്ധമായ ഹുദൈബിയാ സന്ധി നടന്നു. ചരിത്രത്തിൽ തുല്യതയില്ലാത്തവിധം മുസ്‌ലിംകളുടെ ഭാഗത്തുനിന്നു വിട്ടുവീഴ്ചകൾ അനുവദിക്കപ്പെട്ടിരുന്ന പത്തുകൊല്ലക്കാലം അവധിവെച്ചുകൊണ്ടുള്ള ആ സന്ധി. അവധിക്കുമുമ്പെ തന്നെ മുശ്‌രിക്കുകളിൽനിന്നു സന്ധിലംഘനമുണ്ടായി. അതിനെ തുടർന്നു ഹിജ്റ 8-ാം കൊല്ലത്തിൽ മക്കാ വിജയത്തിനു ആ സന്ധി വഴി തെളിയിച്ചു. അതോടുകൂടി മുശ്‌രിക്കുകളുടെ കേന്ദ്ര ആസ്ഥാനം (മക്ക) ഇസ്‌ലാമിന്റെ അധീനത്തിൽ വന്നു. എങ്കിലും ചുറ്റുപുറങ്ങളിലുള്ള മുശ്‌രിക്കുകൾ ഇപ്പോഴും തക്കംപാർത്തും, ഉപയോഗപ്പെടുത്തിയും കൊണ്ടിരിക്കുകയാണ്. നബി (സ)യും സഹാബികളും തബൂക്കു യുദ്ധത്തിനു മദീനാ വിട്ടുപോയിരുന്ന അവസരത്തിൽ ഇവരുടെ ദ്രോഹങ്ങളും കരാറു ലംഘനങ്ങളും കൂടുതൽ പ്രകടമായി. അതു ഉപയോഗപ്പെടുത്തിക്കൊണ്ട് മദീനയിലെ കപട വിശ്വാസികൾ നാട്ടിൽ വലിയ ഭീതി ഉളവാക്കുകയും ചെയ്തു. അങ്ങനെ, കരാറു വ്യവസ്ഥകൾക്കും സന്ധി നിശ്ചയങ്ങൾക്കും മുശ്‌രിക്കുകളുടെ പക്കൽ വിലയില്ലെന്നും, വഞ്ചനക്കും ലംഘനത്തിനും കിട്ടുന്ന പഴുതുകളെല്ലാം അവർ ഉപയോഗപ്പെടുത്തുമെന്നും അനുഭവങ്ങൾ തെളിയിച്ചു. ചുരുക്കത്തിൽ, അവർക്കിടയിൽ സമാധാനപൂർവ്വം ജീവിക്കുവാനും, സന്ധി നടത്തി അടങ്ങിയിരിക്കുവാനും സാദ്ധ്യമല്ലാതായി. ഇങ്ങിനെയുള്ള ചുറ്റുപാടിലാണു ഈ വചനങ്ങളും തുടർന്നുള്ള ഏതാനും വചനങ്ങളും അവതരിക്കുന്നത്.

മുശ്‌രിക്കുകളോടുള്ള പരസ്യമായ ഒരു വിളംബരമായിക്കൊണ്ടാണ് ഈ വചനങ്ങളും തുടർന്നുള്ള കുറെ വചനങ്ങളും നിലകൊള്ളുന്നത്. വിളംബരം അല്ലാഹുവികൽനിന്നുള്ളതാണെങ്കിലും അതു നടപ്പിൽ വരുത്തുന്നതു നബി (സ) മുഖാന്തരമാണല്ലോ. അതുകൊണ്ടാണു അല്ലാഹുവിൽനിന്നും അവന്റെ റസൂലിൽ നിന്നുമുള്ള ബാധ്യതയൊഴിവാകൽ (براءة من الله ورسوله) എന്നു ആദ്യത്തെ വചനത്തിലും, അല്ലാഹുവിൽനിന്നും അവന്റെ റസൂലിൽനിന്നുമുള്ള അറിയിപ്പു (اذان من الله ورسوله) എന്നു അടുത്തവചനത്തിലും അതിന്നു ശീർഷകം നൽകിയിരിക്കുന്നതു. അറബികൾ ഒത്തു അറേബ്യമുഴുവനും പരസ്യപ്പെടുത്തേണ്ടതുള്ള വല്ല കാര്യവും വിളംബരപ്പെടുത്തുവാൻ ഹജ്ജു സമ്മേളനംപോലെ ഉതകുന്ന മറ്റൊരവസരവും ഉണ്ടായിരുന്നില്ല. അതുകൊണ്ടത്രെ അടുത്ത വചനത്തിൽ കാണുന്ന പ്രകാരം ഈ വിളംബരം ഹജ്ജു ദിവസം പ്രഖ്യാപനം ചെയ്‌വാൻ ആജ്ഞാപിച്ചിരിക്കുന്നതു. ഈ പ്രഖ്യാപനത്തെ സംബന്ധിക്കുന്ന ഹദീസുകളും രിവായത്തുകളും പലതും കാണാം. അവയുടെ രത്നച്ചുരുക്കം ഇപ്രകാരമാകുന്നു:

ഹിജ്റ 9-ാം കൊല്ലത്തിൽ, തബൂക്ക് യുദ്ധം കഴിഞ്ഞു വന്നശേഷം, നബി (സ) ഹജ്ജിനു മക്കയിലേക്കു പോകുവാൻ ആഗ്രഹിച്ചു. പക്ഷെ, മുശ്രിക്കുകളും ഹജ്ജിൽ പങ്കെടുക്കുമായിരുന്നതുകൊണ്ടു തിരുമേനി ആ കൊല്ലം പോകാതിരിക്കുകയാണുണ്ടായത്. ആ കൊല്ലം ഹജ്ജിന്റെ അമീറായി (നേതാവായി) നബി (സ) അബൂബക്കർ സിദ്ദീഖ് (റ) നെ അയച്ചു. നൂറുകണക്കിൽ മുസ്ലിംകളും അദ്ദേഹമൊന്നിച്ചു പോയിരുന്നു. അബൂബക്കർ (റ) പുറപ്പെട്ടുപോയിക്കഴിഞ്ഞശേഷം ഈ വചനങ്ങളെ ഹജ്ജിൽ വിളംബരപ്പെടുത്തുവാൻ പിന്നാലെ അലി (റ) യെയും നബി (സ) അയക്കുകയുണ്ടായി. എനിക്കുവേണ്ടി വിളംബരം നടത്തുന്ന ആൾ എന്റെ കുടുംബത്തിൽ പെട്ടവനായിരിക്കണമെന്നു പറഞ്ഞുകൊണ്ടാണു നബി (സ) അദ്ദേഹത്തെ അയച്ചത്. (*) അദ്ദേഹത്തിന്റെ നേതൃത്വത്തിൽ, മറ്റു ചിലരും കൂടി അക്കൊല്ലത്തെ ഹജ്ജ് മഹാ സമ്മേളനത്തിൽ വെച്ച് ദുൽഹജ്ജ് 10-ാം പത്തിന് ഈ സൂറത്തിന്റെ ആദ്യം മുതൽക്കുള്ള ഏതാനും വചനങ്ങൾ (മുപ്പതോ നാൽപതോ വചനങ്ങൾ) വിളംബരം ചെയ്തു. അതോടൊപ്പം തന്നെ, അടുത്തകൊല്ലം മുതൽ മുശ്രിക്കുകളാരും കഅ്ബത്തിങ്കൽ ഹജ്ജിനു വരരുതെന്നും, മേലിൽ ആരും നഗ്നരായി 'ത്വവാഫ്' (കഅ്ബഃ പ്രദക്ഷിണം) ചെയ്യരുതെന്നും പ്രഖ്യാപിക്കുകയുണ്ടായി. നേരത്തെതന്നെ ഈ രണ്ടു കാര്യങ്ങളും ഹജ്ജിൽ പ്രഖ്യാപനം ചെയ്‌വാൻ അബൂബക്കർ (റ) ഏൽപിക്കപ്പെട്ടിരുന്നുവെന്നും, അലി (റ) യുടെ വിളംബരത്തിലും ഇതു രണ്ടും ഉൾപ്പെട്ടിരുന്നുവെന്നും താഴെ ഉദ്ധരിക്കുന്ന അബൂഹുറൈറഃ (റ) യുടെ ഹദീസിൽ നിന്നും വ്യക്തമാകുന്നു.

ഈ വചനങ്ങളിലടങ്ങിയ ആശയങ്ങളെ വിവരിക്കുന്ന മദ്ധ്യെ ഇബ്നു കഥീർ (റ) ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു: 'ഈ വചനത്തി (ന്റെ വ്യാഖ്യാനത്തി) ൽ വ്യാഖ്യാതാക്കൾക്കു വളരെ അഭിപ്രായ വ്യത്യാസങ്ങളുണ്ട്. ഒരു വിഭാഗം ആളുകൾ പറയുന്നു: കാലാവധി നിർണ്ണയിക്കപ്പെട്ടിട്ടില്ലാത്തവരെയോ, നാലുമാസക്കാലത്തിനു താഴെ അവധി നിശ്ചയിക്കപ്പെട്ടവരെയോ സംബന്ധിച്ചാണു ഈ വചനം. അവർക്കു നാലുമാസം വരെ അവധി നൽകപ്പെടുന്നതാണ്. അവധി നിർണ്ണയിച്ചുകൊണ്ടുള്ള കരാറുകാർക്കു അവരുടെ അവധികാലം തീരുന്നതുവരെയും അവധി നൽകപ്പെടും. അവർക്കു അവരുടെ അവധി പൂർത്തിയാക്കിക്കൊടുക്കണമെന്നു (നാലാം വചനത്തിൽ) പറയുന്നുണ്ടല്ലോ. ഇപ്രകാരം ഹദീസിലും വന്നിരിക്കുന്നു. ഇതാണ് ആ അഭിപ്രായങ്ങളിൽവെച്ചു ഏററവും നല്ല അഭിപ്രായം. ഇബ്നു ജരീറും (റ) ഇതാണു നല്ലതായി അഭിപ്രായപ്പെട്ടിരിക്കുന്നത്. വേറെ പലരിൽ നിന്നും ഇങ്ങനെ നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്.'

രണ്ടാമത്തെ ആയത്തിന്റെ അവസാനഭാഗം മുശ്രിക്കുകൾക്കുള്ള താക്കീതാണെന്നു പറയേണ്ടതില്ല. ഈ പ്രഖ്യാപനം കഴിഞ്ഞതു മുതൽക്കു തന്നെ ആ താക്കീതിന്റെ ഫലം അവർ അനുഭവിച്ചറിയുകയും ചെയ്തിട്ടുണ്ട്.

3. അല്ലാഹുവിൽനിന്നും, അവന്റെ റസൂലിൽനിന്നുമുള്ള ഒരു അറിയിപ്പുമാകുന്നു. മഹത്തായ ഹജ്ജിന്റെ ദിവസത്തിൽ മനുഷ്യരോടു (പൊതുവിൽ), അല്ലാഹുവും അവന്റെ റസൂലും മുശ്രിക്കുകളിൽനിന്നു (ബന്ധ്യത) ഒഴിവായവരാണെന്നു. എന്നാൽ, (മുശ്രിക്കുകളേ) നിങ്ങൾ പശ്ചാത്തപിച്ചാൽ, അതു നിങ്ങൾക്കു ഉത്തമമായിരിക്കും; നിങ്ങൾ തിരിഞ്ഞു കളഞ്ഞാൽ നിങ്ങൾ അല്ലാഹുവിനെ (പരാജയപ്പെടുത്തി) അശക്തമാക്കുന്നവരല്ലെന്നു അറിഞ്ഞുകൊള്ളുവിൻ.

٣- وَأَذَانٌ مِّنَ اللَّهِ وَرَسُولِهِ إِلَى النَّاسِ
يَوْمَ الْحَجِّ الْأَكْبَرِ
أَنَّ اللَّهَ بَرِيءٌ مِّنَ الْمُشْرِكِينَ ۙ وَ
رَسُولُهُ ۚ فَإِن تُبْتُمْ
فَهُوَ خَيْرٌ لَّكُمْ ۖ وَإِن تَوَلَّيْتُمْ
فَاعْلَمُوا أَنَّكُمْ غَيْرُ مُعْجِزِي اللَّهِ ۗ

അവിശ്വസിച്ചവർക്കു (നബിയേ) വേദനയേറിയ ശിക്ഷയെക്കുറിച്ചു സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുക.

وَبَشِّرِ الَّذِينَ كَفَرُوا بِعَذَابٍ أَلِيمٍ

(*) ഇങ്ങിനെയുള്ള ഉത്തരവാദപ്പെട്ട പ്രഖ്യാപനങ്ങൾ നടത്തുവാൻ പ്രതിനിധിയെ അയക്കുമ്പോൾ, ആ പ്രതിനിധി ആളെ അയക്കുന്ന ആളുടെ അടുത്ത ബന്ധുവായിരിക്കണമെന്നുള്ളതു അറബികളുടെ ഇടയിൽ അംഗീകരിക്കപ്പെട്ട ഒരു പതിവായിരുന്നു.

4. (പക്ഷേ) മുശ്‌രിക്കുകളിൽനിന്നു നിങ്ങൾ കരാറു ചെയ്തിട്ടുള്ളവരൊഴികെ. പിന്നീടു (അതിൽ) നിങ്ങൾക്കു യാതൊന്നും അവർ പോരായ്മ വരുത്തിയിട്ടുമില്ല. നിങ്ങൾക്കെതിരിൽ ഒരാൾക്കും അവർ പിന്തുണ നൽകിയിട്ടുമില്ല (ഇങ്ങിനെയുള്ളവരൊഴികെ); അപ്പോൾ, അവർക്കു അവരുടെ കാലം [അവധി] വരേക്കു അവരുടെ കരാറ് നിങ്ങൾ പൂർത്തിയാക്കുവിൻ.

നിശ്ചയമായും അല്ലാഹു, സൂക്ഷ്മത പാലിക്കുന്നവരെ ഇഷ്ടപ്പെടുന്നു.

إِلَّا الَّذِينَ عَاهَدتُّم مِّنَ الْمُشْرِكِينَ ثُمَّ لَمْ يَنقُصُوكُمْ شَيْئًا وَلَمْ يُظَاهِرُوا عَلَيْكُمْ أَحَدًا فَأَتِمُّوا إِلَيْهِمْ عَهْدَهُمْ إِلَىٰ مُدَّتِهِمْ ۚ إِنَّ اللَّهَ يُحِبُّ الْمُتَّقِينَ ○

[illegible] ഒരു അറിയിപ്പു (പ്രഖ്യാപനവു) മാണു الله من അല്ലാഹുവിൽ നിന്നു ورسوله അവന്റെ റസൂലിൽനിന്നും الى الناس മനുഷ്യരിലേക്കു, ജനങ്ങളോടു يوم الحج ഹജ്ജിന്റെ ദിവസം الأكبر വലിയതായ (മഹത്തായ) ان الله അല്ലാഹു (ആണു) എന്നു بريء ഒഴിവായവനാണു (എന്നു) من المشركين മുശ്‌രിക്കുകളിൽനിന്നു ورسوله അവന്റെ റസൂലും فان تبتم എന്നാൽ നിങ്ങൾ പശ്ചാത്തപിക്കുന്ന പക്ഷം فهو അപ്പോൾ അതു خير لكم നിങ്ങൾക്കു ഉത്തമമാകുന്നു وان توليتم നിങ്ങൾ തിരിഞ്ഞുകളയുന്ന പക്ഷം فاعلموا നിങ്ങൾ അറിഞ്ഞുകൊള്ളുവിൻ انكم നിങ്ങൾ (ആകുന്നു) എന്നു غير معجزي അസാദ്ധ്യമാക്കുന്നവർ, അശക്തമാക്കുന്നവരല്ല (എന്നു) الله അല്ലാഹുവിനെ وبشر സന്തോഷമറിയിക്കുകയും ചെയ്യുക الذين كفروا അവിശ്വസിച്ചവരോടു بعذاب ശിക്ഷയെപ്പറ്റി أليم വേദനപ്പെട്ട (വേദനയേറിയ) 4. الا ഒഴികെ الذين عاهدتم നിങ്ങൾ കരാർ നടത്തിയിട്ടുള്ളവർ من المشركين മുശ്‌രിക്കുകളിൽനിന്നു ثم പിന്നീടു لم ينقصوكم അവർ നിങ്ങൾക്കു ചുരുക്കി (നിങ്ങളോടു കുറവു വരുത്തി) യിട്ടില്ല شيئا യാതൊന്നും ولم يظاهروا അവർ പിന്തുണ നൽകിയിട്ടുമില്ല عليكم നിങ്ങൾക്കെതിരിൽ احدا ഒരാൾക്കും فاتموا എന്നാൽ (അപ്പോൾ) പൂർത്തിയാക്കുവിൻ اليهم അവരിലേക്കു, അവരോടു عهدهم അവരുടെ കരാറു الى مدتهم അവരുടെ കാലംവരെ ان الله നിശ്ചയമായും അല്ലാഹു يحب ഇഷ്ടപ്പെടുന്നു, സ്നേഹിക്കും المتقين സൂക്ഷ്മത പാലിക്കുന്നവരെ.

يوم الحج الأكبر (മഹത്തായ ഹജ്ജിന്റെ ദിവസം) ദുൽഹജ്ജു ഒമ്പതാം ദിവസമായ അറഫാ ദിനത്തെ ഉദ്ദേശിച്ചും, പത്താം ദിവസമായ പെരുന്നാൾ ദിനത്തെ ഉദ്ദേശിച്ചും, തുടർന്നുള്ള മൂന്നു ദിവസങ്ങളായ 'അയ്യാമുത്തശ്‌രീഖി'നെ ഉദ്ദേശിച്ചും ഉപയോഗിക്കപ്പെടാറുണ്ട്. ചിലപ്പോൾ, ഹജ്ജു കാലത്തെ പൊതുവിൽ ഉദ്ദേശിച്ചും പറയപ്പെടും. പക്ഷേ, വിളംബരം നടത്തപ്പെട്ടതു പെരുന്നാൾ ദിവസമായിരുന്നുവെന്നു ഹദീസിനാൽ സ്ഥിരപ്പെട്ടിരിക്കകൊണ്ടു ആ ദിവസമാണിവിടെ ഉദ്ദേശ്യമെന്നു മനസ്സിലാക്കാം. ഹജ്ജിന്റെ വിശേഷണമായി الأكبر (ഏറ്റവും വലുതായ— അഥവാ മഹത്തായ) എന്നു വിശേഷിപ്പിച്ചതിനു പലരും പല കാരണങ്ങൾ പറഞ്ഞു കാണുന്നു: ഉംറകർമ്മത്തെപ്പറ്റി ചെറിയ ഹജ്ജു (الحج الأصغر) എന്നു പറയപ്പെടാറുള്ളതുകൊണ്ടു അതല്ല ഉദ്ദേശ്യമെന്ന വ്യക്തമാക്കുവാനാണെന്നും, ഹജ്ജിന്റെ പ്രധാന കർമ്മങ്ങൾ നടക്കുകയും ജനങ്ങളെല്ലാം മിനായിൽ ഒരുമിച്ചുകൂടുകയും ചെയ്യുന്നതു പെരുന്നാൾ ദിവസമായതുകൊണ്ട് അതാണിവിടെ ഉദ്ദേശിച്ചതെന്നും മറ്റുമാണ്. ഏതായാലും— ഇക്കാലത്തു ചിലർ ധരിച്ചുവശായതുപോലെ— അറഫാ ദിവസം വെള്ളിയാഴ്ചയായി വരുന്ന കൊല്ലങ്ങളിലെ ഹജ്ജിനുള്ള ഒരു പ്രത്യേക നാമമോ, വിശേഷണമോ അല്ല 'ഹജ്ജുൽ അക്ബർ (الحج الأكبر)' എന്ന വാക്ക്.

ഈ വചനങ്ങളിലടങ്ങിയ പ്രഖ്യാപനങ്ങളുടെ രത്നച്ചുരുക്കം ഇങ്ങിനെ പറയാം: (1) നബി (സ) യും മുശ്‌രിക്കുകളുമായുള്ള കരാറു വ്യവസ്ഥകൾ ഇതോടെ അവസാനിച്ചു. (2) കഴിഞ്ഞുപോയ തെറ്റുകളിൽ നിന്നും ലംഘനങ്ങളിൽ നിന്നും പശ്ചാത്തപിച്ച് മടങ്ങിയാൽ അതവർക്കു ഗുണമായിത്തീരും. അല്ലാത്തപക്ഷം അതിന്റെഫലം (ഇഹത്തിലും, പരത്തിലും) അവർ അനുഭവിക്കേണ്ടിവരും. അതിൽ നിന്നു രക്ഷപ്പെടുവാൻ അവർക്കു സാദ്ധ്യമാകുകയില്ലതന്നെ. 'പശ്ചാത്തപിച്ചു മടങ്ങുക' എന്നതുകൊണ്ടുദ്ദേശ്യം, ഇസ്‌ലാമിനെ സ്വീകരിക്കുക എന്നായി

[illegible] പ്രവേശിക്കാത്ത മുസ്‌ലിംകളുടെ [illegible] (പ്രത്യേകം ഓർമ്മിക്കുവാനുണ്ട്). (4) മുശ്‌രിക്കുകളുമായി [illegible] [illegible] ചെയ്തവരും, മുസ്‌ലിംകൾക്കെതിരായി [illegible] [illegible] ഇതിൽ നിന്നു ഒഴിവാകുന്നു. [illegible] [illegible] ഒന്നുമില്ല. അവരുമായുള്ള കരാറിൽ നിശ്ചയിച്ച അവധി തീരുന്നതു [illegible] പാലിക്കുക തന്നെ ചെയ്യും.

[illegible] (റ) [illegible] അബൂഹുറൈറ (റ) ഉദ്ധരിച്ചി [illegible] ഹജ്ജിൽ വെച്ച് അക്കൊല്ലത്തിനുശേഷം ഒരു മുശ്‌രിക്കും ഹജ്ജ് ചെയ്യരുതെന്നും [illegible] [illegible] 'ത്വവാഫ്' ചെയ്യരുതെന്നും ബലിപെരുന്നാൾ ദിവസം മിനായിൽ പ്രഖ്യാപനം ചെയ്യുന്നവരുടെ കൂട്ടത്തിൽ [illegible] (റ) എന്നെയും അയച്ചിരുന്നു.' (നിവേദകനായ) ഹുമൈദ് പറയുകയാണ്: 'പിന്നീട് റസൂൽ (സ) [illegible] അലിയ്യുബ്നു അബീത്വാലിബ് (റ) നെയും 'ബറാഅത്ത്' പ്രഖ്യാപനത്തിനായി പിന്നാലെ അയച്ചു.' അബൂ ഹുറൈറ (റ) തുടർന്നു പറഞ്ഞു: 'അങ്ങനെ, അലിയ്യും ഞങ്ങളൊന്നിച്ചു ബലിപെരുന്നാൾ ദിവസം മിനായിലെ ജന ങ്ങളിൽ 'ബറാഅത്തും', ഇക്കൊല്ലത്തിനുശേഷം മുശ്‌രിക്കുകൾ ഹജ്ജ് ചെയ്യരുതെന്നും, നഗ്നൻമാർ ത്വവാഫ് ചെയ്യരുതെന്നും വിളംബരം നടത്തി.' (ബുഖാരി)

5. അങ്ങനെ, (യുദ്ധം) നിഷിദ്ധമായ (ആ) മാസ ങ്ങൾ കഴിഞ്ഞുപോയാൽ, മുശ്‌രിക്കുകളെ നിങ്ങൾ വധിക്കു വിൻ, അവരെ കിട്ടിയേടത്തുവെച്ച്. അവരെ പിടിക്കുകയും, അവരെ ഉപരോധിക്കുകയും, എല്ലാ പതിസ്ഥലങ്ങളിലും അവർക്കുവേണ്ടി (പതി) ഇരിക്കുകയും ചെയ്യുവിൻ.

فَإِذَا انسَلَخَ الْأَشْهُرُ الْحُرُمُ فَاقْتُلُوا الْمُشْرِكِينَ حَيْثُ وَجَدتُّمُوهُمْ وَخُذُوهُمْ وَاحْصُرُوهُمْ وَاقْعُدُوا لَهُمْ كُلَّ مَرْصَدٍ

എനി, അവർ പശ്ചാത്തപിക്കുകയും, നമസ്കാരം നിലനിറുത്തുകയും, സകാത്തു കൊടുക്കുകയും ചെയ്യുന്ന പക്ഷം, (അവർക്കു) അവരുടെ വഴി ഒഴിവാക്കി (വിട്ടു) കൊ ടുക്കുവിൻ.

فَإِن تَابُوا وَأَقَامُوا الصَّلَاةَ وَآتَوُا الزَّكَاةَ فَخَلُّوا سَبِيلَهُمْ

നിശ്ചയമായും അല്ലാഹു വളരെ പൊറുക്കുന്നവനാണ്, കരുണാനിധിയാണ്.

إِنَّ اللَّهَ غَفُورٌ رَّحِيمٌ ○

---

5. فَإِذَا انسَلَخَ അങ്ങിനെ കഴിഞ്ഞാൽ الْأَشْهُرُ (ആ) മാസങ്ങൾ الْحُرُمُ നിഷിദ്ധമായ, പരിപാവന മായ فَاقْتُلُوا നിങ്ങൾ വധിക്കുവിൻ, കൊല്ലുവിൻ الْمُشْرِكِينَ മുശ്‌രിക്കുകളെ حَيْثُ ഇടത്തിൽ, വിധ ത്തിൽ وَجَدتُّمُوهُمْ നിങ്ങൾക്കു അവരെ കിട്ടിയ, നിങ്ങൾ കണ്ടെത്തിയ وَخُذُوهُمْ അവരെ പിടിക്കുകയും ചെയ്യുവിൻ وَاحْصُرُوهُمْ അവരെ ഉപരോധിക്കുകയും ചെയ്യുവിൻ وَاقْعُدُوا ഇരിക്കുകയും ചെയ്യുവിൻ لَهُمْ അവർക്കായി كُلَّ مَرْصَدٍ എല്ലാ പതിസ്ഥലത്തും, നിരീക്ഷണ സ്ഥാനത്തും فَإِن تَابُوا എനി (എ ന്നാൽ) അവർ പശ്ചാത്തപിച്ചെങ്കിൽ وَأَقَامُوا അവർ നിലനിറുത്തുകയും الصَّلَاةَ നമസ്കാരം وَآتَوُا അ വർ കൊടുക്കുകയും الزَّكَاةَ സകാത്തു فَخَلُّوا എന്നാൽ ഒഴിവാക്കുവിൻ سَبِيلَهُمْ അവരുടെ വഴി, മാർ ഗം إِنَّ اللَّهَ നിശ്ചയമായും അല്ലാഹു غَفُورٌ വളരെ പൊറുക്കുന്നവനാണ് رَّحِيمٌ കരുണാനിധിയാണ്.

الْأَشْهُرُ الْحُرُمُ (യുദ്ധം നിഷിദ്ധമായ മാസങ്ങൾ) കൊണ്ടു ഇവിടെ ഉദ്ദേശ്യമെന്താണെന്നുള്ളതിൽ രണ്ട് അഭി പ്രായങ്ങളുണ്ട്. (1) യുദ്ധം നിഷിദ്ധമായ ദുൽഖഅ്ദ, ദുൽഹിജ്ജ, മുഹർറം എന്നിവയും റജബുംകൂടി [illegible] ഇതനുസരിച്ചു മുമ്പ് കാർ നിലവിലില്ലാത്ത [illegible] നാലുമാസങ്ങൾ തന്നെയാണ് ഇവിടെയും ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. [illegible] മുഹർറം കഴിയുന്നതുവരെ നടപടിയൊന്നും എടുക്കേണ്ടതി ല്ലെന്നും, മുഹർറം കഴിഞ്ഞാൽ—അവർ പശ്ചാത്തപിച്ചു മടങ്ങാത്തപക്ഷം—മേൽപറഞ്ഞ നടപടികൾ അവരോടു മുശ്‌രിക്കുകളോടു പ്രഖ്യാപനം നടന്നതു മുതൽ അടുത്ത

[illegible] (2) [illegible] കാലഘട്ടങ്ങളിൽ ഭൂമിയിലൂടെ സഞ്ചരിച്ചുകൊള്ളുക (فَسِيحُوا فِي الْأَرْضِ أَرْبَعَةَ أَشْهُرٍ) [illegible] പൂർത്തിയാക്കിക്കൊടുക്കുക (فَأَتِمُّوا إِلَيْهِمْ عَهْدَهُمْ) എന്നു [illegible] ഇതനുസരിച്ചു ഈ പ്രഖ്യാപനത്തിനുശേഷം അതായതു കൂട്ടം [illegible] പാടില്ലാത്തതുമായ ആ മാസങ്ങൾ കഴിയുന്നതുവരെ അവരോടു [illegible] അതു കഴിഞ്ഞാൽ പിന്നെ — അവർ പശ്ചാത്തപിച്ചു മടങ്ങാത്തപക്ഷം — [illegible] ഇതാണു ഇബ്നുകഥീർ(റ) [illegible] ഇബ്നുഇസ്ഹാക്ക്, ഖത്താദഃ സുദ്ദീ (റ) എന്നിവരുടെയും [illegible] ഇതാണെന്നും, യുദ്ധം നിഷിദ്ധമായ നാലു [illegible] ഈ സൂറത്തിൽതന്നെ (36-ാം വചനത്തിൽ) പ്രത്യേകം താഴെ വരുന്നുണ്ടെന്നും [illegible]

[illegible] യുദ്ധ നടപടിയെടുക്കുവാൻ പാടില്ലാത്ത ആ മാസങ്ങൾ കഴിഞ്ഞതിനുശേഷം അവർ പശ്ചാ [illegible] അവരുടെ നേരെ സ്വീകരിക്കേണ്ടുന്ന നടപടികൾ ഇവയാകുന്നു: (1) [illegible] കൊലപ്പെടുത്തുക. (2) പിടിച്ചു ബന്ധനത്തിലാക്കുക. ബന്ധനത്തിലാക്കുന്നതു [illegible] 67-ാം വചനത്തിൽ പ്രസ്താവിച്ച ആക്ഷേപം ഇപ്പോൾ നിലവിലില്ല. [illegible] പ്രതാപവും വന്നു കഴിഞ്ഞിരിക്കുകയാണല്ലോ. (3) ഉപരോധം ചെയ്യുക. അവർ [illegible] രക്ഷപ്പെടുന്ന പക്ഷം അവർ പുറത്തുവന്ന് കീഴൊതുങ്ങാൻ നിർബന്ധിതരാ [illegible] (4) തക്കവും തരവും നോക്കി എല്ലാ മർമ്മ സ്ഥാനങ്ങളിലും [illegible] കൈകൊള്ളുവാൻ അനുവദിക്കാതിരിക്കുക. അക്കാലത്തു ശത്രു വിഭാഗ [illegible] യുദ്ധ നയങ്ങളാണിതെല്ലാം.

[illegible] പശ്ചാത്തപിച്ചു മടങ്ങുന്ന പക്ഷം അതു വരെ അവർ [illegible] പേരിൽ യാതൊരു നടപടിയും എടുക്കപ്പെടുകയില്ല. പശ്ചാ [illegible] നിന്നു പിൻമാറി ഇസ്ലാമിനെ അംഗീകരിക്കുക എന്നാകുന്നു. [illegible] കലിമകൾ നാവുകൊണ്ടു പറഞ്ഞാൽ മാത്രം പോരാ, അതു [illegible] വേണം. അതായതു ശാരീരികമായി ഏറ്റവും വലിയ നിർബ്ബന്ധകട [illegible] ധനപരമായി ഏറ്റവും വലിയ കടമയായ സകാത്തു കൊടുക്കുകയും [illegible] എല്ലാ പൗരാവകാശങ്ങൾക്കും അവർ അർഹരായിത്തീർന്നു. [illegible] നബി (സ) ഈ തത്വം ഇങ്ങിനെ വ്യക്തമാക്കുന്നു: 'അല്ലാഹു അല്ലാതെ ആരാധ്യനി [illegible] സാക്ഷ്യപ്പെടുത്തുകയും, നമസ്കാരം നിലനിറുത്തുകയും, [illegible] എന്നോടു കല്പിക്കപ്പെട്ടിരിക്കുന്നു. അതവർ [illegible] എന്നിൽ നിന്നും അവർ കാത്തു രക്ഷിച്ചു; (വല്ല കുറ്റകൃത്യ [illegible] (നടപടി) വേണ്ടി വന്നാലല്ലാതെ, (വല്ല നിലക്കുള്ള) അവരുടെ [illegible] അല്ലാഹുവിന്റെ ബാധ്യതയാണു.' (ബു; മു) ഇപ്രകാരം [illegible] കഴിഞ്ഞാൽ പിന്നെ ഇസ്ലാമിന്റെ ബാഹ്യപ്രകടനങ്ങളെ ശാസനകളെന്നും നിഷേധിക്കുവാൻ [illegible] പാടില്ല. [illegible] അതിന്റെ പേരിൽ അവരോടു നിയമാനുസൃതമായ നടപടി എടുക്കുക തന്നെ [illegible] ഈ തത്വത്തെ അടിസ്ഥാനമാക്കിയാണ്, നബി (സ) യുടെ വിയോഗാനന്തരം, മേലിൽ [illegible] കൊടുക്കുകയില്ലെന്നു ശഠിച്ചവരോട് ഒന്നാം ഖലീഫ അബൂബക്കർ (റ) യുദ്ധം നടത്തിയത്.

6\. (നബിയേ) മുശ്രിക്കുകളിൽ നിന്ന എങ്ങിനെങ്കിലും ഒരാൾ നിന്നോട് രക്ഷ [അഭയം] തേടിയെങ്കിൽ, അവൻ അല്ലാഹുവിന്റെ വചനം കേൾക്കുന്നതുവരെ അവനു രക്ഷ [അഭയം] നൽകുക.

وَإِنْ أَحَدٌ مِّنَ الْمُشْرِكِينَ اسْتَجَارَكَ فَأَجِرْهُ حَتَّىٰ يَسْمَعَ كَلَامَ اللَّهِ

6\. وَإِنْ أَحَدٌ വല്ല ഒരുവനും (എങ്ങിനെങ്കിലും ഒരാൾ) എങ്കിൽ مِّنَ الْمُشْرِكِينَ മുശ്രിക്കുകളിൽ നിന്ന اسْتَجَارَكَ നിന്നോടു രക്ഷ (അഭയം-കാവൽ) തേടി(യെങ്കിൽ) فَأَجِرْهُ എന്നാലവനു രക്ഷ (അഭയം-കാവൽ) നൽകുക حَتَّىٰ يَسْمَعَ അവൻ കേൾക്കുവാൻ വേണ്ടി, കേൾക്കുന്നതുവരെ كَلَامَ اللَّهِ അല്ലാഹുവിന്റെ വചനം

ثُمَّ أَبْلِغْهُ مَأْمَنَهُ ۚ ذَٰلِكَ بِأَنَّهُمْ قَوْمٌ لَّا يَعْلَمُونَ ○

പിന്നെ, അവനെ അവന്റെ അഭയസ്ഥാനത്തു എത്തിച്ചു കൊടുക്കുക. അതു അവർ അറിഞ്ഞുകൂടാത്ത ഒരു ജനതയാണെന്നുള്ളതു കൊണ്ടത്രെ.

ثُمَّ പിന്നീടു أَبْلِغْهُ അവനെ എത്തിച്ചുകൊടുക്കുക مَأْمَنَهُ അവന്റെ അഭയ (സമാധാന) സ്ഥാനത്തു ذَٰلِكَ അതു (കാരണം) بِأَنَّهُمْ അവർ (ആണ്) എന്നുള്ളതു കൊണ്ടാണു قَوْمٌ ഒരു ജനതയാണു (എന്നുള്ളതു) لَّا يَعْلَمُونَ അവർക്കറിഞ്ഞുകൂടാ.

മുസ്‌ലിംകളുമായി കരാറുകളൊന്നും നിലവിലില്ലാത്തവരും കണ്ടേടത്തുവെച്ചു വധിക്കപ്പെടുവാൻ അനുവദിക്കപ്പെട്ടവരുമായ മുശ്‌രിക്കുകളായിരുന്നാൽപോലും, അവരിൽ ആരെങ്കിലും ഖുർആൻ കേട്ടു മനസ്സിലാക്കുവാൻ ഉദ്ദേശിച്ചു മുസ്‌ലിംകളെ സമീപിച്ചാൽ, അവർക്കു അഭയം നൽകുകയും അവർക്ക ഖുർആൻ കേൾപ്പിച്ചുകൊടുക്കുകയും ചെയ്യണം. അവർ വിശ്വസിച്ചാലും ഇല്ലെങ്കിലും ശരി, പിന്നീടു അവരെ അഭയസ്ഥാനത്തു-നാട്ടിലും മറ്റുമിലും-സുരക്ഷിതമായി എത്തിച്ചുകൊടുക്കുകയും ചെയ്യണം എന്നു അല്ലാഹു കൽപിക്കുന്നു. ഖുർആൻ കേൾക്കുക എന്നു പറഞ്ഞതുകൊണ്ടു വിവക്ഷ ഇസ്‌ലാമിനെപ്പറ്റി സാമാന്യമായെങ്കിലും അവർ പഠിക്കുക എന്നാകുന്നു. അറബികളെ സംബന്ധിച്ചിടത്തോളം അന്നു അവർക്കു ഖുർആൻ കേട്ടാൽതന്നെ അതിന്റെ ആശയം മനസ്സിലാക്കുവാൻ പ്രയാസമില്ലല്ലോ. സത്യം ഗ്രഹിച്ചിട്ടും സത്യവിശ്വാസം സ്വീകരിക്കാതെ, ശർക്കെട്ടുമുഷ്ടിയോടെ കഴിയുന്ന പലരും മുശ്‌രിക്കുകളിൽ ഉണ്ടാവാമെങ്കിലും മുശ്‌രിക്കുകൾ പൊതുവെ ഇസ്‌ലാമിനെപ്പറ്റി വേണ്ടതുപോലെ അറിയാത്തവരായിരിക്കും. അതുകൊണ്ടാണു അവർക്കു അഭയം നൽകണമെന്നും, ഖുർആൻ കേൾപ്പിക്കണമെന്നും കല്പിച്ചതെന്നുകൂടി അല്ലാഹു ഉണർത്തുന്നു. ഇസ്‌ലാമിനെപ്പറ്റി മനസ്സിലാക്കുവാൻ വരുന്നവരെ ഏതു പരിതസ്ഥിതിയിലും സ്വാഗതം ചെയ്യണമെന്നും, അതിനുവേണ്ടി സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊടുക്കണമെന്നുമാണു ഇതിൽനിന്നു വ്യക്തമാകുന്നത്.

പല സന്ദർഭങ്ങളിൽ ഓരോ ആവശ്യാർത്ഥം മുശ്‌രിക്കുകളായ ആളുകൾ നബി (സ) യുടെ അടുക്കൽ വന്നപ്പോൾ, അവിടുന്നു അവരോടു സമാധാനപൂർവ്വം പെരുമാറുകയും, ചിലർക്കു ഇസ്‌ലാമിനെക്കുറിച്ചു മനസ്സിലാക്കുവാൻ അവസരമുണ്ടാക്കിക്കൊടുക്കുകയും ചെയ്ത ചില സംഭവങ്ങളെ സൂചിപ്പിച്ചുകൊണ്ടു ഇബ്നു കഥീർ (റ) പറയുന്നു: 'ശത്രു നാട്ടിൽ നിന്നു ഇസ്‌ലാമിന്റെ നാട്ടിലേക്കു വല്ല ദൗത്യവും നിർവ്വഹിക്കുവാൻ വേണ്ടിയോ, കച്ചവടത്തിനു വേണ്ടിയോ, വല്ല കരാറും സന്ധിയും ആവശ്യപ്പെട്ടു കൊണ്ടോ, കപ്പം അടച്ചു തീർക്കുവാൻ വേണ്ടിയോ, അല്ലെങ്കിൽ അതുപോലെയുള്ള ഏതെങ്കിലും ആവശ്യത്തിനു വേണ്ടിയോ വല്ലവരും വന്ന് ഭരണാധികാരിയോടോ, തദ്ദേഹത്തിന്റെ പ്രതിനിധിയോടോ അഭയം ആവശ്യപ്പെട്ടാൽ, അയാൾ ഇസ്‌ലാമിന്റെ നാട്ടിൽ സ്ഥിതി ചെയ്യുമ്പോഴും, അയാളുടെ അഭയ സ്ഥാനത്തേക്കും നാട്ടിലേക്കും മടങ്ങിപ്പോകുന്നതുവരെയും അയാൾക്കു അഭയം നൽകേണ്ടതാണ്'. പക്ഷെ, ദീർഘകാലമോ, ആവശ്യത്തിലധികം കാലമോ അവരെ അവിടെ താമസിക്കുവാൻ അനുവദിക്കുന്നതു നല്ലതല്ലെന്നും, പല അനർത്ഥങ്ങൾക്കും അതു കാരണമാവാനിടയുണ്ടെന്നും പറയേണ്ടതില്ല.

വിഭാഗം-2

كَيْفَ يَكُونُ لِلْمُشْرِكِينَ عَهْدٌ عِندَ اللَّهِ وَعِندَ رَسُولِهِ إِلَّا الَّذِينَ عَاهَدتُّمْ عِندَ الْمَسْجِدِ الْحَرَامِ

7. എങ്ങിനെയാണ് (ആ) മുശ്‌രിക്കുകൾക്കു അല്ലാഹുവിന്റെ അടുക്കലും, അവന്റെ റസൂലിന്റെ അടുക്കലും ഒരു കരാർ (നിലവിൽ) ഉണ്ടാകുന്നത്? നിങ്ങൾ 'മസ്ജിദുൽ-ഹറാമി'ന്റെ അടുക്കൽവെച്ചു കരാറു നടത്തിയവർക്കല്ലാതെ!

എന്നാൽ, അവർ നിങ്ങളോടു ചൊവ്വിനു നില കൊള്ളു മ്പോൾ, നിങ്ങൾ അവരോടും ചൊവ്വിനുനിലകൊള്ളുവിൻ. നിശ്ചയമായും അല്ലാഹു സൂക്ഷ്മത പാലിക്കുന്നവരെ ഇഷ്ടപ്പെടുന്നു.

فَمَا اسْتَقَامُوا لَكُمْ فَاسْتَقِيمُوا لَهُمْ إِنَّ اللَّهَ يُحِبُّ الْمُتَّقِينَ

---

7. كَيْفَ يَكُونُ എങ്ങിനെ ഉണ്ടായിരിക്കും, ഉണ്ടാകും لِلْمُشْرِكِينَ മുശ്‌രിക്കുകൾക്കു عَهْدٌ ഒരു കരാർ, വല്ല ഉടമ്പടിയും عِندَ اللَّهِ അല്ലാഹുവിന്റെ അടുക്കൽ وَعِندَ رَسُولِهِ അവന്റെ റസൂലിന്റെ അടുക്കലും إِلَّا الَّذِينَ യാതൊരു കൂട്ടരൊഴികെ, ഒരു കൂട്ടർക്കല്ലാതെ عَاهَدتُّمْ നിങ്ങൾ കരാർ (സന്ധി) നടത്തിയ عِندَ الْمَسْجِدِ الْحَرَامِ മസ്ജിദുൽ ഹറാമിന്റെ അടുക്കൽവെച്ചു فَمَا اسْتَقَامُوا എന്നാൽ അവർ ചൊവ്വിനു (നേർക്കു നേരെ) നിലകൊള്ളുമ്പോൾ لَكُمْ നിങ്ങളോടു فَاسْتَقِيمُوا നിങ്ങൾ (നിങ്ങളും) ചൊവ്വിനു നിലകൊള്ളുവിൻ لَهُمْ അവരോടു إِنَّ اللَّهَ നിശ്ചയമായും അല്ലാഹു يُحِبُّ ഇഷ്ടപ്പെടുന്നു, സ്നേഹിക്കും الْمُتَّقِينَ സൂക്ഷ്മത പാലിക്കുന്നവരെ.

നാലുമാസം കഴിഞ്ഞാൽ സന്ധിയില്ലം സമരം നടത്തുമെന്ന പ്രഖ്യാപിക്കപ്പെട്ട ആ മുശ്‌രിക്കുകളെപ്പറ്റിയാണു പറയുന്നത്. അല്ലാഹുവിന്റെയും റസൂലിന്റെയും ഭാഗത്തുനിന്നു ഒരു കരാറും നടത്തപ്പെടുവാനുള്ള യാതൊരു അർഹതയും അവർക്കില്ല. അവരുടെ ഇതപര്യന്തമുള്ള ചെയ്തികളും, കരാറു ലംഘനങ്ങളും, അല്ലാഹുവിനോടും റസൂലിനോടും അവർ അനുവർത്തിച്ചുകൊണ്ടിരുന്ന നയങ്ങളുമെല്ലാം നിലവിലിരിക്കെ, അതിനു അവർക്ക എങ്ങിനെ അർഹതയുണ്ടാകുവാനാണു? പക്ഷെ, മസ്ജിദുൽ ഹറാമിന്റെ (കഅ്ബയുടെ) പരിസരത്തിൽ വെച്ചു സന്ധി നടത്തിയിട്ടുള്ള ചിലർ തങ്ങളുടെ സന്ധി വ്യവസ്ഥ ലംഘിക്കാത്തവരായിട്ടുണ്ട്. അവർ അതേ നിലക്ക ചൊവ്വിനു നിലകൊള്ളുന്ന കാലത്തോളം അവർക്കു ഈ പ്രഖ്യാപനം ബാധകമാകുകയില്ല. അവരിൽ നിന്നു വല്ല ലംഘനവും ഉണ്ടാകാത്ത കാലത്തോളം അവരോടങ്ങോട്ടും വ്യവസ്ഥ പ്രകാരം ചൊവ്വിനു പെരുമാറുക തന്നെ വേണം എന്നു സാരം.

മസ്ജിദുൽ ഹറാമിന്റെ അടുക്കൽ വെച്ചു നടത്തിയ കരാറു കൊണ്ടുദ്ദേശ്യം ഹുദൈബിയായിൽവെച്ചു നബി (സ) യും മുശ്‌രിക്കുകളും തമ്മിൽ നടന്ന പ്രസിദ്ധ സന്ധിയാകുന്നു. ഖുറൈശികളുടെ ഭാഗത്തുനിന്നു സന്ധി ലംഘനമുണ്ടായിത്തീരുകയും, അതു മക്കാ വിജയത്തിനു കാരണമായിത്തീരുകയും ചെയ്തു. എന്നാൽ, ബനൂ കിനാനഃ, ബനൂളംറത്ത് എന്നീ രണ്ടു ഉപ ഗോത്രങ്ങൾ സന്ധി നിശ്ചയങ്ങൾ ശരിക്കും പാലിച്ചിരുന്നു. അവരെ ഉദ്ദേശിച്ചാണു അവർ ചൊവ്വിനു നിലകൊള്ളുന്ന കാലത്തോളം അവരോടങ്ങോട്ടും ചൊവ്വിനു നിലകൊള്ള ണമെന്നു പറഞ്ഞത്. അല്ലാഹു തുടരുന്നു:—

8. എങ്ങിനെയാണ് (അവർക്ക കരാർ ഉണ്ടായിരിക്കുക)? നിങ്ങളുടെ മേൽ അവർ (വിജയം വരിച്ച്) [പ്രത്യക്ഷപ്പെടുന്ന പക്ഷം, നിങ്ങളെപ്പറ്റി കുടുംബ ബന്ധമാകട്ടെ, (കരാറ്) ബാധ്യതയാകട്ടെ അവർ കാത്തുസൂക്ഷിക്കുകയില്ല [പരിഗ ണിക്കുകയില്ല]! അവരുടെ വായകൊണ്ടു അവർ നിങ്ങളെ തൃപ്തിപ്പെടുത്തും; അവരുടെ ഹൃദയങ്ങൾ വെറുക്കുകയും ചെയ്യും. അവരിൽ അധികപേരും തോന്നിയവാസികളു മാകുന്നു.

كَيْفَ وَإِن يَظْهَرُوا عَلَيْكُمْ لَا يَرْقُبُوا فِيكُمْ إِلًّا وَلَا ذِمَّةً يُرْضُونَكُم بِأَفْوَاهِهِمْ وَتَأْبَىٰ قُلُوبُهُمْ وَأَكْثَرُهُمْ فَاسِقُونَ

---

8. كَيْفَ എങ്ങിനെയാണു وَإِن يَظْهَرُوا അവർ [പ്രത്യക്ഷപ്പെടുന്ന (വിജയിക്കുന്ന) പക്ഷം عَلَيْكُمْ നിങ്ങളുടെമേൽ, നിങ്ങളോടു لَا يَرْقُبُوا അവർ കാത്തിരിക്കയില്ല, പ്രതീക്ഷിക്കുകയില്ല, കാത്തു സൂക്ഷിക്കുകയില്ല فِيكُمْ നിങ്ങളിൽ, നിങ്ങളെപ്പറ്റി إِلًّا കുടുംബബന്ധം, സഖ്യബന്ധം وَلَا ذِمَّةً ബാധ്യതയും (ഉത്തരവാദിത്വവും) ഇല്ല يُرْضُونَكُم അവർ നിങ്ങളെ തൃപ്തിപ്പെടുത്തും بِأَفْوَاهِهِمْ അവരുടെ വായകൾ കൊണ്ടു وَتَأْبَىٰ വെറുക്കുക (വിസമ്മതിക്കുക—പ്രതികൂലിക്കുക)യും ചെയ്യും قُلُوبُهُمْ അവരുടെ ഹൃദയങ്ങൾ وَأَكْثَرُهُمْ അവരിൽ അധികപേരും, അധിക ഭാഗവും فَاسِقُونَ തോന്നിയവാസി (ധിക്കാരി) കളാണ്.

അവർ നിങ്ങളോട് ജയിച്ച് ശക്തി പ്രാപിക്കുന്നപക്ഷം, നിങ്ങളും അവരും തമ്മിലുള്ള കുടുംബബന്ധം പോലുള്ള ബന്ധങ്ങളോ, കരാർ വ്യവസ്ഥകളോ ഒന്നും തന്നെ അവർ വിലവെക്കുകയില്ല. നിങ്ങൾക്കെതിരെ എന്തും പ്രവർത്തിക്കുവാൻ അവർ മടിക്കുകയില്ല. എന്നിരിക്കെ, അവരോടു വല്ല കരാറോ, സഖ്യമോ ഒന്നും നടത്തിയിട്ടു കാര്യമില്ല. നല്ല വാക്കുകൾ പറഞ്ഞും, നയത്തിൽ സംസാരിച്ചും നിങ്ങളെ തൃപ്തിപ്പെടുത്തുവാൻ അവർ ശ്രമിക്കുമെങ്കിലും അതിൽ ആത്മാർത്ഥത തൊട്ടുതീണ്ടിയിരിക്കയില്ല. ഹൃദയങ്ങളിൽ വെറുപ്പും വിദ്വേഷവും മാത്രമായിരിക്കും ഉണ്ടായിരിക്കുക. അതോടുകൂടി, അവരിൽ ഭൂരിഭാഗമാളുകളും ധിക്കാരശീലരും തോന്നിയവാസികളുമാണ്. ഇതെല്ലാം കാരണമായിട്ടാണ് മേൽപറഞ്ഞപ്രകാരം അവരോടു സന്ധിയില്ലാ സമരം തന്നെ സ്വീകരിക്കണമെന്നു കൽപിക്കുവാൻ കാരണം എന്നു താൽപര്യം.

9. അല്ലാഹുവിന്റെ 'ആയത്തു' കൾക്കു [ലക്ഷ്യദൃഷ്ടാന്തങ്ങൾക്ക]അവർ അല്പമായ വിലവാങ്ങി; അങ്ങനെ, അവന്റെ മാർഗ്ഗത്തിൽനിന്നു അവർ (ആളുകളെ) തടഞ്ഞു.

നിശ്ചയമായും അവർ [പ്രവർത്തിച്ചുവരുന്നതു വളരെ ചീത്ത!

٩-اِشْتَرَوْا بِاٰيٰتِ اللّٰهِ ثَمَنًا قَلِيْلًا فَصَدُّوْا عَنْ سَبِيْلِهٖ ۚ

اِنَّهُمْ سَآءَ مَا كَانُوْا يَعْمَلُوْنَ ○

---

9. اشتروا അവർ വാങ്ങി (പകരമെടുത്തു) بآيات ആയത്തുകൾക്കു, ലക്ഷ്യദൃഷ്ടാന്തങ്ങൾക്കു (പകരം) الله അല്ലാഹുവിന്റെ ثمنا വില قليلا അൽപമായ فصدوا അങ്ങനെ (അതിനാൽ) അവർ തടഞ്ഞു عن سبيله അവന്റെ മാർഗ്ഗത്തിൽനിന്നു إنهم നിശ്ചയമായും അവർ ساء വളരെ മോശം, ചീത്ത ما كانوا അവർ ആയിരിക്കുന്നതു يعملون പ്രവർത്തിക്കും.

അല്ലാഹുവിന്റെ ലക്ഷ്യദൃഷ്ടാന്തങ്ങളെ അവഗണിക്കുക മാത്രമല്ല, അവക്കുപകരം ഐഹികമായ സ്വാർത്ഥലാഭങ്ങൾകൊണ്ടു അവർ തൃപ്തി അടയുകയും ചെയ്തു. ഇതിനായി, മറ്റുള്ളവരെക്കൂടി നേർമാർഗ്ഗത്തിൽ ചരിക്കുവാനനുവദിക്കാതെ അതിൽനിന്നു തട്ടിനീക്കിക്കൊണ്ടിരുന്നു. ഇതാണു അവർ ഇത്രയും ദുഷിച്ചുപോകുവാനുള്ള സാക്ഷാൽ കാരണം.

10. ഒരു സത്യവിശ്വാസിയെപ്പററിയും കുടുംബ ബന്ധത്തെയാകട്ടെ, (കരാറ്) ബാധ്യതയാകട്ടെ അവർ കാത്തു സൂക്ഷിക്കുക [പരിഗണിക്കുക] യില്ല.

അക്കൂട്ടർ തന്നെയാണു അതിക്രമികളും.

١٠-لَا يَرْقُبُوْنَ فِىْ مُؤْمِنٍ اِلًّا وَّلَا ذِمَّةً ۗ

وَاُولٰٓئِكَ هُمُ الْمُعْتَدُوْنَ ○

---

10. لا يرقبون അവർ കാത്തു സൂക്ഷിക്കുകയില്ല في مؤمن ഒരു സത്യവിശ്വാസിയിലും, സത്യവിശ്വാസിയെപ്പററിയും إلا കുടുംബ (സഖ്യ) ബന്ധം ولا ذمة ബാധ്യതയും (ഉത്തരവാദിത്വവും) ഇല്ല وأولئك هم അക്കൂട്ടർതന്നെ المعتدون അതിക്രമികൾ, അതിരു വിട്ടവർ.

ബഹു ദൈവ വിശ്വാസികൾ സത്യ വിശ്വാസികൾക്കെതിരെ വിജയം നേടി ശക്തി പ്രാപിച്ചാൽ പിന്നെ അവർ കുടുംബ ബന്ധങ്ങളോ കരാറു വ്യവസ്ഥകളോ ഒന്നും വില വെക്കുകയില്ല, അതിനൊന്നും ഒരു പരിഗണനയും അവർ നൽകുകയില്ല എന്നു 8-ാം വചനത്തിൽ ഉണർത്തിയ ശേഷം, സത്യവിശ്വാസികൾക്കെതിരെ അക്രമവും ധിക്കാരവും പ്രവർത്തിക്കുന്നതിൽ ഒരു അതിരും ഇവരുടെ സ്ഥിരമായ ഒരു സ്വഭാവമാണെന്നും, മേൽ പ്രസ്താവിച്ച പ്രകാരം, അവ വരമ്പും അവർക്കില്ലെന്നും അല്ലാഹു വീണ്ടും ആവർത്തിച്ചുണർത്തുകയാണ്. അവരോടു സന്ധിക്കും വിട്ടു വീഴ്ചക്കും ഒരുങ്ങുകയോ, അല്ലെങ്കിൽ അവരെ കേട്ടു നിഷ്കരുണം പെരുമാറാതെ

വാക്കുകൾ കേട്ടു വഞ്ചിതരാവുകയോ ചെയ്"താൽ, അതു നിങ്ങളുടെ ഭാവിക്കു വളരെ ആപത്തായിത്തീരുമെന്നാണു ഇതു മൂലം സത്യവിശ്വാസികളെ അല്ലാഹു ഓർമ്മിപ്പിക്കുന്നത്".

ഇതിനു കാരണങ്ങളായി 8, 9, 10 വചനങ്ങളിൽ അല്ലാഹു എടുത്തു പറഞ്ഞ അവരുടെ സ്വഭാവങ്ങൾ ഇവയാണു: (1) അവർ വിജയം നേടിക്കഴിഞ്ഞാൽ നിങ്ങളുമായുള്ള കുടുംബ ബന്"ധങ്ങളോ കരാറു വ്യവസ്"ഥകളോ ഒന്നും അവർ വില വെക്കുകയില്ല. എല്ലാ സത്യവിശ്വാസികളോടുമുള്ള അവരുടെ നിലപാടു ഇതു തന്നെയായിരിക്കുമെന്നു കൂടി ഉണർത്തിയിരിക്കുന്നു. (2) വായകൊണ്ടു നല്ല വാക്കു പറഞ്ഞും നയത്തിൽ സംസാരിച്ചും നിങ്ങളെ അവർ തൃപ്"തിപ്പെടുത്തും. പക്"ഷെ, ഹൃദയത്തിൽ നേരെ മറിച്ചു വെറുപ്പും വിദ്വേഷവുമാണുണ്ടായിരിക്കുക. (3) അവരിൽ മിക്കവരും തോന്നിയ വാസികളായിരിക്കും. അഥവാ ഏതു അക്രമവും ധിക്കാരവും പ്രവർത്തിക്കുവാൻ അവർ മടിക്കയില്ല. (4) അല്ലാഹുവിന്റെ ലക്"ഷ്യ ദൃഷ്"ടാന്തങ്ങൾ വകവെക്കാതെ അതിനു പകരം നിസ്സാരമായ സ്വാർത്"ഥ ലാഭങ്ങളെയാണവർ തിരഞ്ഞെടുത്തിരിക്കുന്നത്". (5) അതിനെ തുടർന്നു മറ്റുള്ളവരെ അവർ സൻമാർഗ്"ഗത്തിൽ നിന്നു തിരിച്ചു വിടുകയും ചെയ്യുന്നു. (6) അതിക്രമികളായിരിക്കും അവർ. അഥവാ തോന്നിയവാസങ്ങൾ പ്രവർത്തിക്കുന്നതിൽ വല്ല ക്രമമോ, അതിരോ അവർക്കുണ്ടായിരിക്കയില്ല.

ഇത്രയും വിശദവും വ്യക്"തവുമായ രൂപത്തിൽ മുശ്"രിക്കുകളുടെ സ്വഭാവങ്ങൾ അല്ലാഹു വിവരിച്ചതു സത്യവിശ്വാസികൾ അവരെപ്പറ്റി ജാഗ്രതയോടു കൂടിയിരിക്കുവാൻ വേണ്ടിയും ഓർക്കാപ്പുറത്ത്" അപകടത്തിൽ പെട്ടുപോകാതിരിക്കുവാൻ വേണ്ടിയുമത്രെ. സത്യവിശ്വാസികളെ വിളിച്ചുകൊണ്ടു അല്ലാഹു സൂ: ആലു ഇംറാനിൽ പറയുന്നു: لا يألونكم خبالا ...... وما تخفي صدورهم أكبر (സാരം: അവർ നിങ്ങളോടു കുഴപ്പത്തിൽ വീഴ്"ച വരുത്തുകയില്ല. നിങ്ങൾ ബുദ്"ധിമുട്ടുവാൻ അവർ ആഗ്രഹിക്കുന്നു. അവരുടെ വായിൽ നിന്നു ഈർഷ്യത വെളിപ്പെട്ടു കഴിഞ്ഞിരിക്കുന്നു. അവരുടെ ഹൃദയങ്ങൾ ഒളിച്ചു വെക്കുന്നതാകട്ടെ കൂടുതൽ വലിയതുമാകുന്നു. (ആലു ഇംറാൻ 118) മേൽ വിവരിച്ചതു നബി (സ) യുടെ കാലത്തുള്ള മുശ്"രിക്കുകളെപ്പറ്റിയാണെങ്കിലും—ചരിത്ര സാക്"ഷ്യങ്ങളും അനുഭവ യഥാർത്"ഥ്യങ്ങളും പരിശോധിച്ചാൽ— എല്ലാ കാലത്തും ഇസ്"ലാമിന്റെയും മുസ്"ലിംകളുടെയും ശത്രുക്കളായി രംഗ പ്രവേശം ചെയ്യുന്നവരുടെ—വിശേഷിച്ചും മുശ്"രിക്കുകളുടെ—സ്വഭാവം ഇതു തന്നെയാണ്" കഴിഞ്ഞകാല ചരിത്രത്തിൽ ഇതിനു ധാരാളം ഉദാഹരണങ്ങൾ കാണാം. അത്രയുമല്ല, വിവിധ നാടുകളിലായി മുസ്"ലിംകൾക്കും അമുസ്"ലിംകൾക്കുമിടയിൽ ഈ അടുത്തകാലങ്ങളിൽ ഉണ്ടാകാറുള്ള ഏറ്റുമുട്ടലുകളിൽ തന്നെയും ഈ യഥാർത്"ഥ്യം നാം കണ്ടും കേട്ടും കൊണ്ടിരിക്കുകയാണല്ലോ. والله المستعان അല്ലാഹു പറയുന്നു:

11. എന്നാൽ, അവർ പശ്"ചാത്തപിക്കുകയും, നമസ്"കാരം നിലനിറുത്തുകയും, സക്കാത്തു കൊടുക്കുകയും ചെയ്"താൽ, (അവർ) മതത്തിൽ നിങ്ങളുടെ സഹോദരങ്ങളായിരിക്കും.

അറിയുന്ന ജനങ്ങൾക്കു വേണ്ടി നാം 'ആയത്തു' കൾ [ലക്"ഷ്യ ദൃഷ്"ടാന്തങ്ങൾ] വിശദീകരിക്കുകയാണ്".

١١- فَإِن تَابُوا وَأَقَامُوا الصَّلَوٰةَ وَءَاتَوُا الزَّكَوٰةَ فَإِخْوَانُكُمْ فِي الدِّينِ ۗ وَنُفَصِّلُ الْءَايَٰتِ لِقَوْمٍ يَعْلَمُونَ ○

---

11. فَإِن تَابُوا എന്നാൽ (എനി) അവർ പശ്"ചാത്തപിക്കുന്ന പക്"ഷം وَأَقَامُوا അവർ നിലനിറുത്തുകയും الصَّلَوٰةَ നമസ്"കാരം وَءَاتَوُا അവർ കൊടുക്കുക(നൽകുക)യും الزَّكَوٰةَ സക്കാത്തു فَإِخْوَانُكُمْ എന്നാൽ നിങ്ങളുടെ സഹോദരങ്ങളാണു فِي الدِّينِ മതത്തിൽ وَنُفَصِّلُ നാം വിശദീകരിക്കുന്നു, വിവരിക്കുകയാണു الْءَايَٰتِ ആയത്തുകളെ, ലക്"ഷ്യ ദൃഷ്"ടാന്തങ്ങൾ لِقَوْمٍ ജനങ്ങൾക്കു വേണ്ടി يَعْلَمُونَ അറിയുന്നു.

12. അവരുടെ കരാറിനുശേഷം, അവർ അവരുടെ ശപഥങ്ങളെ ലംഘിക്കുകയും, നിങ്ങളുടെ മതത്തിൽ (ആക്ഷേപിച്ചു) കുത്തിപ്പറയുകയും ചെയ്തുവെങ്കിലോ, അപ്പോൾ, അവിശ്വാസത്തിന്റെ നേതാക്കളോടു നിങ്ങൾ യുദ്ധം നടത്തുവിൻ. (കാരണം) നിശ്ചയമായും അവർ–അവർക്കു ശപഥങ്ങളേയില്ല. [അതിനു അവർ ഒട്ടും വില കൽപിക്കാറില്ല] അവർ വിരമിച്ചേക്കാം.

١٢- وَإِن نَّكَثُوٓا أَيْمَٰنَهُم مِّنۢ بَعْدِ عَهْدِهِمْ
وَطَعَنُوا فِى دِينِكُمْ
فَقَٰتِلُوٓا أَئِمَّةَ ٱلْكُفْرِ
إِنَّهُمْ لَآ أَيْمَٰنَ لَهُمْ لَعَلَّهُمْ يَنتَهُونَ ○

---

12. وان نكثوا അവർ ലംഘിച്ചുവെങ്കിലോ ايمانهم അവരുടെ സത്യ(ശപഥ)ങ്ങളെ من بعد ശേഷമായി, പിന്നിട്ടു عهدهم അവരുടെ കരാറിന്റെ, ഉടമ്പടിയുടെ وطعنوا അവർ കുത്തുക(കുത്തിപ്പറയുക)യും, കുററം പറയുകയും في دينكم നിങ്ങളുടെ മതത്തിൽ فقاتلوا എന്നാൽ യുദ്ധം നടത്തുവിൻ ائمة നേതാക്കളോടു الكفر അവിശ്വാസത്തിന്റെ انهم നിശ്ചയമായും അവർ لا ايمان സത്യ(ശപഥ)ങ്ങളേ ഇല്ല لهم അവർക്കു لعلهم അവരായേക്കാം ينتهون വിരമിക്കും.

മുശ്‌രിക്കുകളുടെ തനി നിറങ്ങളും, അവരോടു സത്യവിശ്വാസികൾ സ്വീകരിക്കേണ്ടുന്ന രീതികളും മുമ്പു വിവരിച്ചു. അതിനുശേഷം, അവരിൽ നിന്നുണ്ടാകുന്ന പ്രതികരണം രണ്ടിലൊരു വിധത്തിലായിരിക്കാമെന്നും, ഓരോന്നിലും കൈക്കൊള്ളേണ്ട നയമെന്താണെന്നും അല്ലാഹു ചൂണ്ടിക്കാട്ടുന്നു. ഒന്നുകിൽ, തങ്ങളുടെ പക്കൽ ഇതുവരെ വന്നുപോയ അക്രമങ്ങളെപ്പറ്റി അവർ പശ്ചാത്തപിച്ചു മടങ്ങും. അല്ലെങ്കിൽ കരാറു ബാധ്യതകളും ശപഥങ്ങളുമൊക്കെ ലംഘിച്ചു ധിക്കാരം തുടരുകയും ഇസ്‌ലാമിനെപ്പററി പരിഹാസങ്ങളും കുത്തുവാക്കുകളും തൊടുത്തു വിടുകയും ചെയ്യും. ഒന്നാമത്തെ നിലപാടാണു സ്വീകരിക്കുന്നതെങ്കിൽ അതുമുതൽ അവരെ മതത്തിൽ തങ്ങളുടെ സഹോദരൻമാരായി മുസ്‌ലിംകൾ കണക്കാക്കണം. സത്യവിശ്വാസികൾ പരസ്പരം സഹോദരൻമാരാണല്ലോ. (إنما المؤمنون إخوة) മുമ്പ് അവർ എന്തുതന്നെ ചെയ്തിരുന്നാലും, അതെല്ലാം മറക്കുകയും മാപ്പാക്കുകയും വേണം. മുസ്‌ലിംകളുടെ സ്വഭാവങ്ങളിലും, അവകാശങ്ങളിലും, കടമകളിലുമെല്ലാം അവരും ഭാഗഭാക്കായിരിക്കുന്നതുമാണ്.

രണ്ടാമത്തെ നിലപാടാണു അവർ സ്വീകരിക്കുന്നതെങ്കിൽ, അവിശ്വാസത്തിന്റെയും അതിന്റെ പേരിൽ നടത്തപ്പെടുന്ന അക്രമങ്ങളുടെയും നേതൃത്വം വഹിക്കുന്ന അവരുടെ തലവൻമാരോടു ഏറ്റുമുട്ടി അവരെ മുട്ടുകുത്തിക്കുക തന്നെവേണം. മേലിൽ അവർ വെച്ചു കാട്ടുന്ന കരാറുകളോ, ശപഥങ്ങളോ ഒന്നും അംഗീകരിച്ചു കൂടാ. അവരുടെ അടുക്കൽ കരാറിനും സത്യത്തിനും വിലയില്ലെന്നു അവർ തെളിയിച്ചു കഴിഞ്ഞതാണ്. ഒന്നാമത്തേതിൽ ശിർക്കിൽ നിന്നു പശ്ചാത്തപിച്ചു മടങ്ങിയാൽ മാത്രം പോരാ, നമസ്കാരവും, സകാത്തും അനുഷ്ഠിക്കുക കൂടി വേണമെന്നു 5-ാം വചനത്തിൽ പറഞ്ഞതു പോലെ ഇവിടെയും അല്ലാഹു വ്യക്തമാക്കിയിരിക്കുന്നു. ഇതിനുള്ള കാരണം നാം അവിടെ വിവരിച്ചിട്ടുണ്ട്.

13. (സത്യവിശ്വാസികളേ) തങ്ങളുടെ ശപഥങ്ങളെ ലംഘിക്കുകയും, റസൂലിനെ (നാട്ടിൽനിന്നു) പുറത്താക്കുവാൻ ശ്രമിക്കുകയും ചെയ്ത ഒരു ജനതയോടു നിങ്ങൾക്കു യുദ്ധം ചെയ്തു കൂടേ? അവരാണു, നിങ്ങളോടു ആദ്യപ്രാവശ്യം (തന്നെ, ആക്രമണം) തുടങ്ങിയിട്ടുള്ളതും. (എന്നിരിക്കെ)! അവരെ നിങ്ങൾ ഭയപ്പെടുകയാണോ?! എന്നാൽ അല്ലാഹുവത്രെ, നിങ്ങൾ ഭയപ്പെടുവാൻ ഏററവും അർഹനായുള്ളവൻ, നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ.

١٣- أَلَا تُقَٰتِلُونَ قَوْمًا نَّكَثُوٓا أَيْمَٰنَهُمْ
وَهَمُّوا بِإِخْرَاجِ ٱلرَّسُولِ
وَهُم بَدَءُوكُمْ
أَوَّلَ مَرَّةٍ أَتَخْشَوْنَهُمْ
فَٱللَّهُ أَحَقُّ أَن تَخْشَوْهُ إِن كُنتُم مُّؤْمِنِينَ ○

١٤- قَاتِلُوهُمْ يُعَذِّبْهُمُ اللَّهُ بِأَيْدِيكُمْ وَيُخْزِهِمْ وَيَنصُرْكُمْ عَلَيْهِمْ وَيَشْفِ صُدُورَ قَوْمٍ مُّؤْمِنِينَ ۝

14. അവരോട് നിങ്ങൾ യുദ്ധം ചെയ്യുവിൻ, നിങ്ങളുടെ കരങ്ങളാൽ അല്ലാഹു അവരെ ശിക്ഷിക്കും; അവരെ അവൻ അപമാനിക്കുകയും, അവർക്കെതിരിൽ നിങ്ങളെ അവൻ സഹായിക്കുകയും ചെയ്യും; സത്യവിശ്വാസികളായ ജനങ്ങളുടെ നെഞ്ചു [മനസ്സു] കൾക്കു അവൻ ശമനം നൽകുകയും ചെയ്യും;

١٥- وَيُذْهِبْ غَيْظَ قُلُوبِهِمْ ۗ وَيَتُوبُ اللَّهُ عَلَىٰ مَن يَشَاءُ ۗ وَاللَّهُ عَلِيمٌ حَكِيمٌ ۝

15. അവരുടെ ഹൃദയങ്ങളിലെ ക്ഷോഭം അവൻ (നീക്കി) കളയുകയും ചെയ്യും. അല്ലാഹു, അവൻ ഉദ്ദേശിക്കുന്നവരുടെ പശ്ചാത്താപം സ്വീകരിക്കുന്നതുമാണ്. അല്ലാഹു (എല്ലാം) അറിയുന്നവനും, അഗാധജ്ഞനുമാകുന്നു.

---

13. ألا تقاتلون നിങ്ങൾ യുദ്ധം ചെയ്യുന്നില്ലേ, ചെയ്തുകൂടേ قوما ഒരു ജനതയോടു نكثوا അവർ ലംഘിച്ചു أيمانهم അവരുടെ ശപഥ (സത്യ)ങ്ങളെ وهموا അവർ ഉദ്ദേശിക്കുക (ശ്രമിക്കുക)യും ചെയ്തു بإخراج പുറത്താക്കുന്നതിനു الرسول റസൂലിനെ وهم അവരാകട്ടെ, അവരാണ് بدءوكم നിങ്ങളോടു തുടങ്ങിയിരിക്കുന്നു, ആരംഭിച്ചത് أول مرة ഒന്നാം (ആദ്യ) പ്രാവശ്യം (ആദ്യം തന്നെ) أتخشونهم അവരെ നിങ്ങൾ ഭയപ്പെടുകയാണോ, ഭയപ്പെടുന്നോ فالله എന്നാൽ അല്ലാഹു أحق ഏറ്റം അർഹൻ أن تخشوه അവനെ നിങ്ങൾ ഭയപ്പെടുവാൻ إن كنتم നിങ്ങളാണെങ്കിൽ مؤمنين സത്യവിശ്വാസികൾ

14. قاتلوهم അവരോടു യുദ്ധം ചെയ്യുവിൻ يعذبهم അവരെ ശിക്ഷിക്കും الله അല്ലാഹു بأيديكم നിങ്ങളുടെ കരങ്ങളാൽ ويخزهم അവരെ അപമാനിക്കുക (വഷളാക്കുക)യും ചെയ്യും وينصركم നിങ്ങളെ അവൻ സഹായിക്കുകയും ചെയ്യും عليهم അവരുടെ മേൽ (എതിരിൽ) ويشف അവൻ ശമനം നൽകുകയും ചെയ്യും صدور നെഞ്ചു(ഹൃദയം)കൾക്കു قوم مؤمنين സത്യവിശ്വാസികളായ ജനങ്ങളുടെ

15. ويذهب അവൻ നീക്കി (പോക്കി) കളയുകയും ചെയ്യും غيظ ക്ഷോഭം, രോഷം, ക്രോധം قلوبهم അവരുടെ ഹൃദയങ്ങളുടെ ويتوب الله അല്ലാഹു പശ്ചാത്താപം സ്വീകരിക്കുകയും ചെയ്യും على من يشاء അവൻ ഉദ്ദേശിക്കുന്നവരുടെ والله عليم അല്ലാഹു അറിയുന്നവനാണ് حكيم അഗാധജ്ഞനാണ്.

കരാറു നിശ്ചയങ്ങൾ ലംഘിക്കുക, റസൂലിനെ നാട്ടിൽ നിന്ന് പുറത്താക്കാൻ ശ്രമിക്കുക, ആദ്യമായി ഇങ്ങോട്ടുവന്നു യുദ്ധം നടത്തുക മുതലായ അക്രമങ്ങൾ പ്രവർത്തിച്ച ആ ശത്രുക്കളോടു യുദ്ധം ചെയ്‌വാൻ എന്തിന് മടിക്കണം?! നിങ്ങൾ അവരെ ഭയപ്പെടുകയാണോ?! സത്യവിശ്വാസികൾക്കു അല്ലാഹുവിനെ മാത്രമാണല്ലോ ഭയപ്പെടുവാനുള്ളത്. അവനാണല്ലോ നിങ്ങളോടു യുദ്ധം നടത്തണമെന്നു പറയുന്നതും. ഇങ്ങിനെ സത്യവിശ്വാസികളെ അല്ലാഹു യുദ്ധത്തിനു പ്രേരിപ്പിക്കുകയും, അവർക്കു അതിനു ആവേശവും ധൈര്യവും നൽകുകയുമാണ്. ഹുദൈബിയാ സന്ധിയിലെ നിശ്ചയങ്ങൾക്കു വിരുദ്ധമായി, മുസ്ലിംകളോടു സഖ്യബന്ധത്തിലായിരുന്ന ബനൂ ഖുസാഅഃ (خزاعة) ഗോത്രത്തിനെതിരിൽ, തങ്ങളോടു സഖ്യബന്ധമുണ്ടായിരുന്ന ബനൂ ബക്റിനെ ഖുറൈശികൾ സഹായിക്കയുണ്ടായി. റസൂൽ (സ) തിരുമേനിയെ നാട്ടിൽനിന്നു ബഹിഷ്കരിക്കുവാൻ അവർ ശ്രമം നടത്തുകയും ചെയ്തു. മുസ്ലിംകളുടെ നേരെ ആദ്യമായി അക്രമ മർദ്ദനങ്ങൾ അഴിച്ചു വിട്ടതും അവർതന്നെ. അതെ, ഒന്നാമത്തെ യുദ്ധമായ ബദ്ർ യുദ്ധത്തിനു കാരണമുണ്ടാക്കിയതു അവരാണു. അബൂ സുഫ്‌യാനെയും സംഘത്തെയും രക്ഷിക്കാനാണു അവർ മക്കയിൽനിന്നു പുറപ്പെട്ടതെങ്കിലും, അവർ രക്ഷപ്പെട്ട വിവരം അറിഞ്ഞിട്ടും മടങ്ങിപ്പോകാതെ, ബദ്റിൽ വന്നു പോർവിളി നടത്തുകയാണല്ലോ അവർ ചെയ്തത്. ഇതെല്ലാമാണു അവരോടു യുദ്ധം നടത്തേണ്ടതിന്റെ ആവശ്യകതയായി അല്ലാഹു ചൂണ്ടിക്കാട്ടുന്നത്.

ഈ യുദ്ധംമൂലം നിമിത്തം ഉണ്ടാകാൻ പോകുന്ന ഫലങ്ങളെയും അല്ലാഹു എടുത്തു പറഞ്ഞിരിക്കുന്നു: (1) നിങ്ങളുടെ കൈക്കു അല്ലാഹു അവരെ ശിക്ഷിക്കും. യുദ്ധത്തിൽ വെച്ചു വധവും, ബന്ധനവും പരാജയവും അനുഭവിക്കുന്നതു ഇഹത്തിൽവെച്ചുള്ള ശിക്ഷയാണല്ലോ. (2) അല്ലാഹു അവരെ അപമാനപ്പെടുത്തും.

ന്നാമതു പറഞ്ഞ സംഗതിയുടെ അനിവാര്യഫലമാണിത്. (3) നിങ്ങളെ അല്ലാഹു സഹായിക്കും. അല്ലാഹുവിന്റെ സഹായം ലഭിക്കുന്ന പക്ഷം വിജയം നിങ്ങൾക്കു തന്നെയായിരിക്കുമല്ലോ. (4) സത്യവിശ്വാസികളുടെ മനസ്സിനു ആശ്വാസം നൽകും. മേൽപറഞ്ഞ മൂന്നു കാര്യങ്ങളും ഉണ്ടാകുന്നതോടുകൂടി ഇതുവരെ അവർ അനുഭവിച്ചുകൊണ്ടിരുന്ന മനോവേദനകൾക്കു ശമനം വരുക സ്വാഭാവികമാണല്ലോ. (5) സത്യവിശ്വാസികളുടെ ഹൃദയങ്ങളിലുള്ള രോഷത്തെ നീക്കിക്കളയും. അവരുടെ അമർഷവും മനോവേദനയും നീക്കി അവർക്കു പൊതുവെ ആശ്വാസവും സമാധാനവും നൽകുമെന്നുദ്ദേശ്യം. യുദ്ധത്തിൽ പങ്കുവഹിച്ചവരും അല്ലാത്തവരും ഈ രണ്ടു വിഷയത്തിലും ഭാഗഭാക്കായിരിക്കുന്നതുകൊണ്ടാണു അവസാനത്തെ രണ്ടു കാര്യങ്ങളെക്കുറിച്ചു പറഞ്ഞപ്പോൾ, മുൻ വാക്യങ്ങളിലെ ശൈലിയനുസരിച്ചു 'നിങ്ങളുടെ ഹൃദയങ്ങൾ' എന്നു പറയാതെ 'സത്യവിശ്വാസികളായ ജനങ്ങളുടെ ഹൃദയങ്ങൾ' എന്നു പറഞ്ഞിരിക്കുന്നതും.

١٦- أَمْ حَسِبْتُمْ أَن تُتْرَكُوا وَلَمَّا يَعْلَمِ اللَّهُ الَّذِينَ جَاهَدُوا مِنكُمْ وَلَمْ يَتَّخِذُوا مِن دُونِ اللَّهِ وَلَا رَسُولِهِ وَلَا الْمُؤْمِنِينَ وَلِيجَةً ۚ وَاللَّهُ خَبِيرٌ بِمَا تَعْمَلُونَ ع

16. അതല്ല, നിങ്ങൾ കണക്കാക്കിയോ, നിങ്ങൾ (വെറുതെ) ഉപേക്ഷിക്കപ്പെടുമെന്ന്? നിങ്ങളിൽ നിന്നു സമരം ചെയ്യുകയും, അല്ലാഹുവിനും, അവന്റെ റസൂലിനും, സത്യവിശ്വാസികൾക്കും പുറമെ ഒരു രഹസ്യക്കൂട്ടുകെട്ട് ഉണ്ടാക്കിയിട്ടില്ലാതിരിക്കുകയും ചെയ്തവരെ അല്ലാഹു (പ്രത്യക്ഷത്തിൽ കണ്ട്) അറിയാത്ത സ്ഥിതിക്ക്!

അല്ലാഹുവാകട്ടെ, നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മമായറിയുന്നവനാകുന്നു.

---

16. أم അതല്ല, അഥവാ, അതോ حسبتم നിങ്ങൾ കണക്കാക്കി(ഗണിച്ചു–കരുതി)യോ أن تتركوا നിങ്ങൾ വിടപ്പെടു (ഉപേക്ഷിക്കപ്പെടു)മെന്നു ولما يعلم അറിയാത്ത സ്ഥിതിക്ക്, അറിയാതെ الله അല്ലാഹു الذين جاهدوا സമരം ചെയ്തവരെ منكم നിങ്ങളിൽ നിന്ന ولم يتخذوا അവർ ഉണ്ടാക്കിയിട്ടുമില്ല من دون الله അല്ലാഹുവിന് പുറമെ, അല്ലാഹുവിനെ കൂടാതെ ولا رسوله അവന്റെ റസൂലിനും (പുറമെ)ഇല്ല ولا المؤمنين സത്യവിശ്വാസികൾക്കും (പുറമെ)ഇല്ല وليجة ഒരു രഹസ്യക്കൂട്ടുകെട്ടു, സ്വകാര്യബന്ധുവെ, ഉള്ളുകള്ളിക്കാരെ والله അല്ലാഹു خبير സൂക്ഷ്മമായി അറിയുന്നവനാണു بما تعملون നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി

സമരങ്ങളും യുദ്ധങ്ങളും നടത്തുവാൻ കല്പിക്കുന്നതിലടങ്ങിയ ഒരു പ്രധാന രഹസ്യം അല്ലാഹു ചൂണ്ടിക്കാട്ടുകയാണ്. അതായത്, അല്ലാഹുവിന്റെ കല്പനകൾ അനുസരിക്കുകയും, അതിനു വേണ്ടിവരുന്ന ത്യാഗങ്ങളും ബുദ്ധിമുട്ടുകളും സഹിക്കുകയും ചെയ്‌വാൻ ആത്മാർത്ഥമായി മുന്നോട്ടു വരുന്നവർ ആരാണു, അതിനു തയ്യാറില്ലാത്തവർ ആരാണു എന്നു വേർതിരിഞ്ഞു കാണുവാനുള്ള ഒരു പരീക്ഷണമാണിത്. അതുകൊണ്ടു അല്ലാഹുവിനോടും, റസൂലിനോടും, സത്യവിശ്വാസികളോടും ഉണ്ടായിരിക്കേണ്ടുന്ന ബന്ധത്തിനു നിരക്കാത്ത കൂട്ടുകെട്ടുകളിൽ നിന്നും, സ്വകാര്യബന്ധങ്ങളിൽ നിന്നും വിമുക്തരായിക്കൊണ്ടു അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സമരം നടത്തുന്നവരും, അല്ലാത്തവരും തമ്മിൽ പ്രത്യക്ഷത്തിൽ വേർതിരിഞ്ഞു കാണാതെ– നിങ്ങൾ സത്യവിശ്വാസികളാണെന്നും മുസ്‌ലിംകളാണെന്നും അവകാശപ്പെട്ടതുകൊണ്ടുമാത്രം– നിങ്ങളെ ഒഴിവാക്കി വിടുമെന്നു നിങ്ങൾ കരുതേണ്ട; അതു സംഭവിക്കുവാൻ പോകുന്നില്ല. എന്നു സാരം. മറ്റൊരിടത്തു അല്ലാഹു പറയുന്നു: أحسب الناس أن يتركوا أن يقولوا آمنا وهم لا يفتنون (സാരം: ഞങ്ങൾ വിശ്വസിച്ചു എന്നു പറയുന്നതുകൊണ്ടു മാത്രം തങ്ങൾ പരീക്ഷിക്കപ്പെടാതെ ഉപേക്ഷിക്കപ്പെടുമെന്നു മനുഷ്യർ കണക്കാക്കിയിരിക്കുന്നുവോ?! (29:2)

ചെറുതു–വലുതു, ഭൂത–വർത്തമാന–ഭാവി, രഹസ്യം–പരസ്യം എന്നിങ്ങിനെയുള്ള വ്യത്യാസമില്ലാതെ എല്ലാ കാര്യങ്ങളും സസൂക്ഷ്മം അറിയുന്നവനാണു അല്ലാഹു. അവന്റെ അറിവിനെതിരായി ഒരു അണുത്തൂക്കവും സംഭവിക്കുകയുമില്ല. എന്നിരിക്കെ, സമരം ചെയ്യുന്നവരെയും അല്ലാത്തവരെയും അവനു തിരിച്ചറിയുവാനാണു ഇതുപോലെയുള്ള പരീക്ഷണങ്ങൾ എന്നു പറയുന്നതിന്റെ അർത്ഥമെന്താണെന്നു വല്ലവർക്കും സംശയം തോന്നിയേക്കാം.

ഒന്നു യാഥാർത്ഥ്യത്തെ ഓർത്തിരുന്നാൽ, ഈ സംശയം അസ്ഥാനത്താണെന്നു സ്വയം ബോധ്യപ്പെടും. (1) സംഭവിച്ചു കഴിഞ്ഞിട്ടില്ലാത്ത ഭാവി കാര്യങ്ങളെപ്പറ്റി അവ ഇന്നിന്ന പ്രകാരമേ സംഭവിക്കൂ എന്നു അല്ലാഹുവിനറിയാം. പക്ഷെ, അതു അനുഭവത്തിലും പ്രവർത്തനരംഗത്തും പ്രത്യക്ഷപ്പെട്ടു കാണലും, സംഭവിക്കുമ്പോൾ ഇന്നിന്ന പ്രകാരമായിരിക്കും അതു സംഭവിക്കുക എന്നു മുൻകൂട്ടി അറിഞ്ഞിരിക്കലും വെവ്വേറെ കാര്യങ്ങളാണ്. (2) മനുഷ്യൻ ചെയ്യുന്ന കാര്യങ്ങൾക്കനുസരിച്ചാണു അല്ലാഹു അവനു പ്രതിഫലം നൽകുന്നത്. അഥവാ ഇന്നിന്ന പ്രകാരം ചെയ്യുമെന്നുള്ള അല്ലാഹുവിന്റെ അറിവിന്റെ അടിസ്ഥാനത്തിലല്ല അതു. അതുകൊണ്ടു മനുഷ്യന്റെ നന്മതിന്മകൾ കണക്കാക്കപ്പെടുന്നതിനു അവ അവന്റെ പ്രവർത്തനരംഗത്തു തന്നെ പ്രകടമായിക്കാണേണ്ടിയിരിക്കുന്നു. والله أعلم

വിഭാഗം-3

١٧- مَا كَانَ لِلْمُشْرِكِينَ أَن يَعْمُرُوا مَسَاجِدَ اللَّهِ شَاهِدِينَ عَلَىٰ أَنفُسِهِم بِالْكُفْرِ ۚ أُولَٰئِكَ حَبِطَتْ أَعْمَالُهُمْ وَفِي النَّارِ هُمْ خَالِدُونَ ○

17. മുശ്‌രിക്കുകൾക്കു അല്ലാഹുവിന്റെ പള്ളികളെ പരിപാലിക്കുവാൻ പാടുള്ളതല്ല; (അവർ) തങ്ങളുടെ സ്വന്തങ്ങളുടെ മേൽ അവിശ്വാസത്തെപ്പററി സാക്ഷ്യം വഹിക്കുന്നവരായിക്കൊണ്ട്.

അക്കൂട്ടർ-അവരുടെ കർമ്മങ്ങൾ പൊളിഞ്ഞു (നിഷ്ഫലമായി) പോയിരിക്കുന്നു. നരകത്തിലാകട്ടെ, അവർ സ്ഥിരവാസികളുമായിരിക്കും.

١٨- إِنَّمَا يَعْمُرُ مَسَاجِدَ اللَّهِ مَنْ آمَنَ بِاللَّهِ وَالْيَوْمِ الْآخِرِ وَأَقَامَ الصَّلَاةَ وَآتَى الزَّكَاةَ وَلَمْ يَخْشَ إِلَّا اللَّهَ ۖ فَعَسَىٰ أُولَٰئِكَ أَن يَكُونُوا مِنَ الْمُهْتَدِينَ ○

18. നിശ്ചയമായും, അല്ലാഹുവിന്റെ പള്ളികളെ പരിപാലിക്കുക,- അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുകയും, നമസ്കാരം നിലനിറുത്തുകയും, സക്കാത്തു കൊടുക്കുകയും, അല്ലാഹുവിനെയല്ലാതെ ഭയപ്പെടാതിരിക്കുകയും ചെയ്തവർ മാത്രമാകുന്നു. [അവർക്കേ അതിനർഹതയുള്ളു] എന്നാൽ, അക്കൂട്ടർ സന്മാർഗ്ഗം പ്രാപിച്ചവരുടെ കൂട്ടത്തിലായിത്തീർന്നേക്കാം.

---

17. ما كان ആകുകയില്ല, ആകാവതല്ല, പാടില്ല, നിവൃത്തിയില്ല للمشركين മുശ്‌രിക്കുകൾക്കു أن يعمروا അവർ പരിപാലിക്കു(ശുശ്രൂഷിക്കു-സംരക്ഷിക്കു)വാൻ مساجد പള്ളികളെ الله അല്ലാഹുവിന്റെ شاهدين സാക്ഷ്യം വഹിക്കുന്നവരായിക്കൊണ്ടു على أنفسهم തങ്ങളുടെ സ്വന്തങ്ങളുടെ (തങ്ങളുടെ തന്നെ)മേൽ بالكفر കുഫ്റിനു, അവിശ്വാസത്തെപ്പററി أولئك അക്കൂട്ടർ حبطت പൊളിഞ്ഞിരിക്കുന്നു, നിഷ്ഫലമായി أعمالهم അവരുടെ പ്രവൃത്തി(കർമ്മം)കൾ وفي النار നരകത്തിൽ هم അവർ خالدون സ്ഥിരവാസികളാണു 18. إنما നിശ്ചയമായും തന്നെ (മാത്രം) يعمر പരിപാലിക്കും, ശുശ്രൂഷിക്കും مساجد الله അല്ലാഹുവിന്റെ പള്ളികളെ من آمن വിശ്വസിച്ചവർ (തന്നെ-മാത്രം) بالله അല്ലാഹുവിലും واليوم الآخر അന്ത്യദിനത്തിലും وأقام നിലനിറുത്തുകയും ചെയ്തു الصلوة നമസ്കാരം وآتى الزكوة സക്കാത്തു കൊടുക്കുകയും ചെയ്തു ولم يخش ഭയപ്പെട്ടതുമില്ല إلا الله അല്ലാഹുവിനെയല്ലാതെ فعسى എന്നാൽ (അപ്പോൾ) ആയേക്കാം أولئك അക്കൂട്ടർ أن يكونوا അവരായിരിക്കുക من المهتدين സന്മാർഗ്ഗം പ്രാപിച്ചവരിൽ പെട്ട(വർ)

നാലുമാസത്തിലധികം അവധിവെച്ച കരാറു നിലവിലുള്ളവരൊഴിച്ചു മറ്റെല്ലാ മുശ്‌രിക്കുകൾക്കും നാലു മാസത്തെ ഒഴിവു നൽകുകയും, പിന്നീടു സന്ധിയില്ലാ സമരമായിരിക്കുമെന്നു പ്രഖ്യാപിക്കുകയും ചെയ്തുകൊ

ണാണല്ലോ സൂറത്തിന്റെ തുടക്കം. തുടർന്നുകൊണ്ടു ഈ പ്രഖ്യാപനത്തിനു ആസ്പദമായ കാരണങ്ങളും വിവരിച്ചു. എന്നാൽ കഅ്ബയുടെ സംരക്ഷണം, ശുശ്രൂഷ, ഹജ്ജിനു വരുന്നവർക്കു വെള്ളം എത്തിച്ചുകൊടുക്കൽ മുതലായ ചില നല്ല കാര്യങ്ങൾ അവർ നടത്തിവന്നിരുന്നു. അതിൽ അവർ അഭിമാനം കൊള്ളുകയും ചെയ്തിരുന്നു. ആ സ്ഥിതിക്കു ഈ പ്രഖ്യാപനത്തിന്റെ ന്യായതയെക്കുറിച്ചു സംശയിക്കപ്പെടുവാനിടയുണ്ട്. 'ഞങ്ങളുടെ നന്മകളെ നിങ്ങൾ മൂടിവെക്കുകയും, തിന്മകളെ നിങ്ങൾ എടുത്തുപറയുകയും ചെയ്യുന്നു' വെന്നു അവർക്കു ആക്ഷേപമുണ്ടായിരുന്നതായും പറയപ്പെടുന്നു. പ്രസ്തുത നന്മകളെ സമ്മതിച്ചുകൊണ്ടുതന്നെ, അതിനുള്ള മറുപടിയാണു ഈ വചനങ്ങളിലും അടുത്ത ചില വചനങ്ങളിലും കാണുന്നത്.

കഅ്ബയുടെ ശുശ്രൂഷകന്മാരും പരിപാലകന്മാരുമായിരുന്നു അവരെന്നുള്ളതു ശരി. പക്ഷെ, അല്ലാഹുവിനെ മാത്രം ആരാധിക്കുകയും, അവന്റെ നാമം സ്മരിക്കുകയും ചെയ്‌വാൻ വേണ്ടി സ്ഥാപിക്കപ്പെടുന്നതാണ് പള്ളികൾ. ഇവരാകട്ടെ, പ്രത്യക്ഷത്തിൽ തന്നെ ബഹുദൈവാരാധകന്മാരും വിഗ്രഹാരാധകന്മാരുമാണ്. എന്നിരിക്കെ, പള്ളികളുടെ ശുശ്രൂഷ, മേൽനോട്ടം, അവയിൽവെച്ചുള്ള ആരാധനാകർമ്മങ്ങൾ എന്നിങ്ങിനെയുള്ള പരിപാലനങ്ങൾ അവരോടു യോജിക്കുന്ന കാര്യങ്ങളല്ല. അതിനവർക്കു അർഹതയുമില്ല. പള്ളികളിൽ വെച്ചു ഏറ്റവും വലിയ പള്ളി കഅ്ബയാണല്ലോ. അപ്പോൾ അതിന്റെ പരിപാലന കൃത്യം വിശേഷിച്ചും അവർക്കു പാടില്ലാത്തതാണ്. അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുകയും, നമസ്കാരം, സകാത്തു മുതലായ നിർബ്ബന്ധ കാര്യങ്ങൾ അനുഷ്ഠിക്കുകയും അല്ലാഹുവിനെ മാത്രം ഭയപ്പെടുകയും ചെയ്യുന്ന സത്യവിശ്വാസികൾക്കു മാത്രമേ അതിനവകാശമുള്ളു. ഇതാണ് അല്ലാഹു പറഞ്ഞതിന്റെ താൽപര്യം.

'പരിപാലിക്കുക' എന്നു ഇവിടെ വിവർത്തനം ചെയ്തിരിക്കുന്നതു عمر (അമറു) എന്ന ക്രിയാരൂപത്തെയാകുന്നു. ഇതിന്റെ ധാതുനാമമാണു അടുത്ത വചനത്തിൽ കാണുന്ന عمارة (ഇമാറത്ത്) എന്ന പദം. ഈ ക്രിയയുടെ കർത്താവും, കർമ്മം (فاعل ، مفعول) എന്നിവയുടെ വ്യത്യാസമനുസരിച്ച് പരിപാലനത്തിന്റെ സ്വഭാവത്തിലും വ്യത്യാസമുണ്ടായിരിക്കും. പള്ളികളെക്കുറിച്ചു പറയുമ്പോൾ രണ്ടു തരത്തിലുള്ള അർത്ഥത്തിൽ അതു ഉപയോഗപ്പെടും. (1) കെട്ടിടത്തിന്റെ കേടുപാടുകൾ നന്നാക്കുക, ശുചീകരണം നടത്തിപ്പും കൈകാര്യം ചെയ്യുക മുതലായ ബാഹ്യമായ ശുശ്രൂഷകൾ. (2) സന്ദർശിച്ചും, പ്രാർത്ഥന, നമസ്കാരം മുതലായ ആരാധനാ കർമ്മങ്ങൾ നടത്തിയും അവയുടെ സ്ഥാപനോദ്ദേശ്യങ്ങളെ സജീവമാക്കുക. ഈ രണ്ടാമത്തെ അർത്ഥത്തിലുള്ള പരിപാലനമാണു ഇവിടെ പ്രധാനമായും ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത്. ഒന്നാമത്തെ അർത്ഥത്തിലുള്ള പരിപാലനത്തിന്റെ സ്ഥിതിയും ഇതിൽ നിന്നു ഭിന്നമല്ലെന്നു വ്യക്തമാണ്. പള്ളി നിർമ്മാണത്തിന്റെയും, നടത്തിപ്പിന്റെയും ലക്ഷ്യം അതിൽവെച്ചു അല്ലാഹുവിനെ മാത്രം ആരാധിക്കലും, സ്മരിക്കൽ മുതലായ കാര്യങ്ങളുമാണല്ലോ.

പള്ളിയുടെ നിർമ്മാണത്തിലും, ഭരണത്തിലും അമുസ്‌ലിംകൾക്കു പങ്കുണ്ടായിക്കൂടാ എന്നു ഈ വചനത്തിന്റെ അർത്ഥ വ്യാപ്തിയിൽ നിന്ന മനസ്സിലാക്കാവുന്നതാണ്. പല മഹാന്മാരും ഇവിടെ അതു പ്രസ്താവിച്ചു കാണാം. ഇന്നത്തെ പൊതു പരിതസ്ഥിതികൾ നോക്കുമ്പോൾ വിശേഷിച്ചും അതു ക്രമേണ മുസ്‌ലിംകൾക്കെതിരെ അപകട ശ്രമങ്ങൾ ഉണ്ടാക്കുവാൻ അവർക്കൊരു പഴുതു വെച്ചു കൊടുക്കൽകൂടിയായിരിക്കും. ഇതിനു ചില ഉദാഹരണങ്ങൾ ചില രാജ്യങ്ങളിൽ സംഭവിച്ചു കഴിഞ്ഞതുമാണ്. അമുസ്‌ലിംകളായ തൊഴിലാളികളെയും, കൂലിക്കാരെയും പള്ളി സംബന്ധമായ പ്രവർത്തനങ്ങളിൽ ഉപയോഗപ്പെടുത്തുന്നതിനു ഇതൊന്നും ബാധകമാകുന്നതല്ലതാനും. അമുസ്‌ലിംകൾ പള്ളിയിൽ പ്രവേശിക്കുന്നതു സംബന്ധമായ ഏതാനും വിവരങ്ങൾ താഴെ 28-ാം വചനത്തിന്റെ വ്യാഖ്യാനത്തിൽ കാണാം. പള്ളി പരിപാലനത്തെ(عمارة المسجد)പ്പറ്റി ഇബ്നു കഥീർ (റ) പറഞ്ഞ ചില വാക്കുകൾ വളരെ ശ്രദ്ധേയമാകുന്നു. അദ്ദേഹം പറയുന്നു: 'അവയെ പരിപാലിക്കുക എന്നു പറഞ്ഞതിന്റെ ഉദ്ദേശ്യം, അവയെ മോടി കൂട്ടുകയും, അവയുടെ ആകൃതി നിലനിറുത്തുകയും ചെയ്യുക എന്നുള്ളതല്ല. അവയെ പരിപാലിക്കൽ, അവയിൽ വെച്ചു അല്ലാഹുവിനെ സ്മരിക്കുകയും, അവന്റെ 'ശറഉ' ന്റെ (മതനിയമങ്ങളെ) അതിൽ നിലനിറുത്തുകയും, ശിർക്കിൽ നിന്നും മ്ലേച്ഛമായ കാര്യങ്ങളിൽ നിന്നും അവയെ ശുദ്ധമാക്കുകയും ചെയ്യുന്നതു മൂലമാണുണ്ടാകുന്നത്.'

പള്ളികളുടെ സ്ഥാപന ലക്ഷ്യത്തിനുതന്നെ വിരുദ്ധമായി കുഫ്റിന്റെ (അവിശ്വാസത്തിന്റെ) വാക്കുകളും, പ്രവർത്തികളും മുഖേന, തങ്ങൾ അവിശ്വാസികളാണെന്നു വ്യക്തമായി തെളിയിച്ചുകൊണ്ടിരിക്കുന്നവരാണ് മുശ്‌രിക്കുകൾ. എന്നിരിക്കെ, പള്ളി പരിപാലനവും അവരും തമ്മിൽ എങ്ങിനെ പൊരുത്തപ്പെടും?! രണ്ടും പരസ്പരവിരുദ്ധമാണല്ലോ എന്നത്രെ شاهدين على أنفسهم بالكفر (തങ്ങളുടെ സ്വന്തം ദേഹങ്ങളുടെമേൽ അവിശ്വാസത്തിനു സാക്ഷ്യം വഹിക്കുന്നവരായിക്കൊണ്ടു) എന്ന വാക്യം ചൂണ്ടിക്കാട്ടുന്നത്. മേൽ പറഞ്ഞ പ്രകാരമുള്ള ഗുണങ്ങളോടുകൂടിയവർക്കാണു യഥാർത്ഥത്തിൽ പള്ളിപരിപാലനത്തിനു അർഹതയുള്ളതെങ്കിലും ഇസ്‌ലാമിന്റെ ചില വിധി

വിലക്കുകളും പാലിക്കുന്നില്ലെന്ന കാരണത്താൽ, മുസ്‌ലിംകളായ വ്യക്തികൾ പള്ളിപരിപാലനത്തിൽ പങ്കുവഹി ക്കാനുള്ള അവകാശം–കുഫ്‌റിന്റേതായ അടയാളമൊന്നും അയാളിൽ പ്രത്യക്ഷപ്പെടാത്ത കാലത്തോളം–തടയപ്പെടു കൂടാ എന്നു ഇതിൽ നിന്നു മനസ്സിലാക്കാം. والله أعلم

അല്ലാഹുവിനെയല്ലാതെ ഭയപ്പെടാതിരിക്കുക (ولم يخش إلا الله) എന്നു പറഞ്ഞതു കൊണ്ടുദ്ദേശ്യം, അല്ലാഹു വിന്റെ വിധിവിലക്കുകൾ പാലിക്കുന്നതിലും, തത്പരമായ കടമകൾ നിർവ്വഹിക്കുന്നതിലും മററാരെയും ഭയപ്പെടാ തിരിക്കുകയാണ് എന്നു സാമാന്യമായിപ്പറയാം. എന്നല്ലാതെ, വല്ല ആപത്തുകൾ വരുന്നതിനെക്കുറിച്ചോ, ദുഷ്ട ജന്തുക്കൾ മുതലായവയെക്കുറിച്ചോ ഭയമുണ്ടാകാതിരിക്കുക എന്നല്ല: ഇമാം ബൈളാവീ (റ) മുതലായവർ ചൂണ്ടി ക്കാട്ടിയതുപോലെ പ്രകൃത്യാ മനുഷ്യനിൽ ഉണ്ടായിത്തീരുന്ന ഒരു സ്വഭാവമാണത്. ബുദ്ധിയുള്ള ആരിലും അതുണ്ടാകാതിരിക്കയില്ല. خشية (ഖശ്‌യത്ത്) എന്ന ധാതുവിന്റെ അർത്ഥം 'ഭയപ്പാടു, പേടി, സൂക്ഷ്മത' എന്നൊക്കെയാണെങ്കിലും കേവല ബഹുമാനത്തോടുകൂടിയുള്ള ഭയപ്പാടിലാണ് അതിന്റെ പ്രയോഗമെന്നു ഇമാം റാഗിബ് (റ) വ്യക്തമാക്കിയിട്ടുള്ളതും പ്രസ്താവ്യമാകുന്നു.

പള്ളി നിർമ്മാണം, പള്ളി പരിപാലനം എന്നീ വിഷയങ്ങളെ സംബന്ധിക്കുന്ന ഹദീസുകൾ പലതും കാണാം. ഉദാഹരണാർത്ഥം ചിലതു നമുക്കിവിടെ ഓർമ്മിക്കാം: (1) നബി (സ) പ്രസ്താവിച്ചതായി ഉസ്മാൻ (റ) ഉദ്ധരിക്കുന്നു: 'ആരെങ്കിലും അല്ലാഹുവിനു ഒരു പള്ളി സ്ഥാപിച്ചാൽ അല്ലാഹു അവനു സ്വർഗ്ഗത്തിൽ ഒരു വീടു സ്ഥാപിക്കുന്നതാണ്.' (ബു ;മു; തി) റസൂൽ (സ) തിരുമേനിയുടെ പള്ളി ഉസ്മാൻ (റ) പുതുക്കി പ്പണിയുകയും, അതിൽ ചില പരിഷ്കരണങ്ങൾ വരുത്തുകയും ചെയ്തതിനെപ്പററി ചിലർ ആക്ഷേപിച്ചു പറഞ്ഞ തിനദ്ദേഹം മറുപടി നൽകിയ അവസരത്തിലായിരുന്നു നബി (സ) യിൽനിന്നു അദ്ദേഹം കേട്ട ഈ വചനം അദ്ദേഹം ഉദ്ധരിച്ചത്. (2) നബി (സ) പ്രസ്താവിച്ചതായി അബൂഹുറൈറ (റ) ഉദ്ധരിക്കുന്നു: 'ആരെങ്കിലും പള്ളി യിലേക്കു പോകുകയോ വരുകയോ ചെയ്യുന്നതായാൽ, അവൻ പോകുമ്പോഴും, വരുമ്പോഴുമെല്ലാം അവനു അല്ലാഹു സ്വർഗ്ഗത്തിൽ വിരുന്നു ഒരുക്കുന്നതാണ്.' (ബു; മു) (3) അല്ലാഹുവിന്റെ തണലല്ലാതെ മറെറാരു തണലും ഇല്ലാതിരിക്കുന്ന ദിവസം (ഖിയാമത്തു നാളിൽ) അല്ലാഹുവിന്റെ തണൽ ലഭിക്കുന്ന ഏഴു കൂട്ടരെപ്പററി പ്രസ്താവി ക്കുന്ന പ്രസിദ്ധമായ നബി വചനത്തിൽ 'ഹൃദയം പള്ളികളുമായി ബന്ധപ്പെട്ട ആളുകളെ യാണു നബി (സ) ഒരു കൂട്ടരായി എണ്ണിയിരിക്കുന്നത്. (ബു;മു) (4) റസൂൽ (സ) പറഞ്ഞതായി അബൂ സഈദ് (റ) ഉദ്ധരിക്കുന്നു: 'ഒരു പുരുഷൻ പള്ളിയിലേക്കു പതിവായി പോകുന്നതു കണ്ടാൽ, അവന്റെ സത്യവിശ്വാസത്തിനു നിങ്ങൾ സാക്ഷ്യം വഹിച്ചുകൊള്ളുവിൻ.' പിന്നീടു തിരുമേനി ഈ (18-ാം) വചനം ഓതുകയും ചെയ്തു. (അ.തി;ജ) (5) പള്ളി യിൽ അടിച്ചു വാരിയിരുന്ന–തൂപ്പുവേല ചെയ്തിരുന്ന–ഒരു സ്ത്രീ മരണപ്പെട്ടു. ആ സ്ത്രീയെ കാണാതെയപ്പോൾ നബി (സ) അവളെപ്പററി അന്വേഷിച്ചു. അവൾ മരണപ്പെട്ടുവെന്നറിഞ്ഞപ്പോൾ, 'അവരുടെ പേരിൽ നമസ്കരി ക്കുവാൻ വേണ്ടി എന്നെ ഒന്നു വിവരം അറിയിച്ചു കൂടായിരുന്നോ?' എന്നു പറഞ്ഞുകൊണ്ട് തിരുമേനി അവരുടെ ഖബ്‌റിന്റെ അടുക്കൽ ചെന്നു അവരുടെ പേരിൽ (ജനാസ) നമസ്കാരം നടത്തി. (ബു; മു; ദാ; ജ)

19. ഹജ്ജ് ചെയ്യുന്നവർക്ക കുടിപ്പാൻ (വെള്ളം) കൊ ടുക്കലും, 'മസ്ജിദുൽ ഹറാമി'ന്റെ പരിപാലനവും (ചെ യ്യുന്നവരെ) നിങ്ങൾ ആക്കുകയോ?–അല്ലാഹുവിലും, അന്ത്യ ദിനത്തിലും വിശ്വസിക്കുകയും, അല്ലാഹുവിന്റെ മാർഗ്ഗ ത്തിൽ സമരം നടത്തുകയും ചെയ്യുന്നവരെപ്പോലെ!

١٩- أَجَعَلْتُمْ سِقَايَةَ الْحَاجِّ وَعِمَارَةَ الْمَسْجِدِ الْحَرَامِ كَمَنْ آمَنَ بِاللَّهِ وَالْيَوْمِ الْآخِرِ وَجَاهَدَ فِي سَبِيلِ اللَّهِ

അവർ അല്ലാഹുവിന്റെ അടുക്കൽ സമന്മാരാകുകയില്ല. അല്ലാഹു, അക്രമികളായ ജനങ്ങളെ സൻമാർഗ്ഗത്തിലാക്കു കയില്ല.

لَا يَسْتَوُونَ عِنْدَ اللَّهِ ۗ وَاللَّهُ لَا يَهْدِي الْقَوْمَ الظَّالِمِينَ

---

19. أجعلتم നിങ്ങൾ ആക്കിയോ, ആക്കുകയാണോ سقاية കുടിപ്പാൻ കൊടുക്കൽ, വെള്ളം നൽകൽ الحاج ഹജ്ജു ചെയ്യുന്നവനു, ഹജ്ജിനു വരുന്നവർക്കു وعمارة പരിപാലനവും, ശുശ്രൂഷയും المسجد الحرام മസ്ജിദുൽ ഹറാമിന്റെ كمن ഒരുവനെ (യാതൊരുവരെ) പ്പോലെ آمن വിശ്വസിച്ചു بالله അ ല്ലാഹുവിൽ واليوم الآخر അന്ത്യദിനത്തിലും وجاهد സമരം ചെയ്കയും في سبيل الله അല്ലാഹുവിന്റെ മാർഗ്ഗത്തിൽ لا يستوون അവർ സമമാകുകയില്ല عند الله അല്ലാഹുവിങ്കൽ والله അല്ലാഹുവാകട്ടെ لا يهدي നേർമാർഗ്ഗ(സൻമാർഗ്ഗ) ത്തിലാക്കുകയില്ല القوم ജനങ്ങളെ الظالمين അക്രമികളായ

മുമ്പു ചൂണ്ടിക്കാട്ടിയതുപോലെ, മക്കാ മുശ്‌രിക്കുകൾ തങ്ങളുടെ ശ്രേഷ്ഠ ഗുണങ്ങളായി എണ്ണി വന്നിരുന്നതാണു ഹാജിമാർക്കു വെള്ളം എത്തിച്ചുകൊടുക്കുവാനുള്ള ഏർപ്പാടു്. കഅ്ബയുടെ ശുശ്രൂഷയും. മക്കയിൽ അക്കാലത്തു വെള്ളത്തിനു വളരെ ക്ഷാമമായിരുന്നതു കൊണ്ടു ഹജ്ജിനു വരുന്നവർക്കു അതതിടങ്ങളിൽ വെള്ളം എത്തിക്കുന്നതു വളരെ പ്രധാനപ്പെട്ട ഒരു ഏർപ്പാടായിരുന്നു. അതെല്ലാം നല്ലതും വേണ്ടപ്പെട്ടതുമായ കാര്യങ്ങളാണെങ്കിലും സത്യവിശ്വാസം സ്വീകരിക്കുകയും, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സമരം ചെയ്യുകയും ചെയ്യാൻ താൽപര്യമില്ലാത്ത കാലത്തോളം അല്ലാഹുവിന്റെ അടുക്കൽ അതിനു നിലയും വിലയുമില്ലെന്നു അല്ലാഹു മുശ്‌രിക്കുകളെ ഉൽബോധിപ്പിക്കുകയാണ്.

٢٠- الَّذِينَ آمَنُوا وَهَاجَرُوا وَجَاهَدُوا فِي سَبِيلِ اللَّهِ بِأَمْوَالِهِمْ وَأَنفُسِهِمْ أَعْظَمُ دَرَجَةً عِندَ اللَّهِ ۚ

20. വിശ്വസിക്കുകയും, 'ഹിജ്റ' പോകുകയും, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ തങ്ങളുടെ ധനം കൊണ്ടും, തങ്ങളുടെ ദേഹം കൊണ്ടും സമരം നടത്തുകയും ചെയ്തവർ, അല്ലാഹുവിന്റെ അടുക്കൽ, പദവിയിൽ ഏററവും മഹത്തായ വരത്രെ.

وَأُولَٰئِكَ هُمُ الْفَائِزُونَ ○

അക്കൂട്ടർ തന്നെയാണ് ഭാഗ്യം പ്രാപിച്ചവരും.

٢١- يُبَشِّرُهُمْ رَبُّهُم بِرَحْمَةٍ مِّنْهُ وَرِضْوَانٍ وَجَنَّاتٍ لَّهُمْ فِيهَا نَعِيمٌ مُّقِيمٌ ○

21. അവരുടെ റബ്ബ് തന്റെ പക്കൽ നിന്നുള്ള ഒരു (മഹത്തായ) കാരുണ്യത്തെയും, പ്രീതിയെയും, അവർക്കായുള്ള ചില സ്വർഗ്ഗങ്ങളെയും കുറിച്ചു അവരെ സന്തോഷവാർത്ത അറിയിക്കുന്നു. അതിൽ (ശാശ്വതമായി) നിലനിൽക്കുന്ന സുഖാനുഭവമുണ്ടായിരിക്കും;

٢٢- خَالِدِينَ فِيهَا أَبَدًا ۚ إِنَّ اللَّهَ عِندَهُ أَجْرٌ عَظِيمٌ ○

22. അതിൽ എന്നെന്നും (അവർ) നിത്യവാസികളായി കൊണ്ട്. നിശ്ചയമായും അല്ലാഹു—അവന്റെ അടുക്കൽ മഹത്തായ പ്രതിഫലമുണ്ട്.

---

20. الذين آمنوا വിശ്വസിച്ചവർ وهاجروا ഹിജ്റ പോകുകയും ചെയ്തു وجاهدوا സമരം നടത്തുകയും ചെയ്തു في سبيل الله അല്ലാഹുവിന്റെ മാർഗ്ഗത്തിൽ بأموالهم തങ്ങളുടെ സ്വത്തുക്കൾ (ധനം) കൊണ്ടു وأنفسهم തങ്ങളുടെ ദേഹങ്ങൾകൊണ്ടും أعظم വമ്പിച്ചവരാണു درجة പദവി, പദവിയിൽ عند الله അല്ലാഹുവിന്റെ അടുക്കൽ وأولئك هم അക്കൂട്ടർ തന്നെ الفائزون ഭാഗ്യവാൻമാർ, വിജയികൾ. 21. يبشرهم അവരെ സന്തോഷമറിയിക്കുന്നു ربهم അവരുടെ റബ്ബു برحمة ഒരു കാരുണ്യത്തെപ്പററി, കാരുണ്യം കൊണ്ടു منه അവനിൽ നിന്നുള്ള ورضوان പ്രീതികൊണ്ടും وجنات ചില സ്വർഗ്ഗങ്ങൾ കൊണ്ടും لهم അവർക്കുള്ള, അവരുടേതായ فيها അതിൽ (അവയിൽ) ഉണ്ടു نعيم സുഖാനുഭവം, സുഖജീവിതം مقيم നിലനിൽക്കുന്ന 22. خالدين നിത്യവാസികളായിക്കൊണ്ടു فيها അതിൽ أبدا എക്കാലവും, എന്നെന്നും إن الله നിശ്ചയമായും അല്ലാഹു عنده അവന്റെ അടുക്കലുണ്ടു أجر കൂലി, പ്രതിഫലം عظيم വമ്പിച്ച, മഹത്തായ

23. ഹേ, വിശ്വസിച്ചവരേ, നിങ്ങളുടെ പിതാക്കളും, സഹോദരങ്ങളും സത്യവിശ്വാസത്തെക്കാൾ അവിശ്വാസത്തോട് ഇഷ്ടം കാണിക്കുന്നപക്ഷം, അവരെ നിങ്ങൾ മിത്രങ്ങൾ (അഥവാ കൈകാര്യക്കാർ) ആക്കരുത്. നിങ്ങളിൽ നിന്നു ആരെങ്കിലും അവരോടു മിത്രബന്ധം പുലർത്തുന്ന (അഥവാ അവർക്ക് കൈകാര്യ കർതൃത്വം നൽകുന്ന) പക്ഷം, അക്കൂട്ടർ തന്നെയാണു അക്രമികൾ.

٢٣- يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لَا تَتَّخِذُوٓا۟ ءَابَآءَكُمْ وَإِخْوَٰنَكُمْ أَوْلِيَآءَ إِنِ ٱسْتَحَبُّوا۟ ٱلْكُفْرَ عَلَى ٱلْإِيمَٰنِ ۚ وَمَن يَتَوَلَّهُم مِّنكُمْ فَأُو۟لَٰٓئِكَ هُمُ ٱلظَّٰلِمُونَ ○

24. (നബിയേ) പറയുക: 'നിങ്ങളുടെ പിതാക്കളും, നിങ്ങളുടെ പുത്രൻമാരും, നിങ്ങളുടെ സഹോദരങ്ങളും, നിങ്ങളുടെ ഇണകളും, നിങ്ങളുടെ ബന്ധുകുടുംബങ്ങളും, നിങ്ങൾ സമ്പാദിച്ചുണ്ടാക്കിയ സ്വത്തുക്കളും, നിങ്ങൾ വിലയിടിവു (അഥവാ ചിലവാകായ്മ) ഭയക്കുന്ന കച്ചവടവും, നിങ്ങൾ ഇഷ്ടപ്പെടുന്ന പാർപ്പിടങ്ങളുമാണ് അല്ലാഹുവിനെയും, അവന്റെ റസൂലിനെയും, അവന്റെ മാർഗ്ഗത്തിൽ സമരം ചെയ്യുന്നതിനെയും കാൾ (അധികം) നിങ്ങൾക്കു പ്രിയങ്കരമെങ്കിൽ, എന്നാൽ അല്ലാഹു അവന്റെ കൽപന കൊണ്ടു വരുന്നതു വരെ നിങ്ങൾ കാത്തിരിക്കുവിൻ!

അല്ലാഹു തോന്നിയവാസികളായ ജനങ്ങളെ സന്മാർഗ്ഗത്തിലാക്കുകയില്ല.

٢٤- قُلْ إِن كَانَ ءَابَآؤُكُمْ وَأَبْنَآؤُكُمْ وَإِخْوَٰنُكُمْ وَأَزْوَٰجُكُمْ وَعَشِيرَتُكُمْ وَأَمْوَٰلٌ ٱقْتَرَفْتُمُوهَا وَتِجَٰرَةٌ تَخْشَوْنَ كَسَادَهَا وَمَسَٰكِنُ تَرْضَوْنَهَآ أَحَبَّ إِلَيْكُم مِّنَ ٱللَّهِ وَرَسُولِهِۦ وَجِهَادٍ فِى سَبِيلِهِۦ فَتَرَبَّصُوا۟ حَتَّىٰ يَأْتِىَ ٱللَّهُ بِأَمْرِهِۦ ۗ وَٱللَّهُ لَا يَهْدِى ٱلْقَوْمَ ٱلْفَٰسِقِينَ ○ ع

---

23. يا أيها الذين آمنوا വിശ്വസിച്ചവരേ لا تتخذوا നിങ്ങൾ ആക്കരുതു آباءكم നിങ്ങളുടെ പിതാക്കളെ وإخوانكم നിങ്ങളുടെ സഹോദരങ്ങളെ (സഹോദരൻമാരെ)യും أولياء ബന്ധുക്കൾ, കൈകാര്യക്കാർ, ഉടയവർ إن استحبوا അവർ ഇഷ്ട (തൃപ്തി)പ്പെടുന്ന പക്ഷം الكفر അവിശ്വാസത്തെ على الإيمان സത്യവിശ്വാസത്തെക്കാൾ, വിശ്വാസത്തിനെതിരെ ومن يتولهم ആരെങ്കിലും (ആർ-വല്ലവനും) അവരോടു മിത്രബന്ധം പുലർത്തിയാൽ, അവർക്ക് കൈകാര്യം നൽകിയാൽ منكم നിങ്ങളിൽ നിന്നു فأولئك എന്നാൽ അക്കൂട്ടർ هم الظالمون അവർ തന്നെ അക്രമികൾ 24. قل പറയുക إن كان ആണെങ്കിൽ, ആയിരുന്നാൽ آباؤكم നിങ്ങളുടെ പിതാക്കൾ وأبناؤكم നിങ്ങളുടെ പുത്രൻമാരും (മക്കളും) وإخوانكم നിങ്ങളുടെ സഹോദരങ്ങളും وأزواجكم നിങ്ങളുടെ ഇണകളും (ഭാര്യാഭർത്താക്കളും) وعشيرتكم നിങ്ങളുടെ ബന്ധുകുടുംബവും وأموال സ്വത്തുക്കളും, ധനവും اقترفتموها നിങ്ങളതു സമ്പാദിച്ചുണ്ടാക്കി, തെണ്ടിച്ചുണ്ടാക്കിയ وتجارة കച്ചവടവും, വ്യാപാരവും تخشون നിങ്ങൾ ഭയപ്പെടുന്നു كسادها അതിന്റെ ചിലവഴിയായ്മയെ, വിലയിടിവ് ومساكن പാർപ്പിടങ്ങളും ترضونها നിങ്ങളതിനെ ഇഷ്ടപ്പെടുന്നു أحب അധികം പ്രിയപ്പെട്ടതു, ഇഷ്ടപ്പെട്ടതു إليكم നിങ്ങൾക്കു من الله അല്ലാഹുവിനെക്കാൾ ورسوله അവന്റെ റസൂലിനെയും (കാൾ) وجهاد സമരത്തെയും (കാൾ) في سبيله അവന്റെ മാർഗ്ഗത്തിൽ فتربصوا എന്നാൽ നിങ്ങൾ കാത്തിരിക്കുവിൻ, പ്രതീക്ഷിക്കുവിൻ حتى يأتي വരുന്നതുവരെ الله അല്ലാഹു بأمره അവന്റെ കൽപനയും കൊണ്ടു والله അല്ലാഹു لا يهدي അവൻ നേർമാർഗ്ഗത്തിലാക്കുകയില്ല القوم ജനതയെ, ജനങ്ങളെ الفاسقين തോന്നിയവാസികളായ, ദുർന്നടപ്പുകാരായ

സ്വന്തം പിതാക്കളോ സ്വന്തം സഹോദരങ്ങളോ ആയിരുന്നാൽ പോലും-അവർ സത്യവിശ്വാസം സ്വീകരിക്കാതെ അവിശ്വാസം കൊണ്ട് തൃപ്തിപ്പെടുന്ന പക്ഷം-അവരുമായി മിത്രബന്ധം പുലർത്തുകയും, അവരെ കൈകാര്യ…

സ്നേഹം വെക്കുകയും ചെയ്തുകൂടാ എന്നു സത്യവിശ്വാസികളോടു അല്ലാഹു കല്പിക്കുന്നു. മത്സരത്തിൽ കഴിയുന്ന അവിശ്വാസികളോടു മൈത്രിയിലും കൂട്ടുകെട്ടിലും പെരുമാറുന്നതിനെപ്പറ്റി മറ്റിലധികം സ്ഥലത്തു ഖുർആനിൽ അല്ലാഹു വിരോധിച്ചിരിക്കുന്നതു കാണാം. സൂ: മുജാദലയിൽ പറയുന്നു: അല്ലാഹുവിനോടും അവന്റെ റസൂലിനോടും മത്സരം കാണിക്കുന്നവരോട് അല്ലാഹുവിലും അവന്റെ റസൂലിലും വിശ്വസിക്കുന്ന ഒരു ജനത സ്നേഹബന്ധം പുലർത്തുന്നതായി നീ കണ്ടെത്തുകയില്ല. അവർ തങ്ങളുടെ പിതാക്കളോ, പുത്രൻമാരോ, സഹോദരങ്ങളോ, ബന്ധു കുടുംബങ്ങളോ ആയിരുന്നാലും ശരി. അങ്ങിനെയുള്ളവരുടെ—സ്നേഹബന്ധം പുലർത്താത്തവരുടെ—ഹൃദയങ്ങളിൽ അല്ലാഹു സത്യവിശ്വാസം രേഖപ്പെടുത്തിയിരിക്കുന്നു. അവന്റെ പക്കൽനിന്നുള്ള ഒരു ആത്മാവു മുഖേന അവൻ അവരെ ബലപ്പെടുത്തുകയും ചെയ്തിരിക്കുന്നു. (58:22)

കുടുംബ ബന്ധത്തെ ഓർത്തും, സ്വകുടുംബത്തിന്റെ അപ്രീതിയുണ്ടാകുമെന്നു കരുതിയും, സ്വത്തുക്കളോ, പാർപ്പിടങ്ങളോ നാശം സംഭവിക്കുമെന്നു വിചാരിച്ചുമൊക്കെ ദുർബ്ബല വിശ്വാസികളായ ചില മുസ്ലിംകൾ യുദ്ധം ചെയ്‌വാനോ, ഹിജ്റ പോകാനോ ശ്രമിക്കാതെ ഒഴിഞ്ഞു നിൽക്കുന്നുണ്ടായിരുന്നു. അവരുടെ വിഷയത്തിലാണ് ഈ വചനങ്ങൾ അവതരിച്ചതെന്നു പറയപ്പെടുന്നുണ്ടെങ്കിലും ഈ തത്വം എല്ലാ കാലത്തുള്ളവർക്കും ബാധകം തന്നെയാണ്. അതായതു, അല്ലാഹുവിന്റെ ദീനിനോടു മത്സരം പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നവർ എത്ര അടുത്ത ബന്ധുക്കളായാലും അവരോടു ഹൃദയം ഇണങ്ങിക്കൊണ്ടു അങ്ങനെ ബന്ധം പുലർത്തിക്കൊണ്ടിരിക്കുവാൻ സത്യവിശ്വാസികൾക്കു ഒരു കാലത്തും പാടില്ലാത്തതാകുന്നു. മാതാപിതാക്കൾ മുശ്രിക്കുകളായിരുന്നാൽ പോലും അവരോടു ഇഹത്തിൽ നന്നായി പെരുമാറണമെന്നും, അവിശ്വാസികളോടും നീതിയും മര്യാദയും പാലിക്കേണമെന്നും, നീതികേടും അക്രമവും ആരോടും പാടില്ലെന്നുമുള്ള കല്പനകൾ ഇപ്പറഞ്ഞതിനു എതിരല്ലതാനും.

കുടുംബ ബന്ധങ്ങളോ, സ്നേഹബന്ധങ്ങളോ, സ്വത്തുക്കളിലും മറ്റിതര സൗകര്യങ്ങളിലുമുള്ള താൽപര്യങ്ങളോ ഒന്നുംതന്നെ, അല്ലാഹുവിന്റെയും റസൂലിന്റെയും വിധിവിലക്കുകൾ അനുസരിക്കുന്നതിനോ, അല്ലാഹുവിന്റെ ദീനിനുവേണ്ടി ത്യാഗവും സമരവും നടത്തുന്നതിനോ തടസ്സമായിരിക്കുവാൻ പാടില്ല. അങ്ങിനെ തടസ്സമാകുന്നപക്ഷം അവർക്കു പ്രത്യേകം കഠിനമായ ശിക്ഷ വളരെ ആപൽക്കരമായിരിക്കുമെന്നു സത്യവിശ്വാസികളെ ഉണർത്തുകയാണ് 24-ാം വചനത്തിൽ കാണുന്നത്. 'അല്ലാഹു അവന്റെ കല്പനകൊണ്ടു വരുന്നതുവരെ കാത്തിരിക്കുവിൻ' (حَتَّىٰ يَأْتِيَ ٱللَّهُ بِأَمْرِهِ) എന്നുള്ള ആ കനത്ത താക്കീതു വിഷയത്തിന്റെ ഗൗരവമാണു ചൂണ്ടിക്കാട്ടുന്നത്. ആ കല്പനകൊണ്ടുദ്ദേശ്യം ഇന്നതാണെന്നു, അതു എപ്പോഴായിരിക്കുമെന്നോ അല്ലാഹു വെളിപ്പെടുത്തിയിട്ടില്ല. ഇഹത്തിൽവെച്ചും, പരത്തിൽവെച്ചും അതിന്റെ ശിക്ഷ നിങ്ങൾ അനുഭവിക്കേണ്ടിവരുമെന്നും, അതു നിങ്ങൾക്കു താങ്ങാനാവാത്തതായിരിക്കുമെന്നുമത്രെ ആ വാക്ക് സൂചിപ്പിക്കുന്നത്. അല്ലാഹുവിന്റെയും റസൂലിന്റെയും ആജ്ഞാനിർദ്ദേശങ്ങളെക്കാൾ മറ്റു കാര്യങ്ങൾക്കു പ്രാധാന്യം കല്പിച്ചുകൊണ്ടിരിക്കുന്നതു നിമിത്തം മുസ്ലിംകൾ അന്നും ഇന്നും എന്നും അനുഭവിച്ചുകൊണ്ടിരിക്കുന്ന ആപത്കരമായ ശിക്ഷകൾ ബുദ്ധിയും വിവരവുമുള്ള ആർക്കും അജ്ഞാതമല്ല തന്നെ. അതുമൂലം ലോകത്തുവെച്ചുണ്ടാകാനിരിക്കുന്ന ശിക്ഷയെപ്പറ്റി പ്രത്യേകം പറയേണ്ടതില്ലതാനും.

നബി (സ) ഇപ്രകാരം അരുളിച്ചെയ്തിരിക്കുന്നു: 'എന്റെ ആത്മാവു യാതൊരുവന്റെ കയ്യിലാണോ അവൻതന്നെ സത്യം! നിങ്ങളിൽ ഒരാൾക്കും തന്നെ, അവന്റെ മാതാപിതാക്കളെയും, മക്കളെയും എല്ലാ മനുഷ്യരെയും കാൾ ഇഷ്ടപ്പെട്ടവൻ ഞാനായിരിക്കുന്നതുവരെ അവൻ സത്യവിശ്വാസി ആയിരിക്കയില്ല.' (ബു; മു) മറ്റൊരിക്കൽ ഉമർ (റ) നബി (സ) യോട് ഇങ്ങനെ പറയുകയുണ്ടായി: 'അല്ലാഹുവിനെതന്നെ സത്യം! അല്ലാഹുവിന്റെ റസൂലേ, അങ്ങുന്നാണു എന്റെ ദേഹം ഒഴിച്ചുള്ള മറ്റെല്ലാറ്റിനെക്കാളും എനിക്കിഷ്ടപ്പെട്ട ആൾ.' അപ്പോൾ റസൂൽ (സ) പറഞ്ഞു: 'നിങ്ങളിലൊരാൾക്കു അവന്റെ ദേഹത്തെക്കാളും ഇഷ്ടപ്പെട്ടവൻ ഞാനായിരിക്കുന്നതുവരെ അവൻ സത്യവിശ്വാസിയായിരിക്കയില്ല.' അപ്പോൾ ഉമർ (റ) പറഞ്ഞു: 'എന്നാൽ—ഇപ്പോൾ—അല്ലാഹുതന്നെ സത്യം! അങ്ങുന്നു എനിക്കു എന്റെ ദേഹത്തെക്കാൾ ഇഷ്ടപ്പെട്ടവനാകുന്നു.' അപ്പോൾ നബി തിരുമേനി പറഞ്ഞു: 'ഇപ്പോഴാണ്, ഉമറേ, തന്റെ വിശ്വാസം പരിപൂർണ്ണമായത്.' (ബു; മു) അല്ലാഹുവിനെ സ്നേഹിക്കലും, റസൂലിനെ സ്നേഹിക്കലും അനുസരിക്കലും അനുസരിക്കുകയും ചെയ്യുന്നതിന്റെ അനിവാര്യ ഫലമെന്നോളം മനുഷ്യന്റെ ഐഹികവും പാരത്രികവുമായ നന്മകൾക്കുള്ള അടിസ്ഥാനം അതു തന്നെ. അർത്ഥത്തിൽ ഒന്നു തന്നെ. എന്നിരിക്കെ, അതിനെക്കാൾ ഉപരിയായി മറ്റൊരു കാര്യവും ഒരു യഥാർത്ഥ സത്യവിശ്വാസിക്കു ഉണ്ടായിരിക്കുവാൻ പാടില്ലല്ലോ. 'ഇപ്പോഴാണു ഉമറേ തന്റെ വിശ്വാസം പരിപൂർണ്ണമായതു' എന്ന തിരുവചനം ഈ വസ്തുതയാണു ചൂണ്ടിക്കാട്ടുന്നത്. ഇതുതന്നെയാണു സൂ: അഹ്സാബിൽ النبي أولى بالمؤمنين من أنفسهم (33:6) എന്ന വാക്യം (നബി സത്യവിശ്വാസികളോടു അവരുടെ ദേഹങ്ങളെക്കാൾ അധികം ബന്ധപ്പെട്ടവനാകുന്നു.) മുഖേന അല്ലാഹു അറിയിക്കുന്നത്.

വിഭാഗം - 4

25. വളരെ (യുദ്ധ) രംഗങ്ങളില്‍ അല്ലാഹു നിങ്ങളെ സഹായിച്ചിട്ടുണ്ട്. ഹുനൈന്‍ (യുദ്ധ) ദിവസവും (സഹായിച്ചു). അതായതു, നിങ്ങളുടെ (ആള്‍) പെരുപ്പം നിങ്ങളെ സംതൃപ്തിപ്പെടുത്തിയിട്ട് അതു നിങ്ങള്‍ക്കു യാതൊന്നും പര്യാപ്തമാകാതിരുന്നപ്പോള്‍; ഭൂമി വിശാലമായതോടെ അതു നിങ്ങള്‍ക്കു ഇടുക്കമാകുകയും ചെയ്തു; പിന്നീട് നിങ്ങള്‍ പിന്നോക്കം തിരിഞ്ഞോടുകയും ചെയ്തു.

٢٥- لَقَدْ نَصَرَكُمُ اللَّهُ فِي مَوَاطِنَ كَثِيرَةٍ ۙ وَيَوْمَ حُنَيْنٍ ۙ إِذْ أَعْجَبَتْكُمْ كَثْرَتُكُمْ فَلَمْ تُغْنِ عَنكُمْ شَيْئًا وَضَاقَتْ عَلَيْكُمُ الْأَرْضُ بِمَا رَحُبَتْ ثُمَّ وَلَّيْتُم مُّدْبِرِينَ ○

26. പിന്നെ, അല്ലാഹു അവന്റെ റസൂലിന്റെ മേലും, സത്യവിശ്വാസികളുടെ മേലും തന്റെ (വക) ശാന്തത ഇറക്കിക്കൊടുത്തു; നിങ്ങള്‍ കണ്ടിട്ടില്ലാത്ത ചില സൈന്യങ്ങളെ അവന്‍ ഇറക്കുകയും ചെയ്തു; അവിശ്വസിച്ചവരെ അവന്‍ ശിക്ഷിക്കുകയും ചെയ്തു.

അതത്രെ, അവിശ്വാസികളുടെ പ്രതിഫലം.

٢٦- ثُمَّ أَنزَلَ اللَّهُ سَكِينَتَهُ عَلَىٰ رَسُولِهِ وَعَلَى الْمُؤْمِنِينَ وَأَنزَلَ جُنُودًا لَّمْ تَرَوْهَا وَعَذَّبَ الَّذِينَ كَفَرُوا ۚ وَذَٰلِكَ جَزَاءُ الْكَافِرِينَ ○

27. പിന്നീടു അതിനുശേഷം, താന്‍ ഉദ്ദേശിക്കുന്നവരുടെ പശ്ചാത്താപം അല്ലാഹു സ്വീകരിക്കുന്നതാണ്.

അല്ലാഹു (വളരെ) പൊറുക്കുന്നവനും കരുണാനിധിയുമത്രെ.

٢٧- ثُمَّ يَتُوبُ اللَّهُ مِن بَعْدِ ذَٰلِكَ عَلَىٰ مَن يَشَاءُ ۗ وَاللَّهُ غَفُورٌ رَّحِيمٌ ○

---

25. لقد തീര്‍ച്ചയായും ഉണ്ടു نصركم الله അല്ലാഹു നിങ്ങളെ സഹായിച്ചു في مواطن (യുദ്ധ) രംഗങ്ങളില്‍ كثيرة വളരെ ويوم حنين ഹുനൈന്‍ ദിവസവും إذ أعجبتكم നിങ്ങളെ സംതൃപ്തി(ആത്മതൃപ്തി)പ്പെടുത്തിയപ്പോള്‍ كثرتكم നിങ്ങളുടെ പെരുപ്പം, ആധിക്യം فلم تغن എന്നിട്ടതു ധന്യമാക്കിയില്ല, പര്യാപ്തമാക്കിയില്ല, ഉപകരിച്ചില്ല عنكم നിങ്ങള്‍ക്കു شيئا യാതൊന്നും وضاقت ഇടുങ്ങുക (കുടുസ്സായിരിക്കുക)യും ചെയ്തു عليكم നിങ്ങള്‍ക്കു, നിങ്ങളുടെ മേല്‍ الأرض ഭൂമി بما رحبت അതു വിശാലമായതോടെ ثم وليتم പിന്നെ നിങ്ങള്‍ തിരിഞ്ഞുപോന്നു مدبرين പിന്‍തിരിഞ്ഞവരായി (പിന്നോക്കം) 26. ثم أنزل പിന്നെ ഇറക്കി الله അല്ലാഹു سكينته അവന്റെ ശാന്തത, സമാധാനം, അടക്കം على رسوله തന്റെ റസൂലിന്റെ മേല്‍ وعلى المؤمنين സത്യവിശ്വാസികളുടെ മേലും وأنزل അവന്‍ ഇറക്കുകയും ചെയ്തു جنودا ചില സൈന്യങ്ങളെ لم تروها നിങ്ങളതു കണ്ടിട്ടില്ല, കാണാത്ത وعذب അവന്‍ ശിക്ഷിക്കുകയും ചെയ്തു الذين كفروا അവിശ്വസിച്ചവരെ وذلك അതു, അതത്രെ. جزاء പ്രതിഫലമത്രെ, പ്രതിഫലം الكافرين അവിശ്വാസികളുടെ 27. ثم يتوب പിന്നെ പശ്ചാത്താപം (മടക്കം) സ്വീകരിക്കും الله അല്ലാഹു من بعد ذلك അതിന്റെശേഷം على من يشاء അവന്‍ ഉദ്ദേശിക്കുന്നവരുടെ والله അല്ലാഹു غفور (വളരെ) പൊറുക്കുന്നവനാകുന്നു رحيم കരുണാനിധിയാണു

കുടുംബബന്ധം, ധനം, വാസസ്ഥലം ആദിയായവയെക്കാളെല്ലാം പ്രാധാന്യം നല്‍കേണ്ടതു അല്ലാഹുവിന്റെയും റസൂലിന്റെയും സ്നേഹം സമ്പാദിക്കുന്നതിനും, അല്ലാഹുവിന്റെ മാര്‍ഗ്ഗത്തില്‍ സമരം ചെയ്യുന്നതിനുമാണെന്നും, അല്ലാത്തപക്ഷം അതിന്റെ ഭവിഷ്യത്തു ഭയങ്കരമാണെന്നും അറിയിച്ചശേഷം, അല്ലാഹുവില്‍നിന്നുള്ള സഹായം ഇതിനുമുമ്പു നിങ്ങള്‍ക്കു പലപ്പോഴും ലഭിക്കയുണ്ടായിട്ടുണ്ടെന്നും, അതൊന്നും നിങ്ങളുടെ ശക്തി കൊണ്ടോ പ്രതാപംകൊണ്ടോ ആയിരുന്നില്ലെന്നും അല്ലാഹു സത്യവിശ്വാസികളെ ഓര്‍മ്മിപ്പിക്കുന്നു. കൂട്ടത്തില്‍ ഹുനൈന്‍ യു

ദ്ധത്തിൽ നൽകിയ സഹായവും, അതിന്റെ സന്ദർഭവും പ്രത്യേകം അനുസ്മരിപ്പിക്കുകയും ചെയ്യുന്നു. എണ്ണംകൊണ്ടും വണ്ണംകൊണ്ടും മുമ്പെന്നത്തെക്കാളും പ്രബലമായ ഒരു സേനയായിരുന്നു അന്ന് മുസ്ലിംകളുടേത്. എണ്ണത്തിൽ അവർ അഭിമാനം കൊള്ളുകയും, ഇക്കുറി ഏതായാലും നമുക്ക് തോൽവി പിണയുകയില്ലെന്ന് അവർ കണക്കാക്കുകയും ചെയ്തിരുന്നു. പക്ഷേ, അവർ അല്ലാഹുവിങ്കൽനിന്നുള്ള ഒരു പരീക്ഷണത്തിനു വിധേയരാകുകയും, തിരിഞ്ഞോടേണ്ടി വരികയും ചെയ്തു. ആൾപ്പെരുപ്പംകൊണ്ടല്ല മുസ്ലിംകൾക്ക് വിജയം കൈവരുന്നതെന്നു അവർക്കു ബോധ്യമായി. അവസാനം, അല്ലാഹുവിങ്കൽ നിന്നുള്ള ചില പ്രത്യേകാനുഗ്രഹങ്ങൾ വഴി യുദ്ധം വമ്പിച്ച വിജയമായി കലാശിച്ചു. ഈ വചനങ്ങൾ അവതരിക്കുന്നതിനു അൽപമാത്രം മുമ്പു കഴിഞ്ഞതും, ഓർമ്മ മങ്ങിപ്പോയിട്ടില്ലാത്തതുമാണ് ആ സംഭവം. അതുകൊണ്ടാണ് അതിവിടെ പ്രത്യേകം ഓർമ്മിപ്പിക്കുവാൻ കാരണം.

ഓരോ സന്ദർഭത്തിലായി അൽപം അംഗങ്ങൾ മാത്രം അടങ്ങുന്ന ചെറിയ സൈന്യസംഘങ്ങളെ നബി (സ) പല ഭാഗത്തേക്കും അയക്കുകയുണ്ടായിട്ടുണ്ട്. ഈ സംഘങ്ങൾ سرية (ചെറിയ സൈന്യസംഘം) എന്ന പേരിൽ അറിയപ്പെടുന്നു. നബി (സ)യുടെ നേതൃത്വത്തിൽ പല സ്ഥലത്തേക്കുമായി നയിക്കപ്പെട്ട സൈന്യങ്ങൾ ധാരാളം. ഇരുപതിൽപരം വരും. ഇവ غزوة (പടയെടുപ്പു) എന്ന പേരിലും അറിയപ്പെടുന്നു. ചിലതിൽ ശത്രുക്കളുമായി സന്ധി നടത്തി ഏറ്റുമുട്ടലൊന്നും കൂടാതെ തിരിച്ചുപോരുകയും, ചിലതിൽ യുദ്ധം നടക്കുകയും ഉണ്ടായിട്ടുണ്ട്. ബദ്ർ, ഉഹ്ദു, അഹ്സാബ് (ഖൻദക്), ഖുറൈള്വ, മുസ്തലഖ്, ഖൈബർ, മക്കാ (വിജയം), ഹുനൈൻ, ത്വാഇഫ് (*) എന്നിവയിലാണ് ഏറ്റുമുട്ടലുണ്ടായത്. മിക്കവാറും എല്ലാററിലും വിജയം പൂർണ്ണമായും മുസ്ലിംകൾക്ക് തന്നെയായിരുന്നു. ചുരുക്കം ചിലതിൽ മുസ്ലിംകൾക്ക് വന്നുപോയ ചില പാകപ്പിഴവുകൾ നിമിത്തം അവർ പരീക്ഷണങ്ങൾക്ക് വിധേയരാവുകയും ഉണ്ടായി. ആദ്യഘട്ടത്തിൽ വിജയം കണ്ടെങ്കിലും അവസാനം പരാജയത്തിൽ കലാശിച്ച യുദ്ധമാണു ഉഹ്ദു—ഇതിനെപ്പററി സൂ: ആലു ഇംറാനിൽ വിവരിച്ചിരിക്കുന്നു. ഇടക്കുവെച്ചു പരാജയം നേരിട്ടെങ്കിലും അവസാനം വിജയത്തിൽ കലാശിച്ച യുദ്ധമാണു ഹുനൈൻ. അതിന്റെ ചില വശങ്ങളെപ്പററിയാണു ഈ വചനത്തിൽ അല്ലാഹു ചൂണ്ടിക്കാണിച്ചിരിക്കുന്നത്. അതിന്റെ ചുരുക്കം അറിയുന്നതു ഈ വചനത്തിലെ ആശയം മനസ്സിലാക്കുവാൻ ഉപകരിക്കുന്നതാണ്.

ഹുനൈൻ യുദ്ധം

ഹിജ്റ എട്ടാം കൊല്ലത്തിൽ മക്കാ വിജയം ഉണ്ടായതോടുകൂടി വിഗ്രഹമതത്തിന്റെ പതാക നിലംപതിക്കുകയും, അറബികൾ മിക്കവരും ഇസ്ലാമിനു കീഴ്പ്പെടുകയും, ജനങ്ങൾ കൂട്ടം കൂട്ടമായി ഇസ്ലാമിൽ പ്രവേശിച്ചുകൊണ്ടിരിക്കുകയും ചെയ്തു. എന്നാൽ, ഹവാസിൻ, ഥഖീഫ് (هوازن ، ثقيف) എന്നീ ഗോത്രക്കാർക്കു (**) രോഷം മുഴുക്കുകയാണുണ്ടായതു. അവർ തങ്ങളുടെ ദുരഭിമാനം വിട്ടില്ല. മുഹമ്മദു ഇങ്ങോട്ടു പടയെടുക്കും മുമ്പ് നമുക്കങ്ങോട്ടു പടയെടുക്കണമെന്നു നിശ്ചയിച്ച് അവർ അതിനു ഒരുക്കം കൂട്ടുകയായി. വേറെ ചില ഗോത്രക്കാരും അതിൽ അവരോടു സഹകരിച്ചിരുന്നു. തങ്ങളുടെ സൈന്യം ഒരിക്കലും പരാജയപ്പെട്ടു പിൻമാറാതെ ആത്മവീര്യത്തോടുകൂടി യുദ്ധക്കളത്തിൽ ഉറച്ചു നിൽക്കണമെന്ന ഉദ്ദേശത്തിൽ, സാധാരണ പതിവുകൾക്കെതിരായി അവരുടെ സൈന്യനായകനായ മാലികുബ്നു ഔഫു ഒരു പുതിയ പരിപാടി ആവിഷ്കരിച്ചു. അവരിലുള്ള ഒരു നേതാവും ധീരനുമായിരുന്ന ദുറൈദ് അതിനെ എതിർത്തുവെങ്കിലും സൈന്യാധിപൻ അതു നടപ്പിലാക്കുക തന്നെ ചെയ്തു. സ്ത്രീകൾ, കുട്ടികൾ, തങ്ങളുടെ സ്വത്തുക്കളായ ആടുമാടുകൾ എന്നിവയെല്ലാം സൈന്യനിരയുടെ തൊട്ടു പിന്നിലായി നിരത്തി നിറുത്തുകയായിരുന്നു ആ പരിപാടി. തങ്ങളുടെ കുടുംബങ്ങളെയും സ്വത്തുക്കളെയും മുഴുവൻ ശത്രുക്കൾക്കു (മുസ്ലിംകൾക്കു) വിട്ടുകൊടുത്തുകൊണ്ടു ആരും യുദ്ധത്തിൽനിന്നു പിൻതിരിഞ്ഞോടിപ്പോകുകയില്ല എന്നായിരുന്നു അവൻ കണക്കുകൂട്ടിയത്.

ഇവരുടെ പുറപ്പാടിനെപ്പററി നബി (സ)ക്കു വിവരം കിട്ടി. മദീനായിൽ നിന്നു വന്ന് മക്കാ വിജയ സംഭവത്തിൽ പങ്കെടുത്തിരുന്ന പതിനായിരം സഹാബികളോടുകൂടി നബി (സ) അവരുടെ നേരെ പടയെടുത്തു. അവർക്കു പുറമെ, മക്കയിൽനിന്നുള്ള രണ്ടായിരം പേർ വേറെയും ഉണ്ടായിരുന്നു. ഇവർ അധികവും പുതുവിശ്വാസികളും, വിശ്വാസം ദൃഢമായിക്കഴിഞ്ഞിട്ടില്ലാത്തവരുമായിരുന്നു. പലരും 'ഗനീമത്തു' മോഹിച്ചും പുറപ്പെട്ടിരുന്നു. ഇസ്ലാമിനെ അംഗീകരിച്ചു കഴിയാത്ത ഏകദേശം എൺപതു മുശ്രിക്കുകളും ഈ പടയെടുപ്പിൽ നബി (സ)യെ അനുഗമിക്കുകയുണ്ടായി. അതേ സമയത്തു മറുപക്ഷത്തു ശത്രുക്കളുടെ എണ്ണം നാലായിരം മാത്രമായിരുന്നു. അതെ, കേവലം മൂന്നിലൊന്നുമാത്രം. ഇത്രവലിയ തങ്ങളുടെ സംഖ്യാബലം കണ്ടു മുസ്ലിംകൾ അഭിമാനം കൊള്ളുകയും,

(*) മിക്കസ്ഥലങ്ങളും പടം 9ൽ കാണാം. (**) പടം 11 നോക്കുക.

സംഭ്രമിപ്പിക്കുകയും ചെയ്തു. പക്ഷേ ഫലമുണ്ടായില്ല. മുസ്‌ലിംകളുടെ മുന്നണി സൈന്യം മുന്നോട്ടു നീങ്ങിയപ്പോഴേക്കും ശത്രുക്കളുടെ ഒരു വമ്പിച്ച ഒളിസൈന്യം അവരെ തുരുതുരെ ആക്രമിച്ചു. അവർ പിന്തിരിഞ്ഞ് പല പാട്ടിലും ഓടേണ്ടിവന്നു. അതോടെ സൈന്യത്തിന്റെ സമനില തെറ്റി. പിന്നണിക്കും അവരെ അനുഗമിക്കേണ്ടുകയുണ്ടായി.

നബി (സ) തിരുമേനി യുദ്ധരംഗത്തിൽ തന്നെ ഉറച്ചു നിന്നു. ഈ യാത്രയിൽ തിരുമേനി ഇരട്ടപ്പടയങ്കിയായിരുന്നു ധരിച്ചിരുന്നത്. മുഹാജിറുകളിലും, അൻസാരികളിലും പെട്ട ചില സ്വഹാബി പ്രമുഖൻമാരും തിരുമേനിയുടെ ഒന്നിച്ചു നിന്നു. 'ഇങ്ങോട്ടുവരിൻ! ഇങ്ങോട്ടുവരിൻ! അല്ലാഹുവിന്റെ അടിയൻമാരേ!' എന്നു നബി (സ) വിളിച്ചു പറയുന്നുണ്ടായിരുന്നു. ഓടി രക്ഷപ്പെടുന്നവർ അതു കേട്ടു മടങ്ങുകയുണ്ടായില്ല. അങ്കലാപ്പും ഭയപ്പാടും നിമിത്തം ഓടി രക്ഷപ്പെടുവാൻ പോലും ഇടമില്ലാത്തവിധം ഭൂമി വളരെ കുടുസ്സായി അവർക്കു തോന്നി. ശിർക്കിന്റെ ചുവയിൽ നിന്നു തികച്ചും രക്ഷപ്പെട്ടിട്ടില്ലാത്ത ചിലരും, പുതുവിശ്വാസികളായ ചിലരും മുസ്‌ലിംകൾക്കു പിണഞ്ഞ ഈ പരാജയത്തിൽ സന്തോഷം കൊണ്ടു. 'സിഹ്ർ ഇപ്പോഴാണു പൊളിഞ്ഞതു' എന്നും മറ്റും ചിലർ പറയുകപോലുമുണ്ടായി. അതേസമയം, നബി (സ)യുടെ കൂടെ പോന്നിരുന്ന മുശ്‌രിക്കുകളിൽ ചിലർ അവരുടെ നേരെ പ്രതിഷേധം പ്രകടിപ്പിക്കുകയും ചെയ്തിരുന്നു. ഇതെല്ലാമായിട്ടും നബി (സ) സ്ഥലം വിട്ടില്ല. അവസാനം, നബി (സ)യുടെ കൽപന പ്രകാരം അവിടുത്തെ പിതൃവ്യനും, ഉച്ചത്തിൽ ശബ്ദിക്കുന്ന ആളുമായിരുന്ന അബ്ബാസ് (റ) ജനങ്ങളെ ഉറക്കെ വിളിച്ചുകൊണ്ടിരുന്നു. അതോടെ, അവർ ഓട്ടം നിറുത്തുവാനും, നബി (സ)യുടെ ചുറ്റും വന്നുകൂടുവാനും തുടങ്ങി. അല്ലാഹു അവർക്ക് മനസ്സമാധാനവും ശാന്തിയും നൽകുകയും, മനുഷ്യർക്ക് കണ്ടുകൂടാൻ കഴിയാത്ത സൈന്യങ്ങളെ—മലക്കുകളെ—ഇറക്കി അവരെ അനുഗ്രഹിക്കുകയും ചെയ്തു. (*) അങ്ങനെ, സത്യവിശ്വാസികൾക്കു ഒരു പുതിയ ധൈര്യവും ഉൻമേഷവും ഉളവായി. അവർ ശത്രുക്കളുടെ നേരെ കുതിച്ചു ചാടുകയായി. യുദ്ധരംഗം പാടെ മാറി. ശത്രുക്കൾ തങ്ങളുടെ സ്വത്തുക്കളെയോ, സ്ത്രീകളെയും കുട്ടികളെയുമോ ഒന്നും വകവെക്കാതെ പടക്കളം വിട്ടോടിക്കളഞ്ഞു. മുസ്‌ലിംകൾ വിജയക്കൊടി ഉയർത്തി.

മുമ്പൊരിക്കലും ലഭിക്കാത്തത്ര ആടുമാടൊട്ടകങ്ങളടക്കം വളരെ ഗനീമത്തു സ്വത്തുക്കൾ മുസ്‌ലിംകൾക്കു ലഭിച്ചു. പുരുഷൻമാർക്കു പുറമെ വളരെയധികം സ്ത്രീകളും കുട്ടികളും പിടിയിലകപ്പെട്ടു. അപ്രതീക്ഷിതമായി അല്ലാഹു മുസ്‌ലിംകൾക്കു നൽകിയ ഈ വമ്പിച്ച സഹായം, വളരെയേറെ മുശ്‌രിക്കുകൾ ഇസ്‌ലാമിനെ ആശ്ലേഷിക്കുവാൻ കാരണമായിത്തീർന്നു. ഗനീമത്തിന്റെ വലിയൊരു ഭാഗം, വിശ്വാസം ഉറച്ചു കഴിഞ്ഞിട്ടില്ലാത്ത പുതുവിശ്വാസികൾക്കും, കൂടെ പോന്നിരുന്ന മുശ്‌രിക്കുകൾക്കുമായിരുന്നു നബി (സ) നൽകിയത്. ഈ ഔദാര്യം നിമിത്തവും ഇസ്‌ലാമിനു വളരെ നേട്ടമുണ്ടായി. വളരെ ആളുകൾ വിശ്വസിക്കുവാനും, വളരെ ആളുകളുടെ വിശ്വാസം ശക്തിപ്പെടുവാനും ഇതു കാരണമായി. അൻസാരികളായി സൈന്യത്തിലുണ്ടായിരുന്നവർക്കു കാര്യമായ ഓഹരിയൊന്നും ലഭിക്കാത്തതിൽ, അവർക്കിടയിൽ ചില പിറുപിറുപ്പുമുണ്ടായി. നബി (സ) അവരെ വിളിച്ചുകൂട്ടി അവർക്കു ഉപദേശങ്ങൾ നൽകുകയും, ഈ പ്രാവശ്യത്തെ ഗനീമത്തു മുൻപതിവിനു വ്യത്യസ്ഥമായി വിനിയോഗിച്ചതിലടങ്ങിയ തത്വം അവരെ മനസ്സിലാക്കുകയും ചെയ്തു. 'ജനങ്ങൾ ആടുമാടുകളും കൊണ്ടുപോകുമ്പോൾ, നിങ്ങൾ അല്ലാഹുവിന്റെ റസൂലിനെയും കൊണ്ടു (തിരിച്ചു) പോകുന്നതിനു നിങ്ങൾ ഇഷ്ടപ്പെടുന്നില്ലേ?!' എന്നു തിരുമേനി അവരോടു ചോദിച്ചു. അവർ വളരെ തൃപ്തിപ്പെട്ടുവെന്നു മാത്രമല്ല, ഈ ചോദ്യം അവരിൽ ഉണ്ടാക്കിയ സന്തോഷാധിക്യം കൊണ്ട് അവർ കരയുകയും ചെയ്തു. കുറച്ചു ദിവസങ്ങൾക്കു ശേഷം, ഹവാസിൻ ഗോത്രത്തിന്റെ ഒരു നിവേദക സംഘം നബി (സ) യുടെ സന്നിധിയിൽ വന്നു ഇസ്‌ലാമിനെ അംഗീകരിക്കുകയും, ആറായിരത്തോളം വരുന്ന തങ്ങളുടെ സ്ത്രീകളെയും കുട്ടികളെയും വിട്ടുകൊടുക്കുവാൻ അപേക്ഷിക്കുകയും ചെയ്തു. അവർ പലർക്കുമായി ഭാഗിക്കപ്പെട്ടു കഴിഞ്ഞിരുന്നതുകൊണ്ട് അവരെ വിട്ടുകൊടുക്കുവാൻ നബി (സ) ജനങ്ങളോടു ശുപാർശ ചെയ്തു. അതിനെത്തുടർന്നു എല്ലാവരും വിട്ടുകൊടുക്കുകയും ചെയ്തു.

ഇതാണു ഹുനൈൻ യുദ്ധത്തിന്റെ ചുരുക്കം. ഇതിൽ നിന്നു 25, 26 വചനങ്ങളിലെ പരാമർശങ്ങളെപ്പറ്റി കൂടുതൽ മനസ്സിലാക്കാമല്ലോ. നിങ്ങൾ കണ്ടിട്ടില്ലാത്ത സൈന്യങ്ങൾ (جنودا لم تروها) കൊണ്ടുദ്ദേശ്യം മലക്കുകളാണെന്നുള്ളതിൽ—റാസീ (റ) പ്രസ്താവിച്ചതുപോലെ—ഖുർആൻ വ്യാഖ്യാതാക്കൾക്കിടയിൽ ഭിന്നാഭിപ്രായമില്ല. പക്ഷേ, ബദ്‌റിൽ ഇറക്കപ്പെട്ട മലക്കുകളുടെ എണ്ണത്തെക്കുറിച്ചും മറ്റും സൂ: ആലുഇംറാനിൽ പ്രസ്താവിച്ചതുപോലെ, ഇവിടെ അവരെക്കുറിച്ചു പ്രത്യേകമൊന്നും അല്ലാഹു പ്രസ്താവിച്ചിട്ടില്ല. 27-ം വചനത്തിൽ അല്ലാഹു ഉദ്ദേശിക്കുന്നവരുടെ പശ്ചാത്താപം അതിനുശേഷം അവൻ സ്വീകരിക്കും (ثم يتوب الله من بعد ذلك...) എന്നു പറഞ്ഞതിന്റെ ചു

(*) മലക്കുകൾക്കു യുദ്ധത്തിൽ ഉണ്ടാകുന്ന പങ്കിനെപ്പറ്റി കഴിഞ്ഞ സൂറത്തിലും അതിനു മുമ്പും വിവരിച്ചിട്ടുണ്ട്.

ൽച്ച, ഹുനൈൻ സംഭവത്തെത്തുടർന്നു വളരെയേറെ ആളുകൾ ഇസ്‌ലാമിലേക്കു പ്രവേശിക്കുകയുണ്ടായതിൽനിന്നു വ്യക്തമായല്ലോ.

٢٨- يَا أَيُّهَا الَّذِينَ آمَنُوا إِنَّمَا الْمُشْرِكُونَ
نَجَسٌ فَلَا يَقْرَبُوا
الْمَسْجِدَ الْحَرَامَ بَعْدَ عَامِهِمْ هَذَا وَإِنْ
خِفْتُمْ عَيْلَةً فَسَوْفَ يُغْنِيكُمُ اللَّهُ مِن
فَضْلِهِ إِن شَاءَ إِنَّ اللَّهَ عَلِيمٌ حَكِيمٌ ۝

28. ഹേ, വിശ്വസിച്ചവരേ, നിശ്ചയമായും, മുശ്‌രിക്കുകൾ അശുദ്ധർ തന്നെയാകുന്നു. അതിനാൽ, അവരുടെ ഈ കൊല്ലത്തിനു ശേഷം അവർ 'മസ്ജിദുൽ ഹറാമി'നെ [പാവനമായ പള്ളിയെ] സമീപിക്കരുത്. നിങ്ങൾ വല്ല ഞെരുക്കവും [ദാരിദ്ര്യവും] ഭയപ്പെടുന്ന പക്ഷം, അല്ലാഹു അവന്റെ അനുഗ്രഹത്താൽ വഴിയെ നിങ്ങളെ ധന്യരാക്കുന്നതാണ്, അവൻ ഉദ്ദേശിച്ചെങ്കിൽ. നിശ്ചയമായും അല്ലാഹു, (എല്ലാം) അറിയുന്നവനും അഗാധജ്ഞനുമാകുന്നു.

---

28. يَا أَيُّهَا ഹേ, ഓ الَّذِينَ آمَنُوا വിശ്വസിച്ചവരേ إِنَّمَا നിശ്ചയമായും (തന്നെ—മാത്രം) الْمُشْرِكُونَ മുശ്‌രിക്കുകൾ نَجَسٌ മലിനം, വൃത്തികെട്ട, അശുദ്ധം (അശുദ്ധർ—വൃത്തികെട്ടവർ—മ്ലേച്ഛം) തന്നെ (മാത്രമാണ്) فَلَا يَقْرَبُوا അതിനാൽ അവർ സമീപിക്കരുത് الْمَسْجِدَ الْحَرَامَ മസ്ജിദുൽ ഹറാമിനെ بَعْدَ ശേഷം, പിറകെ عَامِهِمْ هَذَا അവരുടെ ഈ കൊല്ലത്തിന്റെ وَإِنْ خِفْتُمْ നിങ്ങൾ ഭയപ്പെടുന്നപക്ഷം, പേടിച്ചെങ്കിൽ عَيْلَةً വല്ല ഞെരുക്കവും, ദാരിദ്ര്യവും فَسَوْفَ എന്നാൽ വഴിയെ, പിറകെ يُغْنِيكُمْ നിങ്ങളെ ധന്യമാക്കും, നിങ്ങൾക്കു ധന്യത നൽകും اللَّهُ അല്ലാഹു مِن فَضْلِهِ അവന്റെ അനുഗ്രഹത്താൽ, ദയവിനാൽ إِن شَاءَ അവൻ ഉദ്ദേശിച്ചെങ്കിൽ إِنَّ اللَّهَ നിശ്ചയമായും അല്ലാഹു عَلِيمٌ അറിയുന്നവനാണ് حَكِيمٌ അഗാധജ്ഞനാണ്

ഒമ്പതാം കൊല്ലത്തിൽ അബൂബക്കർ (റ) ന്റെ നേതൃത്വത്തിൽ മുസ്‌ലിംകൾ ഹജ്ജിനു വന്നപ്പോൾ, അടുത്ത കൊല്ലം മുശ്‌രിക്കുകൾ ഹജ്ജിനു വരരുതെന്നു പ്രഖ്യാപനം ചെയ്യുകയുണ്ടായല്ലോ. ഹജ്ജു കാലത്തു പലദിക്കുകളിൽനിന്നും ആളുകൾ മക്കയിൽ ഹജ്ജിനു സമ്മേളിക്കലും, അതിനെത്തുടർന്നു കുറെ ദിവസങ്ങളോളം കച്ചവട സാധനങ്ങളടക്കം വിവിധ ഉൽപന്നങ്ങളുടെ വലിയ കച്ചവടച്ചന്ത നടക്കലും പതിവുണ്ടായിരുന്നു. മക്കാ നിവാസികളുടെ ഒരു നല്ല വരുമാനമാർഗ്ഗമായിരുന്നു അത്. മേപ്പടി പ്രഖ്യാപനമുണ്ടായപ്പോൾ, തങ്ങളുടെ ആ വരുമാന മാർഗ്ഗം നഷ്ടപ്പെടുമെന്നും, തങ്ങൾക്കു അതുമൂലം ഞെരുക്കവും ദാരിദ്ര്യവും ബാധിച്ചേക്കുമെന്നും പലരും ഭയപ്പെട്ടു. ഇതിനുള്ള മറുപടിയും, മേലിൽ മുശ്‌രിക്കുകൾ കഅ്ബയെ സമീപിക്കുവാൻ പാടില്ലെന്നു കൽപിച്ചതിന്റെ കാരണവും ഈ വചനത്തിൽ വിവരിക്കുന്നു.

മുശ്‌രിക്കുകൾ അശുദ്ധർ തന്നെയാണ് (إنما المشركون نجس) എന്നു പറഞ്ഞതിന്റെ താൽപര്യം അവിശ്വാസികളുടെ ദേഹം 'നജസാ'ണ് (അശുദ്ധമാണ്) എന്നോ, അവരെ തൊട്ടാൽ ശുദ്ധിയാക്കേണമെന്നോ അല്ല. അവരുടെ വിശ്വാസവും, വിചാരവികാരങ്ങളും മ്ലേച്ഛമായതുകൊണ്ട് പവിത്രവും പരിശുദ്ധവുമായ ആ പുണ്യസ്ഥലത്തു അവർക്കു പ്രവേശനം അനുവദിക്കുവാൻ നിവൃത്തിയില്ലെന്നു സാരം. ഭൂരിപക്ഷം പണ്ഡിതൻമാരുടെയും അഭിപ്രായം അതാണ്. വാക്യത്തിന്റെ ബാഹ്യാർത്ഥത്തെ അടിസ്ഥാനമാക്കി അൽപം ചിലർ അവിശ്വാസികളുടെ ദേഹംതന്നെ അശുദ്ധമാണെന്നും, പറയുന്നുണ്ട്. നബി (സ) യുടെ ചര്യയിൽനിന്നും മറ്റും വ്യക്തമാകുന്നതു ഭൂരിപക്ഷാഭിപ്രായമാണ് ശരിയായിട്ടുള്ളതു എന്നാകുന്നു. ചില സന്ദർഭങ്ങളിൽ നബി (സ) അവിശ്വാസികളെ പള്ളിയിൽ പ്രവേശിപ്പിക്കുകയുണ്ടായിട്ടുണ്ട്. വേദക്കാരായ അവിശ്വാസികളുടെ ഭക്ഷണം മുസ്‌ലിംകൾക്കു അനുവദനീയമാക്കപ്പെട്ടിട്ടുമുണ്ട്.

'അവർ മസ്ജിദുൽ ഹറാമിൽ പ്രവേശിക്കരുതു' എന്നോ മറ്റോ പറയാതെ, 'അവർ അതിനെ സമീപിക്കരുത്' (لا يقربوا المسجد الحرام) എന്നാണു അല്ലാഹു പറഞ്ഞത്. അതിന്റെ സാമീപ്യംപോലും ഉപേക്ഷിക്കണമെന്നാണല്ലോ ഇതിന്റെ അർത്ഥം. അതുകൊണ്ടു കഅ്ബയുടെ പരിസരപ്രദേശങ്ങളായ ഹറമിലും അവർക്കു പ്രവേശനമില്ല-

അബൂബക്ർ (റ)ന്റെയും, അലി (റ)ന്റെയും വിളംബരത്തിൽ, മേലിൽ അവർ ഹജ്ജ് ചെയ്യരുതെന്നും, നഗ്നരായിക്കൊണ്ടു ത്വവാഫു ചെയ്യരുതെന്നുമായിരുന്നു പ്രഖ്യാപിച്ചിരുന്നത്. ഈ വചനം മുഖേന അവരുടെ പ്രവേശനം പാടെ തടയപ്പെട്ടിരിക്കുകയാണ്. ഈ നിയമം മൂലം മേൽസൂചിപ്പിച്ചതുപോലെയുള്ള ധനാഗമമാർഗ്ഗം നഷ്ടപ്പെട്ടു മക്കക്കാർക്കു ദാരിദ്ര്യവും ബുദ്ധിമുട്ടും നേരിട്ടേക്കുമെന്ന് ഭയപ്പെടേണ്ടതില്ല, അവക്ക് വേറെ മാർഗ്ഗം അല്ലാഹു ഉണ്ടാക്കിത്തരും എന്നത്രെ وَإِنْ خِفْتُمْ عَيْلَةً (നിങ്ങൾ വല്ല ഞെരുക്കത്തെയും ഭയപ്പെടുന്നപക്ഷം, അല്ലാഹു നിങ്ങൾക്ക് വഴിയെ ധന്യത നൽകുന്നതാണ്) എന്നവാക്യത്തിൽ അറിയിക്കുന്നത്. ഈ വാഗ്ദത്തം അല്ലാഹു നിറവേറ്റുകയും ചെയ്തിട്ടുണ്ട്. മക്കയിലേക്കു കൃഷിയുൽപന്നങ്ങളും, കായ്കനികളും ഇറക്കുമതി ചെയ്യപ്പെട്ടിരുന്ന ത്വാഇഫ് തുടങ്ങിയ സ്ഥലങ്ങളെല്ലാം അടുത്ത കാലത്തുതന്നെ ഇസ്ലാമിന്റെ നാടുകളായി മാറി. ഒരു കാർഷിക പ്രദേശമായ യമനും ഇസ്ലാമിന്റെ നാടായിത്തീർന്നു. അങ്ങനെ, ചുറ്റുപുറങ്ങളിലുള്ളവരെല്ലാം തമ്മിൽ ആഭ്യന്തര സമാധാനത്തിലും സമ്പർക്കത്തിലുമായിത്തീരുകയും, ജീവിതമാർഗ്ഗങ്ങൾ പൂർവ്വാധികം വർദ്ധിക്കുകയും ചെയ്തു.

ഈ വചനത്തിന്റെയും, കഴിഞ്ഞ 17, 18 വചനങ്ങൾ, അൽബഖറ 114-ാം വചനം മുതലായവയുടെയും മറ്റു തെളിവുകളുടെയും അടിസ്ഥാനത്തിൽ, മസ്ജിദുൽ ഹറാമിലും, മറ്റു മുസ്ലിം പള്ളികളിലും അമുസ്ലിംകൾ പ്രവേശിക്കുന്നതു സംബന്ധിച്ച നിയമപരമായ വിശദീകരണങ്ങളിൽ പണ്ഡിതൻമാർക്കിടയിൽ വ്യത്യസ്തമായ വീക്ഷണങ്ങളും അഭിപ്രായങ്ങളും കാണാം. അവയും, അതതിന്റെ ന്യായങ്ങളും തെളിവുകളും ചുരുക്കിയെങ്കിലും വിവരിക്കുന്ന പക്ഷം അതു കുറെ ദീർഘിച്ചു പോകുന്നതുകൊണ്ടും, ഇവിടെ അതിന്റെ സ്ഥാനമല്ലാത്തതുകൊണ്ടും, ആ ഭാഗത്തേക്ക് നാം തിരിയുന്നില്ല. അവയെപ്പറ്റി മൊത്തത്തിലൊരു ധാരണ ഉണ്ടാകത്തക്ക ചില സൂചനകൾ കൊടുത്തേക്കാം: (1) കഅ്ബയുടെ പരിസര പ്രദേശങ്ങളായ ഹറമിൽ അമുസ്ലിംകൾക്കു പ്രവേശനം അനുവദിച്ചുകൂടാ. എന്നാൽ, മുസ്ലിംകളുമായി സഖ്യരോ, സന്ധിയായ നിലയിലുള്ളവരോ, അമുസ്ലിംകളുടെ പ്രാതിനിധ്യം വഹിച്ചുകൊണ്ടു പ്രത്യേകാവശ്യാർത്ഥം വരുന്ന ദൂതൻമാരോ ആണെങ്കിൽ ഭരണാധികാരിക്കു അവരെ പ്രവേശിക്കുവാൻ അനുവദിക്കാമെന്നു ചില പണ്ഡിതൻമാർക്കു അഭിപ്രായമുണ്ട്. എന്നാലും, ആവശ്യമായ സമയത്തിൽ കവിഞ്ഞു അവരെ അവിടെ താമസിക്കുവാൻ അനുവദിച്ചുകൂടാത്തതാകുന്നു. (2) ഹറമിനു പുറത്തുള്ള ഹിജാസിൽ അവർക്കു പ്രവേശനം അനുവദിക്കാം. സ്ഥിരവാസത്തിനു അനുവദിച്ചുകൂടാ. (3) പള്ളികളിൽ മുസ്ലിംകളുടെ സമ്മതപ്രകാരം പ്രവേശിക്കാം. സമ്മതം കൂടാതെ പ്രവേശിച്ചുകൂടാ. സദുദ്ദേശ്യപൂർവ്വമല്ലാത്ത ആവശ്യങ്ങൾക്ക് സമ്മതം നൽകുവാനും പാടില്ല.

ഈമാനിന്റെയും തൗഹീദിന്റെയും (സത്യവിശ്വാസത്തിന്റെയും ഏകദൈവ വിശ്വാസത്തിന്റെയും) ചിഹ്നങ്ങളും കേന്ദ്രങ്ങളുമാണു പള്ളികൾ. മസ്ജിദുൽ ഹറാമാകട്ടെ, ആ കേന്ദ്രങ്ങളുടെയെല്ലാം കേന്ദ്രസ്ഥാനവുമാണ്. എന്നിരിക്കെ, അതിനു കടകവിരുദ്ധമായ വിശ്വാസാചാരങ്ങൾ സ്വീകരിക്കുകയും, അതിന്നെതിരിൽ വർത്തിക്കുകയും ചെയ്യുന്നവർക്കു അവിടങ്ങളിൽ പ്രവേശനത്തിനും സ്വൈരവിഹാരത്തിനും അനുവദിക്കുന്നതു നീതിയുക്തമല്ലല്ലോ. അതു ക്രമേണ അവയുടെ പവിത്രതക്കും, അവയുടെ മൗലികലക്ഷ്യങ്ങൾക്കും ആപത്തായി പരിണമിക്കുകയും ചെയ്യും. അതാണ് നിരോധത്തിലടങ്ങിയ യുക്തിതത്വം.

സൂറത്തിന്റെ ആരംഭം തൊട്ട് ഇതുവരെയുള്ള പരാമർശങ്ങൾ മുശ്രിക്കുകളെ സംബന്ധിച്ചായിരുന്നു. അടുത്ത വചനം മുതൽ അഞ്ചാറു വചനങ്ങളിൽ വേദക്കാരെ സംബന്ധിക്കുന്ന പ്രസ്താവനകളാകുന്നു. അല്ലാഹു പറയുന്നു:—

٢٩- قَاتِلُوا الَّذِينَ لَا يُؤْمِنُونَ بِاللَّهِ وَلَا بِالْيَوْمِ الْآخِرِ وَلَا يُحَرِّمُونَ مَا حَرَّمَ اللَّهُ وَرَسُولُهُ وَلَا يَدِينُونَ دِينَ الْحَقِّ مِنَ الَّذِينَ أُوتُوا الْكِتَابَ

29. യാതൊരു കൂട്ടരോടു നിങ്ങൾ യുദ്ധം ചെയ്തുകൊള്ളുവിൻ: അല്ലാഹുവിലാകട്ടെ, അന്ത്യനാളിലാകട്ടെ, അവർ വിശ്വസിക്കുന്നില്ല; അല്ലാഹുവും, അവന്റെ റസൂലും നിഷിദ്ധമാക്കിയതിനെ അവർ നിഷിദ്ധമാ (യി സ്വീകരി) ക്കുന്നുമില്ല; യഥാർത്ഥ മതത്തെ അവർ (മതമായി) ആചരിക്കുന്നുമില്ല; (അതെ,) വേദഗ്രന്ഥം നൽകപ്പെട്ടവരിൽ നിന്നു (ഇങ്ങിനെയുള്ളവരോടു യുദ്ധം ചെയ്തുകൊള്ളുവിൻ);

حَتَّىٰ يُعْطُوا الْجِزْيَةَ عَن يَدٍ وَهُمْ صَاغِرُونَ ۝ ع

അവർ നിസ്സാരൻമാരായി (കീഴടങ്ങി)ക്കൊണ്ട് കയ്യോടെ (അഥവാ കഴിവനുസരിച്ച്) കപ്പം കൊടുക്കുന്നതുവരെ.

---

29. قَاتِلُوا യുദ്ധം ചെയ്തുകൊള്ളുവിൻ الَّذِينَ യാതൊരുവരോടു لَا يُؤْمِنُونَ അവർ വിശ്വസിക്കുന്നില്ല, വിശ്വസിക്കാത്ത بِاللَّهِ അല്ലാഹുവിൽ وَلَا بِالْيَوْمِ ദിവസത്തിലുമില്ല (ഇല്ലാത്ത) الْآخِرِ അവസാന, അന്ത്യ وَلَا يُحَرِّمُونَ അവർ നിഷിദ്ധമാക്കുന്നുമില്ല, നിഷിദ്ധമാക്കാത്ത مَا حَرَّمَ നിഷിദ്ധമാക്കിയതിനെ اللَّهُ وَرَسُولُهُ അല്ലാഹുവും അവന്റെ റസൂലും وَلَا يَدِينُونَ അവർ ആചരിക്കുന്നുമില്ല, മതമായി സ്വീകരിക്കുന്നുമില്ലാത്ത دِينَ الْحَقِّ യഥാർത്ഥ മതത്തെ, സത്യമതാചാരം مِنَ الَّذِينَ യാതൊരുവരിൽനിന്ന് أُوتُوا الْكِتَابَ (വേദ) ഗ്രന്ഥം നൽകപ്പെട്ട حَتَّىٰ يُعْطُوا അവർ കൊടുക്കുന്നതുവരെ الْجِزْيَةَ കപ്പം, രണ നികുതി عَن يَدٍ കയ്യോടെ, കയ്ക്കല്, കഴിവോടെ, കഴിവനുസരിച്ച് وَهُمْ അവർ ആയിരിക്കെ صَاغِرُونَ ചെറുതായവർ, നിസ്സാരൻമാർ, നിന്ദ്യർ

വേദഗ്രന്ഥം നൽകപ്പെട്ടവരിൽനിന്നു അല്ലാഹുവിലും, അന്ത്യദിനത്തിലും വിശ്വസിക്കാതെയും, അല്ലാഹുവും അവന്റെ റസൂലും നിഷിദ്ധമാക്കിയ കാര്യത്തെ നിഷിദ്ധമാക്കാതെയും, യഥാർത്ഥ (സത്യ)മതത്തെ മതമായി ആചരിക്കാതെയും ഇരിക്കുന്നവരോടു–അവർ നിസ്സാരൻമാരായി (കീഴടങ്ങി)ക്കൊണ്ടു കയ്യോടെ അഥവാ കഴിവനുസരിച്ചു–കപ്പം കൊടുക്കുന്നതുവരെ നിങ്ങൾ യുദ്ധം ചെയ്തുകൊള്ളുവിൻ എന്നത്രെ അല്ലാഹു ഈ വചനത്തിൽ അറിയിക്കുന്നത്.

യഹൂദികളുടെ വിശ്വാസ വഞ്ചനയും, സന്ധി ലംഘനവും നിമിത്തം അവരുമായി ഏറ്റുമുട്ടലും യുദ്ധവും മുമ്പുണ്ടായിട്ടുണ്ടെങ്കിലും വേദക്കാരോടു യുദ്ധം ചെയ്തുകൊള്ളുവാനുള്ള കൽപന അവതരിക്കുന്നതു ഈ വചനം മുഖേനയാകുന്നു. ഇങ്ങോട്ടു യുദ്ധം ചെയ്യുകയോ, ഇസ്‌ലാമിനെതിരെ അക്രമ മർദ്ദനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയോ ചെയ്യുന്നവരോടല്ലാതെ–സൗഹൃദത്തിലും സമാധാനത്തിലും വർത്തിക്കുന്നവരോടു യുദ്ധം ചെയ്‌വാൻ ഇസ്‌ലാമിൽ അനുവാദമില്ല. (2: 190 മുതലായ സ്ഥലങ്ങൾ നോക്കുക.) യഹൂദികളുമായുണ്ടായ ഏറ്റുമുട്ടലുകളെത്തുടർന്നു അവരെക്കൊണ്ടുള്ള ശല്യം ഇപ്പോൾ ഇല്ലാതായിട്ടുണ്ട്. മക്കാവിജയം, ഹുനൈൻ, ത്വാഇഫ് എന്നീ യുദ്ധങ്ങളോടുകൂടി മുശ്‌രിക്കുകളെക്കൊണ്ടുള്ള ശല്യം മിക്കവാറും തീർന്നും പോയിരിക്കുന്നു. ക്രിസ്ത്യാനികളുമായി ഇതുവരെ കാര്യമായ സംഘട്ടനങ്ങളൊന്നും ഉണ്ടായിട്ടില്ല. പക്ഷെ, ശാമിൽ അന്നു ക്രിസ്ത്യാനികളുടെ മേൽക്കോയ്മ നടത്തിയിരുന്ന റോമക്കാർ ഇസ്‌ലാമിനു നേരെ ആക്രമണം നടത്തുവാൻ ഒരുക്കം കൂട്ടിക്കൊണ്ടിരിക്കുന്നുണ്ടായിരുന്നു. ഈ സന്ദർഭത്തിലാണു ഈ കൽപന അവതരിക്കുന്നത്. പ്രസ്തുത വിവരം കിട്ടിയപ്പോഴാണു താഴെ വചനങ്ങളിൽ കാണുന്ന പ്രകാരം നബി (സ) തബൂക്കിലേക്കു പടയെടുത്തതും. ആ പടയെടുപ്പിനുള്ള ഒരു മുഖവുരയായിട്ടാണു ഈ വചനം നിലകൊള്ളുന്നത്.

വേദക്കാരോടു യുദ്ധം ചെയ്‌വാൻ കൽപിക്കുവാൻ അവരിൽ നിലവിലുള്ള കുറ്റങ്ങൾ കൂടി ഈ വചനത്തിൽ ചൂണ്ടിക്കാട്ടിയിരിക്കുന്നു. (1) അവർ അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്നില്ല. വേദക്കാർ നിരീശ്വരവാദികളോ ഭൗതികവാദികളോ ആയതുകൊണ്ടല്ല ഇത്. പക്ഷേ, ശിർക്കും കുഫ്‌റും കലർന്നുകൊണ്ടുള്ള വിശ്വാസമേ അവർക്കുള്ളൂ എന്നത്രെ ഉദ്ദേശ്യം. (2) അല്ലാഹുവും റസൂലും നിഷിദ്ധമാക്കിയ കാര്യങ്ങളെ അവർ നിഷിദ്ധമായി അംഗീകരിക്കുന്നില്ല. അതായതു, അവരുടെ വേദഗ്രന്ഥവും അവരുടെ പ്രവാചകനും മുഖേന അവർക്ക് നിഷിദ്ധമാക്കപ്പെട്ട കാര്യങ്ങളാകട്ടെ, ഖുർആനും നബി (സ) തിരുമേനിയും മുഖേന വിരോധിക്കപ്പെട്ട കാര്യങ്ങളാകട്ടെ അവർ നിഷിദ്ധമായി ഗണിക്കുന്നില്ല. അവരുടെ മതപുരോഹിതൻമാരും പണ്ഡിതൻമാരും അവർക്കു നിഷിദ്ധമായി വിധിക്കുന്ന കാര്യങ്ങൾ മാത്രമേ അവർ തങ്ങൾക്കു നിഷിദ്ധമായി കരുതുന്നുള്ളു. (3) അവർ യഥാർത്ഥ മതത്തെ മതമായി ആചരിക്കുന്നില്ല. അല്ലാഹുവിന്റെ പക്കൽ സ്വീകാര്യമായ മതം ഇസ്‌ലാമാകുന്ന ഏക മതമാണല്ലോ. യഥാർത്ഥ ഇസ്‌ലാംമതമായിരുന്നു അവർ ആചരിച്ചു വരുന്ന മതം. എന്നാൽ വിശ്വാസാചാരങ്ങളാൽ മലിനമാണു അവർ ആചരിച്ചു വരുന്ന ഇസ്‌ലാമിന്റെ അടിത്തറക്കു പോലും വിരുദ്ധമായ വിശ്വാസാചാരങ്ങളാൽ–അഥവാ അതിനവർ തയ്യാറാവുകയാണെങ്കിൽ–നബി (സ) തിരുമേനിയിൽ ഏറ്റവും ആദ്യം വിശ്വസിക്കേണ്ടതു അവരായിരുന്നുവല്ലോ. എല്ലാ പ്രവാചകൻമാരും പ്രബോധനം ചെയ്ത മതം ഇസ്‌ലാമാണെന്നിരിക്കെ, ചില പ്രവാചകൻമാരിൽ വിശ്വസിക്കുകയും, ചില പ്രവാചകൻമാരെ–അന്ത്യപ്രവാചകനെ വിശേഷിച്ചും–നിഷേധിക്കുകയും ചെയ്‌വാൻ നിവൃത്തിയില്ലതാനും. സത്യമാർഗ്ഗത്തിൽ നിന്ന് വേദക്കാർ വ്യതിചലിച്ചു പോകുവാനുള്ള മൂല കാരണങ്ങൾ അടുത്ത വചനങ്ങളിൽ കാണാവുന്നതാണ്.

വേദക്കാർ മുസ്‌ലിംകൾക്കു കപ്പം കൊടുപ്പാൻ തയ്യാറായാൽ അവരോടു യുദ്ധം ചെയ്തുകൂടാ എന്നാണു حَتَّىٰ يُعْطُوا الْجِزْيَةَ (അവർ കപ്പം കൊടുക്കുന്നതുവരെ) എന്ന വാക്യം അറിയിക്കുന്നത്. ഹജർ (هجر) എന്ന സ്ഥലത്തെ 'മജൂസി'കളിൽ (അഗ്നിയാരാധകൻമാരിൽ) നിന്നു നബി (സ) കപ്പം സ്വീകരിച്ചതായും, അവരോടും വേദക്കാരോടു സ്വീകരിക്കപ്പെടുന്ന നടപടി സ്വീകരിക്കേണ്ടതാണെന്നു നബി (സ) പറഞ്ഞതായും ഹദീസിൽ വന്നിരിക്കുന്നു. അതുകൊണ്ടു വേദക്കാരായ യഹൂദികളിൽനിന്നും, ക്രിസ്ത്യാനികളിൽ നിന്നും, മജൂസികളിൽ നിന്നും കപ്പം സ്വീകരിക്കാമെന്നുള്ളതിൽ പണ്ഡിതൻമാർക്കിടയിൽ പറയത്തക്ക അഭിപ്രായവ്യത്യാസമൊന്നുമില്ല. മുശ്‌രിക്കുകളിൽനിന്നും, മറ്റുള്ള അവിശ്വാസികളിൽനിന്നും കപ്പം വാങ്ങാമോ എന്നുള്ളതിൽ പണ്ഡിതൻമാർക്കിടയിൽ ഭിന്നപക്ഷമാണുള്ളത്. ആയിശ (റ) യിൽനിന്നു ബുറൈദ (റ) ഉദ്ധരിച്ചതും മുസ്‌ലിം (റ) രേഖപ്പെടുത്തിയതുമായ ഒരു ഹദീസിൽ, നബി (സ) സൈന്യങ്ങളെ അയക്കുമ്പോൾ, അവരുടെ നായകൻമാർക്കു നൽകുന്ന ഉപദേശങ്ങളിൽ ഒന്നുകിൽ ശത്രുക്കൾ ഇസ്‌ലാമിനെ സ്വീകരിക്കുക, അല്ലെങ്കിൽ കപ്പം നൽകുക, രണ്ടും ചെയ്യാത്തപക്ഷം യുദ്ധം ചെയ്യുക എന്നു പറഞ്ഞതായി കാണാം. ഇതിനെ ആസ്പദമാക്കി എല്ലാ അവിശ്വാസികളിൽനിന്നും കപ്പം സ്വീകരിക്കാമെന്നാണ് ഒരു വിഭാഗത്തിന്റെ അഭിപ്രായം. വിശദീകരണത്തിന്റെ സ്ഥാനം ഫിഖ്ഹു ഗ്രന്ഥങ്ങളത്രെ.

ഒരുതരം തല നികുതിയാണു കപ്പം (جزية). കപ്പം നൽകുവാൻ നിശ്ചയിക്കുന്നതോടുകൂടി അവരുടെ രക്ഷാഭാരവും, സംരക്ഷണത്തിന്റെ ചുമതലയും മുസ്‌ലിംകളുടെ മേൽ ബാധിക്കുന്നു. ഇതിന്റെ പേരിൽ ഈടാക്കപ്പെടുന്ന ഒരു തുച്ഛമായ സംഖ്യമാത്രമാണത്. നബി (സ) യും, ആദ്യകാല ഖലീഫമാരും (ഖുലഫാഉ-ർ-റാശിദീനും) വേദക്കാരിൽനിന്നു ഈടാക്കിയിരുന്ന കപ്പങ്ങളുടെ തോത് പരിശോധിച്ചാൽ ഏറെക്കുറെ ഒരു സാധാരണക്കാരന്റെ മേൽ കൊല്ലത്തിൽ പന്ത്രണ്ടു ദിർഹം (വെള്ളിപ്പണം) മാത്രമായിരുന്നു (*) കപ്പം ചുമത്തപ്പെട്ടിരുന്നത്. ധനികന്മാരുടെ പേരിൽ അൽപം കൂടുതൽ ചുമത്തപ്പെട്ടെന്നുംവരും. പലപ്പോഴും നാണയത്തിനു പകരം അതതു സ്ഥലങ്ങളിലെ ഉൽപ്പന്നങ്ങളായി അതുകൊടുത്തു തീർക്കുവാനുള്ള വ്യവസ്ഥയും ഉണ്ടായിരിക്കും. കപ്പം കൊടുത്തു കഴിയുന്നവർ 'ദിമ്മികൾ' (أهل الذمة) അഥവാ മുസ്‌ലിംകളാൽ ഉത്തരവാദിത്വം ഏൽക്കപ്പെട്ടവർ എന്ന പേരിൽ അറിയപ്പെടുന്നു. ഇവരെപ്പറ്റി മുസ്‌ലിംകൾക്കുള്ള ഉത്തരവാദിത്വം എത്രത്തോളമുണ്ടെന്നു അനുമാനിക്കാൻ നബി (സ) യുടെ ഒരേ ഒരു ഹദീസു മതിയാകുന്നതാണ്. ഇബ്നു ഉമർ (റ) ഉദ്ധരിച്ച ആ നബി വചനം ഇതാകുന്നു: 'സമാധാന ഉടമ്പടി ചെയ്ത ഒരാളെ ആരെങ്കിലും കൊലപ്പെടുത്തിയാൽ അവനു സ്വർഗ്ഗത്തിന്റെ വാസന ലഭിക്കുകയില്ല. അതിന്റെ വാസനയാകട്ടെ, നാൽപതു കൊല്ലത്തെ ദൂരത്തു നിന്നുണ്ടാകുന്നതുമാകുന്നു.' (ബു.) അതോടു കൂടി, അവരുടെ ആചാരങ്ങളിലും, വിശ്വാസ സിദ്ധാന്തങ്ങളിലും അവർ തികച്ചും സ്വാതന്ത്ര്യമായിരിക്കും.

കപ്പം നൽകുന്നതിനെപ്പറ്റി രണ്ടു ഉപാധികൾ അല്ലാഹു എടുത്തുകാണിച്ചിരിക്കുന്നു. (1) عَن يَدٍ (കയ്യാലെ) എന്നും (2) وَهُمْ صَاغِرُونَ (അവർ നിസ്സാരൻമാരായിക്കൊണ്ടു) എന്നും. يد (യദുൻ) എന്ന വാക്കിനു സാക്ഷാൽ അർത്ഥം 'കൈ' എന്നാണെങ്കിലും 'കഴിവു, അനുഗ്രഹം, പങ്ക്, അധികാരം' എന്നിങ്ങിനെയും സന്ദർഭാനുസരിച്ചു അതിനു അർത്ഥങ്ങൾ വരാറുണ്ട്. عن (അൻ) എന്ന അവ്യയവും അതുപോലെ പല അർത്ഥത്തിലും ഉപയോഗിക്കപ്പെടും. അതിനാൽ ഒന്നാമത്തെ ഉപാധിയായ عَن يَدٍ (അൻയദിൻ) എന്ന വാക്കിനു 'കഴിവനുസരിച്ചു, റൊക്കമായ്ക്കൊണ്ടു, കീഴൊതുങ്ങിക്കൊണ്ടു, ഒരു മുടക്കം കൂടാതെ, (മുസ്‌ലിംകളുടെ വക) അനുഗ്രഹമായിട്ടു' എന്നിങ്ങിനെയൊക്കെ അർത്ഥം കൽപിക്കപ്പെട്ടിട്ടുണ്ട്. ഓരോ നിലക്കു എല്ലാ അർത്ഥവും പരിഗണനാർഹമാണെങ്കിലും ആദ്യത്തെ രണ്ടർത്ഥങ്ങളാണു കൂടുതൽ നന്നായിതോന്നുന്നത്. അല്ലാഹുവിനറിയാം. ഒന്നാമത്തെ അർത്ഥപ്രകാരം അവരുടെ കഴിവനുസരിച്ചായിരിക്കണം കപ്പം വാങ്ങുന്നതെന്നും, രണ്ടാമത്തെ അർത്ഥപ്രകാരം അതു കടമായി നിന്നാൽപോരാ— റൊക്കം തന്നെ നൽകണം—എന്നും സാരമായിരിക്കും. صَاغِرُونَ (സ്വാഗിറൂൻ) എന്ന വാക്കിനു പദാർത്ഥം 'ചെറുതായവർ' എന്നാണെങ്കിലും 'നിസ്സാരൻമാർ, കീഴൊതുങ്ങിയവർ നിന്ദ്യൻമാർ' എന്നൊക്കെയുള്ള ഉദ്ദേശ്യത്തിൽ അത് ഉപയോഗിക്കപ്പെടുന്നു. ഈ ഉദ്ദേശ്യാർത്ഥങ്ങളെ അടിസ്ഥാനമാക്കിക്കൊണ്ടുള്ള ചില വിശദാംശങ്ങളിലും പണ്ഡിതൻമാർക്കിടയിൽ അഭിപ്രായവ്യത്യാസങ്ങൾ കാണാം. സാമാന്യമായിപ്പറഞ്ഞാൽ, കഴിവനുസരിച്ചും, റൊക്കമായും മുസ്‌ലിംകൾക്കു കീഴൊതുങ്ങിക്കൊണ്ടും, ഇസ്‌ലാമിക ഭരണത്തിനു വഴങ്ങിക്കൊണ്ടുമായിരിക്കണം കപ്പം കൊടുക്കുന്നതു എന്നു ചുരുക്കം. والله أعلم

(*) ഒരു ദിർഹം— ഏകദേശം 3 ഗ്രാം വെള്ളി.

വിഭാഗം–5

30. യഹൂദികൾ പറയുന്നു: ഉസൈർ അല്ലാഹുവിന്റെ പുത്രനാണ് എന്നു; ക്രിസ്ത്യാനികൾ പറയുന്നു: മസീഹു (ഈസാ) അല്ലാഹുവിന്റെ പുത്രനാണ് എന്നു.

٣٠-وَقَالَتِ الْيَهُودُ عُزَيْرٌ ابْنُ اللَّهِ وَقَالَتِ النَّصَارَى الْمَسِيحُ ابْنُ اللَّهِ

അതു അവരുടെ വായകൊണ്ടു (പറഞ്ഞു വരാറു) ള്ള വാക്കത്രെ. മുമ്പ് അവിശ്വസിച്ചവരുടെ വാക്കിനോടു ഇവർ സാമ്യം പുലർത്തിക്കൊണ്ടിരിക്കുന്നു.

ذَٰلِكَ قَوْلُهُم بِأَفْوَاهِهِمْ يُضَاهِئُونَ قَوْلَ الَّذِينَ كَفَرُوا مِن قَبْلُ

അല്ലാഹു അവരെ നശിപ്പിക്കട്ടെ [ശപിക്കട്ടെ] ! എങ്ങിനെയാണവർ (സത്യത്തിൽ നിന്നു) തെറ്റിക്കപ്പെടുന്നതു (ആശ്ചര്യം) !

قَاتَلَهُمُ اللَّهُ أَنَّىٰ يُؤْفَكُونَ ○

---

30. قَالَتْ പറഞ്ഞു, പറയുന്ന الْيَهُودُ യഹൂദികൾ عُزَيْرٌ ഉസൈർ ابْنُ اللَّهِ അല്ലാഹുവിന്റെ പുത്രനാണു, മകനാണു (എന്നു) قَالَتْ പറഞ്ഞു, പറയുന്നു النَّصَارَى ക്രിസ്ത്യാനി (നസ്വാനി)കൾ الْمَسِيحُ മസീഹു ابْنُ اللَّهِ അല്ലാഹുവിന്റെ പുത്രനാണ (എന്ന) ذَٰلِكَ അതു قَوْلُهُم അവരുടെ വാക്കാണു, അവർ പറയുന്നതാണു بِأَفْوَاهِهِمْ അവരുടെ വായകൾ കൊണ്ടു يُضَاهِئُونَ അവർ അനുകരിക്കുന്ന, സാമ്യം പുലർത്തുന്നു قَوْلَ വാക്കിനെ, പറയുന്നതിനെ الَّذِينَ كَفَرُوا അവിശ്വസിച്ചവരുടെ مِن قَبْلُ മുമ്പു, മുമ്പേ قَاتَلَهُمُ അവരോടു യുദ്ധം ചെയ്യട്ടെ (നശിപ്പിക്കട്ടെ-ശപിക്കട്ടെ) اللَّهُ അല്ലാഹു أَنَّىٰ എങ്ങിനെയാണു, എവിടെ നിന്നാണു يُؤْفَكُونَ അവർ തെറ്റിക്ക (തിരിച്ചുവിട) പ്പെടുന്നതു

വേദക്കാരുടെ പൊതുനിലയെപ്പററി ചിലതെല്ലാം കഴിഞ്ഞ വചനത്തിൽ ചൂണ്ടിക്കാട്ടി. മതത്തിന്റെ അടിത്തറ തന്നെ പൊളിച്ചു കളയുമാറു അവരിൽ ഓരോ വിഭാഗക്കാരും സ്വീകരിച്ചു വരുന്ന വിശ്വാസങ്ങളെയാണു ഈ വചനത്തിൽ ചൂണ്ടിക്കാട്ടുന്നത്. ഉസൈർ (റ) അല്ലാഹുവിന്റെ പുത്രനാണെന്നു യഹൂദികളും, ഈസാ മസീഹു (അ) അല്ലാഹുവിന്റെ പുത്രനാണെന്നു ക്രിസ്ത്യാനികളും വാദിക്കുന്നു. ഈസാ (അ) നബിയെപ്പററി ക്രിസ്ത്യാനികളുടെ ഈ വാദം സുപ്രസിദ്ധമാണ്. ഇതിനെപ്പററി സൂറത്തുൽ മാഇദയിൽവെച്ചും മററും നാം പല വിവരങ്ങളും കാണുകയും ചെയ്തു. എന്നാൽ, ഉസൈർ (അ) നെ കുറിച്ച് യഹൂദികളുടെ ഈ വാദം അത്ര തന്നെ പ്രസിദ്ധമല്ല. താഴെ കാണുന്ന വിവരണത്തിൽ നിന്നു മനസ്സിലാക്കാവുന്നതു പോലെ, ഒരു വിഭാഗം യഹൂദികളുടെ വാദമായിരുന്ന അത്. ക്രമേണ അതവരിൽ പ്രചാരത്തിലായി. ഒരു സമുദായത്തെപ്പററി പൊതുവെ പ്രസ്താവിക്കുമ്പോൾ, അവരിൽ ഒരു വിഭാഗത്തിന്റെ ഗുണദോഷങ്ങളെ സമുദായത്തിന്റെ പൊതുവെയുള്ള ഗുണദോഷങ്ങളെന്ന നിലക്കു പ്രസ്താവിക്കുക പതിവാണല്ലോ. ഈ പതിവു ഖുർആനിലും കാണാം.

വേദക്കാരെന്ന നിലക്കു-അവരെ അററം ദുഷിച്ച ഇത്തരം വിശ്വാസങ്ങളും വാദങ്ങളും ഉണ്ടാകുവാൻ പാടില്ലാത്തതാണ്. പക്ഷേ, വേദഗ്രന്ഥങ്ങളുമായി ബന്ധമില്ലാത്ത അവിശ്വാസികൾ തങ്ങളുടെ മത സിദ്ധാന്തങ്ങളായി മുമ്പേ കെട്ടിയുണ്ടാക്കി സ്വീകരിച്ചു വരുന്ന പല വ്യാജ സിദ്ധാന്തങ്ങളെയും വേദക്കാർ അനുകരിച്ചു വരുന്നുണ്ട്. അവയിലൊന്നാണു അവരുടെ ഈ പുത്രവാദങ്ങളുമെന്നു അല്ലാഹു ചൂണ്ടിക്കാട്ടുന്നു. അറേബ്യയിലെ മുശ്രിക്കുകൾ മലക്കുകൾ അല്ലാഹുവിന്റെ പുത്രിമാരാണെന്നു വാദിച്ചിരുന്നു. ഹിന്ദുക്കൾ ശ്രീകൃഷ്ണനെയും, ബുദ്ധമതക്കാർ ബുദ്ധനെയും ദൈവപുത്രൻമാരായി ഗണിക്കുന്നു. ബഹുദൈവാരാധകരും വിഗ്രഹാരാധകരുമായ മിക്ക വിഭാഗങ്ങളിലും ഇതുപോലെയുള്ള ദൈവ പുത്ര–പുത്രീ വാദങ്ങൾ കാണാം. (*) സത്യത്തിനു കടക വിരുദ്ധ

തമ്മിൽ ഒരു താരതമ്യം നടത്തിക്കൊണ്ടു അൽഉസ്താദ് തൗഫീഖ്

(*) ക്രിസ്തുമതവും ഹിന്ദുമതവും നിന്നു പ്രസിദ്ധീകരിക്കപ്പെടുന്ന 'മജല്ലത്തുൽ– അലി വഹ്ബ: എന്ന പണ്ഡിതൻ, റിയാദിൽ (സൗദിഅറേബ്യ) 16–ാം ലക്കത്തിൽ ഇരുകൂട്ടരുടെയും വിശ്വാസാചാരങ്ങളെ ഹഖ്–ഖ്' (مجلة الحق) എന്ന മാസികയുടെ 6–ാം പുസ്തകം നിരത്തി സംബന്ധിച്ചു അവരുടെ ആധികാരിക ഗ്രന്ഥങ്ങളിൽനിന്നുമാത്രം തെളിവുകൾ ഉദ്ധരണികൾ നിരത്തി ഹിന്ദുമതത്തിന്റെ കൊണ്ട് ഒരു പഠനം നടത്തിക്കാണാം. ഈസാ (അ) ദൈവ പുത്രനാണെന്ന ക്രിസ്തീയ വാദം ഹിന്ദുമതത്തിന്റെ പരിപൂർണ്ണമായ അനുകരണമാണെന്നു അദ്ദേഹം അതിൽ അസന്നിഗ്ദ്ധമായി സ്ഥാപിച്ചിട്ടുണ്ട്.

മായ ഒരു വാദം കെട്ടിയുണ്ടാക്കിയെന്നു മാത്രമല്ല, ദൈവീകത്വവുമായി നാമമാത്രബന്ധം പോലുമില്ലാത്ത അവിശ്വാസികളുടെ വാദങ്ങളെ അവർ അനുകരിക്കുകയും, അതിൽനിന്നു പ്രചോദനം കൊള്ളുകയും ചെയ്യുന്നു. ഇതിൽ അല്ലാഹുവിനു അവരോടുള്ള അമർഷവും കഠിനമായ പ്രതിഷേധവുമാണു അവസാനത്തെ രണ്ടുവാക്യങ്ങളിൽ കാണുന്നത്. قاتل എന്ന പദം 'യുദ്ധം ചെയ്തു' എന്ന അർത്ഥത്തിൽ ഭൂതകാല ക്രിയാ രൂപത്തിലുള്ളതാണെങ്കിലും 'ശപിക്കട്ടെ, നശിക്കട്ടെ' എന്നിങ്ങനെയുള്ള പ്രാർത്ഥനാ രൂപത്തിലാണ്—ആശ്ചര്യവും പ്രതിഷേധവും പ്രകടിപ്പിച്ചുകൊണ്ടുള്ള ഇത്തരം സന്ദർഭങ്ങളിൽ—അതു ഉപയോഗിക്കപ്പെടുന്നത്.

ബൈബ്ളിൽ എസ്രാ എന്ന പേരിലാണു ഉസൈർ (عزير) അറിയപ്പെടുന്നത്. അദ്ദേഹത്തെപ്പറ്റി ചില ബൈബ്ൾ വ്യാഖ്യാന ഗ്രന്ഥങ്ങളിലും, വേദ പുസ്തക ചരിത്രങ്ങളിലും പ്രസ്താവിച്ചു കാണുന്നതിന്റെ രത്നച്ചുരുക്കം ഇതാണു: അദ്ദേഹം യഹൂദികളിലെ വേദ ശാസ്ത്ര വിദഗ്ധനും ഒരു എഴുത്തുകാരനുമായിരുന്നു. ബാബിലോണിയക്കാർ യഹൂദികളെ ആക്രമിച്ചു രാജ്യം നശിപ്പിക്കുകയും, അവരെ ബാബിലോണിയയിലേക്ക് ബന്ധനസ്ഥരാക്കി കൊണ്ടുപോകുകയും ചെയ്തതോടെ, തൗറാത്തിന്റെ വിജ്ഞാനങ്ങൾ അവരിൽ നിന്നു നഷ്ടപ്പെട്ടുപോയി. അദ്ദേഹം തന്റെ ഓർമ്മയിൽനിന്നും മറ്റുമായി അതു വീണ്ടും എഴുതി പുനരുദ്ധരിച്ചു. തൗറാത്തിന്റെ മൂല ഭാഷയായിരുന്ന ഹിബ്രു (عبري) ഭാഷ യഹൂദികളിൽനിന്ന മിക്കവാറും വിസ്മരിക്കപ്പെട്ടു പോയിരുന്നതു നിമിത്തം അൽപം ഹിബ്രുവും കലർത്തികൊണ്ട് ബാബിലോണിയൻ ഭാഷയായ കൽദായ (كلدي) ഭാഷയിലായിരുന്നു അദ്ദേഹം അതെഴുതിയിരുന്നത്. പിന്നീട തൗറാത്തിന്റെ യഥാർത്ഥ പകർപ്പു കണ്ടു കിട്ടിയപ്പോൾ അദ്ദേഹം എഴുതിയുണ്ടാക്കിയിരുന്ന പകർപ്പ ശരി തന്നെയാണെന്ന മനസ്സിലായി. ബൈബ്ളിലെ എസ്രാ, നെഹമ്യാവു, ദിനവൃത്താന്തം എന്നീ ഗ്രന്ഥങ്ങളുടെ രചയിതാവു അദ്ദേഹമാകുന്നു. [*] ബാബിലോണിയയിൽ നിന്നു യഹൂദികളെ മോചിപ്പിച്ചു സ്വദേശമായ യരൂശലേമിൽ (ബൈത്തുൽ മുഖദ്ദസിൽ) തിരിച്ചു കൊണ്ടുവരുവാനും, അവരിൽ നിന്നു നശിച്ചുപോയിരുന്ന വേദവിജ്ഞാനവും മത സംസ്കാരവും പുനർജ്ജീവിപ്പിക്കുവാനും അദ്ദേഹം വമ്പിച്ച പരിശ്രമങ്ങൾ നടത്തി. അതിൽ അദ്ദേഹം വിജയിക്കുകയും ചെയ്തു. ക്രിസ്താബ്ദത്തിനു മുമ്പ് അഞ്ചാം നൂറ്റാണ്ടിലായിരുന്നു അദ്ദേഹത്തിന്റെ കാലം. അദ്ദേഹം യഹൂദി പ്രവാചകൻമാരിൽപെട്ട ഒരു പ്രവാചകനായിരുന്നു. മേൽ പ്രസ്താവിച്ച അദ്ദേഹത്തിന്റെ മഹൽ കൃത്യങ്ങളെയും യോഗ്യതകളെയും മുൻനിറുത്തി യഹൂദികളിൽ ഒരു വിഭാഗം അദ്ദേഹത്തെ ദൈവപുത്രനായി കരുതുകയും വിശ്വസിക്കുകയും ചെയ്തു. [**]

ഇബ്നു ഇസ്ഹാഖ്, ഇബ്നു ജരീർ (റ) മുതലായവർ ഇബ്നു അബ്ബാസ് (റ)ൽ നിന്നുദ്ധരിച്ച ഒരു രിവായത്തിൽ, സലാമുബ്നു മുശ്കം (سلام بن مشكم) തുടങ്ങിയ ചില യഹൂദി പ്രമുഖൻമാർ നബി (സ) യോടു ഇപ്രകാരം പറഞ്ഞതായി വന്നിരിക്കുന്നു: 'താങ്കളെ ഞങ്ങൾ എങ്ങിനെ പിൻപറ്റും?! ഞങ്ങളുടെ ഖിബ്‌ലയെ താങ്കൾ വിട്ടുകളഞ്ഞു. ഉസൈർ അല്ലാഹുവിന്റെ പുത്രനാണെന്നു താങ്കൾ പറയുന്നുമില്ല.' ഈ രിവായത്തിൽനിന്നു ഖുർആൻ അവതരിക്കുന്ന കാലത്തു മദീനയിലെ യഹൂദികൾ ആ വിശ്വാസക്കാരായിരുന്നുവെന്നു മനസ്സിലാക്കാവുന്നതാണ്. വേദക്കാരുടെ വഴിപിഴവുകൾക്കു അടിസ്ഥാനപരമായ മറ്റൊരു കാരണം അടുത്ത വചനത്തിൽ അല്ലാഹു വിവരിക്കുന്നു. പൂർവ്വികരായ അവിശ്വാസികളെ അവർ അനുകരിക്കുകയാണെന്നുള്ളതിനു ഒരു വിശദീകരണം കൂടിയാണതു. അല്ലാഹു പറയുന്നു:—

---

[*] അദ്ദേഹം വേറെയും പല ഗ്രന്ഥങ്ങളും രചിച്ചിട്ടുണ്ടെന്നും, അവയെല്ലാം 'അപ്പോക്രിഫാ' എന്നറിയപ്പെടുന്ന പുറംതള്ളപ്പെട്ട വേദഗ്രന്ഥങ്ങളിൽ ഉൾപെടുത്തപ്പെട്ടിരിക്കുകയാണെന്നും പറയപ്പെടുന്നു. വാസ്തവം അല്ലാഹുവിനറിയാം.

[**] ദൈവ പുത്രനാക്കിയതൊഴിച്ചു ബാക്കിയുള്ള പ്രസ്തുത വിവരണം ഏറെക്കുറെ വേദപുസ്തക നിഘണ്ടുവിലും കാണാം.

31. തങ്ങളുടെ പണ്ഡിതൻമാരെയും, തങ്ങളുടെ പുരോഹിതൻമാരെയും അല്ലാഹുവിനു പുറമെ അവർ റബ്ബുകളാക്കി വെച്ചു. മർയമിന്റെ മകൻ മസീഹിനെയും (റബ്ബാക്കിവെച്ചു).

ഒരേ ഇലാഹിനെ [ആരാധ്യനെ] ആരാധിക്കുവാനല്ലാതെ അവരോടു കൽപിക്കപ്പെട്ടിട്ടില്ല താനും. അവനല്ലാതെ ഒരു ആരാധ്യനേ ഇല്ല. അവർ പങ്കുചേർക്കുന്നതിൽ നിന്നും അവൻ എത്രയോ പരിശുദ്ധൻ!

٣١- اتَّخَذُوا أَحْبَارَهُمْ وَرُهْبَانَهُمْ
أَرْبَابًا مِّن دُونِ اللَّهِ
وَالْمَسِيحَ ابْنَ مَرْيَمَ
وَمَا أُمِرُوا إِلَّا لِيَعْبُدُوا إِلَٰهًا وَاحِدًا
لَّا إِلَٰهَ إِلَّا هُوَ
سُبْحَانَهُ عَمَّا يُشْرِكُونَ ○

---

31. اتخذوا അവർ ആക്കിവെച്ചു, ആക്കിത്തീർത്തു, ഏർപ്പെടുത്തി احبارهم അവരുടെ മതപണ്ഡിതൻമാരെ ورهبانهم അവരുടെ പുരോഹിതൻമാരെയും اربابا റബ്ബുകളാ من دون പുറമെ, കൂടാതെ الله അല്ലാഹുവിനു, അല്ലാഹുവിനെ والمسيح മസീഹിനെയും ابن مريم മർയമിന്റെ മകൻ, പുത്രനായ وما امروا അവർ (അവരോടു) കൽപിക്കപ്പെട്ടിട്ടുമില്ല الا ليعبدوا അവർ ആരാധിക്കുവാനല്ലാതെ الها واحدا ഒരേ (ഏക) ഇലാഹിനെ لا اله ഒരു ആരാധ്യനുമില്ല, ഇലാഹേ ഇല്ല الا هو അവനല്ലാതെ سبحانه അവൻ മഹാ (എത്രയോ) പരിശുദ്ധൻ عما യാതൊന്നിൽനിന്നു يشركون അവർ പങ്കു ചേർക്കുന്ന.

യഹൂദികളിലുള്ള മതപണ്ഡിതൻമാരും വേദശാസ്ത്രികളുമായ ആളുകൾക്കു احبار (അഹ്ബാർ) എന്നും, ക്രിസ്ത്യാനികളിൽ തപസ്സും സന്യാസവും സ്വീകരിച്ചുവരുന്ന പുരോഹിതൻമാർക്കു رهبان (റുഹ്ബാൻ) എന്നും പറയപ്പെടാറുണ്ട്. യഥാർത്ഥം നോക്കുമ്പോൾ എല്ലാ പണ്ഡിതൻമാർക്കും പുരോഹിതൻമാർക്കും പൊതുവെ അവ ഉപയോഗിക്കാവുന്നതുമാകുന്നു. ഇവിടെ, യഹൂദികളും, ക്രിസ്ത്യാനികളുമാകുന്ന വേദക്കാരിലുള്ള പണ്ഡിതൻമാരെയും പുരോഹിതൻമാരെയും അവർ റബ്ബുകളാക്കിയതിനെക്കുറിച്ചത്രെ അല്ലാഹു പ്രസ്താവിക്കുന്നത്. 'അവർ അവരെ റബ്ബുകളാക്കി' എന്നു പറഞ്ഞതു-ഇമാം റാസീ (റ) യും മറ്റും ചൂണ്ടിക്കാട്ടിയതുപോലെ—അവർ അവരെ ദൈവങ്ങളാക്കി അവർക്കു ആരാധന നടത്തിവന്നിരുന്നുവെന്നർത്ഥത്തിലല്ല. താഴെ ഉദ്ധരിക്കുന്ന ഹദീസിൽ നബി (സ) വ്യക്തമാക്കിയതുപോലെ, അവർ അവർക്കു മതനിയമ നിർമ്മാണാധികാരം വകവെച്ചു കൊടുക്കുകയും, അവർ നിർമ്മിക്കുന്ന നിയമങ്ങളെ അവർ തങ്ങളുടെ യഥാർത്ഥ മത നിയമങ്ങളായി അംഗീകരിച്ചു പോരുകയും ചെയ്തുവെന്ന അർത്ഥത്തിലാകുന്നു. വാസ്തവത്തിൽ ഇതിനു പുറമെ, വേദക്കാർ (താഴെ ചൂണ്ടിക്കാട്ടുന്ന പോലെ) അവരുടെ പണ്ഡിത പുരോഹിതൻമാരിൽ ഒരുതരത്തിലുള്ള ദിവ്യത്വം കൽപിച്ചു വരുന്നതായും കാണാവുന്നതാകുന്നു.

ഇമാം അഹ്മദ്, തിർമദീ, ഇബ്നു ജരീർ (റ) എന്നിവർ പല മാർഗ്ഗങ്ങളിലൂടെയും അദിയ്യുബ്നു ഹാതിം ത്വാഈ (عدي بن حاتم الطائي رضـ) യെക്കുറിച്ചു ഇപ്രകാരം നിവേദനം ചെയ്തിരിക്കുന്നു: 'അദ്ദേഹത്തെ ഇസ്ലാമിലേക്കു ക്ഷണിച്ചുകൊണ്ടു നബി (സ) തിരുമേനിയുടെ ക്ഷണം വന്നപ്പോൾ അദ്ദേഹം ശാമിലേക്കു ഓടിപ്പോയി. അദ്ദേഹം ജാഹിലിയ്യത്തിൽ ക്രിസ്തുമതം സ്വീകരിച്ചിരുന്നു. അദ്ദേഹത്തിന്റെ സഹോദരിയും ഗോത്രത്തിൽ പെട്ട കുറെ ആളുകളും ചിറയിലകപ്പെട്ടു. (*) പിന്നീടു അവരെ (സഹോദരിയെ) നബി (സ) ഉദാരപൂർവ്വം വിട്ട

(*) ഹിജ്റ 9-ാം കൊല്ലം റബീഉൽ അവ്വലിൽ ത്വയ്യിഉ് ഗോത്രത്തിന്റെ വിഗ്രഹം നശിപ്പിക്കുവാൻ അലി (റ) യുടെ നേതൃത്വത്തിൽ അയക്കപ്പെട്ട സൈന്യസംഘവുമായി അവിടെയുള്ളവർ ഏറ്റുമുട്ടിയതിനെ തുടർന്നാണ് അവർ ചിറ പിടിക്കപ്പെട്ടത്. അദിയ്യ് (റ) ന്റെ സഹോദരിയുടെ പേര് സിഫാനഃ (റ) എന്നാകുന്നു. മദീനായിൽ വന്ന ശേഷം സിഫാനഃ (റ) യുടെ അപേക്ഷയനുസരിച്ച് മോചനമൂല്യം കൂടാതെ നബി(സ) അവരെ വിട്ടയച്ചു. തിരുമേനിയുടെ ഔദാര്യത്തിൽ ആകൃഷ്ടയായതുകൊണ്ടാണ് അവർ ശാമിലേക്കു പോയതും, അദിയ്യ് (റ)നെ നബി(സ)യുടെ അടുക്കലേക്കു കൂട്ടിക്കൊണ്ടുവരുവാൻ ശ്രമിച്ചതും. രണ്ടുപേരുടെയും പിതാവായ ഹാതിം ത്വാഈ ജാഹിലിയ്യാ കാലത്തു ഔദാര്യത്തിലും, ധർമ്മത്തിലും വളരെയധികം പ്രസിദ്ധി നേടിയ ഒരു മഹാനായിരുന്നു. 'ധർമ്മിഷ്ഠൻ' എന്ന വാക്കിന്റെ പര്യായമായി അറബി സാഹിത്യങ്ങളിൽ 'ഹാതിം' എന്ന വാക്കുപോലും ഉപയോഗിക്കാറുള്ളതു ഇന്നും സാധാരണമാകുന്നു.

[illegible] അടുക്കൽ ചെന്നു. അദ്ദേഹത്തെ ഇസ്‌ലാമിനെ അംഗീകരിക്കുവാൻ [illegible] (സ) [illegible] ക്ഷണിച്ചു. അങ്ങനെ, അദിയ്യ് (റ) മദീനയിൽ വന്നു. ത്വയ്യിഉ് [illegible] ആയിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ വരവിനെപ്പറ്റി ജനങ്ങൾ സംസാരിച്ചു. [illegible] റസൂൽ (സ) തിരുമേനിയുടെ അടുക്കൽ പ്രവേശിക്കുമ്പോൾ തിരുമേനി ഈ (31-ം) വചനം ഓതുന്നു [illegible] അദിയ്യ് (റ) പറയുകയാണ്: 'അവർ അവരെ ആരാധിച്ചിട്ടില്ലല്ലോ! (എന്നിരിക്കെ അവരെ അവർ റബ്ബുകളാക്കി എന്നു പറയുന്നതു എന്തുകൊണ്ടാണ്?)' എന്നു ഞാൻ ചോദിച്ചു. അപ്പോൾ, തിരുമേനി പറഞ്ഞു: 'അതെ, അവർ അവർക്കു ഹലാലിനെ (അനുവദനീയമായതിനെ) ഹറാമാക്കി (നിഷിദ്ധമാക്കി). ഹറാമിനെ ഹലാലാക്കുകയും ചെയ്തു. എന്നിട്ട് അവർ അവരെ പിൻപറ്റി. അതാണ് അവർ അവർക്കു ചെയ്ത ആരാധന'. പിന്നീടു റസൂൽ (സ) അദ്ദേഹത്തോടു ഇങ്ങനെ പറഞ്ഞു: 'അദിയ്യേ, താനെന്തു പറയുന്നു? 'അല്ലാഹു അക്ബർ' (അല്ലാഹു ഏറ്റവും വലിയവൻ) എന്നു പറയുന്നതിനു താങ്കൾക്കു വിരോധമുണ്ടോ? അല്ലാഹുവിനെക്കാൾ വലിയ വല്ല വസ്തുവും താനറിയുമോ? 'ലാഇലാഹ ഇല്ലല്ലാഹു' (അല്ലാഹു അല്ലാതെ ആരാധ്യനേയില്ല) എന്നു പറയുന്നതിനു തനിക്കു വിരോധമുണ്ടോ? അല്ലാഹുവല്ലാതെ വല്ല ഇലാഹിനെയും താങ്കൾക്കറിയാമോ?' പിന്നീടു തിരുമേനി അദ്ദേഹത്തെ ഇസ്‌ലാമിലേക്കു ക്ഷണിച്ചു. അദ്ദേഹം ഇസ്‌ലാമിനെ അംഗീകരിക്കുകയും സത്യ സാക്ഷ്യം വഹിക്കുകയും ചെയ്തു. അദ്ദേഹം പറയുകയാണ്: 'അപ്പോൾ തിരുമേനിയുടെ മുഖം സന്തോഷം പൂണ്ടതായി ഞാൻ കണ്ടു'. പിന്നീടു തിരുമേനി പറഞ്ഞു: 'നിശ്ചയമായും യഹൂദികൾ കോപവിധേയരും (مغضوب عليهم) ക്രിസ്ത്യാനികൾ വഴിപിഴച്ചവരും (ضالين) ആകുന്നു'.

വേദക്കാർ തങ്ങളുടെ പണ്ഡിത പുരോഹിതൻമാരെ റബ്ബുകളാക്കി എന്നു പറഞ്ഞതിന്റെ ഉദ്ദേശ്യം, അല്ലാഹുവിന്റെ നിയമങ്ങൾക്കെതിരായി അവർ നിയമിച്ച നിയമങ്ങളെ മതനിയമങ്ങളായി ഗണിക്കുകയും അനുഷ്ഠിക്കുകയും ചെയ്തുവെന്നതാണെന്നും, ഇതവരെ റബ്ബുകളാക്കലാണെന്നും ഈ ഹദീസിൽനിന്നു സ്പഷ്ടമാണ്. ഖുർആൻ വ്യാഖ്യാതാക്കളും, അല്ലാത്തവരുമായ പല മഹാൻമാരും പറയാറുള്ളതുപോലെ, മുസ്‌ലിം സമുദായം വളരെ ഗൗരവപൂർവ്വം മനസ്സിരുത്തേണ്ടുന്ന ഒരു വിഷയമാണിത്. അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും—അഥവാ ഖുർആന്റെയും സുന്നത്തിന്റെയും—വിധികളെപ്പറ്റി ഗൗനിക്കാതെ, ഏതെങ്കിലും ഇമാമോ, പണ്ഡിതനോ, അല്ലെങ്കിൽ ഒരു പ്രത്യേക വിഭാഗം ആളുകളോ പറയുന്നതുമാത്രം മതവിധിയായി അംഗീകരിക്കലും, അതിനെതിരിൽ തക്കതായ തെളിവു കണ്ടാൽപോലും അതു സ്വീകരിക്കാതിരിക്കലും വേദക്കാരുടെ സമ്പ്രദായമാണെന്നും ഇതു ആ ഇമാമുകളെയും പണ്ഡിതൻമാരെയും റബ്ബുകളാക്കലാണെന്നും ഈ ഹദീസിൽ നിന്നു വ്യക്തമാണ്. ഇന്നു മുസ്‌ലിം സമുദായത്തിലെ ബഹുഭൂരിഭാഗവും ആപൽക്കരമായ ഈ രോഗം ബാധിച്ചവരാണെന്നുള്ളതു അത്യധികം വേദനാജനകമായ ഒരു പരമാർത്ഥമത്രെ. അത്രയുമല്ല, അതിനെപ്പറ്റി ഗുണദോഷിക്കുന്നവരെ പിഴച്ചവരായി മുദ്രകുത്തുകയും ചെയ്യുന്നു! വേദക്കാരെ ചാണിനു ചാണായും മുഴത്തിനു മുഴമായും നിങ്ങൾ പിൻപറ്റുമെന്നു മുസ്‌ലിം സമുദായത്തിനു അല്ലാഹുവിന്റെ റസൂൽ മുന്നറിയിപ്പു നൽകിയിട്ടുള്ളതു പ്രസിദ്ധമാണല്ലോ. അല്ലാഹുവിൽ ശരണം!

വിവരമില്ലാത്ത ആളുകൾ പണ്ഡിതൻമാരോടു മതവിധികൾ അന്വേഷിക്കലും, അതനുസരിക്കലും പാടില്ലെന്നല്ല ഇതിനർത്ഥം. ഇന്നിന്നവർ പറഞ്ഞതേ മതനിയമമായി അംഗീകരിച്ചുകൂടൂ. ഖുർആനിലും സുന്നത്തിലും വ്യക്തമായി പ്രസ്താവിക്കപ്പെട്ടിരുന്നാലും അവർ പറഞ്ഞതിനെതിരിൽ മറൊന്നു സ്വീകാര്യമല്ല എന്നുള്ള നില പാടാണു ആപൽക്കരം. ഇമാം റാസീ (റ) യുടെ വന്ദ്യനായ ഗുരുവര്യൻ (*) അക്കാലത്തു പറഞ്ഞ ചില വാക്കുകൾ അദ്ദേഹം തന്റെ തഫ്‌സീറിൽ ഇവിടെ ഉദ്ധരിച്ചതു കാണുക: 'ഫുഖഹാക്കളെ തഖ്‌ലീദ് ചെയ്യുന്ന (കർമ്മ ശാസ്ത്ര പണ്ഡിതൻമാരുടെ അഭിപ്രായങ്ങളെ അനുകരിക്കുന്ന) വരിൽപെട്ട ഒരു കൂട്ടം ആളുകളെ ഞാൻ കാണുകയുണ്ടായി. ചില പ്രശ്നങ്ങളെ സംബന്ധിച്ചു അല്ലാഹുവിന്റെ കിതാബിൽനിന്നുള്ള പല ആയത്തുകളും ഞാൻ അവരെ ഓതികേൾപ്പിച്ചു. അവരുടെ മദ്ഹബുകൾ (അവർ സ്വീകരിച്ച അഭിപ്രായ ഗതികൾ) ആയത്തുകൾക്കു എതിരായിരുന്നു. അവരതു സ്വീകരിച്ചില്ല. അതിലേക്കു തിരിഞ്ഞുനോക്കിയതുമില്ല. ഞങ്ങളുടെ മുൻഗാമികളിൽനിന്നുള്ള രിവായത്തു ഇതിനു എതിരായിരിക്കെ, ഈ ആയത്തുകളുടെ ബാഹ്യാർത്ഥങ്ങളെ ഞങ്ങൾ എങ്ങിനെ അനുഷ്ഠാനത്തിൽ സ്വീകരിക്കും! എന്നിങ്ങിനെ ഏതാണ്ടൊക്കെ ആശ്ചര്യപ്പെടുകയാണ് അവർ ചെയ്തത്. ശരിക്കു ആലോചിച്ചു നോക്കുന്നപക്ഷം ലോകത്തുള്ള മിക്കവരുടെ ഞരമ്പുകളിലും ഈ രോഗം പടർന്നിരിക്കുന്ന

(*) لعله يعني والده عمر ضياء الدين رح او محي السنة البغوي رح . الله أعلم

തന്നെ കാണാം.' ഇമാം റാസീ (റ) യുടെ കാലത്തെ–എന്താണു് എട്ടു് നൂററാണ്ടുകൾക്കു് മുമ്പുള്ള–കഥയാണു് ആ മഹാൻ ഇതുവഴി ചൂണ്ടിക്കാട്ടുന്നത്. ഇന്നത്തെ കഥയോ?.......ആലോചിച്ചു നോക്കുക! *

അന്ധമായ ഈ അനുകരണ മഹാവ്യാധി പൂർവ്വാധികം പകരുക മാത്രമല്ല സമുദായത്തിൽ ചെയ്തിരിക്കുന്നത്. ഖുർആന്റെയും ഹദീസിന്റെയും അദ്ധ്യാപനങ്ങൾക്കു് എതിരാണെന്നതിരിക്കട്ടെ, കഴിഞ്ഞുപോയ ഏതെങ്കിലും ഇമാമിന്റെ വാക്കുകളിൽപോലും കാണപ്പെടാത്ത പല പുതിയ മതവിധികളും സ്വാർത്ഥമതികളായ ചില പണ്ഡിതൻമാർ—ഒററക്കായും–കൂട്ടായും നിർമ്മിച്ചുണ്ടാക്കിക്കൊണ്ടിരിക്കുന്നു! ഒരു വിഭാഗം തങ്ങളുടെ ജീവിതമാർഗ്ഗം നിലനിറുത്തുന്നതിനും, ജനമദ്ധ്യെ തങ്ങൾക്കുള്ള സ്ഥാനമാനങ്ങൾ നഷ്ടപ്പെടാതിരിക്കുന്നതിനും വേണ്ടിയാണിങ്ങനെ ചെയ്യുന്നതെങ്കിൽ, വേറൊരു വിഭാഗം, കാലത്തിന്റെ ഒഴുക്കനുസരിച്ച് മതസിദ്ധാന്തങ്ങളിൽ ഒരു പൊളിച്ചെഴുത്തു നടത്തി ജനസമ്മതിയും കീർത്തിയും ലക്ഷ്യമാക്കിക്കൊണ്ടാണു് ചെയ്യുന്നത്. 34–ാം വചനത്തിൽ പറയുന്ന താക്കീതു് ഇങ്ങനെയുള്ളവർക്കെല്ലാം ബാധകം തന്നെ. അല്ലാഹു സമുദായത്തെ കാത്തുരക്ഷിക്കട്ടെ! (ആമീൻ)

വേദക്കാരിൽ, യഹൂദികളും ക്രിസ്ത്യാനികളും അടങ്ങുന്നു. ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം, അവർ യേശുക്രിസ്തുവിനെ ദൈവവും കർത്താവുമായി അംഗീകരിച്ചു വരുന്നതു് പ്രസിദ്ധമാണ്. പുറമെ, അവരുടെ പണ്ഡിത പുരോഹിതൻമാർക്കു് പൊതുവിലും വിശുദ്ധ സ്ഥാനം നൽകപ്പെട്ടിട്ടുള്ള ചില വ്യക്തികൾക്കു് വിശേഷിച്ചും ദിവ്യത്വവും ദൈവത്തിന്റെ അധികാരാവകാശങ്ങളും അവർ വകവെച്ചു കൊടുക്കുന്നു. വിശുദ്ധരെന്നു കരുതപ്പെടുന്ന വ്യക്തികളുടെ പ്രതിമയുണ്ടാക്കലും അവരെ ആരാധിക്കലും വരെ അതു് എത്തിയിട്ടുണ്ട്. പാപമോചനത്തിനും മത നിയമ നിർമ്മാണത്തിനുമുള്ള അധികാരം പണ്ഡിത പുരോഹിതൻമാർക്കുണ്ടെന്നുള്ളതിനു് അവർക്കുള്ള പ്രധാന ആധാരം യേശുക്രിസ്തു ശിഷ്യൻമാരോടു് പറഞ്ഞതായി അവരുടെ വേദഗ്രന്ഥത്തിൽ ഉദ്ധരിച്ച ഒരു വാക്യമത്രെ. അതായതു്: 'നിങ്ങൾ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും; നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിഞ്ഞിരിക്കും എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു.' (മത്തായി: 18ൽ 18.) (**) യഹൂദികളും പ്രത്യക്ഷത്തിൽ ഈ വിഷയത്തിൽ അൽപം പിന്നോക്കമാണെന്നു തോന്നാമെങ്കിലും പണ്ഡിത പുരോഹിതൻമാരുടെ വാക്കുകളെ അടിസ്ഥാനപ്പെടുത്തിയാണല്ലോ അവർ നബി (സ)യുടെ ദൗത്യത്തെയും പ്രവാചകത്വത്തെയുമെല്ലാം നിഷേധിക്കുന്നതും, യഥാർത്ഥത്തിൽ മതത്തിൽ ഇല്ലാത്ത ചില നിയമങ്ങൾ മത നിയമങ്ങളായി കരുതുന്നതും.

പണ്ഡിത പുരോഹിതൻമാർക്കു് ദൈവത്തിന്റെ പല അധികാരാവകാശങ്ങളും സ്ഥാനമാനങ്ങളും വകവെച്ചു കൊടുക്കുന്ന സമ്പ്രദായം അമുസ്ലിം സമുദായത്തിലും ധാരാളം കാണാം. മുസ്ലിംകളിലും ചില മഹാത്മാക്കൾക്കു് അതിരുകവിഞ്ഞ അധികാരങ്ങളും അവകാശങ്ങളും സ്ഥാനമാനങ്ങളും കൽപിക്കപ്പെടുന്നതും സാധാരണമാണല്ലോ. ചില 'ത്വരീഖത്തി'ന്റെ 'ശൈഖു'മാരെ അവരുടെ 'മുരീദു'കൾ ദൈവാവതാരങ്ങളും മറ്റുമാക്കിക്കൊണ്ടു് അവരെ ദൈവതുല്യരാക്കുന്നതു് അതുകൊണ്ടത്രെ. ഉദാഹരണസഹിതം വിവരിക്കുന്നപക്ഷം അതു കുറെ ദീർഘിച്ചുപോയേക്കും. (والى الله المشتكى)

അല്ലാഹു മാത്രമാണു് ഇലാഹും റബ്ബും; അവനെ മാത്രമേ ആരാധിക്കാവൂ എന്നു് എല്ലാ സമുദായങ്ങളോടുമെന്നപോലെ വേദക്കാരോടും കൽപിക്കപ്പെട്ടിരിക്കുന്നു. എന്നിട്ടും അവർ ഇങ്ങനെയൊക്കെ ചെയ്തുകളഞ്ഞുവെന്നുള്ള ആക്ഷേപമാണു് ആയത്തിന്റെ അവസാന ഭാഗത്തിൽ കാണുന്നത്. വേദക്കാരുടെ കൈവശമുള്ള അവരുടെ വേദഗ്രന്ഥങ്ങളിൽ–അവയിൽ എത്ര തന്നെ കൈകടത്തലുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ പോലും–അല്ലാഹുവിന്റെ ഈ

---

* ونص عبارة الرازى: قال شيخنا ومولانا .... قد شاهدت جماعة من مقلدة الفقهاء قرأت عليهم ايات كثيرة من كتاب الله تعالى فى بعض مسائل وكانت مذاهبهم بخلاف تلك الايات فلم يقبلوا تلك الايات ولم يلتفتوا اليها وبقوا ينظرون الى كالمتعجب يعنى.... ولو تأملت حق التأمل وجدت هذا الداء ساريا فى عروق الاكثرين من أهل الدنيا اه

(**) ബൈബ്ളിന്റെ ചില വിവർത്തനങ്ങളിൽ 'കെട്ടുന്നതെല്ലാം.' എന്നതിനുപകരം 'കെട്ടിയതെല്ലാം.' എന്നും, 'അഴിക്കുന്നതെല്ലാം.' എന്നതിനു് പകരം 'അഴിച്ചതെല്ലാം.' എന്നും (ഭൂത ക്രിയാ രൂപത്തിൽ) ആകുന്നുവെന്ന് സൂക്ഷ്മാന്വേഷികളായ ചില പണ്ഡിതൻമാർ ചൂണ്ടിക്കാട്ടുന്നു. രണ്ടു് പ്രയോഗവും തമ്മിൽ ഉദ്ദേശ്യത്തിൽ എത്ര മാററം?!

കൽപന അവിടവിടെയായി ഇന്നും സ്ഥിതിചെയ്യുന്നുണ്ട്. (പുറപ്പാടു: 20ൽ 3, 4; ആവർത്തനം: 4ൽ 35; സങ്കീർത്തനം: 96ൽ 5; യെശയ്യാവു: 43ൽ 10, 11; 45ൽ 22; മത്തായി: 4ൽ 10; മാർക്കോസ്: 12ൽ 29 മുതലായവ നോക്കുക.) അല്ലാഹു തുടരുന്നു:—

32. തങ്ങളുടെ വായകൊണ്ടു അല്ലാഹുവിന്റെ പ്രകാശത്തെ (ഊതി) കെടുത്തു കളയുവാൻ അവർ ഉദ്ദേശിക്കുന്നു. തന്റെ പ്രകാശത്തെ പൂർത്തിയാക്കുവാനല്ലാതെ(മറ്റൊന്നിനു) അല്ലാഹു വിസമ്മതിക്കുകയും ചെയ്യുന്നു; അവിശ്വാസികൾ വെറുത്താലും ശരി.

٣٢- يُرِيدُونَ أَن يُطْفِـُٔوا۟ نُورَ ٱللَّهِ بِأَفْوَٰهِهِمْ وَيَأْبَى ٱللَّهُ إِلَّآ أَن يُتِمَّ نُورَهُۥ وَلَوْ كَرِهَ ٱلْكَـٰفِرُونَ ○

33. അവനത്രെ, മാർഗ്ഗദർശനവും, യഥാർത്ഥ മതവുമായി തന്റെ റസൂലിനെ അയച്ചിട്ടുള്ളവൻ; എല്ലാ മതത്തെക്കാളും അതിനെ വെളിപ്പെടുത്തു[വിജയിപ്പിക്കു]വാൻ വേണ്ടി. മുശ്‌രിക്കുകൾ [ബഹുദൈവ വിശ്വാസികൾ] വെറുത്താലും ശരി.

٣٣- هُوَ ٱلَّذِىٓ أَرْسَلَ رَسُولَهُۥ بِٱلْهُدَىٰ وَدِينِ ٱلْحَقِّ لِيُظْهِرَهُۥ عَلَى ٱلدِّينِ كُلِّهِۦ وَلَوْ كَرِهَ ٱلْمُشْرِكُونَ ○

---

32. يُرِيدُونَ അവർ ഉദ്ദേശിക്കുന്നു أَن يُطْفِئُوا അവർ കെടുത്തുവാൻ نُورَ ٱللَّهِ അല്ലാഹുവിന്റെ പ്രകാശ (വെളിച്ച)ത്തെ بِأَفْوَاهِهِمْ അവരുടെ വായകൾകൊണ്ടു وَيَأْبَى ٱللَّهُ അല്ലാഹു വിസമ്മതിക്കുക (മടക്കുക)യും ചെയ്യുന്നു إِلَّا أَن يُتِمَّ അവൻ പൂർത്തിയാക്കുന്നതിനല്ലാതെ نُورَهُ തന്റെ പ്രകാശത്തെ وَلَوْ كَرِهَ വെറുത്താലും ശരി, അതൃപ്തിപ്പെട്ടാലും ٱلْكَافِرُونَ അവിശ്വാസികൾ. 33. هُوَ അവനത്രെ ٱلَّذِي أَرْسَلَ അയച്ചവൻ رَسُولَهُ തന്റെ റസൂലിനെ بِٱلْهُدَىٰ മാർഗ്ഗദർശനവും കൊണ്ടു, സന്മാർഗ്ഗവുമായി وَدِينِ ٱلْحَقِّ യഥാർത്ഥ (സത്യ) മതവും لِيُظْهِرَهُ അതിനെ വെളിപ്പെടുത്തു (പ്രത്യക്ഷപ്പെടുത്തു-വിജയിപ്പിക്കു)വാൻവേണ്ടി عَلَى ٱلدِّينِ മതത്തെക്കാൾ كُلِّهِ എല്ലാം, അതെല്ലാം وَلَوْ كَرِهَ വെറുത്താലും ശരി ٱلْمُشْرِكُونَ മുശ്‌രിക്കുകൾ.

മേൽ വിവരിച്ച പ്രകാരമുള്ള മാർഗ്ഗങ്ങളിലൂടെ അല്ലാഹുവിന്റെ മതത്തെ നിഷ്പ്രഭമാക്കുകയാണു വേദക്കാരടക്കമുള്ള അവിശ്വാസികളുടെ ഉദ്ദേശ്യം. സൂര്യപ്രകാശം വായകൊണ്ടു ഊതിക്കെടുത്തുവാൻ സാധ്യമല്ലല്ലോ. അതുപോലെ, ഇസ്‌ലാമാകുന്ന പ്രകാശത്തെ വായകൊണ്ടു ഊതിക്കെടുത്തി ഇല്ലാതാക്കുവാൻ അവർക്കു സാധ്യമല്ല. അതിനു ഒരിക്കലും അല്ലാഹു അനുവദിക്കുകയില്ല. ആ പ്രകാശത്തെ പരിപൂർണ്ണമാക്കി പ്രകാശിപ്പിക്കുവാനാണു അവൻ ഉദ്ദേശിക്കുന്നത്. ആ ആവശ്യാർത്ഥം, വേണ്ടത്ര ലക്ഷ്യദൃഷ്ടാന്തങ്ങൾ സഹിതം ആ മതം അതിന്റെ സമ്പൂർണ്ണ രൂപത്തിൽ പ്രബോധനം ചെയ്‌വാനും, മറ്റെല്ലാ മതങ്ങളെക്കാളും ഉപരിയായി അതിനെ ലോകത്ത് പ്രത്യക്ഷപ്പെടുത്തുവാനും വേണ്ടിയാണു അന്ത്യപ്രവാചകനായ മുഹമ്മദ് നബിയെ അവൻ അയച്ചിരിക്കുന്നതും. വേദക്കാർക്കോ, മുശ്‌രിക്കുകൾക്കോ, മറ്റേതെങ്കിലും സത്യ നിഷേധികൾക്കോ അതിൽ വെറുപ്പും പ്രതിഷേധവും ഉണ്ടായിരുന്നാലും ശരി, അല്ലാഹു അതു നടപ്പിൽ വരുത്തുകതന്നെ ചെയ്യും. എന്നൊക്കെയാണു ഈ വചനത്തിൽ അല്ലാഹു ഉറപ്പിച്ചു പ്രസ്താവിക്കുന്നത്. അല്ലാഹു അക്കാര്യം നടപ്പിൽ വരുത്തിയിട്ടുണ്ടുതാനും.

എല്ലാ മതത്തെക്കാളും അതിനെ—അഥവാ ഇസ്‌ലാമിനെ—വെളിപ്പെടുത്തുവാൻ (لِيُظْهِرَهُ عَلَى الدِّينِ كُلِّهِ) എന്നു പറഞ്ഞതിന്റെ താൽപര്യം, മററു മതങ്ങളൊന്നും ലോകത്തു നിന്നു അപ്രത്യക്ഷമാകുമെന്നോ, മുഴുവനും ഇസ്‌ലാമിനു അടിയറവെച്ചു കീഴടങ്ങുമെന്നോ അല്ല. ന്യായം, പ്രമാണം, ദൃഷ്ടാന്തം, വിജ്ഞാനം, സ്വാധീനം, അധികാരം, പ്രതാപം, സന്മാർഗ്ഗം, പ്രചാരം ആദിയായവയിലെല്ലാം തന്നെ, ഒരു മതമെന്ന നിലക്കു ഇസ്‌ലാമിനു സിദ്ധിച്ച വിജയം മററൊരു മതത്തിനും കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല. മറ്റേതെങ്കിലും സംസ്കാരത്തിനോ ദർശനങ്ങൾക്കോ ശക്തികൾക്കോ ലോകത്തു കൂടുതൽ സ്വാധീനം കൈവന്നിട്ടുണ്ടെങ്കിൽ, അതു ഇസ്‌ലാം [illegible]

പോരായ്കയല്ല. ഇസ്‌ലാമിന്റെ അനുയായികളാകുന്ന മുസ്‌ലിം സമുദായത്തിൽ കാലക്രമത്തിൽ കടന്നുകൂടിയ പലതരം പോരായ്മകളാണിതിന്നു കാരണം. പ്രമാണപരവും ബുദ്ധിപരവുമായ ലക്ഷ്യദൃഷ്ടാന്തങ്ങളിലും, സനാതനവും പ്രായോഗികവുമായ തത്വസംഹിതകളിലും, കാലദേശാനുസൃതങ്ങളായ നിയമ വ്യവസ്ഥകളിലും ഇസ്‌ലാമിനോടു കിടപിടിക്കുന്ന വേറൊരു മതം ലോകത്തില്ല. യഥാർത്ഥ്യത്തിനു നേരെ കണ്ണടക്കുകയോ, ഭൗതികവും പൈശാചികവുമായ ദുഷ്പ്രേരണകൾ നിമിത്തം മാനുഷിക മൂല്യങ്ങളെയും സനാതന തത്വങ്ങളെയും ദുർവ്യാഖ്യാനം ചെയ്യുകയോ ചെയ്യാത്ത ആർക്കും ഈ വാസ്തവം നിഷേധിക്കുക സാധ്യമല്ല. ഇസ്‌ലാമിനോടു ശത്രുത പുലർത്തി വരുന്ന ചില മഹാന്മാർ പോലും സമ്മതിക്കാറുള്ളതാണിത്.

ഈ വചനങ്ങൾ അവതരിച്ചുകൊണ്ടിരുന്ന പ്രബോധക കാലഘട്ടത്തെ അപേക്ഷിച്ചു നോക്കുമ്പോൾ, എല്ലാ മതങ്ങളെക്കാളും ഈ മതത്തെ വെളിപ്പെടുത്തുമെന്നു പറഞ്ഞതു അതിന്റെ എല്ലാ അർത്ഥങ്ങളിലും നിവൃത്തിയായിട്ടുണ്ടെന്നു കാണാവുന്നതാണ്. പ്രബോധകത്വം നിലവിലുണ്ടായിരുന്ന കാലമായ ഇരുപത്തിമൂന്നു കൊല്ലത്തിൽ, മക്കയിൽവെച്ചു ക്ഷമയുടെയും സഹനത്തിന്റെയും പതിമൂന്നു കൊല്ലം കഴിച്ച് ബാക്കി കഷ്ടിച്ചു പത്തുകൊല്ലക്കാലമാണു ഇസ്‌ലാമിന്റെ യഥാർത്ഥ പ്രചാരണ കാലം. ഇസ്‌ലാമിനെതിരെ കനത്ത ഉരുക്കു കോട്ടയായി നിലകൊണ്ടിരുന്ന അറേബ്യാ ഉപദ്വീപു മുഴുവനും ഇക്കാലത്തിനകം ഇസ്‌ലാമിന്റേതായിമാറി. അക്കാലത്തു അറിയപ്പെട്ടിരുന്ന ഏറ്റവും വമ്പിച്ച ലോക ശക്തികളായ റോമും, പേർഷ്യായും ഇസ്‌ലാമിന്റെ പ്രതാപത്തിനു മുമ്പിൽ ചിറക താഴ്ത്തേണ്ടിയും വന്നു. രണ്ടുമൂന്നു ശതാബ്ദം കൂടി കടന്നുപോയപ്പോഴേക്കും അവിടങ്ങളിൽ ഇസ്‌ലാമിന്റെ പതാക പാറിക്കളിക്കുവാനും തുടങ്ങി. ഇസ്‌ലാമിനെതിരിൽ വിരൽ ചൂണ്ടുവാൻ തക്ക ഒരു ശക്തി ലോകത്തില്ലാതായി. അതെ, അക്ഷരാർത്ഥത്തിൽ തന്നെ അല്ലാഹു അവന്റെ റസൂൽ മുഖാന്തരം അവന്റെ മതമാകുന്ന ആ പ്രകാശം ലോകത്തു വെളിപ്പെടുത്തി. തുടർന്നുള്ള നൂറ്റാണ്ടുകളിൽ ഇസ്‌ലാമിനു ലോകത്തു പ്രചാരവും ശക്തിയും വർദ്ധിച്ചു. ചരിത്രത്തിന്റെ പ്രഥമപാഠമെങ്കിലും ഗ്രഹിച്ചവർക്കെല്ലാം അറിയുന്നതാണിത്. താഴെ കാണുന്നതു പോലെയുള്ള ഖുർആൻ വചനങ്ങളും നബിവചനങ്ങളും മുമ്പിൽ വെച്ചുകൊണ്ടു ഈ വചനങ്ങളുടെ ഉള്ളടക്കത്തെപ്പറ്റി ഒന്നുകൂടി ചിന്തിച്ചു നോക്കുക:—

അല്ലാഹു പറയുന്നു: 'നിങ്ങൾ—സത്യവിശ്വാസികൾ—അല്ലാഹുവിനെയും അവന്റെ റസൂലിനെയും അനുസരിക്കുവിൻ. നിങ്ങൾ അന്യോന്യം (ഭിന്നിച്ച്) പിണങ്ങുകയും ചെയ്യരുത്. എന്നാൽ നിങ്ങൾക്കു ഭീരുത്വം പിണയുകയും, നിങ്ങളുടെ കാറ്റ് (വീര്യം) പോയിപ്പോകുകയും ചെയ്യും. നിങ്ങൾ ക്ഷമിക്കുകയും ചെയ്യണം. നിശ്ചയമായും, അല്ലാഹു ക്ഷമിക്കുന്നവരുടെ കൂടെയാകുന്നു'. (8: 46) 'നിങ്ങൾ ദുർബ്ബലരാകുകയും, വ്യസനിക്കുകയും ചെയ്യരുത്. നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ നിങ്ങളത്രെ ഉന്നതന്മാർ' (3: 139) 'നിശ്ചയമായും ഞാനും എന്റെ റസൂലുകളും വിജയിക്കുക തന്നെ ചെയ്യുമെന്നു അല്ലാഹു രേഖപ്പെടുത്തിവെച്ചിരിക്കുന്നു'. (58: 21)

നബി (സ) തിരുമേനിയും, അദിയ്യുബ്നു ഹാതിമും (റ) തമ്മിൽ നടന്ന ഒരു സംഭാഷണത്തിൽ അഹ്മദു (റ) ഇങ്ങിനെ ഉദ്ധരിച്ചിരിക്കുന്നു: ....തിരുമേനി പറഞ്ഞു: '(അദിയ്യേ) ഞാൻ പറയുമായിരിക്കും: ഇസ്‌ലാമിനെ പിൻപറ്റിയിരിക്കുന്നതു ജനങ്ങളിലുള്ള ദുർബ്ബലരും കഴിവില്ലാത്തവരുമാണ്, അറബികൾ അവരെ എയ്തു (ആക്രമിച്ചു) കൊണ്ടിരിക്കയാണല്ലോ എന്ന്. നിനക്ക് ഹീറ (الحيرة) യാമോ (*) അറിയുമോ?' ഞാൻ (അദിയ്യ്) പറഞ്ഞു: 'ഞാൻ കണ്ടിട്ടില്ല—കേട്ടിട്ടുണ്ട്'. തിരുമേനി പറഞ്ഞു: 'എന്നാൽ, എന്റെ ദേഹം യാതൊരുവന്റെ കയ്യിലാണോ അവൻ തന്നെ സത്യം! ഈ മതത്തെ അല്ലാഹു പൂർത്തിയാക്കുക തന്നെ ചെയ്യും. അങ്ങനെ, യാത്രക്കാരിയായ ഒരു സ്ത്രീ ഹീറയിൽ നിന്നു ഒരാളുടെയും രക്ഷ കൂടാതെ വന്നു കഅ്ബയെ ത്വവാഫു ചെയ്യുന്നതാണ്. (പേർഷ്യാ ചക്രവർത്തിയായ) ഹുർമുസിന്റെ മകൻ കിസ്രാ (ഖൊസ്രു)യുടെ നിക്ഷേപങ്ങൾ ജയിച്ചടക്കപ്പെടുക തന്നെ ചെയ്യും'. ഞാൻ ചോദിച്ചു: 'ഹുർമുസിന്റെ മകൻ കിസ്രായുടെയോ?' തിരുമേനി പറഞ്ഞു: 'അതെ, ഹുർമുസിന്റെ മകൻ കിസ്രായുടെ തന്നെ. വാങ്ങുവാൻ ഒരാളും ഇല്ലാതിരിക്കത്തക്കവിധം ധനം വിതരണം ചെയ്യപ്പെടുകയും ചെയ്യും.' (പിന്നീടു) അദിയ്യു (റ) പറയുകയാണ്: 'ഇതാ! ഒരു യാത്രക്കാരി ആരുടെയും രക്ഷ കൂടാതെ വന്നു കഅ്ബ ത്വവാഫു ചെയ്യുന്നു. (ഇതു ഞാൻ അനുഭവത്തിൽ കണ്ടു.) കിസ്രായുടെ നിക്ഷേപങ്ങൾ ജയിച്ചടക്കിയവരുടെ കൂട്ടത്തിൽ ഞാനും ഉണ്ടായിരുന്നു. എന്റെ ദേഹം യാതൊരുവന്റെ കയ്യിലാണോ അവൻ തന്നെ സത്യം! മൂന്നാമതു പറഞ്ഞ കാര്യവും നിശ്ചയമായും ഉണ്ടാകുക തന്നെ ചെയ്യും. കാരണം, റസൂൽ (സ) അതു പറഞ്ഞിരിക്കുന്നു.' (അധികം താമസിയാതെത്തന്നെ, പേർസ്യൻ വിജയങ്ങളും ഉത്തരാഫ്രിക്കൻ വിജയങ്ങളും നടന്ന കാലത്തു ഈ മൂന്നാമത്തെ കാര്യവും—ധർമ്മം വാങ്ങുവാൻ ആവശ്യക്കാരില്ലാതെ വമ്പിച്ച ധനവിതരണത്തിന്റെ ആധിക്യവും—സംഭവിച്ചതായി ഇസ്‌ലാമിക ചരിത്രഗ്രന്ഥങ്ങൾ പരിശോധിച്ചാൽ കാണാവുന്നതാണ്.)

(*) ഇറാഖിലെ ഒരു രാജ്യമാണു ഹീറ (الحيرة) ഇറാഖിൽ മുസ്‌ലിംകൾ ആദ്യം ജയിച്ചടക്കിയതാണിതു.

ഥൗബാൻ (റ) ഉദ്ധരിക്കുന്നു: നബി (സ) പറഞ്ഞു: 'ഭക്ഷണം കഴിക്കുന്നവർ അവരുടെ ഭക്ഷണപ്പാത്രത്തിലേക്കു ചെന്നു വീഴുന്നതു (തിരക്കി കൈ നീട്ടുന്നതു) പോലെ, നിങ്ങളുടെമേൽ സമുദായങ്ങൾ വന്നു വീഴുവാൻ കാലം അടുത്തുവരുന്നു.' അപ്പോൾ ഒരാൾ ചോദിച്ചു: 'ഞങ്ങൾ അന്നു കുറവായിരിക്കുന്നതുകൊണ്ടാണോ?' തിരുമേനി പറഞ്ഞു: (അല്ല) പക്ഷെ, അന്നു നിങ്ങൾ അധികമുണ്ടായിരിക്കും. എങ്കിലും മലവെള്ളത്തിലെ ചവറുപോലെ യുള്ളവരായിരിക്കും നിങ്ങൾ. നിങ്ങളുടെ ശത്രുവിന്റെ മനസ്സുകളിൽ നിന്നു നിങ്ങളെ സംബന്ധിച്ചുള്ള ഗൗരവം അല്ലാഹു നീക്കിക്കളയും. നിങ്ങളുടെ ഹൃദയങ്ങളിൽ അവൻ ദൗർബ്ബല്യം ഇട്ടേക്കുകയും ചെയ്യും'. ഒരാൾ ചോദിച്ചു: 'റസൂലേ! എന്തായിരിക്കും ദൗർബ്ബല്യം?' തിരുമേനി പറഞ്ഞു: 'ഇഹലോകത്തോടുള്ള സ്നേഹവും, മരണത്തെക്കുറിച്ചുള്ള വെറുപ്പും.' (അബൂദാവൂദും, ബൈഹഖീ—ദലാഇലിലും) സൂറത്തുൽ ഖസ്വസ്വ് 40-ാം വചനത്തിന്റെ വ്യാഖ്യാനത്തിൽ ഉദ്ധരിച്ച ഏതാനും ആയത്തുകളും ഹദീസുകളും ഇവിടെ സ്മരണീയമാകുന്നു.

34. ഹേ, വിശ്വസിച്ചവരേ, നിശ്ചയമായും മതപണ്ഡിതൻമാരിൽ നിന്നും പുരോഹിതൻമാരിൽ നിന്നും വളരെ ആളുകൾ, മനുഷ്യരുടെ സ്വത്തുക്കളെ അന്യായമായി തിന്നുക തന്നെ ചെയ്യുന്നു; അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിന്നു അവർ (ആളുകളെ) തടയുകയും ചെയ്യുന്നു. സ്വർണ്ണവും, വെള്ളിയും നിക്ഷേപിച്ചു വെക്കുകയും, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ അതിനെ ചിലവഴിക്കാതിരിക്കുകയും ചെയ്യുന്നവരാകട്ടെ, അവർക്കു വേദനയേറിയ ശിക്ഷയെക്കുറിച്ച് സന്തോഷവാർത്ത അറിയിക്കുക!—

٣٤- يَا أَيُّهَا الَّذِينَ آمَنُوا إِنَّ كَثِيرًا مِّنَ الْأَحْبَارِ وَالرُّهْبَانِ لَيَأْكُلُونَ أَمْوَالَ النَّاسِ بِالْبَاطِلِ وَيَصُدُّونَ عَن سَبِيلِ اللَّهِ ۗ وَالَّذِينَ يَكْنِزُونَ الذَّهَبَ وَالْفِضَّةَ وَلَا يُنفِقُونَهَا فِي سَبِيلِ اللَّهِ فَبَشِّرْهُم بِعَذَابٍ أَلِيمٍ

35. 'ജഹന്നമി'ന്റെ [നരകത്തിന്റെ] അഗ്നിയിൽ വെച്ചു അതു കാച്ചിപ്പഴുപ്പിക്കപ്പെടുന്ന ദിവസം, എന്നിട്ട് അതുകൊണ്ടു അവരുടെ നെററികൾക്കും, പാർശ്വങ്ങൾക്കും, മുതുകുകൾക്കും ചൂടു വെ(ച്ച് കരി)ക്കപ്പെടുകയും ചെയ്യുന്ന (ദിവസം).

'ഇതത്രെ, നിങ്ങൾ നിങ്ങളുടെ സ്വന്തങ്ങൾക്കു വേണ്ടി നിക്ഷേപിച്ചു വെച്ചത്; അതിനാൽ, നിങ്ങൾ നിക്ഷേപിച്ചു വെച്ചിരുന്നതിനെ നിങ്ങൾ രുചിച്ചുനോക്കിക്കൊള്ളുവിൻ'! (എന്നു അവരോടു പറയപ്പെടുകയും ചെയ്യും.)

٣٥- يَوْمَ يُحْمَىٰ عَلَيْهَا فِي نَارِ جَهَنَّمَ فَتُكْوَىٰ بِهَا جِبَاهُهُمْ وَجُنُوبُهُمْ وَظُهُورُهُمْ ۖ

هَٰذَا مَا كَنَزْتُمْ لِأَنفُسِكُمْ فَذُوقُوا مَا كُنتُمْ تَكْنِزُونَ ○

---

34. يا أيها الذين آمنوا ഹേ വിശ്വസിച്ചവരേ إن كثيرا നിശ്ചയമായും വളരെ (അധികം പല) ആളുകൾ من الأحبار മതപണ്ഡിതൻമാരിൽ നിന്ന് والرهبان പുരോഹിതൻമാരിൽ നിന്നും ليأكلون അവർ തിന്നുകതന്നെ ചെയ്യും, തിന്നുന്നു أموال സ്വത്തുക്കളെ الناس മനുഷ്യരുടെ بالباطل അന്യായമായിട്ടു, വ്യർത്ഥമായ വഴിക്കു ويصدون അവർ തടയുകയും ചെയ്യുന്നു عن سبيل الله അല്ലാഹുവിന്റെ മാർഗ്ഗത്തിൽനിന്നു والذين يكنزون നിക്ഷേപിച്ചു വെക്കുന്നവരാകട്ടെ الذهب സ്വർണ്ണം والفضة വെള്ളിയും ولا ينفقونها അതിനെ അവർ ചിലവഴിക്കുകയുമില്ല في سبيل الله അല്ലാഹുവിന്റെ മാർഗ്ഗത്തിൽ فبشرهم അവർക്കു നീ സന്തോഷമറിയിക്കുക بعذاب ശിക്ഷയെപ്പററി أليم വേദനയേറിയ 35. يوم ദിവസം يحمى عليها അതു കാച്ചിപ്പഴുപ്പിക്കപ്പെടുന്ന في نار തീയിൽ, അഗ്നിയിൽ جهنم ജഹന്നമിന്റെ فتكوى എന്നിട്ടു ചൂടു കുത്തപ്പെടും, കരിക്കപ്പെടും بها അതുകൊണ്ടു, അതിനാൽ جباههم അവരുടെ നെററികൾ وجنوبهم അവരുടെ പാർശ്വങ്ങളും, ഭാഗങ്ങളും وظهورهم അവരുടെ പുറങ്ങളും, മുതുകുകളും هذا ഇതു ما كنزتم നിങ്ങൾ നിക്ഷേപിച്ചു വെച്ചത് لأنفسكم നിങ്ങളുടെ സ്വന്തങ്ങൾ (ദേഹങ്ങൾ)ക്കു വേണ്ടി فذوقوا [illegible] അതിനാൽ (എന്നി) നിങ്ങൾ രുചി നോക്കുവിൻ, ആസ്വദിക്കുവിൻ ما كنتم നിങ്ങളായിരുന്നതിനെ [illegible] تكنزون നിങ്ങൾ സൂക്ഷിച്ചു വെക്കും

യഹൂദ പണ്ഡിത വർഗ്ഗത്തിലും, ക്രിസ്തീയ പുരോഹിത വർഗ്ഗത്തിലും പെട്ട വളരെ ആളുകൾ അന്യായമായവഴിക്ക് ജനങ്ങളുടെ ധനം വാങ്ങിത്തിന്നുകയും, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിന്നു അവർ ജനങ്ങളെ തടുത്തിരിക്കുകയും ചെയ്തുവരുന്നുവെന്നും, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചിലവഴിക്കാതെ ധനം കെട്ടിപ്പൂട്ടിവെക്കുന്നവർക്ക് അതേ ധനംകൊണ്ടുതന്നെ നരകത്തിൽവെച്ചു കടുത്ത ശിക്ഷ അനുഭവിക്കേണ്ടിവരുമെന്നും അല്ലാഹു അറിയിക്കുന്നു. വേദക്കാരിലുള്ള ആ സ്വഭാവം മുസ്ലിംകളിൽ ഉണ്ടായിക്കൂടാ എന്നും, ഉണ്ടാകുന്ന പക്ഷം, അവരും അതേ ശിക്ഷക്കു വിധേയരായിരിക്കുമെന്നും മുസ്ലിംകൾക്കുള്ള ഒരു താക്കീതാണിത്. അതുകൊണ്ടാണു يا أيها الذين آمنوا (ഹേ, വിശ്വസിച്ചവരേ) എന്നു വിളിച്ചുകൊണ്ടു ഈ കാര്യം പ്രസ്താവിച്ചിരിക്കുന്നത്. ജനങ്ങളുടെ ഇഷ്ടത്തിനൊത്തു 'ഫത്‌വാ' (മതവിധി) നൽകിയും, ഹിതത്തിനനുസരിച്ചു മത വിധികളിൽ നീക്കുപോക്കു സ്വീകരിച്ചുംകൊണ്ടു ജനങ്ങളിൽ നിന്നു കോഴയും കൈക്കൂലിയും വാങ്ങുക, സൂത്രമാർഗ്ഗങ്ങൾ ഉപയോഗിച്ചു പലിശ വാങ്ങുക, ഖബ്ർ സ്ഥാനങ്ങളുടെയും പുണ്യവാളൻമാരുടെയും പേരിൽ നേർച്ചയും വഴിപാടും സ്വീകരിക്കുക മുതലായ കാര്യങ്ങളെല്ലാം അന്യായമായി ധനം സമ്പാദിക്കലാകുന്നു. സാമാന്യമായിപ്പറഞ്ഞാൽ, മതപണ്ഡിതൻ തന്റെ പണ്ഡിത്യത്തിന്റെയും, മത പുരോഹിതൻ തന്റെ പൗരോഹിത്യത്തിന്റെയും ചുവടു പിടിച്ചുകൊണ്ടു ജനങ്ങളുടെ ധനം ചൂഷണംചെയ്യുന്ന എല്ലാ ഏർപ്പാടുകളും ഇപ്പറഞ്ഞതിൽ ഉൾപ്പെടുന്നു. ജനങ്ങളെ നേർമാർഗ്ഗത്തിൽ നിന്നു അകറ്റി നിറുത്തൽ ഇതിന്റെ സ്വാഭാവികമായ ഫലവുമത്രെ.

അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചിലവഴിക്കാതെ സ്വർണ്ണവും വെള്ളിയും കെട്ടിപ്പൂട്ടിവെക്കുന്നവരുടെ ശരീരഭാഗങ്ങളെ അതേ സ്വർണ്ണവും വെള്ളിയും നരകത്തിൽവെച്ചു ചുട്ടുപഴുപ്പിച്ച് അതുകൊണ്ടു പൊള്ളിച്ചു കരിക്കുമെന്നും, ഇതു നിങ്ങൾ നിക്ഷേപിച്ചുവെച്ചിരുന്ന ആ സ്വർണ്ണവും വെള്ളിയുമാണ്—അതിന്റെ രുചി നല്ലവണ്ണം ആസ്വദിച്ചുകൊള്ളുക—എന്നു അവരോടു പറയപ്പെടുമെന്നുമുള്ള അല്ലാഹുവിന്റെ ഈ താക്കീതു ഒരു പൊതുവായ താക്കീതാകുന്നു. പണ്ഡിത പുരോഹിതൻമാരെന്നോ, ന്യായമായ വഴിക്കു സമ്പാദിച്ചതെന്നോ, അന്യായമായ വഴിക്കു സമ്പാദിച്ചതെന്നോ ഇതിൽ വ്യത്യാസപ്പെടുത്തിയിട്ടില്ല. പക്ഷെ, കെട്ടിപ്പൂട്ടിവെക്കുന്നവർ പണ്ഡിതൻമാരും പുരോഹിതൻമാരുംകൂടി ആയിരിക്കുകയോ, കെട്ടിപ്പൂട്ടിവെക്കുന്ന ധനം അന്യായമായ മാർഗ്ഗത്തിലൂടെ സമ്പാദിച്ചതായിരിക്കുകയോ ചെയ്യുമ്പോൾ അതിന്റെ ശിക്ഷ കൂടുതൽ കഠിനമായിരിക്കുമെന്നു പറയേണ്ടതില്ല. സ്വത്തുക്കളിൽവെച്ചു കൂടുതൽ പ്രാധാന്യം കൽപിക്കപ്പെടുന്നതും, കൂടുതൽ നിക്ഷേപിച്ചു വെക്കപ്പെടാറുള്ളതും വെള്ളിയും സ്വർണ്ണവുമാണല്ലോ. അതുകൊണ്ടാണു അതു രണ്ടും പ്രത്യേകം എടുത്തു പറയപ്പെട്ടിരിക്കുന്നത്. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചിലവഴിക്കാതെ സംഭരിച്ചുവെക്കുന്ന എല്ലാ ധനവും ശിക്ഷക്കു കാരണമാണെന്നുള്ളതിൽ സംശയമില്ല. അവരോടു സന്തോഷവാർത്തയായി ഒന്നും തന്നെ അറിയിക്കാനില്ല—വല്ലതും ഉണ്ടെങ്കിൽ, അതു ശിക്ഷയെക്കുറിച്ചു മാത്രമാണു—എന്നാണ് 'അവർക്കു വേദനയേറിയ ശിക്ഷയെക്കുറിച്ച് സന്തോഷമറിയിക്കുക' എന്നു പറഞ്ഞതിന്റെ താൽപര്യം. ഇതു കേവലം അവരുടെ നേരെയുള്ള ഒരു പരിഹാസം കൂടിയാകുന്നു.

നബി (സ) പറഞ്ഞതായി അബൂഹുറൈറ (റ) ഉദ്ധരിക്കുന്നു: 'സ്വർണ്ണത്തിന്റെ ആളും വെള്ളിയുടെ ആളുമായ വല്ല മനുഷ്യനും അതിന്റെ കടമ കൊടുത്തു വീട്ടിയിട്ടില്ലെങ്കിൽ ഖിയാമത്തു നാളിൽ അതുവന്നു അഗ്നികൊണ്ടുള്ള തകിടുകളാക്കി പരത്തപ്പെടുകയും, എന്നിട്ടു അവകൊണ്ടു അവന്റെ പാർശ്വവും, നെററിയും ചൂടുകുത്തി കരിക്കപ്പെടുകയും ചെയ്യാതിരിക്കുകയില്ല.' (ബു; മു.) അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചിലവഴിക്കുന്നതിൽ പിശുക്കു പിടിക്കാതെയും, ധനപരമായ കടമകൾ ബാക്കിവെക്കാതെയും സ്വത്തു സമ്പാദിക്കുന്നതിൽ തെററില്ലെന്നു ഈ വചനങ്ങളിൽനിന്നും ഈ ഹദീസിൽനിന്നും വ്യക്തമാകുന്നു. അതുകൊണ്ടാണല്ലോ മരണപ്പെടുമ്പോൾ ധനം കുറച്ചായിരുന്നാലും അധികമായിരുന്നാലും അനന്തരാവകാശികൾക്കു കൊടുക്കുവാൻ അല്ലാഹു കൽപിച്ചിരിക്കുന്നതും. (4:7) ചില ആളുകൾ ധരിച്ചുവശായതുപോലെ, സത്യവിശ്വാസികൾക്കു ധനം സമ്പാദിച്ചു വെക്കുവാനുള്ള ഒരു പഴുതും ഇസ്‌ലാമിലില്ലെങ്കിൽ അനന്തരാവകാശനിയമങ്ങൾക്കും, വസിയ്യത്തുകൾക്കും പിന്നെ സ്ഥാനമില്ലല്ലോ. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചിലവഴിക്കുക എന്നു പറഞ്ഞതിൽ, ഒന്നാമതായി നിയമപ്രകാരമുള്ള സകാത്തും അതിനുശേഷം സന്ദർഭവും പരിതസ്ഥിതികളും അനുസരിച്ചു ആവശ്യമായി വരുന്ന എല്ലാ ദാന ധർമ്മങ്ങളും ഉൾപ്പെടുന്നു. സകാത്തു കൊടുത്തുതീർത്താൽ ധനം ശുദ്ധിയാകുമെന്നു കാണിക്കുന്ന ചില നബിവചനങ്ങളെയും മററും ആധാരമാക്കി സകാത്തല്ലാത്ത കടമകളൊന്നും ധനത്തിൽ ഇല്ലെന്നു പറയുന്നതു പിശുക്കൻമാരുടെ ഒരു ഊന്നുവടി മാത്രമാണ്. സകാത്തിനു പുറമെ, ഓരോരുത്തന്റെയും കഴിവനുസരിച്ചും, ചുററുപാടനുസരിച്ചും മററെയും പല കടമകൾ ധനത്തിൽനിന്നു നിർവ്വഹിക്കേണ്ടതുണ്ടെന്നു ധാരാളക്കണക്കിൽ ഖുർആൻ വചനങ്ങളിൽ നിന്നും നബിവചനങ്ങളിൽ നിന്നും നിരുപാധികം അറിയപ്പെട്ടതാകുന്നു.

٣٦- إِنَّ عِدَّةَ الشُّهُورِ عِندَ اللَّهِ اثْنَا عَشَرَ شَهْرًا فِي كِتَابِ اللَّهِ يَوْمَ خَلَقَ السَّمَاوَاتِ وَالْأَرْضَ مِنْهَا أَرْبَعَةٌ حُرُمٌ

36. നിശ്ചയമായും, അല്ലാഹുവിന്റെ അടുക്കൽ മാസങ്ങളുടെ എണ്ണം, പന്ത്രണ്ട് മാസങ്ങൾ എന്നാകുന്നു: (അതെ) ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിച്ച ദിവസം അല്ലാഹുവിന്റെ രേഖയിൽ [വിധി നിശ്ചയത്തിൽ]. അവയിൽ പെട്ടതാണ് (യുദ്ധം നിഷിദ്ധമാക്കപ്പെട്ട) പവിത്രമായ നാലു (മാസം)

ذَٰلِكَ الدِّينُ الْقَيِّمُ ۚ فَلَا تَظْلِمُوا فِيهِنَّ أَنفُسَكُمْ ۚ وَقَاتِلُوا الْمُشْرِكِينَ كَافَّةً كَمَا يُقَاتِلُونَكُمْ كَافَّةً ۚ

അതത്രെ ചൊവ്വായി നിലകൊള്ളുന്ന മതം [നടപടി]. ആകയാൽ, അവയിൽ [ആ നാലുമാസങ്ങളിൽ] നിങ്ങൾ നിങ്ങളോടു തന്നെ അക്രമം ചെയ്യരുത്. മുശ്രിക്കുകൾ നിങ്ങളോടു ആകമാനം യുദ്ധം ചെയ്യുന്നതുപോലെ, നിങ്ങൾ അവരോടും ആകമാനം യുദ്ധം ചെയ്യുവിൻ.

وَاعْلَمُوا أَنَّ اللَّهَ مَعَ الْمُتَّقِينَ ○

അല്ലാഹു സൂക്ഷ്മത പാലിക്കുന്നവരോടു കൂടെയാണെന്നു നിങ്ങൾ അറിയുകയും ചെയ്യുവിൻ.

٣٧- إِنَّمَا النَّسِيءُ زِيَادَةٌ فِي الْكُفْرِ ۖ يُضَلُّ بِهِ الَّذِينَ كَفَرُوا يُحِلُّونَهُ عَامًا وَيُحَرِّمُونَهُ عَامًا لِّيُوَاطِئُوا عِدَّةَ مَا حَرَّمَ اللَّهُ فَيُحِلُّوا مَا حَرَّمَ اللَّهُ ۚ

37. നിശ്ചയമായും (മാസത്തിന്റെ നിഷിദ്ധതയെ) പിന്നോട്ടു മാറ്റൽ, അവിശ്വാസത്തിൽ ഒരു വർദ്ധനവു തന്നെയാകുന്നു. അതുമൂലം അവിശ്വസിച്ചവർ വഴി പിഴപ്പിക്കപ്പെടുന്നു: (അതായതു) ഒരു കൊല്ലം അതിനെ [മാറ്റിവെച്ച മാസത്തെ] അവർ അനുവദനീയമാക്കുകയും, ഒരു കൊല്ലം അതിനെ നിഷിദ്ധമാക്കുകയും ചെയ്യുന്നു; അല്ലാഹു നിഷിദ്ധമാക്കിയതിന്റെ എണ്ണത്തോട് ഒപ്പിക്കുവാനും, അങ്ങനെ, അല്ലാഹു നിഷിദ്ധമാക്കിയതിനെ അനുവദനീയമാക്കുവാനും വേണ്ടി.

---

36. إن عدة നിശ്ചയമായും എണ്ണം الشهور മാസങ്ങളുടെ عند الله അല്ലാഹുവിന്റെ അടുക്കൽ اثنا عشر പന്ത്രണ്ടാകുന്നു شهرا മാസം, മാസമായിട്ട് في كتاب വിധി നിശ്ചയ ഗ്രന്ഥത്തിൽ, രേഖയിൽ الله അല്ലാഹുവിന്റെ يوم خلق അവൻ സൃഷ്ടിച്ച ദിവസം السماوات ആകാശങ്ങളെ والأرض ഭൂമിയെയും منها അവയിൽ പെട്ടതാണ്, അതിലുണ്ട് أربعة നാലു (എണ്ണം—മാസം) حرم പവിത്രമായ, (യുദ്ധം) നിഷിദ്ധമായ ذلك الدين അതു മതമത്രെ, അതു നടപടിയാണ് القيم ചൊവ്വെ നിലകൊള്ളുന്ന, ഉറച്ചു നിൽക്കുന്ന فلا تظلموا അതിനാൽ നിങ്ങൾ അക്രമം ചെയ്യരുത് فيهن അവയിൽ أنفسكم നിങ്ങളുടെ സ്വന്തങ്ങളോട്, നിങ്ങളോടുതന്നെ وقاتلوا യുദ്ധം ചെയ്യുകയും ചെയ്യുവിൻ المشركين മുശ്രിക്കുകളോടു كافة ആകമാനം, ഒന്നടങ്കം كما يقاتلونكم അവർ നിങ്ങളോടു യുദ്ധം ചെയ്യുന്നപോലെ كافة ആകമാനം, മുഴുവനും واعلموا അറിയുകയും ചെയ്യുക أن الله അല്ലാഹു (ആകുന്നു) എന്നു مع المتقين സൂക്ഷ്മത പാലിക്കുന്നവരുടെകൂടെ. 37. إنما നിശ്ചയമായും മാത്രം (തന്നെ) النسيء പിന്നോട്ടു മാറ്റൽ, പിന്തിച്ചുവെക്കൽ زيادة ഒരു വർദ്ധനവു (തന്നെ—മാത്രം) ആകുന്നു في الكفر അവിശ്വാസത്തിൽ يضل വഴി പിഴപ്പിക്കപ്പെടുന്നു به അതുകൊണ്ടു, അതുമൂലം الذين كفروا അവിശ്വസിച്ചവർ يحلونه അതിനെ അവർ ഹലാൽ (അനുവദനീയം) ആക്കുന്നു عاما ഒരു കൊല്ലം ويحرمونه അതിനെ അവർ ഹറാം (നിഷിദ്ധം) ആക്കുകയും ചെയ്യുന്നു عاما ഒരു കൊല്ലം ليواطئوا അവർ ഒപ്പിക്കുവാൻ, ഒത്തുകൂടുവാൻവേണ്ടി عدة എണ്ണത്തെ, എണ്ണത്തോടു ما حرم നിഷിദ്ധമാക്കിയതിന്റെ الله അല്ലാഹു فيحلوا അങ്ങനെ അവർ അനുവദനീയമാക്കുവാൻ ما حرم الله അല്ലാഹു നിഷിദ്ധമാക്കിയതിനെ

زُيِّنَ لَهُمْ سُوٓءُ أَعْمَٰلِهِمْ ۗ وَٱللَّهُ لَا يَهْدِى ٱلْقَوْمَ ٱلْكَٰفِرِينَ ۝ ع

അവരുടെ ദുഷ്പ്രവൃത്തികൾ അവർക്കു ഭംഗിയാക്കി കാണിക്കപ്പെട്ടിരിക്കുകയാണ്. അല്ലാഹു, അവിശ്വാസികളായ ജനങ്ങളെ സൻമാർഗ്ഗത്തിലാക്കുകയില്ല.

زين ഭംഗിയാക്കപ്പെട്ടിരിക്കുന്നു لهم അവർക്കു سوء أعمالهم അവരുടെ പ്രവൃത്തികളിൽ ദുഷിച്ചതു, ദുഷ്പ്രവൃത്തികൾ والله അല്ലാഹുവാകട്ടെ لا يهدي അവൻ സൻമാർഗ്ഗത്തിലാക്കുകയില്ല القوم ജനങ്ങളെ الكافرين അവിശ്വാസികളായ.

സൂറത്തിന്റെ തുടക്കം മുതൽ മുശ്‌രിക്കുകളെക്കുറിച്ചു സംസാരിച്ചുവരുന്ന മദ്ധ്യേ ഇടക്കുവെച്ചു വേദക്കാരെ സംബന്ധിച്ചു ചിലതെല്ലാം പ്രസ്താവിച്ചു. വീണ്ടും സംസാരം മുശ്‌രിക്കുകളിലേക്കു തന്നെ തിരിഞ്ഞിരിക്കുകയാണ്. മുശ്‌രിക്കുകൾ മതത്തിൽ കടത്തിക്കൂട്ടിയ ഒരു അനാചാരത്തെക്കുറിച്ചാണു ഈ വചനങ്ങളിലെ പരാമർശം. ഇബ്രാഹീം (അ) നബിയുടെകാലം മുതൽക്കേ കൊല്ലത്തിൽ ദുൽഖഅ്ദ, ദുൽഹിജ്ജ, മുഹർറം, റജബ് എന്നീ നാലുമാസങ്ങൾ യുദ്ധം പാടില്ലാത്ത പവിത്ര മാസങ്ങളായി ആചരിക്കപ്പെട്ടുവന്നിരുന്നു. ഇബ്രാഹീം (അ) നബിയുടെ പാരമ്പര്യം അവകാശപ്പെടുന്നവരാണല്ലോ മുശ്‌രിക്കുകൾ. കാലക്രമത്തിൽ ആ സമ്പ്രദായത്തിൽ അവർ ഒരുമാറ്റം സ്വീകരിച്ചു. പൊതുവെ യുദ്ധപ്രിയൻമാരായ അവർക്കു ചിലപ്പോൾ ഈ നിയമം പാലിക്കുന്നതു അവരുടെ യുദ്ധതാൽപര്യങ്ങൾക്കു തടസ്സമായിത്തീരും. അപ്പോൾ ഇതിൽനിന്നു രക്ഷപ്പെടുവാൻ വേണ്ടി ഒരു മാസത്തിന്റെ പവിത്രത മറ്റൊരു മാസത്തിലേക്കു നീട്ടിവെച്ചുകൊണ്ടു ആ മാസത്തിൽ അവർ യുദ്ധം നടത്തുകയും, മറ്റേ മാസം പവിത്രമാസമായി ആചരിക്കുകയും ചെയ്യും. അങ്ങനെ നിശ്ചിത മാസങ്ങളിൽ മാറ്റം വരുത്തിക്കൊണ്ടാണെങ്കിലും കൊല്ലത്തിൽ നാലുമാസം പവിത്ര മാസങ്ങളായി ഒപ്പിക്കുകയും ചെയ്യും. ഇങ്ങിനെ, ഒരു മാസത്തിന്റെ പവിത്രത മറ്റൊരു മാസത്തിലേക്ക് മാറ്റിവെക്കുന്നതിനാണു النسيء (നസീഉ്) എന്നു പറയപ്പെടുന്നത്. ഇതിനെപ്പറ്റിയാണു രണ്ടാമത്തെ വചനത്തിൽ പ്രസ്താവിക്കുന്നത്.

മറ്റൊരു തരം 'നസീഉം' അറബികളിൽ പതിവുണ്ടായിരുന്നതായി ഇമാം റാസി (റ) മുതലായ ചിലർ പ്രസ്താവിച്ചിരിക്കുന്നു. പണ്ടു മുതൽക്കേ ചാന്ദ്രിക മാസങ്ങളുടെ അടിസ്ഥാനത്തിലാണു അറബികൾ കാലനിർണ്ണയം ചെയ്തുവന്നിരുന്നത്. സൗര വർഷവും ചന്ദ്ര വർഷവും തമ്മിൽ കൊല്ലത്തിൽ പതിനൊന്നു ദിവസത്തെ വ്യത്യാസം ഉണ്ടായിരിക്കുമല്ലോ. ഉഷ്ണം, ശൈത്യം, കാലവർഷം, വേനൽ മുതലായ പ്രകൃതി മാറ്റങ്ങൾ സംഭവിക്കുന്നതു സൗരമാസങ്ങളുടെ കണക്കിലുമായിരിക്കും. ഇതു നിമിത്തം ഹജ്ജുകാലം ചിലപ്പോൾ അത്യുഷ്ണവേളയിലും, ചിലപ്പോൾ മറിച്ചും വന്നേക്കും. ഉഷ്ണകാലത്തു ഹജ്ജു വരുന്നതുകൊണ്ട് പൊതുവെയുണ്ടാകുന്ന ബുദ്ധിമുട്ടുകൾക്കു പുറമെ, അവരുടെ ഒരു പ്രധാന ധനാഗമമാർഗ്ഗമായ ഹജ്ജു കാലത്തെ കച്ചവടോത്സവങ്ങൾക്കും അതു തടസ്സമായിത്തീരും. അതുകൊണ്ടു ചാന്ദ്രിക മാസങ്ങളെ കണക്കാക്കുന്നതിൽ ചില നീക്കുപോക്കുകൾ സ്വീകരിച്ചുകൊണ്ടു ഹജ്ജുകാലം അവർ മാറ്റി നിശ്ചയിക്കും. ഇതാണു ഈ 'നസീഇ'ന്റെ ചുരുക്കം.

യുദ്ധം നിഷിദ്ധമായ നാലു മാസങ്ങൾ ഏതൊക്കെയാണെന്നു ജാഹിലിയ്യത്തിലും ഇസ്‌ലാമിലും പരക്കെ അറിയപ്പെട്ടതാണ്. നബി (സ)യുടെ പ്രസിദ്ധമായ ഹജ്ജത്തുൽ വദാഇലെ പ്രസംഗത്തിൽ തിരുമേനി അക്കാര്യം ഇങ്ങനെ വ്യക്തമാക്കുകയും ചെയ്തു: 'നിശ്ചയമായും കാലം, അല്ലാഹു ആകാശഭൂമികളെ സൃഷ്ടിച്ച ദിവസത്തെ മാതിരി തിരിഞ്ഞു വന്നിരിക്കുന്നു. ഒരു കൊല്ലം പന്ത്രണ്ട് മാസം. അതിൽ നാലെണ്ണം 'ഹറാമാ'യവ (അലംഘനീയമായ പവിത്ര മാസങ്ങൾ) യാണ്. മൂന്നെണ്ണം തുടർച്ചയായുള്ളവയാണ്. അതായതു, ദുൽഖഅ്ദഃ, ദുൽഹിജ്ജഃ, മുഹർറം എന്നിവ. (നാലാമത്തേതു) ജുമാദായുടെയും, ശഅ്ബാന്റെയും ഇടയിലുള്ള മുളർ ഗോത്രത്തിന്റെ റജബും'. (ബു; മു; ദാ) റജബുമാസത്തെപ്പറ്റി നബി (സ) 'മുളറിന്റെ റജബു' (رجب مضر) എന്നു പറയുവാൻ കാരണം, വേറെ ചില ഗോത്രക്കാർ ആ മാസത്തിന്റെ ആചാരത്തിൽ വ്യത്യാസം വരുത്തിയിരുന്നതാണെന്നു ഇബ്നു കഥീർ (റ) ചൂണ്ടിക്കാട്ടിയിരിക്കുന്നു. ഹജ്ജ് സമ്മേളനത്തിൽ ദൂരപ്രദേശങ്ങളിൽനിന്നു നിർഭയം വന്നു ചേരുവാൻ ഹജ്ജ് മാസത്തിനു മുമ്പ് ദുൽഖഅ്ദഃമാസവും, അതുകഴിഞ്ഞ് ഹജ്ജിനുശേഷം നാട്ടിലേക്കു തിരിച്ചുപോകുവാനുള്ള സൗകര്യത്തിനു വേണ്ടി ഹജ്ജ് മാസത്തിനു ശേഷം മുഹർറം മാസവും—അങ്ങിനെ സമാധാനപൂർവ്വം തിരിച്ചുപോകുവാനുള്ള സൗകര്യത്തിനുവേണ്ടി മൂന്നു മാസം—ഒന്നിച്ചു തുടർച്ചയായി യുദ്ധം ഹറാമാക്കപ്പെട്ടിരിക്കുന്നു. ഇടക്കുവെച്ചു ഉംറ കർമ്മം ചെയ്തു പോകുന്നവരുടെ സൗകര്യം കണക്കിലെടുത്തു റജബു മാസവും ഹറാമാക്കിയിരിക്കുകയാണ്.

ചില കാലങ്ങൾക്കും, ചില സ്ഥലങ്ങൾക്കും അല്ലാഹു ചില പ്രത്യേക സ്ഥാനങ്ങൾ കല്പിച്ചുവെച്ചിരിക്കുന്നു. മനുഷ്യരായിട്ടുള്ള ചില അനുഷ്ഠാനങ്ങളും ആചാരങ്ങളും അവയിൽ അവൻ നിയമിക്കുകയും ചെയ്തിരിക്കുന്നു. അവയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള യുക്തി രഹസ്യങ്ങൾ അല്പം ചിലതൊക്കെ നമുക്ക് അറിയുവാൻ കഴിഞ്ഞേക്കുമെങ്കിലും മുഴുവനായോ, വിശദമായോ അതിലടങ്ങിയ തത്വരഹസ്യങ്ങൾ മനസ്സിലാക്കുവാൻ നമുക്കു കഴിയുകയില്ല. എന്തുകൊണ്ടു ദിനംപ്രതി അഞ്ചു നമസ്കാരം നിയമിച്ചു? ആഴ്ചയിലെ ദിവസങ്ങളിൽ വെള്ളിയാഴ്ച ദിവസത്തിനു എന്തുകൊണ്ടു പ്രാധാന്യം കല്പിച്ചു? മാസങ്ങളിൽ എന്തുകൊണ്ടു റംസാനു പ്രത്യേകത നൽകി? ഇത്യാദി ചോദ്യങ്ങൾക്കു വസ്തുനിഷ്ഠവും പരിപൂർണ്ണവുമായ ഉത്തരം പറയുവാൻ നമുക്കു സാദ്ധ്യമല്ല. ഇതുപോലെ, സ്ഥലങ്ങളുടെ കൂട്ടത്തിൽ പള്ളികൾക്കും, രാജ്യങ്ങളുടെ കൂട്ടത്തിൽ മക്കാ, മദീനാ, ബൈത്തുൽ മുഖദ്ദസ് എന്നിവക്കും അല്ലാഹു ചില ശ്രേഷ്ഠതകൾ നൽകിയിരിക്കുന്നു. ഓരോന്നിനും ചില കാരണങ്ങളൊക്കെ നമുക്ക് മനസ്സിലായിട്ടുണ്ടെങ്കിലും, നമുക്കു അജ്ഞാതമായ വേറെയും യുക്തി രഹസ്യങ്ങൾ അതിലെല്ലാം അടങ്ങിയിട്ടുണ്ടെന്നുള്ളതിൽ സംശയമില്ല. ആ സ്ഥിതിക്കു ഓരോന്നിനും കൽപിച്ച പവിത്രതയും, സ്ഥാനവും അതേ രൂപത്തിൽ അംഗീകരിക്കുകയല്ലാതെ അതിൽ മാറ്റമോ വ്യത്യാസമോ വരുത്തുവാൻ മനുഷ്യർക്കു അവകാശമോ, അനുവാദമോ ഇല്ല. ചോദ്യം ചെയ്യാതെ അതനുസരിക്കുകയാണു നമ്മുടെ കടമ. അതാണു നേർക്കുനേരെയുള്ള മതനടപടിയും. (ذلك الدين القيم) ഈ വകയിലൊക്കെ അല്ലാഹു കൽപിച്ചതിന്നെതിരായ മാറ്റത്തിരുത്തങ്ങൾ വരുത്തുന്നതു അവിശ്വാസവുമായിരിക്കും. إنما النسيء زيادة في الكفر (നസീഉ് അവിശ്വാസത്തിൽ വർദ്ധനവു തന്നെയാണു) എന്ന രണ്ടാമത്തെ വചനത്തിൽ പറഞ്ഞതിൽനിന്ന് ഈ വാസ്തവം മനസ്സിലാക്കാം. മുശ്‌രിക്കുകൾ മുമ്പേ അവിശ്വാസികളാണു. ആ അവിശ്വാസത്തിലൂടെ മറ്റൊരു അവിശ്വാസവും കൂടിയാണു നസീഉ് മൂലം ഉണ്ടായിത്തീരുന്നത് എന്നത്രെ ഈ വാക്യം ചൂണ്ടിക്കാട്ടുന്നത്.

ആദ്യത്തെ വചനത്തിൽ പറഞ്ഞതിന്റെ താൽപര്യം ഇങ്ങിനെ മനസ്സിലാക്കാം: ആകാശ ഭൂമികളെ സൃഷ്ടിച്ച ദിവസം മുതൽക്കേ അല്ലാഹു നിശ്ചയിച്ചുവെച്ച നിയമവ്യവസ്ഥയാണു മാസങ്ങൾ പന്ത്രണ്ടാണെന്നുള്ളതും. (إن عدة الشهور عند الله ....) അതായതു, ഈ അഖിലാണ്ഡത്തെ സൃഷ്ടിച്ചപ്പോൾ തന്നെ, അതിലടങ്ങിയ സൂര്യചന്ദ്ര നക്ഷത്രാദികൾക്കും അവയുടെ ഗതിവിഗതികൾക്കുമൊക്കെ അല്ലാഹു ഓരോ നിശ്ചിത വ്യവസ്ഥ ഏർപ്പെടുത്തിയിട്ടുണ്ട്. ആ വ്യവസ്ഥകളിലൊന്നാണു കൊല്ലത്തിൽ പന്ത്രണ്ടു മാസങ്ങളാണെന്നുള്ളതും. ആ പന്ത്രണ്ടിൽ നാലെണ്ണം അവൻ 'ഹറാമാ'യ പവിത്ര മാസങ്ങളാക്കി വെക്കുകയും ചെയ്തിരിക്കുന്നു. (منها أربعة حرم) അതിൽ മാറ്റമോ ഭേദഗതിയോ വരുത്താതെ അവൻ നിശ്ചയിച്ച അതേപടി ആ മാസങ്ങളെ സ്വീകരിക്കുന്നതാണു ശരിയും സ്ഥിരവുമായ മതനടപടി (ذلك الدين القيم). അവയിൽ വല്ല ഭേദഗതിയും സ്വീകരിക്കുന്നതും, അവയുടെ അലംഘനീയതക്കും പവിത്രതക്കും ഹാനികരമായ വല്ലതും പ്രവർത്തിക്കുന്നതും നിങ്ങൾ നിങ്ങളോടു തന്നെ അക്രമം പ്രവർത്തിക്കലാകുന്നു. അതിന്റെ ഫലം നിങ്ങൾ തന്നെ അനുഭവിക്കേണ്ടിവരും. അതുകൊണ്ടു നിങ്ങൾ നിങ്ങൾക്കെതിരെ തന്നെ അക്രമം പ്രവർത്തിക്കരുത് (فلا تظلموا فيهن أنفسكم) എന്നൊക്കെ ഉണർത്തിയശേഷം, ഒരു യാഥാർത്ഥ്യം സത്യവിശ്വാസികൾ വിസ്മരിച്ചുകളയരുതെന്നു അല്ലാഹു പ്രത്യേകം ഓർമ്മിപ്പിക്കുന്നു. അതായതു, മുശ്‌രിക്കുകൾ കൂട്ടത്തോടെ നിങ്ങളോടു യുദ്ധത്തിനു ഒരുങ്ങി ഇറങ്ങിയിരിക്കുകയാണ്. അതുകൊണ്ടു അപ്പോലെ നിങ്ങളും ഒത്തൊരുമിച്ച് മൊത്തത്തിലായി അവരോടെല്ലാം യുദ്ധത്തിനു തയ്യാറായിക്കൊണ്ടിരിക്കണം. (وقاتلوا المشركين كافة....) എന്നത്രെ അത്. അതോടുകൂടി, സൂക്ഷ്മത പാലിക്കണമെന്നും, സൂക്ഷ്മത പാലിക്കുന്നവരുടെ ഒപ്പമാണു അല്ലാഹു എന്നു നിങ്ങൾക്കു ഓർമ്മയുണ്ടായിരിക്കണം (واعلموا أن الله مع المتقين) എന്നും ഓർമ്മിപ്പിക്കുന്നു.

വിഭാഗം-6

ഈ സൂറത്തിന്റെ അവസാനത്തെ രണ്ടു വചനങ്ങളും, ഇടക്കുള്ള ചില വചനങ്ങളും ഒഴിവാക്കിയാൽ, ഇവിടം മുതൽക്കുള്ള വചനങ്ങളിലെ പരാമർശങ്ങൾ തബൂക്ക് സംഭവവുമായി ബന്ധപ്പെട്ട കാര്യങ്ങളാകുന്നു. മദീനായുടെയും, ദിമിശ്ഖി (ഡമസ്കസി)ന്റെയും ഏതാണ്ടു മദ്ധ്യത്തിൽ, മദീനായിൽ നിന്നും ഏതാണ്ടു നാനൂറ് നാഴിക ദൂരെ സ്ഥിതിചെയ്യുന്നതും, അക്കാലത്തു ശാം രാജ്യങ്ങളിൽ ഉൾപ്പെട്ടതുമായ ഒരു സ്ഥലമാണു തബൂക്ക് (تبوك).* റോമാ ചക്രവർത്തിയുടെ മേൽക്കോയ്മയിലാണു അന്നു ശാം രാജ്യങ്ങൾ. താഴെ വരുന്ന പല പരാമർശങ്ങളെക്കുറിച്ചും വേണ്ടതുപോലെ മനസ്സിലാക്കുന്നതിനു തബൂക്ക് സംഭവത്തെപ്പറ്റി സാമാന്യം അറിഞ്ഞിരിക്കുന്നതു ആവശ്യമാണ്. അതുകൊണ്ടു അതിന്റെ ഒരു ചുരുക്കം ഇവിടെ വിവരിക്കാം:—

* തബൂക്ക് (تبوك) പടം നമ്പ്ര്–8ൽ കാണാം.

മദീനയെ ആക്രമിക്കാൻ ശാമിൽ റോമക്കാർ ഒരുക്കം കൂട്ടുന്നുണ്ടെന്നും, ക്രിസ്ത്യാനികളായ ചില അറബി ഗോത്രങ്ങളും അതിൽ പങ്കുവഹിക്കുന്നുണ്ടെന്നും ആ ഭാഗത്തു നിന്നു ഒലീവെണ്ണ വിൽപനക്കായി വന്നിരുന്ന ചിലരിൽ നിന്നു നബി (സ)ക്കു വിവരം കിട്ടുകയുണ്ടായി. ക്ഷാമംകൊണ്ടും, അത്യുഷ്ണംകൊണ്ടും വളരെ വിഷമം പിടിച്ച ഒരു കാലമായിരുന്നു അത്. കൂടാതെ, അൽപം മുമ്പ് കഴിഞ്ഞ ഹുനൈൻ യുദ്ധത്തിനും, ത്വാഇഫ് യുദ്ധത്തിനും ശേഷം ഒരു വിശ്രമമെടുക്കുവാൻ ജനങ്ങൾക്കു അവസരവും കിട്ടിയിട്ടുണ്ടായിരുന്നില്ല. ശത്രുപക്ഷത്തു ണ്ടാവുന്ന സൈന്യത്തിന്റെ ആധിക്യത്തെക്കുറിച്ചുള്ള ഭയവും, മദീനായിലെ ഈത്തത്തോട്ടങ്ങളുടെ ഫലം എടുക്കുന്ന കാലം അടുത്തു വന്നിരുന്നതിനാൽ ആ സമയത്തു സ്ഥലം വിടുന്നതിൽ ജനങ്ങൾക്കുള്ള വൈമനസ്യവും ഇതിനു പുറമെയും. ശാമിലേക്കുള്ള യാത്രയാണെങ്കിൽ വളരെ ക്ലേശകരവും. ഇങ്ങിനെ പലതരം പ്രതികൂലാവസ്ഥകൾ ഒത്തു ചേർന്ന ഒരു പരിതസ്ഥിതിയിലായിരുന്നു പ്രസ്തുത വിവരം ലഭിച്ചത്. ഏതെങ്കിലും ഒരു സ്ഥലത്തേക്ക പടയൊരുക്കം ചെയ്യുമ്പോൾ—ശത്രുക്കൾക്കു മുൻകൂട്ടി വിവരം ലഭിക്കാതിരിക്കുവാനുള്ള മുൻകരുതലെന്ന നിലക്ക— നബി (സ) ലക്ഷ്യസ്ഥാനം മുൻകൂട്ടി പുറത്തറിയിക്കാറില്ലായിരുന്നു. മേൽ സൂചിപ്പിച്ച പരിതസ്ഥിതികൾ നിമിത്തം, ഈ പടയെടുപ്പിന്റെ ലക്ഷ്യത്തെപ്പറ്റി നബി (സ) നേരത്തതന്നെ വ്യക്തമാക്കുകയുണ്ടായി. സൈന്യത്തിൽ പങ്കെടുക്കുവാനും, സാമ്പത്തികമായും, മറ്റു വിധേനയും കഴിയുന്ന സംഭാവനകളും സഹകരണങ്ങളും നൽകുവാനും നബി (സ) ജനങ്ങളെ ഉപദേശിച്ചുകൊണ്ടിരുന്നു. മക്കായിലേക്കും, മറ്റു ചില സ്ഥലങ്ങളിലേക്കും ഈ ആവശ്യാർത്ഥം അവിടുന്നു ആളെ അയക്കുകയും ചെയ്തു.

സഹാബികൾ പലരും വമ്പിച്ച സംഭാവനകൾ നൽകുകയുണ്ടായി. ഉസ്മാൻ (റ) പതിനായിരം ദീനാറും (പൊൻപണവും), മുന്നൂറ് ഒട്ടകവും, അവയുടെ സാമഗ്രികളും, അമ്പതു കുതിരയും സംഭാവന ചെയ്തു. 'അല്ലാഹുവേ! നീ ഉസ്മാനെക്കുറിച്ച് തൃപ്തിപ്പെടേണമേ! ഞാൻ അദ്ദേഹത്തെക്കുറിച്ചു തൃപ്തിപ്പെട്ടിരിക്കുന്നു'. എന്നു അദ്ദേഹത്തിനു വേണ്ടി നബി (സ) പ്രാർത്ഥിച്ചു. ഇതുപോലെ വേറെയും സഹാബികൾ വലിയ സംഭാവനകൾ നൽകി. അബൂബക്കർ (റ) അദ്ദേഹത്തിന്റെ പക്കൽ ആകെയുണ്ടായിരുന്ന നാലായിരം ദിർഹം (വെള്ളിപ്പണം) അത്രയും സംഭാവന ചെയ്തു. ഒരു വിഷയത്തിലും അബൂബക്കറിനെ കവച്ചുവെക്കുവാൻ തനിക്കു അവസരം കിട്ടിയിട്ടില്ലെങ്കിലും ഈ പ്രാവശ്യം അതു സാധിക്കാമെന്ന പ്രതീക്ഷയോടുകൂടി, ഉമർ (റ) തന്റെ പക്കലുണ്ടായിരുന്ന ധനത്തിന്റെ പകുതിയും കൊണ്ടുവന്നു. സംഖ്യ നോക്കുമ്പോൾ, അബൂബക്കർ (റ)ന്റെ സംഖ്യയെക്കാൾ വളരെ അധികം അതായുണ്ടായിരുന്നു. എങ്കിലും, ഉമറിന്റെ അദ്ദേഹത്തിന്റെ പ്രതീക്ഷ അസ്ഥാനത്താകുകയാണുണ്ടായത്. അബൂബക്കർ (റ)നോടു നബി (സ) ചോദിച്ചു: 'താങ്കളുടെ വീട്ടുകാർക്ക താങ്കൾ എന്തു ബാക്കിവെച്ചിട്ടുണ്ട്?', അദ്ദേഹത്തിന്റെ മറുപടി: 'അല്ലാഹുവിനെയും റസൂലിനെയും ബാക്കിവെച്ചിട്ടുണ്ട്'. എന്നായിരുന്നു. ഇതു കേട്ടപ്പോൾ, തനിക്കു അബൂബക്കർ (റ)നെ കവച്ചുവെക്കുവാൻ സാധ്യമല്ലെന്നു ഉമർ (റ)നു ബോധ്യമായി. സ്ത്രീകളും അവരുടെ ആഭരണങ്ങൾ തുടങ്ങിയ വലിയ സംഭാവനകൾ നൽകി വന്നു. യാത്രച്ചിലവിനുപോലും കഴിവില്ലാത്ത ദരിദ്രരായ ചില സഹാബികൾ തങ്ങളെയും സൈന്യത്തിലെടുക്കണമെന്നു നബി (സ) യോടു അപേക്ഷിച്ചു. അതിനുള്ള വക ഇല്ലാത്തതുകൊണ്ടു അവരുടെ അപേക്ഷ സ്വീകരിക്കുവാൻ നബി (സ)ക്ക കഴിഞ്ഞില്ല. അങ്ങനെ, അവർ കരഞ്ഞുംകൊണ്ടിരിക്കുകയായി. ഒടുക്കം ഉസ്മാൻ, അബ്ബാസ് (റ) മുതലായവർ അവരുടെ ചിലവു വഹിക്കുവാൻ ഏറ്റു.

മദീനായിൽ നിന്നും, മറ്റു സ്ഥലങ്ങളിൽ നിന്നുമായി മുപ്പതിനായിരം (30, 000) പേരടങ്ങുന്ന ഒരു വമ്പിച്ച സൈന്യം സജ്ജീകൃതമായി. മദീനായിൽ മുഹമ്മദുബ്നു മസ്ലമഃ (റ)യെയും, കുടുംബ കാര്യങ്ങളിൽ അലി (റ)യെയും നബി (സ) തന്റെ പ്രതിനിധികളായി നിശ്ചയിച്ചു. സൈന്യത്തിന്റെ മഹാപതാകാ വാഹകനായി അബൂബക്കർ (റ)നെയും ഏൽപിച്ചു. കപട വിശ്വാസികളായ ഒട്ടേറെ ആളുകളും, അവരുടെ തലവനായ അബ്ദുല്ലാഹിബ്നു ഉബയ്യും സൈന്യത്തിൽ പങ്കെടുത്തില്ല. 'ഇത്തരം സമയത്തു വെള്ളക്കാരോടു (റോമക്കാരോടു) യുദ്ധം ചെയ്‌വാൻ മുഹമ്മദിന്റെ ഈ പുറപ്പാടിന്റെ ഫലം അവനറിയാറാകും, ഈ കളി നല്ലതിനല്ല.' എന്നൊക്കെ അവർ പറഞ്ഞു. ചിലർ നബി (സ) യുടെ അടുക്കൽ വന്നു ഒഴികഴിവു പറഞ്ഞു. വേറെ ചിലർ നാട്ടിൽ ഭീതി പ്രചരിപ്പിച്ചുകൊണ്ടുമിരുന്നു. 'വെള്ളക്കാരായ സ്ത്രീകളെ കണ്ടാൽ തങ്ങളുടെ മനസ്സു ഇളകിപ്പോകും'. തങ്ങളുടെ വീടുകൾ ഭദ്രമല്ല നിരത്തി. 'വെള്ളക്കാരായ സ്ത്രീകളെ കണ്ടാൽ' 'തങ്ങൾക്കു വീടു വിട്ടുപോകുവാൻ നിവൃത്തിയില്ല' എന്നിങ്ങിനെ പലതും. ദാരിദ്ര്യവും, കഴിവില്ലാത്തതുകൊണ്ടു തങ്ങൾക്കു വീടു വിട്ടുപോകുവാൻ നിവൃത്തിയില്ല' എന്നിങ്ങിനെ പലതും. അങ്ങിനെ, പലർക്കും നബി (സ) ഒഴിവു നൽകി. കേടും നിമിത്തം പോകാതെ പിന്തി നിന്നവരും ഉണ്ടായിരുന്നു. പല കപട വിശ്വാസികളുടെ ഒഴികഴിവുകളും നബി (സ) ബാഹ്യാവസ്ഥ കണക്കിലെടുത്തുകൊണ്ടു സ്വീകരിച്ചിരുന്നു. ഇങ്ങിനെ ഒഴികഴിവു നൽകിയതിനെപ്പറ്റി പിന്നീടു അല്ലാഹു നബി (സ)യെ ആക്ഷേപിച്ച കൂട്ടത്തിൽ പറയുന്നുണ്ട്. സത്യവിശ്വാസികളിൽ തന്നെ കഅ്ബുബ്നുമാലിക് (റ) പോലെയുള്ള നിഷ്കളങ്കരായ ചില വ്യക്തികളും യുദ്ധത്തിന് പോകാത്തവരിൽ ഉൾപെടും. പിന്നീടു അവർ അതിനെപ്പറ്റി കപടൻമാരായിരുന്ന ചില വ്യക്തികളും ഖേദിച്ചു മടങ്ങിയ വിവരവും താഴെ കാണാം.

സൈന്യം യാത്ര തുടങ്ങി. വഴിമധ്യേ ഹിജ്ർ * ലെത്തി. സ്വാലിഹ് (അ) നബിയുടെ ജനതയും അല്ലാഹുവിങ്കൽനിന്നുള്ള കഠിനകഠോരമായ പൊതു ശിക്ഷമൂലം നശിപ്പിക്കപ്പെട്ടവരുമായ ഥമൂദുഗോത്രക്കാരുടെ രാജ്യ

* പടം B നോക്കുക.

[illegible] പോകുമ്പോൾ, ആ അക്രമികളുടെ വാസ സ്ഥലത്തിലൂടെ കടന്നുപോകേണ്ടുന്ന [illegible] നബി (സ) സൈന്യത്തെ ഉപദേശിക്കുകയുണ്ടായി. തബൂക്ക് ജനവാസമില്ലാതെ ഒഴിഞ്ഞു കിട [illegible] അവിടെ എത്തിയപ്പോൾ മുആദുബ്നു ജബൽ (റ) നോടു നബി (സ) പറഞ്ഞു: [illegible]. ഇവിടെയൊക്കെ തോട്ടങ്ങൾ നിറഞ്ഞു കാണാറാകും.' അതങ്ങിനെത്തന്നെ പിന്നീടു [illegible].

[illegible] സഹിച്ചും, സുദീർഘമായ യാത്രാക്ലേശങ്ങൾ അനുഭവിച്ചും തബൂക്കിലെത്തി [illegible], മുമ്പു കേട്ടതുപോലെയുള്ള സംഭവഗതികളൊന്നും അവിടെ കാണുകയുണ്ടായില്ല. [illegible] അവിടെ പാളയമടിച്ചശേഷം, നബി (സ) തിരുമേനിയും സൈന്യങ്ങളും തിരിച്ചു പോരുകയാണുണ്ടായത്. എങ്കിലും, ഇതിനിടയിൽ അയൽ പ്രദേശങ്ങളായ ഐല (അൽഅഖബ) * യിലെയും, ജർബാഉ്, അദ്റുഹ് മുതലായ സ്ഥലങ്ങളിലെയും നിവാസികളും, നാടുവാഴികളും നബി (സ) യുമായി സമാധാന സന്ധി കരാറുകളുണ്ടായി. ഒരു യുദ്ധം ഉണ്ടായില്ലെങ്കിലും മുസ്ലിംകൾക്കു പരീക്ഷണത്തിലുള്ള ശിക്ഷണങ്ങളും, [illegible] ലഭിക്കുവാനും, കപട വിശ്വാസികളുടെ ഉള്ളിലിരിപ്പു വെളിച്ചത്തു വരുവാനും വളരെ ഉപകരിച്ചു. ഖുലഫാഉ-റാശിദീന്റെ കാലത്തു ശാമിൽ ഇസ്ലാമിനുണ്ടായ വമ്പിച്ച വിജയങ്ങൾക്കെല്ലാം ഈ യാത്ര ഈ യാത്ര സുഗമമാക്കുകയും ഉണ്ടായി. ഇനി, നമുക്കു ആയത്തുകളിലേക്ക് പ്രവേശിക്കാം:-

٣٨- يَا أَيُّهَا الَّذِينَ آمَنُوا مَا لَكُمْ إِذَا قِيلَ لَكُمُ انفِرُوا فِي سَبِيلِ اللَّهِ اثَّاقَلْتُمْ إِلَى الْأَرْضِ ۚ أَرَضِيتُم بِالْحَيَاةِ الدُّنْيَا مِنَ الْآخِرَةِ ۚ فَمَا مَتَاعُ الْحَيَاةِ الدُّنْيَا فِي الْآخِرَةِ إِلَّا قَلِيلٌ ○

38. ഹേ, വിശ്വസിച്ചവരേ,

നിങ്ങൾക്കെന്താണു, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ (യുദ്ധത്തിനു) പുറപ്പെട്ടു പോകുവിൻ എന്നു നിങ്ങളോടു പറയപ്പെട്ടാൽ, നിങ്ങൾ ഭൂമിയിലേക്ക് കനംതൂങ്ങിക്കളയുന്നു [മടിച്ചു പിന്നോക്കം നിൽക്കുന്നു]? നിങ്ങൾ പരലോകത്തിന (പകരം) ഐഹിക ജീവിതം കൊണ്ടു തൃപ്തിപ്പെട്ടുവോ?! എന്നാൽ, പരലോകത്തെ സംബന്ധിച്ചു (നോക്കുമ്പോൾ) ഐഹിക ജീവിതത്തിന്റെ സുഖവിഭവം അൽപ (മാത്ര) മല്ലാതെയില്ല.

٣٩- إِلَّا تَنفِرُوا يُعَذِّبْكُمْ عَذَابًا أَلِيمًا وَيَسْتَبْدِلْ قَوْمًا غَيْرَكُمْ وَلَا تَضُرُّوهُ شَيْئًا ۗ وَاللَّهُ عَلَىٰ كُلِّ شَيْءٍ قَدِيرٌ ○

39. നിങ്ങൾ (യുദ്ധത്തിനു) പുറപ്പെട്ടുപോകുന്നില്ലെങ്കിൽ, അവൻ [അല്ലാഹു] നിങ്ങളെ വേദനയേറിയ ശിക്ഷ ശിക്ഷിക്കും; നിങ്ങളല്ലാത്ത (വേറെ) വല്ല ജനതയെയും അവൻ പകരം കൊണ്ടുവരുകയും ചെയ്യും; അവനു നിങ്ങൾ യാതൊന്നും (തന്നെ) ഉപദ്രവം വരുത്തുന്നതുമല്ല. [നിങ്ങൾക്കു തന്നെയായിരിക്കും അതു ഉപദ്രവമായിരിക്കുക.]

അല്ലാഹു, എല്ലാ കാര്യത്തിനും കഴിവുള്ളവനാകുന്നു.

38. يا أيها الذين آمنوا ഹേ വിശ്വസിച്ചവരേ ما لكم നിങ്ങൾക്കെന്താണു إذا قيل പറയപ്പെട്ടാൽ لكم നിങ്ങളോടു انفروا നിങ്ങൾ (യുദ്ധത്തിനു) പുറപ്പെട്ടു പോകുവിൻ, ധൃതിയിൽ പോകുവിൻ في سبيل الله അല്ലാഹുവിന്റെ മാർഗ്ഗത്തിൽ اثاقلتم നിങ്ങൾ കനം തൂങ്ങുന്നു, ഭാരപ്പെട്ടു (അമർന്നു) പോകുന്നു إلى الأرض ഭൂമിയിലേക്കു أرضيتم നിങ്ങൾ തൃപ്തിപ്പെട്ടുവോ بالحياة الدنيا ഐഹിക ജീവിതം കൊണ്ടു من الآخرة പരലോകത്തിനു (പകരം) فما متاع എന്നാൽ സുഖവിഭവമില്ല, ഉപകരണമില്ല الحياة ജീവിതത്തിന്റെ الدنيا ഐഹിക في الآخرة പരലോകത്തിൽ, പരലോകത്തെ സംബന്ധിച്ചു إلا قليل അൽപമല്ലാതെ. 39. إلا تنفروا നിങ്ങൾ (യുദ്ധത്തിനു) പുറപ്പെടുന്നില്ലെങ്കിൽ يعذبكم അവൻ നിങ്ങളെ ശിക്ഷിക്കും عذابا أليما വേദനയേറിയ ശിക്ഷ ويستبدل അവൻ പകരം കൊണ്ടു വരുകയും ചെയ്യും قوما ഒരു ജനതയെ غيركم നിങ്ങളല്ലാത്ത ولا تضروه അവന്നു നിങ്ങൾ ഉപദ്രവം ചെയ്യുകയുമില്ല شيئا യാതൊന്നും والله അല്ലാഹു على كل شيء എല്ലാ വസ്തുവിനും قدير കഴിവുള്ളവനാകുന്നു.

(*) പടം 8 നോക്കുക.

തബൂക്കിലേക്കുള്ള പടയെടുപ്പിൽ പങ്കെടുക്കുവാൻ നബി (സ) ജനങ്ങളെ ക്ഷണിച്ചുകൊണ്ടിരുന്നപ്പോൾ, മുന്നോട്ടുവരുവാൻ മടിച്ചു നിന്നവരെക്കുറിച്ചുള്ള ആക്ഷേപമാണിതു. ഐഹികമായ സുഖസൗകര്യങ്ങൾ നഷ്ടപ്പെടുമെന്നു വെച്ചു പിന്നോക്കം നിന്നാൽ അതിൻെറ ദുഷ്യഫലം നിങ്ങൾ തന്നെ അനുഭവിക്കേണ്ടി വരുമെന്നു അല്ലാഹു അവരെ താക്കീതു ചെയ്യുന്നു. ഐഹികമായ ബുദ്ധിമുട്ടുകൾ എത്ര തന്നെ തരണം ചെയ്യേണ്ടിവന്നാലും പരലോക നൻമയെ അപേക്ഷിച്ചു അതു വളരെ തുച്ഛമായിരിക്കുമെന്ന് ഉണർത്തുകയും ചെയ്യുന്നു. ഒരാൾ തൻെറ വിരൽ സമുദ്രത്തിൽ മുക്കി പുറത്തെടുക്കുമ്പോൾ, ആ സമുദ്രജലത്തെ അപേക്ഷിച്ചു അവൻെറ വിരലിൽ എന്തുമാത്രം വെള്ളം ഉണ്ടായിരിക്കുമോ അതുപോലെ മാത്രമാണു പരലോകത്തെ അപേക്ഷിച്ചു ഇഹലോക വസ്തുക്കളുടെ നിലയെന്നു അഹ്മദു, തിർമദി, മുസ്ലിം (റ) എന്നിവർ ഉദ്ധരിച്ച ഒരു ഹദീസിൽ നബി (സ) ഉപമിച്ചിരിക്കുന്നതു ഇവിടെ പ്രസ്താവ്യമാകുന്നു.

40. നിങ്ങൾ അദ്ദേഹത്തെ [നബിയെ] സഹായിക്കുന്നില്ലെങ്കിൽ, അല്ലാഹു അദ്ദേഹത്തെ സഹായിക്കുകയുണ്ടായിട്ടുണ്ടു [അതുപോലെ, എനിയും അവൻ സഹായിക്കും]; (അതെ) രണ്ടുപേരിൽ ഒരാളായിക്കൊണ്ട് അദ്ദേഹത്തെ (ആ) അവിശ്വസിച്ചവർ (നാട്ടിൽ നിന്നു) പുറത്താക്കിയ സന്ദർഭത്തിൽ; അതായതു, അവർ രണ്ടു പേരും (ആ) ഗുഹയിലായിരുന്നപ്പോൾ; (അതെ) അദ്ദേഹം തൻെറ ചങ്ങാതിയോടു: 'വ്യസനിക്കേണ്ട – നിശ്ചയമായും, അല്ലാഹു നമ്മുടെ കൂടെയുണ്ടു' എന്നു പറയുമ്പോൾ.

٤٠- إِلَّا تَنصُرُوهُ فَقَدْ نَصَرَهُ اللَّهُ إِذْ أَخْرَجَهُ الَّذِينَ كَفَرُوا ثَانِيَ اثْنَيْنِ إِذْ هُمَا فِي الْغَارِ إِذْ يَقُولُ لِصَاحِبِهِ لَا تَحْزَنْ إِنَّ اللَّهَ مَعَنَا ۖ

അപ്പോൾ, അല്ലാഹു അദ്ദേഹത്തിനു തൻെറ (വക മനഃ) സമാധാനം ഇറക്കിക്കൊടുത്തു. നിങ്ങൾ കണ്ടിട്ടില്ലാത്ത ചില (തരം) സൈന്യങ്ങളെക്കൊണ്ട് അദ്ദേഹത്തെ അവൻ ബലപ്പെടുത്തുകയും ചെയ്തിരിക്കുന്നു. അവിശ്വസിച്ചവരുടെ വാക്യത്തെ അവൻ ഏററം താണതാക്കുകയും ചെയ്തു.

فَأَنزَلَ اللَّهُ سَكِينَتَهُ عَلَيْهِ وَأَيَّدَهُ بِجُنُودٍ لَّمْ تَرَوْهَا وَجَعَلَ كَلِمَةَ الَّذِينَ كَفَرُوا السُّفْلَىٰ

അല്ലാഹുവിൻെറ വാക്യം തന്നെയാണു ഏററം ഉന്നതമായതു. അല്ലാഹു പ്രതാപശാലിയും, അഗാധജ്ഞനുമാകുന്നു.

وَكَلِمَةُ اللَّهِ هِيَ الْعُلْيَا ۗ وَاللَّهُ عَزِيزٌ حَكِيمٌ ○

---

40. إلا تنصروه അദ്ദേഹത്തെ നിങ്ങൾ സഹായിക്കുന്നില്ലെങ്കിൽ فقد نصره തീർച്ചയായും അദ്ദേഹത്തെ സഹായിച്ചിട്ടുണ്ടു الله അല്ലാഹു إذ أخرجه അദ്ദേഹത്തെ പുറത്താക്കിയപ്പോൾ (സന്ദർഭം) الذين كفروا അവിശ്വസിച്ചവർ ثاني രണ്ടാമത്തേവനായിട്ടു (ഒരാളായിക്കൊണ്ടു) اثنين രണ്ടിൽ, രണ്ടാളുടെ إذ هما അവർ രണ്ടാളുമായിരിക്കെ (ആയിരിക്കുമ്പോൾ) في الغار ഗുഹയിൽ, പൊത്തിൽ إذ يقول പറയുമ്പോൾ, പറയുന്ന സന്ദർഭം لصاحبه തൻെറ ചങ്ങാതിയോടു, തോഴനോടു لا تحزن വ്യസനിക്കേണ്ട إن الله നിശ്ചയമായും അല്ലാഹു معنا നമ്മുടെ കൂടെയുണ്ടു فأنزل الله അപ്പോൾ അല്ലാഹു ഇറക്കി سكينته അവൻെറ സമാധാനം, ശാന്തത عليه അദ്ദേഹത്തിനു, അദ്ദേഹത്തിൻെറ മേൽ وأيده അദ്ദേഹത്തെ അവൻ ബലപ്പെടുത്തുകയും ചെയ്തിരിക്കുന്നു (ചെയ്തു) بجنود ചില സൈന്യങ്ങളെക്കൊണ്ടു لم تروها നിങ്ങൾ കണ്ടിട്ടില്ലാത്ത, നിങ്ങളതു കണ്ടിട്ടില്ല وجعل അവൻ ആക്കുകയും ചെയ്തു كلمة വാക്യത്തെ الذين كفروا അവിശ്വസിച്ചവരുടെ السفلى താണതു, ഏററം താഴ്ന്നതു وكلمة الله അല്ലാഹുവിൻെറ വാക്യം هي അതുതന്നെ العليا അധികം ഉന്നതമായതു والله അല്ലാഹു عزيز പ്രതാപശാലിയാണു حكيم അഗാധജ്ഞനാണു

സമരം ചെയ്തും, മററു വിധേനയും നിങ്ങൾ നബിയെ സഹായിക്കുവാൻ
അല്ലാഹുവിൻെറ മാർഗ്ഗത്തിൽ സമരം ചെയ്തും, മററു വിധേനയും നിങ്ങൾ നബിയെ സഹായിക്കുവാൻ തയ്യാറില്ലാതിരുന്നാലും നബിക്കു അതുമൂലം പരാജയമോ അപകടമോ മററും സംഭവിക്കുവാൻ പോകുന്നില്ല; ഇതിനു മുമ്പ് ... അല്ലാഹു അദ്ദേഹത്തെ ... എത്രയോ അപകടം പിടിച്ചതും നിസ്സഹായാവസ്ഥയിലുള്ളതുമായ ഘട്ടത്തിൽപോലും ...

മുമ്പു സഹായിച്ചു രക്ഷപ്പെടുത്തിയിട്ടുണ്ട്. അതുപോലെ ഇനിയും അവൻ അദ്ദേഹത്തെ സഹായിക്കാതിരിക്കുകയില്ലെന്നു അവിശ്വാസികളെ അല്ലാഹു ഓർമ്മിപ്പിക്കുകയാണ്. സൂറത്തുൽ അൻഫാൽ 30-ൽ) ചൂണ്ടിക്കാട്ടിയതുപോലെ, അവിശ്വാസികളുടെ ആക്രമണം നിമിത്തം സ്വദേശത്തു നിന്നു നബി (സ) ഹിജ്റ പോകുവാൻ നിർബന്ധിതനായപ്പോൾ, രാത്രിയിൽ നബി (സ)യും അബൂബക്കർ സിദ്ദീഖും (റ) കൂടി പുറപ്പെട്ട് ഥൗർ മല ഗുഹയിൽ പോയി ഒളിച്ചിരിക്കുകയും ഗുഹാമുഖത്ത് ചെന്ന് എത്തിനോക്കിയ ശത്രുക്കളുടെ ദൃഷ്ടിയിൽ പെടാതെ അത്ഭുതകരമാം വണ്ണം അവർ രക്ഷപ്പെടുകയും ചെയ്ത സന്ദർഭത്തെയാണു അല്ലാഹു ഉദാഹരണമായി എടുത്തു കാട്ടിയത്. ആ സമയത്തു നബി (സ)യും അവിടുത്തെ ചങ്ങാതി അബൂബക്കറും (റ) അല്ലാതെ മൂന്നാമതൊരാൾ ഉണ്ടായിരുന്നില്ലല്ലോ.

അബൂബക്കർ (റ) തന്നോടു ഇപ്രകാരം പറഞ്ഞതായി അനസ് (റ) ഉദ്ധരിക്കുന്നു: 'ഞങ്ങൾ ഗുഹയിലായിരുന്നപ്പോൾ ഞാൻ നബി (സ) യോടു പറഞ്ഞു: 'അവരിൽ (ശത്രുക്കളിൽ) ആരെങ്കിലും അവരുടെ കാലടിക്കു താഴേക്കു നോക്കിയാൽ നമ്മെ കാണുമല്ലോ!' അപ്പോൾ നബി (സ) പറഞ്ഞു: 'അബൂബക്കറേ, അല്ലാഹു മൂന്നാമനായിക്കൊണ്ടുള്ള രണ്ടുപേരെപ്പറ്റി താങ്കളുടെ വിചാരമെന്താണ്?'!' (അ; ബു; മു.) അവരെ തേടി നടക്കുന്ന ശത്രുക്കൾ ഗുഹാമുഖത്തു നിൽക്കുന്നതു കണ്ടപ്പോഴാണു സിദ്ദീഖു (റ) ഇതു പറഞ്ഞതും, നബി (സ) അദ്ദേഹത്തെ സമാധാനിപ്പിച്ചതും. അദ്ദേഹത്തിന്റെ വ്യസനം സ്വന്തം കാര്യത്തിലല്ല, നബി (സ)യുടെ കാര്യത്തിലായിരുന്നു. ഈ സന്ദർഭത്തെപ്പറ്റിയാണു 'അദ്ദേഹം തന്റെ ചങ്ങാതിയോട്: വ്യസനിക്കേണ്ട; നിശ്ചയമായും അല്ലാഹു നമ്മുടെ കൂടെയുണ്ട് എന്നു പറയുന്ന സന്ദർഭം' (...إذ يقول لصاحبه) എന്നു പറഞ്ഞത്. 'അപ്പോൾ അല്ലാഹു അദ്ദേഹത്തിനു തന്റെ വക മനസ്സമാധാനം ഇറക്കിക്കൊടുത്തു' (فأنزل الله سكينته عليه) എന്നു പറഞ്ഞതു—ഇബ്നു കഥീർ (റ) മുതലായവർ ചൂണ്ടിക്കാട്ടിയതു പോലെ—നബി (സ) യെ ഉദ്ദേശിച്ചും, അബൂബക്കർ (റ)നെ ഉദ്ദേശിച്ചും ആകാവുന്നതാണ്. എങ്കിലും, അബൂബക്കർ (റ)നെ ഉദ്ദേശിച്ചായിരിക്കുവാനാണു കൂടുതൽ ന്യായമെന്നും ചിലർ ചൂണ്ടിക്കാട്ടിയിരിക്കുന്നു. കാരണം, നബി (സ)ക്കു മനസ്സമാധാനക്കേടു ഉണ്ടായിട്ടില്ല. അബൂബക്കർ (റ)നായിരുന്നു നബി (സ) യെ ഓർത്തു മനസ്സമാധാനമില്ലാതിരുന്നത്. രണ്ടു പ്രകാരത്തിലായാലും ഒരേ സാരത്തിൽ തന്നെ അതു കലാശിക്കുന്നതാണു.

തുടർന്നുകൊണ്ടു وأيده بجنود لم تروها (നിങ്ങൾ കണ്ടിട്ടില്ലാത്ത ചില സൈന്യങ്ങളെക്കൊണ്ടു അവൻ നബിയെ ബലപ്പെടുത്തുകയും ചെയ്തു) എന്നു പറഞ്ഞതിലെ جنود (സൈന്യങ്ങൾ) കൊണ്ടുദ്ദേശ്യം മലക്കുകളാണെന്നതിൽ ഭിന്നാഭിപ്രായമില്ല. പക്ഷേ, ഈ വാക്യം ഗുഹാസംഭവത്തോടു ബന്ധപ്പെട്ടതാണോ, അല്ല, വേറൊരു സംഭവത്തെ ചൂണ്ടിക്കാട്ടുന്നതാണോ എന്നതിൽ വ്യാഖ്യാതാക്കൾക്കിടയിൽ ഭിന്നാഭിപ്രായമുണ്ട്. (1) നബി (സ) ഗുഹയിലായിരുന്നപ്പോൾ, ശത്രുക്കളുടെ ദൃഷ്ടിയിൽ പെടുവാൻ ധാരാളം സാധ്യത ഉണ്ടായിരുന്നിട്ടും അവർക്കു നബി (സ)യെ കാണുവാൻ സാധിക്കാത്തവിധം അവരുടെ കാഴ്ചയിൽ നിന്നു മറക്കുവാൻ ആ സന്ദർഭത്തിൽ പ്രത്യേകം അല്ലാഹു മലക്കുകളെ ഇറക്കിയിരുന്നുവെന്നാണു ചിലരുടെ അഭിപ്രായം. (2) ബദ്റിലും മറ്റും മലക്കുകളെ ഇറക്കി സഹായിച്ചതിനെ ഉദ്ദേശിച്ചാണിതു പറഞ്ഞിരിക്കുന്നതെന്നത്രെ പ്രമുഖ വ്യാഖ്യാതാക്കൾ അധികവും അഭിപ്രായപ്പെട്ടിരിക്കുന്നത്. ഇതനുസരിച്ച് ചില പ്രത്യേക വിഷയങ്ങളിൽ അല്ലാഹു നബി (സ)യെ സഹായിച്ച രണ്ടു ഉദാഹരണങ്ങൾ ഈ വചനത്തിൽ അടങ്ങിയിരിക്കുന്നു. ഒന്നാമത്തെ അഭിപ്രായമനുസരിച്ചു ഗുഹാസംഭവം മാത്രമേ ഇവിടെ ഉദാഹരിച്ചിട്ടുള്ളു. രണ്ടാമത്തെ അഭിപ്രായത്തിനാണ് കൂടുതൽ സാധ്യത കാണുന്നത്. ഗുഹാസംഭവത്തിൽ മലക്കുകളെ ഇറക്കിയിട്ടുണ്ടെന്നുള്ളതിനു ഈ വാക്യമല്ലാതെ വേറെ തെളിവുകളൊന്നുമില്ല. ഈ വാക്യംകൊണ്ടു ഗുഹാസംഭവത്തെ ഉദ്ദേശിച്ചുവെന്നു തീർത്തു പറയുവാനും സാധ്യമല്ല. ബദ്ർ യുദ്ധത്തിലും മറ്റും മലക്കുകളെ ഇറക്കിയതിനെപ്പറ്റി വ്യക്തമായിത്തന്നെ വേറെ സ്ഥലങ്ങളിൽ അല്ലാഹു പ്രസ്താവിക്കുന്നുണ്ട്. (3: 124; 33: 9; 9: 26; മുതലായവ നോക്കുക)

ബദ്റിലോ മറ്റു യുദ്ധങ്ങളിലോ മലക്കുകൾ തീരെ പങ്കെടുത്തിട്ടില്ലെന്ന വാദക്കാരിൽ ചിലർ ഈ വാക്യത്തെ (وأيده بجنود لم تروها) ദുർവ്യാഖ്യാനം ചെയ്തുകൊണ്ടു തങ്ങളുടെ വാദത്തിനു അതും ഒരു തെളിവാക്കി വ്യാഖ്യാനിച്ചു കാണുന്നു. ഇതു ശരിയല്ലെന്നു ഈ വിവരണത്തിൽ നിന്നു മനസ്സിലാക്കാം. അവരുടെ മറ്റു തെളിവുകളുടെ സ്ഥിതിയും ഇതുപോലെത്തന്നെ.

അവിശ്വാസികളുടെ വാക്യത്തെ അല്ലാഹു താണതാക്കിയിരിക്കുന്നുവെന്നും, അല്ലാഹുവിന്റെ വാക്യം തന്നെയാണു ഉന്നതമായതു എന്നും (...وجعل كلمة الذين كفروا السفلى) പറഞ്ഞതിന്റെ സാരം, ശിർക്കിന്റെ പ്രയോക്താക്കളും അതുമായി ബന്ധപ്പെട്ട വാക്കുകളും നിശ്ശേഷം പരാജയപ്പെടുക തന്നെ ചെയ്യുമെന്നും, തൗഹീദിന്റെ പ്രയോക്താക്കളും അതോടു ബന്ധപ്പെട്ട വാക്കുകളും തന്നെ ശാശ്വതം വിജയിക്കുകയും നിലനിൽക്കുകയും ചെയ്യുമെന്നും ആകുന്നു. 'ധീരത നിമിത്തമോ, രോഷം നിമിത്തമോ, (കീർത്തിയെ ഉദ്ദേശിച്ച്) ആളെ കാണിക്കുവാൻ വേണ്ടിയോ യുദ്ധം

ചെയ്യാറുണ്ട്. ഇവയിൽ ഏതാണു അല്ലാഹുവിന്റെ മാർഗ്ഗത്തിലുള്ളത്? എന്നു ചോദിക്കപ്പെട്ടപ്പോൾ, നബി(സ) ഇങ്ങിനെ മറുപടി പറഞ്ഞതായി ഹദീസിൽ വന്നിരിക്കുന്നു: 'അല്ലാഹുവിന്റെ വാക്യം തന്നെ ഉന്നതമായതായിരിക്കുവാൻവേണ്ടി ആർ യുദ്ധം ചെയ്യുന്നുവോ അവൻ അല്ലാഹുവിന്റെ മാർഗ്ഗത്തിലായിരിക്കും.' (ബു; മു.)

41. നിങ്ങൾ ലഘുവായവരായും, ഭാരമുള്ളവരായും, കൊണ്ടു (യുദ്ധത്തിനു) പുറപ്പെട്ടു പോകുവിൻ. നിങ്ങളുടെ ധനങ്ങൾകൊണ്ടും, ദേഹങ്ങൾ കൊണ്ടും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സമരം ചെയ്യുകയും ചെയ്യുവിൻ. അതു നിങ്ങൾക്കു (വളരെ) ഉത്തമമത്രെ—നിങ്ങൾക്കറിയാമെങ്കിൽ.

٤١- انْفِرُوا خِفَافًا وَثِقَالًا وَجَاهِدُوا بِأَمْوَالِكُمْ وَأَنْفُسِكُمْ فِي سَبِيلِ اللَّهِ ذَٰلِكُمْ خَيْرٌ لَكُمْ إِنْ كُنْتُمْ تَعْلَمُونَ ۝

41. انفروا നിങ്ങൾ (യുദ്ധത്തിനു) പുറപ്പെട്ടു പോകുവിൻ خفافا ലഘുവായവരായി ഭാരം കുറഞ്ഞ(സൗകര്യമുള്ള)വരായി وثقالا ഭാരമുള്ളവരായും, ഭാരം കൂടിയ (അസൗകര്യമുള്ള)വരായും وجاهدوا സമരം ചെയ്യുകയും ചെയ്യുവിൻ بأموالكم നിങ്ങളുടെ സ്വത്തു(ധനം)കൾ കൊണ്ടു وأنفسكم നിങ്ങളുടെ സ്വന്തങ്ങൾ (ദേഹങ്ങൾ)കൊണ്ടും في سبيل الله അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ذلكم അതു خير لكم നിങ്ങൾക്ക ഉത്തമമാണു, വളരെ നല്ലതാണ് إن كنتم നിങ്ങളാണെങ്കിൽ تعلمون നിങ്ങൾ അറിയുന്നു, നിങ്ങൾക്കറിയാം (എങ്കിൽ)

ഉൻമേഷം, ആരോഗ്യം, സാമ്പത്തികകഴിവു മുതലായ സൗകര്യങ്ങൾ ഉണ്ടായിരിക്കുമ്പോഴും ആരോഗ്യക്കുറവു, ദാരിദ്ര്യം, ജോലിത്തിരക്ക മുതലായ ചില വിഷമങ്ങളൊക്കെ ഉണ്ടായിരിക്കുമ്പോഴും നിങ്ങൾ പുറപ്പെടേണ്ടതുണ്ട്. ആയുധ സാമഗ്രികൾ കുറവായിരുന്നാലും, വാഹനം ഉണ്ടായിരുന്നാലും ഇല്ലെങ്കിലും ശരി, യുദ്ധത്തിന് ക്ഷണിക്കപ്പെടുമ്പോൾ എന്തുതന്നെ അസൗകര്യങ്ങൾ ഉണ്ടായാലും കഴിയുന്നത്ര വിഷമങ്ങൾ സഹിച്ചിട്ടായാലും ആ ക്ഷണം സ്വീകരിച്ചു അതിൽ പങ്കെടുക്കണം. അതാണു നിങ്ങൾക്കു ഗുണകരമായിട്ടുള്ളതെന്നു സാരം. കാര്യമായ മുടക്കുകളുള്ളവർക്കും, വലിയ വിഷമങ്ങളുള്ളവർക്കും ഒഴിവുള്ളതിനെപ്പറ്റി 91-ാം വചനത്തിൽ പ്രസ്താവിക്കുന്നുണ്ട്. അത്രത്തോളം ബുദ്ധിമുട്ടില്ലാത്തവരെപ്പറ്റിയാണു ഇവിടെ പറയുന്നത്.

42. അതൊരു സമീപസ്ഥമായ [വേഗം ലഭിക്കാവുന്ന] വിഭവവും, മിതമായ ഒരു യാത്രയുമായിരുന്നെങ്കിൽ, അവർ നിന്നെ പിൻതുടരുമായിരുന്നു. പക്ഷേ, വിഷമയാത്ര അവർക്കു വിദൂരമായിരിക്കയാണ്.

വഴിയെ അവർ അല്ലാഹുവിനെക്കൊണ്ടു സത്യം ചെയ്യും: ഞങ്ങൾക്കു സാധ്യതയുണ്ടായിരുന്നെങ്കിൽ, ഞങ്ങൾ നിങ്ങളോടൊപ്പം പുറപ്പെടുക തന്നെ ചെയ്യുമായിരുന്നുവെന്നു.

അവർ തങ്ങളെത്തന്നെ നാശത്തിലാക്കുന്നു. അല്ലാഹുവിനറിയാം, നിശ്ചയമായും അവർ വ്യാജം പറയുന്നവർ തന്നെയാണെന്നു.

٤٢- لَوْ كَانَ عَرَضًا قَرِيبًا وَسَفَرًا قَاصِدًا لَاتَّبَعُوكَ وَلَٰكِنْ بَعُدَتْ عَلَيْهِمُ الشُّقَّةُ ۚ وَسَيَحْلِفُونَ بِاللَّهِ لَوِ اسْتَطَعْنَا لَخَرَجْنَا مَعَكُمْ يُهْلِكُونَ أَنْفُسَهُمْ وَاللَّهُ يَعْلَمُ إِنَّهُمْ لَكَاذِبُونَ ۝

42. لو كان അതായിരുന്നെങ്കിൽ عرضا ഒരു വിഭവം, സാധനം قريبا അടുത്തതായ, സമീപസ്ഥമുള്ള وسفرا ഒരു യാത്രയും قاصدا മിതമായ لاتبعوك അവർ നിന്നെ പിൻതുടരുകതന്നെ ചെയ്യുമായിരുന്നു ولكن പക്ഷേ بعدت ദൂരമായി, വിദൂരപ്പെട്ടു عليهم അവരുടെ മേൽ الشقة വിഷമയാത്ര, ക്ലേശകരമായ മാർഗ്ഗം, യാത്ര وسيحلفون വഴിയെ അവർ സത്യം (ശപഥം) ചെയ്യും بالله അല്ലാഹുവിൽ, അല്ലാഹുവിനെക്കൊണ്ടു لو استطعنا ഞങ്ങൾക്കു സാധ്യതയുണ്ടായിരുന്നെങ്കിൽ لخرجنا ഞങ്ങൾ പുറപ്പെടുകതന്നെ ചെയ്യും معكم നിങ്ങളോടൊപ്പം يهلكون അവർ നാശത്തിലാക്കുന്നു أنفسهم തങ്ങളുടെ സ്വന്തങ്ങളെ, തങ്ങളെത്തന്നെ والله അല്ലാഹു يعلم അറിയുന്നു إنهم നിശ്ചയമായും അവർ لكاذبون വ്യാജം പറയുന്നവർ തന്നെ (എന്നു)

തബൂക്കിലേക്കു പുറപ്പെടാതെ മടിച്ചിരിക്കുന്ന കപട വിശ്വാസികളെക്കുറിച്ചാണു പറയുന്നത്. പ്രയാസപ്പെടാതെയും സഹിക്കാതെ അവിടെവെച്ചു വല്ല കാര്യലാഭവും വേഗത്തിൽ ലഭിക്കുമെന്നു കാണുകയും, യാത്ര കേവലം സാധാരണമട്ടിലുള്ള ഒരു മിതമായ യാത്രയായിരിക്കുകയും ചെയ്തിരുന്നെങ്കിൽ അവരും മടി കൂടാതെ പോരുമായിരുന്നു. പക്ഷെ, യാത്ര കുറെ ക്ലേശകരമായിരിക്കുന്നതു കൊണ്ടാണവർ തയ്യാറാകാത്തത്. യഥാർത്ഥം ഇതാണ്. എന്നി(ട്ടും), വഴിയെ (നിങ്ങൾ മടങ്ങിയെത്തിയശേഷം) ഞങ്ങൾക്കു സാധിക്കായ്കകൊണ്ട് പോരാതിരുന്നതാണെന്നു അവർ കള്ളം പറഞ്ഞു സത്യം ചെയ്യും. അതിന്റെ അനന്തരഫലം അവരുടെ തന്നെ നാശമായിരിക്കുന്നതുമാണു എന്നു സാരം. ഇവരുടെ ഒഴികഴിവുകളെപ്പറ്റി 94-ാം വചനം മുതൽ താഴെ കൂടുതൽ വിശദീകരിക്കുന്നുണ്ട്.

വിഭാഗം-7

43. (നബിയേ) നിനക്കു അല്ലാഹു മാപ്പു ചെയ്തിരിക്കുന്നു. എന്തിനാണു നീ അവർക്കു സമ്മതം നൽകിയതു— (അവരിൽ നിന്നു) സത്യം പറഞ്ഞവർ (ആരെന്നു) നിനക്കു വ്യക്തമായിത്തീരുകയും, വ്യാജം പറയുന്നവരെ നീ അറിയുകയും ചെയ്യുന്നതുവരെ? ।

٤٣ عَفَا اللَّهُ عَنكَ لِمَ أَذِنتَ لَهُمْ حَتَّىٰ يَتَبَيَّنَ لَكَ الَّذِينَ صَدَقُوا وَتَعْلَمَ الْكَاذِبِينَ ○

---

43. عفا الله അല്ലാഹു മാപ്പു ചെയ്തിരിക്കുന്നു عنك നിനക്കു, നിന്നെപ്പറ്റി لم എന്തിനു اذنت നീ സമ്മതം കൊടുത്തു لهم അവർക്കു حتى يتبين വ്യക്തമാകുന്നതുവരെ لك നിനക്കു الذين صدقوا സത്യം പറഞ്ഞവർ وتعلم നീ അറിയുകയും (ചെയ്യുന്നതു വരെ) الكاذبين വ്യാജം പറയുന്നവരെ.

ഓരോ ഒഴികഴിവുകൾ പറഞ്ഞു ആ യാത്രയിൽ നിന്നു തങ്ങളെ ഒഴിവാക്കണമെന്നു കപട വിശ്വാസികൾ നബി (സ) യോടു അപേക്ഷിച്ചുകൊണ്ടിരുന്നപ്പോൾ, അവരുടെ യഥാർത്ഥ സ്ഥിതി വ്യക്തമായി മനസ്സിലാക്കുവാൻ ശ്രമിക്കാതെ—അവരുടെ വാക്കുകളെമാത്രം ആസ്പദമാക്കി—അവർക്കു ഒഴിവു കൊടുത്തതു നന്നായില്ല. അത്ര തെരക്കം വേണ്ടതില്ലായിരുന്നു. ഒഴികഴിവു അനുവദിച്ചില്ലെങ്കിൽ തന്നെയും പോരുവാൻ തയ്യാറില്ലാത്തവരാണവർ. എന്നാലും അങ്ങിനെ ചെയ്തതു അല്ലാഹു മാപ്പാക്കിത്തന്നിരിക്കുന്നു എന്നു സാരം. നബി (സ) ചെയ്തതു ഒരു കുറ്റകൃത്യമായിപ്പോയെന്നോ പാപമായിപ്പോയെന്നോ, അല്ല ഇതിന്റെ അർത്ഥം. നബി(സ) വിട്ടുവീഴ്ച ചെയ്തതു കുറച്ചധികമായിപ്പോയി, അവരെപ്പറ്റിയുള്ള സദ് വിചാരത്തിൽ തിരുമേനിക്കു പിഴവുപറ്റിപ്പോയി എന്നു സൗമ്യമായ രൂപത്തിൽ ഉണർത്തുക മാത്രമാണുദ്ദേശ്യം. അതുകൊണ്ടാണു, ആക്ഷേപ വിഷയം എന്താണെന്നു പറയുന്നതിനു മുമ്പു തന്നെ നിനക്കു അല്ലാഹു മാപ്പു നൽകിയിരിക്കുന്നു. (عفا الله عنك) എന്ന ആദ്യമേ പറഞ്ഞത്.

44. അല്ലാഹുവിലും, അന്ത്യദിനത്തിലും വിശ്വസിക്കുന്നവർ നിന്നോടു സമ്മതം തേടുകയില്ല. തങ്ങളുടെ ധനം കൊണ്ടും, ദേഹങ്ങൾകൊണ്ടും സമരം നടത്തുന്നതിൽ നിന്നു (ഒഴിവാകുവാൻ). അല്ലാഹു സൂക്ഷ്മത പാലിക്കുന്നവരെപ്പറ്റി അറിയുന്നവനുമാകുന്നു.

٤٤ لَا يَسْتَأْذِنُكَ الَّذِينَ يُؤْمِنُونَ بِاللَّهِ وَالْيَوْمِ الْآخِرِ أَن يُجَاهِدُوا بِأَمْوَالِهِمْ وَأَنفُسِهِمْ ۗ وَاللَّهُ عَلِيمٌ بِالْمُتَّقِينَ ○

---

44. لا يستأذنك നിന്നോടു സമ്മതം തേടുക (ചോദിക്കുക) യില്ല الذين يؤمنون വിശ്വസിക്കുന്നവർ بالله അല്ലാഹുവിൽ واليوم ദിന (ദിവസ)ത്തിലും الآخر അന്ത്യ, അവസാന ان يجاهدوا അവർ സമരം ചെയ്യുന്നതിനു (വെറുത്തിട്ടു), സമരം ചെയ്യുന്നതിൽ നിന്നു (ഒഴിവാകുവാൻ) باموالهم തങ്ങളുടെ സ്വത്തുക്കൾ (ധനം) കൊണ്ടു وانفسهم തങ്ങളുടെ ദേഹങ്ങൾ കൊണ്ടും والله عليم അല്ലാഹു അറിയുന്നവനാണു بالمتقين സൂക്ഷ്മത പാലിക്കുന്നവരെ (ഭയഭക്തരെ)പ്പറ്റി

45. യാതൊരു കൂട്ടർ മാത്രമാണു നിന്നോടു സമ്മതം തേടുന്നതു: അല്ലാഹുവിലും, അന്ത്യനാളിലും അവർ വിശ്വസിക്കുന്നില്ല; അവരുടെ ഹൃദയങ്ങൾ സന്ദേഹത്തിലകപ്പെടുകയും ചെയ്തിരിക്കുന്നു; അങ്ങനെ, അവർ തങ്ങളുടെ സന്ദേഹത്തിൽ (എങ്ങും ഉറക്കാതെ) ചഞ്ചലിച്ചുകൊണ്ടിരിക്കുകയാണ്. [ഇങ്ങിനെയുള്ളവരേ സമ്മതം തേടുകയുള്ളു.]

٤٥ إِنَّمَا يَسْتَأْذِنُكَ الَّذِينَ لَا يُؤْمِنُونَ بِاللَّهِ وَالْيَوْمِ الْآخِرِ وَارْتَابَتْ قُلُوبُهُمْ فَهُمْ فِي رَيْبِهِمْ يَتَرَدَّدُونَ ○

---

45. إِنَّمَا നിശ്ചയമായും മാത്രം (തന്നെ) يَسْتَأْذِنُكَ നിന്നോടു സമ്മതം തേടുന്നതാണ് الَّذِينَ യാതൊരുവർ (മാത്രം, തന്നെ) لَا يُؤْمِنُونَ അവർ വിശ്വസിക്കുന്നില്ല بِاللَّهِ അല്ലാഹുവിൽ الْيَوْمِ الْآخِرِ അന്ത്യദിനത്തിലും وَارْتَابَتْ സന്ദേഹ (സംശയ)പ്പെടുകയും ചെയ്ത, ആശയക്കുഴപ്പത്തിലുമായിരിക്കുന്ന قُلُوبُهُمْ അവരുടെ ഹൃദയങ്ങൾ فَهُمْ അങ്ങിനെ(അതിനാൽ) അവർ فِي رَيْبِهِمْ അവരുടെ സന്ദേഹ(സംശയ)ത്തിൽ يَتَرَدَّدُونَ അവർ ചഞ്ചലിച്ചു (അസ്ഥിരപ്പെട്ടു-അങ്ങുമിങ്ങുമായി)കൊണ്ടിരിക്കുന്നു.

സത്യവിശ്വാസികളായ ആളുകൾ എന്തെങ്കിലും കാരണം പറഞ്ഞു ഒഴിവാകുവാൻ ശ്രമം നടത്തുകയില്ല. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ കഴിയുന്നത്ര പങ്കു വഹിക്കുകയായിരിക്കും അവർ ചെയ്യുക. യഥാർത്ഥ വിശ്വാസമില്ലാതെ മുസ്ലിംവേഷമണിഞ്ഞു അങ്ങോട്ടുമിങ്ങോട്ടും ആടിക്കളിച്ചുകൊണ്ടിരിക്കുന്ന കപടന്മാരേ വല്ല ഉപായങ്ങളും പറഞ്ഞു ഒഴിവാകുവാൻ സമ്മതം തേടുകയുള്ളൂ എന്നു സാരം.

46. അവർ പുറപ്പെടുവാൻ ഉദ്ദേശിച്ചിരുന്നെങ്കിൽ, അവർ അതിനു വല്ല ഒരുക്കവും ഒരുക്കുകതന്നെ ചെയ്തിരുന്നു. എങ്കിലും, അവരുടെ എഴുന്നേൽപിനെ [പുറപ്പാടിനെ] അല്ലാഹു വെറുത്ത് അവരെ അവൻ തടഞ്ഞുവെച്ചിരിക്കയാണു. '(മുടങ്ങി) ഇരിക്കുന്നവരോടൊപ്പം (മുടങ്ങി) ഇരുന്നുകൊള്ളുവിൻ' എന്നു (അവരോടു) പറയപ്പെടുകയും ചെയ്തു.

٤٦ وَلَوْ أَرَادُوا الْخُرُوجَ لَأَعَدُّوا لَهُ عُدَّةً وَلَٰكِن كَرِهَ اللَّهُ انبِعَاثَهُمْ فَثَبَّطَهُمْ وَقِيلَ اقْعُدُوا مَعَ الْقَاعِدِينَ ○

---

46. وَلَوْ أَرَادُوا അവർ ഉദ്ദേശിച്ചിരുന്നെങ്കിൽ الْخُرُوجَ പുറപ്പാടു, പുറപ്പെടുന്നതിനു لَأَعَدُّوا അവർ ഒരുങ്ങുക (ഒരുക്കുക) തന്നെ ചെയ്യുമായിരുന്നു لَهُ അതിനുവേണ്ടി عُدَّةً വല്ല ഒരുക്കവും وَلَٰكِن كَرِهَ എങ്കിലും വെറുത്തു, അനിഷ്ടമായിരിക്കുന്നു اللَّهُ അല്ലാഹു, അല്ലാഹുവിനു انبِعَاثَهُمْ അവരുടെ എഴുന്നേൽപ്പു, പുറപ്പാടു فَثَبَّطَهُمْ എന്നിട്ടു (അതിനാൽ-അങ്ങനെ) അവരെ അവൻ തടഞ്ഞു (മുടക്കി-പിന്തിച്ചു)വെച്ചു وَقِيلَ പറയപ്പെടുകയും ചെയ്തു اقْعُدُوا ഇരുന്നുകൊള്ളുവിൻ مَعَ الْقَاعِدِينَ ഇരിക്കുന്നവരുടെ കൂടെ, ഇരിപ്പായവരോടൊപ്പം

സാരം: നബി (സ)യും സൈന്യവും പോകുമ്പോൾ ഒന്നിച്ചു പോകണമെന്നുള്ള വിചാരമോ ആഗ്രഹമോ തന്നെ അവർക്കില്ല. ഉണ്ടെങ്കിൽ അതിനുള്ള എന്തെങ്കിലും ഒരുക്കം അവരിൽ കാണേണ്ടതായിരുന്നു. അതില്ലാത്ത സ്ഥിതിക്കു അവർ നിങ്ങളുടെ ഒന്നിച്ചു പോരുന്നതു തന്നെ അല്ലാഹുവിനു ഇഷ്ടമില്ലാത്തതാകുന്നു. അങ്ങനെ, സ്ത്രീകൾ, കുട്ടികൾ മുതലായവരെപ്പോലെ സമരത്തിനു പോകാതെ അടങ്ങിയിരിക്കുന്നവരുടെ കൂട്ടത്തിൽ അവരും ഇരിക്കട്ടെ എന്നു വെച്ചിരിക്കുകയാണു അല്ലാഹു. ഇതിനുള്ള കാരണവും അല്ലാഹു ചൂണ്ടിക്കാട്ടുന്നു:–

47. നിങ്ങളുടെ കൂട്ടത്തിൽ അവർ പുറപ്പെട്ടിരുന്നാൽ, അവർ നിങ്ങൾക്കു അസ്വാസ്ഥ്യമല്ലാതെ വർദ്ധിപ്പിക്കുന്നതല്ല; നിങ്ങൾക്കു കുഴപ്പം (ഉണ്ടാകുവാൻ) ആഗ്രഹിച്ചുകൊണ്ട് നിങ്ങളുടെ ഇടയിലൂടെ അവർ പരക്കം പായുകയും തന്നെ ചെയ്യും. അവർക്കു ചെവി കൊടുക്കുന്ന (കുറേ) ആളുകൾ നിങ്ങളിൽ ഉണ്ടു താനും.

അല്ലാഹു അക്രമികളെപ്പറ്റി അറിയുന്നവനുമാണ്.

لَوْ خَرَجُوا فِيكُم مَّا زَادُوكُمْ إِلَّا خَبَالًا وَلَأَوْضَعُوا خِلَالَكُمْ يَبْغُونَكُمُ الْفِتْنَةَ وَفِيكُمْ سَمَّاعُونَ لَهُمْ وَاللَّهُ عَلِيمٌ بِالظَّالِمِينَ ۝

---

47. لَوْ خَرَجُوا അവർ പുറപ്പെട്ടിരുന്നാൽ فِيكُم നിങ്ങളുടെ കൂട്ടത്തിൽ مَّا زَادُوكُمْ നിങ്ങൾക്കവർ വർദ്ധിപ്പിക്കുക (അധികമാക്കുക)യില്ല إِلَّا خَبَالًا കുഴപ്പം (അസ്വാസ്ഥ്യം–കിറുക്ക്–ആപത്തു) അല്ലാതെ وَلَأَوْضَعُوا അവർ ഓടി നടക്കുക(പരക്കം പായുക)യും തന്നെ ചെയ്യും (കിണഞ്ഞു ശ്രമിക്കും) خِلَالَكُمْ നിങ്ങൾക്കിടയിലൂടെ يَبْغُونَكُمُ നിങ്ങൾക്കു തേടി (അന്വേഷിച്ചു–ആഗ്രഹിച്ചു) കൊണ്ടു الْفِتْنَةَ കുഴപ്പം وَفِيكُمْ നിങ്ങളിലുണ്ടുതാനും سَمَّاعُونَ കേട്ടുകൊണ്ടിരിക്കുന്ന(ചെവികൊടുക്കുന്ന)വർ لَهُمْ അവർക്കു അവരിലേക്കു وَاللَّهُ അല്ലാഹുവാകട്ടെ عَلِيمٌ അറിയുന്നവനാണു بِالظَّالِمِينَ അക്രമികളെപ്പറ്റി.

അവർ നിങ്ങളൊന്നിച്ചു പോന്നിരുന്നാൽ തന്നെയും യാതൊരു ഉപകാരവും അവരെക്കൊണ്ടു നിങ്ങൾക്കുണ്ടാവാൻ പോകുന്നില്ല. കുഴപ്പം, വഞ്ചന, ഏഷണി മുതലായവ വഴി നിങ്ങൾക്കു ആപത്തു വർദ്ധിപ്പിക്കുവാനുള്ള ശ്രമവും പരക്കം പാച്ചിലും മാത്രമേ അവരിൽനിന്നുണ്ടാകുവാനുള്ളു. അതോടുകൂടി, അവരുടെ വാക്കുകൾ കേൾക്കുകയും, അതിൽ വഞ്ചിതരാവുകയും ചെയ്യുന്ന കുറേ ആളുകൾ നിങ്ങളുടെ കൂട്ടത്തിൽ ഉണ്ടുതാനും. അവരും ഇവരും കൂടി ചേരുമ്പോൾ കുഴപ്പം കൂടുതലാകുകയും ചെയ്യും. ഇതെല്ലാം കാരണമായിട്ടാണു അവർ നിങ്ങളൊന്നിച്ചു പോരുന്നതു അല്ലാഹു ഇഷ്ടപ്പെടാതിരിക്കുന്നതും, അവർക്കതിനു പ്രേരണ നൽകാതെ അവരെ തടഞ്ഞുവെച്ചതും എന്നു താൽപര്യം. 'അവർക്കു ചെവികൊടുക്കുന്ന ആളുകൾ നിങ്ങളിലുണ്ടു' എന്നു പറഞ്ഞതു വിശ്വാസം ദൃഢപ്പെട്ടു കഴിഞ്ഞിട്ടില്ലാത്ത ദുർബ്ബല വിശ്വാസികളെ, ദീർഘദൃഷ്ടിയും സൂക്ഷ്മ ബുദ്ധിയുമില്ലാത്ത സാത്വികന്മാരായ ആളുകൾ എന്നിവരെയൊക്കെ ഉദ്ദേശിച്ചാകുന്നു.

48. (നബിയേ) മുമ്പു (തന്നെ) അവർ കുഴപ്പത്തിനു ആഗ്രഹിക്കുകയും, നിനക്കു കാര്യങ്ങളെ (അവതാളത്തിലാക്കുവാൻ) തിരിച്ചു മറിക്കുകയും ചെയ്കയുണ്ടായിട്ടുണ്ട്. അങ്ങനെ, (അവസാനം) യഥാർത്ഥം വരുകയും, അല്ലാഹുവിന്റെ കാര്യം (വിജയിച്ച്) പ്രത്യക്ഷപ്പെടുകയും ചെയ്തു, അവർ വെറുക്കുന്നവരായിരിക്കെ.

لَقَدِ ابْتَغَوُا الْفِتْنَةَ مِن قَبْلُ وَقَلَّبُوا لَكَ الْأُمُورَ حَتَّىٰ جَاءَ الْحَقُّ وَظَهَرَ أَمْرُ اللَّهِ وَهُمْ كَارِهُونَ ۝

---

48. لَقَدِ ابْتَغَوُا അവർ തേടുക (ആഗ്രഹിക്കുക) യുണ്ടായിട്ടുണ്ടു الْفِتْنَةَ കുഴപ്പത്തെ مِن قَبْلُ മുമ്പേ, മുമ്പു (തന്നെ) وَقَلَّبُوا അവർ മറിച്ചിടുക (തിരിച്ചു മറിക്കുക–അവതാളത്തിലാക്കുക–സൂത്രപ്രയോഗം നടത്തുക)യും لَكَ നിനക്കു, നിന്നോടു الْأُمُورَ കാര്യങ്ങളെ حَتَّىٰ جَاءَ അങ്ങനെ വന്നു, വരുന്നതുവരെ الْحَقُّ യഥാർത്ഥം وَظَهَرَ പ്രത്യക്ഷപ്പെടുക (വിജയിക്കുക) യും ചെയ്തു أَمْرُ اللَّهِ അല്ലാഹുവിന്റെ കാര്യം وَهُمْ അവരാകട്ടെ, അവർ ആയിരിക്കെ كَارِهُونَ വെറുക്കുന്നവരുമാണു (അതൃപ്തർ)

കപടവിശ്വാസികളുടെ ഈ സ്വഭാവം പുതിയതൊന്നല്ല. മുമ്പുതന്നെ പലപ്പോഴും വിശിഷ്യാ–ഹിജ്റയുടെ ആദ്യകാലങ്ങളിലും, ഉഹ്ദു യുദ്ധം മുതലായ സന്ദർഭങ്ങളിലും–കുഴപ്പങ്ങളുണ്ടാക്കുവാൻ ശ്രമം നടത്തലും ഗൂഢ പരിപാടികൾ വഴി കാര്യങ്ങൾ അവതാളത്തിലാക്കലും അവരുടെ പതിവാണല്ലോ. എന്നാലും അവസാനം, അവരുടെ ആഗ്രഹത്തിനും ഇഷ്ടത്തിനും എതിരായി അല്ലാഹുവിന്റെ സഹായം നിങ്ങൾക്കു യഥാർത്ഥമായിത്തീരുകയും, അവന്റെ മതത്തിനു വിജയം കൈവരുകയും തന്നെ ചെയ്തു.

49. അവരിലുണ്ടു: 'എനിക്കു സമ്മതം നൽകണം— എന്നെ കുഴപ്പത്തിലാക്കരുതേ!' എന്നു പറയുന്ന ചിലർ.

അല്ലാ (അറിഞ്ഞേക്കുക)! കുഴപ്പത്തിൽ തന്നെയാണവർ വീണിരിക്കുന്നത്. നിശ്ചയമായും, 'ജഹന്നം' [നരകം] അവിശ്വാസികളെ വലയം ചെയ്തുകൊണ്ടിരിക്കുന്നതു തന്നെയാകുന്നു.

٤٩- وَمِنْهُم مَّن يَقُولُ ائْذَن لِّي وَلَا تَفْتِنِّي ۚ
أَلَا فِي الْفِتْنَةِ سَقَطُوا ۗ
وَإِنَّ جَهَنَّمَ لَمُحِيطَةٌ بِالْكَافِرِينَ ○

---

49. وَمِنْهُم അവരിലുണ്ടു, അവരിൽ പെട്ടവരുണ്ട് مَّن يَقُولُ പറയുന്ന ചിലർ ائْذَن لِّي എനിക്കു സമ്മതം നൽകണം وَلَا تَفْتِنِّي എന്നെ കുഴപ്പത്തിലാക്കുകയും അരുതു أَلَا അല്ലാ–അറിയുക فِي الْفِتْنَةِ കുഴപ്പത്തിൽ (തന്നെ) سَقَطُوا അവർ വീണിരിക്കുന്നു. وَإِنَّ جَهَنَّمَ നിശ്ചയമായും ജഹന്നമാകട്ടെ لَمُحِيطَةٌ വലയം ചെയ്യുന്നതു (ചൂഴ്ന്നു നിൽക്കുന്നതു) തന്നെ بِالْكَافِرِينَ അവിശ്വാസികളെ.

കപടവിശ്വാസികളിൽപെട്ട ചിലരെപ്പറ്റിയാണ് [illegible] ഈ [illegible] പറയുന്നത്. കപടവിശ്വാസികളുടെ തനിനിറം തുറന്നു കാട്ടുന്ന പലതും പല [illegible] ഇതുപോലെ താഴെ ഇനിയും കാണാവുന്നതാണ്. എനിക്ക് ഈ യുദ്ധയാത്രയിൽനിന്നു ഒഴിവു നൽകാതിരുന്നാൽ ഞാൻ കുഴപ്പത്തിലാകും. അതുകൊണ്ടു എനിക്കു ഒഴിവനുവദിക്കണം എന്നു അവർ നബി (സ) യോടു അപേക്ഷിക്കുന്നു. യുദ്ധത്തിൽ പങ്കെടുക്കുവാൻ ആഗ്രഹമില്ലായ്കയല്ല, കുഴപ്പം വന്നു പെടാതിരിക്കുവാൻ ഞാൻ നിർബന്ധിതനായിരിക്കുകയാണ്. അല്ലാത്ത എനിക്കു സമ്മതം നൽകാതിരുന്നാൽ ഞാൻ കൽപന ലംഘിച്ചവനായിത്തീരുമല്ലോ. അതിനിടയാക്കരുതേ–എന്നുള്ള അർത്ഥത്തിലും, എനിക്കു ഒഴിവു നൽകാത്തപക്ഷം എന്റെ കുടുംബവും സ്വത്തും നോക്കുവാൻ ആളില്ലാതെ വിഷമത്തിലാകും–അതിനു ഇടയാക്കരുതേ–എന്നുള്ള അർത്ഥത്തിലും അവരുടെ ഈ വാക്കിനു വ്യാഖ്യാനം നൽകപ്പെട്ടിട്ടുണ്ട്.

എങ്കിലും, താഴെ കാണുന്ന രിവായത്തിലും മറ്റും കാണുന്നതുപോലെ, ഒരു പ്രത്യേക സംഭവമാണു ഈ വചനത്തിൽ സൂചിപ്പിക്കപ്പെട്ടിരിക്കുന്നതു എന്നു മനസ്സിലാകുന്നു. ഇബ്നുൽ മുൻദിർ, ത്വബ്റാനീ (റ) മുതലായവർ ഇബ്നു അബ്ബാസ് (റ) ൽ നിന്നു ഇപ്രകാരം ഉദ്ധരിച്ചിരിക്കുന്നു: തബൂക്കിലേക്കു പുറപ്പെടുവാനുദ്ദേശിച്ചപ്പോൾ, (നബി തിരുമേനി) ജദ്ദുബ്നു ഖൈസിനോടു ചോദിക്കുകയുണ്ടായി: 'മഞ്ഞ വർഗ്ഗക്കാരോടു (*) സമരം ചെയ്യുന്നതിനെക്കുറിച്ച് താൻ എന്തു പറയുന്നു?' അവൻ പറഞ്ഞു: 'ഞാൻ പല ഭാര്യമാരുള്ള ഒരു പുരുഷനാണു. ഞാൻ മഞ്ഞ വർഗ്ഗക്കാരുടെ സ്ത്രീകളെ കാണുന്ന പക്ഷം കുഴപ്പത്തിലകപ്പെട്ടേക്കും. (**) അതുകൊണ്ടു എനിക്കു (ഒഴിവാകുവാൻ) സമ്മതം നൽകണം. എന്നെ കുഴപ്പത്തിലാക്കരുത്.' ഇതു സംബന്ധിച്ചു ഈ (49–ം) വചനം അവതരിച്ചു. ഇതുപോലെ, ആയിശാ, ജാബിർ (റ) എന്നിവരിൽ നിന്നും രിവായത്തുകൾ വന്നിരിക്കുന്നു.

എതായാലും ഉദ്ദേശ്യശുദ്ധിയോടുകൂടിയല്ല അവർ നബി (സ) യോടു സമ്മതം ചോദിച്ചതെന്നും, അവർ ആ യാത്രയിൽ പങ്കെടുക്കുവാൻ തീരെ ഉദ്ദേശിക്കാത്തവരാണെന്നും വ്യക്തം തന്നെ. 'കുഴപ്പം' (فِتْنَة) കൊണ്ടു അവർ

(*) യൂറോപ്യൻമാരെപ്പറ്റി നാം 'വെള്ളക്കാർ' എന്നു പറയാറുള്ളതുപോലെ അറബികൾ അവരെപ്പറ്റി മഞ്ഞ വർഗ്ഗക്കാർ (بنو الأصفر) എന്നു പറഞ്ഞിരുന്നു. യൂറോപ്യൻ റോമക്കാരുടെ കീഴിലായിരുന്ന അന്നു ശാം രാജ്യം. അതുകൊണ്ടാണു സമരം മഞ്ഞവർഗ്ഗക്കാരോടെന്നു പറഞ്ഞതു.

(**) വെള്ളക്കാരുടെ സ്ത്രീകളെ കാണുന്നപക്ഷം എന്റെ മനസ്സു ഇളകിപ്പോകുമെന്നർത്ഥം.

ഉദ്ദേശിച്ചതു മേൽ കണ്ട ഏതു കാര്യമായിരുന്നാലും ശരി, അതിനെക്കാൾ വമ്പിച്ച കുഴപ്പത്തിലാണു അവർ ചാടിയിരിക്കുന്നതെന്നു അല്ലാഹു അറിയിക്കുന്നു. അതായതു, അവിശ്വാസവും കാപട്യവുമാകുന്ന കുഴപ്പത്തിലാണവർ അകപ്പെട്ടിരിക്കുന്നത്. അതിന്റെ ഫലമാകട്ടെ അതികഠിനവും ശാശ്വതവുമായ നരകവും!

50. (നബിയേ) നിനക്കു വല്ല നന്മയും ബാധിക്കുന്ന പക്ഷം അതവർക്കു അസുഖമുണ്ടാക്കും; നിനക്കു വല്ല വിപത്തും ബാധിക്കുന്ന പക്ഷം, അവർ പറയുകയും ചെയ്യും; 'ഞങ്ങളുടെ കാര്യം [മുൻകരുതൽ] ഞങ്ങൾ മുമ്പേ എടുത്തിട്ടുണ്ട്' എന്നു; ആഹ്ലാദിക്കുന്നവരായും കൊണ്ട് അവർ തിരിഞ്ഞു പോകുകയും ചെയ്യും.

٥٠ إِنْ تُصِبْكَ حَسَنَةٌ تَسُؤْهُمْ وَإِنْ تُصِبْكَ مُصِيبَةٌ يَقُولُوا قَدْ أَخَذْنَا أَمْرَنَا مِنْ قَبْلُ وَيَتَوَلَّوْا وَهُمْ فَرِحُونَ ○

---

50. إن تصبك നിന്നെ (നിനക്കു) ബാധിക്കുന്ന പക്ഷം حسنة വല്ല നന്മയും, നല്ല കാര്യവും تسؤهم അതവരെ വെറുപ്പിക്കും, അസുഖമുണ്ടാക്കും, മോശപ്പെടുത്തും وإن تصبك നിനക്കു ബാധിക്കുന്ന (ഏൽക്കുന്ന) പക്ഷം مصيبة വല്ല ബാധയും, വിപത്തും يقولوا അവർ പറയും قد أخذنا ഞങ്ങൾ എടുത്തി(സ്വീകരിച്ചി)ട്ടുണ്ട്. أمرنا ഞങ്ങളുടെ കാര്യം من قبل മുമ്പേ ويتولوا അവർ തിരിഞ്ഞു പോകയും ചെയ്യും وهم അവരായിക്കൊണ്ടു فرحون ആഹ്ലാദിക്കുന്നവർ, സന്തോഷം (പുളകം) കൊള്ളുന്നവർ

വിജയം, ഗനീമത്തു മുതലായ വല്ല ഗുണങ്ങളും നബി (സ) ക്കും സത്യവിശ്വാസികൾക്കും യുദ്ധത്തിൽ ലഭിക്കുന്നതു അവർക്കു വെറുപ്പാണ്. നേരെ മറിച്ചു അവർക്കു വല്ല അനിഷ്ടങ്ങളും സംഭവിച്ചാൽ, അതിൽ അവർ സന്തോഷം കൊള്ളുകയും, ഞങ്ങൾ നേരത്തെതന്നെ മുൻകരുതലെടുത്തു—അതുകൊണ്ടു ഞങ്ങൾക്കതു ബാധിക്കാതെ കഴിഞ്ഞു—എന്നു അഹങ്കരിക്കുകയും ചെയ്യും എന്നു സാരം. അവർ വളരെ ദീർഘദൃഷ്ടിയും, അകലക്കാഴ്ചയുമുള്ളവരാണു, നബി (സ) ക്കും സ്വഹാബികൾക്കും വിവേകവും മുൻകരുതലുമില്ലാത്തതുകൊണ്ടാണു ആപത്തു പിണയുന്നതു എന്നൊക്കെയാണല്ലോ അവരുടെ വാക്കിലെ സൂചന. ഇതിനു ഇങ്ങിനെ മറുപടി നൽകുവാൻ നബി (സ)യോടു അല്ലാഹു കൽപിക്കുന്നു:—

51. പറയുക: 'ഞങ്ങൾക്കു അല്ലാഹു (നിശ്ചയിച്ച്) രേഖപ്പെടുത്തിയതല്ലാതെ (ഒന്നും) ഞങ്ങളെ ബാധിക്കുകയില്ല തന്നെ. അവൻ ഞങ്ങളുടെ യജമാനനാകുന്നു.

അല്ലാഹുവിന്റെ മേൽ ഭരമേൽപിച്ചുകൊള്ളട്ടെ-സത്യവിശ്വാസികൾ.'

٥١ قُلْ لَنْ يُصِيبَنَا إِلَّا مَا كَتَبَ اللَّهُ لَنَا هُوَ مَوْلَانَا وَعَلَى اللَّهِ فَلْيَتَوَكَّلِ الْمُؤْمِنُونَ ○

---

51. قل പറയുക لن يصيبنا ഞങ്ങളെ ബാധിക്കുകയേ ഇല്ല إلا ما യാതൊന്നല്ലാതെ كتب الله അല്ലാഹു രേഖപ്പെടുത്തിയ لنا ഞങ്ങൾക്കു هو അവൻ مولانا ഞങ്ങളുടെ യജമാനനാണു وعلى الله അല്ലാഹുവിന്റെ മേൽ فليتوكل ഭരമേൽപിച്ചു കൊള്ളട്ടെ المؤمنون സത്യവിശ്വാസികൾ

അല്ലാഹു നിശ്ചയിച്ചുവെച്ചതിനപ്പുറം ഒന്നും സംഭവിക്കുവാൻ പോകുന്നില്ല. മുൻകരുതലുകൾകൊണ്ടൊന്നും അതില്ലാതാക്കുവാൻ സാധ്യമല്ല. ഞങ്ങളുടെ യജമാനൻ അവനായതുകൊണ്ടു അവന്റെ കൽപനയനുസരിക്കുകയേ ഞങ്ങൾക്ക നിവൃത്തിയുള്ളൂ. എല്ലാ കാര്യവും അവനിൽ അർപ്പിക്കുകയാണു സത്യവിശ്വാസികൾ ചെയ്യേണ്ടത്. അതാണു ഞങ്ങൾ ചെയ്യുന്നതും, എന്നു സാരം. ഈ പൊതുതത്വം ഓർമിപ്പിച്ചശേഷം, അവരോടു വീണ്ടും പറയുവാൻ കൽപിക്കുന്നു:—

٥٢- قُلْ هَلْ تَرَبَّصُونَ بِنَا إِلَّا إِحْدَى الْحُسْنَيَيْنِ وَنَحْنُ نَتَرَبَّصُ بِكُمْ أَن يُصِيبَكُمُ اللَّهُ بِعَذَابٍ مِّنْ عِندِهِ أَوْ بِأَيْدِينَا فَتَرَبَّصُوا إِنَّا مَعَكُم مُّتَرَبِّصُونَ ○

52. പറയുക: 'ഏററം നല്ലതായ രണ്ടു കാര്യങ്ങളിലൊന്നല്ലാതെ, ഞങ്ങളെ സംബന്ധിച്ചു നിങ്ങൾ പ്രതീക്ഷിക്കുന്നുവോ?! ഞങ്ങളാകട്ടെ, അല്ലാഹുവിന്റെ പക്കൽ നിന്ന്– അല്ലെങ്കിൽ ഞങ്ങളുടെ കൈകളാൽ–നിങ്ങൾക്കു വല്ല ശിക്ഷയെയും അവൻ ബാധിപ്പിക്കുമെന്ന് നിങ്ങളെ സംബന്ധിച്ചു ഞങ്ങളും പ്രതീക്ഷിക്കുന്നു. അതിനാൽ, നിങ്ങൾ പ്രതീക്ഷിച്ചുകൊള്ളുവിൻ; ഞങ്ങൾ നിങ്ങളോടൊപ്പം പ്രതീക്ഷിച്ചു കൊണ്ടിരിക്കുന്നവരാകുന്നു.

---

52. قل പറയുക هل تربصون നിങ്ങൾ പ്രതീക്ഷിക്കുന്നുവോ, കാത്തിരിക്കുന്നുവോ بنا ഞങ്ങളിൽ, ഞങ്ങളെ സംബന്ധിച്ചു إلا إحدى ഒരു കാര്യമല്ലാതെ الحسنيين ഏററം നല്ല രണ്ടു നന്മകളിൽ ونحن ഞങ്ങളാകട്ടെ, ഞങ്ങളും (തന്നെ) نتربص പ്രതീക്ഷിച്ചു (കാത്തു) കൊണ്ടിരിക്കുന്നു بكم നിങ്ങളെപ്പററി أن يصيبكم നിങ്ങൾക്കു ബാധിപ്പിക്കുന്നതിനെ الله അല്ലാഹു بعذاب വല്ല ശിക്ഷയെയും من عنده അവന്റെ പക്കൽനിന്നുള്ള أو بأيدينا അല്ലെങ്കിൽ ഞങ്ങളുടെ കൈകളാൽ, കൈക്ക് فتربصوا അതിനാൽ (എന്നാൽ) നിങ്ങൾ പ്രതീക്ഷിക്കുവിൻ إنا معكم നിശ്ചയമായും ഞങ്ങൾ നിങ്ങളോടൊപ്പം متربصون പ്രതീക്ഷിച്ചു കൊണ്ടിരിക്കുന്നവരാണു (കാത്തിരിക്കുന്നു)

സാരം: യുദ്ധം മൂലമായി ഞങ്ങൾക്ക് സംഭവിക്കാനുള്ളതു രണ്ടിലൊരു കാര്യമാണ്. ഒന്നുകിൽ വിജയം. അല്ലെങ്കിൽ വീരമരണം അഥവാ രക്തസാക്ഷിത്വം. രണ്ടായാലും ഞങ്ങൾക്ക് വമ്പിച്ച നൻമ തന്നെ. ഇതിലപ്പുറം ഞങ്ങളെക്കുറിച്ചു നിങ്ങൾക്കു പ്രതീക്ഷിക്കുവാനില്ല. അതേ സമയം ഞങ്ങൾക്കു നിങ്ങളെക്കുറിച്ചു പ്രതീക്ഷിക്കുവാനുള്ളതു ഏററവും മോശപ്പെട്ട രണ്ടു കാര്യങ്ങളാണ്. ഒന്നുകിൽ, അല്ലാഹു നിങ്ങൾക്കു ഏതെങ്കിലും വമ്പിച്ച ശിക്ഷ നൽകി നിങ്ങളെ നശിപ്പിക്കുക. അല്ലെങ്കിൽ, നിങ്ങളുടെ കാപട്യം വെളിക്കു വരുത്തി ഞങ്ങളുടെ കൈകളാൽ നിങ്ങളെ നശിപ്പിക്കുക. നിങ്ങളുടെ ഈ ദുഷ്പ്രീതി നിങ്ങൾ മാററാത്തപക്ഷം, രണ്ടിലൊന്നു നിങ്ങൾക്കു സംഭവിക്കുക തന്നെ ചെയ്യും. അതുകൊണ്ടു ഇരുകൂട്ടരും കാത്തിരിക്കുക: സംഭവിക്കുന്നതെന്താണെന്നു നമുക്കു കാണാമല്ലോ.

٥٣- قُلْ أَنفِقُوا طَوْعًا أَوْ كَرْهًا لَّن يُتَقَبَّلَ مِنكُمْ إِنَّكُمْ كُنتُمْ قَوْمًا فَاسِقِينَ ○

53. പറയുക: 'നിങ്ങൾ അനുസരണപൂർവ്വം, അല്ലെങ്കിൽ വെറുപ്പായിക്കൊണ്ടു [തൃപ്തിപ്പെട്ടുകൊണ്ടോ തൃപ്തികൂടാതെയോ] ചിലവഴിച്ചു കൊള്ളുക. (രണ്ടായാലും) നിങ്ങളിൽ നിന്ന് അതു സ്വീകരിക്കപ്പെടുന്നതേയല്ല.

(കാരണം) നിശ്ചയമായും നിങ്ങൾ, തോന്നിയവാസികളായ ഒരു ജനതയായിരിക്കുന്നു'.

---

53. قل പറയുക أنفقوا ചിലവഴിച്ചുകൊള്ളുവിൻ طوعا അനുസരണപൂർവ്വം, സ്വമേധയാ (തൃപ്തിയോടെ) أو كرها അല്ലെങ്കിൽ വെറുത്തു കൊണ്ടു (അതൃപ്തിയോടെ) لن يتقبل സ്വീകരിക്കപ്പെടുകയേ ഇല്ല (ഇല്ല തന്നെ) منكم നിങ്ങളിൽ നിന്നു إنكم നിശ്ചയമായും നിങ്ങൾ كنتم നിങ്ങളായിരിക്കുന്നു, ആകുന്നു قوما ഒരു ജനത فاسقين തോന്നിയവാസി (തെമ്മാടി)കളായ

കപടവിശ്വാസികൾ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചിലവഴിക്കുന്നതു നിർബ്ബന്ധം കൂടാതെ സ്വന്തം പ്രകാരമായാലും, ഇഷ്ടമില്ലാതെ നിർബ്ബന്ധത്തിനു മാത്രം വഴങ്ങിക്കൊണ്ടായാലും അല്ലാഹുവിങ്കൽ അതു സ്വീകാര്യമല്ല.

ഗുള്ളൂവെന്നു അല്ലാഹു വ്യക്തമാക്കുന്നു. അവർക്കതിൽ ആത്മാർത്ഥതയുണ്ടാകയില്ലല്ലോ. ഇതിനു കാരണമായി അല്ലാഹു പറഞ്ഞതു അവർ ദുർന്നിഷേധസികളാണെന്നുള്ളതാണ്. അതിനെ വിശദീകരണമത്രെ അടുത്ത വചനം:–

64. അവരിൽ നിന്ന് അവരുടെ (വക) ചിലവുകൾ സ്വീകരിക്കപ്പെടുന്നതിന് അവരെ തടസ്സം ചെയ്തിട്ടില്ല, അവർ, അല്ലാഹുവിലും അവന്റെ റസൂലിലും അവിശ്വസി ച്ചിരിക്കുന്നുവെന്നതല്ലാതെ; മടിയാൻമാരായും കൊണ്ടല്ലാതെ, അവർ നമസ്കാരത്തിനു ചെല്ലുകയുമില്ല; വെറുത്തവരായും കൊണ്ടല്ലാതെ, അവർ ചിലവഴിക്കുകയുമില്ല. [ഇതൊക്കെ യാണതിനു തടസ്സം.]

٥٤- وَمَا مَنَعَهُمْ أَنْ تُقْبَلَ مِنْهُمْ نَفَقٰتُهُمْ
إِلَّآ أَنَّهُمْ كَفَرُوا بِاللّٰهِ وَبِرَسُولِهِ
وَلَا يَأْتُونَ الصَّلٰوةَ إِلَّا وَهُمْ كُسَالٰى
وَلَا يُنْفِقُونَ إِلَّا وَهُمْ كٰرِهُونَ ○

---

54. وما منعهم അവരെ മുടക്കി (അവർക്കു തടസ്സം വരുത്തി)യിട്ടില്ല أن تقبل സ്വീകരിക്കപ്പെടുന്നതിനു منهم അവരിൽ നിന്നു نفقاتهم അവരുടെ ചിലവുകൾ إلا أنهم അവർ (ആകുന്നു) എന്നതല്ലാതെ كفروا അവർ അവിശ്വസിച്ചു (വെന്നതു) بالله അല്ലാഹുവിൽ وبرسوله അവന്റെ റസൂലിലും ولا يأتون അവർ ചെല്ലുക (വരുക)യുമില്ല (എന്നതും) الصلاة നമസ്കാരത്തിനു, നമസ്കാരത്തിങ്കൽ إلا وهم അവരായും കൊണ്ടല്ലാതെ كسالى മടിയൻമാർ ولا ينفقون അവർ ചിലവഴിക്കയുമില്ല إلا وهم അവരാ യും കൊണ്ടല്ലാതെ كارهون വെറുത്തവർ, ഇഷ്ടമില്ലാത്തവർ

നിഷ്കളങ്കമായ സത്യവിശ്വാസം സ്വീകരിച്ചുകൊണ്ടു സൻമനസ്സോടുകൂടി ചെയ്യുന്ന സൽകർമ്മങ്ങളും ധർമ്മങ്ങളും മാത്രമേ അല്ലാഹു സ്വീകരിക്കുകയുള്ളുവെന്നു അല്ലാഹു പലപ്പോഴും വ്യക്തമാക്കിയിട്ടുള്ളതാണ്. إنما يتقبل الله من المتقين (സൂക്ഷ്മത പാലിക്കുന്നവരിൽ നിന്നു മാത്രമേ അല്ലാഹു സ്വീകരിക്കുകയുള്ളൂ.)

55. എന്നിരിക്കെ, അവരുടെ സ്വത്തുക്കളാകട്ടെ, മക്ക ളാകട്ടെ, നിന്നെ ആശ്ചര്യപ്പെടുത്തരുത്.

നിശ്ചയമായും, അല്ലാഹു ഉദ്ദേശിക്കുന്നതു, അവ മൂലം ഇഹലോക ജീവിതത്തിൽ അവരെ ശിക്ഷിക്കുവാനും അവർ അവിശ്വാസികളായും കൊണ്ട് അവരുടെ ജീവൻ പോ കുവാനും തന്നെയാകുന്നു.

٥٥- فَلَا تُعْجِبْكَ أَمْوٰلُهُمْ وَلَآ أَوْلٰدُهُمْ
إِنَّمَا يُرِيدُ اللّٰهُ لِيُعَذِّبَهُمْ بِهَا فِى الْحَيٰوةِ الدُّنْيَا
وَتَزْهَقَ أَنْفُسُهُمْ وَهُمْ كٰفِرُونَ ○

---

55. فلا تعجبك അതിനാൽ (എന്നിരിക്കെ) നിന്നെ ആശ്ചര്യ (അത്ഭുത)പ്പെടുത്തരുത് أموالهم അവരുടെ സ്വത്തുക്കൾ ولا أولادهم അവരുടെ മക്കളും (സന്താനങ്ങളും) അരുതു إنما يريد നിശ്ചയമാ യും (മാത്രം-തന്നെ) ഉദ്ദേശിക്കുന്നു الله അല്ലാഹു ليعذبهم അവരെ ശിക്ഷിക്കുവാൻ (തന്നെ–മാത്രം) بها അവകൊണ്ടു (മൂലം) في الحياة الدنيا ഇഹലോക ജീവിതത്തിൽ وتزهق (നശിച്ചു) പോകുവാനും أنفسهم അവരുടെ ആത്മാക്കൾ (ജീവൻ) وهم كافرون അവർ അവിശ്വാസികളായിക്കൊണ്ടു

അവർക്കു കുറേ സ്വത്തുക്കളും മക്കളും ഉണ്ടെന്നു കണ്ട് അത്ഭുതപ്പെടുവാനൊന്നുമില്ല. അവരോടുള്ള സ്നേഹം കൊണ്ടോ, അവരുടെ ഗുണത്തിനും നൻമക്കും വേണ്ടിയോ അല്ലാഹു നൽകിയതാണു അതൊക്കെയെന്നു കരുതേണ്ട. അവരുടെ നിലപാട് മാറാത്തിടത്തോളം അവർക്ക അതൊക്കെ ഇഹത്തിൽ ഒരു ശിക്ഷയായിരിക്കുന്ന താണ്. അവസാനം നരകാവകാശികളായ അവിശ്വാസികളായിക്കൊണ്ടു അവരുടെ ആയുഷ്കാലം കഴിഞ്ഞുപോകും

കയും ചെയ്യും. അതാണു അല്ലാഹു ഉദ്ദേശിക്കുന്നത്. (പ്രവാചകന്മാരുടെ മാർഗ്ഗത്തിൽ നിന്ന ഭിന്നിച്ചുപോയ വരെപ്പററി അല്ലാഹു പറയുന്നു. أيحسبون انما نمدهم به من مال وبنين.... (സാരം: അവർക്കു സ്വത്തും മക്കളും നൽകി നാം അയച്ചുകൊടുക്കുന്നതു അവർക്കു നന്മകളിൽ നാം വേഗതകൂട്ടുകയാണെന്നു അവർ കണക്കാക്കുന്നുവോ? പക്ഷേ, അവർക്കു ബോധം വരുന്നില്ല. (23: 55, 56.) ഒരു ജനത അവരുടെ സ്ഥിതിഗതികൾ മാററാതെ അല്ലാഹു അവരുടെ സ്ഥിതി മാററുകയില്ല. (ان الله لا يغير ما بقوم حتى يغيروا ما بأنفسهم — الرعد - ١١)

സ്വത്തുക്കളും മക്കളും ഇഹത്തിൽ അവർക്ക ശിക്ഷയായിരിക്കുമെന്നു പറഞ്ഞതിന്റെ താൽപര്യം: അവയുടെ സമ്പാദനം, നിലനിൽപ്, അഭിവൃദ്ധി ആദിയായവക്കുവേണ്ടി വിശ്രമവും മനസ്സമാധാനവുമില്ലാതെ കഷ്ടപ്പെടേണ്ടി വരുക, അവമൂലം നാശനഷ്ടങ്ങളും ആപത്തുകളും അനുഭവിക്കേണ്ടി വരുക മുതലായവയാകുന്നു. സ്വത്തുക്കളും മക്കളും ഉണ്ടായതു നിമിത്തം കഷ്ടനഷ്ടങ്ങളും മനഃക്ലേശങ്ങളും അനുഭവിക്കേണ്ടി വരുന്നതിനേക്കാൾ നല്ലതു അവ ഇല്ലാതിരിക്കലാണെന്നു പറയേണ്ടതില്ലല്ലോ. അതോടുകൂടി, പരലോകത്തു അവ നിമിത്തം ശിക്ഷ അനുഭവിക്കേണ്ടി വരുകയും ചെയ്തുവെങ്കിലോ? ആലോചിച്ചു നോക്കുക!

٥٦- وَيَحْلِفُونَ بِاللَّهِ إِنَّهُمْ لَمِنكُمْ وَمَا هُم مِّنكُمْ وَلَٰكِنَّهُمْ قَوْمٌ يَفْرَقُونَ ○

56. അവർ അല്ലാഹുവിനെക്കൊണ്ടു ശപഥം ചെയ്യും: നിശ്ചയമായും അവർ നിങ്ങളിൽ പെട്ടവർ തന്നെയാണ് എന്ന്. (വാസ്തവത്തിൽ) അവർ നിങ്ങളിൽ പെട്ടവരല്ല താനും. പക്ഷേ അവർ, പേടിച്ചു കഴിയുന്ന ഒരു ജനതയാകുന്നു.

٥٧- لَوْ يَجِدُونَ مَلْجَأً أَوْ مَغَارَاتٍ أَوْ مُدَّخَلًا لَّوَلَّوْا إِلَيْهِ وَهُمْ يَجْمَحُونَ ○

57. വല്ല രക്ഷാസ്ഥാനമോ, അല്ലെങ്കിൽ വല്ല ഗുഹകളോ, അല്ലെങ്കിൽ (ഒളിഞ്ഞ്) കടന്നുകൂടാവുന്നവല്ല സ്ഥലമോ അവർ കണ്ടെത്തിയിരുന്നുവെങ്കിൽ, കുറുമ്പുകാട്ടി (തിക്കിത്തിരക്കി) ക്കൊണ്ടു അവർ അതിലേക്കു തിരിയുക തന്നെ ചെയ്യുമായിരുന്നു.

---

56. ويحلفون അവർ ആണയിടുന്ന സത്യം ചെയ്യും, ശപഥം ചെയ്യും بالله അല്ലാഹുവിനെക്കൊണ്ടു انهم നിശ്ചയമായും അവർ لمنكم നിങ്ങളിൽപെട്ട (വർ) തന്നെ എന്ന وما هم അവരല്ല താനും منكم നിങ്ങളിൽ പെട്ട (വർ) ولكنهم പക്ഷേ അവർ قوم ഒരു ജനതയാണു يفرقون പേടിച്ചു നടുങ്ങിക്കൊണ്ടിരിക്കുന്ന 57. لو يجدون അവർക്ക കിട്ടി(അവർ കണ്ടെത്തി)യിരുന്നെങ്കിൽ ملجأ വല്ല (ഒരു) രക്ഷാ (അഭയ) സ്ഥാനം أو مغارات അല്ലെങ്കിൽ വല്ല ഗുഹകൾ أو مدخلا അല്ലെങ്കിൽ ഒരു കടന്നു കൂടാവുന്ന സ്ഥാനം لولوا അവർ തിരിയുക തന്നെ ചെയ്തിരുന്ന اليه അതിലേക്ക, അതിന്റെ നേരെ وهم അവരായിക്കൊണ്ടു يجمحون അവർ കുറുമ്പുകാട്ടി (തിക്കിത്തിരക്കി)ക്കൊണ്ടു

ഞങ്ങൾ സത്യവിശ്വാസികളാണു, മുസ്ലിംകളാണു എന്നിങ്ങിനെ ഇക്കൂട്ടർ കപടവിശ്വാസികൾ അല്ലാഹുവിൽ ആണയിട്ടു പറഞ്ഞുകൊണ്ടിരിക്കുന്നതു അവരുടെ പേടികൊണ്ടുമാത്രമാണ്. യഥാർത്ഥത്തിൽ അവരെ നിങ്ങൾ ശത്രുക്കളായി ഗണിച്ചു അവരോടു സമരം നടത്തിയെങ്കിലോ എന്നും മററുമുള്ള ഭയം നിമിത്തമാണു അങ്ങിനെ ചെയ്യുന്നത്. നിങ്ങളുമായി നേരിട്ടു നിൽക്കുന്നപക്ഷം, അവരെ നിങ്ങൾ ശത്രുക്കളായി ഗണിച്ചു അവരോടു തീരുമാനിച്ചേക്കുമെന്നു. നിങ്ങളിൽ നിന്ന അകന്നു വല്ലേടത്തും രക്ഷപ്പെടുവാനുള്ള എന്തെങ്കിലും ഒരു പഴുതോ പോംവഴിയോ അവർക്കു വല്ല ഇടത്തും ഉണ്ടായിരുന്നെങ്കിൽ വളരെ ബുദ്ധിമുട്ടിയെങ്കിലും അതവർ ഉപയോഗപ്പെടുത്തുമായിരുന്നു. ഒന്നും കാണാത്തതു കൊണ്ടുമാത്രം ഈ കള്ളസത്യത്തിന്റെ മറവുപിടിച്ചു രക്ഷപ്പെടുവാൻ നോക്കുകയാണവർ എന്നു താൽപര്യം.

٥٨- وَمِنْهُم مَّن يَلْمِزُكَ فِي الصَّدَقَاتِ فَإِنْ أُعْطُوا مِنْهَا رَضُوا وَإِن لَّمْ يُعْطَوْا مِنْهَا إِذَا هُمْ يَسْخَطُونَ ○

58. അവരിലുണ്ടു, ദാനധർമ്മങ്ങളുടെ (വിനിയോഗ) കാര്യത്തിൽ നിന്നെ (ആക്ഷേപിച്ചു) കുറവാക്കുന്ന ചിലർ. എന്നാൽ, അതിൽ നിന്ന് അവർക്കു കൊടുക്കപ്പെടുന്ന പക്ഷം, അവർ തൃപ്തിപ്പെടും; അവർക്കതിൽ നിന്നു കൊടുക്കപ്പെടുന്നില്ലെങ്കിലോ, അപ്പോഴാ (അതാ) അവർ ക്രോധിക്കുന്നു!

٥٩- وَلَوْ أَنَّهُمْ رَضُوا مَا آتَاهُمُ اللَّهُ وَرَسُولُهُ وَقَالُوا حَسْبُنَا اللَّهُ سَيُؤْتِينَا اللَّهُ مِن فَضْلِهِ وَرَسُولُهُ إِنَّا إِلَى اللَّهِ رَاغِبُونَ ○

59. അല്ലാഹുവും, അവന്റെ റസൂലും അവർക്കു നൽകിയതു അവർ തൃപ്തിപ്പെടുകയും, അവർ (ഇങ്ങിനെ) പറയുകയും ചെയ്തിരുന്നെങ്കിൽ! 'ഞങ്ങൾക്കു അല്ലാഹു മതി; അല്ലാഹുവിന്റെ അനുഗ്രഹത്തിൽ നിന്ന് അവനും അവന്റെ റസൂലും (വഴിയെ) ഞങ്ങൾക്കു നൽകിക്കൊള്ളും; നിശ്ചയമായും ഞങ്ങൾ, അല്ലാഹുവിങ്കലേക്കു ആഗ്രഹം സമർപ്പിക്കുന്നവരാകുന്നു.'[1] [എന്നാൽ അതവർക്കു വളരെ നന്നായിരുന്നേനെ!]

---

58. وَمِنْهُم അവരിലുണ്ടു, അവരിൽപെട്ടതാണു مَن ചിലർ, യാതൊരുവർ يَلْمِزُكَ നിന്നെ ആക്ഷേപിക്കുന്ന, കുറവാക്കുന്ന, അപഹസിക്കുന്ന فِي الصَّدَقَاتِ ധർമ്മങ്ങളിൽ (ദാനധർമ്മങ്ങളുടെ കാര്യത്തിൽ) فَإِنْ أُعْطُوا എന്നാൽ അവർക്കു കൊടുക്കപ്പെടുന്ന പക്ഷം مِنْهَا അതിൽ (അവയിൽ) നിന്നു رَضُوا അവർ തൃപ്തിപ്പെട്ടു (തൃപ്തിപ്പെടും) وَإِن لَّمْ يُعْطَوْا അവർക്കു കൊടുക്കപ്പെട്ടില്ലെങ്കിലാകട്ടെ مِنْهَا അതിൽനിന്ന് إِذَا هُمْ അപ്പോഴാ (അതാ) അവർ يَسْخَطُونَ ക്രോധിക്കുന്നു, കോപിക്കുന്നു 59. وَلَوْ أَنَّهُمْ അവരായിരുന്നെങ്കിൽ رَضُوا തൃപ്തിപ്പെട്ടു (എന്നിരുന്നെങ്കിൽ) مَا آتَاهُمُ അവർക്കു നൽകിയതിനെ اللَّهُ وَرَسُولُهُ അല്ലാഹുവും അവന്റെ റസൂലും وَقَالُوا അവർ പറയുകയും ചെയ്തു (വെങ്കിൽ) حَسْبُنَا ഞങ്ങൾക്കു മതി اللَّهُ അല്ലാഹു سَيُؤْتِينَا വഴിയെ ഞങ്ങൾക്കു തരും, നൽകിക്കൊള്ളും اللَّهُ അല്ലാഹു مِن فَضْلِهِ അവന്റെ അനുഗ്രഹത്തിൽനിന്നു, ദയവിനാൽ وَرَسُولُهُ അവന്റെ റസൂലും إِنَّا നിശ്ചയമായും ഞങ്ങൾ إِلَى اللَّهِ അല്ലാഹുവിങ്കലേക്കു رَاغِبُونَ ആഗ്രഹം സമർപ്പിക്കുന്ന (ആഗ്രഹിച്ചു ചെല്ലുന്ന)വരാണു

---

[1] സകാത്തുപോലെയുള്ള പൊതു സ്വത്തുക്കൾ അവകാശികൾക്കു വിഹിതിച്ചു കൊടുക്കുമ്പോൾ തങ്ങൾക്കു പ്രതീക്ഷിച്ചത്ര ലഭിക്കാതിരിക്കുന്നപക്ഷം, ഈ വിഹിതിക്കൽ നീതിപൂർവ്വകമല്ലെന്നും, പക്ഷപാതം കാണിച്ചുകൊണ്ടാണെന്നുമൊക്കെ പറഞ്ഞു നബി (സ) യെ കുറ്റപ്പെടുത്തുകയും, കുറവാക്കുകയും ചെയ്യുന്ന ചില ആളുകളും കപടവിശ്വാസികളിലുണ്ട്. അവർ ഉദ്ദേശിക്കുന്നതുപോലെ അവർക്കു കിട്ടിയാൽ ഈ ആക്ഷേപം ഉണ്ടാകുകയുമില്ല. അതു കിട്ടാത്തപ്പോഴാണു ഈ കോപവും ആക്ഷേപവുമൊക്കെ. തൽക്കാലം, ലഭിച്ചതിൽ തൃപ്തിപ്പെട്ടുകൊണ്ടു മേലിൽ തങ്ങൾക്കു കൂടുതൽ ലഭിച്ചുകൊള്ളുമെന്നു സമാധാനിച്ചുകൊണ്ടിരിക്കുകയും, അതിനായി അല്ലാഹുവിനോടു അപേക്ഷിക്കുകയും ചെയ്തിരുന്നെങ്കിൽ അതായിരുന്നു അവർക്കു വളരെ ഗുണകരം എന്നു സാരം. പൊതു സ്വത്തുക്കൾ വിതരണം ചെയ്യുമ്പോൾ ഉദ്ദേശിച്ചത്ര ലഭിക്കാത്തതിന്റെ പേരിൽ, നബി (സ) യോടു ചിലർ മുറുമുറുക്കുകയും, ആക്ഷേപിക്കുകയും ചെയ്ത ഒന്നിലധികം സംഭവങ്ങൾ ഹദീസ് ഗ്രന്ഥങ്ങളിൽ കാണാവുന്നതാകുന്നു. ഉദാഹരണമായി:-

ഇബ്നു മസ്ഊദു (റ) പറഞ്ഞതായി ഇപ്രകാരം നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു: ഹുനൈനിലെ ഗനീമത്ത് ഭാഗിച്ചുകൊടുത്തപ്പോൾ ഒരാൾ ഇങ്ങിനെ പറയുന്നതു ഞാൻ കേട്ടു: 'ഇതു അല്ലാഹുവിന്റെ പ്രീതി ഉദ്ദേശിച്ചുകൊണ്ടുള്ള ഭാഗിക്കലല്ല.' ഞാനിതു നബി (സ) തിരുമേനിയെ അറിയിച്ചു. തിരുമേനി പറഞ്ഞു: 'മൂസാ (അ)ക്കു അല്ലാഹുവിന്റെ കാരുണ്യം ഉണ്ടാവട്ടെ! അദ്ദേഹം ഇതിനെക്കാൾ ദ്രോഹിക്കപ്പെടുകയുണ്ടായി. എന്നിട്ടദ്ദേഹം ക്ഷമിക്കുകയാണു ചെയ്തതു.' അബൂസഈദിൽ ഖുദ്രീ (റ) പറഞ്ഞതായി ബുഖാരിയും, മുസ്ലിമും (റ) ഉദ്ധരിച്ച ഒരു സംഭവത്തിന്റെ ചുരുക്കം ഇപ്രകാരമാകുന്നു: നബി (സ) സ്വത്തുക്കൾ ഭാഗിക്കുമ്പോൾ ഞങ്ങൾ അവിടെയുണ്ടായിരുന്നു. ബനൂതമീം ഗോത്രത്തിൽനിന്ന് ഒരാൾ വന്നു പറയുകയുണ്ടായി: 'അല്ലാഹുവിന്റെ റസൂലേ,

നീതി പാലിക്കണം.' തിരുമേനി പറഞ്ഞു: 'ഞാൻ നീതി പാലിച്ചില്ലെങ്കിൽ ആർ നീതി പാലിക്കും?!' ഒരു രിവായത്തിൽ ഇങ്ങിനെയും ഉണ്ട്: അപ്പോൾ ഉമർ (റ) പറഞ്ഞു: 'ഇവന്റെ കഴുത്തുവെട്ടുവാൻ എനിക്കു സമ്മതം തരണേ നബിയേ!' അപ്പോൾ നബി (സ) പറഞ്ഞു: അവനെ വിട്ടേക്കു. അവനു ചില ആൾക്കാരുണ്ട്. അവരുടെ നമസ്കാരവും നോമ്പും അപേക്ഷിച്ചു നിങ്ങളുടെ നമസ്കാരവും നോമ്പും നിസ്സാരമായിത്തോന്നും. അവർ ഖുർആൻ ഓതും. അതവരുടെ തൊണ്ടക്കുഴി വിട്ടുകടക്കുകയില്ല. അമ്പെയ്യപ്പെട്ട ഉരുവിലൂടെ അമ്പു പുറത്തു കടന്നു പോകുന്നതുപോലെ അവർ മതത്തിൽ നിന്നു പുറത്തു കടന്നു പോകുന്നതാണ്.'

ആ കപട വിശ്വാസികൾക്കു അവരുടെ ഇഷ്ടംപോലെ സ്വത്തു വിഹിതം ലഭിക്കാത്തതു നബി (സ) യുടെ കുറ്റമോ കുറവോകൊണ്ടല്ല; ധർമ്മസ്വത്തുക്കൾ വിഹിതിക്കുന്നതിനു ചില വ്യവസ്ഥകളൊക്കെയുണ്ട്; എന്നു സൂചിപ്പിച്ചുകൊണ്ടു ആരെല്ലാമാണു അതിന്റെ അവകാശികൾ എന്നു അടുത്ത വചനത്തിൽ അല്ലാഹു വിവരിക്കുന്നു:—

വിഭാഗം-8

إِنَّمَا الصَّدَقَاتُ لِلْفُقَرَاءِ وَالْمَسَاكِينِ وَالْعَامِلِينَ عَلَيْهَا وَالْمُؤَلَّفَةِ قُلُوبُهُمْ وَفِي الرِّقَابِ وَالْغَارِمِينَ وَفِي سَبِيلِ اللَّهِ وَابْنِ السَّبِيلِ فَرِيضَةً مِّنَ اللَّهِ وَاللَّهُ عَلِيمٌ حَكِيمٌ ٦٠

60. നിശ്ചയമായും ധർമ്മങ്ങൾ, ദരിദ്രൻമാർക്കും, പാവപ്പെട്ടവർ, (അഥവാ സാധുക്കൾ)ക്കും, അവക്കുവേണ്ടി പ്രവൃത്തിക്കുന്നവർക്കും, ഹൃദയങ്ങൾ ഇണക്കപ്പെട്ടവർക്കും, അടിമകളുടെ വിഷയത്തിലും, കടപ്പെട്ടവർക്കും അല്ലാഹുവിന്റെ മാർഗ്ഗത്തിലും, വഴി (യാത്ര) ക്കാരനും തന്നെയാകുന്നു;

(അതെ) അല്ലാഹുവിൽ നിന്നുള്ള ഒരു (നിശ്ചിത) നിർബ്ബന്ധ നിയമം!

അല്ലാഹു (എല്ലാം) അറിയുന്നവനും, അഗാധജ്ഞനു മാകുന്നു.

---

60. إنما നിശ്ചയമായും തന്നെ (മാത്രം) الصدقات ധർമ്മങ്ങൾ, ദാനധർമ്മങ്ങൾ للفقراء ദരിദ്രന്മാർക്കു (തന്നെ മാത്രം) ആകുന്നു والمساكين സാധുക്കൾക്കും, പാവപ്പെട്ടവർക്കും والعاملين പ്രവർത്തിക്കുന്നവർക്കും, പ്രവൃത്തിക്കാർക്കും عليها അവയുടെ പേരിൽ (അവക്കുവേണ്ടി) والمؤلفة ഇണക്കപ്പെട്ട (ഇണങ്ങിയ)വർക്കും قلوبهم തങ്ങളുടെ ഹൃദയങ്ങൾ وفي الرقاب അടിമകളിലും (അടിമകളുടെ വിഷയത്തിലും) والغارمين കടക്കാരായവർ (കടപ്പെട്ടവർ)ക്കും وفي سبيل മാർഗ്ഗത്തിലും الله അല്ലാഹുവിന്റെ وابن السبيل വഴിയുടെ ആൾക്കും, വഴിപോക്കനും (വഴിയാത്രക്കാരനും) فريضة നിശ്ചിത നിയമം (നിർബ്ബന്ധ നിശ്ചയം) ആയിക്കൊണ്ടു من الله അല്ലാഹുവിൽ നിന്നുള്ള والله അല്ലാഹുവാകട്ടെ عليم അറിയുന്നവനാണ് حكيم യുക്തിമാനാണു, അഗാധജ്ഞനാണു.

ധർമ്മങ്ങൾ (صدقات) എന്ന വാക്കിൽ എല്ലാവിധ ദാനധർമ്മങ്ങളും ഉൾപ്പെടുമെങ്കിലും നിർബ്ബന്ധ ധർമ്മമായ സകാത്താണു ഇവിടെ പ്രധാനമായും ഉദ്ദേശ്യം. പൊതുവെ ദാനധർമ്മങ്ങളെല്ലാം നൽകപ്പെടുവാൻ അർഹത ഈ വചനത്തിൽ പറയപ്പെട്ട കൂട്ടർക്കു തന്നെ. എങ്കിലും അവരിൽ ഉൾപ്പെടാത്തവർക്കും നൽകുന്നതിനു വിരോധമില്ല. അല്ലാഹു പറയുന്നു: إن تبدوا الصدقات فنعما هي .... (നിങ്ങൾ ദാനധർമ്മങ്ങളെ വെളിവാക്കിക്കൊടുത്താലും അതു വളരെ നല്ലതാണ്. നിങ്ങളവയെ മറച്ചുവെക്കുകയും ദരിദ്രൻമാർക്കു കൊടുക്കുകയും ചെയ്യുന്ന പക്ഷം അതു നിങ്ങൾക്കു കൂടുതൽ നല്ലതായിരിക്കും. (2: 271.) അപ്പോൾ, അവ ധനികൻമാർക്കു കൊടുക്കുന്നതിനും വിരോധമില്ലെന്നു ഈ വചനത്തിൽ നിന്നു വ്യക്തമാകുന്നു. സകാത്തിനെപ്പററി صدقة تؤخذ من أغنيائهم فترد على فقرائهم (ധനികൻമാരിൽ നിന്നു വാങ്ങി ദരിദ്രർക്കു കൊടുക്കപ്പെടുന്ന ധർമ്മം) എന്നു നബി (സ) പ്രസ്താവിച്ചിട്ടുണ്ട്. (ബു; മു.) ചുരുക്കത്തിൽ, സകാത്തിനെ സംബന്ധിച്ചിടത്തോളം ഈ എട്ടു കൂട്ടരിൽ ഉൾപ്പെട്ടവർക്കു അതു കൊടുക്കുവാൻ പാടില്ലാത്തതാകുന്നു. എട്ടുകൂട്ടർ നിലവിലില്ലെങ്കിൽ ഉള്ളവർക്കു നൽകേണ്ടതാണ്. എല്ലാകൂട്ടർക്കും

[illegible] ഇമാം ശാഫിഈ (റ)യുടെയും ഒരു വിഭാഗം പണ്ഡിതൻമാരുടെയും അഭിപ്രായം [illegible] അടുക്കൽ സകാത്തിന്റെ – അഭിപ്രായമനുസരിച്ചു ഓരോന്നു പ്രത്യേകത നൽകുന്ന [illegible] അബൂഹനീഫ (റ) എന്നിവരുടെയും, മുൻഗാമികളും പിൻഗാമികളുമായ പല [illegible]. ഇതു പണ്ഡിതൻമാരുടെ പൊതുവിലുള്ള അഭിപ്രായമായി ഇബ്നു ജരീർ (റ) പ്രസ്താവിക്കുകയും [illegible] അല്ലാഹു പ്രസ്താവിച്ച എട്ടു കൂട്ടർ—അഥവാ വകുപ്പുകൾ—ഇവയാകുന്നു:—

1. الفقراء (ഫഖീറുകൾ—ദരിദ്രൻമാർ). 2. المساكين (മിസ്കീനുകൾ – പാവങ്ങൾ അഥവാ സാധുക്കൾ) [illegible] കൂട്ടരുടെയും നിർവ്വചനത്തിൽ പണ്ഡിതൻമാർക്കിടയിൽ പല അഭിപ്രായങ്ങളും കാണാം. രണ്ടു വാക്കുകളും [illegible] ഉദ്ദേശ്യാർത്ഥങ്ങളിൽ പ്രയോഗിക്കപ്പെടാറുള്ളതാണു ഇതിനു കാരണം. ജീവിതാവശ്യത്തിനു [illegible] ആരുമില്ലാതെ ആശ്രയിക്കേണ്ടി വരുന്നവൻ എന്നു 'ഫഖീറി'നും, അത്രത്തോളം വഴിയു [illegible] തികയാതെ വരുന്നവൻ എന്നു 'മിസ്കീനി'നും ഒരു കൂട്ടർ അർത്ഥം കൽപ്പിക്കുന്നു. മറ്റൊരു [illegible] അഭിപ്രായപ്പെടുന്നു. ഒന്നാമത്തെ അഭിപ്രായപ്രകാരം കൂടുതൽ ബുദ്ധിമുട്ടുകാരൻ ഫഖീറും, രണ്ടാമത്തെ അഭിപ്രായപ്രകാരം കൂടുതൽ ബുദ്ധിമുട്ടുകാരൻ മിസ്കീനുമായിരിക്കും. പ്രസ്തുത രണ്ടു വാക്കുകളും [illegible] വേണ്ടത്ര വകയില്ലാത്തവർ എന്ന അർത്ഥത്തിൽ ഒരേ കൂട്ടരെ സംബന്ധിച്ച [illegible]ണെന്നും, രണ്ടും വെവ്വേറെ കൂട്ടരെ ഉദ്ദേശിച്ചല്ലെന്നും മൂന്നാമതൊരഭിപ്രായമുണ്ട്. എല്ലാറ്റിനും [illegible] തെളിവുകളും വിമർശനങ്ങളും ഉദ്ധരിക്കുവാനുണ്ടുതാനും. നാലാമത്തെ അഭിപ്രായം ഇതാണ്: ദാരിദ്ര്യത്തിലും കഷ്ടപ്പാടിലും ഫഖീറും, മിസ്കീനും ഒരുപോലെത്തന്നെ. പക്ഷേ, ഫഖീറിന്റെ ദാരിദ്ര്യം [illegible]ക്കു കണ്ടറിയുവാൻ കഴിയും. അവനതു മൂടിവെക്കുകയില്ല. മിസ്കീനാവട്ടെ, തന്റെ [illegible] അറിയിക്കാത്ത വിധം മൂടിവെച്ചുകൊണ്ടു മാനവും മാന്യതയും കാത്തുസൂക്ഷിച്ചുകൊണ്ടിരിക്കും. ഈ കാര്യത്തിലാണു രണ്ടാളും വേർതിരിയുന്നത്. ഈ അഭിപ്രായമാണു കൂടുതൽ ന്യായമായി കാണുന്നത്. താഴെ ഉദ്ധരിക്കുന്നതുപോലെയുള്ള ഹദീസുകളിൽ നിന്നു മനസ്സിലാകുന്നതും അതാണ്. വാസ്തവം [illegible].

റസൂൽ (സ) പറഞ്ഞതായി ഇബ്നു ഉമർ (റ) ഉദ്ധരിക്കുന്നു: 'ധനികനാകട്ടെ, ശരിയായ ശരീരശേഷി (അദ്ധ്വാനിക്കുവാനുള്ള കഴിവു) ഉള്ളവനാകട്ടെ, ഈ ധർമ്മം അനുവദനീയമാകുകയില്ല'. (അ; ദ; തി.) അബൂഹുറൈറ (റ)യും, ഈ നബിവചനം ഉദ്ധരിച്ചിരിക്കുന്നു. (അ; ന; ജ.) ഉബൈദില്ലാഹിബ്നു അദിയ്യ് (റ) പറയുകയാണ്: രണ്ടാളുകൾ എന്നോടു ഇങ്ങിനെ പറഞ്ഞു: അവർ രണ്ടുപേരും ധർമ്മത്തിൽ നിന്നു വല്ലതും ചോദിച്ചുകൊണ്ടു നബി (സ) യുടെ അടുക്കൽ ചെന്നു. അപ്പോൾ, തിരുമേനി അവരെ തിരിച്ചും മറിച്ചും നോക്കി. രണ്ടാളും ശരീരശേഷിയുള്ളവരായി അവിടുന്നു കണ്ടു. എന്നിട്ടു പറഞ്ഞു: 'നിങ്ങൾക്കു വേണമെങ്കിൽ ഞാൻ നൽകാം. ധനികനാകട്ടെ, അദ്ധ്വാനിക്കുവാൻ കഴിവുള്ളവനാകട്ടെ ഇതിൽ അവകാശമില്ല'. (അ; ദ.) അബൂഹുറൈറ (റ) ഉദ്ധരിക്കുന്നു: നബി (സ) പറഞ്ഞു: 'മിസ്കീൻ' എന്നാൽ, ജനങ്ങളുടെ ഇടയിലൂടെ ചുറ്റി നടക്കുന്നവനും, ഒരു പിടിയും രണ്ടു പിടിയും, ഒരു കാരക്കയും രണ്ടു കാരക്കയും (കൊടുത്തു) മടക്കി അയക്കാറുള്ളവരുമായ ഈ സഞ്ചാരികളല്ല'. സഹാബികൾ ചോദിച്ചു: 'എന്നാൽ 'മിസ്കീൻ' ആരാണു-അല്ലാഹുവിന്റെ റസൂലേ?' തിരുമേനി പറഞ്ഞു: 'ധന്യമാകുന്ന—അഥവാ ആവശ്യത്തിനു മതിയാകുന്ന—ധനം ലഭിക്കാതിരിക്കുകയും, സ്ഥിതിഗതികൾ മനസ്സിലാക്കി ധർമ്മം നൽകപ്പെടാതിരിക്കുകയും, ജനങ്ങളോടു യാതൊന്നും ചോദിക്കാതിരിക്കുകയും ചെയ്യുന്നവനാകുന്നു'. (ബു; മു.)

3. العاملين عليها (അതിനുവേണ്ടി പ്രവർത്തിക്കുന്നവർ). സകാത്തിന്റെ ശേഖരണ വിതരണാദി വിഷയങ്ങൾക്കു വേണ്ടി അദ്ധ്വാനിക്കുകയും, മേലേറി ചെയ്യുകയും ചെയ്യുന്നവരെല്ലാം ഇതിൽ ഉൾപ്പെടുന്നു. ഇവർ അത്യാവശ്യത്തിനു വകയുള്ളവരായാലും അവരുടെ അദ്ധ്വാന ഫലമെന്ന നിലക്ക് ഓഹരി ഇവർക്കും നൽകേണ്ടതാണ്. ഇബ്നുസ്സഅ്ദീൽ മാലികീ (റ) പ്രസ്താവിക്കുന്നു: ഉമർ (റ) എന്നെ സദഖയുടെ കാര്യത്തിൽ പ്രവർത്തിക്കുവാൻ നിയമിച്ചു. പ്രവൃത്തി കഴിഞ്ഞു അതെല്ലാം ഞാൻ അദ്ദേഹത്തിന്റെ വശം ഏൽപിച്ചു കൊടുത്തു. അപ്പോൾ, അദ്ദേഹം എനിക്കു ഒരു പ്രതിഫലം നൽകുവാൻ കൽപിച്ചു. ഞാൻ പറഞ്ഞു: 'ഞാൻ അല്ലാഹുവിനുവേണ്ടി മാത്രം പ്രവർത്തിച്ചതാണ്'. അപ്പോൾ അദ്ദേഹം പറഞ്ഞു: 'തനിക്കു നൽകപ്പെട്ടതു താൻ സ്വീകരിച്ചുകൊള്ളുക. റസൂൽ (സ) തിരുമേനിയുടെ കാലത്തു അവിടുന്നു എന്നെ ഒരു പ്രവർത്തകനാക്കുകയുണ്ടായി. എന്നിട്ടു എനിക്കു പ്രവർത്തനത്തിനു പ്രതിഫലം തന്നു. താൻ പറഞ്ഞതുപോലെ ഞാനും പറഞ്ഞു.' അപ്പോൾ, തിരുമേനി പറഞ്ഞു: 'താൻ ചോദിച്ചു ആവശ്യപ്പെടാതെ തനിക്കു വല്ലതും നൽകപ്പെട്ടാൽ, അതു തിന്നുക (ഉപയോഗിക്കുക) യും, ധർമ്മം കൊടുക്കുകയും ചെയ്തുകൊള്ളുക' (അ; ബു; മു.)

4. المؤلفة قلوبهم (ഹൃദയം ഇണക്കപ്പെട്ടവർ). ഈ വകുപ്പിൽ നാലധികം തരക്കാർ ഉൾപ്പെടുന്നു. ഒരു തരക്കാർ; ഇസ്ലാമിനെ അംഗീകരിച്ചിട്ടില്ലെങ്കിലും അംഗീകരിച്ചേക്കുമെന്നു പ്രതീക്ഷിക്കപ്പെടുന്നവരാകുന്നു.

ഹുനൈനിലെ ഗനീമത്തു സ്വത്തുക്കളിൽ നിന്നു സ്വഫ്‌വാനുബ്‌നു ഉമയ്യ (റ)ക്ക് നബി (സ) ഒരു വൻ തുക നൽകുകയുണ്ടായതു ഇതിനൊരു ഉദാഹരണമാണ്. മക്കാ വിജയത്തെത്തുടർന്നു അനേകം ആളുകൾ വന്ന് ഇസ്‌ലാമിൽ പ്രവേശിച്ചപ്പോൾ, തന്റെ കാര്യത്തിൽ ആലോചിക്കുവാൻ അൽപകാലം ഒഴിവു നൽകണമെന്നു നബി (സ)യോടു പറഞ്ഞ് ഒഴിവായ ഒരു ഖുറൈശീ പ്രമാണിയായിരുന്നു അദ്ദേഹം. മുശ്‌രിക്കായിക്കൊണ്ടായിരുന്നു അദ്ദേഹം മുസ്‌ലിംകളോടൊപ്പം ഹുനൈനിൽ സംബന്ധിച്ചിരുന്നതും. അദ്ദേഹം തന്നെ പറയുകയാണു: 'ഹുനൈനിന്റെ ദിവസം എനിക്കു റസൂൽ (സ) തരുവാൻ തുടങ്ങുമ്പോൾ അവിടുന്നു എനിക്കു ജനങ്ങളിൽ വെച്ച് ഏറ്റവും വെറുപ്പുള്ള ആളായിരുന്നു. അങ്ങിനെ, തന്നുതന്ന് മനുഷ്യരിൽ വെച്ചു എനിക്ക ഏറ്റവും ഇഷ്ടപ്പെട്ട ആളായിത്തീർന്നു അവിടുന്ന്'. (അ; മു; തി.) അദ്ദേഹം പിന്നീടു ഇസ്‌ലാമിനെ അംഗീകരിച്ച് നല്ല നിലയിലായിത്തീരുകയും ചെയ്തു. മറ്റൊരു തരക്കാർ: ഇസ്‌ലാമിനെ അംഗീകരിച്ചു കഴിഞ്ഞിട്ടുണ്ടെങ്കിലും വിശ്വാസം അടിയുറച്ചു കഴിഞ്ഞിട്ടില്ലാത്തവരാണ്. ഇവർക്ക വിശ്വാസത്തിൽ ദൃഢതയും സ്ഥിരതയും ലഭിക്കുവാൻ ഇതു സഹായകമായിരിക്കും. മക്കാ വിജയത്തിൽ പുതുതായി വിശ്വസിച്ച പലർക്കും ഹുനൈനിൽവെച്ചു വലിയ തുകകൾ നബി (സ) നൽകുകയുണ്ടായി. ഇങ്ങിനെയുള്ളവരെ ഇസ്‌ലാമുമായി ഇണക്കുവാൻ വേണ്ടിയാണതെന്നു നബി (സ) വ്യക്തമാക്കുകയും ചെയ്തിരുന്നു. മൂന്നാമത്തൊരു തരക്കാർ: മററു ചിലരെ ഇസ്‌ലാമിലേക്കു ആകർഷിക്കുവാൻ കാരണമായിത്തീരുമെന്നോ, അല്ലെങ്കിൽ, മുസ്‌ലിംകൾക്കെതിരെ വല്ലവരിൽ നിന്നും ഉണ്ടാകാവുന്ന ആക്രമണങ്ങളെ തടയുവാൻ ഉപകരിക്കുമെന്നോ കാണപ്പെടുന്നവർ. ഇവരും ഈ കൂട്ടത്തിൽ ഉൾപ്പെടുന്നു. പക്ഷെ, ഇസ്‌ലാമിനു വിജയം കൈവന്നു കഴിഞ്ഞതിനു ശേഷം, മേൽ വിവരിച്ച എല്ലാ തരക്കാർക്കും സകാത്തിൽ നിന്നു നൽകപ്പെടാമോ എന്നതിൽ വ്യത്യസ്തങ്ങളായ അഭിപ്രായങ്ങൾ പണ്ഡിതൻമാർക്കിടയിലുണ്ട്. കാലത്തിനും സന്ദർഭത്തിനും അനുസരിച്ചു പ്രവർത്തിക്കുവാൻ അധികാരസ്ഥൻമാർക്ക സ്വാതന്ത്ര്യമുണ്ടു എന്ന അഭിപ്രായമാണു കൂടുതൽ ശരിയായ അഭിപ്രായം.

5. فِي الرِّقَابِ (അടിമകളുടെ വിഷയത്തിൽ). അതായതു: യജമാനൻമാർക്കു നിശ്ചിത സംഖ്യകൊടുത്ത് അടിമത്വത്തിൽനിന്നു മോചിതരാകുവാൻ വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുള്ളവർക്കു ('മുകാതബു' കൾക്കു). അവരുടെ സംഖ്യകൊടുത്തു തീർക്കുവാനും, അടിമകളെ വിലക്കുവാങ്ങി സ്വതന്ത്രരാക്കി വിടുവാനും ഈ വകുപ്പിന്റെ വിഹിതം ഉപയോഗിക്കാം. അടിമകളെ മോചിപ്പിച്ചു സ്വതന്ത്രരാക്കുന്നതിൽ ഇസ്‌ലാമിനുള്ള അതീവ താൽപര്യവും, അതിനു ഖുർആനും നബി വചനങ്ങളും നിയമ രൂപത്തിലും ഉപദേശ രൂപത്തിലും നൽകിയിട്ടുള്ള പ്രോത്സാഹനങ്ങളും പ്രസിദ്ധമാണ്.

6. الْغَارِمِينَ (കടപ്പെട്ടവർ). വ്യക്തിപരമോ, സാമൂഹ്യമോ ആയ കാര്യങ്ങൾക്കുവേണ്ടി കടം വാങ്ങിയോ, അന്യർക്കുവേണ്ടി ജാമ്യം ഏറ്റതുകൊണ്ടോ കടഭാരം താങ്ങേണ്ടി വരുന്ന എല്ലാവരും ഇതിൽ ഉൾപ്പെടുന്നു. പക്ഷേ, തോന്നിയവാസങ്ങൾക്കും, ദുർന്നടപ്പുകൾക്കും വേണ്ടിയാണു കടപ്പെട്ടിരിക്കുന്നതെങ്കിൽ, അതിൽനിന്നു പശ്ചാത്തപിച്ചു മടങ്ങിയവർക്കേ നൽകാവൂ. അല്ലാത്തപക്ഷം, അതു ഇസ്‌ലാമിനെതിരെ സകാത്തിന്റെ ധനം ഉപയോഗിക്കലായിരിക്കുമല്ലോ.

ഖബീസ്വത്തുബ്‌നു മുഖാരിഖ് (قبيصة بن مخارق - رض) പറയുകയാണു: ഞാൻ ഒരു (കട) ഭാരം ഏറ്റെടുക്കുകയുണ്ടായി. ആ വിഷയത്തിൽ (സഹായം) ചോദിച്ചുകൊണ്ടു ഞാൻ റസൂൽ (സ) തിരുമേനിയുടെ അടുക്കൽ ചെന്നു. അപ്പോൾ, തിരുമേനി പറഞ്ഞു: 'കാത്തിരിക്കൂ. നമുക്കു സദഖകൾ (ധർമ്മത്തിനുള്ള സ്വത്തുക്കൾ) വരട്ടെ. അപ്പോൾ നാം അതിൽനിന്നു നിനക്ക് കൽപിക്കാം.' പിന്നീടു തിരുമേനി പറഞ്ഞു: 'ഖബീസ്വാ, മൂന്നിലൊരു കൂട്ടർക്കല്ലാതെ ചോദിച്ചു വാങ്ങൽ അനുവദനീയമല്ല. അതായതു: വല്ല ഭാരവും ഏറ്റെടുത്ത മനുഷ്യൻ. അവനു അതു ലഭിക്കുന്നതു വരെ ചോദിക്കൽ അനുവദനീയമാണു. പിന്നീടവൻ നിറുത്തണം. വല്ല അത്യാപത്തും വന്ന് ധനം നഷ്ടപ്പെട്ടവൻ. ജീവിതത്തിൽ ഒരു നിൽക്കപ്പൊറുതി ലഭിക്കുന്നതു വരെ അവനു ചോദ്യം അനുവദനീയമാകുന്നു. അവന്റെ സ്വന്തക്കാരായ ആളുകളിൽനിന്ന് ബുദ്ധിമാൻമാരായ മൂന്നാളുകൾ എഴുന്നേറ്റ് പറയത്തക്ക (ശരിവെക്കത്തക്ക) വിധം ദാരിദ്ര്യം (ഫാഖഃ) ബാധിച്ച മനുഷ്യനും. ജീവിതത്തിൽ ഒരു നിൽക്കപ്പൊറുതി ലഭിക്കുന്നതുവരെ അവനും ചോദിക്കാം. ഇതല്ലാതെയുള്ള ചോദ്യം—ഖബീസ്വാ—നിഷിദ്ധമാകുന്നു. അതു ചെയ്യുന്നവൻ അതു (ചോദിച്ചു വാങ്ങുന്നതു) നിഷിദ്ധമായിക്കൊണ്ടു തിന്നുകയായിരിക്കും'. (മു; അ; ന; ദാ.)

7. فِي سَبِيلِ اللَّهِ (അല്ലാഹുവിന്റെ മാർഗ്ഗത്തിൽ). ഇസ്‌ലാമിനു വേണ്ടിയുള്ള ധർമ്മ സമരസംബന്ധമായ കാര്യങ്ങളാണു ഈ വകുപ്പിൽ മുന്നിട്ടു നിൽക്കുന്നതു. ഇമാം റാസീ (റ) ചൂണ്ടിക്കാട്ടിയതുപോലെ, ഇസ്‌ലാമികമായ പൊതു ആവശ്യങ്ങളെല്ലാം മൊത്തത്തിൽ ഇതിൽ ഉൾപ്പെടും. ഇസ്‌ലാമിനും മുസ്‌ലിംകൾക്കും ഗുണകരമായിരിക്കുന്ന എല്ലാ പൊതു നൻമകളും അല്ലാഹുവിന്റെ മാർഗ്ഗം തന്നെ. ഇസ്‌ലാമിക ഭരണ സംവിധാനമില്ലാത്തതുകൊണ്ടു ശത്രുക്കളുമായുള്ള സമരം നിലവിലില്ലാതിരിക്കുമ്പോൾ ഈ വകുപ്പിന്റെ ഓഹരി പൊതുനൻമകളിൽ വിശേഷി

ച്ചും ഉപയോഗപ്പെടുത്താവുന്നതാണ്. ഇമാം റാസീ (റ) അദ്ദേഹത്തിന്റെ തഫ്സീറിൽ ഈ കാര്യം പ്രത്യേകം എടുത്തു പറഞ്ഞു കാണാം. (١٨١ ص ٦ ج നോക്കുക). വിശദാംശങ്ങളിൽ ഭിന്നാഭിപ്രായമുണ്ടാവാമെങ്കിലും തത്വത്തിൽ ആർക്കും ഇതിൽ ഭിന്നാഭിപ്രായമുണ്ടാകുവാൻ ന്യായമില്ല. 8. ابن السبيل (വഴിപോക്കൻ). സ്വന്തം നാട്ടിൽനിന്ന വല്ല ആവശ്യാർത്ഥവും വിദേശത്തു വരുകയും, നിത്യവൃത്തിക്കും അത്യാവശ്യങ്ങൾക്കും വേണ്ടുന്ന വക കൈവശമില്ലാതിരിക്കുകയും ചെയ്യുന്ന എല്ലാവരും—അവരുടെ സ്വന്തം നാട്ടിൽ അവർക്ക് കഴിവുണ്ടെങ്കിൽപോലും—ഇതിൽ ഉൾപ്പെടുന്നു. ന്യായമായ വല്ല ആവശ്യത്തിനും വേണ്ടി യാത്രപോകേണ്ടി വരുകയും, ചിലവിനുള്ള വക ഇല്ലാതിരിക്കുകയും ചെയ്യുന്നവരും അതുപോലെ തന്നെ.

ഈ എട്ടു വകുപ്പുകളിലായിരിക്കണം സകാത്തിന്റെ സ്വത്തുക്കൾ വിതരണം ചെയ്യുന്നതെന്നുള്ളതു കേവലം ഒരു ഉപദേശം മാത്രമല്ല, നിർബന്ധമായ ഒരു നിയമം തന്നെയാണെന്നു فريضة من الله (അല്ലാഹുവിൽ നിന്നുള്ള നിശ്ചിത നിയമം) എന്ന വാക്കു മുഖേന അല്ലാഹു വ്യക്തമാക്കുന്നു. അവസാനം, ജനങ്ങളുടെ സ്ഥിതിഗതികളും, ആവശ്യവും, പൊതു നൻമയുമെല്ലാം ശരിക്കും അറിഞ്ഞുകൊണ്ടും, അതിനു തികച്ചും പരിഹാരം നൽകുന്ന യുക്തമായ നടപടിയായിക്കൊണ്ടുമാണു ഈ വിതരണ പദ്ധതി നിശ്ചയിച്ചിരിക്കുന്നതെന്നും, ഇതല്ലാത്ത മററു പദ്ധതികളൊന്നും സമുദായത്തിന്റെ പൊതു നൻമക്കു പ്രായോഗികമായിരിക്കയില്ലെന്നും കൂടി അല്ലാഹു ചൂണ്ടിക്കാട്ടുന്നു: والله عليم حكيم അതെ, അല്ലാഹു എല്ലാം അറിയുന്ന സർവ്വജ്ഞനാണു: എല്ലാം യുക്തിപൂർവ്വം പ്രവർത്തിക്കുന്ന അഗാധജ്ഞനാണ്.

وَمِنْهُمُ الَّذِينَ يُؤْذُونَ النَّبِيَّ وَيَقُولُونَ هُوَ أُذُنٌ قُلْ أُذُنُ خَيْرٍ لَّكُمْ يُؤْمِنُ بِاللَّهِ وَيُؤْمِنُ لِلْمُؤْمِنِينَ -٦١

وَرَحْمَةٌ لِّلَّذِينَ آمَنُوا مِنكُمْ وَالَّذِينَ يُؤْذُونَ رَسُولَ اللَّهِ لَهُمْ عَذَابٌ أَلِيمٌ ○

61. നബിയെ ദ്രോഹിക്കുകയും, 'അദ്ദേഹം (എല്ലാവർക്കും) ഒരു ചെവിയാണ്' എന്ന് പറയുകയും ചെയ്യുന്നവരും അവരിൽ [കപടവിശ്വാസികളിൽ] ഉണ്ട്. പറയുക: 'അദ്ദേഹം നിങ്ങൾക്കു ഗുണത്തിന്റെ ചെവിയാകുന്നു; അദ്ദേഹം അല്ലാഹുവിൽ വിശ്വസിക്കുന്നു; സത്യവിശ്വാസികളെ വിശ്വസിക്കുകയും ചെയ്യുന്നു;

നിങ്ങളിൽ നിന്ന് വിശ്വസിച്ചവർക്കു ഒരു കാരുണ്യവുമാണ് (അദ്ദേഹം)'. അല്ലാഹുവിന്റെ റസൂലിനെ ദ്രോഹിക്കുന്നവരാകട്ടെ, അവർക്കു വേദനയേറിയ ശിക്ഷയുണ്ടായിരിക്കും.

---

61. ومنهم അവരിലുണ്ട്, അവരിൽപെട്ടതാണു الذين يؤذون (ദ്രോഹിക്കുന്നവർ, ശൈര്യം കെടുത്തുന്നവർ) النبي പ്രവാചകനെ ويقولون പറയുകയും, അവർ പറയുകയും ചെയ്യും هو اذن അവൻ (അദ്ദേഹം) ഒരു ചെവിയാണു (കേൾക്കുന്ന ആളാണു) قل പറയുക اذن خير നൻമയുടെ (ഗുണത്തിന്റെ) ചെവിയാണു لكم നിങ്ങൾക്ക് يؤمن അദ്ദേഹം വിശ്വസിക്കുന്നു بالله അല്ലാഹുവിൽ ويؤمن അദ്ദേഹം വിശ്വസിക്കുകയും ചെയ്യുന്നു للمؤمنين സത്യവിശ്വാസികളെ ورحمة കാരുണ്യ (അനുഗ്രഹ)വുമാണ് للذين آمنوا വിശ്വസിച്ചവർക്ക് منكم നിങ്ങളിൽനിന്ന് والذين يؤذون ദ്രോഹിക്കുന്നവരാകട്ടെ رسول الله അല്ലാഹുവിന്റെ റസൂലിനെ لهم അവർക്കുണ്ടു, ഉണ്ടായിരിക്കും عذاب أليم വേദനയേറിയ ശിക്ഷ

കപടവിശ്വാസികളുടെ സ്വഭാവങ്ങളും ഉള്ളിലിരിപ്പുകളും സംബന്ധിച്ചു സംസാരിച്ചു വരുന്ന മദ്ധ്യേ-കഴിഞ്ഞ വചനത്തിൽ സന്ദർഭവശാൽ—നിർബന്ധധർമ്മങ്ങളുടെ വിതരണ മാർഗ്ഗങ്ങൾ വിവരിച്ചശേഷം വീണ്ടും പ്രസ്തുത വിഷയത്തിലേക്ക് തന്നെ സംസാരം തിരിഞ്ഞിരിക്കുകയാണ്. കപടവിശ്വാസികളുടെ കാപട്യം പ്രകടമാക്കുന്ന ഒരു ദുസ്വഭാവമാണു അല്ലാഹു ഇതിൽ വെളിപ്പെടുത്തുന്നത്. മര്യാദകെട്ട ചില വാക്കുകൾ ഉപയോഗിച്ച് അവർ നബി(സ)യെ ഉപദ്രവിക്കാറുണ്ട്. അതിനൊരു ഉദാഹരണമാണു 'അദ്ദേഹം ഒരു ചെവിയാണു' (هو اذن) എന്ന വാക്ക്. അതായതു, ആരെന്തു പറഞ്ഞാലും അതൊക്കെ അദ്ദേഹം ചെവിക്കൊള്ളുകയും വിശ്വസിക്കുകയും ചെയ്യും, ഞങ്ങളെപ്പററി വല്ലവരും കുററം പറഞ്ഞാൽ അതു കേൾക്കും, ഞങ്ങൾ വല്ലതും ഉറപ്പിച്ചു പറഞ്ഞാൽ അതും കേൾക്കും. എന്നാ

ക്കയാണവർ ഇതുമൂലം ഉദ്ദേശിക്കുന്നത്. നബി (സ) ഒരു ശ്രോതാവാണു, മനസ്സാക്ഷിയും സത്യനിഷ്ഠയുമില്ലാത്ത ആളാണു, വസ്തുനിഷ്ഠമായി കാര്യങ്ങൾ ഗ്രഹിക്കാൻ കഴിയാത്ത ആളാണ എന്നൊക്കെയാണല്ലോ ഇതിന്റെ അർത്ഥം. منافقين മുസ്ലിംകളോടെന്നപോലെ അവരോടും നബി (സ) പെരുമാറി വരുന്നതിൽനിന്ന്-ഒരു പക്ഷേ-തങ്ങളുടെ കാപട്യങ്ങളും, ഗൂഢതന്ത്രങ്ങളും വേണ്ടത്ര നബി (സ)ക്കു മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടില്ലെന്നും ആ വിഡ്ഢികൾ ധരിച്ചിരിക്കാം. അല്ലാഹുവിനറിയാം.

ഇതിനു അല്ലാഹു നൽകുന്ന—നൽകുവാൻ നബി (സ)യോടു കല്പിക്കുന്ന-മറുപടിയുടെ സാരം: ശരിയാണു. അദ്ദേഹം ഒരു 'ചെവി' തന്നെ. പക്ഷേ, ഗുണത്തിന്റെ ചെവിയാണെന്നു മാത്രം. അഥവാ അദ്ദേഹം സത്യാസത്യ വിവേചനമുള്ള ആളാണ്. അദ്ദേഹം അല്ലാഹുവിൽ വിശ്വസിക്കുന്ന ആളുമാണു. ആ വിശ്വാസത്തിനു നിരക്കാത്തതൊന്നും അദ്ദേഹം ചെവിക്കൊള്ളുകയില്ല. അദ്ദേഹം സത്യവിശ്വാസികളെ വിശ്വസിക്കുന്നവനുമാണ്, കപടന്മാരും, അവിശ്വാസികളും പറയുന്നതൊക്കെ അദ്ദേഹത്തിനു വിശ്വാസമില്ല. എന്നല്ലാതെ—നിങ്ങൾ കല്പിക്കുന്നതുപോലെ—അദ്ദേഹം എല്ലാം കേൾക്കുകയും വിശ്വസിക്കുകയും ചെയ്യുന്ന ആളല്ല. നിങ്ങൾ പുറമെ കാണിക്കുന്ന ഈ വിശ്വാസം യഥാർത്ഥമാണെങ്കിൽ അദ്ദേഹം നിങ്ങൾക്കും കാരുണ്യം തന്നെയായിരിക്കും. ഇതിനെ അദ്ദേഹത്തെ ദ്രോഹിക്കുകയാണു നിങ്ങൾ ചെയ്യുന്നതെങ്കിൽ, നിങ്ങൾ കടുത്ത ശിക്ഷ അനുഭവിക്കുകയും വേണ്ടിവരും.

നബി (സ) തിരുമേനിയോടു മാന്യതയും മര്യാദയുമില്ലാതെ പെരുമാറുന്നതിനെ ആക്ഷേപിച്ചും, ആദരവോടും, അച്ചടക്കത്തോടും പെരുമാറണമെന്നു കല്പിച്ചും കൊണ്ടുമുള്ള പല സൂക്തങ്ങളും സൂറത്തുന്നൂറിലും ഹുജുറാത്തിലും കാണാവുന്നതാണ്.

٦٢ يَحْلِفُونَ بِاللَّهِ لَكُمْ لِيُرْضُوكُمْ وَاللَّهُ وَرَسُولُهُ أَحَقُّ أَنْ يُرْضُوهُ إِنْ كَانُوا مُؤْمِنِينَ

62. നിങ്ങളെ തൃപ്തിപ്പെടുത്തുവാൻ വേണ്ടി നിങ്ങളോട് അവർ അല്ലാഹുവിനെക്കൊണ്ടു ശപഥം ചെയ്യുന്നു. അല്ലാഹുവും, അവന്റെ റസൂലുമത്രെ അവർ തൃപ്തിപ്പെടുത്തുവാൻ ഏററവും അർഹരായവർ, അവർ സത്യവിശ്വാസികളാണെങ്കിൽ.

٦٣ أَلَمْ يَعْلَمُوا أَنَّهُ مَنْ يُحَادِدِ اللَّهَ وَرَسُولَهُ فَأَنَّ لَهُ نَارَ جَهَنَّمَ خَالِدًا فِيهَا ذَٰلِكَ الْخِزْيُ الْعَظِيمُ

63. അവർക്കറിഞ്ഞുകൂടേ, അല്ലാഹുവിനോടും അവന്റെ റസൂലിനോടും ആരെങ്കിലും മത്സരിക്കുന്ന പക്ഷം, അവനു 'ജഹന്നമി' (നരകത്തി)ന്റെ അഗ്നിയുണ്ടായിരിക്കും അതിൽ (അവൻ) നിത്യവാസിയായിക്കൊണ്ടു-എന്നു?!

അതത്രെ വമ്പിച്ചതായ അപമാനം.

---

62. يحلفون അവർ സത്യം (ശപഥം) ചെയ്യുന്നു بالله അല്ലാഹുവിൽ, അല്ലാഹുവിനെക്കൊണ്ടു لكم നിങ്ങളോടു ليرضوكم നിങ്ങളെ അവർ തൃപ്തിപ്പെടുത്തുവാൻ വേണ്ടി والله അല്ലാഹുവാകട്ടെ, അല്ലാഹുവത്രെ ورسوله അവന്റെ റസൂലും أحق അധികം അവകാശപ്പെട്ടവർ, അർഹരത്രെ أن يرضوه അവർ തൃപ്തിപ്പെടുത്തുവാൻ إن كانوا അവരാകുന്നുവെങ്കിൽ مؤمنين സത്യവിശ്വാസികൾ 63. ألم يعلموا അവർക്കറിഞ്ഞുകൂടെ, അറിഞ്ഞിട്ടില്ലേ أنه അതു (കാര്യം ആകുന്നു) എന്ന من يحادد ആരെങ്കിലും മത്സരിക്കുന്ന പക്ഷം الله അല്ലാഹുവിനോടു ورسوله അവന്റെ റസൂലിനോടും فأن له എന്നാലവനുണ്ടെന്നു نار جهنم ജഹന്നമിന്റെ അഗ്നി خالدا നിത്യ (സ്ഥിര)വാസിയായിക്കൊണ്ടു فيها അതിൽ ذلك അതു, അതത്രെ الخزي അപമാനമത്രെ, നിന്ദ്യത العظيم വമ്പിച്ചതായ (വലിയ)

അനാവശ്യങ്ങളും തോന്നിയവാസങ്ങളും പറയുകയും, പ്രവർത്തിക്കുകയും ചെയ്തശേഷം, നിരപരാധിത്വം സ്ഥാപിക്കുവാൻവേണ്ടി കള്ള സത്യം ചെയ്യലും കപടവിശ്വാസികളുടെ ഒരു പതിവായിരുന്നു. അതിനെക്കുറിച്ചാണു

ഈ വചനങ്ങളിൽ പറയുന്നത്. ഈ സ്വഭാവം എല്ലാ കാലത്തും പലരിലും കാണാവുന്നതത്രെ. കപടവിശ്വാസികൾക്ക് നൽകിയ എല്ലാ താക്കീതുകളും അങ്ങിനെയുള്ളവരെയും ബാധിക്കുന്നതുമത്രെ. ഖത്താദഃ (റ) പ്രസ്താവിച്ചതായി ഇബ്നുൽ മുൻദിർ (റ) ഉദ്ധരിക്കുന്നു: തബൂക്ക യുദ്ധത്തിനു പോകാതിരുന്നതിനെപ്പറ്റി ഖുർആനിൽ ആക്ഷേപങ്ങൾ അവതരിച്ചതു സംബന്ധിച്ചു ഒരു കപടവിശ്വാസി പറഞ്ഞു: 'നിശ്ചയമായും അവർ (ആക്ഷേപവിധേയരായ ആളുകൾ) നമ്മുടെ കൂട്ടത്തിലുള്ള ഉത്തമൻമാരും, യോഗ്യൻമാരുമാകുന്നു. മുഹമ്മദു പറയുന്നതു യഥാർത്ഥമാണെങ്കിൽ, അവർ കഴുതകളേക്കാൾ മോശപ്പെട്ടവരായിരിക്കുമല്ലോ!' ഇതു ഒരു മുസ്ലിം കേട്ടു. അദ്ദേഹം പറഞ്ഞു: 'മുഹമ്മദ് പറയുന്നതു യഥാർത്ഥം തന്നെയാണ്. താൻ കഴുതയേക്കാൾ മോശക്കാരനുമാകുന്നു'. ഈ വിവരം അദ്ദേഹം നബി (സ) യെ അറിയിച്ചു. നബി (സ) ആ മനുഷ്യനെ വിളിപ്പിച്ചു എന്താണങ്ങിനെ പറയുവാൻ കാരണമെന്ന് ചോദിച്ചു. അപ്പോൾ, അയാൾ തന്നെത്തന്നെ ശപിക്കുകയും, താനങ്ങിനെ പറഞ്ഞിട്ടില്ലെന്നു സത്യം ചെയ്യുകയുമുണ്ടായി. ആ മുസ്ലിം ഇങ്ങനെ പറഞ്ഞു: 'അല്ലാഹുവേ! സത്യം പറഞ്ഞവനെ നീ ശരിവെക്കുകയും, വ്യാജം പറഞ്ഞവനെ നീ തള്ളിപ്പറയുകയും ചെയ്യേണമേ!' അങ്ങനെ, ഈ വചനം അല്ലാഹു അവതരിപ്പിച്ചു.

64. കപടവിശ്വാസികൾ ഭയപ്പെട്ടു കൊണ്ടിരിക്കുന്നു. തങ്ങളുടെ ഹൃദയങ്ങളിലുള്ളതിനെക്കുറിച്ച് അവരെ വിവരമറിയിക്കുന്ന വല്ല 'സൂറത്തും' (അദ്ധ്യായവും) അവരിൽ അവതരിക്കപ്പെടുന്നതിനെ.

يَحْذَرُ الْمُنَافِقُونَ أَن تُنَزَّلَ عَلَيْهِمْ سُورَةٌ تُنَبِّئُهُم بِمَا فِي قُلُوبِهِمْ

പറയുക: 'നിങ്ങൾ പരിഹസിച്ചുകൊള്ളുവിൻ; നിശ്ചയമായും അല്ലാഹു, നിങ്ങൾ ഭയപ്പെട്ടുകൊണ്ടിരിക്കുന്നതിനെ വെളിക്കുവരുത്തുന്നവനാണു.'

قُلِ اسْتَهْزِئُوا إِنَّ اللَّهَ مُخْرِجٌ مَّا تَحْذَرُونَ ○

---

64. يحذر ജാഗ്രത കാണിക്കുന്നു, ഭയപ്പെടുന്നു المنافقون കപട വിശ്വാസികൾ أن تنزل അവതരിക്കപ്പെടുന്നതിനെ عليهم അവരിൽ, അവർക്കെതിരെ سورة വല്ല സൂറത്തും, അദ്ധ്യായവും تنبئهم അവർക്ക് വിവരം നൽകുന്ന, അതവരെ ബോധപ്പെടുത്തും بما യാതൊന്നിനെപ്പറ്റി في قلوبهم അവരുടെ ഹൃദയങ്ങളിലുള്ള قل പറയുക استهزئوا നിങ്ങൾ പരിഹസിച്ചുകൊള്ളുവിൻ إن الله നിശ്ചയമായും അല്ലാഹു مخرج പുറത്തു (വെളിക്കു) വരുത്തുന്നവനാണു ما تحذرون നിങ്ങൾ ജാഗ്രത കാണിച്ചു (ഭയപ്പെട്ടു) കൊണ്ടിരിക്കുന്നതു

തങ്ങളുടെ മനസ്സിലിരിപ്പിന്റെ ഉള്ളുകള്ളികൾ പരസ്യമാക്കി തുറന്നുകാട്ടുന്ന ഏതാനും ഖുർആൻ വചനങ്ങൾ അവതരിച്ചു തങ്ങൾ വഷളായിപ്പോകുമോ എന്ന് കപട വിശ്വാസികൾ വളരെ ഭയപ്പെട്ടുകൊണ്ടിരിക്കുകയാണ്. അവർ കണ്ടപോലെ അവർ പരിഹസിച്ചുകൊള്ളട്ടെ. അവരുടെ രഹസ്യങ്ങളെല്ലാം അല്ലാഹു വെളിക്കുവരുത്തുകയും, അവർ വഷളാവുകയും തന്നെ ചെയ്യും.

65. നീ അവരോടു ചോദി(ച്ചന്വേഷി)ച്ചു വെങ്കിലോ, നിശ്ചയമായും, അവർ പറയും: 'ഞങ്ങൾ (വർത്തമാനത്തിൽ) മുഴുകിക്കൊണ്ടിരിക്കുകയും, കളി (യായി സംസാരി)ച്ചു കൊണ്ടിരിക്കുകയും മാത്രമായിരുന്നു.'

وَلَئِن سَأَلْتَهُمْ لَيَقُولُنَّ إِنَّمَا كُنَّا نَخُوضُ وَنَلْعَبُ

പറയുക: 'അല്ലാഹുവിനെയും, അവന്റെ 'ആയത്തു' [ലക്ഷ്യം]കളെയും, അവന്റെ റസൂലിനെയും കുറിച്ചാണോ നിങ്ങൾ പരിഹസിച്ചുകൊണ്ടിരിക്കുന്നത്?!'

قُلْ أَبِاللَّهِ وَآيَاتِهِ وَرَسُولِهِ كُنتُمْ تَسْتَهْزِئُونَ ○

66. (ഹേ, കപട വിശ്വാസികളേ) നിങ്ങൾ ഒഴികഴിവു പറയേണ്ട—നിങ്ങളുടെ വിശ്വാസത്തിനുശേഷം, നിങ്ങൾ അവിശ്വസിച്ചു കഴിഞ്ഞിരിക്കുന്നു.

നിങ്ങളിൽ നിന്നുള്ള ഒരു വിഭാഗത്തിനു നാം മാപ്പു നൽകുന്നുവെങ്കിൽ(തന്നെ), ഒരു വിഭാഗത്തെ നാം ശിക്ഷിക്കുന്നതാണു; അവർ കുറ്റവാളികളായിരുന്നതുകൊണ്ട്.

٦٦- لَا تَعْتَذِرُوا قَدْ كَفَرْتُم بَعْدَ إِيمَانِكُمْ
إِن نَّعْفُ عَن طَائِفَةٍ مِّنكُمْ نُعَذِّبْ طَائِفَةً بِأَنَّهُمْ كَانُوا مُجْرِمِينَ ۝

---

65. سَأَلْتَهُمْ وَلَئِن അവരോടു നീ ചോദിച്ചെങ്കിൽ തന്നെയും, നീ ചോദിച്ചാലോ لَيَقُولُنَّ നിശ്ചയമായും അവർ പറയും إِنَّمَا كُنَّا ഞങ്ങളായിരിക്കുക മാത്രമായിരുന്നു نَخُوضُ ഞങ്ങൾ മുഴുകികൊണ്ടിരിക്കുക وَنَلْعَبُ ഞങ്ങൾ (കാര്യമാക്കാതെ) കളിക്കുകയും قُلْ പറയുക, ചോദിക്കുക أَبِاللَّهِ അല്ലാഹുവിനെക്കൊണ്ടോ, അല്ലാഹുവിനെപ്പറ്റിയോ وَآيَاتِهِ അവന്റെ ആയത്തുകളെയും وَرَسُولِهِ അവന്റെ റസൂലിനെയും كُنتُمْ നിങ്ങളായിരുന്നു, ആകുന്നു تَسْتَهْزِئُونَ നിങ്ങൾ പരിഹസിക്കും. 66. لَا تَعْتَذِرُوا നിങ്ങൾ ഒഴികഴിവു പറയേണ്ട (പറയരുത്) قَدْ كَفَرْتُم നിങ്ങൾ അവിശ്വസിച്ചിട്ടുണ്ട്, അവിശ്വസിച്ചു കഴിഞ്ഞു بَعْدَ إِيمَانِكُمْ നിങ്ങളുടെ വിശ്വാസത്തിനുശേഷം إِن نَّعْفُ നാം മാപ്പു ചെയ്യുന്നപക്ഷം عَن طَائِفَةٍ ഒരു വിഭാഗത്തിനു, കൂട്ടർക്കു مِّنكُمْ നിങ്ങളിൽ നിന്നു نُعَذِّبْ നാം ശിക്ഷിക്കുന്നതാണു طَائِفَةً ഒരു വിഭാഗത്തെ بِأَنَّهُمْ അവർ എന്നുള്ളതുകൊണ്ടു كَانُوا അവരായിരിക്കുന്നു, ആയിരുന്നു (എന്നുള്ളതു) مُجْرِمِينَ കുറ്റവാളികൾ.

കപട വിശ്വാസികൾ പലപ്പോഴും പല പരിഹാസങ്ങളും പുറപ്പെടുവിച്ചുകൊണ്ടിരിക്കും. വല്ലപ്പോഴും അതിനെപ്പറ്റി നബി (സ) അന്വേഷിച്ചാൽ, അതൊന്നും തങ്ങൾ കാര്യമായി പറഞ്ഞതല്ല—അന്യോന്യം സംസാരത്തിൽ മുഴുകി കളിയും തമാശയും പറഞ്ഞുകൊണ്ടിരിക്കുന്ന കൂട്ടത്തിൽ വെറുതെ പറഞ്ഞു പോയതാണു—എന്നിങ്ങിനെ ഒഴികഴിവു പറഞ്ഞു രക്ഷപ്പെടുകയും ചെയ്യും. ഇവർക്കു കനത്ത മറുപടി നൽകുവാൻ അല്ലാഹു നബി (സ) യോടു കൽപിക്കുന്നു. മറുപടിയുടെ സാരം: (1) അല്ലാഹുവിനെയും, അവന്റെ വചനങ്ങളെയും, അവന്റെ റസൂലിനെയുമാണു നിങ്ങൾ പരിഹസിക്കുന്നത്. കളിയായിട്ടായാലും കാര്യമായിട്ടായാലും അതിനു നീതീകരണമില്ല. അതു നിസ്സാരവുമല്ല. വളരെ ഗൗരവപ്പെട്ടതാണത്. (2) നിങ്ങൾ മുമ്പ് സത്യവിശ്വാസം പ്രകടിപ്പിച്ചതു ശരിതന്നെ. എന്നാൽ, പിന്നീടു അവിശ്വാസമാണു നിങ്ങളിൽ നിന്നു പ്രകടമായിക്കൊണ്ടിരിക്കുന്നത്. അതിനാൽ, കളിയും തമാശയും പറഞ്ഞതാണു എന്നും മറ്റുമുള്ള ഈ ഒഴികഴിവുകളിൽ പിടിച്ചു തൂങ്ങുവാൻ നോക്കേണ്ട. (3) നിങ്ങളിൽ ചിലർ, ഒരു പക്ഷേ തങ്ങളുടെ പക്കൽ വന്ന തെറ്റിനെപ്പറ്റി പശ്ചാത്തപിച്ചു മടങ്ങുകയും, അല്ലാഹുവിന്റെ മാപ്പിനു പാത്രമാകുകയും ചെയ്തേക്കാം. എന്നാലും അങ്ങിനെ വരാത്ത മറ്റൊരു കൂട്ടർ നിങ്ങളിലുണ്ട്. ആ കുറ്റവാളികളെ ശിക്ഷിക്കാതെ അല്ലാഹു വെറുതെ വിടുകയില്ല. പരിഹാസം ഏതു വിധത്തിലായാലും ക്ഷന്തവ്യമല്ലെന്നും, അല്ലാഹുവിനെയും ഖുർആനെയും റസൂലിനെയും സംബന്ധിക്കുന്ന പരിഹാസങ്ങളെല്ലാം 'കുഫ്ർ' (അവിശ്വാസം) ആണെന്നും ഈ മറുപടിയിൽ നിന്നു മനസ്സിലാക്കാം.

തബൂക്കിലേക്കുള്ള പടനീക്കവേളയിൽ 'ശാമിലെ കോട്ടകളും, കൊത്തളങ്ങളുമൊക്കെ ജയിച്ചടക്കണമെന്നോ ഈ മനുഷ്യൻ പറയുന്നത്? വിദൂരം! വിദൂരം!' എന്നും മറ്റും ചില കപടവിശ്വാസികൾ പറഞ്ഞതായും, വിവരമറിഞ്ഞു നബി (സ) അവരെ വിളിച്ചു ചോദിച്ചപ്പോൾ, അവർ إِنَّمَا كُنَّا نَخُوضُ وَنَلْعَبُ (ഞങ്ങൾ വർത്തമാനത്തിൽ മുഴുകുകയും കളി പറയുകയുമായിരുന്നു) എന്നു ഒഴികഴിവു പറഞ്ഞതായും ഒന്നിലധികം രിവായത്തുകളിൽ വന്നിരിക്കുന്നു. അതുപോലെ, ഖുർആൻ പാരായണക്കാരെന്നു അറിയപ്പെട്ടിരുന്ന സ്വഹാബികളെപ്പറ്റി പരിഹാസപൂർവ്വം ചിലർ; ഇവർ അവരുടെ വയററിൽ പിഴച്ചിനുവേണ്ടി മോഹിക്കുന്നവരും, കളവു പറയുന്നവരുമാണെന്നും, ശത്രുക്കളുടെ മുമ്പിൽ ഭീരുക്കളാണെന്നുമൊക്കെ പറഞ്ഞതായും, നബി (സ) അവരെ ചോദ്യം ചെയ്തപ്പോൾ അവരും അപ്രകാരം മറുപടി പറഞ്ഞതായും ചില രിവായത്തുകളിൽ വന്നിട്ടുണ്ട്.

വിഭാഗം-9

67. കപടവിശ്വാസികളും, കപടവിശ്വാസിനികളും— അവരിൽ ചിലർ ചിലരിൽ നിന്നുള്ളവരത്രെ. [എല്ലാം ഒരു പോലെത്തന്നെ.]

٦٧- اَلْمُنٰفِقُوْنَ وَالْمُنٰفِقٰتُ بَعْضُهُمْ مِّنْۢ بَعْضٍ ۘ

അവർ ദുരാചാരം കൊണ്ടു കൽപിക്കുകയും, സദാചാരത്തെക്കുറിച്ചു വിരോധിക്കുകയും ചെയ്യുന്നു. തങ്ങളുടെ കൈകളെ അവർ (ഇറുക്കി) പിടിക്കുകയും ചെയ്യുന്നു.

يَأْمُرُوْنَ بِالْمُنْكَرِ وَيَنْهَوْنَ عَنِ الْمَعْرُوْفِ وَيَقْبِضُوْنَ اَيْدِيَهُمْ ۗ

അവർ അല്ലാഹുവിനെ വിസ്മരിച്ചു; അതിനാൽ, അവൻ അവരെ (യും) വിസ്മരിച്ചിരിക്കുന്നു. നിശ്ചയമായും, കപടവിശ്വാസികൾ തന്നെയാണു തോന്നിയവാസികൾ.

نَسُوا اللّٰهَ فَنَسِيَهُمْ ۗ اِنَّ الْمُنٰفِقِيْنَ هُمُ الْفٰسِقُوْنَ ۝

---

67. المنافقون കപടവിശ്വാസികൾ والمنافقات കപടവിശ്വാസിനികളും بعضهم അവരിൽ ചിലർ من بعض ചിലരിൽനിന്നുള്ള (ചിലരിൽപെട്ട) വരാണു يأمرون അവർ കൽപിക്കുന്നു (ഉപദേശിക്കുന്നു), بالمنكر ദുരാചാരം (വെറുക്കപ്പെട്ടതു-നിരോധിക്കപ്പെട്ടതു-അപരിചിതം) കൊണ്ടു ينهون അവർ വിരോധിക്കയും ചെയ്യുന്നു (ചെയ്യും) عن المعروف സദാചാര(സൽകാര്യ)ത്തെപ്പറ്റി يقبضون അവർ (മുറുക്കി-കുറുക്കി) പിടിക്കുക (എടുക്കുക)യും ചെയ്യും ايديهم അവരുടെ കൈകളെ نسوا അവർ വിസ്മരിച്ചു الله അല്ലാഹുവിനെ فنسيهم അപ്പോൾ (അതിനാൽ) അവൻ അവരെ വിസ്മരിച്ചു. ان المنافقين നിശ്ചയമായും കപടവിശ്വാസികൾ هم അവർ (തന്നെ) الفاسقون തോന്നിയവാസികൾ, തെമ്മാടി(ധിക്കാരി)കൾ.

കപട വിശ്വാസികൾ ആണായാലും പെണ്ണായാലും ഒരുപോലെതന്നെ. ദുർഗ്ഗുണങ്ങളിൽ എല്ലാവരും തുല്യരാണ്. വെറുക്കപ്പെട്ട ദുരാചാരങ്ങൾക്കു പരസ്പരം ഉപദേശിക്കലും, വേണ്ടപ്പെട്ട സദാചാരങ്ങളെ തടയലും അവരുടെ സ്വഭാവമാകുന്നു. നല്ല കാര്യങ്ങളിൽ ധനം ചിലവഴിക്കുവാൻ അവരുടെ കൈകളെ അവർ നീട്ടുകയില്ല. പിന്നാക്കം ഇറുക്കിപ്പിടിക്കുകയാണു ചെയ്യുക. അല്ലാഹുവിനെ അവർ മറന്നുകളഞ്ഞിരിക്കുകയാണ്. പിശുക്കു പിടിച്ച കല്പനാനിർദ്ദേശങ്ങളെയും, അവന്റെ ശാസനകളെയുമൊക്കെ അവർ അവഗണിച്ചുകളഞ്ഞിരിക്കുന്നു. അഥവാ അവന്റെ അല്ലാഹുവും അവഗണിച്ചിരിക്കുകയാണ്. അതുകൊണ്ട് അവരെ നേരെ അവൻ കാരുണ്യവും കനിവും കാണിക്കുവാൻ പോകുന്നില്ല. തോന്നിയവാസികൾ വേറെയും ഉണ്ടെങ്കിലും പരിപൂർണ്ണമായ അർത്ഥത്തിലുള്ള കടുത്ത തോന്നിയവാസികൾ ഇവർതന്നെ എന്നൊക്കെയാണ് അല്ലാഹു പറഞ്ഞതിന്റെ സാരം. കപടവിശ്വാസികൾ, നരകത്തിലെ ഏറ്റവും താണപടിയിലായിരിക്കുമെന്ന് 4:145ൽ അല്ലാഹു വ്യക്തമായി പ്രസ്താവിച്ചിട്ടുള്ളതാണ്. അവിശ്വാസികളും തോന്നിയവാസികൾതന്നെ. എന്നാലും തെറ്റായതെങ്കിലും ചില വിശ്വാസങ്ങളും ആചാരമുറകളുമൊക്കെ അവർക്കുണ്ടായിരിക്കും. കപടന്മാരെ സംബന്ധിച്ചിടത്തോളം, അവർക്കു ഒന്നിലും വിശ്വാസമോ സ്ഥിരതയോ ഇല്ലാത്തവരാണല്ലോ. അല്ലാഹു അവരെ ഇത്രയും അവഗണിക്കുന്നതിന്റെ ഫലമെന്തായിരിക്കുമെന്നു അടുത്ത വചനത്തിൽ ചൂണ്ടിക്കാട്ടുന്നു.

68. കപടവിശ്വാസികളോടും, കപടവിശ്വാസിനികളോടും, അവിശ്വാസികളോടും അല്ലാഹു 'ജഹന്നമി' [നരകത്തി]ന്റെ അഗ്നി വാഗ്ദത്തം ചെയ്തിരിക്കുന്നു; അതിൽ (അവർ) നിത്യവാസികളായിക്കൊണ്ട്.

٦٨- وَعَدَ اللّٰهُ الْمُنٰفِقِيْنَ وَالْمُنٰفِقٰتِ وَالْكُفَّارَ نَارَ جَهَنَّمَ خٰلِدِيْنَ فِيْهَا ۗ

അതവർക്കു മതി! അല്ലാഹു അവരെ ശപിക്കുകയും ചെയ്തിരിക്കുന്നു. അവർക്കു (മുറിയാതെ) നില നിൽക്കുന്ന ശിക്ഷയുമുണ്ടായിരിക്കും;—

هِيَ حَسْبُهُمْ ۚ وَلَعَنَهُمُ اللّٰهُ ۚ وَلَهُمْ عَذَابٌ مُّقِيْمٌ ۝

كَالَّذِينَ مِن قَبْلِكُمْ كَانُوا أَشَدَّ مِنكُمْ قُوَّةً وَأَكْثَرَ أَمْوَالًا وَأَوْلَادًا ٦٩

69. (അതെ, കപടവിശ്വാസികളേ,) നിങ്ങളുടെ മുമ്പുള്ളവരെപ്പോലെ (തന്നെ). അവർ നിങ്ങളെക്കാൾ കടുത്ത ശക്തിയുള്ളവരും, സ്വത്തുക്കളും, സന്താനങ്ങളും അധികമുള്ളവരുമായിരുന്നു;

فَاسْتَمْتَعُوا بِخَلَاقِهِمْ فَاسْتَمْتَعْتُم بِخَلَاقِكُمْ كَمَا اسْتَمْتَعَ الَّذِينَ مِن قَبْلِكُم بِخَلَاقِهِمْ وَخُضْتُمْ كَالَّذِي خَاضُوا ۚ

അങ്ങനെ, തങ്ങളുടെ ഓഹരികൊണ്ടു അവർ സുഖമനുഭവിച്ചു. എന്നിട്ടു (ഇപ്പോൾ) നിങ്ങളുടെ മുമ്പുള്ളവർ തങ്ങളുടെ ഓഹരികൊണ്ടു സുഖമനുഭവിച്ചതുപോലെ, നിങ്ങളുടെ ഓഹരികൊണ്ടു നിങ്ങളും സുഖമനുഭവിച്ചു. അവർ (അനാവശ്യത്തിൽ) മുഴുകിയതുപോലെ നിങ്ങളും മുഴുകി.

أُولَٰئِكَ حَبِطَتْ أَعْمَالُهُمْ فِي الدُّنْيَا وَالْآخِرَةِ ۖ وَأُولَٰئِكَ هُمُ الْخَاسِرُونَ ○

അക്കൂട്ടർ–അവരുടെ കർമ്മങ്ങൾ ഇഹത്തിലും പരത്തിലും (പൊളിഞ്ഞു) നിഷ്ഫലമായി. അക്കൂട്ടർ തന്നെയാണ് നഷ്ടക്കാരും.

---

68. وعد الله അല്ലാഹു വാഗ്ദത്തം ചെയ്തു (ചെയ്തിരിക്കുന്നു) المنافقين കപടവിശ്വാസികളോടു والمنافقات കപട വിശ്വാസിനികളോടും والكفار അവിശ്വാസികളോടും نار അഗ്നി, തീ جهنم ജഹന്നമിന്റെ خالدين നിത്യവാസികളായിക്കൊണ്ടു فيها അതിൽ هي അതു حسبهم അവർക്കു മതി, മതിയായതാണു ولعنهم الله അല്ലാഹു അവരെ ശപിക്കുകയും ചെയ്തിരിക്കുന്നു ولهم അവർക്കുണ്ടുതാനും, ഉണ്ടായിരിക്കും عذاب ശിക്ഷ مقيم നിലനിൽക്കുന്ന. 69. كالذين യാതൊരുവരെപ്പോലെ من قبلكم നിങ്ങളുടെമുമ്പുള്ള كانوا അവരായിരുന്ന أشد അധികം കഠിനൻമാർ, കടുത്ത (ശക്തമായ)വർ منكم നിങ്ങളെക്കാൾ قوة ഊക്കിൽ, ശക്തിയാൽ وأكثر കൂടുതൽ അധികമുള്ളവരും أموالا സ്വത്തുക്കൾ, ധനത്തിൽ وأولادا മക്കളും, സന്താനങ്ങളും فاستمتعوا അങ്ങനെ അവർ അനുഭവമെടുത്തു, സുഖമെടുത്തു بخلاقهم അവരുടെ ഓഹരികൊണ്ടു فاستمتعتم എന്നിട്ടു നിങ്ങൾ സുഖമെടുത്തു, ഉപയോഗമെടുത്തു بخلاقكم നിങ്ങളുടെ ഓഹരി (ഭാഗം) കൊണ്ടു كما استمتع സുഖ (ഉപയോഗ)മെടുത്തതു പോലെ الذين യാതൊരു കൂട്ടർ من قبلكم നിങ്ങളുടെ മുമ്പുള്ള بخلاقهم അവരുടെ ഓഹരികൊണ്ടു وخضتم നിങ്ങൾ മുഴുകുകയും ചെയ്തു (അനാവശ്യത്തിൽ ഇറങ്ങി) كالذي യാതൊന്നുപോലെ خاضوا അവർ മുഴുകിയ أولئك അക്കൂട്ടർ حبطت പൊളിഞ്ഞു(നിഷ്ഫലമായി)പോയി أعمالهم അവരുടെ പ്രവൃത്തികൾ, കർമ്മങ്ങൾ في الدنيا ഇഹത്തിൽ والآخرة പരത്തിലും وأولئك അക്കൂട്ടർ هم അവർ(തന്നെ) الخاسرون നഷ്ടപ്പെട്ടവർ.

നിങ്ങൾ മാത്രമല്ല കപടൻമാർ. നിങ്ങളുടെ മുമ്പും നിങ്ങളെപ്പോലെ എത്രയോ കപടൻമാർ ഉണ്ടായിരുന്നു. ഊക്കിലും സ്വാധീനത്തിലുമൊക്കെ നിങ്ങളെക്കാൾ കവിഞ്ഞവരായിരുന്നു അവർ. അതെല്ലാം അനുഭവിച്ചാസ്വദിച്ചു കൊണ്ടു തന്നിഷ്ടവാസത്തിൽ മുഴുകുകയാണവർ ചെയ്തതു. അതിനാൽ അവരുടെ ഇഹവും പരവും നഷ്ടപ്പെട്ടു. അവരുടെ അതേ സ്ഥിതി തന്നെയായിരിക്കും നിങ്ങളുടെയും സ്ഥിതി. കപടവിശ്വാസികളെ അല്ലാഹു താക്കീതു ചെയ്യുകയാണ്.

أَلَمْ يَأْتِهِمْ نَبَأُ الَّذِينَ مِن قَبْلِهِمْ قَوْمِ نُوحٍ وَعَادٍ وَثَمُودَ وَقَوْمِ إِبْرَاهِيمَ وَأَصْحَابِ مَدْيَنَ وَالْمُؤْتَفِكَاتِ ۚ ٧٠

70. ഇവരുടെ മുമ്പുള്ളവരുടെ വൃത്താന്തം ഇവർക്കു വന്നിട്ടില്ലയോ? അതായതു: നൂഹിന്റെ ജനതയുടെയും, ആദിന്റെയും, ഥമൂദിന്റെയും, ഇബ്രാഹീമിന്റെ ജനതയുടെയും, മദ്‌യൻകാരുടെയും, (അടിമേൽ) മറിഞ്ഞ രാജ്യങ്ങളുടെയും (വൃത്താന്തം) !

(എന്നിട്ട്) അവർക്കു അവരുടെ റസൂലുകൾ വ്യക്തമായ തെളിവുകളുമായി ചെന്നു; എന്നാൽ, അല്ലാഹു അവരെ അക്രമിക്കുകയുണ്ടായില്ല; എങ്കിലും, അവർ അവരോടുതന്നെ അക്രമം പ്രവർത്തിക്കുകയായിരുന്നു (ചെയ്തത്).

أَتَتْهُمْ رُسُلُهُم بِالْبَيِّنَاتِ ۖ فَمَا كَانَ اللَّهُ لِيَظْلِمَهُمْ وَلَٰكِن كَانُوا أَنفُسَهُمْ يَظْلِمُونَ ○

---

70. أَلَمْ يَأْتِهِمْ അവർക്കു(ഇവർക്കു) വന്നിട്ടില്ലേ نَبَأُ വൃത്താന്തം, വിവരം, വർത്തമാനം الَّذِينَ യാതൊരു കൂട്ടരുടെ مِن قَبْلِهِمْ അവരുടെ (ഇവരുടെ) മുമ്പുള്ള قَوْمِ نُوحٍ അതായതു നൂഹിന്റെ ജനതയുടെ وَعَادٍ ആദിന്റെയും وَثَمُودَ ഥമൂദിന്റെയും وَقَوْمِ إِبْرَاهِيمَ ഇബ്രാഹീമിന്റെ ജനതയുടെയും وَأَصْحَابِ ആൾക്കാരുടെയും مَدْيَنَ മദ്‌യന്റെ وَالْمُؤْتَفِكَاتِ (അടിമേലായി) മറിഞ്ഞവയുടെയും أَتَتْهُمْ അവർക്കു ചെന്നു, വന്നു رُسُلُهُم അവരുടെ റസൂലുകൾ بِالْبَيِّنَاتِ തെളിവുകളുമായി فَمَا كَانَ എന്നിട്ടു (എന്നാൽ) ആയില്ല, ഉണ്ടായില്ല اللَّهُ അല്ലാഹു لِيَظْلِمَهُمْ അവരോടു അക്രമം ചെയ്‌വാൻ അവരെ അക്രമിക്കുക وَلَٰكِن كَانُوا എങ്കിലും അവരായിരുന്നു أَنفُسَهُمْ തങ്ങളുടെ സ്വന്തങ്ങളോടു, തങ്ങളോടുതന്നെ يَظْلِمُونَ അക്രമം പ്രവർത്തിക്കും.

ഹൂദു (അ) നബിയുടെ സമുദായമാണു ആദ് ഗോത്രം. സ്വാലിഹ് (അ) നബിയുടെ സമുദായമായിരുന്നു ഥമൂദുഗോത്രം. ശുഐബ് (അ) നബിയുടെ ജനതയാണു മദ്‌യൻ നിവാസികൾ. 'അടിമേലായി മറിഞ്ഞവ' (الْمُؤْتَفِكَاتِ) എന്നു പറഞ്ഞതു ലൂത്ത് (അ) നബിയുടെ ജനത താമസിച്ചിരുന്ന അടിമേൽ മറിക്കപ്പെട്ട രാജ്യങ്ങളുമാകുന്നു. അഥവാ, അവയിലെ ജനങ്ങളാണുദ്ദേശ്യം. ഓരോ ജനതയുടെയും ചരിത്രം ഖുർആനിൽ ഒന്നിലധികം പ്രാവശ്യം വിവരിക്കപ്പെട്ടിരിക്കുന്നു.

ഈ സമുദായങ്ങളുടെയൊക്കെ ചരിത്രം ഈ കപടവിശ്വാസികൾ കേട്ടറിഞ്ഞിട്ടുണ്ടല്ലോ. ഓരോ കൂട്ടരും അവരുടെ റസൂലുകളെ നിഷേധിക്കുകയും, അവർ കൊണ്ടുവന്ന തെളിവുകളെ നിരാകരിക്കുകയും ചെയ്തു. അങ്ങനെ, അവർ അല്ലാഹുവിന്റെ കോപത്തിനും ശിക്ഷകൾക്കും വിധേയരായി. എല്ലാവരും അവരവരോടു തന്നെ ചെയ്ത അക്രമങ്ങളുടെ ഫലമായിരുന്നു അതു. അല്ലാതെ, അല്ലാഹു ഒരക്രമവും പ്രവർത്തിച്ചിട്ടില്ല. അവൻ അക്രമം ചെയ്യുകയുമില്ല. അവരുടെ ആ ചരിത്ര സംഭവങ്ങൾ ഇവർക്കു പാഠമാകേണ്ടതല്ലേ?! എന്നാണു ഈ വചനത്തിൽ പ്രസ്താവിച്ചതിന്റെ ചുരുക്കം.

കപടവിശ്വാസികളുടെ സ്ഥിതികളും, സമ്പ്രദായങ്ങളും, അവർക്കു വരുവാനിരിക്കുന്ന അനുഭവങ്ങളും പലതും വിവരിച്ചശേഷം, എന്നാൽ സത്യവിശ്വാസികളുടെ സ്ഥിതിഗതികളെന്തായിരിക്കും—അഥവാ എങ്ങിനെയായിരിക്കണം—എന്നു അടുത്ത വചനങ്ങളിൽ ചൂണ്ടിക്കാട്ടുന്നു:—

71. സത്യവിശ്വാസികളും, സത്യവിശ്വാസിനികളുമാകട്ടെ, അവരിൽ ചിലർ ചിലരുടെ [തമ്മതമ്മിൽ] ബന്ധുമിത്രങ്ങളാകുന്നു. അവർ സദാചാരംകൊണ്ടു കൽപിക്കുകയും, ദുരാചാരത്തെക്കുറിച്ചു വിരോധിക്കുകയും ചെയ്യുന്നു; അവർ നമസ്കാരം നിലനിറുത്തുകയും, സകാത്തു കൊടുക്കുകയും ചെയ്യുന്നു; അവർ അല്ലാഹുവിനെയും, അവന്റെ റസൂലിനെയും അനുസരിക്കുകയും ചെയ്യുന്നു. അക്കൂട്ടർ-അവർക്കു അല്ലാഹു വഴിയെ കരുണ ചെയ്യുന്നതാണ്. നിശ്ചയമായും, അല്ലാഹു, പ്രതാപശാലിയും, അഗാധജ്ഞനുമാകുന്നു.

وَالْمُؤْمِنُونَ وَالْمُؤْمِنَاتُ بَعْضُهُمْ أَوْلِيَاءُ بَعْضٍ ۚ يَأْمُرُونَ بِالْمَعْرُوفِ وَيَنْهَوْنَ عَنِ الْمُنكَرِ وَيُقِيمُونَ الصَّلَاةَ وَيُؤْتُونَ الزَّكَاةَ وَيُطِيعُونَ اللَّهَ وَرَسُولَهُ ۚ أُولَٰئِكَ سَيَرْحَمُهُمُ اللَّهُ ۗ إِنَّ اللَّهَ عَزِيزٌ حَكِيمٌ ○

٧٢- وَعَدَ اللّٰهُ الْمُؤْمِنِيْنَ وَالْمُؤْمِنٰتِ جَنّٰتٍ تَجْرِيْ مِنْ تَحْتِهَا الْاَنْهٰرُ خٰلِدِيْنَ فِيْهَا وَمَسٰكِنَ طَيِّبَةً فِيْ جَنّٰتِ عَدْنٍ ۗ وَرِضْوَانٌ مِّنَ اللّٰهِ اَكْبَرُ ۗ ذٰلِكَ هُوَ الْفَوْزُ الْعَظِيْمُ ۟

72. സത്യവിശ്വാസികളോടും, സത്യവിശ്വാസിനികളോടും അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു: അടിഭാഗത്തിലൂടെ അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗ്ഗങ്ങളെ—അതിൽ (അവർ) നിത്യവാസികളായിക്കൊണ്ട്; 'ജന്നാത്തു–അദ്നി'ൽ [സ്ഥിരവാസത്തിന്റെ സ്വർഗ്ഗങ്ങളിൽ] നല്ലതായ (വിശിഷ്ട) പാർപ്പിടങ്ങളെയും (വാഗ്ദാനം ചെയ്തിരിക്കുന്നു).

അല്ലാഹുവിങ്കൽ നിന്നുള്ള പ്രീതിയത്രെ ഏററവും വലുത്. അതു തന്നെയാണ് മഹത്തായ ഭാഗ്യം!

---

71. والمؤمنون സത്യവിശ്വാസികളാകട്ടെ والمؤمنات സത്യവിശ്വാസിനികളും بعضهم അവരിൽ ചിലർ اولياء ബന്ധുമിത്രങ്ങളാണു بعض ചിലരുടെ يأمرون അവർ കൽപിക്കുന്നു, ഉപദേശിക്കും بالمعروف സദാചാരം (സൽക്കാര്യം–വേണ്ടപ്പെട്ടതു)കൊണ്ടു وينهون അവർ വിരോധിക്കുകയും ചെയ്യുന്നു (ചെയ്യും) عن المنكر ദുരാചാര (ദുഷ്കാര്യ - വെറുക്കപ്പെട്ട കാര്യ)ത്തെപ്പററി ويقيمون അവർ നിലനിറുത്തുകയും ചെയ്യും (ചെയ്യുന്ന) الصلوة നമസ്കാരം ويؤتون കൊടുക്കുകയും الزكوة സകാത്തു ويطيعون അവർ അനുസരിക്കുകയും (ചെയ്യും–ചെയ്യുന്നു) الله ورسوله അല്ലാഹുവിനെയും അവന്റെ റസൂലിനെയും اولئك അക്കൂട്ടർ سيرحمهم അവരോടു കരുണ ചെയ്തേക്കും, വഴിയെ അവർക്ക കരുണ ചെയ്യും الله അല്ലാഹു ان الله നിശ്ചയമായും അല്ലാഹു عزيز പ്രതാപശാലിയാണു حكيم അഗാധജ്ഞനാണു, യുക്തിമാനായ
72. وعد الله അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു المؤمنين സത്യവിശ്വാസികളോടു والمؤمنات സത്യവിശ്വാസിനികളോടും جنات ചില സ്വർഗ്ഗങ്ങളെ تجري നടക്കും, ഒഴുകും من تحتها അവയുടെ അടിയിലൂടെ الانهار അരുവി (നദി)കൾ خالدين നിത്യവാസികളായിട്ടു, ശാശ്വതരായി فيها അവയിൽ, അതിൽ ومساكن പാർപ്പിട(വാസസ്ഥല)ങ്ങളും طيبة നല്ലതായ, വിശിഷ്ടങ്ങളായ, ശുദ്ധങ്ങളായ في جنات സ്വർഗ്ഗങ്ങളിൽ, തോപ്പുകളിൽ عدن സ്ഥിരവാസത്തിന്റെ ورضوان പ്രീതി من الله അല്ലാഹുവിൽ നിന്നുള്ള اكبر ഏററം വലുത് ذلك അതു هو അതു (തന്നെ) الفوز ഭാഗ്യം, വിജയം العظيم മഹത്തായ, വമ്പിച്ച

കപടവിശ്വാസികളുടെയും, സത്യവിശ്വാസികളുടെയും സ്ഥിതിഗതികളിലുള്ള പരസ്പര വൈരുദ്ധ്യമാണു ഈ വചനങ്ങളിൽ കാണുന്നത്. (1) കപടവിശ്വാസികൾ ആണും പെണ്ണും തന്നെ, ചിലർ ചിലരിൽനിന്നുള്ളവരാണ്. (يعضهم من بعض) അഥവാ എല്ലാവരും ഒരേ പ്രവൃത്തികളിൽ ഒരുപോലെയാണ എന്നു മുമ്പു പറഞ്ഞു. എന്നാൽ സത്യവിശ്വാസികളാകട്ടെ, അവരിലുള്ള ആണും പെണ്ണും പരസ്പരം ബന്ധുമിത്രങ്ങളായിരിക്കും (بعضهم اولياء بعض) അഥവാ സൽഗുണങ്ങളിലും സുഖദുഃഖങ്ങളിലുമൊക്കെ അവർ ഒററക്കെട്ടായിരിക്കുമെന്നു അല്ലാഹു ചൂണ്ടിക്കാട്ടുന്നു. നബി (സ) പറയുന്നു: 'ഒരു സത്യവിശ്വാസി മറെറാരു സത്യവിശ്വാസിയെ സംബന്ധിച്ചിടത്തോളം, ഒരു കെട്ടിടം പോലെയായിരിക്കും, അതായത്, അതിന്റെ ചില ഭാഗം ചില ഭാഗത്തെ ഉറപ്പിച്ചു നിർത്തുന്നു'. (ബു; മു.) മറെറാരു ഹദീസിൽ നബി (സ) പറയുന്നു: 'സത്യവിശ്വാസികൾ തമ്മിലുള്ള സ്നേഹത്തിലും കരുണയിലും അവരുടെ ഉദാഹരണം, ഒരു ശരീരം പോലെയാകുന്നു. അതിന്റെ ഒരവയവത്തിനു വല്ല അസുഖവും ബാധിച്ചാൽ, അതു നിമിത്തം ശരീരം മുഴുവനും പനിയും നിദ്രയില്ലായ്മയും മുഖേന പരാതിപ്പെട്ടുകൊണ്ടിരിക്കും'. (ബു; മു.)

(2) ദുരാചാരങ്ങൾക്കു ഉപദേശിക്കലും സദാചാരങ്ങളെ വിരോധിക്കലുമാണു കപടവിശ്വാസികളുടെ പതിവ് (يأمرون بالمنكر ....). അവർ നമസ്കരിക്കുന്നതു ആളുകളെ കാണിക്കുവാൻ വേണ്ടിയും, മടിയന്മാരായിക്കൊണ്ടും മാത്രമായിരിക്കും. (4: 142.) അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചിലവഴിക്കുവാൻ മടിച്ചുകൊണ്ടു കൈ ഇറുക്കിപ്പിടിക്കുകയും ചെയ്യും. (ويقبضون ايديهم) എന്നാൽ, സത്യവിശ്വാസികളാകട്ടെ, നേരെ മറിച്ച്

സദാചാരങ്ങളും, നല്ല കർമ്മങ്ങളും കൊണ്ടു അവർ ഉപദേശിക്കുകയും ദുരാചാരങ്ങളെയും വെറുക്കപ്പെട്ട കാര്യങ്ങളെയും സംബന്ധിച്ചു വിരോധിക്കുകയുമാണു ചെയ്യുക. (....يأمرون بالمعروف) അവർ നമസ്കാരം മുറിക്കു നിലനിറുത്തുകയും, സകാത്തു ശരിക്കും കൊടുക്കുകയും ചെയ്യും. (ويقيمون الصلوة) (3) കപട വിശ്വാസികൾ അല്ലാഹുവിനെ അവഗണിച്ചു വിസ്മരിച്ചിരിക്കുകയാണ് (نسوا الله). സത്യവിശ്വാസികൾ മറിച്ചും, അല്ലാഹുവിനെ വിസ്മരിക്കുന്നതല്ല. അവർ അല്ലാഹുവിന്റെയും, അവന്റെ റസൂലിന്റെയും കല്പനകൾ മുഴുവൻ അനുസരിക്കുന്നവരായിരിക്കും. (ويطيعون الله)

ഈ വൈരുദ്ധ്യങ്ങളുടെ ഫലമോ? (1) കപടവിശ്വാസികളായ പുരുഷൻമാർക്കും, സ്ത്രീകൾക്കും–68-ാം വചനത്തിൽ കണ്ടതുപോലെ–അല്ലാഹു ശാശ്വതമായ നരകശിക്ഷയാണു വാഗ്ദത്തം ചെയ്തിരിക്കുന്നത്. സത്യവിശ്വാസികളായ പുരുഷൻമാർക്കും സ്ത്രീകൾക്കുമാകട്ടെ, സുഖസമ്പൂർണ്ണവും ശാശ്വതവുമായ സ്വർഗ്ഗങ്ങളും. (...وعد الله المؤمنين والمؤمنات جنات) (2) കപടവിശ്വാസികൾ അല്ലാഹുവിന്റെ ശിക്ഷക്ക് പുറമെ അവന്റെ ശാപത്തിന് വിധേയരായിരിക്കും. (48: 6) സത്യവിശ്വാസികൾക്കാകട്ടെ, സ്വർഗ്ഗീയ സൗകര്യങ്ങൾക്കു പുറമെ അല്ലാഹുവിന്റെ പ്രീതിയും ലഭിക്കുന്നു. മറ്റേതു അനുഗ്രഹത്തെക്കാളും വമ്പിച്ചതത്രെ അത്. (ورضوان من الله أكبر). (3) ചുരുക്കിപ്പറഞ്ഞാൽ–69-ാം വചനത്തിൽ പറഞ്ഞതുപോലെ–കപടവിശ്വാസികളുടെ കർമ്മങ്ങളെല്ലാം ഇഹത്തിലും പരത്തിലും പാഴായിപ്പോകുകയും അവർ തനി നഷ്ടക്കാരായിത്തീരുകയും ചെയ്തിരിക്കുന്നു. സത്യവിശ്വാസികളുടെ കർമ്മങ്ങൾ ഫലവത്തായിത്തീരുകയും, അങ്ങനെ, അവർ ഏറ്റവും മഹത്തായ ഭാഗ്യം പ്രാപിക്കുകയും ചെയ്തിരിക്കുന്നു. (ذلك هو الفوز العظيم)

ബുഖാരിയും മുസ്ലിമും അബൂസഈദിൽ ഖുദ്രി (റ)യിൽ നിന്നു ഇമാം മാലിക് (റ) നിവേദനം ചെയ്ത ഒരു നബിവചനത്തിന്റെ സാരം ഇപ്രകാരമാകുന്നു: സ്വർഗ്ഗത്തിലെ ആളുകളെ അല്ലാഹു വിളിക്കും. അവർ സന്തോഷത്തോടും ബഹുമാനത്തോടും കൂടി അതിനെ സ്വാഗതം ചെയ്യും. അല്ലാഹു അവരോടു ചോദിക്കും: 'നിങ്ങൾ തൃപ്തിപ്പെട്ടുവോ?' അവർ ഉത്തരം പറയും: 'റബ്ബേ! മനുഷ്യ സൃഷ്ടികൾക്കൊന്നും നീ കൊടുത്തിട്ടില്ലാത്തത്ര (അനുഗ്രഹങ്ങൾ) നീ ഞങ്ങൾക്കു നൽകിയിരിക്കെ, ഞങ്ങൾ തൃപ്തിപ്പെടാതിരിക്കുവാൻ എന്താണു കാരണമുള്ളത്?!' അപ്പോൾ അല്ലാഹു പറയും: 'അതിനെക്കാൾ ശ്രേഷ്ഠമായ ഒരു കാര്യം ഞാൻ നിങ്ങൾക്കു നൽകട്ടെയോ?' അവർ പറയും: 'റബ്ബേ! എന്താണു അതിനേക്കാൾ ശ്രേഷ്ഠമായുള്ളത്?' അല്ലാഹു പറയും: 'ഞാൻ നിങ്ങളിൽ എന്റെ പ്രീതി അവതരിപ്പിക്കുന്നു. ഞാൻ ഇനി ഒരു കാലത്തും നിങ്ങളോടു കോപിക്കുകയില്ല'. (ബു; മു.) അല്ലാഹുവേ! ഞങ്ങളെയെല്ലാം നിന്റെ മഹത്തായ പ്രീതി ലഭിക്കുന്ന മഹാഭാഗ്യവാൻമാരിൽ ഉൾപ്പെടുത്തി അനുഗ്രഹിക്കേണമേ! ആമീൻ.

വിഭാഗം–10

٧٣- يَٰٓأَيُّهَا ٱلنَّبِيُّ جَٰهِدِ ٱلْكُفَّارَ وَٱلْمُنَٰفِقِينَ وَٱغْلُظْ عَلَيْهِمْ ۚ وَمَأْوَىٰهُمْ جَهَنَّمُ ۖ وَبِئْسَ ٱلْمَصِيرُ ○

73. ഹേ, നബിയേ, അവിശ്വാസികളോടും, കപടവിശ്വാസികളോടും സമരം നടത്തിക്കൊള്ളുക; അവരോടു പരുഷത കാണിക്കുകയും ചെയ്യുക. അവരുടെ സങ്കേതം 'ജഹന്നം' [നരകം] ആകുന്നു. (ആ) തിരിച്ചെത്തുന്ന (മടക്ക)സ്ഥാനം എത്രയോ ചീത്തയും!

---

73. يا أيها النبي ഹേ, നബിയേ جاهد ജിഹാദു (സമരം) ചെയ്യുക الكفار അവിശ്വാസികളോടു والمنافقين കപടവിശ്വാസികളോടും واغلظ പരുഷത (കാഠിന്യം–ഊക്ക്–നിർദ്ദയത) കാണിക്കുകയും ചെയ്യുക عليهم അവരോടു, അവർക്കെതിരിൽ ومأواهم അവരുടെ സങ്കേത അഭയ സ്ഥാനം جهنم ജഹന്നമാകുന്നു بئس വളരെ (എത്രയോ) ചീത്ത (മോശം) المصير തിരിച്ചെത്തുന്ന (മടക്ക) സ്ഥാനം

'സമരം ചെയ്യുക' എന്നു അർത്ഥം കല്പിക്കപ്പെടാറുള്ള جاهد (ജാഹിദ്) എന്ന ക്രിയയുടെ ധാതുരൂപം جهاد (ജിഹാദ്) എന്നും مجاهدة (മുജാഹദത്ത്) എന്നും വരും. ഇതിനു ഇമാം റാഗിബ് (റ) അർത്ഥം പറഞ്ഞിരിക്കുന്നു [illegible]

'ശത്രുവോടു ചെയ്യുന്നതിൽ കഴിവു മുഴുവൻ വിനിയോഗിക്കൽ' എന്നാകുന്നു. ജിഹാദ് പ്രത്യക്ഷത്തിലുള്ള ശത്രുവിനോടും, പിശാചിനോടും, സ്വന്തം ദേഹത്തോടും എന്നിങ്ങിനെ മൂന്നു തരത്തിലുണ്ടാകാമെന്നും തുടർന്നു കൊണ്ടു അദ്ദേഹം പ്രസ്താവിച്ചിരിക്കുന്നു. കൂടാതെ, ഖുർആൻ വാക്യങ്ങളും നബിവാക്യങ്ങളും ഉദ്ധരിച്ചു കൊണ്ടു ദേഹംകൊണ്ടും, ധനംകൊണ്ടും, കൈകൊണ്ടും, നാവുകൊണ്ടും ജിഹാദ് ഉണ്ടാകുമെന്നും അദ്ദേഹം ചൂണ്ടി കാട്ടിയിട്ടുണ്ട്. അപ്പോൾ, ഇസ്‌ലാമിന്റെ ശത്രുക്കളുമായി പടക്കളത്തിൽ ഇറങ്ങിക്കൊണ്ടു നടത്തപ്പെടുന്ന ധർമ്മ യുദ്ധം വരെയുള്ള എല്ലാതരം സമരങ്ങളും ഉൾപ്പെടുന്ന ഒരു വാക്കാണ് 'ജിഹാദ്' എന്നും, സന്ദർഭത്തിനും പരിതസ്ഥിതിക്കുമനുസരിച്ചു സമര മുറകൾ വ്യത്യാസപ്പെടുമെന്നും ഇതിൽനിന്നു വ്യക്തമാണ്.

അവിശ്വാസികളോടുള്ള സമരത്തിൽ ധർമ്മ യുദ്ധമാണ് പ്രധാനമായും ഉദ്ദേശ്യം. കപടവിശ്വാസികളുമായുള്ള സമരത്തിൽ യുദ്ധം ഉദ്ദേശിക്കപ്പെട്ടിട്ടില്ല. ന്യായങ്ങളും തെളിവുകളും നിരത്തിക്കാട്ടുക, സത്യവിരുദ്ധമായ വാദങ്ങളെ ഖണ്ഡിക്കുക, നിയമ നടപടികൾ എടുക്കുക മുതലായവയാണു അവരോടുള്ള സമരമുറകൾ. നബി(സ) സ്വീകരിച്ചതും അതുതന്നെയായിരുന്നു. ഈ വിഷയത്തിൽ ആർക്കും ഭിന്നാഭിപ്രായമില്ല. സത്യവിശ്വാസികളോട് പാർശ്വം താഴ്ത്തി സൗമ്യമായ രീതിയിൽ പെരുമാറണമെന്നു (26: 215ൽ) നബി (സ) യോടു ഉപദേശിച്ചിരിക്കുന്നു. അതേ സമയത്തു അവിശ്വാസികളോടും കപടവിശ്വാസികളോടും പരുഷമായി പെരുമാറണം (اغلظ عليهم) എന്നും കൽപിച്ചിരിക്കുകയാണ്.

74 'ഞങ്ങം (അങ്ങിനെ) പറഞ്ഞിട്ടില്ല' എന്നു അവർ അല്ലാഹുവിനെക്കൊണ്ടു ശപഥം ചെയ്തു പറയുന്നു; തീർച്ചയായും, അവർ അവിശ്വാസത്തിന്റെ വാക്ക പറഞ്ഞിട്ടുണ്ടു താനും. അവരുടെ 'ഇസ്‌ലാമി' നു ശേഷം അവർ അവിശ്വസിക്കുകയും ചെയ്തിരിക്കുന്നു. അവർ പ്രാപിക്കാത്ത (അഥവാ നേടിക്കഴിയാത്ത)തിന് അവർ ഉദ്ദേശിക്കുകയും ചെയ്തിരിക്കുന്നു. അല്ലാഹുവും, അവന്റെ റസൂലും അവന്റെ അനുഗ്രഹത്താൽ അവർക്കു ഐശ്വര്യം നൽകിയെന്നുള്ളതിനാലല്ലാതെ (മറ്റൊരു കാരണത്താലും) അവർ ആക്ഷേപിക്കുകയും ചെയ്തിട്ടില്ല.

يَحْلِفُونَ بِاللَّهِ مَا قَالُوا وَلَقَدْ قَالُوا كَلِمَةَ الْكُفْرِ وَكَفَرُوا بَعْدَ إِسْلَامِهِمْ وَهَمُّوا بِمَا لَمْ يَنَالُوا ۚ وَمَا نَقَمُوا إِلَّا أَنْ أَغْنَاهُمُ اللَّهُ وَرَسُولُهُ مِنْ فَضْلِهِ ۚ

ആകയാൽ, അവർ പശ്ചാത്തപിക്കുകയാണെങ്കിൽ, അതവർക്കു ഉത്തമമായിരിക്കും. അവർ തിരിഞ്ഞു കളയുകയാണെങ്കിലോ, അവരെ അല്ലാഹു ഇഹത്തിലും, പരത്തിലും വേദനയേറിയശിക്ഷ ശിക്ഷിക്കുകയും ചെയ്യും.

فَإِنْ يَتُوبُوا يَكُ خَيْرًا لَهُمْ ۖ وَإِنْ يَتَوَلَّوْا يُعَذِّبْهُمُ اللَّهُ عَذَابًا أَلِيمًا فِي الدُّنْيَا وَالْآخِرَةِ ۚ

അവർക്കു ഭൂമിയിൽ ഒരു ബന്ധുമിത്രമാകട്ടെ, സഹായിയാകട്ടെ ഇല്ലതാനും.

وَمَا لَهُمْ فِي الْأَرْضِ مِنْ وَلِيٍّ وَلَا نَصِيرٍ ۝

---

74. يحلفون അവർ ശപഥം ചെയ്യുന്നു, സത്യം ചെയ്തു പറയും بالله അല്ലാഹുവിനെക്കൊണ്ട് ما قالوا അവർ പറഞ്ഞിട്ടില്ല എന്നു ولقد തീർച്ചയായും ഉണ്ട് قالوا അവർ പറഞ്ഞു كلمة വാക്കു വാക്യം الكفر അവിശ്വാസത്തിന്റെ وكفروا അവർ അവിശ്വസിക്കുകയും ചെയ്തിരിക്കുന്നു بعد ശേഷം, പിറകെ إسلامهم അവരുടെ ഇസ്‌ലാമിന്റെ وهموا അവർ ഉദ്ദേശിക്കുക(കരുതുക)യും ചെയ്തു بما لم ينالوا അവർ നേടിയിട്ടില്ലാത്തതിനെപ്പറ്റി (പ്രാപിക്കാത്തതിനു) وما نقموا അവർ ആക്ഷേപിച്ചിട്ടില്ല, കുറ്റപ്പെടുത്തിയിട്ടുമില്ല إلا അല്ലാതെ, ഒഴികെ أن أغناهم അവരെ ഐശ്വര്യ (ധന്യ)മാക്കിയതിനാൽ الله ورسوله അല്ലാഹുവും അവന്റെ റസൂലും من فضله അവന്റെ അനുഗ്രഹത്തി(ദയവി)നാൽ فإن يتوبوا എന്നാൽ (ആകയാൽ) അവർ പശ്ചാത്തപിക്കുന്നപക്ഷം يك അതായിരിക്കും, ആയിത്തീരും خيرا ഉത്തമം, ഗുണം لهم അവർക്കു وإن يتولوا അവർ തിരിഞ്ഞു കളയുന്നുവെങ്കിലാകട്ടെ يعذبهم الله അല്ലാഹു അവരെ ശിക്ഷിക്കും عذابا ഒരു ശിക്ഷ أليما വേദനയേറിയ في الدنيا ഇഹത്തിൽ والآخرة പരത്തിലും وما لهم അവർക്കില്ലതാനും في الأرض ഭൂമിയിൽ من ولي ഒരു ബന്ധുവും, മിത്രവും ولا نصير ഒരു സഹായിയും ഇല്ല

ആ കപടവിശ്വാസികൾ എത്രത്തോളം അധഃപതിച്ചു പോയിരുന്നുവെന്നും, അവരുടെ ഹൃദയങ്ങൾ എത്രമാത്രം ദുഷിച്ചു വഷളായിരുന്നുവെന്നും, അതേ സമയത്തു അല്ലാഹുവും റസൂലും അവരുടെ നേരെ എത്രയധികം വിട്ടുവീഴ്ച ചെയ്തിട്ടുണ്ടെന്നും മനസ്സിലാക്കുവാൻ ഈ വചനങ്ങൾ മാത്രം മതിയാകും. ഈ വചനങ്ങളിൽ അല്ലാഹു സൂചിപ്പിച്ച സംഭവങ്ങൾ നടന്ന അതേ കാലങ്ങളിൽ തന്നെ അവതരിച്ചവയാണവ. അതുകൊണ്ടു ഒരേന്നും അധികം വിശദീകരണമൊന്നും കൂടാതെ സൂചനാ രൂപത്തിലും, ചുരുങ്ങിയ വാക്കുകളിലും ഓർമ്മിപ്പിക്കുകയാണു അല്ലാഹു ചെയ്തിരിക്കുന്നതു. ലോകാവസാനം വരെ പാരായണം ചെയ്യപ്പെടുന്ന ദിവ്യ ഗ്രന്ഥമാണല്ലോ ഖുർആൻ. ആ സ്ഥിതിക്കു മനുഷ്യോചിതമല്ലാത്ത ആ നികൃഷ്ട ചെയ്തികൾ അപ്പടെ ഉദ്ധരിക്കുന്നതു അതിന്റെ മാന്യതക്കും, പവിത്രതക്കും, അന്തസ്സിനും നിരക്കുന്നതുമായിരിക്കയില്ലല്ലോ.

ഒന്നാമതായി അവരെപ്പറ്റി പ്രസ്താവിച്ചതു, അവർ അവിശ്വാസത്തിന്റെ വാക്കു പറയുകയുണ്ടായിട്ടുണ്ടെന്നും, എന്നിട്ടു തങ്ങളതു പറഞ്ഞിട്ടില്ലെന്നു അല്ലാഹുവിന്റെ പേരിൽ കള്ളസത്യം ചെയ്തു പറഞ്ഞുവെന്നുമാണു (يحلفون بالله ما قالوا ...) ഈ സംഭവത്തിന്റെ യഥാർത്ഥ രൂപം എന്തായിരുന്നുവെന്നു തിട്ടപ്പെടുത്താൻ തെളിവുകളൊന്നുമില്ല. എങ്കിലും ഒന്നിലധികം രൂപത്തിലുള്ള സംഭവങ്ങളെ സംബന്ധിച്ചു രിവായത്തുകൾ ഇവിടെ ഖുർആൻ വ്യാഖ്യാന ഗ്രന്ഥങ്ങളിൽ സ്ഥലം പിടിച്ചുകാണാം. അവയിൽ ചിലതോ, അവ മുഴുവനുമോ, അല്ലെങ്കിൽ അവ പോലുള്ള മറ്റു വല്ല സംഭവങ്ങളോ ആസ്പദമാക്കിയായിരിക്കാം അല്ലാഹു ഇതു പറഞ്ഞതു.

പ്രസ്തുത രിവായത്തുകളിൽ കൂടുതൽ ബലവത്തായി കാണുന്ന ഒരു രിവായത്തു ഇബ്നു അബ്ബാസ് (റ) ൽ നിന്നു ഇബ്നു ജരീർ, ത്വബ്റാനീ, അബുശ്ശൈഖ് (റ) മുതലായവർ ഉദ്ധരിച്ചിട്ടുള്ളതാണ്. അതിങ്ങിനെയാണു: റസൂൽ (സ) തിരുമേനി, ഒരു വൃക്ഷത്തിന്റെ ചുവട്ടിൽ ഇരിക്കുകയായിരുന്നപ്പോൾ ഇപ്രകാരം പറഞ്ഞു: 'പിശാചിന്റെ കണ്ണുകൾകൊണ്ടു നിങ്ങളെ നോക്കുന്ന ഒരു മനുഷ്യൻ നിങ്ങളുടെ അടുക്കൽ വരും. അവൻ വന്നാൽ നിങ്ങൾ അയാളോടു സംസാരിക്കരുതു.' അധികം താമസിയാതെ നീലക്കണ്ണുള്ള ഒരു പുരുഷൻ വന്നു. റസൂൽ (സ) അയാളെ വിളിച്ചിട്ടു ചോദിച്ചു: 'താനും തന്റെ ആളുകളും എന്തിനാണ് എന്നെ ശകാരിക്കുന്നതു?' ആ മനുഷ്യൻ പോയി തന്റെ കൂട്ടുകാരെയും കൂട്ടിവന്നു. എന്നിട്ട് തങ്ങൾ ഒന്നും പറഞ്ഞിട്ടില്ലെന്നു അവർ അല്ലാഹുവിനെക്കൊണ്ടു സത്യം ചെയ്തു പറഞ്ഞു. അപ്പോഴാണ്, റസൂൽ (സ) അവർക്കു വിട്ടുകൊടുത്തു. ഈ സന്ദർഭത്തിൽ ഈ വചനം അവതരിച്ചു. ഇതാണാരിവായത്തു.

മറ്റു ചില രിവായത്തുകളുടെ ചുരുക്കം: (1) ഒരു അൻസാരിയും ജുഹൈനാ ഗോത്രക്കാരനായ ഒരാളും തമ്മിൽ നടന്ന ഒരു ശണ്ഠയിൽ ഇടപെട്ടുകൊണ്ട് കപടവിശ്വാസികളുടെ നേതാവായ അബ്ദുല്ലാഹിബ്നു ഉബയ്യ് പറഞ്ഞു: നമ്മുടെയും മുഹമ്മദിന്റെയും ഉപമ 'നിന്റെ നായയെ നീ കൊഴുപ്പിച്ചു (തടിപ്പിച്ചു) കൊള്ളുക – അതു നിന്നെ തിന്നുകളയും.' എന്നു ഒരാൾ പറഞ്ഞതുപോലെയാകുന്നു. (2) വേറൊരിക്കൽ അവൻ പറഞ്ഞു: 'നാം മദീനയിൽ തിരിച്ചെത്തിയാൽ, മാന്യന്മാർ നിന്ദ്യന്മാരെ പുറത്താക്കുന്നതാണു.' (3) ജുല്ലാസ് എന്ന പേരായ ഒരാൾ പറഞ്ഞു: 'മുഹമ്മദു ഈ പറയുന്നതൊക്കെ സത്യമാണെങ്കിൽ, നാം കഴുതകളെക്കാൾ മോശപ്പെട്ടവരായിരിക്കണമല്ലോ.' ഈ വാക്കുകളെക്കുറിച്ചു അതതിന്റെ വക്താക്കളെ വിളിച്ചു നബി (സ) ചോദിച്ചപ്പോൾ, തങ്ങൾ അങ്ങിനെ പറഞ്ഞിട്ടില്ലെന്നായിരുന്നു അവരുടെ മറുപടി. എന്നാൽ, ജുല്ലാസ് പിന്നീട് ഖേദിച്ചു മടങ്ങിയെന്നും അതു സംബന്ധിച്ച രിവായത്തിൽ കാണാം. ഏതായാലും – ഈ രിവായത്തുകൾ എല്ലാം ശരിയാണെങ്കിലും അല്ലെങ്കിലും ശരി – ഒരു കാര്യം വ്യക്തമാണു: നബി (സ) തബൂക്കിൽ കുറെ ദിവസം താമസിച്ച ശേഷമാണു അവിടെ നിന്നു മടക്കയാത്രയുണ്ടായതു. ആ യാത്രയിൽ സംബന്ധിച്ചിരുന്ന കപടവിശ്വാസികളിൽനിന്നു ആ കാലത്തിനിടയിൽ അവരുടെ തനിനിറം വ്യക്തമാക്കുന്ന പലതും സംഭവിച്ചിരുന്നു. അവയിൽ പലതിനെപ്പറ്റിയും ഖുർആൻ വചനങ്ങൾ അവതരിക്കുകയും ചെയ്തിട്ടുണ്ട്.

നബി (സ) യെ പഴിക്കുകയോ, ഖുർആനെ പരിഹസിക്കുകയോ ചെയ്തുകൊണ്ടുള്ള എല്ലാ സംസാരങ്ങളും അവിശ്വാസത്തിന്റെ വചനങ്ങളെന്നു പറയേണ്ടതില്ല. അതുകൊണ്ടാണു ആ കപട വിശ്വാസികളെപ്പറ്റി وكفروا بعد اسلامهم (അവരുടെ ഇസ്ലാമിനുശേഷം അവർ അവിശ്വസിച്ചു) എന്നു ഇവിടെയും قد كفرتم بعد ايمانكم (നിങ്ങളുടെ വിശ്വാസത്തിനു ശേഷം നിങ്ങൾ അവിശ്വസിച്ചു) എന്നു 66-ാം വചനത്തിലും പ്രസ്താവിച്ചതും. ഒരിക്കൽ ഇസ്ലാമിനെ അംഗീകരിച്ചു വിശ്വാസം രേഖപ്പെടുത്തിയവരാണവർ. അതിനു ശേഷം, അവരുടെ മനസ്സിൽ ഒളിച്ചുവെച്ചിരുന്ന അവിശ്വാസം വാക്കിലൂടെയും, പ്രവൃത്തിയിലൂടെയും പ്രകടമാക്കുകയാണു അവർ ചെയ്തതെന്നു താൽപര്യം.

കപട വിശ്വാസികളെപ്പറ്റി അല്ലാഹു പ്രസ്താവിച്ച മറ്റൊരു കാര്യം وهموا بما لم ينالوا (അവർ പ്രാപിക്കാത്തതിനു – അഥവാ അവർ നേടിയിട്ടില്ലാത്തതിനു – അവർ ഉദ്ദേശിച്ചു) എന്നാകുന്നു. അവർക്കു ചില ദുരുദ്ദേശ്യങ്ങളുണ്ടായിരുന്നു; അതിനായി അവർ ശ്രമം നടത്തുകയും ചെയ്തു; പക്ഷേ, അതൊന്നും അവർക്കു സാധിച്ചില്ല

കയുണ്ടായില്ല എന്നു സാരം. ഈ വിഷയവും ഏതാണെന്ന് അല്ലാഹു വിശദമാക്കിയിട്ടില്ല. അഹ്മദ്, ബൈഹഖി (റ) മുതലായവർ ഉദ്ധരിച്ച ഒരു സംഭവം ഇവിടെ പല ഖുർആൻ വ്യാഖ്യാതാക്കളും ഉദ്ധരിച്ചു കാണാം. കപട വിശ്വാസികളുടെ മനസ്സിരുപ്പു കൂടുതൽ തുറന്നു കാട്ടുന്ന ആ സംഭവത്തിന്റെ ചുരുക്കം ഇതാകുന്നു:

തബൂക്കിൽ നിന്നു മടങ്ങുമ്പോൾ, നബി (സ) അഖബയിലൂടെ (ഇടുങ്ങിയ കുന്നിൻപുറവിലൂടെ)യായിരുന്ന പോന്നത്. ആ വഴിക്കു മററുള്ളവർ പോരരുതെന്നും, അഥവാ താഴ്വര വഴി പോന്നുകൊള്ളണമെന്നും ഒരാളെ വിട്ടു നബി (സ) പരസ്യപ്പെടുത്തുകയും ചെയ്തിരുന്നു. നബി (സ) യുടെ ഒട്ടകത്തിന്റെ കടിഞ്ഞാൺ പിടിച്ചുകൊണ്ടും, പിന്നിൽനിന്ന അതിനെ തെളിച്ചുകൊണ്ടും ഹുദൈഫ (റ)യും, അമ്മാറും (റ) നബി (സ) യൊന്നിച്ചുണ്ടായിരുന്നു. അവരുടെ പിന്നാലെ ഒരു വാഹനസംഘം വന്നെത്തി. ഇടുങ്ങിയ ആ വഴിയിൽ, ഒരു ഉയർന്ന സ്ഥലത്തുവെച്ചു അവരെ തിരക്കുകയും, അങ്ങനെ നബി (സ)യെ താഴെ വീഴ്ത്തി അപായപ്പെടുത്തുകയും വേണമെന്നായിരുന്നു ആ സംഘത്തിന്റെ പരിപാടി. ഈ രഹസ്യം നബി (സ)ക്കു അല്ലാഹു അറിയിച്ചുകൊടുത്തു. പിന്നാലെ നിന്നിരുന്ന സഹാബി—അമ്മാർ(റ), അല്ലെങ്കിൽ ഹുദൈഫ (റ)—അവരെ തടുക്കുകയും, നബി (സ) വാഹനപ്പുറത്തു നിന്നിറങ്ങി ശബ്ദമുണ്ടാക്കുകയും ചെയ്തു. അപ്പോൾ അവർ തിരിച്ചുപോകുകയും ചെയ്തു. ആ സംഘത്തിലെ ആളുകൾ ആരൊക്കെയായിരുന്നുവെന്നറിയാമോ എന്ന നബി (സ) ആ സഹാബിയോടു ചോദിച്ചു. അവർ മുഖംമൂടി ധരിച്ചിരുന്നു, അവരെ തിരിച്ചറിഞ്ഞില്ല, എന്നാലും വാഹനങ്ങളെ പൊതുവിൽ മനസ്സിലായിട്ടുണ്ടു എന്ന അദ്ദേഹം ഉത്തരം പറഞ്ഞു. രാത്രിയിലായിരുന്നു സംഭവമെന്നും പറയപ്പെടുന്നു. അവർ വന്നതിന്റെ രഹസ്യം ഇന്നതായിരുന്നുവെന്നും, അവർ ഇന്നിന്നവരായിരുന്നുവെന്നും നബി (സ) സ്വകാര്യമായി അറിയിച്ചു. എന്നാലവരെ വധിക്കുവാൻ കല്പിച്ചുകൂടേ എന്ന ചോദിക്കപ്പെട്ടപ്പോൾ നബി (സ) പറഞ്ഞതിങ്ങിനെയായിരുന്നു: 'മുഹമ്മദു കുറേ ആളുകളെയും കൂട്ടി യുദ്ധത്തിന് പോയിട്ടു വിജയത്തോടെ മടങ്ങുമ്പോൾ അവരെ കൊന്നുകളഞ്ഞുവെന്ന് അറബികൾ പറഞ്ഞേക്കുമല്ലോ'.

ആ സംഘത്തിലുണ്ടായിരുന്ന പതിനഞ്ചുപേരിൽ മൂന്ന്പേർ നിരപരാധികളും ഗൂഢാലോചനയെപ്പററി അറിയാത്തവരുമായിരുന്നുവെന്നും, ബാക്കി പന്ത്രണ്ടു പേരാണു ആ ക്രൂരകൃത്യത്തിനു മുതിർന്നതെന്നും മുസ്ലിം (റ)ന്റെ ഒരു രിവായത്തിൽ നിന്നു മനസ്സിലാക്കാം. അദ്ദേഹത്തിന്റെ തന്നെ മറെറാരു രിവായത്തിൽ, ആ പന്ത്രണ്ടുപേരും സ്വർഗ്ഗത്തിൽ ഒരിക്കലും പ്രവേശിക്കുന്നതല്ലെന്നും, അവരിൽ എട്ടു പേർക്കു 'ദുബൈലഃ' (ഉള്ളിലുണ്ടാകുന്ന ഒരു തരം അർബ്ബുദരോഗം) പിടിപെടുമെന്നും നബി (സ) പറഞ്ഞതായും വന്നിട്ടുണ്ട്. 'അവർക്കു പ്രാപിക്കുവാൻ കഴിയാത്ത കാര്യത്തിനു അവർ ഉദ്ദേശിച്ചു' എന്ന പറഞ്ഞതിന്റെ താൽപര്യം ഇതിൽനിന്ന വ്യക്തമാണല്ലോ.

ഇത്രയൊക്കെ ദുരുദ്ദേശ്യവും, കുതന്ത്രങ്ങളും ആ മുഷ്ടൻമാരിൽ ഉണ്ടാവാൻ തക്ക യാതൊരു കാരണവും നിലവിലില്ല. അല്ലാഹുവാകട്ടെ, റസൂലാകട്ടെ, അവരോട് എന്തെങ്കിലും അനീതിയോ ഉപദ്രവമോ ചെയ്തിട്ടുമില്ല. വല്ലതുമുണ്ടെങ്കിൽ, അല്ലാഹുവും റസൂലും അവർക്ക് ഐശ്വര്യം—അഥവാ ധനം—സമ്പാദിച്ചു കൊടുത്തുവെന്നുള്ളതു മാത്രമാകുന്നു (وما نقموا إلا أن أغنا هم الله ...) എന്നു പറഞ്ഞുകൊണ്ടു അവരുടെ നന്ദികേടിന്റെ കാഠിന്യം അല്ലാഹു ചൂണ്ടിക്കാട്ടുന്നു. ഗനീമത്തിലും മററുമുള്ള വിഹിതങ്ങൾ മുസ്ലിംകളെപ്പോലെ അവർക്കും ലഭിച്ചിരുന്നതിനെയാണിതു സൂചിപ്പിക്കുന്നതു. അങ്ങേഅററം അപലപനീയമായ ഈ നന്ദികേടും ധിക്കാരവുമെല്ലാമുണ്ടായിട്ടും അല്ലാഹു പറയുന്നതു നോക്കുക: فإن يتوبوا يك خيرا لهم (എന്നാൽ, അവർ പശ്ചാത്തപിക്കുന്ന പക്ഷം, അതവർക്കു ഉത്തമമായിരിക്കും.) അല്ലാഹുവിന്റെ കാരുണ്യം എത്ര വിശാലം! ഇല്ലെങ്കിലോ? ഇഹത്തിലും പരത്തിലും വേദനയേറിയ കടുത്ത ശിക്ഷ തന്നെ. പരലോകത്ത് അവർക്കു ആരുടെയും സഹായമുണ്ടാകുകയില്ലെന്നു തീർച്ച തന്നെ. ഇവരെ സംബന്ധിച്ചിടത്തോളം, ഭൂമിയിലും തന്നെ ആരും അവരെ സഹായിക്കുവാനോ, രക്ഷപ്പെടുത്തുവാനോ ഉണ്ടായിരിക്കയില്ലെന്നു കൂടി അവരെ താക്കീതു ചെയ്യുന്നു (وإن يتولوا يعذبهم ــ الآية) അക്ഷരാർത്ഥത്തിൽ തന്നെ ഈ താക്കീതു ഫലത്തിൽ വരുകയും ചെയ്തിട്ടുണ്ട്. അവരും മുസ്ലിംകളും തമ്മിൽ സമ്പർക്കമില്ലാതായിത്തീർന്ന. അവർക്കു കൂട്ടുകെട്ടിനുണ്ടായിരുന്ന യഹൂദികൾ മദീനാ പരിസരങ്ങളിൽ നിന്ന തുടച്ചു നീക്കപ്പെട്ടു. മുശ്രിക്കുകൾ ഇസ്ലാമിൽ ലയിക്കുകയും ചെയ്തു. ഇവരുടെ ഗതികേടുകളെപ്പററി ചിലതെല്ലാം താഴെ വചനങ്ങളിൽ വ്യക്തിയും കാണാവുന്നതാണ്. إن شاء الله

75. അവരിലുണ്ട്, അല്ലാഹുവുമായി കരാർ [ഉടമ്പടി] നടത്തിയ ചിലരും: സത്യമായും, അവന്റെ അനുഗ്രഹത്തിൽ നിന്ന് അവൻ ഞങ്ങൾക്കു നൽകിയെങ്കിൽ, നിശ്ചയമായും, ഞങ്ങൾ ദാനധർമ്മം ചെയ്യുകയും, ഞങ്ങൾ സജ്ജനങ്ങളിൽ പെട്ടവരായിരിക്കുകയും തന്നെ ചെയ്യുമെന്നു.

٧٥ - وَمِنْهُم مَّنْ عَاهَدَ اللَّهَ لَئِنْ آتَانَا مِن فَضْلِهِ لَنَصَّدَّقَنَّ وَلَنَكُونَنَّ مِنَ الصَّالِحِينَ ۝

76. എന്നിട്ട്, അവൻ [അല്ലാഹു] തന്റെ അനുഗ്രഹത്തിൽ നിന്ന് അവർക്കു നൽകിയപ്പോൾ, അവർ അതിൽ ലുബ്ധ് കാണിക്കുകയും, അവഗണിച്ചവരായുംകൊണ്ട് അവർ തിരിഞ്ഞു കളയുകയും ചെയ്തു.

٧٦- فَلَمَّآ ءَاتَىٰهُم مِّن فَضْلِهِۦ بَخِلُوا۟ بِهِۦ وَتَوَلَّوا۟ وَّهُم مُّعْرِضُونَ ○

77. അതിനാൽ, അവനെ [അല്ലാഹുവിനെ] അവർ കണ്ടുമുട്ടുന്ന ദിവസം വരെക്കും അവരുടെ ഹൃദയങ്ങളിൽ അതു [ലുബ്ധ്] കാപട്യം ഉണ്ടാക്കിത്തീർത്തു; (അതെ) അവർ അല്ലാഹുവിനോട് വാഗ്ദത്തം ചെയ്തതിനെ അവർ ലംഘിച്ചതു നിമിത്തവും, അവർ വ്യാജം പറഞ്ഞിരുന്നതു നിമിത്തവും.

٧٧- فَأَعْقَبَهُمْ نِفَاقًا فِى قُلُوبِهِمْ إِلَىٰ يَوْمِ يَلْقَوْنَهُۥ بِمَآ أَخْلَفُوا۟ ٱللَّهَ مَا وَعَدُوهُ وَبِمَا كَانُوا۟ يَكْذِبُونَ ○

78. അവർക്കറിഞ്ഞുകൂടേ, അല്ലാഹു അവരുടെ രഹസ്യവും, അവരുടെ ഗൂഢമന്ത്രവും അറിയുമെന്നും, അല്ലാഹു അദൃശ്യകാര്യങ്ങളെ നല്ലവണ്ണം അറിയുന്നവനാണെന്നും?!

٧٨- أَلَمْ يَعْلَمُوٓا۟ أَنَّ ٱللَّهَ يَعْلَمُ سِرَّهُمْ وَنَجْوَىٰهُمْ وَأَنَّ ٱللَّهَ عَلَّٰمُ ٱلْغُيُوبِ ○

---

75. وَمِنْهُم അവരിലുണ്ടു, അവരിൽ പെട്ടതാണു مَنْ عَاهَدَ കരാർ ചെയ്ത ചിലർ, ഉടമ്പടി നടത്തിയവർ اللَّهَ അല്ലാഹുവുമായി, അല്ലാഹുവിനോടു لَئِنْ ءَاتَىٰنَا തീർച്ചയായും (സത്യമായും) അവൻ നമുക്കു തരുന്നപക്ഷം, നൽകുന്ന പക്ഷം مِن فَضْلِهِۦ അവന്റെ അനുഗ്രഹത്തിൽ(ദയവിൽ) നിന്ന് لَنَصَّدَّقَنَّ നിശ്ചയമായും നാം ധനധർമ്മം ചെയ്കതന്നെ ചെയ്യും وَلَنَكُونَنَّ നിശ്ചയമായും നാമായിരിക്കുകയും ചെയ്യും مِنَ ٱلصَّٰلِحِينَ സജ്ജനങ്ങളിൽ, സദ്‌വൃത്തരിൽ പെട്ട(വർ). 76. فَلَمَّآ ءَاتَىٰهُم എന്നിട്ടു അവൻ അവർക്കു നൽകിയപ്പോൾ مِّن فَضْلِهِۦ തന്റെ അനുഗ്രഹത്തിൽ നിന്ന (ദയവിനാൽ) بَخِلُوا۟ بِهِۦ അതിനാൽ (അതിനെപ്പറ്റി) അവർ ലുബ്ധ്(പിശുക്കു) കാണിച്ചു وَتَوَلَّوا۟ അവർ തിരിഞ്ഞു കളയുകയും ചെയ്തു وَّهُم അവരായിക്കൊണ്ടു مُّعْرِضُونَ തിരിഞ്ഞു പോകുന്ന (അവഗണിക്കുന്ന)വർ. 77. فَأَعْقَبَهُمْ അതിനാൽ അവൻ (അല്ലാഹു) കലാശിപ്പിച്ചു (പകരം നൽകി), അതു (ലുബ്ധ്) ഉണ്ടാക്കിത്തീർത്തു نِفَاقًا കപടം فِى قُلُوبِهِمْ അവരുടെ ഹൃദയങ്ങളിൽ إِلَىٰ يَوْمِ ദിവസം വരെ يَلْقَوْنَهُۥ അവർ അവനെ കണ്ടുമുട്ടും بِمَآ أَخْلَفُوا۟ അവർ എതിരുകാണിച്ച(ലംഘിച്ച)തു നിമിത്തം ٱللَّهَ അല്ലാഹുവിനോടു مَا وَعَدُوهُ അവർ അവനോടു വാഗ്ദാനം ചെയ്തതിനെ وَبِمَا كَانُوا۟ അവർ ആയിരുന്നതുകൊണ്ടും يَكْذِبُونَ അവർ വ്യാജം (കളവു) പറയുക. 78. أَلَمْ يَعْلَمُوٓا۟ അവർക്കറിഞ്ഞു കൂടേ, അവരറിഞ്ഞിട്ടില്ലേ أَنَّ ٱللَّهَ അല്ലാഹു (ആകുന്നു) എന്നു يَعْلَمُ അവൻ അറിയും (എന്നു) سِرَّهُمْ അവരുടെ രഹസ്യം, സ്വകാര്യം وَنَجْوَىٰهُمْ അവരുടെ ഗൂഢസംഭാഷണവും, മന്ത്രവും وَأَنَّ ٱللَّهَ അല്ലാഹു (ആകുന്നു) എന്നും عَلَّٰمُ വളരെ (നല്ലവണ്ണം) അറിയുന്നവൻ ٱلْغُيُوبِ അദൃശ്യകാര്യങ്ങളെ.

ഈ വചനങ്ങളിലെ പ്രസ്താവനകൾക്കു ആസ്പദമായ സംഭവവും ഏതാണെന്നു അല്ലാഹു വ്യക്തമാക്കിയിട്ടില്ല. ഇതിലെ ആരോപണങ്ങൾക്കും, വിവരണങ്ങൾക്കും ഉദാഹരണമായ ഒരു സംഭവം ഇബ്നു ജരീർ, ഇബ്നു അബീഹാതിം, ത്വബ്റാനീ (റ) മുതലായവർ ഉദ്ധരിച്ചിരിക്കുന്നു. അതിന്റെ ചുരുക്കം ഇപ്രകാരമാകുന്നു:

ഥഅ്ലബത്തുബ്നു ഹാത്വിബു (ثعلبة بن حاطب) എന്ന പേരായ ഒരു അൻസ്വാരി നബി (സ) യുടെ അടുക്കൽ വന്ന് തനിക്കു കുറേ ധനം നൽകുവാൻ അല്ലാഹുവിനോടു പ്രാർത്ഥിക്കണമെന്നപേക്ഷിച്ചു. ധനം കിട്ടിയാൽ വേണ്ടുന്ന വിഷയങ്ങളിലെല്ലാം താൻ അതു ചിലവഴിച്ചു കൊള്ളുമെന്നു അറിയിക്കുകയും ചെയ്തു. അൻപതായി,

കിട്ടിയതിൽ നന്ദി കാണിക്കുന്നതാണ് ഉത്തമമെന്നും, അധികമായി കിട്ടിയാൽ നന്ദികേടുണ്ടായിത്തീരുമെന്നും മറ്റും പറഞ്ഞ് അയാളെ നബി (സ) പലവട്ടം മടക്കി അയക്കുവാൻ ശ്രമിച്ചു. അയാൾ വീണ്ടും വീണ്ടും അപേക്ഷിക്കുകയായി. ഒടുക്കം, അദ്ദേഹത്തിനു ധനം നൽകണേ എന്നു നബി (സ) പ്രാർത്ഥിച്ചു. അങ്ങനെ, അയാൾ കുറച്ചു ആടുകളെ വാങ്ങി. അതു വേഗം വേഗം പെരുകിക്കൊണ്ടിരുന്നു. അൽപം കഴിഞ്ഞപ്പോഴേക്കും മദീനയിലുള്ള ഒരു ധനികന്റെ നിലയിലായിത്തീർന്നു. ക്രമേണ, ജമാഅത്തു നമസ്കാരത്തിനും, ജുമുഅ മുതലായതിനും സംബന്ധിക്കാതായി. (103-ാം വചനത്തിൽ കാണുന്ന പ്രകാരം) ജനങ്ങളിൽ നിന്നു സകാത്തു പിരിച്ചെടുക്കുവാനുള്ള കൽപന കിട്ടിയപ്പോൾ, നബി(സ) അയാളുടെ അടുക്കലേക്കു സകാത്തിന്റെ ശേഖരിക്കു വേണ്ടി ആളുകളെ അയച്ചു. അയാൾ, നന്ദികെട്ട ചില വാക്കുകൾ പറയുകയും, ഇതു ഒരുതരം കപ്പം—അഥവാ നികുതി—വസൂലാക്കലാണു എന്നും മറ്റും ആക്ഷേപിക്കുകയും ചെയ്തു. സകാത്തു നൽകാതെ അവരെ മടക്കി അയച്ചു. ഈ വചനങ്ങൾ അവതരിച്ചപ്പോൾ, അയാളുടെ അടുത്ത ബന്ധുക്കളിൽ ചിലർ അയാളെ വിവരമറിയിച്ചു. താൻ തെറ്റപ്പെട്ടുപോയെന്ന് കണ്ടപ്പോൾ, സകാത്തു കൊടുക്കുവാൻ അയാൾ തയ്യാറായെങ്കിലും, അതു സ്വീകരിക്കുന്നതിൽ നിന്നു അല്ലാഹു എന്നെ തടഞ്ഞിരിക്കുന്നുവെന്നു പറഞ്ഞു കൊണ്ടു നബി (സ) അതു സ്വീകരിച്ചില്ല. പിന്നീടു നബി(സ)യുടെ കാലശേഷം അബൂബക്കർ, ഉമർ, ഉസ്മാൻ (റ) എന്നിവരുടെ കാലങ്ങളിലും അയാൾ സകാത്തു നൽകുവാൻ തയ്യാറായപ്പോൾ, നബി (സ) സ്വീകരിക്കാത്തതു തങ്ങളും സ്വീകരിക്കുകയില്ലെന്നു പറഞ്ഞ് ഒഴിവാക്കുകയാണ് ചെയ്തത്. ഉസ്മാൻ (റ)ന്റെ കാലത്തു ഥഅ്ലബത്തു മരണമടയുകയും ചെയ്തു. ഇതാണീ സംഭവം. ഈ സംഭവം ചില കാരണങ്ങളാൽ വിശ്വാസയോഗ്യമാണെന്നു ഉറപ്പിച്ചു കൂടാത്തതാണ്.

ഈ വചനങ്ങളിലെ പരാമർശം പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ടതായിരുന്നാലും, അല്ലെങ്കിലും, ഇത്തരത്തിലുള്ള എല്ലാവർക്കും ബാധകമാണ് അവയിലെ താക്കീതുകൾ എന്നുള്ളതിൽ സംശയമില്ല. നബി (സ) യുടെ കാലംതൊട്ടു ഇന്നുവരെയും ഇത്തരക്കാർ ധാരാളം ഉണ്ടുതാനും. കാലം കഴിയുംതോറും എണ്ണത്തിൽ വർദ്ധനവല്ലാതെ ഇല്ല. ഐശ്വര്യവും, സുഖസൗകര്യങ്ങളും ലഭിച്ചാൽ 'അങ്ങിനെ ചെയ്യും, ഇങ്ങിനെ ചെയ്യും' എന്നൊക്കെ കരുതുകയും പറയുകയും ചെയ്യുക. അതിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുക. ഉദ്ദിഷ്ട കാര്യം സാധിച്ചു കിട്ടിയാൽ അതെല്ലാം മറന്നു കളയുകയും, സ്വേച്ഛകൾക്കു അടിമപ്പെടുകയും ചെയ്യുക. വാസ്തവത്തിൽ, കപടവിശ്വാസികളുടെ ലക്ഷണങ്ങളായി നബി (സ) എണ്ണിയിട്ടുള്ള മൂന്നു കാര്യങ്ങളും—വർത്തമാനത്തിൽ കളവു പറയലും, വാഗ്ദത്തം ലംഘിക്കലും, വിശ്വാസവഞ്ചന ചെയ്യലും എന്നീ മൂന്നു ദുർഗ്ഗുണങ്ങളും—ഉൾക്കൊള്ളുന്ന ഒരു ദുസ്വഭാവമാണിത്. ഇപ്പറഞ്ഞതിൽ നിന്നു 'അവർ അല്ലാഹുവിനോടു ചെയ്ത വാഗ്ദത്തം ലംഘിച്ചതുകൊണ്ടും, അവർ വ്യാജം പറഞ്ഞിരുന്നതുകൊണ്ടും അവർ അല്ലാഹുവുമായി കണ്ടുമുട്ടുന്ന ദിവസം വരെക്കും—അഥവാ അവരുടെ മരണം വരെ—അവരിൽ കാപട്യം വരുത്തിത്തീർത്തു'വെന്നു 77-ാം വചനത്തിൽ അല്ലാഹു പറഞ്ഞതിന്റെ താൽപര്യം മനസ്സിലാക്കാമല്ലോ. അല്ലാഹു നമ്മെയെല്ലാം കാപട്യത്തിന്റെ കറ ബാധിക്കാത്ത നിഷ്കളങ്കരായ അടിയാൻമാരിൽ ഉൾപ്പെടുത്തട്ടെ. ആമീൻ.

٧٩- ٱلَّذِينَ يَلْمِزُونَ ٱلْمُطَّوِّعِينَ مِنَ ٱلْمُؤْمِنِينَ فِى ٱلصَّدَقَٰتِ وَٱلَّذِينَ لَا يَجِدُونَ إِلَّا جُهْدَهُمْ فَيَسْخَرُونَ مِنْهُمْ سَخِرَ ٱللَّهُ مِنْهُمْ وَلَهُمْ عَذَابٌ أَلِيمٌ ۝

79. യാതൊരു കൂട്ടരത്രെ (അവർ): ദാനധർമ്മങ്ങളുടെ കാര്യത്തിൽ, സത്യവിശ്വാസികളിൽനിന്നും സ്വമേധയാ (പുണ്യം) ചെയ്യുന്നവരെയും, തങ്ങളുടെ അദ്ധ്വാനം [അദ്ധ്വാനിച്ചു കിട്ടിയതു] അല്ലാതെ ലഭിക്കാത്തവരെയും അവർ കുറവാക്കുന്നു; അങ്ങനെ, അവർ അവരെക്കുറിച്ചു പരിഹസിക്കുന്നു.

അവരെക്കുറിച്ച് അല്ലാഹു പരിഹസിച്ചിരിക്കയാണ്; അവർക്കു വേദനയേറിയ ശിക്ഷയുമുണ്ട്.

---

79. الذين യാതൊരു കൂട്ടർ يلمزون കുറവാക്കുന്ന, അവർ കുറ്റപ്പെടുത്തുന്നു المطوعين സ്വമേധയാ ചെയ്യുന്നവരെ, പുണ്യം ചെയ്യുന്നവരെ من المؤمنين സത്യവിശ്വാസികളിൽ നിന്നു في الصدقات ദാന ധർമ്മങ്ങളിൽ (ധർമ്മങ്ങളുടെ കാര്യത്തിൽ) والذين യാതൊരു കൂട്ടരെയും لا يجدون അവർക്കു ലഭിക്കയില്ല, അവർ കണ്ടെത്തുന്നില്ല إلا جهدهم അവരുടെ അദ്ധ്വാനം (അദ്ധ്വാനിച്ചു കിട്ടിയതു) അല്ലാതെ, ഞെരുക്കം (ഞെരുങ്ങി സാധിച്ചതു) ഒഴികെ فيسخرون അങ്ങനെ അവർ പരിഹസിക്കും, പരിഹസിക്കുന്നു منهم അവരെക്കുറിച്ചു سخر الله അല്ലാഹു പരിഹസിച്ചിരിക്കുന്നു منهم അവരെക്കുറിച്ചു ولهم അവർക്കു ഉണ്ടുതാനും عذاب ശിക്ഷ أليم വേദനയേറിയ.

79-ാം വചനത്തിൽ കണ്ടതുപോലെ, നബി (സ) ധർമ്മസ്വത്തുക്കൾ ശേഖരിച്ചു കൊടുത്തതിൽ നീതിപാലിക്കു ന്നില്ലെന്നു പറഞ്ഞു തിരുമേനിയുടെ പേരിൽ കുററവും കുറവും ആരോപിച്ച ആ കപടന്മാരുടെയും മറ്റുള്ളവരുടെ [illegible] അല്ലാഹുവിന്റെ മാർഗ്ഗത്തിലേക്കു സംഭാവന നൽകുവാൻ വേണ്ടി നബി (സ) സത്യവിശ്വാസികളെ ഉപദേശിച്ചപ്പോൾ, ഉമർ, ഉസ്മാൻ, അബ്ദുർറഹ്മാനുബ്നു ഔഫ് (റ) മുതലായ പല സഹാബികളും വലിയ വലിയ തുകകൾ സംഭാവന നൽകുകയുണ്ടായി. നിർബ്ബന്ധത്തിനോ, പരപ്രേരണക്കോ വഴങ്ങിയായിരു ന്നില്ല—അല്ലാഹുവിന്റെ പ്രീതിയും പ്രതിഫലവും മാത്രം ഉദ്ദേശിച്ചായിരുന്നു—അതെല്ലാം. പക്ഷേ, അതൊക്കെ, ജനങ്ങളെ കാണിക്കുവാനും, കീർത്തി നേടുവാനുമാണെന്ന് കപടവിശ്വാസികൾ പറഞ്ഞുകൊണ്ടിരുന്നു. ചിലർക്ക് വലിയ സംഖ്യകൾ നൽകുവാൻ ആഗ്രഹമുണ്ടായിരുന്നുവെങ്കിലും അതിനു കഴിവുണ്ടായിരുന്നില്ല. അദ്ധ്വാ നിച്ചും കൂലിപ്പണിയെടുത്തും തങ്ങളുടെ കഴിവിന്റെ പരമാവധി അവരും സംഭാവനകൾ നൽകിക്കൊണ്ടിരുന്നു. ഇതു കേവലം ചെറിയതുകയായിരിക്കുമല്ലോ. ഇവരെപ്പററി, അവർക്ക [illegible], അല്ലാഹുവിനും റസൂലിനും ഇതിന്റെ ആവശ്യമില്ലെന്നുമൊക്കെ പറഞ്ഞു പരിഹസിക്കുകയും ചെയ്യും. ഇതിനെപ്പററിയാണു ഈ വചനത്തിൽ പറയുന്നത്.

അബൂമസ്ഊദിൽ ബദ്‌രീ (റ) പറയുകയാണു: സദഖയെ (ധർമ്മത്തെ) സംബന്ധിച്ചു ആയത്തു അവതരി ച്ചപ്പോൾ, ഞങ്ങൾ ഞങ്ങളുടെ പുറത്തു (കൂലിക്ക) ചുമടേററിക്കൊണ്ടിരുന്നു. അങ്ങനെ, ഒരാൾ വന്നു വലി യൊരു സംഖ്യ ധർമ്മം ചെയ്തു. അപ്പോൾ അവർ (കപടവിശ്വാസികൾ) പറഞ്ഞു: ഇയാൾ ആളെ കാണിക്കുവാൻ വേണ്ടി ചെയ്തതാണെന്ന്. വേറൊരാൾ ഒരു 'സ്വാഉ്' (*) കൊണ്ടുവന്നു. അപ്പോൾ അവർ പറഞ്ഞു: നിശ്ചയ മായും, അല്ലാഹു ഇയാളുടെ സ്വാഇന് ആവശ്യമില്ലാത്തവനാണു എന്ന്. ഈ സന്ദർഭത്തിൽ الذين يلمزون ...... എന്നുള്ള (ഈ) വചനം അവതരിച്ചു. (ബു; മു)

80. (നബിയേ) അവർക്കുവേണ്ടി നീ പാപമോചന തേടിക്കൊള്ളുക, അല്ലെങ്കിൽ അവർക്കു പാപമോചനം തേടാ തിരിക്കുക: അവർക്കുവേണ്ടി നീ എഴുപതു പ്രാവശ്യം പാപമോചനം തേടിയാലും അല്ലാഹു അവർക്കു പൊറുത്തു കൊടുക്കുകയില്ലതന്നെ.

അതു, അല്ലാഹുവിലും, അവന്റെ റസൂലിലും അവർ അവിശ്വസിച്ചിരിക്കുന്നതുകൊണ്ടാണ്. അല്ലാഹുവാകട്ടെ, തോന്നിയ വാസികളായ ജനങ്ങളെ നേർമാർഗ്ഗത്തിലാക്കുക യില്ല.

٨٠- اسْتَغْفِرْ لَهُمْ أَوْ لَا تَسْتَغْفِرْ لَهُمْ
إِن تَسْتَغْفِرْ لَهُمْ سَبْعِينَ مَرَّةً
فَلَن يَغْفِرَ اللَّهُ لَهُمْ
ذَٰلِكَ بِأَنَّهُمْ كَفَرُوا بِاللَّهِ وَرَسُولِهِ
وَاللَّهُ لَا يَهْدِي الْقَوْمَ الْفَاسِقِينَ ۞

---

80. استغفر നീ പാപമോചനം തേടുക لهم അവർക്കുവേണ്ടി أو لا تستغفر അല്ലെങ്കിൽ നീ പാപമോ ചനം തേടാതിരിക്കുക لهم അവർക്കുവേണ്ടി إن تستغفر നീ പാപമോചനം തേടിയെങ്കിൽ (തേടിയാലും) لهم അവർക്കുവേണ്ടി سبعين എഴുപതു مرة പ്രാവശ്യം فلن يغفر എന്നാൽ പൊറുക്കുകയില്ല തന്നെ الله അല്ലാഹു لهم അവർക്കു ذلك അതു (കാരണം) بأنهم അവർ (ആകുന്നു) എന്നതുകൊണ്ടാണു كفروا അവർ അവിശ്വസിച്ചിരിക്കുന്നു (എന്നതു) بالله അല്ലാഹുവിൽ ورسوله അവന്റെ റസൂലിലും والله അല്ലാഹുവാകട്ടെ لا يهدي അവൻ നേർമാർഗ്ഗത്തിലാക്കുകയില്ല القوم ജനങ്ങളെ الفاسقين തോന്നിയവാസി കളായ, ദുർന്നടപ്പുകാരായ

കപടവിശ്വാസികളുടെ സ്വഭാവങ്ങളും ചെയ്തികളും വളരെയധികം അല്ലാഹു എടുത്തുകാണിച്ചുവല്ലോ. അത്തരക്കാരായുള്ള അവർക്കു അല്ലാഹു ഒരിക്കലും പൊറുത്തു കൊടുക്കുകയില്ലെന്നും അതിനുള്ള കാരണം ഇന്നതാണെന്നും അല്ലാഹു അറിയിക്കുന്നു. അവരുടെ പാപമോചനത്തിനു വേണ്ടി നബി (സ) പ്രാർത്ഥിച്ചിട്ടു കാര്യമില്ല പ്രാർത്ഥി

(*) നാലു 'മുദ്ദു' ചേർന്ന അളവത്രെ 'സ്വാഉ്' (صاع) രണ്ടു കൈയും കൂട്ടി വാരിയാൽ കിട്ടുന്ന ഒരു അളവാണ് മുദ്ദു എന്നു പറയും.

ച്ചാലും ഇല്ലെങ്കിലും അല്ലാഹു അവർക്കു പൊറുക്കുവാൻ പോകുന്നില്ല. കാരണം, അവർ യഥാർത്ഥത്തിൽ അവിശ്വാസികളാകുന്നു. അവിശ്വാസികളുടെ പാപം പൊറുത്തു കൊടുത്തു അവരെ സൻമാർഗ്ഗികളാക്കിത്തീർക്കുകയെന്നുള്ളതു അല്ലാഹുവിൻെറ നിയമചട്ടത്തിനു നിരക്കാത്തതാകുന്നു. إن الله لا يغفر أن يشرك به .... (നിശ്ചയമായും, അല്ലാഹുവിനോടു പങ്കു ചേർക്കപ്പെടുന്നതിനെ അവൻ പൊറുക്കുകയില്ല. അതിന്നിപ്പുറമുള്ളതു അവൻ ഉദ്ദേശിക്കുന്നവർക്കു അവൻ പൊറുത്തു കൊടുക്കുന്നതുമാണ്.) എന്നു സൂ: നിസാഉ്: 48ലും 116ലും അവൻ ആവർത്തിച്ചു പറഞ്ഞിട്ടുള്ളതാണ്.

سبعين مرة (എഴുപതു പ്രാവശ്യം) എന്നു പറഞ്ഞതു ആ എണ്ണത്തെ കൃത്യമായി ഉദ്ദേശിച്ചു കൊണ്ടല്ല. അധികം പ്രാവശ്യം എന്ന ഉദ്ദേശ്യത്തിലാകുന്നു. മലയാളത്തിൽ നാം, ആധിക്യത്തെ ഉദ്ദേശിച്ചു 'നൂറും, ആയിരവും' എന്നൊക്കെ പറയുന്നതുപോലെ, അറബി ഭാഷയിൽ 'എഴുപതും, എഴുനൂറു'മൊക്കെ ഉപയോഗിക്കുക സാധാരണമാകുന്നു.

വിഭാഗം-11

٨١- فَرِحَ الْمُخَلَّفُونَ بِمَقْعَدِهِمْ خِلَافَ رَسُولِ اللَّهِ وَكَرِهُوا أَنْ يُجَاهِدُوا بِأَمْوَالِهِمْ وَأَنْفُسِهِمْ فِي سَبِيلِ اللَّهِ وَقَالُوا لَا تَنْفِرُوا فِي الْحَرِّ ۗ قُلْ نَارُ جَهَنَّمَ أَشَدُّ حَرًّا ۚ لَوْ كَانُوا يَفْقَهُونَ ○

81. പിന്നോക്കം നിറുത്തപ്പെട്ടവർ [യുദ്ധയാത്രയിൽ പോകാതെ പിന്തി നിന്നവർ] അല്ലാഹുവിൻെറ റസൂലിനെതിരായുള്ള അവരുടെ ഇരുപ്പിൽ സന്തോഷം പൂണ്ടിരിക്കുന്നു. തങ്ങളുടെ ധനംകൊണ്ടും, ദേഹങ്ങൾ കൊണ്ടും അല്ലാഹുവിൻെറ മാർഗ്ഗത്തിൽ സമരം നടത്തുന്നതിനെ അവർ വെറുക്കുകയും ചെയ്തിരിക്കുന്നു; 'നിങ്ങൾ (ഈ) ഉഷ്ണത്തിൽ (യുദ്ധത്തിനു) പുറപ്പെട്ടു പോകേണ്ട' എന്നു അവർ പറയുകയും ചെയ്തു.

പറയുക: 'ജഹന്നമിൻെറ [നരകത്തിൻെറ] അഗ്നി കൂടുതൽ ഉഷ്ണം കഠിനമായതാണ്.' അവർ (കാര്യം) ഗ്രഹിക്കുമായിരുന്നെങ്കിൽ!

٨٢- فَلْيَضْحَكُوا قَلِيلًا وَلْيَبْكُوا كَثِيرًا جَزَاءً بِمَا كَانُوا يَكْسِبُونَ ○

82. അതിനാൽ, അവർ അല്പം ചിരിച്ചുകൊള്ളട്ടെ. അധികം കരയുകയും ചെയ്തുകൊള്ളട്ടെ. അവർ പ്രവർത്തിച്ചു കൊണ്ടിരുന്നതിനു പ്രതിഫലമായിട്ടു!

---

81. فرح സന്തോഷംകൊണ്ടു, ആഹ്ലാദിച്ചു المخلفون പിന്നോക്കം നിറുത്തപ്പെട്ടവർ(പിന്തിനിന്നവർ) بمقعدهم അവരുടെ ഇരുപ്പുകൊണ്ടു, ഇരുപ്പിടത്തിൽ خلاف എതിരിൽ رسول الله അല്ലാഹുവിൻെറ റസൂലിൻെറ وكرهوا അവർ വെറുക്കുകയും ചെയ്തു أن يجاهدوا അവർ സമരം ചെയ്യുന്നതിനെ بأموالهم അവരുടെ സ്വത്തുക്കളെ(ധനം) കൊണ്ടു وأنفسهم അവരുടെ സ്വന്തങ്ങൾ(ദേഹങ്ങൾ) കൊണ്ടും في سبيل الله അല്ലാഹുവിൻെറ മാർഗ്ഗത്തിൽ وقالوا അവർ പറയുകയും ചെയ്തു لا تنفروا നിങ്ങൾ (യുദ്ധത്തിന്നു) പുറപ്പെട്ടു പോകരുത് في الحر ഉഷ്ണത്തിൽ, ചൂടിൽ قل പറയുക نار جهنم ജഹന്നമിൻെറ അഗ്നി (തീ) أشد ഏററം കഠിനമായതു حرا ചൂടു, ഉഷ്ണം لو كانوا അവരായിരുന്നെങ്കിൽ يفقهون (കാര്യം) ഗ്രഹിക്കും. 82. فليضحكوا അതിനാൽ അവർ ചിരിച്ചു കൊള്ളട്ടെ قليلا കുറച്ചു, അൽപം وليبكوا അവർ കരയുകയും ചെയ്യട്ടെ كثيرا വളരെ, അധികം جزاء പ്രതിഫലമായിട്ടു بما كانوا അവർ ആയിരുന്നതിനു يكسبون അവർ തൊഴിലാക്കുക(സമ്പാദിക്കുക–പ്രവർത്തിക്കുക–ചെയ്തു വെക്കുക)

ഉഷ്ണം ശക്തമായിരുന്ന അക്കാലത്തു തബൂക്കിലേക്കുള്ള യാത്രയുടെ വിഷമങ്ങളും മറ്റും പറഞ്ഞു റസൂൽ (സ) തിരുമേനിക്കെതിരിൽ പ്രചാര വേല നടത്തുകയും, ചില ഉപായങ്ങളുടെ പേരിൽ യാത്രയിൽ നിന്നൊഴിവായി പിന്തിനിൽക്കുകയും ചെയ്ത കപടവിശ്വാസികൾ, തങ്ങൾ ഒഴിവായതിൽ ആഹ്ലാദം കൊള്ളുകയാണു. ഈ ആഹ്ലാദം നൈമിഷികമാണു. തീരാത്ത വ്യസനവും കഠിനമായ ശിക്ഷയുമാണവർക്ക ലഭിക്കുവാൻ പോകുന്നത്. ഉഷ്ണത്തിൻെറ കാര്യമാണല്ലോ അവർ പൊക്കിപ്പിടിച്ചിരുന്നത്. എന്നാൽ, അവർക്ക അനുഭവിക്കാനിരിക്കുന്ന നരകാഗ്നിയുടെ ഉഷ്ണം അതിനേക്കാൾ എത്രയോ കഠിനതരമാണെന്നു അവർ ഓർത്തിരിക്കട്ടെ. അവരുടെ സന്തോഷവും ചിരിയുമൊക്കെ ഒന്നു കുറച്ചു പകരം അധികമായി കരയുകയും വ്യസനിക്കുകയുമാണവർ ചെയ്യേണ്ടത്. അവരുടെ സ്വന്തം ചെയ്തികൾ തന്നെയാണു അതിനു കാരണവും ഫലവും. ഇഹലോകത്തുള്ള അഗ്നിയെക്കാൾ എഴുപതു മടങ്ങു ഉഷ്ണമേറിയതാണ് നരകാഗ്നിയെന്ന നബി (സ) പറഞ്ഞതായി പ്രബലമായ പല ഹദീസുകളിലും വന്നിട്ടുള്ളതു സ്മരണീയമാകുന്നു.

83. (നബിയേ) ഇനി അവരിൽപെട്ട വല്ല വിഭാഗത്തിൻെറ അടുക്കലേക്കും നിന്നെ അല്ലാഹു മട(ക്കി വരു)ത്തുന്ന പക്ഷം, എന്നിട്ടു (വല്ല പടയെടുപ്പിലും) പുറപ്പെടുവാൻ അവർ നിന്നോടു സമ്മതം തേടുകയും ചെയ്തു (വെങ്കിൽ), എന്നാൽ നീ പറയുക: 'നിങ്ങൾ ഒരിക്കലും എൻെറ കൂടെ പുറപ്പെട്ടു പോരുകയില്ല തന്നെ; എൻെറ കൂടെ നിങ്ങൾ ഒരു ശത്രുവോടും യുദ്ധം ചെയ്യുകയുമില്ല തന്നെ. നിങ്ങൾ ആദ്യത്തെ പ്രാവശ്യം (പോരാതെ) ഇരിക്കുന്നതിനു തൃപ്തിപ്പെടുകയാണു ചെയ്തത്. ആകയാൽ, പിന്തി നിൽക്കുന്നവരോടൊപ്പം നിങ്ങൾ ഇരുന്നു കൊള്ളുവിൻ.'

فَإِن رَّجَعَكَ اللَّهُ إِلَىٰ طَائِفَةٍ مِّنْهُمْ
فَاسْتَأْذَنُوكَ لِلْخُرُوجِ
فَقُل لَّن تَخْرُجُوا مَعِيَ أَبَدًا
وَلَن تُقَاتِلُوا مَعِيَ عَدُوًّا ۖ
إِنَّكُمْ رَضِيتُم بِالْقُعُودِ أَوَّلَ مَرَّةٍ
فَاقْعُدُوا مَعَ الْخَالِفِينَ ۝ ٨٣

---

83. فَإِن رَّجَعَكَ ഇനി നിന്നെ മടക്കിയെങ്കിൽ, മടക്കുന്ന പക്ഷം اللَّهُ അല്ലാഹു إِلَىٰ طَائِفَةٍ ഒരു വിഭാഗത്തിലേക്കും, വല്ല കൂട്ടരിലേക്കും مِّنْهُمْ അവരിൽപെട്ട فَاسْتَأْذَنُوكَ എന്നിട്ടവർ നിന്നോടു സമ്മതം തേടി (യെങ്കിൽ) فَقُلْ എന്നാൽ (അപ്പോൾ) പറയുക لَّن تَخْرُجُوا നിങ്ങൾ പുറപ്പെട്ടു പോരുകയില്ല തന്നെ مَعِيَ എന്നോടൊപ്പം أَبَدًا ഒരിക്കലും, എക്കാലവും وَلَن تُقَاتِلُوا നിങ്ങൾ യുദ്ധം ചെയ്യുകയുമില്ല തന്നെ مَعِيَ എന്നോടൊപ്പം, عَدُوًّا ഒരു ശത്രുവോടും إِنَّكُمْ رَضِيتُم നിശ്ചയമായും നിങ്ങൾ തൃപ്തിപ്പെട്ടു بِالْقُعُودِ ഇരുത്തത്തിന്നു أَوَّلَ مَرَّةٍ ആദ്യത്തെ (ഒന്നാം) പ്രാവശ്യം فَاقْعُدُوا അതിനാൽ നിങ്ങൾ ഇരുന്നുകൊള്ളുക مَعَ الْخَالِفِينَ പിന്തിയവരോടുകൂടി.

തബൂക്കിൽ നിന്നു നബി (സ) മദീനയിൽ മടങ്ങി എത്തിയ ശേഷം, പിന്നീടുണ്ടാകുന്ന വല്ല പടയെടുപ്പു യാത്രയിലും പങ്കെടുക്കുവാൻ അവർ—തബൂക്കിലേക്കു പോകാതെ മാറിനിന്ന കപടവിശ്വാസികൾ—അനുവാദം ചോദിച്ചാൽ അവരെ അതിന്നനുവദിക്കരുതെന്ന അല്ലാഹു നബി (സ)യോടു കല്പിക്കുന്നു. സത്യവിശ്വാസികളിൽനിന്നു അവരെവേർതിരിച്ചു കാട്ടി അപമാനിക്കുക മാത്രമല്ല ഇതിലടങ്ങിയ തത്വം. അവർ കൂട്ടത്തിൽ പങ്കെടുക്കുന്ന പക്ഷം, കുത്തിത്തിരിപ്പുകളുണ്ടാക്കി നബി (സ)ക്കും, മുസ്‌ലിംകൾക്കും ദ്രോഹമുണ്ടാക്കുവാനും അവർ ശ്രമിക്കുമല്ലോ. തബൂക്കിലേക്കുള്ള പടയെടുപ്പിൽ പങ്കെടുക്കുവാൻ നിങ്ങളെ ക്ഷണിച്ചപ്പോൾ, അതിനു കൂട്ടാക്കാതെ ഒഴിഞ്ഞുമാറുകയാണു നിങ്ങൾ ചെയ്തതു. അപ്പോഴായിരുന്നു നിങ്ങൾ പോരേണ്ടിയിരുന്ന ആവശ്യം കൂടുതലുണ്ടായിരുന്നത്. അതുകൊണ്ടു മേലിൽ ഒരിക്കലും നിങ്ങൾ എൻെറ കൂടെ യാത്രകളിൽ പങ്കെടുക്കുകയോ, ശത്രുക്കളുമായി യുദ്ധം നടത്തുകയോ ചെയ്യുകയില്ല. അഥവാ, അതിനു നിങ്ങളെ അനുവദിക്കുകയില്ല. സൈന്യ നടപടികളിൽ പങ്കെടുക്കാത്തവരായ സ്ത്രീകൾ, കുട്ടികൾ, വൃദ്ധന്മാർ മുതലായവരുടെ കൂട്ടത്തിൽ നിങ്ങളും നാട്ടിൽ തന്നെ കുത്തിയിരുന്നുകൊള്ളുക, അങ്ങിനെയാണല്ലോ നിങ്ങൾ ആദ്യം ചെയ്തതു. മേലിലും അങ്ങിനെത്തന്നെ മതി. ഇപ്രകാരം അവരോടു പറയുവാൻ നബി (സ)യോടു അല്ലാഹു കല്പിക്കുകയും ചെയ്യുന്നു.

84. (നബിയേ) അവരില്‍നിന്ന മരണപ്പെട്ടതായ ഒരാളുടെ പേരിലും നീ നമസ്കരിക്കുകയും ചെയ്യരുത്; അവന്റെ ഖബ്റിങ്കല്‍ നില്‍ക്കുകയും ചെയ്യരുത്.

(കാരണം) നിശ്ചയമായും അവര്‍ അല്ലാഹുവിലും അവന്റെ റസൂലിലും അവിശ്വസിച്ചിരിക്കുന്നു; അവര്‍ തോന്നിയവാസികളായുംകൊണ്ടു മരണപ്പെടുകയും ചെയ്തിരിക്കുന്നു.

٨٤- وَلَا تُصَلِّ عَلَىٰٓ أَحَدٍ مِّنْهُم مَّاتَ أَبَدًا وَلَا تَقُمْ عَلَىٰ قَبْرِهِۦٓ ۖ

إِنَّهُمْ كَفَرُوا۟ بِٱللَّهِ وَرَسُولِهِۦ وَمَاتُوا۟ وَهُمْ فَـٰسِقُونَ ○

---

84. ولا تصل നീ നമസ്കരിക്കുകയും ചെയ്യരുത് على أحد ഒരാളുടെ മേലും منهم അവരില്‍ നിന്നു مات മരണപ്പെട്ട أبدا ഒരിക്കലും ولا تقم നീ നില്‍ക്കുകയും അരുത് على قبره അവന്റെ ഖബറുങ്കല്‍ إنهم നിശ്ചയമായും അവര്‍ كفروا അവിശ്വസിച്ചിരിക്കുന്നു بالله അല്ലാഹുവില്‍ ورسوله അവന്റെ റസൂലിലും وماتوا അവര്‍ മരണപ്പെടുകയും ചെയ്തിരിക്കുന്നു وهم അവരാകട്ടെ, അവരായിരിക്കെ فاسقون തോന്നിയവാസികള്‍

കപടവിശ്വാസികള്‍ക്കുവേണ്ടി പാപമോചനം തേടിയിട്ടു കാര്യമില്ല, അല്ലാഹു അവര്‍ക്കു പൊറുത്തുകൊടുക്കുകയില്ല. അവരെ മേലില്‍ യുദ്ധ യാത്രകളില്‍ പങ്കെടുക്കാന്‍ അനുവദിച്ചുകൂടാ എന്നൊക്കെ മുമ്പു കല്‍പിച്ചു. അവര്‍ മരണപ്പെട്ടാല്‍പോലും അവരെ മുസ്ലിംകളില്‍ നിന്നു വേര്‍പ്പെടുത്തണമെന്നു ഈ വചനത്തില്‍ കല്‍പിക്കുന്നു. മുസ്ലിംകള്‍ മരണപ്പെട്ടാല്‍ ജനാസ നമസ്കാരം നടത്താറുണ്ടല്ലോ. മരണപ്പെട്ട ആളുടെ പാപമോചനത്തിനും, അയാള്‍ക്കു അല്ലാഹുവിന്റെ കാരുണ്യത്തിനും വേണ്ടിയുള്ള പ്രാര്‍ത്ഥനയാണത്. ഇവര്‍ പുറമെ മുസ്ലിംകളായി അഭിനയിക്കുന്നുവെങ്കിലും യഥാര്‍ത്ഥത്തില്‍ അവിശ്വാസികളാണ്. അവിശ്വാസത്തില്‍ നിന്നു പശ്ചാത്തപിച്ചു മടങ്ങാതെയാണവര്‍ മരണമടയുന്നതും. അതുകൊണ്ടാണു അവരുടെ പേരില്‍ നമസ്കാരം നടത്തുകയും, അവരുടെ ഖബ്റുകളുടെ അടുക്കല്‍ നില്‍ക്കുകയും ചെയ്യരുതെന്നു കല്‍പിക്കുന്നതെന്നുകൂടി അല്ലാഹു വ്യക്തമാക്കിയിരിക്കുന്നു.

'നമസ്കാരം' കൊണ്ടു ഇവിടെ ഉദ്ദേശ്യം ജനാസ നമസ്കാരമാണെന്നു വ്യക്തമാണ്. 'ഖബറിങ്കല്‍ നില്‍ക്കുക' എന്നതിന്റെ വിവക്ഷ രണ്ടു പ്രകാരത്തിലായിരിക്കാവുന്നതാണ്. (1) ജനാസയുടെകൂടെ പോകുകയും, മറമാടുന്നതുവരെയുള്ള കാര്യങ്ങളില്‍ പങ്കെടുക്കുകയും ചെയ്യുക. (2) മറമാടിയശേഷം, മരണപ്പെട്ട ആള്‍ക്കു വേണ്ടി താഴെ കാണുന്ന പ്രകാരം ഖബ്റിങ്കല്‍ വെച്ചു പ്രാര്‍ത്ഥന നടത്തുക. ഒരു പക്ഷെ, രണ്ടും ഉദ്ദേശിക്കപ്പെട്ടിരിക്കുവാനും ഇടയുണ്ട്. അല്ലാഹുവിനറിയാം. ഉസ്മാന്‍ (റ) പ്രസ്താവിച്ചതായി ഇപ്രകാരം വന്നിരിക്കുന്നു: മയ്യിത്ത് (മരണപ്പെട്ട ആള്‍) മറമാടപ്പെട്ടു കഴിഞ്ഞാല്‍ നബി (സ) അതിന്റെ അടുക്കല്‍ നില്‍ക്കുകയും, എന്നിട്ടു ഇപ്രകാരം പറയുകയും ചെയ്യും: നിങ്ങളുടെ സഹോദരനു വേണ്ടി നിങ്ങള്‍ പാപമോചനം തേടുകയും, അവനു വേണ്ടി 'തഥ്ബീത്തി'നെ ചോദിക്കുകയും ചെയ്യുവിന്‍. കാരണം, അവന്‍ ഇപ്പോള്‍ ചോദ്യം ചെയ്യപ്പെടുന്നതാണ്. (അ; ദാ; ബസ്സാര്‍.) മരണപ്പെട്ട ആളോടു ഖബ്റില്‍ വെച്ചു മലക്കുകള്‍ ചോദ്യം ചെയ്യുമെന്നു പല ഹദീസുകളിലും സ്ഥാപിതമായതാകുന്നു. * ആ ചോദ്യവേളയിലും മറ്റും പതറിപ്പോകാതെ ശരിയായ മറുപടി നല്‍കുവാനുള്ള സ്ഥൈര്യവും ഉറപ്പും അദ്ദേഹത്തിനു നല്‍കുവാന്‍വേണ്ടിയുള്ള പ്രാര്‍ത്ഥനക്കാണ് 'തഥ്ബീത്ത്' (تثبيت) നെ ചോദിക്കുക എന്നു പറഞ്ഞതുകൊണ്ടു വിവക്ഷ. (കൂടുതല്‍ വിവരം സൂ: ഇബ്രാഹീം, 27-ാം വചനത്തിന്റെ വ്യാഖ്യാനത്തില്‍ വരുന്നതാണ്. ان شاء الله)

ഈ ആയത്തു അവതരിച്ചതിനു ശേഷം കപടവിശ്വാസികളുടെ പേരില്‍ നബി (സ) ജനാസ നമസ്കരിക്കുകയുണ്ടായിട്ടില്ല. ഒരു വ്യക്തി കപടവിശ്വാസിയാണെന്നു തീരുമാനിക്കുവാന്‍ വഹ്‌യു മുഖാന്തരമോ, അല്ലെങ്കില്‍– സൂ: മുഹമ്മദ് 30-ാം വചനത്തില്‍ പറയുന്നതുപോലെ–അവരില്‍ കാണാവുന്ന ചില പ്രത്യേക ലക്ഷണങ്ങള്‍ മുഖേ

---

* വിശദ വിവരത്തിനു ഖബ്റിലെ സ്ഥിതിഗതികളെസ്സംബന്ധിച്ചു സൂ: യാസീനിനുശേഷം കൊടുത്തിട്ടുള്ള വ്യാഖ്യാനക്കുറിപ്പു നോക്കുക.

നയോ നബി (സ) ക്കു മനസ്സിലാക്കുവാൻ കഴിഞ്ഞേക്കും. എന്നാൽ, നബി (സ) യുടെ ശേഷം, നബി (സ)യിൽ നിന്നു വ്യക്തമായ വല്ല അറിവും നേരത്തെ കിട്ടിയിട്ടുണ്ടെങ്കിൽ മാത്രമെ സഹാബികൾക്കുപോലും ഇന്ന ആൾ കപട വിശ്വാസിയാണെന്നു തീരുമാനിച്ച് നമസ്കാരം നടത്താതിരിക്കുവാൻ സാദ്ധ്യമാകുകയുള്ളൂ. തബൂക്കിൽനിന്നു മടങ്ങിപ്പോരുമ്പോൾ, നബി (സ) യെ ഒരു അപകടത്തിൽ പെടുത്തി കൊലപ്പെടുത്തുവാൻ ഗൂഢാലോചന നടത്തി പരാജയപ്പെട്ട പന്ത്രണ്ടു കപടവിശ്വാസികളെപ്പറ്റി ഹുദൈഫത്തുബ്നുൽ യമാൻ (റ) എന്ന സഹാബിക്കു നബി(സ) സ്വകാര്യമായി അറിയിച്ചുകൊടുക്കുകയും, അതു പരസ്യമാക്കരുതെന്നു അദ്ദേഹത്തോടു പറയുകയും ഉണ്ടായ വിവരം അൽപം മുമ്പു നാം ഉദ്ധരിച്ചുവല്ലോ. (*) അതുകൊണ്ടു കപടവിശ്വാസിയാണെന്നു സംശയിക്കപ്പെടുന്ന ആളെപ്പറ്റി ഹുദൈഫ (റ) സ്വീകരിക്കുന്ന നിലപാടെന്താണെന്നു അറിഞ്ഞതിനുശേഷമേ ഉമർ (റ) അയാളുടെ പേരിൽ ജനാസ നമസ്കരിച്ചിരുന്നുള്ളുവെന്നു വാഖിദീ (റ) യുടെ നിവേദനത്തിൽ പറഞ്ഞിട്ടുള്ളതു പ്രസ്താവ്യമത്രെ.

കപട വിശ്വാസികൾ (മുനാഫിഖുകൾ) എല്ലാ കാലത്തും ഉണ്ടെന്നുള്ളതിൽ സംശയമില്ല. കപടവിശ്വാസികളുടെ സ്വഭാവങ്ങളും ചെയ്തികളുമായി ഖുർആനിലും ഹദീസിലും പ്രസ്താവിക്കപ്പെട്ട മിക്ക കാര്യങ്ങളും എല്ലാ കാലത്തെ കപടവിശ്വാസികളിലും ഉണ്ടായിരിക്കുകയും ചെയ്യും. എങ്കിലും മതത്തെ വ്യാഖ്യാനത്തിനും മറ്റും വിനും ഇടമില്ലാതിരിക്കത്തക്കവണ്ണം സ്പഷ്ടമായ 'കുഫ്ർ' (അവിശ്വാസം) വെളിപ്പെട്ടു കണ്ടാലല്ലാതെ, വ്യക്തികളെ അവിശ്വാസികളായി വിധി കൽപിക്കുവാൻ പാടില്ലാത്തതാണു. അതു വെളിപ്പെടാത്ത കാലത്തോളം നിയമ പരമായ വിഷയങ്ങളിൽ അവരെയും മുസ്‌ലിംകളായി ഗണിക്കുവാനേ നിവൃത്തിയുള്ളൂ. ജാഹിലിയ്യത്തിലും ശിർക്കിലുമായിരുന്ന ആളുകൾ–അവർക്കു നബി (സ) യിലോ, ഖുർആനിലോ, ഇസ്‌ലാമിലോ ഒന്നും തന്നെ വിശ്വാസമില്ലാതെ–താൽക്കാലികമായ ചില കാര്യലാഭങ്ങളെ മുൻനിറുത്തി സാക്ഷിമൊഴി നൽകി (ശഹാദത്ത് കലിമ ചൊല്ലി) ഇസ്‌ലാമിൽ കടന്നുകൂടിയവരാണു നബി (സ) യുടെ കാലത്തുണ്ടായിരുന്ന കപട വിശ്വാസികൾ. അവർക്കു ഇസ്‌ലാമിനോടുള്ള [illegible] അവരുടെ വാക്കുകളിൽ നിന്നും പ്രവൃത്തികളിൽനിന്നും മാത്രമല്ല, [illegible] മറ്റും നിരവധി ഖുർആൻ വചനങ്ങളാൽ അറിയപ്പെട്ടതാകുന്നു. [illegible] അവരുടെ പേരിൽ നമസ്കരിക്കരുതെന്നും പോലെയുള്ള [illegible] മുസ്‌ലിംകളോടെന്നപോലെ അവരോടും പെരുമാറുകയാണു നബി (സ) ചെയ്തത്. [illegible] കളെപ്പറ്റി പൊതുവെ പറയുകയാണെങ്കിൽ, അവരിൽ ബഹുഭൂരിഭാഗവും ഇസ്‌ലാമിൽ പാടെ വിശ്വാസമില്ലാത്തവരായിരിക്കുകയില്ല. വിശ്വാസത്തിന്റെ ദൗർബ്ബല്യം, അജ്ഞത, [illegible] എന്നിങ്ങിനെ ചില കാരണങ്ങളാൽ ഇസ്‌ലാമിക നിയമങ്ങളെ അവഗണിച്ചു [illegible] അവർ. മറ്റൊരുവിധത്തിൽ പറഞ്ഞാൽ നബി(സ)യുടെ കാലത്തു കാപട്യം വിശ്വാസത്തിലുള്ള കാപട്യം (نفاق الإعتقاد) ആയിരുന്നു. പിൽക്കാലത്തെ കാപട്യം അനുഷ്ഠാനത്തിലുള്ള കാപട്യം (نفاق العمل) ആകുന്നു. കപടവിശ്വാസികളെ സംബന്ധിക്കുന്ന താക്കീതുകളിലും ആക്ഷേപങ്ങളിലും [illegible] കപടവിശ്വാസികളും ഉൾപ്പെടുന്നതാണുതാനും.

സന്ദർഭവശാൽ മറ്റൊരു സംഗതികൂടി ഇവിടെ ചൂണ്ടിക്കാട്ടുന്നതു നന്നായിരിക്കും. അതായതു ഖുർആനിലും ഹദീസിലും സാധാരണ ഉപയോഗിച്ചു കാണപ്പെടാറുള്ള ഒരു വാക്കാണ് فاسق (ഫാസിഖ്). 'തോന്നിയവാസി, മുർന്നടപ്പുകാരൻ, ധിക്കാരി, അനുസരണം കെട്ടവൻ' എന്നൊക്കെയാണിതിനു വാക്കർത്ഥം. ഖുർആനിൽ ഈ വാക്കു പലപ്പോഴും ഉപയോഗിച്ചു കാണുന്നതു 'കാഫിറി'നെയും 'മുനാഫിഖി'നെയും ഉദ്ദേശിച്ചാകുന്നു. ഈ വചനത്തിലെ അവസാന വാക്യം തന്നെ ഇതിനു ഉദാഹരണമാകുന്നു. 'കപടവിശ്വാസികൾ തന്നെയാണു ഫാസിഖുകൾ' എന്നു 67–ാം വചനത്തിലും നാം കണ്ടു. മറ്റൊരു സ്ഥലത്തു അല്ലാഹുവിനെ മാത്രം ആരാധിക്കുന്നതിനെയും, അവനോടു യാതൊന്നിനെയും പങ്കുചേർക്കാതിരിക്കുന്നതിനെയും കുറിച്ചു പ്രസ്താവിച്ചുകൊണ്ടു അല്ലാഹു പറയുന്നു: 'അതിനുശേഷം ആർ അവിശ്വസിച്ചുവോ അവർ തന്നെയാണ് ഫാസിഖുകൾ' (നൂർ: 55) എന്നും. ഇങ്ങിനെ പലതും ഉദാഹരണങ്ങൾ ഇതിനു കാണാം. അപ്പോൾ, ഖുർആന്റെ ഭാഷയിൽ فاسق (ഫാസിഖ്) എന്ന വാക്കു 'കാഫിറി'നു തുല്യമായ അർത്ഥത്തിൽ–അഥവാ അതിനോടടുത്ത ശക്തിയായ അർത്ഥത്തിൽ–ഉപയോഗിക്കപ്പെടുന്നതാണ്. എന്നാൽ, മുസ്‌ലിംകൾക്കിടയിൽ പിൽക്കാലത്തു പൊതുവെ അറിയപ്പെട്ടു വരുന്നതും പിൽക്കാല മത സാഹിത്യങ്ങളിൽ സാധാരണ ഉപയോഗിക്കപ്പെട്ടു വരുന്നതും [illegible] 'ഫാസിഖ്' എന്ന വാക്കു കുറേക്കൂടി ലഘുവായ അർത്ഥത്തിലാണു ഗണിക്കപ്പെട്ടു വരുന്നത്. അഥവാ എന്തെങ്കിലും ഒരു മഹാപാപം ചെയ്തവൻ.

(*) ഹുദൈഫ (റ) ക്കു മാത്രം അറിയാവുന്ന ഒരു രഹസ്യമായിരുന്നു ഇത്. അതുകൊണ്ടാണു അദ്ദേഹത്തെ റസൂൽ (സ) തിരുമേനിയുടെ രഹസ്യക്കാരൻ (صاحب سر رسول الله) എന്നു പറയപ്പെടുന്നതു.

അല്ലെങ്കിൽ ചെറുപാപങ്ങൾ ചെയ്യുക പതിവാക്കിയവൻ എന്ന ഒരു സാങ്കേതികാർത്ഥത്തിലാണു് അതു ഉപയോഗിക്കപ്പെടുന്നത്. ഖുർആന്റെ പ്രയോഗം ഈ അർത്ഥത്തിലല്ലെന്നും, ഒരു കൂട്ടരെപ്പററി അതു 'ഫാസിഖു'കൾ എന്നു പറയുമ്പോൾ അതു ഈ അർത്ഥത്തെക്കാൾ വളരെ ഗൗരവമേറിയ ഒരു അർത്ഥത്തിലാണെന്നും മനസ്സിലാക്കേണ്ടതാകുന്നു. 'ഫിസ്ഖി'ന്റെയും 'നിഫാഖി'ന്റെയും (തോന്നിയവാസത്തിന്റെയും കാപട്യത്തിന്റെയും) കെടുതികളിൽ അകപ്പെടാതെ അല്ലാഹു നമ്മെ കാത്തുരക്ഷിക്കട്ടെ. ആമീൻ. യഥാർത്ഥ സത്യവിശ്വാസികളിൽ അവൻ നമ്മെയെല്ലാം ഉൾപ്പെടുത്തി അനുഗ്രഹിക്കുകയും ചെയ്യട്ടെ. ആമീൻ.

٨٥- وَلَا تُعْجِبْكَ أَمْوَالُهُمْ وَأَوْلَادُهُمْ
إِنَّمَا يُرِيدُ اللَّهُ
أَنْ يُعَذِّبَهُمْ بِهَا فِي الدُّنْيَا
وَتَزْهَقَ أَنْفُسُهُمْ وَهُمْ كَافِرُونَ ○

85. അവരുടെ സ്വത്തുക്കളും, അവരുടെ മക്കളും നിന്നെ ആശ്ചര്യപ്പെടുത്തരുത്. നിശ്ചയമായും, അല്ലാഹു ഉദ്ദേശിക്കുന്നതു അവ മൂലം ഇഹത്തിൽ അവരെ ശിക്ഷിക്കുവാനും, അവർ അവിശ്വാസികളായുംകൊണ്ടു അവരുടെ ജീവൻ പോകുവാനും തന്നെയാണു്.

---

85. وَلَا تُعْجِبْكَ നിന്നെ ആശ്ചര്യ(അത്ഭുത)പ്പെടുത്തരുതു أَمْوَالُهُمْ അവരുടെ സ്വത്തുക്കൾ(ധനം) وَأَوْلَادُهُمْ അവരുടെ മക്കളും(കുട്ടികളും-സന്താനങ്ങളും) إِنَّمَا يُرِيدُ നിശ്ചയമായും ഉദ്ദേശിക്കുക തന്നെ ചെയ്യുന്നു اللَّهُ അല്ലാഹു أَنْ يُعَذِّبَهُمْ അവരെ ശിക്ഷിക്കുവാൻ (തന്നെ) بِهَا അവകൊണ്ടും (മൂലം-നിമിത്തം) فِي الدُّنْيَا ഇഹത്തിൽ وَتَزْهَقَ പോകു(നശിക്കു)വാനും أَنْفُسُهُمْ അവരുടെ ആത്മാക്കൾ (ദേഹങ്ങൾ-ജീവൻ) وَهُمْ അവരായിക്കൊണ്ടു كَافِرُونَ അവിശ്വാസികൾ.

കഴിഞ്ഞ 55-ാം വചനത്തിലെ ആശയം ഈ വചനത്തിൽ വീണ്ടും ആവർത്തിച്ചുറപ്പിച്ചിരിക്കുകയാണ്. ആ വചനത്തിന്റെ വ്യാഖ്യാനം ഇവിടെയും ഓർമ്മിക്കുക.

٨٦- وَإِذَا أُنْزِلَتْ سُورَةٌ أَنْ آمِنُوا
بِاللَّهِ وَجَاهِدُوا مَعَ رَسُولِهِ
اسْتَأْذَنَكَ أُولُو الطَّوْلِ مِنْهُمْ
وَقَالُوا ذَرْنَا نَكُنْ مَعَ الْقَاعِدِينَ ○

86. അല്ലാഹുവിൽ വിശ്വസിക്കുകയും, അവന്റെ റസൂലിന്റെ കൂടെ സമരം ചെയ്യുകയും ചെയ്യുവിൻ എന്നു് വല്ല 'സൂറത്തും' [അദ്ധ്യായവും] അവതരിപ്പിച്ചാൽ, അവരിൽ നിന്നു കഴിവുള്ളവർ നിന്നോടു സമ്മതം ചോദിക്കുന്നതാണ്; അവർ പറയുകയും ചെയ്യും: 'ഞങ്ങളെ വിട്ടേക്കണം-ഞങ്ങൾ (പോരാതെ) ഇരിക്കുന്നവരോടൊപ്പം ആയിക്കൊള്ളാം'.

---

86. وَإِذَا أُنْزِلَتْ അവതരിപ്പിക്കപ്പെട്ടാൽ سُورَةٌ വല്ല സൂറത്തും, ഒരു അദ്ധ്യായം أَنْ آمِنُوا വിശ്വസിക്കുവിൻ എന്നു بِاللَّهِ അല്ലാഹുവിൽ وَجَاهِدُوا സമരം ചെയ്യുകയും ചെയ്യുവിൻ مَعَ رَسُولِهِ അവന്റെ റസൂലിന്റെ കൂടെ اسْتَأْذَنَكَ നിന്നോടു സമ്മതം (അനുമതി) തേടും, സമ്മതം തേടുകയായി أُولُو الطَّوْلِ കഴിവു (ശേഷി-ധന്യത-യോഗ്യത) ഉള്ളവർ مِنْهُمْ അവരിൽ നിന്നു وَقَالُوا അവർ പറയുകയും ചെയ്യും ذَرْنَا ഞങ്ങളെ വിട്ടേക്കുക نَكُنْ ഞങ്ങൾ ആയിക്കൊള്ളാം, ആയിരിക്കട്ടെ مَعَ الْقَاعِدِينَ ഇരിക്കുന്നവരോടൊപ്പം.

87. (യുദ്ധത്തിനു പോകാതെ) പിന്തിനിൽക്കുന്ന സ്ത്രീകളുടെ കൂടെ ആയിരിക്കുവാൻ അവർ തൃപ്തിപ്പെട്ടിരിക്കുകയാണ്; അവരുടെ ഹൃദയങ്ങളുടെ മേൽ മുദ്രകുത്തപ്പെടുകയും ചെയ്തിരിക്കുന്നു. അതിനാൽ അവർ (കാര്യം) ഗ്രഹിക്കുന്നില്ല.

٨٧- رَضُوا بِأَنْ يَكُونُوا مَعَ الْخَوَالِفِ وَطُبِعَ عَلَىٰ قُلُوبِهِمْ فَهُمْ لَا يَفْقَهُونَ ○

87. رضوا അവർ തൃപ്തിപ്പെട്ടു بأن يكونوا അവരായിരിക്കുന്നതിനു مع الخوالف പിന്തി നിൽക്കുന്ന സ്ത്രീകളുടെ കൂടെ, (നൻമയില്ലാത്ത) പിന്നോക്കക്കാരുടെ ഒപ്പം وطبع മുദ്രകുത്തപ്പെടുകയും ചെയ്തിരിക്കുന്നു على قلوبهم അവരുടെ ഹൃദയങ്ങളുടെ മേൽ فهم അതിനാൽ അവർ لا يفقهون ഗ്രഹിക്കുകയില്ല, ഗ്രഹിക്കുന്നില്ല.

അല്ലാഹുവിൽ വിശ്വസിച്ചുകൊണ്ടു റസൂലിനോടൊപ്പം അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സമരം ചെയ്യണമെന്ന് ആജ്ഞാപിക്കുന്ന ഖുർആൻ വചനങ്ങൾ വല്ലതും അവതരിക്കപ്പെടുമ്പോഴെക്കും അവർക്കു പൊള്ളിയതായി. അതിൽ നിന്നു എങ്ങിനെയെങ്കിലും ഒഴിവായിക്കിട്ടുവാൻ അവർ റസൂൽ (സ) തിരുമേനിയെ സമീപിച്ച് ഒഴികഴിവുകൾ നിരത്തി അനുവാദം തേടും. യുദ്ധങ്ങളിൽ പങ്കെടുക്കാറില്ലാത്തവരാണല്ലോ സ്ത്രീകൾ. അവരോടൊപ്പം വീട്ടിൽതന്നെ അടങ്ങിയിരിക്കുവാനാണു അവർക്കിഷ്ടം. ആണുങ്ങളെപ്പോലെ പുറത്തിറങ്ങി ശത്രുക്കളെ നേരിടുന്നതു അവർക്കിഷ്ടമില്ല. വേണമെന്നും ഉദ്ദേശ്യമില്ല. (പ്രവേശിക്കാത്തവിധം അവരുടെ ഹൃദയങ്ങൾ നിഷ്ക്രിയമായിരിക്കുകയാണു എന്നു സാരം. ('ഹൃദയങ്ങളുടെ മേൽ മുദ്ര കുത്തി' എന്നതുപോലെയുള്ള പ്രയോഗങ്ങളുടെ താൽപര്യം മുമ്പു പലപ്പോഴും വിവരിച്ചു കഴിഞ്ഞിട്ടുണ്ട്.)

خوالف (ഖവാലിഫ്) എന്ന വാക്കിനാണു 'പിന്തി നിൽക്കുന്ന സ്ത്രീകൾ' എന്നു നാം അർത്ഥം കൊടുത്തിരിക്കുന്നത്. അതിനു നൻമയില്ലാത്തവരും പിന്നോക്കം നിൽക്കുന്നവരുമായ ആളുകൾ എന്നും അർത്ഥം വരാവുന്നതാണ്. രണ്ടായാലും ഉദ്ദേശ്യം വ്യക്തമാണല്ലോ.

88. പക്ഷേ, റസൂലും, അദ്ദേഹത്തോടൊപ്പം വിശ്വസിച്ചവരുമാകട്ടെ, തങ്ങളുടെ ധനം കൊണ്ടും, തങ്ങളുടെ ദേഹംകൊണ്ടും അവർ സമരം ചെയ്യുന്നതാണ്.

അക്കൂട്ടരാകട്ടെ, അവർക്കാണു നൻമകളും (ഉള്ളതു). അക്കൂട്ടർ തന്നെയാണ് വിജയം പ്രാപിക്കുന്നവരും.

89. അവർക്ക അടിഭാഗത്തിലൂടെ അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗ്ഗങ്ങളെ അല്ലാഹു ഒരുക്കിവെച്ചിരിക്കുന്നു; അതിൽ (അവർ) നിത്യവാസികളായിക്കൊണ്ട്. അതത്രെ, വമ്പിച്ച ഭാഗ്യം.

٨٨- لَٰكِنِ الرَّسُولُ وَالَّذِينَ آمَنُوا مَعَهُ جَاهَدُوا بِأَمْوَالِهِمْ وَأَنْفُسِهِمْ ۚ وَأُولَٰئِكَ لَهُمُ الْخَيْرَاتُ ۖ وَأُولَٰئِكَ هُمُ الْمُفْلِحُونَ ○

٨٩- أَعَدَّ اللَّهُ لَهُمْ جَنَّاتٍ تَجْرِي مِنْ تَحْتِهَا الْأَنْهَارُ خَالِدِينَ فِيهَا ۚ ذَٰلِكَ الْفَوْزُ الْعَظِيمُ ○

88. لكن പക്ഷെ, എങ്കിലും എന്നാൽ الرسول റസൂൽ والذين آمنوا വിശ്വസിച്ചവരും معه അദ്ദേഹത്തോടൊപ്പം جاهدوا സമരം ചെയ്തു, ചെയ്യുന്നതാണു بأموالهم തങ്ങളുടെ സ്വത്തുക്കൾ (ധനം) കൊണ്ടു وأنفسهم തങ്ങളുടെ തടികൾ (ദേഹം)കൊണ്ടു وأولئك അക്കൂട്ടർ, അക്കൂട്ടരാകട്ടെ, لهم അവർക്കത്രെ, അവർക്കുണ്ടു الخيرات നൻമ(ഗുണം)കൾ وأولئك هم അക്കൂട്ടർ തന്നെ المفلحون വിജയികൾ, വിജയം പ്രാപിക്കുന്നവരും. 89. أعد الله അല്ലാഹു ഒരുക്കിയിരിക്കുന്നു لهم അവർക്കു جنات ചില സ്വർഗ്ഗങ്ങളെ تجري സഞ്ചരിക്കും, നടക്കുന്ന, ഒഴുകുന്ന من تحتها അതിന്റെ (അവയുടെ) അടിഭാഗത്തിലൂടെ الأنهار അരുവി(ആറു–നദി)കൾ خالدين നിത്യവാസികളായിട്ടു, ശാശ്വതൻമാരായിട്ടു فيها ذلك الفوز അതത്രെ ഭാഗ്യം; അതു ഭാഗ്യമത്രെ العظيم വമ്പിച്ച, മഹത്തായ.

വിഭാഗം-12

٩٠- وَجَآءَ الْمُعَذِّرُونَ مِنَ الْأَعْرَابِ لِيُؤْذَنَ لَهُمْ وَقَعَدَ الَّذِينَ كَذَبُوا اللَّهَ وَرَسُولَهُ ۚ سَيُصِيبُ الَّذِينَ كَفَرُوا مِنْهُمْ عَذَابٌ أَلِيمٌ ○

90. 'അഅ്റാബി' [മരുഭൂവാസി]കളിൽനിന്ന് ഒഴികഴിവു സമർപ്പിക്കുന്നവർ, തങ്ങൾക്ക സമ്മതം നൽകപ്പെടുവാൻ വേണ്ടി വന്നു. അല്ലാഹുവിനോടും, അവന്റെ റസൂലിനോടും വ്യാജം പറഞ്ഞവർ (വീട്ടിൽ) ഇരിക്കുകയും ചെയ്തു.

അവരിൽനിന്ന് അവിശ്വസിച്ചിട്ടുള്ളവർക്ക വഴിയെ വേദനയേറിയ ശിക്ഷ ബാധിക്കുന്നതാണ്.

---

90. جاء വന്നു, വരുകയും ചെയ്തു المعذرون ഒഴികഴിവു സമർപ്പിക്കുന്ന (പറയുന്ന) വർ من الأعراب അഅ്റാബീ (മരുഭൂ വാസി)കളിൽനിന്നു ليؤذن സമ്മതം നൽകപ്പെടുവാൻ വേണ്ടി لهم അവർക്കു, തങ്ങൾക്കു وقعد ഇരിക്കു(ഇരുപ്പിലാകു)കയും ചെയ്തു الذين كذبوا വ്യാജം പറഞ്ഞവർ الله ورسوله അല്ലാഹുവിനോടും അവന്റെ റസൂലിനോടും سيصيب വഴിയെ ബാധിക്കും الذين كفروا അവിശ്വസിച്ചവർക്കു منهم അവരിൽ നിന്നു عذاب أليم വേദന യേറിയ ശിക്ഷ.

മരുപ്രദേശങ്ങളിൽ താമസിച്ചുവരുന്ന ഉൾനാട്ടുകാരായ അറബികൾക്കാണ് الأعراب ('അഅ്റാബി'കൾ) എന്നു പറയപ്പെടുന്നതു. ഇവർക്ക 'ബദു'ക്കൾ (بدو) എന്നും പറയാറുണ്ട്. അഅ്റാബികളിൽപെട്ട പലരും നബി(സ)യുടെ അടുക്കൽവന്ന് തങ്ങൾക്കു തബൂക്ക് യാത്രയിൽ പങ്കെടുക്കുവാൻ സാധിക്കാതിരിക്കുവാനുള്ള ചില ഒഴികഴിവുകൾ സമർപ്പിച്ചുകൊണ്ടു അതിനു നബി (സ)യുടെ സമ്മതം തേടുകയുണ്ടായി. അവരിലുണ്ടായിരുന്ന കപടവിശ്വാസികളാകട്ടെ, ഇല്ലാത്ത കാരണങ്ങൾ കളവായി പറഞ്ഞു പിൻമാറിക്കളയുകയും ചെയ്തു. അങ്ങനെ, അവിശ്വാസം നിമിത്തം കളവു പറഞ്ഞവരെപ്പററിയാണു 'വഴിയെ വേദനയേറിയ ശിക്ഷ ബാധിക്കു'മെന്നു പറഞ്ഞത്.

യുദ്ധ യാത്രകളിൽ പങ്കെടുക്കുന്നതിൽ നിന്ന ഒഴിവാകുവാൻ തക്കതായ മുടക്കുകളുള്ളവർ ആരൊക്കെയാണെന്ന അടുത്ത വചനങ്ങളിൽ വിവരിക്കുന്നു:—

٩١- لَيْسَ عَلَى الضُّعَفَاءِ وَلَا عَلَى الْمَرْضَىٰ وَلَا عَلَى الَّذِينَ لَا يَجِدُونَ مَا يُنْفِقُونَ حَرَجٌ إِذَا نَصَحُوا لِلَّهِ وَرَسُولِهِ ۚ مَا عَلَى الْمُحْسِنِينَ مِنْ سَبِيلٍ ۚ وَاللَّهُ غَفُورٌ رَحِيمٌ

91. ബലഹീനരുടെ മേലാകട്ടെ, രോഗികളുടെ മേലാകട്ടെ, ചിലവഴിക്കുവാനുള്ളതു കിട്ടാത്തവരുടെ മേലാകട്ടെ, ഒരു വിഷമവും [കുററവും] ഇല്ല; അവർ അല്ലാഹുവിനും, അവന്റെ റസൂലിനും ഗുണം കാംക്ഷിച്ചാൽ (അഥവാ നിഷ്കളങ്കരായിരുന്നാൽ). സൽഗുണവാൻമാരുടെ മേൽ യാതൊരു മാർഗ്ഗവും (സ്വീകരിക്കുവാൻ) ഇല്ല.

അല്ലാഹു വളരെ പൊറുക്കുന്നവനും, കരുണാനിധിയുമാകുന്നു.

---

91. ليس ഇല്ല على الضعفاء ബലഹീനരുടെ (ദുർബ്ബലൻമാരുടെ) മേൽ ولا على المرضى രോഗികളുടെ മേലും ഇല്ല ولا على الذين യാതൊരു കൂട്ടരുടെ മേലും ഇല്ല لا يجدون അവർക്കു കിട്ടുകയില്ല ما ينفقون അവർ ചിലവഴിക്കുന്നതു, ചിലവഴിക്കേണ്ടതു حرج ഒരു വിഷമവും إذا نصحوا അവർ ഗുണംകാംക്ഷിച്ചാൽ لله അല്ലാഹുവിനും ورسوله അവന്റെ റസൂലിനും ما على المحسنين സൽഗുണവാൻമാരുടെ (പുണ്യവാൻമാരുടെ) മേൽ ഇല്ല من سبيل ഒരു മാർഗ്ഗവും والله അല്ലാഹു غفور വളരെ പൊറുക്കുന്നവനാണു رحيم കരുണാനിധിയാണ്.

٩٢- وَلَا عَلَى الَّذِينَ إِذَا مَا أَتَوْكَ لِتَحْمِلَهُمْ قُلْتَ لَا أَجِدُ مَا أَحْمِلُكُمْ عَلَيْهِ تَوَلَّوا وَأَعْيُنُهُمْ تَفِيضُ مِنَ الدَّمْعِ حَزَنًا أَلَّا يَجِدُوا مَا يُنْفِقُونَ ○

92. യാതൊരു കൂട്ടരുടെ മേലും (ഒരു മാർഗ്ഗവും) ഇല്ല: അവരെ (വാഹനം) കയററിക്കൊടുക്കുവാൻവേണ്ടി നിന്റെ അടുക്കൽ അവർ വന്നപ്പോൾ, നീ (അവരോടു) പറഞ്ഞു: 'നിങ്ങളെ കയററുവാനുള്ളതു [അതിനുള്ള വക] ഞാൻ കണ്ടെത്തുന്നില്ല;' (അങ്ങനെ) വ്യസനത്താൽ തങ്ങളുടെ കണ്ണുകൾ അശ്രു (ധാര) ഒഴുകിക്കൊണ്ടു അവർ തിരിഞ്ഞു പോയി; തങ്ങൾക്കു ചിലവഴിക്കുവാനുള്ളതു [അതിനുള്ള വക] അവർ കണ്ടെത്താത്തതിനാൽ!

٩٣- إِنَّمَا السَّبِيلُ عَلَى الَّذِينَ يَسْتَأْذِنُونَكَ وَهُمْ أَغْنِيَاءُ رَضُوا بِأَنْ يَكُونُوا مَعَ الْخَوَالِفِ وَطَبَعَ اللَّهُ عَلَى قُلُوبِهِمْ فَهُمْ لَا يَعْلَمُونَ ○

93. നിശ്ചയമായും മാർഗ്ഗം (ഉള്ളതു), തങ്ങൾ ധനികരായിരിക്കെ നിന്നോടു സമ്മതം തേടുന്നവരുടെ മേൽ മാത്രമാകുന്നു. അവർ പിന്തി നിൽക്കുന്ന സ്ത്രീകളോടു കൂടെയായിരിക്കുവാൻ തൃപ്തിപ്പെട്ടിരിക്കുകയാണു: അവരുടെ ഹൃദയങ്ങളുടെമേൽ അല്ലാഹു മുദ്ര കുത്തുകയും ചെയ്തിരിക്കുന്നു. അതിനാൽ, അവർ അറിയുന്നില്ല.

---

92. وَلَا عَلَى الَّذِينَ യാതൊരു കൂട്ടരുടെ മേലും ഇല്ല إِذَا مَا أَتَوْكَ അവർ നിന്റെ അടുക്കൽ വന്നപ്പോൾ لِتَحْمِلَهُمْ നീ അവരെ വഹിക്കുവാൻ (കയററിക്കൊണ്ടു പോകുവാൻ) വേണ്ടി قُلْتَ നീ പറഞ്ഞു (പറഞ്ഞ സ്ഥിതിയിൽ) لَا أَجِدُ ഞാൻ കണ്ടെത്തുന്നില്ല, എനിക്കു കിട്ടുന്നില്ല مَا أَحْمِلُكُمْ നിങ്ങളെ ഞാൻ കയററുന്നതു عَلَيْهِ അതിൽ تَوَلَّوا അവർ തിരിഞ്ഞുപോയി وَأَعْيُنُهُمْ അവരുടെ കണ്ണുകളാകട്ടെ تَفِيضُ ഒഴുകിക്കൊണ്ടിരിക്കുന്നു مِنَ الدَّمْعِ കണ്ണുനീരിനാൽ, അശ്രുവാൽ حَزَنًا വ്യസനത്താൽ, വ്യസനിച്ചു أَلَّا يَجِدُوا അവർ കണ്ടെത്താതിരിക്കുന്ന (അവർക്കു കിട്ടാതിരുന്ന)തിനാൽ مَا يُنْفِقُونَ അവർ ചിലവഴിക്കുന്നതു, ചിലവാക്കേണ്ടതു 93. إِنَّمَا السَّبِيلُ നിശ്ചയമായും മാർഗ്ഗം عَلَى الَّذِينَ യാതൊരുവരുടെ മേൽ തന്നെ (മാത്രം) يَسْتَأْذِنُونَكَ അവർ നിന്നോടു സമ്മതം തേടുന്ന وَهُمْ അവരാകട്ടെ, അവരായിരിക്കെ أَغْنِيَاءُ ധനികരാണു, ധനികന്മാർ رَضُوا അവർ തൃപ്തിപ്പെട്ടു, തൃപ്തിപ്പെട്ടിരിക്കയാണു بِأَنْ يَكُونُوا അവർ ആയിരിക്കുവാൻ مَعَ الْخَوَالِفِ പിന്തി നിൽക്കുന്ന സ്ത്രീകളുടെ കൂടെ, (നന്മയില്ലാത്ത) പിന്നോക്കക്കാരോടൊപ്പം وَطَبَعَ മുദ്ര കുത്തുകയും ചെയ്തിരിക്കുന്നു اللَّهُ അല്ലാഹു عَلَى قُلُوبِهِمْ അവരുടെ ഹൃദയങ്ങൾക്കു فَهُمْ അതിനാൽ അവർ لَا يَعْلَمُونَ അറിയുന്നില്ല, അറിയുകയില്ല.

യുദ്ധകല്പനകളിൽ നിന്നു ഒഴിവു അനുവദിക്കപ്പെട്ടവരും, യുദ്ധ യാത്രകളിൽ പങ്കെടുക്കാത്തതിന്റെ പേരിൽ നടപടിയൊന്നും സ്വീകരിക്കപ്പെടുവാൻ പാടില്ലാത്തവരും ആരൊക്കെയാണെന്നു അല്ലാഹു വ്യക്തമാക്കുന്നു. (1) ബലഹീനന്മാർ. പ്രകൃത്യാ ദുർബ്ബലരായ കുട്ടികൾ, സ്ത്രീകൾ, വയോധികർ, അന്ധന്മാർ, മുടന്തന്മാർ മുതലായവരൊക്കെ ഇതിൽ ഉൾപെടുന്നു. (2) രോഗികൾ, യുദ്ധത്തിനും യാത്രക്കും വിഘ്നകരമായിത്തീരുന്ന രോഗങ്ങളുള്ള എല്ലാവരും ഇതിൽ ഉൾപ്പെടും. (3) ഭക്ഷണം, വാഹനം മുതലായ യുദ്ധച്ചിലവുകൾക്കു വകയില്ലാത്തവർ. എന്നാൽ, ഇവരും തന്നെ അല്ലാഹുവിനും റസൂലിനും എതിരെ വല്ല കുത്തിത്തിരിപ്പുകളും നടത്താതെ ഗുണകാംക്ഷികളും നിഷ്കളങ്കരുമായിരിക്കേണ്ടതുണ്ടെന്നും, വല്ല കുത്തിത്തിരിപ്പും അവരിൽനിന്നു ഉണ്ടായിത്തീരുന്നപക്ഷം അവരുടെ മേലും നടപടികൾ എടുക്കേണ്ടതായിവരുമെന്നും ചൂണ്ടിക്കാട്ടിയിരിക്കുന്നു.

മൂന്നാമത്തെ വിഭാഗത്തിൽ പെട്ട ചില പ്രത്യേക വ്യക്തികളെപ്പററിയാണു 92-ാം വചനത്തിൽ പ്രത്യേകം എടുത്തു പറഞ്ഞിരിക്കുന്നതു. തബൂക്കിലേക്കുള്ള പടയെടുപ്പിൽ പങ്കെടുക്കുവാൻ അവർക്കു വളരെയധികം ആഗ്രഹ

വും ആവേശവുമുണ്ടായിരുന്നു. പക്ഷെ, വാഹനത്തിനോ വഴിച്ചിലവുകൾക്കോ ഒരു കഴിവും അവർക്കുണ്ടായിരുന്നില്ല. അവർ നബി(സ)യുടെ അടുക്കൽ വന്ന വല്ല വിധേനയും തങ്ങൾക്കു വാഹനത്തിനു മാർഗ്ഗമുണ്ടാക്കിത്തന്ന് തങ്ങളെക്കൂടി കൊണ്ടു പോകണമെന്നപേക്ഷിച്ചു. നിങ്ങളെ സഹായിച്ച് കൂടെക്കൊണ്ടു പോകുവാനുള്ള വകയൊന്നും എന്റെ പക്കൽ ഇല്ലെന്നു നബി(സ) പറഞ്ഞപ്പോൾ, അവർ വ്യസനം താങ്ങുവാൻ കഴിയാതെ കരഞ്ഞു കണ്ണുനീരൊഴുക്കിക്കൊണ്ടുതിരിച്ചു പോകേണ്ടിവന്നു. ഇവരെപ്പറ്റിയാണു ഇതിലെ പരാമർശം. ഈ സഹാബികൾ البكاؤون (അധികമായി കരഞ്ഞവർ) എന്ന പേരിൽ അറിയപ്പെട്ടിരുന്നു. ധനവും, കഴിവുമുണ്ടായിരുന്നിട്ടും ഉപായങ്ങൾ പറഞ്ഞൊപ്പിച്ചു ഒഴിവാകുവാൻ ശ്രമിക്കുകയും, അങ്ങനെ സ്ത്രീകളെപ്പോലെ വീട്ടിൽ അടങ്ങിയിരിക്കുവാൻ ഇഷ്ടപ്പെടുകയും ചെയ്തവരുടെ ഒഴികഴിവുകളാണു സ്വീകാര്യമല്ലാത്തതു; അവരുടെ മേൽ നടപടി എടുക്കുക തന്നെ വേണം; അവരുടെ ഹൃദയങ്ങളിലേക്കു നന്മകൾ പ്രവേശിക്കാത്തവിധം അവ അടഞ്ഞു പോയിരിക്കുന്നു; അതിനാൽ അവർക്കു കാര്യത്തിന്റെ ഗൗരവത്തെക്കുറിച്ചോ, തങ്ങളുടെ ഗുണത്തെക്കുറിച്ചോ അറിയുവാൻ കഴിയുകയില്ല എന്നൊക്കെയാണു 93-ാം വചനത്തിൽ പ്രസ്താവിക്കുന്നതു.

യുദ്ധത്തിൽ പങ്കെടുക്കുവാൻ ആഗ്രഹമുണ്ടായിരുന്നിട്ടും തക്കതായ കാരണം നിമിത്തം അതിനു സാധിക്കാതെ വന്നവർക്കു-അവർ പങ്കെടുക്കാത്തതന്നെ-അല്ലാഹു പ്രതിഫലം നൽകുന്നതാണെന്നു പല ഹദീസുകളിലും വ്യക്തമായി പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. ഉദാഹരണമായി, അനസ് (റ) പറയുന്നു: 'മദീനയിൽ ചില ജനങ്ങളുണ്ടു്: നിങ്ങൾ വല്ല താഴ്വരയും കടന്നു പോകുകയോ, വഴി നടക്കുകയോ ചെയ്യുമ്പോഴൊക്കെ അവരും നിങ്ങളോടൊപ്പം ഇല്ലാതിരിക്കുകയില്ല എന്നു നബി (സ) പറയുകയുണ്ടായി. സഹാബികൾ ചോദിച്ചു: 'അവർ മദീനയിലായിരിക്കുമ്പോഴുമോ?' തിരുമേനി പറഞ്ഞു: 'അതെ, മുടക്കുകൾ അവരെ തടഞ്ഞുവെച്ചിരിക്കുകയാണ്'. (ബു: മു)

ജുസ്ഉ് — 11

الجزء الحادي عشر

٩٤- يَعْتَذِرُونَ إِلَيْكُمْ إِذَا رَجَعْتُمْ إِلَيْهِمْ

قُل لَّا تَعْتَذِرُوا لَن نُّؤْمِنَ لَكُمْ قَدْ نَبَّأَنَا اللَّهُ مِنْ أَخْبَارِكُمْ

وَسَيَرَى اللَّهُ عَمَلَكُمْ وَرَسُولُهُ ثُمَّ تُرَدُّونَ إِلَىٰ عَالِمِ الْغَيْبِ وَالشَّهَادَةِ فَيُنَبِّئُكُم بِمَا كُنتُمْ تَعْمَلُونَ ○

94. നിങ്ങൾ അവരുടെ അടുക്കലേക്ക മടങ്ങി (എത്തി)യാൽ അവർ നിങ്ങളോട് ഒഴികഴിവു പറയുന്നതാണ്.

(അവരോടു) പറയുക: 'നിങ്ങൾ ഒഴികഴിവു പറയേണ്ട; നിങ്ങളെ ഞങ്ങൾ വിശ്വസിക്കുകയേ ഇല്ല; (കാരണം) നിങ്ങളുടെ വർത്തമാനങ്ങളിൽ നിന്നു (ചിലതൊക്കെ) അല്ലാഹു ഞങ്ങൾക്കു വിവരമറിയിച്ചിട്ടുണ്ട്.

വഴിയെ നിങ്ങളുടെ പ്രവർത്തനം (എന്താണെന്ന്) അല്ലാഹുവും, അവന്റെ റസൂലും കാണുന്നതുമാണ്. പിന്നീട്, അദൃശ്യവും ദൃശ്യവും അറിയുന്നവനിലേക്കു നിങ്ങൾ മടക്കപ്പെടുകയും ചെയ്യും. അപ്പോൾ, നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനെക്കുറിച്ചു അവൻ നിങ്ങൾക്കു വിവരം നൽകും.

---

94. يَعْتَذِرُونَ അവർ ഒഴികഴിവു പറയും إِلَيْكُمْ നിങ്ങളിലേക്കു(വന്ന്), നിങ്ങളോടു إِذَا رَجَعْتُمْ നിങ്ങൾ മടങ്ങിയാൽ إِلَيْهِمْ അവരിലേക്കു قُل പറയുക لَا تَعْتَذِرُوا നിങ്ങൾ ഒഴികഴിവു പറയേണ്ട لَن نُّؤْمِنَ ഞങ്ങൾ വിശ്വസിക്കുകയേ ഇല്ല, വിശ്വസിക്കയില്ല തന്നെ لَكُمْ നിങ്ങളെ قَدْ نَبَّأَنَا ഞങ്ങൾക്കു വിവരം അറിയിച്ചിട്ടുണ്ടു, വർത്തമാനം നൽകിയിട്ടുണ്ടു اللَّهُ അല്ലാഹു مِنْ أَخْبَارِكُمْ നിങ്ങളുടെ വർത്തമാനങ്ങളിൽ നിന്നു (ചിലതു) وَسَيَرَى വഴിയെ കാണുകയും ചെയ്യും اللَّهُ അല്ലാഹു عَمَلَكُمْ നിങ്ങളുടെ പ്രവൃത്തിയെ, പ്രവർത്തനം وَرَسُولُهُ അവന്റെ റസൂലും ثُمَّ പിന്നീടു تُرَدُّونَ നിങ്ങൾ മടക്കപ്പെടും, ആക്കപ്പെടും إِلَىٰ عَالِمِ അറിയുന്നവനിലേക്കു الْغَيْبِ അദൃശ്യത്തെ, മറഞ്ഞ കാര്യം وَالشَّهَادَةِ ദൃശ്യത്തെയും, വെളിവായതും فَيُنَبِّئُكُم അപ്പോൾ അവൻ നിങ്ങളെ വിവരമറിയിക്കും, ബോധപ്പെടുത്തും بِمَا كُنتُمْ നിങ്ങളായിരുന്നതിനെക്കുറിച്ചു تَعْمَلُونَ നിങ്ങൾ പ്രവർത്തിക്കും.

കഴിഞ്ഞ വചനത്തിൽ പ്രസ്താവിച്ചവരെ – കഴിവുണ്ടായിരുന്നിട്ടും പടയെടുപ്പിൽ പങ്കെടുക്കാതെ പിന്തി നിന്നവരെ – പ്പറ്റിയാണു പ്രസ്താവിക്കുന്നതു. നബി(സ)യും സഹാബികളും തബൂക്കിൽനിന്നു തിരിച്ചെത്തിയാൽ ഓരോ ഒഴികഴിവുകളുമായി അവർ മുമ്പോട്ടു വരുമെന്നും, അപ്പോൾ അവരോടു ഇന്നിന്നപ്രകാരം പറയണമെന്നും അല്ലാഹു നബി(സ)യെ അറിയിക്കുന്നു. നിങ്ങളുടെ ഈ ഒഴികഴിവുകളൊന്നും ഞങ്ങൾക്കു കേൾക്കേണ്ട, ഞങ്ങൾ നിങ്ങളെ വിശ്വസിക്കുവാൻ പോകുന്നില്ല, നിങ്ങളുടെ യഥാർത്ഥ നിലയെപ്പറ്റി അല്ലാഹു ഞങ്ങൾക്കു അറിവു തന്നിട്ടുണ്ടു, അതുകൊണ്ടു നിങ്ങളുടെ ഒഴികഴിവുകൾ ഒന്നും സ്വീകാര്യമല്ല. അതിരിക്കട്ടെ, മേലിൽ നിങ്ങൾ എന്തു നിലപാടാണു സ്വീകരിക്കുന്നതു – ഈ കപടനില തന്നെ തുടരുമോ അതല്ല, അതിൽനിന്നു ഖേദിച്ചു മടങ്ങി മേലിൽ നന്നായിത്തീരുമോ എന്നൊക്കെ – കണ്ടറിഞ്ഞശേഷം അതനുസരിച്ചു അല്ലാഹുവും റസൂലും നിങ്ങളോടു പെരുമാറുന്നതാണു. എല്ലാ രഹസ്യപരസ്യങ്ങളും അറിയുന്ന അല്ലാഹുവിങ്കലേക്കാണല്ലോ നിങ്ങൾ മടങ്ങിച്ചെല്ലുന്നതു. അപ്പോൾ, നിങ്ങളുടെ പ്രവൃത്തികൾക്കനുസരിച്ചുള്ള നടപടി അവൻ സ്വീകരിക്കുന്നതും, അതു നിങ്ങളെ അവൻ ബോധ്യപ്പെടുത്തുന്നതുമാകുന്നു എന്നൊക്കെയാണു മറുപടിയുടെ ചുരുക്കം. അല്ലാഹു തുടരുന്നു:–

95. നിങ്ങൾ അവരിലേക്കു തിരിച്ചെത്തിയാൽ— നിങ്ങൾ അവരെക്കുറിച്ച് (നിരാക്ഷേപം) തിരിഞ്ഞു കളയുവാൻവേണ്ടി—വഴിയെ അവർ നിങ്ങളോടു അല്ലാഹുവിനെക്കൊണ്ടു ശപഥം ചെയ്യും. എന്നാൽ, നിങ്ങൾ അവരെക്കുറിച്ചു (അവഗണിച്ചു) തിരിഞ്ഞു കളയുവിൻ. നിശ്ചയമായും അവർ, വൃത്തികെട്ടവരാകുന്നു; അവരുടെ സങ്കേതമാകട്ടെ, 'ജഹന്നമും' [നരകവും] ആകുന്നു; അവർ പ്രവർത്തിച്ചു (സമ്പാദിച്ചു) കൊണ്ടിരിക്കുന്നതിനു പ്രതിഫലമായിട്ട്.

٩٥ - سَيَحْلِفُونَ بِاللَّهِ لَكُمْ إِذَا انقَلَبْتُمْ إِلَيْهِمْ لِتُعْرِضُوا عَنْهُمْ ۖ فَأَعْرِضُوا عَنْهُمْ ۖ إِنَّهُمْ رِجْسٌ ۖ وَمَأْوَاهُمْ جَهَنَّمُ جَزَاءً بِمَا كَانُوا يَكْسِبُونَ ○

96. നിങ്ങൾ അവരെക്കുറിച്ചു തൃപ്തിപ്പെടുവാൻ വേണ്ടി അവർ നിങ്ങളോടു ശപഥം ചെയ്യുന്നു. എന്നാൽ, നിങ്ങൾ അവരെക്കുറിച്ചു തൃപ്തിപ്പെടുന്ന പക്ഷം, നിശ്ചയമായും അല്ലാഹു (ആ) തോന്നിയവാസികളെക്കുറിച്ചു തൃപ്തിപ്പെടുകയില്ല.

٩٦ - يَحْلِفُونَ لَكُمْ لِتَرْضَوْا عَنْهُمْ ۖ فَإِن تَرْضَوْا عَنْهُمْ فَإِنَّ اللَّهَ لَا يَرْضَىٰ عَنِ الْقَوْمِ الْفَاسِقِينَ ○

---

95. سيحلفون വഴിയെ അവർ സത്യം (ശപഥം) ചെയ്യും بالله അല്ലാഹുവിനെക്കൊണ്ടു لكم നിങ്ങളോടു اذا انقلبتم നിങ്ങൾ തിരിഞ്ഞു (തിരിച്ചു) വന്നാൽ اليهم അവരിലേക്കു لتعرضوا നിങ്ങൾ തിരിഞ്ഞു കളയുവാൻ വേണ്ടി عنهم അവരെക്കുറിച്ചു فاعرضوا എന്നാൽ (അതിനാൽ) നിങ്ങൾ തിരിഞ്ഞു (അവഗണിച്ചു) കളയുവിൻ عنهم അവരെപ്പറ്റി. انهم നിശ്ചയമായും അവർ رجس മ്ലേച്ഛന്മാരാണു, വൃത്തികെട്ടവരാണു ومأواهم അവരുടെ സങ്കേതമാകട്ടെ جهنم ജഹന്നമാകുന്നു جزاء പ്രതിഫലമായിട്ടു بما كانوا അവർ ആയിരുന്നതിനു يكسبون അവർ സമ്പാദിക്കൽ, പ്രവർത്തിക്കുക. 96. يحلفون അവർ സത്യം (ശപഥം) ചെയ്യും (ചെയ്യുന്നു) لكم നിങ്ങളോടു لترضوا നിങ്ങൾ തൃപ്തിപ്പെടുവാൻ വേണ്ടി عنهم അവരെക്കുറിച്ചു فان ترضوا എനി (എന്നാൽ, അങ്ങിനെ) നിങ്ങൾ തൃപ്തിപ്പെടുന്ന പക്ഷം عنهم അവരെക്കുറിച്ചു فان الله എന്നാൽ നിശ്ചയമായും അല്ലാഹു لا يرضى അവൻ തൃപ്തിപ്പെടുകയില്ല عن القوم ജനങ്ങളെക്കുറിച്ചു الفاسقين തോന്നിയവാസികളായ.

നിങ്ങൾ അവരുടെ കുറ്റം നിസ്സാരമാക്കണം, അവരെക്കുറിച്ചു നിങ്ങൾ തൃപ്തരാവണം, അഥവാ നിങ്ങളിൽ നിന്നു അവരുടെ നേരെ ആക്ഷേപവും പ്രതിഷേധവും ഉണ്ടാവരുത് എന്നൊക്കെയാണു ആ വൃത്തികെട്ടവരുടെ ഉദ്ദേശ്യം. അതിനു വേണ്ടിയാണവർ അല്ലാഹുവിന്റെ നാമത്തിൽ സത്യം ചെയ്തുകൊണ്ടു ഒഴികഴിവുകൾ സമർപ്പിക്കുന്നതു. നിങ്ങൾ അവരെപ്പററി തൃപ്തിപ്പെട്ടാൽപോലും അല്ലാഹു അവരെപ്പററി തൃപ്തിപ്പെടുവാൻ പോകുന്നില്ല.

ഗ്രാമീണവാസികളും മുന്‍നടപ്പുകാരുമാണവര്‍, അതുകൊണ്ടു അവരെ ഗുണദോഷിക്കുവാനും മറ്റും മിനക്കെടാതെ നിങ്ങള്‍ അവഗണിച്ചു തള്ളിയേക്കുക. അവരോടു ചെയ്യേണ്ടതു അല്ലാഹു ചെയ്തുകൊള്ളും എന്നു സാരം.

97. 'അഅ്റാബി'[മരുഭൂവാസി]കള്‍, അവിശ്വാസവും കപട വിശ്വാസവും കൂടുതല്‍ കഠിനമായവരാകുന്നു; അല്ലാഹു അവന്റെ റസൂലിന്റെ മേല്‍ അവതരിപ്പിച്ചതിന്റെ പരിധികളെ അറിയാതിരിക്കുവാന്‍ കൂടുതല്‍ അവകാശപ്പെട്ടവരുമാകുന്നു.

ٱلْأَعْرَابُ أَشَدُّ كُفْرًا وَنِفَاقًا وَأَجْدَرُ أَلَّا يَعْلَمُوا۟ حُدُودَ مَآ أَنزَلَ ٱللَّهُ عَلَىٰ رَسُولِهِۦ ۗ

അല്ലാഹു (എല്ലാം) അറിയുന്നവനും അഗാധജ്ഞനുമാണ്.

وَٱللَّهُ عَلِيمٌ حَكِيمٌ ۝

---

97. الأعراب അഅ്റാബികള്‍ أشد അധികം കഠിനമായ (കടുത്ത)വരാണു - كفرا അവിശ്വാസം, അവിശ്വാസത്താല്‍ ونفاقا കാപട്യവും, കാപട്യത്താലും وأجدر. അധികം അവകാശ(ത്ത)പ്പെട്ടവരുമാണു ألا يعلموا അറിയാതിരിക്കുവാന്‍ حدود അതിര്‍ത്തി(പരിധി)കളെ ما أنزل الله അല്ലാഹു ഇറക്കിയതിന്റെ على رسوله അവന്റെ റസൂലിന്റെ മേല്‍ والله അല്ലാഹു عليم (എല്ലാം) അറിയുന്നവനാണു حكيم അഗാധജ്ഞനാണു, യുക്തിമാനാണ്.

മരുഭൂവാസികളായ അറബികളെപ്പറ്റിയാണു 'അഅ്റാബി'കള്‍ (الأعراب) എന്നു പറയപ്പെടുന്നതെന്നു മുമ്പു പറഞ്ഞുവല്ലോ. പട്ടണങ്ങളിലും, പരിസരങ്ങളിലും വസിക്കുന്നവര്‍ക്കു 'അറബി'കള്‍ (العرب) എന്നും പറയപ്പെടും. അറബികളിലുള്ള സത്യവിശ്വാസികളെക്കുറിച്ചും കപടവിശ്വാസികളെക്കുറിച്ചും പലതും പ്രസ്താവിച്ചതിനെ തുടര്‍ന്ന് അഅ്റാബികളുടെ പൊതുസ്ഥിതി വിവരിക്കുകയാണു. സ്വഭാവത്തിലും പെരുമാറ്റത്തിലും പരുഷത, ഇണക്കമില്ലായ്മ, പാരമ്പര്യങ്ങളും അന്ധവിശ്വാസങ്ങളും കൈവിടുന്നതിലുള്ള മടി, ജ്ഞാന സമ്പാദന മാര്‍ഗ്ഗങ്ങളുടെ വിരളത, ശിക്ഷണ പരിശീലനങ്ങളുടെ അഭാവം, ജനസമ്പര്‍ക്കത്തിന്റെ കുറവ് എന്നിത്യാദി കാരണങ്ങളാല്‍ അഅ്റാബികളുടെ ഹൃദയം സ്വാഭാവികമായും കടുപ്പം കൂടിയതും പരുക്കനുമായിരിക്കും. അതാണു അവര്‍ അവിശ്വാസത്തിലും കാപട്യത്തിലും കൂടുതല്‍ കഠിനമായിരിക്കുവാനും, അല്ലാഹു അവതരിപ്പിച്ച നിയമനിര്‍ദ്ദേശങ്ങളുടെ പരിധികളെപ്പറ്റി കൂടുതല്‍ അജ്ഞരായിരിക്കുവാനും കാരണം. മറ്റുള്ള അറബികളെപ്പോലെ നബി (സ) യുമായും സത്യവിശ്വാസികളുമായും സമ്പര്‍ക്കം പുലര്‍ത്തിക്കൊണ്ടിരിക്കുവാനോ, അവരില്‍ നിന്നു ഖുര്‍ആനും സദുപദേശങ്ങളും കേട്ടു പരിചയിക്കുവാനോ ഉള്ള അവസരവും അവര്‍ക്കു കുറവായിരിക്കുമല്ലോ.

സൂ: ഫത്ഹിലും, സൂ: ഹുജുറാത്തിലും അഅ്റാബികളെപ്പറ്റിയും, അവരുടെ പരുക്കന്‍ സ്വഭാവങ്ങളെപ്പറ്റിയും ചില പരാമര്‍ശങ്ങള്‍ കാണാവുന്നതാണ്. ഇബ്നു അബ്ബാസ് (റ) ല്‍ നിന്നു നിവേദനം ചെയ്യപ്പെട്ട ഒരു നബി വചനത്തില്‍ ഇപ്രകാരം വന്നിരിക്കുന്നു: 'ആരെങ്കിലും മരുഭൂമിയില്‍ വസിച്ചാല്‍ അവന്‍ ഇണക്കമില്ലാത്തവനാകും, ആരെങ്കിലും വേട്ടയാടല്‍ പിന്തുടര്‍ന്നാല്‍ അവന്‍ അശ്രദ്ധനാകും, ആരെങ്കിലും സുല്‍ത്താന്റെ (ഭരണാധികാരിയുടെ) അടുക്കല്‍ ചെന്നു കൂടിയാല്‍ അവന്‍ കുഴപ്പത്തിനു വിധേയനാകും' (അ; ദാ; തി; ന.) ആയിശാ (റ) പറയുകയാണു: റസൂല്‍ (സ) തിരുമേനിയുടെ അടുക്കല്‍ അഅ്റാബികളില്‍പെട്ട കുറെ ആളുകള്‍ വരികയുണ്ടായി. അവര്‍ (സംഭാഷണ മദ്ധ്യേ) ചോദിച്ചു: 'നിങ്ങള്‍ നിങ്ങളുടെ ശിശുക്കളെ ചുംബിക്കാറുണ്ടോ?' ആളുകള്‍ 'അതെ' എന്നു ഉത്തരം പറഞ്ഞു. അപ്പോള്‍ അവര്‍ പറഞ്ഞു: 'അല്ലാഹുവിനെത്തന്നെയാണ് ഞങ്ങള്‍ ചുംബിക്കാറില്ല'. അപ്പോള്‍ റസൂല്‍ (സ) പറഞ്ഞു: 'നിങ്ങളുടെ ഹൃദയങ്ങളില്‍ നിന്നു അല്ലാഹു കാരുണ്യത്തെ നീക്കി കളഞ്ഞിട്ടുണ്ടെങ്കില്‍ എനിക്കു വല്ലതും ചെയ്‌വാന്‍ കഴിയുമോ?!' (ബു; മു.) അഅ്റാബികളുടെ പൊതു നില വിവരിച്ചശേഷം, എന്നാലും അവരില്‍ ഉത്തമരും ആളുകളുണ്ടെന്നു അല്ലാഹു ചൂണ്ടിക്കാട്ടുന്നു:-

98. 'അഅ്റാബി'കളിലുണ്ട് ചിലര്‍: തങ്ങള്‍ ചിലവഴിക്കുന്നതിനെ അവര്‍ ഒരു നഷ്ടബാധ്യതയാക്കിത്തീര്‍ക്കുന്നു; നിങ്ങളില്‍ അവര്‍ കാലദോഷങ്ങള്‍ [ആപത്തുകള്‍] പ്രതീക്ഷിക്കുകയും ചെയ്യുന്നു.

ദുഷിച്ച കാലദോഷം അവരുടെമേല്‍ ഉണ്ടാവട്ടെ! അല്ലാഹു (എല്ലാം) കേള്‍ക്കുന്നവനും, അറിയുന്നവനുമാകുന്നു.

٩٨- وَمِنَ الْأَعْرَابِ مَن يَتَّخِذُ مَا يُنفِقُ مَغْرَمًا وَيَتَرَبَّصُ بِكُمُ الدَّوَائِرَ
عَلَيْهِمْ دَائِرَةُ السَّوْءِ
وَاللَّهُ سَمِيعٌ عَلِيمٌ

99. 'അഅ്റാബി' കളിലുണ്ട് ചിലരും: അവര്‍ അല്ലാഹുവിലും, അന്ത്യനാളിലും വിശ്വസിക്കുന്നു; തങ്ങള്‍ ചിലവഴിക്കുന്നതിനെ അവര്‍, അല്ലാഹുവിന്റെ അടുക്കല്‍ (സാമീപ്യം സിദ്ധിക്കുന്ന) പുണ്യ കര്‍മ്മങ്ങളും, റസൂലിന്റെ പ്രാര്‍ത്ഥന (കളുള്ള വഴി) കളുമാക്കിത്തീര്‍ക്കുകയും ചെയ്യുന്നു.

അറിയുക! നിശ്ചയമായും, അതു അവര്‍ക്കു (സാമീപ്യം സിദ്ധിക്കുന്ന) പുണ്യകര്‍മ്മമാകുന്നു. വഴിയെ, അവരെ അല്ലാഹു അവന്റെ കാരുണ്യത്തില്‍ പ്രവേശിപ്പിക്കുന്നതാണ്. നിശ്ചയമായും അല്ലാഹു വളരെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

٩٩- وَمِنَ الْأَعْرَابِ مَن يُؤْمِنُ بِاللَّهِ وَالْيَوْمِ الْآخِرِ وَيَتَّخِذُ مَا يُنفِقُ قُرُبَاتٍ عِندَ اللَّهِ وَصَلَوَاتِ الرَّسُولِ
أَلَا إِنَّهَا قُرْبَةٌ لَّهُمْ سَيُدْخِلُهُمُ اللَّهُ فِي رَحْمَتِهِ
إِنَّ اللَّهَ غَفُورٌ رَّحِيمٌ

---

98. ومن الاعراب അഅ്റാബികളിലുണ്ട്, മരുഭൂവാസികളില്‍ പെട്ടതാണ് من യാതൊരുവര്‍, ചിലര്‍ يتخذ അവന്‍ (അവര്‍) ആക്കിത്തീര്‍ക്കും ما ينفق താന്‍ ചിലവഴിക്കുന്നതു مغرما ഒരു നഷ്ടഭാരം, കടബാധ്യത ويتربص പ്രതീക്ഷിക്കുകയും, കാത്തിരിക്കുകയും بكم നിങ്ങളില്‍, നിങ്ങള്‍ക്കു الدوائر കാലദോഷ(കാലചക്ര)ങ്ങളെ, ആപത്തുകളെ عليهم അവരുടെ മേലുണ്ട്, അവരിലുണ്ടാവട്ടെ دائرة കാലദോഷം (കാലചക്രം), ആപത്തു السوء തിന്മയുടെ (ദുഷിച്ച) والله അല്ലാഹു سميع കേള്‍ക്കുന്നവനാണ് عليم അറിയുന്നവനാണ്. 99. ومن الاعراب അഅ്റാബികളിലുണ്ട് من يؤمن വിശ്വസിക്കുന്നവര്‍ بالله അല്ലാഹുവിലും واليوم الآخر അന്ത്യനാളിലും ويتخذ ആക്കുകയും ما ينفق താന്‍ (തങ്ങള്‍) ചിലവഴിക്കുന്നതു قربات സാമീപ്യം സിദ്ധിക്കുന്ന കാര്യങ്ങള്‍, പുണ്യ കര്‍മ്മങ്ങള്‍ عند الله അല്ലാഹുവിന്റെ അടുക്കല്‍ وصلوات പ്രാര്‍ത്ഥനകളും, ആശീര്‍വാദങ്ങളും الرسول റസൂലിന്റെ ألا അല്ലാ, അറിയുക إنها നിശ്ചയമായും അതു قربة സാമീപ്യ കര്‍മ്മം (പുണ്യകര്‍മ്മം) ആകുന്നു لهم അവര്‍ക്കു سيدخلهم വഴിയെ അവരെ പ്രവേശിപ്പിക്കും الله അല്ലാഹു في رحمته തന്റെ കാരുണ്യത്തില്‍ إن الله നിശ്ചയമായും അല്ലാഹു غفور വളരെ പൊറുക്കുന്നവനാണ് رحيم കരുണാനിധിയുമാണ്.

സ്വന്തം കാരണത്താലല്ലാതെ–പുറമെ നിന്നുള്ള വല്ല കാരണത്താലും–ഏര്‍പ്പെടുന്ന ധനനഷ്ടത്തിനാണു مغرم (നഷ്ടബാധ്യത–കടഭാരം) എന്നു പറയുന്നത്. دائرة എന്ന വാക്കിന്റെ ബഹുവചനമാണു دوائر 'ചുററിത്തിരിയുന്നതു, വൃത്തം, ചക്രം' എന്നൊക്കെയാണു അതിന്റെ വാക്കര്‍ത്ഥം. കാലാന്തരങ്ങളിലൂടെയുണ്ടാകുന്ന സംഭവഗതികളെപ്പററി 'കാലചക്രം' എന്നു മലയാളത്തില്‍ പറയാറുള്ളതുപോലെ, കാലഗതിക്കനുസരിച്ചുണ്ടാകുന്ന ആപത്തുകളെ ഉദ്ദേശിച്ചു അറബിയില്‍ ആ വാക്കു ഉപയോഗിക്കുന്നു. عليهم دائرة السوء (അവരുടെ മേല്‍ ദുഷിച്ച കാലദോഷം–അഥവാ ആപത്തു–ഉണ്ടായിരിക്കട്ടെ) എന്ന വാക്യം അവര്‍ക്കെതിരെ പ്രാര്‍ത്ഥനാരൂപത്തിലുള്ള ഒരു ഉപവാക്യമാകുന്നു. ഒരു കൂട്ടരെപ്പററി ആക്ഷേപിക്കുകയോ, പ്രതിഷേധിക്കുകയോ ചെയ്യുമ്പോള്‍, സന്ദര്‍ഭത്തിനനുസരിച്ച് അവര്‍ക്കെതിരില്‍ ഇങ്ങനെയുള്ള വല്ല പ്രാര്‍ത്ഥനാ വാക്യങ്ങള്‍ ഉപയോഗിക്കുന്നതു അറബി സാഹിത്യത്തിലെ ഒരു ശൈലിയാകുന്നു.

ആദ്യത്തെ വചനത്തില്‍ അഅ്റാബികളിലുള്ള കപടവിശ്വാസികളെപ്പറ്റിയാണു പ്രസ്താവിക്കുന്നത്. അല്ലാഹുവിന്റെ മാര്‍ഗ്ഗത്തില്‍ വല്ലതും അവര്‍ ചിലവഴിക്കേണ്ടി വരുമ്പോള്‍ അതു സന്തോഷത്തോടുകൂടി ചെയ്കയില്ല. വല്ല പിഴയോ, കൈക്കൂലിയോ പോലെയുള്ള ഒരു നഷ്ടമോ, താങ്ങേണ്ടി വന്നാലത്തെ മാതിരി–മനമില്ലാമനസ്സോടെയായിരിക്കും ചിലവഴിക്കുക. മുസ്ലിംകളുടെ നില മാറുമല്ലോ, അധികം താമസിയാതെ അറബികളുടെ കൈക്കൊണ്ടോ മറ്റോ അവര്‍ക്കു ആപത്തുകള്‍ നേരിടുവാനിരിക്കുന്നു, അതുവരെ മാത്രമേ തങ്ങള്‍ മുസ്ലിം വേഷമണിഞ്ഞു നടക്കേണ്ടതുള്ളു എന്നൊക്കെ അവര്‍ പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. എന്നാല്‍, യഥാര്‍ത്ഥത്തില്‍ സംഭവിക്കുവാന്‍ പോകുന്നതു അതല്ല. അവരുടെ പ്രതീക്ഷക്കു നേരെ വിപരീതമായിരിക്കും സംഭവിക്കുക. അല്ലാഹുവിനു ഒന്നും അജ്ഞാതമല്ല. എല്ലാം അവന്‍ അറിഞ്ഞുകൊണ്ടു തന്നെയായിരുന്നു എന്നൊക്കെയാണു അവരെപ്പറ്റി പ്രസ്താവിച്ചതിന്റെ താല്‍പര്യം.

രണ്ടാമത്തെ വചനത്തില്‍, കപടവിശ്വാസികളല്ലാത്ത യഥാര്‍ത്ഥ സത്യവിശ്വാസികളും അഅ്റാബികളിലുണ്ടെന്നും, അവരുടെ നില നേരെ മറിച്ചാണെന്നും ചൂണ്ടിക്കാട്ടുന്നു. അവര്‍ യുദ്ധകാര്യങ്ങളിലും മറ്റും ധനം ചിലവഴിക്കുന്നതു അല്ലാഹുവിങ്കല്‍ സ്വീകാര്യമായ പുണ്യകര്‍മ്മമായിത്തീരണമെന്നും, നബി (സ) തങ്ങള്‍ക്കു വേണ്ടി പ്രാര്‍ത്ഥിക്കുവാന്‍ കാരണമായിത്തീരണമെന്നും ഉദ്ദേശിച്ചായിരിക്കും. അവരുടെ ഉദ്ദേശം പോലെത്തന്നെ അല്ലാഹു അതു അംഗീകരിക്കുകയും, അവര്‍ക്കു പാപമോചനവും കാരുണ്യവും നല്‍കുകയും ചെയ്യും. ഇതാണ് അവരെപ്പറ്റി പറഞ്ഞതിന്റെ ചുരുക്കം. (അല്ലാഹുവിന്റെ മാര്‍ഗ്ഗത്തില്‍ ദാനധര്‍മ്മം ചെയ്യുന്നവര്‍ക്കുവേണ്ടി നബി (സ) പ്രാര്‍ത്ഥിക്കുന്നതിനെക്കുറിച്ചു 103-ാം വചനത്തില്‍ പ്രസ്താവിക്കുന്നുണ്ട്.)

വിഭാഗം-13

١٠٠- وَالسَّٰبِقُونَ الْأَوَّلُونَ مِنَ الْمُهَٰجِرِينَ وَالْأَنصَارِ وَالَّذِينَ اتَّبَعُوهُم بِإِحْسَٰنٍ رَّضِيَ اللَّهُ عَنْهُمْ وَرَضُوا عَنْهُ وَأَعَدَّ لَهُمْ جَنَّٰتٍ تَجْرِي تَحْتَهَا الْأَنْهَٰرُ خَٰلِدِينَ فِيهَا أَبَدًا ذَٰلِكَ الْفَوْزُ الْعَظِيمُ

100. 'മുഹാജിറു'കളില്‍ നിന്നും, 'അന്‍സാരി'കളില്‍ നിന്നും ആദ്യത്തേവരായ മുന്‍കടന്നവരും, (നിഷ്കളങ്കം) സുകൃതം ചെയ്തുകൊണ്ടു അവരെ പിന്‍തുടര്‍ന്നവരും, അവരെക്കുറിച്ചു അല്ലാഹു തൃപ്തിപ്പെട്ടിരിക്കുന്നു; അവര്‍ അവനെക്കുറിച്ചും തൃപ്തിപ്പെട്ടിരിക്കുന്നു; അടിഭാഗത്തു അരുവികള്‍ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വര്‍ഗ്ഗങ്ങളെ അവര്‍ക്കുവേണ്ടി അവന്‍ ഒരുക്കി വെക്കുകയും ചെയ്തിരിക്കുന്നു: അതില്‍ (അവര്‍) എന്നെന്നും നിത്യവാസികളായിക്കൊണ്ട്. അതത്രെ വമ്പിച്ച ഭാഗ്യം!

---

100. والسابقون മുന്‍കടന്ന(മുന്നോട്ടുവന്ന)വര്‍ الاولون ആദ്യത്തെ(ഒന്നാമത്തെ)വരായ من المهاجرين മുഹാജിറുകളില്‍ (ഹിജ്റ പോയവരില്‍)നിന്ന് والانصار അന്‍സാരി (സഹായി)കളില്‍ നിന്നും والذين اتبعوهم അവരെ പിന്‍തുടര്‍ന്നവരും باحسان നന്മ ചെയ്തുകൊണ്ടു, സുകൃതം ചെയ്തുകൊണ്ടു رضي الله അല്ലാഹു തൃപ്തിപ്പെട്ടിരിക്കുന്നു عنهم അവരെപ്പറ്റി ورضوا അവരും തൃപ്തിപ്പെട്ടിരിക്കുന്നു عنه അവനെപ്പറ്റി واعد അവന്‍ ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു لهم അവര്‍ക്ക് جنات സ്വര്‍ഗ്ഗങ്ങളെ تجري ഒഴുകുന്ന, നടക്കും تحتها അതിന്റെ (അവയുടെ) താഴ്ഭാഗത്തു الانهار അരുവി(നദി)കള്‍ خالدين നിത്യവാസികളായിക്കൊണ്ടു فيها അതില്‍, അവയില്‍ ابدا എക്കാലവും, എന്നെന്നും ذلك الفوز അതത്രെ ഭാഗ്യം, അതു ഭാഗ്യമത്രെ العظيم വമ്പിച്ച, മഹത്തായ

കപടവിശ്വാസികളെക്കുറിച്ചും മറ്റും പലതും പ്രസ്താവിച്ചശേഷം, നബി (സ) തിരുമേനിയോടൊന്നിച്ച് അടിയുറച്ചു നിന്ന സഹാബികളെക്കുറിച്ചു അല്ലാഹു പുകഴ്ത്തിപ്പറയുന്നു. ... സര്‍വ്വസന്നദ്ധതയോടുംകൂടി സ്വദേശം വെടിഞ്ഞു പോരുന്ന സത്യവിശ്വാസികളാണു മുഹാജിറുകള്‍. നബി (സ)യെയും അവരെയും ... മദീനായിലേക്ക ഹിജ്റ പോന്ന സത്യവിശ്വാസികളെയും ... സ്വീകരിച്ചവരാണ്.

ന്റെയും ഇസ്‌ലാമിന്റെയും നേരിയ താൽപര്യത്തോടെ സഹായിച്ച മദീനയിലെ സത്യവിശ്വാസികളാണു അൻസാരികൾ. ഇവരാണ് ഇസ്‌ലാമിലേക്കും, ഇസ്‌ലാമിക സേവനത്തിലേക്കും ആദ്യമാദ്യം മുമ്പോട്ടു വന്നവരെക്കുറിച്ചാണു മുൻകടന്നവർ (السابقون) എന്നു പറഞ്ഞത്. ആദ്യമാദ്യം സത്യവിശ്വാസവും ത്യാഗസന്നദ്ധതയും സ്വീകരിച്ചവർക്കു പ്രത്യേക സ്ഥാനവും കൂടുതൽ ശ്രേഷ്ഠതയുമുണ്ടെന്നു വ്യക്തമാണല്ലോ. അതുകൊണ്ടാണു ഒന്നാമതായി അവരെക്കുറിച്ചു പ്രസ്താവിച്ചത്. അതിനു ശേഷം, അവരുടെ മാതൃകകളെ പിൻപറ്റിക്കൊണ്ടു ഇരു വിഭാഗത്തിലുമുള്ള എല്ലാവരെക്കുറിച്ചും രണ്ടാമതായും പ്രസ്താവിച്ചിരിക്കുന്നു. ഹിജ്റ ആറാം കൊല്ലത്തിൽ ഹുദൈബിയായിൽവെച്ചു നടന്ന പ്രസിദ്ധമായ സന്ധിക്കുമുമ്പ് ഹിജ്റ വന്ന സഹാബികളെ ഒന്നാം ഘട്ടക്കാരായ മുഹാജിറുകളായി പൊതുവെ പറയപ്പെടുന്നു. അവരിൽതന്നെ ആദ്യമാദ്യം വന്നവരും പ്രധാന രംഗങ്ങളിൽ പങ്കുവഹിച്ചവരുമായ ആളുകൾക്കു മുൻഗണന ഉണ്ടുതാനും. നബി (സ) തിരുമേനിയുടെ പ്രവാചകത്വത്തിനുശേഷം പതിനൊന്നാം കൊല്ലത്തിൽ ഏഴു പേരും, പന്ത്രണ്ടാം കൊല്ലത്തിൽ എഴുപതു പുരുഷൻമാരും രണ്ടു സ്ത്രീകളുമടക്കം എഴുപത്തിരണ്ടു പേരും മദീനായിൽനിന്ന് മക്കയിൽ വന്ന് നബി (സ) യുമായി ബൈഅത്തുൽ അഖബ: എന്ന പേരിൽ അറിയപ്പെടുന്ന ഒരു സഖ്യ ഉടമ്പടി നടത്തിപ്പോരിരുന്നു. ഈ ഉടമ്പടിയിലെ അംഗങ്ങളാണ് അൻസാരികളിൽ പ്രഥമ സ്ഥാനം അർഹിക്കുന്നവർ. 'മുൻകടന്നവർ' (السابقون) എന്നതിനെപ്പറ്റി വേറെയും അഭിപ്രായമുണ്ടെങ്കിലും ഇപ്പറഞ്ഞതാണു പൊതുവിൽ സ്വീകരിക്കപ്പെട്ടു വരുന്നത്.

മുഹാജിറുകളും അൻസാരികളുമായി നബി (സ) യുടെ സഹാബികളായുള്ള എല്ലാവരെയും ഉൾപ്പെടുത്തിക്കൊണ്ടു അവർക്കു അല്ലാഹു നൽകുന്ന ബഹുമതി നോക്കുക! ഒന്നാമതായി: رضي الله عنهم (അല്ലാഹു അവരെക്കുറിച്ചു തൃപ്തിപ്പെട്ടിരിക്കുന്നു) അതെ, അവരുടെ വിശ്വാസത്തിലും പ്രവൃത്തിയിലും, സ്ഥിതിഗതികളിലുമെല്ലാം തന്നെ അവരെക്കുറിച്ചു അല്ലാഹുവിനു തൃപ്തിയാണുള്ളത്. അങ്ങനെ, അവന്റെ മഹത്തായ കാരുണ്യത്തിനും, അനുഗ്രഹങ്ങൾക്കും അവർ പാത്രമായിരിക്കുന്നു. രണ്ടാമതായി: ورضوا عنه (അവർ അവനെക്കുറിച്ചു തൃപ്തിപ്പെട്ടിരിക്കുന്നു) അതെ, ഇഹത്തിലും പരത്തിലും അല്ലാഹു തങ്ങൾക്കു നൽകുന്ന അനുഗ്രഹങ്ങളിൽ പരിപൂർണ്ണമായ സംതൃപ്തിയുള്ളവരും തികച്ചും സന്തുഷ്ടരുമാണവർ. ശിർക്കു കുഫ്റുകളിൽ നിന്നും അനാചാരങ്ങളിൽനിന്നും അവൻ അവരെ രക്ഷിച്ചു. അവരുടെ കൈക്കു ഇസ്‌ലാമിനു വിജയവും അഭിവൃദ്ധിയും നൽകി. നിന്ദ്യനികൃഷ്ടമായ ജീവിത രീതിയിൽനിന്നു ഉൽകൃഷ്ടവും പരിപാവനവുമായ ജീവിത രീതിക്കു അവൻ അവരെ ഉത്തമ മാതൃകകളാക്കി. പരലോകത്തുവെച്ചു ലഭിക്കുവാനിരിക്കുന്ന സ്വർഗ്ഗീയാനുഗ്രഹങ്ങളും സ്ഥാനമാനങ്ങളുമാകട്ടെ, അവർണ്ണനീയവും! ഇതിൽപരം ഭാഗ്യം മറ്റെന്തുണ്ട്?! ഇല്ല. മറ്റൊന്നുമില്ല. അതു തന്നെ മഹത്തായ ഭാഗ്യം! (ذلك هو الفوز العظيم)

അല്ലാഹുതന്നെ പറഞ്ഞതുപോലെ, മനുഷ്യർക്കു ലഭിക്കുവാനിരിക്കുന്ന അതിമഹത്തായ ഈ ഭാഗ്യം—അല്ലാഹു അവരെക്കുറിച്ചും അവർ അവനെക്കുറിച്ചും തൃപ്തിപ്പെടുകയെന്ന ഭാഗ്യം—സിദ്ധിച്ചവരും, അല്ലാഹുവിന്റെ തിരുവചനങ്ങളാൽ പ്രശംസക്കു പാത്രീഭൂതരുമായ ആ സഹാബി വര്യന്മാരെപ്പറ്റി പൊതുവിലോ, അവരിൽപെട്ട ചിലരെപ്പറ്റി പ്രത്യേകമായോ പഴിവാക്കുകൾ ഉപയോഗിക്കുകയോ, അവർക്കു അല്ലാഹു നൽകിയ ആ ബഹുമതികളെ നിരാകരിക്കുകയോ, അവരുടെ സ്ഥാന പദവികളെ ഇടിച്ചു താഴ്ത്തുകയോ ചെയ്യുന്നതു എന്തുമാത്രം ധിക്കാരമായിരിക്കുമെന്നു ആലോചിച്ചു നോക്കുക! അതിനു ആരെങ്കിലും മുതിരുന്ന പക്ഷം—അവർ വ്യക്തികളോ, (ശീആ: റാഫിള: പോലെയുള്ള) കക്ഷികളോ, മുൻകാലക്കാരോ, പിൻകാലക്കാരോ, ആരായാലും— അതിന്റെ അർത്ഥം അല്ലാഹു സഹാബികൾക്കു നൽകിയ പ്രശംസകളെ അംഗീകരിക്കുവാൻ അവർ തയ്യാറില്ലെന്നാണല്ലോ. അതിന്റെ അനന്തരഫലമാകട്ടെ, അല്ലാഹുവിന്റെ കോപശാപവും, ശിക്ഷയുമല്ലാതെ മറ്റൊന്നുമല്ലതാനും. قاتلهم الله

സത്യവിശ്വാസത്തിലും ഇസ്‌ലാമിനെ സഹായിക്കുന്നതിലും ആദ്യമായി രംഗത്തു വന്ന തലമുറയാണല്ലോ മുഹാജിറുകളും അൻസാരികളുമായ സഹാബികളുടെ തലമുറ. അതുകൊണ്ടു ആദ്യമായി മുൻകടന്നവർ (السابقون الأولون) എന്ന വിശേഷണം സഹാബികളെ മുഴുവൻ ഉൾപ്പെടുത്തുന്നുവെന്നും ചില വ്യാഖ്യാതാക്കൾ അഭിപ്രായപ്പെട്ടിരിക്കുന്നു. ഇതനുസരിച്ചു സുകൃതം ചെയ്തുകൊണ്ടു അവരെ പിൻപറ്റിയവർ (الذين اتبعوهم باحسان) എന്നു പറഞ്ഞതിന്റെ താൽപര്യം, സഹാബികളുടെ അടുത്ത തലമുറയും അവരെ പിൻപറ്റിപ്പോന്നവരുമായ 'താബിഉ'കൾ (التابعون) ആണെന്നു ചിലരും, സഹാബികളെ യഥാവിധി പിൻപറ്റിപ്പോരുന്ന ഖിയാമത്തുവരെയുണ്ടാകുന്ന എല്ലാ സുകൃതവാൻമാരും അതിൽ ഉൾപ്പെടുമെന്നു ചിലരും അഭിപ്രായപ്പെടുന്നു. പക്ഷേ, സഹാബികളെ പിൻപറ്റിവന്ന അടുത്ത തലമുറക്കു 'താബിഉ'കളെന്നു പേർ ഖുർആൻ അവതരിക്കുന്ന കാലത്തോ, നബി(സ)യുടെ കാലത്തോ ഇല്ലെന്നും അതു പിന്നീടുണ്ടായ ഒരു സാങ്കേതിക വിശേഷണമാണെന്നും ഓർക്കുമ്പോൾ 'താബിഉ'കളാണു അതുകൊണ്ടു വിവക്ഷയെന്നു പറയുവാൻ

ന്യായമില്ല. ഖിയാമത്തുനാൾവരെക്കും സഹാബികളെ പിൻപറ്റി വരുന്ന സുകൃതവാൻമാരെല്ലാം അതിൽ ഉൾപ്പെട്ടുമെന്നു പറയുന്നതിൽ ഭാഷാപരമായി നോക്കുമ്പോൾ കാര്യമായ തടസ്സമൊന്നും കാണുന്നില്ലെങ്കിലും – ചില മഹാന്മാർ ചൂണ്ടിക്കാട്ടിയതു പോലെ – അവരെ പിൻപറ്റിയവർ (الذين اتبعوهم) എന്നു ഭൂതകാല ക്രിയാ രൂപത്തിലാണു അല്ലാഹുവിന്റെ പ്രയോഗമെന്നു ഓർക്കേണ്ടതുണ്ട്. അതേ സമയത്തു ഇത്തരം സ്ഥാനങ്ങളിൽ ഭൂതകാലത്തെ മാത്രം ഉദ്ദേശിച്ചുകൊണ്ടല്ലാതെ ഭൂതകാലക്രിയ ഉപയോഗിക്കൽ ഖുർആന്റെ പതിവാണുതാനും. യഥാർത്ഥം അല്ലാഹുവിനറിയാം. പൊതുവിൽ അംഗീകരിക്കപ്പെട്ടു വരുന്നതും ഖുർആന്റെ ശൈലിയോടു കൂടുതൽ യോജിച്ചതും നാം ആദ്യം വിവരിച്ച അഭിപ്രായം തന്നെ.

١٠١- وَمِمَّنْ حَوْلَكُم مِّنَ الْأَعْرَابِ مُنَافِقُونَ ۖ وَمِنْ أَهْلِ الْمَدِينَةِ ۖ مَرَدُوا عَلَى النِّفَاقِ لَا تَعْلَمُهُمْ ۖ نَحْنُ نَعْلَمُهُمْ ۚ سَنُعَذِّبُهُم مَّرَّتَيْنِ ثُمَّ يُرَدُّونَ إِلَىٰ عَذَابٍ عَظِيمٍ

101. 'അഅ്റാബി'കളിൽ നിന്നു നിങ്ങളുടെ ചുറ്റുപാടിലുള്ളവരിലുമുണ്ടു കപട വിശ്വാസികൾ; മദീനക്കാരിൽ തന്നെയുമുണ്ടു (കപടവിശ്വാസികൾ). അവർ കാപട്യത്തിൽ (ശീലിച്ച്) മുരടിച്ചിരിക്കുകയാണ്. (നബിയേ) നീ അവരെ അറിയുകയില്ല; നാം അവരെ അറിയുന്നു.

നാമവരെ രണ്ടു പ്രാവശ്യം ശിക്ഷിക്കുന്നതാണ്; പിന്നീടു, വമ്പിച്ച ഒരു ശിക്ഷയിലേക്കു അവർ തള്ളപ്പെടുകയും ചെയ്യും.

١٠٢- وَآخَرُونَ اعْتَرَفُوا بِذُنُوبِهِمْ خَلَطُوا عَمَلًا صَالِحًا وَآخَرَ سَيِّئًا عَسَى اللَّهُ أَن يَتُوبَ عَلَيْهِمْ ۚ إِنَّ اللَّهَ غَفُورٌ رَّحِيمٌ

102. വേറെ ചിലരുമുണ്ട്; അവർ തങ്ങളുടെ പാപങ്ങളെ (സമ്മതിച്ച്) ഏറ്റു പറഞ്ഞിരിക്കുന്നു. അവർ സൽകർമ്മവും, വേറെ (ചില) ദുഷ്കർമ്മവും കൂട്ടിക്കലർത്തിയിരിക്കുന്നു.

അല്ലാഹു അവരുടെ പശ്ചാത്താപം സ്വീകരിച്ചേക്കാവുന്നതാണ്. നിശ്ചയമായും അല്ലാഹു, വളരെ പൊറുക്കുന്നവനും, കരുണാനിധിയുമാകുന്നു.

---

101. وممن حولكم നിങ്ങളുടെ ചുറ്റുപാടിലുള്ളവരിലും ഉണ്ടു من الاعراب അഅ്റാബികളിൽനിന്ന منافقون കപട വിശ്വാസികൾ ومن أهل ആൾക്കാരിലും ഉണ്ടു المدينة മദീനയിലെ مردوا അവർ മുരടിച്ചിരിക്കുന്നു (പരിചയിച്ചു, ശീലിച്ചു, അതിരു വിട്ടു) على النفاق കാപട്യത്തിൽ, കപടതയിലായി لا تعلمهم നീ അവരെ അറിയുകയില്ല نحن നാം نعلمهم അവരെ അറിയുന്നു, അറിയുന്നതാണു سنعذبهم അവരെ നാം ശിക്ഷിക്കും مرتين രണ്ടു പ്രാവശ്യം ثم يردون പിന്നെ അവർ മടക്കപ്പെടും, തള്ളപ്പെടും الى عذاب ഒരു ശിക്ഷയിലേക്കു عظيم വമ്പിച്ചതായ 102. وآخرون വേറെ ചിലരുമുണ്ടു اعترفوا അവർ സമ്മതിച്ചിരിക്കുന്ന, ഏറ്റു പറഞ്ഞു بذنوبهم തങ്ങളുടെ പാപങ്ങളെപ്പറ്റി خلطوا അവർ കൂട്ടിക്കലർത്തി عملا صالحا നല്ലതായ (സൽ) കർമ്മത്തെ وآخر വേറെയും (കർമ്മം) سيئا ദുഷിച്ച, മോശപ്പെട്ട عسى الله അല്ലാഹു ആയേക്കാം ان يتوب പശ്ചാത്താപം സ്വീകരിക്കുക عليهم അവരുടെ ان الله നിശ്ചയമായും അല്ലാഹു غفور വളരെ പൊറുക്കുന്നവനാണു رحيم കരുണാനിധിയാണു

മദീന നിവാസികളിലും അഅ്റാബികളിലുമുള്ള സത്യവിശ്വാസികളെയും, കപട വിശ്വാസികളെയും കുറിച്ചു പലതും പ്രസ്താവിച്ചശേഷം രണ്ടുകൂട്ടരിലുമുള്ള ഒരു പ്രത്യേക തരക്കാരെപ്പറ്റി വിവരിക്കുകയാണ്. (1) കാപട്യത്തിൽ പരിചയവും വൈദഗ്ധ്യവും സിദ്ധിച്ച് അതിൽ നിരതരായി കഴിയുന്നവർ. അവരുടെ വാക്കുകളിൽനിന്നോ, പ്രവൃത്തികളിൽ നിന്നോ അവരെ മനസ്സിലാക്കുവാൻ കഴിയുകയില്ല. അത്രയും സമർത്ഥന്മാരാണവർ. അല്ലാഹുവിനു മാത്രമേ അവരെ അറിയുകയുള്ളൂ. അവർ നന്നായിത്തീരുകയില്ല. അത്രയും മുരടിച്ചു കഴിഞ്ഞിരിക്കുന്നു. അതുകൊണ്ടു അവർ ഇഹലോകത്തു വെച്ചു രണ്ടു പ്രാവശ്യം ശിക്ഷ അനുഭവിക്കേണ്ടിവരും. പിന്നീട്

പരലോക ശിക്ഷ അതിനു പുറമെയും. (2) മറ്റൊരു കൂട്ടർ കപടവിശ്വാസികളല്ലെങ്കിലും നല്ല കർമ്മങ്ങളിലൂടെ ദുഷിച്ച കർമ്മങ്ങളും കൂട്ടിക്കലർത്തിയിട്ടുള്ള വരാണു. എന്നാൽ, തങ്ങളുടെ പാപങ്ങളെപ്പറ്റി അവർ ബോധവാന്മാരും കുറ്റം ഏറ്റു പറഞ്ഞു പശ്ചാത്തപിക്കുന്നവരുമാണവർ. ഇവർക്കു അല്ലാഹു പൊറുത്തു കൊടുക്കുമെന്നു തികച്ചും പ്രതീക്ഷിക്കാം. ഇതാണു ആ രണ്ടുകൂട്ടരെപ്പറ്റിയും പ്രസ്താവിച്ചതിന്റെ സാരം. 'അല്ലാഹു ഇന്ന പ്രകാരം ചെയ്തേക്കാം.' (عسى الله) എന്നിങ്ങിനെ പ്രതീക്ഷക്കു വക നൽകിക്കൊണ്ടുള്ള അല്ലാഹുവിന്റെ പ്രസ്താവനകളിലടങ്ങിയ കാര്യങ്ങൾ യഥാർത്ഥത്തിൽ സംഭവിക്കുക തന്നെ ചെയ്യുമെന്നു ഉറപ്പിക്കാവുന്നതാണ്.

وآخرون اعترفوا بذنوبهم (വേറെ ചിലർ തങ്ങളുടെ പാപങ്ങളെപ്പറ്റി ഏറ്റു പറഞ്ഞിരിക്കുന്നു) എന്നു പറഞ്ഞതു അബൂലുബാബത്തൽ അൻസാരീ (റ) യെയും അദ്ദേഹത്തിന്റെ കൂട്ടുകാരായ ചില വ്യക്തികളെയും സംബന്ധിച്ചാണെന്നത്രെ ഇബ്നു ജരീർ (റ) മുതലായ പല വ്യാഖ്യാതാക്കളും പ്രസ്താവിക്കുന്നത്. അദ്ദേഹത്തിന്റെ കൂട്ടുകാരുടെ എണ്ണം അഞ്ചോ, ഏഴോ, പത്തോ എന്നുള്ളതിൽ രിവായത്തുകൾക്കിടയിൽ ഭിന്നിപ്പു കാണാമെങ്കിലും അവരുടെ സംഭവം ഇപ്രകാരമായിരുന്നു: തക്കതായ കാരണം കൂടാതെ തബൂക്കു യുദ്ധയാത്രയിൽനിന്നു അവർ ഒഴിഞ്ഞു മാറിയിരുന്നു. റസൂൽ (സ) മടങ്ങിയെത്തും മുമ്പുതന്നെ അവർ വളരെ ഖേദത്തിലായി. 'റസൂൽ (സ) തിരുമേനി വളരെ കഷ്ടതയിലും വിഷമത്തിലും കഴിഞ്ഞു കൂടുമ്പോൾ നാം സുഖമായി കഴിഞ്ഞു കൂടുന്നതു ശരിയല്ല; അതുകൊണ്ടു നാം നമ്മെത്തന്നെ പള്ളിയുടെ തൂണുകളിൽ കെട്ടി ബന്ധിക്കുക; റസൂൽ (സ) വന്നു നമുക്കു ഒഴികഴിവു നൽകി നമ്മെ അഴിച്ചു വിടുന്നതു വരെ നാം അങ്ങിനെത്തന്നെ കഴിയണം.' എന്നു അവർ തമ്മിൽ പറഞ്ഞു. അങ്ങനെ, അവരിൽ (താഴെ പറയുന്ന) മൂന്നുപേരൊഴിച്ചു ബാക്കിയുള്ളവർ തങ്ങളെ സ്വയം തന്നെ തൂണുകളിൽ ബന്ധിച്ചു. റസൂൽ (സ) മടങ്ങി വരുന്ന വഴി പള്ളിയിൽ പ്രവേശിച്ചപ്പോൾ അവരെ കണ്ടു. വിവരം അറിഞ്ഞപ്പോൾ തിരുമേനി പറഞ്ഞു: 'അല്ലാഹുവിൽനിന്നു കൽപന കിട്ടാതെ ഞാൻ അവരെ അഴിച്ചു വിടുകയോ, അവർക്കു ഒഴികഴിവു നൽകുകയോ ചെയ്കയില്ല.' അനന്തരം ....وآخرون اعترفوا എന്നുള്ള (ഈ) വചനം അവതരിച്ചു. അപ്പോൾ, നബി (സ) അവരെ അഴിച്ചു വിടുകയും, അവർക്കു ഒഴികഴിവു നൽകുകയും ചെയ്തു.

ഇബ്നുജരീർ (റ) മുതലായവർ പല മാർഗ്ഗങ്ങളിലൂടെ നിവേദനം ചെയ്തിട്ടുള്ളതിന്റെ ചുരുക്കമാണിതു. വേറെയും ചില സംഭവങ്ങൾ ഇവിടെ ഉദ്ധരിക്കപ്പെട്ടിട്ടുണ്ടെങ്കിലും ഖുർആന്റെ വാക്കുകളോടു അവ യോജിക്കുന്നില്ലെന്നു ഇബ്നുജരീർ (റ) പ്രത്യേകം ചൂണ്ടിക്കാട്ടിയിട്ടുണ്ട്. തൂണുകളിൽ ബന്ധിക്കുന്നതിൽനിന്നു ഒഴിവായ ആ മൂന്നു പേരെപ്പറ്റി 106ഉം 118ഉം വചനങ്ങളിൽ താഴെ പരാമർശങ്ങൾ കാണാവുന്നതാണ്.

രണ്ടുവട്ടം അവരെ ശിക്ഷിക്കുമെന്നു പറഞ്ഞതിന്റെ താൽപര്യം പലരും വ്യത്യസ്ത വാക്കുകളിൽ ചൂണ്ടിക്കാണിക്കാറുണ്ട്. അവയുടെ ആകെ സാരം ഇങ്ങിനെ പറയാം: കാപട്യത്തിന്റെ രഹസ്യം പുറത്താക്കുക, അപമാനത്തിനു വിധേയരാക്കുക, മാനസികമോ സാമ്പത്തികമോ ശാരീരികമോ ആയ അവശതകൾ അനുഭവിപ്പിക്കുക മുതലായ കാര്യങ്ങൾ ഒന്നാമത്തെ ശിക്ഷയും, അവിശ്വാസികളായി മരണപ്പെടുക, മരണവേളയിൽ മലക്കുകളുടെ കൈക്കും മറ്റുമുണ്ടാകുന്ന കഷ്ടതകൾ അനുഭവപ്പെടുക, ഖബ്റിൽവെച്ചുണ്ടാകുന്ന ശിക്ഷാനുഭവങ്ങൾ മുതലായവ രണ്ടാമത്തെ ശിക്ഷയുമായിരിക്കും. الله أعلم

കപടവിശ്വാസികളായ ചില വ്യക്തികളെക്കുറിച്ചു നബി (സ)ക്കു അറിവുണ്ടായിരുന്ന—അഥവാ അല്ലാഹു അറിയിച്ചുകൊടുത്തിരുന്ന—വെന്നു ചില സംഭവങ്ങളിൽനിന്നു മുമ്പു നാം കണ്ടുവല്ലോ. 'അവരുടെ വാക്കിന്റെ ശൈലിയിൽ അവരെ നിനക്കു മനസ്സിലാകുകതന്നെ ചെയ്യും.' (ولتعرفنهم في لحن القول) എന്നു സൂ: മുഹമ്മദു: 30ലും പറയുന്നുണ്ട്. ഇവിടെ 'നീ അവരെ അറിയുകയില്ല, അല്ലാഹു അറിയും.' (لا تعلمهم نحن نعلمهم) എന്നു പറഞ്ഞതും അതുമായി പരസ്പര വൈരുദ്ധ്യമില്ലെന്നു മനസ്സിലാക്കേണ്ടതാണ്. ചില അടയാളങ്ങൾ വഴി ചിലരെയൊക്കെ അവർ കപടന്മാരാണെന്നു നബി (സ)ക്കു മനസ്സിലാക്കുവാൻ കഴിയും; തബൂക്കിൽനിന്നുള്ള മടക്കയാത്രയിൽ നബി (സ)യെ കൊലപ്പെടുത്തുവാൻ ഗൂഢതന്ത്രം നടത്തിയ വ്യക്തികളെപ്പോലെ അല്ലാഹു അറിയിച്ചുകൊടുത്തവരെപ്പറ്റി വ്യക്തിപരമായിത്തന്നെ അറിയുവാൻ കഴിയും; പക്ഷേ, എല്ലാ കപടവിശ്വാസികളെക്കുറിച്ചും വിശദമായി മനസ്സിലാക്കുവാനോ, സൂക്ഷ്മമായി അറിയുവാനോ നബി (സ) ക്കു കഴിയുകയില്ല എന്നത്രെ അവയുടെ താൽപര്യമെന്നു സാമാന്യമായി പറയാം.

١٠٣- خُذْ مِنْ أَمْوَالِهِمْ صَدَقَةً تُطَهِّرُهُمْ وَتُزَكِّيهِمْ بِهَا وَصَلِّ عَلَيْهِمْ إِنَّ صَلَاتَكَ سَكَنٌ لَهُمْ وَاللَّهُ سَمِيعٌ عَلِيمٌ ○

103. (നബിയേ) അവരുടെ സ്വത്തുക്കളിൽ നിന്നും ധർമ്മം എടുക്കുക [വാങ്ങുക] അതുവഴി നീ അവരെ ശുദ്ധിയാക്കുകയും, സംസ്കരിക്കുകയും ചെയ്യുമാറ്. അവർക്കു (അനുഗ്രഹത്തിനായി) പ്രാർത്ഥിക്കുകയും ചെയ്യുക. നിശ്ചയമായും, നിന്റെ പ്രാർത്ഥന അവർക്ക് ഒരു (മനഃ) സമാധാനമാകുന്നു. അല്ലാഹു (എല്ലാം) കേൾക്കുന്നവനും, അറിയുന്നവനുമാകുന്നു.

١٠٤- أَلَمْ يَعْلَمُوا أَنَّ اللَّهَ هُوَ يَقْبَلُ التَّوْبَةَ عَنْ عِبَادِهِ وَيَأْخُذُ الصَّدَقَاتِ وَأَنَّ اللَّهَ هُوَ التَّوَّابُ الرَّحِيمُ ○

104. അവർക്കറിഞ്ഞുകൂടേ? അല്ലാഹു തന്നെയാണ് അവന്റെ അടിയാൻമാരിൽ നിന്ന 'തൗബഃ' [പശ്ചാത്താപം] സ്വീകരിക്കുകയും ദാനധർമ്മങ്ങൾ എടുക്കുകയും ചെയ്യുന്നതെന്നും, അല്ലാഹു തന്നെയാണ് പശ്ചാത്താപം സ്വീകരിക്കുന്നവനും, കരുണാനിധിയായുള്ളവനെന്നും!

---

103. خذ വാങ്ങുക, എടുക്കുക, സ്വീകരിക്കുക من أموالهم അവരുടെ ധനം (സ്വത്തു)കളിൽ നിന്ന صدقة ധർമ്മം تطهرهم നീ അവരെ ശുദ്ധിയാക്കുമാറ്, ശുദ്ധമാക്കുന്ന നിലക്ക് وتزكيهم അവരെ സംസ്കരിക്കുകയും بها അതുകൊണ്ടു, അതുവഴി, അതു നിമിത്തം وصل പ്രാർത്ഥിക്കുക (ആശീർവ്വദിക്കുക)യും ചെയ്യുക عليهم അവർക്കായി, അവർക്കു إن صلاتك നിശ്ചയമായും നിന്റെ പ്രാർത്ഥന (ആശീർവാദം) سكن ഒരു സമാധാനമാണു, ശാന്തതയാണു لهم അവർക്കു والله അല്ലാഹു سميع കേൾക്കുന്നവനാണു عليم അറിയുന്നവനാണു 104. ألم يعلموا അവർ അറിഞ്ഞിട്ടില്ലേ, അവർക്കറിഞ്ഞുകൂടേ أن الله هو അല്ലാഹു തന്നെയാണെന്ന يقبل സ്വീകരിക്കുന്നതു التوبة പശ്ചാത്താപം عن عباده തന്റെ അടിയാൻമാരിൽ നിന്ന (അടിയാൻമാർക്ക്) ويأخذ എടുക്കുകയും ചെയ്യുന്നതു الصدقات ദാനധർമ്മങ്ങളെ, ധർമ്മങ്ങൾ وأن الله هو അല്ലാഹു തന്നെയാണെന്നും التواب പശ്ചാത്താപം സ്വീകരിക്കുന്നവൻ الرحيم കരുണാനിധി

صدقة (ധർമ്മം) എന്ന വാക്കിൽ എല്ലാ തരം ദാനധർമ്മങ്ങളും ഉൾപ്പെടുന്നു. പക്ഷേ, നിർബന്ധ ധർമ്മമായ സകാത്തിനെ സംബന്ധിച്ചിടത്തോളം അതിന്റെ നിശ്ചിതതോതും വ്യവസ്ഥയും അനുസരിച്ചും, സകാത്തല്ലാത്ത നിർബന്ധ ധർമ്മങ്ങളെ സംബന്ധിച്ചിടത്തോളം സന്ദർഭവും പരിതസ്ഥിതിയും അനുസരിച്ചും, നിർബന്ധമില്ലാത്ത ദാനധർമ്മങ്ങളെ സംബന്ധിച്ചിടത്തോളം ദാതാവു നൽകുന്നതും സ്വീകരിക്കേണ്ടതാകുന്നു. ആവശ്യമായ വിഷയങ്ങളിൽ ചിലവഴിക്കുവാനായി ജനങ്ങളിൽനിന്നു ധർമ്മങ്ങൾ സ്വീകരിക്കണമെന്നും ധർമ്മം നൽകുന്നവർക്കുവേണ്ടി പ്രാർത്ഥിക്കണമെന്നും അല്ലാഹു നബി (സ)യോട് കൽപിക്കുന്നു. അവർ നൽകുന്ന ദാനധർമ്മങ്ങൾ അവർക്ക് തന്നെ ഗുണകരമാണ്—അതവരെ ശുദ്ധീകരിക്കുകയും സംസ്കരിക്കുകയും ചെയ്യും—എന്നും ചൂണ്ടിക്കാട്ടുന്നു. അതായതു, പിശുക്ക്, ആർത്തി മുതലായ ദുസ്സ്വഭാവങ്ങളിൽ നിന്നും പാപങ്ങളിൽനിന്നും ധർമ്മം ശുദ്ധിയാക്കുന്നു. ഔദാര്യമനസ്ഥിതി, സാധുമയ, ത്യാഗസന്നദ്ധത, പുണ്യകർമ്മങ്ങളിലുള്ള താൽപര്യം, ആത്മീയശുദ്ധി ആദിയായ ഗുണങ്ങൾ വളർത്തി മനുഷ്യനെ അതു സംസ്കരിക്കുകയും ചെയ്യുന്നു. കൂടാതെ, നബി (സ)യുടെ പ്രാർത്ഥനയും മനസ്സിനു സമാധാനവും ശാന്തിയും ലഭിക്കുകയും ചെയ്യും. നബി (സ) യുടെ പ്രാർത്ഥനകൾ അല്ലാഹു വെറുതെയാക്കുകയില്ലല്ലോ. ഈ കൽപനകൾ നബി (സ) തിരുമേനിയെ അഭിമുഖീകരിച്ചുകൊണ്ടുള്ളവയാണെങ്കിലും, നബി
(സ) യുടെ ശേഷം അതാതുകാലത്തെ ഭരണകർത്താക്കൾക്കും ബാധകമാണ്.

صلاة (സ്വലാത്ത്) എന്നാൽ 'പ്രാർത്ഥന' എന്നാണ് മൂലാർത്ഥം. 'നമസ്കാരം, അനുഗ്രഹം നൽകൽ, ആശീർവ്വദിക്കൽ' എന്നിങ്ങിനെയുള്ള അർത്ഥങ്ങളിലും അതു ഉപയോഗിക്കപ്പെടുന്നു. എല്ലാറ്റിലും പ്രാർത്ഥന അടങ്ങിയിട്ടുണ്ടല്ലോ. അല്ലാഹുവിനെ സംബന്ധിച്ചിടത്തോളം അനുഗ്രഹം നൽകുക എന്നും, മലക്കുകളെ സംബന്ധിച്ചിടത്തോളം നമുക്കും അനുഗ്രഹത്തിനും പാപമോചനം തേടുക എന്നും, സത്യവിശ്വാസികളെ സംബന്ധിച്ചിടത്തോളം

നും വേണ്ടി പ്രാർത്ഥിക്കുക എന്നുമത്രെ ഇതിൽ നിർദ്ദേശിക്കുന്നത്. അതുകൊണ്ടു വിവക്ഷ ധർമ്മവുമായി വരുന്ന ആളുകൾക്കുവേണ്ടി ഈ കൽപനയനുസരിച്ച് നബി(സ) പ്രാർത്ഥന നടത്തിയിരുന്നതായി ഹദീസുകളിൽ കാണാവുന്നതാണ്. അബ്ദുല്ലാഹിബ്നു അബീഔഫാ (റ) പറയുന്നു: നബി(സ)യുടെ അടുക്കൽ വല്ല ആളുകളും അവരുടെ ധർമ്മങ്ങളുമായി വന്നാൽ അവിടുന്ന പറയും: 'അല്ലാഹുവേ, ഇന്ന ആളുടെ കുടുംബത്തിന് അനുഗ്രഹം നൽകണേ!' അങ്ങനെ, എന്റെ പിതാവ് തന്റെ ധർമ്മവുമായി ചെന്നു. അപ്പോൾ തിരുമേനി പറഞ്ഞു: 'അല്ലാഹുവേ, അബീഔഫായുടെ കുടുംബത്തിന് അനുഗ്രഹം നൽകണേ!' (ബു; മു.)

104-ാം വചനത്തിൽ 'തൗബഃ (പശ്ചാത്താപം) സ്വീകരിക്കുന്നതും, ധർമ്മങ്ങൾ വാങ്ങുന്നതും അല്ലാഹു തന്നെയാണെന്നും, അവൻ പശ്ചാത്താപം സ്വീകരിക്കുന്നവനും കരുണാനിധിയുമാണെന്നും അവർക്കറിഞ്ഞുകൂടേ?' എന്ന ചോദ്യം വളരെ ശ്രദ്ധാർഹമാകുന്നു. പല സൂചനകളും അടങ്ങിയ ഒരു ചോദ്യമാണത്. ഉദാഹരണമായി: (1) പശ്ചാത്താപം സ്വീകരിക്കൽ അല്ലാഹുവിന്റെ മാത്രം അധികാരാവകാശത്തിൽ പെട്ടതാണ്. അതിൽ നബി(സ)ക്കോ മറ്റാർക്കെങ്കിലുമോ യാതൊരു പങ്കുമില്ല. അല്ലാഹുവിന്റെ അനുവാദപ്രകാരമല്ലാതെ ഒരാളുടെ പശ്ചാത്താപവും മറ്റും സ്വീകരിച്ച് അയാളെ ശുദ്ധീകരിക്കുവാൻ ആർക്കും സാധ്യമല്ല. (2) ധർമ്മങ്ങൾ വാങ്ങി അതാതു മാർഗ്ഗങ്ങളിൽ വിനിയോഗിക്കുന്നതു നബി(സ)യുടെ കൈക്കാണു നടക്കുന്നതെങ്കിലും അത് അല്ലാഹുവിന്റെ കൽപനപ്രകാരമായതുകൊണ്ടു യഥാർത്ഥത്തിൽ അതു ഏറ്റുവാങ്ങുന്നതു അല്ലാഹുവാകുന്നു. ആ സ്ഥിതിക്ക് അതൊരിക്കലും വെറുതെയാവുകയില്ല. തക്ക പ്രതിഫലം അവൻ നൽകുകതന്നെ ചെയ്യും. (3) പാപങ്ങളിൽനിന്ന പശ്ചാത്തപിക്കലും, ധർമ്മം ചെയ്യലും അല്ലാഹുവിനു വളരെ ഇഷ്ടപ്പെട്ട കാര്യങ്ങളാകുന്നു. (4) പാപങ്ങളിൽനിന്ന പശ്ചാത്തപിക്കുന്നവർ തങ്ങളുടെ സ്വത്തിൽനിന്ന ധർമ്മം കൊടുക്കുന്നതു അവരുടെ പാപം പൊറുക്കുവാൻ കാരണമായിത്തീരുന്നതാണു. ഇങ്ങിനെ പലതും.

തബൂക്ക് പടയെടുപ്പിൽ സംബന്ധിക്കാതെയോ, അതിലേക്കു ധനം ചിലവഴിക്കാതെയോ ഇരുന്നവരും, പിന്നീടു തങ്ങളുടെ പക്കൽ വന്നപോയ അപരാധത്തെപ്പറ്റി ഖേദക്കാരുമായ ആളുകൾ പ്രത്യേകിച്ചും ദാനധർമ്മങ്ങൾ ചെയ്യുന്നതുണ്ടെന്നും, അതു അവരുടെ പശ്ചാത്താപം സ്വീകരിക്കുവാൻ സഹായകമാവുമെന്നും ഈ വചനത്തിൽ നിന്നു മനസ്സിലാക്കാം. ആദ്യം ഒഴിവായി പിന്തിനിന്നവെങ്കിലും പിന്നീട് വലിയ ഖേദത്തിലായ അബൂലുബാബത്തൽ അൻസാരി(റ)യുടെയും കൂട്ടരുടെയും കഥ മുമ്പു പറഞ്ഞുവല്ലോ. അവർ നബി(സ)യുടെ അടുക്കൽവന്ന 'നബിയേ, ഇതാ ഞങ്ങളുടെ ധനം, ഇതു (ധർമ്മമായി) സ്വീകരിച്ചു ഞങ്ങൾക്കു വേണ്ടി അങ്ങുന്ന പാപമോചനം തേടണം.' എന്നു അപേക്ഷിച്ചുവെന്നും, 'നിങ്ങളുടെ ധനത്തിൽനിന്ന ഒന്നും വാങ്ങുവാൻ എന്നോടു കൽപിക്കപ്പെട്ടിട്ടില്ല.' എന്നു തിരുമേനി ഉത്തരം പറഞ്ഞുവെന്നും, പിന്നീട് ....خذ من أموالهم (അവരുടെ ധനത്തിൽ നിന്നും ധർമ്മം വാങ്ങിക്കൊള്ളുക....) എന്ന വചനം അവതരിച്ചപ്പോൾ, നബി(സ) അവരിൽ നിന്ന (അവരുടെ സ്വത്തിന്റെ) മൂന്നിലൊന്ന വാങ്ങി അവർക്കുവേണ്ടി ധർമ്മം ചെയ്യുകയുമുണ്ടായെന്നും ഇബ്നു ജരീർ (റ) ഒന്നിലധികം മാർഗ്ഗങ്ങളിലൂടെ ഉദ്ധരിച്ചിരിക്കുന്നു.

നബി(സ)യോടുള്ള ഈ കൽപന- അവരുടെ സ്വത്തുക്കളിൽ നിന്ന ധർമ്മം അഥവാ സക്കാത്തു വാങ്ങണമെന്ന കൽപന- നബി(സ)ക്കു മാത്രം ബാധകമായതല്ലെന്നും, നബി(സ)യുടെ ശേഷം അതാതുകാലത്തെ അധികാരസ്ഥന്മാർ അതു വസൂലാക്കേണ്ടതുണ്ടെന്നും, എല്ലാവരുടെ സ്വത്തിനും ബാധകമാണ് ഈ നിയമമെന്നും ഇമാം ഇബ്നുകഥീർ(റ) ഇവിടെ ചൂണ്ടിക്കാട്ടിയിരിക്കുന്നു.

105. (നബിയേ) പറയുകയും ചെയ്യുക: 'നിങ്ങൾ പ്രവർത്തിച്ചു കൊള്ളുവിൻ, നിങ്ങളുടെ പ്രവർത്തനം വഴിയെ അല്ലാഹു കണ്ടുകൊള്ളും; അവന്റെ റസൂലും, സത്യവിശ്വാസികളും (കണ്ടുകൊള്ളും).

١٠٥- وَقُلِ اعْمَلُوا فَسَيَرَى اللَّهُ عَمَلَكُمْ وَرَسُولُهُ وَالْمُؤْمِنُونَ

അദൃശ്യവും, ദൃശ്യവും അറിയുന്നവനിലേക്കു നിങ്ങൾ വഴിയെ മടക്കപ്പെടുകയും ചെയ്യും. അപ്പോൾ, നിങ്ങൾ പ്രവർത്തിച്ചു കൊണ്ടിരുന്നതിനെപ്പറ്റി അവൻ നിങ്ങളെ ബോധപ്പെടുത്തുന്നതാണ്'

وَسَتُرَدُّونَ إِلَىٰ عَالِمِ الْغَيْبِ وَالشَّهَادَةِ فَيُنَبِّئُكُم بِمَا كُنتُمْ تَعْمَلُونَ ۝

---

105. قل പറയുകയും ചെയ്യുക اعملوا നിങ്ങൾ പ്രവർത്തിക്കുവിൻ فسيرى എന്നാൽ വഴിയെ കാണും الله അല്ലാഹു عملكم നിങ്ങളുടെ കർമ്മം, പ്രവൃത്തി ورسوله അവന്റെ റസൂലും والمؤمنون സത്യവിശ്വാസികളും وستردون നിങ്ങൾ മടക്ക(ത്തള്ള)പ്പെടുകയും ചെയ്യും إلى عالم അറിയുന്നവനിലേക്കു الغيب അദൃശ്യത്തെ, മറഞ്ഞതിനെ والشهادة ദൃശ്യത്തെയും, വെളിവായതും فينبئكم അപ്പോൾ അവൻ നിങ്ങളെ വിവരമറിയിക്കും, ബോധപ്പെടുത്തും بما كنتم നിങ്ങളായിരുന്നതിനെപ്പറ്റി تعملون നിങ്ങൾ പ്രവർത്തിക്കും

കഴിഞ്ഞുപോയ തെററിനെപ്പററി ഖേദിക്കുകയും, മാപ്പു പറയുകയും ചെയ്താൽ മാത്രം പോരാ, ഭാവി പ്രവർത്തനങ്ങൾ നന്നായിത്തീരുക കൂടി വേണ്ടതുണ്ട്. അപ്പോഴേ പശ്ചാത്താപം യഥാർത്ഥമായിത്തീരുകയുള്ളൂ. നിങ്ങളുടെ ഭാവി എങ്ങിനെയിരിക്കുമെന്ന് ക്രമേണ എല്ലാവർക്കും കാണാമല്ലോ. അതിൽ നിന്നു വ്യക്തമാകും നിങ്ങളുടെ പശ്ചാത്താപം എത്രമാത്രം ശരിയായതാണെന്ന്. അല്ലാഹു എല്ലാ രഹസ്യപരസ്യങ്ങളും അറിയുന്നവനാകുന്നു. അവൻ നിങ്ങളുടെ പ്രവർത്തനങ്ങളെ വീക്ഷിച്ചു വരുന്നുണ്ട്. പരലോകത്തുവെച്ചു അവൻ തക്കതായ നടപടി എടുക്കുകയും, നിങ്ങളുടെ കർമ്മവും അതിന്റെ ഫലവും നിങ്ങളെ ബോധ്യപ്പെടുത്തുകയും ചെയ്യും. സ്പഷ്ടമായിട്ടല്ലെങ്കിലും ഒരു ഏകദേശ കാഴ്ച നിങ്ങളെപ്പററി റസൂലിനും, സത്യവിശ്വാസികൾക്കും കാണുവാൻ കഴിയുന്നതുമാണ്. അതിൽ നിന്നു അവർക്കും നിങ്ങളെക്കുറിച്ച് ചില അനുമാനങ്ങളും നടപടികളും സ്വീകരിക്കുവാനും സാധിക്കും. എന്നിങ്ങനെ അവരെ ഓർമ്മിപ്പിക്കുകകൂടി വേണമെന്നു അല്ലാഹു നബി (സ) യെ ഉണർത്തുകയാണ്.

ഏതെങ്കിലും ആളുകളെപ്പററി അവരുടെ നടപടി ക്രമങ്ങളുടെ അടിസ്ഥാനത്തിൽ സത്യവിശ്വാസികൾക്കുണ്ടാകുന്ന പൊതുവായ ധാരണയും, അഭിപ്രായവും അല്ലാഹുവിങ്കലും സ്വീകാര്യമായിരിക്കുമെന്നൊരു സൂചന ഈ വചനത്തിൽ കാണാവുന്നതാണ്. അനസ് (റ) ഉദ്ധരിച്ച ഒരു ഹദീസിൽ നിന്നു ഈ വസ്തുത കുറേ കൂടി വ്യക്തമാകുന്നു. അദ്ദേഹം പറയുകയാണ്: അവർ (സഹാബികൾ) ഒരു ജനാസയുടെ അടുത്തുകൂടെ പോയപ്പോൾ, അതിനെപ്പററി അവർ നല്ലനിലക്ക് പുകഴ്ത്തിപ്പറയുകയുണ്ടായി. അപ്പോൾ നബി (സ) പറഞ്ഞു: 'അതു സ്ഥിരപ്പെട്ടു' എന്നു. പിന്നെ, വേറൊരു ജനാസയുടെ അടുക്കലൂടെ പോയപ്പോൾ അവർ അതിനെപ്പററി മോശമായ നിലക്ക് പ്രസ്താവിക്കുകയുണ്ടായി. അപ്പോഴും നബി (സ) പറഞ്ഞു: 'അതു സ്ഥിരപ്പെട്ടു' എന്നു. അപ്പോൾ, ഉമർ (റ) ചോദിച്ചു: 'എന്താണ് സ്ഥിരപ്പെട്ടതു?' തിരുമേനി പറഞ്ഞു: 'ഇയാളെപ്പററി നിങ്ങൾ നല്ലതു പറഞ്ഞു. അതിനാൽ, അയാൾക്ക് സ്വർഗ്ഗം സ്ഥിരപ്പെട്ടു.' മറേറയാളെപ്പററി നിങ്ങൾ മോശം പറഞ്ഞു. അതിനാൽ അയാൾക്ക് നരകം സ്ഥിരപ്പെട്ടു. ഒരു രിവായത്തിൽ 'നിങ്ങൾ ഭൂമിയിൽ അല്ലാഹുവിന്റെ സാക്ഷികളാണ്' എന്നുകൂടി നബി (സ) പറഞ്ഞതായുണ്ട്. (ബു; മു)

١٠٦- وَآخَرُونَ مُرْجَوْنَ لِأَمْرِ اللَّهِ إِمَّا يُعَذِّبُهُمْ وَإِمَّا يَتُوبُ عَلَيْهِمْ ۗ وَاللَّهُ عَلِيمٌ حَكِيمٌ

106. അല്ലാഹുവിന്റെ കൽപനക്കു വേണ്ടി (കാര്യം) നിറുത്തിവെക്കപ്പെട്ട വേറെ ചിലരുമുണ്ട്; ഒന്നുകിൽ അവൻ അവരെ ശിക്ഷിക്കും; ഒന്നുകിൽ അവരുടെ പശ്ചാത്താപം അവൻ സ്വീകരിക്കുകയും ചെയ്യും.

അല്ലാഹു (എല്ലാം) അറിയുന്നവനും, അഗാധജ്ഞനുമാകുന്നു.

---

106. وَآخَرُونَ വേറെ ചിലരും ഉണ്ട് مُرْجَوْنَ പിന്തിച്ചു (നിറുത്തി)വെക്കപ്പെട്ടവർ لِأَمْرِ اللَّهِ അല്ലാഹുവിന്റെ കൽപനക്കു വേണ്ടി إِمَّا يُعَذِّبُهُمْ ഒന്നുകിൽ (ഒരുപക്ഷേ) അവൻ അവരെ ശിക്ഷിക്കും وَإِمَّا يَتُوبُ ഒന്നുകിൽ അവൻ പശ്ചാത്താപം സ്വീകരിക്കും عَلَيْهِمْ അവരുടെ وَاللَّهُ അല്ലാഹു عَلِيمٌ അറിയുന്നവനാണു حَكِيمٌ അഗാധജ്ഞനാണു

തബൂക്കിലേക്കു പോകാതെ പിന്തിനിന്നവർ മൂന്നു തരക്കാരായിരുന്നു. (1) കപടവിശ്വാസികൾ. ഇവരായിരുന്നു അവരിൽ ഏറിയകൂറും. (2) അലസതയും മടിയുമായി പോകാതിരുന്നുവെങ്കിലും പിന്നീട് കുററം സമ്മതിച്ച് ഖേദിക്കുകയും, റസൂൽ (സ) തിരുമേനിയോട് പാപമോചനം തേടുവാൻ അപേക്ഷിക്കുകയും, ധർമ്മങ്ങൾ നൽകുകയും ചെയ്തവർ. ഇവരുടെ പശ്ചാത്താപം അല്ലാഹു സ്വീകരിച്ചതായി 102-ാം വചനത്തിൽ നിന്നു മനസ്സിലാക്കാം. അതിന്റെ വ്യാഖ്യാനത്തിലുദ്ധരിച്ച ഹദീസിൽ നിന്നു അതു കൂടുതൽ വ്യക്തമാകുകയും ചെയ്തിരിക്കുന്നു. (3) ചിലർ അലസതകൊണ്ടും മടികൊണ്ടും പോകാതിരിക്കുകയും, പിന്നീട് ഖേദത്തിലാകുകയും ചെയ്തു. പക്ഷെ, നബി (സ) യുടെ അടുക്കൽ വന്ന് ഒഴികഴിവ് പറയുകയോ, പ്രാർത്ഥിക്കുവാനപേക്ഷിക്കുകയോ ചെയ്തില്ല. എന്തു ചെയ്യണമെന്നറിയാതെ പരിഭ്രമത്തിലും ദുഃഖത്തിലുമായിത്തീർന്നു. ഇവരെപ്പററിയാണു ഈ വചനത്തിൽ പ്രസ്താവിക്കുന്നത്. അബൂലുബാബ (റ) യും കൂട്ടുകാരും തങ്ങളെ പള്ളിയുടെ തൂണുകളിൽ കെട്ടിബന്ധിച്ചപ്പോൾ അവരിൽ മൂന്നുപേർ അങ്ങിനെ ചെയ്തില്ലെന്നു മുമ്പു പറഞ്ഞുവല്ലോ. ആ

മൂന്നു പേരായ കഅ്ബുബ്നു മാലിക്, ഹിലാലുബ്നു ഉമയ്യ: മുറാറത്തുബ്നുർറബീഉ് (റ) എന്നീ സഹാബികളാണ് ഇവരെന്ന് ഇബ്നു അബ്ബാസ്, ഇക്രിമ, മുജാഹിദു, ളഹ്ഹാക് (റ) എന്നിവരിൽ നിന്ന നിവേദനങ്ങൾ വന്നിരിക്കുന്നു. ഈ മൂന്നുപേരുടെ കാര്യത്തിൽ, അവരുടെ തൗബഃ (പശ്ചാത്താപം) സ്വീകരിക്കുമെന്നോ, ഇല്ലെന്നോ ഈ വചനത്തിൽ സൂചിപ്പിക്കപ്പെട്ടിട്ടില്ല. താഴെ 117, 118 എന്നീ വചനങ്ങളിലാണു അവരുടെ തൗബഃ സ്വീകരിക്കപ്പെട്ടിരിക്കുന്നതായി അറിയിച്ചിരിക്കുന്നത്. ആ വചനങ്ങൾ അവതരിക്കുന്നതുവരെ ഇവരുടെ കാര്യം അനിശ്ചിതാവസ്ഥയിലായിരുന്നു. അതുകൊണ്ടു ഇവരെപ്പറ്റി مرجون لأمر الله (അല്ലാഹുവിന്റെ കൽപനക്കുവേണ്ടി നിറുത്തിവെക്കപ്പെട്ടവർ) എന്നു പറഞ്ഞിരിക്കുകയാണ്.

അവരുടെ വേദനയും, ഖേദവും വർദ്ധിപ്പിച്ചുകൊണ്ടു അവരുടെ ഹൃദയങ്ങൾക്കു ശുദ്ധീകരണം നൽകുവാനും, അവരുടെ നിഷ്കളങ്കത കൂടുതൽ വ്യക്തമാക്കുവാനും വേണ്ടിയായിരിക്കാം, അല്ലാഹു അവരുടെ കാര്യം ഒട്ടും വ്യക്തമാക്കാതെ നീട്ടിവെച്ചത്. അല്ലാഹുവിനറിയാം. അമ്പതു ദിവസത്തോളം നീണ്ടുനിന്ന ആ അനിശ്ചിതാവസ്ഥയിൽ, ആ സഹാബിവര്യൻമാർ അനുഭവിച്ച മനോവേദനകളും, വ്യസനഭാരവും കേവലം അസാധാരണമായിരുന്നു. അതിനെപ്പറ്റി കൂടുതൽ വിവരം തൽസ്ഥാനത്തുവെച്ചു കാണാവുന്നതാണ്. ان شاء الله

107. ഒരു പള്ളി ഉണ്ടാക്കിയവരും (അവരിൽ) ഉണ്ടു; ഉപദ്രവമുണ്ടാക്കുന്നതിനും, അവിശ്വാസത്തിനും, സത്യവിശ്വാസികൾക്കിടയിൽ ഭിന്നിപ്പിക്കുന്നതിനും, മുമ്പ് അല്ലാഹുവിനോടും അവന്റെ റസൂലിനോടും യുദ്ധം നടത്തിയവർക്കു ഒരു പതി (സ്ഥലം) ഏർപ്പെടുത്തുന്നതിനുമായിട്ട്. ഞങ്ങൾ (വളരെ) നല്ല കാര്യമല്ലാതെ (ഒന്നും) ഉദ്ദേശിച്ചിട്ടില്ല എന്ന് തീർച്ചയായും അവർ ശപഥം ചെയ്യുകയും ചെയ്യും.

١٠٧- وَالَّذِينَ اتَّخَذُوا مَسْجِدًا ضِرَارًا وَكُفْرًا وَتَفْرِيقًا بَيْنَ الْمُؤْمِنِينَ وَإِرْصَادًا لِمَنْ حَارَبَ اللَّهَ وَرَسُولَهُ مِنْ قَبْلُ وَلَيَحْلِفُنَّ إِنْ أَرَدْنَا إِلَّا الْحُسْنَى

അല്ലാഹുവാകട്ടെ, നിശ്ചയമായും അവർ വ്യാജം പറയുന്നവരാണെന്നു സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു.

وَاللَّهُ يَشْهَدُ إِنَّهُمْ لَكَاذِبُونَ ○

108. (നബിയേ) നീ ഒരിക്കലും അതിൽ നിൽക്കരുത് [നമസ്കരിക്കരുത്].

١٠٨- لَا تَقُمْ فِيهِ أَبَدًا

ആദ്യ ദിവസം മുതൽക്കേ ഭയഭക്തിയിൻമേൽ അടിത്തറ ഇടപ്പെട്ടിട്ടുള്ള പള്ളി തന്നെയാണു നീ നിൽക്കുവാൻ [നമസ്കരിക്കുവാൻ] കൂടുതൽ അർഹതയുള്ളത്.

لَمَسْجِدٌ أُسِّسَ عَلَى التَّقْوَىٰ مِنْ أَوَّلِ يَوْمٍ أَحَقُّ أَنْ تَقُومَ فِيهِ

---

107. والذين اتخذوا ഉണ്ടാക്കിയവർ, ഏർപ്പെടുത്തിയവർ مسجدا ഒരു പള്ളി ضرارا ഉപദ്രവമുണ്ടാക്കുന്നതിനും, ദ്രോഹം ചെയ്‌വാൻ وكفرا അവിശ്വാസത്തിനും وتفريقا ഭിന്നിപ്പിക്കുന്നതിനും بين المؤمنين സത്യവിശ്വാസികൾക്കിടയിൽ وارصادا പതി ഏർപ്പെടുത്തുന്നതിനും, കാത്തിരിക്കുന്നതിനും لمن حارب യുദ്ധം (പോർ-പട) നടത്തിയവർക്ക് الله ورسوله അല്ലാഹുവിനോടും അവന്റെ റസൂലിനോടും من قبل മുമ്പു, മുമ്പേ وليحلفن അവർ ശപഥം ചെയ്കയും തന്നെ ചെയ്യും ان اردنا ഞങ്ങൾ ഉദ്ദേശിച്ചിട്ടില്ല (എന്നു) الا الحسنى വളരെ (ഏററം) നല്ലതല്ലാതെ والله അല്ലാഹുവാകട്ടെ يشهد അവൻ സാക്ഷ്യപ്പെടുത്തുന്നു انهم നിശ്ചയമായും അവർ لكاذبون വ്യാജം പറയുന്നവർ തന്നെയാണ് (എന്നു) 108. لا تقم നീ (നമസ്കാരത്തിനു) നിൽക്കരുതു فيه അതിൽ ابدا എന്നെന്നും, ഒരിക്കലും لمسجد ഒരു പള്ളി തന്നെ اسس അടിത്തറ (അസ്ഥിവാരം) ഇടപ്പെട്ടു على التقوى ഭയഭക്തിയുടെമേൽ من اول يوم ആദ്യദിവസം മുതൽ احق അധികം (കൂടുതൽ) അർഹമായതു, അവകാശപ്പെട്ടതാണു ان تقوم നീ നില്പൽ, നില്ക്കുവാൻ

ശുദ്ധി പ്രാപിക്കുവാൻ ഇഷ്ടപ്പെടുന്ന ചില പുരുഷൻമാരുണ്ട് അതിൽ. അല്ലാഹുവാകട്ടെ ശുദ്ധി പ്രാപിക്കുന്നവരെ ഇഷ്ടപ്പെടുകയും ചെയ്യുന്നു.

فِيهِ رِجَالٌ يُحِبُّونَ أَنْ يَتَطَهَّرُوا ۚ وَاللَّهُ يُحِبُّ الْمُطَّهِّرِينَ ○

فِيهِ അതിൽ فِيهِ അതിലുണ്ടു رِجَالٌ ചില പുരുഷൻമാർ يُحِبُّونَ ഇഷ്ടപ്പെടുന്ന, അവർ ഇഷ്ടപ്പെടുന്നു أَنْ يَتَطَهَّرُوا അവർ ശുദ്ധി പ്രാപിക്കുവാൻ, ശുദ്ധി നേടുന്നതിനു وَاللَّهُ അല്ലാഹുവാകട്ടെ يُحِبُّ അവൻ ഇഷ്ടപ്പെടുന്ന الْمُطَّهِّرِينَ ശുദ്ധി പ്രാപിക്കുന്നവരെ, ശുദ്ധി ലഭിച്ചവരെ

കപട വിശ്വാസികൾ ഖുബായിൽ സ്ഥാപിച്ചതും مسجد الضرار (മസ്ജിദുള്ളിറാർ) അഥവാ ഉപദ്രവത്തിന്റെ പള്ളി എന്ന പേരിൽ അറിയപ്പെട്ടതുമായ ഒരു കുപ്രസിദ്ധ സ്ഥാപനത്തെപ്പറ്റിയാണു ഈ വചനങ്ങളിൽ പരാമർശിച്ചിരിക്കുന്നത്. അതിന്റെ ചരിത്രം ഇങ്ങിനെയാണു:—

മദീനായിൽ ഖസ്റജ് ഗോത്രത്തിൽപെട്ട പുരോഹിതൻ അബൂആമിർ (أبو عامر الراهب) എന്നു പേരായ ഒരാളുണ്ടായിരുന്നു. ജാഹിലിയ്യത്തിൽ അയാൾ ക്രിസ്തുമതം സ്വീകരിച്ച് ഒരു ക്രിസ്തീയ പാതിരിയായി മാറി. നബി (സ) മദീനായിൽ ചെന്ന ശേഷം, ഇസ്ലാമിനുണ്ടായ നേട്ടവും പ്രചാരവും അവനെ ശുണ്ഠിപിടിപ്പിച്ചു. മക്കായിൽ ചെന്ന് നബി(സ)ക്കെതിരെ അവൻ മുശ്രിക്കുകളെ ഇളക്കിവിട്ടുകൊണ്ടിരുന്നു. ഉഹ്ദ് യുദ്ധത്തിൽ അവനും മുശ്രിക്കുകളുടെ ഭാഗത്തു സംബന്ധിച്ചിരുന്നു. യുദ്ധത്തിൽ മദീനക്കാരായ ചില അൻസാരികളെ തന്റെ ഭാഗത്താക്കുവാൻ ഒരു ശ്രമം നടത്തി നോക്കി. അതിനു വിപരീതഫലമാണുണ്ടായത്. യുദ്ധ അണികൾക്കിടയിൽ അവൻ ചില ചതിക്കുഴികളുണ്ടാക്കി മുകൾഭാഗം മൂടിവെച്ചിരുന്നു. അതിലൊന്നിൽ വീണ് നബി (സ)യുടെ തലക്കും മുഖത്തും മുറിപറ്റുകയും, അവിടുത്തെ പല്ലു പൊട്ടുകയും ഉണ്ടായി. നബി (സ) അവനെ ഇസ്ലാമിലേക്കു ക്ഷണിക്കുകയും, അവനു ഖുർആൻ കേൾപ്പിക്കുകയും ചെയ്തുവെങ്കിലും അവൻ നിഷേധത്തിൽ ശഠിച്ചു നിൽക്കുകയാണ് ചെയ്തത്. ഉഹ്ദ് സംഭവത്തിനുശേഷവും ഇസ്ലാമിനു അഭിവൃദ്ധിയും ശക്തിയും വർദ്ധിക്കുന്നതായി കണ്ടപ്പോൾ അവൻ ശാമിലേക്കു നീങ്ങി. റോമാചക്രവർത്തി ഹിറഖ്ലി യൂസിനോട് നബി (സ) ക്കെതിരിൽ സഹായത്തിനപേക്ഷിച്ചു. രാജാവ് സഹായ വാഗ്ദാനം നൽകുകയും ചെയ്തിരുന്നു. അതേ അവസരത്തിൽ മദീനായിലുള്ള തന്റെ പരിചയക്കാരും, കപട വിശ്വാസികളുമായ പലരുമായി അവൻ എഴുത്തുകുത്തുകൾ നടത്തിക്കൊണ്ടിരിക്കുകയും, നബി (സ) ക്കെതിരിൽ താൻ വമ്പിച്ച സൈന്യവുമായി വരുന്നുണ്ടെന്നും മറ്റും അറിയിച്ചുകൊണ്ടിരിക്കുകയും ചെയ്തു. അക്കൂട്ടത്തിൽ, താൻ മദീനായിൽ വരുമ്പോൾ, തനിക്കും സൈന്യത്തിനും ഒരു താവളവും കേന്ദ്രവും സ്ഥാപിക്കണമെന്നാവശ്യപ്പെട്ടു.

അങ്ങനെ ഇസ്ലാമിൽ ഒന്നാമതായി സ്ഥാപിതമായ 'മസ്ജിദുഖുബാ' (ഖുബായിലെ പള്ളി) യുടെ അടുത്തായി കപടവിശ്വാസികൾ ഒരു പള്ളി നിർമ്മിച്ചു. പന്ത്രണ്ടു കപടവിശ്വാസികളായിരുന്നു അതിൽ മുൻകൈയെടുത്തവർ. നബി (സ) തബൂക്കിലേക്കു പുറപ്പെട്ടു പോകുന്നതിനു മുമ്പ് അവർ തിരുമേനിയുടെ അടുക്കൽ ചെന്ന് തങ്ങൾ ഒരു പള്ളി നിർമ്മിച്ചിട്ടുണ്ടെന്നും, സാധുക്കളും അശരണരുമായ ആളുകൾക്കു തണുപ്പിലും, മഴയിലുമൊക്കെ താമസിക്കുവാനുള്ള ഒരു കേന്ദ്രമെന്ന നിലക്കും മറ്റുമാണ് അതു നിർമ്മിച്ചിരിക്കുന്നതെന്നും അറിയിച്ചു. തിരുമേനി അതിൽവന്ന് നമസ്കരിച്ചുകൊണ്ടു അതിന്റെ ഉൽഘാടനം കഴിച്ചുതരണമെന്നു അപേക്ഷിക്കുകയും ചെയ്തു. നബി (സ) യുടെ അംഗീകാരം ലഭിച്ചാൽ, തങ്ങളുടെ ഉദ്ദേശ്യങ്ങൾ അവിടെ നിരുപാധികം നടത്തുവാൻ അതു സൗകര്യമായിരിക്കുമെന്നായിരുന്നു അവരുടെ കണക്കുകൂട്ടൽ. ഞങ്ങൾ ഒരു യാത്രക്കുള്ള ഒരുക്കത്തിലാണെന്നും, അതു കഴിഞ്ഞു മടങ്ങിവന്നിട്ടാവാമെന്നുമായിരുന്നു നബി (സ) യുടെ മറുപടി. നബി (സ) തബൂക്കിൽനിന്നു മടങ്ങി മദീനായുടെ അടുത്തുള്ള ദീഅവാൻ ذي أوان എന്ന സ്ഥലത്തെത്തിയപ്പോഴേക്കും പള്ളിയെ സംബന്ധിച്ച വിവരം വഹ്യ് മുഖേന അല്ലാഹു നബി (സ) ക്കു അറിയിച്ചുകൊടുത്തു. അതനുസരിച്ചു മദീനായിൽ എത്തും മുമ്പ് തന്നെ അതു പൊളിച്ചുനീക്കി തീവെക്കുവാൻ നബി (സ) ആളയക്കുകയും ചെയ്തു.

ആ പള്ളി നിർമ്മാണത്തിൽ കപടവിശ്വാസികളുടെ ഉന്നങ്ങളെന്തായിരുന്നുവെന്നു അല്ലാഹു ചൂണ്ടിക്കാട്ടിയിരിക്കുന്നു. (1) ഉപദ്രവമുണ്ടാക്കൽ. സത്യവിശ്വാസികൾക്കു പൊതുവെയും, ഖുബായിലെ സത്യവിശ്വാസികൾക്കു

[illegible] ഉപദ്രവകരമായി [illegible] വ്യക്തമാണ്. (2) [illegible] ഭിന്നിപ്പിച്ചതും, [illegible] സത്യവിശ്വാസികൾക്കിടയിൽ [illegible] പള്ളിയിൽ [illegible] മുസ്‌ലിംകളിൽ ചിലരെ [illegible] (4) മുമ്പ് അല്ലാഹുവിനോടും റസൂലിനോടും യുദ്ധം നടത്തിയവർക്ക് [illegible] അതായത്, [illegible] പള്ളി എന്നു പേരു [illegible] ചെയ്യുക. [illegible] സിക്കുകളുടെ സങ്കേതമാണ് ലക്ഷ്യം. [illegible] നല്ല കാര്യങ്ങളെ ഉദ്ദേശിച്ചു [illegible] തങ്ങളതു നിർമ്മിച്ചിരിക്കുന്നതെന്നു അവർ കള്ളസത്യം ചെയ്തുപറയുമെന്നും, നബി (സ) അതിൽ പോയി നമസ്കാരം നടത്തുമെന്നും, ആദ്യം മുതൽക്കേ ഭയഭക്തിയുടെ അടിസ്ഥാനത്തിൽ സ്ഥാപിതമായ ഖുബായിലെ ഒന്നാമത്തെ പള്ളിയിൽ മാത്രം നബി (സ) സംബന്ധിച്ചാൽ മതിയെന്നും അല്ലാഹു നബി (സ) യോട് കല്പിക്കുന്നു.

നബി (സ) മദീനായിലേക്കു ഹിജ്റ വരുമ്പോൾ, മദീനയിൽനിന്നു രണ്ടു നാഴിക തെക്ക് ഭാഗത്തായി സ്ഥിതി ചെയ്യുന്ന ഖുബായിൽ ഇറങ്ങി അൽപദിവസം അവിടെ താമസിക്കുകയുണ്ടായി. ആ അവസരത്തിൽ നിർമ്മിക്കപ്പെട്ടതും, ഇസ്‌ലാമിൽ ഒന്നാമതായി സ്ഥാപിക്കപ്പെട്ടതുമായ പള്ളിയത്രെ ഖുബായിലെ പള്ളി. പിന്നീടാണ് തിരുമേനി മദീനായിലേക്കു പോയതും, അവിടത്തെ പള്ളി ('അൽമസ്ജിദുന്നബവി') സ്ഥാപിച്ചതും. നബി (സ) കാൽനടയായും, വാഹനമേറിയും ഇടക്കിടെ ഖുബാ പള്ളിയിൽവന്നു സന്ദർശനം നടത്തിപ്പോയിരുന്നതായി ഹദീസുകളിൽ വന്നിട്ടുണ്ട്. ഈ പള്ളിയുടെ പ്രാധാന്യത്തെപ്പറ്റി പ്രസ്താവിച്ചതോടൊപ്പം, ആ പള്ളിയിൽ സമ്മേളിക്കാറുള്ള സത്യവിശ്വാസികൾ ശുദ്ധി പ്രാപിക്കുവാൻ ഇഷ്ടപ്പെടുന്നവരാണെന്നും, ശുദ്ധിയുള്ളവരെ അല്ലാഹുവിനു ഇഷ്ടമാണെന്നും പറഞ്ഞ് പ്രശംസിക്കുകയും ചെയ്തിരിക്കുന്നു. അവിശ്വാസം, കാപട്യം, പാപകൃത്യങ്ങൾ മുതലായ ആത്മീയ മാലിന്യങ്ങളിൽനിന്നും, വൃത്തികേട്, മ്ലേച്ഛത മുതലായ ശാരീരിക മാലിന്യങ്ങളിൽനിന്നും പരിശുദ്ധരായിരുന്ന അവർ എന്നു സാരം. വെള്ളത്തിനു വളരെ ക്ഷാമമായിരുന്നതിനു പുറമെ, മലമൂത്രവിസർജ്ജനങ്ങൾക്കുശേഷം കല്ലു മുതലായ പദാർത്ഥങ്ങൾകൊണ്ടു തടവി ശുചിയാക്കൽ സമ്പ്രദായമായിരുന്നു അക്കാലത്തു അറബികൾക്കിടയിൽ പൊതുവിലുണ്ടായിരുന്നത്. എന്നാൽ, ഖുബാ നിവാസികൾ, മലമൂത്ര വിസർജ്ജനശേഷം കല്ലുകൊണ്ടു തടവി മതിയാക്കാതെ വെള്ളംകൊണ്ടുകൂടി ശുചിയാക്കിയിരുന്നവരെന്നും, ശുചിത്വത്തിന്റെ കാര്യത്തിൽ അവർ അത്രയും ശ്രദ്ധ പതിപ്പിച്ചിരുന്നുവെന്നും, അതുകൊണ്ടാണ് അല്ലാഹുവിന്റെ ഈ പ്രശംസക്കു അവർ പാത്രമായതെന്നും നബി (സ) പറയുകയുണ്ടായെന്നു അഹ്മദ്, ഇബ്നുഖുസൈമഃ, അബൂദാവൂദ്, തബ്റാനി (റ) മുതലായവർ ഉദ്ധരിച്ച ഹദീസുകളിൽനിന്നു മനസ്സിലാക്കാവുന്നതാണ്. അല്ലാഹു തുടരുന്നു:—

109. അപ്പോൾ, അല്ലാഹുവിനെ സംബന്ധിച്ച ഭയഭക്തിയുടെയും, (അവനിൽ നിന്നുള്ള) പ്രീതിയുടെയും പേരിൽ, തന്റെ കെട്ടിടം അടിത്തറയിട്ടവനോ ഉത്തമം? അതല്ല, (പൊളിഞ്ഞ്) വീഴുവാൻ പോകുന്ന ഒരു തിണ്ണയുടെ വക്കിൻമേൽ തന്റെ കെട്ടിടം അടിത്തറയിടുകയും, എന്നിട്ടതു 'ജഹന്നമി'ന്റെ [നരകത്തി]ന്റെ അഗ്നിയിൽ പൊളിഞ്ഞു വീഴുകയും ചെയ്തവനോ (ഉത്തമം)?!

അല്ലാഹുവാകട്ടെ, അക്രമികളായ ജനങ്ങളെ സന്മാർഗ്ഗത്തിലാക്കുകയില്ല.

١٠٩- أَفَمَنْ أَسَّسَ بُنْيَانَهُ عَلَىٰ تَقْوَىٰ مِنَ اللَّهِ وَرِضْوَانٍ خَيْرٌ أَم مَّنْ أَسَّسَ بُنْيَانَهُ عَلَىٰ شَفَا جُرُفٍ هَارٍ فَانْهَارَ بِهِ فِي نَارِ جَهَنَّمَ ۗ وَاللَّهُ لَا يَهْدِي الْقَوْمَ الظَّالِمِينَ ○

---

109. أَفَمَنْ അപ്പോൾ യാതൊരുവനോ أَسَّسَ അസ്തിവാരം (അടിത്തറ) ഇട്ട, സ്ഥാപിച്ച بُنْيَانَهُ തന്റെ കെട്ടിടത്തെ, എടുപ്പിനെ عَلَىٰ تَقْوَىٰ ഭയഭക്തിയുടെമേൽ, സൂക്ഷ്മതയിൻമേൽ مِنَ اللَّهِ അല്ലാഹുവിനെക്കുറിച്ചു وَرِضْوَانٍ പ്രീതിയുടെയും خَيْرٌ ഉത്തമം, ഗുണം أَم مَّنْ അതോ (അതല്ല) യാതൊരുവനോ أَسَّسَ അവൻ തറയിട്ടു, അസ്തിവാരമുറപ്പിച്ചു بُنْيَانَهُ അവന്റെ കെട്ടിടത്തിനെ, എടുപ്പിനെ عَلَىٰ شَفَا വക്കിൽ, മേൽ جُرُفٍ (പുഴയുടെ) തിണ്ണയുടെ, (പൊട്ടക്കിണററിന്റെ) വക്കിന്റെ هَارٍ പൊളിഞ്ഞുവീഴുന്ന (വീഴാറായ) فَانْهَارَ എന്നിട്ടതു പൊളിഞ്ഞുവീണു بِهِ അവനെയുംകൊണ്ടു فِي نَارِ തീയിൽ, അഗ്നിയിൽ جَهَنَّمَ ജഹന്നമിന്റെ وَاللَّهُ അല്ലാഹുവാകട്ടെ لَا يَهْدِي സന്മാർഗത്തിലാക്കുകയില്ല الْقَوْمَ ജനങ്ങളെ الظَّالِمِينَ അക്രമികളായ

١١٠- لَا يَزَالُ بُنْيَانُهُمُ الَّذِي بَنَوْا رِيبَةً فِي قُلُوبِهِمْ إِلَّا أَنْ تَقَطَّعَ قُلُوبُهُمْ ۗ وَاللَّهُ عَلِيمٌ حَكِيمٌ

110. അവര്‍ സ്ഥാപിച്ചതായ അവരുടെ (ആ) കെട്ടിടം അവരുടെ ഹൃദയങ്ങളില്‍ ഒരു ആശങ്ക (അഥവാ അസ്വാസ്ഥ്യം) ആയിക്കൊണ്ടേയിരിക്കുന്നതാണ്, അവരുടെ ഹൃദയങ്ങള്‍ കഷ്ണം കഷ്ണമായിപ്പോയാലൊഴികെ. അല്ലാഹു (എല്ലാം) അറിയുന്നവനും, അഗാധജ്ഞനുമാകുന്നു.

---

110. لا يزال നീക്കം വരുകയില്ല (ആയിക്കൊണ്ടേയിരിക്കും) بنيانهم അവരുടെ കെട്ടിടം الذي യാതൊരു بنوا അവര്‍ സ്ഥാപിച്ച, നിര്‍മ്മിച്ച ريبة ഒരു ആശങ്ക, സന്ദേഹം في قلوبهم അവരുടെ ഹൃദയങ്ങളില്‍ إلا أن تقطع മുറിഞ്ഞു മുറിഞ്ഞു (കഷ്ണം കഷ്ണമായി) പോയാലൊഴികെ قلوبهم അവരുടെ ഹൃദയങ്ങള്‍ والله അല്ലാഹു عليم അറിയുന്നവനാണു حكيم അഗാധജ്ഞനാണു

'മസ്ജിദു-ത്തഖ്‌വാ' (ഭയഭക്തിയുടെ പള്ളി) യോടും, അതിന്റെ ആള്‍ക്കാരോടും താരതമ്യപ്പെടുത്തുമ്പോള്‍ 'മസ്ജിദു-ളിറാറി' (ഉപദ്രവത്തിന്റെ പള്ളി)ന്റെയും അതിന്റെ ആള്‍ക്കാരുടെയും പരസ്പരവിരുദ്ധമായ നിലപാട് ചൂണ്ടിക്കാട്ടുന്ന ഉപമാലങ്കാര രൂപത്തിലുള്ള ഒരു വിവരണമാണു ആദ്യത്തെ വചനത്തില്‍ കാണുന്നതു. ശക്തിമത്തായ അടിത്തറയിട്ടുകൊണ്ടു അതിന്മേല്‍ കെട്ടി ഉയര്‍ത്തപ്പെട്ട കെട്ടിടം പൊളിഞ്ഞുവീഴാതെയും, കേടുപാടു കൂടാതെയും ദീര്‍ഘകാലം സുരക്ഷിതമായി നിലനില്‍ക്കുമല്ലോ. അല്ലാഹുവിനെക്കുറിച്ചുള്ള ഭയഭക്തിയുടെയും, അവന്റെ പ്രീതി ലഭിക്കേണമെന്ന മോഹത്തിന്റെയും അടിസ്ഥാനത്തില്‍ മതസ്ഥാപനമാകുന്ന കെട്ടിടം സ്ഥാപിച്ചവരുടെ സ്ഥിതിയും അതുപോലെതന്നെ. അതിന്റെ പരിശുദ്ധിക്കോ പവിത്രതക്കോ കോട്ടം തട്ടാതെ അതു നിലനില്‍ക്കും. വല്ല പുഴവക്കിലോ പൊട്ടക്കിണറിന്റെ വക്കിലോ ഏതവസരത്തിലും പൊളിഞ്ഞുവീഴാനിടയുള്ള മണ്‍തിണ്ണയുടെ ഓരത്തു ഒരു കെട്ടിടം സ്ഥാപിച്ചാല്‍ ആ കെട്ടിടം അതിലെ ആള്‍ക്കാരടക്കം ഏതു നിമിഷവും മറിഞ്ഞു വീണുതകരുമെന്നു പറയേണ്ടതില്ല. അതുപോലെയാണ് കപടവിശ്വാസികളുടെ മത സ്ഥാപനങ്ങള്‍. ആ കെട്ടിടം പൊളിഞ്ഞുവീഴുന്നതു ആ തിണ്ണയുടെ താഴ്ഭാഗത്തിലുള്ള പുഴയിലേക്കോ കിണറിലേക്കോ ആയിരിക്കുമെങ്കില്‍, കപടവിശ്വാസികള്‍ നിര്‍മ്മിക്കുന്ന സ്ഥാപനങ്ങളുടെ കലാശം നരകാഗ്നിയിലേക്കുമായിരിക്കും. അപ്പോള്‍, ഈ രണ്ടു സ്ഥാപനങ്ങളില്‍ ഏതാണു നല്ലതെന്ന പ്രത്യേകം പറയേണ്ടതില്ലല്ലോ. ഇതാണ് ആ വചനത്തിലടങ്ങിയ ആശയം.

കപടവിശ്വാസികള്‍ ആ പള്ളി നിര്‍മ്മിച്ചതു തന്നെ അവരുടെ കാപട്യം നിമിത്തമുള്ള അസ്വാസ്ഥതകൊണ്ടാണ്. അതു പൊളിച്ചു നശിപ്പിച്ചപ്പോഴാകട്ടെ, എന്തെല്ലാമാണു സംഭവിക്കുകയെന്നുള്ള അവരുടെ ഭയപ്പാടും ആശങ്കയും അസ്വാസ്ഥതയും അവരുടെ ഹൃദയങ്ങള്‍ നിലവിലുള്ള കാലത്തോളം അവരെ വിട്ടുമാറുവാന്‍ പോകുന്നില്ല എന്നത്രെ രണ്ടാമത്തെ വചനത്തില്‍ അല്ലാഹു ചൂണ്ടിക്കാട്ടുന്നതു.

വിഭാഗം-14

١١١- إِنَّ اللَّهَ اشْتَرَىٰ مِنَ الْمُؤْمِنِينَ أَنْفُسَهُمْ وَأَمْوَالَهُمْ بِأَنَّ لَهُمُ الْجَنَّةَ ۚ

111. നിശ്ചയമായും, സത്യവിശ്വാസികളില്‍ നിന്ന അവരുടെ ദേഹങ്ങളെയും, സ്വത്തുക്കളെയും അല്ലാഹു (വിലക്കു) വാങ്ങിയിരിക്കുന്നു; അവര്‍ക്കു സ്വര്‍ഗ്ഗമുണ്ട് എന്നുള്ളതിനു (പകരം).

---

111. إن الله നിശ്ചയമായും അല്ലാഹു اشترى വാങ്ങിയിരിക്കുന്നു من المؤمنين സത്യവിശ്വാസികളില്‍ നിന്നു أنفسهم അവരുടെ സ്വന്ത (ദേഹ)ങ്ങളെ وأموالهم അവരുടെ സ്വത്തുക്കളെയും بأن لهم അവര്‍ക്കുണ്ടു എന്നതിനു الجنة സ്വര്‍ഗ്ഗം

അതായതു് അവർ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ യുദ്ധം ചെയ്യുന്നു; അങ്ങനെ, അവർ കൊല്ലുകയും, കൊല്ലപ്പെടുകയും ചെയ്യുന്നു. (അതെ) തൗറാത്തിലും, ഇഞ്ചീലിലും, ഖുർആനിലും അവന്റെമേൽ ബാധ്യസ്ഥമായി (പ്രഖ്യാപിക്കപ്പെട്ടി)ട്ടുള്ള ഒരു യഥാർത്ഥ വാഗ്ദത്തം!

يُقَاتِلُونَ فِي سَبِيلِ اللَّهِ فَيَقْتُلُونَ وَيُقْتَلُونَ وَعْدًا عَلَيْهِ حَقًّا فِي التَّوْرَاةِ وَالْإِنجِيلِ وَالْقُرْآنِ

ആരാണ്, അല്ലാഹുവിനെക്കാൾ അധികം തന്റെ കരാറിനെ നിറവേറ്റുന്നവൻ?! [ആരുമില്ല] ആകയാൽ, നിങ്ങൾ നടത്തിയിട്ടുള്ളതായ നിങ്ങളുടെ (ആ) കച്ചവടം കൊണ്ടു നിങ്ങൾ സന്തോഷമടയുവിൻ.

وَمَنْ أَوْفَىٰ بِعَهْدِهِ مِنَ اللَّهِ فَاسْتَبْشِرُوا بِبَيْعِكُمُ الَّذِي بَايَعْتُم بِهِ

അതു തന്നെയാണു വമ്പിച്ച ഭാഗ്യം!

وَذَٰلِكَ هُوَ الْفَوْزُ الْعَظِيمُ

يقاتلون അവർ യുദ്ധം ചെയ്യുന്നു, (ചെയ്യണം) في سبيل മാർഗ്ഗത്തിൽ الله അല്ലാഹുവിന്റെ فيقتلون എന്നിട്ടു (അങ്ങിനെ) അവർ കൊല്ലുന്നു, വധിക്കുന്നു (വധിക്കണം) ويقتلون അവർ കൊല്ലപ്പെടുകയും ചെയ്യുന്നു (ചെയ്യണം) وعدا ഒരു വാഗ്ദത്തം, വാഗ്ദത്തമായിട്ടു عليه അവന്റെ മേൽ (ബാധ്യതപ്പെട്ട) حقا യഥാർത്ഥ (ന്യായ)മായ, കടമപ്പെട്ട في التوراة തൗറാത്തിൽ والانجيل ഇഞ്ചീലിലും والقرآن ഖുർആനിലും ومن ആരാണു, ആരുണ്ടു اوفى അധികം (കൂടുതൽ) നിറവേറ്റുന്നവൻ بعهده തന്റെ കരാറിനെ من الله അല്ലാഹുവിനെക്കാൾ فاستبشروا അതിനാൽ സന്തോഷമടയുവിൻ ببيعكم നിങ്ങളുടെ വിൽപന (കച്ചവടം)കൊണ്ടു الذي بايعتم നിങ്ങൾ വിൽപന (ഇടപാടു) നടത്തിയ به അതിനെപ്പറ്റി, അതിനെ وذلك هو അതുതന്നെയാണ് الفوز ഭാഗ്യം, വിജയം العظيم വമ്പിച്ച, മഹാ

അല്ലാഹുവിന്റെ ദീനിനുവേണ്ടി സത്യവിശ്വാസികൾ സമരം നടത്തേണ്ടുന്നതിന്റെ ആവശ്യകതയും, അതിന്റെ പ്രതിഫലമായി അവർക്കു സ്വർഗ്ഗം നൽകാമെന്നു അവൻ നൽകിയ വാഗ്ദാനത്തെയും അല്ലാഹുവും സത്യവിശ്വാസികളും തമ്മിൽ നടന്നിട്ടുള്ള ഒരു കച്ചവട ഇടപാടായി ചിത്രീകരിച്ചുകൊണ്ടു അല്ലാഹു അവർക്കു യുദ്ധം ചെയ്‌വാനുള്ള ആവേശവും പ്രോത്സാഹനവും നൽകുകയാണ്. ഇടപാടുകാരൻ അല്ലാഹു. അവൻ വില കൊടുത്തു മേടിക്കുന്നതു അവരുടെ ദേഹവും ധനവും. ദേഹവും ധനവും അവർ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ വിനിയോഗിക്കണം. ശത്രുക്കളുമായി സമരാങ്കണത്തിൽ ഇറങ്ങി പടവെട്ടുകയും വേണം. അപ്പോൾ ശത്രുക്കളെ കൊല്ലുകയും, ശത്രുക്കളാൽ കൊല്ലപ്പെടുകയും വേണ്ടിവരും. ഇതിനു അവർക്കു അവൻ നൽകുന്ന വില സ്വർഗ്ഗമത്രെ. അതെ, ആരും കണ്ടിട്ടില്ലാത്തതും, ആരും കേട്ടിട്ടില്ലാത്തതും, ആരുടെ മനസ്സിനും വിഭാവനം ചെയ്‌വാൻ കഴിയാത്തതുമായ അതിമഹത്തായ അനുഗ്രഹങ്ങളുടെ ലോകമായ സ്വർഗ്ഗം! ഇതു ഇപ്പോൾ പുതുതായി നൽകപ്പെടുന്ന ഒരു വാഗ്ദാനമല്ല. വാഗ്ദാനമാത്രമായ ഒരു കരാറുമല്ല. മുമ്പുമുതൽക്കേ തൗറാത്തിലും, ഇഞ്ചീലിലും, ഖുർആനിലുമായി രേഖപ്പെടുത്തപ്പെട്ടു വന്നിട്ടുള്ള ഒരു ലിഖിതരേഖയാണത്. അപ്പോൾ, ഇതിനെക്കാൾ മെച്ചപ്പെട്ടതും ലാഭകരവുമായ ഒരു ഇടപാട് വേറെ ഏതാണുള്ളതു?! അല്ലാഹുവിനെപ്പോലെ പരിപൂർണ്ണമായി കരാറു പാലിക്കുന്നവനും, പാലിക്കുവാൻ കഴിയുന്നവനും വേറെ ആരുണ്ടു?! ഇല്ല. ഒരിക്കലുമില്ല. ആരുമില്ല.

ഈ ഇടപാടിലെ വ്യവസ്ഥകൾ അനുസരിച്ചുകൊണ്ടു സ്വർഗ്ഗം ലഭിക്കുവാൻ ഭാഗ്യമുണ്ടാവുന്ന സത്യവിശ്വാസികളുടെ ഗുണവിശേഷങ്ങൾ എന്തെല്ലാമായിരിക്കണമെന്നുകൂടി അല്ലാഹു തുടർന്നു ചൂണ്ടിക്കാട്ടുന്നു:-

١١٢- التَّائِبُونَ الْعَابِدُونَ الْحَامِدُونَ السَّائِحُونَ الرَّاكِعُونَ السَّاجِدُونَ الْآمِرُونَ بِالْمَعْرُوفِ وَالنَّاهُونَ عَنِ الْمُنكَرِ وَالْحَافِظُونَ لِحُدُودِ اللَّهِ ۗ وَبَشِّرِ الْمُؤْمِنِينَ

112. പശ്ചാത്തപിച്ചു മടങ്ങുന്നവര്‍, (അല്ലാഹുവിനെ) ആരാധിക്കുന്നവര്‍, (അവനു) സ്തുതി കീര്‍ത്തനം ചെയ്യുന്നവര്‍, ദേശാടനക്കാര്‍ (അഥവാ നോമ്പുകാര്‍), 'റുകൂഉ്' [കുമ്പിട്ട് നമസ്കാരം] ചെയ്യുന്നവര്‍, 'സുജൂദു' [സാഷ്ടാംഗ നമസ്കാരം] ചെയ്യുന്നവര്‍, സദാചാരം കൊണ്ടു കല്‍പിക്കുന്നവരും, ദുരാചാരത്തെക്കുറിച്ചു വിരോധിക്കുന്നവരുമായുള്ളവര്‍, അല്ലാഹുവിന്റെ അതിര്‍ത്തികളെ [നിയമപരിധികളെ] കാത്തു സൂക്ഷിക്കുന്ന വരും.!

സത്യവിശ്വാസികള്‍ക്കു സന്തോഷമറിയിക്കുകയും ചെയ്യുക.

---

112. التَّائِبُونَ (പശ്ചാത്തപിച്ചു) മടങ്ങുന്നവര്‍ الْعَابِدُونَ ആരാധകന്മാര്‍ الْحَامِدُونَ സ്തുതിക്കുന്ന (സ്തുതികീര്‍ത്തനം ചെയ്യുന്ന)വര്‍ السَّائِحُونَ സഞ്ചരിക്കുന്നവര്‍ നോമ്പു നോല്‍ക്കുന്നവര്‍ الرَّاكِعُونَ കുമ്പിടുന്ന (കുമ്പിട്ടു നമസ്കരിക്കുന്ന)വര്‍ السَّاجِدُونَ സുജൂദു (സാഷ്ടാംഗ നമസ്കാരം) ചെയ്യുന്നവര്‍ الْآمِرُونَ കല്‍പി (ഉപദേശി)ക്കുന്നവര്‍ بِالْمَعْرُوفِ സദാചാരം കൊണ്ടു وَالنَّاهُونَ വിരോധിക്കുന്നവരും عَنِ الْمُنكَرِ ദുരാചാരത്തെപ്പറ്റി وَالْحَافِظُونَ കാക്കുന്ന(സൂക്ഷിക്കുന്ന)വരും لِحُدُودِ അതിര്‍ത്തി(പരിധി–അതിരു)കളെ اللَّهِ അല്ലാഹുവിന്റെ وَبَشِّرِ സന്തോഷം (സന്തോഷവാര്‍ത്ത) അറിയിക്കുകയും ചെയ്യുക الْمُؤْمِنِينَ സത്യവിശ്വാസികള്‍ക്കു

കഴിഞ്ഞ വചനത്തില്‍ സൂചിപ്പിച്ച മഹാഭാഗ്യവാന്മാരുടെ ചില സവിശേഷതകളാണ് ഈ വചനത്തില്‍ പ്രസ്താവിച്ചതു. (1) പശ്ചാത്താപം. അഥവാ പാപം, ദുര്‍നടപ്പു, കപടവിശ്വാസം, അവിശ്വാസം എന്നിവയില്‍നിന്നെല്ലാം വിരമിച്ചുമടങ്ങുക. പശ്ചാത്താപം യഥാര്‍ത്ഥമായിരിക്കണമെങ്കില്‍, അതിനുശേഷം ആദ്യം ചെയ്ത ആ തെറ്റുകുറ്റങ്ങള്‍ പിന്നീട് ആവര്‍ത്തിക്കപ്പെടുകയില്ലതാനും. (2) അല്ലാഹുവിനു ആരാധനാകര്‍മ്മങ്ങള്‍ ചെയ്യുക. മനസാ വാചാ കര്‍മ്മണാ ചെയ്യപ്പെടേണ്ടതും, നിര്‍ബന്ധമായി കല്‍പിക്കപ്പെട്ടതും, ഐച്ഛികമായി കല്‍പിക്കപ്പെട്ടതുമായ ആരാധനാകര്‍മ്മങ്ങള്‍ സമയോചിതം നടത്തിപ്പോരുക. (3) സ്തുതികീര്‍ത്തനം ചെയ്യുക. നാവുകൊണ്ടും മനസ്സുകൊണ്ടും ചെയ്യപ്പെടാവുന്ന ഒരു പ്രധാന ആരാധനാകര്‍മ്മമത്രെ അല്ലാഹുവിനെ സ്തുതിക്കല്‍. നബി(സ) പറഞ്ഞതായി ഇബ്നു ഉമര്‍ (റ) ഉദ്ധരിക്കുന്നു: സ്തുതി നന്ദിയുടെ തലയാകുന്നു (പ്രധാനഭാഗമാണ്). അല്ലാഹുവിനെ 'സ്തുതിക്കാത്തവന്‍ അവനോടു നന്ദി കാണിക്കയില്ല' നബി(സ) പറഞ്ഞതായി ഇബ്നുഅബ്ബാസ് (റ) ഉദ്ധരിക്കുന്നു: 'ഖിയാമത്തുനാളില്‍ ആദ്യം സ്വര്‍ഗ്ഗത്തിലേക്കു വിളിക്കപ്പെടുന്നവര്‍ സന്തോഷത്തിലും സന്താപത്തിലും അല്ലാഹുവിനെ സ്തുതിക്കുന്നവരായിരിക്കും.' (رواه البيهقي في شعب الإيمان)

(4) നോമ്പ്–അല്ലെങ്കില്‍ സഞ്ചാരം. അല്ലാഹു ഉപയോഗിച്ച വാക്ക് السَّائِحُونَ എന്നാകുന്നു. ഭൂമിയില്‍ സിയാഹത്ത് (സിയാഹത്തി)ന്റെ അര്‍ത്ഥം. സഞ്ചാരികളുടെ സഞ്ചാരം നടത്തുക എന്നത്രെ ഇതിന്റെ ധാതുവായ سياحة (സിയാഹത്തി)ന്റെ അര്‍ത്ഥം. സഞ്ചാരികള്‍ ബുദ്ധിമുട്ടുകള്‍ സഹിക്കുന്നവരുമായിരിക്കും. ഭക്ഷണം മുതലായ സുഖസൗകര്യങ്ങളില്‍ ത്യാഗം വരിക്കുന്നവരും, ബുദ്ധിമുട്ടുകള്‍ സഹിക്കുന്നവരുമായിരിക്കും. ഈ നിലക്കു നോമ്പുകാര്‍ എന്നും, ഹിജ്റപോകുന്നവര്‍ എന്നും, സമരശീലന്മാര്‍ എന്നും, ഇസ്ലാമിനെക്കുറിച്ചു പഠിക്കുക മുതലായ സല്‍കൃത്യങ്ങള്‍ക്കുവേണ്ടി യാത്ര ചെയ്യുന്നവര്‍ എന്നുമൊക്കെ അതിനു വിവക്ഷ നല്‍കപ്പെട്ടുകാണാം. ഇതെല്ലാം ഉള്‍ക്കൊള്ളുന്ന ഒരു സാമാന്യാര്‍ത്ഥമാണ് ഇവിടെ ഉദ്ദേശ്യമെന്നു വരാം. എങ്കിലും ഭൂരിഭാഗം മഹാന്മാരും നോമ്പുകാര്‍ എന്നാണു വിവക്ഷ നല്‍കിക്കാണുന്നതു. മഹാന്മാരായ സഹാബികളെപ്പോലെയുള്ള ത്യാഗങ്ങളും വ്യാഖ്യാതാക്കളും നോമ്പുകാര്‍ എന്നാണു പറയുന്നത്. കൂടാതെ, 'ഈ സമുദായത്തിന്റെ 'സിയാഹത്ത്' നോമ്പു നോല്‍ക്കലാണ്' എന്നു ആയിശാ (റ) പറഞ്ഞതായി ഇബ്നുജരീര്‍ (റ) രിവായത്തു ചെയ്തിട്ടുണ്ട്. ഇതിനെ ബലപ്പെടുത്തുന്ന ചില രിവായത്തുകള്‍ വേറെയും കാണാം. അതുകൊണ്ടു ഇവിടെ 'നോമ്പുകാര്‍' എന്നുള്ള അര്‍ത്ഥമാണു കൂടുതല്‍ ശരിയായിട്ടുള്ളതെന്നു പലരും ചൂണ്ടിക്കാട്ടുന്നു. أعلم والله

(5, 6) റുകൂഉം, സുജൂദും (കുനിഞ്ഞു നമസ്കാരവും, സാഷ്ടാംഗ നമസ്കാരവും) ചെയ്യുക. നമസ്കാരത്തിൽ അനുഷ്ഠിക്കപ്പെടുന്ന ശാരീരികമായ രണ്ടു പ്രധാന ഘടകങ്ങളാണു റുകൂഉം സുജൂദും. അതുകൊണ്ടാണു അവ രണ്ടും പ്രത്യേകം എടുത്തു പറഞ്ഞിരിക്കുന്നത്. നമസ്കാരത്തെ ഉദ്ദേശിച്ച് ഈ രണ്ടു ഘടകങ്ങളെയും, വേറെ ഒരു പ്രധാന ഘടകമായ നിറുത്തത്തെ (قيام)യും ഖുർആനിൽ ഉപയോഗിക്കാറുണ്ട്. ഇതിനൊരു ഉദാഹരണം 108-ാം വചനത്തിൽ കണ്ടുവല്ലോ. (7) സദാചാരപരമായ നല്ല കാര്യങ്ങളെ ഉപദേശിക്കലും, ദുരാചാരപരമായ ചീത്ത കാര്യങ്ങളെ വിരോധിക്കലും. ഈ രണ്ടു ഗുണങ്ങളെയും സംബന്ധിച്ച് ഖുർആനിലും ഹദീസിലും വളരെയധികം പ്രസ്താവനകൾ കാണാവുന്നതാണ്. രണ്ടും പരസ്പരം ബന്ധപ്പെട്ടതും, ഒന്ന് മറ്റേതിന്റെ അനിവാര്യഫലവുമാകകൊണ്ടു രണ്ടും കൂടി ഒന്നായി എണ്ണിയിരിക്കുകയാണ്. (8) അല്ലാഹു നിയമിച്ച നിയമാതിർത്തികളെ കാത്തുസൂക്ഷിക്കുക. അഥവാ, അവയെ മറികടക്കുകയോ, ലംഘിക്കുകയോ, ദുർവ്യാഖ്യാനം ചെയ്യുകയോ ചെയ്യാതെ നിഷ്കൃഷ്ടം പാലിക്കുക. മേൽ പ്രസ്താവിച്ച ഗുണങ്ങളടക്കമുള്ള എല്ലാ സദാചാരമൂല്യങ്ങൾക്കും ബാധകമാകുന്ന ഒരു അടിസ്ഥാനമത്രെ ഈ അവസാനം പറഞ്ഞ ഗുണം. ഈ എട്ടു ഗുണങ്ങളോടുകൂടിയ സത്യവിശ്വാസികൾക്ക് സന്തോഷവാർത്ത അറിയിക്കണം (وبشر المؤمنين) എന്നും അവസാനമായി നബി(സ)യോട് കൽപിക്കുന്നു. ഇന്ന വിഷയത്തെക്കുറിച്ചുള്ള സന്തോഷവാർത്ത എന്നു വ്യക്തമാക്കപ്പെട്ടിട്ടില്ലാത്ത സ്ഥിതിക്കു ഇഹത്തിലും പരത്തിലും നിർവ്വധികമായ എല്ലാ സന്തോഷവാർത്തയും അറിയിക്കപ്പെടുവാൻ അർഹരാണവർ എന്നാണതു സൂചിപ്പിക്കുന്നത്. والله أعلم

١١٣- مَا كَانَ لِلنَّبِيِّ وَالَّذِينَ آمَنُوا أَن يَسْتَغْفِرُوا لِلْمُشْرِكِينَ وَلَوْ كَانُوا أُولِي قُرْبَىٰ مِن بَعْدِ مَا تَبَيَّنَ لَهُمْ أَنَّهُمْ أَصْحَابُ الْجَحِيمِ ○

113. മുശ്രിക്കു [ബഹുദൈവ വിശ്വാസി]കൾക്കു വേണ്ടി പാപമോചനം തേടുവാൻ നബിക്കും വിശ്വസിച്ചവർക്കും പാടില്ല, അവർ അടുത്ത (കുടുംബ) ബന്ധമുള്ളവരായിരുന്നാലും ശരി, അവർ ജ്വലിക്കുന്ന അഗ്നിയുടെ [നരകത്തിന്റെ] ആൾക്കാരാണെന്നു വ്യക്തമായിത്തീർന്ന ശേഷം.

١١٤- وَمَا كَانَ اسْتِغْفَارُ إِبْرَاهِيمَ لِأَبِيهِ إِلَّا عَن مَّوْعِدَةٍ وَعَدَهَا إِيَّاهُ ۚ فَلَمَّا تَبَيَّنَ لَهُ أَنَّهُ عَدُوٌّ لِّلَّهِ تَبَرَّأَ مِنْهُ ۚ إِنَّ إِبْرَاهِيمَ لَأَوَّاهٌ حَلِيمٌ ○

114. ഇബ്രാഹീം അദ്ദേഹത്തിന്റെ പിതാവിനു വേണ്ടി പാപമോചനം തേടിയതു അദ്ദേഹം അയാളോടു ചെയ്തിരുന്ന ഒരു വാഗ്ദത്തം നിമിത്തമല്ലാതെ ആയിരുന്നില്ല.

എന്നിട്ട് അയാൾ അല്ലാഹുവിന്റെ ഒരു ശത്രുവാണെന്നു അദ്ദേഹത്തിനു വ്യക്തമായിത്തീർന്നപ്പോൾ, അദ്ദേഹം അയാളിൽ നിന്നു (ബന്ധം) വിട്ടുമാറി.

നിശ്ചയമായും, ഇബ്രാഹീം വളരെ വിനയനും സഹനശീലനും തന്നെയാകുന്നു.

---

113. ما كان ആയിക്കൂടാ, ആകാവതല്ല (പാടില്ല) للنبي നബിക്കു, പ്രവാചകനു والذين آمنوا വിശ്വസിച്ചവർക്കും أن يستغفروا അവർ പാപമോചനം തേടുവാൻ (തേടൽ) للمشركين മുശ്രിക്കുകൾക്കു വേണ്ടി ولو كانوا അവർ ആയിരുന്നാലും ശരി أولي قربى അടുത്ത (കുടുംബ) ബന്ധമുള്ളവർ من بعد ശേഷം ما تبين വ്യക്തമായിത്തീർന്നതിന് لهم അവർക്കു أنهم അവരാണെന്നു أصحاب ആൾക്കാർ, ഉടയവർ الجحيم ജ്വലിക്കുന്ന അഗ്നിയുടെ 114. وما كان ആയിരുന്നില്ല, അല്ല استغفار പാപമോചനം തേടൽ إبراهيم ഇബ്രാഹീമിന്റെ لأبيه തന്റെ പിതാവിനു, ബാപ്പക്കു إلا അല്ലാതെ, ഒഴികെ عن موعدة ഒരു വാഗ്ദത്തത്താൽ وعدها അദ്ദേഹമതു വാഗ്ദത്തം ചെയ്തു إياه അയാളോടു فلما تبين എന്നിട്ടു വ്യക്തമായിത്തീർന്നപ്പോൾ له അദ്ദേഹത്തിനു أنه عدو അയാൾ ഒരു ശത്രുവാണെന്നു لله അല്ലാഹുവിനു (അല്ലാഹുവിന്റെ) تبرأ അദ്ദേഹം വിട്ടുമാറി, ഒഴിഞ്ഞു നിന്നു منه അയാളിൽ നിന്നു, അതിൽ നിന്ന إن إبراهيم നിശ്ചയമായും ഇബ്രാഹീം لأواه വളരെ വിനയം (ഭക്തിയും താഴ്മയും) ഉള്ളവൻ തന്നെയാണു حليم സഹനശീലനാണു

സത്യവിശ്വാസം സ്വീകരിക്കാത്ത മുശ്‌രിക്കുകളിൽനിന്നും കപടവിശ്വാസികളിൽ നിന്നും ബന്ധം വിച്ഛേദിക്കണമെന്നുള്ള പരാമർശങ്ങളാണല്ലോ ഈ സൂറത്തിലെ അധികഭാഗവും. അവർ അതേ നിലയിൽ തന്നെ മരണപ്പെട്ടു കഴിഞ്ഞാൽ, അവരുടെ മരണശേഷവും അതേ നില തുടരേണ്ടതുണ്ടെന്നും ഈ വചനം ഉൽബോധിപ്പിക്കുന്നു. ഏറ്റവും അടുത്ത ബന്ധുക്കളായ മാതാപിതാക്കൾക്കുപോലും, അവർ അവിശ്വാസികളാണെന്നു വ്യക്തമായിക്കഴിഞ്ഞാൽ, അവരുടെ പാപമോചനത്തിനുവേണ്ടി പ്രാർത്ഥിക്കുവാൻ നബി (സ) ക്കാകട്ടെ, സത്യവിശ്വാസികൾക്കാകട്ടെ പാടില്ലെന്നു അല്ലാഹു സ്പഷ്ടമായി പ്രസ്താവിക്കുന്നു. (*) അവിശ്വാസികളായി മരണപ്പെടുന്നവർക്കു അല്ലാഹു പൊറുത്തുകൊടുക്കുകയില്ലെന്നും, അവർ നരകത്തിന്റെ ആൾക്കാരാണെന്നുമുള്ളതു അല്ലാഹുവിന്റെ മാറ്റമില്ലാത്ത തീരുമാനമാകുന്നു. (3: 217; 4: 48 മുതലായവ നോക്കുക.) ഒരു വ്യക്തി എത്ര കടുത്ത അവിശ്വാസിയാണെങ്കിലും അയാളുടെ മരണത്തിനുമുമ്പ് സത്യത്തിലേക്ക് മടങ്ങുവാനുള്ള സാധ്യത എപ്പോഴും നിലവിലുണ്ടായിരിക്കും. അതുകൊണ്ടു അയാൾ അവിശ്വാസിയായിക്കൊണ്ടു തന്നെ മരണമടയുമ്പോൾമാത്രമേ അയാൾ അല്ലാഹുവിന്റെ ശത്രുവാണു—അഥവാ അവിശ്വാസിയാണു—എന്നും, നരകത്തിന്റെ ആളാണെന്നും തീരുമാനിക്കുവാൻ നിവൃത്തിയുള്ളു. അല്ലാത്തപക്ഷം, അല്ലാഹുവിങ്കൽ നിന്നു പ്രത്യേകം വഹ്‌യു ലഭിക്കണം. ഇതു നബി (സ)യുടെ കാലശേഷം സംഭവ്യവുമല്ല.

നബി (സ)യും സത്യവിശ്വാസികളും ഇബ്രാഹീം (അ) നബിയുടെ മാതൃക സ്വീകരിക്കുവാൻ കല്പിക്കപ്പെട്ടവരാകുന്നു. അദ്ദേഹം അദ്ദേഹത്തിന്റെ പിതാവിനുവേണ്ടി പാപമോചനം തേടുകയുണ്ടായിട്ടുണ്ടു താനും. (തൗഹീദിലേക്കുള്ള അദ്ദേഹത്തിന്റെ ക്ഷണം നിരസിച്ചുകൊണ്ടു പിതാവു അദ്ദേഹത്തെ ആട്ടിവിട്ടപ്പോൾ, ഞാൻ നിങ്ങൾക്കു വേണ്ടി റബ്ബിനോട് പാപമോചനം തേടുന്നതാണെന്നു അദ്ദേഹം പറഞ്ഞിരുന്നതായി സൂ: മർയം 47-ൽ കാണാം.) എന്നാൽ, ഈ കാര്യത്തിൽ അദ്ദേഹത്തെ മാതൃകയാക്കേണ്ടതില്ലെന്നും, പിതാവിനുവേണ്ടി അദ്ദേഹം പാപമോചനം തേടിയതു പിതാവിനോടു അദ്ദേഹം ചെയ്തിരുന്ന ഒരു വാഗ്ദത്തം നിമിത്തമായിരുന്നുവെന്നും, പിന്നീട് പിതാവ് അല്ലാഹുവിന്റെ ശത്രു—അഥവാ അവിശ്വാസി—തന്നെയാണെന്നു അദ്ദേഹത്തിനു വ്യക്തമായെന്നും, അതോടെ അദ്ദേഹം നിറുത്തൽ ചെയ്തുവെന്നും അല്ലാഹു വ്യക്തമാക്കുന്നു. ഈ വിഷയം സൂ: മുംതഹിനഃ 4ലും പ്രസ്താവിച്ചു കാണാം.

സഈദുബ്നുൽമുസയ്യബ് (റ) തന്റെ പിതാവിൽ നിന്ന് ഇങ്ങിനെ ഉദ്ധരിച്ചിരിക്കുന്നു: അബൂത്വാലിബിനു മരണം ആസന്നമായപ്പോൾ നബി (സ) അവിടെ കടന്നുചെന്നു. അദ്ദേഹത്തിന്റെ അടുക്കൽ അബൂജഹ്‌ലും, അബ്ദുല്ലാഹിബ്നു അബീഉമയ്യത്തും ഉണ്ടായിരുന്നു. തിരുമേനി പറഞ്ഞു: 'പിതൃവ്യരേ, നിങ്ങൾ 'ലാഇലാഹ ഇല്ലല്ലാഹു' എന്നു പറയുവിൻ. അതെ, നിങ്ങൾക്കുവേണ്ടി അല്ലാഹുവിന്റെ അടുക്കൽ എനിക്കു ന്യായം പറയുവാനുള്ള ഒരു വാക്ക്!' ആ രണ്ടു പേരും പറഞ്ഞു: 'താങ്കൾ അബ്ദുൽ മുത്തലിബിന്റെ മാർഗ്ഗം വിട്ടുകളയുകയോ?!' റസൂൽ (സ) ആ വാക്കു അദ്ദേഹത്തിനു വെച്ചു കാട്ടിക്കൊണ്ടും, ആ രണ്ടുപേരും അവരുടെ വാക്ക ആവർത്തിച്ചുകൊണ്ടുമിരുന്നു. അവസാനം അദ്ദേഹം അവരോടു സംസാരിച്ചതു 'അബ്ദുൽ മുത്തലിബിന്റെ മാർഗ്ഗത്തിൽ' എന്നായിരുന്നു. 'ലാഇലാഹ ഇല്ലല്ലാഹു' എന്നു പറഞ്ഞില്ല. അപ്പോൾ റസൂൽ (സ) പറഞ്ഞു: 'അല്ലാഹുവാണ! നിങ്ങളെക്കുറിച്ചു എന്നെ വിലക്കപ്പെടാത്ത കാലത്തോളം ഞാൻ നിങ്ങൾക്കു വേണ്ടി പാപമോചനം തേടുന്നതാണ്'. അങ്ങനെ, അല്ലാഹു ....ما كان للنبي എന്നുള്ള (ഈ) വചനം അവതരിപ്പിച്ചു. അബൂത്വാലിബിന്റെ വിഷയത്തിൽ ....إنك لا تهدي من أحببت (നീ ഇഷ്ടപ്പെടുന്നവരെ നീ നേർമ്മാർഗ്ഗത്തിലാക്കുകയില്ല. എങ്കിലും, അല്ലാഹു, താൻ ഉദ്ദേശിക്കുന്നവരെ നേർമ്മാർഗ്ഗത്തിലാക്കുന്നതാണ്. (28:56) എന്നും അവതരിച്ചു.

അഹ്‌മദു, ബുഖാരീ, മുസ്‌ലിം (റ) മുതലായവർ ഉദ്ധരിച്ചതാണ് പ്രസ്തുത ഹദീസ്. അബൂത്വാലിബിന്റെ മരണം ഹിജ്രയുടെ ഏതാണ്ടു മൂന്നു കൊല്ലം മുമ്പായിരുന്നു. ഈ സൂറത്താകട്ടെ, ഹിജ്രക്കുശേഷം ഒമ്പതാം കൊല്ലത്തിൽ അവതരിച്ചതുമാകുന്നു. എന്നിരിക്കെ, ഈ വചനം അബൂത്വാലിബിന്റെ വിഷയത്തിൽ അവതരിച്ചുവെന്നു ഇതിൽ പറഞ്ഞതു ശരിയാവാൻ തരമില്ലെന്നു തോന്നാവുന്നതാണ്. പക്ഷേ, വല്ല സംഭവവും വിവരിച്ചു കൊണ്ടു 'ആ വിഷയത്തിൽ ഇന്നിന്ന പ്രകാരം അവതരിച്ചു'വെന്നോ മറ്റോ 'അപ്പോൾ ഈ വചനം അവതരിച്ചു'വെന്നും 'ആ വിഷയത്തിൽ ഇന്നിന്ന പ്രകാരം അവതരിച്ചു'വെന്നും മറ്റും ഇവിടങ്ങളിലൊക്കെ അതതു വിഷയത്തിലുള്ള പ്രയോഗങ്ങൾ പല രിവായത്തുകളിലും കാണപ്പെടാറുള്ളതാണ്. അത്തരം വിഷയങ്ങളെ സംബന്ധിക്കുന്ന പ്രത്യേകമായി ആ ആയത്തുകൾ അവതരിച്ചുവെന്നു അതിന്നർത്ഥമില്ല. ഈ വിഷയം മുഖവുരയിൽ നാം മുമ്പ് വിവരിച്ചു കഴിഞ്ഞിട്ടുണ്ട്. ആയത്തുകളായിരിക്കും അവ എന്ന ഉദ്ദേശ്യമുള്ളു.

(*) മാതാപിതാക്കളുടെയും മറ്റും ഇഹത്തിൽവെച്ചു നല്ലനിലയിൽ പെരുമാറേണ്ടതുണ്ടെന്ന വസ്തുതയും ഇതിനെയും തമ്മിൽ പൊരുത്തക്കേടൊന്നുമില്ല. രണ്ടും വെവ്വേറെ കാര്യങ്ങളാകുന്നു.

അബൂഹുറൈറ (റ)യിൽ നിന്നു ഇപ്രകാരം നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു: റസൂൽ (സ) തിരുമേനി അവിടുത്തെ മാതാവിന്റെ ഖബ്‌റിനടുത്തു ചെന്നു കരയുകയുണ്ടായി. തിരുമേനിയുടെ ചുറ്റുമുണ്ടായിരുന്നവരും അതു കണ്ടു കരയുകയായി. പിന്നീടു തിരുമേനി പറഞ്ഞു: 'അവർക്കു വേണ്ടി പാപമോചനം തേടുവാൻ എന്റെ റബ്ബിനോടു ഞാൻ സമ്മതം തേടി. എനിക്കു സമ്മതം കിട്ടിയില്ല. അവരുടെ ഖബർ സന്ദർശിക്കുവാൻ ഞാൻ അനുമതി തേടി. അതിനു അനുമതി ലഭിച്ചു. ആകയാൽ, നിങ്ങൾ ഖബ്‌റുകൾ സന്ദർശിച്ചുകൊള്ളുവിൻ, അതു മരണത്തെ ഓർമ്മിപ്പിക്കുന്നതാണ്'.[1] (അ; മു; ദാ.) ഇതുപോലെയുള്ള രിവായത്തുകൾ വേറെയും വന്നിട്ടുണ്ട്.

115. ഒരു ജനതയെയും (തന്നെ) അവർക്കു അല്ലാഹു മാർഗ്ഗദർശനം നൽകിയതിനുശേഷം വഴിപിഴവിലാക്കുവതല്ല. [വഴി പിഴവിലാക്കുക പതിവില്ല.] അവർ സൂക്ഷിക്കേണ്ടതിനെ അവർക്കു അവൻ വ്യക്തമാ(യി വിവരിച്ചു കൊടു)ക്കുന്നതുവരേക്കും.

നിശ്ചയമായും, അല്ലാഹു എല്ലാകാര്യത്തെക്കുറിച്ചും അറിയുന്നവനാണ്.

١١٥- وَمَا كَانَ اللَّهُ لِيُضِلَّ قَوْمًا بَعْدَ إِذْ هَدَاهُمْ حَتَّىٰ يُبَيِّنَ لَهُم مَّا يَتَّقُونَ ۚ إِنَّ اللَّهَ بِكُلِّ شَيْءٍ عَلِيمٌ

116. നിശ്ചയമായും അല്ലാഹു, അവനുള്ളതാണു ആകാശങ്ങളുടെയും, ഭൂമിയുടെയും രാജാധികാരം.

അവൻ ജീവിപ്പിക്കുകയും, മരണപ്പെടുത്തുകയും ചെയ്യുന്നു. അല്ലാഹുവിനു പുറമെ നിങ്ങൾക്കു ഒരു കൈകാര്യകർത്താവാകട്ടെ, സഹായകനാകട്ടെ ഇല്ലതാനും.

١١٦- إِنَّ اللَّهَ لَهُ مُلْكُ السَّمَاوَاتِ وَالْأَرْضِ ۖ يُحْيِي وَيُمِيتُ ۚ وَمَا لَكُم مِّن دُونِ اللَّهِ مِن وَلِيٍّ وَلَا نَصِيرٍ

---

115. وَمَا كَانَ اللَّهُ അല്ലാഹു ആകുവതല്ല, ആകുകയില്ല (പതിവില്ല) لِيُضِلَّ വഴിപിഴവിലാക്കുവാൻ قَوْمًا ഒരു ജനതയെയും بَعْدَ ശേഷം, പിന്നീടു إِذْ هَدَاهُمْ അവർക്കവൻ മാർഗ്ഗദർശനം നൽകിയതിന്, വഴി കാട്ടിയതിന്റെ حَتَّىٰ يُبَيِّنَ വ്യക്തമാക്കി (വിവരിച്ചു) കൊടുക്കുന്നതു വരെ لَهُم അവർക്കു مَا يَتَّقُونَ അവർ സൂക്ഷിക്കേണ്ടതു إِنَّ اللَّهَ നിശ്ചയമായും അല്ലാഹു بِكُلِّ شَيْءٍ എല്ലാ കാര്യത്തെ (വസ്തുവെ)ക്കുറിച്ചും عَلِيمٌ അറിയുന്നവനാണു 116. إِنَّ اللَّهَ നിശ്ചയമായും അല്ലാഹു لَهُ അവനാണു, അവന്റേതാണു مُلْكُ രാജത്വം, രാജാധികാരം السَّمَاوَاتِ ആകാശങ്ങളുടെ وَالْأَرْضِ ഭൂമിയുടെയും يُحْيِي അവൻ ജീവിപ്പിക്കുന്നു وَيُمِيتُ മരിപ്പിക്കുകയും ചെയ്യുന്നു وَمَا لَكُم നിങ്ങൾക്കില്ലതാനും مِّن دُونِ കൂടാതെ, പുറമെ اللَّهِ അല്ലാഹുവിനെ(ന്നു) مِن وَلِيٍّ ഒരു ബന്ധുവും, കാര്യകർത്താവും, രക്ഷാധികാരിയും وَلَا نَصِيرٍ സഹായകനുമില്ല

മുശ്‌രിക്കുകൾക്കുവേണ്ടി പാപമോചനത്തിനു പ്രാർത്ഥിച്ചുകൂടാ എന്നു കഴിഞ്ഞ വചനങ്ങളിൽ കൽപന വന്നപ്പോൾ, മുമ്പ് അങ്ങിനെ ചെയ്യാറുണ്ടായിരുന്നവർ തങ്ങൾ കുറ്റക്കാരായിത്തീർന്നേക്കുമോ എന്നു ഭയപ്പെട്ടു. അവരെ സംബന്ധിക്കുന്നതാണു ആദ്യത്തെ വചനം. ഒരു കൂട്ടർക്ക് അല്ലാഹു ഇസ്‌ലാമിലേക്കും സത്യവിശ്വാസത്തിലേക്കും മാർഗ്ഗദർശനം നൽകി അനുഗ്രഹിച്ചശേഷം, അവർ എന്തെല്ലാം കാര്യങ്ങൾ സൂക്ഷിച്ചു പ്രവർത്തിക്കേണ്ടതുണ്ടോ അതെല്ലാം അവർക്കു ശരിക്കും വിവരിച്ചറിയിച്ചുകൊടുക്കാതെ അവരെ വഴിപിഴച്ചവരും, തെറ്റുകാരുമാക്കി നിശ്ചയിക്കുന്ന പതിവു അല്ലാഹുവിനില്ല. അവർ സൂക്ഷിക്കേണ്ടുന്ന കാര്യങ്ങൾ വ്യക്തമാക്കിക്കൊടുത്തിട്ടു പിന്നെയും അവ സൂക്ഷിക്കാതിരുന്നാൽ മാത്രമേ അവരെ പിഴച്ചവരായി വിധി കൽപിക്കുകയുള്ളു. അഥവാ ഒരു കാര്യം വിധിക്കപ്പെടാത്ത കാലത്തോളം അതു തെറ്റായി ഗണിക്കപ്പെടുകയില്ല. അതുകൊണ്ടു ഈ വിരോധകൽപന വരുന്നതിനു മുമ്പ് മുശ്‌രിക്കുകൾക്കുവേണ്ടി പാപമോചനം തേടിയവർ അതു നിമിത്തം വഴിപിഴച്ചുപോകുന്നവരല്ല. മേലിൽ അതു ചെയ്യുവാൻ പാടില്ലെന്നു മാത്രം. എന്നാണത്രെ ആ വചനത്തിന്റെ താൽപര്യം. രണ്ടാമത്തെ വചനത്തിലെ ആശയം സ്പഷ്ടമാണ്. അവിശ്വാസികൾ എത്ര ശക്തിയും പ്രതാപവുമുള്ളവരായിരുന്നാലും അവരെ ഭയപ്പെടേണ്ടതില്ലെന്നും, അവരിൽ നിന്നും ഒരു നന്മയും സഹായവും പ്രതീക്ഷിക്കേണ്ടതില്ലെന്നും അതിൽ സൂചന കാണാം.

لَقَدْ تَابَ ٱللَّهُ عَلَى ٱلنَّبِىِّ وَٱلْمُهَٰجِرِينَ وَٱلْأَنصَارِ ٱلَّذِينَ ٱتَّبَعُوهُ فِى سَاعَةِ ٱلْعُسْرَةِ مِنۢ بَعْدِ مَا كَادَ يَزِيغُ قُلُوبُ فَرِيقٍ مِّنْهُمْ ثُمَّ تَابَ عَلَيْهِمْ ۚ إِنَّهُۥ بِهِمْ رَءُوفٌ رَّحِيمٌ ١١٧

117. തീർച്ചയായും, നബിയുടെയും, (ആ) ഞെരുക്കത്തിന്റെ ഘട്ടത്തിൽ അദ്ദേഹത്തെ പിന്തുടർന്ന പോയവരായ 'മുഹാജിറു'കളുടെയും, 'അൻസാരി' കളുടെയും പേരിൽ അല്ലാഹു (കനിഞ്ഞു) മടങ്ങിയിട്ടുണ്ട്; [അവർക്കു പൊറുത്തുകൊടുത്തിട്ടുണ്ട്]. അവരിൽ നിന്നുള്ള ഒരു കൂട്ടരുടെ ഹൃദയങ്ങൾ തെറ്റിപ്പോകുമാറായതിനു ശേഷം;– (അതെ) പിന്നെ, അവരുടെമേൽ അവൻ (കനിഞ്ഞു) മടങ്ങി.

നിശ്ചയമായും അവൻ, അവരിൽ വളരെ കൃപയുള്ളവനും, കരുണാനിധിയുമാകുന്നു.

---

117. لقد തീർച്ചയായും ഉണ്ടു تاب മടങ്ങി (മടങ്ങിട്ടുണ്ടു) الله അല്ലാഹു على النبي നബിയുടെമേൽ والمهاجرين മുഹാജിറുകളുടെയും والانصار അൻസാരികളുടെയും الذين اتبعوه അദ്ദേഹത്തെ പിന്തുടർന്ന في ساعة ഘട്ടത്തിൽ, സമയത്തിൽ العسرة ഞെരുക്കത്തിന്റെ من بعد ശേഷമായി ما كاد അടുത്തായ (ആകമായ)തിന്റെ يزيغ തെറ്റുവാൻ قلوب ഹൃദയങ്ങൾ فريق ഒരു കൂട്ടരുടെ, സംഘത്തിന്റെ منهم അവരിൽ നിന്നു ثم تاب പിന്നെ അവൻ മടങ്ങി عليهم അവരുടെ മേൽ إنه നിശ്ചയമായും അവൻ بهم അവരെപ്പറ്റി رءوف വളരെ കൃപയുള്ളവൻ (കൃപാലു) ആകുന്നു رحيم കരുണാനിധിയാണു

توبة (തൗബഃ) എന്ന മൂലത്തിന്റെ ഭൂതക്രിയയാണു تاب (താബ). 'മടക്കം, മടങ്ങൽ' എന്നൊക്കെയാണതിന്റെ സാക്ഷാൽ അർത്ഥം. സൃഷ്ടികളെ സംബന്ധിച്ചു പറയുമ്പോൾ, ചെയ്ത തെറ്റിനെപ്പറ്റി ഖേദിച്ചു മടങ്ങുക–അഥവാ പശ്ചാത്താപം–എന്ന ഉദ്ദേശ്യത്തിലാണു അധികം ഉപയോഗിക്കപ്പെടാറുള്ളത്. അല്ലാഹുവിന്റെ പക്കൽ തെറ്റുപറ്റിപ്പോകുകയോ, ചെയ്തുകഴിഞ്ഞതിനെപ്പറ്റി അവൻ ഖേദിക്കേണ്ടിവരുകയോ ഇല്ലല്ലോ. അതുകൊണ്ടു അല്ലാഹുവിനെ സംബന്ധിച്ചിടത്തോളം, 'പശ്ചാത്താപം സ്വീകരിക്കുക, വിട്ടുകൊടുക്കുക, ശിക്ഷ നൽകാതിരിക്കുക, കനിയുക' എന്നൊക്കെയായിരിക്കും ഉദ്ദേശ്യം. ഈ വ്യത്യാസം വ്യക്തമാക്കുവാൻ വേണ്ടിയാണു ഈ ക്രിയയുടെ കർത്താവ് (الـفـاعـل) അല്ലാഹുവായിരിക്കുമ്പോൾ അതിനോടു ബന്ധപ്പെടുത്തിക്കൊണ്ടു على ('അലാ'= മേൽ) എന്ന അവ്യയവും, കർത്താവു മനുഷ്യനായിരിക്കുമ്പോൾ إلى ('ഇലാ'= ലേക്ക്) എന്ന അവ്യയവും കൊടുക്കപ്പെടുന്നതും. ഉദാഹരണം: تاب الله على فلان (അല്ലാഹു ഇന്നവന്റെ മേൽ മടങ്ങി) എന്നും, تاب فلان إلى الله (ഇന്നവൻ അല്ലാഹുവിങ്കലേക്കു മടങ്ങി) എന്നും പറയപ്പെടുന്നതു. ഇന്ന ആളുടെ പശ്ചാത്താപം അല്ലാഹു സ്വീകരിച്ചു എന്നായിരിക്കും ഒന്നാമത്തെ ഉദാഹരണത്തിന്റെ സാരം. ഇന്ന ആൾ താൻ ചെയ്ത തെറ്റിനെപ്പറ്റി അല്ലാഹുവിങ്കലേക്ക് പശ്ചാത്തപിച്ചു മടങ്ങി എന്നായിരിക്കും രണ്ടാമത്തെ ഉദാഹരണത്തിന്റെ സാരം. تواب (തവ്വാബ്= അധികമായി മടങ്ങുന്നവൻ) എന്നു അല്ലാഹുവിന്റെയും മനുഷ്യന്റെയും വിശേഷണമായി ഉപയോഗിക്കുന്നതിന്റെ രഹസ്യവും, രണ്ടും തമ്മിലുള്ള അർത്ഥവ്യത്യാസവും ഇതിൽ നിന്നു വ്യക്തമാണ്. ഈ സംഗതി ഓർമ്മിക്കുന്നതു പല സന്ദർഭങ്ങളിലും പ്രയോജനകരമായിരിക്കും.

നബി (സ) തിരുമേനിയുടെ മേലും, വളരെ വിഷമംപിടിച്ച അവസരത്തിലുണ്ടായ തബൂക്ക് യുദ്ധയാത്രയിൽ തിരുമേനിയെ അനുഗമിച്ച് പങ്കെടുത്ത മുഹാജിറുകളും അൻസാരികളും അടങ്ങുന്ന സത്യവിശ്വാസികളുടെയും മേലും–അവർ സഹിച്ച ത്യാഗങ്ങളുടെയും വിഷമങ്ങളുടെയും ഫലമായി–അല്ലാഹു മടങ്ങിയിരിക്കുന്നു. അഥവാ ഈ യാത്രയിലും മറ്റും അവരിൽനിന്നു വന്നുപോയിട്ടുള്ള പാകപ്പിഴവുകളും തെറ്റുകുറ്റങ്ങളും വിട്ടുകൊടുത്തുകൊണ്ടു അല്ലാഹു അവരുടെമേൽ അവന്റെ കനിവും അനുഗ്രഹവും ചൊരിഞ്ഞിരിക്കുന്നു. അവരിൽപെട്ട ചിലരുടെ പക്കൽ നിന്നു ചില പതറിച്ചകൾ ഉണ്ടായിട്ടുണ്ടെങ്കിലും അതൊക്കെ അല്ലാഹു മാപ്പാക്കിയിരിക്കുന്നു. എന്നത്രെ ചുരുക്കത്തിൽ ഈ വചനത്തിന്റെ സാരം.

യുദ്ധയാത്രയിൽ പങ്കെടുത്ത സഹാബികളെപ്പറ്റി പൊതുവിൽ പ്രസ്താവിച്ചപ്പോൾ, അതിൽ നബി (സ) യെയും കൂടി ഉൾപ്പെടുത്തിയിരിക്കകൊണ്ടു നബി (സ) തിരുമേനി പാപം ചെയ്തുപോയെന്നോ, ആ പാപം വിട്ടു

...വെന്നും ഈ പ്രസ്താവനയിൽ ഉദ്ദേശ്യമുണ്ടെന്നു കരുതേണ്ടതില്ല. നബി (സ)യെക്കൂടി ഇവിടെ എടുത്തു പറഞ്ഞതിൽ പല രഹസ്യങ്ങളും ഉണ്ടാകാവുന്നതാണ്. ഉദാഹരണമായി: (1) സത്യവിശ്വാസികളെപ്പറ്റി പൊതുവെ ചെയ്യുന്ന ഒരു പ്രസ്താവനയിൽ നബി (സ) യെയും കൂടി ഉൾപ്പെടുത്തുന്നതു അവർക്കൊരു ബഹുമതിയും മനസ്സമാധാനവുമായിരിക്കും. അഥവാ 'ഗനീമത്തു'കളിൽ നബി (സ)ക്കുള്ള അഞ്ചിലൊരു ഭാഗത്തെപ്പറ്റി പറഞ്ഞപ്പോൾ അതു അല്ലാഹുവിനും റസൂലിനുമാണെന്നു മുമ്പു (8: 41ൽ) പറഞ്ഞതുപോലെയുള്ള ഒരു ശൈലിയായിരിക്കാം സത്യവിശ്വാസികളെപ്പറ്റി പ്രസ്താവിച്ചപ്പോൾ അതിൽ നബി (സ) യെയും കൂട്ടിപ്പറഞ്ഞത്. (2) നബി (സ) തിരുമേനി പാപവിമുക്തനാണെങ്കിലും മറ്റുള്ളവരെ അപേക്ഷിച്ചു, വളരെ നിസ്സാരമായ വീഴ്ചകൾപോലും നബി (സ) യെ സംബന്ധിച്ചിടത്തോളം പാകപ്പിഴവുകളായി ഗണിക്കപ്പെട്ടുകൊണ്ട് അവ അല്ലാഹു നബി (സ) ക്കു വിട്ടുകൊടുത്തിരിക്കുന്നുവെന്ന ഉദ്ദേശ്യത്തിലുമാവാം അത്. വ്യക്തികളുടെ സ്ഥാനപദവികൾക്കനുസരിച്ചാണല്ലോ പലപ്പോഴും സംഗതികൾ വിലയിരുത്തപ്പെടുക. ഈ വിഷയകമായി 43-ാം വചനത്തിന്റെ വ്യാഖ്യാനത്തിൽ വിവരിച്ചിട്ടുള്ളതു ഓർക്കുക. (3) എത്ര ഉന്നതപദവിയിലുള്ള ആളായിരുന്നാലും അല്ലാഹുവിങ്കലേക്കു ഖേദിച്ചു മടങ്ങൽ എല്ലാവരുടെയും കടമയാണെന്നും, അല്ലാഹുവിന്റെ കാരുണ്യവും മാപ്പും കൂടാതെ നബിമാർക്കുപോലും രക്ഷയില്ലെന്നും ഓർമിപ്പിക്കുവാൻവേണ്ടി പറഞ്ഞതുമാവാം. ഇതുകൊണ്ടാണല്ലോ നബി (സ) നിത്യവും പാപമോചനം തേടാറുണ്ടായിരുന്നതും. والله أعلم

അവരിൽ നിന്നുള്ള ഒരു കൂട്ടരുടെ ഹൃദയങ്ങൾ തെറ്റിപ്പോകാറായി كاد يزيغ قلوب فريق منهم എന്നു പറഞ്ഞതിന്റെ വിവക്ഷ ഇന്നതാണെന്ന തിട്ടപ്പെടുത്തുക സാധ്യമല്ല. നബി (സ) യൊന്നിച്ചു യാത്ര പോയെങ്കിലും പല വിധേനയും ക്ലേശകരമായ പുറപ്പാടായിരുന്നതുകൊണ്ടു ചിലരുടെ പുറപ്പാട് മനമില്ലാമനസ്സോടെയായിരിക്കാം. വഴിമദ്ധ്യേ അനുഭവപ്പെട്ട അസഹ്യതകൾ കാരണം ചിലർക്കു തങ്ങൾ പോരേണ്ടിയിരുന്നില്ലെന്നു തോന്നിയിരിക്കാം. ചിലർ കൂട്ടം വിട്ടു തിരിച്ചുപോയെങ്കിലോ എന്നു കരുതിയിരിക്കാം. ഇതെല്ലാം സ്വാഭാവികമാണല്ലോ. ഹൃദയത്തിന് ദൗർബല്യമോ, വിശ്വാസദൗർബല്യമോ ഉള്ളവരിൽ നിന്നു വിശേഷിച്ചും. പക്ഷെ, ഇങ്ങിനെയുള്ള മാനസികമായ ചാഞ്ചാട്ടങ്ങളൊന്നും അവരുടെ ഹൃദയങ്ങളിൽ സ്ഥിരപ്രതിഷ്ഠിതമായിരുന്നില്ല. ചില സന്ദർഭങ്ങളിൽ നേരിട്ട ആപത്തിൽനിന്നു അല്ലാഹു അവരെ രക്ഷപ്പെടുത്തുകയും, തങ്ങളുടെ കടമ നിർവ്വഹിക്കുന്നതിൽ അവർ ഉറച്ചു നിൽക്കുകയും ചെയ്തു. അൽപം ചിലരിലല്ലാതെ പൊതുവിൽ എല്ലാവരിലും ഇത്തരം വിചാരവികാരങ്ങൾ പ്രകടമായിരുന്നതുമില്ല. എന്നൊക്കെ അല്ലാഹുവിന്റെ വാചകത്തിൽനിന്നു മനസ്സിലാക്കാവുന്നതാണ്.

അസഹനീയമായ ഉഷ്ണകാലം, ഭക്ഷണപാനീയങ്ങളുടെയും വാഹനങ്ങളുടെയും ദൗർലഭ്യം, ക്ഷാമവും ദാരിദ്ര്യവും മുഴുത്ത കാലത്തുള്ള പുറപ്പാടു, പരന്ന മണലാരണ്യത്തിലൂടെയുള്ള യാത്ര മാസക്കണക്കിലുള്ള വഴിദൂരം, ഇന്നത്തെമാതിരി ആവശ്യസാധനങ്ങൾ വിലകൊടുത്തുവാങ്ങുവാൻ പോലും വഴിമദ്ധ്യേ സൗകര്യങ്ങളില്ലാത്ത പുറപ്പാട്. ഒന്നാലോചിച്ചു നോക്കുക! യാത്രാമദ്ധ്യേ വിശന്നുവലയുമ്പോൾ ഒരു കാരക്ക രണ്ടാക്കിപ്പൊളിച്ച് രണ്ടുപേർ ഭാഗിച്ചെടുത്തു തിന്നേണ്ടിവരുക, ഒരു കാരക്ക വായിലിട്ടു ഈമ്പിക്കൊണ്ട് അതിനുമീതെ പച്ചവെള്ളം കുടിക്കേണ്ടി വരിക, ദാഹിച്ചു വലയുമ്പോൾ ഒട്ടകത്തെ അറുത്ത് അതിന്റെ ഉൾസഞ്ചികൾ പിഴിഞ്ഞെടുത്ത വെള്ളം കൊണ്ടു ദാഹശമനം വരുത്തേണ്ട ഗതികേടുണ്ടാവുക തുടങ്ങിയ പല അനുഭവങ്ങളും ആ യാത്രയിൽ സഹാബികൾക്കു നേരിട്ടിട്ടുണ്ടെന്നു പല രിവായത്തുകളിൽനിന്നും വ്യക്തമാകുന്നു. അതെ, അവരുടെ ദൃഢവിശ്വാസവും, അല്ലാഹുവിന്റെ പ്രീതി ലഭിക്കുന്നതിലുള്ള അവരുടെ ആവേശവും കാരണം അതെല്ലാം അവർ സഹിച്ചു. എന്നുവെച്ചാൽ, 111-ാം വചനത്തിൽ പ്രസ്താവിച്ച ആ കച്ചവട ഇടപാടിലെ ബാധ്യത അവർ നിറവേറ്റുകതന്നെ ചെയ്തു. 112-ാം വചനത്തിൽ പ്രസ്താവിക്കപ്പെട്ട സൽഗുണങ്ങളുടെ സാക്ഷ്യപത്രം അവർ കരസ്ഥമാക്കുകയും ചെയ്തു. അതെ, അല്ലാഹു അവരെക്കുറിച്ചു തൃപ്തിപ്പെട്ടു. അവർ അവനെക്കുറിച്ചും തൃപ്തിപ്പെട്ടു. رضي الله عنهم ....

وَعَلَى الثَّلَاثَةِ الَّذِينَ خُلِّفُوا حَتَّىٰ إِذَا ضَاقَتْ عَلَيْهِمُ الْأَرْضُ بِمَا رَحُبَتْ وَضَاقَتْ عَلَيْهِمْ أَنفُسُهُمْ وَظَنُّوا أَن لَّا مَلْجَأَ مِنَ اللَّهِ إِلَّا إِلَيْهِ ١١٨

118. പിന്നോക്കു വെക്കപ്പെട്ടവരായ (ആ) മൂന്നാളുടെ പേരിലും (അല്ലാഹു കനിഞ്ഞു മടങ്ങിയിരിക്കുന്നു):

ഭൂമി വിശാലമായതോടെ (തന്നെ) അതവർക്ക് ഇടുങ്ങി (യതായിതോന്നി) പ്പോകുന്നതുവരെയും, തങ്ങളുടെ മനസ്സുകൾ തങ്ങൾക്കു ഞെരുങ്ങിപ്പോകുകയും, അല്ലാഹുവിൽ നിന്ന (രക്ഷക്കു) അവങ്കലേക്കല്ലാതെ (വേറെ) ആശ്രയസ്ഥാനമില്ലെന്നു അവർ കരുതുകയും ചെയ്യുന്നതു (വരെയും അവർ ക്ലേശമനുഭവിച്ചു)

ثُمَّ تَابَ عَلَيْهِمْ لِيَتُوبُوا ۚ إِنَّ اللَّهَ هُوَ التَّوَّابُ الرَّحِيمُ ○

(അതെ, എന്നിട്ട്) പിന്നെ– അവർ (പശ്ചാത്തപിച്ചു) മടങ്ങുവാൻ വേണ്ടി–അവൻ അവരുടെമേൽ (കനിഞ്ഞു) മടങ്ങി. നിശ്ചയമായും അല്ലാഹു തന്നെയാണ് വളരെ (കനിഞ്ഞു) മടങ്ങുന്നവനും, കരുണാനിധിയുമായുള്ളവൻ.

വിഭാഗം-15

١١٩- يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَكُونُوا مَعَ الصَّادِقِينَ ○

119. ഹേ, വിശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും, സത്യം പറയുന്നവരുടെ കൂടെയായിരിക്കുകയും ചെയ്യുവിൻ.

---

118. وَعَلَى الثَّلَاثَةِ മൂന്നാളുടെ പേരിലും الَّذِينَ خُلِّفُوا പിന്നിലാക്കപ്പെട്ട حَتَّىٰ إِذَا ضَاقَتْ അങ്ങനെ ഇടുങ്ങിപ്പോകുന്നതുവരെ, കുടുസ്സാകുംവരെ عَلَيْهِمُ അവരുടെമേൽ, അവർക്കു الْأَرْضُ ഭൂമി بِمَا رَحُبَتْ അതു വിശാലമായതോടെ وَضَاقَتْ ഇടുങ്ങുകയും, കുടുസ്സാകുകയും عَلَيْهِمْ അവർക്കു, അവരുടെമേൽ أَنفُسُهُمْ അവരുടെ സ്വന്തങ്ങൾ (മനസ്സുകൾ) وَظَنُّوا അവർ കരുതുക (ഭാവിക്കുക–വിചാരിക്കുക)യും أَن لَّا ഇല്ലെന്നു مَلْجَأَ അഭയസ്ഥാനം, രക്ഷാസ്ഥാനം مِنَ اللَّهِ അല്ലാഹുവിൽ നിന്ന, അല്ലാഹുവിനെ സംബന്ധിച്ചു إِلَّا إِلَيْهِ അവനിലേക്കല്ലാതെ ثُمَّ تَابَ പിന്നെ അവൻ മടങ്ങി عَلَيْهِمْ അവർക്കു, അവരുടെ മേൽ لِيَتُوبُوا അവർ മടങ്ങു (പശ്ചാത്തപിക്കു)വാൻ വേണ്ടി إِنَّ اللَّهَ നിശ്ചയമായും അല്ലാഹു هُوَ التَّوَّابُ അവൻ തന്നെ വളരെ മടക്കമുള്ള (കനിവുള്ള)വൻ الرَّحِيمُ കരുണാനിധിയായ
119. يَا أَيُّهَا الَّذِينَ آمَنُوا വിശ്വസിച്ചവരേ اتَّقُوا اللَّهَ അല്ലാഹുവിനെ സൂക്ഷിക്കുവിൻ وَكُونُوا ആയിരിക്കുകയും ചെയ്യുവിൻ مَعَ الصَّادِقِينَ സത്യം പറയുന്നവരുടെ കൂടെ, സത്യവാൻമാരോടൊപ്പം

തക്കതായ കാരണമില്ലാതെ–അലസതയും സുഖമോഹവും നിമിത്തം–തബൂക്ക് യാത്രയിൽ പങ്കെടുക്കാതെ മാറി നിന്ന അബൂലുബാബഃ (റ) മുതലായവർ നബി (സ)യുടെ മുമ്പാകെ പശ്ചാത്തപിച്ച വിവരവും, അവരിൽ പെട്ട മൂന്നുപേർ എന്തുചെയ്യണമെന്നറിയാതെ ഉൽക്കണ്ഠാകുലരായി കഴിഞ്ഞുകൂടുകയാണു ചെയ്തതെന്നും മുമ്പ് പ്രസ്താവിച്ചുവല്ലോ. ആ മൂന്നാളുടെ കാര്യത്തിൽ തീരുമാനമൊന്നും പ്രഖ്യാപിക്കപ്പെടാതെ തൽക്കാലം നീട്ടിവെക്കുകയുണ്ടായെന്നു 106-ാം വചനത്തിലും ചൂണ്ടിക്കാട്ടി. കഅ്ബുബ്നുമാലിക്, ഹിലാലുബ്നുഉമയ്യ, മുറാറത്തുബ്നുറബീഉ് (റ) എന്നീ അൻസാരീ സഹാബികളായിരുന്ന പ്രസ്തുത മൂന്നുപേർ. ഇവരുടെ പശ്ചാത്താപവും അല്ലാഹു സ്വീകരിച്ചിരിക്കുന്നുവെന്നും, ഇവർ അങ്ങേ അറ്റത്തെ മനോവ്യഥയിലും ദുഃഖത്തിലുമായിരുന്നുവെന്നുമാണു ആദ്യത്തെ വചനത്തിൽ പ്രസ്താവിക്കുന്നത്. രണ്ടാമത്തെ വചനത്തിൽ അവർ സത്യവാൻമാരായിരുന്നുവെന്നും, സത്യം പറഞ്ഞതുകൊണ്ടാണവർക്കു രക്ഷ ലഭിച്ചതെന്നും, അവരെപ്പോലെ എല്ലാവരും സത്യവാൻമാരായിരിക്കണമെന്നും സൂചിപ്പിച്ചിരിക്കുന്നു. ഇമാം അഹ്മദു, ബുഖാരി, മുസ്ലിം (റ) തുടങ്ങിയ പല മഹാൻമാരും രേഖപ്പെടുത്തിയിട്ടുള്ള സുദീർഘമായ ഒരു ഹദീസിൽ അവരുടെ സംഭവം വിശദമായി വിവരിക്കപ്പെട്ടിരിക്കുന്നു. പ്രസിദ്ധമായ ആ ഹദീസിൽ നിന്നു ഈ വചനങ്ങളിലും കഴിഞ്ഞ ചില വചനങ്ങളിലും അടങ്ങിയ ആശയങ്ങൾ കൂടുതൽ മനസ്സിലാക്കുവാനും സഹാബികളെക്കുറിച്ചും മറ്റും അറിഞ്ഞിരിക്കേണ്ടുന്ന ചില വസ്തുതകൾ കൂടി ഗ്രഹിക്കുവാനും സാധിക്കുന്നതാണ്. അതുകൊണ്ടു–അൽപം ദൈർഘ്യം വന്നുപോകുന്നതിലും–ആ ഹദീസിന്റെ സാരം ഇവിടെ ഉദ്ധരിക്കുന്നതു പ്രയോജനകരമായിരിക്കും.

കഅ്ബുബ്നുമാലിക്ക് (റ) ന്റെ കാഴ്ച നഷ്ടപ്പെട്ടശേഷം അദ്ദേഹത്തെ നയിച്ചുകൊണ്ടിരുന്ന ആളും, അദ്ദേഹത്തിന്റെ ഒരു പുത്രനുമായിരുന്ന അബ്ദുല്ല (റ) തന്റെ പിതാവു കഅ്ബു (റ) പ്രസ്താവിച്ചതായി ഇപ്രകാരം ഉദ്ധരിക്കുന്നു:—

'തബൂക്ക്' യുദ്ധത്തിലല്ലാതെ മറ്റൊരു യുദ്ധത്തിലും നബി (സ)യൊന്നിച്ചു ഞാൻ പങ്കെടുക്കാതിരുന്നിട്ടില്ല. പക്ഷേ, ബദ്റിൽ പങ്കെടുക്കുകയുണ്ടായില്ല. അതിൽ പങ്കെടുക്കാത്തവരെപ്പറ്റി ആക്ഷേപവും ഉണ്ടായിട്ടില്ല. ഒരു യുദ്ധനിശ്ചയം കൂടാതെ ഖുറൈശികളുടെ വർത്തകസംഘത്തെ ഉദ്ദേശിച്ചുകൊണ്ടു മാത്രമായിരുന്നു നബി (സ) അന്നു പുറപ്പെട്ടത്. അൽഅഖബഃ ഉടമ്പടി (*) ഉണ്ടായ രാത്രിയിൽ ഞങ്ങൾ ഇസ്‌ലാമിനെ അംഗീകരിച്ച് കരാർ നടത്തിയപ്പോൾ ഞാനും അതിൽ സന്നിഹിതനായിരുന്നു. ജനമധ്യേ ബദ്ർ യുദ്ധത്തിനാണ് അധികം പ്രസിദ്ധിയുള്ളതെങ്കിലും അഖബയുടെ സ്ഥാനം ബദ്റിനു നൽകുവാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല. തബൂക്കിൽ നിന്നു ഞാൻ പിന്തി നിന്നതു ഇങ്ങിനെയാണ്: അന്ന് എനിക്കു മുമ്പത്തെക്കാളൊക്കെ കഴിവും, സൗകര്യവുമുണ്ടായിരുന്നു. റസൂൽ (സ) യുദ്ധയാത്രകൾ ചെയ്യുമ്പോൾ സാധാരണ ലക്ഷ്യസ്ഥാനം വ്യക്തമാക്കാറില്ലായിരുന്നു. ആ യാത്ര ഉഷ്ണകാലത്തായിരുന്നതും, ദൂരയാത്രയായിരുന്നതും, വമ്പിച്ച ഒരു സൈന്യത്തെ നേരിടുവാനായിരുന്നതും കാരണമായി മുസ്‌ലിംകൾ വേണ്ടുന്ന ഒരുക്കങ്ങൾ ചെയ്യുവാൻവേണ്ടി-യാത്രയുടെ ലക്ഷ്യം നേരത്തെതന്നെ അവിടുന്നു അറിയിച്ചിരുന്നു. നബി (സ)യുടെ ഒന്നിച്ചു മുസ്‌ലിംകൾ അക്കാലത്തു ധാരാളമുണ്ട്. പക്ഷേ, പട്ടാളക്കാരുടെ പട്ടിക രേഖപ്പെടുത്തുന്ന സമ്പ്രദായം അന്നില്ലായിരുന്നു. അതുകൊണ്ടു യുദ്ധത്തിൽ പങ്കെടുക്കാതെ ഒഴിഞ്ഞുനിൽക്കണമെന്നുദ്ദേശിക്കുന്നവരിൽ-വഹ്‌യു മുഖേന അറിവുകിട്ടാത്തപക്ഷം-അവരെപ്പറ്റി നബി (സ)ക്കറിയുവാൻ കഴിയുകയില്ലെന്നു ധരിക്കാത്തവർ കുറവായിരുന്നു. പഴവർഗ്ഗങ്ങളും തണലും നന്നായി വരുന്ന ഒരു കാലത്തായിരുന്നു നബി (സ)യുടെ പുറപ്പാട്.

'അങ്ങനെ, നബി (സ) യും മുസ്‌ലിംകളും ഒരുക്കങ്ങൾ ചെയ്തു. ഞാൻ ഒരുങ്ങുവാൻ ശ്രമിച്ചും പിന്നെ കാംവെച്ചും കൊണ്ടു-ഒരു തീരുമാനവുമെടുക്കാതെ-കഴിഞ്ഞുകൂടി. റസൂൽ (സ) തിരുമേനിയും ജനങ്ങളും യാത്ര തുടങ്ങി. അപ്പോഴും ഞാൻ വാഹനം കയറി പുറപ്പെട്ടെങ്കിലോ എന്നുദ്ദേശിച്ചു. അയ്യോ! അങ്ങനെ ചെയ്തിരുന്നെങ്കിൽ എത്ര നന്നായേനെ! പക്ഷേ, അതിനു വിധിയുണ്ടായില്ല! റസൂൽ (സ) പുറപ്പെട്ടുപോയതിൽ പിന്നെ, പുറത്തിറങ്ങിയാൽ ഒന്നുകിൽ കപടവിശ്വാസത്തിന്റെ ആക്ഷേപത്തിനു വിധേയരായ ആളുകളെ, അല്ലെങ്കിൽ അല്ലാഹു ഒഴിവ് അനുവദിച്ചുകൊടുത്തിട്ടുള്ള ദുർബ്ബലരായ ആളുകളെ അല്ലാതെ എനിക്കു കാണുവാൻ കഴിഞ്ഞിരുന്നില്ല. തബൂക്കിലെത്തുന്നതുവരെ നബി (സ) ക്കു എന്നെക്കുറിച്ചു ഓർമ്മവന്നില്ല. തബൂക്കിൽവെച്ച് കഅ്ബ് എന്തു ചെയ്തുവെന്നു തിരുമേനി അന്വേഷിച്ചു. ബനൂസലമ ഗോത്രത്തിൽപെട്ട ഒരാൾ 'തന്റെ ദേഹത്തിന്റെ സുഖസൗകര്യങ്ങൾ അദ്ദേഹത്തെ തടഞ്ഞുവെച്ചിരിക്കയാണ്' എന്നു പറഞ്ഞു. അപ്പോൾ മുആദുബ്നുജബൽ (റ) പറഞ്ഞു: 'താൻ ആ പറഞ്ഞതു മോശമായിപ്പോയി. അദ്ദേഹത്തെ സംബന്ധിച്ച് നല്ലതല്ലാതെ നമുക്കറിയില്ല.' നബി (സ) അപ്പോൾ മൗനമവലംബിച്ചു. അങ്ങനെയിരിക്കെ, വെള്ള വസ്ത്രം ധരിച്ചുകൊണ്ടു ഒരാൾ മരീചികതാണ്ടി വരുന്നതായി ദൂരെ നിന്നു കണ്ടു 'അതു അബൂഖൈഥമയായിരിക്കണം' എന്നു തിരുമേനി (ലക്ഷണം) പറഞ്ഞു. ഒരു സ്വാഉ' (സേർ) കാരക്ക സംഭാവന നല്കിയതിൽ, കപടവിശ്വാസികൾ പരിഹസിക്കുകയുണ്ടായ അബൂഖൈഥമ (റ) തന്നെയായിരുന്നു (**) അതു.'

കഅ്ബ്-റ-തുടരുന്നു: 'തബൂക്കിൽ നിന്നു റസൂൽ (സ) മടങ്ങിവരുന്നുണ്ടെന്നു കേട്ടപ്പോൾ, എന്നെ സങ്കടം പിടികൂടി. തിരുമേനിയുടെ കോപത്തിൽനിന്നു ഞാൻ എങ്ങിനെ രക്ഷപ്പെടും? ആരെയൊക്കെ അതിനു ഉപയോഗപ്പെടുത്താം? എന്നൊക്കെ ഞാൻ (മനസ്സിൽ) കള്ളം സ്വരൂപിച്ചുകൊണ്ടിരുന്നു. നബി (സ) എത്താറായി എന്നു കേട്ടപ്പോൾ, ആ ദുർവിചാരമൊക്കെ എന്നിൽ നിന്നു നീങ്ങി. ഒന്നുകൊണ്ടും എനിക്ക രക്ഷയില്ലെന്നു ബോധ്യം വന്നു. സത്യം പറയുവാൻ തന്നെ ഞാൻ നിശ്ചയിച്ചു. റസൂൽ (സ) രാവിലെ എത്തി. വല്ല യാത്രയും കഴിഞ്ഞു

(*) ഹിജ്രക്കുമുമ്പു മദീനായിൽനിന്നു ഹജ്ജിനുവന്നിരുന്ന എഴുപതിൽപരം ആളുകൾ ഒരു രാത്രിയിൽ-ഖുറൈശികൾ അറിയാതെ-നബി (സ) യിൽ വിശ്വസിക്കുകയും, അൽഅഖബഃ എന്നിടത്തുവെച്ചു നബി (സ) യെ മദീനായിൽ ചെന്നാൽ വേണ്ടപ്രകാരം സഹായിക്കാമെന്നും മറ്റും നബി (സ) യുമായി ഉടമ്പടി ചെയ്തുപോകുകയും ഉണ്ടായി. ആ സംഭവമാണു ഉദ്ദേശ്യം. 100-ാം വചനത്തിന്റെ വ്യാഖ്യാനത്തിൽ ഈ ഉടമ്പടിയെപ്പറ്റി നാം സൂചിപ്പിച്ചിട്ടുണ്ട്

(**) അബൂഖൈഥമ (റ) ആദ്യം അലസതനിമിത്തം നബി (സ) യൊന്നിച്ചു പോയിരുന്നില്ല. നബി (സ)യും സഹാബികളും പോയിക്കഴിഞ്ഞശേഷം, അദ്ദേഹം തന്റെ വീട്ടിൽ ചെന്നപ്പോൾ, വീട്ടുകാർ തനിക്കായി ഒരുക്കിവെച്ചിരുന്ന സുഖസൗകര്യങ്ങൾ കണ്ടപ്പോൾ അദ്ദേഹത്തിനു വളരെ വ്യസനം തോന്നി. റസൂൽ (സ) തിരുമേനി വളരെ കഷ്ടതയിലും, ബുദ്ധിമുട്ടിലും കഴിഞ്ഞുകൂടുന്ന അവസരത്തിൽ താൻ ഈ സുഖസൗകര്യങ്ങൾ ആസ്വദിക്കുന്നതു നന്നല്ലെന്നു അദ്ദേഹം കരുതി. വേഗം തബൂക്കിലേക്കു വാഹനം കയറി. അതായിരുന്നു അദ്ദേഹം താമസിച്ചെത്തുവാനും, ഒറ്റയായിരിക്കുവാനും കാരണം. റസൂൽ (സ) അദ്ദേഹത്തെ വളരെ ആദരിക്കുകയുംചെയ്തു.

വരുമ്പോൾ അവിടുന്ന് ആദ്യം പള്ളിയിൽ കടന്നു രണ്ടു റക്അത്തു നമസ്കരിക്കുകയും, പിന്നീട് ജനങ്ങൾക്കുവേണ്ടി ഇരുന്നുകൊടുക്കുകയും പതിവാണ്. ആ ഇരുത്തത്തിൽ, യുദ്ധത്തിൽനിന്നു ഒഴിഞ്ഞുനിന്നവർ ചെന്ന് തിരുമേനിയോട് ഒഴികഴിവുകൾ പറയുകയും, സത്യം ചെയ്യുകയുമായി. അവർ എൺപതിൽ ചില്വാനം പേരുണ്ടായിരുന്നു. അവരിൽ നിന്നു അവരുടെ ബാഹ്യമായ നിലപാടു സ്വീകരിച്ചുകൊണ്ടു തിരുമേനി അവർക്കുവേണ്ടി പാപമോചനം തേടുകയും, അവരുടെ രഹസ്യം അല്ലാഹുവിങ്കലേക്ക വിടുകയും ചെയ്തു. അങ്ങനെ, ഞാൻ ചെന്നു സലാം പറഞ്ഞു. അപ്പോൾ, കോപം മറച്ചുവെച്ച ഒരാളുടെ മാതിരി ഒന്നു പുഞ്ചിരിച്ചുകൊണ്ടു തിരുമേനി എന്നോടു 'വരൂ' എന്നു പറഞ്ഞു. ഞാൻ പതുക്കെച്ചെന്നു അടുത്തിരുന്നു. 'എന്താണു പിന്തിനിന്നത്? വാഹനം വാങ്ങിയിരുന്നില്ലേ?' എന്നു തിരുമേനി ചോദിച്ചു. ഞാൻ പറഞ്ഞു: 'അല്ലാഹുവിൻെറ റസൂലേ, ലോകത്തു മറ്റൊരാളുടെ അടുക്കലാണു ഞാൻ ഇരിക്കുന്നതെങ്കിൽ, വല്ല ഒഴികഴിവും പറഞ്ഞു അയാളുടെ കോപത്തിൽനിന്നു എനിക്ക ഒഴിവാകുവാൻ കഴിയുമായിരുന്നു. എനിക്കു കുറച്ചൊക്കെ തർക്കം നടത്തുവാനും കഴിയുന്ന്. പക്ഷേ, അല്ലാഹുവിനെത്തന്നെ സത്യം! ഇന്നു ഞാൻ അങ്ങയോടു വല്ല കളവും പറഞ്ഞു തൃപ്തിപ്പെടുത്തിയാൽ, അല്ലാഹു എന്നെ കോപിച്ചേക്കും. ഞാൻ അങ്ങയോടു സത്യം പറഞ്ഞാൽ, അങ്ങേക്ക എന്നോടു രോഷവും തോന്നും. എന്നാലും ഞാൻ അല്ലാഹുവിങ്കൽ നിന്നു നല്ല പര്യവസാനം കാത്തിരിക്കുകയാണ്. അല്ലാഹു തന്നെ സത്യം! എനിക്ക ഒരു മുടക്കവും ഉണ്ടായിരുന്നില്ല. ആ സമയത്തേക്കാൾ കഴിവും സൗകര്യവും ഇതിനുമുമ്പുണ്ടായിരുന്നിട്ടുമില്ല.' അപ്പോൾ റസൂൽ പറഞ്ഞു: 'ഇയാൾ പറഞ്ഞത് സത്യമാണ്. താങ്കൾ എഴുന്നേറ്റുപോകുക. താങ്കളുടെ കാര്യത്തിൽ അല്ലാഹു തീരുമാനമെടുത്തുകൊള്ളും.'

'ബനൂസലമക്കാരായ ചിലർ എൻെറ പിന്നാലെ വന്ന്, 'താങ്കൾ ഇതിനുമുമ്പ് കുറ്റമൊന്നും ചെയ്തിട്ടില്ലല്ലോ. മറ്റുള്ളവർ ചെയ്തതുപോലെ നബി (സ) യോടു ചില ഒഴികഴിവുകൾ പറഞ്ഞാൽ നബിയുടെ താങ്കൾക്കുവേണ്ടി പാപമോചനം തേടിയാൽ മതിയായിരുന്നുവല്ലോ!' എന്നൊക്കെപ്പറഞ്ഞ് എന്നെ ആക്ഷേപിച്ചുകൊണ്ടിരുന്നു. അങ്ങനെ, നബി (സ)യുടെ അടുക്കൽ മടങ്ങിച്ചെന്നു കളവു പറഞ്ഞാലോ എന്നു പോലും എനിക്കു തോന്നി. 'എൻെറ ഈ അനുഭവമുണ്ടായ മറ്റാരെങ്കിലും ഉണ്ടോ?' എന്ന ഞാൻ അവരോട് അന്വേഷിച്ചു. അവർ പറഞ്ഞു: 'ഉണ്ട്. മുറാറത്തുബ്നു-റബീഉം, ഹിലാലുബ്നു ഉമയ്യയും'. ബദ്റിൽ പങ്കെടുത്തവരും, നല്ലവരുമായിരുന്നു ആ രണ്ടുപേരും. അവർ എനിക്കൊരു മാതൃകയുമാണ്. അതു കേട്ടപ്പോൾ, ഞാൻ (അതിനു മുതിരാതെ) എൻെറ വഴിക്കുപോയി.'

കഅ്ബ്-റ-തുടരുന്നു: 'ഞങ്ങൾ മൂന്നുപേരുമായി സംസാരിക്കുന്നതു നബി (സ) വിരോധം ചെയ്തു. അങ്ങനെ, ജനങ്ങൾക്കു ഞങ്ങളോടുള്ള ഭാവം മാറി. ഈ ഭൂമി എനിക്കു അപരിചിതമായി തോന്നി. എൻെറ സ്നേഹിതരായ ആ രണ്ടുപേരും കരഞ്ഞുകൊണ്ടു വീട്ടിൽ ഇരുന്നു. അമ്പതു ദിവസം അങ്ങനെ കഴിഞ്ഞു. ഞാൻ അവരെക്കാൾ യുവാവും ശക്തനുമായിരുന്നതുകൊണ്ടു ഞാൻ നമസ്കാരത്തിനു (പള്ളിയിൽ) ഹാജരാകുകയും, അങ്ങാടിയിലൂടെ നടക്കുകയും ചെയ്തിരുന്നു. എന്നോടു ആരും സംസാരിക്കുകയില്ല. ഞാൻ റസൂൽ (സ) തിരുമേനിക്ക സലാം പറയും. അവിടുന്നു സലാം മടക്കിയോ, ഇല്ലയോ എന്നെനിക്ക സംശയം തോന്നും. ഞാൻ തിരുമേനിയുടെ അടുത്തുനിന്നു നമസ്കരിക്കും. ഗൂഢമായി തിരുമേനിയുടെ നേരെ നോക്കുകയും ചെയ്യും. ഞാൻ അങ്ങോട്ടു നോക്കുമ്പോൾ തിരുമേനി എന്നിൽനിന്നു തിരിഞ്ഞുകളയും. ഞാൻ നമസ്കാരത്തിലേക്ക തിരിയുമ്പോൾ അവിടുന്നു എന്നെ നോക്കുകയും ചെയ്യും. മുസ്ലിംകളുടെ എന്നോടുള്ള പരിതിയിരായ്മ ദീർഘിച്ചപ്പോൾ, ഞാൻ എൻെറ പിതൃവ്യപുത്രനും, ഏറ്റവും സ്നേഹിതനുമായ അബൂഖതാദ (റ)യുടെ തോട്ടത്തിന്റെ മതിൽ കയറിച്ചെന്നു. അദ്ദേഹത്തിനു ഞാൻ സലാം ചെയ്തു. അല്ലാഹു തന്നെ സത്യം! അദ്ദേഹം സലാം മടക്കിയില്ല. ഞാൻ അല്ലാഹുവിനെ മുൻനിറുത്തിക്കൊണ്ടു അദ്ദേഹത്തോടു ചോദിച്ചു: ഞാൻ അല്ലാഹുവിനെയും, റസൂലിനെയും സ്നേഹിക്കുന്നതായി താങ്കൾക്കറിയാമോ?' അദ്ദേഹം മിണ്ടിയില്ല. ഞാൻ വീണ്ടും വീണ്ടും ആവർത്തിച്ചു! [illegible] പറഞ്ഞു: 'അല്ലാഹുവിനും റസൂലിനും അറിയാം.' എൻെറ കണ്ണുകൾ ഒഴുകി. ഞാൻ മതിൽ [illegible] തിരിച്ചുപോന്നു.

'അങ്ങിനെയിരിക്കെ, ധാന്യം വിൽക്കുവാൻ മദീനയിൽ വന്ന ഒരു നബ്ത്വി (കൃഷിക്കാരൻ) കഅ്ബുബ്നു മാ[illegible] ലികിനെക്കുറിച്ചു അന്വേഷിക്കുന്നതു ഞാൻ കേട്ടു. ജനങ്ങൾ എന്നെ ചൂണ്ടിക്കാട്ടി. [illegible] ഗസ്സാനിലെ [illegible] വിൻെറ വക ഒരു എഴുത്തു എനിക്കു തന്നു. എനിക്കു എഴുത്തറിയാമായിരുന്നു. ഞാൻ അതു വായിച്ചുനോക്കി. [illegible] അതിലെ ഉള്ളടക്കം ഇതായിരുന്നു: 'താങ്കളുടെ ആൾ (നബി–സ– അ[illegible] ഉപേക്ഷിച്ച്) [illegible] [illegible] [illegible] [illegible] അറിയുന്നു. ഈ ഭൂമി നിന്ദ്യതയുടെ ഭൂമിയൊന്നുമല്ല. [illegible] [illegible] എഴുതു [illegible] സഹായം ചെയ്യാം.' ഇതും ഒരു പരീക്ഷണം തന്നെയെന്നു [illegible] [illegible]. റസൂൽ (സ) തിരുമേനിയുടെ [illegible] തിൽ നാല്പതു ദിവസം കഴിഞ്ഞിട്ടും വഹ്‌യു വരാൻ വൈകിയിട്ടു [illegible] [illegible] എന്ന് കല്പിക്കുന്നു! വിവാഹബന്ധം വേർപെടുത്തുകയാണോ [illegible] ഞാൻ ചോദിച്ചു. [illegible] മൂതൽ പോന്ന് 'താൻ താൻെറ ഭാര്യയെ വിട്ടുനിൽക്കണം.'

എന്നു ഞാൻ ചോദിച്ചു. 'വേണ്ട, തന്റെ കാര്യത്തിൽ തീരുമാനം വരുന്നതുവരെ ഭാര്യയുമായി വിട്ടുനിൽക്കണം— സമീപിക്കരുത്' എന്നു അദ്ദേഹം മറുപടി പറഞ്ഞു. മററ രണ്ടാളുകളുടെ അടുക്കലേക്കും അപ്രകാരം ആളയച്ചി രുന്നു. എന്റെ ഭാര്യയോടു അവളുടെ വീട്ടിലേക്കു പോയിക്കൊള്ളുവാൻ ഞാൻ പറഞ്ഞു.'

കഅ്ബു—റ—പറയുകയാണു. 'ഹിലാലുബ്നുഉമയ്യയുടെ ഭാര്യ റസൂൽ (സ) തിരുമേനിയുടെ അടുക്കൽ ചെന്നു ഇങ്ങിനെ പറഞ്ഞു. 'റസൂലേ, ഹിലാലുബ്നുഉമയ്യ വലിയ കിഴവനാണ്. അദ്ദേഹത്തിനു ഭൃത്യൻമാരുമില്ല. അതുകൊണ്ട് ഞാൻ അദ്ദേഹത്തിനു ഭൃത്യവേല ചെയ്തുകൊടുക്കുന്നതിനു വിരോധമുണ്ടോ?' തിരുമേനി പറഞ്ഞു: 'ഇല്ല. എന്നാലും അദ്ദേഹം തന്നെ സമീപിക്കരുതു.' ആ സ്ത്രീ പറഞ്ഞു: 'ഇല്ല. അദ്ദേഹത്തിനു യാതൊരു വിചാരവും ഒരു വികാരവുമില്ല. ഇന്നുവരെയും കരഞ്ഞുകൊണ്ടിരിക്കുകയാണ്.' ഇതുകേട്ടപ്പോൾ എന്റെ ചില കുടുംബക്കാർ എന്നോട് എന്റെ ഭാര്യയെക്കുറിച്ചും നബി (സ) യോടു സമ്മതം ചോദിക്കുവാൻ നിർദ്ദേശിക്കുകയു ണ്ടായി. ഞാൻ പറഞ്ഞു: 'ഞാനതുചെയ്യുകയില്ല. ഞാനൊരു യുവാവായിരിക്കെ, അവിടുന്നു എന്നോട് എന്തു പറയുമെന്നു എനിക്ക് നിശ്ചയമില്ല'. അങ്ങനെ, പത്തു ദിവസം കൂടി കഴിഞ്ഞു. ഞങ്ങളുമായുള്ള സംസാരം മുടക്കം ചെയ്തിട്ട് അപ്പോഴേക്ക് അമ്പതു ദിവസം പൂർത്തിയായി. അമ്പതിന്റെ പ്രഭാതത്തിൽ ഞാൻ ഞങ്ങളുടെ ഒരു വീട്ടിന്റെ മുകളിൽ വെച്ചു സുബ്ഹു നമസ്കാരം നമസ്കരിച്ച് ഇരിക്കുകയായിരുന്നു. അല്ലാഹു പറഞ്ഞതുപോലെ ഭൂമി വിശാലമായിരുന്നിട്ടും എനിക്കതു ഇടുങ്ങിയതായിക്കൊണ്ടിരിക്കുകയാണ്.

'അപ്പോഴതാ സൽഉ് (سلع) മലയുടെ മുകളിൽനിന്ന് ഒരാൾ അത്യുച്ചത്തിൽ വിളിച്ചു പറയുന്നു: 'കഅ്ബുബ്നു മാലികേ! സന്തോഷിച്ചുകൊള്ളുക!' ഞാൻ അല്ലാഹുവിനു സുജൂദായി നിലത്തു വീണു. ഒരു തുറവിവന്നു കഴി ഞ്ഞിട്ടുണ്ടെന്നു ഞാൻ മനസ്സിലാക്കി. സുബ്ഹു നമസ്കാരാനന്തരം അല്ലാഹുവിങ്കൽ നിന്നു (ഞങ്ങളുടെ) തൗബ: (പശ്ചാത്താപം) സ്വീകരിച്ച വിവരം നബി (സ) ജനങ്ങളിൽ പ്രഖ്യാപനം ചെയ്തിരുന്നു. ജനങ്ങൾ ഞങ്ങളെ അനുമോദിക്കുവാൻ വന്നുകൊണ്ടിരുന്നു. എന്റെ രണ്ടു കൂട്ടുകാരിലേക്കും ആളുകൾ പോയിരുന്നു. എന്റെ അടുക്ക ലേക്ക് ഒരാൾ കുതിരപ്പുറത്തു കയറിയും, വേറൊരാൾ ഓടിക്കൊണ്ടും കുതിച്ചു വന്നു. (*) പക്ഷേ, (സൽഉമല യിൽ നിന്നു കേട്ട) ആ ശബ്ദമായിരുന്നു ആദ്യം എനിക്ക് എത്തിയത്. അതുകൊണ്ടു ആ ശബ്ദത്തിന്റെ ആളുക്ക് (**) ഞാൻ എന്റെ മേലുണ്ടായിരുന്ന രണ്ടു വസ്ത്രവും അഴിച്ചുകൊടുത്തു സമ്മാനിച്ചു. (***) സത്യമായും, അതു രണ്ടുമല്ലാത്ത വസ്ത്രം എനിക്കു വേറെയുണ്ടായിരുന്നില്ല. അനന്തരം രണ്ടു വസ്ത്രങ്ങൾ വായ്പവാങ്ങിച്ചു ധരിച്ചു കൊണ്ടു ഞാൻ നബി (സ) തിരുമേനിയുടെ അടുക്കലേക്കു പോയി. ജനങ്ങൾ കൂട്ടംകൂട്ടമായി വന്നു എന്നെ അനു മോദിക്കുകയും, എനിക്ക് മംഗളം പറയുകയും ചെയ്യുന്നുണ്ടായിരുന്നു.'

(കഅ്ബ്—റ—തുടരുന്നു:) 'ഞാൻ പള്ളിയിൽ ചെല്ലുമ്പോൾ, റസൂൽ (സ) ഇരിക്കുന്നു. ചുറ്റുപാടും ആള കളുമുണ്ട്. ത്വൽഹത്തുബ്നു ഉബൈദില്ലാ (റ) ഓടിവന്ന് എനിക്കു കൈ തരുകയും, എന്നെ അനുമോദിക്കുകയും ചെയ്തു. (****) മുഹാജിറുകളിൽ വേറെ ആരും എഴുന്നേററുവന്ന് അങ്ങനെ ചെയ്യുകയുണ്ടായില്ല. (*****) റസൂൽ (സ)തിരുമേനിക്കു ഞാൻ സലാം പറഞ്ഞപ്പോൾ, തിരുമേനിയുടെ മുഖം സന്തോഷംകൊണ്ടു പ്രകാശിതമായിരുന്നു. അവിടുന്നു പറഞ്ഞു: 'താങ്കളുടെ മാതാവ് താങ്കളെ പ്രസവിച്ചത് മുതൽ ഏററവും നല്ല ഒരു ദിവസത്തെക്കുറിച്ചു സന്തോഷപ്പെട്ടുകൊള്ളുക!' ഞാൻ ചോദിച്ചു: 'അങ്ങയിൽനിന്നുള്ളതോ, അല്ലാഹുവിങ്കൽനിന്നുള്ളതോ?' തിരു മേനി പറഞ്ഞു: 'അല്ലാഹുവിങ്കൽനിന്നുള്ളതുതന്നെ.' തിരുമേനിക്കു സന്തോഷംവന്നാൽ അവിടുത്തെ മുഖം ചന്ദ്ര നെപ്പോലെ പ്രകാശമയമായിത്തീരുമെന്നു ഞങ്ങൾ പരിചയിച്ചതാണ്. അങ്ങനെ, ഞാൻ ഇരുന്നു. ഞാൻ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, എന്റെ തൗബയുടെ പൂർത്തീകരണമായി ഞാൻ എന്റെ ധനം മുഴുവൻ ധർമ്മമായി അല്ലാ ഹുവിനും റസൂലിനും ഒഴിഞ്ഞുതരുവാൻ ഉദ്ദേശിക്കുന്നു.' അപ്പോൾ തിരുമേനി പറഞ്ഞു 'കുറച്ചു ധനം താൻ സൂക്ഷിച്ചുവെച്ചുകൊള്ളുക. അതു തനിക്കു നല്ലതാണു.' ഞാൻ പറഞ്ഞു: 'ഖൈബറിലുള്ള എന്റെ ഓഹരി ഞാൻ സൂക്ഷിച്ചുകൊള്ളാം. (ബാക്കിയൊക്കെ ധർമ്മമാണു) ഞാൻ ജീവിക്കുന്ന കാലത്തോളം ആരോടും ഞാൻ കളവുപറയുകയില്ലെന്നുള്ളതും എന്റെ തൗബയിൽപെട്ടതാകുന്നു.'

(*) കുതിരപ്പുറത്തു ചെന്നതു സുബൈറുബ്നുൽഅവ്വാമും (റ), ഓടി വന്നതു ഹംസത്തുബ്നുഅംറും (റ) ആയിരുന്നുവെന്നും ചില രിവായത്തുകളിലുണ്ട്. (**) ശബ്ദമിട്ടു വിളിച്ചു പറഞ്ഞതു അബൂബക്കർ (റ) ആയി രുന്നുവെന്നും രിവായത്തുണ്ട്. (***) പ്രധാനപ്പെട്ട സന്തോഷവാർത്ത അറിയിക്കുന്ന ആളുടെ ആൾക്ക അപ്പോൾ ധരിച്ചിട്ടുള്ള വസ്ത്രങ്ങൾ അഴിച്ചുകൊടുത്തു സമ്മാനിക്കുന്നത് അറബികളുടെ ഒരു പതിവായിരുന്നു.

(****) ത്വൽഹത്ത് (റ) ഖുറൈശിയും, സ്വർഗ്ഗംകൊണ്ടു സന്തോഷമറിയിക്കപ്പെട്ട പത്ത് സ്വഹാബികളിൽ പെട്ട ഒരാളുമാകുന്നു. (*****) ഇക്കാരണത്താൽ ത്വൽഹത്തിനെ (റ) കുറിച്ച് കഅ്ബു (റ) എപ്പോഴും നന്ദി പുല ത്തിപ്പോന്നിരുന്നുവെന്നു നിവേദകനായ പുത്രൻ പ്രസ്താവിച്ചിരിക്കുന്നു.

'ഞാൻ റസൂൽ (സ) തിരുമേനിയോടു ആ സത്യം പറഞ്ഞശേഷം, എന്നെപ്പോലെ പരീക്ഷണത്തിനു വിധേയനായി വിജയംവരിച്ച ഒരാളെ എനിക്കറിവില്ല. അതിനുശേഷം ഇന്നുവരെ അറിഞ്ഞുംകൊണ്ടു ഞാൻ ആരോടും കളവു പറഞ്ഞിട്ടില്ല. മേലിലും അല്ലാഹു എന്നെ കാക്കുമെന്നു ഞാൻ ആശിക്കുന്നു. അങ്ങനെ, അല്ലാഹു لقد تاب الله على النبي.... എന്ന വചനവും, وعلى الثلاثة الذين എന്നതു മുതൽ وكونوا مع الصادقين എന്നുവരെയും (117, 118, 119 വചനങ്ങൾ) അവതരിച്ചു.'

(കഅ്ബ്-റ-തുടർന്നു പറയുകയാണു:) 'അല്ലാഹുവിനെത്തന്നെയാണ! റസൂൽ(സ) തിരുമേനിയോട് കളവു പറയുകയും, കളവു പറഞ്ഞവരെപ്പോലെ നാശത്തിലകപ്പെടുകയും ചെയ്യാതെ ഞാൻ സത്യം മാത്രം പറഞ്ഞു. എന്നെ ഇസ്‌ലാമിലേക്ക മാർഗ്ഗദർശനം നൽകി അല്ലാഹു അനുഗ്രഹിച്ചതിനുശേഷം, അവൻ എനിക്ക തന്ന ഏററവും വലിയ അനുഗ്രഹമാകുന്നു. വഹ്‌യു വന്നപ്പോൾ, കളവു പറഞ്ഞവരെപ്പററി അല്ലാഹു വളരെ കടുത്ത വാക്കുകളാണ് പറഞ്ഞത്. അതായതു, سيحلفون بالله لكم എന്നു തുടങ്ങി لا يرضى عن القوم الفاسقين വരെ (95ഉം 96ഉം വചനങ്ങൾ). റസൂൽ (സ) തിരുമേനിയോട് സത്യം ചെയ്തു ഒഴികഴിവുകൾ പറഞ്ഞപ്പോൾ അതു സ്വീകരിച്ചുകൊണ്ട് തിരുമേനി പാപമോചനം തേടിയിരുന്ന ആളുകളുടെ കൂട്ടത്തിൽനിന്നു ഞങ്ങൾ മൂന്നുപേരുടെയും കാര്യം റസൂൽ (സ) പിന്നേക്ക നിറുത്തിവെക്കുകയാണു ചെയ്തതു. എന്നിട്ട്, ഞങ്ങളുടെ വിഷയത്തിൽ .... وعلى الثلاثة الذين خلفوا (പിന്നോക്കം വെക്കപ്പെട്ട മൂന്നാളുടെ പേരിലും........) എന്നു അവതരിച്ചു. യുദ്ധത്തിനു പോകാതെ പിന്തിനിന്നവർ എന്നല്ല ഉദ്ദേശ്യം. സത്യം ചെയ്ത് ഒഴികഴിവ് പറഞ്ഞവരിൽനിന്നും വ്യത്യസ്തമായി കാര്യം പിന്നേക്കു നീട്ടിവെക്കപ്പെട്ടവർ എന്നാണുദ്ദേശ്യം.' (അ; ബു; മു. മുതലായവർ)

സുദീർഘവും പ്രസിദ്ധവുമായ ഈ ഹദീസിൽ നിന്നു കഴിഞ്ഞ ഏതാനും ആയത്തുകളുടെ ആശയം കൂടുതൽ മനസ്സിലാക്കുവാൻ കഴിയുന്നതിനു പുറമെ, മററു പല കാര്യങ്ങളും ഗ്രഹിക്കുവാൻ സാധിക്കുന്നതാണു. നിഷ്കളങ്കവും, പരിപൂർണ്ണവുമായ തൗബയുടെ നല്ലൊരു മാതൃകയാണതു. സഹാബികൾ തങ്ങളുടെ പക്കൽ വന്നുപോയ തെററുകുററങ്ങളെപ്പററി എത്രത്തോളം മനംനൊന്തിരുന്നുവെന്നും, അവരുടെ സത്യസന്ധത എത്രമാത്രം മുറുകിയതായിരുന്നുവെന്നും, അല്ലാഹുവിങ്കൽനിന്നുള്ള പാപമോചനവും കാരുണ്യവും ലഭിക്കുന്നതിനുവേണ്ടി അവർ എത്രത്തോളം ത്യാഗവും കഷ്ടനഷ്ടവും അനുഭവിക്കുവാൻ തയ്യാറായിരുന്നുവെന്നും റസൂൽ (സ) തിരുമേനിയോടു അവർക്കുള്ള സ്നേഹബഹുമാനം എത്ര വലുതായിരുന്നുവെന്നും, തിരുമേനിയുടെ ഉപദേശനിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിൽ അവർ എത്രത്തോളം തൽപരരായിരുന്നുവെന്നും–അങ്ങിനെ പലതും–മനസ്സിലാക്കുവാനുള്ള ഒരു പാഠാവലിയാണു ഈ ഹദീസ് എന്നു പറയാം. നബി (സ) തിരുമേനിയുടെയും, അവിടുത്തെ സഹാബികളുടെയും മാതൃക പിൻപററി സൗഭാഗ്യം അടയുന്ന സജ്ജനങ്ങളിൽ അല്ലാഹു നമ്മെയെല്ലാം ഉൾപ്പെടുത്തട്ടെ. ആമീൻ.

റസൂൽ (സ) തിരുമേനി അരുളിച്ചെയ്തതായി ഇബ്നുമസ്ഊദ് (റ) ഉദ്ധരിച്ചിരിക്കുന്നു: 'നിങ്ങൾ സത്യത്തെ മുറുകെ പിടിക്കുവിൻ. കാരണം, സത്യം പുണ്യത്തിലേക്കു നയിക്കുന്നു. പുണ്യമാകട്ടെ സ്വർഗ്ഗത്തിലേക്കും നയിക്കുന്നു. ഒരു മനുഷ്യൻ സത്യം പറഞ്ഞും, സത്യത്തെ കാത്തുസൂക്ഷിച്ചും വരുന്നതായാൽ, അവൻ അല്ലാഹുവിന്റെ അടുക്കൽ 'സ്വിദ്ദീക്വ്' (സത്യസന്ധനായി) രേഖപ്പെടുത്തപ്പെടും. നിങ്ങൾ അസത്യത്തെ സൂക്ഷിക്കുവിൻ. അസത്യം ദുർവൃത്തിയിലേക്കു നയിക്കുന്നു. ദുർവൃത്തിയാകട്ടെ, നരകത്തിലേക്കും നയിക്കുന്നു. ഒരുവൻ അസത്യം പറഞ്ഞും, അസത്യത്തെ കാത്തുസൂക്ഷിച്ചും വരുന്നതായാൽ, അവൻ അല്ലാഹുവിന്റെ അടുക്കൽ 'കദ്ദാബ്' (അസത്യവാദിയായി) രേഖപ്പെടുത്തപ്പെടുന്നതാണ്.' (അ; ബു; മു.)

١٢٠- مَا كَانَ لِأَهْلِ الْمَدِينَةِ وَمَنْ حَوْلَهُم مِّنَ الْأَعْرَابِ أَن يَتَخَلَّفُوا عَن رَّسُولِ اللَّهِ وَلَا يَرْغَبُوا بِأَنفُسِهِمْ عَن نَّفْسِهِ

120. മദീനക്കാർക്കും, 'അഅ്റാബി' [മരുഭൂവാസി] കളിൽനിന്നു അവരുടെ ചുററുപാടിലുള്ളവർക്കും പാടില്ല, അവർ അല്ലാഹുവിന്റെ റസൂലിനെ വിട്ടു പിന്തിനിൽക്കുവാൻ; അദ്ദേഹത്തിന്റെ സ്വന്തം (കാര്യ) ത്തെ വിട്ടേച്ച് തങ്ങളുടെ സ്വന്തം (കാര്യ) ങ്ങളെപ്പററി താൽപര്യം കാണിക്കുവാനും പാടില്ല.

അതെന്തുകൊണ്ടെന്നാല്‍: അവര്‍, അല്ലാഹുവിന്റെ മാര്‍ഗ്ഗത്തില്‍ അവര്‍ക്കു വല്ല ദാഹമാകട്ടെ, ക്ഷീണമാകട്ടെ, പട്ടിണിയാകട്ടെ, ബാധിക്കുകയില്ല. അവിശ്വാസികളെ കോപിപ്പിക്കുന്ന വല്ല സ്ഥാനങ്ങളും അവര്‍ ചവിട്ടുകയുമില്ല, ഒരു ശത്രുവിനും വല്ല ബാധയും [ഉപദ്രവവും] അവര്‍ ഏല്‍പ്പിക്കുകയുമില്ല.—അതുനിമിത്തം അവര്‍ക്കു ഒരു നല്ലതായ കാര്യം രേഖപ്പെടുത്തപ്പെടാതെ [ഇതാണതിനു കാരണം.]

ذٰلِكَ بِأَنَّهُمْ لَا يُصِيبُهُمْ ظَمَأٌ وَلَا نَصَبٌ وَلَا مَخْمَصَةٌ فِي سَبِيلِ اللَّهِ وَلَا يَطَـُٔونَ مَوْطِئًا يَغِيظُ الْكُفَّارَ وَلَا يَنَالُونَ مِنْ عَدُوٍّ نَيْلًا إِلَّا كُتِبَ لَهُمْ بِهِ عَمَلٌ صَالِحٌ

നിശ്ചയമായും അല്ലാഹു സുകൃതം ചെയ്യുന്നവരുടെ പ്രതിഫലം പാഴാക്കുകയില്ല.

إِنَّ اللَّهَ لَا يُضِيعُ أَجْرَ الْمُحْسِنِينَ ۝

121. ചെറുതാകട്ടെ, വലുതാകട്ടെ ഒരു ചിലവും അവര്‍ ചിലവഴിക്കുകയുമില്ല, വല്ല താഴ്‌വരയും അവര്‍ വിട്ടുകടക്കുകയുമില്ല,—അതവര്‍ക്കു രേഖപ്പെടുത്താതെ.

(അതെ) അവര്‍ പ്രവര്‍ത്തിച്ചുകൊണ്ടിരിക്കുന്നതില്‍ ഏററം നല്ലതിന് (അനുസരിച്ച്) അല്ലാഹു അവര്‍ക്കു പ്രതിഫലം നല്‍കുവാന്‍ വേണ്ടി.

١٢١- وَلَا يُنْفِقُونَ نَفَقَةً صَغِيرَةً وَلَا كَبِيرَةً وَلَا يَقْطَعُونَ وَادِيًا إِلَّا كُتِبَ لَهُمْ لِيَجْزِيَهُمُ اللَّهُ أَحْسَنَ مَا كَانُوا يَعْمَلُونَ ۝

---

120. ما كان ആകുകയില്ല (പാടില്ല), ആകാവതല്ല لأهل المدينة മദീനക്കാര്‍ക്കു ومن حولهم അവരുടെ ചുററുപാടിലുള്ളവര്‍ക്കും من الأعراب അഅ്റാബികളില്‍നിന്നു أن يتخلفوا അവര്‍ പിന്തിനില്‍ക്കല്‍, പിന്തുവാന്‍ عن رسول റസൂലിനെവിട്ട് الله അല്ലാഹുവിന്റെ ولا يرغبوا അവര്‍ ആഗ്രഹിക്കലും (താല്‍പര്യം കാണിക്കുവാനും) പാടില്ല بأنفسهم തങ്ങളുടെ സ്വന്തങ്ങളെപ്പററി عن نفسه അദ്ദേഹത്തിന്റെ സ്വന്തത്തെ വിട്ട് ذلك അതു (കാരണം) بأنهم അവര്‍ (ആകുന്നു) എന്നതുകൊണ്ടാണ് لا يصيبهم അവര്‍ക്കു ബാധിക്കുക (ഏല്‍ക്കുക)യില്ല ظمأ ഒരു ദാഹം, വല്ല ദാഹവും ولا نصب ഒരു ക്ഷീണവുമില്ല, ബുദ്ധിമുട്ടുമില്ല ولا مخمصة ഒരു പട്ടിണിയുമില്ല في سبيل الله അല്ലാഹുവിന്റെ മാര്‍ഗ്ഗത്തില്‍ ولا يطئون അവര്‍ ചവിട്ടുകയുമില്ല موطئا ഒരു ചവിട്ടുന്ന സ്ഥാനത്തും يغيظ കോപിപ്പിക്കുന്ന, ക്ഷോഭമുണ്ടാക്കുന്ന الكفار അവിശ്വാസികളെ, കാഫിറുകളെ ولا ينالون അവര്‍ ഏല്‍പിക്കുക (ബാധിപ്പിക്കുക)യുമില്ല. من عدو വല്ല ശത്രുവിനും نيلا വല്ല ഏല്‍ക്കലും (കിട്ടലും) ഒരു ബാധയും إلا كتب രേഖപ്പെടുത്തപ്പെടാതെ, എഴുതപ്പെട്ടിട്ടില്ലാതെ لهم അവര്‍ക്ക به അതുമൂലം, അതുകൊണ്ടു عمل ഒരു കര്‍മ്മം صالح നല്ലതായ إن الله നിശ്ചയമായും അല്ലാഹു لا يضيع അവന്‍ പാഴാക്കുക (വിഫലമാക്കുക)യില്ല أجر പ്രതിഫലം, കൂലി المحسنين സുകൃതം ചെയ്യുന്നവരുടെ 121. ولا ينفقون അവര്‍ ചിലവഴിക്കുകയുമില്ല نفقة ഒരു ചിലവും, വല്ല ചിലവും صغيرة ചെറുതായ ولا كبيرة വലുതുമില്ല ولا يقطعون അവര്‍ മുറിച്ചു (വിട്ടു) പോകുകയുമില്ല واديا ഒരു താഴ്‌വര, വല്ല താഴ്‌വരയും إلا كتب അതു രേഖപ്പെടുത്തപ്പെടാതെ لهم അവര്‍ക്കു ليجزيهم അവര്‍ക്കു പ്രതിഫലം കൊടുക്കുവാന്‍ വേണ്ടി الله അല്ലാഹു أحسن ഏററം നല്ലതിനു ما كانوا അവരായിരുന്നതില്‍ يعملون അവര്‍ പ്രവര്‍ത്തിക്കും

സാരം: റസൂല്‍ (സ) വല്ല പടയെടുപ്പും നടത്തുമ്പോള്‍, മദീനാ നിവാസികളോ, ചുററുപാടുകളില്‍ താമസിക്കുന്ന അഅ്റാബി (മരുഭൂവാസി)കളോ അദ്ദേഹത്തെ അനുഗമിച്ച് ആ യാത്രയില്‍ പങ്കെടുക്കാതെ മാറിനില്‍ക്കുവാന്‍ പാടില്ല. അതുപോലെത്തന്നെ, റസൂലിനു വല്ല ആപത്തോ വിഷമമോ നേരിടുന്നതിനെക്കുറിച്ചു ശ്രദ്ധിക്കാതെ, സ്വന്തം കാര്യത്തില്‍മാത്രം അവര്‍ ശ്രദ്ധപതിക്കുവാനും പാടില്ല. തങ്ങളുടെ കാര്യംപോലെ—അല്ല, അതിലും ഉപരിയായി—

നബി (സ)യുടെ കാര്യത്തിലും അവർക്കു താൽപര്യമുണ്ടായിരിക്കണം. ഇതുകൊണ്ടൊന്നും ഒരു നഷ്ടവും സംഭവിക്കുവാനില്ല: മാത്രമല്ല, വമ്പിച്ച പ്രതിഫലം ലഭിക്കുവാനുമിരിക്കുന്നു. ഉദാഹരണമായി: അല്ലാഹുവിന്റെ മാർഗ്ഗത്തിൽ യുദ്ധവും സമരവും നടത്തുന്ന അവസരത്തിൽ, അവർക്കു ദാഹമോ, വിശപ്പോ മറ്റു വല്ല ബുദ്ധിമുട്ടോ ബാധിച്ചുവെന്നു വെക്കുക. അല്ലെങ്കിൽ ശത്രുക്കൾക്കു [illegible] വല്ല സ്ഥലത്തിലൂടെയും അവർ കാലെടുത്തുവെക്കേണ്ടി വരുകയോ, അവർക്കു എന്തെങ്കിലും [illegible] അനുഭവിപ്പിക്കുകയോ ചെയ്തുവെന്നു വെക്കുക. അല്ലെങ്കിൽ, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെറുതോ വലുതോ ആയ വല്ല ചിലവുകളും ചെയ്തുവെന്നു വെക്കുക. ഇങ്ങിനെയുള്ള കാര്യങ്ങളിലോരോന്നിനും പ്രത്യേകം പ്രത്യേകമായി വമ്പിച്ച പ്രതിഫലം നൽകുന്നതും, അല്ലാഹു അവർക്കു രേഖപ്പെടുത്തിവെക്കുന്നതുമാകുന്നു. അവയെല്ലാം [illegible]. അങ്ങനെ, മറ്റുള്ള അവസരങ്ങളിൽ [illegible] അവർക്ക് ആ യാത്രമൂലം കരസ്ഥമാകുന്നതാണ്.

122. സത്യവിശ്വാസികൾ ആകമാനം (യുദ്ധത്തിനു) പുറപ്പെട്ടു പോകാവതുമല്ല.

എന്നാൽ, അവരിൽനിന്നുള്ള എല്ലാ സംഘത്തിൽനിന്നും ഒരു വിഭാഗം പുറപ്പെട്ടുപോയിക്കൂടേ, മതത്തിൽ അവർക്കു ജ്ഞാനം നേടുവാനും, തങ്ങളുടെ ജനങ്ങളിലേക്കു മടങ്ങി വന്നാൽ അവരെ താക്കീതു ചെയ്യുവാനും വേണ്ടി — അവർ കാത്തു സൂക്ഷിച്ചേക്കാമല്ലോ.

١٢٢- وَمَا كَانَ الْمُؤْمِنُونَ لِيَنفِرُوا كَافَّةً ۚ فَلَوْلَا نَفَرَ مِن كُلِّ فِرْقَةٍ مِّنْهُمْ طَائِفَةٌ لِّيَتَفَقَّهُوا فِي الدِّينِ وَلِيُنذِرُوا قَوْمَهُمْ إِذَا رَجَعُوا إِلَيْهِمْ لَعَلَّهُمْ يَحْذَرُونَ ع

---

122. وَمَا كَانَ ആകാവതല്ല(പാടില്ല) الْمُؤْمِنُونَ സത്യവിശ്വാസികൾ لِيَنفِرُوا അവർ (യുദ്ധത്തിനു) പുറപ്പെട്ടുപോകുവാൻ كَافَّةً ആകമാനം, അടങ്കലുമായി فَلَوْلَا എന്നാൽ ആയിക്കൂടേ, എന്തുകൊണ്ടായിക്കൂടാ نَفَرَ പുറപ്പെട്ടു പോയി مِن كُلِّ فِرْقَةٍ എല്ലാ സംഘ(കൂട്ട)ത്തിൽനിന്നും مِّنْهُمْ അവരിൽനിന്നുള്ള, അവരിൽപെട്ട طَائِفَةٌ ഒരു വിഭാഗം لِّيَتَفَقَّهُوا അവർ ജ്ഞാനം നേടുവാൻവേണ്ടി, ഗ്രഹിച്ചറിയുവാൻ فِي الدِّينِ മത(കാര്യ)ത്തിൽ وَلِيُنذِرُوا അവർ താക്കീതു (മുന്നറിയിപ്പു) നൽകുവാനും قَوْمَهُمْ അവരുടെ ജനങ്ങൾക്കു إِذَا رَجَعُوا അവർ മടങ്ങിയാൽ إِلَيْهِمْ അവരിലേക്കു لَعَلَّهُمْ അവരായേക്കാം, ആകുവാൻ വേണ്ടി يَحْذَرُونَ അവർ കാത്തു സൂക്ഷിക്കും, ജാഗ്രതവെക്കും, കരുതലെടുക്കും

ഈ വചനം യുദ്ധസംബന്ധമായി [illegible] — [illegible] വിഷയം യുദ്ധകാര്യങ്ങളുമായി പ്രത്യേക ബന്ധമില്ലാത്ത ഒരു [illegible] വ്യാഖ്യാതാക്കൾക്കിടയിൽ [illegible]. ഈ വചനം യുദ്ധ [illegible] നിൽക്കുന്നതും, ഇതിലെ (نفر) എന്ന ക്രിയ [illegible] യുദ്ധത്തിനു പുറപ്പെട്ടു [illegible] പ്രത്യേകാർത്ഥത്തിൽ ഉപയോഗിക്കപ്പെട്ടു വരുന്നതും ആയിരിക്കണം ഈ അഭിപ്രായവ്യത്യാസത്തിനു കാരണം. والله أعلم

രണ്ടിലധികം രൂപത്തിൽ ഈ വചനത്തിനു വ്യാഖ്യാനം നൽകപ്പെട്ടു കാണാം. അവയിൽ കൂടുതൽ [illegible] മായ രണ്ടു വ്യാഖ്യാനങ്ങൾ ഇപ്രകാരമാകുന്നു: (1) [illegible] [illegible] എല്ലാവരും [illegible] പുറപ്പെടേണ്ടതില്ലെന്നുള്ള മുൻവചനങ്ങളുടെ [illegible] താൽപര്യം അനുസരിച്ച് [illegible] വരുമ്പോൾ പുറപ്പെട്ടുപോയിക്കൂടാത്തതാണ്. യുദ്ധം കേവലം ഒരു [illegible] ([illegible]) [illegible] [illegible] അതാവും, ഒരു കൂട്ടർ നിർവ്വഹിച്ചാൽ മറ്റുള്ളവരുടെ ബാധ്യതയും അതോടെ [illegible]. [illegible] വ്യക്തിക്കും ബാധകമാകുന്ന വ്യക്തിപരമായ ഒരു കടമ (فرض عين) [illegible] [illegible] [illegible] ത്തിൽ ഏർപ്പെടുന്നപക്ഷം, മതവിജ്ഞാനങ്ങളെ പഠിക്കുവാനും, പ്രചരിപ്പിക്കുവാനും [illegible] ചെയ്യും. [illegible] അപ്പപ്പോൾ വരുന്ന നിയമനിർദ്ദേശങ്ങളും കൽപനകളും [illegible] [illegible] നിലക്കുന്ന [illegible]

നിന്നും ഓരോ വിഭാഗം ആളുകൾ—ഓരോ നാട്ടുകാരിൽ നിന്നും ഗോത്രങ്ങളിൽ നിന്നുമൊക്കെ ഏതാനും ആളുകൾ—യുദ്ധാവശ്യാർത്ഥം യാത്രയിൽ പോയാൽ മതി. മറ്റുള്ളവർ സ്ഥലം വിടാതെ, നബി (സ) യിൽ നിന്നു അപ്പപ്പോൾ ലഭിക്കുന്ന അറിവുകൾ കരസ്ഥമാക്കുകയും, പിന്നീട്, സ്ഥലം വിട്ടുപോയവർ നാട്ടിൽ മടങ്ങി വരുമ്പോൾ അവർക്കു അതു പഠിപ്പിച്ചുകൊടുക്കുകയും വേണം. അങ്ങനെ, അവർക്കും കരുതലോടിരിക്കേണ്ടുന്ന കാര്യങ്ങൾ അവർ ഗ്രഹിക്കുവാൻ കഴിയുന്നതാണ്. (2) യുദ്ധാവശ്യാർത്ഥമാകട്ടെ, വിജ്ഞാനസമ്പാദനത്തിനാകട്ടെ, എല്ലാവരുംകൂടി സ്ഥലം വിട്ടുപോയിക്കൂടാ. (അതു പൊതു ജീവിതത്തിന്റെ നൻമക്ക് ദോഷകരമായിരിക്കും.) ഓരോ വലിയ സംഘത്തിൽനിന്നും ഓരോ വിഭാഗം ആവശ്യത്തിനു മാത്രം പോകുകയും, മറ്റുള്ളവർ നാട്ടിൽ തങ്ങുകയും വേണം. പോകുന്നവർ തങ്ങളുടെ യാത്രകളിൽ നിന്നും സിദ്ധിക്കുന്ന അറിവുകൾ—അവർ മടങ്ങിവരുമ്പോൾ—നാട്ടിലുള്ളവർക്കും പഠിപ്പിച്ചുകൊടുക്കണം.

രണ്ടാമത്തെ വ്യാഖ്യാനമനുസരിച്ച് യുദ്ധത്തിന് പോകുന്നവർക്കു ലഭിക്കുന്ന അറിവുകൾ വ്യത്യസ്ത രൂപത്തിലുള്ളതായിരിക്കാം. നബി (സ) യോടൊന്നിച്ചാണ് അവർ പോകുന്നതെങ്കിൽ നബി (സ) മുഖേന ലഭിക്കുന്ന അറിവുകൾതന്നെ. നബി(സ) യൊന്നിച്ചല്ലാത്ത യാത്രയിലാണു പോകുന്നതെങ്കിൽ, ആ യാത്രയുമായി ബന്ധപ്പെട്ട അനുഭവങ്ങളിൽ നിന്നും, പരിചയങ്ങളിൽ നിന്നും ലഭിക്കുന്ന അറിവുകളുമായിരിക്കും. ഒന്നാമത്തെ വ്യാഖ്യാനപ്രകാരം, യുദ്ധത്തിൽ പങ്കെടുക്കാതെ നാട്ടിൽ തങ്ങിനിൽക്കുന്നവരായിരിക്കും വിജ്ഞാനം സമ്പാദിക്കുന്നവർ. രണ്ടാമത്തെ വ്യാഖ്യാനപ്രകാരം നാടുവിട്ടു പോയവരായിരിക്കും വിജ്ഞാനം സമ്പാദിക്കുന്നവർ. പഠിപ്പിക്കപ്പെടേണ്ടവർ നേരെ മറിച്ചും ആയിരിക്കും. നബി (സ) തിരുമേനിയുടെ കാലശേഷം മതവിജ്ഞാന സമ്പാദനത്തിനുവേണ്ടി നാടുവിട്ടു പോകുന്നത് പ്രയോജനകരമോ, അല്ലെങ്കിൽ അത്യാവശ്യമോ ആയിത്തീർന്നിട്ടുണ്ടെങ്കിലും നബി (സ) യുടെ ജീവിത കാലത്ത് പുറനാടുകളിൽ നിന്നു മദീനായിൽ വന്നു വിജ്ഞാനം കരസ്ഥമാക്കുകയല്ലാതെ, മദീനായിൽ നിന്നു പുറത്തുപോയി വിജ്ഞാനം സമ്പാദിക്കുക എന്നു പറയുന്നതിന് അർത്ഥം കാണുന്നില്ല. അതുകൊണ്ടായിരിക്കും ഈ രണ്ടാമത്തെ വ്യാഖ്യാനത്തെ ചില മഹാൻമാർ വിമർശിക്കുന്നതും, ഒന്നാമത്തെ വ്യാഖ്യാനത്തിന് മുൻഗണന നൽകുന്നതും. والله أعلم

ഈ വചനത്തിലെ വാചകങ്ങളും, അവയുടെ വ്യാഖ്യാനത്തിൽ ഖുർആൻ വ്യാഖ്യാതാക്കൾ പ്രസ്താവിച്ചു കാണുന്ന ചില വിവരങ്ങളും കണക്കിലെടുക്കുമ്പോൾ, താഴെ സൂചിപ്പിക്കുന്ന ചില സംഗതികൾ നമുക്കിവിടെ മനസ്സിലാക്കാവുന്നതാണ്: (1) ധർമ്മയുദ്ധത്തെപ്പോലെത്തന്നെ പ്രാധാന്യമർഹിക്കുന്ന വിഷയംതന്നെയാണ് മതവിജ്ഞാനസമ്പാദനവും. രണ്ടിനും വേണ്ടിയുള്ള യാത്രകൾ പുണ്യയാത്രകൾതന്നെ. (2) യുദ്ധ വിഷയത്തിലായാലും, വിജ്ഞാനസമ്പാദനത്തിലായാലും എല്ലാവരുംകൂടി അതിൽമാത്രം വ്യാപൃതരായിക്കൂടാ. ഒരു കൂട്ടർ അതും, മറ്റുള്ളവർ പൊതുവായ മറ്റു ആവശ്യങ്ങളും നിറവേറ്റേണ്ടതാകുന്നു. ഓരോ വ്യക്തിക്കും ഒഴിച്ചുകൂടുവാൻ പാടില്ലാത്ത നിർബന്ധ കടമകളെക്കുറിച്ചുള്ള അറിവ് സമ്പാദിക്കൽ ഓരോ വ്യക്തിക്കും കടമതന്നെ. അതിനപ്പുറമുള്ള വിജ്ഞാനങ്ങളെക്കുറിച്ചാണ് ഇപ്പറഞ്ഞതെന്ന് പ്രത്യേകം ഓർമ്മിക്കേണ്ടതുണ്ട്. (3) പഠിച്ചറിഞ്ഞവർ അറിവില്ലാത്തവർക്ക പഠിപ്പിക്കയും വിജ്ഞാനം പ്രചരിപ്പിക്കുകയും ചെയ്യൽ അവരുടെ കടമയാകുന്നു.

(4) പൊതു വിജ്ഞാനങ്ങൾ സമ്പാദിക്കുന്നത് ഉത്കൃഷ്ടം വേണ്ടപ്പെട്ട കാര്യംതന്നെയാണെങ്കിലും, ഈ വചനത്തിൽ പ്രസ്താവിച്ചിരിക്കുന്നത് മതവിജ്ഞാന സമ്പാദനം (تفقه في الدين) സംബന്ധിച്ചാകുന്നുവെന്ന് സ്പഷ്ടമാണ്. ഇസ്ലാമിൽ മതവിജ്ഞാനമെന്നും, ലൗകിക വിജ്ഞാനമെന്നും തരംതിരിക്കപ്പെട്ടിട്ടില്ലെന്നും, എല്ലാം അറിവുകളും ഇസ്ലാമികദൃഷ്ട്യാ ഒരുപോലെയാണെന്നും മറ്റും ഭൗതികതാൽപര്യക്കാരായ ചില ആളുകൾ സമർത്ഥിക്കാറുള്ളത് ശരിയല്ലെന്ന് ഈ വചനത്തിൽ നിന്നും, ഇതുപോലെ ഖുർആന്റെയും നബിവചനങ്ങളുടെയും മറ്റു പല പ്രസ്താവനകളിൽ നിന്നും വ്യക്തമാണ്. ഈ ഒരൊറ്റ വചനത്തിൽ നിന്നുതന്നെ, മതവിജ്ഞാനവും, മതപരമല്ലാത്ത വിജ്ഞാനവും വെവ്വേറെയാണെന്നും, മതവിജ്ഞാനത്തിനുള്ള പ്രാധാന്യം അല്ലാഹുവും അവന്റെ റസൂലും മറ്റൊന്നിനും നൽകിയിട്ടില്ലെന്നും മനസ്സിലാക്കാവുന്നതാണ്. (5) ഒരു ദേശത്ത് മതവിജ്ഞാനം പഠിക്കുവാൻ തക്ക മാർഗ്ഗങ്ങളൊന്നുമില്ലാത്തപക്ഷം, ആ ദേശക്കാരായ ഏതാനും ആളുകൾ ദേശം വിട്ടുപോയി അത് കരസ്ഥമാക്കലും, അവർ മറ്റുള്ളവരെ ഉപദേശിക്കലും നിർബന്ധമാകുന്നു. ആരും അതിനു മുതിരാത്തപക്ഷം എല്ലാവരും കുറ്റക്കാരായിരിക്കും. ആരും അതിന് സ്വയം തയ്യാറാകുന്നില്ലെങ്കിൽ എല്ലാവരുംകൂടി അതിന് നിവൃത്തി ഉണ്ടാക്കേണ്ടത് അവരുടെ കടമയുമാകുന്നു.

വിഭാഗം-16

123. ഹേ, വിശ്വസിച്ചവരേ, അവിശ്വാസികളില്‍നിന്നു നിങ്ങളോടടുത്തു നില്‍ക്കുന്നവരുമായി നിങ്ങള്‍ യുദ്ധം ചെയ്തുകൊള്ളുവിന്‍; അവര്‍ നിങ്ങളില്‍ പരുഷത കണ്ടെത്തുകയും ചെയ്യട്ടെ. അല്ലാഹു സൂക്ഷ്മത പാലിക്കുന്നവരുടെ കൂടെയാണെന്നു അറിഞ്ഞും കൊള്ളുവിന്‍.

١٢٣- يَا أَيُّهَا الَّذِينَ آمَنُوا قَاتِلُوا الَّذِينَ يَلُونَكُم مِّنَ الْكُفَّارِ وَلْيَجِدُوا فِيكُمْ غِلْظَةً ۚ وَاعْلَمُوا أَنَّ اللَّهَ مَعَ الْمُتَّقِينَ ○

---

123. يَا أَيُّهَا الَّذِينَ آمَنُوا ഹേ വിശ്വസിച്ചവരേ قَاتِلُوا യുദ്ധം ചെയ്യുവിന്‍ الَّذِينَ യാതൊരുവരോടു يَلُونَكُم നിങ്ങളോടു അടുത്തുള്ള مِّنَ الْكُفَّارِ അവിശ്വാസികളില്‍പെട്ട وَلْيَجِدُوا അവര്‍ കണ്ടെത്തുക (എത്തിക്ക)യും ചെയ്യട്ടെ فِيكُمْ നിങ്ങളില്‍ غِلْظَةً പരുഷത (കാഠിന്യം) وَاعْلَمُوا അറിഞ്ഞും കൊള്ളുവിന്‍ أَنَّ اللَّهَ അല്ലാഹു (ആകുന്നു) എന്നു مَعَ الْمُتَّقِينَ സൂക്ഷ്മത പാലിക്കുന്നവരുടെ കൂടെ

മുസ്‌ലിംകളോട് അടുത്തടുത്തു നിവസിക്കുന്ന ശത്രുക്കളോട് ആദ്യമാദ്യം യുദ്ധം ചെയ്യണമെന്ന് അല്ലാഹു ഉപദേശിക്കുന്നു. പരിസരവും ചുററുപാടും സുരക്ഷിതമാകുന്നതിനുമുമ്പ് ദൂരെയുള്ള ശത്രുക്കളുമായി നേരിടുന്നതു പല നിലക്കും ആപല്‍ക്കരമായിരിക്കുമല്ലോ. നബി (സ)യുടെ കാലത്തു സംഭവിച്ചതും അങ്ങിനെത്തന്നെ. മക്കാ, മദീനാ, ത്വാഇഫ്, ഖൈബര്‍ തുടങ്ങിയ നാടുകള്‍ ജയിച്ചുകഴിഞ്ഞ ശേഷമാണ് വേദക്കാരായ ശത്രുക്കളോട് യുദ്ധം ചെയ്യുവാന്‍ വേണ്ടി നബി (സ) തബൂക്കിലേക്ക് പോയത്. ഇത് ഹിജ്ര 9-ാം കൊല്ലത്തിലായിരുന്നു. പത്താം കൊല്ലത്തിലെ പ്രധാന യാത്ര ഹജ്ജത്തുല്‍വിദാഇന്റേതായിരുന്നു. അതുകഴിഞ്ഞ് 81 ദിവസം കഴിഞ്ഞപ്പോഴേക്കും തിരുമേനി പരലോകം പൂകുകയും ചെയ്തു. നബി (സ) യുടെ വിയോഗത്തെത്തുടര്‍ന്ന് ഇസ്‌ലാമില്‍നിന്ന് ഭ്രഷ്ടരായിത്തീരുകയും, സകാത്തിനെ നിഷേധിക്കുകയും ചെയ്ത 'മുര്‍ത്തദ്ദു'കളോട് അബൂബക്കര്‍ (റ) നടത്തിയ ആഭ്യന്തര യുദ്ധം ഒഴിവാക്കിയാല്‍, ഖുലഫാഉര്‍റാശിദീന്റെ കാലത്തു ശത്രുക്കളുമായുണ്ടായ യുദ്ധങ്ങളും അപ്രകാരം തന്നെയായിരുന്നു.

യുദ്ധത്തില്‍വെച്ചും, യുദ്ധവുമായി ബന്ധപ്പെട്ട കാര്യങ്ങളിലും മാര്‍ദ്ദവവും, വിനയവും സ്വീകരിക്കാതെ, പരുഷതയും, കാഠിന്യവും തന്നെ സ്വീകരിക്കണമെന്നും അല്ലാഹു കല്‍പിക്കുന്നു. അല്ലാത്തപക്ഷം യുദ്ധംകൊണ്ട് പ്രയോജനമില്ലല്ലോ. 73-ാം വചനത്തിലും അതിന്റെ വ്യാഖ്യാനത്തിലും ഈ വിഷയം മുമ്പ് പ്രസ്താവിച്ചു കഴിഞ്ഞിട്ടുണ്ട്. ശത്രുതയോ എതിര്‍പ്പോ ഇല്ലാതെ സമാധാനത്തിലും, സൗഹാര്‍ദ്ദത്തിലും കഴിയുന്ന അവിശ്വാസികളെപ്പററിയല്ല—കഠിനമായ ശത്രുതവെച്ചും, കിട്ടുന്ന അവസരമെല്ലാം മുസ്‌ലിംകള്‍ക്കെതിരെ ഉപയോഗപ്പെടുത്തുവാന്‍ ശ്രമിച്ചുകൊണ്ടിരിക്കുന്ന അവിശ്വാസികളെപ്പററിയാണ്—ഈ കല്‍പനയെന്നു പ്രത്യേകം പറയേണ്ടതില്ല. (കൂടുതല്‍ വിവരങ്ങള്‍ക്കു സൂ: മുംതഹിനഃ 8, 9 മുതലായ വചനങ്ങളും അവയുടെ വ്യാഖ്യാനങ്ങളും നോക്കുക) നിങ്ങള്‍ അല്ലാഹുവിന്റെ വിധിവിലക്കുകള്‍ സൂക്ഷിച്ചുവരുന്നപക്ഷം, അല്ലാഹു നിങ്ങളുടെ പക്ഷത്തുണ്ടായിരിക്കും—അഥവാ അവന്റെ സഹായം നിങ്ങള്‍ക്ക് സുനിശ്ചിതമാണ്—എന്ന് അവസാനം സത്യവിശ്വാസികളെ ഓര്‍മ്മിപ്പിക്കുകയും ചെയ്തിരിക്കുന്നു. ഈ യഥാര്‍ത്ഥം പലപ്പോഴും അല്ലാഹു ഉണര്‍ത്താറുള്ളതാകുന്നു.

124. വല്ല 'സൂറത്തും' [അദ്ധ്യായവും] അവതരിപ്പിക്കപ്പെട്ടാല്‍ (ഇങ്ങിനെ) പറയുന്ന ചിലര്‍ അവരിലുണ്ടു: 'നിങ്ങളില്‍ ആര്‍ക്കാണ് ഇതു വിശ്വാസം വര്‍ദ്ധിപ്പിച്ചതു!' എന്നാല്‍, യാതൊരു കൂട്ടര്‍ വിശ്വസിച്ചിരിക്കുന്നുവോ, അവര്‍ക്കതു വിശ്വാസം വര്‍ദ്ധിപ്പിക്കുന്നതാണു; അവരാകട്ടെ, സന്തോഷം കൊള്ളുകയും ചെയ്യും.

١٢٤- وَإِذَا مَا أُنزِلَتْ سُورَةٌ فَمِنْهُم مَّن يَقُولُ أَيُّكُمْ زَادَتْهُ هَٰذِهِ إِيمَانًا ۚ فَأَمَّا الَّذِينَ آمَنُوا فَزَادَتْهُمْ إِيمَانًا وَهُمْ يَسْتَبْشِرُونَ ○

125. [illegible] എന്നാൽ, [illegible] രോഗവുമുള്ളവരാകട്ടെ, [illegible] മ്ളേച്ഛതയിലൂടെ (വീണ്ടും) മ്ളേ[illegible] വർദ്ധിപ്പിക്കുന്നതാണ്; അവർ അവിശ്വാസിക[illegible] മരണപ്പെടുകയും ചെയ്യുന്നതാണ്.

١٢٥- وَأَمَّا الَّذِينَ فِي قُلُوبِهِم مَّرَضٌ فَزَادَتْهُمْ رِجْسًا إِلَىٰ رِجْسِهِمْ وَمَاتُوا وَهُمْ كَافِرُونَ

---

124. [illegible] (വല്ലപ്പോഴും) അവതരിപ്പിക്കപ്പെട്ടാൽ سورة ഒരു സൂറത്തു, വല്ല അദ്ധ്യായവും [illegible] من يقول പറയുന്നവർ, പറയുന്ന ചിലർ أيكم നിങ്ങളിൽ ഏതാളും [illegible] അവനു വർദ്ധിപ്പിച്ചതു هذه ഇതു, ഇവ إيمانا വിശ്വാസത്തെ فأما എന്നാൽ [illegible] അവർക്കു വർദ്ധിപ്പിച്ചിരിക്കുന്നു, വർദ്ധിപ്പിക്കുന്നതാണു إيمانا [illegible] അവരാകട്ടെ يستبشرون സന്തോഷം കൊള്ളുകയും ചെയ്യും. 125. وأما الذين യാ[illegible] അവരുടെ ഹൃദയങ്ങളിലുണ്ടു مرض ഒരു രോഗം, വല്ല രോഗവും فزادتهم [illegible] വർദ്ധിപ്പിച്ചു, വർദ്ധിപ്പിക്കുന്നതാണു رجسا മ്ളേച്ഛത, മാലിന്യം إلى رجسهم അ[illegible]യിലൂടെ, മലിനതയിലേക്ക് وماتوا അവർ മരണപ്പെടുകയും ചെയ്യുന്നതാണ് [illegible] (ആയിക്കൊണ്ടു) كافرون അവിശ്വാസികൾ

[illegible] രോഗംനിമിത്തം മനസ്സു ദുഷിച്ചുകഴിഞ്ഞ ആളുകൾ, വല്ല ഖുർആൻ വചനങ്ങളും പുതുതായി [illegible] സത്യവിശ്വാസികളെ നോക്കി പറയാറുള്ള ഒരു പരിഹാസവാക്യം അതിനു അല്ലാഹു നൽകുന്ന [illegible]. 'ഖുർആൻ കേൾക്കുമ്പോൾ വിശ്വാസം വർദ്ധിക്കുമെന്നാണല്ലോ വയ്പ്. ഈ വചനങ്ങൾ [illegible] നിങ്ങൾ ആർക്കെങ്കിലും വിശ്വാസം വർദ്ധിച്ചുവോ?!' എന്നു ചില കപടവിശ്വാസികൾ സത്യവി[illegible]. അവർക്കു നൽകുന്ന മറുപടി ഇതാണ്: 'സത്യവിശ്വാസികൾക്കു അതു വിശ്വാസം [illegible] ചെയ്യുന്നു, മാത്രമല്ല, അവരതിൽ സന്തോഷംകൊള്ളുകയും ചെയ്യുന്നുണ്ട്', എന്നാൽ, [illegible] അവർക്കു വിശ്വാസത്തിൽ വർദ്ധനവൊന്നും ഉണ്ടാവാൻ പോക[illegible] നിങ്ങളുടെ മ്ളേച്ഛതയും വഷളത്തവും പൂർവ്വാധികം വർദ്ധിക്കുകയേ അതുമൂലം ഉണ്ടാകൂ' [illegible] അവതരിക്കുമ്പോഴും അതിന്റെ നേരെ പരിഹാസവും നിഷേധവുമാണല്ലോ അവരിൽനിന്നു പ്രകടമാ[illegible] അങ്ങനെ, അവസാനം വരെ നിഷേധികളായിക്കൊണ്ടു തന്നെ അവരുടെകാലം അവസാനിക്കുകയും ചെയ്യും. [illegible]വിശ്വാസികളോട് അല്ലാഹു ചോദിക്കുന്നു:

126. അവർ കാണുന്നില്ലേ? എല്ലാം കൊല്ലത്തിലും ഒരു പ്രാവശ്യമോ, രണ്ടു പ്രാവശ്യമോ അവർ പരീക്ഷിക്കപ്പെട്ടുകൊണ്ടിരിക്കുന്നുവെന്നു ! (എന്നിട്ടും) പിന്നെ അവർ (പശ്ചാത്തപിച്ചു) മടങ്ങുന്നില്ല; അവർ ഉറ്റാലോചിക്കുന്നതുമില്ല!

١٢٦- أَوَلَا يَرَوْنَ أَنَّهُمْ يُفْتَنُونَ فِي كُلِّ عَامٍ مَّرَّةً أَوْ مَرَّتَيْنِ ثُمَّ لَا يَتُوبُونَ وَلَا هُمْ يَذَّكَّرُونَ

---

126. أو لا يرون അവർ കാണുന്നില്ലേ, അവർക്കു കണ്ടുകൂടേ أنهم അവർ (ആകുന്നു) എന്നു يفتنون അവർ പരീക്ഷിക്കപ്പെടുന്നു, കുഴപ്പത്തിലാക്കപ്പെടുന്ന (എന്ന) في كل عام എല്ലാം കൊല്ലത്തിലും مرة ഒരു പ്രാവശ്യം أو مرتين അല്ലെങ്കിൽ രണ്ടു പ്രാവശ്യം ثم പിന്നെ, എന്നിട്ടും لا يتوبون അവർ മടങ്ങുന്നില്ല, പശ്ചാത്തപിക്കുന്നില്ല ولا هم അവരില്ലതാനും يذكرون ഉറ്റാലോചിക്കും

മടിച്ചു മടങ്ങുവാനും, ചിന്തിച്ചറിയുവാനും പോരുന്ന പലതരം പരീക്ഷണങ്ങൾ—അവരുടെ ഗൂഢരഹസ്യങ്ങൾ വെളിപ്പെടുത്തുന്ന സംഭവങ്ങൾ, യുദ്ധങ്ങളിൽനിന്നും മറ്റും ലഭിക്കുന്ന പാഠങ്ങൾ മുതലായവ—കൊല്ലത്തിൽ

ന്നും വേണ്ടുമായി ആ കപടവിശ്വാസികൾക്കു അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നുണ്ട്. എന്നിട്ടും അവർക്കു ബോധം വരാത്തതു അത്ഭുതം തന്നെ എന്നു സാരം.

127. വല്ല 'സൂറത്തും' [അദ്ധ്യായവും] അവതരിപ്പിക്കപ്പെട്ടാൽ,– അവരിൽ ചിലർ ചിലരിലേക്കു [തമ്മതമ്മിൽ] നോക്കുകയായി; 'നിങ്ങളെ ആരെങ്കിലും കാണുന്നുവോ' എന്നു (ഉള്ള ഭാവത്തിൽ); പിന്നെ അവർ പിരിഞ്ഞു പോകുന്നതാണ്. അവർ (കാര്യം) ഗ്രഹിക്കാത്ത ഒരു ജനതയാണെന്നുള്ളതുകൊണ്ടു അല്ലാഹു അവരുടെ ഹൃദയങ്ങളെ തിരിച്ചു വിട്ടിരിക്കുകയാണു.

وَإِذَا مَا أُنزِلَتْ سُورَةٌ نَّظَرَ بَعْضُهُمْ إِلَىٰ بَعْضٍ هَلْ يَرَاكُم مِّنْ أَحَدٍ ثُمَّ انصَرَفُوا صَرَفَ اللَّهُ قُلُوبَهُم بِأَنَّهُمْ قَوْمٌ لَّا يَفْقَهُونَ ○ -١٢٧

---

127. واذا ما انزلت അവതരിപ്പിക്കപ്പെട്ടാൽ, سورة വല്ലസൂറത്തും, അദ്ധ്യായവും نظر നോക്കും, നോക്കുകയായി بعضهم അവരിൽ ചിലർ الى بعض ചിലരിലേക്കു هل يراكم നിങ്ങളെ കാണുന്നുവോ من أحد വല്ല ഒരാളും (ആരെങ്കിലും) ثم انصرفوا പിന്നെ അവർ തിരിഞ്ഞു (പിരിഞ്ഞു) പോകുന്നതാണു صرف الله അല്ലാഹു തിരിച്ചിരിക്കയാണു, തിരിച്ചുവിടട്ടെ قلوبهم അവരുടെ ഹൃദയങ്ങളെ بانهم അവർ (ആകുന്നു) എന്നുള്ളതുകൊണ്ടു قوم ഒരു ജനത لا يفقهون ഗ്രഹിക്കുകയില്ല മനസ്സിലാക്കാത്ത

സത്യവിശ്വാസികൾക്കു ഖുർആന്റെ വല്ല ഭാഗവും അവതരിച്ചു കേൾക്കുന്നതു സന്തോഷവും ആവേശവും ഉളവാക്കുന്നു. കപടവിശ്വാസികൾക്കാകട്ടെ, അതിൽ, വെറുപ്പും പ്രതിഷേധവുമായിരിക്കും. അതിന്റെ ഒരു പ്രകടരൂപമാണു അല്ലാഹു വിവരിക്കുന്നത്. ഖുർആന്റെ വല്ല ഭാഗവും നബി (സ)ക്കു അവതരിക്കുമ്പോൾ, അതു കേട്ടാസ്വദിക്കുവാൻ ക്ഷമ വരാത്ത അവർ സദസ്സിൽനിന്നു എഴുന്നേറ്റു പോകുവാൻ ശ്രമിക്കും. പക്ഷെ, തൽസമയത്തു സ്ഥലം വിട്ടു പോകുന്നതു നബി (സ)യും സഹാബികളും കണ്ടു മനസ്സിലാക്കുന്നതിൽ ആശങ്കയും തോന്നും. അതുകൊണ്ടു തങ്ങൾ എഴുന്നേറ്റു പോകുന്നതു ആരെങ്കിലും കാണുന്നുണ്ടോ–ഗൗനിക്കുന്നുണ്ടോ–എന്നറിയുവാൻ തമ്മതമ്മിൽ നോക്കി കണ്ണിമവെട്ടിയും, ഗോഷ്ടികൾ കാണിച്ചുംകൊണ്ടായിരിക്കും അവർ സ്ഥലം വിടുക. ഖുർആൻ കേൾക്കുന്നതു തന്നെ അവർക്കു വെറുപ്പായിരിക്കും. അതിനും പുറമെ, ചിലപ്പോൾ തങ്ങളുടെ ഉള്ളുകള്ളി തുറന്നു കാട്ടുന്ന വചനങ്ങളുമായിരിക്കുമല്ലോ അവതരിക്കുന്നതും.

'അല്ലാഹു അവരുടെ ഹൃദയങ്ങളെ തിരിച്ചുവിട്ടിരിക്കയാണ്' എന്നു നാം അർത്ഥം കല്പിച്ച صرف الله قلوبهم എന്ന വാക്യം അവർക്കെതിരെയുള്ള ഒരു പ്രാർത്ഥനാവാക്യമായിരിക്കുവാനും സാധ്യതയുണ്ട്. ഇതുപോലുള്ള സന്ദർഭങ്ങളിൽ അറബി സാഹിത്യത്തിൽ സുപരിചിതമായ ഒരു ശൈലിയാണിതു. അപ്പോൾ 'അല്ലാഹു അവരുടെ ഹൃദയങ്ങളെ തിരിച്ചു വിടട്ടെ' എന്നായിരിക്കും അതിന്നർത്ഥം. രണ്ടായാലും ഒരേ സാരത്തിലാണതു കലാശിക്കുന്നത്. അതായതു, എന്തു തന്നെ കണ്ടാലും കേട്ടാലും കാര്യം ഗ്രഹിക്കാത്ത ഹൃദയങ്ങളാണു അവരുടേത്. ചിന്തിക്കുവാനോ, ആലോചിക്കുവാനോ അവർ തയ്യാറില്ല. അതാണു ഈ തിരിഞ്ഞുപോക്കിനു കാരണമെന്നു സാരം.

128. തീർച്ചയായും, നിങ്ങൾക്കു നിങ്ങളിൽനിന്നു തന്നെയുള്ള ഒരു റസൂൽ വന്നിട്ടുണ്ട്. നിങ്ങൾ കഷ്ടപ്പെടുന്നതു അദ്ദേഹത്തിനു ദുസ്സഹമാകുന്നു; നിങ്ങളെപ്പറ്റി അത്യാഗ്രഹമുള്ളവനാകുന്നു; സത്യവിശ്വാസികളോടു വളരെ ദയാലുവും, കരുണയുള്ളവനുമാകുന്നു.

لَقَدْ جَاءَكُمْ رَسُولٌ مِّنْ أَنفُسِكُمْ عَزِيزٌ عَلَيْهِ مَا عَنِتُّمْ حَرِيصٌ عَلَيْكُم بِالْمُؤْمِنِينَ رَءُوفٌ رَّحِيمٌ ○ -١٢٨

129. എന്നാൽ, അവർ തിരിഞ്ഞു കളയുന്ന പക്ഷം, (നബിയേ) പറയുക: എനിക്കു അല്ലാഹു മതി! അവനല്ലാതെ ആരാധ്യനേ ഇല്ല. അവന്റെ മേൽ തന്നെ ഞാൻ ഭരമേൽപ്പിച്ചിരിക്കുന്നു; അവൻ മഹത്തായ 'അർശി'ന്റെ [സിംഹാസനത്തിന്റെ] നാഥനു മാകുന്നു.'

١٢٩- فَإِن تَوَلَّوْا فَقُلْ حَسْبِيَ اللَّهُ لَا إِلَٰهَ إِلَّا هُوَ عَلَيْهِ تَوَكَّلْتُ وَهُوَ رَبُّ الْعَرْشِ الْعَظِيمِ

---

128. لقد جاءكم തീർച്ചയായും നിങ്ങൾക്കു വന്നിട്ടുണ്ടു رسول ഒരു റസൂൽ, ദൂതൻ من أنفسكم നിങ്ങളുടെ സ്വന്തങ്ങളിൽപെട്ട, നിങ്ങളിൽ നിന്നുതന്നെയുള്ള عزيز വീര്യപ്പെട്ടതാണു (ദുസ്സഹമാണു-പ്രയാസകരമാണു) عليه അദ്ദേഹത്തിനു, അദ്ദേഹത്തിന്റെ മേൽ ما عنتم നിങ്ങൾ കഷ്ടപ്പെടുന്നതു, ബുദ്ധിമുട്ടൽ حريص അത്യാഗ്രഹമുള്ളവനാണു, മോഹമുള്ളവനാണു عليكم നിങ്ങളെപ്പറ്റി, നിങ്ങളിൽ بالمؤمنين സത്യവിശ്വാസികളെ സംബന്ധിച്ചു, സത്യവിശ്വാസികളോടു رؤف വളരെ ദയാലു(കൃപാലു)വാണു رحيم കരുണയുള്ളവനാണു 129 فان تولوا എന്നാൽ (എന്നിരിക്കെ) അവർ തിരിഞ്ഞുകളഞ്ഞെങ്കിൽ فقل അപ്പോൾ നീ പറയുക حسبي എനിക്കുമതി الله അല്ലാഹു لا إله ഒരാരാധ്യനുമില്ല, ഇലാഹേ ഇല്ല إلا هو അവനല്ലാതെ عليه അവന്റെ മേൽ (തന്നെ) توكلت ഞാൻ ഭരമേൽപിച്ചു وهو رب അവൻ റബ്ബാകുന്ന (നാഥനാണു) العرش അർശിന്റെ العظيم മഹത്തായ, വമ്പിച്ച

എന്തെക്കുറെ പ്രയാസവും ത്യാഗവും സഹിച്ചുകൊണ്ടാണെങ്കിലും അനുഷ്ഠാനപരമായി അറിയേണ്ടുന്ന പല കൽപനകളും ഉൾക്കൊള്ളുന്ന ഒരദ്ധ്യായമാണല്ലോ ഇത്. എന്നാൽ, ഈ കൽപനകളൊക്കെ നിങ്ങളുടെ നൻമക്കും ഗുണത്തിനും വേണ്ടിയുള്ളതാണെന്നും, ഇതെല്ലാം നിങ്ങളിൽ പ്രബോധനം ചെയ്യുന്ന പ്രവാചകൻ നിങ്ങളുടെ സ്വന്തം ആളും, നിങ്ങളുടെ നൻമയിൽ അതീവ താൽപര്യമുള്ള ആളുമാണെന്നും അല്ലാഹു ചൂണ്ടിക്കാട്ടുന്നു. റസൂൽ (സ) തിരുമേനിയുടെ വിശേഷതകളായി ഈ വചനത്തിൽ അല്ലാഹു എടുത്തുപറഞ്ഞ ഗുണങ്ങൾ ഇവയാണ്:–

1. അദ്ദേഹം നിങ്ങളുടെ കൂട്ടത്തിൽ തന്നെ ഉൾപെട്ട ഒരാളാണ് (من أنفسكم) അതെ, അറബികളായ നിങ്ങളിൽപെട്ട ഒരു വ്യക്തി. അദ്ദേഹത്തിന്റെ ഭാഷയും അറബി തന്നെ. സൂ: ജുമുഅ : യിൽ അല്ലാഹു പറയുന്നു: 'അക്ഷരജ്ഞാനമില്ലാത്തവരിൽ, അവരിൽനിന്നുള്ള ഒരു റസൂലിനെ അയച്ചവനത്രെ അവൻ (هو الذى بعث فى الأميين رسولا منهم) അക്ഷരജ്ഞാനമില്ലാത്തവർ എന്നുപറഞ്ഞത് അറബികളെ സംബന്ധിച്ചാകുന്നു. അറബികളാകട്ടെ, ഇബ്രാഹീം (അ) നബിയുടെ സന്താനപരമ്പരകളാണ്. നബി (സ)യുടെ ഗോത്രമായ ഖുറൈശികളെ സംബന്ധിച്ചിടത്തോളം മറ്റെല്ലാ അറബിഗോത്രങ്ങളുമായും അവർക്കു രക്തബന്ധവും കുടുംബബന്ധവും ഉണ്ടതാനും. ആ നിലക്ക് നബി (സ)യും എല്ലാ അറബികളുമായും ബന്ധമുള്ള ആളാണല്ലോ. നബി (സ) പ്രസ്താവിച്ചതായി വാഥിലത്തുബ്നുൽഅസ്ഖഉ് പറയുന്നു: 'ഇബ്രാഹീമിന്റെ സന്തതികളിൽ നിന്നു അല്ലാഹു ഇസ്മാഈലിനെ തിരഞ്ഞെടുത്തു. (വിശേഷാക്കി). ഇസ്മാഈലിന്റെ സന്തതികളിൽ നിന്നു ബനൂകിനാനയെ തിരഞ്ഞെടുത്തു. ബനൂകിനാനയിൽ നിന്ന് ഖുറൈശികളെ തിരഞ്ഞെടുത്തു. ഖുറൈശികളിൽനിന്ന് ബനൂഹാശിമിനെ തിരഞ്ഞെടുത്തു. ബനൂഹാശിമിൽ നിന്ന് എന്നെയും തിരഞ്ഞെടുത്തു.' (മു; തി.)

2. നിങ്ങൾ കഷ്ടപ്പെടുന്നത് അദ്ദേഹത്തിന് വളരെ അസഹ്യമാകുന്നു (عزيز عليه ما عنتم) 3. നിങ്ങളെപ്പററി അദ്ദേഹം വളരെ ആഗ്രഹമുള്ള ആളുമാണ് (حريص عليكم) അതായത്, നിങ്ങൾ ദുർമാർഗത്തിൽ ചരിച്ച് ഐഹികവും പാരത്രികവുമായ ശിക്ഷകൾക്കു പാത്രമാകുന്നത് നബി (സ) ക്കു വളരെ മനഃപ്രയാസമുള്ള കാര്യമാണ്. എല്ലാവരും സൻമാർഗം പ്രാപിച്ച് വിജയികളും അനുഗൃഹീതരും ആയിത്തീരണമെന്ന് വളരെയധികം മോഹിക്കുന്ന ആളുമാകുന്നു. അതുകൊണ്ടാണ് യാതൊരു വിട്ടുവീഴ്ചയും കൂടാതെ ഇത്ര കണിശമായി നിങ്ങളെ സത്യമാർഗത്തിലേക്ക് അദ്ദേഹം ക്ഷണിച്ചു കൊണ്ടിരിക്കുന്നത് എന്നു സാരം. 4. സത്യവിശ്വാസികളോട് വളരെ ദയയും കരുണയുമുള്ള ആളാകുന്നു (بالمؤمنين رؤف رحيم) അതായത്, സത്യവിശ്വാസികളോട് നബി (സ) യുടെ പെരുമാറ്റമുള്ള സ്ഥിതി മുകളിൽപറഞ്ഞ പ്രകാരമാണ്. എന്നാൽ, അദ്ദേഹത്തിന്റെ പ്രബോധനത്തിൽ

വിശ്വസിക്കുകയും, ഉപദേശങ്ങൾ സ്വീകരിക്കുകയും, ചെയ്തവരോട് അദ്ദേഹത്തിന് പ്രത്യേകിച്ച് വാത്സല്യവും കനിവുമാണുള്ളത് എന്നു ചുരുക്കം.

നബി (സ) തിരുമേനിയുടെ സ്വഭാവഗുണങ്ങളെപ്പറ്റി ഖുർആനിൽ പലയിടങ്ങളിലും അല്ലാഹു പ്രശംസിച്ചു പറഞ്ഞിട്ടുള്ളതാണ്. സമുദായം സന്മാർഗ്ഗം സ്വീകരിച്ചു കാണുവാനുള്ള മോഹത്തിലും, അവർ ദുർമ്മാർഗ്ഗത്തിൽ പതിക്കുന്നതിലുള്ള വ്യസനത്തിലും തിരുമേനി കുറച്ച് അതിരു കവിഞ്ഞുപോയിട്ടുണ്ടെന്നും, അത്രത്തോളം വേണ്ടതില്ലെന്നും വരെ സൂചിപ്പിക്കുന്ന വചനങ്ങൾ കാണാം. ഒരിടത്ത് അല്ലാഹു പറയുന്നു: فلعلك باخع نفسك.... (ഈ വർത്തമാനത്തിൽ—ഖുർആനിൽ—അവർ വിശ്വസിക്കാതിരിക്കുന്നപക്ഷം, നീ അവരുടെ പിന്നാലെ ദുഃഖിച്ച് നിന്റെ ജീവൻ അപകടപ്പെടുത്തുന്നവനായേക്കാം. (18:6). ഒരു പ്രത്യേക സംഭവത്തെപ്പറ്റി സംസാരിക്കുന്ന മദ്ധ്യെ വേറെ ഒരിടത്തു പറയുന്നു: وما عليك ألا يزكى (അവൻ പരിശുദ്ധി പ്രാപിക്കാതിരിക്കുന്നതിനാൽ നിനക്കെന്താണ് ബാധ്യതയുള്ളത്? 80:7). വീണ്ടും പറയുന്നു: وما أكثر الناس... (നിനക്കു വളരെ മോഹമുണ്ടെങ്കിലും മനുഷ്യരിൽ അധികമാളും വിശ്വസിക്കുന്നവരല്ല. 12: 103) النبي أولى بالمؤمنين من أنفسهم (സത്യവിശ്വാസികളോട് അവരുടെ സ്വന്തങ്ങളെക്കാൾ ബന്ധപ്പെട്ടവനാണ് നബി. 33:6) وما أرسلناك إلا رحمة للعالمين (ലോകർക്കു ഒരു കാരുണ്യമായിട്ടല്ലാതെ നിന്നെ നാം അയച്ചിട്ടില്ല. 21:107.) ഇതുപോലെ പലതും.

നബി (സ) തിരുമേനി അരുളിച്ചെയ്തതായി ഒരു ഹദീസിൽ അബൂഹുറൈറ (റ) ഉദ്ധരിച്ചതിന്റെ സാരം ഇതാണ്: 'എന്റെ ഉപമ ഒരു മനുഷ്യന്റെ മാതിരിയാണ്. അവൻ ഒരു തീ കത്തിച്ചു. ചുറ്റുപാടും പ്രകാശിച്ചപ്പോൾ, പാറ്റകളും, തീയിൽ ചെന്നു വീഴാറുള്ള പ്രാണികളും അതിൽ വീഴാൻ തുടങ്ങി. അവൻ അവയെ തടുത്തുകൊണ്ടിരിക്കുകയായി. അയാളെ തോൽപിച്ച് അവ അതിൽ തിക്കിത്തിരക്കുകയും ചെയ്യുന്നു. (അതുപോലെ) നരകത്തിൽ വീഴാതിരിക്കുവാൻ ഞാൻ നിങ്ങളുടെ അരക്കെട്ടു പിടിച്ചുകൊണ്ടിരിക്കുന്നു. നിങ്ങളോ, അതിൽ തിക്കിത്തിരക്കുകയും ചെയ്യുന്നു.' (ബു; മു)

റസൂൽ (സ) ഇങ്ങിനെയുള്ള ആളായിരുന്നിട്ടും അദ്ദേഹത്തെ അനുസരിക്കുവാനും, വിശ്വസിക്കുവാനും മുമ്പോട്ടു വരാതെ ജനങ്ങൾ തിരിഞ്ഞുകളയുകയാണെങ്കിൽ, അതിൽ ഒട്ടും പരിഭവിക്കുകയോ വ്യസനിക്കുകയോ വേണ്ടതില്ല; എല്ലാ കാര്യത്തിനും അല്ലാഹു തന്നെ മതി എന്ന് സമാധാനിച്ചുകൊണ്ട് കാര്യങ്ങളെല്ലാം അവനിൽ അർപ്പിക്കുകയേ വേണ്ടൂ എന്നു അല്ലാഹു തിരുമേനിയെ ഉപദേശിക്കുകയാണ് അവസാന വചനത്തിലെ ആദ്യത്തെ വാക്യം ചെയ്യുന്നത്. അവനല്ലാതെ യഥാർത്ഥ ആരാധ്യനായി മറ്റൊരു വസ്തുവുമില്ല എന്നിരിക്കെ വേറൊന്നിന്റെ ആശ്രയമോ സഹായമോ ആർക്കും ആവശ്യമില്ല; അതുപോലെത്തന്നെ, മഹത്തായ അർശിന്റെ നാഥനും—അഥവാ ലോകലോകങ്ങളുടെ ഭരണാധിപനും, ഉടമസ്ഥനും—അവൻ മാത്രമാണ്; എന്നിരിക്കെ ആരാധിക്കപ്പെടുവാനും, കാര്യങ്ങൾ അർപ്പിക്കപ്പെടുവാനുമുള്ള അർഹത അവനല്ലാതെ മറ്റാർക്കുമില്ല എന്നൊക്കെ ഓർമ്മിപ്പിച്ചുകൊണ്ടു ഈ സൂറത്തു അല്ലാഹു അവസാനിപ്പിക്കുന്നു.

اللهم لك الحمد ولك المنة والفضل

[فرغ من تسويد تفسير هذه السورة الكريمة ليلة السبت ٤/٥/٩٧ هـ الموافق ٢٢/٤/٧٧ م ومن تبييضه
ضحوة يوم الخميس ٦/٢/٩٩ هـ الموافق ٤/١/٧٩ م — م ا]

10. സൂറത്തു - യൂനുസ്

മക്കായിൽ അവതരിച്ചത് — വചനങ്ങൾ 109 — വിഭാഗം (റുകൂഅ്) 11

മക്കീ സൂറത്തുകളിലെ പ്രധാന പ്രതിപാദ്യ വിഷയങ്ങളായ തൗഹീദിന്റെ സ്ഥാപനം, ശിർക്കിന്റെ ഖണ്ഡനം, പ്രവാചകത്വം, മരണാനന്തരജീവിതം, പ്രതിഫലനടപടി മുതലായവയും അവയുമായി ബന്ധപ്പെട്ട കാര്യങ്ങളും തന്നെയാണു ഈ സൂറത്തിലെയും മുഖ്യ പ്രതിപാദ്യ വിഷയങ്ങൾ. 98-ാം വചനത്തിൽ യൂനുസ് (അ)ന്റെ ജനതയെ പറ്റി പരാമർശിക്കുന്നു. സൂറത്തു യൂനുസ് എന്ന നാമകരണത്തിന് കാരണമതാണ്.

بِسْمِ اللَّهِ الرَّحْمَٰنِ الرَّحِيمِ

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹു വിന്റെ നാമത്തിൽ.

الر

1. 'അലിഫ്-ലാം-റാ'

تِلْكَ آيَاتُ الْكِتَابِ الْحَكِيمِ

അവ വിജ്ഞാനപ്രദമായ (അഥവാ തത്വപൂർണ്ണമായ) വേദഗ്രന്ഥത്തിന്റെ 'ആയത്തു' [സൂക്തം] കളാകുന്നു.

---

1. الر അലിഫ്-ലാം-റാ تِلْكَ അവ (ഇവ) آيَاتُ ആയത്തു (സൂക്തം-വചനം) കളാകുന്നു الْكِتَابِ (വേദ) ഗ്രന്ഥത്തിന്റെ الْحَكِيمِ വിജ്ഞാനപ്രദമായ, യുക്തി പൂർണ്ണമായ, തത്വ പൂർണ്ണമായ

ഈ സൂറത്തിന്റെ ആരംഭത്തിൽ കാണുന്നതുപോലെയുള്ള കേവലാക്ഷരങ്ങളെ സംബന്ധിച്ച് സൂറത്തുൽ ബഖറയുടെ ആരംഭത്തിലും മറ്റും മുമ്പ് വിവരിച്ചുകഴിഞ്ഞിട്ടുണ്ട്. അതുപോലെ, ഈ സൂറത്തിലെ സൂക്തങ്ങളെ ഉദ്ദേശിച്ച് هذه (ഇവ) എന്നു പറയാതെ تلك (അവ) എന്ന സർവനാമം ഉപയോഗിച്ചതിലടങ്ങിയ സൂചന സൂറത്തുൽ ബഖറ 2-ാം വചനത്തിന്റെ വ്യാഖ്യാനത്തിൽ വിവരിച്ചിട്ടുണ്ട്.

أَكَانَ لِلنَّاسِ عَجَبًا أَنْ أَوْحَيْنَا إِلَىٰ رَجُلٍ مِّنْهُمْ أَنْ أَنذِرِ النَّاسَ وَبَشِّرِ الَّذِينَ آمَنُوا أَنَّ لَهُمْ قَدَمَ صِدْقٍ عِندَ رَبِّهِمْ ۗ
قَالَ الْكَافِرُونَ إِنَّ هَٰذَا لَسَاحِرٌ مُّبِينٌ ○

2. മനുഷ്യർക്കു ഒരു അൽഭുതമായിപ്പോയോ, അവരിൽപെട്ട ഒരു പുരുഷനു നാം 'വഹ്‌യു' [ദിവ്യസന്ദേശം] നൽകിയതു?: മനുഷ്യരെ നീ താക്കീതു ചെയ്യണമെന്നും, വിശ്വസിച്ചവർക്കു തങ്ങളുടെ റബ്ബിന്റെ അടുക്കൽ സത്യത്തിന്റെ (ഉന്നത) പദവിയുണ്ടെന്നു സന്തോഷ വാർത്ത അറിയിക്കണമെന്നും. !

അവിശ്വാസികൾ പറയുന്നു: 'നിശ്ചയമായും ഇവൻ ഒരു സ്പഷ്ടമായ മാരണക്കാരൻ തന്നെ' എന്ന്.

---

2. أكان ആയിപ്പോയോ, ആയിത്തീർന്നോ للناس മനുഷ്യർക്കു عجبا അത്ഭുതം أن أوحينا നാം വഹ്‌യു(ദിവ്യസന്ദേശം) നൽകിയതു إلى رجل ഒരു പുരുഷനിലേക്കു منهم അവരിൽപെട്ട أن أنذر നീ താക്കീതു ചെയ്യണമെന്ന الناس മനുഷ്യരെ وبشر സന്തോഷവാർത്ത അറിയിക്കണമെന്നും الذين آمنوا വിശ്വസിച്ചവർക്കു أن لهم അവർക്കുണ്ടെന്ന قدم പാദം (പദവി) صدق സത്യത്തിന്റെ عند ربهم അവരുടെ റബ്ബിന്റെ അടുക്കൽ قال الكافرون അവിശ്വാസികൾ പറഞ്ഞു, പറയുന്നു, إن هذا നിശ്ചയമായും ഇതു (ഇവൻ) لساحر ഒരു മാരണക്കാരൻ തന്നെ مبين സ്പഷ്ടമായ (തനി)

'ഒരു മനുഷ്യനെയോ അല്ലാഹു റസൂലായി നിയോഗിച്ചത്?' 17:94 (أبعث الله بشرا رسولا) എന്നും, 'നമ്മുടെ റബ്ബു വേണമെന്നു വെച്ചിരുന്നെങ്കിൽ അവൻ മലക്കുകളെ ഇറക്കുക തന്നെ ചെയ്യുമായിരുന്നു' 41:14 (لو شاء ربنا لأنزل ملائكة) എന്നുമൊക്കെ സത്യനിഷേധികൾ പറയാറുണ്ടായിരുന്നു. ചിലപ്പോൾ 'ഈ രണ്ടു രാജ്യങ്ങളിൽ—മക്കയിലോ ത്വാഇഫിലോ—ഉള്ള ഏതെങ്കിലും ഒരു മഹാപുരുഷന്റെ മേൽ എന്തുകൊണ്ട് ഈ ഖുർആൻ അവതരിക്കപ്പെട്ടില്ല?!' 43:31 (لولا نزل هذا القرآن على رجل من القريتين عظيم) എന്നും അവർ പറയും. ഇങ്ങിനെയുള്ള അവിശ്വാസികളെ കുറിച്ചാണ് ഈ വചനത്തിൽ പ്രസ്താവിക്കുന്നത്. തങ്ങളുടെ കൂട്ടത്തിൽപെട്ട, തങ്ങളെപ്പോലെയുള്ള, തങ്ങൾക്കു സുപരിചിതനായ ഒരു മനുഷ്യനു അല്ലാഹു ദിവ്യസന്ദേശം നൽകിയതിൽ അൽഭുതപ്പെടുവാനെന്തുണ്ട്?! സന്ദേശത്തിന്റെ സാരമാകട്ടെ, ദുർമ്മാർഗ്ഗികൾക്കു അല്ലാഹുവിന്റെ ശിക്ഷയെക്കുറിച്ചു താക്കീത് നൽകുവാനും, സത്യവിശ്വാസം സ്വീകരിച്ച് സന്മാർഗ്ഗികളായവർക്ക് അവന്റെ അടുക്കൽ ഉന്നതമായ പദവി ലഭിക്കുമെന്ന് സന്തോഷവാർത്ത അറിയിക്കുവാനുമാണുതാനും. ഇതിലെന്താണിത്ര അത്ഭുതത്തിന് വകയുള്ളത് എന്ന സാരം. ആശ്ചര്യം പ്രകടിപ്പിക്കുക മാത്രമല്ല, അവർ ചെയ്യുന്നത്. ഇവൻ ഒരു തനി മാരണക്കാരനാണെന്നും, ഇവൻ കൊണ്ടുവന്ന ഈ ഖുർആൻ കേവലം ഒരു മാരണം—അഥവാ ജാലം—ആണെന്നും തുറന്നു പറയുക കൂടി അവർ ചെയ്യുന്നുവെന്നും ചൂണ്ടിക്കാട്ടുന്നു.

قدم صدق എന്ന വാക്കിനു 'സത്യത്തിന്റെ പാദം' എന്നത്രെ വാക്കർത്ഥം. സത്യം സ്വീകരിക്കുകയും, അതിനെ സാക്ഷാൽക്കരിക്കുകയും ചെയ്തതുമൂലം ലഭിക്കുന്ന ഉന്നതപദവിയാണ് ഉദ്ദേശ്യം. അനുഗ്രഹത്തെ ഉദ്ദേശിച്ച് يد (കൈ) എന്നു പറയപ്പെടാറുള്ളതുപോലെ, സ്ഥാനപദവിയെ ഉദ്ദേശിച്ച് قدم (പാദം) എന്ന വാക്കും അറബിയിൽ ഉപയോഗിക്കാറുണ്ട്. لساحر (ഒരു മാരണക്കാരൻതന്നെ) എന്നതിന്റെ സ്ഥാനത്ത് لسحر (ഒരു മാരണം തന്നെ) എന്നും ഇവിടെ വായനയുണ്ട്. ഒന്നാമത്തെതു പ്രകാരം അതു നബി(സ)യെ ഉദ്ദേശിച്ചും, രണ്ടാമത്തെതു പ്രകാരം അത് ഖുർആനെ ഉദ്ദേശിച്ചും ആയിരിക്കുമെങ്കിലും തത്വത്തിൽ രണ്ടും ഒരുപോലെതന്നെ. سحر (സിഹ്ർ) എന്ന വാക്കിന്റെ അർത്ഥങ്ങളും, അതിന്റെ വകുപ്പുകളും സംബന്ധിച്ച് അൽബഖറ: 102-ന്റെ വ്യാഖ്യാനത്തിലും മറ്റും വിവരിച്ചതോർക്കുക. 'മാരണം, ജാലവിദ്യ, ചെപ്പിടിവിദ്യ, ആഭിചാരം, ഇന്ദ്രജാലം, വശീകരണം, കൺകെട്ട്' എന്നിവയെല്ലാം 'സിഹ്റി'ൽ ഉൾപ്പെടുമെന്നും പലപ്പോഴും നാം ചൂണ്ടിക്കാട്ടിയിട്ടുള്ളതാണ്.

3. നിശ്ചയമായും, നിങ്ങളുടെ റബ്ബ് ആകാശങ്ങളെയും ഭൂമിയെയും ആറു ദിവസ [ഘട്ട] ങ്ങളിലായി സൃഷ്ടിച്ചവനായ അല്ലാഹു വത്രെ.

٣ إِنَّ رَبَّكُمُ اللَّهُ الَّذِي خَلَقَ السَّمَاوَاتِ وَالْأَرْضَ فِي سِتَّةِ أَيَّامٍ

പിന്നെ, അവൻ കാര്യത്തെ (വ്യവസ്ഥപ്പെടുത്തി) നിയന്ത്രിച്ചുകൊണ്ട് 'അർശി'ൽ [സിംഹാസനത്തിൽ] ആരോഹണം ചെയ്തിരിക്കുന്നു.

ثُمَّ اسْتَوَىٰ عَلَى الْعَرْشِ يُدَبِّرُ الْأَمْرَ

അവന്റെ അനുവാദത്തിനു ശേഷമല്ലാതെ, ഒരു ശുപാർശക്കാരനും (ശുപാർശ നടത്തുക) ഇല്ല. (അങ്ങനെയുള്ള) അവനത്രെ അല്ലാഹു, നിങ്ങളുടെ റബ്ബ്. ആകയാൽ, അവനെ നിങ്ങൾ ആരാധിക്കുവിൻ. അപ്പോൾ, നിങ്ങൾ ഉററാലോചിക്കുന്നില്ലേ? !

مَا مِنْ شَفِيعٍ إِلَّا مِنْ بَعْدِ إِذْنِهِ ذَٰلِكُمُ اللَّهُ رَبُّكُمْ فَاعْبُدُوهُ أَفَلَا تَذَكَّرُونَ ○

---

3. إن ربكم നിശ്ചയമായും നിങ്ങളുടെ റബ്ബു (രക്ഷിതാവു) الله അല്ലാഹുവത്രെ الذي خلق സൃഷ്ടിച്ചവൻ السماوات ആകാശങ്ങളെ والأرض ഭൂമിയെയും في ستة ആറിൽ أيام ദിവസങ്ങൾ ثم പിന്നെ استوى അവൻ ശരിപ്പെട്ടു (ആരോഹണം ചെയ്തു) على العرش അർശിന്മേൽ, സിംഹാസനത്തിൽ يدبر നിയന്ത്രിച്ചുകൊണ്ടു, അവൻ നിയന്ത്രിക്കുന്നു الأمر കാര്യം ما من شفيع ഒരു ശുപാർശക്കാരനുമില്ല إلا من بعد ശേഷമല്ലാതെ إذنه അവന്റെ അനുവാദത്തിനു, സമ്മതത്തിന്റെ ذلكم അവനത്രെ الله അല്ലാഹു ربكم നിങ്ങളുടെ റബ്ബായ فاعبدوه അതിനാൽ അവനെ ആരാധിക്കുവിൻ أفلا تذكرون അപ്പോൾ നിങ്ങൾ ഉററാലോചിക്കു(ഓർമ്മവെക്കു)ന്നില്ലേ

ആറു ദിവസങ്ങളിലായി ആകാശഭൂമികളെ സൃഷ്ടിച്ചുവെന്നും, അല്ലാഹു അർശിൽ ആരോഹണം ചെയ്തു വെന്നും പറഞ്ഞതിനെപ്പററി സൂ: അഅ്റാഫ് 54; ഫുർഖാൻ 59; സജദഃ 4, 5 മുതലായ വചനങ്ങളുടെ വ്യാഖ്യാന ങ്ങളിൽ വിവരിച്ചിട്ടുണ്ട്. ആറു പ്രത്യേക ഘട്ടങ്ങളായിരിക്കും ആറു ദിവസംകൊണ്ടുദ്ദേശ്യമെന്നും, ആരോഹണ ത്തിന്റെ സ്വഭാവത്തെപ്പററി അതു ഇന്ന പ്രകാരത്തിലായിരിക്കുമെന്നു നമുക്ക് ഊഹിക്കുവാൻ കഴിയുകയില്ലെന്നും, ഈ വചനത്തിൽ കാണുന്നതുപോലെ അവിടെ കാര്യങ്ങളും ചിട്ടയോടും വ്യവസ്ഥയോടുംകൂടി അവൻ നിയന്ത്രിച്ചു പോരുന്നുവെന്ന യഥാർത്ഥ്യമാണ് നാം അതിൽനിന്ന മനസ്സിലാക്കേണ്ടതെന്നും അവിടങ്ങളിൽ ചൂണ്ടിക്കാട്ടിയിരി ക്കുന്നു. 'അവന്റെ അനുമതിക്കുശേഷമല്ലാതെ ഒരു ശുപാർശക്കാരനും ശുപാർശ നടത്തുകയില്ല' (ما من شفيع.....) എന്ന വാക്യം പ്രത്യേകം ശ്രദ്ധാർഹമാകുന്നു. അല്ലാഹുവിന്റെ അസ്തിത്വത്തിലും ഉൽകൃഷ്ട ഗുണങ്ങളിലും വിശ്വ സിക്കുന്നതോടൊപ്പം തന്നെ, അല്ലാഹുവിങ്കൽ തങ്ങൾക്കുവേണ്ടി ശുപാർശ ചെയ്യുമെന്നു വാദിച്ചുകൊണ്ട് ദേവീദേവ ന്മാരെയും, പുണ്യാത്മാക്കളെയും ആരാധിച്ചിട്ട് യാതൊരു ഫലവുമില്ലെന്നാണ് ആ വാക്യം ചൂണ്ടിക്കാട്ടുന്നത്. ഈ വിഷയകമായി 'ആയത്തുൽ കുർസീ'യുടെ വ്യാഖ്യാനത്തിൽ വിവരിച്ചതും ഓർക്കുക. (അൽബഖറ:255)

4. അവങ്കലേക്കത്രെ നിങ്ങളുടെയെല്ലാം മടക്കം. അല്ലാഹുവിന്റെ യഥാർത്ഥമായ വാഗ്ദത്തം! [അതിൽ നീക്കുപോക്കില്ല]

٤ إِلَيْهِ مَرْجِعُكُمْ جَمِيعًا وَعْدَ اللَّهِ حَقًّا

---

4. إليه അവങ്കലേക്കാണു مرجعكم നിങ്ങളുടെ മടക്കം جميعا മുഴുവനും, എല്ലാം وعد الله അല്ലാഹുവിന്റെ വാഗ്ദത്തം حقا യഥാർത്ഥമായ, സത്യമായും

നിശ്ചയമായും അവൻ, സൃഷ്ടിയെ ആദ്യമായുണ്ടാക്കുന്നു. പിന്നീട് അതിനെ (വീണ്ടും) ആവർത്തിച്ചുണ്ടാക്കുന്നു; വിശ്വസിക്കുകയും, സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർക്ക് നീതി മുറപ്രകാരം അവൻ പ്രതിഫലം നൽകുവാൻ വേണ്ടി.

إِنَّهُۥ يَبْدَؤُا۟ ٱلْخَلْقَ ثُمَّ يُعِيدُهُۥ لِيَجْزِىَ ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ بِٱلْقِسْطِ ۚ

അവിശ്വസിച്ചവരാകട്ടെ, അവർക്കു ചുട്ടുതിളക്കുന്ന ജലത്തിൽ നിന്നുള്ള പാനീയവും, വേദനയേറിയ ശിക്ഷയും ഉണ്ടായിരിക്കും; അവർ അവിശ്വസിച്ചിരുന്നതു നിമിത്തം.

وَٱلَّذِينَ كَفَرُوا۟ لَهُمْ شَرَابٌ مِّنْ حَمِيمٍ وَعَذَابٌ أَلِيمٌۢ بِمَا كَانُوا۟ يَكْفُرُونَ ۝

إنه നിശ്ചയമായും അവൻ ആരംഭിക്കുന്നു(ആദ്യമായുണ്ടാക്കുന്നു) الخلق സൃഷ്ടി, സൃഷ്ടിയെ ثم يعيده പിന്നെ അതിനെ മടക്കുന്നു (ആവർത്തിക്കുന്നു) ليجزى അവൻ പ്രതിഫലം നൽകുവാൻ വേണ്ടി الذين آمنوا വിശ്വസിച്ചവർക്കു وعملوا പ്രവർത്തിക്കുകയും ചെയ്ത الصالحات സൽകർമ്മങ്ങളെ بالقسط നീതിമുറപ്രകാരം والذين كفروا അവിശ്വസിച്ചവരാകട്ടെ لهم അവർക്കുണ്ട് شراب പാനീയം, കുടിനീര് من حميم അത്യുഷ്ണ (ചുട്ടുതിളക്കുന്ന) ജലത്തിൽനിന്നും وعذاب ശിക്ഷയും اليم വേദനയേറിയ بما കാരണത്താൽ നിമിത്തം كانوا അവരായിരുന്ന يكفرون അവിശ്വസിക്കും

സർവ്വ വസ്തുക്കളുടെയും സ്രഷ്ടാവും നിയന്താവും അല്ലാഹു മാത്രമായിരിക്കെ അവൻ മാത്രമേ ആരാധിക്കപ്പെടുവാൻ അർഹനായുള്ളുവെന്ന കഴിഞ്ഞ വചനത്തിൽ ചൂണ്ടിക്കാട്ടിയശേഷം, ഒടുവിൽ എല്ലാവരുടെയും മടക്കവും അവങ്കലേക്കു തന്നെയാണെന്നും അവിടെവെച്ച് എല്ലാവർക്കും അവരവരുടെ സ്ഥിതിഗതികൾക്കൊത്ത പ്രതിഫലം നൽകുമെന്നും ഓർമ്മിപ്പിക്കുകയാണ്. حميم (ചുട്ടുതിളക്കുന്ന അത്യുഷ്ണമായ ജലം) നരകത്തിൽ നരകക്കാർക്ക് കുടിക്കുവാൻ നൽകപ്പെടുന്ന ഒരു പാനീയത്തെപ്പറ്റിയാകുന്നു. അതു കുടിക്കുന്നവരുടെ അവയവങ്ങളും കുടലുകളെ നുറുക്കിക്കളയുന്നതാണെന്നു 47: 15ൽ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു.

5. അവനത്രെ, സൂര്യനെ (തിളങ്ങുന്ന) ശോഭയും, ചന്ദ്രനെ പ്രകാശവുമാക്കിയവൻ. അതിനു [ചന്ദ്രന്നു] അവൻ ചില ഘട്ടങ്ങൾ [രാശികൾ] നിർണ്ണയിക്കുകയും ചെയ്തിരിക്കുന്നു; നിങ്ങൾ കൊല്ലങ്ങളുടെ എണ്ണവും കണക്കും അറിയുവാൻവേണ്ടി.

هُوَ ٱلَّذِى جَعَلَ ٱلشَّمْسَ ضِيَآءً وَٱلْقَمَرَ نُورًا وَقَدَّرَهُۥ مَنَازِلَ لِتَعْلَمُوا۟ عَدَدَ ٱلسِّنِينَ وَٱلْحِسَابَ ۚ

യഥാർത്ഥ (മുറ) പ്രകാരമല്ലാതെ അതിനെ (ഒന്നും) അവൻ സൃഷ്ടിച്ചിട്ടില്ല.

مَا خَلَقَ ٱللَّهُ ذَٰلِكَ إِلَّا بِٱلْحَقِّ ۚ

അറിയുന്ന ജനങ്ങൾക്കുവേണ്ടി അവൻ ദൃഷ്ടാന്തങ്ങളെ വിവരിക്കുകയാണ്

يُفَصِّلُ ٱلْءَايَٰتِ لِقَوْمٍ يَعْلَمُونَ ۝

5. هو അവനത്രെ الذى جعل ആക്കിയവൻ الشمس സൂര്യനെ ضياء ശോഭ, തിളക്കം والقمر ചന്ദ്രനെയും نورا പ്രകാശം, വെളിച്ചം وقدره അതിനു (അതിനെ) നിർണ്ണയിക്കുക(കണക്കാക്കുക)യും ചെയ്തു منازل ചില ഘട്ടം (ഉണ്ഡലം–രാശി)കൾ لتعلموا നിങ്ങൾ അറിയുവാൻ വേണ്ടി عدد السنين കൊല്ലങ്ങളുടെ എണ്ണം والحساب കണക്കും ما خلق സൃഷ്ടിച്ചിട്ടില്ല الله അല്ലാഹു ذلك അതു الا بالحق യഥാർത്ഥ(മുറ–ന്യായ–കാര്യ) പ്രകാരമല്ലാതെ يفصل അവൻ വിശദീകരിക്കുന്നു الآيات ദൃഷ്ടാന്ത(ലക്ഷ്യ)ങ്ങളെ لقوم ഒരു ജനതക്കുവേണ്ടി يعلمون അറിയുന്ന

6. നിശ്ചയമായും, രാത്രിയും, പകലും വ്യത്യാസപ്പെടുന്നതിലുണ്ട്.

ആകാശങ്ങളിലും, ഭൂമിയിലും അല്ലാഹു സൃഷ്ടിച്ചവയിലും (ഉണ്ട്), സൂക്ഷിക്കുന്ന ജനങ്ങൾക്കു പല ദൃഷ്ടാന്തങ്ങളും.

إِنَّ فِي اخْتِلَافِ اللَّيْلِ وَالنَّهَارِ وَمَا خَلَقَ اللَّهُ فِي السَّمَاوَاتِ وَالْأَرْضِ لَآيَاتٍ لِّقَوْمٍ يَتَّقُونَ ○ ٦

---

6. إِنَّ فِي اخْتِلَافِ നിശ്ചയമായും വ്യത്യാസപ്പെടുന്നതിലുണ്ട് اللَّيْلِ രാത്രിയും وَالنَّهَارِ പകലും وَمَا خَلَقَ اللَّهُ അല്ലാഹു സൃഷ്ടിച്ചതിലും فِي السَّمَاوَاتِ ആകാശങ്ങളിൽ وَالْأَرْضِ ഭൂമിയിലും لَآيَاتٍ പല ദൃഷ്ടാന്തങ്ങൾ തന്നെ لِّقَوْمٍ ഒരു ജനങ്ങൾക്കു يَتَّقُونَ സൂക്ഷിക്കുന്ന

മനുഷ്യരടക്കമുള്ള സൃഷ്ടികളുടെ ആദ്യവസാനങ്ങളെ—അഥവാ തുടക്കത്തെയും മടക്കത്തെയും—കുറിച്ചു മാത്രമല്ല, മനുഷ്യന്റെ ജീവിതത്തിൽ അവൻ നിത്യവും കണ്ടറിഞ്ഞുകൊണ്ടിരിക്കുന്ന—സാധാരണ ദൃഷ്ടികൾക്കുപോലും ഗ്രഹിക്കുവാൻ പ്രയാസമില്ലാത്ത— നിത്യസത്യങ്ങളെക്കുറിച്ചു ആലോചിച്ചു നോക്കിയാലും തൗഹീദിന്റെ അനിവാര്യ യാഥാർത്ഥ്യം മനസ്സിലാക്കുവാൻ കഴിയുമെന്ന് ഉദാഹരണസഹിതം അല്ലാഹു ചൂണ്ടിക്കാട്ടുന്നു. ഖുർആനിൽ പലേടത്തും—ഹദീസുകളിൽ വിശേഷിച്ചും—ഇതുപോലെയുള്ള പ്രസ്താവനകൾ പലതും കാണാം. ഇവിടെ എടുത്തുകാണിച്ച നിത്യദൃഷ്ടാന്തങ്ങൾ ഇവയാണ് —

(1) സൂര്യനെ തിളങ്ങുന്ന ശോഭയുള്ളതാക്കിയതും, (2) ചന്ദ്രനെ പ്രകാശിക്കുന്നതാക്കിയതും വെളിച്ചം നൽകുന്നതിൽ രണ്ടും ഒരുപോലെയാണെങ്കിലും രണ്ടിന്റെയും വെളിച്ചം തമ്മിൽ വ്യത്യാസമുണ്ടല്ലോ. സൂര്യൻ പകലിലും, ചന്ദ്രൻ രാത്രിയിലുമാണ് വെളിച്ചം നൽകുന്നതെന്നു മാത്രമല്ല, സൂര്യൻ സ്വയം പ്രകാശിക്കുന്നതും കൂടുതൽ ശോഭയുള്ളതുമാകുന്നു. ചന്ദ്രന്റെ വെളിച്ചമാകട്ടെ, സൂര്യനിൽ നിന്നു ചന്ദ്രനിൽ പതിക്കുന്ന വെളിച്ചത്തിന്റെ തിരിച്ചടിയാണെന്നു (*) ശാസ്ത്രം മുമ്പേ തെളിയിച്ചു കഴിഞ്ഞതാണ്. സൂര്യവെളിച്ചത്തെ അപേക്ഷിച്ചു അത് വളരെ മങ്ങിയതുമാണ്. ഈ വ്യത്യാസമാണ് സൂര്യവെളിച്ചത്തെപ്പറ്റി ضِيَاءً (തിളക്കം—അഥവാ ശോഭ) എന്നും, ചന്ദ്രവെളിച്ചത്തെപ്പറ്റി نُورًا (പ്രകാശം) എന്നും പ്രയോഗിച്ചതിൽ അടങ്ങിയിരിക്കുന്നത്. സൂര്യനെപ്പറ്റി سِرَاجًا (വിളക്കു) എന്നും, ചന്ദ്രനെപ്പറ്റി مُنِيرًا (പ്രകാശിക്കുന്നതു) എന്നും പറഞ്ഞുകൊണ്ട് 25:61ലും ഈ വസ്തുത അല്ലാഹു സൂചിപ്പിച്ചിരിക്കുന്നു. (3) ചന്ദ്രനു പല ഭവനങ്ങളും നിശ്ചയിച്ചിരിക്കുന്നത്, സൂര്യന്റെയും ചന്ദ്രന്റെയും സഞ്ചാരപഥം ദിനംപ്രതി മാറിക്കൊണ്ടിരിക്കുന്നു. എന്നാലും സൂര്യൻ കാഴ്ചയിൽ എപ്പോഴും പൂർണ്ണവൃത്താകൃതിയിൽ ദൃശ്യമാകുന്നു. ചന്ദ്രനാകട്ടെ, ചാന്ദ്രികമാസാരംഭത്തിൽ ആദ്യം ഒരു നേർത്ത വളയമായി വെളിപ്പെടുന്നു. പിന്നീട് ദിനംതോറും വൃദ്ധി പ്രാപിച്ചുകൊണ്ട് പതിനാലാം ദിവസത്തേക്കു പൂർണ്ണ വൃത്താകൃതി പ്രാപിക്കുന്നു. പിന്നീട് ക്രമേണ ദിനംതോറും ക്ഷയിച്ചുകൊണ്ടിരിക്കുകയും ചെയ്യും. അവസാനം മറഞ്ഞു പോകുകയും ചെയ്യും. (**) ഈ വൃദ്ധിക്ഷയങ്ങളെയും അതാതു സ്ഥാനങ്ങളെയും ആണ് മന്ദിരങ്ങൾ (مَنَازِل — ഭവനങ്ങൾ — അഥവാ സ്ഥാന മണ്ഡലങ്ങൾ) എന്നു പറഞ്ഞിരിക്കുന്നത്. സൂറത്തു യാസീൻ 39ൽ وَالْقَمَرَ قَدَّرْنَاهُ مَنَازِلَ حَتَّىٰ عَادَ كَالْعُرْجُونِ الْقَدِيمِ (ചന്ദ്രനു നാം ചില ഭവനങ്ങൾ കണക്കാക്കുകയും ചെയ്തിരിക്കുന്നു; അങ്ങനെ, അത് ഈത്തപ്പനയുടെ പഴകിയ കുലത്തണ്ടുപോലെ മടങ്ങുന്നതാണ്) എന്ന വചനത്തിൽ നിന്ന് ഇത് മനസ്സിലാക്കാം.

(4) മേൽ സൂചിപ്പിച്ച മാറ്റങ്ങൾ മൂലം കൊല്ലങ്ങളുടെ എണ്ണം അറിയാറാകുന്നത്. സൂര്യന്റെ ഉദയാസ്തമനങ്ങളിൽ നിന്നു ദിവസങ്ങളുടെയും, ഉദയാസ്തമയങ്ങളിൽ നിന്നു നാഴിക വിനാഴികകളും കണക്കു കൂട്ടുന്നു. (***) സൂര്യന്റെ അയനഗതിവിഗതികളിൽ നിന്നു സൗരമാസങ്ങളും കൊല്ലങ്ങളും കണക്കാക്കുന്നു. ചന്ദ്രന്റെ വൃദ്ധിക്ഷയങ്ങളുടെ അടിസ്ഥാനത്തിൽ ചാന്ദ്രികമാസങ്ങളും, ചാന്ദ്രിക വർഷങ്ങളും കണക്കാക്കുന്നു. (5) രാപ്പകലുകളുടെ വ്യത്യാസം പകൽ വെളിച്ചം നിറഞ്ഞതാണെങ്കിൽ രാത്രി ഇരുട്ടു മൂടിയത്. ഒന്നു പോയാൽ പിന്നാലെ മറ്റേതു വരുന്നു. ഒന്നിന്റെ സമയത്തിൽ വർദ്ധനവുണ്ടായാൽ മറ്റേതിൽ അത് കുറവായി അനുഭവപ്പെടുന്നു.

(*) (**) (***) മുഖ. 13 നോക്കുക.

ടുന്നു. (6) ആകാശഭൂമികളിലെ വസ്തുക്കളെ സൃഷ്ടിച്ചത്. ജീവജന്തുക്കൾ, നിർജ്ജീവ വസ്തുക്കൾ, സ്ഥൂലശരീരമുള്ളതും ഇല്ലാത്തതുമായ വസ്തുക്കൾ, ഗോചരവും അഗോചരവുമായ വസ്തുക്കൾ, ഓരോന്നിലുമുള്ള തരവ്യത്യാസങ്ങൾ, വലുപ്പച്ചെറുപ്പങ്ങൾ, പ്രയോജനങ്ങൾ, രൂപവ്യത്യാസങ്ങൾ ആദിയായി എണ്ണിയാലൊടുങ്ങാത്ത വൈവിദ്ധ്യങ്ങളും, അവയെല്ലാം വ്യവസ്ഥാപിതമായി നിലകൊള്ളുന്നതും!

ഇവയെല്ലാം സാർവ്വത്രികമായ ഒരു വ്യവസ്ഥയനുസരിച്ച് യുക്തിയുക്തം അടുക്കും ചിട്ടയുംവെച്ച് ഒന്നൊന്നിനു വിഘാതം വരുത്താതെ, നിമിഷം തെറ്റാതെ, അണുഅളവു പിഴക്കാതെ സൃഷ്ടിച്ച് നിയന്ത്രിച്ചുപോരുന്ന ഒരു മഹാശക്തനായ സ്രഷ്ടാവ് ഇവയുടെയെല്ലാം പിന്നിലുണ്ടെന്നും, ആ ശക്തിയാണ് ഇതിന്റെയെല്ലാം ഉടമസ്ഥനും അധികാരസ്ഥനുമെന്നും മനസ്സിലാക്കുവാനുണ്ടോ വല്ല പ്രയാസവും?! പക്ഷേ, ദൃഷ്ടാന്തങ്ങളിൽ നിന്നു തത്വങ്ങളും യാഥാർത്ഥ്യങ്ങളും മനസ്സിലാക്കുവാനുള്ള താൽപര്യവും, ഭവിഷ്യത്തുകളെക്കുറിച്ചു ബോധവും ഉള്ളവർക്കേ ഇതെല്ലാം പ്രയോജനപ്പെടുകയുള്ളു. അതാണ് ആദ്യത്തെ വചനത്തിൽ അറിയാവുന്ന ആളുകൾക്കാണ് ദൃഷ്ടാന്തങ്ങളെ വിശദീകരിക്കുന്നത് (يفصل الآيات لقوم يعلمون) എന്നും, രണ്ടാമത്തെ വചനത്തിൽ, സൂക്ഷിക്കുന്നവർക്ക് ദൃഷ്ടാന്തങ്ങളുണ്ട് (لآيات لقوم يتقون) എന്നും പറഞ്ഞിരിക്കുന്നത്.

إِنَّ الَّذِينَ لَا يَرْجُونَ لِقَاءَنَا وَرَضُوا بِالْحَيَاةِ الدُّنْيَا وَاطْمَأَنُّوا بِهَا وَالَّذِينَ هُمْ عَنْ آيَاتِنَا غَافِلُونَ ۝

7. നിശ്ചയമായും, നാമുമായി കണ്ടുമുട്ടുന്നതിനെ പ്രതീക്ഷിക്കാതിരിക്കുകയും, ഐഹിക ജീവിതം കൊണ്ടു തൃപ്തിപ്പെടുകയും, അതുകൊണ്ടു (മനസ്സ്) സമാധാനമടയുകയും ചെയ്യുന്നവർ, നമ്മുടെ ദൃഷ്ടാന്തങ്ങളെക്കുറിച്ചു (ചിന്തിക്കാതെ) അശ്രദ്ധരായുള്ളവരും, —

أُولَٰئِكَ مَأْوَاهُمُ النَّارُ بِمَا كَانُوا يَكْسِبُونَ ۝

8. (അതെ) അക്കൂട്ടർ, അവരുടെ സങ്കേതം നരകമാകുന്നു. അവർ (പ്രവർത്തിച്ചു) സമ്പാദിച്ചിരുന്നതു നിമിത്തം.

إِنَّ الَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ يَهْدِيهِمْ رَبُّهُم بِإِيمَانِهِمْ تَجْرِي مِن تَحْتِهِمُ الْأَنْهَارُ فِي جَنَّاتِ النَّعِيمِ ۝

9. നിശ്ചയമായും, വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർ, അവരുടെ വിശ്വാസം നിമിത്തം അവരുടെ റബ്ബ് അവരെ സൻമാർഗ്ഗത്തിലാക്കുന്നതാണ്. സുഖാനുഗ്രഹത്തിന്റെ സ്വർഗ്ഗങ്ങളിൽ, അവരുടെ അടിഭാഗത്തിലൂടെ അരുവികൾ ഒഴുകിക്കൊണ്ടിരിക്കും.

---

7. إن الذين നിശ്ചയമായും യാതൊരുവർ لا يرجون പ്രതീക്ഷിക്കാത്ത, ആശിക്കാത്ത لقاءنا നമ്മെ കാണുന്നതിനെ, നാമുമായി കണ്ടുമുട്ടുന്നതിനെ ورضوا തൃപ്തിപ്പെടുകയും ചെയ്തു بالحياة ജീവിതം കൊണ്ടു الدنيا ഇഹത്തിലെ (ഐഹിക) واطمأنوا സമാധാനമടയുകയും ചെയ്തു بها അതു കൊണ്ടു, അതിനാൽ والذين യാതൊരു കൂട്ടരും هم അവർ عن آياتنا നമ്മുടെ ദൃഷ്ടാന്തങ്ങളെക്കുറിച്ചു غافلون അശ്രദ്ധരാണു 8. أولئك അക്കൂട്ടർ مأواهم അവരുടെ സങ്കേതം (പ്രാപ്യസ്ഥാനം) النار നരകമാണു, അഗ്നിയാകുന്നു بما كانوا അവർ ആയിരുന്നതു നിമിത്തം يكسبون അവർ സമ്പാദിക്കും, ചെയ്തുവെക്കും 9. إن നിശ്ചയമായും الذين آمنوا വിശ്വസിച്ചവർ وعملوا പ്രവർത്തിക്കുകയും ചെയ്ത الصالحات സൽക്കർമ്മങ്ങളെ, നല്ല പ്രവൃത്തികൾ يهديهم അവരെ സൻമാർഗ്ഗത്തിലാക്കും ربهم അവരുടെ റബ്ബ് بإيمانهم അവരുടെ വിശ്വാസം കൊണ്ടു (നിമിത്തം) تجري നടക്കും (ഒഴുകും) من تحتهم അവരുടെ അടിയിലൂടെ الأنهار അരുവി (നദി)കൾ في جنات സ്വർഗ്ഗ(ആരാമ)ങ്ങളിൽ النعيم സുഖാനുഗ്രഹത്തിന്റെ

10. അവിടത്തിൽ അവരുടെ പ്രാർത്ഥന 'അല്ലാഹുവേ, നീ മഹാപരിശുദ്ധൻ!' [നിനക്കു സ്തോത്രം] എന്നതായിരിക്കും; അവിടത്തിൽ അവരുടെ ഉപചാരം 'സലാം' [സമാധാനം ശാന്തി!] എന്നുമായിരിക്കും.

അവരുടെ അവസാന പ്രാർത്ഥന 'സ്തുതി (എല്ലാം) ലോക രക്ഷിതാവായ അല്ലാഹുവിനാണു' എന്നു മായിരിക്കും.

١٠- دَعْوٰىهُمْ فِيْهَا سُبْحٰنَكَ اللّٰهُمَّ وَتَحِيَّتُهُمْ فِيْهَا سَلٰمٌ ۚ وَاٰخِرُ دَعْوٰىهُمْ اَنِ الْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۝

---

10. دعواهم അവരുടെ പ്രാർത്ഥന, തേട്ടം, ആവശ്യം سبحانك നീ മഹാ പരിശുദ്ധൻ, നിനക്കു സ്തോത്രം, നിന്നെ വാഴ്ത്തുന്നു (എന്നായിരിക്കും) اللهم അല്ലാഹുവേ وتحيتهم അവരുടെ ഉപചാരം, കാഴ്ച, കാണിക്ക, അഭിവാദ്യം فيها അതിൽ (അവിടത്തിൽ) سلام സലാമായിരിക്കും, സമാധാനം-ശാന്തിയാണ് وآخر അവസാനത്തേതു دعواهم അവരുടെ പ്രാർത്ഥനയുടെ أن الحمد സ്തുതി (എന്നായിരിക്കും) لله അല്ലാഹുവിനാണു (എന്നായിരിക്കും) رب العالمين ലോക രക്ഷിതാവായ, ലോകരുടെ റബ്ബായ

സ്വർഗ്ഗത്തിലെ ഓരോ അനുഗ്രഹവും, ആനന്ദകരമായ സംഭവങ്ങളും കാണുമ്പോഴും അവർ അല്ലാഹുവിനു സ്തോത്രകീർത്തനം ചെയ്യുകയും അവനെ സ്തുതിച്ചു വാഴ്ത്തിക്കൊണ്ടിരിക്കുകയും ചെയ്യും. അവിടെ പ്രവേശിക്കുന്നതോടെ എല്ലാ ഭാഗത്തു നിന്നും അവരെ സലാം അഭിവാദ്യം ചെയ്യും. അല്ലാഹുവിനെ കാണുമ്പോഴും അവർക്ക് സലാമിന്റെ അഭിവാദ്യം ലഭിക്കുന്നു. (33: 44) മലക്കുകളിൽ നിന്നും സലാം ലഭിക്കുന്നു. (39: 73) അന്യോന്യവും സലാമിന്റെ ഉപചാരം നടന്നുകൊണ്ടിരിക്കും. (56: 25, 26) അവർ എന്തു ഇച്ഛിക്കുന്നുവോ അതെല്ലാം അവർക്കു കിട്ടും. അവർ എന്തെല്ലാം ആവശ്യപ്പെടുന്നുവോ അതും അവർക്കു കിട്ടും. (41: 31) അപ്പോഴെല്ലാം അവർ അല്ലാഹുവിനു സ്തുതികീർത്തനം നടത്തുമെന്നു പറയേണ്ടതില്ലല്ലോ.

വിഭാഗം-2

11. മനുഷ്യർ നന്മക്കു ധൃതികൂട്ടുന്ന പ്രകാരം അല്ലാഹു അവർക്കു തിൻമയെ ധൃതിപ്പെടുത്തി (കൊടുത്തി) രുന്നുവെങ്കിൽ അവർക്കു അവരുടെ അവധി തീരുമാനിക്കപ്പെടുക തന്നെ ചെയ്യുമായിരുന്നു.

എന്നാൽ, നാമുമായി കണ്ടു മുട്ടുന്നതിനെ പ്രതീക്ഷിക്കാത്തവരെ, അവരുടെ ധിക്കാരത്തിൽ അന്ധാളിച്ച് (അലഞ്ഞു) കൊണ്ടു നാം വിട്ടുകളയുകയാണു.

١١- وَلَوْ يُعَجِّلُ اللّٰهُ لِلنَّاسِ الشَّرَّ اسْتِعْجَالَهُمْ بِالْخَيْرِ لَقُضِيَ اِلَيْهِمْ اَجَلُهُمْ ۚ فَنَذَرُ الَّذِيْنَ لَا يَرْجُوْنَ لِقَآءَنَا فِيْ طُغْيَانِهِمْ يَعْمَهُوْنَ ۝

---

11. ولو يعجل ധൃതിപ്പെടുത്തി(ബദ്ധപ്പെടുത്തി)യിരുന്നെങ്കിൽ الله അല്ലാഹു للناس മനുഷ്യർക്കു الشر തിൻമയെ, ദോഷത്തെ استعجالهم അവരുടെ ബദ്ധപ്പെടൽ(പ്രകാരം) بالخير നൻമക്ക്, ഗുണത്തെപ്പറ്റി لقضي തീരുമാനിക്കപ്പെടുക തന്നെ ചെയ്യും (വിധികഴിയുമായിരുന്നു) إليهم അവർക്കു أجلهم അവരുടെ അവധി فنذر എന്നാൽ നാം വിട്ടുകളയുന്നു الذين لا يرجون പ്രതീക്ഷിക്കാത്തവരെ لقاءنا നാമുമായി കണ്ടുമുട്ടുന്നതിനെ في طغيانهم അവരുടെ അതിരു കവിച്ചലിൽ, ധിക്കാരത്തിൽ يعمهون അവർ അന്ധം വിട്ടു(അലഞ്ഞു)കൊണ്ടു

മനുഷ്യൻ [illegible] അക്ഷമനും ധൃതിശീലനുമാണ്. (11 الإسراء - وكان الإنسان عجولا) എന്നതിലും ആശയം [illegible] അവൻ തന്റെ ധനത്തെയും, മക്കളെയും, സമൂഹത്തെയും ചിലപ്പോൾ തന്നെ [illegible] അവക്കെതിരെ പ്രാർത്ഥിക്കുകയും ചെയ്യും. 'നശിക്കട്ടെ! തുലയട്ടെ! [illegible] [illegible] വാക്കുകൾ പറയുകയും, അവയെ നശിപ്പിക്കാനും തുലക്കുവാനും ശ്രമം നടത്തുകയും [illegible] മുന്നാലോചനയും പിന്നാലോചനയുമില്ല. ദീർഘദൃഷ്ടിയോ ശുഭപ്രതീക്ഷയോ ഇല്ല. മനു[ഷ്യ]ന്റെ പൊതുനിലയാണിത്. മുശ്രിക്കുകളെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ, നബി (സ) പറയു[ന്ന]തിനെപ്പറ്റി ആലോചിക്കുവാനും ചിന്തിക്കുവാനും അവർ ഒരുക്കമില്ല. ഇതൊക്കെത്തന്നെയാണ് യഥാർത്ഥ സത്യ[മെങ്കിൽ] ഞങ്ങളുടെമേൽ കല്ലു പെയ്തുകൊള്ളട്ടെ! അല്ലെങ്കിൽ വല്ല കഠിന ശിക്ഷയും വന്നുകൊള്ളട്ടെ! എന്നൊക്കെ[യാ]ണ് അവരുടെ നില. (8: 33) ഇതുപോലെ അല്ലാഹുവും അവരുടെ മേൽ ധൃതഗതിയിൽ നടപടി എടുക്കുകയാ[യി]രുന്നെങ്കിൽ അവരുടെ കഥതന്നെ കഴിഞ്ഞുപോകുമായിരുന്നു. പക്ഷേ, അല്ലാഹു സഹനമുള്ളവനും യുക്തിമാനു[മാ]ണ്. അവൻ, അവരെ തങ്ങളുടെ തോന്നിയവാസങ്ങളിൽ യഥേഷ്ടം വിഹരിച്ചുകൊണ്ട് അലഞ്ഞു നടക്കുവാൻ വിട്ടുകൊടുക്കുകയാണ് ചെയ്തിരിക്കുന്നത്. അവരുടെ ചെയ്തികളെക്കുറിച്ചുള്ള നടപടി പിന്നീടു എടുക്കാമെന്ന വെച്ചിരിക്കുകയാണു എന്നു സാരം.

وَإِذَا مَسَّ الْإِنسَانَ الضُّرُّ دَعَانَا لِجَنبِهِ أَوْ قَاعِدًا أَوْ قَائِمًا

12. മനുഷ്യനെ ഉപദ്രവം (അഥവാ ബുദ്ധിമുട്ട്) ബാധിച്ചാൽ, അവന്റെ (ഒരു) വശത്തേക്കായി (കിടന്നു) കൊണ്ട്, അല്ലെങ്കിൽ ഇരുന്നുകൊണ്ടു, അല്ലെങ്കിൽ നിന്നു കൊണ്ട് അവൻ നമ്മെ വിളി (ച്ചു പ്രാർത്ഥി) ക്കുന്നതാണ്

فَلَمَّا كَشَفْنَا عَنْهُ ضُرَّهُ مَرَّ كَأَن لَّمْ يَدْعُنَا إِلَىٰ ضُرٍّ مَّسَّهُ

എന്നിട്ട് അവനിൽ നിന്നു അവന്റെ ഉപദ്രവത്തെ (അഥവാ ബുദ്ധിമുട്ടിനെ) നാം നീക്കുമ്പോഴോ, അവനു ബാധിച്ച വല്ല ഉപദ്രവത്തിനു (അഥവാ ബുദ്ധിമുട്ടിനു) വേണ്ടിയും അവൻ നമ്മെ വിളി(ച്ചു പ്രാർത്ഥി)ച്ചിട്ടില്ലാത്ത പോലെ അവൻ നടക്കുന്നതാണ്.

كَذَٰلِكَ زُيِّنَ لِلْمُسْرِفِينَ مَا كَانُوا يَعْمَلُونَ ○

അപ്രകാരം, അതിരുകവിയുന്നവർക്കു തങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതു അലങ്കാരമായി കാണിക്കപ്പെട്ടിരിക്കുന്നു.

---

12. وإذا مس ബാധിച്ചാൽ, സ്പർശിച്ചാൽ الإنسان മനുഷ്യനെ الضر ഉപദ്രവം, ബുദ്ധിമുട്ടു, കഷ്ടത دعانا അവൻ നമ്മെ വിളിക്കും പ്രാർത്ഥിക്കുന്നതാണു لجنبه അവന്റെ ഭാഗത്തേക്കായി, വശത്തേക്കു (കിടന്ന്) أو قاعدا അല്ലെങ്കിൽ ഇരുന്നുകൊണ്ടു أو قائما അല്ലെങ്കിൽ നിന്നുകൊണ്ടു فلما എന്നിട്ടു നാം തുറവിയാക്കുമ്പോൾ, നീക്കം ചെയ്താൽ عنه അവനിൽനിന്ന ضره അവന്റെ ഉപദ്രവം, ബുദ്ധിമുട്ടു مر അവൻ നടക്കും كأن لم ഇല്ലാത്തപോലെ يدعنا അവൻ നമ്മെ വിളിച്ചിട്ട്, പ്രാർത്ഥിച്ചിട്ട് (ഇല്ലാത്ത പോലെ) إلى ضر ഒരു ഉപദ്രവത്തിലേക്കും, ബുദ്ധിമുട്ടിനുവേണ്ടിയും مسه അവനെ ബാധിച്ച كذلك അപ്രകാരം زين അലങ്കാരമാക്ക (ഭംഗിയാക്ക)പ്പെട്ടിരിക്കുന്നു للمسرفين അതിരു കവിയുന്നവർക്കു ما كانوا അവരായിക്കൊണ്ടിരിക്കുന്നതു يعملون അവർ പ്രവർത്തിക്കുക

മനുഷ്യന്റെ പൊതുവെയുള്ള ഒരു സ്വഭാവമാണിതും. വല്ല ബുദ്ധിമുട്ടോ, വിഷമമോ അനുഭവപ്പെട്ടു[മ്പോൾ] വിനയഭാവത്തോടെ അല്ലാഹുവിനെ വിളിച്ചു പ്രാർത്ഥിക്കും, കിടന്നും ഇരുന്നും നിന്നുമൊക്കെ അല്ലാഹുവി[ങ്ക]ലേക്ക് കൈനീട്ടിക്കൊണ്ടിരിക്കും. തന്നെ സഹായിക്കുവാനുള്ളത് അല്ലാഹു മാത്രമാണെന്ന് അവന്റെ വാക്കിലും [ഭാ]വത്തിലും അവൻ പ്രകടിപ്പിക്കും. ആ ബുദ്ധിമുട്ടും വിഷമവും അല്ലാഹു നീക്കിക്കൊടുത്താലോ? മുമ്പു കഴി[ഞ്ഞ]തൊന്നും അവൻ ഓർമ്മിക്കുകയില്ല. അതിൽ നന്ദി പ്രകടിപ്പിക്കുകയുമില്ല. പിന്നീടുള്ള അവന്റെ നടപടിയും നിലപാടും കണ്ടാൽ, മുമ്പൊരിക്കലും അല്ലാഹുവിനെ അവനു വിളിച്ചു പ്രാർത്ഥിക്കേണ്ടി വന്നിട്ടില്ലെന്ന് തോന്നും. ഇത് നന്ദികേടും, നീതിലംഘനവുമാണല്ലോ. ഇത്തരക്കാർക്ക് അവർ ചെയ്യുന്നതൊക്കെ ഭൂഷണമായി തോന്നു[ന്നു]

താണ്. അഥവാ പിശാച് അങ്ങിനെ തോന്നിപ്പിക്കും. ഈ മുസ്വഹഫും സത്യവിശ്വാസികളിൽ ഉണ്ടായിക്കൂടാ എന്നത്രെ ഇതിലടങ്ങിയ പാഠം.

നബി (സ) പറയുന്നു: 'സത്യവിശ്വാസിയുടെ കാര്യം ആശ്ചര്യം തന്നെ! അവനു അല്ലാഹു ഏതു കാര്യം വിധിച്ചാലും അതവനു ഗുണകരമാകാതിരിക്കുകയില്ല. അതായതു, അവനു വല്ല കഷ്ടതയും ബാധിച്ചാൽ അവൻ ക്ഷമിക്കും. അങ്ങനെ, അതവനു ഗുണമായിത്തീരും. അവനു വല്ല സന്തോഷവും ബാധിച്ചാൽ അവൻ നന്ദി ചെയ്യും. അങ്ങനെ, അതും അവനു ഗുണമായിത്തീരും. ഇത് സത്യവിശ്വാസികൾക്കല്ലാതെ മററാർക്കും ഇല്ല.' (മു)

13. നിങ്ങളുടെ മുമ്പു (പല) തലമുറകളെ, അവർ അക്രമം പ്രവർത്തിച്ചപ്പോൾ നാം നശിപ്പിക്കുകയുണ്ടായിട്ടുണ്ട്; അവരുടെ റസൂലുകൾ വ്യക്തമായ തെളിവുകളുമായി അവരുടെ അരികെ ചെല്ലുകയും ചെയ്തിരുന്നു (എന്നിട്ടും). അവർ വിശ്വസിക്കുവാൻ (തയ്യാർ) ആയിരുന്നതുമില്ല. അപ്രകാരമത്രെ, കുററവാളികളായ ജനങ്ങൾക്ക നാം പ്രതിഫലം നൽകുന്നത്.

١٣- وَلَقَدْ أَهْلَكْنَا الْقُرُونَ مِن قَبْلِكُمْ لَمَّا ظَلَمُوا ۙ وَجَاءَتْهُمْ رُسُلُهُم بِالْبَيِّنَاتِ وَمَا كَانُوا لِيُؤْمِنُوا ۚ كَذَٰلِكَ نَجْزِي الْقَوْمَ الْمُجْرِمِينَ ○

14. പിന്നീടു, അവരുടെ ശേഷം (ഇതാ)നിങ്ങളെ ഭൂമിയിൽ നാം (അവരുടെ) പിൻഗാമികളാക്കിയിരിക്കുന്നു; നിങ്ങൾ എങ്ങിനെ പ്രവർത്തിക്കുന്നുവെന്നു നാം(പരിശോധിച്ചു) നോക്കുവാൻ വേണ്ടി.

١٤- ثُمَّ جَعَلْنَاكُمْ خَلَائِفَ فِي الْأَرْضِ مِن بَعْدِهِمْ لِنَنظُرَ كَيْفَ تَعْمَلُونَ ○

---

13. ولقد اهلكنا തീർച്ചയായും നാം നശിപ്പിച്ചിട്ടുണ്ടു القرون തലമുറകളെ, കാലക്കാരെ من قبلكم നിങ്ങളുടെ മുമ്പു لما ظلموا അവർ അക്രമം ചെയ്തപ്പോൾ وجاءتهم അവർക്കു വരുക(ചെല്ലുക)യും ചെയ്തു, വന്നിട്ടുണ്ടു رسلهم അവരുടെ റസൂലുകൾ بالبينات തെളിവുകളുമായി وما كانوا അവരായിത്തീർന്നതുമില്ല ليؤمنوا അവർ വിശ്വസിക്കുവാൻ (തയ്യാർ) كذلك അപ്രകാരം, അതുപോലെ نجزي നാം പ്രതിഫലം നൽകുന്നു القوم ജനങ്ങൾക്ക് المجرمين കുററവാളികളായ 14. ثم പിന്നീടു جعلناكم നിങ്ങളെ നാം ആക്കി خلائف പിൻഗാമികൾ, പിന്നിൽ വന്നവർ في الارض ഭൂമിയിൽ من بعدهم അവരുടെ ശേഷം لننظر നാം നോക്കുവാൻവേണ്ടി كيف എങ്ങിനെ تعملون നിങ്ങൾ പ്രവർത്തിക്കുന്നു (എന്നു)

ഈ വചനങ്ങളിലടങ്ങിയ ആശയം വ്യക്തമാണ്. അതതു കാലത്തെ ദൈവദൂതന്മാർ അവരവരുടെ ജനങ്ങൾക്ക വേണ്ടത്ര തെളിവുകൾ സഹിതം ഉപദേശം നൽകിക്കൊണ്ടിരുന്നു. എന്നിട്ടും അത് സ്വീകരിക്കാതെ നിഷേധത്തിലും ധിക്കാരത്തിലും മുഴുകുകയാണ് പല തലമുറകളും ചെയ്തത്. അതിനാൽ അവർ അല്ലാഹുവിന്റെ ശിക്ഷകൾക്ക പാത്രമായി. എന്നി, നിങ്ങളുടെ നിലപാട് എന്തായിരിക്കുമെന്ന് പരീക്ഷിച്ച് നോക്കുവാൻവേണ്ടി ഇപ്പോൾ നിങ്ങളെയും ഇതാ രംഗത്തിറക്കിയിരിക്കുന്നു എന്നു ചുരുക്കം. അവരെപ്പോലെ നിങ്ങളും ചെയ്യുകയാണെങ്കിൽ നിങ്ങളുടെയും ഗതി നാശം തന്നെയായിരിക്കുമെന്നുള്ള ഒരു താക്കീതാണിതിൽ ധ്വനിക്കുന്നത്.

നബി (സ) അരുളിച്ചെയ്തതായി അബൂസഈദ് (റ) ഉദ്ധരിക്കുന്നു: 'നിശ്ചയമായും, ഇഹലോകം മധുരമുള്ളതും, പച്ചപിടിച്ചതുമാകുന്നു. അല്ലാഹു അതിൽ നിങ്ങളെ (മാറിമാറി വരുന്ന) പിൻഗാമികളാക്കിക്കൊണ്ടിരിക്കുന്നതും, എന്നിട്ട് നിങ്ങൾ എന്തു പ്രവർത്തിക്കുന്നുവെന്ന് നോക്കുന്നതുമാകുന്നു. അതിനാൽ, നിങ്ങൾ ഇഹലോകത്തെ സൂക്ഷിക്കുവിൻ, സ്ത്രീകളെയും സൂക്ഷിക്കുവിൻ. കാരണം, ഇസ്രാഈല്യരിലുണ്ടായ ഒന്നാമത്തെ കുഴപ്പം സ്ത്രീകൾ നിമിത്തമായിരുന്നു'. (മുസ്ലിം)

١٥- وَإِذَا تُتْلَىٰ عَلَيْهِمْ آيَاتُنَا بَيِّنَاتٍ ۙ قَالَ الَّذِينَ لَا يَرْجُونَ لِقَاءَنَا ائْتِ بِقُرْآنٍ غَيْرِ هَٰذَا أَوْ بَدِّلْهُ ۚ

15. വ്യക്തമായ തെളിവുകളായിക്കൊണ്ടു നമ്മുടെ 'ആയത്തു' [വചനം]കൾ അവർക്കു ഓതിക്കൊടുക്കപ്പെടുന്നതായാൽ, നാമുമായി കണ്ടുമുട്ടുന്നതിനെ പ്രതീക്ഷിക്കാത്തവർ പറയുന്നതാണു: 'ഇതല്ലാത്ത ഒരു ഖുർആൻ (പാരായണഗ്രന്ഥം) താൻ കൊണ്ടുവരുക, അല്ലെങ്കിൽ അതിനെ (ഭേദഗതി ചെയ്തു)മാററം വരുത്തുക' എന്ന്!

قُلْ مَا يَكُونُ لِي أَنْ أُبَدِّلَهُ مِنْ تِلْقَاءِ نَفْسِي ۖ إِنْ أَتَّبِعُ إِلَّا مَا يُوحَىٰ إِلَيَّ ۖ إِنِّي أَخَافُ إِنْ عَصَيْتُ رَبِّي عَذَابَ يَوْمٍ عَظِيمٍ ○

(നബിയേ,) പറയുക: 'എന്റെ സ്വന്തം വകയായി അതിനെ മാററം വരുത്തുവാൻ എനിക്ക പാടില്ല; എനിക്കു 'വഹ്‌യു' [ദിവ്യസന്ദേശം]നൽകപ്പെടുന്നതിനെയല്ലാതെ ഞാൻ പിൻപററുന്നില്ല. നിശ്ചയമായും, എന്റെ റബ്ബിനോടു ഞാൻ അനുസരണക്കേടു ചെയ്താൽ, വമ്പിച്ച ഒരു ദിവസത്തിലെ ശിക്ഷയെ ഞാൻ ഭയപ്പെടുന്നു.'

١٦- قُلْ لَوْ شَاءَ اللَّهُ مَا تَلَوْتُهُ عَلَيْكُمْ وَلَا أَدْرَاكُمْ بِهِ ۖ

16. പറയുക: 'അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ, നിങ്ങൾക്കു ഞാനതു ഓതിക്കേൾപ്പിക്കുകയാകട്ടെ, അതിനെപ്പററി നിങ്ങളെ അവൻ അറിയിക്കുകയാകട്ടെ ചെയ്യുമായിരുന്നില്ല.

فَقَدْ لَبِثْتُ فِيكُمْ عُمُرًا مِنْ قَبْلِهِ ۚ أَفَلَا تَعْقِلُونَ ○

ഞാൻ നിങ്ങളിൽ ഇതിനു മുമ്പു ഒരു (നീണ്ട) പ്രായം കഴിഞ്ഞുകൂടിയിട്ടുണ്ടല്ലോ. അപ്പോൾ, നിങ്ങൾ ബുദ്ധി കൊടു(ത്തു ചിന്തി)ക്കുന്നില്ലേ?!'

---

15. وَإِذَا تُتْلَىٰ ഓതിക്കേൾപ്പിക്ക (കൊടുക്ക)പ്പെട്ടാൽ عَلَيْهِمْ അവർക്ക, അവരിൽ آيَاتُنَا നമ്മുടെ ആയത്തുകൾ بَيِّنَاتٍ തെളിവുകളായി, വ്യക്തങ്ങളായ നിലയിൽ قَالَ പറയുന്നതാണു الَّذِينَ യാതൊരു കൂട്ടർ لَا يَرْجُونَ പ്രതീക്ഷിക്കാത്ത لِقَاءَنَا നാമുമായി കണ്ടുമുട്ടുന്നതിനെ ائْتِ നീ (താൻ) വാ, തരുക بِقُرْآنٍ ഒരു ഖുർആൻകൊണ്ടു, വല്ല പാരായണ ഗ്രന്ഥത്തെയും غَيْرِ هَٰذَا ഇതല്ലാത്ത أَوْ بَدِّلْهُ അല്ലെങ്കിൽ അതിനെ മാററം വരുത്തുക, ഭേദഗതി ചെയ്യുക قُلْ പറയുക مَا يَكُونُ لِي എനിക്കാവുകയില്ല (പാടില്ല) أَنْ أُبَدِّلَهُ അതിനെ മാററം വരുത്താൻ مِنْ تِلْقَاءِ ഭാഗത്തു നിന്നു(വകയായി) نَفْسِي എന്റെ സ്വന്തം. إِنْ أَتَّبِعُ ഞാൻ പിൻപററുന്നില്ല إِلَّا مَا യാതൊന്നല്ലാതെ يُوحَىٰ إِلَيَّ എനിക്ക വഹ്‌യു നൽകപ്പെടുന്ന إِنِّي أَخَافُ നിശ്ചയമായും ഞാൻ ഭയപ്പെടുന്നു إِنْ عَصَيْتُ ഞാൻ എതിരു (അനുസരണക്കേടു) ചെയ്തെങ്കിൽ رَبِّي എന്റെ റബ്ബിനു, റബ്ബിനോടു عَذَابَ يَوْمٍ ഒരു ദിവസത്തിലെ ശിക്ഷയെ عَظِيمٍ വമ്പിച്ച, മഹത്താ 16. قُلْ പറയുക لَوْ شَاءَ اللَّهُ അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ مَا تَلَوْتُهُ ഞാൻ അതു ഓതുമായിരുന്നില്ല, ഓതിക്കേൾപ്പിക്കില്ലായിരുന്നു عَلَيْكُمْ നിങ്ങൾക്കു وَلَا أَدْرَاكُمْ അവൻ നിങ്ങളെ അറിയിക്കുകയുമില്ലായിരുന്നു بِهِ അതിനെപ്പററി فَقَدْ لَبِثْتُ തീർച്ചയായും ഞാൻ താമസിച്ചിട്ടുണ്ടു, കഴിഞ്ഞുകൂടുകയുണ്ടായി فِيكُمْ നിങ്ങളിൽ, നിങ്ങൾക്കിടയിൽ عُمُرًا (പ്രായം مِنْ قَبْلِهِ ഇതിന്റെ(അതിന്റെ)മുമ്പു أَفَلَا تَعْقِلُونَ അപ്പോൾ നിങ്ങൾ ബുദ്ധികൊടുക്കുന്നില്ലേ.

قُرْآن (ഖുർആൻ) എന്ന വാക്കിനു അധികമായി ഉപയോഗിക്കപ്പെടുന്നതു—അധ്യയനം പാരായണഗ്രന്ഥം—എന്നർത്ഥമാകുന്നു. അതിന്റെ ആദ്യത്തിൽ ال എന്ന അവ്യയം ചേരുമ്പോൾ ഖുർആനെ കൊണ്ടു വിശുദ്ധ ഖുർആൻ പ്രത്യേകം ഉദ്ദേശിക്കപ്പെടുന്നു.

...കളെക്കുറിച്ചാണ് ഈ വചനങ്ങളിലെ പരാമർശം. ഖുർആന്റെ തത്വസിദ്ധാന്തങ്ങൾ സ്വീകരിക്കുവാൻ തയ്യാറില്ലാത്ത അവർ, നബി (സ) യോടു പറയുകയാണ്: ഏകദൈവസിദ്ധാന്തം, പരലോകം, പുനർജ്ജീവിതം പോലെയുള്ള വിഷയങ്ങളടങ്ങിയ ഈ ഖുർആൻ അല്ലാത്ത വേറെ വല്ല ഖുർആനും നീ കൊണ്ടുവന്നാൽ, അല്ലെങ്കിൽ ഇതിൽ ആവശ്യമായ ചില ഭേദഗതികൾ ചെയ്ത് ഇതിനൊരു മാറ്റം വരുത്തിയാൽ, ഞങ്ങൾ ഇതു സ്വീകരിച്ചുകൊള്ളാമെന്ന്. ഇവരോട് പറയുവാൻ അല്ലാഹു കല്പിച്ച മറുപടിയുടെ സാരം ഇതാണ്: ഇത് എന്റെ വകയല്ല, അല്ലാഹുവിന്റെ വകയാണ്. അത് അതേപടി പിൻപറ്റുകയല്ലാതെ എനിക്കു നിവൃത്തിയില്ല. അതിൽ വല്ല മാറ്റത്തിരുത്തലും വരുത്തിയാൽ ഞാൻ ഖിയാമത്തു നാളിൽ അതികഠിനമായ ശിക്ഷ അനുഭവിക്കേണ്ടിവരും. നിങ്ങൾക്കു ഇതു ഓതിക്കേൾപ്പിക്കുവാനും, അതിലെ സിദ്ധാന്തങ്ങൾ നിങ്ങളുടെ മുമ്പിൽ വെക്കുവാനും ഞാൻ സ്വയം മുതിർന്നതല്ല – അല്ലാഹുവിന്റെ ഉദ്ദേശ്യവും കല്പനയും അനുസരിച്ചാണ്. കുറേ കാലത്തോളം – നാല്പതു കൊല്ലക്കാലം – ഇതിനു മുമ്പ് നിങ്ങളുടെ ഇടയിൽ നിങ്ങളെപ്പോലെ ഒരുവനായി ഞാൻ കഴിഞ്ഞുകൂടുകയുണ്ടായി. അന്നൊന്നും ഞാൻ ഇങ്ങനെ പറയുകയും ചെയ്യുകയുമുണ്ടായില്ല. എന്നെപ്പറ്റി അന്നൊന്നും നിങ്ങൾക്ക് ആക്ഷേപമുണ്ടായിരുന്നില്ല. ഇപ്പോൾ – ഈ വാർദ്ധക്യത്തിലേക്കു തിരിയുകയും ബുദ്ധി ഉറക്കുകയും ചെയ്ത കാലത്ത് – നിങ്ങളെ സമീപിക്കുവാൻ തുടങ്ങിയത് എന്റെ ഇച്ഛകൊണ്ടല്ലെന്നും, അല്ലാഹുവിന്റെ കല്പനക്ക് വിധേയനായിട്ടായിരിക്കുമെന്നും നിങ്ങൾ ബുദ്ധി കൊടുത്ത് ആലോചിച്ചാൽ നിങ്ങൾക്കുതന്നെ ബോദ്ധ്യപ്പെടുന്നതാണ്. നിങ്ങൾക്കെന്ത് ചിന്തിച്ചു നോക്കിക്കൂടെ?!

റോമാചക്രവർത്തി ഹിറഖ്ലിയൂസിനെ ഇസ്ലാമിലേക്കു ക്ഷണിച്ചുകൊണ്ടുള്ള നബി (സ) യുടെ കത്തു കിട്ടിയപ്പോൾ, അവിടെ (ശാമിൽ) കച്ചവടാർത്ഥം ചെന്നിരുന്ന അബൂസുഫ്‌യാനെയും മറ്റും ദർബാറിൽ വിളിച്ചുവരുത്തി നബി (സ) യെക്കുറിച്ച് രാജാവ് പലതും ചോദിച്ചറിയുകയുണ്ടായ സംഭവം പ്രസിദ്ധമാണ്. അന്നു അബൂസുഫ്‌യാൻ (റ) മുസ്ലിമായിരുന്നില്ല. നബി (സ) യുടെ ശത്രുക്കളുടെ നേതാവു കൂടിയായിരുന്നു. എന്നിട്ടും മുമ്പ് നബി കളവു പറഞ്ഞിരുന്നതായി നിങ്ങൾ അദ്ദേഹത്തെപ്പറ്റി തെറ്റിദ്ധരിച്ചിരുന്നുവോ എന്നു ഹിറഖ്ലിയൂസിന്റെ ചോദ്യത്തിനു അബൂസുഫ്‌യാൻ (റ) ഉത്തരം നൽകിയത് 'ഇല്ല' എന്നായിരുന്നു. അപ്പോൾ, ഹിറഖ്ലിയൂസ് പറഞ്ഞു: 'എന്നാലദ്ദേഹം, ജനങ്ങളെപ്പറ്റി കളവു പറയാതിരിക്കുകയും, അതേസമയം അല്ലാഹുവിനെപ്പറ്റി കളവു പറയുവാൻ ശ്രമിക്കുകയും ചെയ്യുകയുണ്ടാവില്ലെന്ന് ഞാൻ മനസ്സിലാക്കുന്നു.' ഇതുപോലെ അബ്സീനിയാരാജാവായ നജ്ജാശി (നെഗസ്) യുടെ മുമ്പിൽവെച്ച് നബി (സ) യെ പരിചയപ്പെടുത്തിയ കൂട്ടത്തിൽ ജഅ്ഫറുബ്നു അബീത്വാലിബും (റ) ഇപ്രകാരം പറഞ്ഞിരുന്നു: 'അങ്ങനെ അല്ലാഹു ഒരു റസൂലിനെ അയച്ചു തന്നിരിക്കുന്നു. അദ്ദേഹത്തിന്റെ സത്യതയും, തറവാടും, വിശ്വസ്തതയും ഞങ്ങൾക്കറിയാവുന്നതാണ്. അദ്ദേഹം നാല്പതുകൊല്ലം ഞങ്ങൾക്കിടയിൽ കഴിഞ്ഞുകൂടിയിട്ടുണ്ട്....'

١٧- فَمَنْ أَظْلَمُ مِمَّنِ افْتَرَىٰ عَلَى اللَّهِ كَذِبًا أَوْ كَذَّبَ بِآيَاتِهِ ۚ إِنَّهُ لَا يُفْلِحُ الْمُجْرِمُونَ ○

17. അപ്പോൾ, അല്ലാഹുവിന്റെ പേരിൽ വ്യാജം കെട്ടിച്ചമക്കുകയോ, അല്ലെങ്കിൽ അവന്റെ 'ആയത്തു' [വചനം] കളെ വ്യാജമാക്കുകയോ ചെയ്തവനെക്കാൾ അക്രമി ആരുണ്ട്?! നിശ്ചയമായും കാര്യം, കുറ്റവാളികൾ വിജയിക്കുകയില്ല.

---

17. فمن അപ്പോൾ ആർ أظلم അധികം അക്രമി ممن افترى കെട്ടിച്ചമച്ചവനെ(രെ)ക്കാൾ على الله അല്ലാഹുവിന്റെ പേരിൽ (മേൽ) كذبا വ്യാജം, കളവു أو كذب അല്ലെങ്കിൽ വ്യാജമാക്കിയ بآياته അവന്റെ ആയത്തു(വചനം–ലക്ഷ്യം) കളെ إنه നിശ്ചയമായും അതു (കാര്യം) لا يفلح വിജയിക്കുകയില്ല المجرمون കുറ്റവാളികൾ.

18. അല്ലാഹുവിനു പുറമെ, തങ്ങൾക്കു ഉപദ്രവം ചെയ്യാത്തതും ഉപകാരം ചെയ്യാത്തതുമായതിനെ അവർ ആരാധിച്ചുവരുന്നു; 'ഇവർ [ആ ആരാധ്യവസ്തുക്കൾ] അല്ലാഹുവിൻ്റെ അടുക്കൽ ഞങ്ങളുടെ ശുപാർശക്കാരാകുന്നു' എന്നവർ പറയുകയും ചെയ്യുന്നു. പറയുക: 'ആകാശങ്ങളിലാകട്ടെ, ഭൂമിയിലാകട്ടെ (ഉള്ളതായി) അല്ലാഹു അറിയാത്ത കാര്യത്തെപ്പറ്റി നിങ്ങൾ അവന് വിവരമറിയിക്കുകയാണോ?!'

അവൻ മഹാപരിശുദ്ധൻ! അവർ പങ്കുചേർക്കുന്നതിൽ നിന്ന് അവൻ അത്യുന്നതി പ്രാപിക്കുകയും ചെയ്തിരിക്കുന്നു.

وَيَعْبُدُونَ مِن دُونِ اللَّهِ مَا لَا يَضُرُّهُمْ وَلَا يَنفَعُهُمْ وَيَقُولُونَ هَٰؤُلَاءِ شُفَعَاؤُنَا عِندَ اللَّهِ ۚ قُلْ أَتُنَبِّئُونَ اللَّهَ بِمَا لَا يَعْلَمُ فِي السَّمَاوَاتِ وَلَا فِي الْأَرْضِ ۚ

سُبْحَانَهُ وَتَعَالَىٰ عَمَّا يُشْرِكُونَ ۝

---

18. وَيَعْبُدُونَ അവർ ആരാധിച്ചുവരുന്നു مِن دُونِ اللَّهِ അല്ലാഹുവിനു പുറമെ مَا لَا يَضُرُّهُمْ അവർക്കു ഉപദ്രവം ചെയ്യാത്തതിനെ وَلَا يَنفَعُهُمْ അവർക്കു ഉപകാരവും ചെയ്യാത്ത وَيَقُولُونَ അവർ പറയുകയും ചെയ്യുന്നു هَٰؤُلَاءِ ഇവർ, ഇക്കൂട്ടർ شُفَعَاؤُنَا ഞങ്ങളുടെ ശുപാർശക്കാരാകുന്ന, ശുപാർശകരാണ് عِندَ اللَّهِ അല്ലാഹുവിൻ്റെ അടുക്കൽ قُلْ പറയുക أَتُنَبِّئُونَ നിങ്ങൾ വിവരമറിയിക്കുകയോ اللَّهَ അല്ലാഹുവിനെ بِمَا لَا يَعْلَمُ അവൻ അറിയാത്തതിനെ(അറിയാത്ത കാര്യത്തെ)പ്പറ്റി فِي السَّمَاوَاتِ ആകാശങ്ങളിലും وَلَا فِي الْأَرْضِ ഭൂമിയിലും ഇല്ല (ഇല്ലാത്ത) سُبْحَانَهُ അവൻ മഹാ പരിശുദ്ധൻ, അവനു സ്തോത്രം وَتَعَالَىٰ അവൻ അത്യുന്നതി പ്രാപിക്കുകയും ചെയ്തിരിക്കുന്നു عَمَّا يُشْرِكُونَ അവർ പങ്കുചേർക്കുന്നതിൽ നിന്നു.

ആരാധിക്കപ്പെടുന്ന വസ്തു—അത് കല്ലോ, മരമോ, മനുഷ്യനോ, ദേവീദേവൻമാരോ, ജീവനുള്ളതോ, അല്ലാത്തതോ ഏതായാലും ശരി—അതിൻ്റെ ആരാധകൻമാർക്ക് വല്ല ഗുണമോ ദോഷമോ ചെയ്‌വാൻ കഴിയുന്നതായിരിക്കണം. ഇല്ലാത്തപക്ഷം, ആരാധന തികച്ചും നിരർത്ഥവും ഫലശൂന്യവുമാകുന്നു. എന്നിട്ടും ഈ മുശ്‌രിക്കുകൾ വിഗ്രഹങ്ങളെ ആരാധിച്ചുവരികയാണ്. അതിനു അവർ പറയുന്ന ന്യായം അവകൾ ഗുണമോ ദോഷമോ ചെയ്‌വാൻ കഴിവുള്ളതല്ല. അവ അല്ലാഹുവിൻ്റെ മുമ്പിൽ തങ്ങൾക്കു ശുപാർശക്കാരായി വരുമെന്നും, അങ്ങനെ തങ്ങളെ ശിക്ഷയിൽനിന്നു ഒഴിവാക്കുമെന്നുമാകുന്നു. എന്നാൽ, അങ്ങിനെ ഒരു ശുപാർശക്കാർ ആകാശഭൂമിയിൽ എവിടെയുമില്ല. ഉണ്ടെങ്കിൽ അല്ലാഹു അറിയാതിരിക്കയില്ലല്ലോ. എന്നിരിക്കെ, ആ വാദത്തിൻ്റെ അർത്ഥം, അല്ലാഹുവിനറിയാത്ത ചില ശുപാർശക്കാർ അവൻ്റെ അടുക്കൽ സ്വാധീനം ചെലുത്തുന്നവരായി നിലവിലുണ്ട് എന്നാണല്ലോ. ഇത്തരം സങ്കല്പങ്ങളിൽ നിന്നെല്ലാം തന്നെ അല്ലാഹു മഹാപരിശുദ്ധനും, അത്യുന്നതനുമാകുന്നു.

മുശ്‌രിക്കുകളുടെ പ്രസ്താവനകൾ വിഗ്രഹാരാധകൻമാരെ മാത്രം ബാധിക്കുന്നതാണെന്ന് കരുതുന്നത് തികച്ചും തെറ്റാകുന്നു. ഉപകാരവും ഉപദ്രവവും ചെയ്‌വാനുള്ള യഥാർത്ഥ കഴിവ് അല്ലാഹുവിനു തന്നെയാണുള്ളതെന്ന് സമ്മതിച്ചുകൊണ്ടുതന്നെയാണ് ആ മുശ്‌രിക്കുകളും ഈ ശുപാർശവാദം കൊണ്ടുവരുന്നതെന്ന് ഓർക്കണം. അവർ ആരാധിക്കുന്ന കല്ലുകളോ വൃക്ഷങ്ങളോ തങ്ങൾക്ക് ശുപാർശ നടത്തുമെന്നല്ല അവർ പറയുന്നതിൻ്റെ ഉദ്ദേശ്യം. അവ ഏതു മഹാൻമാരുടെ—അല്ലെങ്കിൽ ദേവീദേവൻമാരുടെ—പേരിൽ പ്രതിഷ്ഠിതങ്ങളാണോ അവർ തങ്ങൾക്കുവേണ്ടി അല്ലാഹുവിങ്കൽ ശുപാർശ ചെയ്യുമെന്നാണ് അവരുദ്ദേശിക്കുന്നത്. അപ്പോൾ, വിഗ്രഹങ്ങളെ ആരാധിക്കുന്നത് ശിർക്കാണെന്നു സമ്മതിക്കുകയും, അതേ സമയത്ത് അവർ പറയുന്ന അതേ ന്യായം പറഞ്ഞുകൊണ്ട് വല്ല മഹാൻമാരെയും വിളിച്ചുപ്രാർത്ഥിക്കുക, അവരുടെ ഖബ്റുസ്ഥാനങ്ങളിലേക്ക് നേർച്ച വഴിപാടുകൾ നടത്തുക പോലെയുള്ള ആരാധനാകർമ്മങ്ങൾ ചെയ്യുന്നവർക്കും ബാധകം തന്നെയാണിത്. (*)

(*) ഈ ആയത്തിൻ്റെ വ്യാഖ്യാനത്തിൽ ഇമാം റാസീ എഴുതിയ ഒരു ഭാഗം ഇവിടെ ഓർമ്മ പകർത്തുന്നു:

إنهم وضعوا هذه الأصنام والأوثان على صور أنبيائهم وأكابرهم وزعموا أنهم متى اشتغلوا بعبادة هذه التماثيل فان أولئك الاكابر تكون شفعاء لهم عند الله تعالى. ونظيره في هذا الزمان اشتغال كثير من الخلق بتعظيم قبور الاكابر على اعتقاد أنهم اذا عظموا قبورهم فانهم يكونون شفعاء لهم عند الله

ഈ വിഗ്രഹങ്ങളെയും ബിംബങ്ങളെയും അവരുടെ പ്രവാചകൻമാരുടെയും മഹാത്മാക്കളുടെയും [illegible]

19. മനുഷ്യർ ഒരേ സമുദായമല്ലാതെ ആയിരുന്നില്ല; എന്നിട്ടവർ ഭിന്നിച്ചിരിക്കുകയാണ്.

നിന്റെ റബ്ബിങ്കൽനിന്നും ഒരു വാക്യം മുൻ കഴിഞ്ഞിട്ടില്ലായിരുന്നെങ്കിൽ, അവർ യാതൊന്നിൽ ഭിന്നിച്ചുകൊണ്ടിരിക്കുന്നുവോ അതിൽ അവർക്കിടയിൽ തീരുമാനിക്കപ്പെടുക തന്നെ ചെയ്യുമായിരുന്നു.

١٩- وَمَا كَانَ النَّاسُ إِلَّا أُمَّةً وَاحِدَةً فَاخْتَلَفُوا ۚ وَلَوْلَا كَلِمَةٌ سَبَقَتْ مِن رَّبِّكَ لَقُضِيَ بَيْنَهُمْ فِيمَا فِيهِ يَخْتَلِفُونَ ○

---

19. وَمَا كَانَ ആയിരുന്നില്ല النَّاسُ മനുഷ്യർ إِلَّا أُمَّةً ഒരു സമുദായമല്ലാതെ وَاحِدَةً ഒരേ, ഏക فَاخْتَلَفُوا എന്നിട്ടവർ ഭിന്നിച്ചു, അഭിപ്രായവ്യത്യാസത്തിലായി وَلَوْلَا ഇല്ലായിരുന്നെങ്കിൽ كَلِمَةٌ ഒരു വാക്ക, വാക്യം سَبَقَتْ അതു മുൻകഴിഞ്ഞു, മുൻ കഴിഞ്ഞ مِن رَّبِّكَ നിന്റെ റബ്ബിങ്കൽനിന്നു لَقُضِيَ തീരുമാനം ചെയ്യപ്പെടുകതന്നെ ചെയ്യുമായിരുന്നു بَيْنَهُمْ അവർക്കിടയിൽ فِيمَا യാതൊന്നിൽ فِيهِ അതിൽ يَخْتَلِفُونَ അവർ ഭിന്നിച്ചുവരുന്നു

ആദ്യകാലത്ത് മനുഷ്യരെല്ലാം തൗഹീദിൽ നിലകൊള്ളുന്ന ഏക സമുദായമായിട്ടായിരുന്നു ജീവിച്ചുപോന്നിരുന്നത്. പിന്നീട് കുറെ കഴിഞ്ഞാണ് അവരിൽ ശിർക്കും ഭിന്നിപ്പും കടന്നുകൂടിയത്. ഭിന്നിച്ചവരെ ശിക്ഷിച്ചും ഭിന്നിക്കാത്തവരെ രക്ഷിച്ചുംകൊണ്ട് അവർക്കിടയിൽ നടപടി എടുക്കൽ പരലോക ജീവിതത്തിൽവെച്ചായിരിക്കണമെന്ന് അല്ലാഹു മുമ്പേ നിശ്ചയിച്ചുവെച്ചിരിക്കുകയാണ്. അതുകൊണ്ടാണ് ഇപ്പോൾ രണ്ടു കൂട്ടർക്കുമിടയിലുള്ള അവസാന തീരുമാനമുണ്ടാക്കി നടപടി എടുക്കാത്തത് എന്നു സാരം. നൂഹ് (അ) നബിയുടെ സമുദായത്തിൽനിന്നാണ് വിഗ്രഹാരാധനയുടെ തുടക്കം കുറിച്ചതെന്നും, അതിന്റെ ഉൽഭവം ഇന്നിന്നപ്രകാരമാണുണ്ടായതെന്നും ഇബ്നു അബ്ബാസ് (റ)ൽ നിന്നു ബുഖാരി (റ) ഉദ്ധരിച്ച വിവരം നാം ഇതിനുമുമ്പ് ഉദ്ധരിച്ചു കഴിഞ്ഞിട്ടുണ്ട്. കൂടുതൽ വിവരം സൂറത്തുനൂഹിനുശേഷം കൊടുത്തിട്ടുള്ള വ്യാഖ്യാനക്കുറിപ്പിലും കാണാവുന്നതാണ്.

20. അവർ പറയുന്നു: 'അവന് [നബിക്ക്] അവന്റെ റബ്ബിങ്കൽ നിന്ന് ഒരു ദൃഷ്ടാന്തം ഇറക്കിക്കൊടുക്കപ്പെടാത്തതെന്തു?!' എന്നാൽ, പറയുക: 'അദൃശ്യകാര്യം അല്ലാഹുവിന്ന് മാത്രമാണ് (അറിവുള്ളതു);. ആകയാൽ, നിങ്ങൾ കാത്തിരിക്കുവിൻ, നിശ്ചയമായും ഞാൻ, നിങ്ങളോടൊപ്പം കാത്തിരിക്കുന്നവരിൽ പെട്ടവനാകുന്നു.

٢٠- وَيَقُولُونَ لَوْلَا أُنزِلَ عَلَيْهِ آيَةٌ مِّن رَّبِّهِ ۖ فَقُلْ إِنَّمَا الْغَيْبُ لِلَّهِ فَانتَظِرُوا إِنِّي مَعَكُم مِّنَ الْمُنتَظِرِينَ ○ ع

---

20. وَيَقُولُونَ അവർ പറയുന്നു لَوْلَا أُنزِلَ ഇറക്കപ്പെട്ടു കൂടേ, എന്തുകൊണ്ടു ഇറക്കപ്പെട്ടില്ല عَلَيْهِ അവന്റെമേൽ, അവനു آيَةٌ ഒരു ദൃഷ്ടാന്തം, വല്ല ദൃഷ്ടാന്തവും مِن رَّبِّهِ അവന്റെ റബ്ബിങ്കൽ നിന്നു فَقُلْ എന്നാൽ പറയുക إِنَّمَا الْغَيْبُ നിശ്ചയമായും മറഞ്ഞ കാര്യം (മാത്രം ആകുന്നു) لِلَّهِ അല്ലാഹുവിനു (മാത്രം ആകുന്നു) فَانتَظِرُوا അതിനാൽ നോക്കിയിരിക്കു (കാത്തിരിക്കു)വിൻ إِنِّي مَعَكُمْ നിശ്ചയമായും ഞാൻ നിങ്ങളോടൊപ്പം مِّنَ الْمُنتَظِرِينَ നോക്കി (കാത്ത്) ഇരിക്കുന്നവരിൽ പെട്ടവനാണു

...ലാണ് അവർ ഉണ്ടാക്കിവെച്ചത്. ഈ പ്രതിമകളുടെ ആരാധനയിൽ തങ്ങൾ ഏർപ്പെടുമ്പോൾ ആ മഹാത്മാക്കൾ അല്ലാഹുവിന്റെ അരികെ തങ്ങൾക്ക് ശുപാർശകരാകുമെന്ന് അവർ ജൽപിക്കുകയും ചെയ്തു. മഹാത്മാക്കളുടെ ഖബറുകളെ ആരാധിക്കുന്നതിൽ അനേകം 'പാമരന്മാർ' ഇക്കാലത്ത് ഏർപ്പെട്ടിട്ടുള്ളതും ഇതിനു തുല്യമാണ്. തങ്ങൾ അവരുടെ ഖബ്റുകളെ ആരാധിച്ചാൽ അവർ അല്ലാഹുവിങ്കൽ തങ്ങൾക്ക് ശുപാർശകരാകുമെന്നാണ് അവരുടെ വിശ്വാസം'.

നബി (സ)യുടെ സത്യതക്ക് തെളിവില്ലാത്തതുകൊണ്ടോ, തെളിവിന്റെ പോരായ്മ നിമിത്തം സംശയം തീരാത്തതുകൊണ്ടോ അല്ല മുശ്‌രിക്കുകൾ ഒരു ദൃഷ്ടാന്തത്തിന് ആവശ്യപ്പെടുന്നത്. നബി (സ)യെ ഉത്തരംമുട്ടിച്ച് ജയഭേരി അടിക്കുകയാണു അവരുടെ ഉദ്ദേശ്യം. മൂസാ (അ) നബിക്ക് വടിയും കൈയും ദൃഷ്ടാന്തമായി ഉണ്ടായിരുന്നതുപോലെയോ, സ്വാലിഹു (അ) നബിക്ക് ഒട്ടകം ദൃഷ്ടാന്തമായിരുന്നതുപോലെയോ ഉള്ള ഒരു പ്രത്യക്ഷ പ്രകൃതി ദൃഷ്ടാന്തം എന്തുകൊണ്ട് മുഹമ്മദ് കാണിക്കുന്നില്ല എന്നാണവർ പറയുന്നത്. ഞങ്ങൾ നിന്നെ വിശ്വസിക്കേണമെങ്കിൽ, ഭൂമിയിൽനിന്ന് ഞങ്ങൾക്കൊരു ഉറവു നീ പൊട്ടിയൊഴുക്കിത്തരണം, അല്ലെങ്കിൽ നിനക്ക് ഈത്തപ്പനയുടെയും മുന്തിരിയുടെയും ഒരു തോട്ടമുണ്ടാവണം, അല്ലെങ്കിൽ നീ ആകാശത്തുനിന്ന് കഷ്ണങ്ങൾ വീഴ്ത്തണം, അല്ലെങ്കിൽ നീ അല്ലാഹുവിനെയും മലക്കുകളെയും കൊണ്ടുവരണം, അല്ലെങ്കിൽ സ്വർണ്ണം കൊണ്ടുള്ള ഒരു വീട് നിനക്കുണ്ടായിരിക്കണം, അല്ലെങ്കിൽ നീ ആകാശത്തിലൂടെ കയറിപ്പോകണം എന്നൊക്കെ ചില ദൃഷ്ടാന്തങ്ങളിൽ അവർ സ്വയം തന്നെ നിർണ്ണയിച്ചാവശ്യപ്പെട്ടിട്ടുള്ള കഥ സൂ: ഇസ്രാഉ് 90–93ൽ കാണാവുന്നതാണ്. ഇത്തരത്തിൽ പെട്ട വല്ല കാര്യങ്ങളുമായിരിക്കും അവർ ദൃഷ്ടാന്തം കൊണ്ടുദ്ദേശിക്കുന്നത് എന്ന് വ്യക്തമാകുന്നു.

ദൃഷ്ടാന്തം നൽകുന്ന കാര്യം–അതു ആർക്ക്, എപ്പോൾ, എങ്ങിനെ വേണമെന്നല്ലാമുള്ള വിഷയം–അദൃശ്യകാര്യങ്ങളിൽ പെട്ടതാണ്. അദൃശ്യജ്ഞാനം അല്ലാഹുവിന്നേ ഉള്ളു. അതുകൊണ്ട് എന്നോട് ദൃഷ്ടാന്തം ആവശ്യപ്പെട്ടിട്ട് കാര്യമില്ല. അല്ലാഹു ചെയ്‌വാൻ പോകുന്നതെന്താണെന്ന് നമുക്ക് കാത്തിരുന്ന് കാണാം. നാം ഇരുകൂട്ടരും കാത്തിരിക്കുക എന്നൊക്കെയാണ് അവർക്ക് നൽകുവാൻ കൽപിച്ച മറുപടിയുടെ താൽപര്യം. ദൃഷ്ടാന്തം കാണിക്കുവാൻ നബി (സ)ക്കു കഴിവില്ലെന്നത് അറിയിച്ചതോടൊപ്പം തന്നെ, അവർക്ക് കനത്ത ഒരു താക്കീതുകൂടിയാണ് ഈ മറുപടി.

വിഭാഗം-3

21. മനുഷ്യർക്കു ബാധിച്ച വല്ല കഷ്ടതക്കും ശേഷം, അവർക്കു നാം ഒരു കാരുണ്യത്തെ ആസ്വദിപ്പിക്കുന്നതായാൽ, അപ്പോൾ (അതാ) നമ്മുടെ ദൃഷ്ടാന്തങ്ങളിൽ അവർക്കൊരു തന്ത്രം!

പറയുക: 'അല്ലാഹു അതിവേഗം തന്ത്രം ചെയ്യുന്നവനാകുന്നു'. (ഹേ, തന്ത്രക്കാരേ,) നിശ്ചയമായും, നമ്മുടെ ദൂതൻമാർ, നിങ്ങൾ തന്ത്രം പ്രവർത്തിക്കുന്നതു രേഖപ്പെടുത്തുന്നതാണ്.

٢١- وَإِذَا أَذَقْنَا النَّاسَ رَحْمَةً مِّن بَعْدِ ضَرَّاءَ مَسَّتْهُمْ إِذَا لَهُم مَّكْرٌ فِي آيَاتِنَا ۚ قُلِ اللَّهُ أَسْرَعُ مَكْرًا ۚ إِنَّ رُسُلَنَا يَكْتُبُونَ مَا تَمْكُرُونَ ○

---

21. وإذا أذقنا നാം ആസ്വദിപ്പിച്ചാൽ, രുചി നോക്കിച്ചാൽ الناس മനുഷ്യരെ, മനുഷ്യർക്ക് رحمة വല്ല കാരുണ്യവും من بعد ശേഷമായി ضراء ഒരു(വല്ല) കഷ്ടതയുടെ مستهم അവരെ ബാധിച്ച, സ്പർശിച്ച إذا لهم അപ്പോൾ അവർക്കു (ഉണ്ടായിരിക്കും) مكر ഒരു തന്ത്രം (കുത്തിത്തിരുപ്പു–വഞ്ചന) في آياتنا നമ്മുടെ ദൃഷ്ടാന്തങ്ങളിൽ قل പറയുക الله أسرع അല്ലാഹു അതി (കൂടുതൽ)വേഗതയുള്ളവനാണു مكرا തന്ത്രം, തന്ത്രത്തിൽ إن رسلنا നിശ്ചയമായും നമ്മുടെ ദൂതൻമാർ يكتبون എഴുതുന്ന, രേഖപ്പെടുത്തുന്ന ما تمكرون നിങ്ങൾ തന്ത്രം പ്രവർത്തിക്കുന്നതു

മനുഷ്യരിൽ പൊതുവെ കാണപ്പെടുന്ന മറ്റൊരു ദുസ്വഭാവമാണ് ഈ വചനം ചൂണ്ടിക്കാട്ടുന്നത്. അതായത്, വല്ല കഷ്ടതയോ വിഷമമോ ബാധിച്ചുകഴിഞ്ഞശേഷം അല്ലാഹു വല്ല അനുഗ്രഹവും ചെയ്തുകൊടുത്താൽ, അതിന് നന്ദി കാണിക്കാതെ ഏതെങ്കിലും പ്രകാരത്തിലുള്ള നന്ദികേട് കാണിക്കുക. ഉദാഹരണമായി: കഠിനമായ ഒരു വരൾച്ചയോ ക്ഷാമമോ പിടിപെട്ടശേഷം, നല്ല മഴ വർഷിച്ചു ഭൂമിയിൽ വിളകൾ അഭിവൃദ്ധിപ്പെട്ടുവെന്ന് വിചാരിക്കുക. അത് തങ്ങളുടെ ദൈവങ്ങൾ കനിഞ്ഞതുകൊണ്ടാണെന്ന് പറയും ഒരു കൂട്ടർ. ചിലർ തങ്ങൾ വിളിച്ചു

തേടാറുള്ള മഹാത്മാക്കളുടെ ബർക്കത്തായി അതിനെ വിശേഷിപ്പിക്കും. ഇന്നിന്ന നേർച്ചവഴിപാടുകളും ചടങ്ങുകളും നടത്തിയതുകൊണ്ടാണെന്ന് വേറെ ചിലരും. ഇന്ന നക്ഷത്രവും രാശിയും യോജിച്ചതുകൊണ്ടാണെന്നും മറ്റും വേറെയും ചിലർ. ചുരുക്കത്തിൽ, അത് അല്ലാഹു നൽകിയ അനുഗ്രഹമാണെന്നും പ്രകൃതിന് നന്ദി കാണിക്കുകയാണ് വേണ്ടതെന്നും ഉള്ള ബോധം മിക്കവർക്കും ഉണ്ടായിരിക്കുകയില്ല.

ഇങ്ങിനെയുള്ളവരെ അല്ലാഹു താക്കീത് ചെയ്യുന്നു: അല്ലാഹുവിന് അതിവേഗം തന്ത്രം നടത്തുവാൻ കഴിയും. എന്റെ ദൂതൻമാർ–മലക്കുകൾ– നിങ്ങളുടെ അത്തരം കുതന്ത്രങ്ങളെല്ലാം രേഖപ്പെടുത്തിവെക്കുന്നുണ്ട് എന്ന്. അതായത്, നിങ്ങളുടെ ആ കുതന്ത്രങ്ങൾക്കെല്ലാം അതിനെക്കാൾ വേഗതയിലും ശക്തിയിലും തന്ത്രപരമായ നടപടികൾ സ്വീകരിക്കുവാൻ അല്ലാഹുവിന് കഴിയും. പക്ഷെ, തൽക്കാലം അവൻ നടപടിയെന്നും എടുക്കാതെ വിടുകയാണ് ചെയ്യുന്നത്. എന്നുവെച്ച് നിങ്ങൾ രക്ഷപ്പെടുമെന്നു കരുതേണ്ട. പരലോകത്ത് വെച്ച് നിങ്ങളുടെമേൽ നടപടി എടുക്കുകതന്നെ ചെയ്യും. ഇത് ഓർമ്മയിലിരിക്കട്ടെ! എന്നു താൽപര്യം.

هُوَ الَّذِي يُسَيِّرُكُمْ فِي الْبَرِّ وَالْبَحْرِ ۲۲

22. അവനത്രെ, കരയിലും, കടലിലും, നിങ്ങളെ നടത്തുന്നവൻ.

حَتَّىٰ إِذَا كُنتُمْ فِي الْفُلْكِ وَجَرَيْنَ بِهِم بِرِيحٍ طَيِّبَةٍ وَفَرِحُوا بِهَا جَاءَتْهَا رِيحٌ عَاصِفٌ وَجَاءَهُمُ الْمَوْجُ مِن كُلِّ مَكَانٍ وَظَنُّوا أَنَّهُمْ أُحِيطَ بِهِمْ ۙ دَعَوُا اللَّهَ مُخْلِصِينَ لَهُ الدِّينَ

അങ്ങനെ, നിങ്ങൾ കപ്പലുകളിലായിരിക്കുമ്പോൾ, നല്ല (അനുകൂലമുള്ള)തായ ഒരു കാററു നിമിത്തം അവ അവരെ (യാത്രക്കാരെ)യും കൊണ്ട് സഞ്ചരിക്കുകയും, അവയിൽ സന്തോഷമടയുകയും (ചെയ്യുമ്പോൾ), (അതാ) അവർക്ക് ഒരു കൊടുങ്കാററ് വന്നെത്തി! നാനാഭാഗത്തു നിന്നും അവർക്ക് തിരമാല വന്നെത്തുകയും ചെയ്തു; തങ്ങൾ വലയം ചെയ്യപ്പെട്ടു (നാശത്തിലകപ്പെട്ടു)വെന്നു അവർ ധരിക്കുകയും ചെയ്തു (അപ്പോൾ) കീഴ്‌വണക്കം അല്ലാഹുവിനു നിഷ്കളങ്കമാക്കിയവരായിക്കൊണ്ട് അവർ അവനെ വിളി(ച്ചു പ്രാർത്ഥി)ക്കുകയായി:

لَئِنْ أَنجَيْتَنَا مِنْ هَٰذِهِ لَنَكُونَنَّ مِنَ الشَّاكِرِينَ

'ഇതിൽ നിന്നു ഞങ്ങളെ നീ രക്ഷപ്പെടുത്തിത്തരുന്നപക്ഷം, തീർച്ചയായും ഞങ്ങൾ നന്ദി കാണിക്കുന്നവരുടെ കൂട്ടത്തിലായിരിക്കുകതന്നെ ചെയ്യും.'

---

22. هُوَ അവനത്രെ الَّذِي يُسَيِّرُكُمْ നിങ്ങളെ നടത്തുന്നവൻ സഞ്ചരിപ്പിക്കുന്നവൻ فِي الْبَرِّ കരയിൽ وَالْبَحْرِ കടലിലും حَتَّىٰ അങ്ങനെ, (ഇതു)വരെ إِذَا كُنتُمْ നിങ്ങൾ ആയിരുന്നാൽ, ആയിരിക്കുമ്പോൾ فِي الْفُلْكِ കപ്പലുകളിൽ وَجَرَيْنَ അവ നടക്കുക (സഞ്ചരിക്കുക)യും بِهِم അവരെയും കൊണ്ടു, അവരുമായി بِرِيحٍ ഒരു കാററു കൊണ്ടു, കാററിനാൽ, കാററു നിമിത്തം طَيِّبَةٍ നല്ലതായ, വിശിഷ്ടമായ وَفَرِحُوا അവർ സന്തോഷം കൊള്ളുകയും بِهَا അതിൽ, അതിനെപ്പററി جَاءَتْهَا അവർക്കു വരുന്നു, വന്നെത്തി رِيحٌ ഒരു കാററു عَاصِفٌ കഠിനമായ, ഉഗ്രമായ, കടുത്ത وَجَاءَهُمُ അവർക്ക വരുകയും ചെയ്തു الْمَوْجُ തിര, തിരമാല, അല مِن كُلِّ مَكَانٍ എല്ലാ സ്ഥലത്തു നിന്നും (നാനാ ഭാഗത്തുനിന്നും) وَظَنُّوا അവർ ധരിക്കുക (കരുതുക)യും ചെയ്തു أَنَّهُمْ തങ്ങൾ (ആകുന്നു) എന്നു أُحِيطَ بِهِمْ തങ്ങൾ വലയം ചെയ്യപ്പെട്ടിരിക്കുന്നു (എന്നു) دَعَوُا അവർ വിളിച്ചു, പ്രാർത്ഥിക്കുകയായി اللَّهَ അല്ലാഹുവിനെ, അല്ലാഹുവിനോടു مُخْلِصِينَ തനിച്ചാക്കി (നിഷ്കളങ്കമാ(ക്കി)യവരായിട്ടു لَهُ അവനു الدِّينَ കീഴ്‌വണക്കം, നടപടി, അനുസരണം, മതം لَئِنْ أَنجَيْتَنَا ഞങ്ങളെ നീ രക്ഷപ്പെടുത്തുന്ന പക്ഷം مِنْ هَٰذِهِ ഇതിൽനിന്ന് لَنَكُونَنَّ തീർച്ചയായും ഞങ്ങൾ ആയിരിക്കുക തന്നെ ചെയ്യും مِنَ الشَّاكِرِينَ നന്ദി ചെയ്യുന്നവരിൽ (പെട്ടവർ)

٢٣. فَلَمَّآ أَنجَىٰهُمْ إِذَا هُمْ يَبْغُونَ فِى ٱلْأَرْضِ بِغَيْرِ ٱلْحَقِّ ۗ
يَٰٓأَيُّهَا ٱلنَّاسُ إِنَّمَا بَغْيُكُمْ عَلَىٰٓ أَنفُسِكُم ۖ مَّتَٰعَ ٱلْحَيَوٰةِ ٱلدُّنْيَا ۖ ثُمَّ إِلَيْنَا مَرْجِعُكُمْ فَنُنَبِّئُكُم بِمَا كُنتُمْ تَعْمَلُونَ ○

23. എന്നിട്ട്, അവരെ അവൻ രക്ഷപ്പെടുത്തിയപ്പോഴോ, അപ്പോഴതാ, അവർ ന്യായമില്ലാതെ ഭൂമിയിൽ അക്രമം തെററി (ചെയ്തു)കൊണ്ടിരിക്കുന്നു!

ഹേ, മനുഷ്യരേ, നിങ്ങളുടെ അക്രമം തെററൽ നിങ്ങളുടെ സ്വന്തങ്ങൾക്കെതിരെത്തന്നെയായിരിക്കും (ഭവിക്കുന്നതു). (അതെ) ഐഹിക ജീവിതത്തിന്റെ (താൽകാലിക) സുഖാനുഭവം! പിന്നീട്, നമ്മിലേക്കാണ് നിങ്ങളുടെ മടങ്ങിവരവ്; അപ്പോൾ, നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതിനെപ്പററി നാം നിങ്ങളെ ബോധപ്പെടുത്തുന്നതാണ്.

---

23. فَلَمَّا أَنجَاهُمْ എന്നിട്ടു (എന്നാൽ) അവരെ അവൻ രക്ഷപ്പെടുത്തിയപ്പോൾ إِذَا هُمْ അപ്പോൾ (അതാ) അവർ يَبْغُونَ അക്രമം തെററുന്നു, അക്രമം ചെയ്യുന്നു, അതിരു വിടുന്നു فِي الْأَرْضِ ഭൂമിയിൽ بِغَيْرِ الْحَقِّ ന്യായം (കാര്യം-അവകാശം) ഇല്ലാതെ يَا أَيُّهَا النَّاسُ ഹേ മനുഷ്യരേ إِنَّمَا بَغْيُكُمْ നിങ്ങളുടെ അക്രമം തെററൽ, അക്രമം, ധിക്കാരം (തന്നെ-മാത്രം) عَلَىٰ أَنفُسِكُم നിങ്ങളുടെ സ്വന്തങ്ങൾക്കെതിരെ, നിങ്ങളുടെ സ്വന്തം പേരിൽ (മാത്രം-തന്നെ) مَتَاعَ സുഖഭോഗം, ഉപകരണം, സുഖാനുഭവം الْحَيَاةِ ജീവിതത്തിന്റെ الدُّنْيَا ദുൻയാവിന്റെ, ഐഹിക ثُمَّ إِلَيْنَا പിന്നെ നമ്മിലേക്കാണു مَرْجِعُكُمْ നിങ്ങളുടെ മടക്കം, മടങ്ങി വരവു فَنُنَبِّئُكُم അപ്പോൾ നാം നിങ്ങളെ ബോധപ്പെടുത്തും, വിവരമറിയിക്കും بِمَا كُنتُمْ നിങ്ങൾ ആയിരുന്നതിനെപ്പററി تَعْمَلُونَ നിങ്ങൾ പ്രവർത്തിക്കും

മനുഷ്യന്റെ നന്ദികേടിനെക്കുറിച്ചും, അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ അവർ കുതന്ത്രം നടത്തുന്നതിനെക്കുറിച്ചും കഴിഞ്ഞ വചനത്തിൽ പ്രസ്താവിച്ചു. അതിനു നല്ലൊരു ഉദാഹരണം ഈ വചനങ്ങളിൽ അടങ്ങിയിരിക്കുന്നു. കേവലം സാങ്കൽപികമായ ഒരു ഉദാഹരണമല്ല മനുഷ്യരിൽ നടന്നുകൊണ്ടിരിക്കുന്നതും, ഒരു വ്യക്തിയുടെ വിശദീകരണത്തിന്റെയും സഹായംകൂടാതെത്തന്നെ മനസ്സിലാകുന്നതുമായ ഒരു ഉദാഹരണമത്രെ ഇത്. ബഹുദൈവ വിശ്വാസികളിൽ മാത്രമല്ല, ദൈവ നിഷേധികളിൽപോലും ലോക നിയന്താവായ അല്ലാഹുവിന് മാത്രമേ മനുഷ്യന് യഥാർത്ഥത്തിൽ സഹായം നൽകുവാൻ കഴിവുള്ളുവെന്ന ബോധം മറഞ്ഞിരിപ്പുണ്ടെന്നുകൂടി മനസ്സിലാക്കിവെക്കുന്ന ഒരു ഉദാഹരണം കൂടിയാണിത്. തനി ഭൗതികവാദികളായ ആളുകൾപോലും അല്ലാഹു ഈ ഉദാഹരണത്തിൽ പ്രസ്താവിച്ചതുപോലെയുള്ള വല്ല അത്യാപത്തിലും അകപ്പെട്ട് ഗതിമുട്ടുമ്പോൾ 'ദൈവമേ, ഈശ്വരാ, പടച്ചവനേ' എന്നും മററും വിളിച്ച് നിലവിളിക്കുന്നതും, മേൽപോട്ടു കൈനീട്ടി രക്ഷക്കായി പ്രാർത്ഥിക്കുന്നതും ദുർലഭമല്ല.

സഅ്ദുബ്നു അബീവഖ്ഖാസ്വ് (റ) പ്രസ്താവിച്ചതായി, അബൂദാവൂദ്, നസാഈ (റ) മുതലായവർ ഉദ്ധരിച്ച ഒരു സംഭവത്തിന്റെ ചുരുക്കം ഇങ്ങിനെയാണ്: മക്കാ വിജയം ഉണ്ടായപ്പോൾ, നബി (സ) യിൽ നിന്നു രക്ഷപ്പെടുവാൻവേണ്ടി ഇക്രിമത്തുബ്നു അബീജഹൽ (റ) സ്ഥലം വിട്ടോടിപ്പോയി. അദ്ദേഹം കപ്പൽകയറി യാത്രയായി. ഒരു കൊടുങ്കാററു ബാധിച്ചു. കപ്പലിലെ ഉദ്യോഗസ്ഥൻമാർ കപ്പലിലുള്ള യാത്രക്കാരോട് പറഞ്ഞു: 'നിങ്ങൾ നിഷ്കളങ്കരായി പ്രാർത്ഥന ചെയ്യുവിൻ. ഇപ്പോൾ നിങ്ങളുടെ ദൈവങ്ങളൊന്നും ഉപകരിക്കുന്നതല്ല.' അപ്പോൾ, ഇക്രിമ (റ) പറഞ്ഞു: 'നിഷ്കളങ്കതയല്ലാതെ (അല്ലാഹുവിനെ മാത്രം വിളിച്ചു പ്രാർത്ഥിക്കലല്ലാതെ) സമുദ്രത്തിൽ വെച്ച് എന്നെ രക്ഷപ്പെടുത്തുകയില്ലെങ്കിൽ, കരയിൽവെച്ചും അതല്ലാതെ എന്നെ രക്ഷപ്പെടുത്തുന്നതല്ല. അല്ലാഹുവേ! നിന്നോട് ഞാൻ കരാർ ചെയ്യുന്നു: എന്നെ നീ ഇതിൽനിന്നു രക്ഷപ്പെടുത്തിയാൽ ഞാൻ മുഹമ്മദിന്റെ അടുക്കൽചെന്ന് എന്റെ കൈ അദ്ദേഹത്തിന്റെ കൈയിൽ വെക്കുന്നതാകുന്നു. (ഞാൻ മുസ്ലിമായി പ്രതിജ്ഞ നൽകാം) അദ്ദേഹം മാപ്പു നൽകുന്നവനും, മാന്യനുമായിട്ടാണ് ഞാൻ കാണുന്നത്.' അനന്തരം അദ്ദേഹം മടങ്ങി വന്ന് മുസ്ലിമായി.

വിഗ്രഹാരാധകരായ ആ മുശ്രിക്കുകൾപോലും അത്യാപത്തു വരുമ്പോൾ, രക്ഷക്കുവേണ്ടി പ്രാർത്ഥിക്കുന്നത് അല്ലാഹുവിനോടായിരിക്കുമെന്നും, ആ സമയത്തു മററാരെയും വിളിച്ചു പ്രാർത്ഥിക്കുകയില്ലെന്നുമാണല്ലോ

അല്ലാഹു ഈ വചനങ്ങളിൽ പ്രസ്താവിച്ചത്. എന്നാൽ, മരണപ്പെട്ടവരോ ജീവിച്ചിരിക്കുന്നവരോ ആയ ചില മഹാത്മാക്കളെ വിളിച്ചു പ്രാർത്ഥിക്കുന്നതിനു—പ്രാർത്ഥന (دعاء) എന്നല്ലാത്ത വേറൊരു പേർ പറഞ്ഞുകൊണ്ട്—ഇസ്‌ലാമിന്റെ അംഗീകാരമുണ്ടെന്ന് കരുതിവരുന്ന ചില മുസ്‌ലിംകളുടെ സ്ഥിതി ഓർക്കുമ്പോൾ, ആ മുശ്‌രിക്കുകളെക്കാൾ വളരെ ശോചനീയമാണെന്ന് അത്യധികം വ്യസനത്തോടു കൂടി പറയേണ്ടിയിരിക്കുന്നു. കാരണം, സാധാരണഗതിയിൽ ഇവർ പ്രാർത്ഥനകൾ ചെയ്യാറുള്ളത് അല്ലാഹുവിനോടായിരിക്കുമെങ്കിലും, ആപത്തുകൾ നേരിടുമ്പോൾ, അല്ലാഹുവിനെ വിട്ടേച്ച് ആ മഹാത്മാക്കളെയായിരിക്കും ഇവർ വിളിച്ചുപ്രാർത്ഥിക്കുക. ഇതുസംബന്ധിച്ച് അല്ലാമഃ ആലൂസീ (റ) അദ്ദേഹത്തിന്റെ 'റൂഹുൽ മആനീ' എന്ന തഫ്‌സീറിൽ പ്രസ്താവിച്ച ഒരു പ്രസ്താവന ഇവിടെ സ്മർത്തവ്യമത്രെ. അതിന്റെ ചുരുക്കം ഇങ്ങിനെ ഉദ്ധരിക്കാം: '...എന്തായാലും, ആ സന്ദർഭത്തിൽ മുശ്‌രിക്കുകൾ അല്ലാഹുവിനെയല്ലാതെ വിളിച്ചുപ്രാർത്ഥിക്കുകയില്ലെന്നാണ് ഈ ആയത്തു കാട്ടിത്തരുന്നത്. നിനക്കറിയാം: ഇന്നു മനുഷ്യർ, അവർക്കു കരയിലോ കടലിലോ വെച്ച് വല്ല അപായവും നേരിട്ടാൽ, ഉപകാരവും ഉപദ്രവവും ചെയ്യാത്തവരും, കാണുകയും കേൾക്കുകയും ചെയ്യാത്തവരുമായ ആളുകളെയാണ് വിളിക്കുകയെന്ന്. ചിലർ ഖിള്ർ, ഇല്‌യാസ് (അ) എന്നിവരെയും, ചിലർ വേറെ ചിലരെയും. മറ്റുചിലർ ഏതെങ്കിലും ഇമാമിനെയോ അല്ലെങ്കിൽ ശൈഖിനെയോ ആയിരിക്കും വിളിക്കുക. അല്ലാഹുവിനോട് ഭക്തി അർപ്പിച്ചുകൊണ്ട് പ്രാർത്ഥിക്കുന്നവരും, ആ വിചാരം മനസ്സിൽ തോന്നുന്നവരും കുറവായിരിക്കും. അപ്പോൾ, ഈ രണ്ടു കൂട്ടരിൽ ആരാണ് കൂടുതൽ നേർമാർഗ്ഗികളെന്ന് ആലോചിച്ചുനോക്കുക! അല്ലാഹുവിൽ ശരണം!' ഇതേ സാരത്തിലുള്ള ഒരു പ്രസ്താവന അല്ലാമഃ ശൗകാനീ (റ) അദ്ദേഹത്തിന്റെ 'ഫത്ഹുൽ ഖദീറി'ലും പ്രസ്താവിച്ചുകാണാം. എന്നിട്ടദ്ദേഹം പറയുകയാണ്: 'ഈ പൈശാചിക വിശ്വാസം അവരെ എവിടെ എത്തിച്ചുവെന്നും, അവർ എവിടെ എത്തിയെന്നും, പിശാച് അവരെ എവിടെ എത്തിച്ചുവെന്നും ആലോചിച്ചുനോക്കുക!'

يا أيها الناس انما بغيكم على أنفسكم (ഹേ, മനുഷ്യരേ, നിങ്ങളുടെ ക്രമം തെറ്റൽ—അഥവാ ധിക്കാരം—നിങ്ങൾക്കെതിരിൽതന്നെയായിരിക്കും ഭവിക്കുക) എന്ന വാക്യത്തിലെ താക്കീതു വളരെ ശ്രദ്ധാപൂർവ്വം മനസ്സിരുത്തേണ്ടുന്ന ഒരു താക്കീതത്രെ. പാപങ്ങളിലും, അക്രമങ്ങളിലും അതിരുകവിയുന്ന ധിക്കാരികൾ പരലോകശിക്ഷക്കു പുറമെ ഇഹത്തിൽവെച്ചു തന്നെ അതിന്റെ തിരിച്ചടിയെ നേരിടേണ്ടിവരുമെന്നാണ് അതിലെ സൂചന. അധികാരവും, സ്വാധീനവും നിമിത്തം തോന്നിയവാസത്തിലും അക്രമത്തിലും അതിരുകവിഞ്ഞ ധിക്കാരികൾ ഈ ജീവിതത്തിൽ വെച്ചുതന്നെ അതിന്റെ തിരിച്ചടി അനുഭവിച്ചതിന്റെ എത്രയോ ഉദാഹരണങ്ങൾ ചരിത്രഗ്രന്ഥങ്ങളിൽ കാണാവുന്നതാകുന്നു. ഇമാം അഹ്മദു, ബുഖാരീ (റ) മുതലായവർ ഉദ്ധരിച്ച ഒരു ഹദീസിന്റെ സാരം സ്മരണീയമാണ്: 'പാപം ചെയ്തവനു പരലോകത്തുവെച്ച് നൽകുവാൻ കരുതിവെക്കപ്പെട്ട ശിക്ഷക്കുപുറമെ, ഇഹത്തിൽവെച്ചുതന്നെ ശിക്ഷ നൽകപ്പെടുവാൻ ധിക്കാരത്തെക്കാളും, കുടുംബബന്ധം മുറിക്കലിനെക്കാളും അവകാശപ്പെട്ടതായി മറ്റൊന്നില്ല.' അബൂശൈഖ്, ഖത്വീബ്, അബൂനുഐം, ദൈലമീ (റ) എന്നിവർ ഉദ്ധരിച്ച ഒരു ഹദീസിന്റെ സാരം ഇതാണ്: മൂന്നു കാര്യങ്ങൾ അവയുടെ ആൾക്കാരിൽ തന്നെ തിരിച്ചടിക്കുന്നതാണ്: അതായത്: കുതന്ത്രവും, (പ്രതിജ്ഞ) ലംഘനവും, ധിക്കാരവും (المكر والنكث والبغي) പിന്നീട് (ഈ മൂന്നിനും തെളിവായിക്കൊണ്ട്) നബി (സ) ഈ ഖുർആൻ വചനങ്ങൾ ഓതുകയും ചെയ്തു: يا أيها الناس.... (ഹേ, മനുഷ്യരേ, നിങ്ങളുടെ ധിക്കാരം നിങ്ങളുടെ സ്വന്തങ്ങൾക്കെതിരിൽ തന്നെയായിരിക്കും) ولا يحيق المكر السيء الا بأهله (മുഷിച്ച കുതന്ത്രം അതിന്റെ ആൾക്കാരിലല്ലാതെ വന്നു ഭവിക്കുകയില്ല. (35: 43), فمن نكث فانما ينكث على نفسه (ആരെങ്കിലും പ്രതിജ്ഞ ലംഘിച്ചാൽ, അവൻ തനിക്കെതിരായിത്തന്നെയാണ് ലംഘിക്കുന്നത്. (48: 10)

٢٤- إِنَّمَا مَثَلُ الْحَيَوٰةِ الدُّنْيَا كَمَآءٍ أَنزَلْنَٰهُ مِنَ السَّمَآءِ فَاخْتَلَطَ بِهِۦ نَبَاتُ الْأَرْضِ مِمَّا يَأْكُلُ النَّاسُ وَالْأَنْعَٰمُ

24. ഐഹിക ജീവിതത്തിന്റെ ഉദാഹരണം, ആകാശത്തു നിന്ന് നാം ഇറക്കിയ ഒരു വെള്ളം പോലെ മാത്രമാകുന്നു. എന്നിട്ട്, മനുഷ്യരും കാലികളും ഭക്ഷിക്കുന്ന തരത്തിലുള്ള ഭൂമിയിലെ ചെടി(കൾ) അതുമൂലം ഇടകലർന്നു,

---

24. إنما നിശ്ചയമായും തന്നെ (മാത്രം) مثل ഉദാഹരണം, ഉപമ الحياة ജീവിതത്തിന്റെ الدنيا ദുൻയാവിന്റെ (ഐഹിക) كماء ഒരു വെള്ളം (ജലം) പോലെയാണു أنزلناه നാം അതിനെ ഇറക്കി, ഇറക്കിയ من السماء ആകാശത്തു നിന്ന് فاختلط എന്നിട്ട് കലർന്നു به അതുമൂലം نبات ചെടി(കൾ) الأرض ഭൂമിയിലെ مما يأكل തിന്നുന്നതിൽപെട്ട (ഭക്ഷിക്കുന്ന തരത്തിലുള്ള) الناس മനുഷ്യർ والأنعام കാലികളും

حَتَّىٰٓ إِذَآ أَخَذَتِ ٱلْأَرْضُ زُخْرُفَهَا وَٱزَّيَّنَتْ وَظَنَّ أَهْلُهَآ أَنَّهُمْ قَٰدِرُونَ عَلَيْهَآ أَتَىٰهَآ أَمْرُنَا لَيْلًا أَوْ نَهَارًا فَجَعَلْنَٰهَا حَصِيدًا كَأَن لَّمْ تَغْنَ بِٱلْأَمْسِ ۚ كَذَٰلِكَ نُفَصِّلُ ٱلْءَايَٰتِ لِقَوْمٍ يَتَفَكَّرُونَ ○

അങ്ങനെ, ഭൂമി അതിന്റെ മോടി സ്വീകരിക്കുകയും, അത് അലംകൃതമാകുകയും ചെയ്തപ്പോൾ, തങ്ങൾ അതി(ന്റെ ഉപയോഗമെടുക്കുന്നതി)നു കഴിവുള്ളവരാണെന്ന് അതിലെ ആൾക്കാർ ധരിക്കുകയും ചെയ്ത(പ്പോൾ), രാത്രിയിലോ പകലിലോ അതിനു നമ്മുടെ കല്പന വന്നെത്തി.

അങ്ങനെ, നാം അതിനെ (അതിലെ വിളയെ) കൊയ്തെടുക്കപ്പെട്ടതു (പോലെ)–തലേദിവസം അത് ഉണ്ടായിരുന്നിട്ടില്ലാത്തതുപോലെ–ആക്കിത്തീർത്തു. അപ്രകാരം, ചിന്തിക്കുന്ന ജനങ്ങൾക്കുവേണ്ടി നാം 'ആയത്തു' [ദൃഷ്ടാന്തം]കൾ വിശദീകരിക്കുന്നു.

حتى വരെ(മാളം), അങ്ങിനെ إذا أخذت എടുത്തപ്പോൾ, സ്വീകരിച്ചപ്പോൾ الأرض ഭൂമി زخرفها അതിന്റെ മോടി وازينت അതു അലങ്കൃതമാകുക(ഭംഗിയാകുക)യും وظن കരുതുകയും ധരിക്കുകയും أهلها അതിന്റെ ആൾക്കാർ أنهم അവർ എന്ന് قادرون കഴിവുള്ളവരാണു (എന്നു) عليها അതിൻമേൽ, അതിന്ന أتاها അതിനു വന്നു (എത്തി) أمرنا നമ്മുടെ കല്പന ليلا രാത്രി أو نهارا അല്ലെങ്കിൽ പകൽ فجعلناها എന്നിട്ടു (അങ്ങിനെ) നാം അതിനെയാക്കി حصيدا കൊയ്തെടുക്കപ്പെട്ടതു كأن لم تغن അതു ധന്യമാകാത്ത (ഉണ്ടാവാത്ത)പോലെ بالأمس ഇന്നലെ, തലേന്ന كذلك അപ്രകാരം, അതുപോലെ نفصل നാം വിശദീകരിക്കുന്ന الآيات ആയത്തുകൾ, ലക്ഷ്യങ്ങളെ, ദൃഷ്ടാന്തങ്ങളെ لقوم ഒരു ജനതക്കു, ജനങ്ങൾക്ക يتفكرون ചിന്തിക്കുന്ന, ഉറ്റാലോചിക്കുന്ന

ആകാശത്തു നിന്ന് ഒരു മഴ പെയ്ത് ഭൂമിയിൽ നനവേറ്റ്, സസ്യലതാദികൾ തഴച്ചു വളരുകയും, ഭൂമിക്ക് ഭംഗിയും മോടിയും കൂടുകയും, ഫലമെടുക്കുമാറായെന്ന് ഉടമസ്ഥന്മാർ കരുതിക്കൊണ്ടിരിക്കുകയും ചെയ്ത ഘട്ടത്തിൽ, മറ്റൊപ്പുറത്ത് പെട്ടെന്നു വല്ല അത്യാഹിതവും ബാധിച്ച് - അവിടെ മുമ്പ് ഒന്നും ഉണ്ടായിരുന്നില്ലെന്ന തോന്നുമാറ് – അതിലെ വിള മുഴുവൻ നശിച്ചുപോയി. ഇതുപോലെയാണ് ഐഹികജീവിതത്തിന്റെ സ്ഥിതി. സുഖസൗകര്യങ്ങളും അലങ്കാരഭൂഷണങ്ങളും കൺമുമ്പിൽ കാണുമ്പോൾ അത് വളരെ ആകർഷകവും കമനീയവുമായി തോന്നും. സമ്പൂർണ്ണമാണ്, ശാശ്വതമാണ് എന്നൊക്കെ ആൾക്കാർ കരുതിക്കൊണ്ടിരിക്കെ, പെട്ടെന്നായിരിക്കും അതെല്ലാം അപ്പാടെ നഷ്ടപ്പെട്ടുപോകുകയായി. ഒന്നുകിൽ വിഭവങ്ങളും സമ്പത്തും നശിക്കുന്നു, അല്ലെങ്കിൽ ഉടമസ്ഥൻ നശിക്കുന്നു. രണ്ടായാലും ഫലം ഒന്നാണല്ലോ. ഐഹികമായ സുഖസൗകര്യങ്ങൾ എത്ര കമനീയമായിരുന്നാലും അതിന് നിലനില്പില്ല. താൽക്കാലികവും നശ്വരവുമാണത്. ആകയാൽ അതിന് അമിതമായ വില കല്പിക്കുകയോ, അതിനുവേണ്ടി അനശ്വരവും അത്യുത്തമവുമായ പരലോകജീവിതം നഷ്ടപ്പെടുത്തുകയോ ചെയ്യരുത് എന്ന സാരം. ഐഹികജീവിതത്തിന്റെ സ്ഥിതി ഇതാണെങ്കിൽ, പ്രാധാന്യം കല്പിക്കേണ്ടുന്ന ജീവിതം ഏതാണെന്നു അല്ലാഹു ചൂണ്ടിക്കാട്ടുന്നു:—

٢٥- وَٱللَّهُ يَدْعُوٓا۟ إِلَىٰ دَارِ ٱلسَّلَٰمِ وَيَهْدِى مَن يَشَآءُ إِلَىٰ صِرَٰطٍ مُّسْتَقِيمٍ

25. അല്ലാഹുവാകട്ടെ, ശാന്തിയുടെ ഭവനത്തിലേക്ക് ക്ഷണിക്കുന്നു. അവൻ ഉദ്ദേശിക്കുന്നവരെ അവൻ ചൊവ്വായ പാതയിലേക്ക് വഴി ചേർക്കുകയും ചെയ്യുന്നു.

---

25. والله അല്ലാഹു, അല്ലാഹുവാകട്ടെ يدعو അവൻ ക്ഷണിക്കുന്നു, വിളിക്കുന്ന إلى دار ഭവനത്തിലേക്കു, വീട്ടിലേക്കു السلام ശാന്തിയുടെ, സമാധാനത്തിന്റെ ويهدي അവൻ വഴിചേർക്കുന്നു(കാട്ടുന്നു), സന്മാർഗ്ഗം നൽകുന്നു من يشاء അവൻ ഉദ്ദേശിക്കുന്നവരെ, ഉദ്ദേശിക്കുന്നവർക്ക إلى صراط പാതയിലേക്ക, വഴിയിലേക്കു مستقيم ചൊവ്വായ, നേരെയുള്ള

നാശം ബാധിക്കാത്ത, ആപത്തും കാലദോഷവും ബാധിക്കാത്ത, അവർണ്ണനീയമായ സുഖസൗകര്യങ്ങളോടുകൂടി കാലാകാലം നിലനിൽക്കുന്ന ഭവനത്തിലേക്കാണ്‌–അതെ, സമാധാനവും ശാന്തിയുമേകുന്ന സ്വർഗ്ഗലോക ജീവിതത്തിലേക്കാണ്‌–അല്ലാഹു മനുഷ്യരെ ക്ഷണിക്കുന്നത്‌. അതാണ്‌ ഏതു നിലക്കും ഈ ജീവിതത്തെക്കാൾ ഉത്തമവും ശാശ്വതമായതും. അതു നേടാനായിരിക്കണം മത്സരം. (وَفِي ذَٰلِكَ فَلْيَتَنَافَسِ الْمُتَنَافِسُونَ)

അല്ലാഹു ഉദ്ദേശിക്കുന്നവരെ അവൻ നേരായ പാതയിലേക്ക്‌ നയിക്കുന്നുവെന്നു പറഞ്ഞതിന്റെ അർത്ഥം, ഒരു വ്യവസ്ഥയും അടിസ്ഥാനവുമില്ലാതെ കുറെ ആളുകളെ പിഴപ്പിക്കുകയും, കുറെ ആളുകളെ നല്ലവരും ആക്കി വിടുകയെന്നല്ലെന്നും, അവൻ നിശ്ചയിച്ചുവെച്ചിട്ടുള്ള സമ്പ്രദായപ്രകാരം സൽപാതയിൽ ചരിക്കുവാൻ തയ്യാറുള്ളവരെ സന്മാർഗ്ഗികളും നല്ലവരും, തയ്യാറില്ലാത്തവരെ പിഴച്ചവരും ദുർമ്മാർഗ്ഗികളും ആക്കുകയാണവൻ ചെയ്യുകയെന്നും ഒന്നിലധികം സ്ഥലങ്ങളിൽ നാം മുമ്പ്‌ ചൂണ്ടിക്കാട്ടിയിട്ടുണ്ട്‌.

٢٦- لِلَّذِينَ أَحْسَنُوا الْحُسْنَىٰ وَزِيَادَةٌ ۖ وَلَا يَرْهَقُ وُجُوهَهُمْ قَتَرٌ وَلَا ذِلَّةٌ ۚ أُولَٰئِكَ أَصْحَابُ الْجَنَّةِ ۖ هُمْ فِيهَا خَالِدُونَ

26. നന്മ ചെയ്തവർക്ക്‌ ഏറ്റവും നല്ലതും [നല്ല പ്രതിഫലവും] കൂടുതലും ഉണ്ടായിരിക്കും. ഇരുളാകട്ടെ, നിന്ദ്യതയാകട്ടെ, അവരുടെ മുഖങ്ങളെ മൂടുകയുമില്ല. [അവർക്ക്‌ മ്ലാനതയും അപമാനവും ബാധിക്കുകയില്ല]

അവർ സ്വർഗ്ഗത്തിന്റെ ആൾക്കാരാകുന്നു. അവർ അതിൽ നിത്യവാസികളായിരിക്കും.

٢٧- وَالَّذِينَ كَسَبُوا السَّيِّئَاتِ جَزَاءُ سَيِّئَةٍ بِمِثْلِهَا وَتَرْهَقُهُمْ ذِلَّةٌ ۖ مَا لَهُمْ مِنَ اللَّهِ مِنْ عَاصِمٍ ۖ كَأَنَّمَا أُغْشِيَتْ وُجُوهُهُمْ قِطَعًا مِنَ اللَّيْلِ مُظْلِمًا ۚ أُولَٰئِكَ أَصْحَابُ النَّارِ ۖ هُمْ فِيهَا خَالِدُونَ

27. തിന്മകൾ സമ്പാദിച്ചുവെച്ചവരാകട്ടെ, തിന്മയുടെ പ്രതിഫലം അതിനു തുല്യമായതുകൊണ്ടായിരിക്കും. നിന്ദ്യത അവരെ മൂടുകയും ചെയ്യും.

അല്ലാഹുവിൽനിന്ന്‌ അവരെ രക്ഷിക്കുന്ന ഒരാളുമില്ല. ഇരുളടഞ്ഞു കൊണ്ടുള്ള രാത്രിയിൽ നിന്നും (കുറേ) കഷ്ണങ്ങൾ കൊണ്ട് അവരുടെ മുഖങ്ങൾ മൂടിയിടപ്പെട്ടതുപോലെയായിരിക്കും. അക്കൂട്ടർ നരകത്തിന്റെ ആൾക്കാരാകുന്നു. അവർ അതിൽ നിത്യവാസികളായിരിക്കും.

---

26. لِلَّذِينَ أَحْسَنُوا നൻമ പ്രവർത്തിച്ചവർക്ക്‌ الْحُسْنَىٰ ഏറ്റവും നല്ലതു وَزِيَادَةٌ വർദ്ധനവും, കൂടുതലും وَلَا يَرْهَقُ മൂടുകയുമില്ല, ചേരുകയുമില്ല وُجُوهَهُمْ അവരുടെ മുഖങ്ങളെ قَتَرٌ ഇരുളും (കറുപ്പു) പൊടിപടലം وَلَا ذِلَّةٌ നിന്ദ്യതയുമില്ല. أُولَٰئِكَ അക്കൂട്ടർ أَصْحَابُ ആൾക്കാരാണ്, ഉടയവരാണ് الْجَنَّةِ സ്വർഗ്ഗത്തിന്റെ هُمْ അവർ فِيهَا അതിൽ خَالِدُونَ ശാശ്വതൻമാരാണ്, സ്ഥിരവാസികളാണ് 27. وَالَّذِينَ كَسَبُوا സമ്പാദിച്ചവർ, ചെയ്തുവെച്ചവർ السَّيِّئَاتِ തിൻമകളെ جَزَاءُ പ്രതിഫലം, കൂലി سَيِّئَةٍ തിൻമയുടെ بِمِثْلِهَا അതുപോലെയുള്ളതിനെ, അതിനു തുല്യമാണ് وَتَرْهَقُهُمْ അവരെ മൂടും, ചേരും ذِلَّةٌ നിന്ദ്യത, എളിമ مَا لَهُمْ അവർക്കില്ല مِنَ اللَّهِ അല്ലാഹുവിങ്കൽ നിന്ന്‌ مِنْ عَاصِمٍ ഒരു രക്ഷകനും, രക്ഷപ്പെടുത്തുന്ന ഒരാളും كَأَنَّمَا أُغْشِيَتْ മൂടിയിടപ്പെട്ടപോലെ وُجُوهُهُمْ അവരുടെ മുഖങ്ങൾ قِطَعًا കഷ്ണങ്ങൾ, തുണ്ടങ്ങൾ مِنَ اللَّيْلِ രാത്രിയിൽനിന്നുള്ള, രാത്രിയുടെ مُظْلِمًا ഇരുളടഞ്ഞ നിലയിൽ أُولَٰئِكَ അക്കൂട്ടർ أَصْحَابُ النَّارِ നരകക്കാരാകുന്ന هُمْ അവർ فِيهَا അതിൽ خَالِدُونَ സ്ഥിരവാസികളാകുന്ന, ശാശ്വതരാണ്

دَارُ السَّلَامِ (സമാധാനത്തിന്റെ ഭവനം) ആകുന്ന സ്വർഗ്ഗത്തിലേക്കാണ്‌ അല്ലാഹു ജനങ്ങളെ ക്ഷണിക്കുന്നത്. ആ ഭവനം ആർക്കാണ്‌ ലഭിക്കുകയെന്നും, അവിടെ അവരുടെ സ്ഥിതിയെന്തെന്ന്‌ കഴിഞ്ഞ വചനത്തിൽ പറഞ്ഞു.

ആയിരിക്കുമെന്നും ആദ്യത്തെ വചനത്തിൽ വിവരിക്കുന്നു. തുടർന്നുകൊണ്ട് അല്ലാഹു സദാ താക്കീത് ചെയ്തുകൊണ്ടിരിക്കുന്ന നിന്ദ്യതയുടെ ഭവനമാകുന്ന നരകം ആർക്കാണ് ലഭിക്കുകയെന്നും, അവരുടെ സ്ഥിതി എന്തായിരിക്കുമെന്നും രണ്ടാമത്തെ വചനത്തിലും വിവരിക്കുന്നു. ഓരോ നൻമക്കും ചുരുങ്ങിയത് അതിന്റെ പത്തിരട്ടിയും, എഴുനൂറിരട്ടിവരെയും പ്രതിഫലം നൽകപ്പെടുമെന്നും, അല്ലാഹു ഉദ്ദേശിക്കുന്നവർക്ക് അതിലും കൂടുതൽ ഇരട്ടിയും ലഭിക്കുമെന്നും അല്ലാഹു വാഗ്ദാനം ചെയ്തിട്ടുള്ളതാണ്. (2:261) അതാണ് الحُسْنَى (ഏറ്റവും നല്ല പ്രതിഫലം) എന്ന വാക്ക് സൂചിപ്പിക്കുന്നത്. ഇരട്ടിക്കണക്കിലും കവിഞ്ഞതും, അതിനെക്കാൾ ഉപരിയായതുമായ വേറെയും മഹത്തായ അനുഗ്രഹങ്ങൾ ലഭിക്കുവാനിരിക്കുന്നുവെന്നത്രെ زِيَادَةٌ (കൂടുതലും ഉണ്ട്) എന്ന വാക്ക് കാണിക്കുന്നത്.

ഈ 'കൂടുതൽ' എന്താണെന്നു അല്ലാഹു ഇവിടെ വ്യക്തമാക്കിയിട്ടില്ല. അല്ലാഹുവിന്റെ തിരുമുഖം കണ്ട് ആനന്ദിക്കുവാൻ ഭാഗ്യം ലഭിക്കലാണ് ഉദ്ദേശ്യമെന്നും, അതിൽ കവിഞ്ഞൊരു മഹാഭാഗ്യം വേറെയില്ലെന്നും പല ഹദീസുകളിൽ നിന്നും രിവായത്തുകളിൽനിന്നും വ്യക്തമാകുന്നു. അബൂബക്ർ, ഹുദൈഫത്തുബ്നുൽയമാൻ, ഇബ്നുഅബ്ബാസ്, സഈദുബ്നുൽ മുസയ്യബ്, അബ്ദുർറഹ്മാനുബ്നു അബീലൈലാ, മുജാഹിദ്, ഇക്‌രിമഃ, ഉമറ്–മാലിക്, ഹസൻ, ഖത്താദഃ, സുദ്ദി(റ) തുടങ്ങിയ സഹാബികളും, താബിഉകളുമായ പല മഹാൻമാരിൽ നിന്നും ഇത് രിവായത്തു ചെയ്യപ്പെട്ടിരിക്കുന്നു. ഈ വിഷയത്തിൽ നബി (സ)യിൽനിന്നു വന്ന ഹദീസുകളിൽ ഒന്നു ഇപ്രകാരമാകുന്നു: لِلَّذِينَ أَحْسَنُوا الْحُسْنَى وَزِيَادَةٌ (നൻമ ചെയ്തവർക്ക് ഏറ്റവും നല്ല പ്രതിഫലവും കൂടുതലും ഉണ്ടായിരിക്കും) എന്ന് ഓതിക്കൊണ്ട് തിരുമേനി പറഞ്ഞു: 'സ്വർഗ്ഗക്കാർ സ്വർഗ്ഗത്തിലും, നരകക്കാർ നരകത്തിലും പ്രവേശിച്ചാൽ ഒരാൾ വിളിച്ചു പറയും: സ്വർഗ്ഗക്കാരേ, അല്ലാഹു നിങ്ങൾക്ക് നൽകിയ ഒരു വാഗ്ദാനമുണ്ട്: അതവൻ നിറവേറ്റുവാൻ ഉദ്ദേശിക്കുന്നു. അപ്പോൾ അവർ പറയും: എന്താണത്? അവൻ ഞങ്ങളുടെ (സൽക്കർമങ്ങളുടെ) തുലാസുകളെ ഘനപ്പെടുത്തിത്തന്നില്ലേ? ഞങ്ങളുടെ മുഖങ്ങളെ അവൻ വെളുപ്പിച്ചു (സന്തോഷിപ്പിച്ചു) തരുകയും ചെയ്തില്ലേ?! ഞങ്ങളെ അവൻ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുകയും, നരകത്തിൽനിന്ന് കാത്തുരക്ഷിക്കുകയും ചെയ്തിട്ടില്ലേ! (ഇനി, വേറെ വാഗ്ദാനങ്ങളൊന്നും ഇല്ലല്ലോ) അപ്പോൾ അവർക്ക് മറ നീക്കപ്പെടും. അവർ അല്ലാഹുവിനെ നോക്കിക്കാണും. അപ്പോൾ, അവനെ നോക്കിക്കാണുന്നതിനെക്കാൾ ഇഷ്ടപ്പെട്ടതോ, കണ്ണുകൾക്ക് ആനന്ദം നൽകുന്നതോ ആയി മറ്റൊന്നും തന്നെ അവർക്ക് ഉണ്ടായിരിക്കയില്ല'. (അഹ്മദു, മുസ്‌ലിം മുതലായ പലരും) (*)

എന്നാൽ, തിൻമയുടെ പ്രതിഫലമാകട്ടെ, അതിൽ വർദ്ധനവിന്റെ പ്രശ്നമേ ഇല്ല. ഒരു തിൻമക്ക് അതിനു തക്ക പ്രതിഫലം മാത്രം. ഈ സംഗതി ഇവിടെ മാത്രമല്ല, ഖുർആനിൽ പലേടത്തും അല്ലാഹു വ്യക്തമാക്കിയിട്ടുള്ളതാകുന്നു. അതുപോലെത്തന്നെ, സത്യവിശ്വാസികളുടെയും സൽക്കർമികളുടെയും മുഖങ്ങൾ അന്ന് വെളുത്തതും പ്രസന്നവും സന്തോഷമയവുമായിരിക്കുമെന്നും, അവിശ്വാസികളുടെയും കുറ്റവാളികളുടെയും മുഖങ്ങൾ അന്ന് ഇരുണ്ടതും മ്ലാനവും ചുളിഞ്ഞതുമായിരിക്കുമെന്നും പല സ്ഥലത്തും കാണാവുന്നതാകുന്നു. അല്ലാഹു തുടരുന്നു:-

٢٨- وَيَوْمَ نَحْشُرُهُمْ جَمِيعًا ثُمَّ نَقُولُ لِلَّذِينَ أَشْرَكُوا مَكَانَكُمْ أَنتُمْ وَشُرَكَاؤُكُمْ فَزَيَّلْنَا بَيْنَهُمْ وَقَالَ شُرَكَاؤُهُم مَّا كُنتُمْ إِيَّانَا تَعْبُدُونَ ○

28. അവരെ മുഴുവനും നാം ഒരുമിച്ചു കൂട്ടുകയും, പിന്നീട്, (അല്ലാഹുവിനോടു) പങ്കു ചേർത്തിയിട്ടുള്ളവരോടു നാം (ഇങ്ങിനെ) പറയുകയും ചെയ്യുന്ന ദിവസം!. 'നിങ്ങളും, (നിങ്ങളുണ്ടാക്കിയ) നിങ്ങളുടെ പങ്കാളികളും നിങ്ങളുടെ സ്ഥാനത്തു നിൽക്കുക. [സ്ഥലം വിടരുതു]'

എന്നിട്ട് അവർക്കിടയിൽ നാം വേർപ്പെടുത്തും. അവരുടെ പങ്കാളികൾ (അവരോടു) പറയുകയും ചെയ്യും: 'നിങ്ങൾ ഞങ്ങളെയായിരുന്നില്ല ആരാധിച്ചിരുന്നത്.

---

28. وَيَوْمَ ദിവസം نَحْشُرُهُمْ നാമവരെ ഒരുമിച്ചു കൂട്ടുന്ന جَمِيعًا മുഴുവൻ, എല്ലാവരെയും ثُمَّ نَقُولُ പിന്നെ നാം പറയും لِلَّذِينَ أَشْرَكُوا ശിർക്കു (പങ്കു ചേർക്കൽ) ചെയ്തവരോട് مَكَانَكُمْ നിങ്ങളുടെ സ്ഥാനം), സ്ഥലം (വിടാതിരിക്കുക) أَنتُمْ നിങ്ങൾ وَشُرَكَاؤُكُمْ നിങ്ങളുടെ പങ്കാളികളും فَزَيَّلْنَا എന്നിട്ടു (അങ്ങനെ) നാം നീക്കം വരുത്തും, വേർപെടുത്തും بَيْنَهُمْ അവർക്കിടയിൽ وَقَالَ പറയുകയും ചെയ്യും شُرَكَاؤُهُم അവരുടെ പങ്കാളികൾ مَا كُنتُمْ നിങ്ങളായിരുന്നില്ല إِيَّانَا ഞങ്ങളെ تَعْبُدُونَ നിങ്ങൾ ആരാധിച്ചുവരിക

(*) ഈ തിരുദർശനത്തെപ്പറ്റി സൂ: ഖിയാമഃ 22–25ന്റെ വ്യാഖ്യാനത്തിൽ കൂടുതൽ വിവരം കാണാവുന്നതാണ്.

٢٩- فَكَفَىٰ بِاللَّهِ شَهِيدًا بَيْنَنَا وَبَيْنَكُمْ إِن كُنَّا عَنْ عِبَادَتِكُمْ لَغَافِلِينَ ○

29. 'എന്നി, ഞങ്ങൾക്കും, നിങ്ങൾക്കുമിടയിൽ സാക്ഷിയായി അല്ലാഹു തന്നെ മതി. നിശ്ചയമായും, നിങ്ങളുടെ ആരാധനയെക്കുറിച്ച് ഞങ്ങൾ (അറിയാത്ത) അശ്രദ്ധർ തന്നെയായിരുന്നു'.

٣٠- هُنَالِكَ تَبْلُوا كُلُّ نَفْسٍ مَّا أَسْلَفَتْ وَرُدُّوا إِلَى اللَّهِ مَوْلَاهُمُ الْحَقِّ وَضَلَّ عَنْهُم مَّا كَانُوا يَفْتَرُونَ ○

30. അവിടെവെച്ച് എല്ലാ (ഓരോ) വ്യക്തിയും അതു മുൻ ചെയ്തുവെച്ചതുപോലെ [അതിന്റെ കർമ്മഫലം] പരീക്ഷിച്ചറിയും. അവരുടെ യഥാർത്ഥ യജമാനനായ അല്ലാഹുവിലേക്കു അവർ തിരിക്കപ്പെടുകയും ചെയ്യും. അവർ കെട്ടിച്ചമച്ചിരുന്നതു (എല്ലാം) അവരെ വിട്ട് മറഞ്ഞു പോകുകയും ചെയ്യും.

---

29. كفى എന്നി മതി بالله അല്ലാഹു തന്നെ شهيدا സാക്ഷിയായിട്ടു بيننا ഞങ്ങളുടെ ഇടക്കു وبينكم നിങ്ങളുടെ ഇടക്കും ان كنا നിശ്ചയമായും ഞങ്ങളായിരുന്നു عن عبادتكم നിങ്ങളുടെ ആരാധനയെപ്പറ്റി لغافلين അശ്രദ്ധർ (അറിയാത്തവർ) തന്നെ 30. هنالك അവിടെ വെച്ചു تبلوا പരീക്ഷണം ചെയ്യും, പരീക്ഷിച്ചറിയും, പരിചയിച്ചറിയും كل نفس എല്ലാ ദേഹവും, വ്യക്തിയും, ആളും ما أسلفت അതു മുൻ ചെയ്തു വെച്ചതു وردوا അവർ ആക്ക(മടക്ക-തിരിക്ക-തള്ള)പ്പെടുകയും ചെയ്യും الى الله അല്ലാഹുവിങ്കലേക്കു مولاهم അവരുടെ യജമാനനായ الحق യഥാർത്ഥ وضل പിഴച്ചു (മറഞ്ഞു) പോകയും ചെയ്യും عنهم അവരിൽ നിന്നു, അവരെ വിട്ടു ما كانوا അവർ ആയിരുന്നതു يفترون അവർ കെട്ടിച്ചമക്കും

ഈ വചനങ്ങളിൽ പ്രസ്താവിച്ചതിന്റെ താൽപര്യം ഇങ്ങിനെ മനസ്സിലാക്കാം: എല്ലാവരും മഹ്ശറിലേക്ക് ഒരുമിച്ച് കൂട്ടപ്പെടുമ്പോൾ മുശ്രിക്കുകളെയും, അവരുടെ ആരാധ്യ വസ്തുക്കളെയും മറ്റുള്ളവരിൽനിന്ന് അല്ലാഹു വേർതിരിച്ചു നിറുത്തും. ആരാധ്യവസ്തുക്കളാകട്ടെ, തങ്ങളെ അവർ ആരാധിച്ചുവന്നിരുന്നതിനെപ്പോലും നിഷേധിക്കുകയാണ് ചെയ്യുക. നിങ്ങൾ ഞങ്ങളെ ആരാധിച്ചിരുന്നില്ല–അഥവാ, ഞങ്ങൾ അതിനു കല്പിക്കുകയോ, തൃപ്തിപ്പെടുകയോ, അതറിയുകയോ ചെയ്തിട്ടില്ല–ഇതിനു അല്ലാഹു സാക്ഷിയാണ്. നിങ്ങളുടെ തന്നിഷ്ടം അനുസരിച്ചോ, പിശാചിന്റെ പ്രേരണ അനുസരിച്ചോ നിങ്ങൾ ചെയ്തതിന് ഞങ്ങൾ ഉത്തരവാദികളല്ല. ഇപ്രകാരം പറഞ്ഞ് ആ മുശ്രിക്കുകളിൽ നിന്നു അവർ ഒഴിഞ്ഞുമാറും. അപ്പോൾ ഓരോരുത്തരും മുമ്പ് ചെയ്തിരുന്ന ആ തോന്നിയവാസത്തിന്റെ ഫലം അവിടെവെച്ച് അവർക്ക് അനുഭവത്തിൽ വരും. തങ്ങളുടെ ആരാധ്യൻമാരെക്കൊണ്ടു യാതൊരു ഉപകാരവും അവർക്ക് ലഭിക്കുകയില്ലെന്നു മാത്രമല്ല, സാക്ഷാൽ യജമാനനായ അല്ലാഹുവിന്റെ വിധിനടപടികൾക്ക് അവർ വിധേയരാകുകയും ചെയ്യും. അങ്ങനെ, ആ വസ്തുക്കളിൽ നിന്നും അവർ പ്രതീക്ഷിച്ചിരുന്നതെല്ലാം അവർക്ക് പാഴായിത്തീരും. ഖിയാമത്തുനാളിൽ അവിശ്വാസികളെ വേർതിരിച്ചു നിറുത്തുമെന്ന് വേറെ വചനങ്ങളിലും അല്ലാഹു വ്യക്തമാക്കിയിട്ടുണ്ട്. (30: 14; 36: 59; 37: 24 മുതലായവ നോക്കുക.)

അല്ലാഹുവിന്റെ അധികാരാവകാശങ്ങളിലോ, ഗുണവിശേഷണങ്ങളിലോ ഉൾപ്പെട്ട വല്ലതും വകവെച്ചുകൊടുത്തുകൊണ്ടാണല്ലോ അല്ലാഹു അല്ലാത്ത വസ്തുക്കളെ അവയുടെ ആരാധകൻമാർ ആരാധിച്ചുവരുന്നത്. അതുകൊണ്ടാണ് ആരാധ്യവസ്തുക്കളെ ഉദ്ദേശിച്ച് 'അല്ലാഹുവിന്റെ പങ്കാളികൾ' (شركاء) എന്നു പറയുന്നത്. ആരാധ്യവസ്തുക്കളായി ഗണിക്കപ്പെട്ടിട്ടുള്ള എല്ലാറ്റിനും ഈ അർത്ഥത്തിൽ 'പങ്കാളികൾ' എന്നു പറയപ്പെടും. ആരാധ്യവസ്തുക്കളായി കരുതപ്പെടുന്ന വിഗ്രഹങ്ങളടക്കമുള്ള നിർജ്ജീവ വസ്തുക്കളും, മലക്കുകൾ, പ്രവാചകൻമാർ, മഹാത്മാക്കൾ, ജിന്നുകൾ, പിശാചുക്കൾ മുതലായവരുമെല്ലാം ഇതിൽ ഉൾപ്പെടുന്നു. പക്ഷേ, ജീവിച്ചിരിപ്പുള്ളപ്പോൾ തങ്ങളെ ആരാധിക്കുവാൻ പ്രേരിപ്പിക്കുകയോ, അതിനെ അനുകൂലിക്കുകയോ ചെയ്ത പങ്കാളികൾ മാത്രമേ അല്ലാഹുവിങ്കൽ ശിക്ഷാർഹരായിരിക്കുകയുള്ളുവെന്ന് പറയേണ്ടതില്ല. എല്ലാതരം പങ്കുകാരും തന്നെ, ഖിയാമത്തുനാളിൽ അവരുടെ ആരാധകരിൽ നിന്നു ഒഴിഞ്ഞുമാറുന്നതാണെന്ന് അല്ലാഹു പല വചനങ്ങളിലായി വ്യക്തമാക്കിയിട്ടുള്ളതാണ്.

[illegible] പറഞ്ഞുകൊണ്ടിരുന്ന പരിശുദ്ധ [illegible] ഇതിൽ നിന്നു് ഒഴിവല്ല. [illegible] ബാധ്യസ്ഥരായിത്തീരുകയുമില്ല. എന്നാൽ, തിൻമ [illegible] അവരുടെ കുററത്തിൽനിന്നു ഒഴിവാകുന്ന പ്രശ്നമേ ഇല്ല.

വിഭാഗം - 4

31. (നബിയേ,) പറയുക: 'ആകാശത്തുനിന്നും, ഭൂമിയിൽനിന്നും നിങ്ങൾക്കു ഉപജീവനം നൽകുന്നതു ആരാണു? അതല്ലെങ്കിൽ, കേൾവിയും, കാഴ്ചകളും അധീനമാക്കുന്നതു ആരാണു? നിർജ്ജീവ വസ്തുവിൽനിന്നു ജീവ വസ്തുവെ പുറപ്പെടുവിക്കുകയും, ജീവ വസ്തുവിൽനിന്നു നിർജ്ജീവ വസ്തുവെ പുറപ്പെടുവിക്കുകയും ചെയ്യുന്നതു ആരാണ്? കാര്യം (പരിപാടിയിട്ടു) നിയന്ത്രിക്കുന്നതും ആരാണ്?'

എന്നാൽ, അവർ (മറുപടി) പറയും: 'അല്ലാഹു' എന്നു. അപ്പോൾ, പറയുക: 'എന്നിട്ടു് നിങ്ങൾ സൂക്ഷിക്കുന്നില്ലേ?!'

32. എന്നാൽ, (ആ പറഞ്ഞ) അവനാണ് നിങ്ങളുടെ യഥാർത്ഥ റബ്ബായ അല്ലാഹു. എന്നിരിക്കെ, യഥാർത്ഥത്തിനു പുറമെ, വഴിപിഴവല്ലാതെ എന്താണുള്ളതു?! അപ്പോൾ എങ്ങിനെയാണു നിങ്ങൾ (യഥാർത്ഥം വിട്ടു) തിരിക്കപ്പെടുന്നതു?!

33. അപ്രകാരം, (ആ) തോന്നിയവാസം പ്രവർത്തിച്ചവരുടെ മേൽ നിന്റെ റബ്ബിന്റെ വാക്യം യഥാർത്ഥ്യമായിരിക്കുന്നു; അവർ വിശ്വസിക്കുന്നില്ലെന്നു.

٣١- قُلْ مَنْ يَرْزُقُكُمْ مِنَ السَّمَاءِ وَالْأَرْضِ أَمَّنْ يَمْلِكُ السَّمْعَ وَالْأَبْصَارَ وَمَنْ يُخْرِجُ الْحَيَّ مِنَ الْمَيِّتِ وَيُخْرِجُ الْمَيِّتَ مِنَ الْحَيِّ وَمَنْ يُدَبِّرُ الْأَمْرَ ۚ

فَسَيَقُولُونَ اللَّهُ ۚ فَقُلْ أَفَلَا تَتَّقُونَ ○

٣٢- فَذَٰلِكُمُ اللَّهُ رَبُّكُمُ الْحَقُّ ۖ فَمَاذَا بَعْدَ الْحَقِّ إِلَّا الضَّلَالُ ۖ فَأَنَّىٰ تُصْرَفُونَ ○

٣٣- كَذَٰلِكَ حَقَّتْ كَلِمَتُ رَبِّكَ عَلَى الَّذِينَ فَسَقُوا أَنَّهُمْ لَا يُؤْمِنُونَ ○

---

31. قل പറയുക يرزقكم നിങ്ങൾക്കു ആഹാരം (ഉപജീവനം) നൽകുന്നതു ആർ من السماء ആകാശത്തുനിന്നു والأرض ഭൂമിയിൽ നിന്നും أم അല്ലാത്തപക്ഷം, അതല്ലെങ്കിൽ من يملك അധീനമാക്കുന്നതു ആരാണു السمع കേൾവിയെ والأبصار കാഴ്ചകളെയും ومن يخرج പുറപ്പെടുവിക്കുന്നതും ആർ الحي ജീവനുള്ളതിനെ من الميت നിർജ്ജീവമായതിൽ നിന്നു ويخرج പുറപ്പെടുവിക്കുകയും الميت നിർജ്ജീവമായതിനെ من الحي ജീവനുള്ളതിൽ നിന്നു ومن يدبر നിയന്ത്രിക്കുന്നതും ആർ الأمر കാര്യം فسيقولون എന്നാൽ അവർ പറയും الله അല്ലാഹു (എന്നു) فقل അപ്പോൾ പറയുക أفلا تتقون എന്നാൽ (എന്നിരിക്കെ) നിങ്ങൾ സൂക്ഷിക്കുന്നില്ലേ 32. فذلكم എന്നാൽ (എന്നിരിക്കെ) അതാണു, അവനത്രെ ربكم നിങ്ങളുടെ റബ്ബായ അല്ലാഹു الحق യഥാർത്ഥമായ فماذا എന്നിരിക്കെ (എനി) എന്തൊന്നാണു بعد الحق യഥാർത്ഥത്തിനു ശേഷം (പുറമെ) إلا الضلال ദുർമാർഗ്ഗം (വഴിപിഴവു) അല്ലാതെ فأنى അപ്പോൾ എങ്ങിനെയാണു تصرفون നിങ്ങൾ തിരിച്ചുവിടപ്പെടുന്നതു 33. كذلك അപ്രകാരം حقت യഥാർത്ഥമായി, അവകാശപ്പെട്ടു, ന്യായമായി كلمت വാക്ക, വാക്യം ربك നിന്റെ റബ്ബിന്റെ على الذين യാതൊരുവരുടെ മേൽ فسقوا തോന്നിയവാസം ചെയ്ത, ദുർന്നടപ്പു [illegible] أنهم അവർ (ആണ്) എന്നതിനാൽ, ആണെന്നുള്ളതു لا يؤمنون അവർ വിശ്വസിക്കുന്നില്ല(എന്നതിനാൽ-എന്നു)

ആകാശത്തുനിന്നു മഴ മുതലായ അനുഗ്രഹങ്ങളും, ഭൂമിയിൽനിന്നു വിള മുതലായ അനുഗ്രഹങ്ങളും വഴി മനുഷ്യർക്ക് ആഹാരം നൽകുന്നവൻ, കേൾവി-കാഴ്ച മുതലായ ശക്തികളെ സൃഷ്ടിച്ച് കൈകാര്യം നടത്തുന്നവൻ, ജീവനോ ജീവസ്സോ ഇല്ലാത്ത വസ്തുക്കളിൽനിന്നു ജീവനും, ജീവസ്സുള്ളതുമായ വസ്തുക്കളെയും മറിച്ച് ജീവനുള്ളവയിൽനിന്നു നിർജ്ജീവ വസ്തുക്കളെയും ഉൽപാദിപ്പിക്കുന്നവൻ, ലോകകാര്യങ്ങളെ പരിപാടിയിട്ട് നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്നവൻ ഇതെല്ലാം ആരാണെന്ന് ചോദിച്ചാൽ മുശ്‌രിക്കുകൾക്കു ഉത്തരം പറയുവാനുള്ളത് 'അല്ലാഹു' എന്ന് തന്നെയായിരിക്കും. ഇതെല്ലാം നടത്തുന്നതു അല്ലാഹുവാണെന്നും, അവരുടെ ആരാധ്യൻമാർ അതൊന്നും ചെയ്യുന്നില്ലെന്നും അവർക്കും ബോധ്യമാണ്. എന്നിട്ടും അല്ലാഹുവിനെ വിട്ടേച്ച് ഇതര വസ്തുക്കളെ ആരാധ്യരാക്കുകയെന്ന വിരോധാഭാസത്തിൽ മുഴുകിയ അവരോടു അല്ലാഹു ചോദിക്കുകയാണ്: 'നിങ്ങൾ സൂക്ഷിക്കുന്നില്ലേ?' എന്നു. അതായത്, നിങ്ങൾ നിങ്ങളുടെ ഭാവിയെപ്പറ്റി ഗൗനിക്കുന്നില്ലേ? നിങ്ങൾക്കു ഇതിനു എന്തു ന്യായമാണു പറയുവാനുള്ളത്? നിങ്ങൾ ബുദ്ധി കൊടുത്ത് ആലോചിക്കുന്നില്ലേ? എന്നൊക്കെ. നിങ്ങൾ തന്നെ സമ്മതിക്കുന്ന ആ മഹൽഗുണങ്ങളുടെ ഉടമയായ നിങ്ങളുടെ യഥാർത്ഥ രക്ഷിതാവ് അല്ലാഹു മാത്രമാണ്, അവനെ മാത്രമേ നിങ്ങൾ ആരാധിക്കാവൂ എന്നാണല്ലോ നിങ്ങളോടു പറയുന്നത്. എന്നിട്ടും നിങ്ങളതു കൂട്ടാക്കുന്നില്ല. അപ്പോൾ നിങ്ങൾ ദുർമാർഗ്ഗത്തിലാണുള്ളതെന്ന് പറയേണ്ടതില്ലല്ലോ. യഥാർത്ഥ സ്ഥിതി ഇത്രയും സ്പഷ്ടമായിരിക്കെ നിങ്ങൾ ദുർമാർഗ്ഗത്തിലേക്കു തെറ്റിക്കപ്പെടുന്നതു ആശ്ചര്യം തന്നെ.

അവസാനത്തെ വചനത്തിൽ പറഞ്ഞതിന്റെ സാരം ഇതാണ്: മേൽ പറഞ്ഞപ്രകാരം യഥാർത്ഥ സത്യം അറിയാമായിരുന്നിട്ടും അവർ തങ്ങളുടെ തന്നിഷ്ടവാസനയിൽ നിന്നു പിന്മാറാതെ ദുശ്ശാഠ്യം കാണിക്കുന്നതുകൊണ്ട് അവർ അവിശ്വാസികളും, ശിക്ഷാർഹരുമാണെന്നുള്ള അല്ലാഹുവിന്റെ തീരുമാനം സാക്ഷാൽക്കരിക്കുന്നു. അഥവാ അവരുടെ ദുർനടപടിയാണ് അതിനു കാരണം. ഈ വചനങ്ങൾ അവതരിച്ചതു മക്കാ മുശ്‌രിക്കുകളിലാണെന്നു വെച്ച് അവരെ മാത്രം ബാധിക്കുന്നതാണവ എന്നും ആരും ധരിക്കേണ്ടതില്ല. എല്ലാ കാലത്തുമുള്ള എല്ലാതരം മുശ്‌രിക്കുകളെയും ബാധിക്കുന്നതാണ് ഈ വചനങ്ങൾ എന്നുള്ളതിൽ ഒട്ടും തർക്കത്തിനവകാശമില്ലാത്തതാണ്.

34. പറയുക: '(ഹേ, പങ്കുചേർക്കുന്നവരേ,) നിങ്ങളുടെ പങ്കാളികളിലുണ്ടോ ആദ്യമായി സൃഷ്ടിച്ചുണ്ടാക്കുകയും, പിന്നീട് അതിനെ (വീണ്ടും) ആവർത്തിച്ചുണ്ടാക്കുകയും ചെയ്യുന്നവർ?!'

٣٤- قُلْ هَلْ مِن شُرَكَائِكُم مَّن يَبْدَأُ الْخَلْقَ ثُمَّ يُعِيدُهُ

പറയുക: 'അല്ലാഹുവത്രെ, ആദ്യമായി സൃഷ്ടിക്കുകയും പിന്നീടതിനെ ആവർത്തിക്കുകയും ചെയ്യുന്നത്. എന്നിരിക്കെ, എങ്ങിനെയാണ് നിങ്ങൾ (സത്യംവിട്ടു) തെറ്റിക്കപ്പെടുന്നത്?!'

قُلِ اللَّهُ يَبْدَأُ الْخَلْقَ ثُمَّ يُعِيدُهُ فَأَنَّىٰ تُؤْفَكُونَ ○

35. പറയുക: 'നിങ്ങളുടെ പങ്കാളികളിലുണ്ടോ യഥാർത്ഥത്തിലേക്ക് മാർഗ്ഗദർശനം നൽകുന്നവർ?!' പറയുക: 'അല്ലാഹുവത്രെ, യഥാർത്ഥത്തിലേക്കു മാർഗ്ഗദർശനം നൽകുന്നത്.

٣٥- قُلْ هَلْ مِن شُرَكَائِكُم مَّن يَهْدِي إِلَى الْحَقِّ قُلِ اللَّهُ يَهْدِي لِلْحَقِّ

---

34. قُلْ പറയുക هَلْ ഉണ്ടോ, വല്ല مِن شُرَكَائِكُم നിങ്ങളുടെ പങ്കാളികളിൽ(പങ്കുകാരിൽ)പെട്ട مَن يَبْدَأُ ആദ്യമുണ്ടാക്കുന്നവൻ, ആരംഭിക്കുന്നവർ الْخَلْقَ സൃഷ്ടിക്കൽ, സൃഷ്ടിയെ ثُمَّ പിന്നെ يُعِيدُهُ അതിനെ മടക്കുന്ന, ആവർത്തിക്കുന്ന, വീണ്ടുമുണ്ടാക്കുന്ന قُلِ പറയുക اللَّهُ അല്ലാഹു يَبْدَأُ ആരംഭിക്കുന്നു, ആദ്യമുണ്ടാക്കുന്നു الْخَلْقَ സൃഷ്ടിയെ, സൃഷ്ടിക്കൽ ثُمَّ يُعِيدُهُ പിന്നെ അതിനെ മടക്കിയുണ്ടാക്കുന്നു, ആവർത്തിക്കുന്നു فَأَنَّىٰ അപ്പോൾ (എന്നിരിക്കെ) എങ്ങിനെ تُؤْفَكُونَ നിങ്ങൾ തെറ്റിക്കപ്പെടുന്നു 35. قُلْ പറയുക هَلْ ഉണ്ടോ مِن شُرَكَائِكُم നിങ്ങളുടെ പങ്കാളികളിലുണ്ടോ مَن يَهْدِي മാർഗ്ഗദർശനം നൽകുന്ന (നേർമാർഗ്ഗത്തിലാക്കുന്ന)വർ(ൻ) إِلَى الْحَقِّ യഥാർത്ഥ(സത്യ)ത്തിലേക്കു قُلِ പറയുക اللَّهُ يَهْدِي അല്ലാഹു മാർഗ്ഗദർശനം നൽകുന്നു, അല്ലാഹുവത്രെ നേർമാർഗ്ഗത്തിലാക്കുന്നതു لِلْحَقِّ യഥാർത്ഥ(സത്യ)ത്തിലേക്കു

أَفَمَن يَهْدِي إِلَى الْحَقِّ أَحَقُّ أَن يُتَّبَعَ أَمَّن لَّا يَهِدِّي إِلَّا أَن يُهْدَىٰ ۖ فَمَا لَكُمْ كَيْفَ تَحْكُمُونَ ○

ആകയാൽ, യഥാർത്ഥത്തിലേക്ക് മാർഗ്ഗദർശനം നൽകുന്നവനോ പിൻപറ്റപ്പെടുവാൻ കൂടുതൽ അവകാശപ്പെട്ടവൻ; അതല്ല, മാർഗ്ഗദർശനം നൽകപ്പെടുന്നതായാലല്ലാതെ നേർമാർഗ്ഗം പ്രാപിക്കാത്തവനോ?!

അപ്പോൾ, നിങ്ങൾക്കെന്താണ്? എങ്ങിനെയാണ് നിങ്ങൾ വിധി കൽപിക്കുന്നത്?!'

أَفَمَنْ അപ്പോൾ (ആകയാൽ) യാതൊരുവനോ يَهْدِي മാർഗ്ഗദർശനം നൽകുന്ന إِلَى الْحَقِّ യഥാർത്ഥത്തിലേക്കു أَحَقُّ ഏററവും അവകാശപ്പെട്ടവൻ, തരപ്പെട്ട ആൾ أَنْ يُتَّبَعَ പിൻപററപ്പെടുവാൻ أَمَّنْ അതല്ല ഒരുവനോ لَا يَهِدِّي അവൻ നേർമാർഗ്ഗം പ്രാപിക്കുകയില്ല إِلَّا أَنْ يُهْدَىٰ അവനു മാർഗ്ഗദർശനം ചെയ്യപ്പെടാതെ, അവനെ നേർവഴിക്കാക്കാതെ فَمَا لَكُمْ അപ്പോൾ നിങ്ങൾക്കെന്തു كَيْفَ എങ്ങിനെ تَحْكُمُونَ നിങ്ങൾ വിധി കൽപിക്കുന്നു.

ശിർക്കിനെ ഖണ്ഡിച്ചും, തൗഹീദിനെ സ്ഥാപിച്ചുംകൊണ്ട് ചോദ്യോത്തര രൂപത്തിൽ ചില തെളിവുകൾ കഴിഞ്ഞ വചനങ്ങളിൽ വിവരിച്ചു. അതുപോലെ വേറെ രണ്ടു തെളിവുകളാണു ഈ വചനങ്ങളിലും വിവരിക്കുന്നത്. കഴിഞ്ഞ വചനങ്ങളിലെ ചോദ്യങ്ങൾക്കു നേർക്കുനേരെ മറുപടി പറയുവാൻ മുശ്രിക്കുകൾക്ക് മടി തോന്നാത്തതുകൊണ്ട് അവർതന്നെ 'അല്ലാഹു'എന്നു മറുപടി പറയും (فَسَيَقُولُونَ اللَّهُ) എന്നായിരുന്നു അവിടെ പറഞ്ഞത്. ഈ വചനങ്ങളിലെ ചോദ്യങ്ങൾക്ക് അവർ അതേ വേഗതയിൽ മറുപടിപറയുവാൻ ഇടയില്ല. എന്നാലും ശരിപറഞ്ഞാലോചിച്ചാൽ അവക്കുള്ള മറുപടിയും മറെറാന്നായിരിക്കാൻ തരമില്ല. അതുകൊണ്ട് ഇവിടത്തെ ചോദ്യങ്ങൾക്കുള്ള മറുപടി ഇന്നതാണെന്ന് അവരെ കേൾപ്പിച്ചു സമ്മതിപ്പിക്കുവാനും, ആ അടിസ്ഥാനത്തിൽ അവരെ ഖണ്ഡിക്കുവാനും നബി (സ) യോട് കൽപിച്ചിരിക്കുകയാണ്.

ഒന്നാമത്തെ ചോദ്യം, നിങ്ങളുടെ പങ്കാളികളിൽ—നിങ്ങൾ ആരാധിച്ചുവരുന്ന വിഗ്രഹങ്ങൾ, മലക്കുകൾ, മഹാത്മാക്കൾ തുടങ്ങിയ ആരാധ്യവസ്തുക്കളിൽ—സൃഷ്ടികളെ ആദ്യം സൃഷ്ടിച്ചുണ്ടാക്കുകയും, അവ നശിച്ചശേഷം പിന്നീട് വീണ്ടും സൃഷ്ടിക്കുകയും ചെയ്യുന്നവരുണ്ടോ? എന്നാണല്ലോ. ഇതിൽ രണ്ടാമത്തെ സൃഷ്ടിക്കലിനെ—മരണാനന്തര ജീവിതത്തെ—പ്പററി മുശ്രിക്കുകൾക്ക് വിശ്വാസമില്ലാത്തതുകൊണ്ട് അവർ ചോദ്യത്തിന് നേർക്കുനേരെ മറുപടി പറയുവാൻ മടിച്ചേക്കുക സ്വാഭാവികമാണ്. എന്നാലും നിർജ്ജീവമായി കിടക്കുന്ന തരിശു ഭൂമിയെ മഴ ഇറക്കി നവജീവനുള്ളതാക്കുന്നതും, ഉഷ്ണ കാലത്തു ഉണങ്ങി നശിച്ചു പോയ സസ്യലതാദികളെ വീണ്ടും ഉൽപാദിപ്പിച്ചു വളർത്തുന്നതും അല്ലാഹുവാണെന്ന് അവർക്കറിയാവുന്ന സ്ഥിതിക്ക് അക്കാര്യത്തിൽ അവർക്കു സംശയം ഉണ്ടായിക്കൂടാത്തതാണ്. രണ്ടാമത്തെ ചോദ്യം: യഥാർത്ഥ മാർഗ്ഗത്തിലേക്ക് മാർഗ്ഗദർശനം നൽകുന്ന വല്ലവരും നിങ്ങളുടെ പങ്കാളികളിൽ ഉണ്ടോ? എന്നാണ്. മാർഗ്ഗദർശനം (هُدًى) പല പ്രകാരത്തിലുണ്ട്. ബുദ്ധി, കണ്ണ്, കേൾവി മുതലായ ജൻമസിദ്ധമായ മാർഗ്ഗങ്ങളിലൂടെ ലഭിക്കുന്ന തെളിവുകൾ മുഖേനയുള്ള മാർഗ്ഗദർശനം. പ്രവാചകൻമാർ, മതഗ്രന്ഥങ്ങൾ മുതലായവ മുഖേന ലഭിക്കുന്ന മാർഗ്ഗദർശനം. സാഹചര്യങ്ങളും അനുഭവങ്ങളും ശരിപ്പെടുന്നതിൽ നിന്നുണ്ടാകുന്ന മാർഗ്ഗദർശനം. ഇവയെല്ലാം തന്നെ നൽകുന്നവൻ അല്ലാഹുവല്ലാതെ മററാരുമല്ലെന്നു അവർക്കും ആലോചിച്ചറിയാവുന്നതാകുന്നു. അപ്പോൾ, ഇത്തരത്തിലുള്ള എല്ലാ മാർഗ്ഗദർശനങ്ങളും നൽകുന്ന അല്ലാഹുവിനെ വിട്ടു യാതൊരു മാർഗ്ഗദർശനവും നൽകുവാൻ കഴിയാത്ത വസ്തുക്കളെ ദൈവങ്ങളാക്കിവെച്ച് ആരാധിക്കുന്നത് തികച്ചും വിഡ്ഢിത്തമല്ലേ?! എന്നു അല്ലാഹു അവരോടു ചോദിക്കുന്നു.

സത്യാവസ്ഥ ഇത്രയും വ്യക്തമായിരുന്നിട്ടും അവർ അതിൽനിന്ന് തെററി ദുർമാർഗ്ഗത്തിൽ ശഠിച്ചുനിന്നുകൊണ്ടിരിക്കുന്നതു ഒരു വലിയ ആശ്ചര്യം തന്നെയാണല്ലോ. ആദ്യത്തെ വചനത്തിൽ فَأَنَّىٰ تُؤْفَكُونَ (അപ്പോൾ നിങ്ങൾ എങ്ങിനെ തെററിക്കപ്പെടുന്നു?!) എന്നും, രണ്ടാമത്തെ വചനത്തിൽ فَمَا لَكُمْ كَيْفَ تَحْكُمُونَ (നിങ്ങൾക്കെന്താണ്?! നിങ്ങൾ എങ്ങിനെ വിധി കൽപിക്കുന്നു?!) എന്നും പറഞ്ഞതു ഈ ആശ്ചര്യത്തെയാണ് കുറിക്കുന്നത്. പ്രാഥമിക ബുദ്ധികൊണ്ട് ആലോചിച്ചാൽ പോലും മനസ്സിലാക്കാവുന്ന സ്പഷ്ടമായ തെളിവുകളുണ്ടായിരുന്നിട്ടും മുശ്രി

ക്കുകയും തങ്ങളുടെ ശിർക്കുപരമായ പ്രവർത്തനങ്ങളിൽനിന്നു പിൻമാറാതിരിക്കുവാൻ കാരണമെന്താണെന്നു ചോദിക്കപ്പെടാമല്ലോ. ഇതിനുള്ള ഉത്തരം അടുത്ത വചനത്തിൽ അല്ലാഹു ചൂണ്ടിക്കാട്ടുന്നു:-

36. അവരിൽ അധികമാളും ഒരു (തരം) ഊഹത്തെയല്ലാതെ പിൻപറ്റുന്നില്ല. നിശ്ചയമായും, യഥാർത്ഥത്തെ സംബന്ധിച്ചു ഊഹം ഒട്ടും (തന്നെ) പര്യാപ്തമാകുകയില്ല. നിശ്ചയമായും അല്ലാഹു, അവർ ചെയ്തുകൊണ്ടിരിക്കുന്നതിനെപ്പറ്റി അറിയുന്നവനാണ്.

٣٦- وَمَا يَتَّبِعُ أَكْثَرُهُمْ إِلَّا ظَنًّا ۚ إِنَّ الظَّنَّ لَا يُغْنِي مِنَ الْحَقِّ شَيْئًا ۚ إِنَّ اللَّهَ عَلِيمٌ بِمَا يَفْعَلُونَ ○

---

36. وما يتبع പിൻപറ്റുന്നില്ല اكثرهم അവരിൽ അധികപേരും (ആളും) الا ظنا ഊഹത്തെയല്ലാതെ ان الظن നിശ്ചയമായും ഊഹം لا يغني അതു പര്യാപ്തമാക്കുകയില്ല, ധന്യമാക്കുകയില്ല من الحق യഥാർത്ഥത്തെക്കുറിച്ചു شيئا യാതൊന്നും, ഒട്ടും ان الله നിശ്ചയമായും അല്ലാഹു عليم അറിയുന്നവനാണ് بما يفعلون അവർ ചെയ്യുന്നതിനെപ്പറ്റി

അല്ലാഹു അല്ലാത്തവരെ ആരാധിക്കൽ, അവർ തങ്ങൾക്ക് അല്ലാഹുവിങ്കൽ ശുപാർശ നടത്തുമെന്ന വിശ്വാസം, അല്ലാഹുവിന്റെ അവകാശാധികാരങ്ങളിൽ മറ്റുള്ളവർക്ക് പങ്കു കല്പിക്കൽ, പ്രവാചകൻമാരെയും വേദഗ്രന്ഥങ്ങളെയും വ്യാജമാക്കൽ, മരണാനന്തര ജീവിതം മുതലായ കാര്യങ്ങളെ നിഷേധിക്കൽ എന്നിവയിലെല്ലാം തന്നെ ഇവർക്കുള്ള ഏക അടിസ്ഥാനം കേവലം ഊഹം മാത്രമാണ്. അല്ലാതെ, ന്യായയുക്തമായ ഒരു തെളിവും അതിനില്ല എന്ന് അല്ലാഹു അസന്നിഗ്ദ്ധമായി പ്രസ്താവിക്കുന്നു. ചിലർ സത്യാവസ്ഥ മനസ്സിലായിട്ടും വാശിയും ശാഠ്യവുമായി സത്യം സ്വീകരിക്കാത്തവരുണ്ടായിരിക്കുമെങ്കിലും ഭൂരിഭാഗത്തിന്റെയും സ്ഥിതി ഇതാണെന്നർത്ഥം. തുടർന്നു കൊണ്ട് ان الظن لا يغني (നിശ്ചയമായും ഊഹം യഥാർത്ഥത്തെ സംബന്ധിച്ചു ഒട്ടുംതന്നെ പര്യാപ്തമാക്കുകയില്ല) എന്നു പറഞ്ഞിരിക്കുന്നത് പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടുന്നതാകുന്നു. മൗലിക പ്രധാനമായ ഒരു തത്വമാണ് ഈ വാക്യം ഉൾക്കൊള്ളുന്നത്.

മൗലിക വിഷയങ്ങളിലും, വിശ്വാസ സിദ്ധാന്തങ്ങളിലുമൊന്നും ഊഹത്തിനോ അനുമാനത്തിനോ സ്ഥാനമില്ല. അവ യഥാർത്ഥ്യാധിഷ്ഠിതങ്ങളായിരിക്കണം. അഥവാ, യാഥാർത്ഥ്യം ഇന്നതെന്നു വ്യക്തമായി മനസ്സിലാക്കുന്ന അംഗീകൃത തെളിവുകളാൽ സ്ഥാപിതമായവയായിരിക്കണം. ഈ വിഷയം പണ്ഡിതൻമാർക്കിടയിൽ തർക്കമില്ലാത്തതും, ഓരോ വ്യക്തിയും പ്രത്യേകം മനസ്സിരുത്തേണ്ടതുമാകുന്നു. ഇസ്ലാമിലെ വിശ്വാസ സിദ്ധാന്തങ്ങളെല്ലാം ഒന്നുകിൽ, ബുദ്ധിയുടെ അനിവാര്യമായ വിധിക്കൊത്തതായിരിക്കണം, അല്ലെങ്കിൽ ഖുർആൻ മുഖേനയോ, നബി (സ) യുടെ സുന്നത്ത് മുഖേനയോ വ്യക്തമായി അറിയപ്പെട്ടതായിരിക്കണമെന്നു ഇതിൽനിന്നു സ്പഷ്ടമാകുന്നു. അതുകൊണ്ടാണ് ലക്ഷ്യം നോക്കാതെ മറ്റൊരാളുടെ വാക്കിനെ അടിസ്ഥാനപ്പെടുത്തി വിശ്വാസകാര്യം ഉറപ്പിക്കുന്നവന്റെ വിശ്വാസം ശരിയല്ലെന്നു പല മഹാൻമാരും അവരുടെ ഗ്രന്ഥങ്ങളിൽ പ്രസ്താവിച്ചു കാണുന്നതും. (*)

'അവർ പ്രവർത്തിച്ചുവരുന്നതിനെപ്പറ്റി അല്ലാഹു അറിയുന്നവനാണ്' എന്നുള്ള അവസാനത്തെ വാക്യത്തിൽ വമ്പിച്ച ഒരു താക്കീതാണു അടങ്ങിയിരിക്കുന്നത്. ഓരോ വ്യക്തിയുടെയും വിശ്വാസം ശരിയോ തെറ്റോ, അതിൽ അവന് ശരിയായ തെളിവുണ്ടോ ഇല്ലേ, ഊഹത്തെ പിൻപറ്റിയതോ അല്ല, ആ വിശ്വാസവും പ്രവൃത്തിയും തമ്മിൽ പൊരുത്തമുണ്ടോ ഇല്ലേ എന്നിങ്ങിനെയുള്ളതെല്ലാം അല്ലാഹു അറിഞ്ഞുകൊണ്ടിരിക്കുന്നുണ്ടെന്നും, ആ അറിവനുസരിച്ച് അവൻ നടപടിയെടുക്കുമെന്നുമാണല്ലോ അതിന്റെ സാരം.

(*) يعني أن ايمان المقلد غير صحيح (അതായതു: മറ്റൊരാളെ അനുകരിക്കുന്നവന്റെ വിശ്വാസം ശരിയല്ല)

٣٧- وَمَا كَانَ هٰذَا الْقُرْاٰنُ اَنْ يُّفْتَرٰى مِنْ دُوْنِ اللّٰهِ وَلٰكِنْ تَصْدِيْقَ الَّذِىْ بَيْنَ يَدَيْهِ وَتَفْصِيْلَ الْكِتٰبِ لَا رَيْبَ فِيْهِ مِنْ رَّبِّ الْعٰلَمِيْنَ ۝

37. ഈ ഖുർആൻ അല്ലാഹുവിനെക്കൂടാതെ (മററാരാലും) കെട്ടിച്ചമക്കപ്പെടാവതല്ല. പക്ഷേ, അതിന്റെ മുമ്പിലുള്ളതിന്റെ സത്യസാക്ഷീകരണവും, വേദഗ്രന്ഥത്തിന്റെ വിശദീകരണവുമത്രെ. അതിൽ സന്ദേഹമേ ഇല്ല; ലോകരുടെ രക്ഷിതാവിങ്കൽ നിന്നുള്ളതാണ് (അതു).

٣٨- اَمْ يَقُوْلُوْنَ افْتَرٰىهُ ۗ قُلْ فَاْتُوْا بِسُوْرَةٍ مِّثْلِهٖ وَادْعُوْا مَنِ اسْتَطَعْتُمْ مِّنْ دُوْنِ اللّٰهِ اِنْ كُنْتُمْ صٰدِقِيْنَ ۝

38. അതല്ല, 'അതു അവൻ (നബി) കെട്ടിച്ചമച്ചിരിക്കയാണ്' എന്നു അവർ പറയുന്നുവോ?! പറയുക: 'എന്നാൽ, അതുപോലെയുള്ള ഒരു 'സൂറത്തു' [അദ്ധ്യായം] നിങ്ങൾ കൊണ്ടുവരുവിൻ;

അല്ലാഹുവിനെ കൂടാതെ നിങ്ങൾക്ക് സാധിക്കുന്നവരെ (യെല്ലാം) നിങ്ങൾ വിളിച്ചും കൊള്ളുവിൻ; നിങ്ങൾ സത്യവാൻമാരാണെങ്കിൽ!'

---

37. وما كان ആകുകയില്ല, ആകാവതല്ല هذا القرآن ഈ ഖുർആൻ أن يفترى കെട്ടിച്ചമക്ക(കെട്ടിയുണ്ടാക്ക)പ്പെടുവാൻ من دون കൂടാതെ الله അല്ലാഹുവിനെ ولكن പക്ഷെ, എങ്കിലും, എന്നാൽ تصديق സത്യമാക്കൽ (സത്യസാക്ഷീകരണം) ആണ് الذي യാതൊന്നിന്റെ, യാതൊന്നിനെ بين يديه അതിന്റെ മുമ്പിലുള്ള وتفصيل വിശദീകരണവും الكتاب (വേദ) ഗ്രന്ഥത്തിന്റെ لا ريب സന്ദേഹ(സംശയ)മേ ഇല്ല فيه അതിൽ من رب റബ്ബിങ്കൽ (രക്ഷിതാവിൽ) നിന്നാണു العالمين ലോകരുടെ 38. أم يقولون അതല്ല (അതോ-അല്ലെങ്കിൽ) അവർ പറയുന്നുവോ افتراه അതിനെ അവൻ കെട്ടിച്ചമച്ചുവെന്ന് قل പറയുക فأتوا എന്നാൽ വരുവിൻ بسورة ഒരു സൂറത്തും കൊണ്ടു مثله അതുപോലെയുള്ള وادعوا വിളിക്കുക(ക്ഷണിക്കുക)യും ചെയ്യുവിൻ من استطعتم നിങ്ങൾക്കു സാധിക്കുന്നവരെ من دون الله അല്ലാഹുവിനു പുറമെ (കൂടാതെ) إن كنتم നിങ്ങളാണെങ്കിൽ صادقين സത്യവാൻമാർ, സത്യം പറയുന്നവർ

തൗഹീദിനെ സ്ഥാപിച്ചും, ശിർക്കിനെ ഖണ്ഡിച്ചുംകൊണ്ടുള്ള ഏതാനും പ്രസ്താവനകൾക്കുശേഷം അല്ലാഹു ഖുർആന്റെ അമാനുഷികതയും, സത്യതയും സ്ഥാപിക്കുകയാണ്. അല്ലാഹുവിനല്ലാതെ ഇങ്ങിനെ ഒരു ഗ്രന്ഥം കൊണ്ടുവരുവാൻ സാധ്യമല്ലെന്ന് ആദ്യം ഉറപ്പിച്ചു പറഞ്ഞു. തുടർന്നുകൊണ്ട് അതിന്റെ അമാനുഷികതക്കുള്ള ചില തെളിവുകളും ചൂണ്ടിക്കാട്ടിയിരിക്കുന്നു. അതായതു, അതിന്റെ മുമ്പിലുള്ള വേദഗ്രന്ഥങ്ങളുടെ സത്യസാക്ഷീകരണവും, വേദഗ്രന്ഥത്തിന്റെ വിശദീകരണവുമാണ് അതെന്ന്. മുൻവേദഗ്രന്ഥങ്ങളിലുള്ള പല വാർത്തകളും, അവയിലെ പ്രധാന തത്വങ്ങളും അതേപടി ഖുർആനിലും അടങ്ങിയിരിക്കുന്നു. നിയമനിർദ്ദേശങ്ങൾ, സൻമാർഗ്ഗോപദേശങ്ങൾ, തെളിവുകൾ ആദിയായി ഒരു വേദഗ്രന്ഥത്തിൽ എന്തെല്ലാം ആവശ്യമാകുന്നുവോ അതെല്ലാം സവിശദം അതിൽ വിവരിക്കപ്പെട്ടിട്ടുമുണ്ട്. അവയിൽ ഒന്നും തന്നെ സന്ദേഹത്തിനോ ആശയക്കുഴപ്പത്തിനോ ഇടവുമില്ല. എല്ലാം സത്യസമ്പൂർണ്ണവും ന്യായയുക്തവുമാണുതാനും. അതു ലോകസമക്ഷം സമർപ്പിക്കുന്നതാകട്ടെ, അക്ഷരജ്ഞാനമോ, വേദഗ്രന്ഥ പരിചയമോ ഇല്ലാത്ത ഒരാളുടെ കൈക്കും. ആ ഗ്രന്ഥം അല്ലാഹുവിങ്കൽനിന്നുള്ളതാണെന്നും, സൃഷ്ടികളാൽ നിർമ്മിതമല്ലെന്നുമുള്ളതിനു ഇതെല്ലാംതന്നെ തെളിവാണ്. അതെ, അല്ലാഹു അല്ലാത്തവരിൽ നിന്നായിരുന്നു ഖുർആനെങ്കിൽ നിശ്ചയമായും അതിൽ ധാരാളം വൈരുദ്ധ്യം കാണേണ്ടതായിരുന്നു. (ولو كان من عند غير الله لوجدوا فيه اختلافا كثيرا — النساء : ٨٢)

വസ്തുതകൾ ഇങ്ങിനെയായിരുന്നിട്ടു പിന്നെയും മുഹമ്മദു (സ) കെട്ടിയുണ്ടാക്കിയതാണ് ഈ ഖുർആൻ എന്ന് അതിന്റെ നിഷേധികൾക്ക് വാദമുണ്ടെങ്കിൽ അതിലെ അദ്ധ്യായംപോലെയുള്ള ഒരദ്ധ്യായമെങ്കിലും അവ

ഒന്നു കൊണ്ടുവരട്ടെ, വേണമെങ്കിൽ അല്ലാഹു അല്ലാത്ത മററാരെയും അവരുടെ കഴിവുപോലെ അവർ സഹായത്തിനു കൂട്ടുകയും ചെയ്തുകൊള്ളട്ടെ—എന്നാലതൊന്നു കാണാമല്ലോ—എന്നു അല്ലാഹു അവരെ വെല്ലുവിളിക്കുകയും ചെയ്തിരിക്കുന്നു. ഖുർആൻ അല്ലാഹുവിൻെറ വചനം തന്നെയാണെന്നും, നബി (സ)യോ മററോ രചിച്ചതല്ലെന്നുമുള്ളതിനു ഏററവും വ്യക്തവും അനിഷേധ്യവുമായ ഒരു തെളിവത്രെ ഈ വെല്ലുവിളി. അറബികൾ സാഹിത്യത്തിൽ ഏററവും ഉച്ചിയിലെത്തിക്കഴിഞ്ഞിരുന്ന അക്കാലത്തോ, അതിനുശേഷം ഇന്നുവരെയോ ഈ വെല്ലുവിളിയെ നേരിടുവാൻ ആളുണ്ടായിട്ടില്ല. ഇതാകട്ടെ, ഈ വിഷയത്തിലുള്ള ഖുർആൻെറ വെല്ലുവിളികളിൽ മൂന്നാമത്തേതും, ഏററവും ലഘുവായതുമാണുതാനും. ജിന്നും മനുഷ്യരുമെല്ലാംകൂടി ചേർന്നാലും ഇതുപോലെ ഒരു ഖുർആൻ കൊണ്ടുവരാൻ സാധ്യമല്ലെന്ന് സൂ: ഇസ്രാഉ്: 88ലും, ഖുർആൻ നബി (സ) കെട്ടിയുണ്ടാക്കിയതാണെന്നു വാദമുണ്ടെങ്കിൽ അതു പോലെ ഒരു പത്തു സൂറത്തുകളെങ്കിലും കൊണ്ടുവരട്ടെ, സാധിക്കുന്നവരെയൊക്കെ അതിനു ക്ഷണിച്ചുകൊള്ളട്ടെ എന്നു സൂ: ഹൂദ്: 13ലും അല്ലാഹു പ്രഖ്യാപിച്ചു. ആ രണ്ടു വെല്ലുവിളികളും നിലവിലിരിക്കെത്തന്നെയാണ് അതേ മാതിരി ഒരു സൂറത്തെങ്കിലും കൊണ്ടുവരട്ടെ എന്നുള്ള ഈ മൂന്നാമത്തേതും.

ഈ മൂന്നു സൂറത്തുകളും—ഇസ്രാഉ്, ഹൂദ്, ഈ സൂറത്തു—മക്കീ സൂറത്തുകളാകുന്നു. ഏററവും ലഘുവായ ഈ മൂന്നാമത്തെ വെല്ലുവിളിയാകട്ടെ, മദനീ സൂറത്തായ അൽബഖറ: 23, 24 വചനങ്ങളിൽ വീണ്ടും അല്ലാഹു ആവർത്തിക്കുകയും ചെയ്തിരിക്കുന്നു. ഒരു കാലത്തും നിങ്ങൾക്കതു സാധ്യമല്ലെന്ന് അവിടെ അറുത്തുമുറിച്ച് പറയുകകൂടി ചെയ്തിരിക്കുകയാണ്. തന്നിമിത്തം, സത്യാന്വേഷികളായുള്ള ഏതൊരു ഹൃദയത്തിനും ഖുർആൻെറ സത്യതയും ദൈവികതയും മനസ്സിലാക്കുവാൻ ഇതിൽപരം തെളിവ് ആവശ്യമില്ല. അല്ലാഹുവിനു പുറമെയുള്ള ആരുടെ സഹായസഹകരണം വേണമെങ്കിലും സ്വീകരിക്കാമെന്നും, എന്നാലും നിങ്ങൾക്കതിനു കഴിയുകയില്ലെന്നും അർത്ഥശങ്കക്കിടമില്ലാത്തവിധം ഉറപ്പിച്ചു പറയുവാൻ അല്ലാഹുവിനല്ലാതെ കഴിയുമോ?! അല്ലാഹു തുടർന്നു പറയുന്നു:-

٣٩- بَلْ كَذَّبُوا بِمَا لَمْ يُحِيطُوا بِعِلْمِهِ وَلَمَّا يَأْتِهِمْ تَأْوِيلُهُ ۚ كَذَٰلِكَ كَذَّبَ الَّذِينَ مِن قَبْلِهِمْ ۖ فَانظُرْ كَيْفَ كَانَ عَاقِبَةُ الظَّالِمِينَ

39. എങ്കിലും അവർ യാതൊന്നിൻെറ അറിവിനെ സൂക്ഷ്മമാക്കിയിട്ടില്ലയോ അതിനെ [സൂക്ഷ്മമായി അറിഞ്ഞിട്ടില്ലാത്തതിനെ] അവർ വ്യാജമാക്കിയിരിക്കുകയാണു. അതിൻെറ പുലർച്ച അവർക്കു വന്നെത്തിയിട്ടുമില്ലതാനും.

അപ്രകാരം, അവരുടെ മുമ്പുള്ളവരും വ്യാജമാക്കിയിരിക്കുന്നു. എന്നിട്ട് (ആ) അക്രമികളുടെ പര്യവസാനം എങ്ങിനെ ആയെന്നു നോക്കുക!

٤٠- وَمِنْهُم مَّن يُؤْمِنُ بِهِ وَمِنْهُم مَّن لَّا يُؤْمِنُ بِهِ ۚ وَرَبُّكَ أَعْلَمُ بِالْمُفْسِدِينَ ع

40. അവരിൽനിന്നും ചിലർ അതിൽ വിശ്വസിക്കുന്നവരുണ്ട്; അവരിൽനിന്നും ചിലർ അതിൽ വിശ്വസിക്കാത്തവരുമുണ്ട്. നിൻെറ റബ്ബ്, നാശമുണ്ടാക്കുന്നവരെപ്പററി നല്ലവണ്ണം അറിയുന്നവനാകുന്നു.

---

39. بَلْ പക്ഷെ, എങ്കിലും, എന്നാൽ كَذَّبُوا അവർ വ്യാജമാക്കി بِمَا യാതൊന്നിനെ لَمْ يُحِيطُوا അവർ വലയം ചെയ്തിട്ടില്ല (സൂക്ഷ്മമാക്കിയിട്ടില്ല) بِعِلْمِهِ അതിൻെറ അറിവിനെ وَلَمَّا يَأْتِهِمْ അവർക്കു വന്നിട്ടുമില്ല تَأْوِيلُهُ അതിൻെറ പുലർച്ച, പൊരുൾ, വ്യാഖ്യാനം كَذَٰلِكَ അതുപോലെ كَذَّبَ വ്യാജമാക്കിയിരിക്കുന്നു الَّذِينَ مِن قَبْلِهِمْ അവരുടെ (ഇവരുടെ) മുമ്പുള്ളവർ فَانظُرْ എന്നിട്ടു നോക്കുക كَيْفَ كَانَ എങ്ങിനെ ആയി(ഉണ്ടായി) എന്നു عَاقِبَةُ കലാശം, പര്യവസാനം, അന്ത്യം الظَّالِمِينَ അക്രമികളുടെ 40. وَمِنْهُم അവരിലുണ്ടു, അവരിൽ നിന്നു (ചിലർ) مَّن يُؤْمِنُ വിശ്വസിക്കുന്നവർ, വിശ്വസിക്കുന്നവരുണ്ടു بِهِ അതിൽ وَمِنْهُم അവരിലുണ്ടു, അവരിൽ (ചിലർ) مَّن لَّا يُؤْمِنُ വിശ്വസിക്കാത്തവർ, വിശ്വസിക്കാത്തവരാണു بِهِ അതിൽ وَرَبُّكَ നിൻെറ റബ്ബാകട്ടെ أَعْلَمُ ഏററവും (നല്ലപോലെ) അറിയുന്നവനാണു بِالْمُفْسِدِينَ നാശം (കുഴപ്പം) ഉണ്ടാക്കുന്നവരെപ്പററി

[illegible] സത്യത്തെ ഖണ്ഡിക്കുവാൻ അവർക്ക സാധ്യമല്ല. എന്നിരിക്കെ, അവരതിൽ [illegible]. പക്ഷെ, അതിനെപ്പറ്റി ശരിക്ക മനസ്സിലാക്കുവാനോ, അതിലെ തെളിവുകളെ [illegible] കണ്ണടച്ച് നിഷേധിക്കുകയാണ് അവർ ചെയ്യുന്നത്. അത് വിശ്വസിക്കാത്തതിനാൽ, [illegible] കാര്യങ്ങൾ അനുഭവത്തിൽ പുലർന്നു കാണുവാൻ അവർ കാത്തിരിക്കുന്നുമില്ല. [illegible], അതിന്റെ വാച്യാർത്ഥം, ആശയവശങ്ങൾ എന്നും ഗ്രഹിക്കാതെ–കേട്ടമാത്രയിൽ തന്നെ–വ്യാജമെ[illegible]. ഇവർ മാത്രമല്ല. ഇവരെപ്പോലെ ഇവരുടെ മുമ്പുള്ള സമുദായക്കാരും ഇതിനെ വ്യാജമാ[illegible]. അതിന്റെ ഫലം അവർ അനുഭവിക്കുകയും ചെയ്തിട്ടുണ്ട്. അതു ഇവർക്കും പാഠമായിരി[illegible]. സത്യനിഷേധികളുടെ മൊത്തത്തിലുള്ള സ്ഥിതിയാണ് ഇപ്പറഞ്ഞത്. പക്ഷേ, എല്ലാവരും ഒരേ [illegible]. ചിലരൊക്കെ ഖുർആന്റെ യഥാർത്ഥ്യം മനസ്സിലാക്കി അതിൽ വിശ്വസിച്ചുവരുന്നുണ്ടുതാനും. [illegible], കുഴപ്പത്തിനും നാശത്തിനും ഒരുമ്പെട്ട ഒരു വിഭാഗക്കാരും അവരിലുണ്ട്. ഇവരെപ്പറ്റി അല്ലാഹു [illegible]. അവരുടെമേൽ അവൻ തക്ക നടപടി എടുക്കുകയും ചെയ്യും എന്നൊക്കെയാണ് ഈ വചനത്തിൽ പ്രസ്താവിച്ചതിന്റെ താൽപര്യം.

വിഭാഗം-5

41. അവർ നിന്നെ വ്യാജമാക്കുന്ന പക്ഷം, നീ പറയുക: 'എനിക്ക് എന്റെ കർമ്മം; നിങ്ങൾക്കു നിങ്ങളുടെ കർമ്മവും. ഞാൻ പ്രവർത്തിക്കുന്നതിൽനിന്ന് നിങ്ങൾ മുക്തരാണ്; നിങ്ങൾ പ്രവർത്തിക്കുന്നതിൽനിന്ന് ഞാനും മുക്തനാകുന്നു.'

٤١- وَإِنْ كَذَّبُوكَ فَقُلْ لِي عَمَلِي وَلَكُمْ عَمَلُكُمْ أَنْتُمْ بَرِيئُونَ مِمَّا أَعْمَلُ وَأَنَا بَرِيءٌ مِمَّا تَعْمَلُونَ ○

42. അവരിൽനിന്നും ചിലർ, നിന്നിലേക്ക ചെവികൊടുക്കുന്നവരുമുണ്ട്. എന്നാൽ, ബധിരൻമാരെ–അവർ ബുദ്ധികൊടു(ത്തു ഗ്രഹി)ക്കാതായിരുന്നാലും–നീ കേൾപ്പിക്കുമോ?!

٤٢- وَمِنْهُمْ مَنْ يَسْتَمِعُونَ إِلَيْكَ أَفَأَنْتَ تُسْمِعُ الصُّمَّ وَلَوْ كَانُوا لَا يَعْقِلُونَ ○

43. അവരിൽനിന്നും ചിലർ, നിന്നിലേക്കു നോക്കുന്നവരുമുണ്ട്. എന്നാൽ, അന്ധൻമാരെ–അവർ കണ്ടറിയാതിരുന്നാലും–നീ വഴി കാട്ടുമോ?!

٤٣- وَمِنْهُمْ مَنْ يَنْظُرُ إِلَيْكَ أَفَأَنْتَ تَهْدِي الْعُمْيَ وَلَوْ كَانُوا لَا يُبْصِرُونَ ○

---

41. وإن كذبوك അവർ നിന്നെ വ്യാജമാക്കുന്നപക്ഷം فقل നീ പറയുക لي عملي എനിക്കു എന്റെ പ്രവൃത്തി (കർമ്മം) ولكم നിങ്ങൾക്കും (ഉണ്ടായിരിക്കും) عملكم നിങ്ങളുടെ പ്രവൃത്തി(കർമ്മം) أنتم നിങ്ങൾ بريئون മുക്തരാണു, നിരപരാധി (നിരുത്തരവാദി)കളാണു مما أعمل ഞാൻ പ്രവർത്തിക്കുന്നതിൽനിന്ന് وأنا بريء ഞാനും മുക്തനാണു, നിരപരാധിയാണു مما تعملون നിങ്ങൾ പ്രവർത്തിക്കുന്നതിൽ നിന്ന്. 42. ومنهم അവരിലുണ്ടു, അവരിൽനിന്നു (ചിലർ) من يستمعون ചെവികൊടുക്കുന്ന (ശ്രദ്ധിച്ചു കേൾക്കുന്ന)വർ إليك നിന്നിലേക്കു أفأنت എന്നാൽ നീയോ تسمع കേൾപ്പിക്കു(മോ) الصم ബധിരന്മാരെ, കാതു കേൾക്കാത്തവരെ ولو كانوا അവരായിരുന്നാലും لا يعقلون അവർ ബുദ്ധി ഉപയോഗിക്കാതെ, ഗ്രഹിക്കാതെ 43. ومنهم അവരിലുണ്ടു, അവരിൽ (ചിലർ) من ينظر നോക്കുന്നവർ, നോക്കുന്നവരുണ്ടു إليك നിന്റെ നേരെ, നിന്നിലേക്കു أفأنت എന്നാൽ നീയോ تهدي വഴികാട്ടു(മോ) العمي അന്ധൻമാരെ, കാഴ്ചയില്ലാത്തവരെ ولو كانوا അവരായിരുന്നാലും لا يبصرون അവർ കാണുന്നില്ല കാണാത്ത(വർ)

٤٤- إِنَّ اللَّهَ لَا يَظْلِمُ النَّاسَ شَيْئًا وَلَٰكِنَّ النَّاسَ أَنفُسَهُمْ يَظْلِمُونَ ○

44. നിശ്ചയമായും അല്ലാഹു, മനുഷ്യരോട് ഒട്ടും (തന്നെ) അക്രമം പ്രവർത്തിക്കുകയില്ല; എങ്കിലും, മനുഷ്യർ അവരുടെ സ്വന്തങ്ങളോട് തന്നെ അക്രമം പ്രവർത്തിക്കുന്നു.

---

44. إِنَّ الله നിശ്ചയമായും അല്ലാഹു لَا يَظْلِمُ അക്രമം ചെയ്കയില്ല النَّاسَ മനുഷ്യരെ, മനുഷ്യരോടു شَيْئًا യാതൊന്നും, ഒട്ടും وَلَٰكِنَّ النَّاسَ എങ്കിലും മനുഷ്യർ أَنفُسَهُمْ അവരുടെ സ്വന്തങ്ങളോടു (ആത്മാക്കളോടു–ദേഹങ്ങളോടു) يَظْلِمُونَ അവർ അക്രമം ചെയ്യുന്നു.

മേൽകണ്ടതുപോലെ, ആ സത്യനിഷേധികളുടെ നിഷേധത്തിനും അവിശ്വാസത്തിനും നീതീകരണമൊന്നുമില്ല. അവരെ നന്നാക്കിത്തീർക്കുവാൻ പാടുപെട്ടിട്ടു കാര്യമില്ല. നിങ്ങൾ കണ്ടതുപോലെ നിങ്ങൾ പ്രവർത്തിച്ചുകൊള്ളുക, നിങ്ങളുടെ ഉത്തരവാദിത്വം എനിക്കോ, എന്റെ ഉത്തരവാദിത്വം നിങ്ങൾക്കോ ഇല്ല എന്നു പറഞ്ഞ് അവരിൽനിന്നു ഒഴിഞ്ഞുനിൽക്കുകയേ വേണ്ടൂ. അവരിൽപെട്ട ചിലർ നീ പറയുന്നതും ഓതിക്കേൾപ്പിക്കുന്നതും ശ്രദ്ധാപൂർവ്വം കേൾക്കുന്നതുകാണാം. ചിലർ കാര്യം മനസ്സിലാക്കാനെന്നപോലെ മുഖത്തു നോക്കിയിരിക്കുന്നതും കാണാം. എന്നാൽ, അവരൊന്നും ചിന്തിച്ചു ഗ്രഹിക്കുവാനോ, സത്യം മനസ്സിലാക്കുവാനോ വേണ്ടിയല്ല അങ്ങിനെ ചെയ്യുന്നത്. പ്രത്യക്ഷത്തിൽ, അവർ കേൾവിയും കാഴ്ചയുമുള്ളവരാണെങ്കിലും ബധിരൻമാരുടെയും, അന്ധൻമാരുടെയും സ്ഥിതിയാണ് അവർക്കുള്ളത്. ബധിരൻമാരെ കേൾപ്പിച്ചും, അന്ധൻമാർക്ക് വഴികാട്ടിയും നേർവഴിക്കാക്കുവാൻ നിനക്കു കഴിയുകയില്ലല്ലോ. അതുകൊണ്ടു അവരെപ്പറ്റി അവഗണിച്ചുകൊള്ളുക. ഇപ്രകാരം നബി (സ)യെ അല്ലാഹു ഉണർത്തുകയാണ്.

٤٥- وَيَوْمَ يَحْشُرُهُمْ كَأَن لَّمْ يَلْبَثُوا إِلَّا سَاعَةً مِّنَ النَّهَارِ يَتَعَارَفُونَ بَيْنَهُمْ قَدْ خَسِرَ الَّذِينَ كَذَّبُوا بِلِقَاءِ اللَّهِ وَمَا كَانُوا مُهْتَدِينَ ○

45. പകലിൽനിന്നും ഒരു നാഴിക(സമയം)അല്ലാതെ അവർ (മുമ്പു) കഴിഞ്ഞു കൂടിയിട്ടില്ലെന്നോണം അവരെ അവൻ (അല്ലാഹു) ഒരുമിച്ചുകൂട്ടുന്ന ദിവസം; അവർ തങ്ങൾക്കിടയിൽ അന്യോന്യം അറിയുന്നതാണ്.

അല്ലാഹുവുമായി കണ്ടുമുട്ടുന്നതിനെ വ്യാജമാക്കിയവർക്ക് നഷ്ടപ്പെട്ടുപോയി; അവർ നേർമാർഗ്ഗം പ്രാപിച്ചവരായിരുന്നുമില്ല.

---

45. وَيَوْمَ ദിവസം يَحْشُرُهُمْ അവൻ അവരെ ഒരുമിച്ചു കൂട്ടുന്ന كَأَن എന്ന പോലെ, എന്നോണം لَّمْ يَلْبَثُوا അവർ താമസിച്ചി(കഴിഞ്ഞു കൂടിയിട്ടി)ല്ല إِلَّا سَاعَةً ഒരു നാഴികയല്ലാതെ مِّنَ النَّهَارِ പകലിൽനിന്നുള്ള يَتَعَارَفُونَ അവർ അന്യോന്യം അറിയും, പരിചയപ്പെടും بَيْنَهُمْ അവർക്കിടയിൽ قَدْ خَسِرَ നഷ്ടപ്പെട്ടിട്ടുണ്ടു, നഷ്ടമടഞ്ഞുപോയി الَّذِينَ كَذَّبُوا വ്യാജമാക്കിയവർ بِلِقَاءِ اللَّهِ അല്ലാഹുവുമായി കാണുന്നതിനെ وَمَا كَانُوا അവർ ആയിരുന്നുമില്ല مُهْتَدِينَ നേർമാർഗ്ഗം പ്രാപിച്ചവർ.

മഹ്ശർ മഹാസമ്മേളനത്തിൽ എല്ലാവരും ഒരുമിച്ചു കൂട്ടപ്പെടുന്ന അവസരത്തിൽ, അന്നത്തെ അതിഗൗരവങ്ങളായ സ്ഥിതിഗതികളും, പാരത്രിക ജീവിതത്തിന്റെ അന്ത്യമില്ലായ്മയും കണ്ടറിയുമ്പോൾ, അവിശ്വാസികളായ ആളുകൾക്കു മുമ്പ് തങ്ങളിൽ കഴിഞ്ഞുപോയതെല്ലാം അത്രയും നിസ്സാരമായി അനുഭവപ്പെടും. ഇതിനുമുമ്പ് ഭൂമിയിൽ ആകെ ഒരു നാഴിക നേരമേ തങ്ങൾ താമസിച്ചിട്ടുള്ളുവെന്നു തോന്നും. മുമ്പ് അന്യോന്യം പരിചയമുണ്ടായിരുന്നവർ തമ്മിൽ കാണുമ്പോൾ, തങ്ങൾ വേർപെട്ടിട്ട് അധികകാലമൊന്നും കഴിഞ്ഞിട്ടില്ലാത്തവണ്ണം അന്യോന്യം തിരിച്ചറിയുകയും ചെയ്യും. ഇഹത്തിലായിരുന്നപ്പോൾ പരലോക ജീവിതത്തെയും, അല്ലാഹുവിന്റെ മുമ്പിൽ ഹാജരാകപ്പെടുന്നതിനെയും നിഷേധിച്ചുകൊണ്ടിരുന്നവർ മുഴുവനും ഈ അവസരത്തിൽ രക്ഷാമാർഗ്ഗമില്ലാതെ നഷ്ടത്തിലും കഷ്ടത്തിലും അകപ്പെട്ടുകഴിഞ്ഞിരിക്കും.

ഖിയാമത്തുനാളിലെ അതിഭയങ്കരങ്ങളായ സംഭവവികാസങ്ങളും, അവമൂലം ഏർപ്പെടുന്ന അങ്കലാപ്പും കാരണമായി, അതിനു മുമ്പ് ഈ ഭൂമിയിൽ–മരണം വരെയും, മരണം മുതൽ പുനരുത്ഥാനം വരെയുമുള്ള കാലത്തും–വളരെ കുറഞ്ഞ സമയം മാത്രമേ കഴിഞ്ഞുകൂടിയിട്ടുള്ളുവെന്നുള്ള അവിശ്വാസികളുടെ ഈ തോന്നലിനെപ്പററി പല സ്ഥലങ്ങളിൽ ഖുർആൻ വ്യക്തമാക്കിയിട്ടുണ്ട്. (ത്വാഹാ: 103; റൂം: 55; അഹ്ഖാഫ്: 35; നാസിആത്ത്: 46 മുതലായവ നോക്കുക.) ഈ വചനങ്ങളെ ദുർവ്യാഖ്യാനം ചെയ്തുകൊണ്ട് ഇപ്പോൾ ചില ആധുനികന്മാർ മരണപ്പെട്ടവർക്ക് ഖബ്റുകളിൽവെച്ചുണ്ടാകുന്ന അനുഭവങ്ങളെക്കുറിച്ച് വന്നിട്ടുള്ള ഹദീസുകളെയെല്ലാം നിഷേധിക്കുകയും, പരിഹാസപൂർവ്വം തള്ളിക്കളയുകയും ചെയ്യുന്നതു കാണാം. അവർ അൽപസമയമല്ലാതെ കഴിഞ്ഞുകൂടിയിട്ടില്ലെന്ന് അവർക്കു തോന്നുവാൻ കാരണം, അവർ ഖബ്റുകളിൽ ഒന്നും അറിയാതെ ഉറങ്ങിക്കിടക്കുകയായിരുന്നതുകൊണ്ടാണെന്നും മററുമാണ് അവരുടെ സമർത്ഥനം. ഇത് തികച്ചും ബാസ്തവവിരുദ്ധവും, ഖുർആന്റെ വാക്കുകൾക്കും ഹദീസുകൾക്കും എതിരുമാണ്. കൂടുതൽ ഗ്രഹിക്കാൻ സൂറത്തുൽ മുഅ്മിനൂന്റെ അവസാനത്തിൽ കൊടുത്തിട്ടുള്ള വ്യാഖ്യാനക്കുറിപ്പ് നോക്കുക.

وَإِمَّا نُرِيَنَّكَ بَعْضَ الَّذِي نَعِدُهُمْ أَوْ نَتَوَفَّيَنَّكَ فَإِلَيْنَا مَرْجِعُهُمْ ثُمَّ اللَّهُ شَهِيدٌ عَلَىٰ مَا يَفْعَلُونَ ﴿٤٦﴾

46. (നബിയേ,) അവരെ നാം താക്കീതു നൽകിവരുന്നതിൽ ചിലതു നാം നിനക്കു കാണിച്ചുതരുകയോ, അല്ലെങ്കിൽ നിന്നെ [നിന്റെ ആത്മാവിനെ] നാം പിടിച്ചെടുക്കുകയോ ചെയ്യുന്ന പക്ഷം, എന്നാൽ നമ്മിലേക്കു തന്നെയായിരിക്കും അവരുടെ മടങ്ങിവരവ്. പിന്നെ, അവർ ചെയ്തുകൊണ്ടിരിക്കുന്നതിനെപ്പററി അല്ലാഹു സാക്ഷിയായിരിക്കും. [അപ്പോൾ അവൻ വേണ്ടതു ചെയ്തുകൊള്ളും.]

وَلِكُلِّ أُمَّةٍ رَسُولٌ فَإِذَا جَاءَ رَسُولُهُمْ قُضِيَ بَيْنَهُمْ بِالْقِسْطِ وَهُمْ لَا يُظْلَمُونَ ﴿٤٧﴾

47. എല്ലാ (ഓരോ) സമുദായത്തിനു മുണ്ടായിരിക്കും ഒരു റസൂൽ. അങ്ങനെ, അവരുടെ റസൂൽ (അവർക്കു) വന്നാൽ, അവർക്കിടയിൽ നീതി മുറയനുസരിച്ച് (കാര്യം) തീരുമാനിക്കപ്പെടുന്നതാണ്; അവരാകട്ടെ, അനീതി ചെയ്യപ്പെടുകയില്ലതാനും.

---

46. وَإِمَّا نُرِيَنَّكَ (നബിയേ–വല്ലപ്പോഴും) നിനക്കു നാം കാണിച്ചു തരുന്ന പക്ഷം بَعْضَ ചിലതു الَّذِي نَعِدُهُمْ അവരോടു നാം വാഗ്ദത്തം (താക്കീതു) ചെയ്യുന്ന أَوْ نَتَوَفَّيَنَّكَ അല്ലെങ്കിൽ നിന്നെ നാം പിടിച്ചെടുക്കുന്ന (മുഴുവനുമായെടുക്കുന്ന) പക്ഷം فَإِلَيْنَا എന്നാൽ നമ്മിലേക്കാണു مَرْجِعُهُمْ അവരുടെ മടക്കം, മടങ്ങിവരവു ثُمَّ اللَّهُ പിന്നെ അല്ലാഹു شَهِيدٌ സാക്ഷിയാണു عَلَىٰ مَا يَفْعَلُونَ അവർ ചെയ്യുന്നതിന് 47 وَلِكُلِّ أُمَّةٍ എല്ലാ സമുദായത്തിനുമുണ്ടു رَسُولٌ ഒരു (ഓരോ) റസൂൽ فَإِذَا جَاءَ എന്നിട്ടു (അങ്ങിനെ) വന്നാൽ رَسُولُهُمْ അവരുടെ റസൂൽ قُضِيَ തീരുമാനിക്ക (വിധിക്ക)പ്പെടും بَيْنَهُمْ അവർക്കിടയിൽ بِالْقِسْطِ നീതിമുറയനുസരിച്ചു وَهُمْ അവർ لَا يُظْلَمُونَ അക്രമിക്ക(അനീതി ചെയ്യ)പ്പെടുകയില്ല.

സാരം: ഈ സത്യനിഷേധികളെ താക്കീതുചെയ്തുവരുന്ന ശിക്ഷകളിൽ–കഷ്ടം, പരാജയം, അപമാനം തുടങ്ങിയവയിൽ–ചിലതു ഒരുപക്ഷേ, നബി (സ)യുടെ കാലത്തു തന്നെ സംഭവിക്കുകയും, നബി (സ)ക്ക് അതു കാണുവാൻ സാധിക്കുകയും ചെയ്തേക്കാം. അല്ലെങ്കിൽ അതിനു മുമ്പുതന്നെ അതൊന്നും കാണുവാൻ കഴിയാതെയെന്നും വരാതെ തന്നെ നബി (സ) സ്വർഗ്ഗം പൂകിയെന്നും വരാം. രണ്ടിൽ ഏതു സംഭവിച്ചാലും അവർ മടങ്ങിച്ചെല്ലുന്നതു അല്ലാഹുവിങ്കലേക്കായിരിക്കും. അവർ ചെയ്യുന്നതെല്ലാം അവൻ കണ്ടറിഞ്ഞുകൊണ്ടിരിക്കുന്നുമുണ്ട്. അപ്പോൾ, അവരുടെമേൽ എടുക്കേണ്ടുന്ന നടപടി അവൻ എടുക്കുകതന്നെ ചെയ്യും. ഓരോ സമുദായത്തെയും മാർഗ്ഗദർശനം ചെയ്‌വാൻ അല്ലാഹു പ്രത്യേകം റസൂലുകളെ അയക്കാറുണ്ട്. റസൂലുകളെ അയക്കാതെ ആരുടെ മേലും ശിക്ഷാനടപടി എടുക്കാറില്ല. (وَمَا كُنَّا مُعَذِّبِينَ حَتَّىٰ نَبْعَثَ رَسُولًا) റസൂലുകൾ വന്ന് പ്രബോധനം നടത്തുകയും തെളിവുകൾ നൽകുകയും ചെയ്തു

കഴിഞ്ഞാൽ, പിന്നീട് നീതിയും ന്യായവും അനുസരിച്ച് നിഷേധികളുടെ മേൽ നടപടിസ്വീകരിക്കുക പതിവാണ്. റസൂലുകളും സത്യവിശ്വാസികളും വിജയിക്കുകയും ചെയ്യും. പക്ഷേ, നിഷേധികളോട്–അവർ നിഷേധികളാണെന്നുവെച്ച്–യാതൊരു അനീതിയും അല്ലാഹു ചെയ്കയില്ലതാനും.

٤٨- وَيَقُولُونَ مَتَىٰ هَٰذَا الْوَعْدُ إِن كُنتُمْ صَادِقِينَ ○

48. അവർ [അവിശ്വാസികൾ] പറയുന്നു: 'എപ്പോഴാണ് ഈ വാഗ്ദത്തം (നിറവേറൽ)–നിങ്ങൾ സത്യം പറയുന്നവരാണെങ്കിൽ?!'

٤٩- قُل لَّا أَمْلِكُ لِنَفْسِي ضَرًّا وَلَا نَفْعًا إِلَّا مَا شَاءَ اللَّهُ ۗ

49. പറയുക: എന്റെ 'സ്വന്തത്തിന്' (തന്നെ) ഒരു ഉപദ്രവമാകട്ടെ, ഒരു ഉപകാരമാകട്ടെ, ഞാൻ അധീനമാക്കുന്നില്ല. അല്ലാഹു ഉദ്ദേശിച്ചതല്ലാതെ.

لِكُلِّ أُمَّةٍ أَجَلٌ ۚ إِذَا جَاءَ أَجَلُهُمْ فَلَا يَسْتَأْخِرُونَ سَاعَةً ۖ وَلَا يَسْتَقْدِمُونَ ○

എല്ലാ സമുദായത്തിനുമുണ്ട് ഒരു അവധി. അവരുടെ അവധി വന്നാൽ, അപ്പോൾ അവർ ഒരു നാഴിക (സമയം) പിന്നോട്ടു പോകുകയാകട്ടെ, മുന്നോട്ടു പോകുകയാകട്ടെ ചെയ്കയില്ല.

٥٠- قُلْ أَرَأَيْتُمْ إِنْ أَتَاكُمْ عَذَابُهُ بَيَاتًا أَوْ نَهَارًا مَّاذَا يَسْتَعْجِلُ مِنْهُ الْمُجْرِمُونَ ○

50. പറയുക: 'കണ്ടുവോ (–നിങ്ങളൊന്നു പറയുവിൻ): രാത്രി സമയത്തോ, പകലിലോ അവന്റെ ശിക്ഷ നിങ്ങൾക്കു വന്നെത്തിയെങ്കിൽ, അതിൽ നിന്ന് ഏതൊന്നിനായിരിക്കും (ഈ) കുറ്റവാളികൾ ധൃതികാണിക്കുക?!

٥١- أَثُمَّ إِذَا مَا وَقَعَ آمَنتُم بِهِ ۚ آلْآنَ وَقَدْ كُنتُم بِهِ تَسْتَعْجِلُونَ ○

51. 'അതു സംഭവിച്ചാൽ പിന്നീടാണോ നിങ്ങളതിൽ വിശ്വസിക്കുന്നതു?! 'ഇപ്പോഴോ (വിശ്വസിക്കുന്നതു)? നിങ്ങൾ ഇതിനു [ഈ ശിക്ഷക്കു] ധൃതി കൂട്ടിക്കൊണ്ടിരിക്കുകയായിരുന്നുവല്ലോ' (എന്നായിരിക്കും അപ്പോൾ പറയപ്പെടുക.)

---

48. يَقُولُونَ അവർ പറയും, പറയുന്നു مَتَىٰ എപ്പോഴാണു هَٰذَا الْوَعْدُ ഈ വാഗ്ദത്തം إِن كُنتُمْ നിങ്ങളാണെങ്കിൽ صَادِقِينَ സത്യം പറയുന്നവർ. 49. قُلْ പറയുക لَا أَمْلِكُ ഞാൻ അധീനമാക്കുന്നില്ല (എനിക്കു കഴിവില്ല) لِنَفْسِي എന്റെ സ്വന്തത്തിനു ضَرًّا ഒരു ഉപദ്രവം وَلَا نَفْعًا ഒരു ഉപകാരവുമില്ല إِلَّا مَا شَاءَ ഉദ്ദേശിച്ചതല്ലാതെ اللَّهُ അല്ലാഹു لِكُلِّ أُمَّةٍ എല്ലാ സമുദായത്തിനുമുണ്ടു أَجَلٌ ഒരു അവധി إِذَا جَاءَ വന്നാൽ أَجَلُهُمْ അവരുടെ അവധി فَلَا يَسْتَأْخِرُونَ അപ്പോൾ അവർ പിന്തിപ്പോകയില്ല, പിന്നോട്ടാകുകയില്ല سَاعَةً ഒരു നാഴികയും وَلَا يَسْتَقْدِمُونَ അവർ മുന്തിപ്പോകുകയുമില്ല, മുന്നോട്ടുമാകയില്ല. 50. قُلْ പറയുക أَرَأَيْتُمْ നിങ്ങൾ കണ്ടുവോ (പറയുവിൻ) إِنْ أَتَاكُمْ നിങ്ങൾക്കു വന്നെങ്കിൽ عَذَابُهُ അവന്റെ ശിക്ഷ بَيَاتًا രാത്രി സമയത്തു أَوْ نَهَارًا അല്ലെങ്കിൽ പകലിൽ مَّاذَا എന്തൊന്നാണു, ഏതിനാണു يَسْتَعْجِلُ ധൃതികൂട്ടുന്നത്, ബദ്ധപ്പെടുന്നത് مِنْهُ അതിൽ നിന്നു الْمُجْرِمُونَ കുറ്റവാളികൾ. 51. أَثُمَّ പിന്നെയോ إِذَا مَا وَقَعَ അതു സംഭവിച്ചാൽ, അതുണ്ടാകുമ്പോൾ آمَنتُم بِهِ അതിൽ നിങ്ങൾ വിശ്വസിക്കുന്നതു آلْآنَ ഇപ്പോഴോ, ഇന്നേരമോ وَقَدْ كُنتُمْ നിങ്ങളായിരിക്കെ, നിങ്ങളായിരുന്നുവല്ലോ بِهِ അതിനു, അതിനെപ്പറ്റി تَسْتَعْجِلُونَ നിങ്ങൾ ധൃതികൂട്ടും.

٥٢- ثُمَّ قِيلَ لِلَّذِينَ ظَلَمُوا ذُوقُوا عَذَابَ الْخُلْدِ هَلْ تُجْزَوْنَ إِلَّا بِمَا كُنتُمْ تَكْسِبُونَ ○

52. പിന്നീട്, അക്രമം പ്രവർത്തിച്ചവരോട് പറയപ്പെടും: 'നിങ്ങൾ ശാശ്വത ശിക്ഷ ആസ്വദിച്ചുകൊള്ളുവിൻ! നിങ്ങൾ (പ്രവർത്തിച്ച്) സമ്പാദിച്ചിരുന്നതിനല്ലാതെ നിങ്ങൾക്കു പ്രതിഫലം നൽകപ്പെടുമോ?!'

---

52. ثُمَّ قِيلَ പിന്നെ പറയപ്പെടും لِلَّذِينَ ظَلَمُوا അക്രമം ചെയ്തവരോട് ذُوقُوا നിങ്ങൾ ആസ്വദിക്കുവിൻ عَذَاب ശിക്ഷയെ الْخُلْد ശാശ്വതത്തിന്റെ സ്ഥിരതയുടെ هَلْ تُجْزَوْنَ നിങ്ങൾക്കു പ്രതിഫലം നൽകപ്പെടുമോ إِلَّا بِمَا യാതൊന്നിനല്ലാതെ كُنتُمْ നിങ്ങളായിരുന്ന تَكْسِبُونَ നിങ്ങൾ സമ്പാദിക്കും, പ്രവർത്തിച്ചുവെക്കും

സത്യവിശ്വാസികൾക്കു രക്ഷയും വിജയവും ലഭിക്കും. അവിശ്വാസികൾക്കു ശിക്ഷയും പരാജയവും അനുഭവപ്പെടും എന്നൊക്കെ നിങ്ങൾ പറയുന്നുണ്ടല്ലോ; അതൊക്കെ സത്യമാണെങ്കിൽ എന്താണതു സംഭവിക്കാത്തത്? എപ്പോഴായിരിക്കും അതുണ്ടാവുക? എന്നിങ്ങിനെ അവിശ്വാസികൾ പരിഹസിച്ചു പറയാറുള്ളതിനു എങ്ങിനെ മറുപടി പറയണമെന്നു അല്ലാഹു നബി (സ) ക്കു പഠിപ്പിക്കുകയാണ്. മറുപടിയിൽ അടങ്ങിയ തത്വങ്ങൾ ഇങ്ങിനെ വിവരിക്കാം:—

(1) മറ്റുള്ളവരുടെ കാര്യം ഇരിക്കട്ടെ, എന്റെ സ്വന്തം കാര്യത്തിൽപോലും അല്ലാഹു ഉദ്ദേശിച്ചപോലെ സംഭവിക്കുമെന്ന് എനിക്കു പറയുവാൻ സാധിക്കൂ. അവൻ ഉദ്ദേശിക്കുന്നതിനപ്പുറം വല്ല ഉപദ്രവം ഉണ്ടാക്കുവാനോ, അതു തടുക്കുവാനോ, വല്ല ഉപകാരവും ചെയ്‌വാനോ, അതു ഉണ്ടാക്കിത്തീർക്കുവാനോ എനിക്കു കഴിവില്ല. അവൻ നൽകിയതു അനുഭവിക്കുകയും, അവൻ അറിയിച്ചതു അറിയുകയും മാത്രമേ എനിക്കു നിവൃത്തിയുള്ളു. പിന്നെ എങ്ങിനെയാണ് ആവാഗ്ദത്തങ്ങളൊക്കെ ഇന്നപ്പോൾ സംഭവിക്കുമെന്നു ഞാൻ അറിയുക? (2) എന്നാൽ ഒരു വാസ്തവം നിങ്ങൾ മനസ്സിലാക്കണം: ഓരോ സമുദായത്തിനും— അതു ഇന്നപ്പോൾ നശിക്കും അല്ലെങ്കിൽ ശിക്ഷിക്കപ്പെടും എന്നൊക്കെ— അല്ലാഹു ഒരു നിശ്ചയവും അവധിയും വെച്ചിട്ടുണ്ട്. അതു അതേപോലെത്തന്നെ സംഭവിക്കും, അതിൽ ഒരു നിമിഷംപോലും ഏറ്റക്കുറവു സംഭവിക്കുകയില്ല. (3) ആ ശിക്ഷ ഒരുപക്ഷേ വല്ല രാത്രിയിലോ പകലിലോ പെട്ടെന്നാവാം സംഭവിക്കുന്നത്. ഒന്നും തീർത്തുപറയുവാൻ വയ്യ. എന്നാൽ, അതു സംഭവിക്കുമ്പോൾ ഇപ്പോൾ ധൃതികൂട്ടിക്കൊണ്ടിരിക്കുന്ന ഈ പാപികളാണെങ്കിലും അപ്പോൾ ധൃതികൂട്ടുവാൻ ധൈര്യപ്പെടുമോ? ധൃതികൂട്ടുകയാണെങ്കിൽ എന്തു ശിക്ഷക്കായിരിക്കും ധൃതികൂട്ടുക? അതെ, ഈ ധൃതികൂട്ടലൊന്നും വേണ്ടിയിരുന്നില്ലെന്നു അപ്പോൾ നിങ്ങൾക്കു ബോധ്യമാകും. (4) അതു സംഭവിക്കുന്നതു എപ്പോഴായാലും അപ്പോൾ വിശ്വസിക്കാമെന്നാണോ നിങ്ങളുടെ ഭാവം? എങ്കിൽ അതു പ്രയോജനപ്പെടുവാൻ പോകുന്നില്ല. അപ്പോൾ വിശ്വസിക്കുന്നവരോട്: 'ഈ ശിക്ഷക്കു തിരക്കു കൂട്ടിയിരുന്നവരാണല്ലോ നിങ്ങൾ, എന്നിട്ടു ഇപ്പോഴാണോ നിങ്ങൾ വിശ്വസിക്കുവാൻ പോകുന്നത്? ഈ വിശ്വാസം സ്വീകാര്യമല്ല'. എന്നായിരിക്കും പറയപ്പെടുക. അപ്പോഴത്തെ ആ വിശ്വാസം സ്വീകരിക്കപ്പെടുകയില്ലെന്നു മാത്രമല്ല, ശാശ്വതമായ നരക ശിക്ഷ അനുഭവിച്ചുകൊള്ളണമെന്ന വിധിയും കൂടിയായിരിക്കും ലഭിക്കുക. അതു നിങ്ങളുടെ കർമ്മഫലമല്ലാതെ മറ്റൊന്നുമല്ലതാനും.

٥٣- وَيَسْتَنبِئُونَكَ أَحَقٌّ هُوَ ۖ قُلْ إِي وَرَبِّي إِنَّهُ لَحَقٌّ ۖ وَمَا أَنتُم بِمُعْجِزِينَ ○

53. (നബിയേ) നിന്നോടവർ വർത്തമാനമന്വേഷിക്കുന്നു; യഥാർത്ഥമാണോ അതു? എന്നു. പറയുക: 'ഓ! എന്റെ റബ്ബു തന്നെയാണ (സത്യം)! നിശ്ചയമായും അതു യഥാർത്ഥം തന്നെ! നിങ്ങൾ (പിടിയിൽപെടാതെ) അശക്തരാക്കുന്നവരല്ലതാനും.'

---

53. وَيَسْتَنبِئُونَكَ അവർ നിന്നോടു വർത്തമാനം (വിവരം) തേടുന്നു, അന്വേഷിക്കുന്നു أَحَقٌّ യഥാർത്ഥം (സത്യം) ആണോ هُوَ അതു قُلْ പറയുക إِي ഓ, അതെ, ഉവ്വ് وَرَبِّي എന്റെ റബ്ബു തന്നെ സത്യം إِنَّهُ നിശ്ചയമായും അതു لَحَقٌّ യഥാർത്ഥം തന്നെ وَمَا أَنتُم നിങ്ങളല്ല താനും بِمُعْجِزِينَ അശക്തമാക്കുന്നവർ, പരാജയപ്പെടുത്തുന്നവർ.

മനുഷ്യൻ മരിച്ചു മണ്ണായിട്ടും ജീവിപ്പിക്കപ്പെടും, മുൻ ജീവിതത്തിൽ ചെയ്തതിനെപ്പററി ചോദ്യം ചെയ്യപ്പെടും, അതനുസരിച്ചു രക്ഷാശിക്ഷകൾക്കു വിധേയനാകും എന്നൊക്കെ നിങ്ങൾ പറയുന്നത് യഥാർത്ഥം തന്നെയാണോ? അതല്ല കേവലം തമാശയോ? സത്യനിഷേധികളുടെ ഇത്തരം ചോദ്യത്തിനു ഇപ്രകാരം മറുപടി പറയണമെന്ന് അല്ലാഹു നബി (സ) യോടു കൽപിക്കുന്നു: 'ഓ! സംശയിക്കേണ്ട! എന്റെ റബ്ബിനെത്തന്നെ സത്യം! അക്കാര്യം പരമാർത്ഥമാണു. നിങ്ങൾ മണ്ണായി നശിച്ചാലും അല്ലാഹുവിന്റെ പിടിയിൽ അകപ്പെടാതെ അവനെ പരാജയപ്പെടുത്തിരക്ഷപ്പെടുവാൻ നിങ്ങൾക്കു സാധിച്ചേക്കുമെന്നു നിങ്ങൾ കരുതേണ്ട.'

إي وربي (എന്റെ റബ്ബിനെത്തന്നെ സത്യം!) എന്നിത്രയും ശക്തിയായ സ്വരത്തിൽ സത്യം ചെയ്തുകൊണ്ടു അവിശ്വാസികളോട് മറുപടി പറയുവാൻ നബി (സ) യോടു കൽപിക്കുന്ന മൂന്ന് സ്ഥലമാണു ഖുർആനിൽ ആകെയുള്ളത്. ഒന്ന് ഇതുതന്നെ. മറ്റൊന്നു: അന്ത്യ സമയം വന്നെത്തുകയില്ലെന്നു പറയുന്നവരോടു ...بلى وربي لتأتينكم (ഇല്ലാതേ! എന്റെ റബ്ബ് തന്നെയാണ! അതു നിങ്ങൾക്കു വന്നെത്തുക തന്നെ ചെയ്യും.) എന്നു പറയുവാൻ സൂറത്തു സബഉ്; 3ൽ കൽപിച്ചതാകുന്നു. മൂന്നാമത്തേതു: മരണാനന്തരം നമ്മൾ എഴുന്നേൽപിക്കപ്പെടുകയില്ലെന്നു ജൽപിക്കുന്നവരോട് بلى وربي لتبعثن (ഇല്ലാതേ! എന്റെ റബ്ബിനെത്തന്നെയാണ്! തീർച്ചയായും നിങ്ങൾ എഴുന്നേൽപിക്കപ്പെടുകതന്നെ ചെയ്യും) എന്നു പറയുവാൻ സൂ: തഗാബുൻ: 7ൽ കൽപിച്ചതുമാകുന്നു. നിഷേധികൾ അവരുടെ നിഷേധവേളയിൽ ഉപയോഗിച്ച അതേ വാക്കുകളെത്തന്നെയാണ് ഇവിടങ്ങളിലെല്ലാം ഖണ്ഡിച്ചിരിക്കുന്നതെന്ന് പ്രസ്താവ്യമത്രെ. മരണാനന്തര ജീവിതത്തെയും, പരലോക ജീവിതത്തെയും നിഷേധിക്കുന്നതിന്റെ ഗൗരവത്തെയും, അതിൽ അവരോടു അല്ലാഹുവിനുള്ള അതികഠിനമായ അമർഷത്തെയുമത്രെ ഇതു കാണിക്കുന്നത്.

വിഭാഗം-6

٥٤- وَلَوْ أَنَّ لِكُلِّ نَفْسٍ ظَلَمَتْ مَا فِي الْأَرْضِ لَافْتَدَتْ بِهِ ۗ وَأَسَرُّوا النَّدَامَةَ لَمَّا رَأَوُا الْعَذَابَ ۖ وَقُضِيَ بَيْنَهُم بِالْقِسْطِ ۚ وَهُمْ لَا يُظْلَمُونَ ۝

54. അക്രമം പ്രവർത്തിച്ച എല്ലാ (ഓരോ)വ്യക്തിക്കും ഭൂമിയിലുള്ളതു (മുഴുവൻ) ഉണ്ടായിരുന്നാലും, അതു അതിനെ തെണ്ടം കൊടു(ത്ത് മോചനത്തിനു ശ്രമി)ക്കുക തന്നെ ചെയ്യും. ശിക്ഷയെ കാണുമ്പോൾ അവർ ഖേദം മറച്ചുവെക്കുകയും ചെയ്യും. അവർക്കിടയിൽ നീതിമുറയനുസരിച്ച് തീരുമാനിക്കപ്പെടുകയും ചെയ്യും; അവരാകട്ടെ, അക്രമം ചെയ്യപ്പെടുന്നതുമല്ല.

---

54. ولو أن ആയിരുന്നെ (ഉണ്ടായിരു)ന്നെങ്കിൽ لكل نفس എല്ലാ ആത്മാവിനും, വ്യക്തിക്കും ظلمت അക്രമം ചെയ്ത ما في الأرض ഭൂമിയിലുള്ളതു لافتدت അതു തെണ്ടം കൊടുക്കുക (മോചനത്തിനു പ്രായശ്ചിത്തം നൽകുക) തന്നെ ചെയ്യുമായിരുന്നു به അതിനെ, അതുകൊണ്ടു وأسروا അവർ രഹസ്യമാക്കി (മറച്ചു)വെക്കുകയും ചെയ്യും الندامة ഖേദത്തെ لما رأوا അവർ കണ്ടപ്പോൾ, കണ്ട അവസരത്തിൽ العذاب ശിക്ഷയെ وقضي തീരുമാനിക്കപ്പെടുകയും ചെയ്യും [illegible] അവർക്കിടയിൽ بالقسط നീതിമുറപ്രകാരം وهم അവരാകട്ടെ لا يظلمون അക്രമം ചെയ്യപ്പെടുകയില്ല [illegible]

തങ്ങൾക്ക രക്ഷപ്പെടുവാൻ പോരുന്ന [illegible] കഴിയുമായിരു[illegible]
അക്രമങ്ങളെക്കുറിച്ച് അവർക്ക [illegible]
കഴിയുന്നത്ര മറച്ചുപിടിക്കുവാൻ [illegible]
തുക്കിവെക്കുവാൻ കഴിയ[illegible]
ങ്ങളിൽനിന്നു വ്യക്തമാണ്. [illegible]
കഷ്ടമേ! ഞാൻ കളി[illegible]
... ربنا غلبت علينا شقوتنا [illegible]
കളായിത്തീർന്നു!) എന്നു [illegible]

٥٥- أَلَآ إِنَّ لِلَّهِ مَا فِى ٱلسَّمَٰوَٰتِ وَٱلْأَرْضِ ۗ أَلَآ إِنَّ وَعْدَ ٱللَّهِ حَقٌّ وَلَٰكِنَّ أَكْثَرَهُمْ لَا يَعْلَمُونَ ○

55. അല്ലാ! (-അറിയുക:) നിശ്ചയമായും, ആകാശങ്ങളിലും ഭൂമിയിലുമുള്ളതു (എല്ലാം) അല്ലാഹുവിന്റേതാകുന്നു. അല്ലാ! (-അറിയുക:) നിശ്ചയമായും, അല്ലാഹുവിന്റെ വാഗ്ദത്തം യഥാർത്ഥമാകുന്നു. എങ്കിലും, അവരിൽ അധികമാളും അറിയുന്നില്ല.

٥٦- هُوَ يُحْىِۦ وَيُمِيتُ وَإِلَيْهِ تُرْجَعُونَ ○

56. അവൻ, ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു; അവങ്കലേക്കുതന്നെ നിങ്ങൾ മടക്കപ്പെടുകയും ചെയ്യും.

٥٧- يَٰٓأَيُّهَا ٱلنَّاسُ قَدْ جَآءَتْكُم مَّوْعِظَةٌ مِّن رَّبِّكُمْ وَشِفَآءٌ لِّمَا فِى ٱلصُّدُورِ وَهُدًى وَرَحْمَةٌ لِّلْمُؤْمِنِينَ ○

57. ഹേ, മനുഷ്യരേ, നിങ്ങളുടെ റബ്ബിങ്കൽനിന്നു നിങ്ങൾക്ക സദുപദേശവും, നെഞ്ചുകളിലുള്ളതിനു [ഹൃദയരോഗങ്ങൾക്കു] ശമനവും വന്നിട്ടുണ്ട്; സത്യവിശ്വാസികൾക്കു മാർഗ്ഗദർശനവും, കാരുണ്യവും (വന്നിട്ടുണ്ട്).

٥٨- قُلْ بِفَضْلِ ٱللَّهِ وَبِرَحْمَتِهِۦ فَبِذَٰلِكَ فَلْيَفْرَحُوا۟ هُوَ خَيْرٌ مِّمَّا يَجْمَعُونَ ○

58. പറയുക: 'അല്ലാഹുവിന്റെ ദയവു (അഥവാ അനുഗ്രഹം)കൊണ്ടും, അവന്റെ കാരുണ്യം കൊണ്ടുമത്രെ(അത്) -അതുകൊണ്ടു തന്നെ-അവർ ആഹ്ലാദിക്കട്ടെ! അത്, അവർ ശേഖരിച്ചു (സമ്പാദിച്ചു) കൊണ്ടിരിക്കുന്നതിനെക്കാൾ (എല്ലാം) ഉത്തമമാകുന്നു.

---

55. الا അല്ലാ, അല്ലേ (അറിയുക) ان لله നിശ്ചയമായും അല്ലാഹുവിനാണു ما في السموات ആകാശങ്ങളിലുള്ളതു والارض ഭൂമിയിലും الا അല്ലാ (അറിയുക) ان وعد നിശ്ചയമായും വാഗ്ദത്തം الله അല്ലാഹുവിന്റെ حق യഥാർത്ഥമാകുന്നു ولكن എങ്കിലും, പക്ഷെ اكثرهم അവരിൽ അധികവും لا يعلمون അറിയുന്നില്ല. 56. هو يحي അവൻ ജീവിപ്പിക്കുന്നു, അവനത്രെ ജീവിപ്പിക്കുന്നതു ويميت മരണപ്പെടുത്തുകയും ചെയ്യുന്നു واليه അവനിലേക്കു തന്നെ ترجعون നിങ്ങൾ മടക്കപ്പെടുന്നു. 57. يا أيها الناس ഹേ മനുഷ്യരേ قد جاءتكم നിങ്ങൾക്കു വന്നിട്ടുണ്ടു موعظة സദുപദേശം من ربكم നിങ്ങളുടെ റബ്ബിങ്കൽ നിന്നു وشفاء ശമനവും, ആശ്വാസവും لما في الصدور നെഞ്ചു (ഹൃദയം)കളിലുള്ളതിനു وهدى മാർഗ്ഗദർശനവും, നേർമാർഗ്ഗവും ورحمة കാരുണ്യവും للمؤمنين സത്യവിശ്വാസികൾക്കു. 58. قل പറയുക بفضل الله അല്ലാഹുവിന്റെ ദയവും (അനുഗ്രഹം) കൊണ്ടു وبرحمته അവന്റെ കാരുണ്യം കൊണ്ടും فبذلك അതുകൊണ്ടു തന്നെ فليفرحوا എന്നാലവർ സന്തോഷിച്ച് (ആഹ്ലാദം കൊള്ളട്ടെ) هو خير അതു ഗുണകരമാണു, ഉത്തമമാണു مما يجمعون അവർ ഒരുമിച്ചു(ശേഖരിച്ചു)കൂട്ടുന്നതിനേക്കാൾ.

മനുഷ്യവർഗ്ഗത്തിനു ആകമാനം സദുപദേശമത്രെ വിശുദ്ധ ഖുർആൻ. അജ്ഞത, അന്ധവിശ്വാസം, കാപട്യം, സംശയം ആദിയായ മനോരോഗങ്ങൾക്കു അതു ശമനം നൽകുകയും ചെയ്യുന്നു. അതിൽ വിശ്വസിക്കുകയും, അതിന്റെ അദ്ധ്യാപനങ്ങളെ അനുസരിക്കുകയും ചെയ്യുന്നവർക്കാകട്ടെ, അതു മാർഗ്ഗദർശനവും കാരുണ്യവുമാകുന്നു. അതവരെ നേർവഴിക്കു നയിക്കും. അവരുടെ ഭാവിജീവിതത്തിനും, ശാശ്വതസൗഭാഗ്യത്തിന്നും അതു കാരണമാകുകയും ചെയ്യും. അതിൽ വിശ്വസിക്കാത്തവർക്കു അതു പ്രയോജനം ചെയ്യുകയില്ലെന്നു മാത്രമല്ല, അവർക്കെതിരെയുള്ള തെളിവുകൂടിയായിരിക്കും അത്. അങ്ങനെ, അതവർക്ക കൂടുതൽ നഷ്ടമായിട്ടാണു കലാശിക്കുക. ونزل من القرآن ما هو شفاء...خسارا (സാരം: ഖുർആൻ മുഖേന സത്യവിശ്വാസികൾക്കു മാർഗ്ഗദർശനവും കാരുണ്യവുമായുള്ളതിനെ നാം അവതരിപ്പിക്കുന്നു. അക്രമികൾക്കു അത് നഷ്ടത്തെയല്ലാതെ വർദ്ധിപ്പിക്കുകയില്ല. (17:82.)

ഐഹികജീവിതത്തിൽ വെച്ചു മനുഷ്യനു നേടിയെടുക്കുവാനുള്ള ഏതൊരു നേട്ടത്തെക്കാളും ശ്രേഷ്ഠവും ഉത്തമവുമാണ് ഈ ഖുർആനും, അതുവഴി അല്ലാഹുവിങ്കൽ നിന്നു ലഭിക്കുന്ന അനുഗ്രഹവും കാരുണ്യവും. അതുകൊണ്ടു അതിലാണ് മനുഷ്യൻ സന്തോഷംകൊള്ളേണ്ടതും, അതിനാണ് മുൻഗണന നൽകേണ്ടതും. ഐഹികനേട്ടങ്ങൾ–അവ എത്രതന്നെ ഉയർന്നതും വർദ്ധിച്ചതുമാണെങ്കിലും–മരണത്തോടെ അതു അവസാനിക്കുമല്ലോ. ഖുർആൻ മുഖേന ലഭിക്കുന്ന നേട്ടങ്ങളാകട്ടെ, ഈ ലോകത്തും പരലോകത്തും ശേഷിക്കുകയും ചെയ്യുന്നു.

٥٩- قُلْ أَرَأَيْتُمْ مَا أَنْزَلَ اللَّهُ لَكُمْ مِنْ رِزْقٍ فَجَعَلْتُمْ مِنْهُ حَرَامًا وَحَلَالًا قُلْ آللَّهُ أَذِنَ لَكُمْ أَمْ عَلَى اللَّهِ تَفْتَرُونَ ○

59. പറയുക: 'നിങ്ങൾ കണ്ടുവോ, ആഹാരമായി അല്ലാഹു നിങ്ങൾക്കുവേണ്ടി ഇറക്കിത്തന്നിട്ടുള്ളതു? എന്നിട്ട്, നിങ്ങൾ അതിൽനിന്നു (ചിലതു) നിഷിദ്ധവും, (ചിലതു) അനുവദനീയവുമാക്കിയിരിക്കുന്നു?' പറയുക: 'അല്ലാഹുവാണോ നിങ്ങൾക്കു (അതിനു) അനുവാദം നൽകിയതു; അതല്ല, അല്ലാഹുവിന്റെ പേരിൽ നിങ്ങൾ കെട്ടിച്ചമക്കുകയാണോ? (പറയുവിൻ-കേൾക്കട്ടെ)!

٦٠- وَمَا ظَنُّ الَّذِينَ يَفْتَرُونَ عَلَى اللَّهِ الْكَذِبَ يَوْمَ الْقِيَامَةِ إِنَّ اللَّهَ لَذُو فَضْلٍ عَلَى النَّاسِ وَلَٰكِنَّ أَكْثَرَهُمْ لَا يَشْكُرُونَ ○ ع

60. അല്ലാഹുവിന്റെ പേരിൽ വ്യാജം കെട്ടിച്ചമക്കുന്നവരുടെ വിചാരം ഖിയാമത്തുനാളിൽ എന്തായിരിക്കും?! നിശ്ചയമായും, അല്ലാഹു, മനുഷ്യരുടെ പേരിൽ ദയവു (അഥവാ അനുഗ്രഹം)ഉള്ളവൻ തന്നെ എങ്കിലും, അവരിൽ അധികമാളും നന്ദി ചെയ്യുന്നില്ല.

---

59. قُلْ പറയുക أَرَأَيْتُمْ നിങ്ങൾ കണ്ടുവോ (പറയൂ) مَا أَنْزَلَ ഇറക്കിയതിനെ اللَّهُ അല്ലാഹു لَكُمْ നിങ്ങൾക്കുവേണ്ടി مِنْ رِزْقٍ ആഹാരമായിട്ടു, ഉപജീവനത്തിൽ നിന്നും فَجَعَلْتُمْ എന്നിട്ടു നിങ്ങൾ ആക്കി مِنْهُ അതിൽനിന്നു (ചിലതു) حَرَامًا നിഷിദ്ധം وَحَلَالًا അനുവദനീയവും قُلْ പറയുക آللَّهُ അല്ലാഹുവാണോ أَذِنَ لَكُمْ നിങ്ങൾക്കു അനുവാദം (സമ്മതം) തന്നതു أَمْ عَلَى اللَّهِ അതല്ല അല്ലാഹുവിന്റെ പേരിൽ تَفْتَرُونَ നിങ്ങൾ കെട്ടിപ്പറയുന്നുവോ. 60. وَمَا ظَنُّ എന്താണു വിചാരം, ധാരണയെന്താണു الَّذِينَ يَفْتَرُونَ കെട്ടിച്ചമക്കുന്നവരുടെ عَلَى اللَّهِ അല്ലാഹുവിന്റെ മേൽ الْكَذِبَ വ്യാജം, കളവു يَوْمَ الْقِيَامَةِ ഖിയാമത്തു നാളിൽ, നാളിനെപ്പറ്റി إِنَّ اللَّهَ നിശ്ചയമായും അല്ലാഹു لَذُو فَضْلٍ ദയവു (അനുഗ്രഹം) ഉള്ളവൻ തന്നെ عَلَى النَّاسِ മനുഷ്യരുടെമേൽ وَلَٰكِنَّ എങ്കിലും أَكْثَرَهُمْ അവരിൽ അധികവും لَا يَشْكُرُونَ നന്ദി ചെയ്യുന്നില്ല.

മനുഷ്യർക്കു് ഉപജീവനത്തിനായി ധാരാളം ജീവികളും സസ്യവർഗ്ഗങ്ങളും അല്ലാഹു ഭൂമിയിൽ ഏർപ്പെടുത്തിയിരിക്കുന്നു. ഈ അനുഗ്രഹം വേണ്ടതുപോലെ ആസ്വദിക്കുവാൻ കൂട്ടാക്കാതെ, അവയിൽ ചിലതു മതദൃഷ്ട്യാ നിഷിദ്ധമാക്കിയും, ചിലതു അനുവദനീയമാക്കിയും തരം തിരിക്കുന്നവരെ അല്ലാഹു ആക്ഷേപിക്കുന്നു. ഈ തരംതിരിക്കലിനുള്ള സമ്മതം നിങ്ങൾക്കു എവിടെനിന്നു കിട്ടി? അവയുടെ സ്രഷ്ടാവും ദാതാവുമായ അല്ലാഹു അതിനു അനുവാദം നൽകിയിട്ടുണ്ടോ? ഇല്ലെന്നു തീർച്ചയാണ്. അപ്പോൾ, നിങ്ങൾ അല്ലാഹുവിന്റെമേൽ കെട്ടിയുണ്ടാക്കിയ വ്യാജം മാത്രമാണത്. അല്ലാഹുവിന്റെ പേരിൽ നിയമം കെട്ടിച്ചമക്കുന്നവർക്ക ഖിയാമത്തുനാളിൽ നേരിടുവാനിരിക്കുന്ന ഭവിഷ്യത്തുകൾ അതിഭയങ്കരവും, അവരുടെ വിചാരത്തിനും ധാരണക്കും അതീതവുമായിരിക്കുമെന്നു അവർ ഓർത്തുകൊള്ളട്ടെ എന്നു അവരെ അല്ലാഹു താക്കീതു ചെയ്യുന്നു. മനുഷ്യർക്കു ആഹാരത്തിനായി ധാരാളക്കണക്കിൽ വിഭവങ്ങൾ അല്ലാഹു സൃഷ്ടിച്ചുവെച്ചിട്ടുള്ളതു അവനു അവരോടുള്ള ദയാദാക്ഷിണ്യംകൊണ്ടാണു. അതിനു നന്ദി കാണിക്കുകയാണു അവർ ചെയ്യേണ്ടിയിരുന്നത്. പക്ഷെ, മിക്ക ആളുകളും– ഒരു തരത്തിലല്ലെങ്കിൽ മറ്റൊരുതരത്തിൽ–നന്ദിയില്ലാത്തവരായിട്ടാണിരിക്കുന്നത്. ആ നന്ദികേടിൽ നിന്നാണ് ഇത്തരം പ്രവണതകൾ ഉണ്ടായിത്തീരുന്നത് എന്നൊക്കെയാണു അവസാനത്തെ വാക്യത്തിലടങ്ങിയ സൂചന.

വിഗ്രഹങ്ങളുടെ പേരിലും മറ്റുമായി ചില തരം ആടുമാടൊട്ടകങ്ങളെയും, കൃഷി വിഭവങ്ങളെയും മുശ്‌രിക്കുകൾ നിഷിദ്ധമാക്കി വെച്ചിരുന്നതിനെ സൂചിപ്പിച്ചുകൊണ്ടുള്ളതാണു ഈ വചനങ്ങൾ. ഈ വിഷയകമായി സൂ: അൻആം: 136, 138, 139; മുതലായ സ്ഥലങ്ങളിൽ മുമ്പ് വിശദീകരിക്കപ്പെട്ടിട്ടുണ്ട്. അല്ലാഹുവും, അവന്റെ റസൂലും നിഷിദ്ധമാക്കിയിട്ടില്ലാത്ത വസ്തുക്കളെ എന്തെങ്കിലും സ്വയം പറഞ്ഞു മതത്തിൽ നിഷിദ്ധമാക്കുന്നതെല്ലാം ഈ ആക്ഷേപത്തിനു വിധേയൻ തന്നെ. അല്ലാഹു നൽകിയ അനുഗ്രഹങ്ങളെ ആസ്വദിക്കുന്നതു അവനോടു നന്ദി കാണിക്കലും, അതിനു തടസ്സമുണ്ടാക്കുന്നതു നന്ദികേടു കാണിക്കലുമാകുന്നു. അബുൽ അഹ്‌വസ്വ് (റ) തന്റെ പിതാവു പ്രസ്താവിച്ചതായി ഇപ്രകാരം ഉദ്ധരിച്ചിരിക്കുന്നു: ഞാൻ വളരെ താണതരത്തിലുള്ള വേഷത്തിൽ നബി (സ) തിരുമേനിയുടെ അടുക്കൽ ചെന്നു. അവിടുന്നു ചോദിച്ചു: 'തനിക്കു സ്വത്തു വല്ലതും ഉണ്ടോ?' ഞാൻ പറഞ്ഞു: 'ഉണ്ട്.' തിരുമേനി ചോദിച്ചു: 'എന്തു സ്വത്തുക്കളാണുള്ളതു?' ഞാൻ പറഞ്ഞു: 'ഒട്ടകം, പശു, കുതിര, ആട് ഇതെല്ലാം തന്നെയുണ്ട്'. അപ്പോൾ തിരുമേനി പറഞ്ഞു: 'തനിക്കു അല്ലാഹു സ്വത്തു നൽകിയ സ്ഥിതിക്കു തനിക്കു അവൻ നൽകിയ അനുഗ്രഹത്തിന്റെയും, ആദരവിന്റെയും അടയാളം തന്നിൽ കാണപ്പെടട്ടെ.' (ന). ഈ ആശയം ഉൾക്കൊള്ളുന്ന ഹദീസുകൾ വേറെയും കാണാം.

വിഭാഗം-7

61. (നബിയേ) നീ വല്ല കാര്യത്തിലും ആയിരിക്കുകയാകട്ടെ, അതു സംബന്ധിച്ചു ക്വുർആനിൽനിന്നും (വല്ലതും) പാരായണം ചെയ്യുകയാകട്ടെ ചെയ്കയില്ല; നിങ്ങൾ [മനുഷ്യർ] വല്ല പ്രവൃത്തിയും പ്രവർത്തിക്കുകയും ചെയ്കയില്ല; നിങ്ങൾ അതിൽ മുഴുകിക്കൊണ്ടിരിക്കുമ്പോൾ നിങ്ങളുടെ മേൽ നാം (ദൃക്ക്)സാക്ഷികളായിരിക്കാതെ.

ഭൂമിയിലാകട്ടെ, ആകാശത്തിലാകട്ടെ, ഒരു അണുത്തൂക്കവും (തന്നെ) നിന്റെ റബ്ബിൽനിന്നും വിട്ടുപോകുകയില്ല; അതിനെക്കാൾ ചെറുതാകട്ടെ, വലുതാകട്ടെ ഇല്ല. (അത്) സ്പഷ്ടമായ ഒരു (രേഖാ) ഗ്രന്ഥത്തിൽ ഇല്ലാതെ.

٦١- وَمَا تَكُونُ فِي شَأْنٍ وَمَا تَتْلُوا مِنْهُ مِن قُرْآنٍ وَلَا تَعْمَلُونَ مِنْ عَمَلٍ إِلَّا كُنَّا عَلَيْكُمْ شُهُودًا إِذْ تُفِيضُونَ فِيهِ ۚ وَمَا يَعْزُبُ عَن رَّبِّكَ مِن مِّثْقَالِ ذَرَّةٍ فِي الْأَرْضِ وَلَا فِي السَّمَاءِ وَلَا أَصْغَرَ مِن ذَٰلِكَ وَلَا أَكْبَرَ إِلَّا فِي كِتَابٍ مُّبِينٍ ○

---

61. وما تكون നീ ആയിരിക്കയില്ല في شأن ഒരു കാര്യത്തിലും, വല്ല വിഷയത്തിലും وما تتلو നീ പാരായണം ചെയ്കയുമില്ല منه അതു സംബന്ധിച്ചു من قرآن ഒരു ക്വുർആനും, ക്വുർആനിൽ നിന്നും (വല്ലതും) ولا تعملون നിങ്ങൾ പ്രവർത്തിക്കുകയുമില്ല من عمل ഒരു പ്രവൃത്തിയും, പ്രവൃത്തിയായിട്ടു (വല്ലതും) إلا كنا നാം ആയിരിക്കാതെ عليكم നിങ്ങളുടെ മേൽ شهودا സാക്ഷികൾ, ദൃക്സാക്ഷികൾ إذ تفيضون നിങ്ങൾ മുഴുകിക്കൊണ്ടിരിക്കുമ്പോൾ فيه അതിൽ وما يعزب വിട്ടു (തെറ്റി-മറഞ്ഞു) പോകയുമില്ല عن ربك നിന്റെ റബ്ബിൽ നിന്നു റബ്ബിനെ വിട്ടു من مثقال തൂക്കത്തിൽ നിന്നും (ഭാരം-അളവും) ذرة അണുവിന്റെ في الأرض ഭൂമിയിൽ ولا في السماء ആകാശത്തിലുമില്ല ولا أصغر കൂടുതൽ ചെറിയതുമില്ല من ذلك അതിനെക്കാൾ ولا أكبر കൂടുതൽ വലുതുമില്ല إلا في كتاب ഒരു ഗ്രന്ഥത്തിൽ (രേഖയിൽ) ഇല്ലാതെ مبين സ്പഷ്ടമായ, വ്യക്തമായ.

നബി (സ) യാകട്ടെ, മറ്റുള്ളവരാകട്ടെ, ഏതെങ്കിലും വിഷയത്തിൽ ഏർപ്പെടുകയോ, വല്ല പ്രവൃത്തിയും ചെയ്യുകയോ ചെയ്യുന്നപക്ഷം അല്ലാഹു അതു കണ്ടറിയാതിരിക്കുകയില്ല. ആകാശഭൂമികളിലുള്ള ഏതൊരു വസ്തുവും — അതു എത്ര തന്നെ വലുതോ ചെറുതോ ആയിരുന്നാലും — അവന്റെ അറിവിൽപെടാതിരിക്കുകയില്ല. എല്ലാറ്റിന്റെയും കണക്കും തോതുമൊക്കെ അവൻ കൃത്യമായി രേഖപ്പെടുത്തി വെച്ചിട്ടുമുണ്ട് എന്നു സാരം. നബി (സ) യുടെ ക്വുർ

ആൻ പാരായണത്തെപ്പററി പ്രത്യേകം എടുത്തുപറഞ്ഞതു. നബി (സ) യുടെ പ്രധാന ജോലി അതായതുകൊണ്ടായിരിക്കാം. والله أعلم

ഭാവികാര്യങ്ങളെക്കുറിച്ച് മാത്രമല്ലാത്തിലുള്ള അറിവേ അല്ലാഹുവിനുള്ളുവെന്നും, അതതു കാര്യങ്ങൾ സംഭവിക്കുമ്പോൾ മാത്രമേ ഓരോന്നിനെക്കുറിച്ചും അവനു വിശദമായി അറിയുകയുള്ളുവെന്നും ചില തൽപരകക്ഷികൾ ജൽപിക്കാറുള്ളതു തികച്ചും സത്യവിരുദ്ധമാണെന്നു ഈ വചനത്തിൽ നിന്നും ഇതുപോലെയുള്ള മററു ചില വചനങ്ങളിൽനിന്നും സ്പഷ്ടമായി മനസ്സിലാക്കാം. എല്ലാം അവൻ സൃഷ്ടിച്ചതു (الله خالق كل شيء) മാത്രമല്ല. സൃഷ്ടിച്ചതാകട്ടെ, ശരിക്കു കണക്കും വ്യവസ്ഥയും വെച്ചുകൊണ്ടും. (انا كل شيء خلقناه بقدر - القمر ٤٩) എന്നിരിക്കെ ഏതെങ്കിലും ഒരു കാര്യം—അല്ലെങ്കിൽ വസ്തു-അവൻ അറിയാതിരിക്കുന്നതെങ്ങിനെയാണു?!

62. (അല്ലാ! അറിയുക;) നിശ്ചയമായും അല്ലാഹുവിന്റെ 'വലിയ്യു'കൾ [മിത്രങ്ങൾ], അവരുടെ മേൽ ഒരു ഭയവുമില്ല; അവർ വ്യസനിക്കുകയും ചെയ്കയില്ല.

٦٢- أَلَآ إِنَّ أَوْلِيَآءَ ٱللَّهِ لَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ ۝

63. (അതെ,) വിശ്വസിക്കുകയും, സൂക്ഷ്മത പാലിച്ചുകൊണ്ടിരിക്കുകയും ചെയ്തവർ. [ഇവരാണ് അല്ലാഹുവിന്റെ 'വലിയ്യു'കൾ.]

٦٣- ٱلَّذِينَ ءَامَنُوا۟ وَكَانُوا۟ يَتَّقُونَ ۝

64. അവർക്കത്രെ, ഇഹലോക ജീവിതത്തിലും, പരലോകത്തിലും സന്തോഷവാർത്ത (യുള്ളതു).

അല്ലാഹുവിന്റെ വാക്കുകൾക്കു മാററം വരുത്തലില്ല. അതുതന്നെയാണ് വമ്പിച്ച ഭാഗ്യം!

٦٤- لَهُمُ ٱلْبُشْرَىٰ فِى ٱلْحَيَوٰةِ ٱلدُّنْيَا وَفِى ٱلْءَاخِرَةِ ۚ لَا تَبْدِيلَ لِكَلِمَـٰتِ ٱللَّهِ ۚ ذَٰلِكَ هُوَ ٱلْفَوْزُ ٱلْعَظِيمُ ۝

---

62. ألا അല്ലാ, അറിയുക اولياء വലിയ്യു (മിത്രം) കൾ الله അല്ലാഹുവിന്റെ لا خوف ഒരു ഭയവുമില്ല عليهم അവരുടെ മേൽ ولا هم അവരില്ലതാനും يحزنون അവർ വ്യസനിക്കും. 63. الذين آمنوا വിശ്വസിച്ചവർ وكانوا ആയിരിക്കുകയും ചെയ്തു يتقون അവർ സൂക്ഷ്മത പാലിക്കും. 64. لهم അവർക്കുണ്ടു, അവർക്കാണു البشرى സന്തോഷവാർത്ത في الحياة ജീവിതത്തിൽ الدنيا ഇഹത്തിലെ, ഐഹിക وفي الآخرة പരലോകത്തിലും لا تبديل മാററം വരുത്തലില്ല, പകരമാക്കലില്ല لكلمات വാക്കുകൾ, വചനങ്ങളെ الله അല്ലാഹുവിന്റെ ذلك هو അതുതന്നെയാണു الفوز ഭാഗ്യം, വിജയം العظيم വമ്പിച്ച, മഹാ

അടുപ്പം (قرب) എന്നർത്ഥമായ ولي (വലിയ്) എന്ന മൂലത്തിൽ നിന്നുള്ളതാണ് ولي വലിയ്യ് എന്ന വാക്ക്. ബന്ധപ്പെട്ടവൻ, അടുത്തവൻ, മിത്രം' എന്നൊക്കെയാണു അതിന്റെ അർത്ഥം. അതിന്റെ ബഹുവചനമാണ് أولياء (ഔലിയാഉ്). 'ശത്രു (عدو)'വിന്റെ എതിർപദമായി അത് ഉപയോഗിക്കപ്പെടുന്നത് ഈ അർത്ഥത്തിലാകുന്നു. കുട്ടികൾ, സ്ത്രീകൾ മുതലായ ദുർബ്ബലരുടെ കൈകാര്യ കർത്താക്കൾക്കും ഈ വാക്ക് ഉപയോഗിക്കാറുണ്ട്. أولياء الله (അല്ലാഹുവിന്റെ വലിയ്യുകൾ) എന്നു പറയുന്നതും ആദ്യം പറഞ്ഞ അർത്ഥത്തിൽ തന്നെയാണെന്നു പ്രത്യേകം പറയേണ്ടതില്ല. 'അല്ലാഹുവിന്റെ വലിയ്യുകൾ' (അഥവാ ഔലിയാഉ്) ആരാണെന്നു അല്ലാഹു ഇവിടെ വ്യക്തമാക്കിയിരിക്കുന്നു. അതെ, വിശ്വസിക്കേണ്ടുന്ന കാര്യങ്ങളിൽ വിശ്വസിക്കുകയും, അല്ലാഹുവിന്റെ വിധിവിലക്കുകൾ അനുസരിക്കുകവഴി അവനെ സൂക്ഷിച്ചു പോരുകയും ചെയ്തവരാരോ അവരാണത് (الذين آمنوا وكانوا يتقون) അല്ലാഹുതന്നെ 'ഔലിയാഇ'ന്നു നിർവ്വചനം നൽകിയിരിക്കെ, മററു നിർവ്വചനമോ വ്യാഖ്യാനമോ നൽകുവാൻ ആർക്കും അവകാശമില്ല.

ലോകത്തു അദൃശ്യമായ ചില കൈകാര്യങ്ങൾ നടത്തുന്ന—അല്ലെങ്കിൽ അതിനു കഴിവു നൽകപ്പെട്ട—ചില മഹാത്മാക്കളെ ഉദ്ദേശിച്ചാണ് അല്ലാഹുവിന്റെ വലിയ്യുകൾ എന്നു പറയപ്പെടുന്നതെന്ന് ചിലർ പറയാറുള്ളതു ശരിയല്ലെന്നു അല്ലാഹുവിന്റെ നിർവ്വചനത്തിൽ നിന്നു സ്പഷ്ടമായി. അതുപോലെത്തന്നെ, ചില അത്ഭുതസിദ്ധികളുണ്ടെന്നു കരുതപ്പെടുന്നവർ, ജട മുടി മുതലായ ചില പ്രത്യേക വേഷം സ്വീകരിച്ചവർ, വല്ല മഹാന്മാരുടെയും ശിഷ്യത്വമോ കൈതുടർച്ചയോ ലഭിച്ചതിന്റെ പേരിൽ പെട്ടെന്നു 'വലിപ്പട്ടം' നേടിയവർ എന്നിങ്ങിനെയുള്ളവരാണ് വലിയ്യുകൾ എന്നൊക്കെ ചില തെറ്റായ ധാരണകൾ പൊതുജനങ്ങൾക്കിടയിലുമുണ്ട്. തികച്ചും അജ്ഞതയിൽ നിന്നും വിഡ്ഢിത്തത്തിൽ നിന്നും ഉടലെടുത്ത ഈ ധാരണകൾ മൂലം മുസ്ലിം സമുദായത്തിൽ ഉണ്ടായതും, ഉണ്ടായിക്കൊണ്ടിരിക്കുന്നതുമായ അനാചാരങ്ങൾക്കും അഴിമതികൾക്കും കയ്യും കണക്കുമില്ല. فالله المستعان

സത്യവിശ്വാസം സ്വീകരിക്കുകയും, അല്ലാഹുവിനെ സൂക്ഷിച്ചുപോരുകയും ചെയ്തവരാകുന്ന 'വലിയ്യു'കളുടെ നേട്ടങ്ങളായി അല്ലാഹു ഇവിടെ എടുത്തു കാണിച്ചതു നാലു കാര്യങ്ങളാകുന്നു. (1) لا خوف عليهم (അവരുടെ മേൽ ഒരു ഭയവുമില്ല.) അവർ തങ്ങളുടെ കടമകളെ ശരിക്കു പാലിക്കുന്നവരും, പാപകൃത്യങ്ങളിൽ നിന്ന് ഒഴിഞ്ഞു നിൽക്കുന്നവരുമാകകൊണ്ടു മറ്റുള്ളവർ ഭയപ്പെടുന്നതുപോലെ വരാനിരിക്കുന്ന വിപത്തുകളെക്കുറിച്ചു അവർ ഒന്നും ഭയപ്പെടേണ്ടതായി വരുകയില്ല എന്നുദ്ദേശ്യം. (2) ولا هم يحزنون (അവരൊട്ടു വ്യസനിക്കുകയുമില്ല.) ഐഹികമായതോ പാരത്രികമായതോ ആവട്ടെ, അവർ ചെയ്തുപോയതിനെപ്പറ്റിയോ, ചെയ്യാതിരുന്നതിനെപ്പറ്റിയോ അവർക്കു വ്യസനിക്കേണ്ടുന്ന ആവശ്യം നേരിടുകയില്ല. കാരണം, രണ്ടിലും അവർ തങ്ങളുടെ ബാധ്യതകളെല്ലാം യഥാവിധി നിറവേറ്റുന്നവരായിരിക്കും. വല്ല ആപത്തുകളോ കഷ്ടനഷ്ടങ്ങളോ നേരിട്ടാലും വ്യസനവും ദുഃഖവും അവരെ തീണ്ടുകയില്ല. കാരണം, അവർ സർവ്വവും അല്ലാഹുവിൽ അർപ്പിച്ചവരും, അവൻ നൽകിയതിൽ സമാധാനമടയുന്നവരുമായിരിക്കും. (3) لهم البشرى في الحيوة الدنيا (അവർക്കു ഐഹികജീവിതത്തിൽ സന്തോഷവാർത്തയുണ്ടായിരിക്കും.) (പ്രവാചകന്മാരും, വേദഗ്രന്ഥങ്ങളും മുഖേന അവർക്കു പല സന്തോഷവാർത്തകളും ലഭിച്ചുകൊണ്ടിരിക്കുന്നു. നല്ലതായ സ്വപ്നങ്ങൾ വഴിയും അവർക്കു മനസ്സമാധാനവും സന്തോഷവും ലഭിച്ചുകൊണ്ടിരിക്കും. ജനങ്ങളിൽ നിന്ന് അനുമോദനങ്ങളും സ്വീകരണങ്ങളും ഉണ്ടായിക്കൊണ്ടിരിക്കും. അവരുടെ പ്രാർത്ഥനകൾ അല്ലാഹു പാഴാക്കുകയുമില്ല. മരണവേളയിൽ മലക്കുകളും അവരെ സ്വാഗതം ചെയ്കയും അനുമോദിക്കുകയും ചെയ്യും. അവരോ അവരെപ്പറ്റി മറ്റുള്ളവരോ കാണുന്ന നല്ല സ്വപ്നങ്ങളും അവരുടെ ഐഹികമായ സന്തോഷവാർത്തയിൽ ഉൾപ്പെടുന്നതായി താഴെ ഉദ്ധരിക്കുന്ന ഹദീസുകളിൽ നിന്നും വ്യക്തമാണ്. അങ്ങിനെ പലതും ഇഹത്തിൽ വെച്ച് അവർക്കു ലഭിക്കുന്ന സന്തോഷങ്ങളായിരിക്കും. (4) وفي الآخرة (പരലോകത്തിലും സന്തോഷവാർത്തയുണ്ടായിരിക്കും.) ഖിയാമത്തുനാളിൽ മലക്കുകൾ അവരെ എതിരേൽക്കുകയും, അവർക്കു ലഭിക്കുവാനിരിക്കുന്ന സ്വർഗ്ഗം മുതലായ അനുഗ്രഹങ്ങളെപ്പറ്റി സന്തോഷമറിയിക്കുകയും ചെയ്യും. എല്ലാ ഭാഗത്തു നിന്നും സന്തോഷവാർത്തയേ അവർ കേൾക്കേണ്ടി വരുകയുള്ളു. ഇതെല്ലാം ചൂണ്ടിക്കാട്ടിയശേഷം, ഇതിലൊന്നും യാതൊരു മാററവും വരുത്തുകയില്ല—അല്ലാഹുവിന്റെ വാക്കുകൾക്കു വ്യത്യാസം വരുകയില്ല—എന്നും, മനുഷ്യർക്ക് ലഭിക്കാവുന്ന മഹത്തായ ഭാഗ്യം ഇതുതന്നെയാണെന്നും, അല്ലാഹു ആ വാഗ്ദാനം വീണ്ടും ശക്തിപ്പെടുത്തിയിരിക്കുന്നു. ഈ മഹാഭാഗ്യത്തിനു പാത്രമാകുന്ന സജ്ജനങ്ങളിൽ അല്ലാഹു നമ്മെയെല്ലാം ഉൾപ്പെടുത്തിത്തരട്ടെ. ആമീൻ.

മേൽകണ്ട വിവരണത്തിലേക്കു വെളിച്ചം നൽകുന്ന അൽപം ചില ഖുർആൻ വചനങ്ങളും, ഹദീസുകളും ഇവിടെ ഓർമ്മിപ്പിക്കുന്നത് സന്ദർഭോചിതമായിരിക്കും: من آمن بالله واليوم الآخر وعمل صالحا - الآية (സാരം: ആർ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുകയും സൽക്കർമ്മം പ്രവർത്തിക്കുകയും ചെയ്തുവോ അവർക്ക് അവരുടെ പ്രതിഫലം അവരുടെ റബ്ബിന്റെ അടുക്കൽ ഉണ്ടായിരിക്കും. അവരുടെ മേൽ ഒരു ഭയവുമില്ല; അവർ വ്യസനിക്കുകയുമില്ല.) വീണ്ടും അല്ലാഹു പറയുന്നു: ان الذين قالوا ربنا الله - الآيات - حم السجدة (സാരം: ഞങ്ങളുടെ റബ്ബു അല്ലാഹുവാണെന്നു പറയുകയും, പിന്നീട് ചൊവ്വിനു നിലകൊള്ളുകയും ചെയ്തവരിൽ മലക്കുകൾ ഇറങ്ങിവന്നു പറയും: നിങ്ങൾ ഭയപ്പെടുകയും, വ്യസനിക്കുകയും വേണ്ടാ. നിങ്ങളോട് വാഗ്ദാനം ചെയ്യപ്പെട്ടുകൊണ്ടിരുന്ന സ്വർഗ്ഗം കൊണ്ട് നിങ്ങൾ സന്തോഷിച്ചുകൊള്ളുവിൻ. ഇഹത്തിലും, പരത്തിലും ഞങ്ങൾ നിങ്ങളുടെ ബന്ധുമിത്രങ്ങളാകുന്നു. അവിടത്തിൽ നിങ്ങൾക്കു നിങ്ങളുടെ മനസ്സുകൾ ഇച്ഛിക്കുന്നതെന്തോ അതുണ്ടായിരിക്കും. അവിടത്തിൽ നിങ്ങൾ എന്താവശ്യപ്പെടുന്നുവോ അതും നിങ്ങൾക്കുണ്ടായിരിക്കും—വളരെ പൊറുക്കുന്നവനും, കരുണാനിധിയുമായ റബ്ബിന്റെ പക്കൽ നിന്നുള്ള സൽക്കാരമായിക്കൊണ്ട്. (41: 30-32.)

മരണവേളയിലും, ഖബറിൽവെച്ചും, പുനരുത്ഥാനസമയത്തും മലക്കുകൾ സജ്ജനങ്ങൾക്കു ഇപ്രകാരം സന്തോഷവാർത്ത അറിയിക്കുന്നതാണെന്ന് നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്. (കൂടുതൽ വിവരം ആ വചനങ്ങളുടെ വ്യാഖ്യാനത്തിൽ നോക്കുക.) സജ്ജനങ്ങളെക്കുറിച്ച് അവർ നരകത്തിന്റെ ചെറ്റുപ്പാടുപോലും കേൾക്കുകയില്ലെന്നും,

അവർ ഇച്ഛിക്കുന്നതെന്തോ അതിൽ നിത്യവാസികളായിരിക്കുമെന്നും പറഞ്ഞുകൊണ്ടു അല്ലാഹു പറയുന്നു: لا يحزنهم الفزع الأكبر - الآية - الأنبياء (സാരം: ആ മഹാവിഭ്രമം അവരെ വ്യസനിപ്പിക്കുകയില്ല. നിങ്ങളോട് വാഗ്ദാനം ചെയ്യപ്പെട്ടിരുന്ന ആ ദിവസമാണിതു എന്നു പറഞ്ഞുകൊണ്ടു മലക്കുകൾ അവരെ എതിരേൽക്കുകയും ചെയ്യും. (21: 103.) വീണ്ടും അല്ലാഹു പറയുന്നു: يوم ترى المؤمنين والمؤمنات ..... الآية (സാരം: സത്യവിശ്വാസികളായ പുരുഷന്മാരുടെയും സ്ത്രീകളുടെയും മുമ്പിലൂടെയും, വല ഭാഗത്തൂടെയും പ്രകാശം വ്യാപിച്ചുകൊണ്ടിരിക്കുന്ന ദിവസം, അടിഭാഗത്തിലൂടെ അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗ്ഗങ്ങളത്രെ ഇന്നു നിങ്ങൾക്കുള്ള അനുമോദനവാർത്ത എന്ന് അവരോടു പറയപ്പെടും. (57: 12) ഔലിയാഉ (أولياء) എന്ന വാക്കു ഒരു പ്രത്യേകതരം ആളുകളെ ഉദ്ദേശിച്ചല്ലെന്നും, സദ്‌വൃത്തരായ സത്യവിശ്വാസികളെ ഉദ്ദേശിച്ചാണെന്നും ഇതിൽ നിന്നൊക്കെ കൂടുതൽ മനസ്സിലാക്കാമല്ലോ.

നബി (സ) പറഞ്ഞതായി ഇബ്നുമസ്ഊദ് (റ) ഉദ്ധരിക്കുന്നു: 'നിശ്ചയമായും, മനുഷ്യരിൽ പിശാചിനു ഒരു പ്രവേശനമുണ്ട്; മലക്കിനും ഒരു പ്രവേശനമുണ്ട്. എന്നാൽ, പിശാചിന്റെ പ്രവേശനം തിന്മകൊണ്ടുള്ള വാഗ്ദത്തം നടത്തലും, യഥാർത്ഥത്തെ വ്യാജമാക്കലുമായിരിക്കും. മലക്കിന്റെ പ്രവേശനം നന്മ കൊണ്ട് വാഗ്ദത്തം നടത്തലും, യഥാർത്ഥത്തെ സത്യപ്പെടുത്തലുമായിരിക്കും. ആർക്കെങ്കിലും ഇതു (ഒടുവിൽ പറഞ്ഞതു) അനുഭവപ്പെട്ടാൽ, അതു അല്ലാഹുവിങ്കൽനിന്നുള്ളതാണെന്നു അവൻ അറിഞ്ഞുകൊള്ളട്ടെ, അവൻ അല്ലാഹുവിനെ സ്തുതിക്കുകയും ചെയ്തുകൊള്ളട്ടെ. മറ്റേതു (ആദ്യം പറഞ്ഞതു) ആർക്കെങ്കിലും അനുഭവപ്പെട്ടാൽ അവൻ പിശാചിൽ നിന്നു രക്ഷ തേടിക്കൊള്ളട്ടെ. (തി: ന.) അബൂദർറ് (റ) പറയുന്നു: 'മനുഷ്യൻ ഒരു കർമ്മം ചെയ്യുന്നു; അതിന്റെ പേരിൽ ജനങ്ങൾ അവനെ സ്തുതിക്കുകയും പുകഴ്ത്തുകയും ചെയ്യുന്നു? (ഇതിന്റെ സ്ഥിതിയെന്താണ്?)' എന്നു അദ്ദേഹം നബി (സ)യോടു ചോദിച്ചു. അപ്പോൾ നബി (സ) പറഞ്ഞു: 'അത് സത്യവിശ്വാസിക്ക നേരത്തെ കൂട്ടി ലഭിക്കുന്ന അനുമോദനവാർത്തയാണ്'. (അ; മു.) അബുദ്ദർദാഉ് لهم البشرى ..... (അവർക്ക സന്തോഷ വാർത്തയുണ്ട്....) എന്ന വചനത്തെപ്പറ്റി ചോദിച്ചപ്പോൾ നബി (സ) പറഞ്ഞതായി അദ്ദേഹം ഉദ്ധരിക്കുന്നു: 'മുസ്‌ലിമായ മനുഷ്യൻ കാണുകയോ, അല്ലെങ്കിൽ അവനെപ്പറ്റി മറ്റുള്ളവരാൽ കാണപ്പെടുകയോ ചെയ്യുന്ന നല്ല സ്വപ്നങ്ങളാണത്'. (അ; ഇബ്നുജരീർ.) ഒന്നിലധികം മാർഗ്ഗങ്ങളിൽ കൂടി—വാക്കുകളിൽ അൽപസ്വൽപം വ്യത്യാസം കാണുമെങ്കിലും—ഇബ്നുജരീർ (റ) ഇതു ഉദ്ധരിച്ചിരിക്കുന്നു. ഉബാദത്തുബ്നു സ്വാമിത്ത്, അബൂഹുറൈറ (റ) എന്നിവരിൽ നിന്നും ഈ അർത്ഥത്തിലുള്ള ഹദീസുകൾ അഹ്മദും, ഇബ്നുജരീറും (റ) ഉദ്ധരിച്ചു കാണാം. നല്ല സ്വപ്നങ്ങൾ പ്രവാചകത്വത്തിന്റെ പല അംശങ്ങളിൽ ഒന്നാണെന്നും ഹദീസുകളിൽ വന്നിട്ടുണ്ട്. പരലോകത്തു വെച്ചു ലഭിക്കുന്ന സന്തോഷവാർത്തകളിൽ പ്രധാനമായതു സ്വർഗ്ഗത്തെപ്പറ്റിയുള്ള സന്തോഷവാർത്തയാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

65. (നബിയേ) അവരുടെ [മുശ്‌രിക്കുകളുടെ] വാക്കു നിന്നെ വ്യസനിപ്പിക്കരുത്. നിശ്ചയമായും, പ്രതാപം മുഴുവനും അല്ലാഹുവിനാകുന്നു. അവൻ (എല്ലാം) കേൾക്കുന്നവനും അറിയുന്നവനുമത്രെ.

وَلَا يَحْزُنكَ قَوْلُهُمْ ۘ إِنَّ الْعِزَّةَ لِلَّهِ جَمِيعًا ۚ هُوَ السَّمِيعُ الْعَلِيمُ ۝

---

65. ولا يحزنك നിന്നെ വ്യസനിപ്പിക്കരുതു قولهم അവരുടെ വാക്കു, അവർ പറയുന്നതു إن العزة നിശ്ചയമായും പ്രതാപം لله അല്ലാഹുവിനാണു جميعا മുഴുവനും هو അവൻ السميع കേൾക്കുന്നവനത്രെ العليم അറിയുന്നവൻ

മുശ്‌രിക്കുകളുടെ ഭാഗത്തുനിന്നു പരിഹാസത്തിന്റെയും ആക്ഷേപത്തിന്റെയും ഭീഷണിയുടെയും രൂപത്തിൽ പല തോന്നിയവാസ വാക്കുകളും കേട്ടുകൊണ്ടിരിക്കും. ചിലതെല്ലാം കേൾക്കുമ്പോൾ നബി(സ)ക്കു വ്യസനം തോന്നുക സ്വാഭാവികമാണല്ലോ. ഇതിനെപ്പറ്റി മറ്റൊരിടത്തു അല്ലാഹു പറയുന്നു: قد نعلم إنه ليحزنك الذي يقولون..... (അവർ പറഞ്ഞുകൊണ്ടിരിക്കുന്നത് നിന്നെ വ്യസനിപ്പിക്കുകതന്നെ ചെയ്യുന്നുവെന്നു നാം അറിയുന്നുണ്ട്. എന്നാൽ, അവർ നിന്നെ വ്യാജമാക്കുകയല്ല ചെയ്യുന്നത്. പക്ഷേ, ആ അക്രമികൾ അല്ലാഹുവിന്റെ ആയത്തുകളെ നിഷേധിക്കുകയാണ് ചെയ്യുന്നത്. (6:33.) അത്തരം വാക്കുകളിലൊന്നും വ്യസനിക്കേണ്ടതില്ല, അവർക്കു വില കല്പിക്കേണ്ടതുമില്ല, അതിനെതിരിൽ വേണ്ടുന്ന നടപടികൾ അല്ലാഹു എടുത്തുകൊള്ളും. അവമൂലം ഒന്നും സംഭവിക്കുവാനും പോകുന്നില്ല.

[illegible] അവന്റെ നടപടിക്കു കീഴൊതുങ്ങാത്തവരാകും. അതിനാൽ [illegible] നബി (സ) യെ സമാധാനിപ്പിക്കുകയാണ്. മറ്റൊരു സ്ഥലത്തു അല്ലാഹു പറയുന്നു: كَتَبَ اللَّهُ لَأَغْلِبَنَّ أَنَا وَرُسُلِي (നിശ്ചയമായും ഞാനും എന്റെ റസൂലുകളും ജയിക്കുകതന്നെ ചെയ്യുമെന്ന് അല്ലാഹു രേഖപ്പെടുത്തി വെച്ചിരിക്കുന്നു. നിശ്ചയമായും അല്ലാഹു ശക്തനും പ്രതാപശാലിയുമാകുന്നു.) (58:21)

66. അല്ലാ! (അറിയുക:) നിശ്ചയമായും, അല്ലാഹുവിന്റേതാണ് ആകാശങ്ങളിലുള്ളവരും, ഭൂമിയിലുള്ളവരും (എല്ലാം). അല്ലാഹുവിനു പുറമെ അവർ വിളി(ച്ചു പ്രാർത്ഥി)ച്ചു കൊണ്ടിരിക്കുന്നവർ (യഥാർത്ഥത്തിൽ) പങ്കാളികളെ പിൻപറ്റുന്നില്ല. (അതെ,) ഊഹത്തെയല്ലാതെ അവർ പിൻപറ്റുന്നില്ല; അവർ മതിപ്പിട്ടു(കളവു) പറയുകയല്ലാതെ ചെയ്യുന്നുമില്ല.

٦٦- أَلَا إِنَّ لِلَّهِ مَن فِي السَّمَاوَاتِ وَمَن فِي الْأَرْضِ ۗ وَمَا يَتَّبِعُ الَّذِينَ يَدْعُونَ مِن دُونِ اللَّهِ شُرَكَاءَ ۚ إِن يَتَّبِعُونَ إِلَّا الظَّنَّ وَإِنْ هُمْ إِلَّا يَخْرُصُونَ ○

---

66. أَلَا അല്ലാ, അറിയുക إِنَّ നിശ്ചയമായും لِلَّهِ അല്ലാഹുവിനാണു, അല്ലാഹുവിന്റെയാണു مَن فِي السَّمَاوَاتِ ആകാശത്തിലുള്ളവർ وَمَن فِي الْأَرْضِ ഭൂമിയിലുള്ളവരും وَمَا يَتَّبِعُ പിൻപറ്റുന്നില്ല الَّذِينَ يَدْعُونَ വിളിക്കുന്ന (പ്രാർത്ഥിക്കുന്ന)വർ مِن دُونِ اللَّهِ അല്ലാഹുവിനു പുറമെ شُرَكَاءَ പങ്കാളികളെ, കൂട്ടുകാരെ إِن يَتَّبِعُونَ അവർ പിൻപറ്റുന്നില്ല إِلَّا الظَّنَّ ഊഹത്തെ (ധാരണയെ) അല്ലാതെ وَإِنْ هُمْ അവരല്ലതാനും إِلَّا يَخْرُصُونَ മതിപ്പിടുക (അനുമാനം പറയുക)യല്ലാതെ

ആകാശ ഭൂമികളിലുള്ളവരെല്ലാം അല്ലാഹുവിന്റെ സൃഷ്ടികളും, അടിമകളും, അവന്റെ നിയന്ത്രണത്തിൽ കഴിയുന്നവരുമാകുന്നു. എന്നിരിക്കെ, അവരിൽ ആരെങ്കിലും അല്ലാഹുവിന്റെ അധികാരാവകാശങ്ങളിലോ ഗുണമാഹാത്മ്യങ്ങളിലോ അവനു പങ്കാളികളായിരിക്കുവാൻ നിവൃത്തിയില്ല. ബുദ്ധിയുള്ള ജീവികളുടെ സ്ഥിതിതന്നെ ഇതാണെങ്കിൽ, ബുദ്ധിയോ ജീവനോ ഇല്ലാത്ത നിർജ്ജീവ വസ്തുക്കളുടെ കാര്യം പറയേണ്ടതുമില്ലല്ലോ. അപ്പോൾ മുശ്രിക്കുകൾ ചില സൃഷ്ടികളെ അല്ലാഹുവിന്റെ പങ്കാളികളെ സങ്കൽപിച്ചുകൊണ്ട് ആരാധിച്ചും പ്രാർത്ഥിച്ചും വരുന്നതോ? വാസ്തവത്തിൽ അവരൊന്നും തന്നെ അല്ലാഹുവിന്റെ പങ്കാളികളല്ല. പിന്നെയോ? വെറും ചില ഊഹത്തെയും അനുമാനത്തെയും അടിസ്ഥാനമാക്കി അവരെ അവന്റെ പങ്കുകാരാണെന്നു സങ്കൽപിച്ചുകൊണ്ടിരിക്കുക മാത്രമാണ് ചെയ്യുന്നത്. അതിൽ സത്യത്തിന്റെയോ, ന്യായത്തിന്റെയോ കണികപോലുമില്ല. ഇതാണ് ഇവിടെ അല്ലാഹു പറഞ്ഞതിന്റെ താൽപര്യം.

67. അവനത്രെ നിങ്ങൾക്കു അടങ്ങി (ശാന്തമായിരിക്കു)വാൻവേണ്ടി രാത്രിയെയും, കണ്ടറിയത്തക്ക നിലയിൽ പകലിനെയും ഏർപ്പെടുത്തിത്തന്നവൻ. നിശ്ചയമായും, കേട്ടറിയുന്ന ജനങ്ങൾക്കു അതിൽ പല ദൃഷ്ടാന്തങ്ങളുമുണ്ടു.

٦٧- هُوَ الَّذِي جَعَلَ لَكُمُ اللَّيْلَ لِتَسْكُنُوا فِيهِ وَالنَّهَارَ مُبْصِرًا ۚ إِنَّ فِي ذَٰلِكَ لَآيَاتٍ لِّقَوْمٍ يَسْمَعُونَ ○

---

67 هُوَ الَّذِي അവൻ യാതൊരുവൻ, അവനത്രെ യാതൊരുവൻ جَعَلَ لَكُمُ നിങ്ങൾക്കു ആക്കി (ഏർപ്പെടുത്തി)യ اللَّيْلَ രാത്രിയെ لِتَسْكُنُوا നിങ്ങൾ അടങ്ങിയിരിക്കുവാൻ, ശാന്തമായിരിക്കുവാൻ فِيهِ അതിൽ وَالنَّهَارَ പകലിനെയും مُبْصِرًا കാണത്തക്കവിധത്തിൽ إِنَّ فِي ذَٰلِكَ നിശ്ചയമായും അതിലുണ്ടു لَآيَاتٍ പല ദൃഷ്ടാന്തങ്ങൾ لِّقَوْمٍ ഒരു ജനതക്കു يَسْمَعُونَ കേൾക്കുന്ന, കേട്ടറിയുന്ന

രാപ്പകലുകളുടെ യാഥാർത്ഥ്യത്തെയും, അവയുടെ ക്രമീകരണ വ്യവസ്ഥയിലടങ്ങിയ യുക്തി രഹസ്യങ്ങളെയും സംബന്ധിച്ച് ചിന്തിച്ചാൽതന്നെയും അല്ലാഹുവിനു പങ്കാളികൾ ഉണ്ടായിരിക്കുക സാധ്യമല്ലെന്നു അന്വേഷണ ബുദ്ധിയുള്ളവർക്ക് വ്യക്തമായി മനസ്സിലാക്കുവാൻ കഴിയും.

قَالُوا اتَّخَذَ اللَّهُ وَلَدًا سُبْحَانَهُ هُوَ الْغَنِيُّ لَهُ مَا فِي السَّمَاوَاتِ وَمَا فِي الْأَرْضِ إِنْ عِندَكُم مِّن سُلْطَانٍ بِهَٰذَا أَتَقُولُونَ عَلَى اللَّهِ مَا لَا تَعْلَمُونَ ۝٦٨

68. അവർ പറയുകയാണ്: 'അല്ലാഹു സന്താനത്തെ സ്വീകരിച്ചിരിക്കുന്നു'വെന്ന്. അവൻ മഹാ പരിശുദ്ധൻ! അവനത്രെ (പരാശ്രയമില്ലാത്ത) ധന്യൻ; അവന്റേതാണു ആകാശങ്ങളിലുള്ളതും, ഭൂമിയിലുള്ളതും (മുഴുവൻ). ഇതിനെപ്പറ്റി നിങ്ങളുടെ പക്കൽ യാതൊരു (ആധികാരിക) രേഖയും ഇല്ല. അല്ലാഹുവിന്റെമേൽ നിങ്ങൾക്കറിഞ്ഞുകൂടാത്തതു നിങ്ങൾ (കെട്ടി) പറയുന്നുവോ?!'

قُلْ إِنَّ الَّذِينَ يَفْتَرُونَ عَلَى اللَّهِ الْكَذِبَ لَا يُفْلِحُونَ ۝٦٩

69. പറയുക: 'നിശ്ചയമായും, അല്ലാഹുവിന്റെ മേൽ വ്യാജം കെട്ടിച്ചമക്കുന്നവർ വിജയിക്കുകയില്ല.'

مَتَاعٌ فِي الدُّنْيَا ثُمَّ إِلَيْنَا مَرْجِعُهُمْ ثُمَّ نُذِيقُهُمُ الْعَذَابَ الشَّدِيدَ بِمَا كَانُوا يَكْفُرُونَ ۝٧٠

70. ഇഹത്തിലുള്ള ഒരു (തരം) സുഖമെടുക്കൽ! (അത്ര മാത്രം.) പിന്നെ, നമ്മുടെ അടുക്കലേക്കാണ് അവരുടെ മടങ്ങി വരവ്.

പിന്നെ, അവർ അവിശ്വസിച്ചിരുന്നതു നിമിത്തം അവരെ നാം കഠിനമായ ശിക്ഷ ആസ്വദിപ്പിക്കുന്നതാണു.

---

68. قالوا അവർ പറഞ്ഞു, പറയുകയാണു اتخذ ഏർപ്പെടുത്തി, സ്വീകരിച്ചു, ഉണ്ടാക്കി(എന്നു) الله അല്ലാഹു ولدا സന്താനം سبحانه അവൻ മഹാ പരിശുദ്ധൻ, അവനെ വാഴ്ത്തുന്നു هو അവൻ, അവനത്രെ الغني ധന്യനത്രെ, ധന്യനായുള്ളവൻ, നിരാശ്രയൻ له അവനാണു, അവന്റേതാണു ما في السموات ആകാശങ്ങളിലുള്ളതു وما في الأرض ഭൂമിയിലുള്ളതും إن عندكم നിങ്ങളുടെ അടുക്കൽ(പക്കൽ) ഇല്ല من سلطان ഒരു (അധികൃത) രേഖയും بهذا ഇതിനു, ഇതിനെപ്പറ്റി أتقولون നിങ്ങൾ പറയുകയോ, പറഞ്ഞുണ്ടാക്കുന്നുവോ على الله അല്ലാഹുവിന്റെ പേരിൽ(മേൽ) ما لا تعلمون നിങ്ങൾ(ക്കു) അറിയാത്തതു 69. قل പറയുക, إن നിശ്ചയമായും الذين يفترون കെട്ടിച്ചമക്കുന്നവർ على الله അല്ലാഹുവിന്റെ മേൽ الكذب വ്യാജം, അസത്യം لا يفلحون അവർ വിജയിക്കുകയില്ല. 70. متاع ഒരു സുഖമെടുക്കൽ في الدنيا ഇഹത്തിൽ ثم إلينا പിന്നെ നമ്മുടെ അടുക്കലേക്കാണു مرجعهم അവരുടെ മടങ്ങിവരവു ثم نذيقهم പിന്നെ നാമവരെ ആസ്വദിപ്പിക്കും, അനുഭവിപ്പിക്കും العذاب ശിക്ഷയെ الشديد കഠിനമായ بما كانوا അവരായിരുന്നതു നിമിത്തം يكفرون അവിശ്വസിക്കും.

മലക്കുകൾ അല്ലാഹുവിന്റെ പെൺമക്കളാണെന്നു മുശ്‌രിക്കുകളും, ഉസൈർ (അ) അല്ലാഹുവിന്റെ പുത്രനാണെന്നു ചില യഹൂദികളും, ഈസാ (അ) അല്ലാഹുവിന്റെ പുത്രനാണെന്നു ക്രിസ്ത്യാനികളും പറഞ്ഞുവരുന്നതിനെക്കുറിച്ചാണു ഈ വചനങ്ങളിൽ പ്രസ്താവിക്കുന്നത്. സന്താനവാദത്തെ ഖണ്ഡിക്കുന്ന ഏതാനും യാഥാർത്ഥ്യങ്ങളും, പ്രസ്തുത വാദക്കാർക്കുള്ള ചില താക്കീതുകളുമാണു അവയുടെ ഉള്ളടക്കം. അതേയവസരം, അപലപനീയമായ ഈ വാദത്തെ ചൂണ്ടിക്കാട്ടിയശേഷം ആദ്യമായി അല്ലാഹു പറഞ്ഞ വാക്കു سبحانه (അവൻ മഹാ പരിശുദ്ധൻ!) എന്നത്രെ. അവന്റെ മഹിതമഹത്വത്തിനും, അത്യുൽകൃഷ്ട ഗുണമാഹാത്മ്യങ്ങൾക്കും ഒട്ടും തന്നെ യോജിക്കാത്തതും, അവന്റെ പരിശുദ്ധിയെ ഇടിച്ചുതാഴ്ത്തി അവനെ സൃഷ്ടികളോടു സാദൃശ്യപ്പെടുത്തുന്നതുമായ ഒരു വാദമാണതെന്നാണു ആ വാക്കു സൂചിപ്പിക്കുന്നത്. ഈ വിഷയത്തെക്കുറിച്ച് ആക്ഷേപിക്കുന്ന മിക്ക സ്ഥലങ്ങളിലും ഖുർആനിൽ അല്ലാഹു ഇതേവാക്കു പറഞ്ഞിരിക്കുന്നതു കാണാം.

ഈ സന്താനവാദത്തെപ്പറ്റി അല്ലാഹുവിനുള്ള വെറുപ്പും, ആ വാദത്തിന്റെ ഗൗരവവും എത്രമാത്രം കടുത്തതാണെന്നു സൂറത്തു മർയമിലെ വചനങ്ങളിൽനിന്നു മനസ്സിലാക്കാം. [illegible] അല്ലാഹു

പറയുന്നു: 'വളരെ ഗുരുതരമായ ഒരു കാര്യമാണു നിങ്ങൾ ഈ ചെയ്തതു. ഇതുനിമിത്തം ആകാശങ്ങൾ പൊട്ടിപ്പിളരുകയും, ഭൂമി വിണ്ടുകീറുകയും, മലകൾ തകർന്നുവീഴുകയും ചെയ്യുമാറാകുന്നു! അതെ, പരമകാരുണികനായുള്ളവന്നു മക്കളുണ്ടെന്നു വാദിച്ചതിനാൽ! സന്താനത്തെ സ്വീകരിക്കുകയെന്നതു പരമ കാരുണികനു-അല്ലാഹുവിനു-യോജിക്കുന്നതല്ല. ആകാശഭൂമികളിലുള്ളവരെല്ലാം തന്നെ പരമകാരുണികന്റെ അടുക്കൽ അടിമയായി വരുന്നവരല്ലാതെ ഇല്ല. അവൻ അവരെ സൂക്ഷ്മമായി അറിയുകയും, അവരെ എണ്ണിക്കണക്കാക്കുകയും ചെയ്തിട്ടുണ്ട്'. (മർയം: 88-94.)

സന്താനമുണ്ടായിരിക്കുന്നതിൽനിന്നും അവൻ എത്രയോ പരിശുദ്ധനാണെന്നു പറഞ്ഞശേഷം, ആ പരിശുദ്ധതയുടെ പശ്ചാത്തലങ്ങളും അല്ലാഹു ചൂണ്ടിക്കാട്ടിയിരിക്കുന്നു. (1) അവൻ ധന്യനാണു. ആരുടെയും ആശ്രയം അവന്നില്ല, ഇണയോ, തുണയോ, മക്കളോ, കുടുംബമോ ഒന്നും അവന്നാവശ്യമില്ല. ഒരു കാര്യത്തിലും ആരുടെയും സഹായമോ, സഹകരണമോ, കൂട്ടോ ഒന്നും അവന്നു വേണ്ടതില്ല. (2) സന്താനങ്ങളെന്നു പറയപ്പെടുന്നവരടക്കം ആകാശഭൂമികളിലുള്ള സർവ്വ വസ്തുക്കളും അവന്റേതാണ്. എല്ലാം അവന്റെ സൃഷ്ടി. അവൻ ഉടമ. എല്ലാം അവന്റെ നിയന്ത്രണത്തിനധീനം. എന്നിരിക്കെ, അതിൽ ചിലർ മാത്രം എങ്ങിനെ അവന്റെ മക്കളാകും?! (3) ശരി. എന്നാൽ പിന്നെ ഈ വാദത്തിനു വല്ല രേഖയുമുണ്ടോ? ഇല്ല. ഒരു വേദഗ്രന്ഥമോ, ബുദ്ധിപരമായ വല്ല തെളിവോ, അറിവോ ഒന്നും തന്നെ അതിനില്ല. (4) സ്വീകാര്യമായ തെളിവോ രേഖാമൂലമുള്ള അറിവോ കൂടാതെ അല്ലാഹുവിന്റെ പേരിൽ കെട്ടിച്ചമച്ചുണ്ടാക്കിയ ഒരു വാദം മാത്രമാണതു.

ഇത്രയും കടുത്ത നുണ കെട്ടിപ്പറയുന്നവർ ഒരിക്കലും വിജയിക്കുവാൻ പോകുന്നില്ല. തൽക്കാലം ഈ ലോകത്തു അൽപസമയത്തെ സുഖജീവിതം അവർക്കുണ്ടായിരിക്കുമെങ്കിലും താമസിയാതെ അവർ നമ്മുടെ അടുത്തേക്കുതന്നെ തിരിച്ചു വരാതിരിക്കുകയില്ല. അപ്പോഴറിയാം ആ ധിക്കാരത്തിന്റെയും സത്യനിഷേധത്തിന്റെയും തിക്തഫലം! എന്നു അവസാനം അവരെ അല്ലാഹു താക്കീതും ചെയ്യുന്നു.

വിഭാഗം-8

ബഹുദൈവ വിശ്വാസികളായ സത്യനിഷേധികളെ സംബന്ധിച്ചു പലതും കഴിഞ്ഞ വചനങ്ങളിൽ പ്രസ്താവിച്ചു കഴിഞ്ഞു. അടുത്ത വചനം മുതൽ ഏതാനും വചനങ്ങളിലായി അവരെപ്പോലെ മുൻസമുദായങ്ങളിൽ കഴിഞ്ഞുപോയ ചില സത്യനിഷേധികളുടെ അനുഭവ പാഠങ്ങൾ വിവരിച്ചുകൊണ്ടു അതിലേക്കു അവരുടെ ശ്രദ്ധയെ ക്ഷണിക്കുന്നു. അല്ലാഹു പറയുന്നു:-

وَاتْلُ عَلَيْهِمْ نَبَأَ نُوحٍ إِذْ قَالَ لِقَوْمِهِ ۝٧١
يَا قَوْمِ إِن كَانَ كَبُرَ عَلَيْكُم
مَّقَامِي وَتَذْكِيرِي بِآيَاتِ اللَّهِ
فَعَلَى اللَّهِ تَوَكَّلْتُ

71. (നബിയേ,) അവർക്കു നൂഹിന്റെ വൃത്താന്തം ഓതികേൾപ്പിക്കുക. (അതായതു) അദ്ദേഹം തന്റെ ജനങ്ങളോടു പറഞ്ഞ സന്ദർഭം: 'എന്റെ ജനങ്ങളേ, എന്റെ നിലപാടും, അല്ലാഹുവിന്റെ 'ആയത്തു' [ലക്ഷ്യം] കളെക്കുറിച്ചുള്ള എന്റെ ഓർമ്മിപ്പിക്കലും നിങ്ങൾക്കു വളരെ വലുതായി [അസഹ്യമായി]ട്ടുണ്ടെങ്കിൽ, അല്ലാഹുവിന്റെ മേൽ ഞാൻ (ഇതാ) ഭരമേൽപിച്ചിരിക്കുന്നു.

فَأَجْمِعُوا أَمْرَكُمْ وَشُرَكَاءَكُمْ
ثُمَّ لَا يَكُنْ أَمْرُكُمْ عَلَيْكُمْ غُمَّةً
ثُمَّ اقْضُوا إِلَيَّ
وَلَا تُنظِرُونِ ۝

'എന്നാൽ, നിങ്ങൾ നിങ്ങളുടെ പങ്കാളികളോടുകൂടി നിങ്ങളുടെ കാര്യം ഏകോപി(ച്ചുറ)പ്പിച്ചു കൊള്ളുവിൻ; പിന്നെ, നിങ്ങളുടെ കാര്യം നിങ്ങൾക്കു അവ്യക്തതയായിരിക്കരുതു. [ഒരു തുറന്ന തീരുമാനം എടുത്തു കൊള്ളുക] പിന്നീട്, എന്റെനേരെ നിങ്ങൾ(അതു) നിർവ്വഹിച്ചു കൊള്ളുക; എനിക്കു നിങ്ങൾ താമസം നൽകുകയും വേണ്ട.

72. എനി, നിങ്ങൾ തിരിഞ്ഞു പോകുകയാണെങ്കിൽ (അങ്ങിനെ പോയ്ക്കൊള്ളൂ) ഞാൻ നിങ്ങളോടു യാതൊരു പ്രതിഫലവും ചോദിച്ചിട്ടില്ല. എന്റെ പ്രതിഫലം അല്ലാഹുവിന്റെ പേരിലല്ലാതെ (മറ്റാരുടെ പേരിലും ബാധ്യത) ഇല്ല. ഞാൻ 'മുസ്‌ലിം'കളിൽ പെട്ടവനായിരിക്കുവാൻ ഞാൻ കൽപിക്കപ്പെടുകയും ചെയ്തിരിക്കുന്നു.'	٧٢- فَإِن تَوَلَّيْتُمْ فَمَا سَأَلْتُكُم مِّنْ أَجْرٍ ۖ إِنْ أَجْرِيَ إِلَّا عَلَى اللَّهِ ۖ وَأُمِرْتُ أَنْ أَكُونَ مِنَ الْمُسْلِمِينَ ○
73. എന്നിട്ട് അവർ അദ്ദേഹത്തെ വ്യാജമാക്കി; അപ്പോൾ, അദ്ദേഹത്തെയും, അദ്ദേഹത്തിന്റെ കൂടെയുള്ളവരെയും കപ്പലിൽ (കയററി)നാം രക്ഷപ്പെടുത്തി. അവരെ നാം (ഭൂമിയിൽ) പിൻഗാമികളാക്കുകയും ചെയ്തു. നമ്മുടെ 'ആയത്തു' [ലക്ഷ്യം]കളെ വ്യാജമാക്കിയവരെ നാം മുക്കി നശിപ്പിക്കുകയും ചെയ്തു.	٧٣- فَكَذَّبُوهُ فَنَجَّيْنَاهُ وَمَن مَّعَهُ فِي الْفُلْكِ وَجَعَلْنَاهُمْ خَلَائِفَ وَأَغْرَقْنَا الَّذِينَ كَذَّبُوا بِآيَاتِنَا ۖ
അപ്പോൾ, നോക്കുക: (ആ) മുന്നറിയിപ്പു നൽകപ്പെട്ടവരുടെ പര്യവസാനം എങ്ങിനെ ആയെന്ന്!	فَانظُرْ كَيْفَ كَانَ عَاقِبَةُ الْمُنذَرِينَ ○

---

71. واتل ഓതിക്കൊടുക്കുക, ഓതിക്കേൾപ്പിക്കു عليهم അവർക്ക് نبأ نوح നൂഹിന്റെ വൃത്താന്തം, വർത്തമാനം إذ قال അദ്ദേഹം പറഞ്ഞ സന്ദർഭം لقومه തന്റെ ജനതയോടു يا قوم എന്റെ ജനങ്ങളെ إن كان ആണെങ്കിൽ كبر വളരെ വലുതായി (അസഹ്യമായി), വമ്പിച്ചതായിപ്പോയി (എങ്കിൽ) عليكم നിങ്ങൾക്കു مقامي എന്റെ നിലപാടു, സ്ഥാനം وتذكيري എന്റെ ഓർമ്മിപ്പിക്കലും, ഉപദേശവും بآيات الله അല്ലാഹുവിന്റെ ആയത്തുകളെപ്പററി فعلى الله എന്നാൽ അല്ലാഹുവിന്റെ മേൽ توكلت ഞാൻ ഭരമേൽപിച്ചിരിക്കുന്നു فأجمعوا എന്നാൽ (എനി) നിങ്ങൾ ഏകോപിപ്പിച്ചു (ഒരുമിച്ചുറപ്പിച്ചു) കൊള്ളുക أمركم നിങ്ങളുടെ കാര്യം وشركاءكم നിങ്ങളുടെ പങ്കാളികളോടു കൂടി, പങ്കാളികളും (ചേർന്ന്) ثم لا يكن പിന്നെ ആയിരിക്കരുതു أمركم നിങ്ങളുടെ കാര്യം عليكم നിങ്ങളിൽ, നിങ്ങൾക്കു غمة ഒരു മൂടൽ(അവ്യക്തത) ثم اقضوا പിന്നെ നിങ്ങൾ നിർവ്വഹിച്ചുകൊള്ളുവിൻ إلي എന്റെ നേരെ ولا تنظرون എന്നെ നോക്കിക്കാക്കുക(എനിക്കു താമസം നൽകുക)യും വേണ്ടാ. 72. فإن توليتم എനി (എന്നാൽ) നിങ്ങൾ തിരിഞ്ഞു കളയുന്ന പക്ഷം فما سألتكم എന്നാൽ ഞാൻ നിങ്ങളോടു ചോദിച്ചിട്ടില്ല من أجر ഒരു പ്രതിഫലവും إن أجري എന്റെ പ്രതിഫലം ഇല്ല (അല്ല) إلا على الله അല്ലാഹുവിന്റെ പേരിലല്ലാതെ وأمرت ഞാൻ കൽപിക്കപ്പെടുകയും ചെയ്തിരിക്കുന്നു أن أكون ഞാനായിരിക്കുവാൻ من المسلمين മുസ്‌ലിംകളിൽ പെട്ട(വൻ) 73. فكذبوه എന്നിട്ടു അവർ അദ്ദേഹത്തെ വ്യാജമാക്കി فنجيناه അപ്പോൾ അദ്ദേഹത്തെ നാം രക്ഷപ്പെടുത്തി ومن معه അദ്ദേഹത്തിന്റെ കൂടെയുള്ളവരെയും في الفلك കപ്പലിൽ وجعلناهم അവരെ നാം ആക്കുകയും ചെയ്തു خلائف പിൻഗാമികൾ, പിന്നീടു മാറി വരുന്നവർ وأغرقنا നാം മുക്കി (നശിപ്പിച്ചു)കളയുകയും ചെയ്തു الذين كذبوا വ്യാജമാക്കിയവരെ بآياتنا നമ്മുടെ ആയത്തുകളെ فانظر അപ്പോൾ നോക്കുക كيف كان എങ്ങിനെ ആയെന്നു عاقبة പര്യവസാനം, കലാശം المنذرين താക്കീതു (മുന്നറിയിപ്പു) നൽകപ്പെട്ടവരുടെ.

ഈ 73-ാം വചനത്തിൽ നിന്നും തുടർന്നു വരുന്ന 74-ാം വചനത്തിൽ നിന്നും മറ്റും മനസ്സിലാകുന്നതുപോലെ, ശരിയായ ദിവ്യ സത്യവുമായി ഒരു സമുദായത്തിലേക്ക് അയക്കപ്പെട്ട ആദ്യത്തെ റസൂൽ നൂഹ് (അ) നബിയായിട്ടാണു അറിയപ്പെടുന്നത്. അവരെ തൗഹീദിലേക്കും സത്യവിശ്വാസത്തിലേക്കും ക്ഷണിച്ചുകൊണ്ടു 950 കൊല്ലം അദ്ദേഹം അവരിൽ ജീവിച്ചു. അദ്ദേഹത്തിന്റെ സമുദായത്തിൽ നിന്നായിരുന്നു വിഗ്രഹാരാധനയുടെ ഉൽഭവവും. അൽപം ചില വ്യക്തികളൊഴിച്ച് മറ്റുള്ളവരെല്ലാം അദ്ദേഹത്തെ നിഷേധിക്കുകയും ധിക്കരിക്കുകയുമാണു ചെയ്തത്. ഇവരുടെ

പര്യവസാനം ഈ ഖുർആനിലെ ശ്രോതാക്കളെ കേൾപ്പിക്കുവാൻ നബി (സ)യോടു കൽപിച്ചുകൊണ്ടു ആ നീണ്ട ചരിത്രത്തിന്റെ രത്നച്ചുരുക്കം ഈ വചനങ്ങളിൽ അല്ലാഹു വിവരിക്കുകയാണ്.

നൂഹ് (അ) ആ ജനതയോടു പറഞ്ഞതിന്റെ സാരം ഇതാണ്: ഞാൻ ഇത്രയും കാലം നിങ്ങളിൽ ഇങ്ങിനെ ജീവിച്ചതും, നിങ്ങളെ സത്യത്തിലേക്ക് ക്ഷണിച്ചുകൊണ്ട് അല്ലാഹുവിന്റെ ലക്ഷ്യദൃഷ്ടാന്തങ്ങൾ നിങ്ങളെ ഓർമ്മിപ്പിച്ചുകൊണ്ടിരുന്നതും നിങ്ങൾക്കു സഹിക്കുവാൻ കഴിയാതായിരിക്കുകയാണ്: അങ്ങനെയാണെങ്കിൽ, എനിക്കതുകൊണ്ടു ഒന്നും വരാനില്ല. എന്റെ കാര്യം മുഴുവനും ഞാൻ അല്ലാഹുവിൽ അർപ്പിച്ചിരിക്കുന്നു. നിങ്ങൾക്ക് എന്റെ നേരെ വല്ല നടപടിയും എടുക്കേണമെങ്കിൽ അതു നിങ്ങൾ ചെയ്തുകൊള്ളുക. അതിനായി നിങ്ങളും, നിങ്ങൾ അല്ലാഹുവിന്റെ പങ്കാളിയായി ഗണിച്ചുവരുന്ന നിങ്ങളുടെ ആരാധ്യന്മാരും ചേർന്ന് കൂടിയാലോചിച്ച് മനസ്സിരുത്തി യാതൊരു സംശയത്തിനും പഴുതില്ലാത്തവണ്ണം വല്ല തുറന്ന തീരുമാനവും എടുത്തുകൊള്ളുക. എന്നിട്ടതു നടത്തിക്കൊള്ളുക. എന്നെ സംബന്ധിച്ചു യാതൊരു ഒഴിവും അയവും നിങ്ങൾ ചെയ്തുതരേണ്ടതില്ലതാനും. കണ്ടേടം നിങ്ങളുടെ തീരുമാനം നിങ്ങൾ നടപ്പിലാക്കിക്കൊള്ളുക. എന്റെ ഉപദേശങ്ങൾക്ക് നിങ്ങൾ വിലകൽപിക്കാതെ അവഗണിക്കുന്നതുകൊണ്ടു എനിക്ക് ഒന്നും നഷ്ടപ്പെടുവാനില്ല. ഒരു പ്രതിഫലവും നിങ്ങളോടു അതിന്റെ പേരിൽ ഞാൻ ആവശ്യപ്പെടുന്നില്ലല്ലോ. എനിക്ക് പ്രതിഫലം നൽകേണ്ടുന്ന ബാധ്യത അല്ലാഹുവിനു മാത്രമാണ്. അതവൻ ചെയ്തുകൊള്ളും. നിങ്ങൾ എന്തു നിലപാടു സ്വീകരിച്ചാലും ശരി, ഞാൻ ഒരു മുസ്‌ലിമായി (അവനു കീഴ്പ്പെട്ടവനായി)രിക്കണമെന്നാണു എന്നോടവൻ കൽപിച്ചിരിക്കുന്നത്. അതു ഞാൻ പാലിക്കുകതന്നെ ചെയ്യും. നിങ്ങളുടെ എതിർപ്പുകളൊന്നും എനിക്ക് തടസ്സമാകയില്ല.

നൂഹ് (അ) നബിയുടെ ഉപദേശങ്ങളും, താക്കീതുകളും ആ ജനത ചെവിക്കൊണ്ടില്ല. അതുമൂലം അവരിൽ അല്ലാഹു ജലപ്രളയം അയച്ചു. അല്ലാഹു മുൻകൂട്ടി അറിയിച്ചിരുന്ന പ്രകാരം നൂഹ് (അ) തയ്യാറാക്കിയിരുന്ന കപ്പലിൽ കയറി അദ്ദേഹവും, അദ്ദേഹത്തിൽ വിശ്വസിച്ചിരുന്നവരും രക്ഷപ്പെട്ടു. ആ ജനത മുഴുവനും മുങ്ങിനശിക്കുകയും ചെയ്തു. കപ്പലിൽ രക്ഷപ്പെട്ടവരിൽ നിന്നാണ് പിന്നീടുള്ള തലമുറകൾ ഉണ്ടായിക്കൊണ്ടിരുന്നത്. ഇങ്ങനെയാണ് ആ സത്യനിഷേധികളായ ജനതയുടെ അന്ത്യം കലാശിച്ചത്. അതു ഈ ജനതയും ഓർത്തിരിക്കട്ടെ എന്നു അല്ലാഹു ഓർമ്മപ്പെടുത്തുകയാണ്. അടുത്ത സൂറത്തിൽ ഈ സംഭവം കൂടുതൽ വിശദമായി വിവരിച്ചുകാണാം. ഇൻശാ അല്ലാഹ്.

74. പിന്നീടു അദ്ദേഹത്തിനുശേഷം പല റസൂലുകളെയും അവ (രവ) രുടെ ജനതയിലേക്കു നാം നിയോഗിച്ചയച്ചു. എന്നിട്ട് അവർ വ്യക്തമായ തെളിവുകളുമായി അവരിൽ ചെന്നു. എന്നാൽ, മുമ്പ് അവർ യാതൊന്നിനെ വ്യാജമാക്കിയോ അതിൽ അവർ [ആ ജനങ്ങൾ] വിശ്വസിക്കുവാൻ (തയ്യാർ) ആയില്ല. അപ്രകാരം, അതിക്രമിച്ചവരുടെ ഹൃദയങ്ങൾക്കു നാം മുദ്ര കുത്തുന്നു.

ثُمَّ بَعَثْنَا مِنۢ بَعْدِهِۦ رُسُلًا إِلَىٰ قَوْمِهِمْ فَجَآءُوهُم بِٱلْبَيِّنَٰتِ فَمَا كَانُوا۟ لِيُؤْمِنُوا۟ بِمَا كَذَّبُوا۟ بِهِۦ مِن قَبْلُ ۚ كَذَٰلِكَ نَطْبَعُ عَلَىٰ قُلُوبِ ٱلْمُعْتَدِينَ ۝

---

74. ثُمَّ بَعَثْنَا പിന്നെ നാം എഴുന്നേൽപിച്ചു (നിയോഗിച്ചു), അയച്ചു مِن بَعْدِهِ അദ്ദേഹത്തിന്റെ ശേഷം رُسُلًا റസൂലുകളെ, പല റസൂലുകളെയും إِلَىٰ قَوْمِهِمْ അവരുടെ ജനങ്ങളിലേക്കു فَجَاءُوهُم എന്നിട്ടു അവർ അവരിൽ (അവരുടെ അടുക്കൽ) ചെന്നു, വന്നു بِالْبَيِّنَاتِ വ്യക്തമായ തെളിവുകളുമായി فَمَا كَانُوا എന്നിട്ടു അവരായില്ല لِيُؤْمِنُوا അവർ വിശ്വസിക്കുവാൻ (തയ്യാർ), വിശ്വസിക്കുക بِمَا كَذَّبُوا بِهِ അവർ യാതൊന്നിനെ വ്യാജമാക്കിയോ അതിൽ مِن قَبْلُ മുമ്പു, മുമ്പേ كَذَٰلِكَ അപ്രകാരം نَطْبَعُ മുദ്ര വെക്കുന്നു عَلَىٰ قُلُوبِ ഹൃദയങ്ങൾക്കു الْمُعْتَدِينَ അതിരു വിട്ടവരുടെ, അതിക്രമികളുടെ

വ്യക്തമായ തെളിവുകളോടുകൂടി റസൂലുകൾ അവരെ നേർവഴിയിലേക്ക് ക്ഷണിച്ചിട്ടും അവർ തങ്ങളുടെ പഴയ വിശ്വാസാചാരങ്ങൾ കൈവിടാതെ നിഷേധത്തിൽ ശഠിച്ചുനിൽക്കുകയാണു ചെയ്തതു. അങ്ങനെ, അവരുടെ ഹൃദയങ്ങളിലേക്ക് നന്മ പ്രവേശിക്കാതിരിക്കത്തക്കവണ്ണം അല്ലാഹു അവക്ക് മുദ്രവെച്ചു. ദുർവ്വാശിയിലും ദുർബ്ബുദ്ധിയിലും അതിരുകവിഞ്ഞുകൊണ്ടിരിക്കുന്ന ധിക്കാരികളിൽ അല്ലാഹുവിന്റെ ഒരു നടപടിച്ചട്ടമാണത്. നൂഹ് (അ) നബിക്കും, മൂസാ (അ) നബിക്കുമിടയിൽ കഴിഞ്ഞുപോയ ഹൂദു, സ്വാലിഹ് (അ) മുതലായവരുടെ സമുദായങ്ങളെക്കുറിച്ചു പൊതുവിലുള്ള ഒരു പ്രസ്താവനയാണു ഈ വചനം.

٧٥- ثُمَّ بَعَثْنَا مِنْۢ بَعْدِهِم مُّوسَىٰ وَهَٰرُونَ إِلَىٰ فِرْعَوْنَ وَمَلَإِيْهِۦ بِـَٔايَٰتِنَا فَٱسْتَكْبَرُوا۟ وَكَانُوا۟ قَوْمًا مُّجْرِمِينَ ○

75. പിന്നീട്, അവരുടെ ശേഷം നമ്മുടെ ദൃഷ്ടാന്തങ്ങളുമായി ഫിർഔനിന്റെയും, അവന്റെ പ്രധാനികളുടെയും അടുക്കലേക്കു നാം മൂസായെയും, ഹാറൂനെയും നിയോഗിച്ചയച്ചു. എന്നിട്ടു അവർ അഹംഭാവം നടിച്ചു; അവർ കുറ്റവാളികളായ ഒരു ജനതയായിരുന്നു.

٧٦- فَلَمَّا جَآءَهُمُ ٱلْحَقُّ مِنْ عِندِنَا قَالُوٓا۟ إِنَّ هَٰذَا لَسِحْرٌ مُّبِينٌ ○

76. അങ്ങനെ, അവർക്കു നമ്മുടെ പക്കൽനിന്നും യഥാർത്ഥം വന്നപ്പോൾ അവർ പറഞ്ഞു: 'നിശ്ചയമായും, ഇതു സ്പഷ്ടമായ ഒരു ജാലവിദ്യതന്നെ.'

---

75. ثُمَّ പിന്നെ بَعَثْنَا നാം എഴുന്നേൽപിച്ചു, നിയോഗിച്ചയച്ചു مِن بَعْدِهِم അവരുടെ ശേഷം مُوسَىٰ മൂസായെ وَهَٰرُونَ ഹാറൂനെയും إِلَىٰ فِرْعَوْنَ ഫിർഔന്റെ അടുക്കലേക്കു وَمَلَإِيْهِ അവന്റെ പ്രധാനികളുടെ (കൂട്ടരുടെ)യും بِـَٔايَٰتِنَا നമ്മുടെ ആയത്തുകളുമായി, ദൃഷ്ടാന്തങ്ങൾ സഹിതം فَٱسْتَكْبَرُوا എന്നിട്ടു (അപ്പോൾ) അവർ ഗർവ്വു (വലുപ്പം) നടിച്ചു وَكَانُوا അവരായിരുന്നു قَوْمًا ഒരു ജനത مُّجْرِمِينَ കുറ്റവാളികളായ. 76. فَلَمَّا جَآءَهُم അങ്ങനെ അവർക്കു വന്ന(ചെന്ന)പ്പോൾ ٱلْحَقُّ യഥാർത്ഥം مِنْ عِندِنَا നമ്മുടെ അടുക്കൽനിന്ന് قَالُوٓا അവർ പറഞ്ഞു إِنَّ هَٰذَا നിശ്ചയമായും ഇതു لَسِحْرٌ ജാലവിദ്യ (മാരണം-ആഭിചാരം) തന്നെ مُّبِينٌ സ്പഷ്ടമായ, തനി.

മൂസാ(അ) നബിയുടെ വടി സർപ്പമായിമാറുക, കൈ വെളുത്തതായി പ്രകാശിക്കുക മുതലായി അദ്ദേഹത്തിന്റെ കൈക്കണ്ടായ ദൃഷ്ടാന്തങ്ങളെക്കുറിച്ചാണു അവർ ജാലവിദ്യയെന്നു പറഞ്ഞുതള്ളിക്കളഞ്ഞത്.

٧٧- قَالَ مُوسَىٰٓ أَتَقُولُونَ لِلْحَقِّ لَمَّا جَآءَكُمْ ۖ أَسِحْرٌ هَٰذَا وَلَا يُفْلِحُ ٱلسَّٰحِرُونَ ○

77. മൂസാ പറഞ്ഞു: നിങ്ങൾക്കു യഥാർത്ഥം വന്നപ്പോൾ അതിനെക്കുറിച്ചു നിങ്ങൾ (ജാലമെന്നു) പറയുകയോ?! ജാലവിദ്യയാണോ ഇതു?!

ജാലവിദ്യക്കാർ വിജയം പ്രാപിക്കയില്ല താനും.

٧٨- قَالُوٓا۟ أَجِئْتَنَا لِتَلْفِتَنَا عَمَّا وَجَدْنَا عَلَيْهِ ءَابَآءَنَا وَتَكُونَ لَكُمَا ٱلْكِبْرِيَآءُ فِى ٱلْأَرْضِ وَمَا نَحْنُ لَكُمَا بِمُؤْمِنِينَ ○

78. അവർ പറഞ്ഞു: 'ഞങ്ങളുടെ പിതാക്കളെ ഞങ്ങൾ കണ്ടെത്തിയതിൽ നിന്നും ഞങ്ങളെ തിരിച്ചു വിടുവാൻ വേണ്ടി നീ ഞങ്ങളിൽ വന്നിരിക്കുകയാണോ?! ഭൂമിയിൽ വലിപ്പത്തം നിങ്ങൾക്കു രണ്ടാൾക്കും ആയിത്തീരുവാനും?

ഞങ്ങൾ നിങ്ങളെ രണ്ടാളെയും വിശ്വസിക്കുന്നവരല്ലതാനും.

---

77. قَالَ مُوسَىٰ മൂസാ പറഞ്ഞു أَتَقُولُونَ നിങ്ങൾ പറയുന്നുവോ, പറഞ്ഞുണ്ടാക്കുകയോ لِلْحَقِّ യാഥാർത്ഥ്യത്തെക്കുറിച്ചു لَمَّا جَآءَكُمْ അതു നിങ്ങൾക്കു വന്നപ്പോൾ أَسِحْرٌ സിഹ്റാണോ, ജാലവിദ്യയോ هَٰذَا ഇതു وَلَا يُفْلِحُ വിജയിക്കയില്ല താനും, വിജയിക്കുന്നതുമല്ല ٱلسَّٰحِرُونَ ജാലവിദ്യക്കാർ.... 78. قَالُوٓا അവർ പറഞ്ഞു أَجِئْتَنَا നീ ഞങ്ങളിൽ (ഞങ്ങൾക്ക്) വന്നിരിക്കയാണോ لِتَلْفِتَنَا ഞങ്ങളെ നീ തിരിച്ചു വിടുവാൻവേണ്ടി عَمَّا യാതൊന്നിൽ നിന്നു وَجَدْنَا ഞങ്ങൾ കണ്ടെത്തി عَلَيْهِ അതിൽ, അതുപ്രകാരം ءَابَآءَنَا ഞങ്ങളുടെ പിതാക്കളെ وَتَكُونَ ആയിരിക്കുവാനും لَكُمَا നിങ്ങൾ രണ്ടാൾക്കും ٱلْكِبْرِيَآءُ വലുപ്പത്തരം, മൂപ്പത്തരം فِى ٱلْأَرْضِ ഭൂമിയിൽ, നാട്ടിൽ وَمَا نَحْنُ ഞങ്ങളല്ല (അല്ലതാനും) لَكُمَا നിങ്ങളെ രണ്ടാളെയും بِمُؤْمِنِينَ വിശ്വസിക്കുന്നവർ

പൂർവ്വികൻമാരിൽനിന്നു പരമ്പരാഗതമായി ഞങ്ങൾ സ്വീകരിച്ചു വന്ന ഈ പരദൈവാരാധനയൊക്കെ നിറുത്തി വെച്ച് നിങ്ങളുടെ ഈ പുതിയ മതത്തിലേക്ക് ഞങ്ങളെ കിട്ടുകയില്ല. അങ്ങനെ, തനിക്കും തന്റെ സഹോദരൻ ഹാറൂനും നാട്ടിൽ മൂപ്പത്വം നേടാമെന്നു കരുതേണ്ട. നിങ്ങൾ രണ്ടാളും പറയുന്നതു ശരിക്കലും ഞങ്ങൾ വിശ്വസിക്കുന്ന പ്രശ്നമേയില്ല എന്നു സാരം.

٧٩- وَقَالَ فِرْعَوْنُ ائْتُونِي بِكُلِّ سَاحِرٍ عَلِيمٍ ○

79. ഫിർഔൻ പറഞ്ഞു: '(വിദഗ്ദ്ധരായ) അറിവുള്ള എല്ലാ ജാലവിദ്യക്കാരെയും നിങ്ങൾ എന്റെ അടുക്കൽ കൊണ്ടുവരുവിൻ'

٨٠- فَلَمَّا جَاءَ السَّحَرَةُ قَالَ لَهُم مُّوسَىٰ أَلْقُوا مَا أَنتُم مُّلْقُونَ ○

80. അങ്ങനെ, ജാലവിദ്യക്കാർ വന്നപ്പോൾ, അവരോട് മൂസാ പറഞ്ഞു: 'നിങ്ങൾ ഇടുന്നതെന്തോ അതു ഇട്ടേക്കുവിൻ.'

---

79. قال പറഞ്ഞു, പറയുകയും ചെയ്തു فرعون ഫിർഔൻ ائتوني എനിക്കുവരുവിൻ بكل ساحر എല്ലാ ജാലവിദ്യക്കാരെയും കൊണ്ടു عليم അറിവുള്ളവരായ (വിദഗ്ധരായ) 80. فلما جاء അങ്ങനെ വന്നപ്പോൾ السحرة ജാലവിദ്യക്കാർ قال لهم അവരോടു പറഞ്ഞു موسى മൂസാ القوا ഇടുവിൻ, ഇട്ടുകൊള്ളുക ما انتم നിങ്ങൾ ആയിട്ടുള്ളതു ملقون ഇടുന്നവർ

ജാലവിദ്യക്കാർ അവരുടെ വിദ്യകൾ പ്രദർശിപ്പിക്കുവാൻ ആവശ്യമായിരുന്ന വടി, കയർ മുതലായ സാമഗ്രികൾ കൊണ്ടുവന്നിരുന്നു. അവ നിലത്തിട്ടുകൊണ്ട് നിങ്ങൾ നിങ്ങളുടെ വിദ്യകൾ ആദ്യം പ്രദർശിപ്പിച്ചുകൊള്ളുക എന്നർത്ഥം.

٨١- فَلَمَّا أَلْقَوْا قَالَ مُوسَىٰ مَا جِئْتُم بِهِ السِّحْرُ ۖ إِنَّ اللَّهَ سَيُبْطِلُهُ ۖ إِنَّ اللَّهَ لَا يُصْلِحُ عَمَلَ الْمُفْسِدِينَ ○

81. അങ്ങനെ അവർ ഇട്ടപ്പോൾ മൂസാ പറഞ്ഞു: 'നിങ്ങൾകൊണ്ടുവന്നതു [ഈ പ്രദർശിപ്പിച്ചതു] ജാലവിദ്യയാണു; നിശ്ചയമായും അല്ലാഹു അതിനെ വിഫലമാക്കിയേക്കുന്നതാണ്. നിശ്ചയമായും അല്ലാഹു, കുഴപ്പം പ്രവർത്തിക്കുന്നവരുടെ പ്രവർത്തനത്തെ നന്നാക്കുകയില്ല.

٨٢- وَيُحِقُّ اللَّهُ الْحَقَّ بِكَلِمَاتِهِ وَلَوْ كَرِهَ الْمُجْرِمُونَ ○

82. 'അല്ലാഹു അവന്റെ വാക്യങ്ങൾ വഴി യഥാർത്ഥത്തെ യഥാർത്ഥമാ (യി സ്ഥാപി) ക്കുകയും ചെയ്യും; കുറ്റവാളികൾ വെറുത്താലും ശരി'.

---

81. فلما القوا അങ്ങനെ അവർ ഇട്ടപ്പോൾ قال موسى മൂസാ പറഞ്ഞു ما جئتم به നിങ്ങൾ കൊണ്ടുവന്നതു السحر ജാലവിദ്യയാണു ان الله നിശ്ചയമായും അല്ലാഹു سيبطله അതിനെ വിഫലമാക്കിയേക്കും, വിഫലമാക്കിക്കൊള്ളും ان الله നിശ്ചയമായും അല്ലാഹു لا يصلح അവൻ നന്നാക്കുകയില്ല عمل പ്രവൃത്തിയെ المفسدين കുഴപ്പം (നാശം) പ്രവർത്തിക്കുന്നവരുടെ 82. ويحق الله അല്ലാഹു യഥാർത്ഥമാക്കുകയും ചെയ്യും الحق യഥാർത്ഥത്തെ بكلماته അവന്റെ വാക്കു(വചനം-വാക്യം)കൾ കൊണ്ടു ولو كره വെറുത്താലും ശരി, അനിഷ്ടപ്പെട്ടാലും المجرمون കുറ്റവാളികൾ.

ജാലവിദ്യക്കാര്‍ തങ്ങളുടെ സാമഗ്രികള്‍ നിലത്തിട്ടപ്പോള്‍ അവ ജനദൃഷ്ടിയില്‍ പാമ്പുകളായി തോന്നി. മൂസാ (അ) വടിയിട്ടപ്പോള്‍ അതൊരു യഥാര്‍ത്ഥ സര്‍പ്പമായി മാറുകയും, അവയെ വിഴുങ്ങുകയും ചെയ്തു. ജാലവിദ്യക്കാരുടെ പ്രവര്‍ത്തനം വിഫലമാകുകയും, അവര്‍ പരാജയം സമ്മതിച്ച് മൂസാ (അ) നബിയില്‍ വിശ്വസിക്കുകയും ചെയ്തു. ഫിര്‍ഔനും കൂട്ടരും അവരുടെനേരെ അക്രമമര്‍ദ്ദനങ്ങള്‍ അഴിച്ചുവിട്ടതല്ലാതെ, സത്യം സ്വീകരിക്കുകയുണ്ടായില്ല. വിശദവിവരം അഅ്റാഫ്, ത്വാഹാ മുതലായ സൂറത്തുകളില്‍ കാണാവുന്നതാണ്.

വിഭാഗം-9

83. എന്നാല്‍, മൂസായെ അദ്ദേഹത്തിന്റെ ജനതയില്‍ നിന്നുള്ള ചില സന്തതികള്‍ [ചെറുപ്പക്കാര്‍] അല്ലാതെ വിശ്വസിച്ചില്ല. (അതും തന്നെ) ഫിര്‍ഔനെയും അവരിലുള്ള പ്രധാനികളെയും സംബന്ധിച്ചു-അവന്‍ തങ്ങളെ (മര്‍ദ്ദിച്ചു) കുഴപ്പത്തിലാക്കുമെന്ന-ഭയപ്പാടോടെ (യാണു).

നിശ്ചയമായും, ഫിര്‍ഔനാകട്ടെ, ഭൂമിയില്‍ ഒരു ഉന്നതന്‍ [ഔന്നത്യം നടിക്കുന്നവന്‍] തന്നെയാണുതാനും. നിശ്ചയമായും അവന്‍, അതിര്‍ കവിഞ്ഞവരില്‍പെട്ടവനും തന്നെ.

٨٣- فَمَآ ءَامَنَ لِمُوسَىٰٓ إِلَّا ذُرِّيَّةٌ مِّن قَوْمِهِۦ عَلَىٰ خَوْفٍ مِّن فِرْعَوْنَ وَمَلَإِي۟هِمْ أَن يَفْتِنَهُمْ ۚ

وَإِنَّ فِرْعَوْنَ لَعَالٍ فِى ٱلْأَرْضِ وَإِنَّهُۥ لَمِنَ ٱلْمُسْرِفِينَ ○

---

83. فما آمن എന്നാല്‍ വിശ്വസിച്ചില്ല لموسى മൂസായെ الا ذرية ചില സന്തതികളല്ലാതെ من قومه അദ്ദേഹത്തിന്റെ ജനതയില്‍നിന്നു على خوف ഭയത്തോടെ, പേടിയിലായി من فرعون ഫിര്‍ഔനെ സംബന്ധിച്ച് وملإيهم അവരിലെ പ്രധാനികളെയും ان يفتنهم അവന്‍ തങ്ങളെ കുഴപ്പത്തിലാക്കുമെന്നു وان فرعون നിശ്ചയമായും ഫിര്‍ഔനാകട്ടെ لعال ഒരു ഉന്നതന്‍ (പ്രമത്തന്‍-പൊങ്ങച്ചക്കാരന്‍-ഊക്കന്‍-സര്‍വ്വാധികാരി) തന്നെ في الارض ഭൂമിയില്‍ وانه നിശ്ചയമായും അവന്‍ لمن المسرفين അതിരു കവിഞ്ഞവരില്‍ പെട്ടവനും തന്നെ.

ജാലവിദ്യക്കാര്‍ക്കു യഥാര്‍ത്ഥം മനസ്സിലായി മൂസാ (അ) നബിയില്‍ വിശ്വസിച്ചതോടെ ഫിര്‍ഔന്‍ മര്‍ദ്ദനമുറകള്‍ അഴിച്ചുവിടുകയായി. അവനെയും അവന്റെ ആള്‍ക്കാരെയും ഭയന്ന് ജനങ്ങള്‍ വിശ്വസിക്കുവാന്‍ മുന്നോട്ടു വന്നില്ല. അല്പം ചെറുപ്പക്കാര്‍ മാത്രം വിശ്വസിച്ചു. അതും വളരെ ഭയപ്പാടോടെ. അധികാരപ്രമത്തനും, ക്രൂരഹൃദയനുമാണു ഫിര്‍ഔന്‍. അവന്റെ ഉദ്യോഗസ്ഥന്മാരും ജനമനതാക്കളുമാകട്ടെ, അവന്റെ ഇഷ്ടത്തിനു താളം ചവിട്ടുന്നവരും. മൂസാ (അ) നബിയെ കൊലപ്പെടുത്തുവാന്‍പോലും ഫിര്‍ഔന്‍ ഉദ്യമിക്കുകയുണ്ടായി. (40: 26.) മൂസായെയും അവന്റെ കൂട്ടരെയും ഭൂമിയില്‍ കുഴപ്പമുണ്ടാക്കുവാന്‍ വിട്ടുകൂടാ എന്നു പറഞ്ഞ് അവരിലുള്ള ആണ്‍കുട്ടികളെ കൊലപ്പെടുത്തുവാന്‍ അവന്‍ കല്പിക്കുകയും ചെയ്തു. (7: 127.) ഇതുപോലെ പല മര്‍ദ്ദനമുറകളും അവന്‍ നടപ്പില്‍ വരുത്തി.

'അദ്ദേഹത്തിന്റെ ജനതയില്‍ നിന്നുള്ള ചില സന്തതികള്‍-അഥവാ ചെറുപ്പക്കാര്‍-അല്ലാതെ വിശ്വസിച്ചില്ല' എന്നു പറഞ്ഞതു ഇസ്രാഈല്യരില്‍ നിന്നുള്ള ചെറുപ്പക്കാരെ ഉദ്ദേശിച്ചാണെന്നാണു പല വ്യാഖ്യാതാക്കളും പറഞ്ഞു കാണുന്നത്. ഇസ്രാഈല്യര്‍ പൊതുവെ മൂസാ (അ) നബിയില്‍ വിശ്വസിച്ചിരുന്നുവെന്നും, ഈജിപ്തുകാരായ ഖിബ്ത്വീ (കോപ്തി) വര്‍ഗ്ഗത്തില്‍പെട്ട ചുരുക്കം ചിലരും വിശ്വസിച്ചിരുന്നതിനെ ഉദ്ദേശിച്ചാണത് പറഞ്ഞിരിക്കുന്നതെന്നുമാണ് മറ്റൊരുപക്ഷം. ഈ അഭിപ്രായമാണ് ഇബ്നുകഥീര്‍ (റ) ബലപ്പെടുത്തിയിരിക്കുന്നത്. അതിനു ചില കാരണങ്ങളും അദ്ദേഹം ചൂണ്ടിക്കാട്ടിയിട്ടുണ്ട്. والله اعلم

84. وَقَالَ مُوسَىٰ يَا قَوْمِ إِن كُنتُمْ آمَنتُم بِاللَّهِ فَعَلَيْهِ تَوَكَّلُوا إِن كُنتُم مُّسْلِمِينَ ۝

84. മൂസാ പറയുകയും ചെയ്തു: 'എന്റെ ജനങ്ങളെ, നിങ്ങള്‍ അല്ലാഹുവില്‍ വിശ്വസിച്ചിരിക്കുന്നുവെങ്കില്‍, നിങ്ങള്‍ അവന്റെമേല്‍ ഭരമേല്‍പിക്കുവിന്‍, നിങ്ങള്‍ 'മുസ്‌ലിം'കള്‍ [[illegible] കീഴൊതുങ്ങിയവര്‍] ആണെങ്കില്‍'.

85. فَقَالُوا عَلَى اللَّهِ تَوَكَّلْنَا رَبَّنَا لَا تَجْعَلْنَا فِتْنَةً لِّلْقَوْمِ الظَّالِمِينَ ۝

85. അപ്പോള്‍ അവര്‍ പറഞ്ഞു: 'ഞങ്ങള്‍ അല്ലാഹുവിന്റെമേല്‍ ഭരമേല്‍പിച്ചിരിക്കുന്നു. ഞങ്ങളുടെ റബ്ബേ, ഞങ്ങളെ നീ (ഈ) അക്രമികളായ ജനങ്ങള്‍ക്ക് ഒരു കുഴപ്പം (കാണിക്കാനുള്ള ഇട)മാക്കരുതേ!

86. وَنَجِّنَا بِرَحْمَتِكَ مِنَ الْقَوْمِ الْكَافِرِينَ ۝

86. 'നിന്റെ കാരുണ്യംകൊണ്ട് (ഈ) അവിശ്വാസികളില്‍ നിന്ന് ഞങ്ങളെ രക്ഷപ്പെടുത്തുകയും ചെയ്യേണമേ!'

87. وَأَوْحَيْنَا إِلَىٰ مُوسَىٰ وَأَخِيهِ أَن تَبَوَّآ لِقَوْمِكُمَا بِمِصْرَ بُيُوتًا وَاجْعَلُوا بُيُوتَكُمْ قِبْلَةً وَأَقِيمُوا الصَّلَاةَ ۗ وَبَشِّرِ الْمُؤْمِنِينَ ۝

87. മൂസാക്കും, അദ്ദേഹത്തിന്റെ സഹോദരനും [ഹാറൂന്നും] നാം 'വഹ്‌യു' നല്‍കുകയും ചെയ്തു:- നിങ്ങള്‍ രണ്ടുപേരും നിങ്ങളുടെ ജനങ്ങള്‍ക്കു മിസ്വ്‌റില്‍ [ഈജിപ്തില്‍] വീടുകള്‍ സൗകര്യപ്പെടുത്തുവിന്‍ എന്ന്. നിങ്ങളുടെ വീടുകള്‍ നിങ്ങള്‍ 'ഖിബ്‌ലഃ' [അഭിമുഖകേന്ദ്രം]ആക്കുകയും, നിങ്ങള്‍ നമസ്കാരം നിലനിറുത്തുകയും ചെയ്യുവിന്‍; (മൂസാ) സത്യവിശ്വാസികള്‍ക്കു നീ സന്തോഷവാര്‍ത്ത അറിയിക്കുകയും ചെയ്യുക.

---

84. മൂസാ പറഞ്ഞു, പറയുകയും ചെയ്തു എന്റെ ജനങ്ങളെ നിങ്ങളാകുന്നുവെങ്കില്‍ നിങ്ങള്‍ വിശ്വസിച്ചിരിക്കുന്നു (വെങ്കില്‍) അല്ലാഹുവില്‍ എന്നാല്‍ അവന്റെമേല്‍ നിങ്ങള്‍ ഭരമേല്‍പിക്കുവിന്‍ നിങ്ങളാണെങ്കില്‍ മുസ്‌ലിംകള്‍. 85. അപ്പോള്‍ അവര്‍ പറഞ്ഞു അല്ലാഹുവിന്റെ മേല്‍ ഞങ്ങള്‍ ഭരമേല്‍പിച്ചിരിക്കുന്നു ഞങ്ങളുടെ റബ്ബേ ഞങ്ങളെ നീ ആക്കരുതേ ഒരു കുഴപ്പം (കുഴപ്പം കാണിക്കാനുള്ള ഇടം) ഒരു പരീക്ഷണം (പരീക്ഷണവിധേയം) ജനങ്ങള്‍ക്ക് അക്രമികളായ 86. ഞങ്ങളെ രക്ഷപ്പെടുത്തുകയും വേണമേ നിന്റെ കാരുണ്യംകൊണ്ടു ജനങ്ങളില്‍ നിന്നു അവിശ്വാസികളായ. 87. നാം വഹ്‌യു നല്‍കുകയും ചെയ്തു മൂസായിലേക്കു അദ്ദേഹത്തിന്റെ സഹോദരനിലേക്കും നിങ്ങള്‍ രണ്ടുപേരും സൗകര്യപ്പെടുത്തിക്കൊടുക്കണമെന്നു നിങ്ങളുടെ ജനതക്കു മിസ്വ്‌റില്‍ വീടുകളെ നിങ്ങള്‍ ആക്കുകയും ചെയ്യുവിന്‍ നിങ്ങളുടെ വീടുകളെ അഭിമുഖകേന്ദ്രം, ഖിബ്‌ലഃ നിലനിറുത്തുകയും ചെയ്യുവിന്‍ നമസ്കാരത്തെ നീ സന്തോഷവാര്‍ത്ത അറിയിക്കുകയും ചെയ്യുക സത്യവിശ്വാസികള്‍ക്കു.

ആദ്യത്തെ രണ്ടു കല്‍പനകളും രണ്ടുപേരും കൂട്ടായി സഹകരിച്ചു ചെയ്യേണ്ടതാകകൊണ്ടു ആ കല്‍പനകള്‍ മൂസാ (അ)നെയും, ഹാറൂന്‍ (അ)നെയും അഭിമുഖീകരിച്ചുകൊണ്ടുള്ളതാണ്. മൂസാ (അ) നബിയുടെ ദൗത്യനിര്‍വ്വഹണത്തില്‍ അദ്ദേഹത്തിന്റെ സഹായകനായിട്ടാണ് ഹാറൂന്‍ (അ) നിയോഗിക്കപ്പെട്ടിരിക്കുന്നതും. മിവൃത്തിയുടെ സാക്ഷാല്‍ വാഹകന്‍ മൂസാ (അ) നബിയായതുകൊണ്ടായിരിക്കും സത്യവിശ്വാസികള്‍ക്ക സന്തോഷവാര്‍ത്ത അറിയിക്കുവാനുള്ള കല്‍പന അദ്ദേഹത്തെ മാത്രം അഭിമുഖീകരിച്ചുകൊണ്ടായതു. والله أعلم

ഫിർഔന്റെയും ആളുകളുടെയും ഇടയിൽ കഴിഞ്ഞുകൂടുമ്പോൾ ഇസ്രാഈല്യർ കൂടുതൽ മർദ്ദനങ്ങൾക്ക് വിധേയരാകുകയും, അവർക്ക് നമസ്കാരം മുതലായ ആരാധനാകർമ്മങ്ങൾ നടത്തുവാൻ സ്വാതന്ത്ര്യമില്ലാതിരിക്കുകയും ചെയ്യുമല്ലോ. അതുകൊണ്ടു അവർക്ക് പ്രത്യേകം വാസസ്ഥലം ഏർപ്പെടുത്തുവാനും, അവരുടെ ആരാധനാ കർമ്മങ്ങൾ അവരുടെ വീടുകളിൽവെച്ചു നടത്തുവാനും, നമസ്കാരത്തിന്റെ കാര്യം പ്രത്യേകം ശ്രദ്ധിക്കുവാനും അല്ലാഹു അവർക്ക് കല്പന നൽകി. 'നിങ്ങളുടെ വീടുകളെ ഖിബ്‌ലയാക്കുക' എന്ന വാക്യത്തിന്റെ താൽപര്യം: (1) വീടുകളെ ആരാധനാ സ്ഥലങ്ങൾ–അഥവാ പള്ളികൾ–ആക്കുക എന്നാണെന്നും, (2) വീടുകളെ അവരുടെ ഖിബ്‌ലയായ ബൈത്തുൽ മുഖദ്ദസിന്റെ ഭാഗത്തേക്ക് മുഖമാക്കി സ്ഥാപിക്കുക എന്നാണെന്നും, (3) എല്ലാം ഒരു കേന്ദ്രത്തിലേക്ക് അഭിമുഖമായിക്കൊണ്ടുള്ളതാക്കുക എന്നാണെന്നും അഭിപ്രായമുണ്ട്.

88. മൂസാ പറഞ്ഞു: 'ഞങ്ങളുടെ റബ്ബേ! ഫിർഔന്നും, അവന്റെ പ്രധാനികൾക്കും ഐഹിക ജീവിതത്തിൽ നീ അലങ്കാരവും സ്വത്തുക്കളും നൽകിയിരിക്കുന്നു; ഞങ്ങളുടെ റബ്ബേ! നിന്റെ മാർഗ്ഗത്തിൽനിന്നു അവർ (ആളുകളെ) വഴി തെറ്റിക്കുവാൻ വേണ്ടിയാണ് (അതുപയോഗപ്പെടുത്തുന്നത്). ഞങ്ങളുടെ റബ്ബേ! അവരുടെ സ്വത്തുക്കളെ നീ തുടച്ചു നീക്കണേ! അവരുടെ ഹൃദയങ്ങൾക്കു നീ കാഠിന്യം നൽകുകയും ചെയ്യേണമേ! അങ്ങനെ, വേദനയേറിയ ശിക്ഷ കാണുന്നതുവരേക്കും അവർ വിശ്വസിക്കാതിരിക്കട്ടെ.'

٨٨- وَقَالَ مُوسَىٰ رَبَّنَا إِنَّكَ آتَيْتَ فِرْعَوْنَ وَمَلَأَهُ زِينَةً وَأَمْوَالًا فِي الْحَيَاةِ الدُّنْيَا ۖ رَبَّنَا لِيُضِلُّوا عَنْ سَبِيلِكَ ۖ رَبَّنَا اطْمِسْ عَلَىٰ أَمْوَالِهِمْ وَاشْدُدْ عَلَىٰ قُلُوبِهِمْ فَلَا يُؤْمِنُوا حَتَّىٰ يَرَوُا الْعَذَابَ الْأَلِيمَ

---

88. قال موسى മൂസാ പറഞ്ഞു ربنا ഞങ്ങളുടെ റബ്ബേ انك നിശ്ചയമായും നീ آتيت നീ കൊടുത്തു فرعون ഫിർഔന്നു وملأه അവന്റെ പ്രധാനികൾക്കും, സംഘക്കാർക്കും زينة അലങ്കാരം, സൗന്ദര്യം وأموالا സ്വത്തുക്കളും في الحيوة الدنيا ഐഹിക ജീവിതത്തിൽ ربنا ഞങ്ങളുടെ റബ്ബേ ليضلوا അവർ വഴിപിഴപ്പിക്കുവാൻവേണ്ടി عن سبيلك നിന്റെ മാർഗ്ഗത്തിൽ നിന്നു ربنا ഞങ്ങളുടെ റബ്ബേ اطمس നീ തുടച്ചു നീക്കണേ على أموالهم അവരുടെ സ്വത്തുക്കളെ واشدد നീ കഠിനപ്പെടുത്തുക (കാഠിന്യം നൽകുകയും) ചെയ്യണേ على قلوبهم അവരുടെ ഹൃദയങ്ങൾക്കു فلا يؤمنوا എന്നാൽ (അങ്ങനെ) അവർ വിശ്വസിക്കുകയില്ല, വിശ്വസിക്കാതിരിക്കട്ടെ حتى يروا അവർ കാണുവോളം العذاب ശിക്ഷയെ الأليم വേദനയേറിയ.

(പ്രാർത്ഥന മൂസാ (അ) നബിയുടെ നാവിലൂടെയാണെങ്കിലും ഹാറൂൻ (അ) നബിയും അതിൽ ഭാഗഭാക്കായിരിക്കുമെന്നു പറയേണ്ടതില്ല. അതുകൊണ്ടു രണ്ടുപേരെയും അഭിസംബോധനം ചെയ്തുകൊണ്ടു അല്ലാഹു മറുപടി നൽകി:–

89. അവൻ [അല്ലാഹു] പറഞ്ഞു: 'നിങ്ങൾ രണ്ടാളുടെയും പ്രാർത്ഥനക്കു ഉത്തരം നൽകപ്പെട്ടിരിക്കുന്നു. അതിനാൽ, നിങ്ങൾ രണ്ടുപേരും ചൊവ്വിനു നിലകൊള്ളുവിൻ. അറിഞ്ഞുകൂടാത്തവരുടെ മാർഗ്ഗത്തെ നിങ്ങൾ നിശ്ചയമായും രണ്ടാളും പിൻപറ്റുകയും ചെയ്യരുത്.'

٨٩- قَالَ قَدْ أُجِيبَتْ دَعْوَتُكُمَا فَاسْتَقِيمَا وَلَا تَتَّبِعَانِّ سَبِيلَ الَّذِينَ لَا يَعْلَمُونَ

---

89. قال അവൻ പറഞ്ഞു قد أجيبت ഉത്തരം നൽകപ്പെട്ടിട്ടുണ്ടു دعوتكما നിങ്ങൾ രണ്ടാളുടെയും പ്രാർത്ഥന فاستقيما അതിനാൽ നിങ്ങൾ രണ്ടാളും ചൊവ്വിനു നിലകൊള്ളുവിൻ ولا تتبعان രണ്ടുപേരും പിൻപറ്റുകയും ചെയ്യരുതു سبيل الذين യാതൊരുവരുടെ മാർഗ്ഗത്തെ لا يعلمون അറിയാത്ത.

അധികാരപ്രമത്തതയും അഹങ്കാരവും ഉള്ളതോടൊപ്പം സമ്പൽസമൃദ്ധിയും, ആഡംബര സൗകര്യങ്ങളും കൂടി ചേർന്നാൽ പിന്നത്തെ കഥ പറയേണ്ടതില്ലല്ലോ. ഫിർഔൻ രാജാക്കളുടെ വാഴ്ചകാലത്തെ ആഡംബര വസ്തുക്കളുടെയും, ധനസമൃദ്ധിയുടെയും ഉദാഹരണങ്ങൾ കാണിക്കുന്ന അവശിഷ്ടങ്ങൾ പലതും പുരാവസ്തുനിരീക്ഷകന്മാരാൽ ഇതിനകം കണ്ടുപിടിക്കപ്പെട്ടിരിക്കുന്നു. പലതും ഈജിപ്തിൽ കാഴ്ചവസ്തുക്കളായി സൂക്ഷിക്കപ്പെടുകയും ചെയ്തിരിക്കുന്നു. ഈജിപ്തിലെ ഫിർഔൻ രാജാക്കളുടെ ശവകല്ലറകൾ (പിരമിഡുകൾ) ലോകത്തിലെ ഏഴു മഹാത്ഭുതങ്ങളിൽ ഒന്നായി ഇന്നും എണ്ണപ്പെട്ടുവരുന്നു. അങ്ങിനെയുള്ള ആ കഴിവുകളും സൗകര്യങ്ങളുമെല്ലാം അല്ലാഹുവിന്റെ മാർഗ്ഗത്തെ എതിർത്തു നശിപ്പിക്കുവാനും, അതിൽ നിന്ന് ജനങ്ങളെ അകറ്റുവാനുമാണ് ഫിർഔനും അവന്റെ ആൾക്കാരും വിനിയോഗിച്ചുകൊണ്ടിരിക്കുന്നത്. മൂസാ (അ) ദൃഷ്ടാന്തങ്ങൾ മുഖേനയും, ഉപദേശങ്ങൾ മുഖേനയും അവരെ സത്യമാർഗ്ഗത്തിലേക്ക് ആവുന്നത്ര ക്ഷണിച്ചുനോക്കി. ധിക്കാരം വർദ്ധിക്കുകയല്ലാതെ, മനസ്സാന്തരത്തിന്റെ യാതൊരു ലക്ഷണവും അദ്ദേഹം അവരിൽ കണ്ടില്ല. അല്ലാഹുവിങ്കൽ നിന്നുള്ള അതികഠിനമായ വല്ല ശിക്ഷയും കൊണ്ടല്ലാതെ അവർക്ക് ഒതുക്കം വരുകയില്ലെന്നു അദ്ദേഹത്തിനു ബോധ്യമായി.

ഈ അവസരത്തിലാണ് അദ്ദേഹം അവർക്കെതിരിൽ പ്രാർത്ഥിക്കുന്നത്. അവരുടെ ധനസമ്പത്തുക്കൾക്കു നാശം ബാധിക്കുവാനും, അവരുടെ ഹൃദയങ്ങൾക്കു കാഠിന്യം കൂട്ടുവാനും അദ്ദേഹം പ്രാർത്ഥിച്ചു. സ്വത്തിനു നാശം വരുന്നതു അക്രമങ്ങൾ കുറയുവാൻ സഹായമായിത്തീരും. ഹൃദയം കഠിനമാകുമ്പോൾ, ക്രൂരമനസ്ഥിതി മൂർച്ഛിക്കുകയും, അതു ശിക്ഷ ലഭിക്കുവാൻ സന്ദർഭം ഒരുക്കുകയും ചെയ്യും. ശിക്ഷ അനുഭവത്തിൽ വരുമ്പോൾ അവർ വിശ്വസിക്കുമെന്നു ഉറപ്പാണു. അടുത്ത വചനത്തിൽ വരുന്നതുപോലെ, ആ ഘട്ടത്തിൽ ഫിർഔൻ വിശ്വസിക്കുകയും ചെയ്തു. ആ വിശ്വാസംകൊണ്ടു ഫലമില്ലെങ്കിലും അതോടെ അക്രമങ്ങൾക്ക് അറുതിവരുകയും, സത്യവിശ്വാസികൾക്കു പൊറുതി ലഭിക്കുകയും ചെയ്യുമല്ലോ.

നൂഹ് (അ) നബി ദീർഘകാലം തന്റെ ജനതയെ സത്യവിശ്വാസത്തിലേക്ക് ക്ഷണിച്ചുകൊണ്ടിരുന്നിട്ടും അവരിൽനിന്നു ആശക്കു വഴി കാണാതെ അവരുടെ ധിക്കാരം വർദ്ധിച്ചുകൊണ്ടിരുന്നതു കണ്ടപ്പോൾ അദ്ദേഹം ഇങ്ങിനെ പ്രാർത്ഥിച്ചതായി സൂറത്തു നൂഹിൽ കാണാം: رب لا تذر على الارض من الكافرين ديارا ـ الآيات (സാരം: റബ്ബേ, ഭൂമിയിൽ അവിശ്വാസികളിൽ നിന്നു ആരെയും ബാക്കിയാക്കരുതേ! അവരെ ബാക്കിയാക്കി വിട്ടാൽ അവർ നിന്റെ അടിയന്മാരെ വഴിപിഴപ്പിക്കും. നന്ദികെട്ട ദുർവൃത്തരെയല്ലാതെ അവർ ജനിപ്പിക്കുകയുമില്ല) ഇതുപോലെയുള്ള ഒരു പ്രാർത്ഥന തന്നെയാണ് മൂസാ (അ) നബിയുടേതും. അതായതു, അല്ലാഹുവിന്റെ സത്യമാർഗ്ഗത്തെ അവഹേളിക്കുന്നതിൽ ജനത അതിരുവിട്ടുകൊണ്ടിരിക്കുകയും, അതു കണ്ടു സഹിക്കവയ്യാതാവുകയും, സൽപ്രതീക്ഷക്കുള്ള ഒരു പഴുതും കാണാതാവുകയും ചെയ്തപ്പോൾ, അല്ലാഹുവിനുവേണ്ടിയുള്ള കോപവും രോഷവും നിമിത്തം മൂസാ (അ) പ്രാർത്ഥിച്ച പ്രാർത്ഥനയാണത്. ക്രൂരതയല്ലാതെ മറ്റൊന്നും പ്രതീക്ഷിക്കുവാനില്ലെന്നു ഉറപ്പായ ഒരു ജനതയുടെ നാശം മറ്റുള്ളവരുടെ സ്വൈരജീവിതത്തിനു സഹായകമാണല്ലോ.

മൂസാ (അ) നബിയുടെ പ്രാർത്ഥന അല്ലാഹു സ്വീകരിച്ചു. അവരുടെ സ്വത്തുക്കൾക്കും ആഡംബരജീവിതത്തിനും ഹാനികരമായ പല ശിക്ഷകളും അവർക്കനുഭവപ്പെട്ടു. ക്ഷാമം, വരൾച്ച, ഉൽപന്നക്കമ്മി, വെള്ളപ്പൊക്കം, വെട്ടുകിളി, പേൻ, തവള, രക്തം ആദിയായവമൂലം അവർ പല പരീക്ഷണങ്ങൾക്കും വിധേയരായി. ആപത്തുകൾ നേരിടുമ്പോൾ, മൂസാ (അ) നബിയോടു പ്രാർത്ഥിക്കുവാനപേക്ഷിക്കുകയും, ഞങ്ങൾ വിശ്വസിച്ചുകൊള്ളാമെന്നു ഏറ്റുപറയുകയും ചെയ്യും. ആപത്തു നീങ്ങുമ്പോൾ പഴയ നിലയിലേക്കുതന്നെ മടങ്ങുകയും ചെയ്യും. ഇതിനെപ്പറ്റിയെല്ലാം സൂ: അഅ്റാഫിൽ (130–136ൽ) വിവരിച്ചുവല്ലോ. ബൈബ്ളിലും (പുറപ്പാട്: 7 മുതൽ 11 കൂടിയ അദ്ധ്യായങ്ങളിൽ) ഇതെല്ലാം വിസ്തരിച്ചുവിവരിച്ചുകാണാം. പ്രാർത്ഥന സ്വീകരിക്കപ്പെട്ടിട്ടുണ്ടെന്ന സന്തോഷവാർത്തയോടൊപ്പം അല്ലാഹു മൂസാ (അ) നബിയോടും, ഹാറൂൻ (അ) നബിയോടും ഒരു ഉപദേശം നൽകുകയും ചെയ്തിരിക്കുന്നു: فاستقيما ولا تتبعان... (നിങ്ങൾ രണ്ടാളും ചൊവ്വിനു നിലകൊള്ളുകയും, അറിവില്ലാത്തവരുടെ മാർഗ്ഗം പിൻപറ്റാതിരിക്കുകയും വേണം) എന്ന്. നിങ്ങളുടെ പ്രാർത്ഥന സ്വീകരിക്കപ്പെട്ട സ്ഥിതിക്ക് നിങ്ങൾ കൂടുതൽ ദൃഢതയോടെ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ഉറച്ചു നിൽക്കണം. അടിപതറാതെയും, അവിവേകം വരാതെയും സൂക്ഷിച്ചുകൊണ്ടിരിക്കണം എന്നു സാരം.

٩٠- وَجَاوَزْنَا بِبَنِىٓ إِسْرَآءِيلَ ٱلْبَحْرَ فَأَتْبَعَهُمْ فِرْعَوْنُ وَجُنُودُهُۥ بَغْيًا وَعَدْوًا ۖ حَتَّىٰٓ إِذَآ أَدْرَكَهُ ٱلْغَرَقُ قَالَ ءَامَنتُ أَنَّهُۥ لَآ إِلَٰهَ إِلَّا ٱلَّذِىٓ ءَامَنَتْ بِهِۦ بَنُوٓا۟ إِسْرَآءِيلَ وَأَنَا۠ مِنَ ٱلْمُسْلِمِينَ ۝

90. ഇസ്രാഈൽ സന്തതികളെ നാം സമുദ്രം കടത്തിവിട്ടു. അപ്പോൾ, ഫിർഔനും, അവന്റെ സൈന്യങ്ങളും ധിക്കാരവും, അതിക്രമവുമായി അവരെ പിൻതുടർന്നുചെന്നു.

അങ്ങനെ, മുങ്ങിമരണം അവനു പിടിപെട്ടപ്പോൾ അവൻ പറഞ്ഞു: 'ഇസ്രാഈൽ സന്തതികൾ യാതൊരുവനിൽ വിശ്വസിച്ചിരിക്കുന്നുവോ അവനല്ലാതെ ഒരു ആരാധ്യനുമില്ലെന്ന ഞാൻ വിശ്വസിച്ചു; ഞാൻ 'മുസ്‌ലിം'കളിൽ [കീഴൊതുങ്ങിയവരിൽ] പെട്ടവനുമാകുന്നു.'

٩١- ءَآلْـَٰٔنَ وَقَدْ عَصَيْتَ قَبْلُ وَكُنتَ مِنَ ٱلْمُفْسِدِينَ ۝

91. (അവനോടു പറയപ്പെട്ടു:) 'ഇപ്പോഴാണോ (വിശ്വസിക്കുന്നതു)? മുമ്പ് നീ അനുസരണക്കേടു കാണിക്കയുണ്ടായി; നീ നാശകാരികളിൽ പെട്ടവനുമായിരുന്നു എന്നിരിക്കെ!

٩٢- فَٱلْيَوْمَ نُنَجِّيكَ بِبَدَنِكَ لِتَكُونَ لِمَنْ خَلْفَكَ ءَايَةً ۚ وَإِنَّ كَثِيرًا مِّنَ ٱلنَّاسِ عَنْ ءَايَٰتِنَا لَغَٰفِلُونَ ۝

92. 'എന്നി, ഇന്ന് നിന്നെ, നിന്റെ ശരീരം മുഖേന നാം രക്ഷപ്പെടുത്തുന്നു, നിന്റെ പിന്നിലുള്ളവർക്ക് നീ ഒരു ദൃഷ്ടാന്തമായിരിക്കുവാൻവേണ്ടി. മനുഷ്യരിൽ വളരെ ആളുകൾ നമ്മുടെ ദൃഷ്ടാന്തങ്ങളെപ്പററി അശ്രദ്ധർ തന്നെ.'

---

90. وَجَاوَزْنَا നാം കടത്തിവിട്ടു بِبَنِي إِسْرَائِيلَ ഇസ്രായീൽ സന്തതി, ഇസ്രാഈൽ സന്തതികളെ الْبَحْرَ സമുദ്രം, കടൽ فَأَتْبَعَهُمْ അപ്പോൾ അവരെ പിന്തുടർന്നു ചെന്നു فِرْعَوْنُ ഫിർഔൻ وَجُنُودُهُ അവന്റെ സൈന്യങ്ങളും بَغْيًا ധിക്കാരമായിട്ടു وَعَدْوًا അതിക്രമവും حَتَّىٰ അങ്ങനെ (വരേക്കും) إِذَا أَدْرَكَهُ അവനെ കണ്ടെത്തിയ (പിടിപെട്ട) പ്പോൾ الْغَرَقُ മുങ്ങൽ (മുങ്ങി മരണം) قَالَ അവൻ പറഞ്ഞു آمَنتُ ഞാൻ വിശ്വസിച്ചു أَنَّهُ നിശ്ചയമായും അതു (കാര്യം) ആണെന്നു لَا إِلَٰهَ ഒരാരാധ്യനുമില്ല (എന്നു) إِلَّا الَّذِي യാതൊരുവനല്ലാതെ آمَنَتْ بِهِ അവനിൽ വിശ്വസിച്ചിരിക്കുന്നു بَنُو إِسْرَائِيلَ ഇസ്രാഈൽ സന്തതികൾ وَأَنَا ഞാൻ, ഞാനാകട്ടെ مِنَ الْمُسْلِمِينَ മുസ്‌ലിംകളിൽ പെട്ടവനുമാണു. 91. آلْآنَ ഇപ്പോഴാണോ وَقَدْ عَصَيْتَ നീ അനുസരണക്കേടു (എതിര്) ചെയ്തിട്ടുണ്ടു, ചെയ്തിരിക്കുന്നുവല്ലോ (എന്നിരിക്കെ) قَبْلُ മുമ്പു وَكُنتَ നീ ആയിരിക്കയും ചെയ്തു, നീ ആയിരുന്നുതാനും مِنَ الْمُفْسِدِينَ നാശകാരികളിൽ, കുഴപ്പമുണ്ടാക്കുന്നവരിൽപെട്ട (വൻ) 92. فَالْيَوْمَ എന്നി (എന്നാൽ) ഇന്നു نُنَجِّيكَ നിന്നെ നാം രക്ഷപ്പെടുത്തും, രക്ഷപ്പെടുത്തുന്നതാണു بِبَدَنِكَ നിന്റെ ശരീരം കൊണ്ടു (ദേഹം മുഖേന) لِتَكُونَ നീ ആയിരിക്കുവാൻ വേണ്ടി لِمَنْ خَلْفَكَ നിന്റെ പിന്നിലുള്ളവർക്കു آيَةً ഒരു ദൃഷ്ടാന്തം وَإِنَّ كَثِيرًا നിശ്ചയമായും വളരെ ആളുകൾ, പലരും مِّنَ النَّاسِ മനുഷ്യരിൽനിന്നു عَنْ آيَاتِنَا നമ്മുടെ ദൃഷ്ടാന്തങ്ങളെപ്പററി لَغَافِلُونَ അശ്രദ്ധർ തന്നെയാണു

ഫിർഔന്റെ ക്രൂരവാഴ്ചക്കു അന്ത്യം കുറിച്ചതും, ഇസ്രാഈല്യർക്കു മോചനം ലഭിച്ചതുമായ ആ മഹാസംഭവത്തെക്കുറിച്ചാണു 90-ം വചനത്തിന്റെ ആരംഭത്തിൽ ചൂണ്ടിക്കാണിച്ചത്. ഖുർആനിൽ പലേടത്തും വിവരിക്കപ്പെട്ടിട്ടുള്ള ആ സംഭവത്തിന്റെ ചുരുക്കം ഇപ്രകാരമാകുന്നു: ഇസ്രാഈല്യരെയും കൂട്ടി രാത്രിസമയത്തു ഈജിപ്തു വിട്ടുപോകുവാൻ മൂസാ (അ) നോടു അല്ലാഹു കല്പിച്ചു. യാത്രയുടെ ലക്ഷ്യം ഫലസ്തീനായിരുന്നുവെങ്കിലും അവർ ഈജിപ്തിൽനിന്നു കിഴക്കോട്ടുനീങ്ങി ചെങ്കടൽതീരത്തെത്തി. (*) സമുദ്രത്തോടടുത്തപ്പോൾ, ഫിർഔനും

(*) സ്ഥലപരിചയത്തിനു 4-ം നമ്പ്ര് ഭൂപടം നോക്കുക.

സൈന്യവും പിന്നാലെ വന്നു തങ്ങളെ പിടികൂടുമെന്നും, തങ്ങൾക്കു രക്ഷപ്പെടുവാൻ കഴിയുകയില്ലെന്നും മറ്റും ഇസ്രാഈല്യർ മുറവിളി കൂട്ടി. മൂസാ (അ) നബിയുടെ വടികൊണ്ടു സമുദ്രത്തിൽ അടിക്കുവാൻ അല്ലാഹു കല്പിച്ചു. അടിക്കേണ്ട താമസം, സമുദ്രജലം രണ്ടായി പിളർന്നു. ഇരുഭാഗത്തും വെള്ളം മലപോലെ ചിറച്ചുനിന്നു. മദ്ധ്യത്തിൽ തുറക്കപ്പെട്ട വിശാലമായ വഴിയിലൂടെ യാതൊരു ആപത്തും കൂടാതെ മൂസാ(അ) നബിയും ഇസ്രാഈല്യരും കടലിനക്കരെ കടന്നു പോയി. അവർ സ്ഥലംവിട്ട വിവരമറിഞ്ഞ ഫിർഔൻ സൈന്യസമേതം നേരം പുലർന്നപ്പോഴേക്കും അവരെ പിന്തുടർന്നുവന്നിരുന്നു. സമുദ്രം പിളർന്ന നിൽക്കുന്നതും, ഇസ്രാഈല്യർ ഇടവഴിയിലൂടെ കടന്നുപോയതും കണ്ടപ്പോൾ, അവരെ പിടികൂടുവാനുള്ള വ്യഗ്രതയോടെ അവരും ആ വഴിയിലൂടെ ഇസ്രാഈല്യരെ അനുഗമിച്ചു. ഫിർഔനും സൈന്യവും ഇടവഴിയിൽ പ്രവേശിച്ചുകഴിഞ്ഞതോടെ ഇരുഭാഗത്തും ചിറച്ചു നിന്നിരുന്ന ജലഭിത്തികൾ കൂട്ടിമുട്ടുകയും അവർ ഒന്നടങ്കം വെള്ളത്തിൽ മുങ്ങിനശിക്കുകയും ചെയ്തു. സൂറത്തു ത്വാഹാ, ശുഅറാഉ് മുതലായ സൂറത്തുകളിൽ വിശദമായും, സംക്ഷിപ്തമായും ഈ സംഭവം അല്ലാഹു ഉദ്ധരിച്ചിരിക്കുന്നു. (*)

ഈ സംഭവം ചൂണ്ടിക്കാട്ടിയശേഷം – മൂസാ (അ) നബിയുടെ പ്രാർത്ഥനയിൽ സൂചിപ്പിച്ചപോലെ വിശ്വാസം പ്രയോജനപ്പെടാത്ത ആ ഘട്ടത്തിൽ ഫിർഔനു ബോധവും തന്റേടവും വന്നു. മുങ്ങിച്ചാവാൻ പോകുകയാണെന്നു കണ്ടപ്പോൾ, ഇസ്രാഈല്യർ വിശ്വസിച്ച ഏക ഇലാഹിൽ താൻ വിശ്വസിച്ചുവെന്നും, അല്ലാഹുവിനു കീഴൊതുങ്ങി മുസ്ലിമായിരുന്നെന്നും പറയുകതന്നെ ചെയ്തു. പക്ഷേ, ഫലമെന്ത്? ഇതുവരെയും അനുസരണക്കേടും ധിക്കാരവും കാണിച്ച് കണ്ണു മുമ്പിൽ കണ്ട ഈ അവസരത്തിലാണോ വിശ്വസിക്കുന്നത്?! ഈ വിശ്വാസം കൊണ്ട് പ്രയോജനമില്ല. എന്നായിരുന്നു അല്ലാഹുവിന്റെ ഭാഗത്തുനിന്നു അതിനു ലഭിച്ച മറുപടി. അതോടുകൂടി, നിന്റെ ജീവൻ നഷ്ടപ്പെട്ടാലും നിന്റെ ജഡം രക്ഷപ്പെടുത്തി പുറത്തുകൊണ്ടുവന്ന് മറ്റുള്ളവർക്ക് നിന്നെ നാം ഒരു ദൃഷ്ടാന്തമാക്കിത്തീർക്കുമെന്നും അല്ലാഹു അറിയിച്ചു. ഈ വിഷയം ഇവിടെയല്ലാതെ മറ്റു സൂറത്തുകളിലൊന്നും അല്ലാഹു പ്രസ്താവിച്ചിട്ടില്ല.

ഫിർഔനും സൈന്യവും മുങ്ങിനശിച്ചശേഷം ഫിർഔന്റെ ശവം ഒരു തിണ്ണയിൽ പോയി അടിഞ്ഞുവെന്നും, അതു കണ്ടപ്പോൾ താൻ ദൈവമാണെന്നും മറ്റും അവൻ മുമ്പു വാദിച്ചുവന്നിരുന്നതു ശരിയല്ലെന്ന ജനങ്ങൾക്ക ബോധ്യമായെന്നും ചില രിവായത്തുകളിൽ വന്നിട്ടുണ്ട്. ഫിർഔൻ (ഫറോവാ) മാരുടെ ശവക്കല്ലറകളിൽ നിന്ന റംസീസ് രണ്ടാമൻ എന്ന ഒരു ഫിർഔന്റെ ജഡം ലഭിച്ചിട്ടുണ്ടെന്നും, ഈജിപ്തിലെ ഒരു മ്യൂസിയത്തിൽ അതു സൂക്ഷിച്ചുവെച്ചിട്ടുണ്ടെന്നും, അതോടൊപ്പമുണ്ടായിരുന്ന ലിഖിതരേഖകളിൽ നിന്നു അവനായിരുന്നു മൂസാ (അ) നബിയുടെ ശത്രുവായ ഫിർഔൻ എന്ന് വ്യക്തമാകുന്നുണ്ടെന്നും മൂപ്പതുവർഷങ്ങൾക്ക് മുമ്പ് വർത്തമാനപത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിക്കണ്ടിരുന്നു. അല്ലാഹുവിനറിയാം വാസ്തവം.

വിഭാഗം-10

93. തീർച്ചയായും, ഇസ്രാഈൽ സന്തതികളെ സത്യത്തിന്റെ [നല്ലതായ] ഒരു സങ്കേതത്തിൽ നാം ഇറക്കി (സങ്കേതപ്പെടുത്തി)ക്കൊടുക്കുകയുണ്ടായി. വിശിഷ്ടവസ്തുക്കളിൽ നിന്നും നാം അവർക്കു ആഹാരം നൽകുകയും ചെയ്തു. എന്നാൽ, അവർക്കു അറിവ് വന്നെത്തിയതുവരെയും അവർ ഭിന്നിച്ചില്ല. [അതു വന്നപ്പോഴാണു ഭിന്നിച്ചതു.]

وَلَقَدْ بَوَّأْنَا بَنِيٓ إِسْرَٰٓءِيلَ مُبَوَّأَ صِدْقٍ وَرَزَقْنَٰهُم مِّنَ ٱلطَّيِّبَٰتِ فَمَا ٱخْتَلَفُوا۟ حَتَّىٰ جَآءَهُمُ ٱلْعِلْمُ

(*) മനിലപികം സ്ഥലത്തു ഖുർആൻ ആവർത്തിച്ചു വിവരിച്ച ഈ അസാധാരണ സംഭവത്തെ ചില സ്ഥാപിത താൽപര്യക്കാർ, ഇപ്പോൾ അതിനൊരു പുതിയ രൂപം നൽകി അവതരിപ്പിക്കുകയും, അതിനായി ഖുർആന്റെ പല വാക്യങ്ങൾക്കും അവരുടെ വകയായി ചില അർത്ഥവ്യാഖ്യാനങ്ങൾ നൽകുകയും ചെയ്വാൻ തുടങ്ങിയിട്ടുണ്ട്. അതിന്റെ ഖണ്ഡനവും, സംഭവത്തിന്റെ യഥാർത്ഥരൂപവും അടങ്ങുന്ന വിശദമായ ഒരു വ്യാഖ്യാനക്കുറിപ്പു സൂറഃ ത്വാഹായുടെ അവസാനത്തിൽ കാണാവുന്നതാണ്.

إِنَّ رَبَّكَ يَقْضِي بَيْنَهُمْ يَوْمَ الْقِيَامَةِ فِيمَا كَانُوا فِيهِ يَخْتَلِفُونَ ○

നിശ്ചയമായും, അവർ ഭിന്നിച്ചുകൊണ്ടിരുന്ന കാര്യത്തിൽ നിന്റെ റബ്ബ് ഖിയാമത്തുനാളിൽ അവർക്കിടയിൽ തീരുമാനമെടുക്കുന്നതാണ്.

---

93. وَلَقَدْ തീർച്ചയായും ഉണ്ടു്, ഉണ്ടായിട്ടുണ്ടു് بَوَّأْنَا നാം സൗകര്യപ്പെടുത്തി, ഇറക്കികൊടുത്തി(ട്ടുണ്ടു്) بَنِي إِسْرَائِيلَ ഇസ്രാഈല്യർക്കു്, ഇസ്രാഈൽ സന്തതികളെ مُبَوَّأَ സൗകര്യസ്ഥാനത്തു് (താവളത്തിൽ) صِدْقٍ സത്യത്തിന്റെ (നന്മയുടെ, ഉൺമയുടെ) وَرَزَقْنَاهُم അവർക്കു നാം (ആഹാരം-ഉപജീവനം) നൽകുകയും ചെയ്തു مِّنَ الطَّيِّبَاتِ നല്ല വസ്തു (വിശിഷ്ട സാധനം)ക്കളിൽ നിന്നു فَمَا اخْتَلَفُوا എന്നാലവർ ഭിന്നിച്ചില്ല, അഭിപ്രായ വ്യത്യാസത്തിലായില്ല حَتَّىٰ جَاءَهُمُ അവർക്കു വന്നതുവരെ, വരുവോളം الْعِلْمُ അറിവു്, വിവരം إِنَّ رَبَّكَ നിശ്ചയമായും നിന്റെ റബ്ബു് يَقْضِي തീരുമാനം ചെയ്യും, വിധി കല്പിക്കും بَيْنَهُمْ അവർക്കിടയിൽ يَوْمَ الْقِيَامَةِ ഖിയാമത്തുനാളിൽ فِيمَا യാതൊരു കാര്യത്തിൽ كَانُوا فِيهِ അതിൽ അവരായിരുന്നു, അവരായിരുന്ന يَخْتَلِفُونَ അവർ ഭിന്നിക്കുക.

صِدْق (സ്വിദ്ഖ്) എന്ന പദത്തിനു് 'സത്യം, സന്മാർഗം, യോഗ്യത, ഉൺമ, നന്മ' എന്നൊക്കെ അർത്ഥം വരും. ഏതെങ്കിലും ഒരു വസ്തുവെപ്പറ്റി അതു കൊള്ളാവുന്നതു്, തൃപ്തികരമായതു് (صالح مرضى) ആണെന്നു സൂചിപ്പിച്ചുകൊണ്ട് ആ വസ്തുവെ അതോടു ചേർത്തു പറയൽ അറബി ഭാഷയിൽ പതിവുണ്ട്. ഉദാഹരണമായി; കൊള്ളാവുന്ന ഒരു നല്ല മനുഷ്യൻ എന്ന അർത്ഥത്തിൽ رجل صدق എന്നും, അനുയോജ്യവും തൃപ്തികരവുമായ സ്ഥലം എന്ന അർത്ഥത്തിൽ مكان صدق എന്നും പറയപ്പെടും. ഇതുപോലെയുള്ള ഒരു പ്രയോഗമാണ് مبوأ صدق എന്ന വാക്കും. 'കൊള്ളാവുന്ന താവളം, തൃപ്തികരമായ സ്ഥലം, യോജിച്ച സങ്കേതം' എന്നൊക്കെയാണു് അതുകൊണ്ടു് വിവക്ഷ.

ഫിർഔനിൽ നിന്നു രക്ഷപ്പെട്ടശേഷം, ഇസ്രാഈല്യരെ അവരുടെ പൂർവ്വികരുടെ വാസസ്ഥലമായിരുന്ന ഫലസ്തീനിൽ എത്തിക്കുകയും, ഫലഭൂയിഷ്ഠവും, അനുഗൃഹീതവുമായ ആ നാട്ടിൽ നിവസിക്കുവാൻ സൗകര്യം ചെയ്തുകൊടുക്കുകയും ചെയ്തതിനെപ്പറ്റിയാണ് بوأنا بني إسرائيل مبوأ صدق (ഇസ്രാഈല്യരെ സത്യത്തിന്റെ ഒരു താവളത്തിൽ നാം ഇറക്കി) എന്നു പറഞ്ഞതു്. ഇതര നാടുകളിൽ കാണപ്പെടാത്ത വിധം പലതരം കായ്ഫലങ്ങളും, കൃഷിയുൽപന്നങ്ങളും, ജലസൗകര്യങ്ങളും, നിറഞ്ഞ ഒരു നാടാണ് ഫലസ്തീൻ. എല്ലാ നിലക്കും നിവാസയോഗ്യമായ ആ ദേശത്തു നിവസിക്കുവാനും, നല്ല വിശിഷ്ടാഹാരങ്ങൾ കഴിച്ചുകൊണ്ട് സുഖിച്ചു കഴിഞ്ഞുകൂടുവാനും, അല്ലാഹു അവർക്കു അനുഗ്രഹം ചെയ്തുകൊടുത്തു. എന്നിട്ടും അവർ സന്മാർഗത്തിൽ നിന്നു വ്യതിചലിച്ചു ഭിന്നിക്കുകയാണു ചെയ്തതു്. യഹൂദികളെന്നും ക്രിസ്ത്യാനികളെന്നും രണ്ടു കക്ഷികളായി പിരിയുക മാത്രമല്ല, ഓരോ കക്ഷികളിലും പല അവാന്തര വിഭാഗങ്ങളും ഉണ്ടായിത്തീർന്നു. വിഭാഗ വ്യത്യാസമോ, കക്ഷി വ്യത്യാസമോ ഇല്ലാതെ, എല്ലാവരും സാദരം കാത്തുകൊണ്ടിരുന്ന ആ പ്രവാചകൻ—നബി (സ) തിരുമേനി വന്നപ്പോഴാകട്ടെ, അദ്ദേഹത്തോടുള്ള ഭിന്നിപ്പിൽ എല്ലാവരും യോജിക്കുകയും ചെയ്തു. എന്നാൽ, ഇതെല്ലാം അറിയായ്മകൊണ്ടു ചെയ്ത ഭിന്നിപ്പുകളാണോ? അല്ല. പ്രവാചകൻമാർ മുഖേനയും, വേദഗ്രന്ഥം മുഖേനയും വേണ്ടത്ര അറിവും തെളിവും കിട്ടിക്കഴിഞ്ഞശേഷം തന്നെ ഉണ്ടായതാണ് ഈ ഭിന്നിപ്പുകൾ. അതുകൊണ്ട് അവയെപ്പറ്റി വേണ്ടുന്ന വിധിയും നടപടിയും അല്ലാഹു എടുക്കാതിരിക്കുകയില്ല. എന്നാലതു ഇവിടെ വെച്ചല്ല, ഖിയാമത്തു നാളിൽവെച്ചായിരിക്കും എന്നൊക്കെയാണു് ഈ വചനത്തിൽ പ്രസ്താവിച്ചതിന്റെ താൽപര്യം.

٩٤- فَإِن كُنتَ فِي شَكٍّ مِّمَّا أَنزَلْنَا إِلَيْكَ فَاسْأَلِ الَّذِينَ يَقْرَءُونَ الْكِتَابَ مِن قَبْلِكَ ۚ

94. എനി, നിനക്കു നാം അവതരിപ്പിച്ചതിനെക്കുറിച്ച് നീ വല്ല സംശയത്തിലുമാണെങ്കിൽ, നിന്റെ മുമ്പേ (വേദ) ഗ്രന്ഥം വായിച്ചുവരുന്നവരോടു നീ ചോദി(ച്ചുനോ)ക്കുക.

لَقَدْ جَاءَكَ الْحَقُّ مِن رَّبِّكَ فَلَا تَكُونَنَّ مِنَ الْمُمْتَرِينَ ۝

തീർച്ചയായും, നിന്റെ റബ്ബിങ്കൽനിന്ന് നിനക്കു യഥാർത്ഥം വന്നിട്ടുണ്ടു. ആകയാൽ, നിശ്ചയമായും നീ സന്ദേഹപ്പെടുന്നവരുടെ കൂട്ടത്തിലായിരിക്കരുതു.

٩٥- وَلَا تَكُونَنَّ مِنَ الَّذِينَ كَذَّبُوا بِآيَاتِ اللَّهِ فَتَكُونَ مِنَ الْخَاسِرِينَ ۝

95. അല്ലാഹുവിന്റെ 'ആയത്തു' [ലക്ഷ്യം]കളെ വ്യാജമാക്കുന്നവരുടെ കൂട്ടത്തിലും നിശ്ചയമായും നീ ആയിരിക്കരുത്. എന്നാൽ, നീ നഷ്ടപ്പെട്ടവരിൽ പെട്ടവനായിത്തീരും.

٩٦- إِنَّ الَّذِينَ حَقَّتْ عَلَيْهِمْ كَلِمَتُ رَبِّكَ لَا يُؤْمِنُونَ ۝

96. നിശ്ചയമായും യാതൊരുവരുടെ മേൽ നിന്റെ റബ്ബിന്റെ വാക്യം യഥാർത്ഥമായി (സ്ഥിരപ്പെട്ടി) രിക്കുന്നുവോ അവർ വിശ്വസിക്കുകയില്ല;

٩٧- وَلَوْ جَاءَتْهُمْ كُلُّ آيَةٍ حَتَّىٰ يَرَوُا الْعَذَابَ الْأَلِيمَ ۝

97. —എല്ലാ ദൃഷ്ടാന്തവും അവർക്ക് വന്നെത്തിയാലും ശരി; — വേദനയേറിയ ശിക്ഷയെ അവർ കാണുന്നതുവരേക്കും.

---

94. فان كنت എന്നി നീ ആണെങ്കിൽ في شك വല്ല സംശയത്തിലും مما أنزلنا നാം അവതരിപ്പിച്ചതിനെപ്പററി اليك നിനക്കു, നിങ്കലേക്കു فاسئل എന്നാൽ ചോദിക്കുക الذين يقرءون ഓതിവരുന്നവരോടു الكتاب (വേദ) ഗ്രന്ഥം من قبلك നിന്റെ മുമ്പു, മുമ്പേ لقد جاءك തീർച്ചയായും നിനക്കു വന്നിട്ടുണ്ടു الحق യഥാർത്ഥം, സത്യം من ربك നിന്റെ റബ്ബിങ്കൽ നിന്നു فلا تكونن അതിനാൽ നിശ്ചയമായും നീ ആയിരിക്കരുതു من الممترين സന്ദേഹപ്പെടുന്നവരിൽ പെട്ട(വൻ). 95. ولا تكونن നിശ്ചയമായും നീ ആയിരിക്കയും അരുതു من الذين كذبوا യാതൊരുവരിൽ പെട്ട(വൻ), വ്യാജമാക്കിയവരിൽ പെട്ടവൻ بايات الله അല്ലാഹുവിന്റെ ആയത്തു(ലക്ഷ്യം-വചനം-ദൃഷ്ടാന്തം)കളെ فتكون അപ്പോൾ നീ ആയിരിക്കും, ആയിത്തീരും من الخاسرين നഷ്ടപ്പെട്ടവരിൽപെട്ട(വൻ). 96. ان الذين നിശ്ചയമായും യാതൊരു കൂട്ടർ حقت യഥാർത്ഥമായി, അവകാശപ്പെട്ടു, ന്യായമായി, സ്ഥിരപ്പെട്ടു عليهم അവരുടെമേൽ كلمت വാക്കു, വാക്യം ربك നിന്റെ റബ്ബിന്റെ لا يؤمنون അവർ വിശ്വസിക്കുകയില്ല. 97. ولو جاءتهم അവർക്കു വന്നാലും ശരി كل آية എല്ലാ ദൃഷ്ടാന്തവും حتى يروا അവർ കാണുന്നതുവരെ, (കാണാതെ) العذاب ശിക്ഷയെ الاليم വേദനയേറിയ.

ഈ നാലു വചനങ്ങളിൽ ആദ്യത്തെ രണ്ടും പ്രത്യക്ഷത്തിൽ നബി (സ)യെ അഭിമുഖീകരിച്ചുകൊണ്ടുള്ളതാണെങ്കിലും യഥാർത്ഥത്തിൽ അവ മററുള്ളവരെ ഉദ്ദേശിച്ചുകൊണ്ടുള്ളവയാകുന്നു. നിനക്കു നാം അവതരിപ്പിച്ചു തന്ന വല്ല വിഷയത്തിലും നിനക്ക സംശയമുണ്ടെങ്കിൽ നിന്റെ മുമ്പ് വേദഗ്രന്ഥം വായിച്ചു വരുന്നവരോടു ചോദിച്ചു നോക്കുക; നിനക്ക വന്നു കിട്ടിയിട്ടുള്ളത് യഥാർത്ഥം തന്നെയാണ്; അതിൽ സംശയിക്കരുത് എന്നാണല്ലോ ഒന്നാമത്തെ വചനത്തിലുള്ളതു. അതായതു, നിനക്കവതരിച്ച ചരിത്ര സംഭവങ്ങൾ, തത്വോപദേശങ്ങൾ മുതലായവയിൽ വല്ല സംശയവും ആർക്കെങ്കിലും തോന്നുന്നപക്ഷം, വേദക്കാരായ ആളുകളോട് അന്വേഷിച്ചാൽ അവയെല്ലാം സത്യവും പരമാർത്ഥവുമാണെന്നു ബോദ്ധ്യപ്പെടുമെന്നു സാരം. വേദക്കാരായ എല്ലാ വ്യക്തികൾക്കും അറിയാമെന്നോ, അവർ പറയുന്നതെല്ലാം വിശ്വസിക്കാമെന്നോ അല്ല ഉദ്ദേശ്യം. വേദഗ്രന്ഥങ്ങളെപ്പററി ശരിക്കറിയുകയും, സത്യം തുറന്നു പറയുകയും ചെയ്യുന്ന വേദക്കാർക്ക് സത്യാവസ്ഥ അറിയാം, വേണമെങ്കിൽ ചോദിച്ചുനോക്കൂ എന്നാണുദ്ദേശ്യം. അറബികളെ സംബന്ധിച്ചിടത്തോളം, വേദഗ്രന്ഥങ്ങളുമായി അവർക്ക പരിചയമില്ലാത്ത സ്ഥിതിക്ക് മുൻവേദഗ്രന്ഥങ്ങളിൽ പറയുന്നതും ഇതുപോലെത്തന്നെയാണെന്നു അറിയുന്നതു അവർക്ക ഖുർആന്റെ സത്യാവസ്ഥ മനസ്സിലാക്കുവാൻ സഹായകമായിരിക്കുമല്ലോ.

ഖുർആനാകട്ടെ, ഖുർആനല്ലാത്ത വഹ്‌യ് (ദിവ്യസന്ദേശം)കളാവട്ടെ അവതരിച്ചാൽ അതിന്റെ സത്യതയിൽ നബി (സ)ക്ക് സംശയമോ ആശയക്കുഴപ്പമോ തോന്നുക അസംഭവ്യമാകുന്നു. നബി (സ)ക്ക് മാത്രമല്ല, വഹ്‌യുകളെ സംബന്ധിച്ചിടത്തോളം എല്ലാ പ്രവാചകൻമാരുടെ സ്ഥിതിയും ഇതു തന്നെ. ഏതെങ്കിലും ഒരു പ്രവാചകനു-അദ്ദേഹം എത്രയെത്ര പരീക്ഷണങ്ങൾക്കും മർദ്ദനങ്ങൾക്കും വിധേയനായിരുന്നാൽപോലും-തനിക്ക് ലഭിച്ച ദൈവിക സന്ദേശങ്ങളിൽ സംശയത്തിന്റെ നേർത്ത സൂചന ഒരു വാക്കിലെങ്കിലും ഉണ്ടായതായി ചരിത്രം ഇല്ല. ഉണ്ടാകാവതുമല്ല. അപ്പോൾ, ആർക്കെങ്കിലും വല്ല സംശയവുമുണ്ടെങ്കിൽ അവർ വേദഗ്രന്ഥങ്ങളെപ്പറ്റി അറിയുന്നവരോടു ചോദിച്ചു നോക്കട്ടെ എന്നാണു ആ വചനത്തിന്റെ താൽപര്യമെന്നു വ്യക്തമാണ്. വേദഗ്രന്ഥങ്ങളെപ്പറ്റി ശരിക്കറിയാത്തവരോടും, സത്യം തുറന്നു പറയുവാൻ മടിക്കുന്നവരോടും അന്വേഷണം ചെയ്തിട്ട് കാര്യമില്ലെന്നു പറയേണ്ടതുമില്ല.

ഒരു സംഘത്തെ ഉദ്ദേശിച്ച് അതിന്റെ നേതാവിനെ അഭിമുഖീകരിച്ചും, പുറകിലുള്ളവരെ ഉദ്ദേശിച്ച് മുമ്പിലുള്ളവരെ അഭിമുഖീകരിച്ചുംകൊണ്ടുള്ള സംസാരരീതി സ്വീകരിക്കൽ ഭാഷാസാഹിത്യങ്ങളിൽ പൊതുവെ കാണപ്പെടാറുള്ളതാണ്. ഖുർആനിലും ഇതിനു ഉദാഹരണങ്ങൾ കാണാം: സമുദായത്തിൽ ആരു തന്നെ ശിർക്കു പ്രവർത്തിച്ചാലും നബി (സ) തിരുമേനി ശിർക്കു പ്രവർത്തിക്കുകയില്ലെന്നുള്ള കാര്യം ഖണ്ഡിതമാണ്. എന്നിട്ടും നബി (സ)യോട് (39:65) അല്ലാഹു പറയുന്നു: 'നീയെങ്ങാനും ശിർക്ക് ചെയ്തുവെങ്കിൽ നിന്റെ കർമ്മം പൊളിഞ്ഞു നിഷ്ഫലമാകും.' (لئن أشركت ليحبطن عملك....) എന്നു. അതുപോലെതന്നെ, അല്ലാഹുവിന്റെ കല്പനാ നിർദ്ദേശങ്ങൾക്കെതിരായി അവിശ്വാസികളെയോ, കപടവിശ്വാസികളെയോ വല്ലപ്പോഴും നബി(സ) അനുസരിക്കുകയില്ലെന്നും തീർച്ചതന്നെ. എന്നിട്ടും നബി(സ)യോടു (33:1ൽ) അല്ലാഹു പറയുന്നു: 'നബിയേ, താങ്കൾ അല്ലാഹുവിനെ സൂക്ഷിക്കണം. അവിശ്വാസികളെയും കപടവിശ്വാസികളെയും, അനുസരിക്കരുതു' (يا أيها النبي اتق الله ولا تطع الكافرين والمنافقين) എന്നു. ഇതെല്ലാം സമുദായത്തെ ഉദ്ദേശിച്ചുള്ള കല്പനകളത്രെ.

നബി (സ) യോടു തന്നെയും ഇതിനെല്ലാം കല്പിക്കുമ്പോൾ, സമുദായത്തിലെ ഓരോ അംഗവും ആ കല്പനകൾ വളരെ ഗൗരവപൂർവ്വം കണക്കിലെടുക്കേണ്ടതുണ്ടെന്നാണ് അതിൽ നിന്നു മനസ്സിലാക്കേണ്ടതു. രണ്ടാമത്തെ വചനത്തിൽ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ വ്യാജമാക്കിയവരുടെ കൂട്ടത്തിൽ നീ പെട്ടുപോകരുതെന്നും, എന്നാൽ നീ നഷ്ടക്കാരനായിത്തീരുമെന്നും പറഞ്ഞതിന്റെ ഉദ്ദേശ്യവും ഇപ്പറഞ്ഞതിൽനിന്നു വ്യക്തമായല്ലോ. ചില ക്രിസ്തീയ പാതിരിമാർ ഇതുപോലെയുള്ള ചില വചനങ്ങളെ ചൂഷണം ചെയ്തു മുതലെടുക്കുവാൻ ശ്രമിക്കാറുള്ളതുകൊണ്ടാണ് ഈ സംഗതി പ്രത്യേകം ഉണർത്തേണ്ടി വന്നത്.

അല്ലാഹുവിന്റെ ശിക്ഷക്ക് പാത്രമാണെന്നുള്ള അവന്റെ നിശ്ചയം ആരിൽ യഥാർത്ഥമായിത്തീരുന്നുവോ അങ്ങിനെയുള്ളവർ വിശ്വസിക്കുമെന്നു പ്രതീക്ഷിക്കേണ്ട: അവങ്കൽനിന്നുള്ള കഠിനമായ ശിക്ഷ അനുഭവത്തിൽ വരാതെ അവർ വിശ്വസിക്കുന്ന പ്രശ്നമില്ല; ലക്ഷ്യദൃഷ്ടാന്തങ്ങൾ കണ്ടിട്ടോ, സത്യം മനസ്സിലാക്കിയിട്ടോ അവർ വിശ്വസിക്കുവാൻ പോകുന്നില്ല എന്നൊക്കെയാണു മൂന്നാമത്തെയും നാലാമത്തെയും വചനങ്ങളിൽ പറഞ്ഞതിന്റെ സാരം. സന്മാർഗ്ഗം സ്വീകരിക്കുവാനുള്ള സന്നദ്ധതയോ വിചാരമോ ഇല്ലാത്തവർ അല്ലാഹുവിന്റെ ശിക്ഷക്ക് വിധേയരാണെന്നുള്ളതു ഒരു പൊതു നിയമമത്രെ. ആരൊക്കെയാണു അങ്ങിനെയുള്ളവരെന്ന് അവനു നല്ലപോലെ അറിയുകയും ചെയ്യും. ആ കൂട്ടത്തിൽ പെട്ടവരാണു ഈ സത്യനിഷേധികളും. അതുകൊണ്ടു ഇവർ വിശ്വസിക്കുമെന്നു കരുതിയിരിക്കേണ്ടതില്ലെന്നു താല്പര്യം. സൂ: സുമറിൽ അല്ലാഹു പറയുന്നു: فبشر عباد الذين يستمعون القول - الآية (സാരം: എന്റെ അടിയാൻമാർക്കു-അതായതു, പറയുന്ന വാക്ക് ശ്രദ്ധിച്ചു കേൾക്കുകയും എന്നിട്ടു അതിൽ നല്ലതിനെ പിൻപറ്റുകയും ചെയ്യുന്നവർക്കു-സന്തോഷവാർത്ത അറിയിക്കുക: അക്കൂട്ടരത്രെ അല്ലാഹു മാർഗ്ഗദർശനം നൽകിയിട്ടുള്ളവർ; അക്കൂട്ടർ തന്നെയാണു ബുദ്ധിമാൻമാരും. (സുമർ: 17, 18.) തൊട്ട വചനത്തിൽ അല്ലാഹു തുടർന്നു പറയുന്നു: 'അപ്പോൾ ആരുടെമേൽ ശിക്ഷയുടെ വാക്കു യഥാർത്ഥമായി സ്ഥിരപ്പെട്ടുവോ അവനെ നീ സന്മാർഗ്ഗത്തിലാക്കുമോ?!' അതേ സൂറത്തിൽ, റസൂലുകളിലും പരലോകത്തിലും വിശ്വസിക്കാതിരുന്ന അവിശ്വാസികളെ നരകത്തിലേക്കു നയിക്കപ്പെടുന്നതിനെപ്പറ്റി പ്രസ്താവിച്ചുകൊണ്ടു പറയുന്നു: ولكن حقت كلمة العذاب على الكافرين (എങ്കിലും ശിക്ഷയുടെ വാക്കു അവിശ്വാസികളുടെ മേൽ യഥാർത്ഥമായിരിക്കുകയാണ്. (സുമർ: 71.) 96-ാം വചനത്തിൽ الذين حقت عليهم كلمة ربك (നിന്റെ റബ്ബിന്റെ വാക്കു യഥാർത്ഥമായിത്തീർന്നവർ) എന്നു പറഞ്ഞതു ആരെപ്പറ്റിയാണെന്നു മേലുദ്ധരിച്ചതിൽനിന്നൊക്കെ വ്യക്തമായല്ലോ.

٩٨- فَلَوْلَا كَانَتْ قَرْيَةٌ آمَنَتْ فَنَفَعَهَا إِيمَانُهَا إِلَّا قَوْمَ يُونُسَ لَمَّا آمَنُوا كَشَفْنَا عَنْهُمْ عَذَابَ الْخِزْيِ فِي الْحَيَاةِ الدُّنْيَا وَمَتَّعْنَاهُمْ إِلَىٰ حِينٍ ○

98. ഒരു രാജ്യം [രാജ്യക്കാര്‍] വിശ്വസിക്കുകയും, എന്നിട്ടതിന്റെ വിശ്വാസം അതിനു പ്രയോജനപ്പെടുകയും ആയിക്കൂടേ?, യൂനുസിന്റെ ജനത അല്ലാത്ത.

അവര്‍ വിശ്വസിച്ചപ്പോള്‍, അവരില്‍ നിന്ന് ഇഹലോക ജീവിതത്തില്‍ അപമാനത്തിന്റെ ശിക്ഷയെ നാം നീക്കം ചെയ്തു; ഒരു സമയംവരെ അവര്‍ക്കു നാം സുഖം നല്‍കുകയും ചെയ്തു.

---

98. فَلَوْلَا كَانَتْ ആയിക്കൂടേ, എന്തുകൊണ്ടായില്ല قَرْيَةٌ വല്ല രാജ്യവും, ഒരു രാജ്യവും آمَنَتْ അതു വിശ്വസിക്കുക فَنَفَعَهَا എന്നിട്ടതിനു പ്രയോജനപ്പെടുക, ഫലം ചെയ്യുക, എന്നാലതിനു പ്രയോജനം ചെയ്യുമായിരുന്നു إِيمَانُهَا അതിന്റെ വിശ്വാസം إِلَّا قَوْمَ ജനത ഒഴികെ, അല്ലാത്ത يُونُسَ യൂനുസിന്റെ لَمَّا آمَنُوا അവര്‍ വിശ്വസിച്ചപ്പോള്‍ كَشَفْنَا നാം (തുറന്നു) നീക്കി عَنْهُمْ അവരില്‍ നിന്നു عَذَابَ الْخِزْيِ അപമാനത്തിന്റെ ശിക്ഷയെ فِي الْحَيَاةِ ജീവിതത്തില്‍ الدُّنْيَا ഇഹലോകത്തെ, ഐഹിക وَمَتَّعْنَاهُمْ അവര്‍ക്കു നാം സുഖം നല്‍കുകയും ചെയ്തു إِلَىٰ حِينٍ ഒരു സമയം വരെ.

لَوْلَا (ലൌലാ) എന്ന അവ്യയം രണ്ടര്‍ത്ഥത്തില്‍ ഉപയോഗിക്കാറുണ്ട്: (1) ഒരു കാര്യം മുടങ്ങിയതു നിമിത്തം (അതുമായി ബന്ധപ്പെട്ടു നില്‍ക്കുന്ന) മറ്റൊരു കാര്യം മുടങ്ങുന്നതിനെ (امتناع الشيء لامتناع غيره) ഉദ്ദേശിച്ചും. (2) പ്രേരണ നല്‍കുന്നതിനെ (التحضيض) ഉദ്ദേശിച്ചും. ഈ രണ്ടാമത്തെ അര്‍ത്ഥത്തിലാണ് ഇവിടെ അതുള്ളത്. لَوْلَا എന്നതിന്റെ സ്ഥാനത്തു هَلَّا (ഹല്ലാ) എന്നും ഇവിടെ വായിക്കപ്പെട്ടിട്ടുണ്ടെന്നതും. ചില ഖുര്‍ആന്‍ വ്യാഖ്യാതാക്കള്‍ രണ്ടാമത്തെ അര്‍ത്ഥമാണ് ഇവിടെ ഉദ്ദേശ്യം എന്നതിനു ഈ വായന പിന്‍ബലം നല്‍കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്.

മുന്‍വചനങ്ങളില്‍ പറഞ്ഞ വിഷയങ്ങളുമായി ബന്ധപ്പെട്ടതുതന്നെയാണു ഈ വചനവും. പ്രബോധകന്മാര്‍ വന്ന് സത്യദര്‍ശനം പ്രബോധനം ചെയ്യുകയും, വിശ്വസിക്കാത്തവര്‍ക്ക് പൊതുശിക്ഷയെക്കുറിച്ചു താക്കീത് നല്‍കുകയും ചെയ്ത നാട്ടുകാര്‍ തക്കസമയത്തു വിശ്വസിക്കുകയുണ്ടായില്ല. ശിക്ഷ കണ്‍മുമ്പില്‍ എത്തുമ്പോഴേ അവര്‍ വിശ്വസിക്കുവാന്‍ തയ്യാറാകുകയുണ്ടായുള്ളു. അതുകൊണ്ടു ആ വിശ്വാസം അവര്‍ക്കു പ്രയോജനപ്പെട്ടതുമില്ല. അവര്‍ നേരത്തെതന്നെ വിശ്വസിക്കുകയും, അങ്ങിനെ ആ വിശ്വാസം അവര്‍ക്ക് പ്രയോജനപ്പെടുകയും ചെയ്തുകൂടേ? എന്നാലവര്‍ക്ക ശിക്ഷക്ക വിധേയരാവാതെ കഴിക്കാമായിരുന്നു എന്നത്രെ അല്ലാഹു ആക്ഷേപിക്കുന്നത്. എന്നാല്‍, മേല്‍ പറഞ്ഞ മുന്‍ സമുദായങ്ങളുടെ പൊതുസ്ഥിതി ഇതാണെങ്കിലും യൂനുസ് (അ) നബിയുടെ ജനത ഇതില്‍നിന്ന ഒഴിവാണെന്നു, അവര്‍ക്കു താക്കീതു ചെയ്യപ്പെട്ട ശിക്ഷ വരുന്നതിനു മുമ്പു തന്നെ അവര്‍ വിശ്വസിക്കുകയുണ്ടായെന്നും, അങ്ങനെ അവര്‍ ശിക്ഷയില്‍ നിന്ന് ഒഴിവായെന്നും, കുറെ കാലം കൂടി അവര്‍ സുഖമായി ജീവിക്കുകയുണ്ടായെന്നും തുടര്‍ന്ന് പറഞ്ഞിരിക്കുകയാണ്.

മറ്റൊരു സ്ഥലത്തു അല്ലാഹു പറയുന്നു: كَذَٰلِكَ مَا أَتَى الَّذِينَ مِن قَبْلِهِم مِّن رَّسُولٍ — الآيتين (സാരം: അതുപോലെ, അവരുടെ മുമ്പുള്ളവരുടെ അടുക്കല്‍ ഏതൊരു റസൂല്‍ ചെല്ലുമ്പോഴും അദ്ദേഹം ഒരു ജാലവിദ്യക്കാരനോ, അല്ലെങ്കില്‍ ഭ്രാന്തനോ ആണെന്നു അവര്‍ പറയാതിരുന്നിട്ടില്ല. അവര്‍ അന്യോന്യം അങ്ങിനെ വസിയ്യത്തു ചെയ്തിരിക്കുകയാണോ!? അതല്ല, അവര്‍ ക്രമം തെറ്റിപ്പോയ ജനങ്ങളാണോ? (51: 52, 53.) നൂഹ് (അ) നബിയുടെയും ജനതയുടെയും കഥ വിവരിച്ചശേഷം മറ്റൊരു സ്ഥലത്തു പറയുന്നു: ثُمَّ أَرْسَلْنَا رُسُلَنَا تَتْرَىٰ — الآية (സാരം: പിന്നീട് നമ്മുടെ റസൂലുകളെ നാം തുടരെത്തുടരെ അയച്ചു. ഓരോ സമുദായത്തിനും അതിന്റെ റസൂല്‍ ചെല്ലുമ്പോഴെല്ലാം അവര്‍ അദ്ദേഹത്തെ വ്യാജമാക്കി. അതിനാല്‍ അവരില്‍ ചിലരെ ചിലരെത്തുടര്‍ന്ന് നാം അനുഗമിപ്പിച്ചു. (നശിപ്പിച്ചു) അവരെയെല്ലാം നാം കഥാവിഷയങ്ങളാക്കിത്തീര്‍ക്കുകയും ചെയ്തു. (23:44) പ്രസ്തുത വചനങ്ങളിലടങ്ങിയ ആശയം

തന്നെയാണു ഈ വചനത്തിലും കാണുന്നത്. യൂനുസ് (അ) നബിയുടെ ജനതയെ അതിൽ നിന്നു ഒഴിവാക്കുകയും ചെയ്തിരിക്കുന്നു.

നീനുവാ (*) നിവാസികളായിരുന്നു യൂനുസ് (അ)ന്റെ ജനത. അവർ അദ്ദേഹത്തിലും, അദ്ദേഹത്തിന്റെ പ്രബോധനത്തിലും വിശ്വസിക്കാതെ നിഷേധത്തിൽ ശഠിച്ചു നിന്നു. ഇന്ന സമയംവരെ അവർ വിശ്വസിക്കാത്തപക്ഷം അവർക്കു പൊതുശിക്ഷ വരുവാൻ പോകുന്നുവെന്നു അദ്ദേഹം അവർക്കു താക്കീതു നൽകി. സമയത്തിനു മുമ്പ് അദ്ദേഹം സ്ഥലം വിടുകയും ചെയ്തു. പക്ഷെ, അവസാനം വെച്ച് മനസ്താപക്കാരായി. പ്രവാചകനെ കണ്ടതുമില്ല. അങ്ങനെ, അവർ ആബാലവൃദ്ധം ജനങ്ങളും മൃഗങ്ങളുമടക്കം ഒന്നിച്ചുകൂടി അല്ലാഹുവിനോടു പ്രാർത്ഥിക്കുകയും, പശ്ചാത്തപിച്ചു മടങ്ങുകയും ചെയ്തു. പശ്ചാത്താപം അല്ലാഹു സ്വീകരിക്കുകയും, ശിക്ഷ ഇറക്കാതെ അവരെ രക്ഷിക്കുകയും ചെയ്തു. ഇതാണു യൂനുസ്(അ) നബിയുടെ ജനതയുടെ സംഭവത്തിന്റെ ചുരുക്കം.

99. നിന്റെ റബ്ബ് (വേണമെന്ന്) ഉദ്ദേശിച്ചിരുന്നെങ്കിൽ, ഭൂമിയിലുള്ളവരെല്ലാം ആസകലം വിശ്വസിക്കുക തന്നെ ചെയ്യുമായിരുന്നു. എന്നിരിക്കെ, മനുഷ്യർ സത്യവിശ്വാസികളാകുന്നതുവരെ അവരെ നീ നിർബന്ധിക്കുകയോ!

٩٩- وَلَوْ شَاءَ رَبُّكَ لَآمَنَ مَن فِي الْأَرْضِ كُلُّهُمْ جَمِيعًا ۚ أَفَأَنتَ تُكْرِهُ النَّاسَ حَتَّىٰ يَكُونُوا مُؤْمِنِينَ ○

100. ഒരു ആത്മാവിനും [വ്യക്തിക്കും] അല്ലാഹുവിന്റെ അനുമതി പ്രകാരമല്ലാതെ വിശ്വസിക്കാവതല്ല. [വിശ്വസിക്കുക സാധ്യമല്ല] ബുദ്ധി കൊടു (ത്തു ഗ്രഹി) ക്കാത്ത വരിൽ അവൻ മാലിന്യം ഏർപ്പെടുത്തുകയും ചെയ്യുന്നതാണ്.

١٠٠- وَمَا كَانَ لِنَفْسٍ أَن تُؤْمِنَ إِلَّا بِإِذْنِ اللَّهِ ۚ وَيَجْعَلُ الرِّجْسَ عَلَى الَّذِينَ لَا يَعْقِلُونَ ○

---

99. شَاءَ ഉദ്ദേശിച്ചിരുന്നെങ്കിൽ رَبُّكَ നിന്റെ റബ്ബ് لَآمَنَ വിശ്വസിക്കുക തന്നെ ചെയ്യുമായിരുന്നു مَن فِي الْأَرْضِ ഭൂമിയിലുള്ളവർ كُلُّهُمْ അവരെല്ലാം جَمِيعًا മുഴുവനും أَفَأَنتَ എന്നിരിക്കെ നീയോ تُكْرِهُ നിർബ്ബന്ധിക്കുന്നു (നീ നിർബ്ബന്ധിക്കുകയോ) النَّاسَ മനുഷ്യരെ حَتَّىٰ يَكُونُوا അവർ ആകുവോളം, ആയിരിക്കുന്നതുവരെ مُؤْمِنِينَ സത്യവിശ്വാസികൾ. 100. وَمَا كَانَ ആകുകയില്ല, ആകാവതല്ല لِنَفْسٍ ഒരു ആത്മാവിനും, വ്യക്തിക്കും, ആൾക്കും أَن تُؤْمِنَ അതു വിശ്വസിക്കൽ, വിശ്വസിക്കുവാൻ إِلَّا بِإِذْنِ അനുമതി (സമ്മതം-അനുവാദം) കൂടാതെ اللَّهِ അല്ലാഹുവിന്റെ وَيَجْعَلُ അവൻ ആക്കുക (ഏർപ്പെടുത്തുക)യും ചെയ്യും الرِّجْسَ മാലിന്യം, മ്ലേച്ഛത عَلَى الَّذِينَ യാതൊരുവരിൽ لَا يَعْقِلُونَ അവർ ബുദ്ധി കൊടുക്കു (ഗ്രഹിക്കു) കയില്ല.

ഒന്നൊഴിയാതെ സകല മനുഷ്യരും മലക്കുകളെപ്പോലെ പ്രകൃത്യാ സത്യവിശ്വാസികളായിരിക്കണമെന്നു അല്ലാഹു ഉദ്ദേശിച്ചിട്ടില്ല. അങ്ങിനെ ഉദ്ദേശിച്ചിരുന്നെങ്കിൽ അങ്ങിനെത്തന്നെ സംഭവിക്കുമായിരുന്നു. നൻമയും തിൻമയും തിരിച്ചറിയുവാനുള്ള വിവേചന ബുദ്ധിയും, അതിൽ ഇഷ്ടപ്പെട്ടതു തിരഞ്ഞെടുക്കുവാനുള്ള അഭിപ്രായ സ്വാതന്ത്ര്യവും നൽകിയ ഒരു പ്രകൃതി വിശേഷമാണു മനുഷ്യന് അവൻ നൽകിയിരിക്കുന്നതു. മനുഷ്യ സൃഷ്ടിപ്പിലെ ലക്ഷ്യങ്ങളും യുക്തിരഹസ്യങ്ങളും അതിൽ അടങ്ങിയിരിക്കുന്നു. അതുകൊണ്ടു ആരെയും സത്യവിശ്വാസവും നേർമാർഗ്ഗവും സ്വീകരിക്കാൻ നിർബന്ധിക്കുവാൻ നബി (സ)ക്കു പാടില്ല. സത്യവും ശരിയും വിവരിച്ചുകൊടുക്കുകയും, വേണ്ടുന്ന ഉപദേശം നൽകുകയും മാത്രമേ നബി (സ) ചെയ്യേണ്ടതുള്ളു. എന്നിട്ട് വിശ്വസി...

(*) ഇറാഖിന്റെ വടക്കേ മൂസലി (موصل) നാടുമുണ്ടായിരുന്ന ഒരു പ്രാചീന രാജ്യമാണ് നീനുവാ (نينوى - Ninive). പണ്ട് അശ്ശൂർ രാജാക്കളുടെ തലസ്ഥാനമായിരുന്നു അതു. പടം-9 നോക്കുക.

ന്നവർ വിശ്വസിച്ചുകൊള്ളട്ടെ, അല്ലാത്തവർ അവിശ്വസിച്ചുകൊള്ളട്ടെ (فمن شاء فليؤمن ومن شاء فليكفر) എന്നതാണ് ആദ്യത്തെ വചനത്തിൽ പറഞ്ഞതിന്റെ താൽപര്യം. സൂ: ഹൂദിൽ അല്ലാഹു പറയുന്നു: 'നിന്റെ റബ്ബ് ഉദ്ദേശിച്ചിരുന്നെങ്കിൽ, അവൻ മനുഷ്യരെ ഒരേ സമുദായമാക്കുമായിരുന്നു. അവർ ഭിന്നിച്ചവരായിക്കൊണ്ടേ ഇരിക്കുന്നതാണ്. നിന്റെ റബ്ബ് കരുണ ചെയ്തവരൊഴികെ. അതിനായിട്ടാണ് അവരെ അവൻ സൃഷ്ടിച്ചതും. (ولو شاء ربك لجعل الناس أمة واحدة ... إلى ... هود : ١١٨ ، ١١٩) കൂടുതൽ വിവരം അവിടെ വെച്ചു കാണാം.

നല്ലതു തിരഞ്ഞെടുക്കുവാനുള്ള ബുദ്ധിയും സ്വാതന്ത്ര്യവും നൽകപ്പെട്ടിട്ടുണ്ടെങ്കിൽ തന്നെയും മനുഷ്യന്റെ വിശ്വാസം സാക്ഷാൽകൃതമാകേണമെങ്കിൽ അല്ലാഹുവിന്റെ ഉദ്ദേശവും അനുമതിയുംകൂടി അതിനു അനിവാര്യമത്രെ. അതില്ലാത്തപക്ഷം – മനുഷ്യന്റെ അറിവും കഴിവും കൊണ്ടുമാത്രം – അവന്റെ പ്രവർത്തികളൊന്നും സാക്ഷാൽക്കരിക്കപ്പെടുകയില്ല. പക്ഷെ, ഒരു വ്യവസ്ഥയൊന്നും കൂടാതെ ചിലരെയങ്ങു നല്ലവരും വിശ്വാസികളുമാക്കിത്തീർക്കുകയും, ചിലരെയങ്ങ് മ്ലേച്ഛരും അവിശ്വാസികളുമാക്കിത്തീർക്കുകയുമല്ല അല്ലാഹു ചെയ്യുന്നത്. വിവേചനബുദ്ധി ഉപയോഗപ്പെടുത്തി കാര്യം ഗ്രഹിക്കാത്തവരെയായിരിക്കും അവൻ മ്ലേച്ഛൻമാരും ദുഷിച്ചവരുമാക്കുന്നത്. എന്നൊക്കെയാണ് രണ്ടാമത്തെ വചനത്തിൽ പ്രസ്താവിച്ചതിന്റെ താൽപര്യം. ജനങ്ങൾ സത്യവിശ്വാസം സ്വീകരിക്കുവാൻ മുമ്പോട്ടു വരാത്തതിൽ അതീവമായ വ്യസനം സഹിച്ചുകൊണ്ടിരിക്കുന്ന നബി (സ) തിരുമേനിക്ക മനസ്സമാധാനവും, ആശ്വാസവും നൽകുന്നതാണ് ഈ രണ്ടു വചനങ്ങളും.

മനുഷ്യൻ അവന്റെ എല്ലാ പ്രവർത്തനങ്ങളിലും പൂർണ്ണസ്വതന്ത്രനാണ് – അല്ലാഹുവിന്റെ ഉദ്ദേശമോ അനുമതിയോ അതിൽ ആവശ്യമില്ല – എന്നും മറ്റും വാദിക്കുന്ന യുക്തി വാദികൾക്കു ഈ രണ്ടു വചനങ്ങളും, ഇതുപോലെയുള്ള മറ്റു പല വചനങ്ങളും അവയുടെ നേർക്കുനേരെയുള്ള അർത്ഥങ്ങളിൽ സ്വീകരിക്കുവാൻ പ്രയാസമായിരിക്കും. അതുകൊണ്ടു ഇത്തരം വചനങ്ങളിലെല്ലാം അവരുടെ വക ചില ഒളിച്ചുകളികളും ദുർവ്യാഖ്യാനങ്ങളും കാണാവുന്നതാണ്. സൂ: അൻആമിലും താഴെ ചില സൂറത്തുകളിലും അവയെപ്പറ്റി സന്ദർഭോചിതം ചിലതെല്ലാം നാം ചൂണ്ടിക്കാട്ടിയിട്ടുണ്ട്. സൂ: ഹദീദിനുശേഷമുള്ള വ്യാഖ്യാനക്കുറിപ്പിൽ കൂടുതൽ വിശദീകരിക്കുകയും ചെയ്തിരിക്കുന്നു.

101. പറയുക: 'ആകാശങ്ങളിലും ഭൂമിയിലും എന്താണുള്ളതെന്നു നിങ്ങൾ (ചിന്തിച്ചു) നോക്കുവിൻ!' വിശ്വസിക്കാത്ത ജനങ്ങൾക്കു ദൃഷ്ടാന്തങ്ങളും താക്കീതുകളും എന്തു ഉപകരിക്കുവാനാണ്!?

١٠١- قُلِ انْظُرُوا مَاذَا فِي السَّمَاوَاتِ وَالْأَرْضِ وَمَا تُغْنِي الْآيَاتُ وَالنُّذُرُ عَنْ قَوْمٍ لَا يُؤْمِنُونَ ○

---

101. قل പറയുക انظروا നോക്കുവിൻ (ചിന്തിക്കുവിൻ) ماذا എന്താണു, എന്തുണ്ടു, യാതൊന്നു (ഉള്ളവ) في السموات ആകാശങ്ങളിൽ والأرض ഭൂമിയിലും وما تغني എന്തു ഉപകരിക്കും, ധന്യമാക്കും, ഉപകരിക്കുകയില്ല الآيات ദൃഷ്ടാന്തങ്ങൾ والنذر താക്കീതുകളും عن قوم ഒരു ജനതക്കു لا يؤمنون വിശ്വസിക്കാത്ത

ماذا في السموات والأرض എന്ന വാക്കിനു 'ആകാശഭൂമികളിലുള്ളവ' എന്നും, 'ആകാശഭൂമികളിൽ എന്തൊക്കെയുണ്ട്' എന്നും അർത്ഥം വരാവുന്നതാണ്. അതുപോലെത്തന്നെ ما تغني എന്നതിനു 'ഉപകരിക്കുകയില്ല' എന്ന നിഷേധരൂപത്തിലും, 'എന്തു ഉപകരിക്കും' എന്നു ചോദ്യരൂപത്തിലും അർത്ഥം കൽപിക്കാം. ഉദ്ദേശ്യങ്ങളിൽ വ്യത്യാസമില്ലതാനും.

102. അപ്പോൾ, തങ്ങൾക്കു മുമ്പ് കഴിഞ്ഞുപോയവരുടെ നാളുകളെപ്പോലെയല്ലാതെ (മറ്റു വല്ല ചരിത്രവും) ഇവർ കാത്തുകൊണ്ടിരിക്കുന്നുവോ?! പറയുക: 'എന്നാൽ, നിങ്ങൾ കാത്തിരിക്കുവിൻ, നിശ്ചയമായും, ഞാൻ നിങ്ങളോടൊപ്പം കാത്തിരിക്കുന്നവരിൽ പെട്ടവനാണ്.'

١٠٢- فَهَلْ يَنْتَظِرُونَ إِلَّا مِثْلَ أَيَّامِ الَّذِينَ خَلَوْا مِنْ قَبْلِهِمْ قُلْ فَانْتَظِرُوا إِنِّي مَعَكُمْ مِنَ الْمُنْتَظِرِينَ ○

103. പിന്നീട്, നമ്മുടെ റസൂലുകളെയും, വിശ്വസിച്ചവരെയും നാം രക്ഷപ്പെടുത്തുന്നു. അപ്രകാരം-നമ്മുടെ മേൽ (ബാധ്യതപ്പെട്ട) ഒരു കടമായിക്കൊണ്ടു സത്യവിശ്വാസികളെ നാം രക്ഷപ്പെടുത്തുന്നതാണ്.

١٠٣- ثُمَّ نُنَجِّي رُسُلَنَا وَالَّذِينَ آمَنُوا
كَذَٰلِكَ
حَقًّا عَلَيْنَا نُنجِ الْمُؤْمِنِينَ

---

102. فَهَلْ يَنتَظِرُونَ എന്നാലവർ കാത്തുകൊണ്ടിരിക്കുന്നുവോ إِلَّا مِثْلَ പോലെയല്ലാതെ, തുല്യമായതല്ലാതെ أَيَّامِ നാളുകളെ, നാളുകളുടെ الَّذِينَ خَلَوْا കഴിഞ്ഞുപോയവരുടെ مِن قَبْلِهِمْ ഇവർക്കു (അവർക്കു) മുമ്പു قُلْ പറയുക فَانتَظِرُوا എന്നാൽ നിങ്ങൾ കാത്തിരിക്കുവിൻ, നോക്കിയിരിക്കുവിൻ إِنِّي നിശ്ചയമായും ഞാൻ مَعَكُم നിങ്ങളോടൊപ്പം مِّنَ الْمُنتَظِرِينَ കാത്തിരിക്കുന്നവരിൽ പെട്ട (വൻ) ആകുന്നു. 103. ثُمَّ نُنَجِّي പിന്നീടു നാം രക്ഷപ്പെടുത്തുന്നു رُسُلَنَا നമ്മുടെ റസൂലുകളെ وَالَّذِينَ آمَنُوا വിശ്വസിച്ചവരെയും كَذَٰلِكَ അപ്രകാരം حَقًّا ഒരു കടമായിട്ടു, അവകാശപ്പെട്ടതായിട്ട്, യഥാർത്ഥമായിക്കൊണ്ടു عَلَيْنَا നമ്മുടെമേൽ (ബാദ്ധ്യതപ്പെട്ട) نُنجِ നാം രക്ഷപ്പെടുത്തും الْمُؤْمِنِينَ സത്യവിശ്വാസികളെ.

കണക്കറ്റ നക്ഷത്ര മഹാഗോളങ്ങൾ, സൂര്യചന്ദ്രൻമാർ, അവയുടെ ഗതിവിഗതികൾ, സഞ്ചാരപഥങ്ങൾ, പ്രകാശങ്ങൾ, പ്രസരണങ്ങൾ, രശ്മികളുകൾ, അവയുടെ ഏറ്റക്കുറവുകൾ, മേഘങ്ങൾ, മഴ, വെയിൽ, വായു, അന്തരീക്ഷം ആദിയായി ഉപരിയാകാശത്തും, എണ്ണമറ്റ സസ്യവർഗ്ഗങ്ങൾ, ഉൽപന്നങ്ങൾ, ധാതുവർഗ്ഗങ്ങൾ, ഫലങ്ങൾ, പുഷ്പങ്ങൾ, ധാന്യങ്ങൾ, സമുദ്രങ്ങൾ, മലകൾ, ജന്തുജാലങ്ങൾ, കാട്ടുകൾ, മരുഭൂമികൾ, നദികൾ, തടാകങ്ങൾ ആദിയായി ഭൂമിയിലും സ്ഥിതിചെയ്യുന്ന കോടാനുകോടിക്കണക്കിലുള്ള ദൃഷ്ടാന്തങ്ങളെയും, അനുഗ്രഹങ്ങളെയും സംബന്ധിച്ച് അൽപമെങ്കിലും ബുദ്ധികൊടുത്തു ചിന്തിക്കുന്നവർക്കെല്ലാം അല്ലാഹുവിന്റെ മഹിതമഹത്വങ്ങളും, അവന്റെ ഏകത്വവും ശരിക്കും ഗ്രഹിക്കുവാൻ കഴിയും... അതുകൊണ്ടു അങ്ങിനെയുള്ള ദൃഷ്ടാന്തങ്ങളെപ്പറ്റി ചിന്തിച്ചുനോക്കുവാൻ അല്ലാഹു മനുഷ്യരെ ആഹ്വാനം ചെയ്യുകയാണ്. എന്നുതന്നെ കണ്ടാലും വിശ്വസിക്കുവാൻ തയ്യാറില്ലാത്തവർക്കു ദൃഷ്ടാന്തങ്ങളോ താക്കീതുകളോ ഫലപ്പെടുകയില്ലെന്നും അതോടൊപ്പം ചൂണ്ടിക്കാട്ടുന്നു. നിഷ്പക്ഷവും, സത്യസന്ധവുമായി ചിന്തിക്കുകയും, അതിൽനിന്നു ലഭിക്കുന്ന സനാതനമൂല്യങ്ങളെ വിലമതിക്കുകയും ചെയ്യുന്നവർ തീർച്ചയായും അല്ലാഹുവിൽ വിശ്വസിക്കാതിരിക്കുകയില്ലതന്നെ.

തങ്ങൾ പ്രാരംഭം സ്വീകരിച്ചുപോന്ന നിലപാടുകളെപ്പറ്റി പുനഃപരിശോധന നടത്താതെയും, ദൃഷ്ടാന്തങ്ങളുടെയും താക്കീതുകളുടെയും നേരെ കണ്ണടച്ചുംകൊണ്ടിരിക്കുവാൻ തന്നെയാണ് ഇവരുടെ ഭാവമെങ്കിൽ, ഇവർക്കുപ്പോലെ മുമ്പ് കാലം കഴിഞ്ഞുപോയ സമുദായങ്ങൾക്കുണ്ടായ ശിക്ഷാനുഭവങ്ങൾ തന്നെയായിരിക്കും ഇവർക്കും അനുഭവപ്പെടുവാൻ പോകുന്നത്. അതല്ലാതെ, മറ്റൊന്നും ഇവർക്കു പ്രതീക്ഷിക്കുവാനില്ല. അതു കാത്തിരിക്കുവാനാണ് ഇവരുടെ ഭാവമെങ്കിൽ, അവരങ്ങിനെ ചെയ്തുകൊള്ളട്ടെ. അതിന്റെ ഫലം കാണാമല്ലോ. സംഭവിക്കുന്നതെന്താണെന്ന് ഇരു കൂട്ടരും കാത്തിരുന്നു കാണുക. ഒരു കാര്യം തീർച്ചയാണ്: ശിക്ഷ വരുമ്പോൾ, റസൂലുകളെയും സത്യവിശ്വാസികളെയും രക്ഷപ്പെടുത്തി സഹായിക്കൽ അല്ലാഹു അവന്റെ ബാധ്യതയായി ഏറ്റെടുത്തിരിക്കുകയാണ്. അതവൻ നിറവേറ്റാതിരിക്കുകയില്ല എന്നാണ് പിന്നീട് പറഞ്ഞതിന്റെ സാരം.

വിഭാഗം-11

104. (നബിയേ) പറയുക: 'ഹേ, മനുഷ്യരേ, നിങ്ങൾ എന്റെ മതത്തെ സംബന്ധിച്ചു വല്ല സംശയത്തിലുമാണെങ്കിൽ (നിങ്ങൾ അറിഞ്ഞിരിക്കുക); എന്നാൽ, അല്ലാഹുവിനു പുറമെ നിങ്ങൾ ആരാധിക്കുന്നവരെ ഞാൻ ആരാധിക്കുകയില്ല; എങ്കിലും നിങ്ങളെ (മരണപ്പെടുത്തി) പിടിച്ചെടുക്കുന്നവനായ അല്ലാഹുവിനെ (മാത്രം) ഞാൻ ആരാധിക്കുന്നു. ഞാൻ സത്യവിശ്വാസികളിൽ പെട്ടവനായിരിക്കുവാൻ എന്നോടു കൽപിക്കപ്പെടുകയും ചെയ്തിരിക്കുന്നു;

١٠٤- قُلْ يَا أَيُّهَا النَّاسُ إِن كُنتُمْ فِي
شَكٍّ مِّن دِينِي فَلَا أَعْبُدُ الَّذِينَ
تَعْبُدُونَ مِن دُونِ اللَّهِ
وَلَٰكِنْ أَعْبُدُ اللَّهَ الَّذِي يَتَوَفَّاكُمْ
وَأُمِرْتُ أَنْ أَكُونَ مِنَ الْمُؤْمِنِينَ

105. 'ഋജുമനസ്കനായിക്കൊണ്ട് (ദീൻ) മതത്തിലേക്കു നിന്റെ മുഖത്തെ നീ ചൊവ്വാക്കി നിറുത്തണമെന്നും, നിശ്ചയമായും, നീ 'മുശ്‌രിക്കു'കളിൽ [ബഹുദൈവ വിശ്വാസി]കളിൽ പെട്ടവനായിരിക്കരുതെന്നും' (കൽപിക്കപ്പെട്ടിരിക്കുന്നു).

١٠٥- وَأَنْ أَقِمْ وَجْهَكَ لِلدِّينِ حَنِيفًا ۖ وَلَا تَكُونَنَّ مِنَ الْمُشْرِكِينَ ○

---

104. قُلْ പറയുക يَا أَيُّهَا النَّاسُ ഹേ മനുഷ്യരേ إِن كُنتُمْ നിങ്ങളാണെങ്കിൽ فِي شَكٍّ വല്ല സംശയത്തിലും مِّن دِينِي എന്റെ മതത്തെ സംബന്ധിച്ചു فَلَا أَعْبُدُ എന്നാൽ ഞാൻ ആരാധിക്കുന്നില്ല, ആരാധിക്കയില്ല الَّذِينَ تَعْبُدُونَ നിങ്ങൾ ആരാധിക്കുന്നവരെ مِن دُونِ اللَّهِ അല്ലാഹുവിനു പുറമെ وَلَٰكِنْ എങ്കിലും, പക്ഷേ أَعْبُدُ ഞാൻ ആരാധിക്കുന്നു اللَّهَ അല്ലാഹുവിനെ الَّذِي يَتَوَفَّاكُمْ നിങ്ങളെ പൂർണ്ണമായി പിടിച്ചെടുക്കുന്ന, മരിപ്പിക്കുന്ന وَأُمِرْتُ എന്നോടു കൽപിക്കപ്പെടുകയും ചെയ്തിരിക്കുന്നു أَنْ أَكُونَ ഞാനായിരിക്കുവാൻ مِنَ الْمُؤْمِنِينَ സത്യവിശ്വാസികളിൽ (പെട്ടവൻ). 105. وَأَنْ أَقِمْ നീ ചൊവ്വാക്കി നിറുത്തണം (നിലനിറുത്തണം) എന്നും وَجْهَكَ നിന്റെ മുഖത്തെ لِلدِّينِ മതത്തിലേക്കു حَنِيفًا ഋജുമനസ്സനായി, വ്യതിചലനമില്ലാത്തവനായിട്ടു وَلَا تَكُونَنَّ നിശ്ചയമായും നീ ആയിരിക്കുകയും ചെയ്യരുതു مِنَ الْمُشْرِكِينَ മുശ്‌രിക്കുകളിൽ (പെട്ടവൻ).

എന്റെ മതത്തെപ്പറ്റി ഇനിയും നിങ്ങൾക്ക് സംശയം തീരുന്നില്ലെങ്കിൽ, നിങ്ങൾ കണ്ടറിഞ്ഞു നിങ്ങൾ മനസ്സിലാക്കുക. തൗഹീദ് വിട്ടേച്ച് ഞാൻ ശിർക്കിലേക്ക് അണുവോളമെങ്കിലും ചായുമെന്നു നിങ്ങൾ കരുതേണ്ട. എന്നോട് അല്ലാഹു കൽപിച്ചതിനു ഞാൻ എതിരു പ്രവർത്തിക്കുകയെന്ന പ്രശ്നമേയില്ല എന്ന് ആദർശത്തിലുറച്ചുകൊണ്ട് അവരോടു പറയുവാൻ അല്ലാഹു നബി(സ)യോട് കൽപിക്കുന്നു. الَّذِي يَتَوَفَّاكُمْ (നിങ്ങളെ പൂർണ്ണമായി പിടിച്ചെടുക്കുന്നവൻ) അഥവാ മരണപ്പെടുത്തിക്കൊണ്ടുപോകുന്നവൻ എന്നു ഇവിടെ അല്ലാഹുവിനെ വിശേഷിപ്പിച്ചതിൽ, നിങ്ങൾ ഈ ശിർക്കിന്റെ മതം സ്വീകരിച്ചു വരുന്നതിന്റെ ഫലം അവന്റെ അടുക്കൽ ചെല്ലുമ്പോൾ നിങ്ങൾക്കു കാണാറാകുമെന്ന ഒരു താക്കീത് അടങ്ങിയിരിക്കുന്നു.

ആരാധനകളിൽ പ്രധാനമായതു പ്രാർത്ഥനയാണെന്നും, അല്ലാഹുവിനെയല്ലാതെ ആരാധിച്ചു കൂടാ എന്നതിലടങ്ങിയ പ്രധാന രഹസ്യം ഇന്നതാണെന്നും അടുത്ത വചനങ്ങളിൽ നിന്നു വ്യക്തമാകുന്നതാണ്:—

106. അല്ലാഹുവിനു പുറമെ, നിനക്കു ഉപകാരം ചെയ്യാത്തതും, നിനക്ക് ഉപദ്രവം ചെയ്യാത്തതുമായതിനെ നീ വിളി(ച്ചു പ്രാർത്ഥി)ക്കരുതു. എനി, നീ (അങ്ങിനെ) ചെയ്തുവെങ്കിൽ, അപ്പോൾ നിശ്ചയമായും നീ, അക്രമികളിൽപെട്ടവനായിരിക്കും.

١٠٦- وَلَا تَدْعُ مِن دُونِ اللَّهِ مَا لَا يَنفَعُكَ وَلَا يَضُرُّكَ ۖ فَإِن فَعَلْتَ فَإِنَّكَ إِذًا مِّنَ الظَّالِمِينَ ○

---

106. وَلَا تَدْعُ നീ വിളിക്കുക (പ്രാർത്ഥിക്കുക)യും ചെയ്യരുതു مِن دُونِ اللَّهِ അല്ലാഹുവിനു പുറമെ مَا لَا يَنفَعُكَ നിനക്ക് ഉപകാരം ചെയ്യാത്തതിനെ وَلَا يَضُرُّكَ നിനക്ക് ഉപദ്രവവും (ദ്രോഹവും) ചെയ്യാത്ത فَإِن فَعَلْتَ എനി നീ ചെയ്തെങ്കിൽ فَإِنَّكَ എന്നാൽ നിശ്ചയമായും നീ إِذًا എന്നാൽ (അപ്പോൾ - അങ്ങനെ ചെയ്താൽ) مِّنَ الظَّالِمِينَ അക്രമികളിൽ പെട്ട (വൻ) ആയിരിക്കും.

١٠٧- وَإِن يَمْسَسْكَ اللَّهُ بِضُرٍّ فَلَا كَاشِفَ لَهُ إِلَّا هُوَ ۖ وَإِن يُرِدْكَ بِخَيْرٍ فَلَا رَادَّ لِفَضْلِهِ ۚ يُصِيبُ بِهِ مَن يَشَاءُ مِنْ عِبَادِهِ ۚ وَهُوَ الْغَفُورُ الرَّحِيمُ

107. വല്ല ഉപദ്രവത്തെയും അല്ലാഹു നിനക്കു ബാധിപ്പിക്കുന്നപക്ഷം, അവനല്ലാതെ അതിനെ നീക്കം ചെയ്യുന്ന ഒരുവനുമില്ല; അവൻ നിനക്കു വല്ല നന്മയെയും ഉദ്ദേശിക്കുന്നുവെങ്കിലോ, അവന്റെ ദയവിനെ (അഥവാ അനുഗ്രഹത്തെ) തട്ടിക്കളയുന്നവനുമില്ല.

തന്റെ അടിയാൻമാരിൽനിന്നും താൻ ഉദ്ദേശിക്കുന്നവർക്ക അവൻ അതു ബാധിപ്പിക്കുന്നു [എത്തിക്കുന്നു]. അവനത്രെ, വളരെ പൊറുക്കുന്നവനും, കരുണാനിധിയുമായുള്ളവൻ.

---

107. وَإِن يَمْسَسْكَ നിന്നെ സ്പർശിച്ചാൽ (നിനക്കു ബാധിപ്പിച്ചാൽ) اللَّهُ അല്ലാഹു بِضُرٍّ വല്ല ഉപദ്രവത്തെയും فَلَا كَاشِفَ എന്നാൽ നീക്കം ചെയ്യുന്ന (തുറവിയാക്കുന്ന)ഒരാളുമില്ല لَهُ അതിനെ إِلَّا هُوَ അവനല്ലാതെ وَإِن يُرِدْكَ അവൻ നിനക്കു ഉദ്ദേശിക്കുന്നുവെങ്കിലോ بِخَيْرٍ വല്ല നൻമയെ (ഗുണത്തെ)യും فَلَا رَادَّ എന്നാൽ തട്ടിനീക്കുന്ന (തടുക്കുന്ന-തടയുന്ന) ഒരാളുമില്ല لِفَضْلِهِ അവന്റെ ദയവിനെ, അനുഗ്രഹത്തെ يُصِيبُ അവൻ എത്തിക്കും, ബാധിപ്പിക്കുന്നു بِهِ അതിനെ مَن يَشَاءُ അവൻ ഉദ്ദേശിക്കുന്നവർക്ക مِنْ عِبَادِهِ അവന്റെ അടിയാന്മാരിൽ നിന്ന وَهُوَ അവൻ അവനത്രെ الْغَفُورُ വളരെ പൊറുക്കുന്നവൻ الرَّحِيمُ കരുണാനിധി।

ഇതിനെയുള്ള യാഥാർത്ഥ്യങ്ങളെ [illegible] അല്ലാഹു അല്ലാത്ത ആരെയും, ഏതിനെയും വിളിച്ച് പ്രാർത്ഥിക്കുവാനും, ആരാധിക്കുവാനും പാടില്ലെന്നും [illegible] നിരർത്ഥവും നിഷ്ഫലവുമാണെന്നും കൽപിച്ചിരിക്കുന്നത്.

١٠٨- قُلْ يَا أَيُّهَا النَّاسُ قَدْ جَاءَكُمُ الْحَقُّ مِن رَّبِّكُمْ ۖ فَمَنِ اهْتَدَىٰ فَإِنَّمَا يَهْتَدِي لِنَفْسِهِ ۖ وَمَن ضَلَّ فَإِنَّمَا يَضِلُّ عَلَيْهَا ۖ وَمَا أَنَا عَلَيْكُم بِوَكِيلٍ

108. പറയുക: 'ഹേ, മനുഷ്യരേ, നിങ്ങളുടെ റബ്ബിങ്കൽനിന്നു നിങ്ങൾക്കു യഥാർത്ഥം വന്നുകഴിഞ്ഞു. ആകയാൽ, ആർ നേർമാർഗ്ഗം പ്രാപിച്ചുവോ അവൻ തന്റെ സ്വന്തത്തി(ന്റെ ഗുണത്തി)നു വേണ്ടി മാത്രമാണ് നേർമാർഗ്ഗം പ്രാപിക്കുന്നത്. ആർ വഴി പിഴച്ചുപോയോ അവൻ അതിനെതിരിൽ(ദോഷമായി)മാത്രമാണു വഴിപിഴക്കുന്നതും. ഞാൻ നിങ്ങളുടെ മേൽ (ഉത്തരവാദം) ഏൽപിക്കപ്പെട്ടവനൊന്നുമല്ല.'

---

108. قُلْ പറയുക يَا أَيُّهَا النَّاسُ ഹേ മനുഷ്യരേ قَدْ جَاءَكُمُ നിങ്ങൾക്കു വന്നിട്ടുണ്ടു الْحَقُّ യഥാർത്ഥം مِن رَّبِّكُمْ നിങ്ങളുടെ റബ്ബിൽ നിന്നു فَمَنِ اهْتَدَىٰ അതിനാൽ (എന്നാൽ-അപ്പോൾ) ആർ നേർമാർഗ്ഗം പ്രാപിച്ചുവോ, വല്ലവനും സൻമാർഗ്ഗം സ്വീകരിച്ചാൽ فَإِنَّمَا يَهْتَدِي എന്നാൽ അവൻ നേർമാർഗ്ഗം പ്രാപിക്കുന്നത് لِنَفْسِهِ അവന്റെ സ്വന്തത്തിനു, ആത്മാവിനു (മാത്രം-തന്നെ) وَمَن ضَلَّ ആർ വഴിപിഴച്ചുവോ, ആരെങ്കിലും വഴി പിഴച്ചാൽ فَإِنَّمَا يَضِلُّ എന്നാലവൻ വഴി പിഴക്കുന്നത് عَلَيْهَا അതിനെതിരിൽ (മാത്രം-തന്നെ) وَمَا أَنَا ഞാനല്ലതാനും عَلَيْكُم നിങ്ങളുടെമേൽ بِوَكِيلٍ ഒരു ഏറ്റെടുത്തവനും, ഏല്പിക്കപ്പെട്ടവനൊന്നും

١٠٩ وَاتَّبِعْ مَا يُوحَىٰ إِلَيْكَ وَاصْبِرْ حَتَّىٰ يَحْكُمَ اللَّهُ ۚ وَهُوَ خَيْرُ الْحَاكِمِينَ ۝

109. നിനക്കു 'വഹ്‌യു' [ദിവ്യസന്ദേശം] നൽകപ്പെടുന്നതിനെ നീ പിൻപററുകയും ചെയ്യുക: അല്ലാഹു വിധി (കൽപി)ക്കുന്നതുവരെ ക്ഷമിക്കുകയും ചെയ്യുക.

അവനാകട്ടെ, വിധികർത്താക്കളിൽ വെച്ച് ഏററം ഉത്തമനത്രെ.

---

109. وَاتَّبِعْ നീ പിൻപററുകയും ചെയ്യുക مَا يُوحَىٰ വഹ്‌യ് നൽകപ്പെടുന്നതിനെ إِلَيْكَ നിനക്ക്, നിന്നിലേക്കു وَاصْبِرْ ക്ഷമിക്കുകയും ചെയ്യുക حَتَّىٰ يَحْكُمَ വിധിക്കുന്നതുവരെ اللَّهُ അല്ലാഹു وَهُوَ അവൻ, അവനാകട്ടെ خَيْرُ ഉത്തമനാണു, ഏററവും നല്ലവനാണു الْحَاكِمِينَ വിധികർത്താക്കളിൽ.

ഈ സത്യനിഷേധികളിൽ നിന്നുണ്ടാകുന്ന ഉപദ്രവങ്ങളും, അക്രമങ്ങളും തൽക്കാലം ക്ഷമാപൂർവ്വം സഹിച്ചുകൊള്ളുക. താമസിയാതെ അല്ലാഹു അവരെ സംബന്ധിച്ച് വേണ്ടുന്ന തീരുമാനവും നടപടിയും എടുക്കുവാൻ പോകുന്നുണ്ട്. അതോടെ അവരെക്കൊണ്ടുള്ള ശല്യം അവസാനിക്കും എന്ന് നബി (സ) തിരുമേനിയെയും സത്യവിശ്വാസികളെയും സമാധാനിപ്പിച്ചുകൊണ്ട് അല്ലാഹു ഈ സൂറത്തു അവസാനിപ്പിക്കുകയാണ്.

اللهم لك الحمد ولك المنة والفضل

[فرغ من تسويد هذه السورة ضحى يوم الاحد ١٩ جماد الاولى ١٣٩٧ هـ الموافق ٨/٥/٧٧ م ومن تبييضه ضحى يوم السبت ٢١ صفر ١٣٩٩ هـ الموافق ٢٠/١/٧٩ م — م ن

11. സൂറത്തു-ഹൂദ്

മക്കായിൽ അവതരിച്ചതു — വചനങ്ങൾ 123 — വിഭാഗം (റുകൂഅ്) 10

തൗഹീദു, പ്രവാചകത്വം, മരണാനന്തരജീവിതം മുതലായി കഴിഞ്ഞ സൂറത്തിലെ വിഷയങ്ങൾ തന്നെയാണ് ഈ സൂറത്തിലെയും പ്രധാന വിഷയം. അതിൽ സംക്ഷിപ്തമായി പ്രസ്താവിക്കപ്പെട്ട ചില വിഷയങ്ങളും സംഭവങ്ങളും ഇതിൽ വിശദീകരിച്ചും, അതിൽ വിശദീകരിക്കപ്പെട്ട ചിലതു ഇതിൽ സംക്ഷിപ്തമായും പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. 'സൂറത്തുഹൂദും, അതിന്റെ സഹോദരികളായ സൂറത്തുകളും എന്നെ നരപ്പിച്ചു' എന്നു നബി (സ) പറഞ്ഞതായി തിർമദീ, ത്വബ്റാനീ, ഹാകിം (റ) മുതലായവർ ഉദ്ധരിച്ച ഹദീസുകളിൽ വന്നിരിക്കുന്നു. ഖിയാമത്തു നാളിലെ സ്ഥിതിഗതികളെക്കുറിച്ചും മറ്റും ശക്തമായ ഭാഷയിലുള്ള താക്കീതുകളും പരാമർശങ്ങളും അടങ്ങിയിട്ടുള്ള സൂറത്തുൽവാഖിഅഃ മുതലായ ചില സൂറത്തുകളാണ് 'സഹോദരികളായ സൂറത്തുകൾ' കൊണ്ടുവിവക്ഷയെന്നു പ്രസ്തുത ഹദീസിന്റെ ചില രിവായത്തുകളിൽനിന്നു വ്യക്തമാകുന്നു. പ്രസ്തുത സൂറത്തുകളിലെ വിഷയങ്ങളുടെ ഗൗരവം നിമിത്തം എനിക്ക വേഗത്തിൽ നര പിടിപെട്ടുവെന്നത്രെ തിരുമേനി പറഞ്ഞതിന്റെ സാരം. 50 മുതൽ 60 കൂടിയുള്ള വചനങ്ങൾ ഹൂദു (അ)നെയും അദ്ദേഹത്തിന്റെ ജനതയെയും സംബന്ധിച്ചാണ്. ഈ അദ്ധ്യായത്തിന് സൂറത്ത് ഹൂദ് എന്ന നാമകരണത്തിന്റെ കാരണമതാണ്.

بِسْمِ اللَّهِ الرَّحْمَٰنِ الرَّحِيمِ

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ തിരുനാമത്തിൽ.

١- الٓر كِتَٰبٌ أُحْكِمَتْ ءَايَٰتُهُۥ ثُمَّ فُصِّلَتْ مِن لَّدُنْ حَكِيمٍ خَبِيرٍ

1. 'അലിഫ്-ലാം-റാ.' ഒരു (മഹത്തായ) ഗ്രന്ഥം! അതിന്റെ 'ആയത്തു' [സൂക്തം]കൾ ബലവത്താക്കപ്പെട്ടിരിക്കുന്നു; പിന്നെ, അതു വിശദീകരിക്കപ്പെടുകയും ചെയ്തിരിക്കുന്നു; അഗാധജ്ഞനും, സൂക്ഷ്മജ്ഞനുമായ ഒരുവന്റെ അടുക്കൽ നിന്നുള്ളതാണു(അതു);

---

1. الر 'അലിഫ്-ലാം-റാ' كتاب ഒരു ഗ്രന്ഥം احكمت ബലവത്താക്കപ്പെട്ടിരിക്കുന്നു آياته അതിന്റെ ആയത്തുകൾ ثم പിന്നെ, പുറമെ فصلت അതു വിശദീകരിക്ക (വിസ്തരിക്ക)പ്പെട്ടിരിക്കുന്നു من لدن അടുക്കൽനിന്നു حكيم ഒരു അഗാധജ്ഞന്റെ, യുക്തിമാന്റെ خبير സൂക്ഷ്മജ്ഞനായ.

٢- أَلَّا تَعْبُدُوا إِلَّا اللَّهَ ۚ إِنَّنِي لَكُم مِّنْهُ نَذِيرٌ وَبَشِيرٌ ○

2. നിങ്ങൾ അല്ലാഹുവിനെയല്ലാതെ ആരാധിക്കരുത്' എന്നു. നിശ്'ചയമായും, ഞാൻ നിങ്ങൾക്ക്' അവനിൽ നിന്ന്' ഒരു താക്കീതുകാരനും, സന്തോഷവാർത്ത അറിയിക്കുന്നവനുമാണ്';

٣- وَأَنِ اسْتَغْفِرُوا رَبَّكُمْ ثُمَّ تُوبُوا إِلَيْهِ يُمَتِّعْكُم مَّتَاعًا حَسَنًا إِلَىٰ أَجَلٍ مُّسَمًّى وَيُؤْتِ كُلَّ ذِي فَضْلٍ فَضْلَهُ ۖ وَإِن تَوَلَّوْا فَإِنِّي أَخَافُ عَلَيْكُمْ عَذَابَ يَوْمٍ كَبِيرٍ ○

3. നിങ്ങൾ നിങ്ങളുടെ റബ്ബിനോടു പാപമോചനം തേടുവിൻ, പിന്നെ അവനിലേക്ക്' പശ്'ചാത്തപിക്കുകയും ചെയ്യുവിൻ എന്നും. (എന്നാൽ) നിങ്ങളെ അവൻ ഒരു നിർണ്ണയിക്കപ്പെട്ട അവധിവരെ നല്ല (സുഖമായ) അനുഭവം അനുഭവിപ്പിക്കുന്നതാണ്'; വല്ല ശ്രേഷ്'ടതയുമുള്ള എല്ലാവർക്കും അവ(നവ)രുടെ ശ്രേഷ്'ടത അവൻ (വകവെച്ചു)കൊടുക്കുകയും ചെയ്യും.

നിങ്ങൾ തിരിഞ്ഞു കളയുന്നുവെങ്കിൽ, നിശ്'ചയമായും ഞാൻ ഒരു വലിയ ദിവസത്തെ ശിക്'ഷ നിങ്ങളുടെ മേൽ ഭയപ്പെടുകയും ചെയ്യുന്നു.

٤- إِلَى اللَّهِ مَرْجِعُكُمْ ۖ وَهُوَ عَلَىٰ كُلِّ شَيْءٍ قَدِيرٌ ○

4. അല്ലാഹുവിങ്കലേക്കാണ്' നിങ്ങളുടെ മടക്കം. അവനാകട്ടെ, എല്ലാ കാര്യത്തിനും കഴിവുള്ളവനുമാകുന്നു.

---

2. لا تعبدوا നിങ്ങൾ ആരാധിക്കരുതെന്നു الا الله അല്ലാഹുവിനെയല്ലാതെ انني നിശ്'ചയമായും ഞാൻ لكم നിങ്ങൾക്കു منه അവനിൽനിന്നു نذير താക്കീതു(മുന്നറിയിപ്പു) കാരനാണു بشير സന്തോഷമറിയിക്കുന്നവനുമാണു. 3. وان استغفروا നിങ്ങൾ പാപമോചനം തേടണമെന്നും ربكم നിങ്ങളുടെ റബ്ബിനോടു ثم توبوا പിന്നെ പശ്'ചാത്തപിക്കുവിൻ, മടങ്ങുവിൻ اليه അവനിലേക്കു يمتعكم അവൻ നിങ്ങൾക്കു അനുഭവം നൽകും, സൗഖ്യം നൽകും متاعا അനുഭവം, സൗഖ്യം حسنا നല്ലതായ الى أجل ഒരവധിവരെ مسمى നിർണ്ണയിക്കപ്പെട്ട يؤت അവൻ നൽകുകയും ചെയ്യും كل ذى فضل ശ്രേഷ്ഠതയുള്ള എല്ലാവർക്കും فضله അവന്റെ ശ്രേഷ്ഠത وان تولوا നിങ്ങൾ തിരിഞ്ഞുകളയുന്നപക്'ഷം فانى എന്നാൽ ഞാൻ اخاف ഞാൻ ഭയപ്പെടുന്നു عليكم നിങ്ങളുടെ മേൽ عذاب ശിക്'ഷയെ يوم ഒരു ദിവസത്തെ كبير വലുതായ. 4. الى الله അല്ലാഹുവിലേക്കാണു مرجعكم നിങ്ങളുടെ മടക്കം, മടങ്ങിവരവു وهو അവനാകട്ടെ على كل شيء എല്ലാ കാര്യത്തിനും قدير കഴിവുള്ളവനാകുന്നു.

الر പോലെയുള്ള കേവലാക്ഷരങ്ങളെപ്പറ്റി സൂറത്തുൽ ബഖറയുടെ ആരംഭത്തിലും മറ്റും വിവരിച്ചു കഴിഞ്ഞിട്ടുണ്ട്'. ഇതൊരു മഹത്തായ ഗ്രന്'ഥമാണെന്ന ആമുഖത്തോടുകൂടി ഈ വചനങ്ങളിൽ പറഞ്ഞതിന്റെ സാരം ഇങ്ങിനെ വിവരിക്കാം:—

വാചകങ്ങളും, ഘടനയും, പ്രതിപാദന രീതിയുമെല്ലാം സുബലവത്തായതും, കെട്ടുറപ്പുള്ളതുമാണു അതിലെ സൂക്'തങ്ങൾ. കൂടാതെ, വിധിവിലക്കുകൾ, നിയമനിർദ്ദേശങ്ങൾ, ഉപദേശങ്ങൾ, ചരിത്രപാഠങ്ങൾ, ദൃഷ്'ടാന്തങ്ങൾ, സന്തോഷവാർത്തകൾ, താക്കീതുകൾ എന്നിങ്ങിനെയുള്ള അതിലെ പ്രതിപാദ്യ വിഷയങ്ങളെല്ലാം സവിസ്'തരം പ്രതിപാദിക്കപ്പെടുകയും ചെയ്'തിരിക്കുന്നു. അഗാധജ്'ഞനും, സൂക്ഷ്'മജ്'ഞനുമായ അല്ലാഹുവാണു അത്' അവതരിപ്പിച്ചിരിക്കുന്നത്'. അതിന്റെ സന്ദേശങ്ങളിൽ കേന്ദ്രപ്രധാനമായി നിലകൊള്ളുന്നത്' അല്ലാഹുവിനെയല്ലാതെ ആരാധിക്കരുതെന്ന തൗഹീദാകുന്നു. രണ്ടാമതായി നിലകൊള്ളുന്നത്' സത്യവിശ്വാസം സ്വീകരിച്ച സൽവൃത്തർക്കുള്ള

പുണ്യഫലങ്ങളെക്കുറിച്ചു സന്തോഷ [illegible] വാസികളായ ദുർമാർഗ്ഗികൾക്ക് ശിക്ഷയെക്കുറിച്ചുള്ള താക്കീതും നൽകുവാനായി അയക്കപ്പെട്ട [illegible] ദൂതൻ (മുഹമ്മദ്—സ) എന്നതാകുന്നു. ഈ രണ്ട് മൗലിക തത്വങ്ങളും അംഗീകരിക്കുന്നതോടെ [illegible] ചെയ്തുപോയ [illegible], പിന്നീട് ചെയ്തേക്കുന്നതുമായ പാപങ്ങളെക്കുറിച്ച് മാപ്പിന്നപേക്ഷിക്കേണ്ടതും [illegible] യിൽനിന്നല്ലാം അവനോടു പശ്ചാത്താപിച്ച് മടങ്ങുകയും ചെയ്യേണ്ടതാണ്. ഇങ്ങിനെ ചെയ്യുന്നപക്ഷം, നിങ്ങളുടെ ഈ ജീവിതം അവസാനിക്കുന്നതുവരെ [illegible] ങ്ങളൊന്നും കൂടാതെ നിങ്ങൾക്ക് സുഖമായി കഴിഞ്ഞുകൂടാം. [illegible] കൂടി നേർവഴിക്കു ജീവിച്ചു സൽകർമ്മ പ്രവർത്തിച്ചുംകൊണ്ട് ശ്രേഷ്ഠമായ നിലപാട് സമ്പാദിച്ചുവെച്ചിട്ടുള്ള ഓരോ വ്യക്തിക്കും അവരുടെ യഥാർത്ഥ പദവി ഈ ജീവിതത്തിലും അംഗീകരിക്കപ്പെടുകയും ചെയ്യും. നേരെമറിച്ച് ഈ തത്വം സ്വീകരിക്കുവാൻ തയ്യാറില്ലാതെ പിൻതിരിഞ്ഞു കളയുന്നപക്ഷം, ഭയങ്കരമായ ഒരു ദിവസത്തിൽ നിങ്ങൾ വമ്പിച്ച ശിക്ഷക്ക് വിധേയരായിത്തീരുന്നതാണ്. എല്ലാവരും അല്ലാഹുവിങ്കലേക്കാണു മടങ്ങിച്ചെല്ലുന്നതെന്ന് നിങ്ങൾ ഓർമ്മിക്കണം. അവനു നിങ്ങളെ രണ്ടാമതു ജീവിപ്പിച്ച് നിങ്ങളുടെ [illegible] എടുക്കുവാൻ ഒരു പ്രയാസവുമില്ല. അവൻ സർവ്വശക്തനാണല്ലോ.

5. അല്ലാ! (അറിയുക:) അവനിൽ നിന്നു തങ്ങളെ മറഞ്ഞു പോകുവാൻ വേണ്ടി അവർ തങ്ങളുടെ നെഞ്ചുകളെ തിരിച്ചു കളയുന്നു! അല്ലാ! (അറിഞ്ഞേക്കുക:) അവർ തങ്ങളുടെ വസ്ത്രങ്ങൾ (ദേഹത്തു പുതച്ചു) മൂടിയിടുന്ന സമയത്തു അവർ രഹസ്യമാക്കുന്നതും പരസ്യമാക്കുന്നതും അവൻ അറിയുന്നു. നിശ്ചയമായും അവൻ, നെഞ്ചു [ഹൃദയം] കളിലുള്ളതിനെപ്പറ്റി അറിയുന്നവനാണു.

أَلَآ إِنَّهُمْ يَثْنُونَ صُدُورَهُمْ لِيَسْتَخْفُوا۟ مِنْهُ ۚ أَلَا حِينَ يَسْتَغْشُونَ ثِيَابَهُمْ يَعْلَمُ مَا يُسِرُّونَ وَمَا يُعْلِنُونَ ۚ إِنَّهُۥ عَلِيمٌۢ بِذَاتِ ٱلصُّدُورِ

5. ألا അല്ലാ, അറിയുക إنهم നിശ്ചയമായും അവർ يثنون അവർ മടക്കുന്നു, ചുരുട്ടുന്നു, തിരിക്കുന്നു صدورهم അവരുടെ നെഞ്ചുകളെ ليستخفوا അവർ മറയുവാൻ വേണ്ടി منه അവനിൽനിന്നു, അദ്ദേഹത്തിൽ നിന്നു ألا അല്ലാ, അറിയുക حين സമയത്തു, നേരത്തു يستغشون അവർ മൂടിയിടുന്ന (പുതപ്പിടുന്ന) ثيابهم അവരുടെ വസ്ത്രങ്ങളെ يعلم അവൻ അറിയും ما يسرون അവർ രഹസ്യമാക്കുന്നതു وما يعلنون അവർ പരസ്യമാക്കുന്നതും إنه നിശ്ചയമായും അവൻ عليم അറിയുന്നവനാണു بذات ഉള്ളതിനെപ്പറ്റി الصدور നെഞ്ചു (ഹൃദയം) കളിൽ.

എന്തെങ്കിലും ഒരു പ്രത്യേക സംഭവത്തെ സൂചിപ്പിച്ചുകൊണ്ട് അവതരിച്ചതായിരിക്കും ഈ വചനമെന്നാണ് മനസ്സിലാകുന്നത്. [illegible] അതിലധികം സംഭവങ്ങൾ ഇവിടെ ഉദ്ധരിക്കപ്പെട്ടും കാണാം. പക്ഷേ, ഒന്നും ഒരേ നിലക്കു വിമർശനവിധേയമായിട്ടാണിരിക്കുന്നത്. അതുകൊണ്ട് അവ ഉദ്ധരിച്ചു ദീർഘിപ്പിക്കേണ്ട ആവശ്യം കാണുന്നില്ല. ആയത്തിന്റെ സാരം ചുരുക്കത്തിൽ ഇങ്ങിനെ മനസ്സിലാക്കാം:

റസൂൽ (സ) തിരുമേനി ഖുർആനോ മറ്റോ ജനങ്ങളെ കേൾപ്പിക്കുന്ന രംഗങ്ങളിൽ നിന്നു അവിശ്വാസികളിൽ ചിലർ ഉപായത്തിൽ ഒളിഞ്ഞും തിരിഞ്ഞും പോകുകയും അവഗണിക്കുകയും ചെയ്തിരുന്നു. يثنون صدورهم (അവർ തങ്ങളുടെ നെഞ്ചുകളെ തിരിക്കും) എന്ന പ്രയോഗത്തെ പല വ്യാഖ്യാതാക്കളും പല പ്രകാരത്തിൽ വിശദീകരിച്ചിട്ടുണ്ടെങ്കിലും അവരുടെ പ്രതിഷേധവും വെറുപ്പുമാണു പ്രകാശിപ്പിക്കുന്നതെന്നുള്ളതിൽ സംശയമില്ല. സത്യത്തിൽ നിന്നും നെഞ്ചും മുഖവും തിരിച്ചു അകലുകയായിരിക്കയാണല്ലോ പതിവ്. ഭാവവും സ്നേഹവും തോന്നുമ്പോൾ മുഖവും നെഞ്ചും മുമ്പോട്ടു തിരിച്ചു അടുക്കുക [illegible]. അതുകൊണ്ടൊന്നും ആ അവിശ്വാസികൾ രക്ഷപ്പെടുവാൻ പോകുന്നില്ല; അവരുടെ എല്ലാ രഹസ്യപരസ്യങ്ങളും അല്ലാഹു അറിയുന്നുണ്ട്; അവർ—രാത്രിയിലോ മറ്റോ—വസ്ത്രമിട്ട് മൂടിപ്പുതച്ചു കിടക്കുമ്പോൾപോലും അവർ അല്ലാഹുവിന്റെ ദൃഷ്ടിയിൽ നിന്നു മറഞ്ഞുപോകുന്നില്ല; അവരുടെ ഹൃദയങ്ങളിൽ ഒളിച്ചുവെച്ച വിചാരവികാരങ്ങൾ പോലും അല്ലാഹുവിനു അജ്ഞാതമല്ല എന്നൊക്കെയാണ് ഈ വചനത്തിൽ പറഞ്ഞതിന്റെ സാരം. ألا حين [illegible]

ജുസുഉ് – 12

6. ഭൂമിയിലുള്ള ഒരു ജീവജന്തുവും തന്നെ, അവയുടെ ഉപജീവനം (അഥവാ ആഹാരം) അല്ലാഹുവിന്റെ മേൽ(ബാധ്യത) ഇല്ലാതെയില്ല. അവയുടെ വാസസ്ഥാനവും, അവയുടെ സൂക്ഷിപ്പു സ്ഥാനവും അവൻ അറിയുകയും ചെയ്യുന്നു.

എല്ലാം (തന്നെ) സ്പഷ്ടമായ ഒരു (രേഖാ) ഗ്രന്ഥത്തിലുണ്ട്.

٦- وَمَا مِن دَآبَّةٍ فِي الْأَرْضِ إِلَّا عَلَى اللَّهِ رِزْقُهَا وَيَعْلَمُ مُسْتَقَرَّهَا وَمُسْتَوْدَعَهَا

كُلٌّ فِي كِتَابٍ مُّبِينٍ ○

---

6. وما من دابة ഒരു ജന്തുവുമില്ല, ജീവികളിൽ നിന്ന (ഒന്നും) ഇല്ല في الأرض ഭൂമിയിൽ إلا على الله അല്ലാഹുവിന്റെ മേൽ ഇല്ലാതെ رزقها അതിന്റെ (അവയുടെ) ഉപജീവനം, ആഹാരം ويعلم അവൻ അറിയുകയും ചെയ്യും مستقرها അവയുടെ താവളം, വാസസ്ഥലം, തങ്ങുന്ന ഇടം ومستودعها അവയുടെ സൂക്ഷിപ്പുസ്ഥാനവും كل എല്ലാം في كتاب ഒരു ഗ്രന്ഥത്തിൽ (രേഖയിൽ) ഉണ്ടു مبين സ്പഷ്ടമായ

ബുദ്ധി കൊടുത്തു ചിന്തിക്കുന്ന ഏതൊരു സത്യവിശ്വാസിയെയും ഇരുത്തിച്ചിന്തിപ്പിക്കുവാൻ പോരുന്ന ഒരു വചനമാണിത്. മനുഷ്യനടക്കം ഈ ഭൂമിയിലുള്ള എല്ലാ ജീവജന്തുക്കൾക്കും അതതിന്റെ പ്രകൃതിക്കും ആവശ്യത്തിനുമനുസരിച്ച ഉപജീവനമാർഗ്ഗം ഏർപ്പെടുത്തിക്കൊടുക്കുന്ന ബാധ്യത അല്ലാഹുവിനുണ്ട്. അതവൻ നിർവ്വഹിച്ചിട്ടുമുണ്ട്. അഥവാ ആഹാരമാർഗ്ഗം ശരിപ്പെടുത്തിക്കൊണ്ടല്ലാതെ ഒരു ജീവിയെയും ഭൂമിയിൽ അല്ലാഹു സൃഷ്ടിച്ചിട്ടില്ല. ഓരോ ജീവിയുടെയും സ്ഥിരമായ സ്ഥാനം, താൽക്കാലികമായ സ്ഥാനം എന്തൊക്കെയാണെന്ന് അവനറിയാം. അതെ, എവിടെനിന്നു വന്നു, എങ്ങോട്ടു പോകുന്നു, നാട്ടിലോ, കാട്ടിലോ, കരയിലോ, വെള്ളത്തിലോ, മണ്ണിനു മീതെയോ, താഴെയോ എന്നൊക്കെ അവനറിയാവുന്നതാണ്. അതെല്ലാം കണക്കിലെടുത്തുകൊണ്ടു തന്നെ അതതിന്റെ ആഹാരമാർഗ്ഗങ്ങൾ ശരിപ്പെടുത്തിയിരിക്കുന്നു. ഏതെങ്കിലും ഒരു ജീവവർഗ്ഗത്തിനു ആഹാരത്തിനുള്ള വക ശരിപ്പെടുത്താതെ അവൻ ഒഴിവാക്കിയിട്ടില്ല. ഏതെല്ലാം ജീവികൾ എതെല്ലാം തരത്തിൽ ഉണ്ടെന്നും, ഓരോന്നിന്റെയും പെരുപ്പവും വർദ്ധനവും എത്രകണ്ടുവരുമെന്നും, ഓരോന്നിനും യോജിച്ച ആഹാരം ഏതാണ് എന്നുമൊക്കെ കൃത്യവും സൂക്ഷ്മവുമായ അറിവും രേഖയും അവന്റെ പക്കലുണ്ട്. എന്നൊക്കെ ഈ വചനത്തിൽ നിന്നു വ്യക്തമാകുന്നു.

അപ്പോൾ, ജനപ്പെരുപ്പം നിമിത്തം ഭൂമിയിൽ ഉപജീവനമാർഗ്ഗമില്ലാതെ അടുത്ത ഭാവിയിൽ മനുഷ്യൻ കഷ്ടപ്പെടുമെന്നു കണക്കുകൾ ഉദ്ധരിച്ചുകൊണ്ടു മനുഷ്യജനനം തന്നെ ചുരുക്കിക്കളയുവാൻ വേണ്ടി ഇക്കാലത്തു പൊതുവെ കണ്ടുവരുന്ന വെപ്രാളം, അല്ലാഹുവിലും, അവന്റെ വാഗ്ദാനത്തിലും, കഴിവിലുമുള്ള വിശ്വാസരാഹിത്യത്തിൽ നിന്നു ഉൽഭവിച്ചതാണെന്നു തീർച്ച തന്നെ. അല്ലാഹു ഈ ഭൂമിയിൽ നിക്ഷേപിച്ചുവെച്ചിട്ടുള്ള ആഹാരമാർഗ്ഗങ്ങളെയും, പ്രകൃതിവിഭവങ്ങളെയും തേടിപ്പിടിച്ചു ഉപയോഗപ്പെടുത്തുന്നതിനുപകരം, അല്ലാഹുവിനെ കണക്കാക്കുന്ന പ്രകാരം കണക്കാക്കുവാൻ കൂട്ടാക്കാത്ത ശുഷ്കബുദ്ധികളാൽ ആവിഷ്കരിക്കപ്പെട്ട ഒരു വിദ്യയാണിതെന്നതിൽ കവിഞ്ഞ് ഒരു സത്യവിശ്വാസിക്ക് ആ സംരംഭത്തെ കാണുവാൻ കഴികയില്ല. മനുഷ്യസമുദായം എണ്ണത്തിൽ വളരെ കുറവായിരിക്കുമ്പോൾ ആഹാരം എവിടെയും സുലഭമായിരിക്കുമെന്നും, എണ്ണം വർദ്ധിച്ചുവരുംതോറും അതു കുറഞ്ഞുകൊണ്ടിരിക്കുമെന്നുമുള്ള അനുമാനം അടിയോടെ ശരിയല്ലെന്നു ചരിത്രവും അനുഭവവും വെച്ചുകൊണ്ട് ആലോചിച്ചാൽ നിഷ്പക്ഷ ബുദ്ധികൾക്ക് മനസ്സിലാക്കുവാൻ സാധിക്കുന്നതാണ്.

അദ്ധ്വാനവും പ്രയത്നവും കൂടാതെ ഓരോരുത്തന്റെയും ആഹാരം അവന്റെ മുമ്പിൽ തയ്യാറാക്കപ്പെട്ടു കിടക്കുമെന്നല്ല അല്ലാഹു പറഞ്ഞതിന്റെ അർത്ഥം. അവൻ സൃഷ്ടിച്ച ജീവവർഗ്ഗങ്ങൾക്കെല്ലാം അതതിനു യോജിച്ചതും ആവശ്യമായതുമായ ആഹാരമാർഗ്ഗങ്ങൾ ഈ ഭൂമിയിൽ അവൻ ഒരുക്കിവെച്ചിട്ടുണ്ട് എന്നത്രെ അർത്ഥം. മനുഷ്യന്റെ ആഹാരത്തിനുള്ള മാർഗ്ഗം അന്വേഷിച്ച് തേടിപ്പിടിക്കൽ അവന്റെ കടമയാകുന്നു. മനുഷ്യൻ ഉപായം കൂടുംതോറും പുതിയ പുതിയ മാർഗ്ഗങ്ങളും ചൂഷണരീതികളും കണ്ടുപിടിച്ചു ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കേണ്ടതാനും.

٧- وَهُوَ الَّذِي خَلَقَ السَّمَاوَاتِ وَالْأَرْضَ فِي سِتَّةِ أَيَّامٍ وَكَانَ عَرْشُهُ عَلَى الْمَاءِ لِيَبْلُوَكُمْ أَيُّكُمْ أَحْسَنُ عَمَلًا

7. അവൻ തന്നെയാണു് ആകാശങ്ങളെയും ഭൂമിയെയും ആറു ദിവസങ്ങളിലായി സൃഷ്ടിച്ചവനും; അവന്റെ 'അർശു്' [സിംഹാസനം] വെള്ളത്തിൻമേലായിരുന്നു-നിങ്ങളിൽ ആരാണ് കർമ്മത്തിൽ കൂടുതൽ നല്ലവനെന്നു നിങ്ങളെ പരീക്ഷിക്കുവാൻ വേണ്ടി.

وَلَئِن قُلْتَ إِنَّكُم مَّبْعُوثُونَ مِن بَعْدِ الْمَوْتِ لَيَقُولَنَّ الَّذِينَ كَفَرُوا إِنْ هَٰذَا إِلَّا سِحْرٌ مُّبِينٌ

(നബിയേ) 'മരണത്തിനുശേഷം, നിങ്ങൾ (വീണ്ടും) എഴുന്നേൽപിക്കപ്പെടുന്നവരാണു്' എന്നു നീ പറഞ്ഞുപോയെങ്കിൽ, നിശ്ചയമായും (ആ) അവിശ്വസിച്ചവർ പറയും: 'ഇതൊരു സ്പഷ്ടമായ ജാലവിദ്യയല്ലാതെ (മറെറാന്നും) അല്ല' എന്ന് !

٨- وَلَئِنْ أَخَّرْنَا عَنْهُمُ الْعَذَابَ إِلَىٰ أُمَّةٍ مَّعْدُودَةٍ لَّيَقُولُنَّ مَا يَحْبِسُهُ

8. ഒരു എണ്ണപ്പെട്ട [നിർണ്ണയിക്കപ്പെട്ട]കാലയളവുവരെ അവരിൽനിന്നു നാം ശിക്ഷ പിന്തിച്ചുവെച്ചുവെങ്കിലാകട്ടെ, അവർ പറയുക തന്നെ ചെയ്യും: 'എന്താണതിനെ തടഞ്ഞുവെക്കുന്നത്?!'

أَلَا يَوْمَ يَأْتِيهِمْ لَيْسَ مَصْرُوفًا عَنْهُمْ وَحَاقَ بِهِم مَّا كَانُوا بِهِ يَسْتَهْزِئُونَ ع

അല്ലാ! (അറിയുക:) അതവർക്കു വന്നെത്തുന്ന ദിവസം, അതു അവരിൽനിന്ന് തിരിച്ചുവിടപ്പെടുന്നതല്ല: അവർ യാതൊന്നിനെപ്പററി പരിഹസിച്ചു (പറഞ്ഞു) കൊണ്ടിരിക്കുന്നുവോ അതു അവരിൽ വന്നനുഭവപ്പെടുകയും ചെയ്യും.

---

7. وهو الذي അവൻ തന്നെ യാതൊരുവനും, അവൻ യാതൊരുവനുമത്രെ خلق അവൻ സൃഷ്ടിച്ചു السماوات ആകാശങ്ങളെ والارض ഭൂമിയെയും في ستة ആറിൽ أيام നാളുകൾ, ദിവസങ്ങൾ (ഘട്ടങ്ങൾ) وكان ആയിരുന്നു عرشه അവന്റെ സിംഹാസനം على الماء വെള്ളത്തിൻമേൽ ليبلوكم നിങ്ങളെ അവൻ പരീക്ഷിക്കുവാൻവേണ്ടി أيكم നിങ്ങളിൽ ഏതാൾ (ആർ) أحسن അധികം നല്ലവൻ (എന്നു) عملا പ്രവൃത്തി, കർമ്മത്തിൽ ولئن قلت നീ പറഞ്ഞുവെങ്കിൽ إنكم നിശ്ചയമായും നിങ്ങൾ مبعوثون എഴുന്നേൽപ്പിക്കപ്പെടുന്നവരാണു് من بعد ശേഷം الموت മരണത്തിന്റെ ليقولن നിശ്ചയമായും പറയും الذين كفروا അവിശ്വസിച്ചവർ إن هذا ഇതല്ല إلا سحر ജാലവിദ്യ (ആഭിചാരം) അല്ലാതെ مبين സ്പഷ്ടമായ. 8 ولئن أخرنا നാം പിന്തിച്ചുവെങ്കിൽ عنهم അവരിൽനിന്നു العذاب ശിക്ഷയെ إلى أمة ഒരു കാലയളവുവരെ معدودة എണ്ണപ്പെട്ട, നിർണ്ണയിക്കപ്പെട്ട ليقولن അവർ പറയുക തന്നെ ചെയ്യും ما يحبسه അതിനെ തടഞ്ഞുവെക്കുന്നതെന്തു് ألا അല്ലാ, അറിയുക يوم ഒരു ദിവസം يأتيهم അതവർക്കു വരുന്ന ليس അതല്ല مصروفا തിരിച്ചുവിടപ്പെടുന്നതു് عنهم അവരിൽനിന്നു وحاق ഇറങ്ങിവരിക (അനുഭവപ്പെടുക)യും ചെയ്യും بهم അവരിൽ ما كانوا അവരായിരുന്ന യാതൊന്നു به അതിനെപ്പററി يستهزئون അവർ പരിഹസിക്കുക

എല്ലാ ജീവവസ്തുക്കളുടെയും അന്നദാതാവു അല്ലാഹുവാണെന്നു കഴിഞ്ഞ വചനത്തിൽ പ്രസ്താവിച്ചശേഷം, എല്ലാ വസ്തുക്കളുടെയും സ്രഷ്ടാവും, അധിപതിയും അവൻ തന്നെയാണെന്നും, മനുഷ്യരെ സൃഷ്ടിച്ചതിന്റെ ലക്ഷ്യമെന്താണെന്നും പ്രസ്താവിക്കുന്നു. ആകാശഭൂമികളെ ആറു ദിവസങ്ങളിലായിട്ടാണു സൃഷ്ടിച്ചിരിക്കുന്നതു എന്ന് പറഞ്ഞതിന്റെ താല്പര്യത്തെപ്പററിയും, അല്ലാഹുവിന്റെ 'അർശി'നെ(സിംഹാസനത്തെ)പ്പററിയും അഅ്റാഫ്: 54ന്റെ വ്യാഖ്യാനത്തിൽ വിവരിച്ചിട്ടുണ്ട്. കൂടാതെ, സജദ, ഫുർഖാൻ മുതലായ സൂറത്തുകളിലും ഏറെക്കുറെ വിവരണം കാണാം. അവിടങ്ങളിലൊന്നും പ്രസ്താവിക്കപ്പെട്ടിട്ടില്ലാത്ത ഒരു വിഷയം ഈ വചനത്തിൽ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. وكان عرشه على الماء (അവന്റെ അർശു വെള്ളത്തിലായിരുന്നു) എന്നത്രെ അത്. അതിനെപ്പററിയാണ് ഇവിടെപ്രത്യേകമായി ആലോചിക്കുവാനുള്ളത്.

ഇമാം അഹ്മദ്, ബുഖാരി, മുസ്‌ലിം (റ) മുതലായവർ രേഖപ്പെടുത്തിയ ചില ഹദീസുകളിൽ നബി (സ) ഇപ്രകാരം പറഞ്ഞിരിക്കുന്നു: 'എല്ലാ വസ്തുക്കളുടെയും മുമ്പ് അല്ലാഹു ഉണ്ടായിരുന്നു. അവന്റെ 'അർശ്' വെള്ളത്തിന്മേലായിരുന്നു. 'ദിക്‌റി'ൽ (പ്രമാണരേഖയിൽ) അവൻ എല്ലാം എഴുതുക (രേഖപ്പെടുത്തുക) യും ചെയ്തു. പിന്നീടവൻ ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിച്ചു.' ഈ അർത്ഥത്തിലുള്ള ഹദീസുകളും, വിവരണങ്ങളും പലതും വേറെയും കാണാം. ആകാശഭൂമികളെ സൃഷ്ടിക്കുകയും, അവ രൂപം കൊള്ളുകയും ചെയ്യുന്നതിന്റെ മുമ്പത്തെ അവസ്ഥയെക്കുറിച്ചാണ് وَكَانَ عَرْشُهُ عَلَى الْمَاءِ (അവന്റെ അർശ് വെള്ളത്തിന്മേലായിരുന്നു) എന്നു പറഞ്ഞതെന്ന് അല്ലാഹു പറഞ്ഞ വാചകത്തിൽനിന്നും, നബി (സ) യുടെ ഈ പ്രസ്താവനയിൽ നിന്നും സ്പഷ്ടമാകുന്നു. എന്നിരിക്കെ, 'വെള്ളം' (الْمَاء) കൊണ്ടു ഇവിടെ വിവക്ഷ നമുക്കു സുപരിചിതമായ അർത്ഥത്തിലുള്ള വെള്ളമായിരിക്കുവാൻ തരമില്ല. ഏതായാലും വെള്ളം (الْمَاء) എന്നു പറയാവുന്ന ഒരു വസ്തു ആകാശഭൂമികളെ സൃഷ്ടിക്കുന്നതിനുമുമ്പ് തന്നെ ഉണ്ടായിരുന്നുവെന്ന് തീർച്ചതന്നെ. ശാസ്ത്രീയ നിരീക്ഷണ ങ്ങൾക്ക് അത് വേണ്ടതുപോലെ വ്യക്തമാക്കുവാൻ കഴിഞ്ഞിട്ടില്ല എന്നതുകൊണ്ടു ആ വാസ്തവത്തിനു മാറ്റമൊ ന്നുമില്ല. 'നമുക്ക് അറിയാത്തതിനെപ്പറ്റി അല്ലാഹുവിനറിയാം' എന്നു സമാധാനിക്കുവാനേ നമുക്ക് നിവൃത്തി യുള്ളു. അത് നമ്മുടെ കടമയുമാണ്.

ജീവികൾക്കു ആഹാരമാർഗ്ഗങ്ങളും ഏർപ്പെടുത്തിയതും, എല്ലാ വസ്തുക്കളെയും സൃഷ്ടിച്ചതും അല്ലാഹു വാണെന്നു ഓർമ്മിപ്പിച്ചതിനെത്തുടർന്ന لِيَبْلُوَكُمْ أَيُّكُمْ أَحْسَنُ عَمَلًا (നിങ്ങളിൽ ആരാണ് കൂടുതൽ നല്ല കർമ്മം ചെയ്യു ന്നവരെന്നു നിങ്ങളെ പരീക്ഷിക്കുവാൻ വേണ്ടി) എന്നു അല്ലാഹു പ്രസ്താവിക്കുന്നു. ഇവിടെ ഒരു സംഗതി മനസ്സി രുത്തേണ്ടതുണ്ട്. അല്ലാഹുവാണു ലോകസ്രഷ്ടാവും, നിയന്താവുമെന്ന് ഖുർആനിൽ അല്ലാഹു ഇടക്കിടെ ഓർമ്മ പ്പെടുത്തിക്കൊണ്ടിരിക്കാറുണ്ട്. ഇതിന്റെ ആവശ്യം കേവലം ചരിത്രം പഠിപ്പിക്കലോ, ശാസ്ത്രം വിവരിക്കലോ അല്ല. അവൻ മാത്രമാണ് ഇലാഹും, റബ്ബും (ആരാധ്യനും രക്ഷിതാവും) എന്നും, അവനെ ആരാധിച്ചും അനുസരിച്ചും ജീവിക്കുവാൻ ബാധ്യസ്ഥരാണ് അവന്റെ സൃഷ്ടികൾ എന്നും ബുദ്ധിജീവികളെ ഓർമ്മിപ്പിക്കുകയാണതിന്റെ ഉദ്ദേശ്യം. അതിലേക്കാണ് മേൽ പ്രസ്താവനകളോടു ബന്ധപ്പെടുത്തിക്കൊണ്ട് 'നിങ്ങളെ പരീക്ഷിക്കുവാൻവേണ്ടി' എന്ന വാക്യവും വിരൽചൂണ്ടുന്നത്. ഓരോരുത്തനും എന്തു പ്രവർത്തിക്കുമെന്നു അല്ലാഹുവിനു കണ്ടു മനസ്സിലാ ക്കുവാൻവേണ്ടിയല്ല ഈ പരീക്ഷണം. കാരണം, അതവനു മുമ്പേ അറിയുന്നതാണ്. ഓരോരുത്തന്റെയും പ്രവർത്തനം അനുഭവത്തിൽ വരുത്തുമാറാക്കി അതു രേഖപ്പെടുത്തുകയും, അടിസ്ഥാനത്തിൽ അവർക്ക് പ്രതിഫലം നൽകുകയു മാണ് പരീക്ഷണത്തിന്റെ ലക്ഷ്യം. പ്രതിഫലനടപടിയാകട്ടെ, മരണാനന്തരം പരലോകത്തുവെച്ചാണുതാനും. അതു കൊണ്ട് അതിനെ നിഷേധിക്കുന്നവരെപ്പറ്റിയാണ് അടുത്ത വാക്യങ്ങളിൽ പ്രസ്താവിക്കുന്നത്.

പരലോക നിഷേധികളെപ്പറ്റി പറഞ്ഞതിന്റെ സാരം ഇങ്ങിനെ പറയാം: സ്രഷ്ടാവും രക്ഷിതാവും അന്ന ദാതാവുമൊക്കെ അല്ലാഹുവാണെന്നു സമ്മതിച്ചാൽ തന്നെയും, മരണാനന്തര ജീവിതത്തെയും, പ്രതിഫലനടപടിയെയും അവർ സമ്മതിക്കുമാറില്ല. അതിനെപ്പറ്റി പറയുമ്പോൾ, ഇതൊക്കെ തനി ജാലവിദ്യയാണ് – അല്ലെങ്കിൽ ആഭിചാരമാണു – ഞങ്ങളെ കബളിപ്പിക്കുവാനുള്ള ഉപായമാണ് – എന്നിങ്ങിനെ പറഞ്ഞു തള്ളിക്കളയുകയാണവർ ചെയ്യുന്നത്. തൽക്കാലം ആ നിഷേധത്തിന്റെ പേരിൽ അവർക്കു ശിക്ഷയൊന്നും നൽകാതെ കുറച്ചു കാലംവരെ അവർക്കു ഒഴിവുകൊടുത്താൽ, അപ്പോഴും തന്നെ അവർ പരിഹാസവും നിഷേധവും തുടരുകയാണ് ചെയ്യുക. നബി (സ) താക്കീതു ചെയ്യുന്ന ആ ശിക്ഷ എന്താണു എന്നിയും ഉണ്ടാവാത്തത്? അങ്ങിനെ ഒന്നുണ്ടെങ്കിൽ അതു കാണേണ്ടതല്ലേ? എന്നൊക്കെയായിരിക്കും അവർ പറയുക. ഈ പരിഹാസവും നിഷേധവും അതു മാറ്റിവെക്കുക യാണവർക്ക് നല്ലത്, ആ ശിക്ഷ ഒരിക്കൽ അവർ അനുഭവിക്കേണ്ടി വരുകതന്നെ ചെയ്യും. അതു വന്നുകഴിഞ്ഞാൽ, പിന്നെ അതു തട്ടിനീക്കുവാനോ, അതിൽ നിന്നു ഒഴിവാകുവാനോ സാധ്യമാകുന്നതല്ല.

أُمَّة (ഉമ്മത്ത്) എന്ന വാക്കിനാണു ഇവിടെ 'കാലയളവ്' എന്നു നാം അർത്ഥം കല്പിച്ചത്. 'സമുദായം' അഥവാ ഏതെങ്കിലും ഒരു പ്രത്യേക മാർഗ്ഗത്തിലും സമ്പ്രദായത്തിലും യോജിക്കുന്ന സമൂഹം എന്ന അർത്ഥത്തി ലാണതു സാധാരണയായി ഉപയോഗിക്കപ്പെടാറുള്ളതു. വേറെ പല അർത്ഥങ്ങളിലും അതു ഉപയോഗിക്കപ്പെടാ റുണ്ട്. ഖുർആനിൽ തന്നെയും അതിനു താഴെ പറയുന്നതുപോലുള്ള ഉദാഹരണങ്ങൾ കാണാം:– കാലയളവു എന്ന അർത്ഥത്തിൽ ഇവിടെയെന്നപോലെ സൂ: യൂസുഫ് 45 ലും, മാതൃകാനേതാവു (الإمام المقتدى) എന്ന അർത്ഥ ത്തിൽ നഹ്ൽ 120 ലും, മതവും നടപടിമാർഗ്ഗവും (الملة والدين) എന്നീ അർത്ഥങ്ങളിൽ സുഖ്റുഫ് 23ലും, ഒരു സംഘം ആളുകൾ (جماعة) എന്ന അർത്ഥത്തിൽ ഖസ്വസ്വ് 23ലും, ഒരു വിഭാഗം ആളുകൾ (طائفة) എന്ന അർത്ഥ ത്തിൽ അഅ്റാഫ് 159ലും ഉപയോഗിച്ചുകാണാം. നബിമാരുടെ സമുദായങ്ങളെപ്പറ്റി ആ വാക്കു ഉപയോഗിക്കു

സമ്പാദം, അവർ ഏതൊരു ജനതയിലേക്കു റസൂലായി അയക്കപ്പെട്ടിരിക്കുന്നുവോ അവരെ (أمة الدعوة) ഉദ്ദേശിച്ചും, അവരുടെ മതം സ്വീകരിച്ച ജനങ്ങളെ (أمة الإجابة) മാത്രം ഉദ്ദേശിച്ചും അതു ഉപയോഗിക്കാറുണ്ട്. ഒന്നാമത്തെ അർത്ഥത്തിൽ യൂനുസ് 47ലും, രണ്ടാമത്തെ അർത്ഥത്തിൽ ആലുഇംറാൻ 110ലും ഉപയോഗിച്ചിരിക്കുന്നു. അതതു സ്ഥലങ്ങളുടെ സന്ദർഭം കൊണ്ട് ഈ അർത്ഥവ്യത്യാസങ്ങൾ മനസ്സിലാക്കുവാൻ കഴിയുന്നതാണ്.

വിഭാഗം-2

٩- وَلَئِنْ أَذَقْنَا الْإِنسَانَ مِنَّا رَحْمَةً ثُمَّ نَزَعْنَاهَا مِنْهُ إِنَّهُ لَيَئُوسٌ كَفُورٌ

9. നമ്മുടെ പക്കൽനിന്നു വല്ല കാരുണ്യത്തെയും നാം മനുഷ്യന് ആസ്വദിപ്പിക്കുകയും, പിന്നീടതിനെ അവനിൽ നിന്നു നാം നീക്കുകയും ചെയ്തുവെങ്കിൽ, നിശ്ചയമായും അവൻ, വളരെ നിരാശനും, നന്ദി കെട്ടവനുമായിരിക്കും.

١٠- وَلَئِنْ أَذَقْنَاهُ نَعْمَاءَ بَعْدَ ضَرَّاءَ مَسَّتْهُ لَيَقُولَنَّ ذَهَبَ السَّيِّئَاتُ عَنِّي إِنَّهُ لَفَرِحٌ فَخُورٌ

10. അവനെ ബാധിച്ച ഒരു ദുരിതത്തിനു ശേഷം, അവനു നാം അനുഗ്രഹം ആസ്വദിപ്പിച്ചുവെങ്കിലോ കട്ടെ. അവൻ നിശ്ചയമായും പറയും: 'എന്നിൽനിന്നു തിന്മകൾ പോയി (കഴിഞ്ഞു)!' (അതെ,) നിശ്ചയമായും അവൻ, ആഹ്ലാദ മതിയനും, അഹങ്കാരിയുമായിരിക്കും.

١١- إِلَّا الَّذِينَ صَبَرُوا وَعَمِلُوا الصَّالِحَاتِ أُولَٰئِكَ لَهُم مَّغْفِرَةٌ وَأَجْرٌ كَبِيرٌ

11. ക്ഷമിക്കുകയും, സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരൊഴികെ. അക്കൂട്ടർ-അവർക്കു പാപമോചനവും, വലുതായ പ്രതിഫലവും ഉണ്ടായിരിക്കും.

---

9. لئن أذقنا നാം ആസ്വദി(അനുഭവി)പ്പിച്ചുവെങ്കിൽ الإنسان മനുഷ്യന്നു, മനുഷ്യനെ منا നമ്മുടെ പക്കൽ നിന്നു, നമ്മുടെവകയായി رحمة ഒരു കാരുണ്യം, വല്ല കരുണയും ثم പിന്നീടു نزعناها അതിനെ നാം നീക്കം ചെയ്തു منه അവനിൽനിന്നു إنه നിശ്ചയമായും അവൻ ليئوس (വളരെ) നിരാശൻ (തന്നെ) ആയിരിക്കും كفور നന്ദികെട്ട, നന്ദികെട്ടവൻ, 10. ولئن أذقناه നാം അവനു ആസ്വദിപ്പിച്ചുവെങ്കിൽ نعماء ഒരു അനുഗ്രഹം, സുഖസന്തോഷം بعد ضراء ഒരു കഷ്ടപ്പാടിനു (ദുരന്തത്തിനു) ശേഷം مسته അവനെ ബാധിച്ചതായ ليقولن നിശ്ചയമായും അവൻ പറയും ذهب പോയി (കഴിഞ്ഞുപോയി) السيئات തിന്മകൾ عني എന്നിൽനിന്നു إنه നിശ്ചയമായും അവൻ لفرح ആഹ്ലാദ(സന്തോഷ)മതിയൻ തന്നെയായിരിക്കും فخور അഹങ്കാരി(ദുരഭിമാനി)യായിരിക്കും 11. إلا الذين യാതൊരുവരൊഴികെ صبروا അവർ ക്ഷമിച്ചു وعملوا പ്രവർത്തിക്കുകയും ചെയ്തു الصالحات സൽകർമ്മങ്ങൾ أولئك അക്കൂട്ടർ لهم അവർക്കുണ്ടു مغفرة പാപമോചനം وأجر പ്രതിഫലവും كبير വലിയ, വമ്പിച്ച

മനുഷ്യന്റെ പൊതുവെയുള്ള ചില ദുസ്സ്വഭാവങ്ങളെയാണു അല്ലാഹു ചൂണ്ടിക്കാട്ടുന്നത്. സുഖത്തിലും, സന്തോഷത്തിലും കഴിഞ്ഞുകൂടുന്നതിനിടെ വല്ല കഷ്ടതയോ, ബുദ്ധിമുട്ടോ നേരിടുമ്പോഴേക്കും മനംമറിച്ച് നിരാശയും, മുമ്പ് ലഭിച്ചിരുന്ന സുഖസൗകര്യങ്ങളെക്കുറിച്ച് നന്ദികേടും പ്രകടമാക്കുക. സുഖത്തിലും ബുദ്ധിമുട്ടിലും വിഷമത്തിലും കഴിഞ്ഞുകൂടിക്കൊണ്ടിരിക്കെ വല്ല അനുഗ്രഹവും സിദ്ധിക്കുമ്പോൾ അതിൽ അഹങ്കാരവും ദുരഭിമാനവും പ്രകടിപ്പിക്കുകയും ചെയ്യുക. ക്ഷമാശീലവും സൽമതിയും ആഹ്ലാദിക്കുകയും.

അതിലൊന്നും അവരുടെ മേൽ ഈ ദുർഗ്ഗുണങ്ങൾ തീണ്ടാത്തവരുണ്ടായിരിക്കുകയുമുള്ളുവെന്നും അല്ലാഹു ചൂണ്ടിക്കാട്ടുന്നു.

ഒരു നബിവചനം ഇവിടെ സ്മരണീയമാകുന്നു. തിരുമേനി പറയുന്നു: 'സത്യവിശ്വാസിയുടെ കാര്യം അത്ഭുതം തന്നെ. അവന്റെ കാര്യങ്ങളെല്ലാം അവനു ഗുണകരമായിരിക്കും. അവനൊരു സന്തോഷം ബാധിച്ചാൽ അവൻ നന്ദി കാണിക്കും. അപ്പോൾ, അതവനു ഗുണമായിത്തീരുന്നു. അവനൊരു ദുരിതം ബാധിച്ചാൽ അവൻ ക്ഷമ കൈക്കൊള്ളുകയും ചെയ്യും. അപ്പോൾ അതും അവനു ഗുണമായിത്തീരുന്നു. ഇത് സത്യവിശ്വാസി കൾക്കല്ലാതെ മററാർക്കും ഇല്ലാത്തതാണ്.' (മുസ്ലിം)

12. (നബിയേ) നിനക്കു 'വഹ്‌യ്' [ദിവ്യസന്ദേശം] നൽകപ്പെടുന്നതിൽ ചിലതു നീ ഉപേക്ഷിക്കുന്നവനും, അതു മൂലം നിന്റെ നെഞ്ചു [ഹൃദയം] ഇടുങ്ങിയവനുമായേക്കും?! [അങ്ങിനെ ഉണ്ടാവരുത്] 'ഇയാളുടെ [നബിയുടെ] മേൽ വല്ല നിക്ഷേപവും ഇറക്കപ്പെടുകയോ, ഇയാളുടെ കൂടെ വല്ല മലക്കും വരുകയോ ചെയ്യാത്തതെന്താണ്' എന്നു അവർ പറയുന്നതിനാൽ! നിശ്ചയമായും, നീ ഒരു താക്കീതുകാരൻ മാത്രമാകുന്നു.

അല്ലാഹുവാകട്ടെ, എല്ലാ കാര്യത്തിലും (അധികാരം) ഏറെറടുത്തവനുമാകുന്നു.

١٢- فَلَعَلَّكَ تَارِكٌۢ بَعْضَ مَا يُوحَىٰٓ إِلَيْكَ وَضَآئِقٌۢ بِهِۦ صَدْرُكَ أَن يَقُولُوا۟ لَوْلَآ أُنزِلَ عَلَيْهِ كَنزٌ أَوْ جَآءَ مَعَهُۥ مَلَكٌ ۚ إِنَّمَآ أَنتَ نَذِيرٌ ۚ وَٱللَّهُ عَلَىٰ كُلِّ شَىْءٍ وَكِيلٌ ۝

---

12. فلعلك എന്നാൽ (ഒരുപക്ഷെ) നീ ആയേക്കാം (ആയേക്കുമോ) تارك ഉപേക്ഷിക്കുന്ന (വിട്ടുകളയുന്ന)വൻ بعض ചിലതിനെ ما يوحى വഹ്‌യ് നൽകപ്പെടുന്നതിൽ اليك നിനക്കു, നിന്നിലേക്കു وضائق به അതുമൂലം ഇടുങ്ങി(ഞെരുങ്ങി)യവനും صدرك നിന്റെ നെഞ്ചു (ഹൃദയം) أن يقولوا അവർ പറയുന്നതിനാൽ لولا أنزل ഇറക്കപ്പെടാത്തതെന്തു, ഇറക്കപ്പെട്ടുകൂടേ عليه അയാളുടെമേൽ, ഇയാളുടെമേൽ كنز വല്ല നിക്ഷേപവും, ഭണ്ഡാരവും أو جاء അല്ലെങ്കിൽ വരുക معه അയാളുടെ (ഇയാളുടെ) കൂടെ, ഒപ്പം ملك വല്ല മലക്കും, ഒരു മലക്ക് إنما أنت നിശ്ചയമായും നീ (മാത്രം-തന്നെ) نذير ഒരു താക്കീതുകാരൻ (മാത്രം-തന്നെ) والله അല്ലാഹുവാകട്ടെ على كل شيء എല്ലാകാര്യത്തിലും, എല്ലാ വസ്തുവിൻമേലും وكيل (അധികാരം-ഉത്തരവാദം-കാവൽ) ഏറെറടുത്തവനാണ്, ഏൽപിക്കപ്പെട്ടവനാണ്.

മുശ്‌രിക്കുകൾ നിഷേധത്തിൽ ശഠിച്ചു നിൽക്കുകയും, പരിഹാസവാക്കുകളും, കുത്തുവാക്കുകളും പറഞ്ഞു കൊണ്ടിരിക്കുകയും ചെയ്യുന്നതിൽ നബി (സ) ക്കു വളരെ മനോവേദനയുണ്ടായിരുന്നു. ولقد نعلم انك يضيق صدرك بما يقولون (അവർ പറഞ്ഞു വരുന്നതു നിമിത്തം നിന്റെ നെഞ്ച്—ഹൃദയം—ഇടുങ്ങിപ്പോകുന്നു വെന്നു നാം അറിയുകതന്നെ ചെയ്യുന്നുണ്ട്. 15:97) ഇയാൾ ഒരു ദൈവദൂതനാണെങ്കിൽ എന്തുകൊണ്ടു ഇയാൾക്കു വല്ല നിക്ഷേപവും ഇറക്കപ്പെടുന്നില്ല? അല്ലെങ്കിൽ അവനെ സത്യപ്പെടുത്തുവാൻ വല്ല മലക്കുകളും എന്തുകൊണ്ട് അവനോടൊപ്പം അയക്കപ്പെടുന്നില്ല? എന്നും മററുമുള്ള പല കുതർക്കങ്ങളും നടത്തുക അവരുടെ പതിവായിരുന്നു. ഇതുപോലെ വേറെയും പല തർക്കങ്ങളും അവർ ഉന്നയിച്ചിരുന്നതായി ഖുർആൻ 7,8; ഇസ്രാഉ്: 90-93 മുതലായ സ്ഥലങ്ങളിൽ കാണാവുന്നതാണ്. അവരുടെ ഇത്തരം വാക്കുകൾ കാരണം നബി (സ) യുടെ മനസ്സ് വേദനിക്കുകയോ, അവിടുത്തെ പ്രബോധനത്തിൽ വല്ല അലംഭാവം വിട്ടുവീഴ്ചയോ വരുത്തുകയോ ചെയ്യരുത്. ഭവിഷ്യത്തുകളെപ്പററി താക്കീതു നൽകുക മാത്രമേ നബി (സ) ക്ക് കടമയുള്ളു. അതു ചെയ്താൽ മതി. അതിനപ്പുറമുള്ള കാര്യങ്ങളെല്ലാം അല്ലാഹു ആയിക്കൊള്ളും. സകലകാര്യത്തിന്റെയും മുഴുവൻ അധികാരം ഏറെറടുത്തിട്ടുള്ളവൻ അല്ലാഹുവാണ്, എന്നു നബി (സ) യെ അല്ലാഹു സമാധാനിപ്പിക്കുകയാണ്.

١٣- أَمْ يَقُولُونَ افْتَرَاهُ قُلْ فَأْتُوا بِعَشْرِ سُوَرٍ مِّثْلِهِ مُفْتَرَيَاتٍ وَادْعُوا مَنِ اسْتَطَعْتُم مِّن دُونِ اللَّهِ إِن كُنتُمْ صَادِقِينَ ○

13. അതല്ല, അവർ പറയുന്നുവോ: 'അവൻ ഇതു കെട്ടിച്ചമച്ചിരിക്കയാണ്'' എന്നു?! പറയുക: 'എന്നാൽ ഇതുപോലെയുള്ള കെട്ടിച്ചമച്ചുണ്ടാക്കപ്പെട്ട ഒരു പത്തു 'സൂറത്തു' [അദ്ധ്യായം]കൾ നിങ്ങൾ കൊണ്ടുവരുവിൻ; അല്ലാഹുവിനു പുറമെ, നിങ്ങൾക്കു സാധ്യമായവരെ(യെല്ലാം)നിങ്ങൾ (സഹായത്തിനു വിളിച്ചു കൊള്ളുവിൻ, നിങ്ങൾ സത്യം പറയുന്നവരാണെങ്കിൽ! [അതൊന്നു കാണാമല്ലോ!]

١٤- فَإِلَّمْ يَسْتَجِيبُوا لَكُمْ فَاعْلَمُوا أَنَّمَا أُنزِلَ بِعِلْمِ اللَّهِ وَأَن لَّا إِلَٰهَ إِلَّا هُوَ فَهَلْ أَنتُم مُّسْلِمُونَ ○

14. എന്നിട്ട് അവർ [നിങ്ങൾ വിളിക്കുന്നവർ] നിങ്ങൾക്ക് ഉത്തരം നൽകിയില്ലെങ്കിൽ നിങ്ങൾ അറിഞ്ഞു കൊള്ളണം: അല്ലാഹുവിന്റെ അറിവോടെ മാത്രമാണതു അവതരിപ്പിക്കപ്പെട്ടിരിക്കുന്നതെന്നും, അവനല്ലാതെ ആരാധ്യനേ ഇല്ലെന്നും! അപ്പോൾ, നിങ്ങൾ അല്ലാഹുവിനു കീഴൊതുങ്ങുന്നവർ ആകുമോ?!'

---

13. أم يقولون അതല്ല (ഒരുപക്ഷെ) അവർ പറയുന്നുവോ افتراه അവൻ (ഇവൻ) അതു (ഇതു) കെട്ടിയുണ്ടാക്കിയെന്നു قل പറയുക فأتوا എന്നാൽ വരുവിൻ بعشر പത്തുകൊണ്ടു سور സൂറത്തു (അദ്ധ്യായം)കൾ مثله അതു(ഇതു)പോലെയുള്ള مفتريات കെട്ടിച്ചമക്കപ്പെട്ട وادعوا വിളിക്കുകയും ചെയ്യുവിൻ من استطعتم നിങ്ങൾക്കു സാധ്യമായവരെ من دون കൂടാതെ, പുറമെ الله അല്ലാഹുവിനെ, അല്ലാഹുവിന്റെ إن كنتم നിങ്ങളാണെങ്കിൽ صادقين സത്യം പറയുന്നവർ 14. فإن لم يستجيبوا എന്നിട്ടവർ ഉത്തരം ചെയ്തില്ലെങ്കിൽ لكم നിങ്ങൾക്കു فاعلموا എന്നാൽ അറിയുവിൻ إنما أنزل അതു അവതരിപ്പിക്കപ്പെട്ടിരിക്കുന്നുവെന്നു بعلم الله അല്ലാഹുവിന്റെ അറിവോടെ (മാത്രം) وأن لا إله ആരാധ്യനില്ലെന്നും إلا هو അവനല്ലാതെ فهل أنتم അപ്പോൾ (എന്നാൽ) നിങ്ങൾ ആകുന്നുവോ مسلمون മുസ്‌ലിംകൾ, കീഴൊതുങ്ങിയവർ

സൂറത്തുൽ ഫുർഖാൻ 4ലും മററും കാണപ്പെടുന്നതുപോലെ, 'ഖുർആൻ അല്ലാഹുവിങ്കൽനിന്നുള്ളതൊന്നുമല്ല; മുഹമ്മദ് കെട്ടിയുണ്ടാക്കിയ ഒരു നുണയാണത്; വേറെ ചിലർ അവനെ അതിനു സഹായിച്ചിട്ടുമുണ്ട്'' എന്നിങ്ങനെയുള്ള മുശ്‌രിക്കുകളുടെ ആരോപണങ്ങൾക്ക് മറുപടിയാണിത്. നിങ്ങളുടെ വാദം ശരിയാണെങ്കിൽ, അല്ലാഹുവിനെമാത്രം ഒഴിവാക്കി നിങ്ങളുടെ ദൈവങ്ങളടക്കം നിങ്ങൾക്ക് സാധ്യമാകുന്ന ആരെയും സഹായത്തിനു വിളിച്ചുകൂട്ടികൊണ്ടു ഖുർആന്റെ അദ്ധ്യായങ്ങൾക്ക് തുല്യമായ ഒരു പത്തു അദ്ധ്യായം നിങ്ങളൊന്നു രചിച്ചുകൊണ്ടുവരുവിൻ. എന്നിട്ട് ആർക്കും അതിനു കഴിയാതെ വരുകയാണെങ്കിൽ-കഴിയുകയില്ലെന്നു തീർച്ച തന്നെ-നിങ്ങളുടെ ആരോപണം തികച്ചും പൊള്ളയാണെന്നു സ്പഷ്ടമായി. അതെ, ഖുർആൻ അല്ലാഹുവിന്റെ അറിവോടെ അവൻ അവതരിപ്പിച്ചതാണെന്നു അതോടെ തെളിഞ്ഞു കഴിഞ്ഞു. എന്നിരിക്കെ, ഖുർആനും, അതിന്റെ പരമപ്രധാന സിദ്ധാന്തമായ തൗഹീദും അംഗീകരിച്ച് മുസ്‌ലിംകളായിത്തീരുവാൻ ബാധ്യസ്ഥരാണ് നിങ്ങൾ. അതിനു നിങ്ങൾ തയ്യാറുണ്ടോ? എന്നു അവരോട് ചോദിക്കുവാൻ അല്ലാഹു നബി (സ)യോടു കൽപിക്കുന്നു.'

ഖുർആന്റേതുപോലെയുള്ള പത്തു സൂറത്തുകൾ നിർമ്മിക്കുവാനാണ് ഇവിടെ അവരെ അല്ലാഹു വെല്ലുവിളിച്ചിരിക്കുന്നത്. ഇതുപോലെ വേറെ ഒരു ഖുർആൻ കൊണ്ടുവരുവാൻ സൂ: ഇസ്രാഉ് 88ലും, ഒരു സൂറത്തെങ്കിലും കൊണ്ടുവരുവാൻ അൽബഖറ: 23, 24ലും യൂനുസ്: 38ലും വെല്ലുവിളിച്ചിട്ടുണ്ട്. ഈ വെല്ലുവിളികളെ സംബന്ധിച്ച് കൂടുതൽ വിവരം അവിടങ്ങളിൽ കൊടുത്തിട്ടുണ്ട്.

مَن كَانَ يُرِيدُ الْحَيَوٰةَ الدُّنْيَا وَزِينَتَهَا نُوَفِّ إِلَيْهِمْ أَعْمَٰلَهُمْ فِيهَا وَهُمْ فِيهَا لَا يُبْخَسُونَ ○ ١٥

15. ആരെങ്കിലും ഐഹിക ജീവിതത്തെയും, അതിന്റെ അലങ്കാരത്തെയും ഉദ്ദേശിച്ചിരുന്നാല്‍ അവര്‍ക്കു അവരുടെ പ്രവൃത്തികള്‍(ഫലം) അതില്‍ വെച്ചു നാം നിറവേറ്റിക്കൊടുക്കുന്നതാണ്; അവരാകട്ടെ, അതില്‍ വെച്ചു നഷ്ടപ്പെടുത്തപ്പെടുകയുമില്ല.

أُولَٰٓئِكَ الَّذِينَ لَيْسَ لَهُمْ فِي الْآخِرَةِ إِلَّا النَّارُ وَحَبِطَ مَا صَنَعُوا فِيهَا وَبَٰطِلٌ مَّا كَانُوا يَعْمَلُونَ ○ ١٦

16. പരലോകത്തുവെച്ചു നരകമല്ലാതെ (മറ്റൊന്നും) ഇല്ലാത്തവരത്രെ അക്കൂട്ടര്‍; അവര്‍ പണിതതു [പ്രവര്‍ത്തിച്ചു] വെച്ചതു അവിടെ പൊളിഞ്ഞു പോകുകയും ചെയ്യും; അവര്‍ [പ്രവര്‍ത്തിച്ചു കൊണ്ടിരുന്നതു (അവിടെ) നിഷ്ഫലവുമായിരിക്കും.

---

15. مَن كَانَ ആര്‍ ആയി, വല്ലവനും ആയിരുന്നാല്‍ يُرِيدُ ഉദ്ദേശിക്കുന്ന الْحَيَوٰةَ ജീവിതത്തെ الدُّنْيَا ഐഹിക, ഇഹത്തിലെ وَزِينَتَهَا അതിന്റെ അലങ്കാരത്തെ (ഭംഗിയെ)യും نُوَفِّ നാം നിറവേറ്റി (പൂര്‍ത്തിയാക്കി) കൊടുക്കും إِلَيْهِمْ അവര്‍ക്കു أَعْمَٰلَهُمْ അവരുടെ പ്രവര്‍ത്തന (കര്‍മ്മ)ങ്ങളെ فِيهَا അതില്‍വെച്ചു وَهُمْ അവര്‍, അവരാകട്ടെ فِيهَا അതില്‍, അവിടത്തില്‍ لَا يُبْخَسُونَ അവര്‍ നഷ്ടപ്പെടുത്തപ്പെടുകയില്ല 16. أُولَٰٓئِكَ അക്കൂട്ടര്‍ الَّذِينَ യാതൊരുവരാണ് لَيْسَ لَهُمْ അവര്‍ക്കു ഇല്ല فِي الْآخِرَةِ പരലോകത്തില്‍ إِلَّا النَّارُ നരകമല്ലാതെ وَحَبِطَ പൊളിഞ്ഞു പോകുന്നതുമാണ് مَا صَنَعُوا അവര്‍ പണിതതു, ചെയ്തതു فِيهَا അവിടെ وَبَٰطِلٌ നിഷ്ഫലമായതുമാണ് مَّا كَانُوا അവരായിരുന്നതു يَعْمَلُونَ അവര്‍ പ്രവര്‍ത്തിക്കും.

ഐഹികജീവിതത്തെയും, അതിലെ സുഖസൗകര്യങ്ങളെയും ജീവിതലക്ഷ്യമാക്കുന്നവരും, പാരത്രിക നന്മയെക്കാള്‍ ഐഹിക നന്മകള്‍ക്കു പ്രാധാന്യം നല്‍കുന്നവരുമായ ആളുകള്‍ ഈ ലോകത്തുവെച്ചു ചെയ്യുന്ന നല്ല കര്‍മ്മങ്ങളുടെ ഫലം ഇവിടെവെച്ചു തന്നെ അല്ലാഹു അവര്‍ക്കു കൊടുത്തുതീര്‍ക്കും. പരലോകത്തു ആ കര്‍മ്മങ്ങള്‍മൂലം അവര്‍ക്കു യാതൊരു പ്രയോജനവും സിദ്ധിക്കുകയില്ല. അവിടെ നരകശിക്ഷ മാത്രമായിരിക്കും അവര്‍ക്കുള്ളതു. ഈ യാഥാര്‍ത്ഥ്യം ഖുര്‍ആന്‍ പലേടത്തും സ്ഥലത്തു വ്യക്തമാക്കിയിട്ടുള്ളതാണ്. പരലോകത്തില്‍ വിശ്വസിക്കാത്തവര്‍ക്കും, വിശ്വസിക്കുന്നതോടൊപ്പം ഐഹിക നേട്ടങ്ങള്‍ക്ക് പാരത്രികനേട്ടങ്ങളെക്കാള്‍ വില കല്‍പിക്കുന്നവര്‍ക്കും ബാധകമാണു ഈ താക്കീതു. അല്ലാഹു നമ്മെ കാത്തുരക്ഷിക്കട്ടെ. ആമീന്‍.

സൂറത്തുല്‍ ഇസ്രാഇല്‍ അല്ലാഹു പറയുന്നു: مَن كَانَ يُرِيدُ الْعَاجِلَةَ - إلى قوله محظورا (സാരം: ആരെങ്കിലും ക്ഷണികമായ ഈ ലോകത്തെ ഉദ്ദേശിക്കുന്നതായാല്‍ അവര്‍ക്കു—നാം വേണമെന്നു വെക്കുന്നവര്‍ക്കു—നാം ഉദ്ദേശിക്കുന്നതു നാം വേഗമങ്ങു നല്‍കുന്നതാണ്. പിന്നീടു അവനു നാം നരകത്തെ ഏര്‍പ്പെടുത്തുന്നു. ആക്ഷേപവിധേയനും നിന്ദ്യനുമായിക്കൊണ്ടു അവന്‍ അതില്‍ കടന്നെരിയുന്നതാണ്. ആരെങ്കിലും പരലോകത്തെ ഉദ്ദേശിക്കുകയും, സത്യവിശ്വാസിയായിക്കൊണ്ടു അതിനു വേണ്ടി അതിന്റേതായ പരിശ്രമം നടത്തുകയും ചെയ്യുന്നതായാല്‍ അങ്ങിനെയുള്ളവരുടെ ആ പരിശ്രമം നന്ദിപൂര്‍വ്വം സ്വീകരിക്കപ്പെടുന്നതായിരിക്കും. എല്ലാവര്‍ക്കും—അക്കൂട്ടര്‍ക്കും ഇക്കൂട്ടര്‍ക്കും—തന്നെ, നിന്റെ റബ്ബിന്റെ ദാനത്തില്‍ നിന്നു നാം നീട്ടിക്കൊടുക്കും. നിന്റെ റബ്ബിന്റെ ദാനം തടയപ്പെട്ടതായിരിക്കയില്ല......(ഇസ്രാഉ് 18–20). സൂ: ശൂറായില്‍ പറയുന്നു: مَن كَانَ يُرِيدُ حَرْثَ الْآخِرَةِ - إلى قوله من نصيب (സാരം: ആരെങ്കിലും പരലോകത്തെ കൃഷിയെ —അഥവാ വരുമാനത്തെ—ഉദ്ദേശിക്കുന്ന പക്ഷം അവനു അവന്റെ കൃഷിയില്‍ നാം വര്‍ദ്ധിപ്പിച്ചുകൊടുക്കും. ആരെങ്കിലും ഇഹലോകത്തെ കൃഷിയെ—വരുമാനത്തെ—ഉദ്ദേശിക്കുന്നപക്ഷം, അവനു അതില്‍നിന്നും നാം നല്‍കും. പരലോകത്തില്‍ അവനു യാതൊരു ഓഹരിയും ഇല്ലതാനും. (ശൂറാ 20) ഉദ്ദേശ്യങ്ങള്‍ക്കനുസരിച്ചായിരിക്കും കര്‍മ്മങ്ങള്‍ കണക്കാക്കപ്പെടുന്നതെന്നും, ഓരോരുത്തനും അവന്‍ ഉദ്ദേശിച്ചതാണ് ലഭിക്കുന്നതെന്നും ഹദീസില്‍ വന്നിട്ടുള്ളതും പ്രസ്താവ്യമത്രെ.

വായു, വെള്ളം, ഭക്ഷണം, ആരോഗ്യം, ധനം, കീര്‍ത്തി, സ്വാധീനം എന്നിങ്ങനെ കണക്കററ അനുഗ്രഹങ്ങളെ നല്ലവരെന്നോ ചീത്തപ്പെട്ടവരെന്നോ വ്യത്യാസം കൂടാതെ എല്ലാവര്‍ക്കും ഈ ലോകത്ത് അല്ലാഹു—അവന്‍ ഉദ്ദേശിച്ച

മതായിൽ–നൽകിക്കൊണ്ടിരിക്കുന്നു. പരലോകത്തെ ലക്ഷ്യമാക്കാത്തവരുടെ സൽക്കർമഫലങ്ങൾ അതോടെ അവസാനിക്കുന്നതും പരലോകത്തുവെച്ച് ശിക്ഷമാത്രം അനുഭവിക്കേണ്ടി വരുന്നതുമാണ്. നേരെമറിച്ച് പരലോകത്തെ ലക്ഷ്യമാക്കി പ്രവർത്തിക്കുന്നവർക്ക് അതിനുപുറമെ അവിടെവെച്ചും വമ്പിച്ച അനുഗ്രഹങ്ങൾ ലഭിക്കുകയും ചെയ്യും. ഇതാണ് ഈ വചനങ്ങളുടെയെല്ലാം ആകെ സാരം. സൂ: അഹ്ഖാഫിൽ അല്ലാഹു പറയുന്നു: ويوم يعرض الذين كفروا على النار – إلى قوله عذاب الهون (സാരം: അവിശ്വാസികളെ നരകത്തിങ്കൽ പ്രദർശിപ്പിക്കപ്പെടുന്ന ദിവസം അവരോട് പറയപ്പെടും: നിങ്ങളുടെ വിശിഷ്ട വസ്തുക്കളെയെല്ലാം ഐഹിക ജീവിതത്തിൽവെച്ച് നിങ്ങൾ പാഴാക്കിക്കളയുകയും, അവയെക്കൊണ്ടു നിങ്ങൾ സുഖമെടുക്കുകയും ചെയ്തു. എനി, ഇന്നു നിങ്ങൾക്ക് നിന്ദ്യതയുടെ ശിക്ഷ പ്രതിഫലം നൽകപ്പെടുന്നു. (അഹ്ഖാഫ് 20) അല്ലാഹു തുടർന്നു പറയുന്നു:–

17. അപ്പോൾ യാതൊരുവനോ? അവൻ തന്റെ റബ്ബിങ്കൽനിന്നും വ്യക്തമായ ഒരു തെളിവോടെയാകുന്നു, അവങ്കൽ [റബ്ബിങ്കൽ] നിന്നുള്ള ഒരു സാക്ഷി അതിനെ തുടർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു; (കൂടാതെ) അതിനു മുമ്പായി മാതൃക [വഴികാട്ടി]യും, കാരുണ്യവുമായിക്കൊണ്ട് മൂസായുടെ (വേദ) ഗ്രന്ഥവുമുണ്ടുതാനും. [ഇവനാണോ ഐഹിക ജീവിതത്തെ ലക്ഷ്യമാക്കുന്നവനെപ്പോലെ ഖുർആനിൽ അവിശ്വസിക്കുന്നത്?!]

(ഇങ്ങിനെയുള്ള) അക്കൂട്ടർ ഇതിൽ [ഖുർആനിൽ] വിശ്വസിക്കുന്നതാണു. കക്ഷികളിൽനിന്ന് ഇതിൽ ആര് അവിശ്വസിക്കുന്നുവോ, എന്നാൽ നരകമത്രെ അവന്റെ വാഗ്ദത്തസ്ഥാനം. ആകയാൽ, നീ ഇതിനെ സംബന്ധിച്ച് യാതൊരു സന്ദേഹത്തിലും ആയിരിക്കരുതു; നിശ്ചയമായും, ഇതു നിന്റെ റബ്ബിങ്കൽനിന്നുള്ള യഥാർത്ഥമത്രെ. പക്ഷേ, മനുഷ്യരിൽ അധികപേരും വിശ്വസിക്കുന്നില്ല.

١٧- أَفَمَن كَانَ عَلَىٰ بَيِّنَةٍ مِّن رَّبِّهِ وَيَتْلُوهُ شَاهِدٌ مِّنْهُ وَمِن قَبْلِهِ كِتَابُ مُوسَىٰ إِمَامًا وَرَحْمَةً ۚ أُولَٰئِكَ يُؤْمِنُونَ بِهِ ۚ وَمَن يَكْفُرْ بِهِ مِنَ الْأَحْزَابِ فَالنَّارُ مَوْعِدُهُ ۚ فَلَا تَكُ فِي مِرْيَةٍ مِّنْهُ ۚ إِنَّهُ الْحَقُّ مِن رَّبِّكَ وَلَٰكِنَّ أَكْثَرَ النَّاسِ لَا يُؤْمِنُونَ ○

17. أفمن അപ്പോൾ യാതൊരുവനോ كان ആയിരിക്കുന്നു, ആകുന്നു على بينة വ്യക്തമായ തെളിവോടെ من ربه തന്റെ റബ്ബിങ്കൽനിന്നു ويتلوه അതിനോടു തുടരുന്നു, (തുടർന്നു) കൊണ്ടുവരിക്കുന്ന شاهد ഒരു സാക്ഷി منه അവങ്കൽനിന്നുള്ള ومن قبله അതിന്റെ മുമ്പായിട്ടുള്ളതാണും كتاب موسى മൂസായുടെ ഗ്രന്ഥം إماما മാതൃകയായി, വഴികാട്ടിയായി ورحمة കാരുണ്യമായും أولئك അക്കൂട്ടർ يؤمنون به ഇതിൽ (അതിൽ) വിശ്വസിക്കുന്നതാണു, വിശ്വസിക്കും ومن يكفر ആർ (വല്ലവനും) അവിശ്വസിക്കുന്നുവോ به ഇതിൽ, അതിൽ من الأحزاب (സഖ്യ) കക്ഷികളിൽ നിന്നു, (ശത്രു) സംഘങ്ങളിൽപെട്ട فالنار എന്നാൽ നരകം, നരകമത്രെ موعده അവന്റെ വാഗ്ദത്തസ്ഥാനമത്രെ, വാഗ്ദത്തം فلا تك ആകയാൽ നീ ആയിരിക്കരുതു في مرية വല്ല സന്ദേഹത്തിലും منه ഇതിനെ (അതിനെ)പ്പറ്റി إنه الحق നിശ്ചയമായും അതു യഥാർത്ഥമാണു من ربك നിന്റെ റബ്ബിങ്കൽ നിന്നു ولكن പക്ഷെ, എങ്കിലും أكثر الناس മനുഷ്യരിൽ അധികവും لا يؤمنون വിശ്വസിക്കുന്നില്ല.

ഈ വചനത്തിൽ പ്രസ്താവിച്ചതിന്റെ താൽപര്യം ഇങ്ങിനെ വിവരിക്കാം: മനുഷ്യൻ സ്വതവെ തന്നെ തന്റെ ബുദ്ധിശക്തിയിൽനിന്നു ലഭിച്ച വ്യക്തമായ ചില തെളിവുകളോടെയാണ് നിലകൊള്ളുന്നത്. ചിന്താശക്തി, വിവേചനബുദ്ധി, സത്യം സ്വീകരിക്കുവാനുള്ള നൈസർഗ്ഗികബോധം മുതലായവ അല്ലാഹു അവനു നൽകിയിട്ടുണ്ട്. അതിനെ പിൻതാങ്ങി അവയെ ശക്തിപ്പെടുത്തുന്ന അല്ലാഹുവിങ്കൽനിന്നുള്ള ഖുർആനാകുന്ന ഒരു സാക്ഷിയും അതിനെത്തുടർന്ന് വരുന്നു. മാത്രമല്ല അതിനുമുമ്പ് തന്നെ മൂസാ (അ) നബിക്കു അവതരിച്ചിട്ടുള്ള തൗറാത്താകുന്ന വേദഗ്രന്ഥവും നിലവിലുണ്ട്. അതാകട്ടെ, പിൻപറ്റുവാനും മാതൃകയാക്കുവാനും പര്യാപ്തമായ ഒരു അനുഗൃഹീത ഗ്രന്ഥവുമാണ്.

[illegible] ബി[illegible]യോജിച്ച സത്യപ്പെടുത്തുകയും, അതിൽ വിശ്വസിക്കുന്ന [illegible] തങ്ങളുടെ മനഃ കണ്ണുകൊണ്ട് അവയെ വീക്ഷിക്കുന്ന ആളുകൾ ഖുർ [illegible] വിശ്വസിക്കുക തന്നെ ചെയ്യും. ഖുർആനെക്കുറിച്ച് അവയുടെ മനഃ കണ്ണുകൊണ്ട് [illegible] കൊണ്ടു തൃപ്തിയടയുന്ന സത്യനിഷേധികളെപ്പോലെ ആകു [illegible] ഏതു കക്ഷിയിൽപെട്ടവരായിരുന്നാലും അവർക്കുള്ള [illegible] വിശ്വസിക്കാതിരിക്കുന്നതുകൊണ്ട് ഖുർആനെക്കുറിച്ച് ആരും യാതൊരു സംശയവും [illegible] അല്ലാഹുവിങ്കൽ നിന്നുള്ള യഥാർത്ഥ സത്യം തന്നെയാണ്. പക്ഷേ, വേണ്ടത്ര തെളിവുകളു [illegible] അതിൽ വിശ്വസിക്കുവാൻ കൂട്ടാക്കാതിരിക്കുകയാണെന്നുമാത്രം. അതെ, അഹന്ത, [illegible], അസൂയ, ഗർവ്വ്, ചിന്തയില്ലായ്മ ആദിയായ പല കാരണങ്ങളാൽ [illegible] ഖുർആൻ സത്യസന്ധമല്ലെന്നോ, അല്ലാഹുവിങ്കൽനിന്നുള്ളതല്ലെന്നോ വരുന്നില്ല.

فَلَا تَكُ فِي مِرْيَةٍ (ആകയാൽ അതിനെ സംബന്ധിച്ച് നീ യാതൊരു സന്ദേഹത്തിലും ആയിരിക്കരുത്) എന്ന വാക്യത്തിലെ നിർദ്ദേശം നബി (സ) യെക്കാൾ മറ്റുള്ളവരെ ബാധിക്കുന്നതാണ്. ഖുർആനെപ്പറ്റി ഒരു കാര്യത്തിലും ഒരു സംശയവും ഉണ്ടായിരിക്കുവാൻ അവകാശമില്ലാത്ത ആളാണല്ലോ നബി (സ) തിരുമേനി. بَيِّنَة (തെളിവ്) شَاهِد (സാക്ഷി) എന്നീ വാക്കുകൾകൊണ്ടുള്ള വിവക്ഷകൾ വിവരിച്ചതിൽ നിന്ന മനസ്സിലായല്ലോ. വേറെ [illegible] ഈ വാക്കുകൾക്ക് ഇവിടെ വിവക്ഷ നൽകപ്പെട്ടിട്ടുണ്ട്. കൂടുതൽ യുക്തമായി തോന്നിയ അഭിപ്രായമനു സരിച്ചാണ് ഈ വിവരണം നാം സ്വീകരിച്ചത്.

18. ആരാണ്, അല്ലാഹുവിന്റെ പേരിൽ വ്യാജം കെട്ടിച്ചമച്ചവനെക്കാൾ അക്രമിയായുള്ളവൻ?! [ആരുമില്ല] അക്കൂട്ടർ, തങ്ങളുടെ റബ്ബിങ്കൽ പ്രദർശിപ്പിക്ക [ഹാജറാക്ക]പ്പെടുന്നതാണ്; സാക്ഷികൾ പറയുകയും ചെയ്യും: 'ഇക്കൂട്ടർ തങ്ങളുടെ റബ്ബിന്റെ പേരിൽ വ്യാജം പറഞ്ഞവരാകുന്നു. അല്ലാ! (അറിഞ്ഞേക്കുക:) അല്ലാഹുവിന്റെ ശാപം അക്രമികളുടെ മേലുണ്ടാവട്ടെ;

١٨- وَمَنْ أَظْلَمُ مِمَّنِ افْتَرَىٰ عَلَى اللَّهِ كَذِبًا ۚ أُولَٰئِكَ يُعْرَضُونَ عَلَىٰ رَبِّهِمْ وَيَقُولُ الْأَشْهَادُ هَٰؤُلَاءِ الَّذِينَ كَذَبُوا عَلَىٰ رَبِّهِمْ ۚ أَلَا لَعْنَةُ اللَّهِ عَلَى الظَّالِمِينَ ۝

19. അതായത്, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിന്ന തടയുകയും, അതിനു വക്രത(ദുർമ്മാർഗ്ഗം) ആഗ്രഹിക്കുകയും ചെയ്യുന്നവരുടെ (മേൽ); അവരാകട്ടെ—പരലോകത്തിൽ അവിശ്വസിച്ചവരുമാണവർ.'

١٩- الَّذِينَ يَصُدُّونَ عَنْ سَبِيلِ اللَّهِ وَيَبْغُونَهَا عِوَجًا وَهُمْ بِالْآخِرَةِ هُمْ كَافِرُونَ ۝

---

18. وَمَنْ ആരാണ് أَظْلَمُ അധികം അക്രമി مِمَّنِ افْتَرَىٰ കെട്ടിച്ചമച്ചവനെക്കാൾ عَلَى اللَّهِ അല്ലാഹുവിന്റെ പേരിൽ كَذِبًا വ്യാജം أُولَٰئِكَ അക്കൂട്ടർ يُعْرَضُونَ അവർ പ്രദർശിപ്പിക്ക(കാട്ട-ഹാജറാക്ക)പ്പെടും عَلَىٰ رَبِّهِمْ അവരുടെ റബ്ബിങ്കൽ وَيَقُولُ പറയുകയും ചെയ്യും الْأَشْهَادُ സാക്ഷികൾ, ഹാജറുള്ളവർ (രംഗത്തുള്ളവർ) هَٰؤُلَاءِ ഇക്കൂട്ടരത്രെ, ഇവർ الَّذِينَ كَذَبُوا വ്യാജം (കള്ളം) പറഞ്ഞവർ عَلَىٰ رَبِّهِمْ തങ്ങളുടെ റബ്ബിന്റെ മേൽ أَلَا അല്ലാ, അറിയുക لَعْنَةُ اللَّهِ അല്ലാഹുവിന്റെ ശാപം عَلَى الظَّالِمِينَ അക്രമികളുടെ മേൽ ഉണ്ടാവട്ടെ, ഉണ്ടായിരിക്കും 19. الَّذِينَ يَصُدُّونَ തിരിഞ്ഞു കളയുന്ന(തിരിച്ചു വിടുന്ന)വർ عَنْ سَبِيلِ മാർഗ്ഗത്തിൽ നിന്നു اللَّهِ അല്ലാഹുവിന്റെ وَيَبْغُونَهَا അതിനു ആഗ്രഹിക്കുകയും, തേടുകയും عِوَجًا വളവു, വക്രത وَهُمْ അവരാകട്ടെ بِالْآخِرَةِ പരലോകത്തിൽ هُمْ كَافِرُونَ അവർ അവിശ്വാസികളാണു (താനും)

ഇഹത്തിൽ വെച്ചു അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിപ്പറഞ്ഞുകൊണ്ടിരുന്ന ആളുകൾക്കു മഹ്ശർ മഹാ സമ്മേളന സമയത്തു അനുഭവപ്പെടാനിരിക്കുന്ന അപമാനവും വഷളത്തവും അല്ലാഹു മുൻകൂട്ടി അറിയിക്കുകയാണ്. അല്ലാഹുവിന്റെ മുമ്പിൽ അവർ അവിടെ ഹാജറാക്കപ്പെടുമ്പോൾ, അവരുടെ പുണ്യങ്ങളെന്തു അവർ മുമ്പ് ചെയ്തിരുന്ന

അക്രമങ്ങളും അനീതികളും അവിടെ പരസ്യപ്പെടുത്തുകയും, അവർ ശപിക്കപ്പെട്ടവരായി പ്രഖ്യാപിക്കപ്പെടുകയും ചെയ്യുന്നു. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിന്നു സ്വയം തെററിപ്പോകുക, മററുള്ളവരെ തെററിപ്പിക്കുക, സത്യ സനാതന മാർഗ്ഗത്തെ വക്രവും കൊള്ളരുതാത്തതുമായി ചിത്രീകരിക്കുക മുതലായ കൃത്യങ്ങളായിരുന്നുവല്ലോ അവർ ചെയ്തിരുന്നത്. അതെല്ലാം അവിടെവെച്ച് അവരെപ്പററി പരസ്യപ്പെടുത്തപ്പെടും.

അല്ലാഹുവിനു സമന്മാരോ മക്കളോ ഉണ്ടെന്ന വാദം, അവന്റെ അടുക്കൽ വല്ലവരും ശുപാർശ നടത്തി തങ്ങൾക്ക് രക്ഷകിട്ടുമെന്ന വാദം, പരലോകജീവിതത്തെയും പ്രതിഫല നടപടികളെയും കുറിച്ചുള്ള നിഷേധം, വേദഗ്രന്ഥങ്ങളും പ്രവാചകൻമാരും മുഖേന വ്യക്തമായി അറിയിക്കപ്പെട്ടിട്ടുള്ള കാര്യങ്ങളുടെ നിഷേധം, അവയെ കൽപിച്ചുകൂട്ടി ദുർവ്യാഖ്യാനം ചെയ്യൽ ആദിയായവയെല്ലാം അല്ലാഹുവിന്റെ പേരിൽ കള്ളം പറഞ്ഞുണ്ടാക്കൽ തന്നെ. സാക്ഷികൾ (الأشهاد) എന്നു പറഞ്ഞതിൽ, മലക്കുകൾ, പ്രവാചകൻമാർ, സത്യവാൻമാർ എന്നിവരെല്ലാം ഉൾപ്പെടുമായിരിക്കും. സ്വന്തം അവയവങ്ങൾ പോലും പാപികൾക്കെതിരായി സാക്ഷി പറയുമെന്ന് (41: 20; 36; 65 മുതലായ സ്ഥലങ്ങളിൽ) അല്ലാഹു അറിയിച്ചിട്ടുണ്ടുതാനും. സൂറത്തുൽ മുഅ്മിനിൽ അല്ലാഹു പറയുന്നു: إنا لننصر رسلنا والذين آمنوا ـــ إلى قوله سوء الدار (സാരം: ഐഹിക ജീവിതത്തിലും, സാക്ഷികൾ നിലകൊള്ളുന്ന ദിവസത്തിലും നമ്മുടെ റസൂലുകളെയും, വിശ്വസിച്ചവരെയും നിശ്ചയമായും നാം സഹായിക്കും. അതായതു, അക്രമികൾക്ക് അവരുടെ ഒഴികഴിവു ഉപകാരം ചെയ്യാത്ത ദിവസത്തിൽ. അവർക്ക് ശാപമുണ്ടായിരിക്കും. അവർക്ക് കടുത്ത വാസസ്ഥലമുണ്ടായിരിക്കും. (40: 51, 52)

ഇബ്നു ഉമർ (റ)ൽ നിന്ന് അഹ്മദു, ബുഖാരി, മുസ്ലിം (റ) മുതലായ പലരും ഉദ്ധരിച്ച ഒരു ഹദീസിന്റെ സാരം ഇങ്ങിനെയാകുന്നു:—റസൂൽ (സ) ഇപ്രകാരം പറയുന്നതു ഞാൻ കേട്ടിരിക്കുന്നു: 'സത്യവിശ്വാസിയെ അല്ലാഹു അടുത്തുവരുത്തി അവന്റെ കാവലിലാക്കുകയും, (മററു) മനുഷ്യരിൽ നിന്ന് അവരെ മറച്ചു നിറുത്തുകയും, അവന്റെ പാപങ്ങളെ അവനെക്കൊണ്ടു ഏററു പറയിക്കുകയും ചെയ്യും. അവനോട് അവൻ പറയും: ഇന്ന പാപം നിനക്കറിയാമോ? ഇന്ന പാപം നിനക്കറിയാമോ? അവൻ പറയും: രബ്ബേ, എനിക്കറിയാം. അങ്ങനെ അവന്റെ പാപങ്ങളെ അവനെക്കൊണ്ടു സമ്മതിപ്പിക്കുകയും, താൻ നാശത്തിൽ പതിച്ചു (ശിക്ഷാർഹനായി) എന്നു അവനു മനസ്സിൽ തോന്നുകയും ചെയ്യുമ്പോൾ, അല്ലാഹു: എന്നാൽ, ഇഹത്തിൽവെച്ചു നിനക്ക് ഞാൻ അവയെ (മററുള്ളവർ കാണാതെ) മറച്ചു തന്നു. ഇന്നു നിനക്ക് ഞാൻ അവയെ പൊറുത്തു തരുന്നു. പിന്നീട് അവന്റെ നൻമകൾ രേഖപ്പെടുത്തിയ ഗ്രന്ഥം അവനു നൽകപ്പെടും. അവിശ്വാസിയും, കപടവിശ്വാസിയുമാകട്ടെ, അവരെക്കുറിച്ചു സാക്ഷികൾ പറയും: هؤلاء الذين كذبوا على ربهم... (ഇക്കൂട്ടർ, അല്ലാഹുവിന്റെ പേരിൽ കളവു പറഞ്ഞവരാണ്. അല്ലാ അറിയേണ്ടതാണ്: അല്ലാഹുവിന്റെ ശാപം അക്രമികളുടെ മേലുണ്ടാവട്ടെ)' ഈ അക്രമികളെപ്പററി അല്ലാഹു തുടർന്നു പറയുന്നു:—

٢٠- أُولَٰئِكَ لَمْ يَكُونُوا مُعْجِزِينَ فِي الْأَرْضِ وَمَا كَانَ لَهُم مِّن دُونِ اللَّهِ مِنْ أَوْلِيَاءَ ۘ يُضَاعَفُ لَهُمُ الْعَذَابُ ۚ مَا كَانُوا يَسْتَطِيعُونَ السَّمْعَ وَمَا كَانُوا يُبْصِرُونَ ○

20. അക്കൂട്ടർ, ഭൂമിയിൽവെച്ചു (അല്ലാഹുവിനെ) അശക്തരാ(ക്കി തോൽപി)ക്കുന്നവരായിരുന്നില്ല; അല്ലാഹുവിനെ കൂടാതെ അവർക്കു യാതൊരു രക്ഷാകർത്താക്കളും ഉണ്ടായിരുന്നതുമില്ല. അവർക്കു ശിക്ഷ ഇരട്ടിയായി നൽകപ്പെടുന്നതാണ്. അവർക്കു കേൾക്കുവാൻ സാധ്യമായിരുന്നില്ല; അവർ കണ്ടറിഞ്ഞിരുന്നതുമില്ല.

---

20. أولئك അക്കൂട്ടർ لم يكونوا അവരായിരുന്നില്ല, ആയിട്ടില്ല معجزين അസാധ്യ(അശക്ത)മാക്കുന്ന(തോൽപിക്കുന്ന)വർ في الأرض ഭൂമിയിൽ വെച്ചു وما كان ഉണ്ടായിരുന്നതുമില്ല لهم അവർക്കു من دون الله അല്ലാഹുവിനു പുറമെ, അല്ലാഹുവിനെ കൂടാതെ من أولياء രക്ഷാകർത്താക്കളിൽ നിന്ന് (ആരും) ബന്ധുമിത്രങ്ങളായി (ഒരുവരും) يضاعف ഇരട്ടിയായി നൽകപ്പെടും لهم അവർക്കു العذاب ശിക്ഷ ما كانوا അവരായിരുന്നില്ല يستطيعون അവർ(ക്കു)സാധ്യമാകു(മായിരുന്നില്ല) السمع കേൾക്കുവാൻ وما كانوا അവരായിരുന്നതുമില്ല يبصرون അവർ കണ്ടറിയും

വേണ്ടുന്നതൊന്നും കേട്ടു മനസ്സിലാക്കുവാനോ, കണ്ടറിയുവാനോ കൂട്ടാക്കാത്ത നിലപാടാണവർ ഇഹത്തിൽ വെച്ചു കൈക്കൊണ്ടിരുന്നതു. അതാണവർക്ക് ഇത്രയും കടുത്ത അനുഭവം നേരിടുവാൻ കാരണം. വല്ല അഭയമോ സഹായമോ സമ്പാദിച്ചുകൊണ്ടു അല്ലാഹുവിന്റെ പിടിയിൽ പെടാതെ അവനെ തോൽപിച്ചു രക്ഷപ്പെടുവാനുള്ള കഴിവുകൾ ഭൂമിയിൽ അവർക്കുണ്ടായിരുന്നതുകൊണ്ടൊന്നുമല്ല ഇഹലോകത്തുവെച്ചു അല്ലാഹു അവരെ ശിക്ഷിക്കാതിരുന്നത്. ശിക്ഷാനടപടി പരലോകത്തുവെച്ചായിരിക്കുമെന്നുള്ള അവന്റെ നിശ്ചയം അനുസരിച്ചാകുന്നു അതു എന്നു സാരം. അവരുടെ കുറ്റത്തിന്റെ ഗൗരവത്തിനും കാഠിന്യത്തിനും പുറമെ, മറ്റുള്ളവരെക്കൂടി വഴിതെറ്റിക്കുന്നവരായിരുന്നുവല്ലോ അവർ. അതാണവർക്കു ഇരട്ടിക്കണക്കിൽ ശിക്ഷ ലഭിക്കുവാനുള്ള കാരണം. വീണ്ടും അല്ലാഹു തുടരുന്നു:–

٢١- أُولَٰئِكَ الَّذِينَ خَسِرُوا أَنفُسَهُمْ وَضَلَّ عَنْهُم مَّا كَانُوا يَفْتَرُونَ ○

21. അക്കൂട്ടരത്രെ, തങ്ങളെത്തന്നെ (സ്വയം) നഷ്ടപ്പെടുത്തിയവർ. അവർ കെട്ടിച്ചമച്ചിരുന്നതു (എല്ലാം) അവരെ വിട്ടു തെററി (മറഞ്ഞു) പോകുകയും ചെയ്യുന്നതാണ്.

٢٢- لَا جَرَمَ أَنَّهُمْ فِي الْآخِرَةِ هُمُ الْأَخْسَرُونَ ○

22. നിസ്സംശയമത്രെ, അവർ തന്നെയാണ് പരലോകത്തിൽ ഏററവും നഷ്ടക്കാർ എന്നുള്ളതു!

---

21. أُولَٰئِكَ അക്കൂട്ടർ الَّذِينَ خَسِرُوا നഷ്ടപ്പെടുത്തിയവരാണു أَنفُسَهُمْ തങ്ങളുടെ സ്വന്തങ്ങളെ, ദേഹങ്ങളെ (തങ്ങളെത്തന്നെ) وَضَلَّ പിഴച്ചു (തെററി–മറഞ്ഞു–പാഴായി) പോകുകയും ചെയ്യും عَنْهُم അവരെ വിട്ട്, അവരിൽനിന്നു مَا كَانُوا അവരായിരുന്നതു يَفْتَرُونَ അവർ കെട്ടിച്ചമക്കും 22. لَا جَرَمَ കുററമല്ല, തെററല്ല, നിസ്സംശയം (യഥാർത്ഥം തന്നെ–സത്യമായും) വിരോധമില്ല, ഒഴിവില്ല أَنَّهُمْ അവർ (ആകുന്നു) എന്നതു فِي الْآخِرَةِ പരലോകത്തിൽ هُمُ അവർ തന്നെ (യാണു) الْأَخْسَرُونَ അധികം നഷ്ടപ്പെട്ടവർ (എന്നതു)

لَا جَرَمَ (ലാ–ജറമ) എന്ന വാക്കിന്റെ ഘടനയെയും സാക്ഷാൽ അർത്ഥത്തെയും കുറിച്ചു ഭാഷാപണ്ഡിതന്മാർക്കിടയിൽ പല അഭിപ്രായങ്ങളാണുള്ളത്. എങ്കിലും അതിന്റെ തൊട്ടുപറയുന്ന കാര്യം സംശയരഹിതവും, ന്യായയുക്തവുമാണെന്ന അർത്ഥത്തിലാണതിന്റെ പ്രയോഗം എന്നുള്ളതിൽ എല്ലാവരും യോജിക്കുന്നു.

അവിശ്വാസികളായ അക്രമകാരികളുടെ പര്യവസാനത്തെപ്പററി വിവരിച്ചശേഷം സത്യവിശ്വാസികളായ സൽക്കർമ്മികളുടെ ഭാവി എന്തായിരിക്കുമെന്നു തുടർന്നുവിവരിക്കുന്നു:

٢٣- إِنَّ الَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ وَأَخْبَتُوا إِلَىٰ رَبِّهِمْ أُولَٰئِكَ أَصْحَابُ الْجَنَّةِ ۖ هُمْ فِيهَا خَالِدُونَ ○

23. നിശ്ചയമായും, വിശ്വസിക്കുകയും, സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും, തങ്ങളുടെ റബ്ബിങ്കലേക്ക (മടങ്ങി) വിനയപ്പെടുകയും ചെയ്തിട്ടുള്ളവർ, അക്കൂട്ടർ—സ്വർഗ്ഗത്തിന്റെ ആൾക്കാരാകുന്നു. അവരതിൽ നിത്യവാസികളായിരിക്കും.

---

23. إِنَّ നിശ്ചയമായും الَّذِينَ آمَنُوا വിശ്വസിച്ചവർ وَعَمِلُوا പ്രവർത്തിക്കുകയും ചെയ്തു الصَّالِحَاتِ സൽക്കർമ്മങ്ങൾ وَأَخْبَتُوا വിനയപ്പെടുക(ഭക്തിപ്പെടുക)യും ചെയ്തു إِلَىٰ رَبِّهِمْ തങ്ങളുടെ റബ്ബിങ്കലേക്കു أُولَٰئِكَ അക്കൂട്ടർ أَصْحَابُ الْجَنَّةِ സ്വർഗ്ഗക്കാരാകുന്നു هُمْ فِيهَا അവർ അതിൽ خَالِدُونَ നിത്യവാസികളാണ്.

സത്യവിശ്വാസികളുടെ പര്യവസാനത്തെപ്പറ്റി ചുരുക്കി വിവരിച്ചശേഷം രണ്ടുകൂട്ടരുടെയും ഇടക്കു ഉപമ രൂപത്തിൽ ഒരു താരതമ്യം ചൂണ്ടിക്കാട്ടുന്നു.:–

24. (ഈ) രണ്ടു കൂട്ടരുടെയും ഉപമ, അന്ധനും ബധിരനും, കാണുന്നവനും കേൾക്കുന്നവനും (എന്ന) പോലെയാകുന്നു. ഇവർ (രണ്ടു കൂട്ടരും) ഉപമയിൽ സമമാകുമോ?! അപ്പോൾ, നിങ്ങൾ ആലോചിച്ചു നോക്കുന്നില്ലേ?!

٢٤- مَثَلُ الْفَرِيقَيْنِ كَالْأَعْمَىٰ وَالْأَصَمِّ وَالْبَصِيرِ وَالسَّمِيعِ ۚ هَلْ يَسْتَوِيَانِ مَثَلًا ۚ أَفَلَا تَذَكَّرُونَ

---

24. مثل ഉപമ, ഉദാഹരണം, മാതൃക الفريقين രണ്ടുകൂട്ടരുടെ (സംഘങ്ങളുടെ) كالاعمى അന്ധനെപ്പോലെയാണു والاصم ബധിരനെയും والبصير കാണുന്നവനെയും والسميع കേൾക്കുന്നവനെയും هل يستويان ഈരണ്ടു കൂട്ടർ സമമാകുമോ, ഒപ്പമാകുമോ مثلا ഉപമയിൽ افلا تذكرون അപ്പോൾ നിങ്ങൾ ആലോചിക്കുന്നില്ലേ.

അവിശ്വാസികളെ അന്ധൻമാരോടും ബധിരൻമാരോടും, സത്യവിശ്വാസികളെ നേരെ മറിച്ച് കാഴ്ചയും കേൾവിയും ഉള്ളവരോടും ഉപമിപ്പിച്ചിരിക്കുകയാണ്

വിഭാഗം–3

നബി (സ) യെയും, ഖുർആനെയും നിഷേധിക്കുന്ന ഈ മുശ്‌രിക്കുകളെപ്പോലെ, മുൻപ്രവാചകൻമാരെയും അവരുടെ പ്രബോധനങ്ങളെയും നിഷേധിച്ചിരുന്ന ചില സമുദായങ്ങളുടെ കഥകളാണു തുടർന്നു വിവരിക്കുന്നത്. ഒന്നാമത്തെ സമുദായമായ നൂഹ് (അ) നബിയുടെ സമുദായത്തിന്റെ കഥകൊണ്ടുതന്നെ ആരംഭിക്കുകയും ചെയ്യുന്നു:–

25. നൂഹിനെ അദ്ദേഹത്തിന്റെ ജനതയിലേക്ക് നാം അയക്കുകയുണ്ടായി; (അദ്ദേഹം പറഞ്ഞു:) 'നിശ്ചയമായും, ഞാൻ നിങ്ങൾക്കു സ്പഷ്ടമായ ഒരു താക്കീതുകാരനാകുന്നു;

٢٥- وَلَقَدْ أَرْسَلْنَا نُوحًا إِلَىٰ قَوْمِهِ إِنِّي لَكُمْ نَذِيرٌ مُبِينٌ

26. (അതായതു) നിങ്ങൾ അല്ലാഹുവിനെയല്ലാതെ ആരാധിക്കരുതെന്ന്. വേദനയേറിയ ഒരു ദിവസത്തിലെ ശിക്ഷയെ നിങ്ങളുടെ മേൽ ഞാൻ ഭയപ്പെടുന്നു.'

٢٦- أَنْ لَا تَعْبُدُوا إِلَّا اللَّهَ ۖ إِنِّي أَخَافُ عَلَيْكُمْ عَذَابَ يَوْمٍ أَلِيمٍ

---

25. ولقد ارسلنا നാം അയക്കുകയുണ്ടായി, അയച്ചിട്ടുണ്ട് نوحا നൂഹിനെ الى قومه തന്റെ ജനതയിലേക്കു انى നിശ്ചയമായും ഞാൻ لكم നിങ്ങൾക്കു نذير താക്കീതു (മുന്നറിയിപ്പു) കാരനാണു مبين സ്പഷ്ടമായ 26 ان لا تعبدوا നിങ്ങൾ ആരാധിക്കരുതെന്നു الا الله അല്ലാഹുവിനെയല്ലാതെ انى اخاف നിശ്ചയമായും ഞാൻ ഭയപ്പെടുന്നു عليكم നിങ്ങളുടെമേൽ عذاب يوم ഒരു ദിവസത്തെ ശിക്ഷ اليم വേദനയേറിയ

27. അപ്പോൾ, അദ്ദേഹത്തിന്റെ ജനതയിൽനിന്ന് അവിശ്വസിച്ചവരായ പ്രധാനികൾ പറഞ്ഞു: 'ഞങ്ങളെപ്പോലെയുള്ള ഒരു മനുഷ്യനായിട്ടല്ലാതെ നിന്നെ ഞങ്ങൾ കാണുന്നില്ല. ഞങ്ങളിൽ ഏററവും താണവരായുള്ളവരല്ലാതെ– (അതും) പ്രഥമ വീക്ഷണത്തിൽ (ചിന്തിക്കാതെ)– നിന്നെ (ആരും) പിൻപററിയതായി ഞങ്ങൾ കാണുന്നുമില്ല; ഞങ്ങളെക്കാൾ നിങ്ങൾക്ക് വല്ല ശ്രേഷ്ഠതയും (ഉള്ളതായും) ഞങ്ങൾ കാണുന്നില്ല. എന്നല്ല, നിങ്ങളെ വ്യാജം പറയുന്നവരായാണ് ഞങ്ങൾ കരുതുന്നത്.'

٢٧- فَقَالَ الْمَلَأُ الَّذِينَ كَفَرُوا مِن قَوْمِهِ مَا نَرَاكَ إِلَّا بَشَرًا مِّثْلَنَا وَمَا نَرَاكَ اتَّبَعَكَ إِلَّا الَّذِينَ هُمْ أَرَاذِلُنَا بَادِيَ الرَّأْيِ وَمَا نَرَىٰ لَكُمْ عَلَيْنَا مِن فَضْلٍ بَلْ نَظُنُّكُمْ كَاذِبِينَ ○

---

27. فقال അപ്പോൾ പറഞ്ഞു الملأ പ്രമാണികൾ, പ്രധാനികൾ, സംഘക്കാർ الذين كفروا അവിശ്വസിച്ചവരായ من قومه അദ്ദേഹത്തിന്റെ ജനതയിൽ നിന്നു ما نراك നിന്നെ ഞങ്ങൾ കാണുന്നില്ല إلا بشرا ഒരു മനുഷ്യനായല്ലാതെ مثلنا ഞങ്ങളെപ്പോലെയുള്ള وما نراك നിന്നെ ഞങ്ങൾ കാണുന്നുമില്ല اتبعك നിന്നെ പിൻപററിയതായി إلا الذين യാതൊരു കൂട്ടരൊഴികെ هم അവർ أراذلنا ഞങ്ങളിലെ ഏററം താണവരാണു, അധമരാണു بادي الرأي പ്രഥമമായ അഭിപ്രായത്തിൽ, പ്രഥമവീക്ഷണത്തിൽ وما نرى ഞങ്ങൾ കാണുന്നുമില്ല لكم നിങ്ങൾക്കു علينا ഞങ്ങളെക്കാൾ من فضل ഒരു ശ്രേഷ്ഠതയും بل പക്ഷേ എന്നല്ല نظنكم നിങ്ങളെ ഞങ്ങൾ കരുതുന്നു, ഭാവിക്കുന്നു كاذبين വ്യാജം പറയുന്നവരായി.

സത്യനിഷേധികളായ ആ പ്രമാണിവർഗ്ഗത്തിന്റെ മറുപടിയിൽനിന്നു അവരുടെ അഹന്തയും ദുരഭിമാനവും ഒരുപോലെ വ്യക്തമാകുന്നതാണ്. 1-ാമതായി: നൂഹ് (അ) ഒരു മനുഷ്യനാണ്–മലക്കല്ല–എന്നാണവരുടെ ആക്ഷേപം. മനുഷ്യരെ ഉപദേശിക്കുവാൻ മനുഷ്യനല്ലാതെ പററുകയില്ലെന്നും, മലക്കു ഉപദേശകനായി നിയമിക്കപ്പെടുന്നത് അപ്രായോഗികമാണെന്നും അവർ മനസ്സിലാക്കിയില്ല. താണതരക്കാരായ ആളുകളാണ് അദ്ദേഹത്തെ പിൻപററിയിരിക്കുന്നത്; അതാകട്ടെ, ശരിക്കു ആലോചിക്കാതെ പ്രഥമദൃഷ്ടിയിൽ തന്നെ അദ്ദേഹത്തിന്റെ ഉപദേശം ശരിയാണെന്നു ധരിച്ചുവശായതുമാണ്. ഇതാണ് 2-ാമത്തെ ആരോപണം. ഔന്നത്യത്തിന്റെ കുത്തകാവകാശവും, അധികാരത്തിന്റെ മുത്തക്കുത്തലും പ്രമാണിവർഗ്ഗത്തിന്റെ എക്കാലത്തുമുള്ള പതിവാണ്. ഒരു കാര്യം സത്യമോ ന്യായമോ ആണെന്നുള്ളതിന്റെ ലക്ഷണം അക്കാര്യം സ്വീകരിക്കുന്നവർ പ്രമാണികളോ താണ നിലവാരത്തിലുള്ളവരോ ആയിരിക്കലല്ലല്ലോ. മാത്രമല്ല, മിക്കവാറും എല്ലായ്പ്പോഴും സത്യം സ്വീകരിക്കുവാൻ ആദ്യം മുന്നോട്ടുവരുക ദുർബ്ബല വിഭാഗക്കാരും സാധാരണക്കാരുമായിരിക്കും താനും. പ്രമാണി വർഗ്ഗത്തിന്റെ അഹന്തയും ദുരഭിമാനവും അതിനു വിലങ്ങുതടിയായിരിക്കലാണ് പതിവ്.

ഏതൊരു റസൂലിനെയും അയക്കുമ്പോൾ, അതതു നാട്ടിലെ സുഖലോലുപൻമാരായ ആളുകൾ തങ്ങളുടെ പൂർവ്വാചാരങ്ങളെ കൈവിടുവാൻ വിസമ്മതിക്കാതിരുന്നിട്ടില്ല എന്ന് അല്ലാഹു തന്നെ (43:23ൽ) പ്രസ്താവിച്ചിട്ടുള്ളതാണ്. റോമാചക്രവർത്തിയായ ഹിറഖ്ലിയൂസിനെ ഇസ്ലാമിലേക്ക് ക്ഷണിച്ചുകൊണ്ടു നബി (സ) തിരുമേനിയുടെ കത്ത് കിട്ടിയപ്പോൾ, അദ്ദേഹം ശാമിലുണ്ടായിരുന്ന അബൂസുഫ്‌യാനെ(റ)വിളിപ്പിച്ച് നബി(സ)യെപ്പററി പലതും അന്വേഷിച്ചറിഞ്ഞ കൂട്ടത്തിൽ നബി (സ)യെ പിൻപററിക്കൊണ്ടിരിക്കുന്നത് പ്രമാണി വിഭാഗമോ, ദുർബ്ബലവിഭാഗമോ എന്നു ചോദിക്കുകയുണ്ടായി. ദുർബ്ബല വിഭാഗത്തിൽപെട്ടവരാണെന്നായിരുന്നു അബൂസുഫ്‌യാന്റെ (റ) മറുപടി. റസൂലുകളുടെ അനുയായികൾ അങ്ങിനെത്തന്നെ ആയിരിക്കുമെന്നു അപ്പോൾ ഹിറഖ്ലിയൂസ് പറയുകയുണ്ടായി. നൂഹ് (അ) നബിയിൽ വിശ്വസിച്ചിരുന്നവർ ചെരിപ്പുപണിക്കാരും മററുമായിരുന്നുവെന്നാണ് പറയപ്പെടുന്നത്. അല്ലാഹുവിനറിയാം. നബി (സ) തിരുമേനിയിൽ ആദ്യമാദ്യം വിശ്വസിച്ച പലരും ദുർബ്ബലരും സാധുക്കളുമായിരുന്നുവെന്നുള്ളതു പ്രസിദ്ധമാണല്ലോ.

നൂഹ് (അ) നെ പിൻപററിയ ആ നിസ്സാരൻമാർപോലും നൂഹ് (അ) പറയുന്നതിന്റെ ന്യായാന്യായങ്ങളെപ്പററി ചിന്തിക്കാതെ വഞ്ചിതരായതാണെന്നാണല്ലോ പ്രമാണി വർഗ്ഗത്തിന്റെ ആരോപണം. പ്രവാചകൻമാരുടെ പ്രബോധനങ്ങളുടെ സത്യസന്ധതയും വക്രതയില്ലാത്തതും, പ്രഥമ വീക്ഷണംകൊണ്ടു തന്നെ സത്യത ബോധ്യപ്പെടുന്നതുമായിരിക്കും

അവിടെ വിവർത്തനത്തിനോ കൂടുതൽ ചിന്തക്കോ ആവശ്യമുണ്ടായിരിക്കയില്ല. അതേ സമയത്തു പ്രമാണിവർഗ്ഗത്തിൽ സ്വാഭാവികമായും ഉണ്ടാകുന്ന ദുസ്വാർത്ഥങ്ങളൊന്നും സാധാരണക്കാരെ തീണ്ടിയിരിക്കുകയുമില്ലല്ലോ. അതുകൊണ്ടാണു സാധാരണക്കാർ പ്രവാചകന്മാരെ പിൻപറ്റുവാൻ മടികൂടാതെ മുമ്പോട്ടുവരുവാൻ കാരണമാകുന്നത്. നിഷേധികളുടെ 3-ാമത്തെ ആക്ഷേപം, നൂഹ് (അ) നബിക്കും അദ്ദേഹത്തിൽ വിശ്വസിച്ചവർക്കും തങ്ങളെക്കാൾ മെച്ചപ്പെട്ട യോഗ്യതകളൊന്നും കാണുന്നില്ലെന്നുള്ളതാണ്. അവരുടെ ദൃഷ്ടിയിൽ ധനം, പ്രതാപം മുതലായ ഭൗതിക നേട്ടങ്ങളാണല്ലോ യോഗ്യതയുടെ അളവുകോൽ. ആത്മീയാഭിവൃദ്ധി, മനഃസംസ്കാരം, സന്മാർഗ്ഗനിഷ്ഠപോലുള്ള ഗുണങ്ങളൊന്നും അവരുടെ ദൃഷ്ടിയിൽ യോഗ്യതയായി കാണുകയുമില്ല. ആ സ്ഥിതിക്കു ഈ ആക്ഷേപവും പരിഗണനീയമാകുന്നില്ല.

٢٨- قَالَ يَٰقَوْمِ أَرَءَيْتُمْ إِن كُنتُ عَلَىٰ بَيِّنَةٍ مِّن رَّبِّى وَءَاتَىٰنِى رَحْمَةً مِّنْ عِندِهِۦ فَعُمِّيَتْ عَلَيْكُمْ أَنُلْزِمُكُمُوهَا وَأَنتُمْ لَهَا كَٰرِهُونَ

28. അദ്ദേഹം പറഞ്ഞു: 'എന്റെ ജനങ്ങളേ, നിങ്ങൾ കണ്ടുവോ (പറയുവിൻ): ഞാൻ എന്റെ റബ്ബിങ്കൽ നിന്നുള്ള വ്യക്തമായ തെളിവോടെ ആയിരിക്കുകയും, അവന്റെ പക്കൽനിന്നുള്ള ഒരു കാരുണ്യം എനിക്കു അവൻ നൽകിയിരിക്കുകയുമാണെങ്കിൽ,- എന്നിട്ട്, നിങ്ങൾക്കതു (കണ്ടറിയുവാൻ കഴിയാതെ) അന്ധമാക്കപ്പെടുകയും ചെയ്തിരിക്കുന്നു (വെങ്കിൽ എന്തു ചെയ്യും)?! നിങ്ങൾ അതിനെ വെറുക്കുന്നവരായിരിക്കെ, അതിനു നിങ്ങളെ ഞങ്ങൾ നിർബന്ധം ചെലുത്തുകയോ?!'

---

28. قال അദ്ദേഹം പറഞ്ഞു يا قوم എന്റെ ജനങ്ങളേ أرأيتم നിങ്ങൾ കണ്ടുവോ (പറയുവിൻ) إن كنت ഞാനാകുന്നുവെങ്കിൽ على بينة തെളിവിൻമേൽ, തെളിവോടെ من ربى എന്റെ റബ്ബിങ്കൽനിന്ന് وآتانى അവൻ എനിക്കു നൽകുകയും ചെയ്തു رحمة കാരുണ്യം من عنده അവന്റെ പക്കൽനിന്നു فعميت എന്നിട്ടു അതു അന്ധമാക്കപ്പെട്ടു (കാണാൻ കഴിയാതായി) عليكم നിങ്ങൾക്കു أنلزمكموها അതിനു നിങ്ങളെ (നിങ്ങളോടു) ഞങ്ങൾ നിർബ്ബന്ധിക്കുമോ وأنتم നിങ്ങളായിരിക്കെ لها അതിനെ, അതിനോടു كارهون വെറുക്കുന്നവർ, അതൃപ്തർ.

തെളിവ് വളരെ വ്യക്തമായിരുന്നിട്ടും നിങ്ങൾക്കതുകണ്ടു മനസ്സിലാക്കുവാൻ കഴിയാതെ വരുകയാണെങ്കിൽ വേണ്ട, നിങ്ങൾ വിശ്വസിച്ചേ തീരൂ എന്നു ഞങ്ങൾ നിങ്ങളെ നിർബ്ബന്ധിക്കുന്നില്ല. നിർബ്ബന്ധത്തിന്റെ പ്രശ്നമേ ഇതിലില്ല എന്നു സാരം. കാരുണ്യം (رحمة) കൊണ്ടുദ്ദേശ്യം അദ്ദേഹത്തിനു ലഭിച്ച പ്രവാചകത്വവും ദിവ്യസന്ദേശങ്ങളുമാകുന്നു. ഇതു രണ്ടും അല്ലാഹുവിന്റെ കാരുണ്യംകൊണ്ടുമാത്രം സിദ്ധിക്കുന്നതാണല്ലോ. അദ്ദേഹം തുടരുന്നു:-

٢٩- وَيَٰقَوْمِ لَآ أَسْـَٔلُكُمْ عَلَيْهِ مَالًا

29. 'എന്റെ ജനങ്ങളേ, ഇതിന്റെ [ഈ പ്രബോധനത്തിന്റെ] പേരിൽ ഞാൻ നിങ്ങളോടു (പ്രതിഫലമായി) യാതൊരു ധനവും ചോദിക്കുന്നില്ല.

إِنْ أَجْرِىَ إِلَّا عَلَى ٱللَّهِ وَمَآ أَنَا۠ بِطَارِدِ ٱلَّذِينَ ءَامَنُوٓا۟ إِنَّهُم مُّلَٰقُوا۟ رَبِّهِمْ وَلَٰكِنِّىٓ أَرَىٰكُمْ قَوْمًا تَجْهَلُونَ

എന്റെ പ്രതിഫലം അല്ലാഹുവിന്റെ മേലല്ലാതെ (ബാധ്യത) ഇല്ല. ഞാൻ വിശ്വസിച്ചവരെ ആട്ടിക്കളയുന്നവനല്ല താനും. (കാരണം) അവർ തങ്ങളുടെ റബ്ബുമായി കണ്ടുമുട്ടുന്നവരാകുന്നു. എങ്കിലും ഞാൻ, നിങ്ങളെ അറിഞ്ഞുകൂടാത്ത ഒരു (മൂഢ) ജനതയായി കാണുന്നു.

٣٠- وَيٰقَوْمِ مَنْ يَّنْصُرُنِيْ مِنَ اللّٰهِ اِنْ طَرَدْتُّهُمْ ۗ اَفَلَا تَذَكَّرُوْنَ ○

30. 'എന്റെ ജനങ്ങളേ, ഞാനവരെ ആട്ടിവിട്ടാൽ, ആരാണ് അല്ലാഹുവിൽ നിന്ന് എന്നെ സഹായി(ച്ചു രക്ഷി)ക്കുന്നതു?! അപ്പോഴം, നിങ്ങഠം (ഒട്ടും) ആലോചിച്ചു നോക്കുന്നില്ലേ?!

٣١- وَلَآ اَقُوْلُ لَكُمْ عِنْدِيْ خَزَاۤىِٕنُ اللّٰهِ
وَلَآ اَعْلَمُ الْغَيْبَ
وَلَآ اَقُوْلُ اِنِّيْ مَلَكٌ
وَّلَآ اَقُوْلُ لِلَّذِيْنَ تَزْدَرِيْٓ اَعْيُنُكُمْ
لَنْ يُّؤْتِيَهُمُ اللّٰهُ خَيْرًا ۗ

31. '(ജനങ്ങളേ) അല്ലാഹുവിന്റെ ഖജനാക്കഠം എന്റെ പക്കലുണ്ടെന്നു ഞാൻ നിങ്ങളോടു പറയുന്നുമില്ല; ഞാൻ അദൃശ്യകാര്യം അറിയുകയുമില്ല; ഞാൻ ഒരു മലക്കാണെന്നു ഞാൻ പറയുന്നുമില്ല; നിങ്ങളുടെ കണ്ണുകഠം അവഗണിച്ചു (നിസ്സാരമാക്കി) കൊണ്ടിരിക്കുന്നവരെക്കുറിച്ച് 'അവർക്കു അല്ലാഹു ഒരു ഗുണവും നൽകുന്നതേയല്ല' എന്നും ഞാൻ പറയുന്നില്ല.

اَللّٰهُ اَعْلَمُ بِمَا فِيْٓ اَنْفُسِهِمْ ۚ
اِنِّيْٓ اِذًا لَّمِنَ الظّٰلِمِيْنَ ○

അവരുടെ സ്വന്തങ്ങളിൽ (അഥവാ മനസ്സുകളിൽ)ഉള്ളതിനെപ്പററി അല്ലാഹു നല്ലവണ്ണം അറിയുന്നവനാണു. നിശ്ചയമായും ഞാൻ (അങ്ങിനെ പറഞ്ഞാൽ) അപ്പോഴം അക്രമികളിൽ പെട്ടവൻ തന്നെയായിരിക്കും.'

---

29. يَا قَوْمِ എന്റെ ജനങ്ങളെ لَا أَسْأَلُكُمْ ഞാൻ നിങ്ങളോടു ചോദിക്കു(ആവശ്യപ്പെടു)ന്നില്ല عَلَيْهِ ഇതിന്റെ പേരിൽ, ഇതിനു مَالًا ഒരു ധനവും إِنْ أَجْرِيَ എന്റെ പ്രതിഫലമല്ല إِلَّا അല്ലാതെ, മറികെ عَلَى اللَّهِ അല്ലാഹുവിന്റെ മേൽ وَمَا أَنَا ഞാനല്ലതാനും بِطَارِدِ ആട്ടിക്കളയുന്നവനേ الَّذِينَ آمَنُوا വിശ്വസിച്ചവരെ إِنَّهُمْ നിശ്ചയമായും അവർ مُلَاقُوا കണ്ടുമുട്ടുന്നവരാകുന്നു رَبِّهِمْ അവരുടെ റബ്ബുമായി وَلَكِنِّي എന്നാലും ഞാൻ أَرَاكُمْ നിങ്ങളെ ഞാൻ കാണുന്നു قَوْمًا ഒരു ജനതയായി تَجْهَلُونَ അറിയാത്ത(വിഡ്ഢി)കളായ 30. يَا قَوْمِ എന്റെ ജനങ്ങളേ مَنْ يَنْصُرُنِي എന്നെ ആർ സഹായിക്കും مِنَ اللَّهِ അല്ലാഹുവിൽനിന്നു إِنْ طَرَدْتُهُمْ അവരെ ഞാൻ ആട്ടിവിട്ടെങ്കിൽ أَفَلَا تَذَكَّرُونَ അപ്പോഴം നിങ്ങഠം ആലോചിച്ചു (ഓർത്തു) നോക്കുന്നില്ലേ 31. وَلَا أَقُولُ ഞാൻ പറയുന്നമില്ല لَكُمْ നിങ്ങളോടു, عِنْدِي എന്റെ പക്കലുണ്ടെന്നു خَزَائِنُ ഖജനാക്കഠം, ഭണ്ഡാരങ്ങഠം اللَّهِ അല്ലാഹുവിന്റെ وَلَا أَعْلَمُ ഞാൻ അറിയുന്നമില്ല الْغَيْبَ അദൃശ്യം, മറഞ്ഞ കാര്യം وَلَا أَقُولُ ഞാൻ പറയുന്നുമില്ല إِنِّي مَلَكٌ ഞാൻ മലക്കാണെന്നു وَلَا أَقُولُ ഞാൻ പറയുന്നമില്ല لِلَّذِينَ تَزْدَرِي അവഗണിക്കുന്ന (നിസ്സാരമാക്കുന്ന)വരെപ്പററി أَعْيُنُكُمْ നിങ്ങളുടെ കണ്ണുകഠം لَنْ يُؤْتِيَهُمُ അവർക്കു നൽകുകയേ ഇല്ലെന്നു اللَّهُ അല്ലാഹു خَيْرًا ഗുണം, ഒരു നൻമയും اللَّهُ أَعْلَمُ അല്ലാഹു നല്ലവണ്ണം (ഏററം) അറിയുന്നവനാണു بِمَا യാതൊന്നിനെപ്പററി فِي أَنْفُسِهِمْ അവരുടെ സ്വന്തങ്ങളിലുള്ള (മനസ്സിലുള്ള) إِنِّي നിശ്ചയമായും ഞാൻ إِذًا അപ്പോഴം, എന്നാൽ, എങ്കിൽ لَمِنَ الظَّالِمِينَ അക്രമികളിൽപെട്ടവൻ തന്നെ

ആ ജനതയുടെ ആരോപണങ്ങഠംക്കും കുതർക്കങ്ങഠംക്കും നൂഹ് (അ) നബി നൽകിയ മറുപടിയാണിത്. യാതൊരു വ്യാഖ്യാനത്തിന്റെയും സഹായം കൂടാതെ തന്നെ അതിലടങ്ങിയ ആശയങ്ങഠം വ്യക്തമാണ്. അതിൽ നിന്നു നാം പലതും പഠിച്ചു മനസ്സിലാക്കേണ്ടതുള്ളതുകൊണ്ടാണു ആ മറുപടി ഇത്ര വിശദമായി ഇവിടെ അല്ലാഹു ഉദ്ധരിച്ചിരിക്കുന്നതെന്നു പറയേണ്ടതില്ല. അതുകൊണ്ട് ഈ വചനങ്ങളിലടങ്ങിയ പാഠങ്ങളിൽ ചിലതു ഇവിടെ ചൂണ്ടിക്കാട്ടുന്നതു ഉപകാരപ്രദമായിരിക്കും. ഉദാഹരണമായി:—

(1) മതോപദേശം നൽകുന്നവരും, സൻമാർഗ്ഗത്തിലേക്ക ജനങ്ങളെ ക്ഷണിക്കുന്നവരും അല്ലാഹുവിങ്കൽനിന്നുള്ള പ്രതിഫലമല്ലാതെ, ജനങ്ങളിൽനിന്നു യാതൊരു പ്രതിഫലവും ആവശ്യപ്പെടുകയോ പ്രതീക്ഷിക്കുകയോ ചെയ്തുകൂടാ.

(2) ജനങ്ങൾ ഉന്നതവർഗ്ഗത്തിലോ പ്രമാണിവർഗ്ഗത്തിലോ പെട്ടവരാണോ അല്ല എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ സത്യവിശ്വാസത്തെയും സാന്മാർഗ്ഗിക കാര്യങ്ങളെയും വിലയിരുത്തിക്കൂടാത്തതാണ്. (3) ദുർബ്ബലരും സാധുക്കളുമായ ആളുകളായിരിക്കും നല്ല കാര്യങ്ങളിലേക്ക് അധികം മുന്നോട്ടുവരുക. (4) ഒരു നല്ല കാര്യത്തിൽ മുന്നിട്ടു നില്ക്കുന്നവർ കേവലം താഴെകിടയിലുള്ളവരായതിന്റെ പേരിൽ, മേലേകിടയിലുള്ളവർ അറച്ചു നില്ക്കുന്ന പക്ഷം അതവരുടെ വിഡ്ഢിത്തമാണെന്നു അവരെ ബോധപ്പെടുത്തുകയല്ലാതെ, താഴെകിടക്കാരെ അവഗണിച്ചു കളയുവാൻ പാടില്ല. (5) പ്രവാചകൻമാർക്കുപോലും അദൃശ്യമായ കഴിവുകളോ, അദൃശ്യ കാര്യങ്ങളെക്കുറിച്ചുള്ള അറിവോ ഇല്ല. എന്നിരിക്കെ, പ്രവാചകത്വംപോലുമില്ലാത്ത മഹാത്മാക്കളോ, സജ്ജനങ്ങളോ ആയതിന്റെ പേരിൽ ആർക്കും അതു രണ്ടും ഒരിക്കലും ഉണ്ടാകാവതല്ല.

നൂഹ് (അ) നബിയുടെ ഹൃദയസ്പൃക്കായ ഈ നീണ്ട പ്രസ്താവനകൾക്കു ആ ജനതയിൽ നിന്നുണ്ടായ പ്രതികരണം നോക്കുക:—

32. അവർ പറഞ്ഞു: 'നൂഹേ, നീ ഞങ്ങളോട് തർക്കിച്ചു. അങ്ങനെ ഞങ്ങളോടുള്ള തർക്കം നീ (വളരെ) വർദ്ധിപ്പിച്ചു. എന്നാൽ നീ ഞങ്ങളോട് താക്കീത് ചെയ്യുന്ന കാര്യം [ആ ശിക്ഷ] ഞങ്ങൾക്കു കൊണ്ടുവരുക; നീ സത്യം പറയുന്നവനാണെങ്കിൽ! [അതൊന്നു കാണാമല്ലോ]

٣٢- قَالُوا يٰنُوحُ قَدْ جٰدَلْتَنَا فَأَكْثَرْتَ جِدَالَنَا فَأْتِنَا بِمَا تَعِدُنَا إِنْ كُنْتَ مِنَ الصّٰدِقِينَ ○

---

32. قالوا അവർ പറഞ്ഞു يا نوح നൂഹേ قد جادلتنا ഞങ്ങളോടു നീ തർക്കം നടത്തിക്കഴിഞ്ഞു, തർക്കിച്ചിട്ടുണ്ട് فأكثرت അങ്ങിനെ നീ വർദ്ധിപ്പിച്ചു جدالنا ഞങ്ങളോടുള്ള തർക്കം فأتنا എന്നാൽ നീ ഞങ്ങൾക്കു വാ, കൊണ്ടുവാ بما تعدنا നീ ഞങ്ങളെ താക്കീതു ചെയ്യുന്നതുമായി, വാഗ്ദത്തം ചെയ്യുന്നതു إن كنت നീ ആണെങ്കിൽ من الصادقين സത്യം പറയുന്നവരിൽപെട്ട (വൻ)

ഇതായിരുന്നു ആ ധിക്കാരികളുടെ പ്രതികരണം! അവരുടെ അഹന്തയും, ധാർഷ്ട്യവും, പരിഹാസവും അതികഠിനം തന്നെ! ആ മഹാനുഭാവൻ അവസാനമായി പറയുന്നത് നോക്കുക:—

33. അദ്ദേഹം പറഞ്ഞു: 'അല്ലാഹു മാത്രമാണതു നിങ്ങൾക്കു കൊണ്ടുവരുക, അവൻ ഉദ്ദേശിച്ചെങ്കിൽ. നിങ്ങൾ (അവനെ) അശക്തരാ(ക്കിത്തോൽപി)ക്കുന്നവരല്ലതാനും.

٣٣- قَالَ إِنَّمَا يَأْتِيكُمْ بِهِ اللّٰهُ إِنْ شَاءَ وَمَا أَنْتُمْ بِمُعْجِزِينَ ○

34. 'നിങ്ങൾക്കു ഉപദേശം നൽകുവാൻ ഞാൻ ഉദ്ദേശിച്ചാൽ, എന്റെ ഉപദേശം നിങ്ങൾക്ക് ഉപകരിക്കുകയുമില്ല; നിങ്ങളെ വഴിപിഴവിലാക്കുവാൻ അല്ലാഹു ഉദ്ദേശിച്ചിരിക്കുകയാണെങ്കിൽ. അവൻ നിങ്ങളുടെ റബ്ബത്രെ. അവനിലേക്കുതന്നെ നിങ്ങൾ മടക്കപ്പെടുകയും ചെയ്യുന്നു.'

٣٤- وَلَا يَنْفَعُكُمْ نُصْحِيٓ إِنْ أَرَدْتُّ أَنْ أَنْصَحَ لَكُمْ إِنْ كَانَ اللّٰهُ يُرِيدُ أَنْ يُغْوِيَكُمْ هُوَ رَبُّكُمْ وَإِلَيْهِ تُرْجَعُونَ ○

---

33. قال അദ്ദേഹം പറഞ്ഞു إنما يأتيكم നിങ്ങൾക്കു വരും, കൊണ്ടുവരും به അതും കൊണ്ടു, അതിനെ الله അല്ലാഹു (മാത്രം) إن شاء അവൻ ഉദ്ദേശിച്ചാൽ وما أنتم നിങ്ങളല്ല താനും بمعجزين അശക്തരാക്കുന്നവർ (തോൽപിക്കുന്നവർ). 34. ولا ينفعكم നിങ്ങൾക്കു ഉപയോഗം ചെയ്കയുമില്ല نصحي എന്റെ ഉപദേശം, ഗുണകാംക്ഷ إن أردت ഞാൻ ഉദ്ദേശിച്ചാൽ أن أنصح ഞാൻ ഉപദേശിക്കുവാൻ, ഗുണം കാംക്ഷിക്കുവാൻ لكم നിങ്ങളെ, നിങ്ങൾക്കു إن كان ആണെങ്കിൽ الله അല്ലാഹു يريد ഉദ്ദേശിക്കുന്നു (വെങ്കിൽ) أن يغويكم നിങ്ങളെ വഴിപിഴവിലാക്കുവാൻ هو അവൻ ربكم നിങ്ങളുടെ റബ്ബാണ് وإليه അവനിലേക്കുതന്നെ ترجعون നിങ്ങൾ മടക്കപ്പെടുന്നു

നിങ്ങളോടു ഞാൻ ഉപദേശിക്കുന്ന ഈ കാര്യത്തിന് എനിക്ക് യാതൊരു പ്രതിഫലം, സ്വാധീനമോ മറ്റോ ലഭിക്കുവാനില്ല. അല്ലാഹുവിന്റെ കല്പനപ്രകാരം പറയുന്നുവെന്നു മാത്രമേ എനിക്കു പറയുവാനുള്ളൂ. എന്നാൽ ഒരു കാര്യം നിങ്ങളുടെ കർമ്മ ദോഷം നിമിത്തം അവനെ ധിക്കരിച്ച് നിങ്ങളെ ശിക്ഷിക്കുവാനോ, നിങ്ങളുടെ സ്ഥിതിഗതികളിൽ നിങ്ങൾ മാറ്റം വരുത്താതെ ശഠിച്ചു നിൽക്കുന്ന സ്ഥിതിക്ക് നിങ്ങളെ വഴിപിഴച്ച ദുർമ്മാർഗ്ഗികളാക്കി സ്ഥിരപ്പെടുത്തുവാനാണ് അല്ലാഹു ഉദ്ദേശിച്ചിരിക്കുന്നതെന്നു തോന്നുന്നു. ആകയാൽ, നിങ്ങളെ ഉപദേശിക്കുവാൻ എനിയും ഞാൻ ശ്രമിച്ചിട്ട് അതുകൊണ്ടു ഫലം ഉണ്ടാവാൻ വഴി കാണുന്നില്ല. നിങ്ങൾ എന്തു തന്നെ പറഞ്ഞാലും ശരി, നിങ്ങളുടെ റബ്ബ് അല്ലാഹുവാണ്. അവങ്കലേക്കു തന്നെ നിങ്ങൾ മടങ്ങുകയും ചെയ്യും. ഈ ധിക്കാരത്തിന്റെ ഫലം അപ്പോൾ നിങ്ങൾക്കു കാണാം. എന്നൊക്കെ നൂഹ് നബി പറഞ്ഞതിന്റെ സാരം. എത്ര മനോവേദനയോടുകൂടിയായിരിക്കും അദ്ദേഹം ഇതെല്ലാം പറയുന്നതെന്നു ആലോചിച്ചു നോക്കുക! അല്ലാഹു പറയുന്നു:-

35. അഥവാ അവർ പറയുന്നുവോ: 'അദ്ദേഹം കെട്ടിച്ചമച്ചിരിക്കുകയാണെന്ന്'?! പറയുക: 'ഞാനതു കെട്ടിച്ചമച്ചുവെങ്കിൽ, ഞാൻ ചെയ്ത കുറ്റം എന്റെ മേലായിരിക്കും. നിങ്ങൾ കുറ്റം ചെയ്തു കൊണ്ടിരിക്കുന്നതിൽനിന്ന് ഞാൻ (ബാധ്യത)ഒഴിവായവനുമാണ്'.

٣٥- أَمْ يَقُولُونَ افْتَرَاهُ ۖ قُلْ إِنِ افْتَرَيْتُهُ فَعَلَيَّ إِجْرَامِي وَأَنَا بَرِيءٌ مِّمَّا تُجْرِمُونَ ○

---

35. أم അതല്ല, അഥവാ, അതോ يقولون അവർ പറയുന്നു(വോ) افتراه അദ്ദേഹം അതു കെട്ടിച്ചമച്ചുവെന്നു قل പറയുക إن افتريته ഞാനതു കെട്ടിച്ചമച്ചുവെങ്കിൽ فعلي എന്നാൽ എന്റെ മേലാണു إجرامي എന്റെ കുറ്റം ചെയ്യൽ (ഞാൻ ചെയ്ത കുറ്റം) وأنا ഞാനാകട്ടെ, ഞാനും (തന്നെ) بريء (ബാധ്യത) ഒഴിവായവനാണ് مما تجرمون നിങ്ങൾ കുറ്റം ചെയ്തുകൊണ്ടിരിക്കുന്നതിൽ നിന്നു

ഈ വചനം, നൂഹ് (അ) നബിയെയും ജനതയെയും സംബന്ധിച്ചു തന്നെയാണെന്നാണ് ഖുർആൻ വ്യാഖ്യാതാക്കൾ പലരും പറഞ്ഞുകാണുന്നത്. ഇതൊക്കെ നൂഹ് (അ) സ്വയം കെട്ടിപ്പറഞ്ഞുണ്ടാക്കുകയാണെന്നാണ് ആ ജനത പറയുന്നതെങ്കിൽ-വാസ്തവത്തിൽ അതാണവരുടെ വാദവും-അവരോടു ഇന്നിന്നപ്രകാരം മറുപടി പറയണമെന്ന് നൂഹ് (അ) നോടുള്ള കൽപനയായിരിക്കും അപ്പോൾ ഇത്. ഞാൻ ഇതൊക്കെ എന്റെ സ്വന്തം വകയായി പറഞ്ഞുണ്ടാക്കുന്നതാണെങ്കിൽ അതിന്റെ ശിക്ഷയും ബാധ്യതയും നിങ്ങൾക്കില്ല. എനിക്കു മാത്രമായിരിക്കുന്നതാണ്. എന്നാൽ, നിങ്ങൾ അനേകം കുറ്റങ്ങളും തോന്നിയവാസങ്ങളും ചെയ്തുകൊണ്ടേയിരിക്കുകയാണ്. അതിന്റെയെല്ലാം ബാധ്യതയും ശിക്ഷയും നിങ്ങളും പേറേണ്ടിവരും. അതിൽ നിന്ന ഞാൻ ശുദ്ധനുമായിരിക്കും. ഇക്കാര്യം നിങ്ങൾ ഓർമ്മിച്ചിരിക്കണമെന്നു സാരം.

മുഖാതിൽ (റ) മുതലായവരുടെ അഭിപ്രായത്തിൽ ഈ വചനം, നൂഹ് (അ)നെയും ജനതയെയും കുറിച്ചുള്ള സംസാരത്തിന്നിടയിൽ, ആ ജനത ചെയ്തതുപോലെ നബി (സ) തിരുമേനിയുടെ പേരിൽ കള്ളവാദം നടത്തിക്കൊണ്ടിരുന്ന മക്കാ മുശ്‌രിക്കുകളെപ്പറ്റി നബി (സ)യെ അഭിമുഖീകരിച്ചുകൊണ്ടുള്ള ഒരു ഇടവാക്യ (جملة معترضة) മാണിത്. ഈ അഭിപ്രായമാണ് ഇബ്നുകഥീറും, ഇമാം റാസിയും (റ) മററു ചിലരും സ്വീകരിച്ചു കാണുന്നതും. കൂടുതൽ നന്നായി തോന്നുന്നതും ഇതുതന്നെ.

വിഭാഗം-4

36. നൂഹിനു 'വഹ്‌യു' [ദിവ്യസന്ദേശം] നൽകപ്പെട്ടു: 'നിന്റെ ജനങ്ങളിൽനിന്ന വിശ്വസിച്ചു കഴിഞ്ഞവരല്ലാതെ (എനി ആരും) വിശ്വസിക്കുന്നതേയല്ല. ആകയാൽ, അവർ ചെയ്തുകൊണ്ടിരിക്കുന്നതിനെപ്പററി നീ സങ്കടപ്പെടരുത്.

٣٦- وَأُوحِيَ إِلَىٰ نُوحٍ أَنَّهُ لَن يُؤْمِنَ مِن قَوْمِكَ إِلَّا مَن قَدْ آمَنَ فَلَا تَبْتَئِسْ بِمَا كَانُوا يَفْعَلُونَ ○

37. നമ്മുടെ ദൃഷ്ടിയിലായും, നമ്മുടെ 'വഹ്‌യ്' അനുസരിച്ചും നീ കപ്പൽ നിർമ്മിക്കുകയും ചെയ്യുക. (ആ) അക്രമം പ്രവർത്തിച്ചവരുടെ കാര്യത്തിൽ നീ എന്നെ അഭിമുഖീകരിക്കുക [എന്നോടപേക്ഷിക്കുക]യും ചെയ്യരുത്. നിശ്ചയമായും അവർ മുക്കിനശിപ്പിക്കപ്പെടുന്നവരാകുന്നു.'

٣٧- وَاصْنَعِ الْفُلْكَ بِأَعْيُنِنَا وَوَحْيِنَا وَلَا تُخَاطِبْنِي فِي الَّذِينَ ظَلَمُوا إِنَّهُمْ مُغْرَقُونَ ○

---

36. وأوحي വഹ്‌യ് നൽകപ്പെട്ടു إلى نوح നൂഹിലേക്ക്, നൂഹിന് أنه അത് (കാര്യം ആണ്) لن يؤمن വിശ്വസിക്കുകയേ ഇല്ല من قومك നിന്റെ ജനതയിൽ നിന്ന് إلا من യാതൊരുവരല്ലാതെ قد آمن വിശ്വസിച്ചുകഴിഞ്ഞ فلا تبتئس അതിനാൽ നീ സങ്കടപ്പെടേണ്ട, വിഷമപ്പെടരുത് بما كانوا അവരായിരിക്കുന്നതുകൊണ്ടു يفعلون അവർ ചെയ്യുക, (പ്രവർത്തിക്കുക 37. واصنع ഉണ്ടാക്കുക (നിർമ്മിക്കുക) യും ചെയ്യുക الفلك കപ്പൽ بأعيننا നമ്മുടെ ദൃഷ്ടിയിലായി ووحينا നമ്മുടെ വഹ്‌യിലായും (വഹ്‌യ് പ്രകാരവും) ولا تخاطبني എന്നെ അഭിമുഖീകരിക്കുകയും ചെയ്യരുതു في الذين യാതൊരുവരിൽ, ഒരു കൂട്ടരുടെ കാര്യത്തിൽ ظلموا അക്രമം പ്രവർത്തിച്ച إنهم നിശ്ചയമായും അവർ مغرقون മുക്ക (മുക്കി നശിപ്പിക്ക)പ്പെടുന്ന വരാകുന്നു.

തൊള്ളായിരത്തി അമ്പതു കൊല്ലക്കാലം നൂഹ് (അ) ആ ജനങ്ങളിൽ കഴിഞ്ഞുകൂടി. (29: 14) ഇക്കാലമത്രയും രാപ്പകൽ ഭേദമന്യേ ആ ജനതയെ അദ്ദേഹം സത്യവിശ്വാസത്തിലേക്കും, തൗഹീദിലേക്കും ക്ഷണിച്ചുകൊണ്ടിരുന്നു. അവരുടെ ധിക്കാരവും നിഷേധവും വർദ്ധിച്ചതേയുള്ളൂ. (കൂടുതൽ വിവരം സൂ: നൂഹിൽ കാണാം) ഇതുവരെ വിശ്വസിച്ചുകഴിഞ്ഞ ആളുകളല്ലാതെ—അവർ അൽപം സംഖ്യക്കാരായിരുന്നുതാനും—ഇനി ആരും വിശ്വസിക്കുവാൻ പോകുന്നില്ല. അതുകൊണ്ടു അവരെ ഉൻമൂലനം ചെയ്യത്തക്ക ഒരു ശിക്ഷ—ജലപ്രളയം—വരുവാൻ പോകുന്നു. അതിൽ നിന്നു നിങ്ങൾക്കു രക്ഷപ്പെടുവാനായി ഒരു കപ്പൽ നിർമ്മിച്ചുകൊള്ളണം. അതിന്റെ നിർമ്മാണം എന്റെ മേൽനോട്ടത്തിലും, നിർദ്ദേശമനുസരിച്ചും ആയിരിക്കുകയും വേണം എന്നൊക്കെ നൂഹ് (അ) നബിക്ക് അല്ലാഹു വഹ്‌യ് നൽകി. വിശ്വസിക്കാത്ത ആ അക്രമികളുടെ കാര്യത്തിൽ യാതൊരു അപേക്ഷയും, അനുതാപവും നടത്തരുതെന്ന് പ്രത്യേകം ഉണർത്തുകയും ചെയ്തു.

കപ്പൽ നിർമ്മാണത്തെപ്പറ്റി മുമ്പ് മനുഷ്യസമുദായത്തിനു പരിചയമില്ല. അതുകൊണ്ടു കപ്പലിന്റെ ആകൃതിയും, നിർമ്മിക്കേണ്ട രീതിയുമെല്ലാം അല്ലാഹുവിൽനിന്നു ലഭിക്കേണ്ടിയിരുന്നു. അതാണ് നമ്മുടെ ദൃഷ്ടിയിലും നമ്മുടെ വഹ്‌യനുസരിച്ചും (بأعيننا ووحينا) എന്ന വാക്ക് സൂചിപ്പിക്കുന്നത്. പലകകളും, ആണികളുമുള്ളതു (ذات ألواح ودسر) എന്നു സൂറത്തുൽ ഖമറിൽ അതിനെ വിശേഷിപ്പിച്ചിട്ടുള്ളതും പ്രസ്താവ്യമത്രെ. കപ്പൽ കേവലം വളരെ ചെറുതൊന്നുമല്ലായിരുന്നുവെന്ന് 40-ാം വചനത്തിൽ നിന്നു മനസ്സിലാക്കാം. അതിന്റെ വലുപ്പത്തെയും സ്വഭാവത്തെയും പറ്റി പലരും പല പ്രകാരത്തിൽ പറഞ്ഞുകാണാമെങ്കിലും മിക്കവാറും അവ ഇസ്രാഈലീ വർത്തകളിൽപെട്ടവയാകുന്നു. ബൈബ്ളിൽ അതിന്റെ നീളം മുന്നൂറുമുഴവും, വീതി അമ്പതുമുഴവും, ഉയരം മുപ്പതുമുഴവുമായിരുന്നുവെന്നും, അതു മൂന്നു തട്ടുള്ളതായിരുന്നുവെന്നും പ്രസ്താവിച്ചിരിക്കുന്നു. (ഉല്പത്തി 6: 14–16) വാസ്തവം അല്ലാഹുവിന്നറിയാം. വലുപ്പവും ആകൃതിയും അറിയുന്നതിൽ പ്രത്യേക പ്രയോജനമൊന്നുമില്ലല്ലോ.

38. അദ്ദേഹം കപ്പൽ നിർമ്മിച്ചുകൊണ്ടിരിക്കുന്നു. അദ്ദേഹത്തിന്റെ ജനങ്ങളിൽനിന്ന ഓരോ (പ്രമാണി) സംഘവും അദ്ദേഹത്തിന്റെ അടുക്കലൂടെ നടക്കുമ്പോഴൊക്കെയും അവർ അദ്ദേഹത്തെപ്പറ്റി പരിഹസിക്കും.

٣٨- وَيَصْنَعُ الْفُلْكَ وَكُلَّمَا مَرَّ عَلَيْهِ مَلَأٌ مِنْ قَوْمِهِ سَخِرُوا مِنْهُ

قَالَ إِن تَسْخَرُوا مِنَّا فَإِنَّا نَسْخَرُ مِنكُمْ كَمَا تَسْخَرُونَ ۝

അദ്ദേഹം പറഞ്ഞു: 'ഞങ്ങളെപ്പറ്റി നിങ്ങൾ പരിഹസിക്കുന്നുവെങ്കിൽ, നിങ്ങൾ പരിഹസിക്കുന്നതുപോലെ നിശ്ചയമായും, ഞങ്ങൾ നിങ്ങളെക്കുറിച്ചും (വഴിയെ) പരിഹസിക്കുന്നതാണ്.

٣٩- فَسَوْفَ تَعْلَمُونَ مَن يَأْتِيهِ عَذَابٌ يُخْزِيهِ وَيَحِلُّ عَلَيْهِ عَذَابٌ مُّقِيمٌ ۝

39. 'എന്നാൽ, വഴിയെ നിങ്ങൾക്കറിയാം: ആർക്കാണ് അപമാനപ്പെടുത്തുന്ന ശിക്ഷ വരുകയെന്നു, ആരുടെമേലാണ് നിലനിൽക്കുന്ന ശിക്ഷ ഇറങ്ങുകയെന്നും!'

---

38. അദ്ദേഹം നിർമ്മിച്ചുകൊണ്ടിരിക്കുന്നു, നിർമ്മിക്കുകയാണു കപ്പൽ നടക്കു(നടന്നു പോകു)മ്പോഴെല്ലാം അദ്ദേഹത്തിലൂടെ (അടുക്കൽകൂടി) ഒരു സംഘം, കൂട്ടരെ അദ്ദേഹത്തിന്റെ ജനങ്ങളിൽ നിന്നു അവർ പരിഹസി(കളിയാ)ക്കുന്നതാണു അദ്ദേഹത്തെപ്പറ്റി അദ്ദേഹം പറഞ്ഞു നിങ്ങൾ പരിഹസിക്കുന്ന പക്ഷം ഞങ്ങളെപ്പറ്റി എന്നാൽ നിശ്ചയമായും ഞങ്ങൾ, നാം ഞങ്ങൾ പരിഹസിക്കും നിങ്ങളെപ്പറ്റി നിങ്ങൾ പരിഹസിക്കുന്നതുപോലെ. 39. എന്നാൽ വഴിയെ, പിറകെ നിങ്ങൾ അറിയും ആർ, ആരാണു അവന്നു വരും, തനിക്കു വരുന്നതു ശിക്ഷ, വല്ല ശിക്ഷയും അവനെ അപമാനിക്കുന്ന, വഷളാക്കുന്ന ഇറങ്ങി വരുകയും തന്റെ മേൽ ശിക്ഷ നിലനിൽക്കുന്ന (മുറിയാത്ത).

'(പ്രവാചകപ്രവർത്തനം വിട്ടേച്ച് ഇപ്പോൾ ആശാരിപ്പണിയാണോ' എന്നും മറ്റുമൊക്കെ അവർ നൂഹ്(അ)നെ പരിഹസിച്ചിരുന്നതായി രിവായത്തുകൾ കാണാം. രിവായത്തുകളില്ലെങ്കിൽ പോലും ഊഹിക്കാവുന്നതാണ്.

حَتَّىٰ إِذَا جَاءَ أَمْرُنَا وَفَارَ التَّنُّورُ قُلْنَا احْمِلْ فِيهَا مِن كُلٍّ زَوْجَيْنِ اثْنَيْنِ وَأَهْلَكَ إِلَّا مَن سَبَقَ عَلَيْهِ الْقَوْلُ وَمَنْ آمَنَ ۚ

40. അങ്ങനെ (അവസാനം) നമ്മുടെ കൽപന വരുകയും, അടുപ്പ് (ഉറവ് പൊട്ടി) തിളച്ചുമറിയുകയും ചെയ്തപ്പോൾ, നാം പറഞ്ഞു: 'എല്ലാ വസ്തുക്കളിൽനിന്നും രണ്ട് (വീതം) ഇണകളെയും, നിന്റെ വീട്ടുകാരെ (അഥവാ സ്വന്തക്കാരെ)യും നീ അതിൽ കയറ്റിക്കൊള്ളുക; ആർക്കെതിരിൽ (ശിക്ഷയുടെ) വാക്ക മുൻകഴിഞ്ഞിട്ടുണ്ടോ അവരൊഴികെ. വിശ്വസിച്ചവരെയും (കയറ്റിക്കൊള്ളുക)

وَمَا آمَنَ مَعَهُ إِلَّا قَلِيلٌ ۝

അദ്ദേഹത്തോടൊപ്പം അൽപം ആളുകളല്ലാതെ വിശ്വസിച്ചിട്ടില്ലതാനും.

---

40. അങ്ങനെ വന്നപ്പോൾ നമ്മുടെ കൽപന, കാര്യം പൊട്ടി ഒഴുകുകയും തിളച്ചു മറിയുകയും അടുപ്പു, തീക്കുട്ടു നാം പറഞ്ഞു വഹിക്കുക (കയറ്റുക) അതിൽ എല്ലാറ്റിൽ നിന്നും രണ്ടിണകളെ (ഈ) രണ്ടു നിന്റെ ആൾക്കാരെ (കുടുംബത്തെ-സ്വന്തക്കാരെ-വീട്ടുകാരെ)യും യാതൊരുവരൊഴികെ അവരുടെമേൽ മുൻകഴിഞ്ഞിരിക്കുന്നു വാക്കു, വാർത്ത വിശ്വസിച്ചവരെയും വിശ്വസിച്ചിട്ടില്ല, വിശ്വസിച്ചിട്ടില്ലതാനും അദ്ദേഹമൊന്നിച്ചു അൽപം (ആളുകൾ) അല്ലാതെ

41. അദ്ദേഹം (അവരോടു) പറയുകയും ചെയ്തു: 'നിങ്ങൾ അതിൽ കയറിക്കൊള്ളുവിൻ; അല്ലാഹുവിന്റെ നാമത്തിലാണ് അതിന്റെ സഞ്ചാരവും, അതിന്റെ നിറുത്തവും [നങ്കൂരമിടലും]. നിശ്ചയമായും എന്റെ റബ്ബ് വളരെ പൊറുക്കുന്നവനും, കരുണാനിധിയും തന്നെയാണ്.'

٤١- وَقَالَ ارْكَبُوا فِيهَا بِسْمِ اللَّهِ مَجْرِيهَا وَمُرْسَاهَا ۚ إِنَّ رَبِّي لَغَفُورٌ رَّحِيمٌ ۝

---

41. وَقَالَ അദ്ദേഹം പറയുകയും ചെയ്തു ارْكَبُوا കയറുവിൻ, സവാരി ചെയ്യുവിൻ, വാഹനമേറുവിൻ فِيهَا അതിൽ بِسْمِ اللَّهِ അല്ലാഹുവിന്റെ നാമത്തിലാണു مَجْرِيهَا അതിന്റെ നടത്തം, സഞ്ചാരം وَمُرْسَاهَا അതിന്റെ നങ്കൂരമിടലും إِنَّ رَبِّي നിശ്ചയമായും എന്റെ റബ്ബു لَغَفُورٌ വളരെ പൊറുക്കുന്നവൻ തന്നെ رَّحِيمٌ കരുണാനിധിയാണു.

جاء أمرنا (നമ്മുടെ കല്പന വന്നു) എന്നു പറഞ്ഞതിന്റെ ഉദ്ദേശ്യം, ശിക്ഷയെ സംബന്ധിച്ച കല്പന വന്നു എന്നത്രെ. എന്നാൽ, وفار التنور (അടുപ്പു തിളച്ചുമറിഞ്ഞു) എന്ന വാക്കിന്റെ അർത്ഥവും ഉദ്ദേശ്യവും പല പ്രകാരത്തിൽ വിവരിക്കപ്പെട്ടിട്ടുണ്ട്. تنور (തന്നൂർ) എന്ന പദത്തിനു 'അടുപ്പ്', റൊട്ടി ചുടുന്നുള്ള അടുപ്പക്കൂട്' എന്നീ അർത്ഥങ്ങളാണ് അധികമാളും നൽകിക്കാണുന്നത്. 'ഭൂതലം' എന്നൊരർത്ഥം ഇബ്നു അബ്ബാസ് (റ)ൽ നിന്നു നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്. വേറെയും അർത്ഥങ്ങളും പറയപ്പെടാതില്ല. ആ അർത്ഥങ്ങളെ ആധാരമാക്കി ചില കഥകളും പറയപ്പെട്ടിട്ടുണ്ട്. 'അടുപ്പ്', 'തിളച്ചു' എന്നീ അർത്ഥങ്ങളുള്ള ഒരു പദമാണ് وطيس (വത്വീസു്). യുദ്ധം മുറുകിയപ്പോൾ ആപത്തുകൾ മൂർദ്ധന്യത്തിലെത്തുമ്പോൾ حمي الوطيس (അടുപ്പു ചൂടായി) എന്ന് അലങ്കാരരൂപത്തിൽ അറബികൾ പറയാറുണ്ട്. അതുപോലെ, കാര്യം 'ഗൗരവത്തിലെത്തി' എന്ന അർത്ഥത്തിലുള്ള ഒരു അലങ്കാര പ്രയോഗമാണ് فار التنور എന്നത്രെ ചിലരുടെ അഭിപ്രായം. ഇബ്നുകഥീർ (റ) പറയുകയാണ്: 'അതായതു ഭൂമിയിലെ സ്ഥാനങ്ങളായ അടുപ്പുകളിൽ നിന്നു വെള്ളം പൊട്ടിയൊഴുകി അടിയുറപ്പു ഇല്ലാതെ ഉറവുപൊട്ടിത്തെറിക്കുകയായിരുന്നു. മുൻഗാമികളിലും പിൻഗാമികളിലും പെട്ട പണ്ഡിതന്മാരിലുമുള്ള ഭൂരിപക്ഷത്തിന്റെ അഭിപ്രായം ഇതാണ്.' تنور എന്ന പദത്തിനു മറ്റു ചില അർത്ഥങ്ങൾ ഉദ്ധരിച്ചുകൊണ്ടുള്ളതെല്ലാം ഒറ്റപ്പെട്ട അഭിപ്രായങ്ങളാണെന്നും അദ്ദേഹം പ്രസ്താവിച്ചിരിക്കുന്നു.

احمل فيها من كل زوجين اثنين (അതിൽ എല്ലാറ്റിൽനിന്നും ഇരട്ട ഇണകളെ കയറ്റുക) എന്നു പറഞ്ഞതിന്റെ താൽപര്യം എല്ലാ ജീവികളിൽനിന്നും ആണും പെണ്ണുമായി രണ്ടെണ്ണമെന്നാണു അധിക വ്യാഖ്യാതാക്കളും പറയുന്നത്. ജീവികളും ജീവികളല്ലാത്തവയുമായ എല്ലാ വസ്തുക്കളിൽനിന്നും ഇരട്ടകളെന്നും ചിലർക്കഭിപ്രായമുണ്ട്. ഇതു കുറെ വിദൂരമായി തോന്നുന്നു. മനുഷ്യർ ജീവികളിൽനിന്നും മറ്റുള്ള ഉപകരണവസ്തുക്കളിൽനിന്നും ആവശ്യമായതും, സൗകര്യപ്പെട്ടതുമൊക്കെ ഇരട്ടകളെന്നും എന്നും ഉദ്ദേശ്യമാകാവുന്നതാണ്. അല്ലാഹുവിനറിയാം. ഏതായാലും നൂഹ് (അ) നബിയും അദ്ദേഹത്തിന്റെ വീട്ടുകാരും, അദ്ദേഹത്തിൽ വിശ്വസിച്ച സത്യവിശ്വാസികളും അതിൽ കയറി രക്ഷപ്പെട്ടിരുന്നുവെന്നുള്ളതു തീർച്ചതന്നെ. പക്ഷേ, വീട്ടുകാരിൽനിന്നും അദ്ദേഹത്തിന്റെ ഒരു മകൻ ഒഴിവാണെന്നു അടുത്ത വചനത്തിൽ നിന്നു വ്യക്തമാണ്. അദ്ദേഹത്തിന്റെ ഒരു ഭാര്യയും ഒഴിവായിരുന്നുവെന്നും, അവൾ അവിശ്വാസികളുടെ കൂട്ടത്തിലായിരുന്നുവെന്നും സൂ: തഹ്‌രീം: 10-ാം വചനത്തിൽനിന്നും മനസ്സിലാക്കാം. അവിശ്വാസികളിൽ പെട്ട ആരെയും കപ്പലിൽ കയറ്റിയിരിക്കുകയില്ലെന്നു إلا من سبق عليه القول (ആരുടെ പേരിൽ വാക്കു മുൻകഴിഞ്ഞിരിക്കുന്നുവോ അവരൊഴികെ) എന്നു പറഞ്ഞതിൽ നിന്നു സ്പഷ്ടവുമാണ്. നൂഹ് (അ) നബിയിൽ വിശ്വസിച്ചവരുടെ എണ്ണം വളരെ കുറവായിരുന്നുവെന്നു അല്ലാഹു തന്നെ അറിയിച്ചിരിക്കുന്നു. എണ്ണം നിർണ്ണയിച്ചുകൊണ്ടുള്ള ചില റിപ്പോർട്ടുകളും കാണാം. ഒന്നിലും എൺപതിലധികമുള്ളതായി വന്നിട്ടില്ല.

مجريها (മജ്‌രീഹാ) എന്നതിന്റെ സ്ഥാനത്ത് مجراها (മജ്‌റാഹാ) എന്നും വായനയുണ്ട്. അർത്ഥത്തിൽ പറയത്തക്ക വ്യത്യാസമൊന്നുമില്ലതാനും. اركبوا فيها (നിങ്ങൾ അതിൽ കയറിക്കൊള്ളുവിൻ) എന്ന വാക്യവും بسم الله (അല്ലാഹുവിന്റെ നാമത്തിലാണു) എന്നു തുടങ്ങിയ വാക്യവും കൂടി ഒരേ വാക്യമായിട്ടാണ് പല

വ്യാഖ്യാതാക്കളും അര്‍ത്ഥവ്യാഖ്യാനം നല്‍കിക്കാണുന്നത്. അതനുസരിച്ച് ആ വാചകത്തിന്റെ സാരം, അതു സഞ്ചരിക്കുകയും, നിറുത്തുകയും ചെയ്യുമ്പോൾ, 'അല്ലാഹുവിന്റെ നാമത്തില്‍' എന്നു പറഞ്ഞുകൊണ്ടായിരിക്കണം നിങ്ങള്‍ അതില്‍ കയറിയിരിക്കുന്നത് എന്നായിരിക്കും. വാഹനം കയറുമ്പോഴും ഇറങ്ങുമ്പോഴും 'ബിസ്മി' ചൊല്ലുകയും, സന്ദര്‍ഭോചിതമായ സ്തുതികീര്‍ത്തനവും, പ്രാര്‍ത്ഥനയും നടത്തുകയും വേണ്ടതുണ്ടെന്നു ഖുര്‍ആന്‍ കൊണ്ടും ഹദീസുകൊണ്ടും സ്ഥാപിതമായതാണുതാനും.

٤٢- وَهِيَ تَجْرِي بِهِمْ فِي مَوْجٍ كَالْجِبَالِ
وَنَادَىٰ نُوحٌ ابْنَهُ
وَكَانَ فِي مَعْزِلٍ
يَا بُنَيَّ ارْكَب مَّعَنَا
وَلَا تَكُن مَّعَ الْكَافِرِينَ ○

42. അതു [കപ്പല്‍] അവരെയും കൊണ്ടു മലകളെപ്പോലുള്ള (വമ്പിച്ച) തിരമാലയിലൂടെ സഞ്ചരിച്ചുകൊണ്ടിരിക്കുകയാണ്; നൂഹ് തന്റെ മകനെ-അവന്‍ ഒരു അകന്ന സ്ഥലത്തായിരുന്നു-വിളിച്ചു (പറഞ്ഞു): 'എന്റെ കുഞ്ഞുമകനേ! ഞങ്ങളോടൊപ്പം (കപ്പലില്‍) കയറിക്കൊള്ളുക; നീ അവിശ്വാസികളുടെ കൂടെ ആയിരിക്കരുത്.'

٤٣- قَالَ سَآوِي إِلَىٰ جَبَلٍ
يَعْصِمُنِي مِنَ الْمَاءِ
قَالَ لَا عَاصِمَ الْيَوْمَ
مِنْ أَمْرِ اللَّهِ إِلَّا مَن رَّحِمَ
وَحَالَ بَيْنَهُمَا الْمَوْجُ
فَكَانَ مِنَ الْمُغْرَقِينَ ○

43. അവന്‍ പറഞ്ഞു: 'വെള്ളത്തില്‍ നിന്നും' എന്നെ രക്ഷപ്പെടുത്തുന്ന വല്ല മലയിലേക്കും (പോയി) ഞാന്‍ അഭയം പ്രാപിച്ചുകൊള്ളാം.'

അദ്ദേഹം പറഞ്ഞു; 'അല്ലാഹുവിന്റെ കല്‍പനയില്‍ നിന്ന് അവന്‍ കരുണചെയ്തവര്‍ക്കല്ലാതെ ഇന്നു രക്ഷ നല്‍കുന്ന ഒന്നുമില്ല. അവര്‍ രണ്ടാളുമിടയില്‍ തിരമാല മറയിടുകയും ചെയ്തു; അങ്ങനെ, അവന്‍ മുക്കിനശിപ്പിക്കപ്പെട്ടവരിലായിത്തീരുകയും ചെയ്തു.

---

42. وهي അതു تجري സഞ്ചരിക്കുന്നു, നടക്കുകയാണു بهم അവരെയും കൊണ്ട് في موج തിരമാലയില്‍ كالجبال മലകളെപ്പോലെയുള്ള ونادى വിളിക്കുകയും ചെയ്തു نوح നൂഹ് ابنه തന്റെ മകനെ, പുത്രനെ وكان അവനായിരുന്നു في معزل ഒരു അകന്ന (വിട്ട) സ്ഥലത്തില്‍ يا بني എന്റെ കുഞ്ഞുമോനെ (പ്രിയമകനെ) اركب കയറിക്കൊള്ളുക معنا ഞങ്ങളൊന്നിച്ചു, കൂടെ ولا تكن നീ ആയിരിക്കരുത് مع الكافرين അവിശ്വാസികളുടെ കൂടെ. 43 قال അവന്‍ പറഞ്ഞു سآوي ഞാന്‍ അഭയം പ്രാപിച്ചു (ചെന്നു ചേര്‍ന്നു) കൊള്ളാം إلى جبل വല്ല മലയിലേക്കും يعصمني എന്നെ കാക്കുന്ന, രക്ഷപ്പെടുത്തുന്ന من الماء വെള്ളത്തില്‍നിന്നു قال അദ്ദേഹം പറഞ്ഞു لا عاصم രക്ഷപ്പെടുത്തുന്ന (കാക്കുന്ന)തൊന്നുമില്ല اليوم ഇന്നു من أمر കല്‍പനയില്‍ നിന്നു الله അല്ലാഹുവിന്റെ إلا من رحم അവന്‍ കരുണ ചെയ്തവര്‍ക്കല്ലാതെ وحال മറയിടുകയും ചെയ്തു بينهما അവര്‍ക്കു രണ്ടാളുമിടയില്‍ الموج തിര, തിരമാല فكان എന്നിട്ടു (അങ്ങനെ) അവനായിത്തീര്‍ന്നു من المغرقين മുക്കിക്കൊല്ലപ്പെട്ടവരുടെ കൂട്ടത്തില്‍

മകന്‍ അവിശ്വാസികളുടെ കൂട്ടത്തില്‍ പെട്ടവനായിരുന്നു. അതിനാല്‍ അവന്‍ കപ്പലില്‍ കയറിയില്ല. പുത്രവാത്സല്യം സ്വാഭാവികമാണല്ലോ. ആ നിലക്ക് അവന്‍ കപ്പലില്‍ കയറി രക്ഷപ്പെടുകയും, അങ്ങിനെ അവിശ്വാസം ഉപേക്ഷിക്കുവാന്‍ കാരണമാകുകയും ചെയ്താല്‍ കൊള്ളാമെന്ന് അദ്ദേഹം ആഗ്രഹിച്ചു. എങ്കിലും, പ്രവാചകപുത്രനായതുകൊണ്ടു അല്ലാഹുവിന്റെ കല്‍പനാ നിയമത്തില്‍ മാറ്റം വരുകയില്ലല്ലോ.

وَقِيلَ يَا أَرْضُ ابْلَعِي مَاءَكِ وَيَا سَمَاءُ أَقْلِعِي وَغِيضَ الْمَاءُ وَقُضِيَ الْأَمْرُ وَاسْتَوَتْ عَلَى الْجُودِيِّ وَقِيلَ بُعْدًا لِلْقَوْمِ الظَّالِمِينَ ۝

44. പറയപ്പെട്ടു: 'ഭൂമിയേ, നിന്റെ വെള്ളം നീ വിഴുങ്ങുക; ആകാശമേ, നീ വിരമിക്കുക [നിറുത്തൽ ചെയ്യുക] യും ചെയ്യുക.' വെള്ളം വററുകയും, കാര്യം തീരുമാനിക്കപ്പെടുകയും ചെയ്തു. അതു [കപ്പൽ] 'ജൂദി' (മല) യുടെമേൽ (ചെന്നു) ഉറച്ചു നിൽക്കുകയും ചെയ്തു. 'അക്രമികളായ ജനങ്ങൾക്കു വിദൂരം! [കാരുണ്യത്തിൽനിന്നും അവർ എത്രയോ അകന്നു പോയി!]' എന്നു പറയപ്പെടുകയും ചെയ്തു.

---

44. وَقِيلَ പറയപ്പെടുകയും ചെയ്തു يَا أَرْضُ ഭൂമിയെ ابْلَعِي നീ വിഴുങ്ങുക مَاءَكِ നിന്റെ വെള്ളം وَيَا سَمَاءُ ആകാശമേ أَقْلِعِي നീ വിരമിക്കുക, പിൻമാറുക وَغِيضَ വററിപ്പോകയും ചെയ്തു الْمَاءُ വെള്ളം وَقُضِيَ തീരുമാനിക്കപ്പെടുക (കഴിയുക)യും ചെയ്തു الْأَمْرُ കാര്യം, കൽപന وَاسْتَوَتْ ശരിപ്പെടുക(നിലകൊള്ളുക–ഉറച്ചു നിൽക്കുക)യും ചെയ്തു عَلَى الْجُودِيِّ ജൂദിയിൻമേൽ وَقِيلَ പറയപ്പെടുകയും ചെയ്തു بُعْدًا വിദൂരം, അകലം لِلْقَوْمِ ജനങ്ങൾക്ക الظَّالِمِينَ അക്രമികളായ

ആകാശത്തു നിന്നു അതികഠിനമായി മഴ വർഷിച്ചുകൊണ്ടിരുന്നു. ഭൂമിയിൽ എല്ലാം ഇടതൂർന്നു ഉറവും വമിച്ചുകൊണ്ടിരുന്നു. അങ്ങനെയാണ് ജലപ്രളയം ഉണ്ടായിത്തീർന്നത്. സൂ: ഖമറിൽ അല്ലാഹു പറയുന്നു: فَفَتَحْنَا أَبْوَابَ السَّمَاءِ بِمَاءٍ مُنْهَمِرٍ.... (സാരം: കുത്തിച്ചൊരിയുന്ന ഒരു വെള്ളവും കൊണ്ട് ആകാശത്തിന്റെ കവാടങ്ങളെ നാം തുറന്നു വിട്ടു. ഭൂമിയെ നാം ഉറവുകൾ പൊട്ടി ഒഴുക്കുകയും ചെയ്തു. അങ്ങനെ നിർണ്ണയം ചെയ്യപ്പെട്ടുകഴിഞ്ഞ ഒരു കാര്യത്തിൽ ആ വെള്ളം കൂട്ടിമുട്ടി) ധിക്കാരി വർഗ്ഗത്തെ നശിപ്പിക്കുകയെന്നുള്ള അല്ലാഹുവിന്റെ തീരുമാനം നടപ്പിൽ വന്നപ്പോൾ, ആകാശത്തോടു മഴ നിറുത്തുവാനും, ഭൂമിയോട് ഉറവ് നിർത്തുവാനും അവൻ കൽപന കൊടുത്തു. അങ്ങനെ, വെള്ളം വാർന്നു. കപ്പൽ—അല്ലാഹു പറഞ്ഞപോലെ—ജൂദിമലയിൽ അണഞ്ഞുനിലകൊള്ളുകയും ചെയ്തു.

ജൂദിമല അൽജസീറഃ (മെസപൊട്ടേമ്യ) യിലാണെന്നും, മൂസലിലാണെന്നും ഖുർആൻ വ്യാഖ്യാതാക്കൾ പറഞ്ഞു കാണാം. മുൻകാലത്തു രാജ്യാതിർത്തികൾക്കു കൃത്യതയില്ലായിരുന്നതും, കാലാന്തരത്തിലുണ്ടായ അതിർത്തിമാററങ്ങളും മനസ്സിലാക്കുമ്പോൾ ഇതു രണ്ടും ശരിയായിരിക്കുവാൻ ന്യായമുണ്ട്. ജസീറഃക്കും, മൂസലിനും കിഴക്കായി, ഇപ്പോൾ അർമീനിയായിൽ സ്ഥിതി ചെയ്യുന്നതും, സമതലങ്ങളും, പല മലകളും ഉൾക്കൊള്ളുന്നതുമായ അരാറാത്തു പ്രദേശങ്ങളിലെ ഒരു മലയാണു 'ജൂദി' മല. (*) ഈ പേർ ഇപ്പോൾ അത്ര പ്രസിദ്ധമല്ല. കപ്പൽ നിന്ന മലക്കു പ്രത്യേകമുള്ള പേരാണത്. ജൂദി എന്നും ചിലർ അതിനു പറയാറുണ്ട്; അരാറാത്തു എന്ന പേരിലാണ് പൊതുവെ അതറിയപ്പെടുന്നത്. ബൈബ്ളിലും ഈ പേരത്രെ പറഞ്ഞിരിക്കുന്നത്. (ഉൽപത്തി: 8:4.) ഖത്താദഃ (റ) പ്രസ്താവിച്ചതായി, ഒരു പ്രസിദ്ധ ചരിത്രകാരനും കൂടിയായ ഇബ്നു കഥീർ (റ) അദ്ദേഹത്തിന്റെ തഫ്സീറിൽ ഇപ്രകാരം ഉദ്ധരിക്കുന്നു: 'അൽജസീറഃയിൽ പെട്ട ജൂദിമലയിൽ ഒരു ദൃഷ്ടാന്തമായിക്കൊണ്ടു നൂഹ് (അ) നബിയുടെ കപ്പലിനെ അല്ലാഹു അവശേഷിപ്പിച്ചിരിക്കുന്നു. ഈ സമുദായത്തിലെ ആദ്യകാലക്കാർ അത് കാണുകയും ചെയ്തിരിക്കുന്നു. അതിനുശേഷമുണ്ടായ എത്രയോ കപ്പലുകൾ നശിച്ചു ചാമ്പലായിത്തീർന്നു പോയി.' ഖത്താദഃ (റ) ഇതു പറഞ്ഞിട്ട് ആയിരത്തിൽപരം കൊല്ലങ്ങൾ കഴിഞ്ഞുപോയെങ്കിലും ഇക്കാലത്തും അതിന്റെ അവശിഷ്ടങ്ങളെക്കുറിച്ചുള്ള പരാമർശങ്ങളും, അന്വേഷണങ്ങളും ചരിത്ര ഗവേഷകൻമാരിൽ നിന്നു നിലച്ചുപോയിട്ടില്ല. അരാറാത്തു മലമുകളിൽ വളരെ അടി ഉയരത്തിൽവെച്ച് ഒരു അമേരിക്കൻ പുരാവസ്തു ഗവേഷകസംഘം നൂഹ് (അ)ന്റെ കപ്പലിന്റേതെന്നു അനുമാനിക്കപ്പെടുന്ന ഏതാനും അവശിഷ്ടങ്ങൾ കണ്ടെത്തിയതായും അതിന്മേൽ അവർ ഗവേഷണം നടത്തിക്കൊണ്ടിരിക്കുന്നതായും പതിനഞ്ചു കൊല്ലങ്ങൾക്കുമുമ്പ് വർത്തമാന പത്രങ്ങളിൽ (**) നാം

(*) സ്ഥലങ്ങളെപ്പററി മനസ്സിലാക്കുവാൻ 6ഉം 8ഉം ഭൂപടങ്ങൾ നോക്കുക.

(**) പത്രത്തിൽനിന്നുള്ള ഉദ്ധരണി സൂ: അമ്പിയാഇനുശേഷമുള്ള വ്യാഖ്യാനക്കുറിപ്പിൽ ചേർത്തു കാണാം.

കാണുകയുണ്ടായിട്ടുണ്ട്. സൂ: അങ്കബൂത്തിൽ അല്ലാഹു പ്രസ്താവിച്ചത് ഇവിടെ ശ്രദ്ധേയമാകുന്നു: '...അദ്ദേഹത്തെയും കപ്പലിലുള്ളവരെയും നാം രക്ഷപ്പെടുത്തി. അതിനെ നാം ലോകർക്ക ദൃഷ്ടാന്തമാക്കുകയുംചെയ്തിരിക്കുന്നു.' فأنجيناه وأصحاب السفينة وجعلناها آية للعالمين ـ العنكبوت : ١٥

45. നൂഹ് തന്റെ റബ്ബിനെ വിളിച്ചു (പ്രാർത്ഥിച്ചു കൊണ്ടു) പറഞ്ഞു: 'എന്റെ റബ്ബേ! നിശ്ചയമായും, എന്റെ മകൻ എന്റെ വീട്ടുകാരിൽ (അഥവാ സ്വന്തക്കാരിൽ)പെട്ടവനും, നിന്റെ വാഗ്ദാനം യഥാർത്ഥമായുള്ളതുമാണു. നീയാകട്ടെ, വിധികർത്താക്കളിൽ വെച്ചു ഏററം (വലിയ)വിധികർത്താവുമാകുന്നു (വല്ലോ)!'

٤٥- وَنَادَىٰ نُوحٌ رَّبَّهُۥ فَقَالَ رَبِّ إِنَّ ٱبْنِى مِنْ أَهْلِى وَإِنَّ وَعْدَكَ ٱلْحَقُّ وَأَنتَ أَحْكَمُ ٱلْحَٰكِمِينَ ۝

46. അവൻ [റബ്ബു] പറഞ്ഞു: 'നിശ്ചയമായും, അവൻ നിന്റെ വീട്ടുകാരിൽ [സ്വന്തക്കാരിൽ] പെട്ടവനല്ല. (കാരണം) അവൻ നന്നല്ലാത്ത ഒരു പ്രവൃത്തി (ക്കാരൻ) ആകുന്നു. ആകയാൽ, നിനക്കു അറിവില്ലാത്ത കാര്യം (സംബന്ധിച്ചു) എന്നോട് നീ ചോദിക്കരുത്. നീ(അറിവില്ലാത്ത) വിഡ്ഢികളുടെ കൂട്ടത്തിലായിത്തീരുമെന്നതിനാൽ, ഞാൻ നിന്നെ ഉപദേശിക്കുകയാണ്.

٤٦- قَالَ يَٰنُوحُ إِنَّهُۥ لَيْسَ مِنْ أَهْلِكَ ۖ إِنَّهُۥ عَمَلٌ غَيْرُ صَٰلِحٍ ۖ فَلَا تَسْـَٔلْنِ مَا لَيْسَ لَكَ بِهِۦ عِلْمٌ ۖ إِنِّىٓ أَعِظُكَ أَن تَكُونَ مِنَ ٱلْجَٰهِلِينَ ۝

47. അദ്ദേഹം പറഞ്ഞു: 'എന്റെ റബ്ബേ! എനിക്കു അറിവില്ലാത്ത കാര്യം (സംബന്ധിച്ചു) നിന്നോടു ചോദിക്കുന്നതിനെക്കുറിച്ചു ഞാൻ നിന്നോടു ശരണം തേടുന്നു. എനിക്കു നീ പൊറുത്തുതരുകയും, എന്നോടു നീ കരുണചെയ്യുകയും ചെയ്യാത്തപക്ഷം, ഞാൻ നഷ്ടക്കാരിൽ പെട്ടവനായിത്തീരും!'

٤٧- قَالَ رَبِّ إِنِّىٓ أَعُوذُ بِكَ أَنْ أَسْـَٔلَكَ مَا لَيْسَ لِى بِهِۦ عِلْمٌ ۖ وَإِلَّا تَغْفِرْ لِى وَتَرْحَمْنِىٓ أَكُن مِّنَ ٱلْخَٰسِرِينَ ۝

---

45. ونادى വിളിച്ചു نوح നൂഹ് ربه തന്റെ റബ്ബിനെ فقال എന്നിട്ടു പറഞ്ഞു رب എന്റെ റബ്ബേ ان ابني നിശ്ചയമായും എന്റെ മകൻ, പുത്രൻ من أهلي എന്റെ വീട്ടുകാരിൽ (സ്വന്തക്കാരിൽ) പെട്ടവനാകുന്നു وإن وعدك നിശ്ചയമായും നിന്റെ വാഗ്ദാനം الحق യഥാർത്ഥമാണു (താനും) وأنت നീയാകട്ടെ أحكم ഏററം (വലിയ) വിധികർത്താവാകുന്നു الحاكمين വിധികർത്താക്കളിൽ, 46. قال അവൻ പറഞ്ഞു يا نوح നൂഹേ انه നിശ്ചയമായും അവൻ ليس അല്ല, അവനല്ല من أهلك നിന്റെ വീട്ടുകാരിൽ (സ്വന്തക്കാരിൽ) പെട്ട (വൻ) انه നിശ്ചയമായും അവൻ عمل ഒരു പ്രവൃത്തി (പ്രവൃത്തിക്കാരൻ) ആകുന്നു غير صالح നല്ലവനല്ലാത്ത فلا تسألن ആകയാൽ എന്നോടു ചോദിക്കരുതു ما ليس ഇല്ലാത്തതു لك നിനക്ക به അതിനെ علم അറിവു, ഒരു വിവരവും اني നിശ്ചയമായും ഞാൻ أعظك നിന്നെ ഉപദേശിക്കുന്നു, നിനക്കു സദുപദേശം നൽകുന്നു أن تكون നീ ആയിത്തീരുമെന്നതിനാൽ من الجاهلين വിഡ്ഢികളിൽ (വിവരമില്ലാത്തവരിൽ)പെട്ട(വൻ). 47. قال അദ്ദേഹം പറഞ്ഞു رب എന്റെ റബ്ബേ اني أعوذ നിശ്ചയമായും ഞാൻ ശരണം (രക്ഷ)തേടുന്നു بك നിന്നിൽ, നിന്നോടു أن أسألك ഞാൻ നിന്നോടു ചോദിക്കുന്നതിനെക്കുറിച്ചു ما ليس ഇല്ലാത്തതു لي به എനിക്കു അതിനെപ്പററി علم അറിവു, വിവരം وإلا تغفر നീ പൊറുത്തു തരാത്തപക്ഷം لي എനിക്കു وترحمني എനിക്കു കരുണ ചെയ്യുകയും أكن ഞാനായിരിക്കും, ആയിത്തീരും من الخاسرين നഷ്ടപ്പെട്ടവരിൽ പെട്ട(വൻ)

നിന്റെ സ്വന്തക്കാരെയും കപ്പലിൽ കയറ്റിക്കൊള്ളുക (وأهلك) എന്നു അല്ലാഹു അദ്ദേഹത്തോടു കല്പിച്ചിരുന്നതാണ്. അപ്പോൾ, തന്റെ മകനും അതിൽ ഉൾപ്പെടുമെന്നു അദ്ദേഹം കരുതി. കപ്പലിൽ കയറുന്നവരെയെല്ലാം രക്ഷപ്പെടുത്താമെന്നാണല്ലോ ആ കല്പനയുടെ അർത്ഥം. ശിക്ഷയുടെ വാക്ക് മുൻകഴിഞ്ഞവരൊഴികെ (إلا من سبق عليه القول) എന്ന ഉപാധിയിൽ മകൻ ഉൾപ്പെട്ടിരിക്കുന്നുവെന്നു അദ്ദേഹം അന്നേരം അറിഞ്ഞിരുന്നുമില്ല. അങ്ങനെ, മകൻ രക്ഷപ്പെടാൻ മാർഗ്ഗം കാണാതെവന്നപ്പോൾ മകന്റെ കാര്യത്തിൽ അദ്ദേഹം അല്ലാഹുവിനോടു സങ്കടപ്പെട്ടു. വാസ്തവത്തിൽ, അദ്ദേഹം ആ കല്പന മനസ്സിലാക്കിയതിൽ അദ്ദേഹത്തിനു പിഴവു പറ്റിയിട്ടുണ്ടെന്നു അല്ലാഹു അദ്ദേഹത്തെ മനസ്സിലാക്കി. സ്വന്തം മകനെന്ന നിലക്കു അവൻ ബന്ധപ്പെട്ടവനാണെങ്കിലും അവൻ ദുർവൃത്തനായ—അഥവാ അവിശ്വാസിയായ—ആളാണെന്ന നിലക്കു അദ്ദേഹവുമായി ബന്ധം മുറിഞ്ഞുപോയിട്ടുണ്ടെന്നും, അവൻ അവിശ്വാസികളുടെ കൂട്ടത്തിൽ നശിച്ചുപോകേണ്ടവൻ തന്നെയാണെന്നും, അവിശ്വാസികളാരും പ്രവാചകന്റെ ആൾക്കാരായിരിക്കുകയില്ലെന്നും അല്ലാഹു അദ്ദേഹത്തെ അറിയിച്ചു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ കുടുംബത്തിൽപെട്ട സ്വന്തക്കാർക്കെല്ലാം രക്ഷ കിട്ടുമെന്ന് നൂഹ് (അ) ധരിച്ചു. ആ ധാരണ ശരിയല്ലെന്നും, മതബന്ധത്തിൽ ഉൾപ്പെട്ട സ്വന്തക്കാർക്കു മാത്രമാണു രക്ഷാവാഗ്ദാനമുള്ളതെന്നും അല്ലാഹു അദ്ദേഹത്തെ പഠിപ്പിച്ചു.

അദ്ദേഹത്തിന്റെ പക്കൽ വന്ന ധാരണപ്പിശകു തിരുത്തിക്കൊടുത്തപ്പോൾ തന്നെ, കാര്യത്തിന്റെ യഥാർത്ഥം മനസ്സിലാക്കാതെ ഇതുപോലെ മര്യാദയില്ലാത്ത ചോദ്യം ചെയ്യരുതെന്നും, അതു വിഡ്ഢികളുടെ സ്വഭാവമാണെന്നും, അല്ലാഹു അദ്ദേഹത്തെ ഉപദേശിച്ചു. സംഗതി മനസ്സിലായ അദ്ദേഹം തന്റെ പക്കൽ വന്നുപോയ അവിവേകത്തെപ്പറ്റി പശ്ചാത്തപിക്കുകയും, അല്ലാഹുവിനോടു മാപ്പിനും കരുണക്കും അപേക്ഷിക്കുകയും, മേലിൽ ഇത്തരം അവിവേകങ്ങൾ തന്റെ പക്കൽ വന്നുപോകാതെ കാത്തുരക്ഷിക്കണമെന്ന് പ്രാർത്ഥിക്കുകയും ചെയ്തു.

ഈ വചനങ്ങളിൽനിന്നു മനസ്സിലാക്കാവുന്നതും, മനസ്സിരുത്തേണ്ടതുമായ ചില കാര്യങ്ങൾ: (1) നൂഹ് (അ) തന്റെ മകനെപ്പറ്റി അല്ലാഹുവിനോടു സങ്കടം ബോധിപ്പിച്ചതു അല്ലാഹുവിന്റെ കല്പനകളും വിധിവിലക്കുകളും അദ്ദേഹം ലംഘിച്ചുകൊണ്ടുള്ള ഒരു പാപകൃത്യമായിരുന്നില്ല. ആ കല്പന മനസ്സിലാക്കിയതിൽ വന്നുപോയ ഒരു അബദ്ധം മാത്രമാണത്. എങ്കിലും പ്രവാചകത്വവും, ദിവ്യസന്ദേശവും ലഭിച്ചുകൊണ്ടിരിക്കുന്ന ആളായ അദ്ദേഹത്തിന്റെ സ്ഥാനപദവിക്കു യോജിച്ചതായിരുന്നില്ല ആ ചോദ്യം. ആ നിലക്കു അതൊരു പാപമെന്നോണം ഗണിക്കപ്പെട്ടിരിക്കുകയാണ്. പാപമല്ലെങ്കിലും പ്രവാചകന്മാർ ഇത്തരം നിസ്സാര ന്യൂനതകളിൽ നിന്നുപോലും പരിശുദ്ധരായിരിക്കണമെന്നത്രെ ഇതിലടങ്ങിയ തത്വം. അതുകൊണ്ടാണ് പ്രവാചകന്മാരിൽനിന്ന് നിസ്സാരമായ വല്ല പാകപ്പിഴവുകളുണ്ടാകുമ്പോഴെല്ലാം ശക്തിയായ ഭാഷയിൽ അല്ലാഹു അതിനെ തിരുത്തുന്നത്: (2) ആഭിജാത്യം കൊണ്ടോ, പ്രവാചകന്മാരടക്കമുള്ള മഹാന്മാരുമായി അടുത്ത ബന്ധമുള്ളതുകൊണ്ടോ മാത്രം അല്ലാഹുവിങ്കൽ രക്ഷകിട്ടുകയില്ല. ഓരോ വ്യക്തിയുടെയും രക്ഷാശിക്ഷകൾക്കു നിദാനം ആ വ്യക്തിയുടെ വിശ്വാസവും കർമ്മവും തന്നെയായിരിക്കും. (3) കുടുംബപരമായ രക്തബന്ധത്തെക്കാൾ ഗാഢമായ ബന്ധം മതവിശ്വാസം വഴിയുള്ള ബന്ധമാകുന്നു. നൂഹ് (അ)ന്റെ മകനും അദ്ദേഹവും തമ്മിൽ പിതൃപുത്ര ബന്ധമുണ്ടായിരുന്നിട്ടും അവൻ തന്റെ സ്വന്തക്കാരിൽ പെട്ടവനല്ല (إنه ليس من أهلك) എന്നാണല്ലോ അല്ലാഹു പറഞ്ഞത്. ഇതടിസ്ഥാനത്തിൽ തന്നെയാണു മുസ്ലിംകളുടെ വിശിഷ്ടമായ കുടുംബസംഘടനകളെ ഇസ്ലാമിൽ പരസ്പരം സ്വത്തവകാശം വരെ ഇല്ലാതാക്കപ്പെട്ടിരിക്കുന്നതും.

٤٨- قِيلَ يَٰنُوحُ ٱهْبِطْ بِسَلَٰمٍ مِّنَّا وَبَرَكَٰتٍ عَلَيْكَ وَعَلَىٰٓ أُمَمٍ مِّمَّن مَّعَكَ

48. പറയപ്പെട്ടു: 'നൂഹേ, നമ്മുടെ പക്കൽ നിന്നുള്ള ശാന്തിയോടെ ഇറങ്ങിക്കൊള്ളുക; നിന്റെമേലും, നിന്റെ കൂടെയുള്ളവരിൽനിന്നു (ഉണ്ടാകുവാനു)ള്ള സമുദായങ്ങളുടെമേലും അനുഗ്രഹാശിസ്സുകളോടെയും (ഇറങ്ങിക്കൊള്ളുക).

---

48. قيل പറയപ്പെട്ടു يا نوح നൂഹേ اهبط ഇറങ്ങുക, ഇറങ്ങിപ്പോയിക്കൊള്ളുക بسلام സമാധാനത്തോടെ, ശാന്തിയുമായി منا നമ്മിൽ നിന്നുള്ള وبركات ബർക്കത്തു (അഭിവൃദ്ധി-അനുഗ്രഹാശിസ്സു)കളോടെ عليك നിന്റെമേൽ (പേരിൽ) وعلى أمم ചില സമുദായങ്ങളുടെ മേലും ممن യാതൊരുവരിൽ നിന്നുള്ള (ഉണ്ടാകുന്ന) معك നിന്റെ കൂടെയുള്ള

ചില സമുദായങ്ങളുമുണ്ട്, അവർക്കു നാം സൗഖ്യം നൽകിയേക്കും; പിന്നീടു അവർക്കു നമ്മുടെ പക്കൽനിന്ന വേദനയേറിയ ശിക്ഷ ബാധിക്കുകയും ചെയ്യും.'

وَأُمَمٌ سَنُمَتِّعُهُمْ ثُمَّ يَمَسُّهُم مِّنَّا عَذَابٌ أَلِيمٌ ○

وأمم ചില സമുദായങ്ങളുമുണ്ട് سنمتعهم അവർക്കു നാം സുഖം നൽകിയേക്കും ثم يمسهم പിന്നെ അവരെ സ്പർശിക്കും, ബാധിക്കും منا നമ്മിൽ നിന്നു عذاب ശിക്ഷ أليم വേദനയേറിയ.

പ്രളയം അടങ്ങിയശേഷം, അല്ലാഹുവിങ്കൽ നിന്നുള്ള സമാധാനവും ശാന്തിയും ലഭിച്ചവരായും, അനുഗ്രഹങ്ങൾക്കു പാത്രമായവരായുംകൊണ്ടു ഭൂമിയിലേക്കു ഇറങ്ങിക്കൊള്ളുവാനുള്ള ഉത്തരവാണിത്. കപ്പലിലുണ്ടായിരുന്ന സത്യവിശ്വാസികൾക്കു മാത്രമല്ല, അവരിൽനിന്നു ഭാവിയിലുണ്ടാകുവാൻ പോകുന്ന സമുദായങ്ങളിലെ സത്യവിശ്വാസികൾക്കു കൂടി ഈ ആശീർവാദം ബാധകമാണെന്നും, അവരിലുണ്ടാകുന്ന അവിശ്വാസികൾക്കു ഈ അനുഗ്രഹം ബാധകമല്ലെന്നും, കുറച്ചുകാലം അവർക്കു ഭൂമിയിൽ സുഖാനുഗ്രഹങ്ങൾ നൽകപ്പെടുമെന്നും, പിന്നീട് ശിക്ഷ തന്നെയായിരിക്കും ആധാരമെന്നുംകൂടി ഓർമ്മിപ്പിച്ചിരിക്കുന്നു. ഈ ചരിത്രസംഭവത്തെ ചൂണ്ടിക്കൊണ്ട് നബി (സ) യോടായി അല്ലാഹു പറയുന്നു:–

49. (നബിയേ) അവ (യൊക്കെ) അദൃശ്യവാർത്തകളിൽ പെട്ടതാകുന്നു; അവ നിനക്കു നാം 'വഹ്‌യു' നൽകുന്നു. നീയാകട്ടെ, നിന്റെ ജനതയാകട്ടെ, ഇതിനു മുമ്പു അവ അറിയുമായിരുന്നില്ല. ആകയാൽ, നീ ക്ഷമിച്ചുകൊള്ളുക. നിശ്ചയമായും, (ശുഭ) പര്യവസാനം സൂക്ഷ്മത പാലിക്കുന്നവർക്കായിരിക്കും.

٤٩- تِلْكَ مِنْ أَنبَاءِ الْغَيْبِ نُوحِيهَا إِلَيْكَ ۖ مَا كُنتَ تَعْلَمُهَا أَنتَ وَلَا قَوْمُكَ مِن قَبْلِ هَٰذَا ۖ فَاصْبِرْ ۖ إِنَّ الْعَاقِبَةَ لِلْمُتَّقِينَ ○

---

49. تلك അതു, അവ من انباء വാർത്തകളിൽപെട്ടതാണു الغيب അദൃശ്യത്തിന്റെ نوحيها അവ (അതു) നാം വഹ്‌യു നൽകുന്നു اليك നിനക്ക ما كنت നീ ആയിരുന്നില്ല تعلمها അവ അറിയും انت നീ ولا قومك നിന്റെ ജനതയുമില്ല من قبل മുമ്പു هذا ഇതിന്റെ فاصبر ആകയാൽ ക്ഷമിക്കുക ان العاقبة നിശ്ചയമായും പര്യവസാനം للمتقين സൂക്ഷ്മത പാലിക്കുന്നവർക്കാണു.

നബി (സ) തിരുമേനിയും, അവിടുത്തെ ജനതയായ അറബികളും വേദഗ്രന്ഥങ്ങളെപ്പറ്റി മുൻ പരിചയമില്ലാത്തവരാകകൊണ്ട് ഈ സംഭവവും, ഇതുപോലെയുള്ള പ്രാചീനകാല സംഭവങ്ങളും അവരെ സംബന്ധിച്ചിടത്തോളം തികച്ചും അജ്ഞാതങ്ങളാകുന്നു. അപ്പോൾ, പ്രസ്തുത സംഭവങ്ങളെ യഥാർത്ഥ രൂപത്തിൽ നബി (സ) ക്കു വിവരിക്കുവാൻ കഴിയുന്നതു അല്ലാഹുവിങ്കൽ നിന്നുള്ള വഹ്‌യു കൊണ്ടാണെന്ന് സ്പഷ്ടമാണ്. നൂഹ് (അ)ന്റെ ജനത അദ്ദേഹത്തിനെതിരിൽ നടത്തിയ ധിക്കാരനിഷേധങ്ങളുടെ ഫലം അവർ അനുഭവിച്ചതുപോലെ, ഈ മുശ്‌രിക്കുകളുടെ ധിക്കാരത്തിനും താമസിയാതെ അറുതി വരുത്തുകയും, സത്യവിശ്വാസികൾക്ക് രക്ഷ നൽകുകയും ചെയ്യും. അതുവരെ ക്ഷമയും സഹനവും കൈക്കൊള്ളണം. സത്യപ്രബോധനത്തിനെതിരെ ജനങ്ങളിൽ നിന്നുണ്ടാകുന്ന എതിർപ്പുകൾ പ്രകടമാകുന്നത് മുമ്പ് മുതൽക്കേയുള്ള പതിവാണ് എന്നൊക്കെ സാരം.

വിഭാഗം-5

നൂഹ് (അ) നബിയുടെശേഷം, വന്ന ചില പ്രവാചകന്മാരുടെയും, അവരുടെ സമുദായങ്ങൾ അവരുടെനേരെ കൈക്കൊണ്ട നിലപാടുകളുടെയും ചരിത്രം തുടർന്നുള്ള വചനങ്ങളിൽ വിവരിക്കുന്നു. ഹൂദ് (അ) നബിയുടെയും സമുദായത്തിന്റെയും ചരിത്രമാണ് അവയിൽ ആദ്യത്തേതു. ഈ വിഷയകമായി മുമ്പ് സൂറത്തുൽ അഅ്റാഫിലും, ഇനി മുഅ്മിനൂൻ, ശുഅറാഉ്, അഹ്ഖാഫ് മുതലായ സൂറത്തുകളിലും വിവരിക്കപ്പെട്ടിട്ടുണ്ട്. ഓരോ സ്ഥലത്തും വിവരിക്കുമ്പോൾ, മറ്റ സ്ഥലത്തു കാണപ്പെടാത്ത ചില വിവരങ്ങൾ അടങ്ങിയിരിക്കും. ഇതു ഖുർആന്റെ പ്രത്യേക വിവരണ ശൈലികളിൽ ഒന്നാണുതാനും.

50. 'ആദ്' ഗോത്രത്തിലേക്കു അവരുടെ സഹോദരൻ ഹൂദിനെയും (നാം അയച്ചു). അദ്ദേഹം പറഞ്ഞു: 'എന്റെ ജനങ്ങളേ, നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുവിൻ; അവനല്ലാതെ നിങ്ങൾക്കു ഒരു ആരാധ്യനുമില്ല. നിങ്ങൾ കെട്ടിച്ചമക്കുന്നവരല്ലാതെ (മറ്റൊന്നും) അല്ല.

٥٠- وَإِلَىٰ عَادٍ أَخَاهُمْ هُودًا ۚ قَالَ يَا قَوْمِ اعْبُدُوا اللَّهَ مَا لَكُم مِّنْ إِلَٰهٍ غَيْرُهُ ۖ إِنْ أَنتُمْ إِلَّا مُفْتَرُونَ ○

51. 'എന്റെ ജനങ്ങളേ, ഇതിന്റെ [ഈ പ്രബോധനത്തിന്റെ] പേരിൽ നിങ്ങളോടു ഞാൻ ഒരു പ്രതിഫലവും ചോദിക്കുന്നില്ല. എന്റെ പ്രതിഫലം എന്നെ സൃഷ്ടിച്ചുണ്ടാക്കിയവന്റെ മേൽ അല്ലാതെ (ബാധ്യത) ഇല്ല. അപ്പോൾ, നിങ്ങൾ ബുദ്ധികൊടു(ത്ത് ഗ്രഹി)ക്കുന്നില്ലേ?!

٥١- يَا قَوْمِ لَا أَسْأَلُكُمْ عَلَيْهِ أَجْرًا ۖ إِنْ أَجْرِيَ إِلَّا عَلَى الَّذِي فَطَرَنِي ۚ أَفَلَا تَعْقِلُونَ ○

52. എന്റെ ജനങ്ങളേ, നിങ്ങൾ നിങ്ങളുടെ റബ്ബിനോട് പാപമോചനം തേടുകയും, പിന്നെ അവങ്കലേക്കു പശ്ചാത്തപിക്കുകയും ചെയ്യുവിൻ; (എന്നാൽ) അവൻ നിങ്ങൾക്ക ആകാശത്തെ [മഴയെ] സമൃദ്ധമായി അയച്ചു തരുന്നതാണ്;

നിങ്ങളുടെ ശക്തിയിലേക്ക് (കൂടുതൽ) ശക്തി അവൻ നിങ്ങൾക്ക് വർദ്ധിപ്പിക്കുകയും ചെയ്യും. നിങ്ങൾ കുറ്റവാളികളായിക്കൊണ്ടു തിരിഞ്ഞുകളയുകയും ചെയ്യരുതു.

٥٢- وَيَا قَوْمِ اسْتَغْفِرُوا رَبَّكُمْ ثُمَّ تُوبُوا إِلَيْهِ يُرْسِلِ السَّمَاءَ عَلَيْكُم مِّدْرَارًا

وَيَزِدْكُمْ قُوَّةً إِلَىٰ قُوَّتِكُمْ وَلَا تَتَوَلَّوْا مُجْرِمِينَ ○

---

50. والى عاد ആദിലേക്കും (ആദുഗോത്രത്തിലേക്കും) اخاهم അവരുടെ സഹോദരനെ هودا ഹൂദിനെ قال അദ്ദേഹം പറഞ്ഞു يا قوم എന്റെ ജനങ്ങളെ اعبدوا നിങ്ങൾ ആരാധിക്കുവിൻ الله അല്ലാഹുവിനെ ما لكم നിങ്ങൾക്കില്ല من اله ഒരാരാധ്യനും, ദൈവവും غيره അവനല്ലാതെ ان انتم നിങ്ങളല്ല الا مفترون കെട്ടിച്ചമക്കുന്നവരല്ലാതെ. 51. يا قوم എന്റെ ജനങ്ങളേ لا اسألكم നിങ്ങളോടു ഞാൻ ചോദിക്കുന്നില്ല عليه ഇതിന്റെ (അതിന്റെ) പേരിൽ اجرا ഒരു പ്രതിഫലം ان اجرى എന്റെ പ്രതിഫലം ഇല്ല (അല്ല) الا على മേലല്ലാതെ الذى فطرنى എന്നെ സൃഷ്ടിച്ചുണ്ടാക്കിയവന്റെ افلا تعقلون അപ്പോൾ നിങ്ങൾ ബുദ്ധി കൊടുക്കുന്നില്ലേ, ഗ്രഹിക്കുന്നില്ലേ. 52. ويا قوم (വീണ്ടും) എന്റെ ജനങ്ങളേ استغفروا നിങ്ങൾ പാപമോചനം തേടുവിൻ ربكم നിങ്ങളുടെ റബ്ബിനോടു ثم പിന്നെ, പുറമെ توبوا اليه അവനിലേക്കു പശ്ചാത്തപിക്കുവിൻ يرسل അവൻ അയച്ചുതരും السماء ആകാശം (മഴ) عليكم നിങ്ങളിൽ, നിങ്ങൾക്കു مدرارا സമൃദ്ധമായി, തുടർന്നൊഴുകിക്കൊണ്ടു ويزدكم നിങ്ങൾക്കവൻ വർദ്ധിപ്പിക്കുകയും ചെയ്യും قوة ശക്തി, ഊക്കു الى قوتكم നിങ്ങളുടെ ശക്തിയിലേക്ക് (ശക്തിയിൽ കൂടി) ولا تتولوا നിങ്ങൾ തിരിഞ്ഞുകളയുകയും അരുതു مجرمين കുറ്റവാളികളായിക്കൊണ്ടു.

അവർ [illegible] (*) ആയിരുന്ന പ്രാചീന ഗോത്രമായ ആദ് (عاد الأولى) വർഗ്ഗത്തിന്റെ [illegible] അവരുടെ ഗോത്രത്തിലും കുടുംബത്തിലുംപെട്ട ആളായിരുന്നു ഹൂദ് (അ) [illegible] 'അവരുടെ സഹോദരൻ' എന്നു വിശേഷിപ്പിച്ചിരിക്കുന്നതു. അവരുടെ [illegible] 'നിങ്ങൾ കെട്ടിച്ചമക്കുന്നവരല്ലാതെ മറ്റൊന്നു [illegible] എന്റെ പ്രബോധനംകൊണ്ട് അല്ലാഹുവിങ്കൽ നിന്നുള്ള പ്രതിഫലമല്ലാതെ–നി [illegible] പ്രതിഫലവും ഞാൻ ഉദ്ദേശിക്കുന്നില്ലെന്ന്' നൂഹ് (അ) നബിയെപ്പോലെത്തന്നെ അദ്ദേ [illegible] ഉദ്ബോധിപ്പിച്ചു. അതിനാൽ, തന്റെ പ്രബോധനം നിഷ്കളങ്കമാണെന്നും, അതിൽ സ്വാർത്ഥ [illegible] ഇല്ലെന്നും അദ്ദേഹം വ്യക്തമാക്കി. എല്ലാ പ്രവാചകൻമാരേയുംപോലെ, അദ്ദേഹത്തിനും പ്രധാ [illegible] അല്ലാഹുവിനെയല്ലാതെ ആരാധിക്കരുതെന്ന തൗഹീദു തന്നെ.

[illegible] അവർ വളരെ കയ്യൂക്കും മെയ്യൂക്കുമുള്ള ഒരു വർഗ്ഗമായിരുന്നു. [illegible] അല്ലാഹുവിനെ ആരാധിച്ചും, അവനിലേക്ക് മടങ്ങിയും വന്നാൽ അവൻ നിങ്ങൾക്ക് മഴ സമൃദ്ധ [illegible] നിങ്ങളുടെ നിലവിലുള്ള ശക്തിയിലൂടെ എനിയും നിങ്ങൾക്ക് ശക്തി വർദ്ധിപ്പിക്കുകയും [illegible] എന്ന് അദ്ദേഹം പറഞ്ഞതിൽ നിന്നുതന്നെ ഇതു മനസ്സിലാക്കാം. ഞങ്ങളെക്കാൾ ഊക്കുള്ളവർ ആരാണുള്ള [illegible] എന്ന് അഹങ്കാരപൂർവ്വം അവർ പറയുകയും ചെയ്തിരുന്നു. (41: 15) പശ്ചാത്താപവും, പാപമോചനവും പര [illegible] മാത്രമല്ല. ഇഹത്തിൽവെച്ചും അല്ലാഹുവിന്റെ അനുഗ്രഹം കൂടുതൽ ലഭിച്ചുകൊണ്ടിരിക്കുവാൻ [illegible] എന്ന് അദ്ദേഹം പറഞ്ഞതിൽനിന്നു മനസ്സിലാക്കാം. ഇതുപോലെ നൂഹ് (അ) നബിയും അദ്ദേഹത്തിന്റെ [illegible] പറഞ്ഞതായി സൂ: നൂഹിൽ അല്ലാഹു അറിയിച്ചിട്ടുണ്ട്. ഇബ്നുഅബ്ബാസ് (റ) ൽനിന്ന് നിവേദനം ചെയ്യപ്പെട്ടിട്ടുള്ള ഒരു ഹദീസിൽ നബി (സ) ഇപ്രകാരം പറഞ്ഞതായി വന്നിരിക്കുന്നു: 'ആരെങ്കിലും പാപമോചനം [illegible] കൈവിടാതിരുന്നാൽ അവനു അല്ലാഹു എല്ലാ ഞെരുക്കത്തിൽനിന്നും രക്ഷാമാർഗ്ഗം നൽകുകയും, എല്ലാ [illegible] നിന്നും മുക്തിനൽകുകയും, അവൻ കണക്കാക്കാത്ത വിധത്തിലൂടെ അവന് ഉപജീവനം നൽകുകയും ചെയ്യുന്നതാണ്.' (അ; ദ; ജ.)

53. അവർ പറഞ്ഞു: 'ഹൂദേ, നീ ഞങ്ങൾക്കു (വ്യക്തമായ) ഒരു തെളിവും കൊണ്ടു വന്നിട്ടില്ല; നിന്റെ വാക്കിനാൽ ഞങ്ങൾ ഞങ്ങളുടെ ആരാധ്യ വസ്തുക്കളെ [ദൈവങ്ങളെ] ഉപേക്ഷിക്കുന്നവരല്ലതാനും; ഞങ്ങൾ നിന്നെ വിശ്വസിക്കുന്നവരുമല്ല.

٥٣- قَالُوا يَٰهُودُ مَا جِئْتَنَا بِبَيِّنَةٍ وَمَا نَحْنُ بِتَارِكِىٓ ءَالِهَتِنَا عَن قَوْلِكَ وَمَا نَحْنُ لَكَ بِمُؤْمِنِينَ ○

54. 'ഞങ്ങളുടെ ആരാധ്യവസ്തുക്കളിൽ ചിലതു നിനക്ക് വല്ല തിന്മയും ബാധിപ്പിച്ചിരിക്കുന്നുവെന്നല്ലാതെ ഞങ്ങൾ (ഒന്നും) പറയുന്നില്ല.' അദ്ദേഹം പറഞ്ഞു: 'ഞാൻ അല്ലാഹുവിനെ സാക്ഷ്യപ്പെടുത്തുന്നു-നിങ്ങളും സാക്ഷ്യം വഹിച്ചുകൊള്ളുവിൻ–നിങ്ങൾ പങ്കുചേർക്കുന്നതിൽനിന്ന് ഞാൻ ഒഴിവായവനാണെന്ന്;–

٥٤- إِن نَّقُولُ إِلَّا ٱعْتَرَىٰكَ بَعْضُ ءَالِهَتِنَا بِسُوٓءٍ قَالَ إِنِّىٓ أُشْهِدُ ٱللَّهَ وَٱشْهَدُوٓا۟ أَنِّى بَرِىٓءٌ مِّمَّا تُشْرِكُونَ ○

53. قَالُوا അവർ പറഞ്ഞു يَا هُودُ ഹൂദേ مَا جِئْتَنَا നീ ഞങ്ങൾക്കു വന്നിട്ടില്ല بِبَيِّنَةٍ (ഒരു വ്യക്തമായ) തെളിവുമായി, തെളിവും കൊണ്ടു وَمَا نَحْنُ ഞങ്ങളല്ലതാനും بِتَارِكِي ഉപേക്ഷിക്കുന്നവർ آلِهَتِنَا ഞങ്ങളുടെ ആരാധ്യൻമാരെ (ദൈവങ്ങളെ) عَن قَوْلِكَ നിന്റെ വാക്കിനാൽ. وَمَا نَحْنُ ഞങ്ങളല്ലതാനും لَكَ നിന്നെ بِمُؤْمِنِينَ വിശ്വസിക്കുന്നവർ. 54. إِن نَّقُولُ ഞങ്ങൾ പറയുന്നില്ല إِلَّا اعْتَرَاكَ നിനക്കു ബാധിപ്പിച്ചിരിക്കുന്നു എന്നതല്ലാതെ بَعْضُ ചിലതു آلِهَتِنَا ഞങ്ങളുടെ ആരാധ്യരിൽ(ദൈവങ്ങളിൽ) بِسُوءٍ വല്ല തിന്മയും قَالَ അദ്ദേഹം പറഞ്ഞു إِنِّي أُشْهِدُ നിശ്ചയമായും ഞാൻ സാക്ഷ്യപ്പെടുത്തുന്നു اللَّهَ അല്ലാഹുവിനെ وَاشْهَدُوا നിങ്ങളും സാക്ഷ്യം വഹിക്കുവിൻ أَنِّي ഞാൻ (ആകുന്നു) എന്നു بَرِيءٌ ഒഴിവായവൻ, നിരപരാധി, ബാധ്യതയില്ലാത്തവൻ مِّمَّا تُشْرِكُونَ നിങ്ങൾ പങ്കുചേർക്കുന്നതിൽനിന്നു

(*) പടം 8ഉം മറ്റും നോക്കുക.

55. '(അതെ) അവനു പുറമെ [അവനോട് പങ്കുചേർക്കുന്നതിൽ നിന്നു]. അതിനാൽ, നിങ്ങൾ എല്ലാവരും (കൂടി) എന്നോട് തന്ത്രം പ്രയോഗിച്ചുകൊള്ളുക; പിന്നെ, നിങ്ങൾ എനിക്കു താമസം നൽകേണ്ടാ!

٥٥-مِن دُونِهِۦ فَكِيدُونِى جَمِيعًا ثُمَّ لَا تُنظِرُونِ ○

56. 'നിശ്ചയമായും, എന്റെ റബ്ബും, നിങ്ങളുടെ റബ്ബുമായ അല്ലാഹുവിന്റെ മേൽ ഞാൻ ഭരമേൽപിച്ചിരിക്കുന്നു.

ഒരു (ജീവ) ജന്തുവും തന്നെ, അവൻ അതിന്റെ നെറുകയെ പിടിക്കുന്ന [അതിനെ അടക്കിഭരിക്കുന്ന]വൻ ആയല്ലാതെ ഇല്ല. നിശ്ചയമായും, എന്റെ റബ്ബ് നേരെയുള്ള (ചൊവ്വായ) പാതയിലാണ്.

٥٦-إِنِّى تَوَكَّلْتُ عَلَى ٱللَّهِ رَبِّى وَرَبِّكُم ۚ مَّا مِن دَآبَّةٍ إِلَّا هُوَ ءَاخِذٌۢ بِنَاصِيَتِهَآ ۚ إِنَّ رَبِّى عَلَىٰ صِرَٰطٍ مُّسْتَقِيمٍ ○

57. 'ഇനി, നിങ്ങൾ തിരിഞ്ഞുകളയുകയാണെങ്കിൽ, എന്നെ നിങ്ങളിലേക്ക് യാതൊന്നുമായി അയക്കപ്പെട്ടിരിക്കുന്നുവോ അത് (ഇതാ) നിങ്ങൾക്ക് ഞാൻ എത്തിച്ചുതന്നിട്ടുണ്ട്.

എന്റെ റബ്ബ് നിങ്ങളല്ലാത്ത ഒരു ജനതയെ (നിങ്ങൾക്കു പകരം) പിന്നാലെ കൊണ്ടുവരുകയും ചെയ്യും. അവനു നിങ്ങൾ യാതൊന്നും (തന്നെ) ഉപദ്രവം ചെയ്കയുമില്ല

നിശ്ചയമായും, എന്റെ റബ്ബ് എല്ലാ വസ്തുവിന്റെയും മേൽ(നോട്ടം ചെയ്ത്) കാത്തുപോരുന്നവനാകുന്നു.'

٥٧-فَإِن تَوَلَّوْا۟ فَقَدْ أَبْلَغْتُكُم مَّآ أُرْسِلْتُ بِهِۦٓ إِلَيْكُمْ ۚ وَيَسْتَخْلِفُ رَبِّى قَوْمًا غَيْرَكُمْ وَلَا تَضُرُّونَهُۥ شَيْـًٔا ۚ إِنَّ رَبِّى عَلَىٰ كُلِّ شَىْءٍ حَفِيظٌ ○

---

55. من دونه അവനു പുറമെ فكيدوني അതിനാൽ നിങ്ങളെന്നോടു തന്ത്രം പ്രയോഗിക്കുക جميعا എല്ലാവരും ثم പിന്നീടു لا تنظرون എനിക്കു നിങ്ങൾ താമസം നൽകേണ്ട 56. إني توكلت നിശ്ചയമായും ഞാൻ ഭരമേൽപിച്ചു على الله അല്ലാഹുവിന്റെമേൽ ربي എന്റെ റബ്ബായ وربكم നിങ്ങളുടെ റബ്ബുമായ ما من دابة ഒരു ജന്തുവും (ജീവിയും-ചലിക്കുന്നതും) ഇല്ല إلا هو അവനായിട്ടല്ലാതെ آخذ പിടിക്കുന്നവൻ بناصيتها അതിന്റെ നെറുകയെ, മൂർദ്ധാവിനെ, കുടുമയെ إن ربي നിശ്ചയമായും എന്റെ റബ്ബു على صراط പാതയിലാണു مستقيم നേരെയുള്ള, ചൊവ്വായ 57. فإن تولوا എനി നിങ്ങൾ തിരിഞ്ഞുകളയുന്നപക്ഷം فقد أبلغتكم എന്നാൽ നിങ്ങൾക്കു ഞാൻ എത്തിച്ചുകഴിഞ്ഞു(എത്തിച്ചിട്ടുണ്ടു) ما യാതൊന്നു, എന്തോ أرسلت ഞാൻ അയക്കപ്പെട്ടിരിക്കുന്ന به അതുമായി, അതുകൊണ്ടു إليكم നിങ്ങളിലേക്ക ويستخلف പിന്നാലെ കൊണ്ടു വരിക (പകരം കൊണ്ടുവരിക-പിന്നിൽ വരുത്തുക)യും ചെയ്യും ربي എന്റെ റബ്ബു قوما ഒരു ജനതയെ, വല്ല ജനതയെയും غيركم നിങ്ങളല്ലാത്ത ولا تضرونه അവനെ നിങ്ങൾ ഉപദ്രവം ചെയ്കയുമില്ല شيئا യാതൊന്നും, ഒരു വസ്തുവും إن ربي നിശ്ചയമായും എന്റെ റബ്ബു على كل شيء എല്ലാ വസ്തുവിന്റെമേലും حفيظ കാത്തുപോരുന്ന (മേൽനോട്ടം നടത്തുന്ന)വനാണു

ഹൂദ് (അ) നബി തന്റെ ജനതയെ തൗഹീദിലേക്ക് ക്ഷണിച്ചപ്പോൾ അവരിൽനിന്നുണ്ടായ പ്രതികരണമാണ് ആദ്യം അല്ലാഹു ഉദ്ധരിച്ചത്. പിന്നീട് അതിനെത്തുടർന്ന് അദ്ദേഹം അവരോട് പറഞ്ഞ മറുപടികളും ഉദ്ധരിച്ചിരിക്കുന്നു. നീ ഞങ്ങൾക്ക് ശരിയായ തെളിവൊന്നും നൽകിയിട്ടില്ല, നിന്റെ വാക്കിനെ ആസ്പദമാക്കി ഞങ്ങളുടെ ദൈവങ്ങളെ കൈവെടിയുവാൻ ഞങ്ങൾ തയ്യാറില്ല, നീ പറയുന്നതിൽ ഞങ്ങൾക്ക് വിശ്വാസമില്ല എന്നൊക്കെ പറഞ്ഞതിൽ [illegible] വ്യക്തമാണ്. ഇതിനെല്ലാം കൂടി ചേർത്തു അവരുടെ നിലപാടിൽനിന്ന് [illegible]

കാര്‍ അന്ധവിശ്വാസത്തിന്റെ അടിത്തട്ടില്‍നിന്നുത്ഭവിച്ച ഒരു ആരോപണവും! 'ഞങ്ങളുടെ ചില ദൈവങ്ങളില്‍നിന്നു നിനക്ക് എന്തോ ആപത്ത് ബാധിച്ചിട്ടുണ്ട്' എന്നേ ഞങ്ങള്‍ക്ക് പറയുവാനുള്ളു. അതല്ലാതെ നീ ഇങ്ങിനെ പിച്ചും പേയും പറയുവാന്‍ കാരണമില്ല'. ഒരുവശത്തിലൂടെ ഇതൊരു ആരോപണമാണെങ്കില്‍ മറ്റൊരു വശത്തിലൂടെ ഒരു ഭീഷണികൂടിയാണ്. വിഗ്രഹങ്ങളെ സംബന്ധിച്ച് അവരുടെ അന്ധവിശ്വാസവും, ഭക്തിയും എത്രമേല്‍ ആഴമേറിയതാണെന്ന് ഇതില്‍നിന്ന് മനസ്സിലാക്കാം. ആദ് ഗോത്രത്തില്‍ മാത്രമുള്ള ഒരു വിഡ്ഢിത്തമല്ല ഇത്. വിഗ്രഹങ്ങള്‍, ദേവീദേവന്‍മാര്‍, ജീവിച്ചിരിക്കുന്നവരോ മരണപ്പെട്ടവരോ ആയ മഹാത്മാക്കള്‍, സ്വയം ദിവ്യന്‍മാരായി അഭിനയിക്കുന്ന മനുഷ്യപ്പിശാചുക്കള്‍ എന്നുവേണ്ട അല്ലാഹുവല്ലാത്ത ഏതു വസ്തുവെയും ആരാധ്യവസ്തുക്കളായി അംഗീകരിച്ചുവരുന്ന എല്ലാവരിലും കാണപ്പെടാറുള്ള ഒരു വിഡ്ഢിത്തമത്രെ ഇത്. അതായത് അവയെ വകവെക്കാതെ വല്ലതും ആരെങ്കിലും പറയുകയോ പ്രവര്‍ത്തിക്കുകയോ ചെയ്താല്‍ അവര്‍ക്ക് അവയുടെ ശാപകോപങ്ങള്‍ ബാധിച്ചേക്കുമെന്നും, അതുമൂലം വല്ല ആപത്തുകളും സംഭവിച്ചേക്കുമെന്നുള്ള ധാരണ. ആദ് ജനത പറഞ്ഞതുപോലെ, സന്ദര്‍ഭം കാണുമ്പോള്‍ അവര്‍ അത് തുറന്നുതന്നെ പറയുകയും ചെയ്യും. നേരെമറിച്ച് അല്ലാഹുവിനെ വകവെക്കാതെ തോന്നിയവാസങ്ങളില്‍ മുഴുകിക്കൊണ്ടിരിക്കുന്നപക്ഷം അതുമൂലം വല്ല ആപത്തും സംഭവിച്ചേക്കാമെന്ന ധാരണ അങ്ങിനെയുള്ളവരില്‍ വളരെ ദുര്‍ലഭമായേ കാണപ്പെടുകയുള്ളുതാനും.

ഹൂദ് (അ) നബി അവര്‍ക്ക് നല്‍കിയ മറുപടിയുടെ സാരം ഇതാണ്: നിങ്ങള്‍ എന്തു തന്നെ ആരോപിച്ചാലും ശരി, അല്ലാഹു അല്ലാതെയുള്ള നിങ്ങളുടെ ആരാധ്യവസ്തുക്കളും ഞാനുമായി ഒരു ബന്ധവുമില്ല. അവയില്‍നിന്നെല്ലാം ഞാന്‍ ഒഴിവായവനാണെന്ന് ഞാനിതാ അല്ലാഹുവിനെ സാക്ഷ്യപ്പെടുത്തിക്കൊണ്ട് നിങ്ങളോട് ഉറപ്പിച്ചു പറയുന്നു. യാതൊരു നീക്കുപോക്കും ഈ വിഷയത്തില്‍ എനിക്ക് ചെയ്യാനില്ലെന്നും, നിങ്ങളുമായി ഒരു ഒത്തുതീര്‍പ്പിനും ഞാന്‍ സന്നദ്ധനല്ലെന്നും നിങ്ങളും ഉറപ്പിച്ചുകൊള്ളുക. ഇക്കാരണത്താല്‍ നിങ്ങളും നിങ്ങളുടെ ദൈവങ്ങളുമെല്ലാം ചേര്‍ന്ന് എനിക്കെതിരില്‍ എന്തു കുതന്ത്രങ്ങള്‍ നടത്തിയാലും വിരോധമില്ല. ഒരു വിട്ടുവീഴ്ചയും നല്‍കാതെ നിങ്ങള്‍ക്ക് തോന്നിയത് നിങ്ങള്‍ ചെയ്തുകൊള്ളുക. എന്റെ കാര്യങ്ങളെല്ലാം ഞാന്‍ അല്ലാഹുവിങ്കല്‍ അര്‍പ്പിച്ചിരിക്കുകയാണ്. അവന്‍ എന്റെ മാത്രമല്ല, നിങ്ങളുടെയും രക്ഷിതാവും നിയന്താവുമാണ്. നിങ്ങളും ഞാനും അടക്കം എല്ലാ ജീവികളുടെയും കൈകാര്യങ്ങള്‍ നടത്തുന്നവനാണ്. നേര്‍ക്കുനേരെ നീതിയുക്തമായ രീതിയിലേ അവന്‍ എല്ലാ കാര്യവും നടത്തുകയും ചെയ്കയുള്ളു. അതുകൊണ്ട് നിങ്ങള്‍ എത്ര കടുത്ത പരിപാടി ആസൂത്രണം ചെയ്താലും എനിക്കതില്‍ ഒട്ടും ഭയമില്ല. എനിയും നിങ്ങള്‍ ഞാന്‍ പറയുന്നതൊന്നും വിലവെക്കാതെ നിങ്ങളുടെ ശിര്‍ക്ക് മതത്തില്‍ തന്നെ ശഠിച്ചുനില്‍ക്കുവാനാണ് ഭാവമെങ്കില്‍ എനിക്ക് പറയുവാനുള്ളത് ഇതാണ്: നിങ്ങളില്‍ പ്രബോധനം ചെയ്‌വാന്‍ വേണ്ടി അല്ലാഹു എന്നെ ഏല്‍പിച്ച ദൗത്യം ഞാനിതാ നിര്‍വ്വഹിച്ചുകഴിഞ്ഞു. നിങ്ങളെ ഇവിടെനിന്ന് ഉന്മൂലനം ചെയ്യുമാറുള്ള വല്ല ശിക്ഷയും അവന്‍ നിങ്ങള്‍ക്ക് ബാധിപ്പിച്ചേക്കും. നിങ്ങളുടെ സ്ഥാനത്ത് പുതിയ തലമുറകളെ അവന്‍ ഏര്‍പ്പെടുത്തുകയും ചെയ്തേക്കും. മറിച്ച് നിങ്ങള്‍മൂലം അവന്ന് ഒരു ദോഷവും ബാധിക്കുവാന്‍ പോകുന്നില്ല.

ناصية (നാസ്വിയത്ത്) എന്ന വാക്ക് തലയുടെ മുന്‍ഭാഗം, അഥവാ നെറുക് എന്ന അര്‍ത്ഥത്തിലും, ആ ഭാഗത്തുള്ള മുടി, അഥവാ കുടുമ എന്ന അര്‍ത്ഥത്തിലും ഉപയോഗിക്കാറുണ്ട്. ഒരാള്‍ മറ്റൊരാളുടെ നിയന്ത്രണത്തിനും ചൊല്‍പടിക്കും വിധേയനാകുമ്പോള്‍ അവന്‍ അവന്റെ നെറുക് പിടിച്ചിരിക്കുകയാണെന്നും, അവന്റെ നെറുക് അവന്റെ കയ്യിലാണെന്നും അറബിഭാഷയില്‍ പറയപ്പെടാറുണ്ട്. ഇതനുസരിച്ചാണു 56-ാം വചനത്തില്‍ എല്ലാ ജീവികളുടെയും നെറുക് പിടിച്ചവനാണു അല്ലാഹു എന്നു പറഞ്ഞിരിക്കുന്നത്. ഹൂദു (അ) അവസാനമായി അവരെ ഒരു പൊതുശിക്ഷയെക്കുറിച്ചു താക്കീതു ചെയ്തുവല്ലോ. അതിനെക്കുറിച്ച് അല്ലാഹു പറയുന്നു:—

٥٨- وَلَمَّا جَاءَ أَمْرُنَا نَجَّيْنَا هُودًا وَالَّذِينَ آمَنُوا مَعَهُ بِرَحْمَةٍ مِّنَّا وَنَجَّيْنَاهُم مِّنْ عَذَابٍ غَلِيظٍ

58. നമ്മുടെ കല്‍പന വന്നപ്പോഴാകട്ടെ, ഹൂദിനെയും, അദ്ദേഹത്തോടൊപ്പം വിശ്വസിച്ചവരെയും നമ്മുടെ പക്കല്‍നിന്നുള്ള കാരുണ്യം കൊണ്ടു നാം രക്ഷിച്ചു; അതികഠിനമായ ഒരു ശിക്ഷയില്‍ നിന്നു അവരെ നാം രക്ഷപ്പെടുത്തുകയും ചെയ്തു.

---

58. وَلَمَّا جَاءَ വന്നപ്പോള്‍, വന്നപ്പോഴാകട്ടെ أَمْرُنَا നമ്മുടെ കല്‍പന, കാര്യം نَجَّيْنَا നാം രക്ഷപ്പെടുത്തി هُودًا ഹൂദിനെ وَالَّذِينَ آمَنُوا വിശ്വസിച്ചവരെയും مَعَهُ അദ്ദേഹത്തോടുകൂടി بِرَحْمَةٍ കാരുണ്യം കൊണ്ടു مِّنَّا നമ്മില്‍നിന്നുള്ള, നമ്മുടെ വക وَنَجَّيْنَاهُم അവരെ നാം രക്ഷപ്പെടുത്തുകയും ചെയ്തു مِّنْ عَذَابٍ ഒരു ശിക്ഷയില്‍നിന്നു غَلِيظٍ കടുത്തതായ, കഠിനമായ, കനത്ത

ആദു ജനതക്കു ബാധിച്ച ശിക്ഷ ഏഴു രാവും എട്ടു പകലും തുടർച്ചയായി അടിച്ചുവീശിക്കൊണ്ടിരുന്ന അത്യുഗ്രമായ ഒരു കൊടുങ്കാറ്റായിരുന്നു. അതിൽ അവർ, ഒന്നടങ്കം കടപുഴകി മറിഞ്ഞുവീണ ഈന്തത്തടി കണക്കെപ്പോലെ ചത്തുവീണൊടുങ്ങി. (സൂ: ഖമർ: 19, 20; അൽഹാക്വ്ഃ: 6, 7)

59. അതത്രെ ആദു ഗോത്രം! അവർ തങ്ങളുടെ റബ്ബിന്റെ ദൃഷ്ടാന്തങ്ങളെ നിഷേധിച്ചു; അവന്റെ റസൂലുകളോടു അനുസരണക്കേടു കാണിക്കുകയും ചെയ്തു. ദുർവാശിക്കാരായ എല്ലാ സ്വേച്ഛാധികാരികളുടെയും കല്പന അവർ പിൻപറ്റുകയും ചെയ്തു.

٥٩- وَتِلْكَ عَادٌ جَحَدُوا بِآيَاتِ رَبِّهِمْ وَعَصَوْا رُسُلَهُ وَاتَّبَعُوا أَمْرَ كُلِّ جَبَّارٍ عَنِيدٍ

59. تلك അതു, അതാ عاد ആദു جحدوا അവർ നിഷേധിച്ചു بآيات ദൃഷ്ടാന്തങ്ങളെ ربهم തങ്ങളുടെ റബ്ബിന്റെ عصوا അവർ അനുസരണക്കേടും കാണിച്ചു رسله അവന്റെ റസൂലുകളോടു اتبعوا അവർ പിൻ പറ്റുകയും ചെയ്തു أمر കൽപനയെ كل جبار എല്ലാ സ്വേച്ഛാധികാരിയുടെയും عنيد ദുർവ്വാശിക്കാരായ

അതാണവർക്ക് പറ്റിയ നാശത്തിനൊക്കെ ഹേതു. അതിന്റെ ഫലമോ?–

60. ഈ ഇഹത്തിൽ (വമ്പിച്ച) ഒരു ശാപത്താൽ അവർ അനുഗമിക്കപ്പെട്ടു; ഖിയാമത്തുനാളിലും (അനുഗമിക്കപ്പെട്ടു).

അല്ലാ! (അറിയുക:) നിശ്ചയമായും, ആദുഗോത്രം തങ്ങളുടെ റബ്ബിനോടു നന്ദികേടു ചെയ്തു. അല്ലാ! (അറിയുക:) ഹൂദിന്റെ ജനതയായ ആദു ഗോത്രത്തിനു വിദൂരത! [കാരുണ്യത്തിൽനിന്നും അവർ എത്രയോ ദൂരം!]

٦٠- وَأُتْبِعُوا فِي هَذِهِ الدُّنْيَا لَعْنَةً وَيَوْمَ الْقِيَامَةِ أَلَا إِنَّ عَادًا كَفَرُوا رَبَّهُمْ أَلَا بُعْدًا لِعَادٍ قَوْمِ هُودٍ ع

60. اتبعوا അവർ അനുഗമിക്കപ്പെട്ടു (അവരുടെ പിന്നാലെ തുടർന്നു) في هذه الدنيا ഈ ഇഹലോകത്തിൽ لعنة ശാപം, ഒരു (വമ്പിച്ച) ശാപം يوم القيامة ഖിയാമത്തു നാളിലും ألا അല്ലാ, അറിയുക إن عادا നിശ്ചയമായും ആദു كفروا അവർ നന്ദികേടു ചെയ്തു ربهم അവരുടെ റബ്ബിനോടു ألا അല്ലാ, അറിയുക بعدا വിദൂരത لعاد ആദിനു قوم هود ഹൂദിന്റെ ജനതയായ

വിഭാഗം–6

സ്വാലിഹു (അ) നബിയുടെയും, അദ്ദേഹത്തിന്റെ ജനതയായ ഥമൂദുഗോത്രത്തിന്റെയും ചരിത്രമാണു ഈ വിഭാഗത്തിലുള്ളത്. അഅ്റാഫ്, ശുഅറാഉ്, നംലു, ഖമർ എന്നീ സൂറത്തുകളിലും മറ്റും ഈ ചരിത്രം വിവരിക്കപ്പെട്ടിരിക്കുന്നു. ഥമൂദുഗോത്രത്തിന്റെ വാസസ്ഥലമായിരുന്ന അൽഹിജ്റി (*) നെ സംബന്ധിച്ച ഒരു വിവരണം ശുഅറാഇൽ കാണാവുന്നതാണ്.

(*) സ്ഥലം 0–ം ഭൂപടത്തിൽ കാണുക.

وَإِلَىٰ ثَمُودَ أَخَاهُمْ صَالِحًا ۚ قَالَ يَا قَوْمِ اعْبُدُوا اللَّهَ مَا لَكُمْ مِنْ إِلَٰهٍ غَيْرُهُ ۖ -٦١
هُوَ أَنْشَأَكُمْ مِنَ الْأَرْضِ وَاسْتَعْمَرَكُمْ فِيهَا فَاسْتَغْفِرُوهُ ثُمَّ تُوبُوا إِلَيْهِ ۚ إِنَّ رَبِّي قَرِيبٌ مُجِيبٌ ○

61. ഥമൂദ് ഗോത്രത്തിലേക്ക് അവരുടെ സഹോദരൻ സ്വാലിഹിനെയും (നാം അയച്ചു). അദ്ദേഹം പറഞ്ഞു: 'എന്റെ ജനങ്ങളേ, നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുവിൻ; അവനല്ലാതെ നിങ്ങൾക്ക് ഒരാരാധ്യനുമില്ല.

അവൻ നിങ്ങളെ ഭൂമിയിൽനിന്ന (സൃഷ്ടിച്ചു)ണ്ടാക്കുകയും, നിങ്ങളെ അതിൽ അധിവസിപ്പിക്കുകയും ചെയ്തിരിക്കുന്നു. ആകയാൽ, അവനോട് നിങ്ങൾ പാപമോചനം തേടുകയും, പിന്നെ അവനിലേക്ക് പശ്ചാത്തപിക്കുകയും ചെയ്യുവിൻ. നിശ്ചയമായും, എന്റെ റബ്ബ് സമീപസ്ഥനും, ഉത്തരം നൽകുന്നവനുമാകുന്നു.'

---

61. والى ثمود ഥമൂദിലേക്കും اخاهم അവരുടെ സഹോദരനെ صالحا സ്വാലിഹിനെ قال അദ്ദേഹം പറഞ്ഞു يا قوم എന്റെ ജനങ്ങളേ اعبدوا ആരാധിക്കുവിൻ الله അല്ലാഹുവിനെ ما لكم നിങ്ങൾക്കില്ല من اله ഒരു ആരാധ്യനും غيره അവനല്ലാതെ هو അവൻ انشأكم നിങ്ങളെ ഉണ്ടാക്കി من الارض ഭൂമിയിൽനിന്നു واستعمركم നിങ്ങളെ അവൻ അധിവസിപ്പിക്കുക (കുടിയിരുത്തുക) യും ചെയ്തു فيها അതിൽ فاستغفروه അതിനാൽ അവനോടു പാപമോചനം തേടുവിൻ ثم توبوا പിന്നെ പശ്ചാത്തപിക്കുവിൻ اليه അവങ്കലേക്കു ان ربي നിശ്ചയമായും എന്റെ റബ്ബു قريب സമീപസ്ഥനാണു مجيب ഉത്തരം ചെയ്യുന്നവനാണു

നൂഹ് (അ) നബിയും ഹൂദു (അ) നബിയും അവരുടെ ജനങ്ങളെ ക്ഷണിച്ചതുപോലെത്തന്നെ സ്വാലിഹു (അ) നബിയും അദ്ദേഹത്തിന്റെ ജനങ്ങളെ തൗഹീദിലേക്കു ക്ഷണിച്ചു. എല്ലാ പ്രവാചകൻമാരുടെയും പ്രധാനമായ വിഷയം അതാണല്ലോ. മനുഷ്യപിതാവായ ആദം (അ) നബിയെ അല്ലാഹു മണ്ണിൽനിന്ന സൃഷ്ടിച്ചു. പിന്നീടുള്ള മനുഷ്യരുടെ ജനനം മാതാപിതാക്കൾ വഴിയാണെങ്കിലും ഓരോരുത്തരുടെയും ബീജത്തിന്റെ ഉത്ഭവം മണ്ണിൽനിന്നാകുന്നു. അപ്പോൾ — സൂ: ഹജ്ജ് 5 ലും മറ്റും പറഞ്ഞതുപോലെ — മനുഷ്യരെ സൃഷ്ടിച്ചതു മണ്ണിൽ നിന്നു തന്നെ. ഭൂമിയിൽനിന്നു നിങ്ങളെ സൃഷ്ടിച്ചുണ്ടാക്കി എന്നു പറഞ്ഞതിന്റെ താൽപര്യം അതാണ്. നിങ്ങളെ സൃഷ്ടിച്ചുണ്ടാക്കുകയും, ഭൂമിയിൽ നിങ്ങൾക്കുവേണ്ടുന്ന സൗകര്യങ്ങൾ ഒരുക്കിത്തന്നു അതിൽ നിങ്ങൾക്കു നിവസിക്കുമാറാക്കുകയും ചെയ്തത് അല്ലാഹു മാത്രമായിരിക്കെ, അവനല്ലാത്ത വസ്തുക്കളെ ആരാധിക്കുന്നതിനു അർത്ഥമില്ലല്ലോ എന്നു ഈ വചനത്തിൽ സൂചന കാണാം.

قَالُوا يَا صَالِحُ قَدْ كُنْتَ فِينَا مَرْجُوًّا قَبْلَ هَٰذَا ۖ أَتَنْهَانَا أَنْ نَعْبُدَ مَا يَعْبُدُ آبَاؤُنَا وَإِنَّنَا لَفِي شَكٍّ مِمَّا تَدْعُونَا إِلَيْهِ مُرِيبٍ ○ -٦٢

62. അവർ പറഞ്ഞു: 'സ്വാലിഹേ, ഇതിനു മുമ്പ് തീർച്ചയായും നീ ഞങ്ങളുടെ കൂട്ടത്തിൽ ഒരു അഭിലഷണീയനായിരുന്നു. ഞങ്ങളുടെ പിതാക്കൾ ആരാധിച്ചുവരുന്നവയെ ഞങ്ങൾ ആരാധിക്കുന്നതിനെ നീ ഞങ്ങളോട് വിരോധിക്കുകയോ?! നീ ഞങ്ങളെ ഏതൊന്നിലേക്ക് ക്ഷണിക്കുന്നുവോ അതിനെപ്പറ്റി നിശ്ചയമായും ഞങ്ങൾ, ആശങ്കാജനകമായ സംശയത്തിൽ തന്നെയാകുന്നു'.

---

62. قالوا അവർ പറഞ്ഞു يا صالح സ്വാലിഹേ قد كنت തീർച്ചയായും നീ ആയിരുന്നു,ആയിരുന്നിട്ടുണ്ടു فينا ഞങ്ങളിൽ مرجوا ഒരു അഭിലഷണീയൻ قبل هذا ഇതിന്റെ മുമ്പു اتنهانا നീ ഞങ്ങളെ വിരോധിക്കുകയോവിലക്കുന്നുവോ ان نعبد ഞങ്ങൾ ആരാധിക്കുന്നതു ما يعبد ആരാധിച്ചു വരുന്നതിനെ اباؤنا ഞങ്ങളുടെ പിതാക്കൾ واننا നിശ്ചയമായും ഞങ്ങൾ لفي شك സംശയത്തിൽതന്നെയാണു مما تدعونا ഞങ്ങളെ നീ ക്ഷണിക്കുന്നതിനെപ്പറ്റി اليه അതിലേക്കു مريب സന്ദേഹപ്പെടുത്തുന്ന, ആശങ്കാജനകമായ

ഞങ്ങളുടെ ഇടയിൽ കൊള്ളാവുന്ന ഒരു നല്ല മനുഷ്യനായിരുന്നു ഇക്കാലംവരെ നീ. തറവാടിത്തം, ബുദ്ധി വൈഭവം, സ്വഭാവശുദ്ധി ആദിയായവയിലൊക്കെ സമാദരണീയനായിരുന്നു. നിന്നെക്കുറിച്ച് ഞങ്ങൾക്ക് വലിയ പ്രതീക്ഷകളും ഉണ്ടായിരുന്നു. ഇപ്പോഴിതാ, നീ പറയുന്ന കേട്ടാലോ, ഞങ്ങളുടെ പിതാക്കൾ പൂർവ്വികന്മാരായി ആരാധിച്ചുവന്നിരുന്ന ദൈവങ്ങളെയൊന്നും ആരാധിച്ചുകൂടാ എന്നു വിലക്കുന്നു! ഈ പുതിയ മാർഗ്ഗത്തെക്കുറിച്ച് ഞങ്ങൾക്ക് തെറ്റും പിടിയും കിട്ടുന്നില്ല. അതിൽ ഞങ്ങൾക്ക് വല്ലാത്ത ആശങ്കയും സംശയവുമാണുള്ളത്. ഇതൊക്കെയായിരുന്നു ആ ജനതയിൽ നിന്ന് അദ്ദേഹത്തിന്റെ ക്ഷണത്തിന് ലഭിച്ച മറുപടി.

പ്രവാചകന്മാർക്ക് പ്രവാചകത്വം ലഭിക്കുന്നതിന് മുമ്പ് തന്നെ ഉൽകൃഷ്ട സ്വഭാവഗുണങ്ങളോടുകൂടിയവരും, സുസമ്മതന്മാരുമായിരിക്കുക പതിവാകുന്നു. പ്രവാചകത്വം സിദ്ധിച്ച് ജനങ്ങളെ സന്മാർഗ്ഗത്തിലേക്കും സത്യവിശ്വാസത്തിലേക്കും ക്ഷണിക്കുവാൻ തുടങ്ങുന്നതോടുകൂടിയാണ് ജനങ്ങൾക്ക് അവരുടെ നേരെയുള്ള ഭാവം മാറുന്നത്. വിശ്വസ്തനായ മുഹമ്മദ് (الأمين) എന്നു എല്ലാവരാലും പ്രശംസിക്കപ്പെട്ടിരുന്ന നബി(സ) തിരുമേനിയുടെ നേരെ പ്രവാചകത്വത്തിനു ശേഷം ഖുറൈശികൾ സ്വീകരിച്ച നയവും നിലപാടും പ്രസിദ്ധമാണല്ലോ.

63. അദ്ദേഹം പറഞ്ഞു: 'എന്റെ ജനങ്ങളേ, നിങ്ങൾ കണ്ടുവോ (- ഒന്നു പറയുവിൻ): ഞാൻ എന്റെ റബ്ബിങ്കൽ നിന്നുള്ള (വ്യക്തമായ) തെളിവോടെയായിരിക്കുകയും, അവന്റെ പക്കൽ നിന്നുള്ള ഒരു കാരുണ്യം എനിക്കവൻ നൽകിയിരിക്കുകയുമാണെങ്കിൽ, അപ്പോൾ ഞാൻ അല്ലാഹുവിനോട് അനുസരണക്കേട് ചെയ്യുന്നപക്ഷം, അവനിൽ നിന്ന് ആരാണ് എന്നെ സഹായി(ച്ചു രക്ഷി)ക്കുക! അപ്പോൾ, നഷ്ടം വരുത്തലല്ലാതെ (മറ്റൊന്നും) നിങ്ങൾ എനിക്കു വർദ്ധിപ്പിക്കുകയില്ല'.

٦٣- قَالَ يَٰقَوْمِ أَرَءَيْتُمْ إِن كُنتُ عَلَىٰ بَيِّنَةٍ مِّن رَّبِّى وَءَاتَىٰنِى مِنْهُ رَحْمَةً فَمَن يَنصُرُنِى مِنَ ٱللَّهِ إِنْ عَصَيْتُهُۥ فَمَا تَزِيدُونَنِى غَيْرَ تَخْسِيرٍ

---

63. قَالَ അദ്ദേഹം പറഞ്ഞു يَا قَوْمِ എന്റെ ജനങ്ങളേ أَرَأَيْتُمْ നിങ്ങൾ കണ്ടുവോ (എന്നോടൊന്നു പറയുവിൻ) إِن كُنتُ ഞാനാണെങ്കിൽ عَلَى بَيِّنَةٍ (വ്യക്തമായ) തെളിവോടെ مِن رَّبِّي എന്റെ റബ്ബിങ്കൽ നിന്നുള്ള وَآتَانِي അവൻ എനിക്കു നൽകിയിരിക്കെയും مِنْهُ അവങ്കൽനിന്നു رَحْمَةً കാരുണ്യം, ഒരു (വമ്പിച്ച) കാരുണ്യം فَمَن എന്നാൽ ആരാണു يَنصُرُنِي എന്നെ സഹായിക്കുക مِنَ اللَّهِ അല്ലാഹുവിൽനിന്നു إِنْ عَصَيْتُهُ അവനോടു ഞാൻ അനുസരണക്കേടു (എതിരു) ചെയ്യുന്ന പക്ഷം فَمَا تَزِيدُونَنِي അപ്പോൾ നിങ്ങൾ എനിക്ക വർദ്ധിപ്പിക്കുന്നതല്ല غَيْرَ അല്ലാതെ, ഒഴികെ تَخْسِيرٍ നഷ്ടം വരുത്തൽ

മുമ്പു പറഞ്ഞതുപോലെ കാരുണ്യം (رحمة) കൊണ്ട് ഇവിടെയും പ്രവാചകത്വം തന്നെയാണ് പ്രധാനോദ്ദേശ്യം. ഇതുപോലെയുള്ള എത്രയും വാചകങ്ങൾ നൂഹ് (അ) അദ്ദേഹത്തിന്റെ ജനതയോട് പറഞ്ഞ പ്രസ്താവനയിലും മുമ്പ് കഴിഞ്ഞുപോയിട്ടുണ്ട്. സ്വാലിഹു (അ) നബിയുടെ ഉപദേശവും, അദ്ദേഹം നൽകിയ തെളിവുകളും അവർ സ്വീകരിക്കുവാൻ ഒരുക്കമില്ല. അവർതന്നെ പ്രത്യേക ദൃഷ്ടാന്തം കാണണമെന്ന് അവർ ആവശ്യപ്പെട്ടു. (26:154) ആ ദൃഷ്ടാന്തത്തെക്കുറിച്ച് അദ്ദേഹം പറയുന്നു:-

٦٤- ويقوم هذه ناقة الله لكم اية فذروها تاكل في ارض الله ولا تمسوها بسوء فياخذكم عذاب قريب ○

64. 'എന്റെ ജനങ്ങളേ, ഇതാ നിങ്ങൾക്ക് ഒരു ദൃഷ്ടാന്തമായിക്കൊണ്ട് അല്ലാഹുവിന്റെ ഒട്ടകം! ആകയാൽ, അതിനെ(അതിന്റെ പാട്ടിൽ) നിങ്ങൾ വിട്ടേക്കുവിൻ, അതു അല്ലാഹുവിന്റെ ഭൂമിയിൽ(നടന്നു)തിന്ന് കൊള്ളട്ടെ. അതിനു ഒരു തിൻമയും നിങ്ങൾ ബാധിപ്പിക്കകയും ചെയ്യരുത്. എന്നാൽ, സമീപസ്ഥമായ ഒരു ശിക്ഷ നിങ്ങളെ പിടികൂടുന്നതാണ്.'

٦٥- فعقروها فقال تمتعوا في داركم ثلثة ايام ذلك وعد غير مكذوب ○

65. എന്നിട്ട്, അവർ അതിനെ അറുകൊല ചെയ്തു. അപ്പോൾ, അദ്ദേഹം പറഞ്ഞു: 'നിങ്ങൾ നിങ്ങളുടെ പാർപ്പിടത്തിൽ മൂന്നു ദിവസം സുഖമെടുത്തുകൊള്ളുവിൻ. [അപ്പോഴേക്കും ശിക്ഷ അനുഭവപ്പെടും]

അതു നിർവ്യാജമായ ഒരു വാഗ്ദത്തമാകുന്നു.'

---

64. എന്റെ ജനങ്ങളെ ഇതാ, ഇതു അല്ലാഹുവിന്റെ ഒട്ടകം നിങ്ങൾക്ക് ഒരു ദൃഷ്ടാന്തമായിട്ടു അതിനാൽ (എന്നാൽ) അതിനെ വിട്ടേക്കുവിൻ അതു തിന്നുകൊള്ളട്ടെ, തിന്നുകൊള്ളും ഭൂമിയിൽ അല്ലാഹുവിന്റെ നിങ്ങളതിനെ സ്പർശിക്കുക (ബാധിപ്പിക്കുക)യും ചെയ്യരുത് ഒരു തിൻമകൊണ്ടും,തിൻമയെ എന്നാൽ നിങ്ങളെ പിടികൂടും ശിക്ഷ സമീപസ്ഥമായ 65. എന്നിട്ടു അവരതിനെ കുത്തി അറുത്തു, അറുകൊല ചെയ്തു അപ്പോഴദ്ദേഹം പറഞ്ഞു നിങ്ങൾ സുഖമെടുത്തു കൊള്ളുക നിങ്ങളുടെ പാർപ്പിടത്തിൽ (വസതിയിൽ) മൂന്നു ദിവസങ്ങൾ അതു ഒരു വാഗ്ദത്തമാണ് വ്യാജമായിരിക്കാത്ത (കളവാക്കപ്പെടാത്ത)

ഒട്ടകം അതിന്റെ തീററയും കുടിയുമായി ഭൂമിയിലൂടെ നടന്നുകൊള്ളട്ടെ. നിങ്ങളതിനെ ഒരു വിധത്തിലും ഉപദ്രവിക്കരുത്. ഉപദ്രവിച്ചാൽ താമസിയാതെ തന്നെ നിങ്ങൾക്ക് അല്ലാഹുവിങ്കൽനിന്ന് ശിക്ഷ അനുഭവപ്പെടും. എന്നു സ്വാലിഹു (അ) അവരെ താക്കീതു ചെയ്തു. വെള്ളത്താവളത്തിൽ ഒരു ദിവസം അവർക്കും ഒരു ദിവസം ഒട്ടകത്തിന്നുമാണെന്ന് ഊഴം നിശ്ചയിക്കപ്പെട്ടിരുന്നു. (26: 115) അവർക്കത് സഹിക്കുവാൻ കഴിഞ്ഞില്ല. അവർ അതിനെ കുത്തിക്കൊന്നു. ഇനി നിങ്ങൾക്കു മൂന്നുദിവസമേ സുഖമായി ജീവിക്കുവാൻ കഴിയുകയുള്ളൂ. അതോടെ ശിക്ഷയും ബാധിക്കും. അതിൽ മാററം വരുകയില്ലതന്നെ. എന്നു അദ്ദേഹം മുന്നറിയിപ്പു നൽകി. സംഭവിച്ചതും അങ്ങിനെത്തന്നെ.

٦٦- فلما جاء امرنا نجينا صلحا والذين امنوا معه برحمة منا ومن خزي يومئذ ان ربك هو القوي العزيز ○

66. അങ്ങനെ, നമ്മുടെ കൽപന വന്നപ്പോൾ, സ്വാലിഹിനെയും, അദ്ദേഹത്തോടൊപ്പം വിശ്വസിച്ചവരെയും നമ്മുടെ പക്കൽ നിന്നുള്ള കാരുണ്യം കൊണ്ടു നാം രക്ഷപ്പെടുത്തി; അന്നേ ദിവസത്തെ അപമാനത്തിൽനിന്നും (നാമവരെ രക്ഷപ്പെടുത്തി)

നിശ്ചയമായും, നിന്റെ റബ്ബു തന്നെയാണു ശക്തനും, പ്രതാപശാലിയും ആയുള്ളവൻ.

وَأَخَذَ الَّذِينَ ظَلَمُوا الصَّيْحَةُ -٦٧
فَأَصْبَحُوا فِي دِيَارِهِمْ جَاثِمِينَ ۝

67. അക്രമം പ്രവർത്തിച്ചവരെ ഘോര ശബ്ദം പിടികൂടുകയും ചെയ്തു.

അങ്ങനെ, അവർ അവരുടെ പാർപ്പിടങ്ങളിൽ കമിഴ്ന്നു വീണവരായി [ചത്തൊടുങ്ങി]

٦٨- كَأَن لَّمْ يَغْنَوْا فِيهَا ۗ
أَلَا إِنَّ ثَمُودَا كَفَرُوا رَبَّهُمْ ۗ
أَلَا بُعْدًا لِّثَمُودَ ۝ ع

68. (അതെ) അവിടത്തിൽ അവർ ഉണ്ടായിട്ടില്ലാത്തതു പോലെ! അല്ലാ! (അറിയുക:) നിശ്ചയമായും, ഥമൂദു ഗോത്രം അവരുടെ റബ്ബിനോടു നന്ദികേടു ചെയ്തു. അല്ലാ! (അറിയുക:) ഥമൂദു ഗോത്രത്തിനു വിദൂരത! [കാരുണ്യത്തിൽനിന്നും അവർ വളരെ അകലം!]

---

66. جَاءَ فَلَمَّا എന്നിട്ടു വന്നപ്പോൾ أَمْرُنَا നമ്മുടെ കൽപന نَجَّيْنَا നാം രക്ഷപ്പെടുത്തി صَالِحًا സ്വാലിഹിനെ وَالَّذِينَ آمَنُوا വിശ്വസിച്ചവരെയും مَعَهُ അദ്ദേഹത്തോടൊപ്പം بِرَحْمَةٍ കാരുണ്യം കൊണ്ടു مِنَّا നമ്മിൽ നിന്നുള്ള, നമ്മുടെവക وَمِنْ خِزْيِ അപമാനത്തിൽ നിന്നും يَوْمِئِذٍ അന്നത്തെ, ആ ദിവസത്തിലെ إِنَّ رَبَّكَ നിശ്ചയമായും നിന്റെ റബ്ബു هُوَ الْقَوِيُّ അവനത്രെ (അവൻ തന്നെ)ശക്തൻ الْعَزِيزُ പ്രതാപശാലി 67. وَأَخَذَ പിടികൂടുകയും ചെയ്തു الَّذِينَ ظَلَمُوا അക്രമം ചെയ്തവരെ الصَّيْحَةُ ഘോര ശബ്ദം, അട്ടഹാസം فَأَصْبَحُوا അങ്ങനെ അവരായി فِي دِيَارِهِمْ അവരുടെ വസതി (പാർപ്പിടം-ഭവനം) കളിൽ جَاثِمِينَ കമിഴ്ന്നു (മുട്ടുകുത്തി) വീണവർ 68. كَأَن لَّمْ يَغْنَوْا അവർ ധന്യമാകാത്ത (ഉണ്ടായിട്ടില്ലാത്തപോലെ) فِيهَا അവയിൽ (അവിടത്തിൽ) أَلَا അല്ലാ, അറിയുക إِنَّ ثَمُودَ നിശ്ചയമായും ഥമൂദു كَفَرُوا നന്ദികേടു ചെയ്തു رَبَّهُمْ അവരുടെ റബ്ബിനോടു أَلَا അല്ലാ, അറിയുക بُعْدًا വിദൂരത لِّثَمُودَ ഥമൂദിനു

ഈ സംഭവം അഅ്റാഫ്, ശുഅറാഉ്, ഖമർ എന്നീ സൂറത്തുകളിൽ വിശദമായി വിവരിച്ചിട്ടുള്ളതുകൊണ്ടു ഇവിടെ കൂടുതൽ വിവരിക്കുന്നില്ല. (സ്വാലിഹ് (അ) നബിയുടെ ഒട്ടകത്തിന്റെ വിശേഷതകളെപ്പറ്റി ചിലർ നടത്തിയിട്ടുള്ള ദുർവ്യാഖ്യാനങ്ങളെ സംബന്ധിച്ചുള്ള നിരൂപണം സൂ: ഖമറിന്റെ വ്യാഖ്യാനത്തിൽ കാണാം.)

വിഭാഗം-7

ഇബ്രാഹീം (അ) നബിയുടെയും, ലൂത്വ് (അ) നബിയുടെയും കഥകളാണ് ഈ വിഭാഗത്തിലുള്ളത്. പരസ്പരം ബന്ധപ്പെട്ടു നിൽക്കുന്ന ആ സംഭവങ്ങൾ താഴെ ഹിജ്ർ, അങ്കബൂത്ത്, ദാരിയാത്ത് എന്നീ സൂറത്തുകളിലും വിവരിക്കപ്പെട്ടു കാണാം.

٦٩- وَلَقَدْ جَاءَتْ رُسُلُنَا إِبْرَاهِيمَ بِالْبُشْرَىٰ
قَالُوا سَلَامًا ۖ قَالَ سَلَامٌ ۖ فَمَا لَبِثَ
أَن جَاءَ بِعِجْلٍ حَنِيذٍ ۝

69. നമ്മുടെ ദൂതൻമാർ സന്തോഷ വാർത്തയുമായി ഇബ്രാഹീമിന്റെ അടുക്കൽ വരുകയുണ്ടായി.

അവർ പറഞ്ഞു: 'സലാം!' [സമാധാനം ഭവിക്കട്ടെ] അദ്ദേഹം പറഞ്ഞു 'സലാം' എന്നിട്ട് അദ്ദേഹം ഒരു ചുട്ടു വെവിച്ച പശുക്കുട്ടിയുമായി വരുവാൻ താമസമുണ്ടായില്ല.

---

69. وَلَقَدْ جَاءَتْ വരുകയുണ്ടായി, വന്നിട്ടുണ്ടു رُسُلُنَا നമ്മുടെ ദൂതൻമാർ إِبْرَاهِيمَ ഇബ്റാഹീമിന്റെ അടുക്കൽ بِالْبُشْرَىٰ സന്തോഷ വാർത്തയുമായി قَالُوا അവർ പറഞ്ഞു سَلَامًا സലാം قَالَ അദ്ദേഹം പറഞ്ഞു سَلَامٌ സലാം فَمَا لَبِثَ എന്നിട്ടു അദ്ദേഹം താമസിച്ചില്ല أَن جَاءَ വരുവാൻ بِعِجْلٍ ഒരു പശു (മൂരി)ക്കുട്ടിയും കൊണ്ടു حَنِيذٍ ചുട്ടുവെവിക്കപ്പെട്ട

ഈ വരുന്നവർ മലക്കുകളായിരുന്നു. ഇബ്രാഹീമിന്റെ അതിഥികൾ (ضيف إبراهيم) എന്നാണ് സൂ: ദാരിയാത്തിൽ ഇവരെ വിശേഷിപ്പിച്ചിരിക്കുന്നത്. അതിഥികളെപ്പോലെ മനുഷ്യരൂപത്തിൽ വന്ന അവർ ആരായിരുന്നുവെന്ന് ആദ്യം അദ്ദേഹം അറിഞ്ഞില്ല. സൽക്കാരപ്രിയനായിരുന്ന അദ്ദേഹം തന്നെ പതിവിനനുസരിച്ച് വിശിഷ്ടം എന്ന് പറയപ്പെടുന്ന ഒരു പശുക്കുട്ടിയെ—അല്ലെങ്കിൽ മൂരിക്കുട്ടനെ—അറുത്ത് കൽച്ചൂളയിൽ വെച്ച് വേവിച്ചു പൊരിച്ച ഭക്ഷണം വിളമ്പിവെച്ച് അവരെ ക്ഷണിച്ചു. സൂ: ദാരിയാത്തിൽ ഈ രംഗം വിവരിച്ചിരിക്കുന്നത് ഇങ്ങിനെയാകുന്നു: 'ഉടനെ അദ്ദേഹം തന്റെ വീട്ടുകാരുടെ അടുക്കൽ പതുക്കെച്ചെന്ന് ഒരു തടിച്ചു കൊഴുത്ത പശുക്കുട്ടിയെ കൊണ്ടുവന്ന് അവരുടെ അടുക്കൽ വെച്ചു. തിന്നുകയല്ലേ എന്ന് പറഞ്ഞു'. (ദാരിയാത്ത്: 26, 27) അവരുടെ വരവിന്റെ ഉദ്ദേശ്യത്തെപ്പറ്റി താഴെ വിവരിക്കുന്നുണ്ട്.

70. എന്നിട്ട് അവരുടെ കൈകൾ അതിലേക്കു നീളുന്നില്ലെന്നു കണ്ടപ്പോൾ, അദ്ദേഹം അവരെക്കുറിച്ചു ശങ്കിച്ചു; അവരെപ്പറ്റി അദ്ദേഹത്തിനു ഒരു ഭയം തോന്നുകയും ചെയ്തു. അവർ പറഞ്ഞു: 'ഭയപ്പെടേണ്ട; ഞങ്ങൾ ലൂത്തിന്റെ ജനങ്ങളിലേക്കു അയക്കപ്പെട്ടിരിക്കുകയാണു.'

٧٠. فَلَمَّا رَأَىٰ أَيْدِيَهُمْ لَا تَصِلُ إِلَيْهِ نَكِرَهُمْ وَأَوْجَسَ مِنْهُمْ خِيفَةً ۚ قَالُوا لَا تَخَفْ إِنَّا أُرْسِلْنَا إِلَىٰ قَوْمِ لُوطٍ

---

70. فلما رأى എന്നിട്ട് അദ്ദേഹം കണ്ടപ്പോൾ أيديهم അവരുടെ കൈകളെ لا تصل ചേരാതെ (നീളാതെ) إليه അതിലേക്ക് نكرهم അവരെക്കുറിച്ചു അദ്ദേഹം ശങ്കിച്ചു (അപരിചിതത്വം തോന്നി) وأوجس മറച്ചുവെക്കുകയും ചെയ്തു, അദ്ദേഹത്തിനു തോന്നുകയും ചെയ്തു منهم അവരെപ്പറ്റി خيفة ഒരു ഭയം, പേടി قالوا അവർ പറഞ്ഞു لا تخف ഭയപ്പെടേണ്ട إنا أرسلنا ഞങ്ങൾ അയക്കപ്പെട്ടിരിക്കുന്നു إلى قوم ജനങ്ങളിലേക്ക് لوط ലൂത്തിന്റെ

അതിഥികൾ ഭക്ഷണത്തിലേക്ക് കൈനീട്ടുന്നില്ല. മലക്കുകൾ ഭക്ഷണം കഴിക്കാറില്ലല്ലോ. അതു കണ്ടപ്പോൾ അവരെപ്പറ്റി ഇബ്രാഹീം (അ) നബിക്ക് സംശയവും ഭയവുമായി. ഇത് മനസ്സിലാക്കിയ അതിഥികൾ തങ്ങളെ സ്വയം പരിചയപ്പെടുത്തി. തങ്ങൾ അല്ലാഹു അയച്ച ദൂതന്മാരാണ്; ലൂത്ത് (അ) നബിയുടെ ജനതയെ നശിപ്പിക്കുവാൻവേണ്ടി അയക്കപ്പെട്ടവരാണ് എന്നറിയിച്ചു. ഇതായിരുന്നു അവരുടെ വരവിന്റെ ഒരു ലക്ഷ്യം. മറ്റൊരു ലക്ഷ്യത്തെപ്പറ്റി തുടർന്നു പറയുന്നു:—

71. അദ്ദേഹത്തിന്റെ സ്ത്രീ (അടുത്ത്) നിൽക്കുന്നുണ്ടായിരുന്നു; അപ്പോൾ അവൾ ചിരിച്ചു. അപ്പോൾ, നാം [അല്ലാഹു] ഇസ്ഹാഖിനെയും, ഇസ്ഹാഖിന്റെ പിന്നാലെ യഅ്ഖൂബിനെയും കുറിച്ച് അവർക്കു സന്തോഷവാർത്ത അറിയിച്ചു.

٧١. وَامْرَأَتُهُ قَائِمَةٌ فَضَحِكَتْ فَبَشَّرْنَاهَا بِإِسْحَاقَ وَمِن وَرَاءِ إِسْحَاقَ يَعْقُوبَ ○

---

71. وامرأته അദ്ദേഹത്തിന്റെ സ്ത്രീ (ഭാര്യ) قائمة നിൽക്കുന്നവളായിരുന്നു (നിൽക്കുകയായിരുന്നു) فضحكت അപ്പോൾ (എന്നിട്ടു) അവൾ ചിരിച്ചു فبشرناها അപ്പോൾ അവൾക്കു നാം സന്തോഷമറിയിച്ചു بإسحاق ഇസ്ഹാഖിനെപ്പറ്റി ومن وراء പിന്നാലെ إسحاق ഇസ്ഹാഖിന്റെ يعقوب യഅ്ഖൂബിനെ(യും)

ഭർത്താവിനും, അതിഥികൾക്കും ഭക്ഷണം തയ്യാറാക്കിക്കൊടുത്തുകൊണ്ട് വീട്ടുകാരി—ഇബ്രാഹീം (അ) ന്റെ ഭാര്യ സാറാ (റ) അടുത്തു നിൽക്കുന്നുണ്ടായിരുന്നു. അവരുടെ ആവശ്യങ്ങളന്വേഷിക്കുവാനും വേണ്ടുന്ന ശുശ്രൂഷകൾ

ചെയ്യുവാനും വേണ്ടിയായിരിക്കും അത്. ഇബ്രാഹീം (അ) നബിയുടെ സഹോദരപുത്രനാണ് ലൂത്വ്നബി (അ). അദ്ദേഹത്തിന്റെ ജനത മുഴുവനും—താഴെ കാണാവുന്നതുപോലെ—പ്രകൃതിവിരുദ്ധമായ നീചവൃത്തിയിലും തോന്നിയ വാസങ്ങളിലും അതിരുകവിഞ്ഞിരിക്കുകയാണ്. ലൂത്ത് (അ) അവരെക്കൊണ്ടു പൊറുതിമുട്ടിയിരിക്കുന്നുതാനും. ആ ജനതയെ നശിപ്പിക്കുന്ന വിവരം അറിഞ്ഞതായ സന്തോഷം കൊണ്ടോ, അതിഥികൾ ആരാണെന്നറിഞ്ഞതിലുള്ള മനസ്സമാധാനം കൊണ്ടോ—അല്ലാഹുവിനറിയാം—സാറ ചിരിച്ചു. ഈ അവസരത്തിൽ മലക്കുകൾ തങ്ങളുടെ വരവിന്റെ മറ്റൊരു ഉദ്ദേശ്യം അറിയിച്ചു. അവർക്ക് ഒരു പുത്രൻ ഉണ്ടാകാൻ പോകുന്നുവെന്നും, പിന്നീടു ആ പുത്രൻ വഴി ഒരു പൗത്രനും ഉണ്ടാകുമെന്നുമുള്ള സന്തോഷവാർത്തയായിരുന്നു അത്. പുത്രൻ ഇസ്ഹാഖും, പൗത്രൻ യഅ്ഖൂബും (അ) തന്നെ. സന്തോഷവാർത്ത അറിയിച്ചത് മലക്കുകൾ മുഖേനയാണെങ്കിലും യഥാർത്ഥത്തിൽ അതു അല്ലാഹുവിങ്കൽ നിന്നുള്ളതാണല്ലോ. അതുകൊണ്ടാണ് بَشَّرْنَا (നാം സന്തോഷമറിയിച്ചു) എന്ന് പറഞ്ഞത്. ഇതുവരെയും മക്കൾ ജനിച്ചിട്ടില്ലാത്ത താനും തന്റെ ഭർത്താവും വലിയ വൃദ്ധന്മാരായിരിക്കുന്ന അവസരത്തിലുള്ള ഈ വാർത്ത അവരെ അത്ഭുതപ്പെടുത്തി.

قَالَتْ يَٰوَيْلَتَىٰٓ ءَأَلِدُ وَأَنَا۠ عَجُوزٌ وَهَٰذَا بَعْلِى شَيْخًا ۖ إِنَّ هَٰذَا لَشَىْءٌ عَجِيبٌ ۝٧٢

72. അവൾ പറഞ്ഞു: 'കഷ്ടം! [ആശ്ചര്യം തന്നെ!] ഞാൻ ഒരു കിഴവിയായിരിക്കെ ഞാൻ പ്രസവിക്കുകയോ— ഇതാ—എന്റെ ഭർത്താവു ഒരു വൃദ്ധനുമായിരിക്കെ?! നിശ്ചയമായും, ഇതൊരു അത്ഭുതകരമായ കാര്യം തന്നെ!'

قَالُوٓا۟ أَتَعْجَبِينَ مِنْ أَمْرِ ٱللَّهِ ۖ رَحْمَتُ ٱللَّهِ وَبَرَكَٰتُهُۥ عَلَيْكُمْ أَهْلَ ٱلْبَيْتِ ۚ إِنَّهُۥ حَمِيدٌ مَّجِيدٌ ۝٧٣

73. അവർ പറഞ്ഞു: 'അല്ലാഹുവിന്റെ കൽപനയെ പ്പറ്റി നീ അത്ഭുതപ്പെടുന്നുവോ?! അല്ലാഹുവിന്റെ കാരുണ്യവും, അവന്റെ അനുഗ്രഹങ്ങളും നിങ്ങളിലുണ്ടാവട്ടെ. വീട്ടുകാരേ! നിശ്ചയമായും അവൻ സ്തുത്യാർഹനും മഹത്വമേറിയവനുമാകുന്നു.'

---

72. قَالَتْ അവൾ പറഞ്ഞു يَا وَيْلَتَىٰ കഷ്ടമേ, നാശമേ (അത്ഭുതം) أَأَلِدُ ഞാൻ പ്രസവിക്കുകയോ وَأَنَا ഞാനാകട്ടെ, ഞാനായിരിക്കെ عَجُوزٌ ഒരു കിഴവി وَهَٰذَا ഇതാ, ഇതു بَعْلِي എന്റെ വരൻ, എന്റെ ഭർത്താവും شَيْخًا വൃദ്ധനായിക്കൊണ്ടു إِنَّ هَٰذَا നിശ്ചയമായും ഇതു لَشَيْءٌ ഒരു കാര്യം തന്നെ عَجِيبٌ അത്ഭുത(ആശ്ചര്യ)കരമായ 73. قَالُوا അവർ പറഞ്ഞു أَتَعْجَبِينَ നീ അത്ഭുതപ്പെടുന്നുവോ مِنْ أَمْرِ اللَّهِ അല്ലാഹുവിന്റെ കൽപനയെ (കാര്യത്തെ) പ്പറ്റി رَحْمَتُ اللَّهِ അല്ലാഹുവിന്റെ കാരുണ്യം وَبَرَكَاتُهُ അവന്റെ അനുഗ്രഹങ്ങളും, ആശീർവാദങ്ങളും عَلَيْكُمْ നിങ്ങളുടെ മേൽ (ഉണ്ടാവട്ടെ – ഉണ്ടായിരിക്കും) أَهْلَ الْبَيْتِ വീട്ടുകാരേ إِنَّهُ നിശ്ചയമായും അവൻ حَمِيدٌ സ്തുത്യാർഹനാണു مَجِيدٌ മഹത്വമേറിയവനാണു

يَا وَيْلَتَىٰ എന്ന വാക്കിന്നർത്ഥം 'കഷ്ടമേ, നാശമേ' എന്നൊക്കെയാണെങ്കിലും സന്തോഷ സൂചകമായ ഇത്തരം സന്ദർഭങ്ങളിൽ 'വലിയ അത്ഭുതം തന്നെ' എന്ന അർത്ഥത്തിലുപയോഗിക്കപ്പെടാറുള്ളൂ. സ്ത്രീകളുടെ സംസാരത്തിൽ ഈ പ്രയോഗം അധികം കാണപ്പെടാറുള്ളതും. (كما في ابن كثير وغيره) സൂറ: ദാരിയാത്തിൽ പ്രസ്താവിച്ചപ്രകാരം പറഞ്ഞിരിക്കുന്നു: 'അപ്പോൾ അദ്ദേഹത്തിന്റെ ഭാര്യ (സാറ) ഒരു ശബ്ദത്തോടുകൂടി മുന്നോട്ടു വന്നു മുഖത്തടിച്ചുകൊണ്ടു (ഞാൻ) 'വന്ധ്യയായ ഒരു കിഴവി' എന്നു പറഞ്ഞു. (ദാരി: 29) ആ സമയത്തു ഇബ്രാഹീം (അ) നബിക്കു നൂറും, സാറക്കു തൊണ്ണൂറും വയസ്സായിരുന്നുവെന്നു പറയപ്പെടുന്നു. والله أعلم

٧٤- فَلَمَّا ذَهَبَ عَنْ إِبْرَاهِيمَ الرَّوْعُ وَجَاءَتْهُ الْبُشْرَىٰ يُجَادِلُنَا فِي قَوْمِ لُوطٍ ○

74. എന്നിട്ട്, ഇബ്രാഹീമില്‍നിന്ന് നടുക്കം (നീങ്ങി) പോകുകയും, അദ്ദേഹത്തിന്ന് സന്തോഷവാര്‍ത്ത വരുകയും ചെയ്തപ്പോള്‍ അദ്ദേഹം (അതാ) ലൂത്ത്വിന്റെ ജനങ്ങളുടെ കാര്യത്തില്‍ നമ്മോടു തര്‍ക്കിക്കുന്നു!

٧٥- إِنَّ إِبْرَاهِيمَ لَحَلِيمٌ أَوَّاهٌ مُنِيبٌ ○

75. നിശ്ചയമായും, ഇബ്രാഹീം സഹനശീലനും, വളരെ (മനസ്സു) മടക്കമുള്ളവനും, വിനയ മനസ്കനും തന്നെയാകുന്നു.

٧٦- يَا إِبْرَاهِيمُ أَعْرِضْ عَنْ هَٰذَا إِنَّهُ قَدْ جَاءَ أَمْرُ رَبِّكَ وَإِنَّهُمْ آتِيهِمْ عَذَابٌ غَيْرُ مَرْدُودٍ ○

76. (അവര്‍ പറഞ്ഞു:) 'ഇബ്രാഹീമേ, ഇതില്‍ [ഈ തര്‍ക്കത്തില്‍] നിന്നു തിരിഞ്ഞു കളയുക. നിശ്ചയമായും കാര്യം: തന്റെ റബ്ബിന്റെ കല്‍പന (ഇതാ) വന്നു കഴിഞ്ഞു. നിശ്ചയമായും അവര്‍ [ആ ജനങ്ങള്‍] അപ്രതിരോധ്യമായ ഒരു (വമ്പിച്ച) ശിക്ഷ അവര്‍ക്കു വരുന്നതുമാകുന്നു.

---

74. فلما ذهب എന്നിട്ടുപോയപ്പോള്‍ عن ابراهيم ഇബ്രാഹീമിനെ വിട്ടു الروع നടുക്കം, പേടി, പരിഭ്രമം وجاءته അദ്ദേഹത്തിനുവരുകയും البشرى സന്തോഷവാര്‍ത്ത يجادلنا നമ്മോടദ്ദേഹം തര്‍ക്കിക്കുന്നു في قوم ജനങ്ങളുടെ കാര്യത്തില്‍, ജനതയെപ്പറ്റി لوط ലൂത്ത്വിന്റെ 75. ان ابراهيم നിശ്ചയമായും ഇബ്രാഹീം لحليم സഹനശീലന്‍ തന്നെ اواه വളരെ മടക്കമുള്ളവനാണു منيب വിനയം കാണിക്കുന്നവനാണു 76. يا ابراهيم ഇബ്രാഹീമേ اعرض തിരിഞ്ഞുകളയുക, അവഗണിക്കുക عن هذا ഇതിനെപ്പറ്റി, ഇതില്‍നിന്നു انه നിശ്ചയമായും അതു (കാര്യം) قد جاء വന്നു കഴിഞ്ഞു امر ربك നിന്റെ റബ്ബിന്റെ കല്‍പന, കാര്യം وانهم നിശ്ചയമായും അവര്‍ آتيهم അവര്‍ക്കു വരുന്നതാകുന്നു عذاب ശിക്ഷ غير مردود തടുക്കാവതല്ലാത്ത

സാരം: മലക്കുകള്‍ തങ്ങളെ പരിചയപ്പെടുത്തുകയും, തങ്ങളുടെ വരവിന്റെ ഉദ്ദേശ്യം വിവരിക്കുകയും ചെയ്തതോടെ ഇബ്രാഹീം (അ)ന്റെ ശങ്കയും പേടിയും നീങ്ങി. കുട്ടിയുണ്ടാവാന്‍ പോകുന്ന സന്തോഷവാര്‍ത്തയും ലഭിച്ചു. അങ്ങനെ മനസ്സന്തോഷം വന്നപ്പോള്‍ അദ്ദേഹം ലൂത്ത്വ് (അ) നബിയുടെ ജനങ്ങളുടെ കാര്യത്തില്‍ ചില തര്‍ക്കങ്ങള്‍ നടത്തുവാന്‍ തുടങ്ങി. അദ്ദേഹം ഒരു അവിവേകിയോ, അല്ലാഹുവിന്റെ കല്‍പനയെ ചോദ്യം ചെയ്യുന്ന ആളോ ആയതുകൊണ്ടല്ല അത്. അദ്ദേഹം വളരെ സഹനവും, കോമളവിനയവുമൊക്കെയുള്ള ആളു തന്നെയാകുന്നു. മലക്കുകള്‍ അദ്ദേഹത്തോടു പറഞ്ഞു: ആ ജനങ്ങളെപ്പറ്റി തര്‍ക്കിച്ചിട്ടു കാര്യമില്ല; അവരെ ശിക്ഷിക്കുന്ന കാര്യം തീര്‍ച്ചപ്പെട്ടു കഴിഞ്ഞതാണു; അവരതിനു അര്‍ഹരുമാണ്; ആ ശിക്ഷ ഒഴികലും ഒഴിവാക്കപ്പെടുകയുമില്ല. അതുകൊണ്ടു അവരെപ്പറ്റിയുള്ള സംസാരമങ്ങു വിട്ടേക്കുക.

മലക്കുകള്‍ അല്ലാഹുവിന്റെ ദൂതന്‍മാരും, അവന്റെ കല്‍പന നടപ്പില്‍ വരുത്തുവാന്‍ വന്നവരുമായ സ്ഥിതിക്ക് അവരോടു നടത്തുന്ന വിവാദം അല്ലാഹുവിനോടു നടത്തുന്നതിനു തുല്യമായതുകൊണ്ടാണ് 'നമ്മോടു തര്‍ക്കിക്കുന്നു' (يجادلنا) എന്നു പറഞ്ഞിരിക്കുന്നത്. ഈ വിവാദത്തെപ്പറ്റി തര്‍ക്കമെന്നു പറഞ്ഞുവെങ്കിലും അതു സാധാരണ ഗതിയിലുള്ള ഒരു തര്‍ക്കമായിരുന്നില്ല. ലൂത്ത് (അ)ന്റെ ജനതയെ നശിപ്പിക്കുന്ന ശിക്ഷയെപ്പറ്റി കേട്ടപ്പോള്‍, അദ്ദേഹം മൗനം അവലംബിക്കുകയുണ്ടായില്ല. ലൂത്ത്വ് (അ) നബിയെയും, ആ ജനതയിലുണ്ടായിരുന്ന സത്യവിശ്വാസികളെയും സംബന്ധിച്ചു അദ്ദേഹത്തിനു മനസ്സില്‍ അലിവു തോന്നി. അതനുസരിച്ചു അദ്ദേഹം മലക്കുകളോട് ചില ചോദ്യങ്ങള്‍ നടത്തി. ഇതിനെപ്പറ്റിയാണ് തര്‍ക്കം എന്നു പറഞ്ഞിരിക്കുന്നത്.

സൂറത്തുൽ അങ്കബൂത്തിൽ പറയുന്നു: وَلَمَّا جَاءَتْ رُسُلُنَا إِبْرَاهِيمَ - الآيَة (സാരം: സന്തോഷവാർത്തയുമായി ഇബ്‌റാഹീമിന്റെ അടുക്കൽ നമ്മുടെ ദൂതന്മാർ വന്നപ്പോൾ അവർ പറഞ്ഞു: ഞങ്ങൾ ഈ രാജ്യക്കാരെ—ലൂത്ത് (അ)ന്റെ ജനതയെ—നശിപ്പിക്കുവാൻ പോകുന്നവരാണ്. കാരണം, അവർ അക്രമികളായിരിക്കുന്നു. അപ്പോൾ ഇബ്‌റാഹീം പറഞ്ഞു: അതിൽ ലൂത്ത് ഉണ്ടല്ലോ. അവർ പറഞ്ഞു: അവിടെ ഉള്ളവരെപ്പറ്റി ഞങ്ങൾ നല്ലവണ്ണം അറിയുന്നവരാണ്. അദ്ദേഹത്തെ—ലൂത്ത് (അ) നെ—യും, അദ്ദേഹത്തിന്റെ ഭാര്യ ഒഴിച്ചുള്ള ആൾക്കാരെയും ഞങ്ങൾ രക്ഷപ്പെടുത്തുന്നതാണ്. ആ സ്ത്രീ ശിക്ഷയിൽ അകപ്പെടുന്നവളാണ്. (അങ്കബൂത്ത്: 31, 32) ഈ സംഭവത്തിന്റെ വിശദീകരണമെന്നോണം വന്നിട്ടുള്ള രിവായത്തുകൾ കാണാം. വിശദാംശങ്ങളിൽ വ്യത്യാസം കാണുമെങ്കിലും അവയുടെ ആകെ സാരം ഇതാണ്: ആ രാജ്യം നശിപ്പിക്കുവാൻ പോകുന്നുവെന്നു മലക്കുകൾ പറഞ്ഞപ്പോൾ, ഇബ്‌റാഹീം (അ) അവരോടു: അതിൽ നൂറുകണക്കിനു സത്യവിശ്വാസികൾ ഉണ്ടെങ്കിലോ? എന്നു ചോദിച്ചു. എന്നാൽ അവരെ നശിപ്പിക്കുകയില്ലെന്നു അവർ മറുപടി പറഞ്ഞു: പത്തുകണക്കിലോ? എന്നും ചോദിച്ചു. അപ്പോഴും ഇല്ലെന്ന പറഞ്ഞു .... അവസാനം ഇബ്‌റാഹീം (അ) ചോദിച്ചു: എന്നാൽ, അതിൽ ലൂത്ത് ഉണ്ടല്ലോ? അപ്പോഴാണു മലക്കുകൾ പറഞ്ഞത്: 'അവിടെ ഉള്ളവരെപ്പറ്റി ഞങ്ങൾക്കറിയാം. ലൂത്തിനെയും, അദ്ദേഹത്തിന്റെ ഭാര്യ ഒഴിച്ചുള്ള ആൾക്കാരെയും ഞങ്ങൾ രക്ഷപ്പെടുത്തുന്നതാണ്.' ഈ സംഭവത്തെയും, ഇബ്‌റാഹീം (അ) നബിയുടെ അടുക്കൽ മലക്കുകൾ ചെന്നതിനെയും മറ്റും സംബന്ധിച്ച ബൈബിളിൽ (ഉൽപത്തി: അ: 18ൽ) ഒരു നീണ്ട വിവരണം കാണാം. അതിൽ പറഞ്ഞ ചിലതൊക്കെ സ്വീകാര്യമാണെങ്കിലും മലക്കുകൾ ഭക്ഷണം കഴിച്ചുവെന്ന പറഞ്ഞതു സ്വീകരിക്കുവാൻ സാധ്യമല്ല. ചിലതു രണ്ടും തീർത്തു പറയുവാനും നിവൃത്തിയില്ല.

ഇബ്‌റാഹീം (അ) സ്വദേശമായ ഇറാഖിൽനിന്നു ഹിജ്റ പോരുമ്പോൾ സഹോദര പുത്രനായ ലൂത്തും (അ) കൂടെ ഉണ്ടായിരുന്നു. നേരത്തെതന്നെ സത്യവിശ്വാസം സ്വീകരിച്ച ആളായിരുന്നു അദ്ദേഹം. അവർ ഫലസ്തീനിൽ വന്നശേഷം ലൂത്ത് (അ) സദൂം-ഗമൂറിയ പ്രദേശങ്ങളിൽ താമസമുറപ്പിച്ചു. അവിടെയുള്ളവരിൽ അദ്ദേഹം റസൂലായി നിയോഗിക്കപ്പെടുകയും ചെയ്തു.

77. നമ്മുടെ ദൂതന്മാർ ലൂത്തിന്റെ അടുക്കൽ ചെന്നപ്പോൾ അവർമൂലം അദ്ദേഹത്തിനു വ്യസനം (അഥവാ അനിഷ്ടം) പിടിപെടുകയും, അവർമൂലം മനസ്സിടുങ്ങുകയും ചെയ്തു; 'ഇതൊരു കഠിനമായ ദിവസമാണു' എന്നദ്ദേഹം പറയുകയും ചെയ്തു.

وَلَمَّا جَاءَتْ رُسُلُنَا لُوطًا سِيءَ بِهِمْ وَضَاقَ بِهِمْ ذَرْعًا وَقَالَ هَٰذَا يَوْمٌ عَصِيبٌ ○

---

77. وَلَمَّا جَاءَتْ വന്നപ്പോൾ رُسُلُنَا നമ്മുടെ ദൂതന്മാർ لُوطًا ലൂത്തിന്റെ അടുക്കൽ سِيءَ അദ്ദേഹത്തിനു അനിഷ്ടമായി (വ്യസനം പിടിപെട്ടു) بِهِمْ അവരെക്കൊണ്ടു, അവർമൂലം وَضَاقَ بِهِمْ അവരെക്കൊണ്ടു (അവരാൽ) ഇടുങ്ങുകയും ചെയ്തു ذَرْعًا മുഴങ്കൈ (മനസ്സു) وَقَالَ അദ്ദേഹം പറയുകയും ചെയ്തു هَٰذَا ഇതു يَوْمٌ ഒരു ദിവസമാണു عَصِيبٌ കഠിനമായ, ഞെരുക്കപ്പെട്ട

ഇബ്‌റാഹീം (അ) നബിയുടെ അടുക്കൽനിന്ന മലക്കുകൾ ലൂത്ത് (അ) നബിയുടെ അടുക്കൽവന്നു. സുന്ദരന്മാരായ യുവാക്കളുടെ വേഷത്തിലായിരുന്ന അവർ ചെന്നതു ആ നാട്ടുകാരാകട്ടെ, കാമവികാരങ്ങളടക്കുവാൻ സ്ത്രീകൾക്കു പകരം പുരുഷന്മാരെ ഉപയോഗപ്പെടുത്തുക മുതലായ നീചകൃത്യങ്ങളിൽ അതിരു കവിഞ്ഞിരിക്കുന്നവരായിരുന്നു. ആ സന്ദർഭത്തിൽ തന്റെ വീട്ടിൽ ആ യുവാക്കളുടെ സാന്നിദ്ധ്യം പല അനർത്ഥങ്ങൾക്കും കാരണമായേക്കുമെന്നു അദ്ദേഹം ഭയപ്പെട്ടു. അതാണ് അവർമൂലം അദ്ദേഹത്തിനു വ്യസനവും മനഃപ്രയാസവും ഉണ്ടാകുവാൻ കാരണം. ഞങ്ങൾ മലക്കുകളാണെന്ന വസ്തുത വെളിപ്പെടുത്തുന്നതു വരെക്കും—ഇബ്‌റാഹീം (അ)നെപ്പോലെതന്നെ—അവർ കേവലം മനുഷ്യാതിഥികളായി മാത്രമേ അദ്ദേഹം മനസ്സിലാക്കിയിരുന്നുള്ളു. മറഞ്ഞ കാര്യം അല്ലാഹുവിനല്ലാതെ ആർക്കും അറിയുകയില്ലല്ലോ.

ضَاقَ ذَرْعًا എന്ന വാക്കിന്റെ സാക്ഷാൽ അർത്ഥം 'അദ്ദേഹം മുഴങ്കൈ ഇടുങ്ങി' എന്നാകുന്നു. 'മനസ്സു ഇടുങ്ങി' എന്നിത്തിനെയുള്ള അർത്ഥങ്ങളിലാണ് അതിന്റെ പ്രയോഗം. മനം മുട്ടി, പ്രയാസം തോന്നി, മനസ്സു ഇടുങ്ങി എന്ന അർത്ഥത്തിൽ رَحِبَ ذَرْعًا ، طَالَ ذَرْعًا (മുഴങ്കൈ നീണ്ടു, വിരിച്ചു) മനസ്സിനു വിശാലതയും വികാസവും തോന്നി എന്ന അർത്ഥത്തിൽ (അഥവാ വിശാലമായി) എന്നിത്തിനെയും പറയപ്പെടാറുണ്ട്.

وَجَاءَهُ قَوْمُهُ يُهْرَعُونَ إِلَيْهِ وَمِن قَبْلُ كَانُوا يَعْمَلُونَ السَّيِّئَاتِ ۚ ٧٨

78. അദ്ദേഹത്തിന്റെ ജനങ്ങൾ അദ്ദേഹത്തിന്റെ അടുക്കലേക്കു (ധൃതിപ്പെട്ടു) ഓടിക്കൊണ്ടുവന്നു. മുമ്പേ അവർ ദുഷ്പ്രവൃത്തികൾ ചെയ്തുകൊണ്ടിരിക്കുകയായിരുന്നു.

قَالَ يَا قَوْمِ هَٰؤُلَاءِ بَنَاتِي هُنَّ أَطْهَرُ لَكُمْ ۖ فَاتَّقُوا اللَّهَ وَلَا تُخْزُونِ فِي ضَيْفِي ۖ أَلَيْسَ مِنكُمْ رَجُلٌ رَّشِيدٌ ○

അദ്ദേഹം പറഞ്ഞു: 'എന്റെ ജനങ്ങളേ, ഇതാ എന്റെ പെൺമക്കൾ; അവർ നിങ്ങൾക്കു വളരെ ശുദ്ധമായുള്ളവരാണ്. [അവരെ നിങ്ങൾക്കു വിവാഹം കഴിച്ചുതരാം] ആകയാൽ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുവിൻ; എന്റെ അതിഥികളുടെ വിഷയത്തിൽ എന്നെ നിങ്ങൾ അപമാനപ്പെടുത്താതെയുമിരിക്കുവിൻ. നിങ്ങളുടെ കൂട്ടത്തിൽ തന്റേടമുള്ള ഒരു പുരുഷനുമില്ലേ?!'

٧٩ قَالُوا لَقَدْ عَلِمْتَ مَا لَنَا فِي بَنَاتِكَ مِنْ حَقٍّ وَإِنَّكَ لَتَعْلَمُ مَا نُرِيدُ ○

79. അവർ പറഞ്ഞു: 'നിന്റെ പെൺമക്കളിൽ ഞങ്ങൾക്കു ഒരു കാര്യവും [ആവശ്യവും] ഇല്ലെന്നു നിനക്കു അറിവുണ്ടല്ലോ, നിശ്ചയമായും, നിനക്കറിയാം ഞങ്ങൾ ഉദ്ദേശിക്കുന്നതെന്താണെന്നും.'

٨٠ قَالَ لَوْ أَنَّ لِي بِكُمْ قُوَّةً أَوْ آوِي إِلَىٰ رُكْنٍ شَدِيدٍ ○

80. അദ്ദേഹം പറഞ്ഞു: 'എനിക്കു നിങ്ങളോടു [നിങ്ങളെ തടയുവാൻ] വല്ല ശക്തിയും ഉണ്ടായിരുന്നെങ്കിൽ! അല്ലെങ്കിൽ, ശക്തിമത്തായ വല്ല ഘടകത്തിലേക്കും (ചെന്നു) അഭയം പ്രാപിക്കാമായിരുന്നെങ്കിൽ! [ഹാ! എത്ര നന്നായേനെ!]

---

78. وَجَاءَهُ അദ്ദേഹത്തിന്റെ അടുക്കൽ വന്നു قَوْمُهُ അദ്ദേഹത്തിന്റെ ജനത يُهْرَعُونَ അവർ (ധൃതിപ്പെട്ടു) കുതിച്ചു (ഓടി)ക്കൊണ്ടു إِلَيْهِ അദ്ദേഹത്തിലേക്കു وَمِن قَبْلُ മുമ്പേ, മുമ്പും كَانُوا അവരായിരുന്നു يَعْمَلُونَ അവർ പ്രവർത്തിക്കും السَّيِّئَاتِ ദുഷ്പ്രവൃത്തി(തിന്മ)കൾ قَالَ അദ്ദേഹം പറഞ്ഞു يَا قَوْمِ എന്റെ ജനങ്ങളേ هَٰؤُلَاءِ ഇക്കൂട്ടർ, ഇതാ بَنَاتِي എന്റെ പുത്രിമാരാണ്, എന്റെ പെൺമക്കൾ هُنَّ അവർ أَطْهَرُ ഏറ്റവും ശുദ്ധമായവരാണ് لَكُمْ നിങ്ങൾക്കു فَاتَّقُوا അതിനാൽ സൂക്ഷിക്കുവിൻ اللَّهَ അല്ലാഹുവിനെ وَلَا تُخْزُونِ എന്നെ അപമാനപ്പെടുത്തുകയും അരുതു فِي ضَيْفِي എന്റെ അതിഥികളിൽ (വിരുന്നുകാരിൽ) أَلَيْسَ ഇല്ലയോ مِنكُمْ നിങ്ങളിൽ رَجُلٌ ഒരു പുരുഷൻ رَّشِيدٌ തന്റേടമുള്ള, നേർമാർഗ്ഗമുള്ള 79. قَالُوا അവർ പറഞ്ഞു لَقَدْ عَلِمْتَ നീ അറിഞ്ഞിട്ടുണ്ടു, നിനക്കറിവുണ്ടല്ലോ مَا لَنَا ഞങ്ങൾക്കില്ല എന്നു فِي بَنَاتِكَ നിന്റെ പെൺമക്കളിൽ مِنْ حَقٍّ ഒരു കാര്യവും (ആവശ്യവും) وَإِنَّكَ നിശ്ചയമായും നീ لَتَعْلَمُ നീ അറിയുക തന്നെ ചെയ്യും مَا نُرِيدُ ഞങ്ങൾ ഉദ്ദേശിക്കുന്നതു 80. قَالَ അദ്ദേഹം പറഞ്ഞു لَوْ أَنَّ لِي എനിക്കുണ്ടായിരുന്നെങ്കിൽ بِكُمْ നിങ്ങളോടു, നിങ്ങളെപ്പറ്റി قُوَّةً വല്ല ശക്തിയും أَوْ آوِي അല്ലെങ്കിൽ ഞാൻ അഭയം പ്രാപിക്കാമായിരുന്നെങ്കിൽ إِلَىٰ رُكْنٍ വല്ല ഘടകത്തി(ഭാഗത്തി)ലേക്കും (അവലംബത്തിലേക്കു) شَدِيدٍ ശക്തിമത്തായ, കെട്ടുറപ്പുള്ള

ലൂത്വ് (അ) ന്റെ വീട്ടിൽ ചില യുവാക്കൾ എത്തിയ വിവരം ആ ദുഷ്ട ജനങ്ങൾ അറിഞ്ഞു. അവർ ധൃതിയിൽ അവിടെ ഓടിയെത്തി. അദ്ദേഹം വളരെ ഉപദേശിക്കുകയും, ഗുണദോഷിക്കുകയും ചെയ്തു നോക്കി. എന്റെ പെൺമക്കളിതാ ഇരിക്കുന്നു, അവർ വിവാഹിതരോ, ദുർനടപ്പുകാരോ അല്ല. അവരെ ഞാൻ വേണമെങ്കിൽ നിങ്ങൾക്കു വിവാഹം കഴിച്ചു തരുവാൻ തയ്യാറാണ്. അതാണല്ലോ ശുദ്ധിയും വെടിപ്പുമുള്ള കാര്യം. ന്യായവും

എന്റെ വീട്ടിൽ അതിഥികളായി വന്ന ഇവരെ നിങ്ങൾ ഒഴിവാക്കണം. അവരോടു അപമര്യാദയായി പെരുമാറി എന്നെ അപമാനിക്കരുത്. നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കണം. ഇതൊക്കെ അവൻ കാണുമല്ലോ. തന്റേടവും വിവേകവുമുള്ള ഒരാളും നിങ്ങളിൽ ഇല്ലേ! ഉണ്ടെങ്കിൽ ഇത്തരം ധിക്കാരത്തിന് നിങ്ങൾക്കു തോന്നുമായിരുന്നില്ല. എന്നൊക്കെ അദ്ദേഹം പറഞ്ഞു. ഫലമുണ്ടായില്ല. തന്റെ പെൺമക്കളെയല്ല ഞങ്ങൾക്കാവശ്യമെന്നും, ഈ യുവാക്കളെ വിട്ടുകിട്ടുകയാണ് ഞങ്ങൾക്കു വേണ്ടതെന്നും തനിക്കറിയാമല്ലോ. അതുകൊണ്ട് ഈ വേദാന്തമൊന്നും ഞങ്ങൾക്ക് കേൾക്കേണ്ട എന്നായിരുന്നു ആ തെമ്മാടികളുടെ മറുപടി.

بناتى (എന്റെ പെൺമക്കൾ) എന്നു അദ്ദേഹം പറഞ്ഞത് തന്റെ സമുദായത്തിലുള്ള പെൺമക്കളെ ഉദ്ദേശിച്ചാണെന്നും, പ്രവാചകൻമാർ ജനങ്ങളുടെ പിതാവിനു തുല്യമായ ആളായതുകൊണ്ടു അങ്ങിനെ പറഞ്ഞതാണെന്നും ചില വ്യാഖ്യാതാക്കൾ അഭിപ്രായപ്പെട്ടിരിക്കുന്നു. ഇബ്നു അബ്ബാസ് (റ) ൽ നിന്നു അങ്ങിനെ നിവേദനം ചെയ്യപ്പെട്ടതായി പറയപ്പെടുന്നുമുണ്ട്. അല്ലാഹുവിനറിയാം. ഏതായാലും, ആ തെമ്മാടികൾ തന്റെ വാക്കുകൾ അനുസരിക്കാത്തതിലും, അവരെ തടയുവാൻ അദ്ദേഹത്തിനു കഴിവില്ലാത്തതിലും അദ്ദേഹം വല്ലാത്ത ധർമ്മസങ്കടത്തിലായി. നിങ്ങളെ നേരിടുവാനും, നിങ്ങളെ തടയുവാനുമുള്ള ശക്തിയും സഹായവും എനിക്കു ഉണ്ടായിരുന്നെങ്കിൽ എന്ന് അദ്ദേഹം സ്വയം വിലപിക്കുകയായി. ഈ ധിക്കാരം പ്രവർത്തിച്ച ആ തെമ്മാടികളുടെ കണ്ണിന്റെ കാഴ്ച അല്ലാഹു നശിപ്പിച്ചു കളഞ്ഞതായി സൂറത്തുൽ ഖമറിൽ പ്രസ്താവിക്കുന്നുണ്ട്. അതിലെ വാചകം ولقد راودوه عن ضيفه فطمسنا أعينهم (അവർ അദ്ദേഹത്തിന്റെ അതിഥികളെ കിട്ടുവാൻ വേണ്ടി അദ്ദേഹത്തോടാവശ്യപ്പെട്ടു. അപ്പോൾ, നാം അവരുടെ കണ്ണുകളെ തുടച്ചുനീക്കി. (ഖമർ. 37) ഇതോടുകൂടി മലക്കുകൾ, തങ്ങൾ ആരാണെന്നും, തങ്ങളുടെ വരവിന്റെ ഉദ്ദേശമെന്താണെന്നും അറിയിച്ചുകൊണ്ടു ലൂത്ത് നബി (അ)നെ ആശ്വസിപ്പിച്ചു.

81. അവർ [ദൂതൻമാർ] പറഞ്ഞു: 'ലൂത്തേ, ഞങ്ങൾ താങ്കളുടെ റബ്ബിന്റെ ദൂതൻമാരാണ്. അവർ [ആ ജനങ്ങൾ] താങ്കളുടെ അടുക്കലേക്ക് (ഉപദ്രവാർത്ഥം) വന്നു ചേരുകയില്ല തന്നെ. എനി, താങ്കൾ താങ്കളുടെ ആൾക്കാരെ [കുടുംബത്തെ]യും കൊണ്ടു രാത്രിയിൽനിന്നുള്ള ഒരംശത്തിൽ [രാത്രി കഴിയുംമുമ്പ്] യാത്ര ചെയ്തുകൊള്ളുക. നിങ്ങളിൽ നിന്ന് ഒരാളും (പോകുമ്പോൾ) തിരിഞ്ഞുനോക്കുകയും ചെയ്യരുത്; താങ്കളുടെ സ്ത്രീ [ഭാര്യ] ഒഴികെ. നിശ്ചയമായും (കാര്യം) അവർക്ക് [ആ ജനങ്ങൾക്ക്] ബാധിക്കുന്നതു അവൾക്കും ബാധിക്കുന്നതായിരിക്കും.

നിശ്ചയമായും, അവരുടെ നിശ്ചിത സമയം, പ്രഭാതമാകുന്നു. പ്രഭാതം (ഇതാ) സമീപത്തിലല്ലേ!''

٨١- قَالُوا يَٰلُوطُ إِنَّا رُسُلُ رَبِّكَ لَن يَصِلُوٓا إِلَيْكَ ۖ فَأَسْرِ بِأَهْلِكَ بِقِطْعٍ مِّنَ ٱلَّيْلِ وَلَا يَلْتَفِتْ مِنكُمْ أَحَدٌ إِلَّا ٱمْرَأَتَكَ ۖ إِنَّهُۥ مُصِيبُهَا مَآ أَصَابَهُمْ ۚ إِنَّ مَوْعِدَهُمُ ٱلصُّبْحُ ۚ أَلَيْسَ ٱلصُّبْحُ بِقَرِيبٍ ○

---

81. قالوا അവർ പറഞ്ഞു يا لوط ലൂത്തേ إنا നിശ്ചയമായും ഞങ്ങൾ رسل ദൂതൻമാരാണു ربك നിന്റെ റബ്ബിന്റെ لن يصلوا അവർ ചേരുകയില്ല, എത്തുകയില്ല തന്നെ إليك നിന്റെ അടുക്കലേക്ക് فأسر എനി രാത്രിയിൽ യാത്ര ചെയ്യുക بأهلك നിന്റെ സ്വന്തക്കാരെ (ആൾക്കാരെ-കുടുംബത്തെ-വീട്ടുകാരെ)യും കൊണ്ടു بقطع ഒരംശത്തിൽ (ഭാഗത്തിൽ) من الليل രാത്രിയിൽനിന്നുള്ള (രാത്രിയുടെ) ولا يلتفت തിരിഞ്ഞുനോക്കുകയും അരുതു منكم നിങ്ങളിൽനിന്നു أحد ഒരാളും إلا امرأتك നിന്റെ സ്ത്രീ (ഭാര്യ) ഒഴികെ إنه നിശ്ചയമായും അതു (കാര്യം) مصيبها അവൾക്കു ബാധിക്കുന്നതാണു ما أصابهم അവർക്കു ബാധിക്കുന്നതു إن موعدهم നിശ്ചയമായും അവരുടെ വാഗ്ദത്ത (നിശ്ചിത) സമയം الصبح പ്രഭാതമാണു, പുലർച്ചയാണു أليس الصبح പ്രഭാതമല്ലയോ بقريب അടുത്തതു, സമീപസ്ഥം.

[illegible] അയച്ച ദൂതൻമാരാണു (മലക്കുകളാണ്); താങ്കൾ [illegible] ഈ ജനങ്ങൾ [illegible] താങ്കളോടു ഒന്നും ചെയ്‌വാൻ കഴിയുകയില്ല [illegible] താങ്കൾ [illegible] ആ ദുഷ്ടൻമാർക്ക് താങ്കളോടു ഒന്നും [illegible]

താങ്കളും താങ്കളുടെ വീട്ടുകാരും അതിനുമുമ്പായി രാത്രിതന്നെ സ്ഥലം വിടണം; പോകുമ്പോൾ നിങ്ങളിൽ ആരും തിരിഞ്ഞു നോക്കരുത്; പക്ഷെ, താങ്കളുടെ ഭാര്യ ശിക്ഷയിൽ അകപ്പെടുന്നവളാണു എന്നൊക്കെ മലക്കുകൾ ലൂത്വ് (അ) നെ അറിയിച്ചു.

താങ്കളുടെ ഭാര്യ ഒഴികെ (إِلَّا امْرَأَتَكَ) എന്നു പറഞ്ഞതിന്റെ താൽപര്യം രണ്ടു പ്രകാരത്തിൽ വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു. ഭാര്യ ഒഴിച്ചുള്ള കുടുംബത്തെയും കൊണ്ടുപോകണമെന്നും, ആരും തിരിഞ്ഞു നോക്കരുതു–പക്ഷെ, താങ്കളുടെ ഭാര്യ തിരിഞ്ഞു നോക്കിയേക്കും–എന്നുമാണത്. രണ്ടായാലും ഫലം ഒന്നിലേക്കു തന്നെ. നൂഹ് (അ) നബിയുടെ ഭാര്യയെപ്പോലെത്തന്നെ ലൂത്വ് (അ) നബിയുടെ ഭാര്യയും അദ്ദേഹത്തിന്റെ എതിരാളികളായ അവിശ്വാസികളിൽ പെട്ടവളായിരുന്നുവെന്നും, അദ്ദേഹത്തെ വഞ്ചിച്ചിരുന്നുവെന്നും സൂ: തഹ്‌രീമിൽ കാണാവുന്നതാണ്. അവൾ ആ ശിക്ഷയിൽ അകപ്പെട്ടതായി 7:83; 29:32 മുതലായ സ്ഥലങ്ങളിൽ അല്ലാഹു വ്യക്തമാക്കിയിട്ടുമുണ്ട്. മലക്കുകൾ ഉപദേശിച്ച പ്രകാരം ലൂത്വ് (അ) നബിയും കുടുംബവും രാജ്യത്തിന്റെ പുറത്തുപോയി രക്ഷപ്പെട്ടുവെന്നു പറയേണ്ടതില്ല. അദ്ദേഹത്തിന്റെ നാട്ടിൽ ഒരേ ഒരു വീടല്ലാതെ മുസ്‌ലിംകളുടെ വീടു ഉണ്ടായിരുന്നില്ല എന്ന് 51:36ൽ അല്ലാഹു പ്രസ്താവിച്ചിരിക്കകൊണ്ടു ലൂത്വ് (അ) നബിയും അദ്ദേഹത്തിന്റെ വീട്ടിലുണ്ടായിരുന്ന സത്യവിശ്വാസികളും മാത്രമായിരിക്കും രക്ഷപ്പെട്ടിട്ടുള്ളതെന്നും വ്യക്തമാണ്. ആ ജനതക്കു ബാധിച്ച ശിക്ഷ എന്തായിരുന്നുവെന്നു അല്ലാഹു വിവരിക്കുന്നു:–

٨٢- فَلَمَّا جَآءَ أَمْرُنَا جَعَلْنَا عَٰلِيَهَا سَافِلَهَا وَأَمْطَرْنَا عَلَيْهَا حِجَارَةً مِّن سِجِّيلٍ مَّنضُودٍ

82. അങ്ങനെ, നമ്മുടെ കൽപന വന്നപ്പോൾ, അതിന്റെ [രാജ്യത്തിന്റെ] മുകൾഭാഗം അതിന്റെ താഴ്ഭാഗമാ(ക്കി മറി)ക്കുകയും, അതിൽ, (മേൽക്കുമേൽ വന്നു) അട്ടിയാക്കപ്പെട്ട, ചുട്ടുവെച്ച ഇഷ്ടികക്കല്ലുകളെ നാം വർഷിപ്പിക്കുകയും ചെയ്തു;–

٨٣- مُّسَوَّمَةً عِندَ رَبِّكَ ۖ وَمَا هِىَ مِنَ ٱلظَّٰلِمِينَ بِبَعِيدٍ

83. നിന്റെ റബ്ബിന്റെ അടുക്കൽ അടയാളപ്പെടുത്തി വെക്കപ്പെട്ടതായും കൊണ്ട്. അതു (ഈ) അക്രമികളിൽ നിന്നു വിദൂരമായതൊന്നുമല്ലതാനും.

---

82. فلما അങ്ങനെ വന്നപ്പോൾ أمرنا നമ്മുടെ കൽപന جعلنا നാം ആക്കി عاليها അതിന്റെമേൽഭാഗത്തെ سافلها അതിന്റെ കീഴ്ഭാഗം, താഴ്ഭാഗത്തു وأمطرنا നാം വർഷിപ്പിക്കുക (പെയ്യിക്കുക)യും ചെയ്തു عليها അതിന്റെമേൽ, അതിൽ حجارة കല്ലുകളെ من سجيل ചുട്ടുവെച്ച ഇഷ്ടികയിൽ നിന്നുള്ള منضود അട്ടിയാക്കപ്പെട്ട, മേൽക്കുമേൽ (തുടർന്നു) വീണ 83. مسومة അടയാളപ്പെടുത്തപ്പെട്ടതായുംകൊണ്ടു عند ربك നിന്റെ റബ്ബിന്റെ അടുക്കൽ وما هي അതല്ല من الظالمين അക്രമികളിൽനിന്നു ببعيد വിദൂരമായതു

നിശ്ചിത സമയം എത്തിയപ്പോൾ, രാജ്യം അടിമേലായി മറിക്കപ്പെട്ടു. ചുട്ടുപഴുപ്പിക്കപ്പെട്ട ഇഷ്ടികക്കല്ലുകൾ തുടരെത്തുടരെ മേൽക്കുമേൽ വർഷിച്ചുകൊണ്ടിരുന്നു. നിന്റെ റബ്ബിങ്കൽ അടയാളപ്പെടുത്തപ്പെട്ടതു (مسومة عند ربك) എന്നു കല്ലുകളെ വിശേഷിപ്പിച്ചതിന്റെ സാരം, ഭൂമിയിലെ സാധാരണ കല്ലുകളിൽ നിന്നും വ്യത്യസ്തമായ ചില പ്രത്യേക അടയാളങ്ങൾ ആ കല്ലുകൾക്കുണ്ടായിരുന്നുവെന്നാണെന്നും, ആർക്കൊക്കെയാണു–എവിടെയൊക്കെയാണു–അവ ബാധിക്കേണ്ടതെന്നു കുറിക്കുന്ന ചില അടയാളങ്ങൾ അവയിലുണ്ടായിരുന്നുവെന്നാണെന്നും പറയപ്പെടുന്നു. വാസ്തവം അല്ലാഹുവിനറിയാം. ഏതായാലും അവ സാധാരണ കല്ലുകളായിരുന്നില്ലെന്നും, അവരെ ശിക്ഷിക്കുവാൻ ഏർപ്പെടുത്തിയ ഏതോ പ്രത്യേകതരം കല്ലുകളായിരുന്നുവെന്നും മനസ്സിലാക്കേണ്ടിയിരിക്കുന്നു. അവസാനത്തെ വാക്യവും രണ്ടു തരത്തിൽ വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്: (1) ആ കല്ലുകൾ അക്രമികളിൽ നിന്നു വിദൂരമായതൊന്നുമല്ല; അഥവാ അവർക്കു തികച്ചും യോജിച്ച ശിക്ഷയായിരുന്നു അതെന്ന്. (2) ആ അടിമേലായി മറിക്കപ്പെട്ട രാജ്യം ഈ അക്രമികളിൽ– മക്കാ മുശ്‌രിക്കുകളിൽ– നിന്നു വിദൂരമൊന്നുമല്ല–അഥവാ ഇവർ ശാമിലേക്കും മറ്റും യാത്രപോകുമ്പോൾ അതിന്റെ അവശിഷ്ടം ഇവർക്കു കാണാവുന്ന വിധം അധികം അകലെയല്ലാതെ കിടപ്പുണ്ടു–

ഏനന്. ഒന്നാമത്തേതാണു കൂടുതൽ നന്നായി തോന്നുന്നതും ഖുർആന്റെ വാക്കൊടു യോജിച്ചു കാണുന്നതും. لوط ഈ വാക്യമാണ് പിന്നീട് ലൂത്വ് കടൽ എന്നും, ചാവുകടൽ എന്നുമുള്ള പേരുകളിൽ വന്നിച്ച തടാകമായിത്തീർന്നത്. (കൂടുതൽ വിവരം സൂ: ശുഅറാഇനുശേഷമുള്ള 'ലൂത്വുകടൽ' എന്ന കുറിപ്പിൽ കാണാം.)

ഖുർആനിൽ വിവരിച്ച പല സംഭവങ്ങളെക്കുറിച്ചുമെന്നപോലെ, ലൂത്വ് (അ) ന്റെ രാജ്യം മറിക്കപ്പെട്ടതിനെക്കുറിച്ചും ഒരുപാടു കെട്ടുകഥകളും അതിശയോക്തി നിറഞ്ഞ വാക്കുകളും ചില ഗ്രന്ഥങ്ങളിൽ സ്ഥലം പിടിച്ചു കാണാം. നമ്മെ സംബന്ധിച്ചിടത്തോളം അല്ലാഹുവിന്റെ വചനങ്ങളിൽനിന്നും അതിന്റെ വ്യാഖ്യാനമായി വന്നിട്ടുള്ള അംഗീകൃത രേഖകളിൽനിന്നും ലഭിക്കുന്ന വിവരം കൊണ്ടുതന്നെ മതിയാക്കാവുന്നതാണ്. നേരെമറിച്ച് ഇന്നിടെ ഭൂമിയിൽ അവിടവിടെ ഉണ്ടാകാറുള്ള ഭൂകമ്പങ്ങളിൽപെട്ട സാധാരണമായ ഒരു ഭൂകമ്പം മാത്രമായിരുന്നു അതെന്നും, ആ ജനതയുടെ ധിക്കാരം മുഴുത്ത അവസരവും അതുംകൂടി ഒത്തുചേർന്നുവെന്നേയുള്ളുവെന്നും ചില ആളുകൾ സമർത്ഥിച്ചു കാണുന്നു. ഇതും സ്വീകരിക്കുവാൻ നമുക്കു സാദ്ധ്യമല്ല. അല്ലാമാ സയ്യിദ് ഖുത്വ്ബ് (റ) ചൂണ്ടിക്കാട്ടിയതുപോലെ, ഭൂകമ്പങ്ങളിൽ പെട്ട ഒരു ഭൂകമ്പം തന്നെയായിരുന്നു അതെന്നു വന്നാലും ആ ജനതയെ ശിക്ഷിക്കുവാൻ വേണ്ടി അല്ലാഹു അപ്പോൾ പ്രത്യേകം ഒരുക്കിയ ഒരു ശിക്ഷയായേ അതിനെ കണക്കാക്കുവാൻ നിവൃത്തിയുള്ളു. ഈ സൂറത്തിലും മറ്റു സൂറത്തുകളിലും വന്നിട്ടുള്ള ഖുർആൻ വചനങ്ങൾ മുമ്പിൽവെച്ചു നോക്കുമ്പോൾ പ്രവാചകൻമാരുടെ സത്യസന്ധതക്കു ദൃഷ്ടാന്തമായി ഉണ്ടാവാറുള്ള അസാധാരണ സംഭവങ്ങളിൽ ഒന്നാണതെന്നല്ലാതെ പറയുവാൻ സാദ്ധ്യമല്ലതന്നെ.

ലൂത്വ് (അ) നബിയെ സംബന്ധിച്ച ഈ സംഭവവും ബൈബ്ളിൽ കുറേ വിശദീകരിച്ചു പ്രസ്താവിച്ചു കാണാം. ഇബ്രാഹീം (അ) നബിയുടെ അടുക്കൽ മലക്കുകൾ ചെന്ന സംഭവം ഉദ്ധരിച്ചതിൽ കാണാവുന്നതുപോലെ ഖുർആന്റെ പ്രസ്താവനകൾക്കും സിദ്ധാന്തങ്ങൾക്കും നിരക്കാത്ത പലതും അതിലും കാണാവുന്നതാണ്. അത്രയുമല്ല, വേദക്കാർ അവരുടെ വേദഗ്രന്ഥത്തിൽ കൈകടത്തിയിട്ടുണ്ടെന്നും, അതിൽ സത്യവും അസത്യവും കൂട്ടിക്കലർത്തിയിട്ടുണ്ടെന്നും സ്പഷ്ടമാക്കുന്ന ചില അസംബന്ധങ്ങളും തോന്നിയവാസങ്ങളും കൂടി അതിൽ അടങ്ങിയിരിക്കുന്നു. ബൈബിളിന്റെ അവിശ്വാസ്യത മനസ്സിലാക്കുവാൻ പോരുന്നതും, സത്യാസത്യങ്ങൾ ഇടകലർന്നതുമായ ആ വിവരണം ഉദ്ധരിച്ചു ദീർഘിപ്പിക്കുവാൻ ഇവിടെ മുതിരുന്നില്ല. വേണ്ടുന്നവർ ഉൽപത്തി 19—ാം അദ്ധ്യായം നോക്കിക്കൊള്ളട്ടെ. അതിന്റെ അവസാനത്തിൽ ലൂത്ത് നബി(അ) കള്ളുകുടിച്ചു അബോധാവസ്ഥയിൽ കിടന്നപ്പോൾ തന്റെ രണ്ടു പുത്രിമാർ മാറിമാറി അദ്ദേഹവുമായി ശയിച്ചുവെന്നും, രണ്ടാളും ഗർഭം ധരിച്ചുവെന്നുംവരെ ചേർത്തു കാണാം. هنا

ഒരു പ്രവാചകവര്യനെപ്പറ്റി ഇത്രയും നീചവും നികൃഷ്ടവുമായ അപവാദം—അതും ഒരു വിശുദ്ധമായ മതഗ്രന്ഥത്തിൽ—വേദവാക്യമായി എഴുതിച്ചേർത്ത കരങ്ങൾക്കുണ്ടോ, ആ പ്രവാചകന്റെ പുത്രിമാരെപ്പറ്റിയും, മലക്കുകളെപ്പറ്റിയും അസംബന്ധങ്ങൾ എഴുതിച്ചേർക്കുവാൻ മടി തോന്നുന്നു?!

വിഭാഗം—8

ഈ വിഭാഗത്തിൽ ശുഐബ് (അ) നബിയുടെയും ജനതയുടെയും ചരിത്രമാണു വിവരിക്കുന്നത്. ശാമിന്റെ തെക്കുമായി മദ്‌യൻ (*) നിവാസികളായിരുന്നു അദ്ദേഹത്തിന്റെ ജനത. ഹിജാസിന്റെ വടക്കും, ശാമിന്റെ തെക്കുമായി സ്ഥിതി ചെയ്യുന്ന ആ പ്രദേശം ഒരു ക്ഷേമ രാജ്യമായിരുന്നു. കച്ചവടം ആ ജനതയുടെ പ്രധാന തൊഴിലായിരുന്നു. അളത്തത്തിലും തൂക്കത്തിലും കൃത്രിമം ചെയ്യൽ, വഞ്ചന, പുരംവാങ്ങൽ, പിടിച്ചുപറി മുതലായ പല അഴിമതികളും അവരിൽ സർവ്വത്ര പതിവായിരുന്നു. എല്ലാവരും വിഗ്രഹാരാധകരുമായിരുന്നു. സൂ: അഅ്റാഫ്, ശുഅറാഉ്, അൻകബൂത്ത് മുതലായ സൂറത്തുകളിൽ ഇവരെപ്പറ്റി വിവരിച്ചിട്ടുണ്ട്. ശുഅറാഇൽ ശുഐബ് (അ) ന്റെ ജനതയെപ്പറ്റി أصحاب الأيكة (മരക്കാവിൽ താമസിക്കുന്നവർ) എന്നു പറഞ്ഞിരിക്കുന്നു. ഇവർ മദ്‌യന്റെ അടുത്ത സ്ഥലത്തു താമസിച്ചിരുന്നവരാണെന്നും, രണ്ടു കൂട്ടരിലേക്കും കൂടിയാണു ശുഐബ് (അ) നിയോഗിക്കപ്പെട്ടിരുന്നതെന്നും, ആദ്യം മദ്‌യൻകാരിലേക്കും, അവരുടെ നാശത്തിനുശേഷം 'ഐക്ക'ത്തിലേക്കും നിയോഗിക്കപ്പെട്ടതാണെന്നും രണ്ടഭിപ്രായങ്ങളുണ്ട്. ഇതു സംബന്ധിച്ചു ശുഅറാഇന്റെ വ്യാഖ്യാനത്തിൽ കൂടുതൽ വിവരിച്ചുകാണാം. ഈ രണ്ടുകൂട്ടരും വെവ്വേറെ ജനതയായിരുന്നാലും സ്ഥിതിഗതികളിൽ അവർ അന്യോന്യം യോജിപ്പുള്ളവരായിരുന്നതാം.

(*) മദ്‌യൻ പ്രദേശം : ഭൂപടം 4, 6, 8 എന്നിവയിൽ നോക്കുക.

وَإِلَىٰ مَدْيَنَ أَخَاهُمْ شُعَيْبًا ۚ قَالَ يَا قَوْمِ اعْبُدُوا اللَّهَ مَا لَكُم مِّنْ إِلَٰهٍ غَيْرُهُ ۖ وَلَا تَنقُصُوا الْمِكْيَالَ وَالْمِيزَانَ ۚ إِنِّي أَرَاكُم بِخَيْرٍ وَإِنِّي أَخَافُ عَلَيْكُمْ عَذَابَ يَوْمٍ مُّحِيطٍ ○ -٨٤

84. മദ്‌യനിലേക്കു അവരുടെ [മദ്‌യൻകാരുടെ] സഹോദരൻ ശുഐബിനെയും (നാം അയച്ചു). അദ്ദേഹം പറഞ്ഞു: 'എന്റെ ജനങ്ങളേ, നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുവിൻ, നിങ്ങൾക്കു അവനല്ലാതെ ഒരു ആരാധ്യനുമില്ല.

നിങ്ങൾ അളത്തവും, തൂക്കവും കുറക്കുകയും ചെയ്യരുത്. നിശ്ചയമായും നിങ്ങളെ ഞാൻ ക്ഷേമത്തിലായി കാണുന്നു. നിശ്ചയമായും, നിങ്ങളുടെ മേൽ (നിങ്ങളെ) വലയം ചെയ്യുന്ന ഒരു ദിവസത്തിലെ ശിക്ഷയെക്കുറിച്ചു ഞാൻ ഭയപ്പെടുകയും ചെയ്യുന്നു.

وَيَا قَوْمِ أَوْفُوا الْمِكْيَالَ وَالْمِيزَانَ بِالْقِسْطِ ۖ وَلَا تَبْخَسُوا النَّاسَ أَشْيَاءَهُمْ وَلَا تَعْثَوْا فِي الْأَرْضِ مُفْسِدِينَ ○ -٨٥

85. 'എന്റെ ജനങ്ങളേ, നിങ്ങൾ നീതിമുറപ്രകാരം അളത്തവും, തൂക്കവും പൂർത്തിയാക്കിക്കൊടുക്കുവിൻ. മനുഷ്യർക്കു അവരുടെ സാധനങ്ങളെ കുറവു വരുത്തുകയും ചെയ്യരുത്. നാശകാരികളായ നിലയിൽ നിങ്ങൾ ഭൂമിയിൽ കുഴപ്പം പ്രവർത്തിക്കുകയും ചെയ്യരുത്.

بَقِيَّتُ اللَّهِ خَيْرٌ لَّكُمْ إِن كُنتُم مُّؤْمِنِينَ ۚ وَمَا أَنَا عَلَيْكُم بِحَفِيظٍ ○ -٨٦

86. 'അല്ലാഹു ബാക്കിയാക്കിത്തരുന്നതു നിങ്ങൾക്കു ഗുണമായിരിക്കും; നിങ്ങൾ വിശ്വാസികളാണെങ്കിൽ! ഞാൻ നിങ്ങളുടെമേൽ (നോട്ടം ചെയ്ത്) കാത്തുപോരുന്നവനല്ലതാനും'.

---

84. وَإِلَى مَدْيَنَ മദ്‌യനിലേക്കും أَخَاهُمْ അവരുടെ സഹോദരനെ شُعَيْبًا ശുഐബിനെ قَالَ അദ്ദേഹം പറഞ്ഞു يَا قَوْمِ എന്റെ ജനങ്ങളെ اعْبُدُوا നിങ്ങൾ ആരാധിക്കുവിൻ, ഇബാദത്തു ചെയ്യുവിൻ اللَّهَ അല്ലാഹുവിനെ مَا لَكُم നിങ്ങൾക്കില്ല مِّنْ إِلَٰهٍ ഒരു ഇലാഹും, ആരാധ്യനും, ദൈവവും غَيْرُهُ അവനല്ലാതെ وَلَا تَنقُصُوا നിങ്ങൾ ചുരുക്കുകയും ചെയ്യരുതു الْمِكْيَالَ അളക്കുന്ന തൊപ്പു, അളത്തം وَالْمِيزَانَ തുലാസ്സും, തൂക്കവും إِنِّي നിശ്ചയമായും ഞാൻ أَرَاكُم നിങ്ങളെ കാണുന്നു بِخَيْرٍ ഗുണത്തിൽ, ക്ഷേമത്തിൽ وَإِنِّي أَخَافُ നിശ്ചയമായും ഞാൻ ഭയപ്പെടുകയും ചെയ്യുന്നു عَلَيْكُمْ നിങ്ങളുടെ മേൽ عَذَابَ ശിക്ഷയെ يَوْمٍ ഒരു ദിവസത്തിലെ مُّحِيطٍ വലയം ചെയ്യുന്ന (പൊതുവെ ബാധിക്കുന്ന). 85. وَيَا قَوْمِ എന്റെ ജനങ്ങളേ أَوْفُوا നിറവേറ്റുവിൻ, പൂർത്തിയായി കൊടുക്കുവിൻ الْمِكْيَالَ അളത്തം, തൊപ്പു وَالْمِيزَانَ തൂക്കവും, തുലാസ്സും بِالْقِسْطِ നീതി മുറപ്രകാരം وَلَا تَبْخَسُوا കുറവു വരുത്തുക(ചേതപ്പെടുത്തുക)യും ചെയ്യരുതു النَّاسَ മനുഷ്യർക്കു أَشْيَاءَهُمْ അവരുടെ വസ്തുക്കളെ, സാധനങ്ങൾ وَلَا تَعْثَوْا കുഴപ്പം (അനർത്ഥം) പ്രവർത്തിക്കുകയും അരുതു فِي الْأَرْضِ ഭൂമിയിൽ مُفْسِدِينَ നാശ(കുഴപ്പ)മുണ്ടാക്കുന്നവരായ നിലയിൽ. 86. بَقِيَّتُ ബാക്കിയാക്കുന്നതു, മിച്ചപ്പെടുത്തുന്നതു اللَّهِ അല്ലാഹുവിന്റെ (ബാക്കി) خَيْرٌ ഉത്തമ(ഗുണ)മാണു لَّكُمْ നിങ്ങൾക്കു إِن كُنتُم നിങ്ങളാണെങ്കിൽ مُّؤْمِنِينَ വിശ്വാസികൾ وَمَا أَنَا ഞാൻ അല്ലതാനും عَلَيْكُم നിങ്ങളുടെമേൽ بِحَفِيظٍ കാവൽക്കാരൻ, നോട്ടക്കാരൻ, സൂക്ഷിച്ചു പോരുന്നവൻ.

ദിവ്യപ്രബോധനങ്ങളിൽ അതിപ്രധാനമായ തൗഹീദിനെക്കുറിച്ചു ഉപദേശിച്ച ശേഷം, ആ ജനങ്ങളിൽ നടപ്പിൽ നടമാടിയിരുന്ന അഴിമതികളെയും അക്രമങ്ങളെയും കുറിച്ചു ശുഐബ് (അ) അവരെ ഉപദേശിക്കുന്നു. അളവിലും തൂക്കത്തിലും കബളിപ്പിക്കുക, കൊള്ളയും പിടിച്ചുപറിയും നടത്തുക മുതലായ പല തെറ്റായ വഴികളിലും ഏർപ്പെട്ടു കിയവരായിരുന്നു മദ്‌യൻ ജനതയെന്ന മുമ്പു പറഞ്ഞുവല്ലോ. നിങ്ങൾ വളരെ ഗുണത്തിലാണുള്ളത്, ...

വഞ്ചനയും നടത്താതെ തന്നെ സുഖമായി ജീവിക്കുവാനുള്ള മാർഗ്ഗങ്ങൾ അല്ലാഹു നിങ്ങൾക്കു നൽകിയിട്ടുണ്ട്. പിന്നെയെന്തിനു അന്യരെ വഞ്ചിക്കുന്നു? അതു പാപത്തിന്റെ ഗൗരവം വർദ്ധിപ്പിക്കുന്നതും നന്ദികേടുമാണ്. ഈ നില തുടർന്നുപോയാൽ, നിങ്ങളിൽ ആർക്കും രക്ഷപ്പെടുവാൻ കഴിയാത്തവണ്ണം ശിക്ഷ വന്നേക്കുമെന്ന് ഞാൻ ഭയപ്പെടുന്നു. അതുകൊണ്ടാണ് ഇക്കാര്യം ഞാനിത്ര ഊന്നിപ്പറയുന്നത്. ഇത്തരം അഴിമതികളൊന്നും ചെയ്യാതെതന്നെ അല്ലാഹു നിങ്ങൾക്കു തന്നിട്ടുള്ള ജീവിതമാർഗ്ഗങ്ങളും, സുഖസൗകര്യങ്ങളും കൊണ്ടു തൃപ്തി അടയുകയാണു നിങ്ങൾക്കു ഉത്തമം. നിങ്ങളെ ഉപദേശിക്കുവാനേ എനിക്കു കഴിയുകയുള്ളു. നിങ്ങളെ തടയുകയും, നിങ്ങളുടെ ഉത്തരവാദിത്വം ഏൽക്കുകയും ചെയ്യത്തക്ക മേലധികാരമോ ബാധ്യതയോ നിങ്ങളെ സംബന്ധിച്ചു എനിക്കില്ല. എന്നൊക്കെ ഓർമ്മിപ്പിച്ചുകൊണ്ടു ഹൃദയസ്പൃക്കായ രീതിയിൽ അദ്ദേഹം അവരെ ഉപദേശിച്ചുനോക്കി.

ആ ജനങ്ങളുടെ അഴിമതികളെയും അക്രമങ്ങളെയും കുറിച്ചു ശുഐബ് (അ) നബി കാര്യകാരണങ്ങൾ സഹിതം വളരെയധികം ഉപദേശിക്കുകയും, അവരുമായി പല വാദപ്രതിവാദങ്ങൾ നടത്തുകയും ചെയ്തിട്ടുള്ളതായി ഈ സൂറത്തിലും, മറ്റു സൂറത്തുകളിലും അതു സംബന്ധിച്ചു വന്നിട്ടുള്ള പ്രസ്താവനകളിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്. ഇക്കാരണത്താൽ خطيب الأنبياء (പ്രവാചകന്മാരിലെ പ്രാസംഗികൻ) എന്നുപോലും ചില ഖുർആൻ വ്യാഖ്യാതാക്കൾ അദ്ദേഹത്തെ വിശേഷിപ്പിച്ചിരിക്കുന്നു. ഇത്രയൊക്കെ ചെയ്തിട്ടും ആ ജനത അദ്ദേഹത്തോടു പറഞ്ഞ മറുപടി എത്ര ശോചനീയമായിരുന്നുവെന്നു നോക്കുക!

87. അവർ പറഞ്ഞു: 'ശുഐബേ, നിന്റെ നമസ്കാരമാണോ ഞങ്ങളുടെ പിതാക്കൾ ആരാധിച്ചു വരുന്നതിനെ ഞങ്ങൾ ഉപേക്ഷിക്കുവാൻ നിന്നോടു കല്പിക്കുന്നത്?! അല്ലെങ്കിൽ, ഞങ്ങളുടെ സ്വത്തുക്കളിൽ ഞങ്ങൾ ഉദ്ദേശിക്കുന്നതു ഞങ്ങൾ ചെയ്തു വരുന്നതിനെ (ഞങ്ങൾ ഉപേക്ഷിക്കുവാൻ)?! നിശ്ചയമായും, സഹനമുള്ളവനും, തന്റേടമുള്ളവനും തന്നെയാണു നീ!'

٨٧- قَالُوا يَا شُعَيْبُ أَصَلَاتُكَ تَأْمُرُكَ أَن نَّتْرُكَ مَا يَعْبُدُ آبَاؤُنَا أَوْ أَن نَّفْعَلَ فِي أَمْوَالِنَا مَا نَشَاءُ ۖ إِنَّكَ لَأَنتَ الْحَلِيمُ الرَّشِيدُ

---

87. قَالُوا അവർ പറഞ്ഞു يَا شُعَيْبُ ശുഐബേ أَصَلَاتُكَ നിന്റെ നമസ്കാരമോ تَأْمُرُكَ നിന്നോടു കൽപ്പിക്കുന്നതു أَن نَّتْرُكَ ഞങ്ങൾ ഉപേക്ഷിക്കുവാൻ, ഉപേക്ഷിക്കണമെന്നു مَا يَعْبُدُ ആരാധിച്ചുവരുന്നതിനെ آبَاؤُنَا ഞങ്ങളുടെ പിതാക്കൾ أَوْ أَن نَّفْعَلَ അല്ലെങ്കിൽ ഞങ്ങൾ ചെയ്യുന്നതു فِي أَمْوَالِنَا ഞങ്ങളുടെ സ്വത്തുക്കളിൽ مَا نَشَاءُ ഞങ്ങൾ ഉദ്ദേശിക്കുന്നതു إِنَّكَ നിശ്ചയമായും നീ لَأَنتَ നീ തന്നെയാണു الْحَلِيمُ സഹനമുള്ളവൻ, സഹിഷ്ണുതയുള്ളവൻ الرَّشِيدُ തന്റേടമുള്ളവൻ, നേർവഴിക്കുള്ളവൻ

പുഷ്പവും, പരിഹാസവും, ധിക്കാരവും നിറഞ്ഞ വാക്കുകൾ! അല്ലാഹു അല്ലാത്ത വസ്തുക്കളെ ആരാധിക്കുന്നതിനെയും, ധനസംബന്ധമായ ഇടപാടുകളിൽ ചതിയും വഞ്ചനയും നടത്തുന്നതിനെയും വിരോധിക്കുന്നതിനെയും, ശുഐബ് (അ) ചെയ്തു വന്നിരുന്ന നമസ്കാരവുമായി ബന്ധപ്പെടുത്തിയാണു അവരുടെ മറുപടി. അതിനുള്ള ന്യായം: ഞങ്ങളുടെ പൂർവ്വികന്മാർ അങ്ങിനെ ചെയ്തു വന്നിരുന്നവരാണ്. ഞങ്ങളുടെ സ്വത്തു സംബന്ധമായ കാര്യങ്ങളിൽ ഞങ്ങൾക്ക് ഇഷ്ടംപോലെ കൈകാര്യം ചെയ്യാൻ അവകാശമുണ്ടു എന്നതും. ഈ രണ്ടു കാര്യങ്ങളും ഞങ്ങൾ ഉപേക്ഷിക്കണമെന്നു പറയുന്നതു തനി വിഡ്ഢിത്തമാകുന്നു. അതുകൊണ്ടു ആ രണ്ടു കാര്യങ്ങളും ഞങ്ങൾ ഉപേക്ഷിക്കുകയില്ല എന്നാണ് അവരുടെ അഭിപ്രായം. 'നിന്റെ നമസ്കാരമാണോ ഇതൊക്കെ നിന്നോടു നിർദ്ദേശിക്കുന്നത്?! നീ സഹനമുള്ളവനും തന്റേടമുള്ളവനും തന്നെ!' എന്ന വാക്യത്തിൽ അടങ്ങിയ പരിഹാസം നിസ്സാരമല്ല. അദ്ദേഹത്തിന്റെ നമസ്കാരം, പ്രാർത്ഥന മുതലായ കാര്യങ്ങളെയാണ് പരാമർശിക്കുന്നതെങ്കിൽ, ഒന്നാമത്തെ വാക്യത്തിൽ അവർക്കുള്ള അമർഷവും വെറുപ്പുമാണ് അടങ്ങിയിരിക്കുന്നതെങ്കിൽ, രണ്ടാമത്തെ വാക്യത്തിൽ ശുഐബ് (അ) നബിക്കു സഹനവും വിവേകവും തന്റേടവുമില്ലെന്ന കുത്തുവാക്കും അടങ്ങിയിരിക്കുന്നു.

وَقَالَ يَٰقَوْمِ أَرَءَيْتُمْ إِن كُنتُ عَلَىٰ بَيِّنَةٍ مِّن رَّبِّى وَرَزَقَنِى مِنْهُ رِزْقًا حَسَنًا ۚ -٨٨

88. അദ്ദേഹം പറഞ്ഞു: 'എന്റെ ജനങ്ങളേ, നിങ്ങൾ കണ്ടുവോ? (ഒന്ന് പറഞ്ഞു തരുവിൻ:) ഞാൻ എന്റെ റബ്ബിങ്കൽ നിന്നുള്ള (വ്യക്തമായ) തെളിവോടെയിരിക്കുകയും, അവന്റെ വകയായി അവൻ എനിക്ക് നല്ലതായ വിഭവം നൽകുകയും ചെയ്തിട്ടുണ്ടെങ്കിൽ...?!

[അപ്പോൾ, എനിക്ക് ഇങ്ങനെയല്ലാതെ ഉപദേശിക്കുവാൻ കഴിയുമോ?]

وَمَآ أُرِيدُ أَنْ أُخَالِفَكُمْ إِلَىٰ مَآ أَنْهَىٰكُمْ عَنْهُ ۚ إِنْ أُرِيدُ إِلَّا ٱلْإِصْلَٰحَ مَا ٱسْتَطَعْتُ ۚ وَمَا تَوْفِيقِىٓ إِلَّا بِٱللَّهِ ۚ عَلَيْهِ تَوَكَّلْتُ وَإِلَيْهِ أُنِيبُ ○

ഏതൊന്നിനെക്കുറിച്ചു ഞാൻ നിങ്ങളെ വിരോധിക്കുന്നുവോ അതിലേക്കു (തിരിഞ്ഞ്) നിങ്ങളുമായി വ്യത്യാസം പ്രവർത്തിക്കുവാൻ ഞാൻ ഉദ്ദേശിക്കുന്നില്ലതാനും. എനിക്ക് സാധ്യമായത്ര നന്മ വരുത്തുകയല്ലാതെ (മറ്റൊന്നും) ഞാൻ ഉദ്ദേശിക്കുന്നില്ല. എന്റെ 'തൗഫീഖ്' [പ്രവർത്തനവിജയം] അല്ലാഹു മൂലമല്ലാതെ ഇല്ലതാനും. അവന്റെ മേൽ ഞാൻ (കാര്യം) ഭരമേൽപിച്ചിരിക്കുന്നു; അവങ്കലേക്കുതന്നെ ഞാൻ (മനസ്സുമടങ്ങി) വിനയപ്പെടുകയും ചെയ്യുന്നു.

---

88. قَالَ അദ്ദേഹം പറഞ്ഞു يَا قَوْمِ എന്റെ ജനങ്ങളേ أَرَأَيْتُمْ നിങ്ങൾ കണ്ടുവോ (പറയുവിൻ) إِن كُنتُ ഞാനാണെങ്കിൽ عَلَىٰ بَيِّنَةٍ (വ്യക്തമായ) തെളിവോടെ, തെളിവോടുകൂടി مِّن رَّبِّي എന്റെ റബ്ബിങ്കൽ നിന്നു وَرَزَقَنِي അവൻ എനിക്കു നൽകുകയും ചെയ്തു مِنْهُ അവനിൽ നിന്നു (അവന്റെ വകയായി) رِزْقًا ഉപജീവനം, വിഭവം, ആഹാരം, അനുഗ്രഹം حَسَنًا നല്ലതായ وَمَا أُرِيدُ ഞാൻ ഉദ്ദേശിക്കുന്നില്ലതാനും أَنْ أُخَالِفَكُمْ നിങ്ങളോടു എതിരു (വ്യത്യാസം) ചെയ്‌വാൻ إِلَىٰ مَا യാതൊന്നിലേക്കു (തിരിഞ്ഞും കൊണ്ടു) أَنْهَاكُمْ നിങ്ങളെ ഞാൻ വിരോധിക്കുന്നു عَنْهُ അതിനെപ്പറ്റി إِنْ أُرِيدُ ഞാൻ ഉദ്ദേശിക്കുന്നില്ല إِلَّا الْإِصْلَاحَ നന്മ വരുത്തുക(നന്നാക്കിത്തീർക്കുക)യല്ലാതെ مَا اسْتَطَعْتُ എനിക്കു സാധിക്കുന്നതു (സാധ്യമായത്ര) وَمَا تَوْفِيقِي എന്റെ തൗഫീഖ് (എനിക്കു സഹായം നൽകൽ, പ്രവർത്തനവിജയം) അല്ല إِلَّا بِاللَّهِ അല്ലാഹുവിനെക്കൊണ്ടു (അല്ലാഹു മൂലം) അല്ലാതെ عَلَيْهِ അവന്റെ മേൽ تَوَكَّلْتُ ഞാൻ ഭരമേൽപിച്ചു وَإِلَيْهِ അവനിലേക്കു തന്നെ أُنِيبُ ഞാൻ (മനസ്സു) മടങ്ങുന്നു, വിനയപ്പെടുന്നു.

'ഞാൻ എന്റെ റബ്ബിങ്കൽ നിന്നുള്ള വ്യക്തമായ തെളിവോടുകൂടിയിരിക്കുകയും, അവങ്കൽനിന്നുള്ള കാരുണ്യം അവൻ എനിക്കു നൽകിയിരിക്കുകയുമാണെങ്കിൽ.......' എന്നിങ്ങിനെ നൂഹു (അ) അദ്ദേഹത്തിന്റെ ജനങ്ങളോട് പറഞ്ഞതായി 28-ാം വചനത്തിലും സ്വാലിഹ് (അ) അദ്ദേഹത്തിന്റെ ജനങ്ങളോടു പറഞ്ഞതായി 63-ാം വചനത്തിലും മുമ്പുകണ്ടുവല്ലോ. അതുപോലെയുള്ള ഒരു വാക്യംതന്നെയാണു ശുഐബ് (അ) അദ്ദേഹത്തിന്റെ ജനതയോടും പറഞ്ഞതായി ഈ വചനത്തിൽ കാണുന്നത്. പക്ഷേ, അവിടങ്ങളിൽ 'വ്യക്തമായ തെളിവി' (بينة) നു പുറമെ 'കാരുണ്യ'വും (رحمة) എന്നുകൂടിയാണുള്ളത്. കാരുണ്യം കൊണ്ടു പ്രധാനമായും അവിടങ്ങളിൽ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതു പ്രവാചകത്വവും അതോടു ബന്ധപ്പെട്ട കാര്യങ്ങളുമാണെന്നു അവിടങ്ങളിൽ നാം ചൂണ്ടിക്കാട്ടുകയും ചെയ്തിരിക്കുന്നു. ഇവിടെ കാരുണ്യത്തിന്റെ സ്ഥാനത്തു رزقا حسنا എന്നാണുള്ളത്. رزق (രിസ്ഖ്) എന്ന പദത്തിനു 'ആഹാരം, ഉപജീവന മാർഗ്ഗം, കൊടുതി, പ്രദാനം' എന്നും മറ്റും അർത്ഥങ്ങൾ വരും. കായികമോ മാനസികമോ, ഭൗതികമോ, ആത്മീയമോ ആയ എല്ലാ ലഭ്യങ്ങൾക്കും, വിഭവങ്ങൾക്കും ഉപയോഗിക്കപ്പെടുന്നതാണത്. അതുകൊണ്ടു رزقني منه رزقا حسنا എന്ന വാക്യത്തിനു രണ്ടു പ്രകാരത്തിൽ വിവക്ഷ നൽകപ്പെട്ടു കാണുന്നു:
(1) നിങ്ങൾ ചെയ്യുന്നതുപോലെയുള്ള അഴിമതികളിൽ നിന്നു സുരക്ഷിതവും, അനുവദനീയവുമായ മാർഗ്ഗത്തിലൂടെ മാത്രം ലഭ്യവുമായിക്കൊണ്ടു ജീവിക്കുവാനുള്ള വസ്തുവിഭവങ്ങൾ എനിക്കവൻ തന്നിരിക്കുന്നുവെന്നും.
(2) പ്രവാചകത്വം, വിജ്ഞാനം, ദിവ്യസന്ദേശം മുതലായ അനുഗ്രഹങ്ങൾ എനിക്കവൻ പ്രദാനം ചെയ്തിരിക്കുന്ന

വെന്നും. ശുഐബ് (അ) അദ്ദേഹത്തിന്റെ ജനങ്ങൾക്ക നൽകിയ ഉൽബോധനങ്ങളും, അവർ അദ്ദേഹത്തിനു നൽകിയ മറുപടികളും നോക്കുമ്പോൾ ആദ്യം പറഞ്ഞ അഭിപ്രായത്തിനാണു മുൻതൂക്കം കാണുന്നത്. والله أعلم

നിങ്ങളോടു ഞാൻ വിരോധിക്കുന്ന കാര്യങ്ങൾ ഞാനുമായി വർജ്ജിച്ചു വരുന്ന ആളാണു ഞാൻ. നിങ്ങളോട് അവയെക്കുറിച്ചു വിരോധിക്കുകയും, അതോടൊപ്പം അതിനെതിരായി ഞാൻ പ്രവർത്തിക്കുകയും ചെയ്യുന്നുണ്ടെങ്കിൽ നിങ്ങൾക്കു എന്നെ ആക്ഷേപിക്കുവാൻ ന്യായമുണ്ടായിരുന്നു. പക്ഷേ, ഞാൻ വിരോധിക്കുന്നതിനു എതിരിൽ ഞാൻ ഒന്നും ചെയ്യുന്നില്ലല്ലോ. നിങ്ങളെ കഴിയുന്നത്ര നന്നാക്കി സംസ്കരിക്കുക മാത്രമാണു എന്റെ ലക്ഷ്യം. അതല്ലാതെ മറ്റൊരു കാര്യലാഭവും എനിക്കതിലില്ല. ഈ ലക്ഷ്യം സാധിക്കുവാൻ അല്ലാഹുവിങ്കൽനിന്നുതന്നെ സഹായം ലഭിക്കേണ്ടിയിരിക്കുന്നു. എനിക്കു സ്വന്തമായി അതിനു യാതൊരു കഴിവുമില്ല. അതുകൊണ്ടു വിനയപൂർവ്വം കാര്യങ്ങളെല്ലാം അവനിൽ ഞാൻ അർപ്പിക്കുന്നു. ഇതൊക്കെയാണു അദ്ദേഹം തുടർന്നു പറഞ്ഞതിന്റെ താൽപര്യം. അദ്ദേഹം വീണ്ടും തുടരുന്നു:—

٨٩- وَيَٰقَوْمِ لَا يَجْرِمَنَّكُمْ شِقَاقِىٓ أَن يُصِيبَكُم مِّثْلُ مَآ أَصَابَ قَوْمَ نُوحٍ أَوْ قَوْمَ هُودٍ أَوْ قَوْمَ صَٰلِحٍ ۚ وَمَا قَوْمُ لُوطٍ مِّنكُم بِبَعِيدٍ ○

89. 'എന്റെ ജനങ്ങളെ, എന്നോടുള്ള കക്ഷിമാത്സര്യം നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ, നൂഹിന്റെ ജനതക്കോ, ഹൂദിന്റെ ജനതക്കോ, സ്വാലിഹിന്റെ ജനതക്കോ ബാധിച്ചതുപോലെയുള്ളതു [ശിക്ഷ] നിങ്ങൾക്കു ബാധിക്കു(വാൻ ഇടയാക്കു)ന്നതിനു. ലൂത്ത്വിന്റെ ജനത(യാകട്ടെ)നിങ്ങളിൽ നിന്നു അകലെയല്ലതാനും.

٩٠- وَٱسْتَغْفِرُوا۟ رَبَّكُمْ ثُمَّ تُوبُوٓا۟ إِلَيْهِ ۚ إِنَّ رَبِّى رَحِيمٌ وَدُودٌ ○

90. 'നിങ്ങളുടെ റബ്ബിനോടു നിങ്ങൾ പാപമോചനം തേടുകയും, പിന്നെ അവനിലേക്കു പശ്ചാത്തപിക്കുകയും ചെയ്യുവിൻ. നിശ്ചയമായും, എന്റെ റബ്ബ് കരുണാനിധിയും, വളരെ (സ്നേഹ) താൽപര്യമുള്ളവനുമാകുന്നു.'

---

89. يَا قَوْمِ എന്റെ ജനങ്ങളെ لَا يَجْرِمَنَّكُمْ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ, നിങ്ങൾക്ക വരുത്തി തീർക്കരുതു شِقَاقِي എന്റെ (എന്നോടുള്ള) ചേരിപിരിവു, കക്ഷി പിടിക്കൽ, മത്സരം أَن يُصِيبَكُم നിങ്ങൾക്കു എത്തുവാൻ, ബാധിക്കൽ مِثْلُ مَا أَصَابَ ബാധിച്ച (എത്തിയ)തു പോലുള്ളതു قَوْمَ نُوحٍ നൂഹിന്റെ ജനതക്കു أَوْ قَوْمَ അല്ലെങ്കിൽ ജനതക്ക് هُودٍ ഹൂദിന്റെ أَوْ قَوْمَ അല്ലെങ്കിൽ ജനതക്കു صَالِحٍ സ്വാലിഹിന്റെ وَمَا قَوْمُ ജനതയല്ലതാനും لُوطٍ ലൂത്തിന്റെ مِنكُم നിങ്ങളിൽ നിന്നു بِبَعِيدٍ ദൂരപ്പെട്ടതു, അകലെയുള്ളത്. 90 وَاسْتَغْفِرُوا പാപമോചനം തേടുകയും ചെയ്‌വിൻ رَبَّكُمْ നിങ്ങളുടെ റബ്ബിനോടു ثُمَّ تُوبُوا പിന്നെ പശ്ചാത്തപിക്കു (മടങ്ങു)വിൻ إِلَيْهِ അവങ്കലേക്കു إِنَّ رَبِّي നിശ്ചയമായും എന്റെ റബ്ബു رَحِيمٌ കരുണാനിധിയാണു وَدُودٌ വളരെ താൽപര്യ (സ്നേഹ) മുള്ളവനാണു.

എന്നോടുള്ള നിങ്ങളുടെ മാത്സര്യവും, കക്ഷിത്വവും തുടരുകതന്നെയാണു നിങ്ങൾ ചെയ്യുന്നതെങ്കിൽ, മുൻ സമുദായങ്ങളായ നൂഹ്, ഹൂദ്, സ്വാലിഹ് (അ) എന്നിവരുടെ ജനങ്ങൾക്കു ബാധിച്ചതുപോലെയുള്ള മഹാശിക്ഷ നിങ്ങൾക്കും ബാധിച്ചേക്കും. അതിനു നിങ്ങൾ ഇടവരുത്തരുത്. ആ സമുദായങ്ങളൊക്കെ കാലം കൊണ്ടും, സ്ഥലം കൊണ്ടും നിങ്ങളിൽ നിന്നു കുറെ അകലെയാണെങ്കിൽ, നിങ്ങളുടെ അടുത്ത സ്ഥലത്തും അടുത്ത കാലത്തും (*)

(*) ലൂത്ത് (അ) നബിയുടെ ശേഷമായിരുന്നു ശുഐബ് (അ) നബിയുടെ ആഗമനം. രണ്ടാൾക്കുമിടയിൽ വളരെ കാലതാമസമൊന്നും ഉണ്ടായിരുന്നില്ല. രണ്ടു രാജ്യങ്ങളും തമ്മിലുള്ള അടുപ്പം 4-ഉം 6-ഉം രൂപങ്ങളിൽ നിന്നു മനസ്സിലാക്കാം.

ലൂത്വ്" നബിയുടെ ജനതക്കു ബാധിച്ച കടുത്ത ശിക്ഷ നിങ്ങൾക്കു ഓർമ്മയുണ്ടല്ലോ. എന്നു അദ്ദേഹം അവരെ താക്കീതുചെയ്യുന്നു. അതോടൊപ്പം തന്നെ, നിങ്ങൾ എന്തു അക്രമവും പാപവും പ്രവർത്തിച്ചിരുന്നാലും നിങ്ങൾ ഖേദിച്ചു മടങ്ങി പാപമോചനം തേടിയാൽ അല്ലാഹു നിങ്ങൾക്കു പൊറുത്തുതരുകയും കരുണ ചെയ്യുകയും ചെയ്യുമെന്ന് ഉപദേശിക്കുകയും ചെയ്യുന്നു. ഇതുകൊണ്ടൊന്നും ആ ജനതക്കു മനഃസാന്തരം ഉണ്ടായില്ലെന്നു മാത്രമല്ല, അവരുടെ അഹന്തയും മത്സരബുദ്ധിയും വർദ്ധിച്ചതേയുള്ളു.

91. അവർ പറഞ്ഞു: 'ശുഐബേ, നീ പറയുന്നതിൽ നിന്ന് മിക്കതും ഞങ്ങൾക്കു ഗ്രഹിക്ക(വാൻ കഴിയു)ന്നില്ല; നിശ്ചയമായും, ഞങ്ങളുടെ കൂട്ടത്തിൽ നിന്നെ ഒരു ബലഹീനനായിട്ടേ ഞങ്ങൾ കാണുന്നുള്ളു. നിന്റെ കുടുംബം ഇല്ലായിരുന്നുവെങ്കിൽ, നിന്നെ ഞങ്ങൾ എറിഞ്ഞുകൊല്ലുക തന്നെ ചെയ്തിരുന്നു. നീ ഞങ്ങളുടെ അടുക്കൽ ഒരു പ്രതാപശാലിയൊന്നുമല്ല.'

٩١- قَالُوا يَٰشُعَيْبُ مَا نَفْقَهُ كَثِيرًا مِّمَّا تَقُولُ وَإِنَّا لَنَرَىٰكَ فِينَا ضَعِيفًا ۖ وَلَوْلَا رَهْطُكَ لَرَجَمْنَٰكَ ۖ وَمَآ أَنتَ عَلَيْنَا بِعَزِيزٍ

---

91 قَالُوا അവർ പറഞ്ഞു يَا شُعَيْبُ ശുഐബേ مَا نَفْقَهُ ഞങ്ങൾ ഗ്രഹിക്കുന്നില്ല, ഞങ്ങൾക്ക മനസ്സിലാകുന്നില്ല كَثِيرًا വളരെ, പലതും, മിക്കതും مِمَّا تَقُولُ നീ പറയുന്നതിൽ നിന്നു وَإِنَّا നിശ്ചയമായും ഞങ്ങൾ لَنَرَاكَ നിന്നെ ഞങ്ങൾ കാണുക തന്നെ ചെയ്യുന്നു فِينَا ഞങ്ങളിൽ, ഞങ്ങളുടെ കൂട്ടത്തിൽ ضَعِيفًا ഒരു ബലഹീനനായി, ദുർബ്ബലനായി وَلَوْلَا ഇല്ലായിരുന്നെങ്കിൽ رَهْطُكَ നിന്റെ കൂട്ടം (കൂട്ടുകുടുംബങ്ങൾ) لَرَجَمْنَاكَ ഞങ്ങൾ നിന്നെ എറിഞ്ഞു കൊല്ലുക (എറിഞ്ഞാട്ടുക) തന്നെ ചെയ്തിരുന്നു وَمَا أَنْتَ നീ അല്ലതാനും عَلَيْنَا ഞങ്ങൾക്കു, ഞങ്ങളുടെ അടുക്കൽ بِعَزِيزٍ ഒരു പ്രതാപശാലി, ഉന്നതൻ.

സത്യത്തിനും, നീതിക്കും മുമ്പിൽ പരാജയപ്പെടുമ്പോൾ, ധിക്കാരബുദ്ധികളിൽ നിന്നു എക്കാലത്തും കേൾക്കാറുള്ളതാണു ഇത്തരം ഭീഷണികൾ. ന്യായത്തിൽ മുട്ടുമ്പോൾ അവർ അക്രമ മർദ്ദനങ്ങൾക്കു മുതിരും. തങ്ങൾ ചെയ്യുന്നതിലെല്ലാം അവർ സ്വയം സംതൃപ്തരാകുകയും ചെയ്യും. ശുഐബ് (അ) നബിയുടെ കാലക്കാരെ സംബന്ധിച്ചിടത്തോളം അവർ പ്രാചീന സമുദായങ്ങളിൽ പെട്ടവരും, ഇന്നത്തെ ജനങ്ങളെ അപേക്ഷിച്ചു പരിഷ്കാരത്തിന്റെയും ഉൽബുദ്ധതയുടെയും താഴെ പടിയിലുള്ളവരുമാണെന്നു പറഞ്ഞേക്കാം. എന്നാൽ, ബുദ്ധിപരമായി മനുഷ്യൻ വളരെ പുരോഗമിച്ചിട്ടുള്ള ഇക്കാലത്തും തൗഹീദിനെക്കുറിച്ചും ക്രയവിക്രയങ്ങളിൽ നീതിയും കൃത്യതയും ഉറപ്പുവരുത്തുന്നതിനെക്കുറിച്ചും ഉപദേശിക്കുവാൻ മിനക്കെട്ടാലുള്ള സ്ഥിതിയെന്ത്? അനുഭവ സാക്ഷ്യങ്ങളുടെ വെളിച്ചത്തിൽ ആലോചിച്ചു നോക്കുക! ഉപദേശിക്കുന്നവരുടെ ഹൃദയശുദ്ധിയെയും, സൽഗുണങ്ങളെയും ചോദ്യം ചെയ്ത് പുച്ഛിക്കുക, അവരെ വിഡ്ഢികളും മൂഢന്മാരുമായി തരം താഴ്ത്തുക, ദുർന്യായങ്ങളും കുതർക്കങ്ങളും അവതരിപ്പിക്കുക, ഭീഷണി മുഴക്കുക കയ്യേറ്റത്തിനു മുതിരുക, ഉപദേശിക്കും തോറും ധിക്കാരവും വർദ്ധിപ്പിക്കുക ഇതെല്ലാം തന്നെ. ചുരുക്കിപ്പറഞ്ഞാൽ, ശുഐബ് (അ) നബിയുടെ ജനത പറഞ്ഞതായി 87ഉം 91ഉം വചനങ്ങളിൽ അല്ലാഹു പ്രസ്താവിച്ച അതേ ശൈലിയുള്ള മറുപടികളായിരിക്കും അവർക്കും പറയുവാനുണ്ടായിരിക്കുക.

ധനത്തോടുള്ള മോഹവും സമ്പാദന മാർഗ്ഗങ്ങളിൽ വഞ്ചന നടത്തലും, മനുഷ്യരിൽ പൊതുവെയുള്ള ഒരു സ്വഭാവമായതുകൊണ്ടുതന്നെയാണു– അതിൽ നിന്നും സത്യവിശ്വാസികൾ വിമുക്തരായിരിക്കുവാൻ വേണ്ടി–ശുഐബ് (അ) നബിയുടെയും, അദ്ദേഹത്തിന്റെ ജനതയുടെയും ഇടയിൽ നടന്ന സംഭാഷണങ്ങൾ വളരെ വിശദമായി പല സൂറത്തുകളിലും അല്ലാഹു ഉദ്ധരിച്ചിരിക്കുന്നതും. ശല്യവും ഭീഷണിയും മുഴക്കിയ ആ ജനതക്കു ആ പ്രവാചക വര്യൻ നൽകിയ മറുപടി ഇതായിരുന്നു:–

92. അദ്ദേഹം പറഞ്ഞു 'എന്റെ ജനങ്ങളേ, എന്റെ കൂട്ടുകുടുംബമാണോ നിങ്ങളുടെ അടുക്കൽ അല്ലാഹുവിനെക്കാൾ കൂടുതൽ പരിഗണനീയം! അവനെ നിങ്ങൾ നിങ്ങളുടെ പിമ്പിൽ പുറം തള്ളപ്പെട്ടവനാക്കുകയും ചെയ്തിരിക്കുന്നു(വോ)?! നിശ്ചയമായും, എന്റെ റബ്ബ് നിങ്ങൾ പ്രവർത്തിച്ചുവരുന്നതിനെ വലയംചെയ്തു [സൂക്ഷ്മമായി അറിഞ്ഞു] കൊണ്ടിരിക്കുന്നവനാകുന്നു.'

٩٢- قَالَ يَٰقَوْمِ أَرَهْطِىٓ أَعَزُّ عَلَيْكُم مِّنَ ٱللَّهِ وَٱتَّخَذْتُمُوهُ وَرَآءَكُمْ ظِهْرِيًّا ۖ إِنَّ رَبِّى بِمَا تَعْمَلُونَ مُحِيطٌ ○

---

92. قال അദ്ദേഹം പറഞ്ഞു يا قوم എന്റെ ജനങ്ങളേ أرهطي എന്റെ കൂട്ടുകുടുംബമോ, കൂട്ടമോ أعز അധികം പ്രതാപം ഉള്ള (കൂടുതൽ പരിഗണനീയം) عليكم നിങ്ങൾക്കു (നിങ്ങളുടെ അടുക്കൽ) من الله അല്ലാഹുവിനെക്കാൾ واتخذتموه അവനെ നിങ്ങൾ ആക്കുകയും ചെയ്തിരിക്കുന്നു(വോ) وراءكم നിങ്ങളുടെ പിന്നിൽ, അപ്പുറം ظهريا പുറം തള്ളപ്പെട്ടവൻ, പിറകോട്ടിടപ്പെട്ടതു إن ربي നിശ്ചയമായും എന്റെ റബ്ബ് بما تعملون നിങ്ങൾ പ്രവർത്തിക്കുന്നതിനെ محيط വലയം ചെയ്യുന്ന(സൂക്ഷ്മമായി അറിയുന്ന)വനാണു.

അവസാനം അദ്ദേഹം അവർക്കു ഇങ്ങിനെ അന്ത്യശാസനം നൽകി:-

93. 'എന്റെ ജനങ്ങളേ, നിങ്ങളുടെ സ്ഥാനം [നിലപാടു] അനുസരിച്ചു നിങ്ങൾ പ്രവർത്തിച്ചുകൊള്ളുവിൻ; ഞാൻ (എന്റെ സ്ഥാനമനുസരിച്ചും) പ്രവർത്തിക്കുന്നവനാണു,

٩٣- وَيَٰقَوْمِ ٱعْمَلُوا۟ عَلَىٰ مَكَانَتِكُمْ إِنِّى عَٰمِلٌ ۖ

പിറകെ നിങ്ങൾക്കറിയാം, ആർക്കാണ് അപമാനപ്പെടുത്തുന്ന ശിക്ഷ വന്നെത്തുന്നതെന്നും, ആരാണ് വ്യാജം പറയുന്നവനെന്നും! (വരാനിരിക്കുന്നതു) നിങ്ങൾ പ്രതീക്ഷിച്ചു കൊണ്ടിരിക്കുകയും ചെയ്യുവിൻ, നിശ്ചയമായും, ഞാനും നിങ്ങളോടൊപ്പം പ്രതീക്ഷിക്കുന്നവനാകുന്നു.

سَوْفَ تَعْلَمُونَ مَن يَأْتِيهِ عَذَابٌ يُخْزِيهِ وَمَنْ هُوَ كَٰذِبٌ ۖ وَٱرْتَقِبُوٓا۟ إِنِّى مَعَكُمْ رَقِيبٌ ○

---

93. يا قوم എന്റെ ജനങ്ങളേ اعملوا നിങ്ങൾ പ്രവർത്തിക്കുവിൻ على مكانتكم നിങ്ങളുടെ സ്ഥാനം (നിലപാടു-സ്ഥിതി) അനുസരിച്ച് إني നിശ്ചയമായും ഞാൻ عامل പ്രവർത്തിക്കുന്നവനാണു سوف വഴിയെ, പിറകെ تعلمون നിങ്ങൾ അറിയും من ആർക്കാണു, ആരാണു يأتيه അവനു വരും, വന്നെത്തുന്നതു عذاب (ഒരു) ശിക്ഷ يخزيه അവനെ അപമാനപ്പെടുത്തുന്ന ومن ആരാണെന്നും هو അവൻ كاذب കളവു (വ്യാജം) പറയുന്നവനാണു وارتقبوا നിങ്ങൾ പ്രതീക്ഷിക്കുക (നോക്കിയിരിക്കുക)യും ചെയ്യുവിൻ إني നിശ്ചയമായും ഞാൻ معكم നിങ്ങളോടൊപ്പം رقيب പ്രതീക്ഷിക്കുന്ന (നോക്കിയിരിക്കുന്ന)വനാണു.

അധികം താമസിയാതെ നിങ്ങൾക്കു പൊതു ശിക്ഷ വരുവാൻ പോകുന്നു. അപ്പോൾ, ഞാൻ പറയുന്നതിന്റെ സത്യാവസ്ഥ നിങ്ങൾക്ക് അനുഭവംകൊണ്ട് ബോദ്ധ്യപ്പെടും. തൽക്കാലം നാം ഇരു കൂട്ടരും കാത്തിരുന്നു കാണുക എന്നു സാരം. താമസിയാതെ ശിക്ഷ സംഭവിക്കുകതന്നെ ചെയ്തു.

94. നമ്മുടെ കല്പന വന്നപ്പോൾ, ശുഐബിനെയും അദ്ദേഹത്തോടൊപ്പം വിശ്വസിച്ചവരെയും നമ്മുടെ പക്കൽ നിന്നുള്ള കാരുണ്യം കൊണ്ടു നാം രക്ഷപ്പെടുത്തി;

(ആ) അക്രമം പ്രവർത്തിച്ചവർക്കു ഘോര ശബ്ദം പിടി പെടുകയും ചെയ്തു. അങ്ങനെ, അവർ അവരുടെ വസതികളിൽ (ചത്ത്) കമിഴ്ന്നു വീണവരായി;—

٩٤- وَلَمَّا جَآءَ أَمْرُنَا نَجَّيْنَا شُعَيْبًا وَّالَّذِينَ ءَامَنُوا۟ مَعَهُۥ بِرَحْمَةٍ مِّنَّا وَأَخَذَتِ الَّذِينَ ظَلَمُوا۟ الصَّيْحَةُ فَأَصْبَحُوا۟ فِى دِيَٰرِهِمْ جَٰثِمِينَ ۝

95. (അതെ) അവർ അവിടത്തിൽ ഉണ്ടായിട്ടില്ലാത്തതു പോലെ! അല്ലാ! (അറിയുക:) ഥമൂദുഗോത്രം (കാരുണ്യത്തിൽനിന്ന്) ദൂരപ്പെട്ടതുപോലെ, മദ്‌യനും [മദ്‌യൻകാർക്കും] വിദൂരത!

٩٥- كَأَن لَّمْ يَغْنَوْا۟ فِيهَآ ۗ أَلَا بُعْدًا لِّمَدْيَنَ كَمَا بَعِدَتْ ثَمُودُ ۝

---

94 ولما جاء വന്നപ്പോൾ أمرنا നമ്മുടെ കല്പന نجينا നാം രക്ഷപ്പെടുത്തി شعيبا ശുഐബിനെ والذين യാതൊരുവരെയും آمنوا معه അദ്ദേഹത്തിന്റെ കൂടെ വിശ്വസിച്ച برحمة കാരുണ്യം കൊണ്ടു منا നമ്മിൽ നിന്നുള്ള, നമ്മുടെ വക وأخذت പിടികൂടുകയും ചെയ്തു الذين യാതൊരുവരെ ظلموا അക്രമം ചെയ്ത الصيحة ഘോര ശബ്ദം, അട്ടഹാസം فأصبحوا അങ്ങനെ (എന്നിട്ടു) അവരായി (രാവിലെ) في ديارهم അവരുടെ വസതി (പാർപ്പിടം) കളിൽ جاثمين കമിഴ്ന്നു വീണവർ. 95. كأن لم يغنوا അവർ ധന്യമാകാത്ത (ഉണ്ടാവാത്ത–നിവസിക്കാത്ത) പോലെ فيها അവയിൽ, അവിടത്തിൽ ألا അല്ലാ, അറിയുക بعدا വിദൂരത لمدين മദ്‌യന്നു كما بعدت ദൂരപ്പെട്ടതുപോലെ ثمود ഥമൂദ്

മദ്‌യൻ നിവാസികൾക്കു ബാധിച്ച ആ ഘോരശബ്ദം (الصيحة) എങ്ങിനെയുള്ളതായിരുന്നുവെന്നു ഖുർആനിൽ വിവരിക്കപ്പെട്ടിട്ടില്ല. ശുഐബ് (അ) നബിയോടു ആ ജനത 'നീ സത്യവാൻമാരിൽ പെട്ടവനാണെങ്കിൽ ആകാശത്തു നിന്നു ഞങ്ങളുടെമേൽ തുണ്ടങ്ങൾ വീഴ്ത്തുക' എന്നു ആവശ്യപ്പെട്ടുവെന്നും, അങ്ങനെ അവർ അദ്ദേഹത്തെ വ്യാജമാക്കിയപ്പോൾ അവർക്കു മേഘത്തണലിന്റെ ദിവസത്തെ ശിക്ഷ (عذاب يوم الظلة) ബാധിച്ചുവെന്നും സൂ: ശുഅറാഉ് : 187—189 വചനങ്ങളിൽ പ്രസ്താവിച്ചിരിക്കുന്നു. മുകൾ ഭാഗത്തുനിന്നു മേഘത്തിലൂടെയോ മറ്റോ സംഭവിച്ച ഒരു ഘോരശബ്ദമായിരിക്കാം അതെന്നു ഇതിൽ നിന്നു അനുമാനിക്കാം. വസ്തുത അല്ലാഹുവിനറിയാം.

വിഭാഗം-9

96. നമ്മുടെ ദൃഷ്ടാന്തങ്ങളും, സ്പഷ്ടമായ (അധികൃത) രേഖയുമായി മൂസായെയും നാം അയക്കുകയുണ്ടായി;–

٩٦- وَلَقَدْ أَرْسَلْنَا مُوسَىٰ بِـَٔايَٰتِنَا وَسُلْطَٰنٍ مُّبِينٍ ۝

97. ഫിർഔന്റെയും, അവന്റെ പ്രധാനികളുടെയും അടുക്കലേക്ക്. എന്നിട്ടു, അവർ ഫിർഔന്റെ കല്പനയെ പിൻപറ്റി. ഫിർഔന്റെ കല്പന തന്റേടമുള്ളതു (അഥവാ നേർവഴിക്കുള്ളതു) അല്ലതാനും.

٩٧- إِلَىٰ فِرْعَوْنَ وَمَلَإِي۟هِۦ فَٱتَّبَعُوٓا۟ أَمْرَ فِرْعَوْنَ ۖ وَمَآ أَمْرُ فِرْعَوْنَ بِرَشِيدٍ ۝

٩٨- يَقْدُمُ قَوْمَهُ يَوْمَ الْقِيَامَةِ فَأَوْرَدَهُمُ النَّارَ ۖ وَبِئْسَ الْوِرْدُ الْمَوْرُودُ ○

98. ഖിയാമത്തുനാളില്‍ അവന്‍ തന്‍റെ ജനതക്കു മുമ്പിലായിവരും; എന്നിട്ടു അവന്‍ അവരെ (ദാഹം തീര്‍ക്കുവാന്‍) നരകത്തിങ്കല്‍ വരുത്തുന്നതാണു. (ദാഹശമനത്തിനു) വരുന്ന (ആ) താവളം എത്രയോ ചീത്തയും!

---

96. وَلَقَدْ أَرْسَلْنَا നാം അയച്ചിട്ടുണ്ടു مُوسَىٰ മൂസായെ بِآيَاتِنَا നമ്മുടെ ദൃഷ്ടാന്തങ്ങളുമായി وَسُلْطَانٍ (അധികൃത) രേഖയുമായി مُبِينٍ സ്പഷ്ടമായ. 97. إِلَىٰ فِرْعَوْنَ ഫിര്‍ഔന്‍റെ അടുക്കലേക്ക وَمَلَئِهِ അവന്‍റെ പ്രധാനികളുടെയും, സംഘത്തിന്‍റെയും فَاتَّبَعُوا എന്നിട്ടവര്‍ പിന്‍പറ്റി أَمْرَ فِرْعَوْنَ ഫിര്‍ഔന്‍റെ കല്പനയെ وَمَا أَمْرُ കല്‍പനയല്ലതാനും فِرْعَوْنَ ഫിര്‍ഔന്‍റെ بِرَشِيدٍ തന്‍റേടമുള്ളതു, നേര്‍വഴിക്കുള്ളതു. 98. يَقْدُمُ അവന്‍ മുമ്പിലായി വരും, മുന്നിട്ടു വരും قَوْمَهُ അവന്‍റെ ജനതക്കു يَوْمَ الْقِيَامَةِ ഖിയാമത്തു നാളില്‍ فَأَوْرَدَهُمُ എന്നിട്ടവരെ അവന്‍ വരുത്തും (കൊണ്ടുവരും) النَّارَ നരകത്തില്‍ وَبِئْسَ വളരെ ചീത്തയും, എത്രയോ മോശവും الْوِرْدُ (ആ ദാഹശമനത്തിനുള്ള) വരവു, വരുന്ന താവളം الْمَوْرُودُ വരപ്പെടുന്നതായ.

ഇഹലോകത്തുവെച്ചു ഫിര്‍ഔന്‍ അവന്‍റെ ആള്‍ക്കാര്‍ക്കു ദുര്‍മ്മാര്‍ഗ്ഗത്തിനു നേതൃത്വം വഹിച്ചിരുന്നല്ലോ. അതുപോലെ, പരലോകത്തുവെച്ചുണ്ടാകുന്ന ശിക്ഷകളിലും അവന്‍ അവര്‍ക്കു നേതൃത്വം വഹിക്കും. അഥവാ ശിക്ഷയില്‍ അവന്‍ അവരുടെ മുമ്പിലുണ്ടായിരിക്കും. അങ്ങനെ അവന്‍ മുമ്പിലായിക്കൊണ്ടു അവരെ നരകത്തില്‍ കൊണ്ടുപോന്നു ചാടിക്കും എന്നു സാരം.

وِرْد (വിര്‍ദു) എന്ന മൂലപദത്തിന്‍റെ സാക്ഷാല്‍ അര്‍ത്ഥം വെള്ളം കുടിക്കുവാന്‍ വേണ്ടിയുള്ള വരവു എന്നാകുന്നു. സന്ദര്‍ഭമനുസരിച്ചു വെള്ളത്തിനും, ദാഹശമനത്തിനും, അതിനായുള്ള വരവിലും അതു പ്രയോഗിക്കപ്പെടും. ഫിര്‍ഔന്‍ മുമ്പിലും അവന്‍റെ ജനങ്ങള്‍ പിമ്പിലുമായിക്കൊണ്ടുള്ള വരവിനെ—പരിഹാസ രൂപത്തില്‍—ഒരു ഇടയന്‍ തന്‍റെ മൃഗങ്ങളെ വെള്ളത്താവളത്തിലേക്കു വെള്ളം കുടിപ്പിക്കുവാന്‍ കൊണ്ടുപോകുന്നതിനോടു ഉപമിച്ചുകൊണ്ടാണു فَأَوْرَدَهُمُ النَّارَ (എന്നിട്ടവന്‍ അവരെ ദാഹം തീര്‍ക്കുവാന്‍ നരകത്തിങ്കല്‍ കൊണ്ടുവരും) എന്നു പറഞ്ഞതു. പക്ഷേ, ഇടയന്‍ മൃഗങ്ങളെ കൊണ്ടുപോയി ദാഹശമനം വരുത്തുകയാണു ചെയ്യുന്നതെങ്കില്‍, ഫിര്‍ഔന്‍ അവന്‍റെ ആളുകള്‍ക്കു വെള്ളത്തിനുപകരം നരകാഗ്നിയില്‍ ചാടിക്കുകയാണു ചെയ്യുന്നതെന്നു താല്‍പര്യം.

٩٩- وَأُتْبِعُوا فِي هَٰذِهِ لَعْنَةً وَيَوْمَ الْقِيَامَةِ ۚ بِئْسَ الرِّفْدُ الْمَرْفُودُ ○

99. ഇതില്‍ [ഈ ലോകത്തില്‍] വെച്ചു ശാപം അവര്‍ക്ക (പിന്നാലെ) തുടര്‍ത്തപ്പെട്ടിരിക്കുന്നു; ഖിയാമത്തുനാളിലും (തന്നെ.) (ആ) നല്‍കപ്പെട്ട സമ്മാനം എത്രയോ ചീത്ത!

---

99. وَأُتْبِعُوا അവര്‍ തുടര്‍ത്തപ്പെട്ടിരിക്കുന്നു, അവര്‍ക്കു പിന്നാലെ ആക്കപ്പെട്ടിരിക്കുന്നു فِي هَٰذِهِ ഇതില്‍ لَعْنَةً ശാപം وَيَوْمَ ദിവസത്തിലും الْقِيَامَةِ ഖിയാമത്തിന്‍റെ بِئْسَ വളരെ മോശം, എത്രയോ ചീത്ത الرِّفْدُ (ആ) കൊടുതി, സമ്മാനം, സഹായം الْمَرْفُودُ കൊടുക്കപ്പെട്ട, സമ്മാനിക്കപ്പെട്ട.

അവര്‍ ഈ ലോകം വിട്ടു പിരിഞ്ഞതു ശാപത്തോടെയാണ്. അതവരെ വിട്ടുപിരിയാതെ അനുഗമിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. അങ്ങനെ, ഖിയാമത്തു നാളിലും അവര്‍ക്കു ശാപംതന്നെ. ഇത്രയധികം മുന്തിച്ച ഒരു സമ്മാനം ലഭിക്കുവാനുള്ള ദൗര്‍ഭാഗ്യം വേറെ ആര്‍ക്കുമില്ലെന്നു സാരം. രാവിലെയും വൈകുന്നേരവും ഫിര്‍ഔനും അവന്‍റെ ആള്‍ക്കാര്‍ക്കും നരകം പ്രദര്‍ശിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുമെന്നും, അന്ത്യ സമയത്തില്‍ അവരെ നരകത്തില്‍ കടത്തുവാന്‍ കല്‍പനയുണ്ടാകുമെന്നും 40: 46ല്‍ പ്രസ്താവിച്ചിരിക്കുന്നു.

ദൂതകളിൽ പ്രസ്താവിക്കപ്പെട്ട നബിമാരുടെയും, സമുദായങ്ങളുടെയും ചരിത്ര സംഭവങ്ങളെ ചൂണ്ടിക്കാണിച്ചുകൊണ്ടു അല്ലാഹു പറയുന്നു:-

100. അതു രാജ്യങ്ങളുടെ വൃത്താന്തങ്ങളിൽപെട്ട (ചില)താകുന്നു; നാം നിനക്കതു കഥനം ചെയ്തു (വിവരിച്ചു) തരുകയാണ്. (നശിപ്പിക്കപ്പെടാതെ) നില കൊള്ളുന്ന(ചില)തും, കൊയ്തെടുക്കപ്പെട്ട (ചില)തും അവയിലുണ്ടു.

١٠٠- ذَٰلِكَ مِنْ أَنبَاءِ الْقُرَىٰ نَقُصُّهُ عَلَيْكَ مِنْهَا قَائِمٌ وَحَصِيدٌ ○

100. ذلك അതു انباء من വൃത്താന്ത(വർത്തമാന)ങ്ങളിൽ പെട്ടതാണു القرى രാജ്യങ്ങളുടെ منها അവയിലുണ്ടു, അവയിൽ ചിലതു قائم നിലകൊള്ളുന്നതു, നിലനിൽക്കുന്നതാണു وحصيد കൊയ്തെടുക്കപ്പെട്ടതും.

സാരം: മേൽപ്രവരിച്ച പൊതു ശിക്ഷകൾക്കു വിധേയമായ രാജ്യങ്ങളിൽ ചിലതു പാടെ നശിച്ചു പോകാതെ നിലനിന്നു വരുന്നു. മററു ചിലതു കൊയ്തെടുക്കപ്പെട്ട വിളകൾ കണക്കെ നിശ്ശേഷം നശിപ്പിക്കപ്പെടുകയും ചെയ്തിരിക്കുന്നു.

101. നാം അവരോടു അക്രമം ചെയ്തിട്ടുമില്ല; എങ്കിലും അവർ തങ്ങളോടു തന്നെ അക്രമം ചെയ്തിരിക്കയാണു. എന്നാൽ, അല്ലാഹുവിനു പുറമെ അവർ വിളിച്ചു (പ്രാർത്ഥിച്ചു) കൊണ്ടിരുന്നതായ അവരുടെ ആരാധ്യൻമാർ അവർക്കു ഒട്ടും തന്നെ ഉപകരിച്ചില്ല; നിന്റെ റബ്ബിന്റെ കൽപന വന്നപ്പോൾ. അവർക്കു നാശം വരുത്തലല്ലാതെ(മറെറാന്നും) അവർ വർദ്ധിപ്പിച്ചതുമില്ല.

١٠١- وَمَا ظَلَمْنَاهُمْ وَلَٰكِن ظَلَمُوا أَنفُسَهُمْ فَمَا أَغْنَتْ عَنْهُمْ آلِهَتُهُمُ الَّتِي يَدْعُونَ مِن دُونِ اللَّهِ مِن شَيْءٍ لَّمَّا جَاءَ أَمْرُ رَبِّكَ وَمَا زَادُوهُمْ غَيْرَ تَتْبِيبٍ ○

102. അപ്രകാരമാണു, രാജ്യങ്ങൾ [രാജ്യക്കാർ] അക്രമകാരികളായിരിക്കെ, നിന്റെ റബ്ബ് അവയെ പിടി(ച്ചു ശിക്ഷി)ക്കുമ്പോൾ അവന്റെ പിടുത്തം. നിശ്ചയമായും, അവന്റെ പിടുത്തം വേദനയേറിയതും, കഠിനമായതുമാകുന്നു.

١٠٢- وَكَذَٰلِكَ أَخْذُ رَبِّكَ إِذَا أَخَذَ الْقُرَىٰ وَهِيَ ظَالِمَةٌ إِنَّ أَخْذَهُ أَلِيمٌ شَدِيدٌ ○

101 وما ظلمنا هم നാം അവരോടു അക്രമം ചെയ്തിട്ടുമില്ല ولكن എങ്കിലും, പക്ഷെ ظلموا അവർ അക്രമം ചെയ്തു (ചെയ്തതാണു) انفسهم തങ്ങളോടു തന്നെ, അവരുടെ സ്വന്തങ്ങളോടു, ആത്മാക്കളെ فما اغنت എന്നാൽ (എന്നിട്ടു) ധന്യമാക്കിയില്ല, ഉപകരിച്ചില്ല عنهم അവർക്കു آلهتهم അവരുടെ ആരാധ്യൻമാർ, ദൈവങ്ങൾ التي യാതൊരു يدعون അവർ വിളിക്കുന്ന, പ്രാർത്ഥിച്ചിരുന്ന من دون കൂടാതെ, പുറമെ الله അല്ലാഹുവിനെ من شيء ഒരു വസ്തുവും (ഒട്ടും) لما جاء വന്നപ്പോൾ امر കൽപന ربك നിന്റെ റബ്ബിന്റെ وما زادوهم അവർ അവർക്കു വർദ്ധിപ്പിച്ചതുമില്ല غير അല്ലാതെ, ഒഴികെ تتبيب നാശം വരുത്തൽ, നാശമുണ്ടാക്കൽ. 102. وكذلك അപ്രകാരമാണു اخذ പിടുത്തം, പിടിക്കൽ ربك നിന്റെ റബ്ബിന്റെ اذا اخذ അവൻ പിടിക്കുമ്പോൾ, പിടിച്ചാൽ القرى രാജ്യങ്ങളെ وهي അവ (ആയിരിക്കെ) ظالمة അക്രമകാരി(കൾ) ان اخذه നിശ്ചയമായും അവന്റെ പിടുത്തം اليم വേദനയേറിയതാണു شديد കഠിനമായതാണു.

അബൂമൂസൽ അശ്അരി (റ) ഉദ്ധരിച്ച ഒരു നബി വചനം ഇപ്രകാരമാകുന്നു: 'നിശ്ചയമായും, അല്ലാഹു അക്രമിക്ക് താമസം കൊടുത്തുകൊണ്ടിരിക്കും. അങ്ങനെ, അവൻ അവനെ പിടികൂടുമ്പോൾ, അവനെ വിട്ടുപോകുകയില്ല.' പിന്നീട് തിരുമേനി ....وكذلك أخذ ربك എന്നുള്ള ഈ വചനം ഓതുകയും ചെയ്തു. (ബു; മു)

١٠٣- إِنَّ فِي ذَٰلِكَ لَآيَةً لِّمَنْ خَافَ عَذَابَ الْآخِرَةِ ۚ ذَٰلِكَ يَوْمٌ مَّجْمُوعٌ لَّهُ النَّاسُ وَذَٰلِكَ يَوْمٌ مَّشْهُودٌ ○

103. നിശ്ചയമായും അതിൽ, പരലോക ശിക്ഷയെ ഭയപ്പെടുന്നവർക്കു (തക്കതായ) ഒരു ദൃഷ്ടാന്തമുണ്ട്. അതൊരു ദിവസമത്രെ, അന്നേക്കു മനുഷ്യർ (മുഴുവനും) ഒരുമിച്ചു കൂട്ടപ്പെടുന്നതാണ്. അതു (എല്ലാവരും) ഹാജരാകുന്ന ഒരു ദിവസവുമത്രെ.

١٠٤- وَمَا نُؤَخِّرُهُ إِلَّا لِأَجَلٍ مَّعْدُودٍ ○

104. എണ്ണിക്കണക്കാക്കപ്പെട്ട ഒരു അവധിക്കല്ലാതെ നാം അതിനെ പിന്തിച്ചു (നീട്ടി) വെക്കുന്നുമില്ല.

١٠٥- يَوْمَ يَأْتِ لَا تَكَلَّمُ نَفْسٌ إِلَّا بِإِذْنِهِ ۚ فَمِنْهُمْ شَقِيٌّ وَسَعِيدٌ ○

105. അതു വന്നെത്തുന്ന ദിവസം, ഒരു വ്യക്തിയും അവന്റെ [അല്ലാഹുവിന്റെ] അനുമതിയോടെയല്ലാതെ സംസാരിക്കുകയില്ല. അപ്പോൾ, അവരിൽ ദുർഭാഗ്യവാൻമാരും സൽഭാഗ്യവാൻമാരുമുണ്ടായിരിക്കും.

---

103. إِنَّ فِي ذَٰلِكَ നിശ്ചയമായും അതിലുണ്ടു لَآيَةً ഒരു ദൃഷ്ടാന്തം لِّمَنْ خَافَ ഭയപ്പെട്ടവർക്കു عَذَابَ ശിക്ഷയെ الْآخِرَةِ പരലോകത്തെ ذَٰلِكَ يَوْمٌ അതു ഒരു ദിവസമാണു مَّجْمُوعٌ ഒരുമിച്ചു കൂട്ടപ്പെടുന്ന لَّهُ അതിലേക്കു (അന്നേക്കു) النَّاسُ മനുഷ്യർ وَذَٰلِكَ يَوْمٌ അതു ഒരു ദിവസവുമാണു مَّشْهُودٌ ഹാജറുണ്ടാകുന്ന (ദൃക്സാക്ഷ്യമുണ്ടാകുന്ന) 104. وَمَا نُؤَخِّرُهُ അതിനെ നാം പിന്തിക്കുന്നില്ല, താമസിപ്പിക്കുന്നില്ല إِلَّا لِأَجَلٍ ഒരവധിക്കല്ലാതെ, അവധിവരെയല്ലാതെ مَّعْدُودٍ എണ്ണപ്പെട്ട (കണക്കാക്കപ്പെട്ട) 105. يَوْمَ يَأْتِ അതു വരുന്ന ദിവസം لَا تَكَلَّمُ സംസാരിക്കയില്ല نَفْسٌ ഒരു ആത്മാവും, വ്യക്തിയും, ദേഹവും إِلَّا بِإِذْنِهِ അവന്റെ അനുമതി കൂടാതെ فَمِنْهُمْ അപ്പോൾ അവരിലുണ്ടായിരിക്കും شَقِيٌّ നിർഭാഗ്യവാൻ, പരാജിതൻ, വഴികെട്ടവൻ وَسَعِيدٌ ഭാഗ്യവാനും, വിജയിയും, സൽഭാഗ്യവാനും

സൽഭാഗ്യവാൻമാരായി വിജയിക്കുന്നവരിൽ അല്ലാഹു നമ്മെയെല്ലാം ഉൾപ്പെടുത്തട്ടെ. ആമീൻ. പ്രവാചകൻമാർ, മലക്കുകൾ, ജിന്നുകൾ, മനുഷ്യർ തുടങ്ങിയ എല്ലാ സൃഷ്ടികളും സമ്മേളിക്കുന്ന ദിവസം എന്നത്രെ يوم مشهود (ഹാജറുണ്ടാകുന്ന ദിവസം) കൊണ്ടുദ്ദേശ്യം. ആ ദിവസത്തിന്റെ ഗാംഭീര്യവും, ഭയങ്കരതയും നിമിത്തം അല്ലാഹുവിങ്കൽ നിന്നുള്ള പ്രത്യേക അനുമതി കൂടാതെ ആർക്കും ഒരക്ഷരം ഉരിയാടുവാൻ സാധിക്കുകയില്ലാത്ത ഒരു ഗംഭീര ദിവസമായിരിക്കും അത്.

١٠٦- فَأَمَّا الَّذِينَ شَقُوا فَفِي النَّارِ لَهُمْ فِيهَا زَفِيرٌ وَشَهِيقٌ ○

106. എന്നാൽ, ദുർഭാഗ്യമടഞ്ഞവരാകട്ടെ, (അവർ) നരകത്തിലായിരിക്കും; അവർക്കു അതിൽ നെടുവീർപ്പും, തേങ്ങിക്കരച്ചിലും ഉണ്ടായിരിക്കും:—

---

106. فَأَمَّا എന്നാൽ الَّذِينَ شَقُوا യാതൊരുവർ ദുർഭാഗ്യമടഞ്ഞവർ, പരാജയപ്പെട്ടവർ فَفِي النَّارِ നരകത്തിലായിരിക്കും لَهُمْ അവർക്കുണ്ടായിരിക്കും فِيهَا അതിൽ زَفِيرٌ ദീർഘശ്വാസം, നെടുവീർപ്പു وَشَهِيقٌ തേങ്ങിക്കരച്ചലും, അട്ടഹാസവും

خَٰلِدِينَ فِيهَا مَا دَامَتِ ٱلسَّمَٰوَٰتُ وَٱلْأَرْضُ إِلَّا مَا شَآءَ رَبُّكَ إِنَّ رَبَّكَ فَعَّالٌ لِّمَا يُرِيدُ ○

107. ആകാശങ്ങളും ഭൂമിയും നിലനില്‍ക്കുമ്പോഴെല്ലാം അതില്‍ (അവര്‍) സ്ഥിരവാസികളായിക്കൊണ്ടു; നിന്റെ റബ്ബു ഉദ്ദേശിച്ചതൊഴികെ. നിശ്ചയമായും, നിന്റെ റബ്ബു താന്‍ ഉദ്ദേശിക്കുന്നതു (ശരിക്കും) ചെയ്യുന്നവനാകുന്നു.

وَأَمَّا ٱلَّذِينَ سُعِدُوا۟ فَفِى ٱلْجَنَّةِ خَٰلِدِينَ فِيهَا مَا دَامَتِ ٱلسَّمَٰوَٰتُ وَٱلْأَرْضُ إِلَّا مَا شَآءَ رَبُّكَ عَطَآءً غَيْرَ مَجْذُوذٍ ○

108. സൗഭാഗ്യം സിദ്ധിച്ചവരാകട്ടെ, (അവര്‍) സ്വര്‍ഗ്ഗത്തിലുമായിരിക്കും; ആകാശങ്ങളും, ഭൂമിയും നിലനില്‍ക്കുമ്പോഴൊക്കെയും അതില്‍ (അവര്‍) സ്ഥിരവാസികളായിക്കൊണ്ടു; നിന്റെ റബ്ബു ഉദ്ദേശിച്ചതൊഴികെ; മുറിഞ്ഞുപോകാത്ത ഒരു ദാനമായിക്കൊണ്ട്.

---

107. خَالِدِينَ നിത്യവാസികളായിക്കൊണ്ടു فِيهَا അതില്‍ مَا دَامَتْ നീണ്ടുനില്‍ക്കു(നിലനില്‍ക്കുന്നതായിരിക്കു)മ്പോഴ (ഒക്കെയും) السَّمَاوَاتُ ആകാശങ്ങളും وَالْأَرْضُ ഭൂമിയും إِلَّا مَا شَاءَ ഉദ്ദേശിച്ചതൊഴികെ رَبُّكَ നിന്റെ നാഥന്‍ إِنَّ رَبَّكَ നിശ്ചയമായും നിന്റെ റബ്ബ് فَعَّالٌ (ശരിക്കു-നന്നായി) പ്രവര്‍ത്തിക്കുന്നവനാണു لِمَا يُرِيدُ അവന്‍ ഉദ്ദേശിക്കുന്നത് 108. وَأَمَّا എന്നാല്‍ الَّذِينَ سُعِدُوا ഭാഗ്യം സിദ്ധിച്ചവര്‍ فَفِي الْجَنَّةِ സ്വര്‍ഗ്ഗത്തിലായിരിക്കും خَالِدِينَ സ്ഥിരവാസികളായിക്കൊണ്ടു فِيهَا അതില്‍ مَا دَامَتْ നിലനില്‍ക്കു (നീണ്ടു നില്‍ക്കു)മ്പോഴ (എല്ലാം) السَّمَاوَاتُ ആകാശങ്ങളും وَالْأَرْضُ ഭൂമിയും إِلَّا مَا شَاءَ ഉദ്ദേശിച്ചതൊഴികെ رَبُّكَ നിന്റെ നാഥന്‍ عَطَاءً ഒരു കൊടുതി, ദാനമായിട്ടു غَيْرَ مَجْذُوذٍ മുറിക്കപ്പെടാത്ത (മുറിഞ്ഞുപോകാത്ത)

നിര്‍ഭാഗ്യരായ ദുര്‍ജ്ജനങ്ങള്‍ നരകത്തിലും, സല്‍ഭാഗ്യരായ സജ്ജനങ്ങള്‍ സ്വര്‍ഗ്ഗത്തിലും സ്ഥിരവാസികളായിരിക്കുമെന്നു പറഞ്ഞശേഷം, രണ്ടു സ്ഥലത്തും ആകാശങ്ങളും ഭൂമിയും നിലകൊള്ളുന്ന കാലത്തോളം (مَا دَامَتِ السَّمَاوَاتُ وَالْأَرْضُ) എന്നുകൂടി പറഞ്ഞു അതിനെ ശക്തിപ്പെടുത്തിയിരിക്കുകയാണ്. ഒരു കാലത്തും മുറിഞ്ഞുപോകാതെ നിലനില്‍ക്കുമെന്ന അര്‍ത്ഥത്തില്‍ 'രാപ്പകല്‍ വ്യത്യാസപ്പെട്ടുകൊണ്ടിരിക്കുന്ന കാലം' എന്നും 'നക്ഷത്രം വെളിപ്പെടുന്ന കാലം' എന്നുമൊക്കെ (ما اختلف الليل والنهار، ما بدا كوكب) അറബികള്‍ക്കിടയില്‍ ഉപയോഗിക്കാറുണ്ട്. അതുപോലെയുള്ള ഒരു പ്രയോഗമാണിതും.

ഖുര്‍ആന്റെയും നബിവചനങ്ങളുടെയും അടിസ്ഥാനത്തില്‍ സ്വര്‍ഗ്ഗീയാനുഗ്രഹങ്ങളും നരകീയ ശിക്ഷകളും ശാശ്വതമാണെന്നുള്ളതില്‍ മുസ്‌ലിംകള്‍ക്ക് പൊതുവെ യോജിച്ച അഭിപ്രായമാണുള്ളത്. സ്വര്‍ഗ്ഗത്തെ പറ്റി പറയുമ്പോള്‍ സ്വര്‍ഗ്ഗവാസികള്‍ അതില്‍ ശാശ്വതരാണെന്നു (خالدين فيها) പറഞ്ഞതിനുശേഷം അതിനു അവസാനമില്ലെന്നു കാണിക്കുവാന്‍ أبدا (എക്കാലത്തും) എന്നു കൂടി അതിനെ ശക്തിപ്പെടുത്തുന്നതായി 4:122; 9:22; 64:9 മുതലായ സ്ഥലങ്ങളില്‍ ഖുര്‍ആനില്‍ കാണാവുന്നതാണ്. ഇതേ വാക്കു (أبدا) തന്നെ, നരകത്തെക്കുറിച്ചു പറയുമ്പോള്‍ 4:169ലും 33:65ലും 72:23ലും കാണാം. ആ നിലക്കു 107-ാം വചനത്തിലും 108-ാം വചനത്തിലും إلا ما شاء ربك (നിന്റെ റബ്ബു ഉദ്ദേശിച്ചതൊഴികെ) എന്നു പറഞ്ഞതിന്റെ താല്‍പര്യം വിവരിക്കുന്നതില്‍ ഖുര്‍ആന്‍ വ്യാഖ്യാതാക്കളായ പണ്ഡിതന്മാര്‍ പല നിലപാടുകളും സ്വീകരിച്ചിട്ടുള്ളതായി കാണാം. ഈ വാക്കിലെ പദങ്ങളെ വ്യാഖ്യാനിക്കുന്നതിലോ, അര്‍ത്ഥോദ്ദേശ്യ വിവരണത്തിലോ കേന്ദ്രീകൃതമാണ് [illegible] പ്രസ്തുത അഭിപ്രായ വ്യത്യാസങ്ങളും, അതതിന്റെ തെളിവുകളും വിമര്‍ശനങ്ങളും ചുരുക്കി ഉദ്ധരിക്കുന്ന [illegible] പരിശോധിച്ചുനോക്കുന്നതുകൊണ്ടും അതില്‍ കാര്യമായ പ്രയോജനം കാണുന്നില്ല.

നരകത്തെ സംബന്ധിച്ചു മാത്രം പരിപൂർണ്ണമായ അർത്ഥത്തിലുള്ള ശാശ്വതത്വം (ഖുലൂദ്) ഇല്ലെന്ന ചുരുക്കം ചില പണ്ഡിതൻമാർക്ക അഭിപ്രായമുണ്ട്. പ്രധാനമായും ചില യുക്തി ന്യായങ്ങളാണു അവർക്കുള്ള തെളിവു. ഖുർആനിലെ ചില വാക്കുകളെ അതിനനുസരിച്ചു അവർ വ്യാഖ്യാനിക്കുകയും ചെയ്യും. [illegible] അതിന്റെ താല്പര്യവും ഉദ്ദേശ്യവും വിവരിക്കുന്നതിൽ പല അഭിപ്രായക്കാരാകുന്നു. [illegible] ഹുവിന്റെയും റസൂലിന്റെയും പ്രസ്താവനകളിൽനിന്നു [illegible] വ്യക്തമാകുന്ന [illegible] നമുക്ക അവലംബം. [illegible] പരമായ കാരണങ്ങൾ തന്നെ ചില പണ്ഡിതൻമാർ വിവരിക്കുകയും ചെയ്യുന്നുണ്ട്.

[illegible] ബിച്ചു [illegible] ചെയ്‌വാൻ [illegible] 107-ാം വചനത്തിന്റെ [illegible] ത്തിൽ [illegible] (നിശ്ചയമായും, നിന്റെ റബ്ബു താൻ ഉദ്ദേശിക്കുന്നതു [illegible] ചെയ്യുന്നവനാണു) എന്നു പറഞ്ഞിരിക്കുന്നു. [illegible] 108-ാം വചനത്തിന്റെ അവസാനത്തിൽ [illegible] (വിച്ഛേദിക്കപ്പെടാത്ത [illegible]) എന്നും പറ ഞ്ഞിരിക്കുന്നു. [illegible]

109\. അപ്പോൾ, ഇക്കൂട്ടർ ആരാധിച്ചു വരുന്നതിനെ പ്പറ്റി നീ യാതൊരു സംശയത്തിലും ആയിരിക്കരുത്. ഇ വരുടെ പിതാക്കൾ മുമ്പ് ആരാധിച്ചിരുന്നതുപോലെയല്ലാ തെ ഇവർ ആരാധിക്കുന്നില്ല. [അവരെ അനുകരിക്കു ന്നുവെന്നുമാത്രം]

فَلَا تَكُ فِي مِرْيَةٍ مِّمَّا يَعْبُدُ هَٰؤُلَاءِ ۚ مَا يَعْبُدُونَ إِلَّا كَمَا يَعْبُدُ آبَاؤُهُم مِّن قَبْلُ ۚ

നിശ്ചയമായും നാം, അവരുടെ ഓഹരി (ഒട്ടും) കുറവു വരുത്തപ്പെടാത്ത വിധം അവർക്കു നിറവേറ്റിക്കൊടുക്കുന്നവ രുമാകുന്നു.

وَإِنَّا لَمُوَفُّوهُمْ نَصِيبَهُمْ غَيْرَ مَنقُوصٍ

109\. فَلَا تَكُ അപ്പോൾ നീ ആയിരിക്കരുതു فِي مِرْيَةٍ ഒരു സംശയത്തിലും, ശങ്കയിൽ مِمَّا يَعْبُدُ ആരാധിച്ചുവരുന്നതിനെപ്പറ്റി هَٰؤُلَاءِ ഇക്കൂട്ടർ مَا يَعْبُدُونَ അവർ (ഇവർ) ആരാധിക്കുന്നില്ല إِلَّا كَمَا ഒന്നുപോലെയല്ലാതെ يَعْبُدُ ആരാധിക്കുന്നു آبَاؤُهُم അവരുടെ പിതാക്കൾ مِن قَبْلُ മുമ്പ് وَإِنَّا നിശ്ചയമായും നാം لَمُوَفُّوهُمْ അവർക്കു പൂർത്തിയാക്കി (നിറവേറ്റി) കൊടുക്കുന്നവർ തന്നെ نَصِيبَهُمْ അവരുടെ ഓഹരി, പങ്കു غَيْرَ مَنقُوصٍ ചുരുക്കം (കുറവു വരുത്ത)പ്പെടാതെ.

നബി (സ) തിരുമേനിക്കു അവരുടെ കാര്യത്തിൽ വല്ല സംശയവും [illegible] നബി (സ) യെ അഭി മുഖീകരിച്ചുകൊണ്ടു 'നീ സംശയത്തിലായിരിക്കരുത്' എന്നു പറയുന്നതു [illegible] ന്യായവും ഇല്ലാത്തത്. അല്ലാഹുവിനെയല്ലാത്ത വസ്തുക്കളെ അവർ ആരാധിക്കുന്നതിനു [illegible] അവർക്കില്ലെന്നും, പൂർവ്വികൻമാരെ അന്ധമായി അനുകരിക്കുക [illegible] അല്ലാഹു അവർക്കു ശരിക്കും കൊടുക്കുമെന്നുമാണ് [illegible]

വിഭാഗം-10

110. മൂസാക്കു നാം (വേദ) ഗ്രന്ഥം നൽകുകയുണ്ടായി; എന്നിട്ട് അതിൽ ഭിന്നാഭിപ്രായമുണ്ടായി.

നിന്റെ റബ്ബിൽനിന്നു ഒരു വാക്കു മുൻകഴിഞ്ഞിട്ടില്ലായിരുന്നുവെങ്കിൽ, അവർക്കിടയിൽ തീരുമാനമെടുക്കപ്പെടുമായിരുന്നു. അവരാകട്ടെ, ഇതിനെക്കുറിച്ച് ആശങ്കാ ജനകമായ സംശയത്തിൽ തന്നെയാണ്.

١١٠- وَلَقَدْ آتَيْنَا مُوسَى الْكِتَابَ فَاخْتُلِفَ فِيهِ ۗ وَلَوْلَا كَلِمَةٌ سَبَقَتْ مِن رَّبِّكَ لَقُضِيَ بَيْنَهُمْ ۚ وَإِنَّهُمْ لَفِي شَكٍّ مِّنْهُ مُرِيبٍ ○

111. നിശ്ചയമായും എല്ലാവരും, തന്നെ, അവർക്ക, അവ(രവ)രുടെ കർമ്മങ്ങൾ [കർമ്മഫലങ്ങൾ] നിന്റെ റബ്ബ് നിറവേറ്റിക്കൊടുക്കുക തന്നെ ചെയ്യും. നിശ്ചയമായും അവൻ, അവർ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മമായി അറിയുന്നവനാകുന്നു.

١١١- وَإِنَّ كُلًّا لَّمَّا لَيُوَفِّيَنَّهُمْ رَبُّكَ أَعْمَالَهُمْ ۚ إِنَّهُ بِمَا يَعْمَلُونَ خَبِيرٌ ○

---

110. لقد آتينا നാം കൊടുത്തിട്ടുണ്ട് موسى മൂസാക്ക് الكتاب (വേദ) ഗ്രന്ഥം فاختلف എന്നിട്ടു ഭിന്നിക്കപ്പെട്ടു, ഭിന്നാഭിപ്രായമുണ്ടായി فيه അതിൽ ولولا ഇല്ലായിരുന്നെങ്കിൽ كلمة ഒരു വാക്ക്, വാക്യം سبقت മുൻകഴിഞ്ഞു من ربك നിന്റെ റബ്ബിങ്കൽ നിന്നു لقضي തീരുമാനം ചെയ്യപ്പെടുക തന്നെ ചെയ്യുമായിരുന്നു بينهم അവർക്കിടയിൽ وإنهم നിശ്ചയമായും അവർ لفي شك സംശയത്തിൽതന്നെ منه അതിനെപ്പറ്റി مريب ആശയക്കുഴപ്പത്തിലാക്കുന്ന, ആശങ്കാജനകമായ, സന്ദേഹപ്പെടുത്തുന്ന 111. وإن كلا നിശ്ചയമായും എല്ലാവരും ليوفينهم അവർക്കവൻ നിറവേറ്റിക്കൊടുക്കുക തന്നെ ചെയ്യും, നിറവേറ്റാതിരിക്കുകയില്ല ربك നിന്റെ റബ്ബു أعمالهم അവരുടെ പ്രവർത്തനങ്ങളെ إنه നിശ്ചയമായും അവൻ بما يعملون അവർ പ്രവർത്തിക്കുന്നതിനെപ്പറ്റി خبير സൂക്ഷ്മമായറിയുന്നവനാണ്, സൂക്ഷ്മജ്ഞാനിയാണ്.

സാരം : ഖുർആനെ സംബന്ധിച്ചുള്ള ഈ ഭിന്നിപ്പും നിഷേധവും നടാടെ ഉണ്ടായതല്ല. മുമ്പു മൂസാ (അ) നബിക്കു വേദഗ്രന്ഥം നൽകിയപ്പോൾ അതിനെ സംബന്ധിച്ചും ഇങ്ങിനെ ഉണ്ടായിട്ടുണ്ട്. അതിനെതിരെ അവസാന നടപടി എടുക്കുവാൻ അല്ലാഹുവിന്നു പ്രയാസമൊന്നുമില്ല. പക്ഷെ, അതു പരലോകത്ത് വെച്ചായിരിക്കണമെന്ന് അവൻ മുമ്പേ നിശ്ചയിച്ചു വെച്ചിരിക്കയാണ്. അല്ലായിരുന്നുവെങ്കിൽ അതിപ്പോൾതന്നെ നടക്കുമായിരുന്നു. എന്നിയും ഇവർ ഖുർആനെപ്പറ്റി സംശയത്തിലും ആശയക്കുഴപ്പത്തിലുമായിത്തന്നെ ഇരിക്കുകയാണെങ്കിൽ അതിന്റെ ഫലം തികച്ചും അല്ലാഹു അവരെ അനുഭവപ്പെടുത്തുക തന്നെ ചെയ്യും. അവരുടെ എല്ലാ ചെയ്തികളും അവൻ കണ്ടറിഞ്ഞുകൊണ്ടിരിക്കുന്നുണ്ട്.

മേൽവിവരിച്ച ചരിത്ര സംഭവങ്ങളെല്ലാം ഓർമ്മപ്പെടുത്തിക്കൊണ്ടു നബി (സ) ക്കും സത്യവിശ്വാസികൾക്കും അല്ലാഹു ചില ഉപദേശങ്ങളും നിർദ്ദേശങ്ങളും നൽകുന്നു:-

112. ആകയാൽ, നിന്നോടു കൽപിക്കപ്പെട്ടതുപോലെ നീയും, നിന്റെ കൂടെ പശ്ചാത്തപിച്ചു മടങ്ങിയിട്ടുള്ളവരും (നേരെ) ചൊവ്വായി നിലകൊള്ളുക. നിങ്ങൾ അതിരുവിടുകയും ചെയ്യരുത്. നിശ്ചയമായും, അവൻ [അല്ലാഹു] നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി കണ്ടറിയുന്നവനാണ്.

١١٢- فَاسْتَقِمْ كَمَا أُمِرْتَ وَمَن تَابَ مَعَكَ وَلَا تَطْغَوْا ۚ إِنَّهُ بِمَا تَعْمَلُونَ بَصِيرٌ ○

وَلَا تَرْكَنُوٓا۟ إِلَى ٱلَّذِينَ ظَلَمُوا۟ فَتَمَسَّكُمُ ٱلنَّارُ وَمَا لَكُم مِّن دُونِ ٱللَّهِ مِنْ أَوْلِيَآءَ ثُمَّ لَا تُنصَرُونَ ۝١١٣

113. അക്രമം പ്രവർത്തിച്ചവരിലേക്കു നിങ്ങൾ ചാഞ്ഞുപോകുകയും ചെയ്യരുതു; എന്നാൽ നരകം നിങ്ങളെ സ്പർശിക്കുന്നതാണ്; അല്ലാഹുവിനെ കൂടാതെ യാതൊരു രക്ഷാധികാരികളും നിങ്ങൾക്കില്ലതാനും. (എന്നിരിക്കെ) പിന്നെ, നിങ്ങൾ സഹായിക്കപ്പെടുകയില്ല.

---

112. فاستقم എന്നാൽ, (ആകയാൽ) നീ ചൊവ്വിനു നിലകൊള്ളുക كما أمرت നിന്നോടു കൽപിക്കപ്പെട്ടതുപോലെ ومن تاب തടങ്ങിയ (പശ്ചാത്തപിച്ച)വരും معك നിന്റെ കൂടെ ولا تطغوا നിങ്ങൾ അതിരുവിടുക (ധിക്കരിക്കുക)യും അരുതു إنه നിശ്ചയമായും അവൻ بما تعملون നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി بصير കാണുന്ന (കണ്ടറിയുന്ന)വനാണു. 113. ولا تركنوا നിങ്ങൾ ചായരുതു, തുനിയരുതു, ചരിയരുതു إلى الذين ظلموا അക്രമം ചെയ്തവരിലേക്ക് فتمسكم എന്നാൽ നിങ്ങളെ സ്പർശിക്കുന്നതാണു النار നരകം, അഗ്നി وما لكم നിങ്ങൾക്കു ഇല്ലതാനും من دون കൂടാതെ, പുറമെ الله അല്ലാഹുവിനെ, അല്ലാഹുവിന്നു من أولياء രക്ഷാകർത്താ(ബന്ധു-കാര്യ കർത്താ)ക്കളിൽനിന്നു (ആരും) ثم പിന്നെ (അതിനു പുറമെ) لا تنصرون നിങ്ങൾ സഹായിക്കപ്പെടുകയില്ല.

'നിന്റെ കൂടെ പശ്ചാത്തപിച്ചു മടങ്ങിയവർ' എന്നു പറഞ്ഞതു ശിർക്കിൽ നിന്നും ദുർമാർഗ്ഗത്തിൽ നിന്നും പശ്ചാത്തപിച്ചു തൗഹീദിലേക്കും സൻമാർഗ്ഗത്തിലേക്കും മടങ്ങിയ സത്യവിശ്വാസികളെ ഉദ്ദേശിച്ചാകുന്നു. അതി പ്രധാനമായ മൂന്ന് നിർദ്ദേശങ്ങൾ അല്ലാഹു ഈ വചനം മുഖേന നൽകിയിരിക്കുന്നു. (1) കൽപിക്കപ്പെട്ടതുപോലെ നേർക്കുനേരെ നിലകൊള്ളണം. വിശ്വാസപരമായും, ആചാരാനുഷ്ഠാനപരമായുമുള്ള എല്ലാ കാര്യങ്ങളിലും ഖുർആൻ മുഖേനയോ, മറ്റുള്ള വഹ്‌യുകൾ മൂലമോ ലഭിക്കുന്ന നിയമനിർദ്ദേശങ്ങൾ ശരിക്കു പാലിക്കണമെന്നു സാരം. സത്യവിശ്വാസികളെ സംബന്ധിച്ചിടത്തോളം ഖുർആനും നബി (സ)യുടെ സുന്നത്തും മുറുകെ പിടിക്കണമെന്നും താല്പര്യമായിരിക്കും. (2) അതിരു വിടാതിരിക്കണം. അല്ലാഹുവും അവന്റെ റസൂലും ഏതേതു കാര്യത്തിലും നിശ്ചയിച്ചു തന്നിട്ടുള്ള പരിധികൾക്കപ്പുറം കടന്നു സ്വന്തം താൽപര്യങ്ങൾക്കോ, പരപ്രേരണകൾക്കോ വശംവദരായിപ്പോകരുതെന്നു സാരം. മതത്തിൽ പുതുതായുണ്ടാക്കപ്പെടുന്ന നിയമനിർദ്ദേശങ്ങളും, നിരർത്ഥമായ നിയമങ്ങളും, വ്യാഖ്യാനങ്ങളും, അനുകരണങ്ങളുമെല്ലാം അതിരുകവിയലിൽ ഉൾപ്പെടുന്നു. (3) അക്രമികളിലേക്ക് ചാഞ്ഞുപോകരുത്. അവിശ്വാസികൾ, അനിസ്ലാമികമായ താൽപര്യങ്ങൾ വെച്ചു പുലർത്തുന്നവർ, അനാചാര ദുരാചാരങ്ങളിൽ മുഴുകിയവർ എന്നിങ്ങിനെയുള്ളവരുമായി അനുഭാവവും, അനുനയവും സ്വീകരിക്കരുതെന്നു സാരം. ഇങ്ങിനെ ചെയ്യുന്നപക്ഷം അതിന്റെ ഫലം രക്ഷയില്ലാത്ത നരകശിക്ഷയാണെന്നും, ആ അക്രമികളാരും തന്നെ നിങ്ങളെ രക്ഷിക്കുവാനുണ്ടാകുകയില്ലെന്നും അല്ലാഹു പ്രത്യേകം താക്കീതും ചെയ്തിരിക്കുന്നു. ഈ മൂന്ന് മൗലിക നിർദ്ദേശങ്ങൾക്കുശേഷം, അനുഷ്ഠാനപരമായി സത്യവിശ്വാസികൾ സദാ മനസ്സിരുത്തേണ്ടുന്ന ചില പ്രധാന വിഷയങ്ങൾ ഓർമ്മിപ്പിക്കുന്നു:—

وَأَقِمِ ٱلصَّلَوٰةَ طَرَفَىِ ٱلنَّهَارِ وَزُلَفًا مِّنَ ٱلَّيْلِ ۚ إِنَّ ٱلْحَسَنَـٰتِ يُذْهِبْنَ ٱلسَّيِّـَٔاتِ ۚ ذَٰلِكَ ذِكْرَىٰ لِلذَّٰكِرِينَ ۝١١٤

114. പകലിന്റെ രണ്ടു വക്കിലും, രാത്രിയിൽനിന്നു (പകലിനോടു) അടുത്ത വേളകളിലും നീ നമസ്കാരം നിലനിറുത്തുകയും ചെയ്യുക.

നിശ്ചയമായും, നൻമകൾ തിൻമകളെ പോക്കി [അകറ്റി]ക്കളയുന്നതാണ്. ഇതു, ഓർമ്മിക്കുന്നവർക്കു (ഓർമ്മിക്കുവാൻ) വേണ്ടിയുള്ള ഒരു ഉപദേശമാകുന്നു.

---

114. وأقم നിലനിറുത്തുകയും ചെയ്യുക الصلاة നമസ്കാരം طرفي രണ്ടു തലപ്പത്തു, ഓരത്തു, വക്കത്തു, അറ്റത്തു النهار പകലിന്റെ وزلفا അടുത്ത സമയങ്ങളിലും من الليل രാത്രിയിൽ നിന്നു, إن الحسنات നിശ്ചയമായും നൻമകൾ يذهبن അവ പോക്കി (നീക്കി)ക്കളയുന്നു السيئات തിൻമകളെ ذلك അതു (ഇതു) ذكرى ഉപദേശമാണു, സ്മരണയാണു للذاكرين ഓർമ്മിക്കുന്ന (സ്മരിക്കുന്ന)വർക്കു.

115. ക്ഷമിക്കുകയും ചെയ്തു കൊള്ളുക. (കാരണം) നിശ്ചയമായും, സൽഗുണം ചെയ്യുന്നവരുടെ പ്രതിഫലത്തെ അല്ലാഹു പാഴാക്കുകയില്ല.

١١٥- وَاصْبِرْ فَإِنَّ اللَّهَ لَا يُضِيعُ أَجْرَ الْمُحْسِنِينَ ۝

---

115. واصبر ക്ഷമിക്കുകയും ചെയ്യുക فإن എന്നാൽ (കാരണം) നിശ്ചയമായും الله അല്ലാഹു لا يضيع അവൻ പാഴാക്കുക (വെറുതെയാക്കുക)യില്ല أجر പ്രതിഫലത്തെ المحسنين നൻമ (പുണ്യം-സൽഗുണം-സുകൃതം) ചെയ്യുന്നവരുടെ.

മാനസികവും, വാചികവും, ശാരീരികവുമായ വിനയാർപ്പണങ്ങൾ അടങ്ങിയതും, അനുഷ്ഠാന കർമ്മങ്ങളിൽ അതിപ്രധാനമായതുമായ ഒരു ആരാധനാ കർമ്മമത്രെ നമസ്കാരം. ചില പ്രത്യേക കാരണങ്ങളെ മുൻനിറുത്തി ചുരുക്കം ചില സന്ദർഭങ്ങളിലും, സ്ഥലങ്ങളിലും അതു നിർവ്വഹിക്കപ്പെട്ടുകൂടാ എന്നു ഹദീസുകളിൽ വിലക്കപ്പെട്ടിരിക്കുന്നതുകൊണ്ടു അതല്ലാത്ത ഏതവസരങ്ങളിലും മനുഷ്യനു ചെയ്‌വാനുള്ള ഏററവും മഹത്തായ ഒരു പുണ്യകർമ്മമത്രെ നമസ്കാരം. അഞ്ചുനേരത്തെ നമസ്കാരം മാത്രമേ നിർബ്ബന്ധമായി നിശ്ചയിക്കപ്പെട്ടിട്ടുള്ളുവെന്നു മാത്രം. നമസ്കാര കർമ്മത്തിനു കൂടുതൽ ഉപയുക്തവും അനുയോജ്യവുമായ സമയം, രാവിലെയും വൈകുന്നേരവും, രാത്രിയിലെ ഏതാനും സമയവുമാണെന്ന് ഇവിടെയെന്നപോലെ, (17: 78; 20: 130; 50: 39, 40; 76: 25, 26 മുതലായ) വേറെ പല സ്ഥലങ്ങളിലും അല്ലാഹു ചൂണ്ടിക്കാട്ടിയിരിക്കുന്നു. ഓരോ സ്ഥലത്തും ഉപയോഗിച്ച വാക്കുകളിൽ കുറെയൊക്കെ വ്യത്യാസം കാണുമെങ്കിലും പ്രകൃതിപരമായ മാററങ്ങൾ, മനുഷ്യന്റെ ചുററുപാടുകളിലും ജീവിതക്രമങ്ങളിലും മററുമുണ്ടാകുന്ന മാററങ്ങൾ എന്നിങ്ങിനെ പലതും പരിഗണിക്കപ്പെട്ടുകൊണ്ടാണു ആ സമയങ്ങൾക്കു അല്ലാഹു പ്രത്യേകത കല്പിച്ചിരിക്കുന്നതെന്നു അല്പം ചിന്തിച്ചാൽ ആർക്കും മനസ്സിലാക്കാം. (ഇതു സംബന്ധിച്ചു താഴെ വരുന്ന സൂറത്തുകളിൽ ചിലതെല്ലാം വിവരിക്കുന്നുണ്ട്.)

നിലവിലുള്ള അഞ്ചു നിർബ്ബന്ധ നമസ്കാരങ്ങളുടെ നിയമപരമായ സമയനിർണ്ണയമല്ല ഈ വചനങ്ങളുടെ ഉദ്ദേശ്യം. എങ്കിലും അതിനടിസ്ഥാനമായ അടിസ്ഥാനം ഈ വചനങ്ങളിൽ അടങ്ങിയിരിക്കുന്നതാണു. പകലിന്റെ തുടക്കം ഇസ്ലാമിക ദൃഷ്ട്യാ പ്രഭാതം മുതൽക്കാണുള്ളതു. ഉച്ചവരെയുള്ള സമയം 'രാവിലെ'യിലും, ഉച്ചമുതൽ സന്ധ്യവരെയുള്ള സമയം 'വൈകുന്നേര'ത്തിലും ഉൾപെടുന്നു. അപ്പോൾ, സുബ്ഹ് നമസ്കാരം പകലിന്റെ ആദ്യത്തിലും, അസർ നമസ്കാരം അതിന്റെ അന്ത്യത്തിലുമാണുള്ളത്. മഗ്‌രിബും, ഇശായുമാകട്ടെ, പകലിനോടടുത്തു നിൽക്കുന്ന രാത്രിവേളയിലും. ളുഹ്റിന്റെ സമയം ഉച്ചക്കുശേഷമായതുകൊണ്ടു അതു വൈകുന്നേരത്തിൽ ഉൾപ്പെടുത്താം. സൂറത്തു-റൂമിലെ ആയത്തിൽ, രാവിലെയും, വൈകുന്നേരവും, സായാഹ്നത്തിലും, മദ്ധ്യാഹ്നത്തിലും എന്നുകൂടി പറഞ്ഞിട്ടുള്ളതും സ്മരണീയമാകുന്നു. (റൂം: 17, 18)

ക്ഷമയെക്കുറിച്ചുള്ള കല്പന ഏതെങ്കിലും ഒരു പ്രത്യേക വിഷയത്തിലുള്ള ക്ഷമയെ മാത്രം ഉദ്ദേശിച്ചുകൊണ്ടുള്ളതല്ല. വിശാലാർത്ഥത്തിലുള്ള ഒരു പൊതു കല്പനയാണതു. അല്ലാഹുവിന്റെ നിയമനിർദ്ദേശങ്ങളും, വിധിവിലക്കുകളും പാലിക്കുന്നതിൽ അനുഭവപ്പെടുന്ന എല്ലാ വിഷമങ്ങളിലും, ശത്രുക്കളാലുമോ, മററുതരത്തിലുള്ള കാരണങ്ങളാലോ ഉണ്ടായിത്തീരുന്ന എല്ലാ കഷ്ടനഷ്ടങ്ങളിലും ക്ഷമകൈക്കൊള്ളണമെന്നർത്ഥം.

إِنَّ الْحَسَنَاتِ... (നിശ്ചയമായും നൻമകൾ തിൻമകളെ പോക്കിക്കളയുന്നു) എന്ന വാക്യം വളരെ ശ്രദ്ധിക്കപ്പെടേണ്ടുന്ന ഒരു തത്വമാകുന്നു. നമസ്കാരം നിലനിറുത്തുവാൻ കല്പിച്ചതിനെത്തുടർന്നാണു ഈ തത്വം അല്ലാഹു ഓർമ്മിപ്പിച്ചിരിക്കുന്നത്. അപ്പോൾ, പുണ്യകർമ്മങ്ങൾ പൊതുവിലും, നമസ്കാരം പ്രത്യേകിച്ചും തിൻമകളെ അകററിക്കളയുമെന്നു ഇതിൽ നിന്നു മനസ്സിലാക്കാം. മനുഷ്യന്റെ പക്കൽ പാപവും പാകപ്പിഴവും വന്നുകൊണ്ടിരിക്കുമെന്നു അല്ലാഹുവിനറിയാമല്ലോ. എന്നാൽ തെററുകുററങ്ങൾ ചെയ്തുപോയതുകൊണ്ടു നിരാശപ്പെടേണ്ടതില്ല; കഴിയുന്നത്ര നൻമകൾ ചെയ്തുകൊണ്ടിരുന്നാൽ ആ തിൻമകളുടെ കുററം നീങ്ങിപ്പോകും; അല്ലാഹു അതു പൊറുത്തുതരും എന്നാണു അല്ലാഹു ഉപദേശിക്കുന്നത്. നബി (സ) അരുളിച്ചെയ്തിട്ടുള്ള ചില ഹദീസുകൾ ഇവിടെ ഓർമ്മിക്കുന്നതു അവസരോചിതമായിരിക്കും:-

1. 'നീ എവിടെയായിരുന്നാലും അല്ലാഹുവിനെ സൂക്ഷിച്ചുകൊള്ളുക. തിൻമയെത്തുടർന്ന് നൻമ ചെയ്യുകയും ചെയ്യുക. എന്നാൽ, അതു അതിനെ മായിച്ചുകളയും. ജനങ്ങളോടു നല്ല സ്വഭാവത്തിൽ പെരുമാറുകയും

ചെയ്യുക'. (അ.) 2. അഞ്ചു നമസ്കാരങ്ങളും, ഒരു ജുമുഅ മുതല്‍ അടുത്ത ജുമുഅ വരെ, ഒരു റമളാന്‍ അടുത്ത റമളാന്‍ വരെ, ഇവയെല്ലാം അതതിനിടയിലുള്ള പാപങ്ങളെ പൊറുപ്പിക്കുന്നവയാകുന്നു. വന്‍പാപങ്ങളെ ഉപേക്ഷിക്കുന്നപക്ഷം.' (മു.) 3. ഇബ്നു മസ്ഊദ് (റ) പറയുന്നു: ഒരാള്‍ ഒരു (അന്യ) സ്ത്രീയെ ചുംബിച്ചു. അയാള്‍ നബി(സ)യുടെ അടുക്കല്‍ വന്ന് ആ വിവരം അറിയിച്ചു. അപ്പോള്‍, ... ان الحسنات എന്നുള്ള (ഈ) വചനം അവതരിച്ചു. ആ പുരുഷന്‍ ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ, ഇത് എനിക്കു (മാത്ര)മുള്ളതാണോ?' നബി (സ) പറഞ്ഞു: 'എന്റെ സമുദായത്തിനു മുഴുവനുമുള്ളതാണ്'. (ബു; മു; അ: തി; ന: ജ.) 4 അല്‍പം ദീര്‍ഘമായ ഒരു നബി വചനത്തില്‍ ഇപ്രകാരം വന്നിരിക്കുന്നു. 'നിശ്ചയമായും, തിന്മയായതിനെ തിന്മയായതുകൊണ്ടു അല്ലാഹു മായിച്ചു കളയുകയില്ല. എങ്കിലും തിന്മയെ നന്മകൊണ്ടു അവന്‍ മായിക്കും. മുഷിച്ചതു മുഷിച്ചതിനെ മായിക്കുകയില്ല.' (അ.) 5 റസൂല്‍ (സ) ചെയ്തുവന്നിരുന്നതുപോലെ വുളൂഉ ചെയ്തു കാണിച്ചശേഷം ഉസ്മാന്‍ (റ) ഇപ്രകാരം പറയുകയുണ്ടായി: റസൂല്‍ (സ) ഇപ്രകാരം വുളൂഉ ചെയ്തുകൊണ്ടു ഇങ്ങിനെ പറഞ്ഞിരിക്കുന്നു: ഞാന്‍ ഈ ചെയ്തപ്രകാരം വുളൂഉചെയ്തു ആരെങ്കിലും, തന്റെ സ്വന്തത്തോടു ഒന്നും സംസാരിക്കാതെ (ഏകാഗ്രതയോടെ) രണ്ടു റക്അത്ത് (സുന്നത്തു) നമസ്കരിക്കുന്നപക്ഷം മുന്‍ ചെയ്ത പാപങ്ങള്‍ പൊറുക്കപ്പെട്ടുന്നതാണ്.' (ബു; മു.)

നന്മകള്‍ മൂലം തിന്മകള്‍ പൊറുക്കപ്പെടുമെന്നു പറഞ്ഞതു മഹാപാപങ്ങളല്ലാത്ത തിന്മകളെ ഉദ്ദേശിച്ചാണെന്നു മേല്‍ ഉദ്ധരിച്ച ഹദീസുകളില്‍നിന്നു വ്യക്തമാണ്. അതുകൊണ്ടാണ്, ചെറുപാപങ്ങള്‍ മാത്രമാണു സല്‍കര്‍മ്മങ്ങള്‍ മൂലം പൊറുക്കപ്പെടുകയെന്നും, വലിയ പാപങ്ങളില്‍ പ്രത്യേകം പശ്ചാത്താപം (തൗബ)തന്നെ വേണമെന്നും പല മഹാന്മാരും പറഞ്ഞു കാണുന്നതു.

116. എന്നാല്‍, നിങ്ങള്‍ക്കു മുമ്പുള്ള(ത്ത) തലമുറകളില്‍നിന്നും എന്തുകൊണ്ടുണ്ടായില്ല? ഭൂമിയില്‍ കുഴപ്പം (ഉണ്ടാക്കുന്നതിനെ) സംബന്ധിച്ച് (ജനങ്ങളെ) വിരോധിക്കുന്ന (നല്ല) പാരമ്പര്യമുള്ളവര്‍! (അതെ) അവരില്‍നിന്ന് നാം രക്ഷപ്പെടുത്തിയവരില്‍പെട്ട അല്‍പം ആളുകളല്ലാതെ. അക്രമം പ്രവര്‍ത്തിച്ചവര്‍, യാതൊന്നില്‍ തങ്ങള്‍ക്കു സുഖലോലുപത നല്‍കപ്പെട്ടുവോ അതിനെ പിന്‍പറ്റുകയും ചെയ്തു; അവര്‍ കുറ്റവാളികളുമായിരുന്നു.

١١٦- فَلَوْلَا كَانَ مِنَ الْقُرُونِ مِن قَبْلِكُمْ أُولُوا بَقِيَّةٍ يَنْهَوْنَ عَنِ الْفَسَادِ فِي الْأَرْضِ إِلَّا قَلِيلًا مِّمَّنْ أَنجَيْنَا مِنْهُمْ ۗ وَاتَّبَعَ الَّذِينَ ظَلَمُوا مَا أُتْرِفُوا فِيهِ وَكَانُوا مُجْرِمِينَ ○

117. വല്ല അക്രമവും നിമിത്തം നിന്റെ റബ്ബ് രാജ്യങ്ങളെ നശിപ്പിക്കുകയുണ്ടാവില്ല, അവയിലെ ആള്‍ക്കാര്‍ നല്ലതു പ്രവര്‍ത്തിക്കുന്നവരായിരിക്കെ.

١١٧- وَمَا كَانَ رَبُّكَ لِيُهْلِكَ الْقُرَىٰ بِظُلْمٍ وَأَهْلُهَا مُصْلِحُونَ ○

---

116. فلولا كان എന്നാല്‍ (അപ്പോള്‍) എന്തുകൊണ്ടുണ്ടായില്ല, ഉണ്ടായിരുന്നുകൂടേ من القرون തലമുറകളില്‍ നിന്നും من قبلكم നിങ്ങളുടെ മുമ്പുള്ള أولوا بقية അവശിഷ്ടമുള്ള (പാരമ്പര്യമുള്ള)വര്‍ (നല്ലവര്‍) ينهون വിരോധിക്കുന്ന عن الفساد കുഴപ്പത്തെപ്പറ്റി, നാശത്തെ സംബന്ധിച്ചു في الأرض ഭൂമിയില്‍ إلا قليلا അല്‍പം ആളുകളൊഴികെ ممن أنجينا നാം രക്ഷപ്പെടുത്തിയവരില്‍ പെട്ട منهم അവരില്‍ നിന്നു واتبع പിന്‍പറ്റുകയും ചെയ്തു الذين ظلموا അക്രമം പ്രവര്‍ത്തിച്ചവര്‍ ما യാതൊന്നിനെ أترفوا അവര്‍ക്കു സുഖലോലുപത (ആഡംബരതം) നല്‍കപ്പെട്ടു فيه അതില്‍ وكانوا അവരായിരുന്നുതാനും مجرمين കുറ്റവാളികള്‍, മഹാപാപികള്‍. 117. وما كان ആകുകയില്ല, ഉണ്ടാവില്ല ربك നിന്റെ റബ്ബ് ليهلك നശിപ്പിക്കുവാന്‍, നശിപ്പിക്കുക القرى രാജ്യങ്ങളെ بظلم വല്ല അക്രമവും നിമിത്തം, അക്രമമായിട്ടു وأهلها അവയിലെ ആള്‍ക്കാരാകട്ടെ, ആള്‍ക്കാരായിരിക്കെ مصلحون നന്മ പ്രവര്‍ത്തിക്കുന്ന (നല്ലതു ചെയ്യുന്ന)വരാണു.

മുമ്പു വിവരിച്ച പ്രകാരം പല രാജ്യങ്ങളിലെയും ജനങ്ങളെ നശിപ്പിക്കുമാറുള്ള പൊതു ശിക്ഷകൾ ബാധിക്കുവാനുള്ള കാരണം ചൂണ്ടിക്കാട്ടുകയാണു്. സാരം ഇങ്ങിനെ മനസ്സിലാക്കാം: ശിക്ഷക്കു വിധേയരായ ആ തലമുറകളിലാകെ നാട്ടിൽ കുഴപ്പവും അക്രമവും ഉണ്ടാകുന്നതു തടയുമാറുള്ള നല്ല പാരമ്പര്യം—അഥവാ അതിനുള്ള വിവേകബുദ്ധിയും തന്റേടവും—ഉള്ളവരായിരുന്നില്ല. അതാണവരൊക്കെ നാശത്തിനു വിധേയരാകുവാൻ കാരണം. വളരെ കുറഞ്ഞ ആളുകൾ അങ്ങിനെയുള്ളവർ ഉണ്ടായിരുന്നതു ശരിയാണു്. ഓരോ ജനതയും നശിപ്പിക്കപ്പെടുമ്പോൾ, പ്രവാചകൻമാരൊന്നിച്ചു രക്ഷപ്പെടുത്തപ്പെട്ടിട്ടുള്ള ചുരുക്കം ചില സത്യവിശ്വാസികളായിരുന്നു അത്. അവർ എണ്ണത്തിലെന്നപോലെ ശക്തിയിലും സ്വാധീനത്തിലും ക്ഷയിച്ചവരായിരിക്കുമല്ലോ. നേരെമറിച്ചു അക്രമത്തിന്റെയും കുഴപ്പത്തിന്റെയും ആളുകളാകട്ടെ, ബഹുഭൂരിപക്ഷമുള്ളവരും, പ്രതാപവും ശക്തിയുമുള്ളവരുമായിരിക്കും. അവർ തങ്ങളുടെ സുഖാഡംബരങ്ങളിലും, ക്ഷേമൈശ്വര്യങ്ങളിലും ലയിച്ചുപോയിരിക്കയും ചെയ്യും. അങ്ങനെ, നാട്ടിൽ നൻമയും നെറിയും വരുത്തുന്നതിനു പകരം തിൻമയും അക്രമവുമായിരിക്കും അവർ പരത്തുക. ഇങ്ങിനെയാണവർ ശിക്ഷക്കു പാത്രമായിത്തീരുന്നതു്. ഇതാണു് ആദ്യത്തെ വചനത്തിലടങ്ങിയ ആശയം.

രണ്ടാമത്തെ വചനത്തിന്റെ സാരം ഇപ്രകാരമാണു്: രാജ്യക്കാർ പൊതുവെ നന്മയും നെറിയും പാലിക്കുന്നവരായിരിക്കുമ്പോൾ അവരിൽ നിന്നു വല്ല അക്രമവും — ശിർക്കോ മറ്റോ — ഉണ്ടായാൽ തന്നെയും അല്ലാഹു രാജ്യക്കാരെ ഒന്നാകെ നശിപ്പിക്കുകയില്ല. രാജ്യക്കാർ കുഴപ്പത്തിലും അക്രമങ്ങളിലും അതിരുകവിയുമ്പോഴല്ലാതെ അവരെ ശിക്ഷിക്കുന്നതു അല്ലാഹുവിന്റെ നടപടിച്ചട്ടങ്ങളിൽപെട്ടതുമല്ല.

118. നിന്റെ റബ്ബ് ഉദ്ദേശിച്ചിരുന്നെങ്കിൽ, മനുഷ്യരെ അവൻ ഒരേ സമുദായമാക്കുക തന്നെ ചെയ്തിരുന്നു. അവർ ഭിന്നാഭിപ്രായക്കാരായിക്കൊണ്ടേയിരിക്കുന്നതാണു്;

١١٨- وَلَوْ شَاءَ رَبُّكَ لَجَعَلَ النَّاسَ أُمَّةً وَاحِدَةً ۖ وَلَا يَزَالُونَ مُخْتَلِفِينَ ۝

119. —നിന്റെ റബ്ബ് കരുണ ചെയ്തവരൊഴികെ. [അവർ ഭിന്നിക്കുകയില്ല] അതിനുവേണ്ടിയാണ് അവരെ അവൻ സൃഷ്ടിച്ചതും. നിന്റെ റബ്ബിന്റെ വാക്കു പൂർത്തിയാകുകയും ചെയ്തിരിക്കുന്നു: 'ജിന്നുകളിൽനിന്നും, മനുഷ്യരിൽനിന്നുമെല്ലാം(തന്നെ) 'ജഹന്നമി'നെ [നരകത്തെ] നിശ്ചയമായും നാം നിറക്കുന്നതാണു്' എന്നു്!

١١٩- إِلَّا مَن رَّحِمَ رَبُّكَ ۚ وَلِذَٰلِكَ خَلَقَهُمْ ۗ وَتَمَّتْ كَلِمَةُ رَبِّكَ لَأَمْلَأَنَّ جَهَنَّمَ مِنَ الْجِنَّةِ وَالنَّاسِ أَجْمَعِينَ ۝

---

118. ولو شاء ഉദ്ദേശിച്ചിരുന്നെങ്കിൽ ربك നിന്റെ റബ്ബ് لجعل അവൻ ആക്കുകതന്നെ ചെയ്തിരുന്നു الناس മനുഷ്യരെ أمة ഒരു സമുദായം واحدة ഒരേ, ഏക ولا يزالون അവർ ആയിക്കൊണ്ടേയിരിക്കയും ചെയ്യും, (വിട്ടുമാറാതെയുമിരിക്കുന്നു) مختلفين ഭിന്നാഭിപ്രായക്കാരായിക്കൊണ്ടു, വ്യത്യസ്തരായിട്ടു, ഭിന്നിച്ചവരായി. 119. إلا من رحم കരുണ ചെയ്തവരൊഴികെ ربك നിന്റെ റബ്ബു ولذلك അതിനുവേണ്ടി (തന്നെ), അതിനായിട്ടുമാണു് خلقهم അവൻ അവരെ സൃഷ്ടിച്ചു, സൃഷ്ടിച്ചതു وتمت പൂർത്തിയാകുകയും ചെയ്തിരിക്കുന്നു كلمة ربك നിന്റെ റബ്ബിന്റെ വാക്കു (വാക്യം) لأملأن നിശ്ചയമായും ഞാൻ നിറക്കും جهنم ജഹന്നമിനെ (നരകത്തെ) من الجنة ജിന്നുകളിൽ നിന്നും, ജിന്നുകളാലും والناس മനുഷ്യരിൽ നിന്നും, മനുഷ്യരാലും أجمعين എല്ലാം.

ഈ വചനങ്ങളിലടങ്ങിയ ആശയങ്ങൾ ഇങ്ങിനെ മനസ്സിലാക്കാം: (1) മനുഷ്യവർഗ്ഗം മുഴുവനും എല്ലാ കാലത്തും ഒരേ വിശ്വാസാദർശങ്ങളും നടപടിക്രമങ്ങളും സ്വീകരിച്ചുവരുന്ന ഒരേ സമുദായമായിരിക്കുവാനാണു് അല്ലാഹു ഉദ്ദേശിച്ചിരുന്നതെങ്കിൽ, അങ്ങിനെത്തന്നെ ആകുമായിരുന്നു. പക്ഷേ, അങ്ങിനെ അവൻ ഉദ്ദേശിച്ചിട്ടില്ല. അതുകൊണ്ടാണവർ പല തരക്കാരും വിഭാഗക്കാരുമായിത്തീർന്നതു്. أمة واحدة (ഒരേ സമുദായം) എന്നതുകൊണ്ടു ഇവിടെ വിവക്ഷ സൻമാർഗ്ഗത്തിൽ നിലകൊള്ളുന്ന സമുദായം (أمة مسلمة) എന്നായിരിക്കുവാനാണു് കൂടുതൽ സാധ്യത. കാരണം, 'നിന്റെ റബ്ബു ഉദ്ദേശിച്ചിരുന്നുവെങ്കിൽ ഭൂമിയിലുള്ളവർ മുഴുവനും വിശ്വസിക്കുമായിരുന്നു.' (യൂനുസ് 99)

എന്നും, 'നാം ഉദ്ദേശിച്ചിരുന്നുവെങ്കിൽ എല്ലാ ഓരോ ദേഹത്തിനും – അഥവാ ആത്മാവിനും – അതിന്റെ സന്മാർഗ്ഗം നാം നൽകുമായിരുന്നു' (സജദഃ 13) എന്നും 'അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ അവൻ അവരെ – മനുഷ്യരെ – സന്മാർഗ്ഗത്തിൽ ഒരുമിച്ചുകൂട്ടുമായിരുന്നു'. (അൻആം 35, 149) എന്നും അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. ചില വ്യാഖ്യാതാക്കൾ ഇതിനു വിവരണം നൽകുന്നതു ദുർമ്മാർഗ്ഗത്തിൽ സ്ഥിതിചെയ്യുന്ന സമുദായം (أمة واحدة) എന്നത്രെ. ഇതിനു ചില ന്യായങ്ങളും ഇല്ലാതില്ല. എന്നാലും അല്ലാഹു അതിനെ ഉദ്ദേശിച്ചിട്ടില്ലെന്നും, മനുഷ്യർ ഈ രണ്ടിൽ എങ്കിലും, മൊത്തത്തിലുള്ള ഏക സമുദായമല്ലെന്നും തീർച്ചതന്നെ. (സൂ: ബഖറ 213ന്റെ വ്യാഖ്യാനത്തിൽ ഇതു സംബന്ധിച്ചു വിവരിച്ചതു നോക്കുക) എന്തായാലും – ചില ആളുകൾ പറയുന്നതുപോലെ – അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ നിലവിലെ പക്ഷിമൃഗാദികളെപ്പോലെ ഒരേ പ്രാകൃതനിയമം നയിക്കുന്നവരാക്കുമായിരുന്നുവെന്നല്ല അല്ലാഹു പറഞ്ഞതിന്റെ താൽപര്യം. മനുഷ്യൻ ഒരേ സമുദായമല്ലെങ്കിൽ, പിന്നെ അവരുടെ സ്ഥിതിയെന്താണ്? അതാണ് അടുത്ത വാക്യത്തിലുള്ളത്.

(2) മനുഷ്യർ ഭിന്നാഭിപ്രായക്കാരായിക്കൊണ്ടിരിക്കുകയാണ്. അഥവാ, ഭിന്നമായ വിശ്വാസങ്ങളും, ആചാര നടപടികളും സ്വീകരിച്ചുകൊണ്ടു പല മതക്കാരും സമുദായക്കാരുമായിക്കൊണ്ടിരിക്കുന്നു. ഈ ഭിന്നിപ്പു മനുഷ്യാരംഭം തൊട്ടു തന്നെ ഉണ്ടായതല്ല. തുടക്കത്തിൽ എല്ലാവരും ഒരു സമുദായക്കാരായിത്തന്നെ ഇരുന്നിരുന്നു. 2: 213ലും, 10: 19 ലും കാണാവുന്നതുപോലെ, പിന്നീടു കാലക്രമത്തിൽ ഭിന്നസമുദായങ്ങളായി മാറുകയാണുണ്ടായത്. സത്യത്തിന്റെ മാർഗ്ഗം ഒന്നുമാത്രവും, അസത്യത്തിന്റെ മാർഗ്ഗങ്ങൾ പലതുമാകകൊണ്ടു ഈ ഭിന്നകക്ഷികളിൽ ഒന്നുമാത്രം ശരിയായ കക്ഷിയും മറ്റുള്ളതെല്ലാം തെറ്റായ കക്ഷിയും ആയിരിക്കുവാനേ നിവൃത്തിയുള്ളു. അതെ, അല്ലാഹുവിന്റെ പ്രവാചകൻമാരും ദിവ്യ ഗ്രന്ഥങ്ങളും മുഖേന അല്ലാഹു അതതു കാലങ്ങളിൽ മനുഷ്യർക്ക് നൽകുന്ന മാർഗ്ഗം ഏതോ അതു സ്വീകരിച്ചവർ മാത്രമായിരിക്കും സന്മാർഗ്ഗത്തിന്റെ ഏകകക്ഷി. അതിനെതിരെ ഭിന്നിച്ചവരെല്ലാം പിഴച്ച കക്ഷികളും. 'വേദക്കാർ എഴുപത്തിരണ്ടു കക്ഷികളായി പിരിഞ്ഞു; എന്റെ സമുദായം എഴുപത്തിമൂന്നു കക്ഷികളായി പിരിയും: അവരിൽ ഒന്നുമാത്രമായിരിക്കും രക്ഷപ്പെട്ട കക്ഷി: ഞാനും എന്റെ സഹാബികളും സ്വീകരിച്ച മാർഗ്ഗം സ്വീകരിക്കുന്നവരാണു അവർ' എന്നു ഹദീസുകളിൽ വന്നിട്ടുള്ളതും ആ ഏക കക്ഷിയെയാണു ചൂണ്ടിക്കാട്ടുന്നത്. ഇതേ കക്ഷിയെ ഉദ്ദേശിച്ചു തന്നെയാണു إلا من رحم ربك (നിന്റെ റബ്ബു കരുണ ചെയ്തവരൊഴികെ) എന്നു അല്ലാഹു പറയുന്നതും.

(3) അല്ലാഹു കരുണചെയ്തവരൊഴിച്ചു മറ്റുള്ളവരെല്ലാം ഭിന്നിച്ചുകൊണ്ടിരിക്കുന്നവരാണെന്നു പറഞ്ഞശേഷം, അതിനുവേണ്ടിയാണു അവരെ സൃഷ്ടിച്ചിരിക്കുന്നതും (ولذلك خلقهم) എന്നു പറഞ്ഞിരിക്കുന്നു. ഇതിൽ അതിനുവേണ്ടി (لذلك) എന്ന സൂചനാനാമം ഏതിനെ ഉദ്ദേശിച്ചാണെന്നുള്ളതിൽ ഖുർആൻ വ്യാഖ്യാതാക്കൾക്കിടയിൽ വ്യത്യസ്തമായ അഭിപ്രായങ്ങളുള്ളതുകൊണ്ടു ആ വാക്യം രണ്ടുമൂന്നു പ്രകാരത്തിൽ വ്യാഖ്യാനിക്കപ്പെടുന്നു. അല്ലാഹുവിന്റെ കാരുണ്യത്തിനുവേണ്ടിയാണ് അവരെ സൃഷ്ടിച്ചിരിക്കുന്നത്. എങ്കിലും അധികമാളുകളും ഭിന്നിപ്പു നിമിത്തം കാരുണ്യത്തിനർഹരല്ലാതാവുകയാണുണ്ടായതു എന്നാണു ഒരു വ്യാഖ്യാനം. മുജാഹിദു, ഖത്താദഃ (റ) മുതലായവരുടെ വ്യാഖ്യാനമാണിത്. 'എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ജിന്നുകളെയും മനുഷ്യരെയും ഞാൻ സൃഷ്ടിച്ചിട്ടില്ല' (وما خلقت الجن والانس الا ليعبدون) എന്നുതല്ലാഹു പറഞ്ഞിരിക്കുന്നുവല്ലോ. എന്നിട്ടും പലരും അവനെ ആരാധിക്കുന്നില്ല. പലരും അവനോടൊപ്പം മറ്റു പലതിനെയും ആരാധിക്കുന്നു. അതുപോലെയുള്ള ഒരുവാക്യമാണിതും എന്നാണവർ പറയുന്നത്. ഭിന്നിപ്പിനും കാരുണ്യത്തിനും വേണ്ടി– അഥവാ ഭിന്നിക്കാതെ കാരുണ്യത്തിനർഹരായിത്തീരുകയും, ഭിന്നിച്ചു കാരുണ്യത്തിനർഹരല്ലാതായിത്തീരുകയും ചെയ്യുന്ന രണ്ടുതരക്കാർ ഉണ്ടായിത്തീരുവാൻ വേണ്ടി–യാണു മനുഷ്യരെ സൃഷ്ടിച്ചിരിക്കുന്നതു എന്നത്രെ രണ്ടാമത്തെ വ്യാഖ്യാനം. ഇബ്നുജരീർ (റ) മുതലായ ചിലർ ഈ വ്യാഖ്യാനത്തിനാണ് മുൻഗണന നൽകിയിരിക്കുന്നത്. സ്വർഗ്ഗാവകാശികളായ സൻമാർഗ്ഗികളും, നരകാവകാശികളായ ദുർമ്മാർഗ്ഗികളും ഉണ്ടാകുമെന്നു അല്ലാഹുവിനു മുമ്പേ അറിയാവുന്നതും അതവന്റെ മുന്നെയുള്ള വിധി നിശ്ചയങ്ങളിൽ പെട്ടതുമാണല്ലോ എന്നുള്ളതാണ ഇതിനാധാരം.

കൂടുതൽ വ്യക്തമായി തോന്നുന്നതും, അധിക വ്യാഖ്യാതാക്കളും സ്വീകരിച്ചു വരുന്നതുമായ മൂന്നാമത്തെ അഭിപ്രായം ഭിന്നാഭിപ്രായത്തിനുവേണ്ടി മനുഷ്യരെ സൃഷ്ടിച്ചിരിക്കുന്നുവെന്നാകുന്നു. മനുഷ്യരെ സൃഷ്ടിച്ചതിന്റെ ലക്ഷ്യവും യുക്തിയും ഭിന്നിപ്പാണെന്നല്ല ഇതിന്റെ അർത്ഥം. മനുഷ്യരുടെ കലാശം ഭിന്നിപ്പിലാണു എത്തിച്ചേരുന്നതു എന്നത്രെ അർത്ഥം. അഥവാ ഒരാൾ ഒരു വഴിക്കുപോകുമ്പോൾ വഴിമദ്ധ്യെയുള്ള ഒരു കിണറ്റിൽ വീണു മരണപ്പെട്ടാൽ, 'അവൻ മരിക്കുവാനാണ് ആ വഴിക്കുപോയതു' എന്നു പറയാറുള്ളതുപോലെ ഒരു പ്രയോഗമാണിതു എന്നു സാരം. (*) മലക്കുകളെപ്പോലെ നൻമ മാത്രം ചെയ്‌വാൻ സാധിക്കുമാറുള്ള ശുദ്ധ

(*) يعني ان اللام في ولذلك للغاية لا للتعليل هـ

പ്രകൃതിയോടെയല്ല, മനുഷ്യരെ അല്ലാഹു സൃഷ്ടിച്ചിരിക്കുന്നതു. നൻമയും തിൻമയും തിരിച്ചറിയുവാനുള്ള വിവേചന ബുദ്ധിയും, അതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും, അതോടൊപ്പം തന്നെ അവയിൽ ഇഷ്ടമുള്ളതു സ്വീകരിക്കുവാനുള്ള ഇച്ഛാസ്വാതന്ത്ര്യവും നൽകിക്കൊണ്ടാണു മനുഷ്യരെ സൃഷ്ടിച്ചിരിക്കുന്നത്. വാസന, വീക്ഷണം, ചിന്താഗതി ആദിയായ കാര്യങ്ങളിലെല്ലാം മനുഷ്യർ ഒരേ തരക്കാരല്ല. വ്യത്യസ്തസ്വഭാവക്കാരാകുന്നു. തങ്ങൾക്കു ലഭിച്ച ഇച്ഛാ സ്വാതന്ത്ര്യം ഉപയോഗപ്പെടുത്തി നല്ല മാർഗ്ഗം സ്വീകരിക്കുന്ന വിശുദ്ധൻമാരും, അതിൽ നിന്നു ഭിന്നിച്ച് ചീത്തമാർഗ്ഗങ്ങൾ സ്വീകരിക്കുന്ന അശുദ്ധൻമാരും തമ്മിൽ വേർതിരിക്കുവാൻ വേണ്ടിയാണു മനുഷ്യനു ഈ പ്രകൃതിവിശേഷം അല്ലാഹു നൽകിയിരിക്കുന്നതു. (ليميز الله الخبيث من الطيب) ഈ യാഥാർത്ഥ്യമാണ് ഈ വ്യാഖ്യാനപ്രകാരം ഈ ചെറുവാക്യത്തിൽ അടങ്ങിയിരിക്കുന്നത്. മേലുദ്ധരിച്ച രണ്ടു അഭിപ്രായങ്ങളും പരിശോധിച്ചാൽ അവയും അവസാനം ചെന്നെത്തുന്നതും ഈ യാഥാർത്ഥ്യത്തിലേക്കു തന്നെയാണെന്നു കാണാം. അടുത്ത വാക്യവും, താഴെ കാണുന്ന ഉദ്ധരണികളും ഈ വ്യാഖ്യാനത്തിനു കൂടുതൽ വ്യക്തതയും ബലവും നൽകുകയും ചെയ്യുന്നു.

(4) ജിന്നുകളെയും മനുഷ്യരെയുംകൊണ്ടു നരകത്തെ നിറക്കുന്നതാണെന്നും അല്ലാഹു മുമ്പേ നിശ്ചയിച്ചു വെച്ചിരിക്കുന്നു. ആ നിശ്ചയം ഇതു മുഖേന—അതെ, ഭിന്നിപ്പു മുഖേന—മനുഷ്യരെ സംബന്ധിച്ചു പൂർത്തിയായിക്കഴിഞ്ഞിരിക്കുന്നുവെന്നാണു അവസാനം പറഞ്ഞതിൻെറ സാരം. മേൽ ചൂണ്ടിക്കാട്ടിയ പ്രകൃതി വിശേഷത്തോടെ സൃഷ്ടിക്കപ്പെട്ടിരിക്കുന്നതുകൊണ്ടു മനുഷ്യരിൽ നല്ലവരും ദുഷിച്ചവരും ഉണ്ടായിത്തീരുകയും, അങ്ങനെ സ്വർഗ്ഗത്തിനും നരകത്തിനും അർഹരായ രണ്ടു തരം ആളുകൾ അവരിൽനിന്നു ഉരുത്തിരിയുകയും ചെയ്യുക തന്നെ സ്വാഭാവികമാണല്ലോ. ആദം (അ) നബിക്കു സുജൂദു ചെയ്‌വാൻ വിസമ്മതിച്ചതിനെത്തുടർന്നു അദ്ദേഹത്തിൻെറ സന്തതികളെ ഞാൻ വഴിപിഴപ്പിച്ചുകൊണ്ടിരിക്കുമെന്നു ഇബ്‌ലീസ് പറഞ്ഞപ്പോൾ, നിങ്ങളെക്കൊണ്ടു ഞാൻ നരകത്തെ നിറക്കുമെന്നു അല്ലാഹു അന്നേ പറഞ്ഞു കഴിഞ്ഞതാണ്. (7: 18; 38: 85) അപ്പോൾ, കാരുണ്യത്തിൻെറ മാർഗ്ഗത്തിൽനിന്നു പിഴച്ചുപോകുവാൻ കാരണം ഇബ്‌ലീസിൻെറ ദുഷ്പ്രേരണകൾക്കു വഴിപ്പെടലാണെന്നു ഇതിൽ നിന്നു വ്യക്തമായി. ദുർമ്മാർഗ്ഗികളെക്കൊണ്ടു നരകത്തെ നിറക്കുന്നതുപോലെ, സ്വർഗ്ഗത്തെ സൻമാർഗ്ഗികളെക്കൊണ്ടും നിറക്കുമെന്നും നബി വചനങ്ങളിൽ വന്നിരിക്കുന്നു.

١٢٠- وَكُلًّا نَّقُصُّ عَلَيْكَ مِنْ أَنۢبَآءِ ٱلرُّسُلِ مَا نُثَبِّتُ بِهِۦ فُؤَادَكَ ۚ وَجَآءَكَ فِى هَٰذِهِ ٱلْحَقُّ وَمَوْعِظَةٌ وَذِكْرَىٰ لِلْمُؤْمِنِينَ ○

120. റസൂലുകളുടെ വൃത്താന്തങ്ങളിൽനിന്നും നിൻെറ ഹൃദയത്തിനു നാം സ്ഥൈര്യം നൽകുമാറുള്ളതൊക്കെയും നിനക്കു നാം കഥനം ചെയ്‌തു (വിവരിച്ചു)തരുന്നു. യഥാർത്ഥ(വിവര)വും, സത്യവിശ്വാസികൾക്കു സദുപദേശവും, സ്മരണയും ഇതിലൂടെ നിനക്കു വന്നെത്തുകയും ചെയ്‌തിരിക്കുന്നു.

١٢١- وَقُل لِّلَّذِينَ لَا يُؤْمِنُونَ ٱعْمَلُوا۟ عَلَىٰ مَكَانَتِكُمْ إِنَّا عَٰمِلُونَ ○

121. വിശ്വസിക്കാത്തവരോടു നീ പറയുകയും ചെയ്യുക: 'നിങ്ങൾ നിങ്ങളുടെ സ്ഥാനം [നിലപാട്]അനുസരിച്ച് പ്രവർത്തിച്ചു കൊള്ളുവിൻ; ഞങ്ങൾ (ഞങ്ങളുടെ സ്ഥാനമനുസരിച്ചു) പ്രവർത്തിക്കുന്നവരാകുന്നു;—

---

120. وَكُلًّا എല്ലാം തന്നെ, ഒക്കെയും نَقُصُّ നാം കഥനം ചെയ്യുന്നു, വിവരിച്ചു തരുന്ന عَلَيْكَ നിനക്കു مِنْ أَنبَاءِ വൃത്താന്ത(വർത്തമാന)ങ്ങളിൽ നിന്ന الرُّسُلِ റസൂലുകളുടെ مَا نُثَبِّتُ നാം സ്ഥൈര്യം (സ്ഥിരത) നൽകുന്നതു, ഉറപ്പിച്ചു നിറുത്തുമാറുള്ളതു بِهِ അതുമൂലം فُؤَادَكَ നിൻെറ ഹൃദയത്തിനു, ഹൃദയത്തെ وَجَاءَكَ നിനക്കു വരുകയും ചെയ്‌തിരിക്കുന്നു فِي هَٰذِهِ ഇതിൽ, ഇവയിൽ, ഇതിലൂടെ, ഇവയിലായി الْحَقُّ യഥാർത്ഥം, വേണ്ടപ്പെട്ടതു وَمَوْعِظَةٌ സദുപദേശവും وَذِكْرَىٰ സ്മരണയും, ഉപദേശവും لِلْمُؤْمِنِينَ സത്യവിശ്വാസികൾക്കു. 121. وَقُلْ പറയുകയും ചെയ്യുക لِلَّذِينَ لَا يُؤْمِنُونَ വിശ്വസിക്കാത്തവരോട് اعْمَلُوا നിങ്ങൾ പ്രവർത്തിക്കുവിൻ عَلَىٰ مَكَانَتِكُمْ നിങ്ങളുടെ സ്ഥാനം (നിലപാടു-സ്ഥിതി) അനുസരിച്ചു إِنَّا നിശ്ചയമായും ഞങ്ങൾ (ഞങ്ങളും തന്നെ) عَامِلُونَ പ്രവർത്തിക്കുന്നവരാണു.

122. 'നിങ്ങൾ കാത്തിരിക്കുകയും ചെയ്യുവിൻ, ഞങ്ങളും കാത്തിരിക്കുന്നവരാകുന്നു.'

١٢٢- وَٱنتَظِرُوٓا۟ إِنَّا مُنتَظِرُونَ ۝

---

122. وانتظروا നോക്കിയിരിക്കുക (കാത്തിരിക്കുക)യും ചെയ്യുവിൻ انا നിശ്ചയമായും ഞങ്ങൾ (ഞങ്ങളും തന്നെ) منتظرون നോക്കി (കാത്ത്) ഇരിക്കുന്നവരാണ്.

في هذه (ഇതിലൂടെ) എന്നു പറഞ്ഞതിന്റെ ഉദ്ദേശ്യം ഈ സൂറത്തിലൂടെ എന്നും, ഈ വൃത്താന്തങ്ങളിലൂടെ എന്നും ആകാവുന്നതാണ്. രണ്ടായാലും ആശയം വ്യക്തമാണല്ലോ. നബി (സ) തിരുമേനിക്ക് മനോദൃഢതയും സ്ഥൈര്യവും നൽകുവാനാവശ്യമായ എല്ലാ യഥാർത്ഥ വിവരങ്ങളും ഇതുവഴി നൽകിയിട്ടുണ്ട്. സത്യവിശ്വാസികൾക്കുവേണ്ട ഉപദേശങ്ങളും സ്മരണകളും അതിലുണ്ട്. അതിനുവേണ്ടിയാണ് ഇതെല്ലാം വിവരിച്ചുതരുന്നത്. വിശ്വസിക്കുവാൻ തയ്യാറില്ലാത്തവർക്ക് ഇതൊന്നും പ്രയോജനപ്പെടുകയില്ല. അവർ അവരുടെ ഇഷ്ടമനുസരിച്ചു നടന്നുകൊള്ളട്ടെ. അതിന്റെ ഫലം അവർ കാത്തിരുന്നു കണ്ടുകൊള്ളട്ടെ എന്നിങ്ങിനെ നബി (സ) യെ അല്ലാഹു ഉണർത്തുകയാണ്.

123. ആകാശങ്ങളിലെയും, ഭൂമിയിലെയും അദൃശ്യകാര്യം അല്ലാഹുവിനുള്ളതാണ്. അവങ്കലേക്കുതന്നെ, കാര്യമെല്ലാം മടക്കപ്പെടുകയും ചെയ്യുന്നു. ആകയാൽ നീ അവനെ ആരാധിക്കുകയും, അവന്റെമേൽ (കാര്യങ്ങൾ) ഭരമേൽപിക്കുകയും ചെയ്തു കൊള്ളുക.

നിന്റെ റബ്ബ് നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി [ഒട്ടും] അശ്രദ്ധനല്ലതാനും.

١٢٣- وَلِلَّهِ غَيْبُ ٱلسَّمَـٰوَٰتِ وَٱلْأَرْضِ
وَإِلَيْهِ يُرْجَعُ ٱلْأَمْرُ
كُلُّهُۥ فَٱعْبُدْهُ
وَتَوَكَّلْ عَلَيْهِ ۚ
وَمَا رَبُّكَ بِغَـٰفِلٍ عَمَّا تَعْمَلُونَ ۝ ع

---

123. ولله അല്ലാഹുവിനാണ് غيب അദൃശ്യ (മറഞ്ഞ) കാര്യം السموات ആകാശങ്ങളിലെ والارض ഭൂമിയിലെയും واليه അവങ്കലേക്കു തന്നെ يرجع മടക്കപ്പെടുന്നു الامر കാര്യം كله അതെല്ലാം فاعبده അതിനാൽ അവനെ ആരാധിച്ചുകൊള്ളുക وتوكل ഭരമേൽപിക്കുകയും ചെയ്യുക, അർപ്പിക്കുക عليه അവന്റെമേൽ, അവനിൽ وما അല്ലതാനും ربك നിന്റെ റബ്ബ് بغافل അശ്രദ്ധനേ عما تعملون നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി.

എല്ലാ അദൃശ്യ കാര്യങ്ങളെക്കുറിച്ചുള്ള അറിവും, അവയുടെ കൈകാര്യങ്ങളും അല്ലാഹുവിനു മാത്രമാണുള്ളത്. സകല കാര്യങ്ങളുടെയും കലാശവും, തീരുമാനവും അവങ്കലേക്കുതന്നെ. എന്നിരിക്കെ, ആരാധിക്കപ്പെടുവാനും, കാര്യങ്ങൾ ഭരമേൽപിക്കപ്പെടുവാനും അർഹതയുള്ളവൻ അവനല്ലാതെ വേറെ ആരുമില്ല. അതുകൊണ്ട് അവനെ തന്നെ ആരാധിക്കുകയും അവനിൽതന്നെ ഭരമേൽപിക്കുകയും ചെയ്യണം. നിങ്ങൾ എന്തു ചെയ്യുന്നു. എങ്ങിനെ ചെയ്യുന്നു എന്നെല്ലാം അവൻ അറിഞ്ഞും ശ്രദ്ധിച്ചും വരുന്നുണ്ട് എന്ന് നിങ്ങൾ ഓർമിച്ചുകൊണ്ടിരിക്കേണ്ടതാണ് എന്നു സാരം.

§ 2 (അല്ലാഹുവിൽ ഭരമേൽപിക്കുക) എന്നു പറഞ്ഞതിന്റെ താൽപര്യം, ഏതൊരു കാര്യവും അവൻ വിധിച്ചപോലെ വരട്ടെ എന്നുവെച്ചു കൈയും കെട്ടി മടിയനായിരിക്കുക എന്നല്ല. കഴിവുള്ളതും ചെയ്യേണ്ടതുമെല്ലാം ചെയ്യുകയും, അതിന്റെ ഫലം അവനിൽ അർപ്പിക്കുകയും ചെയ്യുക എന്നത്രെ. അല്ലാഹുവിനെ മാത്രം ആരാധിച്ചും, അവനിൽ മാത്രം കാര്യങ്ങൾ അർപ്പിച്ചും വരുന്ന സജ്ജനങ്ങളായി ജീവിക്കുവാനും, മരിക്കുവാനും അല്ലാഹു നമ്മെ തുണക്കട്ടെ, ആമീൻ

اللهم لك الحمد ولك المنة والفضل

[كان الفراغ من تسويد تفسير هذه السورة الكريمة ظهر يوم الثلاثاء ١٢ جمادى الاخرى سنة ١٣٩٧ ه الموافق ٧٧/٥/٣١ م
والفراغ من تبييضه بعد العشاء ليلة الخميس ١٠ ربيع الاول سنة ١٣٩٩ الموافق ٧٩/٢/٧ م]

12. സൂറത്തു - യൂസുഫ്

മക്കയിൽ അവതരിച്ചതു — വചനങ്ങൾ 111 — വിഭാഗം (റുകൂഅ്) 12

യൂസുഫ്(അ) നബിയുടെ ചെറുപ്പകാലം മുതൽ മരണംവരെയുള്ള ഒരു ചരിത്ര സംക്ഷേപമാണ് ഈ സൂറത്തിലെ ഇതിവൃത്തം. ഒരു ചെറിയ മുഖവുര ഒഴിവാക്കിയാൽ ആദ്യംതൊട്ടു നൂറുവരെയുള്ള വചനങ്ങളിലായി അതു നീണ്ടു കിടക്കുന്നു. പല നബിമാരുടെയും, ജനങ്ങളുടെയും കഥകളും ചരിത്ര സംഭവങ്ങളും ഖുർആനിൽ അല്ലാഹു നമുക്കു വിവരിച്ചു തന്നിട്ടുണ്ട്. അവയിൽ നിന്നൊക്കെ വ്യത്യസ്തമായ ഒരു വിവരണ രീതിയാണു ഈ സൂറത്തിൽ അല്ലാഹു സ്വീകരിച്ചിരിക്കുന്നത്. നബിമാരുടെ കഥകളിലധികവും, അവരും അവരെ നിഷേധിക്കുന്ന ജനങ്ങളും തമ്മിൽ നടന്ന സംഭവങ്ങളായിരിക്കും. ഒരേ സംഭവം തന്നെ പല സൂറത്തുകളിൽ ആവർത്തിക്കപ്പെടലും, ഓരോ സ്ഥലത്തും മറ്റു സ്ഥലങ്ങളിൽ സ്പർശിക്കപ്പെടാത്ത വിശദീകരണങ്ങൾ ഉണ്ടായിരിക്കലും പതിവാണ്. ഒരിക്കൽ സംക്ഷിപ്തമായി വിവരിക്കപ്പെട്ട ഒരു സംഭവം മറ്റൊരിക്കൽ വിസ്തരിച്ചു പറയപ്പെട്ടിരിക്കും. ചിലപ്പോൾ ഒരു സംഭവത്തിന്റെ വിവരണം ഒരു സ്ഥലത്ത് അതിന്റെ ആരംഭം മുതൽക്കും, മറ്റൊരവസരത്തിൽ അതിന്റെ ഇടക്കു നിന്നാരംഭിച്ചുമായിരിക്കും കാണുക. ചുരുക്കിപ്പറഞ്ഞാൽ, പ്രതിപാദ്യ വിഷയങ്ങളിലെന്നപോലെത്തന്നെ, സംഭവങ്ങളുടെ വിവരണത്തിലും ഖുർആനു ഖുർആന്റേതായ ഒരു പ്രത്യേക ശൈലിയാണുള്ളത്. (ഇതു സംബന്ധിച്ചു മുഖവുരയിൽ വിവരിച്ചു കഴിഞ്ഞിട്ടുണ്ട്.) വ്യത്യസ്ത രീതിയിലുള്ള ആവർത്തനം നിമിത്തം, ഓരോ സ്ഥലത്തെയും പ്രതിപാദനത്തിൽ നിന്ന് മറ്റ സ്ഥലത്തില്ലാത്ത പുതിയ പാഠങ്ങളും സൂചനകളും നമുക്കു ലഭിക്കുന്നു. യൂസുഫ് (അ) നബിയുടെ ചരിത്രമാകട്ടെ, ഈ സൂറത്തിലല്ലാതെ മറ്റെവിടെയും വിവരിക്കപ്പെട്ടിട്ടില്ല. അദ്ദേഹത്തിന്റെ ബാല്യംതൊട്ട് അവസാനംവരെയുള്ള സംഭവങ്ങൾ ക്രമപ്രകാരം വഴിക്കുവഴിയായിത്തന്നെ പ്രദർശിപ്പിക്കപ്പെടുകയും ചെയ്തിരിക്കുന്നു.

എന്നാലും സമ്പ്രദായപ്രകാരമുള്ള ഒരു ചരിത്ര ആഖ്യായികയുടെയോ നോവലിന്റെയോ മാതിരിയിലുള്ള പ്രതിപാദന രീതി ഈ സൂറത്തിലും കാണുകയില്ല. ഖുർആന്റേതായ ഒരു സവിശേഷത ഓരോ വചനത്തിലും കാണാവുന്നതുമാണ്. വാചകശൈലിയിലൂടെയും, വിഷയങ്ങളുടെ ചിത്രീകരണങ്ങളിലൂടെയും, വചനങ്ങളുടെ സമാപന വാക്യങ്ങളിലൂടെയും ആ ചരിത്ര സംഭവത്തിലടങ്ങിയ പാഠങ്ങളും, സാരോപദേശങ്ങളും ശ്രദ്ധിക്കപ്പെടേണ്ട തത്വ സൂചനകളും മറ്റും ശ്രദ്ധയിൽ ഉണ്ടാക്കുന്ന ചുവർക്കും—അവരവരുടെ കഴിവും ഭാഗ്യവും അനുസരിച്ചു— [illegible] കണ്ടെത്തുവാൻ കഴിയുന്നതാകുന്നു. പല ഭാര്യമാരും മക്കളും ഉൾക്കൊള്ളുന്ന ഒരു ഗൃഹത്തിൽ മാതാപിതാക്കളുടെ [illegible] പ്രത്യേക വാത്സല്യത്തിനു പാത്രമായ ബാലൻ, ഒരു രാജകീയ ഭവനത്തിലെ അടിമ, അനിതരസാധാരണമായ സൗന്ദര്യം കൊണ്ടനുഗ്രഹിക്കപ്പെട്ട യുവാവ്, [illegible] തീവ്രമായ പരീക്ഷണങ്ങൾക്കു വിധേയനാവുകയും [illegible] വിജയം വരിക്കുകയും ചെയ്ത ചെറുപ്പക്കാരൻ, സത്യസന്ധതയും [illegible] പരീക്ഷിക്കുവാൻ വേണ്ടി സുഖസൗകര്യങ്ങളെല്ലാം ത്യജിച്ചവൻ, നിഷ്കളങ്കതയും ചാരിത്ര ശുദ്ധിയും [illegible] അനുഭവിക്കേണ്ടിവന്ന ത്യാഗവര്യൻ, തടവറയിൽവെച്ചുപോലും സത്യോപദേശങ്ങളും [illegible] അനുഭവിക്കേണ്ടിവന്ന [illegible] കണ്ണിച്ചുകൊണ്ടിരിക്കുകയും ചെയ്ത പരിഷ്കർത്താവ്, [illegible] നടത്തിക്കൊണ്ടിരിക്കുകയും, തന്നിലേക്കു [illegible] കൃത്യവും പൂർത്തിയാക്കിക്കൊണ്ട് [illegible] വ്, പ്രവാചകപാരമ്പര്യവും, സത്യത്തിന്റെ [illegible]

[illegible] എന്നെന്നുമുള്ളതും, സൽസ്വഭാവവും അത്യു കൈകാര്യം ചെയ്യുകയും ചെയ്ത വിദഗ്ദനായ ഒരു [illegible] വിചാരിച്ചു സംതൃപ്തിയടഞ്ഞ സഹോദരന്മാരെ മാപ്പുനൽകി മാനി [illegible] മാതാപിതാക്കളോടുള്ള ബഹുമാനത്തിനു മാതൃക കാണിക്കയും. [illegible] എന്നിങ്ങിനെ യൂസുഫ് (അ) നബിയുടെ വിവിധ ഘട്ടങ്ങളെ സ്പർശിച്ചുകൊണ്ടു [illegible] എന്നു, ലോകത്തിലുള്ള സാധാരണക്കാരൻ മുതൽ, കൊട്ടാരത്തിലുള്ള ഭരണാധിപൻ [illegible] എല്ലാവർക്കും അനേകം പാഠങ്ങളും മാതൃകകളും ഈ ചരിത്ര വിവരണത്തിൽ നിന്നു ലഭിക്കുവാനുണ്ട്. [illegible] അല്ലാഹു തന്നെ ഇക്കാര്യം ഉണർത്തുകയും ചെയ്തിരിക്കുന്നു.

ഈ ചരിത്രം മുൻവേദ ഗ്രന്ഥത്തിൽ—അഥവാ തൗറാത്തിൽ—ഉള്ളതായി അവസാനത്തെ വചനത്തിൽ സൂചി[illegible]. [illegible] ബൈബ്ളിലും (ഉൽപത്തി: അദ്ധ്യായം 37–50) അത്യു സവിസ്തരം കാണാവു[illegible]. ഖുർആന്റെ പ്രസ്താവനകളോടു യോജിക്കുന്നതും, യോജിക്കാത്തതുമായ ഭാഗങ്ങളും, ഖുർആനിൽ [illegible] ചില ഭാഗങ്ങളും അതിൽ അടങ്ങിയിരിക്കുന്നു. നമ്മുടെ ചില ഖുർആൻ വ്യാഖ്യാന [illegible] കാണപ്പെടുന്ന ചില വിവരണങ്ങൾ ഇസ്രാഈലീ വാർത്തകളിൽനിന്നു ഉടലെടുത്തതാണെന്നു [illegible] പരിശോധിച്ചാൽ മനസ്സിലാകും. ഖുർആനോടു എതിരായ പരാമർശങ്ങൾ തിരസ്കരിക്കുന്നതു നിർബ്ബ[illegible] കൽപിക്കുവാൻ നിവൃത്തിയില്ലാത്ത ഭാഗങ്ങളെപ്പറ്റി മൗനമവലംബിക്കുവാനെ നിവൃത്തി [illegible] അറിയുവാൻവേണ്ടിമാത്രം ഉദ്ധരിക്കുക എന്നല്ലാതെ, അവയെ ആധാരമാക്കി ഖുർആന്റെ പ്രസ്താവന [illegible] വ്യാഖ്യാനം നൽകുവാൻ പാടില്ലാത്തതാണ്.

ഇമാം അഹ്മദു (റ) ഉദ്ധരിക്കുന്നു: തനിക്കു വേദക്കാരിൽ നിന്നു കിട്ടിയ ഒരു ഗ്രന്ഥവുമായി ഉമർ (റ) നബി (സ) തിരുമേനിയുടെ അടുക്കൽചെന്നു വായിച്ചു കേൾപ്പിച്ചു. തിരുമേനി ക്ഷുഭിതനായിക്കൊണ്ടു ഇങ്ങിനെ പറഞ്ഞു: 'ഖത്താബിന്റെ മകനേ, നിങ്ങൾ അതിൽ ഭ്രമം പിടിപെട്ടവരാകുന്നുവോ?! എന്റെ ആത്മാവു ഏതൊരുവന്റെ കയ്യിലാണോ അവൻ തന്നെ സത്യം! ഞാൻ ഇതു (ഖുർആൻ) നിങ്ങൾക്കു ശുദ്ധവെള്ളയായ (യാതൊരു കലർപ്പും കൂടാതെ) കൊണ്ടുവന്നിരിക്കുന്നു. നിങ്ങൾ അവരോടു (വേദക്കാരോടു) ഒന്നും ചോദിച്ചറിയേണ്ടതില്ല. കാരണം, അവർ വല്ല യഥാർത്ഥവും നിങ്ങൾക്കു പറഞ്ഞുതരുമ്പോൾ നിങ്ങൾ അതിനെ വ്യാജമാക്കുകയോ, അല്ലെങ്കിൽ അയഥാർത്ഥമായ വല്ലതും പറഞ്ഞുതരുമ്പോൾ നിങ്ങളതു സത്യമാക്കുകയോ ചെയ്തേക്കും. എന്റെ ആത്മാവു ഏതൊരുവന്റെ കയ്യിലാണോ അവൻ തന്നെ സത്യം! മൂസാ (അ) ജീവിച്ചിരിക്കുന്നുണ്ടായിരുന്നാൽ എന്നെ പിൻപറ്റുകയല്ലാതെ അദ്ദേഹത്തിനു നിവൃത്തിയുണ്ടായിരിക്കയില്ല'. ഈ സംഭവം വേറെ മാർഗ്ഗങ്ങളിലൂടെയും വന്നിട്ടുള്ളതാണ്. നബി (സ) ഈ സൂറത്തു പാരായണം ചെയ്യുന്നതുകേട്ട ചില യഹൂദികൾ, അവരുടെ ഗ്രന്ഥത്തിലുള്ളതുമായി യോജിച്ചു കണ്ടു കൊണ്ടു ഇസ്ലാമിനെ അംഗീകരിക്കുകയുണ്ടായതായി ഇമാം ബൈഹഖീ (റ) അദ്ദേഹത്തിന്റെ 'അദ്-ദലാഇൽ' എന്ന ഗ്രന്ഥത്തിൽ ഉദ്ധരിച്ചതായി ഇബ്നു കഥീർ (റ) പ്രസ്താവിച്ചിരിക്കുന്നു.

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

بِسْمِ اللَّهِ الرَّحْمَٰنِ الرَّحِيمِ

1. 'അലിഫ് - ലാം - റാ'.

ഇവ സ്പഷ്ടമായ (വേദ) [ഗ്രന്ഥത്തിലെ 'ആയത്തു' [വചനം] കളാകുന്നു.

١- الر تِلْكَ آيَاتُ الْكِتَابِ الْمُبِينِ ۝

2. നിശ്ചയമായും, നാം ഇതിനെ ഒരു അറബീ (ഭാഷയിലുള്ള) ഖുർആനായി [പാരായണ ഗ്രന്ഥമായി] ക്കൊണ്ടു അവതരിപ്പിച്ചിരിക്കുന്നു; നിങ്ങൾ ബുദ്ധികൊടു (ത്തു ഗ്രഹി)ക്കുവാൻവേണ്ടി.

٢- إِنَّا أَنزَلْنَاهُ قُرْآنًا عَرَبِيًّا لَّعَلَّكُمْ تَعْقِلُونَ ۝

---

1. الر 'അലിഫു-ലാം-റാ.' تِلْكَ അവ, ഇവ آيَاتُ ആയത്തുകൾ (വചനം-ലക്ഷ്യം-ദൃഷ്ടാന്തം)കളാണു الْكِتَابِ വേദഗ്രന്ഥത്തിന്റെ الْمُبِينِ സ്പഷ്ടമായ, വ്യക്തമായ 2. إِنَّا നിശ്ചയമായും നാമതു അവതരിപ്പിച്ചിരിക്കുന്നു قُرْآنًا ഒരു പാരായണ ഗ്രന്ഥമായി عَرَبِيًّا അറബിയിലുള്ളതായ لَّعَلَّكُمْ നിങ്ങളാകുവാൻ വേണ്ടി, ആയേക്കാം تَعْقِلُونَ ബുദ്ധികൊടുക്കുക, ഗ്രഹിക്കുക, ചിന്തിക്കുക

പ്രാരംഭത്തിലെ ഭൗതികഘടനയെപ്പറ്റി സൂ: അൻബിയാഇന്റെ ആരംഭത്തിലും മറ്റും വിവരിച്ചതു ഓർക്കുക. നബി (സ) സാർവ്വലൗകികപ്രവാചകനും, ലോകാവസാനം വരെയുള്ള എല്ലാ ജനങ്ങളിലേക്കുമുള്ള റസൂലും തന്നെ. അതേ സമയം അവിടുന്നു ജനിച്ചു വളർന്നതും, പ്രബോധനം നിർവ്വഹിച്ചുകൊണ്ടിരുന്നതുമെല്ലാം അറബികളിലാണല്ലോ. അറബിഭാഷയാകട്ടെ, അക്കാലത്തെ ലോകഭാഷകളിൽവെച്ച് എല്ലാനിലക്കും മുൻപന്തിയിൽ നിൽക്കുന്നതുമായിരുന്നു. പ്രവാചകന്റെ ഭാഷയല്ലാത്ത വേറെ ഏതെങ്കിലും ഒരു ഭാഷയിൽ വേദഗ്രന്ഥം അവതരിക്കുന്നതു അപ്രായോഗികവുമാണല്ലോ. അങ്ങനെ, ഖുർആൻ അറബിഭാഷയിലായിത്തീർന്നു. അല്ലാഹു പറയുന്നു: وما أرسلنا من رسول إلا بلسان قومه ليبين لهم — ابراهيم (സാരം: ഒരു റസൂലിനെയും തന്നെ, അദ്ദേഹത്തിന്റെ ജനങ്ങളുടെ ഭാഷയിലായിട്ടല്ലാതെ നാം അയച്ചിട്ടില്ല. അദ്ദേഹം അവർക്കു വിവരിച്ചു കൊടുക്കുവാൻ വേണ്ടിയാണത്. (14: 4) (*)

'പാരായണം' എന്നും, 'പാരായണഗ്രന്ഥം' എന്നുമുള്ള അർത്ഥത്തിലും ഉപയോഗിക്കപ്പെടാറുള്ള വാക്കാണു 'ഖുർആൻ' (قرآن) ഏററവും അധികം പാരായണം ചെയ്യപ്പെടുന്നതും, ചെയ്യപ്പെടേണ്ടതുമായതുകൊണ്ടു വിശുദ്ധ ഖുർആന്നു ആ പേർ തികച്ചും അനുയോജ്യമായിരിക്കുന്നു. വിശുദ്ധ ഖുർആന്റെ പേരെന്ന നിലക്കു പറയുമ്പോൾ അതിൽ ال (അൽ) എന്ന അവ്യയം ചേർത്തു പ്രത്യേകിപ്പിച്ചുകൊണ്ടു القرآن (അൽ-ഖുർആൻ) എന്നു പറയുന്നു. അവശ്യം ആവശ്യമായ കാര്യങ്ങളെല്ലാം സ്പഷ്ടമായി വിവരിക്കുന്ന വേദഗ്രന്ഥത്തിലെ വചനങ്ങളാണിവയെന്നും, നിങ്ങൾ ബുദ്ധികൊടുത്തു ഗ്രഹിക്കുവാൻ വേണ്ടിയാണ് അതു അറബിഭാഷയിൽ അവതരിപ്പിച്ചിരിക്കുന്നതെന്നുമുള്ള മുഖവുരക്കുശേഷം, അടുത്ത വചനംമുതൽ സൂറത്തിന്റെ ഇതിവൃത്തത്തിലേക്കു പ്രവേശിക്കുന്നു:-

٣- نَحْنُ نَقُصُّ عَلَيْكَ أَحْسَنَ الْقَصَصِ بِمَا أَوْحَيْنَا إِلَيْكَ هَٰذَا الْقُرْآنَ وَإِن كُنتَ مِن قَبْلِهِ لَمِنَ الْغَافِلِينَ ○

3. ഏററവും നല്ലൊരു കഥാവിവരണം നാം നിനക്ക് വിവരിച്ചുതരുകയാണ്; ഈ 'ഖുർആനെ' നാം നിനക്കു 'വഹ്‌യ്' [സന്ദേശം] നൽകിയിരിക്കുന്നതുമൂലം. നിശ്ചയമായും, ഇതിനു മുമ്പ് നീ (ഇതിനെപ്പററി അറിയാത്ത) അശ്രദ്ധൻമാരിൽ പെട്ടവൻ തന്നെയായിരുന്നു.

---

3. نحن നാം نقص നാം കഥനം ചെയ്യുന്നു, വിവരിക്കുകയാണു عليك നിനക്കു أحسن ഏററവും നല്ലതിനെ القصص കഥാവിവരണത്തിൽ بما أوحينا നാം വഹ്‌യു നൽകിയതു മൂലം إليك നിനക്കു, നിന്നിലേക്കു هذا القرآن ഈ ഖുർആനെ وإن كنت നിശ്ചയമായും നീയായിരുന്നു من قبله ഇതിനു മുമ്പു لمن പെട്ട(വൻ) തന്നെ الغافلين അശ്രദ്ധരിൽ (അറിയാത്തവരിൽ)

ഏററവും നല്ലൊരു കഥനം (أحسن القصص) എന്നു ഈ കഥയെ വിശേഷിപ്പിച്ചതിലടങ്ങിയ രഹസ്യങ്ങൾ പ്രത്യേ... ...ിയ വിവരണങ്ങളിൽ നിന്നു ഏറെക്കുറെ മനസ്സിലാക്കാമല്ലോ. കുറെ കാലം നബി (സ) ജന... ...ങ്ങളിൽ നാം പുറ... ...ിക്കേൾപ്പിച്ചുകൊണ്ടിരുന്നപ്പോൾ, അവർക്കു വല്ല കഥാവിവരണവും കേട്ടാൽ കൊള്ളാമെന്നു ...ങ്ങൾക്കു ഖുർആ... ...ആഗ്രഹം പ്രകടിപ്പിക്കുകയുണ്ടായെന്നും, ആ അവസരത്തിലാണ് ഈ അദ്ധ്യായം അവതരി... നബി (സ)യോട്... ...നു ഇബ്നു അബ്ബാസ് (റ)ൽ നിന്നു രിവായത്തു ചെയ്യപ്പെട്ടിരിക്കുന്നു. والله أعلم ...രിച്ചതെന്നും സന്...

ഖുർആനാകു... ...ദിവ്യസന്ദേശങ്ങൾ നൽകുന്ന കൂട്ടത്തിൽ പെട്ട ഒരു സന്ദേശമാണ് ഈ സൂറത്തു എന്നും, ഇതിലെ ഉള്ളടക്കമായ ചരിത്രകഥയെപ്പററി മുമ്പ് നബി (സ)ക്കു അറിയാമായിരുന്നില്ലെന്നും പറഞ്ഞതിൽ നിന്ന് ഈ സൂറത്തു നബി (സ)യുടെ സത്യതയുള്ള ഒരു ദൃഷ്ടാന്തം കൂടിയാണെന്നു മനസ്സിലാക്കാം. നബി (സ)ക്കും, അവിടുത്തെ ജനതക്കും അറിഞ്ഞുകൂടാത്ത ഒരു മുൻകാലചരിത്രം അവിടുന്നു വിവരിക്കുകയും, മുൻ വേദഗ്രന്ഥത്തിൽ പ്രസ്താവിക്കപ്പെട്ടിട്ടുള്ളതിനോടു അതു യോജിച്ചുവരുകയും ചെയ്യുമ്പോൾ, അതു അല്ലാഹുവിങ്കൽ നിന്നല്ലാതെ ലഭിച്ചതായിരിക്കുകയില്ലെന്ന വ്യക്തമാണല്ലോ. ഈ ആമുഖത്തോടുകൂടി അല്ലാഹു കഥാവിവരണം ആരംഭിക്കുന്നു:-

---

(*) ഖുർആൻ അറബിഭാഷയിലുള്ളതാണെന്നിരിക്കെ അതു മററു ഭാഷകളിലേക്ക വിവർത്തനം ചെയ്യപ്പെടാമോ എന്നും മററുമുള്ള വിവരങ്ങൾ മുഖവുരയിൽ വിശദമായി വിവരിക്കപ്പെട്ടിട്ടുള്ളതുകൊണ്ടു ഇവിടെ അതിനെപ്പററി ഒന്നും സ്പർശിക്കുന്നില്ല.

٤- إِذْ قَالَ يُوسُفُ لِأَبِيهِ يَا أَبَتِ إِنِّي رَأَيْتُ أَحَدَ عَشَرَ كَوْكَبًا وَالشَّمْسَ وَالْقَمَرَ رَأَيْتُهُمْ لِي سَاجِدِينَ ۝

4. യൂസുഫ് അദ്ദേഹത്തിന്റെ പിതാവിനോടു പറഞ്ഞ സന്ദർഭം (ഓർക്കുക)! എന്റെ പിതാവേ, ഞാൻ പതിനൊന്നു നക്ഷത്രങ്ങളെയും, സൂര്യനെയും, ചന്ദ്രനെയും സ്വപ്നം കണ്ടു. അതായതു, എനിക്കു 'സുജൂദു' ചെയ്യുന്നവരായി അവരെ ഞാൻ കണ്ടു.

---

4. إِذْ പറഞ്ഞ സന്ദർഭം يُوسُفُ യൂസുഫ് لِأَبِيهِ തന്റെ പിതാവിനോടു يَا أَبَتِ എന്റെ പിതാവേ إِنِّي رَأَيْتُ നിശ്ചയമായും ഞാൻ (സ്വപ്നം) കണ്ടു أَحَدَ عَشَرَ പതിനൊന്നു كَوْكَبًا നക്ഷത്രത്തെ وَالشَّمْسَ സൂര്യനെയും وَالْقَمَرَ ചന്ദ്രനെയും رَأَيْتُهُمْ അവരെ ഞാൻ കണ്ടു لِي എനിക്കു سَاجِدِينَ സുജൂദു ചെയ്യുന്നവരായിട്ടു

رأى (റആ) എന്ന ക്രിയാരൂപത്തിനു 'കണ്ടു'വെന്നാണു പൊതുവിൽ അർത്ഥം. എന്നാൽ, കണ്ണുകൊണ്ടുള്ള കാഴ്ച (رؤية) കണ്ടുവെന്നും, ബുദ്ധികൊണ്ടുള്ള കാഴ്ച (ആലോചന) അഭിപ്രായം (رأي) കണ്ടുവെന്നും, സ്വപ്നക്കാഴ്ച (رؤيا) കണ്ടുവെന്നും സന്ദർഭോചിതം അതിനു അർത്ഥമാകാം വരുന്നതാണ്. ഇവിടെ സ്വപ്നക്കാഴ്ചയാണു ഉദ്ദേശ്യം.

യൂസുഫ് (അ) നബിയെപ്പറ്റി നബി (സ) തിരുമേനി ഒരിക്കൽ ഇങ്ങിനെ പറയുകയുണ്ടായി: 'മാന്യന്റെ മകനായ, മാന്യന്റെ മകനായ, മാന്യന്റെ മകനായ മാന്യൻ— ഇബ്രാഹീമിന്റെ മകൻ ഇസ്ഹാഖിന്റെ മകൻ യഅ്ഖൂബിന്റെ മകൻ യൂസുഫ്'. (അ; ബു.) സ്വപ്നത്തിൽ കണ്ട പതിനൊന്നു നക്ഷത്രങ്ങൾ അദ്ദേഹത്തിനുണ്ടായിരുന്ന പതിനൊന്നു സഹോദരൻമാരെയും, സൂര്യനും ചന്ദ്രനും അദ്ദേഹത്തിന്റെ പിതാവിനെയും മാതാവിനെയുമാണ് സൂചിപ്പിക്കുന്നതെന്നും അവരെല്ലാം ഒരുകാലത്തു അദ്ദേഹത്തിന്റെ മുമ്പിൽ തലകുനിക്കേണ്ടിവരുമെന്നുമായിരുന്നു ആ സ്വപ്നത്തിന്റെ പൊരുൾ. ഈ സ്വപ്നം കാണുന്ന കാലത്തു യൂസുഫ് (അ) കേവലം ഒരു ബാലൻ മാത്രമായിരുന്നുവെന്നു വഴിയെ മനസ്സിലാക്കാവുന്നതാകുന്നു. ഉന്നതൻമാരെ സമീപിക്കുമ്പോൾ, ആദരവിന്റെയും ബഹുമാനത്തിന്റെയും അടയാളമായി തലകുനിക്കലും, കുമ്പിടലും, കുമ്പിട്ടുകുത്തലുമൊക്കെ അക്കാലങ്ങളിൽ പതിവുണ്ടായിരുന്നു. ഇങ്ങിനെയുള്ള ഉപചാരങ്ങൾക്കും സുജൂദ് എന്നു പറയപ്പെടാറുണ്ട്. ഇങ്ങിനെയുള്ള ഏതെങ്കിലും വല്ല ഉപചാരകൃത്യങ്ങൾ പ്രസ്തുത ഗ്രഹങ്ങൾ ചെയ്യുന്നതായി അദ്ദേഹം സ്വപ്നം കണ്ടിരിക്കാം. അതായിരിക്കാം അവരെ സുജൂദ് ചെയ്യുന്നവരായി (ساجدين) കണ്ടുവെന്നു പറഞ്ഞതിന്റെ താൽപര്യം. പ്രിയ പുത്രന്റെ സ്വപ്നവാർത്ത കേട്ടപ്പോൾ, അതു സഹോദരൻമാരെ അറിയിക്കുന്നതു നന്നല്ലെന്നു യഅ്ഖൂബ് (അ) നബിക്കു മനസ്സിലായി.

٥- قَالَ يَا بُنَيَّ لَا تَقْصُصْ رُؤْيَاكَ عَلَىٰ إِخْوَتِكَ فَيَكِيدُوا لَكَ كَيْدًا ۖ إِنَّ الشَّيْطَانَ لِلْإِنسَانِ عَدُوٌّ مُّبِينٌ ۝

5. അദ്ദേഹം പറഞ്ഞു: 'കുഞ്ഞുമകനേ, നിന്റെ സ്വപ്നം നിന്റെ സഹോദരൻമാർക്ക് നീ വിവരിച്ചുകൊടുക്കരുത്; എന്നാൽ, വല്ല തന്ത്രവും അവർ നിന്നോടു പ്രയോഗിച്ചേക്കും.

നിശ്ചയമായും, പിശാച് മനുഷ്യനു ഒരു പ്രത്യക്ഷ ശത്രുവാകുന്നു.

---

5. قَالَ അദ്ദേഹം പറഞ്ഞു يَا بُنَيَّ എന്റെ കുഞ്ഞുമോനെ لَا تَقْصُصْ നീ കഥനം ചെയ്യരുതു, വിവരിക്കരുതു رُؤْيَاكَ നിന്റെ സ്വപ്നത്തെ عَلَىٰ إِخْوَتِكَ നിന്റെ സഹോദരൻമാർക്ക് فَيَكِيدُوا എന്നാൽ അവർ തന്ത്രം പ്രയോഗിക്കും لَكَ നിന്നോടു كَيْدًا വല്ല തന്ത്രവും إِنَّ الشَّيْطَانَ നിശ്ചയമായും പിശാചു لِلْإِنسَانِ മനുഷ്യനു عَدُوٌّ ശത്രുവാകുന്നു مُبِينٌ പ്രത്യക്ഷമായ, സ്പഷ്ടമായ, തനി

وَكَذَٰلِكَ يَجْتَبِيكَ رَبُّكَ وَيُعَلِّمُكَ ٦-
مِن تَأْوِيلِ الْأَحَادِيثِ وَيُتِمُّ نِعْمَتَهُۥ
عَلَيْكَ وَعَلَىٰٓ ءَالِ يَعْقُوبَ كَمَآ
أَتَمَّهَا عَلَىٰٓ أَبَوَيْكَ مِن قَبْلُ إِبْرَٰهِيمَ وَ
إِسْحَٰقَ ۚ
إِنَّ رَبَّكَ عَلِيمٌ حَكِيمٌ ۝ ع

6. 'അപ്രകാരം, നിന്റെ റബ്ബ് നിന്നെ തിരഞ്ഞെടുക്കുന്നതാണ്; നിനക്ക അവൻ വർത്തമാനങ്ങളുടെ വ്യാഖ്യാനത്തിൽനിന്നും പഠിപ്പിച്ചുതരുകയും ചെയ്യും; നിന്റെ മേലും, യഅ്ഖൂബ് കുടുംബത്തിന്റെ മേലും അവന്റെ അനുഗ്രഹം അവൻ പൂർത്തിയാക്കുകയും ചെയ്യും; മുമ്പ് നിന്റെ രണ്ടു പിതാക്കളാം ഇബ്രാഹീമിന്റെയും, ഇസ്ഹാഖിന്റെയും മേൽ അതിനെ അവൻ പൂർത്തിയാക്കിയതുപോലെ.

നിശ്ചയമായും, നിന്റെ റബ്ബ് സർവ്വജ്ഞനും, അഗാധജ്ഞനുമാകുന്നു.'

---

6. وَكَذَٰلِكَ അപ്രകാരം يَجْتَبِيكَ നിന്നെ തിരഞ്ഞെടുക്കും رَبُّكَ നിന്റെ റബ്ബു وَيُعَلِّمُكَ നിനക്കു (നിന്നെ) അവൻ പഠിപ്പിക്കുകയും ചെയ്യും مِن تَأْوِيلِ വ്യാഖ്യാനത്തിൽ (പൊരുളിൽ) നിന്നും الْأَحَادِيثِ വർത്തമാനങ്ങളുടെ (സ്വപ്ന) വാർത്തകളുടെ وَيُتِمُّ അവൻ പൂർത്തിയാക്കുകയും ചെയ്യും نِعْمَتَهُ അവന്റെ അനുഗ്രഹത്തെ عَلَيْكَ നിന്റെമേൽ وَعَلَىٰ آلِ കുടുംബത്തിന്റെ മേലും يَعْقُوبَ യഅ്ഖൂബിന്റെ كَمَا أَتَمَّهَا അതിനെ അവൻ പൂർത്തിയാക്കിയതുപോലെ عَلَىٰ أَبَوَيْكَ നിന്റെ രണ്ടു പിതാക്കളുടെമേൽ مِن قَبْلُ മുമ്പ് إِبْرَاهِيمَ ഇബ്രാഹീമിന്റെ وَإِسْحَاقَ ഇസ്ഹാഖിന്റെയും إِنَّ رَبَّكَ നിശ്ചയമായും നിന്റെ റബ്ബു عَلِيمٌ (സർവ്വ)ജ്ഞനാണു حَكِيمٌ അഗാധജ്ഞൻ, യുക്തിമാൻ.

ഈ സ്വപ്ന വിവരം സഹോദരൻമാർ അറിയുന്നപക്ഷം, അവർക്കു യൂസുഫ് (അ) നോടു അസൂയ തോന്നിയേക്കുമെന്നും, അങ്ങിനെ അദ്ദേഹത്തിനെതിരായി വല്ല കുതന്ത്രങ്ങളും പ്രവർത്തിച്ചു അദ്ദേഹത്തെ എന്തെങ്കിലും കെണിയിൽ അകപ്പെടുത്തിയേക്കുമെന്നും യഅ്ഖൂബ് (അ) ഭയപ്പെട്ടു. കിട്ടുന്ന അവസരമെല്ലാം [illegible] ഉപയോഗപ്പെടുത്തിയും, സന്ദർഭത്തിനൊത്ത ദുഷ്പ്രേരണകൾ നൽകിയും മനുഷ്യനെ വഞ്ചിക്കുക പിശാചിന്റെ പണിയാണല്ലോ. അതുകൊണ്ടു ഈ വിവരം സഹോദരൻമാരെ അറിയിക്കരുതെന്നു അദ്ദേഹം യൂസുഫ് (അ) നെ വിലക്കി. സ്വപ്നത്തിന്റെ ഒരു സമാന്യവ്യാഖ്യാനം അദ്ദേഹത്തെ അറിയിക്കുകയും ചെയ്തു. സ്വപ്നത്തിൽ സൂചനയുള്ളതുപോലെ, നിന്റെ റബ്ബ് നിനക്കു ഉയർന്ന പദവികൾ നൽകി നിന്നെ ഉൽകൃഷ്ടനാക്കും; സ്വപ്ന വാർത്തകളുടെയും മറ്റും വ്യാഖ്യാന വിജ്ഞാനങ്ങൾ നൽകി നിന്നെ അവൻ അനുഗ്രഹിക്കും; നിന്റെ പിതാമഹൻമാരായ ഇബ്രാഹീം (അ) നബി, ഇസ്ഹാഖ് (അ) നബി എന്നിവർക്കു പ്രവാചകത്വം തുടങ്ങിയ അനുഗ്രഹങ്ങൾ നൽകിയിരുന്നതുപോലെ നിനക്കും അവൻ ഉന്നത പദവികൾ അനുഗ്രഹിച്ചേക്കും; അങ്ങനെ, നിനക്കു പ്രത്യേകിച്ചും, നിന്റെ പിതൃകുടുംബത്തിനു പൊതുവായും അതു വമ്പിച്ച അനുഗ്രഹമായിത്തീർന്നേക്കും എന്നൊക്കെ യഅ്ഖൂബ് (അ) പുത്രനെ മനസ്സിലാക്കി. ആ വന്ദ്യപിതാവിന്റെ പ്രവചനങ്ങളെല്ലാം തന്നെ യഥാർത്ഥ്യമായി പിന്നീടു പുലർന്നിട്ടുണ്ടെന്നു താഴെ വചനങ്ങളിൽ നിന്നു സ്പഷ്ടമാകുന്നതാണ്. 100-ാം വചനത്തിൽ യൂസുഫ് (അ) അതു വ്യക്തമായി പ്രസ്താവിച്ചിരിക്കുന്നതും കാണാം.

യഅ്ഖൂബ് (അ) നബിയുടെ മറ്റൊരു പേരാണു ഇസ്രാഈൽ എന്നും, അദ്ദേഹത്തിന്റെ പന്ത്രണ്ടു മക്കളുടെ സന്തതി പരമ്പരകളാണു 'ബനൂഇസ്രാഈൽ' (ഇസ്രാഈൽ സന്തതികൾ) എന്നു പറയുന്നതെന്നും മുമ്പു നാം പ്രസ്താവിച്ചു കഴിഞ്ഞിട്ടുണ്ട്. പന്ത്രണ്ടു മക്കളിൽ ഒടുവിലത്തെ രണ്ടു മക്കളായിരുന്നു യൂസുഫും, ബിൻയാമീനും. ഇവർ രണ്ടാളും ഒരു മാതാവിൽ നിന്നുള്ളവരായിരുന്നുവെന്നും, ഇവർ രണ്ടാളോടും പ്രത്യേകിച്ചും യൂസുഫിനോടും പിതാവിനു കൂടുതൽ വാത്സല്യമുണ്ടായിരുന്നുവെന്നും, അതുകൊണ്ടു മൂത്ത പുത്രൻമാർക്ക് അവരോടു [illegible] അനിഷ്ടം തോന്നിയിരുന്നുവെന്നും ഖുർആൻ വ്യാഖ്യാതാക്കൾ പറഞ്ഞുകാണുന്നു. ബൈബിളിലും അപ്ര[illegible] കാണാം.

നബി (സ) തിരുമേനി അരുളിച്ചെയ്തതായി അബൂ ഖതാദഃ (റ) പ്രസ്താവിച്ചിരിക്കുന്നു: 'നല്ല സ്വപ്നം അല്ലാഹുവിങ്കൽനിന്നുള്ളതാണു. ദുസ്സ്വപ്നം പിശാചിൽ നിന്നുമാകുന്നു. നിങ്ങളിലാരെങ്കിലും താൻ ഇഷ്ടപ്പെടുന്ന സ്വപ്നം കണ്ടാൽ, അവൻ ഇഷ്ടപ്പെടുന്ന ആളോടല്ലാതെ അതിനെക്കുറിച്ചു സംസാരിക്കരുത്. മറ്റു തനിക്കു [illegible]

അനിഷ്ടകരമായ സ്വപ്നം കണ്ടാൽ, അതിന്റെ ദോഷത്തിൽനിന്നും, പിശാചിന്റെ ദോഷത്തിൽ നിന്നും അവൻ അല്ലാഹുവിനോടു രക്ഷതേടിക്കൊള്ളട്ടെ. മൂന്നു പ്രാവശ്യം അവൻ തുപ്പുകയും ചെയ്തുകൊള്ളട്ടെ. അതിനെപ്പററി ആരോടും പറയുകയും ചെയ്യരുത്. എന്നാൽ അതവനു ഉപദ്രവം വരുത്തുകയില്ല'. (ബു; മു) ജാബിർ (റ) ഉദ്ധരിച്ച ഹദീസിലെ വാചകം ഇങ്ങിനെയാണ്; 'നിങ്ങളിലൊരാൾ അവനു അനിഷ്ടകരമായ സ്വപ്നം കണ്ടാൽ, അവൻ തന്റെ ഇടഭാഗത്തേക്കു മൂന്നു പ്രാവശ്യം തുപ്പുകയും, മൂന്നു പ്രാവശ്യം പിശാചിൽനിന്ന് അല്ലാഹുവിനോടു രക്ഷതേടുകയും, അവൻ കിടന്നിരുന്നഭാഗം മാറി തിരിഞ്ഞുകിടക്കുകയും ചെയ്തുകൊള്ളട്ടെ'. (മു.) പിശാചിനെക്കുറിച്ചുള്ള വെറുപ്പു പ്രകടിപ്പിക്കുകയാണു തുപ്പൽകൊണ്ടുദ്ദേശ്യം. അഥവാ ഉമിനീർ തുപ്പിക്കളയുകയെന്നല്ല.

വിഭാഗം–2

٧- لَقَدْ كَانَ فِي يُوسُفَ وَإِخْوَتِهِ آيَاتٌ لِلسَّائِلِينَ ○

7. തീർച്ചയായും, യൂസുഫിലും, അദ്ദേഹത്തിന്റെ സഹോദരൻമാരിലും ചോദി(ച്ചന്വേഷി)ക്കുന്നവർക്ക പല ദൃഷ്ടാന്തങ്ങളുമുണ്ടായിട്ടുണ്ട്.

---

7. لقد كان തീർച്ചയായും ഉണ്ടായിട്ടുണ്ടു, ഉണ്ടായിരുന്നു. في يوسف യൂസുഫിലും واخوته അദ്ദേഹത്തിന്റെ സഹോദരൻമാരിലും آيات പല ദൃഷ്ടാന്തങ്ങൾ للسائلين ചോദിക്കുന്ന(അന്വേഷിക്കുന്ന)വർക്ക

അസൂയ മുതലായ ദുസ്സ്വഭാവങ്ങൾമൂലം ഏർപ്പെടാവുന്ന ഭവിഷ്യത്തുകൾ, നിഷ്കളങ്കത, ക്ഷമ മുതലായ സൽസ്വഭാവങ്ങൾ മൂലം ലഭിക്കുന്ന നേട്ടങ്ങൾ, മാതാപിതാക്കൾക്ക് മക്കൾമൂലം അനുഭവിക്കേണ്ടി വരുന്ന ബുദ്ധിമുട്ടുകൾ, മാതാപിതാക്കളുടെ ഉപദേശം മക്കൾക്കു ആദ്യം സ്വീകാര്യമായി തോന്നാതിരുന്ന ശേഷം പിന്നീടു അനുഭവം കൊണ്ടു ബോദ്ധ്യപ്പെടുന്നതിന്റെ ഉദാഹരണങ്ങൾ, പരീക്ഷണങ്ങളിൽ ക്ഷമാപൂർവ്വം കാര്യങ്ങൾ അല്ലാഹുവിൽ അർപ്പിക്കുന്നതിന്റെ സൽഫലങ്ങൾ, അല്ലാഹു ഈ ലോകത്തു നടപ്പിൽ വരുത്തുവാൻ പോകുന്ന കാര്യങ്ങൾക്കു അവൻ കാരണങ്ങൾ ശരിപ്പെടുത്തി കളമൊരുക്കുന്നതിന്റെ ഉദാഹരണങ്ങൾ എന്നിങ്ങിനെ എത്രയോ പാഠങ്ങൾ അന്വേഷണബുദ്ധിയുള്ളവർക്ക ഈ കഥയിൽ നിന്നു മനസ്സിലാക്കുവാൻ കഴിയുന്നതാണ്. راجع الرازي

٨- إِذْ قَالُوا لَيُوسُفُ وَأَخُوهُ أَحَبُّ إِلَىٰ أَبِينَا مِنَّا وَنَحْنُ عُصْبَةٌ إِنَّ أَبَانَا لَفِي ضَلَالٍ مُبِينٍ ○

8. (അതെ) അവർ (തമ്മിൽ) പറഞ്ഞ സന്ദർഭം (ഓർക്കുക): 'നാം ഒരു (ശക്തമായ) സംഘമുണ്ടായിരുന്നിട്ടും യൂസുഫും അവന്റെ സഹോദരനും തന്നെയാണു നമ്മുടെ പിതാവിനു നമ്മെക്കാൾ ഇഷ്ടപ്പെട്ടവർ. നിശ്ചയമായും, നമ്മുടെ പിതാവ് സ്പഷ്ടമായ ഒരു വഴിപിഴവിൽ തന്നെയാണ്'.

---

8. إذ قالوا അവർ പറഞ്ഞ സന്ദർഭം ليوسف യൂസുഫ് തന്നെ واخوه അവന്റെ സഹോദരനും احب അധികം ഇഷ്ടപ്പെട്ട (വർ) ആണു الى ابينا നമ്മുടെ ബാപ്പാക്കു منا നമ്മെക്കാൾ ونحن ഞങ്ങളാകട്ടെ; നാം عصبة ഒരു സംഘമാണു, കൂട്ടമുണ്ടു (എന്നിട്ടും) ان ابانا നിശ്ചയമായും നമ്മുടെ പിതാവു لفي ضلال ഒരു വഴിപിഴവിൽ തന്നെ مبين പ്രത്യക്ഷമായ

'അവന്റെ സഹോദരൻ' എന്നു പറഞ്ഞതു ബിൻയാമീനെ ഉദ്ദേശിച്ചാകുന്നു. അവരുടെ അസൂയ വളരെ ശക്തമായിരുന്നുവെന്നു ഇതിൽ നിന്നു വ്യക്തമാണല്ലോ. അവർ തുടർന്നു പറയുന്നതു നോക്കുക:

9. 'നിങ്ങൾ യൂസുഫിനെ കൊലപ്പെടുത്തണം, അല്ലെങ്കിൽ അവനെ വല്ല ഭൂമിയിലും (കൊണ്ടുപോയി) ഇട്ടേക്കണം; (എന്നാൽ) നിങ്ങളുടെ പിതാവിന്റെ മുഖം നിങ്ങൾക്ക് ഒഴിവായിക്കിട്ടും; അതിനുശേഷം, നിങ്ങൾ നല്ല ജനമായിത്തീരുകയും ചെയ്യാം'.

٩- اقْتُلُوا يُوسُفَ أَوِ اطْرَحُوهُ أَرْضًا يَخْلُ لَكُمْ وَجْهُ أَبِيكُمْ وَتَكُونُوا مِن بَعْدِهِ قَوْمًا صَالِحِينَ ○

---

9. اقتلوا നിങ്ങൾ കൊല്ലുവിൻ, വധിക്കണം يوسف യൂസുഫിനെ او اطرحوه അല്ലെങ്കിൽ അവനെ ഇടുവിൻ ارضا വല്ല ഭൂമിയിലും يخل എന്നാൽ ഒഴിവായിത്തീരും (ഒഴിഞ്ഞുകിട്ടും) لكم നിങ്ങൾക്ക് وجه മുഖം ابيكم നിങ്ങളുടെ പിതാവിന്റെ وتكونوا നിങ്ങളായിരിക്കയും ചെയ്യും, ആയിരിക്കയും ചെയ്യാം من بعده അതിനുശേഷം, അവന്റെ പിന്നീടു قوما ഒരു ജനം (ആളുകൾ) صالحين നല്ലവരായ

എന്തെങ്കിലും വിധേന യൂസുഫിന്റെ കഥ കഴിക്കുക, അല്ലെങ്കിൽ പിതാവിങ്കലേക്കു തിരിച്ചുവരാത്തവണ്ണം വല്ല വിദൂരസ്ഥലത്തും കൊണ്ടുപോയി അവനെ നാടുകടത്തി വിടുക. രണ്ടിലൊന്നു ചെയ്താൽ, ആദ്യം പിതാവിനു കുറേയൊക്കെ മനോവേദനയും ബുദ്ധിമുട്ടും അനുഭവപ്പെടുമെങ്കിലും കുറച്ചു കഴിയുമ്പോൾ അതൊക്കെ ശരിപ്പെട്ടുകൊള്ളും. അങ്ങിനെ, പിതാവിന്റെ സ്നേഹവും മുഖവും നമ്മോടായിത്തീരുന്നതാണ്. തൽക്കാലം ഇങ്ങിനെ ഒരു അപരാധം നാം പ്രവർത്തിച്ചാലും പിന്നീടു ഖേദിച്ചുമടങ്ങി നമുക്കു നല്ലവരായിത്തീരുകയും ചെയ്യാമല്ലോ. എന്നൊക്കെയാണു അവർ തമ്മിൽ പറഞ്ഞതിന്റെ താൽപര്യം. പിതാവിനു യൂസുഫിനോടും ബിൻയാമീനോടുമാണു അവരെക്കാൾ സ്നേഹമുള്ളതെങ്കിലും, യൂസുഫിനോടാണ് ഏററവുമധികം സ്നേഹമുള്ളതെന്നും, അതുകൊണ്ടാണു യൂസുഫിനെക്കുറിച്ചു അവർ ഇങ്ങിനെ അഭിപ്രായപ്പെടുവാൻ കാരണമെന്നും അവരുടെ പ്രസ്താവനകൊണ്ടു മനസ്സിലാകുന്നു.

10. അവരിൽ നിന്ന് ഒരു വക്താവ് പറഞ്ഞു: നിങ്ങൾ യൂസുഫിനെ കൊലപ്പെടുത്തരുത്; അവനെ (ഒരു) കിണററിന്റെ അഗാധതയിൽ ഇട്ടേക്കുകയും ചെയ്യുക; (എന്തെങ്കിലും) ചില യാത്രാസംഘം അവനെ കണ്ടെടുത്തു (കൊണ്ടുപോയി) കൊള്ളും, നിങ്ങൾ ചെയ്യുന്നവരാണെങ്കിൽ. [ചെയ്തേ തീരുവെങ്കിൽ അത്ര ചെയ്താൽ മതി.]

١٠- قَالَ قَائِلٌ مِّنْهُمْ لَا تَقْتُلُوا يُوسُفَ وَأَلْقُوهُ فِي غَيَابَتِ الْجُبِّ يَلْتَقِطْهُ بَعْضُ السَّيَّارَةِ إِن كُنتُمْ فَاعِلِينَ ○

---

10. قال പറഞ്ഞു قائل പറയുന്നവൻ, ഒരു വക്താവ് منهم അവരിൽനിന്നു لا تقتلوا നിങ്ങൾ കൊല്ലരുത്, വധിക്കരുത് يوسف യൂസുഫിനെ والقوه അവനെ ഇട്ടേക്കുവിൻ في غيابت മറവിൽ, കുണ്ടിൽ, അഗാധതയിൽ, ആഴത്തിൽ, ഇരുട്ടിൽ الجب കിണററിന്റെ, ആഴക്കുഴിയുടെ يلتقطه അവനെ കണ്ടെടുത്തുകൊള്ളും بعض السيارة യാത്ര സംഘക്കാരിൽ ചിലർ ان كنتم നിങ്ങളാണെങ്കിൽ فاعلين ചെയ്യുന്നവർ, പ്രവർത്തിക്കുന്നവർ.

സഹോദരൻമാർ എല്ലാവരും അസൂയാലുക്കളാണെങ്കിലും അവരിൽ ചിലർക്ക് അൽപം ദയ തോന്നി. യൂസുഫ് (അ) നോട് കൃപ തോന്നിയ ഈ വക്താവിന്റെ പേർ അല്ലാഹു പറഞ്ഞിട്ടില്ല. പേരറിഞ്ഞതുകൊണ്ടു പ്രത്യേക പ്രയോജനമില്ലതാനും. അദ്ദേഹത്തെ രക്ഷപ്പെടുത്തണമെന്നുദ്ദേശിച്ചുകൊണ്ട് രൂബേൻ (റൂബീൻ) എന്ന സഹോദരൻ അവനെ കൊലപ്പെടുത്തരുതെന്നും, അവന്റെ മേൽ കൈവെക്കാതെ മരുഭൂമിയിലെ കുഴിയിൽ ഇടുവിൻ എന്നും പറഞ്ഞതായും, കിണററിലിട്ടശേഷം യഹൂദാ എന്ന സഹോദരൻ: നാം നമ്മുടെ സഹോദരനെ കൊന്നി

ട്ടെന്തു പ്രയോജനം? അവനെ നാം യാത്രാകൂട്ടത്തിനു വില്ക്കുക എന്നു പറഞ്ഞതായും ബൈബ്ളിൽ പറഞ്ഞിരിക്കുന്നു. ഇതായിരിക്കാം ഈ വക്താവു റൂബീനായിരുന്നുവെന്ന് ഖുർആൻ വ്യാഖ്യാതാക്കളിൽ ഒരു വിഭാഗവും, യഹൂദായായിരുന്നുവെന്നു വേറൊരു വിഭാഗവും പറയുവാൻ കാരണം.

جب (ജുബ്ബ്) എന്നാൽ, പടുത്തുയർത്തുകയാം, മതിൽ കെട്ടുകയോ ചെയ്യാത്ത കുഴിക്കിണർ എന്നാണർത്ഥം. 'വെള്ളമില്ലാത്ത പൊട്ടക്കുഴി'യായിരുന്നു അതെന്നാണു ബൈബിളിൽ പറയുന്നത്. (ഉൽപ: 37ൽ 24) പക്ഷേ, താഴെ 19-ാം വചനത്തിൽനിന്നു അതുവെള്ളമുള്ള കിണറായിരുന്നുവെന്ന് വ്യക്തമാകുന്നുണ്ടുതാനും. സഹോദരന്മാർ തങ്ങളുടെ ഗൂഢാലോചന നടപ്പിൽ വരുത്തുവാൻ ഇങ്ങിനെ ഒരു സൂത്രം പ്രയോഗിച്ചു:—

11. അവർ പറഞ്ഞു: 'ഞങ്ങളുടെ ബാപ്പാ, നിങ്ങൾക്കെന്താണ് — യൂസുഫിനെപ്പറ്റി നിങ്ങൾ ഞങ്ങളെ വിശ്വസിക്കുന്നില്ല? ഞങ്ങൾ അവന്റെ ഗുണകാംക്ഷികൾതന്നെയാണുതാനും (-എന്നിട്ടും)!

١١- قَالُوا يَا أَبَانَا مَا لَكَ لَا تَأْمَنَّا عَلَىٰ يُوسُفَ وَإِنَّا لَهُ لَنَاصِحُونَ ○

12. 'നാളെ അവനെ ഞങ്ങളുടെ കൂടെ അയച്ചുതരുക, അവൻ (തിന്നും കുടിച്ചും) സുഖിച്ചു നടക്കുകയും, കളിക്കുകയും ചെയ്യട്ടെ. നിശ്ചയമായും, ഞങ്ങൾ അവനെ കാ(ത്തുരക്ഷി)ക്കുന്നവരുമാകുന്നു.'

١٢- أَرْسِلْهُ مَعَنَا غَدًا يَرْتَعْ وَيَلْعَبْ وَإِنَّا لَهُ لَحَافِظُونَ ○

---

11. قَالُوا അവർ പറഞ്ഞു يَا أَبَانَا ഞങ്ങളുടെ പിതാവേ, ബാപ്പാ مَا لَكَ നിങ്ങൾക്കെന്താണു لَا تَأْمَنَّا നിങ്ങൾ ഞങ്ങളെ വിശ്വസിക്കുന്നില്ല عَلَىٰ يُوسُفَ യൂസുഫിനെപ്പറ്റി وَإِنَّا ഞങ്ങളാകട്ടെ لَهُ അവന്റെ (അവന്റെ) لَنَاصِحُونَ ഗുണകാംക്ഷികൾ തന്നെയാണ്. 12. أَرْسِلْهُ അവനെ അയക്കുക مَعَنَا ഞങ്ങളുടെ കൂടെ غَدًا നാളെ يَرْتَعْ അവൻ മേയട്ടെ (തിന്നും കുടിച്ചും സ്വതന്ത്രമായി) നടന്നുകൊള്ളട്ടെ وَيَلْعَبْ കളിക്കുകയും ചെയ്യട്ടെ وَإِنَّا لَهُ നിശ്ചയമായും ഞങ്ങൾ അവനെ لَحَافِظُونَ കാക്കുന്ന (സൂക്ഷിക്കുന്ന)വർ തന്നെയാണു.

മരുഭൂമിയിൽ പോയി ആടുകളെ മേക്കൽ പതിവായിരുന്ന ആ സഹോദരന്മാരോടൊന്നിച്ചു യൂസുഫിനെ വിട്ടയക്കുവാൻ യഅ്ഖൂബ് (അ)നു മനസ്സായിരുന്നുവെന്നും, അതുകൊണ്ടു അദ്ദേഹത്തെ അവരോടൊപ്പം പോകുവാൻ അനുവദിക്കാറുണ്ടായിരുന്നില്ലെന്നും, അവരുടെ വാക്കുകളിൽനിന്നു മനസ്സിലാക്കാം. അതുകൊണ്ടുതന്നെയാണു് തങ്ങൾ യൂസുഫിന്റെ വലിയ ഗുണകാംക്ഷികളായി അവർ അഭിനയിച്ചതും. അവൻ ഞങ്ങളുടെ അനുജനല്ലേ, ഞങ്ങളുടെ ഒന്നിച്ചു മരുഭൂമിയിൽ വന്നു പഴവർഗ്ഗങ്ങളും മറ്റും തിന്നും, വെള്ളം കുടിച്ചും, ഓടിച്ചാടി നടന്നും ആനന്ദംകൊള്ളുവാൻ അവനും ആഗ്രഹമുണ്ടാകുമല്ലോ. അതിനൊരവസരം നാളെത്തന്നെയുണ്ടാക്കിത്തരണം. ഞങ്ങൾ അവന്റെ ഗുണകാംക്ഷികളാകകൊണ്ടു അവനു വല്ല അപകടവും വരുന്നതു ഞങ്ങൾ തികച്ചും കാത്തു സൂക്ഷിക്കുകതന്നെ ചെയ്യും എന്നൊക്കെ അവർ പിതാവിനെ ധരിപ്പിച്ചു. എന്നിട്ടും പിതാവിനു അവരെക്കുറിച്ചു വിശ്വാസം വരുന്നില്ല. അദ്ദേഹം ഒഴികഴിവു പറഞ്ഞുനോക്കി.

13. അദ്ദേഹം പറഞ്ഞു: നിശ്ചയമായും ഞാൻ, അവനെ നിങ്ങൾ കൊണ്ടുപോകുന്നതു എന്നെ വ്യസനിപ്പിക്കുക തന്നെ ചെയ്യുന്നു; നിങ്ങൾ അവനെപ്പറ്റി അശ്രദ്ധരായിരിക്കെ, അവനെ ചെന്നായ (പിടിച്ചു) തിന്നുന്നതിനെ ഞാൻ ഭയപ്പെടുകയും ചെയ്യുന്നു.'

١٣- قَالَ إِنِّي لَيَحْزُنُنِي أَنْ تَذْهَبُوا بِهِ وَأَخَافُ أَنْ يَأْكُلَهُ الذِّئْبُ وَأَنْتُمْ عَنْهُ غَافِلُونَ ○

14. അവർ പറഞ്ഞു: 'ഞങ്ങൾ ഒരു (ശക്തമായ) സംഘം ഉണ്ടായിട്ടും അവനെ ചെന്നായ(പിടിച്ചു)തിന്നുവെങ്കിൽ, നിശ്ചയമായും, അപ്പോൾ, ഞങ്ങൾ നഷ്ടകരർ തന്നെയാണല്ലോ.'

١٤- قَالُوا لَئِنْ أَكَلَهُ الذِّئْبُ وَنَحْنُ عُصْبَةٌ إِنَّا إِذًا لَخَاسِرُونَ ○

---

13. [illegible] അദ്ദേഹം പറഞ്ഞു [illegible] നിശ്ചയമായും ഞാൻ [illegible] എന്നെ [illegible] വ്യസനിപ്പിക്കുകതന്നെ ചെയ്യുന്നു [illegible] നിങ്ങൾ പോകുന്നതു [illegible] അവനെ കൊണ്ടു [illegible] ഭയപ്പെടുകയും ചെയ്യുന്നു [illegible] അവനെ തിന്നുന്നതു [illegible] ചെന്നായ [illegible] നിങ്ങളായിരിക്കെ [illegible] അവനെപ്പറ്റി [illegible] അശ്രദ്ധർ. 14. [illegible] അവർ പറഞ്ഞു [illegible] അവനെ തിന്നുവെങ്കിൽ [illegible] ചെന്നായ [illegible] ഞങ്ങൾ ആയി(ഉണ്ടായി)രിക്കെ [illegible] ഒരു സംഘം, കൂട്ടം [illegible] എന്നാൽ (അപ്പോൾ) നിശ്ചയമായും ഞങ്ങൾ [illegible] നഷ്ടകരർ തന്നെ

യൂസുഫ് (അ)നെ അവരോടൊപ്പം പറഞ്ഞയക്കാതിരിക്കുവാനുള്ള കാരണം പിതാവു വിവരിച്ചു. എന്നാൽ, തങ്ങൾ ചെയ്‌വാൻപോകുന്ന കടുംകൈ ചെയ്തശേഷം [illegible] പിതാവിനോടു ഒഴികഴിവുപറഞ്ഞു കഴിച്ചുകൂട്ടുവാനുള്ള മാർഗ്ഗം പിതാവിന്റെ വാക്കുകളിൽനിന്നു [illegible] കിട്ടി. ആ ഒഴികഴിവു തന്നെയാണവർ പിന്നീടു പറഞ്ഞതെന്നു 17-ാം വചനത്തിൽ കാണാവുന്നതാണ്.

ഞങ്ങൾ ശക്തമായ ഒരു സംഘം ആയിരുന്നിട്ടും [illegible] ചെയ്യും? [illegible] എന്നിരിക്കെ, അവനെ ചെന്നായ പിടിക്കുന്നതു [illegible] [illegible] ഞങ്ങളും വമ്പിച്ച നഷ്ടക്കാരായിരിക്കുമല്ലോ. [illegible] എന്നും, അവന്റെ കാര്യത്തിൽ ഞങ്ങളെ വിശ്വസിക്കാതിരിക്കുവാൻ [illegible] [illegible] അങ്ങനെ ആദ്യം വളരെ കഴിവുകേടെങ്കിലും [illegible] ബൈബ്ളിൽ [illegible] അദ്ദേഹം സമ്മതിച്ചു. ബൈബ്ളിൽ [illegible] ആടുകളെ മേയ്ക്കാൻ ശെഖേമി(سكيم)ലേക്കു പോയിരുന്നു. [illegible] പോയി അറിഞ്ഞുവരുവാൻ [illegible] അവൻ ചെല്ലുന്നതു കണ്ടപ്പോൾ സഹോദരന്മാർ [illegible] [illegible] അവിടെവെച്ചാണു അവനെ കൊല്ലണമെന്നും പൊട്ടക്കുഴിയിൽ [illegible] സഹോദരന്മാർ പറഞ്ഞു [illegible] എന്നാക്കെയാണ് അതിൽ പറയുന്നത്. (ഉൽപ: 37ൽ [illegible] വിട്ടിട്ടുൽ തെറിയെന്നും [illegible] ഗണിക്കുവാൻ നിവൃത്തിയില്ലെന്നുള്ളതിനു ഒരു തെളി 12-25) ബൈബ്ളിലെ പ്രസ്താവനകൾ യഥാർത്ഥമായി [illegible] വാണിതും.

15. അങ്ങനെ, അവർ അദ്ദേഹത്തെ കൊണ്ടുപോകുകയും, അദ്ദേഹത്തെ കിണററിന്റെ അഗാധതയിലാക്കുവാൻ അവർ ഏകോപി(ച്ചുറച്ചി)ക്കുകയും ചെയ്തപ്പോൾ...! [അതാണവർ നടത്തിയതു] നാം അദ്ദേഹത്തിനു ബോധനം നൽകുകയും ചെയ്തു: '[illegible] ഈ കാര്യത്തെ [illegible] അവരെ (നീതന്നെ) ബോധപ്പെടുത്തുക തന്നെ ചെയ്യുമെന്നു.' അവരാകട്ടെ, അറിയുകയുമില്ല.

١٥- فَلَمَّا ذَهَبُوا بِهِ وَأَجْمَعُوا أَنْ يَجْعَلُوهُ فِي غَيَابَتِ الْجُبِّ وَأَوْحَيْنَا إِلَيْهِ لَتُنَبِّئَنَّهُمْ بِأَمْرِهِمْ هَٰذَا وَهُمْ لَا يَشْعُرُونَ ○

---

15. [illegible] അങ്ങനെ (എന്നിട്ടു) അവർ പോയപ്പോൾ [illegible] അവനെയുംകൊണ്ടു [illegible] അവർ [illegible] അദ്ദേഹത്തെ അവർ ആക്കുവാൻ [illegible] അടി(അഗാധത) ഏകോപിക്കുക(തീർച്ചപ്പെടുത്തുക)യും [illegible] നാം വഹ്‌യു (ബോധനം)നൽകുകയും ചെയ്തു [illegible] കിണററിന്റെ, ആഴക്കുഴിയുടെ [illegible] അദ്ദേഹത്തിനു [illegible] നിശ്ചയമായും നീ അവരെ ബോധപ്പെടുത്തുമെന്നു [illegible] അവരുടെ കാര്യ [illegible] [illegible] അവരാകട്ടെ, അവരായിരിക്കെ [illegible] അറിയുകയില്ല, അറിയാതെ (വിഷയത്തെ)പ്പററി [illegible] ഈ [illegible]

സഹോദരന്മാർ വഞ്ചിച്ച് അദ്ദേഹത്തെ കിണററിലിട്ട് കൃതാർത്ഥരായി. പക്ഷേ, അല്ലാഹു യൂസുഫ് (അ) നെ ആശ്വസിപ്പിച്ചു. അവരുടെ ഈ അക്രമത്തെക്കുറിച്ചു അവരെ ബോധവാന്മാരാക്കുന്ന അവസരം വഴിയെ വരുമെന്നു അദ്ദേഹത്തെ അറിയിച്ചു. മൂസാ (അ) നബിയെ പ്രസവിച്ചപ്പോൾ, ഫിർഔന്റെ ആളുകൾ കുട്ടിയെ അറുത്തു കൊല്ലുമെന്നു ഭയപ്പെട്ടിരുന്ന അദ്ദേഹത്തിന്റെ മാതാവിനു കുട്ടിയെ പെട്ടിയിലാക്കി നദിയിലിടണമെന്നും, കുട്ടിയെ തനിക്കു തന്നെ തിരിച്ചു കിട്ടുമെന്നും അല്ലാഹു തോന്നിപ്പിച്ചതിനെ (28: 7 ൽ) പ്പററി പ്രസ്താവിച്ചപ്പോൾ, 'നാം മൂസായുടെ മാതാവിനു ബോധനം നൽകി (واوحينا الى ام موسى) എന്നു പറഞ്ഞിരിക്കുന്നതുപോലെ, യൂസുഫ് (അ)നും അപ്രകാരം തോന്നിപ്പിച്ചു എന്നായിരിക്കും. واوحينا اليه (അദ്ദേഹത്തിനു നാം ബോധനം നൽകി) എന്ന വാക്കിന്റെ സാരം. والله اعلم

وهم لا يشعرون (അവരാകട്ടെ, അറിയുകയുമില്ല) എന്ന വാക്യം لتنبئنهم (നീ അവരെ ബോധപ്പെടുത്തുക തന്നെ ചെയ്യും) എന്ന ക്രിയയോടു ബന്ധപ്പെട്ടതായിരിക്കുവാനാണു കൂടുതൽ സാധ്യത കാണുന്നത്. നീ ആരാണെന്നും, നിന്റെ സ്ഥിതിഗതികളെന്താണെന്നും മററും അവർക്കറിഞ്ഞുകൂടാത്ത അവസരത്തിൽ അവരുടെ ഈ ചെയ്തികളെ പ്പററി നീ അവരെ ഓർമ്മിപ്പിക്കുമെന്നായിരിക്കും അപ്പോൾ അതിന്റെ താൽപര്യം. ഈജിപ്തിൽ വെച്ചു പിന്നീടു അതു സംഭവിച്ചതായി 58, 89 വചനങ്ങളിൽ തന്നെ വരുന്നുണ്ട്. واوحينا اليه (അദ്ദേഹത്തിനു നാം ബോധനം നൽകി) എന്ന ക്രിയയോടു ബന്ധപ്പെട്ടതായിരിക്കുവാനും സാധ്യതയുണ്ട്. അദ്ദേഹത്തെ അവർ കിണററിലിട്ട ശേഷം അദ്ദേഹത്തെ ആശ്വസിപ്പിച്ചും സന്തോഷിപ്പിച്ചും കൊണ്ടു അദ്ദേഹത്തിനു അല്ലാഹു ബോധനം നൽകിയ കഥയൊന്നും അവർക്കറിഞ്ഞുകൂടായിരുന്നുവെന്നായിരിക്കും അപ്പോൾ അതിന്റെ സാരം.

١٦- وَجَاءُوٓ أَبَاهُمْ عِشَآءً يَبْكُونَ ۝

16. അവർ വൈകുന്നേരം (സന്ധ്യമയങ്ങുമ്പോൾ) അവരുടെ പിതാവിന്റെ അടുക്കൽ കരഞ്ഞുംകൊണ്ടു വരുകയും ചെയ്തു.

١٧- قَالُوا يَٰٓأَبَانَآ إِنَّا ذَهَبْنَا نَسْتَبِقُ وَتَرَكْنَا يُوسُفَ عِندَ مَتَٰعِنَا فَأَكَلَهُ ٱلذِّئْبُ ۖ وَمَآ أَنتَ بِمُؤْمِنٍ لَّنَا وَلَوْ كُنَّا صَٰدِقِينَ ۝

17. അവർ പറഞ്ഞു: 'ഞങ്ങളുടെ ബാപ്പാ, ഞങ്ങൾ മൽസരിച്ചോടിക്കൊണ്ടുപോയി; യൂസുഫിനെ ഞങ്ങളുടെ സാമാനത്തിങ്കൽ ഞങ്ങൾ വിട്ടേക്കുകയും ചെയ്തു; അങ്ങനെ, അവനെ ചെന്നായ (പിടിച്ചു) തിന്നുകളഞ്ഞു! ഞങ്ങൾ സത്യം പറയുന്നവരായിരുന്നാലും നിങ്ങൾ ഞങ്ങളെ വിശ്വസിക്കുന്നവനല്ലതാനും. [എന്തുചെയ്‌വാനാണ്?!]'

١٨- وَجَآءُو عَلَىٰ قَمِيصِهِۦ بِدَمٍ كَذِبٍ ۚ

18. അവർ അദ്ദേഹത്തിന്റെ [യൂസുഫിന്റെ] കുപ്പായത്തിൻമേൽ ഒരു കള്ളച്ചോര കൊണ്ടുവരികയും ചെയ്തു.

---

16. وجاءوا അവർ വരുകയും ചെയ്തു اباهم അവരുടെ പിതാവിങ്കൽ عشاء വൈകുന്നേരം, സന്ധ്യ മയങ്ങുന്നേരം يبكون അവർ കരഞ്ഞുംകൊണ്ടു 17. قالوا അവർ പറഞ്ഞു يا ابانا ഞങ്ങളുടെ ബാപ്പാ, പിതാവേ انا ذهبنا ഞങ്ങൾ പോയി نستبق മുന്നിൽ കടക്കുവാൻ ശ്രമിച്ചു (മത്സരിച്ചു)കൊണ്ടു وتركنا ഞങ്ങൾ വിടുക(ഉപേക്ഷിക്കകയും) ചെയ്തു يوسف യൂസുഫിനെ عند متاعنا ഞങ്ങളുടെ സാമാനത്തിന്റെ (വിഭവങ്ങളുടെ) അടുക്കൽ فاكله അപ്പോൾ (അങ്ങനെ) അവനെ തിന്നു الذئب ചെന്നായ وما انت നിങ്ങളല്ലതാനും بمؤمن വിശ്വസിക്കുന്നവനെ لنا ഞങ്ങളെ ولو كنا ഞങ്ങൾ ആയിരുന്നാലും صادقين സത്യം പറയുന്നവർ, സത്യവാന്മാർ 18. وجاءوا അവർ വരുകയും ചെയ്തു على قميصه അദ്ദേഹത്തിന്റെ കുപ്പായത്തിൻമേൽ بدم ഒരു രക്തവും (ചോരയും)കൊണ്ടു كذب വ്യാജമായ, കള്ളമായ

قَالَ
بَلْ سَوَّلَتْ لَكُمْ أَنفُسُكُمْ أَمْرًا ۖ
فَصَبْرٌ جَمِيلٌ ۖ
وَاللَّهُ الْمُسْتَعَانُ عَلَىٰ مَا تَصِفُونَ ○

അദ്ദേഹം [പിതാവു] പറഞ്ഞു: '(അതൊന്നുമല്ല,) പക്ഷേ, നിങ്ങളുടെ മനസ്സുകൾ നിങ്ങൾക്ക (എന്തോ) ഒരു കാര്യം ഭംഗിയാക്കിത്തന്നിരിക്കുന്നു. [അതു നിങ്ങൾ പ്രവർത്തിച്ചിരിക്കയാണ്] എന്നി, ഭംഗിയായ ക്ഷമ! [അതേ മാർഗ്ഗമുള്ളൂ]

നിങ്ങൾ (ഈ) വിവരിക്കുന്നതിനെപ്പററി സഹായമപേക്ഷിക്കപ്പെടുന്നവൻ അല്ലാഹുവത്രെ.'

قَالَ അദ്ദേഹം പറഞ്ഞു بَلْ പക്ഷേ, എന്നാൽ, എങ്കിലും سَوَّلَتْ ഭംഗിയാക്കി (തോന്നിച്ചു) തന്നിരിക്കുന്നു لَكُمْ നിങ്ങൾക്കു أَنفُسُكُمْ നിങ്ങളുടെ സ്വന്തങ്ങൾ (മനസ്സുകൾ) أَمْرًا ഒരു കാര്യം فَصَبْرٌ എന്നി ക്ഷമ جَمِيلٌ ഭംഗിയായ (നല്ലതായ) وَاللَّهُ അല്ലാഹുവത്രെ الْمُسْتَعَانُ സഹായമർത്ഥിക്കപ്പെടുന്നവൻ عَلَىٰ مَا تَصِفُونَ നിങ്ങൾ വിവരിക്കുന്ന(വർണ്ണിക്കുന്ന)തിനെപററി

തങ്ങൾക്കു പിന്നീടു പറയുവാനുള്ള ഒഴികഴിവു പിതാവിന്റെ വാക്കിൽനിന്നു മുമ്പു ലഭിച്ചിരുന്നതിനെ അവർ തികച്ചും ഉപയോഗപ്പെടുത്തി. എല്ലാവരുംകൂടി യൂസുഫ് (അ) നെ കിണററിലിട്ട ശേഷം, വൈകുന്നേരം ഇരുട്ടു മൂടാൻ പോകുന്ന സമയത്തു പിതാവിന്റെ അടുക്കൽ അവർ തിരിച്ചെത്തി. കരച്ചിലും പറച്ചിലുമായി. ഞങ്ങൾ അമ്പെയ്തും മററും മത്സരത്തിൽ ഓടിനടന്ന് അവനിൽനിന്നും അകന്നുപോയി. അവൻ ചെറുപ്പമായതുകൊണ്ടു അവനു ഞങ്ങളെപ്പോലെ ഓടാനും, ചാടാനും കഴിവില്ലല്ലോ എന്നുവെച്ച് ഞങ്ങളുടെ വസ്ത്രാദി സാധനങ്ങൾ വെച്ചിരുന്ന സ്ഥലത്തു അവനെ നിറുത്തിയിരിക്കയായിരുന്നു. ഞങ്ങൾ മടങ്ങി വന്നുനോക്കുമ്പോൾ അവനെ ചെന്നായ പിടിച്ചു കഴിഞ്ഞിരിക്കുന്നു! ഇങ്ങിനെയാണു സംഭവിച്ചത്. മുമ്പേ അവന്റെ കാര്യത്തിൽ ഞങ്ങളെ വിശ്വസിക്കാത്ത നിങ്ങൾക്കു ഈ സത്യവും വിശ്വാസ്യമാകുകയില്ല. എന്തുചെയ്യും?! ഇതാ നോക്കൂ: അവന്റെ രക്തം പുരണ്ട കുപ്പായം! എന്നൊക്കെ പറഞ്ഞുകൊണ്ട് അവർ കുപ്പായം പിതാവിന്റെ മുമ്പിൽ തെളിവിനു സമർപ്പിച്ചു. ചെന്നായ പിടിച്ചപ്പോൾ യൂസുഫിൽനിന്നൊഴുകിയ രക്തമാണെന്നു കാണിക്കുവാൻവേണ്ടി ഏതോ ഒരു കള്ള രക്തം അതിൻമേൽ അവർ പുരട്ടികൊണ്ടുവന്നിരുന്നു. പക്ഷേ, പലരും പറഞ്ഞു കാണുന്നതുപോലെ–ചെന്നായ പിടിക്കുമ്പോൾ കുപ്പായം മാന്തിക്കീറാതിരിക്കയില്ലെന്ന വസ്തുത അവരുടെ ധാരണയിൽ പെട്ടില്ല. രക്തം പുരണ്ടതല്ലാതെ കുപ്പായത്തിനു കീറലൊന്നും പററിയിരുന്നില്ല.

അവർ പറഞ്ഞതെല്ലാം വ്യാജമാണെന്നും, എന്തോ ഒരപകടം അവർ യൂസുഫിനെക്കൊണ്ടു ചെയ്തു കഴിഞ്ഞിട്ടുണ്ടെന്നും യഅ്ഖൂബ് (അ) നബിക്കു ബോധ്യമായി. എങ്കിലും യഥാർത്ഥത്തിൽ സംഭവിച്ചതെന്താണെന്നു അദ്ദേഹത്തിനു അറിഞ്ഞുകൂടാ. മറഞ്ഞകാര്യം ആർക്കും അറിയുകയില്ലല്ലോ. 83-ാം വചനത്തിൽ കാണാവുന്നതുപോലെ, ഒരിക്കൽ യഥാർത്ഥം പുലരുമെന്നും, യൂസുഫിനു നല്ലൊരു ഭാവി അല്ലാഹു നൽകുമെന്നുമുള്ള സൽപ്രതീക്ഷ അദ്ദേഹത്തിനു എപ്പോഴും ഉണ്ടായിരുന്നു. സംഭവിച്ചതെന്താണെന്നു അറിയാതിരിക്കെ, എന്നി ഭംഗിയായി ക്ഷമിക്കയും–അസ്വാസ്ഥ്യവും പൊറുതികേടും കാണിക്കാതെ സംയമനം പാലിച്ചുകൊണ്ടിരിക്കുകയും–എല്ലാം അല്ലാഹുവിൽ ഭരമേല്പിച്ചുകൊണ്ടു അവനോടു സഹായം തേടുകയുമല്ലാതെ മററു പോംവഴികളൊന്നുമില്ലെന്നു അദ്ദേഹം സമാധാനിച്ചു.

കിണററിലിട്ട ശേഷമുണ്ടായ കഥ അല്ലാഹു വിവരിക്കുന്നു:–

١٩- وَجَاءَتْ سَيَّارَةٌ
فَأَرْسَلُوا وَارِدَهُمْ فَأَدْلَىٰ دَلْوَهُ ۖ
قَالَ يَا بُشْرَىٰ هَٰذَا غُلَامٌ ۚ
وَأَسَرُّوهُ بِضَاعَةً ۚ
وَاللَّهُ عَلِيمٌ بِمَا يَعْمَلُونَ ○

19. ഒരു യാത്രാസംഘം വന്നു; എന്നിട്ട് അവരുടെ വെള്ളംകോരിയെ അവർ (വെള്ളത്തിനു) അയച്ചു; അവൻ അവന്റെ തൊട്ടി (കിണററിൽ) ഇറക്കി. അവൻ പറഞ്ഞു: 'സന്തോഷമേ! ഇതാ, ഒരു ബാലൻ!!' അവർ അദ്ദേഹത്തെ (എടുത്തു) ഒരു (കച്ചവട) ചരക്കായി ഒളിച്ചുവെക്കുകയും ചെയ്തു. അല്ലാഹുവാകട്ടെ, അവർ പ്രവർത്തിക്കുന്നതിനെപ്പററി അറിയുന്നവനാണ്.

٢٠- وَشَرَوْهُ بِثَمَنٍ بَخْسٍ دَرَاهِمَ مَعْدُودَةٍ ۚ وَكَانُوا فِيهِ مِنَ الزَّاهِدِينَ ۝

20. അവർ അദ്ദേഹത്തെ ഒരു നിസ്സാര വിലക്ക—എണ്ണി കണക്കാക്കപ്പെട്ട [അൽപമായ] വെള്ളിപ്പണത്തിനു—വിൽക്കുകയും ചെയ്തു. അവർ അദ്ദേഹത്തിൻെറ കാര്യത്തിൽ താല്പര്യമില്ലാത്തവരിൽ പെട്ടവരായിരുന്നുതാനും.

---

19. وَجَاءَتْ വന്നു سَيَّارَةٌ ഒരു യാത്രാ സംഘം فَأَرْسَلُوا എന്നിട്ടവർ അയച്ചു وَارِدَهُمْ അവരുടെ (വക) വെള്ളത്തിനു പോകുന്നവനെ فَأَدْلَىٰ എന്നിട്ടവൻ താഴ്ത്തി, ഇറക്കി دَلْوَهُ അവൻെറ തൊട്ടി قَالَ അവൻ പറഞ്ഞു يَا بُشْرَىٰ സന്തോഷമേ هَٰذَا غُلَامٌ ഇതാ ഒരു ബാലൻ, ആൺകുട്ടി وَأَسَرُّوهُ അവർ അദ്ദേഹത്തെ രഹസ്യമാക്കി (ഒളിച്ചു—സ്വകാര്യമാക്കി) വെക്കുകയും ചെയ്തു بِضَاعَةً ഒരു ചരക്കായി وَاللَّهُ അല്ലാഹുവാകട്ടെ عَلِيمٌ അറിയുന്നവനാണു بِمَا يَعْمَلُونَ അവർ പ്രവർത്തിക്കുന്നതിനെപ്പററി 20. وَشَرَوْهُ അവർ അദ്ദേഹത്തെ വിററു بِثَمَنٍ ഒരു വിലക്ക بَخْسٍ നിസ്സാരമായ, തുച്ഛമായ دَرَاهِمَ അതായതു ദിർഹമു(വെള്ളിപ്പണം) കൾക്ക مَعْدُودَةٍ എണ്ണികണക്കാക്കപ്പെട്ട وَكَانُوا അവരായിരുന്നുതാനും فِيهِ അദ്ദേഹത്തി(ൻെറ കാര്യത്തി)ൽ مِنَ الزَّاهِدِينَ ത്യാഗികളിൽ(താൽപര്യമില്ലാത്ത—ആവശ്യമില്ലാത്തവരിൽ)പെട്ടവർ

ആ വഴിക്കു വന്ന ഒരു യാത്രാസംഘം അവർക്ക വെള്ളം കൊണ്ടുവരുവാൻ നിയോഗിക്കപ്പെട്ടിരുന്ന ആളെ വെള്ളത്തിനയച്ചു. അവൻ ആ കിണററിൽനിന്നു വെള്ളമെടുക്കുവാൻ വെള്ളത്തൊട്ടി കിണററിലിറക്കി, യൂസുഫ് (അ) അതിൻമേൽ പിടികൂടി. അതുകണ്ട് വെള്ളക്കാരന് അൽഭുതവും സന്തോഷവുമായി. ഹാ! സന്തോഷം! ഇതാ ഒരു പയ്യൻ! എന്നു വിളിച്ചു പറഞ്ഞു: അദ്ദേഹത്തെ കിണററിൽനിന്നു കയററി വിൽപനക്കായി, ഒരു കച്ചവടച്ചരക്കാക്കി—ആരും അറിയാതെ—ഒളിച്ചുവെക്കുകയാണവർ ചെയ്തതു. പിന്നീടു വളരെ തുച്ഛം വിലക്കു വിൽക്കുകയും ചെയ്തു. അദ്ദേഹത്തെ വിററവർക്കു അദ്ദേഹത്തിൽ പ്രത്യേക താൽപര്യമൊന്നുമുണ്ടായിരുന്നില്ല. അതുകൊണ്ടാണവർ തുച്ഛം വിലക്കു വിററതു. ഇതെല്ലാം അല്ലാഹു അറിഞ്ഞും കണ്ടുംകൊണ്ടു തന്നെയാണു നടന്നതു. അതിലൊക്കെ അവന് ചില യുക്തികളും പരിപാടികളും കരുതിവെച്ചിട്ടുണ്ടായിരുന്നു എന്നൊക്കെയാണു ഈ വചനങ്ങളിൽ പറഞ്ഞതിൻെറ ചുരുക്കം.

'ദിർഹം' (വെള്ളിപ്പണം) നാൽപതുവരെ എണ്ണം കൊണ്ടും, നാൽപതുമുതൽ തൂക്കം കൊണ്ടുമായിരുന്നു കണക്കാക്കപ്പെട്ടിരുന്നത്. അതുകൊണ്ട് അൽപം ദിർഹമുകൾ എന്ന അർത്ഥത്തിൽ مَعْدُودَة (എണ്ണി കണക്കാക്കപ്പെട്ടതു) എന്നു പറയപ്പെടുന്നു. ഇതിൽനിന്നു നാൽപതിൽ താഴെയുള്ള വെള്ളിപ്പണത്തിനാണു അദ്ദേഹത്തെ വിററതെന്നു മനസ്സിലാക്കാവുന്നതാണ്. ഇരുപതെന്നും, പതിനെട്ടെന്നുമൊക്കെ പറയപ്പെട്ടിട്ടുണ്ട്. സംഖ്യ കൃത്യമായി അറിഞ്ഞതുകൊണ്ടു പ്രത്യേക പ്രയോജനമൊന്നുമില്ലല്ലോ.

أَسَرُّوهُ بِضَاعَةً (അദ്ദേഹത്തെ അവർ ഒരു ചരക്കായി ഒളിച്ചുവെച്ചു) എന്നും, شَرَوْهُ (അവർ അദ്ദേഹത്തെ വിററു) എന്നുമുള്ള ക്രിയയുടെ കർത്താക്കൾ—അഥവാ ഒളിച്ചുവെച്ചതും, വിൽപന നടത്തിയതും—ആരാണെന്നുള്ളതിൽ രണ്ടഭിപ്രായമുണ്ട്: അതായതു രണ്ടും കച്ചവടസംഘമാണെന്നും, അതല്ല, യൂസുഫ് (അ)ൻെറ സഹോദരൻമാരാണെന്നും. ഒന്നാമത്തെ അഭിപ്രായമാണു അധിക വ്യാഖ്യാതാക്കളും സ്വീകരിച്ചു കാണുന്നതു. സന്ദർഭത്തോടും ആയത്തിൻെറ വാചകത്തോടും യോജിച്ചതും അതത്രെ. ഇതനുസരിച്ചു ആയത്തിൻെറ വിശദീകരണം ഇപ്രകാരമായിരിക്കും: കച്ചവടസംഘം കിണററിൽ നിന്നു യൂസുഫു (അ)നെ കണ്ടെടുത്ത ഉടനെ—അദ്ദേഹത്തെ വിട്ടയക്കുകയോ അദ്ദേഹത്തെപ്പററി അന്വേഷണം നടത്തുകയോ ചെയ്യാതെ—ഒരു കച്ചവടച്ചരക്കായി ഒളിച്ചുവെച്ചു. ശാമിൽനിന്നു ഈജിപ്തിലേക്കു പോകുകയായിരുന്ന അവർ അദ്ദേഹത്തെ അവിടെകൊണ്ടുപോയി തുച്ഛം വിലക്കു വിററു. വലിയ ഒരു സംഖ്യ കിട്ടണമെന്നുള്ള താൽപര്യമൊന്നും അവർക്കുണ്ടായിരുന്നില്ല. കച്ചവടസംഘം കിണററിൽ നിന്നെടുത്ത കുട്ടി ആരും അറിയാതെ ഒളിച്ചുകൊണ്ടുപോയതായിരുന്നാലും, ഉടമസ്ഥൻമാരിൽനിന്നു വിലക്കുവാങ്ങിക്കൊണ്ടുപോയതായിരുന്നാലും ശരി—അവസാനം അവർ അദ്ദേഹത്തെ ഈജിപ്തിൽ കൊണ്ടുപോയി വിൽക്കുക തന്നെ ചെയ്തു.

വിഭാഗം–3

21. മിസ്വ്‌റില്‍ [ഈജിപ്‌തില്‍]നിന്ന് അദ്ദേഹത്തെ (വിലക്ക്) വാങ്ങിയവന്‍ തന്റെ സ്ത്രീ [ഭാര്യ]യോട് പറഞ്ഞു: 'ഇവന്റെ (നമ്മുടെ കൂടെയുള്ള) താമസത്തെ നീ മാന്യമാക്കണം; അവന്‍ നമുക്ക് പ്രയോജനപ്പെട്ടേക്കാം. അല്ലെങ്കില്‍, നമുക്കവനെ ഒരു (സന്താനം) കുട്ടിയാക്കി വെക്കാം.'

അപ്രകാരം, യൂസുഫിനു ഭൂമിയില്‍ നാം സൗകര്യമുണ്ടാക്കിക്കൊടുത്തു. വര്‍ത്തമാനങ്ങളുടെ വ്യാഖ്യാനത്തില്‍നിന്നും അദ്ദേഹത്തിനു നാം പഠിപ്പിക്കുവാന്‍ വേണ്ടിയും (കൂടി) ആകുന്നു (അതു). അല്ലാഹു തന്റെ കാര്യത്തില്‍ [കാര്യം നടപ്പില്‍ വരുത്തുന്നതില്‍] വിജയിക്കുന്നവനാകുന്നു. എങ്കിലും, മനുഷ്യരില്‍ അധികപേരും അറിയുന്നില്ല.

٢١- وَقَالَ الَّذِي اشْتَرَاهُ مِن مِّصْرَ لِامْرَأَتِهِ أَكْرِمِي مَثْوَاهُ عَسَىٰ أَن يَنفَعَنَا أَوْ نَتَّخِذَهُ وَلَدًا ۚ وَكَذَٰلِكَ مَكَّنَّا لِيُوسُفَ فِي الْأَرْضِ وَلِنُعَلِّمَهُ مِن تَأْوِيلِ الْأَحَادِيثِ ۚ وَاللَّهُ غَالِبٌ عَلَىٰ أَمْرِهِ وَلَٰكِنَّ أَكْثَرَ النَّاسِ لَا يَعْلَمُونَ ○

22. അദ്ദേഹം തന്റെ പൂര്‍ണ്ണശക്തി [പ്രാപ്ത പ്രായം] പ്രാപിച്ചപ്പോള്‍, അദ്ദേഹത്തിനു നാം വിജ്ഞാനവും അറിവും നല്‍കി. അപ്രകാരം, സുകൃതം ചെയ്യുന്നവര്‍ക്ക് നാം പ്രതിഫലം നല്‍കുന്നതാണ്.

٢٢- وَلَمَّا بَلَغَ أَشُدَّهُ آتَيْنَاهُ حُكْمًا وَعِلْمًا ۚ وَكَذَٰلِكَ نَجْزِي الْمُحْسِنِينَ ○

---

21. [illegible] വാങ്ങിയവന്‍ പറഞ്ഞു [illegible] അദ്ദേഹത്തെ വാങ്ങിയ [illegible] മിസ്വ്‌റി(ഈജിപ്റ്റി)ല്‍ നിന്നു [illegible] തന്റെ സ്ത്രീയോടു, ഭാര്യയോടു [illegible] നീ ആദരിക്കുക, മാന്യമാക്കണം [illegible] അവന്റെ താമസം, പാര്‍പ്പിടത്തെ [illegible] ആയേക്കാം [illegible] അവന്‍ നമുക്ക് പ്രയോജനപ്പെടുക [illegible] അല്ലെങ്കില്‍ നമുക്കവനെ ആക്കാം [illegible] ഒരു സന്താനം, കുട്ടി [illegible] അപ്രകാരം [illegible] നാം സ്ഥിരം (സൗകര്യം—സ്ഥാനം—ഇടം) നല്‍കി [illegible] യൂസുഫിനു [illegible] ഭൂമിയില്‍ [illegible] അദ്ദേഹത്തിനു നാം പഠിപ്പിക്കുവാന്‍ വേണ്ടിയും [illegible] വ്യാഖ്യാനത്തില്‍ (പൊരുളില്‍)നിന്നു [illegible] വര്‍ത്തമാനങ്ങളുടെ, വിഷയങ്ങളുടെ [illegible] അല്ലാഹു, അല്ലാഹുവാകട്ടെ [illegible] ജയിക്കുന്നവനാണ് [illegible] അവന്റെ കാര്യത്തില്‍, കാര്യത്തിനു [illegible] എങ്കിലും, പക്ഷെ [illegible] അധികവും (അധികമാളും) [illegible] മനുഷ്യരില്‍ [illegible] അറിയുകയില്ല, അവര്‍ക്കറിയുകയില്ല 22. [illegible] അദ്ദേഹം എത്തിയ (പ്രാപിച്ച)പ്പോള്‍ [illegible] അദ്ദേഹത്തിന്റെ പൂര്‍ണ്ണശക്തി [illegible] അദ്ദേഹത്തിനു നാം നല്‍കി [illegible] അറിവും, ജ്ഞാനവും [illegible] അപ്രകാരം, അതുപോലെയത്രെ [illegible] വിജ്ഞാനം, വിധി [illegible] (നന്മ—സല്‍ഗുണം) ചെയ്യുന്നവര്‍ക്ക് [illegible] നാം പ്രതിഫലം കൊടുക്കുന്നു

യൂസുഫ് (അ) [illegible]

മുതലായി മനസ്സിലാക്കി അതിന്റെ പത്നിയായ ഗൃഹനായികയോട് അവനു സുഖിപ്പിക്കുകയും, അവനെ ഇവിടെ മാന്യമായ നിലക്കു വീട്ടിൽ പാർപ്പിക്കണമെന്നു ഉപദേശിക്കുകയും ചെയ്തു. ആ സ്ത്രീയുടെ പേര് സുലൈഖാ (زليخا) എന്നാണ് പരക്കെ അറിയപ്പെടുന്നത്. റാഇൽ (راعيل) എന്നായിരുന്നുവെന്നും, അവളുടെ ഒരു ഇരട്ട പേരായിരുന്നു സുലൈഖാ എന്നും പറയപ്പെട്ടിട്ടുണ്ട്. والله أعلم

ഇതുവരെ പറഞ്ഞുവന്ന കഷ്ടാവസ്ഥകളിൽ നിന്നെല്ലാം രക്ഷപ്പെടുത്തി യൂസുഫിനെ ഈജിപ്തിൽ മാന്യമായ ഒരു നിലപാടിലെത്തിച്ചതിൽ അല്ലാഹു പല യുക്തികളും കണ്ടുവെച്ചിട്ടുണ്ട്; അദ്ദേഹത്തിനു സ്വപ്ന വ്യാഖ്യാനം മുതലായ വൈജ്ഞാനിക യാഥാർത്ഥ്യങ്ങൾ പലതും പഠിക്കുവാനും, പരിചയിക്കുവാനും സൗകര്യമുണ്ടാകും; അല്ലാഹു നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്ന കാര്യപരിപാടികളെല്ലാം അവൻ ഒരു വിഘ്നവും കൂടാതെ നടപ്പിലാക്കുക തന്നെ ചെയ്യും; പക്ഷെ, മിക്ക ആളുകൾക്കും അതു മനസ്സിലാക്കുവാൻ കഴിയുകയില്ല എന്നൊക്കെയാണു ആദ്യത്തെ വചനത്തിൽ തുടർന്നു പറഞ്ഞതിന്റെ സാരം. ശാരീരികവും, ബുദ്ധിപരവുമായ പൂർണ്ണശക്തി പ്രാപിക്കുന്നതിനു മുമ്പു അങ്ങനെ പലതും കഴിഞ്ഞു. പൂർണ്ണശക്തിയും പക്വതയും പ്രാപിച്ചു കഴിഞ്ഞതോടുകൂടി അദ്ദേഹത്തിനു അറിവ്, യുക്തിജ്ഞാനം, കാര്യങ്ങളിൽ തീരുമാനം കാണുവാനുള്ള വൈഭവം ആദിയായവ നൽകി അനുഗ്രഹിക്കുകയും ചെയ്തു എന്നൊക്കെയാണു രണ്ടാമത്തെ വചനത്തിൽ പറഞ്ഞതിന്റെ സാരം.

ശാരീരികവും മാനസികവുമായ പൂർണ്ണത പ്രാപിക്കൽ (بلوغ الأشد) ഏറെക്കുറെ മുപ്പതിനും നാല്പതിനും ഇടക്കുള്ള പ്രായത്തിലായിരിക്കും. ഒരു നിശ്ചിത വയസ്സിൽ പരിമിതമല്ല താനും. 'അദ്ദേഹത്തിനു വിജ്ഞാനവും അറിവും നൽകി' എന്നു പറഞ്ഞതിന്റെ താൽപര്യം പ്രവാചകത്വം നൽകി എന്നാണെന്നും, മുപ്പതോ മുപ്പത്തിമൂന്നോ വയസ്സുള്ളപ്പോൾ അദ്ദേഹത്തിനു പ്രവാചകത്വം ലഭിച്ചിരുന്നുവെന്നും ചിലർ അഭിപ്രായപ്പെടുന്നു. അല്ലാഹുവിന്നറിയാം. പൂർണ്ണത പ്രാപിച്ചശേഷം നൽകപ്പെട്ട 'വിജ്ഞാനവും അറിവും' കൊണ്ട് ഉദ്ദേശിക്കപ്പെട്ടതു പ്രവാചകത്വം ആയിരുന്നാലും അല്ലെങ്കിലും ശരി, അടുത്ത വചനത്തിലും തുടർന്നുള്ള ഏതാനും വചനങ്ങളിലും പ്രസ്താവിക്കപ്പെട്ട സംഭവങ്ങൾ അതിനു മുമ്പു സംഭവിച്ചവയാണെന്നുള്ളതിൽ സംശയമില്ല. അദ്ദേഹം അസീസിന്റെ വീട്ടിൽ മാന്യമായി ജീവിച്ചുകൊണ്ടിരിക്കുമ്പോൾ ഉണ്ടായ ഒരു പ്രധാന സംഭവമാണു അടുത്ത വചനത്തിൽ കാണുന്നത്:—

٢٣- وَرَاوَدَتْهُ الَّتِي هُوَ فِي بَيْتِهَا عَن نَّفْسِهِ وَغَلَّقَتِ الْأَبْوَابَ وَقَالَتْ هَيْتَ لَكَ ۚ قَالَ مَعَاذَ اللَّهِ ۖ إِنَّهُ رَبِّي أَحْسَنَ مَثْوَايَ ۖ إِنَّهُ لَا يُفْلِحُ الظَّالِمُونَ ○

23. അദ്ദേഹം യാതൊരുവളുടെ വീട്ടിലാണോ അവൾ അദ്ദേഹത്തെ വശീകരിക്കുവാൻ [അധീനപ്പെടുത്തുവാൻ] ശ്രമം നടത്തി.

അവൾ വാതിലുകൾ (അടച്ചു) പൂട്ടുകയും ചെയ്തു.

'ഇങ്ങോട്ടുവാ!' എന്നു അവൾ പറയുകയും ചെയ്തു.

അദ്ദേഹം പറഞ്ഞു: അല്ലാഹുവിൽ ശരണം! നിശ്ചയമായും അവൻ, എന്റെ രക്ഷിതാവാണ്; എന്റെ താമസം (ഇവിടെ) അവൻ നന്നാക്കി തന്നിരിക്കുന്നു നിശ്ചയമായും കാര്യം: അക്രമം പ്രവർത്തിക്കുന്നവർ വിജയിക്കുകയില്ല.'

---

23. وراودته അദ്ദേഹത്തോടു വശീകരണശ്രമം നടത്തി (നയത്തിൽ തന്ത്രം പ്രയോഗിച്ചു) التي യാതൊരുവൾ هو അദ്ദേഹം في بيتها അവളുടെ വീട്ടിലാണു عن نفسه അദ്ദേഹത്തിനുവേണ്ടി (വശീകരണാർത്ഥം) وغلقت അവൾ (അടച്ചു) പൂട്ടുകയും ചെയ്തു الأبواب വാതിലുകളെ وقالت അവൾ പറയുകയും ചെയ്തു هيت لك ഇങ്ങോട്ടുവാ, നീ വാ قال അദ്ദേഹം പറഞ്ഞു معاذ الله അല്ലാഹുവിൽ ശരണം, അല്ലാഹുവിന്റെ രക്ഷ إنه നിശ്ചയമായും അവൻ, അദ്ദേഹം ربي എന്റെ രക്ഷിതാവാണ്, യജമാനനാണു أحسن അവൻ (അദ്ദേഹം) നന്നാക്കിയിരിക്കുന്നു مثواي എന്റെ താമസത്തെ, പാർപ്പിടം إنه നിശ്ചയമായും അതു (കാര്യം) لا يفلح വിജയിക്കുകയില്ല الظالمون അക്രമം ചെയ്യുന്നവർ.

മനസ്സാളുടെ ഉദ്ദേശത്തിന്നെതിരായി അവരെ സാഹസികതയിലും നാശത്തിലും പാട്ടിലാക്കുവാൻ ശ്രമം നടത്തുന്നതിനു مراودة (കുറവെത്ത്) എന്നു പറയപ്പെടുന്നു. ഇതിന്റെ ക്രിയാരൂപമാണ് راود (റാവദ), അതോടൊപ്പം عن (അൻ) എന്ന അവ്യയം ചേർത്തുകൊണ്ട് ആരെ വശീകരിക്കുവാനാണോ ശ്രമിക്കുന്നതെങ്കിൽ അയാളുടെ പേരും പറയപ്പെടും. ....ربي انه എന്ന വാക്യത്തിനു രണ്ടു പ്രകാരത്തിൽവിവക്ഷ നൽകപ്പെടാവുന്നതാണ്: 1. അവൻ–അതായതു അല്ലാഹു–എന്റെ രക്ഷിതാവാണെന്ന്, എനിക്കിവിടെ മാന്യമായി കഴിഞ്ഞുകൂടുവാനുള്ള അവസരം അവനാണു ഉണ്ടാക്കിത്തന്നത് അതുകൊണ്ട് അവൻ ഇഷ്ടപ്പെടാത്ത വിഷയത്തിൽ ഞാൻ പ്രവേശിക്കുകയില്ല. 2. അദ്ദേഹം– അതായതു വീട്ടു നായകനും നിങ്ങളുടെ ഭർത്താവുമായ മാന്യൻ–എന്റെ രക്ഷിതാവാണ്. അഥവാ എന്നെ വാങ്ങിക്കൊണ്ടു വന്നു മാന്യമായ സ്ഥിതിയിലാക്കിയ യജമാനനാണ്. നിങ്ങളുടെ ആവശ്യത്തിനു വഴങ്ങി അദ്ദേഹത്തെ വഞ്ചിക്കുവാൻ ഞാൻ തയ്യാറില്ല.

24. തീർച്ചയായും, അവൾ അദ്ദേഹത്തെക്കുറിച്ച് (ചിലതു) ഉദ്ദേശിക്കുകയുണ്ടായി; അദ്ദേഹം അവളെക്കുറിച്ചും (ചിലതു) ഉദ്ദേശിച്ചു; തന്റെ റബ്ബിന്റെ (വക) ദൃഷ്ടാന്തം അദ്ദേഹം കണ്ടിട്ടില്ലായിരുന്നുവെങ്കിൽ...! [അതു സംഭവിക്കുമായിരുന്നു!]

٢٤- وَلَقَدْ هَمَّتْ بِهِۦ ۖ وَهَمَّ بِهَا لَوْلَآ أَن رَّءَا بُرْهَـٰنَ رَبِّهِۦ ۚ

അപ്രകാരം (ചെയ്തത്), അദ്ദേഹത്തിൽ നിന്നു നാം തിന്മയും, നീചവൃത്തിയും തിരിച്ചുകളയുവാൻവേണ്ടിയാണ്.

كَذَٰلِكَ لِنَصْرِفَ عَنْهُ ٱلسُّوٓءَ وَٱلْفَحْشَآءَ ۚ

(കാരണം) നിശ്ചയമായും, അദ്ദേഹം നമ്മുടെ നിഷ്കളങ്കരാക്കപ്പെട്ട അടിയാൻമാരിൽ പെട്ടവനാകുന്നു.

إِنَّهُۥ مِنْ عِبَادِنَا ٱلْمُخْلَصِينَ ○

---

24. ولقد همت അവൾ തീർച്ചയായും കരുതി, ഉദ്ദേശിക്കുകയുണ്ടായി به അദ്ദേഹത്തെപ്പറ്റി وهم അദ്ദേഹവും കരുതി, ഉദ്ദേശിച്ചു بها അവളെപ്പറ്റി لولا ഇല്ലായിരുന്നുവെങ്കിൽ ان رأى അദ്ദേഹം കണ്ടു(വെന്നതു), കാണൽ برهان ദൃഷ്ടാന്തം, തെളിവു ربه തന്റെ റബ്ബിന്റെ كذلك അപ്രകാരം لنصرف നാം തിരിച്ചുകളയുവാൻ വേണ്ടിയാണു عنه അദ്ദേഹത്തിൽ നിന്നു السوء തിൻമയെ والفحشاء നീചവൃത്തിയെയും انه നിശ്ചയമായും അദ്ദേഹം من عبادنا നമ്മുടെ അടിയാൻമാരിൽ പെട്ടവനാണു المخلصين നിഷ്കളങ്കരാക്കപ്പെട്ട (കറകളഞ്ഞ–സത്തായ) വരായ

ولقد همت به (അവൾ അദ്ദേഹത്തെപ്പറ്റി ഉദ്ദേശിച്ചു) എന്നു പറഞ്ഞതിന്റെ താൽപര്യം, അവൾ യൂസുഫുമായി സ്വകാര്യബന്ധത്തിൽ ഏർപ്പെടുവാൻ ഉദ്യമിച്ചുവെന്നും, അതിനു വിസമ്മതിക്കുന്നപക്ഷം അദ്ദേഹത്തിനെതിരെ പ്രതികാര നടപടി എടുക്കണമെന്നുദ്ദേശിച്ചുവെന്നും ആയിരിക്കാവുന്നതാണ് ... وهم بها (അദ്ദേഹം അവളെപ്പറ്റിയും ഉദ്ദേശിച്ചു.......) എന്നു പറഞ്ഞതിന്റെ താൽപര്യം മനിലധികം പ്രകാരത്തിൽ വിവരിക്കപ്പെട്ടിരിക്കുന്നു. അവയിൽ പ്രസ്താവയോഗ്യമായതു രണ്ടഭിപ്രായങ്ങളാണ്. (1) അവളുടെ ദുഷ്പെരുമാറ്റത്തിനെതിരെ വല്ല പ്രതികാരവും നടത്തുവാൻ അദ്ദേഹവും ഉദ്ദേശിച്ചു. എങ്കിലും അല്ലാഹുവിങ്കൽ നിന്നുള്ള ദൃഷ്ടാന്തം കണ്ടതുകൊണ്ടു അതു ചെയ്‌വാൻ ഇടവന്നില്ല. അദ്ദേഹം അവളിൽനിന്നു ഒഴിഞ്ഞുമാറുക മാത്രമാണു ചെയ്തത്. (2) ഇച്ഛാനുസരണമോ താൽപര്യപൂർവ്വമോ അല്ലാതെ,–മനുഷ്യസഹജമായ സ്വഭാവപ്രകൃതിയനുസരിച്ച്–അദ്ദേഹത്തിന്റെ മനസ്സിലും വികാരവും ചായ്‌വുമുണ്ടായി. അപ്പോഴേക്കും അദ്ദേഹം അല്ലാഹുവിന്റെ ദൃഷ്ടാന്തം കാണുകയുണ്ടായി. അതുകൊണ്ടു വികാരത്തിനു വഴങ്ങുകയോ ചായ്‌വ് പ്രകടിപ്പിക്കുകയോ ചെയ്തില്ല. സ്വയം ശുദ്ധത പാലിക്കുകയാണു ചെയ്തത്.

ഈ രണ്ടാമത്തെ വ്യാഖ്യാനം യൂസുഫ് (അ) ന്റെ പരിശുദ്ധതക്കും നിഷ്കളങ്കതക്കും യോജിച്ചതല്ലെന്ന് പ്രഥമ വീക്ഷണത്തിൽ ഒരു പക്ഷേ തോന്നിയേക്കാം. വാസ്തവത്തിൽ, അദ്ദേഹത്തിന്റെ നിഷ്കളങ്കതക്കും പരിശുദ്ധതക്കും മാറ്റുകൂട്ടുന്ന ഒരു തെളിവായിരിക്കും അതു. ശാരീരികമോ, മാനസികമോ ആയ വികാരവികാ...

ഉണ്ടാകുന്നതും മനസ്സിൽ ഉദ്ദേശിക്കുന്നതും നിമിത്തം മനുഷ്യൻ പാപങ്ങളിൽനിന്നു ഒഴിഞ്ഞു നിൽക്കുന്നതു അവരുടെ ഒരു ഉൽകൃഷ്ടതയായി കണക്കാക്കുവാനില്ല. നേരെമറിച്ച് പ്രകൃതിസഹജമായുണ്ടാകുന്ന വികാരങ്ങളെ ഉൾക്കൊണ്ടിരിക്കുകയും, അവ പ്രകടമാക്കുകയും പ്രവർത്തനത്തിൽ കൊണ്ടുവരുകയും ചെയ്‌വാനുള്ള അവസരം ലഭിക്കുകയും ചെയ്തിട്ടും—ഭവിഷ്യൽ ഫലം ഓർത്ത് മനപൂർവ്വം—പിൻമാറി നിൽക്കുന്നതിലാണു യോഗ്യതയും ഉൽകൃഷ്ടതയുമുള്ളത്. 'ഒരാൾ ഒരു തിൻമ ചെയ്യുവാൻ ഉദ്ദേശിച്ചിട്ട് അതു പ്രവർത്തിക്കാത്തപക്ഷം അതവന്നു ഒരു നന്മയായി രേഖപ്പെടുത്തുന്നതാണ്.' എന്നു ബുഖാരി, മുസ്‌ലിം (റ) മുതലായവർ രേഖപ്പെടുത്തിയ പ്രസിദ്ധമായ ഒരു ഹദീസിൽ വന്നിട്ടുള്ളതു പ്രസ്താവ്യമാകുന്നു. ഇമാം സമഖ്ശരി (റ)യും മറ്റു ചിലരും ശരിവെക്കുന്നതും, സ്വീകരിക്കുന്നതും ഈ അഭിപ്രായത്തെയാണ്. മൂന്നാമത്തെ അഭിപ്രായം ഇബ്നുകഥീർ (റ) ഉദ്ധരിച്ചു കാണാം. അല്ലാഹുവിൽ നിന്നുള്ള ദൃഷ്ടാന്തം അദ്ദേഹം കണ്ടതുകൊണ്ടു അദ്ദേഹം അവളെപ്പറ്റി യാതൊന്നും ഉദ്ദേശിക്കുകയുണ്ടായില്ല എന്നാണത്. ഇതനുസരിച്ച് وهم بها لولا أن رأى برهان ربه എന്നുള്ള വാക്യത്തിനു ഇങ്ങിനെ വിവർത്തനം നൽകാം: 'തന്റെ റബ്ബിന്റെ ദൃഷ്ടാന്തം അദ്ദേഹം കണ്ടില്ലായിരുന്നുവെങ്കിൽ അവളെപ്പറ്റി അദ്ദേഹവും ഉദ്ദേശിക്കുമായിരുന്നു.' ഈ അഭിപ്രായം അറബി വ്യാകരണ നിയമപ്രകാരം ആലോചിക്കപ്പെടേണ്ടതുണ്ടെന്നും ചൂണ്ടിക്കാണിക്കപ്പെടുന്നു.

യൂസുഫ് (അ) കണ്ടുവെന്നു പറഞ്ഞ ആ ദൃഷ്ടാന്തം (برهان) എന്തായിരുന്നു? പലരും പല പ്രകാരത്തിൽ അതിനെ വിവരിച്ചിരിക്കുന്നതു കാണാം. ഒന്നിനും പ്രത്യേകം തെളിവുകളില്ല താനും. യൂസുഫ് (അ) ന്റെ മനസ്സിൽ ആ അവസരത്തിൽ എന്തോ ചില വിചാരങ്ങൾ ഉണ്ടായി. അപ്പോഴേക്കും അല്ലാഹുവിനെക്കുറിച്ചുള്ള ബോധവും, ഭവിഷ്യത്തിനെക്കുറിച്ചുള്ള ഭയവും അദ്ദേഹത്തിനുണ്ടായി. അങ്ങനെ, ആ വിചാരത്തിൽനിന്നു അദ്ദേഹം വിമുക്തനാകുകയും ചെയ്തു എന്നു മൊത്തത്തിൽ മനസ്സിലാക്കാം. ദൃഷ്ടാന്തം വിവരിച്ചുകൊണ്ടുള്ള പല അഭിപ്രായങ്ങളും ഉദ്ധരിച്ചശേഷം ഇബ്നുജരീർ (റ) പറയുകയാണ്: 'യൂസുഫ് (അ) ഉദ്ദേശിച്ച കാര്യത്തിൽ നിന്ന് ഒഴിഞ്ഞു നിൽക്കുവാൻ പ്രചോദനം നൽകുമാറ് അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽപെട്ട ഒരു ദൃഷ്ടാന്തം അദ്ദേഹം കാണുകയുണ്ടായി. അതു അവയിൽ ഏതെങ്കിലും ഒന്നായിരിക്കാം, അല്ലാതെയുമായിരിക്കാം. ഒന്നും നിജപ്പെടുത്തുവാൻ തക്ക തെളിവില്ല. ഇതാണു വാസ്തവം.' അപ്രകാരം ചെയ്തതു അദ്ദേഹത്തിൽനിന്നു തിൻമയും, നീചവൃത്തിയും തിരിച്ചു കളയുവാനാണെന്നും, അദ്ദേഹം നമ്മുടെ നിഷ്കളങ്കരാക്കപ്പെട്ട അടിയനാണെന്നും (كذلك لنصرف عنه) അല്ലാഹു പറഞ്ഞതിൽനിന്നു തന്നെ—അൽപം ആലോചിക്കുന്നവർക്കു—ആ ദൃഷ്ടാന്തം കൊണ്ടുള്ള വിവക്ഷ ഏറെക്കുറെ മനസ്സിലാക്കാവുന്നതാണ്. പിന്നീട് സംഭവത്തിന്റെ തുടർന്നുള്ള ഭാഗം അടുത്ത വചനത്തിൽ അല്ലാഹു വിവരിക്കുന്നു:—

٢٥- وَاسْتَبَقَا الْبَابَ وَقَدَّتْ قَمِيصَهُ مِن دُبُرٍ وَأَلْفَيَا سَيِّدَهَا لَدَى الْبَابِ ۚ قَالَتْ مَا جَزَاءُ مَنْ أَرَادَ بِأَهْلِكَ سُوءًا إِلَّا أَن يُسْجَنَ أَوْ عَذَابٌ أَلِيمٌ

25. രണ്ടുപേരും വാതിൽക്കലേക്കു മത്സരിച്ചോടി;

അവൾ അദ്ദേഹത്തിന്റെ കുപ്പായം പിന്നിൽനിന്നു (പിടിച്ച്) കീറുകയും ചെയ്തു.

അവളുടെ നാഥനെ [ഭർത്താവിനെ] അവർ വാതിൽക്കൽ വെച്ചു കണ്ടെത്തുകയും ചെയ്തു.

(ഉടനെ) അവൾ പറഞ്ഞു: 'നിങ്ങളുടെ വീട്ടുകാരെക്കൊണ്ടു തിൻമ (ചെയ്യുവാൻ) ഉദ്ദേശിച്ചവന്റെ പ്രതിഫലം അല്ല, അവൻ തടവിലാക്കപ്പെടുകയോ, അല്ലെങ്കിൽ വേദനയേറിയ വല്ല ശിക്ഷയോ അല്ലാതെ (മറ്റൊന്നും).'

---

25. استبقا രണ്ടാളും മുൻകടന്നു വന്നു, (മത്സരിച്ചോടി) الباب വാതിൽക്കൽ, വാതിൽക്കലേക്കു قدت അവൾ കീറുകയും ചെയ്തു قميصه അദ്ദേഹത്തിന്റെ കുപ്പായം من دبر പിന്നിൽനിന്നു, പിന്നിലൂടെ ألفيا രണ്ടാളും കണ്ടെത്തുക (കണ്ടുമുട്ടുക)യും ചെയ്തു سيدها അവളുടെ നാഥനെ (യജമാനനെ) لدى الباب വാതിൽക്കൽവെച്ച്, വാതിലിന്നടുക്കൽ قالت അവൾ പറഞ്ഞു ما جزاء പ്രതിഫലമല്ല, എന്താണു പ്രതിഫലം من أراد ഉദ്ദേശിച്ചവന്റെ بأهلك താങ്കളുടെ വീട്ടുകാരെക്കൊണ്ടു سوءا തിൻമയെ إلا أن يسجن അവൻ തടവിലാക്ക (കാരാഗൃഹത്തിലാക്ക)പ്പെടുകയല്ലാതെ أو عذاب അല്ലെങ്കിൽ വല്ല ശിക്ഷയും أليم വേദനയേറിയ

പ്രശ്നത്തെ തന്റെ തലയില്‍നിന്നു ഒഴിവാക്കുവാന്‍ വേണ്ടി യൂസുഫ് (അ) വാതില്‍ക്കലേക്കു ഓടി. തന്റെ ആഗ്രഹം സാധിപ്പിക്കാതെ അവനെ വിട്ടുകൂടാ എന്നുവെച്ച് സ്ത്രീയാകട്ടെ പിന്നാലെ ഓടി. അവള്‍ അദ്ദേഹത്തിന്റെ കുപ്പായം പിന്നില്‍നിന്നു പിടിച്ചു വലിച്ചു, അതു കീറി. അപ്പോഴതാ അസീസ് - അവളുടെ ഭര്‍ത്താവ്— വാതില്‍ക്കല്‍! പെട്ടെന്നു ഒഴികഴിവു പറയാനുള്ള സാമര്‍ത്ഥ്യം സ്ത്രീ സഹജമാണല്ലോ. അവള്‍ യാഥാര്‍ത്ഥ്യം മറിച്ചു ഭര്‍ത്താവിനോടു പറഞ്ഞു: 'ഇതാ, ഇവന്‍ എന്റെ നേരെ ദുര്‍വൃത്തിക്കായി ശ്രമം നടത്തുന്നു. അതിനുവേണ്ടി എന്നെ പിടിച്ചു വലിക്കുന്നു. ഇവനെ ഒരിക്കലും വെറുതെ വിട്ടുകൂടാ. ഉന്നതരും മാന്യരുമായ നിങ്ങളുടെ പത്നിയെ [illegible] ചെയ്‌വാന്‍ ശ്രമം നടത്തുന്ന ഇവനെ തടവിലിടുകയോ, കഠിനമായി ശിക്ഷിക്കുകയോ ചെയ്യുക തന്നെ വേണം.' യൂസുഫ് (അ) സത്യാവസ്ഥ വിവരിച്ചു: —

٢٦- قَالَ هِيَ رَاوَدَتْنِي عَن نَّفْسِي
وَشَهِدَ شَاهِدٌ مِّنْ أَهْلِهَا
إِن كَانَ قَمِيصُهُ قُدَّ مِن قُبُلٍ
فَصَدَقَتْ
وَهُوَ مِنَ الْكَاذِبِينَ ۝

26. അദ്ദേഹം [യൂസുഫ്] പറഞ്ഞു: 'അവളത്രെ എന്നെ വശീകരിക്കുവാന്‍ [വശത്താക്കുവാന്‍] ശ്രമം നടത്തിയത്.' അവളുടെ ആള്‍ക്കാരില്‍നിന്നു ഒരാള്‍ (ഇങ്ങിനെ) സാക്ഷ്യം പറയുകയും ചെയ്തു: 'അവന്റെ കുപ്പായം മുന്നില്‍നിന്നു കീറപ്പെട്ടിരിക്കുകയാണെങ്കില്‍, അവള്‍ സത്യം പറഞ്ഞിരിക്കയാണു; അവന്‍ കളവു പറയുന്നവരില്‍ പെട്ടവനാകുന്നു.

٢٧- وَإِن كَانَ قَمِيصُهُ قُدَّ مِن دُبُرٍ
فَكَذَبَتْ وَهُوَ مِنَ الصَّادِقِينَ ۝

27. 'അവന്റെ കുപ്പായം പിന്നില്‍നിന്നു കീറപ്പെട്ടിരിക്കുകയാണെങ്കില്‍, അവള്‍ കളവു പറഞ്ഞിരിക്കുകയാണ്, അവന്‍ സത്യംപറയുന്നവരില്‍പ്പെട്ടവനുമാകുന്നു'.

٢٨- فَلَمَّا رَأَىٰ قَمِيصَهُ قُدَّ مِن دُبُرٍ
قَالَ إِنَّهُ مِن كَيْدِكُنَّ
إِنَّ كَيْدَكُنَّ عَظِيمٌ ۝

28. അങ്ങനെ, അദ്ദേഹത്തിന്റെ കുപ്പായം പിന്നില്‍നിന്നു കീറപ്പെട്ടതായി കണ്ടപ്പോള്‍ അദ്ദേഹം (ഭര്‍ത്താവ്) പറഞ്ഞു: 'നിശ്ചയമായും ഇതു, (സ്ത്രീകളായ) നിങ്ങളുടെ തന്ത്രത്തില്‍ പെട്ടതാണ്. നിശ്ചയമായും നിങ്ങളുടെ തന്ത്രം വമ്പിച്ചതാകുന്നു'.

---

26. قَالَ അദ്ദേഹം പറഞ്ഞു هِيَ അവള്‍, അവളത്രെ رَاوَدَتْنِي എന്നോടു വശീകരണശ്രമം നടത്തി,
വശത്താക്കുവാന്‍ ശ്രമം നടത്തിയതു عَن نَّفْسِي എനിക്കുവേണ്ടി (എന്നെ വശീകരിക്കുവാന്‍) وَشَهِدَ സാക്ഷ്യം
പറയുകയും ചെയ്തു شَاهِدٌ ഒരു സാക്ഷി مِّنْ أَهْلِهَا അവളുടെ ആള്‍ക്കാരില്‍നിന്നു, വീട്ടുകാരില്‍നിന്ന
إِن كَانَ ആകുന്നുവെങ്കില്‍ قَمِيصُهُ അവന്റെ കുപ്പായം قُدَّ കീറപ്പെട്ടിരിക്കുന്ന (വെങ്കില്‍) مِن قُبُلٍ മുന്നില്‍
(മുന്‍ഭാഗത്തു) നിന്ന فَصَدَقَتْ എന്നാല്‍ അവള്‍ സത്യം പറഞ്ഞു وَهُوَ അവനാകട്ടെ مِنَ الْكَاذِبِينَ കളവു
(വ്യാജം) പറയുന്നവരില്‍പെട്ടവന്‍ ആകുന്നു 27. وَإِن كَانَ ആണെങ്കിലോ قَمِيصُهُ അവന്റെ കുപ്പായം
قُدَّ കീറപ്പെട്ടിരിക്കുന്നു مِن دُبُرٍ പിന്നില്‍ നിന്നു فَكَذَبَتْ എന്നാല്‍ അവള്‍ കളവു പറഞ്ഞു وَهُوَ അവനാ
കട്ടെ مِنَ الصَّادِقِينَ സത്യം പറയുന്നവരില്‍പെട്ടവനാണു 28. فَلَمَّا رَأَىٰ അങ്ങനെ (എന്നിട്ടു) അദ്ദേഹം
കണ്ടപ്പോള്‍ قَمِيصَهُ അദ്ദേഹത്തിന്റെ കുപ്പായം قُدَّ കീറപ്പെട്ടുവെന്നു, കീറപ്പെട്ടതായി مِن دُبُرٍ പി
ന്നില്‍ നിന്ന قَالَ അദ്ദേഹം പറഞ്ഞു إِنَّهُ നിശ്ചയമായും അതു (ഇതു) مِن كَيْدِكُنَّ നിങ്ങളുടെ തന്ത്ര
ത്തില്‍ പെട്ടതാണു إِنَّ كَيْدَكُنَّ നിശ്ചയമായും നിങ്ങളുടെ തന്ത്രം عَظِيمٌ വമ്പിച്ചതാകുന്നു

അനന്തരം ഭാര്യയോടുമായി അദ്ദേഹം പറഞ്ഞു:—

29. 'യൂസുഫ്! നീ ഇതിനെപ്പറ്റി അവഗണിച്ചേക്കുക! '(സ്ത്രീയേ!) നീ നിന്റെ പാപത്തിനു പാപമോചനം തേടുകയും ചെയ്യുക; നിശ്ചയമായും നീ, തെറ്റുകാരിൽ പെട്ട വളായിരിക്കുന്നു'.

يُوسُفُ أَعْرِضْ عَنْ هَٰذَا ۚ وَاسْتَغْفِرِي لِذَنۢبِكِ ۖ إِنَّكِ كُنتِ مِنَ الْخَاطِئِينَ ٢٩

---

29. يُوسُفُ യൂസുഫ്, യൂസുഫേ أَعْرِضْ തിരിഞ്ഞുകളയുക, അവഗണിക്കുക عَنْ هَٰذَا ഇതിനെപ്പറ്റി وَاسْتَغْفِرِي നീ (സ്ത്രീ) പാപമോചനം തേടുകയും ചെയ്യുക لِذَنۢبِكِ നിന്റെ പാപത്തിനുവേണ്ടി إِنَّكِ നിശ്ചയമായും നീ كُنتِ നീ ആയിരിക്കുന്നു مِنَ الْخَاطِئِينَ തെറ്റുകാരിൽ (അപരാധക്കാരിൽ) പെട്ട(വൾ)

രണ്ടുപേരുടെയും മൊഴിയിൽ അവനവന്റെ നിരപരാധിത്വവും മറ്റേയാളുടെ മേലുള്ള ആരോപണവും ഉള്ള തുകൊണ്ടു രണ്ടുപേരുടെമേൽ കുറ്റം ചുമത്തുവാൻ എന്തെങ്കിലും തെളിവ് വേണമല്ലോ. സ്ത്രീയുടെ സ്വന്തക്കാരിൽ നിന്നുതന്നെ ഒരാൾ മുമ്പോട്ടുവന്നു. അവൻ അവളെ പിടികൂടുവാൻ ചെന്നതാണെങ്കിൽ കുപ്പായത്തിന്റെ മുൻവശവും, അവൾ അവനെ പിടികൂടുവാൻ ചെന്നതാണെങ്കിൽ കുപ്പായത്തിന്റെ പിൻവശവുമായിരിക്കും കീറിയിരിക്കുക എന്നു പറഞ്ഞു. നിഷ്പക്ഷമായ ഒരു തെളിവ് സമർപ്പണമാണല്ലോ ഇത്. നോക്കുമ്പോൾ കുപ്പായം കീറിയിരുന്നതു പിൻഭാഗത്തായിരുന്നു. ഇതിൽനിന്നു കാര്യം വെളിവായി. അസീസ് തന്റെ ഭാര്യയെ ക്ഷോഭിച്ച് ശണ്ഠ കൂടുവാനോ കയർക്കുവാനോ മുതിരാതെ വിഷയം കൈകാര്യം ചെയ്തു. ഉപായവും സൂത്രവും പ്രയോഗിച്ചു തടിതപ്പുകയും കുറ്റത്തിൽനിന്നു ഒഴിവാകുകയും ചെയ്യുന്നത് സ്ത്രീകൾക്ക് പൊതുവെയുള്ള ഒരു സ്വഭാവമാണ്. അതിൽ നിങ്ങൾക്കു വലിയ സാമർത്ഥ്യം തന്നെയുണ്ട്. അതിൽപെട്ടതാണിതും എന്നു പറഞ്ഞു കുറ്റം ഭാര്യയുടെ തലയിൽതന്നെ സ്ഥാപിച്ചു. മേലിൽ ഇതിനെത്തുടർന്നു അനിഷ്ടകരമോ, അപമാനകരമോ ആയ സംഭവങ്ങളൊന്നും ഉണ്ടാകാതിരിക്കുവാൻവേണ്ടി അവളുടെ പക്കൽ വന്നുപോയ ഈ കൃത്യത്തെ കേവലം നിസ്സാരമാക്കി അവഗണിച്ചു കളയണമെന്നു തദ്ദേഹം യൂസുഫ് (അ) നെ ഉപദേശിക്കുകയും ചെയ്തു. അതിനെ, അന്തസ്സും ശാന്തതയും കൈവിടാതെ, നിന്റെ പക്കൽ തെറ്റു പറ്റിപ്പോയിട്ടുള്ളതു എന്നു നിഷേധിച്ചിട്ടു കാര്യമില്ല; പാപമോചനം തേടിക്കൊള്ളണം എന്നു ഭാര്യയെയും ഉപദേശിച്ചു.

യൂസുഫിനു അനുകൂലമായ തെളിവു സമർപ്പിച്ച ആ സാക്ഷി ആരായിരുന്നുവെന്നു വ്യക്തമാക്കപ്പെട്ടിട്ടില്ല. അവളുടെ സ്വന്തക്കാരിൽപെട്ട ഒരു സാക്ഷി (شَاهِدٌ مِّنْ أَهْلِهَا) എന്നു മാത്രമേ അല്ലാഹു പറയുന്നുള്ളൂ. സ്വന്തത്തിൽപെട്ടവൻ കക്ഷിക്കു ഗുണകരമായിത്തീരുന്ന തെളിവു കൊണ്ടുവരുമ്പോൾ അതിൽ സംശയിക്കപ്പെടാമെങ്കിലും, ദോഷകരമായിത്തീരുന്ന തെളിവു കൊണ്ടുവരുന്നതു കൂടുതൽ വിശ്വസനീയമായിരിക്കുമല്ലോ. ഈ വിശേഷണത്തിൽ ആ സൂചന അടങ്ങിയിരിക്കുന്നതായി കാണാം. ആ സാക്ഷി അവളുടെ വീട്ടിലോ കുടുംബത്തിലോ പെട്ട ആളായിരുന്നുവെന്നും, ഒരു ചെറിയ ശിശുവായിരുന്നുവെന്നും, അല്ലെന്നുമൊക്കെ പറയപ്പെട്ടിട്ടുണ്ട്. ഒന്നിനും തെളിവില്ല താനും. ചെറിയ ശിശുവായിരുന്നുവെന്നു കാണിക്കുന്ന ഒരു ഹദീസു നിവേദനം ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും അതു ദുർബ്ബലമത്രെ.

സാക്ഷ്യം പറഞ്ഞതു ആരായാലും ശരി, സ്ത്രീകൾ പുരുഷന്മാരെക്കാൾ ദുർവൃത്തരും തന്ത്രശാലികളുമാണെന്നല്ല ആ വാക്കിന്റെ താൽപര്യം. സന്ദർഭത്തിൽനിന്നു അതു വ്യക്തമാണ്. യഥാർത്ഥത്തിൽ സ്ത്രീയാണ് വാതിലടച്ചു യൂസുഫ് (അ) നു നേരെ വശീകരണശ്രമം നടത്തിയത്. എന്നിട്ടും പെട്ടെന്നു ഭർത്താവിനെ കണ്ടപ്പോഴേക്കും യൂസുഫ് എന്റെ നേരെ ഇങ്ങോട്ടുവന്നു ദുർവൃത്തിക്കു ശ്രമം നടത്തിയതാണെന്നു തറിച്ചാരോപിക്കുകയും, അവനെ ശിക്ഷിക്കാതെ വിടരുതെന്നുപറഞ്ഞു അതിനെ ശക്തിപ്പെടുത്തുകയുമൊക്കെയും സ്ത്രീയാണ് ചെയ്തത്. മാത്രമല്ല, അങ്ങയുടെ വീട്ടുകാരുടെ നേരെ ഇത്തരം ദുർവൃത്തിക്കുവരുന്നതു സാധാരണയിൽ കവിഞ്ഞ ഗൗരവം അർഹിക്കുന്നതാണെന്നുകൂടി ധ്വനിപ്പിക്കുകയും ചെയ്തിരിക്കുന്നു. ഇങ്ങിനെ പെട്ടെന്നു—തൽക്ഷണമായ ആലോചനക്കുപോലും സമയമെടുക്കാതെ—ഉപായം കണ്ടെത്തുന്നതു സ്ത്രീ സഹജസ്വഭാവത്തെപ്പറ്റിയാണ് 'നിങ്ങളുടെ തന്ത്രം വമ്പിച്ചതുതന്നെ' എന്നു പറഞ്ഞത്.

അസീസിന്റെ ഭാര്യ യൂസുഫ് (അ)ന്റെ കുപ്പായം കീറിയ സംഭവം ബൈബ്ൾ സ്പർശിച്ചിട്ടില്ല. അതിൽ ഈ രംഗം വിവരിച്ചതിന്റെ ചുരുക്കം ഇപ്രകാരമാകുന്നു: 'യോസേഫു കോമളനും മനോഹര രൂപിയുമായിരുന്നു.

അതുകൊണ്ട് യജമാനന്റെ ഭാര്യ അവന്റെമേൽ കണ്ണുവെച്ചു. അവൻ സമ്മതിക്കാതിരുന്നു. അവൾ പലതും പറഞ്ഞുനോക്കി. അവൻ അനുസരിച്ചില്ല. ഒരു ദിവസം വീട്ടിൽ ആരുമില്ലാത്തപ്പോൾ അവൾ അവന്റെ വസ്ത്രം പിടിച്ചു, എന്നോടുകൂടി ശയിക്ക എന്നു പറഞ്ഞു. അവൻ വസ്ത്രം അവളുടെ കയ്യിൽ വിട്ട് പുറത്തേക്ക് ഓടി. അവൾ വീട്ടിലുള്ളവരോട്: കണ്ടോ, നമ്മെ ഹാസ്യമാക്കാൻ അവൻ (ഭർത്താവു) ഒരു എബ്രായനെ കൊണ്ടുവന്നിരിക്കുന്നു. അവൻ എന്റെ കൂടെ ശയിക്കാൻ വന്നു. ഞാൻ ഉറക്കെ നിലവിളിച്ചു. അവൻ വസ്ത്രം എന്റെ അടുക്കൽ ഇട്ടുംപോയി. യജമാനൻ വന്നപ്പോഴും ആവണ്ണംതന്നെ പറഞ്ഞു. യജമാനനു കോപം ജ്വലിച്ചു. അവനെ പിടിച്ചു രാജാവിന്റെ കാരാഗൃഹത്തിലാക്കി ...' (ഉൽപത്തി 39ൽ 7– 21) കാരാഗൃഹത്തിലാക്കിയതിനു മുമ്പു നടന്നതും, തുടർന്നുള്ള വചനങ്ങളിൽ കാണുന്നതുമായ വിവരങ്ങളൊന്നും ബൈബ്ളിൽ പ്രസ്താവിക്കപ്പെട്ടിട്ടില്ല.

വിഭാഗം-4

٣٠- وَقَالَ نِسْوَةٌ فِي الْمَدِينَةِ امْرَأَتُ الْعَزِيزِ تُرَاوِدُ فَتَاهَا عَن نَّفْسِهِ ۖ قَدْ شَغَفَهَا حُبًّا ۖ إِنَّا لَنَرَاهَا فِي ضَلَالٍ مُّبِينٍ

30. പട്ടണത്തിലുള്ള ചില സ്ത്രീകൾ പറയുകയും ചെയ്തു: 'അസീസി'ന്റെ സ്ത്രീ [ഭാര്യ] അവളുടെ വാലിയക്കാരനെ വശീകരിക്കുവാൻ ശ്രമം നടത്തുന്നു.

(അവനോടുള്ള) പ്രേമം അവളുടെ മനം കവർന്നിരിക്കുന്നു. നിശ്ചയമായും, നാം അവളെ വ്യക്തമായ വഴിപിഴവിലായി കാണുകതന്നെ ചെയ്യുന്നു'.

٣١- فَلَمَّا سَمِعَتْ بِمَكْرِهِنَّ أَرْسَلَتْ إِلَيْهِنَّ وَأَعْتَدَتْ لَهُنَّ مُتَّكَأً وَآتَتْ كُلَّ وَاحِدَةٍ مِّنْهُنَّ سِكِّينًا وَقَالَتِ اخْرُجْ عَلَيْهِنَّ ۖ فَلَمَّا رَأَيْنَهُ أَكْبَرْنَهُ وَقَطَّعْنَ أَيْدِيَهُنَّ

31. എന്നിട്ട് അവരുടെ തന്ത്രത്തെ[കുസൃതിയെ]പ്പറ്റി അവൾ കേട്ട(റിഞ്ഞ)പ്പോൾ, അവൾ അവരുടെ അടുക്കലേക്ക് (ആളെ) അയക്കുകയും, അവർക്കായി ഒരു വിരുന്നുസദ്യ ഒരുക്കുകയും ചെയ്തു. അവരിൽ ഓരോരുവൾക്കും ഓരോ കത്തി അവൾ കൊടുക്കുകയും ചെയ്തു. 'നീ അവരിൽ പ്രത്യക്ഷപ്പെട്ടു ചെല്ലുക' എന്നു (യൂസുഫിനോടു) അവൾ പറയുകയും ചെയ്തു. അങ്ങനെ, അവർ അദ്ദേഹത്തെ കണ്ടപ്പോൾ, അവർ അദ്ദേഹത്തെ വലുതായി കണ്ടു[വിസ്മയിച്ചുപോയി]! അവർ തങ്ങളുടെ കൈകളെ മുറിപ്പെടുത്തുകയും ചെയ്തു.

---

30. وقال പറഞ്ഞു, പറയുകയും ചെയ്തു نسوة ചില സ്ത്രീകൾ في المدينة പട്ടണത്തിലുള്ള امرأة സ്ത്രീ (ഭാര്യ) العزيز അസീസിന്റെ تراود വശീകരണ ശ്രമം നടത്തുന്നു فتاها അവളുടെ വാലിയക്കാരനോടു, യുവാവിനോട്, ഭൃത്യനോടു عن نفسه അവനുവേണ്ടി (അവനെ വശീകരിക്കുവാൻ) قد شغفها തീർച്ചയായും അവൾക്കു ഉള്ളിൽ പൂകിയിട്ടുണ്ടു (ഹൃദയം സ്പർശിച്ചിരിക്കുന്നു-മനം കവർന്നിട്ടുണ്ട്) حبا സ്നേഹത്താൽ, പ്രേമം إنا നിശ്ചയമായും നാം لنراها കാണുകതന്നെ ചെയ്യുന്നു في ضلال വഴിപിഴവിലായി مبين വ്യക്തമായ, തനി 31. فلما سمعت എന്നിട്ടു (എന്നാൽ- അങ്ങനെ) അവൾ കേട്ടപ്പോൾ بمكرهن അവരുടെ തന്ത്രത്തെ(കുസൃതിയെ)പ്പറ്റി أرسلت അവൾ അയച്ചു, ആളയച്ചു إليهن അവരിലേക്കു وأعتدت അവൾ ഒരുക്കുകയും ചെയ്തു, തയ്യാറാക്കി لهن അവർക്കുവേണ്ടി متكأ ചാരി (സുഖിച്ചു) ഇരിക്കത്തക്ക സദ്യ(സദ്യവട്ടം—വിരുന്നു സദ്യ) وآتت അവൾ കൊടുക്കുകയും ചെയ്തു كل واحدة എല്ലാ ഓരോരുവൾക്കും منهن അവരിൽനിന്നുള്ള سكينا ഒരു കത്തി وقالت അവൾ പറയുകയും ചെയ്തു اخرج നീ പുറപ്പെടുക, പ്രത്യക്ഷപ്പെടുക عليهن അവരിൽ فلما رأينه അങ്ങനെ അവർ അദ്ദേഹത്തെ കണ്ടപ്പോൾ أكبرنه അദ്ദേഹത്തെ അവർ വലുതാക്കി (വലിയ വസ്തുവായി കണ്ടു- അദ്ദേഹത്തെപ്പറ്റി വിസ്മയിച്ചുപോയി) وقطعن അവർ മുറിച്ചു കളയുക (മുറിയുണ്ടാക്കുക)യും ചെയ്തു أيديهن അവരുടെ കൈകളെ, കൈകൾക്കു

وَقُلْنَ حَاشَ لِلَّهِ مَا هَٰذَا بَشَرًا إِنْ هَٰذَا إِلَّا مَلَكٌ كَرِيمٌ ○

അവർ പറയുകയും ചെയ്തു: 'അല്ലാഹുവിന്റെ പരിശുദ്ധിയെ വാഴ്ത്തുന്നു! ഇതൊരു മനുഷ്യനല്ല; ഇതു മാന്യനായ ഒരു മലക്കല്ലാതെ (മറ്റാരും) അല്ല!'

وَقُلْنَ അവർ പറയുകയും ചെയ്തു حَاشَ പരിശുദ്ധി (വാഴ്ത്തുന്നു) لِلَّهِ അല്ലാഹുവിന് (അല്ലാഹുവിന്റെ) مَا هَٰذَا ഇതല്ല, ഇവനല്ല بَشَرًا ഒരു മനുഷ്യൻ إِنْ هَٰذَا ഇതല്ല, ഇവനല്ല إِلَّا مَلَكٌ ഒരു മലക്കല്ലാതെ كَرِيمٌ മാന്യനായ

യൂസുഫ് (അ) ന്റെ യജമാനനെക്കുറിച്ചാണു العزيز (അൽ അസീസ്) എന്നു പറഞ്ഞത്. മുമ്പു പറഞ്ഞ പ്രകാരം അതു, ഇദ്ദേഹത്തിന്റെ സാക്ഷാൽ പേരല്ല. 'പ്രതാപശാലി, മഹാൻ, ശക്തൻ, വീര്യപ്പെട്ടവൻ, മാന്യൻ, മുഖ്യൻ, ബഹുമാന്യൻ' എന്നിങ്ങിനെയുള്ള അർത്ഥങ്ങളിൽ സന്ദർഭംപോലെ ഉപയോഗിക്കപ്പെടാവുന്ന ഒരു വാക്കാണത്. മന്ത്രിമാരെപ്പോലെ മേലെകിടയിലുള്ള വ്യക്തികളെ സംബോധന ചെയ്യുമ്പോഴും ആ വാക്കു ഉപയോഗിക്കപ്പെടും. അതുകൊണ്ടു അദ്ദേഹം അന്നത്തെ ഭരണത്തിലെ ഉന്നതനായ ഒരാളായിരുന്നുവെന്നു മനസ്സിലാക്കാം. أكبر (അക്ബറ) എന്ന ക്രിയയുടെ സാക്ഷാൽ അർത്ഥം 'വലുതാക്കി'—അഥവാ വലുതായി തോന്നി—എന്നാകുന്നു. ആശ്ചര്യകരമായ വല്ലതും കണ്ട് അമ്പരപ്പും വിസ്മയവും തോന്നുമ്പോഴാണു അതു ഉപയോഗിക്കപ്പെടാറുള്ളത്. അതുകൊണ്ടാണ് അതിന്റെ ഉദ്ദേശ്യാർത്ഥമെന്ന നിലക്കു—'വിസ്മയിച്ചു' എന്നു നാം അർത്ഥം കല്പിച്ചത്. متكأ (മുത്തകഉ്) എന്ന പദത്തിനു 'ചാരിയിരിക്കപ്പെടുന്ന വസ്തു' എന്നത്രെ വാക്കർത്ഥം. മെത്ത, സോഫ, തലയണ മുതലായ വിരിപ്പുകളെ ഉദ്ദേശിച്ചാണു അതു സാധാരണ പറയപ്പെടാറുള്ളത്. അവയിൽ ഇരുന്ന് കഴിക്കപ്പെടുന്ന പഴവർഗ്ഗം മുതലായ സുഖഭോജ്യ വസ്തുക്കളെ ഉദ്ദേശിച്ചും പറയപ്പെടും. ആ സ്ത്രീകൾക്കുവേണ്ടി ഒരുക്കപ്പെട്ടിരുന്ന വിരുന്നൊരുക്കങ്ങളാണിവിടെ ഉദ്ദേശ്യം. അതിൽ കത്തികൊണ്ടു മുറിച്ചു തിന്നേണ്ടുന്ന പഴവർഗ്ഗങ്ങളും ഉണ്ടായിരുന്നുവെന്നു മനസ്സിലാകുന്നു. مكر (മക്ർ) എന്ന വാക്കിനു 'വഞ്ചന, കുതന്ത്രം, കൗശലം, തന്ത്രം, കുസൃതി' എന്നിങ്ങനെ സന്ദർഭോചിതം അർത്ഥങ്ങൾ വരും. مكرهن (അവരുടെ കുസൃതി) എന്ന പറഞ്ഞതിന്റെ താൽപര്യം, ആ സ്ത്രീകൾ അവളെപ്പറ്റി കുറവും ആക്ഷേപവും പറഞ്ഞതും, അതു പ്രചരിപ്പിച്ചതുമാകുന്നു. ആശ്ചര്യവും അതിശയവും തോന്നുമ്പോൾ سبحان الله (സുബ്ഹാനല്ലാഹ്) എന്നു പറയാറുള്ളതുപോലെ, അതേ അർത്ഥത്തിൽതന്നെ ഉപയോഗിക്കപ്പെടുന്ന മറ്റൊരു വാക്കാണു حاش لله (ഹാശ-ലില്ലാഹി)യും.

യൂസുഫും, സുലൈഖയും തമ്മിൽനടന്ന സംഭവം പട്ടണത്തിൽ—ഈജിപ്തിൽ—പ്രചരിച്ചു സ്ത്രീകൾക്കിടയിൽ—കുലീന സ്ത്രീകളിൽ പ്രത്യേകിച്ചും—അതൊരു സംസാരവിഷയമായി. അസീസിന്റെ പത്നിസ്ഥാനം അലങ്കരിക്കുന്ന ഒരു മഹതി തന്റെ അടിമച്ചെറുക്കനെ പ്രേമിക്കുന്നു, അവൾ അതിൽ ലയിച്ചുപോയിരിക്കുന്നു, അവൾ പിഴച്ചുപോയി എന്നിങ്ങിനെ അവർ പറഞ്ഞുതുടങ്ങി. വിവരം സുലൈഖ അറിഞ്ഞു. അപമാനത്തിൽ നിന്ന് രക്ഷപ്പെടുവാനും, തന്റെ ഒഴികഴിവു മറ്റുള്ളവരെ ബോധ്യപ്പെടുത്തുവാനും അവൾ ഒരു സൂത്രം പ്രയോഗിച്ചു. തന്നെപ്പറ്റി ആക്ഷേപവും കുറവും പറയുന്ന സ്ത്രീകൾക്കെല്ലാം ഒരു വിരുന്നുസല്ക്കാരമൊരുക്കി അവരെയൊക്കെ ക്ഷണിച്ചുവരുത്തി. ഭക്ഷ്യവിഭവങ്ങളുടെ കൂട്ടത്തിൽ, കത്തികൊണ്ടു മുറിച്ചു തിന്നേണ്ടുന്ന പഴവർഗ്ഗങ്ങളും ഉണ്ടായിരുന്നു. എല്ലാവരും കത്തിയെടുത്തു മുറിച്ചുതിന്നുമ്പോൾ പെട്ടെന്ന് ആ സദസ്സിൽചെന്നു പ്രത്യക്ഷപ്പെടുവാൻ യൂസുഫ് (അ) നോടു കല്പിക്കുകയും ചെയ്തു. അദ്ദേഹത്തെ കാണേണ്ട താമസം: അദ്ദേഹത്തിന്റെ അസാധാരണ സൗന്ദര്യവും, നിരുപമമായ കോമളാകൃതിയും കണ്ട് സ്ത്രീകൾ മതിമറന്നുപോയി. അതൊരു മനുഷ്യരൂപമാണെന്നു അവർക്കു ഊഹിക്കുവാൻപോലും കഴിഞ്ഞില്ല. ആകാശത്തുനിന്നു മനുഷ്യരൂപത്തിൽ ഇറങ്ങിവന്ന ഒരു മലക്കായിരിക്കുവാനേ തരമുള്ളുവെന്നു അവർ അഭിപ്രായപ്പെട്ടു. ശ്രദ്ധ മുഴുവനും യൂസുഫിലേക്ക് തിരിഞ്ഞതുകൊണ്ട് കയ്യിലുള്ള കത്തിയും, പഴവർഗ്ഗങ്ങളും അവർ മറന്നുകളഞ്ഞു. യന്ത്രങ്ങളെപ്പോലെ കൈകൾ പ്രവർത്തിച്ചുകൊണ്ടിരുന്നു. അങ്ങനെ സ്വന്തം കൈകൾ അവർ സ്വയം ചെത്തി മുറിയാക്കിയതു അവർ അറിഞ്ഞില്ല. ഇത്രയുമായപ്പോൾ, തന്റെ ഉദ്യമത്തിൽ താൻ വിജയിച്ചുവെന്നുകണ്ടു സുലൈഖ അവരുടെനേരെ തിരിഞ്ഞു.

۳۲- قَالَتْ فَذَٰلِكُنَّ الَّذِي لُمْتُنَّنِي فِيهِ ۖ وَلَقَدْ رَاوَدتُّهُ عَن نَّفْسِهِ فَاسْتَعْصَمَ ۖ وَلَئِن لَّمْ يَفْعَلْ مَا آمُرُهُ لَيُسْجَنَنَّ وَلَيَكُونًا مِّنَ الصَّاغِرِينَ ○

32. അവൾ പറഞ്ഞു: 'എന്നെ നിങ്ങൾ യാതൊരുവന്റെ കാര്യത്തിൽ കുറ്റപ്പെടുത്തിയോ അവനാണത്! (അതെ) തീർച്ചയായും, ഞാനവനോടു വശീകരണ ശ്രമം നടത്തിയിട്ടുണ്ട്. എന്നിട്ടവൻ (ഒഴിഞ്ഞുമാറി) രക്ഷപ്പെട്ടിരിക്കുകയാണ്.

അവനോടു ഞാൻ കല്പിക്കുന്നത് അവൻ ചെയ്തില്ലെങ്കിൽ, നിശ്ചയമായും, അവൻ തടവിലാക്കപ്പെടുക തന്നെ ചെയ്യും; അവൻ നിസ്സാരന്മാരിൽപെട്ടവനായിത്തീരുകയും തന്നെ ചെയ്യും.'

---

32. قَالَتْ അവൾ പറഞ്ഞു فَذَٰلِكُنَّ (നിങ്ങൾക്കതു) അതാണു الَّذِي യാതൊരുവൻ لُمْتُنَّنِي നിങ്ങൾ എന്നെ കുറ്റപ്പെടുത്തി, ആക്ഷേപിച്ചു فِيهِ അവനിൽ (അവന്റെ കാര്യത്തിൽ) وَلَقَدْ رَاوَدتُّهُ തീർച്ചയായും ഞാനവനോടു വശീകരണശ്രമം നടത്തിയിട്ടുണ്ടു عَن نَّفْسِهِ അവനെ വശീകരിക്കുവാൻ فَاسْتَعْصَمَ എന്നിട്ടവൻ രക്ഷപ്പെട്ടു وَلَئِن لَّمْ يَفْعَلْ തീർച്ചയായും അവൻ ചെയ്തില്ലെങ്കിൽ مَا آمُرُهُ ഞാൻ അവനോടു കല്പിക്കുന്നതു لَيُسْجَنَنَّ അവൻ തടവിൽ (കാരാഗൃഹത്തിൽ) ആക്കപ്പെടുക തന്നെ ചെയ്യും وَلَيَكُونًا അവനായിരിക്കയും തന്നെ ചെയ്യും مِّنَ الصَّاغِرِينَ നിസ്സാരന്മാരിൽ (പെട്ടവൻ)

ഇതാ! ഒരു നോക്കു കണ്ടപ്പോഴേക്കും സ്വബോധം നശിച്ചു കൈകൾ മുറിച്ചുപോകത്തക്കവണ്ണം നിങ്ങൾ വിസ്മയിച്ചുപോയ ഈ യുവാവിന്റെ കാര്യത്തിലാണു നിങ്ങൾ എന്നെപ്പറ്റി കുറ്റാരോപണം നടത്തിയിരുന്നത്. ഇപ്പോൾ നിങ്ങൾക്കു മനസ്സിലായില്ലേ, ഞാൻ അവനിൽ വശീകൃതയായതിന്റെ രഹസ്യം!? ഞാൻ ഇതാ തുറന്നു പറയുന്നു: ഞാനവനെ പ്രേമിച്ചതും പിടികൂടിയതുമൊക്കെ സത്യം തന്നെ. പക്ഷേ, അവൻ വഴങ്ങാതെ ഒഴിഞ്ഞുമാറുകയാണു ചെയ്തത്. അവനെ ഞാൻ വെറുതെവിടുവാൻ പോകുന്നില്ല. എന്റെ ഇംഗിതത്തിനു വഴങ്ങാത്തപക്ഷം, നിശ്ചയമായും അവനെ കാരാഗൃഹത്തിലാക്കുവാനുള്ള ഏർപ്പാടു ഞാൻ നടത്തുക തന്നെ ചെയ്യും. അങ്ങനെ, ഈ മന്ദിരത്തിലെ മാന്യനായി കഴിഞ്ഞുകൂടുന്ന അവൻ ഒരു നിന്ദ്യനായിത്തീരുകയും ചെയ്യും. എന്നൊക്കെ.

ഇപ്പോൾ, സുലൈഖായുടെ സ്ഥിതി മാത്രമല്ല, നാട്ടിലെ പൊതുസ്ഥിതി തന്നെ തനിക്കു അനുകൂലമല്ലെന്നും, തന്റെ സംശുദ്ധിയും മാന്യതയും കാത്തുരക്ഷിക്കുവാൻ ഈ പരിതസ്ഥിതിയിൽ വളരെ പ്രയാസമാണെന്നും യൂസുഫ് (അ) കണ്ടു. അദ്ദേഹം അല്ലാഹുവിനോടു സങ്കടപ്പെട്ടു:

۳۳- قَالَ رَبِّ السِّجْنُ أَحَبُّ إِلَيَّ مِمَّا يَدْعُونَنِي إِلَيْهِ ۖ وَإِلَّا تَصْرِفْ عَنِّي كَيْدَهُنَّ أَصْبُ إِلَيْهِنَّ وَأَكُن مِّنَ الْجَاهِلِينَ ○

33. അദ്ദേഹം പറഞ്ഞു: 'എന്റെ റബ്ബേ! ഇവർ (ഈ സ്ത്രീകൾ) എന്നെ യാതൊന്നിലേക്കു ക്ഷണിക്കുന്നുവോ അതിനെക്കാൾ എനിക്കു ഏറ്റം ഇഷ്ടപ്പെട്ടതു കാരാഗൃഹമാണ്! അവരുടെ തന്ത്രം എന്നിൽ നിന്നു നീ തിരിച്ചു വിട്ടു തരാത്തപക്ഷം, ഞാൻ അവരിലേക്കു ചാഞ്ഞുപോയേക്കും; ഞാൻ (വിവരമില്ലാത്ത) വിഡ്ഢികളുടെ കൂട്ടത്തിലായിത്തീരുകയും ചെയ്യും!'

---

33. قَالَ അദ്ദേഹം പറഞ്ഞു رَبِّ എന്റെ റബ്ബേ السِّجْنُ തടവു, കാരാഗൃഹം (ജയിൽ) أَحَبُّ അധികം ഇഷ്ടപ്പെട്ടതാണു إِلَيَّ എനിക്കു, എന്റെ അടുക്കൽ مِمَّا യാതൊന്നിനെക്കാൾ يَدْعُونَنِي ഇ(ത)വർ എന്നെ ക്ഷണിക്കുന്നു إِلَيْهِ അതിലേക്കു وَإِلَّا تَصْرِفْ നീ തിരിച്ചുവിടാത്തപക്ഷം عَنِّي എന്നിൽനിന്നു كَيْدَهُنَّ അവരുടെ തന്ത്രം, ഉപായം, ചതി أَصْبُ ഞാൻ ചാഞ്ഞു (മറിഞ്ഞു) പോകും إِلَيْهِنَّ അവരിലേക്കു وَأَكُن ഞാനായിരിക്കയും ചെയ്യും مِّنَ الْجَاهِلِينَ വിവരമില്ലാത്തവരിൽ (വിഡ്ഢികളിൽ) പെട്ട (വൻ)

34. അപ്പോള്‍, അദ്ദേഹത്തിന്റെ റബ്ബ് അദ്ദേഹത്തിനു ഉത്തരം നല്‍കി. അങ്ങനെ [സ്ത്രീകളുടെ] തന്ത്രം അദ്ദേഹത്തില്‍ നിന്നു തിരിച്ചു വിട്ടുകൊടുക്കുകയും ചെയ്തു. നിശ്ചയമായും, അവന്‍ തന്നെയാണ് (എല്ലാം) കേള്‍ക്കുന്നവനും, അറിയുന്നവനും.

٣٤- فَٱسْتَجَابَ لَهُۥ رَبُّهُۥ فَصَرَفَ عَنْهُ كَيْدَهُنَّ ۚ إِنَّهُۥ هُوَ ٱلسَّمِيعُ ٱلْعَلِيمُ ○

---

34. فَاسْتَجَابَ അപ്പോള്‍ ഉത്തരം നല്‍കി لَهُ അദ്ദേഹത്തിനു رَبُّهُ അദ്ദേഹത്തിന്റെ റബ്ബ് فَصَرَفَ അവന്‍ തിരിച്ചുവിടുകയും ചെയ്തു عَنْهُ അദ്ദേഹത്തില്‍ നിന്നു كَيْدَهُنَّ അവരുടെ തന്ത്രത്തെ, കെണിയെ إِنَّهُ നിശ്ചയമായും അവന്‍തന്നെ السَّمِيعُ കേള്‍ക്കുന്നവന്‍ الْعَلِيمُ അറിയുന്നവന്‍

സ്ത്രീകളുടെ വിരുന്നോടു കഴിഞ്ഞതോടെ പട്ടണത്തിലെ സ്ത്രീകളുടെ സഹായംകൂടി അവരെ സ്വാധീനിക്കുകയും, [illegible] കണ്ണുവെച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതായി യൂസുഫ് (അ)ന് മനസ്സിലായി. അതുകൊണ്ടു 'അവള്‍ എന്നെ ക്ഷണിക്കുന്നതില്‍ നിന്ന്' എന്നുപറയാതെ 'ഈ സ്ത്രീകള്‍ എന്നെ ക്ഷണിക്കുന്നതില്‍നിന്നു' (مما يدعونني) എന്ന് അദ്ദേഹം പറഞ്ഞത്. യജമാനഗൃഹത്തില്‍നിന്നുള്ള കടുത്ത നിര്‍ബന്ധവും ഭീഷണിയും, അതോടുകൂടി പുറമെനിന്നുള്ള സമ്മര്‍ദ്ദവും കൂടിയായപ്പോള്‍ അദ്ദേഹം ബാധിച്ച സങ്കടത്തിലായി, അല്ലാഹുവിന്റെ കൃപാകടാക്ഷംകൊണ്ടല്ലാതെ ഇതില്‍നിന്ന് രക്ഷയില്ലെന്ന് അദ്ദേഹം കണ്ടു. അതു ലഭിക്കാത്തപക്ഷം, എത്ര മനോധൈര്യവും സത്യനിഷ്ഠയും ഉള്ളവനായിരുന്നാല്‍ പോലും ഇത്തരം ഘട്ടങ്ങളില്‍ തിന്മകളില്‍ വഴുതുക മനുഷ്യസ്വഭാവമാണ്. ആകയാല്‍, ജയില്‍ വാസം കൊണ്ടെങ്കിലും ഈ ആപത്തില്‍ നിന്നു എന്നെ രക്ഷപ്പെടുത്തേണമേ! എന്നു അദ്ദേഹം അല്ലാഹുവിനോടു പ്രാര്‍ത്ഥിച്ചു. അല്ലാഹു പ്രാര്‍ത്ഥന സ്വീകരിക്കുകയും, അദ്ദേഹത്തെ രക്ഷിക്കുകയും ചെയ്തുതാനും.

എന്തെങ്കിലും ഒരു പാപകൃത്യം ചെയ്യുന്നതില്‍ സ്വാഭാവികമായിത്തന്നെ മനുഷ്യനു താല്‍പര്യവും ഇച്ഛയും ഉണ്ടായിരിക്കുക, സാഹചര്യങ്ങള്‍ അതിനു അനുകൂലമായിരിക്കുകയും ചെയ്യുക, ഇങ്ങിനെയുള്ള അവസരത്തില്‍ അല്ലാഹുവിനെ ഭയന്നു അതില്‍ നിന്നു ഒഴിഞ്ഞുനിന്നു ശുദ്ധത പാലിക്കുന്നവര്‍ വളരെ ചുരുക്കം. എങ്കിലും അവര്‍ ഭാഗ്യവാന്മാര്‍. അതോടൊപ്പം അധികാരസ്ഥാനങ്ങളില്‍ നിന്നുള്ള നിര്‍ബ്ബന്ധവും ഭീഷണിയും കൂടി നേരിടേണ്ടിവരുമ്പോള്‍ അപ്പോഴും അതിനെതിരെ ത്യാഗങ്ങളും ക്ലേശങ്ങളും അനുഭവിക്കുവാന്‍ തയ്യാറുള്ളവര്‍ അതിനെക്കാള്‍ വിരളമായിരിക്കും. ഇവര്‍ തന്നെയാണു മഹാഭാഗ്യവാന്മാര്‍. ഈ മഹാഭാഗ്യം ലഭിച്ച ഒരു മാതൃകാപുരുഷനാണ് യൂസുഫ് (അ). അദ്ദേഹത്തിന്റെ ചരിത്രത്തിലെ ഈ രംഗം മാതൃകാപാഠമാക്കി ജീവിക്കുവാന്‍ അല്ലാഹു നമുക്കെല്ലാവര്‍ക്കും തൗഫീഖു നല്‍കട്ടെ. ആമീന്‍.

പ്രസിദ്ധമായ ഒരു ഹദീസു ഇവിടെ ഉദ്ധരിക്കുന്നതു സന്ദര്‍ഭോചിതമാകുന്നു. നബി (സ) ഇപ്രകാരം അരുളിച്ചെയ്തിരിക്കുന്നു: 'അല്ലാഹുവിന്റെ തണലല്ലാതെ തണലില്ലാത്ത ദിവസത്തില്‍ (ഖിയാമത്തുനാളില്‍) ഏഴു കൂട്ടര്‍ക്ക് അല്ലാഹു അവന്റെ തണലില്‍ തണലേകുന്നതാണ്. (ഒന്ന്:) നീതിമാനായ നേതാവു; (രണ്ട്:) അല്ലാഹുവിന്റെ ആരാധനയിലായി വളര്‍ന്നുവന്ന യുവാവു; (മൂന്ന്:) പുറത്തുപോയാലും മടങ്ങിവരുന്നതുവരെ ഹൃദയം പള്ളിയുമായി ബന്ധപ്പെട്ടുകൊണ്ടിരിക്കുന്നവന്‍; (നാല്:) അല്ലാഹുവിന്റെ കാര്യത്തില്‍ പരസ്പരം സ്നേഹിക്കുന്ന രണ്ടുപേര്‍—അവര്‍ ഒരുമിച്ചുകൂടുന്നതും പിരിഞ്ഞുപോകുന്നതും അതനുസരിച്ചായിരിക്കും; (അഞ്ച്:) വലതുകൈ ചിലവഴിക്കുന്നതു ഇടതുകൈ (പോലും) അറിയാത്തവിധം സ്വകാര്യമായി ധര്‍മ്മം കൊടുക്കുന്നവന്‍; (ആറ്:) പദവിയും സൗന്ദര്യവുമുള്ള ഒരു സ്ത്രീ ക്ഷണിച്ചിട്ടു ഞാന്‍ അല്ലാഹുവിനെ ഭയപ്പെടുന്നു എന്നു പറഞ്ഞവന്‍; (ഏഴ്:) ഒഴിഞ്ഞിരുന്നു—ഏകനായിരുന്നു—കൊണ്ടു അല്ലാഹുവിനെ ധ്യാനിച്ചു കരയുന്നവന്‍'. (ബു; മു)

35. പിന്നീടു—തെളിവുകള്‍ കണ്ടതിനുശേഷം—അവര്‍ക്കു തോന്നി: ഒരു (കുറച്ചു) കാലംവരെ അദ്ദേഹത്തെ അവര്‍ തടവിലാക്കുക തന്നെ ചെയ്യണമെന്ന്.

٣٥- ثُمَّ بَدَا لَهُم مِّنۢ بَعْدِ مَا رَأَوُا۟ ٱلْـَٔايَـٰتِ لَيَسْجُنُنَّهُۥ حَتَّىٰ حِينٍ ○

---

35. ثُمَّ بَدَا പിന്നെ വെളിവായി (തോന്നി) لَهُمْ അവര്‍ക്കു مِنْ بَعْدِ ശേഷമായിട്ടു مَا رَأَوْا അവര്‍ കണ്ടതിന്റെ الْآيَاتِ തെളിവുകള്‍, അടയാളങ്ങള്‍ لَيَسْجُنُنَّهُ അവര്‍ അദ്ദേഹത്തെ തടവിലാക്കുക തന്നെ ചെയ്യണമെന്നു حَتَّى حِينٍ ഒരുകാലം (സമയം)വരെ

യൂസുഫ് (അ)ന്റെ നിരപരാധിത്വത്തിനുള്ള തെളിവുകൾ പലതും കണ്ടിട്ടു പിന്നെയും അദ്ദേഹത്തെ കുറച്ചു കാലം തടവിലിടുക തന്നെ വേണമെന്ന് അവർ തീരുമാനിച്ചുവെന്നു സാരം. തന്റെ ആവശ്യം സാധിപ്പിച്ചുതരാത്ത പക്ഷം തടവിലിടുകയോ, കഠിനശിക്ഷ നൽകുകയോ ചെയ്യുമെന്നു സുലൈഖാ നേരത്തെ പറഞ്ഞിരുന്നതാണല്ലോ. അവരുടെ ഭരണകൂടത്തിൽ ഉണ്ടാകാവുന്ന സ്വാധീനം ഊഹിക്കാവുന്നതാണ്. ചില വ്യാഖ്യാതാക്കൾ പറയുന്നതു പോലെ, താനുമായുള്ള ബന്ധത്തിന്റെ പേരിൽ ശക്തമായ ഒരു നടപടി കൈക്കൊള്ളുവാനുള്ള ധീരത അസീസിനു ഉള്ളതായി കാണപ്പെടുന്നുമില്ല. അപ്പോൾ, കുറ്റക്കാരൻ യൂസുഫാണെന്നു വരുത്തിത്തീർക്കുവാനോ, അന്തരീക്ഷം ഒന്നു ശാന്തമായിത്തീരുവാൻ വേണ്ടിയോ ആയിരിക്കാം അവസാനം അവരങ്ങിനെ തീരുമാനിച്ചത്. അല്ലാഹുവിനറിയാം. കാരണമെന്തായാലും ശരി, അദ്ദേഹം കാരാഗൃഹത്തിലായി.

അദ്ദേഹത്തിന്റെ സ്വഭാവഗുണം, സത്യനിഷ്ഠ, ഭക്തി മുതലായവ കാരണം ജയിലുദ്യോഗസ്ഥന്മാർക്കും, ജയിൽവാസികൾക്കും അദ്ദേഹത്തോടു വളരെ സ്നേഹവും ആദരവുമായിരുന്നുവെന്നു പലരും പറഞ്ഞു കാണാം. സ്വാഭാവികമായും അതു ശരിയായിരിക്കുകയും ചെയ്യും. ജയിലധികാരികൾ അദ്ദേഹത്തോടു ദയ കാണിച്ചുവെന്നും, തങ്ങിനെ, മറ്റുള്ള ജയിൽപുള്ളികളുടെ കൈകാര്യകർതൃത്വം അദ്ദേഹത്തെ ഏൽപിച്ചുകൊടുത്തുവെന്നും ബൈബിളും (ഉൽപ: 39ൽ 21–23) പറയുന്നു. തടവിലുള്ളവർക്ക് അദ്ദേഹത്തിന്റെ നേരെ വളരെ മതിപ്പുണ്ടായിരുന്നുവെന്നു അടുത്ത വാക്യത്തിലെ അവസാന വാക്യത്തിൽനിന്നു തന്നെ വ്യക്തമാകുന്നുമുണ്ട്.

വിഭാഗം -5

36. തടവിൽ അദ്ദേഹത്തോടുകൂടി രണ്ടു വാലിയക്കാരും പ്രവേശിച്ചു. അവരിൽ ഒരാൾ പറഞ്ഞു: 'ഞാൻ കള്ളു പിഴിഞ്ഞെടുക്കുന്നതായി എന്നെ ഞാൻ(സ്വപ്നത്തിൽ) കാണുന്നു.' മറ്റേവൻ പറഞ്ഞു: എന്നെ ഞാൻ (സ്വപ്നത്തിൽ) കാണുന്നു: 'എന്റെ തലയിൽ ഞാൻ അപ്പം വഹിക്കുന്നു, പറവകൾ അതിൽ നിന്നു തിന്നുന്നു.'

(രണ്ടാളും പറഞ്ഞു:) 'ഞങ്ങൾക്കു നീ ഇതിന്റെ വ്യാഖ്യാനം[പൊരുൾ] വിവരിച്ചുതരണം. നിശ്ചയമായും, ഞങ്ങൾ നിന്നെ സൽഗുണവാന്മാരിൽപെട്ടവനായി കാണുന്നു.'

٣٦- وَدَخَلَ مَعَهُ السِّجْنَ فَتَيَانِ ۖ قَالَ أَحَدُهُمَا إِنِّي أَرَانِي أَعْصِرُ خَمْرًا ۖ وَقَالَ الْآخَرُ إِنِّي أَرَانِي أَحْمِلُ فَوْقَ رَأْسِي خُبْزًا تَأْكُلُ الطَّيْرُ مِنْهُ ۖ نَبِّئْنَا بِتَأْوِيلِهِ ۖ إِنَّا نَرَاكَ مِنَ الْمُحْسِنِينَ ○

36. دخل പ്രവേശിച്ചു, (പ്രവേശിക്കുകയും ചെയ്തു) معه അദ്ദേഹത്തിന്റെ കൂടെ السجن തടവിൽ, കാരാഗൃഹത്തിൽ, ബന്ധനത്തിൽ فتيان രണ്ടു വാലിയക്കാർ, യുവാക്കൾ, ഭൃത്യന്മാർ قال أحدهما അവരിൽ ഒരാൾ പറഞ്ഞു إني أراني ഞാൻ എന്നെ (സ്വപ്നം) കാണുന്നു أعصر ഞാൻ പിഴിഞ്ഞെടുക്കുന്നതായി خمرا കള്ളു, മദ്യം (മുന്തിരിക്കള്ളു) وقال الآخر മറ്റേവൻ പറഞ്ഞു إني أراني ഞാൻ എന്നെ (സ്വപ്നം) കാണുന്നു أحمل ഞാൻ വഹിക്കുന്നതായി فوق മീതെ رأسي എന്റെ തലയുടെ خبزا അപ്പം, റൊട്ടി تأكل തിന്നുന്നു الطير പക്ഷി (പറവ) കൾ منه അതിൽ നിന്നു نبئنا ഞങ്ങൾക്കു നീ വിവരിച്ചു(വിവരം പറഞ്ഞു)തരണം بتأويله ഇതിന്റെ വ്യാഖ്യാനത്തെപ്പറ്റി إنا نراك നിശ്ചയമായും ഞങ്ങൾ നിന്നെ കാണുന്നു من المحسنين നൻമ ചെയ്യുന്നവരിൽ (സൽഗുണവാന്മാരിൽ) പെട്ടവനായി

അല്ലാഹു ഒരു കാര്യം നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുമ്പോൾ, അതിലേക്കുള്ള മാർഗ്ഗങ്ങളെ അവൻ ശരിപ്പെടുത്തിക്കൊണ്ടിരിക്കുക പതിവാകുന്നു. യൂസുഫ് (അ)ന്റെ ആദ്യത്തെ സ്വപ്നത്തോടുകൂടി ആരംഭിച്ചതാണ് ആ മാർഗ്ഗ ശൃംഖലയിലെ ഓരോ കണ്ണിയായിരുന്നുവെന്നു കാണാം. സാധാരണ ഗതിയിൽ നോക്കിയാലും അതു ആ മാർഗ്ഗ ശൃംഖലയിലെ ഒരു കണ്ണിയാണ്. കാരാഗൃഹവാസികളിൽ വേറെയും പലരുമുണ്ടായിരിക്കുമെങ്കിലും ഈ രണ്ടുപേരുടെ വിഷയത്തിൽ മാത്രമാണു ഇവിടെ പ്രത്യേകം ഇതിൽ ഒന്നാമത്തെവൻ രാജാവിനു പാനീയങ്ങൾ നല്കിയിരുന്നവനും, രണ്ടാമത്തെവൻ രാജാവിനു അപ്പം—അഥവാ ഭക്ഷണം നൽകിയിരുന്നവനുമായിരുന്നു. രണ്ടാളുടെയും വിധി...

[illegible] വ്യാഖ്യാനത്തിലേയിരിക്കുകയാണ്. രണ്ടുപേരും [illegible] നിന്നു പക്ഷി കൊത്തിത്തിന്നുന്നതും, മറ്റവന്‍ തലയില്‍ അപ്പം [illegible] തിന്നുകൊണ്ടിരിക്കുന്നതുമായിരുന്ന സ്വപ്നം.

[illegible] നിന്നു അദ്ദേഹത്തിന്റെ ഉത്കൃഷ്ടഗുണങ്ങളെ കണ്ടുമനസ്സിലാക്കിയ അവര്‍ [illegible] സ്വപ്നവ്യാഖ്യാനത്തെക്കുറിച്ചുള്ള വൈദഗ്ദ്ധ്യവും മനസ്സിലാക്കിയിരിക്കുമല്ലോ. രണ്ടുപേരും [illegible] കേള്‍പ്പിച്ചുകൊണ്ടു അതിനു വ്യാഖ്യാനം നല്‍കുവാനപേക്ഷിച്ചു. അദ്ദേഹം [illegible] ഉത്തരം നല്‍കുവാന്‍ ഒരുങ്ങാതെ, അവര്‍ക്കു തന്നെക്കുറിച്ചുള്ള മതിപ്പും, തന്നിലുള്ള [illegible] കൂടുതല്‍ പ്രയോജനകരമാക്കിത്തീര്‍ക്കുവാന്‍ ശ്രമിക്കുകയാണ് ചെയ്തത്.

37. അദ്ദേഹം പറഞ്ഞു: 'നിങ്ങള്‍ക്കു രണ്ടുപേര്‍ക്കും നല്‍കപ്പെടാറുള്ള വല്ല ഭക്ഷണവും നിങ്ങള്‍ക്കു വന്നെത്തുകയില്ല, അതു നിങ്ങള്‍ക്കു വന്നെത്തുന്നതിനു മുമ്പ് അതിന്റെ വ്യാഖ്യാനം ഞാന്‍ നിങ്ങള്‍ക്കു വിവരിച്ചുതരാതെ.

അതു എന്റെ റബ്ബ് എനിക്കു പഠിപ്പിച്ചുതന്നിട്ടുള്ളവയില്‍പെട്ടതാകുന്നു. [അതു ഞാന്‍ വിവരിച്ചുതരുകതന്നെ ചെയ്യും.] നിശ്ചയമായും ഞാന്‍, അല്ലാഹുവില്‍ വിശ്വസിക്കാത്ത ജനങ്ങളുടെ മാര്‍ഗ്ഗം ഉപേക്ഷിച്ചിരിക്കുന്നു; അവരാകട്ടെ, പരലോകത്തെപ്പറ്റി അവിശ്വാസികളുമായിരിക്കും. [ഇങ്ങിനെയുള്ളവരുടെ മാര്‍ഗ്ഗം ഞാന്‍ ഉപേക്ഷിച്ചിരിക്കുകയാണ്.]

٣٧- قَالَ لَا يَأْتِيكُمَا طَعَامٌ تُرْزَقَانِهِ إِلَّا نَبَّأْتُكُمَا بِتَأْوِيلِهِ قَبْلَ أَنْ يَأْتِيَكُمَا ذَٰلِكُمَا مِمَّا عَلَّمَنِي رَبِّي إِنِّي تَرَكْتُ مِلَّةَ قَوْمٍ لَا يُؤْمِنُونَ بِاللَّهِ وَهُمْ بِالْآخِرَةِ هُمْ كَافِرُونَ ○

38. 'എന്റെ പിതാക്കളായ ഇബ്രാഹീമിന്റെയും, ഇസ്ഹാക്കിന്റെയും, യഅ്ഖൂബിന്റെയും മാര്‍ഗ്ഗത്തെ ഞാന്‍ പിന്‍പറ്റുകയും ചെയ്തിരിക്കുന്നു. അല്ലാഹുവിനോട് യാതൊന്നിനെയും (തന്നെ) പങ്കുചേര്‍ക്കുവാന്‍ ഞങ്ങള്‍ക്കു പാടില്ല. അതു ഞങ്ങള്‍ക്കും, മനുഷ്യര്‍ക്കും അല്ലാഹുവിന്റെ (പക്കല്‍ നിന്നുള്ള) അനുഗ്രഹത്തില്‍ പെട്ടതത്രെ. എങ്കിലും, മനുഷ്യരില്‍ അധികമാളും നന്ദികാണിക്കുന്നില്ല'.

٣٨- وَاتَّبَعْتُ مِلَّةَ آبَائِي إِبْرَاهِيمَ وَإِسْحَاقَ وَيَعْقُوبَ مَا كَانَ لَنَا أَنْ نُشْرِكَ بِاللَّهِ مِنْ شَيْءٍ ذَٰلِكَ مِنْ فَضْلِ اللَّهِ عَلَيْنَا وَعَلَى النَّاسِ وَلَٰكِنَّ أَكْثَرَ النَّاسِ لَا يَشْكُرُونَ ○

---

37. قال അദ്ദേഹം പറഞ്ഞു لا يأتيكما നിങ്ങള്‍ക്കു (രണ്ടാള്‍ക്കും) വരുകയില്ല طعام ഒരു ഭക്ഷണം, വല്ല ഭക്ഷണവും ترزقانه അതു നിങ്ങള്‍ക്കു നല്‍കപ്പെടും, നല്‍കപ്പെടുന്ന الا نبأتكما നിങ്ങള്‍ക്കു ഞാന്‍ വിവരിച്ചുതരാതെ, വിവരിച്ചിട്ടില്ലാതെ بتأويله അതിന്റെ വ്യാഖ്യാനത്തെപ്പറ്റി قبل മുമ്പു ان يأتيكما അതു നിങ്ങള്‍ക്കു വരുന്നതിന്റെ ذلكما അതു مما علمني എനിക്കു പഠിപ്പിച്ചതില്‍ പെട്ടതാകുന്നു ربي എന്റെ റബ്ബു اني تركت നിശ്ചയമായും ഞാന്‍ ഉപേക്ഷിച്ചിരിക്കുന്നു, വിട്ടിരിക്കയാണു ملة മാര്‍ഗ്ഗത്തെ, നടപടിയെ قوم ഒരു ജനതയുടെ, ജനങ്ങളുടെ لا يؤمنون വിശ്വസിക്കാത്ത بالله അല്ലാഹുവില്‍ وهم അവരാകട്ടെ بالآخرة പരലോകത്തില്‍ هم كافرون അവര്‍ അവിശ്വാസികളുമാണ് 38. واتبعت ഞാന്‍ പിന്‍പറ്റുകയും ചെയ്തിരിക്കുന്നു ملة മാര്‍ഗ്ഗത്തെ, മതത്തെ, നടപടിയെ آبائي എന്റെ പിതാക്കളുടെ ابراهيم ഇബ്രാഹീമിന്റെ واسحاق ഇസ്ഹാക്കിന്റെയും ويعقوب യഅ്ഖൂബിന്റെയും ما كان لنا ഞങ്ങള്‍ക്കു ആകുകയില്ല, പാടില്ല, നിവൃത്തിയില്ല ان نشرك ഞങ്ങള്‍ പങ്കുചേര്‍ക്കല്‍ بالله അല്ലാഹുവിനോടു, അല്ലാഹുവില്‍ من شيء യാതൊന്നിനെയും ذلك അതു من فضل ദയയില്‍ (അനുഗ്രഹത്തില്‍) പെട്ടതാണു الله അല്ലാഹുവിന്റെ علينا ഞങ്ങളുടെമേല്‍, ഞങ്ങള്‍ക്കു وعلى الناس മനുഷ്യരുടെയും, മനുഷ്യര്‍ക്കും ولكن എങ്കിലും, പക്ഷേ اكثر الناس മനുഷ്യരില്‍ അധികവും لا يشكرون അവര്‍ നന്ദികാണിക്കുന്നില്ല

'നിങ്ങൾക്കു നൽകപ്പെടാനുള്ള ഭക്ഷണം വരുന്നതിനു മുമ്പു അതിന്റെ വ്യാഖ്യാനം ഞാൻ നിങ്ങൾക്കു വിവരിച്ചുതരാതിരിക്കുകയില്ല' (لا يأتيكما طعام...) എന്ന വാക്യം രണ്ടുവിധം പ്രകാരത്തിൽ വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു. അതായത് പ്രസക്തമായ രണ്ടു വ്യാഖ്യാനങ്ങളാകുന്നു. 'അതിന്റെ വ്യാഖ്യാനം' (بتأويله) എന്നതിലെ സർവ്വനാമം (ـه) കൊണ്ടുദ്ദേശിക്കപ്പെട്ടതു ഭക്ഷണമാണോ? അതല്ല, ആ രണ്ടുപേർ വിവരിച്ച സ്വപ്നമാണോ? ഇതിൽനിന്നാണു രണ്ടും ഉടലെടുത്തിരിക്കുന്നത്.

1–ാമത്തെ വ്യാഖ്യാനം : നിങ്ങൾക്കു ഇവിടെവെച്ചു നൽകപ്പെടാറുള്ള ഏതു ഭക്ഷണസാധനങ്ങളും നിങ്ങളുടെ മുമ്പിൽ വന്നെത്തും മുമ്പായി അതു ഇന്നിന്ന പ്രകാരമുള്ളതായിരിക്കുമെന്നുള്ള വിവരം ഞാൻ നിങ്ങൾക്കു മുൻകൂട്ടി അറിയിച്ചു തരുന്നതാണ് എന്നാകുന്നു. പ്രധാനപ്പെട്ട വ്യാഖ്യാതാക്കൾ സ്വീകരിച്ചു കാണുന്നതും, വാചക ഘടനയോടു കൂടുതൽ അടുപ്പം തോന്നുന്നതും ഈ വ്യാഖ്യാനമത്രെ. നിങ്ങളുടെ സ്വപ്നത്തിനു വ്യാഖ്യാനം പറഞ്ഞുതരുവാൻ മാത്രമല്ല, അതിനേക്കാൾ ഗൂഢമായതും, സ്വപ്നവ്യാഖ്യാനം പോലെ ഊഹത്തെയും ഭാവനയെയും അടിസ്ഥാനമാക്കി അഭിപ്രായം പറയുവാൻ കഴിയാത്തതുമായ ചില [illegible] എനിക്ക് അറിയാം. അതാകട്ടെ, ഞാൻ എന്റെ സ്വന്തം നിലക്കു പറയുന്നതുമല്ല. അല്ലാഹു എനിക്കു പല കാര്യങ്ങളും പഠിപ്പിച്ചുതന്നിട്ടുണ്ട്. അതിൽപെട്ടതാണിതും. ഇതാണ് ഈ വ്യാഖ്യാനത്തിന്റെ സാരം. [illegible] അവരെ കേൾപ്പിക്കുവാൻ പോകുന്ന ഉപദേശങ്ങളിൽ അവർക്കു [illegible] വിശ്വാസവും ജനിപ്പിക്കുകയായിരിക്കും ഇതിന്റെ ലക്ഷ്യം.

ഈ വ്യാഖ്യാനപ്രകാരം, ഇതു [illegible] (അ) [illegible] പ്രവാചകത്വവും ദിവ്യ ദൗത്യവും) സിദ്ധിച്ചിരിക്കുമെന്നുവരുന്നു. 'അതു എനിക്കു എന്റെ റബ്ബു പഠിപ്പിച്ചുതന്നതിൽ പെട്ടതാണ്' (ذلكما مما علمني ربي) എന്നു അദ്ദേഹം പറഞ്ഞ വാക്യം, അല്ലാഹുവിൽ വിശ്വസിക്കാത്തവരുടെ മാർഗ്ഗം ഞാൻ ഉപേക്ഷിച്ചിരിക്കുന്നു. (إني تركت ملة قوم...) എന്നു [illegible] വചനത്തിന്റെ ആശയങ്ങളും ഇതിനു പിൻബലം നൽകുകയും ചെയ്യുന്നു. [illegible] ദിവ്യദൗത്യത്തിനു ദൃഷ്ടാന്തങ്ങളായി നൽകപ്പെട്ട അമാനുഷിക [illegible] (آل عمران) വിവരിച്ചു കൂട്ടത്തിൽ അദ്ദേഹം എടുത്തു പറഞ്ഞ ഒരു ദൃഷ്ടാന്തം ഇതാണല്ലോ: وأنبئكم بما تأكلون وما تدخرون في بيوتكم (നിങ്ങൾ തിന്നുന്നതിനെയും, നിങ്ങൾ നിങ്ങളുടെ വീടുകളിൽ സൂക്ഷിച്ചുവെക്കുന്നതിനെയും കുറിച്ചു ഞാൻ നിങ്ങൾക്കു വിവരിച്ചുതരുകയും ചെയ്യും. (3:49) ഇതുപോലെ, യൂസുഫു (അ) നബിയുടെയും ദിവ്യദൗത്യത്തിനുള്ള ഒരു അമാനുഷിക ദൃഷ്ടാന്തമായിരിക്കാം ഇതു. അദൃശ്യകാര്യം എനിക്കറിയാമെന്നു യൂസുഫ് (അ) പറഞ്ഞിട്ടില്ല, അല്ലാഹുവിൽ നിന്നു ലഭിക്കുന്ന വിവരമനുസരിച്ചാണു താനതു പറയുന്നതെന്നുകൂടി അദ്ദേഹം [illegible] സൂചിപ്പിച്ചിട്ടുണ്ടെന്നുംകൂടി ഓർക്കേണ്ടതുണ്ട്.

കൂടാതെ, കാരാഗൃഹത്തിലുള്ള കുറ്റവാളികളിൽ ആരെയെങ്കിലും കൊലപ്പെടുത്തുവാൻ രാജാവു ഉദ്ദേശിച്ചാൽ അവർക്കു വിഷം കലർന്ന ഭക്ഷണസാധനം കൊടുത്തയക്കപ്പെടാറുണ്ടായിരുന്നുവെന്നും, അതുകൊണ്ടു നിങ്ങൾക്ക നൽകപ്പെടുന്ന ഭക്ഷണ പദാർത്ഥം വിഷം കലർന്നതോ, അല്ലേ എന്നു ഞാൻ മുൻകൂട്ടി അറിയിച്ചു തരുമെന്നാണു യൂസുഫു (അ) പറഞ്ഞതിന്റെ താൽപര്യമെന്നും ചില രിവായത്തുകളും നിലവിലുണ്ട്. വാസ്തവം അല്ലാഹുവിനറിയാം. ഈ വ്യാഖ്യാന പ്രകാരം بتأويله (അതിന്റെ വ്യാഖ്യാനത്തെപ്പറ്റി) എന്നു പറഞ്ഞതിന്റെ താൽപര്യം, ആ ഭക്ഷണത്തിന്റെ സ്ഥിതികളെപ്പറ്റി എന്നായിരിക്കുന്നതാണു. تأويل എന്ന പദത്തിനു സാധാരണയായി 'വ്യാഖ്യാനം' എന്നാണു അർത്ഥം കൽപിക്കപ്പെടാറുള്ളതെങ്കിലും, കാര്യത്തിന്റെ കലാശം (مآل) എന്നാണതിന്റെ സാക്ഷാൽ അർത്ഥം. ഇതിനെ അടിസ്ഥാനമാക്കിയാണു സന്ദർഭമനുസരിച്ചു അതിനു 'വ്യാഖ്യാനം, മുർവ്യാഖ്യാനം, പൊരുൾ, പര്യവസാനം, പര്യവസാനം' എന്നൊക്കെ അർത്ഥവിവർത്തനം നൽകപ്പെട്ടു കാണുന്നത്.

2–ാമത്തെ വ്യാഖ്യാനം; നിങ്ങൾക്കു ഇവിടെ പതിവു പ്രകാരമുള്ള ഭക്ഷണം കൊണ്ടുവന്നു തരുന്നതിനു മുമ്പ് നിങ്ങൾ രണ്ടുപേരും എന്നെ കേൾപ്പിച്ച ആ സ്വപ്നത്തിന്റെ വ്യാഖ്യാനം ഞാൻ നിങ്ങൾക്കു പറഞ്ഞു തരാതിരിക്കുമ്പോൾ [illegible] ഭക്ഷണം എത്താറാകുന്ന സമയം വരെ അവധിയില്ല എന്നാകുന്നു. ചോദ്യത്തിനു ഉടനെത്തന്നെ ഉത്തരം നൽകാതെ [illegible] അഭിപ്രായക്കാർ ചില കാരണങ്ങളും പറഞ്ഞു കാണാമെങ്കിലും, അവ ഒന്നും അത്ര സ്വീകാര്യമായി തോന്നുന്നില്ല.

ഏതായാലും ആ രണ്ടുപേരുടെയും സ്വപ്നങ്ങൾക്കു വ്യാഖ്യാനം പറഞ്ഞുകൊടുക്കുന്നതിനു മുമ്പായി, തന്റെ സ്വന്തം നിലപാടു അവരെ മനസ്സിലാക്കുകയാണു യൂസുഫു (അ) നബി ആദ്യം ചെയ്തത്. ഒന്നാമതായി, തനിക്ക് സ്വന്തം നിലക്കു അവരെ മനസ്സിലാക്കുകയാണു യൂസുഫു (അ) ചെയ്തത്. അതിനുശേഷം, ഈ നാട്ടുകാരുടെ ഇട അല്ലാഹുവിങ്കൽ നിന്നുള്ള ചില അറിവുകൾ ലഭിച്ചിട്ടുണ്ടെന്നു അറിയിച്ചു.

[illegible] ഞാൻ കയ്യൊഴിച്ചു കളഞ്ഞിരിക്കുന്നു. ഇപ്രകാരമുള്ള അല്ലാഹുവിലും പരലോകത്തിലും വിശ്വാസമില്ലാത്ത ആളുകളാണ്. എന്റെ പിതാക്കൾ ഇബ്രാഹീം (അ) നബി തുടങ്ങിയ പ്രവാചകൻമാരാണു; അവർ സ്വീകരിച്ചു വന്ന [illegible] സ്വീകരിച്ചു വരുന്നവനാണു ഞാൻ; അല്ലാഹുവിന് പങ്കാളികളെ സങ്കല്പിച്ചുകൊണ്ടുള്ള [illegible] ഞങ്ങൾക്കു അല്ലാഹു നൽകിയ അനുഗ്രഹമാണു പ്രവാചകത്വവും സത്യവിശ്വാസവും [illegible]. ജനങ്ങളുടെ പ്രയോജനംവഴി ജനങ്ങൾക്കും അവൻ നൽകുന്ന അനുഗ്രഹമാണത്; [illegible] ആ അനുഗ്രഹം ഉപയോഗപ്പെടുത്താത്തവരാണു എന്നൊക്കെ അവരെ ധരിപ്പിച്ചു. ഇത്രയും [illegible] അവരെ അദ്ദേഹം തൗഹീദിലേക്കു ക്ഷണിച്ചുകൊണ്ടു ഇങ്ങിനെ തുടർന്നു:—

٣٩- يَٰصَٰحِبَيِ ٱلسِّجۡنِ ءَأَرۡبَابٞ مُّتَفَرِّقُونَ خَيۡرٌ أَمِ ٱللَّهُ ٱلۡوَٰحِدُ ٱلۡقَهَّارُ ○

39. "തടവിലെ രണ്ടു ചങ്ങാതിമാരേ, ഭിന്നരായ പല റബ്ബുകളാണോ ഉത്തമം, അതല്ല, സർവ്വാധികാരിയായ ഏകനായ അല്ലാഹുവോ? [ഒന്നാലോചിച്ചു നോക്കുക]

٤٠- مَا تَعۡبُدُونَ مِن دُونِهِۦٓ إِلَّآ أَسۡمَآءٗ سَمَّيۡتُمُوهَآ أَنتُمۡ وَءَابَآؤُكُم مَّآ أَنزَلَ ٱللَّهُ بِهَا مِن سُلۡطَٰنٍۚ إِنِ ٱلۡحُكۡمُ إِلَّا لِلَّهِۚ أَمَرَ أَلَّا تَعۡبُدُوٓاْ إِلَّآ إِيَّاهُۚ ذَٰلِكَ ٱلدِّينُ ٱلۡقَيِّمُ وَلَٰكِنَّ أَكۡثَرَ ٱلنَّاسِ لَا يَعۡلَمُونَ ○

40. അവനു പുറമെ നിങ്ങൾ ആരാധിക്കുന്നില്ല, നിങ്ങളും, നിങ്ങളുടെ പിതാക്കളും (റബ്ബുകളെന്നു സ്വയം) നാമകരണം ചെയ്തിട്ടുള്ള ചില നാമങ്ങളെയല്ലാതെ. അവയെപ്പറ്റി അല്ലാഹു യാതൊരു (അധികൃത) രേഖയും അവതരിപ്പിച്ചിട്ടില്ല. വിധികർത്തൃത്വം അല്ലാഹുവിനല്ലാതെ(ആർക്കും) ഇല്ല.

അവനെയല്ലാതെ (ഒന്നിനെയും) നിങ്ങൾ ആരാധിക്കരുതെന്നു അവൻ കൽപിച്ചിരിക്കുന്നു. അതത്രെ, ചൊവ്വിനു നിലകൊള്ളുന്ന മതം. എങ്കിലും, മനുഷ്യരിൽ അധികമാളും അറിയുന്നില്ല.

---

39. يَاصَاحِبَيِ രണ്ടു ചങ്ങാതിമാരേ, കൂട്ടുകാരേ السِّجْنِ തടവിലെ, കാരാഗൃഹത്തിലെ أَأَرْبَابٌ പല റബ്ബുകളോ مُتَفَرِّقُونَ ഭിന്നരായ, ഛിന്നിച്ചിതറിയവരായ خَيْرٌ ഉത്തമം, നല്ലതു أَمِ اللَّهُ അതോ (അതല്ല) അല്ലാഹുവോ الْوَاحِدُ ഏകനായ الْقَهَّارُ സർവ്വാധികാരിയായ 40. مَا تَعْبُدُونَ നിങ്ങൾ ആരാധിക്കുന്നില്ല مِنْ دُونِهِ അവനു പുറമെ, കൂടാതെ إِلَّا أَسْمَاءً ചില നാമങ്ങളെ (പേരുകളെ)യല്ലാതെ سَمَّيْتُمُوهَا അവയെ (അവക്കു) നിങ്ങൾ പേരു വെച്ചിരിക്കുന്ന, നാമനിർണ്ണയം ചെയ്തതായ أَنْتُمْ وَآبَاؤُكُمْ നിങ്ങളും നിങ്ങളുടെ പിതാക്കളും مَا أَنْزَلَ ഇറക്കിയി (അവതരിപ്പിച്ചി)ട്ടില്ല اللَّهُ അല്ലാഹു بِهَا അവയെപ്പറ്റി مِنْ سُلْطَانٍ ഒരു അധികൃത രേഖയും, അധികാരവും إِنِ الْحُكْمُ വിധി (കർത്തൃത്വം) അല്ല (ഇല്ല) إِلَّا لِلَّهِ അല്ലാഹുവിനല്ലാതെ أَمَرَ അവൻ കൽപിച്ചിരിക്കുന്നു أَلَّا تَعْبُدُوا നിങ്ങൾ ആരാധിക്കരുതെന്ന إِلَّا إِيَّاهُ അവനെയല്ലാതെ ذَٰلِكَ الدِّينُ അതത്രെ മതം, അതു മതമത്രെ الْقَيِّمُ (ചൊവ്വിനു-ഉറച്ചു) നിലകൊള്ളുന്നതായ وَلَٰكِنَّ എങ്കിലും, പക്ഷെ أَكْثَرَ النَّاسِ മനുഷ്യരിൽ അധികവും لَا يَعْلَمُونَ അറിയുന്നില്ല

സൂര്യൻ, പശു, നക്ഷത്രം എന്നിങ്ങിനെ പലതിനെയും ദൈവങ്ങളാക്കി പൂജിക്കുകയും ആരാധിക്കുകയും ചെയ്തിരുന്നവരാണു ഈജിപ്തുകാർ. ഓരോ ദൈവത്തിനും ചില പ്രത്യേകതകളും, കഴിവുകളും, കൈകാര്യങ്ങളും ഉള്ളതായി അവർ സങ്കല്പിച്ചുവെക്കുകയും ചെയ്തിരുന്നു. അതുകൊണ്ടാണു ഏകനും സർവ്വാധിപതിയുമായ അല്ലാഹുവാകുന്ന ഏകദൈവത്തെ സ്വീകരിക്കലാണോ, അതല്ല ഇത്തരം ഭിന്നങ്ങളായ പല ദൈവങ്ങളെ സ്വീകരിക്കലാണോ നല്ലതെന്നു ചിന്തിച്ചു നോക്കുവാൻ അദ്ദേഹം അവരെ ആഹ്വാനം ചെയ്യുന്നത്. പിന്നീടു പറഞ്ഞതിന്റെ സാരം ഇപ്രകാരമാകുന്നു:—

ഏക സർവ്വാധികാരിയായുള്ളവൻ അല്ലാഹു മാത്രമായിരിക്കെ, 'ആ ദൈവം, ഈ ദൈവം, ആ ദൈവത്തിനു ഇന്നിന്ന കഴിവുകളുണ്ട്, ഈ ദൈവത്തിനുവേണ്ടി ഇന്നിന്ന കർമ്മങ്ങളൊക്കെ ചെയ്യണം' എന്നിങ്ങനെ നിങ്ങൾ മെനഞ്ഞുണ്ടാക്കുന്നതിനു യാതൊരർത്ഥവും, അടിസ്ഥാനവുമില്ല. നിങ്ങളും നിങ്ങളുടെ പൂർവ്വികന്മാരും സങ്കൽപിച്ചുണ്ടാക്കിയ ചില നാമനിർദ്ദേശങ്ങൾ മാത്രമാണതൊക്കെ. ആരെ ആരാധിക്കണമെന്നും, മനുഷ്യൻ ഏതു മാർഗ്ഗം സ്വീകരിക്കണമെന്നും വിധികൽപിക്കുവാനുള്ള അധികാരാവകാശം അല്ലാഹുവിനു മാത്രമേയുള്ളു. അവൻ കൽപിച്ചിരിക്കുന്നതാകട്ടെ, അവനെ മാത്രമേ ആരാധിക്കാവൂ എന്നുമാണ്. ആകയാൽ അതു മാത്രമാണ് നേർക്കുനേരെയുള്ള ഉറച്ച മതം. മറ്റുള്ളതെല്ലാം വക്രമായതും നിലനിൽപില്ലാത്തതുമാകുന്നു. യഥാർത്ഥാവസ്ഥ ഇതൊക്കെയാണെങ്കിലും മിക്ക മനുഷ്യരും ചിന്തിക്കാതെയും, ഗ്രഹിക്കാതെയും വഴിപിഴച്ചുപോകുകയാണു ചെയ്യുന്നത്. അതുകൊണ്ട് ഈ ഋജുവായ മതത്തിലേക്കു ഞാൻ നിങ്ങളെ ക്ഷണിക്കുന്നു.

കിട്ടിയ അവസരം ഉപയോഗപ്പെടുത്തിക്കൊണ്ടു തന്റെ ആ രണ്ടു കൂട്ടുകാരെയും തൗഹീദിലേക്കു ക്ഷണിക്കയും, ശിർക്കിന്റെ നിരർത്ഥത അവരെ ഗ്രഹിപ്പിക്കയും ചെയ്തശേഷം, അവർ ചോദിച്ച ചോദ്യത്തിനു അദ്ദേഹം ഇങ്ങിനെ മറുപടി നൽകി:—

41. 'തടവിലെ രണ്ടു ചങ്ങാതിമാരേ, എന്നാൽ, നിങ്ങളിൽ ഒരുവൻ, തന്റെ യജമാനനു കള്ളു കുടിക്കുവാൻ കൊടുക്കും. എന്നാൽ, മറ്റവനാകട്ടെ, അവൻ ക്രൂശിക്കപ്പെടും; എന്നിട്ട് അവന്റെ തലയിൽ നിന്നും പറവകൾ തിന്നുന്നതാണ്.

യാതൊരു കാര്യത്തിൽ നിങ്ങൾ രണ്ടുപേരും വിധിയന്വേഷിച്ചുകൊണ്ടിരുന്നുവോ അതു തീരുമാനിക്കപ്പെട്ടിരിക്കുന്നു. [അതിൽ ഇനി, മാറ്റമുണ്ടാകുകയില്ല] '

٤١- يَٰصَٰحِبَيِ ٱلسِّجْنِ أَمَّآ أَحَدُكُمَا فَيَسْقِى رَبَّهُۥ خَمْرًا ۖ وَأَمَّا ٱلْءَاخَرُ فَيُصْلَبُ فَتَأْكُلُ ٱلطَّيْرُ مِن رَّأْسِهِۦ ۚ قُضِىَ ٱلْأَمْرُ ٱلَّذِى فِيهِ تَسْتَفْتِيَانِ ۝

---

41. يا صاحبي രണ്ടു ചങ്ങാതിമാരേ, കൂട്ടുകാരേ السجن തടവിലെ, കാരാഗൃഹത്തിന്റെ أما أحدكما എന്നാൽ നിങ്ങളിലൊരാൾ فيسقي അവൻ കുടിപ്പിക്കും, കുടിപ്പാൻ കൊടുക്കും ربه അവന്റെ യജമാനനു خمرا കള്ളു (മുന്തിരിക്കള്ളു) وأما الآخر എന്നാൽ മറ്റേവനാകട്ടെ فيصلب അവൻ ക്രൂശിക്ക (കുരിശിലിട)പ്പെടും فتأكل എന്നിട്ടു തിന്നും الطير പക്ഷി(പറവ)കൾ من رأسه അവന്റെ തലയിൽനിന്നു قضي തീരുമാനിക്കപ്പെട്ടിരിക്കുന്നു الأمر الذي യാതൊരു കാര്യം فيه അതിൽ تستفتيان നിങ്ങൾ രണ്ടാളും വിധിതേടുന്നു (തേടുന്ന)

മുന്തിരിയിൽ നിന്നു കള്ളെടുക്കുന്നതായി സ്വപ്നം കണ്ടവൻ അവന്റെ ജോലിയിൽ തുടരുമെന്നും കാരാഗൃഹത്തിൽനിന്നു വിമുക്തനാകുമെന്നും, തലയിൽ അപ്പം വഹിച്ചുകൊണ്ടിരിക്കെ അതിൽനിന്നു പക്ഷികൾ തിന്നുന്നതായി കണ്ടവൻ കൊല്ലപ്പെടുകയും, കുരിശിൽ തറക്കപ്പെടുകയും ചെയ്യുമെന്നും യൂസുഫ് (അ) അവരുടെ സ്വപ്നങ്ങൾക്കു വ്യാഖ്യാനം നൽകി. രണ്ടുപേരെയും വേർതിരിച്ചു ഇന്നിന്നവന്റെ സ്വപ്ന വ്യാഖ്യാനമെന്നു പറയാതിരുന്നതു അവരിൽ രണ്ടാമത്തവനെ പെട്ടെന്നു അലോസരപ്പെടുത്താതിരിക്കുവാൻ വേണ്ടിയായിരിക്കാം. വാസ്തവം അല്ലാഹുവിനറിയാം. ഈ വ്യാഖ്യാനം കേവലം ഊഹത്തെയോ അനുമാനത്തെയോ അടിസ്ഥാനമാക്കിയുള്ളതല്ലെന്നും, അല്ലാഹു തീരുമാനിച്ചു കഴിഞ്ഞ കാര്യമാണെന്നും, അതിൽ മാറ്റം സംഭവിക്കുകയില്ലെന്നും അദ്ദേഹം അവരെ അറിയിച്ചു.

ഈ രണ്ടു കൂട്ടുകാരെയും തൗഹീദിലേക്കു യൂസുഫ് (അ) ക്ഷണിച്ചവിവരമൊന്നും ബൈബ്ളിൽ സ്പർശിക്കപ്പെട്ടിട്ടില്ല. അവരുടെ സ്വപ്നങ്ങൾ കുറേക്കൂടി വിസ്തരിച്ചു വിവരിച്ചിട്ടുണ്ടുതാനും. ഒന്നാമത്തവന്റെ സ്വപ്ന വ്യാഖ്യാനത്തിൽ, മൂന്നു ദിവസം കഴിഞ്ഞാൽ അവനു തടവിൽനിന്നു രക്ഷ കിട്ടുമെന്നും, രണ്ടാമത്തവന്റെ വ്യാഖ്യാനത്തിൽ മൂന്നു ദിവസം കഴിഞ്ഞാൽ അവൻ കൊല്ലപ്പെടുമെന്നും പ്രസ്താവിച്ചിരിക്കുന്നു.

٤٢- وَقَالَ لِلَّذِي ظَنَّ أَنَّهُ نَاجٍ مِّنْهُمَا اذْكُرْنِي عِندَ رَبِّكَ فَأَنسَاهُ الشَّيْطَانُ ذِكْرَ رَبِّهِ فَلَبِثَ فِي السِّجْنِ بِضْعَ سِنِينَ ۝

42. ആ രണ്ടുപേരിൽ നിന്നു രക്ഷപ്പെടുന്നവനെന്നു താൻ വിചാരിച്ചവനോടു അദ്ദേഹം പറയുകയും ചെയ്തു: 'നിന്റെ യജമാനന്റെ അടുക്കൽ നീ എന്നെപ്പറ്റി പ്രസ്താവിക്കണം'.

എന്നാൽ, അവന്റെ യജമാനനോടു പ്രസ്താവിക്കുവാൻ അവനെ പിശാചു മറപ്പിച്ചുകളഞ്ഞു; അങ്ങനെ, ഏതാനും കൊല്ലങ്ങളം അദ്ദേഹം തടവി.ൽ താമസിച്ചു.

---

42. وَقَالَ അദ്ദേഹം പറയുകയും ചെയ്തു لِلَّذِي ظَنَّ അദ്ദേഹം വിചാരിച്ചവനോടു أَنَّهُ نَاجٍ അവൻ രക്ഷപ്പെടുന്നവനാണെന്നു مِّنْهُمَا അവർ രണ്ടാളിൽ നിന്ന اذْكُرْنِي നീ എന്നെ ഓർക്കണം (എന്നെക്കുറിച്ചു പറയണം, പ്രസ്താവിക്കണം) عِندَ رَبِّكَ നിന്റെ യജമാനന്റെ അടുക്കൽ فَأَنسَاهُ എന്നാൽ (എന്നിട്ടു) അവനെ മറപ്പിച്ചു, വിസ്മരിപ്പിച്ചു الشَّيْطَانُ പിശാചു ذِكْرَ رَبِّهِ അവന്റെ യജമാനനോടു പറയുന്നതു (പ്രസ്താവിക്കുന്നത്) فَلَبِثَ അങ്ങനെ അദ്ദേഹം കഴിഞ്ഞുകൂടി, താമസിച്ചു فِي السِّجْنِ കാരാഗൃഹത്തിൽ بِضْعَ ചില്ലറ (ഏതാനും—കുറച്ചു) سِنِينَ കൊല്ലങ്ങൾ

തടവിൽ നിന്നു രക്ഷപ്പെടുമെന്നു അദ്ദേഹം കരുതിയ ആൾ ഒന്നാമത്തവൻ തന്നെ. അവൻ വിമുക്തനായി വീണ്ടും രാജാവിനു പാനീയം നൽകുന്ന ജോലിയിൽ പ്രവേശിക്കുകയും, രാജാവുമായി ബന്ധപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുമ്പോൾ, നിരപരാധിയായി തടവിൽ കഴിയുന്ന തന്നെപ്പറ്റി രാജാവിനെ ഒന്നു ഓർമ്മിപ്പിക്കണമെന്നു യൂസുഫ് (അ) അവനോടു പറഞ്ഞു. പക്ഷേ, അവനതു മറന്നുപോയി. താഴെ പ്രസ്താവിക്കുന്നതുപോലെ കുറച്ചുകൊല്ലങ്ങൾക്കുശേഷം ഒരു പ്രത്യേക സന്ദർഭം നേരിട്ടപ്പോൾ മാത്രമേ അക്കാര്യം അവനു ഓർമ്മ വന്നുള്ളൂ. അതുവരേക്കും അദ്ദേഹം തടവിൽ കഴിയേണ്ടിവന്നു.

بِضْعَ (ബിള്ഉ്) എന്ന വാക്കു ഒരു നിശ്ചിത എണ്ണത്തെ കുറിക്കുന്നില്ല. മിക്കവാറും മൂന്നുമുതൽ ഏഴുവരെയും, ചിലപ്പോൾ, രണ്ടുമുതൽ ഒമ്പതുവരെയുമുള്ള എണ്ണത്തിലാണ് ഉപയോഗിക്കപ്പെടാറുള്ളത്. 'ചില്ലറ, ഏതാനും, സ്വല്പം, ശകലം' എന്നൊക്കെ സന്ദർഭംപോലെ അതിനു അർത്ഥം നൽകപ്പെടാം. യൂസുഫ് (അ) തടവിൽ ഏഴുകൊല്ലം താമസിച്ചുവെന്നാണു അധികമാളുകളും പറഞ്ഞുകാണുന്നത്. അല്ലാഹുവിനറിയാം. തന്നെപ്പറ്റി രാജാവിനെ ഓർമ്മിപ്പിക്കുവാൻ യൂസുഫ് (അ) അവനോടു പറഞ്ഞതിന്റെ പേരിൽമാത്രമല്ല, തടവിലായിരുന്ന കാലത്തു രണ്ടുപേരും തമ്മിൽ തടവിൽ വെച്ചുണ്ടായ പ്രത്യേകബന്ധം നോക്കുമ്പോഴും അവൻ അക്കാര്യം പ്രത്യേകം ഓർമ്മവെച്ചിരിക്കേണ്ടതാണല്ലോ. എന്നിട്ടും ഒരു നീണ്ടകാലത്തോളം അതു മറന്നുപോകുകയും, ഒരു കാരണം നേരിട്ടപ്പോൾ മാത്രം ഓർമ്മവരുകയുമാണുണ്ടായത്. അപ്പോൾ, ആ മറവിയിൽ പിശാചിന്റെ ഭാഗത്തുനിന്നുള്ള ഒരു പ്രേരണകൂടി ഉണ്ടായിരിക്കും. നല്ല കാര്യങ്ങൾക്കും, നല്ല ആളുകൾക്കും എതിരായി മനുഷ്യമനസ്സിൽ സ്വാധീനം ചെലുത്തുക പിശാചിന്റെ ജോലിയാണല്ലോ. 'അവൻ മറന്നുപോയി' എന്നോ മറ്റോ പറയാതെ, 'അവനെ പിശാചു മറപ്പിച്ചു (فَأَنسَاهُ الشَّيْطَانُ)' എന്നുള്ള പ്രയോഗം ഇതിനെയാണു സൂചിപ്പിക്കുന്നത്. പ്രത്യേകം ഓർമ്മിച്ചിരിക്കേണ്ടുന്ന ഒരു കാര്യം വേണ്ടുന്ന സമയത്തു ഓർമ്മ വരാതിരിക്കുമ്പോഴാണു ഇങ്ങിനെയുള്ള പ്രയോഗം കാണപ്പെടുക. ഇതുപോലെ ഒരവസരത്തിൽ, യൂശഅ് (അ) നബിയും പറഞ്ഞതായി 18:63ൽ കാണാവുന്നതാണ്.

വിഭാഗം-6

٤٣- وَقَالَ الْمَلِكُ إِنِّي أَرَىٰ سَبْعَ بَقَرَاتٍ سِمَانٍ يَأْكُلُهُنَّ سَبْعٌ عِجَافٌ

43. രാജാവു പറഞ്ഞു:

'ഏഴു (തടിച്ചു)കൊഴുത്ത പശുക്കളെ മെലിഞ്ഞ ഏഴു (പശുക്കൾ) തിന്നുന്നതായി ഞാൻ (സ്വപ്നം) കാണുന്നു;

وَسَبْعَ سُنۢبُلَٰتٍ خُضْرٍ وَأُخَرَ يَابِسَٰتٍ ۖ يَٰٓأَيُّهَا ٱلْمَلَأُ أَفْتُونِى فِى رُءْيَٰىَ إِن كُنتُمْ لِلرُّءْيَا تَعْبُرُونَ ○

ഏഴു പച്ച (ധാന്യ)ക്കതിരുകളും, വേറെ (ഏഴു) ഉണങ്ങിയവയും (കാണുന്നു). ഹേ, പ്രധാനികളേ, എന്റെ (ഈ) സ്വപ്നത്തിൽ നിങ്ങൾ എനിക്കു (ഒരു)വിധി തരുവിൻ; നിങ്ങൾ സ്വപ്നത്തിനു വ്യാഖ്യാനം [പൊരുൾ] വിവരിക്കുന്നവരാണെങ്കിൽ'.

٤٤- قَالُوٓا۟ أَضْغَٰثُ أَحْلَٰمٍ ۖ وَمَا نَحْنُ بِتَأْوِيلِ ٱلْأَحْلَٰمِ بِعَٰلِمِينَ ○

44. അവർ പറഞ്ഞു: 'പേക്കിനാവുകളുടെ മിശ്രങ്ങളാണ് (അതു). ഞങ്ങൾ പേക്കിനാവുകളുടെ വ്യാഖ്യാനത്തെപ്പറ്റി അറിയുന്നവരല്ല.'

٤٥- وَقَالَ ٱلَّذِى نَجَا مِنْهُمَا وَٱدَّكَرَ بَعْدَ أُمَّةٍ أَنَا۠ أُنَبِّئُكُم بِتَأْوِيلِهِۦ فَأَرْسِلُونِ ○

45. ആ രണ്ടു പേരിൽനിന്നു രക്ഷപ്പെട്ടവൻ പറഞ്ഞു: ഒരു (നീണ്ട) കാലയളവിനുശേഷം അവനു ഓർമ്മ വരുകയും ചെയ്തു: 'അതിന്റെ വ്യാഖ്യാനത്തെപ്പറ്റി ഞാൻ നിങ്ങൾക്കു വിവരിച്ചുതരാം; ആകയാൽ, (അതിനു)എന്നെ നിങ്ങൾ അയക്കുവിൻ, [ഞാൻ പോയിവരട്ടെ.]'

---

43. قَالَ പറഞ്ഞു, പറയുകയും ചെയ്തു الْمَلِكُ രാജാവു إِنِّي أَرَىٰ ഞാൻ കാണുന്നു سَبْعَ ഏഴു بَقَرَاتٍ പശുക്കളെ سِمَانٍ കൊഴുത്ത, തടിച്ച يَأْكُلُهُنَّ അവയെ തിന്നുന്നു, തിന്നുന്നതായി سَبْعٌ ഏഴെണ്ണം عِجَافٌ മെലിഞ്ഞ, ശോഷിച്ച وَسَبْعَ ഏഴെണ്ണവും سُنبُلَاتٍ കതിരുകൾ خُضْرٍ പച്ചയായ وَأُخَرَ വേറെയും (ഏഴു) يَابِسَاتٍ ഉണങ്ങിയ يَا أَيُّهَا الْمَلَأُ ഹേ പ്രധാനികളേ, സംഘമേ أَفْتُونِي എനിക്കു വിധി തരുവിൻ فِي رُؤْيَايَ എന്റെ സ്വപ്നക്കാഴ്ചയിൽ إِن كُنتُمْ നിങ്ങളാണെങ്കിൽ لِلرُّؤْيَا സ്വപ്നത്തിനു تَعْبُرُونَ വ്യാഖ്യാനം നൽകുന്ന (വെങ്കിൽ), വ്യാഖ്യാനം നൽകുന്ന (വർ) 44. قَالُوا അവർ പറഞ്ഞു أَضْغَاثُ കലർപ്പുകളാണു, കൂടിക്കലർന്നവയാണു, മിശ്രങ്ങളാണു أَحْلَامٍ പേക്കിനാവുകളുടെ, (ദു)സ്വപ്നങ്ങളുടെ وَمَا نَحْنُ ഞങ്ങളല്ലതാനും بِتَأْوِيلِ വ്യാഖ്യാനത്തെപ്പറ്റി, (പൊരുളുകളെ) الْأَحْلَامِ പേക്കിനാവുകളുടെ بِعَالِمِينَ അറിയുന്നവർ 45. وَقَالَ പറഞ്ഞു الَّذِي نَجَا രക്ഷപ്പെട്ടവൻ مِنْهُمَا അവർ രണ്ടാളിൽനിന്നു وَادَّكَرَ അവൻ ഓർക്കുക(അവനു ഓർമ്മ വരുക)യും ചെയ്തു بَعْدَ أُمَّةٍ ഒരു കാലയളവിനു ശേഷം (മിൽലകാലശേഷം) أَنَا أُنَبِّئُكُم ഞാൻ നിങ്ങൾക്കു വിവരിച്ചു തരാം بِتَأْوِيلِهِ അതിന്റെ വ്യാഖ്യാനത്തെപ്പറ്റി فَأَرْسِلُونِ ആകയാൽ (എന്നാൽ) എന്നെ നിങ്ങൾ അയക്കുവിൻ.

രാജാവിന്റെ പാനീയ കാര്യസ്ഥൻ കാരാഗൃഹത്തിൽനിന്നു രക്ഷപ്പെട്ടു പഴയ ജോലി തുടരുകയാണ്. കൊല്ലങ്ങൾ അതിനിടെ കഴിഞ്ഞു. ഒരിക്കൽ രാജാവ് ഒരു സ്വപ്നം കണ്ടു. തടിച്ചുകൊഴുത്ത ഏഴു പശുക്കളെ മെലിഞ്ഞു ശോഷിച്ച ഏഴു പശുക്കൾ തിന്നുന്നതും, ഏഴു പച്ചയായ ധാന്യക്കതിരുകളും, ഉണങ്ങിയ കതിരുകളും, ഇതായിരുന്നു സ്വപ്നം. യൂസുഫ് (അ) ജയിലിലായിട്ടും ... സ്വപ്നവ്യാഖ്യാന വിദഗ്ദ്ധരായ പലരെയും വിളിച്ചുവരുത്തി തന്റെ സ്വപ്നത്തിന്റെ പൊരുൾ പറയുവാൻ രാജാവു ആവശ്യപ്പെട്ടു. ആർക്കും ... വ്യാഖ്യാനിക്കുവാൻ കഴിഞ്ഞില്ല. പല പേക്കിനാവുകൾ കൂടിച്ചേർന്നതാണു ഈ സ്വപ്നം. ഇത്തരം കിനാവുകൾ വ്യാഖ്യാനിക്കുവാൻ ഞങ്ങൾക്കറിഞ്ഞുകൂടാ എന്നായിരുന്നു അവരുടെ മറുപടി. ദുഃസ്വപ്നങ്ങളെന്നും വ്യാഖ്യാനം പറയുവാൻ ... കൽപിക്കപ്പെടുക സ്വാഭാവികമാണല്ലോ. ഈ സന്ദർഭത്തിലാണു മുമ്പു തടവിൽ നിന്നു പോന്നപ്പോൾ തന്റെ കാര്യം ഓർമ്മിപ്പിക്കുവാൻ യൂസുഫ് (അ) ഏൽപിച്ചിരുന്നതു മുമ്പു കഴിഞ്ഞ ആ പഴയ വർത്തമാനങ്ങൾ ഓർമ്മ വരുന്നത്. ആ കാര്യം ഞാൻ നിവൃത്തിച്ചു തരാം. ജയിലിലുള്ള സ്വപ്നവ്യാഖ്യാനം ശരിക്കും അറിയാവുന്ന ഒരു മനുഷ്യൻ. എന്നെ പറഞ്ഞയക്കുന്നപക്ഷം ഞാൻ പോയി ചോദിച്ചറിഞ്ഞു വരാം എന്നു അവൻ അറിയിച്ചു.

'സമുദായം' എന്നു അർത്ഥം പറയപ്പെടാറുള്ള أمة (ഉമ്മത്തു) എന്ന പദത്തിനു വേറെയും അർത്ഥങ്ങൾ വരുമെന്നും, അവയിലൊന്നാണു 'കാലയളവ്' അഥവാ കുറെ കാലം എന്നും സൂ: ഹൂദ് 8-ാം വചനത്തിന്റെ വ്യാഖ്യാനത്തിൽ മുമ്പു നാം ചൂണ്ടിക്കാട്ടിയിട്ടുണ്ടല്ലോ. ഈ അർത്ഥത്തിലാണു അതിവിടെയുള്ളത്.

٤٦- يُوسُفُ أَيُّهَا الصِّدِّيقُ أَفْتِنَا فِي سَبْعِ بَقَرَاتٍ سِمَانٍ يَأْكُلُهُنَّ سَبْعٌ عِجَافٌ وَسَبْعِ سُنبُلَاتٍ خُضْرٍ وَأُخَرَ يَابِسَاتٍ لَّعَلِّي أَرْجِعُ إِلَى النَّاسِ لَعَلَّهُمْ يَعْلَمُونَ ○

46. (അവൻ പറഞ്ഞു:) 'യൂസുഫ്! ഹേ, സത്യസന്ധാ!

'ഏഴു (തടിച്ചു) കൊഴുത്ത പശുക്കളെ മെലിഞ്ഞ ഏഴു (പശുക്കൾ) തിന്നുന്നതിന്റെ കാര്യത്തിൽ ഞങ്ങൾക്ക വിധി (പറഞ്ഞു) തരണം; ഏഴു പച്ച (ധാന്യ)ക്കതിരുകളുടെയും, വേറെ (ഏഴു) ഉണങ്ങിയവയുടെയും (കാര്യത്തിലും); എനിക്ക (ആ) മനുഷ്യരുടെ അടുക്കലേക്ക - അവർക്കറിയുവാൻവേണ്ടി - (അതും കൊണ്ടു) മടങ്ങിച്ചെല്ലാമല്ലോ.'

٤٧- قَالَ تَزْرَعُونَ سَبْعَ سِنِينَ دَأَبًا فَمَا حَصَدتُّمْ فَذَرُوهُ فِي سُنبُلِهِ إِلَّا قَلِيلًا مِّمَّا تَأْكُلُونَ ○

47. അദ്ദേഹം [യൂസുഫ്] പറഞ്ഞു: 'നിങ്ങൾ ഏഴു കൊല്ലം പതിവായി കൃഷി ചെയ്യും. (അഥവാ ചെയ്യണം)

എന്നിട്ടു, നിങ്ങൾ കൊയ്തെടുക്കുന്നതിനെ അതിന്റെ കതിരിൽ (തന്നെ) നിങ്ങൾ വിട്ടേക്കുവിൻ; നിങ്ങൾ തിന്നു (ക ഴിക്കു)ന്നതിൽപെട്ട അൽപമൊഴികെ.

٤٨- ثُمَّ يَأْتِي مِن بَعْدِ ذَٰلِكَ سَبْعٌ شِدَادٌ يَأْكُلْنَ مَا قَدَّمْتُمْ لَهُنَّ إِلَّا قَلِيلًا مِّمَّا تُحْصِنُونَ ○

48. 'പിന്നീടു അതിനുശേഷം കഠിനങ്ങളായ ഏഴു (കൊല്ലം) വരും;-

'അവ [ആ കൊല്ലങ്ങൾ] ക്കവേണ്ടി നിങ്ങൾ മുൻകൂട്ടി (സൂക്ഷിച്ചു) വെച്ചിട്ടുള്ളതു (മുഴുവൻ) അവ തിന്നു (തീർക്കു) ന്നതാണു; നിങ്ങൾ കാത്തു (സൂക്ഷിച്ചു) വെക്കുന്നതിൽപെട്ട അൽപമൊഴികെ.

---

46. يوسف യൂസുഫേ أيها الصديق ഹേ സത്യസന്ധാ أفتنا ഞങ്ങൾക്ക വിധി നൽകണം في سبع ഏഴിൽ (ഏഴിന്റെ കാര്യത്തിൽ) بقرات പശുക്കൾ سمان തടിച്ച, കൊഴുത്ത يأكلهن അവയെ തിന്നുന്നു سبع ഏഴു എണ്ണം عجاف മെലിഞ്ഞവ وسبع ഏഴിലും, ഏഴിന്റെയും سنبلات കതിരുകൾ خضر പച്ചയായ وأخر വേറെയും (ഏഴു) يابسات ഉണങ്ങിയവ لعلي ഞാനായേക്കാം, ആകുവാൻ വേണ്ടി (ആകാമല്ലോ) أرجع ഞാൻ മടങ്ങും إلى الناس മനുഷ്യരിലേക്ക لعلهم അവരാകുവാൻവേണ്ടി, ആയേക്കാം يعلمون അവർ അറിയും 47. قال അദ്ദേഹം പറഞ്ഞു تزرعون നിങ്ങൾ കൃഷി ചെയ്യണം, വിളയിടും سبع سنين ഏഴു കൊല്ലങ്ങൾ دأبا പതിവായി (തുടർച്ചയായി) فما حصدتم എന്നിട്ട നിങ്ങൾ കൊയ്തെടുത്തതു فذروه അതിനെ നിങ്ങൾ വിട്ടേക്കുക في سنبله അതിന്റെ കതിരിൽ إلا قليلا അൽപമൊഴികെ مما تأكلون നിങ്ങൾ തിന്നുന്നതിൽ നിന്നുള്ള 48. ثم يأتي പിന്നെ വരും من بعد ذلك അതിന്റെശേഷം سبع شداد കഠിനങ്ങളായ ഏഴു (കൊല്ലം) يأكلن അവ തിന്നും, തിന്നുന്നു ما قدمتم നിങ്ങൾ മുമ്പു ചെയ്തതു (മുമ്പു സൂക്ഷിച്ചു) വെച്ചതു لهن അവക്കായി إلا قليلا അൽപമൊഴികെ مما تحصنون നിങ്ങൾ കാത്തു സൂക്ഷിക്കുന്നതിൽപെട്ട

49. 'പിന്നെ, അതിനുശേഷം ഒരു സംവൽസരം വരും; അതിൽ മനുഷ്യർക്ക (മഴമൂലം) രക്ഷ നൽകപ്പെടും; അതിൽ അവർ പിഴിഞ്ഞെടുക്കുക [ആട്ടിയെടുക്കുക]യും ചെയ്യും.'

٤٩- ثُمَّ يَأْتِي مِنْ بَعْدِ ذَٰلِكَ عَامٌ فِيهِ يُغَاثُ النَّاسُ وَفِيهِ يَعْصِرُونَ ○

---

49. ثُمَّ يَأْتِي പിന്നെവരും مِنْ بَعْدِ ശേഷം ذَٰلِكَ അതിന്റെ عَامٌ ഒരു സംവൽസരം, വർഷം فِيهِ അതിൽ يُغَاثُ രക്ഷ (സഹായം)നൽകപ്പെടും, മഴ കിട്ടും النَّاسُ മനുഷ്യർക്ക وَفِيهِ അതിൽ يَعْصِرُونَ അവർ പിഴിഞ്ഞെടുക്ക (ആട്ടിയെടുക്ക)കയും ചെയ്യും

പാനീയ കാര്യസ്ഥൻ കാരാഗൃഹത്തിൽ യൂസുഫ് (അ)ന്റെ അടുക്കലേക്ക് അയക്കപ്പെട്ടു. അവൻ ചെന്ന് അദ്ദേഹത്തോടു രാജാവിന്റെ സ്വപ്നത്തിനു വ്യാഖ്യാനം നൽകുവാൻ അപേക്ഷിച്ചു. ഇത്രയും കാലം തന്നെ വിസ്മരിച്ചശേഷം ഇപ്പോൾ ഈയൊരാവശ്യം നേരിട്ടപ്പോൾ മാത്രം തന്നെക്കുറിച്ചു ഓർമ്മവന്നതിനെപ്പറ്റി പ്രതിഷേധിക്കാതെ വേഗം അദ്ദേഹം മറുപടി കൊടുത്തു. ഏഴു തടിച്ച പശുക്കൾ നിലം ഉഴുതു കൃഷി ചെയ്‌വാൻ പറ്റുന്ന ഏഴു വർഷങ്ങളെയും, പച്ചക്കതിരുകൾ ഏഴുകൊല്ലത്തെ ക്ഷേമത്തെയും, സമൃദ്ധമായ വിളവിനെയും, ഏഴു ഉണങ്ങിയ കതിരുകൾ ഏഴുകൊല്ലത്തെ ക്ഷാമത്തെയും, വരൾച്ചയെയും കുറിക്കുന്നു. അതുകൊണ്ടു ആദ്യത്തെ ഏഴുകൊല്ലം നന്നായി കൃഷി നടത്തണം. അപ്പോൾ കൊയ്തെടുക്കുന്ന ധാന്യം നശിച്ചുപോകാതിരിക്കുവാൻവേണ്ടി കതിരോടെ സൂക്ഷിച്ചു വെക്കണം. ഭക്ഷ്യാവശ്യത്തിനു കഴിവതും ചുരുക്കി ബാക്കിയെല്ലാം പിന്നേക്കു കരുതിവെക്കണം. പിന്നീടു വരുന്ന ഏഴു ക്ഷാമത്തിന്റെ വർഷങ്ങളിൽ ആ സൂക്ഷിക്കപ്പെട്ട ധാന്യം ഉപയോഗപ്പെടുത്താം. വിത്തിനും മറ്റുമായി അല്പം കരുതിവെച്ചു ബാക്കിയൊക്കെ അന്നു ഉപയോഗിക്കാം. പഞ്ഞത്തിന്റെ വർഷങ്ങൾ കഴിയുന്നതോടെ ഇഷ്ടംപോലെ മഴയും മറ്റും ലഭിച്ചു സുഖകരമായ വർഷമായിരിക്കും ലഭിക്കുക. അക്കൊല്ലം കൃഷികളെല്ലാം നന്നായി വിളയും. മുന്തിരിയിൽ നിന്നു കള്ളും, ഒലിവിൽനിന്നു എണ്ണയും, കരിമ്പിൽ നിന്നു ശർക്കരയുമൊക്കെ ആട്ടിയും പിഴിഞ്ഞും എടുക്കുകയും ചെയ്യാം. ഇതായിരുന്നു ആ സ്വപ്നത്തിന്റെ വ്യാഖ്യാനവും പൊരുളും.

തന്റെ രാഷ്ട്രത്തിന്റെ തന്നെ ഭാവിയെ ബാധിക്കുന്ന ഈ മഹത്തായ വ്യാഖ്യാന വിവരം കേട്ടറിഞ്ഞപ്പോൾ ഈ വ്യാഖ്യാനകർത്താവിനെ–യൂസുഫ് (അ)നെ–പ്പറ്റി രാജാവു കൂടുതൽ അന്വേഷിച്ചറിയുകയും, കാണുവാൻ ആഗ്രഹിക്കുകയും ചെയ്യുക സ്വാഭാവികമാണല്ലോ.

വിഭാഗം–7

50. രാജാവു പറയുകയും ചെയ്തു: 'അവനെ എന്റെ അടുക്കൽ കൊണ്ടുവരുവിൻ.' അങ്ങനെ, അദ്ദേഹത്തിന്റെ അടുക്കൽ (രാജാവിന്റെ) ദൂതൻ വന്നപ്പോൾ, അദ്ദേഹം പറഞ്ഞു: 'നീ നിന്റെ യജമാനന്റെ അടുക്കലേക്ക മടങ്ങിച്ചെല്ലുക; എന്നിട്ടദ്ദേഹത്തോടു ചോദി (ച്ചു നോ)ക്കുക: തങ്ങളുടെ കൈകൾ മുറിപ്പെടുത്തിയ (ആ) സ്ത്രീകളുടെ നിലപാടെന്താണെന്ന്?! നിശ്ചയമായും, എന്റെ റബ്ബ് അവരുടെ തന്ത്രത്തെപ്പറ്റി അറിയുന്നവനാണ്.'

٥٠- وَقَالَ الْمَلِكُ ائْتُونِي بِهِ ۖ فَلَمَّا جَاءَهُ الرَّسُولُ قَالَ ارْجِعْ إِلَىٰ رَبِّكَ فَاسْأَلْهُ مَا بَالُ النِّسْوَةِ اللَّاتِي قَطَّعْنَ أَيْدِيَهُنَّ ۚ إِنَّ رَبِّي بِكَيْدِهِنَّ عَلِيمٌ ○

---

50. وَقَالَ പറയുകയും ചെയ്തു الْمَلِكُ രാജാവു ائْتُونِي എന്റെ അടുക്കൽ വരുവിൻ بِهِ അവനെ കൊണ്ട് فَلَمَّا جَاءَهُ അങ്ങനെ അദ്ദേഹത്തിന്റെ അടുക്കൽ വന്നപ്പോൾ الرَّسُولُ ദൂതൻ قَالَ അദ്ദേഹം പറഞ്ഞു ارْجِعْ നീ മടങ്ങുക إِلَىٰ رَبِّكَ നിന്റെ യജമാനനിലേക്ക فَاسْأَلْهُ എന്നിട്ടദ്ദേഹത്തോടു ചോദിക്കുക مَا بَالُ നിലപാടു (സ്ഥിതി) എന്താണു النِّسْوَةِ സ്ത്രീകളുടെ اللَّاتِي قَطَّعْنَ മുറിപ്പെടുത്തിയ أَيْدِيَهُنَّ അവരുടെ കൈകളെ إِنَّ رَبِّي നിശ്ചയമായും എന്റെ റബ്ബ് بِكَيْدِهِنَّ അവരുടെ തന്ത്രത്തെ (ഉപായത്തെ)പ്പറ്റി عَلِيمٌ അറിയുന്നവനാണ്

യൂസുഫ് (അ) നെ വിളിച്ചുകൊണ്ടുവരാൻ രാജാവു ദൂതനെ അയച്ചു. ദൂതൻ വന്ന മാത്രയിൽതന്നെ തടവിൽ നിന്നു പുറത്തുപോരാൻ അദ്ദേഹം തയ്യാറില്ലായിരുന്നു. ഒരു സംശയിക്കപ്പെട്ട കേടിയായിക്കൊണ്ടു രാജസന്നിധിയിൽ ചെല്ലാതെ, തന്റെ യഥാർത്ഥസ്ഥിതി രാജാവു അറിഞ്ഞുകൊണ്ടായിരിക്കണം. അതെന്നു അദ്ദേഹം ആഗ്രഹിച്ചു. മുമ്പ് തന്റെ കാരണത്താൽ കൈകൾ മുറിപ്പെടുത്തുകയും, അതിനെത്തുടർന്നു അസീസിന്റെ ഭാര്യക്കു പിന്തുണ നൽകുകയും ചെയ്തിരുന്ന ആ സ്ത്രീകളുമായി ഒരു സത്യാന്വേഷണം നടത്തി തന്റെ നിരപരാധിത്വവും പരിശുദ്ധിയും പരസ്യമായി രാജാവിനും മറ്റും ബോധ്യപ്പെട്ട ശേഷമേ താൻ പുറത്തുപോരേണ്ടതുള്ളുവെന്നു അദ്ദേഹം നിശ്ചയിച്ചു. അദ്ദേഹത്തിന്റെ മാന്യതയും, ധീരതയും ദൃഢമനസ്കതയും ഇതിൽനിന്ന വ്യക്തമാണ്. നബി (സ) ഒരു ഹദീസിൽ അതിങ്ങിനെ ചൂണ്ടിക്കാട്ടിയിരിക്കുന്നു: 'യൂസുഫ് താമസിച്ചത്ര കാലം ഞാൻ തടവിൽ താമസിച്ചിരുന്നുവെങ്കിൽ, ആ വിളിക്കുവാൻ ചെന്നവന്റെ ക്ഷണം ഞാൻ സ്വീകരിക്കുമായിരുന്നു.' (ബു; മു. മുതലായവർ). രാജാവു അന്വേഷണം നടത്തി.

51. അദ്ദേഹം [രാജാവു] പറഞ്ഞു: '(സ്ത്രീകളേ) നിങ്ങൾ യൂസുഫിനോടു വശീകരണ ശ്രമം നടത്തിയപ്പോൾ (ഉണ്ടായ) നിങ്ങളുടെ വിശേഷമെന്ത്?' അവർ പറഞ്ഞു: 'അല്ലാഹുവിന്റെ പരിശുദ്ധിയെ വാഴ്ത്തുന്നു! അവനെപ്പററി യാതൊരു തിൻമയും ഞങ്ങൾ അറിഞ്ഞിട്ടില്ല.

قَالَ مَا خَطْبُكُنَّ إِذْ رَاوَدتُّنَّ يُوسُفَ عَن نَّفْسِهِۦ ۚ قُلْنَ حَاشَ لِلَّهِ مَا عَلِمْنَا عَلَيْهِ مِن سُوٓءٍ ۚ

അസീസിന്റെ സ്ത്രീ [ഭാര്യ] പറഞ്ഞു: 'ഇപ്പോൾ, യഥാർത്ഥം വെളിവായിരിക്കുന്നു; ഞാനത്രെ അവനോടു വശീകരണ ശ്രമം നടത്തിയത്. അവൻ സത്യവാൻമാരിൽപെട്ടവൻ തന്നെയാണു താനും.'

قَالَتِ ٱمْرَأَتُ ٱلْعَزِيزِ ٱلْـَٰٔنَ حَصْحَصَ ٱلْحَقُّ أَنَا۠ رَٰوَدتُّهُۥ عَن نَّفْسِهِۦ وَإِنَّهُۥ لَمِنَ ٱلصَّٰدِقِينَ ۝

52. 'അതു [അങ്ങിനെ പറഞ്ഞതു] അവനെ (അവന്റെ) അസാന്നിദ്ധ്യത്തിൽ ഞാൻ വഞ്ചിച്ചിട്ടില്ലെന്നു അവൻ അറിയുവാൻ വേണ്ടിയാകുന്നു; വഞ്ചകൻമാരുടെ തന്ത്രത്തെ അല്ലാഹു നേർവഴിയിലാക്കുകയില്ലെന്നുള്ളതിനാലുമാകുന്നു.

ذَٰلِكَ لِيَعْلَمَ أَنِّى لَمْ أَخُنْهُ بِٱلْغَيْبِ وَأَنَّ ٱللَّهَ لَا يَهْدِى كَيْدَ ٱلْخَآئِنِينَ ۝

---

51. قال അദ്ദേഹം പറഞ്ഞു ما خطبكن നിങ്ങളുടെ വിശേഷം (കാര്യം) എന്താണു إذ راودتن നിങ്ങൾ വശീകരണ ശ്രമം നടത്തിയപ്പോൾ يوسف യൂസുഫിനോടു عن نفسه അവനുവേണ്ടി (അവനെ വശപ്പെടുത്താൻ) قلن അവർ പറഞ്ഞു حاش لله അല്ലാഹുവിന്റെ പരിശുദ്ധി (വാഴ്ത്തുന്നു) ما علمنا ഞങ്ങൾ അറിഞ്ഞിട്ടില്ല عليه അദ്ദേഹത്തെപ്പററി من سوء ഒരു തിന്മയും قالت പറഞ്ഞു امرأة സ്ത്രീ (ഭാര്യ) العزيز അസീസിന്റെ الآن ഇപ്പോൾ حصحص വെളിപ്പെട്ടു, വ്യക്തമായി الحق യഥാർത്ഥം أنا ഞാൻ (തന്നെ) راودته അവനോടു വശീകരണശ്രമം നടത്തി عن نفسه അവനുവേണ്ടി وإنه നിശ്ചയമായും അവൻ لمن الصادقين സത്യവാന്മാരിൽ പെട്ട(വൻ) തന്നെ 52. ذلك അതു ليعلم അവൻ (അദ്ദേഹം) അറിയുവാൻ വേണ്ടിയാകുന്നു أني ഞാൻ എന്നു لم أخنه അദ്ദേഹത്തെ (അവനെ) ഞാൻ വഞ്ചി (ചതിച്ചി)ട്ടില്ല (എന്നു) بالغيب അസാന്നിദ്ധ്യത്തിൽ, മറവിൽ وأن الله അല്ലാഹു എന്നതിനാലും لا يهدي അവൻ നേർവഴിയിലാക്കുകയില്ല (എന്നതിനാലും) كيد തന്ത്രത്തെ, ഉപായം الخائنين ചതിയൻമാരുടെ, വഞ്ചകരുടെ

ജുസുഉ് - 13

وَمَآ أُبَرِّئُ نَفْسِيٓ ۚ إِنَّ ٱلنَّفْسَ لَأَمَّارَةٌۢ بِٱلسُّوٓءِ إِلَّا مَا رَحِمَ رَبِّيٓ ۚ إِنَّ رَبِّي غَفُورٌ رَّحِيمٌ ۝

53. 'എന്റെ സ്വന്തത്തെ (അഥവാ മനസ്സിനെ) ഞാൻ (നിരപരാധിയാക്കി) ഒഴിവാക്കുന്നുമില്ല. നിശ്ചയമായും മനസ്സ് തിന്മകൊണ്ടു ഉപദേശിക്കുന്ന [തിന്മക്ക് പ്രേരിപ്പിക്കുന്ന] തുതന്നെയാണ്, എന്റെ റബ്ബ് കരുണചെയ്തവനൊഴികെ. നിശ്ചയമായും, എന്റെ റബ്ബ് വളരെ പൊറുക്കുന്നവനും, കരുണാനിധിയുമാകുന്നു'.

---

53. وما ابرئ ഞാൻ ഒഴിവാക്കുന്നില്ല (നിരപരാധിയാക്കുന്നില്ല) نفسى എന്റെ സ്വന്തത്തെ, ആത്മാവിനെ, മനസ്സിനെ ان النفس നിശ്ചയമായും മനസ്സു لامارة (വളരെ) ഉപദേശിക്കുന്ന (പ്രേരിപ്പിക്കുന്ന) തു തന്നെ بالسوء തിന്മകൊണ്ടു, തിന്മയെപ്പററി الا ما رحم കരുണചെയ്തതു (ചെയ്തവ) ഒഴികെ ربى എന്റെ റബ്ബു ان ربى നിശ്ചയമായും എന്റെ റബ്ബു غفور വളരെ പൊറുക്കുന്നവനാണു رحيم കരുണാനിധിയാണു

അസീസിന്റെ ഭാര്യ നിങ്ങളെ വിരുന്നു സല്കരിച്ചതുമുതൽ നിങ്ങൾ യൂസുഫിനു നേരെ പ്രേമം പുലർത്തിക്കൊണ്ടിരുന്നുവല്ലോ. എന്നാൽ, അവന്റെ ഭാഗത്തുനിന്നു നിങ്ങളിലേക്ക വല്ല ചായ്‌വും ഉള്ളതായി നിങ്ങൾ കാണുകയുണ്ടായോ? അവനെപ്പററി നിങ്ങളുടെ അഭിപ്രായമെന്താണ്? എന്നൊക്കെ രാജാവു സ്ത്രീകളോടു അന്വേഷിച്ചു. ഞങ്ങൾ അറിഞ്ഞിടത്തോളം അവനെ സംബന്ധിച്ചു ഒരു ദൂഷ്യവും പറയുവാനില്ല എന്നായിരുന്നു അവരുടെ മറുപടി. ഇത്രയുമായപ്പോൾ അസീസിന്റെ ഭാര്യയും സത്യം തുറന്നുപറഞ്ഞു. ഇതുവരെ സംഗതി മൂടപ്പെട്ടുകിടക്കുകയായിരുന്നു. ഇപ്പോൾ യഥാർത്ഥം വെളിക്കുവന്നിരിക്കയാണ്, യഥാർത്ഥത്തിൽ അവനല്ല - ഞാൻതന്നെയാണു - പ്രേമാപേക്ഷ നടത്തിയത്. അവന്റെ ഭാഗത്താണു സത്യമുള്ളതു എന്നിങ്ങിനെ അവളും മൊഴികൊടുത്തു. യൂസുഫ് കേവലം ഒരു സാധാരണക്കാരനല്ലെന്നു എല്ലാവർക്കും ബോധ്യമായി.

52ഉം 53ഉം വചനങ്ങളിലെ വാചകങ്ങൾ അസീസിന്റെ ഭാര്യയുടെ പ്രസ്താവനയുടെ തുടർച്ചയാണെന്നത്രെ വാചകങ്ങളുടെ ഘടനക്രമത്തിൽ നിന്നു മനസ്സിലാകുന്നത്. വ്യാഖ്യാതാക്കളിൽ ഒരു വിഭാഗത്തിന്റെ അഭിപ്രായവും അതാണ്. അതേസമയം, ആ വാചകങ്ങളിലടങ്ങിയ ആശയങ്ങൾ നോക്കുമ്പോൾ, അവ യൂസുഫ് (അ)ന്റെ വാചകങ്ങളായിരിക്കുവാനാണു കൂടുതൽ സാധ്യത കാണുന്നതെന്ന നിഗമനത്തിൽ അധിക വ്യാഖ്യാതാക്കളും അവ അദ്ദേഹത്തിന്റെ പ്രസ്താവനയാണെന്നും അഭിപ്രായപ്പെടുന്നു. അസീസിന്റെ ഭാര്യയുടെ വാചകങ്ങളാണെന്നു വെക്കുമ്പോൾ ذلك ليعلم.... (അദ്ദേഹത്തിന്റെ അഭാവത്തിൽ അദ്ദേഹത്തെ ഞാൻ വഞ്ചിച്ചിട്ടില്ലെന്നു അറിയുവാൻ വേണ്ടിയാണു അത്) എന്ന വാക്യത്തിന്റെ സാരം രണ്ടുപ്രകാരത്തിൽ വരാം. (1) അദ്ദേഹത്തെ—അഥവാ എന്റെ ഭർത്താവായ അസീസിനെ—അദ്ദേഹത്തിന്റെ അഭാവത്തിൽ ഞാൻ വഞ്ചിക്കുകയുണ്ടായിട്ടില്ല. ഞാൻ യൂസുഫിനെ മോഹിച്ചതും, പിടികൂടിയതും ശരിതന്നെ. അവൻ അതിനു വിസമ്മതിക്കുകയാണുണ്ടായത്. അതുകൊണ്ടു അതിനപ്പുറമുള്ള അപരാധം (വ്യഭിചാരം) ഞാൻ ചെയ്തിട്ടില്ല. ഈ വസ്തുത അദ്ദേഹം അറിഞ്ഞിരിക്കുവാൻ വേണ്ടിയാണു ഞാനിപ്പോൾ ഇതെല്ലാം തുറന്നുസമ്മതിച്ചത്. (2) ഞാനിപ്പോൾ സത്യം തുറന്നുപറയുവാൻ കാരണം, അവൻ—യൂസുഫ്—കാരാഗൃഹത്തിലായശേഷം അവന്റെ അഭാവത്തിൽ അവനെപ്പററി ആരോപണങ്ങൾ നടത്തി വഞ്ചിച്ചിട്ടില്ലെന്നു അവൻ അറിഞ്ഞിരിക്കുവാൻവേണ്ടിയാകുന്നു. ഇനി, ആ വാചകങ്ങൾ യൂസുഫ് (അ)ന്റേതാണെന്നുവെക്കുമ്പോൾ, ഈ വാക്യത്തിന്റെ താൽപര്യം ഇങ്ങിനെയായിരിക്കും: തടവിൽ നിന്നു എന്നെ മുതൽ വിളിച്ചപാടെ ഞാൻ പുറത്തുപോരാതെ ഈ വിഷയത്തിലെ സത്യാവസ്ഥ അന്വേഷിക്കണമെന്നു ആവശ്യപ്പെടുവാൻ കാരണം, എന്റെ യജമാനനായ അദ്ദേഹം—അസീസു—വീട്ടിലില്ലാത്തപ്പോൾ അദ്ദേഹത്തെ വഞ്ചിച്ചുകൊണ്ടു അദ്ദേഹത്തിന്റെ ഭാര്യയുടെ ആവശ്യത്തിനു ഞാൻ വഴങ്ങിയിട്ടില്ലെന്ന പരമാർത്ഥം അദ്ദേഹം അറിയുവാൻ വേണ്ടിയാകുന്നു.

'വഞ്ചകൻമാരുടെ തന്ത്രത്തെ അല്ലാഹു നേർമാർഗ്ഗത്തിലാക്കുകയില്ല' (لا يهدي كيد ....) എന്നു പറഞ്ഞതിന്റെ താൽപര്യം: അവരുടെ തന്ത്രങ്ങളും ഉപായങ്ങളും വിജയിക്കുകയില്ല; ഒരിക്കലല്ലെങ്കിൽ മറ്റൊരിക്കൽ, ഒരു കാരണം കൊണ്ടല്ലെങ്കിൽ മറ്റൊരു കാരണംകൊണ്ടു അതുപൊളിഞ്ഞു പോകുകയും, അവർ വഷളാകുകയും ചെയ്യും എന്നത്രെ. 'ഞാൻ എന്റെ സ്വന്തത്തെ—അഥവാ എന്റെമനസ്സിനെ—ഒഴിവാക്കി പറയുന്നില്ല, മനസ്സു തിൻമക്കു പ്രേരണ നല്കുന്നതു തന്നെയാണു.' (وما أبرئ نفسي ان النفس ...) എന്ന വാക്യത്തിലെ ആശയം ഇപ്രകാരം മനസ്സിലാക്കാം: ഞാൻ ഇപ്രകാരം എന്റെ നിരപരാധിത്വം സ്ഥാപിക്കുന്നതുകൊണ്ടു എന്റെ പക്കൽ യാതൊരു തരത്തിലുള്ള തെറ്റുകുററവും വന്നു പോകയില്ലെന്നു ഞാൻ അവകാശപ്പെടുന്നില്ല. മനുഷ്യമനസ്സ് ദുഷ്പ്രേരണകൾക്കും, ദുർവികാരങ്ങൾക്കും വിധേയമാകുന്നതാണല്ലോ. അല്ലാഹുവിന്റെ കാരുണ്യംകൊണ്ട് രക്ഷപ്പെടുന്നവർ മാത്രമേ ഇതിൽനിന്ന് ഒഴിവായിരിക്കുകയുള്ളു. ഈ വാക്യം യൂസുഫ് (അ) പറഞ്ഞതായാലും, സുലൈഖാ പറഞ്ഞതായാലും സാരം ഏറെക്കുറെ ഒന്നുതന്നെ.

പ്രസ്തുത വാചകങ്ങൾ യൂസുഫ് (അ) ന്റെ വാചകങ്ങളാണെന്നുവെക്കുന്ന പക്ഷം, എപ്പോഴാണു അദ്ദേഹം അതു പറഞ്ഞതു എന്നു ചോദിക്കപ്പെടാം. ഇതിനുള്ള മറുപടി: രാജാവു സ്ത്രീകളെ വിളിച്ചു നടത്തിയ അന്വേഷണ ഫലം ദൂതൻ തടവിൽ ചെന്നു അദ്ദേഹത്തെ അറിയിച്ചപ്പോൾ ദൂതനോടു അദ്ദേഹം പറഞ്ഞതായിരിക്കാം. അല്ലെങ്കിൽ, അദ്ദേഹം തടവിൽ നിന്നു രാജാവിന്റെ മുമ്പിൽ വന്നശേഷം രാജാവിനോടു പറഞ്ഞതുമാവാം. രണ്ടു പ്രകാരത്തിലും പറയപ്പെട്ടിട്ടുണ്ടുതാനും.

52ഉം 53ഉം വചനങ്ങൾ സുലൈഖായുടെ വാചകങ്ങളെന്ന നിലക്കു അവക്കു വ്യാഖ്യാനം നൽകിയശേഷം ഇബ്നു കഥീർ (റ) ചെയ്ത ഒരു പ്രസ്താവന ശ്രദ്ധേയമാകുന്നു. അതിന്റെ ചുരുക്കം ഇതാണ്: 'ഈ അഭിപ്രായമാണു കൂടുതൽ പ്രസിദ്ധമായതും അനുയോജ്യമായതും. മാവർദീ (റ) അദ്ദേഹത്തിന്റെ തഫ്സീറിൽ ഇത് ഉദ്ധരിച്ചിട്ടുണ്ട്. അബുൽ അബ്ബാസ് ഇബ്നു തൈമിയ്യ (റ) ഇതിനെ അനുകൂലിക്കുകയും ചെയ്തിരിക്കുന്നു. അതിനെപ്പററി അദ്ദേഹം ഒരു പ്രത്യേക കൃതി തന്നെ രചിക്കുകയും ചെയ്തിരിക്കുന്നു. ആ വാക്യങ്ങൾ യൂസുഫ് (അ)ന്റെ പ്രസ്താവനയാണെന്നും പറയപ്പെട്ടിട്ടുണ്ട്. അതായതു, ഞാൻ ദൂതനെ മടക്കി അയച്ചത് എന്റെ നിരപരാധിത്വം രാജാവു അറിയുവാനും, അസീസിന്റെ ഭാര്യയുടെ കാര്യത്തിൽ ഞാൻ അദ്ദേഹത്തെ (അസീസിനെ) വഞ്ചിച്ചിട്ടില്ലെന്നു അദ്ദേഹം അറിയുവാനും വേണ്ടിയാണു.......ഈ അഭിപ്രായമല്ലാതെ ഇബ്നു ജരീറും ഇബ്നു അബീഹാതിമും (റ) വേറെ അഭിപ്രായം ഉദ്ധരിച്ചിട്ടുമില്ല. ഇതു യൂസുഫ് (അ) പറഞ്ഞതാണെന്നു ഇബ്നു അബ്ബാസ് (റ)ൽ നിന്നുള്ള ഒരു രിവായത്തു ഇബ്നു ജരീർ (റ) ഉദ്ധരിക്കുകയും ചെയ്തിരിക്കുന്നു. മുജാഹിദ്, സഈദുബ്നു ജുബൈർ, ഇക്രിമ (റ) മുതലായവരും പറയുന്നതു അങ്ങിനെയാണ്. ഒന്നാമത്തെ (സുലൈഖായുടെ പ്രസ്താവനയാണെന്ന) അഭിപ്രായമാണു കൂടുതൽ ബലപ്പെട്ടതും കൂടുതൽ വ്യക്തമായുള്ളതും. കാരണം, മുൻവാചകങ്ങളെല്ലാം രാജാവിന്റെ സാന്നിദ്ധ്യത്തിൽ വെച്ച് അവൾ പറഞ്ഞതാണ്. യൂസുഫ് (അ) അപ്പോൾ അവിടെ ഇല്ല. അതിനുശേഷമാണു അദ്ദേഹത്തെ രാജാവു വരുത്തിയത്.' (ابن كثير)

രാജാവിനു യൂസുഫ് (അ) ന്റെ നിരപരാധിത്വം വ്യക്തമാകുകയും, സ്വപ്നത്തിനു അദ്ദേഹം നൽകിയ വ്യാഖ്യാനത്തിന്റെ ഗൗരവം മനസ്സിലാകുകയും ചെയ്തപ്പോൾ രാജാവിനു അദ്ദേഹത്തിന്റെ നേരെ കൂടുതൽ മതിപ്പായി.

٥٤- وَقَالَ الْمَلِكُ ائْتُونِي بِهِ أَسْتَخْلِصْهُ لِنَفْسِي ۖ فَلَمَّا كَلَّمَهُ قَالَ إِنَّكَ الْيَوْمَ لَدَيْنَا مَكِينٌ أَمِينٌ ○

54. രാജാവു പറയുകയും ചെയ്തു: 'നിങ്ങൾ അവനെ എന്റെ അടുക്കൽ കൊണ്ടുവരുവിൻ, അവനെ ഞാൻ എനിക്കുവേണ്ടി സ്വന്തമാക്കിവെക്കാം.'

അങ്ങനെ, അദ്ദേഹത്തോടു സംസാരിച്ചപ്പോൾ അദ്ദേഹം [രാജാവു] പറഞ്ഞു: 'നിശ്ചയമായും നീ, നമ്മുടെ അടുക്കൽ ഇന്ന് (വളരെ) സ്ഥാനിയും വിശ്വസ്തനുമാകുന്നു.'

---

54. قال പറയുകയും ചെയ്തു الملك രാജാവു ائتوني എന്റെ അടുക്കൽ കൊണ്ടുവരുവിൻ, വരുവിൻ به അവനെ, അവനെക്കൊണ്ട് أستخلصه അവനെ ഞാൻ സ്വന്തമാക്കി (പ്രത്യേകമാക്കി–മാത്രമാക്കി)വെക്കാം (വെക്കുന്നു) لنفسي എന്റെ സ്വന്തത്തിന്, എനിക്ക സ്വന്തമായി فلما كلمه അങ്ങനെ അദ്ദേഹത്തോടു അദ്ദേഹം സംസാരിച്ചപ്പോൾ قال അദ്ദേഹം പറഞ്ഞു انك നിശ്ചയമായും നീ اليوم ഇന്നു لدينا നമ്മുടെ അടുക്കൽ مكين സ്ഥാനിയാണ്, സ്ഥാനക്കാരനാണ് أمين വിശ്വസ്തനാണു,

55. അദ്ദേഹം [യൂസുഫ്] പറഞ്ഞു: '(എന്നാൽ) എന്നെ (ഈ) ഭൂമിയിലെ ഖജനാക്കളുടെമേൽ (അധികാരി) ആക്കിത്തരുക; നിശ്ചയമായും ഞാൻ, (കാത്തു) സൂക്ഷിക്കുന്നവനും, (ശരിക്ക്) അറിയുന്നവനുമാകുന്നു.'

٥٥- قَالَ اجْعَلْنِي عَلَىٰ خَزَائِنِ الْأَرْضِ إِنِّي حَفِيظٌ عَلِيمٌ ○

---

55. قَالَ അദ്ദേഹം പറഞ്ഞു اجْعَلْنِي എന്നെ ആക്കുക عَلَىٰ خَزَائِنِ ഖജനാ (നിക്ഷേപ)ങ്ങളുടെ മേൽ الْأَرْضِ ഭൂമിയിലെ, നാട്ടിന്റെ إِنِّي നിശ്ചയമായും ഞാൻ حَفِيظٌ കാക്കുന്ന (സൂക്ഷിക്കുന്ന)വനാണു عَلِيمٌ അറിയുന്നവനാണു.

തന്റെ സ്വപ്നത്തിനു ലഭിച്ച വ്യാഖ്യാനത്തിൽ നിന്നും, പാനീയ കാര്യസ്ഥന്റെ അഭിപ്രായങ്ങളിൽ നിന്നും, സ്ത്രീകളുമായി നടത്തിയ അന്വേഷണത്തിൽ നിന്നുമെല്ലാം യൂസുഫ് (അ) ഒരു സാധാരണക്കാരനല്ല, ശ്രേഷ്ഠനും മാന്യനും യോഗ്യനും തന്നെയാണെന്നു രാജാവിനു ബോധ്യമായി. അദ്ദേഹത്തെ തനിക്കൊരു ഉപദേഷ്ടാവാക്കണമെന്നു കരുതി. വേഗം വിളിച്ചുകൊണ്ടുവരുവാൻ വീണ്ടും ആളയച്ചു. അദ്ദേഹം വന്നപ്പോൾ അദ്ദേഹവുമായി നടത്തിയ സംഭാഷണത്തിൽ അദ്ദേഹത്തെപ്പറ്റി രാജാവിനു കൂടുതൽ മതിപ്പുണ്ടായി. താൻ നമ്മുടെ അടുക്കൽ വളരെ ഉന്നത സ്ഥാനമുള്ളവനും തികച്ചും വിശ്വസ്തനുമാണെന്നു വ്യക്തമാക്കുകയും ചെയ്തു. രാജാവിങ്കലുള്ള സ്ഥാന വിശ്വാസങ്ങളെ ഉപയോഗപ്പെടുത്തിക്കൊണ്ടു രാജാവിനും ജനങ്ങൾക്കും നാട്ടിനും നന്മ ചെയ്യുവാൻ അദ്ദേഹത്തിനും ആഗ്രഹം തോന്നി. ശരി, അങ്ങിനെയാണെങ്കിൽ, ഈ ഭൂമിയിലെ—ഈ നാട്ടിലെ—ധനകാര്യം എന്നെ ഏൽപ്പിച്ചു തന്നാൽ ഞാനതു നന്നായി കൈകാര്യം ചെയ്തുകൊള്ളാം, ആവശ്യങ്ങളും നടത്തിപ്പുകളും സൂക്ഷ്മതയോടും വിശ്വസ്തതയോടും കൂടി നിർവ്വഹിച്ചുകൊള്ളാം എന്നും അഭിപ്രായം അറിയിച്ചു. അങ്ങനെ, യൂസുഫ് (അ) നബി ഈജിപ്തിലെ ധനകാര്യമന്ത്രിയും, രാജാവിന്റെ വിശ്വസ്തനായ ഉപദേഷ്ടാവും, സർവ്വാദരണീയനായ ഒരു ഭരണാധികാരിയുമായിത്തീർന്നു.

ഈ സന്ദർഭത്തിൽ — ഉദ്യോഗങ്ങൾക്കും സ്ഥാനമാനങ്ങൾക്കും വേണ്ടി ചാടലും മുറവിളിയും കൂട്ടിക്കൊണ്ടിരിക്കുന്ന ഇക്കാലത്തു വിശേഷിച്ചും — സത്യവിശ്വാസികൾ മനസ്സിരുത്തേണ്ടുന്ന ചില സംഗതികൾ ഇവിടെ ചൂണ്ടിക്കാട്ടുന്നതു ആവശ്യമാകുന്നു. സ്ഥാനമാനങ്ങൾക്കും അധികാര പദവികൾക്കും വേണ്ടി ആവശ്യപ്പെടുന്നതു ഒരു അനഭിലഷണീയ സമ്പ്രദായമായിട്ടാണു ഇസ്‌ലാം കണക്കാക്കുന്നത്. ഉദ്യോഗവും പദവിയും ആവശ്യപ്പെട്ടുവരുന്നവർക്കു അതു നൽകാതിരിക്കലായിരുന്നു നബി (സ) യുടെ പതിവ്. അബൂമൂസാ (റ) പറയുകയാണ്: ഞാനും എന്റെ പിതൃവ്യ പുത്രൻമാരിൽ രണ്ടുപേരും റസൂൽ (സ) തിരുമേനിയുടെ അടുക്കൽ പ്രവേശിച്ചു. അവരിൽ ഒരാൾ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, അല്ലാഹു അങ്ങയെ ഭരമേൽപിച്ചിട്ടുള്ള വല്ലതിലും അവിടുന്നു ഞങ്ങളെ അധികാരപ്പെടുത്തിത്തന്നാലും.' മറ്റവനും അതേ പ്രകാരം പറഞ്ഞു. അപ്പോൾ തിരുമേനി പറഞ്ഞു: 'നിശ്ചയമായും നാം — അല്ലാഹുവിനെത്തന്നെയാണ — ഈ ജോലി ചോദിച്ചുവരുന്ന ഒരാളെയും അതിൽ അധികാരപ്പെടുത്തുകയില്ല. അതിനു മോഹിക്കുന്ന ഒരാളെയും അധികാരപ്പെടുത്തുകയില്ല.' (ബു; മു) മറ്റൊരു രിവായത്തിലെ വാചകം ഇങ്ങിനെയാണു: 'നമ്മുടെ (ഈ) ഉദ്യോഗത്തെ ഉദ്ദേശിക്കുന്നവർക്കു നാം ഉദ്യോഗം നൽകുന്നതല്ല.' നബി (സ) പറഞ്ഞതായി അനസ് (റ) ഉദ്ധരിച്ച ഒരു ഹദീസിന്റെ സാരം ഇതാണു: 'ആരെങ്കിലും ന്യായാധിപസ്ഥാനം ആവശ്യപ്പെടുകയും ശുപാർശ ചെയ്യുകയും ചെയ്താൽ അതു അവനിൽ തന്നെ ഏൽപിക്കപ്പെടും. ആരെങ്കിലും അതിനുവേണ്ടി നിർബ്ബന്ധിതനായാൽ അവനെ ചൊവ്വിനു നടത്തുന്ന ഒരു മലക്കിനെ അല്ലാഹു അവനിൽ ഏർപ്പെടുത്തും.' (തി; ജ; ദാ) ആവശ്യപ്പെട്ടു അധികാരസ്ഥാനം കൈക്കലാക്കിയവനു അതു ചൊവ്വിനു നടത്തുവാൻ അല്ലാഹുവിന്റെ ഭാഗത്തുനിന്നുള്ള സഹായം ഉണ്ടാവുകയില്ല എന്നു താൽപര്യം. ഈ ആശയത്തെ കാണിക്കുന്ന വേറെയും പല ഹദീസുകൾ കാണാം.

ഉദ്യോഗം ആവശ്യപ്പെട്ടുവരുന്നവരുടെ ലക്ഷ്യം അല്ലാഹുവിങ്കൽ നിന്നുള്ള പുണ്യമോ പൊതു നന്മയോ, ജനസേവനമോ ആയിരിക്കുകയില്ല. അതിൽനിന്നോ, അതിന്റെ പേരിലോ ലഭിക്കുന്ന വരുമാനങ്ങളും, സ്വാധീനം മുതലായ നേട്ടങ്ങളും മാത്രമായിരിക്കും അവരുടെ ലക്ഷ്യം. ഇതിന്റെ അനന്തരഫലമെന്തായിരിക്കുമെന്നു ഇക്കാലത്തു ആരെയും പറഞ്ഞു പഠിപ്പിക്കേണ്ടുന്ന ആവശ്യമില്ലല്ലോ. കാലക്രമേണ മനുഷ്യരുടെ വിശ്വാസവും വിശ്വസ്തതയും നഷ്ടപ്പെട്ടുകൊണ്ടിരിക്കുമെന്നു വിവരിക്കുന്നതും, ഹുദൈഫ (റ) യിൽനിന്നു നിവേദനം ചെയ്യപ്പെട്ടതുമായ അൽപം ദീർഘമായ ഒരു നബിവചനത്തിന്റെ അവസാനഭാഗം ഇപ്രകാരമാകുന്നു: '.......വിശ്വസ്തത പാലിക്കുന്നവർ ഇല്ലാതാ

ഹിതനായും. അങ്ങനെ, ഇന്നകുടുംബത്തിൽ വിശ്വസ്തനായ ഒരാളുണ്ടുപോൽ എന്നു പറയപ്പെടും. ഒരാളെപ്പററി അയാൾ വളരെ ബുദ്ധിമാനും, ചിന്തകനുമാണെന്നു പറയപ്പെടും. അയാളുടെ മനസ്സിലാകട്ടെ, കടുകുമണിത്തൂക്കം വിശ്വാസം ഉണ്ടായിരിക്കുകയുമില്ല' (ബു; മു) ഈ നബിവചനത്തിലെ പ്രവചനം ഇന്നു നാം അനുഭവത്തിൽ കണ്ടു തുടങ്ങിയിരിക്കുകയാണ്. അല്ലാഹു സമുദായത്തെ രക്ഷിക്കട്ടെ. ആമീൻ.

എന്നാൽ, യൂസുഫ് (അ) ഈജിപ്തിലെ ധനകാര്യ നേതൃത്വത്തിനുവേണ്ടി രാജാവിനോടു ആവശ്യപ്പെട്ടു ചോദിച്ചുവല്ലോ എന്നു പറയപ്പെട്ടേക്കാം. ഒരു സ്വാർത്ഥമോ കാര്യലാഭമോ അതിൽനിന്ന് നേടണമെന്ന വിചാരമേ അദ്ദേഹത്തിനില്ല. അല്ലാഹുവിങ്കൽ നിന്നുള്ള പ്രതിഫലവും നാട്ടിന്റെ നന്മയും മാത്രമാണു അദ്ദേഹത്തിന്റെ ലക്ഷ്യം. അദ്ദേഹം അതിന്റെ നിർവ്വഹണത്തിൽ യാതൊരു ക്രമക്കേടും വരുത്തുകയില്ലെന്നു ഉറപ്പാണ്. വേണ്ടുന്ന നിർദ്ദേശങ്ങൾ അല്ലാഹുവിൽനിന്നു തനിക്കു ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യും. അതോടുകൂടി, ആ അധികാരമേററു മറവികാര്യങ്ങൾ നടപ്പിലാക്കുവാൻ അദ്ദേഹം തികച്ചും പ്രാപ്തനും വിശ്വസ്തനുമാണെന്നു രാജാവിന്റെ വാക്കി(.... إنك اليوم لدينا)ൽ നിന്നുതന്നെ സ്പഷ്ടമാണുതാനും. ചുരുക്കിപ്പറഞ്ഞാൽ, ഉത്തരവാദപ്പെട്ട ഒരു സ്ഥാനം അലങ്കരിക്കുവാനുള്ള യോഗ്യതയും പ്രാപ്തിയും ഉണ്ടായിരിക്കുക, നിസ്വാർത്ഥവും സമർത്ഥവുമായ രീതിയിൽ അതു നിറവേററുമെന്ന പൂർണ്ണവിശ്വാസവും അതിനുള്ള സാഹചര്യവും ഉണ്ടായിരിക്കുക, അതു കയ്യാളുവാനും വേണ്ടുന്ന രൂപത്തിൽ കൈകാര്യം ചെയ്‌വാനും പററിയ നിഷ്കളങ്കരായ ആളുകളെ വേറെ കാണപ്പെടാതെയും ഇരിക്കുക. ഇത്രയും കാര്യങ്ങൾ ഒത്തുകൂടിയാൽ, അധികാരസ്ഥാനങ്ങൾക്കുവേണ്ടി മുന്നോട്ടുവരുകയും, അതു കരസ്ഥമാക്കുവാൻ ശ്രമം നടത്തുകയും ചെയ്യാം. സ്ഥാനമോഹമോ, ധനസമ്പാദനമോ, സ്വാർത്ഥലാഭങ്ങളോ ഉദ്ദേശിച്ചുകൊണ്ടു അധികാരസ്ഥാനത്തു കയറിപ്പററുന്നവരെക്കൊണ്ടു സമുദായത്തിനും നാട്ടിനും ഉപദ്രവം മാത്രമേ ഉണ്ടാവുകയുള്ളു. നിഷ്കളങ്കവും നിസ്വാർത്ഥവുമായ സേവനം അവരിൽനിന്നുണ്ടാവാൻ പ്രയാസമായിരിക്കും.

രാജാവിന്റെ സ്വപ്നം മുതൽ ഇതുവരെ പ്രസ്താവിക്കപ്പെട്ട വിഷയങ്ങൾ കുറേ വിശദീകരണ സഹിതം ബൈബ്ളിലും ഉദ്ധരിച്ചിട്ടുണ്ട്. ഖുർആന്റെ പ്രസ്താവനകൾക്കു യോജിച്ചതും, യോജിക്കാത്തതും, അതിൽ സ്പർശിക്കപ്പെട്ടിട്ടില്ലാത്തതുമായ പല വിവരങ്ങളും അതിൽ അടങ്ങിയിട്ടുമുണ്ട്. അവസാനം ഇങ്ങിനെ പറയുന്നു: 'ഫറവോൻ യോസേഫിനോടു: ദൈവം ഇതൊക്കെ നിനക്കു വെളിപ്പെടുത്തിത്തന്നതുകൊണ്ടു നിന്നെപ്പോലെ ഒരുത്തനും ഇല്ല. നീ എന്റെ ഗൃഹത്തിനു മേധാവിയായിരിക്കും. ജനമെല്ലാം നിന്നെ അനുസരിക്കും. സിംഹാസനം കൊണ്ടുമാത്രം ഞാൻ വലിയവനായിരിക്കും. ഫറവോൻ മുദ്രമോതിരം ഊരി യോസേഫിന്റെ കൈക്കു ഇട്ടു.......' (ഉൽപത്തി : അ : 41)

56. അപ്രകാരം, യൂസുഫിനു ഭൂമിയിൽ നാം സൗകര്യമുണ്ടാക്കിക്കൊടുത്തു, അതിൽ നിന്നും അദ്ദേഹം ഉദ്ദേശിക്കുന്നേടത്തു അദ്ദേഹത്തിനു താമസിക്കുമാറ്. നമ്മുടെ കാരുണ്യത്തെ നാം ഉദ്ദേശിക്കുന്നവർക്കു നാം എത്തിക്കുന്നു. സുകൃതവാൻമാരുടെ പ്രതിഫലത്തെ നാം പാഴാക്കുകയുമില്ല.

٥٦- وَكَذَٰلِكَ مَكَّنَّا لِيُوسُفَ فِي الْأَرْضِ يَتَبَوَّأُ مِنْهَا حَيْثُ يَشَاءُ ۚ نُصِيبُ بِرَحْمَتِنَا مَن نَّشَاءُ ۖ وَلَا نُضِيعُ أَجْرَ الْمُحْسِنِينَ ○

57. വിശ്വസിക്കുകയും, സൂക്ഷ്മത പാലിച്ചുകൊണ്ടിരിക്കുകയും ചെയ്തവർക്കു പരലോകത്തെ [പ്രതിഫലം തന്നെ [കൂടുതൽ] ഉത്തമം.

٥٧- وَلَأَجْرُ الْآخِرَةِ خَيْرٌ لِّلَّذِينَ آمَنُوا وَكَانُوا يَتَّقُونَ ○

---

56. وَكَذَٰلِكَ അപ്രകാരം مَكَّنَّا നാം സ്ഥാനം (സൗകര്യം) നൽകി لِيُوسُفَ യൂസുഫിനു فِي الْأَرْضِ ഭൂമിയിൽ (നാട്ടിൽ) يَتَبَوَّأُ അദ്ദേഹം ചെന്ന് താമസിക്കുമാറ് مِنْهَا അതിൽനിന്നു حَيْثُ يَشَاءُ അദ്ദേഹം ഉദ്ദേശിക്കുന്നേടത്തു نُصِيبُ നാം ബാധിപ്പിക്കുന്നു, എത്തിക്കും بِرَحْمَتِنَا നമ്മുടെ കാരുണ്യത്തെ مَن نَّشَاءُ നാം ഉദ്ദേശിക്കുന്നവർക്കു وَلَا نُضِيعُ നാം പാഴാക്കുകയുമില്ല أَجْرَ പ്രതിഫലത്തെ, കൂലി الْمُحْسِنِينَ സൽഗുണം ചെയ്യുന്നവരുടെ, സുകൃതവാൻമാരുടെ 57. وَلَأَجْرُ പ്രതിഫലംതന്നെ الْآخِرَةِ പരലോകത്തെ خَيْرٌ ഉത്തമം, അധികം നല്ലതു لِّلَّذِينَ آمَنُوا വിശ്വസിച്ചവർക്ക് وَكَانُوا അവർ ആയിരുന്നു يَتَّقُونَ സൂക്ഷ്മത പാലിക്കും

കിണററിൽ നിന്നു രക്ഷപ്പെട്ടശേഷം, അസീസിന്റെ വീട്ടിൽ സുഖമായി കഴിയുവാൻ സൗകര്യം ലഭിച്ചതിനെപ്പററി പ്രസ്താവിച്ച സന്ദർഭത്തിൽ 'അപ്രകാരം യൂസുഫിനു നാം ഭൂമിയിൽ സൗകര്യം ചെയ്തുകൊടുത്തു' (...وَكَذَٰلِكَ مَكَّنَّا) എന്നു 21-ാം വചനത്തിൽ മുമ്പു പറഞ്ഞു. ഇവിടെ ഈജിപ്തിലെ ഭരണനേതൃത്വം അദ്ദേഹത്തിനു കൈവന്നതിനെത്തുടർന്നും അതേ വാക്കു അല്ലാഹു പറഞ്ഞിരിക്കുന്നു. 21-ാം വചനത്തിൽ അതോടുകൂടിച്ചേർത്തു കൊണ്ടു അദ്ദേഹത്തിനു വർത്തമാനങ്ങളുടെ വ്യാഖ്യാനം പഠിപ്പിക്കുവാൻവേണ്ടിയും കൂടിയാണു (وَلِنُعَلِّمَهُ مِن تَأْوِيلِ الْأَحَادِيثِ) എന്നാണു പറഞ്ഞിരിക്കുന്നത്. അദ്ദേഹത്തിന്റെ ഭാവിയിലേക്കുള്ള ചില പരിശീലനങ്ങളെയാണതു സൂചിപ്പിക്കുന്നത്. ഇവിടെയാകട്ടെ, ഭൂമിയിൽ അദ്ദേഹം ഉദ്ദേശിക്കുന്നേടത്തു ചെന്നു താമസിക്കുമാറുള്ള സൗകര്യം ചെയ്തുകൊടുത്തിരിക്കുന്നു (يَتَبَوَّأُ مِنْهَا حَيْثُ يَشَاءُ) എന്നുകൂടി പറഞ്ഞിരിക്കുന്നു. കാരണം, ഇപ്പോൾ അദ്ദേഹത്തിനു ഇഷ്ടംപോലെ എവിടെയും പോകാനും വരാനും സ്വാതന്ത്ര്യമുണ്ടല്ലോ. കിണററിന്റെ അടിത്തട്ടിൽ നിന്നു കൊട്ടാരമാളികയിലേക്കു പ്രവേശനം ലഭിച്ചതും, തടവറയിൽ നിന്നു ഒരു സാമ്രാജ്യത്തിന്റെ ഭരണനേതൃത്വത്തിലേക്കു ഉയരുവാൻ കഴിഞ്ഞതും അദ്ദേഹത്തിനു അല്ലാഹു നൽകിയ അനുഗ്രഹമാണെന്നും, എല്ലാം അവന്റെ പരിപാടിയനുസരിച്ചു അവൻ നടപ്പിൽവരുത്തുന്നതാണെന്നുമാണിതു ചൂണ്ടിക്കാട്ടുന്നത്. ഇതൊക്കെ വമ്പിച്ച അനുഗ്രഹം തന്നെയാണെങ്കിലും സത്യവിശ്വാസം സ്വീകരിച്ചുകൊണ്ടു അല്ലാഹുവിന്റെ വിധിവിലക്കുകളെ സൂക്ഷിച്ചു പോരുന്നവർക്കു പരലോകത്തുവെച്ചു ലഭിക്കുന്ന പ്രതിഫലം ഇതിനെക്കാളൊക്കെ ഉത്തമമായതായിരിക്കുമെന്നുകൂടി ഓർമ്മിപ്പിക്കുന്നു.

വിഭാഗം-8

യൂസുഫ് (അ) ഈജിപ്തിലെ ധനകാര്യമേധാവിയും, ഭരണത്തിന്റെ അധികാരിയുമായിത്തീർന്നു. അദ്ദേഹം കൃഷിവ്യവസായങ്ങളെ പോഷിപ്പിക്കുകയും, ഭരണകൂടത്തിന്റെ വരുമാനങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്തു. ക്ഷേമകരമായ ഏഴു സംവത്സരങ്ങൾ പിന്നിട്ടു. അക്കാലങ്ങളിൽ ലഭിച്ച ധാന്യവിളവുകളിൽ അത്യാവശ്യമായ ചില വുകൾ കഴിച്ചു ബാക്കിയുള്ളതെല്ലാം മുമ്പേ ആസൂത്രണം ചെയ്യപ്പെട്ട പരിപാടിയനുസരിച്ചു തുടർന്നുള്ള പഞ്ഞവർഷങ്ങളിലേക്കായി സൂക്ഷിച്ചുവെച്ചു. ക്ഷാമവും വരൾച്ചയും ഈജിപ്തിനെ മാത്രമല്ല ബാധിച്ചത്. അയൽനാടുകളെയും ബാധിച്ചിരുന്നു. കൂട്ടത്തിൽ അദ്ദേഹത്തിന്റെ ജന്മനാടായ കൻആൻ (ശാം) പ്രദേശവും ക്ഷാമത്തിനിരയായിത്തീർന്നു. ദൂര രാജ്യങ്ങളിൽ നിന്നു വിദേശികൾ ഈജിപ്തിൽ വന്നു ധാന്യം വാങ്ങിക്കൊണ്ടുപോകുക പതിവായി. അതനുസരിച്ചു യഅ്ഖൂബ് (അ) നബി തന്റെ മക്കളെയും ഈജിപ്തിലേക്കു ധാന്യം വാങ്ങുവാനയച്ചു. ദൂരെ നിന്നു വരുന്നവർക്കു പൊതുനന്മയെ ഉദ്ദേശിച്ചു ആളൊന്നുക്കു ഒരു ഒട്ടകച്ചുമടിലധികം ധാന്യം നൽകാറില്ലായിരുന്നു. അതുകൊണ്ടു ബിൻയാമീൻ ഒഴികെയുള്ള പത്തു മക്കളെയും അദ്ദേഹം അയച്ചിരുന്നു.

٥٨- وَجَاءَ إِخْوَةُ يُوسُفَ فَدَخَلُوا عَلَيْهِ فَعَرَفَهُمْ وَهُمْ لَهُ مُنكِرُونَ ○

58. യൂസുഫിന്റെ സഹോദരൻമാർ വന്നു അദ്ദേഹത്തിന്റെ അടുക്കൽ പ്രവേശിച്ചു. അപ്പോൾ, അദ്ദേഹം അവരെ അറിഞ്ഞു; അവരാകട്ടെ, അദ്ദേഹത്തെ പരിചയമില്ലാത്തവരുമാകുന്നു. [അവർ അദ്ദേഹത്തെ അറിഞ്ഞില്ല]

٥٩- وَلَمَّا جَهَّزَهُم بِجَهَازِهِمْ قَالَ ائْتُونِي بِأَخٍ لَّكُم مِّنْ أَبِيكُمْ ۚ أَلَا تَرَوْنَ أَنِّي أُوفِي الْكَيْلَ وَأَنَا خَيْرُ الْمُنزِلِينَ ○

59. അവരുടെ ഒരുക്കസാമാനവുമായി അവരെ അദ്ദേഹം ഒരുക്കി അയച്ചപ്പോൾ (അവരോടു) അദ്ദേഹം പറഞ്ഞു: 'നിങ്ങളുടെ പിതാവിൽ നിന്നു നിങ്ങൾക്കുള്ള [നിങ്ങളുടെ ബാപ്പ ഒന്നായ] സഹോദരനെ നിങ്ങൾ എന്റെ അടുക്കൽ കൊണ്ടുവരണം. ഞാൻ (ധാന്യത്തിന്റെ) അളവു പൂർത്തിയാക്കിത്തരുമെന്നും, ഞാൻ (അതിഥികളെ) സൽക്കരിക്കുന്നവരിൽ ഉത്തമനാണെന്നും നിങ്ങൾ കാണുന്നില്ലേ?!

60. 'ഇനി, നിങ്ങൾ അവനെ എന്റെ അടുക്കൽ കൊണ്ടുവരാത്തപക്ഷം, നിങ്ങൾക്കു എന്റെ അടുക്കൽ ഇനി (ധാന്യം) അളവില്ല; നിങ്ങൾ എന്നെ സമീപിക്കുകയും ചെയ്യരുത്.'

٦٠- فَإِن لَّمْ تَأْتُونِي بِهِ فَلَا كَيْلَ لَكُمْ عِندِي وَلَا تَقْرَبُونِ ○

61. അവർ പറഞ്ഞു: 'ഞങ്ങൾ അവ(നെകിട്ടുന്നതി)ന്നു വേണ്ടി അവന്റെ പിതാവിനോടു ശ്രമം നടത്തിനോക്കാം. നിശ്ചയമായും, ഞങ്ങൾ (അതു)ചെയ്യുന്നവർ തന്നെയായിരിക്കും'.

٦١- قَالُوا سَنُرَاوِدُ عَنْهُ أَبَاهُ وَإِنَّا لَفَاعِلُونَ ○

---

58. جاء വന്നു, വരുകയും ചെയ്തു اخوة يوسف യൂസുഫിന്റെ സഹോദരൻമാർ فدخلوا എന്നിട്ടവർ പ്രവേശിച്ചു عليه അദ്ദേഹത്തിന്നടുക്കൽ فعرفهم അപ്പോൾ അദ്ദേഹം അവരെ അറിഞ്ഞു (മനസ്സിലാക്കി) وهم അവരാകട്ടെ له അദ്ദേഹത്തെ منكرون പരിചയമില്ലാത്തവർ (അറിയാത്തവർ) 59. ولما جهزهم അദ്ദേഹം അവരെ ഒരുക്കി (യാത്ര) അയച്ചപ്പോൾ بجهازهم അവരുടെ ഒരുക്കു (യാത്രാ)സാമാനവുമായി قال അദ്ദേഹം പറഞ്ഞു ائتوني നിങ്ങൾ എന്റെ അടുക്കൽ വരണം بأخ لكم നിങ്ങൾക്കുള്ള സഹോദരനെയും കൊണ്ടു من أبيكم നിങ്ങളുടെ ബാപ്പയിൽ (പിതാവിൽ) നിന്നു ألا ترون നിങ്ങൾ കാണുന്നില്ലേ أني أوفي ഞാൻ നിറവേററി (പൂർത്തിയാക്കി) തരുന്നുവെന്നു الكيل അളവു وأنا ഞാനാകട്ടെ, ഞാൻ (ആകുന്നു) എന്നും خير നല്ലവനാണു, ഉത്തമനാണു (എന്നും) المنزلين (അതിഥികളെ) സൽകരിക്കുന്നവരിൽ 60. فإن لم تأتوني എനി നിങ്ങൾ വന്നില്ലെങ്കിൽ به അവനെയും കൊണ്ടു فلا كيل എന്നാൽ അളവില്ല لكم നിങ്ങൾക്കു عندي എന്റെ അടുക്കൽ ولا تقربون നിങ്ങളെന്നെ സമീപിക്കുകയും ചെയ്യരുത് 61. قالوا അവർ പറഞ്ഞു سنراود ഞങ്ങൾ ശ്രമം നടത്തി നോക്കാം عنه അവനെവേണ്ടി أباه അവന്റെ പിതാവിനോടു وإنا നിശ്ചയമായും ഞങ്ങൾ لفاعلون ചെയ്യുന്നവർ തന്നെയാണു

കൻആനിൽ നിന്നെത്തിയ യാത്രാ സംഘത്തെ കണ്ടപ്പോൾ തന്നെ തന്റെ സഹോദരൻമാരെ യൂസുഫ് (അ) തിരിച്ചറിഞ്ഞു. അവർ അങ്ങോട്ടു തിരിച്ചറിഞ്ഞില്ല. അദ്ദേഹം അറിയിച്ചതുമില്ല. തമ്മിൽ വേർപാടിനുശേഷം കൊല്ലങ്ങൾ പലതും കഴിഞ്ഞു പോയിട്ടുള്ളതിനു പുറമെ, ഇപ്പോഴും യൂസുഫ് ജീവിച്ചിരിപ്പുണ്ടാകുമെന്നും, ഉണ്ടെങ്കിൽ തന്നെയും അവൻ ഇത്ര ഉന്നതമായ ഒരു സ്ഥാനത്തെത്തിയിരിക്കുമെന്നും അവർ ഊഹിച്ചിരിക്കുകയില്ലല്ലോ, ഈജിപ്തിലെ ഉന്നത സ്ഥാനം അലങ്കരിക്കുന്ന മഹാമനസ്കനായ ഒരു മന്ത്രിയെന്നതിനപ്പുറമൊന്നും അദ്ദേഹത്തെപ്പററി അവർ കരുതുവാൻ അവകാശവുമില്ല. യൂസുഫ് (അ) നബിയാകട്ടെ, അറിവും പരിചയവും നടിച്ചതുമില്ല. എങ്കിലും, വളരെ മാന്യമായി സൽകരിക്കുകയും, വിവരങ്ങൾ ചോദിച്ചറിയുകയും ചെയ്തു. തങ്ങൾക്കു വൃദ്ധനായ ഒരു പിതാവുണ്ട്, അദ്ദേഹം ഇന്ന ആളാണ്, തങ്ങൾ പന്ത്രണ്ട് മക്കളാണുള്ളത്, ഇളയ രണ്ടുപേർ ഒരു മാതാവിൽ നിന്നുള്ളവരാണു, അവരിലൊരാൾ വനാന്തരത്തിൽ വെച്ച് അപകടത്തിൽപെട്ടുപോയി, അവന്റെ ഇളയ സഹോദരനെ പിതാവു ദൂരെയൊന്നും വിട്ടയക്കാറില്ല. ഇത്യാദി വിവരങ്ങളെല്ലാം സംഭാഷണമദ്ധ്യെ അവർ മന്ത്രിയെ അറിയിച്ചു. അവർ തിരിച്ചുപോരേണ്ട സമയമായപ്പോൾ, അവർക്കുള്ള ധാന്യം വളരെ ഉദാരവും മാന്യവുമായ നിലയിൽ ആതിഥേയനായ അദ്ദേഹം ഒരുക്കിക്കൊടുത്തു.

അവർ പോകാറായപ്പോൾ, അവർ മുമ്പറിയിച്ചിരുന്ന പ്രകാരം അവർക്കുള്ള ആ സഹോദരനെക്കൂട്ടിയായിരിക്കണം അടുത്ത പ്രാവശ്യത്തെ വരവു എന്നു കൽപ്പിച്ചു. പിതാവു ബിൻയമീനെ അവരൊന്നിച്ചു വേഗമൊന്നും അയച്ചു കൊടുക്കുകയില്ലെന്നു അദ്ദേഹത്തിനു അറിയാമല്ലോ. അതുകൊണ്ടു അക്കാര്യം വളരെ കണിശമായി തന്നെ അദ്ദേഹം ഊന്നിപ്പറഞ്ഞു. നിങ്ങൾക്കു ധാന്യം നൽകിയതിലും, നിങ്ങളുടെ ആതിഥ്യം സ്വീകരിച്ചതിലും ഞാൻ ചെയ്ത ഉദാരത നിങ്ങൾ കണ്ടുവെച്ചുവല്ലോ. അതുകൊണ്ടു ഇനി വരുമ്പോൾ അവനെ കൂട്ടാതെ വരരുത്. നിങ്ങൾ പറയുന്നതൊക്കെ നേരാണോ എന്നും അറിയണമല്ലോ. അവനില്ലാതെ വരുകയാണെങ്കിൽ ഇനി നിങ്ങൾക്കിവിടെ നിന്നു ധാന്യമേ അളക്കുകയില്ല എന്നൊക്കെ അദ്ദേഹം തീർത്തുപറഞ്ഞു. പിതാവിനോടു ഞങ്ങൾ കഴിവതും അതിനു ശ്രമം നടത്തി നോക്കുകയും കൽപനപോലെ ചെയ്യുകയും ചെയ്യാം എന്നു അവർ മറുപടിയും നൽകി.

٦٢- وَقَالَ لِفِتْيَانِهِ اجْعَلُوا بِضَاعَتَهُمْ فِي رِحَالِهِمْ لَعَلَّهُمْ يَعْرِفُونَهَا إِذَا انقَلَبُوا إِلَىٰ أَهْلِهِمْ لَعَلَّهُمْ يَرْجِعُونَ ○

62. അദ്ദേഹം തന്റെ വാലിയക്കാരോടു (ഇങ്ങിനെ) പറയുകയും ചെയ്തു: 'അവരുടെ ചരക്ക [അവർ ധാന്യം വാങ്ങുവാൻ കൊണ്ടുവന്ന വസ്തുക്കൾ] അവരുടെ യാത്രാസാമാനങ്ങളിൽ (തന്നെ) ആക്കുവിൻ. അവർ അവരുടെ കുടുംബങ്ങളിലേക്ക തിരിച്ചെത്തുമ്പോൾ അവരതു (കണ്ടു) മനസ്സിലാക്കിയേക്കാം; അവർ (വീണ്ടും) മടങ്ങിവന്നേക്കാം.'

---

62. وَقَالَ അദ്ദേഹം പറയുകയും ചെയ്തു لِفِتْيَانِهِ അദ്ദേഹത്തിന്റെ വാലിയക്കാരോടു, ഭൃത്യൻമാരോടു اجْعَلُوا നിങ്ങൾ ആക്കുവിൻ بِضَاعَتَهُمْ അവരുടെ ചരക്ക, സാമാനം فِي رِحَالِهِمْ അവരുടെ വാഹനക്കെട്ടുകളിൽ (യാത്രാ സാമാനങ്ങളിൽ) لَعَلَّهُمْ അവരായേക്കാം, ആകുവാൻവേണ്ടി يَعْرِفُونَهَا അതിനെ അറിയുക إِذَا انقَلَبُوا അവർ തിരിഞ്ഞു ചെന്നാൽ, തിരിച്ചെത്തുമ്പോൾ إِلَىٰ أَهْلِهِمْ അവരുടെ കുടുംബത്തിലേക്കു, ആൾക്കാരിലേക്ക لَعَلَّهُمْ അവരായേക്കാം, ആകുവാൻ يَرْجِعُونَ അവർ മടങ്ങും.

സഹോദരൻമാരോടു മേൽകണ്ട പ്രകാരം പറഞ്ഞതിനു പുറമെ, അവർ വീണ്ടും വരുവാനുള്ള പ്രോത്സാഹനമെന്ന നിലക്ക് അദ്ദേഹം ചെയ്ത ഒരു സൂത്രമായിരുന്നു ഇതു. ധാന്യത്തിന്റെ വിലയായി അവർ കൊണ്ടുവന്നിരുന്ന ദ്രവ്യങ്ങൾ—അതു പണമായിരുന്നുവെന്നും, തോല്‌ മുതലായ വിൽപന വസ്തുക്കളായിരുന്നുവെന്നും പറയപ്പെടുന്നു—അവരുടെ ധാന്യക്കെട്ടുകളിൽ തന്നെ അവരറിയാതെ ഇട്ടുകെട്ടുവാൻ അദ്ദേഹം ഭൃത്യൻമാരോടു പറഞ്ഞു ഏർപ്പാടു ചെയ്തു. നാട്ടിൽ തിരിച്ചെത്തി കെട്ടുകളഴിക്കുമ്പോൾ അവർ കാണുകയും, വീണ്ടും വരുവാൻ അതവർക്ക ആവേശമുണ്ടാക്കുകയും ചെയ്യുമല്ലോ. ഈ സംഗതിയും ബൈബിളിൽ വിവരിക്കപ്പെട്ടിട്ടുണ്ട്. അതിൽ ചില ഏറ്റക്കുറവുകളുണ്ടെന്നു മാത്രം.

٦٣- فَلَمَّا رَجَعُوا إِلَىٰ أَبِيهِمْ قَالُوا يَا أَبَانَا مُنِعَ مِنَّا الْكَيْلُ فَأَرْسِلْ مَعَنَا أَخَانَا نَكْتَلْ وَإِنَّا لَهُ لَحَافِظُونَ ○

63. അങ്ങനെ, അവർ തങ്ങളുടെ പിതാവിങ്കലേക്കു മടങ്ങിച്ചെന്നപ്പോൾ അവർ പറഞ്ഞു: 'ഞങ്ങളുടെ പിതാവേ, ഞങ്ങളെ സംബന്ധിച്ചു (മേലിൽ ധാന്യം) അളവു തടയപ്പെട്ടിരിക്കുന്നു; ആകയാൽ, ഞങ്ങളുടെകൂടെ ഞങ്ങളുടെ സഹോദരനെ അയച്ചു തരണം—എന്നാൽ ഞങ്ങൾക്കു അളന്നു കിട്ടും. നിശ്ചയമായും, ഞങ്ങൾ അവനെ കാ(ത്തുസൂക്ഷി)ക്കുന്നവരുമായിരിക്കും.'

---

63. فَلَمَّا رَجَعُوا അങ്ങനെ (എന്നിട്ടു) അവർ മടങ്ങിയപ്പോൾ إِلَىٰ أَبِيهِمْ അവരുടെ ബാപ്പയുടെ (പിതാവിന്റെ) അടുക്കലേക്ക قَالُوا അവർ പറഞ്ഞു يَا أَبَانَا ഞങ്ങളുടെ പിതാവേ, ബാപ്പാ مُنِعَ مِنَّا ഞങ്ങളെപ്പറ്റി (ഞങ്ങൾക്ക) മുടക്കപ്പെട്ടിരിക്കുന്നു الْكَيْلُ അളവു فَأَرْسِلْ അതിനാൽ അയച്ചു തരണം مَعَنَا ഞങ്ങളോടൊപ്പം أَخَانَا ഞങ്ങളുടെ സഹോദരനെ نَكْتَلْ ഞങ്ങൾ അളന്നു വാങ്ങാം, ഞങ്ങൾക്ക അളവു കിട്ടും وَإِنَّا നിശ്ചയമായും ഞങ്ങൾ لَهُ അവനെ لَحَافِظُونَ കാക്കുന്ന(സൂക്ഷിക്കുന്ന)വർ തന്നെ

64. അദ്ദേഹം [പിതാവു] പറഞ്ഞു: 'മുമ്പ് അവന്റെ സഹോദരനെപ്പററി നിങ്ങളെ ഞാൻ വിശ്വസിച്ചതുപോലെയല്ലാതെ അവനെപ്പററി ഞാൻ നിങ്ങളെ വിശ്വസിക്കുമോ?! എന്നാൽ, കാ(ത്തുരക്ഷി)ക്കുന്നവനായി അല്ലാഹു ഏററം ഉത്തമനത്രെ; അവൻ കരുണ ചെയ്യുന്നവരിൽവെച്ചു ഏററം കരുണ ചെയ്യുന്നവനുമത്രെ.'

٦٤- قَالَ هَلْ ءَامَنُكُمْ عَلَيْهِ إِلَّا كَمَآ أَمِنتُكُمْ عَلَىٰٓ أَخِيهِ مِن قَبْلُ ۖ فَٱللَّهُ خَيْرٌ حَٰفِظًا ۖ وَهُوَ أَرْحَمُ ٱلرَّٰحِمِينَ ○

---

64. قَالَ അദ്ദേഹം പറഞ്ഞു هَلْ ءَامَنُكُمْ ഞാൻ നിങ്ങളെ വിശ്വസിക്കുമോ, എനിക്ക് വിശ്വസിക്കാമോ عَلَيْهِ അവനെപ്പററി إِلَّا അല്ലാതെ كَمَآ أَمِنتُكُمْ നിങ്ങളെ ഞാൻ വിശ്വസിച്ചപോലെ عَلَىٰٓ أَخِيهِ അവന്റെ സഹോദരനെപ്പററി مِن قَبْلُ മുമ്പു فَٱللَّهُ എന്നാൽ അല്ലാഹു خَيْرٌ (ഏററം) ഉത്തമനാണു حَٰفِظًا കാക്കുന്നവനായി وَهُوَ أَرْحَمُ അവൻ അധികം കരുണ ചെയ്യുന്നവനാണു ٱلرَّٰحِمِينَ കരുണ ചെയ്യുന്നവരിൽ

അവർ പിതാവിന്റെ അടുക്കൽ മടങ്ങിച്ചെന്നു വിവരങ്ങൾ പറഞ്ഞു. പ്രത്യേകിച്ചും സഹോദരന്റെ—ബിൻയാമീന്റെ—കാര്യം ഉണർത്തി. അടുത്ത യാത്രയിൽ അവനെയുംകൂട്ടി ചെന്നാലല്ലാതെ ധാന്യം അളന്നു തരികയില്ലെന്ന ഈജിപ്തിലെ മന്ത്രി പറഞ്ഞ വിവരം ധരിപ്പിച്ചു. അവനെ തങ്ങളോടൊപ്പം അയച്ചുതരണമെന്നപേക്ഷിക്കുകയും, ഞങ്ങളവനെ ശരിക്കും കാത്തുസൂക്ഷിച്ചുകൊള്ളാമെന്നു ഉറപ്പിച്ചു പറയുകയും ചെയ്തു. പക്ഷേ, അദ്ദേഹം അവരെ എങ്ങിനെ വിശ്വസിക്കും? 12-ാം വചനത്തിൽ കണ്ടതുപോലെ, മുമ്പ് യൂസുഫ് (അ)നെ മേച്ചിൽസ്ഥലത്തേക്കു കൊണ്ടുപോകുവാൻ സമ്മതം ചോദിച്ചപ്പോഴും ഞങ്ങളവനെ കാത്തുരക്ഷിച്ചുകൊള്ളാമെന്നു പറഞ്ഞാണല്ലോ അവർ കൊണ്ടുപോയത്. എന്നിട്ടുണ്ടായ അനുഭവത്തിന്റെ വേദന സഹിച്ചുകൊണ്ടിരിക്കുകയാണ് അദ്ദേഹം. നിങ്ങളുടെ വാക്ക് എനിക്ക് വിശ്വാസമില്ലെങ്കിലും അല്ലാഹുവിന്റെ കാവലിലും കാരുണ്യത്തിലും എനിക്ക് തികച്ചും വിശ്വാസമുണ്ടെന്ന് പറഞ്ഞു അടുത്ത പ്രാവശ്യം ബിൻയാമീനെയും അയക്കാമെന്നു യഅ്ഖൂബ് (അ) നബി അവർക്ക് സമ്മതം നൽകി. യൂസുഫ് (അ)നെപ്പററി അദ്ദേഹം നിരാശപ്പെട്ടു കഴിഞ്ഞിട്ടില്ലെന്നു ഇതിൽനിന്നു മനസ്സിലാക്കാം. 87-ാം വചനത്തിൽനിന്നു അത് കൂടുതൽ വ്യക്തവുമാണ്. യൂസുഫ് (അ) കണ്ടിരുന്ന ആ സ്വപ്നത്തിന്റെ പൊരുളും നിവൃത്തിയാകേണ്ടതുണ്ടല്ലോ.

65. അവർ തങ്ങളുടെ സാമാനം തുറന്നപ്പോൾ, തങ്ങളുടെ [അവർ കൊണ്ടുപോയിരുന്ന] ചരക്കു തങ്ങൾക്കു(തന്നെ) മടക്കപ്പെട്ടതായി അവർ കണ്ടെത്തി.

അവർ പറഞ്ഞു: 'ഞങ്ങളുടെ പിതാവേ, നാം (എനി) എന്താവശ്യപ്പെടാനാണ്?—ഇതാ! നമ്മുടെ ചരക്കു നമുക്കു (തന്നെ) മടക്കപ്പെട്ടിരിക്കുന്നു! ഞങ്ങൾ നമ്മുടെ കുടുംബത്തിനു (മേലിലും) ആഹാരം കൊണ്ടുവരുകയും, ഞങ്ങളുടെ സഹോദരനെ കാ(ത്തുസൂക്ഷി)ക്കുകയും ചെയ്യുന്നതാണ്. (കൂടാതെ) ഒരു ഒട്ടകത്തിന്റെ അളവു (ധാന്യം) ഞങ്ങൾക്കു കൂടുതൽ ലഭിക്കുകയും ചെയ്യും. അതൊരു നിസ്സാരമായ അളവാകുന്നു (വല്ലോ)'

٦٥- وَلَمَّا فَتَحُوا۟ مَتَٰعَهُمْ وَجَدُوا۟ بِضَٰعَتَهُمْ رُدَّتْ إِلَيْهِمْ ۖ قَالُوا۟ يَٰٓأَبَانَا مَا نَبْغِى ۖ هَٰذِهِۦ بِضَٰعَتُنَا رُدَّتْ إِلَيْنَا ۖ وَنَمِيرُ أَهْلَنَا وَنَحْفَظُ أَخَانَا وَنَزْدَادُ كَيْلَ بَعِيرٍ ۖ ذَٰلِكَ كَيْلٌ يَسِيرٌ ○

66. അദ്ദേഹം പറഞ്ഞു: 'അവനെ നിങ്ങളോടൊപ്പം ഞാൻ അയക്കുകയില്ല തന്നെ, തീർച്ചയായും അവനെ നിങ്ങൾ എനിക്ക് കൊണ്ടുവന്നു തരുമെന്നു അല്ലാഹുവിങ്കൽ നിന്നും (സ്വീകാര്യമായ) ഒരു ഉറപ്പു നിങ്ങളെനിക്കു നല്കുന്നതുവരെയും;

٦٦- قَالَ لَنْ أُرْسِلَهُۥ مَعَكُمْ حَتَّىٰ تُؤْتُونِ مَوْثِقًا مِّنَ ٱللَّهِ لَتَأْتُنَّنِى بِهِۦٓ

നിങ്ങൾ (ആപത്തുകളാൽ) വലയം ചെയ്യപ്പെടുന്നതായാലല്ലാതെ.'

إِلَّا أَن يُحَاطَ بِكُمْ

അങ്ങനെ, അവർ അദ്ദേഹത്തിന് തങ്ങളുടെ ഉറപ്പു നൽകിയപ്പോൾ, അദ്ദേഹം പറഞ്ഞു: 'നാം (ഈ) പറയുന്നതിന് അല്ലാഹു (സാക്ഷ്യം) ഭരമേൽപിക്കപ്പെട്ടവനാകുന്നു.'

فَلَمَّا آتَوْهُ مَوْثِقَهُمْ قَالَ اللَّهُ عَلَىٰ مَا نَقُولُ وَكِيلٌ ○

---

65. ولما فتحوا അവർ തുറന്നപ്പോൾ متاعهم അവരുടെ സാമാനം, ചരക്ക് وجدوا അവർ കണ്ടെത്തി بضاعتهم അവരുടെ ചരക്ക് (ദ്രവ്യം) ردت മടക്ക(തിരിച്ചു കൊടുക്ക)പ്പെട്ടതായി إليهم അവരിലേക്ക് قالوا അവർ പറഞ്ഞു يا أبانا ഞങ്ങളുടെ പിതാവേ ما نبغي നാം എന്തു ആവശ്യപ്പെടുന്നു, (നമുക്ക് എന്തു വേണം) هذه ഇതാ بضاعتنا നമ്മുടെ ചരക്ക് (ദ്രവ്യം) ردت മടക്കപ്പെട്ടിരിക്കുന്നു إلينا നമ്മിലേക്ക് ونمير ഞങ്ങൾ ആഹാരം കൊണ്ടുവരുന്നതുമാണു أهلنا നമ്മുടെ കുടുംബത്തിനു ونحفظ ഞങ്ങൾ കാക്കുക(സൂക്ഷിക്കുക)യും ചെയ്യും أخانا ഞങ്ങളുടെ സഹോദരനെ ونزداد ഞങ്ങൾക്ക് കൂടുതൽ ലഭിക്കുകയുംചെയ്യും كيل അളവു بعير ഒരൊട്ടകത്തിൻെറ ذلك അതു كيل അളവാകുന്നു يسير കുറഞ്ഞ, നിസ്സാര, സ്വൽപം
66. قال അദ്ദേഹം പറഞ്ഞു لن أرسله അവനെ ഞാൻ അയക്കുകയില്ല തന്നെ معكم നിങ്ങളോടൊപ്പം حتى تؤتون നിങ്ങൾ എനിക്ക് നൽകുന്നതുവരെ (നൽകാതെ) موثقا ഒരു ഉറപ്പു, കരാറു من الله അല്ലാഹുവിങ്കൽ നിന്നുള്ള لتأتنني തീർച്ചയായും നിങ്ങൾ എൻെറ അടുക്കൽ വരു(തരു)മെന്നു به അവനെകൊണ്ടു അവനെ إلا أن يحاط വലയം ചെയ്യപ്പെട്ടാലൊഴികെ بكم നിങ്ങൾ فلما آتوه അങ്ങനെ അവർ അദ്ദേഹത്തിനു നൽകിയപ്പോൾ موثقهم അവരുടെ ഉറപ്പു قال അദ്ദേഹം പറഞ്ഞു الله അല്ലാഹു على ما نقول നാം പറയുന്നതിൻെറമേൽ وكيل ഭരമേൽപിക്കപ്പെട്ടവനാണ്

മടക്കയാത്രയിൽ കൊണ്ടുപോന്ന ഭാണ്ഡങ്ങൾ അഴിച്ചു നോക്കുമ്പോഴാണ് അവർ ധാന്യം വാങ്ങുവാൻ തന്നോട്ടു കൊണ്ടുപോയിരുന്ന ദ്രവ്യങ്ങൾ അതിൽതന്നെ ഇട്ടുകെട്ടിയിരുന്നതായി അവർ കണ്ടത്. അവിടെ വെച്ച് അവർക്കു ലഭിച്ച മാന്യമായ സ്വീകരണങ്ങൾക്കു പുറമെ ഇതുംകൂടി കണ്ടപ്പോൾ അവർക്കു ആശ്ചര്യവും ആഹ്ലാദവുമായി. സഹോദരനെ അയച്ചുകൊടുക്കുന്നതിനു പിതാവിൻെറമേൽ കൂടുതൽ സമ്മർദ്ദം ചെലുത്തിനോക്കുവാൻ ഇത് അവർക്ക് സഹായകമാകുകയും ചെയ്തു. ഇതാ! ഇതിലധികം എന്തുവേണം? ഞങ്ങളെ ആദരിക്കുകയും, വളരെ മെച്ചപ്പെട്ട നിലയിൽ ധാന്യം നൽകുകയും ചെയ്തതു കൂടാതെ, ഇപ്പോഴിതാ നമ്മുടെ ദ്രവ്യങ്ങളും നമുക്കു തിരിച്ചു കിട്ടിയിരിക്കുന്നു! ഇതുപോലെ, മേലിലും നമുക്കു ആഹാരം കൊണ്ടുവരാം. സഹോദരനെ സുരക്ഷിതമായി തിരിച്ചുകൊണ്ടുവരുകയും ചെയ്തുകൊള്ളാം. അവനും കൂടിയുണ്ടെങ്കിൽ ഒരു ഒട്ടക ചുമടുകൂടി വർദ്ധിച്ചുകിട്ടുമല്ലോ. നമ്മുടെ ആവശ്യങ്ങൾ വെച്ചു നോക്കുമ്പോൾ ഈ കിട്ടിയതുകൊണ്ടു നമ്മുടെ ആവശ്യം നിറവേറുകയില്ലല്ലോ. എന്നൊക്കെ പറഞ്ഞു സഹോദരൻെറ കാര്യത്തിൽ അവർ വീണ്ടും പിതാവിനെ തിരക്കുകയായി.

പക്ഷേ, പിതാവു അതുകൊണ്ടൊന്നും തൃപ്തിയടഞ്ഞില്ല. നിങ്ങൾക്കു തടുക്കുവാൻ കഴിയാത്ത വല്ല ആപത്തും വന്നു വലയം ചെയ്യാത്തപക്ഷം, അവനെ സുരക്ഷിതനായി മടക്കിക്കൊണ്ടുവരുമെന്ന് അല്ലാഹുവിനെ മുൻനിറുത്തി നിങ്ങൾ സത്യം ചെയ്തു ഉറപ്പു തരാതെ അവനെ ഞാൻ വിട്ടുതരികയില്ലെന്നു അദ്ദേഹം തീർത്തുപറഞ്ഞു. അതവർ സ്വീകരിക്കുകയും ചെയ്തു. അങ്ങനെ, അല്ലാഹുവിനെ സാക്ഷ്യപ്പെടുത്തുകയും, അവനിൽ ഭരമേൽപിക്കുകയും ചെയ്തുകൊണ്ട് യഅ്ഖൂബ് (അ) അവരോടൊപ്പം ബിൻയാമീനും അടുത്ത പ്രാവശ്യം പോയിക്കൊള്ളുവാൻ സമ്മതിച്ചു. ഞങ്ങൾക്കു ഒട്ടകത്തിൻെറ അളവു കൂടുതൽ ലഭിക്കും (نزداد كيل بعير)എന്ന വാക്യത്തിൽ നിന്നു ഒട്ടകമായിരുന്നു അവരുടെ വാഹനമെന്നും, ഒരാൾക്കു ഒരൊട്ടകം ചുമക്കുന്ന ധാന്യമായിരുന്നു ഈജിപ്തിൽ നിന്നു ലഭിച്ചിരുന്നതെന്നും മനസ്സിലാക്കാം.

٦٧- وَقَالَ يَٰبَنِيَّ لَا تَدْخُلُوا مِنۢ بَابٍ وَٰحِدٍ وَادْخُلُوا مِنْ أَبْوَٰبٍ مُّتَفَرِّقَةٍ ۖ وَمَآ أُغْنِى عَنكُم مِّنَ اللَّهِ مِن شَىْءٍ ۖ إِنِ الْحُكْمُ إِلَّا لِلَّهِ ۖ عَلَيْهِ تَوَكَّلْتُ ۖ وَعَلَيْهِ فَلْيَتَوَكَّلِ الْمُتَوَكِّلُونَ ○

67. അദ്ദേഹം പറയുകയും ചെയ്തു: 'എന്റെ മക്കളേ, നിങ്ങൾ ഒരേ (പടി) വാതിലിൽകൂടി പ്രവേശിക്കരുത്; ഭിന്നമായ (പല) വാതിലുകളിലൂടെ പ്രവേശിക്കുവിൻ.

'അല്ലാഹുവിങ്കൽനിന്നു (ഉണ്ടാകുന്ന) യാതൊന്നിനെയും നിങ്ങളിൽ നിന്ന ഞാൻ തടുക്കുകയില്ല താനും. വിധി അല്ലാഹുവിനല്ലാതെ (ആർക്കും) ഇല്ല. അവന്റെ മേൽ ഞാൻ (കാര്യങ്ങൾ) ഭരമേൽപിച്ചിരിക്കുന്നു; ഭരമേൽപിക്കുന്നവർ അവന്റെ മേൽതന്നെ ഭരമേൽപിച്ചുകൊള്ളട്ടെ.'

٦٨- وَلَمَّا دَخَلُوا مِنْ حَيْثُ أَمَرَهُمْ أَبُوهُم مَّا كَانَ يُغْنِى عَنْهُم مِّنَ اللَّهِ مِن شَىْءٍ إِلَّا حَاجَةً فِى نَفْسِ يَعْقُوبَ قَضَىٰهَا ۚ وَإِنَّهُۥ لَذُو عِلْمٍ لِّمَا عَلَّمْنَٰهُ وَلَٰكِنَّ أَكْثَرَ النَّاسِ لَا يَعْلَمُونَ ○

68. അവരുടെ പിതാവു അവരോടു കൽപിച്ച വിധത്തിൽ അവർ പ്രവേശിച്ചപ്പോൾ, അല്ലാഹുവിങ്കൽനിന്നു (ഉണ്ടാകുന്ന) യാതൊന്നിനെയും അദ്ദേഹം തടുത്തിരുന്നില്ല; യഅ്ഖൂബിന്റെ മനസ്സിലുള്ള ഒരാവശ്യം അദ്ദേഹം നിർവ്വഹിച്ചു—എന്നൊഴികെ [അത്രമാത്രം]. അദ്ദേഹത്തിന് നാം പഠിപ്പിച്ചുകൊടുത്തിട്ടുള്ളതിനാൽ, അദ്ദേഹം അറിവുള്ളവൻ തന്നെയാകുന്നതാനും. എങ്കിലും, മനുഷ്യരിൽ അധികമാളും അറിയുന്നില്ല.

---

67. وقال അദ്ദേഹം പറയുകയും ചെയ്തു يا بني എന്റെ പുത്രൻമാരേ (മക്കളെ) لا تدخلوا നിങ്ങൾ പ്രവേശിക്കരുത് من باب വാതിലിൽ (കവാടത്തിൽ) കൂടി واحد ഒരേ وادخلوا പ്രവേശിക്കുകയും ചെയ്യുവിൻ من أبواب വാതിലുകളിൽകൂടി متفرقة ഭിന്നമായ, വ്യത്യസ്തമായ وما أغني ഞാൻ ധന്യമാക്കുക (തടുക്കുക)യുമില്ല عنكم നിങ്ങളിൽനിന്ന, നിങ്ങൾക്ക من الله അല്ലാഹുവിൽ നിന്ന من شيء യാതൊന്നിനെയും إن الحكم വിധിഇല്ല إلا لله അല്ലാഹുവിന്നല്ലാതെ عليه അവന്റെമേൽ توكلت ഞാൻ ഭരമേൽപിച്ചിരിക്കുന്നു وعليه അവന്റെ മേൽ തന്നെ فليتوكل ഭരമേൽപിച്ചുകൊള്ളട്ടെ المتوكلون ഭരമേൽപിക്കുന്നവർ 68. ولما دخلوا അവർ പ്രവേശിച്ചപ്പോൾ من حيث വിധത്തിൽ, മാർഗത്തൂടെ أمرهم അവരോടു കൽപിച്ചു أبوهم അവരുടെ പിതാവു ما كان അദ്ദേഹമായിരുന്നില്ല, അതായിരുന്നില്ല يغني ധന്യമാക്ക(തടുക്ക)ക عنهم അവരിൽനിന്നു من الله അല്ലാഹുവിൽനിന്ന من شيء യാതൊന്നിനെയും إلا حاجة ഒരാവശ്യം ഒഴികെ في نفس സ്വന്തത്തി(മനസ്സി)ലുള്ള يعقوب യഅ്ഖൂബിന്റെ قضاها അതദ്ദേഹം തീർത്തു (നിർവ്വഹിച്ചു) وإنه അദ്ദേഹമാകട്ടെ لذو علم അറിവുള്ളവൻ തന്നെ لما علمناه നാം അദ്ദേഹത്തിനു പഠിപ്പിച്ചു കൊടുത്തതിനാൽ ولكن എങ്കിലും, പക്ഷേ أكثر الناس മനുഷ്യരിൽ അധികവും لا يعلمون അറിയുന്നില്ല, അറിയുകയില്ല

മക്കളെ പുറപ്പെട്ടു പോകുമ്പോൾ, താഴെ വിവരിക്കുന്നതുപോലുള്ള എന്തോ ഒരു ഉദ്ദേശ്യം കരുതിക്കൊണ്ട് നിങ്ങൾ—ഈജിപ്തിൽ—അല്ലെങ്കിൽ രാജസന്നിധിയിൽ—പ്രവേശിക്കുന്നതു ഒരേ പ്രവേശനമാർഗ്ഗത്തിലൂടെയായിരിക്കരുതെന്നും, പല മാർഗ്ഗങ്ങളിലൂടെയായിരിക്കണമെന്നും യഅ്ഖൂബ് (അ) അവരെ ഉപദേശിച്ചു. അതോടൊപ്പം തന്നെ, അല്ലാഹുവിന്റെ ഭാഗത്തു നിന്നും വല്ല ദോഷവും നിങ്ങൾക്ക സംഭവിക്കുന്നതു തടുക്കുവാൻ ആ ഉപദേശം ഉപകരിക്കുകയില്ലെന്നും, എല്ലാം അല്ലാഹുവിന്റെ വിധിയും കൽപനയും അനുസരിച്ചു തന്നെ നടക്കുമെന്നും, അതുകൊണ്ട് അവനിൽ ഭരമേൽപിക്കുകയാണ് എല്ലാറ്റിലുംവെച്ച് വലിയ പരിഹാര മാർഗ്ഗമെന്നും ഉണർത്തുകയും ചെയ്തു. അങ്ങനെ, പിതാവിന്റെ ഉപദേശപ്രകാരം തന്നെ അവരവിടെ പ്രവേശിക്കുകയും ചെയ്തു. എങ്കിലും അല്ലാഹു അവരിൽ ഉദ്ദേശിച്ച കാര്യങ്ങൾ (താഴെ വചനങ്ങളിൽ കാണാവുന്ന വിധം) സംഭവിക്കുക തന്നെ ചെയ്തു. അതെ, യഅ്ഖൂബ് (അ) മനസ്സിൽ കരുതിയിരുന്ന ഒരാവശ്യം അദ്ദേഹം നിർവ്വഹിച്ചുവെന്നല്ലാതെ അതുകൊണ്ട് പ്രത്യേ

കം പ്രയോജനമൊന്നും ഉണ്ടായില്ല. ഇപ്പറഞ്ഞതുകൊണ്ടു അദ്ദേഹം ഒരു വിവരമില്ലാത്ത ആളാണെന്നു ധരിക്കേണ്ടതില്ല. അദ്ദേഹത്തിനു അല്ലാഹു പലതും പഠിപ്പിച്ചുകൊടുത്തിട്ടുണ്ട്. അദ്ദേഹം വിവരമുള്ള ആളും തന്നെയാണ്. ഇതുപോലെയുള്ള യാഥാർത്ഥ്യങ്ങളെപ്പറ്റി അറിയാത്തവരാണു മനുഷ്യരിൽ അധികഭാഗവും. ഇതൊക്കെയാണു ഈ വചനത്തിൽ പ്രസ്താവിച്ചതിന്റെ ചുരുക്കം.

യഅ്ഖൂബ് (അ) മക്കൾക്കു നൽകിയ ആ ഉപദേശത്തെപ്പറ്റി അല്ലാഹു അദ്ദേഹത്തെ ആക്ഷേപിച്ചിട്ടില്ല. അതിൽനിന്നു തോന്നിയേക്കുവാനിടയുള്ള ഒരു തെറ്റിദ്ധാരണയെ നീക്കം ചെയ്യുകയും, അതോടുകൂടി, അദ്ദേഹം ഒരു വിവരമുള്ള ആൾതന്നെയാണെന്നു പ്രശംസിക്കുകയും ചെയ്തിരിക്കുകയാണ്. ഒരേ വാതിലിൽകൂടി പ്രവേശിക്കരുതെന്ന ആ പ്രസ്താവനകൊണ്ട് അവരെ ഉപദേശിക്കുമ്പോൾ, അവരിൽ സംഭവിക്കുവാൻ അല്ലാഹു നിശ്ചയിച്ചിട്ടുള്ള വല്ല അനിഷ്ടങ്ങൾക്കും ആ ഉപദേശം പരിഹാരമുണ്ടാക്കുമെന്നോ, അതിനെ തടുക്കുമെന്നോ അദ്ദേഹം കരുതിയതായി തെറ്റിദ്ധരിക്കപ്പെട്ടേക്കും. അല്ലാതിരിക്കിൽ, അല്ലാഹുവിന്റെ നിശ്ചയങ്ങളിൽനിന്നു അതെല്ലാം സംഗതികൾമൂലം ഒഴിവാകുമെന്ന് ധരിച്ചേക്കുമെന്ന വല്ലവരും കരുതിയേക്കാം. ഈ ധാരണകളെ നീക്കം ചെയ്യുന്നതാണു യഅ്ഖൂബിന്റെ മനസ്സിലുള്ള ഒരാവശ്യം അദ്ദേഹം നിറവേറ്റിയെന്നു മാത്രം. (إلا حاجة في نفس يعقوب قضاها ...) എന്നു അല്ലാഹു തുടർന്ന് പറഞ്ഞത്. എന്നിരിക്കെ, വല്ല അനിഷ്ട സംഭവങ്ങളിൽനിന്നും ഒഴിവാകുവാനുള്ള മുൻകരുതലെന്ന നിലക്കു അത്തരം കാര്യങ്ങൾ ചെയ്യുന്നതു തെറ്റല്ല എന്നത്രെ ഇതിന്റെ അർത്ഥം. ബാഹ്യമായ മുൻകരുതലുകൾ കൊണ്ടൊന്നും അല്ലാഹു നിശ്ചയിച്ച കാര്യങ്ങൾ ഒഴിവാക്കുവാൻ സാധിക്കയില്ലെങ്കിലും, എല്ലാറ്റിലും ഉപരിയായി അവനിൽ 'തവക്കുൽ' (ഭരമേല്പിക്കൽ) ചെയ്യുകയാണു ആവശ്യമെന്നും ചൂണ്ടിക്കാട്ടുകയാണു ആ വാക്യം ചെയ്യുന്നത്. ഇതോടുകൂടി യഅ്ഖൂബ് (അ) തന്റെ ഉപദേശത്തോടൊപ്പം തന്നെ മക്കളെ പ്രത്യേകം ഓർമ്മിപ്പിച്ചിട്ടുള്ളതാണ് ... وما أغني عنكم (അല്ലാഹുവിൽ നിന്നുണ്ടാകുന്ന യാതൊന്നും ഞാൻ നിങ്ങളിൽനിന്നു തടുക്കുന്നതല്ല) എന്ന തുടങ്ങി 67-ാം വചനത്തിന്റെ അവസാനംവരെയുള്ള അദ്ദേഹത്തിന്റെ വാക്യം നോക്കുക.

ഒരേ വാതിലിൽകൂടി പ്രവേശിക്കരുതെന്ന യഅ്ഖൂബ് (അ) മക്കളെ ഉപദേശിച്ചതിന്റെ ആവശ്യമെന്തായിരുന്നു? ഇതു സംബന്ധിച്ചു പല അഭിപ്രായം നിലവിലുണ്ട്. (1) യഅ്ഖൂബ് (അ) നബിയുടെ മനസ്സിലുള്ള ഏതോ ഒരാവശ്യം നിർവ്വഹിച്ചുവെന്നേയുള്ളൂ. حاجة في نفس يعقوب قضاها എന്നു പറഞ്ഞതുകൊണ്ടു ആ ആവശ്യം എന്താണെന്നു അല്ലാഹു അവ്യക്തമാക്കിവെച്ചിരിക്കുന്ന സ്ഥിതിക്കു ആ ആവശ്യമെന്തായിരുന്നുവെന്ന് നാം ചുഴിഞ്ഞന്വേഷിക്കേണ്ടതില്ല. ഖുർആനിൽനിന്നോ, നബിവാക്യങ്ങളിൽനിന്നോ അതിനെ നിർണ്ണയിക്കുന്നതിനു ശരിയായ തെളിവുകളൊന്നുമില്ല. ഈ അഭിപ്രായമാണു കൂടുതൽ സൂക്ഷ്മതയുള്ളതെന്നതിൽ സംശയമില്ല. (2) സൗന്ദര്യവും, പ്രതാപവും ഒത്തിണങ്ങിയ ഒരു സംഘം ആളുകൾ ഒന്നിച്ചു ഒരു പട്ടണത്തിൽ ഒരേ വഴിക്കു പ്രവേശിക്കുമ്പോൾ അതു കണ്ണേറു (കരിങ്കണ്ണു) ബാധിക്കുവാൻ കാരണമാകും. അതിൽനിന്ന് ഒഴിവാകുവാൻ വേണ്ടിയായിരുന്നു അത്. ഇബ്നുഅബ്ബാസ്, മുഹമ്മദുബ്നു കഅ്ബ്, മുജാഹിദ്, ളഹ്ഹാക്ക്, ഖതാദ, സുദ്ദീ (റ) മുതലായവരിൽനിന്നു ഇങ്ങനെ നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു. ഖുർആൻ വ്യാഖ്യാതാക്കൾ പൊതുവിൽ സ്വീകരിച്ചു കാണുന്നതും ഇതാകുന്നു. (കണ്ണേറിനെ ഭയന്നാണ് യഅ്ഖൂബ് നബി (അ) ഇങ്ങിനെ പറഞ്ഞതെന്നതിനു തെളിവുകാണുന്നില്ലെങ്കിലും കണ്ണേറു സ്ഥാപിക്കുന്ന ബലപ്പെട്ട ഹദീസുകൾ കാണപ്പെടുന്നതാണ്) (3) അതികായന്മാരുള്ള ഒരു കൂട്ടം ആളുകളെ പെട്ടെന്നു ഒന്നിച്ചു കാണുമ്പോൾ, അവരെപ്പറ്റി പല സംശയങ്ങളും ജനങ്ങൾക്കു തോന്നുവാൻ ഇടയുള്ളതുകൊണ്ടാണത്.

വിഭാഗം-9

69. അവർ [സഹോദരന്മാർ] യൂസുഫിന്റെ അടുക്കൽ പ്രവേശിച്ചപ്പോൾ, അദ്ദേഹം [യൂസുഫ്] തന്റെ സഹോദരനെ തന്നിലേക്ക അണച്ചുകൂട്ടി; അദ്ദേഹം പറഞ്ഞു: 'നിശ്ചയമായും, ഞാൻ നിന്റെ സഹോദരൻതന്നെ. ആകയാൽ, അവർ പ്രവർത്തിച്ചു വരുന്നതിനെപ്പറ്റി നീ സങ്കടപ്പെടേണ്ട.'

وَلَمَّا دَخَلُوا عَلَىٰ يُوسُفَ ٦٩
آوَىٰ إِلَيْهِ أَخَاهُ
قَالَ إِنِّي أَنَا أَخُوكَ
فَلَا تَبْتَئِسْ بِمَا كَانُوا يَعْمَلُونَ ○

---

69. ولما دخلوا അവർ പ്രവേശിച്ചപ്പോൾ على يوسف യൂസുഫിന്റെ അടുക്കൽ آوى إليه അദ്ദേഹം തന്നിലേക്ക കൂട്ടിച്ചേർത്തു, അണച്ചുകൂട്ടി أخاه തന്റെ സഹോദരനെ قال അദ്ദേഹം പറഞ്ഞു إني നിശ്ചയമായും ഞാൻ (തന്നെ) أخوك നിന്റെ സഹോദരൻ فلا تبتئس അതിനാൽ നീ സങ്കടപ്പെടേണ്ട بما كانوا അവർ ആയിരിക്കുന്നതിനെപ്പറ്റി يعملون അവർ പ്രവർത്തിക്കും

സഹോദരന്മാരിൽ നിന്നു ബിൻയാമീനെ അദ്ദേഹം പ്രത്യേകം ആശ്ലേഷിച്ചു–ഞാനാണു നിന്റെ ജ്യേഷ്ഠൻ യൂസുഫ്, അവർ നമ്മോടു സ്വീകരിച്ചു വന്ന പെരുമാറ്റത്തെക്കുറിച്ചും മറ്റും ഇനി വ്യസനിക്കേണ്ടതില്ല എന്നൊക്കെ സ്വകാര്യമായി അറിയിച്ചുകൊടുത്തു. ഒരു പക്ഷേ–ഇബ്നുകഥീർ (റ) പ്രസ്താവിച്ചതു പോലെ–ബിൻയാമീനെ തന്റെ അടുക്കൽ തന്നെ നിറുത്തുവാനും അവരുടെ ഒന്നിച്ചു തിരിച്ചയക്കാതിരിക്കുവാനും (അടുത്ത വചനങ്ങളിൽ കാണുന്നതുപോലെയുള്ള) വല്ല സൂത്രമാർഗ്ഗങ്ങളും താൻ പ്രയോഗിക്കുവാൻ ഉദ്ദേശിക്കുന്നുവെന്നും അദ്ദേഹം ബിൻയാമീനെ അറിയിച്ചിരിക്കാം. അത് സ്വാഭാവികമാണല്ലോ.

70. എന്നിട്ട് അവരുടെ ഒരുക്കസാമാനവുമായി അവരെ അദ്ദേഹം ഒരുക്കി അയച്ചപ്പോൾ, അദ്ദേഹം പാനപാത്രം തന്റെ സഹോദരന്റെ യാത്രാസാമാനത്തിൽ ആക്കി. പിന്നെ, ഒരാൾ വിളിച്ചുപറഞ്ഞു: 'ഹേ, വാഹനസംഘമേ, നിശ്ചയമായും നിങ്ങൾ മോഷ്ടാക്കൾ തന്നെയാണ്!'

٧٠- فَلَمَّا جَهَّزَهُم بِجَهَازِهِمْ جَعَلَ السِّقَايَةَ فِي رَحْلِ أَخِيهِ ثُمَّ أَذَّنَ مُؤَذِّنٌ أَيَّتُهَا الْعِيرُ إِنَّكُمْ لَسَارِقُونَ ○

71. അവർ അവരുടെ [വിളിച്ചുപറയുന്നവരുടെ] നേരെ തിരിഞ്ഞുനിന്ന് പറഞ്ഞു: 'എന്താണ് നിങ്ങൾക്കു കാണാതായിരിക്കുന്നത്?'

٧١- قَالُوا وَأَقْبَلُوا عَلَيْهِم مَّاذَا تَفْقِدُونَ ○

72. അവർ പറഞ്ഞു: 'ഞങ്ങൾക്കു രാജാവിന്റെ അളവുപാത്രം നഷ്ടപ്പെട്ടിരിക്കുന്നു. അതു കൊണ്ടുവ(ന്നു)തന്നവന്നു ഒരു ഒട്ടകത്തിന്റെ ചുമടു (ധാന്യം സമ്മാനം)ഉണ്ട്. ഞാൻ അതിനു ഉത്തരവാദപ്പെട്ടവനുമാകുന്നു. [അക്കാര്യം ഞാൻ ഏൽക്കാം]'

٧٢- قَالُوا نَفْقِدُ صُوَاعَ الْمَلِكِ وَلِمَن جَاءَ بِهِ حِمْلُ بَعِيرٍ وَأَنَا بِهِ زَعِيمٌ ○

---

70. فَلَمَّا جَهَّزَهُم എന്നിട്ടു അവരെ അദ്ദേഹം ഒരുക്കി അയച്ചപ്പോൾ بِجَهَازِهِمْ ഒരുക്കുസാമാനം جَعَلَ അദ്ദേഹം ആക്കി السِّقَايَةَ വെള്ളപ്പാത്രം, പാനപാത്രം فِي رَحْلِ യാത്രാസാമാനത്തിൽ أَخِيهِ തന്റെ സഹോദരന്റെ ثُمَّ أَذَّنَ പിന്നെ അറിയിപ്പു നൽകി, പ്രഖ്യാപിച്ചു (വിളിച്ചു പറഞ്ഞു) مُؤَذِّنٌ ഒരു വിളിച്ചു പറയുന്നവൻ (ഒരാൾ) أَيَّتُهَا الْعِيرُ ഹേ യാത്രാ സംഘമേ, ഒട്ടക സംഘമേ إِنَّكُمْ നിശ്ചയമായും നിങ്ങൾ لَسَارِقُونَ മോഷ്ടാക്കൾ തന്നെ 71. قَالُوا അവർ പറഞ്ഞു وَأَقْبَلُوا അവർ മുന്നിടുകയും ചെയ്തു (തിരിഞ്ഞു) عَلَيْهِم അവരുടെ നേരെ مَاذَا എന്തൊന്നാണു تَفْقِدُونَ നിങ്ങൾ നഷ്ടപ്പെടുന്നതു, നിങ്ങൾക്കു കാണാതാകുന്നത് 72. قَالُوا അവർ പറഞ്ഞു نَفْقِدُ ഞങ്ങൾ നഷ്ടപ്പെടുന്നു, കാണാതാവുന്നു صُوَاعَ അളവുപാത്രം, അളവുകോപ്പ് الْمَلِكِ രാജാവിന്റെ وَلِمَن جَاءَ بِهِ അതു കൊണ്ടുവന്നവർക്കുണ്ടു حِمْلُ ചുമടു, ഏറ്റുന്നതു بَعِيرٍ ഒരൊട്ടകത്തിന്റെ وَأَنَا ഞാൻ بِهِ അതിനെപ്പറ്റി, അതിനു زَعِيمٌ ഏൽക്കുന്നവനാണു, ഉത്തരവാദിയാണ്

سِقَايَة (സിഖായത്ത്) എന്ന വാക്കു വെള്ളം കുടിക്കാനുള്ള സ്ഥാനത്തിനും, അതു കൊണ്ടു കുടിപ്പിക്കുകയോ കുടിക്കുകയോ ചെയ്യുന്ന പാത്രത്തിനും ഉപയോഗിക്കപ്പെടും. صُوَاع (സ്വുവാഉ്) എന്നതിന്റെ സ്ഥാനത്തു صَاع (സ്വാഉ്) എന്നും വായിക്കപ്പെട്ടിട്ടുണ്ട്. രണ്ടായാലും ഇടങ്ങഴി, അല്ലെങ്കിൽ നാഴിപോലെ അളവിനു ഉപയോഗിക്കുന്ന ഒരു പാത്രമാണത്. ഈ രണ്ടു വാക്കും ഒരേ പാത്രത്തെത്തന്നെ ഉദ്ദേശിച്ചു പറയുവാൻ കാരണം, വെള്ളം കുടിക്കുവാനും വിലപിടിച്ച ധാന്യങ്ങൾ അളക്കുവാനും അതു ഉപയോഗിക്കപ്പെട്ടിരുന്നതാണെന്നും, അളവു പാത്രത്തിന്റെ രൂപത്തിൽ ഉണ്ടാക്കപ്പെട്ട പാനപാത്രമായിരുന്നതാണെന്നും പറയപ്പെടുന്നു. അതൊരു വെള്ളിപ്പാത്രമായിരുന്നുവെന്നും

കാണപ്പെടുന്നു. (أعلم) ഏതായാലും രാജാവിന്റെ പാത്രമായതുകൊണ്ടു അതൊരു വിശേഷതരം പാത്രമായിരിക്കണമെന്നു ഊഹിക്കാവുന്നതേയുള്ളു.

താൻ യൂസുഫാണെന്ന രഹസ്യം ബിൻയാമീനെ സ്വകാര്യമായി അറിയിച്ചതല്ലാതെ മറ്റുള്ള സഹോദരൻമാരെ അദ്ദേഹം അറിയിച്ചിട്ടില്ല. അവരിൽനിന്നു് മൂടിവെച്ചിരിക്കുകയാണതു്. ആ സ്ഥിതിക്കു ബിൻയാമീനെ അവരൊന്നിച്ചു വിട്ടയക്കുകയില്ലെന്നു പറയുവാൻ ന്യായമില്ല. അതുകൊണ്ടു ബിൻയാമീനെ അവർ സ്വയം വിട്ടുകൊടുക്കത്തക്ക ഒരു തന്ത്രം അദ്ദേഹം പ്രയോഗിച്ചു. അവരുടെ ധാന്യക്കെട്ടുകൾ കെട്ടിതയ്യാറാക്കിക്കൊടുത്തപ്പോൾ അവരറിയാതെ ബിൻയാമീന്റെ കെട്ടിൽ രാജാവിന്റെ പാനപാത്രവും ഇട്ടു കെട്ടുവാൻ ഏർപ്പാടുചെയ്തു. സഹോദരൻമാർ സ്ഥലം വിട്ടപ്പോഴേക്കും പിന്നാലെ ആളെ പിന്ന്–അല്ലാഹു പറഞ്ഞപ്രകാരം–അവരോടു വിളിച്ചുപറഞ്ഞു. പാനപാത്രം ബിൻയാമീന്റെ കെട്ടിൽ ഇട്ടതു അറിയാതെ, അവർ സ്ഥലം വിട്ട ഉടനെ ആ പാത്രം യഥാസ്ഥാനത്ത് കാണാതെ വന്നപ്പോൾ വല്ല ഉദ്യോഗസ്ഥൻമാരും സന്ദർഭം നിലക്കുവെച്ചു അവരെ വിളിച്ചു പറഞ്ഞതാണോ? അതല്ല, അവർ ഒന്നും അറിഞ്ഞതുകൊണ്ടുതന്നെ യൂസുഫ് (അ)ന്റെ കൽപനയനുസരിച്ചു വിളിച്ചുപറഞ്ഞതാണോ? രണ്ടിനും സാദ്ധ്യതയുണ്ടെന്നും, കൂടുതൽ സാദ്ധ്യത കാണുന്നതു ആദ്യം പറഞ്ഞപ്രകാരമായിരിക്കുവാനാണെന്നും റാസീ(റ) ചൂണ്ടിക്കാട്ടിയിരിക്കുന്നു. വിളിച്ചുപറഞ്ഞ ആൾ അവരോടു 'നിങ്ങൾ മോഷ്ടാക്കളാണ്' (إِنَّكُمْ لَسَارِقُونَ) എന്നു പറഞ്ഞതാണ് അദ്ദേഹം അതിനു കാരണം പറയുന്നത്. പക്ഷേ, മറ്റൊരു സംഗതികൂടി ആലോചിക്കേണ്ടതുണ്ട്. കാണാതായ പാത്രം ആർ തിരിച്ചുകൊണ്ടുവരുന്നുവോ അവർക്കു ഒട്ടകത്തിനു വഹിക്കാവുന്നത്ര ധാന്യം സമ്മാനം കൊടുക്കാമെന്നും, അതിനു ഞാൻ ഉത്തരവാദിയാണെന്നും കൂടി ആ ആൾ വിളിച്ചുപറയുന്നു. ഈ സമ്മാനം അന്നത്തെ പരിതസ്ഥിതിക്ക് വളരെ വിലപിടിച്ചതാണെന്നും, അധികൃതരായ ആരും ഇല്ലാതെ ആ ആൾ അതു് ഏറ്റുപറയുവാൻ പ്രയാസമാണെന്നും ഓർക്കേണ്ടതുണ്ട്. ഈ നിലക്ക് നോക്കുമ്പോൾ, ആ വിളിച്ചുപറഞ്ഞതു് യൂസുഫ് (അ)ന്റെ അറിവോടെയും, ആജ്ഞപ്രകാരവും ആയിരിക്കുവാനാണ് ന്യായം കാണുന്നത്. അല്ലാത്തപക്ഷം, അവർ മോഷ്ടാക്കളാണെന്ന തെളിഞ്ഞാൽ അവരുടെമേൽ നടപടി എടുക്കണമെന്നല്ലാതെ, അവർക്ക് ഇനാം നൽകുമെന്ന പറയുവാൻ ന്യായം കാണുന്നില്ല. യാഥാർത്ഥ്യം അല്ലാഹുവിനറിയാം.

വിളിച്ചു പറഞ്ഞത് യൂസുഫ് (അ)ന്റെ അറിവോടെത്തന്നെയായിരുന്നാലും 'നിങ്ങൾ മോഷ്ടാക്കളാണ്' എന്ന പ്രയോഗം അതിന്റെ സാക്ഷാൽ അർത്ഥത്തിലല്ലെന്നും, ബാഹ്യാവസ്ഥയെ അടിസ്ഥാനമാക്കി സൂത്രത്തിൽ ഉപയോഗിച്ച വാക്കാണെന്നും കരുതുവാനേയുള്ളു. അദ്ദേഹം അറിഞ്ഞുകൊണ്ടു തന്നെയാണല്ലോ പാനപാത്രം ബിൻയാമീന്റെ കെട്ടിലാക്കിയത്. എന്നിട്ട് 76-ാം വചനത്തിൽ പറയുന്നതുപോലെ–ആദ്യം മറ്റുള്ളവരുടെ കെട്ടുകളെല്ലാം പരിശോധിച്ചശേഷം മാത്രമാണ് അദ്ദേഹം ബിൻയാമീന്റെ കെട്ടുപരിശോധിക്കുന്നതും. ഇതൊരു തന്ത്രമായിരുന്നുവെന്നു അല്ലാഹു തന്നെ അവിടെ പറയുന്നുമുണ്ട്. ഇങ്ങിനെയൊരു സൂത്രം പ്രയോഗിച്ചത് കേവലം ഒരു വഞ്ചനയായോ, ചതിപ്രയോഗമായോ അല്ലെന്നു പ്രത്യേകം പറയേണ്ടതില്ല. അസൂയ നിമിത്തം അദ്ദേഹത്തെ വധിക്കുവാൻ ശ്രമിക്കുകയും, കിണറ്റിലെറിയുകയും, അടിമയാക്കിത്തീർക്കുകയും, എന്നിട്ട് പിതാവിനോട് കളവു പറയുകയും, ഇക്കാലംവരെ അക്കാര്യം മൂടിവെച്ചുകൊണ്ടിരിക്കുകയും ചെയ്ത അവരോട് വളരെ ചുരുങ്ങിയ ഒരു പ്രതികാരം പോലും ചെയ്യാതെ അവരെ ചിന്തിപ്പിക്കുവാനും അവർക്കൊരു പാഠം ഉണ്ടാവുവാനും വേണ്ടി ഇങ്ങിനെ ഒരു തന്ത്രം പ്രയോഗിച്ചത് കൊണ്ടു ഒരു വഞ്ചനയാകുന്നില്ല. ദാവിയിൽ പറയപ്പെടുവാനുംവേണ്ടി, ഇതിനെ ഒരു തന്ത്രം പ്രയോഗിച്ചതാണ്. വിളിച്ചു പറഞ്ഞ ആളോടു അവരുടെ മറുപടി ഇതായിരുന്നു:–

73. അവർ പറഞ്ഞു: 'അല്ലാഹു തന്നെയാണെ(സത്യം)! ഞങ്ങൾ ഭൂമിയിൽ കുഴപ്പമുണ്ടാക്കുവാൻ വന്നിട്ടില്ലെന്നു തീർച്ചയായും നിങ്ങൾക്കറിയാമല്ലോ; ഞങ്ങൾ മോഷ്ടാക്കളായിരുന്നിട്ടുമില്ല.'

قَالُوا تَاللَّهِ لَقَدْ عَلِمْتُمْ مَا جِئْنَا لِنُفْسِدَ فِي الْأَرْضِ وَمَا كُنَّا سَارِقِينَ ۝٧٣

---

73. قَالُوا അവർ പറഞ്ഞു تَاللَّهِ അല്ലാഹുവിനെത്തന്നെയാണ (സത്യം) لَقَدْ عَلِمْتُمْ തീർച്ചയായും നിങ്ങൾ അറിഞ്ഞിട്ടുണ്ട് مَا جِئْنَا ഞങ്ങൾ വന്നിട്ടില്ലെന്ന് لِنُفْسِدَ ഞങ്ങൾ കുഴപ്പം(നാശം)ഉണ്ടാക്കുവാൻ فِي الْأَرْضِ ഭൂമിയിൽ, നാട്ടിൽ وَمَا كُنَّا ഞങ്ങളായിരുന്നിട്ടുമില്ല سَارِقِينَ മോഷ്ടാക്കൾ

74 അവർ [വിളിച്ചു പറയുന്നവർ] പറഞ്ഞു: 'എന്നാൽ, നിങ്ങൾ കളവു പറയുന്നവരാണെങ്കിൽ അതിന്റെ പ്രതിഫലം [ശിക്ഷ] എന്താണ്?'

٧٤- قَالُوا فَمَا جَزَاؤُهُ إِن كُنتُمْ كَاذِبِينَ ۝

75 അവർ പറഞ്ഞു: 'അതിന്റെ പ്രതിഫലം, ഏതൊരുവന്റെ യാത്രാസാമാനത്തിൽ അതു കാണപ്പെട്ടുവോ അവൻ തന്നെ അതിന്റെ പ്രതിഫലം. [അവനെ നിങ്ങൾക്കു പിടിച്ചുവെക്കാം.] അപ്രകാരമത്രെ, ഞങ്ങൾ അക്രമികൾക്കു പ്രതിഫലം നൽകുന്നത്.'

٧٥- قَالُوا جَزَاؤُهُ مَن وُجِدَ فِي رَحْلِهِ فَهُوَ جَزَاؤُهُ ۚ كَذَٰلِكَ نَجْزِي الظَّالِمِينَ ۝

---

74. قَالُوا അവർ പറഞ്ഞു فَمَا എന്നാലെന്താണു جَزَاؤُهُ അതിന്റെ പ്രതിഫലം إِن كُنتُمْ നിങ്ങളാണെങ്കിൽ كَاذِبِينَ കളവ് (വ്യാജം) പറയുന്നവർ 75. قَالُوا അവർ പറഞ്ഞു جَزَاؤُهُ അതിന്റെ പ്രതിഫലം مَن ആർ, ഏതൊരുവൻ وُجِدَ കാണപ്പെട്ടു, അതു കണ്ടുകിട്ടി فِي رَحْلِهِ അവന്റെ യാത്രാ സാമാനത്തിൽ فَهُوَ എന്നാലവൻ جَزَاؤُهُ അതിന്റെ പ്രതിഫലമാണു كَذَٰلِكَ അപ്രകാരമത്രെ, അതുപോലെ نَجْزِي ഞങ്ങൾ പ്രതിഫലം നൽകുന്നതു (നൽകുന്നു) الظَّالِمِينَ അക്രമികൾക്ക്

തങ്ങളിൽപെട്ട ആരെങ്കിലും ആ പാനപാത്രം എടുത്തുകൊണ്ടു പോന്നിരിക്കാമെന്നു അവർക്ക് ഊഹിക്കാൻ കഴിഞ്ഞിരുന്നില്ല. അതുകൊണ്ടു ആ ആരോപണം അവർ നിഷേധിച്ചു. ഞങ്ങളുമായി പരിചയപ്പെട്ടേടത്തോളം ഞങ്ങൾ കുഴപ്പക്കാരും അക്രമികളുമല്ലെന്നു നിങ്ങൾക്കറിയുവാൻ കഴിഞ്ഞിട്ടുണ്ടല്ലോ. മോഷണകൃത്യം നടത്തുന്ന വർഗ്ഗക്കാരല്ല ഞങ്ങൾ. അഥവാ പ്രവാചകൻമാരുടെ പാരമ്പര്യം നിലനിറുത്തിപ്പോരുന്നവരാണ് ഞങ്ങൾ. എന്നൊക്കെ അവർ പറഞ്ഞിരിക്കാം. ആരോപണം ഉന്നയിച്ചവർ അതുകൊണ്ടൊന്നും തൃപ്തിപ്പെട്ടില്ല. നിങ്ങൾ പറയുന്നത് സത്യമല്ലെന്നു തെളിഞ്ഞാൽ എന്തുവേണം എന്നായി. ആർ മോഷണം ചെയ്തതായി കണ്ടുവോ അയാളെ നിങ്ങൾക്കു വിട്ടുതരാം. ഇതായിരുന്നു മറുപടി.

ഇബ്രാഹീം (അ) നബിയുടെ ശരീഅത്തു (നിയമനടപടി) പ്രകാരം മോഷ്ടാവിന്റെ ശിക്ഷ, മോഷ്ടിക്കപ്പെട്ട സ്വത്തിന്റെ ഉടമസ്ഥന്ന് അവനെ വിട്ടുകൊടുക്കലായിരുന്നുവെന്നും, ഒരു നിശ്ചിതകാലം അവന്റെ ബന്ധനത്തിലോ, അടിമത്തത്തിലോ അവൻ കഴിഞ്ഞുകൂടേണ്ടിയിരുന്നുവെന്നും ഖുർആൻ വ്യാഖ്യാതാക്കൾ പറഞ്ഞു കാണുന്നു. അതുകൊണ്ടാണ് അവർ അങ്ങിനെ മറുപടി പറഞ്ഞതെന്നും, 'ഞങ്ങൾ അക്രമികൾക്കു അപ്രകാരമാണ് പ്രതിഫലം നൽകുക' എന്നു അവർ പറയുവാൻ കാരണം അതാണെന്നും അവർ ചൂണ്ടിക്കാട്ടുന്നു. അടുത്തവചനത്തിൽ مَا كَانَ لِيَأْخُذَ أَخَاهُ فِي دِينِ الْمَلِكِ (രാജാവിന്റെ നിയമ നടപടി പ്രകാരം അദ്ദേഹത്തിനു തന്റെ സഹോദരനെ പിടിച്ചുവെക്കുവാൻ നിവൃത്തിയുണ്ടായിരുന്നില്ല) എന്ന വാക്യം ഇതിനു പിൻബലവും നൽകുന്നു. ഇതു ശരിയാണെങ്കിൽ, പിന്നെ അവിടെ മറ്റൊരഭിപ്രായത്തിനു സ്ഥാനമില്ല. ശരിയല്ലെന്നുവന്നാൽ, തങ്ങളുടെ കൂട്ടത്തിൽ ആരും ആ പാത്രം എടുത്തിരിക്കുകയില്ലെന്നു അവർക്ക് വിശ്വാസമുള്ളതുകൊണ്ട് വല്ലവനും അങ്ങിനെ ചെയ്തിട്ടുണ്ടെന്നു തെളിയുന്നപക്ഷം, അവന്റെമേൽ വേണ്ടുന്ന ശിക്ഷാനടപടി എടുക്കുവാൻ അവനെ ഞങ്ങൾ നിങ്ങൾക്ക് വിട്ടുതരാം എന്ന അർത്ഥത്തിലും ആയിരിക്കാം ആ മറുപടി. أَيًّا مَّا മാത്രമല്ല, അറിഞ്ഞുകൊണ്ടുതന്നെ യൂസുഫ് (അ) പാനപാത്രം ബിൻയാമീന്റെ കെട്ടിൽ ഒളിച്ചുവെച്ചത് സഹോദരൻമാരിൽനിന്ന് അനുജനെ വിട്ടുകിട്ടുവാനുള്ള സൂത്രമായിരുന്നുവല്ലോ. ആ സ്ഥിതിക്കു അവരിൽനിന്നു അങ്ങിനെയുള്ള ഒരു മറുപടി കിട്ടുമെന്നു അദ്ദേഹം പ്രതീക്ഷിച്ചിരിക്കുവാനാണ് കാരണം കാണുന്നത്. ഒടുവിൽ കലാശിച്ചതും അതുതന്നെ. എനി, എല്ലാവരുടെയും ഭാണ്ഡങ്ങൾ അഴിച്ചു പരിശോധിക്കുവാനാണുള്ളത്.

٧٦- فَبَدَأَ بِأَوْعِيَتِهِمْ قَبْلَ وِعَاءِ أَخِيهِ ثُمَّ اسْتَخْرَجَهَا مِن وِعَاءِ أَخِيهِ ۚ كَذَٰلِكَ كِدْنَا لِيُوسُفَ ۖ مَا كَانَ لِيَأْخُذَ أَخَاهُ فِي دِينِ الْمَلِكِ إِلَّا أَن يَشَاءَ اللَّهُ ۚ نَرْفَعُ دَرَجَاتٍ مَّن نَّشَاءُ ۗ وَفَوْقَ كُلِّ ذِي عِلْمٍ عَلِيمٌ ۝

76. എന്നിട്ട്, അദ്ദേഹത്തിന്റെ സഹോദരന്റെ സഞ്ചിക്കുമുമ്പ് അവരുടെ സഞ്ചികളെക്കൊണ്ട് അദ്ദേഹം (പരിശോധന) തുടങ്ങി. പിന്നീടു (ഒടുക്കം) തന്റെ സഹോദരന്റെ സഞ്ചിയിൽ നിന്നു അതു [പാനപാത്രം] അദ്ദേഹം പുറത്തെടുത്തു. അപ്രകാരം, യൂസുഫിനുവേണ്ടി നാം [അല്ലാഹു] തന്ത്രം പ്രയോഗിച്ചു (കൊടുത്തു). രാജാവിന്റെ മത (നിയമ) നടപടിപ്രകാരം അദ്ദേഹത്തിന് തന്റെ സഹോദരനെ പിടി(ച്ചുവെ)ക്കുവാൻ നിവൃത്തിയുണ്ടായിരുന്നില്ല;– അല്ലാഹു ഉദ്ദേശിക്കുന്നതായല്ലാതെ

നാം ഉദ്ദേശിക്കുന്നവരെ നാം പല പദവികൾ ഉയർത്തുന്നു. എല്ലാ അറിവുള്ളവന്റെയും മീതെ ഒരു അറിയുന്നവനുണ്ട്.

---

76. فَبَدَأَ എന്നിട്ടു (അങ്ങനെ–എന്നാൽ) അദ്ദേഹം തുടങ്ങി, ആരംഭിച്ചു بِأَوْعِيَتِهِمْ അവരുടെ സഞ്ചി (ചരക്ക–പാത്രം–പൊതി)കൾക്കൊണ്ടു قَبْلَ وِعَاءِ സഞ്ചിയുടെ മുമ്പു أَخِيهِ തന്റെ സഹോദരന്റെ ثُمَّ പിന്നീടു اسْتَخْرَجَهَا അതിനെ അദ്ദേഹം പുറത്തെടുത്തു, പുറത്തുകൊണ്ടുവന്നു مِن وِعَاءِ സഞ്ചിയിൽ നിന്നു أَخِيهِ തന്റെ സഹോദരന്റെ كَذَٰلِكَ അപ്രകാരം كِدْنَا നാം തന്ത്രം പ്രയോഗിച്ചു لِيُوسُفَ യൂസുഫിനുവേണ്ടി مَا كَانَ ആകുകയില്ല (നിവൃത്തിയില്ല) لِيَأْخُذَ അദ്ദേഹം പിടിക്കുവാൻ, ... أَخَاهُ തന്റെ സഹോദരനെ فِي دِينِ മത(നിയമ)നടപടിയിൽ (നടപടി പ്രകാരം) الْمَلِكِ രാജാവിന്റെ إِلَّا أَن يَشَاءَ ഉദ്ദേശിക്കുന്നതായാലല്ലാതെ اللَّهُ അല്ലാഹു نَرْفَعُ നാം ഉയർത്തുന്നു دَرَجَاتٍ പല പദവികൾ مَّن نَّشَاءُ നാം ഉദ്ദേശിക്കുന്നവരെ وَفَوْقَ മീതെയുണ്ടു كُلِّ ذِي عِلْمٍ എല്ലാ അറിവുള്ളവന്റെയും عَلِيمٌ ഒരു അറിയുന്നവൻ

എല്ലാ ജ്ഞാനികൾക്കും ഉപരിയായി സർവ്വജ്ഞനായ അല്ലാഹു ഉണ്ടല്ലോ. അറിവുള്ള ഒരുവനെക്കാൾ അറിവുള്ള മറ്റൊരുവനും, അവനെക്കാൾ അറിയുന്ന വേറൊരാൾ ഉണ്ടായിരിക്കുകയും, ഒടുക്കം അതു അല്ലാഹുവിൽ ചെന്നവസാനിക്കുകയും ചെയ്യുമെന്നും—ഇങ്ങിനെ രണ്ടുപ്രകാരത്തിൽ—ഈ ഒടുവിലത്തെ വാക്യത്തിനു സാരം കല്പിക്കപ്പെട്ടിട്ടുണ്ട്. രണ്ടിന്റെയും ഫലം ഒരേ തരത്തിലേക്കു തന്നെ.

٧٧- قَالُوا إِن يَسْرِقْ فَقَدْ سَرَقَ أَخٌ لَّهُ مِن قَبْلُ ۚ فَأَسَرَّهَا يُوسُفُ فِي نَفْسِهِ وَلَمْ يُبْدِهَا لَهُمْ ۚ

77. അവർ [സഹോദരൻമാർ] പറഞ്ഞു: 'അവൻ മോഷ്ടിക്കുന്നെങ്കിൽ മുമ്പ് അവന്റെ ഒരു സഹോദരനും മോഷ്ടിക്കുകയുണ്ടായിട്ടുണ്ട്'. എന്നാൽ, യൂസുഫ് അതു തന്റെ മനസ്സിൽ രഹസ്യമാക്കിവെച്ചു; അതിനെ (കുറിച്ച്) അവരോടു (ഒന്നും) വെളിവാക്കിയതുമില്ല.

---

77. قَالُوا അവർ പറഞ്ഞു إِن يَسْرِقْ അവൻ മോഷ്ടിക്കുന്നുവെങ്കിൽ فَقَدْ سَرَقَ മോഷ്ടിച്ചിട്ടുണ്ട് أَخٌ لَّهُ അവന്റെ ഒരു സഹോദരൻ مِن قَبْلُ മുമ്പു فَأَسَرَّهَا അപ്പോൾ അതിനെ സ്വകാര്യമാക്കി (ഒളിച്ചു)വെച്ചു يُوسُفُ യൂസുഫ് فِي نَفْسِهِ തന്റെ മനസ്സിൽ وَلَمْ يُبْدِهَا അതിനെ വെളിപ്പെടുത്തിയതുമില്ല لَهُمْ അവരോടു

قَالَ أَنْتُمْ شَرٌّ مَّكَانًا ۖ وَاللَّهُ أَعْلَمُ بِمَا تَصِفُونَ ○

അദ്ദേഹം (സ്വയം) പറഞ്ഞു: 'നിങ്ങള്‍ ഒരു മോശമായ സ്ഥിതിക്കാരാകുന്നു [നിങ്ങളുടെ നിലപാടു വളരെ മോശം!] അല്ലാഹു, നിങ്ങള്‍ (ഈ) വിശേഷിപ്പിക്കുന്നതിനെപ്പറ്റി നല്ലവണ്ണം അറിയുന്നവനാകുന്നു.'

قَالَ അദ്ദേഹം പറഞ്ഞു أَنْتُمْ നിങ്ങള്‍ شَرٌّ മോശ(ചീത്ത)പ്പെട്ടവരാണു مَكَانًا സ്ഥാനം, നിലപാടു وَاللَّهُ അല്ലാഹു أَعْلَمُ ഏറ്റം (നല്ലവണ്ണം) അറിയുന്നവനാണു بِمَا تَصِفُونَ നിങ്ങള്‍ വിശേഷിപ്പി(വിവരി-വര്‍ണ്ണി)ക്കുന്നതിനെപ്പറ്റി

സഹോദരന്മാരുടെ സാമാനങ്ങള്‍ പരിശോധിക്കുന്ന കാര്യം യൂസുഫ് (അ) തന്നെ നടത്തി. ആദ്യം തന്നെ ബിന്‍യാമീന്റെ സാമാനം പരിശോധിക്കുന്ന പക്ഷം അതു സംശയത്തിനിടയാകുമെന്നുവെച്ച് മറ്റുള്ളവരുടേതെല്ലാം ആദ്യം പരിശോധിച്ചു. അവസാനം ബിന്‍യാമീന്റേതും. പാനപാത്രം അതില്‍നിന്നു കണ്ടെടുത്തതോടുകൂടി അവര്‍ക്കു അപമാനവും കൈപ്പും പിടിപെട്ടുവെന്നു പറയേണ്ടതില്ലല്ലോ. 'അവന്‍ മോഷ്ടിച്ചിട്ടുണ്ടെങ്കില്‍ അതില്‍ ആശ്ചര്യപ്പെടുവാനില്ല; അവന്റെ ഉമ്മയില്‍നിന്നുള്ള ഒരു സഹോദരന്‍ ഉണ്ടായിരുന്നു. അവനും മുമ്പു മോഷണം നടത്തുകയുണ്ടായിട്ടുണ്ട്' എന്നു പറഞ്ഞു അവര്‍ ബിന്‍യാമീനെ തരം താഴ്ത്തി. അവര്‍ രണ്ടാളും അത്തരക്കാരാണെങ്കിലും ഞങ്ങള്‍ അങ്ങിനെയുള്ളവരല്ലെന്നു അവര്‍ ധ്വനിപ്പിച്ചു. ഒരു സഹോദരന്‍ എന്നു പറഞ്ഞതു യൂസുഫ് (അ)നെ ഉദ്ദേശിച്ചുകൊണ്ടാണല്ലോ. താന്‍ യൂസുഫാണെന്നു അവരെ അറിയിച്ചിട്ടില്ല; ആ സ്ഥിതിക്കു ആ വിഷയത്തെപ്പറ്റി അദ്ദേഹം വിശേഷിച്ചൊന്നും മറുപടി പറഞ്ഞില്ല. 'അതിരിക്കട്ടെ, നിങ്ങളുടെ സ്ഥിതി വളരെ മോശംതന്നെ; നിങ്ങള്‍ ആ പറഞ്ഞതിന്റെ യഥാര്‍ത്ഥാവസ്ഥ അല്ലാഹുവിനറിയാം' എന്നു സ്വയം പറഞ്ഞതേയുള്ളു.

ഇവന്‍ മോഷ്ടിച്ചുവെങ്കില്‍ ഇവന്റെ ഒരു സഹോദരനും മുമ്പു മോഷ്ടിച്ചിട്ടുണ്ടു എന്നു അവര്‍ പറഞ്ഞതിന്റെ അടിസ്ഥാനത്തില്‍, യൂസുഫ് (അ)ന്റെ പേരില്‍ ചുമത്തപ്പെട്ട ഒരു മോഷണവസ്തു കണ്ടുപിടിക്കുവാന്‍ പലരും ശ്രമിച്ചിട്ടുണ്ടു. അങ്ങനെ, അദ്ദേഹത്തിന്റെ കുട്ടിക്കാലത്തു കുടുംബത്തില്‍പ്പെട്ട ആരുടേയോ ഒരു വിഗ്രഹം അദ്ദേഹം ആരുമറിയാതെ എടുത്തുകൊണ്ടുപോരുകയുണ്ടായിട്ടുണ്ടെന്നും മറ്റും ചിലര്‍ പ്രസ്താവിച്ചു കാണുന്നു. വിശ്വാസയോഗ്യമായ തെളിവുകളൊന്നും ഇല്ലാത്ത സ്ഥിതിക്കു അതു സ്വീകരിക്കുവാന്‍ നിവൃത്തിയില്ല. ചില മഹാന്മാര്‍ പറയുന്നതുപോലെ, അപമാനത്തിനു തെല്ലൊരു ആശ്വാസം കണ്ടെത്തുവാന്‍വേണ്ടി അവര്‍ അതു വെറുതെയങ്ങു പറഞ്ഞതായിരിക്കുവാന്‍ തികച്ചും സാദ്ധ്യതയുമുണ്ടു. അതുവരെയുള്ള അവരുടെ ചരിത്രം പരിശോധിക്കുമ്പോള്‍ അതില്‍ ഒട്ടും അസാംഗത്യവും കാണുന്നില്ലതാനും.

ബിന്‍യാമീന്റെ സാമാനത്തില്‍ പാനപാത്രം ഇടുവാന്‍ തോന്നിപ്പിച്ചതു, സഹോദരന്മാര്‍ സംഗതി അറിയാത്ത വിധത്തില്‍ അതു ബിന്‍യാമീന്റെ സാമാനങ്ങളില്‍നിന്നു കണ്ടെടുക്കുവാന്‍ അവസരം ലഭിച്ചതു, മോഷ്ടിച്ചവനെ [illegible] വിട്ടുതരാമെന്നു സഹോദരന്മാര്‍ പറഞ്ഞതു, അങ്ങിനെ അവരുടെ വാക്കനുസരിച്ചുതന്നെ ബിന്‍യാമീനെ തന്റെകൂടെ നിറുത്തുവാന്‍ സാധിച്ചതു-ഇതെല്ലാം യൂസുഫ് (അ)നു വേണ്ടി അല്ലാഹു നടത്തിയ ചില തന്ത്രങ്ങളാണെന്നും, അങ്ങിനെ ചെയ്തിട്ടില്ലായിരുന്നുവെങ്കില്‍, ആ നാട്ടിലെ രാജകീയ നിയമ നടപടിയനുസരിച്ച് അനുജനെ അവിടെ തടഞ്ഞുനിറുത്തുവാന്‍ അദ്ദേഹത്തിനു സാധിക്കുമായിരുന്നില്ലെന്നും, അതുകൊണ്ടാണു അങ്ങിനെ ചെയ്തതെന്നും അല്ലാഹു വ്യക്തമാക്കിയിരിക്കുന്നു. (كَذَٰلِكَ كِدْنَا لِيُوسُفَ ۖ مَا كَانَ لِيَأْخُذَ أَخَاهُ ...) വല്ല കാര്യവും സാധിപ്പിക്കുവാന്‍വേണ്ടി തുറന്ന മാര്‍ഗ്ഗത്തിലൂടെയല്ലാതെ കൗശലവും ഉപായവും പ്രയോഗിക്കുന്നതിനാണ് كيد (കൈദ്) എന്നു പറയപ്പെടുന്നതു. ഇമാം റാഗിബ് (റ) പറയുന്നു: 'കൈദ്' എന്നാല്‍ ഒരുതരം കൗശലപ്രയോഗമാണു. അതു ആക്ഷേപാര്‍ഹവും പ്രശംസാര്‍ഹവുമായിരിക്കാറുണ്ട്. അധികവും ആക്ഷേപാര്‍ഹമായതിലാണ് അതു ഉപയോഗിക്കപ്പെടാറുള്ളതെങ്കിലും ശരി. (*) അപ്പോള്‍, തന്ത്രം പ്രയോഗിച്ചുവെന്നു പറയുന്നിടത്തെല്ലാം അതു ആക്ഷേപാര്‍ഹമായ തന്ത്രമായിരിക്കുമെന്നോ, അക്രമമായിരിക്കുമെന്നോ കരുതിക്കൂടാത്തതാണ്. പ്രയോഗിച്ച സന്ദര്‍ഭവും രൂപവും നോക്കിയിട്ടു വേണം നല്ലതോ ചീത്തയോ എന്നു വിലയിരുത്തുവാന്‍. യൂസുഫ് (അ)ന്റെ സഹോദരന്മാര്‍ ഇക്കാലമത്രയും അദ്ദേ-

---

* نص عبارة : الكيد ضرب من الاحتيال وقد يكون مذموما وممدوحا وان كان يستعمل في المذموم أكثر ـ المفردات

ഹത്തോടും ബിൻയാമീനോടും അനുവർത്തിച്ചുവന്ന നയങ്ങളും മുമ്പിൽ വെച്ചുകൊണ്ടു നോക്കുമ്പോൾ അവരോടു അനുവർത്തിക്കപ്പെട്ട പ്രസ്തുത നയങ്ങളും മുഴുവനും നീതീകരിക്കപ്പെടാവുന്നതേയുള്ളുവെന്നും, ഒന്നും തന്നെ ന്യായം അക്രമമോ അല്ലെന്നും കാണാവുന്നതാണ്.

മുമ്പാരും പറഞ്ഞു കാണാത്ത പുത്തൻ അഭിപ്രായങ്ങൾ അവതരിപ്പിക്കുന്നതിൽ പ്രത്യേക താല്പര്യം കാണിക്കാറുള്ള ചിലർ ഇവിടെ പ്രസ്താവിച്ചു കാണുന്ന ചില വാക്യങ്ങൾ വായിക്കുമ്പോൾ അത്ഭുതവും അനുകമ്പയും തോന്നിപ്പോകുന്നു. അവർ പറയുകയാണു: 'ഒരു സമ്മാനവും സ്മാരകവുമായി മറ്റുള്ളവർ അറിയാതെ, ആ കോപ്പ യൂസുഫ് (അ) സഹോദരന്റെ ചാക്കിലിട്ടു. കൊട്ടാര ജോലിക്കാർ കുറെക്കഴിഞ്ഞപ്പോൾ കോപ്പ കാണുന്നില്ല. ഒടുവിൽ ഇവരെ പിടികൂടി. കണ്ടുകിട്ടിയപ്പോൾ മറ്റു സഹോദരൻമാരെ ഓർത്ത് യൂസുഫ് (അ)നു കള്ളി പറയുവാൻ നിവൃത്തിയുമില്ല. അദ്ദേഹം വിഷമിച്ചു. പക്ഷെ, പ്രതീക്ഷിക്കാത്ത ഒരു നേട്ടമുണ്ടായി. സഹോദരനെ തനിക്കു വിട്ടുകിട്ടി. ഇതാണു 'യൂസുഫിനുവേണ്ടി നാം തന്ത്രം പ്രയോഗിച്ചു.' എന്നു അല്ലാഹു പറഞ്ഞത്. അല്ലാതെ, യൂസുഫ് (അ) വഞ്ചനാരൂപത്തിൽ കോപ്പ ചാക്കിലിടുക, എന്നിട്ടു നിങ്ങൾ കള്ളൻമാരാണെന്നു പറയുക, ഒടുക്കം അദ്ദേഹം ചെയ്ത കുറ്റത്തിനു അവരെ ശിക്ഷിക്കുക ഇതൊന്നും ഒരു നബിയുടെ പക്കൽനിന്നും സംഭവ്യമല്ല.' ഇതാണവരുടെ വാക്ക്.

അല്ലാഹു പറഞ്ഞ വാക്യങ്ങളുടെ നേർക്കുനേരെയുള്ള താല്പര്യങ്ങൾക്കും, ഖുർആൻ വ്യാഖ്യാതാക്കളുടെ പ്രസ്താവനകൾക്കും വിരുദ്ധമായി ഇങ്ങിനെയൊരു പുതിയ അഭിപ്രായപ്രകടനത്തിനു ഇവരെ പ്രേരിപ്പിച്ചതു രണ്ടു കാര്യങ്ങളാണെന്നു ആ പ്രസ്താവനയിൽനിന്നു വ്യക്തമാണ്. (1) യൂസുഫ് (അ) നബി വഞ്ചനാപരമായ ചില തന്ത്രങ്ങൾ പ്രവർത്തിച്ചിട്ടുണ്ടെന്നാണു പൊതുവെ ജനങ്ങൾ ധരിച്ചുവശായിട്ടുള്ളതെന്നു ഇവർ കരുതി. അതുകൊണ്ടു ആ ധാരണ നീക്കം ചെയ്യുക. (2) യൂസുഫ് (അ) നബിയുടെ പ്രവാചകത്വ പദവിക്കു യോജിക്കുന്നതെന്നു ഇവർക്കു തോന്നിയ രൂപത്തിലുള്ള ഒരു പുതിയ വ്യാഖ്യാനം അവതരിപ്പിക്കുവാനുള്ള മോഹം. ഈ രണ്ടു വിഷയത്തിലും പരാജയപ്പെടുകയാണു വാസ്തവത്തിൽ ഇവർ ചെയ്തിട്ടുള്ളതെന്നു താഴെ കാണുന്ന വസ്തുതകളിൽനിന്നു മനസ്സിലാക്കാവുന്നതാണ്:-

(1) ബിൻയാമീനു ഒരു സമ്മാനവും സ്മാരകവുമായിട്ടാണു ആ പാത്രം ആരും അറിയാതെ അദ്ദേഹത്തിന്റെ ചാക്കിൽ യൂസുഫ് (അ) ഇട്ടതെന്നാണല്ലോ ഇവർ പറയുന്നതു-അതൊരു സമ്മാനമോ സ്മാരകമോ ആയിരുന്നുവെന്നു ഇവർ സ്വയം സങ്കല്പിച്ചുണ്ടാക്കിയെന്നല്ലാതെ അതു ശരിവെക്കുന്ന ഒരു സൂചനപോലും ഖുർആനിലോ മറ്റോ ഇല്ല. ഉണ്ടെങ്കിൽ ഇവരതു ചൂണ്ടിക്കാട്ടുകയും ചെയ്യുമായിരുന്നു. നേരെമറിച്ചു ബിൻയാമീനെ സഹോദരൻമാർ സ്വയം അവിടെ വിട്ടുംപോകുവാൻ കാരണമാക്കുന്ന ഒരു സൂത്രമായിരുന്നു അതെന്നു നിഷ്പക്ഷമായി ഖുർആന്റെ പ്രസ്താവനകൾ പരിശോധിക്കുന്ന ഏതൊരാൾക്കും മനസ്സിലാക്കുകയും ചെയ്യാം. രാജാവിന്റെ പാത്രമായിരുന്നു അതെന്നു അല്ലാഹു പറയുന്നു. എന്നിരിക്കെ, രാജാവിന്റെ സമ്മതം വാങ്ങാതെ അതു അനുജനു യൂസുഫ് (അ) എങ്ങിനെ സമ്മാനമായി കൊടുക്കും? സമ്മതം വാങ്ങിയിരുന്നുവെന്നു വെക്കുക. എന്നാലും ഒരു സമ്മാനം-അല്ലെങ്കിൽ ഒരു സ്മാരകം-എന്ന നിലക്കാണു അദ്ദേഹം ആ പാത്രം ചാക്കിൽവെച്ചതെങ്കിൽ, പുറപ്പെടുംമുമ്പെ ആ വിവരം ബിൻയാമീനെയെങ്കിലും അറിയിക്കേണ്ടതായിരുന്നു. അതദ്ദേഹം ചെയ്തില്ല. ആരും അറിയാതെ ചാക്കിൽ നിക്ഷേപിച്ചു വെന്നിരിക്കട്ടെ, കൊട്ടാര ജോലിക്കാർ തന്റെ സഹോദരൻമാരെ മോഷ്ടാക്കളാണെന്നു ആക്ഷേപിച്ചപ്പോഴെങ്കിലും അതു ഞാൻ അവനു ഒരു സമ്മാനമായി കൊടുത്തതാണെന്നും അതിനെപ്പറ്റി അവരെ ആക്ഷേപിക്കുവാനില്ലെന്നും അദ്ദേഹം പറയേണ്ടതല്ലേ? കാരണവശാൽ അതും പറഞ്ഞില്ലെന്നുവെക്കുക. എന്നാൽ, അതു കണ്ടുകിട്ടിയപ്പോഴെങ്കിലും യഥാർത്ഥം വെളിവാക്കേണ്ടതല്ലേ?

(2) അനുജനെ വിട്ടുകിട്ടുവാനുള്ള ഒരു സൂത്രമായിട്ടാണു പാത്രം അനുജന്റെ സാമാനത്തിൽ ആരും അറിയാതെ അദ്ദേഹം വെച്ചതെങ്കിൽ അതൊരു വഞ്ചനയാണെന്നും അതു യൂസുഫ് (അ) നബിയിൽ നിന്നും ഉണ്ടാകുവാൻ പാടില്ലെന്നുമാണല്ലോ ഇവരുടെ വാദം. ഇതൊരു വഞ്ചനയാണെങ്കിൽ, അതുവരെയും താൻ യൂസുഫാണെന്ന പറയുവാൻ കൂട്ടാക്കാതിരുന്നതും, അനുജന്റെ സാമാനത്തിൽ നിന്ന പാത്രം കിട്ടിയപ്പോൾ ബിൻയാമീനോടു മാത്രം സ്വകാര്യമായി അതു പറഞ്ഞതും, ബിൻയാമീൻ അതെടുത്തുകൊണ്ടുപോയതല്ല താൻ അതിൽ വെച്ചതാണെന്നു വ്യക്തമാക്കാതിരുന്നതും, കൊട്ടാരജോലിക്കാരോടുപോലും 'കള്ളി' പറയാതെ അവനെയും കൂട്ടി ബിൻയാമീനെ അവിടെ പിടിച്ചുവെച്ചതും, ഇവർ പറയുംപോലെ, ആരും അറിയാതെ പാത്രം തിരുകുന്നതുമൊക്കെ വഞ്ചനകളായി എന്തുകൊണ്ടിവർ എണ്ണിയില്ല? എന്നിട്ടു അതേ പാത്രം താനാണു ഒരു സമ്മാനമായി യൂസുഫ് (അ) ചാക്കിൽ വെച്ചതായിരുന്നുവെന്നു വെക്കുക. ആദ്യമേ ബിൻയാമീന്റെ സാമാനം പരിശോധിക്കാതെ ബിൻയാമീന്റെ സാമാനത്തിൽ വെച്ചതെന്നറിയാവുന്ന അദ്ദേഹം ആദ്യമായി പരിശോധിച്ചതു ഇവരുടെ ദൃഷ്ടിയിൽ എന്തുകൊണ്ടു വഞ്ചനയായില്ല? മാത്രമല്ല, അവൻ മോഷ്ടിക്കുന്നുവെങ്കിൽ അവന്റെ ഒരു സഹോദരനും മോഷ്ടിച്ചിട്ടുണ്ടു (إن يسرق فقد سرق...) എന്നു സഹോദരൻമാർ പറഞ്ഞ വാക്കു അദ്ദേഹം സമ്മതിച്ചു വാസ്തവമാക്കിയെന്നു വരും. കാരണം, രാജാവിന്റെ

[illegible] അവന്റെ പക്കലിരുന്നു. [illegible]

(1) [illegible] യൂസുഫ് (അ) പ്രതീക്ഷിക്കാത്ത ഒരു നേട്ടം അദ്ദേഹത്തിനുണ്ടായി. സഹോദരനെ തനിക്കു [illegible]. ഇത് അല്ലാഹു പറഞ്ഞതിനു നേരെ വിരുദ്ധമാണെന്നുള്ളതിൽ സംശ[illegible] സംബന്ധിച്ചു പരിശോധിക്കുവാൻ അദ്ദേഹം തുടങ്ങിയെന്നും, പിന്നീടു പാത്രം [illegible] (ചരക്കുകൾ) സഞ്ചിയിൽ നിന്ന് പുറത്തെടുത്തുവെന്നും പറഞ്ഞതിനെ തുടർന്ന് 'അപ്രകാരം [illegible] പ്രയോഗിച്ചു'വെന്നും 'രാജാവിന്റെ നിയമനടപടിപ്രകാരം അദ്ദേഹത്തിനു തന്റെ [illegible] പിടിച്ചുവെക്കുവാൻ നിവൃത്തിയുണ്ടായിരുന്നില്ല' എന്നും 76-ം വചനത്തിൽ പറഞ്ഞു. അതേ കണ്ടു [illegible] 'അവനൊരു വൃദ്ധനായ പിതാവുണ്ട്, അതുകൊണ്ട് അവനു പകരം ഞങ്ങളിൽ ഒരാളെ അവന്റെ [illegible] പിടിച്ചുവെക്കണം' എന്ന് സഹോദരന്മാർ അപേക്ഷിച്ചപ്പോൾ, 'ഞങ്ങളുടെ ഉപകരണം ആരുടെ അടുക്കൽ [illegible] അവനെയല്ലാതെ പിടിച്ചുവെക്കുവാൻ പാടില്ലെന്നും, പിടിച്ചുവെക്കുന്നപക്ഷം ഞങ്ങൾ അക്ര[illegible]'എന്നുമാണ് യൂസുഫ് (അ) പറഞ്ഞതെന്നു അടുത്ത വചനത്തിലും പറയുന്നു. അടുത്ത വചനം [illegible] 82 വരെയുള്ള വചനങ്ങൾ ഒന്നു വായിച്ചു നോക്കുക. സഹോദരൻമാർ എത്ര മനോവേദനയോടെയാണ് അന്നു [illegible] വിട്ടുപോകുന്നതെന്നു അതിൽ നിന്നു ആർക്കും വ്യക്തമാകും. ഇതെല്ലാമായിട്ടും അനുജനെ വിട്ടു [illegible] അദ്ദേഹം ഉദ്ദേശിച്ചിരുന്നില്ലെന്നും, പ്രതീക്ഷിക്കാതെ കിട്ടിയ നേട്ടമാണെന്നും ഇവർക്കല്ലാതെ പറയുവാൻ [illegible]? മനസ്സാക്ഷിയുള്ളവർ ചിന്തിച്ചുനോക്കുക!

كيد (കൈദ്) എന്ന വാക്കിനു അർത്ഥം കൽപിച്ചതിൽ വന്ന അബദ്ധത്തിനു പുറമെ, വിഷയത്തിന്റെ [illegible] ആലോചിക്കാതെ ഒരു വശം മാത്രം ചിന്തിച്ചതിൽ നിന്നും, പ്രവാചകൻമാരുടെ സ്ഥാനം തങ്ങളെ [illegible] മനസ്സിലാക്കിയിട്ടില്ലാത്ത ഭാവത്തിൽനിന്നും, പുത്തൻ അഭിപ്രായങ്ങൾ ഇറക്കുമതി ചെയ്യണമെന്നുള്ള [illegible] നിന്നും കൂടി ഉത്ഭവിച്ചതാണ് വാസ്തവത്തിൽ ഈ അഭിപ്രായം. പക്ഷേ, വെളുക്കുവാൻ തേച്ചത് [illegible] ഭവിച്ചത്. നൻമയെന്നു തോന്നിയ ഒരു കാര്യത്തിനുവേണ്ടി നിലധികം തിൻമകൾ വന്നുചേരുക [illegible] ഉണ്ടായത്. കാര്യങ്ങളെ വസ്തുനിഷ്ഠമായും, സത്യത്തെ സത്യമായും, അസത്യത്തെ അസത്യ[illegible] മനസ്സിലാക്കുവാൻ അല്ലാഹു നമുക്കെല്ലാം തൗഫീഖു നൽകട്ടെ. آمين

78. അവർ [സഹോദരന്മാർ] പറഞ്ഞു: ' ഹേ, 'അസീസേ'! അവനു വലിയ വൃദ്ധനായ ഒരു പിതാവുണ്ട്; ആകയാൽ, ഞങ്ങളിൽ ഒരാളെ അവന്റെ സ്ഥാനത്തു പിടി(ച്ചു വെ)ച്ചാലും! നിശ്ചയമായും, ഞങ്ങളെ സൽഗുണവാൻമാരിൽ പെട്ടവനായി ഞങ്ങൾ കാണുന്നു'.

٧٨- قَالُوا يَا أَيُّهَا الْعَزِيزُ إِنَّ لَهُ أَبًا شَيْخًا كَبِيرًا فَخُذْ أَحَدَنَا مَكَانَهُ إِنَّا نَرَاكَ مِنَ الْمُحْسِنِينَ ○

79. അദ്ദേഹം പറഞ്ഞു: 'ഞങ്ങളുടെ ഉപകരണം ആരുടെ അടുക്കൽ ഞങ്ങൾ കണ്ടെത്തിയോ അവനെയല്ലാതെ പിടി(ച്ചു വെ)ക്കുന്നതിനെക്കുറിച്ച് അല്ലാഹുവിൽ ശരണം (തേടുന്നു)! അപ്പോൾ, [അങ്ങനെ ചെയ്താൽ] നിശ്ചയമായും ഞങ്ങൾ അക്രമികൾതന്നെയായിരിക്കും.'

٧٩- قَالَ مَعَاذَ اللَّهِ أَنْ نَأْخُذَ إِلَّا مَنْ وَجَدْنَا مَتَاعَنَا عِنْدَهُ إِنَّا إِذًا لَظَالِمُونَ ○

---

78. قالوا അവർ പറഞ്ഞു يا أيها العزيز ഹേ, അസീസേ إن له നിശ്ചയമായും അവന്നുണ്ടു أبا ഒരു പിതാവു, ബാപ്പ شيخا വൃദ്ധനായ, വയോധികനായ كبيرا വലിയ فخذ അതിനാൽ സ്വീകരിക്കണം, പിടിക്കുക أحدنا ഞങ്ങളിൽ ഒരാളെ مكانه അവന്റെ സ്ഥാനത്തു إنا نراك നിശ്ചയമായും ഞങ്ങൾ താങ്കളെ കാണുന്നു من المحسنين നൻമ ചെയ്യുന്നവരിൽ (സൽഗുണവാൻമാരിൽ) പെട്ട(വനായി) 79. قال അദ്ദേഹം പറഞ്ഞു معاذ الله അല്ലാഹുവിൽ ശരണം (അല്ലാഹുവിന്റെ കാവൽ) أن نأخذ ഞങ്ങൾ പിടിക്കുന്ന (എടുക്കുന്ന) തിനെക്കുറിച്ചു إلا من യാതൊരുവനെയല്ലാതെ وجدنا ഞങ്ങൾ കണ്ടെത്തി متاعنا ഞങ്ങളുടെ ഉപകരണം (സാധനം) عنده തന്റെ അടുക്കൽ إنا إذا അപ്പോൾ നിശ്ചയമായും ഞങ്ങൾ لظالمون അക്രമികൾ തന്നെ

അവരുടെ സാമാനത്തിൽ നിന്നാണു പാത്രം കണ്ടുകിട്ടുന്നതെങ്കിൽ അയാളെ വിട്ടുതരാമെന്നു അവർ ആദ്യം പറഞ്ഞുവെങ്കിലും ബിൻയാമീനെയാണ് വിട്ടുകൊടുക്കേണ്ടതെന്നു വന്നപ്പോൾ അവർ ധർമ്മസങ്കടത്തിലായി. അവനെ കൂടാതെ പിതാവിൻെറ അടുക്കൽ ചെന്നാലുള്ള കഥ അവർ ഓർത്തു. അതുകൊണ്ടു അവനു വളരെ വൃദ്ധനായ ഒരു പിതാവുണ്ടെന്നും, അവനെക്കൂടാതെ മടങ്ങിച്ചെന്നാൽ അദ്ദേഹം വലിയ സങ്കടത്തിൽ അകപ്പെടുമെന്നും, അതുകൊണ്ടു ഞങ്ങളിൽ ആരെയെങ്കിലും പകരം സ്വീകരിച്ചിട്ടെങ്കിലും അവനെ വിട്ടുതരണമെന്നും അവർ യൂസുഫ് (അ) നോടു വിനയപൂർവ്വം അപേക്ഷിച്ചു. അങ്ങനെ ചെയ്യുന്നതു അനീതിയാണെന്നും, അതു ഞങ്ങൾ ചെയ്കയില്ലെന്നും യൂസുഫ് (അ) പറഞ്ഞു. പാനപാത്രം കിട്ടിയശേഷമുള്ള ഈ രംഗം ബൈബിൾ ഇങ്ങിനെ ഉദ്ധരിക്കുന്നു: യെഹൂദയും, സഹോദരൻമാരും യോസേഫിൻെറ വീട്ടിൽ ചെന്നു. അവർ സാഷ്ടാംഗം വീണു. അവരോടു: നിങ്ങൾ ഈ ചെയ്തതെന്ത്?.......അതിന്നു യെഹൂദാ: ഞങ്ങൾ എന്തു പറയേണ്ടു? എന്തു ബോധിപ്പിക്കേണ്ടു?........ഇതാ, ഞങ്ങൾ യജമാനന്നു അടിമകൾ. ഞങ്ങളും ആരുടെ കയ്യിൽ പാത്രം കണ്ടുവോ അവനും തന്നെ. അതിന്നു അവൻ(യോസേഫ്): അങ്ങിനെ ഞാൻ ചെയ്കയില്ല. ആരുടെ പക്കൽ പാത്രം കണ്ടുവോ അവൻതന്നെ എനിക്കു അടിമയായിരിക്കും.,.... എന്നു പറഞ്ഞു. (ഉൽപ: അ:44ൽ 14–17)

العزيز (അസീസു) എന്ന പദത്തിൻെറ അർത്ഥവും, ഉന്നതസ്ഥാനത്തിരിക്കുന്നവനെ സംബോധനം ചെയ്‌വാൻ ഉപയോഗിക്കുന്ന ഒരു വാക്കാണെന്നും 30-ാം വചനത്തിൻെറ വ്യാഖ്യാനത്തിൽ മുമ്പുവിവരിച്ചിട്ടുണ്ട്.

വിഭാഗം-10

٨٠. فَلَمَّا اسْتَيْأَسُوا مِنْهُ خَلَصُوا نَجِيًّا ۖ قَالَ كَبِيرُهُمْ أَلَمْ تَعْلَمُوا أَنَّ أَبَاكُمْ قَدْ أَخَذَ عَلَيْكُم مَّوْثِقًا مِّنَ اللَّهِ وَمِن قَبْلُ مَا فَرَّطتُمْ فِي يُوسُفَ ۖ فَلَنْ أَبْرَحَ الْأَرْضَ حَتَّىٰ يَأْذَنَ لِي أَبِي أَوْ يَحْكُمَ اللَّهُ لِي ۖ وَهُوَ خَيْرُ الْحَاكِمِينَ ○

80. അങ്ങനെ, അവനെക്കുറിച്ചു അവർ നിരാശയടഞ്ഞപ്പോൾ, അവർ സ്വകാര്യം പറയുന്നവരായി തനിച്ചുപോയി. അവരിൽ വലിയവൻ പറഞ്ഞു: 'നിങ്ങൾക്കറിഞ്ഞുകൂടേ, നിങ്ങളുടെ പിതാവു നിങ്ങളോട് അല്ലാഹുവിങ്കൽനിന്നും ഒരുറപ്പു വാങ്ങിയിട്ടുണ്ടെന്നു?! മുമ്പ് യൂസുഫി(ൻെറ വിഷയത്തി)ൽ നിങ്ങൾ വീഴ്ചചെയ്തിട്ടുള്ളതും (അറിഞ്ഞുകൂടേ)?! എന്നാൽ, എൻെറ പിതാവു എനിക്ക അനുവാദം നൽകുകയോ, അല്ലാഹു എനിക്ക (വല്ല പരിഹാരവും) വിധിച്ചുതരുകയോ ചെയ്യുന്നതുവരേക്കും ഞാൻ(ഈ)ഭൂമി വിട്ടുപോരുന്നതേയല്ല. അവൻ വിധികർത്താക്കളിൽ ഏററം ഉത്തമനാണുതാനും.

---

80. فلما استيأسوا അങ്ങനെ അവർ നിരാശ അടഞ്ഞ(ആശ നഷ്ടപ്പെട്ട)പ്പോൾ منه അവനെക്കുറിച്ചു خلصوا അവർ തനിച്ചുപോയി, ഒഴിഞ്ഞുനിന്നു نجيا സ്വകാര്യം പറയുന്നവരായി قال പറഞ്ഞു كبيرهم അവരിൽ വലിയവൻ ألم تعلموا നിങ്ങൾക്കറിഞ്ഞുകൂടേ أن أباكم നിങ്ങളുടെ പിതാവു എന്നു قد أخذ വാങ്ങിയിട്ടുണ്ടു (എന്നു) عليكم നിങ്ങളോടു, നിങ്ങൾക്കെതിരിൽ موثقا ഒരു ഉറപ്പു من الله അല്ലാഹുവിങ്കൽ നിന്ന ومن قبل മുമ്പും ما فرطتم നിങ്ങൾ വീഴ്ച വരുത്തിയതു في يوسف യൂസുഫിനെപ്പററി, യൂസുഫിൻെറ കാര്യത്തിൽ فلن أبرح എന്നാൽ (അതിനാൽ) ഞാൻ വിടുകയേ ഇല്ല الأرض (ഈ) ഭൂമി, നാടു حتى يأذن അനുവാദം തരുന്നതുവരെ لي എനിക്കു أبي എൻെറ ബാപ്പ أو يحكم അല്ലെങ്കിൽ വിധിച്ചു തരുന്ന(തു) الله അല്ലാഹു لي എനിക്കു وهو അവനാകട്ടെ خير ഉത്തമനാണു, ഏററം നല്ലവനാണു الحاكمين വിധികർത്താക്കളിൽ

ارْجِعُوا إِلَىٰ أَبِيكُمْ فَقُولُوا يَا أَبَانَا إِنَّ ابْنَكَ سَرَقَ وَمَا شَهِدْنَا إِلَّا بِمَا عَلِمْنَا وَمَا كُنَّا لِلْغَيْبِ حَافِظِينَ ﴿٨١﴾

81. "നിങ്ങള്‍ നിങ്ങളുടെ പിതാവിങ്കലേക്കു മടങ്ങിച്ചെന്നിട്ട് (ഇപ്രകാരം) പറയുവിന്‍: 'ഞങ്ങളുടെ പിതാവേ, നിങ്ങളുടെ മകന്‍ മോഷ്ടിച്ചു. ഞങ്ങള്‍ അറിഞ്ഞതിനനുസരിച്ചല്ലാതെ ഞങ്ങള്‍ സാക്ഷ്യം പറഞ്ഞിട്ടില്ല. ഞങ്ങള്‍ അദൃശ്യകാര്യത്തെ അറിഞ്ഞവരല്ലതാനും.

وَاسْأَلِ الْقَرْيَةَ الَّتِي كُنَّا فِيهَا وَالْعِيرَ الَّتِي أَقْبَلْنَا فِيهَا ۖ وَإِنَّا لَصَادِقُونَ ﴿٨٢﴾

82. 'ഞങ്ങള്‍ ആയിരുന്ന [പോയിരുന്ന] നാട്ടിനോടും [നാട്ടുകാരോടും] ഞങ്ങള്‍ (അവിടെനിന്നു) മുന്നിട്ടു വന്നിട്ടുള്ള വാഹനസംഘത്തോടും നിങ്ങള്‍ ചോദിച്ചു നോക്കുകയും ചെയ്യുക. ഞങ്ങള്‍ സത്യം പറയുന്നവര്‍ തന്നെയാണ്.'

---

81. ارْجِعُوا നിങ്ങള്‍ മടങ്ങുവിന്‍ إِلَىٰ أَبِيكُمْ നിങ്ങളുടെ പിതാവിങ്കലേക്ക് فَقُولُوا എന്നിട്ടു പറയുവിന്‍ يَا أَبَانَا ഞങ്ങളുടെ പിതാവേ إِنَّ നിശ്ചയമായും ابْنَكَ നിങ്ങളുടെ മകന്‍ سَرَقَ മോഷ്ടിച്ചു, وَمَا شَهِدْنَا ഞങ്ങള്‍ സാക്ഷ്യം പറഞ്ഞിട്ടുമില്ല إِلَّا بِمَا യാതൊന്നനുസരിച്ചല്ലാതെ عَلِمْنَا ഞങ്ങള്‍ അറിഞ്ഞു وَمَا كُنَّا ഞങ്ങളായിട്ടുമില്ല, അല്ലതാനും لِلْغَيْبِ അദൃശ്യകാര്യത്തെ, മറഞ്ഞകാര്യത്തെ حَافِظِينَ അറിയുവര്‍, അറിഞ്ഞവര്‍, സൂക്ഷിക്കുന്നവര്‍. 82. وَاسْأَلِ ചോദിക്കുകയും ചെയ്യുക الْقَرْيَةَ الَّتِي യാതൊരു നാട്ടിനോട് كُنَّا ഞങ്ങളായിരുന്നു فِيهَا അതില്‍ وَالْعِيرَ الَّتِي യാതൊരു വാഹനസംഘത്തോടും أَقْبَلْنَا فِيهَا അതിലായി ഞങ്ങള്‍ മുന്നിട്ടു വന്നിരിക്കുന്നു وَإِنَّا നിശ്ചയമായും ഞങ്ങള്‍ لَصَادِقُونَ സത്യം പറയുന്നവര്‍ തന്നെ.

ബിന്‍യാമീനെ വിട്ടുകിട്ടുവാനുള്ള അപേക്ഷയും ശ്രമവും ഫലിക്കാതെയപ്പോള്‍ സഹോദരന്മാര്‍ നിരാശരായി. എനി എന്തുവേണമെന്നു അവര്‍ സ്വകാര്യമായി കൂടി ആലോചന നടത്തി. അവരില്‍ മൂത്ത ആള്‍ —ഇതു റൂബീല്‍ ആണെന്നു പറയപ്പെടുന്നു— ബിന്‍യാമീന്‍ കൂടിയില്ലാതെ താന്‍ പിതാവിന്റെ അടുക്കലേക്കു വരികയില്ലെന്നും, പിതാവിന്റെ പ്രത്യേക സമ്മതം ലഭിക്കുകയോ ഈ വിഷയത്തില്‍ അല്ലാഹു വല്ല പ്രത്യേക പരിഹാരം ഉണ്ടാക്കിത്തരുകയോ ചെയ്യുന്നതുവരെ താന്‍ സ്ഥലം വിടുകയില്ലെന്നും തീര്‍ത്തു പറഞ്ഞു. എനി ചെയ്യുവാനുള്ളതു ഇതാണു: നിങ്ങള്‍ പിതാവിന്റെ അടുക്കലേക്കു തിരിച്ചു പോകുക. എന്നിട്ടു ഉണ്ടായ സംഭവങ്ങള്‍ വിവരിച്ചു കൊടുക്കുക. ബിന്‍യാമീന്‍ മോഷ്ടിച്ചു, ഞങ്ങള്‍ കണ്ടറിഞ്ഞതാണത്. അതിനപ്പുറം ഞങ്ങളൊന്നും തെളിവു നല്‍കുവാന്‍ മുതിര്‍ന്നിട്ടില്ല. യഥാര്‍ത്ഥം അല്ലാഹുവിനറിയാം, മറഞ്ഞകാര്യം ഞങ്ങള്‍ക്കറിയുകയില്ലല്ലോ. ഇതാണു വസ്തുതയെന്നത്. അതാണെ, അസീസും കൂട്ടരും ബിന്‍യാമീനെ അവിടെ പിടിച്ചുവെച്ചു കളഞ്ഞു. വേണമെങ്കില്‍ ആ നാട്ടുകാരോടും, ഞങ്ങളുടെ യാത്രാസംഘത്തിലുണ്ടായിരുന്ന ആളുകളോടും നിങ്ങള്‍ അന്വേഷിച്ചു നോക്കുവിന്‍. അവര്‍ക്കെല്ലാം അറിയാവുന്ന വസ്തുതയാണിത്. എന്നൊക്കെ പിതാവിനോടു പറയുക. അല്ലാതെന്തു ചെയ്യും?

അങ്ങനെ, അവസാനം ബാക്കിയുള്ള ഒമ്പത് പേരും കൂടി പിതാവിങ്കല്‍ മടങ്ങിച്ചെന്നു അപ്രകാരമെല്ലാം പറഞ്ഞുനോക്കി. പക്ഷെ, പിതാവിനുണ്ടോ അതു അപ്പടി വിശ്വസിക്കുവാന്‍ കഴിയുന്നു? അവര്‍ യൂസുഫ് (അ)നോട് അനുവര്‍ത്തിച്ച ചെയ്തികളൊക്കെ അദ്ദേഹത്തിന് എങ്ങിനെ മറക്കുവാന്‍ കഴിയും? യഥാര്‍ത്ഥം എന്താണെന്ന് അറിയുകയില്ലെങ്കിലും എന്തോ ചിലതൊക്കെ സംഭവിച്ചിട്ടുണ്ടെന്ന് അദ്ദേഹം മനസ്സിലാക്കി. അദ്ദേഹം നിരാശപ്പെട്ടില്ല.

قَالَ بَلْ سَوَّلَتْ لَكُمْ أَنفُسُكُمْ أَمْرًا ۖ فَصَبْرٌ جَمِيلٌ ﴿٨٣﴾

83. അദ്ദേഹം [പിതാവു] പറഞ്ഞു: (അതൊന്നുമല്ല) പക്ഷെ, നിങ്ങള്‍ക്കു നിങ്ങളുടെ മനസ്സുകള്‍ (എന്തോ) ഒരു കാര്യം ഭംഗിയാക്കികാട്ടിയിരിക്കുന്നു. [അതു നിങ്ങള്‍ ചെയ്തിരിക്കാം] എനി, ഭംഗിയായ ക്ഷമ! [അതേ മാര്‍ഗ്ഗമുള്ളു]

عَسَى اللّٰهُ أَنْ يَأْتِيَنِي بِهِمْ جَمِيعًا إِنَّهُ هُوَ الْعَلِيمُ الْحَكِيمُ ○

അവരെ എല്ലാവരെയും (തന്നെ) അല്ലാഹു എനിക്കു കൊണ്ടുവന്നു തന്നേക്കാവുന്നതാണ്. നിശ്ചയമായും, അവൻ തന്നെയാണു സർവ്വജ്ഞനും, അഗാധജ്ഞനുമായുള്ളവൻ.'

٨٤ وَتَوَلَّى عَنْهُمْ وَقَالَ يَاأَسَفَى عَلَى يُوسُفَ وَابْيَضَّتْ عَيْنَاهُ مِنَ الْحُزْنِ فَهُوَ كَظِيمٌ ○

84. അദ്ദേഹം അവരിൽനിന്നും വിട്ടുമാറുകയും, 'യൂസുഫിന്റെ പേരിലുള്ള എന്റെ സങ്കടമേ!' എന്നു പറയുകയും ചെയ്തു. വ്യസനംനിമിത്തം അദ്ദേഹത്തിന്റെ രണ്ടു കണ്ണുകളും വെളുക്കുകയും ചെയ്തു. അങ്ങനെ, അദ്ദേഹം (വ്യസനവും കോപവും മനസ്സിൽ) ഒതുക്കിവെക്കുന്നവനായിരുന്നു.

---

83 قَالَ അദ്ദേഹം പറഞ്ഞു بَلْ പക്ഷേ, എങ്കിലും سَوَّلَتْ നിങ്ങൾക്കു ഭംഗിയാക്കിത്തന്നു لَكُمْ നിങ്ങളുടെ സ്വന്തങ്ങൾ (മനസ്സുകൾ) أَمْرًا ഒരു കാര്യം فَصَبْرٌ എന്നി (അതുകൊണ്ടു) ക്ഷമ, ക്ഷമിക്കുക جَمِيلٌ ഭംഗിയായ عَسَى اللّٰهُ അല്ലാഹു ആയേക്കാം أَنْ يَأْتِيَنِي എനിക്കു വരുക, നൽകുവാൻ بِهِمْ അവരെക്കൊണ്ടു, അവരെ جَمِيعًا എല്ലാം, മുഴുവനും إِنَّهُ നിശ്ചയമായും അവൻ തന്നെ الْعَلِيمُ (എല്ലാം) അറിയുന്നവൻ, സർവ്വജ്ഞനായ الْحَكِيمُ അഗാധജ്ഞൻ, യുക്തിമാൻ. 84. وَتَوَلَّى അദ്ദേഹം വിട്ടുമാറുകയും ചെയ്തു عَنْهُمْ അവരിൽനിന്ന് وَقَالَ പറയുകയും ചെയ്തു يَاأَسَفَى എന്റെ സങ്കടമേ, വിഷാദമേ, വ്യസനമേ عَلَى يُوسُفَ യൂസുഫിന്റെ പേരിൽ, യൂസുഫിനെപ്പറ്റി وَابْيَضَّتْ വെളുക്കുകയും ചെയ്തു عَيْنَاهُ അദ്ദേഹത്തിന്റെ ഇരുകണ്ണുകൾ مِنَ الْحُزْنِ വ്യസനത്താൽ فَهُوَ എന്നിട്ടദ്ദേഹം كَظِيمٌ (കോപം) ഒതുക്കിവെച്ചവൻ, (വ്യസനം) നിറഞ്ഞവൻ, (കോപം കൊണ്ടോ, വ്യസനം കൊണ്ടോ) വിങ്ങിയവൻ (ആകുന്നു)

[illegible]

[illegible] നിരാശപ്പെടുക, വ്യസനാധിക്യം [illegible] [illegible] പ്രവാചകൻമാരിൽ നിന്നുണ്ടാവുകയില്ലതാനും. നബി (സ) തിരുമേനി [illegible] കണ്ണീരൊഴുക്കുകയും ഇങ്ങിനെ പറയുകയുമുണ്ടായി: 'കണ്ണുകൾ കണ്ണു [illegible] ചെയ്യും. നമ്മുടെ റബ്ബ് തൃപ്തിപ്പെടുന്നതല്ലാതെ ഞങ്ങൾ പറയുകയില്ല. [illegible] നിന്റെ വേർപാടുനിമിത്തം ഞങ്ങൾ വ്യസനപ്പെട്ടവർ തന്നെയാകുന്നു.' (ബു; മു) പിതാ [illegible] വും കഴിഞ്ഞപ്പോൾ മക്കൾക്കു അനുതാപവും അനുകമ്പയും തോന്നി.

85. അവർ [മക്കൾ] പറഞ്ഞു: 'അല്ലാഹുവിനെത്തന്നെയാണ (സത്യം)! നിങ്ങൾ യൂസുഫിനെ ഓർത്തുകൊണ്ടേയിരിക്കും; നിങ്ങൾ ക്ഷീണക്കാരനായിത്തീരുകയോ, അല്ലെങ്കിൽ (മരിച്ച്) നശിക്കുന്നവരിൽ പെട്ടവനായിത്തീരുകയോ ചെയ്യുന്നതുവരെ.'

٨٥- قَالُوا تَاللَّهِ تَفْتَؤُا تَذْكُرُ يُوسُفَ حَتَّىٰ تَكُونَ حَرَضًا أَوْ تَكُونَ مِنَ الْهَالِكِينَ ○

86. അദ്ദേഹം [പിതാവു] പറഞ്ഞു: 'എന്റെ വേവലാതിയും, എന്റെ വ്യസനവും (സംബന്ധിച്ചു) ഞാൻ അല്ലാഹുവിലേക്കു മാത്രമാണു പരാതിപ്പെടുന്നത്. നിങ്ങൾ അറിയാത്തതു (ചിലതൊക്കെ) അല്ലാഹുവിങ്കൽ നിന്നു എനിക്കറിയുകയും ചെയ്യും.'

٨٦- قَالَ إِنَّمَا أَشْكُو بَثِّي وَحُزْنِي إِلَى اللَّهِ وَأَعْلَمُ مِنَ اللَّهِ مَا لَا تَعْلَمُونَ ○

---

85. قَالُوا അവർ പറഞ്ഞു تَاللَّهِ അല്ലാഹുവിനെത്തന്നെയാണ (സത്യം) تَفْتَؤُا നിങ്ങൾ ആയിക്കൊണ്ടിരിക്കും تَذْكُرُ നിങ്ങൾ ഓർമ്മിച്ചുകൊണ്ടു يُوسُفَ യൂസുഫിനെ حَتَّىٰ تَكُونَ നിങ്ങൾ ആയിത്തീരുന്നതുവരെ حَرَضًا ക്ഷീണക്കാരനായവൻ, [illegible] أَوْ تَكُونَ അല്ലെങ്കിൽ ആയിരിക്കുന്നതു مِنَ الْهَالِكِينَ നാശമടഞ്ഞവരിൽപെട്ട(വൻ) 86. قَالَ അദ്ദേഹം പറഞ്ഞു إِنَّمَا أَشْكُو ഞാൻ പരാതിപ്പെടുക (സങ്കടപ്പെടുക) മാത്രം ചെയ്യുന്നു بَثِّي എന്റെ വേവലാതി وَحُزْنِي എന്റെ വ്യസനവും إِلَى اللَّهِ അല്ലാഹുവിലേക്കു (മാത്രം) وَأَعْلَمُ ഞാൻ അറിയുകയും ചെയ്യുന്നു, എനിക്കറിയാം مِنَ اللَّهِ അല്ലാഹുവിൽനിന്നു مَا لَا تَعْلَمُونَ നിങ്ങൾ(ക്കു) അറിയാത്തതു.

യഅ്ഖൂബു (അ) പരിചയസമ്പന്നനായ ഒരു വയോധികൻ മാത്രമല്ല, ഒരു പ്രവാചകവര്യനും കൂടിയാണല്ലോ. വഹ്‌യു മൂലം മറ്റുള്ളവർക്ക ലഭിക്കാത്ത പല വിവരങ്ങളും അദ്ദേഹത്തിനു വഹ്‌യു മൂലം ലഭിക്കും. യൂസുഫ് (അ)ന്റെ സ്വപ്നത്തിന്റെ പുലർച്ചയിൽ അദ്ദേഹത്തിനു സംശയമില്ല. അതു പുലരുന്നതു ഏതു വിധത്തിലായിരിക്കും, എപ്പോഴായിരിക്കും എന്നുമാത്രമേ നിശ്ചയമില്ലാതുള്ളു. ബിൻയാമീൻ ശേഷിച്ചിരിക്കുവാൻ ഇടയില്ലെന്നും അദ്ദേഹത്തിനറിയാം. അതുകൊണ്ട് അനുസരിച്ച അദ്ദേഹം അല്ലാഹുവിന്റെ കാരുണ്യവും സ്വപ്നത്തിന്റെ പുലർച്ചയും കാത്തുകൊണ്ടിരിക്കുകയാണ്. അങ്ങനെ, അദ്ദേഹം മക്കളോടു പറഞ്ഞു:

87. 'എന്റെ മക്കളേ, നിങ്ങൾപോയി യൂസുഫിനെയും അവന്റെ സഹോദരനെയും സംബന്ധിച്ചു (വിവരം) അന്വേഷിച്ചു നോക്കുവിൻ. അല്ലാഹുവിന്റെ (പക്കൽനിന്നുള്ള) ആശ്വാസത്തെക്കുറിച്ചു നിങ്ങൾ നിരാശപ്പെടുകയും ചെയ്യരുത്.

٨٧- يَا بَنِيَّ اذْهَبُوا فَتَحَسَّسُوا مِنْ يُوسُفَ وَأَخِيهِ وَلَا تَيْأَسُوا مِنْ رَوْحِ اللَّهِ

إِنَّهُ لَا يَاْيْـَٔسُ مِن رَّوْحِ اللَّهِ إِلَّا الْقَوْمُ الْكَافِرُونَ ○

നിശ്ചയമായും, കാര്യം: അല്ലാഹുവിന്റെ (പക്കൽനിന്നുള്ള) ആശ്വാസത്തെപ്പറ്റി അവിശ്വാസികളായ ജനങ്ങളല്ലാതെ നിരാശപ്പെടുകയില്ല.'

---

87. يَا بَنِيَّ എന്റെ മക്കളേ, പുത്രൻമാരേ اذْهَبُوا നിങ്ങൾ പോകുവിൻ فَتَحَسَّسُوا എന്നിട്ടു അന്വേഷിച്ചറിയുവിൻ مِن يُوسُفَ യൂസുഫിനെപ്പറ്റി وَأَخِيهِ അവന്റെ സഹോദരനെയും وَلَا تَيْأَسُوا നിങ്ങൾ നിരാശപ്പെടുകയും അരുതു مِن رَّوْحِ ആശ്വാസത്തെ (തുറവിയെ)ക്കുറിച്ചു اللَّهِ അല്ലാഹുവിന്റെ إِنَّهُ നിശ്ചയമായും അതു (കാര്യം) لَا يَيْأَسُ നിരാശപ്പെടുകയില്ല, ആശ മുറിയുകയില്ല مِن رَّوْحِ ആശ്വാസത്തെക്കുറിച്ചു اللَّهِ അല്ലാഹുവിന്റെ إِلَّا الْقَوْمُ ജനങ്ങളല്ലാതെ الْكَافِرُونَ അവിശ്വാസികളായ.

യൂസുഫ് (അ) നെയും സഹോദരനെയും സംബന്ധിച്ചു അന്വേഷണം നടത്തി നോക്കണമെന്ന് മക്കളോടു പറഞ്ഞപ്പോൾ അദ്ദേഹം അവർക്കു നൽകിയ ഈ ഉപദേശം ഒരു സത്യവിശ്വാസിയും സദാ ഓർമിച്ചിരിക്കേണ്ടതാകുന്നു. എന്തു വിഷമത്തിൽ അകപ്പെട്ടാലും അല്ലാഹുവിങ്കൽ നിന്നുള്ള ആശ്വാസവും കാരുണ്യവും ലഭിക്കാതിരിക്കയില്ലെന്ന സൽപ്രതീക്ഷയോടുകൂടിയിരിക്കേണ്ടതുണ്ടെന്നും, നിരാശ ബാധിക്കലും സത്യവിശ്വാസികൾക്കു യോജിച്ചതല്ലെന്നും ആ വാക്യങ്ങൾ ചൂണ്ടിക്കാട്ടുന്നു. മലക്കുകൾ വന്ന് താങ്കൾക്കു ഒരു മകനുണ്ടാകുവാൻ പോകുന്നുവെന്നും, വാർദ്ധക്യം പ്രാപിച്ചതുകൊണ്ടു നിരാശപ്പെടേണ്ടതില്ലെന്നും സന്തോഷവാർത്ത അറിയിച്ചപ്പോൾ ഇബ്രാഹീം (അ) നബി പറഞ്ഞതിങ്ങിനെയായിരുന്നു: 'വഴിപിഴച്ചവരല്ലാതെ ആരാണു അല്ലാഹുവിന്റെ കാരുണ്യത്തെക്കുറിച്ചു ആശ മുറിയുക?!' (15:56) അല്ലാഹു അരുളിച്ചെയ്തതായി നബി (സ) ഉദ്ധരിച്ചതും, ബുഖാരിയും മുസ്ലിമും (റ) രേഖപ്പെടുത്തിയതുമായ ഒരു ഹദീസിൽ ഇപ്രകാരം വന്നിരിക്കുന്നു: أَنَا عِندَ ظَنِّ عَبْدِي بِي (സാരം: എന്റെ അടിയാൻ എന്നെപ്പറ്റി ധരിച്ചുകൊണ്ടിരിക്കുന്നതനുസരിച്ചായിരിക്കും ഞാൻ നിലകൊള്ളുന്നത്) അല്ലാഹുവിന്റെ കാരുണ്യത്തിലുള്ള പ്രതീക്ഷയും വിശ്വാസവും എത്രത്തോളമുണ്ടോ അത്രത്തോളമായിരിക്കും അവന്റെ കാരുണ്യം ലഭിക്കുക എന്നു താൽപര്യം. യഅ്ഖൂബ് നബിയുടെ ചരിത്രം തന്നെ ഇതിനു പൂർണവും വലിയതുമായ ഉദാഹരണമാണല്ലോ.

ഈജിപ്തിൽ മുമ്പു രണ്ടുപ്രാവശ്യം പോയിവന്ന മക്കളെ വിളിച്ചു വീണ്ടും ഈജിപ്തിലേക്കു പോകണമെന്നും, അവിടെ നിന്നു ധാന്യം വാങ്ങി വരുന്നതോടൊപ്പം യൂസുഫിനെയും സഹോദരനെയും കുറിച്ച് അന്വേഷണം നടത്തണമെന്നും യഅ്ഖൂബ് (അ) കൽപിച്ചു. അങ്ങനെ മൂന്നാമതും അവർ ഈജിപ്തിലേക്കു പുറപ്പെട്ടു. ധാന്യത്തിനു വിലയായി നൽകുവാനുള്ള ദ്രവ്യങ്ങളും അവർ കൊണ്ടുപോയിരുന്നു.

٨٨ - فَلَمَّا دَخَلُوا عَلَيْهِ قَالُوا يَا أَيُّهَا الْعَزِيزُ مَسَّنَا وَأَهْلَنَا الضُّرُّ وَجِئْنَا بِبِضَاعَةٍ مُّزْجَاةٍ فَأَوْفِ لَنَا الْكَيْلَ وَتَصَدَّقْ عَلَيْنَا ۖ إِنَّ اللَّهَ يَجْزِي الْمُتَصَدِّقِينَ ○

88. അങ്ങനെ, അവർ അദ്ദേഹത്തിന്റെ [യൂസുഫിന്റെ] അടുക്കൽ പ്രവേശിച്ചപ്പോൾ അവർ പറഞ്ഞു: 'ഹേ, 'അസീസേ'! ഞങ്ങളെയും, ഞങ്ങളുടെ കുടുംബത്തെയും ദുരിതം ബാധിച്ചിരിക്കുന്നു. ഞങ്ങൾ ഒരു താണതരത്തിലുള്ള (അൽപം) ചരക്കുമായി വരുകയും ചെയ്തിരിക്കുകയാണ്. അതിനാൽ, അങ്ങുന്ന് ഞങ്ങൾക്കു (ധാന്യം) അളവു പൂർത്തിയാക്കിത്തരുകയും, ഞങ്ങൾക്കു ധർമ്മം നൽകുകയും ചെയ്യേണമേ! നിശ്ചയമായും, ധർമ്മം നൽകുന്നവർക്കു അല്ലാഹു പ്രതിഫലം കൊടുക്കുന്നതാണ്'.

---

88. فَلَمَّا دَخَلُوا അങ്ങനെ അവർ പ്രവേശിച്ചപ്പോൾ عَلَيْهِ അദ്ദേഹത്തിന്റെ അടുക്കൽ قَالُوا അവർ പറഞ്ഞു يَا أَيُّهَا الْعَزِيزُ ഹേ, അസീസേ مَسَّنَا ഞങ്ങളെ ബാധിച്ചിരിക്കുന്നു, സ്പർശിച്ചു وَأَهْلَنَا ഞങ്ങളുടെ കുടുംബത്തെ (ആൾക്കാരെ)യും الضُّرُّ ദുരിതം, വിഷമം, ഉപദ്രവം, ബുദ്ധിമുട്ടു وَجِئْنَا ഞങ്ങൾ വരുകയും ചെയ്തിരിക്കുന്നു, വന്നിരിക്കുകയാണ് بِبِضَاعَةٍ ഒരു ചരക്കു (സാമാന ദ്രവ്യം)മായി مُّزْجَاةٍ താണ തരത്തിലുള്ള, വിലയാകാത്ത, പോരായ്മയുള്ള فَأَوْفِ അതിനാൽ പൂർത്തിയാക്കിത്തരണം لَنَا ഞങ്ങൾക്കു الْكَيْلَ അളവു وَتَصَدَّقْ ധർമ്മം ചെയ്യുകയും ചെയ്യണം عَلَيْنَا ഞങ്ങൾക്കു إِنَّ اللَّهَ നിശ്ചയമായും അല്ലാഹു يَجْزِي പ്രതിഫലം നൽകും الْمُتَصَدِّقِينَ ധർമ്മം (ദാനം) ചെയ്യുന്നവർക്കു

...യൂസുഫ് ... ക്ഷാമം ... പഞ്ഞവും ജനങ്ങൾക്കു ഞെരുക്കവും വർദ്ധിച്ചു ... കഴിഞ്ഞ പ്രാവശ്യത്തെ അനുഭവങ്ങൾ ഓർത്തുകൊണ്ടും കൂടിയായിരിക്കാം ഈ പ്രാവശ്യം ... യൂസുഫ് (അ)ന്റെ മുമ്പിൽ പൂർവ്വാധികം താഴ്മയോടെ ദയനീയത പ്രകടിപ്പിക്കുന്നത്. തങ്ങളും തങ്ങളുടെ കുട്ടികുടുംബങ്ങളും വളരെ ബുദ്ധിമുട്ടിലാണുള്ളതെന്നും ... ധാന്യത്തിന്റെ വിലയായി നൽകുവാൻ തങ്ങളുടെ പക്കൽ ഇല്ലെന്നും താണ നിലവാരമുള്ള ഏതാനും വസ്തുക്കൾ മാത്രമേ തങ്ങൾക്കു കൊണ്ടുവരുവാൻ കഴിഞ്ഞിട്ടുള്ളുവെന്നും അവർ ഉണർത്തി. ... ഈ പ്രാവശ്യവും ധാന്യം പൂർത്തിയായ അളവിൽ തന്നെ നൽകണമെന്നും, അതിനു പുറമെ ഇവിടുത്തെ വക ധർമ്മമായി കുറെ സാമാനം കൂടി നൽകേണമെന്നും അപേക്ഷിക്കുകയും ചെയ്തു.

ദീനത പൂർണ്ണമായുള്ള ഈ അപേക്ഷ കേട്ടപ്പോൾ, പിതാവിന്റെയും കുടുംബത്തിന്റെയും ദയനീയാവസ്ഥയും, തന്റെയും സഹോദരന്റെയും തിരോധാനത്തിൽ പിതാവു അനുഭവിച്ചുകൊണ്ടിരിക്കുന്ന മനോവേദനയും യൂസുഫ് (അ) ഓർത്തിരിക്കും. അതുകൊണ്ടായിരിക്കാം, കഴിഞ്ഞ രണ്ടു പ്രാവശ്യങ്ങളിലും തന്നെ സംബന്ധിച്ചുള്ള രഹസ്യം അറിയിക്കാതെ മൂടിവെച്ച അദ്ദേഹം ഇക്കുറി ആ രഹസ്യം മറച്ചുവെക്കുവാൻ ശ്രമിച്ചു കാണാത്തതും, സ്വയം പരിചയപ്പെടുത്തുമാറ് താഴെ കാണുന്ന ചോദ്യം അവരുടെ മുമ്പിൽ വെച്ചതും. والله أعلم

89. അദ്ദേഹം പറഞ്ഞു: 'യൂസുഫിനെയും, അവന്റെ സഹോദരനെയും കൊണ്ടു നിങ്ങൾ ചെയ്തതു നിങ്ങൾക്കറിയാമോ? — നിങ്ങൾ വിവരമില്ലാത്തവരായിരിക്കെ!'

٨٩- قَالَ هَلْ عَلِمْتُم مَّا فَعَلْتُم بِيُوسُفَ وَأَخِيهِ إِذْ أَنتُمْ جَاهِلُونَ ○

90. അവർ പറഞ്ഞു: 'നീ തന്നെയാണോ യൂസുഫ്?!' അദ്ദേഹം പറഞ്ഞു: '(അതെ) ഞാൻ യൂസുഫും, ഇതു എന്റെ സഹോദരനുമാണ്. തീർച്ചയായും, അല്ലാഹു ഞങ്ങൾക്കു ഗുണം ചെയ്തുതന്നിരിക്കുന്നു.

'നിശ്ചയമായും, കാര്യം: ആരെങ്കിലും സൂക്ഷ്മത പാലിക്കുകയും, ക്ഷമിക്കുകയും ചെയ്യുന്നപക്ഷം, നിശ്ചയമായും (ആ) സൽഗുണവാൻമാരുടെ പ്രതിഫലം അല്ലാഹു പാഴാക്കിക്കളയുകയില്ല'.

٩٠- قَالُوا أَإِنَّكَ لَأَنتَ يُوسُفُ ۖ قَالَ أَنَا يُوسُفُ وَهَٰذَا أَخِي ۖ قَدْ مَنَّ اللَّهُ عَلَيْنَا ۖ إِنَّهُ مَن يَتَّقِ وَيَصْبِرْ فَإِنَّ اللَّهَ لَا يُضِيعُ أَجْرَ الْمُحْسِنِينَ ○

---

89. قال അദ്ദേഹം പറഞ്ഞു هل علمتم നിങ്ങൾക്കറിയാമോ ما فعلتم നിങ്ങൾ ചെയ്തതു بيوسف യൂസുഫിനെക്കൊണ്ടു وأخيه അവന്റെ സഹോദരനെയും إذ أنتم നിങ്ങളായിരിക്കെ, ആയിരുന്നപ്പോൾ جاهلون വിവരമില്ലാത്തവർ, വിഡ്ഢികൾ 90. قالوا അവർ പറഞ്ഞു أئنك നീയാണോ, നിശ്ചയമായും നിങ്ങളോ لأنت നീ (നിങ്ങൾ)തന്നെ(യോ) يوسف യൂസുഫ് قال അദ്ദേഹം പറഞ്ഞു أنا يوسف ഞാൻ യൂസുഫാണ് وهذا أخي ഇതു എന്റെ സഹോദരനും قد من തീർച്ചയായും ദാക്ഷിണ്യം ചെയ്തു, ഗുണം ചെയ്തു തന്നിട്ടുണ്ടു الله അല്ലാഹു علينا ഞങ്ങൾക്കു, ഞങ്ങളിൽ إنه നിശ്ചയമായും അതു (കാര്യം) من يتق ആരെങ്കിലും സൂക്ഷ്മത പാലിക്കുന്ന പക്ഷം ويصبر ക്ഷമിക്കുകയും فإن الله എന്നാൽ നിശ്ചയമായും അല്ലാഹു لا يضيع പാഴാക്കുകയില്ല أجر പ്രതിഫലത്തെ المحسنين സൽഗുണവാൻമാരുടെ, നൻമചെയ്യുന്നവരുടെ

തന്നെ സംബന്ധിച്ചും സഹോദരനെ സംബന്ധിച്ചും, അവർ മുമ്പുചെയ്തിരുന്ന അവിവേകങ്ങളെ ഓർമ്മിപ്പിച്ചുകൊണ്ടുള്ള ചോദ്യത്തിൽനിന്ന് അവർക്ക് കാര്യം ഏതാണ്ട് മനസ്സിലായി. നിങ്ങൾ തന്നെയാണോ യൂസുഫ്? എന്നു ചോദിച്ചുകൊണ്ടു സംഗതി ഉറപ്പുവരുത്തുകയും ചെയ്തു. യൂസുഫ്(അ) നബി യഥാർത്ഥം തുറന്നു പ്രസ്താവിക്കുകയും ചെയ്തു.

യൂസുഫ്(അ)നെക്കുറിച്ചു അറിയിച്ചതു സഹോദരൻമാർ ഈജിപ്തിൽ മൂന്നാമതു ചെന്നപ്പോഴാണെന്നു ഖുർആന്റെ പ്രസ്താവനകളിൽനിന്ന വ്യക്തമാണല്ലോ. എന്നാൽ, ബൈബിളിലെ വിവരണപ്രകാരം ഇതു അവർ രണ്ടാമത്തെ പ്രാവശ്യം ചെന്നപ്പോഴാണുണ്ടായതു എന്നാകുന്നു. മൂന്നാമത്തെ യാത്രയെക്കുറിച്ചും, താഴെ 93-96 വചനങ്ങളിൽ കാണപ്പെടുന്ന പ്രകാരം യൂസുഫു(അ) തന്റെ കുപ്പായം പിതാവിനു കൊടുത്തയച്ചതിനെക്കുറിച്ചും ബൈബിളിൽ പ്രസ്താവിച്ചു കാണുന്നില്ല. [illegible] കണ്ടെടുത്ത ശേഷം, ബിൻയാമീനെ വിട്ടയക്കുവാൻ വിസമ്മതിച്ചതിനെ [illegible] സഹോദരൻമാരുടെ സംസാരത്തിൽനിന്ന യൂസുഫു(അ)നു വളരെ മനസ്സലിവുണ്ടായെന്നും, ആ സന്ദർഭത്തിൽ അദ്ദേഹം തന്നെപ്പറ്റി അറിയിക്കുകയാണു ചെയ്തതെന്നുമാണു അതിൽ കാണുന്നത്. പിതാവിനെ കൂട്ടിക്കൊണ്ടുവരുവാനുള്ള യാത്രയിലുണ്ടായ ചില സംഭവങ്ങളും അവരുടെ പക്കൽ [illegible] പ്രസ്താവിച്ചിട്ടുണ്ട്. (ഉല്പത്തി: അ: 44, 45 നോക്കുക.) [illegible] യൂസുഫു(അ) നബിയുടെ [illegible].

91. അവർ പറഞ്ഞു: 'അല്ലാഹുവിനെത്തന്നെയാണ(സത്യം)! തീർച്ചയായും, അല്ലാഹു ഞങ്ങളെക്കാൾ നിന്നെ (ശ്രേഷ്ഠനാക്കി) തിരഞ്ഞെടുത്തിട്ടുണ്ട്. നിശ്ചയമായും, ഞങ്ങൾ തെറ്റു ചെയ്തവർ തന്നെ ആയിരിക്കുന്നു.'

٩١- قَالُوا تَاللَّهِ لَقَدْ آثَرَكَ اللَّهُ عَلَيْنَا وَإِن كُنَّا لَخَاطِئِينَ

92. അദ്ദേഹം പറഞ്ഞു: 'ഇന്ന് നിങ്ങളുടെ മേൽ ഒരധിക്ഷേപവുമില്ല. അല്ലാഹു നിങ്ങൾക്കു പൊറുത്തുതരട്ടെ(അഥവാ പൊറുത്തുതരും). അവൻ കരുണ ചെയ്യുന്നവരിൽ ഏറ്റം കരുണ ചെയ്യുന്നവനുമാണ്.'

٩٢- قَالَ لَا تَثْرِيبَ عَلَيْكُمُ الْيَوْمَ يَغْفِرُ اللَّهُ لَكُمْ وَهُوَ أَرْحَمُ الرَّاحِمِينَ

91. قَالُوا അവർ പറഞ്ഞു تَاللَّهِ അല്ലാഹുവിനെത്തന്നെയാണ لَقَدْ തീർച്ചയായും. നിന്നെ തിരഞ്ഞെടുത്തിട്ടുണ്ടു, പ്രത്യേകപ്പെടുത്തി آثَرَكَ اللَّهُ അല്ലാഹു عَلَيْنَا ഞങ്ങളെക്കാൾ وَإِنْ كُنَّا നിശ്ചയമായും ഞങ്ങളായിരിക്കുന്നു لَخَاطِئِينَ തെറ്റു (അപരാധം) ചെയ്തവർ തന്നെ 92. قَالَ അദ്ദേഹം പറഞ്ഞു لَا تَثْرِيبَ ഇല്ല ഒരു അധിക്ഷേപം (കുറ്റപ്പെടുത്തൽ-പഴിപ്പെടുത്തൽ) عَلَيْكُمْ നിങ്ങളുടെ മേൽ, നിങ്ങളെപ്പറ്റി الْيَوْمَ ഇന്ന് يَغْفِرُ പൊറുക്കും, പൊറുക്കട്ടെ اللَّهُ അല്ലാഹു لَكُمْ നിങ്ങൾക്ക് وَهُوَ അവനാകട്ടെ أَرْحَمُ ഏറ്റവും അധികം കരുണ ചെയ്യുന്നവനാണ് الرَّاحِمِينَ കരുണചെയ്യുന്നവരിൽ

സഹോദരൻമാർ കുറ്റം സമ്മതിക്കലും, വിനയം കാണിക്കലും [illegible] യൂസുഫു(അ) നബിയുടെ മറുപടി നോക്കുക! [illegible] എത്ര മഹത്തരം! അവരെപ്പറ്റി ആക്ഷേപത്തിന്റെ ഒരു വാക്കുപോലും [illegible] അവർക്കു പാപമോചനത്തിനുവേണ്ടി പ്രാർത്ഥിക്കുകയും, അവർക്കു അനുഗ്രഹം [illegible] അദ്ദേഹം തുടർന്നു പറഞ്ഞു:—

93. 'നിങ്ങൾ എന്റെ ഈ കുപ്പായവും കൊണ്ടുപോയി അതു എന്റെ പിതാവിന്റെ മുഖത്തു ഇട്ടു കൊടുക്കുക. അദ്ദേഹം കാഴ്ചയുള്ളവനായി വരും. നിങ്ങളുടെ കുടുംബത്തെ മുഴുവനും എന്റെ അടുക്കൽ കൊണ്ടുവരികയും ചെയ്യുവിൻ.'

٩٣- اذْهَبُوا بِقَمِيصِي هَٰذَا فَأَلْقُوهُ عَلَىٰ وَجْهِ أَبِي يَأْتِ بَصِيرًا وَأْتُونِي بِأَهْلِكُمْ أَجْمَعِينَ

93. اذْهَبُوا നിങ്ങൾ പോകുവിൻ بِقَمِيصِي എന്റെ കുപ്പായവുമായി هَٰذَا ഈ فَأَلْقُوهُ എന്നിട്ടു ഇടുവിൻ അതിനെ عَلَىٰ മേൽ وَجْهِ മുഖത്തു أَبِي എന്റെ പിതാവിന്റെ يَأْتِ അദ്ദേഹം വരും بَصِيرًا കാഴ്ചയുള്ളവനായി وَأْتُونِي എന്റെ അടുക്കൽ വരുകയും ചെയ്യുവിൻ بِأَهْلِكُمْ നിങ്ങളുടെ കുടുംബത്തെയുംകൊണ്ടു أَجْمَعِينَ മുഴുവൻ

യൂസുഫു(അ)നെപ്പറ്റി വ്യസനിച്ചും കരഞ്ഞും കൊണ്ടിരുന്നതിന്റെ ഫലമായി യഅ്ഖൂബ്(അ) നബിയുടെ കണ്ണുകൾ തനിവെള്ളമായിത്തീർന്നുവെന്ന 84-ാം വചനത്തിൽ കണ്ടുവല്ലോ. അങ്ങനെ അദ്ദേഹത്തിന്റെ കാഴ്ചയും നഷ്ടപ്പെട്ടിരുന്നു. ഈ വിവരം സഹോദരൻമാരുമായുള്ള സംസാരത്തിൽനിന്ന യൂസുഫു (അ) അറിഞ്ഞു. അതുകൊണ്ടു എന്റെ ഈ കുപ്പായം നിങ്ങൾ കൊണ്ടുപോയി പിതാവിന്റെ മുഖത്തിട്ടുകൊടുക്കണമെന്നും, അപ്പോൾ അദ്ദേഹത്തിന്റെ വ്യസനമെല്ലാം നീങ്ങി മനസ്സിനു ആനന്ദവും കണ്ണിനു കുളിർമയും ലഭിക്കുമെന്നും, കണ്ണിന്റെ കാഴ്ച മടങ്ങികിട്ടുമെന്നും അദ്ദേഹം സഹോദരൻമാരെ അറിയിക്കുകയാണ്. പിതാവടക്കമുള്ള അവരുടെ കുടുംബത്തെ മുഴുവനും ഈജിപ്തിലേക്കു കൊണ്ടുചെല്ലുവാൻ കൽപിക്കുകയും ചെയ്തു.

വിഭാഗം-11

94. വാഹനസംഘം പിരിഞ്ഞുപോന്നപ്പോൾ, അവരുടെ പിതാവ് (അടുത്തുള്ളവരോടു) പറഞ്ഞു: 'നിശ്ചയമായും ഞാൻ, യൂസുഫിന്റെ വാസന എനിക്കു ലഭിക്കുന്നു; നിങ്ങളെന്നെ (വാർദ്ധക്യത്താൽ) ബുദ്ധിമന്ദിച്ചവനാക്കുകയില്ലാതിരുന്നെങ്കിൽ! [എന്നാൽ, നിങ്ങൾക്കതു വിശ്വസിക്കാമായിരുന്നു]'

وَلَمَّا فَصَلَتِ الْعِيرُ قَالَ أَبُوهُمْ إِنِّي لَأَجِدُ رِيحَ يُوسُفَ لَوْلَا أَن تُفَنِّدُونِ

95. അവർ പറഞ്ഞു: 'അല്ലാഹുവിനെത്തന്നെയാണ (സത്യം)! നിശ്ചയമായും, നിങ്ങൾ നിങ്ങളുടെ പഴയ വഴികേടിൽതന്നെയാണു (ഇപ്പോഴും).'

قَالُوا تَاللَّهِ إِنَّكَ لَفِي ضَلَالِكَ الْقَدِيمِ

---

94. ولما فصلت പിരിഞ്ഞപ്പോൾ العير യാത്രാസംഘം قال أبوهم അവരുടെ പിതാവു പറഞ്ഞു إني നിശ്ചയമായും ഞാൻ لأجد ഞാൻ കണ്ടെത്തുന്നു (എനിക്കു കിട്ടുന്നു) ريح വാസന, മണം يوسف യൂസുഫിന്റെ لولا ഇല്ലാതിരുന്നെങ്കിൽ أن تفندون എന്നെ നിങ്ങൾ ബുദ്ധി മന്ദിച്ചവനാക്കുക, വിഡ്ഢിയാക്കൽ. 95. قالوا അവർ പറഞ്ഞു تالله അല്ലാഹുവിനെ തന്നെയാണ് إنك നിശ്ചയമായും നിങ്ങൾ لفي ضلالك നിങ്ങളുടെ വഴിപിഴവിൽ തന്നെ القديم പഴയ, മുമ്പേയുള്ള.

ولما فصلت العير (വാഹനസംഘം പിരിഞ്ഞപ്പോൾ) എന്നു പറഞ്ഞതിന്റെ ഉദ്ദേശ്യം അവർ ഈജിപ്തിൽ നിന്നു വിട്ടുപിരിഞ്ഞപ്പോൾ എന്നാണെന്നത്രെ മിക്ക വ്യാഖ്യാതാക്കളും പറയുന്നത്. അതുതന്നെയാണു പ്രത്യക്ഷത്തിൽ മനസ്സിലാകുന്നതും, കൂടുതൽ വ്യക്തമായതും. യാത്രാസംഘത്തിൽ യൂസുഫു (അ) ന്റെ സഹോദരൻമാർക്കു പുറമെ വേറെ നാട്ടുകാരും ഉണ്ടായിരുന്നതുകൊണ്ടു എല്ലാവരുംകൂടി ഈജിപ്തിൽ നിന്നു പോന്നശേഷം സഹോദരൻമാർ അവരുടെ നാട്ടിലേക്കും, മറ്റുള്ളവർ അവരുടെ നാട്ടിലേക്കുമായി വഴിമധ്യേ വെച്ചു അന്യോന്യം പിരിഞ്ഞപ്പോൾ എന്നും ചിലർ അതിനു അർത്ഥം കൽപിച്ചിട്ടുണ്ട്. രണ്ടായാലും ആ കുപ്പായം തന്റെ അടുക്കലെത്തും മുമ്പുതന്നെ അതിന്റെ വാസന യഅ്ഖൂബ് (അ) നു ലഭിച്ചു. അതു ലഭിച്ചതു കുറെ വഴിക്കകലെ, ദൂരെയെങ്കിലും വെച്ചാകട്ടെ, അതിൽ ഒരു അസാധാരണത്വമുണ്ടെന്നു കാണാം. എനിക്കു വാർദ്ധക്യം പിടിപെട്ടു എന്റെ ബുദ്ധി മന്ദിച്ചിരിക്കുകയാണെന്നു നിങ്ങൾ പറയുമായിരിക്കുമെന്നും, അതില്ലാത്തപക്ഷം നിങ്ങൾക്കിതു വിശ്വസിക്കാമെന്നും യഅ്ഖൂബ് (അ) തന്റെ അടുത്തുള്ളവരോടു പറയുന്നു. ഇതു കേട്ടപ്പോൾ, നിങ്ങൾ നിങ്ങളുടെ ആ പഴയ വഴിപിഴവിൽതന്നെയാണ്. അഥവാ യൂസുഫിനെക്കുറിച്ചുള്ള വ്യസനത്തിലും കാത്തിരിപ്പിലും തന്നെയാണ് ഇപ്പോഴുമുള്ളതു എന്നു അടുത്തുള്ളവർ അദ്ദേഹത്തോടും പറയുന്നു. ഇതെല്ലാം കാണിക്കുന്നത് ആ വാസന ലഭിച്ചതിൽ എന്തോ ഒരു അസാധാരണത്വം ഉണ്ടെന്നാണല്ലോ. അടുത്തവചനം കൂടി ശ്രദ്ധിക്കുക.

96. അങ്ങനെ, സന്തോഷവാർത്ത അറിയിക്കുന്ന ആൾ വരികയുണ്ടായപ്പോൾ, അയാളതു അദ്ദേഹത്തിന്റെ മുഖത്തു ഇട്ടു; അപ്പോൾ അദ്ദേഹം കാഴ്ചയുള്ളവനായി മാറി. അദ്ദേഹം പറഞ്ഞു: 'ഞാൻ നിങ്ങളോടു പറഞ്ഞില്ലേ: 'നിശ്ചയമായും, നിങ്ങൾക്കറിഞ്ഞുകൂടാത്തതു (ചിലതു) അല്ലാഹുവിങ്കൽ നിന്നും എനിക്കറിയാമെന്നു?!'

٩٦- فَلَمَّآ أَن جَآءَ ٱلْبَشِيرُ أَلْقَىٰهُ عَلَىٰ وَجْهِهِۦ فَٱرْتَدَّ بَصِيرًا ۖ قَالَ أَلَمْ أَقُل لَّكُمْ إِنِّىٓ أَعْلَمُ مِنَ ٱللَّهِ مَا لَا تَعْلَمُونَ ○

---

96. فلما أن വരികയുണ്ടായപ്പോൾ البشير സന്തോഷവാർത്ത അറിയിക്കുന്ന ആൾ ألقاه അവൻ അതിനെ ഇട്ടു على وجهه അദ്ദേഹത്തിന്റെ മുഖത്തു فارتد അപ്പോൾ അദ്ദേഹം മടങ്ങി, മാറി بصيرا കാഴ്ചയുള്ളവനായി قال അദ്ദേഹം പറഞ്ഞു ألم أقل ഞാൻ പറഞ്ഞില്ലേ لكم നിങ്ങളോട് إني أعلم നിശ്ചയമായും ഞാൻ (എനിക്ക്) അറിയുമെന്ന് من الله അല്ലാഹുവിൽനിന്ന് ما لا تعلمون നിങ്ങൾ (നിങ്ങൾക്ക്) അറിയാത്തത്

അനുമോദനാർത്ഥം സന്തോഷകരമായ വിവരം മുൻകൂട്ടി അറിയിച്ചുകൊണ്ടുവരുന്ന ആളെക്കുറിച്ചു بشير (സന്തോഷവാർത്ത അറിയിക്കുന്നവൻ) എന്നു പറയുന്നത്. ഖത്രാസംഭവം വന്നെത്തുന്നതിന്റെ മുന്നോടിയായി ഉത്തരവു ലഭിക്കുന്നതിൽ വേഗം അയക്കപ്പെടും. ഇയാളുടെ വശമായിരുന്നു യൂസുഫ് (അ) കൊടുത്തയച്ച കുപ്പായം. അദ്ദേഹം കൽപ്പിച്ചിരുന്നതുപോലെ, അയാൾ അതു യഅ്ഖൂബ് (അ)ന്റെ മുഖത്തുകൊണ്ടുവന്നു ഇട്ടുകൊടുത്തു. യൂസുഫ് (അ) പറഞ്ഞതുപോലെ, പിതാവിന്റെ നഷ്ടപ്പെട്ട കാഴ്ച തിരിച്ചു കിട്ടുകയും ചെയ്തു. അദ്ദേഹം പ്രതീക്ഷിച്ചിരുന്നതും പറഞ്ഞിരുന്നതും ശരിയായിരുന്നുവെന്നും, അദ്ദേഹത്തിനു ബുദ്ധിഭ്രമം സംഭവിക്കുകയോ തെറ്റു പറ്റുകയോ ചെയ്തിട്ടില്ലെന്നും വ്യക്തമായി. 86-ാം വചനത്തിൽ കണ്ടതുപോലെ, നിങ്ങൾക്കറിയാത്ത ചില കാര്യങ്ങളൊക്കെ എനിക്കറിയാമെന്ന് അവരോട് അദ്ദേഹം മുമ്പ് പറഞ്ഞിരുന്നു. ആ വാക്ക് ഈ സന്ദർഭത്തിൽ അവരെ അദ്ദേഹം ഓർമ്മിപ്പിച്ചു.

97. അവർ [മക്കൾ] പറഞ്ഞു: 'ഞങ്ങളുടെ പിതാവേ, ഞങ്ങൾക്കുവേണ്ടി ഞങ്ങളുടെ പാപങ്ങൾക്കു നിങ്ങൾ പാപമോചനം തേടേണമേ! – നിശ്ചയമായും, ഞങ്ങൾ തെറ്റു ചെയ്തവരായിരിക്കുന്നു!'

٩٧- قَالُوا۟ يَٰٓأَبَانَا ٱسْتَغْفِرْ لَنَا ذُنُوبَنَآ إِنَّا كُنَّا خَٰطِـِٔينَ ○

98. അദ്ദേഹം പറഞ്ഞു: 'നിങ്ങൾക്കുവേണ്ടി ഞാൻ എന്റെ റബ്ബിനോടു വഴിയെ പാപമോചനം തേടുന്നതാണ്. നിശ്ചയമായും അവൻ തന്നെയാണ് വളരെ പൊറുക്കുന്നവനും കരുണാനിധിയുമായുള്ളവൻ'.

٩٨- قَالَ سَوْفَ أَسْتَغْفِرُ لَكُمْ رَبِّىٓ ۖ إِنَّهُۥ هُوَ ٱلْغَفُورُ ٱلرَّحِيمُ ○

---

97. قالوا അവർ പറഞ്ഞു يا أبانا ഞങ്ങളുടെ ബാപ്പാ استغفر പാപമോചനം (പൊറുക്കൽ) തേടണം لنا ഞങ്ങൾക്കുവേണ്ടി ذنوبنا ഞങ്ങളുടെ പാപങ്ങളെ إنا كنا നിശ്ചയമായും ഞങ്ങൾ ആയിരിക്കുന്നു خاطئين പിഴച്ചവർ, തെറ്റുചെയ്തവർ 98. قال അദ്ദേഹം പറഞ്ഞു سوف വഴിയെ, പിറകെ أستغفر ഞാൻ പാപമോചനം തേടും لكم നിങ്ങൾക്കുവേണ്ടി ربي എന്റെ റബ്ബിനോടു إنه നിശ്ചയമായും അവൻ തന്നെ الغفور വളരെ പൊറുക്കുന്നവൻ الرحيم കരുണാനിധി

തങ്ങളുടെ പക്കൽ വന്നുപോയ തെറ്റുകളെ അവർ പിതാവിനോടു ഏറ്റു പറയുകയും, തങ്ങളുടെ പാപങ്ങൾ പൊറുക്കുവാൻ അല്ലാഹുവിനോട് പ്രാർത്ഥിക്കണമെന്നു അപേക്ഷിക്കുകയും ചെയ്തു. അപ്പോൾ തന്നെ പ്രാർത്ഥിക്കാതെ, പിന്നെ ചെയ്തുകൊള്ളാമെന്ന് പറഞ്ഞത്, കൂടുതൽ ഉപയുക്തമായ വല്ല സന്ദർഭത്തിലും അതിനായി പ്രത്യേകം പ്രാർത്ഥന നടത്താമെന്നു കരുതിയായിരിക്കാം. അല്ലാഹുവിനറിയാം. അനന്തരം യൂസുഫ് (അ) പറഞ്ഞേൽപിച്ചിരുന്ന പ്രകാരം ആ കുടുംബം മുഴുവനും—യഅ്ഖൂബ് (അ) നബിയും, യൂസുഫ് (അ) ന്റെ മാതാവും, എല്ലാ മക്കളും അവരോടു ബന്ധപ്പെട്ടവരും അടങ്ങിയ ആ കുടുംബം മുഴുവനും—ഈജിപ്തിലേക്കു യാത്രയായി. അവരുടെ യാത്രക്കാവശ്യമായ എല്ലാ ചിലവുകളും സഹോദരന്മാരുടെ പക്കൽ യൂസുഫ് (അ) കൊടുത്തയച്ചിരുന്നുവെന്നും, യഅ്ഖൂബ് (അ) നബിക്ക് പ്രത്യേകമായി ഫറോവാ രാജാവിന്റെ ഒരു രഥവും അയച്ചിരുന്നുവെന്നും ബൈബ്ൾ പറയുന്നു. വാസ്തവം അല്ലാഹുവിനറിയാം.

99. അങ്ങനെ, അവർ [ആ കുടുംബം] യൂസുഫിന്റെ അടുക്കൽ പ്രവേശിച്ചപ്പോൾ,— അദ്ദേഹം തന്റെ മാതാപിതാക്കളെ തന്നിലേക്കു അണച്ചുകൂട്ടി (സ്വീകരിച്ചു). അദ്ദേഹം പറയുകയും ചെയ്തു: 'നിങ്ങൾ, അല്ലാഹു ഉദ്ദേശിക്കുന്ന പക്ഷം, നിർഭയരായിക്കൊണ്ടു (സമാധാനപൂർവ്വം) മിസ്വ്‌റിൽ [ഈജിപ്തിൽ] പ്രവേശിച്ചു കൊള്ളുക'.

٩٩- فَلَمَّا دَخَلُوا عَلَىٰ يُوسُفَ آوَىٰ إِلَيْهِ أَبَوَيْهِ وَقَالَ ادْخُلُوا مِصْرَ إِن شَاءَ اللَّهُ آمِنِينَ ۝

100. തന്റെ മാതാപിതാക്കളെ അദ്ദേഹം സിംഹാസന [സ്ഥാനപീഠ]ത്തിൻമേൽ കയററിയിരുത്തുകയും ചെയ്തു. അവർ (എല്ലാം) അദ്ദേഹത്തിന്നു 'സുജൂദു' [പ്രണാമം] ചെയ്തുകൊണ്ടു വീഴുകയും ചെയ്തു. അദ്ദേഹം പറയുകയും ചെയ്തു: 'എന്റെ പിതാവേ, ഇതു എന്റെ മുമ്പത്തെ സ്വപ്നത്തിന്റെ പുലർച്ചയാകുന്നു; എന്റെ റബ്ബ് അതൊരു യഥാർത്ഥമാക്കിക്കഴിഞ്ഞു. അവൻ എനിക്കു നൻമചെയ്യുകയും ചെയ്തിട്ടുണ്ട്: (അതെ) എന്നെ അവൻ തടവിൽ നിന്നു (മോചിപ്പിച്ച്) പുറത്തുകൊണ്ടുവരുകയും, നിങ്ങളെ മരുഭൂമിയിൽനിന്നു കൊണ്ടുവ (ന്നുത)രുകയും ചെയ്തിരിക്കെ;

١٠٠- وَرَفَعَ أَبَوَيْهِ عَلَى الْعَرْشِ وَخَرُّوا لَهُ سُجَّدًا ۖ وَقَالَ يَا أَبَتِ هَٰذَا تَأْوِيلُ رُؤْيَايَ مِن قَبْلُ قَدْ جَعَلَهَا رَبِّي حَقًّا ۖ وَقَدْ أَحْسَنَ بِي إِذْ أَخْرَجَنِي مِنَ السِّجْنِ وَجَاءَ بِكُم مِّنَ الْبَدْوِ

---

99. فَلَمَّا دَخَلُوا അങ്ങനെ (എന്നിട്ടു) അവർ പ്രവേശിച്ചപ്പോൾ عَلَىٰ يُوسُفَ യൂസുഫിൽ, യൂസുഫിന്റെ അടുക്കൽ آوَىٰ അദ്ദേഹം അടുപ്പിച്ചു, കൂട്ടിച്ചേർത്തു, അണച്ചുകൂട്ടി إِلَيْهِ തന്റെ അടുക്കലേക്ക് أَبَوَيْهِ തന്റെ മാതാപിതാക്കളെ وَقَالَ അദ്ദേഹം പറയുകയും ചെയ്തു ادْخُلُوا പ്രവേശിച്ചുകൊള്ളുവിൻ مِصْرَ മിസ്വ്‌റിൽ, ഈജിപ്തിൽ إِن شَاءَ ഉദ്ദേശിക്കുന്നപക്ഷം اللَّهُ അല്ലാഹു آمِنِينَ നിർഭയരായി, സമാധാനപ്പെട്ടുകൊണ്ടു 100. وَرَفَعَ അദ്ദേഹം ഉയർത്തുക(കയററിയിരുത്തുക)യും أَبَوَيْهِ തന്റെ മാതാപിതാക്കളെ عَلَى الْعَرْشِ സിംഹാസന(രാജപീഠ—സ്ഥാനപീഠ)ത്തിൻമേൽ وَخَرُّوا അവർ വീഴുകയും ചെയ്തു لَهُ അദ്ദേഹത്തിന് سُجَّدًا സുജൂദു(പ്രണാമം—തലകുനിക്കൽ—കുനിയൽ) ചെയ്യുന്നവരായി وَقَالَ പറയുകയും ചെയ്തു يَا أَبَتِ എന്റെ ഉപ്പാ, പിതാവേ هَٰذَا تَأْوِيلُ ഇതു പുലർച്ചയാണ്, പൊരുളാണ്, വ്യാഖ്യാനമാണ് رُؤْيَايَ എന്റെ സ്വപ്നത്തിന്റെ مِن قَبْلُ മുമ്പുള്ള, മുമ്പത്തെ قَدْ جَعَلَهَا അതിനെ ആക്കിയിട്ടുണ്ട്, ആക്കിക്കഴിഞ്ഞു رَبِّي എന്റെ റബ്ബു حَقًّا യഥാർത്ഥം, നേര് وَقَدْ أَحْسَنَ അവൻ നൻമ ചെയ്തിട്ടുമുണ്ടു بِي എന്നിൽ, എനിക്കു إِذْ أَخْرَجَنِي അവൻ എന്നെ പുറത്തു കൊണ്ടുവന്നപ്പോൾ (വന്നിരിക്കെ) مِنَ السِّجْنِ തടവിൽ നിന്ന് وَجَاءَ بِكُم നിങ്ങളെ കൊണ്ടുവരുകയും ചെയ്തു مِّنَ الْبَدْوِ മരുഭൂമിയിൽ നിന്ന്

എന്റെയും, എന്റെ സഹോദരന്മാരുടെയും ഇടയിൽ പിശാചു (കുഴപ്പം) ഇളക്കിവിട്ടതിനു ശേഷം. നിശ്ചയമായും, എന്റെ റബ്ബ് താൻ ഉദ്ദേശിക്കുന്നതിനെ സൗമ്യമായി ചെയ്യുന്നവനാകുന്നു. നിശ്ചയമായും, അവൻതന്നെയാകുന്നു സർവ്വജ്ഞനും അഗാധജ്ഞനുമായുള്ളവൻ.

مِنۢ بَعۡدِ أَن نَّزَغَ ٱلشَّيۡطَٰنُ بَيۡنِي وَبَيۡنَ إِخۡوَتِيٓۚ
إِنَّ رَبِّي لَطِيفٞ لِّمَا يَشَآءُۚ
إِنَّهُۥ هُوَ ٱلۡعَلِيمُ ٱلۡحَكِيمُ ۝

من بعد ശേഷം, പിന്നീടായി أن نزغ ഇളക്കിവിട്ടതിനു الشيطان പിശാചു بيني എന്റെ ഇടയിൽ وبين اخوتي എന്റെ സഹോദരന്മാർക്കിടയിലും إن ربي നിശ്ചയമായും എന്റെ റബ്ബു لطيف സൗമ്യമായി (സൂക്ഷ്മമായി) ചെയ്യുന്നവനാണു لما يشاء അവൻ ഉദ്ദേശിക്കുന്നതിനെ, ഉദ്ദേശിക്കുന്നകാര്യത്തിനു إنه هو നിശ്ചയമായും അവൻതന്നെ العليم സർവ്വജ്ഞൻ, (എല്ലാം) അറിയുന്നവൻ الحكيم അഗാധജ്ഞൻ, യുക്തിമാൻ

യഅ്ഖൂബ് (അ) നബിയും കുടുംബവും ഈജിപ്തിൽ വന്നെത്തുന്ന ദിവസം ഈജിപ്തുകാർക്ക് പൊതുവെ ഒരു ഉത്സവ [illegible] സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന്റെ സന്തോഷത്തിനു [illegible] പറയേണ്ടതില്ലല്ലോ. അദ്ദേഹം മാതാപിതാക്കളെ അണച്ചുകൂട്ടി ആലിംഗനം ചെയ്തുകൊണ്ടു [illegible] സ്വാഗതം നൽകുകയും, സമാധാനത്തിന്റെ മംഗളാശംസകം നൽകുകയും ചെയ്തു. സിംഹാസനത്തിന്മേൽ കയറ്റിയിരുത്തി മാതാപിതാക്കളെ ബഹുമാനിച്ചു. വന്നവരെല്ലാവരും അദ്ദേഹത്തിനു അന്നത്തെ ആചാരപ്രകാരം [illegible] ഉപചാരമർപ്പിക്കുകയും ചെയ്തു. മുമ്പുതാൻ കണ്ടിരുന്ന ആ സ്വപ്നത്തിന്റെ—സൂര്യചന്ദ്രന്മാരും പതിനൊന്നു നക്ഷത്രങ്ങളും തനിക്കു സുജൂദു ചെയ്തതായി സ്വപ്നം കണ്ടതിന്റെ—വ്യാഖ്യാനം യഥാർത്ഥമായി പുലർന്നു കഴിഞ്ഞു. തനിക്കു ഇതിനുമുമ്പ് അല്ലാഹു ചെയ്തു തന്നിട്ടുള്ളതുമായ അനുഗ്രഹങ്ങളെ എടുത്തു പറഞ്ഞു അനുസ്മരിച്ചുകൊണ്ട് അദ്ദേഹം അല്ലാഹുവിന് നന്ദി പ്രകടിപ്പിക്കുകയും ചെയ്തു.

'സുജൂദ്' കൊണ്ടു ഇവിടെ വിവക്ഷ ആരാധനയുടെ സുജൂദാകുന്ന സാഷ്ടാംഗ നമസ്കാരമല്ല. 4-ാം വചനത്തിന്റെ വ്യാഖ്യാനത്തിൽ പ്രസ്താവിച്ചതുപോലെ, ഉപചാരാർത്ഥം സുജൂദുകളാകുന്ന തലകുനിക്കൽ, കുനിഞ്ഞുനിൽക്കൽ, കൈകൂപ്പൽ, മുട്ടുകുത്തൽ പോലെയുള്ള [illegible] ഏതെങ്കിലും ആകാവുന്നതാണ്. ആരാധന അല്ലാഹുവിനല്ലാതെ പാടില്ലെന്നുള്ളതു എല്ലാ കാലത്തും [illegible] നിഷിദ്ധമായിരുന്നു [illegible]. സ്വപ്നത്തിൽ സൂര്യചന്ദ്രന്മാർ സുജൂദുചെയ്യുന്നതായി കണ്ടതിൽനിന്നും, ആ സ്വപ്നത്തിന്റെ പുലർച്ചയായി ഈ സുജൂദിനെ എണ്ണിയതിൽനിന്നും തന്നെ [illegible]. സുജൂദിന്റെ അർത്ഥങ്ങളെപ്പറ്റി കൂടുതൽ വിവരം അടുത്ത സൂ: 16—ാം വചനത്തിൽ വെച്ചു കാണാം.

ഇവിടത്തെ സുജൂദിനെപ്പറ്റി ചില പൂർവ്വികർ വ്യാഖ്യാതാക്കളിൽ നിന്നു ആരാധനയുടെ സുജൂദുതന്നെയായിരുന്നുവെന്നു അഭിപ്രായമുള്ളവരും ഇല്ലാതില്ല. പക്ഷേ, സുജൂദ് യൂസുഫ് (അ) നായിരുന്നില്ലെന്നും, തങ്ങൾക്കു [illegible] അല്ലാഹുവിനു ചെയ്ത [illegible] സുജൂദായിരുന്നു [illegible] അനുഗ്രഹത്തിനും സന്തോഷത്തിനും [illegible] നന്ദിയായി (سجود شكر) അവർ നിർവ്വഹിച്ചതാണെന്നുമാണ് അവർ പറയുന്നത്. മാതാപിതാക്കളെ സിംഹാസനത്തിൽ കയറ്റി ഇരുത്തി ആദരിച്ചുവെന്നു പറഞ്ഞതിനു ശേഷമാണല്ലോ അവരെല്ലാം അദ്ദേഹത്തിനു സുജൂദ് ചെയ്തുവെന്ന് പറഞ്ഞത്. സിംഹാസനത്തിൽ കയറി ആദരിക്കുന്നതിനു മുമ്പായിരിക്കും [illegible] സുജൂദും. [illegible] മാതാപിതാക്കളെക്കൊണ്ടു തന്നെ [illegible] ഉണ്ടാവാൻ ന്യായമില്ലെന്നും, മാതാപിതാക്കൾ [illegible] എന്നാൽ, അവർ സുജൂദു ചെയ്തതിനെക്കുറിച്ച് ഇതു എന്റെ [illegible] അല്ലെന്നും അവർ പറയുന്നു. [illegible] അല്ലാഹു [illegible] യൂസുഫ് (അ) പറ സ്വപ്നത്തിന്റെ പുലർച്ചയാണെന്നും, അത് [illegible] കൂടുതൽ ശക്തവും യുക്തവുമായി കാണുന്നത്. [illegible] സ്ഥിതിക്ക് ഒന്നാമത്തെ അഭിപ്രായമാണ് കൂടുതൽ ശക്തവും യുക്തവുമായി കാണുന്നത്.

അനന്തരം യൂസുഫ് (അ) ഇങ്ങിനെ പ്രാർത്ഥിക്കുകയായി:—

101. 'എന്റെ റബ്ബേ! നീ എനിക്കു രാജാധികാരത്തിൽ നിന്നും (കുറെയൊക്കെ) നൽകിയിട്ടുണ്ട്; വർത്തമാനങ്ങളുടെ വ്യാഖ്യാനത്തിൽനിന്നും (കുറെയെല്ലാം) നീ എനിക്കു പഠിപ്പിച്ചു തരുകയും ചെയ്തിരിക്കുന്നു. ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടികർത്താവേ! നീ, ഇഹത്തിലും, പരത്തിലും എന്റെ രക്ഷാധികാരിയാകുന്നു. എന്നെ നീ മുസ്‌ലിമായി [കീഴൊതുക്കമുള്ളവനായി] മരിപ്പിക്കേണമേ! എന്നെ സജ്ജനങ്ങളിൽ ചേർക്കുകയും ചെയ്യേണമേ!'

رَبِّ قَدْ آتَيْتَنِي مِنَ الْمُلْكِ وَعَلَّمْتَنِي مِن تَأْوِيلِ الْأَحَادِيثِ ۚ
فَاطِرَ السَّمَاوَاتِ وَالْأَرْضِ
أَنتَ وَلِيِّي فِي الدُّنْيَا وَالْآخِرَةِ ۖ
تَوَفَّنِي مُسْلِمًا وَأَلْحِقْنِي بِالصَّالِحِينَ ○

---

101. رب എന്റെ റബ്ബേ قد آتيتني നീ എനിക്ക നൽകിയിട്ടുണ്ട് من الملك രാജാധികാരത്തിൽനിന്ന് وعلمتني എനിക്കു നീ പഠിപ്പിക്കുകയും ചെയ്തു من تأويل വ്യാഖ്യാനത്തിൽ നിന്നു الأحاديث വർത്തമാനങ്ങളുടെ فاطر സൃഷ്ടിച്ചുണ്ടാക്കിയവനേ السماوات ആകാശങ്ങളെ والأرض ഭൂമിയെയും أنت നീ وليي എന്റെ രക്ഷാധികാരി (കൈകാര്യകർത്താവ്) ആകുന്നു في الدنيا ഇഹത്തിൽ والآخرة പരലോകത്തിലും توفني എന്നെ നീ പൂർണ്ണമായെടുക്കേണമേ (മരിപ്പിക്കേണമേ) مسلما മുസ്‌ലിമായിക്കൊണ്ടു وألحقني എന്നെ ചേർക്കുകയും ചെയ്യേണമേ بالصالحين സജ്ജനങ്ങളോടു, സദ്വൃത്തരിൽ

രാജാധികാരം കൊണ്ടുദ്ദേശ്യം ഈജിപ്തിൽ അദ്ദേഹത്തിനു ഭരണകാര്യങ്ങളിൽ ലഭിച്ച നേതൃത്വം തന്നെ. കിരീടധാരിയായ ഒരു ഫറോവ (ഫിർഔൻ) രാജാവുണ്ടായിരുന്നെങ്കിലും ഈജിപ്തിലെ ഭരണം മിക്കവാറും നടന്നിരുന്നത് യൂസുഫ് (അ) നബിയുടെ കൈക്കായിരുന്നു. വർത്തമാനങ്ങളുടെ വ്യാഖ്യാനം എന്നു പറഞ്ഞതിൽ സ്വപ്നവൃത്താന്തം തുടങ്ങിയ എല്ലാ വാർത്തകളുടെയും വ്യാഖ്യാനവും ഉൾപ്പെടുന്നു. ഇഹത്തിൽ വെച്ചു അല്ലാഹു തനിക്ക് നൽകിയ നിസ്തുലമായ ഈ അനുഗ്രഹങ്ങളെ എടുത്തു പറഞ്ഞു നന്ദി പ്രകാശിപ്പിച്ചുകൊണ്ട് അതുപോലെ തന്റെ പരലോക ജീവിതവും അനുഗൃഹീതമാക്കിത്തരേണമെന്ന് അദ്ദേഹം അല്ലാഹുവിനോട് പ്രാർത്ഥിക്കുകയാണ്. പരലോകജീവിതം അനുഗൃഹീതമായിരിക്കണമെങ്കിൽ, കാലഗതി പ്രാപിക്കുമ്പോൾ മുസ്‌ലിമായിരിക്കുകയും, സജ്ജനങ്ങളിൽ ഉൾപ്പെടുകയും വേണ്ടതുണ്ട്. ഈ രണ്ട് കാര്യവും സിദ്ധിക്കുകയാണ് ഒരു മനുഷ്യനു ലഭിക്കുന്ന ഏറ്റവും വലിയ നേട്ടം. ഇബ്രാഹീം(അ) നബിയെപ്പറ്റി അദ്ദേഹം ഋജുമാനസനായ ഒരു മുസ്‌ലിമായിരുന്നു (3:67) എന്നും, അദ്ദേഹം പരലോകത്തു സജ്ജനങ്ങളിൽ പെട്ടവനാണ് (29:27) എന്നും പ്രശംസിച്ചു പറഞ്ഞിരിക്കുന്നതും അതുകൊണ്ടാകുന്നു. അതുകൊണ്ടുതന്നെയാണ് യൂസുഫ് (അ) നബിയും ആ രണ്ടുകാര്യങ്ങൾക്കും പ്രാർത്ഥനയിൽ പ്രത്യേകം അപേക്ഷിച്ചതു.

نحن نقص عليك أحسن القصص (നിനക്കു വളരെ നല്ല ഒരു കഥ വിവരിച്ചു തരുന്നു) എന്നു പറഞ്ഞുകൊണ്ടായിരുന്നു ഈ സംഭവബഹുലമായ ചരിത്രം അല്ലാഹു വിവരിക്കുവാൻ തുടങ്ങിയത്. സൂറത്തിന്റെ ആരംഭം മുതൽ ക്രമമായി വിവരിക്കപ്പെട്ട ആ സംഭവങ്ങളെ ചൂണ്ടിക്കൊണ്ടു അല്ലാഹു പറയുന്നു:—

102. അതു, അദൃശ്യ വാർത്തകളിൽ പെട്ടതാകുന്നു; അതു, നാം നിനക്കു വഹ്‌യു [ദിവ്യസന്ദേശം] നൽകുകയാണ്. അവർ [യൂസുഫിന്റെ സഹോദരൻമാർ] കുതന്ത്രം പ്രയോഗിച്ചുകൊണ്ട് തങ്ങളുടെ (ഉദ്ദിഷ്ട) കാര്യം യോജിച്ചുറപ്പിച്ചപ്പോൾ, അവരുടെ അടുക്കൽ നീ ഉണ്ടായിരുന്നില്ലല്ലോ.

ذَٰلِكَ مِنْ أَنبَاءِ الْغَيْبِ
نُوحِيهِ إِلَيْكَ ۖ
وَمَا كُنتَ لَدَيْهِمْ
إِذْ أَجْمَعُوا أَمْرَهُمْ وَهُمْ يَمْكُرُونَ ○

١٠٣ وَمَآ أَكْثَرُ ٱلنَّاسِ وَلَوْ حَرَصْتَ بِمُؤْمِنِينَ ۝

103. മനുഷ്യരിൽ അധികമാളും – നീ അതിയായി മോഹിച്ചിരുന്നാലും – സത്യവിശ്വാസികളല്ല.

١٠٤ وَمَا تَسْـَٔلُهُمْ عَلَيْهِ مِنْ أَجْرٍ ۚ إِنْ هُوَ إِلَّا ذِكْرٌ لِّلْعَٰلَمِينَ ۝

104. ഇതിന്റെപേരിൽ അവരോട് നീ യാതൊരു പ്രതിഫലവും ചോദിക്കുന്നില്ല.

ഇതു ലോകർക്കു (പൊതുവെ) വേണ്ടിയുള്ള ഒരു ഉൽബോധനമല്ലാതെ (മറ്റൊന്നും) അല്ല.

---

102. ذَٰلِكَ അതു مِنْ أَنۢبَآءِ വാർത്തകളിൽ പെട്ടതാണു ٱلْغَيْبِ അദൃശ്യത്തിന്റെ, മറഞ്ഞ نُوحِيهِ അതിനെ നാം വഹ്‌യു നൽകുന്നു إِلَيْكَ നിനക്ക് وَمَا كُنتَ നീ ഉണ്ടായിരുന്നില്ല, ആയിരുന്നില്ല لَدَيْهِمْ അവരുടെ അടുക്കൽ إِذْ أَجْمَعُوٓا۟ അവർ ഏകോപിച്ച (തീർച്ചപ്പെടുത്തിയ-ഉറപ്പിച്ച)പ്പോൾ أَمْرَهُمْ അവരുടെ കാര്യം وَهُمْ അവർ, അവരായുംകൊണ്ടു يَمْكُرُونَ അവർ കുതന്ത്രം പ്രയോഗിച്ചു (കൊണ്ടു) 103. وَمَآ أَكْثَرُ അധികമാളുകളല്ല ٱلنَّاسِ മനുഷ്യരിൽ وَلَوْ حَرَصْتَ നീ മോഹിച്ചാലും, നിനക്ക അത്യാഗ്രഹമുണ്ടായാലും بِمُؤْمِنِينَ സത്യവിശ്വാസികൾ 104. وَمَا تَسْـَٔلُهُمْ അവരോടു നീ ചോദിക്കുന്നുമില്ല عَلَيْهِ ഇതിന്റെ (അതിന്റെ) പേരിൽ مِنْ أَجْرٍ യാതൊരു പ്രതിഫലവും إِنْ هُوَ അതല്ല, ഇതല്ല إِلَّا ذِكْرٌ ഒരു ഉൽബോധനം, സ്മരണ (പ്രസ്താവന) അല്ലാതെ لِّلْعَٰلَمِينَ ലോകർക്കു, ലോകർക്കു വേണ്ടിയുള്ള

ഒരു ദൃക്‌സാക്ഷിയെപ്പോലെ, മേൽ വിവരിച്ച ദീർഘമായ ചരിത്ര സംഭവങ്ങളെ സവിശദം വസ്തുനിഷ്ഠമായി നബി(സ) തിരുമേനിക്കു വിവരിക്കുവാൻ കഴിഞ്ഞതു അതെല്ലാം അല്ലാഹു വഹ്‌യുമൂലം അറിയിച്ചുകൊടുത്തതു കൊണ്ടാകുന്നു. യൂസുഫ് (അ) നബിയെ കിണററിൽ ഇട്ടേക്കുക മുതലായ പരിപ്രയോഗങ്ങൾക്കു അദ്ദേഹത്തിന്റെ സഹോദരൻമാർ ഗൂഢാലോചന ചെയ്തു തീരുമാനിച്ചപ്പോഴൊന്നും നബി(സ) അവിടെ ഉണ്ടായിരുന്നില്ല. എന്നാലും അവിടെ ഹാജരുണ്ടായിരുന്നപോലെ ശരിക്കും അതെല്ലാം നബി(സ) വിവരിക്കുകയും ചെയ്യുന്നു. മുൻവേദഗ്രന്ഥങ്ങളിൽനിന്നോ മറ്റോ പഠിച്ചറിയുവാനും അവിടുത്തേക്കു കഴിഞ്ഞിട്ടില്ല. വൈരികൾക്കും അതിനെപ്പററി ഒരു വിവരവുമില്ല. അപ്പോൾ, നബി(സ)യെയും അവിടുത്തെ ജനതയെയും സംബന്ധിച്ചിടത്തോളം ഇതെല്ലാം അദൃശ്യ വിഷയം തന്നെ. ഖുർആൻ അല്ലാഹുവിങ്കൽ നിന്നുള്ളതാണെന്നുള്ളതിനു വ്യക്തമായ തെളിവാണല്ലോ ഇതും.

പ്രസ്തുത ഇതാണെങ്കിലും ജനങ്ങളിൽ അധിക ഭാഗവും ഖുർആനിൽ വിശ്വസിക്കുവാൻ കൂട്ടാക്കുന്നില്ല. എല്ലാവരും വിശ്വസിച്ചു കാണണമെന്നു നബി(സ)ക്കു അതിയായ ആഗ്രഹമുണ്ടെന്നതു ശരിതന്നെ. പക്ഷേ, അതു പ്രായോഗികമാകുന്നതല്ല. കാരണം, ലക്ഷ്യവും ദൃഷ്ടാന്തവും ഇല്ലാത്തതു കൊണ്ടല്ല—അത് സുവ്യക്തമാണ്—അവർ വിശ്വസിക്കാതിരിക്കുന്നത്; അധികമാളുകളും ഇങ്ങിനെയാണുതാനും. ഖുർആൻ പ്രബോധനം ചെയ്യുന്നതിന്റെ പേരിൽ നബി(സ) അവരോടു വല്ല പ്രതിഫലവും ആവശ്യപ്പെടുന്നുണ്ടെങ്കിൽ അവരുടെ നിഷേധത്തിനു അതൊരു ന്യായമായി എടുത്തു പറയാമായിരുന്നു. അതും ഇല്ല. അല്ലാഹുവിങ്കൽനിന്നു ലഭിക്കുന്ന സന്ദേശങ്ങൾ പ്രബോധനം ചെയ്യുകയേ നബി(സ) ചെയ്യേണ്ടതുള്ളു. എല്ലാ മനുഷ്യരുടെയും ഗുണത്തിനുപകരിക്കുന്ന ഉൽബോധനമായ ഒരു പ്രമാണമാണു ഈ ഖുർആൻ. വിശ്വസിക്കുന്നവർ വിശ്വസിച്ചുകൊള്ളട്ടെ, അല്ലാത്തവർ നിഷേധിച്ചുകൊള്ളട്ടെ. (إِنْ عَلَيْكَ إِلَّا ٱلْبَلَٰغُ) പ്രബോധനം ചെയ്യൽ മാത്രമേ നബി(സ)ക്കു കടമയുള്ളു. (فَذَكِّرْ إِنَّمَآ أَنتَ مُذَكِّرٌ) എന്നൊക്കെയാണ് തുടർന്നു പറയുന്നതിലടങ്ങിയ ആശയം.

'മനുഷ്യരിൽ അധികമാളുകളും വിശ്വസിക്കുന്നവരല്ല' എന്നുള്ള 103-ാം വചനത്തിലെ പ്രസ്താവന വളരെ പ്രധാനപ്പെട്ട ഒരു യാഥാർത്ഥ്യമാണു ചൂണ്ടിക്കാട്ടുന്നത്. ഭൂരിപക്ഷത്തിന്റെയോ, സമൂഹത്തിന്റെയോ അഭിപ്രായം, വാസ്തവത്തിൽ സത്യാസത്യങ്ങളും സനാതനതത്വങ്ങളും നിർണ്ണയിക്കുവാൻ പര്യാപ്തമല്ല. ... ശരിയായ അന്ധവിശ്വാസം, അനാചാരം മുതലായവ സത്യത്തിന്റെ മേൽ എപ്പോഴും ന്യൂനപക്ഷമായിരിക്കുമെന്നുള്ളതാണത്. ... ഇങ്ങിനെയൊക്കെ, എല്ലാവരും ഭൂരിപക്ഷത്തിന്റെ പിന്നിലാണെന്നും അനുഭവവും ചൂണ്ടിക്കാണിക്കുന്ന ഒരു സത്യമാണല്ലോ.

വിഭാഗം-12

105. എത്ര (എത്ര) ദൃഷ്ടാന്തങ്ങളാണ് ആകാശങ്ങളിലും ഭൂമിയിലുമുള്ളത്?! അവർ [മനുഷ്യർ] അവയിലൂടെ നടന്നു കൊണ്ടിരിക്കുന്നു; അവരാകട്ടെ, അവയെക്കുറിച്ച് (അവഗണിച്ചു) തിരിഞ്ഞുകളയുന്നവരുമാകുന്നു!

١٠٥- وَكَأَيِّن مِّنْ آيَةٍ فِي السَّمَاوَاتِ وَالْأَرْضِ يَمُرُّونَ عَلَيْهَا وَهُمْ عَنْهَا مُعْرِضُونَ ○

106. അവരിൽ അധികമാളുകളും അല്ലാഹുവിൽ വിശ്വസിക്കുന്നില്ല; അവർ (അവനോടു) പങ്കുചേർക്കുന്നവരായും കൊണ്ടല്ലാതെ.

١٠٦- وَمَا يُؤْمِنُ أَكْثَرُهُم بِاللَّهِ إِلَّا وَهُم مُّشْرِكُونَ ○

107. എന്നാൽ, അല്ലാഹുവിന്റെ ശിക്ഷയിൽനിന്നും മൂടിക്കളയുന്ന വല്ല സംഭവവും അവർക്കു വന്നെത്തുന്നതിനെക്കുറിച്ച് അവർ (സമാധാനിച്ച്) നിർഭയരായിരിക്കുകയാണോ?! അല്ലെങ്കിൽ, അവർ അറിയാത്തവിധം പെട്ടെന്ന് അന്ത്യസമയം അവർക്കു വന്നെത്തുന്നതിനെക്കുറിച്ച്?!

١٠٧- أَفَأَمِنُوا أَن تَأْتِيَهُمْ غَاشِيَةٌ مِّنْ عَذَابِ اللَّهِ أَوْ تَأْتِيَهُمُ السَّاعَةُ بَغْتَةً وَهُمْ لَا يَشْعُرُونَ ○

---

105. وكأين എത്രയോ (എത്രയോ) ഉണ്ട് من آية ദൃഷ്ടാന്തമായിട്ടു, ദൃഷ്ടാന്തത്തിൽനിന്ന് في السماوات ആകാശങ്ങളിൽ والأرض ഭൂമിയിലും يمرون അവർ നടന്നുകൊണ്ടിരിക്കുന്നു, സഞ്ചരിക്കുന്നു عليها അതിലൂടെ, അവയുടെ അടുക്കലൂടെ وهم അവരാകട്ടെ, അവർ ആയിക്കൊണ്ടു عنها അവയെക്കുറിച്ചു, അവയിൽനിന്നും معرضون തിരിഞ്ഞുകളയുന്നവരാണു, അവഗണിക്കുന്നവർ 106. وما يؤمن വിശ്വസിക്കുന്നതല്ല أكثرهم അവരിലധികവും, അധികമാളും بالله അല്ലാഹുവിൽ إلا وهم അവരായിക്കൊണ്ടല്ലാതെ مشركون മുശ്‌രിക്കുകൾ, പങ്കുചേർക്കുന്നവർ 107. أفأمنوا എന്നാൽ (അപ്പോൾ) അവർ നിർഭയരായിരിക്കയോ, സമാധാനിച്ചിരിക്കയോ أن تأتيهم അവർക്കു വരുന്നതിനെ غاشية വല്ല മൂടുന്ന സംഭവവും (പൊതുആപത്തും) من عذاب ശിക്ഷയിൽനിന്നു الله അല്ലാഹുവിന്റെ أو تأتيهم അല്ലെങ്കിൽ അവർക്കുവരുന്നതിനെ الساعة അന്ത്യസമയം بغتة പെട്ടെന്ന്, യാദൃശ്ചികമായി وهم അവർ ആയിക്കൊണ്ടു (ആയിരിക്കുന്ന വിധത്തിൽ) لا يشعرون അവർ അറിയാതെ, ബോധപ്പെടാതെ

ഗൗരവമേറിയ ചില സംഗതികളാണു ഈ വചനങ്ങളിൽ അല്ലാഹു ചൂണ്ടിക്കാട്ടിയിരിക്കുന്നത്. (1) അല്ലാഹുവിന്റെ മഹിത മഹത്വങ്ങളും, അധികാരാവകാശങ്ങളും, കൈകാര്യ നിയന്ത്രണങ്ങളും ആദിയായവയും, അവയിലെല്ലാമുള്ള അവന്റെ ഏകത്വവും വിളിച്ചോതുന്ന എത്രയോ ദൃഷ്ടാന്തങ്ങൾ ഈ ആകാശ ഭൂമികളിൽ നിലവിലുണ്ടു. മനുഷ്യർ നിത്യവും അവ കണ്ടും അനുഭവിച്ചും പരിചയപ്പെട്ടും കൊണ്ടിരിക്കുന്നു. എന്നിട്ടും അവയെപ്പറ്റി ചിന്തിക്കുവാനോ, അവയിലടങ്ങിയ യുക്തിരഹസ്യങ്ങൾ മനസ്സിരുത്തുവാനോ, അവയിൽ നിന്നു ലഭിക്കുന്ന തെളിവുകൾ അംഗീകരിക്കുവാനോ കൂട്ടാക്കാതെ അവയെ അവഗണിച്ചു തള്ളുകയാണവർ ചെയ്യുന്നത്. അല്ലായിരുന്നുവെങ്കിൽ ആ ഇനം ദൃഷ്ടാന്തങ്ങൾ നിലവിലുള്ളപ്പോൾ അവർ നിഷേധികളും അവിശ്വാസികളുമാകുമായിരുന്നില്ല. (2) അല്ലാഹുവിൽ വിശ്വസിക്കുന്നവരിൽ തന്നെ അധികമാളുകളും–ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരുവിധത്തിൽ–ശിർക്ക് കലർത്തിപ്പോരുന്നവരാകുന്നു. അഥവാ ശിർക്കു കലരാത്ത ശുദ്ധമായ തൗഹീദിൽ വിശ്വസിക്കുന്നവർ കുറവായിരിക്കും.

മുസ്‌ലിം സമുദായത്തിലെ സ്ഥിതിതന്നെ ആലോചിച്ചു നോക്കുക! സമുദായമധ്യെ സ്ഥിര പ്രതിഷ്ഠിതങ്ങളായിത്തീർന്നിട്ടുള്ളവയും, കാലദേശാന്തരങ്ങളിൽ പുതുതായി രൂപം കൊണ്ടുവരുന്നവയുമായ എത്രയോ തരം ശിർക്കുകൾ നടമാടിക്കൊണ്ടിരിക്കുന്നു. അവയിലധികവും മതവിശ്വാസാചാരങ്ങളായി ഗണിക്കപ്പെട്ടുവരുകയും ചെയ്യുന്നു. അറിവില്ലാത്ത പാമര ജനങ്ങൾ അറിവില്ലായ്മകൊണ്ടോ, പാരമ്പര്യഗതമായ അനുകരണം നിമിത്തമോ അവയിൽ മുഴുകിപ്പോകുന്നതു സ്വാഭാവികമാകുന്നു. അവയെ നിഷ്കാസനം ചെയ്‌വാൻ ബാധ്യസ്ഥരായ പണ്ഡി

ന്മാരിൽ പോലും ഏതെങ്കിലും ന്യായവാദങ്ങളുടെ മറവിൽ–താൽപര്യപൂർവ്വം–അവയെ നിലനിറുത്തുവാൻ പരിശ്രമം നടത്തിക്കൊണ്ടിരിക്കുന്ന ഒരു വിഭാഗം എല്ലാ കാലത്തും ഉണ്ടെന്നുള്ളതാണു കൂടുതൽ ആപത്ത്. വിഗ്രഹങ്ങളെയോ ദേവീ ദേവൻമാരെയോ ആരാധിച്ചുവരുന്ന മുശ്‌രിക്കുകളെപോലും–മുൻകാലത്തുള്ളവരും ഇക്കാലത്തുള്ളവരുമെന്ന വ്യത്യാസം കൂടാതെ–അല്ലാഹുവിൽ വിശ്വാസമുള്ളവരാകുന്നു. അതായതു, ലോകസ്രഷ്ടാവും, ലോകത്തു നടക്കുന്ന കാര്യങ്ങളെ നിയന്ത്രിക്കുന്നവനുമായ ഒരു പരമാധികാരശക്തിയിൽ എല്ലാവരും വിശ്വസിക്കുന്നു. ആ ശക്തിയുടെ നാമത്തിലോ ഗുണഗണ സങ്കൽപങ്ങളിലോ വ്യത്യാസം കണ്ടേക്കുമെന്നു മാത്രം. അതോടൊപ്പം തന്നെ, മറ്റുചില വസ്തുക്കളെ ദൈവങ്ങളായി സങ്കൽപ്പിക്കുകയും, തദ്സ്ഥാനത്തിൽ അല്ലാഹുവിനു മാത്രമായ അധികാരാവകാശങ്ങളിൽ അവയെ അവനോടു പങ്കു ചേർക്കുകയുമാണവർ ചെയ്യുന്നത്.

മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ, അല്ലാഹുവല്ലാത്ത ഒരു വസ്തുവെയും ഒരു മുസ്‌ലിം പ്രത്യക്ഷത്തിൽ ദൈവമായി അംഗീകരിക്കുകയില്ലെന്നതു ശരിയാണെങ്കിലും, അല്ലാഹുവിന്റെ അധികാരാവകാശങ്ങളിലും ഗുണഗണങ്ങളിലും മറ്റുചിലരെ അവനോടു പങ്കുചേർക്കുന്നതിൽനിന്നു മുക്തരാണവരും എന്നല്ല എന്നുള്ളതാണു വാസ്തവം. അല്ലാഹുവിന്റെ പ്രീതിയും പ്രതിഫലവും ലക്ഷ്യമാക്കാതെ സൃഷ്ടികളുടെ പ്രീതിക്കും സൽപേരിനും വേണ്ടി സൽകർമ്മങ്ങൾ ചെയ്യുക, അല്ലാഹുവല്ലാത്തവരുടെ നാമത്തിൽ സത്യം ചെയ്യുക, അല്ലാഹു അല്ലാത്തവർക്കുവേണ്ടി നേർച്ച നേരുക, പണ്ഡിത പുരോഹിതൻമാരുടെ നിയമങ്ങളെ അംഗീകൃത മതനിയമങ്ങളായി സ്വീകരിക്കുക, പുണ്യാത്മാക്കളെ വിളിച്ചു പ്രാർത്ഥിക്കുക, മന്ത്രവാദങ്ങളും ഉറുക്കു ഏലസ്സ് മുതലായവകളും ഉപയോഗപ്പെടുത്തുക, പ്രശ്നക്കാരോടും ജ്യോത്സ്യൻമാരോടും ചോദിക്കുക, കാര്യസാദ്ധ്യങ്ങൾക്കായി മഹാൻമാരുടെ ഖബ്ർ സ്ഥാനങ്ങളെ ആശ്രയിക്കുക മുതലായ പല കാര്യങ്ങളും ശിർക്കുകളിൽപ്പെട്ടതാണെന്നു ഖുർആന്റെ അദ്ധ്യാപനങ്ങളിൽനിന്നും നബിവചനങ്ങളിൽനിന്നും അറിയപ്പെട്ടിട്ടുള്ളതാണല്ലോ. എന്നിട്ടും മുസ്‌ലിം സമുദായമദ്ധ്യേ ഇത്തരം കാര്യങ്ങൾക്കുള്ള പ്രചാരവും സ്വീകാര്യതയും എത്രമാത്രമാണെന്ന് ആരോടും പ്രത്യേകം പറഞ്ഞറിയിക്കേണ്ടതില്ലല്ലോ. അല്ലാഹുവിൽ ശരണം!

ഇമാം അഹ്മദ് (റ) അബൂമൂസൽ അശ്അരീ (റ)യിൽനിന്ന് ഉദ്ധരിച്ച ഒരു ഹദീസിൽ ഇപ്രകാരം വന്നിരിക്കുന്നു: നബി (സ) ഒരു പ്രസംഗത്തിൽ പറഞ്ഞു: 'മനുഷ്യരേ, നിങ്ങൾ ഈ ശിർക്കിനെ സൂക്ഷിക്കുവിൻ. കാരണം, അതു ഉറുമ്പു അരിച്ചുവരുന്നതിനെക്കാൾ ഗൂഢമായി വന്നുചേരുന്നതാണ്'. ഇതുകേട്ടപ്പോൾ ഒരാൾ ചോദിച്ചു: 'അങ്ങിനെയാണെങ്കിൽ ഞങ്ങൾ അതെങ്ങിനെ സൂക്ഷിക്കും?' തിരുമേനി പറഞ്ഞു: 'നിങ്ങൾ ഇങ്ങിനെ പറയുവിൻ (പ്രാർത്ഥിക്കുവിൻ): അല്ലാഹുവേ, ഞങ്ങൾക്കു അറിയാവുന്ന വല്ലതിനെയും നിന്നോടു ഞങ്ങൾ പങ്കുചേർക്കുന്നതിനെക്കുറിച്ചു ഞങ്ങൾ നിന്നോടു ശരണം തേടുന്നു. ഞങ്ങൾക്കു അറിയാത്തതിനെക്കുറിച്ചു ഞങ്ങൾ നിന്നോടു പൊറുക്കുവാനപേക്ഷിക്കുകയും ചെയ്യുന്നു.' (اللهم إنا نعوذ بك من أن نشرك بك شيئا نعلمه ونستغفرك لما لا نعلمه) ഈ ഹദീസിനെ ഉദ്ധരിച്ചശേഷം അഹ്മദ് (റ) മാത്രമല്ല, മറ്റു ചില ഹദീസു പണ്ഡിതൻമാരും വേറെ മാർഗ്ഗങ്ങളിൽകൂടി ഉദ്ധരിച്ചിട്ടുണ്ട്. പ്രസ്തുത ചോദ്യകർത്താവു അബൂബക്ർ (റ) ആയിരുന്നുവെന്നും ചിലതിൽ വ്യക്തമാക്കപ്പെട്ടിട്ടുള്ളതാണ്. പ്രസ്തുത ചോദ്യകർത്താവു അബൂബക്കർ (റ) ആയിരുന്നുവെന്നും ചിലതിൽ വ്യക്തമാക്കപ്പെട്ടിട്ടുള്ളതാണ്. വളരെ നിഗൂഢമായ മാർഗ്ഗങ്ങളിൽകൂടി മനുഷ്യർ അറിയാതെതന്നെ ശിർക്ക് അവരിൽ കടന്നുകൂടുമെന്നും, അതിനെക്കുറിച്ചു അവൻ സദാ ജാഗരൂകനായിരിക്കേണ്ടതുണ്ടെന്നുമാണ് നബി (സ) ഈ വചനം മൂലം മുസ്‌ലിംകളെ ഉൽബോധിപ്പിക്കുന്നത്.

107-ാം വചനത്തിൽ ശിർക്കു പ്രവർത്തിക്കുന്നവർക്കു കനത്ത ഒരു താക്കീതാണുള്ളത്. അവർക്കു തടുക്കുവാൻ കഴിയാത്ത വമ്പിച്ച വല്ല ശിക്ഷയും ബാധിക്കുകയോ, ഓർക്കാപ്പുറത്തു ലോകാവസാനഘട്ടം വന്നു അവർ അല്ലാഹുവിന്റെ മുമ്പിൽ ഹാജറാക്കപ്പെടുകയോ ചെയ്യുകയില്ലെന്നു അവർ കരുതിയിരിക്കേണ്ട, അങ്ങിനെ വല്ലതും സംഭവിക്കാതെ അവർക്കു രക്ഷപ്പെടാമെന്നും അവർ കരുതിയിരിക്കേണ്ട എന്നു സാരം. എല്ലാതരം ശിർക്കുകളിൽനിന്നും അല്ലാഹു നമ്മെ കാത്തുരക്ഷിക്കട്ടെ. ആമീൻ

108. (നബിയേ) പറയുക: 'ഇതാ എന്റെ മാർഗ്ഗം: ഞാൻ അല്ലാഹുവിലേക്കു ക്ഷണിച്ചു കൊണ്ടിരിക്കുന്നു– (ഉൾക്കാഴ്ച നൽകുന്ന) തെളിവോടെ (തന്നെ);

١٠٨ - قُلْ هَٰذِهِ سَبِيلِي أَدْعُوا إِلَى اللَّهِ ۚ عَلَىٰ بَصِيرَةٍ

---

108. قُلْ പറയുക, هَٰذِهِ ഇതു, ഇതാ, ഇതത്രെ سَبِيلِي എന്റെ മാർഗ്ഗം, വഴി أَدْعُوا ഞാൻ ക്ഷണിക്കുന്നു, വിളിക്കുന്നു إِلَى اللَّهِ അല്ലാഹുവിലേക്കു عَلَىٰ بَصِيرَةٍ (ഉൾക്കാഴ്ച നല്കുന്ന) തെളിവോടെ, തെളിവോടെയാണു

أَنَا وَمَنِ اتَّبَعَنِي وَسُبْحَانَ اللَّهِ وَمَا أَنَا مِنَ الْمُشْرِكِينَ ○

(ഞാനും) എന്നെ പിൻപറ്റിയവരും. (കാണിക്കുന്നു) അല്ലാഹു മഹാ പരിശുദ്ധനത്രെ! [അവനെ ഞാൻ വാഴ്ത്തുകയും ചെയ്യുന്നു] ഞാൻ മുശ്‌രിക്കുകളിൽ [പങ്കു ചേർക്കുന്നവരിൽ] പെട്ടവനല്ലതാനും.

ഞാൻ (ഞാനും) وَمَنِ اتَّبَعَنِي എന്നെ പിൻപറ്റിയവരും وَسُبْحَانَ اللَّهِ അല്ലാഹു പരിശുദ്ധനത്രെ, അല്ലാഹുവിനെ ഞാൻ വാഴ്ത്തുകയും ചെയ്യുന്നു وَمَا أَنَا ഞാനല്ല താനും مِنَ الْمُشْرِكِينَ ശിർക്ക (പങ്കുചേർക്കൽ) ചെയ്യുന്നവരിൽ (പെട്ടവൻ)

വ്യാകരണത്തിലൂടെ നോക്കുമ്പോൾ عَلَىٰ بَصِيرَةٍ എന്ന വാക്ക് മാറ്റിന്റെ തൊട്ടുമുമ്പുള്ള വാക്യത്തോടു ചേർന്നതും, [illegible] വാക്യത്തോടു ചേർന്നതും ആയിരിക്കുവാൻ സാധ്യതയുണ്ട്. പരിഭാഷയിൽ ആദ്യത്തെ സാധ്യത [illegible]ട്ടിരിക്കുന്നത്. രണ്ടാമത്തേതു പ്രകാരം '(ഉൾക്കാഴ്ച നൽകുന്ന) തെളിവോടുകൂടെയാണ് ഞാനും എന്നെ പിൻപറ്റിയവരും നിലകൊള്ളുന്നതു' എന്നും അർത്ഥം പറയാം. അന്ധമായ നിലക്കോ, വസ്തുനിഷ്ഠമല്ലാത്ത [illegible] ന്യായ–ശരിയും മനസ്സിലാക്കാവുന്ന തെളിവും രേഖയും മുമ്പിൽവെച്ചുകൊണ്ടു തന്നെ [illegible] എന്നിൽ വിശ്വസിച്ചു പിൻപറ്റിക്കൊണ്ടിരിക്കുന്ന സത്യവിശ്വാസികളും ഈ മാർഗ്ഗത്തിലേക്ക് ജനങ്ങളെ ക്ഷണിക്കുന്നത് എന്നു സാരം.

109. നാട്ടുകാരിൽനിന്നും നാം 'വഹ്‌യു' [ദിവ്യ സന്ദേശം] നൽകിയിരുന്ന ചില പുരുഷൻമാരെയല്ലാതെ, നിനക്കു മുമ്പു നാം (ആരെയും റസൂലായി) അയച്ചിട്ടില്ല.

وَمَا أَرْسَلْنَا مِن قَبْلِكَ إِلَّا رِجَالًا نُّوحِي إِلَيْهِم مِّنْ أَهْلِ الْقُرَىٰ

ഇവർ ഭൂമിയിലൂടെ സഞ്ചരിക്കുന്നില്ലേ?! അപ്പോൾ ഇവരുടെ മുമ്പുള്ളവരുടെ പര്യവസാനം എങ്ങിനെയാണുണ്ടായതെന്നു ഇവർക്കു നോക്കിക്കാണാമല്ലോ. സൂക്ഷ്മത പാലിച്ചവർക്ക് പരലോക ഭവനം തന്നെയാണ് ഉത്തമം. എന്നാൽ, നിങ്ങൾ ബുദ്ധി കൊടു(ത്തു ഗ്രഹി)ക്കുന്നില്ലേ?!

أَفَلَمْ يَسِيرُوا فِي الْأَرْضِ فَيَنظُرُوا كَيْفَ كَانَ عَاقِبَةُ الَّذِينَ مِن قَبْلِهِمْ وَلَدَارُ الْآخِرَةِ خَيْرٌ لِّلَّذِينَ اتَّقَوْا أَفَلَا تَعْقِلُونَ ○

---

109. وَمَا أَرْسَلْنَا നാം അയച്ചിട്ടില്ല مِن قَبْلِكَ നിന്റെ മുമ്പു إِلَّا رِجَالًا ചില പുരുഷൻമാരെയല്ലാതെ نُّوحِي നാം വഹ്‌യ് നൽകിക്കൊണ്ട് إِلَيْهِم അവർക്കു مِّنْ أَهْلِ ആളുകളിൽ നിന്നു الْقُرَىٰ രാജ്യങ്ങളിലെ أَفَلَمْ يَسِيرُوا അ(ഇ)വർ നടക്കുന്നില്ലേ, സഞ്ചരിച്ചിട്ടില്ലേ فِي الْأَرْضِ ഭൂമിയിൽ, ഭൂമിയിലൂടെ فَيَنظُرُوا അപ്പോൾ (എന്നാൽ) അവർക്കു നോക്കാം (കാണാമല്ലോ) كَيْفَ എങ്ങിനെ كَانَ ആയി, ഉണ്ടായി (എന്നു) عَاقِبَةُ പര്യവസാനം, കലാശം الَّذِينَ യാതൊരുവരുടെ مِن قَبْلِهِمْ അവരുടെ (ഇവരുടെ) മുമ്പുള്ള وَلَدَارُ ഭവനം (വീടു) തന്നെ الْآخِرَةِ പരലോകത്തെ, പരലോകമാകുന്ന خَيْرٌ ഉത്തമം, അധികം നല്ലതു لِّلَّذِينَ യാതൊരു കൂട്ടർക്ക് اتَّقَوْا സൂക്ഷിച്ചു, സൂക്ഷ്മത പാലിച്ച أَفَلَا تَعْقِلُونَ അപ്പോൾ നിങ്ങൾ ബുദ്ധി കൊടുക്ക(ഗ്രഹിക്ക)ന്നില്ലേ

അതതു രാജ്യക്കാരിൽപെട്ടവരും, പുരുഷൻമാരുമായ ആളുകളെ മാത്രമേ വഹ്‌യ് നൽകപ്പെട്ടുകൊണ്ടുള്ള റസൂലുകളായി നിയോഗിക്കുക പതിവുള്ളുവെന്നു അല്ലാഹു വ്യക്തമാക്കിയിരിക്കുന്നു. കേവലം പ്രദേശങ്ങളല്ലാത്ത–നഗരങ്ങളും പട്ടണങ്ങളും അടക്കമുള്ള–നാട്ടുകാരെക്കുറിച്ചു الْقُرَىٰ (രാജ്യങ്ങൾ) എന്നു പറയുന്നത്. സ്വാഭാവികമായും സ്വ

സ്കാരത്തിലും പെരുമാററത്തിലുമൊക്കെ അല്പം പാരുഷ്യവും ഇണക്കമില്ലായ്മയും ഉള്ളവരായിരിക്കും മരുഭൂവാസികൾ. അതുകൊണ്ടു മരുഭൂവാസികളായ ആളുകൾക്ക് ജനങ്ങളുമായി അടുത്തിടപെട്ടും കൂടിക്കലർന്നും പ്രബോധനകൃത്യം നിർവ്വഹിക്കുവാൻ വിഷമമുണ്ടായിരിക്കും. മലക്കുകളെ റസൂലുകളാക്കി നിയോഗിക്കുന്ന പക്ഷം, അവരുടെ പ്രകൃതി സ്വഭാവങ്ങളിൽ മാററം വരുത്തി മനുഷ്യരുടെ പ്രകൃതി സ്വഭാവം നൽകപ്പെടാത്ത കാലത്തോളം മലക്കും മനുഷ്യനും തമ്മിൽ നിത്യസമ്പർക്കം പുലർത്തുവാൻ നിവൃത്തിയില്ലതാനും. ഇനി, മലക്കിനു മനുഷ്യപ്രകൃതി നൽകപ്പെട്ടുവെന്നു സങ്കല്പിക്കുക. അപ്പോൾ മലക്ക് മലക്കല്ലാതായിത്തീരുകയും ചെയ്യുന്നു. സ്ത്രീകളാണെങ്കിൽ, പുരുഷൻമാരെ അപേക്ഷിച്ചു ദിവ്യദൌത്യം (രിസാലത്ത്) യഥാവിധി നിർവ്വഹിക്കുവാൻ കഴിയാതിരിക്കുമാറ് പ്രകൃത്യാ തന്നെ പല പോരായ്മകളും ഉള്ളവരാകുന്നു. നാട്ടുകാരിൽനിന്നുള്ള പുരുഷൻമാരെ മാത്രമേ റസൂലുകളായി നിയോഗിക്കപ്പെടാറുള്ളുവെന്നു പറയുവാൻ കാരണം ഇതൊക്കെയാകുന്നു.

'നുബുവ്വത്തു' (പ്രവാചകത്വ)മായി ബന്ധപ്പെട്ടുകൊണ്ടുള്ള 'രിസാലത്തി'നെ (ദിവ്യദൌത്യത്തെ) കുറിച്ചാണ് മേൽ പ്രസ്താവിച്ചത്. إِلَّا رِجَالًا نُّوحِي إِلَيْهِم (നാം വഹ്‌യ് നൽകുന്ന ചില പുരുഷൻമാരെയല്ലാതെ) എന്നു പറഞ്ഞത് ഈ വസ്തുതകളെയാണു സൂചിപ്പിക്കുന്നത്. പ്രവാചകത്വം നൽകപ്പെടാതെ ചിലപ്പോൾ മലക്കുകളും അല്ലാഹുവിന്റെ ദൂതൻമാരായി അയക്കപ്പെടാറുണ്ട്. അവർക്കും അറബിഭാഷയിൽ റസൂലുകൾ (رسل) എന്നു തന്നെയാണു പറയപ്പെടുക. അതുപോലെത്തന്നെ, മൂസാ (അ) നബിയുടെ മാതാവിനും, ഈസാ (അ) നബിയുടെ മാതാവിനും ലഭിച്ചതുപോലെയുള്ള ചില വെളിപ്പാടുകളും ദൈവിക സന്ദേശങ്ങളും സ്ത്രീകൾക്കും പ്രവാചകൻമാരല്ലാത്ത ആളുകൾക്കും ലഭിച്ചെന്നും വരാം. ഇവരൊന്നും അക്കാരണത്താൽ പ്രവാചകൻമാരാണെന്നോ, മേൽപറഞ്ഞ അർത്ഥത്തിലുള്ള റസൂലുകളാണെന്നോ വരുന്നില്ല. 'സ്വകാര്യസന്ദേശം നൽകുക, സ്വകാര്യമായി സംസാരിക്കുക, തോന്നിപ്പിക്കുക' എന്നിങ്ങിനെയുള്ള അർത്ഥങ്ങളിലെല്ലാം ഉപയോഗിക്കപ്പെടുന്ന വാക്കാണു 'വഹ്‌യ്' (وحى) തേനീച്ചക്കു അതിന്റെ വിശേഷമായ കൂടുണ്ടാക്കുവാൻ തോന്നിപ്പിച്ചു കൊടുത്തതിനെക്കുറിച്ചു പറഞ്ഞപ്പോൾ وَأَوْحَىٰ رَبُّكَ إِلَى النَّحْلِ (തേനീച്ചക്കു അവൻ വഹ്‌യ് നൽകി) എന്നു സൂ: നഹ്ൽ 68ൽ പ്രസ്താവിച്ചതു ഈ അർത്ഥത്തിലാകുന്നു. പ്രവാചകൻമാർക്ക് നൽകപ്പെടുന്ന സാങ്കേതികാർത്ഥത്തിലുള്ള വഹ്‌യിനെപ്പററി സൂ: ശൂറായിലെ 51-ാം വചനത്തിൽ അല്ലാഹു തന്നെ വിവരിച്ചിട്ടുള്ളതാണ്. (കൂടുതൽ വിവരത്തിന് ആ വചനവും അതിന്റെ വ്യാഖ്യാനവും കാണുക) ഈ വഹ്‌യാണു ഇവിടെ ഉദ്ദേശ്യം.

അങ്ങനെ-മേൽപ്രസ്താവിച്ച പ്രകാരം—മുമ്പു പല റസൂലുകളെയും അയച്ചിട്ടു അവരുടെ സമുദായങ്ങൾ വിശ്വസിക്കാതിരുന്നതു നിമിത്തം അവർക്ക് നേരിട്ട ശിക്ഷാനുഭവങ്ങളെപ്പററി ഇവർക്കു മനസ്സിലാക്കുവാൻ ഭൂമിയിലൂടെ അവർ സഞ്ചരിച്ചു നോക്കിയാൽമതി. ധാരാളം ദൃഷ്ടാന്തങ്ങൾ അവർക്കു കണ്ടെത്തുവാൻ കഴിയും. പക്ഷേ, ബുദ്ധി ഉപയോഗിച്ചു ചിന്തിക്കുവാനും, കാര്യം ഗ്രഹിക്കുവാനും തയ്യാറുണ്ടായിരിക്കണം എന്നൊക്കെയാണ് ഇവർ ന്ന് പറഞ്ഞതിന്റെ സാരം. എന്നാൽ, നബി (സ) തിരുമേനിയെ നിഷേധിച്ചതിന്റെ പേരിൽ ഇതുവരെയും തങ്ങൾക്കു ഒരു ശിക്ഷയും അനുഭവപ്പെട്ടിട്ടില്ലല്ലോ എന്നു മക്കാ മുശ്‌രിക്കുകൾക്കു തോന്നിയേക്കാം. ഇതിനുള്ള മറുപടി അടുത്ത വചനത്തിൽനിന്നു മനസ്സിലാക്കാം:-

حَتَّىٰٓ إِذَا ٱسْتَيْـَٔسَ ٱلرُّسُلُ وَظَنُّوٓا۟ أَنَّهُمْ قَدْ كُذِبُوا۟ جَآءَهُمْ نَصْرُنَا فَنُجِّىَ مَن نَّشَآءُ ۖ وَلَا يُرَدُّ بَأْسُنَا عَنِ ٱلْقَوْمِ ٱلْمُجْرِمِينَ ○ -١١٠

110. അങ്ങനെ, (അവസാനം) റസൂലുകൾ നിരാശയടയുകയും, തങ്ങളോടു കളവു പറയപ്പെട്ടുവെന്നു അവർ [ജനങ്ങൾ] കരുതുകയും ചെയ്തപ്പോൾ, അവർക്കു [റസൂലുകൾക്കു] നമ്മുടെ സഹായം വന്നു; അപ്പോൾ, നാം ഉദ്ദേശിച്ചിരുന്നവർ രക്ഷിക്കപ്പെട്ടു. നമ്മുടെ ശിക്ഷ കുററവാളികളായ ജനങ്ങളിൽനിന്നു തടുക്കപ്പെടുന്നതുമല്ല.

---

110. حَتَّىٰ (ഇതു) വരെ, അങ്ങനെ (അവസാനം) إِذَا اسْتَيْأَسَ നിരാശയടഞ്ഞപ്പോൾ الرُّسُلُ റസൂലുകൾ وَظَنُّوا അവർ കരുതുക (വിചാരിക്കുക-ധരിക്കുക)യും أَنَّهُمْ അവർ(ആകുന്നു) എന്നു قَدْ തീർച്ചയായും كُذِبُوا അവരോടു കളവു (വ്യാജം) പറയപ്പെട്ടു, അവർ കളവം (വ്യാജമാ)ക്കപ്പെട്ടു (വെന്നു) جَاءَهُمْ അവർക്ക വന്നു نَصْرُنَا നമ്മുടെ സഹായം فَنُجِّيَ അപ്പോൾ രക്ഷിക്കപ്പെട്ടു مَن نَّشَاءُ നാം ഉദ്ദേശിച്ചിരുന്നവർ وَلَا يُرَدُّ തട്ട(തടുക്ക—തിരിക്ക)പ്പെടുകയുമില്ല بَأْسُنَا നമ്മുടെ ശിക്ഷ, ബന്ധനം—ശൌര്യം الْمُجْرِمِينَ കുററവാളികളായ عَنِ الْقَوْمِ ജനങ്ങളിൽനിന്നു

റസൂലുകൾ നിരാശരായത് (استيأس الرسل) എന്ന് പറഞ്ഞതിന്റെ താൽപര്യം, ജനങ്ങൾ നിഷേധത്തിൽ ശഠിച്ചുനിന്നതുകൊണ്ട് അവർ വിശ്വസിക്കുമെന്ന പ്രതീക്ഷ അവർക്കു ഇല്ലാതായിത്തീർന്നു എന്നാകുന്നു. وظنوا أنهم قد كذبوا എന്ന രണ്ടാമത്തെ വാക്യത്തിൽ كُذِبُوا (കുദിബൂ – അവരോടു കളവു പറയപ്പെട്ടു) എന്നതിന്റെ സ്ഥാനത്തു كُذِّبُوا (കുദ്ദിബൂ – അവർ കളവാക്കപ്പെട്ടു) എന്നും വായനയുണ്ട്. ഈ വായനാ വ്യത്യാസത്തെയും, ഈ വാക്യത്തിലെ സർവ്വനാമങ്ങൾ (الضمائر) കൊണ്ടുള്ള വിവക്ഷകളെ നിർണ്ണയിക്കുന്നതിലുള്ള ഭിന്നാഭിപ്രായങ്ങളെയും അടിസ്ഥാനപ്പെടുത്തി ആ വാക്യത്തിനു ഒന്നിലധികം പ്രകാരത്തിൽ അർത്ഥവ്യാഖ്യാനം നൽകപ്പെടാറുണ്ട്. വിശദീകരണ വേളയിൽ അവ തമ്മിൽ പരസ്പരം വ്യത്യാസം തോന്നുമെങ്കിലും എല്ലാം ഒരേ ആശയത്തിലേക്കു തന്നെയാണ് അവസാനം കലാശിക്കുന്നതെന്നു അവ പരിശോധിക്കുമ്പോൾ കാണാവുന്നതാണ്. അവയിൽ കൂടുതൽ പ്രസക്തമായവ താഴെ പറയുന്നവയാകുന്നു:—

(1) പ്രവാചകൻമാർ തങ്ങളോടു പറഞ്ഞതെല്ലാം കളവാണെന്നു അവരുടെ ജനങ്ങൾ കരുതുകയും ചെയ്തു. ഇതാണു അധിക വ്യാഖ്യാതാക്കളും സ്വീകരിച്ചതും, ഇബ്നുജരീർ (റ) ശരിവെച്ചിരിക്കുന്നതും. ഇബ്നു അബ്ബാസ്, ഇബ്നു മസ്ഊദ്, സഈദുബ്നു ജുബൈർ, ളഹ്ഹാക്ക് (റ) മുതലായവരിൽനിന്നുള്ള പല നിവേദനങ്ങളും ഇതിനു തെളിവായി അദ്ദേഹം ഉദ്ധരിക്കുകയും മറ്റുള്ള അഭിപ്രായങ്ങളെ അദ്ദേഹം വിമർശിക്കുകയും ചെയ്തിരിക്കുന്നു. ഇബ്നു കഥീർ (റ)ന്റെ പക്ഷവും ഇതിലേക്കാണെന്നത്രെ മനസ്സിലാകുന്നത്. ഈ അഭിപ്രായപ്രകാരം ظنوا (അവർ കരുതി) എന്നു പറഞ്ഞതു ആ റസൂലുകളുടെ ജനങ്ങൾ കരുതി എന്ന ഉദ്ദേശ്യത്തിലായിരിക്കും. പരിഭാഷയിൽ ഈ അഭിപ്രായമാണു നാമും സ്വീകരിച്ചിരിക്കുന്നത്. (2) തങ്ങൾക്കു വിജയവും അവിശ്വാസികൾക്കു ശിക്ഷയും വേഗമങ്ങു ലഭിക്കുമെന്നു തങ്ങളുടെ മനസ്സുകൾ തങ്ങളോടു മന്ത്രിക്കുന്നതു കളവാണെന്നു–അഥവാ അതു ശരിയല്ലെന്നു–റസൂലുകൾക്കു മനസ്സിലായി. ഇതാണു ചിലർ സ്വീകരിച്ചു കാണുന്ന അർത്ഥവ്യാഖ്യാനം. ഇതനുസരിച്ചു ظنوا (അവർ) എന്നു പറഞ്ഞതു റസൂലുകൾ കരുതി എന്ന ഉദ്ദേശ്യത്തിലായിരിക്കും. ഈ രണ്ടഭിപ്രായവും كُذِبُوا (അവരോടു കളവു പറയപ്പെട്ടു) എന്ന വായനയെ അടിസ്ഥാനമാക്കിയുള്ളതാണ്. (3) തങ്ങൾ കളവാക്കപ്പെട്ടു–അഥവാ ജനങ്ങൾ നിഷേധത്തിൽ ഉറച്ചുകഴിഞ്ഞു–വെന്നു റസൂലുകൾ ഉറപ്പായി കരുതി. ഇതു كُذِّبُوا (അവർ കളവാക്കപ്പെട്ടു) എന്ന വായനയെ അടിസ്ഥാനമാക്കിയുള്ളതാകുന്നു.

ഈ വചനത്തിന്റെ മൊത്തത്തിലുള്ള ആശയം ഇങ്ങിനെ മനസ്സിലാക്കാവുന്നതാണ്: കഴിഞ്ഞ വചനത്തിൽ കണ്ടതുപോലെ, പല രാജ്യക്കാരിലും അവരിൽനിന്നുള്ള ചില പുരുഷൻമാരെ അല്ലാഹു റസൂലുകളാക്കി നിശ്ചയിച്ചു, വിശ്വസിച്ചവർക്കു രക്ഷയും, നിഷേധിച്ചവർക്കു ശിക്ഷയും അനുഭവപ്പെട്ടു. എന്നാൽ തങ്ങൾക്കു ശിക്ഷ വരികയോ, സത്യവിശ്വാസികൾക്കു രക്ഷ ലഭിക്കുകയോ ചെയ്യുന്നതായി കാണുന്നില്ലല്ലോ എന്നു ഈ മുശ്രിക്കുകൾ കരുതി സമാധാനിച്ചിരിക്കേണ്ടതില്ല. കഴിഞ്ഞുപോയ ആ പ്രവാചകൻമാരുടെ കാലത്തും സംഭവിച്ചതു ഇങ്ങിനെത്തന്നെയായിരുന്നു. അതായതു സത്യനിഷേധികൾ നിഷേധത്തിൽ ശഠിച്ചു നിൽക്കുക കാരണം അവർ വിശ്വസിച്ചേക്കുമെന്ന പ്രതീക്ഷ റസൂലുകൾക്കു ഇല്ലാതാകുകയും, അവരുടെ ശിക്ഷയും സത്യവിശ്വാസികളുടെ രക്ഷയും അനുഭവത്തിൽ വന്നുകാണാതെ മനസ്സു മുട്ടിക്കൊണ്ടിരിക്കുകയും ചെയ്യുന്ന ഘട്ടം എത്തുമ്പോഴാണു അതു സംഭവിക്കാറുള്ളത്. ഇല്ലാതെ, നിഷേധികൾ രംഗത്തു വരുമ്പോഴേക്കും അവർക്കു ശിക്ഷ അനുഭവപ്പെടുകയോ, റസൂലുകൾക്കും വിശ്വാസികൾക്കും ആദ്യം മുതൽക്കേ വിജയം കൈവരുകയോ ചെയ്യുന്ന പതിവു മുമ്പും ഉണ്ടായിട്ടില്ല. എന്തായാലും ശിക്ഷ വരുമ്പോൾ കുറ്റവാളികളായ നിഷേധികൾക്കു അതിൽനിന്നും ഒഴിവുകിട്ടുകയില്ലെന്നു തീർച്ചയാണ്.

നിങ്ങളുടെ കഴിഞ്ഞുപോയവരുടെ മാതിരി നിങ്ങൾക്കും സംഭവിക്കാതെ നിങ്ങൾക്കു സ്വർഗ്ഗത്തിൽ പ്രവേശിക്കാനാവുകയില്ലെന്നും, മുമ്പുള്ളവർക്കു കഷ്ടതകളും ബുദ്ധിമുട്ടുകളും ബാധിക്കുക ഉണ്ടായിട്ടുണ്ടെന്നും ഉണർത്തിയശേഷം, സൂ: ബഖ: 214ൽ അല്ലാഹു പറയുന്നു: ...وزلزلوا حتى يقول الرسول (റസൂലും അദ്ദേഹത്തോടൊപ്പം വിശ്വസിച്ചവരും എപ്പോഴായിരിക്കും അല്ലാഹുവിന്റെ സഹായം? എന്നു പറയുന്നതുവരെ അവർ കിടിലംകൊള്ളിക്കപ്പെടുകയും ചെയ്തു) അതുപോലെയുള്ള ആശയം ഉൾക്കൊള്ളുന്ന ഒരു വചനം തന്നെയാണിതും. ഈ സൂറത്തു അല്ലാഹു ഇങ്ങിനെ അവസാനിപ്പിക്കുന്നു:—

١١١- لَقَدْ كَانَ فِي قَصَصِهِمْ عِبْرَةٌ لِأُولِي الْأَلْبَابِ ۗ مَا كَانَ حَدِيثًا يُفْتَرَىٰ وَلَٰكِن تَصْدِيقَ الَّذِي بَيْنَ يَدَيْهِ وَتَفْصِيلَ كُلِّ شَيْءٍ وَهُدًى وَرَحْمَةً لِّقَوْمٍ يُؤْمِنُونَ ۝

111. തീർച്ചയായും, അവരുടെ [മേൽപ്രസ്താവിക്കപ്പെട്ടവരുടെ] കഥാ വിവരണത്തിൽ (സൽ) ബുദ്ധിമാന്മാർക്കു ഉറ്റാലോചിക്കുവാനുള്ളതു [ചിന്താപാഠം] ഉണ്ട്. ഇതു [ഖുർആൻ] കെട്ടിയുണ്ടാക്കപ്പെടുന്ന ഒരു വർത്തമാനമല്ല. എങ്കിലും, ഇതിന്റെ മുമ്പുള്ളതിന്റെ സത്യസാക്ഷീകരണവും, (ആവശ്യമായ) എല്ലാ കാര്യത്തിന്റെയും വിശദീകരണവുമത്രെ. വിശ്വസിക്കുന്ന ജനങ്ങൾക്കു മാർഗ്ഗദർശനവും കാരുണ്യവുമായും (അത്).

---

111. لَقَدْ كَانَ തീർച്ചയായും ഉണ്ടായിരിക്കുന്നു (ഉണ്ട്) فِي قَصَصِهِمْ അവരുടെ കഥാ വിവരണത്തിൽ, കഥനത്തിൽ عِبْرَةٌ ചിന്താപാഠം, ഉറ്റാലോചിക്കാനുള്ളതു لِأُولِي الْأَلْبَابِ ബുദ്ധിമാന്മാർക്ക്, സൽബുദ്ധികളുള്ളവർക്കു مَا كَانَ ഇതല്ല, അതായിട്ടില്ല حَدِيثًا ഒരു വർത്തമാനം, വിഷയം يُفْتَرَىٰ കെട്ടിയുണ്ടാക്ക(കെട്ടിച്ചമക്ക)പ്പെടുന്ന وَلَٰكِنْ എങ്കിലും, പക്ഷേ تَصْدِيقَ സത്യസാക്ഷീകരണമത്രെ, സത്യപ്പെടുത്തലാണു الَّذِي യാതൊന്നിന്റെ, യാതൊന്നിനെ بَيْنَ يَدَيْهِ ഇതി(അതി)ന്റെ മുമ്പിലുള്ള وَتَفْصِيلَ വിശദീകരണവും, വിസ്തരിക്കലും كُلِّ شَيْءٍ എല്ലാകാര്യത്തിന്റെയും وَهُدًى മാർഗ്ഗദർശനവും, വഴി കാട്ടലും وَرَحْمَةً കാരുണ്യവും لِقَوْمٍ ഒരു ജനതക്കു, ജനങ്ങൾക്കു يُؤْمِنُونَ വിശ്വസിക്കുന്ന

അല്ലാഹു ഖുർആനിൽ വിവരിച്ചുതന്ന ചരിത്ര സംഭവങ്ങളിൽനിന്നു പാഠം പഠിച്ച് ഉറ്റാലോചിക്കുകയും, ഖുർആന്റെ മാർഗ്ഗദർശനം യഥാവിധി സ്വീകരിക്കുക വഴി അവന്റെ കാരുണ്യത്തിനു അർഹരായിത്തീരുകയും ചെയ്യുന്ന ബുദ്ധിമാന്മാരായ സത്യവിശ്വാസികളിൽ അവൻ നമ്മെയെല്ലാം ഉൾപെടുത്തി അനുഗ്രഹിക്കട്ടെ. ആമീൻ.

والحمد لله اولا وآخرا وله المنة والفضل

[كان تمام تسويد التفسير لهذه السورة الكريمة صبح ليلة الأربعاء ثالث عشر [illegible] سنة ١٣٩٧ هـ الموافق ١٩٧٧/٩/٢٩ م

ومن تبيضه عقب المغرب ليلة الأربعاء ثاني ربيع الأول ١٣٩٩ هـ الموافق ١٩٧٩/٢/٢٧ م]

13. സൂറത്തുർ റഅ്ദ്

മദീനായിൽ അവതരിച്ചത് — വചനങ്ങൾ 43 — വിഭാഗം (റുകൂഅ്) 6

[മക്കായിൽ അവതരിച്ചതെന്നും പറയപ്പെട്ടിട്ടുണ്ട്]

കേവലാക്ഷരങ്ങൾകൊണ്ട് ആരംഭിക്കുന്ന സൂറത്തുകളിൽ ഒന്നാണിതും. ഈ അക്ഷരങ്ങളെപ്പററി സൂറത്തുൽ ബഖറയുടെ ആരംഭത്തിലും മററും മുമ്പു വിവരിച്ചിരിക്കുന്നു. പതിമൂന്നാം വചനത്തിൽ ഇടിയെ സംബന്ധിച്ചുള്ള പരാമർശം കാണാം. അതിൽനിന്നാണ് 'ഇടി' എന്നർത്ഥമായ الرعد ('റഅ്ദ്') എന്നു ഈ സൂറത്തിനു പേർ വന്നത്.

بِسْمِ اللَّهِ الرَّحْمَٰنِ الرَّحِيمِ

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

١- الٓمٓرٰ تِلْكَ آيَاتُ الْكِتَابِ
وَالَّذِي أُنزِلَ إِلَيْكَ مِن رَّبِّكَ الْحَقُّ
وَلَٰكِنَّ أَكْثَرَ النَّاسِ لَا يُؤْمِنُونَ ○

1. 'അലിഫ്-ലാം-മീം-റാ'. ഇവ (വേദ) ഗ്രന്ഥത്തിന്റെ 'ആയത്തു' [സൂക്തം]കളത്രെ. നിന്റെ റബ്ബിങ്കൽനിന്നു നിനക്കു അവതരിപ്പിക്കപ്പെട്ടിട്ടുള്ളത് യഥാർത്ഥവുമാകുന്നു. എങ്കിലും, മനുഷ്യരിൽ അധികപേരും (അതിൽ) വിശ്വസിക്കുന്നില്ല.

٢- اللَّهُ الَّذِي رَفَعَ السَّمَاوَاتِ بِغَيْرِ عَمَدٍ
تَرَوْنَهَا
ثُمَّ اسْتَوَىٰ عَلَى الْعَرْشِ
وَسَخَّرَ الشَّمْسَ وَالْقَمَرَ

2 അല്ലാഹുവത്രെ, നിങ്ങൾക്കു കാണാവുന്ന തൂണുകളൊന്നും കൂടാതെ ആകാശങ്ങളെ ഉയർത്തി (നിറുത്തി)യവൻ. പിന്നെ, അവൻ 'അർശി'ൽ [സിംഹാസനത്തിൽ] ആരോഹണം ചെയ്തിരിക്കുന്നു. സൂര്യനെയും, ചന്ദ്രനെയും അവൻ (നിയന്ത്രണ) വിധേയമാക്കുകയും ചെയ്തിരിക്കുന്നു;

എല്ലാം (തന്നെ) ഒരു നിർണ്ണയിക്കപ്പെട്ട അവധിവരേക്ക സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. അവൻ കാര്യം നിയന്ത്രിച്ചുകൊണ്ടിരിക്കുന്നു; ആയത്തു [ലക്ഷ്യദൃഷ്ടാന്തം] കൾ വിശദീകരിച്ചു തരുന്നു. (അതെ) നിങ്ങളുടെ റബ്ബിനെ കണ്ടുമുട്ടുന്നതിനെപ്പറ്റി നിങ്ങൾ ഉറപ്പു വിശ്വസിക്കുവാൻവേണ്ടി.

كُلٌّ يَجْرِي لِأَجَلٍ مُّسَمًّى ۚ يُدَبِّرُ الْأَمْرَ يُفَصِّلُ الْآيَاتِ لَعَلَّكُم بِلِقَاءِ رَبِّكُمْ تُوقِنُونَ ○

---

1. المر 'അലിഫ്, ലാം, മീം, റാ' تلك അവ (ഇവ) آيات ആയത്തുകളാണ് الكتاب (വേദ) ഗ്രന്ഥത്തിന്റെ والذي أنزل إليك നിനക്കു ഇറക്കപ്പെട്ടത് من ربك നിന്റെ റബ്ബിങ്കൽ നിന്ന് الحق യഥാർത്ഥമാണ് ولكن എങ്കിലും أكثر അധികവും الناس മനുഷ്യരിൽ لا يؤمنون വിശ്വസിക്കുന്നില്ല 2. الله الذي അല്ലാഹു യാതൊരുവനാകുന്നു رفع അവൻ ഉയർത്തി السماوات ആകാശങ്ങളെ بغير عمد തൂണും (തൂണുകളൊന്നും) കൂടാതെ ترونها നിങ്ങൾ കാണുന്ന, നിങ്ങളവയെ കാണുമാറുള്ള ثم استوى പിന്നെ അവൻ ആരോഹണം ചെയ്തു على العرش അർശിൻമേൽ, സിംഹാസനത്തിൽ وسخر അവൻ വിധേയമാക്കുക (കീഴ്പ്പെടുത്തുക)യും ചെയ്തു الشمس സൂര്യനെ والقمر ചന്ദ്രനെയും كل എല്ലാം يجري നടക്കും, സഞ്ചരിക്കുന്നു لأجل ഒരു അവധിവരെ (വരെ) مسمى നിർണ്ണയം ചെയ്യപ്പെട്ട يدبر അവൻ നിയന്ത്രിക്കുന്നു الأمر കാര്യത്തെ يفصل അവൻ വിശദീകരിക്കുന്നു, വിസ്തരിച്ചുകൊണ്ടു الآيات ദൃഷ്ടാന്ത(ലക്ഷ്യ)ങ്ങളെ لعلكم നിങ്ങളാകുവാൻ വേണ്ടി, ആയേക്കാം بلقاء കാണുന്ന (കണ്ടുമുട്ടുന്ന)തിനെപ്പറ്റി ربكم നിങ്ങളുടെ റബ്ബിനെ توقنون നിങ്ങൾ ഉറപ്പിക്കുക, ഉറപ്പായി വിശ്വസിക്കുക

'നിങ്ങൾക്കു കാണാവുന്ന തൂണുകൾ കൂടാതെ ആകാശങ്ങളെ ഉയർത്തിയിരിക്കുന്നു' (رفع السماوات بغير عمد ترونها) എന്നു പറഞ്ഞതിൽനിന്നു മനുഷ്യർക്കു കാണാവുന്നതല്ലാത്ത ഏതെങ്കിലും തൂണുകൾ ആകാശങ്ങൾക്കു ഉണ്ടായിരിക്കാമെന്നു വരുന്നു. അതെ, അല്ലാഹുവിന്റെ മഹത്തായ കഴിവ് (قدرة) തന്നെ അതു. [illegible] അതിനു ആകർഷണശക്തി എന്നു പറയപ്പെടുന്നുവെങ്കിലും ആകർഷണശക്തിയുടെ [illegible] എന്താണ്, അതെവിടെനിന്നു വന്നുവെന്നോ പറയുവാൻ ശാസ്ത്രത്തിനു കഴിവില്ല. [illegible] അതിന്റെ സ്ഥാനം തെറ്റാതെയും, ചിന്നിച്ചിതറാതെയും നിലകൊള്ളുന്നതിനു ആകർഷണശക്തി എന്നൊരു പേർ നൽകി തൃപ്തിപ്പെടുക മാത്രമാണു ശാസ്ത്രം വാസ്തവത്തിൽ ചെയ്യുന്നത്. عمد (തൂണുകൾ) എന്നതിന്റെ വിശേഷണമായിക്കൊണ്ടാണു ترونها (നിങ്ങൾ കാണുന്ന) എന്ന ക്രിയ നിലകൊള്ളുന്നതെന്ന നിലക്കാണ് മുകളിൽ നാം സ്വീകരിച്ച അർത്ഥവ്യാഖ്യാനം. വ്യാകരണപരമായി നോക്കുമ്പോൾ അതു അതിന്റെ വിശേഷണം (صفة) അല്ലാതെ വേറൊരു വാക്യമായും വരാം. അപ്പോൾ അതിന്റെ മുമ്പത്തെ വാക്യത്തിനു 'യാതൊരു തൂണുകളുംകൂടാതെ ആകാശങ്ങളെ ഉയർത്തിയവനത്രെ അല്ലാഹു' എന്നും ترونها എന്ന വാക്യത്തിനു 'നിങ്ങൾ അവയെ—അഥവാ ആകാശങ്ങളെ (തൂണുകൂടാതെ) കണ്ടുകൊണ്ടിരിക്കുന്നു' എന്നും അർത്ഥമായിരിക്കും. രണ്ടായാലും ആശയത്തിൽ വ്യത്യാസമില്ലതാനും. ഉപരിലോകത്തു സ്ഥിതി ചെയ്യുന്ന എല്ലാ ഗ്രഹങ്ങളും നക്ഷത്രങ്ങളും ഒന്നോടൊന്നു അതാതിനു നിശ്ചയിക്കപ്പെട്ട സ്ഥാനങ്ങളിൽനിന്നും, സഞ്ചാരമാർഗ്ഗങ്ങളിൽനിന്നും തെറ്റാതെ നിലകൊള്ളുന്നു. ഈ വ്യവസ്ഥക്ക് അല്ലാഹു ഒരു അവധിയും നിശ്ചയിച്ചുവെച്ചിട്ടുണ്ട്. ആ അവധി എത്തുമ്പോൾ ഈ വ്യവസ്ഥമാറി മറ്റൊരു വ്യവസ്ഥ നടപ്പിൽ വരുന്നു. 'എല്ലാം ഒരു നിർണ്ണയിക്കപ്പെട്ട അവധിവരെ സഞ്ചരിക്കുന്നു' വെന്നു പറഞ്ഞതു ഇതിനെപ്പറ്റിയാകുന്നു.

അല്ലാഹു അർശിൽ ആരോഹണം ചെയ്തു (ثم استوى على العرش) എന്നതിനെപ്പറ്റി സൂ: അഅ്റാഫ് 54, യൂനുസു 3; സജദ 4; ഹദീദ് 4 മുതലായ സ്ഥലങ്ങളിൽ വിവരിച്ചിട്ടുള്ളതു ഇവിടെയും ഓർക്കുക. അല്ലാഹുവിന്റെ സിംഹാസനാരോഹണത്തെ സംബന്ധിച്ചു [illegible] നമുക്കു സാധ്യമല്ലെങ്കിലും, ചെറുതും വലുതുമായ അഖിലാണ്ഡ കാര്യങ്ങളെല്ലാം അവന്റെ അധികാരത്തിലും നിയന്ത്രണത്തിലും മാത്രമാണു നടക്കുന്നതെന്ന ആശയമാണു അതിൽ അടങ്ങിയിരിക്കുന്നത്. തുടർന്നുള്ള വാക്യങ്ങളിൽനിന്നു തന്നെ ഇതു വ്യക്തമാകുകയും ചെയ്യുന്നു. ഈ വചനത്തിലും, തുടർന്നുള്ള വചനങ്ങളിലുമായി വിവരിക്കപ്പെടുന്ന നിത്യസ

ത്യങ്ങളായ ദൃഷ്ടാന്തങ്ങളെ മനുഷ്യരാകുന്ന നിങ്ങൾക്കു വിവരിച്ചു തരുന്നതു മരണാനന്തരം നിങ്ങൾ അല്ലാഹുവിനെ കണ്ടുമുട്ടേണ്ടിവരുമെന്നും, നിങ്ങൾക്കു സമാധാനം ബോധിക്കുവാനാണെന്നും, നിങ്ങൾ മനസ്സിലാക്കി ഉറപ്പിക്കുവാൻ വേണ്ടിയാകുന്നുവെന്നത്രെ അവസാനത്തെ വാക്യം ഓർമിപ്പിക്കുന്നത്.

3. അവനത്രെ, ഭൂമിയെ വിശാലപ്പെടുത്തുകയും, അതിൽ ഉറച്ചുനിൽക്കുന്ന മലകളെയും നദികളെയും ഉണ്ടാക്കുകയും ചെയ്തവനും.

എല്ലാ ഫലവർഗ്ഗങ്ങളിൽനിന്നും തന്നെ, അതിൽ അവൻ ഈരണ്ടു ഇണകളെ ഏർപ്പെടുത്തുകയും ചെയ്തിരിക്കുന്നു. രാത്രിയെ അവൻ പകലിനു മൂടിയിടുന്നു.

നിശ്ചയമായും, അതിൽ (ഒക്കെയും) ചിന്തിക്കുന്ന ജനങ്ങൾക്ക പല ദൃഷ്ടാന്തങ്ങളുണ്ട്.

٣- وَهُوَ الَّذِي مَدَّ الْأَرْضَ وَجَعَلَ فِيهَا رَوَاسِيَ وَأَنْهَارًا
وَمِن كُلِّ الثَّمَرَاتِ جَعَلَ فِيهَا زَوْجَيْنِ اثْنَيْنِ يُغْشِي اللَّيْلَ النَّهَارَ
إِنَّ فِي ذَٰلِكَ لَآيَاتٍ لِّقَوْمٍ يَتَفَكَّرُونَ

4. ഭൂമിയിൽ (തന്നെ) പരസ്പരം സമീപപ്പെട്ടു നിലകൊള്ളുന്ന പല (തരം) ഖണ്ഡങ്ങളും, മുന്തിരികളുടേതായ പല (തരം) തോട്ടങ്ങളും, കൃഷികളുമുണ്ട്; ഇണച്ചുള്ളവയും, ഇണച്ചുള്ളതല്ലാത്തതുമായ ഈത്തപ്പനകളും (ഉണ്ട്). ഒരേ വെള്ളം കൊണ്ടു അതിനു നനക്കപ്പെടുന്ന(എന്നിട്ടും). അവയിൽ ചിലതിനെ ചിലതിനേക്കാൾ തീറ്റയിൽ നാം ശ്രേഷ്ഠമാക്കുന്നു.

നിശ്ചയമായും, അതിൽ (ഒക്കെയും) ബുദ്ധി കൊടു(ത്തു ഗ്രഹി)ക്കുന്ന ജനങ്ങൾക്ക പല ദൃഷ്ടാന്തങ്ങളുമുണ്ട്.

٤- وَفِي الْأَرْضِ قِطَعٌ مُّتَجَاوِرَاتٌ وَجَنَّاتٌ مِّنْ أَعْنَابٍ وَزَرْعٌ وَنَخِيلٌ صِنْوَانٌ وَغَيْرُ صِنْوَانٍ
يُسْقَىٰ بِمَاءٍ وَاحِدٍ
وَنُفَضِّلُ بَعْضَهَا عَلَىٰ بَعْضٍ فِي الْأُكُلِ
إِنَّ فِي ذَٰلِكَ لَآيَاتٍ لِّقَوْمٍ يَعْقِلُونَ

---

3. وهو الذي അവൻ യാതൊരുവനുമത്രേ, അവൻ തന്നെ യാതൊരുവൻ مد الارض അവൻ ഭൂമിയെ നീട്ടി (വിശാലപ്പെടുത്തി), പരപ്പുവിട്ടു وجعل فيها അതിൽ ആക്കുക (ഉണ്ടാക്കുക)യും رواسي ഉറച്ചു നിൽക്കുന്ന (നങ്കൂരമിട്ടു നിൽക്കുന്നവയെ (മലകളെ) وانهارا നദി (പുഴ) കളെയും ومن كل എല്ലാറ്റിൽ നിന്നും الثمرات ഫലവർഗ്ഗങ്ങളിലെ جعل فيها അതിലവൻ ആക്കി(ഉണ്ടാക്കി)യിരിക്കുന്നു زوجين രണ്ടു ഇണകളെ اثنين രണ്ടു (വീതം), (ഈ) രണ്ടു يغشي അവൻ മൂടിയിടുന്നു الليل രാത്രിയെ النهار പകലിന്നു ان في ذلك നിശ്ചയമായും അതിലുണ്ട് لايات പല ദൃഷ്ടാന്തങ്ങൾ (തന്നെ) لقوم ഒരു ജനങ്ങൾക്ക يتفكرون ചിന്തിക്കുന്ന, ഉറ്റാലോചിക്കുന്ന 4. وفي الارض ഭൂമിയിലുണ്ട് قطع പല ഖണ്ഡങ്ങൾ متجاورات അന്യോന്യം അടുത്തു (ചേർന്നു) നിൽക്കുന്ന, അയൽപക്കത്തെയുള്ള وجنات തോട്ടങ്ങളും, തോപ്പുകളും من اعناب മുന്തിരികളാലുള്ള وزرع കൃഷിയും, കൃഷികളും ونخيل ഈത്തപ്പനയും, ഈത്തപ്പനകളും صنوان ഇണച്ചുകളുള്ള وغير صنوان ഇണച്ചുകളില്ലാത്തവയും يسقى അതു നനക്കപ്പെടുന്നു بماء واحد ഒരേ വെള്ളംകൊണ്ടു ونفضل നാം ശ്രേഷ്ഠമാക്കുക(മെച്ചപ്പെടുത്തുക)യും ചെയ്യുന്നു بعضها അവയിൽ ചിലതിനെ على بعض ചിലതിനെക്കാൾ في الاكل തീറ്റയിൽ, തീനിയിൽ, ഫലത്തിൽ ان في ذلك നിശ്ചയമായും അതിലുണ്ട് لايات പല ദൃഷ്ടാന്തങ്ങൾ തന്നെ لقوم ജനങ്ങൾക്ക يعقلون ബുദ്ധി കൊടുക്കുന്ന, ഗ്രഹിക്കുന്ന

ഉപരിലോകത്തെ തുടർന്നുകൊണ്ട് ഭൂമിയിൽ വ്യവസ്ഥപ്പെടുത്തി വെച്ചതിനെ ഓർമിപ്പിച്ചശേഷം, ഭൂമിയിൽ ഉപരിലോകങ്ങളെ തുടർന്നു ... ദൃഷ്ടാന്തങ്ങളെ അല്ലാഹു ഓർമിപ്പിക്കുന്നു. (1) ... മനുഷ്യൻ നിത്യേന അനുഭവിച്ചു കൊണ്ടിരിക്കുന്ന ഏതാനും ...

[illegible] ഭൂമി യഥാർത്ഥത്തിൽ ഒരു ഗോളാകൃതിയിലാണെങ്കിലും കാഴ്ചയിലും [illegible] നിരപ്പായി കാണുന്നു. അതിലെ നിവാസികൾക്കു അതു വിശാലമാകുന്നു. അതെല്ലാ [illegible] മനുഷ്യപരിധി നിർണ്ണയിക്കുവാൻ വേണ്ടതെന്ന വല്ലവർക്കും തോന്നി [illegible] ഭൂമിയുടെ വലുപ്പച്ചെറുപ്പങ്ങളോ, അതിന്റെ സ്രഷ്ടാവിന്റെ പെരുമാറ്റങ്ങളോ ആവു, [illegible] അതിലു മനുഷ്യരുടെയും കര്യസ്സയ നിയമപരിധികളുടെയും പല [illegible] ظَهَرَ الْفَسَادُ فِي الْبَرِّ وَالْبَحْرِ بِمَا كَسَبَتْ أَيْدِي النَّاسِ (കരയിലും കടലിലും മനുഷ്യരുടെ കരങ്ങൾ ചെയ്തുവെ [illegible] കുഴപ്പം വെളിപ്പെട്ടിരിക്കുന്നു. (30:41) (2) ഭൂമിക്ക് ഇളക്കവും ചരിവും ബാധിക്കാതെ ഉറച്ചു [illegible] അതിന്റെ ഘനം ഭാരിപ്പെടുത്തി നിറുത്തുന്നതിന് വമ്പിച്ച മലകളെ സ്ഥാപിച്ചത്. (3) മുകളിലെ [illegible] കരയിൽ ഒഴുകാതെവരുന്ന വെള്ളം സമുദ്രത്തിലേക്കു ഒഴുകിവിടു [illegible] നദികളെ ഏർപ്പെടുത്തിയത്.

(4) വിവിധതരം ഫലവർഗ്ഗങ്ങളെ ഉൽപാദിപ്പിക്കുകയും, എല്ലാറ്റിലും ഈ രണ്ടുവിതം ഇണകളെ ഏർപ്പെടു [illegible] ചെയ്തത്. നാടൻ—കാടൻ, വലുത്—ചെറുത്, വെളുപ്പ്—ചുവപ്പ്, മധുരം—പുളി, മുന്തിയത്—താണത്, ആൺവർഗ്ഗം—പെൺവർഗ്ഗം എന്നിങ്ങനെ ഏതെങ്കിലും ഈ രണ്ടു വകുപ്പുകളില്ലാത്ത ഫലവർഗ്ഗങ്ങൾ കാണപ്പെടു [illegible]. സസ്യങ്ങളടക്കം എല്ലാ വസ്തുക്കളിലും രണ്ടു ഇണകൾ ഉണ്ടെന്ന ഈ തത്വത്തെ ആധുനിക ശാസ്ത്രവും സമ്മതിക്കുന്നു. ഖുർആൻ ഒരു ദൈവിക ഗ്രന്ഥമാണെന്നുള്ളതാണു ഇതും കാണിക്കുന്നത്. (5) പകൽ മുഴുവനും [illegible] ജോലിത്തിരക്കുകളിൽ മുഴുകിയിരിക്കുന്ന ജനകോടികൾക്ക് വിശ്രമാർത്ഥം രാത്രിയെക്കൊണ്ടു പകലിനെ മൂടി [illegible] നൽകുന്നത്. (6) അടുത്തടുത്തും തൊട്ടുതൊട്ടും സ്ഥിതി ചെയ്യുന്നതും, അതേ [illegible] വ്യത്യസ്ത സ്വഭാവങ്ങളോടുകൂടിയതുമായ ഭൂപ്രദേശങ്ങൾ ഏർപ്പെടുത്തിയത്. കരുഭൂമി, വനഭൂമി, കൃഷി [illegible], ഉൽപാദനയോഗ്യം, ഉൽപാദനയോഗ്യമല്ലാത്തതു, മണൽപ്രദേശം, ചളിപ്രദേശം എന്നിങ്ങനെ [illegible] വ്യത്യാസപ്പെട്ടുകൊണ്ടാണല്ലോ ഭൂപ്രദേശങ്ങൾ സ്ഥിതി ചെയ്യുന്നത്. (7) പല ജാതികളും ഇന [illegible] മുന്തിരിത്തോട്ടങ്ങളും, ധാന്യത്തോട്ടങ്ങളും പോലെയുള്ളവ ഉണ്ടാക്കിയത്. (8) ഈത്തപ്പനകളിൽ തന്നെ [illegible] ഇരട്ടയും പിരട്ടും പൊട്ടി കന്നിലധികം ശാഖകൾ ഉള്ളതും, ഒറ്റത്തടി മാത്രമുള്ളതും എന്നി [illegible] വ്യത്യാസപ്പെടുത്തിയത്. അറബികൾക്ക സുപരിചിതമായതെന്ന നിലക്ക ഈത്തപ്പനയിലുള്ള ഈ തവ്യത്യാസം [illegible] എടുത്തു പറഞ്ഞിട്ടുള്ളുവെങ്കിലും നമ്മുടെ നാടുകളിലുള്ള പപ്പായ, ഈന്ത് മുതലായ ചില പന [illegible] —ചിലപ്പോൾ തെങ്ങു, കമുങ്ങു എന്നിവയിലും കാണാവുന്നതാണിത്. (9) എല്ലാ [illegible] ഒരേ വെള്ളംകൊണ്ടുതന്നെയാണു നനവു ലഭിക്കുന്നതെങ്കിലും എല്ലാം ഒരേ വിധത്തിലായിരിക്കാതെ വെവ്വേറെ [illegible] വളരുന്നത്. (10) ഒരേടത്തിൽനിന്നും ലഭിക്കുന്ന ഭോജ്യവസ്തുക്കളെ ഒരേതരം ഗുണ [illegible] ചിലതിനു ചിലതിനെക്കാൾ മെച്ചവും ഗുണവും നൽകിയത്. സ്വാദിലും, ഗുണത്തിലും, [illegible] രുചിയിലുമെല്ലാം തന്നെ ഓരോന്നും മറ്റേതിൽനിന്ന വ്യത്യസ്തമാണല്ലോ.

ഇങ്ങിനെ, നിത്യേന മനുഷ്യൻ കണ്ടറിഞ്ഞും, അനുഭവിച്ചുംകൊണ്ടിരിക്കുന്ന വമ്പിച്ച ദൃഷ്ടാന്തങ്ങൾ ഓരോ [illegible] തന്നെ അതിന്റെ പിന്നിൽ പ്രവർത്തിക്കുന്ന ആ മഹാശക്തിയായുള്ള സ്രഷ്ടാവിനെപ്പറ്റി ഓർമ്മിപ്പിക്കുവാനും, [illegible] കഴിവും മഹത്വവും മനസ്സിലാക്കുവാനും ധാരാളം മതിയായ ദൃഷ്ടാന്തങ്ങളാകുന്നു. ഇതെല്ലാം അതിവിദ [illegible] ഒരു സൃഷ്ടികർത്താവിന്റെ വ്യവസ്ഥകൊണ്ടല്ലാതെ സ്വയം അങ്ങു സംഭവിക്കുന്നതാണെന്ന് വല്ലവരും ക [illegible]? കരുതുന്നുവെങ്കിൽ അവർ വിഡ്ഢികളല്ലെങ്കിൽ— വക്രബുദ്ധികളായിരിക്കണമെന്നു തീർത്തുപറയാം. ഇതെല്ലാം വ്യവസ്ഥാപിതമായി സൃഷ്ടിച്ചു നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്ന ആ മഹാശക്തിക്ക—അല്ലാഹുവിന്— [illegible] മനുഷ്യനു ഒരാളു ജീവിതം നൽകുവാൻ കഴിയുകയില്ലെന്നോ, അതു സംഭവ്യമല്ലെന്നോ പറയുന്നതും കടുത്ത വിഡ്ഢിത്തമത്രെ. അതാണു അല്ലാഹു ചൂണ്ടിക്കാട്ടുന്നത്:—

5. നീ അത്ഭുതപ്പെടുന്നുവെങ്കിൽ അത്ഭുതമത്രെ അവരുടെ വാക്ക്, 'ഞങ്ങൾ മണ്ണായിട്ടാണോ ഞങ്ങൾ (വീണ്ടും) ഒരു പുതിയ സൃഷ്ടിപ്പിലായിത്തീരുന്നത്?!' [ഈ വാക്കിനെപ്പററിയാണു നീ അത്ഭുതപ്പെടേണ്ടത്]

٥- وَإِن تَعْجَبْ فَعَجَبٌ قَوْلُهُمْ
أَءِذَا كُنَّا تُرَٰبًا
أَءِنَّا لَفِى خَلْقٍ جَدِيدٍ ۗ

---

5. وَإِن تَعْجَبْ നീ ആശ്ചര്യപ്പെടുന്ന പക്ഷം, അത്ഭുതപ്പെടുന്നുവെങ്കിൽ فَعَجَبٌ എന്നാൽ അത്ഭുതമാണ് قَوْلُهُمْ അവരുടെ വാക്കു, പറയൽ أَءِذَا كُنَّا ഞങ്ങൾ ആയിട്ടാണോ, ആയിരിക്കുമ്പോഴോ تُرَابًا മണ്ണു أَءِنَّا ഞങ്ങളോ لَفِي خَلْقٍ ഒരു സൃഷ്ടിപ്പിൽ (ആകുന്നതു) جَدِيدٍ പുതുതായ

അക്കൂട്ടർ, തങ്ങളുടെ റബ്ബിൽ അവിശ്വസിച്ചവരത്രെ; അക്കൂട്ടരാകട്ടെ, വിലങ്ങുകൾ അവരുടെ കഴുത്തുകളിലുണ്ടായിരിക്കും; അക്കൂട്ടർ, നരകത്തിന്റെ ആൾക്കാരുമാകുന്നു. അവരതിൽ നിത്യവാസികളുമായിരിക്കും.

أُولَٰئِكَ الَّذِينَ كَفَرُوا بِرَبِّهِمْ ۖ وَأُولَٰئِكَ الْأَغْلَالُ فِي أَعْنَاقِهِمْ ۖ وَأُولَٰئِكَ أَصْحَابُ النَّارِ ۖ هُمْ فِيهَا خَالِدُونَ ○

أولئك അക്കൂട്ടർ الذين كفروا അവിശ്വസിച്ചവരാകുന്നു بربهم തങ്ങളുടെ റബ്ബിൽ وأولئك അക്കൂട്ടർ, അവരാകട്ടെ الأغلال വിലങ്ങു(കുരുക്ക-ആമം)കൾ في أعناقهم അവരുടെ കഴുത്തുകളിലുണ്ട് (ഉണ്ടായിരിക്കും) وأولئك അക്കൂട്ടർ أصحاب النار നരകത്തിന്റെ ആൾക്കാരാകുന്നു هم فيها അവർ അതിൽ خالدون നിത്യവാസികളാണു

മേൽചൂണ്ടിക്കാട്ടിയതുപോലുള്ള ധാരാളം ദൃഷ്ടാന്തങ്ങളുടെ നേരെ കണ്ണടച്ചുകൊണ്ടു, മനുഷ്യൻ മരിച്ചു മണ്ണായിട്ടു പിന്നെയും പുതുതായി സൃഷ്ടിക്കപ്പെടുകയോ എന്നു പരിഹാസരൂപത്തിൽ അവർ ചോദിക്കുന്നു! വല്ല വിഷയത്തിലും അത്ഭുതപ്പെടാമെങ്കിൽ ഈ ചോദ്യത്തിലല്ലേ അത്ഭുതപ്പെടേണ്ടത്? സത്യനിഷേധികളായ അവിശ്വാസികളാണു ഈ ചോദ്യം ചോദിക്കുന്നവർ. ഇപ്പോൾ അവർ സ്വതന്ത്രരായി കഴിയുന്നുവെങ്കിലും നരകത്തിൽവെച്ചു അവരുടെ കഴുത്തുകളിൽ വിലങ്ങുകളിട്ടു ബന്ധിക്കപ്പെടുക തന്നെ ചെയ്യും. അവർ നരകത്തിൽ നിത്യവാസികളുമായിരിക്കും.

'കഴുത്തിൽ വിലങ്ങുകളുണ്ടായിരിക്കും' എന്നു പറഞ്ഞതു നരകത്തിൽ അവർക്കുണ്ടാകുന്ന അനുഭവമെന്ന നിലക്കാണു മിക്ക വ്യാഖ്യാതാക്കളും വ്യാഖ്യാനിക്കുന്നത്. പാരമ്പര്യഗതമായ അന്ധവിശ്വാസങ്ങൾക്ക് അവർ അടിമപ്പെട്ടിരിക്കുകയാണ്–അഥവാ അതു നിമിത്തമാണവർ വിശ്വസിക്കാത്തത്–എന്നാണതിന്റെ ഉദ്ദേശ്യമെന്നും ചില വ്യാഖ്യാതാക്കൾ പ്രസ്താവിച്ചിരിക്കുന്നു. [illegible]

6. (നബിയേ) അവർ നിന്നോടു നൻമക്കു മുമ്പായി തിൻമക്കു ധൃതി കൂട്ടിക്കൊണ്ടിരിക്കുന്നു; അവരുടെ മുമ്പു മാതൃകാശിക്ഷകൾ (പലതും) കഴിഞ്ഞുപോയിട്ടുണ്ടുതാനും. [അതവർ ഓർക്കുന്നില്ല]

٦- وَيَسْتَعْجِلُونَكَ بِالسَّيِّئَةِ قَبْلَ الْحَسَنَةِ وَقَدْ خَلَتْ مِن قَبْلِهِمُ الْمَثُلَاتُ ۗ

നിശ്ചയമായും നിന്റെ റബ്ബ് മനുഷ്യരുടെ അക്രമത്തോടുകൂടി (യും) അവർക്കു പാപമോചനം നൽകുന്നവൻ തന്നെ. നിശ്ചയമായും, നിന്റെ റബ്ബ്, കഠിനമായ ശിക്ഷാനടപടിയെടുക്കുന്നവനും തന്നെയാകുന്നു.

وَإِنَّ رَبَّكَ لَذُو مَغْفِرَةٍ لِّلنَّاسِ عَلَىٰ ظُلْمِهِمْ ۖ وَإِنَّ رَبَّكَ لَشَدِيدُ الْعِقَابِ ○

---

6. ويستعجلونك അവർ നിന്നോടു ധൃതി കൂട്ടുന്നു بالسيئة തിൻമയെപ്പററി, തിൻമക്കു قبل الحسنة നൻമയുടെ മുമ്പു وقد خلت കഴിഞ്ഞുപോയിട്ടുണ്ടുതാനും, കഴിഞ്ഞിട്ടും من قبلهم അ(ഇ)വർക്കു മുമ്പു المثلات മാതൃകാശിക്ഷകൾ وإن ربك നിശ്ചയമായും, നിന്റെ റബ്ബ് لذو مغفرة പാപമോചനം നൽകുന്ന (പൊറുക്കുന്ന)വൻതന്നെ للناس മനുഷ്യർക്കു على ظلمهم അവരുടെ അക്രമത്തോടെ وإن ربك നിശ്ചയമായും നിന്റെ റബ്ബ് لشديد കഠിനമായവൻതന്നെ العقاب ശിക്ഷാനടപടി

٧. وَيَقُولُ الَّذِينَ كَفَرُوا لَوْلَا أُنزِلَ عَلَيْهِ آيَةٌ مِّن رَّبِّهِ ۗ إِنَّمَا أَنتَ مُنذِرٌ ۖ وَلِكُلِّ قَوْمٍ هَادٍ ○

7. (ആ) അവിശ്വസിച്ചവര്‍ പറയുന്നു: 'ഇവന്റെ റബ്ബില്‍നിന്നു ഒരു (പ്രത്യേക) ദൃഷ്ടാന്തം ഇവനു അവതരിപ്പിക്കപ്പെടാത്തതെന്ത്?' (നബിയേ) നീ ഒരു മുന്നറിയിപ്പു നല്‍കുന്നവന്‍ മാത്രമാകുന്നു. എല്ലാ ജനങ്ങള്‍ക്കുമുണ്ടു ഒരു വഴി കാട്ടി. [ഇവരുടെ വഴികാട്ടിയത്രെ നീ].

---

7. يَقُولُ പറയുന്നു الَّذِينَ كَفَرُوا അവിശ്വസിച്ചവര്‍ لَوْلَا أُنزِلَ ഇറക്കപ്പെട്ടുകൂടേ, അവതരിപ്പിക്കപ്പെടാത്തതെന്തു عَلَيْهِ അവന്റെമേല്‍, ഇവനു آيَةٌ ഒരു ദൃഷ്ടാന്തം, ഒരു ദൃഷ്ടാന്തവും مِّن رَّبِّهِ തന്റെ റബ്ബില്‍നിന്നു إِنَّمَا أَنتَ നിശ്ചയമായും നീ (മാത്രം) مُنذِرٌ ഒരു മുന്നറിയിപ്പു നല്‍കുന്നവന്‍ (മാത്രം) وَلِكُلِّ قَوْمٍ എല്ലാ ജനങ്ങള്‍ക്കും (ജനതക്കും) ഉണ്ട് هَادٍ ഒരു വഴികാട്ടി, മാര്‍ഗ്ഗദര്‍ശകന്‍

രക്ഷക്കും സമാധാനത്തിനും ആഗ്രഹിക്കുകയോ, സത്യവിശ്വാസംവഴി അതിനുള്ള മാര്‍ഗ്ഗം അവലംബിക്കുകയോ ചെയ്യാതെ–അതിനു മുമ്പായി–തങ്ങളോടു താക്കീതു ചെയ്യപ്പെടുന്ന ആ ശിക്ഷ ഇങ്ങോട്ടുവരട്ടെ എന്നു മുശ്‌രിക്കുകള്‍ ധൃതികൂട്ടിയിരുന്നതിനെപ്പറ്റിയാണു ആദ്യത്തെ വചനത്തില്‍ പ്രസ്താവിക്കുന്നത്. ഇവരെപ്പോലെയുള്ള നിഷേധികള്‍ക്ക അല്ലാഹുവിങ്കല്‍ നിന്നുള്ള കടുത്ത ശിക്ഷകള്‍ അനുഭവിക്കേണ്ടി വന്നതിനുള്ള എത്രയോ ഉദാഹരണങ്ങള്‍ മുമ്പു കഴിഞ്ഞുപോയിട്ടുണ്ട്. അതുപോലെ വല്ല ശിക്ഷയും ഇവര്‍ക്കും വരാമെന്ന് ഇവര്‍ ധരിച്ചിരിക്കട്ടെ. പെട്ടെന്നു നടപടിയെടുക്കാതിരിക്കുന്നതു അല്ലാഹുവിന്റെ മാപ്പുകൊണ്ടു മാത്രമാണ്. മനുഷ്യരുടെ അക്രമങ്ങള്‍ പരിഗണിക്കുമ്പോള്‍ അപ്പപ്പോള്‍ നടപടി എടുക്കാവുന്നതാണെങ്കിലും അല്ലാഹു അവരോടു വിട്ടുവീഴ്ച കാണിക്കുകയാണ് ചെയ്യുന്നത്. ശിക്ഷാനടപടി എടുക്കുമ്പോഴാകട്ടെ, അത് കഠിനതരവുമായിരിക്കും. ഇതൊക്കെയാണ് അവര്‍ക്ക് നല്‍കുന്ന മറുപടിയുടെ സാരം.

അതേ മുശ്‌രിക്കുകളുടെ മറ്റൊരു പരിഹാസമാണു രണ്ടാമത്തെ വചനത്തില്‍ കാണുന്നത്. നബി (സ)യുടെ സത്യത തെളിയിക്കുന്ന ധാരാളം ദൃഷ്ടാന്തങ്ങള്‍ മുമ്പിലുണ്ടായിരുന്നിട്ടും അതൊന്നും വകവെക്കാതെ അവര്‍ പിന്നെയും വേറെ ദൃഷ്ടാന്തങ്ങള്‍ ചോദിച്ചു കൊണ്ടിരിക്കും. (6: 8: 10: 20: 25; 21; 17: 90, 93 മുതലായവ നോക്കുക) ഇതിനു നല്‍കിയ മറുപടിയുടെ സാരം ഇതാണു: ദൃഷ്ടാന്തങ്ങള്‍ കാട്ടിക്കൊടുക്കുവാനുള്ള കഴിവോ, ചുമതലയോ നബി (സ)ക്കില്ല. അവരെ ഉപദേശിക്കലും താക്കീതു ചെയ്യലും മാത്രമാണു അവിടുന്നു ചെയ്യേണ്ടത്. ഓരോ സമുദായത്തിനും സന്മാര്‍ഗ്ഗദര്‍ശനം നല്‍കുവാന്‍ അല്ലാഹു പ്രത്യേകം ദൂതന്മാരെ അയക്കുകയുണ്ടായിട്ടുണ്ട്. അതു പോലെ, ഈ സമുദായത്തിന്റെ വഴികാട്ടിയായി അയക്കപ്പെട്ട ആളാണു നബി (സ)യും.

വിഭാഗം-2

٨. اللَّهُ يَعْلَمُ مَا تَحْمِلُ كُلُّ أُنثَىٰ وَمَا تَغِيضُ الْأَرْحَامُ وَمَا تَزْدَادُ ۖ وَكُلُّ شَيْءٍ عِندَهُ بِمِقْدَارٍ ○

8. എല്ലാ (ഓരോ) പെണ്ണും ഗര്‍ഭം ധരിക്കുന്നതു അല്ലാഹു അറിയുന്നു; ഗര്‍ഭാശയങ്ങള്‍ കുറവു വരുത്തുന്നതും, അ(ക്ക) വര്‍ദ്ധനവ് വരുത്തുന്നതും (അറിയുന്നു). എല്ലാ കാര്യവും (തന്നെ) അവന്റെ അടുക്കല്‍ ഒരു (നിശ്ചിത) തോതനുസരിച്ചാകുന്നു.

٩. عَالِمُ الْغَيْبِ وَالشَّهَادَةِ الْكَبِيرُ الْمُتَعَالِ ○

9. (അവന്‍) അദൃശ്യത്തെയും, ദൃശ്യത്തെയും അറിയുന്നവനാണു; മഹാനാണു; അത്യുന്നതനായുള്ളവനാണു.

سَوَآءٌ مِّنكُم مَّنْ أَسَرَّ ٱلْقَوْلَ وَمَن جَهَرَ بِهِۦ وَمَنْ هُوَ مُسْتَخْفٍۭ بِٱلَّيْلِ وَسَارِبٌۢ بِٱلنَّهَارِ ١٠

10. നിങ്ങളില്‍നിന്നു വാക്കിനെ രഹസ്യമാക്കിയവനും, അതിനെ പരസ്യമാക്കിയവനും (അവന്റെ അടുക്കല്‍) സമമാകുന്നു; യാതൊരുവന്‍ രാത്രിയില്‍ ഒളിഞ്ഞിരിക്കുന്നവോ അവനും, പകലില്‍ വെളിക്കു വരുന്നവനും (സമമാണ്).

---

8. يعلم الله അല്ലാഹു അറിയും, അറിയുന്നു ما تحمل ഗര്‍ഭം ധരിക്കുന്നതിനെ كل انثى എല്ലാ പെണ്ണും وما تغيض കുറവു വരുത്തുന്നതും, ചുരുങ്ങിപ്പോകുന്നതും الارحام ഗര്‍ഭാശയങ്ങള്‍ وما تزداد അവ അധികരിപ്പിക്കുന്നതും, വര്‍ദ്ധിക്കുന്നതും وكل شيء എല്ലാ കാര്യവും, വസ്തുവും عنده അവന്റെ അടുക്കല്‍ بمقدار ഒരു തോതു (കണക്കു-അളവു) അനുസരിച്ചാണ്. 9. عالم الغيب അദൃശ്യത്തെ അറിയുന്നവനാണു والشهادة ദൃശ്യത്തെയും الكبير വലിയവനാണ്, മഹാനാണ് المتعال അത്യുന്നതനാണ്. 10. سواء സമമാണു, ഒരുപോലെയാണു منكم നിങ്ങളില്‍നിന്നു من اسر സ്വകാര്യ (രഹസ്യ)മാക്കിയവന്‍ القول വാക്കു, പറയുന്നതിനെ ومن جهر ഉറക്കെയാക്കി (പരസ്യമാക്കി)യവനും به അതിനെ, അതുകൊണ്ടു ومن ഒരുവനും, യാതൊരുവനും هو അവന്‍ مستخف മറഞ്ഞി(ഒളിഞ്ഞി)രിക്കുന്നവനാണു بالليل രാത്രിയില്‍ وسارب പ്രത്യക്ഷനായി(വെളിയില്‍) വരുന്നവനും بالنهار പകലില്‍.

അല്ലാഹുവിന്റെ സര്‍വ്വജ്ഞതയും, സൂക്ഷ്മജ്ഞാനവും വെളിപ്പെടുത്തുന്ന ചില യാഥാര്‍ത്ഥ്യങ്ങളാണു ഈ വചനങ്ങളില്‍ കാണുന്നത്. ഓരോ പെണ്ണും ഗര്‍ഭം ധരിക്കുന്നതിനെയും അതില്‍ വരുന്ന ഏറ്റക്കുറവുകളെയും അവന്‍ അറിയുന്നു. അതെ, ഗര്‍ഭം എപ്പോള്‍ ഉണ്ടാകുന്നു, എപ്പോള്‍ പ്രസവിക്കുന്നു, ആണാണോ, പെണ്ണാണോ, പൂര്‍ണ്ണ ഗാത്രമോ, വികല ഗാത്രമോ, ആരോഗ്യമുള്ളതോ, നിരോഗ്യമുള്ളതോ, തടിച്ചതോ, മെലിഞ്ഞതോ, സുരൂപിയോ വിരൂപിയോ, എന്നിത്യാദി കാര്യങ്ങളും; ഓരോ ഗര്‍ഭത്തിലും എത്ര കുട്ടി ഉണ്ടായിരിക്കുമെന്നു തുടങ്ങിയ കാര്യങ്ങളും അവനറിയാം. ഓരോ വസ്തുവിനും, ഓരോ കാര്യത്തിനും അതു ഇന്നിന്ന പ്രകാരം ആയിരിക്കണമെന്നും, ആയിരിക്കുമെന്നും അവന്‍ ഓരോ തോതും കണക്കും നിശ്ചയിച്ചിട്ടുണ്ട്. അതനുസരിച്ചു മാത്രമേ എല്ലാം സംഭവിക്കുകയുള്ളു. രഹസ്യ പരസ്യമെന്ന വ്യത്യാസം അവനെ സംബന്ധിച്ചിടത്തോളം ഇല്ലതന്നെ. രണ്ടും അവന് ഒരുപോലെയാകുന്നു. ഉദാഹരണമായി, രാത്രിയുടെ കൂരിരുട്ടില്‍ ഒളിഞ്ഞു നടക്കുന്നവനും, പകല്‍ വെളിച്ചത്തില്‍ വെളിക്കിറങ്ങി നടക്കുന്നവനും അവന്റെ അടുക്കല്‍ സമമാണ്. മഹത്വത്തിന്റെയും, ഉന്നതിയുടെയും പാരമ്യം പ്രാപിച്ചവനാണു അവന്‍.

നബി (സ) അരുളിച്ചെയ്തതായി ഇബ്നു ഉമര്‍ (റ) ഇപ്രകാരം ഉദ്ധരിച്ചിരിക്കുന്നു: 'അദൃശ്യജ്ഞാനത്തിന്റെ താക്കോലുകള്‍ (പ്രധാന വിഷയങ്ങള്‍) അഞ്ചെണ്ണമാകുന്നു. അല്ലാഹു അല്ലാതെ അവ അറിയുകയില്ല. നാളെ (ഭാവിയില്‍) എന്തുണ്ടാകുമെന്നു അല്ലാഹു അല്ലാതെ അറിയുകയില്ല. ഗര്‍ഭാശയങ്ങള്‍ കുറവു വരുത്തുന്നതെന്താണെന്നു അല്ലാഹു അല്ലാതെ അറിയുകയില്ല. മഴ വരുക എപ്പോഴാണെന്നു അല്ലാഹു അല്ലാതെ അറിയുകയില്ല. ഏതു ഭൂമിയിലാണു താന്‍ മരണപ്പെടുകയെന്നു ഒരാളും അറിയുകയില്ല. അന്ത്യസമയം എപ്പോള്‍ നിലവില്‍ വരുമെന്നു അല്ലാഹു അല്ലാതെ അറിയുകയില്ല.' (ബുഖാരി) ഭൂത-വര്‍ത്തമാന-ഭാവികാല വ്യത്യാസം കൂടാതെ, ചെറുപ്പ വലുപ്പ വ്യത്യാസം കൂടാതെ, സകല കാര്യങ്ങളും അല്ലാഹുവിന്റെ അറിവും, നിശ്ചയവും, പരിപാലനവും അനുസരിച്ചു മാത്രമേ സംഭവിക്കുകയുള്ളുവെന്നുള്ളതിനു മതിയായ തെളിവത്രെ ഈ വചനങ്ങള്‍. (കൂടുതല്‍ വിശദീകരണത്തിനു സൂ: ഹദീദിന്റെ ... വ്യാഖ്യാനക്കുറിപ്പു നോക്കുക) മനുഷ്യരെ ആപത്തുകളില്‍നിന്നു കാത്തു രക്ഷിക്കുന്നതിനുള്ള 'മുഅഖ്ഖിബാത്ത്' എന്ന വ്യവസ്ഥ അല്ലാഹു ചെയ്തുവെച്ചിട്ടുണ്ടെന്നു അടുത്ത വചനത്തില്‍ അല്ലാഹു വാന്‍ വേണ്ടി അത്ഭുതകരമായ ചില ഏര്‍പ്പാടുകളും അല്ലാഹു ചെയ്തുവെച്ചിട്ടുണ്ടെന്നു അറിയിക്കുന്നു:-

لَهُۥ مُعَقِّبَٰتٌ مِّنۢ بَيْنِ يَدَيْهِ وَمِنْ خَلْفِهِۦ يَحْفَظُونَهُۥ مِنْ أَمْرِ ٱللَّهِ ۗ ١١

11. അവനു [മനുഷ്യനു] അവന്റെ മുമ്പിലൂടെയും, പിമ്പിലൂടെയും (ഒന്നിനുശേഷം ഒന്നായി) തുടര്‍ന്നുവരുന്ന ചില കൂട്ടങ്ങളുണ്ട്; അല്ലാഹുവിന്റെ കല്പനയാല്‍ അവര്‍ അവനെ കാത്തുകൊണ്ടിരിക്കുന്നു.

إِنَّ اللَّهَ لَا يُغَيِّرُ مَا بِقَوْمٍ حَتَّىٰ يُغَيِّرُوا مَا بِأَنفُسِهِمْ ۗ وَإِذَا أَرَادَ اللَّهُ بِقَوْمٍ سُوءًا فَلَا مَرَدَّ لَهُ ۚ وَمَا لَهُم مِّن دُونِهِ مِن وَالٍ ○

നിശ്ചയമായും, ഒരു ജനതയും അവരുടെ സ്വന്തങ്ങളിലുള്ളതിനെ [സ്വന്തം സ്ഥിതിഗതികളെ] മാററം വരുത്തുന്നതുവരേക്കും അവരി(ൽ നിലവി)ലുള്ളതിനെ അല്ലാഹു മാററം വരുത്തുകയില്ല. ഒരു ജനതയെപ്പററി വല്ല തിൻമയും അല്ലാഹു ഉദ്ദേശിച്ചാൽ, അതിനു യാതൊരു തടവുമില്ല; അവനപ്പുറമെ ഒരു രക്ഷാധികാരിയും അവർക്കില്ലതാനും.

---

11. لَهُ അവനുണ്ടു مُعَقِّبَاتٌ തുടർച്ചയായി (ഒന്നിനുപിന്നാലെ ഒന്നായി) വരുന്നവ مِنْ بَيْنِ يَدَيْهِ അവന്റെ മുമ്പിലൂടെ وَمِنْ خَلْفِهِ അവന്റെ പിമ്പിലൂടെയും يَحْفَظُونَهُ അവർ അവനെ കാക്കുന്നു, സൂക്ഷിക്കുന്നു مِنْ أَمْرِ കൽപനയാൽ, കൽപന നിമിത്തം اللَّهِ അല്ലാഹുവിന്റെ إِنَّ اللَّهَ നിശ്ചയമായും അല്ലാഹു لَا يُغَيِّرُ മാററം (വ്യത്യാസം) വരുത്തുകയില്ല مَا بِقَوْمٍ ഒരു ജനതയി(ജനങ്ങളി)ലുള്ളതിനെ حَتَّىٰ يُغَيِّرُوا അവർ മാററം (വ്യത്യാസം) വരുത്തുന്നതുവരേക്കും مَا بِأَنفُسِهِمْ അവരുടെ സ്വന്തങ്ങളിലുള്ളതിനെ وَإِذَا أَرَادَ ഉദ്ദേശിച്ചാൽ اللَّهُ അല്ലാഹു بِقَوْمٍ ഒരു ജനതയെപ്പററി, വല്ല ജനങ്ങളിലും, ജനതയെക്കൊണ്ടും سُوءًا വല്ല തിൻമയും, ഒരു തിൻമ فَلَا مَرَدَّ എന്നാൽ തടവില്ല, തടുക്കൽ ഇല്ല لَهُ അതിനു وَمَا لَهُم അവർക്കില്ലതാനും مِّن دُونِهِ അവനു പുറമെ, അവനെകൂടാതെ مِن وَالٍ ഒരു രക്ഷാധികാരിയും.

مُعَقِّبَات (മുഅഖ്ഖിബാത്ത്) എന്ന വാക്കിനു 'ആദ്യത്തെ സംഘത്തിനു പിന്നാലെ മറെറാ സംഘം തുടർന്നു വരുന്ന കാവൽക്കാരായ മലക്കുകൾ (ملائكة حفظة تعقب الاولى منها الاخرى) എന്നാണു ഇമാം ബുഖാരി (റ) അർത്ഥം ഉദ്ധരിച്ചിരിക്കുന്നത്. ഖുർആൻ വ്യാഖ്യാതാക്കളിൽ ഭൂരിഭാഗവും സ്വീകരിക്കുന്നതും, കൂടുതൽ സ്വീകാര്യമായതുമായ അർത്ഥവും അതു തന്നെ. നബി(സ) ഒരു ഹദീസിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു: 'ഒരു കൂട്ടം മലക്കുകൾ രാത്രിയും, ഒരുകൂട്ടം മലക്കുകൾ പകലുമായി നിങ്ങളിൽ തുടർന്നുവന്നുകൊണ്ടിരിക്കും. സുബ്ഹ് നമസ്കാരത്തിലും, അസ്വർ നമസ്കാരത്തിലും അവർ ഒരുമിച്ചു ചേരും. രാത്രി കഴിച്ചുകൂട്ടിയവർ കയറിച്ചെല്ലുമ്പോൾ അല്ലാഹു — അവനു നിങ്ങളെപ്പററി കൂടുതൽ അറിയാവുന്നതോടുകൂടിത്തന്നെ — അവരോടു ചോദിക്കും: എന്റെ അടിയാൻമാരെ നിങ്ങൾ വിട്ടു പോന്നതു എങ്ങിനെയാണ്? അവർ പറയും: ഞങ്ങൾ അവരുടെ അടുക്കൽ ചെന്നതു അവർ നമസ്കരിച്ചുകൊണ്ടിരിക്കുമ്പോഴാണു; ഞങ്ങൾ അവരെ വിട്ടു പോന്നതും അവർ നമസ്കരിച്ചുകൊണ്ടിരിക്കുമ്പോഴാണു.' (ബു; മു.)

ഓരോ തരത്തിലായി എല്ലായ്പോഴും മലക്കുകൾ മനുഷ്യനോടു ബന്ധപ്പെട്ടു വരുന്നുണ്ടെന്നു പല ഹദീസുകളിൽനിന്നും അറിയപ്പെട്ടതും, ചില ഖുർആൻ വചനങ്ങളിൽനിന്നു മനസ്സിലാക്കാവുന്നതുമാകുന്നു. അത്രയുമല്ല, ഇഹലോകമായ കാര്യങ്ങളിൽതന്നെയും മലക്കുകൾ പല തരത്തിൽ ബന്ധപ്പെട്ടുകൊണ്ടിരിക്കുന്നുണ്ടെന്ന യാഥാർത്ഥ്യം — അതു ഭൗതിക ദൃഷ്ടികൾക്കോ മനുഷ്യശാസ്ത്രങ്ങൾക്കോ അജ്ഞാതമാണെങ്കിലും — ഖുർആനും ഹദീസും മുഖേന സ്ഥാപിതമായിട്ടുള്ളതാണ്. അല്ലാഹുവിലും, അദൃശ്യ കാര്യങ്ങളിലും വിശ്വാസമുള്ളവർക്കൊന്നും അതു നിഷേധിക്കേണ്ടുന്ന ഗതികേടും വരുകയില്ല. مُعَقِّبَات കൊണ്ടു വിവക്ഷ കേവലം ചില 'പ്രകൃതി ശക്തികളാ'ണെന്നും മററും വ്യാഖ്യാനിക്കുവാൻ ചിലർ സാഹസപ്പെട്ടു കാണുന്നു. മേൽകണ്ട യാഥാർത്ഥ്യങ്ങളുടെ നേരെയുള്ള അവഗണനയിൽനിന്നു ഉൽഭവിച്ചതാണു ആ വ്യാഖ്യാനം. يَحْفَظُونَهُ مِنْ أَمْرِ اللَّهِ (അല്ലാഹുവിന്റെ കൽപന നിമിത്തം അവർ അവനെ കാക്കുന്നു) എന്നു അതിനെ വിശേഷിപ്പിച്ചതിൽ നിന്നുതന്നെ ആ 'ശക്തികൾ' കേവലം ബുദ്ധിജീവികളായിരിക്കണമെന്നു വ്യക്തമാകുന്നു താനും. മനുഷ്യന്റെ കർമ്മങ്ങളെല്ലാം രേഖപ്പെടുത്തിക്കൊണ്ടിരിക്കുന്ന രണ്ടു മലക്കുകൾ അവന്റെ വലത്തും ഇടത്തുമായി സദാ നിലവിലുണ്ടെന്നു 50: 18; 82: 10, 11 എന്നീ വചനങ്ങളിൽ അല്ലാഹു അറിയിച്ചു തന്നിട്ടുള്ളതുപോലെ, അതു പോലെ അവന്റെ മുമ്പിലും പിമ്പിലുമായി അവനെ തിൻമകളിൽനിന്നും ഉപദ്രവങ്ങളിൽ നിന്നും കാക്കുന്ന മറെറാരു വിഭാഗം മലക്കുകൾ ഊഴം വെച്ചു മാറിമാറി വന്നുകൊണ്ടിരിക്കുന്നുണ്ടെന്നത്രെ ഈ വചനം മുഖേന അറിയിക്കുന്നതു.

يَحْفَظُونَهُ مِنْ أَمْرِ اللَّهِ (അല്ലാഹുവിന്റെ കൽപ്പന നിമിത്തം അവർ അവനെ കാക്കുന്നു) എന്ന വാക്യത്തെ സംബന്ധിച്ച് ഇബ്നു അബ്ബാസ് (റ) വിനു ഇങ്ങനെ വിവരണം ചെയ്യപ്പെട്ടിരിക്കുന്നു: 'അവർ അവനെ മുമ്പിലൂടെയും [illegible]

പിമ്പിലൂടെയും കാക്കുന്നു. എന്നാൽ, അല്ലാഹുവിന്റെ വിധിനിശ്ചയം വരുമ്പോൾ അവർ അവനിൽനിന്നു ഒഴിഞ്ഞുപോകും.' മുജാഹിദു (റ) പറഞ്ഞതായി ഇങ്ങിനെ നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു: 'ഒരു അടിയാനും തന്നെ അവന്റെ ഉറക്കിലും, അവന്റെ ഉണർച്ചയിലും ജിന്ന്, മനുഷ്യൻ, പ്രാണികൾ എന്നിവയിൽ നിന്നു അവനെ കാക്കുവാൻ ഏൽപിക്കപ്പെട്ട ഒരു മലക്കു ഇല്ലാത്തവനില്ല. അവയിൽപെട്ട വല്ലതും അവനെ ഉദ്ദേശിച്ചു വരുമ്പോൾ, അല്ലാഹു അനുവാദം നൽകിയതൊഴിച്ചു ബാക്കി എല്ലാറ്റിനോടും ആ മലക്ക് 'പിന്നാക്കം പോകുക' എന്നു പറയാതിരിക്കുകയില്ല.' അലി (റ) പറഞ്ഞതായി ഇങ്ങിനെയും രിവായത്തു വന്നിരിക്കുന്നു. 'ഒരു അടിയാന്റെ കൂടെയും തന്നെ, അവന്റെ മേൽ വല്ല മതിലും വീഴുകയോ, അവൻ കിണററിൽ വീഴുകയോ, അവനെ ദുഷ്ടമൃഗം പിടിക്കുകയോ, അവൻ മുങ്ങിപ്പോകുകയോ, കരിഞ്ഞുപോകുകയോ ചെയ്യുന്നതിൽ നിന്ന് കാത്തുകൊണ്ടിരിക്കുന്ന മലക്കുകൾ ഇല്ലാതെയില്ല. (അല്ലാഹുവിന്റെ) വിധി വരുമ്പോൾ അവന്റെയും വിധിയുടെയുമിടയിൽ അവർ ഒഴിവാക്കിക്കൊടുക്കും.' അതായതു അല്ലാഹു വിധിച്ചപോലെ വരട്ടെ എന്നുവെച്ച് അവർ ഒഴിഞ്ഞു നിൽക്കുമെന്നു സാരം. ആപത്തുകളിൽ നിന്നും തിന്മകളിൽ നിന്നും മനുഷ്യനെ കാത്തു രക്ഷിക്കുവാൻ മലക്കുകൾ ഉണ്ടെങ്കിൽ പിന്നെ, മനുഷ്യൻ എന്തുകൊണ്ടു ചിലപ്പോൾ ആപത്തുകൾക്കു വിധേയനാകുന്നു? എന്നു ചോദിക്കുന്ന പക്ഷം അതിനുള്ള മറുപടി ഈ മഹാൻമാരുടെ പ്രസ്താവനകളിൽനിന്ന മനസ്സിലാക്കാമല്ലോ. വേണ്ടാ, തുടർന്നുകൊണ്ടുള്ള വാക്യങ്ങളിൽതന്നെയും ഇതിനു മറുപടി കാണാവുന്നതാണ്.

തുടർന്നുള്ള വാക്യങ്ങളിൽ മൂന്നുകാര്യങ്ങൾ അല്ലാഹു ഉണർത്തിയിരിക്കുന്നു: (1) ഒരു ജനത അവരുടെ സ്ഥിതിഗതികളിൽ മാററം വരുത്തുന്നതുവരെ അല്ലാഹു അവരുടെ സ്ഥിതിയിൽ മാററം വരുത്തുകയില്ല. (ان الله لا يغير ما بقوم.....) ഒരു ജനസമൂഹത്തിന്റെ അഭിവൃദ്ധിക്കോ, ക്ഷേമത്തിനോ, സമാധാനത്തിനോ തകരാറ് ബാധിക്കുന്നുവെങ്കിൽ അതു അവരുടെ തന്നെ ചെയ്തികളുടെ ഫലമായിരിക്കുമെന്നു ഇതിൽനിന്നു വ്യക്തമാകുന്നു. സമൂഹത്തിലെ മാത്രം വ്യക്തികൾ ആ ചെയ്തികളിൽ പങ്കുള്ളവരായിക്കൊള്ളണമെന്നില്ല. ചിലപ്പോൾ, അവരിൽപെട്ട ഒരു വിഭാഗത്തിന്റെയോ ചില വ്യക്തികളുടെയോ ചെയ്തികളായിരിക്കും സമൂഹത്തിനു പൊതുവെ നാശകരമായി കലാശിക്കുന്നത്. അതാണു മറെറാരു സ്ഥലത്തു അല്ലാഹു ചൂണ്ടിക്കാട്ടുന്നത്: واتقوا فتنة لا تصيبن الذين ظلموا منكم خاصة (നിങ്ങളിൽനിന്ന് അക്രമം പ്രവർത്തിച്ചവർക്കു മാത്രമായി ബാധിക്കാത്ത കുഴപ്പത്തെ സൂക്ഷിക്കുവിൻ (8: 25.) അബൂബക്കർ സിദ്ദീഖ് (റ) ഉദ്ധരിച്ച ഒരു നബി വചനത്തിൽ ഇപ്രകാരം വന്നിരിക്കുന്നു: 'അക്രമിയെ കണ്ടിട്ടു ജനങ്ങൾ അവന്റെ കൈക്കു പിടിക്കുന്നില്ലെങ്കിൽ, അല്ലാഹു തന്റെ പക്കൽനിന്നുള്ള വല്ല ശിക്ഷയും അവർക്കു പൊതുവായി ബാധിപ്പിക്കുവാറാകുന്നതാണ്.' (ഇ; തി; ന.) ഒരു ഒരു ജനതയിന്റെയോ, ഭരണാധികാരിയുടെയോ ഒരു കൊള്ളരുതായ്മ മൂലം ഒരു സംഘടനക്കോ, ഒരു രാഷ്ട്രത്തിനോ വമ്പിച്ച നാശനഷ്ടങ്ങൾ സംഭവിക്കുന്നതു അപൂർവ്വമല്ലല്ലോ.

2. ഏതെങ്കിലും ഒരു കൂട്ടർക്കു വല്ല തിൻമയും ബാധിക്കണമെന്നു അല്ലാഹു ഉദ്ദേശിച്ചാൽ പിന്നെ അതിനു യാതൊരു തടവും ഉണ്ടായിരിക്കയില്ല. (واذا أراد الله بقوم سوءا فلا مرد له) രോഗം, ക്ഷാമം, പരാജയം, ഭയം, ജീവനഷ്ടം, ധനനഷ്ടം തുടങ്ങിയ എല്ലാതരം തിൻമകളും ഇതിൽ ഉൾപ്പെടുന്നു. പക്ഷെ, പ്രത്യേകമായ (അവരിൽനിന്നുള്ള) കാരണമോ, യുക്തമായ ലക്ഷ്യമോ കൂടാതെ അങ്ങിനെ അല്ലാഹു ഉദ്ദേശിക്കുകയില്ലെന്നു തീർച്ചതന്നെ. അല്ലാഹു അങ്ങിനെ ഉദ്ദേശിച്ചു കഴിഞ്ഞാൽ പിന്നെ, ആരാലും, ഒരു കാരണത്താലും അതു തടയുവാൻ ആർക്കും സാധ്യമല്ലെന്നു താൽപര്യം. 3. മനുഷ്യരുടെ കൈകാര്യങ്ങൾ നടത്തുന്ന യഥാർത്ഥ രക്ഷാധികാരി അല്ലാഹുവല്ലാതെ മററാരുമല്ല. (وما لهم من دونه من وال) ദൈവങ്ങൾക്കോ, ദിവ്യൻമാർക്കോ, പുണ്യാത്മാക്കൾക്കോ, പിശാചുക്കൾക്കോ, ജിന്നുകൾക്കോ, മലക്കുകൾക്കോ ഒന്നും തന്നെ അതിൽ പങ്കില്ല. മനുഷ്യർക്ക വല്ല ഗുണമോ ദോഷമോ ചെയ്‌വാനും, നൻമയോ തിൻമയോ നൽകുവാനുമുള്ള യഥാർത്ഥ കഴിവു അല്ലാഹുവിനു മാത്രമേയുള്ളു.

12. അവനത്രെ, (നിങ്ങൾ) ഭയപ്പെടുവാനും, മോഹിക്കുവാനുമായി നിങ്ങൾക്കു മിന്നൽ കാണിച്ചുതരുന്നവൻ. ഘനവത്തായ മേഘങ്ങളെ അവൻ ഉണ്ടാക്കുകയും ചെയ്യുന്നു.	١٢- هُوَ الَّذِي يُرِيكُمُ الْبَرْقَ خَوْفًا وَطَمَعًا وَيُنْشِئُ السَّحَابَ الثِّقَالَ

12. هو الذي അവൻ യാതൊരുവനാണു يريكم നിങ്ങൾക്കു കാണിച്ചുതരുന്നു البرق മിന്നൽ മിന്നൽ خوفا ഭയമായിട്ടു, ഭയത്തിനായി وطمعا മോഹമായിട്ടു, മോഹത്തിനും وينشئ അവൻ ഉണ്ടാക്കുകയും ചെയ്യുന്നു السحاب മേഘം, മേഘങ്ങൾ الثقال ഘനപ്പെട്ടവയായ.

13. അവനെ സ്തുതിച്ചുകൊണ്ടു ഇടി 'തസ്ബീഹു' [പ്രകീര്‍ത്തനം] നടത്തുകയും ചെയ്യുന്നു;

അവനെക്കുറിച്ചു ഭയം നിമിത്തം മലക്കുകളും ('തസ്ബീഹു' നടത്തുന്നു). ഇടിത്തീകളെയും അവന്‍ അയക്കുന്നു; എന്നിട്ട് അവന്‍ ഉദ്ദേശിക്കുന്നവര്‍ക്കു അവന്‍ അവയെ ബാധിപ്പിക്കുന്നു. അവര്‍ [അവിശ്വാസികള്‍] അല്ലാഹുവിന്റെ കാര്യത്തില്‍ തര്‍ക്കം നടത്തിക്കൊണ്ടിരിക്കുകയാണ്; അവനാകട്ടെ, ശക്തിമത്തായ തന്ത്രശാലിയുമാകുന്നു. [അവനില്‍ നിന്നു രക്ഷപ്പെടുക അവര്‍ക്കു സാധ്യമല്ല]

١٣- وَيُسَبِّحُ الرَّعْدُ بِحَمْدِهِ
وَالْمَلَائِكَةُ مِنْ خِيفَتِهِ
وَيُرْسِلُ الصَّوَاعِقَ
فَيُصِيبُ بِهَا مَن يَشَاءُ وَهُمْ يُجَادِلُونَ
فِي اللَّهِ وَهُوَ شَدِيدُ الْمِحَالِ

---

13. ويسبح തസ്ബീഹു (പ്രകീര്‍ത്തനം-വാഴ്ത്തല്‍) നടത്തുകയും ചെയ്യുന്നു الرعد ഇടി, ഇടിമുഴക്കം بحمده അവന്റെ സ്തുതിയോടെ, അവനെ സ്തുതിച്ചുകൊണ്ടു والملائكة മലക്കുകളും من خيفته അവന്റെ ഭയത്താല്‍, പേടിനിമിത്തം ويرسل അവന്‍ അയക്കുകയും ചെയ്യുന്നു الصواعق ഇടിത്തീ (ഇടിവാള്‍)കളെ فيصيب بها എന്നിട്ടു അവയെ അവന്‍ ബാധിപ്പിക്കുന്നു من يشاء അവന്‍ ഉദ്ദേശിക്കുന്നവര്‍ക്ക് وهم അവര്‍, അവരോ يجادلون തര്‍ക്കം നടത്തുന്നു في الله അല്ലാഹു(വിന്റെ കാര്യത്തി)ല്‍ وهو അവനാകട്ടെ شديد കഠിനമായ(ശക്തിമത്തായ)വനാണു المحال തന്ത്രം, ഊക്ക്, ശക്തി, ഉഗ്രത, പ്രതാപം.

അല്ലാഹുവിന്റെ ശക്തിമാഹാത്മ്യങ്ങളെപ്പറ്റി ചിന്തിക്കുവാന്‍ പോരുന്നതും, നിത്യാനുഭവങ്ങളില്‍പെട്ടതുമായ ചില കാര്യങ്ങളെ ഓര്‍മ്മിപ്പിക്കുകയാണ്. മിന്നല്‍ ഉണ്ടാകുമ്പോള്‍, പെട്ടെന്നുണ്ടാകുന്ന അതിന്റെ ശക്തമായ തിളക്കം മൂലം മനുഷ്യര്‍ ഭയന്നു ഞെട്ടിപ്പോകുന്നു. അതിനെ തുടര്‍ന്നുണ്ടാകാവുന്ന മഴയെയും അതിന്റെ ഉപയോഗത്തെയും ഓര്‍ത്തു മോഹവും ആശയും തോന്നുകയും ചെയ്യും. അതാണു خوفا وطمعا (ഭയത്തിനും മോഹത്തിനുമായി) എന്നു പറഞ്ഞിരിക്കുന്നത്. 'ഘനമുള്ള' (الثقال) എന്നു മേഘങ്ങളെ വിശേഷിപ്പിച്ചതു, അവയില്‍നിന്നു വര്‍ഷിക്കുന്ന മഴവെള്ളത്തിന്റെ ഭാരത്തെ സൂചിപ്പിക്കുന്നു. കാറ്റുമൂലം മേഘങ്ങള്‍ തമ്മില്‍ സന്ധിക്കുമ്പോള്‍ അതില്‍നിന്നുണ്ടാകുന്ന ഒരുതരം വൈദ്യുത പ്രവാഹം നിമിത്തം മിന്നല്‍ പ്രകാശവും, ഇടിനാദവും ഉണ്ടായിത്തീരുന്നുവെന്നു പറയപ്പെടുന്നു. രണ്ടും ഒരേ സമയത്തുണ്ടാകുന്നുവെങ്കിലും പ്രകാശത്തിന്റെ സഞ്ചാരം വേഗത്തിലും, (*) ശബ്ദത്തിന്റെ സഞ്ചാരം അതിനെ അപേക്ഷിച്ചു സാവധാനത്തിലുമാകകൊണ്ടു ആദ്യം നമുക്കനുഭവപ്പെടുന്നതു മിന്നലായിരിക്കും. അതുകൊണ്ടായിരിക്കാം ആദ്യം അല്ലാഹു മിന്നലിനെപ്പറ്റി പ്രസ്താവിച്ചതും. والله أعلم

മലക്കുകള്‍ അല്ലാഹുവിനെ ഭയന്നു 'തസ്ബീഹു' നടത്തുമെന്നുപറഞ്ഞതിന്റെ താല്‍പര്യം വ്യക്തംതന്നെ. എന്നാല്‍, ഒരു ശബ്ദം മാത്രമാകുന്ന ഇടി അല്ലാഹുവിനെ സ്തുതിക്കുകയും അവനു തസ്ബീഹു നടത്തുകയും ചെയ്യുന്നുവെന്നു പറഞ്ഞതിന്റെ വിവക്ഷ എന്തായിരിക്കും? അല്ലാഹു പറയുന്നു: تُسَبِّحُ لَهُ السَّمَاوَاتُ السَّبْعُ - إلى قوله : لَا تَفْقَهُونَ تَسْبِيحَهُمْ - الإسراء (സാരം: ഏഴു ആകാശങ്ങളും ഭൂമിയും അവയിലുള്ളവരും അവനു തസ്ബീഹ് നടത്തുന്നു. ഒരു വസ്തുവും തന്നെ അവനെ സ്തുതിച്ചുകൊണ്ടു തസ്ബീഹു നടത്താത്തതായിട്ടില്ല. എങ്കിലും അവരുടെ തസ്ബീഹ് നിങ്ങള്‍ ഗ്രഹിക്കുകയില്ല. (17:44.) ഈ ആശയം അടുത്ത 15-ാം വചനത്തിലും കാണാവുന്നതാണ്. അതുകൊണ്ടു ഇടിയുടെ സ്തുതി കീര്‍ത്തനങ്ങളെക്കൊണ്ടുള്ള സാക്ഷാല്‍ വിവക്ഷ എന്താണെന്നു നമുക്ക് ഗ്രഹിക്കുവാന്‍ കഴിയാത്തതാണെന്നും, അതിനോടു യോജിക്കുന്ന അര്‍ത്ഥത്തിലുള്ള സ്തുതിയും, കീര്‍ത്തനവുമായിരിക്കും അതെന്നും വെച്ച് സമാധാനിക്കുവാനേ നിവൃത്തിയുള്ളു. ഓരോ വസ്തുവും ഓരോന്നിലുമുണ്ടാകുന്ന മാറ്റങ്ങളും അല്ലാഹുവിന്റെ മഹിതമഹത്വങ്ങളിലേക്കു വിരല്‍ ചൂണ്ടുന്നവയാണെന്നുള്ളകാര്യം സ്പഷ്ടമാണല്ലോ. ഇടിയും ഇതില്‍നിന്നു ഒഴിവല്ല. ഇടിത്തീയിന്റെ (ഇടിവാളിന്റെ) ഭയങ്കരതയും അതുമൂലം ഉണ്ടാകാറുള്ള അത്യാഹിതങ്ങളും എല്ലാവര്‍ക്കും അറിയാവുന്നതാണ്. പെട്ടന്നുള്ള ജീവനാശം മാത്രമല്ല, വമ്പിച്ച കെട്ടിടങ്ങള്‍, മരങ്ങള്‍ മുതലായവ,

---

[*] പ്രകാശം സെക്കന്റില്‍ 1, 86, 000 നാഴിക വേഗതയിലും ശബ്ദം ഒരു മിനുട്ടില്‍ 11, 000 നാഴിക വേഗതയിലുമാണു സഞ്ചരിക്കുന്നത്.

പറമ്പുകളും മുതലായവപോലും ഇടിയിടകൊണ്ടു പൊട്ടിപ്പൊളിഞ്ഞ് നിഷ്പ്രഭമായിത്തീരുന്നു. എന്നാൽ, ഇടി മിന്നലും ഉണ്ടാകുമ്പോഴൊക്കെ ആപത്തു സംഭവിക്കുന്നില്ല. അല്ലാഹു ഉദ്ദേശിക്കുമ്പോഴും, അവൻ ഉദ്ദേശിക്കുന്നവർക്കും മാത്രമേ ആപത്തു നേരിടുന്നുള്ളു. അതാണു فَيُصِيبُ بِهَا مَن يَشَاءُ (എന്നിട്ട് അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ അവയെ ബാധിപ്പിക്കുന്നു) എന്നു പറഞ്ഞത്.

ഇടി, മിന്നൽ, മേഘം, മഴ, ഇടിവാൾ എന്നിവക്കെല്ലാം ശാസ്ത്രത്തിന്റെ ഭാഷയിൽ അതിനു കാരണങ്ങൾ പലതും പറയുവാനുണ്ടെങ്കിലും ആ കാരണങ്ങൾ വ്യവസ്ഥപ്പെടുത്തിയതും, ആ കാരണങ്ങൾ ഒത്തുകൂടുമ്പോൾ അവയെ സൃഷ്ടിരൂപത്തു വരുത്തുന്നതും അല്ലാഹുവല്ലാതെ മറ്റാരുമല്ല. അല്ലാഹു നിശ്ചയിച്ചുവെച്ചതും, നിലവിൽ കണ്ടുവരുന്നതുമായ ചില നടപടിക്രമങ്ങളെ അടിസ്ഥാനമാക്കി ഇന്നിന്ന കാരണങ്ങൾ ഉണ്ടാകുമ്പോൾ ഇന്നിന്ന കാര്യങ്ങൾ സംഭവിക്കുന്നുവെന്നോ, ഇന്നിന്നകാര്യങ്ങൾക്കു ഇന്നിന്നവയാണു കാരണങ്ങളെന്നോ പറയുകയല്ലാതെ, പുതിയ കാര്യകാരണ ബന്ധങ്ങൾ ഏർപ്പെടുത്തുവാൻ മനുഷ്യർക്കോ മനുഷ്യശാസ്ത്രങ്ങൾക്കോ സാധ്യമല്ല തന്നെ. എല്ലാം അവന്റെ വ്യവസ്ഥയും, പരിപാടിയും അനുസരിച്ചു നടക്കുന്നു. എല്ലാം അവന്റെ സൃഷ്ടിയും. ഇത്തരം കാര്യങ്ങളെപ്പറ്റി ചിന്തിച്ചു സത്യം മനസ്സിലാക്കുവാൻ ശ്രമിക്കാതെ, അല്ലാഹുവിന്റെ ഏകത്വത്തിലും, അധികാരവകാശങ്ങളിലും തർക്കം നടത്തിക്കൊണ്ടിരിക്കുക മാത്രം അവിശ്വാസികൾ. തൽക്കാലം അവരെ അവരുടെ പാട്ടിനു വിട്ടിട്ടുണ്ടെങ്കിലും അവരുടെ മേൽ അതിശക്തമായ നടപടി അല്ലാഹു എടുത്തേക്കുകതന്നെ ചെയ്യുമെന്നാണ് അവസാനത്തെ വാക്യത്തിന്റെ താൽപര്യം.

ഇടിയും, ഇടിവാളും കേൾക്കുമ്പോൾ നബി (സ) ഇപ്രകാരം പറയാറുണ്ടായിരുന്നതായി ഇബ്നു ഉമർ (റ) പ്രസ്താവിച്ചിരിക്കുന്നു: (*) 'അല്ലാഹുവേ, നിന്റെ കോപംകൊണ്ടു ഞങ്ങളെ നീ കൊലപ്പെടുത്തരുതേ! നിന്റെ ശിക്ഷകൊണ്ടു ഞങ്ങളെ നീ നശിപ്പിക്കുകയും ചെയ്യരുതേ! അതിനുമുമ്പു നീ ഞങ്ങളെ സൗഖ്യത്തിലാക്കുകയും ചെയ്യേണമേ!' (അ; തി; ന. മുതലായവരും, ബുഖാരി-കിതാബുൽ അദബിലും) (2) ഇടികേൾക്കുമ്പോൾ നബി (സ) ഇപ്രകാരം പറഞ്ഞിരുന്നുവെന്നു അബൂഹുറൈറ (റ)യും പ്രസ്താവിച്ചിരിക്കുന്നു: (**) 'യാതൊരുവനെ സ്തുതിച്ചുകൊണ്ടു ഇടി തസ്ബീഹ് നടത്തുന്നുവോ അവൻ മഹാപരിശുദ്ധൻ-അവനെ ഞാൻ വാഴ്ത്തുന്നു'. (ഇബ്നുജരീർ)

14. യഥാർത്ഥ (വിളിച്ചു) പ്രാർത്ഥന അവനോടാണ്. [അവനോടു മാത്രമേ പാടുള്ളു] അവനു പുറമെ അവർ (വിളിച്ചു) പ്രാർത്ഥിക്കുന്നവരാകട്ടെ, അവർ അവർക്ക് യാതൊന്നും (തന്നെ) ഉത്തരം നൽകുന്നതല്ല; തന്റെ വായിൽ എത്തുവാൻ വേണ്ടി വെള്ളത്തിലേക്ക് തന്റെ രണ്ടു കൈകളും നീട്ടിക്കാട്ടുകയും, അതു അതിൽ [വെള്ളം വായിൽ] എത്താതിരിക്കുകയും ചെയ്യുന്നവനെപ്പോലെയല്ലാതെ.

അവിശ്വാസികളുടെ (വിളിച്ചു) പ്രാർത്ഥന, വഴികേടിൽ (അഥവാ വൃഥാ) അല്ലാതെ (മറ്റൊന്നും) അല്ല.

١٤- لَهُ دَعْوَةُ الْحَقِّ وَالَّذِينَ يَدْعُونَ
مِن دُونِهِ
لَا يَسْتَجِيبُونَ لَهُم بِشَيْءٍ
إِلَّا كَبَاسِطِ كَفَّيْهِ إِلَى الْمَاءِ لِيَبْلُغَ فَاهُ
وَمَا هُوَ بِبَالِغِهِ
وَمَا دُعَاءُ الْكَافِرِينَ إِلَّا فِي ضَلَالٍ ○

---

14. لَهُ അവനാണു, അവനോടാണു دَعْوَةُ വിളി, പ്രാർത്ഥന الْحَقِّ യഥാർത്ഥമായ, ന്യായമായ وَالَّذِينَ يَدْعُونَ വിളിക്കുന്നവർ, പ്രാർത്ഥിക്കുന്നവർ مِن دُونِهِ അവനു പുറമെ, അവനെ കൂടാതെ لَا يَسْتَجِيبُونَ അവർ ഉത്തരം നൽകുകയില്ല لَهُم അവർക്ക് بِشَيْءٍ യാതൊന്നും, ഒരു കാര്യത്തിനും إِلَّا كَبَاسِطِ നീട്ടുന്നവ(നെ)പ്പോലെയല്ലാതെ كَفَّيْهِ തന്റെ കൈപത്തികളെ إِلَى الْمَاءِ വെള്ളത്തിലേക്ക് لِيَبْلُغَ അതു എത്തുവാൻവേണ്ടി فَاهُ തന്റെ വായിൽ وَمَا هُوَ അതല്ലതാനും بِبَالِغِهِ അതിലെത്തുന്നത് وَمَا دُعَاءُ പ്രാർത്ഥന (വിളി) അല്ല الْكَافِرِينَ അവിശ്വാസികളുടെ إِلَّا فِي ضَلَالٍ പിഴവിൽ (വൃഥാ) അല്ലാതെ

(*) اَللّٰهُمَّ لَا تَقْتُلْنَا بِغَضَبِكَ وَلَا تُهْلِكْنَا بِعَذَابِكَ وَعَافِنَا قَبْلَ ذٰلِكَ

(**) سُبْحَانَ مَنْ يُسَبِّحُ الرَّعْدُ بِحَمْدِهِ

വിളിച്ചു പ്രാർത്ഥിക്കപ്പെടുവാൻ അവകാശപ്പെട്ടവൻ അല്ലാഹു മാത്രമാകുന്നു. അവനെയല്ലാതെ വിളിച്ചു പ്രാർത്ഥിച്ചിട്ടു ഒരു കാര്യവുമില്ല. അല്ലാഹു അല്ലാത്തവരെ വിളിച്ചു പ്രാർത്ഥിക്കുന്നതു, ഒരാൾ കിണററിന്നരികെ ചെന്ന് ദാഹനിവൃത്തിക്കായി അതിലേക്ക് രണ്ടുകൈയും നീട്ടുന്നതിനു തുല്യമാകുന്നു. വെള്ളം അവിടെയുണ്ടു. അയാൾക്കു ആവശ്യവുമുണ്ട്. പക്ഷേ, കൈനീട്ടിയതുകൊണ്ടു വെള്ളം വായിലെത്തുകയില്ലല്ലോ. തൊട്ടികെട്ടി മുക്കി എടുക്കുകയാണു വെള്ളം കിട്ടുവാനുള്ള മാർഗ്ഗം. അതുപോലെ, ഉദ്ദിഷ്ടകാര്യം സാധിക്കുവാൻ അതിന്റെ നേർക്കു നേരെയുള്ള മാർഗ്ഗം തന്നെ സ്വീകരിക്കണം. അല്ലാഹു അല്ലാത്തവരെ വിളിച്ചപേക്ഷിച്ചതുകൊണ്ടു ഉദ്ദിഷ്ട കാര്യം സാധിക്കുവാൻ പോകുന്നില്ല. അതു അവിശ്വാസികളുടെ പണിയാകുന്നു. വെറും ഒരു പാഴ്‌വേല മാത്രമാണത്.

15. ആകാശങ്ങളിലും, ഭൂമിയിലുമുള്ളവർ സ്വമനസ്സാലെയും, വെറുപ്പോടെയും അല്ലാഹുവിനു തന്നെ 'സുജൂദു' ചെയ്യുന്നു; രാവിലെയും, വൈകുന്നേരങ്ങളിലും അവരുടെ നിഴലുകളും (സുജൂദു ചെയ്യുന്നു).

١٥- وَلِلَّهِ يَسْجُدُ مَن فِى ٱلسَّمَٰوَٰتِ وَٱلْأَرْضِ طَوْعًا وَكَرْهًا وَظِلَٰلُهُم بِٱلْغُدُوِّ وَٱلْءَاصَالِ ۩

15. ولله അല്ലാഹുവിന്നു (തന്നെ) يسجد സുജൂദു ചെയ്യുന്നു من في السموات ആകാശങ്ങളിലുള്ളവർ والارض ഭൂമിയിലും طوعا അനുസരണപൂർവ്വം (സ്വമനസ്സാലെ) وكرها അതൃപ്തിയോടും, വെറുപ്പായിക്കൊണ്ടു, നിർബ്ബന്ധിതമായും وظلالهم അവരുടെ നിഴലുകളും بالغدو രാവിലെ والاصال വൈകുന്നേരവും, വൈകുന്നേരങ്ങളിലും

ഖുർആനിലെ സുജൂദു ചെയ്യേണ്ടുന്ന ആയത്തുകളിൽ ഒന്നാണിതും. ആരാധനയായി ചെയ്യപ്പെടുന്ന സാഷ്ടാംഗ നമസ്കാരത്തെ ഉദ്ദേശിച്ചാണു സാധാരണ നാം 'സുജൂദു' (سجود) എന്നു പറയാറുള്ളതെങ്കിലും. വിധേയത്വവും താഴ്മയും പ്രകടിപ്പിക്കുക എന്നാണതിന്റെ മൂലാർത്ഥം. സുജൂദു രണ്ടു തരത്തിലുണ്ടു. സ്വന്തം ഇച്ഛയനുസരിച്ചുള്ളതും (سجود بالاختيار) എന്തെങ്കിലും നിലക്കുള്ള വിധേയത്വം അനുസരിച്ചുള്ളതും (سجود بالتسخير). ഇച്ഛയനുസരിച്ചും സ്വമനസ്സാലെയും ഉണ്ടാകുന്ന സുജൂദാണ് പുണ്യകർമ്മവും പ്രതിഫലം നൽകപ്പെടുന്നതുമായിരിക്കുക. فاسجدوا لله واعبدوا (നിങ്ങൾ അല്ലാഹുവിനു സുജൂദു ചെയ്യുകയും ആരാധന ചെയ്യുകയും ചെയ്‌വിൻ (53: 62) എന്നതുപോലെയുള്ള കല്പനകൾ ഈ അർത്ഥത്തിലുള്ള സുജൂദിനെപ്പററിയാകുന്നു. നിഴലുകൾ സുജൂദു ചെയ്യുന്നുവെന്നു ഈ വചനത്തിലും, സൂ: നഹ്ൽ 48ലും കാണുന്നതു രണ്ടാമത്തെ അർത്ഥത്തിൽ ഉൾപെടുന്ന സുജൂദിനെപ്പററിയുമാകുന്നു. ആകാശഭൂമികളിലുള്ള ജീവികളും മലക്കുകളും അല്ലാഹുവിനു സുജൂദു ചെയ്യുന്നുവെന്നു സൂ: നഹ്ൽ 39ൽ പറഞ്ഞിരിക്കുന്നതിൽ ഈ രണ്ടർത്ഥത്തിലുള്ള സുജൂദുകളും ഉൾപെടുന്നു. മറെറാരു വിധത്തിൽ പറയുന്നപക്ഷം, താഴ്മയും ഭക്തിയും അർപ്പിച്ചുകൊണ്ടു ആരാധനാ രൂപത്തിൽ ചെയ്യപ്പെടുന്ന സാഷ്ടാംഗ നമസ്കാരത്തിനും, ഏതെങ്കിലും നിർബ്ബന്ധത്തിനോ, അല്ലാഹു നിശ്ചയിച്ച പ്രകൃതി നിയമങ്ങൾക്കോ വഴങ്ങിക്കൊണ്ടുള്ള വിധേയത്വത്തിനും, 'സുജൂദു' എന്നു പറയപ്പെടും. (ഇമാം റാഗിബിന്റെ 'മുഫ്റദാത്തു' മററും നോക്കുക)

ആകാശഭൂമികളിലുള്ളവർ (من في السموات والارض) എന്നു പറഞ്ഞതിൽ മലക്കുകൾ, മനുഷ്യർ, ജിന്നുകൾ എന്നീ ബുദ്ധിവർഗ്ഗങ്ങളെല്ലാം ഉൾപ്പെടുന്നു. മലക്കുകൾ മുഴുവനും, മനുഷ്യരിലും ജിന്നുകളിലുമുള്ള സത്യവിശ്വാസികളും സ്വമനസ്സാലെയും ഇച്ഛയനുസരിച്ചും തന്നെ അല്ലാഹുവിനു ആരാധനയായി സുജൂദു ചെയ്യുന്നു. കപടവിശ്വാസികളെ സംബന്ധിച്ചിടത്തോളം അവർ മുസ്ലിംകളായി അഭിനയിക്കുന്നവരാകകൊണ്ടു മനമില്ലാമനസ്സോടെയാണെങ്കിലും അവരും അല്ലാഹുവിനു സുജൂദു ചെയ്യേണ്ടി വരുന്നു. അതുപോലെ, ചില അത്യാപത്തുകൾ നേരിടുമ്പോൾ, തങ്ങളുടെ ഇതരദൈവങ്ങളെയെല്ലാം മറന്നു യഥാർത്ഥ ദൈവമായ അല്ലാഹുവിനെമാത്രം വിളിച്ചുകൊണ്ടു അവനു സുജൂദായി വീഴുവാൻ ബഹുദൈവ വിശ്വാസികളും ചിലപ്പോൾ നിർബ്ബന്ധിതരാകാറുണ്ട്. അല്ലാഹു നിശ്ചയിച്ച പ്രകൃതിവ്യവസ്ഥകൾക്കു മുമ്പിൽ തല കുനിക്കുകയും അവക്കു വഴങ്ങുകയും ചെയ്യുന്നതിൽനിന്നു ആരും ഒഴിവില്ലതാനും. ജീവികളും, നിർജ്ജീവികളുമടക്കം സകല വസ്തുക്കളും ഈ അർത്ഥത്തിൽ അല്ലാഹുവിനു സുജൂദു ചെയ്യുന്നവർ തന്നെ. നിഴലുകൾ പദാർത്ഥങ്ങളല്ലെങ്കിലും, അവപോലും അവക്കു അല്ലാഹു നിശ്ചയിച്ചുവെച്ചിട്ടുള്ള പ്രകൃതിനിയമങ്ങൾക്കു വിധേയമായിട്ടാണിരിക്കുന്നത്. ഉദാഹരണമായി രാവിലെയും

വൈകുന്നേരവും അവക്കു ദൈർഘ്യം കൂടുന്നു. പിന്നീടവ ചുരുങ്ങുന്നു. ചില പ്രത്യേക അവസരങ്ങളിൽ അവ വലത്തോട്ടു തിരിയുന്നു. മററു ചിലപ്പോൾ ഇടത്തോട്ടും തിരിയുന്നു. അതിലൊന്നും ഒരു മാററവും വരുത്തുവാൻ ആർക്കും സാധ്യവുമല്ല. ഇതെല്ലാം അല്ലാഹുവിന്റെ മഹത്വത്തെയും പരിശുദ്ധതയെയും വെളിപ്പെടുത്തുന്ന ദൃഷ്ടാന്തങ്ങളാണല്ലോ. (സൂറ: നഹ്ൽ: 48, 49: ഹജ്ജ്: 18 എന്നീ വചനങ്ങളും അവയുടെ വ്യാഖ്യാനവും കൂടി നോക്കുക)

١٦- قُلْ مَن رَّبُّ السَّمَٰوَٰتِ وَالْأَرْضِ
قُلِ اللَّهُ ۚ
قُلْ أَفَاتَّخَذْتُم مِّن دُونِهِۦٓ أَوْلِيَآءَ
لَا يَمْلِكُونَ لِأَنفُسِهِمْ
نَفْعًا وَلَا ضَرًّا ۚ
قُلْ هَلْ يَسْتَوِى الْأَعْمَىٰ وَالْبَصِيرُ ۙ
أَمْ هَلْ تَسْتَوِى الظُّلُمَٰتُ وَالنُّورُ ۗ
أَمْ جَعَلُوا لِلَّهِ شُرَكَآءَ
خَلَقُوا كَخَلْقِهِۦ فَتَشَٰبَهَ الْخَلْقُ عَلَيْهِمْ ۚ
قُلِ اللَّهُ خَٰلِقُ كُلِّ شَىْءٍ
وَهُوَ الْوَٰحِدُ الْقَهَّٰرُ ۝

16. പറയുക: 'ആരാണ് ആകാശങ്ങളുടെയും ഭൂമിയുടെയും റബ്ബ്?' പറയുക: 'അല്ലാഹുവാണ്.' [എന്നല്ലാതെ മറുപടി പറയുവാനില്ലല്ലോ]

പറയുക: 'എന്നിരിക്കെ, തങ്ങളുടെ സ്വന്തങ്ങൾക്ക(തന്നെയും) ഒരു ഉപകാരമാകട്ടെ, ഉപദ്രവമാകട്ടെ ചെയ്‌വാൻ സ്വാധീനമില്ലാത്ത ചില രക്ഷാധികാരികളെ അവനുപുറമെ നിങ്ങൾ ഉണ്ടാക്കിയിരിക്കുകയോ?!

പറയുക: 'അന്ധനും, കാഴ്ചയുള്ളവനും സമമാകുമോ?! അല്ലാത്തപക്ഷം, അന്ധകാരങ്ങളും പ്രകാശവും സമമാകുമോ! അതല്ല, അല്ലാഹുവിനു ഇവർ പങ്കാളികളെ ഏർപ്പെടുത്തിയിരിക്കുന്നുവോ?!

(അതെ) അവൻ സൃഷ്ടിച്ചതുപോലെ അവർ സൃഷ്ടിച്ചിട്ട് ഇവർക്ക് സൃഷ്ടി (കൾ തമ്മിൽ) തിരിച്ചറിയാതായിരിക്കുന്നുവെന്നോ?!'

പറയുക: 'അല്ലാഹുവത്രെ എല്ലാ വസ്തുവിന്റെയും സ്രഷ്ടാവ്. [വേറെ സ്രഷ്ടാവേ ഇല്ല. അവനത്രെ, സർവ്വാധികാരിയായുള്ള ഏകനും.'

---

16. قُلْ പറയുക مَنْ ആരാണ് رَبُّ റബ്ബ്, രക്ഷിതാവ്, നാഥൻ السَّمَاوَاتِ ആകാശങ്ങളുടെ وَالْأَرْضِ ഭൂമിയുടെയും قُلْ പറയുക اللَّهُ അല്ലാഹുവാണ് قُلْ പറയുക أَفَاتَّخَذْتُمْ എന്നിരിക്കെ (അപ്പോൾ) നിങ്ങൾ ആക്കിയിരിക്കയാണോ مِنْ دُونِهِ അവനുപുറമെ أَوْلِيَاءَ ചില രക്ഷാധികാരികളെ, കാര്യകർത്താക്കളെ لَا يَمْلِكُونَ സ്വാധീനമാക്കാത്ത, അവർ അധീനമാക്കുന്നില്ല لِأَنْفُسِهِمْ തങ്ങളുടെ സ്വന്തങ്ങൾക്കു തന്നെ نَفْعًا ഒരു ഉപകാരത്തെ وَلَا ضَرًّا ഒരു ഉപദ്രവത്തെയും ഇല്ല قُلْ പറയുക هَلْ يَسْتَوِي സമമാകുമോ الْأَعْمَى അന്ധൻ وَالْبَصِيرُ കാഴ്ചയുള്ളവനും أَمْ അതല്ല, അല്ലാത്തപക്ഷം, അതോ هَلْ تَسْتَوِي സമമാകുമോ الظُّلُمَاتُ അന്ധകാരങ്ങൾ, ഇരുട്ടുകൾ وَالنُّورُ പ്രകാശവും أَمْ جَعَلُوا അതല്ല അവർ ആക്കി, അവർ ഏർപ്പെടുത്തിയോ لِلَّهِ അല്ലാഹുവിനു شُرَكَاءَ ചില പങ്കുകാരെ خَلَقُوا അവർ സൃഷ്ടിച്ചിരിക്കുന്നു كَخَلْقِهِ അവന്റെ സൃഷ്ടിപോലെ فَتَشَابَهَ എന്നിട്ടു തിരിച്ചറിയാതായി, പരസ്പരം സാദൃശ്യമായി الْخَلْقُ സൃഷ്ടി عَلَيْهِمْ അവർക്ക قُلْ പറയുക اللَّهُ അല്ലാഹു خَالِقُ സൃഷ്ടാവാകുന്നു كُلِّ شَيْءٍ എല്ലാ വസ്തുവിന്റെയും وَهُوَ الْوَاحِدُ അവനത്രെ ഏകനും الْقَهَّارُ സർവ്വാധികാരിയായ

ബഹുദൈവ വിശ്വാസിയെ അന്ധനോടും, സത്യവിശ്വാസിയെ കാഴ്ചയുള്ളവനോടും, ബഹുദൈവവിശ്വാസത്തെ അന്ധകാരത്തോടും, സത്യവിശ്വാസത്തെ പ്രകാശത്തോടും ഉപമിച്ചിരിക്കുകയാണ്. ഈ വചനത്തിലെ ആശയം ഒരു വിശദീകരണവും കൂടാതെ സ്വയം വ്യക്തമാകുന്നു. അടുത്ത വചനത്തിൽ, യഥാർത്ഥവും അയഥാർത്ഥവും തമ്മിലുള്ള അന്തരം കാണിക്കുന്ന രണ്ടു ഉപമകൾ അല്ലാഹു വിവരിക്കുന്നു:–

١٧- أَنزَلَ مِنَ السَّمَاءِ مَاءً فَسَالَتْ أَوْدِيَةٌ بِقَدَرِهَا فَاحْتَمَلَ السَّيْلُ زَبَدًا رَّابِيًا ۚ

17. അവൻ [അല്ലാഹു] ആകാശത്തുനിന്നു (മഴ) വെള്ളം ഇറക്കി; എന്നിട്ട് പല താഴ്‌വരകളും അവയുടെ തോതനുസരിച്ചു (വെള്ളം) ഒഴുകി; അപ്പോൾ (ആ) ഒഴുക്ക് പൊന്തിവരുന്ന ഒരു (തരം) നുരയെ വഹിച്ചുകൊണ്ടു വന്നു.

وَمِمَّا يُوقِدُونَ عَلَيْهِ فِي النَّارِ ابْتِغَاءَ حِلْيَةٍ أَوْ مَتَاعٍ زَبَدٌ مِّثْلُهُ ۚ

വല്ല ആഭരണത്തെയോ, ഉപകരണത്തെയോ (ഉണ്ടാക്കുവാൻ) ആഗ്രഹിച്ച് തീയിൽ (ഇട്ട്) അവർ ചുട്ടുപഴുപ്പിക്കാറുള്ള (ലോഹ) വസ്തുവിൽനിന്നും അതുപോലെയുള്ള നുരയുണ്ടായിരിക്കും.

كَذَٰلِكَ يَضْرِبُ اللَّهُ الْحَقَّ وَالْبَاطِلَ ۚ فَأَمَّا الزَّبَدُ فَيَذْهَبُ جُفَاءً ۖ وَأَمَّا مَا يَنفَعُ النَّاسَ فَيَمْكُثُ فِي الْأَرْضِ ۚ كَذَٰلِكَ يَضْرِبُ اللَّهُ الْأَمْثَالَ ۝

അപ്രകാരം, യഥാർത്ഥത്തെയും, അയഥാർത്ഥത്തെയും അല്ലാഹു (ഉപമിച്ചു) വിവരിക്കുന്നു. എന്നാലപ്പോൾ, ആ നുര — അത് പുറംതള്ളലായി(നശിച്ചു) പോകുന്നു. എന്നാൽ, മനുഷ്യർക്ക് ഉപയോഗപ്പെടുന്ന വസ്തുവാകട്ടെ, അതു ഭൂമിയിൽ തങ്ങിനിൽക്കുകയും ചെയ്യുന്നു. അപ്രകാരം, അല്ലാഹു ഉപമകളെ വിവരിക്കുന്നു.

---

17. أنزل അവൻ ഇറക്കി من السماء ആകാശത്തുനിന്നു ماء വെള്ളം فسالت എന്നിട്ടു ഒലിച്ചു, ഒഴുകി أودية താഴ്‌വരകൾ بقدرها അവയുടെ തോത(കണക്ക)നുസരിച്ചു فاحتمل എന്നിട്ടു വഹിച്ചുവന്നു السيل ഒഴുക്കു (വെള്ളം) زبدا ഒരു (തരം) നുരയെ, പത رابيا പൊന്തിനിൽക്കുന്ന ومما يوقدون അവർ തീ കത്തിക്കുന്ന (കത്തിച്ചു പഴുപ്പിക്കുന്ന) വസ്തുവിൽ നിന്നും عليه അതിൻമേൽ في النار തീയിൽ ابتغاء ആഗ്രഹിച്ചുകൊണ്ടു حلية വല്ല ആഭരണത്തെയും أو متاع അല്ലെങ്കിൽ ഉപകരണത്തെയും زبد നുരയുണ്ടായിരിക്കും مثله അതുപോലുള്ള كذلك അപ്രകാരം يضرب ആക്കുന്നു, അടിക്കുന്നു (വിവരിക്കുന്നു) الله അല്ലാഹു الحق യഥാർത്ഥത്തെ, ന്യായമായതിനെ والباطل അയഥാർത്ഥത്തെ (അന്യായമായതിനെ)യും فأما എന്നാലപ്പോൾ الزبد നുര, പത فيذهب അതു പോകും, നശിക്കുന്നു جفاء പുറംതള്ളലായി وأما ما ينفع എന്നാൽ ഉപയോഗപ്പെടുന്നതാകട്ടെ الناس മനുഷ്യർക്കു فيمكث അതു താമസിക്കുന്നു (തങ്ങുന്നു) في الأرض ഭൂമിയിൽ كذلك അപ്രകാരം يضرب الله അല്ലാഹു ആക്കുന്നു (വിവരിക്കുന്നു) الأمثال ഉപമകളെ, ഉദാഹരണങ്ങൾ

അല്ലാഹുതന്നെ പ്രസ്താവിച്ചതുപോലെ, യഥാർത്ഥവും അയഥാർത്ഥവും — അഥവാ സത്യവും മിഥ്യയും — തമ്മിലുള്ള വ്യത്യാസത്തിനു നല്ല ഉദാഹരണങ്ങളാണിത്. ഒന്ന് വെള്ളവുമായി ബന്ധപ്പെട്ടതും, മറ്റേതു തീയുമായി ബന്ധപ്പെട്ടതും. രണ്ടിലെയും സാദൃശ്യബിന്ദു ഒന്നുതന്നെ. ഇതുപോലെ, കപട വിശ്വാസികളെക്കുറിച്ചും തീയും വെള്ളവുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള ചില ഉപമകൾ അൽബഖറഃ 17–20ൽ മുമ്പുകഴിഞ്ഞുപോയിട്ടുണ്ട്. അതേ കാണുന്നതുപോലെയുള്ള ചില ഹദീസുകളിലും അപ്രകാരം കാണാം. ഈ ഉപമകളുടെ സാരം ഇങ്ങിനെ മനസ്സിലാക്കാം:

മഴ വർഷിക്കുന്നതോടെ മലഞ്ചരിവുകളിൽ സ്ഥിതിചെയ്യുന്ന താഴ്‌വരകളിലൂടെ അതതിന്റെ വലുപ്പവും കിടപ്പും അനുസരിച്ച് മലവെള്ളം കുത്തി ഒഴുകിവരുമല്ലോ. ധാരാളം നുരയും പതയും വഹിച്ചുകൊണ്ടായിരിക്കും അത് ഒഴുകിവരുന്നത്. അതുപോലെത്തന്നെ, ആഭരണം മുതലായ ചില ഉപകരണങ്ങളെ ഉണ്ടാക്കുവാൻവേണ്ടി സ്വർണ്ണം, വെള്ളി, ഇരുമ്പ് തുടങ്ങിയ ലോഹങ്ങളെ തീയിലിട്ട് പഴുപ്പിച്ച് ഉരുക്കിയെടുക്കുമ്പോൾ അതിനുമീതെയും ഒരുതരം പതയും നുരയും കാണാവുന്നതാണ്. ഈ രണ്ടുതരം നുരകളും ഉപകാരമില്ലാത്ത കീടങ്ങളാണെന്നുമാത്രമല്ല, അവ അധികനേരം നിലനില്പുള്ളതായിരിക്കയില്ല. വെള്ളത്തിലെ നുര താഴ്‌വരയുടെ ഓരങ്ങളിലൂടെയും മറ്റുമായി ചിന്നിച്ചിതറി പുറംതള്ളപ്പെട്ടുപോകുന്നു. തിളച്ചുകളിലെ നുരയും അതുപോലെ പുറംതള്ളപ്പെട്ടുപോകുന്നു. അവയിൽ നിന്നു

ഷ്യര്‍ക്ക് പ്രയോജനപ്പെടുന്ന ഭാഗമാകട്ടെ—അഥവാ ഒന്നാമത്തേതില്‍ വെള്ളവും, രണ്ടാമത്തേതില്‍ ലോഹ (ദ്രാവകവും)—ശേഷിക്കുകയും അവയെ ഉപയോഗപ്പെടുത്തുകയും ചെയ്യുന്നു. ഇതുപോലെ മിഥ്യയായുള്ളത് ആദ്യം ആകര്‍ഷകമായി വെളിപ്പെടുമെങ്കിലും താമസംവിനാ ഉപകാരമില്ലാതെ നശിച്ചുപോകും. സത്യമാകട്ടെ, സ്ഥിരവും ഖരവുമായി അവശേഷിക്കുകയും അതിന്റെ പ്രയോജനം നിലനില്‍ക്കുകയും ചെയ്യുന്നു.

ഈ ഉപമയില്‍ നിന്നുമൊരു വസ്തുതകൂടി ഗ്രഹിക്കേണ്ടതായുണ്ട്. [illegible] മഴയ്ക്കു ശേഷം ലഭിക്കുന്ന വെള്ളവും ലോഹവും കൊണ്ടുള്ള പ്രയോജനം, അവയെ പ്രയോജനപ്പെടുത്തുന്ന ആളുകളെ സ്ഥിതിയനുസരിച്ച് കൂടിയും കുറഞ്ഞും വരുമല്ലോ. അതുപോലെ, അല്ലാഹുവിങ്കല്‍ നിന്നും ലഭിക്കുന്ന സത്യോപദേശങ്ങളില്‍ ജനങ്ങള്‍ ശ്രദ്ധപതിക്കുകയും, അവ ഉപയോഗപ്പെടുത്തുകയും ചെയ്യുന്നതിന്റെ തോതനുസരിച്ചായിരിക്കും അവര്‍ക്കുള്ള ലഭിക്കുന്ന പ്രയോജനവും. അബൂമൂസല്‍ അശ്അരീ (റ) ഉദ്ധരിച്ച ഒരു ഹദീസില്‍ നബി (സ) ഉപമാരൂപത്തില്‍ ഈ വസ്തുത ഇപ്രകാരം ചൂണ്ടിക്കാട്ടിയിരിക്കുന്നു:-

നബി (സ) പറഞ്ഞു: 'അല്ലാഹു എന്നെ നിയോഗിച്ചയച്ചിട്ടുള്ള സന്മാര്‍ഗ്ഗത്തിന്റെയും, വിജ്ഞാനത്തിന്റെയും ഉദാഹരണം, [illegible] അതില്‍ ഒരു വിഭാഗം ആ വെള്ളം സ്വീകരിച്ച് പുല്ലുകളും ധാരാളം സസ്യങ്ങളും മുളപ്പിച്ചു. [illegible] അവ ആ വെള്ളം തടഞ്ഞുവെക്കും. എന്നിട്ട് അതുമൂലം അല്ലാഹു മനുഷ്യര്‍ക്ക് പ്രയോജനം നല്‍കുന്നു. അങ്ങനെ, അവര്‍ കുടിക്കുകയും, (കാലികളെ) കുടിപ്പിക്കുകയും, കൃഷിനടത്തുകയും ചെയ്യുന്നു. വേറെ ഒരു വിഭാഗം [illegible] വെള്ളം തടഞ്ഞുവെക്കുകയോ, സസ്യങ്ങളെ [illegible]. അല്ലാഹു എന്നെ നിയോഗി[illegible] (മറ്റുള്ളവര്‍ക്ക്) പഠിപ്പിക്ക[illegible] [illegible] (ബു; മു.) അബൂഹുറൈറ (റ) ഉദ്ധരിച്ച മറ്റൊരു നബിവചന[illegible] ഒരു തീ കത്തിച്ചുവെന്ന് കരുതിയിരിക്കുന്ന [illegible] ഈ പ്രാണികളും അതില്‍ [illegible] അതില്‍ തിക്കി [illegible]. ഞാന്‍ നിങ്ങളുടെ ഉടുമുണ്ട് പിടിച്ച് തീയി[illegible]. ഇതാണ് എന്റെയും [illegible] നിങ്ങള്‍ എന്നെ അതിജയിച്ചു അതില്‍ വീഴു[illegible] (ബു; മു.)

١٨- لِلَّذِينَ اسْتَجَابُوا لِرَبِّهِمُ الْحُسْنَىٰ ۚ وَالَّذِينَ لَمْ يَسْتَجِيبُوا لَهُ لَوْ أَنَّ لَهُم مَّا فِي الْأَرْضِ جَمِيعًا وَمِثْلَهُ مَعَهُ لَافْتَدَوْا بِهِ ۚ

أُولَٰئِكَ لَهُمْ سُوءُ الْحِسَابِ وَمَأْوَاهُمْ جَهَنَّمُ ۖ وَبِئْسَ الْمِهَادُ

18. തങ്ങളുടെ റബ്ബിനു ഉത്തരം നല്‍കിയവര്‍ക്കാണ് ഏറ്റം നന്നായുള്ളതു [ഏറ്റം നല്ല പ്രതിഫലം] ഉണ്ടായിരിക്കുക. അവനു ഉത്തരം നല്‍കാത്തവരാകട്ടെ, അവര്‍ക്കു ഭൂമിയിലുള്ളതു മുഴുവനും, അതോടൊപ്പം അത്രയും (കൂടി) ഉണ്ടായിരുന്നാല്‍, അതു (ഒക്കെയും) അവര്‍ തെണ്ടം കൊടുക്കുക തന്നെ ചെയ്യുന്നതാണ്.

അക്കൂട്ടര്‍ക്കാണ് ചീത്തയായ വിചാരണയും (ഉണ്ടായിരിക്കുക). അവരുടെ സങ്കേതസ്ഥാനം 'ജഹന്നമു' [നരകവു]മാകുന്നു. (അതു) മോശമായ വിരിപ്പുതന്നെ.

18. لِلَّذِينَ اسْتَجَابُوا ഉത്തരം നല്‍കിയവര്‍ക്ക് لِرَبِّهِمْ തങ്ങളുടെ റബ്ബിനു الْحُسْنَىٰ ഏറ്റവും നല്ലതു وَالَّذِينَ لَمْ يَسْتَجِيبُوا ഉത്തരം ചെയ്യാത്തവര്‍ لَهُ അവനു لَوْ أَنَّ لَهُم അവര്‍ക്കുണ്ടായിരുന്നുവെങ്കില്‍ مَّا فِي الْأَرْضِ ഭൂമിയിലുള്ളതു جَمِيعًا മുഴുവനും, സര്‍വ്വവും وَمِثْلَهُ അതിന്റെ അത്രയും, അതുപോലെയുള്ളതും مَعَهُ അതോടൊപ്പം لَافْتَدَوْا بِهِ അവര്‍ തെണ്ടം (പ്രായശ്ചിത്തം) കൊടുക്കുക തന്നെ ചെയ്യും, അതിനെ أُولَٰئِكَ അക്കൂട്ടര്‍ لَهُمْ അവര്‍ക്കാണ് سُوءُ الْحِسَابِ ചീത്തയായ വിചാരണ, (കണക്ക്) وَمَأْوَاهُمْ അവരുടെ സങ്കേതസ്ഥാനം جَهَنَّمُ ജഹന്നമാകുന്നു وَبِئْسَ മോശമായതു الْمِهَادُ വിരിപ്പ് [illegible]

അല്ലാഹുവിന് ഉത്തരം നല്‍കുക എന്ന് വെച്ചാല്‍, തൗഹീദിലും, ഖുര്‍ആനിലും, നബി (സ)യിലും വിശ്വസിക്കുകവഴി അവന്റെ മാര്‍ഗ്ഗം പ്രാപിക്കുവാനുള്ള അവന്റെ ക്ഷണം സ്വീകരിക്കുക എന്നാകുന്നു. അത് സ്വീകരിക്കുന്നവര്‍ക്ക് പ്രതിഫലങ്ങളുടെ കൂട്ടത്തില്‍ ഏറ്റവും നല്ലതായ ശാശ്വതസ്വര്‍ഗ്ഗമായിരിക്കും ലഭിക്കുക. നാമമാത്ര വിചാരണ മാത്രമേ അവര്‍ക്ക് നേരിടേണ്ടി വരികയുമുള്ളു. ആ ക്ഷണം സ്വീകരിക്കാത്തവര്‍ക്ക് ഏറ്റവും മോശപ്പെട്ട പ്രതിഫലമായ നരകവുമായിരിക്കും ലഭിക്കുക. അവര്‍ വളരെ കടുത്ത വിചാരണയെ നേരിടേണ്ടതായും വരും. തങ്ങളുടെ ചെറുതും വലുതുമായ സകല ചെയ്തികള്‍ക്കും അവര്‍ കൈകെട്ടി ഉത്തരം പറയേണ്ടിവരും. ഭൗതികമായ താല്‍പര്യങ്ങളിലും, സുഖസൗകര്യങ്ങളിലും യാതൊരു വിട്ടുവീഴ്ചക്കും തയ്യാറില്ലാതിരുന്ന അവര്‍ അവിടെ വെച്ചു തങ്ങള്‍ക്കു ഭൂലോകം മുഴുവനും, അതിലപ്പുറവും ഉണ്ടായിരുന്നാലും അതെല്ലാം മോചനമൂല്യമായി നല്‍കി രക്ഷപ്പെടുവാന്‍ തയ്യാറായിരിക്കും. എന്ന് സാരം.

ആയിശാ (റ)ല്‍നിന്ന് നിവേദനം ചെയ്യപ്പെട്ട ഒരു ഹദീസിന്റെ സാരം ഇപ്രകാരമാകുന്നു: അവര്‍ പറയുകയാണ്: 'ഖിയാമത്തു നാളില്‍ വിചാരണക്ക് വിധേയരാകുന്ന ആരും നാശത്തിലകപ്പെടാതിരിക്കയില്ല' എന്നു റസൂല്‍ (സ) പറയുകയുണ്ടായി. ഞാന്‍ ചോദിച്ചു: '(വലങ്കയ്യില്‍ കര്‍മ്മരേഖ നല്‍കപ്പെടുന്ന സജ്ജനങ്ങളെപ്പറ്റി) അവര്‍ ലഘുവായ ഒരു വിചാരണക്ക് വിധേയരാകുമെന്നു അല്ലാഹു (84: 7, 8ല്‍) പ്രസ്താവിച്ചിട്ടില്ലേ' അപ്പോള്‍ തിരുമേനി പറഞ്ഞു: 'അത് കര്‍മ്മങ്ങളെ കാട്ടിക്കൊടുക്കല്‍ മാത്രമാകുന്നു. ആര്‍ കര്‍ശനമായ വിചാരണക്ക് വിധേയരാകുന്നുവോ അവന്‍ നാശമടയുന്നതാണ്.' (ബു; മു) ഒരു രിവായത്തില്‍ 'അവന്‍ നാശമടയും.' എന്നതിനുപകരം 'അവന്‍ ശിക്ഷിക്കപ്പെടും.' എന്നാണുള്ളത്.

വിഭാഗം-3

19. (നബിയേ) അപ്പോള്‍, നിനക്ക് നിന്റെ റബ്ബിങ്കല്‍ നിന്നു അവതരിപ്പിക്കപ്പെട്ടിട്ടുള്ളതു യഥാര്‍ത്ഥമാണെന്നു അറിയാവുന്നവന്‍, അന്ധനായുള്ള ഒരുവനെപ്പോലെയാണോ?! ബുദ്ധിമാന്‍മാര്‍മാത്രമേ ഉറ്റാലോചിക്കൂ.

١٩- أَفَمَن يَعْلَمُ أَنَّمَآ أُنزِلَ إِلَيْكَ مِن رَّبِّكَ ٱلْحَقُّ كَمَنْ هُوَ أَعْمَىٰٓ ۚ إِنَّمَا يَتَذَكَّرُ أُو۟لُوا۟ ٱلْأَلْبَٰبِ ۝

---

19. افمن അപ്പോള്‍ യാതൊരുവനോ يعلم അവനറിയും انما انزل അവതരിപ്പിക്കപ്പെട്ടതു എന്നു اليك നിനക്കു من ربك നിന്റെ റബ്ബിങ്കല്‍ നിന്നു الحق യഥാര്‍ത്ഥമാണ് (എന്ന്) كمن ഒരുവനെപ്പോലെ هو അവന്‍ اعمى അന്ധനാണ് انما يتذكر ഉറ്റാലോചിക്കുകയുള്ളു اولوا الالباب ബുദ്ധിമാന്മാര്‍ (മാത്രം)

അല്ലാഹു അവതരിപ്പിച്ചതാണു യഥാര്‍ത്ഥവും സത്യവുമെന്ന് മനസ്സിലാക്കുന്നവനാണു യഥാര്‍ത്ഥത്തില്‍ കാഴ്ചയുള്ളവന്‍. അല്ലാത്തവന്‍ ബാഹ്യത്തില്‍ കാഴ്ചയുള്ളവനാണെങ്കിലും അവന്‍ അന്ധനുതുല്യനാണ്. അവന്‍ ഉള്‍ക്കാഴ്ചയില്ലാത്തവനും ഉറ്റാലോചിക്കത്തക്ക ബുദ്ധി ഇല്ലാത്തവനുമാണ് എന്നത്രെ ഈ വചനത്തിലടങ്ങിയ തത്വം.

اولوا الالباب (ബുദ്ധിമാന്മാര്‍) എന്നു അല്ലാഹു പറയുന്നത്—പലരും ധരിക്കാറുള്ളതുപോലെ—ഗവേഷണ പരീക്ഷണങ്ങള്‍ നടത്തുവാനോ, ശാസ്ത്രീയ സിദ്ധാന്തങ്ങള്‍ കണ്ടുപിടിക്കുവാനോ, രാഷ്ട്രതന്ത്രങ്ങള്‍ തയ്യാറാക്കുവാനോ പ്രാപ്തരാകുമാറുള്ള 'ബുദ്ധിജീവികള്‍' എന്ന അര്‍ത്ഥത്തിലല്ലെന്ന് മനസ്സിലാക്കേണ്ടതുണ്ട്. അല്ലാഹു തന്നെ ആ വാക്കിനു നല്‍കിയിട്ടുള്ള വിശദീകരണങ്ങളില്‍ നിന്നുവേണം അതിന്റെ ഉദ്ദേശ്യം മനസ്സിലാക്കുവാന്‍. സൂ: ആലുഇംറാനിലെ 7, 8; 190—194 മുതലായ വചനങ്ങളില്‍ ഇതിന് മുമ്പു ചിലതെല്ലാം നാം കണ്ടുകഴിഞ്ഞതാണ്. തുടര്‍ന്നുള്ള വചനങ്ങളില്‍ അവരുടെ വിശേഷതകള്‍ വിവരിക്കുന്നത് കൂടി കാണുക:—

٢٠- الَّذِينَ يُوفُونَ بِعَهْدِ اللَّهِ وَلَا يَنْقُضُونَ الْمِيثَاقَ ○

20. അതായതു, അല്ലാഹുവിനോടുള്ള കരാറ് (അഥവാ അല്ലാഹുവിന്റെ ആജ്ഞ) നിറവേറ്റുകയും, ഉറപ്പ് (നൽകിയതു) ലംഘിക്കാതിരിക്കയും ചെയ്യുന്നവർ;—

٢١- وَالَّذِينَ يَصِلُونَ مَا أَمَرَ اللَّهُ بِهِ أَنْ يُوصَلَ وَيَخْشَوْنَ رَبَّهُمْ وَيَخَافُونَ سُوءَ الْحِسَابِ ○

21. യാതൊരു കൂട്ടരും : ഏതൊന്നിനെപ്പറ്റി (അതിനോടുള്ള ബന്ധം) ചേർക്കപ്പെടുവാൻ അല്ലാഹു കല്പിച്ചിരിക്കുന്നുവോ അതിനോടു അവർ (ബന്ധം) ചേർക്കും; തങ്ങളുടെ റബ്ബിനെ അവർ പേടിക്കുകയും, കടുത്ത വിചാരണയെ അവർ ഭയപ്പെടുകയും ചെയ്യും;

٢٢- وَالَّذِينَ صَبَرُوا ابْتِغَاءَ وَجْهِ رَبِّهِمْ وَأَقَامُوا الصَّلَاةَ وَأَنْفَقُوا مِمَّا رَزَقْنَاهُمْ سِرًّا وَعَلَانِيَةً وَيَدْرَءُونَ بِالْحَسَنَةِ السَّيِّئَةَ أُولَٰئِكَ لَهُمْ عُقْبَى الدَّارِ ○

22. യാതൊരു കൂട്ടരും: തങ്ങളുടെ റബ്ബിന്റെ പ്രീതിയെ ആഗ്രഹിച്ച് അവർ ക്ഷമ കൈക്കൊണ്ടു; അവർ നമസ്കാരം നിലനിറുത്തുകയും, തങ്ങൾക്കു നാം [അല്ലാഹു] നൽകിയതിൽനിന്നു രഹസ്യമായും, പരസ്യമായും ചിലവഴിക്കുകയും ചെയ്തു; തിൻമയെ അവർ നൻമകൊണ്ട് തടുക്കുകയും ചെയ്യുന്നതാണ്. അക്കൂട്ടർക്കത്രെ, ഭവനത്തിന്റെ (ശുഭ) പര്യവസാനം.

---

20. الَّذِينَ യാതൊരു കൂട്ടർ يُوفُونَ അവർ നിറവേറ്റും, പാലിക്കും بِعَهْدِ കരാറിനെ, ഉത്തരവിനെ اللَّهِ അല്ലാഹുവിന്റെ (അല്ലാഹുവിനോടുള്ള) وَلَا يَنْقُضُونَ അവർ ലംഘിക്കുകയില്ല, ഉടക്കുന്നതല്ല الْمِيثَاقَ ഉറപ്പിനെ, കരാറിനെ 21. وَالَّذِينَ യാതൊരു കൂട്ടരും يَصِلُونَ അവർ ചേർക്കും مَا أَمَرَ കൽപിച്ചതിനെ اللَّهُ അല്ലാഹു بِهِ അതിനെപ്പറ്റി أَنْ يُوصَلَ അതു ചേർക്കപ്പെടുവാൻ وَيَخْشَوْنَ അവർ പേടിക്കുകയും رَبَّهُمْ അവരുടെ റബ്ബിനെ وَيَخَافُونَ അവർ ഭയപ്പെടുകയും ചെയ്യും سُوءَ الْحِسَابِ മോശപ്പെട്ട (കടുത്ത) വിചാരണ 22. وَالَّذِينَ യാതൊരു കൂട്ടരും صَبَرُوا അവർ ക്ഷമിച്ചു ابْتِغَاءَ തേടി (ആഗ്രഹിച്ചു) കൊണ്ടു وَجْهِ മുഖത്തെ (പ്രീതിയെ) رَبِّهِمْ തങ്ങളുടെ റബ്ബിന്റെ وَأَقَامُوا നിലനിറുത്തുകയും ചെയ്തു الصَّلَاةَ നമസ്കാരം وَأَنْفَقُوا ചിലവഴിക്കുകയും ചെയ്തു مِمَّا رَزَقْنَاهُمْ അവർക്കു നാം നൽകിയതിൽ നിന്നു سِرًّا സ്വകാര്യ(രഹസ്യ)മായി وَعَلَانِيَةً പരസ്യമായിട്ടും وَيَدْرَءُونَ അവർ തടയുക(തട്ടിക്കളയുക)യും ചെയ്യും بِالْحَسَنَةِ നന്മകൊണ്ടു السَّيِّئَةَ തിന്മയെ أُولَٰئِكَ അക്കൂട്ടർ لَهُمْ അവർക്കുണ്ടു, അവർക്കാണു, അവർക്കത്രെ عُقْبَى പര്യവസാനം الدَّارِ ഭവനത്തിന്റെ

ബുദ്ധിമാന്മാരുടെ ലക്ഷണങ്ങളാണ് ഈ വചനങ്ങളിൽ അല്ലാഹു വിവരിക്കുന്നതു: (1) അല്ലാഹുവുമായുള്ള കരാറുകളും പ്രതിജ്ഞയും പാലിക്കുക. അതായത് പ്രവാചകന്മാർ മുഖേനയോ, ദൃഷ്ടാന്തങ്ങൾ മുഖേനയോ അറിയപ്പെട്ടിട്ടുള്ള കടമകളും ബാധ്യതകളും നിറവേറ്റുക. 2. കരാറുകളും ഉറപ്പുകളും ലംഘിക്കാതിരിക്കുക. അല്ലാഹുവുമായുള്ള പ്രതിജ്ഞകളുടെയും അടിസ്ഥാനത്തിൽ, അഥവാ, സത്യവിശ്വാസത്തിന്റെയും അടിസ്ഥാനത്തിൽ ജനങ്ങളോടു നൽകിയ എല്ലാ ഉറപ്പുകളും നിറവേറ്റുക. ധനപരമായ ഇടപാടുകൾ, ഉടമ്പടികൾ, വാഗ്ദാനങ്ങൾ ആദിയായവ ഇതിൽ ഉൾപ്പെടുന്നു. ഖതാദഃ (റ) പറഞ്ഞതായി ഇപ്രകാരം നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു: 'ഉടമ്പടിയെയും കരാറു പാലിക്കുന്നതിനെയുംപറ്റി ഇരുപതിൽപരം സ്ഥലത്ത് അല്ലാഹു ഖുർആനിൽ പ്രസ്താവിച്ചിരിക്കുന്നു. അതിന്റെ ഗൗരവവും പ്രാധാന്യവുമാണതു കുറിക്കുന്നത്.' 3. അല്ലാഹു ഏതെല്ലാം ബന്ധം ചേർക്കുവാൻ കല്പിച്ചിട്ടുണ്ടോ അതെല്ലാം ചേർക്കുക. കുടുംബബന്ധം പാലിക്കൽ ഇതിൽ പ്രഥമസ്ഥാനം അർഹിക്കുന്നു. അയൽക്കാർ, പാവപ്പെട്ടവർ, സാധുക്കൾ, മൂത്തവർ, വയസ്സുചെന്നവർ, ഗുരുനാഥന്മാർ മുതലായവരോടും, മതചിഹ്നങ്ങൾ, മതസ്ഥാപനങ്ങൾ ആദിയായവയോടും പാലിക്കേണ്ടുന്ന എല്ലാ ബന്ധങ്ങളും പാലിക്കൽ ഇതിൽ ഉൾപ്പെടുന്നു.

(4) [illegible] എല്ലാ [illegible] ഉൾപ്പെടെ അതിൽ നിന്നൊക്കെയും, എല്ലാ തിൻമകളുടെയും [illegible] നിന്നാണെന്നുമിരിക്കെ, അതിന്റെ പ്രാധാന്യത്തെ [illegible] വിശേഷിപ്പിച്ചതും [illegible] (5) [illegible] കടുത്ത വിചാരണയെ ഭയപ്പെടുക. [illegible] ഈ വിചാരണയെക്കുറിച്ചുള്ള [illegible] പ്രസ്താവിച്ച വിവരങ്ങൾ ഇവിടെയും സ്മരണീയമാകുന്നു. (6) [illegible] ക്ഷമ കൈക്കൊള്ളുക. കടമകളും പുണ്യകർമ്മങ്ങളും നിർവ്വഹിക്കുന്നതിലും, [illegible] കാര്യങ്ങൾ ഉപേക്ഷിക്കുന്നതിലും, നേരിടുന്ന ബുദ്ധിമുട്ടുകളെ സഹിക്കലും, [illegible] പോലെയുള്ള കാര്യങ്ങളിൽ സഹനം സ്വീകരിക്കലും ഇതിൽ ഉൾപ്പെടുന്നു. നിർബ്ബ[illegible], സ്വാർത്ഥതാൽപര്യങ്ങളെ ഉന്നം വെച്ചോ അല്ലാതെ, അല്ലാഹു[illegible] പ്രതിഫലവും ഉദ്ദേശിച്ചുകൊണ്ടുകൂടിയായിരിക്കണം അത്. (7) നമസ്കാരം നിലനിർത്തുക. (8) [illegible] നിന്നു-കഴിവും ആവശ്യവും സന്ദർഭവും അനുസരിച്ചു-രഹസ്യ പരസ്യവ്യത്യാസം [illegible]. ഈ രണ്ടു കാര്യങ്ങളെ സംബന്ധിച്ചും ഖുർആനിൽ അടിക്കടി ഉണർത്താറുള്ളതും, [illegible] സ്ഥാനവും പലപ്പോഴും അറിയപ്പെട്ടതാകുന്നു. പരസ്യമായി ചിലവഴിക്കുന്നതു [illegible], സംകീർത്തിക്കപ്പെടേണ്ടിയോ ആയിരിക്കരുതെന്നു പ്രത്യേകം പറയേണ്ടതില്ല. അതുപോലെതന്നെ, ചിലവഴിക്കുന്നതു [illegible] വേണമെന്നുള്ള നിഷ്കർഷ വെക്കുന്നതും, പരസ്യമായി ചിലവഴിക്കുന്നതിൽ [illegible] കാണിക്കുന്നതും ശരിയല്ല. രണ്ടും സന്ദർഭത്തിനും ആവശ്യത്തിനും അനുസരിച്ചായിരിക്കേണ്ടതാകുന്നു. (9) നൻമകൊണ്ടു തിൻമയെ തടുക്കുക. അഥവാ, തിൻമക്ക് പകരം തിൻമചെയ്യാതിരിക്കുക, ഇങ്ങോട്ടു തിൻമ ചെയ്തവരോട് അങ്ങോട്ട് നൻമചെയ്യുക, പാപം ചെയ്താൽ പശ്ചാത്തപിച്ചു മടങ്ങുക, വല്ല ദുഷ്കർമ്മവും ചെയ്തുപോയാൽ ഉടനെ വല്ല സൽക്കർമ്മവും ചെയ്യുക, അക്രമികൾക്കു മാപ്പു നൽകുക, ഒരു തിൻമയെ തടയുവാൻ പല മാർഗ്ഗങ്ങളുമുള്ളപ്പോൾ അവയിൽ കൂടുതൽ നയപരവും ലഘുവായതുമായ മാർഗ്ഗം സ്വീകരിക്കുക ആദിയായവയെല്ലാം ഈ ഇനത്തിൽപെടുന്നു. والله الموفق

10-ാം വചനത്തിൽ 'ബുദ്ധിമാൻമാർ മാത്രമേ ഉറ്റാലോചിക്കുകയുള്ളു' (إنما يتذكر أولوا الألباب) എന്നു പറഞ്ഞുവല്ലോ. ഈ ഗുണങ്ങളോടുകൂടിയവരാണു ബുദ്ധിമാൻമാർ എന്ന ചൂണ്ടിക്കാട്ടിയശേഷം, ഇങ്ങിനെയുള്ളവർക്ക് ലഭിക്കുന്ന ഫലം അല്ലാഹു വിവരിച്ചു أولئك لهم عقبى الدار (അക്കൂട്ടർക്കാണ് ഭവനത്തിന്റെ ശുഭപര്യവസാനം) എന്നാകുന്നു. ഈ പര്യവസാനം കൊണ്ടുദ്ദേശ്യമെന്താണെന്നു അല്ലാഹു തന്നെ തുടർന്നുള്ള വചനങ്ങളിൽ വ്യക്തമാക്കുന്നു:-

23. അതായതു, സ്ഥിരവാസത്തിന്റെ സ്വർഗ്ഗങ്ങൾ! [അതാണവരുടെ പര്യവസാനം] അവരും, അവരുടെ പിതാക്കളിൽനിന്നും, ഇണകളിൽനിന്നും, സന്തതികളിൽനിന്നും (സദ്‌വൃത്തരായി) നന്നായിട്ടുള്ളവരും അതിൽ പ്രവേശിക്കുന്നതാണ്. എല്ലാ വാതിലിലൂടെയും മലക്കുകൾ അവരിൽ പ്രവേശിച്ചുകൊണ്ടിരിക്കും:- '

٢٣- جَنَّٰتُ عَدْنٍ يَدْخُلُونَهَا وَمَن صَلَحَ مِنْ ءَابَآئِهِمْ وَأَزْوَٰجِهِمْ وَذُرِّيَّٰتِهِمْ وَٱلْمَلَٰٓئِكَةُ يَدْخُلُونَ عَلَيْهِم مِّن كُلِّ بَابٍ

24. (അവർ പറയും:) 'നിങ്ങൾ ക്ഷമ കൈക്കൊണ്ടതിനാൽ നിങ്ങൾക്ക 'സലാം' [ശാന്തിയുണ്ടാവട്ടെ]!' അപ്പോൾ, ഭവനത്തിന്റെ(ശുഭ)പര്യവസാനം വളരെ നന്നായിരിക്കുന്നു!

٢٤- سَلَٰمٌ عَلَيْكُم بِمَا صَبَرْتُمْ فَنِعْمَ عُقْبَى ٱلدَّارِ

---

23. جنات സ്വർഗ്ഗങ്ങൾ عدن സ്ഥിരവാസത്തിന്റെ يدخلونها അതിൽ അവർ പ്രവേശിക്കും من صلح നന്നായവരും من آبائهم അവരുടെ പിതാക്കളിൽ നിന്നു وأزواجهم അവരുടെ ഇണകളിൽനിന്നും وذرياتهم അവരുടെ സന്തതികളിൽനിന്നും والملائكة മലക്കുകൾ يدخلون പ്രവേശിക്കും عليهم അവരിൽ من كل എല്ലാറ്റിലൂടെയും باب വാതിൽ 24. سلام സലാം (സമാധാനശാന്തി) عليكم നിങ്ങൾക്കു(ഉണ്ടാവട്ടെ) بما صبرتم നിങ്ങൾ ക്ഷമിച്ചതുകൊണ്ടു فنعم അപ്പോൾ വളരെ (എത്രയോ) നന്നായി عقبى പര്യവസാനം الدار ഭവനത്തിന്റെ

കഴിഞ്ഞ വചനങ്ങളിൽ വിവരിച്ച ഗുണങ്ങളോട് കൂടിയ ബുദ്ധിമാൻമാർക്ക് ശുഭപര്യവസാനിയായ ഭവനം ലഭിക്കുമെന്നു പറഞ്ഞതിന്റെ ഉദ്ദേശ്യം അവരുടെ വാസസ്ഥലം സ്വർഗ്ഗമായിരിക്കുമെന്നും, സ്വർഗ്ഗത്തിൽ അവരോടൊന്നിച്ച് സദ്വൃത്തരായ അവരുടെ കുടുംബ ജനങ്ങളുമുണ്ടായിരിക്കുമെന്നും, മലക്കുകളിൽനിന്ന് അവർക്ക് തുരുതുരെ അനുമോദനങ്ങൾ ലഭിച്ചുകൊണ്ടിരിക്കുമെന്നും ഈ വചനങ്ങളിൽ അല്ലാഹു വ്യക്തമാക്കിയിരിക്കുന്നു. അവർക്ക് ഇത്രയും വമ്പിച്ച അനുഗ്രഹീത ജീവിതം ലഭിക്കുവാനുള്ള അടിസ്ഥാന കാരണം അവരുടെ ക്ഷമാശീലമാണല്ലോ. അവരുടെ മറ്റുള്ള ഗുണങ്ങളെല്ലാം [illegible] ആശ്രയിച്ചുള്ളവയാണ്. അതുകൊണ്ടാണ് മലക്കുകളുടെ അനുമോദനത്തിൽ بِمَا صَبَرْتُمْ (നിങ്ങൾ ക്ഷമിച്ചതുകൊണ്ട്) എന്ന് പ്രത്യേകം എടുത്തു പറയുന്നത്. والله أعلم

സത്യവിശ്വാസവും സൽകർമ്മങ്ങളും [illegible] സ്വർഗ്ഗം ലഭിക്കുമെന്നതിനു പുറമെ, അവരുടെ ഇഷ്ടജനങ്ങളും [illegible] കുടുംബജീവിതം നയിച്ചിരുന്നതുപോലെ–സ്വർഗ്ഗത്തിൽ അവരോടൊപ്പം [illegible] അല്ലാഹു അവർക്ക് നൽകുന്ന ഒരു മഹത്തായ അനുഗ്രഹമത്രെ. ഇക്കാര്യം സൂ: ത്വൂർ 21-ാം വചനത്തിലും അല്ലാഹു വ്യക്തമാക്കിയിട്ടുള്ളതാകുന്നു. ഒരു യാഥാർത്ഥ്യം ഇവിടെ ഓർമ്മിക്കേണ്ടതായുണ്ട്: [illegible] ആളായിരുന്നാലും അക്കാരണത്താൽ അയാളുടെ [illegible] പുണ്യവും ലഭിക്കുവാൻ പോകുന്നില്ലെന്നും, അവരവർ പ്രവർത്തിച്ചതിന്റെ ഫലം [illegible] (وَأَن لَّيْسَ لِلْإِنسَانِ إِلَّا مَا سَعَىٰ) എന്നുമുള്ളതിൽ സംശയമില്ല. നൂഹ് (അ) നബിയുടെ [illegible] ഇബ്റാഹീം (അ) [illegible] ലൂത്ത് (അ) [illegible] അതുകൊണ്ടാണല്ലോ. നബിയുടെ കാര്യം നബി (സ) തിരുമേനിയുടെ [illegible] ഇണകളും മേൽ വിവരിച്ച ബുദ്ധിമാൻമാരുടെ [illegible] (وَمَن صَلَحَ مِنْ آبَائِهِمْ وَأَزْوَاجِهِمْ وَذُرِّيَّاتِهِمْ) സന്തതികളും പ്രവേശിക്കും' എന്നു പറയാതെ, [illegible] എന്നു വിശേഷിപ്പിച്ചതും അതുകൊണ്ടാകുന്നു. സൂ: ത്വൂറിലെ വചനം [illegible] ബാക്കി [illegible] പിൻതുടരുകയും بِإِيمَانٍ أَلْحَقْنَا بِهِمْ ذُرِّيَّتَهُمْ (വിശ്വാസിക്കുകയും, വിശ്വാസത്തോടുകൂടി [illegible]) ചെയ്തിട്ടുള്ളവർക്ക് അവരുടെ സന്തതികളെ [illegible]

ഇപ്പോൾ, ഒന്നുകൂടി സത്യവിശ്വാസികളും [illegible] സ്വർഗ്ഗത്തിൽ ഒന്നിച്ചു സ്ഥലം കിട്ടി. [illegible] കൂട്ടുമെന്നു പറഞ്ഞതിൽ എന്താണു [illegible] കൊണ്ട് സ്വർഗ്ഗത്തിൽ ഇരുകൂട്ടർക്കും ഒന്നിച്ചു [illegible] അപേക്ഷിച്ച് അവരുടെ [illegible] സ്ഥിതിക്ക് ഇരുകൂട്ടർക്കും [illegible] വമ്പിച്ച ഒരു അനുഗ്രഹം തന്നെയാണല്ലോ. [illegible]

25. യാതൊരു കൂട്ടരാകട്ടെ, അല്ലാഹുവിനോടുള്ള [illegible] കരാറ് (അഥവാ അല്ലാഹുവിന്റെ ഉത്തരവ്) ഉറപ്പിച്ചതിനുശേഷം അതിനെ അവർ ലംഘിക്കും; ഏതൊന്നിനെപ്പറ്റി (അതിനോടുള്ള ബന്ധം) ചേർക്കപ്പെടുവാൻ അല്ലാഹു കൽപിച്ചി[illegible] അതിനെ അവർ മുറിക്കുകയും, ഭൂമിയിൽ [illegible] നാശം ഉണ്ടാക്കുകയും ചെയ്യുന്നു; (അങ്ങിനെയുള്ള)വർ [illegible] അക്കൂട്ടർ–അവർക്കത്രെ ശാപം! ഭവനത്തിന്റെ (പരലോകത്തെ) ദോഷവും അവർക്ക് തന്നെ!!

٢٥- وَالَّذِينَ يَنقُضُونَ عَهْدَ اللَّهِ مِن بَعْدِ مِيثَاقِهِ
وَيَقْطَعُونَ مَا أَمَرَ اللَّهُ بِهِ أَن يُوصَلَ
وَيُفْسِدُونَ فِي الْأَرْضِ
أُولَٰئِكَ لَهُمُ اللَّعْنَةُ وَلَهُمْ سُوءُ الدَّارِ

---

25. وَالَّذِينَ യാതൊരു കൂട്ടരാകട്ടെ يَنقُضُونَ അവർ ലംഘിക്കുന്നു عَهْدَ اللَّهِ അല്ലാഹുവിന്റെ (അല്ലാഹുവിനോടുള്ള) കരാറ്, ഉത്തരവു, [illegible] مِن بَعْدِ مِيثَاقِهِ അതിനെ ഉറപ്പിച്ചതിന്റെ [illegible] وَيَقْطَعُونَ [illegible] മുറിക്കുകയും ചെയ്യുന്നു مَا യാതൊന്നിനെ أَمَرَ اللَّهُ بِهِ അല്ലാഹു കൽപിച്ചിരിക്കുന്ന أَن يُوصَلَ അതു ചേർക്കപ്പെടുവാൻ وَيُفْسِدُونَ നാശമുണ്ടാക്കുകയും ചെയ്യുന്ന فِي الْأَرْضِ ഭൂമിയിൽ أُولَٰئِكَ അക്കൂട്ടർ لَهُمُ അവർക്കത്രെ اللَّعْنَةُ ശാപം وَلَهُمْ അവർക്കുണ്ട്, അവർക്കുതന്നെ سُوءُ [illegible] ദോഷം الدَّارِ ഭവനത്തിന്റെ

കഴിഞ്ഞ വചനങ്ങളിൽ ബുദ്ധിമാന്മാരുടെ സൽഗുണങ്ങളെയും, അവർക്കു ലഭിക്കുവാനിരിക്കുന്ന സൽഫലങ്ങളെയും കുറിച്ചു വിവരിച്ചശേഷം, നേരെമറിച്ച് വിധ്വംസികളായ ആളുകളുടെ സ്വഭാവങ്ങളും അവർക്കു ലഭിക്കുവാനിരിക്കുന്ന ദുഷ്ഫലങ്ങളും എന്തായിരിക്കുമെന്നു വിവരിക്കുകയാണ്. അവരുടെ വിപരീത സ്വഭാവങ്ങളാണു ഇവർക്കുള്ളത്. അതിനാൽ ആദ്യം പറഞ്ഞവർ അല്ലാഹുവിന്റെ പ്രീതിക്കും അനുഗ്രഹത്തിനും പാത്രമാകുമ്പോൾ, ഇവർ അല്ലാഹുവിന്റെ ശാപത്തിന്നും ശിക്ഷക്കുമാണു പാത്രമാകുന്നതെന്നും, അവരുടെ പര്യവസാനം സ്വർഗ്ഗമാകുന്ന ഭവനത്തിലേക്കായിരിക്കുമ്പോൾ, ഇവരുടെ പര്യവസാനം നരകമാകുന്ന ഭവനത്തിലേക്കായിരിക്കുമെന്നുമാണ് അല്ലാഹു ഈ വചനത്തിൽ പ്രസ്താവിച്ചതിന്റെ ചുരുക്കം. പരലോകത്തു രണ്ടു കൂട്ടരുടെയും സ്ഥിതി ഇതാണെങ്കിലും ഐഹികജീവിതത്തിൽ രണ്ടുകൂട്ടർക്കുമിടയിൽ അല്ലാഹു ആ വ്യത്യാസം കാണിക്കുകയില്ലെന്നുകൂടി അടുത്ത വചനത്തിൽ സൂചിപ്പിക്കുന്നു.

26. അല്ലാഹു, അവൻ ഉദ്ദേശിക്കുന്നവർക്ക് ഉപജീവനം വിശാലപ്പെടുത്തുകയും, (അവൻ ഉദ്ദേശിക്കുന്നവർക്ക്) പരിമിതപ്പെടുത്തുകയും ചെയ്യുന്നു. അവർ ഐഹികജീവിതംകൊണ്ടു ആഹ്ലാദം കൊള്ളുകയാണ്. പരലോകത്തെ അപേക്ഷിച്ച് ഐഹിക ജീവിതം ഒരു (നിസ്സാര) അനുഭവമല്ലാതെയല്ലതാനും.

٢٦- اللَّهُ يَبْسُطُ الرِّزْقَ لِمَن يَشَاءُ وَيَقْدِرُ ۚ وَفَرِحُوا بِالْحَيَوٰةِ الدُّنْيَا وَمَا الْحَيَوٰةُ الدُّنْيَا فِي الْآخِرَةِ إِلَّا مَتَاعٌ ۞ ع

26. الله അല്ലാഹു يبسط വിശാലമാക്കുന്നു الرزق ഉപജീവനം, ആഹാരം لمن يشاء അവൻ ഉദ്ദേശിക്കുന്നവർക്കു ويقدر പരിമിതമാക്കുകയും ചെയ്യുന്ന وفرحوا അവർ ആഹ്ലാദം (പുളകം-സന്തോഷം) കൊള്ളുകയും ചെയ്തിരിക്കുന്നു بالحيوة ജീവിതം കൊണ്ടു, ജീവിതത്തിൽ الدنيا ഇഹത്തിലെ, ഐഹിക وما الحيوة ജീവിതമല്ലതാനും الدنيا ഐഹിക في الاخرة പരലോകത്തിൽ (അപേക്ഷിച്ചു) الا متاع ഒരു അനുഭവം (ഉപകരണം) അല്ലാതെ

ആഹാരം മുതലായ ഐഹിക ജീവിതത്തിലെ സുഖ സൗകര്യങ്ങൾ നല്കുന്നതിൽ സന്മാർഗ്ഗികളെന്നോ ദുർമാർഗ്ഗികളെന്നോ ഉള്ള വ്യത്യാസം അല്ലാഹു കല്പിക്കാറില്ല. രണ്ടു വിഭാഗക്കാരിലും ചിലർക്ക് വിശാലമായും, ചിലർക്ക് പരിമിതമായും നല്കുകയാണു ചെയ്യുന്നത്. ആർക്കാണു വിശാലമാക്കേണ്ടത്, ആർക്കാണു പരിമിതമാക്കേണ്ടത് എന്നത് അവന്റെ ഉദ്ദേശ്യവും നിശ്ചയവും അനുസരിച്ചായിരിക്കും കണക്കാക്കപ്പെടുന്നത്. ഈ വചനത്തിലെ ഒന്നാമത്തെ വാക്യം മുഖേന അല്ലാഹു അറിയിക്കുന്നത് അതാണ്. ഈ വിഷയം ഖുർആനിൽ പലേടത്തും ആവർത്തിച്ചു പറയപ്പെട്ടിട്ടുള്ളതത്രെ. വിശാലമാക്കുന്നതും, കുടുസ്സാക്കുന്നതും—രണ്ടും തന്നെ—ഒരുതരത്തിലുള്ള പരീക്ഷണമാണെന്നും, ഒന്നാമത്തേതു നന്ദിയും നന്ദികേടും പരീക്ഷിക്കുവാനും, രണ്ടാമത്തേതു ക്ഷമയും ക്ഷമകേടും പരീക്ഷിക്കുവാനും വേണ്ടിയാണെന്നും ഖുർആന്റെ പ്രസ്താവനകളിൽ നിന്ന് അറിയപ്പെടുന്നു. തുടർന്നു പറഞ്ഞതിന്റെ സാരം ഇപ്രകാരമാകുന്നു: ഈ യഥാർത്ഥ്യം മനസ്സിലാക്കാതെ, ഐഹിക ജീവിതത്തിലെ സുഖസൗകര്യങ്ങളിൽ പുളകം കൊള്ളുകയും, അതുകൊണ്ടു തൃപ്തിപ്പെടുകയുമാണു ദുർമാർഗ്ഗികൾ ചെയ്യുന്നത്. വാസ്തവത്തിൽ, പരലോക ജീവിതത്തെ അപേക്ഷിച്ചു നോക്കുമ്പോൾ ഐഹിക ജീവിതം കേവലം നിസ്സാരമായ ഒരു നാമമാത്ര വസ്തു എന്നല്ലാതെ അതിലപ്പുറം ഒരു സ്ഥാനവും അതിനു കല്പിക്കുവാനില്ലതാനും.

ഒരാൾ തന്റെ കൈവിരൽ സമുദ്രത്തിൽ മുക്കിയെടുക്കുമ്പോൾ ആ വിരലിൽ ഉണ്ടാകുന്ന വെള്ളവും, സമുദ്രത്തിലെ വെള്ളവും തമ്മിലുള്ള അന്തരം പോലെയാണു പരലോകത്തെ അപേക്ഷിച്ചു ഇഹലോകത്തിന്റെ സ്ഥിതി എന്ന ഒരു ഹദീസിൽ നബി (സ) ഉപമിച്ചിരിക്കുന്നു. (അ; മു; തി.) ഇബ്നു മസ്ഊദു(റ) പറയുകയാണു: റസൂൽ(സ) ഒരു പായയിൽ ഉറങ്ങി. എഴുന്നേറ്റപ്പോൾ പായയുടെ പാട് തിരുമേനിയുടെ പാർശ്വത്തിൽ പതിഞ്ഞിരുന്നു. ഞങ്ങൾ അവിടത്തോടു: 'ഞങ്ങൾ അങ്ങേക്കു (മെത്തയോ വിരിപ്പോ) വല്ലതും ഉണ്ടാക്കിത്തരട്ടെയോ?' അപ്പോൾ തിരുമേനി പറയുകയാണു: 'ഞാനും ഇഹലോകവുമായി എന്തുണ്ടു ബന്ധം?! ഒരു വാഹന യാത്രക്കാരൻ ഒരു വൃക്ഷത്തിന്റെ ചുവട്ടിൽ തണൽ തേടി ചെന്നു, പിന്നെ അതു വിട്ടേച്ചു പോകുകയും ചെയ്യുന്നതുപോലെ അല്ലാതെ ഞാൻ ഇഹത്തിലുള്ളു'. (തി)

വിഭാഗം–4

27. അവിശ്വസിച്ചവർ പറയുന്നു: 'ഇവന്റെ [നബിയുടെ] മേൽ അവന്റെ റബ്ബിങ്കൽനിന്നു വല്ല ദൃഷ്ടാന്തവും അവതരിപ്പിക്കപ്പെടാത്തതെന്ത്?!' പറയുക: 'നിശ്ചയമായും അല്ലാഹു, അവൻ ഉദ്ദേശിക്കുന്നവരെ വഴിപിഴവിലാക്കുകയും, (മനസ്സു) മടങ്ങിയവരെ അവങ്കലേക്കു അവൻ വഴിചേർക്കുകയും ചെയ്യുന്നു:—

٢٧- وَيَقُولُ الَّذِينَ كَفَرُوا لَوْلَا أُنزِلَ عَلَيْهِ آيَةٌ مِّن رَّبِّهِ ۚ قُلْ إِنَّ اللَّهَ يُضِلُّ مَن يَشَاءُ وَيَهْدِي إِلَيْهِ مَنْ أَنَابَ ۝

28. 'അതായതു, വിശ്വസിക്കുകയും, അല്ലാഹുവിന്റെ സ്മരണകൊണ്ടു തങ്ങളുടെ ഹൃദയങ്ങൾ ശാന്തമായിത്തീരുകയും ചെയ്യുന്നവർ.

٢٨- الَّذِينَ آمَنُوا وَتَطْمَئِنُّ قُلُوبُهُم بِذِكْرِ اللَّهِ ۗ

അല്ലാ(-അറിയുക)! അല്ലാഹുവിന്റെ സ്മരണകൊണ്ടത്രെ ഹൃദയങ്ങൾ ശാന്തമായിത്തീരുന്നത്.

أَلَا بِذِكْرِ اللَّهِ تَطْمَئِنُّ الْقُلُوبُ ۝

29. 'യാതൊരു കൂട്ടർ വിശ്വസിക്കുകയും, സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തുവോ അവർക്കാണു മംഗളവും, നല്ല മടക്കസ്ഥാനവും!'

٢٩- الَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ طُوبَىٰ لَهُمْ وَحُسْنُ مَآبٍ ۝

---

27. يقول പറയുന്ന الذين كفروا അവിശ്വസിച്ചവർ لولا أنزل അവതരിപ്പിക്കപ്പെടാത്തതെന്തു, ഇറക്കപ്പെട്ടുകൂടേ عليه അവന്റെ (ഇവന്റെ)മേൽ آية ഒരു ദൃഷ്ടാന്തം, വല്ല ദൃഷ്ടാന്തവും من ربه അവന്റെ റബ്ബിൽ നിന്നു قل പറയുക إن الله നിശ്ചയമായും അല്ലാഹു يضل വഴിപിഴവിലാക്കുന്നു من يشاء അവൻ ഉദ്ദേശിക്കുന്നവരെ ويهدي അവൻ വഴിചേർക്കുകയും ചെയ്യുന്ന إليه അവങ്കലേക്ക് من أناب (ഹൃദയം) മടങ്ങിയവരെ, വിനയപ്പെട്ടവരെ 28. الذين അതായതു യാതൊരു കൂട്ടർ آمنوا അവർ വിശ്വസിച്ചു وتطمئن ശാന്തമായിത്തീരുക(അടങ്ങുക)യും ചെയ്യുന്ന قلوبهم തങ്ങളുടെ ഹൃദയങ്ങൾ بذكر സ്മരണ (ഓർമ്മ)കൊണ്ടു الله അല്ലാഹുവിന്റെ ألا അല്ലാ, അറിയുക بذكر الله അല്ലാഹുവിന്റെ സ്മരണകൊണ്ടു, ഓർമ്മകൊണ്ടാണ് تطمئن ശാന്തമാകുന്നത്, അടങ്ങുന്നു القلوب ഹൃദയങ്ങൾ 29. الذين آمنوا വിശ്വസിച്ചവർ وعملوا പ്രവർത്തിക്കുകയും ചെയ്തു الصالحات സൽകർമ്മങ്ങൾ طوبى മംഗളം لهم അവർക്കാണു وحسن مآب നല്ല മടക്ക (പ്രാപ്യ)സ്ഥാനവും

ദൃഷ്ടാന്തങ്ങൾ ധാരാളം ഉണ്ടായിരുന്നിട്ടു പിന്നെയും അവിശ്വാസികൾ പുതിയ ദൃഷ്ടാന്തങ്ങൾ ആവശ്യപ്പെട്ടു കൊണ്ടിരുന്നതിനെപ്പറ്റി ഇതിനു മുമ്പും പിമ്പും പല സ്ഥലങ്ങളിലും പ്രസ്താവിച്ചിട്ടുള്ളതാണ്. അതുപോലെത്തന്നെ, അല്ലാഹു ഉദ്ദേശിക്കുന്നവരെ അവൻ വഴിപിഴവിലാക്കുമെന്നും, അവൻ ഉദ്ദേശിക്കുന്നവരെ അവൻ സന്മാർഗ്ഗത്തിൽ ചേർക്കുമെന്നും പറഞ്ഞതിന്റെ താല്പര്യത്തെക്കുറിച്ചും ഒന്നിലധികം പ്രാവശ്യം മുമ്പു വിവരിച്ചു കഴിഞ്ഞിട്ടുള്ളതാണു. അതുകൊണ്ടു ഈ രണ്ടു കാര്യത്തെകുറിച്ചു പ്രത്യേകമൊന്നും വിവരിക്കുന്നില്ല. അല്ലാഹുവിലേക്ക മനസ്സു മടങ്ങി വിനയമായിത്തീരുന്നവരെയാണു അവൻ നേർവഴിയിൽ ചേർക്കുക (يهدي إليه من أناب) എന്നു പറഞ്ഞതിൽനിന്ന തന്നെ അവൻ വഴിപിഴവിലാക്കുന്നതു ആരെയായിരിക്കുമെന്നു മനസ്സിലാക്കാവുന്നതാണല്ലോ. പുതിയ ദൃഷ്ടാന്തങ്ങൾ കാണിച്ചുകൊടുക്കുവാൻ ആവശ്യപ്പെടുന്നവർക്ക് നൽകുവാൻ കല്പിച്ച മറുപടിയുടെ ആകെ സാരം ഇങ്ങനെ പറയാം: നിങ്ങളെ നേർമാർഗ്ഗത്തിലാക്കുവാൻ അല്ലാഹു ഉദ്ദേശിച്ചിട്ടില്ലെങ്കിൽ, നിങ്ങൾക്കു ഏതു പുതിയ ദൃഷ്ടാന്തം ഉണ്ടാക്കിത്തന്നിട്ടു ഫലമുണ്ടാകുവാൻ പോകുന്നില്ല. നിങ്ങളെ നേർമാർഗ്ഗത്തിലാക്കിത്തരുവാൻ കഴിവുണ്ടെന്നു നിങ്ങൾ ... ചെയ്യേണ്ടത്. നേർമാർഗ്ഗം പ്രാപിക്കുവാൻ ദൃഷ്ടാന്തം ... താഴ്മയോടുംകൂടി അവനോടു അപേക്ഷിക്കുകയാണു നിങ്ങൾ ചെയ്യേണ്ടത്. ... ദൃഷ്ടാന്തങ്ങൾ ആവശ്യപ്പെടുന്നതായിൽ, അതിനു വേണ്ടത്ര ദൃഷ്ടാന്തങ്ങൾ നിങ്ങളുടെ മുമ്പിൽ തന്നെയുണ്ട്.

[illegible] ... ദിക്റ് (ഹൃദയത്തിലും) പ്രകടമായിത്തീരുന്നതാകുന്നു. ധ്യാനം, ഭക്തി, വിനയം തുടങ്ങിയവ ... (അല്ലാഹുവിന്റെ പരിശുദ്ധിയെ പ്രകീർത്തനം ചെയ്യൽ), ഹംദു (സ്തുതികീർത്തനം) ... (മഹത്വകീർത്തനം), ദുആ (പ്രാർത്ഥന), ഖുർആൻ പാരായണം മുതലായവ നാവുകൊണ്ടും, ... മുതലായ കർമ്മങ്ങൾ പ്രവൃത്തികൊണ്ടും ഉണ്ടാകുന്ന സ്മരണ(ذِكْر)കളത്രെ.

كَذَٰلِكَ أَرْسَلْنَاكَ فِي أُمَّةٍ قَدْ خَلَتْ مِن قَبْلِهَا أُمَمٌ لِّتَتْلُوَ عَلَيْهِمُ الَّذِي أَوْحَيْنَا إِلَيْكَ

30. മുമ്പ് പല സമുദായങ്ങൾ കഴിഞ്ഞുപോകുകയു ണ്ടായിട്ടുള്ള ഒരു സമുദായത്തിൽ, അതുപോലെ [അവരിൽ അയച്ചതുപോലെ] നിന്നെ നാം (റസൂലായി) അയച്ചിരിക്കുന്നു, നിനക്കു നാം 'വഹ്‌യു' [സന്ദേശം] നല്കി യതിനെ നീ അവർക്ക് ഓതിക്കേൾപ്പിക്കുവാൻവേണ്ടി.

وَهُمْ يَكْفُرُونَ بِالرَّحْمَٰنِ ۚ قُلْ هُوَ رَبِّي لَا إِلَٰهَ إِلَّا هُوَ عَلَيْهِ تَوَكَّلْتُ وَإِلَيْهِ مَتَابِ ○

അവരാകട്ടെ, പരമകാരുണികനിൽ അവിശ്വസിക്കുകയും ചെയ്യുന്നു. പറയുക: 'അവൻ എന്റെ റബ്ബാകുന്നു; അവ നല്ലാതെ ഒരു ആരാധ്യനേ ഇല്ല; അവന്റെ മേലത്രെ ഞാൻ ഭരമേല്പിച്ചിരിക്കുന്നത്; അവനിലേക്കുതന്നെയാണു എന്റെ (പശ്ചാത്തപിച്ചു) മടക്കവും'.

---

30. كَذَٰلِكَ അപ്രകാരം, അതുപോലെ أَرْسَلْنَاكَ നിന്നെ നാം അയച്ചിരിക്കുന്നു فِي أُمَّةٍ ഒരു സമുദായത്തിൽ قَدْ خَلَتْ കഴിഞ്ഞുപോയിട്ടുണ്ട് مِن قَبْلِهَا അതിന്റെ (ആ സമുദായത്തിന്റെ) മുമ്പു أُمَمٌ പല (പല) സമുദായങ്ങൾ لِّتَتْلُوَ നീ ഓതിക്കൊടുക്കു (ഓതികേൾപ്പിക്ക)വാൻ വേണ്ടി عَلَيْهِمُ അവരുടെ മേൽ, അവർക്കു الَّذِي أَوْحَيْنَا നാം വഹ്‌യു നൽകിയതിനെ إِلَيْكَ നിനക്ക وَهُمْ അവരാകട്ടെ يَكْفُرُونَ അ വിശ്വസിക്കുന്നു بِالرَّحْمَٰنِ റഹ്‌മാനിൽ (പരമകാരുണികനിൽ) قُلْ പറയുക هُوَ رَبِّي അവൻ എന്റെ റബ്ബാ ണ് (രക്ഷിതാവാണ്) لَا إِلَٰهَ ഒരാരാധ്യനുമില്ല إِلَّا هُوَ അവനല്ലാതെ عَلَيْهِ അവന്റെ മേലത്രെ تَوَكَّلْتُ ഞാൻ ഭരമേൽപിച്ചിരിക്കുന്നു وَإِلَيْهِ അവങ്കലേക്കുതന്നെയാണു مَتَابِ എന്റെ പശ്ചാത്താപം, മടക്കം

സാരം: മുമ്പു പല സമുദായങ്ങളിലേക്കും നാം റസൂലുകളെ അയക്കുകയുണ്ടായിരുന്നു. അതുപോലെ, ഈ സമുദായത്തിലേക്കു നിന്നെ അയച്ചിരിക്കുകയാണു. ഇതൊരു പുതിയ ഏർപ്പാടൊന്നുമല്ല. അവരുടെ നൻമക്കായാണ് നാം നിനക്കു എത്തിച്ചുതന്ന സന്ദേശങ്ങൾ അവരെ കേൾപ്പിച്ചു മനസ്സിലാക്കുവാൻ വേണ്ടിയാണു നിന്നെ അയച്ചിരിക്കുന്നതും. അല്ലാഹു അവർക്കു നല്കിയ ഈ വമ്പിച്ച കാരുണ്യത്തിനു അവർ നന്ദികാണിക്കുകയാണു വേണ്ടിയിരുന്നത്. പക്ഷെ, നന്ദിക്കുപകരം മഹാ കാരുണികനായ അല്ലാഹുവിൽ അവിശ്വസിച്ചു നന്ദികേടു കാണിക്കുകയാണവർ ചെയ്യുന്നത്. അവർ സ്വീകരിച്ചാലും ഇല്ലെങ്കിലും ശരി, എല്ലാം അവനിൽ അർപ്പിച്ചുകൊണ്ടു നീ തൗഹീദിൽ ഉറച്ചുതന്നെ നിന്നുകൊള്ളുക.

31. വല്ല 'ഖുര്‍ആനും' [പാരായണ ഗ്രന്ഥവും], അതുമൂലം മലകള്‍ (അതിന്‍റെ സ്ഥാനത്തുനിന്നു) നടത്തപ്പെടുകയോ, അല്ലെങ്കില്‍ അതുമൂലം ഭൂമി (തുണ്ടമായി) മുറിക്കപ്പെടുകയോ, അതുമൂലം മരണപ്പെട്ടവരുമായി സംസാരിക്കപ്പെടുകയോ ചെയ്തിരുന്നുവെങ്കില്‍ (അത് ഈ ഗ്രന്ഥം തന്നെയാകുമായിരുന്നു). പക്ഷേ, കല്‍പന [അധികാരം] മുഴുവനും അല്ലാഹുവിനാകുന്നു.

٣١- وَلَوْ أَنَّ قُرْآنًا سُيِّرَتْ بِهِ الْجِبَالُ أَوْ قُطِّعَتْ بِهِ الْأَرْضُ أَوْ كُلِّمَ بِهِ الْمَوْتَىٰ ۗ بَل لِّلَّهِ الْأَمْرُ جَمِيعًا ۗ

അപ്പോള്‍, വിശ്വസിച്ചവര്‍ക്കു വ്യക്തമായി അറിഞ്ഞുകൂടേ? അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കില്‍ മനുഷ്യരെ മുഴുവനും അവന്‍ സന്മാര്‍ഗ്ഗത്തിലാക്കുമായിരുന്നുവെന്ന്!

أَفَلَمْ يَيْأَسِ الَّذِينَ آمَنُوا أَن لَّوْ يَشَاءُ اللَّهُ لَهَدَى النَّاسَ جَمِيعًا ۗ

അവിശ്വസിച്ചവര്‍ അവര്‍ പ്രവര്‍ത്തിച്ചതു നിമിത്തം — അവര്‍ക്കു മുട്ടി അലക്കുന്ന വല്ല [ശിക്ഷാ] സംഭവം ബാധിച്ചുകൊണ്ടേയിരിക്കുന്നതാണ്. അല്ലെങ്കില്‍ അവരുടെ വസതിക്കു സമീപം അതു [വന്നു] ഇറങ്ങിക്കൊണ്ടിരിക്കും; അല്ലാഹുവിന്‍റെ വാഗ്ദത്തം വന്നെത്തുന്നതുവരെ. നിശ്ചയമായും, അല്ലാഹു കരാറു നിശ്ചയത്തിന് എതിര് പ്രവര്‍ത്തിക്കുകയില്ല.

وَلَا يَزَالُ الَّذِينَ كَفَرُوا تُصِيبُهُم بِمَا صَنَعُوا قَارِعَةٌ أَوْ تَحُلُّ قَرِيبًا مِّن دَارِهِمْ حَتَّىٰ يَأْتِيَ وَعْدُ اللَّهِ ۚ إِنَّ اللَّهَ لَا يُخْلِفُ الْمِيعَادَ ع

---

31. وَلَوْ أَنَّ ആയിരുന്നെങ്കില്‍ قُرْآنًا വല്ല ഖുര്‍ആനും (പാരായണഗ്രന്ഥവും) سُيِّرَتْ بِهِ അതുമൂലം നടത്തപ്പെട്ടു الْجِبَالُ മല (പര്‍വ്വതം)കള്‍ أَوْ قُطِّعَتْ അല്ലെങ്കില്‍ മുറിക്ക (തുണ്ടമാക്ക)പ്പെട്ടു بِهِ അതുമൂലം الْأَرْضُ ഭൂമി أَوْ كُلِّمَ അല്ലെങ്കില്‍ സംസാരിക്കപ്പെട്ടു بِهِ അതുമൂലം, അതിനാല്‍ الْمَوْتَىٰ മരണപ്പെട്ടവരുമായി بَل പക്ഷേ, എന്നാല്‍, എങ്കിലും لِّلَّهِ അല്ലാഹുവിനാണു الْأَمْرُ കല്‍പന (അധികാരം), കാര്യം جَمِيعًا മുഴുവനും أَفَلَمْ يَيْأَسِ അപ്പോള്‍ നിരാശപ്പെട്ടി (വ്യക്തമായി അറിഞ്ഞിട്ടി)ല്ലേ الَّذِينَ آمَنُوا വിശ്വസിച്ചവര്‍ أَن لَّوْ يَشَاءُ ഉദ്ദേശിച്ചിരുന്നുവെങ്കില്‍ എന്ന اللَّهُ അല്ലാഹു لَهَدَى അവന്‍ സന്മാര്‍ഗ്ഗത്തിലാക്കുകതന്നെ ചെയ്തിരുന്നു (വെന്നു) النَّاسَ മനുഷ്യരെ جَمِيعًا മുഴുവനും وَلَا يَزَالُ ആയിക്കൊണ്ടേയിരിക്കും الَّذِينَ كَفَرُوا അവിശ്വസിച്ചവര്‍ تُصِيبُهُم അവര്‍ക്കു ബാധിച്ചുകൊണ്ടു بِمَا صَنَعُوا അവര്‍ പ്രവര്‍ത്തിച്ചതിനാല്‍ قَارِعَةٌ വല്ല മുട്ടി അലക്കുന്ന സംഭവം أَوْ تَحُلُّ അല്ലെങ്കില്‍ അതു ഇറങ്ങിക്കൊണ്ടു, നിന്നു ഇറങ്ങിക്കൊണ്ടു قَرِيبًا അടുത്തു, സമീപത്തു مِّن دَارِهِمْ അവരുടെ വസതിക്കു, ഭവനത്തോടു حَتَّىٰ يَأْتِيَ വരുന്നതുവരെ وَعْدُ اللَّهِ അല്ലാഹുവിന്‍റെ വാഗ്ദത്തം, വാഗ്ദാനം إِنَّ اللَّهَ നിശ്ചയമായും അല്ലാഹു لَا يُخْلِفُ എതിരു ചെയ്യുക (ലംഘിക്കുക)യില്ല الْمِيعَادَ നിശ്ചയത്തെ, കരാര്‍ (വാഗ്ദത്ത) നിശ്ചയം

ഖുര്‍ആന്‍ [illegible] പാരായണ [illegible] പാരായണം ചെയ്യു [illegible] ... [illegible]

ണ ഉദ്ദേശിച്ചിട്ടില്ല. സന്മാർഗ്ഗം പ്രാപിക്കുവാൻ അർഹതയുള്ളവരും അതിനു സന്നദ്ധതയുള്ളവരും ആരൊക്കെയാണെന്ന അവനറിയാം. അങ്ങിനെയുള്ളവർ അതിൽ വിശ്വസിക്കുകയും, അവരെ അവൻ സ്വർഗ്ഗത്തിലാക്കുകയും ചെയ്യും. ഈ വാസ്തുത സത്യവിശ്വാസികൾക്ക് ശരിക്കും അറിയാവുന്നതാണല്ലോ. അതുകൊണ്ടു ആ സത്യനിഷേധികളെപ്പറ്റി അവർ ആശിച്ചിരിക്കേണ്ടതില്ല. ഏതായാലും ഒരു കാര്യം തീർച്ചയാകുന്നു: അല്ലാഹു ചെയ്ത വാഗ്ദത്തം—ഇസ്ലാമിന്റെ വിജയം—നടപ്പിൽ വരുക തന്നെ ചെയ്യും. അതുവരെ സ്വൈരമായിരിക്കുവാൻ അവിശ്വാസികൾക്കു സാധ്യമായിരിക്കയില്ല. അവർക്കിടയിൽ തന്നെയോ, അല്ലെങ്കിൽ അവർക്കു സ്വൈരജീവിതം സാദ്ധ്യമല്ലാത്ത വിധം അവരുടെ സമീപ സ്ഥലങ്ങളിലോ എന്തെങ്കിലും ആപത്തുകൾ അവർ അനുഭവിച്ചുകൊണ്ടിരിക്കുന്നതാണ്. അല്ലാഹുവിന്റെ നിശ്ചയത്തിനു ഒരിക്കലും മാറ്റം വരുകയില്ല ഇതൊക്കെയാണ് ഈ വചനത്തിലടങ്ങിയ സാരം.

ഇസ്ലാമിന്റെ വിജയവും, ശിർക്കിന്റെ പരാജയവും അടുത്ത ഭാവിയിൽ പരിപൂർണ്ണമായിത്തീരുന്നതാണെന്നുള്ള അല്ലാഹുവിന്റെ വാഗ്ദാനം യഥാർത്ഥമായി പുലർന്നതും, അതുവരെയും യുദ്ധം, ക്ഷാമം തുടങ്ങിയ ആപത്തുകൾ മുശ്രിക്കുകൾക്കു അനുഭവപ്പെട്ടുകൊണ്ടിരുന്നതും പ്രസിദ്ധമാണല്ലോ. أو تحل قريبا من دارهم എന്ന വാക്യത്തിന്ന് പരിഭാഷയിൽ കണ്ടതുപോലെ—'അല്ലെങ്കിൽ അവരുടെ വസതിക്കു സമീപം അതു (ആ മുട്ടി അലക്കുന്ന സംഭവം) വന്നിറങ്ങിക്കൊണ്ടിരിക്കും' എന്നു അർത്ഥം കല്പിച്ചുകൊണ്ടുള്ളതാണ് മേൽകണ്ട വിവരണം. ആ വാക്യത്തിനു 'അല്ലെങ്കിൽ നീ (നബി) അവരുടെ വസതിക്കു സമീപം ഇറങ്ങിയേക്കും' എന്നും അർത്ഥം വരാവുന്നതാണ്. മക്കാവിജയം വഴി ഇസ്ലാമിന്റെ വിജയം പൂർത്തിയാകുന്നതുവരെ അതിന്റെ പരിസരങ്ങളിലുള്ള ഓരോ രാജ്യങ്ങളും നബി (സ) ജയിച്ചടക്കിക്കൊണ്ടിരിക്കും എന്നായിരിക്കും അപ്പോൾ ഇതിന്റെ താല്പര്യം. ഖുർആൻ വ്യാഖ്യാതാക്കളിൽ ഒരു വിഭാഗം ഈ വാക്യത്തിനു കല്പിച്ചിരിക്കുന്ന വ്യാഖ്യാനം ഇതാകുന്നു.

قرآن (ഖുർആൻ) എന്ന വാക്കിന് 'പാരായണം' എന്നും 'പാരായണ ഗ്രന്ഥം' എന്നും അർത്ഥമുണ്ടെന്നും, ഇതിൽനിന്നാണ് വിശുദ്ധ ഖുർആനിനു قرآن എന്നു പേർ വന്നതെന്നും കഴിഞ്ഞ സൂറത്തിലെ 2-ാം വചനത്തിന്റെ വ്യാഖ്യാനത്തിൽ വിവരിച്ചിരിക്കുന്നു. ഇവിടെ 'ഖുർആൻ' എന്നു പറഞ്ഞതു മുൻവേദഗ്രന്ഥങ്ങളാകുന്ന പാരായണ ഗ്രന്ഥങ്ങളെ ഉദ്ദേശിച്ചാകുന്നു. ഒരു ഹദീസിൽ നബി (സ) ഇപ്രകാരം പറയുന്നു: 'ദാവൂദ് (അ)ന്നു ഖുർആൻ ലഘുവാക്കപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിന്റെ മൃഗത്തിനു (വാഹനത്തിനു) ജീനിയിട്ടു കെട്ടുവാൻ അദ്ദേഹം കല്പിച്ചിട്ട് അതു കെട്ടിത്തീരും മുമ്പായി അദ്ദേഹം ഖുർആൻ ഓതുമായിരുന്നു. അദ്ദേഹം തന്റെ സ്വന്തം കരങ്ങളുടെ പ്രവർത്തനത്തിൽ നിന്നല്ലാതെ ഭക്ഷണം കഴിച്ചിരുന്നതുമില്ല.' (അ; ബു) ഈ നബി വചനത്തിൽ 'ഖുർആൻ' എന്നു പറഞ്ഞതു ദാവൂദ് (അ) നബിയുടെ വേദഗ്രന്ഥത്തെ (സബൂറിനെ) ഉദ്ദേശിച്ചാണെന്നു വ്യക്തമാണ്.

أفلم ييأس എന്ന വാക്കിനാണു—മിക്ക ഖുർആൻ വ്യാഖ്യാതാക്കളും കല്പിച്ചപോലെ—'അറിഞ്ഞുകൂടേ' എന്നു നാമും അർത്ഥം കല്പിച്ചിരിക്കുന്നതു. സാധാരണഗതിയിൽ 'നിരാശപ്പെട്ടിട്ടില്ലേ' എന്നായിരിക്കും ആ വാക്കിന്നർത്ഥം വരുക. ഒരു കാര്യത്തെപ്പറ്റി ശരിക്കും വ്യക്തമായി അറിയുമ്പോഴാണല്ലോ അതിന്റെ മറുവശത്തെപ്പറ്റി നിരാശപ്പെടുന്നത്. അവിശ്വാസികൾ ഖുർആനിൽ വിശ്വസിക്കാത്തതിന്റെ കാരണം നല്ലപോലെ അറിയാവുന്ന സ്ഥിതിക്കു അവർ വിശ്വസിക്കുന്ന കാര്യത്തിൽ സത്യവിശ്വാസികൾക്കു ആശയും പ്രതീക്ഷയും ഉണ്ടാവാൻ അവകാശമില്ലല്ലോ. അതാണു ഈ പ്രയോഗത്തിലടങ്ങിയ സൂചന.

വിഭാഗം-5

٣٢ وَلَقَدِ اسْتُهْزِئَ بِرُسُلٍ مِّن قَبْلِكَ فَأَمْلَيْتُ لِلَّذِينَ كَفَرُوا ثُمَّ أَخَذْتُهُمْ فَكَيْفَ كَانَ عِقَابِ ○

32. തീർച്ചയായും, നിന്റെ മുമ്പു പല റസൂലുകളെക്കുറിച്ചും പരിഹസിക്കപ്പെടുകയുണ്ടായിട്ടുണ്ടു; എന്നിട്ടു ഞാൻ (ആ) അവിശ്വസിച്ചവർക്കു താമസം നൽകി (അയച്ചുവിട്ടു); പിന്നെ, ഞാൻ അവരെ പിടിച്ചു (ശിക്ഷിച്ചു). അപ്പോൾ, എന്റെ ശിക്ഷാനടപടി എങ്ങിനെയായിരുന്നു? [അതു കുറിക്കുകൊണ്ടില്ലേ?!]

۳۳- أَفَمَنْ هُوَ قَائِمٌ عَلَىٰ كُلِّ نَفْسٍ بِمَا كَسَبَتْ ۗ وَجَعَلُوا لِلَّهِ شُرَكَاءَ قُلْ سَمُّوهُمْ ۚ

33. അപ്പോൾ, എല്ലാ (ഓരോ) വ്യക്തിയുടെ മേലും അതു (പ്രവർത്തിച്ചു) സമ്പാദിച്ചതിനെപ്പററി (മേൽനോട്ടം ചെയ്തുകൊണ്ടു) നിലകൊള്ളുന്ന യാതൊരുവനോ ...?; [അവനെങ്ങിനെ ഒരു കഴിവും ഇല്ലാത്തവർക്കു സമമാകുന്നു?!] (എന്നിട്ടും) അവർ അല്ലാഹുവിനു പങ്കാളികളെ ആക്കിയിരിക്കുന്നു! പറയുക: 'നിങ്ങൾ അവരെ (ഒന്നു) പേരു പറഞ്ഞു (വിവരിച്ചു) തരുവിൻ!

أَمْ تُنَبِّئُونَهُ بِمَا لَا يَعْلَمُ فِي الْأَرْضِ

അതല്ല, ഭൂമിയിൽ (ഉള്ളതായി) അവൻ അറിയാത്ത കാര്യത്തെപ്പററി നിങ്ങൾ അവനു വിവരം അറിയിക്കുന്നുവോ?!

أَم بِظَاهِرٍ مِّنَ الْقَوْلِ ۗ

അതല്ല, (അർത്ഥമില്ലാത്ത) വല്ല പുറംവാക്കും മൂലം (അങ്ങിനെ പറയുന്നതു) ആണോ?!'

بَلْ زُيِّنَ لِلَّذِينَ كَفَرُوا مَكْرُهُمْ وَصُدُّوا عَنِ السَّبِيلِ ۗ وَمَن يُضْلِلِ اللَّهُ فَمَا لَهُ مِنْ هَادٍ ○

പക്ഷേ, (അതൊന്നുമല്ല—ആ) അവിശ്വസിച്ചവർക്കു അവരുടെ തന്ത്രം അലങ്കാരമായി കാണിക്കപ്പെട്ടിരിക്കുകയാണ്; അവർ (ശരിയായ) മാർഗ്ഗത്തിൽ നിന്നും തട്ടിത്തിരിക്കപ്പെടുകയും ചെയ്തിരിക്കുന്നു. ഏതൊരുവനെ അല്ലാഹു വഴിപിഴവിലാക്കുന്നുവോ അവന്നു (പിന്നെ) നേർവഴിയിലാക്കുന്ന ഒരുവനുമില്ല.

---

32. وَلَقَدْ തീർച്ചയായും ഉണ്ടു اسْتُهْزِئَ പരിഹസിക്കപ്പെട്ടിട്ടു(ണ്ടു) بِرُسُلٍ പല റസൂലുകളെപ്പററിയും مِن قَبْلِكَ നിന്റെ മുമ്പു فَأَمْلَيْتُ എന്നിട്ടും നാം താമസം നൽകി, പിന്തിച്ചുകൊടുത്തു (അയവു നൽകി) لِلَّذِينَ كَفَرُوا അവിശ്വസിച്ചവർക്ക് ثُمَّ പിന്നെ, പിന്നീട് أَخَذْتُهُمْ അവരെ ഞാൻ പിടിച്ചു فَكَيْفَ അപ്പോൾ എങ്ങിനെ كَانَ ആയിരുന്നു, ഉണ്ടായി عِقَابِ എന്റെ ശിക്ഷാനടപടി, പ്രതികാര നടപടി 33. أَفَمَنْ അപ്പോൾ യാതൊരുവനോ هُوَ അവൻ قَائِمٌ നിലകൊള്ളുന്നവനാണു عَلَىٰ كُلِّ نَفْسٍ എല്ലാ വ്യക്തിയുടെ (ദേഹത്തിന്റെ-ആളുടെ-ആത്മാവിന്റെ) മേലും بِمَا كَسَبَتْ അതു സമ്പാദിച്ചതിനെപ്പററി وَجَعَلُوا അവർ ആക്കിയിരിക്കുന്നു لِلَّهِ അല്ലാഹുവിനു شُرَكَاءَ പങ്കാളികളെ قُلْ പറയുക سَمُّوهُمْ നിങ്ങൾ അവരെ പേരു പറയുവിൻ (നിർണ്ണയിച്ചു-വിവരിച്ചു തരുക) أَمْ تُنَبِّئُونَهُ അതല്ല (അല്ലാത്തപക്ഷം) നിങ്ങൾ അവനു വിവരം അറിയിക്കുന്നോ, പറഞ്ഞുകൊടുക്കുന്നോ بِمَا لَا يَعْلَمُ അവൻ അറിയാത്തതിനെപ്പററി فِي الْأَرْضِ ഭൂമിയിൽ أَم بِظَاهِرٍ അല്ലെങ്കിൽ വല്ല ബാഹ്യമായ (പുറമെയുള്ള)തു മൂലമാണോ مِّنَ الْقَوْلِ വാക്കിൽ നിന്നുള്ള بَلْ പക്ഷേ, എന്നാൽ زُيِّنَ അലങ്കരിക്ക (അലങ്കാരമായി കാണിക്ക)പ്പെട്ടിരിക്കുന്നു لِلَّذِينَ كَفَرُوا അവിശ്വസിച്ചവർക്ക് مَكْرُهُمْ അവരുടെ തന്ത്രം, കുതന്ത്രം, ഉപായം وَصُدُّوا അവർ തിരിക്ക (തട്ടിവിട)പ്പെടുകയും ചെയ്തിരിക്കുന്നു عَنِ السَّبِيلِ മാർഗ്ഗത്തിൽ നിന്നു وَمَن ആരെ, ഏതൊരുവനെ يُضْلِلِ വഴിപിഴവിലാക്കുന്നുവോ اللَّهُ അല്ലാഹു فَمَا لَهُ എന്നാൽ അവനില്ല مِنْ هَادٍ ഒരു വഴി ചേർക്കുന്നവനും, വഴികാട്ടിയും

ഓരോ വ്യക്തിയുടെയും സകല ചെയ്തികളും സൂക്ഷ്മവീക്ഷണം നടത്തിക്കൊണ്ടിരിക്കുന്ന അല്ലാഹുവിനു ചില പങ്കാളികൾ ഉണ്ടെന്നാണല്ലോ അവർ പറയുന്നത്. എന്നാൽ, അവനു പങ്കുകാരായിരിക്കുവാൻ അർഹതയുള്ള ആ പങ്കാളികൾ ആരൊക്കെയാണെന്നു അവരൊന്നു വിവരിച്ചു തരട്ടെ, നമുക്കൊന്നു കാണാമല്ലോ. ഒരു പക്ഷെ അല്ലാഹുവിന്റെ അറിവിൽ പെടാത്ത ചില പങ്കാളികൾ ഈ ഭൂമിയിൽ അവനുണ്ടെന്നുള്ള ഒരു വിവരം അവനു പറഞ്ഞു കൊടുക്കുകയാണോ അവർ ചെയ്യുന്നത്? അങ്ങിനെയാണെങ്കിൽ അതു തനി കള്ളമാകുന്നു. കാരണം, ഭൂമിയിൽ അല്ലാഹു അറിയാത്ത ഒന്നും തന്നെയില്ല. ഇനി, യഥാർത്ഥമെന്നോ നോക്കാതെ, നിരർത്ഥമായ ഒരു വെറും വാക്കായിക്കൊണ്ടു മാത്രം അവർ അങ്ങിനെ പറയുകയാണു ചെയ്യുന്നതെങ്കിൽ അതിനൊട്ടു വിലയും കല്പിക്കുവാനില്ല എന്നു സാരം.

[illegible] തന്നെ [illegible] പുണ്യമായി [illegible] അവർ ചെയ്യുന്ന ദുഷ് പ്രവൃത്തികൾ തന്നെ [illegible] അല്ലാഹു [illegible] അവൻ കണക്കാക്കുന്നത്. [illegible] ഇങ്ങിനെയുള്ളവരെ നേർമാർഗ്ഗത്തിലേക്ക് നയിക്കുക [illegible] إن الله لا يهدي من هو كاذب كفار (നിശ്ചയമായും, ഒരുത്തനും വളരെ നന്ദികെട്ട [illegible] അവനെ അല്ലാഹു നേർമാർഗ്ഗത്തിലാക്കുകയില്ല. (39:3). إن الله لا يهدي من هو مسرف كذاب [illegible] വലിയ വ്യാജവാദിയും അതിരുകവിഞ്ഞവനുമായവനെ അല്ലാഹു നേർമാർഗ്ഗത്തിലാക്കുകയില്ല (40:28) അല്ലാഹു നേർമാർഗ്ഗത്തിലാക്കാത്തവരെ പിന്നെ ആർ നേർമാർഗ്ഗത്തിലാക്കുവാനാണ്?!

34. അവർക്കു ഇഹലോക ജീവിതത്തിൽ ഒരു (തരം) ശിക്ഷയുണ്ടായിരിക്കും; പരലോകത്തെ ശിക്ഷയാകട്ടെ, കൂടുതൽ ഞെരുക്കമുള്ളതു തന്നെയായിരിക്കും. അല്ലാഹുവി(ന്റെ ശിക്ഷയിൽ) നിന്നു കാ(ത്തുരക്ഷി)ക്കുന്ന ഒരാളും അവർക്കില്ലതാനും.

٣٤- لَهُمْ عَذَابٌ فِي الْحَيَوٰةِ الدُّنْيَا وَلَعَذَابُ الْآخِرَةِ أَشَقُّ وَمَا لَهُم مِّنَ اللَّهِ مِن وَاقٍ ○

---

34. لهم അവർക്കുണ്ട് عذاب ശിക്ഷ في الحيوة ജീവിതത്തിൽ الدنيا ഐഹിക, ഇഹത്തിലെ ولعذاب ശിക്ഷതന്നെ, ശിക്ഷയാകട്ടെ الآخرة പരത്തിലെ أشق അധികം ഞെരുക്കമുള്ളതു وما لهم അവർക്കില്ലതാനും من الله അല്ലാഹുവിൽ നിന്നു من واق ഒരു കാക്കുന്ന (സൂക്ഷിക്കുന്ന)വനും.

ഇഹത്തിൽ കൊല, ബന്ധനം, അപമാനം, ക്ഷാമം ആദിയായ ശിക്ഷാനുഭവങ്ങളും, പരത്തിലാകട്ടെ, കഠിനകഠോരവും ശാശ്വതവുമായ നരകശിക്ഷയും.

35. സൂക്ഷ്മത പാലിക്കുന്നവരോടു വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ള സ്വർഗ്ഗത്തിന്റെ മാതിരി (ഇതത്രെ):

അതിന്റെ അടിഭാഗത്തിലൂടെ അരുവികൾ ഒഴുകിക്കൊണ്ടിരിക്കും. അതിലെ ഭോജ്യം നിരന്തരമായതാകുന്നു; അതിലെ തണലും (തന്നെ). അതു, സൂക്ഷ്മത പാലിച്ചവരുടെ പര്യവസാനമത്രെ. അവിശ്വാസികളുടെ പര്യവസാനമാകട്ടെ, നരകവുമാകുന്നു.

٣٥- مَّثَلُ الْجَنَّةِ الَّتِي وُعِدَ الْمُتَّقُونَ تَجْرِي مِن تَحْتِهَا الْأَنْهَارُ أُكُلُهَا دَائِمٌ وَظِلُّهَا تِلْكَ عُقْبَى الَّذِينَ اتَّقَوا وَّعُقْبَى الْكَافِرِينَ النَّارُ ○

---

35. مثل ഉപമ, മാതിരി, ഉദാഹരണം الجنة സ്വർഗ്ഗത്തിന്റെ التي وعد വാഗ്ദാനം ചെയ്യപ്പെട്ടതായ المتقون സൂക്ഷ്മത പാലിക്കുന്നവരോടു, ഭയഭക്തർക്കു تجري നടക്കും, ഒഴുകും من تحتها അതിന്റെ അടിഭാഗത്തിലൂടെ الأنهار നദികൾ أكلها അതിലെ തീറ്റ (ഭോജ്യം) دائم നിരന്തരമായതാണു, പതിവായി നിലനിൽക്കുന്നതാണു وظلها അതിലെ തണലും تلك അതു, അവ عقبى പര്യവസാനമാകുന്നു الذين اتقوا സൂക്ഷ്മത പാലിച്ചവരുടെ وعقبى പര്യവസാനമാകട്ടെ الكافرين അവിശ്വാസികളുടെ النار നരകമാകുന്നു

ആദം (അ) നബിയെ സൃഷ്ടിച്ചശേഷം അദ്ദേഹത്തെ സ്വർഗ്ഗത്തിൽ താമസിപ്പിച്ച അവസരത്തിൽ അല്ലാഹു അദ്ദേഹത്തോടു പറയുകയുണ്ടായി: 'നിശ്ചയമായും നിനക്കവിടെ വിശക്കാതെയും നഗ്നനാകാതെയുമിരിക്കാം. നിനക്കവിടെ ദാഹിക്കാതെയും, വെയിൽകൊള്ളാതെയുമിരിക്കാം. (ത്വാഹാ: 118, 119).

٣٦- وَالَّذِينَ آتَيْنَاهُمُ الْكِتَابَ يَفْرَحُونَ بِمَا أُنْزِلَ إِلَيْكَ ۖ وَمِنَ الْأَحْزَابِ مَنْ يُنْكِرُ بَعْضَهُ ۚ قُلْ إِنَّمَا أُمِرْتُ أَنْ أَعْبُدَ اللَّهَ وَلَا أُشْرِكَ بِهِ ۚ إِلَيْهِ أَدْعُو وَإِلَيْهِ مَآبِ ○

36. നാം (വേദ) ഗ്രന്ഥം നല്‍കിയിട്ടുള്ളവര്‍, നിനക്കു ഇറക്കപ്പെട്ടതില്‍ സന്തോഷം കൊള്ളുന്നതാണ്. (ആ) കക്ഷികളില്‍ തന്നെയുണ്ട് അതിന്റെ ചിലഭാഗം നിഷേധിക്കുന്നവര്‍. പറയുക: 'ഞാന്‍ അല്ലാഹുവിനെ ആരാധിക്കുവാനും, അവനോടു പങ്കുചേര്‍ക്കാതിരിക്കുവാനും മാത്രമേ എന്നോടു കല്‍പിക്കപ്പെട്ടിട്ടുള്ളു. അവനിലേക്കുതന്നെ ഞാന്‍ ക്ഷണിക്കുന്നത്; അവനിലേക്കു തന്നെയാണു എന്റെ മടങ്ങിച്ചെല്ലലും'.

---

36. وَالَّذِينَ യാതൊരുകൂട്ടര്‍ آتَيْنَاهُمُ അവര്‍ക്കു നാം നല്‍കിയിരിക്കുന്നു الْكِتَابَ (വേദ)ഗ്രന്ഥം يَفْرَحُونَ അവര്‍ സന്തോഷിക്കും بِمَا أُنْزِلَ അവതരിപ്പിക്കപ്പെട്ടതില്‍ إِلَيْكَ നിനക്കു وَمِنَ الْأَحْزَابِ (ആ)കക്ഷികളില്‍ തന്നെയുണ്ടു مَنْ يُنْكِرُ നിഷേധിക്കുന്നവര്‍ بَعْضَهُ അതില്‍ ചിലതു قُلْ പറയുക إِنَّمَا أُمِرْتُ ഞാന്‍ കല്‍പിക്കപ്പെടുകമാത്രം ചെയ്തിരിക്കുന്നു أَنْ أَعْبُدَ ഞാന്‍ ആരാധിക്കുവാന്‍ اللَّهَ അല്ലാഹുവിനെ وَلَا أُشْرِكَ ഞാന്‍ പങ്കുചേര്‍ക്കാതിരിക്കുവാനും بِهِ അവനോടു إِلَيْهِ അവനിലേക്കു തന്നെ أَدْعُو ഞാന്‍ ക്ഷണിക്കുന്നു وَإِلَيْهِ അവനിലേക്കു തന്നെ مَآبِ എന്റെ മടങ്ങിച്ചെല്ലലും

വേദക്കാര്‍ സത്യത്തില്‍നിന്നു വളരെയധികം പിഴച്ചുപോയിട്ടുണ്ടെങ്കിലും [illegible] കുറെയെല്ലാം [illegible] അവരില്‍ നിലവിലുണ്ടായിരുന്നു. അതുകൊണ്ടു നബി (സ)ക്കു അവതരിച്ച ഈ വേദഗ്രന്ഥം വിശ്വാസാചാരങ്ങളെ [illegible] സത്യമാണെന്നും, വിഗ്രഹാരാധന തുടങ്ങിയ [illegible] അടിസ്ഥാനത്തില്‍ വേദക്കാര്‍ക്കറിയാമായിരുന്നു. തങ്ങളുടെ വേദഗ്രന്ഥവും ഖുര്‍ആനും [illegible] സന്തോഷം കൊള്ളേണ്ടതാണ്. [illegible] മുഴുവനും ഖുര്‍ആനെക്കുറിച്ചു സന്തോഷം കൊള്ളുകയും [illegible] പ്രകടിപ്പിച്ചു. [illegible] 'വേദഗ്രന്ഥം' [illegible] അതില്‍ സന്തോഷവും തല്‍പര്യവും [illegible] ഖുര്‍ആനില്‍–വിശ്വസിക്കുന്നതാണ് [illegible] (റ) എന്ന സൂ: അല്‍ബഖറ: 121ല്‍ [illegible] മുസ്‌ലിംകളായി [illegible] ക്രിസ്ത്യാനികളില്‍ [illegible] ഖുര്‍ആനില്‍ സന്തോഷം കൊള്ളുകയും വിശ്വസിക്കുകയും ചെയ്തു. [illegible] വിശ്വാസാചാരങ്ങളെ [illegible] ഇവരാണു അവരില്‍ [illegible] ഇസ്‌ലാമിന്റെ ശത്രുക്കളായി [illegible] നിഷേധിക്കുന്നവരായിരുന്നു. [illegible] സയ്യിദ്, ആഖിബ് മുതലായ [illegible] ഇവരില്‍ ഉള്‍പ്പെടുന്നു.
നസ്രാണി ക്രിസ്തീയ [illegible]

നിങ്ങളുടെ വേദഗ്രന്ഥം മുഖേന അല്ലാഹു കല്‍പിച്ച [illegible] നിങ്ങള്‍ സ്വീകരിച്ചാലും ഇല്ലെങ്കിലും ശരി, [illegible] തൗഹീദു തന്നെയാണു എന്നോടും കല്‍പിക്കപ്പെടുന്നത്. അതില്‍ [illegible] ഞാന്‍ ക്ഷണിക്കുന്നതും. [illegible] ഒരു പഴുതുമില്ല. അതിലേക്കു മാത്രമാണ് എല്ലാവരെയും ഞാന്‍ [illegible] അവനിലേക്കുതന്നെ ഞാന്‍ തിരിച്ചു [illegible] ഞാന്‍ അല്ലാഹുവിന്റെ മുമ്പില്‍ [illegible] നബി(സ)യോടു അല്ലാഹു കല്‍പിക്കുന്നു. സൂ: ആലുഇംറാനില്‍ വേദ [illegible] എന്നാണെ [illegible] قُلْ يَا أَهْلَ الْكِتَابِ تَعَالَوْا ... [illegible] വാക്യത്തിലേക്കു വരുവിന്‍. അതായതു നാം [illegible] (പറയുക: [illegible], നമ്മളും നിങ്ങളും [illegible] അവനോടു യാതൊന്നും പങ്കുചേര്‍ക്കാതെ ... ...'(3: 64)
അല്ലാഹുവിനെയല്ലാതെ ആരാധിക്കരുതെന്നും, [illegible]

٣٧- وَكَذَٰلِكَ أَنزَلْنَٰهُ حُكْمًا عَرَبِيًّا ۚ وَلَئِنِ ٱتَّبَعْتَ أَهْوَآءَهُم بَعْدَ مَا جَآءَكَ مِنَ ٱلْعِلْمِ مَا لَكَ مِنَ ٱللَّهِ مِن وَلِىٍّ وَلَا وَاقٍ ○

37. അതുപോലെ, ഇതിനെ [ഖുർആനെ] നാം അറബി (ഭാഷ)യിലുള്ള ഒരു വിധി നിയമമായി അവതരിപ്പിച്ചിരിക്കുന്നു. നിനക്കു അറിവിൽനിന്നു വന്നു കിട്ടിയതിനുശേഷം, അവരുടെ ഇച്ഛകളെ നീ പിൻപറ്റിയെങ്കിൽ, അല്ലാഹുവി(ന്റെ ശിക്ഷയി)ൽനിന്നു ഒരു രക്ഷാധികാരിയാകട്ടെ, കാ(ത്തു രക്ഷി)ക്കുന്നവനാകട്ടെ, നിനക്കു (ഉണ്ടാവുക) ഇല്ല.

---

37. وَكَذَٰلِكَ അതുപോലെ أَنزَلْنَاهُ ഇതു നാം അവതരിപ്പിച്ചിരിക്കുന്നു حُكْمًا ഒരു വിധിയായി, നിയമമായി عَرَبِيًّا അറബിയിലുള്ളതായ وَلَئِنِ اتَّبَعْتَ നീ പിൻപറ്റിപ്പോയെങ്കിൽ أَهْوَاءَهُم അവരുടെ ഇച്ഛകളെ, തന്നിഷ്ടങ്ങളെ بَعْدَ ശേഷം, പിറകെ مَا جَاءَكَ നിനക്കു വന്നതിനു مِنَ الْعِلْمِ അറിവിൽനിന്നു مَا لَكَ നിനക്കില്ല مِنَ اللَّهِ അല്ലാഹുവിൽനിന്നു مِن وَلِيٍّ ഒരു ബന്ധുവും, രക്ഷാധികാരിയും وَلَا وَاقٍ ഒരു കാക്കുന്ന (സൂക്ഷിക്കുന്ന)വനുമില്ല

മുമ്പു [illegible] അവതരിക്കപ്പെട്ടിരുന്നതുപോലെയുള്ള ഒരു വേദഗ്രന്ഥം തന്നെയാണു ഈ ഖുർആനും. [illegible] അറിഞ്ഞും ആചരിച്ചും വരേണ്ടുന്ന നിയമ നടപടികളാണു അതിലുള്ളത്. അതവതരിക്കുന്നതു അറബി [illegible] കൊണ്ടു അതു അറബിഭാഷയിലാക്കിയിരിക്കയാണ് എന്നൊക്കെയാണു ഒന്നാമത്തെ വാക്യത്തിലെ [illegible] വേദക്കാരുടെ തന്നിഷ്ടങ്ങളെ പിൻപറ്റരുതെന്നു നബി (സ)യോടു വിരോധിച്ചതു നബി (സ) അങ്ങിനെ ചെയ്തേക്കാനിടയുള്ളതുകൊണ്ടല്ല. അവിടുത്തെ പ്രബോധനങ്ങളിൽ അവർക്കു വേണ്ടി വല്ല വിട്ടുവീഴ്ചയും സ്വീകരിച്ചാൽ കൊള്ളാമെന്നുള്ള അവരുടെ മോഹവും പ്രതീക്ഷയും അവർ വിട്ടുകളവാൻ വേണ്ടിയാണത്. [illegible] നിരാശരാകട്ടെ, ഇതുമൂലം മനഃക്ലേശം വർദ്ധിക്കുകയും ചെയ്യുന്നതാണ്.

വിഭാഗം - 6

٣٨- وَلَقَدْ أَرْسَلْنَا رُسُلًا مِّن قَبْلِكَ وَجَعَلْنَا لَهُمْ أَزْوَٰجًا وَذُرِّيَّةً ۚ وَمَا كَانَ لِرَسُولٍ أَن يَأْتِىَ بِـَٔايَةٍ إِلَّا بِإِذْنِ ٱللَّهِ ۗ لِكُلِّ أَجَلٍ كِتَابٌ ○

38. നിനക്കു മുമ്പു പല റസൂലുകളെയും നാം അയക്കുകയുണ്ടായിട്ടുണ്ട്; അവർക്കു നാം ഭാര്യമാരെയും, സന്താനങ്ങളെയും ഏർപ്പെടുത്തുകയും ചെയ്തിരിക്കുന്നു. ഒരു റസൂലിനും തന്നെ അല്ലാഹുവിന്റെ അനുമതിപ്രകാരം അല്ലാതെ ഒരു ദൃഷ്ടാന്തവും കൊണ്ടുവരാവതല്ല. എല്ലാ (ഓരോ) കാലാവധിക്കുമുണ്ടു ഒരു (രേഖാ) ഗ്രന്ഥം.

٣٩- يَمْحُوا۟ ٱللَّهُ مَا يَشَآءُ وَيُثْبِتُ ۖ وَعِندَهُۥٓ أُمُّ ٱلْكِتَٰبِ ○

39. അല്ലാഹു ഉദ്ദേശിക്കുന്നതു അവൻ മായിക്കുകയും, സ്ഥിരപ്പെടുത്തുകയും ചെയ്യുന്നു. മൂലഗ്രന്ഥം (അഥവാ മൂലരേഖ) അവന്റെ പക്കൽ ഉണ്ടുതാനും.

---

38. وَلَقَدْ أَرْسَلْنَا തീർച്ചയായും നാം അയച്ചിട്ടുണ്ടു, അയക്കുകയുണ്ടായി رُسُلًا പല റസൂലുകളെയും مِّن قَبْلِكَ നിന്റെ മുമ്പു وَجَعَلْنَا നാം ഏർപ്പെടുത്തുക(ആക്കുക-ഉണ്ടാക്കുക)യും ചെയ്തിരിക്കുന്നു لَهُمْ അവർക്കു أَزْوَاجًا ഇണകളെ (ഭാര്യമാരെ) وَذُرِّيَّةً സന്തതികളെയും وَمَا كَانَ ആകാവതല്ല, പാടില്ല لِرَسُولٍ ഒരു റസൂലിനും أَن يَأْتِيَ അദ്ദേഹം വരൽ بِآيَةٍ വല്ല ദൃഷ്ടാന്തവും കൊണ്ടു إِلَّا بِإِذْنِ അനുവാദപ്രകാരം (സമ്മതത്തോടെ) അല്ലാതെ اللَّهِ അല്ലാഹുവിന്റെ لِكُلِّ أَجَلٍ എല്ലാ കാലാവധിക്കുമുണ്ടു كِتَابٌ ഒരു ഗ്രന്ഥം (രേഖ-നിശ്ചയം-നിയമം)
39. يَمْحُو اللَّهُ അല്ലാഹു മായിക്കുന്നു, നീക്കിക്കളയും مَا يَشَاءُ അവൻ ഉദ്ദേശിക്കുന്നത് وَيُثْبِتُ സ്ഥിരപ്പെടുത്തുക(ഉറപ്പിച്ചുവെക്കുക)യും ചെയ്യും وَعِندَهُ അവന്റെ പക്കലുണ്ടുതാനും أُمُّ الْكِتَابِ മൂലഗ്രന്ഥം, മൂലരേഖ

ആദ്യത്തെ വചനത്തിൽ പ്രധാനമായി രണ്ടു വിഷയങ്ങൾ അടങ്ങിയിരിക്കുന്നു. (1) മുഹമ്മദു അല്ലാഹുവിന്റെ റസൂലാണെങ്കിൽ എന്തുകൊണ്ടു മററു മനുഷ്യരെപ്പോലെ അവൻ ഭാര്യമക്കളുള്ളവനായിരിക്കുകയും, ഭക്ഷണം കഴിക്കുകയും, അങ്ങാടിയിൽകൂടി നടക്കുകയും ചെയ്യുന്നു? എന്നിങ്ങനെ അവിശ്വാസികൾ പറയാറുണ്ടായിരുന്നു. ഇതിനു അല്ലാഹു മറുപടി പറയുന്നു: മുഹമ്മദു ഒരു പുതിയ റസൂലല്ല. അദ്ദേഹത്തിനു മുമ്പും പല റസൂലുകൾ വന്നിട്ടുണ്ട്. ഭാര്യമാരും മക്കളുമൊക്കെ അവർക്കും ഉണ്ടായിരുന്നു. അല്ലാഹുവിന്റെ റസൂലുകളായതുകൊണ്ടു അവരാരും മാനുഷ പ്രകൃതിക്കതീതരായിരുന്നില്ല അപ്പോൾ മുഹമ്മദിനു ഭാര്യമാരും മക്കളും ഉള്ളതുകൊണ്ടു അദ്ദേഹം റസൂലല്ലാതാകുന്നില്ല. (2) മുഹമ്മദു അല്ലാഹുവിന്റെ റസൂലാണെങ്കിൽ ഞങ്ങൾ ആവശ്യപ്പെടുന്ന അമാനുഷിക ദൃഷ്ടാന്തം അവൻ ഞങ്ങൾക്കു കാണിച്ചുതരേണ്ടതല്ലേ എന്നും മററുമുള്ള അവിശ്വാസികളുടെ വാദത്തിനു അല്ലാഹു മറുപടി നൽകുന്നു: ദൃഷ്ടാന്തം കാണിക്കൽ അല്ലാഹുവിന്റെ മാത്രം കഴിവിൽപെട്ടതാണ്. സ്വന്തം നിലക്കു ഒരു റസൂലിനും അതിനു കഴിവില്ല. അല്ലാഹുവിന്റെ അനുമതിയും ഉദ്ദേശ്യവും ഉണ്ടാകുമ്പോൾ മാത്രമേ അതു സംഭവിക്കുകയുള്ളു. ഏതു സന്ദർഭത്തിലാണതു സംഭവിക്കേണ്ടതു, സന്ദർഭത്തിനൊത്ത ദൃഷ്ടാന്തം ഏതാണ് എന്നിങ്ങനെയുള്ള കാര്യങ്ങൾ ക്കെല്ലാം അല്ലാഹുവിന്റെ അടുക്കൽ ചില നിശ്ചയങ്ങളും നിയമവ്യവസ്ഥകളുമുണ്ട്. അതനുസരിച്ചു വേണ്ടി വരുമ്പോൾ വേണ്ടുന്ന ദൃഷ്ടാന്തങ്ങൾ അവൻ അവതരിപ്പിക്കുകയും ചെയ്യും. അല്ലാതെ, ജനങ്ങളോ റസൂലുകളോ ആവശ്യപ്പെടുമ്പോൾ അതു സംഭവിക്കേണ്ടതാകുന്നില്ല.

നബി (സ) തിരുമേനിയെപ്പോലെ മുമ്പുള്ള റസൂലുകൾക്കു ഭാര്യമാരും, മക്കളും ഉണ്ടായിരുന്നുവെന്നു പറയുമ്പോൾ, ഈസാ (അ) നബിക്കും ഭാര്യമക്കളുണ്ടായിരുന്നുവെന്നു വരുമല്ലോ—അദ്ദേഹം വിവാഹം കഴിച്ചിരുന്നില്ലല്ലോ— എന്നു ചോദിക്കപ്പെട്ടേക്കാം. റസൂലുകളുടെ മൊത്തത്തിലുള്ള സ്ഥിതിയാണു അല്ലാഹു പ്രസ്താവിച്ചത്. അതിൽ നിന്നു ഒന്നോ രണ്ടോ വ്യക്തികൾ ഒഴിവായിരിക്കുന്നതിൽ അസാംഗത്യമൊന്നുമില്ല. പൊതുവായ ഒരു കാര്യത്തെക്കുറിച്ചു പറയുമ്പോൾ, വിശദമായ പരിശോധനയിൽ ചുരുക്കം ചിലതു അതിൽനിന്നു ഒഴിവായിരിക്കുക സാധാരണമത്രെ.

രണ്ടാമത്തെ വചനത്തിൽ يمحو الله ما يشاء ويثبت (അല്ലാഹു ഉദ്ദേശിക്കുന്നതു അവൻ മായിച്ചു കളയുകയും, സ്ഥിരപ്പെടുത്തുകയും ചെയ്യും) എന്ന വാക്യത്തിന്റെ വ്യാഖ്യാനത്തിൽ പണ്ഡിതൻമാർക്കിടയിൽ പല അഭിപ്രായങ്ങളും കാണാം. മായിക്കലി(محو)ന്റെ അർത്ഥമെന്താണെന്നും, ഏതു തരത്തിലുള്ള വിധി നിശ്ചയങ്ങളിലാണതു സംഭവിക്കുകയെന്നുമുള്ളതിൽ അവർ സ്വീകരിച്ച നിലപാടാണു ഭിന്നതക്കു കാരണം. പ്രസ്തുത വാക്യത്തിന്റെ ബാഹ്യമായ അർത്ഥവ്യാപ്തിയിൽ ഉൾപ്പെടുന്ന എല്ലാ വിഷയങ്ങളിലും അല്ലാഹുവിന്റെ ഉദ്ദേശ്യം അനുസരിച്ചു മാററം സംഭവിക്കാമെന്നാണു ഒരു വിഭാഗം പണ്ഡിതൻമാർ അതിൽനിന്നു മനസ്സിലാക്കുന്നത്. ആയുഷ്കാലം, ആഹാരം, ഭാഗ്യനിർഭാഗ്യം, രോഗാരോഗ്യം, വിശ്വാസാവിശ്വാസം തുടങ്ങിയ കാര്യങ്ങളെല്ലാം ഇതനുസരിച്ചു മായിക്കലിനു—അഥവാ മാററത്തിനു—വിധേയമാകുന്നു. ഉമർ, ഇബ്നു മസ്ഊദ്, ഇബ്നു അബ്ബാസ്, അബൂവാഇൽ, ഖത്താദഃ ളഹ്ഹാക്, ഇബ്നു ജുറൈജ് (റ) മുതലായ മഹാൻമാർ ഈ അഭിപ്രായത്തോടു യോജിക്കുന്നവരായിട്ടാണ് അറിയപ്പെടുന്നത്. 'അല്ലാഹുവേ, എന്നെ നീ ദുർഭാഗ്യവാൻമാരുടെ കൂട്ടത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ, അതു മായിച്ച് എന്നെ നീ സൗഭാഗ്യവാൻമാരുടെ കൂട്ടത്തിൽ ആക്കിത്തരേണമേ! നീ ഉദ്ദേശിക്കുന്നതു നീ മായിക്കുകയും, സ്ഥിരപ്പെടുത്തുകയും ചെയ്യുമല്ലോ.' എന്ന അർത്ഥത്തിലുള്ള ചില പ്രാർത്ഥനകൾ ഉമറും, ഇബ്നുമസ്ഊദും, അബൂവാഇലും (റ) പ്രാർത്ഥിക്കാറുണ്ടായിരുന്നതായി നിവേദനങ്ങളും വന്നിട്ടുണ്ട്. 'കുടുംബ ബന്ധം പാലിക്കുന്നതു ഉപജീവനത്തിൽ വിശാലതയും, ആയുസ്സിൽ വർദ്ധനവും ഉണ്ടാക്കുന്നതാണു' (ബു: മു.) എന്നതുപോലെയുള്ള ചില നബി വചനങ്ങൾ ഈ അഭിപ്രായത്തിനു പിൻബലം നൽകുകയും ചെയ്യുന്നു.

ചില പ്രത്യേക വിഷയങ്ങളിൽ മാത്രമേ മായിക്കൽ—മാററം വരുത്തൽ—ഉണ്ടാകുകയുള്ളുവെന്നും, അല്ലാഹു ഉദ്ദേശിക്കുന്നതിനെ അവൻ മായിക്കുമെന്നു പറഞ്ഞതു ആ പ്രത്യേക വിഷയങ്ങളെ ഉദ്ദേശിച്ചാണെന്നുമാണു മറെറാരു അഭിപ്രായം. എന്നാലും, പ്രത്യേക വിഷയങ്ങളെ നിർണ്ണയിക്കുന്നതിലും മായിക്കലിന്റെ ഉദ്ദേശ്യം വിവരിക്കുന്നതിലും വ്യത്യസ്തമായ അഭിപ്രായങ്ങളുണ്ടുതാനും.

ചില വസ്തുതകൾ ഇവിടെ മനസ്സിരുത്തേണ്ടതുണ്ട്: (1) അല്ലാഹു ഉദ്ദേശിക്കുന്ന കാര്യം അവൻ മായിക്കുകയും, അവൻ ഉദ്ദേശിക്കുന്ന കാര്യം അവൻ സ്ഥിരപ്പെടുത്തുകയും ചെയ്യുമെന്നു അല്ലാഹു പറയുന്നു. അവന്റെ ഈ പ്രസ്താവനക്കു വല്ല ഉപാധിയോ പരിമിതിയോ കൂട്ടിച്ചേർക്കാതെ, അതിന്റെ മുഖവിലക്കു തന്നെ സ്വീകരിക്കുന്നതിലാണു കൂടുതൽ സുരക്ഷിതത്വമുള്ളത്. അവൻ എന്തുദ്ദേശിക്കുന്നുവോ അതിനെ, എങ്ങിനെ ഉദ്ദേശിക്കുന്നുവോ അങ്ങിനെ അവൻ മായിക്കുകയും സ്ഥിരപ്പെടുത്തുകയും ചെയ്യുന്നുവെന്നല്ലാതെ, ഇന്നിന്ന കാര്യം അതിൽ നിന്നു ഒഴിവാണെന്നോ, ഇന്നിന്ന കാര്യം അതിൽനിന്നു ഒഴിവല്ലെന്നോ നിശ്ചയിക്കണമെങ്കിൽ അതിനു തക്കതായ തെളിവു തന്നെ വേണം. (2) അല്ലാഹുവിന്റെ ഏതെങ്കിലും വിധി നിശ്ചയത്തിൽ ഏതെങ്കിലും ഭേദഗതി വരുത്തുന്നതു അവന്റെ മുൻനിശ്ചയത്തിലുള്ള പോരായ്മയോ വൈകല്യമോ കൊണ്ടല്ലെന്നും, അവനു മാത്രം അറിയാവുന്ന

[illegible] ചില പ്രത്യേക യുക്തി [illegible] ... [illegible] അല്ലാഹു [illegible] (സ്വ) [illegible] വ്യാഖ്യാനത്തില്‍ [illegible])

ഇബ്‌നു-അബ്ബാസ് (റ) മുതലായവര്‍ പ്രസ്താവിച്ചതായി ഇബ്‌നുകഥീര്‍ (റ) ഉദ്ധരിച്ച ഒരു വാക്യത്തിന്റെ സാരം ഇപ്രകാരമാകുന്നു: അല്ലാഹു ആകാശത്തു നിന്നു ഇറക്കിയ [illegible] നിശ്ചയിച്ചതിനെ [illegible] ചിലതു മുമ്പു തന്നെ [illegible] അവസാനം [illegible] ചെയ്യുന്നു.

أم الكتاب (മൂലഗ്രന്ഥം - അഥവാ മൂലരേഖ—ഗ്രന്ഥത്തിന്റെ ഉമ്മ) എന്നതിനെപ്പറ്റി തുടര്‍ന്നുള്ള വാക്യ. أم الكتاب (ഉമ്മുല്‍ കിതാബ്) എന്ന നാമത്തിന്റെ അര്‍ത്ഥത്തെപ്പറ്റി സൂറ: ഫാതിഹയുടെ ആരംഭത്തിലും, ആലു ഇംറാന്‍ 3-ാം വചനത്തിന്റെ വ്യാഖ്യാനത്തിലും മുമ്പു വിവരിച്ചിട്ടുണ്ട്. ഇവിടെ ആ വാക്കുകൊണ്ടുള്ള വിവക്ഷ എന്ന നിലക്കു علم الله (അല്ലാഹുവിന്റെ അറിവു) എന്നും, اللوح المحفوظ (ലൗഹുല്‍ മഹ്ഫൂള്—അഥവാ സൂക്ഷിക്കപ്പെട്ട ഫലകം—എന്നു പറയപ്പെടുന്ന അല്ലാഹുവിന്റെ രേഖാഗ്രന്ഥം) (*) എന്നും, الذكر (പ്രമാണം) എന്നുമാണു മുന്‍ഗാമികള്‍ വ്യാഖ്യാനങ്ങള്‍ പ്രസ്താവിച്ചു കാണുന്നത്. [illegible] സംഭവങ്ങളെ [illegible] അല്ലാഹുവിന്റെ രേഖാഗ്രന്ഥം എന്നത്രെ [illegible].

وَإِن مَّا نُرِيَنَّكَ بَعْضَ الَّذِي نَعِدُهُمْ أَوْ نَتَوَفَّيَنَّكَ فَإِنَّمَا عَلَيْكَ الْبَلَاغُ وَعَلَيْنَا الْحِسَابُ ○ ٤٠

40. അവരോടു നാം വാഗ്ദത്തം ചെയ്യുന്നതില്‍ ചിലതു [ചില ശിക്ഷാ നടപടികള്‍] നാം നിനക്കു കാണിച്ചു തരുകയോ, അല്ലെങ്കില്‍ (അതിനുമുമ്പ്) നിന്നെ നാം പിടിച്ചെടുക്കുകയോ തന്നെ ചെയ്യുന്നുവെങ്കിലും, നിന്റെ മേല്‍ പ്രബോധനം മാത്രമാണു (ബാധ്യത)ഉള്ളത്; നമ്മുടെ മേലത്രെ വിചാരണ(യുടെ ബാധ്യത).

---

40. وَإِن مَّا نُرِيَنَّكَ നാം നിനക്കു കാണിച്ചു തരുക തന്നെ ചെയ്‌തെങ്കിലും بَعْضَ ചിലതു الَّذِي نَعِدُهُمْ നാമവരോടു വാഗ്ദത്തം (താക്കീതു) ചെയ്യുന്നതില്‍ أَوْ نَتَوَفَّيَنَّكَ അല്ലെങ്കില്‍ നിന്നെ നാം പിടിച്ചെടുക്കുന്നതായാലും فَإِنَّمَا عَلَيْكَ എന്നാല്‍ നിന്റെ മേല്‍ (മാത്രമാണ്) الْبَلَاغُ എത്തിക്കല്‍, പ്രബോധനം وَعَلَيْنَا നമ്മുടെ മേലാണ് الْحِسَابُ വിചാരണ, കണക്കുനോക്കല്‍

ആ സത്യനിഷേധികളുടെമേല്‍ അല്ലാഹു ശിക്ഷാനടപടികളെടുക്കുമെന്നു നിശ്ചയിച്ചിട്ടുള്ളതു നബി (സ)യുടെ ജീവിതകാലത്തു തന്നെ സംഭവിച്ചുവെന്നും, അവിടുത്തെ കാലശേഷം സംഭവിച്ചുവെന്നും വരാം. ഏതായാലും നബി (സ)യുടെ ബാധ്യതയിലും കൃത്യത്തിലും മറ്റൊന്നും വരാനില്ലെന്നു സാരം.

أَوَلَمْ يَرَوْا أَنَّا نَأْتِي الْأَرْضَ نَنقُصُهَا مِنْ أَطْرَافِهَا ۚ وَاللَّهُ يَحْكُمُ لَا مُعَقِّبَ لِحُكْمِهِ ۚ وَهُوَ سَرِيعُ الْحِسَابِ ○ ٤١

41. അവര്‍ക്കു കണ്ടുകൂടേ, നാം (അവരുടെ) ഭൂമിയില്‍ ചെന്ന് അതിന്റെ (നാനാ) വശങ്ങളില്‍നിന്ന് അതിനെ ചുരുക്കിക്കൊണ്ടിരിക്കുന്നതു?! അല്ലാഹു വിധി കല്‍പിക്കുന്നു; അവന്റെ വിധിയെ പിന്നോക്കം വെപ്പിക്കുന്ന ഒരാളുമില്ല. അവന്‍ വിചാരണ വേഗം നടത്തുന്നവനാകുന്നു.

---

41. أَوَلَمْ يَرَوْا അവര്‍ കണ്ടില്ലേ, അവര്‍ക്കു കണ്ടുകൂടേ أَنَّا نَأْتِي നാം ചെല്ലുന്നതാണെന്നു الْأَرْضَ (ആ) ഭൂമിയില്‍ نَنقُصُهَا അതിനെ ചുരുക്കിക്കൊണ്ടു مِنْ أَطْرَافِهَا അതിന്റെ ഭാഗ(ഓര)ങ്ങളിലൂടെ, വശങ്ങളില്‍ നിന്നു وَاللَّهُ അല്ലാഹു يَحْكُمُ വിധിക്കുന്നു لَا مُعَقِّبَ പിന്നോക്കം വെപ്പിക്കുന്നവനേ ഇല്ല لِحُكْمِهِ അവന്റെ വിധിയെ وَهُوَ അവനാകട്ടെ سَرِيعُ വേഗതയുള്ളവനാണു الْحِسَابِ വിചാരണ

(*) اللوح المحفوظ നെപ്പറ്റി സൂറത്തുല്‍ ബുറൂജിന്റെ അവസാനത്തില്‍ വിവരിച്ചിട്ടുള്ളതു നോക്കുക.

ആരംഭവും മുഴുവനും ശിർക്കിന്റെ വാഴ്ചയിലായിരുന്നുവല്ലോ. മുസ്ലിംകൾ വർദ്ധിച്ചും ഇസ്ലാമിനു പ്രചാരം സിദ്ധിച്ചുംകൊണ്ടിരിക്കുന്നതും, അങ്ങിനെ ഓരോ രാജ്യങ്ങളായി ക്രമേണ ഇസ്ലാമിനു അധീനമായിത്തീരുന്നതും അവർക്കു കാണാവുന്നതാണ്. ഇങ്ങിനെ തങ്ങളുടെ നാടു ചുരുങ്ങിച്ചുരുങ്ങി തങ്ങൾക്കു ഭൂമിയിൽ സ്ഥലമില്ലാതായിത്തീരുകയും, ഒടുക്കം അവിടെ നിന്നു അവർ തുടച്ചുനീക്കപ്പെടുകയും ചെയ്യുമെന്നു അവർക്ക മനസ്സിലാക്കിക്കൂടേ? എല്ലാം അല്ലാഹുവിന്റെ കൽപനയനുസരിച്ചാണു നടക്കുന്നത്. അതിൽ ഒന്നും തന്നെ മാററിവെക്കുവാൻ ആർക്കും സാധ്യമല്ല. വിചാരണയും, അനന്തര നടപടിയും എടുക്കുവാൻ അവനു ഒട്ടും പ്രയാസമില്ല.

42. ഇവരുടെ മുമ്പുള്ളവരും തന്ത്രം പ്രയോഗിക്കുകയുണ്ടായി; എന്നാൽ, അല്ലാഹുവിനത്രെ തന്ത്രം മുഴുവനുമുള്ളത്. എല്ലാ (ഓരോ) വ്യക്തിയും (പ്രവർത്തിച്ചു) സമ്പാദിക്കുന്നതു അവൻ അറിയുന്നു. അവിശ്വാസികൾ വഴിയെ അറിഞ്ഞുകൊള്ളും, ആർക്കാണ് ഭവനത്തിന്റെ (ശുഭ) പര്യവസാനം എന്നു!

٤٢- وَقَدْ مَكَرَ الَّذِينَ مِن قَبْلِهِمْ فَلِلَّهِ الْمَكْرُ جَمِيعًا يَعْلَمُ مَا تَكْسِبُ كُلُّ نَفْسٍ وَسَيَعْلَمُ الْكُفَّارُ لِمَنْ عُقْبَى الدَّارِ

42. തന്ത്രം പ്രയോഗിച്ചിട്ടുണ്ട് ഇവരുടെ മുമ്പുള്ളവർ എന്നാൽ അല്ലാഹുവിനാണു തന്ത്രം (ഉള്ളതു) മുഴുവനും അവൻ അറിയും സമ്പാദിക്കുന്ന (പ്രവർത്തിക്കു)ന്നതു എല്ലാ വ്യക്തിയും, ആത്മാവും അറിഞ്ഞുകൊള്ളും, വഴിയെ അറിയും അവിശ്വാസികൾ ആർക്കാണെന്നു പര്യവസാനം ഭവനത്തിന്റെ, വസതിയുടെ

'ഭവനത്തിന്റെ പര്യവസാനം' (عقبى الدار) കൊണ്ടുദ്ദേശ്യം [illegible] വചനത്തിൽനിന്നും മറ്റും മുമ്പു മനസ്സിലാക്കിയിട്ടുണ്ടല്ലോ. 'ഇവരുടെ മുമ്പുള്ളവർ തന്ത്രം പ്രയോഗിച്ചു' എന്നു പറഞ്ഞതു മുൻസമുദായങ്ങളെയും അവരുടെ പ്രവാചകൻമാർക്കും, അവരുടെ പ്രബോധനങ്ങൾക്കും എതിരെ നടത്തിയ കുതന്ത്രങ്ങളെയും, കുതന്ത്രങ്ങളെയും ഉദ്ദേശിച്ചാകുന്നു. നംറൂദ് ഇബ്രാഹീം (അ) നബിയോടും, ഫിർഔൻ മൂസാ (അ) നബിയോടും, യഹൂദികൾ ഈസാ (അ) നബിയോടും നടത്തിയതുപോലുള്ള എല്ലാ കുതന്ത്രങ്ങളെയും അല്ലാഹു പരാജയപ്പെടുത്തുകയുണ്ടായി. എന്നു തന്ത്രങ്ങളെയും പരാജയപ്പെടുത്തുവാനുള്ള തന്ത്രം അല്ലാഹുവിന്റെ പക്കലുണ്ട്. അവന്റെ തന്ത്രത്തെ വെല്ലുന്ന ഒരു തന്ത്രവും ഇല്ല. നബി (സ) തിരുമേനിയെ [illegible] വധിക്കുകയോ, ബന്ധനത്തിലാക്കുകയോ, നാട്ടിൽനിന്നു ബഹിഷ്കരിക്കുകയോ ചെയ്യാനുള്ള ഖുറൈശികളുടെ ഗൂഢതന്ത്രത്തെ പരാജയപ്പെടുത്തിയ വിവരം അറിയിച്ചുകൊണ്ടു അല്ലാഹു പറയുന്നു: ... (അല്ലാഹു തന്ത്രശാലികളിൽവെച്ചു ഉത്തമനാകുന്നു. (അൻഫാൽ: 30) മുൻസമുദായങ്ങളുടെ ചില കുതന്ത്രങ്ങളെപ്പററി പ്രസ്താവിച്ചശേഷം പറയുന്നു: (ومكروا مكرا ومكرنا مكرا وهم لا يشعرون - الى - اجمعين) (അവർ ഒരു തന്ത്രം പ്രയോഗിച്ചു, അവർ അറിയാതെ നാമും ഒരു തന്ത്രം പ്രയോഗിച്ചു. എന്നാൽ, അവരുടെ തന്ത്രത്തിന്റെ പര്യവസാനം എങ്ങിനെയായെന്നു നോക്കുക! നാമതു, അവരെയും അവരുടെ ജനതയെ മുഴുവനും നാം തകർത്തുകളഞ്ഞു. (നംല്: 50, 51.)

43. അവിശ്വസിച്ചവർ പറയുന്നു: 'നീ ഒരു (റസൂലായി) അയക്കപ്പെട്ടവനല്ല' എന്നു! നീ പറയുക: 'അല്ലാഹു മതി, എനിക്കും നിങ്ങൾക്കുമിടയിൽ സാക്ഷിയായിട്ട്; വേദഗ്രന്ഥത്തിന്റെ അറിവു ആരുടെപക്കലുണ്ടോ അവനും (മതി).'

٤٣- وَيَقُولُ الَّذِينَ كَفَرُوا لَسْتَ مُرْسَلًا قُلْ كَفَىٰ بِاللَّهِ شَهِيدًا بَيْنِي وَبَيْنَكُمْ وَمَنْ عِندَهُ عِلْمُ الْكِتَابِ

43. പറയുകയും ചെയ്യുന്നു അവിശ്വസിച്ചവർ നീ അല്ല എന്നു ഒരു റസൂൽ, അയക്കപ്പെട്ടവൻ, ദൂതൻ പറയുക മതി അല്ലാഹു (തന്നെ) സാക്ഷിയായിട്ടു എനിക്കിടയിൽ നിങ്ങൾക്കിടയിലും യാതൊരുവരും (ആരോ അവരും) അവരുടെ അടുക്കലുണ്ട് അറിവ് (വേദ)ഗ്രന്ഥത്തിന്റെ

നബി (സ) തിരുമേനിയെ സംബന്ധിച്ച പല പ്രവചനങ്ങളും മുൻവേദഗ്രന്ഥങ്ങളിൽ ഉണ്ടായിരുന്നതും, ഖുർആന്റെ ആശയങ്ങളും അവയുടെ അദ്ധ്യാപനങ്ങളും തമ്മിൽ പൊരുത്തമുള്ളതും കാരണമായി വേദക്കാരിലുള്ള പണ്ഡിതന്മാർക്കു നബി (സ)യുടെ ദൗത്യം സത്യമാണെന്നു വ്യക്തമായി അറിയാമായിരുന്നു. അതുകൊണ്ടാണ് - വേദഗ്രന്ഥത്തിന്റെ അറിവുള്ളവരും സാക്ഷിയാണെന്നു പറഞ്ഞത്. എന്നാൽ, വേദക്കാർ പൊതുവെ ഇസ്ലാമിന്റെ ശത്രുക്കളായി മാറുവാൻ യഥാർത്ഥ കാരണം അവരുടെ അറിവില്ലായ്മയല്ല. തങ്ങളിൽ സ്ഥിരപ്രതിഷ്ഠിതങ്ങളായിരുന്ന അന്ധവിശ്വാസാചാരങ്ങളെ ഇസ്ലാം അനുകൂലിക്കാതിരുന്നതും, അവരുടെ അസൂയയും മാത്രമാണതിനു കാരണം. എന്നിട്ടും സത്യാന്വേഷികളായ പലരും വേദക്കാരിൽനിന്നു ഖുർആന്റെയും നബി (സ)യുടെയും സത്യത മനസ്സിലാക്കി മുസ്ലിംകളായിത്തീരുകയും ചെയ്തു. والله أعلم

اللهم لك الحمد ولك المنة والفضل

[وكان الفراغ من تسويد تفسير هذه السورة ضحى يوم الجمعة العشرين من رجب سنة ١٣٩٧ هـ الموافق ١٩٧٧/٧/٨ م
وكان الفراغ من تبييضه ضحى يوم الجمعة السابع عشر من ربيع الثاني سنة ١٣٩٩ هـ الموافق ٧٩/٣/١٦ م - مؤلف]

14. സൂറത്തു ഇബ്രാഹീം

മക്കയിൽ അവതരിച്ചത് — വചനങ്ങൾ 52 — വിഭാഗം (റുകൂഅ്) 7

ഇബ്രാഹീം (അ) നബിയുമായി ബന്ധപ്പെട്ട ചില വിവരങ്ങൾ ഇതിൽ അടങ്ങിയിരിക്കുന്നതുകൊണ്ടു ഈ സൂറത്തു അദ്ദേഹത്തിന്റെ പേരിൽ അറിയപ്പെടുന്നു.

25 സൂറത്തുകളിലായി, 69 സ്ഥലങ്ങളിൽ ഇബ്‌റാഹീം (അ) ന്റെ പേർ ഖുർആനിൽ പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട നൂഹ് (അ) നബിയുടെ പുത്രനായ സാമി(سام)ന്റെ വംശം പത്താം തലമുറയിൽ ഇബ്രാഹീം (അ) ജനിച്ചുവെന്നാണ് പറയപ്പെടുന്നത്. നൂഹ് (അ) നും അദ്ദേഹത്തിനുമിടയിൽ എത്ര കൊല്ലമാണുള്ളതെന്ന് തിട്ടപ്പെടുത്താൻ സാധ്യമല്ല. ബൈബ്ളിന്റെ (തൗറാത്തിലെ) കണക്കുപ്രകാരം നൂഹ് (അ) ന്റെ ജനനവും ഇബ്‌റാഹീം (അ) ന്റെ ജനനവും തമ്മിൽ 890 കൊല്ലത്തിന്റെ വ്യത്യാസമാണുള്ളത്. ഇത് സ്വീകരിക്കുന്ന പക്ഷം കുറച്ചു കാലം രണ്ടുപേരും ഒരേസമയത്തു ജീവിച്ചിരുന്നുവെന്ന് വന്നേക്കും. നൂഹ് (അ) 950 കൊല്ലം ജീവിച്ചതായി ഖുർആൻ പ്രസ്താവിച്ചിട്ടുള്ളതാണ്. മുൻകാലത്തുള്ള സംഭവങ്ങളെക്കുറിച്ച് ഉറപ്പായ കാലനിർണ്ണയം ലഭിക്കുക പ്രയാസമാണല്ലോ.

ഇബ്രാഹീം (അ) നബിയുടെ പിതാവിന്റെ പേർ താറഹ് അഥവാ, തേറഹ് (تارخ - Terah) എന്നാണ് പല മുഫസ്സിറുകളും, ചരിത്രകാരൻമാരും പറയുന്നത്. ഖുർആനിൽ ഒരിടത്ത് وَإِذْ قَالَ إِبْرَاهِيمُ لِأَبِيهِ آزَرَ - الأنعام (ഇബ്രാഹീം തന്റെ പിതാവ് 'ആസറി'നോടു പറഞ്ഞപ്പോൾ) എന്നു പറയുന്നു. ഇതിൽനിന്ന് പിതാവിന്റെ പേർ 'ആസർ' എന്നാണെന്നു വരുന്നു. മേൽ സൂചിപ്പിച്ച പണ്ഡിതൻമാർ–ഇവരിൽ മുൻഗാമികളും പിൻഗാമികളുമുണ്ട്– പറയുന്നത് ആസർ (آزر) എന്ന പേർ അദ്ദേഹത്തിന്റെ ഒരു രണ്ടാംപേരോ, അല്ലെങ്കിൽ സ്ഥാനപ്പേരോ ആണെന്നാകുന്നു. വേറെ ചില അഭിപ്രായങ്ങളും ഇവിടെയുണ്ട്. അവയും, അവയുടെ വിശദീകരണങ്ങളും ഉദ്ധരിച്ച് നമുക്ക് ദീർഘിപ്പിക്കേണ്ടതില്ല. ചുരുക്കിപ്പറഞ്ഞാൽ, ആസർ എന്നത് അദ്ദേഹത്തിന്റെ സാക്ഷാൽ പേരല്ല എന്നാണ് ഭൂരിപക്ഷാഭിപ്രായം. അതേസമയത്ത് ഖുർആൻ അദ്ദേഹത്തെ പരിചയപ്പെടുത്തുന്നത് 'ആസർ' എന്ന പേരിലാകുന്നതാണ്.

നാടും, കുടുംബവും വിട്ടുപോരും മുമ്പായി ഇബ്രാഹീം (അ) നബി ഇറാഖു പ്രദേശങ്ങളിൽ ഒന്നിലധികം സ്ഥലത്തു താമസിച്ചിട്ടുള്ളതായി കാണുന്നു. എങ്ങിനെയായാലും അദ്ദേഹം പദ്ദൻഅരാമിലെ (فدان ارام) (*) [illegible] കാരിയായ ഒരു ഗ്രാമമായിരുന്നു. ഇതു ഉത്തര ഇറാഖിൽ യൂഫ്രട്ടീസ്, ടൈഗ്രീസ് (دجلة و الفرات) എന്നീ നദികളെ[illegible]ഷിയയിലുള്ള ഒരു സ്ഥലമാകുന്നു. മെസപ്പൊട്ടേമിയ (**) എന്നു പറയുന്നതും പദ്ദൻഅരാമും ഒന്നുതന്നെ. [illegible] ഇറാഖിലെ ഊർ എന്ന കൽദായ (اور الكلدانيين) പട്ടണത്തിലും അദ്ദേഹം കുറെകാലം താമസിച്ചിട്ടുണ്ട്. കൂടാതെ,

---

(*) പദ്ദൻഅരാം എന്നു പറയുന്നത് പ്രാചീന ഇറാഖിനാകുന്നു. പടം 6 നോക്കുക.

(**) മെസപ്പൊട്ടേമിയ — الجزيرة بين النهرين (Mesopotamia).

കൂഥാ (كُوثَى) ഹാറാൻ (حَارَان) ബാബിലോൺ (بَابِل) എന്നീ സ്ഥലങ്ങളിലും വസിച്ചിട്ടുണ്ട്. പിതാവൊന്നിച്ചും, അല്ലാതെയും അദ്ദേഹം സ്ഥലം മാറിമാറി താമസിച്ചിരുന്നു. അതുകൊണ്ട് ജനനസ്ഥലം ഏതാണെന്നതിൽ ഭിന്നാഭിപ്രായങ്ങൾ കാണാം. മിക്കവാറും ഊറിൽ നിന്നാണ് അദ്ദേഹം [illegible] സ്വദേശംവിട്ട് ശാമിലേക്കു യാത്രപോയതെന്നു വിചാരിക്കണം. മേൽകണ്ട പേരുകളും, മറ്റൊന്നിന്റെ അതിർത്തിയും സൂക്ഷ്മമായി നിർണ്ണയിക്കാൻ ഇന്നു സാധ്യമല്ല. ചരിത്രഭൂപടങ്ങളിൽനിന്നു ഏതാണ്ടൊക്കെ മനസ്സിലാക്കാം എന്നുമാത്രം.

ദക്ഷിണ ബാബിലോണ്യയിൽ യൂഫ്രട്ടീസ് നദിയിൽനിന്നു പിരിയുന്ന ഒരു തോട്ടിന്റെ കരയിലായിരുന്നു ഊർ പട്ടണം. ക്രിസ്താബ്ദം 1922നും 1931നുമിടയിൽ നടത്തപ്പെട്ട ഗവേഷണങ്ങളിൽനിന്ന് ഇബ്രാഹീം (അ) നബിയുടെ ചരിത്രവുമായി ബന്ധപ്പെട്ട പല രേഖകളും കണ്ടുകിട്ടിയിരിക്കുന്നു. അദ്ദേഹത്തിനു വളരെ മുമ്പു തന്നെ വിവിധ പരിഷ്കാരങ്ങളിൽ മുന്നിട്ടു നിന്നിരുന്ന ഒരു പ്രദേശമാണ് ബാബിലോണ്യ. അതിലെ ഒരു പട്ടണമായിരുന്ന ബാബിലോൺ. (*) യൂഫ്രട്ടീസ് നദിക്കു തെക്കേ കരയിൽ ഇന്നത്തെ ബഗ്ദാദുപട്ടണത്തിൽ നിന്ന ഏകദേശം 60 നാഴിക തെക്കായിരുന്നു ബാബിലോൺ പട്ടണം സ്ഥിതിചെയ്തിരുന്നത്. ഇപ്പോഴം ഇതു ശൂന്യമായി കിടക്കുകയാണ്. ചന്ദ്രാരാധന നടത്തിയിരുന്ന വമ്പിച്ച ക്ഷേത്രങ്ങളും, വളരെ മുമ്പ് കഴിഞ്ഞുപോയ ജലപ്രളയത്തിന്റെ അടയാളങ്ങളും ഊറിൽനിന്നും കണ്ടുകിട്ടിയിട്ടുണ്ട്. നൂഹ് (അ) നബിയുടെ കാലത്തുണ്ടായ ശ്രുതിപ്പെട്ട ജലപ്രളയവും (طوفان نوح) അദ്ദേഹത്തിന്റെ വാസസ്ഥലവും ബാബിലോണ്യയിലായിരുന്നുവെന്നാണ് കൂടുതൽ ബലമായ അഭിപ്രായമെന്ന വസ്തുത ഇവിടെ സ്മരണീയമാണ്. (**) മനുഷ്യവാസം ആദ്യമായി ഭൂമിയിൽ ആരംഭിച്ചതും ബാബിലോണ്യയിലായിരുന്നുവെന്ന് പല ചരിത്രകാരന്മാർക്കും അഭിപ്രായമുണ്ട്.

ഇബ്രാഹീം (അ) നബിയുടെ പിതാവും, നാട്ടുകാരും വിഗ്രഹാരാധനക്കാരായിരുന്നു. സൂര്യചന്ദ്രനക്ഷത്രാദികളെയും അവർ ആരാധിച്ചു വന്നിരുന്നു. രാജാക്കന്മാരെ ആരാധ്യന്മാരായി കരുതലും അക്കാലങ്ങളിൽ സാധാരണമാണ്. പിതാവാകട്ടെ, ക്ഷേത്രത്തിലെ പൂജാരിയും, ബിംബങ്ങളുണ്ടാക്കി വില്ക്കുന്നവനും കൂടിയായിരുന്നു. പുത്രൻ ചെറുപ്പംമുതല്ക്കേ സ്വതസിദ്ധമായ ബുദ്ധിയോടും, വിവേകത്തോടുംകൂടി വളർന്നുവന്നു. പ്രായം തികഞ്ഞപ്പോഴേക്കും അല്ലാഹു അദ്ദേഹത്തിന് 'അദ്ദേഹത്തിന്റെതായ തന്റേടവും' നൽകി. പിതാവും മറ്റും മരം, കല്ല് മുതലായവകൊണ്ട് നിർമ്മിക്കുന്ന വസ്തുക്കളെ ദൈവമാക്കി ആരാധിക്കുന്നത് വിഡ്ഢിത്തമാണെന്ന് അദ്ദേഹം പരസ്യമായി പ്രഖ്യാപിക്കുവാൻ തുടങ്ങി. പിതാവുമായും, നാട്ടുകാരുമായും, ഭരണാധിപതിയുമായും അദ്ദേഹം പല വാദങ്ങളും നടത്തി. അവരെ ചിന്തിപ്പിക്കുവാനായി ഒരിക്കൽ നക്ഷത്രമാണ് തന്റെ ദൈവമെന്നും, പിന്നീട് നക്ഷത്രം മറഞ്ഞുപോയപ്പോൾ അത് ആരാധിക്കപ്പെടുവാൻ കൊള്ളുകയില്ല— ചന്ദ്രനാണ് തന്റെ രക്ഷിതാവെന്നും, അതും അസ്തമിക്കുന്നതിനാൽ, അതുമല്ല—ഏറ്റവും വലിയതായ സൂര്യനാണ് തന്റെ റബ്ബ് എന്നും വാദിച്ചു. പിന്നീട്, സൂര്യനും അസ്തമിച്ചുപോകുന്നതുനിമിത്തം ഇതൊന്നും തന്നെ ആരാധ്യനാകുവാൻ കൊള്ളുകയില്ലെന്നും, ആകാശഭൂമികളുടെ സ്രഷ്ടാവുമാത്രമാണ് റബ്ബായിരിക്കുവാൻ അർഹനെന്നും പ്രഖ്യാപിച്ചു.

(*) ബാബിലോൺ എന്ന പേരിൽ ഈജിപ്തിലും ഇറാഖിലും ഓരോ രാജ്യമുണ്ട്.

(**) ഇതെഴുതി അല്പമാസങ്ങൾ കഴിഞ്ഞശേഷം പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിക്കണ്ട രണ്ടു വാർത്തകൾ ഉദ്ധരിക്കുന്നത് ഇവിടെ സന്ദർഭോചിതമായിത്തോന്നുന്നു. ഒന്നാമത്തേതു അമ്മാനിൽനിന്നും, രണ്ടാമത്തേതു ലണ്ടനിൽ നിന്നുമുള്ള റിപ്പോർട്ടുകളാകുന്നു:—

1. 'മതഗ്രന്ഥങ്ങളിൽ പറയുന്ന ശിശംഗ നഗരത്തിൽ ഇബ്രാഹീം (അ) നബി പ്രാർത്ഥന നടത്തിയിരുന്ന തൽബലത്തിന്റേതെന്നു കരുതപ്പെടുന്ന അവശിഷ്ടങ്ങൾ ഒരു പൗരസ്ത്യഗവേഷകസംഘം കുഴിച്ചെടുത്തിരിക്കുന്നു. 16 സർവ്വകലാശാലകളെയും, 5 രാഷ്ട്രങ്ങളെയും പ്രതിനിധീകരിക്കുന്ന ഒരു പൗരസ്ത്യ ഗവേഷകസംഘമാണ് ഈ സ്ഥലത്തെ സംബന്ധിച്ച് ഗവേഷണം നടത്തുന്നത്.'

(2) 'നൂഹ് (അ) നബിയുടെ കപ്പലിന്റെ അവശിഷ്ടങ്ങൾ കണ്ടുപിടിക്കാൻ ഗവേഷണം നടത്തിക്കൊണ്ടിരിക്കുന്ന ഒരു സംഘം അമേരിക്കൻ പുരാതനവസ്തു ഗവേഷകന്മാർക്കു കിഴക്കൻ തുർക്കിയിലെ അറാറാത്ത് (£) മലഞ്ചെരുവിൽ 14,000 അടി ഉയരത്തിൽ ഒരു വലിയ കപ്പലിന്റെ അവശിഷ്ടങ്ങളാണെന്നു തോന്നുന്ന ഏതാനും മരത്തടികൾ കണ്ടുകിട്ടിയിരിക്കുന്നു. ഒരു തുർക്കിക്കാരനാണ് ഇതു കണ്ടുപിടിച്ചത്. ഇതിൻമേൽ ഇപ്പോൾ ഗവേഷണം തുടർന്നുകൊണ്ടിരിക്കുകയാണ്.' (ചന്ദ്രിക: പു: 30; ല: 239/4—9—62.)

(£) അറാറാത്ത് പർവ്വതം പടം 8ൽ നോക്കുക.

പക്ഷെ, നാട്ടുകാർ ചിന്തിക്കുവാൻ (ശരിക്കാതെ ഭീഷണിക്കും, തർക്കത്തിനും ഒരുമ്പെടുകയാണുണ്ടായത്. (ഈ സംഭവം സൂ: അൻആം 74–79ൽ കാണാം.)

അദ്ദേഹത്തെ ഈ സംഭത്തിൽനിന്ന് പിൻതടക്കുവാൻ ഭ്രന്നായ രാജാവ് ഒരു പരിശ്രമംനടത്തി. 'ജീവിപ്പിക്കുന്നവനും മരണപ്പെടുത്തുന്നവനുമാണ് തന്റെ ദൈവമെന്നല്ലേ താൻ പറയുന്നത്? എന്നാൽ അതു രണ്ടും ഞാൻ ചെയ്യുന്നുവല്ലോ!' എന്നു രാജാവ് പറഞ്ഞു. അതായത്: ഞാൻ പലരെയും കൊലപ്പെടുത്തുകയും, കൊല്ലേണ്ടുന്ന പലരെയും കൊലപ്പെടുത്താതെ വിട്ടയക്കുകയും ചെയ്യുന്നുവല്ലോ എന്നർത്ഥം. രണ്ടുപേരെ വിളിച്ച് ഒരുവനെ കൊല്ലുകയും, മറ്റവനെ വിട്ടയക്കുകയുംചെയ്തു കാണിച്ചുവെന്നും പറയപ്പെടുന്നു. ബാലിശമായ ഈ വാദം കണ്ടപ്പോൾ ഇബ്രാഹീം (അ) ഒരു മറുകൈ പ്രയോഗിച്ചു: 'എന്നാൽ, എന്റെ റബ്ബ് സൂര്യനെ കിഴക്കുനിന്ന് ഉദിപ്പിക്കുന്നു; താനതു പടിഞ്ഞാറുനിന്നുകൊണ്ടുവരുക!' ഇതായിരുന്നു അത്. ഇതിൽ രാജാവിന്റെ വായടഞ്ഞുപോയി! (അൽബഖറ: 258.)

ഇബ്രാഹീം (അ) നബിയുമായി വാദപ്രതിവാദം നടത്തിയതും, അദ്ദേഹത്തിന്റെ ശത്രുവായിരുന്നതുമായ രാജാവിന്റെ പേർ ഖുർആനിൽ പറഞ്ഞിട്ടില്ല. നംറൂദ് (نمرود) എന്ന പേരിലാണ് സാധാരണ അറിയപ്പെടുന്നത്. നൂഹ് (അ) നബിയുടെ സന്തതികളിൽപെട്ട ഹാമിന്റെ മകനായ കൂശി(كوش)ന്റെ മകനാണ് നംറൂദ് എന്നു പറയപ്പെടുന്നു. പക്ഷെ, നംറൂദ് എന്നപേരിൽ ഒന്നിലധികം പ്രാചീന രാജാക്കൾ ഉണ്ടായിട്ടുള്ളതായി ബാബിലോണിയയുടെയും, അശ്ശൂറിന്റെയും ചരിത്രത്തിൽ കാണാൻ കഴിയുന്നതുകൊണ്ട് ഇവരിൽ ഏത് നംറൂദാണ് അദ്ദേഹത്തിന്റെ കാലത്തുണ്ടായിരുന്ന നംറൂദെന്നു തീർത്തു പറയുക പ്രയാസമാണ്. ബൈബിളിന്റെ ഒരു വ്യാഖ്യാന നിഘണ്ടുവായ 'വേദപുസ്തക നിഘണ്ടു'വിൽനിന്നും താഴെ കൊടുക്കുന്ന ഉദ്ധരണികൾ ഇവിടെ നമുക്കു പലതും മനസ്സിലാക്കുവാൻ ഉതകുന്നു:–

1. 'അബ്രഹാമിന്റെ സമകാലീനനായ ഹമ്മുറാബി എന്ന രാജാവാണ് ആദ്യമായി ഇതിനെ(ബാബേൽപട്ടണം) ബാബിലോൻ രാജ്യത്തിന്റെ തലസ്ഥാനമാക്കിയത്. ബാബിലോൻ രാജ്യവും അശ്ശൂർ രാജ്യവും പ്രത്യേക രാജ്യങ്ങളായിരിക്കുമ്പോൾ ഈ രണ്ടു രാജ്യങ്ങൾക്കും തമ്മിലുണ്ടായ യുദ്ധങ്ങളിൽ ബാബിലോൻ പട്ടണം ബാബിലോന്യരുടെ അതിവിശിഷ്ടമായ ഒരു കോട്ടയായിരുന്നു.' (വേ. പു. നി. പുറം: 29.) ഇബ്രാഹീം (അ) നബിയുടെ കാലത്ത് ഒന്നിലധികം രാജാക്കളുടെ വാഴ്ച നടന്നിട്ടുണ്ടാകുന്നതിന് വിരോധമില്ലല്ലോ. ഹമ്മുറാബിക്ക് അമ്രാഫേൽ എന്നും പേരുണ്ടാകുവാനവകാശമുണ്ടെന്ന് അടുത്ത ഉദ്ധരണിയിൽനിന്ന് ഗ്രഹിക്കാം.

2. 'അബ്രഹാം തേരഹിന്റെ പുത്രനായിരുന്നു. അവൻ കൽദയരുടെ ഊർ പട്ടണത്തിൽ ജാതനായി. അനേകവർഷങ്ങളിൽ അവിടെ വസിച്ചു. ബാബിലോന്യർ ഹമ്മുറബി എന്നു വിളിച്ചിരുന്ന അമ്രാഫേൽ ബാബിലോന്യയിലെ രാജാവായിരുന്ന കാലത്ത് (ഏകദേശം ക്രി. മു. 2300) അബ്രഹാം ഊർപട്ടണത്തിൽ നിന്നു പുറപ്പെട്ട് കനാൻ ദേശത്തു വന്നു പാർത്തു. തന്റെ ജീവിതകാല പര്യന്തം കനാനിലും, മിസ്രയീമിലും (*) അവിടവിടെ കൂടാരമടിച്ചു താമസിച്ചു. ഇവനും ബാബിലോന്യരോടും ഇങ്ങിനെ ഏകദേശം ജീവിച്ചു മതത്തിലും, കൃഷിയിലും വളരെ വ്യത്യാസമുണ്ടായിരുന്നു. ബാബിലോന്യരെപ്പോലെ ഇവൻ വളരെ ദൈവങ്ങളെ ആരാധിക്കാതെ യഹോവയെ (ദൈവത്തെ) മാത്രം തനിക്കും തന്റെ കുലത്തിനും ദൈവമെന്നു നിശ്ചയിച്ചു അവനെമാത്രം ആരാധിച്ചു വന്നു.......' (വേ. പു. നി. പുറം: 10) പക്ഷെ,ഹമ്മുറബി(حمورابي)യും, അമ്രാഫേലും ഒരാളെന്ന കാര്യത്തിൽ ഭിന്നാഭിപ്രായമുണ്ടുതാനും.

3. 'ഇവൻ (നിമ്രോദ്) അശ്ശൂറിൽ നിനവെ (نينوى) എന്ന പട്ടണം പണിതത് അവിടെ തന്റെ രാജ്യം സ്ഥാപിച്ചു എന്നും, ബാബിലോൻ അഥവാ ബാബേൽ എന്ന നഗരം നിർമ്മിച്ചു എന്നും പറഞ്ഞിരിക്കുന്നു.. ബാബിലോന്യ മതത്തിൽ ഇവന്റെ പേരും അവർ ആരാധിച്ചു വന്ന മെറോദാക്ക് എന്ന ദേവന്റെ പേരും ഒന്നായിരുന്നതുകൊണ്ട് അവർ അവനെ ദേവനായി വിചാരിച്ചു വന്നു എന്നു അറിയപ്പെടുന്നതാണ്.' (പിന്നീട് അമ്രാഫേൽ രാജാവിനെപ്പററി ഇങ്ങിനെ പറയുന്നു:) 'അബ്രഹാമിനോടു യുദ്ധം ചെയ്ത ശിനാർ (ബാബിലോൻ) രാജാവായ അമ്രാഫേലും പുരാതന ബാബിലോന്യ രാജാവായ ഹമ്മുറബിയും ഒരേ ആൾ തന്നെ എന്ന് ചിലർക്ക് തോന്നിയാലും, പണ്ഡിതനായ വൂള്ളി (Woolly) ഈ കാര്യത്തെക്കുറിച്ചു സംശയിക്കുന്നു. (വേ. പു. നി. പുറം: 20.)

4. നിംറോദും (നംറൂദും) ബാബിലോന്യർ പറയുന്ന ആദ്യരാജാവായ ഗിൽഗമേശും ഒരു രാജാവു തന്നെയാണെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. (പേജ് 201.) ചുരുക്കിപ്പറഞ്ഞാൽ നംറൂദിനെ സംബന്ധിച്ചു ശരിയായ ഒരു വിവരണം ഇക്കാലത്തു ലഭിക്കുക സാധ്യമല്ല.

(*) പേ. 4ഉം 8ഉം നോക്കുക.

ഇസ്‌ലാം ചരിത്രവുമായി വളരെയേറെ ബന്ധപ്പെട്ട ഒരു രാജ്യമാണല്ലോ ഇറാഖ്. ആ സ്ഥിതിക്ക് ഇബ്രാഹീം (അ) നബിയുടെ സ്വരാജ്യമായിരുന്ന പ്രാചീന ഇറാഖിന്റെ ഒരു സാമാന്യ വിവരംകൂടി ഇവിടെ അറിയുന്നതു അസ്ഥാനത്താവുകയില്ല. ഇറാഖിന്റെ പല ഭാഗങ്ങളും പല കാലത്തും പല പേരുകളിലായി അറിയപ്പെട്ടിട്ടുണ്ട്. പല ഭരണകൂടങ്ങളും അവിടെ കഴിഞ്ഞുപോയിട്ടുമുണ്ട്. കൂടുതൽ വിശ്രുതമായ രണ്ടു രാഷ്ട്രങ്ങളായിരുന്ന അശ്ശൂറും, ബാബിലോണ്യയും. ഇരുരാജ്യങ്ങളുടെയും ചരിത്രം തമ്മിൽ ബന്ധപ്പെട്ടുകൊണ്ടാണുള്ളത്. രണ്ടും ഓരോ കാലത്ത് ചുരുങ്ങിയും വികസിച്ചുകൊണ്ടും അന്യോന്യം ലയിച്ചുകൊണ്ടും ഇരുന്നിട്ടുണ്ട്. അതിനാൽ, ഒരോന്നിന്റെയും അതിർത്തി തിട്ടപ്പെടുത്തുവാൻ നിവൃത്തിയില്ല. ഉത്തരഭാഗം അശ്ശൂറും, ദക്ഷിണഭാഗം ബാബിലോണ്യയും ആണെന്നു പറയാം.

അവിടത്തെ ജനങ്ങൾ, യുദ്ധം, കെട്ടിടനിർമ്മാണം, ശിൽപവേല, നായാട്ട് മുതലായവയിലും, വിദ്യാഭ്യാസ വിഷയങ്ങളിലും സമർത്ഥന്മാരായിരുന്നു. ശത്രുക്കളോട് അവർ ക്രൂരമായി പെരുമാറിയിരുന്നു. ഇരുരാജ്യക്കാരും പൊതുവിൽ ബഹുദൈവാരാധകന്മാരായിരുന്നു. ബാബിലോണ്യക്കാർക്കില്ലാത്ത ഒരു ദൈവമായിരുന്നു 'അശ്ശൂർ ദേവത', ഇത് അശ്ശൂരികൾക്ക് മാത്രമുള്ളതായിരുന്നു. ബാബിലോണ്യയിൽ, രാജാക്കളെക്കാൾ പുരോഹിതന്മാർക്കും, അശ്ശൂറിൽ മറിച്ചുമായിരുന്നു സ്ഥാനം കൽപിക്കപ്പെട്ടിരുന്നത്. അശ്ശൂർ ക്രി. മു. 2100 മുതൽ ഏതാണ്ട് ക്രി. മു. 6-ാം നൂറ്റാണ്ടുവരെ നീണ്ടുനിന്നു. ഇബ്രാഹീം (അ) നബിയുടെ കാലംമുതൽ സുലൈമാൻ (അ) നബിയുടെ കാലംവരെ ശാമുകാർക്കും (ഇസ്രാഈൽ-യഹൂദിയാ (*) എന്നീ രാജ്യങ്ങൾക്കും) അശ്ശൂർകാർക്കും ഇടയിൽ കാര്യമായ ബന്ധം ഉണ്ടായിരുന്നില്ല. പിന്നീട് ബാബിലോണ്യാ രാജാവായ നബൂഖദ്നെസർ (بختنصر) യരൂശലം (بيت المقدس) നശിപ്പിച്ചതുവരെ അവർക്ക് അശ്ശൂറിനെയും, ബാബിലോണ്യയെയും ബന്ധപ്പെട്ടുകൊണ്ടിരിക്കേണ്ടിവന്നു. സൂരിയ (**)യുടെ കിഴക്കെ അതിർത്തിയും, അശ്ശൂറിന്റെ പടിഞ്ഞാറെ അതിർത്തിയും ഒന്നായിരുന്നു. ആകയാൽ, അശ്ശൂർ വികസിക്കുന്നപക്ഷം അതു സൂരിയയെ നഷ്ടപ്പെടുത്തുമല്ലോ. (***)

നിരീക്ഷകന്മാർക്ക് ലഭിച്ച രേഖകളിൽനിന്ന് അശ്ശൂർഭരണം വളരെ അഭിവൃദ്ധി പ്രാപിച്ചതായിരുന്നുവെന്നും, പരിഷ്കൃതമായ പല ഭരണചട്ടങ്ങളും അവിടെ നടപ്പിലുണ്ടായിരുന്നുവെന്നും മനസ്സിലാക്കാം. ബഹുദൈവാരാധന സർവ്വത്ര നടമാടിയിരുന്നു. ആകാശദേവൻ, ഭൂമിദേവൻ, സൂര്യദേവൻ, ചന്ദ്രദേവി, കാമദേവി, എന്നിങ്ങിനെ പല ദേവീദേവന്മാരും കൂടാതെ, പല വിഗ്രഹങ്ങളും അവരുടെ ആരാധ്യന്മാരായിരുന്നു. സ്വർണ്ണംകൊണ്ടുള്ള വിഗ്രഹങ്ങളും അവർ നിർമ്മിച്ചിരുന്നു. ഭൂതങ്ങളിലും, മന്ത്രങ്ങളിലും അവർ വിശ്വസിച്ചിരുന്നു. ക്ഷുദ്രം, ആഭിചാരം മുതലായ 'സിഹ്റി'ന്റെ ഇനങ്ങളും പ്രചാരത്തിലുണ്ടായിരുന്നു. പല ശാസ്ത്രങ്ങളിലും നൈപുണ്യം നേടിയവരുമായിരുന്നു. മരണപ്പെട്ടവരുടെ ആത്മാവിന്റെ ഭാവിയെക്കുറിച്ച് അവർക്കിടയിൽ ഭിന്നാഭിപ്രായങ്ങളായിരുന്നു ഉള്ളത്. ഇഹലോകജീവിതത്തിൽവെച്ചുതന്നെ ദേവന്മാരുടെ പ്രസാദത്തിനുവേണ്ടിയാണവർ ആരാധന നടത്തിയിരുന്നത്.

മേൽപറഞ്ഞപ്രകാരം ഇബ്രാഹീം (അ) നബി തന്റെ ജനതയെ നന്നാക്കിത്തീർക്കുവാൻ പല പരിശ്രമങ്ങളും ചെയ്തുനോക്കി. അതെല്ലാം വിഫലമാകുകയാണുണ്ടായത്. അദ്ദേഹമാകട്ടെ, പരിശ്രമം ഊർജ്ജിതമാക്കിക്കൊണ്ടുമിരുന്നു. അവരുടെ വിഗ്രഹങ്ങളെ കൊത്തിമുറിച്ചതും, അതിൻഫലമായി തീക്കുണ്ഡത്തിൽ എറിയപ്പെട്ടതും നാം വായിച്ചുവല്ലോ. (****) തന്റെ പിതാവ് ഒരു സത്യവിശ്വാസിയായിക്കണ്ടാൽകൊള്ളാമെന്നുള്ള അത്യാഗ്രഹത്താൽ പിതാവിനെ വളരെ ഭക്തിയാദരവോടെ ഉപദേശിച്ചുനോക്കിയ വിവരവും, അയാൾ മകനെ എറിഞ്ഞാട്ടുവാൻ ശ്രമിച്ചതും സൂ: മർയമിലും നാം കണ്ടു. അഗ്നികുണ്ഡത്തിൽനിന്ന് രക്ഷപ്പെട്ടതുകണ്ട് സ്വജനങ്ങളിൽ കുറച്ചാളുകൾ വിശ്വസിക്കുകയുണ്ടായെന്നു പറയപ്പെടുന്നു. പക്ഷെ, ഭരണകൂടത്തെയും, നാട്ടുകാരെയും ഭയന്നുകൊണ്ടിരിക്കുകയാണവർ. നാട്ടിലുള്ളവരെല്ലാം ശത്രുക്കൾ. സത്യം കേൾക്കുവാനുള്ള കാതും, ചിന്തിക്കുവാനുള്ള ഹൃദയവും അദ്ദേഹം അവിടെ കണ്ടില്ല. അങ്ങിനെ, സ്വദേശത്തോട് യാത്രപറയേണ്ടിവന്നു. അല്ലാഹു അദ്ദേഹത്തെ 'അനുഗൃഹീതമായ ഭൂമി'യിലേക്ക (ശാമിലേക്ക്) രക്ഷപ്പെടുത്തിക്കൊണ്ടുവന്നു. സഹോദരപുത്രൻ ലൂത്വ് (അ), ഭാര്യ സാറാ (سارة) എന്നിവരും കൂടെയുണ്ടായിരുന്നു. അവർ അദ്ദേഹത്തിൽ വിശ്വസിച്ചവരാണ്. ലൂത്വ് (അ) നബിയുടെ ഭാര്യയും കൂടെ ഉണ്ടായിരുന്നുവെന്നും കാണുന്നു. പിതാവിന്റെ പാപമോചനത്തിനുവേണ്ടി അദ്ദേഹം അല്ലാഹുവോട് പ്രാർത്ഥിച്ചുനോക്കുമെന്ന പറഞ്ഞിട്ടുണ്ടായിരുന്നുവെങ്കിലും, പിതാവു അല്ലാഹുവിന്റെ ശത്രുവാണെന്ന് വെളിപ്പെട്ടപ്പോൾ, അദ്ദേഹം അതിൽനിന്ന് ഒഴിഞ്ഞുകളഞ്ഞു. (സൂ: തൗബ: 114.)

'[illegible] ഇബ്രാഹീം(അ)നബിയെയും കൂട്ടിക്കൊണ്ട് കൻആനിലേക്ക് പോകുവാനായി പിതാവ് ഊരിൽനിന്നു ഹാറാനിൽ വന്നു; അവിടെ പാർത്തു അവിടെവെച്ച് പിതാവ് മരണപ്പെട്ടു; പിന്നീടു യഹോവയുടെ

(*) പടം 3ഉം 5ഉം നോക്കുക. (**) സൂരിയാ സിറിയാ(ശാം) (***) പടം 8 നോക്കുക. (****) അടുത്ത വ്യാഖ്യാനക്കുറിപ്പിൽ വിശദവിവരവും കാണാം.

(ദൈവത്തിന്റെ) കല്പനപ്രകാരം കൻആനിലേക്ക് പോയി: ഹാറാനിൽനിന്ന് പോരുമ്പോൾ ഇബ്രാഹീം (അ) നബിക്ക് 75 വയസ്സായിരുന്നു' എന്നൊക്കെ ബൈബ്ളിൽ (ഉൽപത്തി: 11ൽ 31 മുതൽ 12ൽ 6 വരെ പറയുന്നു. ഖുർആന്റെ വെളിച്ചത്തിൽ നോക്കുമ്പോൾ ഇതു അതേപടി സ്വീകരിക്കുവാൻ നിവൃത്തിയില്ല. കാരണം, വിഗ്രഹങ്ങൾ ഉടച്ചകാലത്ത് അദ്ദേഹം കേവലം 16 വയസ്സുകാരനായ ഒരു യുവാവായിരുന്നുവെന്നു ഖുർആൻ വ്യാഖ്യാതാക്കൾ പറയുന്നു. സൂ: അമ്പിയാഉലെ 60-ാം വചനം അതിനെ ബലപ്പെടുത്തുകയും ചെയ്യുന്നു. അന്നുമുതൽക്കേ പിതാവു അദ്ദേഹത്തിനു ശത്രുവായിത്തീർന്നിരിക്കുമല്ലോ.

അദ്ദേഹം മേൽപറഞ്ഞവരൊന്നിച്ച് ഫലസ്തീനിൽ വന്നു. കനാൻ (കൻആൻ- كنعان) ദേശം എന്ന പേരിലാണ് അന്ന് ഫലസ്തീൻ അറിയപ്പെട്ടിരുന്നത്. (*) ആദ്യം നാബൽസ് (نابلس) എന്ന ശെക്കേമി(شكيم)ലും, പിന്നീടു തെക്കോട്ടുനീങ്ങി ഒന്നിലധികം സ്ഥലങ്ങളിലും അദ്ദേഹം താമസിച്ചിട്ടുണ്ട്. അനന്തരം നാട്ടിൽ ബാധിച്ച ഒരു ക്ഷാമം കാരണം മിസ്വ്‌റിൽ (ഈജിപ്തിൽ) പോകുകയും, അധികം താമസിയാതെ മടങ്ങിപ്പോരുകയും ചെയ്തു. യാത്രകളിൽ മേൽപറഞ്ഞവർക്ക് പുറമെ, അവരുടെ ആടുമാടുകളും, അവയുടെ ഇടയന്മാരും ഉണ്ടായിരുന്നുവല്ലോ. ബൈബ്ൾ പറഞ്ഞപ്രകാരമാണെങ്കിൽ, ആട്ടിടയന്മാർ തമ്മിലുണ്ടായ വഴക്കും, ആടുമാടുകളുടെ ആധിക്യവും നിമിത്തം പിതൃവ്യനും, സഹോദരപുത്രനും (ഇബ്രാഹീം നബിയും, ലൂത്ത്നബിയും) താമസം രണ്ടു സ്ഥലത്താക്കി. ജോർഡാൻ (الأردن) പ്രദേശങ്ങളിൽപെട്ട ഫലസ്തീനിഷ്ടമായ സോദോം, ഗോമോറാ (سدوم وعامورة) എന്നീ രാജ്യങ്ങളിലായി ലൂത്ത്നബി വാസമുറപ്പിച്ചു. ഈ സ്ഥലത്തെപ്പറ്റിയാണ് ഖുർആനിൽ (സൂ: നജ്മിൽ) 'മുഅ്തഫികത്ത്' (المؤتفكة = മറിഞ്ഞുകിടക്കുന്ന രാജ്യം) എന്ന് പറഞ്ഞിരിക്കുന്നത്. ലൂത്ത്(അ) ആ രാജ്യത്തേക്കുള്ള റസൂലായി നിയോഗിക്കപ്പെടുകയും ചെയ്തു. ആ രാജ്യക്കാരെക്കുറിച്ചും അവർ രാജ്യത്തോടെ നശിപ്പിക്കപ്പെട്ടതിനെക്കുറിച്ചും കഴിഞ്ഞ സൂറത്തുകളിൽ വിവരിച്ചിട്ടുണ്ടല്ലോ.

ഇബ്രാഹീം നബിയുടെ ഭാര്യ സാറ (سارة) പ്രസവിക്കാത്ത വന്ധ്യയായിരുന്നു. അവർക്ക് ഈജിപ്തിൽവെച്ചു ലഭിച്ച ഒരു അടിമസ്ത്രീയായിരുന്നു ഹാഗാർ എന്ന ഹാജർ (هاجر). തങ്ങൾക്കൊരു ഭർതൃപുത്രനെ കാണുവാൻ കഴിഞ്ഞെങ്കിലോ, എന്ന ആഗ്രഹത്തോടെ ഹാജറിനെ അവർ ഭർത്താവിനു ദാനം ചെയ്തു. അങ്ങിനെ, ഖിബ്ത്തിക്കാരിയായ ഹാജർ ഇബ്രാഹീം (അ) നബിയുടെ ഒരു രണ്ടാം ഭാര്യയായി. ഇവരിൽനിന്നാണ് മൂത്ത പുത്രനായ ഇസ്മാഈൽ(അ) ജനിച്ചതു. അറബികളുടെ പിതാവായ ഇസ്മാഈൽ (അ) നബിയുടെ മാതൃകുടുംബത്തെ ഉദ്ദേശിച്ചാണ് നബി(സ) ഇപ്രകാരം പറഞ്ഞതു: إذا افتتحتم مصر فاستوصوا بأهلها خيرا فإن لهم ذمة ورحما - مسلم (നിങ്ങൾ ഈജിപ്തു ജയിച്ചടക്കുമ്പോൾ, അവിടത്തുകാരുമായി നല്ലനിലയിൽ ഇടപെടണം. നിശ്ചയമായും അവരോടു നിങ്ങൾക്ക് ഒരു ഉത്തരവാദിത്വവും കുടുംബബന്ധവുമുണ്ട്.) കുടുംബബന്ധം പാലിക്കുന്നതിനെപ്പറ്റി നബി(സ) എത്രമാത്രം നിഷ്കർഷിച്ചിരുന്നുവെന്ന് ഇതിൽനിന്ന് മനസ്സിലാക്കാം. ഇസ്മാഈൽ(അ) ജനിക്കുമ്പോൾ ഇബ്രാഹീം(അ) നബിക്ക് 86 വയസ്സാണെന്നു കാണുന്നു. الله أعلم

ഗർഭവതിയായ ഹാജറിനോട് ദൈവദൂതൻ അറിയിച്ചതായി ബൈബ്ളിൽ ഇങ്ങിനെ കാണാം: 'ഞാൻ നിന്റെ സന്തതിയെ ഏറ്റവും വർദ്ധിപ്പിക്കും. അതു എണ്ണിക്കൂടാതവണ്ണം പെരുപ്പമുള്ളതായിരിക്കും. നീ ഗർഭവതിയല്ലോ. നീ ഒരു മകനെ പ്രസവിക്കും. യഹോവ നിന്റെ സങ്കടം കേട്ടതുകൊണ്ട് അവന്ന് യിശ്മായേൽ (ഇസ്മാഈൽ) എന്ന് പേർ വിളിക്കണം. അവൻ 'കാട്ടുകഴുത'യെപ്പോലെയുള്ള മനുഷ്യനായിരിക്കും.....' (ഉല്പ: 16ൽ 10-12) 'കാട്ടുകഴുത'യുടെ കാര്യമൊഴിച്ചു ബാക്കി കാര്യങ്ങൾ ശരിയാകുന്നു. അറബികൾ മിക്കവാറും ഇസ്മാഈൽ(അ) നബിയുടെ സന്താനങ്ങളാണല്ലോ. എന്നാൽ അദ്ദേഹത്തെ 'കാട്ടുകഴുത'യായി ചിത്രീകരിച്ചത്, വേദക്കാർ ബൈബ്ളിൽ കൈകടത്താറുള്ളതിന്റെ ഒരു ചെറിയ ഉദാഹരണമാകുന്നു. നബി മുഹമ്മദ് (സ) തിരുമേനിയെ തരംതാഴ്ത്തി കാണിക്കുകയാണ് ഇതുമൂലം അവരുടെ ഉദ്ദേശ്യം. ഈ വസ്തുത മനസ്സിലാക്കുവാൻ ബൈബ്ളിന്റെ പല ഭാഷകളിലുള്ള വിവർത്തനങ്ങൾ പരിശോധിച്ചാൽ മാത്രം മതിയാകുന്നതാണ്. ബൈബ്ളിന്റെ പരിഭാഷകൾ വ്യക്തികളുടേതല്ല— അവയുടെ അധികൃതമായ അംഗീകാരത്തോടുകൂടി തയ്യാറാക്കപ്പെട്ടവയാണ്—എന്നുകൂടി ഓർക്കേണ്ടതുണ്ട്. ഉദാഹരണം നോക്കുക: മലയാള പതിപ്പിൽ 'കാട്ടുകഴുതയെപ്പോലെയുള്ള മനുഷ്യൻ' എന്നും, അറബിപതിപ്പിൽ إنسانا وحشيا എന്നും, ഹിബ്രു (അബ്രാനി) ഭാഷയിൽ פרא אדם എന്നും, ഇംഗ്ലീഷ്പതിപ്പിൽ Wild Man എന്നും, തമിഴിൽ 'മുരട്ടുമനുഷ്യൻ' എന്നും ആണുള്ളത്. അറബിയിലും ഇംഗ്ലീഷിലുമുള്ള പദങ്ങൾക്ക് 'അപരിഷ്കൃതൻ, കാടൻ, മുഷ്കൻ' എന്നൊക്കെ അർത്ഥം വരും. 'കാട്ടുകഴുത' എന്നർത്ഥമില്ല. അബ്രീപദത്തിനാവട്ടെ, 'ശക്തനായ മനുഷ്യൻ' എന്നത്രെ. അബ്രീയിൽ നിന്നാണ് മറ്റുള്ളവ വിവർത്തനം ചെയ്യപ്പെട്ടിരിക്കുന്നത്. എന്നിരിക്കെ, ദുരുദ്ദേശപൂർവ്വം ചെയ്യപ്പെട്ട ഒരു മാറ്റമാണിതെന്നു പറയേണ്ടതില്ലല്ലോ.

(*) പടം 8 , 6 നോക്കുക.

മലക്കുകൾ ഇബ്രാഹീം (അ) നബിയുടെ അടുക്കൽ മനുഷ്യരൂപത്തിൽ മലക്കുകൾ വരികയുണ്ടായി. അതിഥിസൽക്കാരത്തിൽ വളരെ താൽപര്യം കാണിച്ചിരുന്ന അദ്ദേഹം വേഗം ഒരു മൂരിക്കുട്ടനെ പൊരിച്ചു തയ്യാറാക്കി അതിഥികളുടെ സമക്ഷത്തിൽ വെച്ചു. അവർ ഭക്ഷണം കഴിക്കുന്നില്ല! ഇതു കണ്ടപ്പോൾ അദ്ദേഹത്തിനു മനസ്സിൽ ഭയം തോന്നി. അതിഥികൾ പറഞ്ഞു: 'പേടിക്കേണ്ട! താങ്കൾക്ക് ജ്ഞാനിയായ ഒരു ആൺകുട്ടിയെക്കുറിച്ച് ഞങ്ങൾ സന്തോഷമറിയിക്കുന്നു. ആ വൃദ്ധനും, ഭാര്യക്കും നിരാശരായിരുന്ന കാര്യം ആശ്ചര്യവും, സന്തോഷവുമായി. ഇത് ഇസ്ഹാഖ് (അ) നെക്കുറിച്ചുള്ള സന്തോഷവാർത്തയായിരുന്നു. 'പിന്നെ എന്താണ് കാര്യമുള്ളത്?' ഇബ്രാഹീം (അ) നബി ചോദിച്ചു. 'ഞങ്ങൾ ലൂത്ത്വ് (അ) നബിയുടെ ജനതയുടെ അടുക്കലേക്ക്–അവരെ നശിപ്പിക്കുന്നതിന്–കൂടി നിയോഗിക്കപ്പെട്ടിരിക്കുന്നു' എന്ന് അവർ അറിയിച്ചു. ഈ മലക്കുകളാണ് ലൂത്ത്വ് (അ) നബിയുടെ രാജ്യം നശിപ്പിച്ചത്. (സൂ: 15ൽ 51–60ഉം, സൂ: 51ൽ 24–34ഉം.) ഇക്കാലത്ത് ഇബ്രാഹീം (അ) നബിക്ക് 100 വയസ്സും സാറക്ക് 90 വയസ്സും ആണെന്നു പറയപ്പെടുന്നു. അദ്ദേഹം വസിച്ചിരുന്നതു കാദേശിനും, ശൂറിനും മദ്ധ്യേ ഫലസ്തീന്യരുടെ ([illegible]) രാജ്യത്തിലായിരുന്നു.

ഇസ്മാഈൽ (അ) മുലകുടിക്കുന്ന കാലത്ത്, ഹാജറിനെയും, ശിശുവിനെയുംകൂട്ടി ഇബ്രാഹീം (അ) മക്കയിൽ വന്നു. അന്ന് മക്കയിൽ ജനവാസമില്ല; വെള്ളമോ, കായ്കനിയോ ഇല്ല. പാറക്കെട്ടുകളും, മണൽക്കാടുകളും മാത്രം! ആ മഹാനുഭാവൻ, ഇന്ന് കഅ്ബഃ സ്ഥിതി ചെയ്യുന്ന സ്ഥലത്ത്– നാലുഭാഗവും പാറക്കെട്ടുകളാൽ ചുറ്റപ്പെട്ട ആ താഴ്‌വരയിൽ–അവരെ കുടിയിരുത്തിക്കൊണ്ടു തിരിച്ചുപോവുകയാണ്. അവർക്കായി അദ്ദേഹം അവിടെ നിക്ഷേപിച്ചതെന്താണെന്നോ? ഒരു തോൽസഞ്ചിയിൽ ഈത്തപ്പഴം, ഒരു തോൽപാത്രത്തിൽ വെള്ളവും. അത്രമാത്രം! ഭാര്യ ഹാജർ ചോദിക്കുന്നു: 'ഞങ്ങളെ ഈ താഴ്‌വരയിൽ തനിച്ചുവിട്ടേച്ചു പോകുകയാണോ?!' അദ്ദേഹം തിരിഞ്ഞു നോക്കുന്നില്ല! ഹാജർ വീണ്ടും വിളിച്ചു ചോദിക്കുന്നു: 'അല്ലാഹു കൽപിച്ചിട്ടാണോ, ഇപ്രകാരം ചെയ്യുന്നത്?' അദ്ദേഹം മറുപടി പറഞ്ഞു: 'അതെ,' മറുപടി! ഹാജർ സമാധാനിച്ചു. അവർക്ക ആ മറുപടി കേട്ടതുതന്നെ മതി സമാധാനമായിരുന്നു. അവർ പറഞ്ഞു: 'എന്നാൽ പിന്നെ, അവൻ ഞങ്ങളെ പാഴാക്കുകയില്ല.' സത്യവിശ്വാസികളുടെ നേതാവായ ആ ഭർത്താവിന്റെയും, അദ്ദേഹത്തിന്റെ സത്യവിശ്വാസിനിയായ ആ ഭാര്യയുടെയും വിശ്വാസശക്തി നോക്കുക! ഭർത്താവിനൊത്ത ഭാര്യ!

അദ്ദേഹം ആ ചെറു കുടുംബത്തെ പുറംതള്ളിയതല്ല; ഉപേക്ഷിച്ചോ, വെറുത്തോ പോയതുമല്ല; അവരിൽനിന്നും കണ്ണു മറഞ്ഞപ്പോൾ അദ്ദേഹം അല്ലാഹുവോടു പ്രാർത്ഥിച്ചു.—

ربنا اني اسكنت من ذريتي.........لعلهم يشكرون – ابراهيم : ٣٧

സാരം: ഞങ്ങളുടെ റബ്ബേ! എന്റെ സന്താനത്തെ, യാതൊരു വിളയും (കൃഷിയും) ഇല്ലാത്ത ഒരു താഴ്‌വരയിൽ–നിന്റെ പരിപാവനമായ ഭവനത്തിന്നടുത്ത്–ഞാൻ പാർപ്പിച്ചിരിക്കുന്നു. ഞങ്ങളുടെ റബ്ബേ! അവർ നമസ്കാരം നിലനിർത്തിപ്പോരുവാനായിട്ടാണത്. അതിനാൽ, ജനങ്ങളുടെ ഹൃദയങ്ങളെ അവരിലേക്കു തിരിയുമാറാക്കുകയും, അവർക്ക് ഫലവർഗ്ഗങ്ങളിൽനിന്ന് ഉപജീവനം നൽകുകയും ചെയ്യേണമേ! അവർ നന്ദി കാണിച്ചേക്കാം. (സൂ: ഇബ്രാഹീം)

കൈവശമുള്ള വെള്ളം തീർന്നുപോയി. മാതാവിനും, പൈതലിനും ദാഹം വർദ്ധിച്ചു. വല്ല യാത്രക്കാരെയും കണ്ടുകിട്ടി അൽപം വെള്ളം കിട്ടുമോ എന്നു അന്വേഷിക്കുവാൻ നിസ്സഹായയായ–അല്ല, അല്ലാഹു സഹായിക്കുവാനുണ്ടെന്നുറപ്പുള്ള–മാതാവ് കുട്ടിയെ അവിടെ കിടത്തി പുറപ്പെടുന്നു. ദൂരത്തേക്ക് എത്തിനോക്കുന്നതിനായി അടുത്തുള്ള സ്വഫാ (صفا) കുന്നിന്മേൽ കയറുന്നു. ആരെയും കാണുന്നില്ല. ഉടനെ മറുഭാഗത്തു മർവാ (مروة) കുന്നിന്മേൽ കയറിനോക്കുന്നു. ആരുമില്ല. ഏഴുപ്രാവശ്യം രണ്ടു കുന്നുകളിലുമായി അങ്ങുമിങ്ങും അവർ നടന്നു. ആരെയും കണ്ടുകിട്ടിയില്ല. കുട്ടി കിടക്കുന്നതിന്റെ അടുത്തുനിന്ന് അവർ ഒരു ശബ്ദം കേട്ടു. ഉടനെ മടങ്ങിവന്നു. അതാ, അത്ഭുതം! കുട്ടിയുടെ അരികിലായി നിൽക്കുന്ന ജിബ്‌രീൽ(അ)ന്റെ കാലിന്നടിയിൽകൂടി അതാ ഒഴുകിക്കൊണ്ടിരിക്കുന്നു. അവർക്ക് ആശ്ചര്യമോ, സന്തോഷമോ?! ഓടിവന്ന് 'സം! സം!' (നിൽക്കട്ടെ, നിൽക്കട്ടെ!) എന്നു പറഞ്ഞുകൊണ്ട് അതു കെട്ടിനിറുത്തുകയായി. (ആ വെള്ളം കെട്ടിനിറുത്താതെ അവർ അതിന്റെ പാട്ടിനുവിട്ടിരുന്നുവെങ്കിൽ, അതു ഒഴുകിക്കൊണ്ടേയിരിക്കുമായിരുന്നു! എന്നു നബി (സ) തിരുമേനി അരുളിച്ചെയ്തിട്ടുണ്ട്.) ഈ ജലമാണ് ഇന്നും അനുഗൃഹീതമായി ശേഷിക്കുന്ന ആ 'സംസം വെള്ളം' (زمزم)

ഈ നീരുറവുനിമിത്തം, ക്രമേണ ആളുകൾ വന്നുകൂടി മക്കയിൽ ജനവാസമുണ്ടായി. പക്ഷെ, വെള്ളത്തിന്റെ കൈവശാവകാശം തങ്ങൾക്കുതന്നെ വേണമെന്ന് പുതുതായി വരുന്നവരോട് നിശ്ചയിക്കപ്പെട്ടിരുന്നു. ഇബ്രാനി (ഹിബ്രു) ഭാഷക്കാരനായിരുന്ന ഇസ്മാഈൽ (അ) തങ്ങളുടെ അയൽവാസികൾവഴി അറബി സംസാരിക്കുവാൻ ശീലിച്ചു. പ്രായം തികഞ്ഞപ്പോൾ, അവരിൽനിന്നു ജുർഹും (جرهم) ഗോത്രക്കാരിയായ ഒരു സ്ത്രീയെ കല്യാണം കഴിക്കുകയും ചെയ്തു. കുറെകഴിഞ്ഞ് മാതാവ് മൃതിയടഞ്ഞു.

ഇബ്രാഹീം (അ) നബി ചിലപ്പോൾ ഇസ്മാഈലിനെ വന്നു സന്ദർശിച്ചിരുന്നു. ഇപ്പോൾ അദ്ദേഹം ഒരു വീട്ടുകാരനായിരിക്കുകയാണല്ലോ. അദ്ദേഹം വേട്ടയാടി ഉപജീവനമാർഗ്ഗമുണ്ടാക്കുവാൻ പുറത്തു പോകാറുണ്ടായിരുന്നു. അദ്ദേഹം വീട്ടിലില്ലാത്തപ്പോൾ, ഒരിക്കൽ ഇബ്രാഹീം (അ) മകനെ സന്ദർശിക്കുവാൻ വന്നു. മരുമകളോടു വിവരം അന്വേഷിച്ചു. അവളുടെ പെരുമാറ്റവും സംസാരവും കണ്ട് അവൾ സ്വഭാവം നല്ലവളല്ലെന്ന് ആ മഹാനുഭാവൻ മനസ്സിലാക്കി. 'തന്റെ ഭർത്താവു വന്നാൽ, ഉമ്മറപ്പടി മാറ്റിവെക്കണം' എന്നു പറയുവാൻ ഏല്പിച്ചുകൊണ്ട് അവിടന്ന് സ്ഥലംവിട്ടു. ഇസ്മാഈൽ (അ) മടങ്ങിവന്നപ്പോൾ, വീട്ടിൽ ഒരു കിഴവൻ വന്നതും, ഉമ്മറപ്പടി മാറ്റിവെക്കുവാൻ പറഞ്ഞതും മറ്റും അവൾ അറിയിച്ചു. അതു തന്റെ പിതാവായിരുന്നുവെന്നും, ഉമ്മറപ്പടികൊണ്ട് ഉദ്ദേശം നീ തന്നെയാണെന്നും പറഞ്ഞ് അവളെ അവളുടെ വീട്ടിലേക്കു അയച്ചുകളഞ്ഞു.

പിതാവു മറ്റൊരു പ്രാവശ്യവും പുത്രനെ സന്ദർശിക്കുവാൻ വന്നു. അദ്ദേഹം അപ്പോഴും വെളിയിൽ പോയിരുന്നു. ഇസ്മാഈൽ (അ) രണ്ടാമതും വിവാഹം കഴിച്ചിരുന്ന ഭാര്യയാണിപ്പോൾ വീട്ടുകാരി. പുതിയ മരുമകളുടെ പെരുമാറ്റവും, സ്വീകരണവും, സംസാരവുമെല്ലാം അദ്ദേഹത്തെ തൃപ്തിപ്പെടുത്തി. അവൾ അദ്ദേഹത്തിനു തലമുടി വാർന്നുകൊടുക്കുക മുതലായ ശുശ്രൂഷകളും ചെയ്തുകൊടുത്തു. ആദ്യത്തെയാൾ തങ്ങളുടെ ജീവിതക്ലേശവും ബുദ്ധിമുട്ടുമായിരുന്നു അദ്ദേഹത്തോട് പറഞ്ഞിരുന്നത്. പുതിയ മരുമകൾ, ഞങ്ങൾക്കു സുഖമാണെന്നറിയിച്ചു. അവരുടെ ഭക്ഷണവും, പാനീയവും എന്താണെന്നു അദ്ദേഹം അന്വേഷിച്ചു. മാംസവും, വെള്ളവുമാണെന്ന് സ്ത്രീ ഉത്തരം പറഞ്ഞു. അപ്പോൾ അദ്ദേഹം അവർക്കുവേണ്ടി ഇങ്ങിനെ പ്രാർത്ഥിച്ചു: 'അല്ലാഹുവേ! അവർക്കു മാംസത്തിലും ജലത്തിലും അഭിവൃദ്ധി നൽകേണമേ!' (നബി (സ) തിരുമേനി പറയുകയാണ്: 'അവിടെ അവർക്കു ധാന്യങ്ങളുണ്ടായിരുന്നില്ല. ഉണ്ടെങ്കിൽ അതിലും അഭിവൃദ്ധിക്കായി അദ്ദേഹം പ്രാർത്ഥിക്കുമായിരുന്നു'.) ഇത്തവണ, പിതാവു തിരിച്ചുപോകുമ്പോൾ 'ഉമ്മറപ്പടി ഉറപ്പിച്ചുവെക്കുവാൻ' ഏല്പിച്ചുകൊണ്ടാണ് പോയത്. ഭർത്താവ് മടങ്ങിവന്നപ്പോൾ, സുമുഖനും, മാന്യനുമായ ഒരു വൃദ്ധൻ വന്നിരുന്ന വിവരവും, ഉമ്മറപ്പടി ഉറപ്പിക്കുവാൻ പറഞ്ഞേല്പിച്ചതും അറിയിച്ചു. പിതാവിന്റെ നിർദ്ദേശപ്രകാരം ആ ഭാര്യയെ അദ്ദേഹം സ്ഥിരപ്പെടുത്തുകയും ചെയ്തു.

കുറേ കഴിഞ്ഞശേഷം, പിതാവ് മൂന്നാമതൊരു പ്രാവശ്യം സന്ദർശനത്തിനു വന്നു. ഇക്കുറി പുത്രൻ 'സംസമി'ന്നടുത്ത് അമ്പ് ഉഴിഞ്ഞു നന്നാക്കിക്കൊണ്ടിരിക്കുകയാണ്. കണ്ട ഉടനെ എഴുന്നേറ്റുചെന്ന് പിതാവിനെ ആദരിച്ചു സ്വീകരിച്ചു. ഇപ്പോൾ കഅ്ബ നില്ക്കുന്ന സ്ഥലത്തു പൊന്തിനില്ക്കുന്ന ഒരു തിണ്ണ ചൂണ്ടിക്കാട്ടിക്കൊണ്ട് 'ഇതാ, ഇവിടെ ഒരു പുണ്യാലയം പണിയുവാൻ അല്ലാഹു കല്പിച്ചിട്ടുണ്ട്, അതിനു നീ സഹായിക്കണം.' എന്ന് അറിയിച്ചു. അങ്ങിനെ, പിതാവും പുത്രനുംകൂടി കഅ്ബ നിർമ്മാണത്തിൽ ഏർപ്പെട്ടു. ഇബ്രാഹീം (അ) കെട്ടി പടുക്കുകയും, ഇസ്മാഈൽ (അ) കല്ല് കൊണ്ടുവരികയും ചെയ്തിരുന്നു. ചുമരു കുറെ ഉയർന്നപ്പോൾ, ആ ആലയം പ്രദക്ഷിണം (طواف) ചെയ്യുന്നവർക്ക് (പ്രദക്ഷിണം എവിടെനിന്നു തുടങ്ങണമെന്നതിന്) അടയാളമായി വെക്കുവാൻ ഒരു കല്ല് കൊണ്ടുവരണമെന്ന് അദ്ദേഹം മകനോട് പറഞ്ഞു. ആ കല്ലാണ് 'ഹജറുൽ അസ്‌വദ്'. (الحجر الأسود) ജോലി നടന്നുകൊണ്ടിരിക്കുമ്പോൾ അവർ ഇങ്ങിനെ പ്രാർത്ഥിച്ചിരുന്നു: 'ഞങ്ങളുടെ രക്ഷിതാവേ! ഞങ്ങളിൽനിന്നു (ഈ കർമ്മം) നീ സ്വീകരിക്കേണമേ! നിശ്ചയമായും, നീ കേൾക്കുന്നവൻതന്നെ, അറിയുന്നവൻതന്നെ. (ربنا تقبل منا انك انت السميع العليم) കഅ്ബ നിർമ്മാണം പൂർത്തിയായപ്പോൾ, ജനങ്ങൾക്ക് അല്ലാഹുവിനെ ആരാധിക്കുവാനായി ഒരു ഭവനം നിർമ്മിച്ചിട്ടുണ്ടെന്നും, അവർ അവിടെ വന്നു ഹജ്ജുകർമ്മം നിർവ്വഹിക്കേണ്ടതുണ്ടെന്നും പ്രഖ്യാപിക്കുവാൻ, അല്ലാഹു ഇബ്രാഹീം (അ) നബിയോട് കല്പിച്ചു.

[illegible]കാരും, ജൂതന്മാരും, ക്രിസ്ത്യാനികളുമെല്ലാംതന്നെ വിഗ്രഹങ്ങളെയും ദേവീദേവന്മാരെയും ആരാധിച്ചുവരികയാണ്, അവർ അവയ്ക്കായി ക്ഷേത്രങ്ങളും ബലിപീഠങ്ങളും നിർമ്മിച്ചുകൊണ്ടിരിക്കുന്നു. അല്ലാഹുവിനെമാത്രം ആരാധിക്കുവാനും, അവനോടുമാത്രം പ്രാർത്ഥിക്കുവാനും വേണ്ടി-ജനങ്ങൾക്കെല്ലാമായി-ഒരു ഭവനം. ആ പുണ്യഭവനമത്രെ, ആ രണ്ടു പ്രവാചകവര്യന്മാരുടെ കൈക്കു പടുത്തുയർത്തപ്പെട്ട വിശുദ്ധ കഅ്ബ (الكعبة). ആ രണ്ടു പ്രവാചകന്മാരും ചെയ്ത നിന്ന പ്രാർത്ഥനകളുടെ കൂട്ടത്തിൽ ഇപ്രകാരം ഉണ്ടായിരുന്നു:

ربنا واجعلنا مسلمين لك ...... انك انت العزيز الحكيم - البقرة : ١٢٧ ، ١٢٨

സാരം: (1) ഞങ്ങളുടെ റബ്ബേ! ഞങ്ങളെ രണ്ടാളെയും നിനക്കു കീഴ്പ്പെടുന്നവരാക്കി (മുസ്‌ലിംകളാക്കി)ത്തരേണമേ! ഞങ്ങളുടെ സന്തതികളിലും നിനക്കു കീഴ്പ്പെടുന്ന (മുസ്‌ലിം) സമുദായമുണ്ടാക്കേണമേ! ഞങ്ങൾക്കു ഞങ്ങളുടെ അനുഷ്ഠാനകർമ്മങ്ങളെ കാണിച്ചുതരികയും വേണമേ! ഞങ്ങളിൽ പശ്ചാത്താപം സ്വീകരിക്കുകയും വേണമേ! നിശ്ചയമായും, നീ തന്നെയാണ് പശ്ചാത്താപം സ്വീകരിക്കുന്നവനും, കരുണാനിധിയും. (2) ഞങ്ങളുടെ റബ്ബേ! അവർക്ക് നിന്റെ ലക്ഷ്യങ്ങളെ ഓതിക്കൊടുക്കുകയും, വേദഗ്രന്ഥവും വിജ്ഞാനവും പഠിപ്പിക്കുകയും, ആത്മസംസ്കരണമുണ്ടാക്കുകയും ചെയ്യുന്ന ഒരു റസൂലിനെ, അവരിൽനിന്നുതന്നെ, അവരിൽ നിയോഗിച്ചു കൊടുക്കേണമേ! (സൂ: അൽബഖറ 127, 128)

ഇബ്രാഹീം (അ) നബിയുടെ [illegible] അല്ലാഹു സ്വീകരിച്ചു. (പ്രാർത്ഥനയുടെ സ്വീകാര്യതക്കായി) [illegible] മുഹമ്മദ് മുസ്തഫാ (സ) നിയോഗിക്കപ്പെട്ടു. (പ്രാർത്ഥന കഴിഞ്ഞിട്ട് [illegible] കഴിഞ്ഞു. അതിനിടയ്ക്ക് ഇസ്മാഈൽ (അ) നബിയുടെ സന്താന [illegible], അനേകം പ്രവാചകൻമാർ വന്നു. ഇസ്മാഈൽ പരമ്പരയിലാകട്ടെ, ലോകാവസാനം [illegible] പക്ഷേ അത് ലോകം നിയോഗിക്കപ്പെട്ടത് ലോകത്തിനെല്ലാം വേണ്ടിയാണ്, [illegible]. അദ്ദേഹത്തിന്റെ പ്രവാചകത്വവും, അദ്ദേഹത്തിന്റെ മതവും വെളിപ്പെടുത്തപ്പെട്ട [illegible], [illegible] ലോകാവസാനം വരെ നിലനിൽക്കുകയും ചെയ്യുന്നു. ഇബ്രാഹീം (അ) നബി [illegible] (പ്രാർത്ഥനാവചനങ്ങൾ ഉദ്ധരിച്ചുകൊണ്ട്, ഇങ്ങനെയുള്ള ഒരു റസൂലിനെ അക്ഷര [illegible] — അതേ സമുദായത്തിൽ നിന്നു തന്നെ എഴുന്നേൽപിച്ചിട്ടു [illegible] 2ൽ പറയുന്നു. (... هو الذي بعث في الأميين رسولا) 'ഞാൻ എന്റെ പിതാവ് ഇബ്രാഹീമിന്റെ പ്രാർത്ഥനയാണ്'. എന്ന് നബി (സ) തിരുമേനിയും അരുളിച്ചെയ്തിട്ടുണ്ട്.

ഇസ്ഹാഖ് (അ) നബിയുടെ മകനായി യഅ്ഖൂബ് (അ) ജനിച്ചു. അദ്ദേഹത്തിനാണ് ഇസ്രാഈൽ (إسرائيل) എന്നു പറയുന്നത്. അദ്ദേഹത്തിന് പന്ത്രണ്ട് മക്കളുണ്ടായിരുന്നു. അവർ വഴി പെരുകി വർദ്ധിച്ച പന്ത്രണ്ട് സന്താനപരമ്പരകൾക്കാണ് ഇസ്രാഈൽ വർഗ്ഗത്തിലെ പന്ത്രണ്ട് ഗോത്രങ്ങൾ എന്ന പറയപ്പെടുന്നത്. പന്ത്രണ്ടു മക്കളിൽ ഒരാളായ യൂസുഫ് (അ) നബിയുടെ കഥ പരക്കെ അറിയപ്പെട്ടതും സൂ: യൂസുഫിൽ വിസ്തരിച്ചു പറയപ്പെട്ടിട്ടുള്ളതുമാണ്. അദ്ദേഹം ഈജിപ്തിലെ ഭരണാധികാരിയായപ്പോൾ യഅ്ഖൂബ് (അ) നബിയും, ബാക്കി മക്കളും ഈജിപ്തിൽ ചെന്നു താമസമാക്കി. പിന്നീട് മൂസാ (അ) നബിയുടെ കാലത്ത് അദ്ദേഹം വഴി ആ സമുദായത്തെ ഫിർഔനിൽ നിന്ന് അല്ലാഹു രക്ഷപ്പെടുത്തി വീണ്ടും ഫലസ്തീനിൽ വന്ന ചരിത്രം പ്രസിദ്ധമാണ്. ചെങ്കടൽ കടന്നുകഴിഞ്ഞു നാൽപതു വർഷം അവർ തീഹു മരുഭൂമിയിൽ താമസിച്ചുവല്ലോ. അതിനിടക്ക് മൂസാ (അ) മരണപ്പെട്ടു. പിന്നീട് പല സംഭവങ്ങൾക്കും, സംഘട്ടനങ്ങൾക്കും ശേഷം യൂശഉ (يوشع - ع) നബിയുടെ നേതൃത്വത്തിലാണ് അവർ ഫലസ്തീനിൽ പലേടങ്ങളിലായി കുടിയേറിപ്പാർത്തത്.

ഇബ്രാഹീം നബി (അ) മുതൽ നടപ്പിൽ വന്ന നടപടിയാണ് ബലികർമ്മം (ذبح). അല്ലാഹുവിന്റെ കല്പനപ്രകാരം, അദ്ദേഹവും സന്തതികളും അത് അനുഷ്ഠിച്ചുവന്നു. ഇബ്രാഹീം (അ) നബിയാൽ നടപ്പിലാക്കപ്പെട്ട നടപടിക്രമങ്ങൾ പലതുമുണ്ട്. അതിൽ അദ്ദേഹത്തെ നാമും അനുകരിക്കുവാൻ ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു. സൂ: ഹജ്ജിൽ 78–ാം വചനത്തിൽ ملة أبيكم إبراهيم (നിങ്ങളുടെ പിതാവു ഇബ്രാഹീമിന്റെ മാർഗ്ഗം) എന്നു അല്ലാഹു പറഞ്ഞത് അതാണ്. അദ്ദേഹത്തോട് അനുഷ്ഠിക്കുവാൻ കൽപിച്ചതെല്ലാം അദ്ദേഹം പൂർത്തിയായി നിർവ്വഹിച്ചിട്ടുണ്ടെന്ന ഒരു സാക്ഷ്യപത്രമാണ്, സൂറത്തുൽ–ബഖറ: 124ൽ കാണുന്നത്. ...وإذ ابتلى إبراهيم ربه (അല്ലാഹു ഇബ്രാഹീമിനെ ചില കൽപനാ വാക്കുകൾ മുഖേന പരീക്ഷിച്ച സന്ദർഭം ഓർക്കുക; അദ്ദേഹം അവയെ പൂർണ്ണമായി നിർവ്വഹിച്ചു....) ആ പ്രവാചകവര്യന്റെ സൽകീർത്തിക്കു നിദാനമായി, ഒരേ ഒരു സംഭവം—ഓമനപുത്രനെ ബലിയർപ്പിക്കാൻ സന്നദ്ധനായ സംഭവം—മാത്രം ആലോചിച്ചാൽ മതിയല്ലോ. ലോകമുള്ള കാലം മറക്കപ്പെടാത്തതാണത്.

ഒരു മകനുണ്ടായിക്കാണുവാൻ വളരെക്കാലം ആശിച്ചശേഷം—അതുണ്ടാകുവാൻ പോകുന്നുവെന്ന സന്തോഷവാർത്തയും ലഭിച്ചശേഷം—ആ വയോധികനു ഒരു മകനുണ്ടായി. അവന്റെ ഒന്നിച്ചു പ്രയത്നിക്കാറായപ്പോൾ, അതാ—അവനെ അറുത്ത് ബലികഴിക്കണമെന്നു ദൈവിക കല്പന വരുന്നു! കല്പന ലഭിച്ചതു മുഖാന്തരമെന്നു മല്ല—സ്വപ്നം മാത്രമാണ്. അദ്ദേഹത്തിനു യാതൊരു മടിയോ, വൈമനസ്യമോ തോന്നിയില്ല. മകനെ പുത്രനെ വിവരം അറിയിച്ചു. പുത്രനാകട്ടെ, പിതാവിനൊത്ത പുത്രനും! ഒട്ടും അധൈര്യമോ, മനസ്താപമോ ഇല്ല. അങ്ങിനെ, മകനെ അറുക്കുവാനുള്ള എല്ലാ ഒരുക്കങ്ങളും കഴിഞ്ഞു. ഒന്നും ബാക്കിയില്ല. അല്ലാഹുവിന്റെ ഭാഗത്തുനിന്നു വിളി കേൾക്കുന്നു. 'ഇബ്രാഹീം! സ്വപ്നത്തെ നീ യഥാർത്ഥമാക്കിയിരിക്കുന്നു! മതി, ഇസ്മാഈലിനു പകരം ഒരു ആടിനെ ബലികഴിക്കുക. അത്ര മതി!' (സൂ: വസ്സ്വാഫ്ഫാത്തിൽ ഈ സംഭവം വിവരിക്കുന്നുണ്ട്.)

ബലിക്കുവേണ്ടി കൊണ്ടുപോയ പുത്രൻ ഇസ്മാഈലല്ല— ഇസ്ഹാഖാണ്—എന്നത്രെ, വേദക്കാരുടെ പക്ഷം. ഖുർആനിൽ ഈ കഥ പറയുന്നിടത്ത് ആരുടെയും പേരെടുത്ത് പറഞ്ഞിട്ടില്ല. എങ്കിലും വസ്സ്വാഫ്ഫാത്തിലെ ആയത്തുകൾ പരിശോധിച്ചാൽ, അത് ഇസ്മാഈൽ (അ) ആയിരുന്നുവെന്നു വ്യക്തമായിക്കാണാം. കാരണം: ഈ കഥ വിവരിച്ചുകഴിഞ്ഞ ഉടനെത്തന്നെ 'അദ്ദേഹത്തിനു ഇസ്ഹാഖിനെക്കുറിച്ചും നാം സന്തോഷവർത്ത അറിയിച്ചു' (وبشرناه بإسحق) എന്നു അല്ലാഹു പറയുന്നു. മറ്റു പലതും ഇതിനു തെളിവായി എടുക്കുവാനുണ്ട്. അല്ലാഹു സഹായിച്ചാൽ അവിടെവെച്ചു കൂടുതൽ സംസാരിക്കാം. ബൈബ്ളിൽ ഈ സംഭവം വിവരിക്കുന്നിടത്ത്

(ഉല്പത്തി 22ന്റെ ആരംഭത്തിൽ)....നിന്റെ മകനെ, നീ സ്നേഹിക്കുന്നവന്റെ ഏകജാതനായ യിസ്ഹാക്കിനെത്തന്നെ....) എന്നു പറയുന്നു. ഇവിടെ 'നിന്റെ ഏകജാതനായ' എന്നു വിശേഷണം ഇസ്മാഈലിനെക്കുറിച്ചല്ലാതെ വരുവാൻ പാടില്ലാത്തതാണ്. ഇസ്ഹാക്വുള്ളപ്പോൾ ഇസ്മാഈൽ ജനിക്കാതിരിക്കുകയോ, ജനിച്ചു മരണപ്പെടുകയോ ചെയ്തിരുന്നാൽ അങ്ങിനെ പറയാമായിരുന്നു. ഇസ്മാഈലിനെ 'കാട്ടുകഴുത' യെപ്പോലെ 'ദുഷ്ടനാ'ക്കിയ ആ 'കറുത്ത' കൈകൾ തന്നെയായിരിക്കണം, 'ഇസ്മാഈലി'ന്റെ സ്ഥാനത്ത് 'യിസ്ഹാക്കി'ന്റെ പേർ പ്രതിഷ്ഠിച്ചതും.

ഇബ്രാഹീം (അ) നബിയുടെ ഖബ്റും, സാറയുടെ ഖബ്റും ശാമിൽ ഹിബ്രോൺ (حبرون) എന്ന സ്ഥലത്താകുന്നു. അദ്ദേഹത്തിന്റെ ചരിത്രത്തിൽ നിന്നു നമുക്ക് എത്രയോ പാഠങ്ങൾ പഠിക്കുവാനുണ്ട്. അതിനെപ്പറ്റി കൂടുതൽ വിവരിച്ച് ദീർഘിപ്പിക്കുന്നില്ല. ക്വുർആനിലും ഹദീസിലും പല സന്ദർഭങ്ങളിലായി ഇക്കാര്യം പരാമർശിക്കപ്പെട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ വിശ്വാസദാർഢ്യം, ത്യാഗമനസ്ഥിതി, അല്ലാഹുവിന്റെ കൽപനകൾ അനുസരിക്കുവാനുള്ള സന്നദ്ധത, സത്യാന്വേഷണസ്വഭാവം ആദിയായ ഗുണവിശേഷങ്ങൾ, മുസ്‌ലിംകൾക്കു മാതൃക നൽകട്ടെ! രാജാവിനെയാകട്ടെ, തീയിനെ ആകട്ടെ, അക്രമികളെയാവട്ടെ, ഭയപ്പെടാതെ, മനോഭീതിയില്ലാതെ, ആദർശപ്രഖ്യാപനത്തിലും, തൗഹീദിന്റെ പ്രചരണത്തിലും, മുന്നോട്ടു മുന്നോട്ടു പുരോഗമിച്ചുകൊണ്ടിരുന്ന ആ നബിവര്യന്റെ ജീവിതഗ്രന്ഥത്തിലെ പാഠങ്ങൾ ഓരോന്നും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സമരസേവനം ചെയ്യുന്ന മുസ്‌ലിംകൾക്കു നേതൃത്വവും, പ്രചോദനവും നൽകട്ടെ. آمين

بِسْمِ اللَّهِ الرَّحْمَٰنِ الرَّحِيمِ

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

١- الٓر ۚ كِتَٰبٌ أَنزَلْنَٰهُ إِلَيْكَ لِتُخْرِجَ ٱلنَّاسَ مِنَ ٱلظُّلُمَٰتِ إِلَى ٱلنُّورِ بِإِذْنِ رَبِّهِمْ إِلَىٰ صِرَٰطِ ٱلْعَزِيزِ ٱلْحَمِيدِ ۝

1. 'അലിഫ്—ലാം—റാ' (നബിയേ) നിനക്കു നാം അവതരിപ്പിച്ചു തന്ന ഒരു ഗ്രന്ഥമാകുന്ന (ഇതു); മനുഷ്യരെ അന്ധകാരങ്ങളിൽനിന്നു നീ(പുറത്തുവരുത്തി) പ്രകാശത്തിലേക്ക കൊണ്ടുവരുവാൻ വേണ്ടി; അവരുടെ റബ്ബിന്റെ അനുമതിപ്രകാരം. അതായതു, പ്രതാപശാലിയും സ്തുത്യർഹനുമായുള്ളവന്റെ പാതയിലേക്ക (കൊണ്ടുവരുവാൻ):

٢- ٱللَّهِ ٱلَّذِى لَهُۥ مَا فِى ٱلسَّمَٰوَٰتِ وَمَا فِى ٱلْأَرْضِ ۗ وَوَيْلٌ لِّلْكَٰفِرِينَ مِنْ عَذَابٍ شَدِيدٍ ۝

2. (അതെ) ആകാശങ്ങളിലുള്ളതും, ഭൂമിയിലുള്ളതും (എല്ലാം) യാതൊരുവന്റേതാണോ ആ അല്ലാഹുവിന്റെ (പാതയിലേക്കു). അവിശ്വാസികൾക്കു കഠിനമായ ശിക്ഷ നിമിത്തം കഷ്ടവും!

---

1. الر 'അലിഫ്-ലാം-റാ' كتاب ഒരു ഗ്രന്ഥമാകുന്ന أنزلنه നാമതു അവതരിപ്പിച്ചിരിക്കുന്നു إليك നിനക്ക لتخرج നീ പുറത്തുകൊണ്ടുവരുവാൻവേണ്ടി الناس മനുഷ്യരെ من الظلمت അന്ധകാരങ്ങളിൽനിന്നു إلى النور പ്രകാശത്തിലേക്ക بإذن അനുമതി (സമ്മത) പ്രകാരം ربهم അവരുടെ റബ്ബിന്റെ إلى صراط അതായതു പാതയിലേക്ക العزيز പ്രതാപശാലിയുടെ الحميد സ്തുത്യർഹനായ 2. الله الذي അതായതു യാതൊരു അല്ലാഹുവിന്റെ له അവന്റേതാണ്, അവന്നാകുന്നു ما في السموت ആകാശങ്ങളിലുള്ളതു وما في الأرض ഭൂമിയിലുള്ളതും وويل കഷ്ടവും, നാശവും للكفرين അവിശ്വാസികൾക്കു من عذاب ശിക്ഷ നിമിത്തം, ശിക്ഷയാൽ شديد കഠിനമായ

٣- الَّذِينَ يَسْتَحِبُّونَ الْحَيَوٰةَ الدُّنْيَا عَلَى الْآخِرَةِ وَيَصُدُّونَ عَن سَبِيلِ اللَّهِ وَيَبْغُونَهَا عِوَجًا أُولَٰئِكَ فِي ضَلَٰلٍۭ بَعِيدٍ ○

3. അതായതു്, യാതൊരു കൂട്ടർക്കു (കഷ്ടം) അവർ ഐഹികജീവിതത്തോടു പരലോകത്തെക്കാൾ സ്നേഹം കാണിച്ചുകൊണ്ടിരിക്കുന്നു; അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിന്നു അവർ (ജനങ്ങളെ) തിരിച്ചുവിടുകയും ചെയ്യുന്നു; അതിനു അവർ വക്രത (ഉണ്ടാവണമെന്നു) ആഗ്രഹിക്കുകയും ചെയ്യുന്നു. [ഇങ്ങിനെയുള്ളവർക്കു 'കഷ്ടം'!] അക്കൂട്ടർ വിദൂരമായ വഴിപിഴവിലാകുന്നു.

---

3. الذين അതായതു യാതൊരു കൂട്ടർ يستحبون അവർ സ്നേഹം കാണിക്കും الحيوة ജീവിതത്തോടു الدنيا ഇഹത്തിലെ (ഐഹിക) على الآخرة പരലോകത്തെക്കാൾ ويصدون അവർ തിരിച്ചു (തട്ടി) വിടുകയും ചെയ്യും عن سبيل മാർഗ്ഗത്തിൽ നിന്നു الله അല്ലാഹുവിന്റെ ويبغونها അതിനെ അവർ തേടുക (അതിനു അവർ ആഗ്രഹിക്കുക)യും ചെയ്യും عوجا വക്രത, വളവു (ഉണ്ടാവാൻ) أولئك അക്കൂട്ടർ في ضلل വഴിപിഴവിലാകുന്നു بعيد വിദൂരമായ

വ്യാകരണവശത്തിലൂടെ നോക്കുമ്പോൾ പരസ്പരം ബന്ധപ്പെട്ടവയാണു ഈ മൂന്നു വചനങ്ങളും. അവയുടെ ഒന്നാകെയുള്ള അർത്ഥം ഏതാണ്ടിങ്ങിനെ മനസ്സിലാക്കാം: 'മനുഷ്യരെ അവരുടെ റബ്ബിന്റെ അനുമതി പ്രകാരം അന്ധകാരങ്ങളിൽ നിന്നു (പുറത്തു വരുത്തി) പ്രകാശത്തിലേക്കു—അതായതു ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം ഉടമയാക്കുന്ന ആ അല്ലാഹുവിന്റെ പാതയിലേക്കു—കൊണ്ടുവരുവാൻ വേണ്ടി (നബിയേ) നിനക്കു നാം അവതരിപ്പിച്ചുതന്ന വേദഗ്രന്ഥമാണിതു്. ഇഹലോകജീവിതത്തോടു പരലോകത്തെക്കാൾ സ്നേഹം കാണിക്കുകയും, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിന്നു (ജനങ്ങളെ) തിരിച്ചുവിടുകയും, അതിനു വക്രത (ഉണ്ടാവണമെന്നു) ആഗ്രഹിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന അവിശ്വാസികൾക്കു കഠിനമായ ശിക്ഷ നിമിത്തം കഷ്ടം! അവർ വിദൂരമായ വഴിപിഴവിലാണുള്ളതു്.'

അവിശ്വാസം, അജ്ഞത, അന്ധവിശ്വാസം, ദുരാചാരം ആദിയായ അന്ധകാരങ്ങളിൽ പെട്ടു നട്ടം തിരിയുന്ന ജനങ്ങളെ നേർമാർഗ്ഗമാകുന്ന പ്രകാശത്തിലേക്കു രക്ഷപ്പെടുത്തിക്കൊണ്ടു വരുവാൻ വേണ്ടിയാണു നബി (സ)യുടെ മേൽ ഖുർആൻ അവതരിപ്പിച്ചിരിക്കുന്നതു്. ഇതു അല്ലാഹു മനുഷ്യർക്ക് നൽകിയ മഹത്തായ ഒരു അനുഗ്രഹമാണെന്നു വ്യക്തമത്രെ. എന്നിരിക്കെ, അതിനെ നിഷേധിക്കുകയും, നബി (സ)യെ കളവാക്കുകയും ചെയ്യുന്ന അവിശ്വാസികൾക്കു വമ്പിച്ച ശിക്ഷയും കഷ്ടവുമായിരിക്കും ഉണ്ടായിരിക്കുകയെന്നു അല്ലാഹു താക്കീതു ചെയ്യുന്നു. അതു എന്തുകൊണ്ടാണെന്നുകൂടി വ്യക്തമാക്കിയിരിക്കുന്നു. 1-ാമതായി: അവർ ഐഹിക ജീവിതത്തിനാണു പ്രാധാന്യം കൽപിക്കുന്നതു്. അതിനോടാണവർക്കിഷ്ടം, പരലോകത്തെപ്പറ്റി അവർ ചിന്തിക്കുന്നില്ല. 2-ാമതായി: അല്ലാഹു കൽപിക്കുകയും ഇഷ്ടപ്പെടുകയും ചെയ്യുന്ന ആ നേർമാർഗ്ഗത്തിൽ നിന്നു അവർ സ്വയം തിരിഞ്ഞുപോകുകയും മറ്റുള്ളവരെ തിരിച്ചുവിടുകയും ചെയ്തുകൊണ്ടിരിക്കുന്നു. 3-ാമതായി: നേർക്കുനേരെയുള്ള സത്യമാർഗ്ഗം നിലനിൽക്കുന്നതു തന്നെയും അവർക്കു ഇഷ്ടമില്ല. അതിനു കഴിയുന്നത്ര വക്രതയും വളവും ഉണ്ടായിക്കാണുവാനാണു അവരുടെ ആഗ്രഹവും ശ്രമവും. അങ്ങിനെ, സന്മാർഗ്ഗത്തിലേക്കു മടങ്ങി എത്തുവാൻപോലും സാധിക്കാത്തവിധം അവർ അതിൽനിന്നു വളരെ ദൂരം പിഴച്ചുപോയിരിക്കുന്നു, ഇതൊക്കെയാണിതിനു കാരണം. എക്കാലത്തും മതവിരോധികളിൽ കാണപ്പെടാറുള്ള ദുസ്വഭാവങ്ങളത്രെ അല്ലാഹു എടുത്തുപറഞ്ഞ ഈ മൂന്നു കാര്യങ്ങളും.

സത്യവും യഥാർത്ഥവും എപ്പോഴും ഒന്നു മാത്രമായിരിക്കും. അതിന്റെ എതിർവശത്തിനാകട്ടെ, വിവിധ മുഖങ്ങളും വശങ്ങളും ഉണ്ടായിരിക്കുകയും ചെയ്യും. അതുകൊണ്ടായിരിക്കാം ഇങ്ങിനെയുള്ള പ്രസ്താവനകളിലെല്ലാം പ്രകാശത്തെ النور (പ്രകാശം) എന്നു ഏകവചനരൂപത്തിലും, അന്ധകാരത്തെ الظلمات (അന്ധകാരങ്ങൾ) എന്നു ബഹുവചനരൂപത്തിലും അല്ലാഹു ഉപയോഗിച്ചു കാണുന്നതു്. والله أعلم

٤- وَمَا أَرْسَلْنَا مِن رَّسُولٍ إِلَّا بِلِسَانِ قَوْمِهِ لِيُبَيِّنَ لَهُمْ فَيُضِلُّ اللَّهُ مَن يَشَاءُ وَيَهْدِي مَن يَشَاءُ وَهُوَ الْعَزِيزُ الْحَكِيمُ

4. ഒരു റസൂലിനെയും, (തന്നെ), അദ്ദേഹത്തിന്റെ ജനതക്ക അദ്ദേഹം വിവരിച്ചുകൊടുക്കുവാൻ വേണ്ടി അവരുടെ ഭാഷയിൽ (ദൗത്യം നൽകിക്കൊണ്ടു) അല്ലാതെ നാം അയച്ചിട്ടില്ല. അങ്ങനെ, അല്ലാഹു ഉദ്ദേശിക്കുന്നവരെ അവൻ വഴിപിഴവിലാക്കുകയും, അവൻ ഉദ്ദേശിക്കുന്നവരെ അവൻ നേർവഴിയിലാക്കുകയും ചെയ്യുന്നു.

അവനത്രെ പ്രതാപശാലിയും അഗാധജ്ഞനുമായുള്ളവൻ.

---

4. وَمَا أَرْسَلْنَا നാം അയച്ചിട്ടില്ല مِن رَّسُولٍ ഒരു റസൂലിനെയും إِلَّا بِلِسَانِ ഭാഷയിലല്ലാതെ, ഭാഷയോടെയല്ലാതെ قَوْمِهِ അദ്ദേഹത്തിന്റെ ജനതയുടെ لِيُبَيِّنَ അദ്ദേഹം വിവരിച്ചുകൊടുക്കുവാൻവേണ്ടി لَهُمْ അവർക്കു فَيُضِلُّ എന്നിട്ടു (അങ്ങനെ) വഴിപിഴവിലാക്കുന്നു اللَّهُ അല്ലാഹു مَن يَشَاءُ അവൻ ഉദ്ദേശിക്കുന്നവരെ وَيَهْدِي അവൻ നേർവഴിയിലാക്കുകയും ചെയ്യുന്നു مَن يَشَاءُ അവൻ ഉദ്ദേശിക്കുന്നവരെ وَهُوَ അവനത്രെ, അവൻ തന്നെ الْعَزِيزُ പ്രതാപശാലി الْحَكِيمُ അഗാധജ്ഞൻ, യുക്തിമാൻ

ഓരോ റസൂലും ഏതൊരു ജനതയിലേക്കു അയക്കപ്പെട്ടിരുന്നുവോ ആ ജനതയുടെ ഭാഷയിൽ ദൗത്യം നൽകപ്പെട്ടുകൊണ്ടല്ലാതെ ഒരു റസൂലിനെയും അല്ലാഹു അയച്ചിട്ടില്ല. ജനതയുടെ ഭാഷയും, ദൗത്യത്തിന്റെ ഭാഷയും ഒന്നല്ലാതിരിക്കുന്ന പക്ഷം, ദൗത്യവിഷയങ്ങൾ അവർക്കു വിവരിച്ചുകൊടുക്കുവാൻ റസൂലിനും, അതു മനസ്സിലാക്കുവാൻ ജനങ്ങൾക്കും പ്രയാസമായിരിക്കുമല്ലോ. ഇതനുസരിച്ചു തന്നെയാണ് നബി (സ)ക്കു നൽകപ്പെട്ട ദൗത്യങ്ങളും, വേദഗ്രന്ഥവും അറബി ഭാഷയിലായതും. ഇക്കാരണത്താൽ നബി (സ) അറബികൾക്കുമാത്രം റസൂലായിട്ടാണ് അയക്കപ്പെട്ടിരിക്കുന്നതെന്ന് തെറ്റിദ്ധരിക്കുവാൻ അവകാശമില്ല. സർവ്വ മനുഷ്യർക്കും റസൂലായിട്ടാണു നബി (സ) അയക്കപ്പെട്ടിരിക്കുന്നതെന്നു അർത്ഥശങ്കക്കു ഇടമില്ലാത്തവണ്ണം (21: 107; 25: 1; 34: 28 മുതലായ സ്ഥലങ്ങളിൽ) അല്ലാഹു തന്നെ സ്പഷ്ടമായി പ്രസ്താവിച്ചിട്ടുള്ളതാണ്. എന്നാൽ പിന്നെ, എന്തുകൊണ്ടു ലോകഭാഷകളിൽപെട്ട മറ്റൊന്നിലല്ല, ഒരു ഭാഷയിലായില്ല എന്ന ചോദ്യത്തിനും പ്രസക്തിയില്ല. നബി (സ) ജനിച്ചുവളർന്നതു അറബികൾക്കിടയിൽ, അവിടുത്തെ മാതൃഭാഷ അറബി. അവിടുന്നു മുഖാമുഖമായി പ്രബോധനകൃത്യം നടത്തുന്നതും അറബികളോട്. അറബികൾ മുഖാന്തരമാണ് ആ പ്രബോധനം ലോകത്തു പ്രചരിക്കുന്നതും. എന്നിരിക്കെ, തിരുമേനിയുടെ ദൗത്യം അറബി അല്ലാത്ത ഭാഷയിലാകുന്നതിന്റെ അപ്രായോഗികത ആർക്കും ഊഹിക്കാവുന്നതാണ്. അറബിയല്ലാത്ത ഏതു ഭാഷയിലായാലും കൂടുതൽ സങ്കീർണ്ണമായിരിക്കും പ്രശ്നം.

ജനങ്ങൾക്കു വിവരിച്ചു കൊടുക്കുവാനും, അവർക്കു മനസ്സിലാക്കുവാനും വേണ്ടിയാണു അതതു ജനങ്ങളുടെ ഭാഷയിൽ റസൂലുകൾക്കു ദൗത്യം നൽകപ്പെടുന്നത്. എന്നാൽ പറയുന്നതു മനസ്സിലായിട്ടു പിന്നെയും സത്യത്തെ നിഷേധിക്കുന്നവർ ഉണ്ടായിരിക്കുമല്ലോ. അപ്പോൾ അവരെ അല്ലാഹു വഴിപിഴവിലാക്കുകയും ചെയ്യുന്നു. സത്യം മനസ്സിലായിട്ടു അതിൽ വിശ്വസിക്കുന്നവരെ അവൻ നേർവഴിയിലാക്കുകയും ചെയ്യുന്നു. അതെ, മറ്റൊരു സ്ഥലത്തു പറഞ്ഞതുപോലെ, يُضِلُّ بِهِ كَثِيرًا وَيَهْدِي بِهِ كَثِيرًا وَمَا يُضِلُّ بِهِ إِلَّا الْفَاسِقِينَ (ഇതുമൂലം അവൻ പലരെയും വഴിപിഴവിലാക്കുകയും, പലരെയും നേർവഴിയിലാക്കുകയും ചെയ്യുന്നു. ദുർന്നടപ്പുകാരെയല്ലാതെ അവൻ വഴിപിഴവിലാക്കുകയില്ലതാനും.) (2: 26)

٥- وَلَقَدْ أَرْسَلْنَا مُوسَىٰ بِآيَاتِنَا أَنْ أَخْرِجْ قَوْمَكَ مِنَ الظُّلُمَاتِ إِلَى النُّورِ وَذَكِّرْهُم بِأَيَّامِ اللَّهِ

5. നമ്മുടെ ദൃഷ്ടാന്തങ്ങളുമായി നാം മൂസായെ അയക്കുകയുണ്ടായി; 'നിന്റെ ജനങ്ങളെ അന്ധകാരങ്ങളിൽനിന്നു പ്രകാശത്തിലേക്കു പുറത്തു കൊണ്ടുവരുകയും, അല്ലാഹുവിന്റെ (അനുഗ്രഹത്തിന്റെ) ദിവസങ്ങളെപ്പറ്റി അവരെ ഓർമ്മിപ്പിക്കുകയും ചെയ്യുക' എന്നു (കൽപിച്ചുകൊണ്ട്).

നിശ്ചയമായും, അതിൽ ക്ഷമാശീലരും, നന്ദിയുള്ള വരുമായ എല്ലാവർക്കും പല ദൃഷ്ടാന്തങ്ങളുണ്ട്.

إِنَّ فِي ذَٰلِكَ لَآيَاتٍ لِّكُلِّ صَبَّارٍ شَكُورٍ

6. മൂസാ തന്റെ ജനങ്ങളോടു പറഞ്ഞ സന്ദർഭം (ഓർക്കുക): 'നിങ്ങൾക്കു അല്ലാഹു ചെയ്ത അനുഗ്രഹത്തെ നിങ്ങൾ ഓർക്കുവിൻ. അതായതു, ഫിർഔന്റെ കൂട്ടരിൽ നിന്നു നിങ്ങളെ അവൻ രക്ഷപ്പെടുത്തിയ സന്ദർഭം. നിങ്ങളെ അവർ കടുത്ത ശിക്ഷ അനുഭവിപ്പിക്കുകയും, നിങ്ങളുടെ ആൺമക്കളെ അറുകൊല ചെയ്യുകയും, നിങ്ങളുടെ പെണ്ണുങ്ങളെ (കൊല്ലാതെ) ജീവിക്കുവാൻ വിടുകയും ചെയ്തുകൊണ്ട്. അതിൽ (ഒക്കെ) നിങ്ങളുടെ റബ്ബിങ്കൽനിന്നുള്ള വമ്പിച്ച ഒരു പരീക്ഷണമുണ്ട്.'

٦- وَإِذْ قَالَ مُوسَىٰ لِقَوْمِهِ اذْكُرُوا نِعْمَةَ اللَّهِ عَلَيْكُمْ إِذْ أَنجَاكُم مِّنْ آلِ فِرْعَوْنَ يَسُومُونَكُمْ سُوءَ الْعَذَابِ وَيُذَبِّحُونَ أَبْنَاءَكُمْ وَيَسْتَحْيُونَ نِسَاءَكُمْ ۚ وَفِي ذَٰلِكُم بَلَاءٌ مِّن رَّبِّكُمْ عَظِيمٌ

---

5. ولقد ارسلنا നാം അയക്കുകയുണ്ടായിട്ടുണ്ട് موسى മൂസായെ بآياتنا നമ്മുടെ ദൃഷ്ടാന്തങ്ങളുമായി ان اخرج നീ പുറത്തുകൊണ്ടുവരണമെന്നു قومك നിന്റെ ജനങ്ങളെ من الظلمات അന്ധകാരങ്ങളിൽ നിന്നു الى النور പ്രകാശത്തിലേക്കു وذكرهم അവർക്കു ഓർമ്മപ്പെടുത്തുകയും ചെയ്യുക بايام ദിവസങ്ങളെപ്പററി الله അല്ലാഹുവിന്റെ ان في ذلك നിശ്ചയമായും അതിലുണ്ട് لآيات പല ദൃഷ്ടാന്തങ്ങൾ (തന്നെ) لكل صبار എല്ലാ ക്ഷമാശീലർക്കും شكور നന്ദിയുള്ളവരായ. 6. واذ قال പറഞ്ഞ സന്ദർഭം موسى മൂസാ لقومه അദ്ദേഹത്തിന്റെ ജനതയോടു اذكروا ഓർക്കുവിൻ نعمة الله അല്ലാഹുവിന്റെ അനുഗ്രഹത്തെ عليكم നിങ്ങളുടെമേൽ اذ انجاكم അവൻ നിങ്ങളെ രക്ഷപ്പെടുത്തിയ സന്ദർഭം من آل فرعون ഫിർഔന്റെ കൂട്ടരിൽ (ആൾക്കാരിൽ) നിന്നു يسومونكم അവർ നിങ്ങൾക്കു അനുഭവിപ്പിച്ചുകൊണ്ടിരിക്കെ سوء العذاب കടുത്ത ശിക്ഷ ويذبحون അവർ അറുകൊല ചെയ്തും ابناءكم നിങ്ങളുടെ ആൺമക്കളെ ويستحيون അവർ ജീവിക്കുവാൻ വിടുക(ബാക്കിയാക്കുക)യും نساءكم നിങ്ങളുടെ പെണ്ണുങ്ങളെ وفي ذلكم അതിലുണ്ടു (ഉണ്ടായിരുന്നു) بلاء ഒരു പരീക്ഷണം من ربكم നിങ്ങളുടെ റബ്ബിൽനിന്നു عظيم വമ്പിച്ചതായ.

പ്രധാനമായ ചരിത്ര സംഭവങ്ങൾ ഉണ്ടായ കാലത്തെ ഉദ്ദേശിച്ചാണു ايام الله (അല്ലാഹുവിന്റെ ദിവസങ്ങൾ) എന്നു പറയപ്പെടുന്നത്. അറബികൾക്കിടയിൽ കഴിഞ്ഞുപോയ യുദ്ധങ്ങൾ മുതലായ പ്രധാന സംഭവങ്ങളെപ്പററി ايام العرب (അറബികളുടെ ദിവസങ്ങൾ) എന്നും പറയപ്പെടാറുണ്ട്. പ്രസ്തുത സംഭവങ്ങൾ ഒരു കൂട്ടരെ സംബന്ധിച്ചു അനുഗ്രഹമായും, മറെറാരു കൂട്ടരെ സംബന്ധിച്ചു ശിക്ഷയായും ഇരിക്കുക സ്വാഭാവികമാണല്ലോ. തുടർന്നുള്ള വാക്യങ്ങളിൽ നിന്നു മനസ്സിലാകുന്നതുപോലെ ഇസ്രാഈല്യരെ സംബന്ധിച്ചേടത്തോളം അവർക്കു വമ്പിച്ച അനുഗ്രഹമായി കലാശിച്ച ആ സംഭവങ്ങളെ—ഫിർഔനിൽ നിന്നു രക്ഷ നൽകിയതുപോലുള്ള സംഭവങ്ങളെ—അവരെ ഓർമ്മിപ്പിക്കണമെന്നാണു 'അവർക്കു അല്ലാഹുവിന്റെ ദിവസങ്ങളെപ്പററി ഓർമ്മിപ്പിക്കുക' (وذكرهم بايام الله) എന്നു പറഞ്ഞതിന്റെ താല്പര്യം.

ദുർമ്മാർഗ്ഗത്തിന്റെ അന്ധകാരങ്ങളിൽ നിന്നു ജനങ്ങളെ സന്മാർഗ്ഗത്തിന്റെ പ്രകാശത്തിലേക്കു നയിക്കുവാനാണു നബി (സ) യെ വേദഗ്രന്ഥവും കൊണ്ടു അയച്ചിരിക്കുന്നതെന്നു സൂറത്തിന്റെ ആരംഭത്തിൽ പ്രസ്താവിച്ചുവല്ലോ. അതേ ആവശ്യാർത്ഥം തന്നെ ചില പ്രത്യേക ദൃഷ്ടാന്തങ്ങൾ സഹിതം മൂസാ (അ) നബിയെയും മുമ്പു അയക്കുകയുണ്ടായെന്നും, സത്യവിശ്വാസികൾക്കു അല്ലാഹു ചെയ്ത അനുഗ്രഹങ്ങളെയും, സത്യനിഷേധികൾക്കു അവൻ നൽകിയ ശിക്ഷകളെയും ഓർമ്മിപ്പിച്ചുകൊണ്ടു അവരോടു ക്ഷമയും നന്ദിയും ഉള്ളവരായിരിക്കുവാൻ അദ്ദേഹം ഉപദേശിച്ചുവെന്നുമാണു ഈ വചനങ്ങളിൽ പറഞ്ഞതിന്റെ ചുരുക്കം. അൽപം സൂക്ഷ്മമായി പരിശോധിച്ചാൽ, ക്ഷമ, നന്ദി എന്നീ രണ്ടു ഗുണങ്ങളാണു മിക്കവാറും എല്ലാ സൽകർമ്മങ്ങളുടെയും ഉൽഭവമെന്നും, അവയുടെ അഭാവമാണു മിക്കവാറും എല്ലാ ദുഷ്കർമ്മങ്ങളുടെയും ഉറവിടമെന്നും കാണാവുന്നതാണ്. ഒരു നബി

വചനം ഇവിടെ സ്മരണീയമാകുന്നു: 'സത്യവിശ്വാസിയുടെ കാര്യമെല്ലാം ആശ്ചര്യം തന്നെ! അല്ലാഹു ഏതൊരു കാര്യം വിധിച്ചാലും അതവന്നു ഗുണകരമാകാതിരിക്കയില്ല. അവന്നു വല്ല ദുരിതവും ബാധിച്ചാൽ അവൻ ക്ഷമിക്കും. അപ്പോൾ, അതവന്നു ഗുണകരമായിത്തീരും. അവന്നു വല്ല സന്തോഷവും ബാധിച്ചാൽ അവൻ നന്ദിയും കാണിക്കും. അപ്പോൾ അതും അവന്നു ഗുണകരമായിത്തീരും.' (മുസ്‌ലിം) അടുത്ത വചനത്തിൽ മൂസാ (അ) നബി നന്ദിയെക്കുറിച്ചു തുടർന്നു പറയുന്നതു നോക്കുക : —

വിഭാഗം-2

7. നിങ്ങളുടെ റബ്ബ് അറിയിപ്പു നൽകിയ സന്ദർഭം (ഓർക്കുക): 'നിങ്ങൾ നന്ദിചെയ്യുന്ന പക്ഷം, തീർച്ചയായും ഞാൻ നിങ്ങൾക്കു (അനുഗ്രഹം) വർദ്ധിപ്പിച്ചു തരിക തന്നെ ചെയ്യും; നിങ്ങൾ നന്ദികേടു കാണിച്ചുവെങ്കിലോ, നിശ്ചയമായും എന്റെ ശിക്ഷ കഠിനമായതു തന്നെയായിരിക്കും.'

وَإِذْ تَأَذَّنَ رَبُّكُمْ لَئِن شَكَرْتُمْ لَأَزِيدَنَّكُمْ وَلَئِن كَفَرْتُمْ إِنَّ عَذَابِي لَشَدِيدٌ ﴿٧﴾

8. മൂസാ (വീണ്ടും) പറഞ്ഞു: 'നിങ്ങളും, ഭൂമിയിലുള്ളവർ മുഴുവനും (കൂടി) നന്ദികേടു കാണിക്കുന്നപക്ഷം, എന്നാൽ, നിശ്ചയമായും, അല്ലാഹു ധന്യനും (അഥവാ അനാശ്രയനും) സ്തുത്യർഹനും തന്നെയാണ് (എന്നു അറിഞ്ഞേക്കുക)'.

وَقَالَ مُوسَىٰ إِن تَكْفُرُوا أَنتُمْ وَمَن فِي الْأَرْضِ جَمِيعًا فَإِنَّ اللَّهَ لَغَنِيٌّ حَمِيدٌ ﴿٨﴾

---

7. وَإِذْ تَأَذَّنَ ഉത്തരവു (കൽപന-അറിയിപ്പു) നൽകിയ സന്ദർഭം رَبُّكُمْ നിങ്ങളുടെ റബ്ബു لَئِن شَكَرْتُمْ നിങ്ങൾ നന്ദി കാണിച്ചുവെങ്കിൽ لَأَزِيدَنَّكُمْ തീർച്ചയായും ഞാൻ നിങ്ങൾക്കു വർദ്ധിപ്പിച്ചുതരും وَلَئِن كَفَرْتُمْ നിങ്ങൾ നന്ദികേടു കാണിച്ചുവെങ്കിലോ إِنَّ عَذَابِي നിശ്ചയമായും എന്റെ ശിക്ഷ لَشَدِيدٌ കഠിനമായതു തന്നെ. 8. وَقَالَ പറയുകയും ചെയ്തു مُوسَىٰ മൂസാ إِن تَكْفُرُوا നിങ്ങൾ നന്ദികേടു കാണിക്കുന്ന പക്ഷം أَنتُمْ നിങ്ങൾ وَمَن فِي الْأَرْضِ ഭൂമിയിലുള്ളവരും جَمِيعًا മുഴുവൻ فَإِنَّ എന്നാൽ (അറിയുക) നിശ്ചയമായും അല്ലാഹു لَغَنِيٌّ ധന്യൻ (അനാശ്രയൻ) തന്നെ حَمِيدٌ സ്തുത്യർഹനായ.

'ഖുദ്സീ'യായ (അല്ലാഹു അരുളിച്ചെയ്തതായി നബി-സ-ഉദ്ധരിക്കുന്ന) ഒരു ഹദീസു നബി(സ)യിൽ നിന്നു അബൂദർ-റ (റ) ഇപ്രകാരം നിവേദനം ചെയ്യുന്നു: 'അല്ലാഹു പറയുന്നു: എന്റെ അടിയാൻമാരേ, നിങ്ങളിൽ ആദ്യത്തേവരും അവസാനത്തേവരും, ജിന്നുകളും, മനുഷ്യരും (എല്ലാംതന്നെ) നിങ്ങളിലുള്ള ഏറ്റം ഭയഭക്തനായ ഒരു മനുഷ്യന്റെ ഹൃദയത്തോടുകൂടിയായിരുന്നാലും അതു എന്റെ രാജത്വത്തിൽ യാതൊന്നും തന്നെ വർദ്ധിപ്പിക്കുകയില്ല. എന്റെ അടിയാൻമാരേ, നിങ്ങളിൽ ആദ്യത്തേവരും അവസാനത്തേവരും ജിന്നുകളും, മനുഷ്യരും (എല്ലാം തന്നെ) നിങ്ങളിലുള്ള ഏറ്റം ദുഷിച്ച ഒരു മനുഷ്യന്റെ ഹൃദയത്തോടുകൂടിയായിരുന്നാലും അതു എന്റെ രാജത്വത്തിൽ യാതൊരു കുറവും വരുത്തുകയില്ല. എന്റെ അടിയാൻമാരേ, നിങ്ങളിൽ ആദ്യത്തേവരും, അവസാനത്തേവരും, ജിന്നുകളും, മനുഷ്യരും (എല്ലാംതന്നെ) ഒരേ സ്ഥലത്തുനിന്ന് എന്നോടു ചോദിക്കുകയും, എന്നിട്ട് ഓരോരുത്തനും അവൻ ചോദിച്ചതു ഞാൻ കൊടുക്കുകയും ചെയ്താലും ഒരു സൂചി സമുദ്രത്തിലിട്ടാൽ (മുക്കി എടുത്താൽ) അതു അതിൽ വരുത്തുന്ന കുറവു പോലെയല്ലാതെ എന്റെ രാജത്വത്തിൽ അതു ഒരു കുറവും വരുത്തുന്നതല്ല.' (മുസ്‌ലിം.)

അടുത്ത വചനം മൂസാ(അ) നബി ഇസ്രാഈല്യരോടു ചെയ്ത പ്രസ്താവനയുടെ തുടർച്ചയായിരിക്കുവാനും, അല്ലാഹു മനുഷ്യരെ അഭിമുഖീകരിച്ചു ചെയ്യുന്ന പ്രസ്താവന അവസാനിച്ചശേഷം, കഴിഞ്ഞ വചനത്തോടുകൂടി അദ്ദേഹത്തിന്റെ ചോദിക്കുന്ന ചോദ്യമായിരിക്കുവാനും സാധ്യതയുണ്ട്. രണ്ടായാലും ഉദ്ദേശ്യം വ്യക്തംതന്നെ.

9. (മനുഷ്യരേ) നിങ്ങളുടെ മുമ്പുള്ളവരുടെ വൃത്താന്തം നിങ്ങൾക്കു വന്നെത്തിയിട്ടില്ലേ? അതായതു, നൂഹിന്റെ ജനതയുടെയും, ആദിന്റെയും, ഥമൂദിന്റെയും അവരുടെ ശേഷമുള്ളവരുടെയും (വൃത്താന്തം)! —അവരെക്കുറിച്ചു അല്ലാഹുവല്ലാതെ (ആരും) അറിയുകയില്ല– അവരുടെ റസൂലുകൾ വ്യക്തമായ തെളിവുകളുമായി അവരുടെ അടുക്കൽ ചെന്നു; അപ്പോൾ, തങ്ങളുടെ കൈകളെ അവർ തങ്ങളുടെ വായിൽ ആക്കി [പ്രതിഷേധിച്ചു കൈ കടിച്ചു]; അവർ പറയുകയും ചെയ്തു: 'നിങ്ങൾ എന്തൊന്നുമായി അയക്കപ്പെട്ടിരിക്കുന്നുവോ അതിൽ ഞങ്ങൾ അവിശ്വസിച്ചിരിക്കുന്നു; എന്തൊന്നിലേക്കു ഞങ്ങളെ നിങ്ങൾ ക്ഷണിക്കുന്നുവോ അതിനെക്കുറിച്ചു നിശ്ചയമായും, ഞങ്ങൾ, ആശങ്കാജനകമായ സംശയത്തിൽ തന്നെയാകുന്നു'.

٩- أَلَمْ يَأْتِكُمْ نَبَؤُا الَّذِينَ مِن قَبْلِكُمْ قَوْمِ نُوحٍ وَعَادٍ وَثَمُودَ ۛ وَالَّذِينَ مِن بَعْدِهِمْ ۛ لَا يَعْلَمُهُمْ إِلَّا اللَّهُ ۚ جَاءَتْهُمْ رُسُلُهُم بِالْبَيِّنَاتِ فَرَدُّوا أَيْدِيَهُمْ فِي أَفْوَاهِهِمْ وَقَالُوا إِنَّا كَفَرْنَا بِمَا أُرْسِلْتُم بِهِ وَإِنَّا لَفِي شَكٍّ مِّمَّا تَدْعُونَنَا إِلَيْهِ مُرِيبٍ ○

---

9. أَلَمْ يَأْتِكُمْ നിങ്ങൾക്കു വന്നിട്ടില്ലേ نَبَأُ വൃത്താന്തം الَّذِينَ യാതൊരുവരുടെ مِن قَبْلِكُمْ നിങ്ങളുടെ മുമ്പുള്ള قَوْمِ نُوحٍ നൂഹിന്റെ ജനതയുടെ وَعَادٍ ആദിന്റെയും وَثَمُودَ ഥമൂദിന്റെയും وَالَّذِينَ യാതൊരുവരുടെയും مِن بَعْدِهِمْ അവരുടെ ശേഷമുള്ള لَا يَعْلَمُهُمْ അവരെ അറിയുകയില്ല إِلَّا اللَّهُ അല്ലാഹു അല്ലാതെ جَاءَتْهُمْ അവർക്കു വന്നു, അവരിൽ ചെന്നു رُسُلُهُم അവരുടെ റസൂലുകൾ بِالْبَيِّنَاتِ (വ്യക്തമായ) തെളിവുകളുമായി فَرَدُّوا അപ്പോൾ അവർ ആക്കി, തള്ളി, മടക്കി أَيْدِيَهُمْ അവരുടെ കൈകളെ فِي أَفْوَاهِهِمْ അവരുടെ വായകളിൽ وَقَالُوا അവർ പറയുകയും ചെയ്തു إِنَّا നിശ്ചയമായും ഞങ്ങൾ كَفَرْنَا ഞങ്ങൾ അവിശ്വസിച്ചിരിക്കുന്നു بِمَا أُرْسِلْتُم بِهِ നിങ്ങൾ യാതൊന്നുമായി അയക്കപ്പെട്ടുവോ അതിൽ (നിങ്ങൾ അയക്കപ്പെട്ടതിൽ) وَإِنَّا നിശ്ചയമായും ഞങ്ങൾ لَفِي شَكٍّ സംശയത്തിൽ തന്നെയുമാണു مِّمَّا യാതൊന്നിനെപ്പറ്റി تَدْعُونَنَا നിങ്ങൾ ഞങ്ങളെ ക്ഷണിക്കുന്നു, വിളിക്കുന്നു إِلَيْهِ അതിലേക്കു مُرِيبٍ സന്ദേഹമുളവാക്കുന്ന, ആശങ്കാജനകമായ, ആശയക്കുഴപ്പമുണ്ടാക്കുന്ന.

لَا يَعْلَمُهُمْ إِلَّا اللَّهُ (അവരെ അല്ലാഹുവല്ലാതെ അറിയുകയില്ല) എന്നു പറഞ്ഞതിന്റെ താൽപര്യം, പ്രസ്തുത ജനതയുടെയും കാലശേഷം വളരെയധികം ജനങ്ങളും റസൂലുകളും കഴിഞ്ഞുപോയിട്ടുണ്ടെന്നും, അവരെ സംബന്ധിച്ച ചരിത്രങ്ങൾ അല്ലാഹുവിനു മാത്രമേ അറിയുകയുള്ളുവെന്നുമാകുന്നു. فَرَدُّوا أَيْدِيَهُمْ فِي أَفْوَاهِهِمْ (അവരുടെ കൈകൾ അവരുടെ വായിൽ ആക്കി) എന്നു പറഞ്ഞതിന്റെ ഉദ്ദേശ്യം കോപം നിമിത്തം കൈകടിച്ചു എന്നാണെന്നും, പ്രതിഷേധപൂർവ്വം വായപൊത്തി എന്നാണെന്നും മറ്റും അഭിപ്രായങ്ങളുണ്ട്. ഏതഭിപ്രായം സ്വീകരിച്ചാലും റസൂലുകളുടെ നേരെ പ്രതിഷേധവും നിഷേധവും പ്രകടിപ്പിക്കുകയാണു അവർ ചെയ്തതു എന്നാണതിന്റെ താൽപര്യം. അവരുടെ തുടർന്നുള്ള വാക്കുകളിൽനിന്നു തന്നെ അതു വ്യക്തമാണു. അല്ലാഹു പറയുന്നു:—

10. അവരുടെ റസൂലുകൾ (അവരോടു) പറഞ്ഞു: 'ആകാശങ്ങളെയും, ഭൂമിയെയും, സൃഷ്ടിച്ചുണ്ടാക്കിയവനായ അല്ലാഹുവിന്റെ കാര്യത്തിൽ ഉണ്ടോ വല്ല സംശയവും? നിങ്ങളുടെ പാപങ്ങളിൽ നിന്നും (ചിലതൊക്കെ) നിങ്ങൾക്കു പൊറുത്തുതരുവാൻവേണ്ടി അവൻ നിങ്ങളെ ക്ഷണിക്കുകയാണ്; നിർണ്ണയം ചെയ്യപ്പെട്ട ഒരവധിവരെ നിങ്ങളെ (ഒഴിവാക്കി) പിന്തിരിപ്പിക്കുവാൻ വേണ്ടിയും.

١٠- قَالَتْ رُسُلُهُمْ أَفِي اللَّهِ شَكٌّ فَاطِرِ السَّمَاوَاتِ وَالْأَرْضِ ۖ يَدْعُوكُمْ لِيَغْفِرَ لَكُم مِّن ذُنُوبِكُمْ وَيُؤَخِّرَكُمْ إِلَىٰ أَجَلٍ مُّسَمًّى ۚ

قَالُوٓا۟ إِنْ أَنتُمْ إِلَّا بَشَرٌ مِّثْلُنَا تُرِيدُونَ أَن تَصُدُّونَا عَمَّا كَانَ يَعْبُدُ ءَابَآؤُنَا فَأْتُونَا بِسُلْطَٰنٍ مُّبِينٍ ۝

അവർ (മറുപടി) പറഞ്ഞു: 'നിങ്ങൾ ഞങ്ങളെപ്പോലെയുള്ള മനുഷ്യരല്ലാതെ (മറ്റാരും) അല്ല; ഞങ്ങളുടെ പിതാക്കൾ ആരാധിച്ചു വന്നിരുന്നവയിൽ നിന്നു ഞങ്ങളെ തിരിച്ചുകളയുവാൻ നിങ്ങൾ ഉദ്ദേശിക്കുകയാണ്. ആകയാൽ, സ്പഷ്ടമായ ഒരു (അധികൃത) രേഖ ഞങ്ങൾക്കു നിങ്ങൾ കൊണ്ടുവരുവിൻ!'

---

10. قالت പറഞ്ഞു رسلهم അവരുടെ റസൂലുകൾ أفي الله അല്ലാഹുവിലോ, അല്ലാഹുവിലുണ്ടോ شك വല്ല സംശയവും فاطر സൃഷ്ടിച്ചുണ്ടാക്കിയവനായ السموات ആകാശങ്ങളെ والأرض ഭൂമിയെയും يدعوكم നിങ്ങളെ അവൻ ക്ഷണിക്കുന്നു ليغفر അവൻ പൊറുക്കുവാൻവേണ്ടി لكم നിങ്ങൾക്കു من ذنوبكم നിങ്ങളുടെ പാപങ്ങളിൽ നിന്നു ويؤخركم നിങ്ങളെ പിന്തിക്കുവാനും (ഒഴിവാക്കുവാനും) إلى أجل ഒരു അവധിവരെ مسمى നിർണ്ണയം ചെയ്യപ്പെട്ട قالوا അവർ പറഞ്ഞു إن أنتم നിങ്ങൾ അല്ല إلا بشر മനുഷ്യരല്ലാതെ مثلنا ഞങ്ങളെപ്പോലെ تريدون നിങ്ങൾ ഉദ്ദേശിക്കുന്നു أن تصدونا ഞങ്ങളെ തിരിച്ചുകളയുവാൻ عما كان ആയിരുന്നതിൽനിന്നു يعبد ആരാധിച്ചുവരുക آباؤنا ഞങ്ങളുടെ പിതാക്കൾ فأتونا അതിനാൽ ഞങ്ങൾക്ക നിങ്ങൾ വരണം بسلطان ഒരു (അധികൃത)രേഖകൊണ്ട്, രേഖയുമായി مبين സ്പഷ്ടമായ.

'നിർണ്ണയിക്കപ്പെട്ട അവധിവരെ നിങ്ങളെ പിന്തിക്കും' എന്നു പറഞ്ഞതിന്റെ താല്പര്യം, നിങ്ങൾ അല്ലാഹുവിന്റെ ഏകത്വം സ്വീകരിച്ചു സത്യവിശ്വാസികളായിത്തീരുന്നപക്ഷം, നിങ്ങൾക്കു നിശ്ചയിക്കപ്പെട്ട ആയുഷ്കാലം തീരുന്നതുവരെ നിങ്ങൾക്കു രക്ഷ കിട്ടുമെന്നും, ഇല്ലാത്തപക്ഷം, വല്ല പൊതുശിക്ഷയും ബാധിച്ച് നിങ്ങൾ നശിച്ചേക്കുമെന്നുമാകുന്നു. സ്പഷ്ടമായ വല്ല അധികൃതരേഖയും കൊണ്ടുവരണമെന്നു അവർ ആവശ്യപ്പെടുന്നതു പ്രവാചകൻമാർ വേണ്ടത്ര തെളിവു നൽകാത്തതുകൊണ്ടോ, സത്യം മനസ്സിലാകാത്തതുകൊണ്ടോ അല്ല. തങ്ങൾ ആവശ്യപ്പെടുന്ന തരത്തിലുള്ള വല്ല അമാനുഷിക ദൃഷ്ടാന്തങ്ങളും കാണിച്ചുകൊടുക്കുവാനുള്ള ഒരു വെല്ലുവിളി മാത്രമാണതെന്നു അടുത്ത വചനത്തിൽനിന്ന് വ്യക്തമാകുന്നതാണ്.

قَالَتْ لَهُمْ رُسُلُهُمْ إِن نَّحْنُ إِلَّا بَشَرٌ مِّثْلُكُمْ وَلَٰكِنَّ ٱللَّهَ يَمُنُّ عَلَىٰ مَن يَشَآءُ مِنْ عِبَادِهِۦ ۖ وَمَا كَانَ لَنَآ أَن نَّأْتِيَكُم بِسُلْطَٰنٍ إِلَّا بِإِذْنِ ٱللَّهِ ۚ وَعَلَى ٱللَّهِ فَلْيَتَوَكَّلِ ٱلْمُؤْمِنُونَ ۝

11. അവരോടു അവരുടെ റസൂലുകൾ പറഞ്ഞു: 'ഞങ്ങൾ നിങ്ങളെപ്പോലെയുള്ള മനുഷ്യരല്ലാതെ (മറ്റാരും) അല്ല. എങ്കിലും, അല്ലാഹു അവന്റെ അടിയാൻമാരിൽ നിന്നും അവൻ ഉദ്ദേശിക്കുന്നവരുടെ മേൽ അവൻ ദാക്ഷിണ്യം [അനുഗ്രഹം] ചെയ്യുന്നു. അല്ലാഹുവിന്റെ അനുമതിപ്രകാരമല്ലാതെ നിങ്ങൾക്കു ഒരു (അധികൃത) രേഖയും കൊണ്ടുവരുവാൻ ഞങ്ങൾക്കു ആകുകയില്ല.

അല്ലാഹുവിന്റെമേൽ ഭരമേൽപിച്ചുകൊള്ളട്ടെ, സത്യവിശ്വാസികൾ!'

---

11 قالت പറഞ്ഞു لهم അവരോടു رسلهم അവരുടെ റസൂലുകൾ إن نحن ഞങ്ങളല്ല إلا بشر മനുഷ്യരല്ലാതെ مثلكم നിങ്ങളെപ്പോലെയുള്ള ولكن الله എങ്കിലും അല്ലാഹു يمن ദാക്ഷിണ്യം (അനുഗ്രഹം) ചെയ്യുന്നു على من يشاء അവൻ ഉദ്ദേശിക്കുന്നവരുടെമേൽ من عباده അവന്റെ അടിയാൻമാരിൽനിന്നു وما كان ആകുകയില്ല, പാടില്ല (നിവൃത്തിയില്ല) لنا ഞങ്ങൾക്ക് أن نأتيكم ഞങ്ങൾ നിങ്ങൾക്കു കൊണ്ടുവരൽ, വരാൻ بسلطان ഒരു (അധികൃത) രേഖയും കൊണ്ടു إلا بإذن അനുവാദപ്രകാരമല്ലാതെ الله അല്ലാഹുവിന്റെ وعلى الله അല്ലാഹുവിന്റെമേൽ فليتوكل ഭരമേൽപിച്ചുകൊള്ളട്ടെ المؤمنون വിശ്വാസികൾ.

12. 'അല്ലാഹുവിന്റെ മേൽ ഞങ്ങൾ ഭരമേൽപിക്കാതിരിക്കുവാൻ ഞങ്ങൾക്ക് എന്തു (കാരണമു)ള്ളത്? (ഞങ്ങൾക്കു [illegible]) ഞങ്ങളുടെ മാർഗ്ഗങ്ങളിൽ അവൻ ഞങ്ങളെ വഴിചേർത്തു തന്നിരിക്കെ! നിങ്ങൾ ഞങ്ങളെ ഉപദ്രവിച്ചതിനെപ്പറ്റി ഞങ്ങൾ ക്ഷമിക്കുകതന്നെ ചെയ്യുന്നതുമാണ്.

അല്ലാഹുവിന്റെമേൽ തന്നെ ഭരമേൽപിച്ചുകൊള്ളട്ടെ, ഭരമേൽപിക്കുന്നവർ!

١٢- وَمَا لَنَآ أَلَّا نَتَوَكَّلَ عَلَى ٱللَّهِ وَقَدْ هَدَىٰنَا سُبُلَنَا ۚ وَلَنَصْبِرَنَّ عَلَىٰ مَآ ءَاذَيْتُمُونَا ۚ

وَعَلَى ٱللَّهِ فَلْيَتَوَكَّلِ ٱلْمُتَوَكِّلُونَ ۝

---

12. وَمَا لَنَا ഞങ്ങൾക്കു എന്തുണ്ട് أَلَّا نَتَوَكَّلَ ഞങ്ങൾ ഭരമേൽപ്പിക്കാതിരിക്കുവാൻ عَلَى اللَّهِ അല്ലാഹുവിന്റെമേൽ وَقَدْ هَدَانَا അവൻ ഞങ്ങളെ വഴിചേർത്തു തന്നിരിക്കെ, കാട്ടിത്തന്നിട്ടുമുണ്ട് سُبُلَنَا ഞങ്ങളുടെ മാർഗ്ഗങ്ങളിൽ, വഴികളെ وَلَنَصْبِرَنَّ നിശ്ചയമായും ഞങ്ങൾ ക്ഷമിക്ക തന്നെ ചെയ്യും عَلَىٰ مَا യാതൊന്നിനെപ്പറ്റി آذَيْتُمُونَا ഞങ്ങളെ നിങ്ങൾ ഉപദ്രവിച്ച, ദ്രോഹിച്ച وَعَلَى اللَّهِ അല്ലാഹുവിന്റെമേൽ فَلْيَتَوَكَّلِ ഭരമേൽപിച്ചുകൊള്ളട്ടെ الْمُتَوَكِّلُونَ ഭരമേൽപിക്കുന്നവർ

ശരി, ഞങ്ങൾ നിങ്ങളെപ്പോലെയുള്ള മനുഷ്യർ തന്നെയാണ്. മനുഷ്യ പ്രകൃതിയിൽ നമ്മിരുകൂട്ടരും ഒരേ [illegible] പക്ഷേ, അല്ലാഹു ഞങ്ങൾക്ക് പ്രവാചകത്വവും ദിവ്യ ദൗത്യവും നൽകിയിട്ടുണ്ട്. അതു അവൻ ഉദ്ദേശിക്കുന്നവർക്കു മാത്രം നൽകുന്ന ഒരു അനുഗ്രഹമാണ്. അതുകൊണ്ടാണു നിങ്ങളെ ഉപദേശിക്കുവാൻ ഞങ്ങൾ [illegible] എന്നാൽ, നിങ്ങൾ ആവശ്യപ്പെടുന്ന തരത്തിലുള്ള ദൃഷ്ടാന്തങ്ങൾ കാട്ടിത്തരുവാൻ ഞങ്ങൾ [illegible] അല്ലാഹുവിന്റെ അനുമതിയും ഉത്തരവും ഉണ്ടാകുമ്പോൾ മാത്രമേ അതുണ്ടാകുകയുള്ളൂ. [illegible] റസൂലുകളുടെ മറുപടി. അവർ കാര്യങ്ങളെല്ലാം അല്ലാഹുവിൽ അർപ്പിക്കുകയും, ക്ഷമ കൈക്കൊള്ളുകയും ചെയ്തു. എന്നാൽ നിഷേധികളുടെ [illegible] ഭീഷണിയും ധിക്കാരവുമായിരുന്നു. റസൂലുകളുടെയും സത്യവിശ്വാസികളുടെയും ക്ഷമ അവരുടെ ദൗർബല്യവും പരാജയവുമായിട്ട് അവർ കണക്കാക്കിയിട്ടുള്ള. അങ്ങനെ, ഭീഷണിയിൽ നിന്നും അവർ [illegible] കയ്യേറ്റത്തിലേക്കും മുതിർന്നു തുടങ്ങി. [illegible] കഴിഞ്ഞ സൂറത്തിലെ 32-ാം വചനത്തിൽ കണ്ടതുപോലെ, ആദ്യം അല്ലാഹു അവർക്ക് അയവു നൽകി. ഒടുക്കം അവരെ പിടികൂടുകയും ചെയ്തു. അതാണു അടുത്ത വചനം ചൂണ്ടിക്കാട്ടുന്നത്.

വിഭാഗം-3

13. അവിശ്വസിച്ചവർ തങ്ങളുടെ റസൂലുകളോടു (വീണ്ടും) പറഞ്ഞു: 'നിശ്ചയമായും, ഞങ്ങളുടെ ഭൂമിയിൽ [നാട്ടിൽ]നിന്നു നിങ്ങളെ ഞങ്ങൾ പുറത്താക്കുക തന്നെ ചെയ്യും, അല്ലെങ്കിൽ നിങ്ങൾ ഞങ്ങളുടെ മതത്തിൽ മടങ്ങിവരണം.' അപ്പോൾ, അവരുടെ [റസൂലുകളുടെ] റബ്ബ് അവർക്ക് 'വഹ്‌യ്' [സന്ദേശം] നല്കി: 'നിശ്ചയമായും, (ആ) അക്രമികളെ നാം നശിപ്പിക്കുകതന്നെ ചെയ്യും:'

١٣- وَقَالَ ٱلَّذِينَ كَفَرُوا۟ لِرُسُلِهِمْ لَنُخْرِجَنَّكُم مِّنْ أَرْضِنَآ أَوْ لَتَعُودُنَّ فِى مِلَّتِنَا ۖ فَأَوْحَىٰٓ إِلَيْهِمْ رَبُّهُمْ لَنُهْلِكَنَّ ٱلظَّـٰلِمِينَ ۝

---

13. وَقَالَ പറയുകയും ചെയ്തു الَّذِينَ كَفَرُوا അവിശ്വസിച്ചവർ لِرُسُلِهِمْ അവരുടെ റസൂലുകളോടു لَنُخْرِجَنَّكُمْ നിശ്ചയമായും ഞങ്ങൾ നിങ്ങളെ പുറത്താക്കും, ബഹിഷ്കരിക്കും مِّنْ أَرْضِنَا ഞങ്ങളുടെ ഭൂമിയിൽ നിന്നു أَوْ لَتَعُودُنَّ അല്ലെങ്കിൽ നിങ്ങൾ മടങ്ങുക, മടങ്ങിവരുക തന്നെ വേണം فِي مِلَّتِنَا ഞങ്ങളുടെ മതത്തിൽ, നടപടിയിൽ, മാർഗ്ഗത്തിൽ فَأَوْحَىٰ അപ്പോൾ വഹ്‌യു നൽകി إِلَيْهِمْ അവരിലേക്ക് رَبُّهُمْ അവരുടെ റബ്ബ് لَنُهْلِكَنَّ നിശ്ചയമായും നാം നശിപ്പിക്കുക തന്നെ ചെയ്യും الظَّالِمِينَ അക്രമികളെ

14. 'അവരുടെശേഷം, ഭൂമിയിൽ [നാട്ടിൽ] നിങ്ങളെ നാം താമസിപ്പിക്കുകയും തന്നെ ചെയ്യും. അതു [ആ സന്ദേശം] എന്റെ സ്ഥാനത്തെ ഭയപ്പെടുകയും, എന്റെ താക്കീതിനെ ഭയപ്പെടുകയും ചെയ്തവർക്കുള്ളതാണ്''.

١٤- وَلَنُسْكِنَنَّكُمُ الْأَرْضَ مِنْ بَعْدِهِمْ ذَٰلِكَ لِمَنْ خَافَ مَقَامِي وَخَافَ وَعِيدِ ○

---

14. وَلَنُسْكِنَنَّكُمُ നിങ്ങളെ നാം താമസിപ്പിക്കയും തന്നെ ചെയ്യും الارض ഭൂമിയിൽ من بعدهم അവരുടെ ശേഷം ذلك അതു لمن خاف ഭയപ്പെട്ടവർക്കാണ് مقامي എന്റെ സ്ഥാനം, നിലപാടിനെ وخاف ഭയപ്പെടുകയും وعيد എന്റെ താക്കീതിനെ

അക്രമികളെ നശിപ്പിച്ചശേഷം സുരക്ഷിതരായി ഭൂമിയിൽ താമസിപ്പിച്ചുതരുമെന്നുള്ള ആ സന്ദേശം, അല്ലാഹുവിന്റെ മുമ്പിൽ വിചാരണക്കു നിൽക്കേണ്ടി വരുമെന്നതിനെപ്പററിയും അവന്റെ താക്കീതുകളെപ്പററിയും ഭയപ്പാടുള്ളവരെ ഉദ്ദേശിച്ചുകൊണ്ടുള്ളതാണെന്നു സാരം. മറെറാരു സ്ഥലത്തു അല്ലാഹു പറയുന്നു: 'മുർസലുകളായ നമ്മുടെ അടിയാൻമാർക്കു നമ്മുടെ വാക്കു മുമ്പേ ഉണ്ടായിട്ടുണ്ട്. നിശ്ചയമായും, അവർതന്നെയാണ് സഹായിക്കപ്പെടുന്നവർ എന്നും, നമ്മുടെ സൈന്യംതന്നെയാണ് വിജയം നേടുന്നവർ എന്നും.' (37:171-173) നിങ്ങളെ ഞങ്ങൾ നാട്ടിൽനിന്നു ബഹിഷ്കരിക്കുക തന്നെ ചെയ്യുമെന്നു റസൂലുകളോടു പറഞ്ഞ ആ ധിക്കാരികളെ ഭൂമിയിൽ നിന്നു നശിപ്പിക്കുകയും, തൽസ്ഥാനത്തു ആ റസൂലുകളെയും സത്യവിശ്വാസികളെയും സ്വൈരപൂർവ്വം താമസിപ്പിക്കുകയും ചെയ്യുമെന്നായിരുന്നു അല്ലാഹു റസൂലുകൾക്കു നൽകിയ സന്ദേശം. അതാതാം സംഭവിച്ചതെങ്ങിനെ എന്നു അല്ലാഹു ചൂണ്ടിക്കാട്ടുന്നു:-

15. അവർ തുറവിക്കു (അഥവാ വിജയത്തിന്നു) അപേക്ഷിക്കുകയും ചെയ്തു; എല്ലാ (ഓരോ) സ്വേച്ഛാധികാരിയും, ദുർവാശിക്കാരനും ഇച്ഛാഭംഗപ്പെടുകയും ചെയ്തു.

١٥- وَاسْتَفْتَحُوا وَخَابَ كُلُّ جَبَّارٍ عَنِيدٍ ○

---

15. واستفتحوا അവർ തുറവിതേടി, വിജയത്തിന്നപേക്ഷിക്കയും ചെയ്തു وخاب ഇച്ഛാഭംഗപ്പെടുക (അപമാനപ്പെടുക-പരാജയപ്പെടുക)യും ചെയ്തു كل جبار എല്ലാ സ്വേച്ഛാധികാരിയും عنيد ദുർവാശിക്കാരനായ, മത്സരിയായ

സത്യനിഷേധികളുടെ ധിക്കാരം അതിരുവിട്ടപ്പോൾ, അവർക്കെതിരിൽ സഹായം നൽകിക്കൊണ്ടു കാര്യത്തിനു ഒരു തീരുമാനം വരുത്തിത്തരേണമേ എന്നു റസൂലുകളും അവരെ പിൻപററിയവരും അല്ലാഹുവിനോടു തേടി. ഇവരെക്കൊണ്ടുള്ള ശല്യം അവസാനിച്ചു കിട്ടുവാൻ ആ ധിക്കാരികളും തേടുക സ്വാഭാവികമാണ്. അതുപ്രകാരം അല്ലാഹു സ്വീകരിക്കുക തന്നെ ചെയ്തു. അതെ, സ്വേച്ഛയും, ദുർവാശിയും കൈമുതലാക്കിക്കൊണ്ടിരുന്ന ആ ധിക്കാരികളെ അല്ലാഹു പലതരം ശിക്ഷകളാൽ നശിപ്പിച്ചു, റസൂലുകളും സത്യവിശ്വാസികളും രക്ഷപ്പെടുകയും ചെയ്തു. എന്നാൽ, അക്രമികളുടെ ശിക്ഷ അതോടുകൂടി അവസാനിച്ചുവോ? ഇല്ല:-

16. അവന്റെ [ആ ഓരോരുവന്റെയും] പിന്നാലെ 'ജഹന്നം' [നരകം] ഉണ്ട്; (രക്തവും ചലവും കലർന്ന്) പിഴിഞ്ഞൊഴുകുന്ന വെള്ളത്തിൽനിന്നും അവന്നു കുടിക്കുവാൻ കൊടുക്കപ്പെടുകയും ചെയ്യും;

١٦- مِنْ وَرَائِهِ جَهَنَّمُ وَيُسْقَىٰ مِنْ مَاءٍ صَدِيدٍ ○

17. അതവന്‍ (പ്രയാസപ്പെട്ട്) കുടിച്ചിറക്കും, അതവന്നു (തൊണ്ടയിലൂടെ) ഇറക്കുവാനാകുന്നതുമല്ല [തൊണ്ടയില്‍ നിന്നിറങ്ങുകയില്ല]! നാനാവശത്തിലൂടെയും, അവന്നു മരണം വരികയും ചെയ്യും; അവന്‍ മരണപ്പെട്ടു പോകുന്നവനല്ലതാനും.

അതിന്റെ പിന്നാലെയുമുണ്ട് (വേറെയും) കഠോരമായ ശിക്ഷ!

١٧- يَتَجَرَّعُهُ وَلَا يَكَادُ يُسِيغُهُ وَيَأْتِيهِ الْمَوْتُ مِن كُلِّ مَكَانٍ وَمَا هُوَ بِمَيِّتٍ

وَمِن وَرَائِهِ عَذَابٌ غَلِيظٌ ۝

---

16. من ورائه അവന്റെ പിന്നാലെയുണ്ട്, അപ്പുറത്തുണ്ട് جهنم ജഹന്നം, നരകം ويسقى അവന്നു കുടിപ്പിക്കപ്പെടുകയും ചെയ്യും من ماء വെള്ളത്തില്‍ നിന്നു صديد ചീഞ്ചൊഴുകുന്ന, ചീഞ്ചലമായ 17. يتجرعه അവനതിനെ കുടിച്ചിറക്കും, ഇറക്കിനോക്കും ولا يكاد ആകാറാകുകയുമില്ല يسيغه അതവന്നു ഇറക്കിപ്പറ്റുക ويأتيه അവന്നു വരുകയും ചെയ്യും الموت മരണം من كل مكان എല്ലാ (നാനാ) സ്ഥലത്തുനിന്നും (നാനാവശത്തിലൂടെയും) وما هو അവനല്ലതാനും بميت മരിച്ചുപോകുന്നവന്‍ ومن ورائه അതിന്റെ പിന്നാലെയുമുണ്ട് عذاب ശിക്ഷ غليظ കനത്ത, കടുത്ത, കട്ടിയായ

صديد ('സ്വദീദ്') എന്നാല്‍, രക്തവും ചലവും കൂടിക്കലര്‍ന്ന ചീഞ്ചലം എന്നര്‍ത്ഥം. നരകക്കാരില്‍ നിന്നും ഒഴുകിവരുന്ന ദുര്‍ഗന്ധം പിടിച്ച ആ ജലം അവര്‍ക്കു കുടിക്കുവാന്‍ കൊടുക്കപ്പെടും. അസഹനീയമായ ദാഹം നിമിത്തം അവരതു വളരെ കഷ്ടപ്പെട്ടു കുടിച്ചിറക്കുവാന്‍ ശ്രമിക്കും. പക്ഷേ, കീഴ്പോട്ടിറങ്ങാതെ തൊണ്ടയില്‍ [illegible] അത്. മരണപ്പെട്ടു പോകത്തക്ക മതിയായ കാരണങ്ങള്‍ എല്ലാനിലക്കും അവര്‍ക്കുണ്ടാകും. എന്നാല്‍ മരണംവഴി അതില്‍നിന്നു അവര്‍ക്കു മോചനം ലഭിക്കുവാനും പോകുന്നില്ല. മറ്റൊരു സ്ഥലത്തു അല്ലാഹു പറയുന്നു: 'അവരില്‍ മരണം വിധിക്കപ്പെടുകയില്ല. എന്നാലവര്‍ക്കു മരിക്കാമായിരുന്നു. അതിലെ ശിക്ഷയില്‍ നിന്നും അവര്‍ക്കു ലഘുത്വം നല്‍കപ്പെടുകയുമില്ല.' (35:36). നരകത്തിലെ ശിക്ഷാനുഭവങ്ങളില്‍ ഒന്ന് മാത്രമാണു ഈ പറഞ്ഞത്. അതിനുപുറമെ വളരെ കനത്തശിക്ഷകളും പലതും വേറെയും അവര്‍ക്കുണ്ടായിരിക്കും എന്നാണു ومن ورائه عذاب غليظ എന്ന അവസാനത്തെ വാക്യം ചൂണ്ടിക്കാട്ടുന്നത്.

നരകക്കാര്‍ക്കു നല്‍കപ്പെടുന്ന പാനീയങ്ങളെപ്പറ്റി വേറെയും പല സ്ഥലങ്ങളില്‍ അല്ലാഹു പ്രസ്താവിച്ചു കാണാം. സൂ: മുഹമ്മദില്‍ പറയുന്നു: 'അവര്‍ക്കു ചുടേറിയ വെള്ളം കുടിക്കാന്‍ കൊടുക്കപ്പെടും. അപ്പോഴതു അവരുടെ കുടലുകളെ മുറിച്ചുകളയുന്നതാണ്.' (മുഹമ്മദ്: 15) സൂ: അല്‍കഹ്ഫില്‍ പറയുന്നു: 'അവര്‍ വെള്ളത്തിനപേക്ഷിക്കുന്നപക്ഷം, ലോഹദ്രാവകംപോലെയുള്ള ഒരു വെള്ളംകൊണ്ടു അവര്‍ക്കു സഹായം നല്‍കപ്പെടും. അതു മുഖങ്ങളെ ചുട്ടെരിക്കുന്നതാണ്.' (അല്‍കഹ്ഫ്:29) സൂ: ദുഖാനില്‍ പറയുന്നു: '(അതു) ലോഹദ്രാവകം പോലെയിരിക്കും, അതു വയറുകളില്‍ ചൂടുവെള്ളംപോലെ തിളച്ചുമറിയും.' (ദുഖാന്‍: 45, 46.) അല്ലാഹു നമ്മെ എല്ലാം കാത്തുരക്ഷിക്കട്ടെ. ആമീന്‍.

18. തങ്ങളുടെ റബ്ബില്‍ അവിശ്വസിച്ചവരുടെ ഉപമ: അവരുടെ പ്രവൃത്തി [കര്‍മ്മം]കള്‍ കൊടുങ്കാറ്റടിച്ചു വീശുന്ന ഒരു ദിവസത്തില്‍ കാറ്റു കഠിനമായി (അടിച്ചുവീശി)ക്കൊണ്ടിരുന്ന ഒരു വെണ്ണീറു പോലെയാകുന്നു. (അതെ) അവര്‍ (പ്രവര്‍ത്തിച്ചു) സമ്പാദിച്ചതില്‍നിന്നു യാതൊന്നിനും (ഫലം സിദ്ധിക്കുവാന്‍) അവര്‍ക്കു കഴിയുകയില്ല. അതുതന്നെയാണ് വിദൂരമായ വഴിപിഴവ്!

١٨- مَّثَلُ الَّذِينَ كَفَرُوا بِرَبِّهِمْ أَعْمَالُهُمْ كَرَمَادٍ
اشْتَدَّتْ بِهِ الرِّيحُ فِي يَوْمٍ عَاصِفٍ
لَّا يَقْدِرُونَ مِمَّا كَسَبُوا عَلَىٰ شَيْءٍ
ذَٰلِكَ هُوَ الضَّلَالُ الْبَعِيدُ ۝

---

18. مثل الذين യാതൊരുവരുടെ ഉപമ كفروا അവിശ്വസിച്ച بربهم തങ്ങളുടെ റബ്ബില്‍ أعمالهم അവരുടെ കര്‍മ്മങ്ങള്‍, (പ്രവൃത്തികള്‍) كرماد ഒരു വെണ്ണീറു (ചാരം) പോലെയാണു اشتدت അതില്‍ കഠിനമായി (അടിച്ചുവീശി) الريح കാറ്റു في يوم ഒരു ദിവസത്തില്‍ عاصف കൊടുങ്കാറ്റടിക്കുന്ന لا يقدرون അവര്‍ക്കു കഴിയുകയില്ല مما كسبوا അവര്‍ സമ്പാദിച്ച (പ്രവര്‍ത്തിച്ച)തില്‍ നിന്നു على شيء യാതൊന്നിനും ذلك هو അതുതന്നെയാണ് الضلال വഴിപിഴവ് البعيد വിദൂരമായ

ദുഷ്കർമ്മങ്ങൾ ആരു ചെയ്താലും അതിനു ശിക്ഷയാണ് പ്രതിഫലം ലഭിക്കുകയെന്നു തീർച്ചയാണ്. എന്നാൽ, അവിശ്വാസികളായ ആളുകൾ ചെയ്യുന്ന ദാനധർമ്മങ്ങൾ, പൊതുസേവനങ്ങൾ പോലെയുള്ള സൽക്കർമ്മങ്ങൾ മൂലവും അവർക്കു പരലോകത്തു യാതൊരു ഫലവും ലഭിക്കുവാനില്ലെന്നു അല്ലാഹു വ്യക്തമാക്കുന്നു. 25: 23; 46: 20 മുതലായ സ്ഥലങ്ങളിലും അല്ലാഹു ഇക്കാര്യം വ്യക്തമാക്കിയിട്ടുള്ളതാണ്. അല്ലാഹുവിലും പരലോകത്തിലും അവർക്കു വിശ്വാസമില്ലാത്തവരും, പരലോകഗുണമൊന്നും ആഗ്രഹിക്കാത്തവരുമാണവർ എന്നുള്ളതാണു അതിനു കാരണം. ഐഹികമായ എന്തെങ്കിലും ഗുണലാഭങ്ങളല്ലാതെ അവർക്കു വേറെ ലക്ഷ്യമൊന്നും ഉണ്ടായിരിക്കുകയില്ലല്ലോ. ആകയാൽ, അവരുടെ കർമ്മഫലങ്ങൾ ഇഹത്തിൽ വെച്ചുതന്നെ അല്ലാഹു കണക്കുതീർത്തു കൊടുക്കുകയാണു ചെയ്യുക. കൊടുങ്കാറ്റിൽ പെട്ട വെണ്ണീറുകൊണ്ടു യാതൊരു പ്രയോജനവും കിട്ടാത്തതുപോലെ, അവരുടെ കർമ്മങ്ങൾകൊണ്ടും അവർക്കു ഒരു പ്രയോജനവും ലഭിക്കുവാനില്ലെന്നത്രെ അല്ലാഹു പറഞ്ഞ ഉപമയുടെ സാരം. സത്യവിശ്വാസികൾ പോലും അല്ലാഹുവിങ്കൽ നിന്നുള്ള സൽഫലങ്ങളെ ലക്ഷ്യമാക്കാതെ—മറ്റു [illegible] വേണ്ടി—ചെയ്യുന്ന കർമ്മങ്ങൾ അല്ലാഹുവിങ്കൽ സ്വീകാര്യമല്ലെന്നും, അതിനു പ്രതിഫലം കിട്ടുകയില്ലെന്നും ഖുർആനിൽ നിന്നും നബിവചനങ്ങളിൽ നിന്നും അറിയപ്പെട്ടതാണല്ലോ.

പ്രബലമായ ഒരു ഹദീസിൽ ഇപ്രകാരം വന്നിരിക്കുന്നു: ആയിശ (റ) പറയുകയാണ്: ഞാൻ ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ, ജാഹിലിയ്യാ കാലത്തു ഇബ്നു ജദ്ആൻ (ابن جدعان) കുടുംബബന്ധം പാലിക്കുകയും, സാധുക്കൾക്കു ഭക്ഷണം നൽകുകയും ചെയ്തിരുന്നു. അതു അയാൾക്കു ഉപയോഗപ്പെടുമോ?' തിരുമേനി പറഞ്ഞു: 'അതു അയാൾക്കു ഉപകരിക്കുകയില്ല. കാരണം, അയാൾ ഒരു ദിവസമെങ്കിലും, പ്രതിഫലത്തിന്റെ ദിവസത്തിൽ എനിക്ക് എന്റെ തെറ്റു പൊറുത്തുതരണേ (رب اغفر لي خطيئتي يوم الدين) എന്നു പറഞ്ഞിട്ടില്ല'. അയാൾ പരലോകത്തിൽ വിശ്വസിച്ചിരുന്നില്ലല്ലോ എന്നാണ് നബി (സ) ചൂണ്ടിക്കാട്ടുന്നത്.

19. നീ കണ്ടില്ലേ, അല്ലാഹു ആകാശങ്ങളെയും, ഭൂമിയെയും യഥാർത്ഥ(മുറ) പ്രകാരം സൃഷ്ടിച്ചിരിക്കുന്നുവെന്ന്?! അവൻ ഉദ്ദേശിക്കുന്നപക്ഷം, നിങ്ങളെ അവൻ (ഇവിടെനിന്നു) പോക്കുകയും, ഒരു പുതിയ സൃഷ്ടിയെ (ഇവിടെ) കൊണ്ടു വരുകയും ചെയ്യും;—

١٩- أَلَمْ تَرَ أَنَّ اللَّهَ خَلَقَ السَّمَاوَاتِ وَالْأَرْضَ بِالْحَقِّ إِنْ يَشَأْ يُذْهِبْكُمْ وَيَأْتِ بِخَلْقٍ جَدِيدٍ

20. അതു അല്ലാഹുവിന്റെമേൽ ഒരു വിഷമപ്പെട്ട [പ്രയാസപ്പെട്ട] തൊന്നുമല്ല.

٢٠- وَمَا ذَٰلِكَ عَلَى اللَّهِ بِعَزِيزٍ

---

19. ألم تر നീ കണ്ടില്ലേ أن الله അല്ലാഹു എന്ന് خلق സൃഷ്ടിച്ചിരിക്കുന്നു (എന്നു) السموات ആകാശങ്ങളെ والأرض ഭൂമിയെയും بالحق യഥാർത്ഥ (മുറ) പ്രകാരം إن يشأ അവൻ ഉദ്ദേശിക്കുന്ന (വേണമെന്നു വെക്കുന്നു) പക്ഷം يذهبكم നിങ്ങളെ അവൻ പോക്കും, കൊണ്ടുപോകും ويأت അവൻ വരുകയും ചെയ്യും بخلق ഒരു സൃഷ്ടിയെക്കൊണ്ടു جديد പുതുതായ 20. وما ذلك അതല്ല താനും على الله അല്ലാഹുവിന്റെമേൽ بعزيز ഒരു വിഷമപ്പെട്ടയ (പ്രയാസപ്പെട്ടതു)

നിങ്ങൾ അല്ലാഹുവിനെ ഭയപ്പെട്ടും അവന്റെ നിയമ നിർദ്ദേശങ്ങൾ അനുസരിച്ചും വരുവാൻ തയ്യാറില്ലെങ്കിൽ, നിങ്ങളെ നശിപ്പിച്ചു കളഞ്ഞ്, ഭൂമിയിൽ അല്ലാഹുവിനു അതുകൊണ്ടു ഒരു നഷ്ടവും ബാധിക്കുവാനില്ല. പുതിയ സൃഷ്ടിയെ ഈ ലോകത്തു കൊണ്ടുവരുവാൻ അവനു ഒട്ടും പ്രയാസമില്ല എന്നു സാരം. خلق جديد (പുതിയ സൃഷ്ടി) കൊണ്ടുദ്ദേശ്യം മനുഷ്യരല്ലാത്ത വേറൊരു സൃഷ്ടി എന്നും, ഈ ജനതയല്ലാത്ത വേറൊരു ജനത എന്നും ആവാം. സൂ: മുഹമ്മദിന്റെ അവസാനത്തിൽ അല്ലാഹു പറയുന്നു: 'നിങ്ങൾ തിരിഞ്ഞുകളയുകയാണെങ്കിൽ, നിങ്ങളല്ലാത്ത ഒരു ജനതയെ അവൻ പകരം കൊണ്ടുവരും. എന്നിട്ട് അവർ നിങ്ങളെപ്പോലെ ആയിരിക്കയില്ല.'

അവിശ്വാസികളെക്കുറിച്ചു സംസാരിച്ചു കൊണ്ടിരിക്കെ, ഇടക്കു വെച്ച് അല്ലാഹുവിന്റെ സർവ്വശക്തിയെയും, സൃഷ്ടി വൈഭവത്തെയും കുറിച്ചു ഓർമ്മപ്പെടുത്തിയശേഷം, വീണ്ടും അവരുടെ വിഷയത്തിലേക്ക് തന്നെ സംസാരം തിരിച്ചുകൊണ്ടു അല്ലാഹു പറയുന്നു:—

٢١- وَبَرَزُوا لِلَّهِ جَمِيعًا
فَقَالَ الضُّعَفَاءُ لِلَّذِينَ اسْتَكْبَرُوا
إِنَّا كُنَّا لَكُمْ تَبَعًا
فَهَلْ أَنْتُمْ مُغْنُونَ عَنَّا مِنْ عَذَابِ
اللَّهِ مِنْ شَيْءٍ ۚ
قَالُوا لَوْ هَدَانَا اللَّهُ لَهَدَيْنَاكُمْ ۖ
سَوَاءٌ عَلَيْنَا أَجَزِعْنَا أَمْ صَبَرْنَا
مَا لَنَا مِنْ مَحِيصٍ ۝

21. അവര്‍ എല്ലാവരും (ഖബ്‌റുകളില്‍ നിന്നു) അല്ലാഹുവിങ്കലേക്കു പ്രത്യക്ഷപ്പെട്ടു വരുന്നതാണ്. അപ്പോള്‍, ദുര്‍ബ്ബലര്‍ അഹംഭാവം നടിച്ചിട്ടുള്ളവരോടു [നേതാക്കളോടു] പറയും: 'ഞങ്ങള്‍ നിങ്ങളുടെ അനുയായികളായിരുന്നു(വല്ലോ). ആകയാല്‍, അല്ലാഹുവിന്റെ ശിക്ഷയില്‍നിന്ന് വല്ലതിനെയും നിങ്ങള്‍ ഞങ്ങളില്‍നിന്ന് ധന്യമാ[ഒഴിവാ]ക്കിത്തരുന്നവരാണോ?' അവര്‍ പറയും: 'അല്ലാഹു ഞങ്ങളെ നേര്‍മാര്‍ഗ്ഗത്തിലാക്കിയിരുന്നെങ്കില്‍, ഞങ്ങള്‍ നിങ്ങളെ നേര്‍മാര്‍ഗ്ഗത്തിലാക്കുമായിരുന്നു. നാം ക്ഷമകേടു കാണിച്ചുവോ, അല്ലെങ്കില്‍ നാം ക്ഷമിച്ചുവോ (രണ്ടും) നമുക്കു സമമാകുന്നു; നമുക്കു (ഇനി) ഓടിപ്പോകുന്ന മാര്‍ഗ്ഗമൊന്നും ഇല്ല.'

---

21. وَبَرَزُوا അവര്‍ പ്രത്യക്ഷപ്പെടും, വെളിക്കുവരും لِلَّهِ അല്ലാഹുവിങ്കലേക്കു جَمِيعًا മുഴുവനും, എല്ലാവരും فَقَالَ അപ്പോള്‍ പറയും الضُّعَفَاءُ ദുര്‍ബ്ബലര്‍, ബലഹീനര്‍, അശക്തര്‍ لِلَّذِينَ യാതൊരുവരോടു اسْتَكْبَرُوا വലുപ്പം (അഹംഭാവം) നടിച്ച إِنَّا كُنَّا ഞങ്ങള്‍ ആയിരുന്നു(വല്ലോ) لَكُمْ നിങ്ങള്‍ക്കു, നിങ്ങളോടു تَبَعًا അനുയായികള്‍, പിന്‍പറ്റിയവര്‍ فَهَلْ أَنْتُمْ എന്നാല്‍ (ആകയാല്‍-അതിനാല്‍-എന്നിരിക്കെ) നിങ്ങളാകുന്നുവോ مُغْنُونَ ധന്യമാക്കുന്ന(ഒഴിവാക്കുന്ന)വര്‍ عَنَّا ഞങ്ങള്‍ക്കു, ഞങ്ങളില്‍ നിന്നു مِنْ عَذَابِ ശിക്ഷയില്‍നിന്നു اللَّهِ അല്ലാഹുവിന്റെ مِنْ شَيْءٍ വല്ലതിനെയും, വല്ല വസ്തുവും قَالُوا അവര്‍ പറയും لَوْ هَدَانَا ഞങ്ങളെ നേര്‍മാര്‍ഗ്ഗത്തിലാക്കിയിരുന്നെങ്കില്‍ اللَّهُ അല്ലാഹു لَهَدَيْنَاكُمْ ഞങ്ങള്‍ നിങ്ങളെ നേര്‍മാര്‍ഗ്ഗത്തിലാക്കുക തന്നെ ചെയ്യുമായിരുന്നു سَوَاءٌ സമമാണ് عَلَيْنَا നമ്മുടെമേല്‍ أَجَزِعْنَا നാം ക്ഷമകേടു (പൊറുതികേടു) കാണിച്ചുവോ أَمْ صَبَرْنَا അല്ലെങ്കില്‍ നാം ക്ഷമിച്ചുവോ مَا لَنَا നമുക്കില്ല مِنْ مَحِيصٍ ഒരു ഓടിപ്പോകുന്ന (രക്ഷ കിട്ടുന്ന) സ്ഥാനവും (മാര്‍ഗ്ഗവും)

ഖിയാമത്തുനാളില്‍, എല്ലാവരും അവരുടെ ഖബ്‌റുകളില്‍ നിന്നു എഴുന്നേറ്റ് പുറത്തുവരുകയും, അല്ലാഹുവിന്റെ മുമ്പില്‍ വിചാരണക്കു ഹാജരാകുകയും ചെയ്യുമ്പോള്‍, ഭൂമിയില്‍ വെച്ച് നേതാക്കളും അനുയായികളുമായി പരസ്പരം സഹകരിച്ചു വര്‍ത്തിച്ചിരുന്ന അവിശ്വാസികള്‍ തമ്മില്‍ നടക്കുന്ന ഒരു സംഭാഷണമാണ് അല്ലാഹു ഉദ്ധരിക്കുന്നത്. ഞങ്ങളുടെ നേതാക്കളായിരുന്നുവല്ലോ നിങ്ങള്‍. നിങ്ങളുടെ ചൊല്‍പടിക്കു വഴങ്ങുന്നവരായിരുന്നു ഞങ്ങള്‍. അങ്ങനെയാണ് ഈ ദുര്‍ഗ്ഗതിയില്‍ ഞങ്ങള്‍ എത്തേണ്ടിവന്നത്. ഇനി ഇപ്പോള്‍ വല്ല രക്ഷയും ഞങ്ങള്‍ക്കു നല്‍കുവാന്‍ നിങ്ങള്‍ക്കു കഴിയുമോ? എന്നു അനുയായികള്‍ നേതാക്കളോടു ചോദിക്കുന്നു. അപ്പോള്‍ ഞങ്ങള്‍ക്കു തന്നെയും നേര്‍മാര്‍ഗ്ഗത്തിലായിരിക്കുവാന്‍ ഭാഗ്യമുണ്ടായില്ല. പിന്നെ എങ്ങിനെയാണ് ഞങ്ങള്‍ നിങ്ങളെ രക്ഷിക്കുക? ഇനി, നാം ക്ഷമിച്ചാലും ക്ഷമിച്ചില്ലെങ്കിലും ഒരുപോലെത്തന്നെ. രണ്ടായാലും നാം ശിക്ഷക്കു അര്‍ഹരായിരിക്കുന്നു. ശിക്ഷ അനുഭവിക്കുകയല്ലാതെ ഇനി മറ്റൊരു പോംവഴിയും നമുക്കില്ല. ഇതായിരിക്കും നേതാക്കളുടെ മറുപടി. അല്ലാഹു നമ്മെ കാത്തുരക്ഷിക്കട്ടെ. ആമീന്‍.

അവിശ്വാസികളിലുള്ള മേലേകിടക്കാരും, താഴേകിടക്കാരും തമ്മില്‍ പരലോകത്തുവെച്ചു നടക്കുന്ന പല സംഭവങ്ങള്‍, ആരോപണ പ്രത്യാരോപണങ്ങള്‍, ഒഴിഞ്ഞുമാറ്റങ്ങള്‍, കുറ്റസമ്മതങ്ങള്‍ ആദിയായവയെപ്പറ്റി സൂ: സബഉ്: 31-33; സൂ: മുഅ്മിന്‍ (ഗാഫിര്‍) 47, 48; അഅ്റാഫ്: 38, 39; അഹ്സാബ്: 67, 68 മുതലായ പല സ്ഥലങ്ങളിലും അല്ലാഹു വിവരിച്ചു കാണാവുന്നതാണ്. അവയില്‍ ചിലത്, മഹ്ശറില്‍ വെച്ചും, ചിലതു നരകത്തില്‍വെച്ചുമായിരിക്കും നടക്കുന്നതെന്നും അവയില്‍ നിന്നു മനസ്സിലാക്കാം.

വിഭാഗം-4

22. കാര്യം തീരുമാനം ചെയ്യപ്പെടുമ്പോൾ പിശാച് പറയുന്നതാണ്: 'നിശ്ചയമായും, അല്ലാഹു നിങ്ങളോടു യഥാർത്ഥ വാഗ്ദാനം, വാഗ്ദത്തം ചെയ്തു; ഞാനും നിങ്ങളോടു (ചിലതു) വാഗ്ദാനം ചെയ്തു; എന്നാൽ, ഞാൻ നിങ്ങളോടു (അതു) ലംഘിച്ചു. എനിക്കു നിങ്ങളുടെമേൽ യാതൊരു അധികാരവും (അഥവാ അധികൃതരേഖയും) ഉണ്ടായിരുന്നതുമില്ല;—ഞാൻ നിങ്ങളെ ക്ഷണിച്ചു, അപ്പോൾ നിങ്ങളെനിക്ക ഉത്തരം നൽകിയെന്നല്ലാതെ. ആകയാൽ, നിങ്ങൾ എന്നെ കുററപ്പെടുത്തേണ്ട, നിങ്ങൾ നിങ്ങളെത്തന്നെ കുററപ്പെടുത്തിക്കൊള്ളുവിൻ. ഞാൻ നിങ്ങളെ (രക്ഷിച്ചു) സഹായിക്കുന്നവനല്ല; നിങ്ങൾ എന്നെ (രക്ഷിച്ചു) സഹായിക്കുന്നവരുമല്ല. നിങ്ങൾ മുമ്പു എന്നെ (അല്ലാഹുവിനോടു) പങ്കുചേർത്തതിനെ ഞാൻ (ഇതാ) നിഷേധിച്ചിരിക്കുന്നു

നിശ്ചയമായും അക്രമികൾ-അവർക്കു വേദനയേറിയ ശിക്ഷയുണ്ടായിരിക്കും.'

٢٢- وَقَالَ الشَّيْطٰنُ لَمَّا قُضِيَ الْأَمْرُ
إِنَّ اللّٰهَ وَعَدَكُمْ وَعْدَ الْحَقِّ
وَوَعَدْتُّكُمْ فَأَخْلَفْتُكُمْ
وَمَا كَانَ لِيَ عَلَيْكُمْ مِّنْ سُلْطٰنٍ
إِلَّآ أَنْ دَعَوْتُكُمْ فَاسْتَجَبْتُمْ لِي
فَلَا تَلُومُونِي
وَلُومُوٓا أَنْفُسَكُمْ
مَآ أَنَا بِمُصْرِخِكُمْ وَمَآ أَنْتُمْ بِمُصْرِخِيَّ
إِنِّي كَفَرْتُ بِمَآ أَشْرَكْتُمُونِ مِنْ قَبْلُ
إِنَّ الظّٰلِمِينَ لَهُمْ عَذَابٌ أَلِيمٌ ○

---

22. قال പറയുന്നതാണ് الشيطان പിശാച് لما قضي തീരുമാനിക്കപ്പെടുമ്പോൾ الأمر കാര്യം إن الله നിശ്ചയമായും അല്ലാഹു وعدكم നിങ്ങളോടു വാഗ്ദാനം ചെയ്തു وعد الحق യഥാർത്ഥ വാഗ്ദാനം ووعدتكم ഞാനും നിങ്ങളോട് വാഗ്ദാനം ചെയ്തു فأخلفتكم എന്നിട്ടു ഞാൻ നിങ്ങളോടു എതിർ (ലംഘനം) ചെയ്തു وما كان لي എനിക്കുണ്ടായിരുന്നതുമില്ല, എനിക്കില്ലായിരുന്നു عليكم നിങ്ങളുടെമേൽ من سلطان ഒരധികാരവും, അധികൃതരേഖയും إلا أن دعوتكم ഞാൻ നിങ്ങളെ ക്ഷണിച്ചുവെന്നതല്ലാതെ فاستجبتم അപ്പോൾ നിങ്ങൾ ഉത്തരം നൽകി لي എനിക്ക فلا تلوموني ആകയാൽ നിങ്ങൾ എന്നെ കുററപ്പെടുത്തരുതു, ആക്ഷേപിക്കരുത് ولوموا നിങ്ങൾ കുററപ്പെടുത്തുകയും ചെയ്യുവിൻ أنفسكم നിങ്ങളെത്തന്നെ, നിങ്ങളുടെ സ്വന്തങ്ങളെ ما أنا ഞാനല്ല بمصرخكم നിങ്ങൾക്ക സഹായം (രക്ഷ) നൽകുന്നവൻ وما أنتم നിങ്ങളുമല്ല بمصرخي എനിക്കു സഹായം (രക്ഷ) നൽകുന്നവർ إني كفرت നിശ്ചയമായും ഞാൻ അവിശ്വസി(നിഷേധി)ച്ചിരിക്കുന്നു بما أشركتمون നിങ്ങളെന്നെ പങ്കുചേർത്തതിനെ من قبل മുമ്പു إن الظالمين നിശ്ചയമായും അക്രമികൾ لهم അവർക്കുണ്ടു عذاب ശിക്ഷ أليم വേദനയേറിയ

നേതാക്കളോ അനുയായികളോ എന്ന വ്യത്യാസം കൂടാതെ മനുഷ്യരെ വഴിപിഴപ്പിക്കുവാൻ ദൃഢനിശ്ചയം ചെയ്ത നികൃഷ്ടജീവിയാണല്ലോ പിശാച്. അവന്റെ ദുഷ്പ്രേരണകൾക്കു വഴങ്ങിയും, അവന്റെ മധുരമോഹനങ്ങളായ വാഗ്ദാനങ്ങളിൽ കുടുങ്ങിയും കൊണ്ടാണു മനുഷ്യൻ ദുർമാർഗ്ഗങ്ങൾക്കു അടിമപ്പെടുന്നത്. മനുഷ്യരാകുന്ന നേതാക്കളും അനുയായികളും തമ്മിൽ നടക്കുന്ന വാഗ്വാദങ്ങളെപ്പററി പ്രസ്താവിച്ച ശേഷം, ഇരുകൂട്ടരുടെയും ഉപദേശകനായിരുന്ന പിശാചു അന്നു അവരോടു സ്വീകരിക്കുന്ന നിലപാടു എന്തായിരിക്കുമെന്ന ഈ വചനത്തിൽ അല്ലാഹു അറിയിക്കുകയാണ്.

വിചാരണ കഴിഞ്ഞ് സജ്ജനങ്ങൾക്കു സ്വർഗ്ഗത്തിലേക്കും, ദുർജ്ജനങ്ങൾക്കു നരകത്തിലേക്കും വിധിയുണ്ടാകുമ്പോൾ, തന്റെ ദുരുപദേശങ്ങൾക്കു വഴങ്ങി ദുർമാർഗ്ഗികളായിത്തീർന്നവരോടു അവൻ നടത്തുന്ന ഒരു പ്രസംഗമാണിത്. അതിൽ സംഗതികളുടെ യഥാർത്ഥരൂപം അവൻ തുറന്നു കാട്ടുന്നു. അവൻ പറയും:– നിങ്ങൾ നേർമാർഗ്ഗം സ്വീകരിക്കുന്നതായാൽ, നിങ്ങൾക്ക് രക്ഷയും വമ്പിച്ച അനുഗ്രഹങ്ങളും ലഭിക്കുമെന്നു റസൂലുകളും വേദഗ്രന്ഥങ്ങളും മുഖേന അല്ലാഹു നിങ്ങളോടു വാഗ്ദാനം ചെയ്തിരുന്നു. അതെല്ലാം സത്യവും യഥാർത്ഥവുമായിരുന്നു.

അതിനുപ്പുറം അനുസരണത്തിന് വരുകയും ചെയ്തു. തനൊഴിച്ച് ദുർമ്മാർഗ്ഗം അവലംബിക്കുന്നപക്ഷം, എന്റെ തന്നെയുമല്ല ആക്കെത്താം മറ്റെന്താണ്ണം ചിലതൊക്കെ നിങ്ങളെ വ്യാമോഹിപ്പിച്ചു, സ്വർഗ്ഗമില്ല, നരകമില്ല, വിചാരണയില്ല, പുനർജീവിതമില്ല, അതൊക്കെ കേവലം ചില ഐതിഹ്യങ്ങൾ മാത്രമാണ്. അഥവാ അതെല്ലാം യഥാർത്ഥമാണെങ്കിൽ തന്നെയും നിങ്ങളുടെ ദൈവങ്ങളും നേതാക്കളും നിങ്ങളെ രക്ഷപ്പെടുത്തിക്കൊള്ളും എന്നും മറ്റും. അങ്ങിനെയുള്ള കള്ളത്തരങ്ങൾ നിരത്തിവെച്ച് നിങ്ങളെ ഞാൻ തോന്നിയവാസങ്ങളിലേക്കു ക്ഷണിച്ചുവെന്നല്ലാതെ, അതിനപ്പുറം ഞാനൊന്നും ചെയ്തിട്ടില്ല. നിങ്ങളെ നിർബന്ധിച്ചു വഴിപിഴപ്പിക്കുവാനുള്ള അധികാരശക്തിയോ, അധികൃതമായ തെളിവുകളോ ഒന്നും എനിക്കില്ലായിരുന്നു. എന്നിട്ടും നിങ്ങളെന്റെ ക്ഷണം സ്വീകരിച്ചു കൊണ്ടു വരുകയാണു ചെയ്തത്. അതുകൊണ്ടു നിങ്ങളെന്നെ പഴിച്ചിട്ടു കാര്യമില്ല—നിങ്ങളുടെ പക്കൽ വന്ന അബദ്ധങ്ങൾക്കു നിങ്ങൾ നിങ്ങളെത്തന്നെയാണു പഴിക്കേണ്ടത്. ഏതായാലും, ഇനി, അന്യോന്യം സങ്കടം കേട്ടു രക്ഷ നൽകുവാൻ എനിക്കോ, നിങ്ങൾക്കോ സാധ്യമല്ല. രണ്ടുകൂട്ടർക്കും വിധിക്കപ്പെട്ട ശിക്ഷ അവരവർ അനുഭവിച്ചേതീരൂ. മുമ്പ് ഇഹത്തിൽവെച്ച് എന്നെ ആരാധിച്ചും അനുസരിച്ചും വരുകവഴി എന്നെ നിങ്ങൾ അല്ലാഹുവിനു സമമാക്കിവെക്കുകയുണ്ടായി. അന്നു ഞാനതു അനുകൂലിച്ചുവെങ്കിലും ഇപ്പോഴിതാ ആ തെറ്റിൽ നിന്ന ഞാൻ ഒഴിഞ്ഞു മാറുന്നു. ഇതാ, ഞാനതു തുറന്നു നിഷേധിക്കുന്നു.

'അക്രമികൾക്കു വേദനയേറിയ ശിക്ഷയുണ്ടായിരിക്കും'. (إن الظالمين لهم عذاب أليم) എന്ന അവസാനത്തെ വാക്യം പിശാചിന്റെ വാക്കുകളിൽ പെട്ടതായിരിക്കുവാനാണ് കൂടുതൽ സാധ്യത കാണുന്നത്. ഒരു പക്ഷെ, അതിന്റെ മുമ്പത്തെ വാക്യത്തോടെ പിശാചിന്റെ വാക്കുകൾ അവസാനിച്ച ശേഷം—ഒരു പൊതുതത്വമെന്ന നിലക്കു—അല്ലാഹു പറഞ്ഞ വാക്കാണെന്നും വരാവുന്നതാണ് والله أعلم രണ്ടായാലും ഉദ്ദേശ്യം വ്യക്തമാണല്ലോ.

ഇവിടെ 'പിശാചു' (الشيطان) എന്നു പറഞ്ഞതു മനുഷ്യവർഗ്ഗത്തിന്റെ ആജീവനാന്തശത്രുവായ ഇബ്‌ലീസിനെ ഉദ്ദേശിച്ചാണെന്നുള്ളതിൽ ഭിന്നാഭിപ്രായമില്ല. പക്ഷെ, അദൃശ്യ ജീവിയായ പിശാചിനെ നിഷേധിക്കുകയും, പിശാചെന്നും ഇബ്‌ലീസെന്നുമൊക്കെ പറയുന്നത് മനുഷ്യരിൽ തന്നെയുള്ള ദുഷ്ടവ്യക്തികളെ ഉദ്ദേശിച്ചാണെന്നു വാദിക്കുകയും, പ്രചരിപ്പിക്കുകയും ചെയ്യുന്നുള്ള ചിലർക്കു മാത്രമേ ഇതിൽ എതിരഭിപ്രായമുള്ളു. പാമര ജനങ്ങളെ വഴിപിഴപ്പിക്കുന്ന മത-സമുദായ-രാഷ്ട്രീയ നേതാക്കളാണു ഇവിടെ പിശാചുകൊണ്ടു വിവക്ഷ എന്നാണവർ ജൽപിക്കുന്നത്. അത്തരം നേതാക്കളുടെ സ്ഥിതി ഏറെക്കുറെ യഥാർത്ഥ പിശാചിന്റേതു പോലെതന്നെയായിരിക്കുമെന്ന് ഖുർആൻ മുഖേനയും, ഹദീസു മുഖേനയും നമുക്കു മനസ്സിലാകുന്നു. പക്ഷെ, ഇവിടെ 'പിശാചു'കൊണ്ടുദ്ദേശ്യം അതല്ലെന്നു നമുക്കു തീർത്തും പറയാവുന്നതാണ്. (പിശാചിനെ സംബന്ധിച്ച ഇവരുടെ പുതിയ വാദങ്ങളും അവയുടെ ഖണ്ഡനങ്ങളും സൂറത്ത് ഹിജ്റിന് ശേഷമുള്ള വ്യാഖ്യാനക്കുറിപ്പിൽ കാണാം.)

23. വിശ്വസിക്കുകയും, സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർ അടിഭാഗത്തിലൂടെ അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗ്ഗങ്ങളിൽ പ്രവേശിക്കപ്പെടുകയും ചെയ്യും; തങ്ങളുടെ റബ്ബിന്റെ അനുമതിപ്രകാരം അതിൽ നിത്യവാസികളായിക്കൊണ്ട്. അതിൽവെച്ചു അവരുടെ അഭിവാദ്യം 'സലാം' (സമാധാനശാന്തി) ആയിരിക്കും.

٢٣- وَأُدْخِلَ الَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ جَنَّاتٍ تَجْرِي مِنْ تَحْتِهَا الْأَنْهَارُ خَالِدِينَ فِيهَا بِإِذْنِ رَبِّهِمْ تَحِيَّتُهُمْ فِيهَا سَلَامٌ

---

23. وأدخل പ്രവേശിക്കപ്പെടുകയും ചെയ്യും الذين آمنوا വിശ്വസിച്ചവർ وعملوا പ്രവർത്തിക്കുകയും ചെയ്ത الصالحات സൽക്കർമ്മങ്ങൾ جنات സ്വർഗ്ഗങ്ങളിൽ تجري ഒഴുകുന്ന من تحتها അവയുടെ അടിയിലൂടെ الأنهار അരുവികൾ, നദികൾ خالدين നിത്യവാസികളായിട്ടു فيها അവയിൽ بإذن സമ്മത (അനുമതി) പ്രകാരം ربهم അവരുടെ റബ്ബിന്റെ تحيتهم അവരുടെ അഭിവാദ്യം فيها അവയിൽവെച്ചു سلام സലാമാകുന്നു, സമാധാനശാന്തിയായിരിക്കും.

നരകവാസികളായ ദുർജ്ജനങ്ങൾക്ക അവരുടെ സ്വന്തം ആത്മാവിൽ നിന്നുപോലും അറപ്പും വെറുപ്പും അനുഭവപ്പെടുമ്പോൾ, സ്വർഗ്ഗവാസികളായ സജ്ജനങ്ങൾക്കു എവിടെവെച്ചും ലഭിക്കുന്നത് സ്വാഗതവും സമാധാനത്തിന്റെ അഭിവാദ്യങ്ങളുമായിരിക്കും. അല്ലാഹുവിൽ നിന്നും, മലക്കുകളിൽ നിന്നും, സ്വർഗ്ഗവാസികളിൽ നിന്നുമെല്ലാം തന്നെ അതവർക്കു ലഭിച്ചുകൊണ്ടിരിക്കും. (13: 23, 24; 25: 75; 36: 58 മുതലായവ നോക്കുക.)

٢٤- أَلَمْ تَرَ كَيْفَ ضَرَبَ اللَّهُ مَثَلًا كَلِمَةً طَيِّبَةً كَشَجَرَةٍ طَيِّبَةٍ أَصْلُهَا ثَابِتٌ وَفَرْعُهَا فِي السَّمَاءِ

24. നീ കണ്ടില്ലേ, അല്ലാഹു എങ്ങിനെയാണ് ഒരു ഉപമ വിവരിച്ചിരിക്കുന്നതെന്ന്? അതായതു, നല്ല (വിശിഷ്ടമായ) ഒരു വാക്കിനെ നല്ല (വിശിഷ്ടമായ) ഒരു വൃക്ഷം പോലെ (ഉപമിച്ചതു)! അതിന്റെ മുരട് ഉറച്ചു നിൽക്കുന്നതും, അതിന്റെ ശാഖ ആകാശത്തിലും [വളരെ ഉയർന്നു നിൽക്കുന്നതും] ആകുന്നു:—

٢٥- تُؤْتِي أُكُلَهَا كُلَّ حِينٍ بِإِذْنِ رَبِّهَا وَيَضْرِبُ اللَّهُ الْأَمْثَالَ لِلنَّاسِ لَعَلَّهُمْ يَتَذَكَّرُونَ

25. അതിന്റെ റബ്ബിന്റെ ഉത്തരവു പ്രകാരം അതിന്റെ കനി [ഫലങ്ങൾ] എല്ലാ സമയത്തും അതു നൽകിക്കൊണ്ടിരിക്കും. മനുഷ്യർ ഉറ്റാലോചിക്കുവാൻ വേണ്ടി അല്ലാഹു അവർക്കു ഉപമകൾ വിവരിച്ചു കൊടുക്കുന്നു.

٢٦- وَمَثَلُ كَلِمَةٍ خَبِيثَةٍ كَشَجَرَةٍ خَبِيثَةٍ اجْتُثَّتْ مِنْ فَوْقِ الْأَرْضِ مَا لَهَا مِنْ قَرَارٍ

26. ഒരു ദുഷിച്ചതായ (ചീത്ത) വാക്കിന്റെ ഉപമയാകട്ടെ,—ഭൂമിയുടെ മുകളിൽനിന്നു (നിഷ്പ്രയാസം) പറിച്ചെടുക്കപ്പെടുന്ന ഒരു ദുഷിച്ചതായ (ചീത്ത) വൃക്ഷം പോലെയാകുന്നു;—അതിനു (സ്ഥിരമായി) ഒരു നിലനിൽപുമില്ല.

---

24. ألم تر നീ കണ്ടില്ലേ كيف എങ്ങിനെ എന്നു ضرب الله അല്ലാഹു ആക്കി (വിവരിച്ചിരി)ക്കുന്നു مثلا ഒരു ഉപമ, ഉദാഹരണം كلمة അതായതു ഒരു വാക്കിനെ طيبة നല്ലതായ, വിശിഷ്ടമായ كشجرة ഒരു വൃക്ഷം (മരം) പോലെ طيبة നല്ലതായ, വിശിഷ്ട أصلها അതിന്റെ മൂലം, മുരടു ثابت ഉറച്ചു (സ്ഥിരപ്പെട്ടു) നിൽക്കുന്നതാണു وفرعها അതിന്റെ ശാഖ (കൊമ്പു) في السماء ആകാശത്തിലുമാണു. 25. تؤتي അതു നൽകും أكلها അതിന്റെ കനി, ഭോജ്യം كل حين എല്ലാ സമയത്തും بإذن അനുവാദപ്രകാരം ربها അതിന്റെ റബ്ബിന്റെ ويضرب ആക്കുന്നു (വിവരിക്കുന്നു) الله അല്ലാഹു الأمثال ഉപമകളെ للناس മനുഷ്യർക്കു لعلهم അവരാകുവാൻവേണ്ടി, ആയേക്കാം يتذكرون അവർ ഉറ്റാലോചിക്കുക, ഓർമ്മിക്കുക 26. ومثل ഉപമയാകട്ടെ كلمة خبيثة ചീത്ത (ദുഷിച്ച) വാക്കിന്റെ كشجرة ഒരു വൃക്ഷം (മരം) പോലെയാകുന്നു خبيثة ദുഷിച്ച, ചീത്തയായ اجتثت അതു പറിച്ചെടുക്കപ്പെടുന്നതാണു من فوق മുകളിൽനിന്നു الأرض ഭൂമിയുടെ ما لها അതിനില്ല من قرار ഒരു സ്ഥിരതയും, നിലനിൽപും, ഉറപ്പും

'നല്ല വാക്കു' (كلمة طيبة) എന്നും, 'ചീത്തവാക്ക്' (كلمة خبيثة) എന്നും പൊതുവായി പറഞ്ഞിരിക്കകൊണ്ട്
വിശിഷ്ടമായ തത്വങ്ങളും, ഉൽകൃഷ്ടമായ സാരങ്ങളും ഉൾക്കൊള്ളുന്ന എല്ലാ വാക്കുകളും 'നല്ല വാക്കി'ലും, 'ദുഷി
ച്ചതത്വങ്ങളും, നികൃഷ്ടമായ സാരങ്ങളും ഉൾക്കൊള്ളുന്ന എല്ലാ വാക്കുകളും 'ചീത്തവാക്കി'ലും ഉൾപെടുന്നതാവുന്നു.
ഇസ്ലാമിന്റെ മുദ്രാവാക്യവും, തൗഹീദിന്റെ സാക്ഷ്യമൊഴിയുമായ لا إله إلا الله (അല്ലാഹു അല്ലാതെ ആരാധ്യനേ
ഇല്ല) എന്ന വാക്യം നല്ല വാക്കുകളുടെ കൂട്ടത്തിൽ ഒന്നാം സ്ഥാനം വഹിക്കുന്നതാണെന്ന നിസ്സംശയം പറയാം. നേരെ
മറിച്ചു ശിർക്കിന്റെയും, കുഫ്റിന്റെയും വാക്കുകൾ ചീത്തവാക്കുകളുടെ മുൻപന്തിയിലും നിൽക്കുന്നു. അതു
പോലെത്തന്നെ 'നല്ല വൃക്ഷ'(شجرة طيبة)ത്തിന്റെയും 'ചീത്ത വൃക്ഷ'(شجرة خبيثة)ത്തിന്റെയും ചില വിശേഷതകൾ
പറയപ്പെട്ടിട്ടുണ്ടെങ്കിലും അവകൊണ്ടുദ്ദേശിക്കപ്പെട്ട വൃക്ഷങ്ങൾ ഏതാണെന്നു വ്യക്തമാക്കപ്പെട്ടിട്ടില്ല. ആ സ്ഥി
തിക്ക് ഫാറൂഖ് മുതലായ കനത്ത കാറ്റുകൾ വീശുന്നതിനാൽ ഭൂമിയിൽ വേരുറച്ചു നിൽക്കുന്ന തടിയാവും, മടിയാവും മുറി
ന്നതും പോലെ അന്തരീക്ഷത്തിൽ തല ഉയർത്തി നിൽക്കുന്ന ശാഖകളും മേൽതലപ്പുകളും ഉള്ളതും, തിന്നാൻകൊ
ള്ളുന്ന കായഫലങ്ങളോ എല്ലാകാലത്തും ലഭിക്കുന്നതുമായ എല്ലാ വൃക്ഷങ്ങളും 'നല്ല വൃക്ഷം' കൊണ്ടും, ചെറുപ്പി

[illegible] നിത്യപ്രയോജനം പ്രദാനം ചെയ്യുന്നതും, വേഗത്തിൽ [illegible] ഫലങ്ങൾ മാത്രം ഉണ്ടാകുന്നതുമായ എല്ലാ വൃക്ഷവും 'ചീത്ത വൃക്ഷ' [illegible] ആകുന്നു. والله أعلم

[illegible] ഹദീസുകളിൽനിന്നു മനസ്സിലാക്കാവുന്നതുപോലെ, ഈത്തപ്പനവൃക്ഷം നല്ല വൃക്ഷങ്ങളിൽ പ്രഥമസ്ഥാനത്തു നിൽക്കുന്നു. ആട്ടങ്ങ (കാട്ടുവെള്ളരി)ച്ചെടി ചീത്തവൃക്ഷങ്ങളിൽ പ്രഥമസ്ഥാനത്തും നിൽക്കുന്നു. ഈത്തപ്പനയെ സംബന്ധിച്ചേടത്തോളം നല്ല വൃക്ഷത്തിനു അല്ലാഹു പറഞ്ഞ എല്ലാ ഗുണങ്ങളും [illegible] എന്നു പറയേണ്ടതില്ല. അതിന്റെ ഫലമാകട്ടെ, കുരുന്നുകാലം മുതൽ ഉണങ്ങി [illegible] വിവിധ ദശകളിലായി എല്ലാ കാലത്തും ലഭ്യമാകുന്നതും ഹൃദ്യമായ ഭക്ഷ്യപദാർത്ഥവുമാകുന്നു. ആട്ടങ്ങയെ സംബന്ധിച്ചിടത്തോളം, ചീത്ത വൃക്ഷത്തെപ്പറ്റി പ്രസ്താവിച്ച ദോഷങ്ങളെല്ലാം അതിനുണ്ട്. പക്ഷെ, [illegible] അതൊരു 'വൃക്ഷ'മല്ലല്ലോ എന്ന് പറയപ്പെട്ടേക്കാം. എന്നാൽ, شجرة എന്ന വാക്കു സാധാരണ ഗതിയിൽ വൃക്ഷത്തിനാണു ഉപയോഗിക്കപ്പെടാറുള്ളതെങ്കിലും ചെറിയ ചെടികളെയും, വള്ളികളെയും ഉദ്ദേശിച്ചും അതു ചില [illegible] ഉപയോഗിക്കപ്പെടാറുണ്ടുതാനും.

സത്യവിശ്വാസവും അവിശ്വാസവും തമ്മിലും, സത്യവിശ്വാസിയും അവിശ്വാസിയും തമ്മിലുമുള്ള [illegible] ഈ ഉപമകളിൽ പ്രധാനമായും അടങ്ങിയിരിക്കുന്നത്. അതായതു, സത്യവിശ്വാസിയുടെ വിശ്വാസം അചഞ്ചലവും സ്ഥിരപ്രതിഷ്ഠിതവുമായിരിക്കും. അവന്റെ പ്രവൃത്തികൾ അതിനു സാക്ഷ്യം വഹിക്കുകയും ചെയ്യും. അവന്റെ കർമ്മങ്ങൾ അല്ലാഹുവിങ്കൽ സ്വീകാര്യമായതും ഇടമുറിയാതെ തുടർന്നുകൊണ്ടിരിക്കുന്നതുമായിരിക്കും. അവിശ്വാസിയുടെ അവിശ്വാസമാകട്ടെ, അടിയുറപ്പില്ലാത്തതും, കർമ്മങ്ങൾ ദുഷിച്ചതും, ഉപയോഗശൂന്യവുമായിരിക്കും എന്നു ചുരുക്കം. ഇബ്നു ഉമർ (റ) പ്രസ്താവിക്കുന്നു: ഞങ്ങൾ റസൂൽ (സ) തിരുമേനിയുടെ അടുക്കൽ [illegible] അവിടുന്നു ചോദിച്ചു: 'മുസ്ലിമായ മനുഷ്യനോടു സാദൃശ്യമുള്ളതും, [illegible] ഇലകൊഴിഞ്ഞുപോകാത്തതും എല്ലാകാലത്തും റബ്ബിന്റെ ഉത്തരവനുസരിച്ചു കനി നൽകുന്നതുമായ ഒരു വൃക്ഷത്തെക്കുറിച്ച് നിങ്ങൾ വർത്തമാനം പറയുവിൻ.' അതു ഈത്തപ്പനയാണെന്നു എന്റെ മനസ്സിൽ തോന്നി. അബൂബക്കറും, ഉമറും (റ) ഒന്നും പറയാതിരിക്കുന്നതായി ഞാൻ കണ്ടു. എന്നിരിക്കെ, ഞാനതു പറയുവാൻ മടിച്ചു. അവരാരും ഒന്നും പറയാതിരുന്നപ്പോൾ റസൂൽ (സ) പറഞ്ഞു: 'അതു ഈത്തപ്പനയാണ്'. ഞങ്ങൾ എഴുന്നേറ്റുപോന്നപ്പോൾ ഞാൻ ഉമറിനോടു പറഞ്ഞു: 'പിതാവേ, അല്ലാഹുവാണ്! അതു ഈത്തപ്പനയാണെന്നു എന്റെ മനസ്സിലുണ്ടായിരുന്നു.' അപ്പോൾ അദ്ദേഹം പറഞ്ഞു: 'നീ എന്തുകൊണ്ടതു പറഞ്ഞില്ല?' ഞാൻ പറഞ്ഞു: 'നിങ്ങളാരും ഒന്നും പറയുന്നതായി ഞാൻ കണ്ടില്ല, അതുകൊണ്ടു ഞാൻ വല്ലതും പറയുവാൻ മടിച്ചതാണ്.' ഉമർ പറഞ്ഞു: 'അതു പറഞ്ഞതു നീ ആയിരുന്നുവെങ്കിൽ, എനിക്കു ഇന്നിന്നതൊക്കെ ലഭിക്കുന്നതിനെക്കാൾ ഇഷ്ടമായിരുന്നു.' (ബു; മു) ചീത്തവൃക്ഷം (شجرة خبيثة) എന്നു പറഞ്ഞതു ആട്ടങ്ങ (കാട്ടുവെള്ളരി)യാണെന്നു നബി (സ) പ്രസ്താവിച്ചതായി അനസുബ്നു മാലിക്(റ) ൽ നിന്നു ഇബ്നു അബീഹാതിമും, ഇബ്നു മർദവൈഹി (റ)യും ഉദ്ധരിച്ച ഒരു ഹദീസിലും വന്നിരിക്കുന്നു.

27. വിശ്വസിച്ചവരെ അല്ലാഹു ഐഹിക ജീവിതത്തിലും പരലോകത്തിലും (സ്ഥിരമായി) ഉറച്ചുനിൽക്കുന്ന വാക്കുകൊണ്ടു ഉറപ്പിച്ചുനിറുത്തുന്നതാണ്. അക്രമികളെ അല്ലാഹു വഴിപിഴവിലാക്കുകയും ചെയ്യും; താൻ എന്തു ഉദ്ദേശിക്കുന്നുവോ അത് അല്ലാഹു ചെയ്യുന്നതുമാണ്.

يُثَبِّتُ اللَّهُ الَّذِينَ آمَنُوا بِالْقَوْلِ الثَّابِتِ فِي الْحَيَاةِ الدُّنْيَا وَفِي الْآخِرَةِ ۖ وَيُضِلُّ اللَّهُ الظَّالِمِينَ ۚ وَيَفْعَلُ اللَّهُ مَا يَشَاءُ ۝

---

27. يثبت الله അല്ലാഹു ഉറപ്പിക്കും, സ്ഥിരപ്പെടുത്തും الذين آمنوا വിശ്വസിച്ചവരെ بالقول വാക്കും (വാക്ക്)കൊണ്ടു الثابت ഉറച്ചതായ, സ്ഥിരമായ , في الحياة الدنيا ഐഹിക ജീവിതത്തിൽ وفي الآخرة പരലോകത്തിലും ويضل الله അല്ലാഹു വഴിപിഴവിലാക്കുകയും ചെയ്യും الظالمين അക്രമികളെ ويفعل الله അല്ലാഹു ചെയ്യുന്നതുമാണു ما يشاء അവൻ ഉദ്ദേശിക്കുന്നതു.

അവിടെ വസ്തുക്കളും അല്ലാഹുവിന്റെ സൃഷ്ടിയും, അവന്റെ അധികാരത്തിലും നിയന്ത്രണത്തിലും ഉള്ളതായിരിക്കെ, അവൻ ഉദ്ദേശിച്ചതൊന്നും ചെയ്‌വാൻ അവനു തികച്ചും അധികാരവും ന്യായവുമുണ്ട്. لَا يُسْأَلُ عَمَّا يَفْعَلُ (അവൻ) ചെയ്യുന്നതിനെപ്പറ്റി അവനോടു ചോദ്യം ചെയ്യപ്പെടുകയില്ല. അവരാകട്ടെ, ചോദ്യം ചെയ്യപ്പെടുകയും ചെയ്യും) പക്ഷേ നീതിയുക്തമല്ലാത്തതൊന്നും തന്നെ അല്ലാഹു ചെയ്കയില്ലെന്നുള്ളതിൽ സംശയമില്ല. وَلَا يَظْلِمُ رَبُّكَ أَحَدًا (നിന്റെ റബ്ബ് ഒരാളോടും അക്രമം ചെയ്കയില്ല) وَمَا اللَّهُ يُرِيدُ ظُلْمًا لِّلْعَالَمِينَ (അല്ലാഹു ലോകരെ അക്രമിക്കുവാൻ ഉദ്ദേശിക്കുന്നില്ല.) എന്നിരിക്കെ, അവൻ ഉദ്ദേശിക്കുന്നത് അവൻ ചെയ്യുമെന്നു പറഞ്ഞതിന്റെ താൽപര്യം മനസ്സിലാക്കുവാൻ പ്രയാസമില്ല. ഇത്തരം വിഷയങ്ങളെപ്പറ്റി മനിലധികം പ്രാവശ്യം നാം മുമ്പു ഉണർത്തിയിട്ടുള്ളതുമാകുന്നു. കൂടുതൽ അറിയാനാഗ്രഹിക്കുന്നവർ സൂ: ഹൂദിന് ശേഷമുള്ള 'ഖളാ-ഖദ്ർ' എന്ന വ്യാഖ്യാനക്കുറിപ്പും നോക്കിക്കൊള്ളട്ടെ.

കഴിഞ്ഞ വചനത്തിൽ നല്ല വാക്കിന്റെ ഉപമ വിവരിച്ചശേഷം, അതിന്റെ വക്താക്കളും ആൾക്കാരുമായ ആളുകളെ ഇഹത്തിലാകട്ടെ, പരത്തിലാകട്ടെ, ഒരു ചാഞ്ചല്യവും വ്യതിയാനവും വരാതെ അല്ലാഹു കാത്തുസൂക്ഷിക്കുമെന്നും, അവരെ അതിൽ ഉറപ്പിച്ചു നിറുത്തുമെന്നും ഈ വചനം മുഖേന അല്ലാഹു വാഗ്ദാനം ചെയ്യുന്നു. എന്തു പരീക്ഷണങ്ങളെട്ടും നേരിട്ടാലും ഒരു സത്യവിശ്വാസി അവന്റെ വിശ്വാസം കൈവിടുകയില്ലെന്ന് ഉറപ്പിച്ചു പറയാം. ഇസ്‌ലാമിന്റെ ആരംഭഘട്ടത്തിൽ നടന്നിട്ടുള്ള എത്രയോ സംഭവങ്ങൾ-വിശേഷിച്ചും ബിലാൽ, സുഹൈബ് (റ) പോലെ ആദ്യകാല വിശ്വാസികളായവരുടെ സംഭവങ്ങൾ-ഇതിനു മതിയായ തെളിവാകുന്നു. പരലോകത്ത് വെച്ച് ചോദ്യം ചെയ്യപ്പെടുമ്പോഴും, അവർ ഉത്തരം മുട്ടുകയോ പരിഭ്രമിക്കേണ്ടിവരികയോ ചെയ്കയില്ല. ഐഹിക ജീവിതം അവസാനിച്ചശേഷം, പുനരുത്ഥാനം വരെയുള്ള ഇടക്കാലത്തു ഖബ്റുകളിൽ വെച്ചുണ്ടാകുന്ന ചോദ്യവേളയിലും അങ്ങിനെത്തന്നെ. നബി (സ) പല ഹദീസുകളിലും വ്യക്തമായി പ്രസ്താവിച്ചതുപോലെ, ഖബ്റുകളിൽവെച്ച് മലക്കുകളുടെ ചോദ്യം ഉണ്ടാകുമ്പോഴും യാതൊരു ചാഞ്ചല്യവും പരിഭ്രമവും കൂടാതെ മറുപടി നൽകുവാൻ അവർക്ക് കഴിയും.

നബി (സ) പറഞ്ഞതായി ബറാഉബ്നു ആസിബ് (براء بن عازب - رض) ഉദ്ധരിക്കുന്നു: 'ഖബ്റിൽവെച്ച് മുസ്‌ലിമിനോടു ചോദ്യം നടക്കുമ്പോൾ, അല്ലാഹു അല്ലാതെ ഇലാഹില്ലെന്നും, മുഹമ്മദ് അല്ലാഹുവിന്റെ റസൂലാണെന്നും അവൻ സാക്ഷ്യപ്പെടുത്തും. അതാണ് അല്ലാഹു يُثَبِّتُ اللَّهُ الَّذِينَ آمَنُوا — الى قوله وَفِي الْآخِرَةِ എന്നു പറഞ്ഞത്.' (ബുഖാരിയും മുസ്‌ലിമും അടക്കം പലരും നിവേദനം ചെയ്ത ഹദീസാണിത്) ഖബ്റിലെ ചോദ്യത്തെ സ്ഥാപിക്കുന്ന അനേകം ഹദീസുകൾ നിലവിലുണ്ട്. അവയിൽ പലതിലും ഈ വചനം അതിനൊരു തെളിവായി നബി (സ) ഉദ്ധരിച്ചും കാണാം. പക്ഷേ, ചിലർ ധരിക്കാറുള്ളതുപോലെ, ഈ വചനം സത്യവിശ്വാസികൾ ഖബ്റിൽവെച്ച് ചോദ്യം ചെയ്യുമ്പോഴത്തെ അവസ്ഥയെ മാത്രം ഉദ്ദേശിച്ചുകൊണ്ടുള്ളതാണെന്നല്ല ആ ഹദീസുകളുടെ താൽപര്യം. ഇഹത്തിലും പരത്തിലും അല്ലാഹു സത്യവിശ്വാസിയെ പതറാതെ ഉറപ്പിച്ചു നിറുത്തുമെന്നു പറഞ്ഞതിൽ ഖബ്റിലെ ജീവിതത്തിലെ ഉറപ്പിച്ചു നിറുത്തലും ഉൾപ്പെടുന്നതാണെന്നു വ്യക്തമാക്കുകയാണ് നബി (സ) ചെയ്തിരിക്കുന്നത്. والله أعلم (ഖബ്റിലെ സ്ഥിതിഗതികൾ സൂ: യാസീനുശേഷമുള്ള വ്യാഖ്യാനക്കുറിപ്പിൽ വിവരിച്ചിരിക്കുന്നു).

വിഭാഗം-5

28. യാതൊരു കൂട്ടരുടെ നേരെ നീ(നോക്കി)കണ്ടില്ലേ?- അല്ലാഹുവിന്റെ അനുഗ്രഹത്തെ അവർ അവിശ്വാസമാക്കി മാററിമറിക്കുകയും, തങ്ങളുടെ ജനങ്ങളെ അവർ നാശ (നഷ്ട) ത്തിന്റെ ഭവനത്തിൽ ഇറ(ക്കിത്താമസിപ്പി)ക്കുകയും ചെയ്തിരിക്കുന്നു!- .

٢٨- أَلَمْ تَرَ إِلَى الَّذِينَ بَدَّلُوا نِعْمَتَ اللَّهِ كُفْرًا وَأَحَلُّوا قَوْمَهُمْ دَارَ الْبَوَارِ

---

28. أَلَمْ تَرَ നീ (നോക്കി) കണ്ടില്ലേ إِلَى الَّذِينَ യാതൊരുവരിലേക്കു بَدَّلُوا അവർ മാററി മറിച്ചു نِعْمَتَ اللَّهِ അല്ലാഹുവിന്റെ അനുഗ്രഹത്തെ كُفْرًا അവിശ്വാസമായി وَأَحَلُّوا അവർ ഇറക്കിവെക്കുകയും ചെയ്തു قَوْمَهُمْ അവരുടെ ജനങ്ങളെ دَارَ الْبَوَارِ നാശത്തിന്റെ ഭവനത്തിൽ (വീട്ടിൽ)

29. അതായത് ജഹന്നമില്‍ [നരകത്തില്‍]. അവരതില്‍ കടന്നെരിയുന്നതാണ്; (ആ) താവളം എത്രയോ ചീത്തയും!

٢٩- جَهَنَّمَ يَصْلَوْنَهَا ۚ وَبِئْسَ الْقَرَارُ

30. അല്ലാഹുവിന്റെ മാര്‍ഗ്ഗത്തില്‍ നിന്നു (ജനങ്ങളെ) വഴിപിഴപ്പിക്കുവാനായി അവര്‍ അവനു ചില സമന്മാരെ ഏര്‍പ്പെടുത്തുകയും ചെയ്തിരിക്കുന്നു. പറയുക: 'നിങ്ങള്‍ സുഖം അനുഭവിച്ചുകൊള്ളുവിന്‍! എന്നാല്‍, നിങ്ങളുടെ ചെന്നുചേരല്‍ (അഥവാ തിരിച്ചുവരവ്) നരകത്തിലേക്കായിരിക്കും.'

٣٠- وَجَعَلُوا لِلَّهِ أَندَادًا لِّيُضِلُّوا عَن سَبِيلِهِ ۗ قُلْ تَمَتَّعُوا فَإِنَّ مَصِيرَكُمْ إِلَى النَّارِ

---

29. جهنم അതായത് ജഹന്നമില്‍ يصلونها അവരതില്‍ കടന്നെരിയും, എരിഞ്ഞുകൊണ്ടു وبئس എത്രയോ ചീത്ത, വളരെ മോശവും القرار (ആ) താവളം, തങ്ങല്‍ 30. وجعلوا അവര്‍ ആക്കുക (ഏര്‍പ്പെടുത്തുക-ഉണ്ടാക്കുക)യും ചെയ്തു لله അല്ലാഹുവിനു أندادا ചില സമന്മാരെ ليضلوا അവര്‍ വഴിപിഴപ്പിക്കുവാന്‍വേണ്ടി عن سبيله അവന്റെ മാര്‍ഗ്ഗത്തില്‍നിന്നു قل പറയുക تمتعوا നിങ്ങള്‍ അനുഭവമെടുത്തു (സുഖം അനുഭവിച്ചു)കൊള്ളുവിന്‍ فإن مصيركم എന്നാല്‍ നിങ്ങളുടെ ചെന്നുചേരല്‍, തിരിച്ചെത്തല്‍, ആയിത്തീരല്‍, മടക്കം إلى النار നരകത്തിലേക്കാണ്

മക്കാ മുശ്‌രിക്കുകളെക്കുറിച്ചാണ് പ്രസ്താവിക്കുന്നത്. അല്ലാഹു അവര്‍ക്കു നാടിന്റെ നേതൃത്വം നല്‍കി. ഹറമിന്റെ മറവും കൂടാതെ സമാധാനപൂര്‍വ്വം മറ്റു പ്രദേശങ്ങളില്‍ ജീവിക്കുവാനുള്ള സൗകര്യവും നല്‍കി. അവരില്‍നിന്നൊരു റസൂലിനെയും എഴുന്നേല്‍പിച്ചുകൊടുത്തു. ഒരു വേദഗ്രന്ഥവും അവരില്‍ ഇറക്കി. ഇങ്ങിനെയുള്ള അനുഗ്രഹങ്ങള്‍ക്കൊക്കെ നന്ദികാണിക്കുന്നതിനുപകരം, അവ കുഫ്‌റിന്റെയും, ശിര്‍ക്കിന്റെയും മാര്‍ഗ്ഗത്തില്‍ വിനിയോഗിക്കുകയും, മറ്റുള്ളവരെക്കൂടി വഴിതെറ്റിക്കുകയുമാണവര്‍ ചെയ്തത്. അങ്ങനെ അവര്‍ പിഴക്കുകയും മറ്റുള്ളവരെ വഴിപിഴപ്പിച്ചു നരകാവകാശികളാക്കുകയും ചെയ്തു. അതുകൊണ്ടു കുറച്ചുനാള്‍കൂടി അവര്‍ക്കു സ്വൈരവിഹാരം കൊള്ളാമെങ്കിലും മടക്കം നരകത്തിലേക്കായിരിക്കും അവര്‍ ചെന്നെത്തുക. ഈ ധിക്കാര ജീവിതം ഏറെ കാലം നീണ്ടുനില്‍ക്കുകയില്ല എന്നു സാരം. ഈ വാക്യം പ്രഥമമായി അഭിമുഖീകരിക്കുന്നതു ഈ സൂറത്തു അവതരിക്കുമ്പോഴത്തെ മുശ്‌രിക്കുകളെയാണെങ്കിലും, അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ ദുരുപയോഗപ്പെടുത്തി അവിശ്വാസം നിലനിര്‍ത്തുവാന്‍ മിനക്കെടുന്ന എല്ലാ ധിക്കാരികള്‍ക്കും ബാധകം തന്നെ.

31. (നബിയേ) വിശ്വസിച്ചവരായ എന്റെ അടിയാന്‍മാരോടു പറയുക: അവര്‍ നമസ്കാരം നിലനിറുത്തുകയും, നാം അവര്‍ക്കു നല്‍കിയിട്ടുള്ളതില്‍നിന്നു രഹസ്യമായും പരസ്യമായും ചിലവഴിക്കുകയും ചെയ്യട്ടെ:- ക്രയ വിക്രയമാകട്ടെ ചങ്ങാത്തമാകട്ടെ ഇല്ലാത്തതായ ഒരു ദിവസം വരുന്നതിനുമുമ്പായി.

٣١- قُل لِّعِبَادِيَ الَّذِينَ آمَنُوا يُقِيمُوا الصَّلَاةَ وَيُنفِقُوا مِمَّا رَزَقْنَاهُمْ سِرًّا وَعَلَانِيَةً مِّن قَبْلِ أَن يَأْتِيَ يَوْمٌ لَّا بَيْعٌ فِيهِ وَلَا خِلَالٌ

---

31. قل പറയുക لعبادي എന്റെ അടിയാന്‍മാരോട് الذين آمنوا വിശ്വസിച്ചവരായ يقيموا അവര്‍ നിലനിറുത്തട്ടെ الصلاة നമസ്കാരത്തെ وينفقوا അവര്‍ ചിലവഴിക്കയും مما رزقناهم നാമവര്‍ക്കു നല്‍കിയതില്‍നിന്നു سرا രഹസ്യമായി وعلانية പരസ്യമായും من قبل മുമ്പു أن يأتي വരുന്നതിന്റെ يوم ഒരു ദിവസം لا بيع വില്‍പന (ക്രയവിക്രയം—കൊള്ളക്കൊടുക്കല്‍) ഇല്ല فيه അതില്‍ ولا خلال ചങ്ങാത്തവുമില്ല

അഥവാ ഖിയാമത്തുനാൾ വരുന്നതിനു മുമ്പ് എന്നർത്ഥം. സത്യവിശ്വാസം സ്വീകരിച്ചാൽ പിന്നെ അനുഷ്ഠിക്കുവാനുള്ള സൽകർമ്മങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട രണ്ടു കർമ്മങ്ങളാണല്ലോ നമസ്കാരവും, ധർമ്മവും. നമസ്കാരത്തെപ്പറ്റി പ്രസ്താവിക്കുന്ന മിക്ക സ്ഥലങ്ങളിലും ധനധർമ്മങ്ങളെക്കുറിച്ചും അതോടൊപ്പം പ്രസ്താവിക്കുക ഖുർആന്റെ പതിവാകുന്നു. നല്ല കർമ്മങ്ങൾ വഴിയല്ലാതെ, എന്തെങ്കിലും പ്രതിഫലമോ മോചന മൂല്യമോ നൽകിയോ, അല്ലെങ്കിൽ സ്നേഹ ബന്ധങ്ങളുടെ സ്വാധീനം കൊണ്ടോ രക്ഷകിട്ടാത്ത ദിവസമാണ് ഖിയാമത്ത്നാൾ. അതുകൊണ്ടു അന്നേക്കുവേണ്ടി ഈ ജീവിതത്തിൽവെച്ചു തന്നെ സമ്പാദിക്കണമെന്നു സാരം. രഹസ്യമായും പരസ്യമായും ധനം ചിലവഴിക്കുവാൻ കല്പിച്ചതിന്റെ ഉദ്ദേശ്യവും മറ്റും 2: 274; 13:23; 35:29 എന്നിവിടങ്ങളിൽ വിവരിച്ചതു നോക്കുക.

32. അല്ലാഹുവത്രെ, ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിച്ചവൻ; ആകാശത്തുനിന്ന് അവൻ വെള്ളം [മഴ] ഇറക്കുകയും, എന്നിട്ടു നിങ്ങൾക്ക് ഉപജീവനത്തിനുവേണ്ടി അതുമൂലം ഫലവർഗ്ഗങ്ങളിൽ നിന്നും (പലതും) ഉൽപാദിപ്പിക്കുകയും ചെയ്തിരിക്കുന്നു; സമുദ്രത്തിൽ അവന്റെ കല്പന പ്രകാരം കപ്പലുകൾ സഞ്ചരിക്കുവാൻ വേണ്ടി അവയെ നിങ്ങൾക്കു വിധേയമാക്കിത്തരുകയും ചെയ്തിരിക്കുന്നു; നിങ്ങൾക്ക് നദികളെയും അവൻ വിധേയമാക്കിത്തന്നിരിക്കുന്നു.

٣٢- اَللّٰهُ الَّذِىْ خَلَقَ السَّمٰوٰتِ وَالْاَرْضَ
وَاَنْزَلَ مِنَ السَّمَآءِ مَآءً
فَاَخْرَجَ بِهٖ مِنَ الثَّمَرٰتِ رِزْقًا لَّكُمْ ۚ
وَسَخَّرَ لَكُمُ الْفُلْكَ
لِتَجْرِىَ فِى الْبَحْرِ بِاَمْرِهٖ ۚ
وَسَخَّرَ لَكُمُ الْاَنْهٰرَ ۝

33. പതിവായി (സഞ്ചരിച്ചു) കൊണ്ടിരിക്കുന്ന നിലയിൽ, സൂര്യനെയും, ചന്ദ്രനെയും അവൻ നിങ്ങൾക്ക് വിധേയമാക്കിത്തന്നിരിക്കുന്നു; രാത്രിയെയും, പകലിനെയും നിങ്ങൾക്കവൻ വിധേയമാക്കിത്തന്നിരിക്കുന്നു;

٣٣- وَسَخَّرَ لَكُمُ
الشَّمْسَ وَالْقَمَرَ دَآئِبَيْنِ ۚ
وَسَخَّرَ لَكُمُ الَّيْلَ وَالنَّهَارَ ۝

34. (എന്നുവേണ്ടാ) നിങ്ങൾ അവനോടു (ആവശ്യപ്പെട്ടു) ചോദിച്ച എല്ലാററിൽ നിന്നും അവൻ നിങ്ങൾക്കു നൽകുകയും ചെയ്തിരിക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്തെ നിങ്ങൾ എണ്ണുന്നപക്ഷം, നിങ്ങൾ അതു കണക്കാക്കുകയില്ല. [അതിനു സാധ്യമല്ല] നിശ്ചയമായും, മനുഷ്യൻ, അക്രമകാരിയും, (വളരെ) നന്ദികെട്ടവനും തന്നെ!

٣٤- وَاٰتٰىكُمْ مِّنْ كُلِّ مَا سَاَلْتُمُوْهُ ۚ
وَاِنْ تَعُدُّوْا نِعْمَتَ اللّٰهِ
لَا تُحْصُوْهَا ۗ
اِنَّ الْاِنْسَانَ لَظَلُوْمٌ كَفَّارٌ ۝

---

32. الله അല്ലാഹുവത്രെ الذي خلق സൃഷ്ടിച്ചവൻ السموات ആകാശങ്ങളെ والارض ഭൂമിയെയും وأنزل അവൻ ഇറക്കുകയും ചെയ്തു من السماء ആകാശത്തുനിന്ന് ماء വെള്ളം فأخرج به എന്നിട്ടതുമൂലം (അതുകൊണ്ടു) പുറപ്പെടുവിച്ചു (ഉൽപാദിപ്പിച്ചു) من الثمرات ഫലവർഗ്ഗങ്ങളിൽനിന്ന് رزقا ഉപജീവനമായിട്ട്, ആഹാരമായി لكم നിങ്ങൾക്ക് وسخر അവൻ കീഴ്പ്പെടുത്തുക(വിധേയമാക്കുക)യും ചെയ്തു لكم നിങ്ങൾക്ക് الفلك കപ്പലുകളെ لتجري അവ നടക്കു(സഞ്ചരിക്കു)വാൻവേണ്ടി في البحر സമുദ്രത്തിൽ بأمره അവന്റെ കല്പനപ്രകാരം وسخر لكم നിങ്ങൾക്ക് വിധേയമാക്കുകയും ചെയ്തു الانهار നദി(പുഴ, അരുവി)കളെ 33. وسخر لكم നിങ്ങൾക്കു വിധേയമാക്കുകയും ചെയ്തു الشمس സൂര്യനെ والقمر ചന്ദ്രനെയും دائبين (രണ്ടും) പതിവായ നിലയിൽ وسخر لكم നിങ്ങൾക്ക് വിധേയമാക്കുകയും ചെയ്തു الليل രാവിനെ (രാത്രിയെ) والنهار പകലിനെയും 34. وآتاكم നിങ്ങൾക്കവൻ നൽകുകയും ചെയ്തു من كل എല്ലാററിൽനിന്നും ما سألتموه അവനോടു നിങ്ങൾ ചോദിച്ചതായ وان تعدوا നിങ്ങൾ എണ്ണുന്നപക്ഷം نعمت الله അല്ലാഹുവിന്റെ അനുഗ്രഹത്തെ لا تحصوها നിങ്ങളതിനെ ക്ലിപ്തപ്പെടുത്തുക (കണക്കാക്കുക)യില്ല ان الانسان നിശ്ചയമായും മനുഷ്യൻ لظلوم അക്രമകാരിതന്നെയാണു كفار (വളരെ) നന്ദികെട്ടവനാണ്

[illegible] വെച്ചിരിക്കുന്നതും, ഇതെല്ലാം [illegible] വ്യത്യസ്ത [illegible] കൊണ്ടിരിക്കുന്നവയും, അല്ലാഹുവിന്റെ പരമമായ കഴിവിനെയും, [illegible] സർവ്വജ്ഞതയെയും [illegible] നിലനിറുത്തിക്കൊണ്ടിരിക്കുന്നവയുമായ കുറെ ദൃഷ്ടാന്തങ്ങളും, അവന്റെ എല്ലാ [illegible] മനുഷ്യനെ ഓർമ്മിപ്പിക്കുന്നത്. പ്രഥമ വീക്ഷണത്തിൽതന്നെ ഗ്രഹിക്കാ[illegible] മനുഷ്യൻ അല്ലാഹു അല്ലാത്തവരെ ദൈവങ്ങളാക്കി ആരാധിച്ചും, [illegible] അവന്റെ അനുഗ്രഹങ്ങൾക്കു നന്ദികേടു കാണിച്ചും കൊണ്ടി[illegible] കുറിച്ചായി ആവുകയെന്നു താൽപര്യം.

[illegible] നിങ്ങൾക്കു വിധേയമാക്കിത്തന്നിട്ടുണ്ടെന്നു പറഞ്ഞതിന്റെ താൽപര്യം, [illegible] ജീവിതസൗകര്യത്തിനും ഉപയുക്തമായ നിലയിൽ അവയുടെ നിയന്ത്രണവും [illegible] അവൻ നടത്തിക്കൊണ്ടിരിക്കുന്നുവെന്നും, ഓരോന്നിനും അവൻ നിശ്ചയിച്ചുവെച്ചിട്ടുള്ള വ്യവസ്ഥ [illegible] ഫലങ്ങളും മനുഷ്യനു അനുകൂലമായിട്ടാണിരിക്കുന്നതെന്നുമാകുന്നു. സൂര്യ ചന്ദ്രൻമാരെയോ, [illegible] മനുഷ്യനു അവന്റെ ഇഷ്ടംപോലെ മാറ്റിമറിക്കുവാനോ, അവർക്കു ഇഷ്ടാനുസരണം പുതിയ [illegible] ഏർപ്പെടുത്തുവാനോ മനുഷ്യനു കഴിയുമെന്നല്ല അർത്ഥം. എന്നാൽ, ചന്ദ്രനിലോ സൂര്യനിൽതന്നെ[illegible] മനുഷ്യൻ പോയിറങ്ങുകയോ, നിരീക്ഷണ പരീക്ഷണങ്ങൾ നടത്തുകയോ, അങ്ങനെ അവമൂലം മുമ്പില്ലാത്ത [illegible] പ്രയോജനങ്ങളും സിദ്ധിക്കുമാറുള്ള വല്ല കണ്ടുപിടിത്തങ്ങളും കണ്ടുപിടിക്കുകയോ ചെയ്യുന്ന [illegible] ഈ വചനങ്ങളോ, ഇതുപോലെയുള്ള മറ്റുവചനങ്ങളോ നിഷേധിക്കുന്നില്ലതാനും. അതിനുള്ള [illegible] ഇനിയില്ലല്ലോ.

സൂറ: ലുഖ്മാനിൽ അല്ലാഹു പറയുന്നു: الم تر ان الله سخر لكم ما في السموات والارض واسبغ عليكم نعمه ظاهرة وباطنة (സാരം: ആകാശങ്ങളിലും ഭൂമിയിലുമുള്ളതിനെ അല്ലാഹു നിങ്ങൾക്കു വിധേയമാക്കിത്തരുകയും, അവന്റെ അനുഗ്രഹങ്ങളെ നിങ്ങൾക്കവൻ പ്രത്യക്ഷമായും പരോക്ഷമായും വിശാലമാക്കിത്തരുകയും ചെയ്തിരിക്കുന്നതു നീ കണ്ടില്ലേ?! (31:20) അപ്പുറം, ഉപരിമണ്ഡലത്തിലോ, ഭൂമിയിലോ, മുമ്പില്ലാത്ത നിരീക്ഷണപരീക്ഷണങ്ങൾ നടത്തുകയും, ആ വഴിക്കു [illegible] മുമ്പില്ലാത്ത വല്ല പ്രയോജനങ്ങളും നേടിയെടുക്കുകയും മനുഷ്യൻ ചെയ്യുന്നുവെങ്കിൽ അതു അല്ലാഹുവിന്റെ ഈ വിധേയമാക്കലിൽ ഉൾപ്പെട്ടതുതന്നെയാകുന്നു. പ്രത്യക്ഷമായും, പരോക്ഷമായും അവന്റെ അനുഗ്രഹങ്ങളെ അവൻ വിശാലപ്പെടുത്തിത്തന്നിരിക്കുന്നുവെന്ന ഈ വചനത്തിൽ പ്രസ്താവിച്ചിരിക്കുന്നതു പ്രത്യേകം സ്മരണീയമത്രെ.

وآتاكم من كل ما سألتموه (നിങ്ങൾ അവനോടു ചോദിച്ച എല്ലാറ്റിൽ നിന്നും അവൻ നിങ്ങൾക്കു നൽകുകയും ചെയ്തിരിക്കുന്നു) എന്ന വാക്യത്തിന്റെ സാരം, നിങ്ങൾക്കാവശ്യവും പ്രയോജനകരവുമായ വസ്തുക്കളിൽ നിന്നെല്ലാം തന്നെ ഒരു വ്യവസ്ഥാനുസരിച്ചു അവൻ നൽകിയിട്ടുണ്ടു എന്നാകുന്നു. എന്നല്ലാതെ, മനുഷ്യർ, വായകൊണ്ടു ചോദിച്ചതെല്ലാം നൽകിയെന്നല്ല ഉദ്ദേശ്യം. മനുഷ്യൻ വാക്കുമൂലം ചോദിക്കാത്ത എത്രയോ അനുഗ്രഹങ്ങൾ അല്ലാഹു അവനു നൽകിക്കൊണ്ടിരിക്കുന്നതും, മനുഷ്യൻ ചോദിക്കുന്ന പല കാര്യങ്ങളും അവനു സിദ്ധിക്കാതിരിക്കുന്നതും വ്യക്തമാണല്ലോ. وإن تعدوا نعمة الله لا تحصوها (അല്ലാഹുവിന്റെ അനുഗ്രഹത്തെ നിങ്ങൾ എണ്ണുന്നപക്ഷം അതു നിങ്ങൾ കണക്കാക്കുകയില്ല) എന്ന വാക്യത്തിനു യാതൊരു വിശദീകരണവും ആവശ്യമില്ല. ഒരു മനുഷ്യൻ അവന്റെ ജീവിതകാലം മുഴുവനും വിനിയോഗിച്ചാലും അവനു അല്ലാഹു ചെയ്തുകൊടുത്ത അനുഗ്രഹങ്ങളെ ഗണിക്കും എണ്ണിത്തീർക്കുവാൻ അവനു സാധ്യമാകുകയില്ല. പിന്നെയല്ല, മനുഷ്യർക്കു പൊതുവെയുള്ള അനുഗ്രഹങ്ങൾ കണക്കാക്കുന്നു?! ഇബ്രാഹീം (റ) പ്രസ്താവിച്ചതായി നിവേദനം ചെയ്യപ്പെടുന്ന ഒരു സ്തുതിവാക്യം ഈ യാഥാർത്ഥ്യത്തിലേക്കു വിരൽ ചൂണ്ടുന്നു. അതിങ്ങനെയാണ്: الحمد لله الذي لا يؤدي شكر نعمة من نعمه الا بنعمة حادثة توجب على مؤديها شكرا بها (സാരം: അല്ലാഹുവിനു സർവ്വ സ്തുതിയും! അവന്റെ അനുഗ്രഹങ്ങളിൽ ഒന്നിനും തന്നെ നന്ദി നിർവ്വഹിക്കണമെങ്കിൽ അതു നിർവ്വഹിക്കുന്നവൻ അവനു നന്ദി ചെയ്‌വാൻ കടപ്പെടുന്നവിധം ഒരു പുതിയ അനുഗ്രഹം കൂടി ലഭിച്ചുകൊണ്ടല്ലാതെ നന്ദി കാണിക്കുവാൻ കഴിയുകയില്ല. അങ്ങിനെയുള്ളവനാണവൻ—അതെ, അല്ലാഹു)

യഥാർത്ഥം ഇങ്ങിനെയിരിക്കെ, അല്ലാഹുവിൽ വിശ്വസിക്കാതെയും, അവനു പങ്കുകാരെയും സമൻമാരെയും സങ്കൽപിച്ചും, അവന്റെ വിധിവിലക്കുകൾ അവഗണിച്ചുകൊണ്ടു കഴിഞ്ഞുകൂടുന്ന മനുഷ്യൻ കടുത്ത അക്രമിയല്ലേ? നന്ദികെട്ടവനല്ലേ?! അതെ, അവൻ കടുത്ത അക്രമിയും വളരെ നന്ദികെട്ടവനും തന്നെ. (إن الإنسان لظلوم كفار) മനുഷ്യന്റെ പൊതുവിലുള്ള അവസ്ഥയാണ് അല്ലാഹു ഇപ്പറഞ്ഞത്. മറ്റൊരു സ്ഥലത്തു അല്ലാഹു പറയുന്നു: 'എന്റെ

അടിയന്മാരിൽനിന്നും നന്ദിയുള്ളവർ കുറവാകുന്നു. (وقليل من عبادي الشكور) അല്ലാഹുവിന്റെ കണക്കറ്റ അനുഗ്രഹങ്ങൾക്കു നന്ദി കാണിക്കുന്ന നല്ല അടിയന്മാരിൽ അവൻ നമ്മെയെല്ലാം ഉൾപ്പെടുത്തി അനുഗ്രഹിക്കട്ടെ. ആമീൻ.

വിഭാഗം-6

അറബി മുശ്‌രിക്കുകൾ വിഗ്രഹാരാധകൻമാരാണ്. അവരുടെ കേന്ദ്രമാകട്ടെ, കഅ്ബയും മക്കാഹറമുമാകുന്നു. തങ്ങൾ ഇബ്രാഹീം (അ) നബിയുടെ സന്താന പരമ്പരയിൽപെട്ടവരും അദ്ദേഹത്തിന്റെ മതമാർഗ്ഗങ്ങളെ പിൻപറ്റുന്നവരാണെന്ന വാദിക്കുന്നവരുമാണവർ. എന്നാൽ, അവരുടെ പൂർവ്വ പിതാവെന്ന അവർ അഭിമാനംകൊള്ളുന്ന മഹാനും, കഅ്ബയുടെയും ഹറമിന്റെയും സ്ഥാപകനുമായ ഇബ്രാഹീം (അ) നബിയാകട്ടെ, ഉറച്ച ഏകദൈവ വിശ്വാസിയായിരുന്നു. അതിന്റെ സ്ഥാപനത്തിനും പ്രചരണത്തിനുമുള്ള കേന്ദ്രമായിക്കൊണ്ടാണ് അദ്ദേഹം അല്ലാഹുവിന്റെ കൽപനപ്രകാരം കഅ്ബയും ഹറമും സ്ഥാപിച്ചതും, അവിടെ ജനവാസത്തിനു തുടക്കമിട്ടതും. അദ്ദേഹത്തിന്റെ സന്തതികൾ വിഗ്രഹാരാധനയിൽ നിന്നു വിമുക്തരായിരിക്കുവാൻ അദ്ദേഹം പ്രാർത്ഥിക്കുകയും ചെയ്തിരുന്നു എന്നൊക്കെ തുടർന്നുള്ള വചനങ്ങളിൽ അല്ലാഹു അവരെ ഓർമ്മിപ്പിക്കുന്നു:--

35. ഇബ്രാഹീം പറഞ്ഞ സന്ദർഭം (ഓർക്കുക): 'എന്റെ റബ്ബേ, ഈ രാജ്യത്തെ നീ നിർഭയമായതാക്കേണമേ! എന്നെയും, എന്റെ മക്കളെയും ഞങ്ങൾ വിഗ്രഹങ്ങളെ ആരാധിക്കുന്നതിൽ നിന്നു അകറ്റുകയും ചെയ്യേണമേ!

٣٥- وَإِذْ قَالَ إِبْرَٰهِيمُ رَبِّ ٱجْعَلْ هَٰذَا ٱلْبَلَدَ ءَامِنًا وَٱجْنُبْنِى وَبَنِىَّ أَن نَّعْبُدَ ٱلْأَصْنَامَ ۝

36. 'എന്റെ റബ്ബേ, നിശ്ചയമായും, അവ മനുഷ്യരിൽ നിന്നു വളരെ ആളുകളെ വഴിപിഴപ്പിച്ചിരിക്കുന്നു. അതിനാൽ, എന്നെ ആർ പിൻതുടർന്നുവോ അവൻ എന്റെ കൂട്ടത്തിൽപെട്ടവനാകുന്നു; ആരെങ്കിലും എന്നോടു അനുസരണക്കേടു കാണിക്കുന്നപക്ഷം, നീ വളരെ പൊറുക്കുന്നവനും, കരുണാനിധിയുമാണ്.'

٣٦- رَبِّ إِنَّهُنَّ أَضْلَلْنَ كَثِيرًا مِّنَ ٱلنَّاسِ ۖ فَمَن تَبِعَنِى فَإِنَّهُۥ مِنِّى ۖ وَمَنْ عَصَانِى فَإِنَّكَ غَفُورٌ رَّحِيمٌ ۝

---

35. إذ قال പറഞ്ഞ സന്ദർഭം ابراهيم ഇബ്രാഹീം رب എന്റെ റബ്ബേ اجعل നീ ആക്കേണമേ هذا البلد ഈ രാജ്യത്തെ آمنا നിർഭയമായതു, സമാധാനപരമായതു واجنبني എന്നെ നീ അകറ്റുക(വിട്ടു നിറുത്തുക)യും വേണമേ وبني എന്റെ മക്കളെയും أن نعبد ഞങ്ങൾ ആരാധിക്കുന്നതിനെ (ആരാധിക്കുന്നതിൽ നിന്നു) الأصنام വിഗ്രഹങ്ങളെ, ബിംബങ്ങളെ 36. رب എന്റെ റബ്ബേ إنهن നിശ്ചയമായും അവ أضللن അവ വഴിപിഴപ്പിച്ചിരിക്കുന്നു كثيرا വളരെ (ആളുകളെ) من الناس മനുഷ്യരിൽ നിന്നു فمن എന്നാൽ (ആകയാൽ—അതിനാൽ) ആർ تبعني എന്നെ പിന്തുടർന്നു(വോ), അനുഗമിച്ചു فإنه എന്നാലവൻ مني എന്നിൽ (എന്റെ കൂട്ടത്തിൽ) പെട്ട(വനാണു) ومن ആർ, ആരെങ്കിലും عصاني എന്നിക്കെതിരു (എന്നോടു അനുസരണക്കേടു) ചെയ്താൽ فإنك എന്നാൽ നീ غفور വളരെ പൊറുക്കുന്നവനാണ് رحيم കരുണാനിധിയാണ്

അതായത് എന്നെ അനുസരിക്കാതെ വിഗ്രഹാരാധന നടത്തി വഴിപിഴപ്പിക്കുന്നവരെപ്പറ്റി ഞാൻ ഒന്നും പറയുന്നില്ല. നിന്റെ ഉദ്ദേശമനുസരിച്ചു ഏതു നടപടിയും അവരുടെ നേരെ സ്വീകരിക്കുവാൻ നിനക്കധികാരമുണ്ട്. നീ വളരെ പൊറുക്കുന്നവനും കരുണയുള്ളവനുമായിരിക്കെ, വേണമെങ്കിൽ നീ പൊറുത്തുകൊടുക്കുകയും ചെയ്യാം. എന്നു താൽപര്യം. എന്നല്ലാതെ, അവർ വിഗ്രഹാരാധന നടത്തിയാലും നീ അതു പൊറുത്തുകൊടുക്കും എന്നല്ല

[illegible] ഇന്നുള്ള [illegible] വിജനമല്ലോ. 'ഈ രാജ്യം' ([Arabic]) [illegible] ഇസ്മാഈൽ (അ) നെയും, മാതാവു ഹാജർ (അ)യെയും അവിടെ [illegible] പ്രാർത്ഥന ചെയ്തത് [illegible] സൂറത്തുൽ ബഖറഃ 125 - 129 വചനങ്ങളിലും, അവയുടെ വ്യാഖ്യാനത്തിലും ഇതു [illegible] ഇവിടെ കൂടുതലൊന്നും പറയേണ്ടതില്ല.

ഇബ്രാഹീം (അ) നബി അദ്ദേഹത്തിന്റെ സ്വന്തം നാടായ ഇറാഖിൽ നിന്നു പിതൃജനങ്ങളുമായി, വിഗ്രഹാരാധകന്മാരായ പരിതസ്ഥിതിയിൽ ഇതു കൊണ്ടുള്ള വിഷമം പല പ്രാവശ്യം നേരിട്ടുണ്ട്. [illegible] നടപ്പിലാക്കാനുള്ള വിഗ്രഹാരാധന കൊടികുത്തി വാണിരുന്ന കാലവുമായിരുന്നു അത്. ഈ അനുഭവങ്ങൾ ഓർത്തുകൊണ്ടാണു അദ്ദേഹം 'ഈ വിഗ്രഹങ്ങൾ വളരെയധികം ആളുകളെ വഴിപിഴപ്പിച്ചിരിക്കുന്നു' വെന്നും 'എന്നെയും എന്റെ സന്തതികളെയും അവയിൽ നിന്നു അകറ്റി നിറുത്തേണമേ' എന്നുമെല്ലാം മനംനൊന്തു പ്രാർത്ഥിക്കുന്നത്.

സൂറത്തുൽ ബഖറഃ 126ൽ ഇബ്രാഹീം (അ) നബിയുടെ പ്രാർത്ഥന ഉദ്ധരിച്ചതിൽ [Arabic] (ഇതൊരു നിർഭയമായ രാജ്യമാക്കേണമേ) എന്നും, ഇവിടെ [Arabic] (ഈ രാജ്യത്തെ നിർഭയ മായതാക്കേണമേ) എന്നുമാണു പറഞ്ഞിരിക്കുന്നത്. ഇബ്നു കഥീർ (റ) ചൂണ്ടിക്കാട്ടിയതുപോലെ അൽബഖറഃയിലെ പ്രാർത്ഥന അദ്ദേഹം ഇസ്മാഈൽ (അ) നെയും മാതാവിനെയും അവിടെ കൊണ്ടുവന്നാക്കിയ അവസരത്തിൽ പ്രാർത്ഥിച്ചതും, ഈ വചനത്തിലെ പ്രാർത്ഥന, ഇസ്മാഈൽ (അ) നബി വളർന്നു വലുതായശേഷം രണ്ടുപേരും കൂടി കഅ്ബയെ കെട്ടി ഉയർത്തിയ ശേഷം പ്രാർത്ഥിച്ചതും ആയിരിക്കണമെന്നാണു മനസ്സിലാകുന്നത്. പ്രാർത്ഥനയുടെ തുടർന്നുള്ള വാക്യങ്ങളിൽനിന്നും അതാണു മനസ്സിലാകുന്നതും. [Arabic] ഇബ്രാഹീം (അ) പ്രാർത്ഥന തുടരുന്നു:-

37. 'ഞങ്ങളുടെ റബ്ബേ! എന്റെ സന്തതികളിൽ നിന്നും (ചിലരെ) കൃഷിയുള്ളതല്ലാത്ത ഒരു താഴ്‌വരയിൽ ഞാൻ (ഇതാ) താമസിപ്പിച്ചിരിക്കുന്നു; (അതെ) നിന്റെ പവിത്രമായ വീട്ടിന്റെ അടുക്കൽ. ഞങ്ങളുടെ റബ്ബേ! അവർ നമസ്കാരം നിലനിറുത്തുവാൻ വേണ്ടി(യാണത്). ആകയാൽ, മനുഷ്യരിൽനിന്നുള്ള ചില ഹൃദയങ്ങളെ അവരുടെ നേരെ ചായുന്നതാക്കേണമേ! അവർക്ക ഫലവർഗ്ഗങ്ങളിൽ നിന്നും നീ ആഹാരം നൽകുകയും ചെയ്യേണമേ! അവർ നന്ദി കാണിച്ചേക്കാമല്ലോ.'

رَبَّنَآ إِنِّىٓ أَسْكَنتُ مِن ذُرِّيَّتِى بِوَادٍ غَيْرِ ذِى زَرْعٍ عِندَ بَيْتِكَ ٱلْمُحَرَّمِ رَبَّنَا لِيُقِيمُوا۟ ٱلصَّلَوٰةَ فَٱجْعَلْ أَفْـِٔدَةً مِّنَ ٱلنَّاسِ تَهْوِىٓ إِلَيْهِمْ وَٱرْزُقْهُم مِّنَ ٱلثَّمَرَٰتِ لَعَلَّهُمْ يَشْكُرُونَ ٣٧

---

37. ربنا ഞങ്ങളുടെ റബ്ബേ إني أسكنت ഞാൻ താമസി(പാർ)പ്പിച്ചിരിക്കുന്നു من ذريتي എന്റെ സന്തതികളിൽ നിന്നും بواد ഒരു താഴ്‌വരയിൽ غير അല്ലാത്തതായ ذي زرع വിള(കൃഷി)യുള്ളതു عند بيتك നിന്റെ വീട്ടിങ്കൽ المحرم പവിത്രമായ ربنا ഞങ്ങളുടെ റബ്ബേ ليقيموا അവർ നിലനിറുത്തുവാൻ വേണ്ടി الصلاة നമസ്കാരം فاجعل അതിനാൽ ആക്കേണമേ أفئدة ചില ഹൃദയങ്ങളെ من الناس മനുഷ്യരിൽ നിന്നു تهوي കനിയുന്ന (ചായുന്ന)തായി (ഇഷ്ടപ്പെടുന്ന) إليهم അവരിലേക്കു, അവരുടെ നേരെ وارزقهم അവർക്കു നീ ആഹാരം (ഉപജീവനം) നൽകുകയും വേണമേ من الثمرات ഫല(വർഗ്ഗ)ങ്ങളിൽ നിന്നു لعلهم അവരായേക്കാം, ആകുവാൻ വേണ്ടി يشكرون അവർ നന്ദിചെയ്യും

'കൃഷിയില്ലാത്ത രാജ്യം' കൊണ്ടു വിവക്ഷ മക്കാരാജ്യം തന്നെ. ചുറ്റുപാടും മലകളാൽ പൊതിയപ്പെട്ട ഒരു താഴ്‌വരയാണ് മക്കാരാജ്യം. അന്നും, ഇന്നും അതു കൃഷിരഹിതം തന്നെയാകുന്നു. 'നിന്റെ വീട്' എന്നുപറഞ്ഞത് കഅ്ബയെ ഉദ്ദേശിച്ചാകുന്നു. 'പവിത്രം' എന്നു അതിനെ വിശേഷിപ്പിച്ചതിന്റെ അർത്ഥം മേലിൽ പ്രാധാന്യം മുമ്പു വിവരിച്ചു കഴിഞ്ഞതാണ്. 'നിന്റെ വീട്ടിനടുത്തു താമസിപ്പിച്ചു' വെന്ന വാക്കിൽനിന്നു ഈ പ്രാർത്ഥന അദ്ദേഹം ചെയ്തത് കഅ്ബ സ്ഥാപിച്ചു കഴിഞ്ഞശേഷമാണെന്നു മനസ്സിലാക്കേണ്ടിയിരിക്കുന്നു. [Arabic]

'അവർ നമസ്കാരം നിലനിറുത്താൻവേണ്ടി അവരെ ഇവിടെ താമസിപ്പിച്ചിരിക്കുന്നു' എന്നു പറഞ്ഞതുകൊണ്ടു ഹജ്ജ് മുതലായ കഅ്ബയുടെ അടുക്കൽ വെച്ച് ചെയ്യപ്പെടേണ്ടുന്ന മറ്റു കർമ്മങ്ങൾ അപ്രധാനങ്ങളാണെന്നു കരുതേണ്ടതില്ല. അവയെപ്പറ്റി ഒന്നിലധികം സ്ഥലത്തു — ഇബ്രാഹീം (അ) നബിയുടെ വാക്കുകളിലായും, അല്ലാതെയും — വ്യക്തമായി ഖുർആനിൽ പ്രസ്താവിക്കപ്പെട്ടിട്ടുള്ളതാകുന്നു. അല്ലാഹുവിനെ മാത്രം ആരാധിക്കുവാൻവേണ്ടി ഒന്നാമതായി സ്ഥാപിക്കപ്പെട്ട പള്ളികൂടിയാണ് കഅ്ബാ മന്ദിരം. ആരാധനാകർമ്മങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാകട്ടെ, നമസ്കാരംതന്നെയുമാകുന്നു. ആ നിലക്ക് നമസ്കാരത്തെപ്പറ്റി അദ്ദേഹം ഈ പ്രാർത്ഥനയിൽ പ്രത്യേകം എടുത്തു പറഞ്ഞതായിരിക്കണം. افئدة 'മനുഷ്യരുടെ ഹൃദയങ്ങളെ' അവരുടെ നേർക്ക് ചായ്‌വു നൽകേണമെന്നും, 'ഫല വർഗ്ഗങ്ങളിൽ നിന്നും അവർക്കു ഉപജീവനം നൽകേണമെന്നു'മുള്ള അദ്ദേഹത്തിന്റെ പ്രാർത്ഥന അല്ലാഹു സ്വീകരിച്ചിട്ടുണ്ടെന്നുള്ളതിനു അനുഭവം തെളിവാകുന്നു. ജാഹിലിയ്യത്തിലും ഇസ്ലാമിലും തന്നെ മനുഷ്യഹൃദയങ്ങൾ മക്കയിലേക്കു ആകർഷിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. നാനാ രാജ്യങ്ങളിൽ നിന്നുമായി എല്ലാവിധ ഫലവർഗ്ഗങ്ങളും അവിടെ സുലഭമായി കിട്ടിക്കൊണ്ടിരിക്കുന്നതും പറയേണ്ടതില്ലല്ലോ. ഇബ്രാഹീം (അ) പ്രാർത്ഥന തുടരുന്നു:—

38. 'ഞങ്ങളുടെ റബ്ബേ, നിശ്ചയമായും നീ, ഞങ്ങൾ മറച്ചുവെക്കുന്നതിനെയും, ഞങ്ങൾ പരസ്യമാക്കുന്നതിനെയും, നീ അറിയുന്നു. ഭൂമിയിലാകട്ടെ, ആകാശത്തിലാകട്ടെ യാതൊന്നും അല്ലാഹുവിങ്കൽ മറഞ്ഞുപോകുകയില്ലതാനും.

٣٨- رَبَّنَا إِنَّكَ تَعْلَمُ مَا نُخْفِي وَمَا نُعْلِنُ ۗ وَمَا يَخْفَىٰ عَلَى اللَّهِ مِن شَيْءٍ فِي الْأَرْضِ وَلَا فِي السَّمَاءِ ۝

39. 'വാർദ്ധക്യ (കാല)ത്തിൽ എനിക്ക ഇസ്മാഈലിനെയും, ഇസ്ഹാഖിനെയും പ്രദാനം ചെയ്തവനായ അല്ലാഹുവിന്നു സർവ്വസ്തുതിയും! നിശ്ചയമായും, എന്റെ റബ്ബ് പ്രാർത്ഥന കേൾക്കുന്ന [സ്വീകരിക്കുന്ന]വൻ തന്നെയാകുന്നു.'

٣٩- الْحَمْدُ لِلَّهِ الَّذِي وَهَبَ لِي عَلَى الْكِبَرِ إِسْمَاعِيلَ وَإِسْحَاقَ ۚ إِنَّ رَبِّي لَسَمِيعُ الدُّعَاءِ ۝

---

38. ربنا ഞങ്ങളുടെ റബ്ബേ انك നിശ്ചയമായും നീ تعلم നീ അറിയും ما نخفي ഞങ്ങൾ മറച്ചുവെക്കുന്നതു وما نعلن ഞങ്ങൾ പരസ്യമാക്കുന്നതും وما يخفى മറഞ്ഞു പോകുകയുമില്ല على الله അല്ലാഹുവിങ്കൽ, അല്ലാഹുവിന്നു من شيء ഒരു വസ്തുവും (യാതൊന്നും)തന്നെ في الارض ഭൂമിയിൽ ولا في السماء ആകാശത്തിലും ഇല്ല 39. الحمد സ്തുതി (സർവ്വ സ്തുതി) لله അല്ലാഹുവിനാണു الذي وهب പ്രദാനം ചെയ്തവനായ لي എനിക്ക على الكبر വാർദ്ധക്യത്തിൽ اسماعيل ഇസ്മാഈലിനെ واسحاق ഇസ്ഹാഖിനെയും ان ربي നിശ്ചയമായും എന്റെ റബ്ബ് لسميع കേൾക്കുന്നവൻതന്നെ الدعاء പ്രാർത്ഥന

ഇസ്മാഈൽ (അ) നബിയാണു അദ്ദേഹത്തിന്റെ ആദ്യപുത്രൻ. ഇസ്മാഈലിനു പതിമൂന്നു വയസ്സായപ്പോഴാണു ഇസ്ഹാഖ് (അ) ജനിച്ചതെന്ന് പറയപ്പെടുന്നു. ഇതു ശരിയാണെങ്കിൽ, ഈ പ്രാർത്ഥന—അഥവാ ചുരുക്കത്തിലുള്ള ഭാഗം—കഅ്ബയുടെ നിർമ്മാണത്തിനു ശേഷം ഉണ്ടായതാണെന്നുള്ളതിനു ഇതും ഒരു തെളിവായിരിക്കും. ഇബ്രാഹീം (അ) നബിയുടെ പ്രാർത്ഥനയുടെ അവസാനഭാഗം ശ്രദ്ധിക്കുക:—

40. 'എന്റെ റബ്ബേ, എന്നെ നീ നമസ്കാരം നിലനിറുത്തുന്നവനാക്കേണമേ! എന്റെ സന്തതികളിൽ നിന്നും (നമസ്കാരം നിലനിറുത്തുന്നവരെ ഏർപ്പെടുത്തേണമേ)! ഞങ്ങളുടെ റബ്ബേ! എന്റെ പ്രാർത്ഥന സ്വീകരിക്കുകയും വേണമേ!

٤٠- رَبِّ اجْعَلْنِي مُقِيمَ الصَّلَاةِ وَمِن ذُرِّيَّتِي ۚ رَبَّنَا وَتَقَبَّلْ دُعَاءِ ۝

41. 'ഞങ്ങളുടെ റബ്ബേ, എനിക്കും, എന്റെ മാതാപിതാക്കള്‍ക്കും, സത്യവിശ്വാസികള്‍ക്കും, വിചാരണ നിലവില്‍ വരുന്ന ദിവസം നീ പൊറുത്തു തരേണമേ!'

رَبَّنَا اغْفِرْ لِي وَلِوَالِدَيَّ وَلِلْمُؤْمِنِينَ يَوْمَ يَقُومُ الْحِسَابُ ٤١

---

40 رَبِّ എന്റെ റബ്ബേ اجْعَلْنِي എന്നെ ആക്കേണമേ مُقِيمَ നിലനിറുത്തുന്നവന്‍ الصَّلَاةِ നമസ്കാരത്തെ وَمِن ذُرِّيَّتِي എന്റെ സന്തതികളില്‍നിന്നും رَبَّنَا ഞങ്ങളുടെ റബ്ബേ وَتَقَبَّلْ സ്വീകരിക്കുകയും വേണമേ دُعَاءِ എന്റെ പ്രാര്‍ത്ഥന 41. رَبَّنَا ഞങ്ങളുടെ റബ്ബേ اغْفِرْ لِي എനിക്ക പൊറുത്തുതരേണമേ وَلِوَالِدَيَّ എന്റെ മാതാപിതാക്കള്‍ക്കും وَلِلْمُؤْمِنِينَ സത്യവിശ്വാസികള്‍ക്കും يَوْمَ يَقُومُ നിലകൊള്ളുന്ന ദിവസം الْحِسَابُ വിചാരണ.

ഇബ്രാഹീം (അ) നബിയുടെ മാതാവിനെപ്പറ്റി നമുക്കൊന്നും അറിഞ്ഞുകൂടാ. എന്നാല്‍, അദ്ദേഹത്തിന്റെ പിതാവ് ഒരു വിഗ്രഹാരാധകനും, തൗഹീദില്‍ വിശ്വസിക്കാത്തവനുമായിരുന്നുവെന്നുള്ളതു പ്രസിദ്ധമാകുന്നു. അതു സ്ഥിതിക്കു അദ്ദേഹം മുശ്രിക്കായ പിതാവിനു വേണ്ടി പാപമോചനം തേടിയതിനുള്ള കാരണം സൂറത്തുബറാഅത്തു 114ല്‍ അല്ലാഹു വ്യക്തമാക്കിയിട്ടുണ്ട്. അദ്ദേഹം പിതാവിനോടു ചെയ്തിരുന്ന ഒരു വാഗ്ദത്തമനുസരിച്ചായിരുന്നു അതെന്നും, പിതാവ് അല്ലാഹുവിന്റെ ശത്രുവാണെന്നു വ്യക്തമായപ്പോള്‍ അദ്ദേഹം അയാളില്‍നിന്നു ഒഴിഞ്ഞുമാറിയെന്നുമാണതിന്റെ ചുരുക്കം. അതുകൊണ്ടു മുശ്രിക്കുകള്‍ക്കുവേണ്ടി പാപമോചനം തേടുന്ന വിഷയത്തില്‍ അദ്ദേഹത്തിന്റെ മാതൃക സ്വീകരിക്കാവതല്ലെന്നു സൂ: മുംതഹനഃയിലും അല്ലാഹു അറിയിച്ചിരിക്കുന്നു. അല്ലാഹു തന്റെ ഖലീലായി സ്വീകരിച്ചിട്ടുണ്ടെന്നു അല്ലാഹു തന്നെ പുകഴ്ത്തി പറഞ്ഞിട്ടുള്ള മഹാനാണു ഇബ്രാഹീം (അ) നബി (4:125) അദ്ദേഹത്തിലും അദ്ദേഹത്തിന്റെ കൂടെയുള്ളവരിലും നിങ്ങള്‍ക്കു നല്ല മാതൃകയുണ്ട് എന്നും അല്ലാഹു നമ്മെ അറിയിച്ചിരിക്കുന്നു. (60; 4, 6) അദ്ദേഹത്തിന്റെ മാര്‍ഗ്ഗം പിന്‍പറ്റണമെന്നും നമ്മോടു കല്‍പിക്കപ്പെട്ടിരിക്കുന്നു (3: 95) ഇതെല്ലാം മുമ്പില്‍ വെച്ചുകൊണ്ട് ഇബ്രാഹീം (അ) നബിയുടെ ഈ ദീര്‍ഘമായ പ്രാര്‍ത്ഥനയിലെ മാതൃകകള്‍ ഓരോ സത്യവിശ്വാസിയും സ്വീകരിക്കേണ്ടതാകുന്നു. ഈ പ്രാര്‍ത്ഥനയില്‍ നിന്നും നാം മനസ്സിലാക്കേണ്ടുന്ന ചില സംഗതികള്‍ ചൂണ്ടിക്കാട്ടാം:—

(1) പ്രാര്‍ത്ഥനകളില്‍ ആദ്യം സ്വന്തം ദേഹത്തിന്റെയും, പിന്നീടു അവനുമായി കൂടുതല്‍ ബന്ധപ്പെട്ടവരുടെയും, അതിനുശേഷം പൊതുവില്‍ മറ്റുള്ളവരുടെയും കാര്യം എടുത്തു പറയുന്നതാണ് മര്യാദ. 35-ാം വചനത്തില്‍ 'എന്നെയും എന്റെ മക്കളെയും' എന്നും, 40ല്‍ 'എന്നെയും എന്റെ സന്തതികളില്‍നിന്നും' എന്നും, 41ല്‍ 'എനിക്കും എന്റെ മാതാപിതാക്കള്‍ക്കും സത്യവിശ്വാസികള്‍ക്കും' എന്നും അദ്ദേഹം പറഞ്ഞതില്‍നിന്നു ഇതു മനസ്സിലാക്കാം. പ്രാര്‍ത്ഥനയില്‍ മറ്റൊരാളുടെ കാര്യം കൂടി ഉള്‍പ്പെടുത്തുമ്പോള്‍ നബി (സ) ആദ്യം സ്വന്തം ദേഹംകൊണ്ടാണ് തുടങ്ങാറുണ്ടായിരുന്നതെന്നു തിര്‍മദി (റ) ഉദ്ധരിച്ച ഒരു ഹദീസിലും വന്നിട്ടുണ്ട്. (2) സ്വന്തം നന്മക്കുവേണ്ടി മാത്രം പ്രാര്‍ത്ഥിക്കുക പതിവാക്കരുത്. കുടുംബത്തിന്റെ നന്മയും, പൊതുവെ സത്യവിശ്വാസികളുടെ നന്മയും പ്രാര്‍ത്ഥിക്കേണ്ടതാകുന്നു. 'നിങ്ങളുടെ സ്വന്തങ്ങളെയും നിങ്ങളുടെ കുടുംബങ്ങളെയും നിങ്ങള്‍ ജഹന്നമില്‍ (നരകത്തില്‍) നിന്നു സൂക്ഷിക്കണ'മെന്നു (66:6ല്‍) അല്ലാഹു കല്‍പിച്ചിരിക്കുന്നു. സൂക്ഷിക്കേണ്ട പല മാര്‍ഗ്ഗങ്ങളില്‍ ഒന്നത്രെ അവര്‍ക്കു വേണ്ടിയുള്ള പ്രാര്‍ത്ഥനയും. ഒരാളുടെ അഭാവത്തില്‍ അയാള്‍ക്കു വേണ്ടിയുള്ള പ്രാര്‍ത്ഥനക്ക് പ്രത്യേകം ഉത്തരം ലഭിക്കുന്നതാണെന്നു നബി വചനങ്ങളില്‍ വന്നിട്ടുള്ളതും പ്രസ്താവ്യമാകുന്നു.

(3) പ്രാര്‍ത്ഥനയില്‍ മുന്‍ഗണന നല്‍കേണ്ടതു ശിര്‍ക്ക്, കുഫ്ര്‍ മുതലായ മഹാപാപങ്ങളില്‍ നിന്നുള്ള രക്ഷക്കുവേണ്ടിയും, നമസ്കാരം പോലെയുള്ള പ്രധാന കടമകള്‍ പാലിക്കുവാനുള്ള തൗഫീഖിനു വേണ്ടിയുമായിരിക്കണം. അതോടൊപ്പം തന്നെ, ഐഹികമായ സൗകര്യങ്ങളും സൗഖ്യങ്ങളും തന്നെ നിലക്കു ലഭിക്കുവാനും നന്മകള്‍ക്കും പ്രാര്‍ത്ഥിക്കേണ്ടതുണ്ട്. തന്റെ സന്തതികളുടെ നേരെ ജനഹൃദയങ്ങള്‍ക്കു ചായ്‌വു നല്‍കുവാനും, അവര്‍ക്കു ഫലവര്‍ഗ്ഗങ്ങളില്‍ ആഹാരം നല്‍കുവാനും വേണ്ടി അദ്ദേഹം പ്രാര്‍ത്ഥിച്ചതായി 37-ാം വചനത്തില്‍ കണ്ടുവല്ലോ. അനസ് (റ) ഉദ്ധരിക്കുന്ന ഒരു ഹദീസില്‍ ഇപ്രകാരം വന്നിരിക്കുന്നു: 'നിങ്ങളോരോരുത്തനും തന്റെ ആവശ്യങ്ങളെല്ലാം മുഴുവനും അല്ലാഹുവിനോടു ചോദിച്ചുകൊള്ളട്ടെ. അവന്റെ ചെരുപ്പിന്റെ വാറ് (പട്ട) മുറിഞ്ഞാല്‍ അതിനും കൂടി ചോദിക്കട്ടെ'. (തി) വേണ്ടുന്ന ആവശ്യങ്ങളെല്ലാം പ്രാര്‍ത്ഥിച്ചാല്‍ അല്ലാഹുവില്‍നിന്ന് ലഭിക്കുമെന്നല്ല ഇതിന്റെ അര്‍ത്ഥം, എത്ര നിസ്സാര

കാര്യം പോലും സാധിച്ചു കിട്ടുവാൻ അല്ലാഹുവിന്റെ സഹായം കൂടാതെ കഴിയാത്തതുകൊണ്ടു അതിനുള്ള സൗകര്യലഭ്യത്തിനുവേണ്ടി അവനോടു പ്രാർത്ഥിക്കേണ്ടതുണ്ട് എന്നാണു താൽപര്യം. തിർമദി (റ) തന്നെ ഇബ്നു ഉമർ (റ)ൽ നിന്നു ഉദ്ധരിച്ച ഒരു ഹദീസിൽ ഇങ്ങിനെയും വന്നിരിക്കുന്നു: 'നിങ്ങളിൽ ആരെങ്കിലൊരാൾക്കു പ്രാർത്ഥനയുടെ വാതിൽ തുറക്കപ്പെട്ടിരിക്കുന്നുവോ (പ്രാർത്ഥന അവന്റെ പതിവായിത്തീരുന്നുവോ) അവനു അല്ലാഹുവിന്റെ കാരുണ്യത്തിന്റെ വാതിലുകൾ തുറക്കപ്പെട്ടു. ആപത്തുകളിൽ നിന്നുള്ള രക്ഷ ചോദിക്കുന്നതിനെക്കാൾ അല്ലാഹുവിനു ഇഷ്ടപ്പെട്ടതായി മറ്റൊന്നുമില്ല.'

(4) അല്ലാഹുവിന്റെ വിധിവ്യവസ്ഥകൾക്കും, നിയമ നടപടികൾക്കും എതിരായ ആവശ്യങ്ങളൊന്നും പ്രാർത്ഥനയിൽ ഉൾപ്പെടുത്തരുത്. മനുഷ്യവർഗ്ഗം മുഴുവനും സന്മാർഗ്ഗത്തിൽ ഉറച്ചു നിൽക്കുകയില്ലെന്നും, അവരിൽ സന്മാർഗ്ഗികളും, ദുർമാർഗ്ഗികളും ഉണ്ടായിരിക്കുമെന്നുള്ളതു അല്ലാഹുവിന്റെ അറിവിലും മുൻനിശ്ചയങ്ങളിലും പെട്ടതാകുന്നു. നേരെമറിച്ചു ആഹാരം പോലെയുള്ള ജീവിതാവശ്യങ്ങളാകട്ടെ–സന്മാർഗ്ഗ ദുർമ്മാർഗ്ഗ വ്യത്യാസമില്ലാതെ–പൊതുവിൽ എല്ലാവർക്കും നൽകുമെന്നും അവൻ നിശ്ചയിച്ചിരിക്കുന്നു. ഈ അടിസ്ഥാനത്തിലാണ് ആഹാരകാര്യത്തെക്കുറിച്ചു പ്രാർത്ഥിച്ചപ്പോൾ, 'അവർക്കു ആഹാരം നൽകണേ' എന്നു പൊതുവായി പറഞ്ഞതുപോലെ, നമസ്കാരത്തെക്കുറിച്ചു പ്രസ്താവിച്ചപ്പോൾ 'എന്റെ സന്തതികളെയും' എന്നു പറയാതെ, 'എന്റെ സന്തതികളിൽ നിന്നും നമസ്കാരം നിലനിർത്തുന്നവരെ ഏർപ്പെടുത്തേണമേ' എന്നുമാത്രം പറഞ്ഞത്. അതുപോലെത്തന്നെ, കൃഷിക്കനുകൂലമായ പ്രകൃതമല്ലാത്ത ആ നാട്ടുകാർക്ക് കൃഷിമൂലം ആഹാരം നൽകേണമേ എന്നു പ്രാർത്ഥിക്കാതെ, ഫലവർഗ്ഗങ്ങളാൽ ആഹാരം നൽകേണമേ എന്നുമാണ് അദ്ദേഹം പ്രാർത്ഥിച്ചതും. ഈ തത്വം ഒരു ഹദീസിൽ നബി (സ) ഇപ്രകാരം ചൂണ്ടിക്കാട്ടിയിരിക്കുന്നു: 'കുറ്റകരമോ, ചാർച്ചാബന്ധം മുറിക്കുന്നതോ ആയ കാര്യത്തിനുവേണ്ടി പ്രാർത്ഥിക്കാത്തപ്പോൾ, അടിയന്റെ പ്രാർത്ഥനക്കു ഉത്തരം ലഭിക്കുന്നതാണ്–അവൻ ധൃതി കാണിക്കാത്ത പക്ഷം'. ഇതു കേട്ടപ്പോൾ 'എന്താണു ധൃതികാണിക്കൽ?' എന്നു സഹാബികൾ ചോദിച്ചു. അപ്പോൾ തിരുമേനി പറഞ്ഞു: 'ഞാൻ പ്രാർത്ഥിച്ചു, എനിക്കുത്തരം കിട്ടുന്നില്ല' എന്നിങ്ങിനെ പറഞ്ഞ് മനസ്സ് മടുക്കുകയും, പ്രാർത്ഥന ഉപേക്ഷിക്കുകയും ചെയ്യലാകുന്നു.' (മു)

(5) പ്രാർത്ഥിക്കുന്നവന് അല്ലാഹു ചെയ്തുകൊടുത്തിട്ടുള്ള അനുഗ്രഹങ്ങൾക്കു പ്രാർത്ഥനാവേളയിൽ നന്ദി പ്രകടമാക്കുന്നതും, അവന്റെ ഔദാര്യഗുണങ്ങളിൽ അവനെ പുകഴ്ത്തുകയും സ്തുതിക്കുകയും ചെയ്യുന്ന വാക്യങ്ങൾ സന്ദർഭോചിതം ഉണ്ടായിരിക്കേണ്ടതുണ്ട്. ഇബ്രാഹീം (അ) നബിയുടെ ഈ പ്രാർത്ഥനാ വാക്യങ്ങളിൽ മാത്രമല്ല, ഖുർആനിൽ കാണുന്ന പല പ്രാർത്ഥനാവാക്യങ്ങളിൽ നിന്നും, നബി (സ) തിരുമേനിയുടെ പ്രാർത്ഥനകളിൽ നിന്നുമെല്ലാം തന്നെ മനസ്സിലാക്കാവുന്നതാണിത്.

വിഭാഗം–7

٤٢ وَلَا تَحْسَبَنَّ ٱللَّهَ غَـٰفِلًا عَمَّا يَعْمَلُ ٱلظَّـٰلِمُونَ ۚ إِنَّمَا يُؤَخِّرُهُمْ لِيَوْمٍ تَشْخَصُ فِيهِ ٱلْأَبْصَـٰرُ

42. അക്രമികൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനെപ്പറ്റി അല്ലാഹു അശ്രദ്ധനാണെന്നു തീർച്ചയായും നീ വിചാരിക്കരുത്. ഒരു ദിവസത്തേക്ക് അവരെ (നീട്ടിവെച്ച്) പിന്തിക്കുക മാത്രമാണവൻ ചെയ്യുന്നത്: അന്ന് ദൃഷ്ടികൾ (മേല്പോട്ടു) തുറിച്ചുനോക്കുന്നതാണ്;

---

42. ولا تحسبن തീർച്ചയായും നീ വിചാരിക്ക(ഗണിക്ക)രുതു الله അല്ലാഹുവിനെ غافلا അശ്രദ്ധനാണെന്നു عما يعمل പ്രവർത്തിക്കുന്നതിനെപ്പറ്റി الظالمون അക്രമികൾ إنما يؤخرهم അവൻ അവരെ പിന്തിക്കുക മാത്രം ചെയ്യുന്നു ليوم ഒരു ദിവസത്തേക്കു تشخص ഉയരും (തുറിച്ചു നോക്കും) فيه അതിൽ (അന്ന്) الأبصار ദൃഷ്ടി (കണ്ണു)കൾ

٤٣- مُهْطِعِينَ مُقْنِعِي رُءُوسِهِمْ لَا يَرْتَدُّ إِلَيْهِمْ طَرْفُهُمْ ۖ وَأَفْئِدَتُهُمْ هَوَاءٌ ○

43. തങ്ങളുടെ തലകളെ, ഉയർത്തിപ്പിടിച്ചുകൊണ്ടു ധൃതിപ്പെട്ടു വരുന്നവരായിട്ട്—അവരുടെ (കൺ) മിഴി അവരിലേക്ക് തിരിച്ചുവരുകയില്ല. [അവർ പൂർണ്ണമായും പരിഭ്രാന്തരായിരിക്കും] അവരുടെ ഹൃദയങ്ങളാകട്ടെ (ബോധമില്ലാതെ) ഒഴിഞ്ഞതുമായിരിക്കും.

---

43. مُهْطِعِينَ ധൃതിപ്പെട്ടു വരുന്നവരായി مُقْنِعِي ഉയർത്തിപ്പിടിച്ചുകൊണ്ടു رُءُوسِهِمْ അവരുടെ തലകളെ لَا يَرْتَدُّ തിരിച്ചു(മടങ്ങി)വരുകയില്ല إِلَيْهِمْ അവരിലേക്ക് طَرْفُهُمْ അവരുടെ മിഴി, കൺമിഴി وَأَفْئِدَتُهُمْ അവരുടെ ഹൃദയങ്ങളാകട്ടെ هَوَاءٌ അന്തരീക്ഷമാണ്, വായുവായിരിക്കും (ഒഴിഞ്ഞതായിരിക്കും)

മുശ്‌രിക്കുകളടക്കമുള്ള എല്ലാ അക്രമികളുടെയും—അവർ ഏതു കാലത്തും ദേശത്തുമുള്ളവരായാലും ശരി—നേരെ ശിക്ഷാ നടപടികളൊന്നും എടുക്കാതെ വിട്ടിരിക്കുന്നതു അവരെപ്പറ്റി അല്ലാഹു അശ്രദ്ധനായതു കൊണ്ടൊന്നുമല്ല. വിചാരണ നാളിലേക്ക് നീട്ടിവെച്ചിരിക്കുക മാത്രമാണ്. അന്ന് അവരുടെ മേൽ കർശനമായ നടപടി എടുക്കുക തന്നെ ചെയ്യുമെന്നു അല്ലാഹു അവരെ താക്കീതു ചെയ്യുകയാണ്. പുനരുത്ഥാനത്തിലുള്ള കാഹള വിളിയുണ്ടാകുമ്പോൾ എല്ലാവരും താന്താങ്ങളുടെ ഖബ്‌റുകളിൽ (മരണശേഷം മറക്കപ്പെട്ട സ്ഥാനങ്ങളിൽ)നിന്നു വിചാരണ നിലയിലേക്ക് പരിഭ്രാന്തരായിക്കൊണ്ടു എഴുന്നേറ്റു വരുമ്പോഴുണ്ടാകുന്ന അവരുടെ ദാരുണമായ സ്ഥിതിഗതികളാണ് തുടർന്നുള്ള വാക്യങ്ങളിൽ ചിത്രീകരിച്ചിരിക്കുന്നത്.

٤٤- وَأَنذِرِ النَّاسَ يَوْمَ يَأْتِيهِمُ الْعَذَابُ فَيَقُولُ الَّذِينَ ظَلَمُوا رَبَّنَا أَخِّرْنَا إِلَىٰ أَجَلٍ قَرِيبٍ نُّجِبْ دَعْوَتَكَ وَنَتَّبِعِ الرُّسُلَ ۗ أَوَلَمْ تَكُونُوا أَقْسَمْتُم مِّن قَبْلُ مَا لَكُم مِّن زَوَالٍ ○

44. മനുഷ്യർക്ക് ശിക്ഷ വരുന്ന (ആ) ദിവസത്തെപ്പറ്റി അവർക്ക് മുന്നറിയിപ്പു നൽകുക.

അപ്പോൾ അക്രമം ചെയ്തവർ പറയും: 'ഞങ്ങളുടെ റബ്ബേ! അടുത്തതായ ഒരവധിവരേക്ക് ഞങ്ങളെ (ഒഴിവാക്കി) പിന്തിച്ചു തരേണമേ! ഞങ്ങൾ നിന്റെ വിളിക്കു ഉത്തരം ചെയ്യുകയും, റസൂലുകളെ പിൻപറ്റുകയും ചെയ്തുകൊള്ളാം.!' (അവരോടു പറയപ്പെടും:) 'നിങ്ങൾ മുമ്പ് സത്യം ചെയ്തിരുന്നില്ലേ, നിങ്ങൾക്ക് (ഐഹിക ജീവിതം വിട്ടു) യാതൊരു നീക്കവും ഇല്ലെന്ന്?!

---

44. وَأَنذِرِ നീ മുന്നറിയിപ്പു (താക്കീതു) നൽകുക النَّاسَ മനുഷ്യർക്കു يَوْمَ ദിവസത്തെപ്പറ്റി يَأْتِيهِمُ അവർക്കു വരുന്ന الْعَذَابُ ശിക്ഷ فَيَقُولُ അപ്പോൾ പറയും الَّذِينَ ظَلَمُوا അക്രമം ചെയ്തവർ رَبَّنَا ഞങ്ങളുടെ റബ്ബേ أَخِّرْنَا ഞങ്ങളെ പിന്തിച്ചു (ഒഴിവാക്കി) തരുക إِلَىٰ أَجَلٍ ഒരവധിവരെ قَرِيبٍ അടുത്തതായ نُّجِبْ ഞങ്ങൾ ഉത്തരം ചെയ്യാം دَعْوَتَكَ നിന്റെ വിളിക്ക്, ക്ഷണനത്തിന് وَنَتَّبِعِ ഞങ്ങൾ പിൻപറ്റുകയും ചെയ്യാം الرُّسُلَ റസൂലുകളെ أَوَلَمْ تَكُونُوا നിങ്ങളായിരുന്നില്ലേ أَقْسَمْتُم നിങ്ങൾ സത്യം ചെയ്തു مِّن قَبْلُ മുമ്പ് مَا لَكُم നിങ്ങൾക്കില്ല എന്നു مِّن زَوَالٍ ഒരു നീക്കവും (മാറ്റവും)

45. തങ്ങളുടെ സ്വന്തങ്ങളോടു അക്രമം പ്രവര്‍ത്തിച്ചവരുടെ വാസസ്ഥലങ്ങളില്‍ നിങ്ങള്‍ താമസിക്കുകയും ചെയ്തു; അവരെക്കൊണ്ടു നാം എങ്ങിനെ ചെയ്തുവെന്നു നിങ്ങള്‍ക്കു വ്യക്തമാ(യി മനസ്സിലാ)കുകയും ചെയ്തു; നിങ്ങള്‍ക്കു നാം ഉപമകള്‍ വിവരിച്ചു തരികയും ചെയ്തു. [എന്നിട്ടൊന്നും നിങ്ങള്‍ അന്നു വിശ്വസിച്ചില്ല]'

٤٥- وَسَكَنتُمْ فِي مَسَٰكِنِ ٱلَّذِينَ ظَلَمُوٓا۟ أَنفُسَهُمْ وَتَبَيَّنَ لَكُمْ كَيْفَ فَعَلْنَا بِهِمْ وَضَرَبْنَا لَكُمُ ٱلْأَمْثَالَ ○

---

45. وَسَكَنتُمْ നിങ്ങള്‍ വസിക്കുക (താമസിക്കുക)യും ചെയ്തു فِي مَسَاكِنِ വാസസ്ഥല (പാര്‍പ്പിട)ങ്ങളില്‍ الَّذِينَ ظَلَمُوا അക്രമം പ്രവര്‍ത്തിച്ചവരുടെ أَنفُسَهُمْ തങ്ങളോടു തന്നെ, തങ്ങളുടെ സ്വന്തത്തോടു وَتَبَيَّنَ വ്യക്തമായിത്തീരുകയും ചെയ്തു لَكُمْ നിങ്ങള്‍ക്കു كَيْفَ എങ്ങിനെയെന്നു فَعَلْنَا നാം ചെയ്തതു بِهِمْ അവരെക്കൊണ്ടു, അവരില്‍ وَضَرَبْنَا നാം ആക്കുക (വിവരിക്കുക)യും ചെയ്തു لَكُمُ നിങ്ങള്‍ക്കു الْأَمْثَالَ ഉപമകളെ

മരണാനന്തര ജീവിതത്തെ നിഷേധിക്കുന്നവര്‍ വിചാരണാനന്തരമുള്ള ശിക്ഷാനുഭവങ്ങള്‍ കാണുമ്പോള്‍, തങ്ങളെ കുറച്ചു കാലത്തേക്കെങ്കിലും ഒന്നുകൂടി ഇഹലോകത്തേക്കു മടക്കിത്തന്നാല്‍, തങ്ങള്‍ സത്യബോധവും സത്യവിശ്വാസവും സ്വീകരിച്ചു നന്നായിക്കൊള്ളാമെന്നു കേണപേക്ഷിക്കും. അതുകൊണ്ടു ഒരു ഫലവും അവര്‍ക്കു കിട്ടുവാന്‍ പോകുന്നില്ല. അതിനു ഇടവരുത്താതെ നോക്കേണ്ടതിനെ സംബന്ധിച്ചു ജനങ്ങളെ താക്കീതു ചെയ്യാന്‍ അല്ലാഹു നബി (സ)യോടു കല്‍പിക്കുകയാണ്.

മരണാനന്തര ജീവിതത്തെ നിഷേധിക്കുന്നവര്‍, ഈ ലോക ജീവിതമല്ലാതെ മറ്റൊരു ജീവിതമില്ലെന്നു തീര്‍ത്തു പറയും. അതെ, وَأَقْسَمُوا بِاللَّهِ جَهْدَ أَيْمَانِهِمْ لَا يَبْعَثُ اللَّهُ مَن يَمُوتُ (മരണപ്പെടുന്നവരെ അല്ലാഹു എഴുന്നേല്‍പിക്കുകയില്ലെന്നു അവര്‍ തങ്ങളാല്‍ കഴിയുന്നത്ര ശക്തിയായി സത്യം ചെയ്തു.) (16:38) ഇതേ വാക്കല്ലെങ്കില്‍, ഈ അര്‍ത്ഥത്തിലുള്ള വാക്കുകളില്‍ എല്ലാ കാലത്തെ നിഷേധികളും അതു ഉറപ്പിച്ചും തറപ്പിച്ചും പറയാറുള്ളതാകുന്നു. ഇത്രയും ശക്തമായ ഭാഷയില്‍ നിങ്ങള്‍ നിഷേധിച്ചുവന്നിരുന്ന ആ ജീവിതം ഇപ്പോള്‍ നിങ്ങളെ അഭിമുഖീകരിച്ചിരിക്കുന്നു! നിങ്ങളുടെ ആ സത്യങ്ങളൊക്കെ എവിടെപ്പോയി?! എന്നൊക്കെയുള്ള പരിഹാസവും, ആക്ഷേപവുമാണ് أَوَلَمْ تَكُونُوا ...... (നിങ്ങള്‍ സത്യം ചെയ്തിരുന്നില്ലേ....) എന്നു തുടങ്ങിയ വാക്യത്തില്‍ കാണുന്നത്. നിങ്ങളെപ്പോലെ നിഷേധികളായിരുന്ന പല ജനതകളും മുമ്പു കഴിഞ്ഞുപോകുകയും, അവരുടെ മേല്‍ അല്ലാഹു ചില ശിക്ഷാ നടപടികള്‍ എടുക്കുകയും ഉണ്ടായിട്ടുണ്ട്. അവരുടെയെല്ലാം അവര്‍ വസിച്ചിരുന്ന നാടുകളില്‍ കഴിഞ്ഞുകൂടുന്ന നിങ്ങള്‍ക്കു അതെല്ലാം ശരിക്കും മനസ്സിലാക്കുവാന്‍ കഴിയുന്നതുമാണ്. മാത്രമല്ല, പ്രവാചകന്മാരും, വേദഗ്രന്ഥങ്ങളും മുഖേന അവരുടെ ഉദാഹരണങ്ങളും, അവരും നിങ്ങളുമായുള്ള സാദൃശ്യവും നിങ്ങള്‍ക്കു വിവരിച്ചു തരപ്പെടുകയും ചെയ്തിരിക്കുന്നു. എന്നിട്ടും നിങ്ങള്‍ പാഠം പഠിച്ചില്ല. നിങ്ങളുടെ നിഷേധത്തില്‍നിന്നു നിങ്ങള്‍ പിന്മാറിയതുമില്ല. അതുകൊണ്ടു ഈ ഗതികേടു നിങ്ങള്‍ക്കു അനുഭവിക്കേണ്ടിവന്നത്. എന്നൊക്കെയാണ് പിന്നീട് പറഞ്ഞതിന്റെ സാരം. തുടര്‍ന്നുകൊണ്ടു അല്ലാഹു പറയുന്നു:

46. അവര്‍ അവരുടെ തന്ത്രം പ്രയോഗിക്കുകയുണ്ടായി. അവരുടെ തന്ത്രം അല്ലാഹുവിന്റെ അടുക്കലുമുണ്ടുതാനും. [അതവന്‍ രേഖപ്പെടുത്തിവെച്ചിട്ടുണ്ട്] അവരുടെ തന്ത്രം - അതു നിമിത്തം പര്‍വ്വതങ്ങള്‍ (അതിന്റെ സ്ഥാനത്തുനിന്നു) നീങ്ങിപ്പോകുവാന്‍ (തക്കതൊന്നും) ആയിട്ടില്ല.

٤٦- وَقَدْ مَكَرُوا۟ مَكْرَهُمْ وَعِندَ ٱللَّهِ مَكْرُهُمْ وَإِن كَانَ مَكْرُهُمْ لِتَزُولَ مِنْهُ ٱلْجِبَالُ ○

---

46. وَقَدْ مَكَرُوا അവര്‍ തന്ത്രം പ്രയോഗിച്ചിട്ടുണ്ട് مَكْرَهُمْ അവരുടെ തന്ത്രം وَعِندَ اللَّهِ അല്ലാഹുവിന്റെ അടുക്കലുണ്ടുതാനും مَكْرُهُمْ അവരുടെ തന്ത്രം وَإِن كَانَ ആയിട്ടില്ല (ഇല്ല). നിഷേധമായും ആകുന്ന مَكْرُهُمْ അവരുടെ തന്ത്രം لِتَزُولَ നീങ്ങിപ്പോകുവാന്‍ (തക്കവണ്ണം) مِنْهُ അതു നിമിത്തം الْجِبَالُ മലകള്‍, പര്‍വ്വതങ്ങള്‍

അവർ തങ്ങൾക്ക് കഴിയുമാറുള്ള എല്ലാ തന്ത്രങ്ങളും അക്രമങ്ങളും പ്രയോഗിച്ചുകൊണ്ടിരുന്നു. ഒന്നും അല്ലാഹു അറിയാതെ പോയിട്ടില്ല. എല്ലാം അവൻ രേഖപ്പെടുത്തിവെച്ചിട്ടുണ്ട്. അതിന്റെ ഫലം അവർക്ക് വഴിയെ അനുഭവിക്കുകയും ചെയ്യും. അവർ പ്രയോഗിച്ച തന്ത്രങ്ങൾ എത്ര വമ്പിച്ചതായിരുന്നാലും പർവ്വതങ്ങളെ സ്ഥാനം വിട്ടു നീക്കത്തക്കവണ്ണം അത്ര വമ്പിച്ചതൊന്നുമായിരുന്നില്ല അവ എന്നു സാരം.

അവസാന വാക്യത്തിലെ وَإِنْ كَانَ (വഇൻ-കാന) എന്ന വാക്കിനു 'ആയിട്ടില്ല' എന്ന നിഷേധ രൂപത്തിലും 'നിശ്ചയമായും ആയിരിക്കുന്നു' എന്നു സ്ഥാപനരൂപത്തിലും അർത്ഥം കൽപിക്കുവാൻ സാധ്യതയുണ്ട്. (*) രണ്ടു പ്രകാരത്തിലും ഖുർആൻ വ്യാഖ്യാതാക്കൾ അർത്ഥം കൽപിച്ചിട്ടുമുണ്ട്. ഒന്നാമത്തെ അർത്ഥപ്രകാരം, അവരുടെ തന്ത്രം നിമിത്തം പർവ്വതങ്ങൾ നീങ്ങിപ്പോകുവാനായിട്ടില്ല-അഥവാ അതു അത്ര വമ്പിച്ചതായിരുന്നില്ല-എന്നു പരിഹാസരൂപത്തിൽ പറഞ്ഞതായിരിക്കും ആ വാക്യം. ഈ അർത്ഥമാണ് പരിഭാഷയിൽ സ്വീകരിക്കപ്പെട്ടിരിക്കുന്നത്. ഭൂമിയിലൂടെ അഹങ്കരിച്ചു നടക്കുന്നവരോടു ... إِنَّكَ لَن تَخْرِقَ الْأَرْضَ (നീ ഭൂമിയെ കീറിപ്പൊളിക്കുകയില്ല, നീളത്തിൽ പർവ്വതങ്ങളോളം നീ എത്തുകയുമില്ല. (17:37) എന്നു പറഞ്ഞതുപോലെയുള്ള ഒരു പ്രയോഗമായിരിക്കും അപ്പോൾ അത്. രണ്ടാമത്തെ അർത്ഥപ്രകാരം, അവരുടെ കുതന്ത്രം നിമിത്തം പർവ്വതങ്ങൾ നീങ്ങിപ്പോകുമാറായിരിക്കുന്നു-അഥവാ അവ വളരെ വമ്പിച്ചതായിരുന്നുവെന്നു പരിഹാസരൂപത്തിൽ പറഞ്ഞു നിന്ദിക്കലായിരിക്കും ഉദ്ദേശ്യം. അപ്പോൾ, അല്ലാഹുവിനു മക്കളുണ്ടെന്നു പറയുന്നവരുടെ വാദത്തെപ്പറ്റി ..... تَكَادُ السَّمَاوَاتُ يَتَفَطَّرْنَ (ആകാശങ്ങൾ അതു മൂലം പൊട്ടിപ്പിളരുകയും, ഭൂമി വിണ്ടു കീറുകയും, മലകൾ തകർന്നു വീഴുകയും ചെയ്യുമാറാകുന്നു! (19:20) എന്നു പറഞ്ഞതുപോലെയുള്ള ഒരു പ്രയോഗവുമായിരിക്കും. ഏതിൽ ഏതർത്ഥം സ്വീകരിച്ചാലും ശരി, അവരുടെ തന്ത്രം എത്ര തന്നെ കടുത്തതായിരുന്നാലും അല്ലാഹുവിന്റെ മുമ്പിൽ അതു കേവലം നിസ്സാരമാണെന്നായിരിക്കും ആ വാക്യത്തിന്റെ താൽപര്യം.

فَلَا تَحْسَبَنَّ ٱللَّهَ مُخْلِفَ وَعْدِهِۦ رُسُلَهُۥٓ ۚ إِنَّ ٱللَّهَ عَزِيزٌ ذُو ٱنتِقَامٍ ﴿٤٧﴾

47. ആകയാൽ, അല്ലാഹുവിനെക്കുറിച്ച് അവന്റെ റസൂലുകളോടുള്ള വാഗ്ദത്തം (അവൻ) ലംഘിക്കുന്നവനാണെന്നു തീർച്ചയായും നീ വിചാരിച്ചുപോകരുത്. നിശ്ചയമായും അല്ലാഹു, പ്രതാപശാലിയും, ശിക്ഷാനടപടി എടുക്കുന്നവനുമാണ്.

يَوْمَ تُبَدَّلُ ٱلْأَرْضُ غَيْرَ ٱلْأَرْضِ وَٱلسَّمَٰوَٰتُ ۖ وَبَرَزُوا۟ لِلَّهِ ٱلْوَٰحِدِ ٱلْقَهَّارِ ﴿٤٨﴾

48. (അതെ) ഭൂമി (ഈ) ഭൂമിയല്ലാത്തതായും, ആകാശങ്ങളും (ഈ ആകാശങ്ങളല്ലാത്തതായും) മാറ്റപ്പെടുന്ന ദിവസം! അവർ (എല്ലാം) ഏകനായ, സർവ്വാധികാരിയായ അല്ലാഹുവിങ്കലേക്കു (ഖബറുകളിൽനിന്നു) പ്രത്യക്ഷപ്പെട്ടു വരുകയും ചെയ്യും.

---

47. فَلَا تَحْسَبَنَّ ആകയാൽ, തീർച്ചയായും നീ കരുതേണ്ട (ഗണിക്കരുത്) اللَّهَ അല്ലാഹുവിനെ مُخْلِفَ വ്യത്യാസം ചെയ്യുന്ന (ലംഘിക്കുന്ന) വനെന്നു وَعْدِهِ അവന്റെ വാഗ്ദത്തത്തെ رُسُلَهُ അവന്റെ റസൂലുകളോടു إِنَّ اللَّهَ നിശ്ചയമായും അല്ലാഹു عَزِيزٌ പ്രതാപശാലിയാണ്, വിര്യപ്പെട്ടവനാണ് ذُو انْتِقَامٍ ശിക്ഷാ നടപടിയുള്ളവനാണ് 48. يَوْمَ تُبَدَّلُ മാറ്റ (പകരമാക്ക)പ്പെടുന്ന ദിവസം الْأَرْضُ ഭൂമി غَيْرَ الْأَرْضِ ഭൂമിയല്ലാത്തതായി (മറ്റൊരു ഭൂമിയായി) وَالسَّمَاوَاتُ ആകാശങ്ങളും وَبَرَزُوا അവർ പ്രത്യക്ഷപ്പെടുക [വെളിക്കു വരുക-വെളിവാകുക]യും ചെയ്യും لِلَّهِ الْوَاحِدِ ഏകനായ അല്ലാഹുവിങ്കലേക്ക് الْقَهَّارِ സർവ്വാധികാരിയായ

ഈ ഭൂമി മറ്റൊരു ഭൂമിയായും, ആകാശങ്ങൾ വേറെ ആകാശങ്ങളായും മാറ്റപ്പെടുന്ന ദിവസം എന്നു പറഞ്ഞതു ഖിയാമത്തുനാളിനെപ്പറ്റി ശ്രദ്ധേയമാകുന്നു. എന്നാൽ, ഈ മാറ്റം ഏതുപ്രകാരമായിരിക്കുമെന്നു തീർത്തുപറയുവാൻ

(*) يعني يحتمل ان تكون « ان » نافية او مخففة لما بعدها »

നമുക്കു കഴിയുകയില്ല. അല്ലാഹുവിനേ അതറിയുകയുള്ളൂ. ഖിയാമത്തുനാളിൽ ഉണ്ടാകുന്ന പല സംഭവവികാസങ്ങളെയും മാററങ്ങളെയും കുറിച്ചു ഖുർആൻ പല ഭാഗങ്ങളിലായി വളരെയധികം കാര്യങ്ങൾ പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. അവയിൽനിന്നു ആകാശഭൂമികളുടെ നിലവിലുള്ള പ്രകൃതിയിലും സ്വഭാവത്തിലും വമ്പിച്ച മാററം സംഭവിക്കുവാനിരിക്കുന്നുവെന്നു ഒററനോട്ടത്തിൽ മനസ്സിലാക്കാം. താഴെ സൂറത്തുകളിലാണു ഇതു സംബന്ധിച്ചു കൂടുതൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്നത്. ഉദാഹരണാർത്ഥം ചിലതു ചൂണ്ടിക്കാട്ടാം:—

1. ആകാശം ശക്തമായി പ്രകമ്പനം കൊള്ളും, മലകൾ ശക്തിയായ സഞ്ചാരം സഞ്ചരിക്കും. (52: 9, 10.) 2. നക്ഷത്രങ്ങൾ കെട്ടു മായിക്കപ്പെടും, ആകാശം തുറന്നു വിടർത്തപ്പെടും. (77: 8, 9.) 3. ആകാശം തുറക്കപ്പെടും, എന്നിട്ട് അതു പല കവാടങ്ങളുള്ളതായിത്തീരും, മലകൾ (സ്ഥാനം വിട്ടു) നടത്തപ്പെടും, അതു കാനൽ ജലമായിത്തീരും. (78: 19, 20.) 4. സൂര്യൻ ചുരുട്ടിപ്പൊതിയപ്പെടും, നക്ഷത്രങ്ങൾ ഉതിർന്നുവീഴും..... കാട്ടുമൃഗങ്ങൾ ഒരുമിച്ചു കൂട്ടപ്പെടും, സമുദ്രങ്ങൾ തിളച്ചുമറിക്കപ്പെടും. (81: 1-6) 5. ആകാശം പൊട്ടിപ്പിളരും, നക്ഷത്രങ്ങൾ കൊഴിഞ്ഞുവീഴും, സമുദ്രങ്ങൾ പൊട്ടി ഒഴുക്കപ്പെടും, ഖബ്റുകൾ (അടിമേൽ) മറിച്ചിടപ്പെടും. (82: 1-4) 6. മലകളെ പൊടിച്ചു പാററുകയും, എന്നിട്ടു സമനിരപ്പാക്കുകയും ചെയ്യും. അതിൽ ഉയർച്ചയോ താഴ്ചയോ കാണുകയില്ല. (20: 105-107) ഇതുപോലെ വേറെയും പലതും കാണാം. നബി (സ) അരുളിച്ചെയ്തതായി സഹ്ൽ ബ്നു സഅ്ദ് (റ) ഉദ്ധരിക്കുന്നു: '(തരിച്ചെടുത്ത) ശുദ്ധമായ മാവുകൊണ്ടുണ്ടാക്കിയ അപ്പം കണക്കെ, തനി വെള്ളയായ ഒരു ഭൂമിയിൽ ഖിയാമത്തുനാളിൽ മനുഷ്യർ ഒരുമിച്ചുകൂട്ടപ്പെടും. അവിടെ ഒരാൾക്കും (സ്ഥാനനിർണ്ണയം ചെയ്യത്തക്ക) അടയാളവും ഉണ്ടായിരിക്കയില്ല'. (ബു; മു.)

ചുരുക്കിപ്പറഞ്ഞാൽ, നമ്മുടെ ഊഹങ്ങൾക്കെല്ലാം അതീതമായ അനേകം മാററങ്ങൾ അന്നു ലോകത്തു സംഭവിക്കും. സൂക്ഷ്മമായ അറിവു അല്ലാഹുവിനു മാത്രം. ശുദ്ധ ശൂന്യതയിൽ നിന്നു മാതൃകയില്ലാതെ ഈ അഖിലാണ്ഡത്തെ സൃഷ്ടിച്ചു പരിപാലിച്ചു വരുന്ന സ്രഷ്ടാവിനു അതിൽ ഏതു തരത്തിലുള്ള മാററവും വരുത്തുവാനും, മറെറാരു ലോകവ്യവസ്ഥ നിലവിൽ കൊണ്ടുവരാനും യാതൊരു പ്രയാസവും ഇല്ലതന്നെ. ലോകാവസാനം വരെ മരണമടഞ്ഞുപോയ മനുഷ്യകോടികളെല്ലാം അവരവരുടെ ഖബ്ർസ്ഥാനങ്ങളിൽനിന്നു—ഓരോരുത്തനും എങ്ങിനെ, എവിടെ മറമാടപ്പെട്ടിരുന്നുവോ അവിടങ്ങളിൽ നിന്ന—അല്ലാഹുവിന്റെ മുമ്പാകെ വിചാരണാസ്ഥലത്തിലേക്കു വെളിക്കു വരുന്നതാണ്. അന്നത്തെ സർവ്വാധികാരം ഏകനായ അല്ലാഹുവിനു മാത്രമായിരിക്കും. നാമമാത്രമായ അധികാരമെങ്കിലും ആർക്കു മേയും ഉണ്ടായിരിക്കയില്ല. لِمَنِ الْمُلْكُ الْيَوْمَ لِلَّهِ الْوَاحِدِ الْقَهَّارِ (അന്നു ആർക്കാണു രാജാധികാരം? സർവ്വാധികാരിയായ ഏകനായ അല്ലാഹുവിനു തന്നെ) ആ അവസരത്തിൽ ദുർമ്മാർഗ്ഗികളായ കുററവാളികളുടെ സ്ഥിതി എങ്ങിനെയായിരിക്കുമെന്നു അല്ലാഹു വിവരിക്കുന്നു:—

٤٩- وَتَرَى الْمُجْرِمِينَ يَوْمَئِذٍ مُّقَرَّنِينَ فِي الْأَصْفَادِ

49. അന്നത്തെ ദിവസം, കുററവാളികളെ ചങ്ങലകളിൽ കൂട്ടി ബന്ധിക്കപ്പെട്ടവരായി നിനക്കു കാണാവുന്നതുമാണ്.

٥٠- سَرَابِيلُهُم مِّن قَطِرَانٍ وَتَغْشَىٰ وُجُوهَهُمُ النَّارُ

50. അവരുടെ കുപ്പായങ്ങൾ പന്തം കൊണ്ടായിരിക്കും; അവരുടെ മുഖങ്ങളെ അഗ്നി മൂടുകയും ചെയ്യും;

٥١- لِيَجْزِيَ اللَّهُ كُلَّ نَفْسٍ مَّا كَسَبَتْ إِنَّ اللَّهَ سَرِيعُ الْحِسَابِ

51. എല്ലാ (ഓരോ) വ്യക്തിക്കും അതു (പ്രവർത്തിച്ചു) സമ്പാദിച്ചതിനു അല്ലാഹു പ്രതിഫലം നൽകുവാൻ വേണ്ടിയത്രെ (അതു) നിശ്ചയമായും അല്ലാഹു, വിചാരണ വേഗം ചെയ്യുന്നവനാകുന്നു.

---

49. وَتَرَى നീ കാണുകയും ചെയ്യും, നിനക്കു കാണാം الْمُجْرِمِينَ കുററവാളികളെ يَوْمَئِذٍ അന്നു, ആ ദിവസം مُقَرَّنِينَ കൂട്ടിച്ചേർക്ക(ബന്ധിക്ക)പ്പെട്ടവരായി فِي الْأَصْفَادِ കെട്ടുകൾ(ചങ്ങല–കെട്ടുകയറ്–ആമം)കളിൽ 50. سَرَابِيلُهُمْ അവരുടെ കുപ്പായങ്ങൾ, ആടകൾ مِنْ قَطِرَانٍ പന്തത്തിനാലായിരിക്കും, താർ കൊണ്ടായിരിക്കും وَتَغْشَى മൂടുക(പൊതിയുക)യും ചെയ്യും وُجُوهَهُمْ അവരുടെ മുഖങ്ങളെ النَّارُ അഗ്നി, നരകം, തീ 51. لِيَجْزِيَ പ്രതിഫലം നൽകുവാൻ വേണ്ടി اللَّهُ അല്ലാഹു كُلَّ نَفْسٍ എല്ലാ വ്യക്തിക്കും (ദേഹത്തിനും, ആത്മാവിനും) مَا كَسَبَتْ അതു സമ്പാദിച്ച (പ്രവർത്തിച്ച)തിനു إِنَّ اللَّهَ നിശ്ചയമായും അല്ലാഹു سَرِيعُ വേഗതയുള്ളവനാണ് الْحِسَابِ വിചാരണ.

'ചങ്ങലകളിൽ കൂട്ടിബന്ധിക്കപ്പെട്ടവരായിരിക്കു'മെന്നു പറഞ്ഞതിൻെറ ഉദ്ദേശ്യം അവർ പരസ്പരം ചങ്ങലകൊണ്ടു കൂട്ടിബന്ധിക്കപ്പെടുമെന്നും, അവരുടെ അവയവങ്ങൾ തമ്മിൽ കൂട്ടിബന്ധിക്കപ്പെടുമെന്നും ആകാവുന്നതാണ്. قطران (ഖത്വിറാൻ) എന്ന വാക്കിനാണു 'പന്തം' എന്ന അർത്ഥം കല്പിച്ചത്. 'കീൽ' അഥവാ 'താർ' എന്നും മററും അതിനു അർത്ഥം പറയപ്പെട്ടുകാണാം. വേഗം തീ പിടിച്ചു ആളിക്കത്തുന്നതും, ഉഷ്ണം കൂടുതൽ വർദ്ധിപ്പിക്കുന്നതുമായ പദാർത്ഥമായിരിക്കും അവരുടെ കുപ്പായമെന്നു താൽപര്യം. അല്ലാഹു നമ്മെ കാത്തുരക്ഷിക്കട്ടെ. ആമീൻ. ഈ സൂറത്തു അല്ലാഹു ഇങ്ങിനെ അവസാനിപ്പിക്കുന്നു:-

52. ഇതു [ഖുർആൻ] മനുഷ്യർക്കു (എത്തിക്കാനുള്ള) ഒരു സന്ദേശമാകുന്നു. ഇതുമൂലം അവർക്കു മുന്നറിയിപ്പു (അഥവാ താക്കീതു) നൽകപ്പെടുവാൻ വേണ്ടിയും, അവൻ [അല്ലാഹു] ഒരേ ഒരു ആരാധ്യൻ മാത്രമാണെന്നു അവർ അറിയുവാൻവേണ്ടിയും, ബുദ്ധിമാൻമാർ ഉററാലോചിക്കുവാൻ വേണ്ടിയും ആകുന്നു.

٥٢- هَٰذَا بَلَاغٌ لِّلنَّاسِ وَلِيُنذَرُوا بِهِ وَلِيَعْلَمُوا أَنَّمَا هُوَ إِلَٰهٌ وَاحِدٌ وَلِيَذَّكَّرَ أُولُو الْأَلْبَابِ ۝

---

52. هذا ഇതു بلاغ ഒരു സന്ദേശമാണ് (എത്തിക്കാനുള്ളതാണ്) للناس മനുഷ്യർക്കു ولينذروا അവർ താക്കീതു (മുന്നറിയിപ്പു) നൽകപ്പെടുവാനും به അതുകൊണ്ടു, ഇതുമൂലം وليعلموا അവർ അറിയുവാനും أنما هو അവൻ മാത്രം എന്നു إله واحد ഏകനായ ആരാധ്യൻ (എന്നു) وليذكر ഉററാലോചിക്കുവാനും أولو الألباب ബുദ്ധിമാൻമാർ.

ഉററാലോചിച്ചു കാര്യം ഗ്രഹിക്കുന്ന ബുദ്ധിമാൻമാരിൽ നമ്മെയെല്ലാം അല്ലാഹു ഉൾപ്പെടുത്തട്ടെ. ഭയാനകമായ നാളിലെ ഭയങ്കരതകളിൽ നിന്നു അവൻ നമ്മെയെല്ലാം രക്ഷ നൽകുകയും ചെയ്യട്ടെ. ആമീൻ.

اللهم لك الحمد ولك المنة والفضل

[انتهى التسويد ليلة السبت ٢٨ رجب ١٣٩٧ هـ ١٥/٧/٧٧ م والتبييض ليلة السبت ٢٥ ربيع الآخر ١٣٩٩ هـ - ٢٣/٣/٧٩ م م ن]

15. സൂറത്തുൽ 'ഹിജ്ർ.'

മക്കയിൽ അവതരിച്ചത് — വചനങ്ങൾ 99 — വിഭാഗം (റുകൂഅ്) 6

ഈ സൂറത്തിലെ 80-ാം വചനത്തിൽ സ്വാലിഹ് (അ) നബിയുടെ ജനങ്ങളായ 'ഹിജ്‌റി'നെക്കുറിച്ചു പ്രസ്താവമുള്ളതിൽ നിന്നാണ് ഇതിനു സൂറത്തുൽ ഹിജ്ർ എന്ന പേരുവന്നത്.

ജുസ്ഉ്-14

بِسْمِ اللَّهِ الرَّحْمَٰنِ الرَّحِيمِ

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

١- الٓر

1. 'അലിഫ്-ലാം-റാ.' (*)

تِلْكَ آيَاتُ الْكِتَابِ وَقُرْآنٍ مُّبِينٍ ○

ഇവ (വേദ) ഗ്രന്ഥത്തിന്റെയും, (കാര്യങ്ങൾ) സ്പഷ്ടമാക്കുന്ന ഒരു (പാരായണ) ഖുർആന്റെയും 'ആയത്തു' [സൂക്തങ്ങൾ]കളാകുന്നു.

٢- رُّبَمَا يَوَدُّ الَّذِينَ كَفَرُوا لَوْ كَانُوا مُسْلِمِينَ ○

2. ചിലപ്പോഴൊക്കെ അവിശ്വാസികൾ കൊതിച്ചുപോകും: തങ്ങൾ 'മുസ്‌ലിം'കൾ [അല്ലാഹുവിനു കീഴൊതുങ്ങിയവർ] ആയിരുന്നെങ്കിൽ (കൊള്ളാമായിരുന്നു!) എന്ന്.

---

1. الر 'അലിഫ്-ലാം-റാ' تِلْكَ അവ (ഇവ) آيَاتُ ആയത്തുകളാകുന്നു الْكِتَابِ (വേദ) ഗ്രന്ഥത്തിന്റെ وَقُرْآنٍ ഒരു ഖുർആന്റെയും (പാരായണ ഗ്രന്ഥത്തിന്റെയും) مُبِينٍ സ്പഷ്ടമായ, സ്പഷ്ടമാക്കുന്ന 2. رُبَمَا ചിലപ്പോൾ, മിക്കവാറും يَوَدُّ കൊതിക്കും, മോഹിക്കും الَّذِينَ كَفَرُوا അവിശ്വസിച്ചവർ لَوْ كَانُوا അവരായിരുന്നെങ്കിൽ എന്ന് مُسْلِمِينَ മുസ്‌ലിംകൾ

(*) മുഖവുരയിലും മറ്റും വിവരിച്ചതു നോക്കുക.

3. (നബിയേ) അവരെ വിട്ടേക്കുക: അവർ തിന്നുകയും, സുഖമനുഭവിക്കുകയും, അതിമോഹം അവരെ അശ്രദ്ധയിലാക്കുകയും ചെയ്തുകൊണ്ടിരിക്കട്ടെ; വഴിയെ അവർ അറിഞ്ഞുകൊള്ളും.

٣- ذَرْهُمْ يَأْكُلُوا وَيَتَمَتَّعُوا وَيُلْهِهِمُ الْأَمَلُ فَسَوْفَ يَعْلَمُونَ ○

---

3. ذَرْهُمْ അവരെ വിട്ടേക്കുക يَأْكُلُوا അവർ തിന്നുകൊണ്ടിരിക്കട്ടെ وَيَتَمَتَّعُوا അവർ സുഖമനുഭവിക്കുകയും ചെയ്യട്ടെ وَيُلْهِهِمُ അവരെ അശ്രദ്ധയിലാക്കുകയും الْأَمَلُ അതിമോഹം, അത്യാഗ്രഹം فَسَوْفَ എന്നാൽ വഴിയെ يَعْلَمُونَ അവർ അറിയുന്നതാണ്.

رُبَمَا (റുബമാ) എന്നും, رُبَّمَا (റുബ്ബമാ) എന്നും ഇവിടെ വായിക്കപ്പെട്ടിട്ടുണ്ട്. അർത്ഥം രണ്ടായാലും ഒന്നു തന്നെ. 'ചിലപ്പോൾ, ഒരു പക്ഷേ, ഒരുവേള' എന്നിങ്ങിനെ അൽപത്വത്തെ കുറിക്കുന്നതാണു ആ പദം. ചിലപ്പോൾ സന്ദർഭമനുസരിച്ച് ആധിക്യത്തെ സൂചിപ്പിച്ചും അതു ഉപയോഗിക്കപ്പെടാറുണ്ട്. (*) പതിവായി ഒരു ആളെ സഹായം തേടി ആശ്രയിച്ചു വരുന്ന ഒരു മനുഷ്യന്റെ നന്ദികേടിനെക്കുറിച്ചു പറയുമ്പോൾ 'നീ ചിലപ്പോൾ എന്റെ സഹായത്തിനു വേണ്ടി വന്നേക്കും' എന്നു അയാൾ പറയുമ്പോൾ, നിനക്കു എന്റെ സഹായം എപ്പോഴും ആവശ്യമായിരിക്കുമെന്നാണല്ലോ അതിന്റെ താൽപര്യം. അതുപോലെ, അവിശ്വാസികൾ ഇപ്പോൾ നിഷേധത്തിന്റെ മർക്കടമുഷ്ടിയിൽ തന്നെ നിലകൊള്ളുന്നതെങ്കിലും വഴിയെ അവർ, തങ്ങൾ മുസ്‌ലിംകളായി സത്യവിശ്വാസം സ്വീകരിച്ചിരുന്നുവെങ്കിൽ നന്നായേനെ എന്നു പലപ്പോഴും കൊതിച്ചുപോവുക തന്നെ ചെയ്യും; ഉപദേശങ്ങളും മുന്നറിയിപ്പുകളും വകവെക്കാത്ത അവർ തൽക്കാലം അവരുടെ സുഖസൗകര്യങ്ങളിലും വ്യാമോഹങ്ങളിലും സ്വൈരവിഹാരം കൊള്ളട്ടെ; വഴിയെ അതിന്റെ ഫലം അവർ അറിഞ്ഞുകൊള്ളും എന്നു സാരം.

മരണവേളയിലെയും, ഖിയാമത്തു നാളിലെയും വിചാരണ വേളയിലെയും ഭയങ്കരതകൾ അനുഭവപ്പെടുമ്പോഴും, സത്യവിശ്വാസികളെ സ്വർഗ്ഗത്തിലേക്കും അവിശ്വാസികളെ നരകത്തിലേക്കും തിരിക്കുമ്പോഴും, നരകത്തിലെ ശിക്ഷാനടപടികൾക്കു വിധേയരാകുമ്പോഴും സത്യവിശ്വാസികളായ പാപികളുടെ നരകശിക്ഷയുടെ കാലാവധി കഴിഞ്ഞശേഷം അവർ നരകത്തിൽനിന്നു മോചിക്കപ്പെടുന്നതു കാണുമ്പോഴും—അങ്ങിനെ പല അവസരങ്ങളിലും—അവിശ്വാസികൾ അപ്രകാരം കൊതിക്കുകയും പറയുകയും ചെയ്തുകൊണ്ടിരിക്കുമെന്നു പല ഖുർആൻ വചനങ്ങളിൽനിന്നും, നബിവചനങ്ങളിൽനിന്നും അറിയപ്പെട്ടിട്ടുള്ളതാകുന്നു. ഇതാണിവിടെ ഖുർആൻ വ്യാഖ്യാതാക്കൾ പൊതുവെ അംഗീകരിച്ചിട്ടുള്ള പ്രബലമായ വ്യാഖ്യാനം. മറ്റൊരു അഭിപ്രായപ്രകാരം, തങ്ങൾ മുസ്‌ലിംകളായിരുന്നെങ്കിൽ നന്നായേനെ എന്നു അവിശ്വാസികൾ കൊതിച്ചുപോകുമെന്നു പറഞ്ഞത്, സത്യവിശ്വാസികൾക്കു ഭൂമിയിൽ പിന്നീടു ലഭിക്കുന്ന വിജയങ്ങളും സ്വാധീനവും കാണുമ്പോഴായിരിക്കും എന്നാകുന്നു. ഈ അഭിപ്രായപ്രകാരം ഇസ്‌ലാമിനു വിജയവും സ്വാധീനവും വർദ്ധിച്ചുകൊണ്ടിരിക്കുന്ന ആദ്യകാലത്തെ അവിശ്വാസികളെ സംബന്ധിച്ചാണ് ഈ പ്രസ്താവന എന്നുവെക്കേണ്ടി വരുന്നതാണ്. ഒന്നാമത്തെ അഭിപ്രായപ്രകാരം എല്ലാ അവിശ്വാസികളെയും സംബന്ധിച്ച ഒരു പ്രസ്താവനയായിരിക്കും ഇത്. والله أعلم

4. ഒരു രാജ്യത്തെയും [രാജ്യക്കാരെയും] തന്നെ, അതിനു അറിയപ്പെട്ടതായ ഒരു (നിശ്ചിത) നിയമം ഉണ്ടായിക്കൊണ്ടല്ലാതെ നാം നശിപ്പിച്ചിട്ടില്ല.

٤- وَمَا أَهْلَكْنَا مِن قَرْيَةٍ إِلَّا وَلَهَا كِتَابٌ مَّعْلُومٌ ○

---

4. وَمَا أَهْلَكْنَا നാം നശിപ്പിച്ചിട്ടില്ല مِن قَرْيَةٍ ഒരു രാജ്യത്തെയും തന്നെ إِلَّا وَلَهَا അതിനു (ഉണ്ടായിട്ടു) ഇല്ലാതെ كِتَابٌ ഒരു രേഖ(നിയമം-നിശ്ചയം) مَعْلُومٌ അറിയപ്പെട്ട

(*) رُبَّ للتقليل وقد ترد للتكثير

مَا تَسْبِقُ مِنْ أُمَّةٍ أَجَلَهَا وَمَا يَسْتَأْخِرُونَ ٥

5. ഒരു സമുദായവും തന്നെ, അതിന്റെ (നിശ്ചിത) അവധിയെ മുൻകടക്കുകയില്ല; അവർ (അതിനപ്പുറം) പിന്തിപ്പോകുകയുമില്ല.

---

5. ما تسبق മുൻ കടക്കുകയില്ല من امة ഒരു സമുദായവും തന്നെ اجلها അതിന്റെ അവധി وما يستأخرون അവർ പിന്തിപ്പോകുകയുമില്ല

ഓരോ ജനതയുടെയും നാശം എപ്പോഴാണ്, എങ്ങിനെയാണ് എന്നൊക്കെ ചില നിയമങ്ങളും വ്യവസ്ഥകളും അടങ്ങുന്ന ഓരോ അവധി അല്ലാഹു നിശ്ചയിച്ചിട്ടുണ്ട്. ആ അവധി പൂർത്തിയാകുമ്പോഴേ അതു സംഭവിക്കൂ. അതിനു മുമ്പോ പിമ്പോ ആകലും അതു സംഭവിക്കുകയില്ല. അതുപോലെ, ഈ മുശ്രിക്കുകൾക്കുമുണ്ട് ഒരവധി. അതു വരുമ്പോൾ ഇവരുടെ ഊഴവും വരുമെന്നു താൽപര്യം.

وَقَالُوا يَا أَيُّهَا الَّذِي نُزِّلَ عَلَيْهِ الذِّكْرُ إِنَّكَ لَمَجْنُونٌ ٦

6. അവർ [അവിശ്വാസികൾ] പറയുന്നു: 'ഹേ, (പ്രമാണം [ഖുർആൻ] ഇറക്കപ്പെട്ടിട്ടുള്ളവനേ, നിശ്ചയമായും നീ ഒരു ഭ്രാന്തൻ തന്നെ!

لَوْ مَا تَأْتِينَا بِالْمَلَائِكَةِ إِن كُنتَ مِنَ الصَّادِقِينَ ٧

7. നീ സത്യവാന്മാരിൽപെട്ടവനാണെങ്കിൽ ഞങ്ങളുടെ അടുക്കൽ നീ മലക്കുകളെ കൊണ്ടുവരാത്തതെന്താണ്?!'

---

6. وقالوا അവർ പറയുന്നു, പറയുകയാണ് يا ايها الذي ഹേ യാതൊരുവനേ نزل عليه അവന്റെമേൽ ഇറക്കപ്പെട്ടിരിക്കുന്നു الذكر പ്രമാണം, സ്മരണ انك നിശ്ചയമായും നീ لمجنون ഒരു ഭ്രാന്തൻ തന്നെ
7. لو ما تأتينا നീ ഞങ്ങൾക്കു വന്നുകൂടേ, വരാത്തതെന്ത് بالملائكة മലക്കുകളെകൊണ്ടു, മലക്കുകളുമായി ان كنت നീ ആകുന്നുവെങ്കിൽ من الصادقين സത്യവാൻമാരിൽ പെട്ട (വൻ)

ذكر (ദിക്ർ) എന്ന വാക്കിനു സന്ദർഭംപോലെ 'സ്മരണ, പ്രമാണം, കീർത്തി, പ്രസ്താവന' എന്നൊക്കെ അർത്ഥം കൽപിക്കാം. 'പ്രമാണം' എന്ന അർത്ഥത്തിലാണ് ഇവിടെ അതുള്ളത്. അതിനോടു ال (അൽ) എന്ന അവ്യയം ചേർത്തു الذكر എന്നു പറയുമ്പോൾ അതൊരു പ്രത്യേക പ്രമാണത്തെ ഉദ്ദേശിച്ചായിരിക്കും പറയപ്പെട്ടിരിക്കുക. നബി (സ) തിരുമേനിയുമായി ബന്ധപ്പെടുത്തി പറഞ്ഞിരിക്കകൊണ്ടു ഇവിടെ അതുകൊണ്ടുള്ള വിവക്ഷ ഖുർആനാണെന്നു വ്യക്തമാകുന്നു. താഴെ 9-ം വചനത്തിന്റെയും സൂറത്തുന്നഹ്ൽ: 43, 44 എന്നീ വചനങ്ങളുടെയും വ്യാഖ്യാനങ്ങളിൽനിന്നു ഈ വാക്കിന്റെ ഉദ്ദേശ്യം കൂടുതൽ വ്യക്തമാകുന്നതാണ്.

നബി (സ)യെക്കുറിച്ച് 'ഭ്രാന്തൻ' എന്ന അവരുടെ ആരോപണത്തിനു കാരണം ഖുർആൻ മുഖേന നബി (സ) പ്രബോധനം ചെയ്യുന്ന തത്വങ്ങളിൽ അവർക്കുള്ള പ്രതിഷേധവും, നിഷേധവുമല്ലാതെ മറ്റൊന്നുമല്ലെന്നു സ്പഷ്ടം തന്നെ. മൂസാ (അ) നബിയുടെ ഒരു പ്രസ്താവനക്കു പ്രത്യുത്തരം പറയുവാൻ കഴിയാതെ വന്നപ്പോൾ, ജനങ്ങളെ അഭിമുഖീകരിച്ചുകൊണ്ടു ഫിർഔൻ പറയുകയുണ്ടായി: 'നിങ്ങളിലേക്കു അയക്കപ്പെട്ടിട്ടുള്ള നിങ്ങളുടെ (ഈ) റസൂൽ ഒരു ഭ്രാന്തൻ തന്നെയാണ്' എന്ന്. (26:27) അതുപോലെ, നബി (സ)യെ ന്യായംകൊണ്ടു തോൽപിക്കുവാൻ കഴിയാത്തതുകൊണ്ടു മുശ്രിക്കുകളും നബി (സ)യെക്കുറിച്ചു പറഞ്ഞ ഒരു 'ഭ്രാന്തൻ വാക്കു' മാത്രമാണത്. അതിനു നേർക്കുനേരെ ഒരു മറുപടിയും പറയേണ്ടതായിട്ടില്ല. എങ്കിലും അവരുടെ ആരോപണത്തിന്നു കാരണമാകുന്ന ആ പ്രമാണം നബി (സ)യുടെ സ്വന്തം വകയല്ലെന്നും, അതു അല്ലാഹു ഇറക്കിയതാണെന്നും, അവരുടെ ആഗ്രഹത്തിനു വിരുദ്ധമായി അതിനെ അവൻ സുരക്ഷിതമായി നിലനിർത്തുകതന്നെ ചെയ്യുമെന്നും 9-ം വചനത്തിൽ അതിനു മറുപടിയെന്നോണം അല്ലാഹു പ്രസ്താവിക്കുന്നുണ്ട്. എന്തുകൊണ്ടാണു ഇവൻ മലക്കുകളെയും കൊണ്ടുവരാത്തതെന്ന അവരുടെ ആക്ഷേപമാണ് മറ്റൊന്ന്. അതിന്റെ മറുപടിയാണ് അടുത്ത വചനത്തിൽ കാണുന്നത്.

8. മലക്കുകളെ (തക്കതായ) ന്യായപ്രകാരമല്ലാതെ നാം ഇറക്കാറില്ല; (ഇറക്കുന്ന പക്ഷം) അപ്പോള്‍, അവര്‍ (ഒഴിവു നല്‍കി) കാത്തുവെക്കപ്പെടുന്നവരായിരിക്കയുമില്ല.

٨- مَا نُنَزِّلُ الْمَلَٰٓئِكَةَ إِلَّا بِالْحَقِّ وَمَا كَانُوٓا إِذًا مُّنظَرِينَ ○

8. مَا نُنَزِّلُ നാം ഇറക്കുകയില്ല, ഇറക്കാറില്ല الْمَلَٰٓئِكَةَ മലക്കുകളെ إِلَّا بِالْحَقِّ യഥാര്‍ത്ഥമനുസരിച്ചല്ലാതെ, ന്യായപ്രകാരമല്ലാതെ وَمَا كَانُوٓا അവരായിരിക്കയുമില്ല إِذًا അപ്പോള്‍, അന്നേരം مُّنظَرِينَ കാത്തുവെക്കപ്പെട്ട (ഒഴിവു നല്‍കപ്പെട്ട) വര്‍

ഇവര്‍ ആവശ്യപ്പെടുന്നപോലെയൊക്കെ മലക്കുകളെ ഇറക്കുവാന്‍ പോകുന്നില്ല. ന്യായമായ ചില കാരണങ്ങളും, സന്ദര്‍ഭങ്ങളുമൊക്കെ അതിനുണ്ട്. ഒരു കാര്യം അവര്‍ ഓര്‍ത്തിരിക്കട്ടെ: അങ്ങനെ സംഭവിക്കുന്ന പക്ഷം, അപ്പോഴേക്കു ഒഴിവുകിട്ടി രക്ഷപ്പെടാമെന്നു അവര്‍ വ്യാമോഹിക്കേണ്ട എന്നു സാരം. ഖുര്‍ആന്റെ നേരെയുള്ള വെറുപ്പിന്റെയും അഹംഭാവത്തില്‍ നിന്നുമാണല്ലോ ഇവരുടെ ഈ ധിക്കാരങ്ങളൊക്കെ ഉല്‍ഭവിക്കുന്നത്. അതുകൊണ്ടു ഖുര്‍ആന്‍ പരിവര്‍ത്തിക്കപ്പെടുകയോ, അതിനു വല്ല ഹാനിയും സംഭവിക്കുകയോ ചെയ്കയില്ലെന്നു അല്ലാഹു ഉറപ്പിച്ചു പറയുന്നു:-

9. നിശ്ചയമായും, നാം തന്നെയാണ് (ഈ) പ്രമാണത്തെ [ഖുര്‍ആനെ] അവതരിപ്പിച്ചത്. നാം തന്നെ, അതിനെ (കാത്തു) സൂക്ഷിക്കയും ചെയ്തുകൊള്ളും.

٩- إِنَّا نَحْنُ نَزَّلْنَا الذِّكْرَ وَإِنَّا لَهُۥ لَحَٰفِظُونَ ○

9. إِنَّا നിശ്ചയമായും നാം نَحْنُ തന്നെ نَزَّلْنَا നാം ഇറക്കിയിരിക്കുന്നു الذِّكْرَ പ്രമാണത്തെ, സ്മരണയെ وَإِنَّا നിശ്ചയമായും നാം لَهُۥ അതിനെ لَحَٰفِظُونَ കാക്കുന്ന (സൂക്ഷിക്കുന്ന) വര്‍ തന്നെയുമാണ്

الذكر (പ്രമാണം) കൊണ്ടുദ്ദേശിക്കപ്പെട്ടിരിക്കുന്നത് പ്രധാനമായും ഖുര്‍ആനാണെന്നു തര്‍ക്കമില്ലല്ലോ. ഖുര്‍ആനെ സംബന്ധിച്ചിടത്തോളം, അതിനെ കാത്തു സൂക്ഷിക്കുമെന്നുള്ള അല്ലാഹുവിന്റെ വാഗ്ദാനം അവന്‍ തികച്ചും പാലിച്ചിട്ടുണ്ടെന്നുള്ളതില്‍ സംശയമില്ല. ആര്‍ അവിശ്വസിച്ചാലും ശരി, ആര്‍ ശത്രുത പുലര്‍ത്തി വന്നാലും ശരി, ആര്‍ മുര്‍ത്തദ്ദുകളായിത്തീര്‍ന്നാലും ശരി, മുസ്‌ലിം സമുദായമദ്ധ്യേ എന്തെല്ലാം ഭിന്നിപ്പുകളുണ്ടായിരുന്നാലും ശരി, വള്ളി പുള്ളിക്കു വ്യത്യാസം കൂടാതെ അന്നു തൊട്ടു ഇന്നോളം അതിന്റെ സാക്ഷാല്‍ രൂപത്തില്‍ അതു നിലവിലുണ്ട്. മേലിലും അങ്ങിനെത്തന്നെ അവശേഷിക്കുകയും ചെയ്യും. മുന്‍ഗ്രന്ഥങ്ങളില്‍ നേരിട്ടതുപോലെ, മാറ്റത്തിരുത്തങ്ങളോ, കൂട്ടിക്കുറക്കലുകളോ അതില്‍ സംഭവിക്കുവാന്‍ നിവൃത്തിയില്ലല്ലോ. വേദഗ്രന്ഥങ്ങളടക്കം മറ്റൊരു ഗ്രന്ഥത്തിനും ലഭിക്കാത്ത ഒരു പ്രത്യേക വാഗ്ദാനമത്രെ ഇത്. വിശുദ്ധ ഖുര്‍ആന്‍ ദൈവിക ഗ്രന്ഥമാണെന്നുള്ളതിനു ഒരു പ്രത്യേക തെളിവു തന്നെയാണ് ഈ 9-ാം വചനമെന്നു വ്യക്തമാണ്. ഖുര്‍ആനല്ലാത്ത ദിവ്യഗ്രന്ഥങ്ങള്‍ക്കൊന്നും ഇല്ലാത്ത ഒരു വിശേഷതയാണിത്. ഖുര്‍ആനെ അല്ലാഹു കാത്തു സൂക്ഷിക്കുമെന്നു പറഞ്ഞിരിക്കകൊണ്ടു അതിന്റെ വ്യാഖ്യാനവും വിശദീകരണവുമാകുന്ന നബി (സ) യുടെ സുന്നത്തും (വാക്കും സമ്മതവും പ്രവൃത്തിയും അടങ്ങുന്ന ചര്യയും) കാത്തു സൂക്ഷിക്കല്‍ അനിവാര്യമായിത്തീരുന്നു. ഖുര്‍ആന്‍ ശരിക്കു മനസ്സിലാകേണമെങ്കില്‍ നബിചര്യയും അറിയേണ്ടതുണ്ടല്ലോ.

10. നിനക്കു മുമ്പ് പൂര്‍വ്വികന്മാരിലുള്ള (പല) കക്ഷികളിലായി നാം (റസൂലുകളെ) അയക്കുകയുണ്ടായിട്ടുണ്ട്.

١٠- وَلَقَدْ أَرْسَلْنَا مِن قَبْلِكَ فِى شِيَعِ الْأَوَّلِينَ ○

10. وَلَقَدْ أَرْسَلْنَا തീര്‍ച്ചയായും നാം അയച്ചിട്ടുണ്ട് مِن قَبْلِكَ നിന്റെ മുമ്പു فِى شِيَعِ കക്ഷി (കൂട്ടം, സംഘം) കളില്‍ الْأَوَّلِينَ പൂര്‍വ്വികന്മാരിലെ.

١١- وَمَا يَأْتِيهِم مِّن رَّسُولٍ إِلَّا كَانُوا بِهِ يَسْتَهْزِئُونَ ۝

11. അവര്‍ക്ക് ഒരു റസൂലും തന്നെ ചെന്നിരുന്നില്ല, അവര്‍ അദ്ദേഹത്തെപ്പറ്റി പരിഹസിച്ചുകൊണ്ടിരിക്കാതെ.

١٢- كَذَٰلِكَ نَسْلُكُهُ فِي قُلُوبِ الْمُجْرِمِينَ

12. അപ്രകാരം, (ഈ) കുറ്റവാളികളുടെ ഹൃദയങ്ങളില്‍ അതിനെ [പരിഹാസത്തെ] നാം കടത്തിവിടുന്നു:

١٣- لَا يُؤْمِنُونَ بِهِ وَقَدْ خَلَتْ سُنَّةُ الْأَوَّلِينَ ۝

13. (അതെ) അവര്‍ ഇതില്‍ വിശ്വസിക്കാതെ. പൂര്‍വ്വികന്‍മാരുടെ നടപടിക്രമം കഴിഞ്ഞുപോയിട്ടുണ്ടുതാനും.

---

11 وَمَا يَأْتِيهِم അവര്‍ക്കു ചെന്നിരുന്നില്ല مِّن رَّسُولٍ ഒരു റസൂലും إِلَّا كَانُوا അവരായിരിക്കാതെ بِهِ അദ്ദേഹത്തെപ്പറ്റി يَسْتَهْزِئُونَ പരിഹസിക്കും. 12. كَذَٰلِكَ അപ്രകാരം نَسْلُكُهُ നാമതിനെ കടത്തിവിടുന്നു فِي قُلُوبِ ഹൃദയങ്ങളില്‍ الْمُجْرِمِينَ (ഈ) കുറ്റവാളികളുടെ. 13. لَا يُؤْمِنُونَ بِهِ അവര്‍ ഇതില്‍ വിശ്വസിക്കയില്ല, വിശ്വസിക്കാതെ وَقَدْ خَلَتْ കഴിഞ്ഞുപോയിട്ടുണ്ട് سُنَّةُ നടപടിക്രമം الْأَوَّلِينَ പൂര്‍വ്വികന്‍മാരുടെ, ആദ്യത്തെവരുടെ.

റസൂലിനെയും അദ്ദേഹത്തിന്റെ പ്രബോധനത്തെയും ഇക്കൂട്ടര്‍ നിഷേധിക്കുന്നതു ഒരു പുതിയ സംഭവമൊന്നുമല്ല. മുന്‍കാലത്തും ഇതുപോലെ റസൂലുകള്‍ [illegible] പരിഹസിക്കലും നിഷേധിക്കലും ഉണ്ടായിരുന്നില്ല. [illegible] സത്യവിശ്വാസം കൈക്കൊള്ളുക പതിവില്ല. അവര്‍ നിഷേധത്തിലും പരിഹാസത്തിലും [illegible] അല്ലാഹു വിട്ടേക്കുകയാണു ചെയ്യുക. അതേമാതിരി ഇവരും ചെയ്യുന്നു [illegible] നിഷേധിക്കുന്നവരെ അല്ലാഹു പല നടപടികളും എടുക്കുകയുണ്ടായിട്ടുണ്ടല്ലോ. [illegible] ചില നടപടികളൊക്കെ അവന്‍ എടുത്തുകൊള്ളും എന്നു സാരം. കുറ്റവാളികളുടെ നിഷേധം [illegible] എത്രയാണെന്നു അല്ലാഹു ചൂണ്ടിക്കാട്ടുന്നു:—

١٤- وَلَوْ فَتَحْنَا عَلَيْهِم بَابًا مِّنَ السَّمَاءِ فَظَلُّوا فِيهِ يَعْرُجُونَ ۝

14. ഇവരുടെമേല്‍, ആകാശത്തുനിന്നും ഒരു വാതില്‍ നാം തുറന്നുകൊടുക്കുകയും, എന്നിട്ട് അതിലൂടെ അവര്‍ കയറിപ്പോയിക്കൊണ്ടിരിക്കുകയും ചെയ്താലും,—

١٥- لَقَالُوا إِنَّمَا سُكِّرَتْ أَبْصَارُنَا بَلْ نَحْنُ قَوْمٌ مَّسْحُورُونَ ۝ ع

15. അവര്‍ പറയുകതന്നെ ചെയ്യും: 'ഞങ്ങളുടെ കാഴ്ചകള്‍ക്ക് ലഹരി ബാധിപ്പിക്കപ്പെട്ടിരിക്കുക മാത്രമാണ്; (അല്ല) എന്നിലും, ഞങ്ങള്‍ മാരണം ചെയ്യപ്പെട്ട ഒരു ജനതയാകുന്നു'.

---

14. وَلَوْ فَتَحْنَا നാം തുറന്നിരുന്നാല്‍ عَلَيْهِم അവര്‍ക്ക, അവരുടെമേല്‍ بَابًا ഒരു വാതില്‍, കവാടം مِّنَ السَّمَاءِ ആകാശത്തുനിന്നു فَظَلُّوا فِيهِ എന്നിട്ടു അതിലൂടെ അവരായിത്തീര്‍ന്നു يَعْرُجُونَ കയറിപ്പോകം. 15. لَقَالُوا അവര്‍ പറയുകതന്നെ ചെയ്യും إِنَّمَا سُكِّرَتْ ലഹരി (മത്തു) ബാധിപ്പിക്കപ്പെട്ടിരിക്കുക മാത്രമാണ് أَبْصَارُنَا നമ്മുടെ ദൃഷ്ടികള്‍ക്ക് بَلْ എങ്കിലും, ഞങ്ങള്‍ (നാം) نَحْنُ قَوْمٌ ഒരു ജനതയാണ് مَّسْحُورُونَ മാരണം ചെയ്യപ്പെട്ട, ആഭിചാരം പിടിപെട്ടവരായ

അവരുടെ നിഷേധം എത്രമാത്രം കടുത്തതാണെന്നോ? ഒരു പ്രത്യക്ഷ ദൃഷ്ടാന്തമെന്ന നിലക്കു ആകാശത്തേക്കു ഒരു മാര്‍ഗ്ഗം അവര്‍ക്കു തുറന്നുകൊടുത്തു അവര്‍ അതിലൂടെ കയറിപ്പോകുകയാണെന്നുവെക്കുക. എന്നാല്‍ പോലും അവര്‍: ഇതൊന്നും യഥാര്‍ത്ഥമല്ല—ഞങ്ങളുടെ കണ്ണുകളിലും ബുദ്ധിയിലും [illegible] എന്നേ പറയു. [illegible] വിശ്വസിക്കുവാന്‍ അവര്‍ തയ്യാറില്ല എന്നു സാരം.

വിഭാഗം-2

[illegible] ആകാശ[illegible] സൃഷ്ടിവൈഭവങ്ങളും ചൂണ്ടിക്കാട്ടുന്ന ചില ദൃഷ്ടാന്തങ്ങൾ [illegible] ചില ഉദാഹരണങ്ങളുമാണു തുടർന്നുള്ള ഏതാനും വചനങ്ങളിൽ [illegible].

وَلَقَدْ جَعَلْنَا فِي السَّمَاءِ بُرُوجًا وَزَيَّنَّاهَا لِلنَّاظِرِينَ -١٦

16. ആകാശത്തിൽ നാം ചില (ഗ്രഹമണ്ഡലങ്ങളെ (അഥവാ രാശികളെ) ഏർപ്പെടുത്തിയിട്ടുണ്ട്. നോക്കുന്നവർക്ക് അവയെ നാം അലങ്കാരമാക്കുകയും ചെയ്തിരിക്കുന്നു;

وَحَفِظْنَاهَا مِن كُلِّ شَيْطَانٍ رَّجِيمٍ -١٧

17. ആട്ടപ്പെട്ട എല്ലാ പിശാചിൽ നിന്നും നാം അവയെ കാ(ത്തു സൂക്ഷി)ക്കുകയും ചെയ്തിരിക്കുന്നു;

إِلَّا مَنِ اسْتَرَقَ السَّمْعَ فَأَتْبَعَهُ شِهَابٌ مُّبِينٌ -١٨

18. (പക്ഷെ) കട്ടുകേൾക്കുവാൻ ശ്രമിച്ചവനൊഴികെ. അപ്പോൾ, പ്രത്യക്ഷമായ ഒരു തീജ്വാല അവനെ പിന്തുടരുന്നതാണ്.

---

16. ولقد جعلنا തീർച്ചയായും നാം ആക്കി (ഏർപ്പെടുത്തി)യിരിക്കുന്നു في السماء ആകാശത്തിൽ بروجا രാശികളെ, സഞ്ചാരമണ്ഡലങ്ങളെ وزيناها അവയെ നാം അലങ്കരിക്കുകയും ചെയ്തു للناظرين നോക്കുന്നവർക്ക് 17. وحفظناها അവയെ നാം കാക്കുകയും ചെയ്തു من كل شيطان എല്ലാ പിശാചിൽ നിന്നും رجيم ആട്ട(ശപിക്ക)പ്പെട്ട 18. إلا من استرق കളവു ശ്രമം നടത്തിയ (മോഷ്ടിക്കാൻ വന്ന)വനൊഴികെ السمع കേൾവിയെ (കേൾക്കുവാൻ) فأتبعه അപ്പോൾ അവനെ പിൻതുടരും شهاب തീജ്വാല (ഉൽക്ക-കൊള്ളി) مبين പ്രത്യക്ഷമായ

برج (ബുർജ്)ന്റെ ബഹുവചനമാണ് بروج (ബുറൂജ്). 'കോട്ട, ഉന്നത മാളിക' എന്നും മറ്റുമാണതിന്റെ വാക്കർത്ഥം. നക്ഷത്ര-ഗ്രഹങ്ങളുടെ സഞ്ചാരമണ്ഡലങ്ങൾക്കും ആ വാക്കു ഉപയോഗിക്കപ്പെടുന്നു. അതനുസരിച്ചാണു ഇതുപോലെയുള്ള സ്ഥലങ്ങളിൽ അതിനു 'രാശികൾ' എന്നു അർത്ഥം കല്പിക്കാറുള്ളത്. ആകാശത്തിൽ കോടിക്കണക്കിലുള്ള ഗോളനക്ഷത്രങ്ങളും, അവക്കെല്ലാം പ്രത്യേകം പ്രത്യേകം സഞ്ചാരമാർഗ്ഗങ്ങളും അല്ലാഹു സൃഷ്ടിച്ചുവെച്ചിട്ടുണ്ട്. അവയെല്ലാം വ്യവസ്ഥാപിതമായി നടത്തിക്കൊണ്ടിരിക്കുവെ തന്നെ, അവയെ നോക്കിക്കാണുന്നവർക്ക് അവ വമ്പിച്ചൊരു മിപാലങ്കാരമാക്കി വെക്കുകയും ചെയ്തിരിക്കുന്നു. അതോടുകൂടി മറ്റൊരു കാര്യം കൂടി അവ മുഖേന നടക്കുന്നുണ്ട്. ആകാശജീവികളായ മലക്കുകളിൽ നിന്ന (താഴെ കാണുന്ന ഹദീസിൽ പറയുന്ന പ്രകാരം) ചില വർത്തകൾ ചോർത്തിയെടുക്കുവാൻ വേണ്ടി മേൽപോട്ടു കയറിച്ചെന്ന് അവരുടെ വാക്കുകൾ കേൾക്കുവാൻ ശ്രമിക്കുന്ന പിശാചുക്കളെ എറിഞ്ഞാട്ടുവാനും, അങ്ങനെ ആകാശങ്ങളെ അവരിൽ നിന്നു സൂക്ഷിക്കുവാനും അല്ലാഹു അവമൂലം ഏർപ്പാടു ചെയ്തിരിക്കുന്നു. കട്ടുകേൾക്കുവാൻ ചെല്ലുന്ന പിശാചുക്കളെ അവയിൽ നിന്നു തന്ത്രം തീജ്വാലകൾ (ഉൽക്കകൾ) പിടികൂടുന്നു. ഇതാണു ഈ വചനങ്ങളിൽ പറഞ്ഞതിന്റെ സാരം. സൂറത്തുൽ മുൽകിൽ പറയുന്നു: ولقد زينا السماء الدنيا بمصابيح الخ (സാരം: ഏറ്റവും അടുത്ത ആകാശത്തെ നാം പല വിളക്കുകളെക്കൊണ്ടു അലങ്കരിച്ചിരിക്കുന്നു. അവയെ നാം പിശാചുക്കളെ എറിഞ്ഞാട്ടുന്നവയും ആക്കി യിരിക്കുന്നു. വിളക്കുകൾ കൊണ്ടു വിവക്ഷ നക്ഷത്രങ്ങളാണെന്നു 37: 6ൽ നിന്നും മനസ്സിലാക്കാം.

ഉൽക്കകളെയും, അവയുടെ കാരണങ്ങളെയും സംബന്ധിച്ചു ശാസ്ത്രജ്ഞന്മാർക്ക് ചില അഭിപ്രായങ്ങളെല്ലാം പറയുവാനുണ്ടെങ്കിലും ഭൗതിക ദൃഷ്ടികൾക്കോ ശാസ്ത്രജ്ഞാനത്തിനോ കണ്ടുപിടിക്കുവാൻ കഴിയാത്ത ഒരു കാര്യം-പിശാചുക്കളെ എറിഞ്ഞാട്ടുക-കൂടി ഉൽക്കകൾ മുഖേന നടക്കുന്നുവെന്നത്രെ അവയുടെ സ്രഷ്ടാവായ അല്ലാഹു പറയുന്നത്. ഇക്കാര്യം ഇവിടെ മാത്രമല്ല, സൂറ: സ്വാഫ്ഫാത്തിലും, സൂറ: ജിന്നിലും ഇതിനെക്കാൾ വ്യക്തമായും, വിശദമായും പ്രസ്താവിക്കപ്പെട്ടിട്ടുണ്ടുതാനും. കൂടാതെ ബുഖാരി, മുസ്ലിം (റ) മുതലായ ഹദീസു ഗ്രന്ഥങ്ങൾ വിവിധ മാർഗ്ഗങ്ങളിലൂടെ ഉദ്ധരിക്കപ്പെട്ടിട്ടുള്ള പല നബി വചനങ്ങളിലും ഇതിനെപ്പറ്റി വിവരിച്ചു കാണാം.

ഈ 18-ാം വചനത്തിന്റെ വിശദീകരണത്തിലും മറ്റും ഇമാം ബുഖാരി (റ) ഉദ്ധരിച്ചിട്ടുള്ള ഒരു നബിവചനത്തിന്റെ സാരം മാത്രം ഇവിടെ ഉദ്ധരിക്കുന്നു. നബി (സ) പറയുകയാണ്: 'അല്ലാഹു ആകാശത്തിൽവെച്ചു ഒരു കാര്യം തീരുമാനിച്ചാൽ, അല്ലാഹുവിന്റെ വചനത്തോടുള്ള കീഴ്‌വണക്കം നിമിത്തം മലക്കുകൾ ചിറകടിക്കും. ഒരു മിനുസമായ പാറക്കല്ലിന്മേൽ ചങ്ങല വലിക്കുംപോലെയിരിക്കും അത്. അവരുടെ ഹൃദയങ്ങളിൽനിന്ന് നടുക്കം നീങ്ങുമ്പോൾ റബ്ബ് പറഞ്ഞതു എന്താണെന്നു അവർ ചോദിച്ചറിയും. ഇതു കട്ടുകേൾക്കുന്നവർ (പിശാചുക്കൾ) കേൾക്കും. അവർ ഒന്നിനുമീതെ മറ്റൊന്നായി നിലകൊള്ളുന്നുണ്ടായിരിക്കും. ചിലപ്പോൾ കേട്ട ആൾ തന്റെ താഴെയുള്ളവർക്ക് അതു ഇട്ടു കൊടുക്കും മുമ്പു തന്നെ അവനു തീജ്വാല ബാധിക്കും. അതവനെ കരിച്ചു കളയുകയും ചെയ്യും. ചിലപ്പോൾ അടുത്തു നിൽക്കുന്നവർക്ക് അതു ഇട്ടു കൊടുക്കുന്നതുവരെ ജ്വാല പിടിപെടാതെയുമിരിക്കും. അങ്ങനെ, അവരതു ഭൂമിവരെ എത്തിക്കും. എന്നിട്ട് അതു മാരണക്കാരുടെ (ഗണിതക്കാരുടെ) വായിൽ ഇട്ടു കൊടുക്കപ്പെടും. അവർ അതിൽകൂടി നൂറു കളവും ചേർക്കും. അങ്ങനെ, 'ഇന്നിന്ന ദിവസം ഇന്നിന്നതു ഉണ്ടാകുമെന്നു അവൻ (മാരണക്കാരൻ) നമ്മോടു പറഞ്ഞില്ലേ? അതു യഥാർത്ഥമായി കണ്ടില്ലേ?' എന്നൊക്കെ ജനങ്ങൾ പറഞ്ഞേക്കും. ആകാശത്തു നിന്നു (യഥാർത്ഥത്തിൽ) കേട്ട ആ വാക്കായിരിക്കും അത്.' (ബു.)

പിശാചുക്കളുടെ മേൽ പ്രസ്താവിച്ച കട്ടുകേൾവിയെക്കുറിച്ചും, അവർക്ക് ഉൽക്കകൾ ബാധിക്കുന്നതിനെക്കുറിച്ചും അടുത്ത കാലത്തു ഭൗതിക താല്പര്യക്കാരായ ചില പണ്ഡിതന്മാർ, പല ദുർവ്യാഖ്യാനങ്ങളും നൽകി തൃപ്തിപ്പെടുകയും, ഖുർആൻ വചനങ്ങൾക്കു അവരുടേതായ ചില പുതിയ അർത്ഥങ്ങൾ കല്പിക്കുകയും, ഹദീസുകളുടെ നേരെ പരിഹാസവിമർശനം നടത്തുകയും ചെയ്തിട്ടുണ്ട്. അവയെല്ലാം തക്കതായ മറുപടി നൽകിക്കൊണ്ടുള്ള ഒരു ഖണ്ഡനവും, വിഷയത്തിന്റെ യഥാർത്ഥരൂപം മനസ്സിലാക്കുവാനുതകുന്ന ഒരു വിശദീകരണവും ഈ ഗ്രന്ഥത്തിന്റെ അവസാനം ചേർത്ത വ്യാഖ്യാനക്കുറിപ്പിൽ കാണാവുന്നതാണ്. കൂടാതെ, ഈ വിഷയകമായി സൂറഃ സ്വാഫ്ഫാത്തിലും, സൂറഃ ജിന്നിലും വന്നിട്ടുള്ള ആയത്തുകളും അവയുടെ വ്യാഖ്യാനവുംകൂടി നോക്കുക.

19. ഭൂമിയെ നാം (നീട്ടി) വിശാലപ്പെടുത്തുകയും, അതിൽ നാം ഉറച്ചു നില്ക്കുന്ന മലകളെ സ്ഥാപിക്കുകയും ചെയ്തിരിക്കുന്നു; അതിൽ നാം തൂക്കം (അഥവാ നിശ്ചിതമായ തോതു വ്യവസ്ഥ) ചെയ്യപ്പെട്ട എല്ലാ വസ്തുക്കളിൽ നിന്നും മുളപ്പിക്കുകയും ചെയ്തിരിക്കുന്നു.

١٩- وَالْأَرْضَ مَدَدْنَاهَا وَأَلْقَيْنَا فِيهَا رَوَاسِيَ وَأَنبَتْنَا فِيهَا مِن كُلِّ شَيْءٍ مَّوْزُونٍ

---

19. والأرض ഭൂമിയെ مددناها അതിനെ നാം നീട്ടി (വിശാലപ്പെടുത്തി) وألقينا നാം ഇടുക(സ്ഥാപിക്കുക)യും ചെയ്തു فيها അതിൽ رواسي ഉറച്ചു നിൽക്കുന്നവയെ (മലകളെ) وأنبتنا നാം മുളപ്പിക്കുക(ഉല്പാദിപ്പിക്കുക)യും ചെയ്തു فيها അതിൽ من كل شيء എല്ലാ വസ്തുവിൽ നിന്നും موزون തൂക്കം (തോതു നിർണ്ണയം) ചെയ്യപ്പെട്ട

എല്ലാ ഓരോ വസ്തുവിന്റെയും പ്രത്യേകതയും ആവശ്യകതയും അനുസരിച്ചു യുക്തമായ തോതിൽ അതതിനു ഉൽപാദനം നൽകിയിരിക്കുന്നുവെന്നു മൊത്തത്തിൽ ഇതിന്റെ സാരം മനസ്സിലാക്കാം. ഇപ്പോഴാകട്ടെ, ചെടികളുടെയും വസ്തുക്കളുടെയും ധാതുക്കളുടെ തോത് ഓരോന്നിലും വ്യത്യസ്തമാണെങ്കിലും, ഓരോന്നും ക്ലിപ്തമായ തൂക്കത്തിലും തോതിലുമാണുള്ളതെന്നും, ആ തോതിൽനിന്നു ഏതെങ്കിലും ഒരു ധാതു അല്പമെങ്കിലും വ്യത്യസ്തമായാൽ ആ വസ്തു താനല്ലാതായിത്തീരുമെന്നും ഇന്നു ശാസ്ത്രം തെളിയിച്ചിരിക്കയാണ്. അപ്പോൾ, വളരെ നൂറ്റാണ്ടുകൾക്കു മുമ്പു തന്നെ ഈ യാഥാർത്ഥ്യം വി. ഖുർആൻ പ്രഖ്യാപിച്ചു കഴിഞ്ഞിട്ടുള്ളതാണ്.

20. അതിൽ നിങ്ങൾക്കു നാം പല ജീവിതോപാധികളെയും ഏർപ്പെടുത്തിയിരിക്കുന്നു;- (നിങ്ങൾക്കുമാത്രമല്ല) നിങ്ങൾ ആഹാരം നല്കുന്നവരല്ലാത്തവർക്കും.

٢٠- وَجَعَلْنَا لَكُمْ فِيهَا مَعَايِشَ وَمَن لَّسْتُمْ لَهُ بِرَازِقِينَ

---

20. وجعلنا لكم നിങ്ങൾക്കു നാം ഏർപ്പെടുത്തുകയും ചെയ്തു فيها അതിൽ معايش പല ജീവിതോപാധികളെ ومن യാതൊരുവർക്കും لستم നിങ്ങളല്ല له അവർക്ക് برازقين ആഹാരം നൽകുന്നവർ

[illegible] ഭക്ഷണം, വസ്ത്രം, പാർപ്പിടം തുടങ്ങിയ ഉപാധികളും വിവിധതരം ഉപജീവന മാർഗ്ഗങ്ങളും [illegible] അല്ലാഹു ഏർപ്പെടുത്തിത്തന്നിട്ടുണ്ട്. നിങ്ങൾക്കെന്നു മാത്രമല്ല, നിങ്ങൾ [illegible] ആഹാരം കൊടുക്കുവാൻ കഴിയാത്തവരായ മനുഷ്യർ, പക്ഷിമൃഗാദി [illegible] വസ്തുക്കൾക്കും ആവശ്യമായ ജീവിതോപാധികൾ ഭൂമിയിൽ അവൻ ഏർപ്പെടുത്തിവെച്ചിട്ടുണ്ട് [illegible] പറയുന്നത്.

21. ഒരു വസ്തുവും തന്നെ, അതിന്റെ (നിക്ഷേപ) ഖജനാക്കൾ നമ്മുടെ അടുക്കൽ ഇല്ലാതെയില്ല. അതിനെ (ഒന്നിനെയും) ഒരു അറിയപ്പെട്ട (നിശ്ചിത) തോതനുസരിച്ചല്ലാതെ നാം ഇറക്കുന്നതുമല്ല

وَإِن مِّن شَيْءٍ إِلَّا عِندَنَا خَزَائِنُهُ وَمَا نُنَزِّلُهُ إِلَّا بِقَدَرٍ مَّعْلُومٍ ٢١

---

21. وَإِن مِّن شَيْءٍ ഒരു വസ്തുവും തന്നെയില്ല إِلَّا عِندَنَا നമ്മുടെ അടുക്കലില്ലാതെ خَزَائِنُهُ അതിന്റെ ഖജനാക്കൾ وَمَا نُنَزِّلُهُ അതിനെ നാം ഇറക്കുന്നതുമല്ല إِلَّا بِقَدَرٍ ഒരു തോതനുസരിച്ചല്ലാതെ مَّعْلُومٍ അറിയപ്പെട്ട(നിശ്ചിത)

ഈ ലോകവ്യവസ്ഥയുടെ പിന്നിലുള്ള മൗലികതത്വം ഉൾക്കൊള്ളുന്ന ഒരു വചനമാണിത്. شَيْء (വസ്തു അല്ലെങ്കിൽ വസ്തുത) എന്നു പറയപ്പെടാവുന്ന എന്തെല്ലാം ഉണ്ടോ അതിന്റെയെല്ലാം നിക്ഷേപവും ഭണ്ഡാരവും അല്ലാഹുവിങ്കലാണുള്ളത്. അവ മുഴുവനും അവന്റെ അധീനത്തിലും നിയന്ത്രണത്തിലുമാണ്. എങ്ങിനെ അല്ലാതിരിക്കും? ഒരു വസ്തു ഉണ്ടാവണമെന്നു അവൻ ഉദ്ദേശിച്ചാൽ അതു ഉണ്ടാവണമെന്നു പറയുകയേ വേണ്ടൂ—അതുണ്ടാവുകയായി (36:82) ഒരു കാര്യം അവൻ തീരുമാനിച്ചാൽ അതുണ്ടാവണമെന്നു പറയുകയേ വേണ്ടൂ—അതുണ്ടായിക്കൊള്ളും. (2:117) പക്ഷെ, ഒരു നിശ്ചിത തോതും വ്യവസ്ഥയും അനുസരിച്ചു മാത്രമേ അവയെ അവൻ പുറത്തിറക്കുകയും വിതരണം ചെയ്യുകയും പതിവുള്ളൂ. ഓരോന്നിന്റെയും സന്ദർഭം, ആവശ്യം, അളവു ആദിയായവയെല്ലാം അവനറിയപ്പെടുന്നതുമാകുന്നു. അഥവാ അവന്നേ അറിയാവൂ. അനുഭവം, അന്വേഷണം, പരീക്ഷണം, നിരീക്ഷണം എന്നിങ്ങിനെയുള്ള മാർഗ്ഗങ്ങളിലൂടെ അവയിലടങ്ങിയ വളരെ ചുരുക്കം രഹസ്യങ്ങൾ ചിലപ്പോൾ മനുഷ്യർക്കു അറിയുവാൻ കഴിഞ്ഞെന്നു വരുമെന്നു മാത്രം. وَمَا أُوتِيتُم مِّنَ الْعِلْمِ إِلَّا قَلِيلًا (നിങ്ങൾക്കു അറിവിൽനിന്നു അൽപമല്ലാതെ നൽകപ്പെട്ടിട്ടില്ല 17:85)

ചില വസ്തുക്കൾ ധാരാളമായുണ്ടെങ്കിലും, ചിലത് അൽപാൽപമായും, ചിലത് ചില കാലങ്ങളിലും ദേശങ്ങളിലും, മറ്റു ചിലത് എല്ലാ ഇടത്തും എല്ലാ കാലത്തും ഉണ്ടായിക്കൊണ്ടിരിക്കുന്നത് ഈ വ്യവസ്ഥയനുസരിച്ചുകൊണ്ടാണ്. ഒരു ചെറിയ ഉദാഹരണം നോക്കുക: ഇന്നു മനുഷ്യലോകത്തിനു—വിശേഷിച്ചും നാഗരികരായ ജനങ്ങൾക്കു—ഭക്ഷണവും, വെള്ളവും കണക്കെ ഒരത്യാവശ്യവസ്തുവാണു വിദ്യുച്ഛക്തി. വൻനഗരങ്ങളിൽ അതില്ലാതെ നിമിഷങ്ങൾ പോലും കഴിച്ചു കൂട്ടുവാൻ കഴിയാതായിരിക്കുന്നു. ഈ വിദ്യുച്ഛക്തി മുമ്പും ഈ ലോകത്തു സ്ഥിതി ചെയ്യുന്നുണ്ട്. പക്ഷേ, അതിന്റെ അറിവും ആവശ്യവും ഉപയോഗവുമെല്ലാം അടുത്ത കാലങ്ങളിലാണ് മനുഷ്യർക്കുണ്ടായത്. വിദ്യുച്ഛക്തിയുമായി ബന്ധപ്പെടേണ്ടുന്ന ഒരു ജീവിതരീതി അന്നുവരെ മനുഷ്യർക്കുണ്ടായിരുന്നില്ല. അക്കാലത്ത് അതിനെപ്പറ്റി അറിവുണ്ടായാൽ തന്നെയും അതിനെ ചൂഷണം ചെയ്തു ഇന്നത്തെപ്പോലെ ഉപയോഗപ്പെടുത്തുവാനുള്ള മാർഗ്ഗങ്ങളും അജ്ഞാതമായിരുന്നു. അങ്ങനെ, ആവശ്യവും സന്ദർഭവും വന്നപ്പോൾ അല്ലാഹു അതിനെ പുറത്തിറക്കുകയും, അതിന്റെ പ്രയോജനവും ലഭ്യതയും വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്തു. ഇതുപോലെ എത്രയെത്ര ഉദാഹരണങ്ങൾ!

പ്രകൃതിരഹസ്യങ്ങളെപ്പറ്റി പുതിയ അറിവുകൾ ലഭിക്കും തോറും, പ്രകൃതി വിഭവങ്ങൾ ഉപയോഗപ്പെടുത്തുവാനുള്ള കഴിവു വർദ്ധിക്കുംതോറും അല്ലാഹു നിശ്ചയിച്ച പ്രകൃതി വ്യവസ്ഥയിലടങ്ങിയ യുക്തി രഹസ്യങ്ങൾ കൂടുതൽ കൂടുതൽ വെളിപ്പെട്ടുകൊണ്ടിരിക്കും. രണ്ടു കണ്ണും അടച്ചുവെച്ചു ഈ ലോകത്തിനൊരു സ്രഷ്ടാവിനെ കാണുന്നില്ലെന്നും, ഇതു എങ്ങിനെയോ സ്വയമേവ രൂപം കൊണ്ടതായിരിക്കുമെന്നും വിഭാവനം ചെയ്യുകയും, ഈ വിഭാവനത്തെ യഥാർത്ഥമായി തെറ്റിദ്ധരിക്കുകയും ചെയ്യുന്ന വിഡ്ഢികൾക്കുമാത്രമേ അതിൽനിന്നു പാഠമൊന്നും ലഭിക്കാതിരിക്കുകയുള്ളൂ.

എല്ലാ വസ്തുക്കളെയും കുറിച്ചു نُزِّلُ (നാം അതിനെ ഇറക്കുന്നു) എന്നു പറഞ്ഞതിന്റെ താൽപര്യം അവയെ മുകൾഭാഗത്തു നിന്നു മഴ വർഷിപ്പിക്കും പോലെ കീഴ്പോട്ടു ഇറക്കുന്നുവെന്നല്ല. അവയെ ഉൽപാദിപ്പിക്കുകയും രംഗത്തു കൊണ്ടുവരുകയും ചെയ്യുന്നുവെന്നാകുന്നു. അതോടുകൂടി ആ പ്രയോഗത്തിൽ മറ്റു ചില യഥാർത്ഥ്യങ്ങൾ കൂടി സൂചിപ്പിക്കപ്പെടുകയും ചെയ്തിരിക്കുന്നു. എല്ലാം അല്ലാഹുവിന്റെ കൽപനയും പ്രവൃത്തിയും അനുസരിച്ചാണു ഉണ്ടായിത്തീരുന്നത്. ഭൗതികമായ കാര്യങ്ങളിൽ മലക്കുകളുടെ കൈക്കും ചില പ്രവർത്തനങ്ങൾ നടമാടുന്നുണ്ട്. എന്നിങ്ങനെയുള്ള സൂചനകൾ അതിൽ അടങ്ങിയിരിക്കുന്നു. മറ്റൊരു സ്ഥലത്തു അല്ലാഹു പറഞ്ഞ വാക്കിൽ നിന്നു ഇതു കൂടുതൽ വ്യക്തമാകുന്നതാണ്. അതെ, يُدَبِّرُ الْأَمْرَ مِنَ السَّمَاءِ إِلَى الْأَرْضِ (അവൻ ആകാശത്തു നിന്നു ഭൂമിയിലേക്കു കാര്യം നിയന്ത്രിച്ചുകൊണ്ടിരിക്കുന്നു. (32:5) അപ്പോൾ 'അല്ലാഹു ഇറക്കുന്നു'വെന്ന പ്രയോഗം കേവലം ഒരു അലങ്കാര പ്രയോഗം മാത്രമല്ലെന്നു ഇതിൽ നിന്നു മനസ്സിലാക്കാവുന്നതാണ്. എല്ലാ വസ്തുക്കളുടെയും നിക്ഷേപം അല്ലാഹുവിങ്കലാണെന്നും, ഒരു നിശ്ചിത തോതനുസരിച്ചു അവൻ അവയെ ഇറക്കിക്കൊണ്ടിരിക്കുകയാണെന്നും പറഞ്ഞശേഷം അതിനു ചില ഉദാഹരണങ്ങൾ തുടർന്നു പറയുന്നു:–

22. വഹിക്കുന്നവയായ (അഥവാ ഫലോൽപാദകങ്ങളായ) നിലയിൽ നാം കാറ്റുകളെ അയക്കുകയും ചെയ്തിരിക്കുന്നു; അങ്ങനെ, ആകാശത്തുനിന്നു നാം (ഒരു) വെള്ളം ഇറക്കി; എന്നിട്ടു നിങ്ങൾക്കു അതിനെ നാം കുടിക്കുമാറാക്കിത്തന്നു. നിങ്ങൾ അതിനെ (നിക്ഷേപിച്ചു) സൂക്ഷിച്ചുവെക്കുന്നവരല്ലതാനും.

٢٢- وَأَرْسَلْنَا الرِّيَاحَ لَوَاقِحَ فَأَنزَلْنَا مِنَ السَّمَاءِ مَاءً فَأَسْقَيْنَاكُمُوهُ وَمَا أَنتُمْ لَهُ بِخَازِنِينَ ○

---

22. وَأَرْسَلْنَا നാം അയക്കുകയും ചെയ്തു الرِّيَاحَ കാറ്റുകളെ لَوَاقِحَ വാഹിനികളായിക്കൊണ്ടു, ഉൽപാദകങ്ങളായിട്ടു فَأَنزَلْنَا അങ്ങനെ (എന്നിട്ടു) നാം ഇറക്കി مِنَ السَّمَاءِ ആകാശത്തുനിന്നു مَاءً വെള്ളം فَأَسْقَيْنَاكُمُوهُ എന്നിട്ടു നാം നിങ്ങൾക്കതിനെ കുടിക്കു(നനക്കു)മാറാക്കിത്തന്നു وَمَا أَنتُمْ നിങ്ങളല്ലതാനും لَهُ അതിനെ بِخَازِنِينَ സൂക്ഷിക്കുന്ന (നിക്ഷേപിക്കുന്ന-സംഭരിക്കുന്ന) വർ

കാറ്റുകളുടെ സ്ഥിതിവിശേഷണമായിക്കൊണ്ടുള്ള لَوَاقِحَ (ലവാഖിഹ്) എന്ന വാക്കിനു കാർമേഘങ്ങളെ വഹിച്ചുകൊണ്ടുപോകുന്നവ എന്നും, ഫലങ്ങളെ ഉൽപാദിപ്പിക്കുന്നവ എന്നും അർത്ഥം കല്പിക്കപ്പെടുകയാണ്. അല്ലാഹു കാറ്റുകളെ അയക്കുകയും അവ മേഘങ്ങളെ ഇളക്കിവിടുകയും ചെയ്യുന്നുവെന്നും, അനന്തരം മേഘങ്ങളിൽ നിന്നു മഴ വർഷിക്കുകയും, അതുമൂലം ഉൽപാദനമില്ലാതെ നിർജ്ജീവമായി കിടക്കുന്ന ഭൂമിക്കു ജീവനുണ്ടാക്കി ഉൽപാദനയോഗ്യമാക്കുകയും ചെയ്യുമെന്നും അല്ലാഹു പറഞ്ഞിട്ടുണ്ടല്ലോ. (റൂം: 48–50) അപ്പോൾ, കാറ്റുകൾ മേഘങ്ങളെ വഹിച്ചുകൊണ്ടുപോകുന്നതും, അതോടുകൂടി കൃഷിയെ ഫലോൽപാദകമാക്കുവാൻ കാരണമായിത്തീരുന്നതുമാകുന്നു.

رِيح (റീഹ്–കാറ്റു) എന്ന വാക്കിന്റെ ബഹുവചനമാണു رِيَاح (രിയാഹ് – കാറ്റുകൾ) എങ്കിലും ഈ രണ്ടു വാക്കുകളും ഖുർആനിൽ ഉപയോഗിച്ച സന്ദർഭങ്ങൾ പരിശോധിക്കുമ്പോൾ ബഹുവചനരൂപത്തിലുള്ള പ്രയോഗം (رِيَاح) അനുഗ്രഹത്തിന്റെ കാറ്റുകളെ കുറിക്കുന്നതും, ഏകവചനരൂപത്തിലുള്ള പ്രയോഗം (رِيح) ആപൽക്കരമായ കാറ്റിനെ കുറിക്കുന്നതുമായിട്ടാണു കാണപ്പെടുന്നത്. കാറ്റടിക്കുമ്പോൾ നബി (സ) 'അല്ലാഹുവേ, നീ ഇതു കാറ്റുകളു(رِيَاح)ക്കണമേ, ഇതു ഒരു കാറ്റാ(رِيح)ക്കരുതേ' (*) എന്നു പ്രാർത്ഥിച്ചിരുന്നതായി ഹദീസിലും വന്നിട്ടുണ്ട്. (ബ: ശാഫിഈ)

وَمَا أَنتُمْ لَهُ بِخَازِنِينَ (നിങ്ങൾ അതിനെ സൂക്ഷിച്ചുവെക്കുന്നവരല്ലതാനും.) എന്നു പറഞ്ഞതിന്റെ താൽപര്യം രണ്ടു പ്രകാരത്തിലാവാം. (1) അല്ലാഹു അവന്റെ അനുഗ്രഹം കൊണ്ടു മഴ വർഷിച്ചു തന്നപ്പോൾ നിങ്ങൾക്കു ആവശ്യം ഉപയോഗപ്പെടുത്തുവാനായി എന്നല്ലാതെ നിങ്ങൾ അതു നിങ്ങളുടെ അധീനത്തിൽ സൂക്ഷിച്ചു സംഭരിച്ചു വെച്ചിരു

(*) اللهم اجعلها رياحا لا تجعلها ريحا

ന്നതിൽ നിന്നു എടുത്തു പുറത്താക്കിയതല്ലല്ലോ. (2) മഴ മൂലം ലഭിക്കുന്ന വെള്ളം മുഴുവനും സംഭരിച്ചു വെച്ചു [illegible] കൂടാതെയും, വററിയോ [illegible] പോകാതെയും സൂക്ഷിച്ചു നിക്ഷേപിക്കുവാൻ നിങ്ങൾക്ക സാധ്യമല്ല. [illegible] നിങ്ങളുടെ [illegible] നാം തന്നെ നിങ്ങൾക്ക് മഴ വർഷിപ്പിച്ചു തരുന്നു. [illegible] വ്യാഖ്യാനത്തിൽ [illegible] മനുഷ്യർക്കു അല്ലാഹുവിൽ നിന്നു ലഭിക്കുന്ന ഒരു [illegible] അനുഗ്രഹമാണു മഴ [illegible] സൂചന. وا الله

23. നിശ്ചയമായും, നാം തന്നെയാണു ജീവിപ്പിക്കുകയും, മരണപ്പെടുത്തുകയും ചെയ്യുന്നത്. നാം തന്നെയാണ, അനന്തരമെടുക്കുന്നവരും.

٢٣- وَإِنَّا لَنَحْنُ نُحْيِي وَنُمِيتُ وَنَحْنُ الْوَارِثُونَ ○

---

23. وإنا നിശ്ചയമായും നാം لنحن നാം തന്നെ نحيي നാം ജീവിപ്പിക്കുന്നു ونميت നാം മരിപ്പിക്കുകയും ചെയ്യുന്നു ونحن നാം (തന്നെ) الوارثون അനന്തരമെടുക്കുന്നവർ, അനന്തരാവകാശികൾ

'നിശ്ചയമായും, നാം തന്നെ ഭൂമിയെയും, അതിലുള്ളവരെയും അനന്തരമെടുക്കുന്നു. നമ്മുടെ അടുക്കലേക്കുതന്നെ മടക്കപ്പെടുകയും ചെയ്യും.' (മർയം: 40.)

24. തീർച്ചയായും നിങ്ങളിൽ നിന്ന മുൻ കടന്നുപോകുന്നവരെ നാം അറിഞ്ഞിട്ടുണ്ട്; തീർച്ചയായും പിന്തിനിൽക്കുന്നവരെയും നാം അറിഞ്ഞിട്ടുണ്ട്.

٢٤- وَلَقَدْ عَلِمْنَا الْمُسْتَقْدِمِينَ مِنكُمْ وَلَقَدْ عَلِمْنَا الْمُسْتَأْخِرِينَ ○

---

24. ولقد علمنا തീർച്ചയായും നാം അറിഞ്ഞിട്ടുണ്ട്, നമുക്കറിയാം المستقدمين മുൻകടന്നു പോകുന്നവരെ منكم നിങ്ങളിൽ നിന്നു ولقد علمنا തീർച്ചയായും നാം അറിഞ്ഞിട്ടുമുണ്ട് المستأخرين പിന്തിനിൽക്കുന്നവരെ, പിന്നിൽ വരുന്നവരെ

ജീവിതം, മരണം മുതലായി ഏതു കാര്യത്തിലും ആരൊക്കെ മുന്നിലായിരിക്കുകയെന്നും, ആരൊക്കെ പിന്നിലായിരിക്കുകയെന്നും, ആരൊക്കെ കഴിഞ്ഞുപോയെന്നും, ആരൊക്കെ ബാക്കിയുണ്ടെന്നുമൊക്കെ ശരിക്കും തിട്ടമായും നമുക്കു മുമ്പേ അറിയാം എന്നു സാരം.

25. നിശ്ചയമായും, നിന്റെ റബ്ബുതന്നെ അവരെ (എല്ലാം) ഒരുമിച്ചു കൂട്ടുകയും ചെയ്യുന്നു. നിശ്ചയമായും, അവൻ അഗാധജ്ഞനാണ്, സർവ്വജ്ഞനാണ്.

٢٥- وَإِنَّ رَبَّكَ هُوَ يَحْشُرُهُمْ إِنَّهُ حَكِيمٌ عَلِيمٌ ○

വിഭാഗം-3

26. തീർച്ചയായും, (രൂപപിടിച്ചു) പാകപ്പെടുത്തപ്പെട്ട കളിമണ്ണിൽനിന്ന ചിലപ്പുണ്ടാകുന്ന മണ്ണിനാൽ മനുഷ്യനെ നാം സൃഷ്ടിച്ചിരിക്കുന്നു.

٢٦- وَلَقَدْ خَلَقْنَا الْإِنسَانَ مِن صَلْصَالٍ مِّنْ حَمَإٍ مَّسْنُونٍ ○

---

25. وإن നിശ്ചയമായും നിന്റെ റബ്ബു هو അവൻതന്നെ يحشرهم അവരെ ഒരുമിച്ചു കൂട്ടുന്ന إنه حكيم നിശ്ചയമായും അവൻ അഗാധജ്ഞനാണ്, യുക്തിമാനാണ് عليم (സർവ്വ)ജ്ഞനാണ്
26. ولقد തീർച്ചയായും നാം സൃഷ്ടിച്ചിട്ടുണ്ട് الإنسان മനുഷ്യനെ من صلصال ചിലപ്പുണ്ടാകുന്ന (ചിലചിലപ്പുള്ള) മണ്ണിനാൽ من حمإ കളി (ചെളി)മണ്ണിൽ നിന്നുള്ള مسنون (രൂപപിടിച്ചു) പാകപ്പെടുത്ത (രൂപപ്പെടുത്ത)പ്പെട്ട, പശിമ പിടിച്ച് നാററം വന്ന

27\. ജിന്നിനെയും അത്യുഷ്ണമുള്ള അഗ്നിയാല്‍ നാം മുമ്പെ അതിനെ സൃഷ്ടിച്ചു.

٢٧- وَالْجَانَّ خَلَقْنَاهُ مِن قَبْلُ مِن نَّارِ السَّمُومِ

27\. والجان ജിന്നിനെയും خلقناه നാമതിനെ സൃഷ്ടിച്ചു من قبل മുമ്പു, മുമ്പെ من نار അഗ്നിയാല്‍ السموم അത്യുഷ്ണമുള്ള

മനുഷ്യവര്‍ഗ്ഗത്തിന്റെയും ജിന്നുവര്‍ഗ്ഗത്തിന്റെയും ഉല്‍പത്തിയെക്കുറിച്ചാണു പ്രസ്താവിക്കുന്നത്. മനുഷ്യപിതാവായ ആദം (അ) നബിയെ മണ്ണുകൊണ്ടും, ജിന്നവര്‍ഗ്ഗത്തിന്റെ പിതാവായ ഇബ്ലീസിനെ അഗ്നികൊണ്ടുമാണു സൃഷ്ടിച്ചിരിക്കുന്നതെന്നു ഖുര്‍ആനില്‍ പലേടത്തുനിന്നു വ്യക്തമാണ്. മനുഷ്യസൃഷ്ടിയെക്കുറിച്ചു പറയുമ്പോള്‍ മണ്ണില്‍നിന്നു (من تراب) കളിമണ്ണില്‍നിന്നു (من طين) ഒട്ടുന്ന-പശിമയുള്ള-കളിമണ്ണില്‍നിന്നു (من طين لازب) ചുട്ട മണ്ണുപോലെ ചിലപ്പുള്ളതില്‍ നിന്നു (من صلصال كالفخار) എന്നിങ്ങിനെയും, ജിന്നിന്റെ സൃഷ്ടിയെക്കുറിച്ചു പറയുമ്പോള്‍ അഗ്നിയില്‍നിന്നു (من نار) അഗ്നിയില്‍ നിന്നുള്ള ജ്വാലയില്‍ നിന്ന (من مارج من نار) എന്നിങ്ങിനെയും വ്യത്യസ്ത വാക്കുകള്‍ അല്ലാഹു ഉപയോഗിച്ചു കാണാം. ആ മണ്ണിന്റെയും, അഗ്നിയുടെയും സ്വഭാവവിശേഷങ്ങളെയാണ് ഈ വ്യത്യസ്ത വാക്കുകള്‍ സൂചിപ്പിക്കുന്നത്. രണ്ടിനെപ്പറ്റിയും ഇവിടെ ഉപയോഗിച്ച വാക്കുകളുടെ ഉദ്ദേശ്യം മനസ്സിലാക്കുവാന്‍ ഇതെല്ലാം സഹായകമാകുന്നു.

കൊട്ടിയാല്‍ 'ചല ചല' ശബ്ദം വരുന്ന ചിലപ്പുള്ള മണ്ണിനാണു صلصال എന്നു പറയുന്നത്. ചെളിമണ്ണു-അഥവാ കളിമണ്ണു-എന്നത്രെ حمإ ന്റെ അര്‍ത്ഥം. مسنون എന്ന വാക്കിനു പഴകംചെന്നു മണത്തില്‍ വ്യത്യാസംവന്ന മണ്ണു എന്നും, പശിമയുള്ള കുഴഞ്ഞമണ്ണു എന്നും, പശിമ പിടിച്ച് കറുപ്പുനിറം പൂണ്ട മണ്ണു എന്നും, മൂശപിടിച്ചു രൂപപ്പെടുത്തി പാകപ്പെടുത്തപ്പെട്ട മണ്ണു എന്നുമൊക്കെ അര്‍ത്ഥം നല്‍കപ്പെട്ടു കാണുന്നു. വാസ്തവത്തില്‍ ഇതൊന്നും വിഭിന്നമായ അര്‍ത്ഥങ്ങളല്ല. മണ്‍പാത്രങ്ങളും മറ്റും ഉണ്ടാക്കുവാന്‍ ഉപയോഗിക്കുന്ന മണ്ണിനു ഈ ഗുണങ്ങളെല്ലാം ഉണ്ടായിരിക്കുന്നതുപോലെ, പ്രസ്തുതഗുണങ്ങളുള്ള കളിമണ്ണുകൊണ്ടു രൂപപ്പെടുത്തുകയും, പിന്നീടു ചുട്ടെടുക്കപ്പെട്ട മണ്ണുപോലെ തട്ടിയാല്‍ ചിലപ്പുവരത്തക്കവണ്ണം ഉണങ്ങുകയും ചെയ്ത മണ്ണുകൊണ്ടുള്ള മൂശയില്‍നിന്നാണു അല്ലാഹു മനുഷ്യനെ സൃഷ്ടിച്ചതെന്നു മൊത്തത്തില്‍ മനസ്സിലാക്കാം. سموم എന്നാല്‍, രോമകൂപങ്ങളിലൂടെ ഉള്ളിലേക്കു തുളച്ചുകടക്കുമാറു അത്യുഷ്ണമായതു എന്നര്‍ത്ഥം. അത്യുഷ്ണമുള്ള കാറ്റിനും سموم എന്നു പറയപ്പെടാറുണ്ട്. سم (സമ്മു) എന്നാല്‍ സൂചിയുടെ ദ്വാരംപോലെയുള്ള സുഷിരം-അഥവാ സൂക്ഷ്മദ്വാരം-എന്നാണര്‍ത്ഥം. അതില്‍നിന്നാണു ആ വാക്കിന്റെ ഉത്ഭവം. (*) ചുരുക്കത്തില്‍, മനുഷ്യപിതാവിനെ മേല്‍വിവരിച്ച പ്രകാരമുള്ള മണ്ണിനാല്‍ സൃഷ്ടിച്ചതുവഴി മനുഷ്യവര്‍ഗ്ഗത്തിന്റെ ഉത്ഭവം മണ്ണില്‍നിന്നും, ജിന്നുപിതാവിനെ അത്യുഷ്ണമായ അഗ്നിയാല്‍ സൃഷ്ടിച്ചതുവഴി ജിന്നുവര്‍ഗ്ഗത്തിന്റെ ഉത്ഭവം തീയില്‍നിന്നുമാകുന്നു. ഇങ്ങിനെ ഉത്ഭവം തൊട്ട് പ്രകൃതത്തിലും, സ്വഭാവത്തിലും വിരുദ്ധമായ രണ്ടു വര്‍ഗ്ഗങ്ങളാണു മനുഷ്യനും ജിന്നും. എന്നാല്‍, പ്രസ്തുത മണ്ണു എവിടെനിന്നു എടുക്കപ്പെട്ടു? അതുകൊണ്ട് എന്തെല്ലാം ചെയ്യപ്പെട്ടു എന്നിത്യാദി വിശദീകരണങ്ങളൊന്നും നമുക്കറിഞ്ഞുകൂടാ. ഈ വചനത്തിലും ഈ വിഷയത്തെ സംബന്ധിച്ച വന്നമറ്റു ആയത്തുകളിലും അതൊന്നും അല്ലാഹു വിവരിച്ചിട്ടില്ലതാനും.

മനുഷ്യരും ജിന്നുകളുമെന്നു രണ്ടു പ്രത്യേക വര്‍ഗ്ഗങ്ങളില്ലെന്നും, മനുഷ്യരിലുള്ള അപരിഷ്കൃത വിഭാഗത്തിനാണു ജിന്നുകളെന്നു പറയുന്നതെന്നും ഇപ്പോള്‍ ചില പ്രക്ഷിപ്തബുദ്ധികളായ ഖുര്‍ആന്‍ വ്യാഖ്യാതാക്കള്‍ വാദിക്കുന്നുണ്ട്. ഈ ഖുര്‍ആന്‍ വചനങ്ങള്‍ക്കും ഇതുപോലെയുള്ള മറ്റുപല വചനങ്ങള്‍ക്കും അവര്‍ അവരുടെ വകയായി ചില പുതിയ അര്‍ത്ഥങ്ങളും വ്യാഖ്യാനങ്ങളും നല്‍കി തൃപ്തി അടയുകയും ചെയ്യുന്നു. വിശുദ്ധ ഖുര്‍ആനില്‍ വിശ്വസിക്കുന്നവരെന്നു സ്വയം അഭിമാനിക്കുന്നവരോടൊപ്പം താന്താങ്ങളിലുള്ള അര്‍ത്ഥവ്യാഖ്യാനങ്ങള്‍ ഖുര്‍ആന്‍ വചനങ്ങള്‍ക്കു നല്‍കുവാനുള്ള അവരുടെ ധൈര്യം കാണുമ്പോള്‍ നാം അമ്പരന്നു പോകുന്നു! ഇവരുടെ ഈ വ്യാജവാദത്തിനെതിരെ ഖുര്‍ആനില്‍ മറ്റു തെളിവുകളൊന്നും ഇല്ലെങ്കില്‍പോലും-വാസ്തവത്തില്‍ പല തെളിവുകളുമുണ്ടുതാനും-മനുഷ്യനെ സൃഷ്ടിക്കുന്നതിനു മുമ്പുതന്നെ ജിന്നിനെ സൃഷ്ടിച്ചിരിക്കുന്നു (والجان خلقناه من قبل) എന്ന ഒരൊറ്റ വാക്യംകൊണ്ടു ഇവരുടെ വാദം അടിയോടെ പൊളിഞ്ഞുപോകുന്നു. പക്ഷേ, താല്‍പര്യപൂര്‍വ്വം ഒരു മുന്‍വിധി വെച്ചുകൊണ്ടു വ്യാഖ്യാനത്തിനൊരുങ്ങുന്നവര്‍ക്കുണ്ടോ ഇതെല്ലാം കാണുവാനും ഗ്രഹിക്കുവാനും കഴിയുന്നു?!

(*) قاله في مفردات الراغب وغيره

٢٨- وَإِذْ قَالَ رَبُّكَ لِلْمَلَٰٓئِكَةِ إِنِّى خَٰلِقٌۢ بَشَرًا مِّن صَلْصَٰلٍ مِّنْ حَمَإٍ مَّسْنُونٍ

28. നിന്റെ റബ്ബ് മലക്കുകളോടു പറഞ്ഞ സന്ദർഭം (ഓർക്കുക): '(പശിമപിടിച്ചു) പാകപ്പെടുത്തപ്പെട്ട കളിമണ്ണിൽനിന്നും ചിലപ്പുണ്ടാകുന്ന മണ്ണിനാൽ ഞാൻ ഒരു മനുഷ്യനെ സൃഷ്ടിക്കുകയാണ്'.

٢٩- فَإِذَا سَوَّيْتُهُۥ وَنَفَخْتُ فِيهِ مِن رُّوحِى فَقَعُوا۟ لَهُۥ سَٰجِدِينَ

29. 'അങ്ങനെ, ഞാൻ അവനെ (പൂർത്തിയാക്കി) ശരിപ്പെടുത്തുകയും, അവനിൽ എന്റെ (വക) ആത്മാവിൽ നിന്നും ഞാൻ ഊതുകയും ചെയ്താൽ, അപ്പോൾ, നിങ്ങൾ അവനു 'സുജൂദു' ചെയ്യുന്നവരായി വീഴുവിൻ'.

٣٠- فَسَجَدَ ٱلْمَلَٰٓئِكَةُ كُلُّهُمْ أَجْمَعُونَ

30. എന്നിട്ടു, മലക്കുകൾ എല്ലാവരും മുഴുവൻ (തന്നെ) 'സുജൂദു' ചെയ്തു;

٣١- إِلَّآ إِبْلِيسَ أَبَىٰٓ أَن يَكُونَ مَعَ ٱلسَّٰجِدِينَ

31. —ഇബ്‌ലീസ് ഒഴികെ:- അവൻ 'സുജൂദു' ചെയ്തവരോടൊപ്പം ആയിരിക്കുവാൻ വിസമ്മതിച്ചു.

٣٢- قَالَ يَٰٓإِبْلِيسُ مَا لَكَ أَلَّا تَكُونَ مَعَ ٱلسَّٰجِدِينَ

32. അവൻ [അല്ലാഹു] പറഞ്ഞു: 'ഇബ്‌ലീസേ, നീ 'സുജൂദ്' ചെയ്തവരോടൊപ്പം ആകാതിരിക്കുവാൻ നിനക്കെന്താണു (കാരണം)?'

٣٣- قَالَ لَمْ أَكُن لِّأَسْجُدَ لِبَشَرٍ خَلَقْتَهُۥ مِن صَلْصَٰلٍ مِّنْ حَمَإٍ مَّسْنُونٍ

33. അവൻ [ഇബ്‌ലീസു] പറഞ്ഞു: '(പശിമപിടിച്ചു) പാകപ്പെടുത്തപ്പെട്ട കളിമണ്ണിൽ നിന്നു ചിലപ്പുണ്ടാകുന്ന മണ്ണിനാൽ നീ സൃഷ്ടിച്ചിട്ടുള്ള മനുഷ്യനു സുജൂദു ചെയ്‌വാൻ ഞാനായിട്ടില്ല'.

---

28. وَإِذْ قَالَ പറഞ്ഞ സന്ദർഭം رَبُّكَ നിന്റെ റബ്ബ് لِلْمَلَٰٓئِكَةِ മലക്കുകളോടു إِنِّى നിശ്ചയമായും ഞാൻ خَٰلِقٌ സൃഷ്ടിക്കുന്നവനാണ് بَشَرًا ഒരു മനുഷ്യനെ مِّن صَلْصَٰلٍ ചിലപ്പുണ്ടാകുന്നതിനാൽ مِّنْ حَمَإٍ കളി(ചെളി)മണ്ണിൽനിന്നും مَّسْنُونٍ പാകപ്പെടുത്തപ്പെട്ട (പശിമപിടിച്ചു) നാറുന്ന... 29. فَإِذَا سَوَّيْتُهُۥ അങ്ങനെ അവനെ ഞാൻ ശരിപ്പെടുത്തിയാൽ وَنَفَخْتُ ഞാൻ ഊതുകയും فِيهِ അവനിൽ مِن رُّوحِى എന്റെ ആത്മാവിൽ നിന്നു فَقَعُوا۟ അപ്പോൾ നിങ്ങൾ വീഴുവിൻ لَهُۥ അവനു سَٰجِدِينَ സുജൂദു ചെയ്യുന്നവരായി 30. فَسَجَدَ എന്നിട്ടു (അപ്പോൾ) സുജൂദു ചെയ്തു ٱلْمَلَٰٓئِكَةُ മലക്കുകൾ كُلُّهُمْ അവരെല്ലാം أَجْمَعُونَ മുഴുവൻ 31. إِلَّآ إِبْلِيسَ ഇബ്‌ലീസു ഒഴികെ أَبَىٰٓ അവൻ വിസമ്മതിച്ചു, വിഷമി, സമ്മതിക്കാതിരുന്നു أَن يَكُونَ അവനായിരിക്കുവാൻ مَعَ ٱلسَّٰجِدِينَ സുജൂദു ചെയ്യുന്നവരുടെ ഒപ്പം (കൂടെ) 32. قَالَ അവൻ പറഞ്ഞു يَٰٓإِبْلِيسُ ഇബ്‌ലീസേ مَا لَكَ നിനക്കെന്താണു أَلَّا تَكُونَ നീ ആകാതിരിക്കുവാൻ مَعَ ٱلسَّٰجِدِينَ സുജൂദു ചെയ്യുന്നവരോടൊപ്പം 33. قَالَ അവൻ പറഞ്ഞു لَمْ أَكُن ഞാൻ ആയിട്ടില്ല, ഞാൻ ഇല്ല, ആകാവതല്ല لِّأَسْجُدَ ഞാൻ സുജൂദു ചെയ്‌വാൻ لِبَشَرٍ ഒരു മനുഷ്യനു خَلَقْتَهُۥ നീ അവനെ സൃഷ്ടിച്ചു مِن صَلْصَٰلٍ ചിലപ്പുണ്ടാക്കുന്നതിനാൽ مِّنْ حَمَإٍ കളിമണ്ണിൽ നിന്നു مَّسْنُونٍ പാകപ്പെടുത്തപ്പെട്ട, രൂപപ്പെടുത്തപ്പെട്ട.

٣٤-قَالَ فَاخْرُجْ مِنْهَا فَإِنَّكَ رَجِيمٌ ۝

34. അവൻ [അല്ലാഹു] പറഞ്ഞു: 'എന്നാൽ, നീ ഇവിടെ നിന്നു പുറത്തു പോകുക; നിശ്ചയമായും, നീ ആട്ടപ്പെട്ടവനാകുന്നു.

٣٥-وَإِنَّ عَلَيْكَ اللَّعْنَةَ إِلَىٰ يَوْمِ الدِّينِ ۝

35. 'നിശ്ചയമായും, നിന്റെ മേൽ (പ്രതിഫല നടപടിയുടെ ദിവസംവരെ ശാപവുമുണ്ടായിരിക്കും.'.

---

34. قَالَ അവൻ പറഞ്ഞു فَاخْرُجْ എന്നാൽ നീ പുറത്തുപോകുക مِنْهَا ഇതിൽ (ഇവിടെ)നിന്നു فَإِنَّكَ കാരണം നിശ്ചയമായും നീ رَجِيمٌ ആട്ടപ്പെട്ടവനാണ് 35. وَإِنَّ عَلَيْكَ നിശ്ചയമായും നിന്റെ മേൽ ഉണ്ടുതാനും اللَّعْنَةَ ശാപം إِلَىٰ يَوْمِ ദിവസംവരെ الدِّينِ പ്രതിഫല നടപടിയുടെ

ഇവിടെ നിന്നു പുറത്തുപോവുക (اخْرُجْ مِنْهَا) എന്നു പറഞ്ഞതിന്റെ ഉദ്ദേശ്യം മലക്കുകളുടെ കൂട്ടത്തിൽനിന്നു എന്നും ഉപരിലോകത്തുനിന്നു എന്നും ആകാം എന്നത്രെ. والله أعلم

٣٦-قَالَ رَبِّ فَأَنْظِرْنِي إِلَىٰ يَوْمِ يُبْعَثُونَ ۝

36. അവൻ [ഇബ്‌ലീസ്] പറഞ്ഞു: 'എന്റെ റബ്ബേ, എന്നാൽ [അങ്ങിനെയാണെങ്കിൽ] അവർ [മനുഷ്യർ] എഴുന്നേല്പിക്കപ്പെടുന്ന (പുനരുത്ഥാന) ദിവസംവരെ നീ എനിക്ക (അവധി നൽകി) താമസം നൽകേണമേ!'

٣٧-قَالَ فَإِنَّكَ مِنَ الْمُنْظَرِينَ ۝

37. അവൻ [അല്ലാഹു] പറഞ്ഞു: 'എന്നാൽ (പോ!) നീ താമസം നൽകപ്പെട്ടവരിൽപെട്ടവൻ തന്നെ;–

٣٨-إِلَىٰ يَوْمِ الْوَقْتِ الْمَعْلُومِ ۝

38. അറിയപ്പെട്ട (ആ നിശ്ചിത) സമയത്തിന്റെ ദിവസംവരെ

---

36. قَالَ അവൻ പറഞ്ഞു رَبِّ എന്റെ റബ്ബേ فَأَنْظِرْنِي എന്നാൽ നീ എന്നെ ഒഴിവാക്കി (താമസം ചെയ്തു–നീട്ടിവെച്ചു) തരണേ إِلَىٰ يَوْمِ ദിവസംവരെ يُبْعَثُونَ അവർ എഴുന്നേൽപിക്കപ്പെടുന്ന 37. قَالَ അവൻ പറഞ്ഞു فَإِنَّكَ എന്നാൽ നിശ്ചയമായും നീ مِنَ الْمُنْظَرِينَ ഒഴിവാക്കപ്പെട്ട (നീട്ടിവെക്കപ്പെട്ട–താമസം നൽകപ്പെട്ട)വരിൽ പെട്ട (വൻ) 38. إِلَىٰ يَوْمِ ദിവസംവരെ الْوَقْتِ (ആ) സമയത്തിന്റെ الْمَعْلُومِ അറിയപ്പെട്ടതായ (നിശ്ചിത)

പുനരുത്ഥാന ദിവസംവരെ ഒഴിവുകിട്ടിയാൽ മരണത്തിൽനിന്നും, ശിക്ഷാ നടപടികളിൽനിന്നും തനിക്കു ഒഴിവായിരിക്കുമല്ലോ എന്നു പിശാചു വ്യാമോഹിച്ചിരിക്കാം. പക്ഷേ, ആ അപേക്ഷ അല്ലാഹു നിരസിക്കുകയും, അന്ത്യനാൾവരെ മാത്രം ഒഴിവു നൽകുകയുമാണു ചെയ്തതു. അതോടെ തന്റെ അന്ത്യം വരുന്നതുവരെ ചെയ്യാൻ കഴിവതു മുഴുവനും മനുഷ്യരെ വഴിപിഴപ്പിക്കുന്നതിൽ വിനിയോഗിക്കുവാൻ അവൻ തീരുമാനിച്ചു. അവനതു വെളിവാക്കുകയും ചെയ്തു.

39. അവൻ പറഞ്ഞു: 'എന്റെ റബ്ബേ, നീ എന്നെ വഴികേടിലാക്കി (പിഴപ്പിച്ചി)രിക്കകൊണ്ടു, തീർച്ചയായും, ഭൂമിയിൽ അവർക്കു ഞാൻ (പാപങ്ങളെ) ഭംഗിയാക്കി കാണിക്കുകയും, അവരെ മുഴുവൻ ഞാൻ വഴികേടിലാക്കുകയും തന്നെ ചെയ്യും.

٣٩- قَالَ رَبِّ بِمَآ أَغْوَيْتَنِى لَأُزَيِّنَنَّ لَهُمْ فِى ٱلْأَرْضِ وَلَأُغْوِيَنَّهُمْ أَجْمَعِينَ

40. '(അതെ) അവരിൽ നിന്നുള്ള നിന്റെ നിഷ്കളങ്കരാക്കപ്പെട്ട അടിയാന്മാരെ ഒഴികെ.'

٤٠- إِلَّا عِبَادَكَ مِنْهُمُ ٱلْمُخْلَصِينَ

---

39. قال അവൻ പറഞ്ഞു رب എന്റെ റബ്ബേ بما أغويتني നീ എന്നെ വഴിപിഴവിലാക്കിയതുകൊണ്ട് لأزينن ഞാൻ ഭംഗിയാക്കിക്കൊടുക്കുക തന്നെ ചെയ്യും لهم അവർക്കു في الأرض ഭൂമിയിൽ ولأغوينهم ഞാനവരെ വഴിപിഴപ്പിക്കുകയും തന്നെ ചെയ്യും أجمعين മുഴുവനും 40. إلا عبادك നിന്റെ അടിയാന്മാരെ ഒഴികെ منهم അവരിൽ നിന്നുള്ള المخلصين നിഷ്കളങ്കരാക്കപ്പെട്ട (തനി ശുദ്ധരാക്കപ്പെട്ട)

അല്ലാഹുവിന്റെ നിഷ്കളങ്കരായ നല്ല അടിയാന്മാരെ ഞാൻ വഴിപിഴപ്പിക്കുകയില്ല—അഥവാ അതിനു എനിക്കു സാധിക്കുകയില്ല—എന്നു സാരം. ഇബ്ലീസു തന്നെയും സമ്മതിച്ച ഒരു യാഥാർത്ഥ്യമാണിത്. അടുത്ത വചനങ്ങളിൽ അല്ലാഹുവും അതു ആവർത്തിച്ചുറപ്പിക്കുന്നു:—

41. 'അവൻ [അല്ലാഹു] പറഞ്ഞു: 'ഇതു എന്റെ മേൽ (ബാധ്യസ്ഥമായ) നേർക്കു നേരെ (ചൊവ്വെ) യുള്ള ഒരു മാർഗ്ഗമാകുന്നു.'

٤١- قَالَ هَٰذَا صِرَٰطٌ عَلَىَّ مُسْتَقِيمٌ

---

41. قال അവൻ പറഞ്ഞു هذا ഇതു صراط ഒരു പാത (മാർഗ്ഗം) ആകുന്നു علي എന്റെ മേൽ (ബാധ്യസ്ഥമായ) مستقيم നേരെയുള്ള, ചൊവ്വായ

അതെ, നിഷ്കളങ്കരായ എന്റെ അടിയാന്മാരെ നീ വഴിപിഴപ്പിക്കാതിരിക്കൽ എന്റെ ബാധ്യതയായി ഞാൻ സ്വീകരിക്കുന്നു. നിന്റെ ഉപദ്രവത്തിൽ നിന്നു ഞാൻ അവരെ രക്ഷിക്കുക തന്നെ ചെയ്യും. ഇതിൽ മാറ്റം വരുകയില്ല എന്നു സാരം. വിഷയം അല്ലാഹു ഒന്നുകൂടി വ്യക്തമാക്കുന്നു:-

42. നിശ്ചയമായും, എന്റെ അടിയാന്മാർ-അവരുടെമേൽ നിനക്കു യാതൊരു അധികാര ശക്തിയും ഇല്ല; വഴികെട്ടവരാകുന്ന നിന്നെ പിൻപറ്റിയവരൊഴികെ. [അവരെ മാത്രമേ നിനക്കു വഴി പിഴപ്പിക്കുവാൻ കഴിയൂ]

٤٢- إِنَّ عِبَادِى لَيْسَ لَكَ عَلَيْهِمْ سُلْطَٰنٌ إِلَّا مَنِ ٱتَّبَعَكَ مِنَ ٱلْغَاوِينَ

---

42. إن عبادي നിശ്ചയമായും എന്റെ അടിയാന്മാർ ليس لك നിനക്കു ഇല്ല عليهم അവരുടെ മേൽ سلطان ഒരു അധികാരശക്തിയും إلا من اتبعك നിന്നെ പിൻപറ്റിയവരൊഴികെ من الغاوين വഴികെട്ടവരാകുന്ന, വഴി പിഴച്ചവരിൽനിന്നു

٤٣- وَإِنَّ جَهَنَّمَ لَمَوْعِدُهُمْ أَجْمَعِينَ

43. 'നിശ്ചയമായും, 'ജഹന്നം' [നരകം] അവരുടെ മുഴുവനും വാഗ്ദത്തസ്ഥാനവും തന്നെ.

٤٤- لَهَا سَبْعَةُ أَبْوَابٍ لِكُلِّ بَابٍ مِنْهُمْ جُزْءٌ مَقْسُومٌ

44. 'അതിനു ഏഴു (പടി) വാതിലുകളുണ്ട്. എല്ലാ (ഓരോ പടി) വാതിലിനും അവരിൽ നിന്നു (പ്രത്യേകം) വിഹിതം ചെയ്യപ്പെട്ട ഓരോ ഭാഗം (ആളുകൾ) ഉണ്ടായിരിക്കും'.

---

43. إِنَّ جَهَنَّمَ നിശ്ചയമായും ജഹന്നം لَمَوْعِدُهُمْ അവരുടെ വാഗ്ദത്തസ്ഥാനം തന്നെ أَجْمَعِينَ മുഴുവനും 44. لَهَا അതിനുണ്ടു سَبْعَةُ ഏഴു أَبْوَابٍ വാതിലുകൾ, കവാടങ്ങൾ لِكُلِّ بَابٍ എല്ലാ വാതിലിന്നുമുണ്ടായിരിക്കും مِنْهُمْ അവരിൽ നിന്നു جُزْءٌ ഒരു (ഓരോ) ഭാഗം مَقْسُومٌ വിഹിതം (ഓഹരി) ചെയ്യപ്പെട്ട

ഇബ്‌ലീസിനെ പിൻപറ്റിയവരെ ഏഴായി തരംതിരിച്ച് ഓരോ തരക്കാർക്കും പ്രത്യേകം തയ്യാറാക്കപ്പെട്ട ഏഴു സ്ഥാനങ്ങളിൽ വെച്ചായിരിക്കും നരകശിക്ഷ നൽകപ്പെടുക എന്നു സാരം. കുറ്റത്തിന്റെ തോതനുസരിച്ചായിരിക്കും ഈ തരംതിരിക്കൽ എന്നും, ഓരോ തരക്കാരുടെയും തെറ്റുകളനുസരിച്ചായിരിക്കും അവർക്കു ലഭിക്കുന്ന ശിക്ഷയെന്നും പറയേണ്ടതില്ല.

ആദം (അ) നബിക്കു സുജൂദു ചെയ്‌വാൻ മലക്കുകളോടു കൽപിച്ചതും, ഇബ്‌ലീസു സുജൂദു ചെയ്യാതെ അഹങ്കരിച്ചതും സംബന്ധിച്ചു അൽബഖറഃ, അഅ്റാഫ് എന്നീ സൂറത്തുകളിൽ വിശദമായി വിവരിച്ചു കഴിഞ്ഞിട്ടുള്ളതിനു പുറമെ, ഇസ്രാഉ്, അൽകഹ്ഫ്, ത്വാഹാ, സ്വാദ് എന്നീ സൂറത്തുകളിലും ഈ സംഭവം വിവരിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ടു ഇവിടെ അധികമൊന്നും വിവരിക്കേണ്ടുന്ന ആവശ്യമില്ല.

വിഭാഗം-4

٤٥- إِنَّ الْمُتَّقِينَ فِي جَنَّاتٍ وَعُيُونٍ

45. നിശ്ചയമായും, സൂക്ഷ്മത പാലിച്ചവർ, തോപ്പുകളിലും, നീരുറവുകളിലുമായിരിക്കും.

٤٦- ادْخُلُوهَا بِسَلَامٍ آمِنِينَ

46. 'അതിൽ, ശാന്തിയോടെ നിർഭയരായിക്കൊണ്ടു പ്രവേശിച്ചുകൊള്ളുവിൻ'. (എന്നു അവർക്കു സ്വാഗതം നൽകപ്പെടും).

٤٧- وَنَزَعْنَا مَا فِي صُدُورِهِمْ مِنْ غِلٍّ إِخْوَانًا عَلَىٰ سُرُرٍ مُتَقَابِلِينَ

47. അവരുടെ നെഞ്ചു [ഹൃദയം]കളിൽ വല്ല വിദ്വേഷവും (ഒളിഞ്ഞിരിപ്പു) ഉള്ളതിനെ നാം നീക്കം ചെയ്യുകയും ചെയ്യും; കട്ടിലുകളിൻമേൽ പരസ്പരം അഭിമുഖരായിക്കൊണ്ടു സഹോദരന്മാരായ നിലയിൽ (അവർ കഴിഞ്ഞുകൂടും).

---

45. إِنَّ الْمُتَّقِينَ നിശ്ചയമായും സൂക്ഷ്മത പാലിച്ചവർ, ഭയഭക്തന്മാർ فِي جَنَّاتٍ തോപ്പുകളിലായിരിക്കും, സ്വർഗ്ഗങ്ങളിലാണു وَعُيُونٍ നീരുറവു (അരുവി)കളിലും 46. ادْخُلُوهَا അതിൽ പ്രവേശിക്കുവിൻ بِسَلَامٍ ശാന്തിയോടെ آمِنِينَ നിർഭയരായി 47. وَنَزَعْنَا നാം നീക്കുകയും ചെയ്യും مَا فِي صُدُورِهِمْ അവരുടെ നെഞ്ചു(ഹൃദയം)കളിലുള്ളതു مِنْ غِلٍّ വിദ്വേഷത്തിൽ (പകയിൽ) നിന്നും, വല്ല إِخْوَانًا സഹോദരങ്ങളായിട്ടു عَلَىٰ سُرُرٍ കട്ടിലുകളിൻമേൽ مُتَقَابِلِينَ പരസ്പരം അഭിമുഖരായ നിലയിൽ

ലോകത്തിൽ വെച്ച് അവർ തമ്മിൽ തമ്മിൽ വല്ല പകയോ, വെറുപ്പോ മനസ്സിൽ വെച്ചുകൊണ്ടിരുന്നാലും സ്വർഗ്ഗത്തിൽ വെച്ചു അല്ലാഹു അതെല്ലാം അവരിൽ നിന്നു നീക്കം ചെയ്യും. അങ്ങനെ, അവർ ഏകോദര സഹോദരങ്ങളെപ്പോലെ ആനന്ദഭരിതരായി കഴിഞ്ഞുകൂടിക്കൊണ്ടിരിക്കും. മാത്രമല്ല,—

٤٨- لَا يَمَسُّهُمْ فِيهَا نَصَبٌ وَمَا هُم مِّنْهَا بِمُخْرَجِينَ ۝

48. അതിൽ വെച്ച് അവരെ ക്ഷീണം (അഥവാ പ്രയാസം) സ്പർശിക്കുകയില്ല; അവർ അതിൽനിന്നും പുറത്താക്കപ്പെടുന്നവരുമല്ല.

٤٩- نَبِّئْ عِبَادِي أَنِّي أَنَا الْغَفُورُ الرَّحِيمُ ۝

49. (നബിയേ) എന്റെ അടിയാൻമാർക്കു വിവരം അറിയിക്കുക: നിശ്ചയമായും, ഞാൻ തന്നെയാണു വളരെ പൊറുക്കുന്നവനും കരുണാനിധിയുമായുള്ളവനെന്നും;

٥٠- وَأَنَّ عَذَابِي هُوَ الْعَذَابُ الْأَلِيمُ ۝

50. എന്റെ ശിക്ഷതന്നെയാണ് വേദനയേറിയ ശിക്ഷയെന്നും.

---

48. لا يمسهم അവരെ സ്പർശിക്ക(ബാധിക്ക)യില്ല فيها അതിൽ نصب ക്ഷീണം, (പ്രയാസം, ബുദ്ധിമുട്ടു) وما هم അവരല്ലതാനും منها അതിൽനിന്ന بمخرجين പുറത്താക്കപ്പെടുന്നവർ 49. نبئ വിവരമറിയിക്കുക عبادي എന്റെ അടിയാൻമാർക്കു أني أنا ഞാൻ തന്നെയാണെന്നു الغفور വളരെ പൊറുക്കുന്നവൻ الرحيم കരുണാനിധിയായ 50. وأن عذابي എന്റെ ശിക്ഷയെന്നും هو العذاب അതാണു ശിക്ഷ الأليم വേദനയേറിയ

മനുഷ്യൻ സദാ സുപ്രതീക്ഷയും, ഭയപ്പാടും ഉള്ളവനായിരിക്കണം. അഥവാ അല്ലാഹുവിന്റെ പാപമോചനത്തിലും കാരുണ്യത്തിലും നിരാശ തീണ്ടാത്ത സൽപ്രതീക്ഷയോടു കൂടിയും, അതോടൊപ്പം തന്നെ, അവന്റെ ശിക്ഷ അനുഭവിക്കേണ്ടിവരുന്നതിനെക്കുറിച്ചു എപ്പോഴും ഭയത്തോടുകൂടിയും ഇരിക്കണം. എന്നിങ്ങിനെ നബിവചനങ്ങളിലും മററും ഉപദേശിക്കപ്പെട്ടിട്ടുള്ളതു ഇതുകൊണ്ടാകുന്നു. നബി (സ) അരുളിച്ചെയ്തതായി അബൂഹുറൈറ (റ) ഉദ്ധരിച്ച ഒരു ഹദീസു ഇങ്ങിനെയാണു: 'അല്ലാഹുവിന്റെ അടുക്കലുള്ള ശിക്ഷയെക്കുറിച്ചു സത്യവിശ്വാസി അറിയുമായിരുന്നെങ്കിൽ, ഒരാളും അവന്റെ സ്വർഗ്ഗത്തിൽ മോഹം വെക്കുകയില്ല; അല്ലാഹുവിന്റെ അടുക്കലുള്ള കാരുണ്യത്തെക്കുറിച്ചു അവിശ്വാസി അറിയുമായിരുന്നെങ്കിൽ, അവൻ അവന്റെ സ്വർഗ്ഗത്തെക്കുറിച്ചു നിരാശപ്പെടുകയില്ല.' (മു.) അദ്ദേഹം തന്നെ ഉദ്ധരിച്ച മറെറാരു നബിവചനമാണിത്: അല്ലാഹു സൃഷ്ടികളെ സൃഷ്ടിച്ചപ്പോൾ ഒരു രേഖാഗ്രന്ഥത്തിൽ ഇങ്ങിനെ രേഖപ്പെടുത്തി അവന്റെ അടുക്കൽ 'അർശി'ന്മേൽ വെച്ചിരിക്കുന്നു: 'എന്റെ കാരുണ്യം എന്റെ കോപത്തെ മികച്ചിരിക്കുന്നു.' (ബു:മു) അല്ലാഹുവേ, നീ ഞങ്ങൾക്കു പൊറുത്തുതരുകയും, കരുണചെയ്യുകയും ചെയ്യേണമേ! അല്ലാഹുവേ, നിന്റെ ശിക്ഷയിൽനിന്നു നീ ഞങ്ങളെ കാത്തുരക്ഷിച്ചുതരുകയും ചെയ്യേണമേ! ആമീൻ.

٥١- وَنَبِّئْهُمْ عَن ضَيْفِ إِبْرَاهِيمَ ۝

51. (നബിയേ) ഇബ്രാഹീമിന്റെ അതിഥികളെക്കുറിച്ച് അവർക്കു വിവരമറിയിക്കുക.

٥٢- إِذْ دَخَلُوا عَلَيْهِ فَقَالُوا سَلَامًا قَالَ إِنَّا مِنكُمْ وَجِلُونَ ۝

52. അതായതു, അവർ അദ്ദേഹത്തിന്റെ അടുക്കൽ കടന്നുവന്ന് 'സലാം' എന്നു പറഞ്ഞ സന്ദർഭം, അദ്ദേഹം പറഞ്ഞു: 'ഞങ്ങൾ നിങ്ങളെക്കുറിച്ചു ഭയമുള്ളവരാകുന്നു.'

53. അവർ പറഞ്ഞു: 'ഭയപ്പെടേണ്ട, ഞങ്ങൾ താങ്കൾക്ക ജ്ഞാനിയായ ഒരു ബാലനെ [മകനെ]പ്പറ്റി സന്തോഷവാർത്ത അറിയിക്കുന്നു.'

قَالُوا لَا تَوْجَلْ إِنَّا نُبَشِّرُكَ بِغُلَامٍ عَلِيمٍ ٥٣

---

51. نبئهم അവർക്കു വിവരമറിയിക്കുക عن ضيف അതിഥികളെപ്പറ്റി إبراهيم ഇബ്രാഹീമിന്റെ 52. إذ دخلوا അവർ കടന്നുവന്ന (പ്രവേശിച്ച)പ്പോൾ عليه അദ്ദേഹത്തിന്റെ അടുക്കൽ فقالوا എന്നിട്ടവർ പറഞ്ഞു سلاما 'സലാം' എന്നു قال അദ്ദേഹം പറഞ്ഞു إنا منكم ഞങ്ങൾ നിങ്ങളെക്കുറിച്ചു وجلون ഭയമുള്ളവരാണു 53. قالوا അവർ പറഞ്ഞു لا توجل ഭയപ്പെടേണ്ട إنا نبشرك ഞങ്ങൾ താങ്കൾക്ക സന്തോഷമറിയിക്കുന്നു بغلام ഒരു ബാലനെ(ആൺകുട്ടിയെ)പ്പറ്റി عليم ജ്ഞാനിയായ

ഇബ്രാഹീം (അ) നബിക്കു പ്രായാധിക്യം വന്നിട്ടും കുട്ടികളില്ലാതിരുന്ന അവസരത്തിലായിരുന്നു മലക്കുകൾ അതിഥികളുടെ രൂപത്തിൽ വന്നതു. അവരുടെ സലാം കേട്ടതും, ഭക്ഷണം കൊണ്ടുവന്നതും, അവർ ഭക്ഷണം കഴിക്കാതിരുന്നതു കണ്ടപ്പോൾ അദ്ദേഹത്തിനു സംശയം തോന്നിയതും സൂ: ഹൂദ് 70ലും, ദാരിയാത്ത് 28ലും പ്രസ്താവിച്ചിരിക്കുന്നു. അതുകൊണ്ടാണ് ഇവിടെ 'ഞങ്ങൾ നിങ്ങളെക്കുറിച്ചു ഭയമുള്ളവരാണ്' എന്നു പറഞ്ഞത്. സംഭവങ്ങൾ വിവരിക്കുമ്പോൾ ചില സ്ഥലങ്ങളിൽ സംക്ഷിപ്തമായും, ചില സ്ഥലങ്ങളിൽ വിശദമായും വിവരിക്കുക ഖുർആന്റെ പതിവാണല്ലോ. അതുകൊണ്ടാണ് ഖുർആന്റെ ചില ഭാഗം ചില ഭാഗത്തെ വ്യാഖ്യാനിക്കുന്നു (القرآن يفسر بعضه بعضا) എന്നു പറയുന്നതു.

'ജ്ഞാനിയായ ഒരു ബാലനെപ്പറ്റി സന്തോഷവാർത്ത അറിയിക്കുന്നു'വെന്നു മലക്കുകൾ പറഞ്ഞതു ഇസ്ഹാഖ് (അ) നബിയെക്കുറിച്ചുള്ള സന്തോഷവാർത്തയാണെന്നു സൂറത്തു ഹൂദിൽ നിന്നു മനസ്സിലാകുന്നു. സൂ: ദാരിയാത്തിലും അദ്ദേഹത്തെപ്പറ്റി ജ്ഞാനിയായ ബാലൻ (غلام عليم) എന്നു വിശേഷിപ്പിച്ചിട്ടുണ്ട്. ഇസ്മാഈൽ (അ) നബിയെക്കുറിച്ചും ഇബ്രാഹീം (അ) നബിക്കു മലക്കുകൾ സന്തോഷവാർത്ത അറിയിച്ചതായി സൂറത്തു സ്സ്വാഫ്ഫാത്ത്: 101ൽ കാണാം. അവിടെ അദ്ദേഹത്തെ വിശേഷിപ്പിച്ചതു 'സഹനശീലനായ ബാലൻ (غلام حليم) എന്നാകുന്നു. (കൂടുതൽ വിവരങ്ങൾക്കു പ്രസ്തുത സൂറത്തുകളിൽ നോക്കുക.)

54. അദ്ദേഹം പറഞ്ഞു: 'എന്നെ വാർദ്ധക്യം ബാധിച്ചതോടെ നിങ്ങൾ എനിക്ക സന്തോഷവാർത്ത അറിയിക്കുകയാണോ?! എന്നി, എന്തിനെക്കുറിച്ചാണ് നിങ്ങൾ സന്തോഷമറിയിക്കുന്നത്?!'

قَالَ أَبَشَّرْتُمُونِي عَلَىٰ أَن مَّسَّنِيَ الْكِبَرُ فَبِمَ تُبَشِّرُونَ ٥٤

55. അവർ പറഞ്ഞു: '(സംഭവിക്കുവാൻ പോകുന്ന) യഥാർത്ഥത്തെക്കുറിച്ചു ഞങ്ങൾ താങ്കൾക്കു സന്തോഷമറിയിച്ചിരിക്കുകയാണ്. അതിനാൽ, താങ്കൾ ആശമുറിഞ്ഞവരിൽപെട്ടു പോകരുത്.'

قَالُوا بَشَّرْنَاكَ بِالْحَقِّ فَلَا تَكُن مِّنَ الْقَانِطِينَ ٥٥

---

54. قال അദ്ദേഹം പറഞ്ഞു أبشرتموني നിങ്ങളെനിക്ക സന്തോഷമറിയിക്കയോ على أن مسني എന്നെ സ്പർശിച്ച (ബാധിച്ച)തോടെ الكبر വാർദ്ധക്യം فبم എന്നി എന്തിനെപ്പറ്റി تبشرون നിങ്ങൾ സന്തോഷമറിയിക്കുന്നു 55. قالوا അവർ പറഞ്ഞു بشرناك ഞങ്ങൾ താങ്കൾക്കു സന്തോഷമറിയിച്ചിരിക്കുന്നു بالحق യഥാർത്ഥംകൊണ്ടു فلا تكن ആകയാൽ താങ്കളായിരിക്കരുതു من القانطين ആശ മുറിഞ്ഞവരിൽ, നിരാശരിൽപെട്ട(വൻ)

قَالَ وَمَنْ يَقْنَطُ مِنْ رَحْمَةِ رَبِّهِ إِلَّا الضَّالُّونَ ۝٥٦

56. അദ്ദേഹം പറഞ്ഞു: 'ആരാണ് തന്റെ റബ്ബിന്റെ കാരുണ്യത്തെക്കുറിച്ചു ആശ മുറിയുക-വഴി പിഴച്ചവരല്ലാതെ?!'

قَالَ فَمَا خَطْبُكُمْ أَيُّهَا الْمُرْسَلُونَ ۝٥٧

57. അദ്ദേഹം പറഞ്ഞു: '(ശരി) എന്നാല്‍, നിങ്ങളുടെ (പ്രധാന) വിഷയം എന്താണ്-ഹേ, ദൂതന്മാരേ?'

---

56. قَالَ അദ്ദേഹം പറഞ്ഞു وَمَنْ يَقْنَطُ ആര്‍ ആശ മുറിയും مِنْ رَحْمَةِ കാരുണ്യത്തെപ്പറ്റി رَبِّهِ തന്റെ റബ്ബിന്റെ إِلَّا الضَّالُّونَ വഴിപിഴച്ചവരല്ലാതെ 57. قَالَ അദ്ദേഹം പറഞ്ഞു فَمَا എന്നാല്‍ (എന്നി) എന്താണു خَطْبُكُمْ നിങ്ങളുടെ (പ്രധാന)വിഷയം, കാര്യം أَيُّهَا الْمُرْسَلُونَ ഹേ അയക്കപ്പെട്ടവരേ(ദൂതന്മാരേ)

ഇബ്രാഹീം (അ) ന്റെ ഭയപ്പാടു നീങ്ങുകയും, മകനുണ്ടാവാന്‍ പോകുന്നുവെന്ന സന്തോഷവാര്‍ത്ത ലഭിക്കുകയും ചെയ്തശേഷം, നിങ്ങളുടെ ഈ വരവിന്റെ പ്രധാനോദ്ദേശ്യം വേറെ എന്താണുള്ളതെന്നു അദ്ദേഹം മലക്കുകളോട് അന്വേഷിക്കുകയാണ്.

قَالُوا إِنَّا أُرْسِلْنَا إِلَىٰ قَوْمٍ مُجْرِمِينَ ۝٥٨

58. അവര്‍ പറഞ്ഞു: 'ഞങ്ങള്‍ കുറ്റവാളികളായ ഒരു ജനതയിലേക്ക് അയക്കപ്പെട്ടിരിക്കുന്നു;

إِلَّا آلَ لُوطٍ إِنَّا لَمُنَجُّوهُمْ أَجْمَعِينَ ۝٥٩

59. -ലൂത്ത്വിന്റെ കുടുംബം ഒഴികെ; നിശ്ചയമായും, അവരെ മുഴുവനും ഞങ്ങള്‍ രക്ഷപ്പെടുത്തുന്നവരാകുന്നു;

إِلَّا امْرَأَتَهُ قَدَّرْنَا إِنَّهَا لَمِنَ الْغَابِرِينَ ۝٦٠

60. -അദ്ദേഹത്തിന്റെ സ്ത്രീ [ഭാര്യ] ഒഴികെ- അവള്‍ നിശ്ചയമായും, അവശേഷിക്കുന്ന [ശിക്ഷയില്‍ അകപ്പെടുന്ന] വരില്‍പെട്ടവളെന്നു ഞങ്ങള്‍ കണക്കാക്കിയിരിക്കുന്നു'.

---

58. قَالُوا അവര്‍ പറഞ്ഞു إِنَّا أُرْسِلْنَا ഞങ്ങള്‍ അയക്കപ്പെട്ടിരിക്കുന്നു إِلَىٰ قَوْمٍ ഒരു ജനതയിലേക്കു مُجْرِمِينَ കുറ്റവാളികളായ 59. إِلَّا آلَ കുടുംബം (ആള്‍ക്കാര്‍) ഒഴികെ لُوطٍ ലൂത്ത്വിന്റെ إِنَّا لَمُنَجُّوهُمْ നിശ്ചയമായും ഞങ്ങളവരെ രക്ഷിക്കുന്നവരാണു أَجْمَعِينَ മുഴുവന്‍, എല്ലാം 60. إِلَّا امْرَأَتَهُ അദ്ദേഹത്തിന്റെ സ്ത്രീ (ഭാര്യ) ഒഴികെ قَدَّرْنَا ഞങ്ങള്‍ കണക്കാക്കിയിരിക്കുന്നു إِنَّهَا നിശ്ചയമായും അവള്‍ لَمِنَ الْغَابِرِينَ (ശിക്ഷയില്‍) ശേഷിക്കുന്നവരില്‍ പെട്ട(വള്‍) എന്നു

അവള്‍ ശിക്ഷയില്‍ അകപ്പെടേണ്ടവളാണെന്നുള്ള അല്ലാഹുവിന്റെ നിശ്ചയം ഞങ്ങള്‍ നടപ്പില്‍ വരുത്തും, ലൂത്ത്വ് (അ)ന്റെ കുടുംബത്തെ രക്ഷിക്കണമെന്നുള്ളതില്‍ നിന്നു അവള്‍ ഒഴിവാണ് എന്നു സാരം. 'കുറ്റവാളികളായ ജനത' ലൂത്ത്വ് (അ) നബിയുടെ ജനത തന്നെ; അവരുടെ തോന്നിയവാസങ്ങളെയും ദുഷ്ചെയ്തികളെയും കുറിച്ചു സൂ: ഹൂദിലും മറ്റും വിവരിച്ചിട്ടുണ്ടല്ലോ.

വിഭാഗം-5

61. അങ്ങനെ, ലൂത്ത്വിന്റെ കുടുംബത്തില്‍ (ആ) ദൂതന്മാര്‍ വന്നപ്പോള്‍,-

٦١- فَلَمَّا جَآءَ ءَالَ لُوطٍ ٱلْمُرْسَلُونَ ۝

62. അദ്ദേഹം പറഞ്ഞു: 'നിങ്ങള്‍ അപരിചിതരായ ഒരു ജനം. [നിങ്ങളെ മനസ്സിലായില്ല.]

٦٢- قَالَ إِنَّكُمْ قَوْمٌ مُّنكَرُونَ ۝

63. അവര്‍ പറഞ്ഞു: '(ശരി) പക്ഷെ, ഇവര്‍ [ഈ ജനങ്ങള്‍] യാതൊന്നില്‍ സന്ദേഹപ്പെട്ടുകൊണ്ടിരിക്കുന്നുവോ അതും കൊണ്ടു ഞങ്ങള്‍ താങ്കളുടെ അടുക്കല്‍ വന്നിരിക്കുകയാണ്.

٦٣- قَالُوا۟ بَلْ جِئْنَٰكَ بِمَا كَانُوا۟ فِيهِ يَمْتَرُونَ ۝

64. 'ഞങ്ങള്‍ താങ്കള്‍ക്ക് യഥാര്‍ത്ഥവുമായി വന്നിരിക്കുന്നു; നിശ്ചയമായും, ഞങ്ങള്‍ സത്യം പറയുന്നവരാകുന്നു'.

٦٤- وَأَتَيْنَٰكَ بِٱلْحَقِّ وَإِنَّا لَصَٰدِقُونَ ۝

---

61. فَلَمَّا جَآءَ അങ്ങനെ(എന്നിട്ടു) വന്നപ്പോള്‍ ءَالَ لُوطٍ ലൂത്ത്വിന്റെ കുടുംബത്തില്‍, ആള്‍ക്കാരില്‍ ٱلْمُرْسَلُونَ ദൂതന്മാര്‍ 62. قَالَ അദ്ദേഹം പറഞ്ഞു إِنَّكُمْ قَوْمٌ നിങ്ങള്‍ ഒരു ജനമാണ് مُّنكَرُونَ അറിയപ്പെടാത്ത (അപരിചിതരായ) 63. قَالُوا۟ അവര്‍ പറഞ്ഞു بَلْ جِئْنَٰكَ പക്ഷേ (എങ്കിലും) ഞങ്ങള്‍ താങ്കളുടെ അടുക്കല്‍ വന്നിരിക്കുന്നു بِمَا യാതൊന്നുംകൊണ്ടു كَانُوا۟ അവരായിരിക്കുന്ന فِيهِ അതില്‍, അതിനെപ്പറ്റി يَمْتَرُونَ സന്ദേഹപ്പെട്ടു(സംശയപ്പെട്ടു)കൊണ്ടിരിക്കുക 64. وَأَتَيْنَٰكَ ഞങ്ങള്‍ താങ്കളുടെ അടുക്കല്‍ വരുകയും ചെയ്തിരിക്കുന്നു بِٱلْحَقِّ യഥാര്‍ത്ഥവുംകൊണ്ട് وَإِنَّا ഞങ്ങള്‍ لَصَٰدِقُونَ സത്യം പറയുന്നവര്‍തന്നെ

താങ്കളൊട്ടും പരിഭ്രമിക്കുകയോ, ഭയപ്പെടുകയോ വേണ്ടതില്ല. നിങ്ങളുടെ ഈ ജനത അല്ലാഹുവിന്റെ ശിക്ഷയില്‍ വിശ്വാസമില്ലാത്തവരും, നിങ്ങളുടെ ഉപദേശങ്ങളെ ധിക്കരിക്കുന്നവരുമാണല്ലോ. അതൊക്കെ യാഥാര്‍ത്ഥ്യം തന്നെയാണെന്നു കാണിച്ചുകൊടുക്കുവാനുള്ള ഒരു ശിക്ഷ അവര്‍ക്കു നല്‍കുവാന്‍വേണ്ടി അല്ലാഹു അയച്ച ദൂതന്മാരാണു ഞങ്ങള്‍. ആ ശിക്ഷ ഇതാ സംഭവിക്കാന്‍ പോകുന്നു. അതില്‍ സംശയിക്കുവാനൊന്നുമില്ല' എന്നു താല്‍പര്യം. മലക്കുകള്‍ തുടര്‍ന്നു:-

65. 'അതിനാല്‍, താങ്കള്‍ താങ്കളുടെ ആള്‍ക്കാരെ [കുടുംബത്തെ]യും കൊണ്ടു രാത്രിയില്‍ നിന്നുള്ള ഒരംശത്തില്‍ [പ്രഭാതത്തിനു മുമ്പായി] യാത്രചെയ്തുകൊള്ളുക. അവരുടെ പിന്നാലെ താങ്കള്‍ അനുഗമിക്കുകയും ചെയ്യുക; നിങ്ങളില്‍ നിന്നു ഒരാളും തിരിഞ്ഞുനോക്കുകയും ചെയ്യരുത്.

നിങ്ങളോടു കല്‍പിക്കപ്പെടുന്നേടത്തേക്കു നിങ്ങള്‍ നടന്നു പോയിക്കൊള്ളുകയും ചെയ്യുക'.

٦٥- فَأَسْرِ بِأَهْلِكَ بِقِطْعٍ مِّنَ ٱلَّيْلِ وَٱتَّبِعْ أَدْبَٰرَهُمْ وَلَا يَلْتَفِتْ مِنكُمْ أَحَدٌ وَٱمْضُوا۟ حَيْثُ تُؤْمَرُونَ ۝

---

65. فَأَسْرِ അതിനാല്‍ (രാവു) യാത്രചെയ്യുക بِأَهْلِكَ താങ്കളുടെ ആള്‍ക്കാരെ (കുടുംബത്തെ)യും കൊണ്ടു بِقِطْعٍ ഒരു അംശത്തില്‍ مِّنَ ٱلَّيْلِ രാത്രിയില്‍ നിന്ന് وَٱتَّبِعْ താങ്കള്‍ പിന്തുടരുകയും ചെയ്യുക أَدْبَٰرَهُمْ അവരുടെ പിന്‍ഭാഗങ്ങളില്‍ (പിന്നാലെ) وَلَا يَلْتَفِتْ തിരിഞ്ഞുനോക്കുകയും ചെയ്യരുത് مِنكُمْ നിങ്ങളില്‍ നിന്നു أَحَدٌ ഒരാളും وَٱمْضُوا۟ നടന്നുപോകുകയും ചെയ്യുവിന്‍ حَيْثُ تُؤْمَرُونَ നിങ്ങള്‍ കല്‍പിക്കപ്പെടുന്നേടത്തേക്കു

വിവരിക്കുന്നതിനു സൂറത്തു ഹൂദ് 81-ം വചനവും വ്യാഖ്യാനവും നോക്കുക. അല്ലാഹു പറയുന്നു:—

وَقَضَيْنَا إِلَيْهِ ذَٰلِكَ الْأَمْرَ أَنَّ دَابِرَ هَٰؤُلَاءِ مَقْطُوعٌ مُصْبِحِينَ ٦٦

66. ആ കാര്യം അദ്ദേഹത്തിനു [ലൂത്ത്വിനു] നാം തീരുമാനം ചെയ്തുകൊടുത്തു: (ഇവര്‍) പ്രഭാതവേളയിലായിരിക്കെ, ഇക്കൂട്ടരുടെ മൂടു മുറിക്കപ്പെടുന്ന [ഇവര്‍ നിശ്ശേഷം നശിപ്പിക്കപ്പെടുന്ന]താണെന്ന്.

وَجَاءَ أَهْلُ الْمَدِينَةِ يَسْتَبْشِرُونَ ٦٧

67. (ആ) പട്ടണത്തിലെ ആളുകള്‍ സന്തോഷം പ്രകടിപ്പിച്ചും കൊണ്ടുവന്നു.

---

66. قضينا നാം വിധിച്ചു (തീരുമാനം ചെയ്തു) കൊടുത്തു إليه അദ്ദേഹത്തിനു ذلك الأمر ആ കാര്യം دابر പിന്‍ഭാഗം (മൂടു) എന്നു هؤلاء ഇക്കൂട്ടരുടെ مقطوع മുറിക്ക (ഛേദിക്ക)പ്പെടുന്നതാണു (എന്നു) مصبحين അവര്‍ പ്രഭാതവേളയിലായിരിക്കെ 67. وجاء വന്നു أهل المدينة പട്ടണത്തിലെ ആളുകള്‍(പട്ടണവാസികള്‍) يستبشرون അവര്‍ സന്തോഷം പ്രകടിപ്പിച്ചുകൊണ്ടു

ലൂത്ത്വ് (അ) നബിയുടെ വീട്ടില്‍ സുന്ദരന്‍മാരും ചെറുപ്പക്കാരുമായ ചില അതിഥികള്‍ വന്നിട്ടുണ്ടെന്നു തെമ്മാടികളായ ആ ജനത അറിഞ്ഞു. അവര്‍ക്കതു വളരെ സന്തോഷമായി. തങ്ങളുടെ മ്ലേച്ഛമായ വികാരത്തിനു തീര്‍ക്കു അവരെ വിട്ടുകിട്ടണമെന്നാവശ്യപ്പെട്ടുകൊണ്ട് അവര്‍ അദ്ദേഹത്തെ സമീപിച്ചു. അതിനെപ്പറ്റിയാണ് ഇതു പറഞ്ഞത്. ഈ രംഗവും, അവരും ലൂത്ത്വ് (അ) നബിയും തമ്മില്‍ നടന്ന സംസാരവും സൂറത്തു ഹൂദില്‍ വിവരിച്ചിട്ടുണ്ടല്ലോ.

قَالَ إِنَّ هَٰؤُلَاءِ ضَيْفِي فَلَا تَفْضَحُونِ ٦٨

68. അദ്ദേഹം [ലൂത്ത്വ്] പറഞ്ഞു: 'നിശ്ചയമായും, ഇവര്‍ എന്റെ അതിഥികളാണ്; അതിനാല്‍, എന്നെ നിങ്ങള്‍ വഷളാക്കരുത്;

وَاتَّقُوا اللَّهَ وَلَا تُخْزُونِ ٦٩

69. 'നിങ്ങള്‍ അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്‌വിന്‍; എന്നെ അപമാനിക്കുകയും അരുതു.'

---

68. قال അദ്ദേഹം പറഞ്ഞു إن هؤلاء നിശ്ചയമായും ഇവര്‍ ضيفي എന്റെ അതിഥികളാണു فلا تفضحون അതിനാല്‍ എന്നെ നിങ്ങള്‍ വഷളാക്കരുതു 69. واتقوا സൂക്ഷിക്കുകയും ചെയ്‌വിന്‍ الله അല്ലാഹുവിനെ ولا تخزون എന്നെ അപമാനിക്കയും അരുത്

അതിഥികള്‍ മലക്കുകളാണെന്നു ലൂത്ത്വ് (അ) അറിയുന്നതിനു മുമ്പാണു ഈ വാക്കുകള്‍ അദ്ദേഹം ആ ജനതയോടു പറഞ്ഞതെന്നു സൂറത്തു ഹൂദില്‍ നിന്നു വ്യക്തമാകുന്നു. പക്ഷെ, തങ്ങള്‍ അല്ലാഹുവിനാല്‍ അയക്കപ്പെട്ടവരാണെന്നു ലൂത്ത്വ് (അ)നോടു പ്രസ്താവിച്ച വിവരം പറഞ്ഞതിനു ശേഷമാണു ഈ രംഗം ഇവിടെ വിവരിച്ചതെന്നു മാത്രം. സംഭവങ്ങള്‍ വിവരിക്കുമ്പോള്‍ അതിന്റെ കാലക്രമവും ക്രമപ്രകാരം വഴിക്കു വഴിയായിത്തന്നെ ഉദ്ധരിക്കുകയെന്ന സമ്പ്രദായം ഖുര്‍ആനില്‍ പലപ്പോഴും സ്വീകരിക്കപ്പെടാറില്ല. (ഇതിനെപ്പറ്റി മുഖവുരയില്‍ വിവരിച്ചിട്ടുള്ളതു ഓര്‍ക്കുക.)

70. അവർ [പട്ടണത്തിലെ ആൾക്കാർ] പറഞ്ഞു: 'ലോകരെക്കുറിച്ച് ഞങ്ങൾ നിന്നോടു വിരോധിച്ചിട്ടില്ലേ!' ٧٠- قَالُوٓا۟ أَوَلَمْ نَنْهَكَ عَنِ ٱلْعَٰلَمِينَ ○

71. അദ്ദേഹം പറഞ്ഞു: 'ഇതാ എന്റെ പെൺമക്കൾ. [അവരെ ഞാൻ വിവാഹം കഴിച്ചുതരാം]; നിങ്ങൾ (വല്ലതും) ചെയ്യുന്നവരാണെങ്കിൽ!' ٧١- قَالَ هَٰٓؤُلَآءِ بَنَاتِىٓ إِن كُنتُمْ فَٰعِلِينَ ○

---

70. قَالُوا അവർ പറഞ്ഞു أَوَلَمْ نَنْهَكَ ഞങ്ങൾ നിന്നോടു വിരോധിച്ചിട്ടില്ലേ عَنِ الْعَالَمِينَ ലോകരെപ്പറ്റി 71. قَالَ അദ്ദേഹം പറഞ്ഞു هَٰؤُلَاءِ ഇവർ (ഇതാ) بَنَاتِي എന്റെ പുത്രിമാരാണ്, എന്റെ പെൺമക്കൾ إِن كُنتُمْ നിങ്ങളാണെങ്കിൽ فَاعِلِينَ ചെയ്യുന്നവർ

പുറമെ നിന്നു വരുന്ന ആളുകളെ പിടികൂടി നീചവൃത്തിക്കു ഉപയോഗപ്പെടുത്തുക ആ ദുഷ്ടജനങ്ങളുടെ പതിവായിരുന്നു. അതുകൊണ്ടു അങ്ങിനെയുള്ളവരെ അവരുടെ കയ്യേറ്റത്തിൽനിന്നു രക്ഷിക്കുവാനായി ലൂത്വ് (അ) നബി അവർക്കു അഭയം നൽകലും പതിവുണ്ടായിരുന്നു. അതിനെപ്പറ്റി ലൂത്വ് (അ) നബിയുടെ നേരെ ആ ജനങ്ങൾക്കു അമർഷവും പ്രതിഷേധവും ഉണ്ടാകുക സ്വാഭാവികമാണല്ലോ. അതുകൊണ്ടു അങ്ങിനെ ആർക്കും അഭയം നൽകരുതെന്നു അവർ അദ്ദേഹത്തോടു ആവശ്യപ്പെട്ടിരുന്നു. അതാണ് 'ലോകരെക്കുറിച്ചു ഞങ്ങൾ നിന്നോടു വിരോധിച്ചിട്ടില്ലേ' എന്നു അവർ പറയുവാൻ കാരണം.

കുടിയേ കഴിയൂ എങ്കിൽ—എന്റെ ഉപദേശം വല്ലതും നിങ്ങൾ സ്വീകരിക്കുവാൻ തയ്യാറുണ്ടെങ്കിൽ—ഞാൻ നിങ്ങളോടു ഒരു കാര്യം പറയട്ടെ: എന്റെ പെൺമക്കളിതാ. അവരെ ഞാൻ നിങ്ങൾക്കു വിവാഹം ചെയ്തു തരാം. എന്നാലും എന്റെ വീട്ടിൽ വന്ന അതിഥികളെ മാനഭംഗവും അപമാനവും ചെയ്തു എന്നെ നിങ്ങൾ വഷളാക്കരുത് എന്നൊക്കെ അദ്ദേഹം അവരോടു പറഞ്ഞുനോക്കി. അവരുണ്ടോ അതിനു ചെവികൊടുക്കുന്നു?!

72. നിന്റെ ആയുഷ്കാലം തന്നെ (സത്യം)! നിശ്ചയമായും അവർ, അവരുടെ ലഹരിയിൽ (മതിമറന്ന്) അലഞ്ഞു നടക്കുകയാണ്! ٧٢- لَعَمْرُكَ إِنَّهُمْ لَفِى سَكْرَتِهِمْ يَعْمَهُونَ ○

---

72. لَعَمْرُكَ നിന്റെ ആയുഷ്കാലം തന്നെ إِنَّهُمْ നിശ്ചയമായും അവർ لَفِي سَكْرَتِهِمْ അവരുടെ ലഹരിയിൽ (മത്തിൽ)തന്നെ يَعْمَهُونَ അവർ അലഞ്ഞു നടക്കുന്നു

എന്നിരിക്കെ, അവർ ലൂത്വ് (അ) നബിയുടെ ഉപദേശം എങ്ങിനെ സ്വീകരിക്കും?! എന്നു സാരം. കാര്യങ്ങൾ ഉറപ്പിച്ചു പറയുമ്പോൾ അറബികൾക്കിടയിൽ സത്യത്തിന്റെ വാചകങ്ങളായി പലതും ഉപയോഗിക്കപ്പെടാറുള്ള കൂട്ടത്തിൽ ഒന്നാണു لعمرك (നിന്റെ ആയുഷ്കാലം തന്നെ സത്യം!) എന്നതും. സത്യവിശ്വാസികൾ അല്ലാഹു അല്ലാത്ത വസ്തുക്കളുടെ പേരിൽ സത്യം ചെയ്യുന്നതു ഹദീസുകളിൽ കർശനമായി വിരോധിക്കപ്പെട്ടിരിക്കുന്നു. എന്നാൽ, അല്ലാഹുവിനെ സംബന്ധിച്ചിടത്തോളം അവനു അവന്റെ സൃഷ്ടികളിൽ ഏതിന്റെ പേരിലും സത്യം ചെയ്യാവുന്നതുമാണ്.

73. എന്നിട്ട് (അവർ) ഉദയവേളയിലായിരിക്കെ (ആ) ഘോരശബ്ദം അവരെ പിടികൂടി. ٧٣- فَأَخَذَتْهُمُ ٱلصَّيْحَةُ مُشْرِقِينَ ○

---

73. فَأَخَذَتْهُمُ അപ്പോൾ (എന്നിട്ടു) അവരെ പിടിച്ചു (പിടികൂടി) الصَّيْحَةُ ഘോരശബ്ദം مُشْرِقِينَ (അവർ) ഉദയവേളയിലായിരിക്കെ

٧٤- فَجَعَلْنَا عَالِيَهَا سَافِلَهَا وَأَمْطَرْنَا عَلَيْهِمْ حِجَارَةً مِّن سِجِّيلٍ ○

74. അങ്ങനെ, അതിന്റെ [ആ രാജ്യത്തിന്റെ] ഉപരിഭാഗത്തെ നാം അതിന്റെ താഴ്ഭാഗമാക്കി [തലകീഴാക്കിമറിച്ചു]; അവരുടെമേൽ (ചുട്ടുവെക്കപ്പെട്ട) 'ഇഷ്ടിക'ക്കല്ല് നാം വർഷിപ്പിക്കുകയും ചെയ്തു.

---

74. فجعلنا എന്നിട്ടു (അങ്ങനെ) നാം ആക്കി عاليها അതിന്റെ മേൽഭാഗം, ഉപരിഭാഗം سافلها അതിന്റെ താഴ്ഭാഗം وأمطرنا നാം വർഷിപ്പിക്കയും ചെയ്തു عليهم അവരുടെമേൽ حجارة കല്ലു من سجيل ചുളകല്ലിൽ നിന്ന്, ഇഷ്ടികയാലുള്ള.

ലൂത്ത്വ് (അ) നബിയും, അദ്ദേഹത്തിൽ വിശ്വസിച്ച അദ്ദേഹത്തിന്റെ കുടുംബവും ഒഴിച്ചുള്ള ജനത മുഴുവനും നശിപ്പിക്കപ്പെട്ടു. പ്രസ്തുത സംഭവത്തിന്റെ ചുരുക്കമാണു അല്ലാഹു ഇവിടെ വിവരിച്ചത്. വിശദവിവരത്തിനു അഅ്റാഫ് (80-84), ഹൂദ് (77-83) എന്നീ സൂറത്തുകളും, സൂ: ശുഅറാഉം (160-174) മറ്റും നോക്കുക. ആ സംഭവത്തെ ചൂണ്ടിക്കൊണ്ടു അല്ലാഹു പറയുന്നു:-

٧٥- إِنَّ فِي ذَٰلِكَ لَآيَاتٍ لِّلْمُتَوَسِّمِينَ ○

75. നിശ്ചയമായും, ലക്ഷണം ഗ്രഹിക്കുന്നവർക്ക അതിൽ പല ദൃഷ്ടാന്തങ്ങളുണ്ട്.

٧٦- وَإِنَّهَا لَبِسَبِيلٍ مُّقِيمٍ ○

76. നിശ്ചയമായും അതു [ആ രാജ്യം] (സ്ഥിരമായി) നിലകൊള്ളുന്ന ഒരു വഴിയിൽ തന്നെയാണുതാനും.

٧٧- إِنَّ فِي ذَٰلِكَ لَآيَةً لِّلْمُؤْمِنِينَ ○

77. നിശ്ചയമായും, അതിൽ സത്യവിശ്വാസികൾക്ക ഒരു (മഹത്തായ) ദൃഷ്ടാന്തമുണ്ട്.

---

75. إن في ذلك നിശ്ചയമായും അതിലുണ്ട് لآيات പല ദൃഷ്ടാന്തങ്ങൾ തന്നെ للمتوسمين ലക്ഷണം ഗ്രഹിക്കുന്നവർക്ക്. 76. وإنها നിശ്ചയമായും അതു (ആകുന്നുതാനും) لبسبيل ഒരു വഴിയിൽ തന്നെയാണു (താനും) مقيم നിലനിൽക്കുന്ന (സ്ഥിരമായി നിലകൊള്ളുന്ന). 77. إن في ذلك നിശ്ചയമായും അതിലുണ്ട് لآية ഒരു ദൃഷ്ടാന്തം للمؤمنين സത്യവിശ്വാസികൾക്ക്.

ലക്ഷണങ്ങളിൽ നിന്നും അടയാളങ്ങളിൽ നിന്നും കാര്യങ്ങൾ മനസ്സിലാക്കി യഥാർത്ഥം ഗ്രഹിക്കുന്ന ആളുകൾക്കു പൊതുവെയും, സത്യവിശ്വാസികൾക്കു പ്രത്യേകവും ആ ജനതക്കു നേരിട്ട ശിക്ഷാ സംഭവത്തിൽ നിന്നു പാഠം പഠിക്കുവാനുണ്ട്. ആ രാജ്യം അവരുടെ സ്ഥിരമായ ഒരു യാത്രാമാർഗ്ഗത്തിലായതുകൊണ്ടു അവർക്കു ആ സംഭവത്തിന്റെ ലക്ഷണങ്ങൾ കണ്ടറിയാവുന്നതുമാണ് എന്നു സാരം. മക്കാ പരിസരപ്രദേശങ്ങളിൽ നിന്നു ശാമിലേക്കു കച്ചവടയാത്രകൾ നടത്തുക അറബികളുടെ പതിവാണല്ലോ. ലൂത്ത്വ് (അ) ന്റെ നാട്ടുകാരായിരുന്ന സദൂം (സോദോം) രാജ്യങ്ങൾ ആ യാത്രാമാർഗ്ഗത്തിലാണുള്ളതു. ഖുർആന്റെ അവതരണകാലത്തു അറബികൾക്കു അതു സുപരിചിതവുമായിരുന്നു. 'ബഹ്റുൽ മയ്യിത്ത്' (ചാവുകടൽ), 'ബഹ്ർ ലൂത്ത്വ്' (ലൂത്ത്വ്കടൽ) എന്നൊക്കെ പറയപ്പെടുന്ന തടാകത്തിൽ ലയിച്ചു നശിച്ച ആ രാജ്യങ്ങളുടെ അവശിഷ്ടങ്ങൾ ആ യാത്രകളിൽ അവർ കാണാറുണ്ടായിരുന്നു. ('ബഹ്ർലൂത്വി'നെയും ആ രാജ്യങ്ങളെയും സംബന്ധിച്ച സൂ: ശുഅറാഇനുശേഷമുള്ള വ്യാഖ്യാനക്കുറിപ്പു നോക്കുക.)

ഇബ്നുജരീർ, ഇബ്നുഅബീഹാതിം, തിർമദീ (റ) മുതലായവർ നിവേദനം ചെയ്ത ഒരു നബിവചനത്തിൽ ഇപ്രകാരം വന്നിരിക്കുന്നു: 'സത്യവിശ്വാസിയുടെ ലക്ഷണം നിങ്ങൾ സൂക്ഷിച്ചുകൊള്ളുവിൻ. കാരണം, അവൻ അല്ലാഹുവിന്റെ പ്രകാശം കൊണ്ടാണു നോക്കുന്നത്'. പിന്നീടു നബി (സ) ഈ 75-ാം വചനം ഓതുകയും ചെയ്തു. ഈ അർത്ഥത്തിലുള്ള രിവായത്തുകൾ വേറെയും കാണാം.

٧٨. وَإِن كَانَ أَصْحَٰبُ ٱلْأَيْكَةِ لَظَٰلِمِينَ ۝

78. നിശ്ചയമായും, 'ഐക്കത്തി'ന്റെ [മരക്കാവിന്റെ] ആൾക്കാരും അക്രമികൾ തന്നെയായിരുന്നു.

٧٩. فَٱنتَقَمْنَا مِنْهُمْ وَإِنَّهُمَا لَبِإِمَامٍ مُّبِينٍ ۝

79. എന്നിട്ട് നാം അവരോട് ശിക്ഷാനടപടിയെടുത്തു. ആ രണ്ടും [ലൂത്ത്വിന്റെ രാജ്യവും 'ഐക്കത്തും'] സ്പഷ്ടമായ ഒരു തുറസ്സായ മാർഗ്ഗത്തിൽ തന്നെയാകുന്നുതാനും.

---

78. وَإِن كَانَ നിശ്ചയമായും ആയിരുന്നു أَصْحَابُ الأَيْكَةِ മരക്കാവുകാർ, ഐക്കത്തിന്റെ ആൾക്കാർ لَظَالِمِينَ അക്രമികൾ തന്നെ. 79. فَانتَقَمْنَا എന്നിട്ടു നാം ശിക്ഷാനടപടിയെടുത്തു مِنْهُمْ അവരോടു وَإِنَّهُمَا നിശ്ചയമായും അതു രണ്ടും لَبِإِمَامٍ ഒരു പിൻതുടരപ്പെടുന്ന (തുറസ്സായ) മാർഗ്ഗത്തിലാണ് مُبِينٍ സ്പഷ്ടമായ.

الأَيْكَة (ഐക്കത്ത്) എന്നാൽ വൃക്ഷങ്ങൾ തിങ്ങിനിൽക്കുന്ന മരക്കാവു എന്നർത്ഥം. മദ്‌യനിന്റെ അയൽപക്കത്തുള്ള ഒരു സ്ഥലമായിരുന്നു അത്. അവിടത്തെ നിവാസികളാണ് أَصْحَابُ الأَيْكَةِ (ഐക്കത്തുകാർ) കൊണ്ടു വിവക്ഷ. അവരിലേക്കു റസൂലായി ശുഐബ് (അ) നബി അയക്കപ്പെട്ടിരുന്ന വിവരവും, ആ ജനത സ്വീകരിച്ച നയവും, അഅ്റാഫിലും, ഹൂദിലും, ശുഅറാഉലും മറ്റും കൂടുതൽ വിശദമായി വിവരിക്കപ്പെട്ടിട്ടുണ്ട്. ആ സ്ഥലവും തന്നെ മക്കായുശ്രിക്കുകൾ ശാമിലേക്കു പോകാറുള്ള വഴിയിലാണുള്ളത്. അതുകൊണ്ടാണ് ആ രണ്ടു സ്ഥലവും സ്പഷ്ടമായ ഒരു തുറസ്സായ മാർഗ്ഗത്തിലുള്ളതാണെന്നു പറഞ്ഞത്. إِمَام (ഇമാം) എന്നാൽ മുമ്പിലുള്ളതു എന്നത്രെ സാക്ഷാൽ വാക്കർത്ഥം. 'നേതാവു, മുമ്പൻ, മാതൃക, തുറന്നവഴി' എന്നിങ്ങിനെയുള്ള അർത്ഥങ്ങളിൽ സന്ദർഭംപോലെ അതു ഉപയോഗിക്കപ്പെടും.

വിഭാഗം-6

٨٠. وَلَقَدْ كَذَّبَ أَصْحَٰبُ ٱلْحِجْرِ ٱلْمُرْسَلِينَ ۝

80. തീർച്ചയായും, ഹിജ്റിലെ ആൾക്കാർ 'മുർസലു'കളെ വ്യാജമാക്കുകയുണ്ടായി.

٨١. وَءَاتَيْنَٰهُمْ ءَايَٰتِنَا فَكَانُوا۟ عَنْهَا مُعْرِضِينَ ۝

81. അവർക്ക നമ്മുടെ ദൃഷ്ടാന്തങ്ങൾ നാം നൽകുകയും ചെയ്തു; എന്നിട്ട് അവർ അവയെക്കുറിച്ചു തിരിഞ്ഞുകളയുന്നവരായിരുന്നു.

٨٢. وَكَانُوا۟ يَنْحِتُونَ مِنَ ٱلْجِبَالِ بُيُوتًا ءَامِنِينَ ۝

82. നിർഭയരായ നിലയിൽ, മലകളിൽ നിന്നു അവർ (പാറ)വെട്ടിത്തുരന്ന് വീടുകളുണ്ടാക്കുകയും ചെയ്തിരുന്നു.

---

80. وَلَقَدْ كَذَّبَ തീർച്ചയായും വ്യാജമാക്കിയിട്ടുണ്ട്, കളവാക്കുകയുണ്ടായി أَصْحَابُ الْحِجْرِ ഹിജ്റിലെ ആൾക്കാർ الْمُرْسَلِينَ മുർസലുകളെ(റസൂലുകളെ), ദൂതൻമാരെ 81. وَآتَيْنَاهُمْ അവർക്ക നാം നൽകുകയും ചെയ്തു آيَاتِنَا നമ്മുടെ ദൃഷ്ടാന്തങ്ങളെ فَكَانُوا എന്നിട്ടു അവരായിരുന്നു عَنْهَا അവയെക്കുറിച്ചു مُعْرِضِينَ തിരിഞ്ഞുകളയുന്ന (അവഗണിക്കുന്ന)വർ 82. وَكَانُوا അവർ ആയിരുന്നു താനും يَنْحِتُونَ അവർ (വെട്ടി) തുരന്നുണ്ടാക്കും مِنَ الْجِبَالِ മലകളിൽ നിന്ന് بُيُوتًا വീടുകളെ آمِنِينَ നിർഭയരായ നിലയിൽ

83. അങ്ങനെ, (അവർ) പ്രഭാതവേളയിലായിരിക്കെ അവരെ ഘോരശബ്ദം പിടികൂടി.

٨٣- فَأَخَذَتْهُمُ الصَّيْحَةُ مُصْبِحِينَ ۝

84. എന്നാൽ, അവർ (പ്രവർത്തിച്ചു) സമ്പാദിച്ചുവെച്ചിരുന്നതു അവർക്കു ഉപകരിച്ചില്ല.

٨٤- فَمَا أَغْنَىٰ عَنْهُم مَّا كَانُوا يَكْسِبُونَ ۝

---

83. فَأَخَذَتْهُمُ അങ്ങനെ (എന്നിട്ടു) അവരെ പിടികൂടി الصَّيْحَةُ ഘോരശബ്ദം مُصْبِحِينَ പ്രഭാതവേളയിലായിരിക്കെ 84. فَمَا أَغْنَىٰ എന്നിട്ടു ധന്യമാക്കിയില്ല (തടുത്തില്ല-ഉപകരിച്ചില്ല) പര്യാപ്തമാക്കിയില്ല عَنْهُم അവർക്കു, അവരിൽ നിന്നു مَّا كَانُوا അവരായിരുന്നത് يَكْسِبُونَ അവർ സമ്പാദിക്കും.

സ്വാലിഹു (അ) നബിയുടെ ജനതയാണ് ഹിജ്ർ. മദീനാക്കും തബൂക്കിനും മദ്ധ്യെയുള്ള മദ്ധ്യത്തിലാണത് സ്ഥിതിചെയ്യുന്നത്. അവിടത്തെ നിവാസികളായിരുന്ന ഥമൂദ്ഗോത്രം വിഗ്രഹാരാധകരായിരുന്നു. ഇവരെയും ഇവർക്കു ബാധിച്ച ശിക്ഷയെയും സംബന്ധിച്ച് അഅ്റാഫ്, ഹൂദ്, മുതലായ സൂറത്തുകളിൽ കൂടുതൽ വിവരം മുമ്പു കഴിഞ്ഞുപോയിട്ടുണ്ട്. ഹിജ്റിനെപ്പറ്റി സൂറത്തുകളിലും കൂടുതൽ വിവരം കാണാം. വിശദ വിവരത്തിനു അവിടങ്ങളിൽ നോക്കുക.

85. ആകാശങ്ങളെയും, ഭൂമിയെയും, അവ രണ്ടിനുമിടയിലുള്ളതിനെയും (ന്യായമായ) കാര്യത്തോടുകൂടിയല്ലാതെ നാം സൃഷ്ടിച്ചിട്ടില്ല.

നിശ്ചയമായും, അന്ത്യസമയം വരുന്നതുമാകുന്നു. ആകയാൽ (നബിയേ) നീ സുന്ദരമായ വിട്ടുവീഴ്ച ചെയ്തു കൊള്ളുക.

٨٥- وَمَا خَلَقْنَا السَّمَاوَاتِ وَالْأَرْضَ وَمَا بَيْنَهُمَا إِلَّا بِالْحَقِّ ۗ وَإِنَّ السَّاعَةَ لَآتِيَةٌ ۖ فَاصْفَحِ الصَّفْحَ الْجَمِيلَ ۝

86. നിശ്ചയമായും, നിന്റെ റബ്ബുതന്നെയാണ് സർവ്വ സ്രഷ്ടാവും സർവ്വജ്ഞനുമായുള്ളവൻ.

٨٦- إِنَّ رَبَّكَ هُوَ الْخَلَّاقُ الْعَلِيمُ ۝

---

85. وَمَا خَلَقْنَا നാം സൃഷ്ടിച്ചിട്ടില്ല السَّمَاوَاتِ ആകാശങ്ങളെ وَالْأَرْضَ ഭൂമിയെയും وَمَا بَيْنَهُمَا അവ രണ്ടിനിടയിലുള്ളതിനെയും إِلَّا بِالْحَقِّ ന്യായപ്രകാരം (കാര്യത്തോടുകൂടി – മുറപ്രകാരം) അല്ലാതെ وَإِنَّ السَّاعَةَ നിശ്ചയമായും അന്ത്യസമയം لَآتِيَةٌ വരുന്നതു തന്നെ فَاصْفَحِ ആകയാൽ വിട്ടുവീഴ്ച ചെയ്യുക الصَّفْحَ വിട്ടുവീഴ്ച الْجَمِيلَ ഭംഗിയായ, സുന്ദരമായ 86 إِنَّ رَبَّكَ നിശ്ചയമായും നിന്റെ റബ്ബ് هُوَ അവൻ (തന്നെ) الْخَلَّاقُ (സർവ്വ) സ്രഷ്ടാവ് الْعَلِيمُ (സർവ്വ) ജ്ഞാനി

ഈ ആകാശഭൂമികളും, അവയിലുള്ള പദാർത്ഥ വസ്തുക്കളുമൊക്കെ നിരർത്ഥകമായും, വ്യവസ്ഥാപിതമല്ലാതെയും ചില ലക്ഷ്യങ്ങളോടുകൂടിയാണ് അല്ലാഹു സൃഷ്ടിച്ചിരിക്കുന്നത്. വിനോദത്തിനോ, വിനോദമായിട്ടോ സൃഷ്ടിച്ചതാകയല്ല, അതുകൊണ്ടാണു മേൽവിവരിച്ചതുപോലെയുള്ള സമുദായങ്ങൾ തിന്മയിൽ മുഴുകുമ്പോൾ നിന്നു വിരമിക്കുവാൻ തയ്യാറാകാതിരുന്നപ്പോൾ അവരുടെമേൽ ചില ശിക്ഷാനടപടികൾ എടുക്കപ്പെട്ടത്. അതു പോലെ, അല്ലാഹു ചില നീതിനിയമങ്ങളെ ധിക്കരിക്കുന്ന ഈ ജനതയുടെമേലും അല്ലാഹു അവന്റെ നടപടികൾ എടുക്കുകതന്നെ ചെയ്യും. അവസാനം എല്ലാവരുടെയും കർമ്മങ്ങളെ സംബന്ധിച്ചു വിചാരണ ചെയ്തു തക്ക നടപടികളെടുക്കുന്ന ഒരു ദിവസം വരാനുമിരിക്കുന്നു. ആകയാൽ, ഇപ്പോൾ ഈ സത്യനിഷേധികളുമായി നയപൂർവ്വം വിട്ടുവീഴ്ച സ്വീകരിച്ചുകൊള്ളുക. ആ സമയം വരുമ്പോൾ അല്ലാഹു വേണ്ടതുചെയ്തുകൊള്ളും. എല്ലാം സൃഷ്ടിച്ചുണ്ടാക്കിയവനും, എല്ലാകാര്യവും വേണ്ടതുപോലെ അറിയുന്നവനും അവൻതന്നെയാണല്ലോ. എന്നു സാരം.

സൂ: സ്വാദില്‍ അല്ലാഹു പറയുന്നു: 'ആകാശവും, ഭൂമിയും, അവയുടെ ഇടയിലുള്ളതും നാം നിരര്‍ത്ഥമായി സൃഷ്ടിച്ചിട്ടില്ല. അതു അവിശ്വസിച്ചവരുടെ ധാരണയത്രെ. ആകയാല്‍, അവിശ്വസിച്ചവര്‍ക്ക് നരകമാകുന്ന നാശം!' (38: 27). സൂ: മുഅ്മിനൂനില്‍ പറയുന്നു: 'അപ്പോള്‍, നിങ്ങളെ നാം വൃഥാ സൃഷ്ടിച്ചതാണെന്നും, നിങ്ങള്‍ നമ്മുടെ അടുക്കലേക്കു മടക്കപ്പെടുകയില്ലെന്നും നിങ്ങള്‍ കണക്കാക്കിയോ?!' (23: 115). സൂ: ദുഖാനില്‍ പറയുന്നു: 'ആകാശങ്ങളെയും, ഭൂമിയെയും, അവയ്ക്കിടയിലുള്ളതിനെയും നാം കളിച്ചുകൊണ്ടു സൃഷ്ടിച്ചിട്ടില്ല. (ന്യായമായ) കാര്യത്തോടുകൂടിയല്ലാതെ അവ രണ്ടിനെയും നാം സൃഷ്ടിച്ചിട്ടില്ല. എങ്കിലും, അവരില്‍ അധികമാളുകളും അറിയുന്നില്ല'. (44: 38, 39).

87. (നബിയേ) തീര്‍ച്ചയായും നിനക്കു നാം, ആവര്‍ത്തിത (വചന)ങ്ങളില്‍നിന്നുള്ള ഏഴെണ്ണം നല്‍കിയിട്ടുണ്ട്. മഹത്തായ ഖുര്‍ആനും (നല്‍കിയിട്ടുണ്ട്).

٨٧- وَلَقَدْ آتَيْنَاكَ سَبْعًا مِّنَ الْمَثَانِي وَالْقُرْآنَ الْعَظِيمَ

---

87. وَلَقَدْ آتَيْنَاكَ തീര്‍ച്ചയായും നാം നിനക്കു നല്‍കിയിട്ടുണ്ട് سَبْعًا ഏഴു (എണ്ണം) مِّنَ الْمَثَانِي ആവര്‍ത്തിതങ്ങളില്‍ നിന്നു, ആവര്‍ത്തിക്കപ്പെടുന്നവയില്‍ നിന്നു وَالْقُرْآنَ ഖുര്‍ആനും الْعَظِيمَ മഹത്തായ

'ആവര്‍ത്തിത വചനങ്ങളില്‍ നിന്നുള്ള ഏഴെണ്ണം' (سَبْعًا مِّنَ الْمَثَانِي) കൊണ്ടു വിവക്ഷ സൂറത്തുല്‍ ഫാതിഹയാണെന്നത്രെ ഭൂരിഭാഗം വ്യാഖ്യാതാക്കളുടെ അഭിപ്രായം. പ്രബലമായ ചില നബിവചനങ്ങളും അതിനു തെളിവു നല്‍കുന്നു. അബൂ സഈദിബ്നുല്‍ മുഅല്ലാ (റ) പറഞ്ഞതായി ബുഖാരി (റ) ഉദ്ധരിച്ച ഹദീസില്‍ ഇപ്രകാരം വന്നിരിക്കുന്നു: 'ഞാന്‍ പള്ളിയില്‍ നിന്നു പുറത്തുപോകും മുമ്പ് ഖുര്‍ആനിലെ ഏറ്റവും മഹത്തായ സൂറത്ത് ഞാന്‍ നിനക്കു പഠിപ്പിച്ചുതരാ'മെന്നു റസൂല്‍ (സ) എന്നോടു പറഞ്ഞു. തിരുമേനി പള്ളിയില്‍ നിന്നു പുറത്തു പോകുവാന്‍ ശ്രമിച്ചപ്പോള്‍, ഞാന്‍ ചെന്ന് അതു ഓര്‍മ്മപ്പെടുത്തി. അപ്പോള്‍ അവിടുന്നു പറഞ്ഞു: الحمد لله رب العالمين هي السبع المثاني والقرآن العظيم (സാരം: 'അല്‍ഹംദുലില്ലാഹി റബ്ബില്‍ ആലമീന്‍' എന്നുള്ളതാണ്—അതായത് ആ സൂറത്താകുന്നു. അതത്രെ, ഏഴു ആവര്‍ത്തിത വചനങ്ങളും, മഹത്തായ ഖുര്‍ആനും എന്നു പറഞ്ഞത്.)' അബൂഹുറൈറ (റ) യില്‍ നിന്നു അഹ്മദു, ബുഖാരി (റ) മുതലായവര്‍ ഉദ്ധരിച്ച ഒരു ഹദീസില്‍ നബി (സ) ഇപ്രകാരം പറഞ്ഞതായും വന്നിരിക്കുന്നു: ام القرآن هي السبع المثاني والقرآن العظيم ('ഉമ്മുല്‍ ഖുര്‍ആനാ'ണു ഏഴു ആവര്‍ത്തിത വചനങ്ങളും ഖുര്‍ആനും എന്നു പറഞ്ഞത്.) 'ഉമ്മുല്‍ ഖുര്‍ആന്‍' എന്നതു സൂറത്തുല്‍ ഫാതിഹയുടെ പേരുകളില്‍ പെട്ടതാണെന്നുള്ളതു പ്രസിദ്ധമാണ്. ഒന്നാമത്തെ ഹദീസില്‍ സൂറത്തുല്‍ ഫാതിഹയിലെ ഒന്നാമത്തെ വചനം എടുത്തു പറഞ്ഞും, രണ്ടാമത്തെ ഹദീസില്‍ അതിന്റെ ഒരു പേരെടുത്തു പറഞ്ഞും കൊണ്ട് ഏതാണു ഏഴു ആവര്‍ത്തിത വചനങ്ങള്‍ السبع المثاني എന്നു നബി (സ) വ്യക്തമാക്കിയിരിക്കുന്നു. സൂറത്തുല്‍ ഫാതിഹ ഏഴു വചനങ്ങളാണെന്നും, അതു നമസ്കാരത്തിലും മറ്റുമായി വളരെയധികം ആവര്‍ത്തിക്കപ്പെടാറുള്ള സൂറത്താണെന്നും പറയേണ്ടതില്ല. (ഇതു സംബന്ധമായ പല വിവരങ്ങളും, സൂറ: ഫാതിഹയുടെ വ്യാഖ്യാനത്തില്‍ മുമ്പു വിവരിച്ചുകഴിഞ്ഞിട്ടുണ്ട്.)

'ആവര്‍ത്തിതങ്ങളായ ഏഴെണ്ണം' കൊണ്ടുദ്ദേശ്യം, ഖുര്‍ആനിലെ ആദ്യത്തെ ഏഴു വലിയ സൂറത്തുകള്‍ السبع الطوال ആണെന്നും, ഖുര്‍ആനിലെ നിയമങ്ങള്‍, ഉപദേശങ്ങള്‍, ചരിത്രങ്ങള്‍ തുടങ്ങിയ ഏഴുതരം വിഷയങ്ങളാണെന്നും മറ്റും വേറെയും ചില അഭിപ്രായങ്ങള്‍ കാണാം. എങ്കിലും മേലുദ്ധരിച്ചതുപോലെയുള്ള ചില ഹദീസുകള്‍ നിലവിലുള്ള സ്ഥിതിക്കു അവക്കു പരിഗണന കാണുന്നില്ല. നബി (സ)ക്കു നല്‍കിയ ഈ അനുഗ്രഹത്തെ ഓര്‍മ്മപ്പെടുത്തിയശേഷം തുടര്‍ന്നുകൊണ്ടു ചില ഉപദേശങ്ങളും നബി (സ)ക്കു അല്ലാഹു നല്‍കുന്നു:-

88. അവരില്‍ [അവിശ്വാസികളില്‍] നിന്നുള്ള പല തരക്കാര്‍ക്കും നാം സുഖഭോഗം നല്‍കിയിട്ടുള്ളതിലേക്കു നീ നിന്റെ കണ്ണുകളെ നീട്ടിപ്പോകരുത്. [ദൃഷ്ടി വെക്കരുത്.]

٨٨- لَا تَمُدَّنَّ عَيْنَيْكَ إِلَىٰ مَا مَتَّعْنَا بِهِ أَزْوَاجًا مِّنْهُمْ

അവരെപ്പറ്റി നീ വ്യസനിക്കുകയും അരുത്. സത്യവിശ്വാസികൾക്കു നിന്റെ പക്ഷം നീ താഴ്ത്തിക്കൊടുക്കുകയും [അവരോടു താഴ്മയിൽ പെരുമാറുകയും] ചെയ്തുകൊള്ളുക.

وَلَا تَحْزَنْ عَلَيْهِمْ وَاخْفِضْ جَنَاحَكَ لِلْمُؤْمِنِينَ ○

---

88. لَا تَمُدَّنَّ നീ നീട്ടുകയും ചെയ്യരുത് عَيْنَيْكَ നിന്റെ കണ്ണുകളെ(ദൃഷ്ടിയെ) إِلَىٰ مَا യാതൊന്നിലേക്കു مَتَّعْنَا بِهِ അതുകൊണ്ടു നാം സുഖം നൽകി أَزْوَاجًا പല തരക്കാർക്കു مِنْهُمْ അവരിൽനിന്നു وَلَا تَحْزَنْ വ്യസനിക്കുകയും ചെയ്യരുതു عَلَيْهِمْ അവരെപ്പറ്റി, അവരുടെ പേരിൽ وَاخْفِضْ താഴ്ത്തുകയും ചെയ്യുക جَنَاحَكَ നിന്റെ ചിറകു, പക്ഷം لِلْمُؤْمِنِينَ സത്യവിശ്വാസികൾക്കു

മൂന്നു ഉപദേശങ്ങളാണ് അല്ലാഹു ഈ വചനം മുഖേന നബി (സ)ക്കു നൽകിയിരിക്കുന്നത്. (1) അവിശ്വാസികളിൽപെട്ട പലതരക്കാരായ ആളുകൾക്കും നൽകപ്പെട്ടിട്ടുള്ള സുഖസൗകര്യങ്ങളിലേക്കു കണ്ണുവെക്കുകയും, ശ്രദ്ധ കൊടുക്കുകയും ചെയ്യരുത്. അഥവാ, അതിനെക്കാൾ എത്രയോ ഉത്തമവും ഉന്നതവുമായ അനുഗ്രഹമാണ് ഖുർആനും, ഖുർആനിലെ ആവർത്തിത വചനങ്ങളും മുഖേന തനിക്കു ലഭിച്ചിരിക്കുന്നത് എന്നു താൽപര്യം. ഈ ഉപദേശം, പ്രത്യക്ഷത്തിൽ നബി(സ) യോടാണെന്നുവെച്ചു നബി (സ) ഐഹിക സുഖസൗകര്യങ്ങളിൽ ശ്രദ്ധ പതിക്കാറുണ്ടായിരുന്നുവെന്നു ധരിക്കേണ്ടതില്ല. യഥാർത്ഥത്തിൽ, സത്യവിശ്വാസികളെ ഉദ്ദേശിച്ചിട്ടുള്ളതാണു ഈ ഉപദേശം. അബൂബക്കർ (റ) ഇപ്രകാരം പറഞ്ഞതായി രിവായത്തു ചെയ്യപ്പെട്ടിരിക്കുന്നു: 'ആർക്കെങ്കിലും ഖുർആൻ നൽകപ്പെട്ടിരിക്കുകയും, എന്നിട്ടു തനിക്കു നൽകപ്പെട്ടിട്ടുള്ളതിനെക്കാൾ ശ്രേഷ്ഠമായ വല്ലതും ദുൻയാവിൽനിന്നു മറ്റാർക്കെങ്കിലും നൽകപ്പെട്ടിരിക്കുന്നതായി അവൻ കാണുകയും ചെയ്യുന്നപക്ഷം, അവൻ നിസ്സാരമായതിനെ വമ്പിച്ചതും, വമ്പിച്ചതിനെ നിസ്സാരമായതുമാക്കിത്തീർത്തു.' ഏതാണ്ടു ഇതേ അർത്ഥത്തിലുള്ള ഒരു രിവായത്തു സുഫ്‌യാനുബ്നു ഉയൈന (റ)യിൽ നിന്നും നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്.

(2) അവിശ്വാസികളെക്കുറിച്ചു— അവർ വിശ്വസിക്കാത്തതിനെപ്പറ്റി—വ്യസനിക്കരുത്. അഥവാ എത്ര സത്യോപദേശങ്ങളും ദൃഷ്ടാന്തങ്ങളും വെച്ചുകാട്ടിയിട്ടും അവർ അവിശ്വാസത്തിൽ ഉറച്ചു നിൽക്കുന്നതിൽ വ്യാകുലപ്പെടേണ്ടതില്ല. അവർ വിശ്വസിക്കുകയാണെങ്കിൽ വിശ്വസിക്കട്ടെ എന്നുവെച്ചാൽ മതി എന്നു സാരം. (3) സത്യവിശ്വാസികളായ ആളുകളോടു ചിറകു താഴ്ത്തണം. അഥവാ അവരോടു വളരെ മയത്തിലും നയത്തിലും വാത്സല്യപൂർവ്വം പെരുമാറണം എന്നുദ്ദേശ്യം. ഈ വിഷയത്തിൽ നബി (സ) ലോകത്തിനു ഉത്തമ മാതൃക നൽകിയിട്ടുണ്ടെന്നുള്ളതും, അവിടുത്തെ സ്വഭാവ ഗുണങ്ങളെപ്പറ്റി പല ഖുർആൻ വചനങ്ങളിലും അല്ലാഹു തന്നെ വളരെ പുകഴ്ത്തിപ്പറഞ്ഞിട്ടുള്ളതും പ്രസിദ്ധമാണല്ലോ.

'കണ്ണുവെക്കുക, ദൃഷ്ടിവെക്കുക' എന്നൊക്കെ മലയാളത്തിൽ പറയപ്പെടാറുള്ളതുപോലെ ഒരു പ്രയോഗമാണ് അറബിയിലെ مَدُّ الْعَيْن (കണ്ണുനീട്ടൽ) എന്ന പ്രയോഗം. ശ്രദ്ധകൊടുക്കുക, ആശ വെച്ചുകൊണ്ടിരിക്കുക എന്നൊക്കെയാണതുകൊണ്ടുദ്ദേശിക്കപ്പെടുന്നത്. خَفْضُ الْجَنَاح (ചിറകു—അഥവാ പക്ഷം—താഴ്ത്തുക) എന്ന പ്രയോഗത്തിന്റെ ഉത്ഭവം, പക്ഷികൾ അവയുടെ കുഞ്ഞുങ്ങളോടുള്ള വാത്സല്യം നിമിത്തം അവക്കു ചിറകുകൾ വിടർത്തി താഴ്ത്തിക്കൊടുത്തുകൊണ്ടു അവയെ ചിറകിനുള്ളിൽ ഒതുക്കി അണച്ചുകൂട്ടാറുള്ളതിൽ നിന്നാകുന്നു. വാത്സല്യപൂർവ്വം അലിവോടും മയത്തോടും കൂടി പെരുമാറുക എന്ന അലങ്കാരാർത്ഥത്തിൽ അതു ഉപയോഗിക്കപ്പെട്ടുവരുന്നു.

89. (നബിയേ) പറയുകയും ചെയ്യുക: 'ഞാൻ തന്നെയാണ് സ്പഷ്ടമായ താക്കീതുകാരൻ'.

وَقُلْ إِنِّي أَنَا النَّذِيرُ الْمُبِينُ ○ -٨٩

---

89. وَقُلْ പറയുകയും ചെയ്യുക إِنِّي أَنَا നിശ്ചയമായും ഞാൻതന്നെ النَّذِيرُ താക്കീതു(മുന്നറിയിപ്പു)കാരൻ الْمُبِينُ സ്പഷ്ടമായ

90. (അതെ) ഭാഗിച്ചെടുത്തവരുടെമേല്‍ നാം അവതരിപ്പിച്ചതുപോലെ (തന്നെ):-

91. (അതായതു) ഖുര്‍ആനെ പല (ഭിന്നമായ) അംശങ്ങളാക്കിയവരുടെ (മേല്‍).

٩٠. كَمَا أَنزَلْنَا عَلَى الْمُقْتَسِمِينَ ۝

٩١. الَّذِينَ جَعَلُوا الْقُرْآنَ عِضِينَ ۝

---

90. كما أنزلنا നാം അവതരിപ്പിച്ചതുപോലെ على المقتسمين ഭാഗിച്ചെടുത്തവരുടെ മേല്‍ 91. الذين യാതൊരു കൂട്ടരുടെ (മേല്‍) جعلوا അവര്‍ ആക്കി القرآن ഖുര്‍ആനെ عضين പല അംശങ്ങളും, ഭാഗങ്ങളും

المقتسمين (മുഖ്‌തസിമീന്‍) എന്ന വാക്കിനു നാം പരിഭാഷയില്‍ കാണിച്ചതുപോലെ, 'ഭാഗിച്ചെടുത്തവര്‍' എന്നും, (പ്രവാചകന്മാരെ കളവാക്കുന്ന വിഷയത്തിലും മറ്റും) 'അന്യോന്യം സത്യം ചെയ്‌തവര്‍' എന്നും അര്‍ത്ഥം കല്‍പിക്കപ്പെട്ടിട്ടുണ്ട്‌. ഏതായാലും അങ്ങിനെ വിശേഷിപ്പിക്കപ്പെട്ടവര്‍ ആരാണെന്നതിലും جعلوا القرآن عضين (ഖുര്‍ആനെ അവര്‍ പല അംശങ്ങളാക്കി) എന്ന വാക്യത്തിന്റെ താല്‍പര്യത്തിലും വ്യാഖ്യാതാക്കള്‍ക്കിടയില്‍ വ്യത്യസ്‌തമായ അഭിപ്രായങ്ങള്‍ കാണാം. കൂടാതെ ഈ 90-ാം വചനം വിഷയപരമായി നോക്കുമ്പോള്‍, അതിന്റെ നേരെ മുമ്പുള്ള വചനത്തോടു ബന്ധപ്പെട്ടു നില്‍ക്കുന്നതാണോ, അതല്ല, 87-ാം വചനത്തോടു ബന്ധപ്പെട്ടുകൊണ്ടുള്ളതാണോ എന്നതിലും അഭിപ്രായ വ്യത്യാസം കാണാം. ഇക്കാരണങ്ങളാല്‍ ഈ വചനങ്ങള്‍ ഒന്നിലധികം പ്രകാരത്തില്‍ വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു. അവയില്‍ ഏതെങ്കിലും ഒന്നിനെ ബലവത്തായി സ്വീകരിക്കത്തക്ക തെളിവുകള്‍ കാണുന്നുമില്ല.

മേല്‍ സൂചിപ്പിച്ച വ്യാഖ്യാനങ്ങളില്‍വെച്ച്‌ കൂടുതല്‍ വ്യക്തമായി തോന്നുന്ന വ്യാഖ്യാനത്തിന്റെ ചുരുക്കം ഇപ്രകാരമാകുന്നു: തങ്ങളുടെ താല്‍പര്യങ്ങള്‍ക്കു യോജിക്കുന്ന ഭാഗങ്ങളെ സ്വീകരിക്കുകയും, യോജിക്കാത്ത ഭാഗങ്ങളെ നിഷേധിക്കുകയും ചെയ്‌തുകൊണ്ടു ഖുര്‍ആനെ ഭിന്നഭാഗങ്ങളാക്കി അംശിച്ച വേദക്കാര്‍ക്ക്‌ തൗറാത്തും ഇഞ്ചീലും മുമ്പു അവതരിപ്പിച്ചുകൊടുത്തിരുന്നതുപോലെത്തന്നെ നിനക്കു- നബി (സ) തിരുമേനിക്കു-ഖുര്‍ആനും ഏഴു ആവര്‍ത്തിത വചനങ്ങളും അവതരിപ്പിച്ചു തന്നിരിക്കുന്നു. ഈ വ്യാഖ്യാനപ്രകാരം 90-ാം വചനവും 87-ാം വചനവും തമ്മിലായിരിക്കും വിഷയപരമായി ബന്ധപ്പെട്ടു നില്‍ക്കുന്നത്‌. ഇടക്കുള്ള രണ്ടു വചനങ്ങളും ഇടവാക്യങ്ങളു (المعترضات)മായിരിക്കുന്നതാണ്‌. الله أعلم

അബൂ മൂസല്‍ അശ്‌അരി (റ)യില്‍ നിന്നു നിവേദനം ചെയ്യപ്പെട്ട ഒരു നബിവചനത്തിന്റെ സാരം ഇങ്ങിനെയാകുന്നു: 'എന്റെയും, എന്നെ നിയോഗിച്ച കാര്യത്തിന്റെയും ഉപമ ഇങ്ങിനെയുള്ള ഒരാളുടെ മാതിരിയാകുന്നു: 'അയാള്‍ അയാളുടെ ജനങ്ങളുടെ അടുക്കല്‍ചെന്ന്‌ ഞാന്‍ (നിങ്ങളെ ആക്രമിക്കുവാന്‍ വരുന്ന) സൈന്യത്തെ എന്റെ കണ്ണു കൊണ്ടു കണ്ടിരിക്കുന്നു; ഞാന്‍ നഗ്‌നനായ (*) താക്കീതുകാരനാണ്‌: അതുകൊണ്ടു രക്ഷാമാര്‍ഗ്ഗം നോക്കുക!' എന്നിങ്ങനെ അവരോടു പറഞ്ഞു. എന്നിട്ട്‌ ഒരു വിഭാഗം ആളുകള്‍ അവനെ അനുസരിച്ച്‌ രാത്രിതന്നെ സാവധാനം സ്ഥലം വിട്ടുപോയി രക്ഷപ്പെട്ടു. ഒരു വിഭാഗം ആളുകള്‍ അവനെ വ്യാജമാക്കി. അവര്‍ സ്‌ഥലം വിടാതിരുന്നു. അങ്ങിനെ, പ്രഭാതത്തില്‍ സൈന്യം വന്ന്‌ അവരെ നശിപ്പിച്ചു. ഇതാണ്‌, എന്നെ അനുസരിക്കുകയും ഞാന്‍ കൊണ്ടുവന്നതിനെ പിന്‍പറ്റുകയും ചെയ്‌തവരുടെയും, എന്നോട്‌ അനുസരണക്കേട്‌ കാണിക്കുകയും ഞാന്‍ കൊണ്ടുവന്ന യഥാര്‍ത്ഥത്തെ വ്യാജമാക്കുകയും ചെയ്‌തവരുടെയും ഉപമ.' (ബു: മു.)

(*) ശത്രുവരുന്ന വല്ല ആപത്തിനെക്കുറിച്ചും ശക്തിപൂര്‍വ്വം ജനങ്ങള്‍ക്കു പരസ്യമായ താക്കീതു നല്‍കുവാന്‍ ചെയ്യുന്ന ആളുകള്‍ വസ്‌ത്രങ്ങളഴിച്ച്‌ നഗ്‌നമായ നിലയില്‍ വിളിച്ചു പറയുക മുന്‍കാലത്തു പതിവുണ്ടായിരുന്നു. (കാരണ കര്‍ശനമായ താക്കീതു നല്‍കുന്നവന്‍ എന്ന അര്‍ത്ഥത്തില്‍ 'നഗ്‌നനായ താക്കീതുകാരന്‍' (نذير العريان) എന്നു പറയപ്പെടുന്നു.

92. എന്നാല്‍, നിന്‍റെ റബ്ബിനെത്തന്നെയാണെ(സത്യം)! തീര്‍ച്ചയായും, അവരോടു മുഴുവനും നാം ചോദിക്കുക തന്നെ ചെയ്യും, — ٩٢- فَوَرَبِّكَ لَنَسْـَٔلَنَّهُمْ أَجْمَعِينَ ۝

93. അവര്‍ പ്രവര്‍ത്തിച്ചുകൊണ്ടിരുന്നതിനെപ്പറ്റി. ٩٣- عَمَّا كَانُوا يَعْمَلُونَ ۝

94. ആകയാല്‍, (നബിയേ) നിന്നോടു കല്‍പിക്കപ്പെടുന്നതിനെ നീ(പരസ്യമായി)ഉറക്കെ പ്രഖ്യാപിച്ചുകൊള്ളുക! മുശ്‌രിക്കു [ബഹുദൈവവിശ്വാസി]കളില്‍ നിന്നു നീ തിരിഞ്ഞുകളയുകയും ചെയ്യുക. ٩٤- فَاصْدَعْ بِمَا تُؤْمَرُ وَأَعْرِضْ عَنِ الْمُشْرِكِينَ ۝

95. നിശ്ചയമായും, നിനക്കു (ഈ) പരിഹാസകരെ നാം തടുത്തുതന്നിരിക്കുന്നു. [അവരുടെ ഉപദ്രവം നിനക്കു ഫലിക്കുകയില്ല.] ٩٥- إِنَّا كَفَيْنَاكَ الْمُسْتَهْزِءِينَ ۝

96. അതെ, അല്ലാഹുവിനോടുകൂടി വേറെ ആരാധ്യനെ ഏര്‍പ്പെടുത്തുന്നവരെ. എന്നാല്‍, വഴിയെ അവര്‍ അറിഞ്ഞുകൊള്ളുന്നതാണ്! ٩٦- الَّذِينَ يَجْعَلُونَ مَعَ اللَّهِ إِلَٰهًا آخَرَ فَسَوْفَ يَعْلَمُونَ ۝

---

92. فوربك എന്നാല്‍ നിന്‍റെ റബ്ബിനെ തന്നെ لنسألنهم നിശ്ചയമായും നാം അവരോടു ചോദിക്കുകതന്നെ ചെയ്യും أجمعين മുഴുവനും, എല്ലാവരോടും 93. عما كانوا അവര്‍ ആയിരുന്നതിനെപ്പറ്റി يعملون അവര്‍ പ്രവര്‍ത്തിക്കും 94. فاصدع ആകയാല്‍ ഉറക്കെ (പരസ്യമായി) പ്രഖ്യാപനം ചെയ്യുക بما تؤمر നിന്നോടു കല്‍പിക്കപ്പെടുന്നതിനെ واعرض തിരിഞ്ഞു(അവഗണിച്ചു)കളയുകയും ചെയ്യുക عن المشركين മുശ്‌രിക്കുകളെപ്പറ്റി 95. إنا നിശ്ചയമായും നാം كفيناك നിനക്കു തടുത്തു തന്നിരിക്കുന്നു المستهزئين പരിഹസിക്കുന്നവരെ 96. الذين يجعلون ആക്കുന്നവരായ مع الله അല്ലാഹുവോടുകൂടി إلها آخر വേറെ ഇലാഹിനെ (ആരാധ്യനെ–ദൈവത്തെ) فسوف എന്നാല്‍ വഴിയെ يعلمون അവര്‍ അറിയും, അവര്‍ക്കറിയാം

ആ നിഷേധികള്‍ ചെയ്തുകൂട്ടുന്ന പ്രവൃത്തികളെപ്പറ്റിയെല്ലാം നാം ചോദ്യം ചെയ്യാതെ വിടുകയില്ല. അവര്‍ എന്തുനിലപാടു കൈക്കൊണ്ടിരുന്നാലും ശരി, അല്ലാഹു നല്‍കുന്ന സന്ദേശങ്ങളെ പരസ്യമായി പ്രഖ്യാപനം ചെയ്തു കൊള്ളണം. അവരുടെ എതിര്‍പ്പുകളെ അവഗണിച്ചുതള്ളുകയേ വേണ്ടു. ആ പരിഹാസങ്ങളില്‍ നിന്നുണ്ടാകുന്ന ഉപദ്രവങ്ങളൊന്നും ഭയപ്പെടേണ്ടതായില്ല. അതെല്ലാം അല്ലാഹു തടുത്തുകൊള്ളുകയും, അതില്‍നിന്നു രക്ഷനല്‍കുകയും ചെയ്തുകൊള്ളും, എന്നൊക്കെ അല്ലാഹു നബി(സ)യെ അറിയിക്കുന്നു. അവസാനം, ആ പരിഹാസകര്‍ അവരുടെ പരിഹാസത്തിന്‍റെ ഫലം അറിയാറാകുമെന്നു കടുത്ത ഒരു താക്കീതും നല്‍കുന്നു. പ്രവാചകത്വത്തിന്‍റെ ആദ്യഘട്ടത്തില്‍ സ്വകാര്യമായിട്ടായിരുന്നു നബി (സ) ജനങ്ങളില്‍ പ്രബോധനം നടത്തിയിരുന്നത്. സത്യവിശ്വാസികളായിത്തീര്‍ന്നവര്‍ അവരുടെ നമസ്കാരംപോലും രഹസ്യമായിട്ടായിരുന്നു നടത്തിവന്നിരുന്നത്. ഈ വചനങ്ങള്‍ അവതരിച്ചതോടെ തിരുമേനി പരസ്യമായി പ്രബോധനം ആരംഭിച്ചു.

നബി (സ)യെയും, ക്വുര്‍ആനെയും കുറിച്ചു പരിഹാസം പതിവാക്കിയ പലരും മുശ്‌രിക്കുകളില്‍ ഉണ്ടായിരുന്നു. അവരില്‍ പലരുടെയും പേരുകളും അവരുടെ ചെയ്തികളും ചരിത്രഗ്രന്ഥങ്ങളില്‍നിന്നും മറ്റുമായി പൊതുവെ അറിയപ്പെട്ടതുമാകുന്നു. വലീദുബ്നു മുഗീറഃ, ആസ്വിബ്നുവാഇല്‍, അസ്‌വദുബ്നു അബ്ദിയഗൂഥ്, അസ്‌വദുബ്നു അബ്ദില്‍ മുത്തലിബ്, ഹാരിഥുബ്നു ത്വലാത്വിലഃ മുതലായവര്‍ അവരില്‍ മുന്‍പന്തിയില്‍ നില്‍ക്കുന്നവരായിരുന്നു. ഇവരെല്ലാം അവസാനമുണ്ടായതു കേവലം സാധാരണങ്ങളല്ലാത്ത ചില കാരണങ്ങളെ തുടര്‍ന്ന

ങ്ങളായ ദുർമരണങ്ങളായിരുന്നുവെന്നത്രെ പ്രസ്താവ്യമായത്. നടന്നുപോകുമ്പോൾ ഒരു അമ്പിൻമുന കാലിൽതട്ടുക, കാലിൽ മുള്ളുകുത്തുക, മൂക്കിലൂടെ ചലം വരുക, കണ്ണിൽ കരടുവീണു കാഴ്ചനശിക്കുക, തലം കരിച്ചിലക്ക മുതലായ മാരകങ്ങളായിരുന്നു അവരുടെ മരണങ്ങൾക്കു ഇടയാക്കിയതെന്നു പല രിവായത്തുകളിലും കാണാവുന്നതാകുന്നു. നേതാക്കളുടെ ഉപദ്രവത്തിനു ഭംഗം നേരിടുന്നതോടെ സാധാരണക്കാരെക്കൊണ്ടുള്ള ശല്യവും കുറയുമല്ലോ.

97. തീർച്ചയായും, നാം അറിയുന്നുണ്ട് അവർ പറഞ്ഞുവരുന്നതുകൊണ്ടു നിന്റെ നെഞ്ച് [ഹൃദയം] ഞെരുങ്ങിപ്പോകുന്നുവെന്ന്.

٩٧- وَلَقَدْ نَعْلَمُ أَنَّكَ يَضِيقُ صَدْرُكَ بِمَا يَقُولُونَ ۝

98. ആകയാൽ, നിന്റെ റബ്ബിനെ സ്തുതിച്ചുകൊണ്ട് നീ 'തസ്ബീഹ്' [സ്തോത്രകീർത്തനം] നടത്തിക്കൊള്ളുക;

നീ 'സുജൂദ്' [സാഷ്ടാംഗ നമസ്കാരം] ചെയ്യുന്നവരുടെ കൂട്ടത്തിലായിരിക്കയും ചെയ്യുക.

٩٨- فَسَبِّحْ بِحَمْدِ رَبِّكَ وَكُن مِّنَ السَّاجِدِينَ ۝

99. നിനക്കു (ആ) ഉറപ്പു [മരണം] വന്നെത്തുന്നതുവരെക്കും നിന്റെ റബ്ബിനെ നീ ആരാധിക്കുകയും ചെയ്യുക.

٩٩- وَاعْبُدْ رَبَّكَ حَتَّىٰ يَأْتِيَكَ الْيَقِينُ ۝

---

97. وَلَقَدْ نَعْلَمُ തീർച്ചയായും നാം അറിയുന്നുണ്ട് أَنَّكَ നിശ്ചയം നീ يَضِيقُ ഞെരുങ്ങുന്നു, ഇടുങ്ങിപ്പോകുന്നു (വെന്നു) صَدْرُكَ നിന്റെ നെഞ്ചു (ഹൃദയം - മനസ്സു) بِمَا يَقُولُونَ അവർ പറയുന്നതുകൊണ്ടു, പറയുന്നതിനാൽ 98. فَسَبِّحْ അതിനാൽ (എന്നാൽ) നീ തസ്ബീഹു ചെയ്യുക, സ്തോത്രകീർത്തനം നടത്തുക بِحَمْدِ സ്തുതിയോടെ رَبِّكَ നിന്റെ റബ്ബിന്റെ, റബ്ബിനെ وَكُن ആയിരിക്കുകയും ചെയ്യുക مِنَ السَّاجِدِينَ സുജൂദു ചെയ്യുന്നവരിൽപെട്ട(വൻ) 99. وَاعْبُدْ ആരാധിക്കുകയും ചെയ്യുക رَبَّكَ നിന്റെ റബ്ബിനെ حَتَّىٰ يَأْتِيَكَ നിനക്കു വരുന്നതുവരെ الْيَقِينُ ഉറപ്പു (മരണം)

പരിഹാസകരുടെ ശല്യം തീർത്തുകൊടുക്കുമെന്നു കഴിഞ്ഞ വചനങ്ങളിൽ വാഗ്ദാനം ചെയ്തശേഷം, മറ്റൊരു സമാധാനസന്ദേശം കൂടി നബി (സ)ക്കു അല്ലാഹു നൽകുന്നു. അവരുടെ ശല്യവും നിഷേധവും കാരണം കഠിനമായ മനഃപ്രയാസവും ബുദ്ധിമുട്ടും തനിക്കു ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ടെന്നു നമുക്കറിയാം. അതിനെപ്പറ്റി പരിഭവിക്കുകയോ, വിഷമിക്കുകയോ വേണ്ടതില്ല. അല്ലാഹുവിനു തസ്ബീഹു (സ്തോത്രകീർത്തനം), ഹംദു (സ്തുതികീർത്തനം), സുജൂദ് (സാഷ്ടാംഗ നമസ്കാരം) മുതലായവ അനുഷ്ഠിച്ചുകൊണ്ട് കാര്യങ്ങൾ അല്ലാഹുവിൽ ഭരമേല്പിച്ചുകൊള്ളുക. എല്ലാം അല്ലാഹു ശുഭകരമായി കലാശിപ്പിച്ചു തരും എന്ന് സാരം. അവസാനമായി മരണം വരെയും അല്ലാഹുവിന്റെ ആരാധന നിലനിറുത്തണമെന്നും നബി (സ)യെ ഉപദേശിക്കുകയും ചെയ്തിരിക്കുന്നു.

الْيَقِين (യഖീൻ) എന്ന വാക്കിനു 'ഉറപ്പ്, ദൃഢത, ഉറച്ച വിശ്വാസം' എന്നൊക്കെയാണു വാക്കർത്ഥം. മരണമാണിവിടെ ഉദ്ദേശ്യം. ആർക്കും ഒരു സംശയവുമില്ലാത്ത കാര്യമാണല്ലോ മരണം. പൊതുവിൽ എല്ലാ ഖുർആൻ വ്യാഖ്യാതാക്കളുടെയും അഭിപ്രായവും അതുതന്നെ. ഖുർആനിൽ നിന്നും ഹദീസിൽ നിന്നും ഇതിനു തെളിവും ഉദ്ധരിക്കപ്പെടുന്നു. നരകവാസികൾ നരകത്തിൽവെച്ചു ഇങ്ങിനെ വിലപിക്കുന്നതായി അല്ലാഹു ഉദ്ധരിച്ചിരിക്കുന്നു: وَكُنَّا نُكَذِّبُ بِيَوْمِ الدِّينِ حَتَّىٰ أَتَانَا الْيَقِينُ (ഞങ്ങൾക്കു ഉറപ്പു വരുന്നതുവരെ ഞങ്ങൾ പ്രതിഫല ദിവസത്തെ വ്യാജമാക്കിക്കൊണ്ടിരിക്കുകയായിരുന്നു. (74: 46, 47) ഉസ്മാനുബ്നു മള്ഊൻ (عثمان بن مظعون رض) മരണപ്പെട്ടു കിടക്കുകയായിരുന്നു. അവിടെ വന്ന ഒരു സന്ദർഭത്തിൽ നബി (സ) പറഞ്ഞു: أما هو فقد جاءه اليقين وإني لأرجو له الخير (എന്നാൽ, അദ്ദേഹത്തിനു 'ഉറപ്പ്' വന്നുകഴിഞ്ഞു. ഞാൻ അദ്ദേഹത്തിനു നന്മ പ്രതീക്ഷിക്കുകയും ചെയ്യുന്നു'. (ബു.) ഈ വചനങ്ങളിൽ 'ഉറപ്പ്' കൊണ്ടു വിവക്ഷ മരണം തന്നെയാണെന്നു വ്യക്തമാണല്ലോ.

യാഥാർത്ഥ്യത്തെ അടിസ്ഥാനമാക്കി ഉറപ്പായ അറിവും വിശ്വാസവും ലഭിക്കുന്നതുവരെ മാത്രമേ നമസ്കാരം മുതലായ ആരാധനാകർമ്മങ്ങൾ നിർവ്വഹിക്കേണ്ടതുള്ളുവെന്നും ഉറപ്പായ അറിവും വിശ്വാസവും ലഭിച്ചുകഴിഞ്ഞാൽ പിന്നെ അതൊന്നും ആവശ്യമില്ലെന്നും സൂഫീവേഷധാരികളായ ചില സ്വാർത്ഥികൾ ഈ ഖുർആൻ വചനത്തെ ആസ്പദമാക്കി സമർത്ഥിക്കാറുണ്ട്. ഇതു യഥാർത്ഥത്തിൽ ഇസ്‌ലാമിൽനിന്നുതന്നെയുള്ള ഒരു വ്യതിയാനമത്രെ. അല്ലാഹുവിന്റെ പ്രവാചകൻമാരാണല്ലോ ഏറ്റവും ഉറപ്പായ അറിവും വിശ്വാസവുമുള്ളവർ. എന്നിട്ടുപോലും അവരാരും ആരാധനാകർമ്മങ്ങൾ ഉപേക്ഷിച്ചിരുന്നില്ലെന്നു മാത്രമല്ല, മറ്റാരെക്കാളും കൂടുതൽ കർശനം അതിൽ സ്വീകരിക്കുകയായിരുന്നു അവർ ചെയ്തിരുന്നത്. അത്രയുമല്ല, അറിവും വിശ്വാസവും വർദ്ധിക്കുംതോറും അല്ലാഹുവിന്റെ വിധിവിലക്കുകൾ പാലിക്കുന്നതിലും, ആരാധനാകർമ്മങ്ങൾ നിർവ്വഹിക്കുന്നതിലും കൂടുതൽ നിഷ്കർഷ പാലിക്കുകയാണുണ്ടാവുക. അതാണു വേണ്ടതും. 'ഉറപ്പു വരുക' എന്നു പറഞ്ഞതിന്റെ അർത്ഥം 'മനസ്സിന്നു ശരിക്കു ബോധ്യം വരുക' എന്നാണെന്നും ഇപ്പോൾ ചിലർ പ്രസ്താവിച്ചുകാണുന്നു. വിശദീകരണവേളയിൽ ചിലപ്പോൾ ഇതിനു എന്തെങ്കിലും ന്യായീകരണവും കണ്ടേക്കുമെങ്കിലും പലപ്പോഴും ഈ അർത്ഥം സ്വീകരിക്കുന്നതു അപകടകരവും സത്യവിരുദ്ധവുമായിട്ടാണ് അനുഭവപ്പെടുക. മേലുദ്ധരിച്ച ഖുർആൻ വചനത്തിലും, നബിവചനത്തിലും 'മരണം' എന്നല്ലാതെ–ഈ രണ്ടർത്ഥങ്ങളും–ശരിയാകാത്ത സ്ഥിതിക്കു ഇവിടെയും 'ഉറപ്പു'കൊണ്ടുദ്ദേശ്യം 'മരണ'മാണെന്നു വെക്കുവാൻ അറിവും വിശ്വാസവും മനസ്സാക്ഷിയും ഉള്ളവരാരും മടിക്കുവാൻ കാരണമില്ലതാനും.

റസൂൽ (സ) അരുളിച്ചെയ്തതായി അബൂഹുറൈറ (റ) ഉദ്ധരിക്കുന്നു: 'അടിയാൻ അവന്റെ റബ്ബിനോടു ഏറ്റവും അടുപ്പമുള്ളവനായിരിക്കുന്നതു അവൻ സുജൂദു ചെയ്തുകൊണ്ടിരിക്കുമ്പോഴായിരിക്കും. അപ്പോൾ നിങ്ങൾ പ്രാർത്ഥന അധികരിപ്പിക്കുവിൻ'. (മു.) ഹുദൈഫഃ (റ) പറയുന്നു: 'നബി (സ)ക്കു വല്ല വിഷമവും (ദുഃഖവും) ബാധിച്ചാൽ, അവിടുന്നു നമസ്കരിക്കുമായിരുന്നു.' (ദാ.) മരണംവരെ അല്ലാഹുവിനെ ആരാധിക്കുകയും, തസ്ബീഹു, ഹംദു, സുജൂദു മുതലായ പുണ്യകർമ്മങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യുന്ന സജ്ജനങ്ങളിൽ അല്ലാഹു നമ്മെയെല്ലാം ഉൾപ്പെടുത്തി അനുഗ്രഹിക്കട്ടെ. آمين

اللهم لك الحمد ولك المنة والفضل

[انتهى تسويد التفسير لهذه السورة ليلة الأربعاء الحادية عشر من شعبان ١٣٩٧ ﻫ الموافق ٧٧/٧/٢٦ م

وتبييضه ليلة الاثنين الخامسة من جماد الأول ١٣٩٩ ﻫ الموافق ٧٩/٤/١ م]

വ്യാഖ്യാനക്കുറിപ്പ്

ജിന്നും ശൈത്താനും

(الجن والشيطان)

ജിന്നുകളെയോ പിശാചുക്കളെയോ സംബന്ധിച്ചു പ്രസ്താവിക്കുന്ന പല ഖുർആൻവചനങ്ങളും ദുർവ്യാഖ്യാനം ചെയ്‌വാനും, അതുവഴി മുസ്‌ലിംകളിൽ പല ആശയക്കുഴപ്പങ്ങളും സൃഷ്ടിക്കുവാനും ചില തൽപരകക്ഷികൾ മുതിരുന്നതുകാണാം. ഇതിന്റെ പിന്നിലുള്ള പ്രധാന കാരണം, അവർ 'ജിന്നി'നെയും, 'ശൈത്താനെ'യും നിഷേധിക്കുന്നതാണ്. അതുകൊണ്ടു ജിന്നിനെയും ശൈത്താനെയുംകുറിച്ചു ഇസ്‌ലാമിന്റെ പ്രമാണങ്ങൾ എന്തു പറയുന്നുവെന്നു മനസ്സിലാക്കുന്നതു വളരെ ഉപകാരപ്രദമായിരിക്കും.

എല്ലാവർക്കും സുപരിചിതമായ രണ്ടു വാക്കുകളാണ് ജിന്നും, ശൈത്താനും. നമ്മുടെ ബാഹ്യദൃഷ്ടിക്ക് അതീതമായ ഒരുതരം അദൃശ്യസൃഷ്ടികളാണ് അവ എന്ന പരക്കെ അറിയപ്പെട്ടതാണ്. ഖുർആനിലും, ഹദീസിലും, മതഗ്രന്ഥങ്ങളിലും അവയെപ്പറ്റി പലതും പ്രസ്താവിച്ചിട്ടുമുണ്ട്. പക്ഷേ, യുക്തിവാദികൾക്കും, ഭൗതികവാദികൾക്കും അതൊന്നും ബോധ്യമല്ലാത്തതുകൊണ്ട് കേവലം അദൃശ്യങ്ങളായ ജിന്ന്, ശൈത്താൻ മുതലായ പലതിനെയും അവർ നിഷേധിക്കുന്നതിൽ അത്ഭുതമില്ല. അവരുടെ നിഷേധത്തെ ന്യായീകരിക്കുവാൻ മതപ്രമാണങ്ങളെ വ്യാഖ്യാനിച്ചു ബുദ്ധിമുട്ടേണ്ടുന്ന ആവശ്യവും അവർക്കില്ല. എന്നാൽ, ഖുർആനിലും മതമൂല്യങ്ങളിലും വിശ്വസിക്കുന്ന ചിലർപോലും അവയെ നിഷേധിക്കുകയും, അതിനുവേണ്ടി മതപ്രമാണങ്ങളെ വളച്ചുതിരിച്ചു വ്യാഖ്യാനിക്കുകയും, അവഗണിക്കുകയും ചെയ്യുന്നതിലാണ് അത്ഭുതം. മതമൂല്യങ്ങളിലുള്ള വിശ്വാസക്കുറവും, ഭൗതികചിന്താഗതിയുമാണ് വാസ്തവത്തിൽ ഇതിനു കാരണം. പൊതുജനങ്ങളെ ആശയക്കുഴപ്പത്തിലാക്കുവാനും, വഴിപിഴപ്പിക്കുവാനും ഇവരുടെ പ്രക്രിയകളാണ് കൂടുതൽ കാരണമായിത്തീരുന്നത്. ഇവരുടെ സംസാരം ഇസ്‌ലാമിന്റെ പേരിലായിരിക്കുമല്ലോ.

ബാഹ്യേന്ദ്രിയങ്ങൾകൊണ്ടു ഗ്രഹിക്കുവാൻ കഴിയാത്ത കാര്യങ്ങളെ യുക്തികൊണ്ടോ, ശാസ്ത്രംകൊണ്ടോ മനസ്സിലാക്കുവാനും, സ്ഥാപിക്കുവാനും സാധ്യമല്ല. ദൈവികവും, വൈദികവുമായ മാർഗദർശനങ്ങൾമുഖേന മാത്രമേ അതിനു സാധിക്കുകയുള്ളൂ. അതുകൊണ്ട് സ്വർഗം, നരകം, പരലോകം, ആത്മാവ്, ജിന്ന്, മലക്ക് ആദിയായവയെക്കുറിച്ചും, അവയുമായി ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ചും മനസ്സിലാക്കുവാൻ മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം—അല്ലാഹുവിന്റെ വചനങ്ങളും, അവന്റെ റസൂൽമുഖേന ലഭിക്കുന്ന അറിവുകളും മാത്രമാണ് അവലംബം. ഈ രണ്ടിൽനിന്നും എന്തെല്ലാം മനസ്സിലാക്കുവാൻ കഴിയുമോ അതിനപ്പുറം മറ്റൊരു അഭിപ്രായം ഉണ്ടായിരിക്കുവാൻ മുസ്‌ലിംകൾക്കു പാടില്ല. അവയിൽനിന്നു നേർക്കുനേരെ വ്യക്തമായതിനെ മറ്റു പ്രകാരത്തിൽ വ്യാഖ്യാനിക്കുവാനും പാടില്ല.

വാക്കർത്ഥം

ج ن ن (ജീം- നൂൻ—നൂൻ) എന്നീ മൂന്നക്ഷരങ്ങൾ ചേർന്നതാണ് 'ജിന്നു' (الجن) എന്ന പദം. ഏതെങ്കിലും പ്രകാരത്തിലുള്ള ഒരു അപ്രത്യക്ഷത-അഥവാ മറവു-ഉൾക്കൊള്ളുന്ന അർത്ഥമായിരിക്കും ഈ അക്ഷരങ്ങളിൽ നിന്നുത്ഭവിക്കുന്ന മിക്കവാറും എല്ലാ പദങ്ങൾക്കും ഉണ്ടായിരിക്കുക. അറബിനിഘണ്ടുകൾ പരിശോധിച്ചാൽ ഇതു മനസ്സിലാകാം. ചില ഉദാഹരണങ്ങൾ നോക്കുക:— جنه : ستره (അതിനെ: മറച്ചു); جن الليل : اظلم (രാത്രി: ഇരുട്ടു മൂടി); اجن عنه : استتر (അതിൽ നിന്നു: മറഞ്ഞു); الجنة : الستر (മറ); الجنين : المستور من كل شيء، القبر، المقبور، الولد في الرحم (എല്ലാറ്റിൽ നിന്നും മറക്കപ്പെട്ടത്, ഖബ്ർ, ഖബ്റിൽ അടക്കം ചെയ്യപ്പെട്ടവൻ, ഗർഭാശയത്തിലെ ശിശു); الجنة : كل بستان ذي شجر يستر بأشجاره الأرض (ഭൂമിയെ മരച്ചില്ലകൾകൊണ്ടു മറക്കുന്ന തോട്ടം) ഖുർആന്റെ നിഘണ്ടുവായ 'മുഫ്‌റദാത്ത്—റാഗിബി'ൽ ഇങ്ങിനെ പറയുന്നു: اصل الجن ستر الشيء عن الحاسة ('ജ—ൻ-ന്' എന്നതിന്റെ സാക്ഷാൽ അർത്ഥം

ബാഹ്യേന്ദ്രിയങ്ങളിൽ നിന്ന് വസ്തുക്കളെ മറക്കുക എന്നാകുന്നു.) പ്രസിദ്ധ അറബിനിഘണ്ടുവായ 'ഖാമൂസി'ലും ഈ കാര്യം എടുത്തുപറഞ്ഞിട്ടുണ്ട്. ജിന്നുവർഗ്ഗത്തിനു 'ജിന്നു' എന്നു പേർ വരുവാൻ കാരണം ഇതിൽ നിന്നും വ്യക്തമാകുന്നതാണ്.

ഇനി, 'ജിന്ന്' (الجن) എന്ന വാക്കിനു നിഘണ്ടുകളിലുള്ള അർത്ഥങ്ങൾ കാണുക. 1. മനുഷ്യൻ എന്നതിന്റെ എതിരിൽ ബാഹ്യേന്ദ്രിയങ്ങളിൽനിന്നു മറഞ്ഞുനിൽക്കുന്ന ആത്മീയജീവികൾ. 2. ചില ആത്മീയ ജീവികൾ 3. മനുഷ്യർക്കും ആത്മാക്കൾക്കും ഇടയ്ക്കുള്ളതായി കരുതപ്പെടുന്ന ഒരു സൃഷ്ടി 4. പിശാച് 5. രാക്ഷസൻ 6. ഭൂതം 7. മലദേവൻ 8. ദേവത 9. മനുഷ്യന്റെ വിപരീതമായ 'ജിന്നി'. (*) ഇങ്ങിനെയുള്ള അർത്ഥങ്ങളല്ലാതെ, മനുഷ്യരിൽപെട്ട ഏതെങ്കിലും ഒരു വിഭാഗത്തിനു 'ജിന്നു' എന്ന വാക്ക് ഉപയോഗിക്കാമെന്നു കാണിക്കുന്ന ഒരു അർത്ഥവും നിഘണ്ടുകളിൽ കാണുന്നില്ല. 'ജാന്ന്' 'ജിന്നത്ത്' (الجنة الجان) എന്നീ വാക്കുകളും ഈ അർത്ഥങ്ങളിൽ വരുന്ന പര്യായപദങ്ങളാകുന്നു. 'ശൈത്താൻ' (الشيطان) എന്ന വാക്കിനു നിഘണ്ടുകളിലെ അർത്ഥങ്ങൾ: 1. ദുരാത്മാവ്. 2. മനുഷ്യരിലോ, ജിന്നിലോ, ജീവികളിലോ ഉള്ള ദുഷിച്ച ധിക്കാരശീലൻ 3. സർപ്പം 4. അഗ്നിയാൽ സൃഷ്ടിക്കപ്പെട്ട ഒരു സൃഷ്ടി 5. ഭൂതം, പിശാച്, ചെകുത്താൻ, രാക്ഷസൻ, സാത്താൻ മുതലായവയാണ്. (**)

മേൽകണ്ട അർത്ഥങ്ങൾ പരിശോധിക്കുമ്പോൾ താഴെ പറയുന്ന സംഗതികൾ മനസ്സിലാക്കുവാൻ കഴിയും: 1. ജിന്നും മനുഷ്യനും രണ്ടു പ്രത്യേക വർഗ്ഗങ്ങളാണ്. 2. ജിന്നു വർഗ്ഗത്തിലെ ദുഷിച്ച ഒരു വിഭാഗമാണു ശൈത്താൻ. എല്ലാ ജിന്നും ശൈത്താനല്ല. 3. മനുഷ്യരിൽ ദുഷിച്ചവർക്കും-ഇതരജീവികളിൽ ദുഷിച്ചവർക്കുതന്നെയും- ശൈത്താൻ എന്നു പറയപ്പെടും. ഇതു ഒരു ഉപമാലങ്കാര പ്രയോഗമാണുതാനും. (***) 4. മനുഷ്യന്റെ ബാഹ്യേന്ദ്രിയങ്ങളാൽ കണ്ടെത്തുവാൻ കഴിയാത്ത വർഗ്ഗമാണ് ജിന്നും ശൈത്താനും. കൂടുതൽ വിവരം താഴെ നിന്നു മനസ്സിലാക്കാം.

ജിന്നും മനുഷ്യനും വെവ്വേറെ വർഗങ്ങൾ

സൂറത്തു-റഹ്മാനിൽ അല്ലാഹു പറയുന്നു: خلق الانسان من صلصال كالفخار وخلق الجان من مارج من نار - الرحمن (സാരം: ചുട്ടമണ്ണുപോലെ മുട്ടിയാൽ 'ചലചല' ശബ്ദമുണ്ടാകുന്ന ഉണങ്ങിയ കളിമണ്ണിൽനിന്ന അവൻ-അല്ലാഹു-മനുഷ്യനെ സൃഷ്ടിച്ചു. പുക കലരാത്ത തനി അഗ്നിയിൽനിന്നു ജിന്നിനെയും സൃഷ്ടിച്ചു.) സൂ: ഹിജ്റിൽ പറയുന്നു: ولقد خلقنا الانسان من صلصال من حمإ مسنون والجان خلقناه من قبل من نار السموم - الحجر : ٢٦ ، ٢٨ (സാരം: മണത്തിൽ മാറ്റം വന്ന് കറുത്തതും 'ചലചല' ശബ്ദമുണ്ടാകുന്നതുമായ മണ്ണിൽനിന്നു നാം മനുഷ്യനെ സൃഷ്ടിച്ചിട്ടുണ്ട്. രോമക്കുത്തുകളിൽകൂടി കടന്നുചെല്ലുന്ന അത്യുഷ്ണമായ അഗ്നിയാൽ മുമ്പ് ജിന്നിനെയും നാം സൃഷ്ടിച്ചിരിക്കുന്നു.) ഇബ്‌ലീസ് ആദം (അ)നബിക്കു സുജൂദു ചെയ്യാത്തതിനെക്കുറിച്ചു അല്ലാഹു ആക്ഷേപിച്ചപ്പോൾ അവൻ പറഞ്ഞതായി സൂ: സ്വാദിൽ ഇങ്ങിനെ പ്രസ്താവിക്കുന്നു: انا خير منه خلقتني من نار وخلقته من طين - ص : ٧٦ (ഞാൻ അവനെക്കാൾ ഉത്തമനാകുന്നു.

(*) ആദ്യത്തെ രണ്ടും 'മുഫ്റദാത്തി'ലും, മൂന്നാമത്തേതു 'മുൻജിദി'ലും, ബാക്കി 'ഫറാഇദുദ്ദുർരിയ്യ'യിലും, 'ഖാമൂസുൽ അസ്രി'യിലും കാണാം. ഇവക്കു പുറമെ 'മലക്കുകൾ' എന്ന ഒരു അർത്ഥംകൂടി 'ഖാമൂസിൽ' കാണുന്നു. 'മുഫ്റദാത്തി'ന്റെ വാചകം ഇതാണ്: والجن يقال على وجهين احدهما للروحانيين المستترة عن الحواس كلها بإزاء الإنس وقيل بل الجن بعض الروحانيين - المفردات 'മുൻജിദി'ലെ വാചകം ഇതാണ്: الجن والجنة خلق موهوم بين الإنس والارواح - المنجد 'ഫറാഇദുദ്ദുർരിയ്യ'യിലെ വാചകം: The Gennii (opp. to Men) جن وجان وجنة എന്നും 'ഖാമൂസുൽ-അസ്രിയ്യി'ൽ: Demon, Gnome, Jinnee جن، جان എന്നുമാണ്.

(**) 'മുഫ്റദാത്ത്', 'ഖാമൂസ്', 'മുൻജിദ്' 'ഖാമൂസ് അസ്രി' 'ഫറാഇദു ദുർരിയ്യ' മുതലായവ നോക്കുക.

(***) 'മുഫ്റദാത്തി'ൽ ഇങ്ങിനെ കാണാം:- العفريت من الجن هو العارم الخبيث ويستعار ذلك للانسان استعارة الشيطان له ('ഇഫ്രീത്ത്' എന്നാൽ കടുത്ത ദുഷ്ടനായ ജിന്നാണ്. മനുഷ്യനു 'ശൈത്താൻ' എന്ന വാക്കു കടമെടുക്കുന്നതുപോലെ- സാദൃശ്യാലങ്കാരരൂപത്തിൽ പറയുന്നതുപോലെ-ആ വാക്കു അവനും കടമെടുക്കാറുണ്ട്.) ധീരനായ മനുഷ്യനു ധൈര്യത്തിൽ സിംഹത്തോടുള്ള സാദൃശ്യം മനസ്സിൽ വെച്ചുകൊണ്ട് 'അവൻ സിംഹമാണ്' (هو أسد) എന്നു പറയുംപോലെയുള്ള ഉപമാലങ്കാര പ്രയോഗത്തിനാണ് استعارة (കടമെടുക്കൽ) എന്നു പറയുന്നത്.

നീ എന്നെ അഗ്നിയാൽ സൃഷ്ടിച്ചിരിക്കുന്നു. അവനെ കളിമണ്ണിനാലും നീ സൃഷ്ടിച്ചിരിക്കുന്നു.) മനുഷ്യ[illegible] ജിന്നും ഉത്ഭവത്തിൽ തന്നെ രണ്ടു പ്രത്യേക വർഗ്ഗങ്ങളാണെന്നും, ആകൃതിയിലും പ്രകൃതിയിലുമെല്ലാം അ[illegible] വ്യത്യസ്തമായിരിക്കമെന്നും ഉള്ളതിനു ഇതിലധികം തെളിവ് ഒരു മുസ്ലിമിന് എന്തി ആവശ്യമുണ്ടോ?!

എങ്കിലും, എന്തു തെളിവു കണ്ടാലും ജിന്ന് എന്നൊരു പ്രത്യേക വർഗ്ഗത്തെ സമ്മതിക്കുവാൻ തയ്യാറി[illegible] അവർ, ഇതിനൊരു പ്രതിവിധി കണ്ടുപിടിച്ചതു ഇതാണ്:—സൂ: അമ്പിയാഉ് 37ൽ മനുഷ്യൻ ധൃതിയാൽ സൃഷ്[illegible] ക്കപ്പെട്ടിരിക്കുന്നു (خلق الإنسان من عجل) എന്നു പറഞ്ഞിട്ടുണ്ടല്ലോ. ഇവിടെ, ധൃതി(عجل)യാകുന്ന പദാർത്ഥത്തിൽനി[illegible] സൃഷ്ടിച്ചു എന്നല്ല—ധൃതിയാകുന്ന സ്വഭാവത്തോടുകൂടി സൃഷ്ടിച്ചു എന്നാണല്ലോ—ഉദ്ദേശ്യം. അതുപോലെ [illegible] അഗ്നിയുടെ കാഠിന്യവും, മണ്ണിന്റെ പാകതയുമാണത്രെ ഈ ആയത്തുകളിലും ഉദ്ദേശ്യം! അഥവാ അഗ്നി എന്നാ[illegible] കാഠിന്യവും, മണ്ണു എന്നതു പാകതയും! അഗ്നിയും, കളിമണ്ണും പദാർത്ഥങ്ങളാണെന്നും, ധൃതി ഒരു സ്വഭാ[illegible] ഗുണമാണെന്നുമുള്ള വ്യത്യാസം മുർവ്യാഖ്യാനത്തിന്റെ വെളിച്ചത്തിൽ ഇവർ മറന്നുപോയിരിക്കയാണ്. മനിലയി[illegible] സ്ഥലത്തു അല്ലാഹു മനുഷ്യനെ മണ്ണിനാൽ സൃഷ്ടിച്ചിരിക്കുന്നുവെന്നു ആവർത്തിച്ചു പറയുകയും, ഒരു സ്ഥ[illegible] യിൽ തന്നെ 'കാഠിന്യ'വുമായി ബന്ധപ്പെടുത്തി പറയുകയും ചെയ്ത സ്ഥിതിക്ക്—'മണ്ണി'നെ 'പാകത'യും [illegible]—'ധൃതിയെ' 'മണ്ണാ'ക്കി വ്യാഖ്യാനിക്കയായിരുന്നില്ലേ ന്യായം!

ഇൻസും, ജിന്നും (الإنس والجن) തമ്മിൽ

'നാടൻ—കാടൻ' എന്നും, 'പരിഷ്കൃതർ—അപരിഷ്കൃതർ' എന്നുമൊക്കെ പറയാറുള്ളതുപോലെ, ഒരേ വ[illegible] ഗ്ഗത്തിൽ (മനുഷ്യരിൽ) പെട്ട രണ്ടു വിഭാഗക്കാരാണ് 'ഇൻസും ജിന്നും' എന്നാണിവരുടെ വാദം. അഥവാ, പ[illegible] സ്ഥലം ഇണങ്ങിയും സമ്പർക്കം പുലർത്തിയും വരുന്ന വിഭാഗമാണ് ഇൻസും, മരുഭൂമികളിലോ മറ്റോ ഒറ്റപ്പെ[illegible] ജീവിക്കുന്ന വിഭാഗമാണ് ജിന്നും! [illegible] ഇവരുടേതല്ലാതെ സാഹിത്യങ്ങളിലോ ഇപ്പ[illegible] ങ്ങതിനു യാതൊരു തെളിവുമില്ല. [illegible]. നോക്കുക: 1. മനുഷ്യൻ, ജിന്നിന്റെ എതിർ [illegible] ജിന്നു മലക്കു അല്ലാത്തവൻ, മനുഷ്യൻ [illegible] എന്നിങ്ങനെയല്ലാതെ—'നാടൻ'എന്നോ, 'പരിഷ്കൃതൻ'എന്നോ വാ[illegible] ന്തരാർത്ഥമവും 'ഇൻസ്' എന്ന വാക്കിനു നിഘണ്ടുക്കളിൽ കാണുന്നില്ല. (*) 2. 'ഇൻസി'നു മനുഷ്യൻ എന്ന[illegible] ത്ഥമായതുകൊണ്ടു മാത്രമാണ് അതിന്റെ എതിരിൽ 'ജിന്ന്' എന്ന വാക്കു ഉപയോഗിക്കപ്പെടുന്നത്. അല്ലാതെ [illegible] അതിന് 'നാടൻ'എന്നോ, 'പരിഷ്കൃതൻ'എന്നോ [illegible] കൊണ്ടല്ല. 'ഇൻസി'ലെ മൂന്നാക്ഷരങ്ങ[illegible] ളായ ا ن س യിൽ നിന്നുത്ഭവിക്കുന്ന മറ്റൊന്നിലും, പദാർത്ഥം 'ജിന്ന്' എന്നതിലുള്ള ج ن ن എന്നി [illegible] ങ്ങളുൾക്കൊള്ളുന്ന പദങ്ങളെ എതിർപദ(ضد)ങ്ങളായി വരുന്നില്ല. ج ن ن എന്നീ അക്ഷരങ്ങളിൽ നിന്നുള്ള പദ[illegible] ങ്ങളായിരിക്കും എതിർപദങ്ങളായി വരുക. മുൻപ്പറഞ്ഞ [illegible] യിൽ നിന്നുള്ള പദങ്ങളും ചിലപ്പോൾ വരണമെന്നും. നിഘണ്ടുകളിലെ ഉദാഹരണങ്ങളിൽ നിന്നു ഇതു മനസ്സിലാക്കാവുന്നതാണ്. ചില നിഘണ്ടുകളിൽ ഈ സംഗതി പ്രത്യേകം എടുത്തുപറയുകയും ചെയ്തിട്ടുണ്ട്. (**) അറബിവാക്കുകൾക്കു ഇതരഭാഷകളിൽ അർത്ഥം കൊടു[illegible] ക്കുന്ന ചില നിഘണ്ടുകളിൽ, 'ജിന്ന്—ഇൻസ്—ബഹ്ശ്' എന്നീ വാക്കുകൾക്കു കൊടുത്തിട്ടുള്ള അർത്ഥങ്ങളെ പരി[illegible] ശോധിച്ചാലും ഈ വസ്തുത വ്യക്തമാകും.

ചുരുക്കിപ്പറഞ്ഞാൽ, ബാഹ്യദൃഷ്ടികൾക്കു കാണപ്പെടാത്ത ഒരു പ്രത്യേകവർഗ്ഗം ജീവികൾക്കാണ് 'ജിന്ന്', ജാന്ന്, ജിന്നത്ത്, ജിന്നിയ്യ്' എന്നീ പദങ്ങൾ ഉപയോഗിക്കപ്പെടുന്നത്. ഇവയുടെ എതിരിൽ മനുഷ്യൻ എന്ന അർത്ഥത്തിനു 'ഇൻസ്', ഉനാസ്, ഇൻസാൻ, ഇൻസിയ്യ്' എന്നും ഉപയോഗിക്കും. മനുഷ്യരുമായി ഇണക്കവും സമ്പർക്കവുമില്ലാത്തവർക്കു 'വഹ്ശ്, മുതവഹ്ഹിശ്, വഹ്ശിയ്യ്' എന്നും, ഇവയുടെ വിപരീതാർത്ഥങ്ങളിൽ 'ഇൻസ്, ആനിസ്, ഇൻസിയ്യ്' എന്നിങ്ങനെ ഉപയോഗിക്കപ്പെടുക. ഈ കുറിപ്പ് ദീർഘിച്ചുപോകുമെന്നു കരുതി കൂടുതൽ വിശദീകരിക്കുന്നില്ല. [illegible] ജിന്നുവർഗ്ഗവും, മലക്കുകളും [illegible] ചില നിഘണ്ടുകളിൽ 'ജിന്ന്' എന്നതിന് മലക്കുകളും കൂടി ഉൾപ്പെടുന്ന അർത്ഥം നൽകി യിട്ടുള്ളതു (സൂ: സ്വാഫ്ഫാത്ത് 158ന്റെ വിവരണത്തിൽ നാം ചൂണ്ടിക്കാട്ടിയിട്ടുണ്ട്)

(*) 'ഇൻസ്' എന്ന വാക്കിനു അർത്ഥം നിഘണ്ടുകളിൽ കൊടുക്കുന്നതിങ്ങനെയാണ്:

الأنس : البشر الواحد إنسي (الصحاح) ؛ الإنس : البشر كالإنسان (القاموس) ؛ الإنس : خلاف الجن (المفردات)

إنس : Man, Mankind (المنجد) إنس غير الجن ؛ Mankind, The human race (القاموس العصري)

(**) الإنس : البشر ... [illegible] إنس ضد وحش، الإنسة ضد الوحشة [illegible] എന്നും, [illegible] എന്നും കാണാം. ഇതു മൂന്നു ഭാഷകളിലെ നിഘണ്ടുകളിലുള്ള അർത്ഥം. [illegible] البرق ... جن عقل (മലയാളം); انس ... (ഇംഗ്ലീഷ്) ترجمي صار ... (ഉർദുയിലെ [illegible]).

ജിന്നിനെയും ശൈത്വാനെയും സംബന്ധിച്ച് ഖുർആന്റെ ചില പ്രസ്താവനകൾ

[illegible] ഖുർആൻ വാക്യങ്ങൾ ശ്രദ്ധിക്കുക:—

يَا بَنِي آدَمَ لَا يَفْتِنَنَّكُمُ الشَّيْطَانُ ...... إِنَّا جَعَلْنَا الشَّيَاطِينَ أَوْلِيَاءَ لِلَّذِينَ لَا يُؤْمِنُونَ — الأعراف : ٢٧

ആദമിന്റെ മക്കളേ, നിങ്ങളുടെ മാതാപിതാക്കൾക്കു അവരുടെ നഗ്നത കാണിക്കുവാനായി അവരുടെ വസ്ത്രം അഴിച്ചുനീക്കിക്കൊണ്ട് ശൈത്വാൻ (പിശാച്) സ്വർഗ്ഗത്തിൽനിന്നു അവരെ പുറത്താക്കിയതുപോലെ നിങ്ങളെ അവൻ കുഴപ്പത്തിലാക്കാതിരുന്നുകൊള്ളട്ടെ. നിശ്ചയമായും അവനും, അവന്റെ കൂട്ടരും, നിങ്ങൾ അവരെ കാണാത്തവിധം നിങ്ങളെ (ഇങ്ങോട്ടു) കാണുന്നതാണ്. വിശ്വസിക്കാത്തവർക്കു ശൈത്വാൻമാരെ നാം മിത്രങ്ങൾ-അഥവാ ബന്ധപ്പെട്ടവരാക്കി-വെച്ചിരിക്കുന്നു. (അഅ്റാഫ് 27)

وَإِذْ قُلْنَا لِلْمَلَائِكَةِ اسْجُدُوا ...... وَهُمْ لَكُمْ عَدُوٌّ — الكهف : ٥٠

ആദമിനു സുജൂദു ചെയ്യുവിൻ എന്നു നാം മലക്കുകളോടു പറഞ്ഞപ്പോൾ അവർ സുജൂദു ചെയ്തു; ഇബ്‌ലീസ് ഒഴികെ. അവൻ ജിന്നിൽപെട്ടവനായിരുന്നു. അങ്ങനെ, അവൻ തന്റെ റബ്ബിന്റെ കല്പനയെ ധിക്കരിച്ചു. എന്നിരിക്കെ, എന്നെവിട്ട് അവനെയും അവന്റെ സന്തതികളെയും നിങ്ങൾ രക്ഷാകർത്താക്കൾ-അഥവാ മിത്രങ്ങൾ-ആക്കുകയാണോ? അവരാകട്ടെ, നിങ്ങൾക്കു ശത്രുക്കളാണ്. (അൽകഹ്ഫ് 50)

وَأَنَّهُ كَانَ يَقُولُ سَفِيهُنَا ...... وَمِنَّا الْقَاسِطُونَ — سورة الجن

'ഞങ്ങളിൽ—ജിന്നുകളിൽ—ഉള്ള വിഡ്ഢികൾ അല്ലാഹുവിന്റെ പേരിൽ കടുത്ത അനീതി പറയാറുണ്ടായിരുന്നു.'.... 'ഞങ്ങളിൽ നല്ലവരുമുണ്ട്, അല്ലാത്തവരുമുണ്ട്'... 'ഞങ്ങളിൽ മുസ്‌ലിംകളുമുണ്ട്, നീതികെട്ടവരുമുണ്ട്'. (ഈ മൂന്നു വാക്യങ്ങളും ജിന്നുകൾ നബി (സ)യിൽ നിന്നു ഖുർആൻ കേട്ടശേഷം അവർ ചെയ്ത പ്രസ്താവനകളുടെ കൂട്ടത്തിൽ അല്ലാഹു സൂറത്തുൽ ജിന്നിൽ ഉദ്ധരിച്ചതാണ്.)

ഈ മാതിരി ഖുർആൻ വാക്യങ്ങളിൽ നിന്നുമായി താഴെ പറയുന്ന കാര്യങ്ങൾ ഗ്രഹിക്കാവുന്നതാണ്. ഉദാഹരണം: (1) മനുഷ്യരെല്ലാം ആദമിന്റെയും ഹവ്വായുടെയും (റ) മക്കളായിരിക്കെ, 'ആദമിന്റെ മക്കളേ' എന്നു വിളിച്ചുകൊണ്ടും, 'നിങ്ങളുടെ മാതാപിതാക്കളെ പുറത്താക്കിയതുപോലെ' എന്നു അനുസ്മരിപ്പിച്ചുകൊണ്ടും, ശൈത്വാനെക്കുറിച്ചും, ശൈത്വാൻമാരെക്കുറിച്ചും മനുഷ്യരെ ആയത്തിൽ അല്ലാഹു താക്കീതു ചെയ്യുന്നു. അപ്പോൾ, മനുഷ്യരും ശൈത്വാൻമാരും ഒരു വർഗ്ഗത്തിൽ പെട്ടവരാകുവാൻ നിവൃത്തിയില്ല. (2) ആദ്യം 'ശൈത്വാൻ' (الشيطان) എന്നു ഏകവചനമായി പറഞ്ഞതു ഇബ്‌ലീസിനെയും, പിന്നീടു 'ശൈത്വാൻമാർ' (الشياطين) എന്നു പറഞ്ഞതു അവനെയും അവന്റെ കൂട്ടുകാരെയും ഉദ്ദേശിച്ചാണ്. അവരെല്ലാം ഒരേ വർഗ്ഗവുമാണ്. (3) മനുഷ്യവർഗ്ഗത്തിന്റെ ജനയിതാക്കളായ ആദമും ഹവ്വാഉം മാത്രമായിരുന്ന—അവർക്കു സന്തതികൾ ജനിക്കുന്നതിനു മുമ്പുള്ള—കാലത്തു തന്നെ ശൈത്വാൻമാർ ഉണ്ടായിരുന്നു. എന്നിരിക്കെ, അവരും മനുഷ്യരും ഒരു വർഗ്ഗമായിരിക്കുന്ന പ്രശ്നമില്ല. (4) ഇബ്‌ലീസാകുന്ന ശൈത്വാനെപ്പറ്റി അവൻ ജിന്നിൽ പെട്ടവനാണ് (كان من الجن) എന്നു പറഞ്ഞിരിക്കകൊണ്ട് മറ്റു ശൈത്വാൻമാരും ജിന്നിൽ പെട്ടവരാണെന്നു വരുന്നു. (5) ജിന്നുവർഗ്ഗം ഒരു വേറെവർഗ്ഗമാണെന്നു മാത്രമല്ല, ആ വർഗ്ഗം മനുഷ്യവർഗ്ഗത്തിനു മുമ്പേ നിലവിലുണ്ടുതാനും. (നാം സൂ: ഹിജ്റിൽ നിന്നു മേലിൽ ഉദ്ധരിച്ച ആയത്തിൽ മനുഷ്യനെ സൃഷ്ടിക്കുന്നതിനു മുമ്പുതന്നെ ജിന്നിനെ സൃഷ്ടിച്ചു (والجان خلقناه من قبل) എന്നു അല്ലാഹു വ്യക്തമായിത്തന്നെ പറഞ്ഞിട്ടുണ്ടല്ലോ.)

(6) ആദമിന്റെ സന്തതികളാകുന്ന മനുഷ്യവർഗ്ഗത്തെ ജിന്നിൽ പെട്ട ഇബ്‌ലീസാകുന്ന ശൈത്വാനും അവന്റെ കൂട്ടരായ മറ്റു ശൈത്വാൻമാരും ഇങ്ങോട്ടു കാണുന്നു. അതേ സമയത്ത് മനുഷ്യർ അവരെ അങ്ങോട്ടു കാണുകയുമില്ല. എന്നാൽ, വല്ലപ്പോഴും നബി (സ)യോ മറ്റോ ജിന്നിനെ കണ്ടുവെന്നു തെളിയുന്നപക്ഷം—മലക്കിനെ കാണുന്നതുപോലെ തന്നെ—അതു അസാധാരണ സംഭവങ്ങളുടെ ഇനത്തിൽ പെട്ടതായിരിക്കും. (7) ജിന്നുവർഗ്ഗത്തിൽ വിഡ്ഢികളും അല്ലാത്തവരും, നല്ലവരും അല്ലാത്തവരും, മുസ്ലിംകളും അല്ലാത്തവരും ഉണ്ടായിരിക്കും. (8) ശൈത്വാൻമാരെല്ലാം മനുഷ്യരുടെ ശത്രുക്കളാണ്. എന്നാൽ, ജിന്നുകളെല്ലാവരും മനുഷ്യശത്രുക്കളാകുന്നില്ല. കാരണം, ജിന്നുകളിൽ നല്ലവരും ചീത്തപ്പെട്ടവരുമുണ്ട്. ശൈത്വാൻമാരെല്ലാം ദുഷിച്ചവരുമാണ്. ജിന്നുകൾ മനുഷ്യശത്രുക്കളാണെന്നു ഖുർആൻ എവിടെയും പറഞ്ഞിട്ടില്ല. ശൈത്വാൻമാർ ശത്രുക്കളാണെന്നേ പറഞ്ഞിട്ടുള്ളു. (9) ഇബ്‌ലീസിനെയും, അവന്റെ സന്തതികളെയും (ذريته) എന്നു പറഞ്ഞിരിക്കകൊണ്ട് അവനു സന്തതികൾ ഉണ്ടെന്നു വരുന്നു. പക്ഷേ, ഈ സന്തതികൾ എങ്ങിനെയുള്ളവരാണെന്നു നമുക്കു അറിഞ്ഞുകൂടാ.

മേലുദ്ധരിച്ച ഖുർആൻവചനങ്ങൾക്കു പുറമെ, ജിന്നിനെയും ശൈത്താനെയും കുറിച്ചു പ്രസ്താവിക്കുന്ന പല ഖുർആൻ വാക്യങ്ങളും, നബിവാക്യങ്ങളും കാണാം. അവ പരിശോധിച്ചാൽ—വക്രമനസ്ഥിതിയില്ലാത്ത ആർക്കും മനസ്സിലാക്കുവാൻ സാധിക്കും, മനുഷ്യനു സാധ്യമല്ലാത്ത പലതും അവർക്കു കാണ്മാനും ചെയ്‌വാനും കഴിയുമെന്ന സുലൈമാൻ (അ) നബിയുടെ ചരിത്രത്തിൽ നിന്നും മറ്റും ഇതു നല്ലപോലെ തെളിഞ്ഞിട്ടുള്ളതുമാണ്. പക്ഷേ മറ്റെല്ലാം സൃഷ്ടികളെയും, വർഗ്ഗങ്ങളെയുംപോലെ, ജിന്നുവർഗ്ഗത്തിനും ചില പ്രകൃതിവ്യവസ്ഥകളും, നിയമപരിധികളും അല്ലാഹു നിശ്ചയിച്ചിരിക്കുമെന്നു തീർച്ചയാകുന്നു. ആ വലയത്തിനുള്ളിൽ മാത്രമേ അവർക്കെന്തിനും കഴിവും സ്വാതന്ത്ര്യവും ഉണ്ടായിരിക്കുകയുള്ളൂ.

മനുഷ്യരിൽ പിശാചുക്കളുണ്ട് — ജിന്നുകളില്ല

ജിന്നുവർഗ്ഗത്തിൽ ദുഷിച്ച വിഭാഗക്കാർക്കാണ് ശൈത്താൻ എന്ന പേർ സാക്ഷാൽ പറയപ്പെടുന്നതെങ്കിലും മനുഷ്യരിൽ ദുഷിച്ച ആളുകൾക്കും ഈ പേർ ഉപമരൂപത്തിൽ പറയാറുണ്ടെന്നു മുമ്പു നാം ചൂണ്ടിക്കാട്ടുകയുണ്ടായി. ജിന്നുകളിലെ പിശാചുക്കളെമാത്രം ഉദ്ദേശിച്ചും, മനുഷ്യപ്പിശാചുക്കളെ മാത്രം ഉദ്ദേശിച്ചും ഇരുവർഗ്ഗത്തിലുമുള്ള പിശാചുക്കളെ ഉദ്ദേശിച്ചും ആ വാക്കു ഖുർആനിൽ ഉപയോഗിച്ചുകാണാം. മേലെ ഉദ്ധരിച്ച 1-ാമത്തെ ആയത്തിൽ ജിന്നിലെ പിശാചാണുദ്ദേശ്യം.' മനുഷ്യരിലും ജിന്നുകളിലുമുള്ള പിശാചുക്കൾ' (شياطين الانس والجن - الأنعام) എന്നു തന്നെ ഖുർആൻ ഒരു സ്ഥലത്ത് പറഞ്ഞിരിക്കുന്നു. ധനം ധൂർത്തടിക്കുന്നവരെപ്പറ്റി 'പിശാചുക്കളുടെ സഹോദരന്മാർ' (اخوان الشياطين - الاسراء) എന്നു പറഞ്ഞിരിക്കുന്നു. പിശാചുക്കളെപ്പോലെയുള്ളവർ എന്നു സാരം. കപടവിശ്വാസികൾ അവരുടെ നേതാക്കളുടെ അടുക്കൽ ചെല്ലുന്നതിനെപ്പറ്റി 'അവർ അവരുടെ പിശാചുക്കളിലേക്കു ഒഴിഞ്ഞു ചെന്നാൽ' (واذا خلوا الى شياطينهم - البقرة) എന്നും പറഞ്ഞിട്ടുണ്ട്.

ചില പണ്ഡിതാഭിപ്രായങ്ങൾ

സ്വഹീഹുൽ ബുഖാരിയിൽ 'ജിന്നുകളെയും, അവരുടെ പ്രതിഫലത്തെയും, കുറിച്ചു പ്രസ്താവിക്കുന്ന അദ്ധ്യായം' (باب ذكر الجن وثوابهم وعقابهم) എന്നൊരദ്ധ്യായമുണ്ട്. 'മഹ്ശറി'ൽ (*) വെച്ചു ജിന്നുകളോടും മനുഷ്യരോടും അല്ലാഹു ചോദിക്കുന്ന ഒരു ചോദ്യം അടങ്ങിയ സൂ: അൻആമിലെ 128-ാം വചനവും ഒരു ഹദീസുമാണ് ആ അദ്ധ്യായത്തിൽ ബുഖാരി (റ) പ്രധാനമായും ഉദ്ധരിച്ചിരിക്കുന്നത്. ആയത്ത് ഇതാണ്: يا معشر الجن والانس الم يأتكم رسل منكم يقصون عليكم آياتي .... الانعام (ജിന്നിന്റെയും ഇൻസിന്റെയും സമൂഹമേ, എന്റെ ആയത്തുകൾ നിങ്ങൾക്കു വിവരിച്ചുതന്നുകൊണ്ടു നിങ്ങളിൽ നിന്നും നിങ്ങൾക്കു ദൂതന്മാർ വന്നിരുന്നില്ലേ?!) അപ്പോൾ, അല്ലാഹുവിന്റെ വിധിവിലക്കുകൾ ജിന്നുകൾക്കും ബാധകമാണെന്നു വന്നുവല്ലോ. (ഈ ആയത്തിനെ സംബന്ധിച്ച മറ്റുചില വിവരങ്ങൾ താഴെ വരുന്നുണ്ട്.) അതിലെ ഹദീസിന്റെ ചുരുക്കം ഇപ്രകാരമാകുന്നു: 'നമസ്കാരത്തിനു ബാങ്കു വിളിക്കുന്നത് ഉച്ചത്തിലായിരിക്കണം. കാരണം, അതു കേൾക്കുന്ന ജിന്നും, മനുഷ്യനും, മറ്റു വസ്തുക്കളും ഖിയാമത്തുനാളിൽ ബാങ്കു വിളിച്ചവന്നു സാക്ഷിയായി വരുന്നതാണ് എന്നു നബി (സ) അരുളിച്ചെയ്തിരിക്കുന്നു.'

ഈ അദ്ധ്യായത്തിന്റെ വിവരണത്തിൽ ഇമാം അസ്ഖലാനി (റ) ഫത്ഹുൽബാരിയിൽ സുദീർഘമായ ഒരു പ്രസ്താവന ചെയ്തുകാണാം. അതിലെ ചില പ്രസക്തഭാഗങ്ങൾ ഇവിടെ ഉദ്ധരിക്കുന്നതു സന്ദർഭോചിതമാണ്. അദ്ദേഹം പറയുന്നു:

ഈ ശീർഷകംകൊണ്ടു ബുഖാരിയുടെ ഉദ്ദേശ്യം, ജിന്ന് എന്നൊരു കൂട്ടരുണ്ടെന്നും, അവർ മതശാസനങ്ങൾക്കു വിധേയരാണെന്നും സ്ഥാപിക്കലാണ്. എന്നാൽ, തത്വശാസ്ത്രജ്ഞന്മാരിലും (**) നിരീശ്വരവാദികളിലും, (***) 'ഖദ്‌രിയ്യ'; (****) വിഭാഗത്തിലുംപെട്ട പലരും ജിന്നുകളുടെ അസ്തിത്വം നിഷേധിക്കുന്നവരാണെന്നു ഇമാമുൽ ഹറമൈനി (റ) പ്രസ്താവിച്ചിട്ടുണ്ട്. അദ്ദേഹം പറയുന്നു: 'മതത്തിൽ വിശ്വസിക്കുന്നവർ അതു നിഷേധിക്കുന്നതിൽ ആശ്ചര്യമില്ല. ഖുർആന്റെ വ്യക്തമായ തെളിവുകളും, നിരവധി ഹദീസുകളും ഉണ്ടായിട്ടുപോലും മതത്തിൽ ആശ്ചര്യമില്ല.

(*) സൃഷ്ടികളെല്ലാം അല്ലാഹുവിന്റെ കോടതിയിൽ ഹാജരാക്കപ്പെടുന്ന മഹാസദസ്സ്.

(**) الفلاسفة (Philosophers) (***) الدهرية (Atheists) (****) القدرية (Fatalists - ദൈവവിധി നിഷേധിക്കുന്നവർ)

ത്തിൽ വിശ്വസിക്കുന്ന ചില ആളുകൾ നിഷേധിക്കുന്നതിലാണ് ആശ്ചര്യം. വാസ്തവത്തിൽ, ബുദ്ധിപരമായി നോക്കുമ്പോൾ അതിൽ അസാംഗത്യമായി ഒന്നുമില്ലതാനും. മനുഷ്യൻ ജിന്നിനെ കാണുന്നില്ലെന്നുള്ളതു മാത്രമാണ് ഈ നിഷേധത്തിന്റെ പ്രധാന അടിസ്ഥാനം. അല്ലാഹുവിന്റെ അത്ഭുതകരങ്ങളായ കഴിവുകളെപ്പറ്റി ശരിക്കു മനസ്സിലാക്കാത്തവർക്ക മാത്രമേ അതൊരു പ്രയാസകരമായി തോന്നുകയുള്ളൂ.' ഖാളീ അബൂബക്കർ (*) പറയുന്നു: 'ഈ നിഷേധികളിൽ ചിലർ ജിന്ന് എന്നൊരു വർഗ്ഗത്തെ സമ്മതിക്കുമെങ്കിലും, ഇപ്പോൾ അവർ നിലവിലില്ലെന്നു പറയുന്നു. വേറെ ചിലർ, ജിന്നുകൾ മനുഷ്യരിൽ എന്തെങ്കിലും സ്വാധീനം ചെലുത്തുന്നതിനെ നിഷേധിക്കുന്നവരാണ്.' 'മുഅ്തസിലി' നേതാവായ അബ്ദുൽജബ്ബാർ പറയുന്നു: 'ജിന്നുകൾ ഉണ്ടെന്നുള്ളതിനു തെളിവ് ശറഇയ്യായ പ്രമാണങ്ങളാണ്–ബുദ്ധിയല്ല. കാരണം, ജിന്ന് ദൃശ്യവസ്തുവല്ല. അതുകൊണ്ടാണതിൽ അഭിപ്രായഭിന്നിപ്പുണ്ടായത്. പക്ഷേ, നമുക്ക് അനിവാര്യമായി അറിയുവാൻ സാധിച്ചിട്ടുണ്ട്, മതത്തിൽ അവരുടെ അസ്തിത്വത്തെ നബി (സ) അംഗീകരിച്ചിട്ടുണ്ടെന്ന്. ഇതു തെളിയിക്കുവാൻ സമയം ചിലവഴിക്കേണ്ടതില്ല. കാരണം, അത്രയും പ്രസിദ്ധമായതാണത്.'

പിന്നീട്, ജിന്നുകളെ മനുഷ്യർക്ക് കാണാൻ കഴിയാത്തതിന്റെ കാരണം എന്താണെന്നതിനെക്കുറിച്ചു ചിലതെല്ലാം സംസാരിച്ചശേഷം അസ്ഖലാനീ (റ) മറ്റു ചില സംഗതികൾ ചൂണ്ടിക്കാട്ടുന്നു. അവ ഇങ്ങനെ സംഗ്രഹിക്കാം: 1. ജിന്നുകൾക്ക പല വേഷവും സ്വീകരിക്കുവാൻ സാധിക്കുമെന്ന ഹദീസുകളിൽനിന്ന വ്യക്തമാകുന്നു. ഇതു യഥാർത്ഥത്തിലുള്ള വേഷംതന്നെയാണോ, അതല്ല പ്രത്യക്ഷത്തിൽ തോന്നുന്നതു മാത്രമായിരിക്കുമോ എന്നതിൽ ഭിന്നാഭിപ്രായമുണ്ട്. 2. ജിന്നുകളെല്ലാം ഒരേ വർഗ്ഗത്തിൽപെട്ടവരാണെന്നാണു പ്രബലമായ അഭിപ്രായം. 3 ജിന്നുകൾ മതശാസനകൾക്ക വിധേയരല്ലെന്ന അഭിപ്രായം തെറ്റാണ്. 4 ജിന്നുകളിലേക്കു അവരിൽനിന്നു (പ്രവാചകന്മാരുള്ള) ദൈവദൂതന്മാർ നിയോഗിക്കപ്പെട്ടിട്ടുണ്ടോ, ഇല്ല എന്നാലും, മനുഷ്യരിലുള്ള ദൈവദൂതന്മാർ അവരിലേക്കുകൂടി നിയോഗിക്കപ്പെട്ടിരുന്നുവോ എന്നതിലും അഭിപ്രായവ്യത്യാസമുണ്ട്. പക്ഷേ, നബി (സ) തിരുമേനി മനുഷ്യരിലേക്കെന്നപോലെ ജിന്നുകളിലേക്കും റസൂലായിരുന്നുവെന്നതിൽ പണ്ഡിതന്മാർക്കിടയിൽ ഭിന്നാഭിപ്രായമില്ല. 5 തൗഹീദ് മുതലായ പ്രധാന തത്വങ്ങളല്ലാത്ത ശാഖാപരമായ വിഷയങ്ങളിൽ അവരും മനുഷ്യരും തമ്മിൽ വ്യത്യാസമുണ്ടായിരിക്കും.'

'അവരിൽ കേവലം പാനീയങ്ങളുടെയും, വിവാഹാദി കാര്യങ്ങളുടെയും [illegible] എന്നതിലും അഭിപ്രായമുണ്ട്. ഭക്ഷണം കഴിക്കാറുണ്ടെന്നാണ് ഹദീസുകളിൽനിന്ന മനസ്സിലാകുന്നത്. സ്വർഗ്ഗീയ സ്ത്രീകളെപ്പറ്റി لم يطمثهن إنس قبلهم ولا جان - الرحمن (അവരുടെ – സ്വർഗ്ഗസ്ഥരായ ഭർത്താക്കളുടെ–മുമ്പ് ആ സ്ത്രീകളെ മനുഷ്യനാകട്ടെ, ജിന്നാകട്ടെ സ്പർശിച്ചിട്ടില്ല.) എന്നു പ്രസ്താവിച്ചതും, أفتتخذونه وذريته أولياء - الكهف (അവനെ–ഇബ്‌ലീസിനെ–യും അവന്റെ സന്തതികളെയും നിങ്ങൾ കാര്യകർത്താക്കൾ–രക്ഷാധികാരികൾ–ആക്കുകയോ?) എന്നു പറഞ്ഞിട്ടുള്ളതും നോക്കുമ്പോൾ, അവരിൽ വിവാഹവും ജനനവും നടക്കുന്നുണ്ടെന്നാണ് വരുന്നത്.' ([illegible] فتح الباري) സൂ: ഹാമീം സജദയിൽ في أمم قد خلت من قبلهم من الجن والإنس - حم السجدة (അവരുടെ മുമ്പ് ജിന്നിൽനിന്നും മനുഷ്യരിൽനിന്നും കഴിഞ്ഞുപോയിട്ടുള്ള സമുദായങ്ങളിൽ–41:25) എന്നു പ്രസ്താവിച്ചതിനെ ആസ്പദമാക്കി അവരിൽ മരണം ഉണ്ടാകുമെന്നും ചിലർ അഭിപ്രായപ്പെട്ടിരിക്കുന്നു. والله أعلم

ഇമാം റാസീ (റ) അദ്ദേഹത്തിന്റെ തഫ്സീറിൽ ഇങ്ങനെ പറയുന്നു: ജിന്നുവർഗ്ഗത്തെപ്പറ്റി മുമ്പും ഇപ്പോഴും അഭിപ്രായവ്യത്യാസമുണ്ട്. മിക്ക തത്വശാസ്ത്രപണ്ഡിതന്മാരിൽനിന്നും നിഷേധമാണ് കാണുന്നത്. അബൂഅലീസീനാ (**) യുടെ വാക്ക തെറ്റിദ്ധരിച്ചതാണ് ഇതിനു കാരണം. എന്നാൽ, [illegible] വിശ്വസിക്കുന്നവരിൽ ഭൂരിഭാഗവും ജിന്നിനെ സ്ഥാപിക്കുന്നവരത്രെ. പൗരാണിക തത്വജ്ഞന്മാരിലും, ആത്മീയവാദികളിലും (***) ഒരു വലിയ വിഭാഗം ആളുകളും ജിന്നിനെ സമ്മതിക്കുന്നവരാണ്. [illegible]

(*) القاضي أبو بكر الباقلاني - رح

(**) അബൂഅലീസീനാ (Avisenna) ക്രി. 10-ാം നൂറ്റാണ്ടിൽ ബുഖാറയിൽ ജനിച്ച ആളും മുസ്ലിം ഫിലോസഫികളിൽ അഗ്രഗണ്യനുമായിരുന്നു. പൗരാണിക ഗ്രീക്ക് തത്വശാസ്ത്ര പണ്ഡിതനായിരുന്ന أرسطو എന്ന അരിസ്റ്റോട്ടലി (Aristotel) ന്റെ തത്വസിദ്ധാന്തങ്ങളിൽ അഗാധപാണ്ഡിത്യം നേടിയിരുന്ന അദ്ദേഹം വിലപ്പെട്ട പല ഗ്രന്ഥങ്ങളും ശാസ്ത്രത്തിനു സമ്മാനിച്ചിട്ടുണ്ട്.

(***) الروحانيون (Spiritualists)

ഒക്കെ (الأرواح السفلية) എന്നാണ് അവർ ജിന്നുകളെപ്പറ്റി പറയുന്നത്.' തുടർന്നുകൊണ്ട് ഇമാം റാസീ (റ) ജിന്നിനെ നബി (സ) കണ്ടിട്ടുണ്ടോ എന്ന വിഷയത്തെക്കുറിച്ചു ചില അഭിപ്രായങ്ങൾ ഉദ്ധരിക്കുകയും, കണ്ടിട്ടുണ്ടെന്ന അഭിപ്രായം സ്വീകരിക്കുകയും ചെയ്തിരിക്കുന്നു. (من تفسير الرازى ج ٨ ص ٢٢٤)

ഒരു ആധുനികമഹാ പണ്ഡിതനായ അല്ലാമാ ഫരീദ് വജ്ദി (*) സൂ: സ്വാഫ്ഫാത്തിലെ ആയത്തുകളിൽവെച്ച് ഇങ്ങിനെ പറയുന്നു: 'ശൈത്താൻ' എന്നാൽ എന്ത്? 'മരീദ്' (ധിക്കാരി مارد) എന്നാൽ എന്ത്? എന്നൊക്കെ ചോദിച്ചാൽ നാം പറയും: അവയെ കാണുകയില്ല. ഈ പദാർത്ഥലോകത്തിനപ്പുറം വേറെ ചില ബുദ്ധിലോകങ്ങളുണ്ടെന്ന പ്രകൃതിശാസ്ത്രജ്ഞന്മാർക്കു ബോധ്യപ്പെടുകയും, അവരതു സ്ഥാപിക്കുകയും ചെയ്തിരിക്കെ പദാർത്ഥലോകത്തിനപ്പുറം നടക്കുന്ന കാര്യങ്ങളെ വ്യാജമാക്കിത്തള്ളുന്ന കാലമല്ല ഇത്. ദുർഭാഗ്യവാന്മാരല്ലാതെ ഇക്കാര്യത്തിൽ നിഷേധം പിടികൂടുകയില്ല.' (صفوة العرفان ص ١٢١) തുടർന്നുകൊണ്ട് 'ആധുനികയുഗത്തിൽ ഇസ്‌ലാം' എന്ന വിഷയത്തെക്കുറിച്ച് പ്രത്യേകം അദ്ദേഹം എഴുതിയിട്ടുള്ള ഒരു ഗ്രന്ഥം (الإسلام في عصر العلم....) വായനക്കാരെ ഓർമ്മിപ്പിക്കുകയും ചെയ്തിരിക്കുന്നു.

ആധുനിക ഖുർആൻ വ്യാഖ്യാനഗ്രന്ഥങ്ങളിൽ വളരെ പ്രസിദ്ധി നേടിയതും, പണ്ഡിതലോകത്ത് കുറെ കാലം കോളിളക്കം ഉണ്ടാക്കിയതുമാണല്ലോ തഫ്സീറുൽ മനാർ (تفسير المنار). അതിൽ അല്ലാമാ റശീദ് റിളാ (السيد رشيد رضا) സൂ: സ്വാഫ്ഫാത്തിൽവെച്ച് ജിന്നുകളെപ്പറ്റി പ്രസ്താവിക്കുന്ന മദ്ധ്യേ പറയുന്നു: ഈ വിഷയം നാം ആവർത്തിച്ചു പറയുന്നതു, ഇവിടെ അതിന്റെ സന്ദർഭമായതുകൊണ്ടും, ജിന്നിനെയും, ശൈത്താനെയും നിഷേധിക്കുന്നവർക്കുള്ള മറുപടി സത്യവിശ്വാസികളെ ഓർമ്മിപ്പിക്കുവാൻ ഉദ്ദേശിക്കുന്നതുകൊണ്ടുമാകുന്നു. അവർ ജിന്നുകളെ കാണുന്നില്ല, അല്ലെങ്കിൽ അവയുടെ പരിചയമോ ചിന്തയോ അവരിൽ ഉണ്ടാകുന്നില്ല എന്നതാണ് അവരുടെ നിഷേധത്തിനു കാരണം. വാസ്തവത്തിൽ പിശാചുക്കളുടെ സ്വരൂപം വിശാലമായ പ്രപഞ്ചം അവരിൽനിന്നാണ്.' പിന്നീട് പിശാചുക്കളെ സംബന്ധിച്ചു ചെറുകുറിപ്പുകൾ അതിൽ കൂട്ടിയിട്ടുള്ള ചില തഫ്സീറുകളെ ചൂണ്ടിക്കാട്ടിക്കൊണ്ട് അദ്ദേഹം തുടരുന്നു: 'ഈ തഫ്സീർ മതപണ്ഡിതന്മാരും, സത്യവിശ്വാസികളുടെയും മതനിഷേധികളുടെയും പല ആക്ഷേപങ്ങളും പുറപ്പെടുവിക്കുവാൻ ഇടയാക്കിയിട്ടുണ്ട്. ഞാൻ വിശ്വസിക്കുന്നതെല്ലാം പിശാചിനുള്ളതെന്നു മതം സ്ഥാപിച്ചിട്ടില്ല. മനുഷ്യഹൃദയങ്ങളിൽ ദുർവിചാരങ്ങളും, ദുഷ്പ്രേരണകളും ഉണ്ടാക്കുകയാണ് പിശാചിന്റെ മനുഷ്യരിൽ ഉള്ളതായി ഖുർആൻ ചൂണ്ടിക്കാട്ടിയിട്ടുള്ള പ്രവൃത്തി. അതിനുള്ള പ്രതിവിധിയും അതു നിർദ്ദേശിച്ചിരിക്കുന്നു........'

'നബി (സ) ജിന്നിനെ കണ്ടിട്ടില്ലെന്നു ഇബ്നുഅബ്ബാസ് (റ)ൽ നിന്നു വന്നിട്ടുണ്ട്. പക്ഷേ, ഇബ്നുമസ്ഊദ് (റ)ൽ നിന്നു വന്നിട്ടുള്ളതു ഉണ്ടെന്നാണ്. മറ്റു പല റിവായത്തുകളിലും ഇതു വന്നിട്ടുണ്ട്. ഇതു നബിമാരുടെ പ്രത്യേകതയാണെന്നാണ് ഇമാം ശാഫിഈ (റ) യുടെ അഭിപ്രായം. ജിന്നുകളുടെ സാക്ഷാൽ രൂപത്തിൽ കാണുന്നതുമാത്രമേ നബിമാരുടെ പ്രത്യേകതയായിട്ടുള്ളുവെന്നത്രെ മറ്റു ചിലരുടെ അഭിപ്രായം. ജിന്നുകൾക്കു പല രൂപങ്ങളും സ്വീകരിക്കാൻ കഴിയുമോ എന്നതിൽ ഭിന്നാഭിപ്രായമാണുള്ളത്. ഭൂരിപക്ഷം, സ്വീകരിക്കാമെന്നാകുന്നു. ചിലരുടെ അഭിപ്രായം ബാഹ്യദൃഷ്ടിയിൽ മാത്രമേ അതു സംഭവിക്കയുള്ളു എന്നാണ്. (من تفسير المراغى ج ٨ ص ٦٦ — ٦٦)

ശൈഖ് അബ്ദുൽവഹ്ഹാബ് നജ്ജാർ (*) ജിന്നുകളെക്കുറിച്ചു പ്രസ്താവിച്ചിട്ടുള്ളതു ശ്രദ്ധേയമാണ്. അതിന്റെ സംക്ഷിപ്തരൂപം ഇതാകുന്നു: അല്ലാഹുവിന്റെ സൃഷ്ടികളിൽപെട്ട ഒരു കൂട്ടമാണവർ. നമുക്കവരെ കാണ്മാൻ കഴിയുകയില്ല. അല്ലാഹു പറയുന്നു: 'അവനും അവന്റെ കൂട്ടുകാരും നിങ്ങളെ (കാണുന്നു)

(*) 'ഇരുപതാം നൂറ്റാണ്ടിന്റെ വിജ്ഞാനകോശം' (دائرة معارف القرن العشرين) എന്ന എൻസൈക്ലോപീഡിയായുടെ കർത്താവാണ് ഫരീദുവജ്ദി (محمد فريد وجدي). 20 വാള്യം വരുന്ന ആ മഹാഗ്രന്ഥം ക്രി. 1936ൽ പ്രസിദ്ധീകരിക്കപ്പെട്ടു. ഇദ്ദേഹത്തിന്റെ-ചെറുതെങ്കിലും-വിലയേറിയ ഒരു തഫ്സീറാണ് 'സ്വഫ്‌വത്തുൽ ഇർഫാൻ' (صفوة العرفان).

(*) ഈജിപ്തിലെ ഒരു ചരിത്ര പ്രൊഫസറായ ഇദ്ദേഹം (عبد الوهاب النجار) ഖുർആനിൽ വന്ന നബിമാരുടെ സംഭവങ്ങളെല്ലാം ക്രോഡീകരിച്ച് യുക്തിയുക്തം അപഗ്രഥനം നടത്തിക്കൊണ്ടെഴുതിയിട്ടുള്ള ഒരു ഗ്രന്ഥമാണ് قصص الأنبياء (നബിമാരുടെ കഥകൾ). ഒന്നാം പതിപ്പു പുറത്തുവന്നതോടെ ജാമിഉൽ അസ്ഹറിലെ ഒരു പണ്ഡിതസംഘം അതിന്റെ ചില ഭാഗങ്ങളെ ഖണ്ഡിക്കുകയുണ്ടായി. ഹി: 1355 (ക്രി. 1936)ൽ രണ്ടാംപതിപ്പു പുറത്തായപ്പോൾ അതിനു മറുപടികളും കൊടുത്തു. നമ്മുടെ നാടുകളിൽ പുറംഫാത്തുകളായി പിടിക്കപ്പെട്ട ഒരു قصص الأنبياء ഗ്രന്ഥം. അതല്ല ഇത്.

കാണാത്തവിധം നിങ്ങളെ (ഇങ്ങോട്ടു) കാണുന്നു. എന്ന്. (*) നമ്മതു വിശ്വാസികളെ നിർബ്ബന്ധമാണ് ബുദ്ധിയുള്ള, ബോധപ്രകാരമുണ്ടെന്നതിനു തെളിവ്. അവരിൽ ജനനവും സന്താനോൽപാദനവുമുണ്ട്. 'അവനെ—ഇബ്ലീസിനെ—യും അവന്റെ സന്തതികളെയും നിങ്ങൾ കാര്യകർത്താക്കളാക്കുകയോ?' എന്ന അല്ലാഹു പറഞ്ഞിരിക്കുന്നു: അവരിൽ നല്ലവരും ദുഷിച്ചവരും ഉണ്ട്. അല്ലാഹു (ജിന്നുകളുടെ പ്രസ്താവനയിൽ) പറയുന്നു: 'ഞങ്ങളിൽ മുസ്ലിംകളും നീതികെട്ടവരും ഉണ്ട്.' ജിന്നുകൾ മനുഷ്യരെക്കാൾ ഉൽകൃഷ്ടൻമാരല്ല. 'ജിന്ന്', ജാന്ന്, ജിന്നത്ത്' എന്നീ വാക്കുകളിലായി 34 സ്ഥലത്ത് അവരെപ്പറ്റി ഖുർആൻ പ്രസ്താവിച്ചിരിക്കുന്നു. 'ജിന്ന്', ജാന്ന്, ശൈത്താൻ, ഇബ്ലീസ്, ശൈത്താൻമാർ' എന്നീ വാക്കുകളിൽ തൌറാത്തിലും (ബൈബ്ളിന്റെ പഴയ നിയമത്തിലും) പലേടത്തും പറഞ്ഞിരിക്കുന്നു.' (قصص الأنبياء للنجار) തുടർന്നുകൊണ്ടു ബൈബ്ളിലെ കുറെ സൂക്തങ്ങൾ അദ്ദേഹം ഉദാഹരണത്തിന് ചൂണ്ടിക്കാട്ടുകയും ചെയ്തിട്ടുണ്ട്.

ജിന്നുകളെക്കുറിച്ചു പലതും പറഞ്ഞശേഷം മർഹൂം സയ്യിദ് ഖുത്ബ് പറയുന്നു: 'നാം ഇന്ന് അജ്ഞാതരഹസ്യങ്ങളെക്കുറിച്ചു പ്രസ്താവിച്ചുവരുന്ന പല കാര്യങ്ങളും ഒരു അഞ്ചു നൂറ്റാണ്ടുകൾക്കുമുമ്പ് ആണെങ്കിലും പറഞ്ഞിരുന്നുവെങ്കിൽ അന്നുള്ളവർ അവനെ തനി ഭ്രാന്തനാക്കുമായിരുന്നു. അപ്രകാരം, ജിന്നുവർഗ്ഗത്തെപ്പറ്റി പറയപ്പെട്ടാവുന്നതിനെക്കാൾ ആശ്ചര്യകരമായി അവരതിനെ കണക്കാക്കുമായിരുന്നു.' (في ظلال القرآن ج ٢٩ ص ٣٣)

നിഷേധികൾക്കുള്ള ചില ന്യായങ്ങൾ

ജിന്നിനെയും പിശാചിനെയും സംബന്ധിച്ച് ഇസ്ലാമിന്റെ നിലപാടും മുസ്ലിംകളുടെ വിശ്വാസങ്ങളും എന്തൊക്കെയാണെന്ന മേൽവിവരിച്ചതിൽ നിന്നു നമുക്കു മനസ്സിലായി. ഈ വിഷയത്തിൽ നമുക്കുള്ള അവലംബം ബുദ്ധിയോ, യുക്തിയോ, ശാസ്ത്രമോ അല്ലെന്നും, ഖുർആനും ഹദീസുമാണെന്നും പറയേണ്ടതില്ല. യുക്തിക്കെതിരായോ, ബുദ്ധിക്കു വിപരീതമായോ അതിൽ ഒന്നുംതന്നെ ഇല്ലതാനും. നിഷേധികൾക്കു അവരുടെ നിഷേധത്തിനു ഖുർആനിൽ നിന്നോ, ഹദീസിൽനിന്നോ വ്യക്തമായ എന്തെങ്കിലും തെളിവു സമർപ്പിക്കുവാനില്ലെങ്കിലും, അവർക്കെതിരായിക്കാണുന്ന തെളിവുകളെ ദുർവ്യാഖ്യാനം ചെയ്യുവാനും, അനുകൂലമാക്കിക്കാണിക്കുവാൻ വല്ല പഴുതും കാണുന്ന പ്രസ്താവനകളെ പൊക്കിക്കാട്ടുവാനും ശ്രമിക്കുക അവരുടെ പതിവാണ്. മതവിശ്വാസികളായ സാധാരണക്കാരെ ആശയക്കുഴപ്പത്തിലാക്കുവാൻ താരതമ്യേന ഇതു കൂടുതൽ എളുപ്പമാർഗ്ഗവുമായിരിക്കും. അതുകൊണ്ടു അവരുടെ ഇത്തരം ചില ന്യായീകരണങ്ങളെക്കുറിച്ചാണ് ഇനി നമുക്കൽപം ആലോചിക്കുവാനുള്ളത്. അവ ഇങ്ങിനെ സംഗ്രഹിക്കാം :—

(1) ജിന്ന് ഒരു പ്രത്യേക വർഗ്ഗമാണെങ്കിൽ മുഹമ്മദു (സ) നബിയും, മറ്റു നബിമാരും അവരിൽ എങ്ങിനെയാണ് തങ്ങളുടെ റസൂൽ എന്ന നിലക്കുള്ള കൃത്യങ്ങൾ നടത്തുക? 'ജിന്നി'നും 'ഇൻസി'നും റസൂൽ വന്നിട്ടുണ്ടെന്നു ഖുർആൻ (സൂ: അൻആം 130ൽ) പറയുന്നു. അതേ സമയത്തു മനുഷ്യരിൽ നിന്നല്ലാത്ത റസൂൽ വന്നിട്ടുണ്ടെന്നുള്ളതിനു തെളിവില്ലതാനും. പക്ഷേ, ഇല്ലെന്നുള്ളതിനാണ് തെളിവു കാണുന്നത്. അപ്പോൾ ജിന്നും ഇൻസും ഒന്നായിരിക്കണമല്ലോ. (2) അല്ലാഹു ഒരു മനുഷ്യനെ റസൂലായി അയച്ചിരിക്കയാണോ എന്ന ചോദിച്ച മുശ്രിക്കുകൾക്കുള്ള മറുപടിയിൽ 'സമാധാനചിത്തരായിക്കൊണ്ട് നടക്കുന്ന മലക്കുകളാണ് ഭൂമിയിൽ ജീവിക്കുന്നതെങ്കിൽ ആകാശത്തുനിന്ന ദൈവദൂതനായി ഒരു മലക്കിനെത്തന്നെ അവരുടെ അടുക്കലേക്കു നാം അയക്കുമായിരുന്നു' എന്നാണ് അല്ലാഹു (സൂ: ഇസ്രാഉ് 95ൽ) പറഞ്ഞത്. റസൂലും അദ്ദേഹത്തിന്റെ ജനതയും തമ്മിൽ സമ്പർക്കം പുലർത്താൻ കഴിയണമെന്നാണിതിന്റെ സാരം. ജിന്നു ഒരു പ്രത്യേക വർഗ്ഗമാണെങ്കിൽ അതു സാദ്ധ്യമാകുമോ? (3) വിശേഷബുദ്ധിയും മറ്റും ഉള്ളതുകൊണ്ടാണ് മറ്റു സൃഷ്ടികൾക്കില്ലാത്ത ഉത്തരവാദിത്തം മനുഷ്യനുമാത്രം നൽകിയിരിക്കുന്നതെന്ന് (സൂ: അഹ്സാബ്: 72ൽ) ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ജിന്നുകൾക്കും ഇൻസുകൾക്കും ഹൃദയവും, കണ്ണും, കാതും ഉണ്ടെന്നും (സൂ: അഅ്റാഫ്: 179ലും മറ്റും) പ്രസ്താവിച്ചിരിക്കുന്നു. അപ്പോൾ രണ്ടുകൂട്ടരും ഒരേ വർഗ്ഗക്കാരാണെന്നു വരുന്നില്ലേ? (4) ജിന്നുകൾ വേറെ ഒരു വർഗ്ഗമാണെന്നു വെക്കുമ്പോൾ, 'പ്രപഞ്ചത്തിലെ ഏററവും ഉൽകൃഷ്ട സൃഷ്ടി എന്ന സ്ഥാനം മനുഷ്യനു നഷ്ടപ്പെടുന്നതാണ്. (5) സൂറത്തുൽ ജിന്നിൽ رجال من الجن എന്നു പറഞ്ഞിരിക്കുന്നു. ഇതിലെ رجال (രിജാല്=പുരുഷൻമാർ) എന്ന വാക്കു മനുഷ്യരിലുള്ള പുരുഷൻമാർക്കേ ഉപയോഗിക്കാറുള്ളൂ. ഇതും ജിന്നുകൾ മനുഷ്യവർഗ്ഗത്തിൽപെട്ട ഒരു വിഭാഗക്കാരാണെന്ന കാണിക്കുന്നു. അതുകൊണ്ട് പരസ്പരം ഇണക്കവും സമ്പർക്കവുമില്ലാത്ത കാടൻമാർ—അഥവാ അപരിഷ്കൃതർ—എന്ന അർത്ഥത്തിലാണ് ജിന്നുകളെന്നു പറയുന്നതെന്നു മനസ്സിലാക്കാം'. ഇവക്കുള്ള മറുപടികൾ താഴെ വിവരിക്കുന്നതിൽ നിന്നു മനസ്സിലാക്കാം :—

(*) ഈ ഉദ്ധരണിയിലുള്ള ഖുർആൻ വാക്യങ്ങളും അവയുടെ മൂലങ്ങളും മുകളിൽ നാം വായിച്ചതാണ്

'റസൂൽ' എന്ന് ആർക്കെല്ലാം പറയാം?

'റസൂൽ' (رسول) എന്ന വാക്കിനു ദൂതൻ എന്നാണ് വാക്കർത്ഥം. ഏതെങ്കിലും ഒരു ദൗത്യവുമായി അയക്കപ്പെടുന്ന എല്ലാവർക്കും ഭാഷയിൽ 'റസൂൽ' എന്നു പറയാം. 'മലക്കുകളിൽ നിന്നും മനുഷ്യരിൽ നിന്നും അല്ലാഹു റസൂലുകളെ-ദൂതൻമാരെ-തിരഞ്ഞെടുക്കുന്നു' (الله يصطفي من الملائكة رسلا ومن الناس - الحج : ٧٥) എന്നും, മലക്കുകളെ റസൂലുകളാക്കിയവൻ' (جاعل الملائكة رسلا ... فاطر) എന്നും അല്ലാഹു പറയുന്നു: മർയം (അ)ന്റെ അടുക്കൽ ഒരു മകനെപ്പറ്റി സന്തോഷവാർത്ത അറിയിക്കുവാൻ വന്ന മലക്ക് അവരോട്: 'ഞാൻ നിന്റെ റബ്ബിന്റെ റസൂൽ മാത്രമാണ്' (إنما أنا رسول ربك - مريم) എന്നു പറയുകയുണ്ടായി. ഇബ്രാഹിം (അ) നബിക്കു ഒരു മകനെക്കുറിച്ചു സന്തോഷവാർത്ത അറിയിക്കുവാനും, ലൂത്വ് (അ) നബിയുടെ രാജ്യത്തെ നശിപ്പിക്കുവാനും അയക്കപ്പെട്ട മലക്കുകളെക്കുറിച്ചും റസൂലുകൾ എന്നു (സൂ: ഹൂദ്: 69, 77) പറഞ്ഞിരിക്കുന്നു. മനുഷ്യരിൽ നിന്നുള്ള റസൂലും, മലക്കുകളിൽ നിന്നുള്ള റസൂലും ഒരേ അർത്ഥത്തിലുള്ള റസൂലുകളല്ലെന്നു തീർച്ചയാണല്ലോ. പ്രവാചകൻമാരായതോടുകൂടി ദിവ്യദൗത്യം നൽകപ്പെട്ടവർക്കാണ് മനുഷ്യരിൽ നിന്നു റസൂലുകൾ എന്നു പറയുന്നത്. മലക്കുകളിലെ റസൂലുകളിലാകട്ടെ, പ്രവാചകൻമാരില്ല. ഇരുകൂട്ടരുടെയും ദൗത്യത്തിലും, ദൗത്യത്തിന്റെ നിർവ്വഹണരൂപത്തിലും വ്യത്യാസമുണ്ടായിരിക്കും. അഥവാ, അയക്കപ്പെടുന്ന ആളുടെയും, ഏൽപിക്കപ്പെടുന്ന ദൗത്യത്തിന്റെയും, ആരിലേക്കു അയക്കപ്പെടുന്നുവോ അവരുടെയും സ്വഭാവമനുസരിച്ച് റസൂലിന്റെ കൃത്യത്തിലും സ്വഭാവത്തിലും മാറ്റമുണ്ടായിരിക്കും.

അപ്പോൾ, മുഹമ്മദ് (സ) തിരുമേനിയോ, മറ്റു പ്രവാചകൻമാരോ ജിന്നവർഗ്ഗത്തിലേക്കുകൂടി റസൂലായി അയക്കപ്പെടുന്നതിൽ അസാംഗത്യമൊന്നുമില്ല. കാരണം, മനുഷ്യരിൽ നിർവ്വഹിക്കപ്പെടേണ്ടുന്ന അതേ രൂപത്തിൽ തന്നെയായിരിക്കും-എല്ലാ നിലക്കും-ജിന്നുകളിൽ നിർവ്വഹിക്കപ്പെടേണ്ടുന്ന ദൗത്യത്തിന്റെ സ്വഭാവവും എന്നു അനുമാനിച്ചുകൂടാ. നബി (സ) ജിന്നുകളെ നേരിൽ കണ്ടിട്ടുണ്ടോ എന്നതിൽ അഭിപ്രായ വ്യത്യാസമുണ്ടെങ്കിലും, നബി(സ)യിൽ നിന്നു ജിന്നുകൾ ഖുർആൻ ശ്രദ്ധിച്ചുകേട്ടതായും, കേട്ടവർ തങ്ങളുടെ ജനതയിൽ ചെന്നു അവരെ ഉപദേശിച്ചതായും (സൂ: അഹ്ഖാഫിലും, സൂ: ജിന്നിലും) അല്ലാഹു പ്രസ്താവിച്ചിട്ടുണ്ട്. ജിന്നും മനുഷ്യനും രണ്ടു പ്രത്യേക സ്വഭാവത്തോടുകൂടിയ വ്യത്യസ്ത വർഗ്ഗങ്ങളാണെന്നു നാം സ്ഥാപിച്ചുവല്ലോ. എന്നിരിക്കെ മനുഷ്യരുമായുള്ള അതേ സമ്പർക്കം തന്നെ ജിന്നുകളുമായും ആവശ്യമാണെന്നു വരികയില്ല. എന്നാൽ, നബി (സ) തിരുമേനിയല്ലാത്ത മറ്റു പ്രവാചകൻമാരാരും ജിന്നുകളിലേക്കു റസൂലായി നിയോഗിക്കപ്പെട്ടിട്ടില്ലെന്നും, നബി(സ) തിരുമേനി മനുഷ്യരിലേക്കും, ജിന്നുകളിലേക്കും റസൂലായിരുന്നുവെന്നുമാണു ഭൂരിപക്ഷം പണ്ഡിതൻമാരുടെയും അഭിപ്രായം. ഇമാം അസ്ഖലാനി (റ)യുടെ ചില വാക്യങ്ങളിൽനിന്നു കൂടുതൽ വിവരം മനസ്സിലാക്കാം:

'ജിന്നുകളിൽ നബിമാരുണ്ടോ എന്നതിൽഭിന്നാഭിപ്രായമുണ്ട്. ഉണ്ടെന്നാണ് ളഹ്ഹാക്ക് (റ) - ൽ നിന്നു നിവേദനം ചെയ്യപ്പെട്ടിരിക്കുന്നത്. ജിന്നിലും മനുഷ്യരിലും റസൂലുകളുണ്ടെന്നു അല്ലാഹു (സൂ: അൻആം: 130ൽ) പ്രസ്താവിച്ചിരിക്കുന്നു. ഇതാണതിനു തെളിവ്. ഇതിനു ഭൂരിപക്ഷം പണ്ഡിതൻമാരുടെ മറുപടി ഇപ്രകാരമാകുന്നു: ഇവിടെ മനുഷ്യരിലുള്ള റസൂലുകളെന്നു പറഞ്ഞതു അല്ലാഹുവിനാൽ അവരിലേക്കയക്കപ്പെട്ട (പ്രവാചകൻമാരായ) റസൂലുകളാണ്. ജിന്നുകളിൽനിന്നുള്ള റസൂലുകളെയാകട്ടെ, അല്ലാഹു ഭൂമിയിൽ വ്യാപിപ്പിച്ചിരിക്കുകയാണ്. അവർ മനുഷ്യരായ റസൂലുകളുടെ വാക്കുകൾ കേൾക്കുകയും, തങ്ങളുടെ സമുദായത്തിനു എത്തിച്ചുകൊടുക്കുകയും ചെയ്യുന്നു. നബി (സ)യിൽ നിന്ന് ഖുർആൻ കേട്ടശേഷം ഇവരിൽപെട്ട ചിലർ തങ്ങളുടെ ജനതയുടെ അടുക്കൽ ചെന്നു, അവരെ ഉപദേശിച്ചതു ഇതുകൊണ്ടാണ്. ഇബ്നു ഹസ്മു (റ) ഇതിന്നു തെളിവു പറയുന്നതു ഇപ്രകാരമാകുന്നു: 'മുൻകാലത്തു പ്രവാചകൻമാർ അവരവരുടെ ജനങ്ങളിലേക്കു മാത്രമായിരുന്നു നിയോഗിക്കപ്പെട്ടിരുന്നത്' എന്നു നബി (സ) അരുളിച്ചെയ്തിട്ടുണ്ട്. (*) ആ ജനങ്ങളിൽ ജിന്നുകൾ ഉൾപ്പെടുന്നില്ല. അതിനാൽ, (ആ കാലങ്ങളിൽ) ജിന്നുകളിൽ തന്നെ അവരിലേക്കുള്ള പ്രവാചകൻമാർ ഉണ്ടായിരിക്കുമെന്നു വരുന്നു. നമ്മുടെ നബിയല്ലാതെ മനുഷ്യരിൽ നിന്നു ജിന്നുകളിലേക്ക് റസൂലായി നിയോഗിക്കപ്പെട്ടിട്ടില്ല. തിരുമേനിയുടെ നിയോഗം മനുഷ്യരിലേക്കും ജിന്നുകളിലേക്കും പൊതുവായുള്ളതാണെന്ന കാര്യം പണ്ഡിതൻമാരുടെ യോജിച്ച അഭിപ്രായമാണല്ലോ'. (فتح الباري ج ٦ ص ٢٦٥)

തുടർന്നുകൊണ്ട് നബി (സ) ജിന്നുകളിലേക്കുംകൂടി റസൂലായിരുന്നുവെന്നു പലരും പ്രസ്താവിച്ചിട്ടുള്ളതിനെ അസ്ഖലാനി (റ) ഉദ്ധരിച്ചിരിക്കുന്നു. സഹാബികളിലും, താബിഉകളിലും, മദ്ഹബുകളിലുംപെട്ട

(*) ബുഖാരിയും മുസ്ലിമും ഉദ്ധരിച്ചിട്ടുള്ള ഒരു ഹദീസിന്റെ ആശയമാണിതു. [illegible] ഇങ്ങിനെയാകുന്നു: 'ഞാൻ മനുഷ്യരിലേക്ക മുഴുവനും നിയോഗിക്കപ്പെട്ടിരിക്കുന്നു.

പണ്ഡിതൻമാരെല്ലാം ഇതിൽ യോജിച്ചിരിക്കുന്നുവെന്ന് ഇബ്നു തൈമിയ്യ: (റ) പറഞ്ഞതായി അദ്ദേഹം ചൂണ്ടിക്കാട്ടുകയും ചെയ്തിരിക്കുന്നു. നബി (സ)ക്കു പ്രവാചകത്വം സിദ്ധിച്ചതു മുതൽ വിയോഗം വരെയുള്ള 23 കൊല്ലക്കാലത്തു എത്രയോ പ്രാവശ്യം ജിബ്രീൽ (അ) തിരുമേനിയുടെ അടുക്കൽ വന്നുപോയിട്ടുണ്ട്. നബി (സ) അറിയിക്കുമ്പോഴല്ലാതെ, സഹാബികൾക്കു അതറിയുവാൻ കഴിഞ്ഞിരുന്നില്ല. അതുപോലെ, നബി (സ)യും ജിന്നുകളും തമ്മിൽ ബന്ധപ്പെടുന്നതു മറ്റാരും അറിയാതിരുന്നാൽ അതിൽ ഒട്ടും അത്ഭുതത്തിനവകാശമില്ലല്ലോ.

മലക്കുകളെ റസൂലുകളാക്കാതിരുന്നതു എന്തുകൊണ്ട്?

മനുഷ്യനെ റസൂലായി അയച്ചിരിക്കയാണോ എന്നു ചോദിച്ച മുശ്‌രിക്കുകളോട് 'സമാധാനചിത്തരായി നടക്കുന്ന മലക്കുകളാണ് ഭൂമിയിൽ ജീവിക്കുന്നതെങ്കിൽ ആകാശത്തുനിന്നു ഒരു മലക്കിനെത്തന്നെ റസൂലായി അയക്കുമായിരുന്നു' എന്നു അല്ലാഹു മറുപടി കൊടുത്തതിന്റെ താൽപര്യം, റസൂലും തന്റെ ജനതയും തമ്മിൽ സമ്പർക്കം പുലർത്തുവാൻ കഴിയണമെന്നാണെന്നും, ജിന്നുകൾ ഒരു പ്രത്യേക വർഗ്ഗമാണെങ്കിൽ അതു സാധ്യമാകുന്നതല്ലെന്നുമാണല്ലോ ഇവർ പറയുന്നത്. ഇവിടെ, അല്ലാഹു കൊടുത്ത മറുപടിയുടെ മർമ്മം എന്താണെന്നും, ആയത്തിലെ വാചകത്തിന്റെ ശരിയായ അർത്ഥം എന്താണെന്നും ആദ്യം പരിശോധിക്കാം:

അല്ലാഹു നൽകിയ മറുപടിയുടെ വാചകം ഇതാണ്: قل لو كان في الأرض ملائكة يمشون مطمئنين لنزلنا عليهم من السماء ملكا رسولا - بنو اسرائيل : ٩٥ (പറയുക: ഭൂമിയിൽ സമാധാനചിത്തരായി നടക്കുന്ന മലക്കുകൾ ഉണ്ടായിരുന്നുവെങ്കിൽ ആകാശത്തുനിന്നു ഒരു മലക്കിനെ അവരിൽ നാം റസൂലായി ഇറക്കുമായിരുന്നു.' ഇതിൽ لو كان في الأرض ملائكة എന്ന വാക്കിനു 'ഭൂമിയിൽ മലക്കുകളുണ്ടായിരുന്നുവെങ്കിൽ' എന്നാണർത്ഥം. ഇക്കൂട്ടർ പറയുംപോലെ 'ഭൂമിയിൽ മലക്കുകളാണ് ജീവിക്കുന്നതെങ്കിൽ' എന്നല്ല. (*) അതുപോലെത്തന്നെ, 'ആകാശത്തുനിന്നു നാം മലക്കിനെ ഇറക്കുമായിരുന്നു-അഥവാ അയക്കുമായിരുന്നു (لنزلنا عليهم من السماء ملكا) എന്നുമാത്രമേ അല്ലാഹു പറഞ്ഞിട്ടുള്ളു. ഇവർ പറയുംപോലെ 'ഒരു മലക്കിനെത്തന്നെ അയക്കുമായിരുന്നു' എന്നും അതിലില്ല. ഈ രണ്ടു വ്യത്യാസങ്ങളും പ്രത്യക്ഷത്തിൽ നിസ്സാരമായി തോന്നാമെങ്കിലും, ആയത്തിലെ വാചകങ്ങൾക്കു എതിരാണെന്ന മാത്രമല്ല, തങ്ങളുടെ വാദത്തിന് തെളിവുണ്ടാക്കുവാൻവേണ്ടി താൽപര്യപൂർവ്വം സൂത്രത്തിൽ നടത്തുന്ന ഒരു ഉപായംകൂടിയാണത്. അറബിഭാഷയിലും വ്യാകരണത്തിലും അൽപം പരിചയമുള്ള ആർക്കും ഇതു വേഗം മനസ്സിലാക്കാം.

ഭൂമിയിൽ മനുഷ്യരല്ലാതെ വേറെ വല്ല ബുദ്ധിവർഗ്ഗവും ഉണ്ടോ ഇല്ലേ എന്നതിനെ ആസ്പദമാക്കിയല്ല ഈ മറുപടി. ഭൂമിയിൽ സമാധാനചിത്തരായി നടക്കുന്ന മലക്കുകൾ ഉണ്ടോ ഇല്ലേ എന്നതിനെ ആസ്പദമാക്കിയാണ്. വേറെ വല്ല വർഗ്ഗവും ഉണ്ടായിരുന്നാലും ഇല്ലെങ്കിലും ശരി, മലക്കുകൾ ഭൂമിയിൽ നിവസിക്കുന്നുണ്ടെങ്കിൽ മലക്കിനെ അയക്കുമായിരുന്നുവെന്നു സാരം. മനുഷ്യനുപുറമെ ജിന്നു എന്നൊരു വർഗ്ഗം ഭൂമിയിലുണ്ടോ ഇല്ലേ എന്ന വിഷയത്തിലേക്കുള്ള യാതൊരു സൂചനയും ചോദ്യത്തിലില്ല. ചോദ്യകർത്താക്കളായ മുശ്‌രിക്കുകളാകട്ടെ, ജിന്നുവർഗ്ഗത്തിൽ വിശ്വസിക്കുന്നവരുമാണ്. മറുപടിയിലും അതില്ല. ചോദ്യത്തിനാണല്ലോ മറുപടി. ഏതായാലും, മനുഷ്യരിലേക്കു നിയോഗിക്കപ്പെടുന്ന റസൂൽ മനുഷ്യരുമായി സമ്പർക്കം പുലർത്തുവാൻ പറ്റിയവരായിരിക്കണമെന്ന തത്വം ഈ മറുപടിയിൽ അടങ്ങിയിരിക്കുന്നുവെന്നു നാമും സമ്മതിക്കുന്നു. സ്ഥൂലജീവികളായ മനുഷ്യരിലേക്കുള്ള ദൗത്യം നിർവ്വഹിക്കുവാനും അവരുമായി സമ്പർക്കം പുലർത്തുവാനും മനുഷ്യൻ തന്നെയാണ് റസൂലായിരിക്കേണ്ടതെന്നുള്ളതിലും സംശയമില്ല. പക്ഷെ, മറ്റുചില സംഗതികൾ ആലോചിക്കേണ്ടതുണ്ട്:—

ജിന്നുവർഗ്ഗത്തിനു അവരുടെ പ്രകൃതിക്കനുസരിച്ചുള്ള ദൈവിക സന്ദേശങ്ങൾ എത്തിച്ചേരുന്നതിനു അവരിൽ നിന്നുള്ള പ്രവാചകൻമാരായ റസൂലുകൾ തന്നെ അനിവാര്യമാണോ? പ്രകാശത്താൽ സൃഷ്ടിക്കപ്പെട്ട ആത്മീയ ജീവികളായ മലക്കുകളാകുന്ന റസൂലുകളും, മണ്ണിന്റെ മക്കളായ മനുഷ്യരിൽ നിന്നുള്ള പ്രവാചകൻമാരായ റസൂലുകളും തമ്മിൽ ബന്ധപ്പെട്ടിട്ടാണല്ലോ മനുഷ്യർക്കു ദൈവിക സന്ദേശങ്ങൾ മിക്കപ്പോഴും ലഭിക്കുന്നത്. അതുപോലെയുള്ള ഏതെങ്കിലും ക്രമത്തിൽ, പ്രവാചകൻ ജിന്നുകളുമായോ, അല്ലെങ്കിൽ ജിന്നുകളിലെ ചില പ്രത്യേകക്കാരുമായോ ബന്ധപ്പെട്ടുകൊണ്ടു അവർക്കു ദൈവിക സന്ദേശങ്ങൾ എത്തിക്കുന്നതിനു വല്ല വിരോധവുമുണ്ടോ? പ്രവാചകൻമാർക്കു മനുഷ്യരിലും, ജിന്നുകളിലും നടത്തുവാനുള്ള കൃത്യങ്ങളെല്ലാം ഒരേ തരത്തിൽ പെട്ടതാണോ? ഇതിലൊന്നും ഖണ്ഡിതമായ ഒരു തീരുമാനം പറയുവാൻ നമുക്കു സാധ്യമല്ല. ഇതിനെ പല സാധ്യതയും കാണുന്നുവെന്നുമാത്രം. ഏതായാലും, ജിന്നുകളിലേക്കു മനുഷ്യൻ റസൂലായി നിയോഗിക്കപ്പെട്ടുകൂടാ എന്നു വാദിക്കുവാൻ

(*) يعني أن كان تامة وملائكة فاعلها ولو كان المعنى كما يزعمون فلا بد أن تكون كان ناقصة وملائكة منصوبا والاسم مقدرا عندها التأمل انصف.

ന്യായമില്ല. നാം മുകളിൽ വായിച്ചുകഴിഞ്ഞതും, ജിന്നുകളിലുള്ള റസൂലുകളെപ്പറ്റി താഴെ പ്രസ്താവിക്കുന്ന ചില സംഗതികളും ആലോചിക്കുമ്പോൾ ജിന്നുകളും പ്രവാചകൻമാരും തമ്മിൽ ആവശ്യമായ സമ്പർക്കത്തിന്റെ കാര്യം ഇവിടെ ഒരു പ്രശ്നമാകുന്നില്ലതാനും. ഏതായാലും ജിന്നുവർഗത്തിന്റെ അസ്തിത്വം മതിയായ ലക്ഷ്യങ്ങളാൽ സംശയാതീതമായി സ്ഥാപിതമായിരിക്കെ, ഈ സമ്പർക്ക പ്രശ്നം അതിനു അൽപമെങ്കിലും ഇളക്കം വരുത്തുവാൻ പര്യാപ്തമല്ലെന്നാണ് ചുരുക്കത്തിൽ നമുക്ക് ഇവിടെ പറയുവാനുള്ളത്.

ജിന്നിലും മനുഷ്യരിലും വെവ്വേറെ റസൂലുണ്ടോ?

'ജിന്നിലും ഇൻസിലും റസൂലുകൾ വന്നിട്ടുണ്ടെന്നു ഖുർആനിൽ പറയുന്നു: പക്ഷേ, മനുഷ്യരിൽ നിന്നല്ലാതെ റസൂലുകൾ വന്നിട്ടുള്ളതിനു രേഖയില്ല; അതുകൊണ്ട് ജിന്നും ഇൻസും ഒരേ വർഗമാണെന്നു വരുന്നു' എന്നാണ് ഇവരുടെ മറ്റൊരു വാദം. ഖിയാമത്തിൽ വെച്ചു ജിന്നുകളെയും മനുഷ്യരെയും അഭിമുഖീകരിച്ചുകൊണ്ടു അല്ലാഹു ചോദിക്കുന്ന ഒരു ചോദ്യമാണ് ഖുർആൻവചനംകൊണ്ടുദ്ദേശ്യം: يَا مَعْشَرَ الْجِنِّ وَالْإِنسِ أَلَمْ يَأْتِكُمْ رُسُلٌ مِّنكُمْ يَقُصُّونَ عَلَيْكُمْ آيَاتِي وَيُنذِرُونَكُمْ لِقَاءَ يَوْمِكُمْ هَٰذَا (الانعام : ١٣٠) (ജിന്നിന്റെയും ഇൻസിന്റെയും സമൂഹമേ, എന്റെ ആയത്തുകൾ നിങ്ങൾക്കു വിവരിച്ചുതരുകയും, നിങ്ങളുടെ ഈ ദിവസത്തെ നിങ്ങൾ കണ്ടുമുട്ടുന്നതിനെക്കുറിച്ചു നിങ്ങൾക്കു മുന്നറിയിപ്പു നൽകുകയും ചെയ്തുകൊണ്ട് നിങ്ങളിൽ നിന്നു നിങ്ങൾക്കു റസൂലുകൾ വന്നില്ലേ?)

കാട്ടിലോ മറ്റോ മറഞ്ഞുകൂടി ജീവിക്കുന്ന അപരിഷ്കൃത മനുഷ്യരാണ് ജിന്നുകളെന്നും, പട്ടണം നഗരങ്ങളിലും ഗ്രാമങ്ങളിലും ജീവിക്കുന്ന നാഗരികരാണ് ഇൻസുകളെന്നുമാണല്ലോ ഇവരുടെ വാദം. അതനുസരിച്ച് ഈ ഖുർആൻ വചനത്തിന്റെ സാരം, 'നാഗരികരും പരിഷ്കൃതരുമായ ഇൻസുവിഭാഗത്തിൽ നിന്നുള്ള നാട്ടുകാരും, അപരിഷ്കൃതരും കാട്ടാളരുമായ ജിന്നുവിഭാഗത്തിൽ നിന്നുള്ള കാട്ടാളരും റസൂലുകളായി വന്നിട്ടുണ്ടെന്നായിരിക്കണമല്ലോ. അപ്പോൾ, റസൂലുകളിൽ കാട്ടുവാസികളും നാട്ടുവാസികളുമുണ്ടായിരുന്നു. ഇതിനെ [illegible] തോന്നുന്നില്ല. അപ്പോൾ ഇൻസുവിഭാഗമായ നാഗരികരിൽ നിന്നാണ് റസൂലുകളെന്നും അവർ തന്നെയാണ് കാട്ടാളരായ ജിന്നുവിഭാഗത്തിലെ റസൂലുകളെന്നും പറയേണ്ടിവരും. അപ്പോഴും സമ്പർക്കത്തിന്റെ കാര്യം പ്രശ്നം തീരും. ഇന്നത്തെപ്പോലെ ഗതാഗതസൗകര്യങ്ങളും സമ്പർക്കസൗകര്യങ്ങളും ഇല്ലാതിരുന്ന മുൻകാലത്തു വിശേഷിച്ചും.

എന്നിരിക്കെ, ആയത്തിന്റെ താല്പര്യം എന്തായിരിക്കുമെന്നാണ് നാം നോക്കേണ്ടത്. മേൽ ഉദ്ധരിച്ചതിലെ ആശയം: രണ്ട്, മനുഷ്യക്കൂട്ടത്തെയും—ജിന്നിനെയും ഇൻസിനെയും—ഒന്നിച്ചുവിളിച്ചുകൊണ്ടുള്ള ഒരു പൊതു ചോദ്യമാണല്ലോ ഇത്. അതുകൊണ്ടു ഇരുകൂട്ടരും അടങ്ങുന്ന ആ സമൂഹത്തിൽ നിന്ന് അവർക്കു റസൂലുകൾ വന്നിരുന്നില്ലേ എന്നായിരിക്കും ചോദ്യത്തിന്റെ താല്പര്യം. ഇതിനെയാണെങ്കിൽ, റസൂലുകൾ വന്നിട്ടുള്ളതു യഥാർത്ഥത്തിൽ മനുഷ്യരിൽ നിന്നു മാത്രമേ, ജിന്നുകളിൽനിന്ന് മറ്റുമല്ലാതെ ആയിരുന്നാലും, പ്രസ്തുത ചോദ്യം ചോദിക്കാവുന്നതാണ്. അഥവാ, ഇരുകൂട്ടരിൽ നിന്നും വെവ്വേറെ റസൂലുകൾ വന്നിരിക്കണമെന്നില്ല. മറ്റൊന്ന്, രണ്ടുകൂട്ടരിൽനിന്നും വെവ്വേറെ റസൂലുകൾ വന്നിട്ടില്ല എന്നും ആവാം ഉദ്ദേശ്യം. ഇതിനെയാണെങ്കിൽ, ജിന്നുകളുടെ റസൂലും, മനുഷ്യരുടെ റസൂലും ശരിക്കും ഒരേ അർത്ഥത്തിലുള്ള റസൂലായിരിക്കയില്ല. നാം മുമ്പ് ചൂണ്ടിക്കാട്ടിയതുപോലെ, മനുഷ്യരുടെ റസൂലും ജിന്നുകളിൽ നിന്നുള്ള റസൂൽ സ്ഥാനത്തിലുള്ള റസൂലുമായിരിക്കും. മറ്റൊരു പ്രകാരത്തിൽ പറഞ്ഞാൽ, മനുഷ്യരിൽ നിന്നുള്ള റസൂൽ [illegible] പ്രവാചകൻമാരായ ദൂതൻമാരും, ജിന്നുകളിൽ നിന്നുള്ള റസൂലുകളെന്നതുകൊണ്ടും ജിന്നുകളെ ഉപദേശിക്കുകയും താക്കീതു ചെയ്യുകയും ചെയ്യുന്ന ചില വ്യക്തികളും ആയിരിക്കാം. (ﻧﺬﻳﺮ) സൂ: അഹ്-ഖാഫ് 29ൽ അല്ലാഹു പറയുന്നു: وَإِذْ صَرَفْنَا إِلَيْكَ نَفَرًا مِّنَ الْجِنِّ يَسْتَمِعُونَ الْقُرْآنَ فَلَمَّا حَضَرُوهُ قَالُوا أَنصِتُوا فَلَمَّا قُضِيَ وَلَّوْا إِلَىٰ قَوْمِهِم مُّنذِرِينَ (ജിന്നുകളിൽ നിന്ന് ഒരു കൂട്ടരെ ഖുർആൻ ശ്രദ്ധിച്ചുകേൾക്കുവാനായി നാം നിന്റെ അടുക്കലേക്ക് തിരിച്ചുവിട്ട സന്ദർഭം ഓർക്കുക. അങ്ങനെ, അവർ അവിടെ ഹാജരായപ്പോൾ അവർ—അന്യോന്യം—മൗനമായിരിക്കുവിൻ എന്നു പറഞ്ഞു. അങ്ങിനെ, അതു തീർന്നപ്പോൾ അവർ താക്കീതു നൽകുന്നവരായിക്കൊണ്ട് തങ്ങളുടെ ജനതയിലേക്ക് തിരിച്ചുപോയി) എന്നിട്ട് അതു തീർന്നപ്പോൾ അവർ താക്കീതു നൽകുന്നവരായിക്കൊണ്ട് (مُّنذِرِينَ) എന്നു ചേർക്കപ്പെട്ട റസൂലുകളെ ഉദ്ദേശിച്ചുപറയപ്പെട്ട ഖുർആനിൽ താക്കീതുകാരൻ, മുന്നറിയിപ്പു നൽകുന്നവൻ (نذير) എന്നീ പേരുകൾ റസൂലുകളെ ഉദ്ദേശിച്ചുപറയപ്പെട്ട ഖുർആനിൽ സാധാരണമാണുതാനും. ഖുർആൻ കേട്ടശേഷം സ്വജനതയെ താക്കീതു ചെയ്യാൻ പോയ ജിന്നുകൾ [illegible] ഉപദേശകരായിരുന്നില്ലെന്നാണ് ഈ പ്രയോഗത്തിൽ നിന്ന് മനസ്സിലാകുന്നത്.

ദൈവശാസനകൾ മനുഷ്യനു മാത്രം ബാധകമാണോ?

വിശേഷബുദ്ധിയും മററും ഉള്ളതുകൊണ്ടാണ് ഇതരസൃഷ്ടികൾക്കില്ലാത്ത ഉത്തരവാദിത്വം മനുഷ്യനു നല്കപ്പെട്ടതെന്നു സൂ: അഹ്സാബ്: 72ൽ അല്ലാഹു ചൂണ്ടിക്കാട്ടിയിരിക്കുകൊണ്ടും, ജിന്നിനും ഇൻസിനും ഹൃദയവും, കണ്ണും, കാതും ഉണ്ടെന്നു സൂ: അഅ്റാഫ്: 179ൽ പ്രസ്താവിച്ചിരിക്കുകൊണ്ടും ഇൻസും ജിന്നും ഒരേ വർഗ്ഗമാണ് എന്ന [illegible] വാദം ബാലിശമത്രെ. വിശേഷബുദ്ധിയും മററും ഉള്ളതുകൊണ്ടാണ് ദൈവശാസനകൾക്കു [illegible] മനുഷ്യൻ വിധേയനായതെന്ന് ആ ആയത്തിൽ അല്ലാഹു വ്യക്തമായി പ്രസ്താവിച്ചിട്ടില്ല. [illegible] ഒരു കാര്യമാണെന്നുള്ളതിൽ സംശയമില്ല. പക്ഷേ, മനുഷ്യനല്ലാത്ത മററുള്ളവർക്കു യാതൊരു [illegible] നിയമങ്ങളും ശാസനകളും ബാധകമല്ലെന്ന ഒരു സൂചനയും അതിൽ ഇല്ല. മനുഷ്യന്റെ അതേ രീതി [illegible] ഉത്തരവാദിത്വം മററുള്ളവർക്കില്ലെന്നേ അതിൽനിന്നു വരുന്നുള്ളു. ഇതുസംബന്ധിച്ചു [illegible] വിവരം യഥാസ്ഥാനത്തുവെച്ചു നാം ഉദാഹരണസഹിതം ചൂണ്ടിക്കാട്ടിയിരിക്കുന്നു. അവിടെ നോക്കുക. [illegible] മനുഷ്യൻ ഏറെറടുക്കേണ്ടിവന്ന ഉത്തരവാദിത്വം, തികച്ചും അതേ രൂപത്തിൽ ജിന്നുകൾക്കോ മലക്കുകൾക്കോ മററോ ഇല്ലെന്നുമാത്രം. അല്ലാഹുവിനു ആരാധന ചെയ്‌വാൻ ജിന്നും, ഇൻസും കല്പിക്കപ്പെട്ടവരാണ് (51:56). മലക്കുകളും അല്ലാഹുവിനു ആരാധന നടത്തുന്നു (7:206). എല്ലാവരുടെയും ആരാധനാക്രമം ഒന്നായിരിക്കയില്ലെന്ന വ്യക്തമാണല്ലോ.

കണ്ണ്, കാതു മുതലായ ചില അവയവങ്ങളുണ്ടെന്നു പറഞ്ഞതുകൊണ്ടും ജിന്നുകൾ മനുഷ്യവർഗ്ഗമാണെന്നു വിധി കല്പിച്ചുകൂടാ. മനുഷ്യവർഗ്ഗത്തിൽപെടാത്ത പക്ഷിമൃഗാദികൾക്കും അങ്ങിനെയുള്ള അവയവങ്ങളുള്ളതുകൊണ്ട് അവയൊന്നും മനുഷ്യനാകുന്നില്ലല്ലോ. മലക്കുകൾക്കു ചിറകുകളുണ്ടെന്നു (സൂ: ഫാത്വിറിൽ) അല്ലാഹു പറയുന്നു. അതുകൊണ്ട് അവർ പക്ഷികളുമാകുന്നില്ല. കസേരക്കു കണ്ണും കാലും ഉള്ളതുകൊണ്ട് അത് ജീവിയാണെന്നും വരുന്നില്ല. ഓരോന്നിന്റെയും അവയവങ്ങൾ അതിന്റെ പ്രകൃതിസ്വഭാവമനുസരിച്ചായിരിക്കും. അവയെപ്പററി പ്രസ്താവിക്കുമ്പോൾ, മനുഷ്യർക്കു പരിചയമുള്ള വാക്കുകളിലും പേരുകളിലുമായിരിക്കും അവയെപ്പററി സംസാരിക്കപ്പെടുന്നതുമാത്രം. ജിന്നുകളുടെ ഹൃദയവും, കണ്ണും, കാതും എപ്രകാരമായിരിക്കുമെന്നു നിർണ്ണയിക്കുവാൻ നമുക്കു കഴിവില്ല എന്നല്ലാതെ ഇതുകൊണ്ട് ജിന്നും ഇൻസും ഒരു വർഗ്ഗമാണെന്ന വിധി കല്പിച്ചുകൂടാത്തതാണ്.

പ്രപഞ്ചത്തിലെ ഏററവും ഉൽകൃഷ്ട സൃഷ്ടി

ജിന്നുകൾ ഒരു പ്രത്യേക വർഗ്ഗമാണെങ്കിൽ 'പ്രപഞ്ചത്തിലെ ഏററവും ഉൽകൃഷ്ട സൃഷ്ടി' എന്ന മനുഷ്യന്റെ സ്ഥാനം നഷ്ടപ്പെടുമെന്നുള്ള ഇവരുടെ ഭയമാണ് ഇനി ആലോചിക്കുവാനുള്ളത്. മനുഷ്യൻ വളരെ ഉൽകൃഷ്ട സൃഷ്ടി തന്നെ. പക്ഷേ, പ്രപഞ്ചത്തിലെ ഏററവും ഉൽകൃഷ്ട സൃഷ്ടിയെന്ന തീർത്തുപറയാമോ? ഇതിനു വ്യക്തമായ യാതൊരു തെളിവുമില്ല. മനുഷ്യവർഗ്ഗത്തിന്റെ ഉന്നതസ്ഥാനം ചൂണ്ടിക്കാട്ടുന്ന ഏററവും വ്യക്തമായ ഖുർആൻ വചനം ഇതാണ്: وَلَقَدْ كَرَّمْنَا بَنِي آدَمَ وَحَمَلْنَاهُمْ فِي الْبَرِّ وَالْبَحْرِ وَرَزَقْنَاهُم مِّنَ الطَّيِّبَاتِ وَفَضَّلْنَاهُمْ عَلَىٰ كَثِيرٍ مِّمَّنْ خَلَقْنَا تَفْضِيلًا — الإسراء : ٧٠ (ആദമിന്റെ സന്താനങ്ങളെ നാം ആദരിച്ചിട്ടുണ്ട്. കരയിലും, കടലിലും നാം അവരെ വഹിച്ചുകൊണ്ടുപോകുകയും, അവർക്കു നല്ല വസ്തുക്കളിൽ നിന്നും ആഹാരം കൊടുക്കുകയും ചെയ്തു. നാം സൃഷ്ടിച്ചിട്ടുള്ളവരിൽ വളരെ എണ്ണത്തെക്കാളും അവരെ നാം ശ്രേഷ്ഠരാക്കുകയും ചെയ്തിരിക്കുന്നു.) എല്ലാവരെക്കാളും ശ്രേഷ്ഠരാക്കി എന്നു അല്ലാഹു പറയുന്നില്ല. വളരെ എണ്ണത്തെക്കാളും ശ്രേഷ്ഠത നൽകി (عَلَىٰ كَثِيرٍ) എന്നു മാത്രമേ പറഞ്ഞിട്ടുള്ളു. മററതിലും വാക്യങ്ങളിൽനിന്നു മനുഷ്യൻ പ്രപഞ്ചത്തിലെ ഏററവും ഉൽകൃഷ്ട സൃഷ്ടിയാണെന്നു വല്ലവർക്കും തോന്നിയാൽതന്നെയും ഈ സ്പഷ്ടമായ വചനത്തിനെതിരിൽ അതു സ്വീകാര്യമായിരിക്കയില്ല. അപ്പോൾ, ചില സൃഷ്ടികളെങ്കിലും ചുരുങ്ങിയതു മനുഷ്യനെപ്പോലെ ശ്രേഷ്ഠതയുള്ളവർ വേറെ ഉണ്ടായിരിക്കണമല്ലോ. ഈ സൃഷ്ടികൾ ആരായിരിക്കുമെന്ന നമുക്കറിഞ്ഞുകൂടാ. അല്ലാഹുവിനു മാത്രമേ അറിയൂ. മനുഷ്യർക്കറിയാത്ത എത്രയോ സൃഷ്ടികൾ ഈ പ്രപഞ്ചത്തിൽ വേറെയുണ്ടായിരിക്കാവുന്നതാണ്. وَيَخْلُقُ مَا لَا تَعْلَمُونَ (നിങ്ങളറിയാത്തതു അവൻ സൃഷ്ടിക്കുന്നു.)

എന്നാൽ, മനുഷ്യൻ ജിന്നുകളെക്കാൾ ഉൽകൃഷ്ടനാണെന്നതിൽ മുസ്ലിംകൾക്കിടയിൽ തർക്കമില്ല. അവർ ബുദ്ധിജീവികളും, കർമ്മവലംബികളും ആണെന്നുള്ളതുകൊണ്ട് മനുഷ്യന്റെ ഉൽകൃഷ്ടതക്കോ, മഹത്വത്തിനോ യാതൊരു വിഘ്നവും നേരിടുവാനുമില്ല. അങ്ങിനെ ഇവർക്കു ഒരു ഭയം തോന്നാനുള്ള കാരണം എന്താണാവോ?! ബുദ്ധിജീവികളായ മനുഷ്യന്റെ അറിവിൽ പെട്ടിടത്തോളം, മനുഷ്യനും ജിന്നിനും പുറമെയുള്ളതു മലക്കുകളാണ്. മലക്കുകളും, മനുഷ്യരും തമ്മിൽ നോക്കുമ്പോൾ കൂടുതൽ ശ്രേഷ്ഠത ആർക്കാണെന്നതിൽ മുസ്ലിംകളിൽ ഭിന്നാഭിപ്രായമാണുള്ളത്. ഖണ്ഡിതമായ തെളിവ് ഇല്ലാത്തതാണിതിനു കാരണം. മലക്കുകൾക്കാണ് കൂടുതൽ

ശ്രേഷ്ഠന്മാർ എന്നാണ് മുഅ്തസിലഃ (المعتزلة) വിഭാഗവും, ചില തത്വശാസ്ത്രജ്ഞന്മാരും, അഹ്ലുസ്സുന്നഃ വിഭാഗക്കാരായ ചുരുക്കം പണ്ഡിതൻമാരും പറയുന്നത്. ഇമാം സമഖ്ശരി (*) ഈ വിഷയത്തിൽ വലിയ ഒരു പ്രസ്താവന തന്നെ ചെയ്തിട്ടുണ്ട്. മലക്കുകൾക്കു ശ്രേഷ്ഠത നൽകുവാൻ അദ്ദേഹം പറഞ്ഞ ന്യായങ്ങളിൽ, നബിമാരെപ്പറ്റി മര്യാദകെട്ടു പറഞ്ഞുപോയിട്ടുണ്ടെന്നുപോലും ചിലർ ആക്ഷേപിച്ചിരിക്കുന്നു. പക്ഷേ, അഹ്ലുസ്സുന്നത്തിൽ പെട്ട ഭൂരിഭാഗവും അഭിപ്രായപ്പെടുന്നതും, പൊതുവിൽ മുസ്ലിംകൾ അംഗീകരിച്ചു വരുന്നതും മനുഷ്യവർഗ്ഗത്തിലെ സജ്ജനങ്ങൾ മറ്റേതു വർഗ്ഗത്തെക്കാളും ശ്രേഷ്ഠരാകുന്നുവെന്നത്രെ. വിശദീകരണവേളയിൽ അഭിപ്രായവ്യത്യാസങ്ങൾ പലതും കാണാം. (كما في فتح الباري وغيره)

വാസ്തവത്തിൽ - ശൈഖ് അബ്ദുൽവഹ്ഹാബ് നജ്ജാർ മുതലായവർ പറഞ്ഞതുപോലെ - മലക്കുകളോ മനുഷ്യരോ ആരാണ് കൂടുതൽ ശ്രേഷ്ഠതയുള്ളവർ എന്നതിനെപ്പറ്റി ഒരു തീരുമാനമോ വിധികരണമോ പറയാതിരിക്കുന്നതാണ് കൂടുതൽ നല്ലത്. ഒന്നിനും വേണ്ടത്ര തെളിവുകളില്ല. മനുഷ്യൻ നന്നായിത്തീർന്നാൽ അങ്ങേഅറ്റം ശ്രേഷ്ഠനാകുവാനും, ദുഷിച്ചാൽ ഇങ്ങേഅറ്റം നികൃഷ്ടനാകുവാനും സാധ്യമാണ് എന്നുവെച്ച് സമാധാനിക്കുക. ഈ ഭൗതിക ജീവികളിൽ ഉൽകൃഷ്ടൻ താൻതന്നെ എന്നു മനുഷ്യന്നു നിശ്ചയമായും അഭിമാനിക്കാവുന്നതുമാകുന്നു.

റിജാൽ (رجال) എന്ന വാക്ക്

رجال من الجن (ജിന്നിൽ നിന്നുള്ള പുരുഷൻമാർ) എന്നു ഖുർആനിൽ (സൂ: ജിന്നിൽ) പറഞ്ഞിരിക്കുന്നു. ഇതിലെ 'റിജാൽ' എന്ന വാക്കു മനുഷ്യരിലുള്ള പുരുഷൻമാർക്കേ പറയാവൂ എന്നും, അതുകൊണ്ടു ജിന്നുകൾ മനുഷ്യരാണ് എന്നുമുള്ള വാദമാണ് ഇനി ബാക്കിയുള്ളത്. മനുഷ്യരിലുള്ള പുരുഷൻമാർക്കാണ് സാധാരണമായി 'റിജാൽ' എന്നു പറയാറുള്ളതു എന്നല്ലാതെ, ജിന്നുവർഗ്ഗത്തിൽപെട്ടവർക്കു ഈ വാക്കു ഉപയോഗിച്ചുകൂടാ എന്നതിനു യാതൊരു തെളിവുമില്ല. ഇമാം റാസീ (റ) ഇതു പ്രത്യേകം എടുത്തുപറഞ്ഞിട്ടുണ്ട്. (الرازي ج ٨ ص ٦١٢) ഇനി, 'റജുലി'ന്റെ അർത്ഥം ഭാഷയിൽ അതിന്നുതന്നെയാണെന്നു സമ്മതിക്കുക: എന്നാലും, ജിന്നുകളെക്കുറിച്ചു അതു ഉപയോഗിക്കുന്നതിനു യാതൊരു വിരോധവുമില്ല. മനുഷ്യരിലെന്നപോലെ, ജിന്നുകളിലെ ഓരോ തരക്കാരെപ്പറ്റിയും ഉപയോഗിക്കുവാനുള്ള പ്രത്യേക വാക്കുകൾ മനുഷ്യർക്കു അപരിചിതമാണ്. അതുകൊണ്ട് സാദൃശ്യ (شبه) രൂപത്തിലോ ഉപമ (تشبيه) രൂപത്തിലോ അങ്ങിനെ ഉപയോഗിച്ചതായിരിക്കുവാൻ സാധ്യതയുണ്ട്. സൂറത്തുൽ ജിന്നിലെ വാക്യത്തിൽ ആദ്യം മനുഷ്യരിലുള്ള പുരുഷൻമാരെക്കുറിച്ചു (رجال من الإنس എന്നു) പറഞ്ഞതിനെത്തുടർന്നാണ് ജിന്നുകളിലുള്ള പുരുഷൻമാർ (رجال من الجن) എന്നു പറഞ്ഞിരിക്കുന്നത്. ആദ്യത്തേതിനോട് കിടയൊപ്പിച്ച് രണ്ടാമത്തേതിലും അതേ വാക്കു ഉപയോഗിച്ചതും ആവാം. ഇതിനു അറബി സാഹിത്യശാസ്ത്രത്തിൽ مشاكلة എന്നാണ് പേര്. അറബിഭാഷയിൽ മാത്രമല്ല, മറ്റു ഭാഷകളിലും പതിവുള്ളതാണീ പ്രയോഗം.

ബൈബ്ളിലെ പ്രസ്താവനകൾ

ജിന്നുകൾ മനുഷ്യവർഗ്ഗം തന്നെയാണെന്ന വാദത്തിന് വേറൊരു തെളിവു ഇവർ ചൂണ്ടിക്കാട്ടാറുണ്ട്. സുലൈമാൻ (അ) നബിക്കു ജിന്നുകളെ അല്ലാഹു കീഴ്പ്പെടുത്തിയിരുന്നുവെന്നും, വമ്പിച്ച കെട്ടിടങ്ങൾ നിർമ്മിക്കുക മുതലായ ഭാരിച്ച പല ജോലികളും അവർ അദ്ദേഹത്തിനുവേണ്ടി ചെയ്തിരുന്നുവെന്നും ഖുർആനിൽ പറഞ്ഞിരിക്കുന്നുവല്ലോ. ബൈബിളിൽ ഈ ജോലികളെക്കുറിച്ചു പറയുമ്പോൾ ജിന്നുകളെപ്പറ്റി ഒന്നും പ്രസ്താവിച്ചുകാണുന്നില്ല. മാത്രമല്ല, ഇസ്രാഈല്യരല്ലാത്ത അന്യൻമാരെ ദാവൂദ് (അ) നബി എണ്ണം നോക്കിയതുപോലെ അദ്ദേഹവും എണ്ണം നോക്കിയെന്നും, ആയിരക്കണക്കിൽ ആളുകളെ കല്ലുവെട്ടുകാരും, ചുമട്ടുകാരും മറ്റുമായി നിശ്ചയിച്ചുവെന്നും ബൈബ്ൾ (2. ദിനവൃത്താന്തം 2: 17, 18ൽ) പ്രസ്താവിച്ചിരിക്കുന്നു. ഇസ്രാഈല്യരിൽ ഉൾപ്പെടാത്തവരെ ഊഴിയവേലക്കാരാക്കുകയും, ഇസ്രാഈല്യരെ ആരെയും ദാസൻമാരാക്കാതിരിക്കുകയും ചെയ്തുവെന്നും അതിൽ (2: ദിനവൃത്താന്തം 8: 7–10ൽ) പ്രസ്താവിച്ചിരിക്കുന്നു. ഇസ്രാഈല്യരെ കണക്കെടുത്ത് ലേവ്യരെ പ്രമാണിമാരായും, ന്യായാധിപൻമാരായും, സ്തോത്രകീർത്തനങ്ങൾ നടത്തുന്നവരായും മറ്റും നിയമിക്കുകയും ചെയ്തു (1. ദിനവൃത്താന്തം 23: 2–5ൽ) അപ്പോൾ, ഇസ്രാഈല്യരല്ലാത്തവരും, അപരിഷ്കൃതരുമായ ആ അന്യജനവിഭാഗമാണ് സുലൈമാൻ(അ)

(*) കശ്ശാഫ് (الكشاف) എന്ന പ്രസിദ്ധ തഫ്സീറിന്റെ കർത്താവും മുഅ്തസിലഃ വിഭാഗത്തിലെ ഒരു നേതാവുമത്രെ ഇമാം സമഖ്ശരി (جار الله الزمخشري - رح)

നബിക്കു കീഴ്പ്പെടുത്തിക്കൊടുക്കപ്പെട്ട ജിന്നുകൾ എന്നും, ആ അപരിഷ്കൃത വിഭാഗത്തിലുള്ള കടുത്ത പോക്കിരികളാണ് അദ്ദേഹത്തിനു കീഴ്പ്പെടുത്തപ്പെട്ടിരുന്നതായി ഖുർആനിൽ പറഞ്ഞ ശൈത്താൻമാർ എന്നുമാണ് ഇവർ സമർത്ഥിക്കുന്നത്.

മേപ്പടി സംഭവങ്ങൾ വിവരിച്ചതിൽ മനുഷ്യരല്ലാത്ത മറ്റൊരു വർഗ്ഗത്തെക്കുറിച്ചു ബൈബ്ളിൽ പ്രസ്താവിച്ചിട്ടില്ല എന്നുള്ളതു ശരിയാണ്. ഒരു കാര്യം പ്രസ്താവിക്കാത്തതുകൊണ്ടു അങ്ങിനെ ഒരു കാര്യം തന്നെ ഇല്ലെന്നു വരുകയില്ല. ഖുർആനിൽ പറഞ്ഞിട്ടുള്ളവരും, അല്ലാത്തവരുമായ പല നബിമാരെക്കുറിച്ചും പല സംഭവങ്ങൾ വിശദീകരിച്ചു പറയാറുള്ള ബൈബ്ളിന്റെ (തൗറാത്തു വിഭാഗത്തിലെ) പുസ്തകങ്ങളിൽ എവിടെയും സ്പർശിക്കുക പോലും ചെയ്യാത്ത ചില സംഭവങ്ങൾ ഖുർആനിൽ കാണാവുന്നതാണ്. അവയിൽ പ്രസ്താവിച്ച സംഭവങ്ങളുടെ വിവരണത്തിൽ, ഖുർആനും അവയും തമ്മിൽ പലപ്പോഴും വ്യത്യാസമോ വൈരുദ്ധ്യമോ കാണാറും ഉണ്ട്. അക്കാരണത്താൽ, ഖുർആന്റെ പ്രസ്താവനകളെ ബൈബ്ളിന്റെ പ്രസ്താവനക്കനുസരിച്ചു വ്യാഖ്യാനിക്കുന്നതു ഒരിക്കലും ശരിയല്ല. ആദം (അ) നബിക്കു മലക്കുകൾ സുജൂദു ചെയ്തതും, ഇബ്ലീസു ചെയ്യാതിരുന്നതും ബൈബ്ളിൽ പറയുന്നില്ല. അങ്ങിനെ പല ഉദാഹരണങ്ങളും.

സുലൈമാൻ നബി (അ) ജനങ്ങളുടെ കണക്കെടുക്കുന്നതിനുമുമ്പ് പിതാവ് ദാവൂദ് നബി (അ) അവരുടെ കണക്കെടുക്കുകയുണ്ടായെന്നു പറഞ്ഞുവല്ലോ. എന്നാൽ, ദാവൂദ് നബി (അ) അവരുടെ കണക്കെടുക്കുവാൻ കാരണം തന്നെ, 'സാത്താനാ'യിരുന്നു (ശൈത്താനായിരുന്നു)വെന്നാണ് ബൈബ്ളിന്റെ അതേ പുസ്തകം പറയുന്നത്. 'അനന്തരം സാത്താൻ യിസ്രായേലിനു വിരോധമായി എഴുന്നേററു യിസ്രായേലിനെ എണ്ണുവാൻ ദാവീദിന്നു തോന്നിച്ചു.' (1. ദി. വൃ. 21: 1) ഇതാണതിലെ വാചകം. പിശാചിന്റെ പ്രേരണക്കു ദാവൂദ് (അ) വഴിപ്പെട്ടുവെന്നു നാം കരുതുന്നില്ല. എങ്കിലും, മനുഷ്യനല്ലാത്ത ഒരു 'സാത്താൻ' ഉണ്ടെന്നു ബൈബ്ളും പറയുന്നുണ്ടെന്നു ഇതിൽ നിന്നറിയാമല്ലോ. ഈ സ്ഥലത്തു മാത്രമല്ല, പല സ്ഥലങ്ങളിലും ബൈബ്ൾ ജിന്നിനെയും ശൈത്താനെയും കുറിച്ചു പറഞ്ഞിട്ടുള്ളതു കാണാം. 'ഭൂതം, സാത്താൻ, പിശാച്, ദുഷ്ടൻ, ദേവൻ, ദുർഭൂതം' എന്നിങ്ങിനെയുള്ള പേരുകളിലാണ് അതു ബൈബ്ളിന്റെ മലയാളപതിപ്പിൽ ചേർത്തിട്ടുള്ളത്. (*)

ബൈബിളിന്റെ നിഘണ്ടുവായ 'വേദപുസ്തക നിഘണ്ടു'വിൽ 'ഭൂത'ങ്ങളെക്കുറിച്ചു പറയുന്ന കൂട്ടത്തിൽ ഇങ്ങിനെ പറയുന്നു: 'വിദ്യാഭ്യാസവും, പരിഷ്കാരവുമുള്ളവർ, അപരിഷ്കൃതൻമാരെപ്പോലെ ഇപ്രകാരം വിശ്വസിക്കുന്നില്ലെങ്കിലും അദൃശ്യമായി ജീവിക്കുന്ന അനേകം ആത്മാക്കളുണ്ടെന്നുള്ളതിന്നു ലക്ഷ്യങ്ങൾ കാണാവുന്നതാണെന്നു സമ്മതിക്കും. ഈ ആത്മാക്കളിൽ ചിലതു നല്ലതും, ചിലതു ചീത്തയുമാണ്. (വേ. പു. നി. ഭാഗം 307) 'സാത്താനെ'ക്കുറിച്ചു വിവരിക്കുന്ന മദ്ധ്യത്തിൽ പറയുന്നു: 'ചില വാക്യങ്ങളിൽ (ബൈബിളിൽ) 'സാത്താൻ' എന്ന പേരുള്ള പിശാചുക്കൾ പലതുണ്ടെന്നും, മററു ചില വാക്യങ്ങളിൽ പിശാചുക്കളുടെ തലവനായി 'സാത്താൻ' എന്നൊരുവൻ ഉണ്ടെന്നും പറഞ്ഞിരിക്കുന്നു. ഈ സാത്താൻമാർ മനുഷ്യരെ ദോഷം പ്രവർത്തിക്കുന്നതിന്നു പ്രേരിപ്പിക്കുമെന്നും, മനുഷ്യരുടെ മേൽ കുററം ആരോപിക്കുമെന്നും........ഹാനോക്കിന്റെ പുസ്തകത്തിൽ പറഞ്ഞിരിക്കുന്നു........ഇവന്നു ദുഷ്ടൻ എന്നും പേരുണ്ട്........ഇവൻ പിശാചുക്കളുടെ തലവനാകുന്നു....ഇവൻ മനുഷ്യരെ വഞ്ചിക്കുന്നു.' (വേ. പു. നി. ഭാഗം 535)

'മല്ലൻമാർ, വീരൻമാർ' എന്നിങ്ങിനെ ചിലരെപ്പററിയും ബൈബിൾ പറയുന്നുണ്ട്. (ഉൽപത്തി, 6: 4; സങ്കീർത്തനങ്ങൾ, 45: 3 മുതലായവ) വേദപുസ്തക നിഘണ്ടുവിൽ ഇവരെപ്പററി ഇപ്രകാരം കാണാം. 'നെഫീലീം' എന്ന എബ്രായ (ഹിബ്രാണി) പദം മലയാളത്തിൽ മല്ലൻമാർ എന്നു ഭാഷാന്തരം ചെയ്യപ്പെട്ടിരിക്കുന്നു. നമ്മുടെ ദേശക്കാർ അസുരൻമാരെക്കുറിച്ചു ഭയപ്പെടുന്നതുപോലെ, എബ്രായർ ഇവരെക്കുറിച്ചു ഭയപ്പെടുന്നു. 'നെഫീലീം' എന്നതു ആ ദേശത്തിലെ ആദിമവാസികളെക്കുറിക്കുന്നുവെന്നു തോന്നുന്നു. പഴയ നിയമത്തിൽ ഓഗ്, ഗോല്യാത്ത് (عوج ، جالوت) മുതലായ ചില അസാധാരണ ദൈർഘ്യമുള്ള മനുഷ്യരെക്കുറിച്ചു നാം വായിക്കുന്നു. ഇവരെയും മല്ലൻമാരെന്നു പറഞ്ഞിരിക്കുന്നു. (വേ. പു. നി. ഭാ: 325)

'ജിന്ന'കൾ എന്നു പറയപ്പെടുന്നതു കാടൻമാരും അപരിഷ്കൃതരുമായ ആളുകളാണെന്നും, 'ശൈത്താൻമാർ' എന്നു പറയപ്പെടുന്നതു പോക്കിരികളും മതികായൻമാരുമാണെന്നും വാദിക്കുന്നവർ പ്രസ്തുത 'മല്ല'ൻമാരെ തെററിദ്ധരിച്ചതോ, അല്ലെങ്കിൽ കൽപിച്ചുകൂട്ടി 'ഭൂത'ങ്ങളെയും, 'പിശാചു'ക്കളെയും 'മല്ല'ൻമാരാക്കി ചിത്രീകരിച്ചതോ ആയിരിക്കുമെന്നാണ് തോന്നുന്നത്.

(*) ഇയ്യോബ്, 2: 1; സെഖര്യാവു, 3: 1, 2; മത്തായി, 12: 24, 26; മത്തായി. 13: 19: സങ്കീർത്തനങ്ങൾ, 106: 37; ആവർത്തനം, 32: 17 മുതലായവ നോക്കുക.

മേൽ പ്രസ്താവിച്ചതിൽനിന്ന ഖുർആനിലും ഇസ്ലാംമത പ്രമാണങ്ങളിലും പറയപ്പെടുന്ന ജിന്നും ശൈത്താനും മനുഷ്യരിൽനിന്ന് വ്യത്യസ്തമായ ഒരു പ്രത്യേക വർഗ്ഗമാണെന്നും, മനുഷ്യവർഗ്ഗത്തിലെ ഏതെങ്കിലും തരത്തിലുള്ള ഒരു വിഭാഗമല്ലെന്നും നിഷ്പക്ഷ ഹൃദയന്മാർക്കും, സത്യാന്വേഷികൾക്കും ബോധ്യപ്പെട്ടിരിക്കുമെന്നു വിശ്വസിക്കുന്നു. ജിന്നുവർഗ്ഗത്തെയും, പിശാചുക്കളെയും നിഷേധിക്കുന്നതു ഖുർആന്റെയും, ഹദീസിന്റെയും നിഷേധമായതുകൊണ്ടും, ഈ നിഷേധം അനേകം ദുർവ്യാഖ്യാനങ്ങൾക്കും, പല മതതത്വങ്ങളുടെയും നിരാകരണത്തിനും, പരിഹാസത്തിനും ഇടവരുത്തുന്നതാകകൊണ്ടും ഇത്രയും വിവരിക്കേണ്ടി വന്നതാണ്. അല്ലാഹു നമുക്ക് സത്യം ഗ്രഹിക്കുവാനും, അതനുസരിക്കുവാനും തൗഫീഖ് നൽകട്ടെ. ആമീൻ.

اللهم ألهمنا السداد والصواب وأرنا الأشياء كما هي

ആകാശത്തുനിന്ന് പിശാചുക്കളുടെ കട്ടുകേൾക്കൽ

(استراق الشياطين من السماء)

നബി (സ) തിരുമേനിയുടെ 'രിസാലത്തി'നു (ദിവ്യദൗത്യത്തിനു) മുമ്പ് ആകാശത്തുവെച്ച് മലക്കുകളിൽനിന്നു ജിന്നുകൾ ചില വാർത്തകൾ കട്ടുകേൾക്കാറുണ്ടായിരുന്നുവെന്നും, പിന്നീട് അതു തടയപ്പെട്ടിരിക്കുകയാണെന്നുമുള്ള വിഷയത്തിൽ, ഖുർആനും ഹദീസും സ്വീകരിക്കുന്ന മുസ്‌ലിംകളിൽ തർക്കത്തിനവകാശമില്ല. മുസ്‌ലിംകൾ പൊതുവിൽ ഇതിൽ ഏകാഭിപ്രായക്കാരാണുതാനും. 'മുഅ്ജിസത്തു' (നബിമാരുടെ കൈക്കു വെളിപ്പെടാറുള്ള അമാനുഷിക സംഭവം)കളെ നിഷേധിക്കുന്നവർക്കും, ബാഹ്യദൃഷ്ടികൾക്കു കാണ്മാൻ കഴിയാത്ത ജിന്ന്, ശൈത്താൻ മുതലായവയെ നിഷേധിക്കുന്നവർക്കും ഇതു വിശ്വസിക്കുവാൻ നിവൃത്തിയില്ലെന്നു പറയേണ്ടതില്ല. ഭൗതികശാസ്ത്രങ്ങൾക്കും, സ്വന്തം യുക്തിന്യായങ്ങൾക്കും യോജിക്കുന്നതുമാത്രമേ അവർക്കു വിശ്വസിക്കുവാൻ സാധിക്കുകയുള്ളൂ. ഇങ്ങിനെയുള്ള ചില ആളുകൾ എല്ലാ കാലത്തും മുസ്‌ലിം സമുദായത്തിൽ ഉണ്ടായിട്ടുണ്ട്. അടുത്തകാലം മുതൽ നമ്മുടെ നാട്ടിൽ ഇങ്ങിനെയുള്ളവരുടെ പ്രചാരവേല വർദ്ധിച്ചുവരികയാണ്. ആത്മീയ മൂല്യങ്ങളെ 'പഴഞ്ചൻ' വിശ്വാസങ്ങളാക്കി തള്ളുകയും, ഭൗതിക വീക്ഷണങ്ങളെ മാത്രം 'പുരോഗമന'മായി ഗണിച്ചു വരുകയും ചെയ്യുന്ന കാലമാണല്ലോ ഇത്. അതുകൊണ്ട് ഈ വിഷയത്തിലുള്ള യാഥാർത്ഥ്യം എന്താണെന്നു ഖുർആന്റെയും ഹദീസിന്റെയും അടിസ്ഥാനത്തിൽ ചുരുക്കി വിവരിക്കുകയും, സാധാരണക്കാരും, മതപ്രമാണങ്ങളെപ്പററി വേണ്ടത്ര അറിവില്ലാത്തവരുമായ ആളുകളെ ആശയക്കുഴപ്പത്തിലാക്കുവാൻ നിഷേധികൾ കൊണ്ടുവരാറുള്ള ന്യായവാദങ്ങളെക്കുറിച്ചു മൊത്തത്തിൽ ഒരു പരിശോധന നടത്തുകയുമാണ് ഈ കുറിപ്പിന്റെ ലക്ഷ്യം. والله الموفق

പിശാചുക്കളുടെ കട്ടുകേൾവിയെക്കുറിച്ച് ഖുർആൻ പല സ്ഥലത്തും പ്രസ്താവിച്ചിട്ടുണ്ടെങ്കിലും മൂന്നു സൂറത്തുകളിലാണ് കൂടുതൽ സ്പഷ്ടവും വിശദവുമായി പ്രസ്താവിച്ചിരിക്കുന്നത്. യാതൊരു വ്യാഖ്യാനവും കൂടാതെതന്നെ ആ പ്രസ്താവനകളുടെ സാരം ആർക്കും ഗ്രഹിക്കാവുന്നതാണ്. അല്ലാഹുവിന്റെ ആദ്യത്തെ പ്രസ്താവന ഇതാണ്:—

ولقد جعلنا في السماء بروجا ...... فأتبعه شهاب مبين — الحجر : ١٦ - ١٨

(തീർച്ചയായും ആകാശത്തിൽ നാം ഗ്രഹമണ്ഡലങ്ങളെ ഏർപ്പെടുത്തുകയും, നോക്കുന്നവർക്കു അതിനെ അലങ്കരിക്കുകയും ചെയ്തിരിക്കുന്നു. എല്ലാ ആട്ടപ്പെട്ട പിശാചിൽനിന്നും അതിനെ നാം കാക്കുകയും ചെയ്തിരിക്കുന്നു. പക്ഷേ, ആരെങ്കിലും കട്ടുകേൾക്കുവാൻ ശ്രമിച്ചാൽ പ്രത്യക്ഷമായ ഒരു തീജ്ജ്വാല അവനെ പിന്നാലെ ചെല്ലുന്നതാണ്. (ഹിജ്ർ: 10-18.)

إنا زينا السماء الدنيا ...... شهاب ثاقب — الصافات : ٦ - ١٠

(നിശ്ചയമായും—ഐഹികമായ—ഏററവും അടുത്ത ആകാശത്തെ നക്ഷത്രങ്ങളാകുന്ന അലങ്കാരംകൊണ്ടു നാം അലങ്കരിച്ചിരിക്കുന്നു. ധിക്കാരിയായ എല്ലാ പിശാചിൽ നിന്നും കാവലായും (ആക്കിയിരിക്കുന്നു. ആകയാൽ) 'മലഉൽ അഅ്ലാ'യിലേക്കു അവർ ചെവികൊടുത്തു കേൾക്കുകയില്ല. എല്ലാ ഭാഗത്തുനിന്നും അവർ എറിയപ്പെടുക

ളും സമ്പത്തും—സ്വന്തമാക്കിപ്പെടുത്താതിരിക്കുവാനായിട്ട്. നിരന്തരമായ ഒരു ശിക്ഷയും അവർക്കുണ്ടായിരിക്കും. പക്ഷേ, ആരെങ്കിലും (ഒരു) റാഞ്ചൽ റാഞ്ചിയെടുത്താൽ, തുളച്ചുചെല്ലുന്ന ഒരു തീജ്വാല അവനെ പിന്തുടർന്ന് ചെല്ലുന്നതാണ്". (സ്വാഫ്ഫാത്ത്, 6-10) നബി (സ) ഖുർആൻ പാരായണം ചെയ്യുന്നതുകേട്ട ജിന്നുകളുടെ ഒരു സംഘം അതിനെ അനുസ്മരിച്ചുകൊണ്ട് ഒരു നിവേദനമായ പ്രസ്താവന സൂ: ജിന്നിൽ അല്ലാഹു ഉദ്ധരിച്ചിരിക്കുന്നു. അതിലെ ചില വാക്യങ്ങൾ ശ്രദ്ധിക്കുക. അല്ലാഹു പറയുന്നു:—

وانا لمسنا السماء...... يجد له شهابا رصدا

(നാം ആകാശത്തെ സ്പർശിച്ചുനോക്കി അപ്പോൾ അതു ശക്തിമത്തായ പാറാവുകാരാലും, തീജ്വാലകളാലും നിറക്കപ്പെട്ടിരിക്കുന്നതായി നാം കണ്ടെത്തി. നാം അതിൽനിന്ന് ചില ഇരിപ്പിടങ്ങളിൽ കേൾക്കുവാൻവേണ്ടി ഇരിക്കാറുണ്ടായിരുന്നു. എന്നാൽ, ഇപ്പോൾ ആരെങ്കിലും ചെവികൊടുക്കുന്നതായാൽ—കേൾക്കാൻ ശ്രമിച്ചാൽ—അവനെ വീക്ഷിച്ചുകൊണ്ടിരിക്കുന്ന ഒരു തീജ്വാല അവൻ കണ്ടെത്തുന്നതാണ്. (സൂ: ജിന്ന്.)

അല്ലാഹുവിന്റെ ഈ മൂന്ന് പ്രസ്താവനകളും തുറന്ന ഹൃദയത്തോടെ ഒരാവർത്തി വായിക്കുന്ന ആർക്കും അതിൽ നിന്ന് താഴെ പറയുന്ന സംഗതികൾ മനസ്സിലാകുമെന്നു നിസ്സംശയം പറയാം:—

നക്ഷത്രങ്ങളെ അല്ലാഹു ആകാശത്തിന് അലങ്കാരമാക്കി വെച്ചിട്ടുള്ളതുപോലെ, ദുർദ്ദുശീലക്കാരായ പിശാചുക്കളിൽ നിന്ന് അതിനെ സുരക്ഷിതമാക്കുവാനും അവയെ ഉപയോഗപ്പെടുത്തിയിരിക്കുന്നു. അതുകൊണ്ട് അവർക്ക് 'മലഉൽ അഅ്ലാ' (*) യിലേക്കു കയറിച്ചെന്നു അവരിൽ നിന്ന് വല്ലതും കട്ടുകേൾക്കുവാൻ സാധ്യമല്ല. അവിടെ അല്ലാഹു ശക്തമായ പാറാവ് ഏർപ്പെടുത്തിയിരിക്കുന്നു. അതിനാൽ, നാനാഭാഗത്തുനിന്നും അവർ ആട്ടിയോടിക്കപ്പെടും. വല്ല ദുർദ്ദുശീലക്കാരനും എന്തെങ്കിലും ഒരു വാർത്ത തട്ടിയെടുത്താൽതന്നെ, ശക്തിയേറിയ ഒരു തീജ്വാല അവന്റെ പിന്നാലെ ചെന്ന് അവനു നാശം വരുത്തും. ആകാശത്തുനിന്നു പിശാചുക്കൾ വാർത്തകൾ കട്ടുകേൾക്കുന്ന സമ്പ്രദായം മുമ്പ് ഉണ്ടായിരുന്നു. അതിനായി അവർ ആകാശത്തിൽ ചില പതിസ്ഥലങ്ങളെ ഉപയോഗപ്പെടുത്തുകയും ചെയ്തിരുന്നു. പക്ഷേ, ഇപ്പോൾ—ഖുർആന്റെ അവതരണം മുതൽ—അതു നിശ്ശേഷം തടയപ്പെട്ടിരിക്കുകയാണ്. ഇങ്ങിനെ കട്ടുകേട്ടിരുന്നവർ മനുഷ്യരായിരുന്നില്ല, ജിന്നുവർഗ്ഗത്തിൽ പെട്ട പിശാചുക്കളായിരുന്നു. (ആദ്യത്തെ രണ്ടു സൂറത്തുകളിലും 'പിശാചുക്കൾ' എന്നാണ് പറഞ്ഞിട്ടുള്ളത്. മൂന്നാമത്തേതിൽ നിന്ന് ആ പിശാചുക്കൾ ജിന്നുകളാണെന്നും മനസ്സിലാക്കാം.) ഹദീസുകളിലാകട്ടെ, കൂടുതൽ വിവരവും കാണാവുന്നതാണ്.

ഈ ഖുർആൻവചനങ്ങളിൽ പ്രസ്താവിക്കപ്പെട്ട കട്ടുകേൾവിയെ നിഷേധിക്കുന്നവർ ഈ ആയത്തുകൾക്കു നൽകുന്ന അർത്ഥവ്യാഖ്യാനത്തിന്റെ സ്വഭാവം ഇതാണ്:—' പാമരജനങ്ങളെ ചൂഷണം ചെയ്യാറുള്ള ജോത്സ്യന്മാർ, പ്രശ്നക്കാർ മുതലായവരാണ് ഈ വചനങ്ങളിൽ പിശാചു (ശൈത്താൻ) കൊണ്ടുദ്ദേശ്യം. ദിവ്യലോകത്തു നടക്കുന്ന വർത്തമാനങ്ങളും, പരിപാടികളും, ഭാവികാര്യങ്ങളും തങ്ങൾ അറിയുമെന്നും, അതിനു പല മാർഗ്ഗങ്ങളുണ്ടെന്നുമൊക്കെ അവർ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കും. ചിലർ നക്ഷത്രങ്ങളുടെ ഗതിനോക്കി ഭാവികാര്യങ്ങൾ ഗണിച്ചുപറയും. 67:5ൽ 'നക്ഷത്രങ്ങളെ പിശാചുക്കളുടെ ഊഹാപോഹങ്ങൾക്ക് നാം പാത്രമാക്കിയിരിക്കുന്നു' എന്നു പറയുന്നു. 52:38ൽ 'അവർക്കു (ദിവ്യലോകത്തിലെ വാർത്തകൾ) കേൾക്കുവാൻ, (അങ്ങോട്ടു കയറിച്ചെല്ലേണ്ടതിന്നു)വല്ല കോണിയും ഉണ്ടോ........' എന്നും പറയുന്നു. ഇതെല്ലാം ഇങ്ങിനെയുള്ളവരെക്കുറിച്ചു പറയുന്നതാണ്. ഇത്തരക്കാർക്ക് ഭാവിയിൽ ലോകത്തു ജീവിക്കുവാൻ കഴിയുകയില്ല, എല്ലാ ദേശത്തുനിന്നും അവർ ആട്ടിയോടിക്കപ്പെടും എന്നു അല്ലാഹു ഈ വാക്യങ്ങളിൽ മുന്നറിയിപ്പു നൽകുകയാണ് ചെയ്യുന്നത്. 'മലഉൽ അഅ്ലാ'യിലേക്ക് ചെവികൊടുക്കുകയില്ല എന്നു പറഞ്ഞതിന്റെ അർത്ഥം, ആ പിശാചുക്കൾ ഉൽകൃഷ്ടന്മാരായ ആളുകളുടെ വാക്കുകൾ കേൾക്കുകയില്ല, അധമവർഗ്ഗത്തിലാണവർ ജീവിക്കുക എന്നാണ്. 'അഗ്നിജ്വാല' (شهاب) കൊണ്ടു എറിയപ്പെടുമെന്ന് പറഞ്ഞതു നിന്ദ്യമായ കുറ്റം ചെയ്തവനെ 'തീക്കൊള്ളികൊണ്ടെറിഞ്ഞു' എന്നു പറയുന്നതുപോലെയുള്ള ഒരു പ്രയോഗം മാത്രമാകുന്നു. നക്ഷത്രങ്ങളിൽനിന്ന പുറത്തുവരാറുള്ള ജ്വാലകൾ പ്രകൃതിപരമായ കാരണങ്ങൾ കൊണ്ടുണ്ടാകുന്നതാണ്, അല്ലാതെ, പിശാചുക്കളെ എറിയുന്നതുകൊണ്ടൊന്നുമല്ല. സൂ: ഹിജ്റിലും, സൂ: സ്വാഫ്ഫാത്തിലും പറഞ്ഞതിന്റെ സാരം ഇപ്രകാരത്തതാണ്. സൂ: ശുഅറാഉ് 210—212ലും പിശാചുക്കൾക്ക ദിവ്യലോകത്തെ വർത്തമാനം കേട്ടറിയുവാൻ കഴിയുന്നതല്ലെന്ന പ്രസ്താവിച്ചിട്ടുണ്ട്. സൂറത്തുൽ ജിന്നിൽ അവർ കട്ടുകേട്ടിരുന്നുവെന്നു പറഞ്ഞിരിക്കുന്നതു ഖുർആന്റെ പ്രസ്താവനയല്ല, ജിന്നുകൾ പറഞ്ഞതിനെ ഖുർആൻ ഉദ്ധരിച്ചതാണ്. (അതുകൊണ്ട് അതു ഗണിക്കേണ്ടതില്ല.) ഇതാണ് നിഷേധികളുടെ വ്യാഖ്യാനത്തിന്റെ രൂപം.

(*) 'മലഉൽ അഅ്ലാ'യെപ്പറ്റി താഴെ വിവരിക്കുന്നുണ്ട്.

ക്വുർആൻ വചനങ്ങൾ പരസ്പരം വ്യാഖ്യാനം നൽകുന്നവയാണെന്നതിൽ ആർക്കും തർക്കമില്ല. എന്നാൽ, വ്യാഖ്യാനമായ ആയത്തു വ്യാഖ്യാനിക്കപ്പെടുന്ന ആയത്തിനെക്കാൾ—പൂർണ്ണമായ പക്ഷം സമനിലയിലെങ്കിലും—വ്യക്തതയുള്ളതായിരിക്കണമെന്നു സ്പഷ്ടമാണ്. ഇവിടെയാണെങ്കിൽ, സൂ: ഹിജ്റിലെ ആയത്തുകളെക്കാൾ, സൂ: സ്വാഫ്ഫാത്തിലെ ആയത്തുകളും, അവയെക്കാൾ സൂ: ജിന്നിലെ ആയത്തുകളും ഈ വിഷയം വ്യക്തമായി വിവരിച്ചിരിക്കുന്നു. ക്വുർആനെ വ്യാഖ്യാനിക്കുന്നതിൽ രണ്ടാമത്തെ സ്ഥാനം ഹദീസുകൾക്കാണുള്ളത്. ഹദീസുകളാണെങ്കിൽ, മേൽ ആയത്തുകളിലെ ആശയം ഒന്നുകൂടി വിശദീകരിച്ചും തരുന്നു. ഈ അടിസ്ഥാനത്തിലാണ് മുസ്‌ലിംകൾ കൊള്ളിമീനുകളെപ്പറ്റി വിശ്വസിക്കുന്നതും. ഇതുസംബന്ധിച്ച് ഹദീസുകൾ പലതും ഉദ്ധരിക്കുവാനുണ്ടെങ്കിലും ചുരുക്കം ചിലതുമാത്രം ഇവിടെ ഉദ്ധരിക്കാം:—

ബുഖാരിയും, മുസ്‌ലിമും (റ) ഇബ്നു അബ്ബാസ് (റ)ൽ നിന്ന് ഉദ്ധരിച്ച ഒരു ഹദീസിൽ ഇപ്രകാരം കാണാം: 'നബി (സ) ചില സഹാബികളൊന്നിച്ച് സൂക്വു ഉക്കാള്വി (سوق عكاظ)ലേക്കു പുറപ്പെട്ടു. പിശാചുക്കൾക്കും ആകാശത്തെ വർത്തമാനങ്ങൾക്കുമിടയിൽ തടസ്സം ചെയ്യപ്പെടുകയും, അവരിൽ തീജ്വാല അയക്കപ്പെടുകയും ചെയ്തിട്ടുണ്ടായിരുന്നു. അതിനാൽ പിശാചുക്കൾ മടങ്ങിപ്പോരേണ്ടതായി വന്നിരുന്നു. എന്തെങ്കിലും ഒരു പുതിയ സംഭവമല്ലാതെ ഇതിനു കാരണമില്ലെന്നു കരുതി അവർ നാനാഭാഗങ്ങളിലും പോയി അന്വേഷിക്കുകയുണ്ടായി. അങ്ങിനെ, തിഹാമയുടെ നേരെ പോയവർ, നബി (സ) നഖ്‌ല (نخلة)യിലെത്തിയപ്പോൾ തിരുമേനിയുടെ അടുക്കൽ എത്തി. തിരുമേനി പ്രഭാതനമസ്കാരം (*) നിർവ്വഹിക്കുകയായിരുന്നു. അവർ ക്വുർആൻ പാരായണം കേട്ടപ്പോൾ അതിലേക്ക് ശ്രദ്ധകൊടുത്തു. ഇതുതന്നെയാണ് ആകാശവാർത്ത തടയപ്പെടുവാൻ കാരണം എന്ന് അവർ പറഞ്ഞു. അനന്തരം അവർ തങ്ങളുടെ ജനതയിലേക്ക് മടങ്ങിച്ചെന്ന് 'ഞങ്ങൾ ആശ്ചര്യകരമായ ഒരു ക്വുർആൻ കേട്ടു' (إنا سمعنا قرآنا عجبا) എന്നും മറ്റും പറഞ്ഞു. നബി (സ)ക്ക് ...قل أوحي إلي എന്നു (സൂറത്തുൽ ജിന്ന്) അവതരിക്കുകയും ചെയ്തു.' (متفق)

ഇമാം ബുഖാരിയും മുസ്‌ലിമും (റ) ആയിശ (റ) പ്രസ്താവിച്ചതായി ഉദ്ധരിക്കുന്നു: 'ജോൽസ്യന്മാരെപ്പറ്റി നബി (സ)യോടു ചോദിക്കപ്പെട്ടു. തിരുമേനി പറഞ്ഞു: 'അതു ഒന്നുംതന്നെയല്ല' (നിരർത്ഥമാണ്.) സഹാബികൾ പറഞ്ഞു: 'ചിലപ്പോൾ അവർ പറയുന്നകാര്യം യഥാർത്ഥമാവുന്നുണ്ടല്ലോ?' തിരുമേനി പറഞ്ഞു: 'യഥാർത്ഥമായിരിക്കുന്ന ആ വാക്ക് ജിന്ന് (ആകാശത്തു നിന്ന്) തട്ടിയെടുക്കുന്നതാണ്. എന്നിട്ട് അവൻ അവന്റെ ബന്ധുവിന്റെ (ജ്യോത്സ്യൻ മുതലായവരുടെ) ചെവിയിൽ പിടക്കോഴി 'കറ കറ' ശബ്ദിക്കുന്നതുപോലെ ശബ്ദിക്കും. അവർ അതിൽകൂടി നൂറുകളവും കലർത്തും.' (متفق) ആയിശ (റ)യിൽനിന്ന് ബുഖാരി ഉദ്ധരിക്കുന്ന മറ്റൊരു ഹദീസു ഇപ്രകാരമാണ്: 'മലക്കുകൾ അന്തരീക്ഷത്തിൽ ഇറങ്ങിവരും. അവർ ആകാശത്തുവെച്ച് തീരുമാനിക്കപ്പെട്ട ചില കാര്യത്തെക്കുറിച്ചു (തമ്മിൽ) പറയും. അപ്പോൾ പിശാചുക്കൾ അതു കട്ടുകേട്ട് അതിൽകൂടി അവരുടെ വകയായി നൂറുകളവും ചേർത്തു ജോൽസ്യന്മാർക്ക് എത്തിക്കും.' (البخاري)

ഇബ്നു അബ്ബാസ് (റ) പറഞ്ഞതായി ഇമാം മുസ്‌ലിം (റ) ഉദ്ധരിച്ച ഒരു ഹദീസിൽ ഇപ്രകാരം കാണാം. 'ഒരു രാത്രി സഹാബികൾ നബി (സ)യൊന്നിച്ച് ഇരിക്കുമ്പോൾ ഒരു നക്ഷത്രത്തിന്റെ ഏറും വെളിച്ചവും (കൊള്ളിമീൻ) ഉണ്ടായി. നിങ്ങൾ 'ജാഹിലിയ്യത്തിൽ ഇതിനെപ്പറ്റി എന്തു പറഞ്ഞിരുന്നു? എന്നു നബി (സ) ചോദിച്ചു: മഹാനായ ഒരാൾ മരിച്ചിട്ടുണ്ട്, അല്ലെങ്കിൽ ജനിച്ചിട്ടുണ്ട് എന്ന് ഞങ്ങൾ പറഞ്ഞിരുന്നുവെന്ന് അവർ മറുപടി പറഞ്ഞു. തിരുമേനി പറഞ്ഞു: അതൊന്നുമല്ല. പക്ഷെ, നമ്മുടെ റബ്ബ് ഒരു കാര്യം തീരുമാനിച്ചാൽ ആകാശത്തുള്ളവർ അന്യോന്യം വിവരം പറയും. അങ്ങനെ ആ വർത്തമാനം ഏറ്റം അടുത്ത ആകാശത്തുള്ളവരിലെത്തും. ജിന്നുകൾ (അവരിൽനിന്ന്) അതു കട്ടുതട്ടിയെടുക്കും. എന്നിട്ട് അവർ തങ്ങളുടെ ബന്ധുക്കളിലേക്ക് എറിഞ്ഞുകൊടുക്കും. (അപ്പോൾ ഇതു സംഭവിക്കുന്നു.) (مسلم)

ഭൂമിയിൽ നടപ്പിലാക്കാൻ പോകുന്ന ചില കാര്യങ്ങളെക്കുറിച്ച് മലക്കുകൾ തമ്മിൽ സംസാരിക്കാറുള്ളതിൽ നിന്ന് ഏതാനും ചിലതായിരുന്നു പിശാചുക്കൾ ഉപായത്തിൽ കേട്ടിരുന്നതെന്നും, അല്ലാതെ അല്ലാഹുവിന്റെ ഗൂഢരഹസ്യങ്ങളൊന്നുമല്ലെന്നും, അവർ കേട്ട വർത്തയിൽ കൂടി ധാരാളം കള്ളവാർത്തയും കൂട്ടിച്ചേർത്തുകൊണ്ടാണ് ജോൽസ്യന്മാർ മുതലായ തങ്ങളുടെ ബന്ധുക്കൾക്കു അവർ മുൻബോധനം ചെയ്യാറെന്നും ഈ ഹദീസുകളിൽ നിന്ന് മനസ്സിലാക്കാം. കൂടുതൽ ഹദീസുകൾ ഉദ്ധരിച്ചു ദീർഘിപ്പിക്കേണ്ടുന്ന ആവശ്യമില്ല. അല്ലാഹുവിന്റെ ഗൂഢരഹസ്യങ്ങൾ പിശാചുക്കൾ അറിയുന്നതുപോകട്ടെ, മലക്കുകളും, നബിമാരുപോലും—അല്ലാഹു അറിയിച്ചുകൊടുത്തതല്ലാതെ—അറിയുന്ന

(*) നബി (സ) രാവിലെയും വൈകുന്നേരവും നടത്താറുണ്ടായിരുന്ന നമസ്കാരമാണിവിടെ ഉദ്ദേശ്യം. അന്ന് അഞ്ചുനേരത്തെ നമസ്കാരം നടപ്പിലായിട്ടുണ്ടായിരുന്നില്ല. (كما في فتح الباري)

നംലു. ٦٥ النمل - قُلْ لَا يَعْلَمُ مَنْ فِي السَّمَاوَاتِ وَالْأَرْضِ الْغَيْبَ إِلَّا اللَّهُ (പറയുക: അല്ലാഹു അല്ലാതെ, അദൃശ്യകാര്യത്തെ ആകാശങ്ങളിലും ഭൂമിയിലും ഉള്ളവര്‍ അറിയുകയില്ല. (സൂ: നംലു 65) عَالِمُ الْغَيْبِ فَلَا يُظْهِرُ عَلَىٰ غَيْبِهِ أَحَدًا إِلَّا مَنِ ارْتَضَىٰ مِن رَّسُولٍ فَإِنَّهُ يَسْلُكُ مِن بَيْنِ يَدَيْهِ وَمِنْ خَلْفِهِ رَصَدًا - الجن (അദൃശ്യത്തെ അറിയുന്നവനാണവന്‍-അല്ലാഹു. താന്‍ തൃപ്തിപ്പെട്ടിട്ടുള്ള വല്ല ദൂതന്നും അല്ലാതെ, തന്റെ അദൃശ്യകാര്യത്തെക്കുറിച്ച് അവന്‍ ഒരാള്‍ക്കും വെളിപ്പെടുത്തിക്കൊടുക്കുന്നതല്ല. എന്നാല്‍ അതിന്റെ-ദൂതന്‍മാര്‍ക്കു വെളിപ്പെടുത്തിക്കൊടുക്കുന്നതിന്റെ-മുമ്പിലൂടെയും, പിമ്പിലൂടെയും അവന്‍ പാറാവു ഏര്‍പ്പെടുത്തുന്നതുമാണ്. (സൂ: ജിന്ന് 26, 27) അപ്പോള്‍, മലക്കുകള്‍ ആകാശത്തുവെച്ച് തമ്മതമ്മില്‍ സംസാരിക്കുകയും, പിശാചിനു കട്ടുകേള്‍ക്കുവാന്‍ സാധ്യമാകുകയും ചെയ്യുന്ന വാര്‍ത്തകള്‍ അല്ലാഹുവിന്റെ ഗൈബിനെയുള്ള രഹസ്യ കാര്യങ്ങളല്ലെന്നു സ്പഷ്ടമാണ്.

പിശാചുക്കളുടെ കട്ടുകേള്‍വിയെക്കുറിച്ചു ഖുര്‍ആന്റെയും നബിവചനങ്ങളുടെയും വ്യക്തമായ പ്രസ്താവനകളില്‍ നിന്നു മനസ്സിലാക്കേണ്ടതു എന്താണെന്നു നാം കണ്ടു. മുന്‍ഗാമികളും, പിന്‍ഗാമികളുമായ എല്ലാ ഖുര്‍ആന്‍ വ്യാഖ്യാതാക്കളും-ഏതെങ്കിലും ചില്ലറ വിശദീകരണങ്ങളില്‍ പരസ്പരം അല്പസ്വല്പവ്യത്യാസം കണ്ടേക്കാമെങ്കിലും ഈ വിഷയത്തില്‍ ഏകാഭിപ്രായക്കാരുമാണ്. വേണ്ട, പുരോഗമനത്തിന്റെയും, ശാസ്ത്രത്തിന്റെയും നൂറ്റാണ്ടായ ഈ ഇരുപതാം നൂറ്റാണ്ടില്‍ വിരചിതമായ എല്ലാ പ്രധാന ഖുര്‍ആന്‍ വ്യാഖ്യാന ഗ്രന്ഥങ്ങളുടെ കര്‍ത്താക്കളും, പ്രശസ്തരായ മതപണ്ഡിതന്‍മാരും ഇതില്‍നിന്നു ഒഴിവല്ല. ഉദാഹരണമായി, അല്ലാമാ അഹ്മദു മുസ്തഫല്‍ മറാഗിയുടെ തഫ്സീര്‍, മുഹമ്മദ് ഫരീദ്‌വജ്ദിയുടെ സ്വഫ്‌വത്തുല്‍ ഇര്‍ഫാന്‍, സയ്യിദ് റശീദ് റിളായുടെ തഫ്സീറുല്‍ മനാര്‍, മൗലാനാ അബുല്‍കലാം ആസാദിന്റെ തര്‍ജമാനുല്‍ ഖുര്‍ആന്‍ (ഉര്‍ദു), സയ്യിദ് ഖുത്ത്ബിന്റെ 'ഫീളിലാലില്‍ ഖുര്‍ആന്‍,' ശൈഖ് അലി ത്വന്‍ത്വാവിയുടെ തഫ്സീറുല്‍ ജവാഹിര്‍, അല്ലാമാ യൂസുഫ് അലിയുടെ പരിഭാഷ (ഇംഗ്ലീഷ്) മുതലായ പലതും പരിശോധിച്ചാല്‍ ഈ വാസ്തവം മനസ്സിലാകും. ഇവരാരും പഴഞ്ചന്മാരായതുകൊണ്ടോ, ചിന്താശൂന്യരായതുകൊണ്ടോ, അനുകരണശീലരായതുകൊണ്ടോ ആണെന്ന് ഇവരെപ്പറ്റി അല്പമെങ്കിലും അറിയുന്നവരാരും സംശയിക്കുകയില്ല. മേരോരുത്തരുടെയും പ്രസ്താവനകളും വാചകങ്ങളും ഉദ്ധരിച്ച് ഈ കുറിപ്പു ദീര്‍ഘിപ്പിക്കുന്നില്ല. വിഷയം കൂടുതല്‍ സ്പഷ്ടമാകുന്നതിനും, തല്പരകക്ഷികള്‍ കുത്തിപ്പൊക്കാറുള്ള ചില സംശയങ്ങള്‍ക്കു മറുപടി മനസ്സിലാക്കുന്നതിനും ഉതകുന്ന ചില വരികള്‍മാത്രം അവയില്‍നിന്നു ഇവിടെ ഉദ്ധരിക്കുന്നു:

അല്ലാമാ മറാഗി പറയുന്നു: 'മലക്കുകളില്‍ നിന്ന ചില അദൃശ്യവാര്‍ത്തകളെ കേള്‍ക്കുവാന്‍ പിശാചുക്കള്‍ ഉദ്ദേശിക്കുമെന്നും, അവരുടെമേല്‍ തീജ്വാലകളും, കത്തുന്ന നക്ഷത്രങ്ങളും നിയോഗിക്കപ്പെടുമെന്നും വിശുദ്ധ ഖുര്‍ആന്‍ നമുക്കു പറഞ്ഞുതരുന്നു. അതിന്റെ യാഥാര്‍ത്ഥ്യം എന്താണെന്നു കണ്ടുപിടിക്കുവാന്‍ നാം കിണയേണ്ടതില്ല. കാരണം, ശരിയായ ലക്ഷ്യങ്ങളോടുകൂടി അതിന്റെ ശരിയായ വിവരം ലഭിക്കുവാനുള്ള ഉപാധികളും, മാര്‍ഗ്ഗങ്ങളും നമ്മുടെ പക്കലില്ല. ഖുര്‍ആനില്‍ വന്നതും, നബി (സ)ക്കു വഹ്‌യു ലഭിച്ചതുമെല്ലാം വിശ്വസിക്കാതിരിക്കുവാന്‍ നമുക്കു നിവൃത്തിയില്ല. അതിനപ്പുറം ഗവേഷണം നടത്തുന്നതു കേവലം ഊഹവും അനുമാനവും മാത്രമേ നേടിത്തരികയുള്ളു. ഒരു മുസ്‌ലിമിനു അവന്റെ മതത്തില്‍ മനസ്സമാധാനം കൈവരേണ്ടതിനു അതൊന്നും ആവശ്യമില്ല.' (تفسير المراغي ص ١٤ ج ١٤) അല്ലാമാ മറാഗിയുടെ ഈ പ്രസ്താവനയിലടങ്ങിയ അതേ ആശയം മൗലാനാ ആസാദിന്റെ തര്‍ജമാനിലും കാണാം. (ترجمان القرآن ص ٢٩٩ ج ٢)

ശൈഖ് ത്വന്‍ത്വാവി (*) യുടെ ചില വാക്യങ്ങള്‍കൂടി ചുരുക്കി ഉദ്ധരിക്കാം. അദ്ദേഹം സൂ: സ്വാഫ്ഫാത്തിലെ മേലുദ്ധരിച്ച ആയത്തുകളെ ആധാരമാക്കിക്കൊണ്ട് ശാസ്ത്രീയമായി കാണുന്ന പല സൂചനകളും വിവരിച്ച ശേഷം പറയുന്നു: 'ഇങ്ങിനെയെല്ലാം പറഞ്ഞുവെങ്കിലും, (ഖുര്‍ആന്‍) വാചകങ്ങളുടെ വ്യക്തമായ സാരം, പിശാചുക്കള്‍ കട്ടുകേള്‍ക്കുമെന്നും, തീജ്വാലകൊണ്ടു അവര്‍ കരിയുമെന്നും, ചിലപ്പോള്‍ വല്ലതു എത്തിക്കാതെ അവര്‍ രക്ഷപ്പെടുകയും, വീണ്ടും കള്ളന്‍മാരെപ്പോലെ മടങ്ങിവരുമെന്നുമൊക്കെത്തന്നെയാണ്.... ജിന്നുകളിലുള്ള പിശാചുക്കള്‍ മനുഷ്യ

(*) حكيم الإسلام (ഇസ്‌ലാമിലെ തത്വശാസ്ത്രനിപുണന്‍) എന്നു കീര്‍ത്തിയാര്‍ജ്ജിച്ച ഒരു പണ്ഡിതനാണ് ഈജിപ്തുകാരനായ ത്വന്‍ത്വാവി (الطنطاوي) അദ്ദേഹത്തിന്റെ 'തഫ്സീറുല്‍ ജവാഹിറി'നെപ്പറ്റി അധികമാരെയും പറഞ്ഞറിയിക്കേണ്ടതില്ല. ഖുര്‍ആന്‍ വ്യാഖ്യാന ഗ്രന്ഥമെന്നതിനേക്കാള്‍ സര്‍വ്വശാസ്ത്രവിജ്ഞാനഗ്രന്ഥം എന്നാണതിനെപ്പറ്റി പറയേണ്ടതു. വിവിധ ആധുനിക തത്വശാസ്ത്ര സിദ്ധാന്തങ്ങള്‍ ഇത്രയധികം വരച്ചുകാട്ടിയ ഗ്രന്ഥങ്ങള്‍ തുലോം കുറവാണ്. അതേസമയത്ത് അദ്ദേഹത്തിന്റെ 'പുരോഗമനാശയങ്ങള്‍'ക്കുവേണ്ടി ഖുര്‍ആനെ അദ്ദേഹം വളച്ചുതിരിച്ചു വ്യാഖ്യാനിക്കാറുമില്ല. മിക്ക ആയത്തുകള്‍ക്കുമുള്ള സാധാരണ അര്‍ത്ഥവും അവയോടു നാമമാത്രമെങ്കിലും ബന്ധപ്പെടുത്താവുന്ന പല ശാസ്ത്രീയ വിജ്ഞാനങ്ങളും, തത്വങ്ങളും അദ്ദേഹം വിവരിക്കുമെന്നുമാത്രം.

പിശാചുക്കളെപ്പോലെത്തന്നെയാണ്. (ദുഷിച്ചവരാണ്). കാര്യമായ വ്യത്യാസമുള്ളതു, അവർ മനുഷ്യശരീരികളല്ല, ഇവർ മനുഷ്യശരീരികളാണ് എന്നതുമാത്രം. മനുഷ്യരുടെ ഉൽകൃഷ്ടവിഭാഗമായ 'മലഉൽ അഅ്‌ലാ' (الملأ الأعلى) യിൽ നിന്നുള്ള ശകലങ്ങളാകുന്നു.... ആ ലോകവും നമ്മുടെ ബുദ്ധിയും തമ്മിലുള്ള ബന്ധം, സൂര്യനും നമ്മുടെ കണ്ണും തമ്മിലുള്ള ബന്ധംപോലെയാണ്.......'

'അറിയുക: നിഹാല (نيازك)യുടെ കാര്യം മുൻകാലത്തു ശാസ്ത്രജ്ഞന്മാരുടെ അടുക്കൽ ഒരു നിഗൂഢപ്രശ്നമായിരുന്നു. കാരണം, പിളരാനും കൂടാനും പാടില്ലാത്ത ഒരു ഘനപദാർത്ഥമായിരുന്നു അവരുടെ അഭിപ്രായത്തിൽ ആകാശം. അപ്പോൾ എങ്ങിനെയാണ് നിഹാലകൾക്കതു കീറിവരുവാനും മറ്റും ഉണ്ടാവുക? ഇന്നാകട്ടെ, നമുക്ക് എന്തൊരു ആശ്വാസമാണ്!! ആധുനിക ശാസ്ത്രീയ തത്വങ്ങളനുസരിച്ച് ആകാശഗോളങ്ങളിൽനിന്നു തെറിച്ചുവരുന്ന കഷ്ണങ്ങളാണ് ഈ നിഹാലകൾ (ഉൽക്കകൾ) എന്നായിരിക്കെ. അപ്പോൾ നമുക്കിനി യാതൊരു സംശയത്തിനും അവകാശമില്ല. ഇതു ഖുർആന്റെ ഒരു അമാനുഷിക ദൃഷ്ടാന്തംതന്നെ! ആ കാലപ്പഴക്കം ചെന്ന ശാസ്ത്രത്തിനു ഖുർആൻ എതിരും, നിലവിലുള്ള ആധുനിക ശാസ്ത്രത്തിനു യോജിച്ചതുമാകുന്നു....' (ملخصا من تفسير الجواهر ص ١٠ ، ١١ ج ١٧)

ഇനി, കുട്ടികൾപോലും നിഷേധിക്കാത്ത, തങ്ങളുടെ വാദങ്ങൾക്കു യോജിപ്പിക്കുവാനായി ഖുർആൻ വചനങ്ങളിലെ ചില വാക്കുകൾക്കു കൽപിക്കുന്ന അർത്ഥങ്ങളെയും, തങ്ങൾക്കു തെളിവായി ചൂണ്ടിക്കാട്ടുന്ന ചില ഖുർആൻ വാക്യങ്ങളെയും മറ്റും സംബന്ധിച്ചാണ് ആലോചിക്കുവാനുള്ളത്. ... വിഭാഗങ്ങളിൽ ജിന്നുവർഗ്ഗത്തിന്റെയും, അവരിലുള്ള പിശാചുവിഭാഗത്തിന്റെയും നിലപാടിൽ അധിഷ്ഠിതമാണ് ഈ നിഷേധവും. അതിനെപ്പറ്റി കഴിഞ്ഞ വ്യാഖ്യാനക്കുറിപ്പിൽ നാം വിവരിച്ചതാണ്.

സൂറത്തു-സ്സാഫ്ഫാത്തിലെ ആയത്തിൽ ഇവരുടെ വക ഒരു പുതിയ അർത്ഥം നൽകപ്പെട്ടിട്ടുള്ള വാക്യമാണ് لا يسمعون الى الملأ الأعلى ('മലഉൽ അഅ്‌ലാ'യിലേക്കു അവർ—പിശാചുക്കൾ—ചെവികൊടുത്തു കേൾക്കുകയില്ല) എന്ന വാക്യം. ഇവരുടെ അടുക്കൽ പിശാചുക്കൾ മനുഷ്യർക്കിടയിലെ ദുഷിച്ചവരാണല്ലോ. 'മലഉൽ അഅ്‌ലാ'യും മനുഷ്യർ തന്നെയാണെന്നു പറയുവാൻ ഇവർ നിർബ്ബന്ധിതരായിരിക്കുകയാണ്. അതായത്, ആ വാക്കിനു 'ഉന്നതന്മാരായ, ഉൽകൃഷ്ടരായ ആളുകൾ' എന്നൊക്കെയാണ് ഇവർ അർത്ഥമാക്കുന്നത്. ملأ എന്നാൽ 'സംഘം, പ്രധാനികൾ, പ്രമുഖർ, കാര്യാലോചനയിലോ അഭിപ്രായത്തിലോ യോജിക്കുന്ന ആളുകൾ' എന്നിവയിലൊന്നും. أعلى എന്നാൽ 'മേലെകിടയിലുള്ള, ഉന്നതമായ' എന്നുമാണ് വാക്കർത്ഥം. വാക്കർത്ഥം നോക്കുമ്പോൾ ഇവർ കൽപിച്ച അർത്ഥത്തിൽ വലിയൊരു അപാകതയുണ്ടെന്നു പറഞ്ഞുകൂടാ. പക്ഷേ, ഒരു പദമോ വാചകമോ ചേർന്ന് الملأ الأعلى എന്നു പറയുമ്പോൾ അതിന്റെ ഉദ്ദേശ്യം എന്താണെന്നാണ് നോക്കേണ്ടത്. നിഘണ്ടുക്കളിൽ അതിനു കാണുന്ന അർത്ഥങ്ങൾ, 'ആകാശലോകം, സ്വർഗ്ഗീയനഗരം, ആത്മീയ ജീവികളുടെ ലോകം' എന്നിവയൊക്കെയാണ്. (*) 'ഉൽകൃഷ്ടർ' എന്നോ, 'ഉന്നതന്മാർ' എന്നോ പോലെയുള്ള അർത്ഥമൊന്നും കാണപ്പെടുന്നില്ല. ഖുർആൻ വ്യാഖ്യാതാക്കളാകട്ടെ, 'മലക്കുകൾ, മലക്കുകളിൽ പ്രധാനികൾ, ആകാശലോകവും അതിലെ മലക്കുകളും, മലക്കുകളുടെ ഉന്നതസംഘം' എന്നിത്യാദി അർത്ഥമത്രെ അതിനു നൽകുന്നത്. (**) അല്ലാമാ ഖാദ്വീ ബൈദ്വാവീ ഇങ്ങിനെയുംകൂടി പറഞ്ഞു കാണുന്നു: 'മലക്കുകളായിരിക്കും അവർ. ഒരുപക്ഷേ, ആ ഉന്നതലോക (നക്ഷത്ര)ങ്ങളിലെ നിവാസികളാണെന്നും, അല്ലെങ്കിൽ അവിടെയുള്ള മലക്കുകളാണെന്നുംവരാം.' (***)

الملأ الأعلى യുടെ അർത്ഥം നിർണ്ണയിക്കുവാൻ ഖുർആനിൽനിന്നും, ഹദീസിൽനിന്നും നമുക്കു വല്ലതും ലഭിക്കുമോ എന്നുകൂടി നോക്കാം. സൂ: സ്വാദ് 55–63 ആയത്തുകളിൽ നരകവാസികൾ തമ്മിൽ ഉണ്ടാകുന്ന ചില വിഷയങ്ങളെപ്പറ്റി പ്രസ്താവിക്കുന്നുണ്ട്. അതിനുശേഷം അതിനെ ചൂണ്ടിക്കാട്ടിക്കൊണ്ട് 64-ാം ആയത്തിൽ 'അതു യഥാർത്ഥം തന്നെയാണ്, നരകക്കാർ പരസ്പരം നടത്തുന്ന വിവാദമാണ്' إن ذلك لحق تخاصم أهل النار എന്നു പറഞ്ഞ് ആ വിഷയം അവസാനിപ്പിക്കുന്നു. പിന്നീട് നബി(സ) യോടു പറയണം (قل) എന്നു കൽപിച്ചുകൊണ്ട് 65 മുതൽ 70 കൂടിയ വചനങ്ങളിൽ പല കാര്യങ്ങളും അല്ലാഹു പ്രസ്താവിക്കുന്നു. അതിനിടയിലുള്ള 69-ാം വചനം ഇപ്രകാരമാണ്: ما كان لي من علم بالملأ الأعلى إذ يختصمون (മലഉൽ അഅ്‌ലായെക്കുറിച്ച് അവർ തർക്കം നടത്തിക്കൊണ്ടിരിക്കുന്ന ...

(*) عالم الأرواح المجردة ، الملائكة Heaven, Celestial City മുതലായവ

(**) الملائكة ، أشراف الملائكة ، السموات ومن فيها من الملائكة The Exalted Assembly of Angels.

(***) هم الملائكة وربما كانوا أو سكان تلك العوالم العالية أو الملائكة الذين فيهم

വസരത്തിൽ എനിക്കു ഒരു അറിവും ഉണ്ടായിരുന്നില്ല.) 70ൽ ان يوحى الي الا انما انا نذير مبين (ഒരു സ്പഷ്ടമായ താക്കീതുകാരനാണെന്നതിനാലല്ലാതെ എനിക്കു 'വഹ്‌യു്' നൽകപ്പെടുന്നില്ല) എന്നും പറയുന്നു. അടുത്ത 71-ാം വചനം ഇപ്രകാരമാണ്: اذ قال ربك للملائكة اني خالق بشرا من طين (അതായതു, ഞാൻ കളിമണ്ണിൽനിന്ന് ഒരു മനുഷ്യനെ സൃഷ്ടിക്കുവാൻ പോകുന്നുവെന്നു നിന്റെ റബ്ബ് മലക്കുകളോടു പറഞ്ഞ സന്ദർഭം.) തുടർന്നുകൊണ്ട് ആദം (അ) ന്റെ സൃഷ്ടിയെക്കുറിച്ചും അനന്തര സംഭവങ്ങളെക്കുറിച്ചും പ്രസ്താവിച്ചിരിക്കുന്നു. അപ്പോൾ, 69-ാം വചനത്തിൽ പറഞ്ഞ 'മലഉൽ അഅ്‌ലാ' കൊണ്ട് ഉദ്ദേശ്യം മലക്കുകളാണെന്നും, അവരുടെ തർക്കംകൊണ്ടുദ്ദേശ്യം, ആദം (അ)നെ സൃഷ്ടിക്കുവാൻ ഉദ്ദേശിക്കുന്ന വിവരം അല്ലാഹു മലക്കുകളെ അറിയിച്ചപ്പോൾ അവർ പറഞ്ഞിരുന്ന (സൂ: അൽബഖ: 30ൽ പ്രസ്താവിക്കപ്പെട്ട) മറുപടിയാണെന്നും വ്യക്തമാണ്.

എന്നാൽ, ഈ വാസ്തവം സമ്മതിച്ചാൽ, കട്ടുകേൾവിയുടെ നിഷേധവും, ജിന്നുവർഗ്ഗത്തിന്റെ നിഷേധവും പിൻവലിക്കേണ്ടിവരുമല്ലോ. അതിനു ഇവർ ഉപയോഗിച്ച സൂത്രം കാണുമ്പോൾ നാം അമ്പരന്നുപോകും! കുറേ മുമ്പ് (64-ാം വചനത്തിൽ) പറഞ്ഞവസാനിപ്പിക്കുകയും, പിന്നീട് വേറെ കുറെ കാര്യങ്ങൾ പുതുതായി പറയുകയും ചെയ്തിട്ടുള്ള നരകക്കാരുടെ ആ വിവരമാണുപോൽ 69-ാം ആയത്തിൽ ചൂണ്ടിക്കാട്ടുന്ന തർക്കവും! ആ നരകവാസികളിൽ മേലക്കിടയിലുള്ള നേതാക്കന്മാരാണുപോൽ 'മലഉൽ അഅ്‌ലാ'. (سبحان الله) സ്വന്തം ആശയങ്ങളുടെ സംരക്ഷണത്തിനുവേണ്ടി ഖുർആൻ വാക്യങ്ങൾക്കു ഇമ്മാതിരി വ്യാഖ്യാനം നൽകുവാൻ അതിന്റെ അനുയായികൾക്ക ധൈര്യം തോന്നുന്നതു അത്യാശ്ചര്യം തന്നെ! അല്ലാഹു നമുക്കും അവർക്കും പൊറുത്തുതരട്ടെ. ആമീൻ (കൂടുതൽ വിവരം തൽസ്ഥാനത്തു വെച്ചു കാണാം.) (فائدة) സൂറത്തുൽ ജിന്നിൽ, ഞങ്ങൾ ആകാശം സ്പർശിച്ചുനോക്കുമ്പോൾ അതു പാറാവുകാരാൽ നിറക്കപ്പെട്ടിരിക്കുന്നു (ملئت حرسا) എന്നു പറഞ്ഞുവല്ലോ. മലഉൽ അഅ്‌ലാ സ്ഥിതിചെയ്യുന്നത് ആകാശത്താണെന്നും, അതു മലക്കുകളാവാനേ സാധ്യതയുള്ളുവെന്നും അതിൽനിന്നും വ്യക്തമായി മനസ്സിലാക്കാം.

'മലഉൽ അഅ്‌ലാ' കൊണ്ടുദ്ദേശ്യം മനുഷ്യനേതാക്കളല്ല, മലക്കുകൾ തന്നെയാണെന്നു ഹദീസിൽ നിന്നും മനസ്സിലാക്കുവാൻ കഴിയും. ഇബ്നു അബ്ബാസ് (റ), മുആദ് (റ), അബ്ദുർറഹ്മാനുബ്നു ആയിശ് (റ) (*) എന്നീ സഹാബികളിൽ നിന്നായി ഇമാം അഹ്മദും, തിർമദിയും (റ) മററും ഉദ്ധരിച്ചിട്ടുള്ള ഒരു ഹദീസിന്റെ ചുരുക്കം ഇതാണ്: നബി (സ) പറഞ്ഞു: 'ഞാൻ എന്റെ റബ്ബിനെ സ്വപ്നത്തിൽ കണ്ടു. മലഉൽ അഅ്‌ലാ എന്തു കാര്യത്തിലാണ് തർക്കിക്കുന്നതു (فيم يختصم الملأ الأعلى) എന്നറിയാമോ എന്നു റബ്ബ് എന്നോടു ചോദിച്ചു. നിനക്കാണല്ലോ നല്ലപോലെ അറിയുക (أنت أعلم) എന്നു ഞാൻ മറുപടി പറഞ്ഞു. എനിക്കു കാര്യം മനസ്സിലായി. ഞാൻ പറഞ്ഞു: അതെ, പാപങ്ങൾ പൊറുപ്പിക്കുന്ന (പുണ്യമായ) കാര്യങ്ങളെക്കുറിച്ചാണ്'. (തുടർന്നുകൊണ്ട് പല പുണ്യകർമ്മങ്ങളെയും അതിൽ പ്രസ്താവിച്ചിട്ടുണ്ട്.) ചുരുക്കത്തിൽ—ഇവർ പറഞ്ഞതുപോലെ—'മലഉൽ അഅ്‌ലാ എന്നതു മലക്കുകളാണെന്ന് ഒരിക്കൽ ആരോ അങ്ങ് പറയുകയും, ബാക്കിയുള്ളവർ അതപ്പടി ഏറ്റുപാടുകയും ചെയ്തതല്ലെന്നും, ഖുർആനിൽ നിന്നും ഹദീസിൽ നിന്നും മനസ്സിലാക്കിയതാണെന്നും വ്യക്തമായല്ലോ.

ഇനി, ഇവർ തെളിവിനു കൊണ്ടുവന്ന ചില ഖുർആൻ വചനങ്ങൾ പരിശോധിക്കാം. 1-ാമത്തേതു 67:5ലേതാണല്ലോ. ആ ആയത്തു ഇതാണ്: ولقد زينا السماء الدنيا بمصابيح وجعلناها رجوما للشياطين واعتدنا لهم عذاب السعير – الملك 'ഏററവും അടുത്ത ആകാശത്തെ നാം ചില വിളക്കുകൾ കൊണ്ടു അലങ്കരിച്ചിരിക്കുന്നു. അവയെ പിശാചുക്കളെ എറിയുന്നവയും ആക്കിയിരിക്കുന്നു. അവർക്കു നാം കത്തിജ്വലിക്കുന്ന അഗ്നിയുടെ ശിക്ഷ ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു'. ഇതാണ് ഈ ആയത്തിന്റെ ശരിയായ അർത്ഥം. ഖുർആൻ വ്യാഖ്യാതാക്കളെല്ലാം സ്വീകരിച്ചിട്ടുള്ള അർത്ഥവും ഇതുതന്നെ. മാത്രമല്ല, നക്ഷത്രങ്ങളാകുന്ന അലങ്കാരംകൊണ്ടു ആകാശത്തെ അലങ്കരിച്ചിട്ടുണ്ടെന്നു പ്രസ്താവിക്കുന്ന മിക്ക ആയത്തുകളും പരിശോധിച്ചാൽ ഈ അർത്ഥമാണ് ഇവിടെയും യോജിച്ചതെന്നു കാണാം:—

മുകളിൽ ഉദ്ധരിച്ച മൂന്നു സൂറത്തുകളിലെ ആയത്തുകളും നോക്കുക. ഒന്നാമത്തേതിൽ 'എല്ലാ ആട്ടപ്പെട്ട പിശാചിൽനിന്നും അവയെ നാം കാക്കുകയും ചെയ്തിട്ടുണ്ട്' (وحفظناها من كل شيطان رجيم) എന്നും, രണ്ടാമത്തേതിൽ, 'എല്ലാ ധിക്കാരശീലക്കാരനായ പിശാചിൽ നിന്നു കാവലും ആക്കിയിരിക്കുന്നു' (وحفظا من كل شيطان مارد) എന്നും, 'തുരത്തിവിടുവാനായി എല്ലാ ഭാഗത്തുനിന്നും അവർ എറിയപ്പെടും' (ويقذفون من كل جانب دحورا) എന്നും പറയുന്നു. 'ശക്തിമത്തായ പാറാവുകാരാൽ ആകാശം നിറക്കപ്പെട്ടിരിക്കുന്നു' (ملئت حرسا شديدا) എന്നു മൂന്നാമത്തേതിലും

---

[*] عبد الرحمن ابن عائش - رضه

കാണാം. സൂ: ഹാമീം സജ്ദ 12ൽ, 'ഏറ്റം അടുത്ത ആകാശത്തെ നാം ചില വിളക്കുകൾകൊണ്ടു അലങ്കരിച്ചിരിക്കുന്നു; കാവലും ആക്കിയിരിക്കുന്നു'. (وزينا السماء الدنيا بمصابيح وحفظا) എന്നും പറയുന്നു. ചുരുക്കിപ്പറഞ്ഞാൽ, നക്ഷത്രങ്ങളെ അല്ലാഹു ആകാശത്തിനു ഒരു അലങ്കാരവും, അതിനു ഒരു കാവലുമാക്കി വെച്ചിരിക്കയാണെന്ന തത്വം ഖുർആൻ ആവർത്തിച്ചു പറയാറുള്ളതാണ്. പിശാചുക്കളെ അവമൂലം എറിഞ്ഞാട്ടുന്നുവെന്ന നിലക്കാണ് അവ ആകാശത്തിന് കാവലായിത്തീരുന്നതെന്നും അവയിൽ നിന്നു വ്യക്തമായി മനസ്സിലാക്കാം.

ഇതെല്ലാം കണക്കിലെടുത്തുകൊണ്ടു സൂ: മുൽകിലെ ആ ആയത്തിൽ (وجعلناها رجوما للشياطين) എന്ന വാക്കിനു 'അവയെ നാം പിശാചുക്കളെ എറിയുന്നതാക്കി' എന്നാണോ അർത്ഥം കൊടുക്കേണ്ടതു, അതല്ല, 'പിശാചുക്കളുടെ ഊഹങ്ങൾക്കു പാത്രമാക്കി' എന്നാണോ അർത്ഥം കൊടുക്കേണ്ടത്? നിഷ്പക്ഷബുദ്ധിയോടെ ഒന്ന് ആലോചിച്ചു നോക്കുക! (رجوم) (റജ്മു) എന്നതിന്റെ ബഹുവചനമാണ് (رجم) (റജ്മ്) എന്നറിയപ്പെടുന്ന വസ്തു (ما يرجم به) എന്നും, 'ഊഹം' (ظن) എന്നും ഭാഷയിൽ അതിന്നർത്ഥമുണ്ട്. പക്ഷേ, മേൽ ചൂണ്ടിക്കാട്ടിയതുപോലുള്ള വസ്തുതകൾ മുമ്പിലുള്ളതുകൊണ്ടു മാത്രമാണ് 'എറിയപ്പെടുന്നതു' എന്ന് എല്ലാവരും അതിന്നർത്ഥം സ്വീകരിച്ചത്. ഒന്നിലധികം അർത്ഥം വരാവുന്നതോ, വേണ്ടത്ര വ്യക്തമല്ലെന്നു തോന്നുന്നതോ ആയ ആയത്തുകൾക്കു അവയെക്കാൾ വ്യക്തവും വിശദവുമായ മറ്റു ആയത്തുകളോടു യോജിക്കുന്ന അർത്ഥവ്യാഖ്യാനമാണ് നൽകേണ്ടതെന്നുള്ള തർക്കമറ്റ ഒരു നിയമമത്രെ. എന്നിരിക്കെ, ഏതെങ്കിലും അറിയപ്പെടാത്ത ചിലർ ആ വാക്കിനു 'ഊഹങ്ങൾ' എന്നു അർത്ഥം കൊടുത്തിട്ടുണ്ടെങ്കിൽ തന്നെ, അതു സ്വീകാര്യമല്ല. അതുകൊണ്ടാണ് ഇതിനെയും ഒരു അഭിപ്രായമുണ്ടെന്ന തന്റെ തഫ്സീറിൽ രേഖപ്പെടുത്തിയ ഇമാം ബൈളാവി (റ)-ദുർബ്ബലമോ തള്ളപ്പെട്ടതോ ആയ അഭിപ്രായങ്ങൾ ഉദ്ധരിക്കുമ്പോൾ അദ്ദേഹവും മറ്റുള്ളവരും ചെയ്യാറുള്ളതുപോലെ—അതു ഉദ്ധരിച്ചപ്പോൾ, 'ആരോ പറഞ്ഞിട്ടുണ്ട്' (قيل) എന്നു പറഞ്ഞ് അതിന്റെ കൊള്ളരുതായ്മ ചൂണ്ടിക്കാട്ടിയതും. ഇമാം ബൈളാവി (റ) ആ അഭിപ്രായം സ്വീകരിച്ച ആളല്ല. ആണെന്നു സങ്കല്പിച്ചാൽ തന്നെ, അദ്ദേഹം ജിന്നുവർഗ്ഗത്തെയോ, പിശാചുക്കളുടെ കട്ടുകേൾവിയെയോ നിഷേധിക്കുന്ന ആളുമല്ല—സ്ഥാപിക്കുന്ന ആളാണ്—എന്നുകൂടി ഓർക്കേണ്ടതുണ്ട്.

'കട്ടുകേൾക്കൽ വാദത്തെ അടിയോടെ തുടച്ചുനീക്കുന്നതാണെന്നുള്ള നിഗമനത്തോടെ ഇവർ എടുത്തുകാട്ടുന്ന 2-മത്തെ തെളിവാണ് 52:38ലെ ഖുർആൻവചനം. 'ആകാശത്തെ വർത്തകൾ ഞങ്ങൾക്കു അറിയുവാൻ കഴിയുമെന്നു പറഞ്ഞു ജനങ്ങളെ കബളിപ്പിക്കുന്ന അറേബ്യയിലെ കപടവിശ്വാസികളുടെ ജാലവിദ്യ തുറന്നുകാട്ടിയതാണ് ആ വചനം. അവർക്കു ദിവ്യലോകത്തെ വർത്തകൾ കേൾക്കുവാൻ അങ്ങോട്ടു കയറിച്ചെല്ലേണ്ടതിനു വല്ല കോണിയും ഉണ്ടോ എന്നാണ് അതിൽ പറയുന്നത്' എന്നൊക്കെയാണ് ഇവരുടെ വാദം. വാസ്തവത്തിൽ, പിശാചുക്കളുടെ കട്ടുകേൾവിയും ഈ വചനവുമായി ബന്ധമില്ല. ഇതിൽ, കപടവിശ്വാസികളെക്കുറിച്ചല്ല പറയുന്നതും. സൂ: ത്വൂറിലെ 26 മുതൽ 45 വരെയുള്ള ഓരോ ആയത്തും പരിശോധിച്ചാൽ, പരസ്യമായിത്തന്നെ അവിശ്വാസികളായിത്തീർന്നവരെ സംബന്ധിച്ചാണ് ആ വചനങ്ങൾ എന്നു മനസ്സിലാകും. 'ഖുർആൻ കെട്ടിച്ചമച്ചതാണെന്നു അവർ പറയുന്നുവോ?' 'ഒരു കർത്താവും ഇല്ലാതെ അവർ താനേ സൃഷ്ടിക്കപ്പെട്ടിരിക്കുകയാണോ? 'ആകാശഭൂമികളെ സൃഷ്ടിച്ചതു അവരാണോ?' 'റബ്ബിന്റെ ഖജനാക്കൾ അവരുടെ അടുക്കലാണോ?' എന്നിങ്ങിനെ വിവിധതരത്തിലുള്ള പത്തുപതിനാലു ചോദ്യങ്ങൾ അവരെക്കുറിച്ചു അതിൽ അല്ലാഹു ചോദിച്ചിരിക്കുന്നു. അക്കൂട്ടത്തിൽ ഒന്നാണ് ഈ 38-ാം ആയത്തും. 'അതല്ല, ചെവി കൊടുത്തു കേൾക്കുമാറുള്ള വല്ല കോണിയും അവർക്കുണ്ടോ? എങ്കിൽ, അവരിൽനിന്നു ചെവി കൊടുത്തു കേട്ടവൻ വ്യക്തമായ വല്ല അധികൃതരേഖയും കൊണ്ടുവരട്ടെ!' (ام لهم سلم يستمعون فيه فليأت مستمعهم بسلطان مبين) എന്നാണതിൽ പറഞ്ഞിരിക്കുന്നത്.

ഈ ആയത്തിലെ ആശയം എന്താണെന്നു മനസ്സിലാക്കുവാൻ വേറെയും ആയത്തുകൾ ഖുർആനിൽ കാണാം: قل فأتوا بكتاب من عند الله - القصص ٤٩ (പറയുക: എന്നാൽ നിങ്ങൾ അല്ലാഹുവിങ്കൽ നിന്നും ഒരു ഗ്രന്ഥം കൊണ്ടുവരുവിൻ.) ام انزلنا عليهم سلطانا فهو يتكلم بما كانوا به يشركون - الروم ٣٥ (അതല്ലെങ്കിൽ അവർക്കു നാം വല്ല അധികൃതരേഖയും അവതരിപ്പിച്ചിട്ട് അവർ പങ്കുചേർത്തു വരുന്നതിനെക്കുറിച്ച് അതു സംസാരിക്കുന്നുണ്ടോ? ام لكم سلطان مبين فأتوا بكتابكم ان كنتم صادقين - الصافات ١٥٦، ١٥٧ (അതല്ല, നിങ്ങൾക്ക് സ്പഷ്ടമായ വല്ല അധികൃത രേഖയുമുണ്ടോ? എങ്കിൽ, നിങ്ങൾ സത്യവാൻമാരാണെങ്കിൽ നിങ്ങളുടെ ഗ്രന്ഥം കൊണ്ടുവരുവിൻ) എന്നിങ്ങിനെയുള്ള പല ആയത്തുകളിലും അടങ്ങിയ ആശയം തന്നെയാണ് ഈ ആയത്തിലും ഉള്ളത്. അതായതു: അവിശ്വാസികൾക്കു തങ്ങളുടെ നിലപാടു ന്യായീകരിക്കുവാൻ ഉപരിലോകത്തുനിന്ന് ഏതെങ്കിലും അറിവു ലഭിച്ചിട്ടുണ്ടോ? അങ്ങനെ അവർ വാദിക്കുന്നെങ്കിൽ, അവർക്കതിനുള്ള മാർഗ്ഗം ഒന്നുമില്ലല്ലോ. മനുഷ്യർക്കു ഉപരിലോകത്തുനിന്ന് അറിവു ലഭിക്കേണ്ടതിനു വഹ്‌യുവേണം; അതു ഇവർക്കില്ല; അല്ലെങ്കിൽ അങ്ങോട്ടു കയറിച്ചെല്ലുവാൻ കോണിവേണം; അതുമില്ല; എന്നുസാരം. മുൻകാലത്തു മനുഷ്യനു ഉപരിഗോളത്തേക്കു കയറുവാൻ കോണിയല്ലാതെ—റോക്കറ്റോ ഗോളാന്തര വാഹനങ്ങളോ ഒന്നും—വിഭാവനം

ചെയ്യാനില്ല. ജിന്നവർഗ്ഗത്തിനാകട്ടെ, കോണിയുടെ ആവശ്യമില്ലതാനും. അപ്പോൾ, ഈ ചോദ്യം പിശാചുക്കളുടെ കട്ടുകേൾവിയെ സംബന്ധിച്ചല്ലെന്നു വ്യക്തമാണ്. പക്ഷേ, ജിന്നും മനുഷ്യനും ഒന്നാണെന്നു ധരിച്ചു വെച്ച വർക്കു ഈ വ്യത്യാസം ഗ്രഹിക്കുവാൻ സാധിക്കുകയില്ല.

3-മതായി ഇവർ തങ്ങൾക്കു തെളിവായി കൊണ്ടുവന്ന സൂ: ശുഅറാഉ് 210-212നെപ്പറ്റി ആലോചിക്കാം. ആയത്തുകൾ ഇവയാണ്: وما تنزلت به الشياطين وما ينبغي لهم وما يستطيعون انهم عن السمع لمعزولون (ഇതും കൊണ്ട്–ഖുർആനും കൊണ്ട്–പിശാചുക്കൾ ഇറങ്ങിയിട്ടില്ല, അതവർക്കു യോജിക്കുന്നതുമല്ല. അവർക്കു സാധ്യമാകുന്നതുമല്ല. നിശ്ചയമായും അവർ കേൾക്കുന്നതിൽ നിന്നും നീക്കം ചെയ്യപ്പെട്ടവരാകുന്നു.) ഈ വചനം പിശാചുക്കളുടെ കട്ടുകേൾവിയെ നിഷേധിക്കുകയല്ല–സ്ഥാപിക്കുകയാണ്–ചെയ്യുന്നത്. معزولون എന്ന വാക്കിന് 'അകറ്റപ്പെട്ടവർ, നീക്കപ്പെട്ടവർ, ഒഴിച്ചുനിറുത്തപ്പെട്ടവർ' എന്നൊക്കെ വിവർത്തനം നൽകാം. എന്നാൽ, ഏതെങ്കിലും ഒരു കാര്യവുമായി ബന്ധപ്പെട്ടതിനുശേഷം അതിൽനിന്നു അകറ്റിനിറുത്തുമ്പോൾ മാത്രമേ ഈ വാക്കു ഉപയോഗിക്കുകയുള്ളു. ഉദാഹരണമായി, عزل عن عمله (അവനെ ജോലിയിൽനിന്നു അവനെ നീക്കം ചെയ്തു) എന്നു പറഞ്ഞാൽ അവൻ ആദ്യം ആ ജോലി ചെയ്തിരുന്നുവെന്നും, പിന്നീടതു ഒഴിവാക്കി എന്നുമാണ് താല്പര്യം. അല്ലാതെ, അവൻ ആ ജോലിയുമായി തീരെ ബന്ധപ്പെട്ടിട്ടില്ല എന്നല്ല. പിശാചുക്കൾ മുൻകാലത്തു കട്ടുകേട്ടിരുന്നുവെന്നും, പിന്നീടു–നബി (സ) യുടെ കാലംമുതൽ–അതു തടയപ്പെട്ടുവെന്നും തന്നെയാണ് ഖുർആനും ഹദീസും നമുക്കു പഠിപ്പിക്കുന്നതും. അതുകൊണ്ടു തന്നെയാണ് ഇമാം റാഗിബ് (റ) തന്റെ നിഘണ്ടുവിൽ ഇങ്ങിനെ പറഞ്ഞതും: وقوله انهم عن السمع لمعزولون اي ممنوعون بعد ان كانوا يمكنون ('അവർ കേൾക്കുന്നതിൽ നിന്നും നീക്കം ചെയ്യപ്പെട്ടവരാണ്' എന്ന അല്ലാഹു പറഞ്ഞതിന്റെ അർത്ഥം, അവർക്കു അതിനു സാധ്യതയുണ്ടായിരുന്നതിനുശേഷം–പിന്നീടു–മുടക്കം ചെയ്യപ്പെട്ടിരിക്കുകയാണ് എന്നത്രെ.)

മാത്രമല്ല, ഇതേ സൂറത്തിലെ 221–223 വചനങ്ങളിൽ പിശാചുക്കളുടെ കട്ടുകേൾവിയെപ്പറ്റി പറഞ്ഞിട്ടുള്ളതു നോക്കുക: هل انبئكم على من تنزل الشياطين تنزل على كل افاك اثيم يلقون السمع واكثرهم كاذبون (ആരുടെമേലാണ് പിശാചുക്കൾ ഇറങ്ങുന്നതെന്നു ഞാൻ നിങ്ങൾക്കു വർത്തമാനം അറിയിച്ചുതരട്ടെയോ? കള്ളംകെട്ടുന്നവനും ദുഷ്ടനുമായ എല്ലാവരുടെ മേലുമത്രെ അവ ഇറങ്ങുന്നത്. അവർ ചെവി കൊടുക്കുന്നു. അവരിൽ അധികമാളും വ്യാജം പറയുന്നവരാണ്) പിശാചുക്കൾ കട്ടുകേൾക്കാറുണ്ടായിരുന്നുവെന്നും, അവരുടെ മിത്രങ്ങളായ പ്രശ്നക്കാർ, ഗണിതക്കാർ മുതലായ വ്യാജവാദികൾക്കു അവർ ദുർമ്മന്ത്രം നടത്തിയിരുന്നുവെന്നും, അവർ അതിൽ കളവു കൂട്ടിച്ചേർക്കാറുണ്ടെന്നും ഈ വചനങ്ങളിലും അല്ലാഹു ചൂണ്ടിക്കാട്ടിയിരിക്കുകയാണ്. അഥവാ കട്ടുകേൾവിയെ സ്ഥാപിക്കുന്ന വചനങ്ങളാണ് ഇവയും.

സൂ: ഹിജ്റിലെ ആയത്തുകൾക്കും, സ്വാഫ്ഫാത്തിലെ ആയത്തുകൾക്കും സ്വന്തം വക പുതിയ വ്യാഖ്യാനങ്ങൾ കൊടുക്കുകയും, മറ്റു ചില ആയത്തുകളെ അതിനു തെളിവാക്കി ചിത്രീകരിക്കുകയും ചെയ്തുവെങ്കിലും, സൂ: ജിന്നിലെ ആയത്തുകൾ പിന്നെയും തങ്ങൾക്കെതിരിൽ തെളിഞ്ഞുകിടക്കുന്നതായി ഇവർ കണ്ടു. ഈ വിഷയം പ്രതിപാദിക്കുന്ന മറ്റെല്ലാ ആയത്തുകളെയും അപേക്ഷിച്ച് കൂടുതൽ സ്പഷ്ടമായും, വിശദമായുമാണ് അതിൽ അതു വിവരിക്കപ്പെട്ടിരിക്കുന്നതും. ആകയാൽ, അതു മറ്റു പ്രകാരത്തിൽ വ്യാഖ്യാനിക്കുവാൻ കൂടുതൽ പ്രയാസമായി തോന്നി. അതിനു ഇവർ കണ്ടുപിടിച്ച ഒരു പരിഹാരം, 'അതു ജിന്നുകൾ പ്രസ്താവിച്ചതാണ്, ഖുർആന്റെ പ്രസ്താവനയല്ല' എന്നത്രെ?

സൂറത്തുൽ ജിന്നിന്റെ തുടക്കം ഇങ്ങിനെയാണ്: قل اوحي الي انه استمع نفر من الجن فقالوا انا سمعنا قرآنا عجبا يهدي الى الرشد فآمنا به ولن نشرك بربنا احدا (പറയുക: ജിന്നുകളിൽ നിന്നുള്ള ഒരുകൂട്ടർ എന്റെ അടുക്കൽ വന്ന് ശ്രദ്ധിച്ചുകേട്ടുവെന്ന് എനിക്കു വഹ്യു നൽകപ്പെട്ടിരിക്കുന്നു. എന്നിട്ടു അവർ പറഞ്ഞു: ഞങ്ങൾ സന്മാർഗ്ഗത്തിലേക്കു നയിക്കുന്ന ആശ്ചര്യകരമായ ഒരു ഖുർആൻ കേട്ടു. അങ്ങനെ, ഞങ്ങൾ അതിൽ വിശ്വസിച്ചിരിക്കുന്നു. ഞങ്ങൾ ഞങ്ങളുടെ രക്ഷിതാവിനോടു ഒരാളെയും പങ്കുചേർക്കുകയില്ലതന്നെ.) തുടർന്നുള്ള 15വരെ ആയത്തുകളിലായി അവരുടെ പ്രസ്താവനയുടെ ബാക്കിഭാഗം അല്ലാഹു ഉദ്ധരിക്കുന്നു. അല്ലാഹുവിന്റെ മഹത്വം, ജിന്നുകളുടെ സ്ഥിതിഗതികൾ എന്നിങ്ങിനെ പലതിനെപ്പറ്റിയും അതിലവർ പ്രതിപാദിച്ചിരിക്കുന്നു. അതെല്ലാം ജിന്നുകളുടെ പ്രസ്താവനയാണെന്ന് പറഞ്ഞ് തള്ളിക്കളയത്തക്ക സ്ഥിതിയെന്താണ്? ആലോചിച്ചു നോക്കുക. അതല്ല, അവയിൽ കൊള്ളേണ്ടതും, തള്ളേണ്ടതും ഉണ്ട് എന്നാണിവർ പറയുന്നതെങ്കിൽ, അവ ഏതേതാണ്? അതിനുള്ള മാനദണ്ഡവും, തെളിവും എന്താണ്? എന്നൊക്കെ ഇവർ തന്നെ പറഞ്ഞുതരേണ്ടിയിരിക്കുന്നു.

ഖുർആനിൽ പലരുടെ പ്രസ്താവനകളും ഉദ്ധരിക്കപ്പെട്ടുകാണാം. അവയിൽ ആക്ഷേപത്തിന്റെ നിലക്കു പറയപ്പെട്ടതും, അല്ലാത്തതുമുണ്ടായിരിക്കും. ഏതാണ് സ്വീകാര്യമായിട്ടുള്ളതു, ഏതാണ് അസ്വീകാര്യമായിട്ടുള്ളതു

എന്ന മനസ്സിലാക്കേണ്ടതായ അടയാളങ്ങളും, ചുററുപാടുകളും ഖുർആനിൽതന്നെ കണ്ടെത്തുകയും ചെയ്യും. ഇവിടെ, കുട്ടികേടുവിനെ സംബന്ധിക്കുന്ന വാക്യങ്ങൾ മാത്രം സ്വീകാര്യങ്ങളല്ലെന്ന പറയുന്നതിനു—ഇവരുടെ ഈ നിലപാടു അല്ലാതെ മറെറാരു കാരണവും ഇല്ല. ഈ ഒരു സ്ഥലത്തുമാത്രമേ ഈ വിഷയം ഖുർആനിൽ പറഞ്ഞിട്ടുള്ളുവെന്നി [illegible], മററു ജിന്നുകളുടെ പ്രസ്താവനയെ [illegible] തള്ളിക്കളയുവാൻ പാടില്ലാത്തതാണ്. എന്നി രിക്കെ, [illegible] സ്ഥലത്തിൽ ഖുർആന്റെ സ്വന്തം പ്രസ്താവനകളായിത്തന്നെ വിവരിച്ചിട്ടുള്ള ഈ സംഗതി ജിന്നുകളുടെ പ്രസ്താവനയാണെന്നുപറഞ്ഞു പുറം തള്ളുവാൻ [illegible] എന്തു പറയുവാനാണ്?!

മറെറല്ലാം ഇരിക്കട്ടെ. റസൂൽ (സ) തിരുമേനിയിൽനിന്നു ഖുർആൻ കേട്ടശേഷം കേട്ടവർ തങ്ങളുടെ സമുദായത്തിന്റെ അടുക്കൽ ചെന്ന് അവരെ താക്കീതു ചെയ്കയും, ഉപദേശിക്കുകയും ചെയ്യുന്ന കൂട്ടത്തിലാണ് ഇതെല്ലാം ജിന്നുകൾ പ്രസ്താവിച്ചിട്ടുള്ളതു എന്നു സൂ: അഹ്ഖാഫിൽനിന്നു നല്ലപോലെ വ്യക്തമായി മനസ്സിലാക്കുവാൻ കഴിയും. നബി (സ)യിൽനിന്നു ഖുർആൻ ശ്രവിച്ചുകേട്ട ആ ജിന്നുകൾ, [illegible] തങ്ങളുടെ ജനതയുടെ അടുക്കലേക്ക് [illegible] തിരിച്ചുപോയെന്നും, അവർക്ക പല ഉപദേശങ്ങളും നൽകിയെന്നും അതിൽ അല്ലാഹു പറയുന്നു. (مَا قَدَرُوا اللَّهَ حَقَّ قَدْرِهِ إِذْ قَالُوا مَا أَنزَلَ اللَّهُ) [illegible] ഖുർആൻ കേട്ടപ്പോൾ അതിൽ വിശ്വസിക്കുകയുണ്ടായെന്നു സൂറത്തുൽ ജിന്നിലും നാം കണ്ടു. അപ്പോൾ, [illegible] ആ സത്യവിശ്വാസികളായ ജിന്നുകൾ ചെയ്തിട്ടുള്ള ഈ പ്രസ്താവനയിൽ [illegible] ഉള്ളതും, [illegible] സ്വീകരിക്കപ്പെടേണ്ടുന്ന സത്യോപദേശങ്ങളുമാണെന്നും, അതിൽ [illegible] അല്ലാഹു നമ്മെ ഉദ്ധരിച്ചുതന്നുവെന്നും [illegible] ആകാശത്തുപോയി പതിയിരുന്ന [illegible] കേട്ടിരുന്ന [illegible] എന്നാണല്ലോ ആ പ്രസ്താവനയിലുള്ളത്. ഈ പ്രസ്താവന [illegible] ഉപദേശം [illegible] ജിന്നുകൾ അവരോട് ഇങ്ങിനെ ചോദിക്കയില്ലേ:–'നിങ്ങൾക്കെന്താണ് [illegible] അവരോട് ഇല്ലാത്തതു പറഞ്ഞു ഞങ്ങളെ വിശ്വസിപ്പിക്കുന്നത്' [illegible] ആലോചിച്ചുനോക്കുക!

സത്യാന്വേഷികളും, നിഷ്പക്ഷബുദ്ധികളുമായ ഏതൊരാളും ഹിംസ്രജന്തുക്കളുടെ കുട്ടികളെ [illegible] ഖുർആനും ഹദീസും പറയുന്നതെന്താണെന്നു [illegible] അതിൽ സ്വീകരിക്കേണ്ടുന്ന നിലപാടെന്താണെന്നും മേൽവിവരിച്ചതിൽനിന്നു നല്ലപോലെ മനസ്സിലാക്കാം. رضي الله عنهم

ബഹുമാനപ്പെട്ട മുഹമ്മദ് അമാനി മൗലവി (മർഹൂം) മരണപ്പെട്ടപ്പോൾ അദ്ദേഹത്തെപ്പറ്റി രണ്ടാം പതിപ്പിലെ രണ്ടാം വാല്യത്തിൽ കൊടുത്ത കുറിപ്പ്

മുഹമ്മദ് അമാനി മൗലവി

(ജനനം: ഹിജ്റ 14-9-1329 ചരമം: 10-3-1408)

രണ്ടാം വാല്യം അച്ചടിയിലിരിക്കെ 2-11-87ന് കാലത്ത് 4 മണിക്ക് ജ: മുഹമ്മദ് അമാനി മൗലവി പരലോകം പ്രാപിച്ചു. إنا لله وإنا إليه راجعون

നമ്മുടെ ഈ ബൃഹത്തായ തഫ്സീർ ഗ്രന്ഥത്തിന്റെ പ്രധാന രചയിതാവ് അദ്ദേഹമായിരുന്നു. ഈ മഹത്സേവനത്തിൽ മാർഗ്ഗദർശിയും മേലന്വേഷകനുമായിരുന്ന ജ: കെ. എം. മൗലവി 1964 സപ്തംബർ 10 നും, രണ്ടാം പകുതിയുടെ രചനയിൽ പങ്കാളിയായിരുന്ന ജ: എ. അലവി മൗലവി 1970 മെയ് 19 നും ഇഹലോകവാസം വെടിഞ്ഞത് ഇവിടെ സ്മരിക്കട്ടെ. ഇസ്ലാമിന്റെ സേവനത്തിന് വേണ്ടി ജീവിതം സമർപ്പിച്ച നിഷ്കളങ്കരും, ത്യാഗികളും, കർമ്മഠരുമായിരുന്ന പ്രസ്തുത മൂന്ന് പണ്ഡിതന്മാർക്കും അല്ലാഹു സ്വർഗ്ഗം നൽകട്ടെ — ആമീൻ.

1960 സപ്തംബർ 7 നാണ് തഫ്സീറിന്റെ രചന ആരംഭിച്ചത്. 1985 ഫിബ്രവരിയിലാണ് അവസാനവാല്യം പ്രസിദ്ധീകൃതമായത്. ഈ ദീർഘമായ രണ്ട് വ്യാഴവട്ടക്കാലമത്രയും—അതായത് അദ്ദേഹത്തിന്റെ ആയുസ്സിൽ മൂന്നിലൊന്ന്—വിശുദ്ധ ഗ്രന്ഥത്തിന്റെ വിവരണം മുസ്ലിം കേരളത്തിന് കാഴ്ചവെക്കുന്നതിൽ വ്യാപൃതനായിരുന്നു അമാനി മൗലവി. രചനയിലേർപ്പെട്ട പണ്ഡിത സംഘത്തിൽ ചെറുപ്പക്കാരൻ അദ്ദേഹമായിരുന്നു. അത്കൊണ്ട് തന്നെ ദീർഘ ജോലികളും അദ്ദേഹം നിർവ്വഹിച്ചുവന്നു.

ആയിരക്കണക്കിൽ പേജുകൾ വരുന്ന ഗ്രന്ഥം എഴുതി അദ്ദേഹം കുറിപ്പിച്ചു. അതിനായി ചിലപ്പോഴൊക്കെ രാത്രി രണ്ടുമണിവരെ അദ്ദേഹം കുത്തിയിരുന്നു. ചില പ്രത്യേക കാരണങ്ങളാൽ രണ്ടാം പകുതിയാണല്ലോ ആദ്യം പ്രസിദ്ധീകരിച്ചത്. അത് പൂർത്തിയായപ്പോഴേക്ക് കൂട്ടുകാർ വിട്ടുപോയി. പിന്നെ ഒന്നാം പകുതി (ഫാതിഹ മുതൽ ഇസ്റാഅ് കൂടിയ ഭാഗം) എഴുതേണ്ടുന്ന ബാദ്ധ്യത മുഴുവൻ അദ്ദേഹത്തിനായി. ഏകനായിത്തന്നെ അദ്ദേഹം അത് ഭംഗിയായി നിർവ്വഹിച്ചു. അല്ലാഹുവിന്റെ വചനങ്ങൾ വ്യാഖ്യാനിക്കുമ്പോൾ പാലിക്കേണ്ടുന്ന സൂക്ഷ്മതയും ഭക്തിയും അതിലുടനീളം നിറഞ്ഞു നിൽക്കുന്നു. ശത്രുമിത്രഭേദമന്യേ എല്ലാവരുടെയും അംഗീകാരം നേടിയ ഈ തഫ്സീർ അറബി, ഇംഗ്ലീഷ് പോലുള്ള ഏതെങ്കിലും ഒരു ലോകഭാഷയിലായിരുന്നു വിരചിതമായിരുന്നതെങ്കിൽ അദ്ദേഹം ലോകപ്രശസ്തനാകുമായിരുന്നു.

രചയിതാവ് എന്നതിലുപരി പ്രസിദ്ധീകരണത്തിന്റെയും വിതരണത്തിന്റെയും മാനേജരും പലപ്പോഴും ശിപായിയുമായി—അല്ലാഹുവിന്റെ മാത്രം പ്രതിഫലം കാംക്ഷിച്ച് അദ്ദേഹം സേവനം ചെയ്തിരുന്നു എന്നത് പ്രസ്താവ്യമാണ്. ഒന്നാം പതിപ്പിന്റെ പ്രൂഫ് റീഡിംഗ് പൂർണ്ണമായും നിർവ്വഹിച്ചത് അദ്ദേഹമാണ്. കേരള നദ്‌വത്തുൽ മുജാഹിദീൻ പ്രസിദ്ധീകരണം ഏറ്റെടുക്കുന്നത് വരെ വിതരണത്തിന്റെ ചുമതല വഹിച്ചിരുന്നതും അദ്ദേഹമായിരുന്നു. എഴുത്തുകുത്തും, കണക്കെഴുത്തും, പാക്കിംഗും പോസ്റ്റാഫീസിൽ പോക്കും മറ്റും മറ്റും.

തന്റെ ആയുഷ്കാലത്ത് ഈ ഗ്രന്ഥം പൂർണ്ണമായി [illegible] കാണില്ലേ എന്ന ഉൽകണ്ഠയിലായിരുന്നു അദ്ദേഹം ദീർഘകാലം. 1995 ഫിബ്രവരിയിൽ അവസാനഭാഗവും പുറത്തിറങ്ങിയതിൽ പിന്നെയാണ് അദ്ദേഹം [illegible] വിശ്രമിച്ചത്. അദ്ദേഹത്തിന്റെ ആരോഗ്യം ക്ഷയിച്ചു കഴിഞ്ഞിരുന്നു

പുനഃപ്രസിദ്ധീകരിക്കപ്പെട്ട ഒന്നാം ഭാഗവും കഴിഞ്ഞ ബലിപെരുന്നാൾ ദിനത്തിൽ ലഭിച്ചപ്പോഴും പെരുന്നാൾ സമ്മാനമായി സ്വീകരിച്ചു അദ്ദേഹം കൃതാർത്ഥതയോടെ കണ്ണീർ തൂകി. '[illegible]' വിവരണമായിരുന്നു അദ്ദേഹത്തിന്റെ എല്ലാമെല്ലാം. അദ്ദേഹം [illegible] പതിനായിരങ്ങൾ വായിച്ച് സന്മാർഗം പ്രാപിക്കും, പ്രാപിക്കട്ടെ ആമീൻ.